സത്യാർത്ഥപ്രകാശം

The Light of Truth



സംപൂജ്യ സ്വാമി ദയാനന്ദ സരസ്വതി

॥

ഒന്നാം സമുല്ലാസം

ഓം സച്ചിദാനന്ദേശ്വരായ നമോ നമഃ

സത്യാർഥപ്രകാശം

ഈശ്വരനാമങ്ങളുടെ വ്യാഖ്യാനം

ഓം ശന്നോ മിത്രഃ ശം വരുണഃ ശന്നോ ഭവത്വര്യമാ.
ശന്നfഇന്ദ്രോ ബൃഹസ്പതിഃ ശന്നോ വിഷ്ണുരുരുക്രമഃ.
നമോ ബ്രഹ്മണേ നമസ്തേ വായോ ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി.
ത്വാമേവ പ്രത്യക്ഷം ബ്രഹ്മ വദിഷ്യാമി ഋതം വദിഷ്യാമി സത്യം വദിഷ്യാമി.
തന്മാമവതു തദ്വക്താരമവതു. അവതു മാമവതു വക്താരമ്.
ഓം ശാന്തിശ്ശാന്തിശ്ശാന്തിഃ॥ [1]

അർഥം:- (ഓം) അ, ഉ, മ് എന്നീ മൂന്നു വർണങ്ങൾ കൂടിച്ചേർന്നുണ്ടായ ഓംകാരപദം ഈശ്വരന്റെ എല്ലാ നാമധേയങ്ങളിലും വച്ച്, സർവോത്തമമായിട്ടുള്ളതാകുന്നു. ഈ നാമധേയത്തിൽ പരമേശ്വരന്റെ അനേകം നാമങ്ങൾ ഉൾക്കൊള്ളുന്നു. ഈ ഓംകാരത്തിന്റെ അവയവമായ അകാരം കൊണ്ട് വിരാട്, അഗ്നി, വിശ്വൻ മുതലായ പേരുകളേയും; ഉകാരം കൊണ്ട് ഹിരണ്യഗർഭൻ, വായു, തൈജസൻ തുടങ്ങിയ പേരുകളെയും; മകാരം കൊണ്ട് ഈശ്വരൻ, ആദിത്യൻ, പ്രാജ്ഞൻ മുതലായ പേരുകളേയും സംഗ്രഹിക്കുന്നു. ഈ പറഞ്ഞ നാമങ്ങളെല്ലാം॥ [2] പ്രകരണങ്ങളനുസരിച്ച് സർവേശ്വരനെത്തന്നെയാണ് കുറിയ്ക്കുന്നതെന്ന് വേദം മുതലായ സത്യശാസ്ത്രങ്ങളിൽ സ്പഷ്ടമായി വ്യാഖ്യാനിച്ചിട്ടുണ്ട്.

ചോദ്യം:- *വിരാട് മുതലായ പദങ്ങൾ സർവേശ്വരനിൽ നിന്ന് ഭിന്നങ്ങളായ മറ്റു പദാർഥങ്ങളെ എന്തുകൊണ്ട് കുറിയ്ക്കുന്നില്ല? ബ്രഹ്മാണ്ഡം, പൃഥിവ്യാദിപഞ്ചഭൂതങ്ങൾ, ഇന്ദ്രാദിദേവതകൾ എന്നിവയേയും, വൈദ്യശാസ്ത്രത്തിൽ ചുക്ക്॥* [3] *മുതലായ മരുന്നുകളേയും ഈ പദങ്ങൾ കുറിയ്ക്കുന്നില്ലേ?*

ഉത്തരം:- ഉണ്ട്. എന്നാൽ അവ സർവേശ്വരന്റേയും നാമങ്ങളാണ്.॥ [4]

ചോദ്യം:- *എന്നാൽ മുൻപറഞ്ഞ പദങ്ങളാൽ ദേവന്മാരെ മാത്രം ഗ്രഹിക്കുന്നുവോ ഇല്ലയോ?*

ഉത്തരം:- ദേവന്മാരെന്ന അർഥം മാത്രം ഗ്രഹിക്കുവാൻ നിങ്ങൾക്ക് എന്തടിസ്ഥാനമാണുള്ളത്?

ചോദ്യം:- *എല്ലാ ദേവന്മാരും പ്രസിദ്ധരും ഉത്തമന്മാരുമാണ്. അതുകൊണ്ട് അവരെ മാത്രമേ ഞാൻ ഗ്രഹിക്കുന്നുള്ളൂ.*

ഉത്തരം:- സർവേശ്വരൻ അപ്രസിദ്ധനാണോ? സർവേശ്വരനേക്കാൾ ശ്രേഷ്ഠനായ ആരാനുമുണ്ടോ? ഇല്ലെങ്കിൽ പിന്നെ, ഈ പേരുകൾ സർവേശ്വരനും കൂടിയുണ്ടെന്നു നിങ്ങൾ അംഗീകരിക്കാത്തതെന്ത്? സർവേശ്വരൻ അപ്രസിദ്ധനല്ലെന്നും

---

1. തൈത്തരീയ ആരണ്യകം-7.1
2. 'ഓം' മുതലായ നാമങ്ങളെല്ലാം എന്നർഥം
3. 'വിശ്വ' സംജ്ഞയുടെ സ്ത്രീലിംഗ രൂപമായ 'വിശ്വാ' ആയുർവേദ നിഘണ്ടുക്കളിൽ ചുക്കിന്റെ പര്യായ പദമാണ്
4. വിരാട് മുതലായ പദങ്ങളാണ് വിവക്ഷ, ബ്രഹ്മാണ്ഡം മുതലായവയല്ല.

അദ്ദേഹത്തിന് തുല്യനായിട്ടുപോലും മറ്റൊരാൾ ഇല്ലെന്നും വരുമ്പോൾ അദ്ദേഹത്തേക്കാൾ ശ്രേഷ്ഠനായി ഒരുവൻ ഉണ്ടാകുന്നതെങ്ങനെ? അതിനാൽ നിങ്ങളുടെ ഈ വാക്ക് സത്യമല്ലെന്നു മാത്രമല്ല, നിങ്ങൾ പറഞ്ഞതിൽ അനേകം ദോഷങ്ങൾ ഉണ്ടാകുവാനും ഇടയുണ്ട്. **"ഉപസ്ഥിതം പരിത്യജ്യാനുപസ്ഥിതം യാചത ഇതി ബാധിതന്യായഃ"** എന്നാണ് ശാസ്ത്രവചനം. ഒരുവൻ മറ്റൊരുവനുള്ള ഭക്ഷണപദാർഥങ്ങളെല്ലാം വിളമ്പിവച്ച് ഉണ്ണാൻ ക്ഷണിക്കുമ്പോൾ അയാൾ അതെല്ലാം ഉപേക്ഷിച്ച് വേറെ വല്ലതും ഭക്ഷിപ്പാൻ കിട്ടുമോ എന്നന്വേഷിച്ചുകൊണ്ട് അങ്ങുമിങ്ങും അലഞ്ഞുനടക്കുന്ന പക്ഷം അയാളെ ആരും ബുദ്ധിമാനായി അംഗീകരിക്കുകയില്ല. എന്തെന്നാൽ, അവൻ ഉപസ്ഥിതത്തെ-സമീപമുള്ളവസ്തുവിനെ-ഉപേക്ഷിച്ച് അനുപസ്ഥിതത്തെ-കയ്യിൽ കിട്ടാത്ത പദാർഥത്തെ-സമ്പാദിക്കുവാൻ പ്രയത്നിക്കുകയാണു ചെയ്യുന്നത്. അത്തരക്കാരന്റെ പ്രവൃത്തിപോലെതന്നെ നിങ്ങളുടെ വാക്കും ബുദ്ധിശൂന്യമായിട്ടുള്ളതാണ്. എന്തെന്നാൽ നിങ്ങൾ വിരാട് മുതലായ പദങ്ങൾക്കു പ്രസിദ്ധങ്ങളും പ്രമാണസിദ്ധങ്ങളുമായ അർഥങ്ങളെ-അതായത്, സർവേശ്വരൻ, ബ്രഹ്മാണ്ഡം മുതലായ ഉപസ്ഥിതാർഥങ്ങളെ പരിത്യജിച്ച്, അസംഭാവ്യങ്ങളും, അനുപസ്ഥിതങ്ങളുമായ ദേവാദികളെ ഗ്രഹിക്കുവാൻ ശ്രമിക്കുകയാണല്ലോ ചെയ്യുന്നത്. അങ്ങനെ ചെയ്യുന്നതിനു പ്രമാണവും യുക്തിയുമില്ല, പദങ്ങളുടെ അർഥം സന്ദർഭാനുസരണം ഗ്രഹിക്കണം. സന്ദർഭത്തിനു യോജിച്ചിരിക്കുന്ന അർഥം ഏതോ അതാണ് സ്വീകാര്യം.

ഒരുവൻ തന്റെ ഭൃത്യനോട്, **"ഹേ ഭൃത്യ ത്വം സൈന്ധവമാനയ"**എന്നു പറയുന്നു. "എടോ ഭൃത്യാ! നീ സൈന്ധവം കൊണ്ടുവരിക" എന്നാണ് അതിന്റെ അർഥം. അങ്ങനെ പറയുമ്പോൾ ആ ഭൃത്യൻ അതു പറഞ്ഞ അവസരത്തെപ്പറ്റി, അതായത് സന്ദർഭത്തെപ്പറ്റി ആലോചിച്ചു നോക്കേണ്ടതാവശ്യമാണ്. സൈന്ധവത്തിനു കുതിര, ഉപ്പ് എന്നു രണ്ടർഥമുണ്ട്. യജമാനൻ യാത്ര പുറപ്പെടുന്ന സമയമാണെങ്കിൽ കുതിരയെ കൊണ്ടുവരികയും ഭക്ഷണസമയമാണെങ്കിൽ ഉപ്പ് കൊണ്ടുവരികയുമാണ് വേണ്ടത്. യാത്രാരംഭത്തിൽ ഉപ്പും ഭക്ഷണസമയത്ത് കുതിരയേയും കൊണ്ടുവന്നു കൊടുക്കുന്ന ഭൃത്യനോട് യജമാനൻ കോപിച്ച് ഇപ്രകാരം പറയും- "എടാ, നീ ബുദ്ധിയില്ലാത്തവനാണ്. യാത്രപുറപ്പെടുമ്പോൾ ഉപ്പും, ഭക്ഷണം കഴിക്കുമ്പോൾ കുതിരയേയും കൊണ്ടുവന്നു തന്നിട്ടെന്തു പ്രയോജനം? നിനക്ക് അവസരജ്ഞാനം ഇല്ല. അല്ലെങ്കിൽ നീ ഏതു സമയത്ത് എന്തു കൊണ്ടുവരണമോ അതുതന്നെ കൊണ്ടുവരുമായിരുന്നു. സന്ദർഭമേതാണെന്നു നീ ചിന്തിച്ചില്ല. നീ മൂഢനാണ്. എന്റെ അടുക്കൽ നിന്നു പൊയ്ക്കൊള്ളുക." എവിടെ ഏത് അർഥത്തെ ഗ്രഹിക്കുന്നതാണോ ഉചിതം, അവിടെ ആ അർഥം തന്നെ ഗ്രഹിക്കണം. നാമെല്ലാം ഇപ്രകാരം തന്നെയാണു വിചാരിക്കേണ്ടതുമെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു.

മന്ത്രത്തിന്റെ അർഥം

1. **ഓം ഖം ബ്രഹ്മ.** (യജുർവേദം-40.17)
നോക്കുക വേദങ്ങളിൽ ഈ മാതിരിയുള്ള പ്രകരണങ്ങളിൽ 'ഓം' മുതലായ ശബ്ദങ്ങൾ സർവേശ്വരന്റെ പേരുകളായിട്ടാണ് പ്രയോഗിച്ചിട്ടുള്ളത്.
2. **ഓമിത്യേതദക്ഷരമുദ്ഗീഥമുപാസീത.** (ഛാന്ദോഗ്യോപനിഷത് 1.1)
3. **ഓമിത്യേതദക്ഷരമിദം സർവം. തസ്യോപവ്യാഖ്യാനം** (മാണ്ഡൂക്യോപനിഷത് 1.1)
4. **സർവേ വേദാ യത്പദമാമനന്തി തപാംസി സർവാണി ച യദ്വദന്തി യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി തത്തേ പദം സംഗ്രഹേണ ബ്രവീമ്യോമിത്യേതത്.** (കഠോപനിഷത് വല്ലി 2.15)
5. **പ്രശാസിതാരം സർവേഷാമണീയാമ് സമണോരപി. രുക്മാഭം സ്വപ്നധീഗമ്യമ് വിദ്യാത്തം പുരുഷം പരമ്** (മനുസ്മൃതി-12.122)
6. **ഏതമഗ്നിം വദന്ത്യേകേ മനുമന്യേ പ്രജാപതിം. ഇന്ദ്രമേകേ പരേ പ്രാണമപരേ ബ്രഹ്മ ശാശ്വതമ്** (മനുസ്മൃതി-12.123)
7. **സ ബ്രഹ്മാ സ വിഷ്ണുഃ**
സ രുദ്രസ്സ ശിവസ്സോ*f*ക്ഷരസ്സ പരമഃ സ്വരാട്.
സ ഇന്ദ്രസ്സ കാലാഗ്നിസ്സ ചന്ദ്രമാഃ ▯ [5]
8. **ഇന്ദ്രം മിത്രം വരുണമഗ്നിമാഹുരഥോ**
ദിവ്യ സ സുപർണോ ഗരുത്മാൻ.
ഏകം സദ്വിപ്രാ ബഹുധാ വദന്ത്യഗ്നിം
യമം മാതരിശ്വാനമാഹുഃ. (ഋഗ്വേദം-1.164.46)
9. **ഭൂരസി ഭൂമിരസ്യദിതിരസി**
വിശ്വധായാ വിശ്വസ്യ ഭുവനസ്യ ധർത്രീ
പൃഥിവിം യച്ച പൃഥിവീം ദൃങ്ഹ
പൃഥിവീം മാ ഹിങ്ംസീഃ. (യജുർവേദം-13.18)

5 കൈവല്യോപനിഷത് (1.8)

10. ഇന്ദ്രോ മഹ്നാ രോദസീ പപ്രഥച്ഛവ ഇന്ദ്രഃ സൂര്യമരോചയത്. ഇന്ദ്രേ ഹ വിശ്വാ ഭുവനാനി യേമിര ഇന്ദ്രേ സ്വാനാസ ഇന്ദവഃ. (സാമവേദം-6.8.2.)

11. പ്രാണായ നമോ യസ്യ സർവമിദം വശേ. യോ ഭൂതഃ സർവസ്യേശ്വരോ യസ്മിന്ത് സർവം പ്രതിഷ്ഠിതമ് (അഥർവവേദം-11.4.1)

അർഥം:- ഈ പ്രമാണങ്ങളെല്ലാം ഇവിടെ എടുത്തെഴുതുന്നതിന്റെ താല്പര്യം, ഈമാതിരിയുള്ള വചനങ്ങളിൽ, വന്നതു പോലെ, ഓംകാരം മുതലായ പദങ്ങൾക്ക് പരമാത്മാവ് എന്നർഥമാണെന്നു കാണിക്കുക മാത്രമാകുന്നു. നിർദ്ധനന്മാരായിട്ടുള്ളവർക്ക് **'ധനപതി'** മുതലായ പേരുകൾ ഇടാറുണ്ട്. അവ കേവലം നിരർഥകങ്ങളാണല്ലോ. അതു പോലെ നിരർഥകമായ പേരുകൾ ഈശ്വരനില്ല. ഈശ്വരന്റെ പേരുകൾക്ക് ചിലയിടത്ത് ഗൌണികവും മറ്റു ചിലയിടത്തു കാർമികവും വേറെ ചിലയിടത്തു സ്വാഭാവികവുമായി[6] അർഥങ്ങളാണുള്ളത്.

1. **(ഓം ഖം)** 'ഓം' 'ഖം' എന്നു തുടങ്ങിയ ഉദാഹരണങ്ങളിൽ ഓങ്കാരാദി സംജ്ഞകൾക്ക് അർഥമുണ്ട്. **"അവതീത്യോമ്. ആകാശമിവ വ്യാപകത്വാത് ഖം. സർവേഭ്യോ ബൃഹത്വാദ് ബ്രഹ്മ."**. രക്ഷിയ്ക്കുന്നതുകൊണ്ട് **ഓം** എന്നും ആകാശം പോലെ സർവവ്യാപിയായതു കൊണ്ട് **'ഖം'** എന്നും, മറ്റെന്തിനേക്കാളും വലുതാകയാൽ **'ബ്രഹ്മ'** മെന്നും സർവേശ്വരനു പേരുകൾ ഉണ്ടായി.

2. **(ഓമിത്യേ) 'ഓം'** യാതൊന്നിന്റെ നാമധേയമാണോ യാതൊന്ന് ഒരിക്കലും നശിക്കുന്നില്ലയോ അതിനെയാണ് ഉപാസിക്കേണ്ടത്; മറ്റൊന്നിനെയല്ല.

3. **(ഓമിത്യേത) 'ഓം'** പരമാത്മാവിന്റെ എല്ലാ നാമങ്ങളിലും വെച്ച് ഏറ്റവും പ്രധാനവും നിജവുമായ നാമമാണെന്നു സകലവേദാദിശാസ്ത്രങ്ങളിലും പറയപ്പെട്ടിട്ടുണ്ട്. മറ്റുള്ള പേരുകളെല്ലാം ഗൌണികങ്ങളാണ്.

4. **(സർവവേദാഃ)** സകല വേദങ്ങളും, ധർമാനുഷ്ഠാനരൂപങ്ങളായ തപസ്സുകളും യാതൊന്നിനെ പ്രശംസിയ്ക്കുകയും ആദരിക്കുകയും ചെയ്യുന്നുവോ, യാതൊന്നിനെ പ്രാപിയ്ക്കുവാനുള്ള ഇച്ഛകൊണ്ടു മനുഷ്യൻ ബ്രഹ്മചര്യാശ്രമത്തെ അനുഷ്ഠിക്കുന്നുവോ അതിന്റെ പേര് **ഓം** എന്നാകുന്നു.

5. **(പ്രശാസിതാരമ്)** എല്ലാവർക്കും ശിക്ഷ നൽകുന്നവനും, സൂക്ഷ്മങ്ങളിൽ വെച്ചു സൂക്ഷ്മതമനും, സ്വയം പ്രകാശസ്വരൂപനും, സമാധിസ്ഥമായ ബുദ്ധികൊണ്ട് അറിയുവാൻ യോഗ്യനുമായിട്ടുള്ള അവൻ പരമപുരുഷനാണെന്നറിയണം.

6. **(ഏതമഗ്നിമ്)** പ്രകാശസ്വരൂപനായതുകൊണ്ട് അഗ്നി എന്നും, വിജ്ഞാനസ്വരൂപനായതുകൊണ്ട് മനു എന്നും, എല്ലാവരേയും പാലിക്കുന്നതുകൊണ്ട് പ്രജാപതി എന്നും, പരമൈശ്വര്യശാലിയാകയാൽ ഇന്ദ്രൻ എന്നും, എല്ലാറ്റിന്റെയും നിലനില്പിന് മൂലകാരണമാകയാൽ പ്രാണൻ എന്നും, നിരന്തരം[7] വ്യാപകമായിരിക്കുന്നതുകൊണ്ട് ബ്രഹ്മം എന്നും ഈശ്വരനു പേരു വന്നു.

7. **(സബ്രഹ്മാ സ വിഷ്ണുഃ)** ലോകം മുഴുവനും സൃഷ്ടിച്ചതു കാരണം **ബ്രഹ്മാവ്**[8] എന്നും, എല്ലായിടത്തും വ്യാപിച്ചിരിക്കുന്നതുകൊണ്ട് **വിഷ്ണു** എന്നും, ദുഷ്ടന്മാരെ ശിക്ഷിച്ചു വിലപിപ്പിക്കുന്നതുകൊണ്ട് **രുദ്രൻ** എന്നും, സ്വയം മംഗളസ്വരൂപനും മറ്റുള്ളവർക്ക് മംഗളപ്രദനുമാകയാൽ ശിവൻ എന്നും, ആ സർവേശ്വരന് പേരുകൾ വന്നു.

1 യഃ സർവമശ്നുതേ ന ക്ഷരതി ന വിനശ്യതി തദക്ഷരം

2 യഃ സ്വയം രാജതേ സ സ്വരാട്.

3 യോഽഗ്നിരിവ കാലഃ കലയിതാ പ്രളയകർത്താ സ കാലാഗ്നിരീശ്വരഃ

അക്ഷരഃ എന്ന പദത്തിന് സർവവ്യാപിയും നാശരഹിതനുമായിട്ടുള്ളവൻ എന്നർഥമാണ്. സ്വയം പ്രകാശസ്വരൂപമായതുകൊണ്ടാണ് **സ്വരാട്** എന്ന പേരു വന്നത്. പ്രളയകാലത്തിൽ സമസ്തവസ്തുക്കളുടെയും കാലനും, കാലന്റെ കാലനുമായതുകൊണ്ടും ഈശ്വരനെ **കാലാഗ്നി** എന്നു വിളിക്കുന്നു.

8. **(ഇന്ദ്രം മിത്രമ്)** യാതൊന്ന്, അദ്വിതീയവും, സത്യബ്രഹ്മവുമായ വസ്തുവാകുന്നുവോ, അതിന് ഇന്ദ്രൻ മുതലായ പേരുകളുണ്ട്. **'ദ്യുഷു ശുദ്ധേഷു പദാർഥേഷു ഭവാ ദിവ്യഃ'** പ്രകൃത്യാദി ദിവ്യ

---

6. ഗൗണികം - ഗുണത്തെ ആസ്പദമാക്കിയുള്ളതും, കാർമികം - കർമത്തെ ആസ്പദമാക്കിയുള്ളതും, സ്വാഭാവികം - സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതുമാണ്. ഈ അധ്യായത്തിലെ 100 പേരുകളും ഇവയിലോരോന്നിനെ കുറിക്കുന്നു.

7. നിരന്തരം = അന്തരമില്ലാതെ, അകവും പുറവും സർവത്ര വ്യാപകമെന്നർഥം അതായത് എല്ലാറ്റിലും വലുത് എന്ന 'ബൃഹവൃദ്ധൗ' (ധാതുപാഠം-1.488) എന്ന ധാതുവിൽ നിന്ന് ഈ ബ്രഹ്മസംജ്ഞ സിദ്ധിക്കുന്നു.

8. ഈ ബ്രഹ്മസംജ്ഞ 'ബൃഹൂ ഉദ്യമനേ' (ധാതുപാഠം-6.59) എന്ന ധാതുവിൽ നിന്ന് സിദ്ധിക്കുന്നു.

പദാർഥങ്ങളിലെല്ലാം വ്യാപിച്ചിരിക്കുന്നവൻ ദിവ്യൻ. **'ശോഭനാനി പർണാനി പാലനാനി, പൂർണാനി കർമാണി വാ യസ്യ സ (സുപർണഃ)'** ഉത്തമ പാലനാദികർമങ്ങൾ പൂർണമായിരിക്കുന്നവൻ **സുപർണൻ. യോ ഗുർവാത്മാ സ ഗരുത്മാൻ.** ഏതൊന്നിന്റെ ആത്മാവ്- അഥവാ സ്വരൂപം, മഹത്താണോ അത് ഗരുത്മാൻ. **'യോ മാതരിശ്വാ വായുരിവ ബലവാൻ സ മാതരിശ്വാ'** വായുവിനെപ്പോലെ അളവറ്റ ബലമുള്ളവനായി വർത്തിക്കുന്നതിനാൽ **'മാതരിശ്വാ'** എന്നു പറയപ്പെടുന്നു. ഇങ്ങനെ അവയവാർഥം നോക്കുമ്പോൾ **ദിവ്യൻ. സുപർണൻ, ഗരുത്മാൻ, മാതരിശ്വാ** എന്നിവയെല്ലാം ഈശ്വരന്റെ നാമങ്ങളാണെന്നു വെളിവാകുന്നു. സർവേശ്വരന്റെ മറ്റു നാമങ്ങളുടെ അർഥം പിന്നീട് വിവരിക്കുന്നതാണ്.

9. **(ഭൂമിരസി) "ഭവന്തി ഭൂതാനി യസ്യാം സാ ഭൂമിഃ"** [9] സർവചരാചരങ്ങളും ഈശ്വരനിൽ വർത്തിക്കുന്നതുകൊണ്ട് ഈശ്വരന് **ഭൂമി** എന്ന പേരുമുണ്ട്. ഈ വേദവാക്യത്തിലുള്ള മറ്റു നാമങ്ങളുടെ അർഥം പിന്നീട് എഴുതാം.

10. **(ഇന്ദ്രോ മഹ്ന)** ഈ മന്ത്രത്തിലുള്ള **'ഇന്ദ്ര'** സംജ്ഞ ഈശ്വരനെ കുറിക്കുന്നതു കൊണ്ട് ഇവിടെ പ്രമാണമായി എടുത്തെഴുതിയതാണ്.

11. **(പ്രാണായ)** ശരീരത്തിലുള്ള സകലാവയവങ്ങളും ഇന്ദ്രിയങ്ങളും എങ്ങനെ പ്രാണന്റെ അധീനത്തിലായിരിക്കുന്നുവോ അതുപോലെ ലോകം മുഴുവനും ഈശ്വരന്റെ അധീനത്തിലാണ് ഇരിക്കുന്നത്. അതിനാൽ ഈശ്വരനു പ്രാണൻ എന്ന പേരു വന്നു.

ഇങ്ങനെയുള്ള പ്രമാണങ്ങളുടെ ശരിയായ അർഥം മനസ്സിലാക്കുന്നതോടുകൂടി ഈ നാമങ്ങൾ ഈശ്വരന്റെ പര്യായങ്ങളാണെന്നു വെളിവാകുന്നു. എന്തെന്നാൽ ഓംകാരത്തിന്റെയും അഗ്നി മുതലായ നാമങ്ങളുടെയും മുഖ്യാർഥം **'ഈശ്വരൻ'** എന്നുതന്നെയാണ്. ഋഷിമുനിമാർ രചിച്ചിട്ടുള്ള വ്യാകരണം, നിരുക്തം, ബ്രാഹ്മണം, സൂത്രങ്ങൾ മുതലായ വ്യാഖ്യാനങ്ങളിൽ ഈശ്വരനെന്ന മുഖ്യാർഥമാണ് ഗ്രഹിച്ചു കാണുന്നത്. അതുതന്നെയാണ് നമ്മളെല്ലാവരും ഗ്രഹിക്കേണ്ടത്. എന്നാൽ ഓംകാരം പരമേശ്വരനു മാത്രമുള്ള നാമധേയമാണ്. അഗ്നി മുതലായ നാമങ്ങളിൽ നിന്ന് ഈശ്വരനെന്നു ഗ്രഹിക്കുന്നതു പ്രകരണത്തെയും വിശേഷങ്ങളെയും അനുസരിച്ചാണ്. ഇതിൽ നിന്നു സിദ്ധിക്കുന്നത്, ഏതേതു സ്ഥാനങ്ങളിൽ സ്തുതി, പ്രാർഥന, ഉപാസന മുതലായ പ്രകരണങ്ങളും, **സർവജ്ഞൻ, സർവവ്യാപി, ശുദ്ധൻ, സനാതനൻ, സൃഷ്ടികർത്താവ്** മുതലായ വിശേഷണങ്ങളും ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം ഈ നാമങ്ങൾ ഈശ്വരവാചിയാണെന്നത്രേ. എന്നാൽ:-

തതോ വിരാഡജായത വിരാജോ അധി പൂരുഷഃ (യജുർവേദം 31.5)
ശ്രോത്രാദ്വായുശ്ച പ്രാണശ്ച മുഖാദഗ്നിരജായത (യജുർവേദം 31.12)
തേന ദേവാ അയജന്ത (യജുർവേദം 31.9)
പശ്ചാദ്ഭൂമിമഥോ പുരഃ (യജുർവേദം 31.5)
തസ്മാദ്വാ ഏതസ്മാദാത്മന ആകാശഃ സംഭൂതഃ ആകാശാദ്വായുഃ. വായോരഗ്നിഃ. അഗ്നേരാപഃ. അദ്ഭ്യഃ പൃഥിവീ. പൃഥിവ്യാ ഓഷധയഃ. ഓഷധിഭ്യോ*f*ന്നം. അന്നാദ്രേതഃ രേതസഃ പുരുഷഃ [10]. സ വാ ഏഷ പുരുഷോ*f*ന്നരസമയഃ (തൈത്തിരീയോപനിഷദ്വചനം) [11]

ഇത്തരം പ്രമാണങ്ങളിൽ **വിരാട്, പുരുഷൻ, ദേവൻ, ആകാശം, വായു, അഗ്നി, ജലം, ഭൂമി** ഇത്യാദി പദങ്ങൾ ലൗകികപദാർഥങ്ങളെക്കുറിക്കുന്നു. എന്തെന്നാൽ ഏതേതു സ്ഥലങ്ങളിൽ **ഉല്പത്തി, സ്ഥിതി, പ്രളയം, അല്പജ്ഞൻ, ജഡം, ദൃശ്യം** എന്നു തുടങ്ങിയ വിശേഷണങ്ങൾ പ്രയോഗിച്ചിട്ടുണ്ടോ അവിടെയെങ്ങും ഈശ്വരനെന്ന അർഥം ഗ്രഹിക്കരുത്. ഈശ്വരൻ ഉല്പത്ത്യാദി വ്യവഹാരങ്ങൾക്കതീതനാണ്. ഇവിടെപ്പറഞ്ഞ മന്ത്രങ്ങളിൽ ഉല്പത്ത്യാദികൾ പറഞ്ഞിരിക്കുന്നതിനാൽ ഇവിടെ വിരാട് മുതലായ പദങ്ങളിൽ നിന്ന് ലൗകികപദാർഥങ്ങളെ മാത്രം ഗ്രഹിക്കണം. ഈശ്വരനെന്നർഥമെടുക്കരുത്. സർവജ്ഞൻ മുതലായ വിശേഷങ്ങൾ കാണുന്നിടത്ത് പരമാത്മാവിനേയും ഇച്ഛാദ്വേഷങ്ങൾ, സുഖദുഃഖങ്ങൾ അല്പജ്ഞത്വം മുതലായ വിശേഷണങ്ങൾ കാണു

9. ഭൂമി ശബ്ദം ഭീമാദി ഗണത്തിൽ ഉള്ളതാണ്. ഭീമാദയോ *f*പാദാനേ (3.4.74) എന്ന അഷ്ടാധ്യായീ നിയമപ്രകാരം അപാദാനത്തിൽ പ്രത്യയം വരണം. ഗ്രന്ഥകാരന്റെ ഉണാദികോശത്തിൽ 4.46 -ാം വൃത്തി 'ഭവന്തി പദാർഥാഅസ്യാമിതി ഭൂമിഃ' എന്ന് വ്യുല്പത്തി നൽകുന്നു. അതിനാൽ ഇവിടെ ബഹുലഗ്രഹണ സാമർഥ്യത്താൽ അധികരണത്തിലും വ്യുല്പത്തി ബോധിക്കണം

10 തൈത്തരീയ ആരണ്യകം തൈത്തരീയ ഉപനിഷത് എന്നിവയിൽ പ്രായേണ ഓഷധീഭ്യോ*f*ന്നമ്, അന്നാത് പുരുഷ എന്ന പാഠമാണ് കാണുന്നത്. ഇവിടെ നിർദിഷ്ടമായ പാഠം തൈത്തരീയ ആരണ്യകം 8.2 ന്റെ പാഠാന്തരത്തിൽ ഉപലബ്ധമാണ്. ആനന്ദാശ്രമം പൂനാ എഡിഷനിലും മണിപ്രഭായുക്ത ഏകാദശോപനിഷത്തിലും ഇതേ പാഠമാണ്.

11. ബ്രഹ്മാനന്ദവല്ലി .1

മ്പോൾ ജീവാത്മാവിനേയും ഗ്രഹിക്കണമെന്നത് സാർവത്രിക നിയമമാണ്. പരമേശ്വരനു ജനനമരണങ്ങൾ ഒരിക്കലും സംഭവിക്കുന്നില്ല. അതിനാൽ വിരാടാദി നാമങ്ങളാലും ജന്മാദി വിശേഷണങ്ങളാലും ജഗത്തിലെ ജഡവും ജീവാദിപദാർഥങ്ങളും എന്ന് ഗ്രഹിക്കണം. ഈശ്വരനെന്ന അർഥം സ്വീകരിക്കരുത്.

വിരാടാദി നാമങ്ങളാൽ എപ്രകാരം ഈശ്വരനെന്ന അർഥം ഗ്രഹിക്കുവാൻ കഴിയുന്നുവെന്ന് അറിയുവാൻ താഴെക്കൊടുക്കുന്ന പ്രമാണങ്ങൾ നോക്കുക.

'ഓം' ന്റെ വിസ്തൃത വ്യാഖ്യാനം

'അ'

വിരാട്:- 'വി' എന്ന ഉപസർഗത്തോടുകൂടിയ **രാജൃ, ദീപ്തൗ॥** [12] എന്ന ധാതുവിൽ **കിപ്** പ്രത്യയം ചേർക്കുമ്പോൾ **വിരാട്** എന്ന രൂപം സിദ്ധിക്കുന്നു. **'യോ വിവിധം നാമ ചരാ*f*ചരം ജഗദ്രാജയതി പ്രകാശയതി സ വിരാട്'** വിവിധ ചരാചരസ്വരൂപമായ വിശ്വത്തെ തന്റെ തേജസ്സുകൊണ്ട് പ്രകാശിപ്പിക്കുന്നവനാരോ അവൻ വിരാട്. അത് ഈശ്വരൻ മാത്രമാകയാൽ വിരാട് എന്ന പദം ഈശ്വരനെ കുറിക്കുന്നു.

അഗ്നി:- "അങ്ഞു, ഗതിപൂജനയോഃ"॥ [13] **(അഗ് അഗി ഇണ് ഗത്യർഥക)॥** [14] ഈ ധാതു ഗതിയെ സൂചിപ്പിക്കുന്നു. അഗ്നിയുടെ വ്യുൽപത്തി ഇവയിൽ നിന്ന് സംഭവിക്കുന്നു. **ഗതേസ്ത്രയോ*f*ർഥാഃ- ഗതി** എന്ന പദത്തിന് **ജ്ഞാനം, ഗമനം, പ്രാപ്തി,** എന്നു മൂന്നർഥമുണ്ട്. പൂജനത്തിന് സത്ക്കാരം എന്നർഥമാണ്. **യോ*f* ഞ്ചതി അച്യതേ*f*അഗത്യങ്ഗത്യേതി (വാ) സോ*f*യമഗ്നിഃ"** യാതൊന്ന് ജ്ഞാനസ്വരൂപനും, സർവജ്ഞനും, അറിയുവാനോ, പ്രാപിക്കുവാനോ, സൽക്കരിക്കുവാനോ യോഗ്യനുമാണോ അവൻ അഗ്നിയാകുന്നു. അപ്രകാരമുള്ളവൻ പരമേശ്വരനാണ്. അതിനാൽ അഗ്നി എന്ന പദം ഈശ്വരന്റെ പേരാണ്.

വിശ്വൻ:- 'വിശ, പ്രവേശനേ'॥ [15] എന്ന ധാതുവിൽ നിന്നാണ്. **വിശ്വ** ശബ്ദം ഉണ്ടാകുന്നത്. **വിശന്തി പ്രവിഷ്ടാനി സർവാണ്യാകാശാദീനി ഭൂതാനി യസ്മിൻ. യോ വാ*ff*കാശാദിഷു സർവേഷു ഭൂതേഷു പ്രവിഷ്ടഃ സ വിശ്വ ഈശ്വരഃ** ആകാശം തുടങ്ങിയ സകല ഭൂതങ്ങളും യാതൊരുവനിൽ പ്രവേശിച്ചു സ്ഥിതിചെയ്യുന്നുവോ അഥവാ ഇവകളിലെല്ലാം പ്രവേശിച്ച് എങ്ങും നിറഞ്ഞു വർത്തിക്കുന്നുവോ അവൻ **വിശ്വൻ.** അത് ഈശ്വരനാകയാൽ വിശ്വശബ്ദം ഈശ്വരവാചിയായി.

വിരാട്, അഗ്നി, വിശ്വൻ എന്നീ നാമങ്ങളെല്ലാം ഓംകാരത്തിലെ അകാരമാത്രയിൽ നിന്ന് ഗ്രഹിക്കേണ്ടതാണ്.

'ഉ'

ഹിരണ്യഗർഭൻ:- "ജ്യോതിർവൈ ഹിരണ്യം॥ [16] **തേജോ വൈ ഹിരണ്യം॥** [17] **ഇത്യൈതരേയശതപഥബ്രാഹ്മണേ.॥** [18] **യോ ഹിരണ്യാനാം സൂര്യാദീനാം തേജസാം ഗർഭ ഉല്പത്തി നിമിത്തമധികരണം സ ഹിരണ്യഗർഭഃ"** തേജസ്വികളായ സൂര്യാദിലോകങ്ങൾ യാതൊന്നിൽ നിന്ന് ഉദ്ഭവിക്കുകയും യാതൊന്നിനെ ആശ്രയിച്ച് നിലനിൽക്കുകയും ചെയ്യുന്നുവോ അത് **ഹിരണ്യഗർഭൻ.** അഥവാ തേജസ്വരൂപങ്ങളായ സൂര്യാദി പദാർഥങ്ങളുടെ ഉല്പത്തിസ്ഥാനവും ഇരിപ്പിടവുമായി വർത്തിക്കുന്നത് ഹിരണ്യഗർഭൻ. അത് ഈശ്വരനല്ലാതെ മറ്റാരുമല്ല. അതിനാൽ ഹിരണ്യഗർഭൻ എന്ന നാമം ഈശ്വരന്റേതാണ്. ഇതിന് പ്രമാണമായി യജുർവേദമന്ത്രം നോക്കുക: **ഹിരണ്യഗർഭഃ സമവർത്തതാഗ്രേ ഭൂതസ്യ ജാതഃ പതിരേക ആസീത്. സ ദാധാര പൃഥിവീം ദ്യാമു തേമാം കസ്മൈ ദേവായ ഹവിഷാ വിധേമ. (യജു. 13.4)** ഇത്തരം സന്ദർഭങ്ങളിൽ ഹിരണ്യഗർഭ പദം ഈശ്വരവാചിയാണ്.

വായു:- "വാ, ഗതിഗന്ധനയോഃ"॥ [19] എന്ന ധാതുവിൽ നിന്ന് **'വായു'** സിദ്ധിക്കുന്നു. **ഗന്ധനമ് ഹിംസനമ്॥** [20] **ഗന്ധനം** എന്ന പദത്തിന് **ഹിംസനം** എന്നർഥമാണ്. **'യോ വാതി ചരാ*f*ചരം ജഗദ്ധരതി (ജീവയതി പ്രലയന്തി) ബലിനാം ബലിഷ്ഠഃ സ വായുഃ'** ചരാചരാത്മകമായ ഭുവനത്തെ ധരി

12 ധാതുപാഠം-1.569
13 ധാതുപാഠം-1.115
14 അഗ,അഗി, ഇൺ-ധാതുപാഠം-1.538,1.88, 2.38
15 ധാതുപാഠം-6.133

16 ശതപഥബ്രാഹ്മണം 6.7.1.2 ജ്യോതിർ വൈ ശുക്രം ഹിരണ്യമ്. ഐതരേയബ്രാഹ്മണം 7.12
17 തൈത്തരീയ ബ്രാഹ്മണം 8.1.9.1
18 ഐതരേയം ച ശതപഥം ച = ഐതരേയശതപഥമ്, ഐതരേയശതപഥം ച തദ് ബ്രാഹ്മണമ് ച ഐതരേയശതപഥബ്രാഹ്മണം തസ്മിൻ എന്നു സമാസിക്കണം.
19 ധാതുപാഠം 2.43
20 ബസ്തഗന്ധ അർദനേ ധാതുപാഠം-10. 152
അർദ ഹിംസായാമ് - ധാതുപാഠം 10. 255
ഗന്ധനം മർദനം ഇതിക്ഷീരതരങ്ഗിണ്യാം കാചിത് കഃ
ധാതുപാഠവ്യാഖ്യാനം (രാം ലാൽ കപൂർ ട്രസ്റ്റ്) പേജ്178

ക്കുകയും സംഹരിക്കുകയും ചെയ്യുന്ന, ബലവാന്മാരിൽ ബലിഷ്ഠനായ ആ സർവേശ്വരനാണ് വായു.

തൈജസൻ:-"തിജ, നിശാനേ"[21] എന്ന ധാതുവിൽ നിന്ന് **തേജഃ** സിദ്ധിക്കുന്നു. തേജശബ്ദത്തിൽ ഒരു **തദ്ധിതപ്രത്യയം**[22] കൂട്ടിച്ചേർത്താൽ തൈജസശബ്ദം ഉണ്ടാകും. സ്വയം പ്രകാശസ്വരൂപനും സൂര്യാദിലോകങ്ങളെ പ്രകാശിപ്പിക്കുന്നവനുമാകയാൽ ഈശ്വരന്റെ പേര് **തൈജസൻ** എന്നാണ്.

ഹിരണ്യഗർഭൻ, വായു, തൈജസൻ എന്നീ നാമങ്ങൾ ഓംകാരത്തിലെ ഉകാരമാത്രയിൽ നിന്നു ഗ്രഹിക്കുന്നു.

'മ്'

ഈശ്വരൻ:- "ഈശ, ഐശ്വര്യേ"[23] എന്ന ധാതുവിൽ നിന്നാണ് ഈശ്വരശബ്ദസിദ്ധി. **'യ' ഇഷ്ടേ സർവൈശ്വര്യവാൻ വർതതേ സ ഈശ്വരഃ** സത്യവിചാരശീലം, ജ്ഞാനം മുതലായ അസംഖ്യം ഐശ്വര്യങ്ങളുള്ള സാക്ഷാൽ പരമാത്മാവിനെയാണ് ഈശ്വരനെന്നു വിളിക്കുന്നത്.

ആദിത്യൻ;- "ദോ, അവഖണ്ഡനേ"[24] എന്ന ധാതുവിൽ നിന്ന് **(നഞ് അവ്യയ** ഉപപദമാകയാൽ-ഉപപദം മുമ്പിലുള്ള പദം) അദിതി ശബ്ദത്തെ വ്യുല്പാദിപ്പിച്ച് ആ അദിതിയിൽ തദ്ധിതപ്രത്യയം ചേർത്താൽ **ആദിത്യ**ശബ്ദം ലഭിക്കും.[25] **"ന വിദ്യതേ വിനാശോ*f* യസ്യ സോയമദിതിഃ. അദിതിരേവ ആദിത്യഃ"** ഒരു കാലത്തും നാശമില്ലാത്ത സർവേശ്വരനെയാണ് **ആദിത്യൻ** എന്ന നാമത്താൽ ഗ്രഹിക്കേണ്ടത്.

പ്രാജ്ഞൻ:- 'പ്ര' എന്ന ഉപസർഗത്തോടുകൂടിയ **"ജ്ഞാ, അവബോധനേ"**[26] എന്ന ധാതുവിൽ നിന്ന് **പ്രജ്ഞ**ശബ്ദം ഉണ്ടാകുന്നു. പ്രജ്ഞശബ്ദത്തിൽ തദ്ധിതപ്രത്യയം[27] ചേർത്താൽ **പ്രാജ്ഞപദം** ഉണ്ടാകും **യഃ പ്രകൃഷ്ടതയാ ചരാ*f*ചരസ്യ ജഗതോ വ്യവഹാരം ജാനാതി സ പ്രജ്ഞഃ. പ്രജ്ഞ ഏവ പ്രാജ്ഞഃ.** സമ്പൂർണ ഭ്രമരഹിതമായ യഥാർഥജ്ഞാനത്തോടുകൂടിയതും സകലചരാചരങ്ങളുടെയും വ്യവഹാരങ്ങളെ ശരിയായി അറിയുന്നതും സർവജ്ഞനുമായ ഈശ്വരന്റെ നാമധേയമാണ് **പ്രാജ്ഞൻ** എന്ന പദം.

ഈശ്വരൻ, ആദിത്യൻ, പ്രാജ്ഞൻ എന്നീ നാമങ്ങൾ ഓംകാരത്തിലെ മകാരത്തിൽ നിന്നു ഗ്രഹിച്ചവയാണ്. ഓംകാരത്തിലന്തർഭവിച്ച മൂന്നു മാത്രകളിൽ ഓരോന്നിലെയും മൂന്ന് അർഥം വീതം ഇവിടെ വ്യാഖ്യാനിച്ചു. ഇതുപോലെ വേറെയും അനേകനാമങ്ങൾ ഓംകാരത്തിൽ അന്തർഭവിച്ചിട്ടുണ്ട്

മിത്രൻ മുതലായവയുടെ വ്യാഖ്യാനം

"ശംനോ മിത്രഃ" എന്നു തുടങ്ങുന്ന മന്ത്രത്തിൽ കാണുന്ന മിത്രൻ മുതലായ പദങ്ങളും ഈശ്വരനെക്കുറിക്കുന്ന പേരുകൾ തന്നെ. എന്തെന്നാൽ **സ്തുതി, പ്രാർഥന, ഉപാസന** എന്നിവയ്ക്കർഹൻ ശ്രേഷ്ഠനായവൻ മാത്രമാണ്. **ഗുണം, കർമം, സ്വഭാവം, സത്യവ്യവഹാരം** എന്നിവയിൽ എല്ലാവരെക്കാളും ഔന്നത്യം ഉള്ളവനത്രേ **ശ്രേഷ്ഠൻ.** ശ്രേഷ്ഠന്മാരിൽവെച്ച് ശ്രേഷ്ഠൻ ഈശ്വരനാണ്, മറ്റാരുമല്ല. ഈശ്വരന് തുല്യൻ മുമ്പ് ഉണ്ടായിട്ടില്ല, ഇപ്പോൾ ഇല്ല. ഇനി ഉണ്ടാവുകയുമില്ല. അപ്പോൾ ഈശ്വരനേക്കാൾ ഉന്നതനായ മറ്റൊരുവൻ എങ്ങനെയുണ്ടാകാനാണ്? സത്യം, ന്യായം, ദയ, സർവകർമസാമർഥ്യം, സർവജ്ഞത്വം മുതലായ അസംഖ്യം ഗുണങ്ങൾ ഈശ്വരനുള്ളതുപോലെ ഏതെങ്കിലും ജഡപദാർഥത്തിനോ ജീവാത്മാവിനോ ഇല്ല. സത്യമായതിന്റെ ഗുണകർമസ്വഭാവങ്ങളും സത്യമായിരിക്കും. അതിനാൽ മനുഷ്യരെല്ലാവരും സർവേശ്വരനെയാണ് പ്രാർഥിക്കുകയും, സ്തുതിക്കുകയും ഉപാസിക്കുകയും ചെയ്യേണ്ടത്. മറ്റൊന്നിനേയുമല്ല. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നു പേരോടുകൂടിയ പൗരാണികവിദ്വാന്മാരും, ദൈത്യന്മാർ, ദാനവന്മാർ തുടങ്ങിയ നികൃഷ്ടമനുഷ്യരും ഇതര സാധാരണമനുഷ്യരും പൂർണവിശ്വാസത്തോടു കൂടി സ്തുതിക്കുകയും പ്രാർഥിക്കുകയും, ഉപാസിക്കുകയും ചെയ്തിരുന്നത്

---

19 ധാതുപാഠം-1.698

22 പ്രജ്ഞാദിഭ്യശ്ച (അഷ്ടാധ്യായി-5.4.38) എന്ന സൂത്രത്താൽ പ്രജ്ഞാദിയുടെ ആകൃതിഗണത്താൽ സ്വാർഥത്തിൽ 'അണ്' പ്രത്യയം.

23 ധാതുപാഠം-2.10

24 ധാതുപാഠം-4.39

25 ദിത്യദിത്യാദിത്യപത്യുത്തര പദാണ്യഃ (അഷ്ടാധ്യായി-4.1.85) എന്ന സൂത്രപ്രകാരം പ്രാഗ്ദീവ്യതീയാർഥത്തിൽ 'ണ്യ' പ്രത്യയം വന്ന് ആദിത്യസിദ്ധി. സ്വാർഥത്തിൽ തദ്ധിതപ്രത്യയമാണ് മഹർഷീമതം. 'ചാതുർവർണ്യാദീനാം സ്വാർഥ ഉപസംഖ്യാനമ്' എന്ന മഹാഭാഷ്യവാർതികപ്രകാരം (മഹാഭാഷ്യം-5.1.124) സ്വാർഥത്തിൽ 'ഷ്യഞ്' പ്രത്യയം. ചാതുർവർണ്യാദി ആകൃതിഗണമാണ്.

26 ധാതുപാഠം-9.40

27 പ്രജ്ഞാദിഭ്യശ്ച (അഷ്ടാധ്യായി-5.4.38) എന്ന സൂത്രപ്രകാരം സ്വാർഥത്തിൽ 'അൺ' പ്രത്യയം



സർവേശ്വരനെയാണ്. മറ്റൊന്നിനേയുമല്ല. അതു കൊണ്ട് അങ്ങനെ തന്നെ ചെയ്യുന്നതാണ് നമുക്കും ഉചിതം. ഈ വിഷയത്തെപ്പറ്റി മോക്ഷോപാസനകളെപ്പറ്റി ചർച്ചചെയ്യുമ്പോൾ സവിശേഷമായി പ്രതിപാദിക്കാം.

മിത്രൻ മുതലായവ ഈശ്വരവാചി

ചോദ്യം:- *മിത്രാദി നാമങ്ങൾക്ക് സുഹൃത്ത്, എന്നും ഇന്ദ്രാദി ദേവതകൾക്ക് നടപ്പിലിരിക്കുന്ന അർഥം കണ്ട് അവയെ അപ്രകാരവും ഗ്രഹിക്കേണ്ടതല്ലേ?*

സമാധാനം:- ഇവിടെ ആ അർഥങ്ങൾ സ്വീകരിക്കുന്നതു ശരിയല്ല. എന്തെന്നാൽ ലോകത്തിൽ ഒരുവന്റെ സുഹൃത്തായിരിക്കുന്നയാൾ മറ്റൊരുവന്റെ ശത്രുവായും വേറൊരുവന്റെ ശത്രുവോ മിത്രമോ അല്ലാതെയും വർത്തിക്കുന്നു. അതിനാൽ മിത്രാദിനാമങ്ങളുടെ മുഖ്യാർഥമായി സുഹൃത്ത് മുതലായവയെ സ്വീകരിക്കരുത്. കൂടാതെ എപ്രകാരം ഈശ്വരൻ നിയമേന ലോകത്തിന്റെ മുഴുവനും സുഹൃത്തായിരിക്കുകയും, ആരുടെയും ശത്രുവോ പക്ഷപാതിയോ ആകാതിരിക്കുകയും ചെയ്യുന്നുവോ, അപ്രകാരം ആയിരിക്കുവാൻ ഒരു ജീവാത്മാവിനും കഴിയുന്നതല്ല. അതിനാൽ ഈ പ്രകരണത്തിൽ മിത്രാദി നാമങ്ങളുടെ മുഖ്യാർഥമായി ഗ്രഹിക്കേണ്ടത് ഈശ്വരനെന്നാണ്. ഗൗണാർഥത്തിൽ സുഹൃത്തെന്നും മറ്റും ഉള്ള അർഥവും സ്വീകാര്യമാണ്.

മിത്രൻ:- **''ഞിമിദാ, സ്നേഹനേ''**। [28] എന്ന ധാതുവിൽ **ഔണാദികമായ ക്രത്രപ്രത്യയം**। [29] ചേർന്നു മിത്രശബ്ദം ഉണ്ടാകുന്നു. **"മേദ്യതി സ്നിഹ്യതി സ്നിഹ്യതേ വാ സ മിത്രഃ"** എല്ലാവരെയും സ്നേഹിക്കുന്നവൻ അല്ലെങ്കിൽ എല്ലാവരും പ്രസാദിപ്പിക്കേണ്ടവനായതുകൊണ്ട് ഈശ്വരന് **മിത്രൻ** എന്നു പേരായി.

വരുണൻ:- "വൃഞ്, വരണേ; വര, ഈപ്സായാം"। [30] എന്നീ ധാതുക്കളിൽ ഉണാദി **ഉനൻ**। [31] പ്രത്യയം ചേർന്നിട്ടാണ് വരുണശബ്ദമുണ്ടാകുന്നത്. **യഃ സർവാൻ ശിഷ്ടാൻ മുമുക്ഷൂൻ ധർമാത്മനോ വൃണോതി; യഃ ശിഷ്ടൈർമുമുക്ഷുഭിർധർമാത്മഭിഃ വ്രിയതേ വർയ്യതേ വാ സ വരുണഃ പരമേശ്വരഃ"** ആരാണോ യോഗികളേയും വിദ്വാന്മാരേയും മുക്തിയാഗ്രഹിക്കുന്നവരേയും മുക്തന്മാരേയും ധർമത്തിൽ നിഷ്ഠയുള്ളവരേയും അംഗീകരിക്കുന്നത് അഥവാ ശിഷ്ഠന്മാരും മുമുക്ഷുക്കളും മുക്തന്മാരും ധർമാത്മാക്കളും ആരെ അംഗീകരിക്കുന്നുവോ ആ ഈശ്വരനത്രേ വരുണൻ. കൂടാതെ **''വരുണോനാമ വരഃ ശ്രേഷ്ഠഃ"** അതായത് വരുണന് ശ്രേഷ്ഠൻ എന്നർഥമുണ്ട്. ഈശ്വരൻ എല്ലാവരേക്കാളും ശ്രേഷ്ഠനായതുകൊണ്ട് അദ്ദേഹത്തിനെ വരുണനെന്നു വിളിക്കാവുന്നതാണ്.

അര്യമാഃ- "ഋ, ഗതിപ്രാപണയോഃ"। [32] എന്ന ധാതുവിൽ **യത്**। [33] പ്രത്യയം കൂട്ടിച്ചേർത്താൽ **അര്യ** ശബ്ദം സിദ്ധിക്കും. **അര്യ** ശബ്ദപൂർവകമായ **'മാങ്, മാനേശബ്ദേ ച'**। [34] എന്ന ധാതുവിൽ **കനിൻ**। [35] പ്രത്യയം ചേർത്താൽ **അര്യമാ** എന്ന പദവും വ്യുല്പന്നമാകും. **യോ*f*ർയ്യാൻ സ്വാമിനോ ന്യായാധീശാൻ മിമീതേ മാന്യാൻ കരോതി സോ*f*ര്യമാ"** സത്യവും ന്യായവും അനുഷ്ഠിക്കുന്ന മനുഷ്യരെ മാനിക്കുകയും പുണ്യപാപങ്ങൾ ചെയ്യുന്നവർക്ക് അതാതിന്റെ ഫലത്തെ യഥാതഥമായി നൽകുകയും ചെയ്യുന്ന ഈശ്വരന്റെ പേർ **'അര്യമ'** എന്നാകുന്നു.

ഇന്ദ്രൻ:- "ഇദി, പരമൈശ്വര്യേ"। [36]എന്ന ധാതുവിൽ **രൻ**। [37] പ്രത്യയം ചേർക്കുന്നതായാൽ **ഇന്ദ്രൻ** എന്ന പദം ഉണ്ടാകും. **"യ ഇന്ദതി പരമൈശ്വര്യവാൻ ഭവതി സ ഇന്ദ്രഃ പരമേശ്വരഃ''** സകല ഐശ്വര്യങ്ങളോടും കൂടിയ ഈശ്വരന്റെ പേർ ഇന്ദ്രൻ എന്നാണ്.

ബൃഹസ്പതി:- ബൃഹത് എന്ന പദം ഉപപദമായിട്ടുള്ള **''പാ, രക്ഷണേ"**। [38] എന്ന ധാതുവിൽ **ഡതി പ്രത്യയം**। [39] ചേർത്ത് ഉപപദത്തിലെ **തകാ**

28 ധാതുപാഠം-4.129

29 ഉണാദികോശം (4.165) അമിചിമിദിശംസിഭ്യഃ ക്രത്രഃ സൂത്രപ്രകാരം 'ക്രത്രഃ' പ്രയോഗത്തെപ്പോലെ 'മിഞ്' (സ്വാദി) ധാതുവിനും വ്യുല്പത്തി കാട്ടുന്നു.

30 വൃഞ്, വരണേ. (ധാതുപാഠം-5.8) വര, ഈപ്സായാമ്. (ധാതുപാഠം-10.280)

31 കൃവൃദാരിഭ്യ ഉനൻ (ഉണാദികോശം-3.53) ബഹുല ഗ്രഹണത്താൽ 'വര' ധാതുവിൽനിന്നും ഉനൻ ഗ്രാഹ്യമാണ്.

32 ധാതുപാഠം-1.670

33 അര്യഃ സ്വാമിവൈശ്യയോഃ (അഷ്ടാധ്യായി-3.1.103) എന്നതിൽ 'സ്വാമി' എന്നർഥത്തിൽ 'യത്' പ്രത്യയാന്തമായ നിപാതം ചെയ്തിരിക്കുന്നു.

34 ധാതുപാഠം-3.6

35 ശ്വന്യുക്ഷൻ...അര്യമൻ.... (ഉണാദികോശം-1.159) എന്നതിൽ കനിന്-പ്രത്യയാന്ത നിപാതം.

36 ധാതുപാഠം-1.51

37 ഋജ്രേന്ദ്രാഗ്ര (ഉണാദികോശം-2.28) എന്ന സൂത്രത്തിൽ 'രന്' പ്രത്യയാന്തം നിപാതം.

38 ധാതുപാഠം-2.49.

39 പാതേർഡതിഃ (ഉണാദികോശം-4.58)

രത്തിനു ലോപവും സുട് എന്ന ആഗമവും[40] വരുത്തിയാൽ **ബൃഹസ്പതി** എന്ന രൂപം കിട്ടും. **"യോ ബഹൃതാം ആകാശാദീനാം പതിഃ സ്വാമീ പാലയിതാ സ ബൃഹസ്പതിഃ.** വലിയവരിൽ വലിയവനും ആകാശാദി ബ്രഹ്മാണ്ഡങ്ങളെയെല്ലാം കാത്തുരക്ഷിക്കുന്നവനുമായ അവനാണ് **ബൃഹസ്പതി.** അത് ഈശ്വരനാകയാൽ ബൃഹസ്പതി എന്നത് ജഗദീശ്വരന്റെ പേരാണ്.

വിഷ്ണുഃ- "വിഷ്ലൃ, വ്യാപ്തൗ"[41] എന്ന ധാതുവിൽ **നു**[42] എന്ന പ്രത്യയം ചേർക്കുക. എന്നാൽ **വിഷ്ണു** എന്ന രൂപം കിട്ടും. **"വേവേഷ്ടി വ്യാപ്നോതി ചരാ/ചരം ജഗത് സ വിഷ്ണുഃ"** സ്ഥാവരജംഗമ വസ്തുക്കൾ കൊണ്ടു സൃഷ്ടിച്ചിട്ടുള്ള ഈ ലോകത്തിലെങ്ങും വ്യാപകനായ ഈശ്വരനെ **വിഷ്ണു** എന്നു വിളിക്കുന്നു.

ഉരുക്രമൻ:- "ഉരുർമഹാൻ ക്രമഃ പരാക്രമോ യസ്യ സ ഉരുക്രമഃ" അളവറ്റ പരാക്രമമുള്ളതുകൊണ്ട് ഈശ്വരന് **ഉരുക്രമൻ** എന്നു പേരുണ്ടായി.

മന്ത്രാർഥം: (സമുല്ലാസാരംഭത്തിലെ മന്ത്രത്തിൽ ഉരുക്രമ തുടങ്ങിയ പദങ്ങളുടെ ഉപയോഗം ശ്രദ്ധിക്കുക. പരിഭാഷകൻ) **(ഉരുക്രമഃ)** വലിയ പരാക്രമത്തോടു കൂടിയവനും **(മിത്രഃ)** എല്ലാവരുടെയും സുഹൃത്തും ആർക്കുമൊരു വിരോധവും ചെയ്യാത്തവനും **(ശം)** സുഖദായകനും **(വരുണഃ)** എല്ലാവരേക്കാളും ശ്രേഷ്ഠനും **(ശം)** സുഖസ്വരൂപനും **(അര്യമാ)** നായാധിപതിയും **(ശം)** മംഗളപ്രദനും **(ഇന്ദ്രഃ)** സകലഐശ്വര്യങ്ങളോടുകൂടിയവനും **(ശം)** സകലഐശ്വര്യങ്ങളെയും ദാനം ചെയ്യുന്നവനും **(ബൃഹസ്പതിഃ)** എല്ലാത്തിന്റെയും അധിഷ്ഠാതാവും വിദ്യയെ ദാനം ചെയ്യുന്നവനും **(വിഷ്ണുഃ)** സർവവ്യാപിയുമായിരിക്കുന്ന സർവേശ്വരൻ **(നഃ)** നമുക്കു **(ശം)** മംഗളത്തെ ദാനം ചെയ്യുന്നവനായി **(ഭവതു)** ഭവിക്കട്ടെ.

(വായോ തേ ബ്രഹ്മണേ നമോ/സ്തു) **"ബൃഹ ബൃഹിവൃദ്ധൗ"**[43] എന്നീ ധാതുക്കളിൽ നിന്നാണ് **ബ്രഹ്മ**[44] ശബ്ദം ഉണ്ടാകുന്നത്. ബൃഹത്തിൽ വച്ച് ബൃഹത്തമനും, അളവറ്റ ബലമുള്ളവനും സർവോപരിയായി വിളങ്ങുന്നവനും പരബ്രഹ്മമെന്നു വിഖ്യാതനുമായ പരമാത്മാവിനെ ഞങ്ങൾ നമസ്കരിക്കുന്നു. ഹേ! സർവേശ്വരാ **(ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി)** അവിടുന്നു തന്നെയാണു സർവാന്തര്യാമിയായിരുന്ന് പ്രത്യക്ഷബ്രഹ്മമായി വിളങ്ങുന്നത്. **(ത്വാമേവ പ്രത്യക്ഷം ബ്രഹ്മ വദിഷ്യാമി)** ഞാൻ അങ്ങയെത്തന്നെയാണ് പ്രത്യക്ഷബ്രഹ്മമെന്നു പറയുന്നത്. എന്തെന്നാൽ അവിടുന്ന് എങ്ങും നിറഞ്ഞവനായിരുന്ന് എല്ലാവർക്കും എന്നും പ്രാപ്യനായി വർത്തിക്കുന്നു.

(ഋതം വദിഷ്യാമി) നിന്തിരുവടിയുടെ വേദങ്ങളിൽ കാണപ്പെടുന്ന അനുശാസനങ്ങളെ ഞാൻ എല്ലാവർക്കും ഉപദേശിക്കുകയും സ്വയം അനുഷ്ഠിക്കുകയും ചെയ്യാം. **(സത്യം വദിഷ്യാമി)** ഞാൻ സത്യത്തെ മനനം ചെയ്യാം. സത്യം പറയാം. അനുഷ്ഠാനത്തിലും സത്യത്തെ രക്ഷിക്കാം. **(തന്മാമവതു)** അതിനാൽ അവിടുന്ന് എന്നെ കാത്തുരക്ഷിച്ചാലും. **(തദ്വക്താരമവതു)** ആപ്തനായ-സത്യം പറയുന്ന-എന്നെ അങ്ങ് രക്ഷിച്ചാലും. എന്റെ ബുദ്ധി അവിടുത്തെ ആജ്ഞകളെ അചഞ്ചലതയോടുകൂടി അനുസരിക്കുകയും അവയിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്യുമാറാകട്ടെ. എന്തെന്നാൽ അവിടുത്തെ ആജ്ഞകൾ തന്നെയാണ് യഥാർഥമായ ധർമം. അതിന് വിരുദ്ധമായതെല്ലാം അധർമമാണ്. **(അവതു മാമവതു വക്താരം)** രണ്ടാമത്[45] ആവർത്തിച്ചു പറഞ്ഞത് നിശ്ചയത്തെ ദ്യോതിപ്പിക്കാനാകുന്നു. ഒരുവൻ ഇതരനോട്, **ത്വം ഗ്രാമം ഗച്ഛ ഗച്ഛ** എന്നു പറയുന്നു. ഇവിടെ **'ഗച്ഛ'** എന്ന ക്രിയാപദം രണ്ടുതവണ ആവർത്തിച്ചിട്ടുള്ളതിനാൽ "നീ ഉടനടി ഗ്രാമത്തിലേക്കു പോകണം" എന്നർഥം കിട്ടുന്നു. അതുപോലെ ഈ പ്രകരണത്തിലും പുനരാവർത്തനത്തിന്റെ അർഥം, അവിടുന്ന് എന്നെ നിശ്ചയമായും രക്ഷിക്കണം. എന്റെ മനസ്സ് ധർമത്തിൽ ദൃഢമായി ഉറച്ചു നിൽക്കുകയും അധർമത്തെ വെറുക്കുകയും ചെയ്യത്തക്കവണ്ണം കനിഞ്ഞനുഗ്രഹിക്കണം. അത് വലിയൊരു ഉപകാരമായി ഞാൻ വിചാരിക്കും എന്നാണ്. **(ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ)** ആധ്യാത്മികം, ആധി

---

40 തത്ബൃഹതോശ്ചോര ദേവതയോഃ സുട് തലോപശ്ച (ഗണസൂത്രം-6.1.151) പാരസ്ക്കരാദിസ്ഥമായ ഗണസൂത്രത്താൽ.

41 ധാതുപാഠം 3.13

42 വിഷേഃ കിച്ച (ഉണാദികോശം-3.39)

43 ധാതുപാഠം-1.488

44 ബൃംഹേനോർച്ച (ഉണാദികോശം 4.147) എന്ന സൂത്രത്താൽ ബൃഹി (ബൃംഹ) എന്ന ധാതുവിൽ നിന്നുണ്ടായത്. 'ബൃഹ'പക്ഷത്തിൽ ബഹുലഗ്രഹണത്താൽ 'അമ്' ആഗമമെന്നറിയണം.

45 അഭ്യാസേ ഭൂയാംസമർഥം മന്യന്തേ (നിരുക്തം-10.42)



ഭൗതികം, ആധിദൈവികം॥ [46] എന്നിങ്ങനെ മൂന്നു വിധത്തിലുള്ള ദുഃഖങ്ങളാണ് ഈ ലോകത്തിലുള്ളത്. അവിദ്യ, രാഗദ്വേഷങ്ങൾ, ഭീരുത്വം മുതലായ മാനസികപീഡകളും, പനി മുതലായ ശാരീരിക രോഗങ്ങളുമാണ് ആധ്യാത്മികദുഃഖങ്ങൾ. ശത്രുക്കളായ മനുഷ്യരിൽ നിന്നും, പുലി, പാമ്പ്, മുതലായ ജന്തുക്കളിൽ നിന്നും ഉണ്ടാകുന്ന പീഡകളാണ് ആധിഭൗതിക ദുഃഖങ്ങൾ. അതിവൃഷ്ടി, അതിശൈത്യം, അത്യുഷ്ണം മുതലായവയാൽ മനസിനും ഇന്ദ്രിയങ്ങൾക്കും ഉളവാകുന്ന ദുഃഖങ്ങളാണ് ആധിദൈവികങ്ങൾ. താപത്രയമെന്ന ഈ മൂന്നു വിധ ദുഃഖങ്ങളുടെയും ശമനത്തിനായിട്ടത്രേ മന്ത്രത്തിൽ മൂന്നു പ്രാവശ്യം ശാന്തി ഓതിയിരിക്കുന്നത്. അവിടുന്നു ഞങ്ങളെ മൂന്നു വിധ ദുഃഖങ്ങളിൽ നിന്നു രക്ഷിച്ച് മംഗളകരമായ കർമങ്ങളിൽ പ്രവർത്തിപ്പിക്കണം. എന്തെന്നാൽ, അങ്ങ് മംഗളസ്വരൂപിയും സർവലോകത്തിനും മംഗളപ്രദനും, ധാർമികരായ മുമുക്ഷുക്കൾക്ക് മംഗളത്തെ ദാനം ചെയ്യുന്നവനുമാണല്ലോ. അങ്ങ് നൈസർഗികമായ കാരുണ്യത്താൽ സകല ജീവാത്മാക്കളുടെയും ഹൃദയത്തിൽ വിളങ്ങുന്നു. ആ വിളക്കം നിമിത്തം സകല ജീവാത്മാക്കളും അധർമത്തെ ത്യജിച്ച് ധർമത്തെ അനുഷ്ഠിക്കുകയും ദുഃഖങ്ങളെ അകറ്റി പരമാനന്ദത്തെ അനുഭവിക്കുകയും ചെയ്യുമാറാകട്ടെ.

സൂര്യൻ:- "സൂര്യ ആത്മാ ജഗതസ്തസ്ഥുഷശ്ച"॥ [47]എന്ന യജുർവേദവചനപ്രകാരം **(ജഗതഃ)** ചേതനങ്ങളും ജംഗമങ്ങളുമായ ജീവജാലങ്ങളുടെയും **(തസ്ഥുഷഃ)** അചേതനങ്ങളും സ്ഥാവരങ്ങളുമായ പൃഥിവ്യാദി ജഡപദാർഥങ്ങളുടെയും അന്തരാത്മാവായി സ്ഥിതി ചെയ്ത് സ്വപ്രകാശം കൊണ്ട് എല്ലാറ്റിനെയും പ്രകാശിപ്പിച്ച് വർത്തിക്കുന്നതിനാൽ സർവേശ്വരന് **സൂര്യൻ** എന്ന പേര് ലഭിച്ചു.

പരമാത്മാവ്:- അത, സാതത്യഗമനേ॥ [48] എന്ന ധാതുവിൽ നിന്ന് ആത്മാ എന്ന പദം ഉണ്ടാകുന്നു. **യോ ऽതതി വ്യാപ്നോതി സ ആത്മാ;** ജീവാദിയായ ജഗത്തിൽ മുഴുവനും നിരന്തരം വ്യാപകമായിരിക്കുന്നത് **ആത്മാ. പര॥** [49]**ശ്വാസാവാത്മാ ച, യ ആത്മേഭ്യോ ജീവേഭ്യഃ സൂക്ഷ്മേഭ്യഃ പരോ ऽതി സൂക്ഷ്മഃ സ പരമാത്മാ",** സർവജീവാദികളേക്കാൾ ഉൽകൃഷ്ടനും, ജീവാത്മാക്കൾ ആകാശം, പ്രകൃതി എന്നിവയേക്കാൾ അതിസൂക്ഷ്മവും എല്ലാ ജീവാത്മാക്കളുടെയും അന്തര്യാമിയായ ആത്മാവും ആകയാൽ ഈശ്വരന് **പരമാത്മാവ്** എന്ന പേരു വന്നു.

പരമേശ്വരൻ;- ഈശ്വരൻ എന്നതിനു സാമർഥ്യവാൻ എന്നാണർഥം. **"യ ഈശ്വരേഷു സമർഥേഷു പരമഃ ശ്രേഷ്ഠഃ സ പരമേശ്വരഃ"** സമർഥരിൽ വെച്ചു ശ്രേഷ്ഠൻ-എതിരില്ലാത്ത സാമർഥ്യത്തോടു കൂടിയവൻ, തുല്യമായി മറ്റൊന്നുമില്ലാത്തവൻ എന്നാണു **പരമേശ്വരൻ** എന്ന പദത്തിന്റെ അർഥം.

സവിതാ:- "ഷുഞ്, അഭിഷവേ; ഷൂങ്, പ്രാണിഗർഭവിമോചനേ"॥ [50] എന്നീ ധാതുക്കളിൽ നിന്നു സവിതാശബ്ദം സിദ്ധിക്കുന്നു. **"അഭിഷവഃ പ്രാണിഗർഭവിമോചനം ചോത്പാദനം. യശ്ചരാചരം ജഗത് സുനോതി സൂതേ വോത്പാദയതി സ സവിതാ പരമേശ്വരഃ"** സർവലോകത്തെയും ഉല്പാദിപ്പിക്കുന്നതുകൊണ്ട് ഈശ്വരന് **സവിതാ** എന്നു പേരായി.

ദേവ:- "ദിവു ക്രീഡാവിജിഗീഷാവ്യവഹാരദ്യുതിസ്തുതിമോദമദസ്വപ്നകാന്തിഗതിഷു"॥ [51] എന്ന ധാതുവിൽ നിന്ന് ദേവശബ്ദം സിദ്ധിക്കുന്നു. **(ക്രീഡാ)॥** [52] ശുദ്ധനായിരുന്ന് ജഗത്തിനെ ക്രീഡിപ്പിക്കുന്നതുകൊണ്ടും, **(വിജിഗീഷാ)** ധാർമികന്മാരെ ജയിപ്പിക്കുവാനുള്ള ഇച്ഛകൊണ്ടും, **(വ്യവഹാര)** എല്ലാ ചേഷ്ടകൾക്കും സാധനോപസാധനങ്ങളെ നൽകുന്നതിനാലും, **(ദ്യുതി)** സ്വയം പ്രകാശസ്വരൂപനും ഇതരർക്ക് പ്രകാശം നൽകുന്നവനാകയാലും, **(സ്തുതി)** പ്രശംസിക്കുവാൻ യോഗ്യനായതുമൂലവും, **(മോദ)** സ്വയം ആനന്ദസ്വരൂപനും മറ്റുള്ളവർക്ക് ആനന്ദദാതാവായതുകൊണ്ടും **(മദ)** മദോന്മത്തരെ അമർച്ച ചെയ്കയാലും, **(സ്വപ്ന)** എല്ലാവർക്കും ഉറങ്ങുവാൻ

46 സത്യാർഥ പ്രകാശത്തിന്റെ ഒമ്പതാം സമുല്ലാസത്തിന്റെ അവസാനത്തിൽ ഈ പദങ്ങളുടെ വ്യാഖ്യാനമുണ്ട്.

47 യജുർവേദം-7.42

48 ധാതുപാഠം-1.31 ൽ സാതിഭ്യാം മനിന്മനിണൗ (ഉണാദികോശം-4.153) എന്ന സൂത്രത്താൽ ആത്മാശബ്ദം സിദ്ധിക്കുന്നു

49 പരമം എന്നർഥം വരുന്ന 'പര' ശബ്ദത്താൽ അർഥനിർദേശം ചെയ്തിരിക്കുന്നു. 'പരമശ്ചാസാവാത്മാ പരമാത്മഃ' എന്നു വിഗ്രഹിക്കണം.

50 ധാതുപാഠം-5.1., ധാതുപാഠം-2.24

51 ധാതുപാഠം-4.1

52 ശുദ്ധനും നിർലേപനുമായിരുന്ന് ജഗത്തിനെ ക്രീഡിപ്പിക്കുന്നവനെന്ന് അർഥം.

രാത്രിയേയും പ്രളയത്തേയും സൃഷ്ടിക്കുന്നതു കൊണ്ടും **(കാന്തി)** പ്രാപിക്കുവാൻ യോഗ്യനാക യാലും **(ഗതി)** ജ്ഞാനസ്വരൂപനായതുകൊണ്ടും ഈശ്വരന് **ദേവൻ** എന്ന പേരു വന്നു. അഥവാ, **"യോ ദീവ്യതി ക്രീഡതി സ ദേവഃ",** സ്വന്തം സ്വരൂ പത്തിൽ ആനന്ദത്തോടുകൂടി സ്വയം രമിച്ചുകൊണ്ട് മേവുന്ന, പരസഹായം ഇല്ലാതെ തന്നെ ക്രീഡ യായി സഹജസ്വഭാവത്താൽ സകലജഗത്തി നേയും സൃഷ്ടിക്കുന്ന, സകലക്രീഡകൾക്കും ആശ്രയഭൂതനായി സ്ഥിതിചെയ്യുന്ന സർവേശ്വരൻ എന്നർഥം. **"വിജിഗീഷതേ സ ദേവഃ"** എല്ലാവ രെയും ജയിക്കുന്ന, ആരാലും ജയിക്കപ്പെടുവാൻ കഴിയാത്തവൻ എന്നർഥം. **"വ്യവഹാരയതി സ ദേവഃ".** ന്യായവും അന്യായവുമായ പ്രവൃത്തി കളെ അറിയുന്നവനും ഉപദേഷ്ടാവും ആയിരി ക്കുന്നവൻ. **"യശ്ചരാചരം ജഗദ്ദ്യോതയതി സ ദേവഃ"** ചരാചരാത്മകമായ സൃഷ്ടിയെ പ്രകാശി പ്പിക്കുന്നവൻ. **"യഃ സ്തൂയതെ സ ദേവഃ** സകല മനുഷ്യരാലും പ്രശംസനീയനും, നിന്ദിക്കപ്പെടു വാൻ അനർഹനും. **"യോ മോദയതി സ ദേവഃ"** ഒട്ടും ദുഃഖം അനുഭവിക്കാതെ സ്വയം ആനന്ദസ്വ രൂപനായി ഇരുന്നുകൊണ്ട് അന്യന്മാർക്ക് ആനന്ദ ത്തെ ജനിപ്പിക്കുന്നവൻ. **"യോ മാദ്യതി സ ദേവഃ"** സദാ സന്തുഷ്ടനും ശോകരഹിതനും മറ്റുള്ളവരെ സന്തോഷിപ്പിച്ച് അവരുടെ ദുഃഖങ്ങളെ അകറ്റിക്ക ളയുന്നവൻ എന്നർഥം. **"യഃ സ്വാപയതി സ ദേവഃ"** മഹാപ്രളയകാലത്തിൽ ജീവാത്മാക്കളെ അവ്യക്ത ത്തിൽ ഉറക്കുന്നവൻ **യഃ കാമയതേ കാമ്യതേ വാ സ ദേവഃ"** ആരുടെ കാമങ്ങളെല്ലാം സത്യ മാണോ, അല്ലെങ്കിൽ യാതൊരുവന്റെ അടുക്ക ലേക്കു ചെന്നു ചേരുവാൻ നല്ലവരെല്ലാം ആഗ്ര ഹിക്കുന്നുവോ അങ്ങനെയുള്ളവൻ. **"യോ ഗച്ഛതി ഗമ്യതേ വാ സ ദേവഃ"** സർവവ്യാപിയും അറി യുവാൻ യോഗ്യനുമായവൻ. ഇപ്രകാരം പലേ അർഥങ്ങളോടുകൂടിയ ദേവശബ്ദം ഈശ്വരന്റെ ഒരു നാമമാണ്.

കുബേരഃ- "കുബി, ആച്ഛാദനേ" എന്ന *ധാതു വിൽ നിന്നാണ് കുബേരശബ്ദം വ്യുല്പന്നമാകു ന്നത്. **"യഃ സർവം കുംബതി സ്വവ്യാപ്ത്യാച്ഛാ ദയതി സ കുബേരോ ജഗദീശ്വരഃ"** തന്റെ വ്യാപ്തി കൊണ്ട് ലോകത്തിലുള്ള സകലവസ്തുക്കളെയും ആച്ഛാദനം ചെയ്തുകൊണ്ടിരിക്കുന്നവൻ. ഈ ശ്വരൻ.

പൃഥിവിഃ- പൃഥു "വിസ്താരേ" എന്ന ധാതു വിൽ നിന്നാണ് പൃഥിവി ശബ്ദം ഉണ്ടാകുന്നത്. **"യഃ പർഥതി സർവം ജഗദ്വിസ്തൃണാതി സ പൃഥിവി"** വിസ്തൃതമായ ഈ ജഗത്തിനെ വിസ്ത രിക്കുന്നവൻ എന്നർഥം॥ [53].

ജലഃ- ജല, ഘാതനേ॥ [54] എന്ന ധാതു വിൽനിന്നു ജലശബ്ദം സിദ്ധിക്കുന്നു. **'ജലതി ഘാതയതി ദുഷ്ടാൻ. സംഘാതയതി അവ്യക്ത പരമാണ്വാദീൻ തദ് ബ്രഹ്മ ജലം'** ദുഷ്ടന്മാരുടെ ഘാതകനും, അവ്യക്തം, പരമാണുക്കൾ എന്നി വയെ കൂട്ടിച്ചേർക്കുകയോ വേർതിരിക്കുകയോ ചെയ്യുന്നവനുമായ ആ പരമാത്മാവിന് ജലം എന്നു പേരാകുന്നു.

ആകാശഃ- കാശൃ, ദീപ്തൗ॥ [55] എന്ന ദാതു വിൽ നിന്നാണ് ആകാശശബ്ദം സിദ്ധിക്കുന്നത്. **യഃ സർവതഃ സർവം ജഗദ്പ്രകാശയതി സ ആകാശഃ** നാലു ഭാഗത്തുനിന്നും ലോകത്തെ പ്രകാശിപ്പിച്ചും കൊണ്ട് വിളങ്ങുന്നവനത്രേ ജഗ ദീശ്വരൻ.

അന്നഃ- അദ, ഭക്ഷണേ॥ [56] എന്ന ധാതുവിൽ നിന്നാണ് അന്നശബ്ദം ഉണ്ടാകുന്നത്. **അദ്യതേ/ത്തി ച ഭൂതാനി തസ്മാദന്നം തദുച്യതേ॥** [57]

അന്നാദഃ- അഹമന്നമഹമന്നമഹന്നം.അഹ ന്നാദോ/ഹമന്നാദോ/ഹമന്നാദഃ ॥ [58]

അത്താ:- അത്താ ചരാ/ചരഗ്രഹണാത്॥ [59]

---

*ധാതുപാഠം 1.290

53 'പൃഥ' എന്ന ധാതു ധാതുപാഠത്തിലില്ല. സമ്പ്രസാരണ സംവിധാനപ്രകാരം അനുവദിച്ചിരിക്കുന്ന ധാതുക്കളിൽ വൈയാകരണന്മാർ വരുത്തുന്ന സമ്പ്രസാരണ രൂപാന്ത രത്തെ സ്വതന്ത്രധാതുവായും ഗണിക്കുന്നു. അങ്ങനെ ഗ്രന്ഥകാരൻ, ഇവിടെ 'പൃഥ' ധാതുവിനെ സ്വതന്ത്ര ധാതുവായി ഗണിച്ച് നിർദേശിച്ചിരിക്കുന്നു. 'പൃഥ' ധാതുവിനെ സ്വതന്ത്ര പ്രകൃതിയായി അംഗീകരിച്ചാൽ പൃഥു, പൃഥവി മുതലായ രൂപങ്ങളിൽ സമ്പ്രസാരണം ആവശ്യമായി വരികയില്ല. 'ഗ്രഹ' ധാതുവിൽ സമ്പ്രസാരണവും ഹ കാരത്തിന് ഭ കാരാദേശവും വരുത്തി നിർമ്മിച്ച 'ഗൃഭ' യെ സ്വതന്ത്ര ധാതുവായി (ഗർഭോ ഗൃഭേഃ) നിരു ക്തകാരൻ സ്വീകരിച്ചിട്ടുണ്ട്. (നിരുക്തം10.23) ധാതുപാഠം-10.22 ൽ 'പൃഥ, പ്രക്ഷേപേ' എന്ന ധാതുവും ഉണ്ട്. പ്രക്ഷേപത്തിന് പരത്തുകയെന്നർഥവുമുണ്ടല്ലോ. 'അനിത്യ ണിജന്താശ്ചുരാദയഃ' അനുസരിച്ച് 'ണിച്' ന്റെ അഭാവത്തിൽ പർഥതി എന്ന രൂപമുണ്ടാകുന്നു. നിരുക്തം 1.12, 13 ലും പ്രഥനത്തിന് വിസ്താരമെന്നർഥം സ്വീകരിച്ചിട്ടുണ്ട്.

54 ധാതുപാഠം 1.575

55 ധാതുപാഠം 1.430

56 ധാതുപാഠം 2.1

57 തൈത്തരിയോപനിഷത് 2-10

58 തൈത്തരിയോപനിഷത് 2-10

59 വേദാന്തദർശനം 1.2.9

"അത്താചരാ/ചരഗ്രഹണാത്" എന്നതു വേദവ്യാസവിരചിതമായ ശാരീരകസൂത്രമാകുന്നു. ഏതിൽ സർവവും പ്രതിഷ്ഠിതമായിരിക്കുന്നുവോ ഏത് എല്ലാവരാലും ഗ്രഹിക്കപ്പെടുവാൻ യോഗ്യമാണോ ഏതൊന്ന് ചരാചരരൂപമായ ലോകത്തെ ഗ്രഹിക്കുന്നുവോ അത് എന്നർഥമായ **അന്നം, അന്നാദഃ, അത്താ** എന്ന മൂന്നു ശബ്ദങ്ങളും ഈശ്വരന്റെ നാമങ്ങളാണ്. ഇവിടെ മൂന്നു പ്രാവശ്യം പറഞ്ഞിട്ടുള്ളത്। [60] ബഹുമാനത്തിന് വേണ്ടിയാകുന്നു. അത്തിപ്പഴത്തിൽ ജനിക്കുന്ന കൃമികൾ അതിൽത്തന്നെ ജീവിച്ചിരിക്കുകയും അതിൽ തന്നെ ജീവനാശത്തെ പ്രാപിക്കുകയും ചെയ്യുന്നതുപോലെയാണ് ലോകം മുഴുവനും ഈശ്വരനിൽ ഉല്പത്തിസ്ഥിതിലയങ്ങളെ പ്രാപിക്കുന്നത്.

വസുഃ- "വസ, നിവാസേ" എന്ന *ധാതുവിൽ നിന്നാണു വസു സിദ്ധിക്കുന്നത്. **"വസന്തി ഭൂതാനി യസ്മിൻ; അഥവാ, യഃ സർവേഷു ഭൂതേഷു വസതി സ വസുരീശ്വരഃ"** ഏതിൽ ആകാശം മുതലായ സകല ഭൂതങ്ങളും സ്ഥിതി ചെയ്യുന്നുവോ അല്ലെങ്കിൽ യാതൊന്ന് സകലഭൂതങ്ങളിലും കുടികൊള്ളുന്നുവോ അത് **വസു.**

രുദ്രഃ- "രുദിര്, അശ്രുവിമോചനേ"। [61] എന്ന ധാതുവിന്റെ 'ണിജന്ത'ത്തിൽ നിന്നാണു രുദ്രശബ്ദസിദ്ധി. **"യോരോദയത്യന്യായകാരിണോ ജനാൻ സ രുദ്രഃ"** ദുഷ്കർമങ്ങൾ ചെയ്യുന്നവരെ കരയിപ്പിക്കുന്നവൻ എന്നർഥമുള്ള **രുദ്രൻ** എന്ന പദം ഈശ്വരവാചിയാണ്.

യന്മനസാ ധ്യായതി തദ്വാചാ വദതി യദ്വാചാ വദതി തത് കർമണാ കരോതി യത് കർമണാ കരോതി തദഭിസംപദ്യതേ। [62]

യജുർവേദ ബ്രാഹ്മണത്തിലുള്ള ഒരു മന്ത്രമാണിത്. "ജീവൻ മനസ്സുകൊണ്ടു വിചാരിക്കുന്നതിനെ വാക്കുകൊണ്ടു പറയുന്നു. വാക്കുകൊണ്ടു പറയുന്നതിനെയാണ് പ്രവൃത്തികൊണ്ടു ചെയ്യുന്നത്. പ്രവൃത്തികൊണ്ടു ചെയ്യുന്നതിനെത്തന്നെ അനുഭവിക്കുകയും ചെയ്യുന്നു." ജീവാത്മാവ് ചെയ്യുന്നതരത്തിലുള്ള കർമങ്ങൾക്കനുസരിച്ച് ഫലവും അനുഭവിക്കുന്നു എന്നു താല്പര്യം. പാപകർമങ്ങൾ ചെയ്തിട്ടുള്ള ജീവാത്മാക്കൾ, ന്യായാധിപതിയായ ഈശ്വരന്റെ നിശ്ചയപ്രകാരം ദുഃഖപൂർണഫലങ്ങൾ അനുഭവിക്കുമ്പോൾ കരയുന്നു. ദുഷ്ക്കർമം ചെയ്യുന്ന ജീവാത്മാക്കളെ ഈശ്വരൻ കരയിപ്പിക്കുന്നുവെന്നു പറയുന്നത് ഇപ്രകാരമാണ്. അതിനാൽ കരയിപ്പിക്കുന്നവൻ എന്നർഥമുള്ള **രുദ്രൻ** എന്ന പേര് ഈശ്വരവാചിയാകുന്നു.

നാരായണൻ:- ആപോ നാരാ ഇതി പ്രോക്താ ആപോ വൈ നര സൂനവഃ. താ യദസ്യായനം പൂർവം തേന നാരായണഃ സ്മൃതഃ.(മനുസ്മൃതി-1.10) **ജലം, ജീവാത്മാവ്** എന്നീ അർഥങ്ങളാണ് **'നാരാ'**യ്ക്കുള്ളത്. അവ ആരുടെ **അയനം** നിവാസസ്ഥാനമായിരിക്കുന്നുവോ, അതിനാൽ സർവ ജീവാത്മാക്കളിലും വ്യാപിച്ചിരിക്കുന്ന പരമാത്മാവിന്റെ നാമം **നാരായണൻ** എന്നാകുന്നു.

ചന്ദ്രൻ:- 'ചദി, ആഹ്ലാദേ"। [63] എന്ന ധാതുവിൽ നിന്ന് ചന്ദ്രശബ്ദം ഉണ്ടാകുന്നു. **"യശ്ചന്ദതി ചന്ദയതി വാ സ ചന്ദ്രഃ"** സ്വയം ആനന്ദസ്വരൂപനും എല്ലാവർക്കും ആനന്ദം ഉളവാക്കുന്നവനുമാകയാൽ ചന്ദ്രനെന്ന പേര് ഈശ്വരന്റെ പര്യായമാണ്.

മംഗളൻ:- "മഗി, ഗത്യർഥക"। [64] എന്ന ധാതുവിൽ **മംഗേരലച്**। [65] എന്ന സൂത്രം കൊണ്ട് ചേർക്കാവുന്ന **അലച്** പ്രത്യയം ചേർത്താൽ **മംഗലഃ** എന്നുകിട്ടും. **"യോ മങ്ഗതി മങ്ഗയതി വാ സ മംഗലഃ"** സ്വയം മംഗളസ്വരൂപനും സകല ജീവികൾക്കും മംഗളദാതാവുമാകയാൽ ഈശ്വരന്റെ പര്യായമാണ് **മംഗളഃ**

ബുധൻ:- ബുധ, അവഗമനേ। [66] എന്ന ധാതുവിൽ നിന്നു **ബുധ**ശബ്ദം ഉണ്ടാകുന്നു. **"യോ ബുധ്യതേ ബോധയതി വാ സ ബുധഃ"** സ്വയം ബോധസ്വരൂപനും സകലജീവികൾക്കും ജ്ഞാനദാതാവുമാകയാൽ ഈശ്വരനു ബുധൻ എന്നു പേരായി. ബൃഹസ്പതിശബ്ദത്തിന്റെ അർഥം। [67] മുമ്പു പറഞ്ഞിട്ടുണ്ട്.

---

* ധാതുപാഠം-1-731

60 തൈത്തരീയ ഉപനിഷത്തിൽ അന്ന, അന്നാദ എന്നു മൂന്നു തവണ പറഞ്ഞിട്ടുള്ളതെന്നർഥം

61 ധാതുപാഠം 2.60

62 വാജസനേയ ശതപഥത്തിൽ പ്രാചീനകാലത്ത് 15 പാഠങ്ങളുണ്ടായിരുന്നു. ശതപഥത്തിലെ ഇന്നു ലഭ്യമായ പാഠം ഇപ്രകാരമാണ്. "സ യഥാകാമോ ഭവതി തഥാക്രതുർഭവതി, യഥാ ക്രിതർഭവതി തത്കർമകുരുതേ തദഭി സംപദ്യതേ (14.7.26) കാണ്വ ശതപഥത്തിലും ഇതേ പാഠമാണ്. ഇത് താരതമ്യപഠനമർഹിക്കുന്നു.

63 ധാതുപാഠം-1.56

64 ധാതുപാഠം-1.88

65 ധാതുപാഠം-5.75 (ഉണാദികോശം)

66 ധാതുപാഠം-1.597

67 പേജ് 7 രണ്ടാം പാദം അവസാനഭാഗം

ശുക്രൻ:- **"ഈശുചിർ, പൂതീഭാവേ"** എന്ന ധാതുവിൽ നിന്നു **ശുക്രൻ** ഉണ്ടാകുന്നു. **"യഃ ശുചയതി ശോചയതി വാ സ ശുക്രഃ"**. അത്യന്ത പവിത്രൻ അഥവാ ആരുടെ സംഗത്താൽ ജീവനും പവിത്രമാകുന്നുവോ അത് **ശുക്രനാകുന്നു.**

ശനൈശ്ചരഃ:- **ശനൈഃ** എന്ന ഉപപദത്തോടു കൂടിയ **"ചര, ഗതിഭക്ഷണയോഃ"**[68] എന്ന ധാതുവിൽനിന്നു **ശനൈശ്ചരപദം** ഉണ്ടാകുന്നു. **'യഃ ശനൈശ്ചരതി സ ശനൈശ്ചരഃ"** ആർക്കാണോ സഹജമായ ധൈര്യമുള്ളത്, അവൻ എന്നർഥമുള്ള **ശനൈശ്ചര** ശബ്ദം ഈശ്വരനാമമാണ്.

രാഹുഃ- **രഹ ത്യാഗേ**[69] എന്ന ധാതുവിൽ നിന്നു **രാഹു** ശബ്ദം ഉണ്ടാകുന്നു. **'യോ രഹതി പരിത്യജതി ദുഷ്ടാൻ, രാഹയതി ത്യാജയതി വാ സ രാഹുരീശ്വരഃ'** യാതൊരുവൻ ഏകാന്ത സ്വരൂപനും, അഥവാ മറ്റൊന്നും കൂടിക്കലരാത്ത രൂപത്തോടു കൂടിയവനും ദുഷ്ടരെ സ്വയം ത്യജിക്കുന്നവനും അന്യരെക്കൊണ്ടു ത്യജിപ്പിക്കുന്നവനുമായവൻ എന്നർഥത്തിൽ **രാഹു** ഈശ്വരന്റെ നാമമാണ്.

കേതുഃ- **"കിത, നിവാസോ രോഗാപനയനേ ച"**[70] എന്ന ധാതുവിൽ നിന്നു കേതുശബ്ദം ഉണ്ടാകുന്നു. **"യഃ കേതയതി ചികിത്സതി വാ സ കേതുരീശ്വരഃ"** സമസ്തജഗത്തിനും ഇരിപ്പിടം, മുമുക്ഷുക്കൾക്കു മോക്ഷം നൽകി അവരുടെ സാംസാരികരോഗങ്ങളെയെല്ലാം ഇല്ലാതാക്കി അവരെ സുഖപ്പെടുത്തുന്നവൻ, രോഗങ്ങൾ ബാധിക്കാത്തവൻ എന്നീ അർഥങ്ങളുള്ള **കേതു** ശബ്ദം ഈശ്വരനാമമാണ്.

യജ്ഞഃ- **"യജ്, ദേവപൂജാസംഗതീകരണ ദാനേഷു"**[71] എന്നതാണ് യജ്ഞശബ്ദത്തിന്റെ ധാതു. **"യജ്ഞോ വൈ വിഷ്ണു"**[72] എന്നു ബ്രാഹ്മണവചനം. **യോ യജതി വിദ്വദ്ഭിരിജ്യതേ വാ സ യജ്ഞഃ** ലോകത്തിലുള്ള സകല പദാർഥങ്ങളെയും കൂട്ടിച്ചേർക്കുന്നവൻ എന്നും ബ്രഹ്മാവു തുടങ്ങിയുള്ള സകല മഹർഷിമാരാലും മാമുനിജനങ്ങളാലും വിദ്വാന്മാരാലും ത്രികാലങ്ങളിലും പൂജനീയൻ എന്നും അർഥമുള്ള **യജ്ഞം** സർവേശ്വരനാമമാകുന്നു. എന്തെന്നാൽ അത് സർവ്വത്ര വ്യാപകനാണ്[73].

ഹോതാവ്:- **"ഹൃ ദാനാ/ദനയോഃ; ആദാനേ ചേത്യേകേ"**[74] എന്ന ധാതുവിൽനിന്നു ഹോതാ ശബ്ദം ഉണ്ടാകുന്നു. **"യോ ജുഹോതി സ ഹോതാ"** കൊടുക്കുവാൻ യോഗ്യമായ പദാർഥങ്ങളെ ജീവാത്മാക്കൾക്കു കൊടുക്കുന്നവൻ എന്നും, സ്വീകരിക്കുവാൻ കൊള്ളാവുന്ന വസ്തുക്കളെ അവരിൽ നിന്നു സ്വീകരിക്കുന്നവൻ എന്നും അർഥമുള്ള **ഹോതാവ്** ഈശ്വരന്റെ പര്യായപദമാണ്.

ബന്ധുഃ- **ബന്ധ, ബന്ധനേ**[75] എന്ന ധാതുവിൽനിന്ന് **ബന്ധു** ശബ്ദം ഉണ്ടാകുന്നു. **"യഃ സ്വസ്മിൻ ചരാചരം ജഗദ് ബധ്നാതി; ബന്ധുവദ്ധർമാത്മനാം സുഖായ സഹായോ വാ വർതതേ സ ബന്ധുഃ"** പൃഥിവ്യാദി സകലലോകങ്ങളെയും നിയമങ്ങളെക്കൊണ്ട് തന്നിൽ ബന്ധിച്ചിരിക്കുന്ന, സഹോദരനെപ്പോലെ ലോകങ്ങളെ രക്ഷിക്കുന്ന അതാതിന്റെ പരിധികളെ ഉല്ലംഘിക്കാനനുവദിക്കാത്ത, സഹോദരങ്ങൾ അന്യോന്യം സഹായിക്കുന്നതുപോലെ ലോകങ്ങളെയെല്ലാം ധരിച്ച് രക്ഷിച്ച് സുഖത്തെ നൽകുന്ന ഈശ്വരന് ബന്ധു എന്ന് പേര് സമുചിതമാണ്.

പിതാവ്;- **"പാ രക്ഷണേ"**[76] എന്ന ധാതുവിൽ നിന്നു **പിതാവ്** എന്ന പദം സിദ്ധിക്കുന്നതാണ്. **"യഃ പാതിസർവാൻ സ പിതാ"** പിതാവ് സ്വസന്താനങ്ങളുടെ നേരെ ദയയോടുകൂടി പെരുമാറുകയും അവരുടെ അഭ്യുദയത്തെ കാംക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്നതുപോലെ സകലരുടേയും ഉന്നമനത്തെ മാത്രം കാംക്ഷിക്കുന്നവനാകയാൽ പിതാവ് എന്ന പേര് ജഗദീശ്വരന് സർവഥാ സമുചിതമാണ്.

പിതാമഹൻ:- **"യഃ പിതൄണാം പിതാ സ പിതാമഹഃ"** പിതാക്കന്മാരുടെ പിതാവ് എന്നർഥമുള്ള**പിതാമഹസംജ്ഞ** ഈശ്വരന്റെ പേരാകുന്നു.

പ്രപിതാമഹൻ:- **"യഃ പിതാമഹാനാം പിതാ സ പ്രപിതാമഹഃ"** പിതാമഹന്മാരുടെ പിതാവ് എന്നർഥമുള്ള **പ്രപിതാമഹ**സംജ്ഞ ഈശ്വരന്റെ പേരാണ്.

---

68 ധാതുപാഠം-1.376 ചര, ഭക്ഷണേ ച, ചാദ് ഗതൗച എന്നിവ ചേർത്ത് പ്രയോഗം
69 ധാതുപാഠം-1.486
70 ധാതുപാഠം-1.719
71 ധാതുപാഠം-1.728
72 ശതപഥം ബ്രാഹ്മണം-13.1.8.8
73 ഇത് ശതപഥവചനത്തിന്റെ അർഥമാണ്.
74 ധാതുപാഠം-3.1
75 ധാതുപാഠം-9.41
76 ധാതുപാഠം-2.49



മാതാവ്:- "യോ മിമീതേ മാനയതി സർവാ ഞ്ജീവാൻ സ മാതാ" പൂർണകൃപായുക്തയായ അമ്മ എങ്ങനെ സ്വസന്താനങ്ങളുടെ സുഖവും ഉയർച്ചയും കാംക്ഷിക്കുന്നുവോ അവണ്ണം ഈശ്വരൻ സകല ജീവികളുടെയും അഭിവൃദ്ധിയെ സദാ ആഗ്രഹിക്കുന്നു. അതിനാൽ പരമേശ്വരനു മാതാവ് എന്നു പേരായി.

ആചാര്യൻ:- ആങ് എന്ന ഉപസർഗത്തോടുകൂടിയ **"ചര ഗതി ഭക്ഷണയോഃ"**[77] എന്ന ധാതുവിൽനിന്ന് **ആചാര്യ**സംജ്ഞ ഉണ്ടാകുന്നു, **"യഃ ആചാരം ഗ്രാഹയതി സർവാ വിദ്യാ ബോധയതി സ ആചാര്യ ഈശ്വരഃ"** സത്യമായ ആചാരങ്ങളെയും സകലവിദ്യകളേയും എല്ലാവർക്കും മനസ്സിലാക്കി കൊടുക്കുന്നതുകൊണ്ട് ഈശ്വരന് **ആചാര്യൻ** എന്ന പേര് യോജിക്കുന്നു.

ഗുരു:- "ഗൃ, ശബ്ദേ"[78] എന്ന ധാതുവിൽനിന്നാണ് **'ഗുരു'** സിദ്ധിക്കുന്നത്. **യോ ധർമ്യാൻ ശബ്ദാൻ ഗൃണാത്യുപദിശതി സ ഗുരുഃ. സ (ഏഷ) പൂർവേഷാമപി ഗുരുഃ കാലേനാനവച്ഛേദാത്.**[79] (യോഗസൂത്രം) സത്യധർമത്തെ പ്രതിപാദിക്കുന്നതും സകല വിദ്യകളടങ്ങിയതുമായ വേദങ്ങളെ ഉപദേശിച്ചതിനാലും, സൃഷ്ടിയുടെ ആദികാലത്തിൽ **അഗ്നി, വായു, ആദിത്യൻ, അംഗിരസ്സ്, ബ്രഹ്മാവ്** മുതലായ ഗുരുക്കന്മാർക്കുകൂടി ഗുരുവായിരുന്നതുകൊണ്ടും ഒരിക്കലും നാശമില്ലായ്കയാലും ഈശ്വരനുഗുരുഎന്നു പേരായി.

അജഃ- "അജ, ഗതിക്ഷേപണയോഃ[80] **ജനീ, പ്രാദുർഭാവേ"**[81]എന്നീ രണ്ടു ധാതുക്കളിൽ നിന്ന് **അജ**സംജ്ഞ കിട്ടുന്നതാണ്. **"യോfജതി സൃഷ്ടിം പ്രതി സർവാൻ പ്രകൃത്യാദീൻ പദാർഥാൻ പ്രക്ഷിപതി, ജാനാതി (വാ) കദാചിന്ന ജായതേ സോfജഃ"** പ്രകൃതിയുടെ അവയവങ്ങളായ ആകാശാദിഭൂതങ്ങളുടെ പരമാണുക്കളെ യഥാതഥമായി ചേർത്ത് ഭൗതിക ശരീരങ്ങളേയും ജീവാത്മാക്കളെയും സംയോജിപ്പിച്ച്, ജീവികളെ സൃഷ്ടിച്ചവൻ; അഥവാ ജനനമില്ലാത്തത് എന്നർഥമുള്ള **അജ** സംജ്ഞ ഈശ്വരന്റെ യുക്തമായ നാമമാണ്.

77 ധാതുപാഠം-1.376
78 ധാതുപാഠം-9.29
79 ഋഗ്വേദാദി ഭാഷ്യഭൂമികയിൽ (വേദപര്യടനം) സ ഏഷ പൂർവേഷാമെന്നാണു പാഠം (സമാധിപാദം 26-ാം സൂത്രം) സ ഏഷ എന്നത് സൂത്രത്തിന്റെ ഉഥാനികാ രൂപമാണെന്ന് ചിലരുടെ ടിപ്പണികളിൽ കാണുന്നു.
80 ധാതുപാഠം-1.139
81 ധാതുപാഠം-4.40

ബ്രഹ്മാവ്:- "ബൃഹ ബൃഹി വൃദ്ധൌ"[82] എന്നീ ധാതുക്കളിൽ നിന്നു ബ്രഹ്മാസംജ്ഞ സിദ്ധിക്കുന്നു. **"യോfഖിലം ജഗദ്നിർമാണേന ബർഹതി (ബൃംഹതി) വർദ്ധയതി സ ബ്രഹ്മാ"** ലോകത്തെ നിർമ്മിക്കുകയും വലുതാക്കുകയും ചെയ്യുന്നവൻ ബ്രഹ്മാവ്. അതിനാൽ ഈശ്വരന് **ബ്രഹ്മാ**വെന്ന പേര് യോജിക്കുന്നു.

സത്യം ജ്ഞാനമനന്തം ബ്രഹ്മ. ഇത് തൈത്തിരീയോപനിഷത്തിലുള്ള ഒരു വാക്യമാകുന്നു.[83]

സത്യം:- "സന്തീതി സന്തഃ, തേഷു സത്സു സാധു തത്സത്യമ്" സത്തയുള്ളതു **സത്ത്;** പദാർഥം എന്നർഥം. അവയിൽവച്ച് ഉത്കൃഷ്ടമായിട്ടുള്ളത്; യഥാർഥമായ സത്തയോടുകൂടിയ ഈശ്വരൻ **"സത്യ"**മാണ്

ജ്ഞാനം:- "യജ്ജാനാതി ചരാfചരം ജഗത്തജ്ജ്ഞാനമ്" ചരാചര ജഗത്തിന്റെ പ്രവൃത്തികളെ മുഴുവനും അറിയുന്നവൻ എന്നർഥമായതുകൊണ്ട് **ജ്ഞാന**ശബ്ദം ഈശ്വരവാചിയാണ്.

അനന്തം:- "ന വിദ്യതേfന്തോfവധിർമര്യാദാ യസ്യ തദനന്തം" അതിരു നിർണയിക്കുവാൻ സാധിക്കുകയില്ലാത്തത്. നീളം, വീതി, വണ്ണം മുതലായ പരിമാണങ്ങൾ ഈശ്വരന് സംഭവിക്കാത്തതുകൊണ്ട് **അനന്ത**സംജ്ഞ ഈശ്വരന്റെ പേരാകുന്നു.

ബ്രഹ്മം:- "സർവേഭ്യോ ബൃഹത്ത്വാദ് ബ്രഹ്മ" ബൃഹത്തായവയിൽ ബൃഹത്താകയാൽ **ബ്രഹ്മം** എന്നു പേരായി.

അനാദി:- ആങ് എന്ന ഉപസർഗത്തോടുകൂടിയ **'ഡുദാഞ്, ദാനേ'**[84] എന്ന ധാതുവിൽ നിന്നു **ആദി**ശബ്ദം ഉണ്ടാകുന്നു. ആദിശബ്ദത്തിൽ **നഞ്** പ്രത്യയം ചേർക്കുമ്പോൾ **അനാദി** എന്ന രൂപം കിട്ടുന്നു. **"യസ്മാത് പൂർവം നാസ്തി പരം ചാസ്തി സ ആദിരിത്യുച്യതേ. ന വിദ്യതേ ആദിഃ കാരണം യസ്യ സോfനാദിരീശ്വരഃ"** ആദിശബ്ദത്തിന്, മുമ്പ് ഇല്ലാത്തത് എന്നർഥമാണ്. സ്വന്തം സത്തക്കു കാരണമായി മറ്റൊരു വസ്തുവില്ലാത്തത് **അനാദി-കാരണരഹിതൻ-** എന്ന് അർഥം.

ആനന്ദൻ:- ആങ് എന്ന ഉപസർഗത്തോടുകൂടിയ **'ടുനദി, സമൃദ്ധൌ"**[85] എന്ന ധാതുവിൽ

82 ധാതുപാഠം-1.488
83 ബ്രഹ്മാനന്ദവല്ലി 1
84 ധാതുപാഠം-3.9
85 ധാതുപാഠം-1.55

നിന്നു ആനന്ദശബ്ദം ഉണ്ടാകുന്നു. **"ആനന്ദന്തി സർവേ മുക്താ യസ്മിൻ. യദ്വാ യഃ സർവാൻ ജീവാനാനന്ദയതി സ ആനന്ദഃ."** സകല ജീവാത്മാക്കളും ആനന്ദത്തെ അനുഭവിക്കുന്ന ആനന്ദസ്വരൂപൻ അഥവാ ധർമനിഷ്ഠയുള്ള സകല ജീവാത്മാക്കളെയും ആനന്ദിപ്പിക്കുന്നവൻ എന്നർഥമുള്ള **ആനന്ദൻ** ഈശ്വരന്റെ നാമമാണ്.

സത്:-"അസ, ഭുവി" [86] എന്ന ധാതുവിൽ നിന്നു **സത്** എന്ന സംജ്ഞ ഉണ്ടാവുന്നു. **യദസ്തി ത്രിഷു കാലേഷു ന ബാധ്യതേ തത്സദ് ബ്രഹ്മ** ഭൂത വർത്തമാന ഭാവി കാലങ്ങളിൽ ഒരുപോലെ നാശമില്ലാതെ വർത്തിക്കുന്നത് എന്ന് അർഥമുള്ള **സത്** സംജ്ഞ ഈശ്വരന്റെ പേരാണ്.

ചിത്:- "ചിതീ, സംജ്ഞാനേ" [87] എന്ന ധാതുവിൽനിന്ന് **"ചിത്"** ശബ്ദം ഉണ്ടാകുന്നു. **"യശ്ചേതതി ചേതയതി സംജ്ഞാപയതി സർവാൻ സജ്ജനാൻ യോഗിനസ്തച്ചിത് പരം ബ്രഹ്മ."** ചേതനസ്വരൂപനും സകലജീവികൾക്കും ചൈതന്യവും എല്ലാവർക്കും സത്യാസത്യബോധവും നൽകുന്നവൻ എന്നർഥത്തിൽ **'ചിത്'** ഈശ്വരനാമമാണ്.

സത്, ചിത്, ആനന്ദൻ എന്നീ മൂന്നും വിശേഷണങ്ങളായതുകൊണ്ട് സർവേശ്വരനെ **സച്ചിദാനന്ദ സ്വരൂപൻ** എന്നുപറയുന്നു.

നിത്യൻ:-"യോ നിത്യധ്രുവോ*f*ചലോ*f*വിനാശീ സ നിത്യഃ" നിശ്ചലനും നാശമില്ലാത്തവനുമാകയാൽ നിത്യൻ എന്നത് ഈശ്വരവാചിയാണ്.

ശുദ്ധൻ:- "ശുന്ധ, ശുദ്ധൗ" [88] എന്ന ധാതുവാണ് സംജ്ഞയുടെ മൂലം. **"യഃ ശുന്ധതി സർവാൻ ശോധയതി വാ സ ശുദ്ധ ഈശ്വരഃ"** യാതൊരു അശുദ്ധിയും തീണ്ടാത്ത സ്വയം അത്യന്തപവിത്രനായ, മറ്റുള്ളവരെയെല്ലാം പരിശുദ്ധന്മാരാക്കുന്ന ഈശ്വരന് **'ശുദ്ധൻ'** എന്ന നാമം അനുയോജ്യമാണ്.

ബുദ്ധൻ:- "ബുധ, അവഗമനേ" [89] എന്ന ധാതുവിൽ 'ക്ത'പ്രത്യയം ചേർത്താൽ ബുദ്ധ സംജ്ഞ ലഭിക്കും. **"യോ ബുദ്ധവാൻ സദൈവ ജ്ഞാതാ*f*സ്തി സ ബുദ്ധോ ജഗദീശ്വരഃ"** എല്ലായ്പ്പോഴും എല്ലാറ്റിനെയും അറിഞ്ഞുകൊണ്ടിരിക്കുന്നു **ബുദ്ധൻ.** അതുകൊണ്ട് **ബുദ്ധൻ** എന്നത് ജഗദീശ്വരന്റെ പേരാണ്.

മുക്തൻ:- "മുച്ല്യൂ, മോചനേ" [90] എന്ന ധാതുവിൽ നിന്നു മുക്തശബ്ദം ഉണ്ടാകുന്നു. **"യോ മുഞ്ചതി മോചയതി വാ മുമുക്ഷൂൻ സ മുക്തോ ജഗദീശ്വരഃ"** എല്ലാ അശുദ്ധികളിൽ നിന്നും അകന്നവനും മുമുക്ഷുക്കളെ പ്രാപഞ്ചികങ്ങളായ ക്ലേശങ്ങളിൽനിന്ന് അകറ്റുന്നവനും, എന്ന അർഥത്തിൽ മുക്ത സംജ്ഞ ഈശ്വരന്റേതാണ്.

നിത്യനും, **ശുദ്ധ**നും, **ബുദ്ധ**നും, **മുക്ത**നുമായതുകൊണ്ട് ജഗദീശ്വരൻ **നിത്യശുദ്ധബുദ്ധമുക്ത സ്വഭാവി** എന്നു പറയപ്പെടുന്നു.

നിരാകാരൻ:- നിർ, ആങ് എന്ന രണ്ടുപസർഗങ്ങളോടുകൂടിയ **''ഡുകൃഞ്, കരണേ"** [91] എന്ന ധാതു നിരാകാരസംജ്ഞയുടെ മൂലമാണ്. **"നിർഗത ആകാരാത് സ നിരാകാരഃ"** ആകാരമൊന്നുമേ ഇല്ലാത്തവൻ **നിരാകാരൻ- ഈശ്വരൻ.**

നിരഞ്ജനൻ:- **നിർ** എന്ന ഉപസർഗത്തോടുകൂടിയ **''അഞ്ജൂ വ്യക്തിംലക്ഷണകാന്തി ഗതിഷു"** എന്ന ധാതുവിൽ നിന്നു **നിരഞ്ജന** ശബ്ദം ഉണ്ടാകുന്നു.**"അഞ്ജനം വ്യക്തിംർലക്ഷണം കുകാമ ഇന്ദ്രിയൈഃ പ്രാപ്തിശ്ചേത്യസ്മാദ് യോ നിർഗതഃ പൃഥഗ്ഭൂതഃ സ നിരഞ്ജനഃ"** വ്യക്തി അതായത് ആകൃതി-മ്ലേച്ഛാചാരം, ദുഷ്ടമായ ആഗ്രഹങ്ങൾ, ഇന്ദ്രിയവിഷയസഞ്ചാരം എന്നിവയൊന്നുമില്ലാത്തവനാകയാൽ ഈശ്വരനെ **നിരഞ്ജനൻ** എന്നു പറയുന്നു.

ഗണേശൻ, ഗണപതി:- "ഗണ, സംഖ്യാനേ" [92] എന്ന ധാതുവിൽ നിന്നു **ഗണ** ശബ്ദം ഉണ്ടാകുന്നു. ഗണശബ്ദത്തിൽ **ഈശഃ പതിഃ** എന്നിവയെ കൂട്ടിച്ചേർത്താൽ **ഗണേശഃ, ഗണപതിഃ** എന്നീ രണ്ടുനാമങ്ങൾ ഉണ്ടാകും. **"യേ പ്രകൃത്യാദയോ ജഡാ ജീവാശ്ച ഗണ്യന്തേ സംഖ്യായന്തേ തേഷാമീശഃ സ്വാമീ പതിഃ പാലകോ വാ"** പ്രകൃത്യാദികളായ ജഡപദാർഥങ്ങളുടെയും സകല ജീവികളുടെയും യജമാനനും പാലകനുമായതിനാൽ ഈശ്വരന് ഗണേശൻ, ഗണപതി എന്നീപേരുകൾ വന്നു.

വിശ്വേശ്വരൻ:- "യോ വിശ്വമോഷ്ടേ സ വിശ്വേശ്വരഃ" സകലജഗത്തിന്റെയും അധിഷ്ഠാ

86 ധാതുപാഠം-1.58
87 ധാതുപാഠം-1.32
88 ധാതുപാഠം-1.60
89 ധാതുപാഠം-1.597
90 ധാതുപാഠം-6.139
91 ധാതുപാഠം-8.10
92 ധാതുപാഠം-10.281

Aryasamaj.org



താവാകയാൽ ഈശ്വരന്റെ പേര് **വിശ്വേശ്വരൻ** എന്നായി.

കൂടസ്ഥൻ:- **"യഃ കൂടേ/അനേകവിധവ്യവഹാരേ സ്വസ്വരൂപേണൈവ തിഷ്ഠതി സ കൂടസ്ഥഃ പരമേശ്വരഃ"** സകല വ്യവഹാരങ്ങളിലും വ്യാപിച്ച് അവയുടെ ആധാരഭൂതനായിരിക്കിലും സ്വന്തം സ്വരൂപത്തിന് യാതൊരു മാറ്റവും വരാതെ വർത്തിക്കുന്നതിനാൽ ആ അർഥമുള്ള **കൂടസ്ഥൻ** എന്ന പദം ഈശ്വരന്റെ പര്യായനാമമായി.

ദേവി:- ദേവൻ എന്ന പദത്തിനുള്ള അർഥങ്ങളെല്ലാം ദേവിയ്ക്കുമുണ്ട്. ഈശ്വരന്റെ നാമങ്ങൾ മൂന്നു ലിംഗങ്ങളിലുമുണ്ട്. **ബ്രഹ്മ** എന്ന നാമം നപുംസകലിംഗവും, **ചിതിഃ** എന്ന നാമം സ്ത്രീലിംഗവും, **ഈശ്വരൻ** എന്ന നാമം പുല്ലിംഗവുമാണല്ലോ. ഈശ്വരശബ്ദത്തിന്റെ വിശേഷണമായി വരുമ്പോൾ ദേവൻ എന്നും ചിതിശബ്ദത്തിന്റെ വിശേഷണമാകുമ്പോൾ **ദേവി** എന്നും പ്രയോഗിക്കുന്നുവെന്നുമാത്രം. അതിനാൽ **ദേവി**സംജ്ഞ ഈശ്വരന്റെ പേരാണ്.

ശക്തിഃ- **"ശക്ൽൃ, ശക്തൗ"**। [93] എന്ന ധാതുവിൽ നിന്നു **'ശക്തി'** ഉണ്ടാകുന്നു. **"യഃ സർവം ജഗത് കർതും ശക്നോതി സ ശക്തിഃ"** ലോകം മുഴുവനും സൃഷ്ടിക്കുവാൻ സാമർഥ്യമുള്ളതത്രേ ശക്തി. ആ ശക്തിയുള്ളതിനാൽ ഈശ്വരന് **ശക്തി** യെന്നു പേരായി.

ശ്രീഃ- **"ശ്രിഞ്, സേവായാമ്"**। [94] എന്ന ധാതുവിൽ നിന്നാണ് ശ്രീയുടെ ഉത്പത്തി. **"യഃ ശ്രീയതേ സേവ്യതേ സർവേണ ജഗതാ വിദ്വദ്ഭിർയോഗിഭിശ്ച സ ശ്രീരീശ്വരഃ"** സകല ജനങ്ങളും വിദ്വാന്മാരും യോഗികളും സേവിക്കുന്നവൻ എന്നർഥമുള്ള ശ്രീ ശബ്ദം ഈശ്വരാഭിധാനമാകുന്നു.

ലക്ഷ്മീഃ- **"ലക്ഷ, ദർശനാങ്കനയോഃ"**। [95] എന്ന ധാതുവിൽ നിന്ന് ലക്ഷ്മീശബ്ദം ഉണ്ടാകുന്നു. **"യോ ലക്ഷയതി പശ്യതി അങ്കതേ ചിഹ്നയതി ചര/ചരം ജഗത്,** അഥവാ **വേദൈരാപ്തൈർയോഗിഭിശ്ച യോ ലക്ഷ്യതേ സ ലക്ഷ്മീഃ സർവപ്രിയേശ്വരഃ".** ചരാചരജഗത്തിനെ കണ്ടു കൊണ്ടിരിക്കുന്നവൻ, അഥവാ ആ ജഗത്തിനെ ദൃശ്യമാക്കുന്നവൻ- അതായത്, മനുഷ്യശരീരത്തിൽ കണ്ണ്, മൂക്ക് മുതലായ ജ്ഞാനേന്ദ്രിയങ്ങളേയും, ബാഹ്യപ്രകൃതിയിൽ ഇലകൾ, പൂക്കൾ, കായ്കനികൾ, കിഴങ്ങുകൾ, തുടങ്ങിയ പദാർഥങ്ങളേയും, പൃഥിവി, ജലം, എന്നീ ഭൂതങ്ങളിൽ കറുത്തും ചുവന്നും വെളുത്തുമുള്ള കല്ല്, മണ്ണ് മുതലായ വസ്തുക്കളേയും. ആകാശത്തിൽ സൂര്യചന്ദ്രാദി ഗ്രഹങ്ങളേയും നിർമ്മിച്ച് ഭുവനത്തെ കാണത്തക്കവണ്ണമാക്കുന്നവൻ. അല്ലെങ്കിൽ വേദാദി ശാസ്ത്രങ്ങളിൽ പ്രതിപാദിക്കുകയും, യോഗികളുടെ ലക്ഷ്യമായിരിക്കുകയും ചെയ്യുന്നവൻ എന്നിങ്ങനെ പല പൊരുളുമടങ്ങിയ **'ലക്ഷ്മി'** ഈശ്വരസംജ്ഞയാണ്.

സരസ്വതിഃ- **"സൃ, ഗതൗ"**। [96] എന്ന ധാതുവിൽ നിന്ന് **സരസ്** ശബ്ദമുണ്ടാകുന്നു. സരസ് എന്ന ശബ്ദത്തിൽ **'മതുപ്' 'ങീപ്'** എന്നീ പ്രത്യയങ്ങൾ കൂട്ടിച്ചേർത്താൽ **സരസ്വതീ**ശബ്ദം കിട്ടും. **"സരോ വിവിധ ജ്ഞാനം വിദ്യതേ യസ്യാം ചിതൗ**। [97] **സാ സരസ്വതീ"** ശബ്ദാർഥങ്ങളുടെ സംബന്ധം പ്രയോഗം മുതലായ വിവിധ വിഷയങ്ങളുടെ യഥാതഥമായ ജ്ഞാനത്തോടു കൂടിയതെന്നർഥമാണ് **സരസ്വതീ**ക്കുള്ളത്. അതിനാൽ ഈശ്വരന് **സരസ്വതീ** എന്നു പേരുണ്ട്.

സർവശക്തിമാൻഃ- **"സർവാഃ ശക്തയോ വിദ്യന്തേ യസ്മിൻ സ സർവശക്തിമാനീശ്വരഃ"** തന്റെ കർത്തവ്യനിർവഹണത്തിന് മറ്റൊരുവന്റെ സഹായമിച്ഛിക്കാതെ എല്ലാ കാര്യങ്ങളും സ്വസാമർഥ്യം കൊണ്ടുതന്നെ നടത്തുന്നവനാകയാൽ ഈശ്വരന് **സർവശക്തിമാൻ** എന്നു പേരായി.

ന്യായകാരി;- **"ണിഞ് പ്രാപണേ"**। [98] എന്ന ധാതുവിൽ നിന്ന് **ന്യായ**ശ്ബം ഉണ്ടാകുന്നു. **"പ്രമാണൈരർഥപരീക്ഷണം ന്യായഃ"** എന്നു വാത്സ്യായന മഹർഷി തന്റെ ന്യായ സൂത്രഭാഷ്യത്തിൽ പറഞ്ഞിട്ടുണ്ട്. **പക്ഷപാതരാഹിത്യാച്ച രണം ന്യായഃ** പ്രത്യക്ഷം. അനുമാനം മുതലായ പ്രമാണങ്ങളെക്കൊണ്ട് പരീക്ഷിച്ച് സത്യത്തെ യഥാവത് അറിയുകയും പക്ഷപാതരഹിതമായി ധർമം ആചരിക്കുകയും ചെയ്യുന്നതിനെയാണ് ന്യായം എന്നു പറയുന്നത്. **"ന്യായം കർതും ശീലമസ്യ സ ന്യായകാരീശ്വരഃ"**। [99] പക്ഷപാതം

93 ധാതുപാഠം-5.16
94 ധാതുപാഠം-1.638
95 ധാതുപാഠം-10.5

96 ധാതുപാഠം-1.669
97 ചിതിശക്താവീശ്വരാ എന്നർഥം
98 ധാതുപാഠം-1.642
99 ന്യായഭാഷ്യകാരൻ കൗടില്യൻ എന്നു കൂടിപേരുള്ള ചാണക്യനാണെന്നും വാത്സ്യായനൻ എന്നതു ഗോത്രനാമമാണെന്നും ഐതിഹാസിക മതമുണ്ട്.

കൂടാതെ ധർമം നടത്തുന്ന സ്വഭാവമുള്ളതിനാൽ ഈശ്വരനെ ന്യായകാരി എന്നു പറയുന്നു.

ദയാലുഃ- "ദയ, ദാനഗതിരക്ഷണഹിംസാ-ദാനേഷു"। [100] എന്ന ധാതുവിൽ നിന്ന് **ദയ** സിദ്ധിക്കുന്നു. **"ദയതേ ദദാതി ജാനാതി ഗച്ഛതി രക്ഷതി ഹിനസ്തി യയാ സാ ദയാ. ബഹവീ ദയാ വിദ്യതേ യസ്യ സ ദയാലുഃ പരമേശ്വര".** ഭയമുള്ളവർക്ക് അഭയം നൽകുന്ന, സത്യാസത്യങ്ങളും, സർവവിദ്യകളും അറിയുന്ന, നല്ലവരെ രക്ഷിക്കുന്ന, ദുഷ്ടന്മാരെ അർഹമായി ശിക്ഷിക്കുന്ന ഈശ്വരനെ **ദയാലു** എന്നു പറയുന്നു.

അദ്വൈതംഃ- "ദ്വയോർഭാവോ ദ്വാഭ്യാമിതം സ ദ്വിതാ। [101] അഥവാ **ദ്വീതം വാ സൈവ തദേവ വാ ദ്വൈതം. ന വിദ്യതെ ദ്വൈതം ദ്വിതീയേശ്വരഭാവോ യസ്മിൻതദദ്വൈതം; അർഥാത് സജാതീയവിജാതീയസ്വഗതഭേദശൂന്യം ബ്രഹ്മ"** രണ്ടിന്റെ ഭാവം ദ്വൈതം. ദ്വൈതമില്ലാത്തത് അദ്വൈതം. സജാതീയം, വിജാതീയം, സ്വഗതം എന്നു ത്രിവിധ ഭേദമുണ്ട്. ആ ഭേദങ്ങൾ ഇല്ലാത്തത് അദ്വൈതം എന്നു വിവക്ഷ. രണ്ടു മനുഷ്യർക്കു തമ്മിലുള്ള ഭേദം സജാതീയ ഭേദമാകുന്നു. മനുഷ്യത്വമെന്ന ഒരേ ജാതിയിലുള്ള രണ്ടു പദാർഥങ്ങൾ തമ്മിലുള്ള വ്യത്യാസമാണത്. മനുഷ്യനും, വൃക്ഷം, ശില മുതലായവകൾക്കും തമ്മിലുള്ള ഭേദം വിജാതീയ ഭേദമാണ്. ഒരേ ശരീരത്തിലുള്ള കണ്ണ്, ചെവി, മൂക്ക്, ചെവി മുതലായ അവയവങ്ങൾ തമ്മിലുള്ള ഭേദത്തെയാണ് സ്വഗതഭേദം എന്നു പറയുന്നത്. ഈശ്വരന്റെ സജാതീയനോ വിജാതീയനോ ആയ മറ്റൊരു ഈശ്വരൻ ഇല്ല. ഈശ്വരന്റെ സ്വാത്മാവിൽ തന്നെ സ്വഗതഭേദമുള്ളതും, തത്ത്വാന്തരമുള്ളതുമായതൊന്നുമില്ലായ്കയാൽ ഈശ്വരനെ **'അദ്വൈതം'** എന്നു വിളിക്കുന്നു.

നിർഗുണൻ:- "ഗുണ്യന്തേ യേ തേ ഗുണാ വാ യൈർഗുണയന്തി തേ ഗുണാഃ; യോ ഗുണേഭ്യോ നിർഗതഃ സ നിർഗുണ ഈശ്വരഃ" സത്ത്വം, രജസ്, തമസ് എന്നിവയും രൂപം, രസം, ഗന്ധം, സ്പർശം ഇത്യാദികളും ജഡപദാർഥങ്ങളുടെ ഗുണങ്ങളാകുന്നു. അജ്ഞത, അല്പജ്ഞത, രാഗദ്വേഷങ്ങൾ, അവിദ്യാദി ക്ലേശങ്ങൾ ജീവാത്മാവിന്റെ ഗുണങ്ങളാകുന്നു. ഈ രണ്ടുവിധ ഗുണങ്ങളില്ലാത്തവനാണ് ഈശ്വരൻ. **"അശബ്ദമസ്പർശമരൂപമവ്യയമ്"**। [102] എന്നു തുടങ്ങിയ ഉപനിഷദ്വചനങ്ങളാണ് അതിനു പ്രമാണം. അതിനാൽ ഈശ്വരന് **നിർഗുണനെന്ന അഭിധാനം** ചേരുന്നു.

സഗുണൻ:- "യോ ഗുണൈഃ സഹ വർത്തതേ സ സഗുണഃ" സർവജ്ഞത, ആനന്ദമയത, പരിശുദ്ധത, അപരിമേയബലം, മുതലായ ഗുണങ്ങളോടുകൂടിയവനാകയാൽ ഈശ്വരൻ സഗുണൻ ആകുന്നു.

പൃഥിവിയ്ക്കു ഗന്ധാദി ഗുണങ്ങൾ ഉള്ളതുകൊണ്ട് അതു സഗുണയാണ്; ഇച്ഛാദിഗുണങ്ങൾ ഇല്ലാത്തതുകൊണ്ട് അതു നിർഗുണയുമാണ് അതുപോലെ തന്നെ ജഡമായ ജഗത്തിലും ചേതനമായ ജീവാത്മാവിലും കാണപ്പെടുന്ന ഗുണങ്ങളൊന്നും തനിക്ക് ഇല്ലാത്തതുകൊണ്ട് ജഗദീശ്വരൻ നിർഗുണനും സർവജ്ഞത മുതലായ ഗുണങ്ങളുള്ളതുകൊണ്ട് സഗുണനും ആകുന്നു. സഗുണത്വവും നിർഗുണത്വവും ഇടകലർന്നതല്ലാത്തായതൊരു വസ്തുവും ലോകത്തിൽ ഇല്ല. ചേതനഗുണങ്ങളില്ലാത്തതുകൊണ്ട് ജഡപദാർഥങ്ങൾ നിർഗുണങ്ങളാണെന്നും അചേതനഗുണങ്ങളുള്ളതുകൊണ്ട് സഗുണങ്ങളാണെന്നും പറയാം. അതുപോലെ തന്നെ ജഡപദാർഥങ്ങളുടെ ഗുണങ്ങൾ ഇല്ലാത്തതുകൊണ്ട് ജീവാത്മാക്കൾ നിർഗുണങ്ങളാകുന്നു. ഇച്ഛാദികളായ ചേതനഗുണങ്ങളുള്ളതിനാൽ സഗുണങ്ങളാണെന്നും പറയാം. ഈശ്വരനിലും സഗുണത്വ നിർഗുണത്വങ്ങൾ കൂടിച്ചേർന്നിരിക്കുന്നതും ഇവ്വണ്ണമാണെന്നറിയണം.

അന്തര്യാമി- "അന്തര്യന്തും നിയന്തും ശീലം യസ്യ സോ/യമന്തര്യാമീ" ലോകത്തിലുള്ള ചേതനാചേതന പദാർഥങ്ങളുടെ അന്തർഭാഗത്തിൽ ഇരുന്ന് എല്ലാറ്റിനെയും നിയന്ത്രിച്ചു നടത്തുന്നതുകൊണ്ട് ഈശ്വരന് **അന്തര്യാമി** എന്നു പേരായി.

ധർമരാജൻ- 'യോ ധർമേ രാജതേ സ ധർമരാജഃ' ധർമത്തിൽ മാത്രം പ്രകാശിക്കുകയും ധർമത്തെ മാത്രം പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഈശ്വരനെ ധർമരാജനെന്നു വിളിക്കുന്നു.

യമൻ— 'യമു, ഉപരമേ'। [103] എന്ന ധാതുവിൽ

100 ധാതുപാഠം-1.322

101 ദ്വിതാ എന്നതിന്റെ മുഖ്യാർഥം ഭേദമെന്നാണ്. ഗ്രന്ഥകർത്താവും ഉത്തരവാക്യത്തിൽ ഈ അർഥം സ്വീകരിച്ചിരിക്കുന്നു. ഒന്നിലേറെ അനാദി തത്ത്വങ്ങളെ സ്വീകരിക്കുന്ന ദർശനങ്ങളെല്ലാം ദ്വൈതദർശനങ്ങളാണ്.

102 കഠോപനിഷത്-3.15

103 ധാതുപാഠം-1.710



നിന്ന് യമശബ്ദം ഉണ്ടാകുന്നു. **"യഃ സർവാൻ പ്രാണിനോ നിയച്ഛതി സ യമഃ"** സകല പ്രാണികൾക്കും കർമഫലം വ്യവസ്ഥചെയ്യുന്നത് യമൻ. സകലവിധത്തിലുള്ള അന്യായങ്ങളിൽ നിന്നും അകന്നിരിക്കുന്നവൻ എന്നും **യമൻ** അർഥമുണ്ട്. അങ്ങനെയുള്ള ഈശ്വരൻ **യമനാ**കുന്നു.

ഭഗവാൻ- "ഭജ, സേവായാമ്"[104] എന്ന ധാതുവിൽ നിന്ന് ഭഗശബ്ദം ഉണ്ടാകുന്നു. അതിൽ **മതുപ്** പ്രത്യയം ചേർത്താൽ **ഭഗവാൻ** എന്ന ശബ്ദം കിട്ടും. **"ഭഗഃ സകലൈശ്വര്യം സേവനം വാ വിദ്യതേ യസ്യ സ ഭഗവാൻ".** സകല ഐശ്വര്യങ്ങളോടുകൂടിയവനും ഭജിക്കുവാൻ യോഗ്യനുമായ ഈശ്വരനു **ഭഗവാൻ** എന്നു പേരായി.

മനുഃ- "മന, ജ്ഞാനേ"[105] എന്ന ധാതുവിൽ നിന്ന് **മനു**സംജ്ഞ ഉണ്ടാകുന്നു. **"യോ മന്യതേ സ മനുഃ"** വിജ്ഞാനശീലൻ അല്ലെങ്കിൽ മാനിയ്ക്കേണ്ടവൻ എന്നർഥം. ഈശ്വരന് ഈ യോഗ്യതകളുള്ളതിനാൽ **മനു** എന്നു പേരു വന്നു.

പുരുഷൻ:- 'പൃ, പാലനപൂരണയോഃ'[106] എന്ന ധാതുവിൽ നിന്നാണ് **പുരുഷ**ശബ്ദസിദ്ധി. **"യഃ സ്വ വ്യാപ്ത്യാ ചരാ/ചരം ജഗത് പൃണാതി പൂരയതി വാ സ പുരുഷഃ"**[107] ലോകത്തിലെല്ലാം നിറഞ്ഞിരിക്കുന്നവനാകയാൽ ഈശ്വരന് **പുരുഷൻ** എന്നു പേർ.

വിശ്വംഭരൻ- വിശ്വപൂർവകമായ **"ഡുഭൃഞ്, ധാരണപോഷണയോഃ"**[108] എന്ന ധാതുവിൽ നിന്ന് **വിശ്വംഭര** ശബ്ദം ഉണ്ടാകുന്നു. **"യോ വിശ്വം ബിഭർതി ധരതി പുഷ്ണാതി വാ സ വിശ്വംഭരോ ജഗദീശ്വരഃ"** ജഗത്തിനെ ധരിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നത് എന്നർഥമുള്ള **വിശ്വംഭര** ശബ്ദം ഈശ്വരന്റെ പേരാണ്.

കാലൻ- "കല, ഗതൗ സംഖ്യാനേ ച"[109] എന്ന ധാതുവിൽ നിന്ന് **കാല**സംജ്ഞ ഉണ്ടാകുന്നു.**"കലയതി സംഖ്യാതി സർവാൻ പദാർഥാൻ സ കാലഃ"** ലോകത്തിലുള്ള സകല ജഡപദാർഥങ്ങളേയും ജീവാത്മാക്കളേയും എണ്ണി കണക്കാക്കുന്നവൻ എന്നർഥത്തിൽ ഈശ്വരന്റെ പര്യായമാണ് കാലൻ.

ശേഷഃ- "ശിഷ്ലൃ, വിശേഷണേ"[110] എന്ന ധാതുവിൽ നിന്ന് **ശേഷ**ശബ്ദം ഉണ്ടാകുന്നു. **"യഃ ശിഷ്യതേ സ ശേഷഃ"** ഉല്പത്തിയിലും പ്രളയത്തിലും ശേഷിക്കുന്നവൻ- അവ ബാധിക്കാത്തത്- എന്നർഥമുള്ള **ശേഷൻ** ഈശ്വരവാചിയാണ്.

ആപ്തഃ "ആപ്ലൃ, വ്യാപ്തൗ"[111] എന്ന ധാതുവിൽ നിന്ന് ആപ്തശബ്ദം ഉണ്ടാകുന്നു. **"യഃ സർവാൻ ധർമാത്മന ആപ്നോതി വാ സർവൈ ധർമാത്മഭിരാപ്യതേ ഛലാദി രഹിതഃ സ ആപ്തഃ"** സകല വിദ്യായുക്തനും സത്യോപദേഷ്ടാവും ധർമാത്മാക്കളാൽ പ്രാപ്യനും, അവരിൽ വിളങ്ങുന്നവനും കാപട്യമില്ലാത്തവനുമായവൻ എന്നർഥമുള്ള **'ആപ്തൻ'** ഈശ്വരന്റെ നാമമാണ്.

ശംകരഃ- **ശം** എന്ന ഉപപദത്തോടുകൂടിയ **ഡുകൃഞ് കരണേ**[112] എന്ന ധാതുവിൽ നിന്ന് നിന്നു **ശങ്കര**ശബ്ദം ഉണ്ടാകുന്നു. **"യഃ ശം കല്യാണം സുഖം കരോതി സ ശങ്കരഃ"** മംഗളം അഥവാ സുഖം ഉളവാക്കുന്നവൻ എന്നർഥത്തിൽ **ശങ്കര**സംജ്ഞ ഈശ്വരവാചിയാണ്.

മഹാദേവൻ:- ദേവശബ്ദത്തിൽ മഹത് എന്നു കൂടി ചേർത്താൽ മഹാദേവൻ എന്ന നാമം ഉണ്ടാകുന്നു. **"യോ മഹതാം ദേവഃ സ മഹാദേവഃ"**[113] ദേവന്മാരുടെ ദേവൻ അതായത്, വിദ്വാന്മാരിൽ വിദ്വാനും സൂര്യാദി പദാർഥങ്ങളെക്കൂടി പ്രകാശിപ്പിക്കുന്നവനെന്നർഥം.

പ്രിയഃ:-"പ്രീഞ്, തർപണേ കാന്തൌ ച"[114]

---

104 ധാതുപാഠം-1.724
105 ധാതുപാഠം-4.65
106 ധാതുപാഠം-9.18
107 പൂരയത്യന്തരിത്യന്തരപുരുഷമഭിപ്രേത്യ-നിരുക്തം 2.3
തേനേദ പൂർണം പുരുഷേണ സർവമ്.....
(തൈത്തരീയ ആരണ്യകം 10.10)
108 ധാതുപാഠം-3.5
109 ധാതുപാഠം-10.290
110 ധാതുപാഠം-7.14
111 ധാതുപാഠം-5.15
112 ധാതുപാഠം-8. 10
113 ഇത് സമാസത്തിന്റെ വിഗ്രഹമല്ല. അർഥനിർദേശമാണ്. സമാസം സമാനാധികരണ തത്പുരുഷൻ തന്നെ. സാമാസിക വിഗ്രഹത്താൽ ഭിന്ന പദങ്ങളുടെ അർഥ നിർദേശം ചെയ്യുന്നത് പ്രാചീനപരിപാടിയാണ്. മഹാഭാഷ്യം 1. 1-1 ാം ആഹ്നികത്തിൽ "ധർമനിയമഃ" എന്നതിന് ധർമായ നിയമഃ എന്നും "വൃത്തിസമവായഃ" എന്നതിനെ വൃത്തയേ സമവായഃ എന്നും അർഥം പറഞ്ഞിരിക്കുന്നു. ശാസ്ത്രീയമായി "വികൃതി വാചക ചതുർഥ്യന്ത സുബന്തത്തിന് പ്രകൃതി വാചക സുബന്തത്തോടു മാത്രമേ സമാസം വയ്ക്കൂ. അഷ്ടാധ്യായിയിലെ ചതുർഥീ തദർഥാ... (2.1.35) എന്ന സൂത്രം നോക്കുക. കൂടാതെ, ഷഷ്ഠീ തത്പുരുഷനായ മഹാഘ്വാസ,മഹാകര,മുതലായവയിൽ "മഹദാത്വേ ഘ്വാസകര വിശിഷ്ടേഷൂപസംഖ്യാനം പും വദ്വചനം ചാസമാനാധികരണമ്" എന്ന വാർത്തികത്താൽ ആത്വം വരുംവണ്ണം എന്നറിയുക
114 ധാതുപാഠം-9.2

എന്ന ധാതുവിൽ നിന്ന് പ്രിയ ശബ്ദം ഉണ്ടാകുന്നു. **"യഃ പൃണാതി പ്രീയതേ വാ സ പ്രിയഃ"** ധർമാത്മാക്കളും മുമുക്ഷുക്കളും ശിഷ്ടന്മാരുമായവരെ സന്തോഷിപ്പിക്കുന്നവൻ അല്ലെങ്കിൽഏവരും പ്രാപിയ്ക്കുവാൻ ആഗ്രഹിക്കുന്നത് എന്നർഥമുള്ള **പ്രിയ**ശബ്ദം ഈശ്വരവാചിയാണ്.

സ്വയംഭൂഃ:- 'സ്വയം' പൂർവകമായ "ഭൂ, സത്തായാം"[115] എന്ന ധാതുവിൽ നിന്ന് സ്വയംഭൂ ശബ്ദം ഉണ്ടാകുന്നു. **"യഃ സ്വയം ഭവതി സ സ്വയംഭൂരീശ്വരഃ"** സ്വയമേവ ഉള്ളത് മറ്റൊന്നിൽ നിന്ന് ഉണ്ടാകാത്തത് എന്നർഥത്തിൽ സ്വയംഭൂ ഈശ്വരവാചിയാണ്.

കവിഃ- 'കു, ശബ്ദേ'[116] എന്ന ധാതുവിൽ നിന്ന് കവിശബ്ദം ഉണ്ടാകുന്നു. **"യഃ കൗതി ശബ്ദയതി സർവവിദ്യാഃ സ കവിരീശ്വരഃ"** സകലവിദ്യകളേയും അറിയുകയും അവയെ അന്യർക്കു വേദങ്ങൾ മുഖേന ഉപദേശിക്കുകയും ചെയ്യുന്ന ഈശ്വരന്റെ ഒരു നാമമാണ് **കവി.**

ശിവഃ- (ബഹുലമേതന്നിദർശനം)[117] *എന്ന ധാതുപാഠപ്രകാരം ഉണാദികോശത്തിലെ* ***സർവനിഘൃഷ്വരിഷ്വലഷ്വശിവപട്വപ്രഹ്വേഷ്വതന്ത്രേ*** *എന്ന സൂത്രപ്രകാരം* ***'ശിവു, കല്യാണേ")*** *പരിഭാഷകൻ*[118]

ശിവഃ- "ശിവു കല്യാണേ"[117] എന്ന ധാതുവിൽ നിന്ന് ശിവശബ്ദം ഉണ്ടാകുന്നു. **"ബഹുലമേതന്നിദർശനം"**[118] എന്ന വചനപ്രകാരം ശിവു ധാതു അനുവദനീയമാണ്. സ്വയം മംഗള സ്വരൂപിയും അന്യർക്ക് മംഗളപ്രദനുമാകയാൽ ഈശ്വരന്റെ പേരാണ് ശിവൻ.

ഈശ്വരന്റെ **നൂറു**[119] നാമങ്ങൾ ഇവിടെ വ്യാഖ്യാനിച്ചു. ഇതുകൂടാതെ വേറെയും അസംഖ്യം നാമങ്ങൾ ഈശ്വരനുണ്ട്. സർവേശ്വരന്റെ ഗുണകർമസ്വഭാവങ്ങൾക്ക് എണ്ണമില്ല. അതിനാൽ അദ്ദേഹത്തിന്റെ നാമങ്ങൾക്കും എണ്ണമില്ല. ഓരോരോ ഗുണത്തേയും കർമത്തേയും സ്വഭാവത്തേയും കുറിക്കുവാൻ ഓരോരോ പേരുകളുണ്ട്. ഞാൻ ഇവിടെ എഴുതിയ നാമങ്ങൾ സമുദ്രത്തിനു മുമ്പിൽ തുള്ളിയെന്നവണ്ണം തുച്ഛമാകുന്നു. വേദാദിശാസ്ത്രങ്ങളിൽ ഈശ്വരന്റെ എണ്ണമറ്റ ഗുണകർമ സ്വഭാവങ്ങളെ വ്യാഖ്യാനിച്ചിട്ടുണ്ട്. വേദാദിശാസ്ത്രങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ മാത്രമേ ആ നാമങ്ങളെ അറിയുവാൻ കഴിയൂ. വേദാദിശാസ്ത്രങ്ങളെ അധ്യയനം ചെയ്യുന്നവർക്കു മാത്രമേ മറ്റു പദാർഥങ്ങളുടെ ജ്ഞാനവും പൂർണമായി ഉണ്ടാവുകയുള്ളൂ.

ചോദ്യം- മറ്റുള്ള ഗ്രന്ഥകാരന്മാരെല്ലാവരും ഗ്രന്ഥത്തിന്റെ ആദിയിലും മധ്യത്തിലും അവസാനത്തിലും മംഗള പ്രാർഥന ചെയ്യാറുണ്ടല്ലോ. അതുപോലെ അങ്ങ് പ്രാർഥിക്കുകയോ മംഗള ശ്ലോകം എഴുതുകയോ ചെയ്യാത്തതെന്തുകൊണ്ടാണ്?

ഉത്തരം- അങ്ങിനെ ചെയ്യുന്നത് നമുക്ക് ഉചിതമല്ല. ഗ്രന്ഥത്തിന്റെ ആദിമധ്യാവസാനങ്ങളിൽ മംഗളം ആചരിച്ചാൽ ഇടയിലുള്ള ഭാഗം മുഴുവനും അമംഗളമാണെന്നു പറയേണ്ടു വരും. അതിനാൽ- **മംഗലാചരണം ശിഷ്ടാചാരാത് ഫലദർശനാച് ച്രുതിതശ്ചേതി.**[120]. എന്ന സാംഖ്യശാസ്ത്രവചനപ്രകാരം ന്യായവും, പക്ഷപാതരഹിതവും, വേദപ്രതിപാദിതവുമായ ഈശ്വരാജ്ഞയെ എല്ലായ്പോഴും എല്ലായിടത്തും യഥാനുസൃതം ആചരിക്കുന്നതുതന്നെയാണ് ശരിയായ മംഗളാചരണം. ഗ്രന്ഥത്തിന്റെ ആരംഭം മുതൽ അവസാനം വരെ ചെയ്യുന്ന സത്യാചരണമാണ് ശരിയായ മംഗളാചരണം. ഒരിടത്തു മംഗളവും മറ്റൊരിടത്ത് അമംഗളവും എഴുതുന്നതല്ല. മഹാശയന്മാരായ മഹർഷിമാരുടെ വാക്കുകൾ കേട്ടാലുംഃ-

യാന്യനവദ്യാനി കർമാണി, താനി സേവിതവ്യാനി; നോ ഇതരാണി[121] ഇതു തൈത്തിരീയോപനിഷത്തിലുള്ള വചനമാകുന്നു. **പ്രിയസന്തതികളേ! അനവദ്യങ്ങളായ അഥവാ, നിന്ദിക്കപ്പെ**

---

115 ധാതുപാഠം-1.1

116 ധാതുപാഠം-2.35

117 ഉണാദി 1.153 ൽ ശീങ്ശയേ ധാതുവിൽ വന് പ്രത്യയാന്തം നിപാതിതമാണ്.

118 ഇത് ധാതുപാഠം 10.366-ാം സൂത്രമാണ്. ധാതുപാഠത്തിൽ ധാതുക്കളുടെ നിദർശനമാണ് പ്രായേണയുള്ളത്. വൃത്തികാരന്മാർ ഈ സൂത്രം വ്യാഖ്യാനിക്കവേ ധാതുപാഠത്തിലില്ലാത്ത വിവിധ ധാതുക്കളുടെ ഉദാഹരണം നൽകിയിട്ടുണ്ട്. ഈ സൂത്രമനുസരിച്ച് ഗ്രന്ഥകർത്താവ്, ശിവ സംജ്ഞയുടെ അർഥത്തെ ലക്ഷ്യമാക്കി ധാതുകല്പന ചെയ്തിരിക്കുകയാണ്.

119 ആവർത്തനം ചെയ്ത നാമ വ്യാഖ്യാനങ്ങളൊഴികെ ആകെ 104 നാമങ്ങളുടെ വ്യാഖ്യാനമാണ് ഈ സമുല്ലാസത്തിലുള്ളത്. പരസ്പര സംബന്ധമായ സത് ചിത് ആനന്ദം മുതലായവയെ ഏകീകരിച്ചാൽ സംഖ്യ നൂറിലും കുറയും. അതിനാൽ ഇവിടെ നൂറെന്ന സംഖ്യ ഉപലക്ഷണാർഥമാണെന്നറിയണം.

120 സാംഖ്യദർശനം 5.1

121 തൈത്തിരീയോപനിഷത് 1.11



ടത്തക്കതല്ലാത്തതും ധർമയുക്തവുമായ കർമങ്ങളാണ് നിങ്ങൾ സദാ അനുഷ്ഠിക്കേണ്ടത്. അധർമങ്ങളല്ല. അതിനാൽ ആധുനികങ്ങളായ ഗ്രന്ഥങ്ങളിൽ *"ശ്രീഗണേശായ നമഃ" "സീതാരാമഭ്യാം നമഃ" രാധാകൃഷ്ണാഭ്യാം നമഃ ശ്രീഗുരുചരണാരവിന്ദാഭ്യാം നമഃ" ഹനുമതേ നമഃ ദുർഗായൈ നമഃ ബടുകായ നമഃ ഭൈരവായ നമഃ ശിവായ നമഃ സരസ്വത്യൈ നമഃ നാരായണായ നമഃ* എന്നെല്ലാം എഴുതിക്കാണുന്നത് വേദശാസ്ത്രങ്ങൾക്ക് വിരുദ്ധമായതുകൊണ്ട് മിഥ്യയാണെന്നാണു ബുദ്ധിമാന്മാർ വിചാരിക്കുന്നത്. വേദങ്ങളിലും ആർഷ ഗ്രന്ഥങ്ങളിലും ഈ മാതിരിയുള്ള മംഗളാചരണം ഒരിടത്തും കാണുന്നില്ല. ആർഷഗ്രന്ഥങ്ങളെല്ലാം **ഓം**കാരം **അഥ** എന്നീ പദങ്ങളുമായാണ് ആരംഭിക്കുന്നത്. നോക്കുക:- **"അഥ ശബ്ദാനുശാസനമ്" അഥേത്യയം ശബ്ദോധികാരാർഥ പ്രയുജ്യതേ.** (ഇതു വ്യാകരണമഹാഭാഷ്യാരംഭമാകുന്നു.) **"അഥാതോ ധർമജിജ്ഞാസാ". അഥേത്യാനന്തര്യേ വേദാധ്യയനാനന്തരമ്.** (ഇതു പൂർവമീമാംസാ വചനമാകുന്നു.) **"അഥാതോ ധർമം വ്യാഖ്യാസ്യാമഃ" അഥേതി ധർമകഥനാനന്തരം ധർമലക്ഷണം വിശേഷണ വ്യാഖ്യാസ്യാമഃ** (ഇതു വൈശേഷിക ദർശനാരംഭമാകുന്നു) **"അഥ യോഗാനുശാസനമ്" അഥേത്യയമധികാരാർഥഃ** (ഇതു യോഗശാസ്ത്രാരംഭമാകുന്നു) **'അഥ ത്രിവിധ ദുഃഖാത്യന്തനിവൃത്തിരത്യന്തപുരുഷാർഥഃ' സാംസാരികവിഷയഭോഗാനന്തരം ത്രിവിധദുഃഖാത്യന്ത നിവൃത്യർഥഃ പ്രയത്നഃ കർത്തവ്യഃ** (ഇതു സാംഖ്യശാസ്ത്രാരംഭമാകുന്നു.) **"അഥാതോ ബ്രഹ്മജിജ്ഞാസാ"** (ഇത് ഒന്നാം വേദാന്തസൂത്രമാകുന്നു) **"ഓമിത്യേതദക്ഷര മുദ്ഗീഥമുപാസീത"** (ഇത് ഛാന്ദോഗ്യ ഉപനിഷത്തിലെ ആരംഭവാക്യമാകുന്നു.) **"ഓമിത്യേതദക്ഷരമിദം സർവം തസ്യോപ വ്യാഖ്യാനം"** (ഇത് മാണ്ഡൂക്യ ഉപനിഷത്തിലെ പ്രാരംഭവാക്യമാകുന്നു.)

ഋഷിമുനിമാർ രചിച്ചിട്ടുള്ള മറ്റു ഗ്രന്ഥങ്ങളും ആരംഭിക്കുന്നത് **ഓം** എന്നോ **അഥ** എന്നൊ ആണ്.[122] നാലു വേദങ്ങളുടെ ആരംഭത്തിലും ഇതുപോലെ തന്നെ. **"അഗ്നിഃ, ഇട്, അഗ്നിഃ, യേ ത്രിഷപ്താഃ പരിയന്തി।**[123] എന്നീ പദങ്ങളാണ് കാണുന്നത്. *''ശ്രീഗണേശായ നമഃ''* എന്നു തുടങ്ങിയവ എങ്ങുമില്ല. വൈദികന്മാർ വേദാരംഭത്തിൽ *'ഹരി ഓം'* എന്ന് എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നത് പൗരാണികന്മാരുടെയും താന്ത്രികന്മാരുടെയും മിഥ്യാകല്പനകളിൽനിന്ന് അഭ്യസിച്ചിട്ടുള്ളതാണ്. വേദാദിശാസ്ത്രങ്ങളിൽ ഹരി എന്നും മറ്റും ഒരിടത്തും ആരംഭത്തിൽ പ്രയോഗിച്ചിട്ടില്ല. അതിനാൽ ഗ്രന്ഥാരംഭത്തിൽ **ഓം**കാരമോ**അഥ**യോ ആണ് എഴുതേണ്ടത്.

ഈശ്വരനെ വിഷയമാക്കി ഇത്രമാത്രം ചുരുക്കി പറഞ്ഞു. തുടർന്ന് **'ശിക്ഷണം'** എന്ന വിഷയത്തെപ്പറ്റി പറയാം.

ശ്രീമദ്ദയാനന്ദ സരസ്വതി സ്വാമികളാൽ വിരചിതമായ സത്യാർഥപ്രകാശത്തിൽ ഈശ്വരനാമപ്രതിപാദകമായ പ്രഥമോല്ലാസം കഴിഞ്ഞു.

സത്യാർഥപ്രകാശത്തിൽ വർണിച്ചിരിക്കുന്ന 108 ഈശ്വരനാമങ്ങളുടെ പട്ടിക

(അകാരാദി ക്രമത്തിൽ)

നൂറ്റെട്ടു നാമ വ്യാഖ്യാനങ്ങളാണുള്ളത്. എന്നാൽ **പരമാത്മാ**, ആത്മ സംബന്ധിതവും, **പരമേശ്വരൻ** ഈശ്വര സംബന്ധിതവും **പിതാമഹൻ, പ്രപിതാമഹൻ** പിതാസംബന്ധിതവും **സച്ചിദാനന്ദൻ** സമസ്തരൂപവും **ദേവി** ദേവന്റെ സ്ത്രീലിങ്ഗവും **ബ്രഹ്മാവ്** ബ്രഹ്മത്തിന്റെ പുല്ലിംഗവുമാണ്. ഇവ ഏഴും **ഓം** ഒഴിവാക്കിയാൽ നൂറു നാമങ്ങളാണുള്ളത്. ഓമിന്റെ വ്യാഖ്യാനമാണല്ലോ മറ്റെല്ലാം.

1 അക്ഷര = ക്ഷരം-നാശം ഇല്ലാത്തത്.
2 അഗ്നി = ഗതിയിൽ നയിക്കുന്നവൻ
3 അജ = ജനിക്കാത്തത്.
4 അത്താ = ചരാചരജഗന്നിയന്താവ്.
5 അദ്വൈതം = ത്രിവിധ ഭേദരഹിതമായത്.
6 അനന്തം = പരിമാണരഹിതമായത്.
7 അനാദി = കാരണരഹിതൻ
8 അന്തര്യാമി = അന്തർസ്ഥിതൻ.
9 അന്നം = ഭക്ഷണശക്തി നൽകുന്നത്.
10 അന്നാദഃ = ഭോഗശക്തി നൽകുന്നത്.
11 അര്യമാ = അനീതിയിൽ രമിക്കാത്തത്.
12 ആകാശഃ = പ്രകാശകാരകമായത്.
13 ആചാര്യ = ചരാചരഗതി കാട്ടിത്തരുന്നത്.
14 ആത്മാ = സൂക്ഷ്മാതിസൂക്ഷ്മ വ്യാപ്തൻ
15 ആദിത്യൻ = ഒരുകാലത്തുംനശിക്കാത്തത്.
16 ആനന്ദൻ = ധർമിഷ്ഠരുടെ നന്ദനൻ.
17 ആപ്ത = ധർമിഷ്ഠരിൽ വ്യാപ്തൻ.

122 ശുക്ളയജ്ജുർവേദം 1.17 സ്വാധ്യായാദന ഇതി.....
123 അഗ്നിഃ ഇട്, അഗ്നിഃ എന്നീ മൂന്നും പദപ്രതിപാദകവും നാലാമത്തേത് മന്ത്രപ്രതീകവുമാണ്.

theoriesamaj.org

18 ഇന്ദ്രൻ = ഐശ്വര്യപതി
19 ഈശ്വരൻ = ഐശ്വര്യത്തിൽ രമിക്കുന്നത്.
20 ഉരുക്രമൻ = ക്രമത്തിലധികം പരാക്രമി.
21 ഓം = സത്-ചിത്-ആനന്ദ സ്വരൂപം.
22 കവി = അറിയുന്നത് അറിയിക്കുന്നത്.
23 കാലൻ = എണ്ണങ്ങളെ അറിയുന്നത്.
24 കാലാഗ്നി = എണ്ണങ്ങളെ നയിക്കുന്നത്.
25 കുബേരൻ = സകലാധിപതി.
26 കൂടസ്ഥൻ = രൂപത്തിലും സ്വരൂപസ്ഥിതൻ.
27 കേതു = ഒരു രോഗവും ബാധിക്കാത്തത്.
28 ഖം = സർവവ്യാപി
29 ഗണപതി = ചരാചരഗണങ്ങളുടെ പതി.
30 ഗണേശൻ = ഗണങ്ങളുടെ ഈശൻ.
31 ഗരുത്മാൻ = ബൃഹത്സ്വരൂപൻ(ഗുരു-ഘന)
32 ഗുരു = നാശരഹിതമായി വിളങ്ങുന്നത്.
33 ചന്ദ്രൻ = ആനന്ദസ്വരൂപൻ
34 ചിത് = ചേതനചൈതന്യബോധസ്വരൂപം.
35 ജലം = ജനയിതാവും ലയിപ്പിക്കുന്നവനും.
36 ജ്ഞാനം = എല്ലാം അറിയുന്നത്.
37 തൈജസൻ = പ്രകാശ-തേജോകാരകൻ
38 ദയാലു = എല്ലാത്തിനും അഭയംനൽകുന്നത്
39 ദിവ്യൻ = ദിവ്യപദാർഥങ്ങളിൽ വ്യാപ്തൻ.
40 ദേവൻ = മറ്റ് സഹായം കൂടാതെ സ്വയം വിളങ്ങുന്നത്
41 ദേവി = ചൈതന്യകാരണകാരികയായി വിളങ്ങുന്നത്
42 ധർമരാജൻ = ധർമ്മത്തെമാത്രം ധരിക്കുന്നവൻ.
43 നാരായണൻ = സർവവ്യപിയായി അയനംചെയ്യുന്നത്
44 നിത്യൻ = ചലനരഹിതനാകയാൽ നാശമില്ലാത്തത്
45 നിരഞ്ജനൻ = അലക്ഷണമായി ഒന്നും ഇല്ലാത്തത്
46 നിരാകാരൻ = ആകാരം ഓന്നുമേ ഇല്ലാത്തത്
47 നിർഗുണൻ = തന്റേതല്ലാത്തഗുണങ്ങളെ സ്പർശിക്കാത്തവൻ
48 ന്യായകാരി = പക്ഷപാതമില്ലാതെ ധർമം നടത്തുന്നത്
49 പരമാത്മാവ് = സൂക്ഷ്മാതിസൂക്ഷമമായി വ്യാപ്തൻ
50 പരമേശ്വരൻ = തുല്യമായോ പരമായോ മറ്റൊന്നുമില്ലാത്തവൻ
51 പിതാവ് = ഉന്നമനത്തെ മാത്രം കാംക്ഷിക്കുന്നവൻ
52 പിതാമഹൻ = പിതാക്കന്മാരുടെ പിതാവ്
53 പുരുഷൻ = പുരിയിൽ (വിശ്വം) ശയിക്കുന്നവൻ
54 പൃഥിവി = ജഗത്തിനെ വിസ്തരിക്കുന്നവൻ
55 പ്രജാപതി = പ്രജകളെ പരിപാലിക്കുന്ന പതി
56 പ്രപിതാമഹൻ = പ്രജ്ഞാപിതാക്കന്മാരുടെ പിതാവ്
57 പ്രാജ്ഞൻ = ശരിയായി അറിയുന്നവൻ
58 പ്രാണൻ = നിലനില്പിന് മൂലകാരണമായവൻ
59 പ്രിയൻ = പ്രിയമായതിനും പ്രിയമായത്
60 ബന്ധു = സുഖത്തെ നിയമമായി സ്വയം ബന്ധിച്ചിരിക്കുന്നത്
61 ബുദ്ധൻ = എല്ലാറ്റിനെയും എപ്പോഴും അറിഞ്ഞുകൊണ്ടിരിക്കുന്നത്
62 ബുധൻ = ബോധജ്ഞാനസ്വരൂപമായിരിക്കുന്നത്
63 ബൃഹസ്പതി = ബൃഹത്തായതിന്റെയെല്ലാം പതി
64 ബ്രഹ്മം = അന്തരമില്ലാതെ വ്യാപ്തമായത്(നപും.ലിങ്ഗം)
65 ബ്രഹ്മാവ് = ബൃഹദ്സൃഷ്ടിജ്ഞാനമുള്ളത്
66 ഭഗവാൻ = ഐശ്വര്യാധിപതി
67 ഭൂമി = ചരാചരങ്ങളെ ധാരണം ചെയ്യുന്നത്
68 മംഗളൻ = ചലനത്തിലും സുഖം നൽകുന്നത്
69 മനു = മനന-ജ്ഞാനങ്ങളാൽ മാനിക്കേണ്ടത്
70 മഹാദേവൻ = ദേവന്മാരുടെ മഹാനായ ദേവൻ
71 മാതരിശ്വാ = അളവറ്റ ബലത്തോടുകൂടിയത്
72 മാതാവ് = കൃപാപൂർവം സന്താനപാലനം ചെയ്യുന്നത്
73 മിത്രൻ = എല്ലാവരെയും സ്നേഹിക്കുന്നത്
74 മുക്തൻ = പ്രാപഞ്ചിക-ക്ലേശങ്ങളിൽനിന്ന് മോചിപ്പിക്കുന്നത്
75 യജ്ഞം = സകല പദാർഥങ്ങളെയും കൂട്ടിച്ചേർക്കുന്നത്
76 യമൻ = കർമഫല (നിയമ) വ്യവസ്ഥചെയ്യുന്നത്
77 രാഹു = മറ്റൊന്നും കൂടിക്കലരാത്ത രൂപത്തോടു കൂടിയത്
78 രുദ്രൻ = ദുഷ്ടന്മാരെ ശിക്ഷിച്ചു രോദിപ്പിക്കുന്നത്
79 ലക്ഷ്മി = ജഗത്തിനെ കണ്ടുകൊണ്ടിരിക്കുന്നത്
80 വസു = ഏതിൽ എല്ലാം സ്ഥിതിചെയ്യുന്നുവോ അത്
81 വരുണൻ = വരേണ്യ ഗുണമുള്ളത്
82 വായു = വരിക്കുകയും സംഹരിക്കുകയും ചെയ്യുന്നത്
83 വിരാട് = വിശ്വത്തെ സ്വതേജസ്സുകൊണ്ട് പ്രകാശിപ്പിക്കുന്നത്
84 വിശ്വൻ = എല്ലാത്തിലും എങ്ങും നിറഞ്ഞു വർത്തിക്കുന്നുവോ അത്
85 വിശ്വംഭരൻ = ധരിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നത്
86 വിശ്വേശ്വരൻ = സകലജഗത്തിന്റെയും അധിഷ്ഠാതാവാകയാൽ
87 വിഷ്ണു = സർവ്വതിലും വ്യാപ്തനാകയാൽ
88 ശക്തി = സൃഷ്ടിക്കുവാൻ സാമർഥ്യമുള്ളത്
89 ശംകരൻ = മംഗകളകരമായി മാത്രം കർമ്മം ചെയ്കയാൽ
90 ശനൈശ്ചരൻ (ശനി) = ഗതിയിൽ സഹജമായ ധൈര്യമുള്ളതത്
91 ശിവൻ = സ്വയം മംഗളപ്രദനും ദാതാവുമാകയാൽ
92 ശുക്രൻ = സംഗത്താൽ പവിത്രതയിൽ എത്തുന്നതിനാൽ
93 ശുദ്ധൻ = മറ്റുള്ളതെല്ലാം പരിശുദ്ധമാക്കുന്നത്
94 ശേഷൻ = ഉല്പത്തിയിലും പ്രളയത്തിലും ശേഷിക്കുന്നത്
95 ശ്രീ = സേവായോഗ്യമായത്
96 സഗുണൻ = തന്നിൽ മാത്രമുള്ള ഗുണങ്ങളേയും ധാരണം ചെയ്യുന്നത്
97 സച്ചിദാനന്ദൻ = സത്, ചിത്, ആനന്ദം ഇവയെ സ്വരൂപത്തിൽ ധാരണം ചെയ്യുന്നത്
98 സത് = ത്രി കാലങ്ങളിലും ഒരുപോലെ നാശമില്ലാതെ വർത്തിക്കുന്നത്
99 സത്യം = സത്തയുള്ളതിനാൽ
100 സരസ്വതി = വിവിധ വിഷയങ്ങളുടെ യഥാതഥമായ ജ്ഞാനത്തോടുകൂടിയത്
101 സർവശക്തിമാൻ = മറ്റെല്ലാശക്തികളിലും ശക്തമായത്
102 സവിതാ = സർവലോകത്തെയും ഉല്പാദിപ്പിക്കുന്നതുത് ഏതോ
103 സുപർണൻ = സദ്കർമങ്ങളിൽ പൂർണമായിരിക്കുന്നത്
104 സൂര്യൻ = ജഡ-ചേതനങ്ങളുടെ അന്തരാത്മാവായി സ്വയം പ്രകാശിക്കുന്നത്
105 സ്വയംഭൂ = സ്വയമേവ ഉള്ളത് മറ്റൊന്നിൽ നിന്ന് ഉണ്ടാകാത്തത്
106 സ്വരാട് = സ്വയം വിരാജിക്കുകയും പ്രകാശിക്കുകയും ചെയ്യുന്നതിനാൽ
107 ഹിരണ്യഗർഭൻ = സൂര്യാദിലോകങ്ങൾ ഏതിൽ നിന്നും ഉദ്ഭവിച്ചുവോ അത്
108 ഹോതാവ് = യോഗ്യമായവയെ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നത്

Vedavyasamay.com

൨

രണ്ടാം സമുല്ലാസം

സത്യാർഥപ്രകാശം

വിദ്യാഭ്യാസ സമ്പ്രദായം

അഥ ശിക്ഷാം പ്രവക്ഷ്യാമഃ

മാതൃമാൻ പിതൃമാനാചാര്യവാൻ പുരുഷോ വേദ., ഇതു ശതപഥബ്രാഹ്മണത്തിലുള്ള ഒരു വാക്യമാകുന്നു. ▯ [1] വാസ്തവം പറയുകയാണെങ്കിൽ, മാതാവ്, പിതാവ്, ആചാര്യൻ എന്നീ മൂന്ന് ഉത്തമാദ്ധ്യാപകന്മാരെ ലഭിച്ച ഒരുവൻ മാത്രമേ അറിവുള്ളവനാകൂ. ധാർമികരും പഠിപ്പുള്ളവരുമായ മാതാപിതാക്കളുള്ളവനാണ് ഭാഗ്യവാൻ! ആ കുലമാണ് ധന്യം. മക്കൾക്ക് എത്രത്തോളം ഉപദേശവും ഉപകാരവും മാതാവിൽ നിന്ന് ലഭിക്കുമോ അത്രത്തോളം മറ്റാരിൽ നിന്നും ലഭിക്കുകയില്ല. അമ്മയ്ക്ക് സ്വസന്താനങ്ങളോട് ഉണ്ടാകുന്ന വാത്സല്യം മറ്റൊരാൾക്കും ഉണ്ടാവുന്നതല്ല. പെറ്റമ്മ മക്കളുടെ ഹിതത്തെ ഇച്ഛിക്കുന്നതുപോലെ മറ്റൊരാൾ ഇച്ഛിക്കുകയുമില്ല. അതിനാലാണ്-മാതൃമാൻ പ്രശസ്തയും ധർമതല്പരയുമായ മാതാവുള്ളവൻ - എന്നു പറഞ്ഞിരിക്കുന്നത്▯ [2]. ഗർഭാധാനം മുതൽക്ക് വിദ്യാഭ്യാസം കഴിയുന്നതു വരെ സ്വസന്താനങ്ങൾക്ക് സൗശീല്യം ഉപദേശിക്കുന്ന അമ്മയാണ് പരമധന്യ.

ഗർഭാധാനത്തിന് മുമ്പും ഗർഭാധാനകാലത്തും അതിനു ശേഷവും മാതാപിതാക്കന്മാർ മദ്യം മുതലായ മാദകപദാർഥങ്ങളേയും രൂക്ഷവും ദുർഗന്ധമുള്ളവയും ബുദ്ധിശക്തിയെ നശിപ്പിക്കുന്നവയുമായ ആഹാരപദാർഥങ്ങളേയും വർജിച്ച് സമാധാനം, ആരോഗ്യം, ബലം, ബുദ്ധി, പരാക്രമം, സൗശീല്യം, എന്നിവയാൽ സഭ്യതയെ ഉണ്ടാക്കുന്ന നെയ്യ്, പാൽ, മധുരാന്നങ്ങൾ മുതലായ പദാർഥങ്ങളെ ശീലിക്കുന്നതാണ് ഏറ്റവും ഉചിതം. അപ്രകാരം ചെയ്യുന്നതായാൽ അവരുടെ വീര്യരജസുകൾ ദോഷരഹിതങ്ങളും അത്യുത്തമ ഗുണപൂർണവുമാകും.

രാജോദർശനത്തിന്റെ അഞ്ചാം ദിവസം മുതൽ പതിനാറാം ദിവസം വരെയാണ് ഗർഭാധാനത്തിനു വിധിച്ചിരിക്കുന്ന കാലം. അവയിൽ ആദ്യത്തെ നാലുനാൾ വർജ്യങ്ങളാണ്. ശേഷമുള്ള പന്ത്രണ്ടു ദിവസങ്ങളിൽ പതിനൊന്നാമത്തെയും പതിമൂന്നാമത്തെയും ദിവസങ്ങൾ ഒഴികെ ബാക്കിയുള്ള പത്തു രാത്രികളിൽ മാത്രം ഗർഭാധാനം ചെയ്യുന്നതാണ് ഉത്തമം. രജോദർശനം മുതൽക്ക് പതിനാറു രാത്രികൾ കഴിഞ്ഞാൽ പിന്നീട് സ്ത്രീപുരുഷ സംയോഗമരുത്. ഇങ്ങനെ ഗർഭാധാനത്തിന് യോഗ്യമായ കാലം വീണ്ടും വരുന്നതുവരേയും ഗർഭാധാനം ഉണ്ടായാൽ അതുമുതൽ ഒരു കൊല്ലത്തേക്കും സംയോഗം പാടില്ല. ഭാര്യാഭർത്താക്കന്മാർ ഇരുവരുടെയും ശരീരം ആരോഗ്യത്തോടുകൂടിയതും മനസ്സ് ശോകരഹിതവും പ്രസന്നവുമായിരിക്കണം. ചരകം, സുശ്രുതം, എന്നീ വൈദ്യഗ്രന്ഥങ്ങളിലെ വിധിപ്രകാരം ഭക്ഷണവും, വസ്ത്രധാരണവും ചെയ്യേണ്ടതാണ്. മനുസ്മൃതി

---

1 ശതപഥബ്രാഹ്മണം 14.6., 10.2 & ഛാന്ദോഗ്യ ഉപനിഷത്ത് 6.14.2

2 പ്രശസ്താ ധാർമികീ മാതാ വിദ്യതേ യസ്യ സ മാതൃമാൻ

വിധിച്ചിട്ടുള്ള രീതിയിൽ സ്ത്രീപുരുഷന്മാർ ഇരുവരും അന്യോന്യം സന്തോഷം പ്രദാനം ചെയ്തു ജീവിക്കണം. ഗർഭാധാനത്തിന്റെ ശേഷം ഭക്ഷണത്തിലും വസ്ത്രധാരണത്തിലും സ്ത്രീകൾ വളരെ ശ്രദ്ധിക്കണം. ഗർഭം ധരിച്ചതിനുശേഷം ഒരു കൊല്ലത്തേക്ക് അവർ പുരുഷസംയോഗം ചെയ്യരുത്. ഗർഭിണിയായ സ്ത്രീ പ്രസവം കഴിയുന്നതുവരെ ബുദ്ധി, ബലം, രൂപം, ആരോഗ്യം, പരാക്രമം, ശാന്തി മുതലായ ഗുണങ്ങളെ ഉണ്ടാക്കുന്ന പദാർഥങ്ങൾ മാത്രം ഭക്ഷിക്കണം.

പ്രസവം കഴിഞ്ഞ ഉടനെ ശിശുവിനെ സുഗന്ധയുക്തമായ ജലംകൊണ്ട് കുളിപ്പിച്ച് പൊക്കിൾക്കൊടി ഛേദിച്ച് കിടത്തിയശേഷം വീട്ടിൽ നല്ല സുഗന്ധത്തോടുകൂടിയ നെയ്യ് മുതലായ പദാർഥങ്ങളാൽ ഹോമം ചെയ്യണം. പ്രസവിച്ചു കിടക്കുന്ന സ്ത്രീയുടെ കുളി ഹിതകരമായ ആഹാരം മുതലായവക്കും ഉചിതമായ ഏർപ്പാട് ചെയ്യണം. കുട്ടിയും തള്ളയും ക്രമേണ ആരോഗ്യം പ്രാപിക്കുവാനാണിത്. കുട്ടിയുടെ പെറ്റമ്മയും പോറ്റമ്മയും[3] മുലപ്പാലിന് ഉത്തമഗുണങ്ങളുണ്ടാകത്തക്കവണ്ണം ആഹാരം കഴിക്കണം. പ്രസവദിവസം മുതൽ ആറു ദിവസം കഴിയുന്നതുവരെ പെറ്റമ്മയുടെ മുലപ്പാൽ പാൽ കുട്ടിക്കു കൊടുക്കണം. പിന്നീട് ധാത്രിയുടെ മുലപ്പാൽ കൊടുക്കാവുന്നതാണ്. എന്നാൽ ധാത്രിക്കു ഭക്ഷിപ്പാനും കുടിക്കാനും നല്ല പദാർഥങ്ങൾ നൽകുവാൻ കുട്ടിയുടെ അച്ഛനമ്മമാർ പ്രത്യേകം ശ്രദ്ധിക്കണം, ധാത്രിയെ പോറ്റുവാൻ കഴിയാത്ത നിർധനർ ബുദ്ധി, പരാക്രമം, ആരോഗ്യം എന്നീ ഗുണങ്ങളുണ്ടാക്കുന്ന മരുന്നുകൾ, ചേർത്ത കഷായത്തിൽ ആട്ടിൻപാലോ, പശുവിൻപാലോ ചേർത്ത് കുട്ടിക്കുകൊടുക്കണം, പ്രസവം കഴിഞ്ഞാൽ ശിശുവിനെയും അമ്മയേയും വേണ്ടുവോളം ശുദ്ധവായുവുള്ള മറ്റൊരു സ്ഥലത്തേക്കു മാറ്റിക്കിടത്തണം. അവിടെ കണ്ണിന് കൗതുകമേകുന്നതും, പരിമളം പരത്തുന്നതുമായ പദാർഥങ്ങൾ വയ്ക്കുക. പ്രസവിച്ച സ്ത്രീ പരിശുദ്ധമായ വായുവുള്ള പ്രദേശത്തുമാത്രമേ സഞ്ചരിക്കാവൂ. ധാത്രീസ്തന്യം, പശുവിൻപാൽ, ആട്ടിൻപാൽ എന്നിവയൊന്നും കിട്ടാത്ത പ്രദേശങ്ങളിൽ ഉചിതം പോലെ പ്രവർത്തിക്കണം. ശിശുവിന്റെ ശരീരം ജനനിയുടെ ശരീരാംശങ്ങളിൽ നിന്നാണുണ്ടാകുന്നത്. അതിനാൽ പ്രസവിത്രിയുടെ ശരീരം ബലഹീനമാകുന്നു. സ്ത്രീയുടെ ആരോഗ്യം പരിഗണിക്കുമ്പോൾ പ്രസവിച്ചുകിടക്കുന്നവളുടെ മുലപ്പാൽ കുട്ടിക്കു കൊടുക്കുന്നതു നല്ലതല്ല. മുലപ്പാൽ ചോർന്നു പോകാതിരിപ്പാൻ വേണ്ടുന്ന മരുന്നുകൾ സ്തനങ്ങളിൽ പുരട്ടി സ്തന്യത്തെ നിരോധിച്ചു നിർത്തുന്നതായാൽ പ്രസവിച്ച സ്ത്രീ ഒരു മാസം കഴിയുമ്പോഴേയ്ക്കും വീണ്ടും യുവതിയാകും. അതേവരെ പുരുഷനും ബ്രഹ്മചര്യംകൊണ്ട് വീര്യസംരക്ഷണം ചെയ്യണം. ഇപ്പറഞ്ഞവണ്ണം അനുഷ്ഠിക്കുന്ന സ്ത്രീപുരുഷന്മാർക്ക് ഉത്തമസന്താനങ്ങൾ ഉണ്ടാവുകയും, ആയുസും, ബലം, പരാക്രമം എന്നിവ വർദ്ധിക്കുകയും ചെയ്യും. അവരുടെ എല്ലാ സന്താനങ്ങളും ഉത്തമരും, ധാർമികരും, ദീർഘായുസ്സ്, ബലം, പരാക്രമം, എന്നിവയുള്ളവരുമാകും. സ്ത്രീ അപത്യമാർഗത്തെ സങ്കോചിപ്പിച്ചു, സംശോധനം ചെയ്തു സൂക്ഷിക്കുകയും പുരുഷൻ വീര്യസംരക്ഷണം ചെയ്യുകയും വേണം. എങ്കിൽ പിന്നീടുണ്ടാകുന്ന സന്താനങ്ങളെല്ലാം ഉത്തമരായിരിക്കും.

തന്റെ മക്കൾ പരിഷ്കൃതശീലരും ശരീരാവയവങ്ങളെ കൊണ്ട് കുത്സിതചേഷ്ടകളൊന്നും ചെയ്യാതിരിക്കുന്നവരുമാകാൻ നല്ല ഉപദേശങ്ങൾ സദാ നൽകേണ്ടത് മാതാവിന്റെ കർത്തവ്യമാണ്. കുട്ടി സംസാരിക്കാൻ തുടങ്ങിയാൽ അമ്മ അതിന്റെ നാവിനു മാർദ്ദവം ഉണ്ടാകത്തക്കവിധമുള്ള ഉപായം ചെയ്യണം. എങ്കിൽ മാത്രമേ കുട്ടിക്കു സ്പഷ്ടമായി ഉച്ചരിക്കുവാൻ ശക്തി ഉണ്ടാവുകയുള്ളൂ. അതതു വർണങ്ങളുടെ സ്ഥാനപ്രയത്നങ്ങളും (ഉദാഹരണം പറയാം- 'പ' കാരത്തിന് ഓഷ്ഠമാണ് സ്ഥാനം. സ്പൃഷ്ടമാണ് പ്രയത്നം. എന്നു വെച്ചാൽ രണ്ടു ചുണ്ടുകളെയും കൂട്ടിച്ചേർത്ത് ഉച്ചരിക്കണം എന്നർഥം.) ഹ്രസ്വദീർഘപ്ലുതങ്ങളും സ്പഷ്ടമായി ഉച്ചരിക്കുവാനും, മധുരവും, ഗംഭീരവും, സുന്ദരവുമായ സ്വരത്തിൽ അക്ഷരം, മാത്ര, പദം, വാക്യം, സന്ധി, വിരാമം എന്നിവ വ്യക്തമായി കേൾക്കത്തക്കവണ്ണം പറയുവാനും പഠിപ്പിക്കണം. കുട്ടികൾ കുറേശ്ശെ സംസാരിക്കുവാനും കാര്യങ്ങൾ മനസ്സിലാക്കുവാനും തുടങ്ങിയാൽ മധുരമായി സംസാരിക്കുവാനും മുതിർന്നവർ സമന്മാർ ഇളയവർ മാതാപിതാക്കന്മാർ, മാന്യന്മാർ, രാജാക്കന്മാർ വിദ്വാന്മാർ, മുതലായവരോട് സംഭാഷണം ചെയ്യേണ്ടുന്ന സമ്പ്രദായവും, പെരുമാറേണ്ടുന്ന രീതിയും മറ്റും അവർക്ക് പഠിപ്പിച്ചു കൊടുക്കണം. എങ്കിൽ കാര്യങ്ങളിൽ അവർ ഒരിടത്തും അയോഗ്യമായി പെരുമാറുക

3 ധാത്രി മലയാളക്കരയിൽ ഈ സമ്പ്രദായം പ്രചാരമില്ല.

യില്ല. എല്ലായിടത്തും ആദരവു നേടും. സ്വസന്താനങ്ങളെ ജിതേന്ദ്രിയന്മാരും, വിദ്യാഭ്യാസത്തിൽ ശ്രദ്ധയുള്ളവരും സജ്ജനസംസർഗത്തിൽ ആസക്തിയുള്ളവരുമാക്കുവാൻ എല്ലാവരും പരിശ്രമിക്കണം. വ്യർഥമായ ക്രീഡ, കരച്ചിൽ, ചിരി, വഴക്കുകൂട്ടൽ, സന്തോഷം, വ്യസനം, കണ്ടതെല്ലാം കിട്ടുവാൻ കൊതി, അസൂയ വെറുപ്പ്, മുതലായതൊന്നും കുട്ടികൾ ശീലിക്കരുത്. ഗുഹ്യപ്രദേശത്തെ സ്പർശനവും മർദ്ദനവും ശുക്ലക്ഷയത്തിനും ദുർഗന്ധത്തിനും നപുംസകത്വത്തിനും കാരണമാകും. അതിനാൽ കുട്ടികൾ ഉപസ്ഥേന്ദ്രിയത്തെ സ്പർശിച്ചു ശീലിക്കരുത്.

എല്ലായ്പോഴും സത്യം പറയുക, ശൗര്യം, ധൈര്യം, മുഖപ്രസന്നത മുതലായ ഗുണങ്ങൾ കുട്ടികൾക്കുണ്ടാകത്തക്കവിധത്തിൽ അവരെ വളർത്തണം. അഞ്ചാമത്തെ വയസിൽ ആൺകുട്ടികളേയും പെൺകുട്ടികളെയും ഒരുപോലെ നാഗരാക്ഷരവും അന്യരാജ്യങ്ങളിലെ ഭാഷകളുടെ ലിപിയും അഭ്യസിപ്പിക്കേണ്ടതാണ്. പിന്നീട് ശ്രേഷ്ഠമായ വിദ്യാഭ്യാസത്തെ നൽകുന്നവയും, വിദ്യ ധർമം, ഈശ്വരൻ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നവയും അച്ഛൻ, അമ്മ, ആചാര്യൻ, അതിഥി, വിദ്വാന്മാർ, ഭരണാധികാരികൾ, ജനങ്ങൾ, തറവാട്ടിലുള്ളവർ, ചാർച്ചക്കാർ, സഹോദരീസഹോദരന്മാർ, ഭൃത്യന്മാർ മുതലായവരോട് പെരുമാറേണ്ട രീതിയെ ഉപദേശിക്കുന്നവയുമായ മന്ത്രങ്ങൾ, ശ്ലോകങ്ങൾ, സൂത്രങ്ങൾ, ഗദ്യഭാഗങ്ങൾ, പദ്യഭാഗങ്ങൾ എന്നിവയെല്ലാം അർഥത്തോടുകൂടി ഹൃദിസ്ഥമാക്കിക്കണം. അങ്ങനെയാ യാൽ കുട്ടികൾ കള്ളന്മാരുടെ ചതിപ്രയോഗങ്ങ ളിൽ പെട്ടുപോവില്ല. വിദ്യയ്ക്കും, ധർമത്തിനും വിരുദ്ധങ്ങളായ മോഹജാലങ്ങളിലേക്കു നയിക്കുന്ന ലൗകിക വ്യവഹാരങ്ങളെപ്പറ്റി വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുന്നതായാൽ ഭൂതപ്രേതാദികളായ മിഥ്യാവസ്തുക്കളിൽ അവർക്കു വിശ്വാസം ഉണ്ടാവാതിരിക്കും.

ഗുരോഃ പ്രേതസ്യ ശിഷ്യസ്തു പിതൃമേധം സമാചരൻ. പ്രേതഹാരൈഃ സമം തത്ര ദശരാത്രേണ ശുദ്ധ്യതി(മനുസ്മൃതി-5.65)

മരിച്ചുപോയ ഗുരുവിന്റെ സംസ്കാരകർമം നടത്തുന്ന ശിഷ്യൻ ശവം എടുത്തുകൊണ്ടു പോയവരൊരുമിച്ച് പത്തുദിവസം കൊണ്ട് പരിശുദ്ധിയെ പ്രാപിക്കുന്നു എന്നാണ് മുകളിൽ കൊടുത്ത മനുസ്മൃതി വചനത്തിന്റെ അർഥം. പ്രേതം എന്ന പദത്തിന് മൃതശരീരം അല്ലെങ്കിൽ ശവം എന്നാണർഥം. മൃതശരീരം ദഹിച്ചു ഭസ്മമായാൽ പിന്നെ അതിന് ഭൂതം എന്നുപേർ. "ഇന്ന പേരോടുകൂടിയ ഒരുവൻ ഉണ്ടായിരുന്നു. അവൻ കഴിഞ്ഞുപോയി" എന്ന് താല്പര്യം. ഒരുകാലത്ത് ജനിച്ചവരും ഇക്കാലത്ത് ജീവിച്ചിരിക്കാത്തവരുമായ ജനങ്ങൾ ഭൂതകാലത്തിലുള്ളവരാകയാൽ ഭൂതങ്ങൾ എന്നു പറയുന്നുവെന്നേയുള്ളൂ. ബ്രഹ്മർഷി തുടങ്ങി ഇതേവരെയുള്ള സകല വിദ്വാന്മാരുടെയും സിദ്ധാന്തം ഇപ്രകാരമാണ്. എന്നാൽ സംശയശീലമുള്ളവരും കുത്സിതരായ ആളുകളോട് സംസർഗം ചെയ്യുന്നവരും, ദുഷിച്ച സംസ്കാരമുള്ളവരുമായ ജനങ്ങൾ ഭയവും സംശയവുമുണ്ടാക്കുന്ന ഭൂതങ്ങൾ, പ്രേതങ്ങൾ, മറുതാ, പിശാച് മുതലായവയുണ്ടെന്ന അന്ധവിശ്വാസത്താൽ ദുഃഖിതരായിത്തീരുന്നു. നോക്കുക! ഒരു ജീവി മരിക്കുമ്പോൾ അതിന്റെ ജീവൻ സ്വയംകൃതമായ പാപപുണ്യങ്ങൾക്കധീനമായി ഈശ്വരന്റെ നിശ്ചയമനുസരിച്ച് സുഖദുഃഖങ്ങളനുഭവിക്കാൻ മറ്റൊരു ജന്മം സ്വീകരിക്കുന്നു. നാശരഹിതനായ സർവേശ്വരന്റെ ആ നിശ്ചയത്തെ-പാപപുണ്യവ്യവസ്ഥയെ- ഇല്ലാതാക്കുവാൻ ആർക്കെങ്കിലും കഴിയുമോ? അറിവില്ലാത്ത ജനങ്ങൾ വൈദ്യശാസ്ത്രം, പ്രകൃതി വിജ്ഞാനീയം എന്നിവ പഠിക്കുകയോ, കേൾക്കുകയോ ചെയ്യാതെയും സ്വയം ആലോചിച്ചു നോക്കാതെയും സന്നിപാതജ്വരം തുടങ്ങിയ ശാരീരിക രോഗങ്ങൾക്കും ചിത്തഭ്രമം മുതലായ മാനസികരോഗങ്ങൾക്കും ഭൂതബാധ, പ്രേതബാധ എന്നെല്ലാം പേരുകൊടുക്കുന്നു. അവർ ആ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ സേവിക്കുകയോ, പഥ്യാദികളാചരിക്കുകയോ ചെയ്യാതെ കള്ളന്മാരും, അത്യന്തമൂഢന്മാരും, ദുരാചാരനിരതന്മാരും, സ്വാർഥമാത്രപരായണന്മാരും, കഞ്ചാവുകുടിയന്മാരുമായ മ്ലേച്ഛന്മാരെപ്പോലും വിശ്വസിച്ച് പല പ്രകാരത്തിലുമുള്ള വഞ്ചനകളും വ്യാജങ്ങളും കാപട്യങ്ങളും കാട്ടി, എച്ചിൽ തിന്നുക, ചരടുജപിച്ചു കെട്ടുക, മന്ത്രങ്ങൾ ജപിക്കുക, തകിടുകൾ ബന്ധിക്കുക മുതലായ മിഥ്യാചാരങ്ങൾ ചെയ്ത് ധനം മുഴുവനും കളഞ്ഞുകുളിച്ച്, സ്വസന്താനങ്ങളുടെ രോഗങ്ങളേയും ദുരവസ്ഥയേയും വർദ്ധിപ്പിച്ച് ദുഃഖമുളവാക്കിക്കൊണ്ട് നടക്കുന്നു. അജ്ഞാനാന്ധന്മാരായ ധനികർ പാപികളും സ്വാർഥികളുമായ ആ ദുർബുദ്ധികളുടെ അടുക്കൽ ചെന്ന്, "സ്വാമിൻ, ഈ കുഞ്ഞുങ്ങൾക്ക് എന്തു സംഭവിച്ചു എന്ന് മനസ്സിലാകുന്നില്ല. എന്താണവർക്കു വന്നു പിണഞ്ഞത്?" എന്നു ചോദിച്ചാൽ അവർ ഇപ്രകാരം മറുപടി പറയും:- "ഇവന്റെ ദേഹത്തിൽ

ഒരു വലിയ ഭൂതം. പ്രേതം, ഭൈരവൻ, വസൂരി മാല മുതലായ മൂർത്തികളെല്ലാം ബാധിച്ചിട്ടുണ്ട്. അവർക്കു വേണ്ടുന്ന ഒഴിവുകൾ ചെയ്യുന്നതുവരെ അവ വിട്ടൊഴിയുകയില്ല. ഒരു സമയം ഇവന്റെ പ്രാണനെ കൂടി കൊണ്ടുപോയേക്കും. ഞങ്ങൾക്ക് വേണ്ടുവോളം പലഹാരങ്ങളും വല്ല ദക്ഷിണയും കൂടി തരുന്നതായാൽ ഞങ്ങൾ അവയെ മന്ത്രങ്ങൾ ജപിച്ചും ഹോമം ചെയ്തും ഓടിച്ചുകളയാം." ഇപ്രകാരം പറയുമ്പോൾ ആ അജ്ഞാനാന്ധന്മാർ പറയും:- "സ്വാമിൻ, ഞങ്ങളുടെ സർവസ്വവും നശിച്ചാലും ഇവന്റെ ഭൂതബാധയകറ്റി ഇവനെ സുഖപ്പെടുത്തിത്തരിക മാത്രം ചെയ്താൽ മതി." അവർ ഇങ്ങനെ പറയുന്നതോടുകൂടി ആ ദുഷ്ടന്മാരുടെ ആഗ്രഹം സിദ്ധിക്കുന്നു. അവർ തുടരും:- "ശരി ഇത്ര ഒരുക്കുകൾ വേണം. ഇത്ര പണം ദക്ഷിണ തരണം. ദേവതയ്ക്കു ബലി കൊടുക്കണം. ഗ്രഹശാന്തിക്കു വേണ്ടുന്ന ദാനവും ചെയ്യണം." മൃദംഗം, ഇലത്താളം, ചെണ്ട, ചേങ്ങല, മുതലായ വാദ്യങ്ങളെടുത്ത് അവർ അവന്റെ മുമ്പിൽ ചെന്ന് നിന്ന് കൊട്ടിപ്പാടുന്നു. തുടർന്ന് അവരിലൊരു കപടമാന്ത്രികൻ കലികൊണ്ട് തുള്ളിച്ചാടി, "ഞാൻ ഇവന്റെ പ്രാണനെത്തന്നെ കൊണ്ടുപോകും" എന്നു പറയുന്നു. അപ്പോൾ ആ മൂഢന്മാർ ആ നീചമാന്ത്രികരുടെ കാൽക്കൽവീണ് "അവിടുന്ന് ഇഷ്ടമുള്ളതെല്ലാം എടുത്താട്ടെ. ഇവന്റെ ജീവനെ മാത്രം വിട്ടയക്കണേ" എന്ന് അപേക്ഷിക്കുന്നു. അതുകേൾക്കുമ്പോൾ ആ ദുഷ്ടൻ പറയുന്നു. ''ഞാൻ ഹനുമാനാണ്. കൊണ്ടുവാ ലഡ്ഡു, ജിലേബി, എണ്ണ, സിന്ദൂരം, ഒന്നേകാൽ മന്നു ഘനമുള്ള ഒരു ഒറ്റചപ്പാത്തി, ചുവന്ന ലങ്കോട്ടികൊണ്ടുവാ'' അതല്ലെങ്കിൽ ''ഞാൻ ഭൈരവനാണ്. ഞാൻ ഭദ്രകാളിയാണ് അഞ്ചുകുപ്പികള്ള്, ഇരുപതു കോഴി, അഞ്ച് കോലാട്, കുറെ പലഹാരം, ഒരു മുണ്ട്, ഇതെല്ലാം കൊണ്ടുവാ." എന്ന് പറയുന്നു. ''വേണ്ടതെല്ലാം എടുത്തുകൊൾക" എന്നു പറഞ്ഞ് മന്ദബുദ്ധികൾ കൊടുക്കുമ്പോൾ ആ ഭ്രാന്തന്റെ തുള്ളലും ചാട്ടവും അധികമാകുന്നു. എന്നാൽ ബുദ്ധിയുള്ളവർ വല്ലവരും ചെന്ന്, അവർക്ക് തിരുമുൽക്കാഴ്ചയായി ചെരിപ്പുകൊണ്ടോ, കൈകൊണ്ടോ, വടികൊണ്ടോ അഞ്ച് പ്രഹരമോ, നല്ല തൊഴിയോ കൊടുക്കുന്ന പക്ഷം അവരുടെ ഹനുമാനും, ഭദ്രകാളിയും, ഭൈരവനും എല്ലാം വളരെ വേഗത്തിൽ പ്രസാദിച്ച് മണ്ടിക്കളയും. മറ്റുള്ളവരുടെ പണം തട്ടിക്കുവാനായി പ്രയോഗിക്കുന്ന കപടനാടകങ്ങളാണിതെല്ലാം.

അല്ലെങ്കിൽ ആ അറിവില്ലാത്തവർ ഗ്രഹഗ്രസ്തനും ഗ്രഹരൂപിയും ആയ ഒരു ജ്യോതിഷാഭാസജ്ഞന്റെ അടുക്കൽ ചെന്ന്, ''ഇവന് എന്താണ്? ഒന്നു നോക്കിയാട്ടെ" എന്നു പറയുന്നു. അപ്പോൾ അയാൾ പറയും, ''സൂര്യാദി ഗ്രഹങ്ങളെല്ലാം ദോഷസ്ഥാനത്താണ്, അവയുടെ കോപശാന്തി വരുത്തുവാൻ വേണ്ടുന്ന ജപം, പൂജ, ദാനം എന്നീ ഒഴിവുകളെല്ലാം ചെയ്യിക്കണം. അല്ലെങ്കിൽ ഇവൻ വളരെ കഷ്ടപ്പാടുകൾ അനുഭവിക്കും. പ്രാണഹാനി പോലും വരാം."

ഉത്തരം- ഗണകാ! ഭൂമിയേപ്പോലെ തന്നെ അചേതനങ്ങളാണ് സൂര്യാദി ലോകങ്ങളും. ചൂടും വെളിച്ചവും തരുവാനല്ലാതെ മറ്റൊന്നും ചെയ്യുവാൻ അവയ്ക്ക് കഴിവില്ല. കോപിച്ചാൽ ദുഃഖത്തേയും പ്രസാദിച്ചാൽ സുഖത്തേയും ഉണ്ടാക്കുവാൻ അവ ചേതനങ്ങളോ?

ചോദ്യം- രാജാക്കന്മാരും പ്രജകളും അടങ്ങിയ ഈ ലോകത്തിൽ ചിലർ സുഖമുള്ളവരായും മറ്റു ചിലർ ദുഃഖമനുഭവിക്കുന്നതായും കാണപ്പെടുന്നു. അതെല്ലാം ഗ്രഹസ്ഥിതിയുടെ ഫലമല്ലേ?

ഉത്തരം- അതെല്ലാം പുണ്യപാപങ്ങളുടെ ഫലമാണ്

ചോദ്യം- ജ്യോതിഃശാസ്ത്രം കേവലം കളവാണോ?

ഉത്തരം- **അല്ല. ആ ശാസ്ത്രത്തിലടങ്ങിയ അങ്കഗണിതം, രേഖാഗണിതം, ബീജഗണിതം മുതലായ ഗണിതഭാഗങ്ങളെല്ലാം ശരിയായിട്ടുള്ളതാണ്. ഫലഭാഗം മുഴുവനും ശുദ്ധമേ വ്യാജമാണ്.**

ചോദ്യം- ജാതകം തീരെ നിഷ്ഫലമാണോ?

ഉത്തരം- **അതേ;** അതിന് ജാതകമെന്നല്ല ശോകദം എന്നാണ് പറയേണ്ടത്. സന്താനം ഉണ്ടാകുമ്പോൾ സകലർക്കും ആനന്ദം ഉണ്ടാകാറുണ്ട്. എന്നാൽ ആ ആനന്ദം സന്താനത്തിന്റെ ജാതകം എഴുതി ഗ്രഹഫലം പറഞ്ഞുകേൾക്കുന്നതുവരെ മാത്രമേ നിലനിൽക്കുന്നുള്ളൂ. ജാതകം എഴുതിക്കേണ്ടതാണെന്നു ജ്യോത്സ്യൻ പറയുമ്പോൾ കുട്ടിയുടെ അച്ഛനമ്മമാർ ജ്യോത്സ്യനോട് ''വളരെ വിശേഷപ്പെട്ട ജാതകമായിരിക്കണം" എന്നു പറയുന്നു. പറഞ്ഞേല്പിച്ചതു ധനികനാണെങ്കിൽ ചുകപ്പും മഞ്ഞയും വരകൾകൊണ്ടും ചിത്രങ്ങൾകൊണ്ടും മോടിപിടിപ്പിച്ചും, ദരിദ്രനാണെങ്കിൽ സാധാരണസമ്പ്രദായത്തിലും ഒരു ജാതകം എഴുതി ഉണ്ടാക്കിക്കൊണ്ടു വരും.

അപ്പോൾ കുട്ടിയുടെ മാതാപിതാക്കന്മാർ ജ്യോത്സ്യന്റെ മുമ്പിൽ ഇരുന്നു ചോദിക്കുന്നു. ''ഇവന്റെ ജാതകം നല്ലതുതന്നെയല്ലേ?'' ജ്യോത്സ്യൻ പറയുന്നു. "ഉള്ളതു മുഴുവനും പറഞ്ഞു കേൾപ്പിച്ചേക്കാം. കുഞ്ഞിന്റെ ജന്മഗ്രഹവും മിത്രഗ്രഹവും ശുഭങ്ങളാകുന്നു. അതിന്റെ ഫലമായി കുട്ടി വലിയ ധനികനും കീർത്തിമാനും ആയിത്തീരും. ഏതു സഭയിൽ ചെന്നാലും ഇവന്റെ തേജസ്സ് മറ്റുള്ളവരുടേതിനേക്കാൾ മികച്ചു നിൽക്കും. നല്ല ആരോഗ്യമുള്ളവനും രാജാക്കന്മാർ കൂടി ബഹുമാനിക്കുന്നവനും ആയിത്തീരും." ഈ വാക്കുകൾ കേട്ട് കുട്ടിയുടെ അച്ഛനമ്മമാർ പറയും. "കൊള്ളാം അങ്ങ് നല്ല ജ്യോത്സ്യരാണ്." എന്നാൽ ഇതുകൊണ്ടൊന്നും തന്റെ കാര്യം സാധിക്കുകയില്ലെന്ന് ജ്യോത്സ്യനറിയാം. അതുകൊണ്ട് ജ്യോത്സ്യൻ പിന്നേയും പറയുന്നു- " ഈ പറഞ്ഞ ഗ്രഹങ്ങളെല്ലാം വളരെ അനുകൂലങ്ങൾ തന്നെ. എന്നാൽ ഈ ശുഭഗ്രഹങ്ങൾ വേറെ ചില ക്രൂര ഗ്രഹങ്ങളോട് കൂടിച്ചേർന്നാണിരിക്കുന്നത്. അതു നിമിത്തം ഈ കുട്ടിക്ക് എട്ടാമത്തെ വയസ്സിൽ മൃത്യുയോഗം കാണുന്നു.'' ഇതു കേൾക്കുമ്പോഴേക്കും അച്ഛനമ്മമാർ പുത്രനുണ്ടായ ആനന്ദമെല്ലാം ത്യജിച്ച് ദുഃഖിതരായി ജ്യോത്സ്യനോട് പറയുന്നു- '' ജ്യോത്സ്യരേ, ഞങ്ങൾ എന്തു ചെയ്യണം?" ജ്യോത്സ്യർ ഉടനേ പറയും- "അതിനു പരിഹാരം ചെയ്യണം." പരിഹാരമാർഗം എന്താണെന്ന് ഗൃഹസ്ഥൻ ചോദിക്കുമ്പോൾ ജ്യോത്സ്യൻ വീണ്ടും പറയും- "ദാനങ്ങൾ കൊടുക്കണം. ഗ്രഹശാന്തിക്കുള്ള മന്ത്രങ്ങൾ ജപിക്കണം. ദിവസംതോറും ബ്രാഹ്മണരെ കാൽകഴുകിച്ചൂട്ടണം. എങ്കിൽ ഗ്രഹപ്പിഴ തീരുമെന്നാണനുമാനിക്കേണ്ടത്." ജ്യോത്സ്യൻ ഇവിടെ അനുമാനമെന്നു പറഞ്ഞത് വളരെ മുൻകരുതലോടെ കൂടിയാണ്. ഒരുപക്ഷേ കുട്ടി മരിച്ചുപോകുന്നതായാൽ അയാൾ പറയും: "ഞങ്ങൾ എന്തുചെയ്യും? ഈശ്വരനുപരി ആരുമില്ല. ഞങ്ങൾ വളരെ പ്രയത്നിച്ചു. നിങ്ങളും പലതും ചെയ്യിച്ചു. പക്ഷേ അവന്റെ കർമഫലം അങ്ങനെയാണ്." കുട്ടി ജീവിച്ചെങ്കിൽ അപ്പോഴും അയാൾക്കു പറയാം, " നോക്കുക! ഞങ്ങളുടെ മന്ത്രങ്ങളുടെയും, ഞങ്ങൾ ഉപാസിക്കുന്ന ദേവതമാരുടെയും ബ്രാഹ്മണരുടെയും ശക്തി എത്ര വലുതാണ്! നിങ്ങളുടെ കുട്ടിയെ രക്ഷിച്ചുതന്നില്ലേ!" വാസ്തവത്തിൽ ജപം കൊണ്ട് ഫലമൊന്നുമുണ്ടായില്ലെങ്കിൽ ആ ധൂർതന്മാരുടെ കൈയ്യിൽ നിന്ന് അവർക്ക് കൊടുത്തതിൽ ഒന്നോ രണ്ടോ ഇരട്ടി പണം മടക്കി വാങ്ങേണ്ടതാണ്. കുട്ടി ജീവിച്ചിരിക്കുന്നതായാലും അങ്ങനെ മടക്കി മേടിക്കുക തന്നെയാണു വേണ്ടത്. എന്തെന്നാൽ, ''അത് അവന്റെ കർമഫലമാണ്. ഈശ്വരന്റെ നിയമത്തെ ലംഘിക്കുവാൻ ആർക്കും ശക്തിയില്ല'' എന്ന് ജ്യോത്സ്യൻ പറയുന്നതുപോലെ "അവന്റെ കർമഫലവും ഈശ്വരന്റെ നിയമവുമാണ് അവനെ രക്ഷിച്ചത്, നിങ്ങളുടെ പ്രവൃത്തിയല്ല" എന്ന് അയാളോടും പറയാവുന്നതാണ്. ദാനങ്ങളും മറ്റു കർമങ്ങളും അനുഷ്ഠിപ്പിച്ച് പ്രതിഫലം വാങ്ങിയിട്ടുള്ള ഗുരു മുതലായവരോടും ജ്യോത്സ്യനോട് പറഞ്ഞതുപോലെ തന്നെ, പറയേണ്ടതാണ്.

വസൂരിമാല മുതലായ ദേവതകളും മന്ത്രം, തന്ത്രം, യന്ത്രം എന്നിവയും എല്ലാം, ഇതുപോലെ തന്നെ ശുദ്ധവ്യാജമാണ്. അതുകൊണ്ടു നടക്കുന്നവർ പ്രവർത്തിക്കുന്നത് മുഴുവനും കപടമാണ്. അവരിൽ ചിലർ ഇങ്ങനെ പറയുന്നു, "ഞങ്ങൾ ചരടു ജപിച്ചുകൊടുക്കുകയോ യന്ത്രം എഴുതിക്കൊടുക്കുകയോ ചെയ്യുന്നതായാൽ അത് കെട്ടുന്നവർക്ക് അതിന്റെ മാഹാത്മ്യം കൊണ്ട് യാതൊരു ബാധോപദ്രവവും പീഡയും ഉണ്ടാകുന്നതല്ല." അവർക്ക് കൊടുക്കേണ്ട മറുപടി ഇതാണ്. "മരണത്തിൽ നിന്നും ഈശ്വരന്റെ നിയമത്തിൽ മിന്നും കർമഫലത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കുവാനുള്ള ശക്തി നിങ്ങൾക്കുണ്ടോ? നിങ്ങളുടെ മന്ത്രശക്തി മുഴുവനും പ്രയോഗിച്ചിട്ടും എത്ര കുട്ടികളാണ് മരിച്ചുപോകുന്നത്. നിങ്ങളുടെ വീട്ടിലുള്ളവർ തന്നെ മരിച്ചുപോകുന്നില്ലേ? നിങ്ങൾക്കു തന്നെ മരണത്തിൽ നിന്ന് സ്വയം രക്ഷിക്കുവാൻകഴിയുമോ?" ഇങ്ങനെ ചോദിക്കുന്നതായാൽ അവർക്ക് സമാധാനമൊന്നും പറയുവാൻസാധിക്കുകയില്ല. ''സൂത്രമൊന്നും ഇവിടെ ഫലിക്കില്ല" എന്നവർ മനസ്സിലാക്കുകയും ചെയ്യും.

അതിനാൽ ഇത്തരം കള്ളത്തരങ്ങളെയെല്ലാം ത്യജിച്ച്, ധാർമികരും സകല ദേശങ്ങൾക്കും ഉപകാരം ചെയ്യുന്നവരും യാതൊരു വ്യാജവും കൂടാതെ എല്ലാവരെയും വിദ്യകളഭ്യസിപ്പിക്കുന്നവരും ഉത്തമരും വിദ്വാന്മാരുമായവർ ലോകത്തിന് ഏതുവിധത്തിൽ ഉപകാരം ചെയ്യുന്നുവോ അതുപോലെ തന്നെ അവർക്കും പ്രത്യുപകാരം ചെയ്യുക. ഈ കർത്തവ്യത്തെ ഒരിക്കലും കൈവിട്ടു കളയരുത്. ഇതുപോലെതന്നെ അനേകവിധത്തിലുള്ള രസായനപ്രയോഗങ്ങളേയും മാരണം, മോഹനം, ഉച്ചാടനം, വശീകരണം മുതലായ നീചകർമങ്ങളേയും ഉപദേശിച്ചു നടക്കുന്നവരും മഹാ

മൂഢന്മാരാണെന്നു മനസ്സിലാക്കേണ്ടതാണ്. ഇപ്പറഞ്ഞതും ഇതുപോലെയുള്ളതുമായ സകല മായാപ്രയോഗങ്ങളുടെയും സത്യത്തെ കുട്ടിക്കാലത്തുതന്നെ മനസ്സിൽ പതിഞ്ഞു കിടക്കത്തക്കവണ്ണം മക്കൾക്ക് മനസ്സിലാക്കി കൊടുക്കേണ്ടതാണ്, എന്നാൽ അവർ ആ മാതിരിയുള്ള യാതൊരു മോഹജാലങ്ങളിലും അകപ്പെട്ട് ദുഃഖത്തെ പ്രാപിക്കാൻ ഇടവരുന്നതല്ല. വീര്യത്തെ രക്ഷിക്കുന്നതിലുള്ള ആനന്ദലാഭത്തെയും, നശിപ്പിച്ചു കളയുന്നതു കൊണ്ടുള്ള ദുഃഖത്തെയും കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. "ഏതൊരുവന്റെ ശരീരത്തിൽ വീര്യം സുരക്ഷിതമായിരിക്കുന്നുവോ അവന് ആരോഗ്യം, ബുദ്ധി, ബലം, പരാക്രമം എന്നിവയെല്ലാം വർദ്ധിച്ചുവരികയും അതുനിമിത്തം അവൻ അളവറ്റ സുഖം അനുഭവിക്കുകയും ചെയ്യുന്നു. സ്ത്രീ വിഷയത്തെപ്പറ്റി സംസാരിക്കുക, വിഷയലോലുപന്മാരായ ജനങ്ങളോട് സഹവസിക്കുക, വിഷയസുഖാനുഭവങ്ങളെപ്പറ്റി ചിന്തിക്കുക, സ്ത്രീകളൊരുമിച്ച് ഏകാന്ത വാസം ചെയ്യുക, അവരോട് സംഭാഷണം ചെയ്യുക, അവരെ സ്പർശിക്കുക എന്നിവയെല്ലാം വർജിച്ച് അകന്നിരുന്നു കൊണ്ടാണ് ബ്രഹ്മചാരികൾ ഉത്തമവിദ്യാഭ്യാസവും പൂർണമായ വൈദുഷ്യവും നേടേണ്ടത്. ഏതൊരുവന്റെ ശരീരത്തിൽ വീര്യം ഇല്ലയോ അവൻ നപുംസകവും പുരുഷലക്ഷണമില്ലാത്തവനും വളരെ വിരൂപനുമായിത്തീരും. അതുപോലെ തന്നെ പ്രമേഹരോഗം ബാധിക്കുന്നവൻ ദേഹബലം, ശരീരകാന്തി, ബുദ്ധി, ശക്തി, ഉത്സാഹം, ധൈര്യം, പരാക്രമം എന്നീ ഗുണങ്ങളൊന്നുമില്ലാത്തവനായിത്തീർന്ന് നശിക്കുന്നു. ശ്രേഷ്ഠമായ ശിക്ഷണം, വിദ്യാസമ്പാദനം, വീര്യസമ്പാദനം എന്നിവയ്ക്കുള്ള ഈ കാലത്തെ വ്യർഥമാക്കിയാൽ ഈ ജന്മത്തിൽ ഇനിയൊരിക്കൽ ഈയവസരം കണികാൺമാൻ പോലും കിട്ടുന്നതല്ല. ഞങ്ങൾ ജീവിച്ചിരിക്കുന്ന കാലത്തു തന്നെ നിങ്ങൾ വിദ്യാഭ്യാസം ചെയ്ത് വൈദുഷ്യം സമ്പാദിക്കുകയും, ശരീരബലം വർദ്ധിപ്പിക്കുകയും ചെയ്തുകൊള്ളണം." എന്ന് കുട്ടികളെ ഉത്ബോധിപ്പിക്കണം. ഇതുപോലെയുള്ള മറ്റു പല ഉപദേശങ്ങളും മാതാപിതാക്കൾ മക്കൾക്ക് കൊടുക്കേണ്ടതാണ്. ഇതെല്ലാം സൂചിപ്പിക്കാനാണ് മുൻപറഞ്ഞ പ്രമാണത്തിൽ **"മാതൃമാൻ പിതൃമാൻ"** എന്നീ പദങ്ങൾ പ്രയോഗിച്ചിട്ടുള്ളത്. അഞ്ചു വയസ്സു തികയുന്നതു വരെ അമ്മയും, അതിന്റെ ശേഷം എട്ടുവയസ് കഴിയുന്നതുവരെ അച്ഛനും, കുട്ടികളെ പഠിപ്പിക്കണം. ഒമ്പതാമത്തെ വയസ്സിൽ, ബ്രാഹ്മണരാണെങ്കിൽ ആൺകുട്ടികളെ ഉപനയിച്ച് ഗുരുകുലത്തിലേക്ക്-അതായത്-പൂർണപാണ്ഡിത്യം സമ്പാദിച്ച വിദ്വാന്മാരും വിദുഷികളും വിദ്യാദാനം ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലത്തേക്ക് അയക്കണം. പെൺകുട്ടികളേയും ഇതുപോലെ ഗുരുകുലത്തിലേക്ക് അയക്കേണ്ടതാണ്.

പഠിപ്പിക്കുമ്പോൾ ഒരിക്കലും ലാളിക്കാതെ ശാസിക്കുകമാത്രം ചെയ്യുന്നവരുടെ സന്താനങ്ങൾ മാത്രമേ സുശിക്ഷിതന്മാരും വിദ്വാന്മാരും സംസ്കൃതഹൃദയരും ആവുകയുള്ളൂ. ഇതിന് പ്രമാണം വ്യാകരണഭാഷ്യത്തിലുണ്ട്:-**സാമൃതൈഃ പാണിഭിർഘ്നന്തി ഗുരവോ ന വിഷോക്ഷിതൈഃ. ലാലനാശ്രയിണോ ദോഷാസ്താഡനാശ്രയിണോ ഗുണാഃ ॥** [4]

അർഥം:- സന്താനങ്ങളേയും ശിഷ്യന്മാരെയും താഡിക്കുന്ന മാതാപിതാക്കന്മാരും അധ്യാപകരും സ്വസന്താനങ്ങളേയും ശിഷ്യന്മാരെയും സ്വന്തം കൈകളാൽ അമൃതം കുടിപ്പിക്കുന്നു. സ്വസന്താനങ്ങളേയും ശിഷ്യന്മാരെയും ലാളിക്കുന്ന അച്ഛനമ്മമാരും ഗുരുനാഥന്മാരും അവരെ തങ്ങളുടെ കൈ കൊണ്ട് വിഷം കുടിപ്പിച്ചു നശിപ്പിക്കുന്നു. ലാളനം കൊണ്ട് സന്താനങ്ങളും ശിഷ്യന്മാരും ദുഷിച്ചുപോവുകയും താഡനംകൊണ്ട് നല്ലവരാകുകയും ചെയ്യുന്നു. സന്താനങ്ങളും ശിഷ്യന്മാരും തങ്ങളുടെ അച്ഛനമ്മമാരും അദ്ധ്യാപകരും തങ്ങളെ ശിക്ഷിച്ചു വളർത്തിയാൽ അതുകൊണ്ട് എല്ലായ്പോഴും സന്തോഷിക്കുകയും ഓമനിച്ച് വളർത്തുന്നതായാൽ അതുകൊണ്ട് ദുഃഖിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ അമ്മയും അച്ഛനും അധ്യാപകനും അസൂയകൊണ്ടോ ദ്വേഷംകൊണ്ടോ കുട്ടികളെ അടിക്കരുത്. അവരെ ഭയപ്പെടുത്തുന്നതായി പുറമേ നടിക്കുകയും ഉള്ളിൽ വാത്സല്യത്തോടുകൂടി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. മറ്റു പലതും പഠിപ്പിക്കുന്ന കൂട്ടത്തിൽ മോഷണം, വ്യഭിചാരം, മടി, തെറ്റുകൾ, ലഹരിസേവ, അർഥമില്ലാത്ത സംസാരം, ഹിംസ, ക്രൂരത, അസൂയ, വെറുപ്പ് മുതലായ ദുഃസ്വഭാവങ്ങളെ വിട്ടുകളയുവാനും സത്യത്തെ കൈക്കൊള്ളുവാനും പഠിപ്പിക്കണം. ഒരുവൻ മറ്റൊരുവന്റെ മുമ്പിൽ വെച്ച് ഒരൊറ്റ പ്രാവശ്യമെങ്കിലും മോഷ്ടിക്കുകയോ വ്യഭിചരിക്കുകയോ അസത്യം പറയുകയോ ചെയ്തുപോയാൽ പിന്നെ മരണപര്യന്തം അവൻ ബഹുമാനപാത്രമാവുകയില്ല. പ്രതിജ്ഞാലംഘ

4 മഹാഭാഷ്യം 8.1.8

കനു നേരിടുന്നതുപോലെയുള്ള ദോഷം മറ്റൊരുവന് ഉണ്ടാകാറില്ല. അതിനാൽ പ്രതിജ്ഞചെയ്താൽ അതനുസരിച്ച് പ്രവർത്തിക്കണം. ഞാൻ ഇന്ന സമയത്ത് നിങ്ങളുടെ അടുക്കലേക്ക് വരാം, എന്നോ "ഞാൻ ഇന്ന സമയത്ത് ഇന്ന സാധനം തരാം" എന്നോ പ്രതിജ്ഞ ചെയ്തിട്ട് അങ്ങനെ ചെയ്യാതിരുന്നാൽ അവനെ പിന്നീട് ആരും വിശ്വസിക്കുകയില്ല. അതിനാൽ ഏവരും എപ്പോഴും സത്യം പറയുന്നവരും പ്രതിജ്ഞാപാലകരും ആയിരിക്കണം. ദുരഭിമാനം ഉണ്ടാകുന്നത് ആർക്കും നല്ലതല്ല. കളവ്, കാപട്യം, കൃതഘ്നത എന്നിവകൊണ്ട് അവനവനു തന്നെ മാനസിക ദുഃഖമുണ്ടാകുന്നു. അപ്പോൾ അവ മറ്റുള്ളവർക്ക് എത്രയേറെ ദുഃഖകാരണമാകുമെന്ന് പറയണമെന്നില്ല. മനസിലൊന്നു വിചാരിച്ചും പുറത്തൊന്നു കാട്ടിയും അന്യന്മാരെ മോഹവലയിൽ കുടുക്കി അവർക്ക് നേരിടാവുന്ന ദോഷത്തെപ്പറ്റി ആലോചിക്കാതെ സ്വാർഥം സാധിക്കുന്നതിനെയാണ് കാപട്യം എന്നു പറയുന്നത്. അന്യൻ ചെയ്ത ഉപകാരത്തെ വിസ്മരിക്കുന്നതിനെയാണ് കൃതഘ്നത എന്നു പറയുന്നത്. ക്രോധം, കഠിനഭാഷണം എന്നിവ വെടിഞ്ഞ് മൃദുമധുരമായി സംസാരിക്കുവാൻ ശീലിക്കണം. വെറുതെ ജല്പിക്കരുത്. വേണ്ടതു മുഴുവനും പറയണം. വേണ്ടാത്തതൊന്നും പറയരുത്. ഗുരുജനങ്ങളെ ബഹുമാനിക്കണം. അവരെ കണ്ടാൽ എഴുന്നേറ്റ് 'നമസ്തേ' എന്ന് പറഞ്ഞ് വന്ദിച്ച് യോഗ്യമായ ഇരിപ്പിടം നൽകണം. അവരേക്കാൾ ഉയർന്ന് ഇരിക്കരുത്. മറ്റൊരുവൻ വന്ന് എഴുനേൽക്കുവാൻ പറയാൻ ഇടയാകാത്തവണ്ണം അവനവന് അർഹമായ സ്ഥാനത്തു മാത്രമേ ഇരിയ്ക്കാവൂ. ആരോടും വിരോധം ഉണ്ടാക്കരുത്. വിവേകപൂർവ്വം ദോഷങ്ങളെ തള്ളി ഗുണങ്ങളെ കൊള്ളണം. സജ്ജനസംസർഗം ചെയ്യണം. ദുർജനസഹവാസം ത്യജിക്കണം. അവരവരുടെ മാതാപിതാക്കൾ, ഗുരുക്കന്മാർ എന്നിവരെ ശരീരം, മനസ്സ്, ധനം മുതലായവയാൽ സന്തോഷപൂർവം ശുശ്രൂഷിക്കണം.

"യാന്യസ്മാക(ങ്ക)സുചരിതാനി താനി ത്വയോപാസ്യാനി നോ ഇതരാണി" ഇത് തൈത്തിരീയ വചനമാ [5]മാണ്. മാതാപിതാക്കന്മാരും, അധ്യാപകരും തങ്ങളുടെ കുഞ്ഞുങ്ങൾക്കും ശിഷ്യന്മാർക്കും എല്ലായ്പോഴും സത്യം ഉപദേശിക്കുന്നതോടൊപ്പം ഇതുകൂടി ഉപദേശിക്കണം:- "ധർമാനുസൃതങ്ങളായ കർമങ്ങളെല്ലാം സ്വീകരിച്ചുകൊള്ളുക. ഏതേതു കർമങ്ങൾ നിന്ദ്യങ്ങളാണോ അവയെല്ലാം ത്യജിക്കുക. സത്യമാണെന്നു തോന്നുന്നതിനെ പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുക. കള്ളസന്യാസിയും ദുരാചാരിയുമായ ഒരുവനേയും വിശ്വസിക്കരുത്. അച്ഛനമ്മമാരും ഗുരുവും ആജ്ഞാപിക്കുന്ന സത്കർമങ്ങളനുഷ്ഠിക്കണം. കുട്ടികളെ മാതാപിതാക്കൾ കാണാതെ പഠിപ്പിച്ചിട്ടുള്ള ധർമം, വിദ്യ, സദാചാരം, എന്നിവയെക്കുറിച്ചുള്ള ശ്ലോകങ്ങൾ, നിഘണ്ടു, നിരുക്തം, വ്യാകരണസൂത്രങ്ങൾ, മറ്റു സൂത്രങ്ങൾ, വേദമന്ത്രങ്ങൾ മുതലായവയുടെ അർഥം ഗുരു അവരെ പഠിപ്പിക്കണം. പ്രഥമോല്ലാസത്തിൽ ഈശ്വരനെ ഏതു വിധത്തിൽ വർണിച്ചുവോ അതേ വിധത്തിൽ ഉള്ളിൽ വിഭാവന ചെയ്ത് ഉപാസിക്കണം. ആരോഗ്യം, വിദ്യ, ബലം എന്നിവ കൈവരുവാൻ യോജിച്ച വിധം ഭക്ഷണം, വസ്ത്രധാരണം മുതലായവ ശീലിക്കുകയും ശീലിപ്പിക്കുകയും ചെയ്യണം. വിശപ്പടങ്ങുവാൻ ആവശ്യമുള്ളതിൽ അല്പം കുറച്ചേ ഭക്ഷിക്കാവൂ. മദ്യ മാംസാദികൾ വർജിക്കണം. ആഴമെത്രയുണ്ടെന്ന് അറിയാതെ വെള്ളത്തിൽ ഇറങ്ങരുത്. എന്തെന്നാൽ ജലജന്തുക്കളിൽ നിന്നോ വേറെ വല്ല വസ്തുക്കളിൽ നിന്നോ ഉപദ്രവം ഉണ്ടായേക്കാം. നീന്തു വശമില്ലെങ്കിൽ മുങ്ങിപ്പോകാം. **"നാവി ജ്ഞാതേ ജലാശയേ"**। [6] എന്ന മനുവചനമനുസരിച്ച് ആഴമറിയാത്ത ജലാശയത്തിൽ ഇറങ്ങി കുളിക്കരുത്.। [7] **ദൃഷ്ടിപൂതം ന്യസേത്പാദം, വസ്ത്രപൂതം ജലം പിബേത്. സത്യപൂതാം വദേദ്വാചം, മനഃപൂത സമാചരേത്.**

താഴെ നോക്കി നടക്കണം. വസ്ത്രം കൊണ്ട് അരിച്ച വെള്ളമേ കുടിക്കാവൂ. സത്യംകൊണ്ട് പരിശുദ്ധമാക്കിയ വാക്കേ പറയാവൂ. മനസുകൊണ്ട് ആലോചിച്ചേ പ്രവർത്തിക്കാവൂ.

മാതാശത്രുഃ പിതാ വൈരീ യേന ബാലോ ന പാഠിതഃ, ന ശോഭതേ സഭാമദ്ധ്യേ ഹംസ മദ്ധ്യേ ബകോ യഥാ। [8]. എന്നൊരു കവി പറയുന്നു. മക്കളെ വേണ്ടവണ്ണം വിദ്യാഭ്യാസം ചെയ്യിക്കാത്ത മാതാപിതാക്കന്മാർ അവരുടെ പരമ ശത്രുക്കളാകുന്നു. അവരുടെ മൂഢസന്തതികൾ വിദ്വാന്മാരുടെ സഭയിൽ ചെന്നാൽ, അരയന്നങ്ങളുടെ

5 തൈത്തരീയ ഉപനിഷത്ത് ശിക്ഷാവല്ലി 11

6 മനുസ്മൃതി 4.129
7 മനുസ്മൃതി 6.46
8 ചാണക്യശതകം
9 ചാണക്യനീതി 2, 11

മധ്യത്തിലെ കൊറ്റിയെപ്പോലെ, ശോഭിക്കാതെ തിരസ്കൃതരാകുന്നു. ശരീരം, മനസ്, ധനം എന്നിവയാൽ സ്വസന്താനങ്ങളെ വിദ്വാന്മാരും ധർമിഷ്ഠരും, സംസ്കൃതചിത്തരും, ശ്രേഷ്ഠശിക്ഷണം ലഭിച്ചവരും ആക്കുകയെന്നത് മാതാപിതാക്കന്മാരുടെ കർത്തവ്യവും പരമധർമവും കേൾവികേട്ട കർമവും ആകുന്നു. ബാലന്മാരുടെ ശിക്ഷണക്രമത്തെപ്പറ്റി കുറച്ചെഴുതിയതിൽ നിന്ന് ബുദ്ധിമാന്മാർക്ക് വളരെയധികം മനസിലാക്കാവുന്നതാണ്. ഇനി ബ്രഹ്മചര്യം, ഗുരുശിഷ്യബന്ധം, അധ്യാപനം എന്നിവയെപ്പറ്റി പറയാം.

ശ്രീമദ്ദയാനന്ദ സരസ്വതി സ്വാമികളാൽ
വിരചിതമായ സത്യാർഥപ്രകാശത്തിൽ
ബാലശിക്ഷണത്തെക്കുറിച്ചുള്ള
ദ്വിതീയോല്ലാസം കഴിഞ്ഞു.

thearyasamaj.org

രണ്ടാം സമുല്ലാസത്തിലെ
സംസ്കൃത ഉദ്ധരണികൾ

മാതൃമാൻ പിതൃമാനാചാര്യവാൻ പുരുഷോ വേദ., ... ഛാന്ദോഗ്യ ഉപനിഷത് 6.14.2

ഗുരോഃ പ്രേതസ്യ ശിഷ്യസ്തു പിതൃമേധം സമാചരൻ.
പ്രേതഹാരൈഃ സമം തത്ര ദശരാത്രേണ ശുദ്ധ്യതി..... മനുസ്മൃതി 5.65

സാമൃതൈഃ, പാണിഭിർഘ്നന്തി ഗുരവോ ന വിഷോക്ഷി
തൈഃ ലാലനാശ്രയിണോ ദോഷാസ്തഡനാശ്രയിണോ ഗുണാഃ ..... മഹാഭാഷ്യം 8.1.8

യാന്യസ്മാക(ങ്)സുചരിതാനി താനി
ത്വയോപാസ്യാനി നോ ഇതരാണി ..... തൈത്തരീയ ഉപനിഷത്ത് 1.11

നാവിജ്ഞാതേ ജലാശയേ ..... മനുസ്മൃതി 4.129

ദൃഷ്ടിപൂതം ന്യസേത്പാദം, വസ്ത്രപൂതം ജലം പിബേത്.
സത്യപൂതാം വദേദ്വാചം, മനഃപൂത സമാചരേത. ..... മനുസ്മൃതി 6.46

മാതാ ശത്രുഃ പിതാ വൈരീ യേന ബാലോ ന പാഠിതഃ,
ന ശോഭതേ സഭാമദ്ധ്യേ ഹംസമദ്ധ്യേ ബകോ യഥാ ..... ചാണക്യശതകം 9

പ്രശസ്താ ധാർമികീ മാതാ വിദ്യതേ യസ്യ സ മാതൃമാൻ

൩

മൂന്നാം സമുല്ലാസം

സത്യാർഥപ്രകാശം

അധ്യയന അധ്യാപന സമ്പ്രദായം

അഥ അധ്യയനാധ്യാപനവിധിം വ്യാഖ്യാസ്യാമഃ

മൂന്നാമത്തെ സമുല്ലാസത്തിൽ അധ്യയനം അധ്യാപനം എന്നിവയെപ്പറ്റി പ്രതിപാദിക്കാം. ഉത്തമവിദ്യ, ശ്രേഷ്ഠശിക്ഷണം, ഗുണം, കർമം, സ്വഭാവം എന്നിവയാകുന്ന ഭൂഷണങ്ങളെക്കൊണ്ട് കുട്ടികളെ അലങ്കരിക്കുന്നത് മാതാപിതാക്കന്മാരുടെയും അധ്യാപകന്മാരുടെയും, ബന്ധുജനങ്ങളുടെയും കർത്തവ്യങ്ങളിൽ പ്രധാനമാണ്. സ്വർണ്ണം, വെള്ളി, മാണിക്യം, മുത്ത്, പവിഴം മുതലായ രത്നങ്ങൾ കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ അണിയുന്നതു കൊണ്ട് മനുഷ്യന്റെ ആത്മാവ് ഒരിക്കലും അലംകൃതമാവുകയില്ല.[1] ആ ആഭരണങ്ങളണിഞ്ഞാൽ ദേഹാഭിമാനം, വിഷയസുഖാസക്തി, കള്ളന്മാരെ ഭയം, എന്നിവ വർദ്ധിക്കുകയേയുള്ളൂ. എന്നു മാത്രമല്ല; ചിലപ്പോൾ മരണം കൂടി സംഭവിക്കുന്നതാണ്. ആഭരണങ്ങളണിഞ്ഞു നടക്കുന്ന കുട്ടികളേയും മറ്റും ദുഷ്ടന്മാർ കൊല്ലാറുണ്ടല്ലോ.

വിദ്യാവിലാസമനസോ ധൃതശീലശിക്ഷാഃ
സത്യവ്രതാ രഹിതമാനമലാപഹാരാഃ
സംസാരദുഃഖദലനേന സുഭൂഷിതാ യേ
ധന്യാ നരാ വിഹിതകർമ പരോപകാരാഃ

വിദ്യാഭ്യാസത്തിൽ ആസക്തിയുള്ള മനസ്സ്, സുന്ദരമായ ശീലവും, സ്വഭാവവും എന്നിവയോടുകൂടിയവരും, സത്യം പറയുക, തുടങ്ങിയ നിയമങ്ങളെ പരിപാലിക്കുന്നവരും, അഹങ്കാരം, അപവിത്രത മുതലായ ദോഷങ്ങളില്ലാത്തവരും, മറ്റുള്ളവരിലുള്ള മാലിന്യത്തെ അകറ്റിക്കളയുന്നവരും, സത്യോപദേശം കൊണ്ടും വിദ്യാദാനം കൊണ്ടും ലോകത്തിലുള്ള ജനങ്ങളുടെ ദുഃഖങ്ങളെ ദൂരീകരിക്കുന്നവരും, വേദവിഹിതമായ കർമങ്ങളാൽ അന്യർക്ക് ഉപകാരം ചെയ്യുന്നവരുമായ ജനങ്ങളാണ് ഭാഗ്യവാന്മാരായിട്ടുള്ളവർ. അതിനാൽ എട്ടാമത്തെ വയസിൽ തന്നെ ആൺകുട്ടികളെയും പെൺകുട്ടികളെയും അവരവരുടെ വിദ്യാലയത്തിൽ ചേർക്കണം. ദുരാചാരികളായ പുരുഷന്മാരും ദുർവൃത്തകളായ സ്ത്രീകളും അധ്യാപകപദം വഹിക്കുവാൻ യോഗ്യരല്ല. പൂർണവൈദുഷ്യം സിദ്ധിച്ച ധർമാനുഷ്ഠാനത്തിൽ ശ്രദ്ധയുള്ള സ്ത്രീപുരുഷന്മാരാണ് കുട്ടികളെ പഠിപ്പിക്കുവാനും സംസ്കാരമുള്ളവരാക്കുവാനും യോഗ്യർ. വീട്ടിൽ വെച്ചുതന്നെ ആൺകുട്ടികൾക്കു ഉപനയനവും പെൺകുട്ടികൾക്ക് വിധിയാംവണ്ണമുള്ള വിദ്യാരംഭ സംസ്കാരവും ചെയ്തശേഷം ഗുരുകുലത്തിലേക്ക്-വിദ്യാലയത്തിലേക്ക്-അയയ്ക്കണം. വിദ്യാലയം വിജനമായ പ്രദേശത്തായിരിക്കണം. വിദ്യാർഥികളുടെ വിദ്യാലയം വിദ്യാർഥിനികളുടെ വിദ്യാലയത്തിൽ നിന്ന് നാലു നാഴിക അകലെയായിരിക്കണം. അധ്യാപകർ, ഭൃത്യർ, മുതലായി ആൺപള്ളിക്കൂടത്തിൽ ആണുങ്ങളും പെൺപള്ളിക്കൂടത്തിൽ സ്ത്രീകളും ആയിരിക്കണം. ബാലന്മാരുടെ വിദ്യാലയത്തിൽ അഞ്ചുവയസ്സു തികഞ്ഞ ഒരു പെൺകുട്ടിപോലും പ്രവേശിക്കരുത്. അതുപോലെ തന്നെ ബാലികമാരുടെ വിദ്യാലയത്തിൽ അഞ്ചു വയസ്സായ ഒരു ആൺകുട്ടിപോലും പ്രവേശിക്കരുത്. ആൺകുട്ടികൾ ബ്രഹ്മചാരികളായും പെൺകുട്ടികൾ ബ്രഹ്മ

1 കേയൂരാണി ന ഭൂഷയന്തി പുരുഷം
ഹാരാന ചന്ദ്രോജ്ജ്വലാ (നീതിശതകം.15)

ചാരിണികളായും ഇരിക്കേണ്ട കാലത്തോളം അവർ പരസ്പരമുള്ള ദർശനം, സ്പർശനം, ഏകാന്തവാസം, സംഭാഷണം, വിഷയ സുഖങ്ങളെക്കുറിച്ചുള്ള കഥാഖ്യാനങ്ങൾ, ക്രീഡാവിനോദങ്ങൾ, വിഷയ സുഖത്തെക്കുറിച്ചുള്ള സ്മരണ എന്നിങ്ങനെ എട്ടു പ്രകാരത്തിലുള്ള മൈഥുനത്തെ തീരെ വെടിയണം. അധ്യാപകർ അവരെ ആ വിഷയങ്ങളിൽ നിന്ന് അകറ്റി നിർത്തണം. എങ്കിൽ മാത്രമേ അവർ ഉത്തമ ശിക്ഷണം, ശീലം, സ്വഭാവം എന്നിവ നേടി ശരീരബലവും ആത്മശക്തിയും സമ്പാദിച്ച് നിത്യസൗഖ്യത്തെ വർദ്ധിപ്പിക്കുകയുള്ളൂ.

വിദ്യാലയങ്ങൾ പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും ഒരു യോജന-എട്ടുനാഴിക ദൂരം- അകന്നിരിക്കണം. കുബേരന്റെ പുത്രനായാലും നിർധനന്റെ പുത്രനായാലും വിദ്യാർഥിയായിരിക്കുമ്പോൾ എല്ലാവർക്കും ഒരുപോലെയുള്ള വസ്ത്രങ്ങളും ഭക്ഷണവും ഇരിപ്പിടങ്ങളുമേ കൊടുക്കാവൂ. അവരെല്ലാം തപസ്വികളായിരിക്കണം. കുട്ടികൾ അച്ഛനമ്മമാരെ കാണുവാനോ, അച്ഛനമ്മമാർ കുട്ടികളെ സന്ദർശിക്കുവാനോ അനുവദിക്കരുത്. അച്ഛനമ്മമാരും മക്കളും തമ്മിൽ കത്തിടപാട് നടത്തുവാൻ പോലും അനുവദിക്കുന്നത് ശരിയല്ല. അങ്ങനെ അകന്നിരുന്നാൽ മാത്രമേ അവർ ലൗകിക ചിന്തകൾ കൂടാതെ വിദ്യാഭിവൃദ്ധിയിൽ മാത്രം ശ്രദ്ധിക്കാൻ ശക്തരാവുകയുള്ളൂ. പാഠശാലയിൽ നിന്നു പുറത്തു പോകുമ്പോഴും അവരുടെ കൂടെ അധ്യാപകന്മാർ ഉണ്ടായിരിക്കണം. അങ്ങനെയായാൽ ചീത്ത പ്രവൃത്തികൾ, മടി, തെറ്റുകൾ എന്നിവയൊന്നും അവർ ശീലിക്കുകയില്ല.

കന്യാനാം സംപ്രദാനം ച കുമാരാണാം ച രക്ഷണമ്[2]. മനുസ്മൃതിയിലുള്ള ഈ വചനത്തിന്റെ താത്പര്യം ഇതാണ്- ''**അഞ്ചുവയസ്സോ, എട്ടു വയസ്സോ കഴിഞ്ഞ ആൺകുട്ടികളേയും പെൺകുട്ടികളെയും സ്വഗൃഹത്തിൽ വച്ചു വളർത്തുവാൻ പാടില്ല. വിദ്യാലയങ്ങളിലേക്ക് അയയ്ക്കണം. അങ്ങനെ ചെയ്യാത്തവർ ശിക്ഷാർഹരാണ്. എന്നിങ്ങനെ ദേശീയമായോ സാമുദായികമായോ നിയമം ഉണ്ടായിരിക്കണം.**''

ആൺകുട്ടികളെ ആദ്യം സ്വഗൃഹത്തിൽ വച്ചും പിന്നീട് ഗുരുഗൃഹത്തിൽ വച്ചും ഉപനയിക്കണം. അച്ഛനമ്മമാരോ ആചാര്യനോ ആരെങ്കിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഗായത്രീ മന്ത്രം അർഥത്തോടുകൂടി ഉപദേശിച്ചുകൊടുക്കണം. ആ മന്ത്രം ഇതാണ്:-

ഓം ഭൂർഭുവഃ സ്വഃ
തത്സവിതുർവരേണ്യമ്
ഭർഗോ ദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത് ॥ [3]

ഈ മന്ത്രത്തിന്റെ പ്രഥമാക്ഷരമായ **'ഓമ്'** ന്റെ അർഥം പ്രഥമോല്ലാസത്തിൽ എഴുതിയിട്ടുള്ളത് നോക്കുക. ഇനി മൂന്ന് മഹാവ്യാഹൃതികളുടെ അർഥം ചുരുക്കിപ്പറയാം.

ഭൂഃ- ''ഭൂരിതി വൈ പ്രാണഃ'' യഃ പ്രാണയതി ചരാ/ചരം ജഗത് സ ഭൂഃ സ്വയംഭൂരീശ്വരഃ സകല ജഗത്തിന്റെയും നിലനില്പിന് ആധാരവും, പ്രാണനേക്കാൾ പ്രിയനും സ്വയം ഭൂവും ആയ പ്രാണവാചിയാകയാൽ **ഭൂഃ** ഈശ്വരനാമമാണ്.

ഭുവഃ- ''ഭൂവരിത്യപാനഃ''യഃ സർവം ദുഃഖമപാനയതി സോ/പാനഃ ദുഃഖരഹിതനും, ജീവാത്മാക്കൾക്ക് ദുഃഖവിമുക്തിയെ പ്രദാനം ചെയ്യുന്നവനുമായ ഈശ്വരന്റെ പേരാണ് **ഭുവഃ** എന്നത്.

സ്വഃ- ''സ്വരിതി വ്യാനഃ'' ''യോ വിവിധം ജഗദ്വ്യാനയതി വ്യാപ്നോതി സ വ്യാനഃ'' വിവിധ ലോകങ്ങളിലെങ്ങും വ്യാപിച്ച് എല്ലാത്തിനേയും ധാരണം ചെയ്യുന്ന ഈശ്വരൻ എന്നർഥം. **''ഭൂരിതി വൈ പ്രാണഃ''** ഇത്യാദി മൂന്നു വാക്യങ്ങൾ തൈത്തിരീയാരണ്യകത്തിലുള്ളവയാണ്.॥ [4]

സവിതുഃ (യഃ സുനോത്യുല്പാദയതി സർവം ജഗത് സ സവിതാ തസ്യ) ലോകങ്ങളെയെല്ലാം ഉല്പാദിപ്പിക്കുകയും എല്ലാ ഐശ്വര്യങ്ങളെയും നൽകുകയും ചെയ്യുന്ന, **ദേവസ്യ (യോദീവ്യതി ദീവ്യതേ വാ സ ദേവഃ)** സകല സുഖങ്ങളും നൽകുന്ന അഥവാ ആരെ പ്രാപിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നുവോ ആ ഈശ്വരന്റെ **വരേണ്യം (വർത്തുമർഹം) ഭർഗഃ (ശുദ്ധസ്വരൂപം)** സ്വീകരണീയവും അതിശ്രേഷ്ഠവും ശുദ്ധസ്വരൂപവും പാവനവും ചേതനവുമായ ബ്രഹ്മസ്വരൂപത്തിന്റെ **(തത്)** ആ പരമാത്മാവിനെ നാം **ധീമഹി (ധരേ മഹി)** ധരിക്കുന്നു. എന്തിനെന്നു പറയുന്നു- യഃ **(ജഗദീശ്വരഃ)** സവിതാവും ദേവ

2 മനുസ്മൃതി 7.152

3 യജുർവേദം-36.3

4 തൈത്തരീയ ആരണ്യകം-7.5

നുമായിരിക്കുന്ന പരമാത്മാവ് **നഃ (അസ്മാകം)** നമ്മുടെ **ധിയഃ (ബുദ്ധീഃ)** ബുദ്ധിശക്തികളെ **പ്രചോദയാത് (പ്രേരയേത്)** പ്രേരിപ്പിക്കുമാറാകട്ടെ. ദുഷ്കൃത്യങ്ങളിൽ നിന്ന് മാറ്റി സത്കർമങ്ങളിൽ പ്രവർത്തിപ്പിക്കട്ടെ എന്നർഥം. **"ഹേ! പരമേശ്വര! ഹേ! സച്ചിദാനന്ദസ്വരൂപ! ഹേ! നിത്യ ശുദ്ധബുദ്ധമുക്തസ്വഭാവ! ഹേ! അജ! നിരഞ്ജന! നിർവികാര! ഹേ സർവാന്തര്യാമിൻ! ഹേ സർവാധാര ജഗദ്പതേ! സകല ജഗദുത്പാദക! ഹേ അനാദേ! വിശ്വംഭര! സർവവ്യാപിൻ! ഹേ കരുണാമൃതവാരിധേ! സവിതുർദേവസ്യ തവ യദോം ഭൂർഭുവഃ സ്വർവരേണ്യം ഭർഗോ/സ്തി തദ്വയം ധീമഹി ദധീമഹി ധരേമഹി ധ്യായേമ് വാ. കസ്മൈ പ്രയോജനായേത്യത്രാഹ-ഹേ ഭഗവൻ! യഃ സവിതാ ദേവഃ പരമേശ്വരോ ഭവന്നസ്മാകം ധിയഃ പ്രചോദയാത്. സ ഏവാസ്മാകം പൂജ്യ ഉപാസനീയ ഇഷ്ടദേവോ ഭവതു; നാതോ/ന്യം ഭവത്തുല്യം ഭവതോ/ധികം ച കഞ്ചിത് കദാചിൻമന്യാമഹേ." *മാനവരെ! സമർഥന്മാരിൽ വച്ച് ഏറ്റവും സമർഥനും, സച്ചിദാനന്ദസ്വരൂപനും, നിത്യശുദ്ധബുദ്ധമുക്ത സ്വഭാവനും, കരുണാസാഗരവും, യഥായോഗ്യം ന്യായം നടത്തുന്നവനും ജനനമരണാദി ക്ലേശങ്ങളില്ലാത്തവനും, നിരാകാരനും, സർവജ്ഞനും സകല പദാർഥങ്ങളുടെയും സ്രഷ്ടാവും പിതാവും സർവ വസ്തുക്കളുടെയും ആധാരഭൂതനും, അന്നാദിപദാർഥങ്ങളാൽ ജീവജാലങ്ങളെ മുഴുവനും പോഷിപ്പിക്കുന്നവനും, സമസ്ത ഐശ്വര്യയുക്തനും, ലോകസ്രഷ്ടാവും, ശുദ്ധസ്വരൂപനും, പ്രാപിക്കുവാൻ ആഗ്രഹിക്കത്തക്കവനും ആയ ആ പരമാത്മാവിന്റെ ശുദ്ധമായ ചേതനസ്വരൂപത്തെ നാം ധരിക്കുമാറാകണം. ആ ജഗദീശ്വരൻ നമ്മുടെ ആത്മാവിലും ബുദ്ധിയിലും അന്തര്യാമിയായിരുന്ന് നമ്മെ ദുരാചാരങ്ങളിൽ നിന്നും അധർമമാർഗത്തിൽ നിന്നും അകറ്റി ശ്രേഷ്ഠാചാരങ്ങളിലും സത്യമാർഗത്തിലും പ്രവർത്തിപ്പിക്കുമാറാകട്ടെ! ആ ഈശ്വരനെയല്ലാതെ മറ്റൊരു വസ്തുവിനെ നാം ധ്യാനിക്കരുത്. എന്തെന്നാൽ അദ്ദേഹത്തേക്കാൾ മഹാനോ, അദ്ദേഹത്തിനു തുല്യനോ ആരുമില്ല. നമ്മുടെ സ്രഷ്ടാവും, രാജാവും, ന്യായാധിപതിയും അദ്ദേഹം തന്നെ. നമുക്ക് സകലവിധ സുഖങ്ങൾ തരുന്നതും അദ്ദേഹം തന്നെ.***

ഇപ്രകാരം ഗായത്രീമന്ത്രത്തിന്റെ അർഥം ഉപദേശിച്ചുകൊടുത്തിട്ട്, സന്ധ്യോപാസനയുടെ അംഗങ്ങളായ സ്നാനം, ആചമനം, പ്രാണായാമം മുതലായ ക്രിയകളെല്ലാം പഠിപ്പിക്കണം. ശരീരത്തിന്റെ ബാഹ്യാവയവങ്ങൾക്ക് പരിശുദ്ധിയും ആരോഗ്യവും ഉണ്ടാക്കുന്നതുകൊണ്ടാണ് സ്നാനത്തിന് പ്രാധാന്യം നൽകിയത്. അതിനു പ്രമാണം മനുസ്മൃതിയിലുണ്ട്.

അദ്ഭിർഗാത്രാണി ശുധ്യന്തി
മനഃ സത്യേന ശുധ്യതി
വിദ്യാതപോഭ്യാം ഭൂതാത്മാ
ബുദ്ധിർജ്ഞാനേന ശുധ്യതി ॥ [5]

വെള്ളംകൊണ്ട് ശരീരത്തിന്റെ ബാഹ്യാവയവങ്ങളും സത്യാചരണത്താൽ മനസ്സും, വിദ്യയും തപസും കൊണ്ട് (എല്ലാ ക്ലേശങ്ങളും സഹിച്ചുകൊണ്ട് ധർമം അനുഷ്ഠിക്കുന്നതിനാൽ) ജീവാത്മാവും, ജ്ഞാനം കൊണ്ട് അതായത്, പൃഥിവി തുടങ്ങി ജഗദീശ്വരൻ വരെയുള്ള സകല പദാർഥങ്ങളേയും വിവേചിച്ചറിയുന്നതു കൊണ്ടു ബുദ്ധിയും പരിശുദ്ധമാകുന്നു. അതിനാൽ ഭക്ഷണത്തിനു മുമ്പുതന്നെ കുളിക്കണം. രണ്ടാമത്തേത് പ്രാണായാമമാണ്. അതിനു പ്രമാണമായി:-

"യോഗാങ്ഗാനുഷ്ഠാനാദശുദ്ധിക്ഷയേ
ജ്ഞാനദീപ്തിരാവിവേകഖ്യാതേഃ"॥ [6]

എന്നു യോഗശാസ്ത്രത്തിലെ ॥ [7] വചനം. പ്രാണായാമം ചെയ്യുന്ന മനുഷ്യന്റെ ശരീരത്തിലെ അശുദ്ധി ക്ഷയിക്കുകയും ജ്ഞാനം പ്രകാശിക്കുകയും ചെയ്യുന്നു. മോക്ഷം ലഭിക്കുന്നതുവരെ അവന്റെ ആത്മജ്ഞാനം ക്രമത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കും.

ദഹ്യന്തേ ധ്മായമാനാനാം ധാതൂനാം ഹി യഥാ മലാഃ തഥേന്ദ്രിയാണാം ദഹ്യന്തേ ദോഷാഃ പ്രാണസ്യ നിഗ്രഹാത്॥ [8]

സ്വർണം മുതലായ ലോഹങ്ങളെ ചുട്ടുപഴുപ്പിച്ചാൽ അവയിലെ മാലിന്യം നീങ്ങി ശുദ്ധമാകുന്നതുപോലെ, പ്രാണായാമം ചെയ്യുന്നവന്റെ മനസ് മുതലായ ഇന്ദ്രിയങ്ങളുടെ ദോഷമെല്ലാം നശിച്ച് നിർമലമാകുന്നു. പ്രാണായാമ വിധി ഇപ്രകാരമാണ്.

പ്രച്ഛർദനവിധാരണാഭ്യാം വാ പ്രാണസ്യ॥ [9]
ശക്തിപൂർവം ഛർദ്ദിക്കുമ്പോൾ ചോറും വെള്ളവും

5 മനുസ്മൃതി 5. 109
6 യോഗദർശനം 2.28 (യോഗാംഗാനുഷ്ഠാനാദശുദ്ധിക്ഷയേ...)
7 യോഗദർശനം 2.52 (**തതഃ ക്ഷീയതേ പ്രകാശാവരണമ്**)
8 മനുസ്മൃതി 6.71
9 യോഗദർശനം 1.34

പുറത്തേക്കു പോകുന്നതുപോലെ പ്രാണവായുവിനെ ശക്തിപൂർവം പുറത്തേക്കു വിട്ട് ആകാവുന്നത്ര സമയം വെളിയിൽ നിരോധിച്ചു നിർത്തുക. ഇങ്ങനെ ചെയ്യുമ്പോൾ മൂലേന്ദ്രിയത്തെ മുകൾഭാഗത്തേക്ക് തെല്ലൊന്നു ആകർഷിച്ചു നിർത്തണം. ഇങ്ങനെയായാൽ പ്രാണവായുവിനെ കൂടുതൽ സമയം തടുത്തുനിർത്തുവാൻ കഴിയും. വിഷമം അനുഭവപ്പെടുമ്പോൾ വായു അല്പാല്പമായി ഉള്ളിലേക്കു വലിച്ചെടുക്കുക പിന്നീട് അതിനെ മുമ്പിലത്തെ മട്ടിൽ തന്നെ പുറത്തേക്കു വിടുക അങ്ങനെ ശക്തിയും ഇച്ഛയും ഉള്ളിടത്തോളം ആവർത്തിക്കുക. ആ സമയത്തെല്ലാം മനസാ ഓംകാരം ജപിക്കണം. ഇപ്രകാരം അനുഷ്ഠിച്ചാൽ ആത്മാവിനും മനസ്സിനും പരിശുദ്ധിയും സ്ഥിരതയും ലഭിക്കും.

പ്രാണായാമം നാലുവിധമുണ്ട്. ഒന്നാമത്തേത് **ബാഹ്യവിഷയം.** ദീർഘനേരം പ്രാണനെ വെളിയിൽ നിർത്തുക എന്നർഥം. രണ്ടാമത്തേത് **ആഭ്യന്തരം.** പ്രാണനെ കഴിയുന്നത്ര ഉള്ളിലൊതുക്കി നിർത്തുന്നതുകൊണ്ട് ആഭ്യന്തരം എന്നു പറയുന്നു. മൂന്നാമത്തേത് **സ്തംഭവൃത്തി**യാണ്. വായുവിനെ യഥാശക്തി സ്തംഭിപ്പിച്ചു നിർത്തുന്നതുകൊണ്ട് സ്തംഭവൃത്തിയെന്നു പറയുന്നു. നാലാമത്തേത് **ബാഹ്യാഭ്യന്തരാക്ഷേപി**യാണ്. പ്രാണൻ ഉള്ളിൽ നിന്ന് പുറത്തേക്കു പോകുമ്പോൾ അങ്ങനെ വിടാതെ അതിനു വിരുദ്ധമായി പുറത്തു നിന്ന് അകത്തേക്കു പ്രാണനെ വലിക്കുകയും അകത്തേക്കു വരുമ്പോൾ, അകത്തുനിന്നു തടഞ്ഞു പുറത്തു നിർത്തുകയും ചെയ്യുന്നതാണ് ബാഹ്യാഭ്യന്തരവിഷയം. ഇങ്ങനെ പരസ്പരവിരുദ്ധമായി ക്രിയകളനുഷ്ഠിച്ച് പ്രാണായാമം ശീലിച്ചാൽ രണ്ടിന്റെയും ഗതി നിലച്ച് പ്രാണൻ വശഗമാവുകയും തദ്വാരാ മനസും ഇന്ദ്രിയങ്ങളും സ്വാധീനമാവുകയും ചെയ്യും. ബലവും പുരുഷാർഥവും വർദ്ധിച്ച് ബുദ്ധി തീഷ്ണവും സൂക്ഷ്മവും ആവുകയും സൂക്ഷ്മവും കഠിനവുമായ വിഷയങ്ങൾ പോലും പ്രയാസം കൂടാതെ ഗ്രഹിക്കുവാൻ കഴിയുകയും ചെയ്യും. കൂടാതെ ശരീത്തിൽ വീര്യവൃദ്ധിയുണ്ടാവുകയും ബലം, പരാക്രമം, ജിതേന്ദ്രിയത്വം എന്നീ ഗുണങ്ങൾ ഉണ്ടാവുകയും അല്പകാലം കൊണ്ട് സകലശാസ്ത്രങ്ങളും പഠിച്ചു വയ്ക്കുവാൻ കഴിയുകയും ചെയ്യും. **സ്ത്രീകളും ഇപ്രകാരം യോഗാഭ്യാസം ചെയ്യേണ്ടതാണ്.**

ഭക്ഷണം, വസ്ത്രധാരണം, ഇരിപ്പ്, നില്പ്, നടപ്പ്, സംസാരം മുതലായ കാര്യങ്ങളും വലിയവരോടും ചെറിയവരോടുമുള്ള പെരുമാറ്റം എന്നിവയെപ്പറ്റി വേണ്ട നിർദ്ദേശങ്ങൾ കുട്ടികൾക്കു പറഞ്ഞുകൊടുക്കണം. ബ്രഹ്മയജ്ഞമെന്നു കൂടി പറയുന്ന സന്ധ്യോപാസനയുടെ ക്രമവും പഠിപ്പിച്ചുകൊടുക്കണം. **ആചമനമാണ്** അതിന്റെ ആദ്യത്തെ ക്രിയ. കണ്ഠനാളത്തിന്റെ ചുവടു വരെ എത്തുവാൻ എത്ര വെള്ളം വേണോ അത്രമാത്രം വെള്ളം-അതിലധികമാവുകയോ, കുറയുകയോ ചെയ്യരുത്-കൈവെള്ളയിൽ എടുത്ത്, അതിന്റെ മധ്യത്തിൽ ചുണ്ടുകൾ വച്ച് വലിച്ചെടുത്താണ് ആചമനം ചെയ്യേണ്ടത് അങ്ങനെ ചെയ്താൽ കണ്ഠത്തിലുള്ള കഫവും പിത്തവും തെല്ലു ശമിക്കും. പിന്നത്തെ ക്രിയ **മാർജന**മാണ്. മദ്ധ്യമാ (നടുവിരൽ) അനാമികാ (മോതിരവിരൽ) എന്നീ കൈവിരലുകളുടെ അറ്റം കൊണ്ട് കണ്ണിലും മറ്റും വെള്ളം തളിക്കുന്നതിനെയാണ്മാർജനം എന്നു പറയുന്നത്.മാർജനം ചെയ്യുന്നതുകൊണ്ട് അലസത മാറുന്നു. അലസത ഇല്ലാത്തപ്പോഴും, വെള്ളം ഇല്ലെങ്കിലുംമാർജനം ചെയ്യണമെന്നില്ല.മാർജനം കഴിഞ്ഞ് മന്ത്രത്തോടുകൂടി **പ്രാണായാമം, മനസാ പരിക്രമണം 'ഉപസ്ഥാനം' ഈശ്വരസ്തുതി, ഈശ്വരപ്രാർഥന** എന്നീ ക്രിയകളുടെ അനുഷ്ഠാനരീതികളും. പിന്നീട് മനസാ പോലും പാപം ചിന്തിക്കാതിരിക്കുവാനുള്ള **അഘമർഷണ**വും ശീലിക്കണം. ഈ സന്ധ്യോപാസന ഏകാന്തസ്ഥലത്ത് ഏകാഗ്രചിത്തത്തോടുകൂടി അനുഷ്ഠിക്കണം.

അപാം സമീപേ നിയതോ നൈത്യകം വിധി മാസ്ഥിതഃ; സാവിത്രീമപ്യധീയീത ഗത്വാരണ്യം സമാഹിതഃ॥ [10]







കാട്ടിൽ-വിജനസ്ഥലത്തു-ചെന്ന്, സാവധാനം ജലത്തിനടുത്തിരുന്ന്, ഏകാഗ്രചിത്തനായി, നിത്യകർമം ചെയ്ത് സാവിത്രി അഥവാ ഗായത്രീമന്ത്രം ജപിക്കുകയും അതിന്റെ അർഥം ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. എന്നാൽ, മനസാ ജപിക്കുന്നതാണ് ഉത്തമം.

അടുത്ത അനുഷ്ഠാനം **ദേവയജ്ഞ**മാകുന്നു. **അഗ്നിഹോത്രം** എന്നുകൂടി പേരുള്ള ആ അനുഷ്ഠാനം വിദ്വാന്മാരുടെ സംസർഗവും ശുശ്രൂഷയും കൊണ്ടുവേണം നിർവഹിക്കുവാൻ. സന്ധ്യോപാസനവും അഗ്നിഹോത്രവും രാവിലെയും സായം സന്ധ്യയ്ക്കും മാത്രമേ ചെയ്യാവൂ. **രാപകലുകളുടെ**

10 മനുസ്മൃതി 2.104

സന്ധിവേള രണ്ടേ ഉള്ളൂ; വേറെയില്ല. കുറഞ്ഞ പക്ഷം ഒരു മണിക്കൂറെങ്കിലും ധ്യാനത്തിലിരിക്കേണ്ടതാണ്. യോഗികൾ സമാധിയിലിരുന്നു പരമാത്മാവിനെ ധ്യാനിക്കുന്നതുപോലെയാണ് സന്ധ്യോപാസന ചെയ്യേണ്ടതും.

സൂര്യോദയത്തിനു ശേഷവും, അസ്തമനത്തിനു മുമ്പുമാണ് അഗ്നിഹോത്രത്തിന്റെ സമയം. അഗ്നിഹോത്രം ചെയ്യാൻ മണ്ണിലോ അല്ലെങ്കിൽ ലോഹത്തിലോ, ഉപരിഭാഗം പന്ത്രണ്ടോ പതിനാറോ അംഗുലം ആഴത്തോടുകൂടിയും, പന്ത്രണ്ടോ പതിനാറോ അംഗുലം നീളം വീതിയിൽ സമചതുരത്തിലും അത്രയും അംഗുലം, ആഴത്തോടുകൂടിയും മൂന്നോ നാലോ അംഗുലം വീതം നീളം വീതിയിൽ സമചതുരമായ അടിത്തട്ടോടുകൂടിയും ഒരു വേദി നിർമിക്കേണ്ടതാണ്. സമചതുരമായ വേദിയുടെ മുകൾഭാഗത്തിന്റെ നാലിലൊന്നായിരിക്കണം അടിത്തട്ടിന്റെ വലിപ്പം. ഈ തോതനുസരിച്ച് വേദിയുടെ അളവു കണക്കാക്കണം. വേദിയിൽ ചന്ദനം, പ്ലാശ്, മാവ് മുതലായ ശ്രേഷ്ഠവൃക്ഷങ്ങളുടെ തടിക്കഷണങ്ങൾ മുറിച്ച് വേദിയുടെ വലിപ്പത്തിനനുസരിച്ച് കഷണങ്ങളായി പടുക്കുക. അതിന്റെ മദ്ധ്യത്തിൽ അഗ്നി ജ്വലിപ്പിച്ച് അതിന്റെ മുകളിൽ ചെറിയ വിറകുകഷണങ്ങൾ വയ്ക്കുക. അതിന്റെ ശേഷം, സ്വർണം കൊണ്ടോ, വെള്ളി കൊണ്ടോ മരംകൊണ്ടോ നിർമിച്ച ഒരു പ്രോക്ഷണീപാത്രം, ഒരു പ്രണീതാപാത്രം, ഒരു ആജ്യസ്ഥാലി, ഒരു സ്രുവം എന്നീ ഹോമപാത്രങ്ങളെടുത്ത് പ്രണീതാപാത്രത്തിലും പ്രോക്ഷണീപാത്രത്തിലും വെള്ളവും ആജ്യസ്ഥാലിയിൽ ഉരുക്കിയ നെയ്യും നിറച്ചുവെയ്ക്കുക. പ്രണീതാപാത്രം വെള്ളം നിറച്ചുവെക്കുവാനുള്ളതും പ്രോക്ഷണീപാത്രം അതിൽനിന്നു കൈ കഴുകുവാനായി വെള്ളം എടുക്കുവാൻ സൗകര്യത്തിനു വേണ്ടിയുള്ളതുമാകുന്നു. ഇതെല്ലാം ഒരുക്കിവെച്ചശേഷം നെയ്യ് ചൂടുപിടിപ്പിച്ച് അതിനെ നല്ലവണ്ണം പരിശോധിച്ച്

താഴെ പറയുന്ന മന്ത്രങ്ങൾ ചൊല്ലി ഹോമിക്കുക–

ഓം ഭൂരഗ്നയേ പ്രാണായ സ്വാഹാ. ഭുവർവായവേ/പാനായ സ്വാഹാ. സ്വരാദിത്യായ വ്യാനായ സ്വാഹാ. ഭൂർഭുവഃ സ്വരഗ്നിവായ്വാദിത്യേഭ്യഃ പ്രാണാപാനവ്യാനേഭ്യഃ സ്വാഹാ.

അഗ്നിഹോത്രത്തിനു പ്രത്യേകമായി വിധിക്കപ്പെട്ടിട്ടുള്ള ഈ മന്ത്രങ്ങളിൽ ഓരോന്നിനേയും ചൊല്ലി ഓരോ ആഹുതി വീതം ചെയ്യുക. അതിലധികം ആഹുതി ചെയ്യണമെന്നുണ്ടെങ്കിൽ–

വിശ്വാനി ദേവ സവിതർദുരിതാനി പരാ
സുവ യദ് ഭദ്രംതന്ന ആ സുവ [11]

എന്ന മന്ത്രം കൊണ്ടോ മുൻചൊന്ന ഗായത്രീ മന്ത്രംകൊണ്ടോ ഹോമിക്കുക. **"ഓം ഭൂഃ" "പ്രാണഃ"** എന്നുതുടങ്ങിയുള്ള ഈ നാമങ്ങളെല്ലാം ഈശ്വരനെ കുറിക്കുന്നതാണ്. ഇവയുടെ അർഥം പറഞ്ഞുകഴിഞ്ഞു. സ്വാഹായുടെ അർഥം ഇതാണ്– അവരവരുടെ അറിവിനു തക്ക വണ്ണം സംസാരിക്കണം. വിപരീതമായി പാടില്ല. ലോകത്തിൽ കാണുന്ന സകല പദാർഥങ്ങളേയും ഈശ്വരൻ സർവപ്രാണികളുടെയും സുഖത്തിനായി സൃഷ്ടിച്ചതുപോലെ മനുഷ്യരും പരോപകാരം ചെയ്യേണ്ടതാണ്.

ചോദ്യം:– ഹോമം കൊണ്ട് എന്തുപയോഗമാണുള്ളത്?

ഉത്തരം: ദുർഗന്ധമുള്ള വായുവും വെള്ളവും രോഗകാരണമാണെന്നും രോഗങ്ങൾ ജീവികൾക്ക് ദു:ഖമുളവാക്കുമെന്നും എല്ലാവർക്കുമറിയാം. അതു

11 യജുർവേദം 30.3

പോലെ സുഗന്ധമുള്ള വായുവും നല്ല ജലവും മനുഷ്യർക്ക് ആരോഗ്യം നൽകുന്നു. രോഗമില്ലാതായാൽ ദു:ഖമില്ലാതാകും. ദു:ഖമില്ലാതായാൽ സുഖം പ്രാപ്തമാണ്.

ചോദ്യം:- ചന്ദനം ആർക്കെങ്കിലും അരച്ചുപുരട്ടുവാനും നെയ്യ് കഴിക്കാനും കൊടുക്കുന്നതല്ലേ പ്രയോജനപ്രദം? തീയ്യിലിട്ടു നശിപ്പിക്കുന്നത് ബുദ്ധിയുള്ളവർക്കു ചേരുന്നകാര്യമാണോ?

ഉത്തരം- നിങ്ങൾക്ക് പ്രകൃതി തത്ത്വശാസ്ത്രം അറിയാമെങ്കിൽ ഇങ്ങനെ പറയുകയില്ലായിരുന്നു. ഒരു പദാർഥവും നശിച്ചുപോകുന്നില്ല. നോക്കൂ! ഹോമം ചെയ്യുന്ന സ്ഥലത്തു നിന്നു വളരെ ദൂരെ നിൽക്കുന്നയാളിന് അതിന്റെ സുഗന്ധം ലഭിക്കുന്നു. അതുപോലെ ദുർഗന്ധവും അറിയുവാൻ കഴിയും. ഇതിൽനിന്ന് മനസിലാക്കേണ്ടത്, ഹോമാഗ്നിയിൽ നിക്ഷേപിച്ച വസ്തു സൂക്ഷ്മമായി തീർന്ന് നാലുപാടും വ്യാപിച്ച്, വായുവിലൂടെ പരന്ന് ദുർഗന്ധമെല്ലാം നശിപ്പിക്കുന്നുവെന്നാണ്.

ചോദ്യം- അങ്ങനെയാണെങ്കിൽ കുങ്കുമപ്പൂവ്, കസ്തൂരി, മണമുള്ള പുഷ്പങ്ങൾ, അത്തർ മുതലായവ വീട്ടിൽ സൂക്ഷിച്ചുവച്ചാൽ അവ വീട്ടിലുള്ള വായുവിനെ സുഗന്ധയുക്തവും സുഖപ്രദവുമാക്കുകില്ലേ?

ഉത്തരം- അവയുടെ സൗരഭ്യത്തിന് ഗൃഹാന്തർഭാഗത്തെ ദുഷിച്ച വായുവിനെ പുറത്താക്കി ശുദ്ധവായുവിനെ അകത്തേക്കു പ്രവേശിപ്പിക്കുവാൻ ശക്തിയില്ല. അവയ്ക്ക് ഭേദകശക്തി ഇല്ലാത്തതാണ് കാരണം. ദുഷിച്ച വായുവിനെയും ദുർഗന്ധയുക്തമായ വസ്തുക്കളെയും ഭേദിച്ച് ലഘൂകരിച്ച് പുറത്താക്കി പുറത്തുള്ള ശുദ്ധവായുവിനെ അകത്തേക്കു പ്രവേശിപ്പിക്കുവാൻ അഗ്നിക്കു മാത്രമേ സാമർഥ്യമുള്ളൂ.

ചോദ്യം- എങ്കിൽ ഹോമം ചെയ്യുമ്പോൾ മന്ത്രം ചൊല്ലുന്നതുകൊണ്ട് എന്താണ് പ്രയോജനം?

ഉത്തരം- മന്ത്രാർഥവ്യാഖ്യാനത്തിൽ നിന്ന് ഹോമം ചെയ്യുന്നതുകൊണ്ടുള്ള ഫലം എന്താണെന്ന് മനസ്സിലാകുന്നു. കൂടാതെ മന്ത്രങ്ങൾ ആവർത്തിച്ചുജപിക്കുന്നതുകൊണ്ട് അവ ഹൃദിസ്ഥമാകുകയും വേദങ്ങളുടെ അധ്യയനം, അധ്യാപനം, സംരക്ഷണം എന്നിവ നടക്കുകയും ചെയ്യുന്നു.

ചോദ്യം- ഹോമം ചെയ്യാതിരുന്നാൽ പാപം ഉണ്ടോ?

ഉത്തരം- ഉണ്ട്. ഒരുവന്റെ ശരീരത്തിൽ നിന്ന് എത്രത്തോളം ദുർഗന്ധം ഉണ്ടായി, വായുവിൽ വ്യാപിച്ച്, വായുവിനേയും ജലത്തിനേയും ദുഷിപ്പിച്ച് രോഗോല്പത്തിക്കു കാരണമായി, ജീവികൾക്കു ദുഃഖമുണ്ടാക്കുന്നുവോ അത്രത്തോളം പാപം ആ മനുഷ്യനുണ്ട്. ആ പാപത്തിന്റെ പരിഹാരത്തിന്, മലിനമാക്കിയത്രത്തോളം വായുവും ജലവും ശുദ്ധമാക്കണം. നെയ്യ്, കഴിക്കുന്നതുകൊണ്ട് കഴിക്കുന്നവനു മാത്രമേ പ്രയോജനമുള്ളൂ. ഒരുവൻ ഭക്ഷിക്കുന്നത്ര നെയ്യും സുഗന്ധദ്രവ്യങ്ങളും ഹോമിച്ചാൽ അതുകൊണ്ട് പരലക്ഷം ജനങ്ങൾക്ക് ഉപകാരം ഉണ്ടാവും. എന്നാൽ നെയ്യും മറ്റു നല്ല പദാർഥങ്ങളും ഭക്ഷിക്കാത്തവർ ക്ക് ദേഹബലവും ആത്മബലവും ഉണ്ടാവുകയില്ല. അതിനാൽ നല്ല പദാർഥങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യണം. പക്ഷേ അതുകൊണ്ട് ഹോമം ചെയ്യുന്നത് വളരെയധികം ഉചിതമായിട്ടുള്ളതാണ്. അതിനാൽ ഹോമം ചെയ്യുന്നത് അത്യാവശ്യം തന്നെ.

ചോദ്യം- ഓരോ മനുഷ്യനും എത്ര ആഹുതി വീതം ചെയ്യണം? ഓരോ ആഹുതിയുടേയും അളവ് എന്തായിരിക്കണം?

ഉത്തരം- ഓരോ മനുഷ്യനും പതിനാറ് ആഹുതി വീതം ഹോമിക്കണം. ഓരോ ആഹുതിക്കും ആറു മഞ്ചാടിത്തൂക്കം നെയ്യും മററു ദ്രവ്യങ്ങളും വേണം. അതിലധികം ഉണ്ടായാൽ വളരെ നന്ന്. ആര്യജനാഗ്രേസരന്മാരും മഹത്തുക്കളുമായ ഋഷിമാർ, മഹർഷിമാർ, രാജാക്കന്മാർ മഹാരാജാക്കന്മാർ എന്നിവരെല്ലാം വളരെ ഹോമങ്ങൾ നടത്തുകയും നടത്തിക്കുകയും ചെയ്തിരുന്നത് അതിനാലാണ്. ഹോമം ചെയ്യുന്ന സമ്പ്രദായം നിലനിന്നിരുന്ന കാലം വരെ ആര്യാവർത്തം രോഗരഹിതവും സുഖപൂർണവുമായിരുന്നു. ഇപ്പോഴും ഹോമത്തിന് പ്രചാരം ഉണ്ടാകുന്നതായാൽ അവ്വണ്ണം ഭവിക്കും.

ഇങ്ങനെ രണ്ട് യജ്ഞങ്ങൾ, അഥവാ **ബ്രഹ്മയജ്ഞം- പഠിത്തം, പഠിപ്പിക്കൽ, സന്ധ്യോപാസന, ഈശ്വരസ്തുതി, പ്രാർഥന, ഉപാസന,** എന്നിവ ചെയ്യുക. രണ്ടാമത്തെ **ദേവയജ്ഞം- അഗ്നിഹോത്രം മുതൽ അശ്വമേധം വരെയുള്ള യജ്ഞങ്ങളും വിദ്വാന്മാരുടെ ശുശ്രൂഷയും സമ്പർക്കവും**-ആണുള്ളത്. ബ്രഹ്മചര്യാശ്രമത്തിൽ ബ്രഹ്മയജ്ഞവും അഗ്നിഹോത്രവും മാത്രം അനുഷ്ഠിച്ചാൽ മതി.

ബ്രാഹ്മണസ്ത്രയാണാം വർണനാമുപനയനം കർത്തുമർഹതി. രാജന്യോ ദ്വയസ്യ. വൈശ്യോ

വൈശ്യസ്യൈവേതി. ശൂദ്രമപി കുലഗുണസമ്പന്നം മന്ത്രവർജമനുപനീതമധ്യാപയേദിത്യേകേ.

ഈ വചനം സുശ്രുതന്റെ സൂത്രസ്ഥാനത്തിൽ രണ്ടാമത്തെ അധ്യായത്തിലുള്ളതാണ്. ബ്രാഹ്മണന് മൂന്നു വർണങ്ങളെയും (ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ മൂന്നു വർണങ്ങളേയും) ക്ഷത്രിയന് ക്ഷത്രിയവൈശ്യന്മാരെയും വൈശ്യന് വൈശ്യനെ മാത്രവും ഉപനയനം ചെയ്തു പഠിപ്പിക്കാവുന്നതാണ്. കുലീനനും ശുഭലക്ഷണങ്ങളുള്ളവനുമായ ശൂദ്രനെ മന്ത്രസംഹിതയൊഴികെയുള്ള സകല ശാസ്ത്രങ്ങളും പഠിപ്പിക്കാം. എന്നാൽ ശൂദ്രനെ ഉപനയിക്കരുത്. ഇപ്രകാരമാണ് ആചാര്യന്മാരുടെ മതം.

അഞ്ചാമത്തെ വയസിലോ അല്ലെങ്കിൽ എട്ടാമത്തെ വയസിലോ ആൺകുട്ടികളും പെൺകുട്ടികളും അവരവർക്കുള്ള പാഠശാലയിൽ ചേരണം. എന്നിട്ട് താഴെപറയുന്ന നിയമമനുസരിച്ച് അധ്യയനം ആരംഭിക്കേണ്ടതാണ്.

ഷട്ത്രിംശദാബ്ദികം ചരയ്യം ഗുരൌ ത്രൈവൈദികം വ്രതം; തദർധികം പാദികം വാ ഗ്രഹണാന്തികമേവ വാ[12].

എട്ടാമത്തെ വയസിൽ തുടങ്ങി നാല്പത്തിനാലാമത്തെ വയസുവരെ, മൂന്നു വേദങ്ങളുള്ളതിൽ ഓരോന്നും സാംഗോപാംഗം പഠിക്കുവാൻ ഓരോ വ്യാഴവട്ടം വീതം മുപ്പത്തിയാറു കൊല്ലക്കാലം, ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടതാണ്. അല്ലെങ്കിൽ പതിനെട്ടു സംവത്സരം- അതായത് എട്ടു മുതൽ ഇരുപത്താറു വയസുവരെ-അതുമല്ലെങ്കിൽ ഒമ്പതുകൊല്ലക്കാലമെങ്കിലും ബ്രഹ്മചര്യം അനുഷ്ഠിക്കണം. അഥവാ പൂർണ വിദ്യാഗ്രഹണത്തിനാവശ്യമായ അത്രയും കാലം ബ്രഹ്മചര്യം അനുഷ്ഠിക്കണം.

1. പുരുഷോ വാവ യജ്ഞസ്തസ്യ യാനി ചതുർവിംശതി വർഷാണി തത്പ്രാതഃ സവനം, ചതുർവിംശത്യക്ഷരാ ഗായത്രീ ഗായത്രം പ്രാതഃ സവനം, തദസ്യ വസവോfന്വായത്താഃ പ്രാണാ വാവ വസവ ഏതേ ഹീദം സർവം വാസയന്തി.

2. തച്ചേദേതസ്മിൻ വയസി കിഞ്ചിദുപതപേത്സ ബ്രൂയാത്പ്രാണാ വസവ ഇദം മേ പ്രാതഃ സവനം മാധ്യന്ദിനം സവനമനുസംതനുതേതി മാഹം പ്രാണാനാം വസൂനാം മധ്യേ യജ്ഞോ വിലോപ്സീയേത്യുദ്ധൈവ തത ഏത്യഗദോ ഹ ഭവതി.

3. അഥ യാനി ചതുശ്ചത്വാരിംശദ്വർഷാണി തന്മാധ്യന്ദിനം സവനം ചതുശ്ചത്വാരിംശദക്ഷരാ ത്രിഷ്ടുപ് ത്രൈഷ്ടുഭം മാധ്യന്ദിനം സവനം തദസ്യ രുദ്രാ അന്വായത്താഃ പ്രാണാ വാവ രുദ്രാ ഏതേ ഹീദം സർവം രോദയന്തി.

4. തം ചേദേതസ്മിന്വയസി കിഞ്ചിദുപതപേത്സ ബ്രൂയാത്പ്രാണാ രുദ്രാ ഇദം മേ മാധ്യന്ദിനം സവനം തൃതീയ സവനമനു സന്തനുതേതി മാഹം പ്രാണാനാം രുദ്രാണാം മധ്യേ യജ്ഞോ വിലോപ്സീയേത്യുദ്ധൈവ തത ഏത്യഗദോ ഹ ഭവതി.

5. അഥ യാന്യഷ്ടാചത്വാരിശംദ്വർഷാണി തത് തൃതീയസവനമഷ്ടാചത്വാരിശദക്ഷരാ ജഗതീ ജാഗതം തൃതീയ സവനം തദസ്യാദിത്യാ അന്വായത്താഃ പ്രാണാ വാവാദിത്യാ ഏതേ ഹീദം സർവമാദദതേ.

6. തം ചേദേതസ്മിൻ വയസി കിഞ്ചിദുപതപേത്സ ബ്രൂയാത്പ്രാണാ ആദിത്യാ ഇദം മേ തൃതീയസവന മായുരനുസംതനുതേതി മാഹം പ്രാണാനാമാദിത്യാനാം മധ്യേ യജ്ഞോ വിലോപ്സീയേത്യുദ്ധൈവ തത ഏത്യഗദോ ഹൈവ ഭവതി

ഈ വാക്യങ്ങൾ ഛാന്ദോഗ്യോപനിഷത്തിലുള്ളവയാകുന്നു ▯ [13].

ബ്രഹ്മചര്യം -കനിഷ്ഠം, മധ്യമം, ഉത്തമം എന്നിങ്ങനെ മൂന്നു വിധത്തിലാണ്.

1. അവയിൽ കനിഷ്ഠമായ ബ്രഹ്മചര്യം ഇപ്രകാരമാണ്. പുരുഷൻ അഥവാ അന്നരസമയമായ ദേഹവും ആ ദേഹത്തിൽ കുടികൊള്ളുന്ന ആത്മാവും യജ്ഞമാകുന്നു. അതായത് സത്ഗുണങ്ങളോടു കൂടിയതും സത്കർത്തവ്യവുമാകുന്നു എന്നർഥം. അതിനാൽ ആ പുരുഷൻ തന്റെ ആയുസിൽ 24 വയസു തികയുന്നതുവരെ ജിതേന്ദ്രിയനും ബ്രഹ്മചാരിയും ആയിരുന്ന് വേദാദി വിദ്യകളേയും വേണ്ടും വണ്ണമുള്ള ശിക്ഷണവും ഗ്രഹിച്ച് വിവാഹം ചെയ്താലും സ്ത്രീലമ്പടനാകാതെ കഴിയുവാൻ ശീലിക്കണം. അങ്ങനെ ചെയ്യുന്നയാളിന്റെ പ്രാണങ്ങൾ ബലമുള്ളവയായി, ഗുണസമ്പൂർണ്ണമായി ഭവിക്കും.

2. വിദ്യാഭ്യാസത്തിന് തപസു ചെയ്യുന്ന ബ്രഹ്മചാരി അധ്യാപകൻ ഉപദേശിക്കും പടി ശപഥം

12 മനുസ്മൃതി 3.1

13 ഛാന്ദ്യോഗ്യ ഉപനിഷത് 3.16.1

ചെയ്ത് വ്രതമെടുക്കണം. "ഞാൻ ഈ ആദ്യവയസിൽ അങ്ങു പറയുന്നതുപോലെ ബ്രഹ്മചര്യമനുഷ്ഠിച്ച് എന്റെ ശരീരത്തിനും ആത്മാവിനും ആരോഗ്യവും ബലവും കൈവരുത്തി സകല സദ്ഗുണങ്ങൾക്കും ഇരിപ്പിടമാകും. എന്റെ ബ്രഹ്മചര്യത്തിന് ലോപം വരാത്തവിധത്തിൽ നിങ്ങൾ നിങ്ങളുടെ സുഖങ്ങളെ വർദ്ധിപ്പിച്ചുകൊള്ളുക. 24 വയസു തികഞ്ഞതിനു ശേഷം വിവാഹം ചെയ്ത് ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതായാൽ രോഗരഹിതനായിരിക്കാമെന്നും ആയുസ്സ് എഴുപതോ എൺപതോ കൊല്ലത്തോളം നീണ്ടു നിൽക്കുമെന്നുള്ളതും പ്രസിദ്ധമാണല്ലോ.

3. മധ്യമബ്രഹ്മചര്യം ഇപ്രകാരമാണ്- ഏതൊരു മനുഷ്യൻ 44 വയസ്സു കഴിയുന്നതുവരെ ബ്രഹ്മചാരിയായിരുന്നും കൊണ്ട് വേദാധ്യായനം ചെയ്യുന്നുവോ അവന്റെ പ്രാണനും, ഇന്ദ്രിയങ്ങളും, അന്തഃകരണവും, ആത്മാവും എല്ലാം പുഷ്ടി പ്രാപിച്ച്, ദുഷ്ടരെ കരയിപ്പിക്കുന്നതും ശിഷ്ടരെ പരിപാലിക്കുന്നവയും ആകും.

4. നിങ്ങൾ പറയുംവണ്ണം ഈ പ്രഥമവയസിൽ ഞാൻ കുറച്ച് തപസനുഷ്ഠിച്ചാൽ രുദ്രരൂപമായ പ്രാണനോടുകൂടിയ ബ്രഹ്മചര്യം എനിക്ക് കൈവരും. അതിനാൽ അല്ലയോ ബ്രഹ്മചാരികളേ, ബ്രഹ്മചര്യത്തെ വർദ്ധിപ്പിക്കുക. എന്റെ ചര്യയ്ക്കു ഭംഗം വരുത്താതെ യജ്ഞസ്വരൂപനായി ആചാര്യകുലത്തിൽനിന്നു മടങ്ങിവന്ന് രോഗരഹിതനായി വർത്തിക്കുമാറാകണം. എന്നെപ്പോലെ നല്ല കർമം നിങ്ങളും ചെയ്ക.

5. മൂന്നാമത്തെ ഉത്തമ ബ്രഹ്മചര്യത്തിന്റെ കാലം 48 സംവത്സരമാണ്. ജഗതീ എന്ന ഛന്ദസ് 48 അക്ഷരങ്ങളുള്ളതാണ്. അതുപോലെ നാലു വ്യാഴവട്ടം യഥാവിധി ബ്രഹ്മചര്യം അനുഷ്ഠിക്കുന്നയാളിന്റെ പ്രാണൻ അനുകൂലമായി സകല വിദ്യാഗ്രഹണം സാധ്യമാക്കുന്നു.

6. ഗുരുക്കന്മാരും മാതാപിതാക്കന്മാരും, തങ്ങളുടെ ശിഷ്യന്മാരും സന്താനങ്ങളും വിദ്വാന്മാരും ഗുണവാന്മാരുമാകത്തക്കവണ്ണം അവരെ പ്രഥമവയസ്സിൽ തപസ്വികളാക്കുകയും ബ്രഹ്മചര്യം അനുഷ്ഠിക്കാൻ ഉപദേശിക്കുകയും ചെയ്യട്ടെ. ശിഷ്യന്മാരും സന്താനങ്ങളും മുടക്കം ഇല്ലാത്ത ബ്രഹ്മചര്യം അനുഷ്ഠിച്ച് മൂന്നാമത്തെ ഉത്തമബ്രഹ്മചര്യവ്രതത്തെ മുഴുമിപ്പിച്ച് പൂർണമായ-അതായത് 400 കൊല്ലത്തെ ആയുസിനെ- പ്രാപിക്കട്ടെ. നിങ്ങളും അങ്ങനെ ആയുസ്സിനെ വർദ്ധിപ്പിച്ചുകൊള്ളുക. ബ്രഹ്മചര്യവ്രതം കൈക്കൊണ്ട്, അതിന് ലോപം വരുത്താതെ രക്ഷിക്കുന്നവർ രോഗമില്ലാതെ ജീവിച്ച് ധർമാർഥകമമോക്ഷങ്ങൾ നേടുന്നു.

ചതസ്ത്രോ*f*വസ്ഥാഃ ശരീരസ്യ വൃദ്ധിർയൗവനം സമ്പൂർണതാ കിഞ്ചിത് പരിഹാണിശ്ചേതി. ആഷോഡശാദ് വൃദ്ധിഃ. ആ പഞ്ചവിംശതേർ യൗവനം. ആചത്വാരിംശതഃ സമ്പൂർണതാ തതഃ കിഞ്ചിത്പരിഹാണിശ്ചേതി. പഞ്ചവിംശേ തതോ വർഷേ പുമാൻ നാരീതു ഷോഡശേ സമത്വാഗത വീര്യൗ തൗ ജാനീയാത് കുശലോ ഭിഷക്.[14]

ഇവ സുശ്രുതത്തിലെ സൂത്രസ്ഥാനത്തിൽ മുപ്പത്തഞ്ചാമദ്ധ്യായത്തിലുള്ളവയാണ്. ഈ ശരീരത്തിന് നാല് അവസ്ഥകളുള്ളതിൽ ആദ്യത്തേത് **വൃദ്ധി** ആകുന്നു. പതിനാറാമത്തെ വയസു മുതൽ ഇരുപത്തഞ്ചാമത്തെ വയസു വരെ ശരീരത്തിലെ ധാതുക്കളെല്ലാം വളർച്ചയെ പ്രാപിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ അവസ്ഥ **യൗവനമാണ്.** അത് ഇരുപത്തിയഞ്ചാം വയസിന്റെ അവസാനത്തിലോ ഇരുപത്തിയാറാം വയസിന്റെ തുടക്കത്തിലോ ആരംഭിക്കുന്നു. മൂന്നാമത്തെ അവസ്ഥയെ സമ്പൂർണത എന്നു പറയുന്നു. യൗവനാരംഭത്തോടുകൂടി തുടങ്ങുന്ന ശരീരപുഷ്ടി പൂർണമാകുന്നത് 40 വയസു തികയുമ്പോഴാണ്. നാലാമത്തെ അവസ്ഥയാണ് **കിഞ്ചിൽ പരിഹാണി** എന്നു പറയുന്നത്. അത് നാല്പതാമത്തെ വയസു തികയുന്നതോടുകൂടി തുടങ്ങുന്നു. സകല ധാതുക്കളും സാംഗോപാംഗം പൂർണവളർച്ച പ്രാപിച്ചു കഴിഞ്ഞാൽ പിന്നീടുണ്ടാകുന്ന വളർച്ച ശരീരത്തിൽ നിൽക്കുകയില്ല. ആ വളർച്ച (ധാതുവൃദ്ധി) സ്വപ്നം, സ്വേദം എന്നിവ വഴി പുറത്തേക്കു പോവുകയേ ഉള്ളൂ. ആ നാല്പതാം വയസാണ് വിവാഹത്തിന് ഉത്തമകാലം. നാല്പത്തെട്ടാം വയസ്സാകട്ടെ അത്യുത്തമ കാലവുമാണ്.

ചോദ്യം- ബ്രഹ്മചര്യത്തെ സംബന്ധിച്ച ഈ നിയമം സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ബാധകമാണോ?

ഉത്തരം: അല്ല. പുരുഷൻ 25 വയസു വരെ ബ്രഹ്മചര്യം പാലിക്കുന്നതായാൽ സ്ത്രീ 16 വയസുവരെയും പുരുഷൻ 30 വയസുവരെയെങ്കിൽ സ്ത്രീ 17 വയസുവരെയും പുരുഷൻ 36 വയസ്സുവരെയാ

14 സുശ്രുതസൂത്രസ്ഥാനം 35/25 ഇപ്പോൾ ലഭ്ധമായ സൂത്രസ്ഥാനപാഠം ഭിന്നമാണ്. സുശ്രുതന്റെ ഒരു വൃദ്ധപാഠവും ഉണ്ടായിരുന്നു വൃദ്ധസുശ്രുതന്റെ അനേക പാഠങ്ങൾ പ്രാചീന ഗ്രന്ഥങ്ങളിൽ ഉദ്ധൃതമാണ്.

ണെങ്കിൽ സ്ത്രീ 18 വയസു വരെയും പുരുഷൻ 40 വയസു വരെയാണെങ്കിൽ സ്ത്രീ 20 വയസ്സു വരെയും പുരുഷൻ 44 വയസു വരെയാണെങ്കിൽ സ്ത്രീ 22 വയസുവരെയും പുരുഷൻ 48 വയസു വരെയാണെങ്കിൽ സ്ത്രീ 24 വയസുവരെയും ബ്രഹ്മചര്യം പാലിക്കണം. 48 വയസ്സു കഴിഞ്ഞാൽ പിന്നെ പുരുഷനും 24 കഴിഞ്ഞാൽ പിന്നെ സ്ത്രീയും ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടെന്നർഥം. എന്നാൽ ഈ പറഞ്ഞ നിയമം വിവാഹം ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ത്രീപുരുഷന്മാർക്കുള്ളതാണ്. വിവാഹം ചെയ്യാൻ ആഗ്രഹമില്ലാത്തവർ, കഴിയുമെങ്കിൽ ആജീവനാന്തം ബ്രഹ്മചര്യം പാലിക്കുന്നത് നല്ലതുതന്നെയാണ് എന്നാൽ പൂർണവൈദുഷ്യവും ജിതേന്ദ്രിയത്വവും നിർമലമായ യോഗസിദ്ധിയും ഉള്ള സ്ത്രീപുരുഷന്മാർക്കു മാത്രമേ ഇതു സാധിക്കൂ. കാമാവേശത്തെ അടക്കി ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചു നിർത്തുന്നത് അതി ദുഷ്ക്കരമാണ്.

ഋതം ച സ്വാധ്യായപ്രവചനേ ച.
സത്യം ച സ്വാധ്യായപ്രവചനേ ച.
തപശ്ച സ്വാധ്യായപ്രവചനേ ച.
ദമശ്ച സ്വാധ്യായ പ്രവചനേ ച.
ശമശ്ച സ്വാധ്യായപ്രവചനേ ച.
അഗ്നയശ്ച സ്വാധ്യായപ്രവചനേ ച.
അഗ്നിഹോത്രശ്ച സ്വാധ്യായ പ്രവചനേ ച.
അതിഥയശ്ച സ്വാധ്യായപ്രവചനേ ച.
മാനുഷം ച സ്വാധ്യായ പ്രവചനേ ച.
പ്രജാ ച സ്വാധ്യായപ്രവചനേ ച.
പ്രജനശ്ച സ്വാധ്യായപ്രവചനേ ച.
പ്രജാതിശ്ച സ്വാധ്യായപ്രവചനേ ച.

ഈ വാക്യങ്ങൾ തൈത്തരീയോപനിഷത്തിലുള്ളവയാണ്॥ [15]. അധ്യയനം ചെയ്യുന്നവർക്കും അധ്യാപനം ചെയ്യുന്നവർക്കുമുള്ള നിയമങ്ങളാണിവ. **(ഋതം)** അധ്യയനവും അധ്യാപനവും യഥാർഥമായ ആചാരത്തോടുകൂടി ചെയ്യേണ്ടതാണ്. **(സത്യം)** സത്യമാചരിച്ചുകൊണ്ട് സത്യവിദ്യകളഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യേണ്ടതാണ്. **(തപഃ)** തപസ്വിയായിരുന്ന് (ധർമാനുഷ്ഠാനം ചെയ്തുകൊണ്ട്) വേദാദിശാസ്ത്രങ്ങൾ പഠിക്കുക. പഠിപ്പിക്കുക **(ദമഃ)** ബാഹ്യേന്ദ്രിയങ്ങളെ ദുരാചാരങ്ങളിൽ നിന്ന് നിരോധിച്ചു നിർത്തിക്കൊണ്ടു പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. **(ശമഃ)** ചിത്തവൃത്തികളെ സകലവിധ ദോഷങ്ങളിൽ നിന്നും ദുരീകരിച്ച് പഠിക്കുക, പഠിപ്പിക്കുക. **(അഗ്നയഃ)** ആഹവനീയാദി അഗ്നികളേയും മിന്നൽ മുതലായവയേയും അറിഞ്ഞ് വിദ്യകൾ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യണം **(അഗ്നിഹോത്രം)** അഗ്നിഹോത്രം ചെയ്തുകൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. **(അതിഥയഃ)** അതിഥികളെ സൽക്കരിച്ചുകൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. **(മാനുഷം)** മനുഷ്യർക്കു യോഗ്യമായ ലൗകിക വ്യവഹാരങ്ങളെ യഥാവിധി നിർവഹിച്ചുകൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. **(പ്രജാ)** സന്താനങ്ങളെയും രാജ്യത്തേയും പരിപാലിച്ചുകൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. **(പ്രജനഃ)** വീര്യത്തെ രക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് പഠിക്കുക, പഠിപ്പിക്കുക. **(പ്രജാതിഃ)** സ്വസന്താനങ്ങളേയും ശിഷ്യവർഗത്തേയും പരിപാലിച്ചുകൊണ്ട് പഠിക്കയും പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്.

യമാൻ സേവേത സതതമ്
ന നിയമാൻ കേവലാൻ ബുധഃ ॥ [16]

യമാൻ പതത്യകുർവാണോ
നിയമാൻ കേവലാൻ ഭജൻ. ॥ [17]

തത്രാഹിംസാസത്യാസ്തേയ
ബ്രഹ്മചര്യാപരിഗ്രഹാ യമാഃ. ॥ [18]

യമം അഞ്ചു വിധമാണ്. **(അഹിംസ)** ഒരു ജീവിയോടും വൈരമില്ലാതിരിക്കുക. **(സത്യം)** ചിന്തയിലും വാക്കിലും കർമത്തിലും സത്യത്തെ പാലിക്കുക. **(ആസ്തേയം)** മനസാ വാചാ കർമണാ കളവു കാട്ടാതിരിക്കുക. **(ബ്രഹ്മചര്യം)** ഉപസ്ഥേന്ദ്രിയ സംയമം, **(അപരിഗ്രഹം)** അത്യാഗ്രഹവും തന്റേതെന്ന് അഭിമാനവുമില്ലാതിരിക്കുക എന്നീ അഞ്ച് യമങ്ങളെ സദാ അനുഷ്ഠിക്കണം.

ശൗചസന്തോഷതപഃസ്വാധ്യായേശ്വരപ്രണിധാനാനി നിയമാഃ॥ [19] **(ശൗചം)** ശുചിത്വം **(സന്തോഷം)** പ്രസന്നതയോടെ തൊഴിലൊന്നുമില്ലാതെയിരിക്കുന്നതല്ല, കഴിയുന്നത്ര പരിശ്രമിച്ച് ലാഭനഷ്ടങ്ങളുണ്ടാകുമ്പോൾ ആനന്ദിക്കുകയോ ദുഃഖിക്കുകയോ ചെയ്യാതിരിക്കുന്നതാണ് സന്തോഷം. **(തപഃ)** കഷ്ടപ്പെട്ടും ധാർമിക കർമങ്ങളനുഷ്ഠിക്കുക. **(സ്വാധ്യായം)** പഠിക്കയും പഠിപ്പിക്കുകയും

15 തൈത്തരീയ ഉപനിഷത് ശിക്ഷാവല്ലി അനു. 9.1

16 മനുസ്മൃതി
"ന നിത്യം നിയമാൽ ബുധഃ" എന്നു പാഠം

17 മനുസ്മൃതി-4.204

18 യോഗദർശനം-2.30

19 യോഗദർശനം-2.32

thearyasamaj.org

ചെയ്യുക, **(ഈശ്വരപ്രണിധാനം)** ഈശ്വരനോടുള്ള ഭക്തിവിശേഷത്താൽ സ്വയം ഈശ്വരസമർപ്പണം ചെയ്ക എന്നീ അഞ്ചാണ് നിയമങ്ങൾ. യമങ്ങളില്ലാതെ നിയമങ്ങൾ അനുഷ്ഠിക്കരുത്. യമ നിയമങ്ങൾ രണ്ടിനേയും അനുഷ്ഠിക്കണം. യമങ്ങളെ ത്യജിച്ച് നിയമങ്ങൾ മാത്രം അനുഷ്ഠിക്കുന്നവന് അഭ്യുദയമല്ല, അധോഗതിയാണുണ്ടാവുക.

കാമാത്മതാ ന പ്രശസ്താ ന
ചൈവേഹാസ്ത്യകാമതാ;
കാമ്യോ ഹി വേദാധിഗമഃ
കർമയോഗശ്ച വൈദികഃ ॥ [20]

വലിയ അത്യാഗ്രഹവും തീരെ നഷ്കാമതയും ആർക്കും ശ്രേഷ്ഠമല്ല. ശുദ്ധമേ നിഷ്കാമനായാൽ വേദാദികളുടെ അധ്യയനവും വൈദിക സത്കർമങ്ങളുടെ അനുഷ്ഠാനവും നടക്കാതെ വരും. അതിനാൽ-

സ്വാധ്യായേന വ്രതൈർഹോമൈ
സ്ത്രൈവിദ്യേനേജ്യയാ സുതൈഃ
മഹായജ്ഞൈശ്ച യജ്ഞൈശ്ച
ബ്രാഹ്മീയം ക്രിയതേ തനുഃ. ॥ [21]

(സ്വാധ്യായേന) സകല വിദ്യകളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. **(വ്രതൈഃ)** ബ്രഹ്മചര്യം സത്യഭാഷണം തുടങ്ങിയ നിയമങ്ങൾ പാലിക്കുക. **(ഹോമൈഃ)** അഗ്നിഹോത്രം മുതലായ ഹോമങ്ങൾ ചെയ്യുക. സത്യത്തെ കൈക്കൊള്ളുക, അസത്യത്തെ ത്യജിക്കുക, സത്യവിദ്യാദാനം **(ത്രൈവിദ്യേന)** വേദപ്രതിപാദിതമായ കർമോപാസന, ജ്ഞാനം, വിദ്യാഗ്രഹണം **(ഇജ്യയാ)** പക്ഷംതോറും ചെയ്യേണ്ട ഇഷ്ടി മുതലായവ ചെയ്യുക **(സുതൈഃ)** സത്സന്താനോത്പാദനം **(മഹായജ്ഞൈഃ)** ബ്രഹ്മയജ്ഞം ദേവയജ്ഞം, പിതൃയജ്ഞം വൈശ്വദേവം അതിഥിപൂജ എന്നീ പഞ്ചമഹായജ്ഞങ്ങളെ അനുഷ്ഠിക്കുക. **(യജ്ഞൈഃ)** അഗ്നിഷ്ടോമം തുടങ്ങിയ അധ്വരങ്ങളും ശില്പവിദ്യാവിജ്ഞാനം മുതലായ യജ്ഞങ്ങളും നടത്തുക. എന്നീ കർമങ്ങളെക്കൊണ്ട് നമ്മുടെ ശരീരം ബ്രാഹ്മി-അഥവാ വേദത്തിന്റെയും ഈശ്വരഭക്തിയുടെയും ആധാരമായ ബ്രാഹ്മണശരീരമായി ഭവിക്കുന്നു. ഇപ്പറഞ്ഞവ മുഴുവനുമില്ലാതെ ബ്രാഹ്മണശരീരം സംഭവ്യമല്ല.

ഇന്ദ്രിയാണാം വിചരതാം വിഷയേഷ്വപഹാരിഷു സംയമേ യത്നമാതിഷ്ഠേ ദ്വിദ്വാൻ
യന്തേവ വാജിനാം. ॥ [22] (മനുസ്മൃതി) മനസിനേയും ആത്മാവിനേയും ദുഷ്കൃത്യങ്ങളിലേക്ക് കൊണ്ടുപോകുന്ന വിഷയങ്ങളിൽ വിചരിക്കുന്ന ഇന്ദ്രിയങ്ങളെ സമർഥനായ സാരഥി കുതിരകളെ പിടിച്ചു നിർത്തുന്നതുപോലെ, നിലയ്ക്കു നിർത്തുന്നതിന് എല്ലാ പ്രയത്നങ്ങളും ചെയ്യണം. എന്തെന്നാൽ-

ഇന്ദ്രിയാണാം പ്രസംഗേന ദോഷമൃച്ഛത്യസംശയം സന്നിയമ്യ തു താന്യേവ തതഃ സിദ്ധിം നിയച്ഛതി ॥ [23] (മനുസ്മൃതി) ജീവാത്മാവ് ഇന്ദ്രിയങ്ങൾക്ക് അടിമപ്പെട്ടുപോയാൽ നിശ്ചയമായും മഹാദോഷങ്ങളെ പ്രാപിക്കും. ഇന്ദ്രിയങ്ങളെ സ്വവശഗമാക്കിയാൽ മാത്രമേ ജീവാത്മാവ് സിദ്ധിയെ പ്രാപിക്കുകയുള്ളൂ.

വേദാസ്ത്യാഗശ്ച യജ്ഞാശ്ച നിയമാശ്ച തപാംസിച, ന വിപ്രദുഷ്ടഭാവസ്യ സിദ്ധിം ഗച്ഛന്തി കർഹിചിത്. ॥ [24] ദുരാചാരിയും ഇന്ദ്രിയങ്ങളുടെ അടിമയും ആയവന് വേദങ്ങൾ, ത്യാഗം, യജ്ഞം, നിയമം, തപസ്, സത്കർമങ്ങൾ ഇവയൊന്നും ഒരിക്കലും സിദ്ധിക്കുകയില്ല.

വേദോപകരണേ ചൈവ സ്വാധ്യായേ ചൈവ നൈത്യകേ നാനുരോധോ/സ്ത്യനധ്യായേ ഹോമമന്ത്രേഷു ചൈവ ഹി. നൈത്യകേ നാസ്ത്യനധ്യായോ ബ്രഹ്മസത്രം ഹി തത് സ്മൃതം; ബ്രഹ്മാഹുതിഹുതം പുണ്യമനധ്യായ വഷട്കൃതം ॥ [25] **(മനുസ്മൃതി)** വേദങ്ങൾ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യുക, സന്ധ്യോപാസന തുടങ്ങിയ പഞ്ചമഹായജ്ഞങ്ങൾ അനുഷ്ഠിക്കുക, ഹോമമന്ത്രങ്ങൾ ഉച്ചരിക്കുക എന്നിവയ്ക്ക് മുടക്കം (ഒഴിവ്-അവധി) ആഗ്രഹിക്കരുത്. എന്തെന്നാൽ നിത്യകർമങ്ങൾക്ക് അവധിയില്ല. ശ്വാസോച്ഛ്വാസങ്ങൾ എല്ലായ്പോഴും ചെയ്യുന്നുണ്ട്. അതിനെ തടഞ്ഞുനിർത്തുവാൻ കഴിയുകയില്ല. അതുപോലെ തന്നെ നിത്യകർമങ്ങൾക്കും മുടക്കം പാടില്ല. എന്തെന്നാൽ, മുടക്കദിവസങ്ങളിൽ അഗ്നിഹോത്രം തുടങ്ങിയ സത്കർമങ്ങൾ ചെയ്താൽ അത് പുണ്യമായി പരിണമിക്കാതിരിക്കില്ല. അസത്യം പറഞ്ഞാൽ പാപവും സത്യം പറഞ്ഞാൽ പുണ്യവും എല്ലായ്പോഴും ഉണ്ടാകുന്ന

20 മനുസ്മൃതി 2.2
21 മനുസ്മൃതി 2.28
22 മനുസ്മൃതി 2.88
23 മനുസ്മൃതി 2.93
24 മനുസ്മൃതി 2.97
25 മനുസ്മൃതി 2.105-106

bharatsanskrit.org

തുപോലെ തന്നെ ദുഷ്കൃത്യങ്ങൾ ചെയ്യുന്നതിന് എല്ലായ്പോഴും മുടക്കവും സത്കർമങ്ങൾ മുടക്കമില്ലാതെ അനുഷ്ഠിക്കേണ്ടതുമാണ്.

अभिवादनशीलस्य नित्यं वृद्धोपसेविनः; चत्वारि तस्य वर्द्धन्ते आयुर्विद्या यशो बलम् ॥ [26] **(മനുസ്മൃതി)** വിനയമുള്ള പെരുമാറ്റം, വിദ്യാവൃദ്ധന്മാരെ ശുശ്രൂഷിക്കുക എന്നീ സ്വഭാവങ്ങളുള്ളവന് ആയുസ്, വിദ്യ, കീർത്തി, ബലം എന്നീ നാലും സദാ വർദ്ധിച്ചു കൊണ്ടിരിക്കും. അല്ലാത്തവന് അവ നാലും വർദ്ധിക്കുകയില്ല.

अहिंसयैव भूतानाम् कार्यं श्रेयोऽनुशासनम्; वाक् चैव मधुराश्लक्ष्णा प्रयोज्या धर्ममिच्छता यस्य वाङ्मनसे ॥ [27] **शुद्धे सम्यग्ज्वुप्ते च सर्वदा स वै सर्वमवाप्नोति वेदान्तोपगतं फलम् ॥** [28] **(മനുസ്മൃതി)** വിദ്വാന്മാരും വിദ്യാർഥികളും വൈരബുദ്ധിയെ ത്യജിച്ച്, സകലർക്കും മംഗളകരമായ മാർഗങ്ങൾ ഉപദേശിക്കണം. അങ്ങനെ ഉപദേശിക്കുന്നത് സൗമ്യമായും മധുരമായും ആയിരിക്കണം. ധർമത്തിന്റെ ഉന്നതി ആഗ്രഹിക്കുന്നവർ സദാ സത്യപഥത്തിൽ ചരിക്കുകയും സത്യം മാത്രം ഉപദേശിക്കുകയും ചെയ്യണം. ശുദ്ധവും സുരക്ഷിതവുമായ വാക്കും മനസും ഉള്ളവൻ വേദാന്തത്തെ-അഥവാ വേദങ്ങളുടെയെല്ലാം സിദ്ധാന്തഭൂതമായ ഫലത്തെ-പ്രാപിക്കുന്നു.

सम्मानाद् ब्राह्मणो नित्यमुद्विजेत विषादिव अमृतस्येव चाकाङ्क्षेदवमानस्य सर्वदा. ॥ [29] അന്യന്മാരിൽനിന്നു ലഭിക്കുന്ന ബഹുമാനത്തെ സദാ വിഷതുല്യം ഭയപ്പെടുകയും അപമാനത്തെ അമൃതതുല്യം കരുതുകയും ചെയ്യുന്ന ബ്രാഹ്മണൻ മാത്രമേ ഈശ്വരനെയും വേദങ്ങളെയും പൂർണമായി അറിയുകയുള്ളൂ.

अनेन क्रमयोगेन संस्कृतात्मा द्विजः शनैः; गुरौवसन् संचिनुयाद् ब्रह्माधिगमिकं तपः. ॥ [30] ഇങ്ങനെ ഉപനയിച്ച് ദ്വിജനാക്കിയ ബ്ഹ്മചാരിയായ കുമാരനും ബ്രഹ്മചാരിണിയായ കന്യകയും വേദാർഥജ്ഞാനരൂപമായ ഉത്തമതപസ്സിനെ ക്രമേണ ആർജിച്ച് വർദ്ധിപ്പിക്കണം.

योऽनधीत्य द्विजो वेदमन्यत्र कुरुते श्रमं स जीवन्नेव शूद्रत्वमाशु गच्छति सान्वयः ॥ [31] വേദാധ്യയനം ചെയ്യാതെ ഇതര വിഷയങ്ങളിൽ പരിശ്രമം നടത്തുന്ന പുരുഷൻ തന്റെ പുത്രപൗത്രന്മാരോടു കൂടി ശൂദ്രത്വത്തെ ശീഘ്രം പ്രാപിക്കുന്നതാണ്.

1. वर्जयेन्मधुमांसञ्च गन्धं माल्यं रसान् स्त्रियः शुक्तानि यानि सर्वाणि प्राणिनाञ्चैव हिंसनम्

2. अभ्यङ्गमञ्जनं चाक्ष्णोरुपानच्छत्रधारणं, कामं क्रोधं च लोभंच नर्त्तनं गीतवादनम्

3. द्यूतं च जनवादं च परिवादं तथाऽन्यतम् स्त्रीणाञ्च प्रेक्षणालंभमुपघातं परस्य च.

4. एकः शयीत सर्वत्र न रेतः स्कन्दयेत् क्वचित्, कामाद्धि स्कन्दयन्रेतो हिनस्ति व्रतमात्मनः ॥ [32]

1. ബ്രഹ്മചാരിയും ബ്രഹ്മചാരിണിയും മദ്യം, മാംസം,. സുഗന്ധദ്രവ്യങ്ങൾ, മാല, രസങ്ങൾ സ്ത്രീപുരുഷസംഗമം, പുളിയുള്ള വസ്തുക്കൾ, ജന്തുഹിംസ,

2) തിരുമ്മൽ, കാരണമില്ലാതെ ഉപസ്ഥേന്ദ്രിയ സ്പർശനം, കണ്ണെഴുത്ത്, ചെരുപ്പ്, കുട, കാമം, ക്രോധം, ലോഭം, മോഹം, ഭയം, ശോകം, ഈർഷ്യ, ദ്വേഷം, നൃത്തം, സംഗീതം, വാദ്യ ഘോഷം

3) ചൂതുകളി, പരദൂഷണം, പരഭാഷണം, അസത്യഭാഷണം, സ്ത്രീപുരുഷന്മാരുടെ പരസ്പരമുള്ള ദർശനസ്പർശനങ്ങൾ, പരപീഡ മുതലായ ദുഷ്കർമങ്ങൾ, എന്നിവയെല്ലാം ത്യജിക്കണം.

4) ഏകാകിയായി തന്നെ കിടന്നുറങ്ങണം. ഒരിക്കലും ശുക്ലത്തെ സ്ഖലിപ്പിച്ചു കളയരുത്. കാമം നിമിത്തം വീര്യത്തെ സ്ഖലിപ്പിക്കുന്നവൻ, കളയുന്നവൻ തന്റെ ബ്രഹ്മചര്യവ്രതത്തെ നശിപ്പിക്കുന്നെന്നറിയണം.

वेदमनूच्याचार्योऽन्तेवासिनमनुशास्ति. सत्यं वद. धर्मं चर. स्वाध्यायान्मा

26 മനുസ്മൃതി 2.121
27 മനുസ്മൃതിയിൽ വാങ്മനസി എന്നാണ് പാഠം
28 മനുസ്മൃതി 2.159 & 160
29 മനുസ്മൃതി 2.162
30 മനുസ്മൃതി 2.164
31 മനുസ്മൃതി 2.168
32 മനുസ്മൃതി 2.180

പ്രമദഃ. ആചാര്യായ പ്രിയം ധനമാഹൃത്യ പ്രജാതന്തും മാ വ്യവച്ഛേത്സീഃ സത്യാന്ന പ്രമദിതവ്യം. ധർമാന്ന പ്രമദിതവ്യം. കുശലാന്ന പ്രമദിതവ്യം. ഭൂത്യൈ ന പ്രമദിതവ്യം. സ്വാധ്യായപ്രവചനാഭ്യാം ന പ്രമദിതവ്യം. ദേവപിതൃകാര്യാഭ്യാം ന പ്രമദിതവ്യം.

മാതൃദേവോ ഭവ പിതൃദേവോ ഭവ ആചാര്യദേവോ ഭവ അതിഥി ദേവോ ഭവ യാന്യനവദ്യാനി കർമാണി താനി സേവിത വ്യാനി നോ ഇതരാണി, യാന്യസ്മാകം സുചരിതാനി താനി ത്വയോപാസ്യാനി നോ ഇതരാണി. യേ കേ ചാസ്മച്ഛ്രേയാംസോ ബ്രാഹ്മണാസ്തേഷാം ത്വയാസനേന പ്രശ്വസിതവ്യം, ശ്രദ്ധയാ ദേയം അശ്രദ്ധയാ ദേയം. ശ്രിയാ ദേയം, ഹ്രിയാ ദേയം, ഭിയാ ദേയം, സംവിദാ ദേയം, അഥ യദി തേ കർമവിചികിത്സാ വാ വൃത്തവിചികിത്സാ വാ സ്യാത്. യേ തത്ര ബ്രാഹ്മണാഃ സമദർശിനോ യുക്താ അയുക്താ അലൂക്ഷാ ധർമകാമാഃ സ്യുര്യഥാ തേ തത്ര വർത്തേരൻ. തഥാ തത്ര വർത്തേഥാഃ ഏഷ ആദേശ (ഏഷ ഉപദേശ) ഏഷാ വേദോപനിഷത്. ഏതദനുശാസനം. ഏവമുപാസിതവ്യം ഏവമുചൈതദുപാസ്യം. ▯ [33]

ആചാര്യൻ തന്റെ അന്തേവാസികളായ ശിഷ്യന്മാർക്കും ശിഷ്യകൾക്കും-നൽകേണ്ട ഉപദേശമാണിത്- എല്ലായ്പോഴും സത്യം പറയുക. ധർമം ആചരിക്കുക. ദത്തചിത്തനായിരുന്ന് അധ്യനവും അധ്യായപനവും ചെയ്യുക. പൂർണമായ ബ്രഹ്മചര്യത്തോടുകൂടി സകലവിദ്യകളും അഭ്യസിച്ച് ആചാര്യന് ഇഷ്ടമായ ധനം ഉപഹാരം നൽകിയിട്ട്, വിവാഹം ചെയ്ത് സന്താനോൽപാദനം നടത്തുക. പ്രമാദം (അശ്രദ്ധ) കൊണ്ട് ഒരിക്കലും സത്യത്തെ ത്യജിക്കരുത്. പ്രമാദത്താൽ ധർമത്തെ ഉപേക്ഷിക്കരുത്. പ്രമാദത്താൽ ആരോഗ്യവും ചാതുര്യവും കൈവിടരുത്. ഉത്തമമായ ഐശ്വര്യം വർദ്ധിപ്പിക്കുന്നതിലും പ്രമാദം വരരുത്. പ്രമാദം കൊണ്ട് അധ്യയനാധ്യാപനങ്ങളെ ഒരിക്കലും ത്യജിക്കരുത്. ദേവന്മാരുടെ (വിദ്വാന്മാരുടെ)യും മാതാപിതാക്കന്മാരുടെയും ശുശ്രൂഷയിൽ പ്രമാദം വരരുത്. വിദ്വാന്മാരെ ആരാധിക്കുന്നതുപോലെ തന്നെ അച്ഛനമ്മമാരേയും ഗുരുവിനേയും അതിഥിയേയും എല്ലായ്പോഴും പൂജിക്കുക. നിഷേധമില്ലാത്തതും ധർമയുക്തവുമായ സത്കർമങ്ങൾ ചെയ്യുക. വിപരീതമായ മിഥ്യാസംഭാഷണങ്ങളും മറ്റും ചെയ്യരുത്. ഞങ്ങളിൽ സത്സ്വഭാവങ്ങളുള്ളവയെ സ്വീകരിക്കുക. ദുഃസ്വഭാവങ്ങളെ ഒരിക്കലും സ്വീകരിക്കരുത്. ഞങ്ങളുടെ കൂട്ടത്തിലുള്ള വിദ്വാന്മാരും ധർമിഷ്ഠരുമായ വിപ്രശ്രേഷ്ഠന്മാരുടെ അടുക്കൽ ചെന്നിരിക്കുകയും അവരെ വിശ്വസിക്കുകയും ചെയ്യുക. ശ്രദ്ധയോടുകൂടി ദാനം കൊടുക്കണം. അശ്രദ്ധയോടുകൂടി ദാനം ചെയ്യണം. മുഖപ്രസാദത്തോടുകൂടി കൊടുക്കണം. ലജ്ജയോടുകൂടി കൊടുക്കണം. ഭയത്തോടുകൂടി കൊടുക്കണം. പ്രതിജ്ഞയോടുകൂടിയും കൊടുക്കണം. നിങ്ങൾക്ക് എപ്പോഴെങ്കിലും കർമത്തിലോ, ആചാരത്തിലോ, ഉപാസനയിലോ, വിജ്ഞാനത്തിലോ വല്ല സംശയവുംഉണ്ടായാൽ സമദർശികളും പക്ഷപാതരഹിതരും, യോഗികളോ, അയോഗികളോ ആയിട്ടുള്ളവരും ആർദ്രചിത്തരും ധർമാത്മാക്കളും ധർമിഷ്ടരുമായവർ സ്വീകരിക്കുന്ന ധർമമാർഗത്തെ അവലംബിച്ചുകൊള്ളണം. ഇതാണ് ആജ്ഞ, ഇതാണ് ഉപദേശം, ഇതുതന്നെയാണ് വേദത്തിന്റെ ഉപനിഷത്ത്, ഇതുതന്നെയാണ് ശിക്ഷണവും, ഇതുതന്നെയാണ് പെരുമാറ്റ▯ [34] സംഹിതയും. അവനവന്റെ പെരുമാറ്റത്തെ ശുദ്ധീകരിക്കുവാനുള്ള മാർഗവും.

അകാമസ്യ ക്രിയാ കാചിദ് ദൃശ്യതേ നേഹ കർഹിചിത്. യദ്യദ്ധി കുരുതേ കിഞ്ചിത് തത്തത് കാമസ്യ ചേഷ്ടിതമ്. ▯ [35]

നിഷ്കാമനായ പുരുഷന്റെ നേത്രങ്ങൾക്ക് സങ്കോചവികാസങ്ങൾ ഉണ്ടാവുക അസംഭാവ്യമാണ്. അതിനാൽ ആരെങ്കിലും എന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതെല്ലാം സകാമമായ (ഇച്ഛയോടുകൂടിയ) ചേഷ്ടകളാണ്. ഇച്ഛയില്ലാതെ പ്രവൃത്തിയില്ല.

ആചാര പരമോ ധർമഃ ശ്രുത്യുക്തഃ സ്മാർത്ത ഏവ ച. തസ്മാദസ്മിന്സദാ യുക്തോ നിത്യം സ്യാദാത്മവാൻ ദ്വിജഃ. ആചാരാദ്വിച്യുതോ വിപ്രോ ന വേദഫലമശ്നുതേ, ആചാരേണ തു സംയുക്തഃ സമ്പൂർണഫലഭാഗ് ഭവേത് ▯ [36]

പറയുക, കേൾക്കുക, പറഞ്ഞുകേൾപ്പിക്കുക, പഠിപ്പിക്കുക, ഇതിന്റെയെല്ലാം ഫലം വേദങ്ങളിലും വേദാനുകൂലമായ സ്മൃതികളിലും പ്രതിപാദിച്ചിട്ടുള്ള, ധർമങ്ങളെ ആചരിക്കുകയാണ്. അതിനാൽ

33 തൈത്തരീയ ഉപനിഷത് ശിക്ഷാവല്ലി 11.1-4

34 വേദത്തിന്റെ ഉപനിഷത് = വേദത്തിന്റെ അടുത്തു നിന്നു ലഭിക്കുന്ന ജ്ഞാനം

35 മനുസ്മൃതി 2.4

36 മനുസ്മൃതി 1.108 - 109

ധർമാനുഷ്ടാനത്തിൽ സദാ തല്പരനായിരിക്കണം. 2) ധർമത്തെ യഥാവിധി അനുഷ്ഠിക്കാത്തവന് വേദപ്രതിപാദിത ധർമത്തിൽ നിന്നുണ്ടാകുന്ന സുഖഫലം ലഭ്യമല്ല. വിദ്യാഭ്യാസം കഴിച്ച് ധർമാചരണം ചെയ്യുന്നവനത്രേ സമ്പൂർണ്ണ സുഖത്തെ പ്രാപിക്കുന്നത്.

യോ/വമന്യേത തേ മൂലേ ഹേതുശാസ്ത്രാശ്രയാദ് ദ്വിജഃ. സ സാധുഭിർബഹിഷ്കാര്യോ നാസ്തികോ വേദനിന്ദകഃ ॥ [37]

വേദങ്ങളേയും, വേദാനുകൂലങ്ങളും ആപ്തപുരുഷന്മാർ എഴുതിയതുമായ ശാസ്ത്രങ്ങളേയും നിന്ദിക്കുന്ന നാസ്തികന്മാരായ വേദനിന്ദകരെ നാട്ടിൽ നിന്നും, ജാതിയിൽ നിന്നും കൂട്ടത്തിൽ നിന്നും പുറംതള്ളണം. എന്തെന്നാൽ-

ശ്രുതിഃ॥ [38] **സ്മൃതിഃ സദാചാരഃ സ്വസ്യ ച പ്രിയമാത്മനഃ- ഏതച്ചതുർവിധം പ്രാഹുഃ സാക്ഷാദ്ധർമസ്യ ലക്ഷണമ് ॥** [39]

വേദം, സ്മൃതി-വേദാനുസാരിയും ആപ്തരചിതവുമായ മനുസ്മൃതി മുതലായ ശാസ്ത്രങ്ങൾ, നല്ലവരുടെ ആചാരങ്ങൾ, സനാതനങ്ങൾ, അഥവാ വേദങ്ങളിൽ ഈശ്വരാനുശാസനം ചെയ്ത കർമങ്ങൾ, ആത്മാവിന് പ്രിയമായ-ആത്മാവ് എന്തിനെ ആഗ്രഹിക്കുന്നുവോ അത്, സത്യഭാഷണാദികൾ- ഈ നാലും ധർമത്തിന്റെ ലക്ഷണങ്ങളാകുന്നു. ധർമാധർമങ്ങളെ തീരുമാനിക്കുന്നതിനുള്ള അളവുകോൽ ഇവയാണ്. പക്ഷപാതം കൂടാതെ ന്യായം, സത്യം, എന്നിവ സ്വീകരിച്ച്, അസത്യത്തെ ത്യജിക്കുന്നതത്രേ ശരിയായ ധർമം. ഇതിന് വിരുദ്ധമായി പക്ഷപാതത്തോടുകൂടി അന്യായം, അസത്യം, എന്നിവയെ സ്വീകരിച്ച് സത്യനീതികളെ ത്യജിക്കുന്നത് അധർമവുമാണ്.

അർഥകാമേഷ്വസക്താനാം ധർമജ്ഞാനം വിധീയതേ ധർമജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതിഃ ॥ [40]

അർഥത്തിനും (സ്വർണം, രത്നങ്ങൾ മുതലായവ) കാമത്തിനും (സ്ത്രീ സേവ മുതലായവ) അടിമപ്പെടാത്തവനു മാത്രമേ ധർമജ്ഞാനം ഉണ്ടാകുന്നുള്ളൂ. ധർമജ്ഞാനം ഇച്ഛിക്കുന്നവൻ വേദത്തിൽ നിന്ന് അതിനെ നിർണയിക്കണം. എന്തെന്നാൽ ധർമാധർമങ്ങളെ വേദത്തിൽനിന്നുമാത്രമേ ശരിയായി നിശ്ചയിക്കുവാൻ കഴിയൂ.

ആചാര്യൻ തന്റെ ശിഷ്യന്മാർക്ക് ഇങ്ങനെ ഉപദേശം നൽകണം. വിശേഷിച്ച് രാജാക്കന്മാർ, മറ്റുള്ള ക്ഷത്രിയന്മാർ, വൈശ്യന്മാർ, ഉത്തമരായ ശൂദ്രന്മാർ എന്നിവരേയും വിദ്യാഭ്യാസം ചെയ്യിക്കണം. എന്തെന്നാൽ, ബ്രാഹ്മണർ മാത്രം വിദ്യാഭ്യാസം ചെയ്യുകയും ക്ഷത്രിയരും മറ്റും വിദ്യാഭ്യാസം വെടിയുകയും ചെയ്താൽ വിദ്യ, ധർമം, രാജ്യം, ധനം മുതലായവയൊന്നും ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. ബ്രാഹ്മണർ മാത്രം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ അവർക്ക് ക്ഷത്രിയാദികളിൽ നിന്ന് ഉപജീവനമാർഗം നേടി ജീവസന്ധാരണം ചെയ്യാമെങ്കിലും ബ്രാഹ്മണർ അങ്ങനെ ഉപജീവനത്തിന് അടിമപ്പെട്ട്, ക്ഷത്രിയാദികളെ വേണ്ടും വണ്ണം ശാസിച്ചു ശിക്ഷിക്കാതിരുന്നാൽ ബ്രാഹ്മണരുൾപ്പെടെ സകലരും അധർമത്തിൽ പെട്ടുപോകും. ക്ഷത്രിയാദികൾക്കും വിദ്യാഭ്യാസം ലഭിച്ചാൽ ബ്രാഹ്മണരും വിദ്യാഭ്യാസം ചെയ്യുന്നതിലും ധർമാനുഷ്ഠാനത്തിലും അധികം ജാഗരൂകരാകും. കൂടാതെ വിദ്വാന്മാരായ ക്ഷത്രിയാദികളുടെ മുമ്പിൽ വ്യാജവും കാപട്യവും കാണിക്കുവാൻ ബ്രാഹ്മണർക്കു സാധിക്കുകയുമില്ല. ക്ഷത്രിയരും മറ്റും അറിവും പഠിപ്പും ഇല്ലാത്തവരായാൽ ബ്രാഹ്മണർ തന്നിഷ്ടം ചെയ്യുകയും ചെയ്യിക്കുകയും ചെയ്യും. ശ്രേയസ്സുണ്ടാകണമെന്ന് ബ്രാഹ്മണർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ ക്ഷത്രിയാദികളെയും പണിപ്പെട്ടുതന്നെ വേദാദി ശാസ്ത്രങ്ങളഭ്യസിപ്പിക്കണം. വിദ്യ, ധർമം, രാജ്യം, സമ്പത്ത്, എന്നിവയെ വർദ്ധിപ്പിക്കുന്നത് ക്ഷത്രിയാദികളാണ്. അവർ ഒരിക്കലും ഭിക്ഷാവൃത്തിക്കാരല്ല. അതിനാൽ അവർ വിദ്യാഭ്യാസവിഷയത്തിൽ സ്വയം ശ്രദ്ധയുള്ളവരല്ല. വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനും സർവത്ര പ്രചാരം സിദ്ധിച്ചാൽ വ്യാജവും അധർമവും നിറഞ്ഞ കാപട്യങ്ങളെ ആർക്കും പ്രചരിപ്പിക്കുവാൻ സാധിക്കുകയില്ല. ക്ഷത്രിയാദികളെ ധർമം, ന്യായം എന്നിവയുടെ വഴിയിലൂടെ സഞ്ചരിപ്പിക്കുന്നത് ബ്രാഹ്മണരും, സന്യാസിമാരുമാണെന്നും, ബ്രാഹ്മണർ, സന്യാസിമാർ എന്നിവരെ ന്യായമായ മാർഗത്തിൽ പ്രവർത്തിപ്പിക്കുന്നത് ക്ഷത്രിയാദികളുമാണെന്നും ഇതിൽ നിന്നു സിദ്ധിക്കുന്നു. അതിനാൽ സ്ത്രീപുരുഷഭേദം കൂടാതെ എവിടെയും വിദ്യാഭ്യാസം, ധർമം എന്നിവയെ അത്യാവശ്യമായും പ്രചരിപ്പിക്കണം.

37 മനുസ്മൃതി 2.11
38 മനുസ്മൃതിയിൽ വേദഃ എന്നു പാഠം
39 മനുസ്മൃതി 2.12
40 മനുസ്മൃതി 2.13.

പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് വിഷയങ്ങളെ നല്ലവണ്ണം പരീക്ഷിച്ചു നോക്കിയ തിനുശേഷം വേണം. പരീക്ഷ അഞ്ചുവിധമുണ്ട്.

ഒന്നാമത്തേത്– **ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങൾക്കും വേദങ്ങൾക്കും അനുകൂലമായതെല്ലാം സത്യവും അല്ലാത്തതെല്ലാം അസത്യവുമാണ്.**

രണ്ടാമത്തേത്– **സൃഷ്ടിക്രമത്തിനനുകൂലമായതെല്ലാം സത്യവും വിരുദ്ധമായതെല്ലാം അസത്യവും ആകുന്നു. മാതാപിതാക്കന്മാരുടെ സംയോഗം കൂടാതെ പുത്രൻ ജനിച്ചു എന്നു പറയുന്നത് സൃഷ്ടിക്രമത്തിനു വിരുദ്ധമാകയാൽ അസത്യമായിരിക്കും എന്നത് ഉദാഹരണം.**

മൂന്നാമത്തേത്– **ആപ്തന്മാരുടെ –അതായത് ധാർമികന്മാരും, വിദ്വാന്മാരും സത്യവാദികളും നിഷ്കപടന്മാരുമായവരുടെ– പ്രവൃത്തികൾക്കും ഉപദേശങ്ങൾക്കും അനുകൂലമായതെല്ലാം ഗ്രാഹ്യവും അതിനു വിരുദ്ധമായതെല്ലാം ത്യാജ്യവുമാണ്.**

നാലമത്തേത്– **അവനവന്റെ അറിവിനും, മനഃസാക്ഷിക്കും നിരക്കുന്നതു മാത്രമേ അനുഷ്ഠിക്കാവൂ. അവനവന് സുഖം ഇഷ്ടവും, ദുഃഖം അനിഷ്ടവുമായിരിക്കുന്നതുപോലെ മറ്റുള്ളവർക്കും സുഖം ഇഷ്ടവും, ദുഃഖം അനിഷ്ടവുമാണ്.**

അഞ്ചാമത്തേത്– **പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, ഐതിഹ്യം, അർഥാപത്തി, സംഭവം, അഭാവം എന്നീ എട്ട് പ്രമാണങ്ങളാണ്** പ്രത്യക്ഷാദിപ്രമാണങ്ങളുടെ ലക്ഷണം പറയുന്ന, താഴെകൊടുക്കുന്ന സൂത്രങ്ങൾ ന്യായദർശനത്തിന്റെ ഒന്നും രണ്ടും അധ്യായങ്ങളിലേതാണ്.

ഇന്ദ്രിയാർഥസന്നികർഷോത്പന്നം ജ്ഞാനമവ്യപദേശ്യമവ്യഭിചാരി വ്യവസായാത്മകം പ്രത്യക്ഷമ് (ന്യായദർശനം. അധ്യായം 1. ആഹ്നികം 1. സൂത്രം 4.)

ഒന്നാമത്തേത് പ്രത്യക്ഷം

ചെവി, ത്വക്ക്, കണ്ണ്, നാക്ക്, മൂക്ക് എന്നീ ഇന്ദ്രിയങ്ങൾക്ക് ശബ്ദം, സ്പർശം, രൂപം രസം, ഗന്ധം എന്നീ പദാർഥങ്ങളോട് അവ്യവഹിതമായ ആവരണരഹിതമായ ബന്ധവും ഇന്ദ്രിയങ്ങൾക്ക് മനസിനോടും മനസിന് ആത്മാവിനോടുമുള്ള സംയോഗവും ഉണ്ടാകുമ്പോൾ ജനിക്കുന്ന ജ്ഞാനത്തെ **പ്രത്യക്ഷം** എന്നു പറയുന്നു. എന്നാൽ ആ ജ്ഞാനം വ്യപദേശ്യം അഥവാ സംജ്ഞയ്ക്കും സംജ്ഞിക്കും തമ്മിലുണ്ടായ ബന്ധത്തിൽ നിന്നുളവായത് ആകരുത്. ഒരുവൻ മറ്റൊരുവനോട് ''വെള്ളം കൊണ്ടുവരൂ'' എന്നു പറയുന്നു. അവൻ വെള്ളം കൊണ്ടുവന്ന് അരികത്തു വച്ച്, ''ഇതാ വെള്ളം'' എന്നു പറയുന്നു. ഇവിടെ വെള്ളം എന്ന രണ്ടക്ഷരങ്ങളടങ്ങിയ സംജ്ഞയെ വെള്ളം കൊണ്ടുവന്നവനും അത് ആവശ്യപ്പെട്ടവനും കാൺമാൻ കഴിയുകയില്ല. വെള്ളം എന്ന പദം ഏതൊരു വസ്തുവിന്റെ പേരാണോ ആ വസ്തുവിന്റെ പ്രത്യക്ഷജ്ഞാനമാണ് ഉണ്ടാകുന്നത്. ശബ്ദജന്യമായ ജ്ഞാനം ശബ്ദപ്രമാണത്തിന് വിഷയമാണ്. പ്രത്യക്ഷം അവ്യഭിചാരിയുമായിരിക്കണം. ഒരുവൻ രാത്രിസമയത്ത് ഒരു മരക്കുറ്റി കണ്ട് മനുഷ്യനാണെന്നു നിശ്ചയിച്ചു. പിന്നീട് പകൽസമയത്തു വീണ്ടും അതു കണ്ടപ്പോൾ രാത്രി അവനുണ്ടായ മരക്കുറ്റി മനുഷ്യനാ ണെന്നുള്ള ഭ്രമം നശിച്ചുപോയി. അതൊരു മരക്കുറ്റിയാണെന്ന ജ്ഞാനം തന്നെ വീണ്ടും ഉണ്ടായി. ഇങ്ങനെ നശിച്ചുപോകുന്ന ജ്ഞാനത്തെയാണ് വ്യഭിചാരി എന്നു പറയുന്നത്. അപ്രകാരമുള്ള ജ്ഞാനവും പ്രത്യക്ഷമല്ല. പ്രത്യക്ഷം വ്യവസായാത്മകമായിരിക്കണം. ഒരുവൻ അകലെ നിന്നുകൊണ്ട് ഒരു പുഴയിലെ മണൽത്തിട്ടകണ്ട്, "അവിടെ മുണ്ടുണക്കാൻ വിരിച്ചിരിക്കയോ? അതോ വെള്ളം കെട്ടി നിൽക്കുകയോ! അല്ലെങ്കിൽ വേറെ വല്ലതുമോ?" എന്നു ചോദിക്കുന്നു. അതുപോലെതന്നെ അകലെ നിൽക്കുന്ന പുരുഷനെക്കണ്ട്, " അവൻ ദേവദത്തനോ യജ്ഞദത്തനോ" എന്നു സംശയിക്കുന്നു. ഇവ നിശ്ചിതമാകുന്നതുവരെ പ്രത്യക്ഷജ്ഞാനമല്ല അവ്യപദേശ്യവും, അവ്യഭിചാരിയും നിശ്ചയാത്മകവുമായ ജ്ഞാനം മാത്രമേ പ്രത്യക്ഷമെന്ന പേരിന് അർഹമാകുന്നുള്ളൂ.

രണ്ടാമത്തേത് അനുമാനമാണ്.

അഥ തത്പൂർവകം ത്രിവിധമനുമാനം പൂർവവച്ഛേഷവത് സാമാന്യതോ ദൃഷ്ടഞ്ച (ന്യായ.1.1.5) പ്രത്യക്ഷപൂർവകമായ ജ്ഞാനമാണ് അനുമാനം. ഏതെങ്കിലും സ്ഥലത്തുവച്ച് എപ്പോഴെങ്കിലും പൂർണമായ ഒരു വസ്തുവിനെയോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗത്തേയോ പ്രത്യക്ഷമായി കണ്ടറിഞ്ഞ ഒരുവൻ, കാലാന്തരത്തിൽ മറ്റൊരു സ്ഥലത്തുവച്ച് ആ പൂർണപദാർഥത്തിന്റെ സഹചാരിയായിരിക്കുന്ന ഒരു ഭാഗം കണ്ടുമുട്ടുമ്പോൾ അദൃശ്യമായ അവയവിയുടെ ജ്ഞാനം അയാൾക്കുണ്ടാകുന്നു. അതിനെയാണ് അനു

Meanyssamaj.org



മാനം എന്നു പറയുന്നത്. പുത്രനെ കാണുമ്പോൾ അവന് പിതാവുണ്ടെന്നും, മലമുകളിൽ പുക കാണുമ്പോൾ അവിടെ തീയുണ്ടെന്നും, ലോകത്തിലെ സുഖദുഃഖങ്ങൾ കാണുമ്പോൾ പൂർവ ജന്മം ഉണ്ടെന്നും അറിയുന്നത് അനുമാനം കൊണ്ടാണ്. അനുമാനം മൂന്നു പ്രകാരത്തിലുണ്ട്.

1 പൂർവവത്

കാർമേഘം കാണുമ്പോൾ മഴയുണ്ടാകുമെന്നും, വിവാഹം കണ്ടിട്ട് സന്താനോല്പത്തി ഉണ്ടാകുമെന്നും, വിദ്യാർഥിയെ കണ്ടിട്ട് അവന് വിദ്യാലാഭം ഉണ്ടാകുമെന്നും നിശ്ചയിക്കുന്നത് അനുമാനത്താലാണ്. ഇങ്ങനെ കാരണത്തിൽ നിന്നും കാര്യത്തിന്റെ ജ്ഞാനം ഉണ്ടാകുന്നിടത്തെല്ലാം **"പൂർവവത്"** എന്ന അനുമാനം ബാധകമാണ്.

2 ശേഷവത്

കാര്യം കണ്ടിട്ട് കാരണത്തിന്റെ ജ്ഞാനം ഉണ്ടാകുന്നതാണ് ശേഷവദനുമാനം. പുഴയിൽ വെള്ളപ്പൊക്കം കണ്ടിട്ട് ഉപരിഭാഗത്തുണ്ടായ മഴയേയും, പുത്രനെ കണ്ട് പിതാവിനെയും, ലോകസൃഷ്ടി കണ്ടിട്ട് അതിന് അനാദിയായ കാരണവും കർത്താവായ ഈശ്വരനുമുണ്ടെന്നും, സുഖദുഃഖങ്ങൾ കണ്ടിട്ട് പുണ്യപാപങ്ങൾ ഉണ്ടായിരിക്കുമെന്നും അനുമാനിക്കുന്നതിനെ ശേഷവദനുമാനം എന്നു പറയുന്നു.

3 സമാന്യതോ ദൃഷ്ടം

കാര്യകാരണഭാവം ഇല്ലാത്ത രണ്ടു പദാർഥങ്ങൾക്ക് പരസ്പരമുള്ള ഏതെങ്കിലുമൊരു സാധർമ്യത്തെ മാത്രം ആസ്പദമാക്കി അനുമാനിക്കുന്നതിന് **'സാമന്യതോദൃഷ്ടം'** എന്നു പറയുന്നു. നടക്കുക എന്ന ക്രിയ കൂടാതെ ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് ഒരുവന് എത്തുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ, മറ്റുള്ളവർക്കും ഒരിടത്തുനിന്നു മറ്റൊരിടത്തെത്തുവാൻ നടക്കാതെ കഴിയുകയില്ല എന്നനുമാനിക്കുന്നതിനെ സാമാന്യതോദൃഷ്ടം എന്നു പറയുന്നു. അനുമാനത്തിന്റെ അർഥം- **"അനു അർഥാത് പ്രത്യക്ഷസ്യ പശ്ചാന്മീയതേ ജ്ഞായതേ യേന തദനുമാനം"** പ്രത്യക്ഷജ്ഞാനത്തിനു ശേഷം ഉണ്ടാകുന്ന ജ്ഞാനം ധൂമത്തിന്റെ പ്രത്യക്ഷജ്ഞാനം കൂടാതെ അപ്രത്യക്ഷമായ അഗ്നിയെ അനുമാനിക്കുവാൻ സാധ്യമല്ലല്ലോ.

മൂന്നാമത്തേത് ഉപമാനമാകുന്നു.

പ്രസിദ്ധസാധർമ്യാത്സാധ്യസാധനമുപമാനം. (ന്യായ. 1.1.6) മുമ്പ് പ്രത്യക്ഷമായി അറിഞ്ഞ പദാർഥത്തിന്റെ സാധർമ്യം കൊണ്ടുപുതുതായി അറിയേണ്ട വസ്തുവിന്റെ ജ്ഞാനമുണ്ടാക്കുന്ന പ്രമാണമാണ് ഉപമാനം. **"ഉപമീയതേ യേന തദുപമാനം"** ഒരുവൻ ഒരു ഭൃത്യനോട് ''നീ വിഷ്ണുമിത്രനെ വിളിച്ചുകൊണ്ടുവാ" എന്നു പറഞ്ഞു. അപ്പോൾ ഭൃത്യൻ, "ഞാൻ അയാളെ ഒരിക്കലും കണ്ടിട്ടില്ലല്ലോ" എന്നു മറുപടി പറഞ്ഞപ്പോൾ "ഈ നിൽക്കുന്ന ദേവദത്തനെപ്പോലെയാണ് ആ വിഷ്ണുമിത്രൻ" എന്ന് യജമാനൻ വിശദീകരിച്ചു. അയാൾ ചെന്ന് ദേവദത്തനെപ്പോലൊരുവനെ കണ്ട്, "ഇയാളാണ് വിഷ്ണുമിത്രൻ" എന്നു നിശ്ചയിച്ച് അയാളെ കൂട്ടിക്കൊണ്ടുവന്നു. നീലക്കാള എന്നു പേർ പറയുന്ന മൃഗം പശുവിനെപ്പോലെയുള്ളതാണെന്നു കേട്ടറിവുള്ളയാൾ കാട്ടിൽ പശുവിനെപ്പോലെയുള്ള ഒരു മൃഗത്തെ കാണുകയും "ഇതാണ് നീലക്കാള" എന്നു തീരുമാനിക്കുകയും ചെയ്തു. ഇത്തരം സാദൃശ്യജ്ഞാനമാണ് ഉപമാനം.

നാലാമത്തേത് ശബ്ദപ്രമാണമാകുന്നു.

ആപ്തോപദേശഃ ശബ്ദഃ. (ന്യായ. 1.1.7) പരിപൂർണപാണ്ഡിത്യം സിദ്ധിച്ച, ധർമാത്മാവും പരോപകാരിയും, സത്യവാദിയും പൗരുഷമുള്ളവനും ഇന്ദ്രിയങ്ങളെ കീഴടക്കിയവനും തനിക്കു സിദ്ധിച്ച അറിവിനേയും സുഖം ലഭിച്ച വഴികളേയും മറ്റുള്ളവർക്കു മനസിലാക്കിക്കൊടുക്കണമെന്നുള്ള ആഗ്രഹമുള്ളവനും മനുഷ്യരുടെയെല്ലാം ശ്രേയസ്സിനായി പൃഥിവിതൊട്ട് ഈശ്വരൻ വരെയുള്ള സകല പദാർഥങ്ങളുടെയും ജ്ഞാനം സമ്പാദിച്ച്, ഉപദേശങ്ങൾ നൽകുന്നവനുമായ മഹാപുരുഷനാണ് ആപ്തൻ. ആപ്തന്മാരുടെ ഉപദേശങ്ങളും സമ്പൂർണ ആപ്തനായ ഈശ്വരൻ ഉപദേശിച്ച വേദങ്ങളുമാണ് ശബ്ദപ്രമാണം.

അഞ്ചാമത്തേത് ഐതിഹ്യമാകുന്നു.

ന ചതുഷ്ടവമൈതിഹ്യാർഥാപത്തിസംഭവാഭാവാ പ്രാമാണ്യാത്. (ന്യായ. 2.2.1) ഇതി ഹ എന്നതിന് ഇത് ഇപ്രകാരം ആയിരുന്നു എന്നർഥം. അവൻ അപ്രകാരമെല്ലാം പ്രവർത്തിച്ചു എന്നു പറയുന്ന പ്രമാണം, അതായത് ഒരുവന്റെ ജീവചരിത്രമാണ് ഐതിഹ്യം.

ആറാമത്തേത് അർഥാപത്തിയാകുന്നു.

"അർഥാദാപദ്യതേ സാ അർഥാപത്തിഃ. കേന ചിദുച്യതേ: സത്സുഘനേഷു വൃഷ്ടിഃ സതി കാരണേ കാര്യം ഭവതീതി കിമത്ര പ്രസജ്യതേ. അസത്സു ഘനേഷു വൃഷ്ടിരസതി കാര

ണേ(ച) കാര്യം ന ഭവതി" ഒരാൾ ഇതരനോടു പറയുന്നു.'മേഘങ്ങൾ ഉള്ളപ്പോൾ മഴ ഉണ്ടാകുന്നു. കാരണം ഉണ്ടാകുമ്പോൾ കാര്യം ഉണ്ടാകുന്നു." ഇതിൽ നിന്ന് വേറൊരു സംഗതി, എടുത്തുപറയാതെ തന്നെ മനസിലാകുന്നുണ്ട്. മേഘമില്ലെങ്കിൽ മഴയുണ്ടാവില്ലെന്നും, കാരണം കൂടാതെ ഒരിക്കലും കാര്യം ഉണ്ടാവില്ലെന്നുമാണത്. ഇതിനെ അർഥാപത്തി എന്നു പറയുന്നു.

ഏഴാമത്തേത് സംഭവമാകുന്നു.

"സംഭവതി യസ്മിൻ സ സംഭവഃ" "അച്ഛനമ്മമാരില്ലാതെ സന്താനമുണ്ടായി. അദ്ദേഹം മരിച്ചവനെ ജീവിപ്പിച്ചു. മലയെടുത്തു പൊന്തിച്ചു. കടലിനുമീതേ കരിങ്കല്ലു പടുത്തു, ചന്ദ്രനെ മുറിച്ചു കഷണം കഷണമാക്കിക്കളഞ്ഞു. ഈശ്വരൻ അവതരിച്ചു. മനുഷ്യന് കൊമ്പുമുളച്ചു, ഒരു വന്ധ്യയുടെ മകൻ മറ്റൊരു വന്ധ്യയുടെ മകളെ വേളി കഴിച്ചു." എന്നും മറ്റും പറഞ്ഞാൽ അവയെല്ലാം അസംഭാവ്യമാണെന്ന് തീർച്ചപ്പെടുത്താം. എന്തെന്നാൽ ഈ പറഞ്ഞതെല്ലാം സൃഷ്ടിക്രമത്തിന് വിരുദ്ധങ്ങളാണ്. സൃഷ്ടിക്രമത്തിനു വിരുദ്ധമല്ലാത്തതിനെ സംഭവമെന്നു പറയുന്നു.

എട്ടാമത്തേത് അഭാവമാകുന്നു.

"**ന ഭവതി യസ്മിൻ സോ*f*ഭാവഃ**" ഒരുവൻ മറ്റൊരുവനോട്, "ആനയെ കൊണ്ടു വരിക" എന്നു പറയുന്നു. അവിടെ ആനയില്ലെന്നു കണ്ട അയാൾ ആന ഉണ്ടായിരുന്നിടത്തു ചെന്ന് ആനയെ കൊണ്ടുവന്നു.▯ [41] ഇവയാണ് എട്ടു പ്രമാണങ്ങൾ. ഇവയിൽ **ശബ്ദപ്രമാണത്തിൽ ഐതിഹ്യവും അനുമാനത്തിൽ അർഥാപത്തി, സംഭവം, അഭാവം എന്നിവയും അന്തർഭവിക്കുന്നതായി ഗണിച്ചാൽ നാലു പ്രമാണങ്ങൾ മാത്രമേ ശേഷിക്കുകയുള്ളൂ. ഇപ്പറഞ്ഞ അഞ്ചുവിധത്തിലുള്ള പരീക്ഷകളെക്കൊണ്ട് മനുഷ്യൻ സത്യാസത്യങ്ങളെ നിശ്ചയിക്കുവാൻ ശക്തനായി ഭവിക്കുന്നു.** സത്യാസത്യങ്ങളെ നിർണയിക്കുവാൻ മറ്റു മാർഗമൊന്നുമില്ല.

ധർമവിശേഷപ്രസൂതാദ് ദ്രവ്യഗുണകർമസാമാന്യവിശേഷസമവായാനാം പദാർഥാനാം (സാധർമ്യവൈധർമ്യാഭ്യാം) തത്ത്വജ്ഞാനാന്നിഃശ്രേയസമ്. (വൈ.1.1.4) മനുഷ്യൻ ധർമത്തെ യഥായോഗ്യം അനുഷ്ഠിച്ചാൽ പവിത്രനാകുകയും സാധർമ്യവൈധർമ്യങ്ങളുടെ-അതായത് പൃഥിവി ജഡമാണ്, ജലവും ജഡമാണ് ജഡത്വം പൃഥിവിയ്ക്കും ജലത്തിനുമുള്ള സമാനധർമമാണ് ഇങ്ങനെ സാധർമ്യത്തിന്റെയും പൃഥിവി കടുപ്പമുള്ളതും ജലം മൃദുവുമാണ്. കടുപ്പവും മാർദ്ദവവും യഥാക്രമം പൃഥിവിയിലും ജലത്തിലുമുള്ള ഭിന്ന ധർമങ്ങളാണ് എന്നിങ്ങനെ വൈധർമ്യത്തിന്റെയും ജ്ഞാനം ഉണ്ടായി. ദ്രവ്യം, ഗുണം, കർമം, സാമാന്യം, വിശേഷം, സമവായം എന്നീ ആറു പദാർഥങ്ങളുടെ തത്ത്വജ്ഞാനം ഉണ്ടായി തദ്വാരാ മോക്ഷം പ്രാപിക്കുന്നു.

പൃഥിവ്യാപസ്തേജോവായുരാകാശം കാലോ ദിഗാത്മാ മന ഇതി ദ്രവ്യാണി (വൈ. 1.1.5) പൃഥിവി, ജലം തേജസ്, വായു ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ് എന്നീ ഒമ്പതു പദാർഥങ്ങളാണ് ദ്രവ്യങ്ങൾ.

ക്രിയാഗുണവത്സമാവായികാരണമിതി ദ്രവ്യലക്ഷണമ് (വൈ 1.1.15) "ക്രിയാശ്ച ഗുണാശ്ച വിദ്യന്തേ യസ്മിംസ്തത് ക്രിയാഗുണവത്" ഏതൊരു പദാർഥത്തിൽ ക്രിയ, ഗുണം, എന്നിവ രണ്ടുമോ അല്ലെങ്കിൽ ഗുണം മാത്രമോ ഉണ്ടെന്നു കാണുന്നുവോ അതിനെ ദ്രവ്യമെന്നു പറയുന്നു. മുൻപറഞ്ഞ ഒമ്പതു ദ്രവ്യങ്ങളിൽ **പൃഥിവി, ജലം, തേജസ്, വായു, മനസ്, ആത്മാവ് എന്നീ ആറിലും ക്രിയയും ഗുണവും ഉണ്ട്. ആകാശം, ദിക്ക് എന്നിവയിൽ ക്രിയ ഇല്ല; ഗുണം ഉണ്ട്.**

"സമവേതും ശീലം യസ്യ തത് സമവായി പ്രാഗ്വൃത്തിത്വം കാരണം സമവായി ചതത്കാരണം ച സമവായി കാരണം, ലക്ഷ്യതേ യേന തല്ലക്ഷണം". ഒന്നിച്ചു ചേർന്നിരിക്കുന്ന സ്വഭാവമുള്ളതിനെ സമവായി എന്നും, കാര്യം ഉണ്ടാകുന്നതിനു മുമ്പുള്ളതിനെ കാരണം എന്നും കണ്ണുകൊണ്ടു രൂപം കണ്ടറിയുന്നതുപോലെ, ലക്ഷ്യം ഏതുകൊണ്ട് അറിയപ്പെടുന്നുവോ അതിനെ ലക്ഷണമെന്നും പറയുന്നു.

രൂപരസഗന്ധസ്പർശവതീ പൃഥിവീ. (വൈ. 2.1.1)രൂപം, രസം, ഗന്ധം, സ്പർശം എന്നിവയുള്ള പദാർഥമാണ് പൃഥിവി. അഗ്നി, ജലം, വായു എന്നിവയുടെ സംയോഗം കൊണ്ടാണ് പൃഥിവിയിൽ രൂപം, രസം, സ്പർശം എന്നീ ഗുണങ്ങൾ ഉണ്ടാകുന്നത്.

വ്യവസ്ഥിതഃ പൃഥിവ്യാം ഗന്ധഃ (വൈ. 2.2.2)

ഗന്ധം എന്ന ഗുണം പൃഥിവിയിൽ സ്വാഭാവികമായുള്ളതാണ്. അതുപോലെ, ജലത്തിൽ രസവും, തേജസിൽ രൂപവും വായുവിൽ സ്പർശവും ആകാശത്തിൽ ശബ്ദവും സ്വാഭാവിക ഗുണങ്ങ

41 ആന ഇല്ലാത്തിടത്ത് ആനയുടെ അഭാവം ഉണ്ട്



ളാണ്.

രൂപരസസ്പർശവത്യ ആപോ ദ്രവാഃ സ്നിഗ്ധാഃ. (വൈ. അ. 2 . 1. 2) രൂപം, രസം, സ്പർശം എന്നീ ഗുണങ്ങളുള്ളതും ദ്രവവും സ്നിഗ്ദ്ധവുമായിട്ടുള്ള ദ്രവ്യത്തെയാണ് ജലം എന്നു പറയുന്നത്. ജലത്തിന്റെ സ്വാഭാവിക ഗുണം രസമാണ്. രൂപം സ്പർശം എന്നീ ഗുണങ്ങൾ അഗ്നിയുടെയും വായുവിന്റെയും സംയോഗം കൊണ്ടുണ്ടാകുന്നവയാണ്.

അപ്സു ശീതതാ (വൈ. 2.2.5) ജലത്തിൽ ശീതത്വം (കുളിർമ) എന്ന ഗുണവും കൂടി സ്വാഭാവികമായ്ട്ടുള്ളതാകുന്നു.

തേജോ രൂപസ്പർശവത് (വൈ. 2.1.3) രൂപം സ്പർശം എന്നീ ഗുണങ്ങളോടു കൂടിയതാണ് തേജസ്. തേജസിന്റെ സ്വാഭാവികഗുമം രൂപമാകുന്നു. സ്പർശം വായുവിന്റെ സമ്പർക്കം കൊണ്ടുണ്ടാകുന്നതാണ്.

സ്പർശവാൻ വായുഃ (വൈ. 2.1.4) സ്പർശ ഗുണം മാത്രമുള്ളതാണ് വായു. സ്പർശത്തിന് ചൂടും കുളിർമയും ഉണ്ടാകുന്നത് തേജസിന്റേയും ജലത്തിന്റേയും സംയോഗം കൊണ്ടാകുന്നു.

ത ആകാശേ ന വിദ്യന്തേ. (വൈ. 2.1.5) രൂപം, രസം, ഗന്ധം, സ്പർശം, എന്നീ ഗുണങ്ങളൊന്നും ആകാശത്തിൽ ഇല്ല. ആകാശത്തിലുള്ള ഗുണം ശബ്ദം മാത്രമാകുന്നു.

നിഷ്ക്രമണം പ്രവേശനമിത്യാകാശസ്യ ലിംഗമ് (വൈ. 2.1.20) നിഷ്ക്രമണം ബഹിർഭാഗത്തേക്ക് ഗമനം, പ്രവേശനം-അന്തർഭാഗത്തേക്ക് ആഗമനം എന്നീ രണ്ടു ക്രിയകൾ ഉള്ള ദ്രവ്യമാണ് ആകാശം.

കാര്യാന്തരാപ്രാദുർഭാവാച്ച ശബ്ദഃസ്പർശവതാമഗുണഃ (വൈ. 2.1.25) പൃഥിവി മുതലായ കാര്യങ്ങളിൽ നിന്ന് ശബ്ദം പ്രകടമാകായ്കയാൽ ശബ്ദം, സ്പർശഗുണമുള്ള ഭൂമി മുതലായവയുടെ ഗുണമല്ല. പ്രത്യുത ആകാശത്തിന്റെ ഗുണമാകുന്നു.

അപരസ്മിന്നപരം യുഗപച്ചിരം ക്ഷിപ്രമിതി കാലലിംഗാനി (വൈ. 2.2.6) അപരം (പിന്നീട്) **പരം** (മുമ്പ്) **യുഗപത്** (ഒരേസമയം) **ചിരം** (വിളംബം) **ക്ഷിപ്രം** (വേഗം) മുതലായ പ്രയോഗങ്ങൾ ഏതൊന്നിലുണ്ടാകുന്നുവോ, അതാണ് കാലം.

നിത്യേഷ്വഭാവാദനിത്യേഷു ഭാവാത് കാരണേ കാലാഖ്യേതി. (വൈ. 2.2.9) നിത്യവസ്തുക്കളിൽ ഇല്ലാത്തതു കൊണ്ടും അനിത്യവസ്തുക്കളിൽ മാത്രം ഉള്ളതുകൊണ്ടും കാരണത്തിൽ തന്നെയാണ് കാലസംജ്ഞ.

ഇത ഇദമിതി യതസ്തദ്ദിശ്യം ലിംഗമ്. (വൈ. 2.2.10) കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക്, മുകൾ, താഴെ എന്നീ വിധത്തിൽ വ്യവഹരിക്കുന്നതാണ് ദിക്ക്.

ആദിത്യസംയോഗാദ് ഭൂതപൂർവാദ് ഭവിഷ്യതോ ഭൂതാച്ച പ്രാചീ (വൈ. 2.2.14) ആദിത്യന്റെ സംയോഗം ഏതൊരു ദിക്കിലാണോ ത്രികാലങ്ങളിലും ഒന്നാമതായി ഉണ്ടാകുന്നത് അതിനെ കിഴക്ക് എന്നും ആദിത്യൻ അസ്തമിക്കുന്ന ദിക്കിനെ പടിഞ്ഞാറ് എന്നും പറയുന്നു. കിഴക്കോട്ടു നോക്കിനിൽക്കുന്ന ആളിന്റെ വലതുഭാഗം തെക്കും ഇടത്തുഭാഗം വടക്കും ആകുന്നു.

ഏതേന ദിഗന്തരാലാനി വ്യാഖ്യാതാനി (വൈ. 2.2.16) കിഴക്കിനും തെക്കിനും മധ്യത്തിൽ ആഗ്നേയീ ദിക്കും തെക്കിനും പടിഞ്ഞാറിനും മധ്യത്തിൽ നൈർഋതീ ദിക്കും പടിഞ്ഞാറ് വടക്ക് എന്നിവയുടെ മധ്യത്തിൽ വായവീദിക്കും, വടക്കിനും കിഴക്കിനും ഇടയിൽ ഐശാനദിക്കുമാണ്.

ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖജ്ഞാനാന്യാത്മനോ ലിങ്ഗമിതി. (ന്യായ. 1.1.10) ഇച്ഛ. ദ്വേഷം, പ്രയത്നം, (പുരുഷാർഥം), സുഖം, ദുഃഖം, അറിവ് എന്നീ ഗുണങ്ങൾ ഉള്ളതാണ്, ജീവാത്മാവ്. വൈശേഷികദർശനത്തിൽ വിശേഷാൽ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്.

പ്രാണാപാനനിമേഷോന്മേഷ ജീവനമനോഗതീന്ദ്രിയാന്തർ വികാരാഃ സുഖ, ദുഃഖേച്ഛാദ്വേഷ പ്രയത്നാശ്ചാത്മനോ ലിങ്ഗാനി (വൈ. 3.2.4) (പ്രാണ) വായുവിനെ അകത്തുനിന്നു പുറത്തേക്കു തള്ളുക, **(അപാന)** പുറത്തുനിന്ന് അകത്തേക്ക് വായുവിനെ വലിച്ചെടുക്കുക [42], **(നിമേഷ)** കണ്ണടക്കുക, **(ഉന്മേഷ)** കണ്ണുമിഴിക്കുക, **(ജീവന)** പ്രാണധാരണം ചെയ്യുക, **(മനഃ)** മനനം, ചിന്ത, അറിവ് **(ഗതി)** യഥേഷ്ടം ചരിക്കുക **(ഇന്ദ്രിയ)**

42 പ്രാണൻ, അപാനൻ എന്നിവ യാഥാക്രമം വായുവിനെ ഉള്ളിലേക്കെടുക്കുക. പുറത്തേക്കു വിടുക എന്നിവയാണെന്ന മിഥ്യാബോധം പൊതുവായുണ്ട്. *മുഖനാസികാഭ്യാം ബഹിർന്നിസ്സരൻവായുഃപ്രാണഃ അന്തർഗച്ഛന്നപാനഃ.* വായിലും മൂക്കിലും കൂടി പുറത്തേക്കു വിടുന്ന വായു പ്രാണനും അകത്തേക്കെടുക്കുന്നത് അപാനനുമാണെന്ന് സായണൻ അഥർവവേദഭാഷ്യത്തിൽ (18. 2.46)

ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ പ്രവർത്തിപ്പിച്ച് അവയെ ഗ്രഹിക്കുക, **(അന്തർവികാര)** വിശപ്പ്, ദാഹം, പനി, വേദന മുതലായ വികാരങ്ങളുണ്ടാവുക, സുഖദുഃഖങ്ങൾ, ഇച്ഛാദ്വേഷങ്ങൾ, പ്രയത്നം എന്നിവ ആത്മാവിന്റെ ലിങ്ഗങ്ങൾ അഥവാ ആത്മാവിന്റെ ഗുണകർമങ്ങളാകുന്നു.

യുഗപജ്ജ്ഞാനാനുത്പത്തിർമനസോ ലിങ്ഗമ് (ന്യാ. 1.1.16) ഒരേ സമയം രണ്ടു പദാർഥങ്ങളെ ഗ്രഹിക്കുവാൻ ശക്തിയില്ലാത്തതിനെ മനസ്സെന്നു പറയുന്നു. ഇപ്രകാരം ദ്രവ്യങ്ങളുടെ സ്വരൂപവും ലക്ഷണവും പറഞ്ഞു. ഇനി ഗുണങ്ങൾ പറയാം.

രൂപരസഗന്ധസ്പർശാഃ സംഖ്യാഃ--പരിമാണാനി പൃഥക്ത്വം സംയോഗവിഭാഗൌ പരത്വാപരത്വേ ബുദ്ധയഃ സുഖ ദുഃഖേ ഇച്ഛാദ്വേഷൌ പ്രയത്നാശ്ച ഗുണാഃ (വൈ. 1.1.6) രൂപം, രസം, ഗന്ധം, സ്പർശം, സംഖ്യ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, ബുദ്ധി, സുഖം, ദുഃഖം, ഇച്ഛ, ദ്വേഷം, പ്രയത്നം, (ഗുരുത്വം [43], ദ്രവത്വം, സ്നേഹം, സംസ്കാരം, ധർമം, അധർമം, ശബ്ദം) എന്നിങ്ങനെ ഇരുപത്തിനാലു ഗുണങ്ങളാകുന്നു.

ദ്രവ്യാശ്രയ്യഗുണവാൻസംയോഗവിഭാഗേഷ്വകാരണമനപേക്ഷ ഇതി ഗുണലക്ഷണമ് (വൈ. 1.2.16) ദ്രവ്യത്തെ ആശ്രയിക്കുകയും അന്യഗുണങ്ങളെ ധാരണം ചെയ്യാതിരിക്കുകയും, സംയോഗ വിഭാഗങ്ങളിൽ കാരണമാകാത്തതും പരസ്പരാപേക്ഷ കൂടാതെ വർത്തിക്കുന്നതുമാണ് ഗുണം.

ശ്രോത്രോപലബ്ധിർ ബുദ്ധിർനിർഗ്രാഹ്യഃ പ്രയോഗേണാഭിജ്വലിത ആകാശദേശഃ ശബ്ദഃ (മഹാഭാഷ്യം) [43] ചെവികൊണ്ട് പ്രാപിക്കാവുന്നതും, ബുദ്ധിയാൽ ഗ്രഹിക്കാവുന്നതും പ്രയോഗത്താൽ പ്രകാശിക്കുന്നതും, ആകാശത്തിൽ വർത്തിക്കുന്നതുമാണ് ശബ്ദം.

കണ്ണുകൊണ്ട് ഗ്രഹിക്കുന്ന ഗുണമാണ് രൂപം. നാക്കുകൊണ്ട് അറിയുന്ന മധുരാദിഭേദങ്ങളാണ് രസം. മൂക്കുകൊണ്ട് അറിയുന്ന ഗുണമാണ് ഗന്ധം. ത്വക്കുകൊണ്ട് ഗ്രഹിക്കുന്നത് സ്പർശമാണ്. ഒന്ന്, രണ്ട് എന്നിങ്ങനെ എണ്ണുന്നതാണ് സംഖ്യ. ഘനം കുറഞ്ഞത്, ഘനം കൂടിയത് എന്നീ ജ്ഞാനത്തിനു കാരണമായ ഗുണമാണ് പരിമാണം [45]. അന്യോന്യം അകന്നിരിക്കുന്നത് പൃഥക്ത്വവും, പരസ്പരം കൂടിച്ചേർന്നിരിക്കുന്നത് സംയോഗവും ഒന്നിച്ചിരിക്കുന്നവ വേർപിരിയുന്നത് വിഭാഗവും ആകുന്നു. "അതിൽനിന്ന് ഇത് പരമാണ്" എന്നത് പരത്വവും. "ഇത് അതിൽ നിന്ന് അപരമാണ്" എന്നത് അപരത്വവും ആകുന്നു. നന്മയും തിന്മയും വേർതിരിച്ചറിയുന്നത് ബുദ്ധിയാണ്. ആനന്ദത്തിന്റെ പര്യായമാണ് സുഖം. ക്ലേശം എന്നത് ദുഃഖമാണ്. ഇച്ഛയ്ക്ക് ആഗ്രഹമെന്നും ദ്വേഷത്തിന് വിരോധമെന്നുമാണർഥം. വിവിധ പുരുഷാർഥയത്നങ്ങൾ പ്രയത്നവും ആകുന്നു. ഗുരുത്വം ഘനവും ദ്രവത്വം ഒഴുക്കും ആകുന്നു. പ്രീതിയെന്നും സ്നിഗ്ദ്ധതയെന്നുമാണ് സ്നേഹത്തിന്റെ അർഥം. മറ്റൊന്നിന്റെ സംയോഗം കൊണ്ടുണ്ടാകുന്ന വാസനയാണ് സംസ്കാരം. ന്യായാചരണവും കഠിനത്വാദികളുമാണ് ധർമം. അന്യായാചരണവും കഠിനത്വത്തിനു വിരുദ്ധമായ കോമളത്വം മുതലായവും അധർമമാണ്. ഇങ്ങനെ ഇരുപത്തിനാലു ഗുണങ്ങളാണുള്ളത്.

ഉത്ക്ഷേപണമവക്ഷേപണമാകുഞ്ചനം പ്രസാരണം ഗമനമിതി കർമാണി (വൈ. 1.1.7) ഉത്ക്ഷേപണം-മുകളിലേക്കുള്ള ചലനം അവക്ഷേപണം-താഴോട്ടുള്ള ചലനം ആകുഞ്ചനം സങ്കോചിക്കുക, പ്രസാരണം പരത്തുക ഗമനം- പോവുക വരിക ചുറ്റിത്തിരിയുക മുതലായ ക്രിയകൾ, ഇങ്ങനെ അഞ്ചുവിധത്തിലാണ് കർമങ്ങൾ. ഇനി കർമത്തിന്റെ ലക്ഷണം പറയാം.

ഏകദ്രവ്യമഗുണം സംയോഗവിഭാഗേഷ്വനപേക്ഷകാരണ മിതി കർമലക്ഷണമ് (വൈ. 1.1.11) ഒരു ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നതും, ഗുണരഹിതമായ സംയോഗവിഭാഗങ്ങളിൽ അപേക്ഷാരഹിതമായ കാരണവുമായിട്ടുള്ളതാണ് കർമം. അല്ലെങ്കിൽ ചെയ്യുന്നത് കർമം എന്നും ലക്ഷണം പറയാം.

ദ്രവ്യഗുണകർമണാം ദ്രവ്യംകാരണം സാമാന്യമ് (വൈ. 1.1.18) ഗുണം, കർമം എന്നിവയുടെ കാരണദ്രവ്യമായ കാര്യദ്രവ്യത്തിനെ സാമാന്യദ്രവ്യം എന്നു പറയുന്നു.

43 പ്രയത്നത്തിനുശേഷം 'ച' എന്നതുകൊണ്ട് ഗുരുത്വം, ദ്രവത്വം സംസ്കാരം അദൃഷ്ടം (ധർമാധർമങ്ങൾ) ശബ്ദം എന്നിവയെ ഭാഷ്യകാരൻ എണ്ണുന്നു. അങ്ങനെ 17+7=24 (*ച ശബ്ദ സമുച്ചിതാശ്ച ഗുരുത്വ ദ്രവത്വ സ്നേഹ സംസ്കാരാദൃഷ്ടശബ്ദാഃ സപ്തൈവേത്യേവം ചതുർവിംശതി ഗുണാഃ (പ്രശസ്തപാദഭാഷ്യേ ഉദ്ദേശപ്രകരണമ്)*

44 മഹാഭാഷ്യം 1.1.1

45 ഇവിടെ "അളവ്, അണു, മഹത്ത്, നീളമുള്ളത്, ഇല്ലാത്തത് എന്നിത്യാദികൾക്കും കാരണം പരിമാണം എന്നു വരേണ്ടതാണ്. ഘനക്കുറവും കൂടുതലും ഗുരുത്വത്തെ സംബന്ധിക്കുന്നതാണല്ലോ

द्रव्याणां द्रव्यं कार्यं सामान्यम् (വൈ.1.1.23) കാര്യത്വത്താൽ എല്ലാ കാര്യങ്ങളിലും സാമാന്യമായിരിക്കുന്നത് ദ്രവ്യങ്ങളുടെ കാര്യദ്രവ്യമാകുന്നു.

द्रव्यत्वं, गुणत्वं, कर्मत्वं च सामान्या(नि) विशेषाश्च (വൈ. 1.2.5) ദ്രവ്യങ്ങളിൽ ദ്രവ്യത്വവും ഗുണങ്ങളിൽ ഗുണത്വവും കർമങ്ങളിൽ കർമത്വവുംസമാന്യങ്ങളെന്നും വിശേഷങ്ങളെന്നു പറയുന്നു. ദ്രവ്യത്വം ദ്രവ്യങ്ങളിൽ സാമാന്യമാണ്. ഗുണത്വം, കർമത്വം എന്നിവയിൽ നിന്നു ദ്രവ്യത്വം വിശേഷവുമാകുന്നു. ഇങ്ങനെ സർവത്ര അറിഞ്ഞുകൊള്ളണം.

सामान्यं विशेष इति बुद्ध्यपेक्षम् (വൈ. 1.2.3) സാമാന്യം വിശേഷം എന്നിവ ബുദ്ധിയെ അപേക്ഷിച്ച് സിദ്ധമാകുന്നു. മനുഷ്യരിൽ സാമാന്യമായിട്ടുള്ളത് മനുഷ്യത്വമാണ്. മൃഗത്വാദികളെ അപേക്ഷിച്ച് അത് വിശേഷമാകുന്നു. മനുഷ്യരിൽ സ്ത്രീത്വം, പുരുഷത്വം, ബ്രാഹ്മണത്വം, ക്ഷത്രിയത്വം, വൈശ്യത്വം, ശൂദ്രത്വം, എന്നീ ധർമങ്ങളെല്ലാം വിശേഷങ്ങളാകുന്നു. ബ്രാഹ്മണത്വം ബ്രാഹ്മണരിൽ സാമാന്യവും ക്ഷത്രിയാദികളെ അപേക്ഷിച്ച് വിശേഷവും ആകുന്നു. ഇങ്ങനെ എല്ലായിടത്തും അറിയുക.

इहेदमिति यतः कार्यकारणयोः (स) समवायः (വൈ. 7.2.26) കാര്യകാരണങ്ങൾ- അതായത് അവയവും അവയവിയും, ക്രിയയും കർത്താവും, ഗുണവും ഗുണിയും, ജാതിയും വ്യക്തിയും എന്നിവയ്ക്കു തമ്മിലുള്ള ബന്ധം നിത്യമാകുന്നു. ആ നിത്യബന്ധമാണ് സമവായം. മറ്റു പദാർഥങ്ങൾക്ക് പരസ്പരമുള്ള ബന്ധം (സംയോഗബന്ധം) അനിത്യബന്ധം ആകുന്നു.

द्रव्यगुणयोः सजातीययारंभकत्वं साधर्म्यम्. (വാ. 1.1.9) സമാനജാതീയങ്ങളായ ദ്രവ്യ ഗുണങ്ങളെ ഉല്പാദിപ്പിക്കുന്നതിന് സാധർമ്യം എന്നു പറയുന്നു. പൃഥ്വിവിയിൽ ജഡത്വം, കുടം, മുതലായവയുടെ ഉല്പാദകത്വവും സ്വസദൃശധർമങ്ങളാണ്. ജലത്തിൽ ജഡത്വവും സജാതീയമായ ഹിമത്തിന്റെ ഉല്പാദകത്വവും ഉണ്ട്. അതിനാൽ പൃഥ്വിവിക്കു ജലത്തിനോടും ജലത്തിന് പൃഥ്വിവിയോടും സാധർമ്യം ഉണ്ട്. ഈ പറഞ്ഞ സാധർമ്യലക്ഷണം കൊണ്ട് "**द्रव्यगुणयोर्विजातीयारंभकत्वं वैधर्म्यं**" എന്ന വൈധർമ്യലക്ഷണം കൂടി പറയേണ്ടതായി വരുന്നു. ദ്രവ്യഗുണങ്ങളിലുള്ള വിരുദ്ധധർമങ്ങളുടെയും വിജാതീയകാര്യങ്ങളുടെയും ഉല്പാദകത്വമാണ് വൈധർമ്യം. പൃഥ്വിവിയിലുള്ള കാഠിന്യം, ശുഷ്കത, ഗന്ധവത്വം എന്നീ ധർമങ്ങൾ ജലത്തിലുള്ള കാഠിന്യം, മാർദ്ദവം, രസവത്വം എന്നീ ധർമങ്ങളിൽ നിന്നു വിരുദ്ധങ്ങളാകയാൽ വൈധർമ്യങ്ങളാണ്.

कारणभावात् कार्यभावः (വൈ. 4.1.3) കാരണം ഉണ്ടെങ്കിലേ കാര്യം ഉണ്ടാവൂ.

न तु कार्याभावात् कारणाभावः (വൈ. 1.2.2.) കാര്യം ഉണ്ടായിട്ടില്ലായ്കയാൽ കാരണം ഇല്ലെന്നു വരുന്നതല്ല.

कारणा *f* भावात् कार्या*f*भावः (വൈ. 1.2.1)കാരണം ഇല്ലെങ്കിൽ കാര്യം ഒരിക്കലും ഉണ്ടാവുകയില്ല.

कारणगुणपूर्वकःकार्यगुणो दृष्टः (വൈ. 2.1.24) കാരണത്തിൽ കാണുന്ന ഗുണങ്ങൾ മാത്രമേ കാര്യത്തിലും കാണുകയുള്ളൂ. പരിമാണം രണ്ടുവിധത്തിലാകുന്നു.

अणु महदिति तस्मिन् विशेषाभावाद्विशेषाभावाच्च (വൈ. 7.1.11) അണു (സൂക്ഷ്മം) മഹത് (വലുത്) എന്നിങ്ങനെ പരിമാണം രണ്ടുവിധം. ത്രസരേണു കുന്നിയേക്കാൾ ചെറുതും വൃക്ഷത്തേക്കാൾ വലുതുമാകുന്നു. അതുപോലെ തന്നെ പർവതം ഭൂമിയേക്കാൾ ചെറുതും വൃക്ഷത്തേക്കാൾ വലുതും ആണ്.

सदिति यतो द्रव्यगुणकर्मसु सा सत्ता (വൈ. 1.2..7) "सत्द्रव्यं, सद्गुणः, सत्कर्मः" സത്തായദ്രവ്യം സത്തായ ഗുണം സത്തായ കർമം എന്നിങ്ങനെ വർത്തമാന കാലത്തെ കുറിക്കുന്ന സത് എന്ന ശബ്ദത്തോടു കൂടി ദ്രവ്യ ഗുണകർമങ്ങൾക്കുള്ള അന്വയത്തെയാണ് സത്തയെന്നു പറയുന്നത്.

भावो *f* नुवृत्तेरेव हेतु वात् सामान्यमेव (വൈ. 1.2.4) സത്ത എന്ന ഭാവം സകലവസ്തുക്കളിലും അനുവർത്തിച്ചു സ്ഥിതിചെയ്യുന്നതുകൊണ്ട് അതിനെ മഹാസാമാന്യം എന്നു പറയുന്നു. ഈ പറഞ്ഞതു മുഴുവനും ഭാവപദാർഥത്തെ സംബന്ധിച്ചാണ്. അഭാവം അഞ്ചു വിധത്തിലാണ്.

क्रियागुणव्यपदेशाभावात् प्रागसत् (വൈ.9.1.1) ക്രിയാഗുണങ്ങളുടെ വിശേഷനിമിത്തത്തിന്റെ അഭാവത്തിനു മുമ്പുള്ള അസത് (ഇല്ലായ്മ, അഭാവം) എന്നർഥം. കുടം, വസ്ത്രം മുതലായവ ഉല്പത്തിക്കു മുമ്പ് ഉണ്ടായിരുന്നില്ല. ആ ഇല്ലായ്മയാണ് പ്രാഗഭാവം.

രണ്ടാമത്തേത്

സദസത് (വൈ. 9.1.2) ഉണ്ടായ കുടം ഇല്ലാതായിപ്പോകുന്നതുപോലെ ഒരിക്കൽ ഉണ്ടായിട്ട് പിന്നീട് ഇല്ലാതുകുന്നതിനെ പ്രദ്ധ്വംസാഭാവം എന്നു പറയുന്നു.

മൂന്നാമത്തേത്–

സച്ചാസത് (വൈ. 9.1.4) ഉണ്ടെന്നും പുനരില്ലെന്നും "അഗൌരശ്വോനശ്വോഗൗ" കുതിര പശുവല്ല; പശു കുതിരയുമല്ല. കുതിരയിൽ കുതിരയുടെയും, പശുവിൽ പശുവിന്റെയും ഭാവം ഉണ്ട്. അതുപോലെ കുതിരയിൽ പശുവിന്റെയും പശുവിൽ കുതിരയുടെയും അഭാവം ഉണ്ടല്ലോ. ഈ അഭാവത്തെ അന്യോന്യാഭാവം എന്നു പറയുന്നു.

നാലാമത്തേത്–

യച്ചാന്യദസദതസ്തദസത് (വൈ. 9.1.5) മുൻപറഞ്ഞ മൂന്ന് അഭാവങ്ങളിൽ നിന്നും ഭിന്നമായ അഭാവത്തിന് അത്യന്താഭാവം എന്നു പറയുന്നു. മനുഷ്യന്റെ കൊമ്പ്, ആകാശകുസുമം, വന്ധ്യാപുത്രൻ മുതലായവയുടെ അഭാവം ഈ ഇനത്തിൽ പെടുന്നു.

അഞ്ചാമത്തേത്:–

നാസ്തി ഘടോ ഗേഹ ഇതി സതോ ഘടസ്യ ഗേഹ സംസർഗ പ്രതിഷേധഃ (വൈ. 9.1.10) വീട്ടിൽ കുടമില്ല എന്നു പറഞ്ഞാൽ മറ്റെവിടെയോ ഉണ്ടെന്നും, വീടിനോട് കുടത്തിനു ബന്ധമില്ലെന്നുമാണർഥം. ഇതിനെ സംബന്ധാഭാവമെന്നു പറയുന്നു. ഇങ്ങനെ അഭാവം അഞ്ചുവിധത്തിലാണ്.

ഇന്ദ്രിയദോഷാത് സംസ്കാരദോഷാച്ചാവിദ്യാ (വൈ. 9.2.15) ഇന്ദ്രിയങ്ങളുടെയും സംസ്കാരത്തിന്റെയും ദോഷംകൊണ്ട് അവിദ്യ ഉണ്ടാകുന്നു.

തദ്ദുഷ്ടജ്ഞാനമ് (വൈ. 9.2.11) ദുഷ്ടമായ ജ്ഞാനം-വിപരീതജ്ഞാനം-ആണ് അവിദ്യ.

അദുഷ്ടം വിദ്യാ. (വൈ. അ. 9 ആ. 2. സൂ. 12) അദുഷ്ടമായ ജ്ഞാനം അഥവാ, യഥാർഥജ്ഞാനമാണ് വിദ്യ.

പൃഥിവ്യാദിരൂപരസഗന്ധസ്പർശാ ദ്രവ്യാനിത്യത്വാദനിത്യാശ്ച. (വൈ. 7.1.2) ഏതേന നിത്യേഷു നിത്യത്വമുക്തമ് (വൈ. 7.1.9) കാര്യരൂപമായ പൃഥിവ്യാദി പദാർഥങ്ങളെല്ലാം അനിത്യങ്ങളായതുകൊണ്ട് അവയിലുള്ള രൂപം, രസം, ഗന്ധം, സ്പർശം തുടങ്ങിയ ഗുണങ്ങളും അനിത്യവും കാരണരൂപമായ പൃഥിവ്യാദി നിത്യദ്രവ്യങ്ങളിലുള്ള (നാശമില്ലാത്ത പരമാണുക്കളിലുള്ള) ഗന്ധാദിഗുണങ്ങൾ നിത്യവുമാണ്.

സദകാരണവന്നിത്യമ് (വൈ. 4.1.1) സത്തയോടുകൂടിയതും കാരണമില്ലാത്തതുമായ പദാർഥമാണ് നിത്യമായത്. "സത്കാരണവദനിത്യം" കാരണത്തോടുകൂടിയവയും കാര്യരൂപങ്ങളുമായ ഗുണങ്ങൾ അനിത്യങ്ങളാണ് എന്നു കൂടി മനസ്സിലാക്കാം,

അസ്യേദം കാര്യം കാരണം സംയോഗി വിരോധി സമവായി ചേതി ലൈങ്ഗികമ് (വൈ. 9.2.1) സമവായി, സംയോഗി, ഏകാർഥസമവായി, വിരോധി, എന്നീ നാലു വിധത്തിലാണ് അവയവപരമായ ജ്ഞാനം അഥവാ അവയവം അവയവി എന്നിവയുടെ ചേർച്ച കൊണ്ടുണ്ടാകുന്ന അറിവ്. "ആകാശം പരിമാണത്തോടുകൂടിയതാണ് എന്നത് സമവായിയുടെയും" "ശരീരം ത്വക്കോടുകൂടിയതാകുന്നു." എന്ന് നിത്യസംയോഗത്തെ കാണിക്കുന്നത് സംയോഗിയുടെയും ദൃഷ്ടാന്തം. ഒന്നിൽ തന്നെ രണ്ടിന്റെ സ്ഥിതി ഏകാർഥസമവായമാണ്. കാര്യരൂപമായ സ്പർശം, കാര്യത്തിന്റെ അവയവമാണ്. പെയ്ത മഴ പെയ്യുവാൻ പോകുന്ന മഴയ്ക്ക് എതിരായതാണെന്നത് വിരോധിക്കുള്ള ഉദാഹരണമാകുന്നു.

നിയതധർമസാഹിത്യമുഭയോരേകതരസ്യ വാ വ്യാപ്തിഃ. നിജശക്ത്യുദ്ഭവമിത്യാചാര്യാഃ ആധേയശക്തിയോഗ ഇതി പഞ്ചശിഖഃ (സാംഖ്യസൂത്രം. അ. 5 സൂ. 29.31.32) അനുമാനത്താൽ അറിയേണ്ടതിനെ സാധ്യമെന്നും സാധ്യജ്ഞാനം ഉണ്ടാക്കുന്നതിനെ സാധനമെന്നും പറയുന്നു. സാധ്യം സാധനം എന്നീ രണ്ടിന്റേയുമോ, ഏതെങ്കിലും ഒന്നിന്റെ മാത്രമോ നിശ്ചിത ധർമമായ സഹചാരമാണ് വ്യാപ്തി എന്നു പറയുന്നത്. തീ, പുക എന്നിവയുടെ സഹചാരിത്വം ഇതിനുദാഹരണം. (29)

വ്യാപ്യമായിരിക്കുന്ന പുകയ്ക്ക് സ്വന്തം ശക്തികൊണ്ടുണ്ടാകുന്നത് മറ്റൊരുവിധത്തിലുള്ള വ്യാപ്തിയാകുന്നു. ദേശാന്തരത്തെ പ്രാപിച്ച പുക, അഗ്നിയെക്കൂടാതെ സ്വയം സ്ഥിതിചെയ്യുന്നു. അഗ്നിയുടെ ഛേദന-ഭേദന-സാമർഥ്യങ്ങളിൽ ജലാദി പദാർഥങ്ങൾ പുകയായിത്തീർന്ന് പ്രകടമാകുന്നു. (31)

മഹത്തത്ത്വാദികളിൽ പ്രകൃത്യാദികൾക്കുള്ള വ്യാപകത ബുദ്ധ്യാദികളിലുള്ള വ്യാപ്യത എന്നീ ധർമങ്ങളുടെ ബന്ധത്തിന്റെ പേരാണ് വ്യാപ്തി. ശക്തി, ശക്തിമാൻ എന്നിവ തമ്മിൽ ഉള്ള ആധേ



യാധാര ബന്ധം ഉദാഹരണം.

ഇങ്ങനെ ശാസ്ത്രപ്രമാണങ്ങളെക്കൊണ്ട് പരീക്ഷിച്ചിട്ടേ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാവൂ. അന്യഥാ വിദ്യാർഥികൾക്ക് ഒരിക്കലും സത്യബോധം ഉണ്ടാവുകയില്ല. പഠിപ്പിക്കുവാനുള്ള ഗ്രന്ഥങ്ങളെ ഇപ്രകാരം പരിശോധിച്ച്, സത്യമായവയെ മാത്രമേ പഠിപ്പിക്കാവൂ. വിരുദ്ധമായ ഗ്രന്ഥങ്ങളെ പഠിക്കുകയോ, പഠിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ, **ലക്ഷണപ്രമാണാഭ്യാം വസ്തുസിദ്ധിഃ. "ഗന്ധവതീ പൃഥിവീ"** ഗന്ധമുള്ളതാണ് പൃഥിവി ഇത്യാദി ലക്ഷണങ്ങളെയും പ്രത്യക്ഷാദി പ്രമാണങ്ങളെയും കൊണ്ടാണ് എല്ലാ സത്യാസത്യങ്ങളും പദാർഥതത്ത്വവും നിർണയിക്കുന്നത്. ലക്ഷണപ്രമാണങ്ങളില്ലാതെ ഒന്നിനേയും നിർണയിക്കാവുന്നതല്ല.

അഥ പഠന പാഠന വിധിഃ

ഇനി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാനുള്ള രീതി വിവരിക്കാം. ഒന്നാമതു പഠിപ്പിക്കേണ്ടത് പാണിനീമുനി രചിച്ച സൂത്രരൂപത്തിലുള്ള **ശിക്ഷ**യാണ്. ഓരോ വർണത്തിന്റേയും സ്ഥാനപ്രയത്നങ്ങളും കാരണവും ഒന്നാമതായി പഠിപ്പിക്കണം. ഒരുദാഹരണം പറയാം. 'പ' കാരത്തിന്റെ സ്ഥാനം ഓഷ്ഠമാണ്. സ്പൃഷ്ടമാണ് പ്രയത്നം; പ്രാണന്റെയും ജിഹ്വയുടെയും ക്രിയയാണ് കരണം എന്നിപ്രകാരം എല്ലാ അക്ഷരങ്ങളുടേയും ഉച്ചാരണക്രമം മാതാപിതാക്കന്മാരും ഗുരുക്കന്മാരും കുട്ടികളെ പഠിപ്പിക്കണം.

പിന്നീട് **വ്യാകരണം,** അതായത് അഷ്ടാധ്യായിയുടെ സൂത്രപാഠമാണ് അഭ്യസിക്കേണ്ടത്. **വൃദ്ധിരാദൈച്** എന്ന സൂത്രം പഠിച്ച്, **വൃദ്ധിഃ ആത് ഐച്** എന്നോ അല്ലെങ്കിൽ **വൃദ്ധിഃ ആദൈച്** എന്നോ പദച്ഛേദം ചെയ്ത്, **ആച്ച് ഐച്ച് ആദൈച്** എന്നിങ്ങനെ വിഗ്രഹിച്ച്, "**ആദൈചാം വൃദ്ധിസംജ്ഞാ ക്രിയതേ**" **ആ, ഐ, ഔ** എന്നീ വർണങ്ങൾക്ക് **വൃദ്ധി** എന്നു സംജ്ഞചെയ്യുന്നു എന്ന് അർഥം ഗ്രഹിക്കുക. **"തഃ പരോ യസ്മാത് തപരഃ സ്താദപി പരസ്തപരഃ"** ഏതൊന്നിൽ നിന്ന് തകാരം പരമായിരിക്കുന്നുവോ അത് തപരം, തകാരത്തിൽ നിന്ന് പരമായിട്ടുള്ളതും തപരം എന്നുള്ളതുകൊണ്ട് **ആദൈച്** എന്നതിലെ തകാരത്തിന്റെ മുമ്പും പിമ്പുമുള്ള **ആ ഐച്** എന്നിവ രണ്ടും തപരങ്ങളാണെന്നു സിദ്ധിക്കുന്നു. അതുകൊണ്ടുള്ള പ്രയോജനം ഹ്രസ്വങ്ങൾക്കും ദീർഘങ്ങൾക്കും വൃദ്ധിസംജ്ഞ വരികയില്ലെന്നതാണ്. ഇപ്രകാരം സൂത്രാർഥം പഠിച്ചിട്ട്, **വൃദ്ധി**സംജ്ഞയുടെ ഉദാഹരണം മനസിലാക്കണം. **ഭാഗഃ അധ്യായഃ. നായകഃ സ്താവകഃ, കാരകഃ** എന്നീ പദങ്ങളെല്ലാം ഉദാഹരണങ്ങളാകുന്നു.

ഭാഗം :- **ഭജ്** എന്ന ധാതുവിനു പരമായി **ഘഞ്** പ്രത്യയം വരുന്നു. പ്രത്യയത്തിലുള്ള **ഘ**കാരം **ഞ**കാരം എന്നീ രണ്ടു വർണങ്ങൾ **ഇത്സംജ്ഞ** വന്ന് ലോപിച്ച് **അ**കാരം മാത്രം ശേഷിക്കുന്നു. **ഭജ്അ** എന്നു ശേഷിക്കുന്നതിൽ **ഭജ്** എന്ന പ്രകൃതിയിലുള്ള ഭകാരത്തിൽ നിന്നു **പരവും ജ**കാരത്തിൽ നിന്നു **പൂർവവുമായ അ**കാരത്തിന്റെ സ്ഥാനത്തിൽ **വൃദ്ധിസംജ്ഞ**യോടു കൂടിയ **ആ**കാരം വന്ന് **ഭാജ് അ** എന്നാകുന്നു. പിന്നെ ജകാരത്തിന്റെ സ്ഥാനത്തിൽ ഗകാരം വരികയും ഒടുവിൽ **ഭാഗഃ** എന്ന രൂപം സിദ്ധിക്കുകയും ചെയ്യുന്നു.

അധ്യായ :- **അധി** എന്ന ഉപസർഗത്തോടുകൂടിയ **ഇങ്** ധാതുവിലുള്ള ഹ്രസ്വ **ഇ**കാരത്തിന്റെ സ്ഥാനത്ത്, **ഘഞ്** പ്രത്യയം പരമായി, **ഐ** എന്നു വൃദ്ധിവരുന്നു. പിന്നീട് **ഐ**കാരത്തിന് **ആയ്** എന്ന് ആദേശം വന്ന് എല്ലാം കൂടി ചേർന്ന് **അധ്യായഃ** എന്ന രൂപമുണ്ടാകുന്നു.

നായക :- **നീഞ്** ധാതുവിന് പരമായി **ണ്വുല്** പ്രത്യയം വരുമ്പോൾ ധാതുവിലുള്ള ദീർഘമായ **ഈ**കാരത്തിന്റെ സ്ഥാനത്ത് **ഐ**കാരം **വൃദ്ധി**, ആ **ഐ**കാരത്തിന് **ആയ്** എന്ന് ആദേശം വന്ന്, (**അക**, എന്ന പ്രത്യയാദേശം ചേർന്ന് ▯ [46]) **നായകഃ** എന്ന രൂപം നിഷ്പന്നമാകുന്നു.

സ്താവക :- **സ്തു** ധാതുവിൽ **ണ്വുല്** പ്രത്യയം ചേരുമ്പോൾ ധാതുവിലെ ഹ്രസ്വകാരത്തിന്റെ സ്ഥാനത്ത് **ഔ**കാരം **വൃദ്ധി**, **ഔ**കാരത്തിന് **ആവ്** എന്ന് **ആദേശം**. എല്ലാം ചേർന്ന് **സ്താവകഃ** എന്ന രൂപം ഉണ്ടാകുന്നു

കാരക :- **കൃഞ്** ധാതുവിനു പരമായി **ണ്വുല്** പ്രത്യയം വരുന്നു. പ്രത്യയത്തിന്റെ ആദ്യത്തിലുള്ള **ണ** കാരത്തിനും അവസാനത്തിലുള്ള **ല** കാരത്തിനും **ഇത്** സംജ്ഞയും ലോപവും ശേഷിച്ച **വു** എന്നതിന് **അക** എന്ന് **ആദേശവും** വരുന്നു. ധാതുവിലുള്ള **ഋ**കാരത്തിന്റെ സ്ഥാനത്ത് **ആർ** എന്ന് **വൃദ്ധി** വന്ന് കാരകഃ എന്നു സിദ്ധിക്കുന്നു.

പൂർവാപരപ്രയോഗങ്ങളെപ്പറ്റി ഏതെല്ലാം സൂത്രങ്ങളേക്കൊണ്ട് എന്തെല്ലാം കാര്യങ്ങൾ വിധിച്ചിട്ടുണ്ടോ അതെല്ലാം പറഞ്ഞുകൊടുക്കു

46 കോഷ്ഠത്തിലേത് പരിഭാഷകന്റേതാണ്.

കയും പ്രക്രിയയുടെ ക്രമം മുഴുവനും ഇപ്രകാരം എഴുത്ത് പലകയിൽ എഴുതിക്കാണിക്കുകയും ചെയ്യേണ്ടതാണ്.-ഭജ+ഘഞ്+സു എന്നതിൽ ആദ്യം ഘകാരത്തിനും പിന്നെ ഞകാരത്തിനും ലോപം വരുന്നു. അപ്പോൾ ഭജ് +അ+സു എന്നായി. അതിന്റെ ശേഷം പ്രകൃതിയിലുള്ള അകാരത്തിന്റെ സ്ഥാനത്ത് വൃദ്ധിയായി ആകാരവും ജകാരത്തിന് ഗകാരാദേശവും വന്ന്, ഭാഗ്+അ+സു എന്നാകുന്നു. പിന്നീട് പ്രകൃതിയും ഘഞ് പ്രത്യയത്തിന്റെ അവശിഷ്ടമായ അകാരവും കൂടിച്ചേർന്ന്, ഭാഗ+സു എന്നാകുന്നു. അനന്തരം സു എന്നതിലുള്ള ഉകാരത്തിന് ഇത് സംജ്ഞയും ലോപവും സ് എന്നതിന്റെ സ്ഥാനത്ത് രു എന്ന ആദേശവും വരുന്നു. രു എന്ന ആദേശത്തിലെ ഉകാരവും ഇത് സംജ്ഞ വന്ന് ലോപിച്ചു പോകുകയാൽ ഭാഗ+ർ എന്നായിത്തീരുന്നു. ർ എന്ന വർണത്തിന്റെ സ്ഥാനത്തു വിസർഗം (ഃ) വന്ന് അവസാനം ഭാഗഃ എന്ന രൂപം സിദ്ധിക്കുകയും ചെയ്യുന്നു.

ഏതെല്ലാം സൂത്രങ്ങൾ, ഏതെല്ലാം കാര്യങ്ങൾ പ്രക്രിയയ്ക്ക് വിധിക്കുന്നുവോ, ആ സൂത്രങ്ങളും കാര്യങ്ങളും യഥാതഥമായി പഠിപ്പിച്ച്, എഴുതിച്ച്, പ്രക്രിയ പറയിക്കണം. ഇപ്രകാരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ അതിവേഗം ഉറച്ച ജ്ഞാനം ഉണ്ടാകും. ഇങ്ങനെ ഒരു തവണ അഷ്ടാധ്യായി മുഴുവനും പഠിപ്പിച്ചിട്ട് ധാതുപാഠം മുഴുവനും അർഥത്തോടുകൂടി, പത്തു ലകാരങ്ങളുടെ രൂപങ്ങളും പ്രക്രിയയോടുകൂടി ഉത്സർഗസൂത്രം പിന്നീട് അതിന്റെ അപവാദസൂത്രം എന്നീ ക്രമത്തിൽ പഠിപ്പിക്കേണ്ടതാണ്. സാമാന്യമായ ഒരു വിധിയെ പറയുന്ന സൂത്രമാണ് ഉത്സർഗസൂത്രം. "കർമണ്യണ്" എന്നത് ഒരു ഉത്സർഗ സൂത്രമാകുന്നു. കർമവാചകമായ പദം ഉപപദമാകുമ്പോൾ ഓരോ ധാതുവിലും അണ് പ്രത്യയം വരും എന്നാണ് ഈ സൂത്രം കൊണ്ടു വിധിക്കുന്നത്. കുഭകാരഃ എന്നത് ഇതിനുദാഹരണം. "**ആതോ നുപസർഗേ കഃ**" എന്നത് ഇതിന്റെ അപവാദ സൂത്രമാകുന്നു. ഉപസർഗമില്ലാത്ത ആകാരാന്ത ധാതുവിൽ കർമം ഉപപദമാകയാൽ ക പ്രത്യയം വരും എന്നാണ് അതിനർഥം. കർമം ഉപപദമാകുമ്പോൾ എല്ലാ ധാതുക്കളിലും അണ് പ്രത്യയം വന്നു ഭവിക്കുന്നു. ഇത് അധിക വിഷയങ്ങളെ സ്പർശിക്കുന്ന സാമാന്യവിധിയാണ്. ഈ വിധിയുടെ വിഷയങ്ങളിലന്തർഭവിച്ചിട്ടുള്ള ആകാരാന്ത ധാതുക്കളെ പ്രത്യയം വിഴുങ്ങിക്കളഞ്ഞു. ഇത് അല്പവിഷയങ്ങളെ മാത്രം സ്പർശിക്കുന്ന ഒരു വിശേഷവിധിയാകുന്നു. ഉത്സർഗവിധിയുടെ വിഷയത്തിൽ അപവാദവിധി കൈകടത്തുന്നതുപോലെ അപവാദവിധിയുടെ വിഷയത്തിൽ ഉത്സർഗവിധി പ്രവർത്തിക്കുന്നതല്ല. ചക്രവർത്തിയുടെ സാമ്രാജ്യത്തിൽ നാടുവാഴികളും ഇടപ്രഭുക്കന്മാരും ഭരണം നടത്തും. അതുപോലെ നാടുവാഴികളുടെയും ഇടപ്രഭുക്കന്മാരുടെയും മണ്ഡലത്തിൽ സാമ്രാട്ട് ഇടപെടുകയില്ലല്ലോ. ▯ [47]

ഉത്സർഗാപവാദക്രമത്തിലാണ് പാണിനീമഹർഷി അഖില ശബ്ദങ്ങളുടെയും അവയുടെ അർഥവും ബന്ധിപ്പിച്ച് ഓരായിരം ശ്ലോകങ്ങളിൽ ചുരുക്കി പറഞ്ഞിട്ടുള്ളത്. ധാതു പാഠത്തിനു ശേഷം ഉണാദിഗണം പഠിപ്പിച്ച് സുബന്തശബ്ദങ്ങളെ സംബന്ധിച്ചുള്ള സകല വിഷയങ്ങളും നല്ലവണ്ണം ബോധിപ്പിക്കണം. അതിന്റെ ശേഷം പൂർവപക്ഷം, സമാധാനം, വാർത്തികങ്ങൾ, കാരികകൾ, പരിഭാഷകൾ മുതലായവയോടു കൂടി രണ്ടാമതൊരിക്കൽ കൂടി അഷ്ടാധ്യായിയും തുടർന്ന് മഹാഭാഷ്യവും പഠിപ്പിക്കണം.

ബുദ്ധിമാനും നിഷ്കപടനുമായ വിദ്യാഭിവൃദ്ധിയെ ആഗ്രഹിക്കുന്ന വിദ്യാർഥി മടുങ്ങാതെ പഠിക്കുകയും യോഗ്യരായ ഗുരുക്കന്മാർ പഠിപ്പിക്കുകയും ചെയ്യുന്ന പക്ഷം ഒന്നരക്കൊല്ലം കൊണ്ട് അഷ്ടാധ്യായിയും ഒന്നരക്കൊല്ലം കൊണ്ട് മഹാഭാഷ്യവും പഠിച്ച് മൂന്നുകൊല്ലം കൊണ്ട് തികഞ്ഞ വൈയാകരണനാവുകയും വൈദികങ്ങളും ലൗകികങ്ങളുമായ ശബ്ദങ്ങളെയെല്ലാം വ്യാകരണം കൊണ്ടറിഞ്ഞ്, ഇതര ശാസ്ത്രങ്ങളെ ആയാസമെന്യേ പഠിക്കുവാനും പഠിപ്പിക്കുവാനും ശക്തനാവുന്നതുമാണ്. വ്യാകരണ ശാസ്ത്രാധ്യയത്തിനൊന്നിനും വേണ്ടി വരുന്നത്ര പരിശ്രമം മറ്റു ശാസ്ത്രാധ്യയനത്തിനൊന്നിനും വേണ്ടി വരുന്നില്ല.

മുൻപറഞ്ഞ ഗ്രന്ഥങ്ങൾ അഭ്യസിച്ചാൽ മൂന്നു കൊല്ലം കൊണ്ടുണ്ടാകുന്നിടത്തോളം അറിവ്, സാരസ്വതം, ചന്ദ്രിക, കൗമുദി, മനോരമ മുതലായ ഗ്രന്ഥങ്ങൾ പഠിക്കുന്നതായാൽ അമ്പതു കൊല്ലം

47 അഷ്ടാധ്യായി സൂത്രങ്ങൾ ഗദ്യരൂപത്തിലാണ്. ഏതെങ്കിലും ഗദ്യഗ്രന്ഥത്തിന്റെ വലിപ്പം എത്രയെന്നു പറയുന്നതിന് നിലവിലിരുന്ന പ്രാചീനരീതിയാണ് അവയിലെ അക്ഷരങ്ങളെണ്ണി അനുഷ്ടുപ്ഛന്ദസിന്റെ അക്ഷരസംഖ്യയായ 32കൊണ്ട് ഹരിച്ച്, ആ സംഖ്യയുടെ അത്രയും ശ്ലോകങ്ങൾ അതിലുണ്ടെന്നു പറയുന്നത്. അഷ്ടാധ്യായിയിൽ 1000X32=32000 അക്ഷരങ്ങളുണ്ട്.

പഠിച്ചാലും കൈവരുന്നതല്ല. എന്തെന്നാൽ മഹാന്മാരായ മഹർഷിമാർ ഗൗരവമേറിയ വിഷയങ്ങളെപ്പോലും അനായാസേന മനസ്സിലാക്കത്തക്കവണ്ണം തങ്ങളുടെ ഗ്രന്ഥങ്ങളിൽ വെളിവാക്കിയിട്ടുണ്ട്. അത്തരം വിഷയപ്രതിപാദനം ക്ഷുദ്രബുദ്ധികൾ കെട്ടിച്ചമച്ച ഗ്രന്ഥങ്ങളിൽ എങ്ങനെ ഉണ്ടാകാൻ? മഹർഷിമാരുടെ ആശയപ്രതിപാദനം കഴിയുന്നത്ര സുഗമവും അല്പകാലം കൊണ്ട് ഗ്രഹിക്കാവുന്നതുമായിരിക്കും. ക്ഷുദ്രബുദ്ധികൾ രചിക്കുന്ന കൃതികൾ പണിപ്പെട്ടു പഠിച്ചാലും അത്യല്പമായ ജ്ഞാനലാഭം മാത്രം ഉണ്ടാകത്തക്കവിധത്തിൽ കഴിയുന്നത്ര കഠിനമാക്കി രചിച്ചിരിക്കുന്നു. അവരുടെ ഗ്രന്ഥങ്ങൾ അഭ്യസിക്കുന്നത്, മല മറിച്ച് ചില്ലിക്കാശ് കണ്ടെടുക്കുന്നതിന് തുല്യമാണ്. ആർഷഗ്രന്ഥങ്ങളുടെ അധ്യയനമാകട്ടെ, ഒറ്റ മുങ്ങിന് വിലയേറിയ നിരവധി മുത്തുകൾ വാരിക്കൊണ്ടു വരുന്നതുപോലെയാണ്. വ്യാകരണം പഠിച്ചതിനു ശേഷം യാസ്കമുനി രചിച്ച നിഘണ്ടുവും[48] നിരുക്തവും അർഥത്തോടുകൂടി ഏഴെട്ടുമാസം കൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. നാസ്തികന്മാർ നിർമിച്ചിട്ടുള്ള അമരകോശാദി[49] ഗ്രന്ഥങ്ങളിൽ അനവധി കാലം വ്യർഥമാക്കരുത്. പിന്നീട് പിംഗളാചാര്യൻ ഉണ്ടാക്കിയിട്ടുള്ള ഛന്ദോഗ്രന്ഥം പഠിച്ച്, വൈദികങ്ങളും ലൗകികങ്ങളുമായ ഛന്ദസ്സുകളുടെ (വൃത്തങ്ങളുടെ) നിയമങ്ങളും പദ്യരചനാരീതിയും മറ്റും വഴിപോലെ മനസ്സിലാക്കണം. ഛന്ദോഗ്രന്ഥം, ശ്ലോകരചനാരീതി, പ്രസ്താരങ്ങൾ, എന്നിവ നാലുമാസംകൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. അല്പബുദ്ധികളുടെ രചനയായ വൃത്തരത്നാകരം മുതലായവയിൽ കാലം പാഴാക്കരുത്. പിന്നീട് മനുസ്മൃതി, വാല്മീകിരാമായണം, മഹാഭാരതത്തിലെ ഉദ്യോഗപർവത്തിലുള്ള വിദുരനീതി മുതലായ, ദുരാചാരങ്ങളെ ദൂരീകരിക്കുന്ന സംസ്കാരസമ്പാദകങ്ങളായ ഉത്തമഭാഗങ്ങൾ കാവ്യം പഠിപ്പിക്കുന്ന രീതിയിൽ പദച്ഛേദം, അർഥം, അന്വയം, വിശേഷണവിശേഷ്യങ്ങൾ എന്നിവ ഭാവാർഥവിവരണസഹിതം അധ്യാപകന്മാർ പഠിപ്പിക്കുകയും വിദ്യാർഥികൾ പഠിക്കുകയും ചെയ്യണം. ഇതിന് ഒരു വർഷം മതി. പിന്നെ പൂർവമീമാംസ, വൈശേഷികം, ന്യായം, യോഗം, സാംഖ്യം, വേദാന്തം എന്നീ ആറു ദർശനങ്ങളെ, (ശാസ്ത്രങ്ങളെ) കിട്ടാവുന്നിടത്തോലം ഋഷിപ്രണീതങ്ങളായ വ്യാഖ്യാനങ്ങളോടു കൂടിയോ അതില്ലെങ്കിൽ ഉത്തമവിദ്വാന്മാരുടെ സരളവ്യാഖ്യാനങ്ങളോടു കൂടിയോ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. എന്നാൽ വേദാന്തസൂത്രങ്ങൾ പഠിക്കുന്നതിനു മുമ്പ് ഈശാവാസ്യം, കേനം, കഠം, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, ഐതരേയം, തൈത്തിരീയം, ഛന്ദോഗ്യം, ബൃഹദാരണ്യകം എന്നീ പത്ത് ഉപനിഷത്തുകൾ പഠിക്കണം. അതിനുശേഷം ആറ് ദർശനങ്ങളുടെ മൂലസൂത്രങ്ങളെ അവയുടെ വൃത്തിയോടും ഭാഷ്യത്തോടും കൂടി രണ്ടുകൊല്ലത്തിനകം പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യണം. പിന്നെ ഐതരേയം, ശതപഥം, സാമം[50], ഗോപഥം, എന്നീ നാലു ബ്രാഹ്മണങ്ങളോടു കൂടി നാലു വേദങ്ങളും സ്വരം, ശബ്ദം, അർഥം, സംബന്ധം, ക്രിയ എന്നിവ സഹിതം ആറുകൊല്ലം കൊണ്ട് പഠിക്കണം. ഇതിനു പ്രമാണം:-

സ്ഥാണുരയം ഭാരഹാരഃ കിലാഭൂദധീത്യ വേദം ന വിജാനാതി*f*യോ*f*ർഥമ്. യോ*f*ർഥജ്ഞ ഇത്സകലം ഭദ്രമശ്നുതേ നാകമേതി ജ്ഞാന വിധൂതപാപ്മാ. [51]

എന്നൊരു മന്ത്രം നിരുക്തത്തിൽ ഉണ്ട്. വേദത്തിന്റെ സ്വരവും പാഠവും മാത്രം പഠിച്ച് അർഥം ഗ്രഹിക്കാതെ കഴിയുന്നവൻ, ചെറിയചില്ലകൾ, ഇലകൾ, പൂവ്, കായ്, പഴം എന്നിവയെ വഹിക്കുന്ന മരംപോലെയും ധാന്യാദിവസ്തുക്കൾ ചുമന്നുകൊണ്ടു പോകുന്ന ജന്തുവിനെപ്പോലെയും 'ഭാരവാഹി ' അഥവാ ഭാരം വഹിക്കുന്നവൻ മാത്രമാണ്. യഥാവിധി വേദം പഠിച്ച് യഥാതഥമായ അർഥം ഗ്രഹിയ്ക്കുന്നവൻ ജീവിതത്തിൽ തന്നെ പരിപൂർണമായ ആനന്ദം അനുഭവിച്ച് , മരണാനന്തരം തന്റെ ജ്ഞാനം കൊണ്ട് പാപങ്ങളെല്ലാം ക്ഷയിപ്പിച്ച് , ധർമാനുഷ്ഠാനത്തിന്റെ മഹത്ത്വത്താൽ പരമാനന്ദത്തെ പ്രാപിക്കുന്നതുമാണ്.

ഉത ത്വഃ പശ്യന്ന ദദർശ വാചമുത ത്വഃ ശൃണ്വന്ന ശൃണോത്യേനാമ്. ഉതോ ത്വസ്മൈ തന്വം

48 നിരുക്തം 7-13 ൽ രണ്ടുതവണ സമാമ്നേ എന്ന ഉത്തമപുരുഷക്രിയ കാണുന്നതിൽ നിന്ന് നിഘണ്ടുവും യാസ്കകൃതിയെന്നു തെളിയുന്നു,

49 വേദാർഥബോധമുണ്ടാകുവാൻ ഇവയൊന്നും പ്രയോജനപ്രദമല്ലായ്കയാലും, നിരുക്തം, നിഘണ്ടു എന്നിവയുടെ അധ്യയനം വൈദിക-ലൗകിക ശബ്ദാർഥബോധം നൽകുന്നതിനാലും മഹർഷി അമരകോശം സിദ്ധാന്തകൗമുദി ആദിയായവയുടെ അധ്യയനത്തെ തള്ളിപ്പറയുന്നതാണ്.

50 സാമബ്രാഹ്മണങ്ങൾ എട്ടെണ്ണമുണ്ട്.

51 നിരുക്തം 1.1.8.

വിസസ്ത്രേ ജായേവ പത്യ ഉശതീ സുവാസാഃ. (ഋ.10.71.4) പഠിപ്പില്ലാത്തവർ കേൾക്കുന്നുണ്ടെങ്കിലും കേൾക്കുന്നില്ല ; കാണുന്നുണ്ടെങ്കിലും കാണുന്നില്ല. സംസാരിക്കുന്നുണ്ടെങ്കിലും സംസാരിക്കുന്നില്ല, വിദ്യാഭ്യാസം ചെയ്യാത്തവർ ഈ വാക്കുകളുടെ അർഥവും ഈ വിദ്യയുടെ രഹസ്യവും അറിയുവാൻ ശക്തരാകുന്നില്ല എന്നർഥം. ശബ്ദാർഥസംബന്ധമറിയുന്ന ഒരുവനാകട്ടെ, മോടിയായി ആടയും, ഭംഗിയിൽ ആഭരണങ്ങളുമണിഞ്ഞ്, പതിയാൽ കാമിതയായി തന്റെ ശരീരത്തേയും സൗന്ദര്യത്തേയും പതിയുടെ മുമ്പിൽ പ്രകാശിപ്പിക്കുന്ന പത്നിയേപ്പോലെ, വിദ്യ തന്റെ സ്വരൂപത്തെ വിദ്വാൻമാർക്ക് സ്വയമേവ പ്രകാശിപ്പിക്കുന്നു; പഠിപ്പില്ലാത്തവർക്ക് പ്രദർശിപ്പിക്കുകയില്ല.

ഋചോ അക്ഷരേ പരമേ വ്യോമൻ യസ്മിൻ ദേവാ അധി വിശ്വേ നിഷേദുഃ. യസ്തന്ന വേദ കിമൃചാ കരിഷ്യതി യ ഇത്തദിദുസ്ത ഇമേ സമാസതേ. (ഋ.1.1.64.39) എങ്ങും നിറഞ്ഞിരിക്കുന്ന, എല്ലാവരേക്കാളുമുന്നതനായ ഈശ്വരനിലാണ് സകല വിദ്വജ്ജനങ്ങളും സൂര്യാദികളായ സകല ലോകങ്ങളും പ്രതിഷ്ഠിതമായിരിക്കുന്നത്. വേദങ്ങളുടെ മുഖ്യമായ പൊരുൾ മുഴുവനും ആ ജഗദീശ്വരനിലാണ് പര്യവസാനിക്കുന്നത്. അങ്ങനെയുള്ള ആ പരബ്രഹ്മത്തെ അറിയാത്തവൻ ഋഗ്വേദാദികളാൽ തെല്ലു സൗഖ്യമെങ്കിലും നേടുവാൻ ശക്തനോ? ഒരിക്കലും അല്ല. വേദാധ്യയനം ചെയ്ത്, ധാർമാത്മാവും,യോഗിയുമായി. അവ്വണ്ണമെല്ലാമുള്ള ബ്രഹ്മത്തെ ആരാഞ്ഞറിയുന്നവരെല്ലാം ഈശ്വരനിൽ സ്ഥിതി ചെയ്ത് മോക്ഷമാകുന്ന പരമാനന്ദത്തെ പ്രാപിക്കുന്നു. അതിനാൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് മുഴുവനും അർഥജ്ഞാനത്തോടു കൂടി ആയിരിക്കണം.

ഇങ്ങിനെ **എല്ലാ വേദങ്ങളും** അധ്യയനം ചെയ്തശേഷം **ആയുർവേദം,ചരകം, സുശ്രുതം,** മുതലായ ഋഷി പ്രണീതങ്ങളായ വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ അർഥസഹിതം **ഛേദനം -ഭേദനം- ശസ്ത്രക്രിയകൾ, നിദാനം, ഔഷധം ദ്രവ്യഗുണം, പഥ്യാപഥ്യങ്ങൾ, ശരീരം, ദേശം, കാലം, വസ്തുക്കൾ** എന്നിവയെല്ലാം മനസ്സിലാക്കിക്കൊണ്ട് **നാലു കൊല്ലത്തിനുള്ളിൽ** പഠിക്കുകയും പഠിപ്പിക്കുകയയും ചെയ്യേണ്ടതാണ്. അനന്തരം അഭ്യസിക്കേണ്ടത് രാജ്യസംബന്ധമായ **ധനുർവേദമാകുന്നു**. ഇതിന് നിജരാജ പുരുഷ സംബന്ധി, പ്രജാസംബന്ധി എന്നിങ്ങനെ രണ്ടു പിരിവുകളുണ്ട്. രാജ്യതന്ത്രത്തിൽ ഒന്നാമതായി സൈന്യനിയന്ത്രണം, ശസ്ത്രാസ്ത്രവിദ്യ, നാനാപ്രകാരത്തിലുള്ള വ്യൂഹനിർമാണം എന്നിവ അഭ്യസിക്കണം. വ്യൂഹനിർമാണമാണ് ഇക്കാലത്തെ കവാത്ത്. അത് ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ പ്രയോഗിക്കുവാനായി നന്നായി അഭ്യസിക്കണം. പ്രജാസംരക്ഷണം. അഭിവൃദ്ധിപ്പെടുത്തൽ ന്യായപൂർവം നാട്ടാരെ അനുരഞ്ജിപ്പിക്കുന്ന നയതന്ത്രം, ദുഷ്ടന്മാരെ യഥായോഗ്യം അമർത്തൽ ശിഷ്ടപരിപാലനക്രമം, എന്നിവയെല്ലാം പഠിക്കണം. ഈ രാഷ്ട്രതന്ത്രത്തെ ഈ രണ്ട് കൊല്ലം കൊണ്ട് പഠിക്കണം. പിന്നീട് **ഗാനവിദ്യ** എന്നു പറയുന്ന **ഗാന്ധർവ വേദത്തിലെ സ്വരം, രാഗം, രാഗിണി, കാലം, താളം, ഗ്രാമം, താനം, വാദിത്രം, നൃത്തം, ഗീതം** എന്നിവ യഥാവിധി പഠിക്കണം. അവയിൽ പ്രധാനമായി സാമവേദത്തിന്റെ ഗാനരീതി വാദിത്രവാദനത്തോടുകൂടി അഭ്യസിക്കണം. **നാരദസംഹിത** മുതലായ ഋഷി പ്രണീതങ്ങളായ **സംഗീതശാസ്ത്രഗ്രന്ഥങ്ങളും** പഠിക്കണം. എന്നാൽ വിദൂഷകന്മാർ വേശ്യാംഗനമാർ, വൈരാഗികൾ എന്നിവരുടെ വിഷയാസക്തി ജനകമായ പടുപാട്ടുകൾ പഠിച്ച് കഴുത കരയുന്നതുപോലെ ശബ്ദിച്ചു ശീലിക്കരുത്. **ശില്പവിദ്യ** എന്നു പറയാറുള്ള **അർഥവേദമാണ്** തുടർന്ന് അഭ്യസിക്കേണ്ടത്. അതിൽ പദാർഥങ്ങളുടെ ഗുണവിജ്ഞാനം ക്രിയാകൗശലം നാനാവിധ വസ്തുക്കളുടെ നിർമാണം എന്നു തുടങ്ങി പൃഥിവി മുതൽ ആകാശം വരെയുള്ള വിദ്യകളഭ്യസിക്കണം. ഐശ്വര്യസമ്പത്തു വർദ്ധിപ്പിക്കുന്ന ഈ വിദ്യക്കു ശേഷം **ജ്യോതിഃശാസ്ത്രമായ** സൂര്യസിദ്ധാന്തത്തിലെ **ബീജഗണിതം, അങ്കഗണിതം, ഭൂഗോളശാസ്ത്രം, ആകാശവിദ്യ, ഭൂഗർഭവിദ്യ** എന്നിവ രണ്ടുകൊല്ലം കൊണ്ടു പഠിക്കണം. അതു കഴിഞ്ഞാൽ **എല്ലാ വിധത്തിലുള്ള കൈത്തൊഴിലുകൾ യന്ത്രവിദ്യ** മുതലായതു പഠിക്കാം. എന്നാൽ ഗ്രഹം, നക്ഷത്രം, ജാതകം, രാശി, മുഹൂർത്തം മുതലായവയുടെ ഫലങ്ങൾ പറയുന്ന ഗ്രന്ഥങ്ങളെല്ലാം വ്യാജങ്ങളാകയാൽ അവയൊന്നും പഠിക്കരുത്. ഇങ്ങനെ ഇരുപതോ ഇരുപത്തിയൊന്നോ[52] കൊല്ലംകൊണ്ട് സകല വിദ്യ

52 ഇവിടെ വർഷഗണനയിൽ അപാകത സംഭവിച്ചതായി പല വിദ്വാന്മാരും ഗണിക്കുന്നു. മഹർഷിയുടെ മറ്റൊരു കൃതിയായ സംസ്കാരവിധിയിൽ അധ്യയനകാലം 31 വർഷമാണെന്ന് എഴുതിയിട്ടുണ്ട്. (വേദാരംഭപ്രകരണം, അവസാന ഖണ്ഡിക) അവിടെ കാലഗണന ഇപ്രകാരമാണ്. വ്യാകരണം 3 വർഷം നിരുക്തവും പിങ്ഗള

കളും അഭ്യസിച്ച് ഉത്തമ വിദ്യാഭ്യാസം നേടി കൃത കൃത്യരായി സദാ ആനന്ദത്തിൽ വർത്തിക്കണം. ഈ രീതിയിൽ ഇരുപതോ ഇരുപത്തൊന്നോ വർഷം കൊണ്ട് ലഭിക്കുന്ന ജ്ഞാനം മറ്റൊരു രീതിയിലായാൽ നൂറ്റാണ്ടു കൊണ്ടും ലഭിക്കില്ല. മഹർഷിമാർ വലിയ വിദ്വാന്മാരും, സകലശാസ്ത്ര വിശാരദന്മാരും ധർമാത്മാക്കളുമായിരുന്നതുകൊണ്ടാണ് അവരുടെ ഗ്രന്ഥങ്ങളെ അധ്യയനം ചെയ്യണമെന്നു പറയുന്നത്. മറ്റുള്ളവർ അധികം പഠിക്കാത്ത അല്പജ്ഞരും പക്ഷപാതികളുമാകയാൽ അവരുടെ കൃതികളും അപ്രകാരമായിരിക്കാനേ ഇടയുള്ളൂ.

പൂർവമീമാംസക്ക് വ്യാസമുനി രചിച്ച വ്യാഖ്യാനം, വൈശേഷിക സൂത്രങ്ങൾക്ക് ഗൗതമമുനി നിർമിച്ച ഭാഷ്യം, ന്യായസൂത്രങ്ങൾക്ക് വാത്സ്യായനമുനി ഉണ്ടാക്കിയ ഭാഷ്യം, പതഞ്ജലി മഹർഷിയുടെ യോഗസൂത്രങ്ങൾക്ക് വ്യാസമഹാമുനിയുടെ ഭാഷ്യം, കപിലമുനികൃതമായ സാംഖ്യസൂത്രങ്ങൾക്ക് ഭാഗുരിമുനി രചിച്ച ഭാഷ്യം, വ്യാസമുനിയുടെ വേദാന്തസൂത്രങ്ങൾക്ക് വാത്സ്യായനമുനിയോ ബൗധായനമുനിയോ രചിച്ച ഭാഷ്യം, എന്നീ ആർഷഗ്രന്ഥങ്ങളെല്ലാം നന്നായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. ഇത്യാദികളെ കല്പാംഗങ്ങളായി ഗണിക്കാം. **ഋക്, യജുസ്, സാമം, അഥർവം** എന്നീ നാലു വേദങ്ങൾ ഈശ്വരകൃതങ്ങളാണ്. അതുപോലെ **ഐതരേയം, ശതപഥം, സാമം, ഗോപഥം** എന്നീ നാല് ബ്രാഹ്മണങ്ങളും **ശിക്ഷ, കല്പം, വ്യാകരണം, നിഘണ്ടു-നിരുക്തം, ഛന്ദസ്, ജ്യോതിഷം** എന്നീ ആറ് വേദാംഗങ്ങളും മീമാംസാദി ദർശനങ്ങളാകുന്ന ആറ് ശാസ്ത്ര ഉപാംഗങ്ങളും **ആയുർവേദം, ധനുർവേദം, ഗാന്ധർവവേദം, അർഥവേദം എന്നീ നാലു ഉപവേദങ്ങളും** ഋഷിമാരാലും മുനിമാരാലും ഉണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങളാകുന്നു. ഇവയിൽ വേദവിരുദ്ധമായിട്ടുള്ളതെല്ലാം തള്ളിക്കളയണം. വേദങ്ങൾ ഈശ്വരകൃതമാകയാൽ തെറ്റില്ലാത്തവയും സ്വതഃപ്രമാണങ്ങളുമാണ്. വേദങ്ങൾക്ക് സ്വയം പ്രാമാണ്യം ഉണ്ടെന്നർഥം. ബ്രാഹ്മണാദി ഗ്രന്ഥങ്ങളെല്ലാം പരതഃപ്രമാണങ്ങളാണ്. അവയുടെ പ്രാമാണ്യം വേദവാണിക്ക് അധീനമാകുന്നു. വേദത്തിന്റെ വിശേഷവ്യാഖ്യാനം ഋഗ്വേദാദി ഭാഷ്യഭൂമികാ[53] നോക്കി അറിഞ്ഞു കൊള്ളേണ്ടതാണ്. ഈ ഗ്രന്ഥത്തിലും അന്യത്ര യഥായുക്തം പ്രസ്തുത വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതാണ്.

ഇനി പരിത്യജിക്കപ്പെടേണ്ട ഗ്രന്ഥങ്ങളേവയെന്നു നോക്കാം. താഴെ പേർ പറയുന്ന ഗ്രന്ഥങ്ങളെല്ലാം അസത്യഗ്രന്ഥങ്ങളാകുന്നു. 1. വ്യാകരണത്തിൽ **കാതന്ത്രഃ, സാരസ്വതം, ചന്ദ്രിക മുഗ്ദ്ധബോധം, കൗമുദി, മനോരമ, ശേഖരം** മുതലായവ. 2. കോശത്തിൽ **അമരകോശം മുതലായവ.** 3. ഛന്ദഃശാസ്ത്രത്തിൽ **വൃത്തരത്നാകരം** തുടങ്ങിയവ. 4. ശിക്ഷയിൽ **അഥശിക്ഷാം പ്രവക്ഷ്യാമി പാണിനീയം മതം യഥാ** എന്നു തുടങ്ങുന്നത്. 5. ജ്യോതിഷത്തിൽ **ശീഘ്രബോധം, മുഹൂർത്തചിന്താമണി മുതലായവ.** 6. കാവ്യത്തിൽ **നായികാഭേദം, കുവലയാനന്ദം, രഘുവംശം, മാഘം, കിരാതാർജുനീയം** മുതലായ. 7. മീമാംസയിൽ **ധർമസിന്ധു, വ്രതാർക്കം** മുതലായവ 8. വൈശേഷികത്തിൽ **തർക്കസംഗ്രഹം** തുടങ്ങിയവ. 9. ന്യായത്തിൽ **ജാഗദീശീ മുതലായവ** 10 യോഗത്തിൽ **ഹഠപ്രദീപിക മുതലായവ** 11. സാംഖ്യത്തിൽ **സാംഖ്യതത്ത്വകൗമുദി മുതലായവ.** 12. വേദാന്തത്തിൽ **യോഗവാസിഷ്ഠം, പഞ്ചദശി മുതലായവ.** 13. വൈദ്യശാസ്ത്രത്തിൽ **ശാർങ്ഗധരസംഹിത മുതലായവ.** 14. സ്മൃതിയിൽ **മനുസ്മൃതിയിലുള്ള പ്രക്ഷിപ്ത ശ്ലോകങ്ങളും മറ്റെല്ലാ സ്മൃതികളും.** 15. **സകല തന്ത്രഗ്രന്ഥങ്ങൾ, സകല പുരാണങ്ങൾ, എല്ലാ ഉപപുരാണങ്ങൾ തുളസീദാസരാമായണം രുഗ്മിണീമംഗളം മുതലായ ഭാഷാഗ്രന്ഥങ്ങൾ** എന്നിവയെല്ലാം സ്വകപോലകല്പിതങ്ങളാകയാൽ കെട്ടുകഥകളാകുന്നു.

ചോദ്യം- ഈ പറഞ്ഞ ഗ്രന്ഥങ്ങളിൽ കുറച്ചുപോലും സത്യമില്ലേ?

ഉത്തരം- സ്വല്പം സത്യമുണ്ട്. പക്ഷേ ഒപ്പം അധികം അസത്യവും ഉണ്ട്. അതിനാൽ അവയെല്ലാം **"വിഷസംപൃക്തമാന്നവത് ത്യാജ്യാഃ"** വിഷം കലർന്ന ഭക്ഷണം പോലെ ത്യാജ്യങ്ങളാണ്.

ഛന്ദസും (8+4) 1 വർഷം, സാഹിത്യം 1 വർഷം , ആറു ദർശനം 2 വർഷം, നാലു ബ്രാഹ്മണങ്ങൾ സഹിതം വേദം 6 വർഷം, ആയുർവേദം 4 വർഷം രാഷ്ട്രതന്ത്രം (2+2) 4 വർഷം ഗാന്ധർവവേദം4വർഷം അർഥവേദം 4 വർഷം, ജ്യോതിഷം 2 വർഷം ആകെ 31 വർഷം. ഇത് സമ്പൂർണ വിദ്യാഭ്യാസത്തിനാവശ്യമായ കാലമാണ്. നിർബന്ധിത വിദ്യാഭ്യാസ കാലമല്ല.

53 മലയാളത്തിൽ വേദപര്യടനം എന്ന പേരിൽ ഈ ഗ്രന്ഥം തർജമ ചെയ്തിട്ടുണ്ട്. (വൈദികസാഹിത്യപരിഷത്ത്, ചെങ്ങന്നൂർ).

ചോ- താങ്കൾ പുരാണേതിഹാസങ്ങളെ അംഗീകരിക്കുന്നില്ലേ?

ഉ- ഉണ്ട്. സത്യമായതിനെ മാത്രം. അസത്യത്തെ അംഗീകരിക്കുന്നില്ല.

ചോ- ഏതാണ് സത്യം? ഏതാണ് മിഥ്യ?

ഉ- **ബ്രാഹ്മണാനീതിഹാസാൻ പുരാണാനി കല്പാൻ ഗാഥാ നാരാശംസീരിതി।** [54]. ഇത് ഗൃഹ്യ സൂത്രത്തിലുള്ളതാണ്. "മുമ്പു പറഞ്ഞിട്ടുള്ള ഐതരേയം, ശതപഥം മുതലായ ബ്രാഹ്മണങ്ങൾക്ക് ഇതിഹാസം, പുരാണം, കല്പം, ഗാഥ നാരാശംസീ എന്നിങ്ങനെ അഞ്ചു പേരുകളുണ്ടെ"ന്നാണ് ഇതിന്റെ അർഥം.। [55] ശ്രീമദ്ഭാഗവതം തുടങ്ങിയുള്ള ഗ്രന്ഥങ്ങൾക്ക് പുരാണമെന്നു പേർ ഇല്ല.

ചോ- തള്ളേണ്ടതായി പറഞ്ഞ ഗ്രന്ഥങ്ങളിലെ സത്യം സ്വീകാര്യമല്ലേ? എന്തുകൊണ്ട് അത്, സ്വീകരിക്കുന്നില്ല?

ഉ- അവയിൽ കാണുന്ന സത്യമെല്ലാം ശാസ്ത്രങ്ങളിലുള്ളതാണ്. അവയിലുള്ള അസത്യമാകട്ടെ, അവയുടെ സ്വന്തവും. വേദാദി സത്യശാസ്ത്രങ്ങളെ കൈക്കൊള്ളുന്നതായാൽ സത്യം മുഴുവനും ഗ്രഹിക്കാം. മിഥ്യാ ഗ്രന്ഥങ്ങളിൽ നിന്നു സത്യം ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്ന ആളിന് അവയിലെ അസത്യവും കൂടി സ്വീകരിച്ചേ പറ്റൂ. അതിനാൽ **"അസത്യമിശ്രം സത്യം ദൂരതസ്ത്യാജ്യമിതി"** അസത്യം കലർന്ന ഗ്രന്ഥങ്ങളിലെ സത്യവും, വിഷം കലർന്ന ഭക്ഷണം പോലെ പരിത്യാജ്യമാണ്.

ചോ- താങ്കളുടെ മതം ഏതാണ്?

ഉ- വേദമാണ് എന്റെ മതം. അനുഷ്ഠിക്കണമെന്നോ, അനുഷ്ഠിക്കാതിരിക്കരുതെന്നോ വേദം വിധിക്കും പടി ഞാൻ പ്രവർത്തിക്കുന്നു। [56]. വേദം എനിക്ക് സ്വീകാര്യമാകയാൽ വേദം തന്നെയാണ് എന്റെ മതം. ഇങ്ങനെ മനുഷ്യരെല്ലാം വിശിഷ്യ ശ്രേഷ്ഠമാനവർ അംഗീകരിച്ചു വർത്തിക്കേണ്ടതാണ്.

ചോ- സത്യാസത്യങ്ങളും ഗ്രന്ഥങ്ങളുടെ പരസ്പരവിരോധവും മറ്റും ശാസ്ത്രങ്ങളിലും ഉണ്ട്. ഉദാഹരണത്തിന് സൃഷ്ടിവിഷയത്തിൽ ഷഡ്ദർശനങ്ങൾക്കു തമ്മിലുള്ള അഭിപ്രായഭിന്നത എടുത്തു പറയാവുന്നതാണ്. സൃഷ്ടിയുടെ ഉത്ഭവം കർമത്തിൽ നിന്നാണെന്ന് മീമാംസയും കാലത്തിൽ നിന്നാണെന്ന് വൈശേഷികവും, പരമാണുക്കളിൽ നിന്നാണെന്ന് ന്യായവും. പുരുഷാർഥത്തിൽ നിന്നാണെന്ന് യോഗവും. പ്രകൃതിയിൽ നിന്നാണെന്ന് സാംഖ്യവും, ബ്രഹ്മത്തിൽ നിന്നാണെന്ന് വേദാന്തവും പറയുന്നു. ഇത് വിരോധമല്ലേ?

ഉ- ഒന്നാമത്, സാംഖ്യം, വേദാന്തം, എന്നീ രണ്ടു ദർശനങ്ങളിലൊഴികെ മറ്റു നാലു ദർശനങ്ങളിലും സൃഷ്ടിയുടെ ഉല്പത്തി വിശദമായി എഴുതിയിട്ടില്ല. എഴുതിയിട്ടുള്ളതിൽ വിരോധം ഇല്ലതാനും. വിരോധം അവിരോധം എന്നിവയെപ്പറ്റി താങ്കൾക്ക് ജ്ഞാനമില്ല. ഞാൻ ചോദിക്കട്ടെ, വിരോധം എവിടെയാണുള്ളത്? ഒരേ വിഷയത്തിലോ, അതോ വിഭിന്ന വിഷയങ്ങളിലോ?

ചോ- ഒരു വിഷയത്തെപ്പറ്റി പലരുടെയും വിഭിന്നാഭിപ്രായത്തിനെയാണ് വിരോധം എന്നു പറയുന്നത്. ഇവിടെ 'സൃഷ്ടി' ഒരു വിഷയമാണ്.

ഉ:- വിദ്യ എന്നത് ഒന്നോ അനേകമോ? ഒന്നാണ്: ഒന്നാണെങ്കിൽ വ്യാകരണം, വൈദ്യം, ജ്യോതിഷം തുടങ്ങിയ ഭിന്നവിഷയങ്ങൾ എന്തിനാണ്? ഒരേ വിദ്യയിൽ വിഭിന്നങ്ങളായ അനേകം വിദ്യകളുടെ അവയവങ്ങൾ കൂട്ടിച്ചേർത്ത് പ്രതിപാദിക്കുന്നത് എങ്ങനെയാണോ അതുപോലെ സൃഷ്ടിയുടെ വിഭിന്നങ്ങളായ ആറ് അവയവങ്ങളെ ആറ് ദർശനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. അതിൽ ഒട്ടും വിരോധമില്ല. ഒരു കുടം ഉണ്ടാ

54 ആശ്വലായന ഗൃഹ്യസൂത്രം 3.3.1 ലെ പാഠം ബ്രാഹ്മണാനി കല്പാൻ ഗാഥാ നാരാശംസീരിതഹാസ പുരാണാനീതി എന്നാണ്. തൈത്തരീയ ആരണ്യകം. 2.9 ൽ ഇവിടെ ഉദ്ധരിച്ച പാഠം കാണാം.

55 സായണൻ, തൈത്തിരീയ ആരണ്യകം 2.9 ന്റെ വ്യാഖ്യാനത്തിൽ ഇതിഹാസ പുരാണങ്ങൾ എന്നതിന് ബ്രാഹ്മണവചനങ്ങൾ (ഇതിഹാസം, മഹാഭാരതാദി പുരാണം, ബ്രാഹ്മണങ്ങൾ) എന്നു പറയുന്നു. അവുണ്ണം തന്നെ തൈത്തിരീയ ആരണ്യകം 8.2 ലും (പൂനാ എഡിഷൻ പേജ് 563) ബൃഹദാരണ്യകോപനിഷത്ത് 2.4.10 ന്റെ വ്യാഖ്യാനത്തിൽ ശ്രീശങ്കരൻ പുരാണമെന്നതിന് ബ്രാഹ്മണഗ്രന്ഥാന്തർഗതമായ വിശിഷ്ട വചനങ്ങളെന്നു നിർദേശിക്കുന്നു.

56 വിഹിതമായതു ചെയ്യുക, അവിഹിതമായത് ത്യജിക്കുക എന്നർഥം. പ്രതിഷേധിക്കാത്തതിനെ അഥവാ അനുഷ്ഠിക്കണമെന്ന് സവിശേഷമായി നിർദ്ദേശിക്കാത്തതിനെ അനുഷ്ഠിക്കാവുന്നതാണ്, മീമാംസാദർശനത്തിൽ ജൈമിനി പറയുന്നു. വിരോധെ ത്വനപേക്ഷ്യം സ്യാദസതി ഹ്യനുമാനമ് (1.32) (വേദവും ബ്രാഹ്മണവും പരസ്പരം വിരുദ്ധമായി പറഞ്ഞാൽ വേദമാണ്, ബ്രാഹ്മണമല്ല പ്രമാണം).



ക്കുന്നതിൽ കർമം, കാലം, മണ്ണ്, വിചാരം, സംയോഗം, വിയോഗം തുടങ്ങിയ പുരുഷാർഥങ്ങൾ (പ്രയത്നങ്ങൾ). പ്രകൃതിയുടെ ഗുണങ്ങൾ, കുശവൻഎന്നിവയെല്ലാം കാരണങ്ങളാണ്. അതുപോലെ സൃഷ്ടിയുടെ കാരണമായ കർമത്തിന്റെ വ്യാഖ്യാനം മീമാംസയിലും കാലത്തിന്റെ വ്യാഖ്യാനം വൈശേഷികത്തിലും॥ [57]. ഉപാദാന കാരണത്തിന്റെ വ്യാഖ്യാനം ന്യായത്തിലും, പുരുഷാർഥത്തിന്റെ വ്യാഖ്യാനം യോഗത്തിലും, തത്വങ്ങളുടെ അനുക്രമമായ പരിഗണനയുടെ വ്യാഖ്യാനം സാംഖ്യത്തിലും നിമിത്തകാരണമായിരിക്കുന്ന ബ്രഹ്മത്തിന്റെ വ്യാഖ്യാനം വേദാന്തത്തിലും വിസ്തരിച്ചു ചെയ്തിരിക്കുന്നു. ഇവയൊന്നും പരസ്പര വിരുദ്ധമല്ല. വൈദ്യശാസ്ത്രത്തിൽ നിദാനം ചികിത്സ, ഔഷധപ്രയോഗം, പഥ്യം മുതലായ വിഭിന്ന പ്രകരണങ്ങളുണ്ട്. അവയുടെയെല്ലാം പരമലക്ഷ്യം രോഗനിവാരണം മാത്രമാണ് അതുപോലെ സൃഷ്ടിയുടെ ആറ് കാരണങ്ങളിൽ ഓരോന്നും ഓരോ ശാസ്ത്രകാരന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. അതിനാൽ അതിലൊട്ടും വിരോധമില്ല. ഇതിന്റെ വിസ്തൃത വ്യാഖ്യാനം സൃഷ്ടിപ്രകരണത്തിൽ ചെയ്യാം. അധ്യയനാധ്യാപനങ്ങളിലെ വിഘ്നങ്ങളെയെല്ലാം ത്യജിക്കണം. ദുഷ്ട സംസർഗം, കള്ളുകുടി, വേശ്യാഗമനം, ബാല്യവിവാഹം, (ഇരുപത്തിയഞ്ചു വയസ്സിനു മുമ്പ് പുരുഷനും, പതിനാറു വയസ്സിനു മുമ്പ് സ്ത്രീയും വിവാഹം ചെയ്യുന്നത്) പൂർണമായ ബ്രഹ്മചര്യം പാലിക്കാതിരിക്കുക, വേദം തുടങ്ങിയ സത്യശാസ്ത്രങ്ങളെ പ്രചരിപ്പിക്കുന്നതിൽ ഭരണാധിപൻ, മാതാപിതാക്കന്മാർ, വിദ്വാന്മാർ എന്നിവർക്ക് വൈമുഖ്യം, അതിഭാഷണം, അധികം ഉറക്കമൊഴിക്കുക, പഠിക്കുന്നതിലും, പരീക്ഷിക്കപ്പെടുന്നതിലും മടിയോ കളവോ കാണിക്കുക, വിദ്യാലാഭത്തെ സർവോപരിയായി കരുതാതിരിക്കുക, ബ്രഹ്മചര്യത്താൽ ബലം, ബുദ്ധി, പരാക്രമം, ആരോഗ്യം, രാജ്യം, ധനം എന്നിവ വർദ്ധിക്കുമെന്നു വിശ്വസിക്കാതിരിക്കുക, ഈശ്വരനെ ധ്യാനിക്കാതെ കരിങ്കല്ലിൽ കൊത്തിയ അചേതന വിഗ്രഹങ്ങളെ വണങ്ങുന്നതിൽ വെറുതെ കാലം കളയുക, അച്ഛനമ്മമാർ, അതിഥി, ഗുരു, വിദ്വാന്മാർ എന്നിവരെ സത്യവിഗ്രഹങ്ങളായി കരുതി അവരുടെ ശുശ്രൂഷയും സംസർഗവും ചെയ്യാതിരിക്കുക, വർണാശ്രമധർമങ്ങളെ ത്യജിച്ച് ഗോപിക്കുറി, മുക്കുറി, ഭസ്മക്കുറി എന്നിവ ധരിക്കുക, പൊട്ടു തൊടുക, രുദ്രാക്ഷമാല ധരിക്കുക, തുളസിമാല ധരിക്കുക, ഏകാദശി നോക്കുക, പ്രദോഷവ്രതമാചരിക്കുക, കാശി മുതലായ സ്ഥലങ്ങളിലേക്ക് തീർഥയാത്ര ചെയ്യുക, രാമൻ, കൃഷ്ണൻ, നാരായണൻ, ശിവൻ, ഭഗവതി, ഗണപതി മുതലായ നാമസ്മരണം എന്നിവയാൽ പാപമകന്നു പോകുമെന്നു വിശ്വസിക്കുക, കപടസന്യാസിമാരുടെ ഉപദേശം കേട്ട് വിദ്യാഭ്യാസത്തിൽ അശ്രദ്ധ, വിദ്യാധ്യയനം, ധർമാനുഷ്ഠാനം, യോഗാഭ്യസനം, ഈശ്വരോപാസന എന്നിവയെല്ലാം വെടിഞ്ഞ് പുരാണമെന്നു പറയുന്ന ഭാഗവതം തുടങ്ങിയവയിലെ കെട്ടുകഥ കേട്ടാൽ മോക്ഷം കിട്ടുമെന്നു വിശ്വസിക്കുക, അത്യാഗ്രഹം, മൂലം ധനത്തിൽ മാത്രം ശ്രദ്ധിച്ച് വിദ്യയെ വെറുക്കുക, അങ്ങുമിങ്ങും വെറുതെ അലഞ്ഞുതിരിയുക ഇങ്ങനെ പല അനാവശ്യങ്ങളിൽ പെടുന്നവർ ബ്രഹ്മചര്യവും വിദ്യയും സമ്പാദിക്കാതെ രോഗികളും മൂഢന്മാരുമായിത്തീരുന്നു. ജാതിമുറയനുസരിച്ച് ദ്വിജരായ ഇക്കാലത്തെ ബ്രാഹ്മണർ മറ്റുള്ളവരെ വിദ്യ, സത്സംഗം എന്നിവയിൽ നിന്ന് അകറ്റി തങ്ങളുടെ വലയിൽ കുടുക്കി അവരുടെ ശരീരം, മനസ്, ധനം എന്നിവയെ നശിപ്പിക്കുകയുംക്ഷത്രിയാദി ജാതിക്കാർ പഠിച്ച് വിദ്വാന്മാരായാൽ അവർ തങ്ങളുടെ കുടുക്കിൽ നിന്ന് രക്ഷപ്പെട്ട് തങ്ങളുടെ കള്ളത്തരമെല്ലാമറിഞ്ഞ് അപമാനിച്ചേക്കുമെന്നു വിചാരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വിഘ്നങ്ങളെ ഭരണാധികാരികളും ജനങ്ങളും ചേർന്ന് ഒഴിവാക്കി തങ്ങളുടെ മക്കളെ പഠിപ്പുള്ളവരാക്കുവാൻ ശരീരം, മനസ്, ധനം എന്നിവയാൽ പ്രവർത്തിക്കണം.

ചോ- സ്ത്രീകളും ശൂദ്രന്മാരും വേദം പഠിക്കണോ? അവർ പഠിച്ചാൽ പിന്നെ നാം എന്തു ചെയ്യും? അവർ പഠിക്കണമെന്നതിന് പ്രമാണം ഇല്ലെന്നു മാത്രമല്ല നിഷേധമുണ്ടു താനും:- സ്ത്രീ ശൂദ്രൗ നാധീയാതാമിതി ശ്രുതേഃ (സ്ത്രീയും ശൂദ്രനും പഠിക്കരുതെന്ന് ശ്രുതിയുണ്ടു എന്നർഥം)॥ [58]

ഉ- സകല സ്ത്രീപുരുഷന്മാർക്കും-മനുഷ്യർക്കെല്ലാം-പഠിക്കാൻ അവകാശമുണ്ട്. ഈ ശ്രുതി വാക്യം നിങ്ങളുടെ സ്വന്തം കൃതിയാണ്. പ്രാമാണിക ഗ്രന്ഥങ്ങളിലൊന്നുമുള്ളതല്ല. ഇതു

57 ശ്വേതാശ്വതരോപനിഷത്തിൽ (1.2) സൃഷ്ടി കാരണങ്ങളിലൊന്നായി കാലത്തിനെ ഗണിച്ചിട്ടുണ്ട്.

58 നസ്ത്രീ ശൂദ്രൗ വേദമധീയാതാമ്, എന്ന് മീമാംസയുടെ ന്യായപ്രകാശ ടീകാകാരൻ രഥകാരന്റെ അന്യോധാനാധികാരമെന്ന് പ്രകരണാന്ത്യത്തിലുദ്ധരിച്ചിട്ടുണ്ട്.

മായി പോയി കിണറ്റിൽ ചാടിക്കൊൾക. സകല മനുഷ്യർക്കും വേദാദി ശാസ്ത്രങ്ങൾ പഠിക്കുവാനും ചൊല്ലിക്കേൾക്കുവാനും അധികാരമുണ്ടെന്നതിന് യജുർവേദം ഇരുപത്തിയാറാമദ്ധ്യായത്തിലെ രണ്ടാമത്തെ മന്ത്രം പ്രമാണമാണ്:-

യഥേമാം വാചം കല്യാണീമാവദാനി ജനേഭ്യഃ ബ്രഹ്മരാജന്യാഭ്യാ(ങ്) ശൂദ്രായ ചാര്യായ ച സ്വായ ചാരണായ.

ഈശ്വരൻ പറയുന്നു- **(യഥാ)** എങ്ങനെ ഞാൻ **(ജനേഭ്യഃ)** സകലമനുഷ്യർക്കും **(ഇമാം)** ഈ **(കല്യാണീം)** മംഗളപ്രദയായ അഥവാ സംസാരത്തിൽ നിന്ന് മോക്ഷസുഖം നൽകുന്ന **(വാചം)** ഋഗ്വേദാദി നാലു വേദവാണികളെ **(ആ വദാനി)** ഉപദേശിക്കുന്നുവോ, അങ്ങനെ നിങ്ങളും ചെയ്തുകൊണ്ടിരിപ്പിൻ. "ഇവിടെ ജനശബ്ദമെന്നതിന് ദ്വിജന്മാരെ മാത്രമാണ് ഗ്രഹിക്കേണ്ടത്. എന്തെന്നാൽ, സ്മൃതികളിലും മറ്റു ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യർക്കു മാത്രമേ വേദാധ്യയനത്തിൽ അധികാരമുള്ളതായി പറഞ്ഞിട്ടുള്ളൂ. സ്ത്രീകൾക്കോ ശൂദ്രാദികൾക്കോ അധികാരമുണ്ടെന്ന് പറഞ്ഞിട്ടില്ല" എന്നു സംശയം തോന്നാം. അതിനുത്തരമായി പറയുന്നതാണ് ബ്രഹ്മരാജന്യാഭ്യാം എന്നു തുടങ്ങുന്ന മന്ത്രഭാഗം. ഈശ്വരൻ അരുളുന്നതു നോക്കുക- **(ബ്രഹ്മരാജന്യാഭ്യാം)** ബ്രാഹ്മണൻ, ക്ഷത്രിയൻ എന്നിവർക്കും **(അര്യായ)** വൈശ്യനും **(ശൂദ്രായ)** ശൂദ്രനും **(സ്വായ)** തന്റെ ഭൃത്യന്മാർ, സ്ത്രീകൾ മുതലായവർക്കും **(അരണായ)** അതിശൂദ്രന്മാർക്കുമായിട്ടാണ് വേദങ്ങളെ നാം പ്രകാശിപ്പിച്ചിട്ടുള്ളത്. എല്ലാ മനുഷ്യരും വേദങ്ങൾ പഠിപ്പിക്കുകയും, പഠിക്കുകയും, കേൾക്കുകയും, കേൾപ്പിക്കുകയും ചെയ്ത് ജ്ഞാനത്തെ വർദ്ധിപ്പിച്ച്, സത്കർമങ്ങൾ ചെയ്യുകയും ദുഷ്കൃത്യങ്ങൾ ത്യജിക്കുകയും ചെയ്ത്, ദുഃഖങ്ങളിൽ നിന്ന് വിമുക്തരായി പരമാനന്ദത്തെ പ്രാപിക്കുമാറാകട്ടെ എന്നർഥം. ഇനി പറയുക, നിങ്ങളുടെ വാക്കിനെയോ, ഈശ്വരവാണിയേയോ ഞാൻ വില വയ്ക്കണം? ഈശ്വരീയവചനം തന്നെ സമ്മാന്യം. എന്നിട്ടും അതിനെ മാനിക്കാത്തയാൾ നാസ്തികനാണ്. **"നാസ്തികോ വേദനിന്ദകഃ"** വേദത്തെ നിന്ദിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവനാണ് നാസ്തികൻ. ശൂദ്രരുടെ നന്മ ഈശ്വരൻ ഇച്ഛിക്കുന്നില്ലേ? വേദാധ്യയനവും വേദശ്രവണവും ദ്വിജർക്കു വിധിക്കുകയും ശൂദ്രർക്ക് വിലക്കുകയും ചെയ്യുവാൻ തക്കവണ്ണം ഈശ്വരൻ പക്ഷപാതിയാണോ? ശൂദ്രർക്ക് ശ്രവണവും പഠനവും നിഷിദ്ധമെങ്കിൽ അവർക്ക് നാക്കുംചെവിയും കൊടുത്തതെന്തിന്? പൃഥിവി, ജലം, അഗ്നി, വായു, ചന്ദ്രൻ, സൂര്യൻ, അന്നാദി പദാർഥങ്ങൾ എന്നിവയെല്ലാം എല്ലാവർക്കും ഉപയോഗിക്കുവാനായി സൃഷ്ടിച്ചിരിക്കുന്നതുപോലെ എല്ലാ മനുഷ്യർക്കും വേണ്ടിയാണ് വേദപ്രകാശനവും. ഇനി ശൂദ്രൻ അധ്യയനം ചെയ്യരുതെന്നു വല്ല നിഷേധവും എങ്ങാനും ഉണ്ടെങ്കിൽ തന്നെ അതിന്റെ അർഥം ഇപ്രകാരമാണ്. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ മനസ്സിലാക്കാത്ത അവൻ മന്ദബുദ്ധിയും മൂഢനുമായതുകൊണ്ട് ശൂദ്രനാണ്. അവൻ പഠിക്കുന്നതും അവനെ പഠിപ്പിക്കുന്നതും നിഷ്ഫലമാണ്. അതുപോലെതന്നെ, സ്ത്രീകൾ പഠിക്കരുതെന്ന് വിലക്കുന്നത് നിങ്ങളുടെ മൂഢതയുടെയും സ്വാർഥത്തിന്റെയും ആധിക്യമല്ലാതെ മറ്റൊന്നുമല്ല. കന്യകമാർക്ക് അധ്യയനം വിധിക്കുന്ന പ്രമാണം നോക്കുക-

ബ്രഹ്മചര്യേണ കന്യായുവാനം വിന്ദതേ പതിമ് (അഥർ 11.24.3.18) പുരുഷന്മാർ ബ്രഹ്മചര്യം അനുഷ്ഠിച്ച്, പൂർണവിദ്യാഭ്യാസവും ഉത്തമമായ ശിക്ഷണവും നേടി യുവതികളും വിദുഷികളും, അനുകൂലകളും, അനുരൂപകളും, പ്രിയകളുമായ പത്നിമാരെ സ്വീകരിക്കുന്നതുപോലെ **(കന്യാ)** കന്യകയും **(ബ്രഹ്മചര്യേണ)** ബ്രഹ്മചര്യം അനുഷ്ഠിച്ച്, വേദാദിശാസ്ത്രങ്ങൾ പഠിച്ച്, പൂർണവിദ്യയും ഉത്തമശിക്ഷണവും നേടി പൂർണ യൗവനം പ്രാപിക്കുമ്പോൾ തനിക്ക് തുല്യനും പ്രിയനും വിദ്വാനും **(യുവാനമ്)** യുവാവുമായ പുരുഷനെ **(വിന്ദതേ)** പ്രാപിക്കട്ടെ എന്നർഥം. അതിനാൽ സ്ത്രീകൾക്ക് ബ്രഹ്മചര്യവും വിദ്യാഭ്യാസവും അത്യന്താപേക്ഷിതമാണ്.

ചോ- സ്ത്രീകളും വേദാധ്യയനം ചെയ്യണോ?

ഉ- നിശ്ചയമായും. ശ്രൗതസൂത്രം തുടങ്ങിയ ഗ്രന്ഥങ്ങളിൽ **"ഇമം മന്ത്രം പത്നീ പഠേത്"**[59] യാഗത്തിൽ പത്നി മന്ത്രം ചൊല്ലണം എന്നു

59 പത്നിം വാചയതി മേധ്യാമേവൈനാം കരോതി പത്യൈപ്രദായ വാചയേദ്.... വേദോ*ഽ*സി വിത്തിരസി (ആശ്വലായന ശ്രൗതസൂത്രം 1. 11) യത് പത്നീ പുരോ*ഽ*നു വാക്യാമബ്രൂയാത് (തൈത്തരീയ ബ്രാഹ്മണം. 1.6.5.6.) ജ്ഞാതേ ച വാചനം നഹ്യ വിദ്വാൻ വിഹിതോ*ഽ*സ്തി.(മീമാംസ 3.8.18) ഇവയിലെല്ലാം മന്ത്രപാഠം വിദുഷിയായ സ്ത്രീക്കേ ചെയ്യാൻ കഴിയൂ എന്നു വ്യക്തമാക്കുന്നു.

60 ശതപഥബ്രാഹ്മണം14.6.6. ഗാർഗീയാജ്ഞവല്ക്യസംവാദം.

നിർദ്ദേശിക്കുന്നുണ്ട്. വേദാദിശാസ്ത്രങ്ങൾ അധ്യയനം ചെയ്തിട്ടില്ലാത്ത ഒരു സ്ത്രീക്ക് യാഗത്തിൽ സ്വരസഹിതം മന്ത്രം ഉച്ചരിക്കാനോ, സംസ്കൃതത്തിൽ സംസാരിക്കുവാനോ എങ്ങനെ കഴിയും? ഭാരതീയനാരീസമൂഹത്തിന്റെ ഭൂഷണമായ ഗാർഗിയും മറ്റും വേദശാസ്ത്രപരംഗതയായ വിദുഷിയായിരുന്നെന്ന് ശതപഥബ്രാഹ്മണം പറയുന്നു.[60] പുരുഷൻ പഠിപ്പുള്ളവനും, സ്ത്രീ പഠിപ്പില്ലാത്തവളുമായിരിക്കുക അഥവാ പുരുഷൻ പാമരൻ, സ്ത്രീ വിദുഷിയും എന്നു വന്നാൽ വീടുതോറും സദാ ദേവാസുരയുദ്ധം നടക്കും. പിന്നെ ഗൃഹസുഖം എവിടെ? സ്ത്രീകൾ പഠിക്കാതെയിരുന്നാൽ കന്യാപാഠശാലയിൽ അവരെങ്ങനെ അധ്യാപികമാരാകും? ന്യായാധിപതിത്വം തുടങ്ങിയ രാജ്യകാര്യം പോലെ ഗൗരവമുള്ള ഗൃഹസ്ഥാശ്രമകൃത്യങ്ങൾ നിർവഹിക്കുക, ദമ്പതിമാർ പരസ്പരം പ്രീതിയോടുകൂടി വർത്തിക്കുക, ഗൃഹഭരണം സ്ത്രീയുടെ അധീനത്തിൽ കാര്യക്ഷമമായി നടക്കുക മുതലായവ സ്ത്രീകൾക്ക് പഠിപ്പില്ലാതിരുന്നാൽ എങ്ങനെ നടക്കും?

ആര്യാവർത്തത്തിലെ ക്ഷത്രിയ സ്ത്രീകൾ ധനുർവേദം-യുദ്ധവിദ്യ-കൂടി നന്നായി അറിഞ്ഞിരുന്നു. അല്ലെങ്കിൽ കൈകേയിയും മറ്റും ദശരഥനോടും മറ്റും ചേർന്ന് യുദ്ധഭൂമിയിലിറങ്ങി പോരാടിയതെങ്ങനെ?[61] ബ്രാഹ്മണസ്ത്രീകളും സകല വിദ്യകളും അഭ്യസിക്കണം. വൈശ്യസ്ത്രീകൾ പെരുമാറ്റ രീതിയും ശൂദ്രസ്ത്രീകൾ വെപ്പുപണി മുതലായവയും അഭ്യസിക്കണം. വ്യാകരണം, ധർമശാസ്ത്രം, സാമൂഹ്യനീതി എന്നിവയെല്ലാം പുരുഷന്മാർ ഏറെക്കുറെ അഭ്യസിക്കുന്നതുപോലെ സ്ത്രീകളും വ്യാകരണം, ധർമശാസ്ത്രം, വൈദ്യം, ഗണിതം, ശില്പവിദ്യ എന്നിവയെല്ലാം നിശ്ചയമായും പഠിക്കണം. പഠിച്ചില്ലെങ്കിൽ സത്യാസത്യങ്ങളെ തിരിച്ചറിയുക ഭർത്താവിനോടും മറ്റും അനുകൂലമായി പെരുമാറുക, സന്താനങ്ങൾക്കു ജന്മം നൽകി യഥാവിധി വളർത്തി പഠിപ്പിക്കുക, ഗൃഹകൃത്യങ്ങളെല്ലാം വേണ്ടതുപോലെ ചെയ്യുക, ചെയ്യിക്കുക എന്നിവയൊന്നും അവർക്കു കഴിയുന്നതല്ല. വൈദ്യജ്ഞാനമുണ്ടെങ്കിലേ ഔഷധതുല്യമായ അന്നപാനാദികൾ ഉണ്ടാക്കുവാനും ഉണ്ടാക്കിക്കുവാനും സാധിക്കൂ. ശില്പവിദ്യയിൽ അറിവില്ലെങ്കിൽ വീടു പണിയിക്കുവാനും, വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നിവ ഉണ്ടാക്കിക്കുവാനും സാധ്യമല്ല. കണക്ക് പഠിച്ചില്ലെങ്കിൽ വരവുചെലവു കണക്കുകൾ മനസ്സിലാക്കുവാനും മറ്റുള്ളവരോടു കണക്കു പറയുവാനും കഴിയുന്നതല്ല. വേദാദിശാസ്ത്രങ്ങളുടെ ജ്ഞാനമില്ലെങ്കിൽ ഈശ്വരനേയും ധർമത്തേയും അറിഞ്ഞ് അധർമത്തിൽ നിന്ന് അകന്നു നിൽക്കുവാൻ സാധ്യമല്ല, അതിനാൽ ബ്രഹ്മചര്യം, ഉത്തമശിക്ഷ, വിദ്യാഭ്യാസം എന്നിവയാൽ സ്വസന്താനങ്ങളുടെ ശരീരത്തിനും ആത്മാവിനും പൂർണബലമുണ്ടാക്കി, അവരെ മാതാപിതാക്കൾ, ഭർത്താവ്, ശ്വശ്രുശ്വശുരന്മാർ, ഭരണാധിപർ, ജനങ്ങൾ, അയൽവാസികൾ, സ്നേഹിതർ, ബന്ധുക്കൾ, സന്താനങ്ങൾ മുതലായവരോട് ധർമം, യോഗ്യത എന്നിവയ്ക്കനുസരിച്ച് പെരുമാറാൻ പ്രാപ്തരാക്കുന്ന മാതാപിതാക്കളാണ് കൃതകൃത്യരും ധന്യവാദാർഹരും. കൊടുക്കുംതോറും ഏറുന്ന അക്ഷയനിധി ഇതുതന്നെയാണ്. മറ്റുള്ള സമ്പത്തെല്ലാം ചെലവു ചെയ്യുംതോറും കുറയും. അവകാശികൾ വീതം വച്ചെടുക്കും. വിദ്യാധനം മാത്രമേ കള്ളന്മാർക്ക് കക്കാനും അവകാശികൾക്ക് വീതിച്ചെടുക്കാനും കഴിയാത്തതായുള്ളൂ. അതിന്റെ രക്ഷണം, വർധനം എന്നിവ ഭരണാധിപന്റെയും ജനങ്ങളുടെയും തുല്യകർത്തവ്യങ്ങളാണ്.

കന്യാനാം സമ്പ്രദാനം ച കുമാരാണാം ച രക്ഷണമ് (മനു. 7. 152) ബാലന്മാരെയും കന്യകമാരെയും മുൻപറഞ്ഞ കാലത്ത് ബ്രഹ്മചര്യാനുഷ്ഠാനത്തോടെ പഠിപ്പിക്കേണ്ടത് ഭരണാധിപന്റെ കർത്തവ്യമാണ്. ഈ ആജ്ഞയെ അനുസരിക്കാത്ത മാതാപിതാക്കന്മാരെ ശിക്ഷിക്കണം. എട്ടു വയസ്സു തികഞ്ഞ ആൺകുട്ടികളും പെൺകുട്ടികളും ഗുരുഗൃഹത്തിലല്ലാതെ മറ്റൊരു വീട്ടിലും പാർക്കരുത്. സമാവർത്തനത്തിനു മുമ്പ് വിവാഹം ചെയ്യുകയുമരുത്. എന്നു രാജകല്പന ഉണ്ടാക്കണം എന്നർഥം.

സർവേഷാമേവ ദാനാനാം ബ്രഹ്മദാനം വിശിഷ്യതേ. വാര്യന്നഗോമഹീവാസസ്തിലകാഞ്ചന സരവ്പിഷാമ് (മനു. 4.233) ജലം, അന്നം, പശു, ഭൂമി, വസ്ത്രം, എള്ള്, സ്വർണം നെയ്യ് തുടങ്ങിയവ ദാനം ചെയ്യുന്നതിലും ശ്രേഷ്ഠം വേദവിദ്യാദാനമാണ്. അതിനാൽ ശരീരം, ധനം, മനസ്സ് എന്നിവയാൽ കഴിയുന്നത്ര പരിശ്രമിച്ച് വിദ്യാഭിവൃദ്ധിയുണ്ടാക്കണം. ബ്രഹ്മചര്യം, വിദ്യാഭ്യാസം, വേദവിഹിതധർമം എന്നിവയ്ക്കും അർഹമായ പ്രചാരം സിദ്ധിക്കുന്ന രാജ്യമാണ് സൗഭാഗ്യമുള്ള ദേശം.

61 വാല്മീകി രാമായണം,
അയോധ്യാകാണ്ഡം 9.11 & 11.18 &19

theoryandpractice

ബ്രഹ്മചര്യാശ്രമത്തിലെ ശിക്ഷണക്രമം സംക്ഷേപമായി പറഞ്ഞു. അടുത്ത നാലാം സമുല്ലാസത്തിൽ സമാവർത്തനം. ഗൃഹസ്ഥാശ്രമ ശിക്ഷണം എന്നിവയെഴുതാം.

ശ്രീമദ്‌യാനന്ദ സരസ്വതി സ്വാമികളാൽ
വിരചിതമായ സത്യാർഥപ്രകാശത്തിൽ
ശിക്ഷണവിഷയം പ്രതിപാദിക്കുന്ന
മൂന്നാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

4

നാലാം സമുല്ലാസം

സമാവർത്തനം, വിവാഹം, ഗൃഹസ്ഥാശ്രമവിധി എന്നിവയെപ്പറ്റി പറയാം

അഥ സമാവർത്തന വിവാഹഗൃഹാശ്രമവിധിം വക്ഷ്യാമഃ

വേദാനധീത്യ വേദൗ വാ വേദം വാപി യഥാക്രമം. അവിപ്ലുതബ്രഹ്മചര്യോ ഗൃഹസ്ഥാശ്രമമാവിശേത്. (മനുസ്മൃതി 3.2) ബ്രഹ്മചര്യത്തിൽ ആചാര്യനെ അനുസരിച്ചു വസിച്ച് ധർമാനുസരണം നാലോ മൂന്നോ രണ്ടോ അഥവാ ഒരു വേദമോ അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടി അധ്യയനം ചെയ്തശേഷം അഖണ്ഡിത ബ്രഹ്മചര്യം ശീലിച്ച പുരുഷനും സ്ത്രീയും ഗൃഹസ്ഥാശ്രമം കൈക്കൊള്ളണം.

തം പ്രതീതം സ്വധർമേണ ബ്രഹ്മദായഹരം പിതുഃ. സ്രഗ്വിണം തല്പ ആസീനമർഹയേത് പ്രഥമംഗവാ. (മനുസ്മൃതി 3.3)

അച്ഛന്റെയടുക്കൽ നിന്നോ ആചാര്യന്റെ അടുക്കൽ നിന്നോ സ്വധർമം അനുസരിച്ച് ബ്രഹ്മദായത്തെ-വിദ്യയാകുന്ന ഭാഗത്തെ- സമ്പാദിച്ച ശേഷം മാലയണിഞ്ഞ് കട്ടിലിൽ ഇരിക്കുന്ന വിദ്യാർത്ഥിയെ ഗുരു ആദ്യമായി ഗോദാനം ചെയ്ത് സൽക്കരിക്കണം. കന്യകയുടെ പിതാവും അങ്ങനെ ഗോദാനം കൊണ്ട് അയാളെ സൽക്കരിക്കണം.

ഗുരുണാനുമതഃ സ്നാത്വാ സമാവൃത്തോ യഥാവിധി. ഉദ്വഹേത ദ്വിജോ ഭാര്യാം സവർണാം ലക്ഷണാന്വിതാമ് (മനുസ്മൃതി 3.4)

ഗുരുവിന്റെ ആജ്ഞപ്രകാരം കുളിച്ച് [1] ഗുരുകുലത്തിൽ നിന്ന് വിധിപ്രകാരം മടങ്ങി വന്നതിനുശേഷം ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യന്മാർ വർണാനുകൂലമായി സുന്ദരിയും ലക്ഷണയുക്തയുമായ കന്യകയെ വിവാഹം ചെയ്യണം.

അസപിണ്ഡാ ച യാ മാതുരസഗോത്രാ ച യാ പിതുഃ. സാ പ്രശസ്താ ദ്വിജാതീനാം ദാരകർമണി മൈഥുനേ (മനുസ്മൃതി 3.5)

അമ്മയുടെ കുലത്തിൽ ആറു തലമുറയായി ബന്ധം വയ്ക്കാത്തതും പിതൃഗോത്രത്തിൽ പെടാത്തതുമായ കന്യകയെ വിവാഹം ചെയ്യുന്നതാണുചിതം. ഇതിന്റെ പ്രയോജനം **പരോക്ഷപ്രിയാ ഇവ ഹി ദേവാഃ പ്രത്യക്ഷദ്വിഷഃ (ശതപഥം)**। [2]

പരോക്ഷവസ്തുവിൽ ഉളവാകുന്ന പ്രിയം പ്രത്യക്ഷവസ്തുവിൽ നിശ്ചയമായും ഉണ്ടാവുകയില്ല. ഒരുവൻ കല്ക്കണ്ടത്തിന്റെ ഗുണങ്ങൾ കേട്ടറിഞ്ഞിട്ടേ ഉള്ളൂ. തിന്നിട്ടില്ല. എങ്കിൽ അവന്റെ മനസ് സദാ കല്ക്കണ്ടത്തിൽ ആസക്തമായിരിക്കും. പരോക്ഷമായ പദാർത്ഥത്തിനെ പുകഴ്ത്തുന്നതു കേൾക്കുമ്പോൾ അതു കിട്ടുവാൻ കലശലായ കൊതിയുണ്ടാകും. അതുപോലെ ദൂരസ്ഥയായ, സ്വന്തം കുലത്തിലോ അമ്മയുടെ കുലത്തിലോ അടുത്ത ചാർച്ചയില്ലാത്ത കന്യകയെ തന്നെയാണ് വിവാഹം ചെയ്യേണ്ടത്. അകന്നതും അടുത്തതുമായ വിവാഹങ്ങളുടെ ഗുണദോഷങ്ങൾ പറയാം.

1. ബാല്യകാലം മുതൽ അടുത്തടുത്തു പാർത്ത്

1 ഗുരുകുലത്തിലെ ബിരുദധാരിയുടെ പേര് സ്നാതകനെന്നാണ്.

2 ശതപഥം 14.6.11.2

ഒരുമിച്ചുകളിച്ച്, ഇണങ്ങിയും പിണങ്ങിയും നടന്ന് സ്വഭാവഗുണവും ദോഷവും കുട്ടിക്കാലത്തെ ചപലതകളും അറിഞ്ഞ് പരസ്പരം നഗ്നരായിപ്പോലും കണ്ടിട്ടുള്ളവർ തമ്മിൽ വിവാഹം ചെയ്താൽ അവർക്ക് പരസ്പരപ്രേമം ഒരിക്കലും ഉണ്ടാവുകയില്ല.

2. വെള്ളത്തിൽ വെള്ളം ചേർക്കുന്നതുകൊണ്ട് വിലക്ഷണഗുണമൊന്നും ഉണ്ടാകുന്നില്ല അതുപോലെ അച്ഛന്റെയോ അമ്മയുടെയോ കുലത്തിൽ നിന്നു വിവാഹം ചെയ്യുന്നതുകൊണ്ട് ശരീരത്തിലുള്ള ധാതുക്കൾ മാറിമറിയായ്കയാൽ സന്താനപരമ്പരയ്ക്ക് ഉന്നതി ലഭിക്കുകയില്ല.

3. പാലിൽ ശർക്കരയോ ചുക്കോ മറ്റു മരുന്നുകളോ ചേർത്താൽ അതു കൂടുതൽ നല്ലതാകും. അതുപോലെ ഭിന്ന ഗോത്രങ്ങളിൽ ജനിച്ചവർ–അച്ഛന്റെയോ അമ്മയുടെയോ വംശം വഴി ബന്ധമില്ലാത്തവർ തമ്മിൽ വിവാഹം ചെയ്യുന്നത് ശ്രേഷ്ഠമാണ്.

4. ഒരു ദേശത്തു വസിക്കുമ്പോൾ രോഗഗ്രസ്തനായിരിക്കുന്നയാൾ സ്ഥലം മാറിത്താമസിച്ചാൽ വായു, ഭക്ഷണം, വെള്ളം, മുതലായവയിൽ മാറ്റം വരുന്നതുകൊണ്ട് രോഗമുക്തനാകുന്നതുപോലെ ദൂരദേശീയർ തമ്മിലുള്ള വിവാഹം ഉത്തമഫലം നൽകും.

5. സമീപത്തുനിന്നു വിവാഹം ചെയ്താൽ അന്യോന്യമുള്ള സുഖദുഃഖങ്ങൾ അറിയുവാനും പരസ്പര വിരോധമുണ്ടാകുവാനും ഇടയുണ്ട്. അകന്നു പാർക്കുന്നവർക്ക് ഇതിനിടയാവുകയില്ല. ദൂരം വർദ്ധിക്കുംതോറും പ്രേമതന്തുവിന് ദൈർഘ്യവും ദാർഢ്യവും വർദ്ധിക്കും. സമീപസ്ഥരുടെ കാര്യത്തിലിങ്ങനെ സംഭവിക്കില്ല.

6. ദൂരദേശങ്ങളിൽ ബന്ധം വച്ചാൽ അവിടുത്തെ വർത്തമാനങ്ങളറിയുവാനും പദാർത്ഥങ്ങൾ കിട്ടുവാനും എളുപ്പമുണ്ട്. അടുത്ത പ്രദേശത്തു വിവാഹം ചെയ്താൽ അത് സാധ്യമല്ല. അതുകൊണ്ടാണ് **ദുഹിതാ ദുർഹിതാ ദൂരേ ഹിതാ ഭവതീതി** ॥ [3] കന്യകയെ ദൂരസ്ഥലത്ത് വിവാഹം ചെയ്തയയ്ക്കുന്നത് ശ്രേയസ്കരമാകയാലും അടുത്തു ചെയ്തയയ്ക്കുന്നത് അല്ലായ്കയാലുമാണ് അവൾക്ക് ദുഹിതാ എന്നു പേരു വന്നത്.

7. പെൺകുട്ടികൾ പിതൃഗൃഹത്തിലേയ്ക്കു ചെല്ലുമ്പോഴെല്ലാം അവർക്കു വല്ലതും കൊടുത്തേതീരൂ. അതിനാൽ കന്യാപിതാവിന്റെ വീട്ടിൽ ദാരിദ്ര്യം ഉണ്ടാകുവാനും ഇടയുണ്ട്.

8. ഭാര്യാഭർത്താക്കന്മാരുടെ പിതൃഗൃഹങ്ങൾ അടുത്തിരുന്നാൽ അവിടെനിന്ന് സഹായം ലഭിക്കുമെന്ന ഹുങ്ക് ഇരുകൂട്ടർക്കും ഉണ്ടാകുന്നതാണ്. അതുനിമിത്തം ഭാര്യാഭർത്താക്കന്മാർ ചെറുതായി പിണങ്ങുമ്പോഴേക്കും ഭാര്യ തന്റെ വീട്ടിലേയ്ക്കു പൊയ്ക്കളയും. തന്മൂലം ഇരുകൂട്ടർക്കും തമ്മിൽ നിന്ദയും വിദ്വേഷവും വർദ്ധിക്കുകയും ചെയ്യും. എന്തെന്നാൽ മിക്കവാറും പെണ്ണുങ്ങളുടെ സ്വഭാവം വളരെ തീക്ഷ്ണവും മൃദുവും ആകുന്നു.

ഇത്യാദി കാരണങ്ങളാൽ പിതൃഗോത്രത്തിൽ നിന്നോ ആറു തലമുറകളിൽ ഏതെങ്കിലും ബന്ധം വച്ചിട്ടുള്ള മാതൃകുലത്തിൽ നിന്നോ അടുത്ത സ്ഥലത്തു നിന്നോ വിവാഹം ചെയ്യുന്നത് നല്ലതല്ല.

മഹാന്ത്യപി സമൃദ്ധാനി ഗോ/ജാവിധനധാന്യതഃ. സ്ത്രീ സംബന്ധേ ദശൈതാനി കുലാനി പരിവർജയേത് (ടി. 3.6)

ധനം, ധാന്യം, പശു, ആട്, ആന, കുതിര, രാജ്യം, സ്ത്രീ മുതലായവയെല്ലാം എത്ര സമൃദ്ധമായുണ്ടെങ്കിലും ഇനി എഴുതുന്ന പത്തു കുലങ്ങളുമായുള്ള വിവാഹബന്ധം വർജിക്കണം.

ഹീനക്രിയം നിഷ്പുരുഷം നിശ്ഛന്ദോ രോമശാർശസം. ക്ഷയ്യാമയാവ്യപസ്മാരിശ്വിത്രികുഷ്ഠികുലാനി ച. (ടി. 307)

സത്കർമങ്ങൾ ചെയ്യാത്തത്, സത്പുരുഷന്മാരില്ലാത്തത്, വേദാധ്യയനത്തിൽ വൈമുഖ്യമുള്ളത്, ഉടലിൽ നീണ്ട രോമങ്ങളുള്ളവരുള്ളത്, അർശസ്, ക്ഷയം, കാസശ്വാസങ്ങൾ, അഗ്നിമാന്ദ്യം, അപസ്മാരം, പാണ്ട്, കുഷ്ഠം, എന്നീ രോഗങ്ങളുള്ളത്, എന്നീ കുലങ്ങളിൽ പിറന്നവർ തമ്മിൽ വിവാഹം പാടില്ല. എന്തെന്നാൽ ഈ പറഞ്ഞ ദോഷങ്ങളും രോഗങ്ങളും പകരുന്നതാണ്. അതിനാൽ ഉത്തമകുലങ്ങളിലുള്ളവർ തമ്മിൽ മാത്രമേ വിവാഹം പാടുള്ളൂ.

നോദ്വഹേത് കപിലാം കന്യാം നാധികാംഗീം നരോഗിണീം. നാലോമികാം നാതിലോമാം ന വാചാടാം ന പിംഗളാം (ടി. 3.8)

മഞ്ഞനിറമുള്ളവൾ, പുരുഷനേക്കാൾ തടിമിടുക്കുള്ളവൾ, രോഗിണി, തീരെ രോമമില്ലാത്തവൾ, വളരെ രോമമുള്ളവൾ, വായാടി, ചുവന്ന കണ്ണുള്ളവൾ, ഇങ്ങനെയുള്ള പെൺകിടാങ്ങളെ വേൾക്കരുത്.

3 നിരുക്തം 3.4

നർക്ഷവൃക്ഷനദീനാമ്നീം നാന്ത്യപർവതനാമികാം. ന പക്ഷ്യഹിപ്രേഷ്യനാമ്നീം ന ച ഭീഷണനാമികാം. (ടി. 3.9)

അശ്വിനീ. ഭരണീ, രോഹിണീദേവി, രേവതീ ബായി, ചിത്തരീ മുതലായ നക്ഷത്രനാമങ്ങളുള്ളവർ, തുളസീ, കാന്തി, റോസി, ചെമ്പകം, മുതലായ വൃക്ഷനാമങ്ങളുള്ളവർ, ഗംഗാ, യമുനാ, മുതലായ നദീനാമങ്ങളുള്ളവർ; ചണ്ഡാളീ മുതലായ മ്ലേച്ഛനാമങ്ങളുള്ളവർ വിന്ധ്യ, ഹിമാലയി, പാർവതി മുതലായ പർവതനാമങ്ങളുള്ളവർ, കോകില, മൈന, മുതലായ പക്ഷിനാമങ്ങളുള്ളവർ നാഗീ, ഭുജംഗാ മുതലായ സർപ്പനാമങ്ങളുള്ളവർ, മാധോദാസീ, മീരാദാസി, ഇത്യാദി പ്രേഷ്യനാമങ്ങളുള്ളവർ ഭീമകുമാരി ചണ്ഡികാ, കാളീ മുതലായ ഭയങ്കരനാമങ്ങളുള്ളവർ ഇങ്ങനെയുള്ള കന്യകമാരെ വിവാഹം ചെയ്യരുത്. എന്തെന്നാൽ ഇപ്പറഞ്ഞ പേരുകൾ കുത്സിതങ്ങളും മറ്റു പദാർത്ഥങ്ങളെ കുറിക്കുന്നവയുമാകുന്നു. **അവ്യംഗാംഗീം സൌമ്യനാമ്നീം ഹംസവാരണഗാമിനീം. തനുലോമകേശദശനാം മൃദ്വംഗീമുദ്വഹേത് സ്ത്രിയം** (ടി. 3.10) വൈകല്യവും വൈരൂപ്യവുമില്ലാത്ത അംഗങ്ങളുള്ള, യശോദാ സുഖദാ മുതലായ മധുരനാമങ്ങളുള്ള, ഹംസത്തിന്റെയോ പിടിയാനയുടെയോ പോലെ നടപ്പുള്ള സൂക്ഷ്മങ്ങളായ രോമങ്ങൾ, തലമുടി, പല്ലുകൾ, എന്നിവയുള്ള കോമളങ്ങളായ അംഗങ്ങളോടു കൂടിയ കന്യകയെയാണ് വിവാഹം ചെയ്യേണ്ടത്.

ചോ:- വിവാഹത്തിന് ഏറ്റവും നല്ല കാലം ഏതാണ്? ഏറ്റവും നല്ല രീതി ഏതാണ്?

ഉത്തരം- പതിനാറു മുതൽ ഇരുപത്തഞ്ചു വയസ്സുവരെ കന്യകയ്ക്കും ഇരുപത്തഞ്ചു വയസ്സു മുതൽ നാല്പത്തെട്ടു വയസു വരെ പുരുഷനും വിവാഹപ്രായമാണ്. എങ്കിലും പതിനാറാം വയസിൽ സ്ത്രീയും ഇരുപത്തിയഞ്ചാം വയസ്സിൽ പുരുഷനും വിവാഹം ചെയ്യുന്നത് അധമമാണ്. 18 അല്ലെങ്കിൽ 20 വയസ്സിൽ സ്ത്രീയും 30, 32 അഥവാ 40 വയസ്സിൽ പുരുഷനും വിവാഹം ചെയ്യുന്നത് മദ്ധ്യമമാകുന്നു. 24 വയസ്സു തികഞ്ഞ സ്ത്രീയും 48 വയസ്സു തികഞ്ഞ പുരുഷനും തമ്മിൽ വിവാഹം ചെയ്യുന്നതാണ് ഉത്തമം. ഇപ്രകാരം ശ്രേഷ്ഠമായ വിവാഹ നിയമവും ബ്രഹ്മചര്യത്തോടു കൂടിയ വിദ്യാഭ്യാസവും നന്നായി പ്രചരിക്കുന്ന ദേശമാണ് സുഖസമ്പൂർണ്ണമായി ഭവിക്കുന്നത്. ബ്രഹ്മചര്യനിഷ്ഠമായ വിദ്യാഭ്യാസമല്ലാതെ ബാല്യകാലവും അയോഗ്യർ തമ്മിലുള്ള വിവാഹവും നടപ്പുള്ള രാജ്യം ദുഃഖത്തിൽ മുഴുകുന്നു. എന്തെന്നാൽ, ബ്രഹ്മചര്യനിഷ്ഠമായ വിദ്യാഭ്യാസം, വിവാഹസമ്പ്രദായം എന്നിവ പരിഷ്ക്കരിച്ചാൽ എല്ലാം നന്നാകും. ഇവ രണ്ടും ദുഷിച്ചാൽ എല്ലാം ദുഷിക്കും.

ചോ- (1) **അഷ്ടവർഷാ ഭവേദ്ഗൗരീ നവ വർഷാ ച രോഹിണീ. ദശവർഷാ ഭവേദ് കന്യാ തത ഊർധ്വം രജസ്വലാ.**

(2) **മാതാ ചൈവ പിതാ തസ്യാ ജ്യേഷ്ഠോ ഭ്രാതാ തഥൈവ ച. ത്രയസ്തേ നരകം യാന്തി ദൃഷ്ടാ കന്യാ രജസ്വലാമ്.**

ഈ രണ്ടു ശ്ലോകങ്ങൾ പാരാശരിയിലും[4] ശീഘ്രബോധത്തിലും[5] എഴുതിക്കാണുന്നവയാണ്. എട്ടാമത്തെ വയസ്സിൽ ഗൗരി എന്നും ഒമ്പതാമത്തെ വയസ്സിൽ രോഹിണീ എന്നും പത്താമത്തെ വയസിൽ കന്യാ എന്നും അതിനു ശേഷം രജസ്വലാ എന്നും പെൺകുട്ടികൾക്ക് പേരു പറയുന്നു. പത്തു വയസു തികയുന്നതുവരെ കല്യാണം കഴിച്ചുകൊടുക്കാതെ, പെൺകുട്ടിയെ രജസ്വലയായി കാണാനിടയാകുന്ന മാതാപിതാക്കൾ, ജ്യേഷ്ഠസഹോദരൻ എന്നീ മൂന്നുപേരും നരകത്തിൽ പതിക്കുന്നതാണ് എന്നാണ് ശ്ലോകങ്ങളുടെ അർത്ഥം.

ഉ- ബ്രഹ്മോവാച (ബ്രഹ്മാവു പറഞ്ഞു:)

(1) ഏകക്ഷണാ ഭവേദ് ഗൗരി ദ്വിക്ഷണേയം തു രോഹിണീ. ത്രിക്ഷണാ സാ ഭവേത് കന്യാ ഹ്യത ഊർധ്വം രജസ്വലാ.

(2) മാതാ പിതാ തഥാ ഭ്രാതാ മാതുലോ ഭഗിനീ സകാ. സർവ തേ നരകം യാന്തി ദൃഷ്ടാ കന്യാം രജസ്വലാമ്.

ഈയ്യിടെ ഉണ്ടാക്കിയ ബ്രഹ്മപുരാണത്തിലുള്ള വചനമാണിത്. എത്ര സമയം കൊണ്ട് ഒരു പരമാണു ചലിക്കുന്നവോ അത്ര സമയത്തെയാണ് ഒരു ക്ഷണം എന്നു പറയുന്നത്. ഒരു പെൺകുട്ടി പിറന്നാൽ അവൾക്ക് ആദ്യത്തെ ക്ഷണത്തിൽ ഗൗരി എന്നും രണ്ടാമത്തെ ക്ഷണത്തിൽ രോഹിണി മൂന്നാമത്തെ ക്ഷണത്തിൽ കന്യക എന്നും സംജ്ഞകൾ ആകുന്നു. നാലാമത്തെ ക്ഷണത്തിൽ അവൾ രജസ്വലയായിത്തീരുന്നു. (1)

4 *പാരാശരീസ്മൃതിക്ക് ലഘു, ബൃഹത് എന്നീ പാഠങ്ങളുണ്ട്. ലഘുപാഠത്തിലെ 7-ാം അധ്യായം 6 ഉം 8 ശ്ലോകങ്ങളാണിവ.*

5 *ശീഘ്രബോധം 1-ാം അധ്യായം ശ്ലോ. 54,65 (പതിപ്പിന്റെ വ്യത്യാസമനുസരിച്ച് ശ്ലോകസംഖ്യയും മാറും)*

അപ്രകാരം രജസ്വലയായ കന്യകയെ കാണുന്ന ക്ഷണത്തിൽ തന്നെ അവളുടെ അച്ഛനും അമ്മയും സഹോദരനും അമ്മാവനും സഹോദരിമാരും എല്ലാം നരകത്തിൽ പതിക്കുന്നു (2) എന്നാണ് ഇതിന്റെ അർത്ഥം.

ചോ- ഈ പറഞ്ഞ ശ്ലോകങ്ങൾ പ്രമാണങ്ങളോ?

ഉ- എന്തുകൊണ്ടല്ല. ബ്രഹ്മാവിന്റെ ശ്ലോകങ്ങൾ പോലും പ്രമാണമല്ലെങ്കിൽ നിങ്ങളുടെ പദ്യങ്ങളും പ്രമാണമല്ല.

ചോ- കൊള്ളാം കൊള്ളാം. പരാശരനും കാശിനാഥനും പ്രാമാണ്യം ഇല്ലെന്നോ?

ഉ:- ബലേഭേഷ്! ബ്രഹ്മാവും പ്രാമാണികനല്ലെന്നോ. പരാശരനേയും കാശീനാഥനെയും കാൾ ബ്രഹ്മാവ് വലിയവനല്ലെന്നോ. നിങ്ങൾ ബ്രഹ്മാവിന്റെ ശ്ലോകങ്ങളെ വക വയ്ക്കുന്നില്ലെങ്കിൽ പരാശരന്റെയോ കാശീനാഥന്റെയോ ശ്ലോകങ്ങളെ ഞങ്ങൾക്കും വേണ്ട.

ചോ:- നിങ്ങളുടെ ശ്ലോകത്തിൽ അസംഭവ്യമുള്ളതിനാൽ പ്രമാണമല്ല. ജനനസമയത്തു തന്നെ അനേകായിരം ക്ഷണങ്ങൾ കഴിഞ്ഞുപോകുന്നു. അതിനിടയിൽ വിവാഹം എങ്ങനെ നടത്തും? ആ സമയത്തു വിവാഹം നടത്തുന്നതു കൊണ്ട് യാതൊരു ഫലവുമില്ലതാനും.

ഉ:- എന്റെ ശ്ലോകത്തിൽ അസംഭവ്യദോഷമുണ്ടെങ്കിൽ അത് നിങ്ങളുടെ ശ്ലോകത്തിലുമുണ്ട്. എന്തെന്നാൽ എട്ട്, ഒമ്പത് അല്ലെങ്കിൽ പത്തു വയസ്സു പ്രായമാകുമ്പോൾ വിവാഹം ചെയ്യുന്നത് നിഷ്ഫലം തന്നെ. പതിനാറു വയസ്സു കഴിഞ്ഞ് ഇരുപത്തിനാലു വയസ്സിനകം വിവാഹം ചെയ്താൽ പുരുഷന്റെ വീര്യം പരിപക്വവും ശരീരം ബലിഷ്ഠവുമാകയാലും സ്ത്രീയുടെ ഗർഭാശയം വളർന്നു കഴിഞ്ഞതും ശരീരം ബലിഷ്ഠവുമാകയാലും ഉത്തമസന്താനം ജനിക്കുന്നു. [5] എട്ടു വയസ്സു പ്രായമായ കുട്ടിക്ക് സന്താനോല്പത്തി അസംഭവ്യമായിരിക്കുന്നതുപോലെ ഗൗരീ, രോഹിണീ മുതലായ പേരിടുന്നതും അസംഭവമാണ്.

കന്യക ഗൗരവർണയല്ല. കറുത്തവളാണെങ്കിൽ ഗൗരി എന്നു വിളിക്കുന്നത് ശരിയല്ല. കൂടാതെ ഗൗരി മഹാദേവന്റെയും രോഹിണി വസുദേവന്റെയും പത്നിമാരായിരുന്നു. പുരാണവിശ്വാസികളായ നിങ്ങൾ അവരെ മാതൃതുല്യം ബഹുമാനിക്കുന്നു. സകല കന്യകമാരും ഗൗരിയാണെന്നും മറ്റും സങ്കല്പിച്ചാൽ പിന്നെ വിവാഹം ചെയ്യുന്നതാരെയാണ്? അഥവാ ചെയ്താലും ആ വിവാഹം ധർമാനുസൃതമാകുമോ? അതിനാൽ നിങ്ങളുടെയും എന്റെയും ശ്ലോകങ്ങൾ വെറും ഭാവനയാണ്. ഞാൻ ബ്രഹ്മോവാചാ എന്നുപറഞ്ഞ് ശ്ലോകം ഉണ്ടാക്കിയതുപോലെ പരാശരാദികളുടെ പേരും പറഞ്ഞ് ശ്ലോകമുണ്ടാക്കി. ഇത്തരം പ്രമാണങ്ങളെയെല്ലാം വലിച്ചെറിഞ്ഞ്, വേദങ്ങളെ പ്രമാണമാക്കി എല്ലാകാര്യങ്ങളും ചെയ്യണം. [6] മനുസ്മൃതി നോക്കുക:-

ത്രീണീ വർഷാണ്യുദീക്ഷേത കുമാര്യൃതു മതീ സതീ. ഊർദ്ധം തു കാലാദേതസ്മാദിന്ദേത സദൃശം പതിമ് (മനു. 9. 90)

കന്യക ഋതുമതിയായ ശേഷം മൂന്നുകൊല്ലം കഴിയുന്നതുവരെ ഭർത്താവിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയും അതിനുശേഷം അനുരൂപനായ പുരുഷനെ ഭർത്താവായി വരിക്കുകയും ചെയ്യണം. ആർത്തവം മാസംതോറുമാണ്. മൂന്നാണ്ടുകൊണ്ട് മുപ്പത്താറു പ്രാവശ്യം രജസ്വലയായതിനുശേഷം വിവാഹിതയാകുകയാണുചിതം. മുമ്പല്ല.

കാമമാമരണാത്തിഷ്ഠേദ് ഗൃഹേ കന്യർത്തു

(മഹർഷിയുടെ അടിക്കുറിപ്പാണിത് പരിഭാഷകന്റേതല്ല)

** വിവാഹോചിതമായ വയസിനെ പ്രാപിച്ചിട്ടില്ലാത്ത സ്ത്രീപുരുഷന്മാരുടെ ഗർഭാധാനത്തെ ധന്വന്തരീമുനി ഇങ്ങനെ സുശ്രുതത്തിൽനിഷേധിക്കുന്നു.*

ഊനഷോഡശവർഷായാമപ്രാപ്തഃ പഞ്ചവിംശതിമ് യദ്യാധത്തേ പുമാൻ ഗർഭം കുക്ഷിസ്ഥഃ സ വിപദ്യതേ ജാതോ വാ ന ചിരഞ്ജീവേജ്ജീവേദ്വാദുർബലേന്ദ്രിയഃ തസ്മാദത്യന്തബാലായം ഗർഭാധാനം ന കാരയേത്

(സുശ്രുതം, ശരീരസ്ഥാനം 10. 47-48)

അർഥം:- പതിനാറു വയസു തികയാത്ത സ്ത്രീയിൽ ഇരുപത്തഞ്ചു വയസു പ്രായമാകാത്ത പുരുഷൻ ഗർഭാധാനം ചെയ്യുന്നതായാൽ ആ ഗർഭം കുക്ഷിയിലിരുന്ന് വിപത്തിനെ പ്രാപിക്കുന്നു, അതായത്, ഗർഭകാലം പൂർണമായശേഷം ഉല്പന്നമാവുന്നില്ല. ഉല്പന്നമായാൽത്തന്നെ ദീർഘകാലം ജീവിക്കുകയില്ല. ജീവിച്ചാലും ദുർബലേന്ദ്രിയനായിരിക്കും. അതിനാൽ അതിബാല്യാവസ്ഥയിൽ ഗർഭധാരണം പാടില്ല ഇങ്ങനെ സൃഷ്ടിക്രമം കാണുകയും ബുദ്ധികൊണ്ട് ആലോചിക്കുകയും ചെയ്യുമ്പോൾ 16 വയസു തികയാത്ത സ്ത്രീയും 25 തികയാത്ത പുരുഷനും സന്തത്യുല്പാദനക്ഷമരല്ല എന്നു തെളിയുന്നു. ഇതിനു വിപരീതം ചെയ്യുന്നവർ ദുഃഖത്തിന്റെ ഭാഗഭാക്കുകളാവുകയും ചെയ്യും.

6 ഏതദുക്തം ഭവതി മന്ത്രൈണൈവാനുസൃതം കർമ്മ കർത്തവ്യമ് (മന്ത്രവേദങ്ങളെ അനുസരിച്ചു മാത്രമേ കർമങ്ങളനുഷ്ഠിക്കാവൂ എന്നു പറഞ്ഞിട്ടുണ്ട്. സ്കന്ദ നിരുക്തടീകാ-1-2. 1-ാം ഭാഗം 19-ാം പേജ്

മത്യപി. നചൈവൈനാം പ്രയച്ഛേത്തു ഗുണഹീനായ കർഹിചിത് (ടി. 9.89)

ആണും പെണ്ണും മരണപര്യന്തം അവിവാഹിതരായിരിക്കട്ടെ. പക്ഷേ അസദൃശർ-അന്യോന്യം ചേർച്ചയില്ലാത്ത ഗുണകർമ സ്വഭാവങ്ങളോടുകൂടിയവർ തമ്മിൽ വിവാഹം ഒരിക്കലും പാടില്ല. പ്രായം തികയുന്നതിനു മുമ്പോ ചേർച്ചയില്ലാത്തവർ തമ്മിലോ വിവാഹം ചെയ്യുന്നത് ശരിയല്ലെന്ന് ഇതുകൊണ്ടു സിദ്ധിക്കുന്നു.

ചോ:- വിവാഹം അച്ഛനമ്മമാരുടെ ഇഷ്ടം പോലെയോ കുട്ടികളുടെ ഇഷ്ടം പോലെയോ വേണ്ടത്?

ഉ:- കുട്ടികളുടെ ഇഷ്ടമനുസരിച്ച് വിവാഹം നടത്തുന്നതാണ് ഉത്തമം. അച്ഛനമ്മമാർക്ക് സമ്മതമാണെങ്കിലും കുട്ടികളുടെ സമ്മതമില്ലാതെ വിവാഹം നടത്തുന്നതു നല്ലതല്ല. പരസ്പര സംതൃപ്തിയോടുകൂടി വിവാഹം ചെയ്യുന്ന ദമ്പതിമാർക്ക് പരസ്പര വിരോധം വളരെക്കുറച്ചു മാത്രമേ ഉണ്ടാവുകയുള്ളൂ. സന്താനങ്ങൾ അധികം നന്നായിരിക്കുകയും ചെയ്യും. അസംതൃപ്തിയോടു കൂടി നടത്തുന്ന വിവാഹം സദാ ദുഃഖപ്രദമാവുകയേ ഉള്ളൂ. വിവാഹത്തിന്റെ ഫലം അനുഭവിക്കേണ്ടവർ വധൂവരന്മാരാണ്. മാതാപിതാക്കന്മാരല്ല. പരസ്പരം സ്നേഹമുണ്ടായാൽ സുഖവും വിരോധമുണ്ടായാൽ ദുഃഖവും ഭാര്യാഭർത്താക്കന്മാർക്കു മാത്രമേ ഉള്ളൂ.

സന്തുഷ്ടോ ഭാര്യയാ ഭർത്താ ഭർത്താ ഭാര്യാ തഥൈവ ച. യസ്മിന്നേവകുലേ നിത്യം കല്യാണം തത്ര വൈ ധ്രുവമ് (ടി. 3.60)

ഭർത്താവ് ഭാര്യയോടും ഭാര്യ ഭർത്താവിനോടും സ്നേഹപൂർവ്വം വർത്തിക്കുന്ന കുലത്തിൽ സുഖവും ലക്ഷ്മിയും കീർത്തിയും നിവസിക്കുന്നു. പരസ്പരവിരോധവും കലഹവും ഉള്ളിടത്ത് ദുഃഖവും ദാരിദ്ര്യവും ദുഷ്കീർത്തിയും കുടിയേറുന്നു. അതിനാൽ ആര്യാവർത്തത്തിൽ പരമ്പരയായി നടന്നുവരുന്ന സ്വയംവരരീതിയാണ് ഉത്തമം. വിവാഹിതരാകുവാൻ ആഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാരുടെ വിദ്യ, വിനയം, സ്വഭാവം, രൂപം, വയസ്, ബലം, കുലം, ശരീരത്തിന്റെ വലിപ്പം തുടങ്ങിയ എല്ലാ അംശങ്ങളും പരസ്പരം യോജിക്കണം. യോജിപ്പില്ലെങ്കിൽ വിവാഹത്തിൽ ഒട്ടും സുഖം ഉണ്ടാവുകയില്ല. അതുപോലെ ബാല്യവിവാഹവും സുഖപ്രദമല്ല.

1. യുവാ സുവാസാഃ പരിവീത ആഗാത്സ ഉ ശ്രേയാൻ ഭവതി ജായമാനഃ. തം ധീരാസഃ കവയ ഉന്നയന്തി സ്വാധ്യോ മനസാ ദേവയന്തഃ. (ഋ. 3.8.4)

2. ആ ധേനവോ ധുനയന്താമശിശ്വീഃ സബർദുഘാഃ ശശയാ അപ്രദുഗ്ധാഃ. നവ്യാ നവ്യാ യുവതയോ ഭവന്തീർമഹദ്ദേവാനാമസുരത്വമേകമ് (ഋ. 3.55.1)

3. പൂർവീരഹം ശരദഃ ശശ്രമാണാ ദോഷാ വസ്തോരുഷസോ ജരയന്തീഃ. മിനാതി ശ്രിയം ജരിമാ തനൂനാമപ്യൂ നു പത്നീർവൃഷണോ ജഗമ്യുഃ (ഋ.1.179.1)

1. ഏതൊരു പുരുഷൻ **(പരിവീതഃ)** ഉപനയനം കഴിഞ്ഞവനും ബ്രഹ്മചര്യമനുഷ്ഠിച്ച് ഉത്തമശിക്ഷണവും വിദ്യാഭ്യാസവും നേടിയവനും **(സുവാസാഃ)** ഭംഗിയുള്ള വസ്ത്രം ധരിച്ചവനും ബ്രഹ്മചാരിയും **(യുവാ)** പൂർണയൗവനത്തെ പ്രാപിച്ചവനുമായ ശേഷം വിദ്യാഭ്യാസം ചെയ്ത് ഗൃഹസ്ഥാശ്രമത്തിൽ **(ആഗാത്)** പ്രവേശിക്കുന്നുവോ **(സ, ഉ)** അവൻ തന്നെ വിദ്യയാകുന്ന രണ്ടാം ജന്മത്തിൽ **(ജായമാനഃ)** പ്രശസ്തനായി **(ശ്രേയാൻ)** ശ്രേയസ്സുള്ളവനും മംഗളപ്രദനുമായി **(ഭവതി)** ഭവിക്കുന്നു. **(സ്വാധ്യഃ)** ശരിയായ ധ്യാനയുക്തമായ **(മനസാ)** വിജ്ഞാനത്താൽ **(ദേവയന്തഃ)** വിദ്യാഭിവൃദ്ധിയെ ഇച്ഛിക്കുന്നവരും **(ധീരാസഃ)** ധൈര്യമുള്ളവരുമായ **(കവയഃ)** വിദ്വാന്മാർ **(തം)** അവനെയാണ് **(ഉന്നയന്തി)** ഉന്നതപദവിയിൽ പ്രതിഷ്ഠിക്കുന്നത്. ബ്രഹ്മചര്യം അനുഷ്ഠിച്ച് വിദ്യയും ശിക്ഷണവും സമ്പാദിക്കാതെയോ ബാല്യാവസ്ഥയിലോ വിവാഹം ചെയ്യുന്ന സ്ത്രീ പുരുഷന്മാർ തീരെ അധഃപതിച്ച് സജ്ജനങ്ങൾക്ക് ആദരവില്ലാതെയായിത്തീരുന്നു.

2. **(അപ്രദുഗ്ധാഃ)** ആരും കറന്നിട്ടില്ലാത്ത **(ധേനവഃ)** പശുക്കളെപ്പോലെ **(അശ്വീഃ)** ബാല്യാവസ്ഥാരഹിതരും **(സബർദുഘാഃ)** സകല സത്പ്രവൃത്തികളിലും സമർത്ഥരും **(ശശയാഃ)** കൗമാരദശയെ അതിക്രമിച്ചവരും **(നവ്യാനവ്യാഃ)** ഏറ്റവും പുതിയ ശിക്ഷണങ്ങളാലും അവസ്ഥകളാലും പരിപൂർണകളും **(ഭവന്തീഃ)** ആയിരിക്കുന്ന **(യുവതയഃ)** പൂർണയൗവനത്തോടുകൂടിയ സ്ത്രീകൾ **(ദേവാനാമ്)** ബ്രഹ്മചര്യാദി വ്രതങ്ങളോടു കൂടിയ പൂർണവിദ്വാന്മാരുടെ **(ഏകമ്)** അദ്വിതീയമായും **(മഹത്)** വിശാലമായും **(അസുരത്വമ്)** ശാസ്ത്രാധ്യയനം കൊണ്ടു സംസ്കരിച്ച ബുദ്ധിയിൽ **(പ്രജ്ഞയിൽ)** രമിക്കുന്നു എന്ന ഭാവാർത്ഥത്തെ ഗ്രഹിച്ചവളായും തരുണനായ ഭർത്താവിനെ

പ്രാപിക്കുകയും ചെയ്ത് **(ആധുനയന്താമ്)** ഗർഭം ധരിക്കട്ടെ. ബാല്യകാലത്ത് ഒരിക്കലും പുരുഷനെ മനസാപോലും സ്മരിക്കരുത്. എന്തെന്നാൽ, ഇഹലോകത്തിലും പരലോകത്തിലും സുഖമുളവാക്കുന്ന കർമം ഇതൊന്നുമാത്രമാണ്. ബാല്യവിവാഹം കൊണ്ട് പുരുഷന്മാർക്കുണ്ടാകാവുന്നതിലും നാശം സ്ത്രീകൾക്കുണ്ടാകും.

3. എങ്ങനെ **(നു)** വേഗം **(ശ്രമാണഃ)** അത്യന്തം പരിശ്രമിക്കുന്നവരും **(വൃഷണഃ)** വീര്യസേചനം ചെയ്യുന്നതിൽ സമർത്ഥരും പൂർണയൗവനത്തോടുകൂടിയവരുമായ പുരുഷന്മാർ **(പത്നീഃ)** യൗവനയുക്തകളും മനസിനിണങ്ങിയവരുമായ ഭാര്യമാരെ **(ജഗമ്യുഃ)** പ്രാപിച്ചിട്ട്, നൂറു വർഷമോ അധികമോ കാലം ആനന്ദമനുഭവിച്ച്, പുത്രപൗത്രാദികളോടുകൂടി വസിക്കുന്നതുപോലെ സ്ത്രീപുരുഷന്മാർ സദാ വർത്തിക്കണം. **(പൂർവീഃ)** മുമ്പുള്ള **(ശരദഃ)** ഋതുക്കളും **(ജരയന്തഃ)** വാർദ്ധക്യത്തെ ഉണ്ടാക്കുന്നവയായ **(ഉഷസഃ)** ഉഷസും **(ദോഷാഃ)** രാത്രിയും **(വസ്തോഃ)** പകലും **(തനൂനാമ്)** ശരീരങ്ങളുടെ **(ശ്രിയമ്)** ശോഭയെ **(ജരിമാ)** ദൂരീകരിച്ചു ദൗർബല്യത്തെയും വാർദ്ധക്യത്തേയും ഉണ്ടാക്കിയിരുന്നതുപോലെ **(അഹമ്)** ഞാൻ-സ്ത്രീയും പുരുഷനും- **(ഉ)** നല്ല വണ്ണം **(അപി)** നിശ്ചയിച്ച്, ബ്രഹ്മചര്യപൂർവ്വം വിദ്യയേയും ശിക്ഷണത്തേയും ശരീരശക്തിയേയും ആത്മബലത്തേയും സമ്പാദിച്ച്, യൗവനം പ്രാപിച്ചതിനുശേഷം മാത്രമേ വിവാഹം ചെയ്കയുള്ളൂ. ഇതിന് വിപരീതമായ വിവാഹം വേദവിരുദ്ധമാകയാൽ ഒരിക്കലും സുഖപ്രദമാവുകയില്ല.

ഋഷിമാരും മുനിജനങ്ങളും രാജാക്കന്മാരും മഹാരാജാക്കന്മാരും മറ്റുശ്രേഷ്ഠന്മാരും ഇങ്ങനെ ബ്രഹ്മചര്യത്തോടുകൂടി വിദ്യാഭ്യാസം ചെയ്തശേഷം മാത്രം സ്വയംവരസമ്പ്രദായത്തിൽ വിവാഹം ചെയ്തുപോന്ന കാലത്ത് ഈ രാജ്യം അഭ്യുദയത്തെ പ്രാപിച്ചുവന്നു. ബ്രഹ്മചര്യപൂർവ്വം വിദ്യാഭ്യാസമില്ലാതാവുകയും മാതാപിതാക്കന്മാരുടെ ഇഷ്ടാനുസരണം വിവാഹം ചെയ്യാനും തുടങ്ങിയ കാലം മുതൽക്ക് ഈ ആര്യാവർത്തദേശത്തിന്റെ അധഃപതനം ക്രമമായി തുടങ്ങി. അതിനാൽ ഈ ദുഷ്ടസമ്പ്രദായം ത്യജിച്ച്, നല്ലവർ സ്വയംവരരീതി സ്വീകരിക്കണം. ഈ വിവാഹം വർണാനുക്രമത്തിലും വർണാനുക്രമം ഗുണ-കർമ-സ്വഭാവങ്ങളെ അനുസരിച്ചുള്ളതുമായിരിക്കണം.

ചോ:- അച്ഛനമ്മമാർ ബ്രാഹ്മണരാണെങ്കിലേ ഒരുവൻ ബ്രാഹ്മണനാവുകയുള്ളോ? അബ്രാഹ്മണരുടെ മക്കൾക്ക് ഒരിക്കലും ബ്രാഹ്മണരാകുവാൻ സാധിക്കുകയില്ലേ?

ഉ:- സാധിക്കും. അനേകം പേർ അങ്ങനെ മുൻകാലത്ത് ബ്രാഹ്മണരായിട്ടുണ്ട്. ഇപ്പോൾ ബ്രാഹ്മണരാകുന്നുമുണ്ട്; മേലിൽ ബ്രാഹ്മണരാവുകയും ചെയ്യും. ഛാന്ദോഗ്യോപനിഷത്തിൽ, അച്ഛന്റെ ജാതി ഏതാണെന്നറിഞ്ഞുകൂടാത്ത ജാബാലഋഷിയും [7], മഹാഭാരതത്തിൽ ക്ഷത്രിയജാതിയിൽ ജനിച്ച വിശ്വാമിത്രൻ [8], ചണ്ഡാളജാതിയിൽ പിറന്ന മാതംഗമുനി എന്നിവരും ബ്രാഹ്മണരായവരാണെന്നു പറഞ്ഞിട്ടുണ്ട് [9] ഇക്കാലത്ത് വിദ്വാന്മാരും സത്സ്വഭാവികളുമായവർ തന്നെയാണ് ബ്രാഹ്മണരായിരിക്കാൻ യോഗ്യർ. പഠിപ്പും സ്വഭാവഗുണവുമില്ലാത്ത മൂഢന്മാർ ശൂദ്രരാണ്. ഭാവിയിലും അങ്ങനെതന്നെ.

ചോ:- രജോവീര്യങ്ങൾ ചേർന്നുണ്ടായ ശരീരം മാറി മറ്റൊരു ജാതിയാകാൻ എങ്ങനെ യോഗ്യമാകും?

ഉ:- രജോവീര്യങ്ങൾ ചേർന്നാൽ ബ്രാഹ്മണശരീരം ഉണ്ടാവുകയില്ല.

സ്വാധ്യായേന ജപൈർ്ഹോമൈസ്ത്രൈവിദ്യേനേജ്യയാസുതൈഃ മഹായജ്ഞൈശ്ച യജ്ഞൈശ്ച ബ്രാഹ്മീയം ക്രിയതേ തനുഃ (മനു. 2.28) ഇതിന്റെ അർഥം മുമ്പൊരിടത്തു പറഞ്ഞിട്ടുണ്ട് [10]. ഇവിടെയും ചുരുക്കിപ്പറയാം. **(സ്വാധ്യായേന)** അധ്യയനം, അധ്യാപനം **(ജപൈഃ)** മനനം ചെയ്ക, ചെയ്യിപ്പിക്കുക, വിവിധഹോമങ്ങൾ ചെയ്യുക, വേദം മുഴുവനും ശബ്ദാർത്ഥസംബന്ധജ്ഞാനത്തോടും സ്വരോച്ചാരണത്തോടും കൂടെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക

---

7 സാ (ജാബാലാ) ഹൈനമുവാച നാഹമേതദ്വേദ താത യദ്ഗോത്ര സ്ത്വമസി ബഹ്വഹം ചരന്തീ പരിചാരിണീ യൗവനേ ത്വാമലഭേ..... തം ഹോവാച (ആചാര്യഃ) നൈതദ ബ്രാഹ്മണോ വിവക്തുമർഹതി.
(നിന്റെ ഗോത്രമെതെന്നെനിക്കറിവില്ല. പരിചാരിണിയായ ഞാൻ വളരെയിടങ്ങളിൽ പോയിട്ടുണ്ടെന്ന് അമ്മ പറഞ്ഞുവെന്ന സത്യം ഗുരുവിനോട് പറഞ്ഞപ്പോൾ ഗുരു "നീ അബ്രാഹ്മണനാണെന്നു വിവക്ഷിതനാകാൻ അർഹനല്ല" എന്നുപറഞ്ഞു) (ഛാ ഉ. 4.4.2-5)

8 കഥം പ്രാപ്തം മഹാരാജ ക്ഷത്രിയേണമഹാത്മനാ വിശ്വാമിത്രേണ ധർമാത്മൻ ബ്രാഹ്മണത്വം നരർഷഭ. (മ.ഭാ. അനു.3-1, 2)

9 സ്ഥാനേമതംഗോ ബ്രാഹ്മണ്യമാലഭദ് ഭരതർഷഭ ചണ്ഡാലയോനൗ ജാതോ ഹി കഥം ബ്രാഹ്മണ്യമാവാപ്തവാൻ (മ. ഭാ. അനു. 3.19)

10 പേജ് 88

എന്നിവയാലും **(ഇജ്യയാ)** പൗർണമീ ദിവസം അനുഷഠിക്കുന്ന ഇഷ്ടി മുതലായവയാലും **(സുതൈഃ)** മുമ്പ് വിവരിച്ചിട്ടുള്ള വിധിയനുസരിച്ച് ധർമാനുസൃതം സന്താനോല്പാദനം ചെയ്യുക കൊണ്ടും **(മഹായജ്ഞൈശ്ച)** പൂർവ്വോക്തമായ ബ്രഹ്മയജ്ഞം, ദേവയജ്ഞം, പിതൃയജ്ഞം, വൈശ്വദേവയജ്ഞം, അതിഥിയജ്ഞം എന്നിങ്ങനെയുള്ള പഞ്ചമഹാ യജ്ഞങ്ങളെക്കൊണ്ടും **(യജ്ഞൈശ്ച)** അഗ്നിഷ്ടോമം തുടങ്ങിയ യജ്ഞങ്ങൾ വിദ്വാന്മാരുടെ സേവനസത്ക്കാരങ്ങൾ, സത്യഭാഷണം, പരോപകാരം മുതലായ സത്കർമങ്ങൾ എന്നിവയെക്കൊണ്ടും ശില്പവിദ്യ അഭ്യസിച്ച് ദുരാചാരങ്ങളെ ത്യജിച്ച് സദാചാരപൂർവം ജീവിക്കുന്നതുകൊണ്ടും **(ഇയം)** ഈ **(തനുഃ)** ശരീരം **(ബ്രാഹ്മീ)** ബ്രാഹ്മണന്റേത് **(ക്രിയതേ)** ആയി ഭവിക്കുന്നു.

ചോ:- ഈ വചനത്തെ നിങ്ങൾ അംഗീകരിക്കുന്നുവോ?

ഉ:- അംഗീകരിക്കുന്നു.

ചോ:- രജോവീര്യ സംയോഗംകൊണ്ടുള്ള ജാതിവ്യവസ്ഥയെ പിന്നെങ്ങനെ അംഗീകരിക്കും?

ഉ:- ഞാൻ മാത്രമല്ല അനേകർ പരമ്പരയായി അംഗീകരിച്ചിട്ടുള്ളതാണ്.

ചോ:- നിങ്ങൾ പാരമ്പര്യത്തിനുള്ള പ്രാമാണ്യത്തെയും ഖണ്ഡിക്കുന്നുവോ?

ഉ:- ഇല്ല. പക്ഷേ, നിങ്ങളുടെ തെറ്റിദ്ധാരണയെ അംഗീകരിക്കാതെ ഖണ്ഡിക്കുന്നുവെന്നേയുള്ളൂ.

ചോ:- എന്റെ ധാരണ തെറ്റാണെന്നും നിങ്ങളുടെ ധാരണ ശരിയാണെന്നുമുള്ളതിനുള്ള തെളിവെന്ത്?

ഉ:- തെളിവു തരാം. നിങ്ങൾ അഞ്ചോ ആറോ തലമുറയിൽ നടന്നുവന്നത് സനാതനമായ നടപ്പാണെന്നു വിചാരിക്കുന്നു. ഞങ്ങൾ വേദവും സൃഷ്ടിയും ഉണ്ടായതുമുതൽക്ക് ഇന്നേവരെയുള്ള പാരമ്പര്യത്തെ പ്രമാണമായി സ്വീകരിക്കുന്നു. നോക്കുക, ശ്രേഷ്ഠനായ പിതാവിന് ദുഷ്ടനായ പുത്രനുണ്ടാകാറുണ്ട്. നല്ലവന്റെ പിതാവ് ദുഷ്ടനായിരിക്കാറുണ്ട്. ചിലപ്പോൾ പിതാവും പുത്രനും ശ്രേഷ്ഠരും ചിലപ്പോൾ അവരിരുവരും ദുഷ്ടരും ആയിക്കാണുന്നു. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു.

യേനാസ്യ പിതരോ യാതാ യേന യാതാ പിതാമഹാഃ. തേനയായാത്സതാം മാർഗം തേന ഗച്ഛന്ന രിഷ്യതേ.(ടി. 4.178) അച്ഛൻ മുത്തച്ഛൻ എന്നിവർ നടന്ന മാർഗ്ഗത്തിലൂടെയാണ് സന്താനങ്ങളും സഞ്ചരിക്കേണ്ടത്. എന്നാൽ (സതാമ്) സജ്ജനങ്ങളായ പിതൃപിതാമഹന്മാരുടെ മാർഗത്തിലൂടെ മാത്രമേ ചരിക്കാവൂ. ദുഷ്ടരായ പിതൃപിതാമഹന്മാരുടെ പന്ഥാവിൽ ഒരിക്കലും സഞ്ചരിക്കരുത്. എന്തെന്നാൽ ധർമാത്മാക്കളായ പുരുഷശ്രേഷ്ഠരുടെ മാർഗം പിൻതുടർന്നാൽ ദുഃഖമുണ്ടാവില്ല. ഇതു നിങ്ങൾ അംഗീകരിക്കുന്നില്ലേ?

ഉ:- നിശ്ചയമായും അംഗീകരിക്കുന്നു.

ചോ:- കൂടാതെ ജഗദീശ്വരപ്രകാശിതമായ വേദാനുജ്ഞ മാത്രമേ സനാതനമായിരിക്കുകയുള്ളൂ. അതിനു വിരുദ്ധമായതൊന്നും സനാതനമാണെന്നു വിചാരിക്കാനേ വയ്യ. ഇങ്ങനെയല്ലേ എല്ലാവരും ചിന്തിക്കേണ്ടത്.

ഉ:- നിശ്ചയമായും എല്ലാവരും ഇങ്ങനെതന്നെ ചിന്തിക്കണം. അല്ലാത്തവരോട് ഇങ്ങനെ ചോദിക്കണം:- ദരിദ്രനായ പിതാവിന്റെ പുത്രൻ ധനവാനായാലും അച്ഛന്റെ ദാരിദ്ര്യത്തെ ശ്രേയസ്കരമെന്നോർത്ത് സാഭിമാനം തന്റെ ധനം വലിച്ചെറിയണോ? അന്ധന്റെ പുത്രനായി പിറന്നവൻ കണ്ണുരണ്ടും കുത്തിപ്പൊട്ടിച്ചു കളയണോ? ദുഷ്ടന്റെ മകൻ ദുഷ്പ്രവൃത്തികൾ മാത്രമേ ചെയ്യാവൂ എന്നു നിയമമുണ്ടോ? ഇല്ല ഒരിക്കലുമില്ല. പൂർവപുരുഷന്മാർ പരമ്പരയാ ചെയ്തുപോന്ന ശ്രേഷ്ഠകൃത്യങ്ങൾ ചെയ്കയും ദുഷ്കൃത്യങ്ങളെ ത്യജിക്കുകയും ചെയ്യുന്നതാണ് എല്ലാവർക്കും ഉചിതം. രജോവീര്യസംയോഗാസ്പദമായ വർണവ്യവസ്ഥ അംഗീകരിക്കുകയും ഗുണകർമാധിഷ്ഠിതമായ ജാതിവ്യവസ്ഥയെ തിരസ്കരിക്കുകയും ചെയ്യുന്നവരോട് ഇങ്ങനെ ചോദിക്കണം. തങ്ങളുടെ ബ്രാഹ്മണജാതി വെടിഞ്ഞ് ചണ്ഡാലനോ ക്രിസ്ത്യാനിയോ മുസൽമാനോ ആയവനെ എന്തുകൊണ്ട് ബ്രാഹ്മണനെന്ന് നിങ്ങൾ ഗണിക്കുന്നില്ല? അവർ ബ്രാഹ്മണവൃത്തി ത്യജിച്ചതിനാൽ ബ്രാഹ്മണരല്ലാതായെന്നാവാം ഈ ചോദ്യത്തിനുത്തരം. ഇതിൽ നിന്ന് ബ്രാഹ്മണർക്കു വിഹിതമായ ഉത്തമകർമങ്ങളനുഷ്ഠിക്കുന്ന ബ്രാഹ്മണരും നീചജാതികളിൽ ജനിച്ചവരെങ്കിലും ഉത്കൃഷ്ടജാതിക്കാരുടെ ഗുണകർമ സ്വഭാവഗുണമുള്ളവരും ഉന്നതജാതിയിൽ പെടുന്നതായി കരുതണമെന്നും ഉന്നതജാതിയിൽ ജനിച്ചിട്ടും നീചകർമങ്ങൾ ചെയ്യുന്നവരെ നികൃഷ്ടജാതിയിൽ പിറന്നവരായി വിചാരിക്കണമെന്നുമാണ് മനസിലാകുന്നത്.

thearyasamaj.org

ചോ:- **ബ്രാഹ്മണോസ്യ മുഖമാസീദ് ബാഹു രാജന്യഃകൃതഃ ഊരൂ തദസ്യ യദ്വൈശ്യഃ പദ്ഭ്യാങ് ശൂദ്രോ***f***അജായത.**

യജുർവേദം 31-ാം അധ്യായം പതിനൊന്നാം മന്ത്രമാണിത്. ബ്രാഹ്മണൻ ഈശ്വരന്റെ മുഖത്തു നിന്നും ക്ഷത്രിയൻ ബാഹുക്കളിൽ നിന്നും വൈശ്യൻ ഊരുക്കളിൽ നിന്നും ശൂദ്രൻ പാദങ്ങളിൽ നിന്നും ഉണ്ടായി എന്നാണ് ഇതിന്റെ അർത്ഥം. മുഖം കയ്യാവുകയോ കയ്യ് മുഖമാവുകയോ ഇല്ല. അവ്വണ്ണം ബ്രാഹ്മണർ ക്ഷത്രിയാദികളാവുകയോ ക്ഷത്രിയാദികൾ ബ്രാഹ്മണരാവുകയോ ചെയ്യുകയില്ല.

ഉ:- ഈ മന്ത്രത്തിനു നിങ്ങൾ പറയുന്ന അർത്ഥം ശരിയല്ല. എന്തെന്നാൽ ഇവിടെ പുരുഷൻ അഥവാ നിരാകാരനും സർവവ്യാപിയുമായ പരമാത്മാവിനെപ്പറ്റിയാണ് പറയുന്നത്. നിരാകാരനായ പരമാത്മാവിന് മുഖവും മറ്റവയവങ്ങളും ഉണ്ടാവാൻ തരമില്ല. ഉണ്ടെങ്കിൽ അവൻ സർവവ്യാപിയല്ല. സർവവ്യാപിയല്ലെങ്കിൽ സർവശക്തൻ, ജഗത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരകർത്താവ്, ജീവാത്മാക്കളുടെ പുണ്യപാപങ്ങൾ അറിഞ്ഞ് ഫലവ്യവസ്ഥകൾ ചെയ്യുന്നവൻ, സർവജ്ഞൻ, ജനനമരണമില്ലാത്തവൻ മുതലായ വിശേഷണങ്ങൾക്ക് അർഹനുമല്ല. അതിനാൽ ഈ മന്ത്രത്തിന്റെ അർത്ഥം ഇപ്രകാരമാണ് **(അസ്യ)** സർവവ്യാപിയായിരിക്കുന്ന പരമാത്മാവിന്റെ സൃഷ്ടിയിൽ **(മുഖമ്)** മുഖമെന്നപോലെ എല്ലാറ്റിലും മുഖ്യൻ-ഉത്തമൻ-ആയിരിക്കുന്നവൻ **(ബ്രാഹ്മണഃ)** ബ്രാഹ്മണനും **(ബാഹൂ) "ബാഹുർ്വൈ ബലം; ബാഹുർ്വൈ വീര്യം"** ബലം വീര്യം എന്നിവയുടെ നാമാന്തരമാണ് **ബാഹുഃ**[11] എന്നു ശതപഥബ്രാഹ്മണത്തിലുള്ളതിനാൽ ബലവീര്യങ്ങൾ അധികമുള്ളവൻ **(രാജന്യഃ)** ക്ഷത്രിയനും **(ഊരൂ)** അരക്കെട്ടിന്റെ ചുവട്ടിലും മുട്ടിന്റെ മുകളിലുമായിട്ടുള്ള ഊരുവിന്റെ ബലം കൊണ്ട് എല്ലായിടത്തും സഞ്ചരിക്കുന്നവൻ **(വൈശ്യഃ)** വൈശ്യനും **(പദ്ഭ്യാം)** ശരീരത്തിന്റെ താഴത്തെ അവയവമായ പാദം പോലെ മൂഢത മുതലായ അധമഗുണങ്ങളോടു കൂടിയവൻ **(ശൂദ്രഃ)** ശൂദ്രനും ആകുന്നു. ശതപഥബ്രാഹ്മണം മുതലായ മറ്റു ഗ്രന്ഥങ്ങളിലും ഈ മന്ത്രത്തിന്റെ അർത്ഥം ഇപ്രകാരം തന്നെയാണ് വ്യാഖ്യാനിച്ചിട്ടുള്ളത്.

യസ്മാദേതേ മുഖ്യാസ്തസ്മാന്മുഖതോ ഹ്യസൃജ്യന്ത ഇത്യാദി ॥ [12]

ഇവർ മുഖ്യരായതുകൊണ്ട് മുഖത്തിൽ നിന്നുണ്ടായി എന്നു പറയുന്നത് സംഗതമാണ്. മുഖം എല്ലാ അവയവങ്ങളിലും ശ്രേഷ്ഠമാണ്. അതുപോലെ പൂർണമായ വൈദുഷ്യം, ഉത്തമമായ ഗുണകർമസ്വഭാവങ്ങൾ എന്നിവ നിമിത്തം മനുഷ്യവർഗത്തിൽ ശ്രേഷ്ഠരെ ബ്രാഹ്മണർ എന്നു പറയുന്നു എന്നർത്ഥം. നിരാകാരനായ ഈശ്വരന് മുഖം മുതലായ അവയവങ്ങൾ ഇല്ല. അപ്പോൾ അവയിൽ നിന്നു ജനിക്കുകയെന്നു പറയുന്നത് വന്ധ്യാപുത്രന്റെ വിവാഹമെന്നവണ്ണം അസംഭവ്യമാണ്. ബ്രാഹ്മണാദികൾ മുഖം മുതലായ അവയവങ്ങളിൽ നിന്നാണു ജനിച്ചതെങ്കിൽ ഉപാദാനകാരണത്തിന്റെ ആകൃതി അവർക്കു ലഭിക്കേണ്ടതായിരുന്നു. വൃത്താകാരമായ മുഖത്തിൽ നിന്നുണ്ടായ ബ്രാഹ്മണരുടെ ശരീരവും വൃത്താകാരമായിരിക്കേണ്ടതാണ്. ക്ഷത്രിയരുടെ ശരീരം ബാഹുക്കളേപ്പോലെയും വൈശ്യരുടെ ശരീരം ഊരുക്കളേപ്പോലെയും ശൂദ്രരുടെ ശരീരം പാദങ്ങളേപ്പോലെയും ആയിരിക്കേണ്ടതാണ്. എന്നാൽ കാര്യം അങ്ങനെയല്ല. കൂടാതെ "ഈശ്വരമുഖത്തു നിന്നുണ്ടായവർക്ക് ബ്രാഹ്മണസംജ്ഞ ഉണ്ടായിരുന്നു. എന്നാൽ നിങ്ങളും മറ്റുള്ളവരെ പോലെ ഗർഭാശയത്തിൽ നിന്നുണ്ടായവരാകയാൽ നിങ്ങൾക്ക് ആ സംജ്ഞ ലഭിക്കില്ല. മുഖത്തുനിന്നുണ്ടാകാതെ ബ്രാഹ്മണരാണ് തങ്ങളെന്ന് വൃഥാ അഭിമാനിക്കുന്നവരാണ് എന്ന് നിങ്ങളോട് ആരാനും പറഞ്ഞേയ്ക്കാം. നിങ്ങൾ പറഞ്ഞ അർത്ഥമല്ല ഞാൻ പറഞ്ഞ മന്ത്രാർത്ഥമാണ് സത്യം. അന്യത്ര പറയുന്നു.-

ശൂദ്രോ ബ്രാഹ്മണതാമേതി ബ്രാഹ്മണശ്ചേതി ശൂദ്രതാമ്. ക്ഷത്രിയാജ്ജാതമേവം തു വിദ്യാദൈശ്യാത്തഥൈവ ച (മനു. 10.65)

ശൂദ്രകുലത്തിൽ ജനിച്ചവന് ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ എന്നിവരുടെ ഗുണകർമസ്വഭാവങ്ങളുണ്ടെങ്കിൽ അവൻ ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആകുന്നു. അതുപോലെ ബ്രാഹ്മണന്റെയോ ക്ഷത്രിയന്റെയോ വൈശ്യന്റെയോ കുലത്തിൽ പിറന്ന ഒരുവന്റെ ഗുണകർമസ്വഭാവങ്ങൾ ശൂദ്രന്റെ ആണെങ്കിൽ അവർ ശൂദ്രനാകുന്നു. ക്ഷത്രിയന്റെയോ വൈശ്യന്റെയോ കുലത്തിൽ പിറന്നവർക്ക് ബ്രാഹ്മണന്റെയോ ശൂദ്ര

11 ഈ മൂലം ഇന്നു ലഭ്യമായ ശതപഥത്തിൽ ദൃശ്യമല്ല.

12 തസ്മാദേതേ മുഖ്യാ മുഖതോ ഹ്യസൃജ്യന്ത (തൈ. സം 7.1.1.4) താരതമ്യാർഥം.



ന്റെയോ ഗുണകർമസ്വഭാവങ്ങളുണ്ടെങ്കിൽ അവർ ബ്രാഹ്മണരോ ശൂദ്രരോ ആകുന്നു. നാലു ജാതികളിലേതിൽ ജനിച്ചാലും ഗുണകർമങ്ങൾക്കനുസരിച്ച് സ്ത്രീപുരുഷന്മാരുടെ ജാതി നിർണയിക്കണമെന്നർത്ഥം.

1. ധർമചര്യയാ ജഘന്യോ വർണഃ പൂർവം പൂർവം വർണമാപദ്യതേ ജാതി പരിവൃത്തൌ.

2. അധർമചര്യയാ പൂർവോ വർണോ ജഘന്യം ജഘന്യം॥ [13] വർണമാപദ്യതേ ജാതി പരിവൃത്തൌ

ഈ ആപസ്തംബസൂത്രങ്ങളുടെ അർത്ഥം പറയാം–

1. നികൃഷ്ടജാതിയിൽ ജനിച്ചിട്ടുള്ള ഒരുവൻ ധർമാനുഷ്ഠാനം കൊണ്ട് ഉത്കൃഷ്ടമായ ജാതിയെ പ്രാപിക്കുന്നു. യോഗ്യതയനുസരിച്ച് ജാതിയിൽ അവനെ ഗണിക്കുന്നതാണ്.

2. അതുപോലെ ഉന്നതവർണജാതർ അധർമാനുഷ്ഠാനത്താൽ താണജാതിയെ പ്രാപിക്കുകയും ഏതു വർണത്തിൽ ചേരുവാൻ യോഗ്യതയുണ്ടോ ആ വർണത്തിൽ അവനെ ഗണിക്കുകയും ചെയ്യുന്നു.

പുരുഷന്മാരെ യോഗ്യതയനുസരിച്ച് ഓരോ ജാതിയിൽ ഗണിക്കുന്നതുപോലെയാണ് സ്ത്രീകളുടെ ജാതിവ്യവസ്ഥയും. ഈ വ്യവസ്ഥ നിമിത്തം എല്ലാ വർണങ്ങളും അവരവരുടെ ഗുണകർമസ്വഭാവങ്ങളോടുകൂടി പരിശുദ്ധമായി വർത്തിക്കുമെന്നു സിദ്ധിക്കുന്നു. ബ്രാഹ്മണകുലത്തിൽ ക്ഷത്രിയനേയോ വൈശ്യനേയോ ശൂദ്രനേയോ പോലെ ഒരുവൻ ഉണ്ടായിരിക്കുകയില്ല. ഇതുപോലെ ക്ഷത്രിയവൈശ്യശൂദ്രവർണങ്ങളും പരിശുദ്ധമായിരിക്കും. വർണസങ്കരത ഉണ്ടാകുന്നതല്ല. തന്നിമിത്തം ഒരു വർണത്തിനും നിന്ദയോ അയോഗ്യതയോ ഉണ്ടാവുകയുമില്ല.

ചോ:- ഒരുവന്റെ ഏകപുത്രനോ പുത്രിയോ ഇതരവർണത്തിൽ പെട്ടാൽ പിന്നെ മാതാപിതാക്കന്മാരെ ആരു ശുശ്രൂഷിക്കും? കൂടാതെ വംശവിച്ഛേദം വരുവാനും ഇടയുണ്ട്. ഇതിന് എന്താണു പരിഹാരം?

ഉ:- ആരുടെ ശുശ്രൂഷയ്ക്കും തകരാറില്ല. തറവാടു മുടിയുകയുമില്ല. തങ്ങളുടെ മക്കൾക്കു പകരം തങ്ങളുടെ ജാതിക്കൊത്തവണ്ണമുള്ള സന്താനങ്ങളെ, വിദ്വാന്മാരുടെ സഭയിലോ രാജസദസ്സിലോ ചെയ്യുന്ന വ്യവസ്ഥപ്രകാരം ഇതര വർണങ്ങളിൽ നിന്ന് അവർക്കു ലഭിക്കുന്നതാണ്. ഗുണകർമങ്ങളനുസരിച്ചുള്ള ഈ വർണവ്യവസ്ഥ പെൺകിടാങ്ങൾക്കു പതിനാറു വയസ്സും പുരുഷന്മാർക്കു ഇരുപത്തിയഞ്ചു വയസ്സും ഉള്ളപ്പോൾ ചെയ്യണം. ബ്രാഹ്മണൻ ബ്രാഹ്മിണിയേയും ക്ഷത്രിയൻ ക്ഷത്രിയയേയും വൈശ്യൻ വൈശ്യയേയും ശൂദ്രൻ ശൂദ്രയേയും വിവാഹം ചെയ്യണം എങ്കിലേ അവരുടെ ജാതിധർമങ്ങൾ യഥാക്രമം നടക്കുകയും പരസ്പരസ്നേഹം നിലനിൽക്കുകയുമുള്ളൂ. ഇനി നാലു വർണങ്ങളുടെയും ഗുണകർമങ്ങളെ വിവരിക്കാം.

1. അധ്യാപനമധ്യയനം യജനം യാജനം തഥാ. ദാനം പ്രതിഗ്രഹം ചൈവ ബ്രാഹ്മണാനാമകല്പയത് (ടി. 1.88)

2. ശമോ ദമസ്തപഃ ശൗചം ക്ഷാന്തിരാർജവമേവ ച ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ സ്വഭാവജമ് (ഗീത. 18.42)

1. പഠിക്കുക, പഠിപ്പിക്കുക, യജ്ഞം ചെയ്യുക, ചെയ്യിക്കുക, ദാനങ്ങൾ കൊടുക്കുക, പ്രതിഗ്രഹം വാങ്ങുക, ഇവയാറും ബ്രാഹ്മണനു വിധിച്ച കർമങ്ങളാകുന്നു. എന്നാൽ **പ്രതിഗ്രഹഃ പ്രത്യവരഃ** എന്ന മനു വചനത്താൽ പ്രതിഗ്രഹം വാങ്ങുന്നത് നീചകർമമാണ്.॥ [14]

2. **(ശമഃ)** ദുഷ്കർമങ്ങൾ ചെയ്യുവാൻ ഇച്ഛിക്കുകപോലും ചെയ്യാതിരിക്കുക, അധർമമാർഗത്തിൽ ചരിക്കുവാൻ മനസ്സിനെ അനുവദിക്കാതിരിക്കുക. **(ദമഃ)** ചെവി, കണ്ണ്, മുതലായ ജ്ഞാനേന്ദ്രിയങ്ങളെ അന്യായാചരണത്തിൽ നിന്നു നിരോധിച്ച് ധർമമാർഗത്തിൽ പ്രവർത്തിപ്പിക്കുക; **(തപഃ)** ബ്രഹ്മചാരിയും ജിതേന്ദ്രിയനുമായിരുന്ന് സദാ ധർമം അനുഷ്ഠിക്കുക **(ശൗചം)**–

അദ്ഭിർ ഗാത്രാണി ശുധ്യന്തി മനഃ സത്യേന ശുധ്യതി വിദ്യാതപോഭ്യാം ഭൂതാത്മാ ബുദ്ധിർ ജ്ഞാനേന ശുധ്യതി

(മനു. 5. 109)

ജലംകൊണ്ട് ശരീരത്തിന്റെ ബാഹ്യാവയവങ്ങളും സത്യാചരണത്താൽ മനസും വിദ്യ ധർമാനുഷ്ഠാനം എന്നിവയാൽ ജീവാത്മാവും ജ്ഞാനം കൊണ്ട് ബുദ്ധിയും പരിശുദ്ധമാകുന്നു. ആന്തരികമായ രാഗദ്വേഷാദി ദോഷങ്ങൾ ബാഹ്യമാലിന്യം

13 ആപസ്തംബ ധർമസൂത്രം 2.5.11, 10–11

14 മനു 10. 109 (യജ്ഞം, അധ്യാപനം മുതലായവയാൽ കാലയാപനമാണുത്തമം.)
(സൗജന്യം വാങ്ങരുതെന്ന് താല്പര്യം)

എന്നിവ അകറ്റി പരിശുദ്ധനായിരിക്കുക. സത്യാസത്യങ്ങളെ തിരിച്ചറിഞ്ഞു സത്യത്തെ കൊള്ളുകയും അസത്യത്തെ തള്ളുകയും ചെയ്യുക. ഇവ പരിശുദ്ധിയിലേക്ക് മനുഷ്യനെ നയിക്കുന്നു. **(ക്ഷാന്തിഃ)** നിന്ദാ പ്രശംസകൾ, സുഖദുഃഖങ്ങൾ, ശീതോഷ്ണങ്ങൾ, ലാഭനഷ്ടങ്ങൾ, മാനാപമാനങ്ങൾ, വിശപ്പും ദാഹവും മുതലായ സന്തോഷ സന്താപങ്ങൾ വക വയ്ക്കാതെ ധർമത്തിൽ ദൃഢചിത്തരായിരിക്കുക **(ആർജവമ്)** പെരുമാറ്റത്തിൽ പൗരുഷം, അഭിമാനം, കഠിനസ്വഭാവം, കുടിലത, മുതലായ ദോഷങ്ങളെ ത്യജിക്കുക, **(ജ്ഞാനമ്)** വേദാദി സകലശാസ്ത്രങ്ങളും സാംഗോപാംഗം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാനുള്ള സാമർത്ഥ്യം, വിവേകപൂർവകമായ സത്യാസത്യ നിർണയം, വസ്തുക്കളെ യഥാതഥമായി-ചേതനത്തെ ചേതനമായും ജഡത്തെ ജഡമായും- അറിയുകയും പെരുമാറുകയും ചെയ്യുക **(വിജ്ഞാനമ്)** പൃഥിവി തുടങ്ങി ഈശ്വരപര്യന്തമുള്ള സകലതിന്റെയും വിശേഷജ്ഞാനത്തോടുകൂടി അവയെ യോഗ്യമായി ഉപയോഗിക്കുവാൻ അറിയുക. ഈശ്വരൻ, വേദം, മോക്ഷം, പുനർജ്ജന്മം എന്നിവയിലുള്ള വിശ്വാസത്തേയും ധർമാനുഷ്ഠാനം, വിദ്യാധ്യയനം, സത്സംഗം എന്നിവയേയും മാതാപിതാക്കൾ, ഗുരു, അതിഥി എന്നിവരുടെ ശുശ്രൂഷയേയും ഒരുനാളും ത്യജിക്കുകയോ നിന്ദിക്കുകയോ ചെയ്യാതിരിക്കുക, ഇങ്ങനെ പതിനഞ്ചു ഗുണകർമങ്ങൾ ബ്രാഹ്മണജാതിയിലുള്ളവർക്കെല്ലാം അവശ്യം ഉണ്ടായിരിക്കേണ്ടവയാണ്.

1. പ്രജാനാം രക്ഷണം ദാനമിജ്യാധ്യയനമേവ ച. വിഷയേഷ്വപ്രസക്തിശ്ച ക്ഷത്രിയസ്യ സമാസതഃ (മനു. 1.89)

2. ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമസ്വഭാവജമ് (ഗീത. 18.43)

1. ന്യായമായി പ്രജാപരിപാലനം ചെയ്യുക- അതായത് പക്ഷപാതം കൂടാതെ നല്ലവരെ രക്ഷിക്കുകയും ദുഷ്ടരെ ശിക്ഷിക്കുകയും ചെയ്ത് എല്ലാവരെയും യഥായോഗ്യം പരിപാലിക്കുക- **(ദാനമ്)** വിദ്യയും ധർമവും പ്രചരിപ്പിക്കുന്നതിനും സജ്ജനങ്ങളെ സത്കരിക്കുന്നതിനും സമ്പത്തു ചെലവഴിക്കുക. **(ഇജ്യാ)** അഗ്നിഹോത്രം തുടങ്ങിയ യജ്ഞങ്ങൾ ചെയ്യുക, ചെയ്യിപ്പിക്കുക **(അധ്യയനമ്)** വേദാദിശാസ്ത്രങ്ങൾ പഠിക്കുക പഠിപ്പിക്കുക **(വിഷയേഷ്വപ്രസക്തിഃ)** വിഷയസുഖാസക്തനാകാതെ ജിതേന്ദ്രിയനായി സദാ കായികശക്തിയും ആത്മബലവും വർദ്ധിപ്പിക്കുക.

(ശൗര്യമ്) അനേകായിരം ശത്രുക്കളെ ഒറ്റയ്ക്ക് എതിർക്കുന്നതിൽ ഭയമില്ലായ്മ, **(തേജഃ)** സദാ തേജസ് -ദീനഭാവമില്ലാത്ത ദൃഢഗാംഭീര്യം **(ധൃതിഃ)** ധൈര്യം **(ദാക്ഷ്യമ്)** രാജപ്രജാസംബന്ധിതമായ എല്ലാ കാര്യങ്ങളിലും പെരുമാറ്റങ്ങളിലും ശാസ്ത്രങ്ങളിലും മഹാവൈദഗ്ദ്ധ്യം **(യുദ്ധേ)** പിന്തിരിഞ്ഞു പാലായനം ചെയ്യാതെ യുദ്ധത്തിൽ നിർഭയത്വവും അചഞ്ചലത്വവും- എങ്ങനെയും വിജയത്തിനായി പോരാടുന്ന സ്വഭാവം- പാലായനം ചെയ്താൽ ജീവരക്ഷയും ജയവും ലഭ്യമെങ്കിൽ അങ്ങനെ ചെയ്യാൻ സന്നദ്ധത **(ദാനമ്)** ദാനശീലം **(ഈശ്വരഭാവഃ)** പക്ഷപാതം ഇല്ലാതെ സകലരോടും യഥായോഗ്യമുള്ള പെരുമാറ്റം, നല്ലതും ചീത്തയും അറിഞ്ഞുകൊണ്ട് ദാനം ചെയ്യുക, പ്രതിജ്ഞാലംഘനം വരുത്താതിരിക്കുക എന്നിങ്ങനെ ക്ഷത്രിയരുടെ ഗുണകർമങ്ങൾ പന്ത്രണ്ടെണ്ണമാണ്.

പശൂനാം രക്ഷണം ദാനമിജ്യാധ്യയനമേവച വണിക്പഥം കുസീദം ച വൈശ്യസ്യ കൃഷിമേവ ച. (മനു. 1.90)

(പശുരക്ഷണം) കന്നുകാലികളെ സംരക്ഷിക്കുക **(ദാനം)** വിദ്യാധർമങ്ങളുടെ അഭിവൃദ്ധിക്ക് സമ്പത്തു നൽകുക **(ഇജ്യാ)** അഗ്നിഹോത്രം മുതലായ യജ്ഞങ്ങൾ ചെയ്യുകയും **(അധ്യയനം)** വേദാദിശാസ്ത്രങ്ങൾ അഭ്യസിക്കുക **(വണിക്പഥഃ)** സർവവിധമായ കച്ചവടം നടത്തുക **(കുസീദം)** നൂറുരൂപ്പികയ്ക്ക് നാലോ ആറോ എട്ടോ പന്ത്രണ്ടോ പതിനാറോ ഇരുപതോ അണയിലധികം പലിശ പറ്റാതെ പണം കൊടുത്തു വാങ്ങുക- ഒരു നൂറ്റാണ്ടു കഴിഞ്ഞാലും മുതലിന്റെ ഇരട്ടിയിൽ കൂടുതലായ പലിശവാങ്ങാതെ പണവ്യാപാരം ചെയ്യുക. **(കൃഷിഃ)** കൃഷിചെയ്തു വിളവെടുക്കുക. ഇവയെല്ലാം വൈശ്യന്റെ ഗുണകർമങ്ങളാകുന്നു.

ഏകമേവതു ശൂദ്രസ്യ പ്രഭുഃ കർമ സമാദിശത്. ഏതേഷാമേവ വർണാനാം ശുശ്രൂഷാമനസൂയയാ (മനു.1.91)

നിന്ദ്യ, ഈർഷ്യ, അഹങ്കാരം മുതലായ ദോഷങ്ങൾ വെടിഞ്ഞ്, ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരെ വേണ്ടവണ്ണം ശുശ്രൂഷിച്ച് ജീവിതം കഴിച്ചുകൂട്ടുകമാത്രമാണ് ശൂദ്രന്റെ ഗുണവും കർമവുമായിട്ടുള്ളത്. ഇങ്ങനെ നാലു വർണങ്ങളുടെയും ഗുണകർമങ്ങൾ ചുരുക്കി പറഞ്ഞു. ആരിൽ ഏതു



വർണത്തിന്റെ ഗുണകർമങ്ങൾ കാണുന്നുവോ അവർക്കു മാത്രമേ ആ വർണത്തിൽ ചേരാൻ അധികാരം നൽകാവൂ. ഇപ്രകാരം നിയമിതമായാൽ സകലജനങ്ങൾക്കും അഭ്യുദയമുണ്ടാകും. കാരണം, ഉത്കൃഷ്ട വർണക്കാർക്ക് തങ്ങളുടെ സന്താനങ്ങൾ മൂഢരായാൽ ശൂദ്രരായിപ്പോകുമെന്നു ഭയമുണ്ടാകും. തങ്ങൾക്കു വിധിച്ച സ്വഭാവഗുണവും വിദ്യാഭ്യാസവും ഇല്ലെങ്കിൽ തങ്ങൾ ശൂദ്രരായി പോകുമെന്ന ഭയം അവരുടെ സന്താനങ്ങൾക്കും ഉണ്ടായിരിക്കും. നികൃഷ്ടജാതിയിൽ ജനിച്ചവർക്ക് ഉത്കൃഷ്ടവർണത്തെ പ്രാപിക്കുവാൻ ഔത്സുക്യം വർദ്ധിക്കും. വിദ്യയേയും ധർമത്തേയും പ്രചരിപ്പിക്കുവാനുള്ള അധികാരം ബ്രാഹ്മണർക്കു തന്നെ കൊടുക്കണം. അവർ പൂർണവൈദുഷ്യം സമ്പാദിച്ചവരും ധാർമികരുമാകയാൽ അവർക്ക് ആ ജോലി ചെയ്യുവാൻ കഴിവുണ്ട്. നാടു ഭരിക്കുവാൻ അധികാരം ക്ഷത്രിയർക്കു മാത്രം കൊടുത്താൽ രാജ്യകാര്യങ്ങൾ ഒരിക്കലും മുടങ്ങുകയില്ല. പശുപാലനം മുതലായവ വൈശ്യന്മാർക്കു വിട്ടു കൊടുക്കണം, ആ തൊഴിൽ നന്നായി ചെയ്യുവാൻ അവർക്കു ശക്തിയുണ്ട്. ശൂദ്രർക്കു ശുശ്രൂഷാധികാരം മാത്രം വിധിച്ചത് അവർ പഠിപ്പില്ലാത്തവരും മൂഢന്മാരുമാകയാൽ, വിജ്ഞാനസംബന്ധിയായ പ്രവൃത്തിയൊന്നും ചെയ്യുവാൻ അവർക്ക് കഴിവില്ലായ്കയാലാണ്. എന്നാൽ അവർക്കു കായികശക്തിയുണ്ട്. ഇപ്രകാരം കർമശക്തിയനുസരിച്ചുള്ള വർണങ്ങളെ അവരവരുടെ സ്ഥാനങ്ങളിൽ പ്രവർത്തിപ്പിക്കുന്നത് ഭരണാധിപരുടെ കർത്തവ്യമാണ്.

വിവാഹത്തിന്റെ ലക്ഷണങ്ങൾ

ബ്രാഹ്മോ ദൈവസ്തഥൈവാർഷഃ പ്രാജാപത്യസ്തഥാസുരഃ ഗാന്ധർവോ രാക്ഷസശ്ചൈവ പൈശാചശ്ചാഷ്ടമോ*ധ*മഃ (മനു. 3.21)

ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ആസുരം, ഗാന്ധർവം, രാക്ഷസം, പൈശാചം, എന്നിങ്ങനെ വിവാഹം എട്ടുവിധത്തിലുണ്ട്. ഇവയുടെ ലക്ഷണങ്ങൾ പറയാം.

1. വിധിപ്രകാരം ബ്രഹ്മചര്യവ്രതത്തോടുകൂടി സമ്പാദിച്ച പൂർണവൈദുഷ്യം, ധാർമികത, സൗശീല്യം, എന്നിവയോടുകൂടി വധൂവരന്മാർ പരസ്പരം പ്രേമത്തോടെ നടത്തുന്ന വിവാഹമാണ് ബ്രാഹ്മം.

2. വലിയ യജ്ഞം നടക്കുന്ന അവസരങ്ങളിൽ ഋത്വിക്കിനെ ജാമാതാവായി വരിച്ച്, പൊൻപണ്ടങ്ങളണിഞ്ഞ കന്യകയെ ഭാര്യയായി നൽകുന്നതാണ് 'ദൈവ' വിവാഹം.

3. വരന്റെ കൈയിൽ നിന്ന് സ്വല്പം ദാനം വാങ്ങി കന്യകയെ ദാനം ചെയ്യുന്നതിന് 'ആർഷം' എന്നു പറയുന്നു.

4. ധർമത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി നടത്തുന്ന വിവാഹത്തിന് 'പ്രാജാപത്യം' എന്നു പറയുന്നു

5. വരനും കന്യകയ്ക്കും പണം കൊടുത്തു നടത്തുന്ന വിവാഹം 'ആസുരമാണ്.'

6. വിവാഹത്തിന്റെ സമയരീതികളനുസരിക്കാതെ പരസ്പരാനുരാഗത്താൽ ഭാര്യാഭർത്താക്കന്മാരാകുന്നതിനെ 'ഗാന്ധർവം' എന്നു പറയുന്നു.

7. യുദ്ധം ചെയ്തു ബലാൽക്കാരേണയോ കപടമായോ കന്യകയെ അപഹരിച്ചുകൊണ്ടുപോകുന്നതിന് രാക്ഷസം എന്നു പേരാണ്.

8. ഉറങ്ങുകയോ മദ്യമോ മറ്റോ കുടിച്ച് മതിമറന്നിരിക്കുകയോ ചെയ്യുന്ന കന്യകയെ ബലാത്സംഗം ചെയ്യുന്നതിന് 'പൈശാചം' എന്നും പേർ.

ഇപ്പറഞ്ഞ എട്ടുതരം വിവാഹങ്ങളിൽ അതിശ്രേഷ്ഠം ബ്രാഹ്മവിവാഹമാണ്. ദൈവം, പ്രാജാപത്യം എന്നിവ മധ്യമങ്ങളും ആർഷം, ആസുരം, ഗാന്ധർവം, എന്നിവ നികൃഷ്ടങ്ങളുമാണ്. രാക്ഷസം അധമവും പൈശാചം അതിനീചവുമത്രേ. വധൂവരന്മാർ വിവാഹത്തിനു മുമ്പ് ഏകാന്തമായി സമ്മേളിക്കരുതെന്ന് തീരുമാനിക്കാവുന്നതാണ്. സ്ത്രീ പുരുഷന്മാരുടെ യൗവ്വനത്തിലെ ഏകാന്തസമ്മേളനം ദോഷകരമാണ്. കന്യകയ്ക്കും വരനും വിവാഹകാലമായാൽ-ബ്രഹ്മചര്യവും പഠനവും മുഴുവനാക്കുവാൻ ഒന്നോ അരയോ കൊല്ലം ബാക്കിയുള്ളപ്പോൾ- കന്യകയുടെയും വരന്റെയും ചിത്രം എടുപ്പിച്ച് പെൺകുട്ടികളുടെ അധ്യാപകർക്ക് ആൺകുട്ടികളുടെ ചിത്രവും ആൺകുട്ടികളുടെ അധ്യാപകർക്ക് പെൺകുട്ടികളുടെ ചിത്രവും അയച്ചുകൊടുക്കണം. ഏതേതു വധൂവരന്മാർക്ക് ചേർച്ച കാണുന്നുവോ അവരുടെ ജീവചരിത്രം-ജനനം മുതൽക്ക് അന്നേവരെയുള്ള എല്ലാ കാര്യങ്ങളുമടങ്ങിയ പുസ്തകം-ഉണ്ടെങ്കിൽ അതു വാങ്ങി അധ്യാപകർ വായിച്ചുനോക്കണം. ഗുണകർമ സ്വഭാവങ്ങൾക്ക് പൊരുത്തം കണ്ടാൽ, അങ്ങനെയുള്ള സ്ത്രീപുരുഷന്മാരുടെ ചിത്രവും ചരിത്രവും അന്യോന്യം കൊടുത്ത് അവരുടെ അഭിപ്രായം അറിയിക്കുവാൻ ഗുരുക്കന്മാർ അവരോടു പറയണം. ഇരുവരും വിവാഹത്തിനു സമ്മതിച്ചാൽ ഇരുവരുടെയും

സമാവർത്തനം ഒരുമിച്ചു നടത്തണം. അധ്യാപകരുടെ സാന്നിദ്ധ്യത്തിൽ വിവാഹം നടത്തുവാൻ ഇരുകൂട്ടരും ഇച്ഛിക്കുന്ന പക്ഷം ഗുരുഗൃഹത്തിൽ വച്ചോ ഇല്ലെങ്കിൽ കന്യകയുടെ പിതൃഗൃഹത്തിൽ വച്ചോ വിവാഹം നടത്തുന്നതാണുചിതം. ഇരുവരും നേരിട്ടു കണ്ടുകഴിഞ്ഞാൽ ഗുരുക്കന്മാർ, മാതാപിതാക്കൾ, മുതലായവരുടെ മുമ്പിൽ വെച്ച് അവരെക്കൊണ്ട് സംഭാഷണവും ശാസ്ത്രാർത്ഥവാദവും നടത്തിക്കണം. അവർക്ക് അന്യോന്യം രഹസ്യമായി വല്ലതും ചോദിച്ചറിയണമെങ്കിൽ സഭയിൽ വച്ചുതന്നെ എഴുത്തുമൂലമുള്ള ചോദ്യോത്തരങ്ങൾ കൊണ്ട് അറിഞ്ഞുകൊള്ളണം. രണ്ടുപേർക്കും അന്യോന്യം ഉറച്ച പ്രേമമുണ്ടെന്നു കണ്ടാൽ അന്നുമുതൽ അവർക്ക് ഉത്തമഭക്ഷണം കൊടുപ്പിക്കുവാൻ ഏർപ്പാടു ചെയ്യണം. ബ്രഹ്മചര്യം, വിദ്യാധ്യയനം എന്നീ തപസും ക്ലേശങ്ങളും നിമിത്തം ദുർബലമായ ശരീരം ചന്ദ്രക്കല വളരുംപോലെ കുറച്ചുദിവസം കൊണ്ട് പുഷ്ടമാകും.

ഗർഭാധാനവിധി

അതിനുശേഷം കന്യക രജസ്വലയായിരുന്നു കുളിച്ചു ശുദ്ധമായ ദിവസം വിവാഹമണ്ഡപവും വേദിയും നിർമിച്ച് സുഗന്ധദ്രവ്യങ്ങൾകൊണ്ടും ഘൃതാദികൾകൊണ്ടും ഹോമം ചെയ്ത് വിദ്വാന്മാരെയും വിദുഷികളേയും യഥായോഗ്യം സൽക്കരിക്കണം. പിന്നീട് ഗർഭാധാനത്തിന് യോഗ്യമായ ദിവസം സംസ്കാരവിധി എന്ന ഗ്രന്ഥത്തിലെ വിധിയനുസരിച്ച് സകലകർമങ്ങളും ചെയ്ത് മധ്യരാത്രി സമയത്തോ അസ്തമിച്ചു പത്തുനാഴികയ്ക്കു ശേഷമോ അത്യന്തം പ്രസന്നരായി സകലജനങ്ങളുടെയും മുമ്പിൽ വച്ച് പാണിഗ്രഹണപൂർവകമായി വിവാഹക്രിയ മുഴുവനും നടത്തി വിജനമായ ശയനഗൃഹത്തിൽ പ്രവേശിക്കണം. പുരുഷൻ വിധിപ്രകാരം വീര്യസ്ഥാപനവും സ്ത്രീവീര്യഗ്രഹണവും ചെയ്യണം. ബ്രഹ്മചര്യത്തിലെ വീര്യത്തെ കഴിയുന്നിടത്തോളം വ്യർത്ഥമാക്കിക്കളയാതിരിക്കണം. ആ വീര്യവും രജസും കൂടിച്ചേർന്നുണ്ടാകുന്ന ശരീരം ഉത്തമസന്താനമാകുന്നതാണ്. വീര്യം ഗർഭാശയത്തിലേക്കു വീഴാറാകുമ്പോൾ സ്ത്രീപുരുഷന്മാർ ഇരുവരും സ്ഥിരശരീരരായും കണ്ണിനു നേരെ കണ്ണ്, മൂക്കിനു നേരെ മൂക്ക് എന്നീ ക്രമത്തിൽ നിവർന്നു വളവില്ലാതെ വർത്തിക്കണം. ലേശം പോലും ഇളകരുത്. പുരുഷൻ തന്റെ ശരീരത്തെ തളർത്തണം. വീര്യപ്രാപ്തിസമയം സ്ത്രീ അപാനവായുവിനെ മേല്പോട്ടു വലിച്ചുപിടിക്കണം. യോനിയുടെ ഉപരിഭാഗത്തെ സങ്കോചിപ്പിച്ച്, വീര്യത്തെ മുകളിലേക്ക് ആകർഷിച്ച് ഗർഭാശയത്തിൽ സ്ഥാപിക്കണം.*

പിന്നീട് ഇരുവരും ശുദ്ധജലത്തിൽ കുളിക്കണം. വിദുഷിയായ സ്ത്രീ ഗർഭമുണ്ടായാൽ അപ്പോൾ തന്നെ അറിയും. ഒരുമാസം കഴിയുമ്പോൾ ആർത്തവം നിന്നുപോകുമ്പോൾ സകലസ്ത്രീകൾക്കും ഗർഭനിശ്ചയം ഉണ്ടാകുന്നതാണ്. പിന്നീട് രണ്ടുപേരും ചുക്ക്, കേസരം, അമുക്കിരം എന്നീ മരുന്നുകളിട്ടു തിളപ്പിച്ച പാലിൽ കൽക്കണ്ടവും ചേർത്ത് ഇഷ്ടം പോലെ കുടിച്ച്, അവനവന്റെ ശയ്യയിൽ തമ്മിൽ തൊടാതെ കിടന്നുറങ്ങണം. ഗർഭാധാനം ചെയ്യുമ്പോഴെല്ലാം ഇപ്രകാരം തന്നെചെയ്യുന്നതാണുചിതം. ഒരു മാസം തികയുന്നതുവരെ ആർത്തവം കാണാതിരിക്കുകയും ഗർഭമുണ്ടെന്നു തീർച്ചപ്പെടുകയും ചെയ്താൽ അന്നുമുതൽ ഒരു കൊല്ലത്തേക്കു സ്ത്രീപുരുഷന്മാർ സംയോഗം ചെയ്യരുത്. ഇങ്ങനെ ചെയ്താൽ മാത്രമേ ഉത്തമമായ സന്താനം ഉണ്ടാവുകയുള്ളൂ. പിന്നീടുണ്ടാകുന്ന സന്താനം നന്നാവാനും ഇതൊരു കാരണമാകും. അന്യഥാ വീര്യം വ്യർത്ഥമാവുകയും തന്നിമിത്തം രണ്ടുപേരുടെയും ആയുസ്സു ക്ഷയിക്കുകയും വിവിധരോഗങ്ങൾ ഉണ്ടാവുകയും ചെയ്യും. എന്നാൽ അന്യോന്യം സസ്നേഹം സല്ലപിക്കുന്നതും പ്രേമപൂർവം പെരുമാറുന്നതും ആവശ്യമാണ്. സ്വപ്നത്തിൽ പോലും വീര്യസ്ഖലനമുണ്ടാകാതെ പുരുഷൻ അതിനെ രക്ഷിക്കണം. അത്യുത്തമമായ രൂപം, ലാവണ്യം, പുഷ്ടി, ബലം, പരാക്രമം എന്നിവയാൽ യുക്തമായി പത്താം മാസത്തിൽ ജനിക്കത്തക്കവണ്ണം ആഹാരവസ്ത്രാദികളാൽ സ്ത്രീ ഗർഭരക്ഷ ചെയ്യണം. നാലാം മാസം മുതലും വിശേഷിച്ച് എട്ടാം മാസത്തിനു ശേഷവുമാണ് ഗർഭരക്ഷ ചെയ്യേണ്ടത്. ഗർഭിണി വിരേചകവും രൂക്ഷവും മാദകവും ബുദ്ധി-ബലനാശകവുമായ പദാർത്ഥങ്ങളൊന്നും ഭക്ഷിക്കരുത്. നെയ്യ്, പാൽ, നല്ല അരി, ഗോതമ്പ്, ചെറുപയർ, ഉഴുന്ന് മുതലായവ യുക്തിപൂർവം ദേശകാലങ്ങളനുസരിച്ച് ഭക്ഷിക്കണം. ഗർഭകാലത്ത് നാലാം മാസത്തിൽ പുംസവനം എട്ടാം മാസത്തിൽ സീമന്തോന്നയനം എന്നീ സംസ്കാ

---

* *ഈ വിഷയം ഗോപ്യമാകയാൽ ഇത്രമാത്രം പറഞ്ഞിട്ടുള്ളതിൽനിന്നു മുഴുവനും മനസിലാക്കിക്കൊള്ളണം. കൂടുതൽ വിസ്തരിച്ചെഴുതുന്നത് ഉചിതമല്ല.*
(മഹർഷിയുടെ അടിക്കുറിപ്പാണിത് പരിഭാഷകന്റേതല്ല)

രങ്ങൾ വിധിപ്രകാരം നടത്തണം.

പ്രസവം കഴിഞ്ഞാൽ അമ്മയുടെയും കുട്ടിയുടെയും ശരീരസംരക്ഷണത്തിൽ വളരെ ശ്രദ്ധിക്കണം. ശുണ്ഠീപാകം അഥവാ സൗഭാഗ്യശുണ്ഠീപാകം എന്നീ മരുന്നുകളിലൊന്ന് നേരത്തേ തയ്യാറാക്കി വയ്ക്കണം. പ്രസവശേഷം സ്ത്രീയെ സുഗന്ധമുള്ള ചെറുചൂടുവെള്ളത്തിൽ കുളിപ്പിക്കണം. ആ വെള്ളം കൊണ്ടുതന്നെ കുട്ടിയേയും കുളിപ്പിക്കണം പിന്നീട് കുട്ടിയുടെ പുക്കിൾക്കൊടിയുടെ ചുവട്ടിൽ നേരിയ ചരടുകൊണ്ടു കെട്ടി നാലംഗുലം നിർത്തി, മുകളിൽ വച്ച് മുറിക്കണം. ശരീരത്തിലെ രക്തം തുള്ളിപോലും പുറത്തുപോകാത്തവിധത്തിൽ വേണം കെട്ടേണ്ടത്. പിന്നീട് ഈറ്റില്ലം ശുദ്ധിവരുത്തി അതിന്റെ വാതിലിനകത്തു വച്ച് നെയ്യും സുഗന്ധദ്രവ്യങ്ങളും കൊണ്ട് ഹോമം ചെയ്യണം. അതിനുശേഷം പിതാവ് കുട്ടിയുടെ ചെവിയിൽ **വേദോസി** (നിന്റെ പേർ വേദമെന്നാണ്) എന്നു ചൊല്ലിക്കേൾപ്പിക്കണം. അനന്തരം നെയ്യും തേനും ചേർത്ത് ഒരു സ്വർണശലാക അതിൽ മുക്കി കുട്ടിയുടെ നാവിന്മേൽ ഓം എന്ന അക്ഷരം എഴുതി ആ ശലാക കൊണ്ടു തന്നെ നെയ്യും തേനും എടുത്ത് കുട്ടിയുടെ നാക്കിൽ തേക്കണം. പിന്നെ കുട്ടിയെ അമ്മയുടെ കൈയിൽ കൊടുക്കണം. കുട്ടിക്കു പെറ്റമ്മതന്നെയാണ് മുലപ്പാൽ കൊടുക്കേണ്ടത്. അമ്മയ്ക്ക് മുലപ്പാലില്ലെങ്കിൽ വേറെ വല്ല സ്ത്രീയേയും പരീക്ഷിച്ച് അവരുടെ മുലപ്പാൽ കൊടുക്കാവുന്നതാണ്. പിന്നീട് വേണ്ടുവോളം ശുദ്ധവായുവുള്ള വേറൊരു മുറിക്കകത്ത് കുട്ടിയേയും തള്ളയേയും കിടത്തി, അവിടെ രാവിലെയും വൈകുന്നേരവും സുഗന്ധദ്രവ്യങ്ങളെ കൊണ്ട് ഹോമം ചെയ്യണം. ആറു ദിവസം കഴിയുന്നതുവരെ കുട്ടിയെ മാതാവുതന്നെ മുലയൂട്ടണം. മാതാവ് ശരീരപുഷ്ടിക്കായി വിവിധ നല്ല പദാർത്ഥങ്ങൾ ഭക്ഷിക്കണം. യോനീസങ്കോചം മുതലായതും ചെയ്യേണ്ടതാണ്. ആറാം ദിവസം മാതാവിന് സൂതികാഗൃഹം വെടിയാവുന്നതും കുട്ടിയെ മുലയൂട്ടുവാൻ ഒരു ധാത്രിയെ **(പോറ്റമ്മയെ)** നിയമിക്കാവുന്നതുമാണ്. ധാത്രിക്ക് ഉത്തമഭക്ഷണം നൽകുവാൻ ഏർപ്പാടു ചെയ്യണം. ധാത്രി കുട്ടിയെ മുലയൂട്ടി പരിപാലിക്കണം. എന്നാൽ അമ്മയുടെ മേൽനോട്ടം സദാ അവരുടെ മേലുണ്ടായിരിക്കണം. കുട്ടിയെ വളർത്തുന്നതിൽ നോട്ടക്കുറവുണ്ടാകരുത്. അമ്മയുടെ മുലപ്പാൽ സ്രവിക്കാതിരിക്കുവാൻ സ്തനാഗ്രത്തിൽ മരുന്നു പുരട്ടണം. ആഹാരകാര്യത്തിലും വളരെ ശ്രദ്ധിക്കണം. കുട്ടിയുടെ നാമകരണാദി സംസ്കാരങ്ങൾ സംസ്കാരവിധിയിലെ രീതിയനുസരിച്ച് യഥാകാലം ചെയ്യണം. സ്ത്രീ വീണ്ടും രജസ്വലയായി ശുദ്ധിനേടിയാൽ വീണ്ടും ഇങ്ങനെ ഋതുദാനമാകാം.

ഋതുകാലാഭിഗാമീ സ്യാത്സ്വദാരനിരതഃ സദാ. പർവവർജം വ്രജേച്ചൈനാം തദ്വ്രതോ രതികാമയാ (മനു. 3.45)

നിന്ദ്യാസ്വഷ്ടാസു ചാന്യാസു സ്ത്രിയോ രാത്രിഷുവർജയൻ. ബ്രഹ്മചാര്യേവ ഭവതി യത്ര തത്രാശ്രമേ വസൻ (ടി. 3.50)

സ്വ ഭാര്യയാൽ സംതൃപ്തനും ഋതുഗാമിയുമായവൻ ഗൃഹസ്ഥനെങ്കിലും ബ്രഹ്മചാരിക്കു തുല്യനാണ്.

1. സന്തുഷ്ടോ ഭാര്യയാ ഭർത്താ ഭർത്രാ ഭാര്യാ തഥൈവ ച. യസ്മിന്നേവ കുലേ നിത്യം കല്യാണം തത്രൈവ ധ്രുവമ്.

2. യദി ഹി സ്ത്രീ ന രോചേത പുമാംസം ന പ്രമോദയേത് അപ്രമോദാത് പുനഃ പുംസഃ പ്രജനം ന പ്രവർത്തതേ

3. സ്ത്രീയാം തു രോചമാനായാം സർവം തദ്രോചതേ കുലം. തസ്യാം ത്വരോചമാനായാം സർവമേവ ന രോചതേ (ടി. 3. 60–62)

1. ഭർത്താവ് ഭാര്യയോടും ഭാര്യ ഭർത്താവിനോടും പ്രീതിയോടുകൂടി വർത്തിക്കുന്നതായ കുലത്തിൽ തന്നെയാണ് എല്ലാ സൗഭാഗ്യങ്ങളും ഐശ്വര്യങ്ങളും വസിക്കുന്നത്. കലഹമുണ്ടാകുന്നിടത്തു ദൗർഭാഗ്യവും ദാരിദ്ര്യവും സ്ഥിരമാകുന്നു.

2. ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്തില്ലെങ്കിൽ അപ്രസന്നനായ ഭർത്താവിന് കാമം ഉണ്ടാവുകയില്ല.

3. സ്ത്രീ പ്രസന്നയാണെങ്കിൽ കുലം പ്രസന്നം. അവളുടെ അപ്രസന്നതയിൽ നിന്നത്രേ ദുഃഖമെല്ലാം ഉണ്ടാകുന്നത്.

1. പിതൃഭിർഭ്രാതൃഭിശ്ചൈതാഃ പതിഭിർദേവരൈസ്തഥാ. പൂജ്യാ ഭൂഷയിതവ്യാശ്ച ബഹുകല്യാണമീപ്സുഭിഃ.

2. യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ. യത്രൈതാസ്തു ന പൂജ്യന്തേ സർവാസ്തത്രാഫലാഃ ക്രിയാഃ.

3. ശോചന്തി ജാമയോ യത്ര വിനശ്യത്യാശു തത്കുലം. ന ശോചന്തി തു യത്രൈതാ വർധതേ തദ്ധി സർവദാ.

4. തസ്മാദേതാഃ സദാ പൂജ്യാ ഭൂഷണാച്ഛാദ

നാശനൈഃ. ഭൂതികാമൈർനരൈർനിത്യം സത്കാരേഷൂത്സവേഷു ച
(ടി. 3-55, 56, 57, 59)

1. വളരെ ശ്രേയസുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന പക്ഷം പിതാവ്, സഹോദരൻ, ഭർത്താവ്, ഇളയഭർത്തൃസഹോദരൻ എന്നിവർ സ്ത്രീക്ക് ആഭരണവും സല്ക്കാരവും നൽകി സന്തോഷിപ്പിക്കണം.

2. സ്ത്രീകളെ ബഹുമാനിക്കുന്ന കുലത്തിലെ വിദ്വാന്മാരായ പുരുഷന്മാർ ദേവസംജ്ഞ നേടി സാനന്ദം രമിച്ചുവസിക്കുന്നു. സ്ത്രീയെ സംപൂജ്യയായി കരുതാത്ത വീട്ടിൽ എന്തു ചെയ്താലും എല്ലാം നിഷ്ഫലമാണ്.

3. സ്ത്രീജനങ്ങൾ ദുഃഖപീഡിതരായി ദുരിതമനുഭവിക്കുന്ന തറവാട് മുടിഞ്ഞ് അന്യം നിൽക്കുവാൻ കാലം വളരെ വേണ്ട. സ്ത്രീകൾ സസന്തോഷം ഉത്സാഹപൂർവ്വം പ്രസന്നചിത്തരായി ഇരിക്കുന്ന കുലം എന്നും അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നു.

4. അതിനാൽ ശ്രേയസുണ്ടാകാനാഗ്രഹിക്കുന്നവർ എല്ലാം ഉത്സവാവസരങ്ങളിലും ആഘോഷാവസരങ്ങളിലും സ്ത്രീകളെ ആഭരണങ്ങൾ, വസ്ത്രങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങൾ എന്നിവ നൽകി സന്തോഷിപ്പിക്കണം.

"പൂജാ" ശബ്ദത്തിന് സല്ക്കാരമെന്നാണർത്ഥമെന്ന് സദാ സ്മരിക്കണം. അതിനാൽ രാത്രിനേരത്തും പകൽ സമയത്തും ആദ്യമായി തമ്മിൽ കാണുമ്പോഴും പിരിഞ്ഞുപോകുമ്പോഴും "നമസ്തേ" എന്നു പ്രസന്നരായി അന്യോന്യം പറയേണ്ടതാകുന്നു.

സദാ പ്രഹൃഷ്ടയാ ഭാവ്യം ഗൃഹകാര്യേഷു ദക്ഷയാ. സുസംസ്കൃതോപസ്കരയാ വ്യയേ ചാമുക്തഹസ്തയാ (ടി. 5.150)

സ്ത്രീകൾ ഗൃഹകൃത്യങ്ങളിൽ സമർത്ഥകളായിരിക്കണം. സസന്തോഷം വീട്ടിലുള്ള വസ്തുക്കളെല്ലാം സംസ്കരിച്ചു വെയ്ക്കുക. വീടു വൃത്തിയാക്കി സൂക്ഷിക്കുക. വേണ്ടതിലധികം ചെലവു ചെയ്യാതിരിക്കുക, സകലസാധനങ്ങളും ശുദ്ധമാക്കി വെയ്ക്കുക, പാകം ചെയ്യപ്പെട്ട പദാർത്ഥങ്ങൾ ഔഷധതുല്യമായി ശരീരത്തിനും മനസിനും ഉണ്ടാകാവുന്ന രോഗങ്ങളെ അകറ്റുവാൻ യോഗ്യമായി പാകം ചെയ്യുക, ചെലവുകൾ കണക്കെഴുതി വച്ച് ഭർത്താവിനെ ബോധിപ്പിക്കുക, വീട്ടുവേലക്കാർ, പരിചാരകർ, എന്നിവരെക്കൊണ്ട് യഥായോഗ്യം പണിയെടുപ്പിക്കുക, വീട്ടിൽ തരക്കേടൊന്നും വരാതെ മേലന്വേഷണം നടത്തുക എന്നിവയെല്ലാം സ്ത്രീകളുടെ കർത്തവ്യങ്ങളാകുന്നു.

സ്ത്രീയോ രത്നാന്യഥോ വിദ്യാ സത്യം ശൌചം സുഭാഷിതം. വിവിധാനി ച ശില്പാനി സമാദേയാനി സർവതഃ (ടി. 2.240)

ഉത്തമസ്ത്രീകൾ പലതരം രത്നങ്ങൾ, വിദ്യ, സത്യം, പവിത്രത, നല്ലവാക്ക്, പലവിധ ശില്പവിദ്യകൾ-കൈത്തൊഴിലുകൾ- ഇവയെല്ലാം എല്ലാ നാടുകളിൽ നിന്നും എല്ലാ മനുഷ്യരിൽ നിന്നും നേടുകയും ഗ്രഹിക്കുകയും ചെയ്യാവുന്നതാണ്. ▯ [15]

1. സത്യം ബ്രൂയാത്പ്രിയം ബ്രൂയാന്നബ്രൂയാത്സത്യമപ്രിയം. പ്രിയം ച നാനൃതം ബ്രൂയാദേഷ ധർമഃ സനാതനഃ.

2. ഭദ്രം ഭദ്രമിതി ബ്രൂയാദ്ഭദ്രമിത്യേവ വാ വദേത്. ശുഷ്കവൈരം വിവാദം ച ന കുര്യാത്കേനചിത്സഹ. (ടി. 4.138.139)

1. സദാ സത്യം പറയണം. ഇഷ്ടപ്പെടുന്ന സത്യം പറയണം. അപ്രിയമായ സത്യം പറയരുത്. ഒറ്റക്കണ്ണനെ ഒറ്റക്കണ്ണനെന്നു പറയുകയോ വിളിക്കുകയോ അരുത് എന്നർത്ഥം. അന്യനെ സന്തോഷിപ്പിക്കുവാൻ അസത്യം പറയരുത്.

2. എല്ലാവർക്കും ഹിതമായ വാക്കുകളേ പറയാവൂ. ശുഷ്കവൈരം- തെറ്റു ചെയ്യാത്തവനോട് വെറുതെ വെറുപ്പ്- വാഗ്വാദം എന്നിവ ആരോടും അരുത്. മറ്റുള്ളവർക്കു ഹിതകരമെങ്കിൽ പരദൂഷണത്തെ ഭയന്ന് അതു പറയാതിരിക്കരുത്.

പുരുഷാ ബഹവോ രാജൻ സതതം പ്രിയവാദിനഃ. അപ്രിയസ്യ തു പഥ്യസ്യ വക്താ ശ്രോതാ ച ദുർല്ലഭഃ.▯ [16]

ധൃതരാഷ്ട്രരെ! മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ സദാ പ്രിയവാക്കു പറയുന്ന മുഖസ്തുതിക്കാർ ഈ ലോകത്തിൽ വളരെയുണ്ട്. എന്നാൽ കേൾക്കുമ്പോൾ രസിക്കാത്തതും വാസ്തവത്തിൽ ശ്രേയസ്കരവുമായ വാക്കുകൾ പറയുന്നവർ കുറവാണ്.

അന്യരുടെ ദോഷങ്ങൾ നേരിട്ടു പറയുകയും

15 മഹർഷി, ജർമനിയിലും മറ്റും ഇന്ത്യാക്കാരെ അയച്ച് ശില്പാദികൾ പഠിപ്പിക്കുവാൻ പ്രയത്നിച്ചിരുന്നു. അദ്ദേഹമെഴുതിയ എഴുത്തുകൾ ഇതിനു തെളിവാണ്.
16 മഹാഭാരതം ഉദ്യോഗ പർവം-37-15 (വിദുരനീതി)

അവനവന്റെ ദോഷങ്ങളെ അവരുടെ വാക്കിൽ നിന്ന് അറിയുകയും അന്യന്റെ ഗുണങ്ങളെ പരോക്ഷമായി പറയുകയുമാണ് നല്ലവർക്കുചിതം. നേരിൽ ഗുണങ്ങളെ പുകഴ്ത്തുകയും അല്ലാത്തപ്പോൾ ദോഷം പറയുകയും ചെയ്യുന്നത് ദുഷ്ടന്മാരുടെ രീതിയാണ്. സ്വന്തം ദോഷങ്ങളെ അന്യരുടെ മുമ്പിൽ തുറന്നുപറയാതിരിക്കാൻ സ്വന്തം ദോഷങ്ങളെ വെടിഞ്ഞ് ഗുണവാനാകുവാൻ ശക്തനാവുകയില്ല. ഒരിക്കലും ആരേയും നിന്ദിക്കരുത്. **"ഗുണേഷു ദോഷാരോപണമസൂയാ. അർഥാത് ദോഷേഷു ഗുണാരോപണമപ്യസൂയാ ഗുണേഷു ഗുണാരോപണം ദോഷേഷു ദോഷാരോപണം ച സ്തുതിഃ"** ഗുണത്തിൽ ദോഷത്തെയും ദോഷത്തിൽ ഗുണത്തെയും ആരോപിക്കുന്നതു നിന്ദയാകുന്നു. ഗുണങ്ങളെ ഗുണങ്ങളെന്നും ദോഷങ്ങളെ ദോഷങ്ങളെന്നും പറയുന്നത് സ്തുതിയാണ്, അസത്യഭാഷണം നിന്ദയും സത്യഭാഷണം സ്തുതിയും ആകുന്നു എന്നർത്ഥം.

1. ബുദ്ധിവൃദ്ധികരാണ്യാശു ധന്യാനി ച ഹിതാനി ച. നിത്യം ശാസ്ത്രാണ്യവേക്ഷേത നിഗമാംശ്ചൈവ വൈദികാൻ.

2. യഥാ യഥാ ഹി പുരുഷഃ ശാസ്ത്രം സമധിഗച്ഛതി. തഥാ തഥാ വിജാനാതി വിജ്ഞാനം ചാസ്യ രോചതേ. (മനു. 4. 19, 20)

1 . ബുദ്ധിക്കും ധനത്തിനും നന്മയ്ക്കും അതിവേഗം അഭിവൃദ്ധിയുണ്ടാക്കുന്ന ശാസ്ത്രങ്ങളെയും വേദങ്ങളെയും ദിവസവും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യണം. ബ്രഹ്മചര്യാശ്രമത്തിൽ സ്ത്രീപുരുഷന്മാർ ഇതെല്ലാം പഠിച്ച്, മനനം ചെയ്യുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും വേണം.

2. എന്തെന്നാൽ, ശാസ്ത്രങ്ങളെ കൂടുതലായി അഭ്യസിക്കും തോറും അതാതു വിദ്യകളിലുള്ള ജ്ഞാനവും അഭിരുചിയും വർദ്ധിക്കുന്നു.

പഞ്ചമഹായജ്ഞങ്ങൾ

ഋഷിയജ്ഞം ദേവയജ്ഞം ഭൂതയജ്ഞം ച സർവദാ. നൃയജ്ഞം പിതൃയജ്ഞം ച യഥാശക്തി ന ഹാപയേത് (മനു. 4.21)

അധ്യാപനം ബ്രഹ്മയജ്ഞഃ പിതൃയജ്ഞസ്തു തർപ്പണം ഹോമോ ദൈവോ ബലിർഭൗതോ നൃയജ്ഞോഽതിഥിപൂജനം (ടി. 3.70)

17 അഥർവവേദം 19/55/3,4

സ്വാധ്യായേനാർചയേദർഷീൻഹോമൈർദേവാന്യഥാവിധി. പിതൃൻ ശ്രാദ്ധൈശ്ച നൃന ന്നൈർഭൂതാനി ബലികർമണാ. (ടി. 3.81)

രണ്ട് യജ്ഞങ്ങളെപ്പറ്റി ബ്രഹ്മചര്യവിധിയിൽ എഴുതി. ഒന്നാമത്തേത് വേദാദിശാസ്ത്രങ്ങളുടെ പഠനപാഠനങ്ങൾ, സന്ധ്യോപാസനം, യോഗാഭ്യാസം എന്നിവയടങ്ങിയ ബ്രഹ്മയജ്ഞം; രണ്ടാമത്തേത് വിദ്വാന്മാരുടെ സേവനവും സംസർഗവും പവിത്രത, ദിവ്യഗുണങ്ങൾ, ദാനഭാവം, വിദ്യോന്നതി എന്നിവ സമ്പാദിക്കുക, എന്നിവയടങ്ങിയ ദേവയജ്ഞം; ഈ രണ്ട് യജ്ഞങ്ങളും രാവിലെയും സായാഹ്നത്തിലും അനുഷ്ഠിക്കണം.

1. സായം സായം ഗൃഹപതിർനോ അഗ്നിഃ പ്രാതഃ പ്രാതഃ സൌമനസസ്യ ദാതാ.

2.പ്രാതഃ പ്രാതർഗൃഹപതിർനോ അഗ്നിഃ സായംസായം സൌമനസസ്യ ദാതാ. (അ.കാം. 19,7, 3, 4)॥ [17]

3. തസ്മാദഹോരാത്രസ്യ സംയോഗേ ബ്രാഹ്മണഃ സന്ധ്യാമുപാസീത. ഉദ്യന്തമസ്തം യാന്തമാദിത്യമഭിധ്യായന്. ॥ [18] **(ബ്രാഹ്മണേ)**

4. ന തിഷ്ഠതി തു യഃ പൂർവാം നോപാസ്തേ യസ്തുഃ॥ [19] **പശ്ചിമാം. സ സാധുഭിർബഹിഷ്കാര്യഃ സർവസ്മാദ് ദ്വിജകർമണഃ (മനു. 2. 103)**

1. സന്ധ്യയ്ക്ക് ഹോമിക്കുന്ന ഹോമദ്രവ്യം രാവിലെവരെ വായുവിനെ പരിശുദ്ധമാക്കി സുഖപ്രദാനം ചെയ്യുന്നു.

2. രാവിലെ അഗ്നിയിൽ ഹോമിക്കുന്ന ഹോമദ്രവ്യം സായാഹ്നം വരെ വായുവിനെ ശുദ്ധി ചെയ്ത് ബലം, ബുദ്ധി, ആരോഗ്യം എന്നിവ ഉണ്ടാക്കുന്നു.

3. അതിനാൽ രാത്രിയും പകലും കൂടിച്ചേരുന്ന സന്ധ്യകളിൽ ഉദയാസ്തമയങ്ങളിൽ ഈശ്വരനെ ധ്യാനിക്കുകയും അഗ്നിഹോത്രം ചെയ്യുകയും അവശ്യം വേണം.

4. ഈ രണ്ടു കർമങ്ങളും രാവിലെയും വൈകിട്ടും അനുഷ്ഠിക്കാത്തവനെ സജ്ജനങ്ങൾ ദ്വിജകർമ്മങ്ങളിൽ നിന്നു ബഹിഷ്കരിക്കണം. അവനെ ശൂദ്രനെപ്പോലെ വിചാരിക്കണമെ

18 ഷഡ്വിംശ ബ്രാഹ്മണം 4/5 & തൈ. ആ. 2 ആരണ്യകങ്ങളെയും ബ്രാഹ്മണമായി ഗണിക്കയാൽ ഗ്രന്ഥകാരൻ പൊതുവേ 'ബ്രാഹ്മണേ' എന്നെഴുതിയതാണ്.

19 മനുസ്മൃതിയിൽ 'യശ്ച പശ്ചിമാ സ ശൂദ്രവദ്ബഹിഷ്കാര്യഃ എന്നു പാഠം. ഗ്രന്ഥകാരന്റെ പഞ്ചമഹായജ്ഞവിധിയിലും ഈ പാഠം കാണാം.

vedayasamaj.org

ന്നർത്ഥം.

ചോ:- മൂന്നു നേരം സന്ധ്യോപാസന എന്തു കൊണ്ടു ചെയ്തുകൂടാ?

ഉ:- മൂന്നുനേരം സന്ധ്യയില്ലാത്തതുകൊണ്ടുതന്നെ. വെളിച്ചവും ഇരുട്ടും കൂടിച്ചേരുന്ന സന്ധ്യാരാവിലേയും വൈകുന്നേരവും മാത്രമേയുള്ളൂ. ഇങ്ങനെ കണക്കാക്കാതെ ഉച്ചസമയത്തു മൂന്നാമതൊരു സന്ധ്യ കണക്കാക്കുന്നയാൾ പാതിരായ്ക്കും സന്ധ്യോപാസനം ചെയ്യാത്തതെന്തുകൊണ്ട്? അർദ്ധരാത്രിക്കു സന്ധ്യാവന്ദനം ചെയ്യണമെങ്കിൽ യാമംതോറും നാഴികതോറും വിനാഴികതോറും ക്ഷണംതോറും സന്ധ്യയുണ്ടെന്നു കരുതി അപ്പോഴെല്ലാം സന്ധ്യാവന്ദനം ചെയ്യണം. അങ്ങനെ ചെയ്യാനാഗ്രഹിച്ചാലും അസാധ്യമാണ്. മദ്ധ്യാഹ്നത്തിൽ സന്ധ്യോപാസന ചെയ്യണമെന്നതിന് പ്രമാണമൊന്നുമില്ല. രണ്ടുനേരം സന്ധ്യാവന്ദനവും ഹോമവും ചെയ്താൽ മതി. മൂന്നു പ്രാവശ്യം വേണ്ട. ഭൂതം, ഭാവി, വർത്തമാനം എന്നീ മൂന്നു കാലഭേദങ്ങളുള്ളത് സന്ധ്യോപാസനയെ സംബന്ധിക്കുന്നതല്ല.

മൂന്നാമത് പിതൃയജ്ഞമാണ്. ദേവന്മാർ അഥവാ വിദ്വാന്മാർ ഋഷികൾ (അധ്യയനവും അധ്യാപനവും ചെയ്തുകൊണ്ടിരിക്കുന്നവർ) അച്ഛൻ, അമ്മ മുതലായ പിതൃക്കൾ, വൃദ്ധന്മാർ, ജ്ഞാനികൾ, പരമയോഗികൾ എന്നിവർക്കെല്ലാം സേവനം ചെയ്യുന്നതാണ് പിതൃയജ്ഞം. പിതൃയജ്ഞം ശ്രാദ്ധമെന്നും തർപ്പണമെന്നും രണ്ടു വിധമുണ്ട്. **'ശ്രത്'** എന്നാൽ സത്യമെന്നർത്ഥം. **"ശ്രത് സത്യം ദധാതി യയാ ക്രിയയാ സാ ശ്രദ്ധാ, ശ്രദ്ധയാ യത് ക്രിയതേ തച്ഛ്രാദ്ധമ്"** സത്യം ഗ്രഹിക്കുവാൻ കഴിയുന്ന ക്രിയയെ ശ്രദ്ധയെന്നും ശ്രദ്ധയോടുകൂടി ചെയ്യുന്ന കർമ്മത്തിന് ശ്രാദ്ധമെന്നും പറയുന്നു. "തൃപ്യന്തി തർപ്പയന്തി യേന പിതൄൻ തത് തർപ്പണം" ജീവിച്ചിരിക്കുന്ന മാതാപിതാക്കന്മാർ മുതലായ പിതൃജനങ്ങൾ പ്രസാദിക്കുന്ന കർമമാണ് തർപ്പണം. ജീവിച്ചിരിക്കുന്നവർക്കാണ് തർപ്പണം; മരിച്ചവർക്കല്ല. അഥ ദേവതർപ്പണമ്:-

ഓം ബ്രഹ്മാദയോ ദേവാസ്തൃപ്യന്താമ്
ബ്രഹ്മാദിദേവപത്ന്യസ്തൃപ്യന്താമ്
ബ്രഹ്മാദിദേവസുതാസ്തൃപ്യന്താമ്
ബ്രഹ്മാദി ദേവഗണാസ്തൃപ്യന്താമ്.
ഇതി ദേവ തർപ്പണമ്:-

"വിദ്വാങ്സോ ഹി ദേവാഃ"॥ [20] എന്നു ശതപഥബ്രാഹ്മണത്തിലുണ്ട്. വിദ്വാന്മാരെയാണ് ദേവന്മാർ എന്നു പറയുന്നത്. സാംഗോപാംഗം നാലു വേദങ്ങളും പഠിച്ചവരെ ബ്രഹ്മാവ് എന്നും അത്രത്തോളം പഠിച്ചിട്ടില്ലാത്തവരെ ദേവൻ എന്നും പറയുന്നു. ദേവന് വിദ്വാൻ എന്നാണർത്ഥം. അവരെപ്പോലെ വിദുഷികളായ ബ്രാഹ്മണസ്ത്രീകളാണ് ദേവിമാർ. അവരുടെ പുത്രന്മാർ, ശിഷ്യന്മാർ, അവരുടെ ഗണങ്ങൾ-സേവകന്മാർ- എന്നിവരുടെയെല്ലാം ശുശ്രൂഷയ്ക്ക് ശ്രാദ്ധം അഥവാ തർപ്പണം എന്നു പറയുന്നു. അഥ ഋഷിതർപ്പണമ്:-

ഓം മരീച്യാദയ ഋഷയസ്തൃപ്യന്താമ്
മരീച്യാദ്യൃഷിപത്ന്യസ്തൃപ്യന്താമ്
മരീച്യാദ്യൃഷിസുതാസ്തൃപ്യന്താമ്
മരീച്യാദ്യൃഷിഗണാസ്തൃപ്യന്താമ്.
ഇതി ഋഷിതർപ്പണമ്:-

ബ്രഹ്മാവിന്റെ പ്രപൌത്രനായ മരീചിയെപ്പോലെ വിദ്വാനായി അധ്യാപനം ചെയ്യുന്നവർ, അവർക്കു സദൃശം വിജ്ഞരായി പെൺകുട്ടികളെ പഠിപ്പിക്കുന്ന അവരുടെ പത്നിമാർ, അവർക്കു തുല്യരായ അവരുടെ പുത്രന്മാർ, ശിഷ്യന്മാർ, സേവകന്മാർ എന്നിവർക്ക് സേവനസത്ക്കാരങ്ങൾ ചെയ്യുന്നതാണ് ഋഷിതർപ്പണം. അഥ പിതൃതർപ്പണമ്.

ഓം സോമസദഃ പിതരസ്തൃപ്യന്താമ്. അഗ്നിഷ്വാത്താഃ പിതര സ്തൃപ്യന്താമ്. ബർഹിഷദഃ പിതരസ്തൃപ്യന്താമ്. സോമപാഃ പിതരസ്തൃപ്യന്താമ്. ഹവിർഭുജഃ പിതരസ്തൃപ്യന്താമ്. ആജ്യപാഃ പിതരസ്തൃപ്യന്താമ്. സുകാലിനഃ പിതരസ്തൃപ്യന്താമ്. യമാദിഭ്യോ നമഃ യമാദീംസ്തർപ്പയാമി. പിത്രേ സ്വധാ നമഃ പിതരം തർപ്പയാമി. പിതാമഹായ സ്വധാ നമഃ പിതാമഹം തർപ്പയാമി. പ്രപിതാമഹായ സ്വധാ നമഃ പ്രപിതാമഹം തർപ്പയാമി. മാത്രേ സ്വധാ നമോ മാതരം തർപ്പയാമി. പിതാമഹ്യൈ സ്വധാ നമഃ പിതാമഹീം തർപ്പയാമി. സ്വപത്ന്യൈ സ്വധാ നമഃ സ്വപത്നിം തർപ്പയാമി. സംബന്ധിഭ്യഃ സ്വധാ നമഃ സംബന്ധിനസ്തർപ്പയാമി. സഗോത്രേഭ്യഃ സ്വധാ നമഃ സഗോത്രാംസ്തർപ്പയാമി ॥ [21]

ഇതി പിതൃതർപ്പണമ്:-

20 ശതപഥം 3.7.3.10

21 സോമസദോ*ഗ്നി*ഷ്വാത്താശ്ച തഥാബർഹിഷദോ*പി* ച
സോമ പാശ്ച തഥാവിദ്വംസ്തഥൈവ ച ഹവിർഭുജഃ
ആജ്യപാശ്ച തഥാ വത്സ തഥാഹ്യന്യേ സുകാലിനഃ
ഏതേ ചാന്യേച പിതരഃ പൂജ്യാഃ സർവേ ദ്വിജാ തിഭിഃ
(ബൃഹദ് പരാശരസ്മൃതി 7/167-168)

(സോമസദഃ) "**യേ സോമേ ജഗദീശ്വരേ പദാർത്ഥവിദ്യായാം ച സീദന്തി തേ സോമസദഃ**" പരമാത്മജ്ഞാനത്തിലും പദാർത്ഥവിദ്യയിലും നിപുണന്മാരാണ് സോമസത്തുക്കൾ. **(അഗ്നിഷ്വാത്താഃ)** "**യൈരഗ്നേവിദ്യുതോ വിദ്യാ ഗൃഹീതാ തേ അഗ്നിഷ്വാത്താഃ**" അഗ്നിയുടെ അതായത് മിന്നൽ മുതലായവയുടെ ജ്ഞാനമുള്ളവരാണ് അഗ്നിഷ്വാത്തന്മാർ **(ബർഹിഷദഃ)** "**യേ ബർഹിഷി ഉത്തമേ വ്യവഹാരേ സീദന്തി തേ ബർഹിഷദഃ**" വിദ്യാഭിവൃദ്ധിയുണ്ടാക്കുന്ന സത്കർമ്മങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളവരാണ് ബർഹിഷത്തുക്കൾ. **(സോമപാഃ)** "**യേ സോമമൈശ്വര്യമോഷധീരസം വാ പാന്തി പിബന്തി വാ തേ സോമപാഃ**" ഐശ്വര്യങ്ങളെ രക്ഷിക്കുന്നതുകൊണ്ട് അഥവാ സോമമെന്നു പേരായ മഹൗഷധിയുടെ രസം കുടിക്കയാൽ രോഗരഹിതരായിരിക്കുകയും മറ്റുള്ളവരുടെ ഐശ്വര്യങ്ങളെ രക്ഷിക്കുകയോ മറ്റുള്ളവർക്ക് ഔഷധിരസം കുടിക്കാൻ കൊടുക്കുകയോ ചെയ്ത് അവരുടെ രോഗങ്ങളെ ഹരിക്കുകയും ചെയ്യുന്നവരാണ് സോമപന്മാർ. **(ഹവിർഭുജഃ)** "**യേ ഹവിർഹോതുമത്തു മർഹം ഭുഞ്ജതേ ഭോജയന്തി വാ തേ ഹവിർഭുജഃ**" ലഹരിയുണ്ടാക്കുന്നവയും ഹിംസാകരവുമായ വസ്തുക്കളെ വർജ്ജിച്ച് വേറെയുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുകയും ഭക്ഷിപ്പിക്കുകയും ചെയ്യുന്നവരാണ് ഹവിർഭുക്കുകൾ. **(ആജ്യപാഃ)** "**യ ആജ്യം ജ്ഞാതും പ്രാപ്തും വാ യോഗ്യം രക്ഷന്തി വാ പിബന്തി ത ആജ്യപാഃ**" അറിയുവാൻ യോഗ്യമായ വസ്തുക്കളെ രക്ഷിക്കുകയും അഥവാ നെയ്യ്, പാൽ മുതലായവ ഭക്ഷിക്കുകയും ചെയ്യുന്നവരാണ് ആജ്യപന്മാർ. **(സുകാലിനഃ)** "**ശോഭനഃ കാലോ വിദ്യതേ യേഷാം തേ സുകാലിനഃ**" സുകൃതം ചെയ്യുന്നതുകൊണ്ട് സുഖം നിറഞ്ഞ സമയമുള്ളവരാണ് സുകാലിനർ. **(യമഃ)** "**യേ ദുഷ്ടാൻ യച്ഛന്തി നിഗൃഹ്ണന്തി തേ യമാ ന്യായാധീശാ**" ദുഷ്ടന്മാരെ ശിക്ഷിക്കുകയും ശിഷ്ടന്മാരെ രക്ഷിക്കുകയും ചെയ്യുന്ന ന്യായാധിപന്മാരാണ് യമന്മാർ. **(പിതാ)** "**യഃ പാതി സ പിതാ**" ഭക്ഷണം കൊടുത്തും ശുശ്രൂഷിച്ചും സന്താനങ്ങളെ രക്ഷിക്കുന്നവൻ അല്ലെങ്കിൽ സന്താനങ്ങളെ ഉത്പാദിപ്പിക്കുന്നവനാണ് പിതാവ്. **(പിതാമഹഃ, പ്രപിതാമഹഃ)** "**പിതുഃ പിതാ പിതാമഹഃ പിതാമഹസ്യ പിതാ പ്രപിതാമഹഃ**" പിതാവിന്റെ പിതാവ് പിതാമഹനും പിതാമഹന്റെ പിതാവ് പ്രപിതാമഹനും ആകുന്നു. **(മാതാ)** "**യാ മാനയതി സാ മാതാ**" ഭക്ഷണം കൊടുത്തും ശുശ്രൂഷിച്ചും മക്കളെ സമ്മാനിക്കുന്നവൾ മാതാവ്. **(പിതാമഹീ)** "**യാ പിതുർമാതാ സാ പിതാമഹീ**" അച്ഛന്റെ അമ്മയാണ് പിതാമഹി. (പ്രപിതാമഹീ) "**യാ പിതാമഹസ്യ മാതാ സാ പ്രപിതാമഹി**" പിതാമഹന്റെ മാതാവാണ് പ്രപിതാമഹി. ഇവരേയും അവനവന്റെ ഭാര്യ, സഹോദരൻ, ചാർച്ചക്കാർ, കൂട്ടക്കാർ, ഇതര ഗുരുജനങ്ങൾ വൃദ്ധജനങ്ങൾ എന്നിവരെയും ശ്രദ്ധാപൂർവ്വം ഭക്ഷണപദാർത്ഥങ്ങൾ, വസ്ത്രങ്ങൾ, മനോഹരമായ വാഹനങ്ങൾ മുതലായവ കൊടുത്ത് നന്നായി തൃപ്തിപ്പെടുത്തുക-അവരുടെ മനസ് സംതൃപ്തിയേയും ശരീരം ആരോഗ്യത്തെയും പ്രാപിക്കത്തക്ക പ്രവൃത്തികൾകൊണ്ടു പ്രീതിപൂർവ്വം ശുശ്രൂഷിക്കുന്നതാണ് ശ്രാദ്ധവും തർപ്പണവും.

നാലാമത്തേത് വൈശ്വദേവയജ്ഞമാകുന്നു. ആഹാരം പാകം ചെയ്തുകഴിഞ്ഞാൽ, ഉപ്പ്, എരിവ്, എന്നിവ കലരാത്തതും മധുരവും നെയ്യും ചേർന്നതുമായ വിഭവം അടുപ്പിൽ നിന്നെടുത്ത് വേറെ വെച്ചിട്ടുള്ള അഗ്നിയിൽ താഴെ പറയുന്ന മന്ത്രം ചൊല്ലി ഹോമിച്ച് ഭാഗിക്കുന്നതാണ് വൈശ്വദേവയജ്ഞം. (ഇതിനു പ്രമാണം:-)

വൈശ്വദേവസ്യ സിദ്ധസ്യ ഗൃഹ്യേ *f*ഗ്നൗ വിധിപൂർവകമ്. ആഭ്യഃ കുര്യാദ്ദേവതാഭ്യോ ബ്രാഹ്മണോ ഹോമമന്വഹമ്. (മനു. 3. 84)

അടുക്കളയിൽ പാകം ചെയ്ത ഭക്ഷണത്തിന് ദിവ്യഗുണങ്ങൾ ലഭിക്കുവാൻ പാകാഗ്നിയിൽ താഴെ പറയുന്ന മന്ത്രങ്ങൾ ചൊല്ലി വിധിപ്രകാരം നിത്യവും ഹോമിക്കണം.

മന്ത്രം

ഓം അഗ്നയേ സ്വാഹാ. സോമായ സ്വാഹാ. അഗ്നീഷോമാഭ്യാം സ്വാഹാ. വിശ്വേഭ്യോ ദേവേഭ്യഃ സ്വാഹാ. ധന്വന്തരയേ സ്വാഹാ. കുഹ്വൈ സ്വാഹാ. അനുമത്യൈ സ്വാഹാ. പ്രജാപതയേ സ്വാഹാ. സഹ ദ്യാവാപൃഥിവീഭ്യാം സ്വാഹാ. സ്വിഷ്ടകൃതേ സ്വാഹാ.

ഈ മന്ത്രങ്ങളോരോന്നും ചൊല്ലി നല്ലവണ്ണം കത്തിജ്വലിക്കുന്ന അഗ്നിയിൽ ഓരോ ആഹുതിവീതം ചെയ്യണം. പിന്നീട് തളികയിലോ നിലത്തു വച്ചിട്ടുള്ള ഇലയിലോ കിഴക്കു തുടങ്ങിയ ദിക്കുകളിലെല്ലാം താഴെ പറയുന്ന മന്ത്രം ചൊല്ലി സ്ഥാപിക്കണം.

ഓം സാനുഗായേന്ദ്രായനമഃ. സാനുഗായ യമായ നമഃ. സാനുഗായ വരുണായനമഃ. സാനു

ഗായ സോമായനമഃ. മരുദ്ഭ്യോ നമഃ അദ്ഭ്യോ നമഃ. വനസ്പതിഭ്യോ നമഃ. ശ്രീയൈ നമഃ. ഭദ്രകാള്യൈ നമഃ. ബ്രഹ്മപതയേ നമഃ. വാസ്തുപതയേ നമഃ. വിശ്വേഭ്യോ ദേവേഭ്യോ നമഃ. ദിവാചരേഭ്യോ ഭൂതേഭ്യോ നമഃ. നക്തഞ്ചാരിഭ്യോ ഭൂതേഭ്യോ നമഃ. സർവാത്മ ഭൂതയേ നമഃ. *

ഇങ്ങനെ തൂകിയിട്ട് ബാക്കി അന്നത്തെ അതിഥികളുണ്ടെങ്കിൽ അവർക്കു വിളമ്പുകയോ അഗ്നിയിൽ ഇടുകയോ ചെയ്യണം. പിന്നീട് ലവണാന്നം അതായത് പരിപ്പ്, ചോറ്, കറികൾ, ചപ്പാത്തി ഇവയെല്ലാം കുറേശെ എടുത്ത് നിലത്ത് ആറിടത്ത് വീതിച്ചിടണം. ഇതിന് പ്രമാണം:-

ശൂനാം ച പതിതാനാം ച ശ്വപചാം പാപരോഗിണാമ്. വായസാനാം കൃമീണാംച ശനകൈർനിർവപേദ് ഭുവി (മനു. 3.92)

"ശ്വഭ്യോ നമഃ. പതിതേഭ്യോ നമഃ. ശ്വപഗ്ഭ്യോ നമഃ. പാപരോഗിഭ്യോ നമഃ. വായസേഭ്യോ നമഃ. കൃമിഭ്യോ നമഃ" എന്നു ചൊല്ലി വീതിച്ചു വച്ച ശേഷം അതെടുത്ത് അവശർക്കോ വിശന്നു വലയുന്ന ശ്വാവ്, കാക്ക മുതലായ ജീവികൾക്കോ കൊടുക്കണം. ഇവിടെ നമഃ ശബ്ദത്തിന് അന്നം എന്ന അർത്ഥമാണ്. ശ്വാവ്, പാപി, ചണ്ഡാളൻ, പാപരോഗി, കാക്ക, ഉറുമ്പ് തുടങ്ങിയ കീടങ്ങൾ എന്നിവയ്ക്കെല്ലാം ഭക്ഷണം നൽകണമെന്നു മനുസ്മൃതി മുതലായ ധർമശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ട്. ഈ ഹോമം ചെയ്യുന്നതുകൊണ്ട് അടുക്കളയിലുള്ള വായു പരിശുദ്ധമാകും. അറിയാതെ, കാണാതെ വന്നു ഭവിക്കാവുന്ന പ്രാണിഹിംസയ്ക്ക് പ്രതിവിധിയുമായി.

അഞ്ചാമത്തേത് അതിഥിയജ്ഞമാകുന്നു.

അതിഥി എന്ന പദത്തിന് തിഥി നിശ്ചയമില്ലാത്തത് എന്നർത്ഥമാണ്. ധാർമികനും സത്യോപദേശകനും എല്ലാവർക്കും ഉപകാരാർത്ഥം സർവത്ര സഞ്ചരിക്കുന്നവനും തികഞ്ഞ വിദ്വാനും പരമയോഗിയുമായ ഒരു സംന്യാസി ഗൃഹസ്ഥന്റെ വസതിയിൽ ചെന്നാൽ ഒന്നാമതായി അദ്ദേഹത്തിന് പാദ്യം, അർഘ്യം, ആചമനീയം എന്നിങ്ങനെ മൂന്നുവിധം ജലം കൊടുക്കണം, പിന്നീട് അദ്ദേഹത്തിന് ആദരവോടെ ഉത്തമാസനം നൽകി ഹൃദ്യമായ ഭക്ഷണവും പാനീയവും നൽകി ശുശ്രൂഷിച്ച് പ്രസാദിപ്പിക്കണം. പിന്നീട് അദ്ദേഹത്തോട് സംഭാഷണം ചെയ്ത്, ധാർമാർത്ഥകാമമോക്ഷങ്ങൾ നേടുവാൻ ഉതകുന്ന ജ്ഞാനവിജ്ഞാനാദികളെപ്പറ്റിയുള്ള ഉപദേശങ്ങൾ കേട്ട് അതനുസരിച്ച് അവനവന്റെ സ്വഭാവത്തെ സംസ്കരിക്കണം. ഗൃഹസ്ഥന്മാർ രാജാക്കന്മാർ എന്നിവരും അതിഥിയെപ്പോലെ ചില അവസരങ്ങളിൽ സല്ക്കാരയോഗ്യന്മാരാണ് എന്നാൽ:-

പാഷണ്ഡിനോ വികർമസ്ഥാന്ബൈഡാലവൃത്തികാഞ്ചഠാന്. ഹൈതുകാന്ബകവൃത്തീംശ്ച വാങ്മാത്രേണാപി നാർചയേത് (മനു. 4.30)

(പാഷണ്ഡി) വേദനിന്ദകർ, വേദവിരുദ്ധർ **(വികർമസ്ഥഃ)** വേദങ്ങളിൽ നിഷേധിച്ചിട്ടുള്ളവ ചെയ്യുന്നവരും അസത്യം പറയുന്നവരും **(ബൈഡാലവൃത്തികഃ)** ഒളിച്ചിരുന്ന്, തക്കംനോക്കി എലി മുതലായ പ്രാണികളുടെ മേൽ ചാടിവീണ് വയറുനിറയ്ക്കുന്ന പൂച്ചയെപ്പോലെ ദിവസം കഴിക്കുന്നവർ **(ശഠഃ)** ദുരാഗ്രഹം, ദുരഭിമാനം, വാശി മുതലായ ദോഷങ്ങളുള്ളവർ-അവനവന് അറിവില്ലെങ്കിലും അറിവുള്ളവർ ഉപദേശിച്ചാൽ കേൾക്കാത്തവർ **(ഹൈതുകഃ)** "ഞാനാണ് ബ്രഹ്മം, ജഗത്ത് മിഥ്യയാണ്, വേദശാസ്ത്രങ്ങളും ഈശ്വരനും ഭാവനകളാണ്" എന്നിങ്ങനെ ഇക്കാലത്തു വേദാന്തികൾ ജല്പിക്കുന്നതുപോലെ വ്യഥാ വാചകമടിക്കുന്നവർ **(ബകവൃത്തിഃ)** ഒറ്റക്കാലിൽ ധ്യാനം ചെയ്യുന്നവനെപ്പോലെ നടിച്ച് മത്സ്യങ്ങളെ പിടിച്ചുതിന്ന് സ്വാർത്ഥം നേടുന്ന കൊറ്റിയേ പോലെ പ്രവർത്തിക്കുന്ന ഇക്കാലത്തെ വൈരാഗികൾ, മറ്റു കാഷായവസ്ത്രധാരികൾ തുടങ്ങിയ ദുരാഗ്രഹികളെയും വേദവിരോധികളെയും വാക്കാൽ പോലും സല്ക്കരിക്കരുത്. സല്ക്കരിച്ചാൽ അവർ അഭിവൃദ്ധി പ്രാപിച്ച് ലോകത്തിൽ അധർമം പരത്തും. സ്വയം അധഃപതിക്കുന്നതിനു പറ്റിയ ദുഷ്കർമങ്ങൾ ചെയ്യുന്നതിനു പുറമേ, അവർക്കാതിഥ്യം നൽകുന്നവരെയും അജ്ഞാനസാഗരത്തിൽ മുക്കിക്കൊല്ലുന്നു.

പഞ്ചമഹായജ്ഞാനുഷ്ഠാനം കൊണ്ടു ലഭിക്കുന്ന ഫലങ്ങളിവയാണ്:- ബ്രഹ്മയജ്ഞം അനുഷ്ഠിക്കുന്നതുകൊണ്ട് വിദ്യ, ശിക്ഷണം, ധർമം മനഃസംസ്കാരം മുതലായ സദ്ഗുണങ്ങൾ അഭിവൃദ്ധിപ്പെടും. അഗ്നിഹോത്രത്താൽ വായു, മഴവെള്ളം, എന്നിവ പരിശുദ്ധമായി. ശുദ്ധമായ മഴ കിട്ടുകയാൽ ലോകരെല്ലാം സുഖമനുഭവിക്കും. ശുദ്ധ വായുവിന്റെ ശ്വാസസ്പർശത്താൽ ആരോഗ്യം, ബുദ്ധി, ബലം, പരാക്രമം എന്നിവ വർദ്ധിക്കുകയും തന്നിമിത്തം ധർമാർത്ഥകാമമോക്ഷങ്ങളുടെ സമ്പൂർണസിദ്ധി ഉണ്ടാവുകയും ചെയ്യും. അതിനാലത്രേ ഇതിനെ ദേവയജ്ഞം എന്നു പറയു

* മനു 3/87, 91, 92 എന്നിവയിൽ ആധാരിതം

ന്നത്. പിതൃയജ്ഞം കൊണ്ട് മാതാപിതാക്കന്മാർ, വിദ്വാന്മാരായ മഹാത്മാക്കൾ എന്നിവരെ ശുശ്രൂഷിക്കുന്നതുകൊണ്ട് ജ്ഞാനം വർദ്ധിക്കുകയും തദ്വാരാ സത്യാസത്യ നിർണയവും സത്യത്തെ ഗ്രഹിക്കുകയും അസത്യത്തെ ത്യജിക്കുകയും ചെയ്ത് സുഖമനുഭവിക്കാനും കഴിയും. അച്ഛനമ്മമാർ, ഗുരു എന്നിവർ സന്താനങ്ങൾക്കും ശിഷ്യർക്കും ചെയ്ത സേവനത്തിന് പ്രത്യുപകാരം ചെയ്ത് കൃതജ്ഞത കാണിക്കുന്നത് പിതൃയജ്ഞത്തിന്റെ ഉചിതമായ മറ്റൊരു പ്രയോജനമാകുന്നു. വൈശ്വദേവ ബലിയുടെ ഫലം മുമ്പു പറഞ്ഞിട്ടുണ്ട്. ശ്രേഷ്ഠരായ അതിഥികളില്ലെങ്കിൽ ലോകത്തിന് ഉന്നതി ഉണ്ടാകുന്നതല്ല. അവർ നാടൊട്ടുക്ക് സഞ്ചരിച്ച് സത്യം ഉപദേശിക്കയാൽ നാസ്തികർ വളരുന്നില്ല. സർവത്രയുള്ള ഗൃഹസ്ഥർക്ക് സഹജമായി സത്യവിജ്ഞാനം ലഭിക്കുന്നു. മാനവസമൂഹത്തിൽ ഒരേ ധർമം സ്ഥിരമായി നിലനിൽക്കുന്നു. അതിഥികളില്ലെങ്കിൽ സംശയ നിവാരണം സാധ്യമല്ല. സംശയ നിവാരണം ഉണ്ടായില്ലെങ്കിൽ ദൃഢനിശ്ചയമുണ്ടാവില്ല. ദൃഢനിശ്ചയമില്ലെങ്കിൽ സുഖമെവിടെ?

ബ്രാഹ്മേ മുഹൂർത്തേ ബുധ്യേത ധർമാർഥൗ ചാനുചിന്തയേത് കായക്ലേശാംശ്ച തന്മൂലാന് വേദതത്ത്വാർഥമേവ ച (മനു. 4. 92)

രാത്രിയുടെ നാലാമത്തെ യാമത്തിലോ നാലു നാഴിക വെളുപ്പിനോ ഉണർന്ന് ആവശ്യകൃത്യങ്ങൾ കഴിച്ച് ധർമം, അർഥം, ശാരീരിക രോഗനിദാനം എന്നിവയെപ്പറ്റി ചിന്തിക്കുകയും ഈശ്വരനെ ധ്യാനിക്കുകയും ചെയ്യണം. ഒരിക്കലും അധർമ്മം പ്രവർത്തിക്കരുത്. എന്തെന്നാൽ:-

നാധർമശ്ചരിതോ ലോകേ സദ്യഃ ഫലതി ഗൌരിവ. ശനൈരാവർതമാനസ്തു കർതുർ മൂലാനി കൃന്തതി (മനു. 4. 172)

ചെയ്ത അധർമ്മം ഒരിക്കലും നിഷ്ഫലമാവുകയില്ല. അധർമ്മം ചെയ്ത ഉടനെ ഫലം കിട്ടുകയില്ല. അതിനാൽ അജ്ഞാനികൾ അധർമ്മത്തെ ഭയപ്പെടുകയില്ല. പക്ഷേ, അധർമ്മാചരണം നിങ്ങളുടെ സുഖത്തെ സമൂലം നശിപ്പിക്കുമെന്നറിയണം. എങ്ങനെയെന്നാൽ:-

അധർമേണൈധതേ താവത്തതോ ഭദ്രാണി പശ്യതി. തതഃ സപത്നാഞ്ജയതി സമൂലസ്തു വിനശ്യതി. (മനു. 4. 174)

അധർമികളായ മനുഷ്യർ ധർമമര്യാദകളെ ലംഘിച്ച് മടമുറിഞ്ഞു ജലം പരക്കും വണ്ണം കള്ളം പറച്ചിൽ, കളവ്, രക്ഷാമാർഗ്ഗമായ വേദത്തെ ഖണ്ഡിക്കുക, വിശ്വാസവഞ്ചന മുതലായ ദുഷ്കർമങ്ങൾ ചെയ്ത് പരധനം അപഹരിച്ച് ആദ്യം അഭിവൃദ്ധിപ്പെടുന്നു. പിന്നീട് ധനം, ഐശ്വര്യം, എന്നിവയാൽ വിശിഷ്ടാഹാരം, വസ്ത്രം, ഭൂഷണം, വാഹനങ്ങൾ, സ്ഥാനമാനങ്ങൾ, മാന്യത മുതലായവ നേടുന്നു. അന്യായത്താൽ ശത്രുവിനെ ജയിക്കുന്നു. പക്ഷേ പെട്ടെന്ന് കടപുഴകിയ മരം പോലെ അധഃപതിച്ചു നശിക്കുകയും ചെയ്യും.

സത്യധർമാര്യവൃത്തേഷു ശൌചേ ചൈവാരമേത് സദാ. ശിഷ്യാംശ്ച ശിഷ്യാദ്ധർമേണ വാഗ്ബാഹൂദരസംയതഃ (sl. 4. 175)

വിദ്വാൻ വേദോക്തസത്യധർമത്തെ - പക്ഷപാതമില്ലാതെ സത്യഗ്രഹണം അസത്യപരിത്യാഗം- ന്യായമായ വൈദികധർമ്മത്തെ അനുഷ്ഠിച്ചുകൊണ്ട് ശിഷ്യന്മാരെ പഠിപ്പിക്കണം.

1. ഋത്വിക്പുരോഹിതാചാര്യൈർമാതുലാതിഥിസംശ്രിതൈഃ. ബാലവൃദ്ധാതുരൈർ വൈദ്യൈർജ്ഞാതിസംബന്ധിബാന്ധവൈഃ.

2. മാതാപിതൃഭ്യാം ജാമീഭിർഭ്രാത്രാ പുത്രേണ ഭാര്യയാ. ദുഹിത്രാ ദാസവർഗേണ വിവാദം ന സമാചരേത്. (sl. 4. 179, 180)

1. **(ഋത്വിക്)** യജ്ഞം നടത്തുന്നയാൾ **(പുരോഹിതഃ)** സദാചാരവും സത്സ്വഭാവവും സദാ ഉപദേശിക്കുന്നയാൾ **(ആചാര്യഃ)** ഗുരു **(മാതുലഃ)** അമ്മാവൻ **(അതിഥി)** പോക്കുവരവിനു തീയതി നിശ്ചയമില്ലാത്തയാൾ **(സംശ്രിതാഃ)** ആശ്രിതർ **(ബാലഃ)** ബാലൻ **(വൃദ്ധഃ)** വൃദ്ധൻ **(ആതുരഃ)** ആതുരൻ **(വൈദ്യഃ)** ആയുർവേദമറിയുന്നയാൾ **(ജ്ഞാതിഃ)** സ്വന്തഗോത്രത്തിലോ ജാതിയിലോ ജനിച്ചവൻ **(സംബന്ധീ)** ശ്വശുരൻ- ഭാര്യയുടെയോ ഭർത്താവിന്റെയോ അച്ഛൻ-മുതലായവർ **(ബാന്ധവാഃ)** ബന്ധുക്കൾ-

2. **(മാതാ)** അമ്മ **(പിതാ)** അച്ഛൻ **(ജാമീ)** സഹോദരി **(ഭ്രാതാ)** സഹോദരൻ **(ഭാര്യാ)** ഭാര്യ **(ദുഹിത)** മകൾ **(ദാസവർഗഃ)** വേലക്കാർ എന്നിവരോട് ഒരിക്കലും വിവാദമോ കലഹ-ലഹളകളോ പാടില്ല.

അതപാസ്ത്വനധീയാനഃ പ്രതിഗ്രഹരുചിർ ദ്വിജഃ. അംഭസ്യശ്മപ്ലവേനേവ സഹ തേനൈവ മജ്ജതി (sl. 4.190)

(അതപാഃ) ബ്രഹ്മചര്യ-സത്യഭാഷണാദി തപസുകളില്ലാത്തവൻ **(അനധീയാനഃ)** വിദ്യ അഭ്യ

സിക്കാത്തവൻ **(പ്രതിഗ്രഹരുചിഃ)** നല്ലകാര്യത്തിനെന്നു നടിച്ച് പിരിവു നടത്തുന്നവൻ എന്നീ മൂവരും കല്ലുകൊണ്ടു പണിത കപ്പലിൽ സമുദ്രം കടക്കുന്നവരെപ്പോലെ തങ്ങളുടെ ദുഷ്കർമങ്ങളിൽ കൂടി ദുഃഖസാഗരത്തിൽ മുങ്ങിപ്പോകുന്നു. അവർ മുങ്ങുന്നതോ പോകട്ടെ, അവർക്കു ദാനം നൽകുന്നവരെയും കൂടെ മുക്കിക്കളയുന്നു.

ത്രിഷ്വപ്യേതേഷു ദത്തം ഹി വിധിനാപ്യാർജിതം ധനമ്. ദാതുർഭവത്യനർഥായ പരത്രാധാതുരേവ ച (ടി. 4. 193)

ധർമാനുസൃതം സമ്പാദിച്ചതായാലും മുൻപറഞ്ഞ മൂന്നു പേർക്കും ദാനം ചെയ്യുന്ന ധനം, ദാനം കൊടുക്കുന്നവനെ ഈ ജന്മത്തിലും വാങ്ങുന്നവനെ അടുത്ത ജന്മത്തിലും നശിപ്പിക്കുന്നു.

യഥാ പ്ലവേനൌപലേന നിമജ്ജത്യുദകേ തരന്. തഥാ നിമജ്ജതോ/ധസ്താദജ്ഞൌ ദാതൃപ്രതീച്ഛകൌ (ടി. 4. 194)

കരിങ്കല്ലുകൊണ്ടു പണിത തോണിയിൽ കയറി കടൽ കടക്കുവാൻ പുറപ്പെടുന്നവർ മുങ്ങിച്ചാകുംപോലെ അജ്ഞാനിയായ ദാതാവും വാങ്ങുന്നവനും അധോഗതിയെ-ദുഃഖത്തെ പ്രാപിക്കുന്നു.

ധർമവിരോധിയുടെ ലക്ഷണങ്ങൾ

1. ധർമധ്വജീ സദാ ലുബ്ധശ്ഛാദ്മികോ ലോകദംഭകഃ. ബൈഡാലവ്രതികോ ജ്ഞേയോ ഹിംസ്രഃ സർവാഭിസന്ധകഃ.

2. അധോദൃഷ്ടിർനൈഷ്കൃതികഃ സ്വാർഥസാധനതത്പരഃ. ശഠോ മിഥ്യാവിനീതശ്ച ബകവ്രതചരോ ദ്വിജഃ (ടി. 4. 195, 196)

1. **(ധർമധ്വജീ)** ധർമിഷ്ഠനല്ലെങ്കിലും അതിന്റെ പേരിൽ ലോകരെ കൊള്ളയടിക്കുന്നവനും **(സദാലുബ്ധഃ)** പരമലുബ്ധനും **(ഛാദ്മികം)** കപടസ്വഭാവിയും **(ലോകദംഭകഃ)** സ്വയം മഹാൻ ചമഞ്ഞ് വീമ്പടിച്ചു നടക്കുന്നവനും **(ഹിംസ്രഃ)** ജീവികളെ കൊല്ലുകയും അന്യരോട് വൈരം പുലർത്തുകയും ചെയ്യുന്നവനും **(സർവാഭിസന്ധകഃ)** നല്ലവരോടും ദുഷ്ടരോടും സ്നേഹം നടിക്കുന്നവനും ആയവനെ **(വൈഡാലവ്രതികഃ)** പൂച്ചയെപ്പോലെ നീചനും ദുഷ്ടനുമായി കരുതണം.

2. **(അധോദൃഷ്ടിഃ)** കീർത്തിക്കായി കീഴ്പോട്ടു നോക്കിയിരിക്കുന്നവനും **(നൈഷ്കൃതികഃ)** തന്നോടു കുറച്ചൊരു തെറ്റു ചെയ്തുപോയാൽ അവനെ കൊന്നു പകവീട്ടുവാൻ വാശിയുള്ളവനും **(സ്വാർഥ സാധനതത്പരഃ)** കള്ളമോ അധർമമോ വിശ്വാസവഞ്ചനയോ ചെയ്ത് തൻകാര്യം നേടുവാൻ ചതുരനും **(ശഠഃ)** താൻ പിടിച്ച മുയലിനു കൊമ്പു മൂന്നെന്നു പറയുന്നവനും **(മിഥ്യാവിനീത)** വെറുതെ വിനയം അഭിനയിക്കുന്നവനും **(ബകവ്രത ചരഃ)** കൊറ്റിയെപ്പോലെ നീചനാണെന്ന് അറിയണം. ഇവയാണ് ധർമവിരോധികളുടെ ലക്ഷണങ്ങൾ. അവരെ ഒരിക്കലും വിശ്വസിക്കരുത്. ആദരിച്ചു സല്ക്കരിക്കരുത്.

1. ധർമം ശനൈഃ സഞ്ചിനുയാദ്വല്മീകമിവ പുത്തികാഃ. പരലോകസഹായാർഥം സർവഭൂതാന്യപീഡയന്.

2. നാമുത്ര ഹി സഹായാർഥം പിതാ മാതാ ച തിഷ്ഠതാഃ. ന പുത്രദാരാ ന ജ്ഞാതിർധർമ സ്തിഷ്ഠതി കേവലഃ.

3. ഏകഃ പ്രജായതെ ജന്തുരേക ഏവ പ്രലീയതേ. ഏകോനുഭുങ്ക്തേ സുകൃതമേക ഏവ ച ദുഷ്കൃതമ്. (ടി. 4. 238–240)

4. ഏകഃ പാപാനി കുരുതേ ഫലം ഭുങ്ക്തേ മഹാജനഃ. ഭോക്താരോ വിപ്രമുച്യന്തേ കർത്താ ദോഷേണ ലിപ്യതേ. ▯ [22]

5. മൃതം ശരീരമുത്സൃജ്യ കാഷ്ഠലോഷ്ഠസമം ക്ഷിതൌ. വിമുഖാ ബാന്ധവാ യാന്തി ധർമസ്ത മനുഗച്ഛതി (മനു. 5. 241)

1. ഉറുമ്പ് പുറ്റുമണ്ണു ശേഖരിച്ചു വല്മീകം നിർമിക്കുന്നതുപോലെ മനുഷ്യർ ജീവികൾക്കൊന്നിനും ഉപദ്രവം ചെയ്യാതെ ജന്മാന്തരസൗഖ്യം ലഭിക്കാൻ ധർമസഞ്ചയനം ചെയ്യണം.

2. എന്തെന്നാൽ, അച്ഛനോ അമ്മയ്ക്കോ പുത്രനോ ഭാര്യയ്ക്കോ ബന്ധുക്കൾക്കോ പരലോകത്തുവന്നു സഹായിക്കുവാൻ സാധ്യമല്ല. അവിടെ ധർമം മാത്രമേ സഹായമുള്ളൂ.

3. നോക്കൂ! ജീവൻ ഒറ്റയ്ക്കു ജനിക്കുന്നു. ഒറ്റയ്ക്കു മരിക്കുന്നു. ധർമത്തിന്റെ ഫലമായ സുഖത്തേയും അധർമത്തിന്റെ ഫലമായ ദുഃഖത്തേയും ജീവൻ ഏകാകിയായി അനുഭവിക്കുന്നു.

4. ഒന്നുകൂടി മനസ്സിലാക്കണം. കുടുംബനാഥൻ പാപം ചെയ്തു കൊണ്ടു വരുന്ന വക, വീട്ടുകാരെല്ലാം അനുഭവിക്കുന്നു. അതനുഭവിക്കുന്നവർക്കെല്ലാം പാപത്തിൽ പങ്കാളിത്തമില്ല. ചെയ്ത

22 മഹാഭാരതം ഉദ്യോ. പ. 33/47



വനു മാത്രമേ പാപമുള്ളൂ.

5. ഒരുവൻ മരിച്ചാൽ അവന്റെ ബന്ധുക്കൾ മൃത ശരീരത്തെ മൺകട്ടയെന്നവണ്ണം ത്യജിച്ചു പിന്തി രിയുന്നു. ആരും കൂടെ പോകുന്നില്ല. ധർമം ഒന്നു മാത്രം അവനെ അനുഗമിക്കുന്നു.

1. തസ്മാദ്ധർമം സഹായാർഥം നിത്യം സഞ്ചിനുയാച്ചനൈഃ. ധർമേണ ഹി സഹായേന തമസ്തരതി ദുസ്തരം.

2. ധർമപ്രധാനം പുരുഷം തപസാ ഹതകില്ബിഷം. പരലോകം നയത്യാശു ഭാസ്വന്തം ഖശ രീരിണമ് (ടി. 242-243)

1. അതിനാൽ വരും ജന്മത്തിൽ സുഖസഹായ ങ്ങൾക്കായി നിത്യേന ധർമസഞ്ചയനം ചെയ്യണം. ജീവാത്മാവിന് ദുഃഖസാഗരം കടക്കുവാൻ ഏക സഹായി ധർമമാണ്.

2. ധർമത്തെ പ്രധാനമായി കരുതുന്നതാരോ ധർമാനുഷ്ഠാനത്താൽ പാപമകന്നവനാരോ അയാളെ പ്രകാശസ്വരൂപവും ആകാശം ശരീരം പോലെയുള്ളതുമായ അതിലുപരി കാണാവുന്ന തായി മറ്റൊന്നുമില്ലാത്തതായ ജഗദീശ്വരിങ്ക ലേയ്ക്കു നയിക്കുന്നതിനാൽ

1. ദൃഢകാരീ മൃദുർദാന്തഃ ക്രൂരാചാരൈരസംവസന്. അഹിംസ്രോ ദമദാനാഭ്യാം ജയേത് സ്വർഗം തഥാവ്രതഃ.

2. വാച്യർഥാ നിയതാഃ സർവേ വാങ്മൂലാ വാഗ്വിനിഃ സൃതാഃ. താംസ്തു യഃ സ്തേനയേദ്വാചം സ സർവസ്തേയകൃന്നരഃ.

3. ആചാരാല്ലഭതേ ഹ്യായുരാചാരാദീപ്സിതാഃ പ്രജാഃ. ആചാരാദ്ധനമക്ഷയ്യമാചാരോ ഹന്ത്യലക്ഷണമ്. (മനു. 4/ 246, 256, 156)

1. സദാ സ്ഥിരചിത്തനായി പ്രവർത്തിക്കുകയും സരളസ്വഭാവിയും ഇന്ദ്രിയങ്ങളെ ജയിച്ചവനും ഹിംസ, ക്രൗര്യം, ദുരാചാരം എന്നിവ സ്വഭാവമാ ക്കിയ ചീത്തയാളുകളിൽ നിന്നു വേറിട്ടവനും ആയ ധർമിഷ്ഠൻ, മനോജയം വിദ്യാദാനം എന്നിവയാൽ സുഖം നേടുന്നു.

2. എല്ലാ അർത്ഥങ്ങളും പ്രവൃത്തികളും വാക്കിൽ പ്രതിഷ്ഠിതമാണ്. സകല പ്രവൃത്തി കളും വാണി നടത്തുകയാൽ അവയുടെയെല്ലാം മൂലകാരണം വാണി തന്നെ. ആ വാണിയെ കക്കു ന്നവൻ മോഷണം മുതലായ സകല പാപങ്ങളും ചെയ്യുന്നവനത്രേ.

3. അതിനാൽ കള്ളം തുടങ്ങിയ അധർമങ്ങളെ ത്യജിച്ച് ബ്രഹ്മചര്യം, ഇന്ദ്രിയജയം മുതലായ സദാ ചാരങ്ങളനുഷ്ഠിച്ചാൽ പൂർണായുസ്, ശ്രേഷ്ഠസ ന്തതി, അക്ഷയധനം എന്നിവ ലഭിക്കും. അങ്ങനെ ധർമമനുഷ്ഠിച്ച് ദുഷ്ടതയെ വെടിയുന്നവരുടെ പ്രവൃത്തികൾ അനുകരണീയമാണ്. കാരണം:-

ദുരാചാരോ ഹി പുരുഷോ ലോകേ ഭവതി നിന്ദിതഃ. ദുഃഖഭാഗീ ച സതതം വ്യാധിതോഽല്പായുരേവ ച (ടി. 4. 157)

ദുരാചാരങ്ങൾ ചെയ്യുന്നവൻ നല്ലവർക്കിടയിൽ നിന്ദിതനും ദുഃഖിതനും രോഗിയും അല്പായു സുമായി ഭവിക്കുന്നു. അതിനാൽ ചെയ്യേണ്ടത്:-

1. യദ്യത്പരവശം കർമ തത്തദ്യത്നേന വർജയേത്. യദ്യദാത്മവശം തു സ്യാത്തത്തത്സേവേത യത്നതഃ.

2. സർവം പരവശം ദുഃഖം സർവമാത്മവശം സുഖമ്. എതദ്വിദ്യാത്സമാസേന ലക്ഷണം സുഖദുഃഖയോഃ. (ടി. 4. 159, 160)

1. അന്യന്റെ അധീനത്തിലായ കർമങ്ങളെ പ്രയ ത്നിച്ചായാലും ത്യജിച്ച് സ്വാധീനകർമങ്ങളനുഷ്ഠി ക്കണം.

2. എന്തെന്നാൽ പരാധീനമായതെല്ലാം ദുഃഖവും സ്വാധീനമായത് സുഖവുമാണ്. ചുരുക്കി പ്പറഞ്ഞാൽ സുഖദുഃഖങ്ങളുടെ ലക്ഷണം ഇതാ ണ്. കാരണം പറയാം.

അന്യോന്യാശ്രിത കർമങ്ങൾ ചെയ്യണമെങ്കിൽ ഒരുവൻ മറ്റൊരുവന് അധീനപ്പെട്ടേ തീരൂ. സ്ത്രീപു രുഷന്മാർ തമ്മിലുള്ള പ്രവൃത്തികളാണിതിനുദാ ഹരണം, സ്ത്രീ പുരുഷനോടും പുരുഷൻ സ്ത്രീയോടും സസ്നേഹം പെരുമാറുകയും അന്യോന്യം അനുകൂലമായി വർത്തിക്കുകയും വേണം. വ്യഭിചാരവും പരസ്പര വിരോധവൃത്തി കളും പാടില്ല. പുരുഷന്റെ ആജ്ഞയനുസരിച്ച് ഗൃഹകൃത്യങ്ങളെല്ലാം സ്ത്രീ നടത്തണം. പുറമേ യുള്ള പ്രവൃത്തികളെല്ലാം പുരുഷൻ നിർവ്വഹി ക്കണം. ദുരാചാരങ്ങളിൽ പെട്ടു പോകുന്നതിൽ നിന്ന് പരസ്പരം തടയണം. ഇവയെല്ലാം അന്യോ ന്യാശ്രിത പ്രവൃത്തികളാണ്. വിവാഹത്തോടുകൂടി സ്ത്രീ പുരുഷന്മാർ പരസ്പരം വിറ്റതുപോലെ യായി ഭവിക്കുന്നു. അവരുടെ പരസ്പര ചേഷ്ട കൾ ഭാവങ്ങൾ തുടങ്ങി സർവവും പരസ്പരാധീ നമാണെന്നർത്ഥം. ഇരുവരും അന്യോന്യം ഇഷ്ട മില്ലാത്ത പ്രവൃത്തികളൊന്നും ചെയ്യരുത്. വിശേ ഷിച്ചും വ്യഭിചാരം, വേശ്യാപ്രാപ്തി, ജാരപ്രാപ്തി മുതലായ ദുഷ്കർമങ്ങളെ വെടിഞ്ഞ് ഭാര്യാഭർത്താ

aryasamaj.org

ക്കന്മാർ അന്യോന്യം പ്രീതിപൂർവം വർത്തിക്കണം. ബ്രാഹ്മണരായ ആണുങ്ങൾ ആൺകുട്ടികളെയും പഠിപ്പുള്ള സ്ത്രീകൾ പെൺകുട്ടികളെയും പഠിപ്പിക്കണം. വിവിധ ഉപദേശങ്ങൾ കൊടുത്തും പ്രസംഗങ്ങൾ ചെയ്തും അവരെ വിദ്വാന്മാരും വിദുഷികളുമാക്കണം. സ്ത്രീകൾക്കു പൂജനീയമായ ദേവൻ പതിയും പുരുഷന്മാർക്കു സംപൂജ്യ പത്നിയുമാണ്. ഗുരുകുലത്തിൽ വസിക്കുന്ന കാല മത്രയും അധ്യാപകരെ അച്ഛനമ്മമാരെപ്പോലെ കരുതണം. അധ്യാപകർക്ക് അവരുടെ ശിഷ്യന്മാർ സ്വസന്താനങ്ങളെപ്പോലെയായിരിക്കുകയും വേണം. പഠിപ്പിക്കുവാനുള്ള അധ്യാപകരും അധ്യാപികമാരും എപ്രകാരമായിരിക്കണമെന്നു പറയാം:-

അധ്യാപകരും അധ്യാപികമാരും

1. ആത്മജ്ഞാനം സമാരംഭസ്തിതിതിക്ഷാ ധർമ നിത്യതാ. യമർഥാ നാപകർഷന്തി സ വൈ പണ്ഡിത ഉച്യതേ.

2. നിഷേവതേ പ്രശസ്താനി നിന്ദിതാനി ന സേവതേ. അനാസ്തികഃ ശ്രദ്ദധാന എതത് പണ്ഡിതലക്ഷണം.

3. ക്ഷിപ്രം വിജാനാതി ചിരം ശൃണോതി വിജ്ഞായ ചാർഥം ഭജതേ ന കാമാത്. നാസം പൃഷ്ടോ ഹ്യു പയുങ്ക്തേ പരാർഥേ തത്പ്ര ജ്ഞാനം പ്രഥമം പണ്ഡിതസ്യ.

4. നാ പ്രാപ്യമഭിവാഞ്ഛന്തി നഷ്ടം നേച്ഛന്തി ശോചിതും. ആപത്സു ച ന മുഹ്യന്തി നരാഃ പണ്ഡിതബുദ്ധയഃ.

5. പ്രവ്യത്തവാക് ചിത്രകഥ ഊഹവാൻ പ്രതി ഭാനവാൻ. ആശു ഗ്രന്ഥസ്യ വക്താ ച യഃ സ പണ്ഡിത ഉച്യതേ.

6. ശ്രുതം പ്രജ്ഞാനുഗം യസ്യ പ്രജ്ഞാ ചൈവ ശ്രുതാനുഗാ. അസംഭിന്നാര്യമര്യാദഃ പണ്ഡിതാഖ്യാം ലഭേത സഃ.

ഈ ശ്ലോകങ്ങൾ മഹാഭാരതം ഉദ്യോഗപർവം വിദുരപ്രജാഗരം 32-ാം അധ്യായത്തിലേതാണ്.

1. ആത്മജ്ഞാനം സിദ്ധിച്ചിട്ടുള്ളവൻ, ഒരിക്കലും അലസനും നിഷ്ക്രിയനുമായി വർത്തിക്കാത്തവൻ, സുഖദുഃഖങ്ങൾ, ലാഭനഷ്ടങ്ങൾ, സ്തുതിനിന്ദകൾ, മാനാപമാനങ്ങൾ എന്നിവ സന്തോഷ-സന്താപങ്ങളുണ്ടാക്കാത്തവൻ, എല്ലായ്പോഴും ദൃഢചിത്തതയോടുകൂടി ധർമം അനുഷ്ഠിക്കുന്നവൻ, വിഷയസുഖമുളവാക്കുന്ന വസ്തുക്കളെ കാര്യമാക്കാത്തവൻ, അവനത്രേ പണ്ഡിതൻ.

2. സദാ ധർമാനുകൂലമായ കർമങ്ങളനുഷ്ഠിക്കുക, അധർമ്മത്തെ ത്യജിക്കുക, ഈശ്വരനേയും വേദങ്ങളേയും സദാചാരത്തേയും നിന്ദിക്കായ്ക, ഈശ്വരാദികളിൽ ശ്രദ്ധയുള്ളവനായിരിക്കുക ഇവയെല്ലാം പണ്ഡിതന്റെ കർത്തവ്യങ്ങളാണ്.

3. കഠിനവിഷയങ്ങളെപ്പോലും വേഗം മനസ്സിലാക്കുവാൻ കഴയുന്നവൻ, വളരെക്കാലം ശാസ്ത്രങ്ങളെ അഭ്യസിക്കുകയും കേൾക്കുകയും ചിന്തിക്കുകയും ചെയ്യുന്നവൻ, സ്വന്തം അറിവു മുഴുവനും പരോപകാരത്തിനായി വിനിയോഗിക്കുന്നവൻ. സ്വാർത്ഥം നേടുവാൻ മാത്രം പ്രയത്നിക്കാത്തവൻ, സ്വയം ചിന്തിക്കാതെയോ ഉചിതാവസരം അറിയാതെയോ മറ്റൊരുവന് ഒന്നും നൽകാത്തവൻ, അവനത്രേ പ്രജ്ഞാനമെന്ന പ്രഥമലക്ഷണയുക്തനായ പണ്ഡിതൻ.

4. അർഹമല്ലാത്തവയെ ഇച്ഛിക്കാത്തവനും നഷ്ടപ്പെട്ടതിനെപ്പറ്റി ദുഃഖിക്കാത്തവനും ആപത്തിൽ പരിഭ്രമിക്കാത്തവനുമാണ് ബുദ്ധിമാനായ പണ്ഡിതൻ.

5. വിചിത്രവാഗ്മിയും ഏതു വിഷയത്തിലും വാദപ്രതിവാദ ചതുരനും ശാസ്ത്രവ്യാഖ്യാനകുശലനും തർക്കവിദ്യാവിചക്ഷണനും സ്മരണശക്തിയുള്ളവനും അർത്ഥം പറയുവാൻ മിടുക്കനുമായ ആളിനെ പണ്ഡിതനെന്നു പറയുന്നു.

6. കേട്ട സത്യാർത്ഥങ്ങളനുസരിച്ച് ബുദ്ധിയുള്ളവനും ബുദ്ധിയുപയോഗിച്ച് കേൾക്കുന്നവനും ധർമിഷ്ഠരായ ശ്രേഷ്ഠമനുഷ്യരുടെ മര്യാദയെ മറികടക്കാത്തവനുമാണ് പണ്ഡിതൻ എന്ന പേരിന് അർഹൻ.

ഇങ്ങനെയുള്ള സ്ത്രീപുരുഷന്മാർ അധ്യാപകരായിരിക്കുന്നിടത്ത് വിദ്യ, ധർമ്മം, സദാചാരം എന്നിവ അഭിവൃദ്ധിപ്പെടും. നിത്യേന സുഖം പെരുകും. പഠിക്കാൻ യോഗ്യതയില്ലാത്ത മൂഢന്മാരുടെ ലക്ഷണങ്ങൾ:-

1. അശ്രുതശ്ച സമുന്നദ്ധോ ദരിദ്രശ്ച മഹാമനാഃ. അർഥാംശ്ചാ*f*കർമണാ പ്രേപ്സുർമൂഢ ഇത്യുച്യതേ ബുധൈഃ.

2. അനാഹൂതഃ പ്രവിശതി ഹ്യപൃഷ്ടോ ബഹു ഭാഷതേ. അവിശ്വസ്തേ വിശ്വസിതി മൂഢചേതാ നരാധമാഃ.

23 അധ്യായം 33. 35-41



ഈ ശ്ലോകങ്ങളും മഹാഭാരതം ഉദ്യോഗപർവത്തിൽ വിദുരപ്രജാഗരത്തിലേതാണ്. ▯ [23]

1. ശാസ്ത്രങ്ങളൊന്നും പഠിക്കുകയോ കേൾക്കുകയോ ചെയ്യാത്തവനും വലിയ ദുരഭിമാനിയും ദരിദ്രനാണെങ്കിലും അത്യാഗ്രഹിയും പ്രയത്നിക്കാതെ എല്ലാം കിട്ടണമെന്നാഗ്രഹിക്കുന്നവനുമാണ് മൂഢനെന്ന് ബുദ്ധിമാന്മാർ പറയുന്നു.

2. വിളിക്കാതെ എവിടെയും കയറിച്ചെന്ന് ഉന്നതസ്ഥാനത്തിരിക്കുക, ചോദിക്കാതെ ഓരോന്നു തട്ടിമൂളിക്കുക, വിശ്വസിക്കാൻ പാടില്ലാത്തവരെയും വസ്തുക്കളെയും വിശ്വസിക്കുക ഇവ ചെയ്യുന്നവൻ മൂഢനും മനുഷ്യാധമിയുമാണ്.

ഇങ്ങനെയുള്ളവർ അധ്യാപകരും ഉപദേഷ്ടാക്കളും ഗുരുക്കന്മാരും മാന്യരുമായ ദിക്കിൽ അജ്ഞാനം, അധർമം, കാട്ടാളത്തം, കലഹം, വിദ്വേഷം തമ്മിൽത്തല്ല് ഇവയെല്ലാം വളരുകയും ദുഃഖം വർദ്ധിക്കുകയും ചെയ്യും.

വിദ്യാർത്ഥിയുടെ ലക്ഷണങ്ങൾ

1. ആലസ്യം മദമോഹൗ ച ചാപലം ഗോഷ്ഠിരേവ ച. സ്തബ്ധതാ ചാഭിമാനിത്വം തഥാ ത്യാഗിത്വമേവ ച. ഏതേ വൈ സപ്ത ദോഷാഃ സ്യുഃ സദാ വിദ്യാർഥിനാം മതാഃ.

2. സുഖാർഥിനഃ കുതോ വിദ്യാ കുതോ വിദ്യാർഥിനഃ സുഖം. സുഖാർഥീ വാ ത്യജേദ്വിദ്യാം വിദ്യാർഥീ വാ ത്യജേത് സുഖം.

ഈ ശ്ലോകങ്ങളും വിദുരപ്രജാഗരത്തിലേതാണ്▯ [24]

1. **(ആലസ്യം)** ശരീരത്തിനും ബുദ്ധിക്കുമുള്ള അലസത **(മദഃ)** ലഹരി **(മോഹഃ)** അത്യാസക്തി **(ചാപലം)** സ്ഥിരതയില്ലായ്മ **(ഗോഷ്ഠി)** നുണ പറഞ്ഞും കേട്ടും കാലം കഴിക്കുക **(സ്തബ്ധതാ)** പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാതിരിക്കുക, ദുരഭിമാനം, ത്യാഗശീലമില്ലായ്മ എന്നിങ്ങനെ ഏഴു ദോഷങ്ങൾ വിദ്യാർത്ഥികളെ ബാധിക്കാം.

2. ഈ ദോഷങ്ങളുള്ളവർ ഒരിക്കലും പഠിക്കുകയില്ല. സുഖം ആഗ്രഹിക്കുന്നവന് വിദ്യ എവിടെ? വിദ്യാഭ്യാസം ഇച്ഛിക്കുന്നവന് സുഖം എവിടെ? വിഷയസുഖാർത്ഥി വിദ്യയേയും വിദ്യാർത്ഥി വിഷയസുഖത്തേയും ത്യജിക്കണം. അന്യഥാ വിദ്യാഭ്യാസം സാധ്യമല്ല.

സത്യേ രതാനാം സതതം ദാന്താനാമൂർദ്ധ്വരേതസാം. ബ്രഹ്മചര്യം ദഹേദ്രാജന് സർവപാപാന്യുപാസിതമ്. ▯ [25]

സദാ സത്യത്തിൽ തല്പരരും ജിതേന്ദ്രിയരും ഒരിക്കലും വീര്യം സ്ഖലിപ്പിക്കാത്തവരുമായവരുടെ ബ്രഹ്മചര്യമാണ് യഥാർഥം. അങ്ങനെയുള്ളവരത്രേ വിദ്വാന്മാരാകുന്നത്.

അധ്യാപകരും വിദ്യാർത്ഥികളും ശുഭലക്ഷണയുക്തരായിരിക്കണം. വിദ്യാർത്ഥികൾ മനസാ വാചാ കർമണാ സത്യമനുഷ്ഠിക്കുന്നവരും സംസ്കാരം ജിതേന്ദ്രിയത്വം സൗശീല്യം മുതലായ സത്ഗുണങ്ങളുള്ളവരും ശരീരബലവും ആത്മബലവും സമ്പാദിച്ച് വേദാദിശാസ്ത്രങ്ങളെല്ലാം അഭ്യസിച്ച് വിദ്വാന്മാരാകുവാനും വേണ്ട എല്ലാ പ്രയത്നവും അധ്യാപകർ ചെയ്യണം. വിദ്യാർത്ഥികളെ ദുർമാർഗം വെടിയാനും അവരെ പഠനോത്സുകരാക്കാനും അധ്യാപകർ സദാ ശ്രദ്ധിക്കണം. ജിതേന്ദ്രിയരും ശാന്തശീലരും സഹപാഠികളിൽ സ്നേഹമുള്ളവരും ചിന്തകരും പരിശ്രമശീലരും ആയി പൂർണവിദ്യ, പൂർണായുസ്, പൂർണധർമം എന്നിവ നേടി പുരുഷാർത്ഥം സമ്പാദിക്കുവാൻ വിദ്യാർത്ഥികൾ യത്നിക്കണം. ബ്രാഹ്മണവർണത്തിലുള്ളവരുടെ കർമങ്ങളാണിവ. ക്ഷത്രിയരുടെ കർമങ്ങൾ രാജധർമത്തിൽ വിവരിക്കാം ▯ [26] വൈശ്യരുടെ കർമങ്ങൾ പറയാം:- ബ്രഹ്മചര്യപൂർവ്വം വേദാദിവിദ്യകൾ അഭ്യസിക്കണം. വിവാഹം ചെയ്തതിനു ശേഷം നാനാദേശങ്ങളിലുള്ള ഭാഷകൾ പഠിച്ച് വിവിധ വ്യാപാരരീതികൾ മനസിലാക്കി സാധനങ്ങളുടെ വിലയും ക്രിയവിക്രിയസമ്പ്രദായവും അറിഞ്ഞ് അന്യരാജ്യങ്ങളിൽ സഞ്ചരിച്ച് ലാഭം കിട്ടത്തക്കവണ്ണമുള്ള പ്രവൃത്തികളിൽ ഏർപ്പെടണം. പശുപാലനവും കൃഷിയും സമർത്ഥമായി നടത്തി അവയെ അഭിവൃദ്ധിപ്പെടുത്തണം. ധനം വർദ്ധിപ്പിച്ച് വിദ്യാധർമങ്ങളുടെ അഭിവൃദ്ധിക്കായി വ്യയം ചെയ്യണം. സത്യവാദികളും നിഷ്കപടരുമായി സകല വ്യാപാരങ്ങളും സത്യത്തെ മുൻനിറുത്തി ചെയ്യണം. സാധനങ്ങളൊന്നും നഷ്ടപ്പെടാതെ എല്ലാ സാധനങ്ങളെയും സംരക്ഷിക്കണം. വൈശ്യവൃത്തികളാണിവ. ശൂദ്രർ എല്ലാ പരിചരണങ്ങളിലും പാചകവിദ്യയിലും നിപുണരായി ബ്രാഹ്മണക്ഷത്രിയ

24. അധ്യായം 40.5.6

25 'ആചാരഭാനുവിലും ഈ ശ്ലോകം ഉദ്ധൃതമാണ്. ഭീഷ്മവചനത്തിൽ നിന്നെന്ന് അവിടെ പറയുന്നുണ്ട്.

26 ആറാം. സമുല്ലാസം.

വൈശ്യന്മാരെ സസ്നേഹം പരിചരിച്ച് ഉപജീവിക്കണം. ആഹാരം, വസ്ത്രം, പാർപ്പിടം, വിവാഹാദി ക്രിയകൾ എന്നിവയ്ക്കാവശ്യമായതെല്ലാം ദ്വിജർ നൽകണം. അല്ലെങ്കിൽ പര്യാപ്തമായ മാസശമ്പളം നല്കണം. നാലു ജാതികളും പരസ്പരം പ്രിയം, ഉപകാരം, നന്മ, സുഖദുഃഖങ്ങളിലും ലാഭനഷ്ടങ്ങളിലും ഐകമത്യം എന്നിവയോടുകൂടി വർത്തിച്ച് നാടിന്റെയും നാട്ടാരുടെയും നന്മയ്ക്കായി തനു, മനം, ധനം എന്നിവയെ വിനിയോഗിക്കണം. സ്ത്രീകളും പുരുഷന്മാരും ഒരു നാളും അന്യോന്യം വേർപിരിഞ്ഞു വസിക്കരുത്. എന്തെന്നാൽ:-

പാനം ദുർജനസംസർഗഃ പത്യാ ച വിരഹോ*ഽ*ടനം. സ്വപ്നോ*ഽ*ന്യഗേഹവാസശ്ച നാരീസന്ദൂഷണാനി ഷട്. (മനു. 9.13)

കള്ള്, കഞ്ചാവ് മുതലായ ലഹരികളുപയോഗിക്കുക, ദുഷ്ടന്മാരോട് സഹവാസം, ഭർത്തൃവിയോഗം, വല്ല കള്ളസന്ന്യാസിമാരെയോ മറ്റോ കാണുവാൻ വെറുതെ ചുറ്റിയടിക്കുക, പരഗൃഹത്തിൽ പാർക്കുകയോ കിടന്നുറങ്ങുകയോ ചെയ്യുക, എന്നീ ആറു ദോഷങ്ങൾ സ്ത്രീകളെ ദുഷിപ്പിക്കും. പുരുഷന്മാരെയും ഇവ ദുഷിപ്പിക്കും. കാര്യസാധ്യത്തിനായി ദേശാടനം ചെയ്യുക, മരണം എന്നീ രണ്ടു കാരണങ്ങളാൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ വേർപാടു വരും. ആദ്യത്തെ വേർപാട് ഒഴിവാക്കുവാൻ ദൂരയാത്ര ചെയ്യുമ്പോൾ ഭാര്യയേയും കൊണ്ടുപോകണം. അങ്ങനെ ചെയ്താൽ ദീർഘകാല വിയോഗം ഉണ്ടാവുകയില്ല.

ചോ:- സ്ത്രീകളും പുരുഷന്മാരും ബഹുവിവാഹം ചെയ്യുന്നതു നല്ലതോ ചീത്തയോ?

ഉത്തരം :- ഒരേ സമയത്തു നല്ലതല്ല.

ചോ:- ഭിന്നകാലങ്ങളിൽ ബഹുവിവാഹം ആവശ്യമാണോ?

ഉ:- അതെ. എങ്ങനെയെന്നാൽ:-

യാ സ്ത്രീ ത്വക്ഷതയോനിഃ[27] സ്യാദ്ഗതപ്രത്യാഗതാ*ഽ*പി വാ. പൌനർഭവേന ഭർത്രാ സാ പുനഃ സംസ്കാരമർഹതി.

പാണിഗ്രഹണം കൊണ്ടു മാത്രം വിവാഹിതരായവർക്കും സംയോഗം സംഭവിച്ചിട്ടില്ലാത്ത അക്ഷതയോനിയായ സ്ത്രീക്കും അക്ഷതവീര്യനായ പുരുഷനും-സ്ത്രീപുരുഷന്മാർക്കും വേറെ വിവാഹം ചെയ്യാം. എന്നാൽ ബ്രാഹ്മണൻ ക്ഷത്രിയൻ, വൈശ്യൻ എന്നീ വർണങ്ങളിൽ ക്ഷതയോനിയായ സ്ത്രീക്കും ക്ഷതവീര്യനായ പുരുഷനും പുനർവിവാഹം നന്നല്ല.

ചോ:- പുനർവിവാഹം ചെയ്യുന്നതിൽ എന്താണു ദോഷം?

ഉ:- ഒന്ന്:- സ്ത്രീപുരുഷന്മാർക്ക് പരസ്പരമുള്ള സ്നേഹത്തിനു കുറവു വരും. എന്തെന്നാൽ തോന്നുമ്പോഴെല്ലാം പുരുഷൻ സ്ത്രീയേയും സ്ത്രീ പുരുഷനെയും ഉപേക്ഷിച്ച് വേറെ സംബന്ധമാകാമല്ലോ. രണ്ട്:- ഭാര്യയുടെയോ ഭർത്താവിന്റെയോ മരണശേഷം പുനർവിവാഹം ചെയ്യുവാൻ ആഗ്രഹിക്കുമ്പോൾ മരിച്ചയാളിന്റെ സ്വത്തുക്കൾ ജീവിച്ചിരിക്കുന്നയാൾ കൈവശപ്പെടുത്തുവാൻ യത്നിക്കും. അപ്പോൾ മരിച്ചയാളിന്റെ വീട്ടുകാർ ശണ്ഠകൂട്ടും. അന്യോന്യം കലഹം ഉണ്ടാകും. മൂന്ന്:- ഊരും പേരും ശേഷിക്കാത്ത വിധത്തിൽ അനേകം നല്ല തറവാടുകൾ മുടിയുകയും സമ്പത്ത് നശിക്കുകയും ചെയ്യും. നാല്:- പാതിവ്രത്യവും ഏകപത്നീവ്രതവും നശിച്ചു നാമാവശേഷമാകും. ഇങ്ങനെ പല ദോഷങ്ങളുള്ളതിനാൽ ദ്വിജകുലങ്ങളിൽ പുനർവിവാഹവും ബഹുവിവാഹവും ഒരിക്കലും പാടില്ല.

ചോ:- സന്തതിയില്ലാത്ത തറവാട് അന്യം നിന്നു നശിച്ചാലോ? വ്യഭിചാരം ചെയ്ത് ഗർഭഛിദ്രം മുതലായ ദുഷ്കർമങ്ങൾ ചെയ്യാനുമിടയാകും. പുനർവിവാഹമല്ലേ ഇതിലും ഭേദം?

ഉ:- അല്ലല്ല. എന്തെന്നാൽ സ്ത്രീപുരുഷന്മാർ ബ്രഹ്മനിഷ്ഠരായിരുന്നാൽ ഇത്തരം കുഴപ്പങ്ങളുണ്ടാവുകയില്ല. സ്വജാതീയനായ ഒരു ബാലനെ ദത്തെടുത്തു പുത്രനായി വളർത്തിയാൽ സന്തതിയറ്റു പോവുകയില്ല. വ്യഭിചാരവും ഉണ്ടാവുകയില്ല. ബ്രഹ്മചര്യസംരക്ഷണം സാധ്യമല്ലെങ്കിൽ നിയോഗവിധിപ്രകാരം സന്തത്യുല്പാദനം ചെയ്യാവുന്നതാണ്.

ചോ:- പുനർവിവാഹത്തിനും നിയോഗത്തിനും തമ്മിൽ എന്താണു വ്യത്യാസം?

ഉ:- ഒന്നാമത്തെ വ്യത്യാസം- വിവാഹം കഴിഞ്ഞ് കന്യക പിതൃഗൃഹം വിട്ട് പതിഗൃഹത്തിലേക്കു പോയാൽ പിന്നെ പിതാവിനോട് വിശേഷബന്ധമൊന്നുമില്ല. നിയോഗവിധിപ്രകാരം വിധവകൾ ആദ്യം വിവാഹം ചെയ്ത ഭർത്താവിന്റെ

27. മനു 9/176 അവിടെ **സാ ചേദക്ഷതയോനി** എന്നു പാഠം **സാ** എന്നു ത്രിതീയ പാദത്തിലും വരുന്നതിനാൽ **യത്തദോർ നിത്യസംബന്ധ** എന്ന നിയമപ്രകാരം **യാ** എന്ന പാഠം യുക്തമാണ്.

ഗൃഹത്തിൽ തന്നെ വസിക്കുന്നു.

രണ്ടാമത്തേത്:- വിവാഹത്തിലുണ്ടായ മക്കൾക്കാണ് അച്ഛന്റെ സ്വത്തിനവകാശം. നിയോഗവിധിപ്രകാരം വിധവയിൽ ജനിക്കുന്ന സന്താനങ്ങളെ വീര്യദാതാവിന്റെ സന്താനങ്ങളായല്ല മരിച്ചുപോയ ഭർത്താവിന്റെ മക്കളായാണ് കരുതുന്നത് വീര്യദാതാവിന്റെ ഗോത്രാംഗത്വമോ സ്വത്തവകാശമോ അവർക്കു ലഭിക്കുകയില്ല. അവരെ വിധവയുടെ മൃതഭർത്താവിന്റെ സന്താനങ്ങളായി ഗണിച്ച്, ആ ഗോത്രത്തിൽ പെടുത്തി, സ്വത്തവകാശവും നൽകി, ആ കുടുംബത്തിൽ തന്നെ വസിപ്പിക്കുന്നു.

മൂന്നാമത്തേത്:- വിവാഹിതരായ ഭാര്യാഭർത്താക്കന്മാർ അന്യോന്യം ശുശ്രൂഷിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. നിയുക്തരായ സ്ത്രീപുരുഷന്മാർ തമ്മിൽ അത്തരം കടപ്പാടൊന്നുമില്ല.

നാലാമത്തേത്:- ഭാര്യാഭർത്തൃബന്ധം മരണപര്യന്തം നിലനിൽക്കുന്നതാണ്. നിയുക്തരായ സ്ത്രീപുരുഷന്മാരുടെ ബന്ധം ഉദ്ദേശപൂർത്തിയോടെ ഇല്ലാതാകുന്നു.

അഞ്ചാമത്തേത്:- വിവാഹം ചെയ്ത് ഭാര്യാഭർത്താക്കന്മാരായവർ അവരുടെ മാത്രം ഗൃഹത്തിലെ കാര്യങ്ങൾ നോക്കി നടത്തുന്നു. നിയുക്തരായ സ്ത്രീയും പുരുഷനും ഓരോരുത്തരുടെയും ഗൃഹകാര്യങ്ങൾ മാത്രം നോക്കുന്നു.

ചോ:- വിവാഹത്തിന്റെയും നിയോഗത്തിന്റെയും നിയമങ്ങൾ വെവ്വേറെയാണോ?

ഉ:- രണ്ടിന്റെയും നിയമങ്ങൾ തമ്മിൽ തെല്ലു ഭേദമുണ്ടെന്നു മുമ്പു പറഞ്ഞു. വിവാഹം ചെയ്ത സ്ത്രീപുരുഷന്മാർക്ക് -ഒരു പുരുഷനും ഒരു സ്ത്രീക്കും കൂടി പത്തു സന്താനങ്ങളുണ്ടാകാം. നിയുക്തരായ സ്ത്രീപുരുഷന്മാർക്ക് രണ്ടോ നാലോ സന്താനങ്ങളിലധികം ഉണ്ടാകാൻ പാടില്ല.

കുമാരന്മാർക്കും കന്യകമാർക്കും തമ്മിലേ വിവാഹം പാടുള്ളൂ എന്നു നിയമമുള്ളതുപോലെ വിധവയ്ക്കും വിധുരനും തമ്മിൽ മാത്രമേ നിയോഗം പാടുള്ളൂ. കുമാരി-കുമാരന്മാർ തമ്മിൽ പാടില്ല.

ഭാര്യാഭർത്താക്കന്മാർ സദാ ഒന്നിച്ചു പാർക്കുന്നതുപോലെ നിയുക്ത സ്ത്രീപുരുഷന്മാർ പാർക്കാറില്ല. ഋതുകാലത്തിലല്ലാതെ മറ്റൊരിക്കലും അവർ ഒന്നിച്ചു ചേരാറില്ല. സ്ത്രീ തന്റെ ആവശ്യത്തിന് നിയോഗം ചെയ്താൽ രണ്ടാമത്തെ ഗർഭധാരണത്തോടുകൂടി നിയോഗബന്ധം വേർപെടുത്തണം. പുരുഷൻ തന്റെ ആവശ്യത്തിന് നിയോഗം ചെയ്താലും രണ്ടാമത്തെ ഗർഭത്തോടുകൂടി ബന്ധം ഒഴിയണം. നിയുക്തയായ സ്ത്രീ ആ കുട്ടികളെ രണ്ടോ മൂന്നോ കൊല്ലം വളർത്തി നിയോഗം ചെയ്ത പുരുഷനെ ഏൽപ്പിക്കണം. ഇപ്രകാരം ഒരു വിധവയ്ക്ക് തന്റെ സ്വന്തം ആവശ്യത്തിനായി രണ്ടും തന്നെ നിയോഗം ചെയ്യുന്ന നാലു പുരുഷന്മാർക്ക് രണ്ടു വീതം എട്ടും കൂടി പത്തു കുട്ടികളെ പ്രസവിക്കാം. അതുപോലെ തന്നെ ഭാര്യ മരിച്ചിട്ടുള്ള ഒരു പുരുഷന്, തനിക്കു വേണ്ടി രണ്ടും തന്നെ നിയോഗം ചെയ്യുന്ന നാലു വിധവമാരുടെ ആവശ്യത്തിനായി എട്ടും കൂടി പത്തു കുട്ടികളെ ഉല്പാദിപ്പിക്കാം. ഇങ്ങനെ എല്ലാം കൂടി പത്തു സന്താനങ്ങളെ ഉല്പാദിപ്പിക്കുവാനുള്ള വിധി വേദത്തിലുണ്ട്.

ഇമാം ത്വമിന്ദ്ര മീഢ്വഃ സുപുത്രാം സുഭഗാമ് കൃണു. ദശാസ്യാം പുത്രാനാ ധേഹി പതിമേകാദശം കൃധി. (ഋ. 10.85.45)

ഹേ **(മീഢ്വ, ഇന്ദ്ര)** വീര്യസേചനത്തിൽ പ്രാപ്തനും ഐശ്വര്യയുക്തനുമായ പുരുഷ, നീ ഈ വിവാഹിതയായ സ്ത്രീയെ അഥവാ വിധവകളെ സത്സന്താനങ്ങളുള്ളവരും സൗഭാഗ്യമുള്ളവരുമാക്കി, വിവാഹം ചെയ്തിട്ടുള്ള ഭാര്യയിൽ പത്തു പുത്രന്മാരെ ഉല്പാദിപ്പിക്കുകയും ഭാര്യയെ പതിനൊന്നാമത്തവളായി പരിഗണിക്കുകയും ചെയ്യുക. അല്ലയോ സ്ത്രീ! നീ നിന്നെ വേട്ട പുരുഷനിൽ നിന്നോ നിയോഗം ചെയ്യുന്ന പുരുഷനിൽ നിന്നോ ഗർഭം ധരിച്ച് പത്തു പുത്രന്മാരെ പ്രസവിക്കുകയും പതിനൊന്നാമത്തേതായി ഭർത്താവിനെ ഗണിക്കുകയും ചെയ്യുക.

ഈ വേദവിധിപ്രകാരം ബ്രാഹ്മണ ക്ഷത്രിയ വൈശ്യവർണങ്ങളിലുള്ള സ്ത്രീപുരുഷന്മാർ പത്തിലധികം സന്താനങ്ങളെ ഉല്പാദിപ്പിക്കരുത്. അധികമായാൽ സന്താനങ്ങൾ ബലഹീനരും അല്പായുസുകളുമാകും. അതുപോലെ സ്ത്രീപുരുഷന്മാരും ബലവും ആയുസ്സും ആരോഗ്യവും ക്ഷയിച്ച് വാർദ്ധക്യത്തിൽ അതിദുഃഖം അനുഭവിക്കും.

ചോ:- ഈ നിയോഗം വ്യഭിചാരം പോലെ തോന്നുന്നു.

ഉ:- വിവാഹമോ നിയോഗമോ ചെയ്യാത്ത സ്ത്രീപുരുഷന്മാർ തമ്മിലുള്ള ബന്ധമാണ് വ്യഭി

vedicvyasamalayalam.org

ചാരം. വിവാഹം ചെയ്ത ദമ്പതികളുടെ ബന്ധം വ്യഭിചാരമല്ലാത്തതുപോലെ വിധിപ്രകാരം നിയോഗം ചെയ്യുന്നതും വ്യഭിചാരമല്ല. ഒരാളിന്റെ കന്യകയെ മറ്റൊരാളിന്റെ അവിവാഹിതപുത്രൻ ശാസ്ത്രവിധിപ്രകാരം വിവാഹം ചെയ്ത ശേഷം അവരുടെ സമാഗമത്തിൽ വ്യഭിചാരം, പാപം, ലജ്ജ എന്നിവയൊന്നും ഇല്ലാത്തതുപോലെ വേദ-ശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ള നിയോഗത്തിലും വ്യഭിചാരമോ പാപമോ ലജ്ജയോ ഉണ്ടെന്നു കരുതരുത്.

ചോ:- കാര്യം ശരി തന്നെ പക്ഷേ ഇതു വേശ്യാവൃത്തിയാണെന്നു തോന്നുന്നു.

ഉ:- അല്ല; വേശ്യാസമാഗമത്തിൽ നിശ്ചിത പുരുഷനെന്നല്ല, യാതൊരു നിയമവും ഇല്ല. നിയോഗത്തിലെ നിയമങ്ങൾ വിവാഹത്തിന്റേതിനു തുല്യമാണ്. കന്യാദാനത്തിലോ വിധിപ്രകാരം വിവാഹം ചെയ്തവരുടെ സമാഗമത്തിലോ ലജ്ജയുണ്ടാകാത്തത് പോലെ നിയോഗത്തിലും ഉണ്ടാകരുതാത്തതാണ്. വ്യഭിചരിക്കുന്ന പുരുഷനോ സ്ത്രീയോ വിവാഹംചെയ്താലും ആ ദുഷ്കർമത്തിൽ നിന്നു രക്ഷപെടുമോ?

ചോ:- നിയോഗത്തിൽ പാപമുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നു.

ഉ:- നിയോഗത്തിൽ പാപമുണ്ടെന്നു വിചാരിക്കുന്ന പക്ഷം എന്തുകൊണ്ട് വിവാഹത്തിലും പാപമില്ല? നിയോഗത്തെ നിരോധിക്കുന്നതാണ് പാപം. വിരക്തിയും പൂർണ വൈദുഷ്യവും സിദ്ധിച്ച യോഗികൾക്കൊഴിച്ച് പ്രകൃത്യായുള്ളതും ഈശ്വരന്റെ സൃഷ്ടിക്രമത്തിനനുസരിച്ചുള്ളതുമായ പ്രവൃത്തികൾ തടയുവാൻ ആർക്കും സാധ്യമല്ല. ഭ്രൂണഹത്യയും വിധവകളുടെയും വിധുരരുടെയും അത്യന്ത ദുഃഖം എന്നിവ പാപമല്ലേ. യൗവ്വനം നിലനിൽക്കുവോളം വിഷയസുഖവും സന്താനലബ്ധിയും ആഗ്രഹിക്കുന്നു. സാമൂഹ്യരീതി, ജാതിനിയമങ്ങൾ എന്നിവ അവരുടെ ആഗ്രഹത്തെ അടിച്ചമർത്തുമ്പോൾ രഹസ്യദുർമാർഗങ്ങളിലൂടെ സ്വകാമം പൂർത്തീകരിക്കുന്നു. വ്യഭിചാരവും ദുരാചാരവും നശിപ്പിക്കാൻ നല്ലവഴി ജിതേന്ദ്രിയരായിരിക്കാൻ ശക്തിയുള്ളവർ വിവാഹമോ നിയോഗമോ ചെയ്യാതിരിക്കുന്നതാണ്. അവരങ്ങനെ ചെയ്യുന്നത് ഉചിതമാണ്. പക്ഷേ ഇന്ദ്രിയങ്ങളെ അടക്കുവാൻ കഴിവില്ലാത്തവർക്ക് വിവാഹവും ഗത്യന്തരമില്ലാത്തപ്പോൾ നിയോഗവും കൂടിയേ തീരൂ. അങ്ങനെയായാൽ വ്യഭിചാരം കുറയും. സ്നേഹത്തിൽ നിന്ന് ഉത്തമസന്താനങ്ങൾ ഉണ്ടായി മനുഷ്യർ അഭിവൃദ്ധി പ്രാപിക്കും. ഭ്രൂണഹത്യ തീരെ ഇല്ലാതാവുകയും ചെയ്യും. നീചപുരുഷന്മാരോട് ഉത്തമസ്ത്രീകൾക്കും വേശ്യാദി നികൃഷ്ട സ്ത്രീകളോട് നല്ല പുരുഷന്മാർക്കും ഉണ്ടാകുന്ന വ്യഭിചാരമെന്ന നീചകൃത്യം, തറവാട്ടിൽ കളങ്കം, വംശനാശം, സ്ത്രീപുരുഷന്മാരുടെ സന്താപം, ഭ്രൂണഹത്യ മുതലായ ദുഷ്കൃത്യങ്ങൾ എന്നിവയെല്ലാം വിവാഹം കൊണ്ടും നിയോഗം കൊണ്ടും നശിക്കുന്നു. അതിനാൽ നിയോഗം ഒരു ആവശ്യം തന്നെയാണ്.

ചോ:- നിയോഗം എങ്ങനെ ചെയ്യണം?

ഉ:- വിവാഹം പരസ്യമായി ചെയ്യുന്നതുപോലെ നിയോഗവും എല്ലാവരും അറിഞ്ഞു ചെയ്യണം. വിവാഹത്തിന് വേണ്ടപ്പെട്ടവരുടെയും വധൂവരന്മാരുടെയും സമ്മതവും സന്തുഷ്ടിയും ആവശ്യമായതുപോലെ നിയോഗത്തിലും അവ ആവശ്യമാണ്. സ്ത്രീയും പുരുഷനും തമ്മിൽ നിയോഗത്തിലേർപ്പെടുമ്പോൾ അവരിരുവരും തങ്ങളുടെ കുടുംബത്തിലെ സ്ത്രീപുരുഷന്മാരുടെ മുൻപിൽ വച്ച് ഇപ്രകാരം ശപഥം ചെയ്യണം:- "ഞങ്ങൾ രണ്ടുപേരും സന്താനലബ്ധിക്കായി നിയോഗത്തിൽ ഏർപ്പെടുന്നു. നിയോഗത്തിന്റെ ലക്ഷ്യം പ്രാപിച്ചാൽ പിന്നെ ഞങ്ങൾ സംബന്ധമുപേക്ഷിക്കും. മറിച്ചു പ്രവർത്തിക്കുന്ന പക്ഷം, ഞങ്ങൾ പാപികളും സാമുദായികവും രാജകീയവുമായ ശിക്ഷക്കർഹരുമാകുന്നതാണ്. മാസത്തിൽ ഒരു പ്രാവശ്യം മാത്രമേ ഞങ്ങൾ ഗർഭാധാനം ചെയ്യുകയുള്ളൂ. ഗർഭമുണ്ടായാൽ പിന്നെ ഒരു കൊല്ലംവരെ ഞങ്ങൾ വേർപിരിഞ്ഞു വസിച്ചുകൊള്ളാം."

ചോ:- സ്വന്തം ജാതിയിൽ മാത്രമേ നിയോഗം ആകാവൂ എന്നുണ്ടോ? അന്യജാതിയിലും ആകാമോ?

ഉ:- സ്ത്രീക്ക് തന്റെ ജാതിയിലോ ഉത്കൃഷ്ട ജാതിയിലോ പെട്ട പുരുഷനോട് നിയോഗമാകാം. വൈശ്യവർണത്തിലുള്ള സ്ത്രീക്ക് ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരോടു കൂടിയും ക്ഷത്രിയസ്ത്രീക്ക് ബ്രാഹ്മണക്ഷത്രിയന്മാരോടു കൂടിയും ബ്രാഹ്മണസ്ത്രീക്ക് ബ്രാഹ്മണനോടു കൂടി മാത്രവും നിയോഗമാകാം. വീര്യം സമമോ ഉത്കൃഷ്ടമോ ആയ ജാതിയുടേതല്ലാതെ നികൃഷ്ടമാകരുതെന്നു താല്പര്യം. സ്ത്രീപുരുഷന്മാരെ സൃഷ്ടിച്ചിരിക്കുന്നതിന്റെ പ്രയോജനം വേദാനു



കൂലവും ധർമാനുസൃതവുമായ വിധത്തിൽ വിവാഹമോ നിയോഗമോ ചെയ്ത് സന്താനങ്ങളെ ഉല്പാദിപ്പിക്കുകയാണ്.

ചോ:- പുരുഷന് പുനർവിവാഹം ചെയ്യാവുന്നതിനാൽ നിയോഗം എന്തിനാണ്?

ഉ:- ദ്വിജവർണങ്ങൾക്ക് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരിക്കൽ മാത്രമേ വിവാഹം പാടുള്ളൂ, രണ്ടാമതു പാടില്ല. എന്നു വേദശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ടെന്ന് മുമ്പൊരിടത്തു പറഞ്ഞിട്ടുണ്ട്. കുമാരീകുമാരന്മാരുടെ വിവാഹം മാത്രമാണ് ശരി. വിധവയെ കുമാരനും കന്യകയെ വിധുരനും വിവാഹം ചെയ്യുന്നത് അന്യായവും അധർമ്മവുമാണ്. വിധവയെ വിവാഹം ചെയ്യുവാൻ ഒരു പുരുഷനും ആഗ്രഹിക്കാത്തതുപോലെ വിവാഹം ചെയ്ത് സ്ത്രീസമാഗമം ചെയ്തിട്ടുള്ള ഒരുവനെ വരിക്കുവാൻ ഒരു കന്യകയും ആഗ്രഹിക്കുകയില്ല. വിവാഹിതനെ കന്യകയും വിധവയെ കുമാരനും സ്വീകരിക്കയില്ലെന്നു വരുമ്പോൾ, നിയോഗത്തിന്റെ ആവശ്യം വരുന്നു. തുല്യരുടെ ബന്ധമാണ് ധർമാനുസൃതമായത്.

ചോ:- വിവാഹത്തിനുള്ളതുപോലെ നിയോഗത്തിനും വേദാദിശാസ്ത്രങ്ങളിൽ പ്രമാണമുണ്ടോ?

ഉ:- അനേകം പ്രമാണങ്ങൾ ഉണ്ട്. കാണൂ! കേൾക്കൂ!

1. കുഹ സ്വിദ്ദോഷാ കുഹ വസ്തോരശ്വിനാ കുഹാഭിപിത്വം കരതഃ കുഹോഷതുഃ. കോ വാം ശയുത്രാ വിധവേവ ദേവരം മര്യം ന യോഷാ കൃണുതേ സധസ്ഥ ആ. (ഋ. 10.40.2)

2. ഉദീർഷ്വ നാര്യഭി ജീവലോകം ഗതാസുമേതമുപ ശേഷ ഏഹി. ഹസ്തഗ്രാഭസ്യ ദിധിഷോസ്തവേദം പത്യുർജനിത്വമഭി സം ബഭൂഥ. (ഋ. 10.18.8)

1. അല്ലയോ **(അശ്വിനാ)** സ്തീപുരുഷന്മാരെ! **(ദേവരം, വിധവേവ)** വിധവയായ സ്തീ തന്റെ ദേവരനേയും[28] **(യോഷാമര്യംന)** വിവാഹിത തന്റെ ഭർത്താവിനേയും **(സധസ്ഥേ)** സമാന സ്ഥാനത്തും ശയ്യയിലും ഒന്നിച്ചുചേർന്ന് സന്താനോല്പാദനം **(ആകൃണുതേ)** ചെയ്യുന്നതുപോലെ നിങ്ങളിരുവരും **(കുഹസ്വിദ്ദോഷാ)** രാത്രിയിലെവിടെ **(കുഹവസ്തഃ)** പകലെവിടെ വസിച്ചിരുന്നു? **(കുഹുഭിപിത്വം കരതഃ)** എവിടെനിന്ന് പദാർത്ഥങ്ങൾ നേടി? **(കുഹോഷതുഃ)** ഏതു സമയം എവിടെല്ലാം വസിച്ചിരുന്നു? **(കോ വാം ശയുത്രാ)** നിങ്ങളുടെ ശയനസ്ഥാനം എവിടെയാണ്? നിങ്ങൾ ആര്? ഏതു നാട്ടുകാരനാണ്?

ഭാര്യാഭർത്താക്കന്മാർ വിദേശയാത്രയിലും സഹവസിക്കണമെന്നും വിധവമാർക്കു നിയോഗം ചെയ്ത പതിയോട് വിവാഹം ചെയ്ത ഭർത്താവിനോടൊന്നവണ്ണം സംഗമിച്ച് സന്താനലബ്ധിയാകാമെന്നും ഇതിൽനിന്നു സിദ്ധിക്കുന്നു. ഭർത്താവിന് അനുജൻ ഇല്ലെങ്കിൽ വിധവ ആരോട് നിയോഗം ചെയ്യും?

ഉ:- ദേവരനോടുതന്നെ. എന്നാൽ ദേവരൻ എന്നതിന്റെ അർത്ഥം നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതുപോലെയല്ല. നിരുക്തത്തിൽ പറയുന്നു:-

ദേവരഃ കസ്മാത് ദ്വിതീയോ വര ഉച്യതേ. (നിരു. 3.15.)

വിധവയുടെ രണ്ടാമത്തെ ഭർത്താവിനെയാണ് ദേവരൻ എന്നു പറയുന്നത്. ഭർത്താവിന്റെ അനുജനോ ജ്യേഷ്ഠനോ സ്വജാതീയനോ അഥവാ ഉന്നത ജാതീയനോ ആരായാലും വിധവ നിയോഗം ചെയ്യുന്നയാളിനെ ദേവരൻ എന്നു പറയുന്നു. 2. അല്ലയോ **(നാരീ)** വിധവേ, നീ **(ഏതം ഗതാസുമ്)** മരിച്ചുപോയ ഭർത്താവിനെപ്പറ്റി ചിന്തിക്കാതെ **(ശേഷേ)** ശേഷിച്ച പുരുഷന്മാരിൽനിന്ന് **(അഭിജീവലോകം)** ജീവനുള്ള രണ്ടാം ഭർത്താവിനെ **(ഉപൈഹി)** പ്രാപിക്കുക. **(ഉദീർഷ്വ)** ഇതിനെപ്പറ്റി ആലോചിച്ച് ഇങ്ങനെ നിശ്ചയിക്കുക **(ഹസ്തഗ്രാഭസ്യ ദിധിഷോഃ)** വിധവയായ നിന്നെ വീണ്ടും പാണിഗ്രഹണം ചെയ്യുന്ന നിയുക്തപതിക്കാണ് നിയോഗമെങ്കിൽ **(ഇദമ്)** ഈ **(ജനിത്വമ്)** ജനിക്കുന്ന കുട്ടി **(പത്യുഃ)** ആ നിയുക്തപതിയുടേതായിരിക്കും. മറിച്ച് നിന്റെ ആവശ്യത്തിനാണെങ്കിൽ സന്താനം **(തവ)** നിന്റേതുമായിരിക്കും **(അഭിസംബഭൂഥ)** ഇങ്ങനെ നിശ്ചയിക്കുക. നിയുക്തപുരുഷനും ഈ നിശ്ചയം പാലിക്കണം.

അദേവൃഘ്ന്യപതിഘ്നീഹൈധി ശിവാ പശുഭ്യഃ സുയമാ സുവർചാഃ. പ്രജാവതീ വീരസൂർദേവൃകാമാ സ്യോനേമമഗ്നിം ഗാർഹപത്യം സപര്യ. (അഥർവം 14.2.18)[29]

(അപതിഘ്ന്യംദേവൃഘ്നി)[30] ഭർത്താവിനും ദേവരനും ദുഃഖമുണ്ടാക്കാത്ത വനിതേ, നീ **(ഇ**

28 ഭർത്താവിന്റെ ഇളയ സഹോദരൻ എന്നു രൂഢ്യർഥം

ഹ) ഈ ഗൃഹസ്ഥാശ്രമത്തിൽ **(പശുഭ്യഃ)** മൃഗങ്ങൾക്ക് **(ശിവ)** മംഗളകാരിണിയും **(സുയമാഃ)** ധർമ്മമാർഗചാരിണിയും **(സുവർചാഃ)** സുന്ദരിയും സകല ശാസ്ത്രവിശാരദയും **(പ്രജാവതീ)** ശ്രേഷ്ഠരായ പുത്രപൗത്രാദികളുള്ളവളും **(വീരസൂഃ)** വീരപുത്രന്മാരെ പ്രസവിച്ചവളും **(ദേവൃകാമാ)** ദേവരനെ കാമിക്കുന്നവളും **(സ്യോനാ)** സുഖപ്രദയുമായി, ഭർത്താവിനേയോ ദേവരനേയോ **(ഏധി)** പ്രാപിച്ച്, **(ഇമമ്)** ഈ **(ഗാർഹപത്യമ്)** ഗൃഹസ്ഥസംബന്ധിയായ **(അഗ്നിമ്)** ഹോമാഗ്നിയെ **(സപര്യ)** ജ്വലിപ്പിച്ചു നിലനിർത്തുക.

താമനേന വിധാനേന നിജോ വിന്ദേത ദേവരഃ (മനു. 9.69)

അക്ഷതയോനിയായ സ്ത്രീ വിധവയായാൽ ഭർത്താവിന്റെ സ്വന്തം അനുജന് അവളെ വിവാഹം ചെയ്യാം.

ചോ:- ഓരോരുത്തർക്കും എത്ര നിയോഗം വീതം ചെയ്യാം? വിവാഹം ചെയ്തവരും നിയോഗം ചെയ്തവരുമായ ഭർത്താക്കന്മാരുടെ സംജ്ഞകൾ ഏവ?

ഉ:-സോമഃ പ്രഥമോ വിവിദേ ഗന്ധർവോ വിവിദ ഉത്തരഃ. തൃതീയോ അഗ്നിഷ്ടേ പതിസ്തുരീയസ്തേ മനുഷ്യജാഃ (ഋ. 10. 85.40)

അല്ലയോ നാരീ! **(തേ)** നിന്റെ **(പ്രഥമഃ)** ഒന്നാം വിവാഹത്തിലെ **(പതിഃ)** ഭർത്താവായി **(വിവിദേ)** നിന്നെ പ്രാപിക്കുന്നയാളിന് **(സോമഃ)** സൗകുമാര്യാദി ഗുണങ്ങളാൽ സോമൻ എന്നു പേരാണ്. നിയോഗത്താൽ **(വിവിദേ)** പ്രാപിക്കുന്ന ദ്വിതീയൻ **(ഗന്ധർവഃ)** മറ്റൊരു സ്ത്രീയെ പ്രാപിച്ചിരുന്നതിനാൽ ഗന്ധർവൻ എന്ന സംജ്ഞയുള്ളവനാണ്. **(തൃതീയ ഉത്തരഃ)** പിന്നീട് മൂന്നാമത്തെ ഭർത്താവാകുന്നയാൾക്ക് **(അഗ്നിഃ)** അത്യധിക സന്താപമുളവാക്കുന്നവനാകയാൽ അഗ്നി എന്നാണ് സംജ്ഞ. **(തേ)** നിന്റെ **(തുരിയഃ)** നാലുമുതൽ പതിനൊന്നു വരെയുള്ള നിയുക്തപതികൾക്ക് **(മനുഷ്യജാഃ)** മനുഷ്യർ എന്നാണ് സംജ്ഞ.

'ഇമാ ത്വമ്'[31] എന്ന മന്ത്രമനുസരിച്ച് സ്ത്രീക്ക് പതിനൊന്നു പുരുഷന്മാരെ നിയോഗിക്കാവുന്നതുപോലെ പുരുഷന് പതിനൊന്നു സ്ത്രീകളേയും നിയോഗിക്കാം.

ചോ:- ഏകാദശസംജ്ഞയാൽ പത്തുപുത്രന്മാരെന്നും പതിനൊന്നാമത് പതിയെന്നും എന്തുകൊണ്ട് എണ്ണിക്കൂടാ?

ഉ:- അങ്ങനെ അർത്ഥം പറയുന്ന പക്ഷം **''വിധവേവ ദേവരമ്'' ''ദേവരഃ കസ്മാത് ദ്വിതീയോ വര ഉച്യതേ'' ''അദേവൃഘ്നി'' ''ഗന്ധർവോ വിവിദ ഉത്തരഃ''** മുതലായ വേദപ്രമാണങ്ങൾക്കു വിരുദ്ധമായി തീരും. എന്തെന്നാൽ നിങ്ങളുടെ വ്യാഖ്യാനമനുസരിച്ച് രണ്ടാം ഭർത്താവ് ഉണ്ടായിക്കൂടല്ലോ.

ദേവരാദ്വാ സപിണ്ഡാദ്വാ സ്ത്രിയാ സമ്യങ്നിയുക്തയാ. പ്രജേപ്സിതാധിഗന്തവ്യാ സന്താനസ്യ പരിക്ഷയേ.[32]

ജ്യേഷ്ഠോ യവീയസോ ഭാര്യാം യവീയാനപ്യഗ്രജസ്ത്രിയമ്. പതിതൌ ഭവതോ ഗത്വാ നിയുക്താവപ്യനാപദി.[33] **ഔരസഃ ക്ഷേത്രജശ്ചൈവ**[34]

ഇങ്ങനെയാണ് മനു എഴുതിയിട്ടുള്ളത്. സപിണ്ഡർ അഥവാ ഭർത്താവിന്റെ ആറു തലമുറവരെ അകന്ന ബന്ധുക്കളിൽ പെട്ട, ഭർത്താവിന്റെ ജ്യേഷ്ഠാനുജന്മാർ, സ്വജാതിയിലുള്ളവർ, ഉന്നതജാതീയർ, എന്നിവരോടാണ് വിധവയ്ക്ക് നിയോഗം വിഹിതമായത്. എന്നാൽ നിയോഗം ചെയ്യുന്നത് വിധുരനും വിധവയ്ക്കും സന്താനലബ്ധിക്ക് ആഗ്രഹമുണ്ടെങ്കിലേ ഉചിതമായിരിക്കൂ. അന്യം നിൽക്കുമ്പോഴും നിയോഗം ആവശ്യമാണ്. സന്താനം അത്യന്താപേക്ഷിതമായിരിക്കുമ്പോഴല്ലാതെ (ജ്യേഷ്ഠന്റെ ഭാര്യയോടുകൂടി അനുജനോ അനുജന്റെ ഭാര്യയോടുകൂടി ജ്യേഷ്ഠനോ നിയോഗം ചെയ്തു സന്താനമുണ്ടായതിനുശേഷം) വീണ്ടും ബന്ധം തുടർന്നാൽ ഇരുവരും പതിതരാകും. ഒരു നിയോഗത്തിന്റെ കൂടിയ കാലാവധി രണ്ടാമത്തെ ഗർഭാധാനം വരെയാണ്. ഇതിനു ശേഷം നിയുക്തർ തമ്മിൽ സമാഗമം പാടില്ല. സ്ത്രീ പുരുഷന്മാരിരുവരുടെയും ആവശ്യമായിട്ടാണ് നിയോഗമെങ്കിൽ നാലാമത്തെ ഗർഭാധാനം വരെ കാലാവധിയാകാം. ഇങ്ങനെ

29 അഥർവം 14-ാം കാണ്ഡം 2-ാം സൂക്തം 18-ാം മന്ത്രം

30 സ്വരശാസ്ത്രമനുസരിച്ച് **അപതിഘ്നീ അദേവൃഘ്നീ** എന്നു പദം

31 പേജ് 183 കാണുക. അവിടെ പ്രകരണവശാൽ പത്തു സന്താനങ്ങളെന്നും ഇവിടെ നിയോഗപ്രകരണമാകയാൽ പത്തു നിയോഗവും ഒരു വിവാഹവുമെന്ന് അർഥം പറഞ്ഞിരിക്കുന്നു.

32 മനു 9. 59

33 ടി. 9.50

34 ടി. 9. 159

മുൻപറഞ്ഞവണ്ണം പത്തു സന്താനങ്ങൾ വരെയാകാം. നിയുക്തർ വീണ്ടും സമാഗമം ചെയ്താൽ അതു വിഷയാസക്തി നിമിത്തമാണ്. തന്നിമിത്തം അവരെ പതിതരായി ഗണിക്കും. വിവാഹിതരായാലും പത്തുകുട്ടികൾ പിറന്നതിനു ശേഷം അവരെ കാമാതുരരും നിന്ദിതരുമായി ഗണിക്കും. വിവാഹവും നിയോഗവും സന്തതിക്കുവേണ്ടി മാത്രമാണ്. മൃഗങ്ങളെപ്പോലെ മൃഗീയ കാമപൂർത്തിക്കു വേണ്ടിയല്ലെന്നു താല്പര്യം.

ചോ:- ഭർത്താവു മരിച്ചശേഷമല്ലാതെ ജീവിച്ചിരിക്കുമ്പോഴും നിയോഗം നടത്താമോ?

ഉ:- നടത്താം:- **അന്യമിച്ഛസ്വ സുഭഗേ പതിം മത്.** (ഋ. 10. 10. 10) ഭർത്താവിന് സന്താനോല്പാദനസാമർത്ഥ്യം ഇല്ലാതെ വരുമ്പോൾ ഭാര്യയോട് ആജ്ഞാപിക്കണം.:- "ഹേ **(സുഭഗേ)** സൗഭാഗ്യത്തെ ഇച്ഛിക്കുന്ന നാരീ! നീ **(മത്)** എന്നിൽ നിന്ന് **(അന്യം)** അന്യനായ ഭർത്താവിനെ **(ഇച്ഛസ്വ)** ഇച്ഛിക്കുക. എന്തെന്നാൽ, ഇപ്പോൾ എന്നിൽ നിന്ന് സന്താനോല്പത്തി ഉണ്ടാവാൻ സാധ്യതയില്ല." അപ്പോൾ സ്ത്രീക്ക് ഇതരപുരുഷനുമായി നിയോഗം ചെയ്ത് സന്താനോല്പാദനമാകാം. പക്ഷേ അവൾ സ്വന്തം വിവാഹിത ഭർത്താവിനെ ശുശ്രൂഷിക്കണം. ഇതുപോലെ രോഗാദിദോഷങ്ങളാൽ സ്ത്രീ സന്താനോല്പാദനത്തിന് അസമർത്ഥയാകുമ്പോൾ ഭർത്താവിനോട് അഭ്യർത്ഥിക്കണം:- "നാഥാ എന്നിൽ നിന്ന് സന്താനലബ്ധിയുണ്ടാകുമെന്ന ആശ വെടിഞ്ഞ് ഏതെങ്കിലും വിധവയെ നിയോഗം ചെയ്ത്, സന്താനഭാഗ്യം നേടിയാലും." പാണ്ഡുമഹാരാജാവിന്റെ പത്നിമാരായ കുന്തി, മാദ്രി എന്നിവർ ഇപ്രകാരമാണ് ചെയ്തത്. ചിത്രാംഗദൻ, വിചിത്രവീരൻ എന്നീ മഹാരാജാക്കന്മാരുടെ മരണശേഷം വേദവ്യാസമഹാമുനി, നിയോഗത്താൽ അംബികയിൽ ധൃതരാഷ്ട്രനും അംബാലികയിൽ പാണ്ഡുവിനും ദാസിയിൽ വിദുരർക്കും ജന്മം നൽകി, ഇത്തരം ഇതിഹാസങ്ങൾ നിയോഗത്തിന് തെളിവാണ്.

1. പ്രോഷിതോ ധർമ കാര്യാർത്ഥം പ്രതീക്ഷ്യോ*ഽ*ഷ്ടൗ നരഃ സമാഃ. വിദ്യാർഥം ഷട് യശോ*ഽ*ർഥം വാ കാമാർഥം ത്രിംസ്തു വത്സരാന്.

2. വന്ധ്യാഷ്ടമേ*ഽ*ധിവേദ്യാബ്ദേ ദശമേ തു മൃതപ്രജാ ഏകാദശേ സ്ത്രീ ജനനീ സദ്യസ്ത്വ പ്രിയവാദിനീ (മനുസ്മൃതി 9.76.81)

1. വിധിപ്രകാരം വിവാഹം ചെയ്ത പത്നിക്ക് തന്റെ ഭർത്താവ് ധർമനിമിത്തം ദൂരയാത്രയിലാണെങ്കിൽ എട്ടുകൊല്ലവും പഠിക്കാനോ കീർത്തി സമ്പാദിക്കുന്നതിനോ വിദേശയാത്രയിലാണെങ്കിൽ ആറുകൊല്ലവും പണം സമ്പാദിക്കാനോ മറ്റോ നാടു വിട്ടിരിക്കുന്നെങ്കിൽ മൂന്നുകൊല്ലം വരെയും കാത്തിരുന്ന ശേഷം നിയോഗം ചെയ്ത് സന്താനലബ്ധി നേടാവുന്നതാണ്. ഭർത്താവു മടങ്ങി വരുമ്പോൾ നിയുക്തപതിയുടെ ബന്ധം വേർപെടും.

2. ഇങ്ങനെ പുരുഷന്മാരുടെ കാര്യത്തിലും നിയമമുണ്ട്. വിവാഹം കഴിഞ്ഞ് എട്ടു കൊല്ലം വരെ ഗർഭം ധരിക്കാത്ത വന്ധ്യയെ എട്ടാമത്തെ വർഷവും ഭാര്യ പ്രസവിക്കുന്ന സന്താനങ്ങളെല്ലാം മരിച്ചുപോകുന്ന പക്ഷം അവളെ പത്താം കൊല്ലത്തിലും പെൺകുട്ടികളെ മാത്രം പ്രസവിക്കുന്നവളെ പതിനൊന്നാം വർഷവും അപ്രിയം പറയുന്നവളെ ഉടനെതന്നെയും പരിത്യജിച്ച് വേറൊരു സ്ത്രീയോടുകൂടി നിയോഗം ചെയ്ത്, സന്താനങ്ങളെ നേടാവുന്നതാണ്. ഇതുപോലെ തന്നെ സ്ത്രീകളും ഭർത്താക്കന്മാർ അതിരു കവിഞ്ഞ് ഉപദ്രവിക്കുന്നവരാണെങ്കിൽ അവരെ ഉപേക്ഷിച്ച്, അന്യപുരുഷന്മാരോടുകൂടി നിയോഗം ചെയ്ത് സന്താനങ്ങളെ നേടി അവരെ ഭർത്താവിന്റെ, സ്വത്തിനവകാശികളാക്കണം.

ഇങ്ങനെയുള്ള പ്രമാണങ്ങൾ, യുക്തികൾ എന്നിവയനുസരിച്ച് സ്വയംവര രീതിയിൽ വിവാഹവും നിയോഗവും ചെയ്ത് വംശവർദ്ധന ചെയ്യണം. ഔരസപുത്രന്മാർ (ഭർത്താവിൽ നിന്നുണ്ടായ മക്കൾ) പിതാവിന്റെ സ്വത്തിന് അവകാശികളാകുന്നതുപോലെ ക്ഷേത്രജന്മാരായ (നിയോഗത്താൽ ഉണ്ടായ) പുത്രന്മാരും മൃതപിതാവിന്റെ ദായഭാഗത്തിന് അവകാശികളാകുന്നു.

വീര്യരജസുകൾ അതിമൂല്യമുള്ള വസ്തുക്കളാണെന്ന് സ്ത്രീപുരുഷന്മാർ മനസിലാക്കണം. ഈ മൂല്യവസ്തുക്കളെ പരസ്ത്രീകൾ, വേശ്യകൾ, ദുഷ്ടപുരുഷന്മാർ എന്നിവരുടെ സംസർഗത്താൽ ദുരുപയോഗം ചെയ്യുന്നവർ മൂഢർ തന്നെ. വലിയ വിവരമില്ലാത്ത കൃഷിക്കാർ പോലും അന്യരുടെ വയലിൽ വിത്തു വിതയ്ക്കുന്നില്ല. സ്വന്തം വയലിലോ തോട്ടത്തിലോ മാത്രമേ വിതയ്ക്കൂ. ഇതു പ്രത്യക്ഷമായിരിക്കേ, അതിപ്രധാനമായ മനുഷ്യശരീരത്തിന്റെ ബീജത്തെ അനർഹമായ ക്ഷേത്രത്തിൽ കൊണ്ടെറിയുന്നവൻ മഹാമൂഢനാണ്. എന്തെന്നാൽ അതിന്റെ ഫലം വിതയ്ക്കുന്നവനു കിട്ടുന്നില്ല. **"ആത്മാ വൈ ജായതേ പുത്രഃ"**

എന്നത്രേ ബ്രാഹ്മണങ്ങൾ പറയുന്നത്.

അംഗാദംഗാത് സംഭവാസി ഹൃദയാദധി ജായസേ. ആത്മാസി പുത്ര മാ മൃഥാഃ സ ജീവ ശരദഃ ശതമ്.. ॥ [35] **(ഇതു സാമവേദ ബ്രാഹ്മണവചനമാണ്)**॥

ഹേ പുത്ര! നീ എന്റെ എല്ലാ അംഗങ്ങളിൽ നിന്നും ഉണ്ടായ വീര്യത്തിൽ നിന്നും ഹൃദയത്തിൽ നിന്നുമാണ് ജനിച്ചത്. നീ എന്റെ ആത്മാവു തന്നെ. ഞാൻ മരിക്കുന്നതിനു മുമ്പ് നീ മരിക്കരുത്. നീ നൂറു വർഷം ജീവിച്ചിരിക്കുക. മഹത്തുക്കളും മഹാശയന്മാരുമായവരുടെ ശരീരത്തിനു നിദാനമായ വീര്യം വേശ്യാദി ദുഷ്ടരിൽ വിതയ്ക്കുന്നതും ദുഷ്ടബീജത്തെ നല്ല പാത്രങ്ങളിൽ വിതയ്ക്കുന്നതും അപകടകരമത്രേ.

ചോ:- എന്താണ് വിവാഹം? കഷ്ടപ്പെടാനും ബന്ധനത്തിൽ അകപ്പെട്ടു ദുഃഖിക്കാനുമോ? പരസ്പര പ്രേമമുള്ളവർ ഒരുമിച്ചിരിക്കട്ടെ. പ്രേമം ഇല്ലാതായാൽ വേർപിരിയട്ടെ. ഇതല്ലേ ശരി?

ഉ:- ജന്തുക്കളുടെ സ്വഭാവമാണിത്. മനുഷ്യരുടേതല്ല. വിവാഹനിയമം ഇല്ലെങ്കിൽ ഗൃഹസ്ഥാശ്രമത്തിലെ നല്ല പ്രവൃത്തികളെല്ലാം നശിച്ചുപോകും. വൃദ്ധന്മാരെ ശുശ്രൂഷിക്കാനാളില്ലാതാകും. വ്യഭിചാരം വർദ്ധിക്കും. രോഗികളും ബലഹീനരും അല്പായുസുകളുമായി മനുഷ്യർ വേഗം മരിക്കും. തറവാടുകൾ മുടിയും ആർക്കും ആരെയും ഭയമില്ലാതാകും. ലജ്ജ ആർക്കുമുണ്ടാവില്ല. സ്വത്തവകാശവും ഭാഗാവകാശവും ഇല്ലാതാകും വസ്തുക്കളിന്മേൽ സ്വന്താവകാശം ഇല്ലാതാകും. ഇതിന് ഉചിതമായ പരിഹാരം വിവാഹം തന്നെ.

ചോ:- വിവാഹത്തിൽ ഏക പത്നീവ്രതവും ഏകഭർത്തൃവ്യവസ്ഥയുമല്ലേയുള്ളൂ? അപ്പോൾ സ്ത്രീ ഗർഭിണിയോ സ്ഥിരരോഗിണിയോ ആവുകയും അഥവാ പുരുഷൻ സ്ഥിരരോഗിയാവുകയോ ചെയ്താൽ, ഇരുവരും യൗവനയുക്തരെങ്കിൽ ബ്രഹ്മചര്യസംരക്ഷണം ഇരുവർക്കുമസാദ്ധ്യമാകും. അപ്പോൾ അവരെന്തു ചെയ്യണം?

ഉ:- ഇതിനുത്തരം നിയോഗപ്രകരണത്തിലുണ്ട്. ഗർഭിണിയായ ഭാര്യയോട് ഒരാണ്ടുകാലം സംയോഗം വർജ്ജിച്ച പുരുഷനും രോഗിയായ പുരുഷന്റെ ഭാര്യയ്ക്കും ബ്രഹ്മചര്യപാലനം അസാദ്ധ്യമെങ്കിൽ മറ്റു സ്ത്രീപുരുഷന്മാരോട് നിയോഗം ചെയ്ത് അവർക്ക് സന്താനലബ്ധി കൈവരുത്തണം. അല്ലാതെ വേശ്യാസംസർഗമോ വ്യഭിചാരമോ പാടില്ലതന്നെ.

കൈവശമില്ലാത്ത വസ്തുക്കൾ സമ്പാദിക്കുവാൻ ശ്രമിക്കുക, കിട്ടിയതു രക്ഷിക്കുക, രക്ഷിച്ചതു വർദ്ധിപ്പിക്കുക, വർദ്ധിപ്പിച്ച ധനം മുഴുവനും നാടിന്റെ നന്മയ്ക്കായി ചെലവഴിക്കുക എന്നിവയെല്ലാം കഴിവനുസരിച്ച് ചെയ്യണം. സ്വന്തം വർണാശ്രമധർമ്മത്തെ പൂർവോക്തമായ രീതിയിൽ അതിശ്രദ്ധയോടെ മനസും പണവും ശരീരവും ഉപയോഗിച്ച് അനുഷ്ഠിക്കണം. അവനവന്റെയും ജീവിതപങ്കാളിയുടെയും മാതാപിതാക്കന്മാരെ അങ്ങേയറ്റം ശുശ്രൂഷിക്കണം. സുഹൃത്തുക്കൾ, അയൽപക്കക്കാർ, ഭരണാധികാരികൾ, വിദ്വാന്മാർ, വൈദ്യന്മാർ, സത്തുക്കൾ എന്നിവരോടെല്ലാം സ്നേഹപൂർവ്വം പെരുമാറണം. ദുഷ്ടരും അധർമനിരതരുമായവരുടെ നേരെ ഉദാസീനരായി ദ്വേഷഭാവം കളഞ്ഞ് അവരെ നന്നാക്കുവാൻ ശ്രമിക്കണം. കഴിവുള്ളത്ര പണം മുടക്കി സന്താനങ്ങളെ സ്നേഹപൂർവ്വം പഠിപ്പിച്ച്, അവരെ ശിക്ഷിതരും പൂർണവിദ്വാന്മാരുമാക്കണം. ധർമാനുസൃതകർമങ്ങൾ അനുഷ്ഠിച്ച് മോക്ഷോപായങ്ങളെ നേടിവയ്ക്കുകയും വേണം. മോക്ഷപ്രാപ്തിയായാലേ പരമാനന്ദം അനുഭവിക്കുവാൻ കഴിയൂ. ഇനി എഴുതുന്ന തരം ശ്ലോകങ്ങളെ അംഗീകരിക്കരുത്.

1. പതിതോ *f* പി ദ്വിജഃ ശ്രേഷ്ഠോ ന ച ശൂദ്രോ ജിതേന്ദ്രിയഃ. നിർദുഗ്ദ്ധാ ചാപി ഗൗഃ പൂജ്യാ ന ച ദുഗ്ദ്ധവതീ ഖരീ..

2. അശ്വാലംഭം ഗവാലംഭം സംന്യാസം പല പൈത്രികം. ദേവരാച്ച സുതോത്പത്തിം കലൗ പഞ്ച വിവർജയേത്..

3. നഷ്ടേ മൃതേ പ്രവ്രജിതേ ക്ലീവേ ച പതിതേ പതൗ. പഞ്ചസ്വാപത്സു നാരീണാം പതിരന്യോ വിധീയതേ..

ഇവ പരാശരന്റെ പേരിൽ നിർമിച്ച കള്ള ശ്ലോകങ്ങളാണ്. ദുരാചാരിയായ ബ്രാഹ്മണൻ ശ്രേഷ്ഠനും സദാചാരിയായ ശൂദ്രൻ നീചനുമായി എണ്ണപ്പെടുന്ന പക്ഷം അതിലേറെ വലിയ പക്ഷപാതവും അന്യായവും അധർമവും എന്താണ്?

1. "പാൽ തരുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ഇടയൻ പശുവിനെ രക്ഷിക്കണമെങ്കിൽ കുശവരും മറ്റും കഴുതയെ എന്തുകൊണ്ടു രക്ഷിക്കണമെ

35 ആത്മാ വൈ പുത്രനാമസി എന്ന ശതപഥവചനവും (4.9. 4.26) നിരുക്തം(3.4 ൽ ഉദ്ധൃതം) വചനവും തമ്മിൽ താരതമ്യം ചെയ്യുക.

36 ഛാന്ദോഗ്യം മന്ത്രബ്രാഹ്മണം 1.5.17 ന്റെ പൂർവാർദ്ധവും 18ന്റെ ഉത്തരാർദ്ധവും

ന്നില്ല? കൂടാതെ ഈ ഉദാഹരണം തന്നെ ശരിയല്ല. എന്തെന്നാൽ, ബ്രാഹ്മണനും ശൂദ്രനും മനുഷ്യജാതിയിൽ പെടുന്നു. പശുവും കഴുതയും ഭിന്ന ജാതികളാണ്. അവ രണ്ടും മൃഗജാതിയിൽ പെട്ട താണെന്നു പറഞ്ഞ് ഉദാഹരണത്തിന്റെ പ്രകൃതത്തെ ഒരു വിധം പ്രകൃതത്തിനു യോജിപ്പിക്കാമെങ്കിലും ആശയത്തിനു ചേർച്ചയില്ലായ്കയാൽ ഈ ശ്ലോകം ഒരിക്കലും പ്രമാണമല്ല.

2. അശ്വാലംഭനമെന്നു പറഞ്ഞ് കുതിരയെ കൊന്നു ഹോമിക്കുക, ഗവാലംഭനമെന്ന പേരിൽ - പശുവിനെ കൊന്നു ഹോമിക്കുക - എന്നിവയ്ക്കു വേദത്തിൽ വിധിയേയില്ല. അപ്പോൾ അവയെ കലിയുഗത്തിൽ നിഷേധിക്കുന്നതു വേദവിരുദ്ധമല്ലേ? ഈ നീചകർമത്തിന് കലിയുഗത്തിൽ നിഷേധമുണ്ടെന്നു കരുതുന്ന പക്ഷം ത്രേതാദിയുഗങ്ങളിൽ അതിനു വിധിയുണ്ടായിരുന്നെന്നാണല്ലോ വന്നു കൂടുക. അത്തരം ദുഷ്കർമങ്ങൾ "ശ്രേഷ്ഠയുഗ"ത്തിൽ ഉണ്ടാകുന്നത് അസംഭവ്യമാണ്. സംന്യാസത്തിന് വേദാദിശാസ്ത്രങ്ങളിൽ വിധിയുണ്ട്. അതിനെ നിഷേധിക്കുവാൻ പ്രമാണമൊന്നുമില്ല. മാംസാഹാരം നിഷിദ്ധമാണെങ്കിൽ അത് എന്നും നിഷിദ്ധം തന്നെയാണ് ദേവരരിൽ നിന്ന് പുത്രോൽപാദനം വേദാനുമതിയുള്ളതാകയാൽ ശ്ലോകമുണ്ടാക്കിയവൻ ചിലച്ചിട്ടു കാര്യമില്ല.

3. ഭർത്താവു നഷ്ടനായിരിക്കുമ്പോൾ-വിദേശവാസത്തിലാണെങ്കിൽ ഭാര്യ മറ്റൊരാളെ ഭർത്താവായി വരിക്കുകയും അപ്പോൾ വിവാഹം ചെയ്ത ഭർത്താവു മടങ്ങി വരികയും ചെയ്താൽ അവൾ ആരുടെ ഭാര്യയായിരിക്കും? വിവാഹം ചെയ്ത പതിയുടെ പത്നിയായിരിക്കുമെന്ന ഉത്തരം നമുക്കും സ്വീകാര്യം തന്നെ. എന്നാൽ അങ്ങനെ ഒരു വ്യവസ്ഥ പരാശരസ്മൃതിയിൽ കാണുന്നില്ല. സ്ത്രീകൾക്കുണ്ടാകാവുന്ന ആപൽക്കാലങ്ങൾ അഞ്ചേ ഉള്ളോ? ഭർത്താവു രോഗിയാവുക, ഭാര്യാഭർത്താക്കന്മാർക്കു തമ്മിൽ വിരോധമുണ്ടാവുക, തുടങ്ങിയ ആപത്തുകൾ അഞ്ചിലധികമല്ലേ? അതിനാൽ ഇത്തരം ശ്ലോകങ്ങളെ പ്രമാണമായി ഗണിക്കുന്നതു ശരിയല്ല.

ചോ:- കൊള്ളാമല്ലോ ഹേ, നിങ്ങൾ പരാശരമഹർഷിയുടെ വാക്കിനുപോലും വില കല്പിക്കുന്നില്ലേ?

ഉ:- ആരുടെ വചനമായാലും വേദവിരുദ്ധമായതുകൊണ്ട് വിലവെക്കുന്നില്ല. ഇതു പരാശരന്റെ വചനവുമല്ല. എന്തെന്നാൽ ''ബ്രഹ്മോവാച, വസിഷ്ഠ ഉവാച, രാമ ഉവാച ശിവ ഉവാച, വിഷ്ണുരുവാച, ദേവ്യുവാച" എന്നും മറ്റും ചിലർ ഗ്രന്ഥങ്ങൾ ചമയ്ക്കുന്നത് അവയെ ലോകർ സ്വീകരിക്കുമെന്നും തന്നിമിത്തം ധാരാളം പണം സമ്പാദിക്കാമെന്നും കരുതി മാത്രമാണ്. ഇങ്ങനെ അർഥമില്ലാത്ത ശ്ലോകങ്ങളെഴുതിച്ചേർക്കുന്നു, ഇങ്ങനെ കൂട്ടിച്ചേർത്ത ശ്ലോകങ്ങളൊഴിവാക്കിയാൽ വേദാനുസ്യൂതമായത് മനുസ്മൃതിയാണ്. മറ്റു സമൃതികൾ വേദാനുസ്യൂതമല്ല. മറ്റു വ്യാജ ഗ്രന്ഥങ്ങളുടെയും സ്ഥിതി ഇതു തന്നെയാണെന്നു മനസ്സിലാക്കണം.

ചോ:- ഗൃഹസ്ഥാശ്രമം മറ്റാശ്രമങ്ങളേക്കാൾ ചെറുതോ വലുതോ?

ഉ: അതാതിന്റെ കർത്തവ്യ കർമങ്ങൾ നോക്കിയാൽ ഓരോന്നും ശ്രേഷ്ഠമാണ്. എന്നാൽ:-

യഥാ നദീനദാഃ സർവേ സാഗരേ യാന്തി സംസ്ഥിതമ്. തഥൈവാശ്രമിണഃ സർവേ ഗൃഹസ്ഥേ യാന്തി സംസ്ഥിതമ്.. (മനുസ്മൃതി 6.90)

യഥാ വായും സമാശ്രിത്യ വർതന്തേ സർവ ജന്തവഃ. തഥാ ഗൃഹസ്ഥമാശ്രിത്യ വർതന്തേ സർവ ആശ്രമാഃ..

യസ്മാത്ത്രയോ *f* പ്യാശ്രമിണോ ദാനേനാന്നേന ചാന്വഹം. ഗൃഹസ്ഥേനൈവ ധാര്യന്തേ തസ്മാജ്യേഷ്ഠാശ്രമോ ഗൃഹീ.

സ സന്ധാര്യഃ പ്രയത്നേന സ്വർഗമക്ഷയമിച്ഛതാ. സുഖം ചേഹേച്ഛതാ നിത്യം യോ *f* ധാര്യോ ദുർബലേന്ദ്രിയൈഃ.. (മനുസ്മൃതി 3.77-79)

സമുദ്രത്തിൽ വീഴുംമുമ്പ് അങ്ങുമിങ്ങും ഒഴുകുന്ന ചെറുതും വലുതുമായ നദികൾ സമുദ്രത്തിലെത്തുന്നതോടുകൂടി സ്ഥിരതയെ നേടുന്നു. അതുപോലെ ഇതര ആശ്രമങ്ങൾ ഗൃഹസ്ഥാശ്രമത്തെ ആശ്രയിച്ചു സ്ഥിരത നേടുന്നു. ഗൃഹസ്ഥാശ്രമമില്ലെങ്കിൽ മറ്റാശ്രമങ്ങളുമില്ല.

ബ്രഹ്മചാരി, വാനപ്രസ്ഥൻ, സംന്യാസി എന്നീ മൂന്നാശ്രമങ്ങളിലുള്ളവർക്ക് ദിവസവും ഭക്ഷണവും മറ്റും നൽകി നിലനിർത്തുന്നത് ഗൃഹസ്ഥനാകയാൽ ഗൃഹസ്ഥാശ്രമം ജ്യേഷ്ഠാശ്രമമാണ്. എല്ലാ ആശ്രമങ്ങളിലും വെച്ച് ധുരന്ധരമാണതെന്നു പറയുന്നു. ഐഹികസുഖവും മോക്ഷവും കാംക്ഷിക്കുന്നവർ എന്തുചെയ്തും ഗൃഹസ്ഥാശ്രമത്തെ നിലനിർത്തണം. ദുർബലേന്ദ്രിയർക്കും

thearyasamaj.org

ഭീരുക്കൾക്കും ബലഹീനർക്കും നിലനിർത്തുവാൻ സാധിക്കാത്ത ഗൃഹസ്ഥാശ്രമത്തെ ഭംഗിയായി സംരക്ഷിക്കണം. എല്ലാ ലൗകിക വൃത്തികളുടെയും ആശ്രയം ഗൃഹസ്ഥാശ്രമമാണ്. ഗൃഹസ്ഥാശ്രമമില്ലെങ്കിൽ സന്താനങ്ങളുണ്ടാവില്ല. അപ്പോൾ ബ്രഹ്മചര്യം, വാനപ്രസ്ഥം, സംന്യാസം എന്നീ ആശ്രമങ്ങൾ എങ്ങനെയുണ്ടാകും? ഗൃഹസ്ഥാശ്രമത്തെ നിന്ദിക്കുന്നവൻ നിന്ദ്യനും അതിനെ പ്രശംസിക്കുന്നവൻ പ്രശംസനീയനുമാണ്. എന്നാൽ സ്ത്രീപുരുഷന്മാർ ഇരുവർക്കും ഒരു പോലെ പരസ്പരപ്രേമം, പഠിപ്പ്, പരിശ്രമശീലം, എല്ലാ പ്രവൃത്തികളിലും അറിവ് എന്നിവയുണ്ടായാൽ മാത്രമേ ഗൃഹസ്ഥാശ്രമം സുഖപ്രദമാവുകയുള്ളൂ. ഗൃഹസ്ഥാശ്രമസൗഖ്യത്തിനു മുഖ്യകാരണം, ബ്രഹ്മചര്യവും മുൻചൊന്ന സ്വയംവരസമ്പ്രദായത്തിലുള്ള വിവാഹവുമാണ്.

സമാവർത്തനം, വിവാഹം, ഗൃഹസ്ഥാശ്രമം എന്നീ വിഷയങ്ങളെപ്പറ്റി ഈ സമുല്ലാസത്തിൽ ഇത്രയും ചുരുക്കിപ്പറഞ്ഞു. അടുത്തതിൽ വാനപ്രസ്ഥം, സംന്യാസം എന്നിവയെപ്പറ്റി എഴുതാം.

ശ്രീമദ് ദയാനന്ദ സരസ്വതി സ്വാമികളാൽ
വിരചിതമായ സത്യാർഥപ്രകാശത്തിൽ
സമാവർത്തന-വിവാഹ-ഗൃഹസ്ഥാശ്രമ
വിധികൾ പ്രതിപാദിക്കുന്ന
നാലാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

5

അഞ്ചാം സമുല്ലാസം

വാനപ്രസ്ഥ-സംന്യാസവിധി

അഥ വാനപ്രസ്ഥ-സംന്യാസവിധിം വക്ഷ്യാമഃ

ബ്രഹ്മചര്യാശ്രമം സമാപ്യ ഗൃഹീഭവേത് ഗൃഹീ ഭൂത്വാ വനീ ഭവേദ്വനീഭൂത്വാ പ്രവ്രജേത് (ശത. 14) ബ്രഹ്മചര്യാശ്രമം കഴിച്ച് ഗൃഹസ്ഥാശ്രമം കൈക്കൊണ്ട് പിന്നീട് വാനപ്രസ്ഥാശ്രമം സ്വീകരിക്കുകയും അതിനുശേഷം സംന്യസിക്കുകയും ചെയ്യുന്നത് എല്ലാവർക്കും ഉചിതമാണ്. ഇതാണ് ആശ്രമവിധി.

1. ഏവം ഗൃഹാശ്രമേ സ്ഥിത്വാ വിധിവത്സ സ്നാതകോദ്വിജഃ, വനേ വസേത്തു നിയതോ യഥാവദ്വിജിതേന്ദ്രിയഃ

2. ഗൃഹസ്ഥസ്തു യദാ പശ്യേദ്വലീപലിതമാത്മനഃ. അപത്യസ്യൈവ ചാപത്യം തദാരണ്യം സമാശ്രയേത്.

3. സംത്യജ്യ ഗ്രാമ്യമാഹാരം സർവം ചൈവ പരിച്ഛദ്മ്, പുത്രേഷു ഭാര്യാം നിഃക്ഷിപ്യ വനം ഗച്ഛേത്സഹൈവ വാ.

4. അഗ്നിഹോത്രം സമാദായ ഗൃഹ്യം ചാഗ്നി പരിഛദമ്, ഗ്രാമാദരണ്യം നിഃ സൃത്യ നിവസേന്നിയതേന്ദ്രിയഃ.

5. മുന്യന്നൈർവി വിധൈർമേദ്ധ്യൈഃ ശാക മൂലഫലേന വാ എതാനേവ മഹായജ്ഞാന്നിർവ പേദ്വിധിപൂർവകമ്. (മനു. 6. 1-5)

1. ഇങ്ങനെ സ്നാതകരായ ദ്വിജന്മാർ- ബ്രഹ്മചര്യം അനുഷ്ഠിച്ചു സമാവർത്തനം ചെയ്ത ബ്രാഹ്മണക്ഷത്രിയ വൈശ്യർ-ഗൃഹസ്ഥാശ്രമം കഴിഞ്ഞ് ആത്മനിയന്ത്രണം ഇന്ദ്രിയജയം എന്നിവയോടു കൂടി വനത്തിൽ വസിക്കണം.

2. തന്റെ തലമുടി നരച്ചെന്നും ജരവന്നെന്നും പൗത്രനുണ്ടായെന്നും കണ്ടാൽ ഗൃഹസ്ഥൻ വനത്തിൽ പോയി പാർക്കണം.

3. ഗ്രാമീണാഹാരം, വസ്ത്രങ്ങൾ, ഉപകരണങ്ങൾ മുതലായ വിലപിടിപ്പുള്ളവകളെ ത്യജിച്ച്, പത്നിയെ പുത്രന്റെ സംരക്ഷണയിലാക്കി കാട്ടിലേക്കു പുറപ്പെടണം. ഭാര്യയെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്യാം.

4. അഗ്നിഹോത്രത്തിനുള്ള എല്ലാ ഉപകരണങ്ങളുമെടുത്ത് നാടുവിട്ടു കാട്ടിൽപോയി ഇന്ദ്രിയ നിഗ്രഹത്തോടു കൂടി അവിടെ പാർക്കണം.

5. ചാമ മുതലായ ധാന്യങ്ങൾ, ഇലവർഗങ്ങൾ, കിഴങ്ങുകൾ, കായ്കനികൾ, പുഷ്പങ്ങൾ എന്നിവകളാൽ മുൻചൊന്ന പഞ്ചമഹായജ്ഞങ്ങളനുഷ്ഠിക്കണം. അവകൊണ്ടുതന്നെ അതിഥി സൽക്കാരവും അഹോവൃത്തിയും കഴിക്കണം.

1. സ്വാധ്യായേ നിത്യയുക്തഃ സ്യാദ്ദാന്തോ മൈത്രഃ സമാഹിതഃ; ദാതാ നിത്യമനാദാതാ സർവഭൂതാനുകമ്പക.

2. അപ്രയത്നഃ സുഖാർത്ഥേഷു ബ്രഹ്മചാരീ ധരാശയഃ, ശരണേഷ്വമമശ്ചൈവ വൃക്ഷമൂല നികേതനഃ (മനു. 6.8.19)

1. പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും സദാ ശ്രദ്ധാപൂർവ്വം, ആത്മജയം നേടി, സർവമിത്രവും ഇന്ദ്രിയജേതാവും, വിദ്യാദാതാവും ദയാലുവും അന്യന്റെ യാതൊന്നും സ്വീകരിക്കാത്തവനുമായി വാഴണം.

thearyasamaj.org

2. ശരീരസുഖത്തിനായി വളരെ അദ്ധ്വാനിക്കാതെ ബ്രഹ്മചാരിയായി-ഭാര്യ ഒരുമിച്ചുണ്ടെങ്കിലും വിഷയസുഖം അനുഭവിക്കാതെ നിലത്തുകിടന്നുറങ്ങുകയും ആശ്രിതരുടേതോ സ്വന്തമോ ആയ ഒന്നിലും മമതയില്ലാതെ മരച്ചുവട്ടിൽ പാർക്കുകയും വേണം.

തപഃശ്രദ്ധേ യേ ഹ്യുപവസന്ത്യരണ്യേ
ശാന്താ വിദ്വാംസോ ഭൈക്ഷചര്യാം ചരന്തഃ.
സൂര്യദ്വാരേണ തേ വിരജാഃ പ്രയാന്തി
യത്രാ*മൃതഃ സ പുരുഷോ ഹ്യവ്യയാത്മാ.
(മുണ്ഡ. ഉ. 2. 11)

തപസ്സു ചെയ്തും ധർമ്മമനുഷ്ഠിച്ചും സത്യത്തെ സശ്രദ്ധം രക്ഷിച്ചും ഭിക്ഷാന്നത്താൽ നിത്യവൃത്തി കഴിച്ചും ശാന്തചിത്തരും വിദ്വാന്മാരുമായവർ വനത്തിൽ വസിച്ച് നിത്യനും ലാഭചേതരഹിതനും പൂർണപുരുഷനുമായ പരമാത്മാവിനെ നിർമലരായി, പ്രാണനിലൂടെ പ്രാപിച്ച്, പരമാനന്ദമനുഭവിക്കുന്നവരായി ഭവിക്കുന്നു.

അഭ്യാ ദധാമി സമിധമഗ്നേ വ്രതപതേ തവയിം വ്രതംച ശ്രദ്ധാം ചോപൈമീന്ധേ തവാ ദീക്ഷിതോഅഹമ് (യജു. 20. 24)

"അഗ്നിഹോത്രം ചെയ്തു ദീക്ഷിതനായി ഞാൻ വ്രതം സത്യാചരണം ശ്രദ്ധ എന്നിവയെ പ്രാപിക്കും" എന്നിങ്ങനെ സങ്കല്പിച്ചുകൊണ്ട് വാനപ്രസ്ഥാശ്രമം സ്വീകരിക്കണം. വിവിധതപസ്സുകളാലും സത്സംഗം, യോഗാഭ്യാസം ചിത്തശുദ്ധി എന്നിവയാലും നിർമലജ്ഞാനം സമ്പാദിക്കണം. സംന്യസിക്കുവാൻ ഇച്ഛയുണ്ടാകുമ്പോൾ ഭാര്യയെ പുത്രന്മാരുടെ അടുക്കലേക്കയച്ചിട്ട് സംന്യസിക്കണം. ചുരുക്കത്തിൽ ഇതാണ് വാനപ്രസ്ഥാശ്രമവിധി.

അഥ സംന്യാസവിധിഃ

വനേഷു ച വിഹൃത്യൈവം തൃതീയം ഭാഗമായുഷഃ ചതുർഥമായുഷോ ഭാഗം ത്യക്ത്വാ സംഗാൻ പരിവ്രജേത് (മനു. 6. 33)

ആയുസിന്റെ മൂന്നാമത്തെ ഭാഗം-അമ്പതുമുതൽ എഴുപത്തഞ്ചു വയസുവരെ - വാനപ്രസ്ഥനായിരുന്ന ശേഷം ആയുസിന്റെ നാലാമത്തെ ഭാഗത്തിൽ സർവസംഗങ്ങളേയും പരിത്യജിച്ച്, സംന്യാസിയാകണം.

ചോ:- ഗൃഹസ്ഥവും വാനപ്രസ്ഥവും സ്വീകരിക്കാതെ സംന്യാസാശ്രമം സ്വീകരിക്കുന്നതു പാപമാണോ?

ഉ:- ആണെന്നും അല്ലെന്നും വരാം.

ചോ:- രണ്ടുവിധത്തിൽ പറയുന്നതെങ്ങനെ?

ഉ:- രണ്ടു വിധത്തിൽ പറഞ്ഞതല്ല. ബാല്യകാലത്തു വിരക്തനായ ശേഷം വിഷയസുഖങ്ങളിൽ അകപ്പെടുന്നവൻ മഹാപാപിയും അകപ്പെടാതിരിക്കുന്നവൻ മഹാ പുണ്യവാനായ സത്പുരുഷനുമാണ്. **"യദഹരേവ വിരജേത്തദഹരേവ പ്രവ്രജേത് വനാദ്വാ,ഗൃഹാദ്വാ ബ്രഹ്മചര്യാദേവ പ്രവ്രജേത്."**[1] 'ഇതു ബ്രാഹ്മണവചനമാണ്. വിരക്തി ഉണ്ടാകുമ്പോൾ തന്നെ, ഗൃഹസ്ഥാശ്രമത്തിൽ നിന്നോ, വാനപ്രസ്ഥത്തിൽ നിന്നോ, സംന്യാസം സ്വീകരിച്ചു കൊള്ളണം. മുമ്പു പറഞ്ഞ സംന്യാസക്രമത്തിൽ അഭിപ്രായഭേദമുണ്ട്:-വാനപ്രസ്ഥം സ്വീകരിച്ചതിനു ശേഷം സംന്യസിക്കണമെന്ന് ഒരു പക്ഷം; വാനപ്രസ്ഥം കൈക്കൊള്ളാതെ ഗൃഹസ്ഥാശ്രമത്തിൽ നിന്നുതന്നെ സംന്യസിക്കാമെന്നു മറ്റൊരു പക്ഷം, പൂർണ വൈദുഷ്യം സമ്പാദിച്ചവനും, വിഷയസുഖത്തിൽ ഇച്ഛയില്ലാത്തവനും, പരോപകാര തല്പരനുമായ പുരുഷന് ബ്രഹ്മചര്യാശ്രമത്തിൽ നിന്നുതന്നെ സംന്യാസം സ്വീകരിക്കാമെന്നു മൂന്നാം പക്ഷം. വേദങ്ങളിലും **"യതയഃ ബ്രാഹ്മണസ്യ വിജാനതഃ"** എന്നു തുടങ്ങിയ പദങ്ങളെക്കൊണ്ട് സംന്യാസം വിധിച്ചിട്ടുണ്ട്. എങ്കിലും:-

നാവിരതോ ദുശ്ചരിതാന്നാശാന്തോ നാസമാഹിതഃ. നാശാന്തമാനസോ വാപി പ്രജ്ഞാനേനൈനമാപ്നുയാത്. (കഠ. ഉ. 2. 33.)

ദുരാചാരിയും ശാന്തസ്വഭാവമില്ലാത്തവനും യോഗസിദ്ധിയില്ലാത്തവനും ശാന്തചിത്തനല്ലാത്തവനുമായവൻ സംന്യസിച്ചാലും പ്രജ്ഞാനത്താൽ പരമാത്മാവിനെ പ്രാപിക്കുന്നതല്ല. അതിനാൽ :-

യച്ഛേദ്വാങ്മനസീ പ്രാജ്ഞ സ്തദ്യച്ഛേദ് ജ്ഞാന ആത്മനീ ജ്ഞാനമാത്മനി മഹതി നീയച്ഛേത്തദ്യച്ഛേ ച്ഛാന്തആത്മനീ.(കഠ. ഉ.3.13)

ബുദ്ധിമാനായ സംന്യാസി വാക്ക്, മനസ് എന്നിവയെ അധർമ്മത്തിൽ നിന്നകറ്റി ജ്ഞാനത്തിലും ആത്മാവിലും ഉറപ്പിക്കണം. പിന്നെ ആ ജ്ഞാനത്തേയും ആത്മാവിനേയും ഈശ്വരനിൽ

1 ജാബാലോപനിഷത്ത് 4-ാം ഖണ്ഡത്തിൽ പാഠത്തിനു ക്രമഭേദത്തോടെ ഈ വചനം കാണാം.
* ഋഗ്വേദം 8.6.18



ഉറപ്പിച്ചു നിർത്തുകയും ആ വിജ്ഞാനത്തെ ശാന്തസ്വരൂപമായ ആത്മാവിൽ സ്ഥിരമായി പ്രതിഷ്ഠിക്കുകയും ചെയ്യണം.

പരീക്ഷ്യലോകാൻ കർമചിതാൻ ബ്രാഹ്മണോ നിർവേദമായാന്നാസ്ത്യകൃതഃ കൃതേന തദ്വിജ്ഞാനാർഥം സ ഗുരുമേവാഭിഗച്ഛേത് സമിത്പാണിഃ ശ്രോത്രിയം ബ്രഹ്മനിഷ്ഠം (മു. ഉ.1.2.12)

ലൗകിക സുഖങ്ങളെല്ലാം കർമം കൊണ്ടു സമ്പാദിച്ചതാണെന്നറിഞ്ഞ് ബ്രാഹ്മണൻ-സംന്യാസി-വിരക്തനാകണം. അകൃതമായ (കർമത്തിൽ നിന്നുണ്ടായതല്ലാത്ത) ഈശ്വരനെ കർമം കൊണ്ടു മാത്രം പ്രാപിക്കുക സാധ്യമല്ല. അതിനാൽ ഗുരുവിനർപ്പിക്കുവാൻ അല്പമെന്തെങ്കിലുമായി,വിദ്യാസമ്പന്നനും ദൈവജ്ഞനുമായ ഗുരുവിന്റെ അടുത്ത് ജ്ഞാനം സമ്പാദിക്കുവാൻ പോകണം. അവിടെച്ചെന്ന് സകലസംശയങ്ങൾക്കും നിവൃത്തി വരുത്തണം. എന്നാൽ ഒരുനാളും സംസർഗം ചെയ്യരുതാത്തവരെപ്പറ്റി പറയാം:-

1. അവിദ്യായാമന്തരേ വർത്തമാനാഃ
സ്വയം ധീരാഃ പണ്ഡിതമ്മന്യമാനാഃ
ജങ്ഘന്യമാനഃ പരിയന്തി മൂഢാ
അന്ധേനൈവ നിയമാനാ യഥാന്ധാഃ.
2. അവിദ്യായാം ബഹുധാ വർത്തമാനാ വയമ്കൃതാർഥാ ഇത്യഭിമന്യന്തിബാലാഃ
യത്കർമിണോ ന പ്രവേദയന്തി രാഗാത്
തേനാതുരാഃ ക്ഷീണലോകാശ്ച്യവന്തേ.
(മു.ഉ.1.2.8,9)

1.അജ്ഞാനത്തിൽ രമിച്ച്, സ്വയം ധീരരും പണ്ഡിതരുമായി ചമഞ്ഞ് അഭിമാനിക്കുന്ന മൂഢന്മാർ അധോഗതിയെ പ്രാപിക്കുന്നു. അന്ധൻമാർ നയിക്കുന്ന അന്ധൻമാരെപ്പോലെ അവരെ പിന്തുടരുന്നവർ അനേകദുഃഖങ്ങൾ അനുഭവിക്കുന്നു.

2. അവിദ്യയിൽ ബഹുവിധേന വിഹരിച്ച് കൃതാർത്ഥരാണെന്ന് സ്വയം അഭിമാനിക്കുന്ന ബാലബുദ്ധികൾക്കു ജ്ഞാനമുണ്ടാകുവാൻ കർമകാണ്ഡാനുയായികളും രാഗത്താൽ മോഹിതരുമായവർക്കു സാധ്യമല്ല. അതിനാൽ അവർ[2] ആതുരരായി ജനനമരണദുഃഖത്തിൽ വീണുഴലുന്നു. അതിനാൽ:-

വേദാന്തവിജ്ഞാനസുനിശ്ചിതാർഥാഃ
സംന്യാസയോഗാദ്യതയഃ ശുദ്ധസത്വാ
തേ ബ്രഹ്മലോകേഷു പരാന്തകാലേ
പരാമൃതഃ പരിമുച്യന്തി സർവേ
(മുണ്ഡ. ഉ. 2.6)

വേദാന്തത്തിന്റെ- ഈശ്വര പ്രതിപാദിതമായ വേദമന്ത്രങ്ങളുടെ-അർത്ഥജ്ഞാനം കൊണ്ടും ആചാരം കൊണ്ടും സുദൃഢമായ സംന്യാസയോഗത്താൽ ചിത്തശുദ്ധിയുണ്ടായ സംന്യാസിമാർ പരമാത്മാവിൽ മോക്ഷസുഖം പ്രാപിച്ച്, ആനന്ദമനുഭവിച്ചതിനുശേഷം, മോക്ഷസുഖത്തിന്റെ അവധി പൂർണമാകുമ്പോൾ വീണ്ടും സംസാരബന്ധത്തിൽ എത്തുന്നു. മോക്ഷം കൊണ്ടല്ലാതെ മറ്റൊന്നിനാലും ദുഃഖം നശിക്കുകയില്ല. എന്തെന്നാൽ:-

ന വൈ സശരീരസ്യ സതഃ പ്രിയാപ്രിയയോരപഹതിരസ്ത്യ ശരീരം വാവസന്തം ന പ്രിയാപ്രിയേ സ്പൃശതഃ (ഛാന്ദോഗ്യം)[3]

ദേഹധാരിക്ക് സുഖദുഃഖങ്ങളിൽ നിന്നു വേറിട്ടിരിക്കാൻ സാധ്യമല്ല. ശരീരരഹിതനായ ജീവാത്മാവു മോക്ഷത്തിൽ സർവവ്യാപിയായ സർവേശ്വരനോടുകൂടി ശുദ്ധനായി വസിക്കുന്നതിനാൽ സാംസാരിക സുഖദുഃഖങ്ങൾ അതിനെ സ്പർശിക്കുകയില്ല. അതിനാൽ:-

പുത്രൈഷണായാശ്ച വിത്തൈഷണായാശ്ച ലോകൈഷണായാശ്ച വ്യുത്ഥായാഥഭിക്ഷാചര്യം ചരന്തി.[4] **(ശതപഥം 14)**

ലോകബഹുമാനവും ലാഭവും ധനം കൊണ്ടുള്ള സുഖവും മാന്യതയും പുത്രാദികളിൽ മോഹം ഇത്യാദി വെടിഞ്ഞ് സംന്യാസിമാർ ഭിക്ഷുക്കളായി രാപകൽ മോക്ഷസാധനയിൽ തത്പരരായിരിക്കുന്നു.

പ്രാജാപത്യാം നിരൂപ്യേഷ്ടീം തസ്യാം സർവവേദ സംഹുത്വാ ബ്രാഹ്മണഃ പ്രവ്രജേത് (യജുർവേദബ്രാഹ്മണം)[5]

പ്രജാപത്യാം നിരൂപ്യേഷ്ടീം സർവവേദസദക്ഷിണാം; ആത്മന്യഗ്നീൻസമാരോപ്യ ബ്രാഹ്മണഃ പ്രവ്രജേദ് ഗൃഹാത്

2 സ്വർഗാദികളിച്ഛിച്ച് യജ്ഞം മുതലായ സകാമകർമാനുഷ്ഠാനങ്ങളിൽ ആതുരരായവരെന്നർഥം.

3 ഛാന്ദോ ഉ 8.12.1

4 ശതപഥം 14. 6. 4.1

5 ന്യായസൂത്രങ്ങളുടെ വാത്സ്യായന ഭാഷ്യ (4, 1-61-62)ത്തിൽ ഇത് **പ്രജാപത്യാമിഷ്ടിം നിരൂപ്യ തസ്യാം സർവവേദസം ഹുതാ ആത്മാന്യ നീൻഗ സമാരോപ്യ ബ്രാഹ്മണഃ പ്രവ്രജേത്** എന്ന് ഉദ്ധൃതമാണ്.

യോ ദത്വാസർവഭൂതേഭ്യഃ പ്രവ്രജത്യഭയം ഗൃഹാത് തസ്യ തേജോമയാ ലോകാഭവന്തി ബ്രഹ്മവാദിനഃ (മനു. 6.38.39)

പ്രജാപതിയെ- ഈശ്വരനെ പ്രാപിക്കുവാൻ യജ്ഞമനുഷ്ഠിച്ച് ആ യജ്ഞത്തിൽ പൂണൂൽ; ശിഖ മുതലായ ചിഹ്നങ്ങളെല്ലാം ഉപേക്ഷിച്ച്, ആഹവനീയം തുടങ്ങിയ അഞ്ച് അഗ്നികളെ പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ അഞ്ച് പ്രാണങ്ങളിൽ ആരോപണം ചെയ്ത് ബ്രഹ്മജ്ഞാനിയായ ബ്രാഹ്മണൻ വീടു വെടിഞ്ഞ് സംന്യാസിയാകണം.

സകല പ്രാണികൾക്കും അഭയം നൽകി വീടു വെടിഞ്ഞ് സംന്യസിക്കുന്ന ബ്രഹ്മവാദിക്ക്-ഈശ്വരപ്രകാശിതമായ വേദത്തിൽ പറഞ്ഞിരിക്കുന്ന ധർമാദി വിദ്യകളുപദേശിക്കുന്ന സംന്യാസിക്ക്- പ്രകാശമയമായ അതായത് മോക്ഷാനന്ദരൂപിയായ ലോകം ലഭിക്കുന്നു.

ചോ:- സംന്യാസിയുടെ ധർമ്മം എന്താണ്?

ഉ:- പക്ഷപാതരഹിതമായ ന്യായാചരണം, സത്യഗ്രഹണം, അസത്യത്യാഗം, വേദോക്തമായ ഈശ്വരാജ്ഞയെ അനുസരിക്കുക, പരോപകാരം ചെയ്യുക സത്യം പറയുക, എന്നിവയെല്ലാം, ഇതര ആശ്രമങ്ങളിലുള്ളവർക്കും, മനുഷ്യർക്കു പൊതുവെയും വിധിച്ചിരിക്കുന്നെങ്കിലും സംന്യാസിമാർക്ക് വിശേഷ വിധിയായ ധർമങ്ങൾ പറയാം.

1. ദൃഷ്ടിപൂതം ന്യസേത്പാദം വസ്ത്രപൂതം ജലം പിബേത്. സത്യപൂതാം വദേദ്വാചം മനഃ പൂതംസമാചരേത്.

2. ക്രുദ്ധ്യന്തം ന പ്രതി ക്രുധ്യേദാ ക്രുഷ്ടഃ കുശലം വദേത്. സപ്തദ്വാരാവകീർണാം ച ന വാചമനൃതാം വദേത്.

3. അധ്യാത്മരതിരാസീനോ നിരപേക്ഷോ നിരാമിഷഃ. ആത്മനൈവ സഹായേന സുഖാർഥീ വിചരേദിഹ.

4. ക്ലൃപ്തകേശനഖശ്മശ്രുഃ പാത്രീദണ്ഡീ കുസുംഭവാൻ. വിചരേന്നിയതോ നിത്യം സർവഭൂതാന്യ പീഡയൻ.

5. ഇന്ദ്രിയാണാം നിരോധേന രാഗദ്വേഷക്ഷയേണ ച. അഹിംസയാ ച ഭൂതാനാമമൃതത്വായ കല്പതേ.

6. ദൂഷിതോ/പി ചരേദ്ധർമം യത്ര തത്രാശ്രമേ രതഃ. സമഃ സർവേഷു ഭൂതേഷു ന ലിംഗം ധർമ കാരണമ്.

7. ഫലം കതകവൃക്ഷസ്യ യദ്യപ്യംബുപ്രസാദകമ്. ന നാമഗ്രഹണാദേവ തസ്യ വാരി പ്രസീദതി.

8. പ്രാണായാമാ ബ്രാഹ്മണസ്യ ത്രയോ/പി വിധിവത്കൃതാഃ. വ്യാഹൃതി പ്രണവൈര്യുക്താ വിജ്ഞേയം പരമം തപഃ.

9. ദഹ്യന്തേ ധ്മായമാനാനം ധാതൂനാം ഹി യഥാ മലാഃ. തഥേന്ദ്രിയാണാം ദഹ്യന്തേ ദോഷാഃ പ്രാണസ്യ നിഗ്രഹാത്.

10. പ്രാണായാമൈർദഹേദ്ദോഷാൻ ധാരണാ ഭിശ്ച കില്ബിഷമ്. പ്രത്യാഹാരേണ സംസർഗാൻ ധ്യാനേനാനീശ്വരാൻ ഗുണാൻ.

11. ഉച്ചാവചേഷു ഭൂതേഷു ദുർജ്ഞേയാമകൃതാത്മഭിഃ. ധ്യാനയോഗേന സംപശ്യേദ് ഗതിമസ്യാന്തരാത്മനഃ.

12. അഹിംസയേന്ദ്രിയാസങ്ഗൈർവൈദികൈശ്ചൈവ കർമഭിഃ. തപസശ്ചരണൈശ്ചോഗ്രൈ സാധയന്തീഹ തത്പദമ്.

13. യദാ ഭാവേന ഭവതി സർവഭാവേഷു നിസ്പൃഹഃ. തദാ സുഖമവാപ്നോതി പ്രേത്യ ചേഹ ച ശാശ്വതമ്.

14. ചതുർഭിരപി ചൈവതൈർനിത്യമാശ്രമിഭിർദ്വിജൈഃ. ദശലക്ഷണകോ ധർമഃ സേവിതവ്യഃ പ്രയത്നതഃ

15. ധൃതിഃ ക്ഷമാ ദമോ/സ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ. ധീർവിദ്യാ സത്യമക്രോധോ ദശകം ധർമ ലക്ഷണമ്.

16. അനേന വിധിനാ സർവാം സ്ത്യക്ത്വാ സംഗാഞ്ഛനൈഃ ശനൈഃ. സർവദ്വന്ദ്വവിനിർമുക്തോ ബ്രഹ്മണ്യേവാവതിഷ്ഠതേ (മനു. 6)[6]

1. സംന്യാസി വഴിയിൽ കൂടി നടക്കുമ്പോൾ അങ്ങുമിങ്ങും നോക്കാതെ താഴെ നോക്കി നടക്കണം. സദാ മുണ്ടു കൊണ്ട് അരിച്ച വെള്ളം കുടിക്കണം. സദാ സത്യം സംസാരിക്കണം. ഇടവിടാതെ മനനംചെയ്ത് സത്യത്തെ ഗ്രഹിച്ച് അസത്യത്തെ ത്യജിക്കണം.

2. അന്യരോടു സംസാരിക്കുമ്പോഴോ അന്യർക്കുപദേശം നൽകുമ്പോഴോ ആരെങ്കിലും

6 മനു. 6-ാം അധ്യായം 46, 48, 49, 52, 60, 66, 67, 70, 73, 75, 80, 91, 92, 81 എന്നീക്രമത്തിൽ ശ്ലോകങ്ങൾ

കോപിക്കുകയോ നിന്ദിക്കുകയോ ചെയ്താൽ സംന്യാസി അവരോടു കോപിക്കാതെ അവർക്കു ശ്രേയസ്സുണ്ടാകത്തക്ക ഉപദേശം നൽകുക മാത്രമേ ചെയ്യാവൂ. വായ്, രണ്ടു നാസാദ്വാരങ്ങൾ, രണ്ടു കണ്ണുകൾ, രണ്ടു ചെവികൾ എന്നിങ്ങനെ ഏഴു ദ്വാരങ്ങളിലൂടെ വ്യാപിക്കുന്ന വാക്കിനെ ഒരിക്കലും മിഥ്യയായെണ്ണരുത്.

3. തന്നിലും പരമാത്മാവിലും സ്ഥിരമായി രമിച്ച് ആഗ്രഹങ്ങൾ വെടിഞ്ഞ്, മദ്യമാംസാദികൾ വർജ്ജിച്ച് ആത്മാവിന്റെ സഹായത്താൽ മാത്രം ലഭിക്കുന്ന സുഖത്തിൽ അഭിലഷിച്ച് ധർമം, വിദ്യ എന്നിവയുടെ അഭിവൃദ്ധിക്കു ചേർന്ന ഉപദേശങ്ങൾ നൽകിക്കൊണ്ട് ഈ ലോകത്തിൽ സഞ്ചരിക്കണം.

4. നഖം മുറിച്ച്, മുണ്ഡനം ചെയ്തു കമണ്ഡലുവും ദണ്ഡും കൈയ്യിലേന്തി, കാവി മുക്കിയ വസ്ത്രങ്ങളുടുത്ത്, നിശ്ചിതാത്മാവായി, ഒരു ജീവിയെയും പീഡിപ്പിക്കാതെ, സംന്യാസി സർവത്ര സഞ്ചരിക്കണം.

5. ഇന്ദ്രിയങ്ങളെ അധർമത്തിൽ നിന്നകറ്റി രാഗദ്വേഷങ്ങളില്ലാതെ സകലജീവികളോടും വൈരം വെടിഞ്ഞ് വർത്തിച്ച്, മോക്ഷസമ്പാദന സാമർത്ഥ്യത്തെ വർദ്ധിപ്പിക്കണം.

6. ഏതെങ്കിലും ഒരു ആശ്രമസ്ഥനായ പുരുഷൻ-ഇവിടെ സംന്യാസി-ആരെങ്കിലും തന്നെ ദുഷിക്കുകയോ സ്തുതിക്കുകയോ ചെയ്താലും സർവജീവികളോടും പക്ഷപാതമില്ലാതെ പെരുമാറി സ്വയം ധർമമനുഷ്ഠിച്ച് അന്യന്മാരെ ധർമാനുഷ്ഠാനതൽപരരാക്കണം. ദണ്ഡ്, കമണ്ഡലു, കാഷായവസ്ത്രം മുതലായവ ധരിച്ചതുകൊണ്ട് ധർമമുണ്ടാവുകയില്ലെന്നും മനുഷ്യർക്കും ഇതരജീവികൾക്കും സത്യമുപദേശിച്ചും വിദ്യ നൽകിയും ഉന്നതിയുണ്ടാക്കുന്നതാണ് സംന്യാസിയുടെ പ്രധാന ധർമമെന്നും അറിയണം.

7. തേറ്റാമ്പരൽ പൊടിച്ചു കലക്കവെള്ളത്തിലിട്ടാൽ വെള്ളം തെളിയും. പക്ഷേ അതു പൊടിച്ചിടാതെ തേറ്റാമ്പരലെന്നു പറഞ്ഞതുകൊണ്ടോ കേട്ടതുകൊണ്ടോ കലക്കവെള്ളം തെളിയുകയില്ല.

8. അതിനാൽ, ബ്രാഹ്മണൻ-ബ്രഹ്മജ്ഞാനിയായ സംന്യാസി- ഓംകാരത്തോടും സപ്തവ്യാഹൃതികളോടും കൂടി വിധിപ്രകാരം യഥാശക്തി പ്രാണായാമം ചെയ്യണം. ഒരിക്കലും മൂന്നു പ്രാണായാമത്തിൽ കുറയരുത്. ഇതു തന്നെയാണ് ഒരു സംന്യാസിയുടെ പരമമായ തപസ്സ്.

9. എന്തെന്നാൽ; തീയിൽ ഉരുക്കിയ ലോഹങ്ങളിലെ മാലിന്യം നീങ്ങിപ്പോകുന്നതുപോലെ പ്രാണനിഗ്രഹത്താൽ മനസിലെയും മറ്റിന്ദ്രിയങ്ങളിലെയും ദോഷങ്ങൾ ഭസ്മമായിപ്പോകുന്നു.

10. അതിനാൽ, സംന്യാസിമാർ ദിവസേന പ്രാണായാമത്താൽ ആത്മാവ്, അന്തഃകരണം, ഇന്ദ്രിയങ്ങൾ എന്നിവയിലെ ദോഷങ്ങൾ, ധാരണയാൽ പാപങ്ങൾ, പ്രത്യാഹാരം കൊണ്ടു സംസർഗദോഷം, ധ്യാനംകൊണ്ട് അനീശ്വരഗുണങ്ങളായ സുഖദുഃഖങ്ങൾ, അജ്ഞാനം തുടങ്ങിയ ജീവാത്മാവിന്റെ ദോഷങ്ങളെ ഭസ്മമാക്കിക്കളയണം.

11. വിദ്വാന്മാരും യോഗികളുമല്ലാത്തവർക്ക് അവിജ്ഞേയമായതും ചെറുതും വലുതുമായ സമസ്തവസ്തുക്കളിലുമുള്ള സർവേശ്വരവ്യാപ്തിയേയും ജീവാത്മാവിന്റെയും അന്തര്യാമിയായ സർവേശ്വരന്റെയും ഗതിയേയും ധ്യാനം കൊണ്ട് അറിയണം.

12. എല്ലാ ജീവികളോടും വൈരമില്ലാതെ വർത്തിക്കുക, ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്ന് അകറ്റുക, വോദോക്തകർമവും അത്യുഗ്രമായ തപശ്ചര്യയും എന്നിവയാൽ ഈ ലോകത്തിൽ മുൻപറഞ്ഞ വിധത്തിലുള്ള സംന്യാസിമാർക്കു മാത്രമേ മോക്ഷപദം പ്രാപിക്കുവാനും മറ്റുള്ളവർക്ക് അതിനെ സമ്പാദിച്ചു കൊടുക്കുവാനും സാധിക്കുകയുള്ളൂ. മറ്റാർക്കും സാധിക്കുകയില്ല.

13. സംന്യാസി സകല ഭാവങ്ങളിലും നിഃസ്പൃഹനായിരുന്ന് ബാഹ്യാഭ്യന്തരവൃത്തികളെല്ലാം സദ്ഭാവനയാൽ പരിശുദ്ധമാക്കുകയും ചെയ്താൽ മാത്രമേ ഇഹത്തിലും പരത്തിലും നിരന്തരസുഖം ലഭിക്കൂ.

14. അതുകൊണ്ട് ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സംന്യാസി എന്നിവരെല്ലാം തുടർന്നു പറയുന്ന ദശലക്ഷണയുക്തമായ ധർമത്തെ സശ്രദ്ധം അനുഷ്ഠിക്കണം.

15. ഒന്നാമത്തെ ലക്ഷണം- **(ധൃതിഃ)** എല്ലായ്പോഴും ധൈര്യം വേണം. രണ്ട്- **(ക്ഷമാ)**നിന്ദ, സ്തുതി, മാനം, അപമാനം, ലാഭം, നഷ്ടം തുടങ്ങി ദുഃഖങ്ങളിൽ പോലും സഹനശീലം. മൂന്ന്- **(ദമം)** മനസിനെ അധർമത്തിൽ നിന്നകറ്റി സദാ ധർമവ്യത്തിയിൽ വച്ച്. അധർമേച്ഛപോലും ഇല്ലാതാക്കുക, നാല് - **(അസ്തേയം)** കള്ളം, കാപട്യം,

വിശ്വാസവഞ്ചന മുതലായവയാലോ വേദവിരുദ്ധമായ ഉപദേശം കൊണ്ടോ അന്യന്റെ വസ്തുക്കളെ അപഹരിക്കുന്നതു ചൗര്യമെന്നു പറയുന്നു. ചൗര്യത്തെ ത്യജിക്കുന്നതാണ് അസ്തേയം; അഞ്ച്- **(ശൗചം)** രാഗദ്വേഷങ്ങൾ പക്ഷപാതം മുതലായ മനോദോഷങ്ങളിൽ നിന്നകറ്റി ആഭ്യന്തരമായ പരിശുദ്ധിയും വെള്ളം, മണ്ണ് മുതലായവയാൽ തേച്ചുകഴുകി ബാഹ്യപരിശുദ്ധിയും സമ്പാദിക്കുക. ആറ്- **(ഇന്ദ്രിയനിഗ്രഹം)** ഇന്ദ്രിയങ്ങളെ അധർമാചരണത്തിൽ നിന്നകറ്റി ധർമനിരതമാക്കുക. ഏഴ്- **(ധീഃ)** മാദകദ്രവ്യങ്ങളും ബുദ്ധിനാശകമായ ലഹരികളും ശീലിക്കുക, ദുർജനസംസർഗം, മടി, പ്രമാദം മുതലായ ദോഷങ്ങൾ ത്യജിച്ച് ശ്രേഷ്ഠവസ്തുക്കളുടെ ഉപയോഗം, സജ്ജനസംസർഗ്ഗം യോഗാഭ്യാസം എന്നിവയാൽ ബുദ്ധിയെ വർദ്ധിപ്പിക്കുക, എട്ട്- **(വിദ്യാ)** പൃഥിവിമുതൽ സർവേശ്വരൻവരെയുള്ള പദാർത്ഥങ്ങളുടെ യഥാർത്ഥജ്ഞാനം നേടി ആ ജ്ഞാനത്തെ യഥായോഗ്യം ഉപയോഗിക്കുകയും സത്യത്തെ മുൻനിർത്തി പ്രവർത്തിക്കുകയും ചെയ്ക, ആത്മാവിലേതുപോലെ മനസ്സിലും മനസ്സിലേതുപോലെ വാക്കിലും വാക്കിലേതുപോലെ പ്രവൃത്തിയിലും ചെയ്ക ഇതാണ് വിദ്യ. ഇതിനു വിപരീതമെല്ലാം അവിദ്യയാണ്. ഒമ്പത് - **(സത്യം)** ഒരു വസ്തു എങ്ങനെയാണോ അങ്ങനെതന്നെ അതിനെ അറിയുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുക. പത്ത്- **(അക്രോധഃ)** ദ്വേഷം മുതലായ ദോഷങ്ങളകറ്റി ശാന്തത മുതലായ ഗുണങ്ങളെ സ്വീകരിക്കുക. ഇങ്ങനെ പത്തു ലക്ഷണങ്ങളുള്ള ധർമത്തെ പക്ഷപാതമില്ലാതെ ന്യായമായി നാല് ആശ്രമങ്ങളിലുള്ളവരും അനുഷ്ഠിക്കണം. എന്നാൽ ഈ വേദോക്തധർമത്തെ സ്വയം അനുഷ്ഠിക്കുകയും അന്യരെ ഉപദേശിച്ച് അനുഷ്ഠിപ്പിക്കുകയും ചെയ്യുന്നത് സംന്യാസിമാർക്കു വിധിച്ച വിശേഷ ധർമമാണ്.

16. ഇങ്ങനെ അല്പാല്പമായി സംഗദോഷങ്ങളെയെല്ലാം അകറ്റി ഹർഷം, ശോകം തുടങ്ങിയ വിപരീത ഭാവങ്ങളെ ഇല്ലാതാക്കിയ സംന്യാസി ബ്രഹ്മത്തിൽ ലയിക്കുന്നു. ഗൃഹസ്ഥർക്കും മറ്റെല്ലാവർക്കും സകലവിധ പ്രവൃത്തികളിലും സത്യനിർണ്ണയം വരുത്തിക്കൊടുത്ത്, അവരെ അധർമപ്രവൃത്തികളിൽ നിന്ന് മോചിപ്പിച്ച് സകലവിധ സംശയനിവാരണം വരുത്തി അവരെ സത്യം ധർമം എന്നിവയ്ക്കനുസരിച്ച കർമങ്ങളിൽ പ്രവർത്തിപ്പിക്കുന്നത് സംന്യാസിയുടെ പ്രധാനമായ കർത്തവ്യമാണ്.

ചോ:- സംന്യാസത്തിനു ബ്രാഹ്മണർക്കു മാത്രമേ വിധിയുള്ളോ? അതോ ക്ഷത്രിയാദികളുടെയും ധർമമാണോ?

ഉ:- സംന്യാസത്തിന് ബ്രാഹ്മണനു മാത്രമേ അധികാരം ഉള്ളൂ. എല്ലാ ജാതികളിലും പൂർണവിദ്വാന്മാരും, ധാർമികരും പരോപകാരതല്പരുമായ ജനങ്ങളുടെ പേരാണ് ബ്രാഹ്മണർ എന്നത്. പൂർണവൈദുഷ്യം, ധർമതല്പരത, ഈശ്വരനിഷ്ഠ, വിരക്തി, എന്നിവയില്ലാത്തവർ സംന്യസിക്കുന്നതു കൊണ്ട് ലോകത്തിന് പറയത്തക്ക ഉപകാരമൊന്നും ലഭിക്കുകയില്ല. അതിനാൽ ബ്രാഹ്മണനല്ലാതെ മറ്റാർക്കും സംന്യാസത്തിന് അധികാരമില്ലെന്നു ലോകർ പറയാറുണ്ട്. മനുസ്മൃതിയിൽ അതിന് പ്രമാണവാക്യവുമുണ്ട്:-

ഏഷ വോ'ഭിഹിതോ ധർമോ ബ്രാഹ്മണസ്യ ചതുർവിധഃ. പുണ്യോ'ക്ഷയഫലഃ പ്രേത്യ രാജധർമം നിബോധത. (മനു. 6. 97)

മഹാനായ മനു പറയുന്നു:- "അല്ലയോ ഋഷിജനങ്ങളേ, ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സംന്യാസം എന്നീ നാല് ആശ്രമങ്ങൾ സ്വീകരിക്കുന്നത് ബ്രാഹ്മണന്റെ ധർമമാണ്. ഇഹത്തിൽ പുണ്യരൂപമായതും, പരത്തിൽ മോക്ഷമെന്ന അക്ഷയാനന്ദത്തെയും നൽകുന്നതാണ് സംന്യാസധർമം. ഇനി ഞാൻ പറയുന്ന രാജധർമമെന്തെന്ന് കേൾക്കുവിൻ" സംന്യാസം സ്വീകരിക്കുവാൻ ബ്രാഹ്മണനാണ് അധികാരമെന്നും ക്ഷത്രിയാദികൾക്ക് ബ്രഹ്മചര്യാശ്രമത്തിനേ അധികാരമുള്ളു എന്നും സിദ്ധിക്കുന്നു.

ചോ:- എന്തിനാണ് സംന്യാസം സ്വീകരിക്കുന്നത്?[7]

ഉ:- ശരീരത്തിൽ ശിരസ്സെന്നവണ്ണം ചതുരാശ്രമങ്ങളിൽ സംന്യാസവും അത്യന്താപേക്ഷിതമാണ്. സംന്യാസാശ്രമമില്ലെങ്കിൽ വിദ്യാ, ധർമം എന്നിവ, ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. മറ്റു മൂന്നാശ്രമങ്ങളിലുള്ളവർക്കും വിദ്യാദ്ധ്യയനം, ഗൃഹകൃത്യനിർവഹണം, തപശ്ചര്യ എന്നിവയുള്ളതിനാൽ വളരെ കുറച്ചു സമയമേ ഒഴിവു ലഭിയ്ക്കു. മറ്റു മൂന്നാശ്രമക്കാർക്കും പക്ഷപാതമില്ലാതെ പെരുമാറാൻ പ്രായാസമാണ്. സർവഥാ സ്വതന്ത്രനായ സംന്യാസിക്ക് സാധിക്കുന്നത്ര ലോകോപകാരം ചെയ്യുവാൻ ഇതര ആശ്രമക്കാർക്കു കഴിയുകയില്ല. സത്യവിദ്യയാൽ പദാർത്ഥവിജ്ഞാനം

7 ഈ വിഷയത്തെപ്പറ്റി ന്യായദർശനം 4-1. 58.61 ന്റെ വാത്സ്യായനഭാഷ്യത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.

നേടുവാൻ സംന്യാസിക്കു ലഭിക്കുന്നത്ര സമയം ഇതര ആശ്രമികൾക്കു ലഭ്യമല്ല. ബ്രഹ്മചര്യത്തിൽ നിന്നു നേരിട്ടു സംന്യാസം സ്വീകരിച്ചയാളിന് സത്യശിക്ഷണത്താൽ ലോകത്തിന് ഉണ്ടാക്കികൊടുക്കുവാൻ കഴിയുന്നത്രയും അഭിവൃദ്ധിയും ഉന്നതിയും ഗൃഹസ്ഥ-വാനപ്രസ്ഥങ്ങൾക്കുശേഷം സംന്യസിക്കുന്നയാളിന് നേടിക്കൊടുക്കുവാൻ സാദ്ധ്യമല്ല.

ചോ:- സംന്യാസം സ്വീകരിക്കുന്നത് ഈശ്വരേച്ഛയ്ക്കു വിരുദ്ധമാണ്. മനുഷ്യർ വർദ്ധിക്കണമെന്നാണ് ഈശ്വരേച്ഛ. ഗൃഹസ്ഥാശ്രമം സ്വീകരിക്കാത്തവന് സന്താനം ഉണ്ടാവുകയില്ല. സംന്യാസം മുഖ്യമാണെന്ന് കരുതി, എല്ലാവരും സംന്യസിച്ചാൽ മനുഷ്യന്റെ വംശനാശം വന്നു പോകും.

ഉ:- ശരി, വിവാഹിതരായ അനേകം പേർക്ക് സന്താനമില്ല. ഉണ്ടായി ഉടൻ നശിക്കുന്നുമുണ്ട്. അതും ഈശ്വരേച്ഛയ്ക്കു വിരുദ്ധമാണെന്നു വരും. **"യത്നേകൃതേ യദി ന സിധ്യതി കോ**ത്ര **ദോഷഃ"** [8] എന്നൊരു കവി പറഞ്ഞിട്ടുണ്ട്, അർത്ഥം:-"പരിശ്രമിച്ചിട്ടും കാര്യസിദ്ധി ഇല്ലെങ്കിലെന്തു ദോഷം? ദോഷമില്ലെന്നർത്ഥം". എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ ഞാൻ ചോദിക്കട്ടെ, ഗൃഹസ്ഥാശ്രമികൾക്ക് അനേകം സന്താനങ്ങൾ ഉണ്ടാവുകയും അവർ പരസ്പരം വിരോധിച്ച് തമ്മിൽത്തല്ലി മരിക്കുകയും ചെയ്താൽ എത്ര വലിയ വിപത്താണത്? വിരുദ്ധാഭിപ്രായം നിമിത്തം വളരെ യുദ്ധങ്ങളുണ്ടാകുന്നുണ്ട്. സംന്യാസി വൈദികധർമം മാത്രം ഉപദേശിച്ച് പരസ്പര സ്നേഹം വളർത്തിയാൽ ലക്ഷക്കണക്കിനാളുകൾ രക്ഷപെടും. ആയിരം ഗൃഹസ്ഥരെപ്പോലെ മനുഷ്യരെ വർദ്ധിപ്പിക്കും. വിഷയസുഖാസക്തിയെ ത്യജിച്ച് എല്ലാ മനുഷ്യർക്കും സംന്യാസം സ്വീകരിക്കാൻ ഒരിക്കലും സാധ്യമല്ല. സംന്യാസിമാരുടെ ഉപദേശം കൊണ്ട് ധാർമികരായ മനുഷ്യരെല്ലാം സംന്യാസിയുടെ പുത്രന്മാരാണെന്നു വിചാരിക്കണം.

ചോ:- "ഞങ്ങൾക്കു കർത്തവ്യമൊന്നും ഇല്ല. ഭക്ഷണവും വസ്ത്രവും ഭിക്ഷ വാങ്ങി ആനന്ദമായി കഴിയണം അത്രതന്നെ. അവിദ്യാരൂപിയായ സംസാരത്തിൽ മുങ്ങി തലവേദനയെന്തിനുണ്ടാക്കണം? 'ഞാൻ ബ്രഹ്മമാണ്' എന്നു വിചാരിച്ച് സന്തുഷ്ടനായി കഴിയണം. ഉപദേശം തേടുന്നവരോട് 'നീയും ബ്രഹ്മമാണ്; നിന്നെ പുണ്യ പാപങ്ങൾ സ്പർശിക്കുകയില്ല; എന്തെന്നാൽ ശീതോഷ്ണങ്ങൾ ശരീരത്തിന്റെയും, വിശപ്പും ദാഹവും പ്രാണന്റെയും, സുഖദുഃഖങ്ങൾ മനസിന്റെയും ധർമമാണ്. ലോകമേ മിഥ്യ. ലൗകിക വൃത്തികളെല്ലാം ഭാവനയും അസത്യവുമാകയാൽ അതിൽ പെട്ടുഴലുന്നത് ബുദ്ധിയല്ല. പുണ്യവും പാപവും ദേഹത്തിന്റെയും ഇന്ദ്രിയങ്ങളുടേയും ധർമമാണ്; ആത്മാവിന്റേതല്ല" എന്നുപദേശിക്കും. ഇങ്ങനെയാണ് സംന്യാസിമാർ പറയുന്നത്. ഇതിൽ നിന്നു വ്യത്യാസമുള്ള സംന്യാസത്തെപ്പറ്റിയാണ് അങ്ങു പറയുന്നത്. ഏതാണ് സത്യം. ഏതാണസത്യം?

ഉ:- അവർക്കു നല്ല കാര്യങ്ങളൊന്നും ചെയ്യുവാനില്ലെന്നോ? നോക്കൂ! **"വൈദികൈഃശ്ചൈവ കർമഭിഃ"** [9]എന്നാണു മനുവചനം. വൈദികകർമങ്ങൾ-ധർമാനുസൃതവും സത്യവുമായകർമങ്ങൾ-സംന്യാസിമാരും അവശ്യം അനുഷ്ഠിക്കണമെന്നാണിതിനർത്ഥം. ഭക്ഷണം വസ്ത്രം മുതലായവ ഉപേക്ഷിക്കുവാൻ അവർക്കു കഴിയുമോ? അതുപോലും ഉപേക്ഷിക്കുവാൻ ശക്തരല്ലാത്ത അവർ ശ്രേഷ്ഠകർമങ്ങൾ ത്യജിക്കുന്നതു കൊണ്ട് പതിതരും പാപികളുമാവുകയില്ലേ? ഗൃഹസ്ഥരിൽ നിന്ന് ഭക്ഷണം വസ്ത്രം മുതലായവ വാങ്ങുകയും അവർക്ക് അതിന് പ്രത്യുപകാരം ചെയ്യാതിരിക്കുകയുമാണെങ്കിൽ അതു മഹാപാപമല്ലേ? കാണുകയും കേൾക്കുകയും ചെയ്യാതിരുന്നാൽ കണ്ണും ചെവിയും കൊണ്ട് പ്രയോജനമില്ല. അതുപോലെ സത്യോപദേശം നൽകുകയും വേദാദിശാസ്ത്രങ്ങളുടെ മനനവും പ്രചാരവും നടത്തുകയും ചെയ്യാതിരുന്നാൽ സംന്യാസിമാർ ലോകത്തിന് ഭാരമാവുകയേ ഉള്ളൂ. അവിദ്യയുടെ സ്വരൂപമായ പ്രപഞ്ചത്തെപ്പറ്റി ചിന്തിച്ചു തലപുകയ്ക്കുന്നതെന്തിനെന്ന് എഴുതുകയും പറയുകയും മറ്റും ചെയ്യുന്നവരാണ് മിഥ്യയും പാപികളും. ശാരീരിക കർമങ്ങളെല്ലാം തന്നെ ആത്മാവിന്റെ കർമങ്ങളാണ്. ആത്മാവാണ് അവയുടെ ഫലം അനുഭവിക്കുന്നത്. ജീവാത്മാവ് ബ്രഹ്മമാണെന്നു പറയുന്നവർ അവിദ്യയിൽ നിദ്രകൊള്ളുന്നു. ജീവൻ അല്പനും അല്പജ്ഞനുമായിരിക്കെ ബ്രഹ്മം സർവവ്യാപിയും സർവജ്ഞനുമാണ്. ബ്രഹ്മം നിത്യ ശുദ്ധ ബുദ്ധമുക്ത സ്വഭാവിയാണെങ്കിൽ ജീവാത്മാവ്, ചിലപ്പോൾ മുക്തനും ചിലപ്പോൾ ബദ്ധനും ആകുന്നു. സർവവ്യാപിയും സർവജ്ഞനുമായ ബ്രഹ്മ

8 പഞ്ചതന്ത്രം മിത്രഭേദം കഥ 4 ശ്ലോകം 217

9 മനു, 6/75

ത്തിന് ഒരിക്കലും തെറ്റോ അവിദ്യയോ ഉണ്ടാവുകയില്ല. ജീവന് ജ്ഞാനവും അജ്ഞാനവും മാറി മാറി ഉണ്ടാകുന്നു. ബ്രഹ്മത്തിന് ജനനമരണദുഃഖം ഒരിക്കലും ഉണ്ടാകുന്നില്ല. ജീവന് അതുണ്ടാകുന്നു. അതിനാൽ ജീവനും ബ്രഹ്മവും ഒന്നാണെന്ന ഉപദേശം മിഥ്യയാണ്.

ചോ:- സംന്യാസി സർവകർമ പരിത്യാഗിയും അഗ്നി, ലോഹം എന്നിവ തൊടുകയില്ലെന്നും പറയുന്നതു ശരിയോ തെറ്റോ?

ഉ:- ശരിയല്ല. **''സമ്യങ് നിത്യമാസ്തേ യസ്മിൻ, യദ്വാ സമ്യങ് ന്യസ്യന്തി ദുഃഖാനി കർമാണി യേന സ സംന്യാസഃ; സ പ്രശസ്തോ വിദ്യതേ യസ്യ സ സംന്യാസി''** ദുഷ്കർമങ്ങൾ ത്യജിച്ച് സത്സ്വഭാവത്തോടുകൂടി വർത്തിക്കുന്നവനാണ് സംന്യാസി. അതിനാൽ സത്കർമങ്ങളനുഷ്ഠിക്കുന്നവനും ദുഷ്കർമങ്ങളെ ദൂരെ ത്യജിക്കുന്നവനുമാണ് സംന്യാസി.

ചോ:- അധ്യാപനവും ഉപദേശവും ഗൃഹസ്ഥാശ്രമക്കാർ നടത്തുന്നുണ്ട്. പിന്നെ സന്യാസിമാരെക്കൊണ്ട് എന്താണു പ്രയോജനം?

ഉ:- എല്ലാവരും സത്യോപദേശം കൊടുക്കുകയും കേൾക്കുകയും ചെയ്യണം. പക്ഷേ സന്യാസിക്ക് ഉണ്ടാകാവുന്നത്രയും സമയവും, പക്ഷപാതമില്ലായ്മയും ഗൃഹസ്ഥന് ഉണ്ടാവുകയില്ല. പുരുഷന്മാർ പുരുഷന്മാർക്കും സ്ത്രീകൾ സ്ത്രീകൾക്കും ഉപദേശവും വിദ്യയും നൽകേണ്ടത് ബ്രാഹ്മണരുടെ കടമയാണ്. എന്നാൽ ദൂരയാത്ര നിരന്തരം ചെയ്യുവാൻ സംന്യാസിക്കു കിട്ടുന്നത്ര സൗകര്യം ഗൃഹസ്ഥരായ ബ്രാഹ്മണർക്കു പോലും കിട്ടുകയില്ല. ബ്രാഹ്മണർ വേദവിരുദ്ധമായി വല്ലതും ചെയ്താൽ അവരെ നിയന്ത്രിക്കേണ്ടത് സംന്യാസിയാണ്. അതിനാൽ സംന്യാസം ഉചിതം തന്നെ.

ചോ:- ''ഏകരാത്രിം വസേത് ഗ്രാമേ''[10] ഇത്യാദി വചനത്താൽ ഒരിടത്ത് ഒരു രാത്രി മാത്രമേ സംന്യാസി വസിക്കാവൂ. കൂടുതൽ പാടില്ലല്ലോ?

ഉ:- ഇത് ഒട്ടൊരംശത്തിൽ നല്ലതാണ്. ഒരിടത്തു തന്നെപാർത്താൽ ലോകർക്ക് വലിയ ഉപകാരമൊന്നും ഉണ്ടാവുകയില്ല. ഒരു സ്ഥലത്തിനോട് വിശേഷാഭിനിവേശം ഉണ്ടാവുകയും രാഗദ്വേഷങ്ങൾ വർദ്ധിക്കുകയും ചെയ്യും. എന്നാൽ ഒരിടത്തു താമസിക്കുന്നതു കൊണ്ട് വിവിധ ഉപകാരങ്ങൾ ഉണ്ടാകുമെങ്കിൽ അങ്ങനെ ചെയ്യണം. ജനകമഹാരാജാവിന്റെയടുത്ത് പഞ്ചശിഖരവും മറ്റു സംന്യാസിമാരും ആണ്ടിൽ നന്നാലു മാസം വീതം വളരെക്കാലം വസിച്ചിരുന്നു. "ഏകരാത്രീം വസേത് ഗ്രാമേ"[10] എന്നത് ഇക്കാലത്തെ കപടസംന്യാസിമാരുടെ സൃഷ്ടിയാണ്. അക്കൂട്ടർ ഒരിടത്ത് അധികകാലം താമസിക്കുന്ന പക്ഷം അവരുടെ പൊള്ളത്തരം വെളിവാകും. അവർക്കധികം വളരുവാൻ അസാദ്ധ്യമാകും.

ചോ:- "യതീനാം കാഞ്ചനം ദദ്യാത്താംബൂലം ബ്രഹ്മചാരിണാം. ചൗരാണാമഭയം ദദ്യാത്സ നരോനരകം വ്രജേത്''।[11] സംന്യാസിമാർക്ക് സ്വർണം ദാനം ചെയ്യുന്നവൻ നരകം പ്രാപിക്കുമെന്നല്ലേ ഇതിനർത്ഥം?

ഉ:- വർണാശ്രമവിരോധികളായ സമ്പ്രദായികളും സ്വാർത്ഥക്കടലുകളായ പൗരാണികരും കൂടി എഴുതി വിട്ടതാണിത്. സംന്യാസിമാർക്ക് പണം കിട്ടിയാൽ തങ്ങളെ എതിർക്കുവാൻ അവർ ശക്തിമാന്മാരാകുമെന്നും അവർ തങ്ങളെ നശിപ്പിക്കുമെന്നും, സംന്യാസിമാർ തങ്ങൾക്കധീനരായിരിക്കയാണ് നല്ലതെന്നും അവർ കരുതുന്നു. ഭിക്ഷാദികളെല്ലാം തങ്ങളുടെ അധീനത്തിലായാൽ സംന്യാസിമാർ ഭയപ്പെടും. മൂഢർക്കും സ്വാർത്ഥികൾക്കും ദാനം ചെയ്യുന്നതു നല്ലതാണെങ്കിൽ പഠിപ്പുള്ള പരോപകാരികളായ സംന്യാസിമാർക്ക് ദാനം നൽകുന്നതിൽ ഒരു ദോഷവുമില്ല. **വിവിധാനിച രത്നാനി വിവിക്തേഷൂപപാദയേത്.**[12] എന്നാണു മനുവചനം, വിവിധരത്നങ്ങളും സ്വർണവും ധനവും വിവക്തന്മാർക്ക് -സംന്യാസിമാർക്ക്- കൊടുക്കണം എന്നർത്ഥം. കൂടാതെ നിങ്ങൾ പറഞ്ഞത് അർത്ഥമില്ലാത്തതാണുതാനും. സംന്യാസിമാർക്കു സ്വർണം കൊടുക്കുന്ന ദാതാവ് നരകത്തിൽ പോകുമെങ്കിൽ വെള്ളി, മുത്ത്, വജ്രം മുതലായവ കൊടുക്കുന്നവൻ സ്വർഗത്തിൽ പോകുമോ?

ചോ:- മുമ്പേ ചൊല്ലിയ ശ്ലോകത്തിൽ പിശകു

10 നാരദ - പരിവ്രാജക ഉപനിഷത്തിൽ 4/14, ഗൗതമ ധർമസൂത്രം 3 11, സംന്യാസോപനിഷത്ത് എന്നീ അപ്രാമാണിക ഗ്രന്ഥങ്ങളിൽ ഈ വചനം കാണാം.

11 211-ാം പേജിലെ 10-ാമത്തെ അടിക്കുറിപ്പ് നോക്കുക.

12 ലഘുപരാശരസ്മൃതി 1/51 മായി താരതമ്യം ചെയ്യുക.:- **യതയേ കാഞ്ചനം ദത്വാതാംബൂലം ബ്രഹ്മചാരിണേ ചൗരേഭ്യോfപഭയം ദത്വാ ദാതാ fപി നരകം വ്രജേത്.** 12 മനു. 7, 6. **ധനാനിതു യഥാശക്തി വിപ്രേഷു പ്രതിപാദയേത്. വേദവിത്സുവിവിക്തേഷു പ്രേത്യ സ്വർഗം സമശ്നുതേ** ഇതുമായി താരതമ്യം ചെയ്യുക.

പറ്റിപ്പോയി. "യതി ഹസ്തേധനം ദദ്യാത്" എന്നതാണ് ശരി. സംന്യാസിയുടെ കൈയ്യിൽ പണം കൊടുക്കുന്നവൻ നരകത്തിലേക്കു പോകുമെന്നർത്ഥം.

ഉ:- ഇതും ഏതോ അക്ഷരവൈരി എഴുതിവച്ചതാണ്. പണം കൈയ്യിൽ കൊടുത്താൽ ദാതാവ് നരകത്തിൽ പോകുമെങ്കിൽ കാൽക്കലോ, കിഴികെട്ടിയോ വച്ചുകൊടുത്താൽ സ്വർഗത്തിലേക്കു പോകാമല്ലോ. ഈ പാഠഭേദമൊന്നും ശരിയല്ല. സംന്യാസി നിത്യവൃത്തിക്ക് ആവശ്യമായതിലധികം ധനം കൈവശം വയ്ക്കുന്ന പക്ഷം ചോരഭയം, അത്യാഗ്രഹം എന്നിവയുണ്ടാകുവാൻ സാധ്യതയുണ്ട്. എന്നാൽ വിദ്വാൻ അനുചിതമായതൊന്നും ചെയ്യുകയില്ല. അത്യാഗ്രഹത്തിൽ പെടുകയുമില്ല. എന്തെന്നാൽ അവൻ മുമ്പ് ബ്രഹ്മചര്യത്തിലോ, ഗൃഹസ്ഥാശ്രമത്തിലോ വച്ച് സുഖങ്ങളറിയുകയോ അനുഭവിക്കുകയോ ചെയ്തിട്ടുണ്ടാവും. ബ്രഹ്മചര്യത്തിൽ നിന്ന് സംന്യസിച്ചവൻ ഒരിക്കലും ഒന്നിലും ആസക്തനാകാത്ത പൂർണവിരക്തനായിരിക്കും.

ചോ:- ശ്രാദ്ധനാളിൽ സംന്യാസി വീട്ടിൽ വരികയോ വസിക്കുകയോ ചെയ്താൽ പിതൃക്കൾ ഓടിപ്പോകുമെന്നും നരകത്തിൽ വീഴുമെന്നും ലോകർ പറയുന്നു.

ഉ:- ഒന്നാമത്, മരിച്ചുപോയ പിതൃക്കൾ മടങ്ങിവരുന്നതും ഊട്ടുന്ന ശ്രാദ്ധം അവർക്കു കിട്ടുന്നതും അസംഭവ്യവും വേദത്തിനും യുക്തിക്കും വിരുദ്ധവുമാകയാൽ അസത്യമാണ്. വരാത്തവൻ ഓടിപ്പോകുന്നതെങ്ങനെ? ജീവാത്മാക്കൾ സ്വന്തം പാപപുണ്യങ്ങളനുസരിച്ച് ഈശ്വരീയ വ്യവസ്ഥയാൽ മരണാനന്തര ജന്മമെടുക്കുന്നതിനാൽ അവർ എങ്ങനെ വരും? ഇതും ഉദരനിമിത്തം ബഹുകൃതവേഷക്കാരായ പൗരാണികരുടെയും വൈരാഗികളുടെയും കെട്ടുകഥയാണ്. മരിച്ചവർക്കു ശ്രാദ്ധം ഊട്ടുന്നത് വേദാദിശാസ്ത്രങ്ങൾക്കു വിരുദ്ധമാകയാൽ സംന്യാസി ചെന്നാൽ അന്ധവിശ്വാസികൾ ഓടുമെന്നതു ശരിയാണ്.

ചോ:- ബ്രഹ്മചര്യത്തിൽ നിന്ന് സംന്യാസം സ്വീകരിക്കുന്നവന് ജീവിതം വിഷമകരമാകും. കാമവാസനയടക്കുന്നതും അതികഠിനമാണ്. അതിനാൽ ഗൃഹസ്ഥാശ്രമവും കഴിഞ്ഞ് സംന്യസിക്കുന്നതാണ് നല്ലത്.

ഉ:- ജീവിതം വിഷമകരവും, ഇന്ദ്രിയങ്ങൾ അടങ്ങുകയുമില്ലെങ്കിൽ ബ്രഹ്മചര്യത്തിൽ നിന്നു സന്യസിക്കരുത്. ഇന്ദ്രിയങ്ങളടക്കുവാൻ സമർത്ഥൻ എന്തുകൊണ്ടു സംന്യസിച്ചുകൂടാ? വിഷയാസക്തിയുടെ ദോഷങ്ങളും വീര്യസംരക്ഷണത്തിന്റെ ഗുണവും അറിയുന്നവർ ഒരിക്കലും വിഷയാസക്തന്മാരാവുകയില്ല. അവരുടെ വീര്യം അവരുടെ വിചാരമാകുന്ന അഗ്നിക്ക് ഇന്ധനമാകുന്നു. അതിൽ വിനിയോഗിക്കുന്നു. വൈദ്യന്റെയും ഔഷധങ്ങളുടെയും ആവശ്യം രോഗികൾക്കുള്ളത്ര, രോഗമില്ലാത്തവർക്കില്ല. അതുപോലെ വിദ്യ, ധർമം എന്നിവയുടെ പുരോഗതിയും ലോകോപകാരവുമാണ് തങ്ങളുടെ ജീവിതലക്ഷ്യമെന്നു കരുതുന്നവരാരും വിവാഹം ചെയ്യരുത്. പഞ്ചശിഖൻ മുതലായ പുരുഷന്മാരും ഗാർഗി തുടങ്ങിയ സ്ത്രീകളും അങ്ങനെയായിരുന്നു. സംന്യാസത്തിന് അധികാരികളല്ലാതെ അനധികാരികൾ സന്യസിക്കുന്നതുചിതമല്ല. അനധികാരികൾ സ്വയം അധഃപതിക്കും. അന്യരേയും അധഃപതിപ്പിക്കും. ചക്രവർത്തിയെ സമ്രാട്ട് (സാമന്തരുടെ രാജാവ്) എന്നു പറയുന്നതുപോലെ സന്യാസിയെ പരിവ്രാട് എന്നു പറയുന്നു. എന്നാൽ രാജാവ് തന്റെ നാട്ടിലും നാട്ടാർക്കും മാത്രമാണ് ആദരണീയൻ. സംന്യാസിയെയാകട്ടെ സർവത്ര പൂജിക്കുന്നു.

വിദ്വത്തം ച നൃപത്വം ച നൈവ തുല്യം കദാചന. സ്വദേശേ പൂജ്യതേ രാജാ വിദ്വാൻ സർവത്ര പൂജ്യതേ. ▯ [13]

ചാണക്യനീതിശാസ്ത്രത്തിലെ ശ്ലോകമാണിത്. വിദ്വാൻ രാജാവ് എന്നിവർ ഒരിക്കലും തുല്യരല്ല. കാരണം രാജാവിനെ തന്റെ രാജ്യത്തു മാത്രം ആദരിക്കുകയും സത്ക്കരിക്കുകയും ചെയ്യുമ്പോൾ വിദ്വാൻ സർവത്ര ബഹുമാനാദരങ്ങൾക്കു പാത്രമാകുന്നു.

അതിനാൽ വിദ്യാഭ്യാസം, സുശിക്ഷിതത്വം ബലം എന്നിവ സമ്പാദിക്കുന്നതിന് ബ്രഹ്മചര്യവും, നല്ലതും ശ്രേഷ്ഠവുമായതെല്ലാം സാധിക്കുവാൻ ഗൃഹസ്ഥാശ്രമവും, മനനം, ധ്യാനം വിജ്ഞാനാഭിവൃദ്ധി എന്നിവയ്ക്കും, തപസനുഷ്ഠിക്കാനുമായി വാനപ്രസ്ഥാശ്രമവും, വേദാദിസത്യശാസ്ത്രങ്ങളുടെ പ്രചാരം, ദുഷ്ടകൃത്യങ്ങൾ ത്യജിച്ച് ധാർമികവൃത്തികൾ സ്വീകരിക്കുക, സത്യോപദേശത്തിൽ എല്ലാവരുടെയും സംശയനിവൃത്തി വരുത്തുക എന്നിവയ്ക്കായി സംന്യാസാശ്രമവും വിധിച്ചിരിക്കുന്നു. എന്നാൽ സംന്യാസാശ്രമത്തിന്റെ

13 ചാണക്യശതകം 3

മുഖ്യധർമമായ സത്യോപദേശാദികൾ ചെയ്യാത്തവർ പതിതരും നരകഗാമികളുമാകും. അതിനാൽ സംന്യാസിമാരെല്ലാം സത്യമുപദേശിച്ച് സംശയനിവൃത്തി വരുത്തിക്കൊടുത്ത്, വേദാദിസത്യശാസ്ത്രങ്ങൾ പഠിപ്പിച്ച്, വൈദികധർമത്തെ പോഷിപ്പിച്ച് ലോകത്തിനെല്ലാം ശ്രേയസ്സു വരുത്തണം.

ചോ:- സംന്യാസിമാരിൽ നിന്നു ഭിന്നരും സാമി, വൈരാഗി, യോഗി, ഗോസായി തുടങ്ങിയ പേരുകളുള്ളവരും സംന്യാസാശ്രമത്തിൽ ഉൾപ്പെട്ടവരാണോ?

ഉ:- അല്ല. അവരിൽ സംന്യാസത്തിന്റെ ലക്ഷണമൊന്നുമില്ലല്ലോ. വേദവിരുദ്ധമായി പ്രവർത്തിക്കുകയും തങ്ങളുടെ മതാചാര്യന്മാരുടെ വാക്കുകളെ വേദത്തിലുപരി ബഹുമാനിക്കുകയും ചെയ്യുന്ന അവർ തങ്ങളുടെ മതത്തെ മാത്രം പ്രശംസിക്കുകയും അസത്യജാലത്തിൽ പെട്ട് സ്വാർത്ഥം നേടുവാൻ മറ്റുള്ളവരെ തങ്ങളുടെ മതത്തിൽ അകപ്പെടുത്തുകയും ചെയ്യുന്നു. ലോകനന്മ വരുത്തുന്നതു പോകട്ടെ; ലോകരെ വഞ്ചിച്ച് അധഃപതിപ്പിച്ച് അവർ സ്വാർത്ഥം നേടുന്നു. അതിനാൽ അവരെ സംന്യാസികളായി ഗണിക്കാവുന്നതല്ല. അവർ വലിയ സ്വാർത്ഥാശ്രമികളാണെന്നതിൽ സംശയലേശമില്ല. സ്വയം ധർമം അനുഷ്ഠിച്ച് മനുഷ്യവർഗത്തെ ധർമമാർഗത്തിൽ പ്രവർത്തിപ്പിച്ച്, ഇഹലോകത്തിലും പരലോകത്തിലും - ഈ ജന്മത്തിലും വരും ജന്മത്തിലും- സ്വർഗം അഥവാ സുഖം അനുഭവിക്കുകയും അന്യരെ അനുഭവിപ്പിക്കുകയും ചെയ്യുന്ന ധർമാത്മാക്കളാണ് സംന്യാസിമാരായ മഹാത്മാക്കൾ.

സംക്ഷിപ്തമായി സംന്യാസാശ്രമക്രമം ഇതാണ്. അടുത്തതിൽ രാജധർമവും പ്രജാധർമവും എഴുതാം.

ശ്രീമദ് ദയാനന്ദസ്വാമികളാൽ വിരചിതമായ
സത്യാർഥപ്രകാശത്തിൽ
വാനപ്രസ്ഥ-സംന്യാസാശ്രമ പ്രതിപാദകമായ
അഞ്ചാം സമുല്ലാസം കഴിഞ്ഞു.

theoriasamaj.org

൬

ആറാം സമുല്ലാസം

സത്യാർഥപ്രകാശം

രാജധർമം

അഥ രാജധർമം പ്രവക്ഷ്യാമഃ
ഇനി രാജധർമം വ്യാഖ്യാനിക്കുന്നു.

1. രാജധർമാന്പ്രവക്ഷ്യാമി യഥാവൃത്തോ ഭവേന്നൃപഃ. സംഭവശ്ച യഥാ തസ്യ സിദ്ധിശ്ച പരമാ യഥാ..

2. ബ്രാഹ്മം പ്രാപ്തേന സംസ്കാരം ക്ഷത്രിയേണ യഥാവിധി. സർവസ്യാസ്യ യഥാന്യായമ് കർത്തവ്യം പരിരക്ഷണമ്..(മനുസ്മൃതി 7. 1,2) [1]

നാലുവർണങ്ങൾ, നാല് ആശ്രമങ്ങൾ എന്നിവയുടെ ആചാരാനുഷ്ഠാനങ്ങളെപ്പറ്റി പറഞ്ഞതിനുശേഷം മനു ഋഷിമാരോട് രാജധർമങ്ങളേവയെന്നും രാജാവ് എപ്രകാരമായിരിക്കണമെന്നും പറയുന്നു. അങ്ങനെയൊരു രാജാവ് [2] എങ്ങനെയുണ്ടാകും. പരമസിദ്ധി എങ്ങനെ ഭവിക്കും എന്നെല്ലാം സർവവിധേനയും പറയുന്നു.(1)

പരമവിദ്വാൻ ബ്രാഹ്മണനാകുന്നതുപോലെ, വിദ്വാനും സുശിക്ഷിതനുമായ ക്ഷത്രിയൻ രാജ്യരക്ഷയെന്ന കർത്തവ്യം ന്യായാനുസൃതം യഥാവിധി ചെയ്യേണ്ടതാണ്. അതിന്റെ രീതി ഇപ്രകാരമാണ്.

(മൂന്നു സഭകൾ)

ത്രീണി രാജാനാ വിദഥേ പുരൂണി പരി
വിശ്വാനി ഭൂഷഥഃ സദാംസി. (ഋ. 3. 38. 6)

ഈശ്വരൻ ഉപദേശിക്കുന്നു:- **(രാജാനാ)** രാജാവും പ്രജകളും ചേർന്ന് **(വിദഥേ)** സുഖപ്രാപ്തിയും വിജ്ഞാനവൃദ്ധിയുണ്ടാകുന്നതുമായ രാജ-പ്രജാബന്ധമെന്ന വ്യവഹാരത്തിൽ **(ത്രീണി സദാംസി)** മൂന്ന് സഭകൾ അതായത് വിദ്യാര്യസഭ, ധർമാര്യസഭ, രാജാര്യസഭ എന്നിവ നിലവിൽവരുത്തി **(പുരൂണി)** അനേക പ്രകാരങ്ങളിൽ **(വിശ്വാനി)** പ്രജാബന്ധത്തിൽ വരുന്ന സമഗ്ര മനുഷ്യാദി ജീവജാലങ്ങളെയും **(പരിഭൂഷഥഃ)** സകലരീതിയിലും വിദ്യ, സ്വാതന്ത്ര്യം, ധർമം, സുശിക്ഷണം, ധനം മുതലായവയാൽ അലംകൃതരാക്കണം.

1. തം സഭാ ച സമിതിശ്ച സേനാ ച.

2. സഭ്യഃ സഭാം മേ പാഹി യേ ച സഭ്യാഃ സഭാസദഃ.. (അഥർവം 15.9.2.& 19.55.5)

(തമ്) ആ രാജധർമ്മത്തെ **(സഭാ ച)** മൂന്നു സഭകളും **(സമിതിശ്ച)** പ്രതിരോധാദികളുടെ വ്യവസ്ഥകളും **(സേനാ ച)** സൈന്യവും ചേർന്ന് പരിപാലിക്കണം. (1)

ഹേ **(സഭ്യ)** സഭയിൽ അംഗമാകാൻ യോഗ്യനായ മുഖ്യസഭാംഗമേ **(മേ)** എന്റെ **(സഭാം)** സഭയുടെ ധർമയുക്തമായ വ്യവസ്ഥകളെ **(പാഹി)** പാലിക്കുക, **(യേ ച സഭ്യാഃ സഭാ സദഃ)** കൂടാതെ സഭയ്ക്ക് യോഗ്യരായ സഭാംഗങ്ങളെല്ലാം സഭയുടെ വ്യവസ്ഥകളെ പാലിക്കേണ്ടതാണ്. എന്ന് രാജാവ് സഭാംഗങ്ങളോടാജ്ഞാപിക്കുന്നത് രാജാവിനും സഭാംഗങ്ങൾക്കും യോഗ്യമാണ്. (2)

ഏകാധിപത്യം പാടില്ല

ഒരാളിന് സ്വതന്ത്രമായ രാജ്യാധികാരം നല്കുവാൻ പാടില്ലെന്നാണ് ഇതിന്റെ താല്പര്യം. മറി

1 മനുസ്മൃതി 7.1.2.

2 ഭരണാധികാരിയെന്നർത്ഥം.

ച്ച്, സഭാപതിയായ രാജാവ്, രാജാവിനധീനമായ സഭ. സഭയ്ക്കധീനനായ രാജാവ് പ്രജകൾക്കധീനമായ രാജാവും സഭയും രാജാവിനും സഭയ്ക്കും അധീനരായ പ്രജകൾ എന്നതല്ല രീതിയെങ്കിൽ-

"രാഷ്ട്രമേവ വിശ്യാഹന്തി തസ്മാദ്രാഷ്ട്രീ വിശം ഘാതുകഃ. വിശമേവ രാഷ്ട്രായാദ്യാം കരോതി തസ്മാദ്രാഷ്ട്രീ വിശമത്തി ന പുഷ്ടമ് പശും മന്യത ഇതി".. (ശത. 13. 2.3)

പ്രജകളിൽ നിന്നു സ്വതന്ത്രരായി തന്നിഷ്ടക്കാരായ രാജവർഗ്ഗം വർത്തിച്ചാൽ **(രാഷ്ട്രമേവ വിശ്യാഹന്തി)** രാജ്യത്തിൽ പ്രവേശിച്ച് പ്രജകളെ നശിപ്പിക്കും. അതിനാൽ ഏകാധിപതിയായ രാജാവ് താന്തോന്നിയും ഉന്മത്തനുമായി **(രാഷ്ട്രീ വിശമ് ഘാതുകഃ)** പ്രജകളുടെ ഘാതകനായിത്തീരും. അതായത് **(വിശമേവ രാഷ്ട്രായാദ്യാമ് കരോതി)** ആ രാജാവ് പ്രജകളെ ഭക്ഷിച്ചുകളയും -അത്യന്തം പീഡിപ്പിക്കും. അതിനാൽ ആരെയും സ്വേച്ഛാധികാരിയാക്കരുത്. **(ന പുഷ്ടം പശും മന്യതേ)** സിംഹമോ അല്ലെങ്കിൽ മാംസഭുക്കായ മറ്റു വല്ല മൃഗമോ തടിച്ചുകൊഴുത്ത പശുവിനെ കൊന്നുതിന്നുന്നതുപോലെ **(രാഷ്ട്രീ വിശമത്തി)** സ്വതന്ത്രനായ രാജാവ് പ്രജകളെ നശിപ്പിക്കുന്നു. തന്നേക്കാളധികം നന്നാവാൻ മറ്റാരെയും അനുവദിക്കാതെ സമ്പന്നന്മാരുടെ കൈവശമുള്ളതു മുഴുവനും അവരെ ഞെക്കിപ്പിഴിഞ്ഞും തട്ടിപ്പറിച്ചും അന്യായമായി പിഴയിട്ടും അപഹരിച്ച് സ്വാർത്ഥം നേടും അതിനാൽ:-

ഇന്ദ്രോ ജയാതി ന പരാ ജയാതാ അധി രാജോ രാജസു രാജയാതൈ. ചർകൃത്യ ഈഡ്യോ വന്ദ്യശ്ചോപസദ്യോ നമസ്യോ ഭവേഹ..[] [3]

മനുഷ്യരെ! ആര് **(ഇഹ)** ഈ മനുഷ്യസമുദായത്തിൽ **(ഇന്ദ്രഃ)** പരമൈശ്വര്യവാനായി ശത്രുക്കളെ **(ജയാതി)** ജയിക്കുവാൻ ശക്തനാകുന്നുവോ ആരെ **(ന പരാജയാതൈ)** എതിരാളികൾ തോല്പിക്കുന്നില്ലയോ **(രാജസു അധിരാജഃ)** രാജാധിരാജനായി **(രാജയാതൈ)** വിളങ്ങുന്നുവോ ആര് **(ചർകൃത്യ)** സഭാപതിയായിരിക്കാൻ ഏറ്റവും യോഗ്യതയുള്ളവനും **(ഈഡ്യഃ)** പ്രശംസനീയമായ ഗുണകർമസ്വഭാവങ്ങളോടു കൂടിയവനും **(വന്ദ്യഃ)** സല്ക്കാരയോഗ്യനും **(ച ഉപസദ്യഃ)** ശരണയോഗ്യനും **(നമസ്യഃ)** എല്ലാവർക്കും മാന്യനും **(ഭവേഹ)** ആയിരിക്കുന്നുവോ അയാളെയാണ് സഭാപതിയായ രാജാവായി അവരോധിക്കേണ്ടത്.

ഇമം ദേവാ ഽസപത്രങ്സുവധ്യം മഹതേ ക്ഷത്രായ മഹതേ ജ്യൈഷ്ഠ്യായ മഹതേ ജാനരാജ്യായേന്ദ്രസ്യേന്ദ്രിയായ. (യജുഃ. 9. 40)

(ദേവാഃ) വിദ്വാന്മാരേ രാജാവേ പ്രജകളേ നിങ്ങൾ **(ഇമം)** ഇപ്രകാരമുള്ള പുരുഷനെ **(മഹതേക്ഷത്രായ)** വലിയ ചക്രവർത്തിയായി വാഴുവാനും **(മഹതേജ്യൈഷ്ഠ്യായ)** എല്ലാവരേക്കാളും മഹാനായിരിക്കാനും **(മഹതേ ജാനരാജ്യായ)** മഹാവിദ്വാന്മാരോടു കൂടിയ രാജ്യത്തെ പരിപാലിക്കാനും **(ഇന്ദ്രസ്യേന്ദ്രിയായ)** ഏറ്റവും ഐശ്വര്യമുള്ള രാജ്യത്തേയും സമ്പത്തിനേയും രക്ഷിക്കുവാനുമായി **(അസപത്രങ്സുവധ്യം)** സമ്മതിച്ച് പക്ഷപാതരഹിതനും വിദ്യാവിനയാദിയുക്തനും സകല ജനങ്ങളുടെയും സുഹൃത്തും സഭാപതിയും എല്ലാറ്റിനും അധിപതിയുമായ രാജാവായി അവരോധിച്ചു ലോകം മുഴുവനും ശത്രുരഹിതരാക്കിത്തീർക്കുവിൻ!

സദാ സന്നദ്ധമായ സൈന്യം

സ്ഥിരാ വഃ സന്ത്വായുധാ പരാണുദേ വീളൂ ഉത പ്രതിഷ്കഭേ. യുഷ്മാകമസ്തു തവിഷീ പനീയസീ മാ മർത്യസ്യ മായിനഃ.. (ഋ. 1. 39. 2)

ഈശ്വരൻ ഉപദേശിക്കുന്നു:- ഹേ രാജപുരുഷന്മാരേ **(വഃ)** നിങ്ങളുടെ **(ആയുധാ)** ആഗ്നേയം മുതലായ അസ്ത്രങ്ങൾ, പീരങ്കി, തോക്ക്, വില്ല്, അമ്പ്, വാള്, തുടങ്ങിയ ആയുധങ്ങൾ ശത്രുക്കളെ **(പരാണുദേ)** തോല്പിക്കുവാനും **(ഉത പ്രതിഷ്കഭേ)** തടുത്തു നിർത്തുവാനും **(വീളൂ)** കൊള്ളാമെന്ന് പ്രശംസിതവും **(സ്ഥിരാ)** ഉറപ്പുള്ളതും **(സന്തു)** ആയിരിക്കട്ടെ. **(യുഷ്മാകം)** നിങ്ങളുടെ **(തവിഷീ)** സൈന്യം **(പനീയസീ)** പ്രശംസനീയം **(അസ്തു)** ആകട്ടെ. അവയുടെ സഹായം കൊണ്ടു നിങ്ങൾ സദാ വിജയികളാകുവിൻ. എന്നാൽ, **(മാ മർത്യസ്യ മായിനഃ)** ആര് അന്യായവും നിന്ദ്യവുമായ പ്രവൃത്തികൾ ചെയ്യുന്നുവോ അവന് മുൻപറഞ്ഞ പദാർത്ഥങ്ങളൊന്നും ലഭിക്കാതിരിക്കട്ടെ. മനുഷ്യർ ധർമിഷ്ഠരായിരിക്കുമ്പോൾ മാത്രമേ രാജ്യത്തിന് അഭിവൃദ്ധി ഉണ്ടാവൂ. ദുരാചാരികളുടെ രാജ്യം നശിച്ചുപോകുന്നു.

അതിനാൽ വലിയ വിദ്വാന്മാരെ ധർമസഭയുടെ അധികാരികളായും പ്രശംസിക്കത്തക്ക ധർമനിഷ്ഠയോടു കൂടിയവരെ രാജസഭയുടെ സദസ്യരായും അവരിലെല്ലാറ്റിലും വച്ച് സർവോത്കൃഷ്ടമായ ഗുണകർമസ്വഭാവങ്ങളോടു കൂടിയ മഹാപുരുഷനെ ആ രാജസഭയുടെ അധിപതിയായും നിയ

3 അഥർവം 6.10.98.1



മിച്ച് സർവത്ര അഭിവൃദ്ധി നേടുക. നയസംബന്ധമായ നിയമങ്ങൾ മൂന്നുസഭകളുടെയും സമ്മതത്തോടുകൂടി ഏറ്റവും നന്നായി നിർമിക്കുകയും ജനങ്ങളെല്ലാം ആ നിയമങ്ങൾ അനുസരിച്ചു പ്രവർത്തിക്കുകയും വേണം. പൊതുനന്മയ്ക്കുതകുന്ന കാര്യങ്ങൾ ചെയ്യാൻ ഏവരും സമ്മതിക്കണം. സർവഹിതകരമായ കാര്യങ്ങളിൽ തൻകാര്യം നോക്കരുത്. ധർമയുക്തമായ സ്വന്തം കാര്യങ്ങളിൽ മാത്രമേ സ്വാതന്ത്ര്യം പാടുള്ളൂ.

സഭാപതിയുടെ ഗുണങ്ങൾ

രാജസഭയുടെ അധിപതിക്കുണ്ടാകേണ്ട ഗുണങ്ങൾ എന്തെല്ലാമെന്നു പറയുന്നു:-

1. ഇന്ദ്രാനിലയമാർകാണാമഗ്നേശ്ച വരുണസ്യ ച. ചന്ദ്രവിത്തേശയോശ്ചൈവ മാത്രാ നിർഹൃത്യ ശാശ്വതീഃ..

2. തപത്യാദിത്യവച്ചൈഷ ചക്ഷൂംഷി ച മനാംസി ച. ന ചൈനം ഭുവി ശക്നോതി കശ്ചിദപ്യഭിവീക്ഷിതുമ്..

3. സോfഗ്നിർഭവതി വായുശ്ച സോfർക സോമഃ സ ധർമരാട്. സ കുബേരഃ സ വരുണഃ സ മഹേന്ദ്രഃ പ്രഭാവതഃ.. (മനു. 7-4, 6, 7)

1. സഭാപതിയായ രാജാവ് ഇന്ദ്രനെപ്പോലെ-മിന്നൽപോലെ- അതിവേഗത്തിൽ ഐശ്വര്യങ്ങളെ ഉളവാക്കുന്നവനും എല്ലാവർക്കും വായുവിനെപ്പോലെ പ്രാണപ്രിയനും എല്ലാവരുടെയും മനോഗതങ്ങളറിയുന്നവനും ന്യായാധിപതിയായ യമനെപ്പോലെ പക്ഷപാതമെന്യേ പെരുമാറുന്നവനും സൂര്യനെപ്പോലെ ന്യായം വിദ്യ ധർമ്മം എന്നിവയെ പ്രകാശിപ്പിച്ച് അവിദ്യ അന്യായാദി അന്ധകാരങ്ങൾ അകറ്റുന്നവനും അഗ്നിയെപ്പോലെ ദുഷ്ടന്മാരെ ഭസ്മമാക്കുന്നവനും വരുണനേപ്പോലെ ദുഷ്ടന്മാരെ അനേകവിധത്തിൽ ബന്ധിക്കുന്നവനും ചന്ദ്രനെപ്പോലെ സജ്ജനങ്ങൾക്ക് ആനന്ദം ഉളവാക്കുന്നവനും വൈശ്രവണനെപ്പോലെ ഖജനാവ് നിറയ്ക്കുന്നവനും ആയിരിക്കണം.

2. സൂര്യതുല്യപ്രതാപിയും എല്ലാവരുടെയും ബഹിരന്തരംഗങ്ങളെ സ്വന്തം തേജസ്സുകൊണ്ട് തപിപ്പിക്കുന്നവനും മന്നിലുള്ള മനുഷ്യരിലാർക്കും ക്രൂരദൃഷ്ടി പതിപ്പിക്കാത്തവനും...

3. സ്വപ്രഭാവത്താൽ അഗ്നി, വായു, സൂര്യൻ, ചന്ദ്രൻ എന്നിവരെപ്പോലെ വിളങ്ങുന്നവനും ധർമിഷ്ഠനും സമ്പത്തിനെ വർദ്ധിപ്പിക്കുന്നവനും ദുഷ്ടന്മാരെ ബന്ധിക്കുന്നവനും വളരെ ഐശ്വര്യമുള്ളവനുമായ ആളിനാണ് സഭയുടെ അദ്ധ്യക്ഷനായിരിക്കാൻ യോഗ്യതയുള്ളത്.

യഥാർഥ ഭരണാധിപൻ ആര്?

1. സ രാജാ പുരുഷോ ദണ്ഡഃ സ നേതാ ശാസിതാ ച സഃ. ചതുർണാമാശ്രമാണാം ച ധർമസ്യ പ്രതിഭൂഃ സ്മൃതഃ..

2. ദണ്ഡഃ ശാസ്തി പ്രജാഃ സർവാ ദണ്ഡ ഏവാഭിരക്ഷതി. ദണ്ഡഃ സുപ്തേഷു ജാഗർതി ദണ്ഡം ധർമം വിദുർബുധാഃ..

3. സമീക്ഷ്യ സ ധൃതഃ സമ്യക്സർവാ രഞ്ജയതി പ്രജാഃ. അസമീക്ഷ്യ പ്രണീതസ്തു വിനാശയതി സർവതഃ..

4. ദുഷ്യേയുഃ സർവവർണാശ്ച ഭിദ്യേരന് സർവസേതവഃ. സർവലോകപ്രകോപശ്ച ഭവേദ്ദണ്ഡസ്യ വിഭ്രമാത്..

5. യത്ര ശ്യാമോ ലോഹിതാക്ഷോ ദണ്ഡശ്ചരതി പാപഹാ. പ്രജാസ്തത്ര ന മുഹ്യന്തി നേതാ ചേത്സാധു പശ്യതി..

6. തസ്യാഹുഃ സംപ്രണേതാരം രാജാനമ് സത്യവാദിനമ്. സമീക്ഷ്യകാരണം പ്രാജ്ഞമ് ധർമകാമാർഥകോവിദമ്..

7. തം രാജാ പ്രണയന്സമ്യക് ത്രിവർഗേണാഭിവർധതേ. കാമാത്മാ വിഷമഃ ക്ഷുദ്രോ ദണ്ഡേനൈവ നിഹന്യതേ..

8. ദണ്ഡോ ഹി സുമഹത്തേജോ ദുർധരശ്ചാകൃതാത്മഭിഃ. ധർമാദ്വിചലിതം ഹന്തി നൃപമേവ സബാന്ധവമ്..

9. സോfസഹായേന മൂഢേന ലുബ്ധേനാകൃതബുദ്ധിനാ. ന ശക്യോ ന്യായതോ നേതും സക്തേന വിഷയേഷു ച..

10. ശുചിനാ സത്യസന്ധേന യഥാശാസ്ത്രാനുസാരിണാ. പ്രാണേതും ശക്യതേ ദണ്ഡഃ സുസഹായേന ധീമതാ.. (മനു. 7.17-19, 24-28, 30, 31.)

1. പുരുഷസ്വരൂപിയായിട്ടുള്ള ദണ്ഡം[4] തന്നെയാണ് രാജാവ് ന്യായം നടത്തുന്നതും എല്ലാവരേയും ശാസിക്കുന്നതും നാലു വർണ്ണങ്ങളുടേയും നാലാശ്രമങ്ങളുടെയും ധർമരക്ഷണം ചെയ്യുന്നതും അവൻതന്നെയാണ്.

2. ആ ദണ്ഡം തന്നെയാണു പ്രജകളെ ശാസിക്കുന്നതും രക്ഷിക്കുന്നതും; പ്രജകൾ ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്നതും ആ ദണ്ഡം

4 ദണ്ഡം എന്ന വാക്കിന് ദണ്ഡിപ്പിക്കൽ എന്നല്ല ഇവിടുത്തെ അർഥം. ഭരണഘടനയിലെ നിയമങ്ങളുടെ പരിപാലനവും അവ ലംഘിക്കുന്നവർക്കുള്ള ശിക്ഷയും കൂടി ച്ചേരുന്നതെന്തോ അതത്രേ ദണ്ഡം.

തന്നെ; അതിനാൽ ബുദ്ധിമാന്മാർ ദണ്ഡത്തെ ധർമമെന്നു പറയുന്നു.

3. അവധാന പൂർവ്വം പ്രയോഗിച്ചാൽ സകലർക്കും ആനന്ദദായകവും അനവധാനതയോടെ പ്രയോഗിച്ചാൽ രാജാവിനെ എല്ലാ വിധത്തിലും നശിപ്പിക്കുന്നതുമാണ് ദണ്ഡം.

4. ദണ്ഡമില്ലെങ്കിൽ സകലരും ദുഷിച്ചു പോകും; രാജ്യമര്യാദകൾ ഛിന്നഭിന്നമാകും. ജനങ്ങൾ പ്രക്ഷുബ്ധരാകും.

5. കറുത്തിരുണ്ട ശരീരവും ചുകന്ന കണ്ണുകളുമുള്ള ഒരു ഭയങ്കര പുരുഷനെപ്പോലെ ദണ്ഡം പാപങ്ങളെ നശിപ്പിച്ചുകൊണ്ട് സഞ്ചരിക്കുന്നിടത്തെ പ്രജകൾ പരിഭ്രമം കൂടാതെ സുഖമായി വസിക്കുന്നു. പക്ഷേ ദണ്ഡം പ്രയോഗിക്കുന്നവൻ പക്ഷപാതരഹിതനും വിദ്വാനുമായിരിക്കണം.

6. സത്യവാദിയും ആലോചനാശീലനും ബുദ്ധിമാനും ധർമാർഥ കാമങ്ങളെ നേടുന്നതിൽ സമർഥനുമായ രാജാവിനെയാണ് ശരിയായ ദണ്ഡപ്രയോക്താവെന്നു വിദ്വാന്മാർ പറയുന്നത്.

7. ദണ്ഡത്തെ ശരിയാംവണ്ണം പ്രയോഗിക്കുന്ന രാജാവ് ധർമാർഥകാമങ്ങളുടെ സിദ്ധിയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വിഷയ സുഖത്തിൽ അത്യാസക്തനും കുടില സ്വഭാവിയും ഈർഷ്യാലുവും ക്ഷുദ്രമനസ്കനും നീചബുദ്ധിയുമാണ് ന്യായാധിപതിയായ രാജാവെങ്കിൽ ദണ്ഡത്താൽ അയാൾ നശിക്കുന്നു.

8. തേജസ്സിയന്ന ദണ്ഡത്തെ കൈക്കൊള്ളുവാൻ വൈദുഷ്യവും ധർമ്മനിഷ്ഠയുമില്ലാത്തവർക്കു സാധിക്കുകയില്ല. ധർമരഹിതനായ രാജാവിനെ തറവാടോടുകൂടി അത് നശിപ്പിച്ചു കളയും.

9. എന്തെന്നാൽ, ആപ്തപുരുഷന്മാരുടെ സഹായം, വിദ്യാഭ്യാസം, സുശിക്ഷണം എന്നിവയൊന്നുമില്ലാത്തവനും വിഷയാസക്തനും മൂഢനുമായിട്ടുള്ളവന്നു ന്യായമായ വിധത്തിൽ ദണ്ഡം നടത്തുവാനുള്ള സാമർത്ഥ്യം ഒരിക്കലും ഉണ്ടാവുകയില്ല.

10. പവിത്രാത്മാവും സത്യനിഷ്ഠനും സജ്ജനസംസർഗം ചെയ്യുന്നവനും നീതിശാസ്ത്രമനുസരിച്ച് പ്രവർത്തിക്കുന്നവനും ശ്രേഷ്ഠപുരുഷന്മാരുടെ സഹായത്തോടുകൂടിയവനും ബുദ്ധിമാനുമായിട്ടുള്ളവനു മാത്രമേ ന്യായമായി ദണ്ഡപ്രയോഗ സാമർഥ്യമുണ്ടാകൂ. അതിനാൽ:-

1. സൈനാപത്യം[5] ച രാജ്യം ച ദണ്ഡനേതൃത്വമേവ ച. സർവലോകാധിപത്യം ച വേദശാസ്ത്രവിദർഹതി..

2. ദശാവരാ വാ പരിഷദ്യം ധർമം പരികല്പയേത്. ത്രyവരാ വാപി വൃത്തസ്ഥാ തം ധർമം ന വിചാലയേത്..

3. ത്രൈവിദ്യോ ഹൈതുകസ്തർകീ നൈരുക്തോ ധർമപാഠകഃ. ത്രയശ്ചാശ്രമിണഃ പൂർവേ പരിഷത്സ്യാദ്ദശാവരാ..

4. ഋഗ്വേദവിദ്യജുർവിച്ച സാമവേദവിദേവ ച. ത്രyവരാ പരിഷജ്ഞേയാ ധർമസംശയനിർണയേ..

5. ഏകോപി *f*വേദവിദ്ധർമം യം വ്യവസ്യേദ് ദ്വിജോത്തമഃ. സ വിജ്ഞേയഃ പരോ ധർമോ നാജ്ഞാനാമുദിതോ*f*യുതൈഃ..

6. അവ്രതാനാമമന്ത്രാണാം ജാതിമാത്രോപജീവിനാം. സഹസ്രശഃ സമേതാനാം പരിഷത്വമ് ന വിദ്യതേ..

7. യം വദന്തി തമോഭൂതാ മൂർഖാ ധർമമതദ്വിദഃ. തത്പാപം ശതധാ ഭൂത്വാ തദ്വക്തൃനീനനുഗച്ഛതി.. (മനുസ്മൃതി 12. 100, 110-115.)

1. സർവസൈന്യത്തിന്റെയും സേനാപതികളുടെയും ആധിപത്യം ശിക്ഷ നൽകുവാനുള്ള ഏർപ്പാടുകളുടെയെല്ലാം മേലധികാരം, എല്ലാവരുടെയും നായകത്വം, രാജ്യത്തിന്റെ അധികാരം എന്നിങ്ങനെയുള്ള നാലു മുഖ്യാധികാരങ്ങളിലും വേദശാസ്ത്രങ്ങളിൽ പ്രവീണന്മാരും പൂർണ വിദ്വാന്മാരും ജിതേന്ദ്രിയന്മാരും ധർമാത്മാക്കളും സദ്സ്വഭാവികളുമായവരെ നിയമിക്കണം. 6:- മുഖ്യസേനാപതി മുഖ്യന്യായാധിപതി, മുഖ്യരാജ്യാധികാരി, പ്രധാനൻ (രാജാവ്) എന്നിവരെല്ലാം സകല വിദ്യകളിലും പൂർണപാണ്ഡിത്യമുള്ളവരായിരിക്കണം.

2. കുറഞ്ഞപക്ഷം പത്തു വിദ്വാന്മാരോ ഏറ്റവും കുറഞ്ഞത് മൂന്നു വിദ്വാന്മാരോ അടങ്ങിയ സഭയിൽ തീരുമാനിക്കുന്ന വ്യവസ്ഥകളെ-ധർമവ്യവസ്ഥകളെ- ആരും ഉല്ലംഘിക്കരുത്.

3. ഈ സഭയിൽ നാലു വേദങ്ങൾ, ന്യായശാസ്ത്രം, നിരുക്തം, ധർമശാസ്ത്രം മുതലായവയിൽ നിപുണരായ വിദ്വാന്മാരാണു സദസ്യരാകേണ്ടത്. അവർ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം എന്നീ മൂന്നാശ്രമങ്ങളിലുള്ളവരായിരിക്കണം. സഭ കൂടുമ്പോൾ കുറഞ്ഞത് പത്തു വിദ്വാന്മാരുണ്ടായിരിക്കണം.

4. ഋക്ക്, യജൂസ്, സാമം എന്നീ മൂന്നു വേദ

5 മനുസ്മൃതിയിൽ 'സേനാപത്യം' എന്നാണ് പാഠം. എന്നാൽ ഗ്രന്ഥകാരന്റെ ഋഗ്ഭാഷ്യം 1 32.2 1.100-6 യജുർഭാഷ്യം 6.2 സംസ്കാരവിധി എന്നിവയിൽ സൈനാപത്യം എന്നു പ്രയോഗിച്ചിരിക്കുന്നു.

ങ്ങളും അറിയുന്ന മൂന്നു സദസ്യന്മാരടങ്ങിയ ഒരു സഭയിൽ ചെയ്യുന്ന വ്യവസ്ഥകളെ ആരും ഉല്ലംഘിക്കരുത്.

5. സകലവേദജ്ഞനായ ദ്വിജശ്രേഷ്ഠനും സന്യാസിയുമായ ഒരാൾ തീർച്ചപ്പെടുത്തുന്നത് സർവശ്രേഷ്ട ധർമമാകുന്നു. എന്തെന്നാൽ, അറിവില്ലാത്ത ആയിരമോ ലക്ഷമോ കോടിയോ പേർ ചേർന്ന് ചെയ്യുന്ന ധർമവ്യവസ്ഥ സ്വീകാര്യമേയല്ല.

6. ബ്രഹ്മചര്യം, സത്യഭാഷണം മുതലായ വ്രതങ്ങളും വേദാധ്യയനം, വേദാർഥ വിചാരം എന്നിവയൊന്നുമില്ലാത്തവരും ജനിച്ചപ്പോഴത്തേപ്പോലെ ഇപ്പോഴും ശൂദ്രരായിരിക്കുന്ന അനേകശതം പേർ കൂടിയാലും അതു സഭയല്ല.

7. വിദ്യാഭ്യാസമില്ലാത്ത, വേദമറിയാത്ത മൂഢന്മാർ പറയുന്ന ധർമത്തെ ഒരിക്കലും കൈക്കൊള്ളരുത്. എന്തെന്നാൽ മൂഢന്മാർ തീരുമാനിക്കുന്നതനുസരിക്കുന്നവരെ പാപങ്ങൾ പിന്നാലെ ചെന്നു പിടികൂടുന്നു.

അതിനാൽ മൂന്നു സഭകളിലും വിദ്യാസഭ, ധർമസഭ, രാജസഭ എന്നീ മൂന്നു സഭകളിലും മൂഢന്മാരെ ഒരിക്കലും നിയമിക്കരുത്; വിദ്വാന്മാരെയും ധാർമികരേയും മാത്രമേ നിയമിക്കാവൂ.

1. ത്രൈവിദ്യേഭ്യസ്ത്രയീം വിദ്യാം ദണ്ഡനീതിം ച ശാശ്വതീം. ആന്വീക്ഷികീം ചാത്മവിദ്യാം വാർതാരംഭാശ്ച ലോകതഃ..

2. ഇന്ദ്രിയാണാം ജയേ യോഗം സമാതിഷ്ഠേദ്ദിവാനിശമ്. ജിതേന്ദ്രിയോ ഹി ശക്നോതി വശേ സ്ഥാപയിതും പ്രജാഃ..

3. ദശ കാമസമുത്ഥാനി തഥാഷ്ടൗ ക്രോധജാനി ച. വ്യസനാനി ദുരന്താനി പ്രയത്നേന വിവർജയേത്..

4. കാമജേഷു പ്രസക്തോ ഹി വ്യസനേഷു മഹീപതിഃ. വിയുജ്യതേ/ർഥധർമാഭ്യാം ക്രോധജേഷ്വാത്മനൈവ തു..

5. മൃഗയാ/ക്ഷോ ദിവാസ്വപ്നഃ പരിവാദഃ സ്ത്രിയോ മദഃ. തൌര്യത്രികം വ്യർഥാട്യാ ച കാമജോ ദശകോ ഗണഃ..

6. പൈശുന്യം സാഹസം ദ്രോഹ ഈർഷ്യാസൂയാർഥദൂഷണമ്. വാഗ്ദണ്ഡജം ച പാരുഷ്യം ക്രോധജോ/പി ഗണോ/ഷ്ടകഃ..

7. ദ്വയോരപ്യേതയോർമൂലം യം സർവേ കവയോ വിദുഃ. തം യത്നേന ജയേല്ലോഭം തജ്ജാവേതാവുഭൌ ഗണൌ..

8. പാനമക്ഷാഃ സ്ത്രിയശ്ചൈവ മൃഗയാ ച യഥാക്രമമ്. ഏതത്കഷ്ടതമം വിദ്യാച്ചതുഷ്കമ് കാമജേ ഗണേ..

9. ദണ്ഡസ്യ പാതനം ചൈവ വാക്പാരുഷ്യാർഥദൂഷണേ. ക്രോധജേ/പി ഗണേ വിദ്യാത്കഷ്ടമേതത്ത്രികം സദാ..

10. സപ്തകസ്യാസ്യ വർഗസ്യ സർവത്രൈവാനുഷങ്ഗിണഃ. പൂർവം പൂർവം ഗുരുതരമ് വിദ്യാദ്വ്യസനമാത്മവാന്..

11. വ്യസനസ്യ ച മൃത്യോശ്ച വ്യസനം കഷ്ടമുച്യതേ. വ്യസന്യധോ/ധോ വ്രജതി സ്വര്യാത്യ വ്യസനീ മൃതഃ (മനു. 7. 43–53)

1. നാലുവേദങ്ങളിലുമുള്ള കർമകാണ്ഡം, ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം എന്നിവയറിയാവുന്നവരിൽ നിന്ന് സനാതനമായ ദണ്ഡനീതി, ന്യായശാസ്ത്രം, ആത്മവിദ്യ-പരമാത്മാവിന്റെ ഗുണകർമസ്വഭാവങ്ങളുടെ ജ്ഞാനമാകുന്ന ബ്രഹ്മവിദ്യ- എന്നീ മൂന്നു വിദ്യകളെയും ലോകത്തിൽ നിന്നു വാർത്താരംഭത്തേയും-ലൗകികവ്യവഹാരങ്ങളേയും- അഭ്യസിച്ചതിനു ശേഷം മാത്രമേ ഒരുവന് സദസ്യനോ സഭാപതിയോ ആയിത്തീരുവാൻ സാധിക്കുകയുള്ളൂ.

2. എല്ലാ സദസ്യന്മാരും സഭാപതികളും ഇന്ദ്രിയങ്ങളെ ജയിച്ചു സ്വാധീനപ്പെടുത്തി സദാ ധർമമാർഗത്തിൽ വർത്തിക്കുകയും അധർമത്തിൽ നിന്നു നിവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു. അതിനാൽ രാത്രിയും പകലും നിശ്ചിതസമയത്ത് യോഗാഭ്യാസവും കൂടി ശീലിക്കണം. ഇന്ദ്രിയങ്ങളെ മനസ്സ് പ്രാണൻ ശരീരം എന്നീ ആഭ്യന്തര പ്രജകളെ - ജയിച്ചിട്ടില്ലാത്ത ആളിന് ബാഹ്യപ്രജകളെ സ്വാധീനമാക്കുവാൻ സാധ്യമേയല്ല.

3. കാമംകൊണ്ടുണ്ടാകുന്ന പത്തും ക്രോധം കൊണ്ടുണ്ടാകുന്ന എട്ടും ദുഃഖസ്വഭാവങ്ങളെ പരിത്യജിക്കണം. അവയിലകപ്പെട്ട ആളിന് രക്ഷപ്പെടാൻ വിഷമമാണെങ്കിലും!

4. കാമജന്യമായ പത്തു ദുഃസ്വഭാവങ്ങളിൽ അകപ്പെടുന്ന രാജാവിന്റെ രാജ്യം സമ്പത്ത്, ധർമം എന്നിവയും ക്രോധജന്യമായ എട്ടു ദൂഷ്യങ്ങളിൽപ്പെടുന്ന രാജാവിന്റെ ശരീരവും നശിക്കുന്നു.

5. കാമംകൊണ്ടുണ്ടാകുന്ന ദൂഷ്യങ്ങൾ ഇവയാണ്. നായാട്ട്, ചൂതുകളി, പകലുറക്കം, കാമകഥ അല്ലെങ്കിൽ പരനിന്ദ, അത്യധികമായ സ്ത്രീസംഗം, മാദകദ്രവ്യങ്ങൾ,- മദ്യം, കറുപ്പ്, കഞ്ചാവു മുതലായവ -ശീലിക്കുക, പാട്ട്, കൊട്ട്, ആട്ടം എന്നിവ കേൾക്കുകയും കാണുകയും ചെയ്യുക, വ്യർഥാ അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരിക്കുക ഇങ്ങനെ പത്തു വ്യസനങ്ങൾ കാമോല്പന്നങ്ങ

ളാകുന്നു.

6. ക്രോധംകൊണ്ട് ഏഷണികൂട്ടുക, വിവേകമില്ലാതെയും ബലാൽക്കാരമായും പരസ്ത്രീകളോട് സംഗമിക്കുക, ദ്വേഷം പരോത്കർഷം കണ്ടുകൂടായ്മ, അസൂയ-ഗുണങ്ങളിൽ ദോഷത്തെയും ദോഷങ്ങളിൽ ഗുണത്തേയും ആരോപിക്കുക-ധർമവിരുദ്ധങ്ങളായ ദുഷ്പ്രവൃത്തികളിൽ ധനാദികൾ വ്യർഥാവ്യയം ചെയ്യുക, പരുഷവാക്കുകൾ പറയുക, തെറ്റു ചെയ്യാതെ കഠിനമായി ശിക്ഷിക്കുകയോ ശകാരിക്കുകയോ ചെയ്യുക ഈഎട്ടു ദോഷങ്ങൾ ഉണ്ടാകുന്നു.

7. കാമജങ്ങളും ക്രോധജങ്ങളുമായ ഇപ്പറഞ്ഞ ദൂഷ്യങ്ങളുടെയെല്ലാം മൂലകാരണം ലോഭമാണെന്നത്രേ വിദ്വജനങ്ങൾ പറയുന്നത്. ലോഭംകൊണ്ടാണ് സകലദോഷങ്ങളും മനുഷ്യന് ഉണ്ടാകുന്നത്. അതിനാൽ ലോഭം ത്യജിക്കണം.

8. കള്ള് മുതലായ ലഹരി പദാർഥങ്ങളെ ശീലിക്കുക, ചൂതുകളിക്കുക, അമിതമായി സ്ത്രീസംഗം ചെയ്യുക, നായാടുക, എന്നീ നാലു ദോഷങ്ങൾ കാമജങ്ങളായ ദൂഷ്യങ്ങളിൽ വച്ച് ഏറ്റവും ചീത്തയായിട്ടുള്ളതാണ്.

9. അപരാധം ചെയ്യാത്തവരെ ശിക്ഷിക്കുക, പരുഷവാക്കു പറയുക, സമ്പത്ത് അന്യായമായി ചെലവു ചെയ്യുക എന്നീ മൂന്നുദോഷങ്ങൾ ക്രോധജങ്ങളായ വ്യസനങ്ങളിൽ വച്ച് അത്യന്തം ദുഃഖപ്രദങ്ങളാകുന്നു.

10. കാമജങ്ങളും ക്രോധജങ്ങളുമായ ദൂഷ്യങ്ങളിൽ വച്ച് മഹാദോഷങ്ങളായി ഗണിക്കുന്ന ഏഴെണ്ണത്തിൽ വ്യർഥാ വ്യയത്തേക്കാൾ കഠോരവചനവും കഠോരഭാഷണത്തേക്കാൾ അന്യായദണ്ഡവും അന്യായദണ്ഡത്തേക്കാൾ നായാട്ടും നായാട്ടിനേക്കാൾ അമിതസ്ത്രീസംഗവും സ്ത്രീസംഗത്തേക്കാൾ ചൂതുകളിയും ചൂതുകളിയേക്കാൾ മദ്യാദിസേവയും അധികം ദോഷകരവും ഗുരുതരവും ആകുന്നു.

11. ദുഃസ്വഭാവങ്ങളിൽ പെടുന്നതിനേക്കാൾ ഭേദം മരണമാണ്. ദുരാചാരി ദീർഘകാലം ജീവിച്ചിരുന്നാൽ അധികം പാപം ചെയ്ത് അധോഗതിയെ -ദുഃഖത്തെ- പ്രാപിക്കും. സദാചാരി മരിച്ചാലും സുഖത്തെ പ്രാപിക്കുന്നു. അതിനാൽ സകലരും വിശേഷിച്ച് രാജാവ് നായാട്ട്, മദ്യപാനം മുതലായ ദുഷ്കർമങ്ങളിൽ ഒരിക്കലും പെട്ടുപോകാതെ അവയിൽ നിന്ന് അകന്നു നിന്ന് ധർമയുക്തങ്ങളായ ഗുണകർമസ്വഭാവങ്ങളോടു കൂടി സത്കർമങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കണം.

മന്ത്രിമാരുടെ യോഗ്യത

രാജസഭയിലുള്ള സദസ്യന്മാരും മന്ത്രിയും എങ്ങനെയുള്ളവരായിരിക്കണമെന്നു പറയുന്നു:-

1. മൌലാഞ്ചാസ്ത്രവിദഃ ശൂരാംല്ലബ്ധലക്ഷാന്കുലോദ്ഭവാന്. സചിവാന്സപ്ത ചാഷ്ടൌ വാ പ്രകുർവീത പരീക്ഷിതാന്..

2. അപി യത്സുകരം കർമ തദപ്യേകേന ദുഷ്കരമ്. വിശേഷതോ/സഹായേന കിന്തു രാജ്യം മഹോദയമ്..

3. തൈഃ സാർധം ചിന്തയേന്നിത്യം സാമാന്യമ് സന്ധിവിഗ്രഹമ്. സ്ഥാനം സമുദയം ഗുപ്തിം ലബ്ധപ്രശമനാനി ച.

4. തേഷാം സ്വം സ്വമഭിപ്രായമുപലഭ്യ പൃഥക് പൃഥക്. സമസ്താനാം ച കാര്യേഷു വിദധ്യാദ്ധിതമാത്മനഃ..

5. അന്യാനപി പ്രകുർവീത ശുചീന്പ്രജ്ഞാനവസ്ഥിതാന്. സമ്യഗർഥസമാഹർത്യൂ നമാത്യാന്സുപരീക്ഷിതാന്..

6. നിവർതേതാസ്യ യാവദ്ഭിരിതികർതവ്യതാന്യഭിഃ. താവതോ/തന്ദ്രിതാന്ദക്ഷാന്പ്രകുർവീത വിചക്ഷണാന്..

7. തേഷാമർഥേ നിയുഞ്ജീത ശൂരാന്ദക്ഷാന് കുലോദ്ഗതാന്. ശുചീനാകരകർമാന്തേ ഭീരൂനന്തർനിവേശനേ..

8. ദൂതം ചൈവ പ്രകുർവീത സർവശാസ്ത്രവിശാരദമ്. ഇംഗിതാകാരചേഷ്ടജ്ഞം ശുചിമ് ദക്ഷം കുലോദ്ഗതമ്..

9. അനുരക്തഃ ശുചീർദക്ഷഃ സ്മൃതിമാന്ദേശകാലവിത്. വപുഷ്മാന്വീതഭീരുരാഗ്മീ ദൂതോ രാജ്ഞഃ പ്രശസ്യതേ.. (മനു. 7. 54-57; 60-64)

1. സ്വരാജ്യത്തിൽ-സ്വദേശത്തിൽ ജനിച്ചിട്ടുള്ള വേദാദി ശാസ്ത്രങ്ങളറിയുന്ന പരാക്രമശാലികളും നിഷ്ഫലമാകാത്ത ചിന്തകളോടുകൂടിയവരും നല്ല കുലത്തിൽ പിറന്നവരും വേണ്ടും വണ്ണം പരീക്ഷിക്കപ്പെട്ടവരും സമർഥന്മാരുമായ ഏഴോ എട്ടോ ഉത്തമരായ പ്രഗത്ഭരെ സചിവന്മാരായി - മന്ത്രിമാരായി - നിയമിക്കണം.

2. എന്തെന്നാൽ, പരസഹായമെന്യേ വേഗം ചെയ്യാൻ കഴിയുന്ന കാര്യം പോലും ഏകാകിയായി ചെയ്യുമ്പോൾ ദുഷ്കരമാകുന്നു. അപ്പോൾ ഏകാകിയായി മഹത്തായ രാജകാര്യം നടത്തുവാൻ എങ്ങനെ സാധിക്കും? അതിനാൽ ഒരാളിനെ രാജാവായി നിയമിച്ച് രാജ്യഭാരം മുഴുവനും ഏല്പിക്കുന്നത് അനാശാസ്യമാകുന്നു.

3. അതിനാൽ സഭാപതിയായ രാജാവ് രാജ്യ



കാര്യങ്ങളിൽ കുശലന്മാരും വിദ്വാന്മാരുമായ മന്ത്രിമാരോടുകൂടി **(സന്ധി)** മൈത്രി **(വിഗ്രഹം)** ശത്രുത **(സ്ഥാനം)** സമയമറിഞ്ഞ് സ്വരാജ്യത്തെ രക്ഷിച്ച് ഉദാസീനനായി സ്ഥിതിചെയ്യുക. **(സമുദയം)** സ്വന്തബലം വർദ്ധിക്കുമ്പോൾ ദുഷ്ടശത്രുക്കളെ ആക്രമിക്കുക, **(ഗുപ്തി)** സൈന്യം, ഖജനാവ് മുതലായവ രക്ഷിക്കുക, **(ലബ്ധപ്രശമനം)** കീഴടക്കിയ നാടുകളിൽ സമാധാനം പുലർത്തുക എന്നീ ആറു വിഷയങ്ങൾ നിത്യവും നിരീക്ഷിക്കണം.

4. സദസ്യരിൽ ഓരോരുത്തരുടെയും അഭിപ്രായങ്ങളും വിചാരങ്ങളും ചോദിച്ചറിഞ്ഞ് ഭൂരിപക്ഷപ്രകാരം സ്വന്തവും അന്യരുടെയും ശ്രേയസ്സിനു തകുന്ന പ്രവൃത്തികൾ സുചിന്തിതമായി ചെയ്തു തുടങ്ങണം.

5. പരിശുദ്ധാത്മാക്കളും ബുദ്ധിമാന്മാരും സ്ഥിരചിത്തന്മാരും പദാർത്ഥ സംഗ്രഹചതുരരും ആയവരെ നല്ലവണ്ണം പരീക്ഷിച്ചുനോക്കി മന്ത്രിമാരായി നിയമിക്കേണ്ടതാണ്.

6. നാട്ടുകാര്യനടത്തിപ്പിനാവശ്യമുള്ളത്ര ഉത്സാഹശീലരും ബലവാന്മാരും വിദഗ്ദ്ധരുമായ അധികാരികളെ ജോലിക്കു നിയമിക്കേണ്ടതാണ്.

7. അവരുടെ കീഴിൽ ശൂരരും ബലവാന്മാരും തറവാടികളും പരിശുദ്ധരുമായ ഭൃത്യന്മാരെ നിയമിച്ച് ഗൗരവമേറിയ കാര്യങ്ങൾക്ക് നിയോഗിക്കണം. ഭീരുക്കളായവരെ ആന്തരിക പ്രവൃത്തികളേ ഏല്പിക്കാവൂ.

8. ഉന്നതകുലജാതനും സമർഥനും പവിത്രചരിതനും അന്യഹൃദയവും ഭാവിയും കണ്ടറിയുവാൻ കഴിവുള്ളവനും സകലശാസ്ത്രനിപുണനും കാര്യനിർവ്വഹണ കുശലനും ആയ ആളിനെ ദൂതനായി നിയമിക്കണം.

9. രാജ്യകാര്യങ്ങളിൽ അത്യന്തം ഉത്സാഹം പ്രീതി എന്നിവയുള്ള കാപട്യരഹിതനും സമർഥനും പരിശുദ്ധ ഹൃദയനും പണ്ടു നടന്നത് മറക്കാത്തവനും ദേശകാലങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുന്നവനും സുന്ദരനും ധീരനും വലിയ വാഗ്മിയുമായിട്ടുള്ളവനത്രേ രാജദൂതനാകുവാൻ യോഗ്യൻ.

ആർക്ക് എന്തധികാരം കൊടുക്കണമെന്നു പറയുന്നു:

1. അമാത്യേ ദണ്ഡ ആയത്തോ ദണ്ഡേ വൈനയികീ ക്രിയാ. നൃപതൗ കോശരാഷ്ട്രേ ച ദൂതേ സന്ധി വിപര്യയൌ..

2. ദൂത ഏവ ഹി സംധത്തേ ഭിനത്ത്യേവ ച സംഹതാന്. ദൂതസ്തത്കുരുതേ കർമ ഭിദ്യന്തേ യേന മാനവാഃ..

3. ബുദ്ധ്യാ സർവം തത്ത്വേന പരരാജചികീർഷിതമ്. തഥാ പ്രയത്നമാതിഷ്ഠേദ്യഥാ*ff*ത്മാനം ന പീഡിയേത്..

4. ധന്വദുർഗം മഹീദുർഗമബ്ദുർഗം വാർക്ഷമേവ വാ. നൃദുർഗം ഗിരിദുർഗം വാ സമാശ്രിത്യ വസേത്പുരമ്..

5. ഏകഃ ശതം യോധയതി പ്രാകാരസ്ഥോ ധനുർധരഃ. ശതം ദശസഹസ്രാണി തസ്മാദ് ദുർഗം വിധീയതേ..

6. തസ്യാദായുധസമ്പന്നം ധനധാന്യേന വാഹനൈഃ. ബ്രാഹ്മണൈഃ ശില്പിഭിർയന്ത്രൈർയുവസേനോദകേന ച..

7. തസ്യ മധ്യേ സുപര്യാപ്തം കാരയേദ് ഗൃഹമാത്മനഃ. ഗുപ്തം സർവർതുകം ശുഭ്രം ജലവൃക്ഷസമന്വിതമ്..

8. തദധ്യാസ്യോദ്വഹേദ്ഭാര്യാം സവർണാം ലക്ഷണാന്വിതാമ്. കുലേ മഹതി സംഭൂതാം ഹൃദ്യാം രൂപഗുണാന്വിതാമ്..

9. പുരോഹിതം ച കുർവീത വൃണുയാദേവ ചർത്വിജമ്. തേ*f*സ്യ ഗൃഹ്യാണി കർമാണി കുര്യുർവൈതാനികാനി ച..

(മനു. 7. 65; 66; 68; 70; 74–78)

1. ദണ്ഡനാധികാരം മുഴുവനും മന്ത്രിക്കു കൊടുക്കേണ്ടതാണ്. വിനയക്രിയ (അന്യായമായി ദണ്ഡം ഉപയോഗിക്കാതിരിക്കാൻ വേണ്ടതു ചെയ്യുക) എന്നതു ദണ്ഡനാധികാരത്തിൽ ഉൾപ്പെടുന്നു. ഭണ്ഡാരം സൂക്ഷിപ്പ്, രാഷ്ട്രീയകാര്യങ്ങൾ എന്നിവ രാജാവിന്റെ അധീനത്തിലും രാജ്യസംബന്ധിയായ കാര്യങ്ങൾ സഭയുടെ കീഴിലും അന്യരാജ്യങ്ങളോടു മൈത്രീ വിരോധകാര്യങ്ങൾ ദൂതന്റെ അധികാരത്തിലും ആയിരിക്കണം.

2. ശത്രുക്കളെ മിത്രങ്ങളാക്കുകയും മിത്രമെന്നു ഭാവിക്കുന്ന ദുഷ്ടരെ അകറ്റുകയും ചെയ്യുന്നവനത്രേ ദൂതൻ. ശത്രുക്കളെ അകറ്റി നിർത്തുന്ന പ്രവൃത്തിയാണ് ദൂതൻ ചെയ്യേണ്ടത്.

3. സഭാപതി, സദസ്യന്മാർ, ദൂതന്മാർ, മുതലായവർ വിരോധികളായ അന്യരാജാക്കന്മാരുടെയും രാജ്യത്തിന്റെയും യഥാർഥ അഭിപ്രായമറിഞ്ഞ്, ദോഷം വരാത്തവണ്ണം വേണ്ടതു ചെയ്യണം.

4. സുന്ദരമായ വനങ്ങളുള്ളതും ധനധാന്യസമ്പന്നവുമായ പ്രദേശത്ത് **(ധനുർദുർഗം)** വില്ലാ

ളികൾ ഉപരോധിക്കുന്നതും **(മഹീദുർഗം)** മണ്ണു കൊണ്ടു കെട്ടിയതോ **(അബ്ദുർഗം)** ചുറ്റും വെള്ള മുള്ളതോ **(വാർക്ഷം)** ചുറ്റും കാടുള്ളതോ **(നൃ ദുർഗം)** നാലു ഭാഗത്തും സൈന്യം കാവലു ള്ളതോ **(ഗിരിദുർഗം)** നാലു പുറത്തും മലകളു ള്ളതോ ആയ സ്ഥാനത്ത് കോട്ട പണിയിച്ച് അതിന്റെ മദ്ധ്യത്തിൽ നഗരം നിർമിക്കണം.

5. നഗരത്തിന്റെ നാലുചുറ്റും കൊത്തളമുള്ള മതിൽ പണിയിക്കണം. അതിൽ നിന്നുകൊണ്ട് ഒരു വില്ലാളിവീരന് നൂറു ശത്രുക്കളെയും നൂറു വില്ലാ ളികൾക്ക് പതിനായിരം ശത്രുക്കളെയും നേരിടാൻ കഴിയും. അതിനാൽ കോട്ടകൊത്തളങ്ങൾ അത്യാ വശ്യമാണ്.

6. ആ കോട്ട, ശസ്ത്രാസ്ത്രങ്ങൾ, ധനധാന്യ ങ്ങൾ, വാഹനങ്ങൾ, പഠിപ്പിക്കുകയും ഉപദേശി ക്കുകയും ചെയ്യുന്ന ബ്രാഹ്മണർ, തൊഴിലാളികൾ, നാനാതരം യന്ത്രങ്ങൾ, കന്നുകാലികൾക്കു തിന്നു വാനുള്ള പുല്ല്, വെള്ളം മുതലായവയാൽ സമൃ ദ്ധമായിരിക്കണം.

7. ആ കോട്ടയുടെ നടുവിൽ രാജാവിനു വേണ്ടി വെള്ളം, വൃക്ഷങ്ങൾ, പുഷ്പങ്ങൾ, എന്നിവയോടു കൂടിയതും സർവഥാ സുരക്ഷിതവും എല്ലാ ഋതു ക്കളിലും സുഖപ്രദവും വെളുത്ത നിറത്തിലുള്ള തുമായ കൊട്ടാരം പണിയിക്കണം. ഈ കൊട്ടാരം നാട്ടുകാര്യങ്ങൾ മുഴുവൻ നടത്തുവാൻ പര്യാപ്ത മായിരിക്കണം.

8. ബ്രഹ്മചര്യവ്രതത്തോടുകൂടി വിദ്യകളെല്ലാം അഭ്യസിച്ച് വിവാഹം വരുന്നതു വരെ രാജ്യകാ ര്യങ്ങൾ നടത്തണം. അതിനുശേഷം സുന്ദരിയും സഹൃദയയും ഉന്നതവും ഉത്തമവുമായ ക്ഷത്രി യകുലജാതയും ശുഭലക്ഷണയുക്തയും അഭ്യസ്ത വിദ്യയും ഗുണകർമസ്വഭാവങ്ങളിൽ തനിക്കനുരൂ പയുമായ കന്യകയെ വേൾക്കണം. മറ്റെല്ലാ സ്ത്രീകളെയും അഗമ്യകളായി ഗണിച്ച് ദൃഷ്ടി പതിപ്പിക്കുകപോലും ചെയ്യാതിരിക്കണം.

9. രാജകൊട്ടാരത്തിൽ ചെയ്യേണ്ടതായ അഗ്നി ഹോത്രം, പക്ഷേഷ്ടി മുതലായ കർമങ്ങൾ ചെയ്യു ന്നതിന് പുരോഹിതന്മാരെയും ഋത്വിക്കുകളെയും നിയോഗിക്കണം. രാജാവ് എപ്പോഴും രാജ്യകാര്യ ത്തിൽ മാത്രം ബദ്ധശ്രദ്ധനായിരിക്കണം. സദാ രാജ്യകാര്യങ്ങൾ നോക്കി ഊനം വരാതെ നടത്തു ന്നതു തന്നെയാണ് രാജാവിന്റെ സന്ധ്യോപാസ നാദി കർമങ്ങൾ.

1. സാംവത്സരികമാപ്തൈശ്ച രാഷ്ട്രാദാഹാ രയേദ്ബലിമ്. സ്യാച്ചാമ്നായപരോ ലോകോ വർതേത പിതൃവന്നൃഷു..

2. അധ്യക്ഷാനവിവിധാന്കുര്യാത്തത്ര തത്ര വിപശ്ചിതഃ. തേfസ്യ സർവാണ്യവേക്ഷേരന്നൃ ണാം കാര്യാണി കുർവതാമ്..

3.ആവൃത്താനാം ഗുരുകുലാദ്വിപ്രാണാമ് പൂജകോ ഭവേത്. നൃപാണാമക്ഷയോ ഹ്യേഷ നിധിർബ്രാഹ്മോfഭിധീയതേ..

4. സമോത്തമാധമൈ രാജാ ത്വാഹൂതഃ പാലയന്പ്രജാഃ. ന നിവർതേത സംഗ്രാമാത്ക്ഷാ ത്രം ധർമമനുസ്മരന്..

5. ആഹവേഷു മിഥോfന്യോന്യം ജിഘാംസ ന്തോ മഹീക്ഷിതഃ. യുധ്യമാനാഃ പരം ശക്ത്യാ സ്വർഗം യാന്ത്യപരാങ്മുഖാഃ..

6. ന ച ഹന്യാത്സ്ഥലാരൂഢം ന ക്ലീബം ന കൃതാഞ്ജലിമ്. ന മുക്തകേശം നാസീനം നത വാസ്മീതി വാദിനമ്..

7. ന സുപ്തം ന വിസന്നാഹം ന നഗ്നം ന നി രായുധമ്. നായുധ്യമാനം പശ്യന്തം ന പരേണ സമാഗതമ്..

8. നായുധവ്യസനപ്രാപ്തം നാർതം നാതിപ രിക്ഷതമ്. ന ഭീതം ന പരാവൃത്തം സതാം ധർമ മനുസ്മരന്..

9. യസ്തു ഭീതഃ പരാവൃത്തഃ സംഗ്രാമേ ഹന്യ തേ പരൈഃ. ഭർതുര്യദ് ദുഷ്കൃതം കിഞ്ചിത്തത് സർവം പ്രതിപദ്യതേ..

10. യച്ചാസ്യ സുകൃതം കിഞ്ചിദമുത്രാർഥമു പാർജിതമ്. ഭർതാ തത്സർവമാദത്തേ പരാവൃത്ത ഹതസ്യ തു..

11. രഥാശ്വം ഹസ്തിനം ഛത്രം ധനം ധാന്യം പശൂന്സ്ത്രിയഃ. സർവദ്രവ്യാണി കുപ്യം[6] ച യോ യജ്ജയതി തസ്യ തത്.

12. രാജ്ഞശ്ച ദദ്യുരുദ്ധാരമിത്യേഷാ വൈദി കീ ശ്രുതിഃ. രാജ്ഞാ ച സർവയോധേഭ്യോ ദാത വ്യമപൃഥഗ്ജിതമ്..

(മനു. 7.80–82, 87, 89,91–97)

1. വാർഷികനികുതി ആപ്തപുരുഷന്മാരുടെ സഹായത്തോടുകൂടി പിരിച്ചെടുക്കേണ്ടതാണ്. സഭയുടെ അധിപതിയായ രാജാവും പ്രധാനന്മാ രായ രാജപുരുഷന്മാരും അടങ്ങിയ സഭ വേദവി ധിപ്രകാരം ജനങ്ങളോട് പിതൃതുല്യം പെരുമാറ ണം.

6 സ്ത്രീകൾ വിധവകളോ പുത്രനഷ്ടമോ പിതൃനഷ്ടമോ വന്നു അഗതികളോ ആയാൽ അവരുടെ സംരക്ഷണച്ചുമ തല ജയിക്കുന്നയാളിനാണ്. വിഷയാസക്തിയോടെ അവരെ കാണരുതെന്ന് നേരത്തെ പറഞ്ഞു.

2. നാട്ടുകാര്യം നടത്തുവാൻ വിവിധവകുപ്പദ്ധ്യക്ഷന്മാരെ സഭ നിയമിക്കണം. മറ്റുദ്യോഗസ്ഥന്മാർ നിയമപ്രകാരം ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നുനോക്കുകയും നിയമാനുസൃതം നടക്കുന്നവരെ ബഹുമാനിക്കുകയും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവരെ യഥായുക്തം ശിക്ഷിക്കുകയും ചെയ്യുന്നത് ആ അദ്ധ്യക്ഷന്മാരുടെ ചുമതലയാണ്.

3. രാജാക്കന്മാരുടെ അക്ഷയഭണ്ഡാരമാണ് വേദപ്രചാരം. അതിനാൽ, വേദങ്ങളെ പ്രചരിപ്പിക്കുന്നതിന് ബ്രഹ്മചര്യാനുഷ്ഠാനത്തോടെ, വേദാദിശാസ്ത്രങ്ങളഭ്യസിച്ച്, ഗുരുകുലത്തിൽ നിന്ന് മടങ്ങി വരുന്നവരെ രാജാവും രാജസഭയും ആദരിക്കണം, അതുപോലെ ജനങ്ങളെ പഠിപ്പിച്ചു വിദ്വാന്മാരാക്കുന്ന പണ്ഡിതന്മാരെയും ആദരിക്കണം.

4. ഇങ്ങനെ ചെയ്താൽ രാജ്യത്തിൽ വിദ്യാഭിവൃദ്ധിയും തദ്വാരാ അഭ്യുദയവും ഉണ്ടാകും. തന്നെക്കാൾ ബലഹീനനോ തനിക്കു തുല്യനോ അധികബലവാനോ ആയ ശത്രു പോരിനു വിളിച്ചാൽ, പ്രജാപരിപാലനം ചെയ്യുന്ന രാജാവ് ക്ഷത്രിയധർമത്തെ സ്മരിച്ചുകൊണ്ട് പിന്തിരിഞ്ഞു പോകാതെ തനിക്കു വിജയം ലഭിക്കത്തക്കവണ്ണം പാടവത്തോടുകൂടി പോരാടണം.

5. പോർക്കളത്തിലിറങ്ങി അന്യോന്യം നിഗ്രഹിപ്പാൻ ആഗ്രഹിക്കുന്ന രാജാക്കന്മാർ, സ്വസാമർത്ഥ്യമനുസരിച്ച്, പേടിക്കാതെയും പിന്തിരിയാതെയും പോരാടിയാൽ മാത്രമേ ജയിക്കൂ. അതിനാൽ യുദ്ധത്തിൽ ഒരിക്കലും വിമുഖനാകരുത്. എന്നാൽ ശത്രുക്കളെ തോല്പിക്കുന്നതിന് ചിലപ്പോൾ പിൻമാറുന്നതിൽ അനൗചിത്യമില്ല. എന്തെന്നാൽ, എതിരാളികളെ തോല്പിക്കുവാൻ എപ്രകാരം സാധിക്കുമോ അപ്രകാരം ചെയ്യണം. കടുംകോപം പൂണ്ട് നേരിട്ടോടിവരുന്ന സിംഹം ക്ഷണനേരം കൊണ്ട് ശസ്ത്രാഗ്നിയിൽ ഭസ്മമായിത്തീരുന്നതുപോലെ വിഡ്ഢിത്തം കൊണ്ട് അപകടത്തിൽ പെട്ടു നാമാവശേഷനാകുന്നത് ബുദ്ധിയല്ല.

6. യുദ്ധം ചെയ്യുമ്പോൾ വെറുതേ നിൽക്കുന്നവനേയും നപുംസകത്തിനേയും കൈകൂപ്പുന്നവനേയും തലമുടി അഴിച്ചിട്ടവനേയും ഇരിക്കുന്നവനെയും 'ഞാൻ അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്നു' എന്നു പറയുന്നവനേയും –

7. ഉറങ്ങിക്കിടക്കുന്നവനേയും മോഹാലസ്യപ്പെട്ടവനേയും നഗ്നനേയും ആയുധരഹിതനേയും യുദ്ധം ചെയ്യുന്നതു നോക്കിനില്ക്കുന്നവനേയും ശത്രുവിന്റെ കൂട്ടുകാരനേയും –

8. ആയുധപ്രഹരമേറ്റു പുളയുന്നവനേയും ദുഃഖിതനേയും വൻപരിക്കേറ്റവനേയും സംഭീതനേയും പേടിച്ചോടുന്നവനേയും സജ്ജനങ്ങളുടെ ധർമമോർത്ത് ഒരിക്കലും കൊല്ലരുത്. അങ്ങനെയുള്ളവരെ പിടിച്ച്, പരിക്കില്ലാത്തവരെ തടവിലാക്കി അവർക്കു ഭക്ഷണം വസ്ത്രങ്ങൾ മുതലായതു കൊടുക്കണം. മുറിവുള്ളവരെ ചികിത്സിക്കണം. അവരെ കോപിപ്പിക്കുകയോ ദുഃഖിപ്പിക്കുകയോ അരുത്. യഥായോഗ്യമായ പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിക്കണം. സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ, ആതുരന്മാർ, ദുഃഖിതന്മാർ എന്നിവരുടെ നേരെ ഒരിക്കലും ആയുധം പ്രയോഗിക്കരുത്. അവരുടെ മക്കളെ സ്വസന്താനങ്ങളെയെന്നപോലെ രക്ഷിക്കണം. അതുപോലെ സ്ത്രീകളെയും രക്ഷിക്കണം. അവരെ സഹോദരിമാരെപോലെയും പുത്രിമാരെപ്പോലെയും വിചാരിക്കണം. വിഷയാസക്തിയോടുകൂടി അവരെ നോക്കുകപോലും ചെയ്യരുത്. രാജ്യത്തിൽ സമാധാനം ഉറച്ചതിനു ശേഷം പിന്നീട് എതിർക്കുമെന്ന് സംശയമില്ലാത്തവരെ സൽക്കാരപൂർവ്വം വിട്ടയയ്ക്കണം. പിന്നീട് എതിർക്കുമെന്നു സംശയമുള്ളവരെ എന്നും കാരാഗൃഹത്തിൽ തന്നെ പാർപ്പിക്കണം.

9. പോരിൽ നിന്നു പിന്തിരിയുകയോ പേടിച്ചോടുകയോ ചെയ്യുന്ന ഭൃത്യനെ ശത്രുക്കൾ വധിച്ചാൽ അവൻ ചെയ്ത ദുഷ്കൃത്യത്തിന് മരണശേഷവും ശിക്ഷാർഹൻ തന്നെ.

10. അവൻ ഇഹലോകത്തിലും പരലോകത്തിലും സുഖമുളവാക്കുന്ന സുകൃതം വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ അവന്റെ യജമാനൻ ഇല്ലായ്മ ചെയ്യുന്നു. ഭയപ്പെട്ടോടവേ വധിക്കപ്പെടുന്നവനു യാതൊരു സുഖവും ഉണ്ടാകുന്നില്ല. അവന്റെ പുണ്യഫലം മുഴുവനും നശിച്ചുപോകുന്നു. അവന്റെ സുകൃതഫലമാകട്ടെ ധർമാനുസൃതം യുദ്ധം ചെയ്യുന്നവനു കിട്ടുന്നു.

11. തേർ, കുതിര, ആന, കുട, നെല്ല്, പണം, കന്നുകാലികൾ, സ്ത്രീകൾ,[] [7] മറ്റുള്ള വസ്തുക്കളെല്ലാം നെയ്യ്, എണ്ണ, മുതലായ കുപ്യങ്ങൾ എന്നീ പദാർത്ഥങ്ങളിൽ വച്ച് ഏതേതെല്ലാം ഏതേതു പടയാളിയും പടനായകനും കീഴ്പെടുത്തിയോ അതെല്ലാം അവരവർക്ക് അവകാശപ്പെട്ടതാണ്. ഇപ്പറഞ്ഞ നിയമത്തെ ആരും ഒരിക്കലും ലംഘിക്കരുത്.

12. സൈന്യത്തിലുള്ള ഭടന്മാർ ഓരോരുത്തരും

7 ഈ ശ്ലോകത്തിന്റെ അർഥം രണ്ടാമതായി എഴുതിയിട്ടുണ്ട്. ശ്ലോകം പകർത്തി എഴുതിയ ആൾ വിട്ടതാവാം.

അധീനമാക്കിയ പദാർത്ഥങ്ങളുടെ പതിനാറിലൊരു ഭാഗം രാജാവിനും എല്ലാവരും കൂടി ച്ചേർന്നു പിടിച്ചടക്കിയിട്ടുള്ള ധനത്തിന്റെ പതിനാറിലൊരംശം രാജാവ് തന്റെ ഭടന്മാർക്കും കൊടുക്കണം. യുദ്ധത്തിൽ മരിച്ചുപോയ ഭടന്റെ പങ്ക് അവന്റെ ഭാര്യയ്ക്കോ മക്കൾക്കോ കൊടുക്കണം. മരിച്ചവന്റെ ഭാര്യയേയും പ്രാപ്തിയാകാത്ത സന്താനങ്ങളെയും രക്ഷിക്കുകയും മക്കൾ കാര്യപ്രാപ്തിനേടുമ്പോൾ യോഗ്യതാനുസരണം ജോലി കൊടുക്കുകയും വേണം. രാജ്യത്തിന്റെ അഭിവൃദ്ധി, സുഖസമൃദ്ധി, വിജയം, സ്ഥിരപ്രതിഷ്ഠ എന്നിവയെല്ലാം ആഗ്രഹിക്കുന്നവൻ ഈ നിയമത്തെ ഒരിക്കലും ലംഘിക്കരുത്.

1. അലബ്ധം ചൈവ ലിപ്സേത ലബ്ധം രക്ഷേത് പ്രയത്നതഃ. രക്ഷിതം വർധയേച്ചൈവ വൃദ്ധം പാത്രേഷു നിഃക്ഷിപേത്..

(ഏതച്ചതുർവിധം വിദ്യാത്പുരുഷാർഥപ്രയോജനമ്. അസ്യ നിത്യമനുഷ്ഠാനം സമ്യക്കുര്യാദതന്ദ്രിതഃ..)[] [*7])

2. അലബ്ധമിച്ഛേദ്ദണ്ഡേന ലബ്ധം രക്ഷേദവേക്ഷയാ. രക്ഷിതം വർധയേദ് വൃദ്ധ്യാ വൃദ്ധം ദാനേന നിഃക്ഷിപേത്..

3. അമായയൈവ വർതേത ന കഥംചന മായയാ. ബുദ്ധ്യേതാരിപ്രയുക്താം ച മായാമ് നിത്യം സ്വസംവൃതഃ..

4. നാസ്യ ഛിദ്രം പരോ വിദ്യാദ്വിദ്യാച്ഛിദ്രം പരസ്യതു തു. ഗൂഹേത്കൂർമ ഇവാങ്ഗാനി രക്ഷേദ്വിവരമാത്മനഃ..

5. ബകവച്ചിന്തയേദർഥാന്സിംഹവച്ച പരാക്രമേത്. വൃകവച്ചാവലുമ്പേത ശശവച്ച വിനിഷ്പതേത്..

6. ഏവം വിജയമാനസ്യ യേ*f*സ്യ സ്യുഃ പരിപന്ഥിനഃ. താനാനയേദ്വശം സർവാന്സാമാദിഭിരുപക്രമൈഃ..

(യദി തേ തു ന തിഷ്ഠേയുരുപായൈഃ പ്രഥമൈസ്ത്രിഭിഃ. ദണ്ഡേനൈവ പ്രസഹ്യൈതാംശ്ചരനകൈർവശമാനയേത്..)[] [8]

7. യഥോദ്ധരതി നിർദാതാ കക്ഷം ധ്യാനമ് ച രക്ഷതി. തഥാ രക്ഷേന്നൃപോ രാഷ്ട്രമ് ഹന്യാച്ച പരിപന്ഥിനഃ..

8. മോഹാദ്രാജാ സ്വരാഷ്ട്രം യഃ കർഷയത്യനവേക്ഷയാ. സോ*f*ചിരാദ് ഭ്രശ്യതേ രാജ്യാജ്ജീവിതാച്ച സബാന്ധവഃ..

9. ശരീരകർഷണാത്പ്രാണാഃ ക്ഷീയന്തേ പ്രാണിനാം യഥാ. തഥാ രാജ്ഞാമപി പ്രാണാഃ ക്ഷീയന്തേ രാഷ്ട്രകർഷണാത്..

10. രാഷ്ട്രസ്യ സംഗ്രഹേ നിത്യം വിധാനമിദമാചരേത്. സുസംഗൃഹീതരാഷ്ട്രോ ഹി പാർഥിവഃ സുഖമേധതേ..

11. ദ്വയോസ്ത്രയാണാം പഞ്ചാനാം മധ്യേ ഗുല്മമധിഷ്ഠിതം. തഥാ ഗ്രാമശതാനാം ച കുര്യാദ്രാഷ്ട്രസ്യ സംഗ്രഹമ്..

12. ഗ്രാമസ്യാധിപതീം കുര്യാദ്ദശഗ്രാമപതിം തഥാ. വിംശതീശം ശതേശം ച സഹസ്രപതിമേവ ച..

13. ഗ്രാമദോഷാന്സമുത്പന്നാന്ഗ്രാമികഃ ശനകൈഃ സ്വയം. ശംസേദ് ഗ്രാമദശേശായ ദശേശോ വിംശതീശിനേ..

14. വിംശതീശസ്തു തത്സർവം ശതേശായ നിവേദയേത്. ശംസേദ് ഗ്രാമശതേശസ്തു സഹസ്രപതയേ സ്വയമ്..

15. തേഷാം ഗ്രാമ്യാണി കാര്യാണി പൃഥക്കാര്യാണി ചൈവ ഹി. രാജ്ഞോ *f* ന്യഃ സചിവഃ സ്നിഗ്ധസ്താനി പശ്യേദതന്ദ്രിതഃ.

16. നഗരേ നഗരേ ചൈകം കുര്യാത്സർവാർഥചിന്തകം. ഉച്ചൈഃ സ്ഥാനം ഘോരരൂപം നക്ഷത്രാണാമിവ ഗ്രഹമ്..

17. സ താനനുപരിക്രാമേത്സർവാനേവ സദാ സ്വയം. തേഷാം വൃത്തം പരിണയേത്സമ്യഗ്രാഷ്ട്രേഷു തച്ചരൈഃ..

18. രാജ്ഞോ ഹി രക്ഷാധികൃതാഃ പരസ്വാദായിനഃ ശഠാഃ. ഭൃത്യാ ഭവന്തി പ്രായേണ തേഭ്യോ രക്ഷേദിമാഃ പ്രജാഃ..

19. യേ കാര്യികേഭ്യോ *f* ർഥമേവ ഗൃഹ്ണീയുഃ പാപചേതസഃ. തേഷാം സർവസ്വമാദായ രാജാ കുര്യാത്പ്രവാസനമ്..

(മനുസ്മൃതി. 7.99,101,104–107,110,117,120–124)

1. രാജാവും രാജസഭയും സ്വാധീനത്തിലല്ലാത്ത വസ്തുക്കളെ സമ്പാദിക്കാൻ ശ്രമിക്കണം. കൈവശം കിട്ടിയ വസ്തുക്കളെ രക്ഷിക്കണം. രക്ഷിച്ചതിനെ വർദ്ധിപ്പിക്കണം, വർദ്ധിപ്പിച്ച

*7 6–ാം ശ്ലോകത്തിനുശേഷവും ഇതുപോലെ വിട്ടതാവാം

8 പേജ് 236–ൽ 11–ാം ശ്ലോകത്തിന്റെ അർഥത്തിൽ കപ്യം എന്നു കാണുന്നത് വ്യാഖാനിച്ചിട്ടില്ല. സ്വർണ്ണം വെള്ളി ഇതര ലോഹങ്ങൾ മുതലായവയെല്ലാം കപ്യങ്ങളാണ്. കൗടില്യന്റെ അർഥശാസ്ത്രത്തിൽ ഒട്ടേറെ വസ്തുക്കൾ കപ്യത്തിൽ എണ്ണിയിട്ടുണ്ട്. (2.17) മലയാളത്തിലെ 'കുപ്പി' പോലെ വടക്കെ ഇന്ത്യയിലെ പല സംസാരഭാഷകളിലും 'കുപ്പാ' എന്നത് നെല്ലും എണ്ണയും സംഭരിച്ചുവച്ചിരിക്കുന്ന പാത്രമാണ്. ഗ്രന്ഥകാരൻ 'കുപ്പാ' കപ്യത്തിന്റെ അപഭ്രംശമാണെന്നു കരുതിയതാവാം.

ധനത്തെ വേദവിദ്യ, ധർമം എന്നിവയുടെ പ്രചാരണത്തിനും വിദ്യാർഥികൾ, വേദമാർഗമുപദേശിക്കുന്നവർ, അംഗഭംഗക്കാർ, അനാഥർ എന്നിവരുടെ രക്ഷയ്ക്കായും വിനിയോഗിക്കണം, (പുരുഷപ്രയത്നത്തിന്റെ പ്രയോജനം ഇങ്ങനെ നാലു വിധത്തിലാണെന്നു മനസ്സിലാക്കണം. അലസത വെടിഞ്ഞ് ഇവയെ എന്നും ഭംഗിയായി അനുഷ്ഠിക്കണം.)

2. അപ്രാപ്തമായതിനെ ദണ്ഡം കൊണ്ടു നേടുകയും നേടിയതിനെ നിത്യം നോക്കി രക്ഷിക്കുകയും രക്ഷിച്ചതിനെ പലിശ വാങ്ങിയും മറ്റും വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച ധനത്തെ മുൻപറഞ്ഞപ്രകാരം ചെലവഴിക്കുകയും വേണം.

3. ആരോടും ഒരിക്കലും കാപട്യം കാണിക്കരുത്, ദിവസംതോറും സ്വരക്ഷ ചെയ്യുകയും ശത്രുക്കളുടെ ചതിപ്രയോഗങ്ങളറിഞ്ഞ് അവയ്ക്ക് പരിഹാരമുണ്ടാക്കുകയും വേണം.

4. സ്വന്തം ബലഹീനത ശത്രുക്കളറിയാത്തവണ്ണം മറയ്ക്കുകയും ശത്രുക്കളുടെ ദൗർബല്യം അറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യണം. ആമതന്റെ അംഗങ്ങളെ മറച്ചു വയ്ക്കുന്നതുപോലെ ശത്രുക്കൾ പ്രവേശിക്കാവുന്ന ദ്വാരങ്ങളെ ഗോപനം ചെയ്തു വയ്ക്കണം.

5. കൊക്ക് ധ്യാനത്തിലുറച്ചിരുന്ന് മത്സ്യങ്ങളെ പിടിക്കുവാൻ തരം നോക്കുന്നതുപോലെ വിത്തസമ്പാദനത്തിനുള്ള ആലോചനകൾ ചെയ്തുകൊണ്ടിരിക്കണം. ധനാദികൾ സംഭരിച്ച്, ബലം വർദ്ധിപ്പിച്ച്, ശത്രുക്കളെ ജയിക്കുന്നതിൽ സിംഹത്തെപ്പോലെ പരാക്രമം പ്രദർശിപ്പിക്കണം. പുലിയെപ്പോലെ ഒളിച്ചിരുന്ന് എതിരാളികളെ പിടിക്കണം. തന്നെക്കാൾ ശക്തിയേറിയ ശത്രുക്കൾ വരുമ്പോൾ മുയലിനെപ്പോലെ ഓടിയകന്നുപോകുകയും പിന്നീട് അവരെ ചതിച്ചു പിടിക്കുകയും വേണം.

6. ഇപ്രകാരം വിജയിച്ചുവാഴുന്ന സഭാപതിയുടെ രാജ്യത്തിലെ പരിപന്ഥികളെ (കള്ളന്മാരെയും കവർച്ചക്കാരെയും) **(സാമ)** ഇണക്കിയും **(ദാന)** വല്ലതുംകൊടുത്തും **(ഭേദ)** തമ്മിൽത്തല്ലിച്ചും വശത്താക്കണം. (അങ്ങനെ വശത്താകാത്തവരുണ്ടെങ്കിൽ അവരെ അതികഠിനമായ ശിക്ഷകൊണ്ട് ക്രമേണ വശപ്പെടുത്തണം)

7. വിളവെടുക്കുന്നവൻ പതിരു കളഞ്ഞ് ധാന്യം മാത്രം എടുക്കുന്നതുപോലെ രാജാവ് കള്ളന്മാരെയും കവർച്ചക്കാരെയും കൊന്ന് രാജ്യത്തെ രക്ഷിക്കേണ്ടതാണ്.

8. അറിവില്ലായ്മകൊണ്ടും നോട്ടക്കുറവുകൊണ്ടും തന്റെ രാജ്യത്തെ ദുർബ്ബലമാക്കുന്ന രാജാവ്, തന്റെ രാജ്യത്തോടും ബന്ധുജനങ്ങളോടും കൂടി അകാലത്തുതന്നെ നശിക്കുന്നു.

9. ശരീരം ക്ഷീണിപ്പിച്ചാൽ പ്രാണക്ഷയം വരുമ്പോലെ ജനങ്ങളെ അശക്തരാക്കുന്നതുകൊണ്ട് രാജാക്കന്മാരുടെ പ്രാണനായ സേനാബലവും മറ്റും ബന്ധുജന സഹിതം നശിക്കുന്നു.

10. അതിനാൽ രാജാവും രാജസഭയും നാട്ടുകാര്യങ്ങൾ ഭംഗിയായി നടത്തുവാൻ പരിശ്രമിക്കണം. പ്രജാപരിപാലനത്തിൽ എല്ലാവിധത്തിലും ജാഗരൂകനായിരിക്കുന്ന രാജാവിന് സുഖം വർദ്ധിച്ചുകൊണ്ടേയിരിക്കും.

11. രണ്ടോ മൂന്നോ അഞ്ചോ നൂറോ ഗ്രാമങ്ങൾക്ക് ഒരു രാജ്യകാര്യാലയം സ്ഥാപിച്ച്, അതിൽ ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരെ നിയമിച്ചു നാട്ടുകാര്യങ്ങൾ നടത്തേണ്ടതാണ്.

12. ഓരോ ഗ്രാമത്തിലും ഓരോരോ പ്രധാനിയെ നിയമിക്കണം. പത്തു ഗ്രാമങ്ങളുടെ മേൽക്കോയ്മയ്ക്കായി ഒരാൾ, ഇരുപതു ഗ്രാമങ്ങളുടെ മേലധികാരിയായി വേറൊരാൾ, നൂറു ഗ്രാമങ്ങളുടെ മേൽനോട്ടത്തിന് ഒരാൾ, ആയിരം ഗ്രാമങ്ങളുടെ അധിപതിയായി വേറൊരാൾ ഇങ്ങനെ അധികാരികളെ നിയമിക്കണം. ഓരോ ഗ്രാമത്തിലും ഓരോ പ്രവർത്ത്യാരെയും പത്തു പ്രവൃത്തികൾ കൂട്ടിച്ചേർന്ന് ഒരു അധികാരിയെയും രണ്ടു അധികാരികൾക്ക് ഒരു മേലധികാരിയെയും അഞ്ചുമേലധികാരികൾക്ക് ഒരു തഹശീൽദാരെയും പത്തു തഹശീലിന് ഒരു ജില്ലയേയും നിശ്ചയിച്ചിട്ടുള്ളത് മനുസ്മൃതി മുതലായ ധർമ ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള രാജ്യ ഭരണരീതി അനുസരിച്ചാണെന്നർത്ഥം.

13. ഇപ്രകാരം നിയമിച്ചിട്ട്, ഓരോ പ്രവർത്ത്യാരും തന്റെ ഗ്രാമത്തിൽ ദിവസന്തോറും സംഭവിക്കുന്ന കാര്യങ്ങൾ അതാതുദിവസം തന്നെ ഗൂഢമായി അധികാരിയെ അറിയിക്കണമെന്നും അധികാരി തന്റെ കീഴിലുള്ള പത്തു ഗ്രാമങ്ങളുടെയും വർത്തമാനം ദിവസേന മേലധികാരിയെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്യണം.

14. മേലധികാരി തന്റെ അധികാരത്തിലുള്ള ഇരുപതു ഗ്രാമങ്ങളിലെ വർത്തമാനം തഹശീൽദാരെ ദിവസംതോറും അറിയിക്കണം. അതുപോലെ തഹശീൽദാർ തന്റെ കീഴിലുള്ള നൂറു ഗ്രാമങ്ങളിലെ സംഭവങ്ങളെല്ലാം ജില്ലാ അധികാരിയെ ദിവസവും അറിയിക്കണം, ജില്ലാധികാരികൾ ദശജില്ലാധികാരിയേയും ദശജില്ലാധികാരി, ദശസഹസ്രാധിപതിയെയും ദശസഹസ്രാധിപതികൾ ലക്ഷഗ്രാമാധിപതിയെയും ലക്ഷഗ്രാമാധിപതി രാജസഭയെ

യും വർത്തമാനങ്ങൾ പ്രതിദിനം അറിയിക്കേണ്ടതാണ്. അങ്ങനെതന്നെ, എല്ലാ രാജസഭകളും മഹാരാജസഭയ്ക്ക് സാർവഭൗമനായ ചക്രവർത്തിയുടെ സഭയിലേക്ക്-ഭൂഗോളത്തിലുള്ള സകല വൃത്താന്തങ്ങളും അറിയിച്ചുകൊണ്ടിരിക്കണം.

15. പതിനായിരം ഗ്രാമങ്ങളടങ്ങിയ ഓരോ വിഭാഗത്തിനും പ്രത്യേകം ഈ രണ്ടു സഭാപതികളെ നിയമിക്കണം. അവരിലൊരാൾ രാജസഭയിലിരുന്ന് തന്റെ അധികാരത്തിലുള്ള സംസ്ഥാനത്തെ സംബന്ധിച്ച കാര്യങ്ങൾ നടത്തണം. മറ്റേയാൾ മടികൂടാതെ നാടുതോറും സഞ്ചരിച്ചുകൊണ്ട് ന്യായാധിപതി മുതലായ രാജഭൃത്യന്മാരുടെ പ്രവൃത്തികളെ സദാ പരിശോധിച്ചു കൊണ്ടിരിക്കണം.

16. ഓരോ വലിയ പട്ടണത്തിലും കാര്യാലോചനസഭ കൂടുവാനായി മനോഹരവും അത്യുന്നതവും വിശാലവും ചന്ദ്രനെപ്പോലെ ധവളവർണമുള്ള ഓരോ മന്ദിരം നിർമിക്കേണ്ടതാണ്. വിദ്യാവൃദ്ധന്മാർ ആ സഭാമന്ദിരങ്ങളിലിരുന്നു രാജ്യകാര്യങ്ങളെ സംബന്ധിച്ചുള്ള ആലോചനകൾ നടത്തിക്കൊണ്ടിരിക്കണം.

17. ഗൂഢസഞ്ചാരം ചെയ്യുന്ന ചാരന്മാരെല്ലാവരും ദേശംതോറും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സഭാദ്ധ്യക്ഷന്റെ കീഴിലായിരിക്കണം. അവർ ക്ഷത്രിയരോ അല്ലാത്തവരോ ആകാം. പ്രജകളുടെയും രാജ്യഭൃത്യന്മാരുടെയും സകലഗുണദോഷങ്ങളേയും ചാരന്മാരിൽ നിന്ന് ഗൂഢമായി അറിഞ്ഞ് അപരാധികളെ ശിക്ഷിക്കുകയും ഗുണവാന്മാരെ ബഹുമാനിക്കുകയും ചെയ്യേണ്ടതാകുന്നു.

18. ധാർമികരും വിദ്വാന്മാരും കുലീനരും സുപരീക്ഷിതരും ആയവർക്കു മാത്രമേ പ്രജാ സംരക്ഷണാധികാരം രാജാവ് നൽകാവൂ. അവരുടെ കീഴിലുള്ളവർ സാധാരണയായി ശഠന്മാരും പരദ്രവ്യം അപഹരിക്കുന്നവരുമായിരിക്കും. രാജഭൃത്യന്മാരായി അവരെയും നിയമിച്ച് ദുഷ്പ്രവൃത്തികളിൽ നിന്നു പിൻമാറ്റാൻ ശ്രമിക്കണം. അവരുടെ മേലധികാരികളായി വിദ്വാന്മാരെ നിയമിച്ച് അവരുടെ ഉപദ്രവങ്ങളിൽ നിന്ന് പ്രജകളെ രക്ഷിക്കണം.

19. വാദിയുടെയും പ്രതിയുടെയും കൈയ്യിൽ നിന്ന് കൈക്കൂലി വാങ്ങി, നീതിന്യായം നടത്തുന്നതിൽ പക്ഷപാതം കാണിക്കുന്ന രാജഭൃത്യന്റെ സ്വത്തു മുഴുവനും കണ്ടുകെട്ടി തക്കശിക്ഷയും നൽകി നാടുകടത്തണം. അങ്ങനെ ശിക്ഷ നൽകാതിരുന്നാൽ അയാളെ അനുകരിച്ച് മറ്റുള്ളവരും അഴിമതി തുടങ്ങും. ശിക്ഷിക്കുന്ന പക്ഷം മറ്റുള്ളവർ അഴിമതി തുടങ്ങുകയില്ല. എന്നാൽ നീതിന്യായം നടത്തുന്ന ആ രാജഭൃത്യന്മാരുടെ ക്ഷേമജീവിതത്തിനും ധനസമ്പാദനത്തിനും ആവശ്യമായത്ര ധനമോ ഭൂസ്വത്തോ രാജ്യത്തിൽ നിന്നു മാസശമ്പളമോ വാർഷികാശനമായോ അല്ലെങ്കിൽ ഒന്നായിട്ടു തന്നെയോ കൊടുക്കേണ്ടതാണ്. വാർദ്ധക്യത്തിൽ അവരുടെ വേതനത്തിൽ പകുതി വീതം കൊടുക്കണം. എന്നാൽ അവർക്കു നല്കുന്ന അടുത്തൂൺ ജീവിച്ചിരിക്കുന്നേടത്തോളമല്ലാതെ മരണശേഷം തുടരരുത്. എന്നാൽ, അവരുടെ സന്താനങ്ങൾക്ക് യോഗ്യതാനുസരണം ആദരവും ഉദ്യോഗവും നൽകുന്നത് ആവശ്യം തന്നെയാണ്. പ്രാപ്തിയാകാത്ത കുട്ടികളുണ്ടെങ്കിൽ അവർക്കും ഭാര്യ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർക്കും അവസ്ഥയ്ക്കൊത്തവണ്ണം നിത്യവൃത്തി നിർവഹിക്കുന്നതിനുള്ള ധനം ഭണ്ഡാരത്തിൽ നിന്നു തന്നെ നൽകണം. എന്നാൽ അവർ ദുരാചാരികളാണെങ്കിൽ ഒന്നും കൊടുക്കരുത്. ഈ നയത്തെ രാജാവ് ശരിയായി രക്ഷിക്കേണ്ടതാണ്.

കരം പിരിവ്

1. യഥാ ഫലേന യുജ്യേത രാജാ കർത്താ ച കർമണാമ്. തഥാfവേക്ഷ്യ നൃപോ രാഷ്ട്രം കല്പയേത്സതതം കരാന്..

2. യഥാല്പാ f ല്പമദന്ത്യാ ff ദ്യം വാര്യോകോവത്സഷട്പദാഃ. തഥാ f ല്പാ f ല്പോ ഗ്രഹീതവ്യോ രാഷ്ട്രാദ്രാജ്ഞാബ്ദികഃ കരഃ..

3. നോച്ഛിദ്യാദാത്മനോ മൂലം പരേഷാം ചാതിതൃഷ്ണയാ. ഉച്ഛിന്ദൻഹ്യാത്മനോ മൂലമാത്മാനം താംശ്ച പീഡയേത്..

4. തീക്ഷ്ണശ്ചൈവ മൃദുശ്ച സ്യാത്കാര്യം വീക്ഷ്യ മഹീപതിഃ. തീക്ഷ്ണശ്ചൈവ മൃദുശ്ചൈവ രാജാ ഭവതി സംമതഃ.

5. ഏവം സർവം വിധായേദമിതികർത്തവ്യമാത്മനഃ. യുക്തശ്ചൈവാപ്രമത്തശ്ച പരിരക്ഷേദിമാഃ പ്രജാഃ..

6. വിക്രോശന്ത്യോ യസ്യ രാഷ്ട്രാദ്ധ്രിയന്തേ ദസ്യുഭിഃ പ്രജാഃ. സംപശ്യതഃ സഭൃത്യസ്യ മൃതഃ സ ന തു ജീവതി..

7. ക്ഷത്രിയസ്യ പരോ ധർമഃ പ്രജാനാമേവ പാലനമ്. നിർദിഷ്ടഫലഭോക്താ ഹി രാജാ ധർമേണ യുജ്യതേ..

(മനുസ്മൃതി. 7.128,129,139,140,142-144)

1. രാജാവ്, രാജഭൃത്യന്മാർ, പ്രജകൾ, തൊഴിലാളികൾ എന്നിവർക്കെല്ലാം സുഖമുണ്ടാകത്തക്കവണ്ണം രാജാവും രാജസഭയും കൂടി ആലോചിച്ചു



നാട്ടിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

2. പശുക്കുട്ടി, വണ്ട് എന്നിവ ഭക്ഷണത്തെ അല്പാല്പമായി ഉൾക്കൊള്ളുന്നതുപോലെ രാജാവ് നാട്ടുകാരിൽ നിന്ന് ആണ്ടുതോറും അത്യല്പമായ നികുതി മാത്രമേ പിരിച്ചെടുക്കാവൂ.

3. അത്യാഗ്രഹം നിമിത്തം അവനവന്റെയും അന്യരുടെയും സുഖത്തിന്റെ മൂലകാരണത്തെ ഒരിക്കലും വേരോടു കൂടി മുറിച്ചു കളഞ്ഞ് നശിപ്പിക്കരുത്. എന്തെന്നാൽ പുരുഷപ്രയത്നത്തേയും സുഖത്തേയും ഉന്മൂലനം ചെയ്യുന്നവൻ അവനവനെത്തന്നെയും അന്യന്മാരേയും ദുഃഖിപ്പിക്കുകയാണ് ചെയ്യുന്നത്.

4. രാജാവ് സമയം നോക്കി തീക്ഷ്ണ സ്വഭാവിയോ മൃദു സ്വഭാവിയോ ആകണം. ദുഷ്ടരോട് ക്രൂരമായും നല്ലവരോടു സൗമ്യമായും പെരുമാറുന്ന രാജാവ് ബഹുമാന്യനാകുന്നു.

5. രാജാവ് ഇപ്രകാരം നാട്ടുകാര്യങ്ങൾ നടത്തുവാനുള്ള ഏർപ്പാടുകളെല്ലാം ചെയ്ത്, സദാ പ്രമാദരഹിതനായി സശ്രദ്ധം പ്രജകളെ പരിപാലിക്കേണ്ടതാണ്.

6. രാജാവും രാജഭൃത്യന്മാരും നോക്കിയിരിക്കെ ആർത്തരായ ജനങ്ങളുടെ പ്രാണധനാദികൾ അപഹരിച്ച് കൊണ്ടുപോകുന്ന പക്ഷം ആ രാജാവ് മന്ത്രിമാരോടു കൂടി നശിച്ചുപോയതായിട്ടാണ് മനസ്സിലാക്കേണ്ടത്, ജീവിച്ചിരിക്കുന്നുണ്ടെന്നല്ല. ആ മഹാരാജാവ് മഹാദുഃഖമനുഭവിക്കാതെയിരിക്കില്ല.

7. രാജാക്കന്മാരുടെ പരമമായ ധർമം പ്രജാപരിപാലനം തന്നെയാണ്. മനുസ്മൃതിയിൽ ഏഴാമധ്യായത്തിൽ പറഞ്ഞിട്ടുള്ള നികുതിപിരിവു നിയമത്തേയും സഭാസ്ഥാപന നിയമത്തേയും അനുസരിച്ച് പ്രവർത്തിക്കുന്ന രാജാവു ധർമത്തോടു കൂടിയവനും സുഖമനുഭവിക്കുന്നവനും ആകും. അതിനു വിപരീതമായി പ്രവർത്തിച്ചാൽ ദുഃഖിക്കുകയും ചെയ്യും.

ദിനചര്യ

1. ഉത്ഥായ പശ്ചിമേ യാമേ കൃതശൗചഃ സമാഹിതഃ ഹുതാഗ്നിർബ്രാഹ്മണാംശ്ചാർച്ച്യ പ്രവിശേത്സ ശുഭാം സഭാമ്

2. തത്ര സ്ഥിതാഃ പ്രജാഃ സർവ്വാഃ പ്രതിനന്ദ്യ വിസർജ യേത് വിസൃജ്യ ച പ്രജാഃ സർവാ മന്ത്രയേത്സഹ മന്ത്രിഭിഃ

3. ഗിരിപൃഷ്ഠം സമാരുഹ്യ പ്രസാദം വാ രഹോഗതഃ അരണ്യേ നിഃശലാകേ വാ മന്ത്രയേദവിഭാവിതഃ

4. യസ്യ മന്ത്രം ന ജാനന്തി സമാഗമ്യ പൃഥഗ്ജനാഃ സ കൃത്സ്നാം പൃഥിവീംതേ കോശഹീനോപി പാർഥിവഃ (മനു. 7-145-148)

രാജാവു രാത്രിയുടെ അന്ത്യയാമാരംഭത്തിൽ ഉണർന്നെഴുന്നേറ്റ്, ശരീരശുദ്ധി വരുത്തി, ഈശ്വരധ്യാനവും, അഗ്നിഹോത്രവും ചെയ്ത് ധാർമികന്മാരായ വിദ്വാന്മാരെ സല്കരിച്ചതിന്റെ ശേഷം ഭക്ഷണം കഴിച്ച് അരമനയിലുള്ള രാജസഭയിൽ പ്രവേശിക്കണം.

2. അവിടെ വന്ന് നിൽക്കുന്ന ജനങ്ങളെ ബഹുമാനിച്ച് തിരികെ അയച്ചതിനു ശേഷം പ്രധാനമന്ത്രിയോടുകൂടി രാജ്യകാര്യവിചാരം ചെയ്യണം.

3. പിന്നീട് മന്ത്രിയോടു കൂടി നടക്കാൻ പോകണം. മലമുകളിലോ, ഏകാന്തഗൃഹത്തിലോ മുള്ളില്ലാത്ത ഇടതൂർന്ന കാടുകളിലോ, ഏകാന്തസ്ഥലത്തോ ചെന്നിരുന്ന് നിഷ്പക്ഷനായി കൂടിയാലോചിക്കണം.

4. മറ്റുള്ളവർ എത്ര ശ്രമിച്ചാലും ഗൂഢകാര്യങ്ങൾ അറിയാൻ സാധിക്കാത്ത, ഗണ്ഡീര്യവും, പരിശുദ്ധവും, പരോപകാരാർഥവുമായ ഗുപ്തവിചാരങ്ങളുള്ള രാജാവ് ധനഹീനനാണെങ്കിലും ഭൂമണ്ഡലം അടക്കിവാഴുവാൻ സമർഥനായിരിക്കും. അതിനാൽ രാജാവ് സഭാംഗങ്ങളനുവദിക്കുന്നതിനു മുമ്പു് യാതൊന്നും യഥേഷ്ടം ചെയ്യരുത്.

സന്ധി-യുദ്ധം മുതലായവ

1. ആസനം ചൈവ യാനം ച സന്ധിം വിഗ്രഹമേവച കാര്യം വീക്ഷ്യ പ്രയുഞ്ജീത ദ്വൈധം സംശ്രയമേവച.

2. സന്ധിം തു ദ്വിവിധം വിദ്യാദ്രാജാ വിഗ്രഹമേവച ഉഭേ യാനാസനേ ചൈവ ദ്വിവിധഃ സംശ്രയഃ സ്മൃതഃ.

3. സമാനയാനകർമാ ച വിപരീതസ്തഥൈവച തഥാ ത്വായതി സംയുക്തഃ സന്ധിർജ്ഞേയോ ദ്വിലക്ഷണഃ

4. സ്വയം കൃതശ്ച കാര്യർഥമകാലേ കാല ഏവ വാ മിത്രസ്യ ചൈവാപകൃതേ ദ്വിവിധോ വിഗ്രഹഃ സ്മൃതഃ.

5. ഏകാകിനശ്ചാത്യയികേ കാര്യേ പ്രാപ്തേ യദൃച്ഛയാ സംഹതസ്യ ച മിത്രേണ ദ്വിവിധം യാനമുച്യതേ.

6. ക്ഷീണസ്യ ചൈവ ക്രമശോ ദൈവാത് പൂർവകൃതേനവാ. മിത്രസ്യ ചാനുരോധേന ദ്വിവിധം സ്മൃതമാസനമ്.

7. ബലസ്യ സ്വാമിനശ്ചൈവ സ്ഥിതിഃ കാര്യാർത്ഥ സിദ്ധയേ. ദ്വിവിധം കീർത്യതേ

ദ്വൈധം ഷാഡ്ഗുണ്യഗുണവേദിഭിഃ

8. അർഥസമ്പാദനാർഥം ച പീഡ്യമാനഃ സ ശത്രുഭിഃ. സാധുഷു വ്യപദേശാർഥം ദ്വിവിധഃ സംശ്രയഃസമൃതഃ. യദാവഗച്ഛേദായത്യാമാധിക്യം ധ്രുവമാത്മനഃ തദാത്വേ ചാല്പികാം പീഡാം തദാസന്ധിം സമാശ്രയേത്.

10. യദാ പ്രഹൃഷ്ടാ മന്യേത സർവാസ്തു പ്രകൃതീർഭൃശമ് അത്യുച്ഛ്രിതം തഥാത്മാനംതദാ കുർവീത വിഗ്രഹമ്.

11. യദാ മന്യേത ഭാവേന ഹൃഷ്ടം പുഷ്ടം ബലം സ്വകമ്. പരസ്യ വിപരീതം ച തദാ യായാദ്രിപും പ്രതി.

12. യദാ തു സ്യാത്പരിക്ഷീണോ വാഹനേന ബലേന ച തദാസീത പ്രയത്നേന ശനകൈഃ സാംത്വയന്നരീൻ.

13. മന്യേതാരിം യദാ രാജാ സർവഥാബലവത്തരം തദാ ദ്വിധാ ബലം കൃത്വാ സാധയേത്കാര്യമാത്മനഃ.

14. യദാ പരബലാനാം തു ഗമനീയതമോ ഭവേത് തദാ തു സംശ്രയേത് ക്ഷിപ്രം ധാർമികം ബലിനം നൃപമ്.

15. നിഗ്രഹം പ്രകൃതീനാംച കുര്യാദോ/രിബലസ്യ ച ഉപസേവത തം നിത്യം സർവയത്നൈർഗുരും യഥാ.

16. യദി തത്രാപി സംപശ്യേദ്ദോഷം സംശ്രയകാരിതമ്. സുയുദ്ധമേവ തത്രാപി നിർവിശംകഃ. സമാചരേത്.

1. **(ആസനം)** സ്ഥിരത **(യാനം)** ശത്രുക്കളോടു യുദ്ധം ചെയ്വാൻ പോവുക **(സന്ധിഃ)** അവരോട് സന്ധി ചെയ്യുക **(വിഗ്രഹഃ)** ദുഷ്ടശത്രുക്കളോടു യുദ്ധം ചെയ്യുക **(ദ്വൈധം)** സൈന്യത്തെ രണ്ടായി വിഭജിച്ച് വിജയം നേടുക **(സംശ്രയം)** ബലഹാനി വരുമ്പോൾ പ്രബലനായ വേറൊരു രാജാവിനെ ആശ്രയിക്കുക എന്നിങ്ങനെ ആറു വിധത്തിലുള്ള കർമ്മങ്ങളേയും യഥായോഗ്യം കാര്യവിചാരം ചെയ്ത് യുക്തമായതു സ്വീകരിക്കണം.

2. **സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം സംശ്രയം** എന്നിവ ഈരണ്ടു തരത്തിലുണ്ട്. അവയേതെന്ന് രാജാവു നന്നായി അറിയണം.

3. **സന്ധിഃ-** ശത്രുക്കളോടു കൂടി സ്നേഹമായിരിക്കുക, അഥവാ തദ്വിപരീതമായി പ്രവർത്തിക്കുക, വർത്തമാനകാലത്തിലും ഭാവികാലത്തും ചെയ്യേണ്ടതു നിർവിഘ്നം ചെയ്തുകൊണ്ടിരിക്കണം. ഇതാണ് രണ്ടുതരം സന്ധികൾ.

4. **വിഗ്രഹം :-** സ്വന്തം കാര്യസിദ്ധിക്ക് ഔചിത്യവും അനൗചിത്യവും നോക്കാതെ ചെയ്യുന്ന യുദ്ധം, മിത്രത്തിനോട് അപരാധം ചെയ്യുന്ന ശത്രുവിനോടുള്ള പോരാട്ടം എന്നിങ്ങനെ രണ്ടു വിധത്തിലാണ് വിഗ്രഹം.

5. **യാനം:-** എന്തെങ്കിലും കാര്യം സാധിക്കുന്നതിന് ഏകാകിയായി പെട്ടെന്നു ശത്രുവിന്റെ നേരെ പോരിനു പുറപ്പെടുക; ബന്ധുക്കളോടുകൂടി ശത്രുവിനെ ആക്രമിക്കാൻ ഒരുങ്ങിപ്പുറപ്പെടുക എന്നിങ്ങനെ യാനം രണ്ടുവിധത്തിലുണ്ട്.

6. **ആസനം:-** ഏതെങ്കിലും കാരണവശാൽ ക്രമേണ ദുർബലനാവുക, മിത്രങ്ങൾ തടഞ്ഞു നിർത്തുകയാൽ സ്വസ്ഥാനത്തു തന്നെ നില്ക്കുക എന്നിവയാണ് ദ്വിവിധാസനങ്ങൾ.

7. **ദ്വൈധീഭാവം:-** കാര്യം നേടുവാൻ സേനാപതികളേയും സൈന്യത്തേയും രണ്ടായി വിഭജിച്ചു വിജയം നേടുന്നത്രേ രണ്ടുതരം ദ്വൈധം.

8. **സംശ്രയം:-** കാര്യസിദ്ധിക്ക് ബലവാനായ രാജാവിനെ ആശ്രയിക്കുക. അഥവാ മഹാത്മാവിനെ ശരണം പ്രാപിക്കുക എന്നിവ ചെയ്ത് ശത്രുപീഡയിൽ നിന്നൊഴിയുന്നതിനെ രണ്ടുവിധത്തിലുള്ള സംശ്രയം-ആശ്രയം -എന്നു പറയുന്നു.

9. തൽക്കാലം യുദ്ധം ചെയ്താൽ കുറച്ചു നഷ്ടം സംഭവിക്കുമെന്നും യുദ്ധം നീട്ടിവച്ചാൽ നിശ്ചയമായും വിജയവും അഭിവൃദ്ധിയും ഉണ്ടാകുമെന്നും കാണുമ്പോൾ ശത്രുവിനോട് സന്ധി ചെയ്ത് ഉചിതമായ അവസരം പാർത്ത് ധൈര്യമായിരിക്കണം.

10. തന്റെ രാജ്യത്തിലുള്ള സകല ജനങ്ങളും സൈന്യവും സന്തുഷ്ടരും പുരോഗമനോന്മുഖരും ശ്രേഷ്ഠരുമാണെന്നും താനും അപ്രകാരമുള്ളവനാണെന്നു തോന്നുകയും ചെയ്യുമ്പോൾ മാത്രമേ ശത്രുവിനോട് യുദ്ധത്തിനു പുറപ്പെടാവൂ.

11. തന്റെ സൈന്യം സന്തുഷ്ടിയും പുഷ്ടിയും പ്രസന്നതയുള്ളതായിരിക്കയും മറിച്ച് ശത്രുസൈന്യം ദുർബലമാണെന്നു കാണുകയും ചെയ്യുമ്പോൾ ശത്രുവിനോട് യുദ്ധത്തിനു പുറപ്പെടണം.

12. തന്റെ സൈന്യവും വാഹനങ്ങളും ക്ഷീണദശയെ പ്രാപിക്കുമ്പോൾ ശത്രുക്കളെ മന്ദം മന്ദം സാന്ത്വനംചെയ്ത് യുദ്ധം നിർത്തി പിൻവാങ്ങണം.

13. ശത്രു അധികം ബലവാനാണെന്ന് അറിയുമ്പോൾ രാജാവു തന്റെ സൈന്യത്തെ രണ്ടായി വിഭജിച്ച് തന്റെ കാര്യം സാധിക്കണം.

14. ബലവാനായ ശത്രു താമസം കൂടാതെ ആക്രമിക്കുമെന്ന് അറിവു കിട്ടിയാലുടനെ ധാർമി

കനും ബലവാനുമായ മറ്റൊരു രാജാവിനെ അതിവേഗം ആശ്രയിക്കണം.

15. താൻ ആശ്രയിച്ച രാജാവ് സൈന്യബലം കൊണ്ടു ശത്രുസൈന്യത്തെ തുരത്തുവാൻ ശക്തനാണെങ്കിൽ അദ്ദേഹത്തെ ഗുരുതുല്യനായി ഗണിച്ച്, നിത്യവും കഴിയുംവണ്ണം സേവിക്കണം.

16. ആശ്രയിച്ചയാളിന്റെ പ്രവൃത്തികളിൽ ദോഷം കണ്ടാൽ അയാളോടും നിർവിശങ്കം യുദ്ധം ചെയ്യുകതന്നെ വേണം ഒരിക്കലും ധാർമികനായ രാജാവിനെ എതിർക്കരുത്. എപ്പോഴും മമതയിലായിരിക്കണം.

1. സർവോപായൈസ്തഥാ കുര്യാന്നീതിജ്ഞഃ പൃഥിവീപതിഃ യഥാസ്യാഭ്യധികാ നസ്യുർ മിത്രോദാസീനശത്രവഃ.

2. ആയതിം സർവ്വകാര്യാണാം തദാത്വം ന വിചാരയേത്. അതീതാനാം ച സർവേഷാം ഗുണദോഷൗ ച തത്ത്വതഃ.

3. ആയത്യാം ഗുണദോഷജ്ഞ സ്തദാത്വേ ക്ഷിപ്രനിശ്ചയഃ അതീതേ കാര്യ ശേഷജ്ഞഃ ശത്രുഭിർന്നാഭിഭൂയതേ.

4. യഥൈനം നാഭിസംദധ്യുർമിത്രോദാസീന ശത്രവഃ തഥാ സർവ്വം സംവിദധ്യാദേഷ സാമാസികോ നയഃ

1. നീതിജ്ഞനായ രാജാവ്, ശത്രുക്കൾ, മദ്ധ്യസ്ഥന്മാർ, മിത്രങ്ങൾ എന്നിവർ തന്നേക്കാളധികം ബലവാനാകാതിരിപ്പാനുള്ള ഉപായങ്ങളെല്ലാം ചെയ്തുകൊള്ളണം.

2. പണ്ട് ചെയ്തതും, ഇപ്പോൾ ചെയ്യുന്നതും, ഇനി ചെയ്യേണ്ടതുമായ എല്ലാ കാര്യങ്ങളുടെയും ഗുണദോഷങ്ങളെപ്പറ്റി യഥാർഥമായി ചിന്തിക്കണം.

3. പിന്നീട് ദോഷപരിഹാരത്തിനും ഗുണങ്ങൾ സ്ഥായിയാക്കാനും യത്നിക്കണം. ഭാവിയിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ ഗുണദോഷങ്ങൾ ശ്രദ്ധിക്കുന്നവനും ഇപ്പോൾ ചെയ്യേണ്ടത് ഉടനടി ചെയ്യുന്നവനും ചെയ്തുകഴിഞ്ഞതിന്റെ ബാക്കി എന്തുചെയ്യണമെന്നറിയുന്നവനുമായ രാജാവ് ഒരിക്കലും തോൽക്കുകയില്ല.

4. മിത്രം, നിഷ്പക്ഷൻ, ശത്രു എന്നിവരാരും രാജാവിനേയോ പ്രജകളേയോ വശപ്പെടുത്താതെയിരിക്കാൻ രാജഭൃത്യന്മാരും വിശിഷ്യ സഭാപതിയായ രാജാവും സർവപ്രകാരേണയും പ്രവർത്തിക്കേണ്ടതാണ്. ഇതുതന്നെയത്രേ രാജ്യതന്ത്രത്തിന്റെ ചുരുക്കം.

യുദ്ധത്തിനൊരുക്കം

1. കൃത്വാവിധാനം മൂലേ തു യാത്രികം ച യഥാവിധി. ഉപഗൃഹ്യാസ്പദം ചൈവ ചാരാൻ സമ്യഗ്വിധായ ച.

2. സംശോധ്യ ത്രിവിധം മാർഗം ഷട്വിധം ച ബലം സ്വകമ്. സാംപരായികകല്പേന യായാദരിപുരം ശനൈഃ.

3. ശത്രുസേവിനി മിത്രേച ഗൂഢേ യുകത തരോഭവേത് ഗതപ്രത്യാഗതേ ചൈവ സഹികഷ്ടതരോരിപുഃ.

(വിവിധ വ്യൂഹങ്ങൾ)

4. ദണ്ഡവ്യൂഹേന തൻമാർഗ്ഗം യായാത്തു ശകടേന വാ. വരാഹമകരാഭ്യാം വാ സൂച്യാ വാ ഗരുഡേന വാ.

5.യതശ്ച ഭയമാശംകേത്തതോ വിസ്താര യേത് ബലമ്. പത്മേന ചൈവ വ്യൂഹേന നിവിശയേതസദാ സ്വയമ്.

6. സേനാപതി ബലാദ്ധ്യക്ഷേ, സർവ ദിക്ഷു നിവേശയേത്, യതശ്ച ഭയമാശങ്കേത് പ്രാചീം താം കല്പയേദ്ദീശമ്.

7. ഗുല്മാംശ്ച സ്ഥാപയേദാപ്താൻ കൃത സംജ്ഞാൻ സമന്തതഃ സ്ഥാനേ യുദ്ധേ ച കുശലാനഭീരൂനവികാരിണഃ.

8. സംഹതാൻ യോധയേദല്പാൻ കാമം വിസ്താര യേദ് ബഹൂൻ സൂച്യാ വജ്രേണ ചൈവൈ താൻ വ്യൂഹേന വൂഹ്യ യോധയേത്

9. സ്യന്ദനാശ്വൈഃ സമേ യുദ്ധ്യേ ദനൂപേ നൌദ്വിപൈസ്തഥാ വൃക്ഷഗുല്മാവൃതേ ചാപൈരസിചർമായുധൈഃ സ്ഥലേ.

10. പ്രഹർഷയേദ്ബലം വ്യൂഹ താംശ്ച സമ്യക് പരീക്ഷയേദ്. ചേഷ്ടാശ്ചൈവ വിജാനീയാദരീൻ യോധയതാമപി.

11. ഉപരുധ്യാരിമാസീത രാഷ്ട്രം ചാസ്യോപ പീഡയേത് ദൂഷയേച്ചാസ്യ സതതം യവസാന്നോദകേന്ധനമ്.

12. ഭിൻദ്യാച്ചൈവ തഡാഗാനി പ്രാകാരപരിഖാസ്തഥാ. സമവസ്കന്ദയേച്ചൈനം രാത്രൌ വിത്രാസയേത്തഥാ.

(പരാജിതനോടുള്ള പെരുമാറ്റം)

13. പ്രമാണാനി ച കുർവീത തേഷാം ധർമാന്യഥോദിതാൻ. രത്നൈശ്ച പൂജയേദേനം പ്രധാനപുരുഷൈഃ സഹ.

14. ആദാനമപ്രിയകരം ദാനഞ്ച പ്രിയകാരകമ്

അഭീപ്സിതാനാമർഥാനാം കാലേ യുക്തം പ്രശസ്യതേ.

(മനു. 7. 184–192;194–196; 203;204)

1. യുദ്ധത്തിനു പുറപ്പെടുമ്പോൾ രാജ്യരക്ഷയ്ക്കുവേണ്ടതെല്ലാം ചെയ്ത് സൈന്യം, യാനങ്ങൾ, വാഹനങ്ങൾ, ശസ്ത്രങ്ങൾ, അസ്ത്രങ്ങൾ മുതലായ സാമഗ്രികളെല്ലാം സംഭരിച്ച് നാലുപാടും ചാരന്മാരെ ഗൂഢമായി അയച്ചതിനു ശേഷം പുറപ്പെടണം.

2. മൂന്നുമാർഗ്ഗങ്ങൾ- അതായത് സ്ഥലം-കര, ജലം- സമുദ്രം നദി മുതലായവ, ആകാശം എന്നിവയിലെ മാർഗങ്ങൾ തെളിയിച്ച് കരയിൽ തേർ, കുതിര, ആന എന്നിവയിലും വെള്ളത്തിൽ തോണി കപ്പൽ തുടങ്ങിയവയിലും ആകാശത്തിൽ വിമാനത്തിലും കയറിപ്പോകണം. ആന കുതിര, തേർ കാലാൾ എന്നീ ചതുരംഗപ്പട അസ്ത്രശസ്ത്രാദികൾ, ഭക്ഷണപേയങ്ങൾ എന്നിവയോടുകൂടി എന്തെങ്കിലും കാരണം പറഞ്ഞുകൊണ്ട് ശത്രുനഗരത്തിന്റെ സമീപത്തേക്ക് മന്ദം മന്ദം നീങ്ങണം.

3. ഒളിവായി ശത്രുപക്ഷത്തിൽ ചേർന്നവനും പുറമേ മൈത്രിപുലർത്തുന്നവനും തന്റെ നീക്കങ്ങളെ ഗൂഢമായി ശത്രുവിനെ അറിയിച്ചേക്കാമെന്നു സംശയിക്കാവുന്നതുമായ ആളിന്റെ സഞ്ചാരത്തിലും അവനോടു സംഭാഷണം ചെയ്യുന്നതിലും ശ്രദ്ധിക്കണം. അകമേ ശത്രുവും പുറമേ മിത്രവും ആയവനത്രേ മഹാശത്രു.

4. രാജാവ് സകല രാജഭൃത്യന്മാരെയും യുദ്ധവിദ്യ അഭ്യസിപ്പിക്കണം. താനും അഭ്യസിക്കണം, പ്രജകളേയും പഠിപ്പിക്കണം. പൂർവശിക്ഷിതരായ ഭടന്മാർക്കു മാത്രമേ നല്ലവണ്ണം യുദ്ധം ചെയ്യാനും ചെയ്യിക്കാനും കഴിയൂ. അഭ്യസിപ്പിക്കുമ്പോൾ **(ദണ്ഡവ്യൂഹ)** ദണ്ഡാകൃതിയിൽ വ്യൂഹം ചമയ്ക്കുക **(ശകട)** ശകടാകൃതിയിൽ സേന വിന്യസിക്കുക **(വരാഹവ്യൂഹ)** പന്നികൾ ഒന്നിന്റെ പിന്നാലെ മറ്റൊന്നായി ഓടുകയും ഇടയ്ക്കിയയ്ക്ക് ഒന്നിച്ചുചേർന്ന് കൂട്ടമായി നിൽക്കുകയും ചെയ്യുന്നതുപോലെ സൈന്യത്തെ നടത്തുകയും നിർത്തുകയും ചെയ്യുക. **(മകരവ്യൂഹ)** മുതലവെള്ളത്തിൽ നീന്തിപ്പോകുന്നതുപോലെ സൈന്യത്തെ നടത്തുക. **(സൂചിവ്യൂഹ)** സൂചിയുടെ മുന വണ്ണം കുറഞ്ഞും കുഴ നൂൽ കയരുവാൻ തക്കവണ്ണം കൂടിയും ഇരിക്കുന്നതുപോലെ വിന്യസിക്കുക. എന്നിങ്ങനെ വ്യൂഹങ്ങളെല്ലാം അഭ്യസിപ്പിച്ച്, ഗരുഡനെപ്പോലെ ഉയർന്നും താണും സംഹരിക്കാൻ പഠിപ്പിക്കണം.

5. ആക്രമണ ഭീഷണി നിലനില്ക്കുന്നിടത്ത് സൈന്യത്തെ നിർത്തണം. രാജാവ് പടനായകന്മാരെ നാലു പുറത്തും നിർത്തി പദ്മവ്യൂഹം നിർമിച്ച്- താമരപ്പൂവിന്റെ ആകൃതിയിൽ സൈന്യത്തെച്ചുറ്റും നിർത്തി - അതിന്റെ മദ്ധ്യത്തിൽ നില്ക്കണം.

6. സൈന്യാധിപന്മാരെയും വീരന്മാരായ ഭടന്മാരെയും എട്ടു ദിക്കുകളിലും നിർത്തണം. ഏതു ഭാഗത്തു യുദ്ധം ഉണ്ടാകുമോ ആ ഭാഗത്തേക്ക് അഭിമുഖമായി സൈന്യത്തെ തിരിച്ചു നിർത്തണം. മറ്റുള്ള ഭാഗങ്ങളിലും രക്ഷാസന്നാഹങ്ങൾ ഉണ്ടായിരിക്കണം. എന്തെന്നാൽ ഏതു ഭാഗത്തു നിന്നും ശത്രുവിന്റെ ആക്രമണം ഉണ്ടാകാം.

7. യുദ്ധവിദ്യയിൽ സുശിക്ഷിതരും ധാർമികരും, ആക്രമണത്തിലും പ്രതിരോധത്തിലും സമർഥരും നിർഭയരും അചഞ്ചലമനസ്ക്കരും, സ്തംഭം പോലെ കുലുക്കമറ്റവരുമായ സൈനികരെ സൈന്യത്തിന്റെ നാലു ഭാഗത്തും നിർത്തണം.

8. എണ്ണത്തിൽ കുറവായവർ എണ്ണത്തിൽ കൂടിയവരോട് യുദ്ധം ചെയ്യേണ്ടി വരുമ്പോൾ സംഘം ചേർന്ന് യുദ്ധം ചെയ്യേണ്ടതാണ്. തരം കിട്ടുമെങ്കിൽ ആ കുറച്ചു പടയാളികളെ വേഗത്തിൽ അകറ്റി അധികം സ്ഥലത്തു നിർത്തണം. പട്ടണത്തിലോ കോട്ടയിലോ ശത്രുസൈന്യത്തിലോ കടന്നുചെന്നു യുദ്ധം ചെയ്യേണ്ടിവരുമ്പോൾ സൂചിവ്യൂഹം കൊണ്ടോ വജ്രവ്യൂഹം കൊണ്ടോ ഇരുപുറവും മൂർച്ചയുള്ള കടുത്തിലകൊണ്ട് ഇടത്തും വലത്തും വെട്ടിക്കയറി യുദ്ധം ചെയ്യണം. പ്രവേശിച്ചുകഴിഞ്ഞും പലതരം വ്യൂഹങ്ങൾ ചമച്ച് യുദ്ധം ചെയ്യണം. എതിർഭാഗത്തുനിന്നും പീരങ്കികൊണ്ടോ തോക്കുകൊണ്ടോ ആക്രമിക്കുന്നുണ്ടെങ്കിൽ സർപവ്യൂഹം കൊണ്ട്-സർപം പോലെ നിലത്തിഴഞ്ഞു നീങ്ങിക്കൊണ്ട്- എതിർത്തു കയറണം. പീരങ്കിയുടെ അടുത്തുചെന്നാൽ അവിടെയുള്ളവരെ കൊല്ലുകയോ, ബന്ധിക്കുകയോ ചെയ്ത് പീരങ്കി ശത്രുക്കളുടെ നേരെ തിരിച്ച്, ശത്രുസൈന്യത്തെ കൊന്നൊടുക്കണം. അല്ലെങ്കിൽ വൃദ്ധജനങ്ങളെ കുതിരപ്പുറത്തു കയറ്റി പീരങ്കിയുടെ നേരെ ഓടിച്ചു കൊല്ലിക്കണം.[] [9] ഇടയ്ക്ക് ശൂരന്മാരായ അശ്വാരൂഢന്മാരെ നിർത്തണം. അങ്ങനെ ഓടിച്ച് ശത്രു സൈന്യത്തെ ചിന്നിച്ചിതറിപ്പിച്ച് അവരെ ബന്ധിക്കുകയോ ഓടിച്ചുകളയുകയോ

9 ദേശരക്ഷയ്ക്ക് അത്യാവശ്യമായി വരുമ്പോൾ ചാവേർപ്പടയെപ്പോലെ രക്തസാക്ഷിത്വം വരിക്കാൻ തയാറുള്ളവർ ഇങ്ങനെ ചെയ്യുന്നു.



ചെയ്യണം.

9. സമഭൂമിയിൽ തേർ കുതിര കാലാൾപ്പട എന്നിവകൊണ്ടും സമുദ്രത്തിലാണെങ്കിൽ കപ്പലിൽ കയറിയും ആഴം കുറഞ്ഞിടത്ത് ആനപ്പുറത്തുകയറിയും, മരങ്ങളും പൊന്തകളുമുള്ള സ്ഥലത്ത് അമ്പുകൊണ്ടും, പൂഴിപ്പരപ്പിൽ വാൾ പരിച എന്നിവകൊണ്ടും യുദ്ധം ചെയ്യുകയും ചെയ്യിക്കുകയും വേണം.

10. യുദ്ധം നടക്കുമ്പോൾ യോദ്ധാക്കളെ പ്രോത്സാഹിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യണം. യുദ്ധം നിർത്തിവെച്ചിട്ടുള്ള അവസരങ്ങളിൽ ശൗര്യവും ഉത്സാഹവും ഉണ്ടാകത്തക്കവണ്ണമുള്ള പ്രസംഗങ്ങളെക്കൊണ്ട് സകലസൈനികരെയും ആഹ്ലാദിപ്പിക്കണം. അന്നപാനാദ്യാഹാരങ്ങൾ അസ്ത്രശസ്ത്രാദ്യായുധങ്ങൾ ഔഷധങ്ങൾ മുതലായവകൊടുത്ത് അവരെയെല്ലാം സന്തോഷിപ്പിക്കണം. വ്യൂഹം നിർമ്മിക്കാതെ ഒരിക്കലും യുദ്ധം ചെയ്യുകയോ ചെയ്യിക്കുയോ അരുത്. യുദ്ധം നടക്കുമ്പോൾ ഭടന്മാരുടെ നീക്കങ്ങൾ ശ്രദ്ധിക്കുകയും നന്നായി പയറ്റുന്നുണ്ടോ എന്നും തടിതപ്പാൻ ശ്രമിക്കുന്നുണ്ടോ എന്നും നിരീക്ഷിക്കണം.

11. ഉചിതമാണെന്നു തോന്നുന്നുണ്ടെങ്കിൽ ചില സമയത്തു ശത്രുക്കളെ നാലു ഭാഗത്തും വളഞ്ഞു നിന്ന് ആക്രമിക്കണം. ശത്രുവിന്റെ രാജ്യത്തിലുള്ളവരെ മാർഗനിരോധം ചെയ്തു ബുദ്ധിമുട്ടുകയും അവരുടെ അധീനത്തിലുള്ള ഭക്ഷണപദാർത്ഥങ്ങൾ, വെള്ളം, വിറക്, കന്നുകാലി തീറ്റകൾ, എന്നിവയെല്ലാം നശിപ്പിക്കുകയും ദുഷിപ്പിക്കുകയും ചെയ്യണം.

12. ശത്രുനഗരത്തിലുള്ള കുളങ്ങൾ, കോട്ടമതിലുകൾ, കിടങ്ങുകൾ എന്നിവയെല്ലാം നശിപ്പിച്ചുകളയണം. രാത്രിസമയത്ത് ശത്രുവിനെ ഭയപ്പെടുത്തുകയും ജയം നേടുവാനുള്ള ഉപായങ്ങൾ നോക്കുകയും ചെയ്യണം.

13. ജയിച്ചു കീഴടക്കിയ ശേഷം ശത്രുക്കളെക്കൊണ്ടു ഉടമ്പടികളും പ്രതിജ്ഞകളും എഴുതിച്ചുവാങ്ങണം. ഉചിതമെങ്കിൽ ശത്രുവിന്റെ വംശജനും ധാർമികനുമായ ഒരുവനെ രാജാവായി നിയമിച്ച്, "എന്റെ ആജ്ഞയനുസരിച്ചും -ധർമാനുസൃതമായ രാജനീതിയനുസരിച്ചും- നീതിയോടുകൂടി പ്രജാപരിപാലനം നടത്തേണ്ടതാണ്." എന്നിങ്ങനെ ഉടമ്പടി ചെയ്യണം. ഇപ്രകാരം ഉടമ്പടി ചെയ്തതിനുശേഷം തനിക്കെതിരെ തിരിയാത്തവണ്ണം സ്വന്തം ആളുകളെ അവിടെ നിർത്തണം. തോറ്റ രാജാവിനെയും പ്രധാനസേവകരെയും രത്നാദികളായ വിലയേറിയ വസ്തുക്കൾകൊണ്ടു സൽക്കരിക്കണം. ജീവസന്ധാരണത്തിനു മുട്ടുണ്ടാകുംവണ്ണം ഒന്നും ചെയ്യരുത്. കാരാഗൃഹത്തിൽ ബന്ധിച്ചാലും അവരെ യഥായോഗ്യം ബഹുമാനിക്കയും തോൽവിയിൽ ദുഃഖിക്കാത്തവണ്ണം സന്തുഷ്ടചിത്തരാക്കുകയും വേണം.

14. ലോകത്തിൽ അന്യന്റെ വസ്തുക്കൾ അപഹരിക്കുന്നത് അവരുടെ അപ്രീതിക്കും കൊടുക്കുന്നത് പ്രീതിക്കും കാരണമാകുന്നു. സമയോചിതമായി പെരുമാറുന്നതും, കീഴടങ്ങിയവന് ഇഷ്ടവസ്തുക്കൾ നല്കുകയും ചെയ്യുന്നത് അത്യുദാരമായ പ്രവൃത്തിയാണ്. അവനെ കോപിപ്പിക്കുകയോ മുഷിപ്പിക്കുകയോ പരിഹസിക്കുകയോ ചെയ്യരുത്. ''ഞാൻ നിന്നെ തോല്പിച്ചുകളഞ്ഞു." എന്നിങ്ങനെ അവന്റെ മുമ്പിൽ വച്ചു പറയരുത്. "നിങ്ങൾ എന്റെ സഹോദരനാണ്" എന്നും മറ്റും പറഞ്ഞ് എല്ലായ്പോഴും ബഹുമാനിക്കണം.

മിത്രവും ശത്രുവും

1. ഹിരണ്യഭൂമിസംപ്രാപ്ത്യാ പാർഥിവോ ന തഥൈധതേ. യഥാ മിത്രം ധ്രുവം ലബ്ധ്വാ കൃശമപ്യതിക്ഷമമ്.

2. ധർമജ്ഞംച കൃതജ്ഞം ച തുഷ്ടപ്രകൃതിമേവ ച. അനുരക്തം സ്ഥിരാരംഭം ലഘു മിത്രം പ്രശസ്യതേ.

3. പ്രാജ്ഞം കുലീനം ശൂരം ച ദക്ഷം ദാതാരമേവ ച. കൃതജ്ഞം ധൃതിമന്തഞ്ച കഷ്ടമാഹുരരിം ബുധാഃ.

4. ആര്യതാ പുരുഷജ്ഞാനം ശൗര്യം കരുണവേദിതാ. സ്ഥൈര്യലക്ഷ്യം ച സതതമൂദാസീനഗുണോദയഃ. (മനു. 7. 208-211)

മിത്രലക്ഷണം

1. സ്ഥിരമായി സ്നേഹമുള്ളവനും ഭാവി കണ്ടറിയാൻ കഴിയുന്നവനും കാര്യം നേടാൻ കഴിവുള്ളവനുമായ സമർത്ഥ മിത്രത്തേയോ അല്ലെങ്കിൽ ദുർബല മിത്രത്തേയോ ലഭിച്ചാൽ ഉണ്ടാകുന്നതിലധികം അഭിവൃദ്ധി കുറെ സ്വർണമോ ഭൂമിയോ കിട്ടുന്നതുകൊണ്ട് ഉണ്ടാകുന്നതല്ല.

2. ധർമജ്ഞനും, കൃതജ്ഞനും ഉപകാരസ്മരണയുള്ളവനും പ്രസന്നസ്വഭാവിയും, സ്നേഹമുള്ളവനും തുടങ്ങിവച്ച കാര്യം മുഴുവനാക്കുന്നതിൽ സ്ഥിരതയുള്ളവനുമായ മിത്രത്തെ സമ്പാദിക്കുന്ന രാജാവ് പ്രശംസനീയനാണ്.

3. ബുദ്ധിമാനും, കുലീനനും, ശൂരനും, വീരനും സമർത്ഥനും ദാനശീലനും ഉപകാരസ്മരണയുള്ളവനും ധൈര്യവാനുമായ ആളിന്റെ ശത്രുത്വം

സമ്പാദിക്കാതിരിക്കാൻ എപ്പോഴും ശ്രദ്ധിക്കണം. അത്തരം ശത്രുത ദുരിതങ്ങളുണ്ടാക്കിവയ്ക്കും.

4. ഉദാസീനന്റെ ലക്ഷണം:- പ്രശംസനീയമായ ഗുണങ്ങളുള്ളവനും, സജ്ജനങ്ങളെയും ദുർജ്ജനങ്ങളെയും വേർതിരിച്ചറിയുന്നവനും പരാക്രമശാലിയും ദയാലുവും സത്യമൂലലക്ഷ്യനും പൊള്ള വാക്കുകൾ പറയുന്നവനും ആയവനത്രേ ഉദാസീനൻ.

ഏവം സർവമിദം രാജാ സഹ സംമന്ത്ര്യ മന്ത്രിഭിഃ വ്യായാമ്യാപ്ലുത്യ മധ്യാഹ്നേ ഭോക്തു മന്തഃപുരം വിശേത് (മനു. അ. 7 ശ്ലോ. 216)

മുമ്പു പറഞ്ഞപ്രകാരം അതിരാവിലെ എഴുന്നേറ്റ്, ശരീരശുദ്ധി വരുത്തി, സന്ധ്യാവന്ദനം അഗ്നിഹോത്രം മുതലയവ ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്ത് സഭയിൽ ഹാജരായി മന്ത്രിമാരോടെല്ലാം കാര്യവിചാരം ചെയ്ത് പടനായകന്മാരുടെ അടുക്കലേക്ക് ചെന്ന് അവരെ സന്തോഷിപ്പിക്കുകയും പടയാളികളെ വിവിധ വ്യൂഹരചനാരീതികൾ പഠിപ്പിക്കയും ആനപ്പന്തി, കുതിരാലയം, ഗോശാല, ആയുധശാല, വൈദ്യശാല, ഭണ്ഡാരം മുതലായവയെല്ലാം പരിശോധിച്ച് അവയിൽ വല്ല ന്യൂനതകളും ഉണ്ടെങ്കിൽ അതു മുഴുവൻ തീർക്കുകയും വേണം. പിന്നീട് വ്യായാമശാലയിൽ ചെന്നു വ്യായാമം ചെയ്തിട്ടു ഉച്ചഭക്ഷണത്തിനായി അന്തഃപുരിയിലേക്ക്-പത്നിമാരും മറ്റും താമസിക്കുന്ന സ്ഥലത്തേക്ക്- പോകണം. സശ്രദ്ധം പരിശോധിച്ചു പാകം ചെയ്തതും ബുദ്ധി, ബലം, പരാക്രമം എന്നിവയെ വർദ്ധിപ്പിക്കുന്നതും രോഗനിവാരകവും വിവിധതരത്തിലുള്ളതും മധുരാദി വിവിധരസയുക്തവും സുഗന്ധമുള്ളതും, ഉത്തമവുമായ അന്ന വ്യഞ്ജനപാനങ്ങളാണ് ഭക്ഷിക്കേണ്ടത്. എങ്കിലേ സദാ സുഖയുക്തനായിരിക്കൂ. രാജ്യകാര്യങ്ങളെല്ലാം ഇങ്ങനെ അഭിവൃദ്ധിപ്പെടുത്തണം.

കരംപിരിവ്

പഞ്ചാശദ്ഭാഗ ആദേയോ രാജ്ഞ പശുഹിരണ്യയോഃ ധാന്യാനാമഷ്ടമോ ഭാഗഃ ഷഷ്ഠോ ദ്വാദശ ഏവ വാ. (മനു. 7. 130)

കച്ചവടക്കാർക്കും കൈത്തൊഴിൽക്കാർക്കും സ്വർണമായും വെള്ളിയായും കിട്ടുന്ന ലാഭത്തിൽ അമ്പതിലൊരു ഭാഗവും, നെല്ലു മുതലായ ധാന്യങ്ങളിൽ ആറിലൊന്നോ എട്ടിലൊന്നോ അല്ലെങ്കിൽ പന്ത്രണ്ടിലൊന്നോ ഭാഗവും പിരിച്ചെടുക്കണം. കൃഷിക്കാർക്കും തൊഴിലാളികൾക്കും ഭക്ഷണത്തിനോ പണത്തിനോ ബുദ്ധിമുട്ടു വരാത്തവണ്ണം മാത്രം നികുതി പിരിച്ചെടുക്കണം.

ജനങ്ങൾ ധനാഢ്യരും ആരോഗ്യമുള്ളവരും അന്നപാനാദിപദാർഥങ്ങളാൽ സമൃദ്ധരുമായാൽ രാജാവിനും വലിയ അഭിവൃദ്ധിയുണ്ടാകും. രാജാവു ജനങ്ങളെ തന്റെ മക്കളെപ്പോലെ കരുതി സൗഖ്യം നല്കണം. ജനങ്ങൾ രാജാവിനെയും രാജഭൃത്യന്മാരെയും പിതൃതുല്യം ഗണിക്കണം. കൃഷിക്കാരും തൊഴിലാളികളും രാജാക്കന്മാരുടേയും രാജാക്കന്മാരാണ് എന്ന ചൊല്ല് വളരെ ശരിയാണ്. രാജാവ് അവരുടെ രക്ഷകൻ മാത്രമാണ്. ജനങ്ങളില്ലെങ്കിൽ ആരാണ് രാജാവ്? രാജാവില്ലെങ്കിൽ ആരുടേതാണ് ജനം? ഇരുകൂട്ടരും സ്വന്തം കർത്തവ്യകർമങ്ങളിൽ സ്വതന്ത്രരും, ഇരുകൂട്ടരും ചേർന്ന് പരസ്പരപ്രീതിപൂർവ്വം ചെയ്യേണ്ടകാര്യങ്ങളിൽ പരതന്ത്രരും ആയിരിക്കണം. ജനങ്ങളുടെ പൊതുവായ അഭിപ്രായത്തിനു വിരുദ്ധമായി രാജാവും രാജഭൃത്യന്മാരും പ്രവർത്തിക്കരുത്. രാജഭൃത്യന്മാരും പ്രജകളും രാജാജ്ഞയ്ക്കു വിപരീതമായും നടക്കരുത്. രാജാവിന്റെ രാഷ്ട്രീയമായ-പൊളിറ്റിക്കൽ എന്നു പറയുന്ന -കർത്തവ്യകർമങ്ങൾ സംക്ഷേപമായി ഇവിടെ വിവരിച്ചു. കൂടുതൽ വിവരണം വേണ്ടവർ നാലു വേദങ്ങൾ, മനുസ്മൃതി, ശുക്രനീതി, മഹാഭാരതം മുതലായ ഗ്രന്ഥങ്ങൾ നോക്കി മനസ്സിലാക്കണം. പ്രജകളുടെ ഇടയിൽ നീതിന്യായം നടത്തുന്നതു മനുസ്മൃതിയിൽ എട്ടും ഒമ്പതും അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നവണ്ണം വേണം. അതും ചുരുക്കി പറയാം.

18. വിവാദസ്ഥാനങ്ങൾ

1. പ്രത്യഹംദേശദൃഷ്ടൈശ്ച ശാസ്ത്രദൃഷ്ടൈശ്ച ഹേതുഭിഃ അഷ്ടാദശസു മാർഗേഷു നിബദ്ധാനി പൃഥക് പൃഥക്.

2. തേഷാമാദ്യമൃണാദാനാം നിക്ഷേപോf സ്വാമി വിക്രയഃ. സംഭൂയച സമുത്ഥാനം ദത്ത സ്യാനപകർമച.

3. വേതനസ്യൈവചാദാനാം സംവിദശ്ചവ്യതിക്രമഃ. ക്രയവിക്രയാനുശയോ വിവാദഃ സ്വാമി പാലയോഃ

4. സീമാവിവാദധർമശ്ച പാരുഷ്യേ ദണ്ഡ വാചികേ. സ്തേയം ച സാഹസം ചൈവ സ്ത്രീസങ്ഗ്രഹണമേവച.

5. സ്ത്രീപും ധർമോവിഭാഗശ്ച ദ്യൂതമാഹ്വയ ഏവച പദാന്യഷ്ടാദശൈതാനി വ്യവഹാരസ്ഥിതാവിഹ.

6. ഏഷുസ്ഥാനേഷു ഭൂയിഷ്ഠം വിവാദം ചരതാംനൃണാമ്. ധർമം ശാശ്വതമാശ്രിത്യ



കുര്യാത് കാര്യവിനിർണയമ്.

7. ധർമോ വിദ്ധസ്ത്വധർമേണ സഭാംയത്രോപതിഷ്ഠതേ. ശല്യം ചാസ്യ നകൃന്തന്തി വിദ്ധാസ്തത്ര സഭാസദഃ.

8. സഭാംവാ ന പ്രവേഷ്ടവ്യാ വക്തവ്യം വാ സമഞ്ജസമ്. അബ്രുവന്നിബ്രുവന്നാപി നരോ ഭവതികിൽബഷീ.

9. യത്രധർമോഹ്യധർമേണസത്യം യത്രാനൃതേനച. ഹന്യതേ പ്രേക്ഷമാണാനാം ഹതാസ്തത്രസഭാസദഃ.

10. ധർമ ഏവ ഹതോ ഹന്തി ധർമോ രക്ഷതി രക്ഷിതഃ. തസ്മാദ്ധർമോ ന ഹന്തവ്യോമാനോ ധർമോ ഹതോ*f*വധീത്.

11. വൃഷോഹി ഭഗവാൻധർമ സ്തസ്യയഃ കുരുതേ ഹ്യലമ്. വൃഷലം തം വിദുർദേവാസ്ത സ്മാദ്ധർമം ന ലോപയേത്.

12. ഏക ഏവ സുഹൃദ്ധർമോ നിധനേപ്യനുയാതിയഃ. ശരീരേണ സമ്നാശം സർവമന്യദ്ധിഗച്ഛതി

13. പാദോ*f*ധർമസ്യകർത്താരം പാദഃസാക്ഷിണ മൃച്ഛതി. പാദഃ സഭാസദഃ സർവാൻ പാദോ രാജാനമൃച്ഛതി.

14. രാജാഭവത്യനേനാസ്തുമുച്യന്തേ ച സഭാസദ. ഏനോ ഗച്ഛതികർത്താരം നിന്ദാർഹോ യത്ര നിന്ദ്യതേ

(മനു. 8. 3-8; 12-19)

1. രാജാവ്, രാജസഭാംഗങ്ങൾ, രാജ്യഭൃത്യന്മാർ മുതലായവർ നാട്ടുനടപ്പും ശാസ്ത്രപ്രമാണവുമനുസരിച്ച്, വിവാദാസ്പദമായേക്കാവുന്നതും ഇനി പറയുന്നതുമായ പതിനെട്ടു വിഷയങ്ങളിൽ വിവാദം വരുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കണം. ശാസ്ത്രോക്തമായ നിയമമില്ലെങ്കിൽ ആവശ്യമാണെന്നു തോന്നുന്ന നിമങ്ങൾ രാജാവിനും ജനങ്ങൾക്കും പുരോഗതി വരത്തക്കവണ്ണം ആലോചിച്ച് ഉണ്ടാക്കണം.

2. പതിനെട്ടു വ്യവഹാരങ്ങൾ ഇവയാണ്:- 1. **(ഋണദാനം)** കടം കൊടുക്കുകയോ കടം വാങ്ങുകയോ ചെയ്യുന്നതിലുണ്ടാകുന്ന തർക്കം. 2. **(നിക്ഷേപഃ)** സൂക്ഷിക്കുന്നതിന് ഏല്പിച്ചത് ഉടമസ്ഥൻ ചോദിക്കുമ്പോൾ തിരിച്ചുകൊടുക്കാതെവരുമ്പോൾ ഉണ്ടാകുന്ന തർക്കം. 3. **(അസ്വാമിവിക്രയം)** അന്യന്റെ വക എടുത്തു വിൽക്കുക 4. **(സംഭൂയച സമുത്ഥാനം)** പലർ ചേർന്ന് ഒരുവനോട് അക്രമം കാട്ടുക. 5. **(ദത്തസ്യാനപകർമ)** കൊടുത്തത് കൊടുക്കാതിരിക്കുക

3. 6 **(വേതനസ്യൈവചാദാനം)** വേതനം കൊടുക്കാതിരിക്കുകയോ, കുറച്ചുകൊടുക്കുകയോ ചെയ്യുക. 7 **(സംവിദശ്ച വ്യതിക്രമഃ)** പ്രതിജ്ഞ, ലംഘനം ചെയ്യുക. 8 **(ക്രയവിക്രയാനുശയഃ)** വില്ക്കുകയോ വാങ്ങുകയോ ചെയ്ത വസ്തുക്കളെപ്പറ്റി ഉണ്ടാകുന്ന തർക്കം. 9 **(സ്വാമി പാലയോർവിവാദഃ)** പശുക്കളുടെ ഉടമസ്ഥനും പശുപാലകനും തമ്മിലുണ്ടാകുന്ന തർക്കം.

4. 10 **(സീമാവിവാദധർമഃ)** അതിർത്തിതർക്കം 11 **(ദണ്ഡപാരുഷ്യം)** അതികഠിനമായ ശിക്ഷവിധിക്കുക 12 **(വാക് പാരുഷ്യം)** പരുഷവാക്കുകൾ പറയുക 13 **(സ്തേയം)** മോഷണവും കവർച്ചയും ചെയ്യുക 14 **(സാഹസം)** കൈയ്യേറ്റം ചെയ്യുക 15 **(സ്ത്രീസംഗ്രഹണം)** സ്തീയോ പുരുഷനോ വ്യഭിചാരം ചെയ്യുക.

5. **(സ്ത്രീപുംധർമ്മം)** സ്ത്രീപുരുഷന്മാർ സ്വധർമം ലംഘിക്കുക 17 **(വിഭാഗ)** ഭാഗവഴക്ക് 18 **(ദൂതമാന്യയശ്ച)** ജീവനില്ലാത്തവ പണയം വച്ചു നടത്തുന്ന ചൂതുകളിയും. **(ദ്യൂത)** ജീവികളെ പണയം വച്ചുള്ള ചൂതുകളി **(ആഹ്വയം)** ഇപ്പറഞ്ഞ പതിനെട്ടും വിവാദാസ്പദങ്ങളാണ്.

6. ഈ വ്യവഹാരവിഷയങ്ങളെ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളിൽ ജനങ്ങളോട് നീതിന്യായം നടത്തുന്നതു സനാതനധർമ്മത്തെ ആസ്പദമാക്കിവേണം. ഒരിക്കലും പക്ഷപാതം കാണിക്കരുത് എന്ന് അർത്ഥം.

7. ഏതു സഭയിലാണോ അധർമ്മം മുറിപ്പെടുത്തിയ ധർമം വർത്തിക്കുന്നത് അധർമത്തിന്റെ അമ്പുമുന ധർമത്തിൽ നിന്നു പറിച്ചുകളയാതിരിക്കുന്നത്, അധർമത്തെ നശിപ്പിക്കാതെ ഇരിക്കുന്നത് അതായത് ധർമത്തിന് മാനവും അധർമത്തിന് ശിക്ഷയും നല്കാതിരിക്കുന്നത് ആ സഭയിലെ അംഗങ്ങളെല്ലാം മുറിവേറ്റവരാണെന്നു കരുതണം.

8. ധാർമികനായ മനുഷ്യൻ സഭ.യിൽ പ്രവേശിക്കാത്തതാണ് ഉത്തമം. പ്രവേശിക്കുന്ന പക്ഷം സത്യമേ പറയാവൂ. സഭയിൽ അന്യായം പ്രവർത്തിക്കുന്നതു കണ്ടിട്ടും മൗനം ഭജിക്കുന്ന നേരിനും ന്യായത്തിനും എതിരായി പറയുന്നവൻ മഹാപാപിയാകുന്നു.

9. സദസ്യന്മാരെല്ലാം കണ്ടിരിക്കെ അധർമത്താൽ ധർമവും അസത്യത്താൽ സത്യവും ഹനിക്കപ്പെടുന്ന സഭയിലുള്ളവരെല്ലാവരും മൃതപ്രായരാണ്. അവരിലൊരുവനും ജീവിച്ചിരിക്കുന്നില്ല എന്നറിയണം.

10. ധർമത്തെ ഹനിക്കുന്നവനെ ധർമവും നശി

പ്പിക്കുന്നു. ധർമത്തെ രക്ഷിക്കുന്നവനെ ധർമം രക്ഷിക്കുന്നു. അതിനാൽ ധർമത്തെ ഹനിക്കരുത്. ഹനിച്ച ധർമം നമ്മെ നശിപ്പിക്കരുതെന്നു കരുതിക്കൊള്ളണം.

11. എല്ലാ ഐശ്വര്യങ്ങളും നല്കുന്ന സുഖങ്ങളെല്ലാം നല്കുന്ന ധർമത്തിനു ലോപം വരുത്തുന്നവനെ അറിവുള്ളവർ വൃഷലനെന്നു ശൂദ്രൻ അഥവാ നീചൻ എന്ന്- അറിയുന്നു. അതിനാൽ ധർമലോപം വരുത്തുന്നത് ആർക്കും ഉചിതമല്ല.

12. ഈലോകത്തിൽ ധർമം ഒന്നുമാത്രമേ ബന്ധുവായിട്ടുള്ളൂ. മരണശേഷവും അത് മനുഷ്യനെ അനുഗമിക്കുന്നു. മറ്റുള്ളതെല്ലാം, ബന്ധുക്കളടക്കം ശരീരം ശിഷിക്കുന്നതോടുകൂടി ഇല്ലാതാകുന്നു. എല്ലാ ബന്ധവും വിട്ടുപോകുന്നു. എന്നാൽ ധർമത്തിന്റെ ബന്ധം മാത്രം ഒരു കാലത്തും വേർപെടുന്നതല്ല എന്നർഥം.

13. രാജസഭയിൽ പക്ഷപാതം നിമിത്തം അന്യായം പ്രവർത്തിക്കുമ്പോളുണ്ടാകുന്ന അധർമം നാലു ഭാഗങ്ങളായി പിരിഞ്ഞ് ഒരു ഭാഗം അധർമം പ്രവർത്തിച്ചവനേയും രണ്ടാം ഭാഗം സാക്ഷിയേയും മറ്റൊന്ന് സദസ്യരേയും നാലാമത്തെ ഭാഗം ധർമവിരുദ്ധമായി പ്രവർത്തിച്ച സഭയുടെ അദ്ധ്യക്ഷനായ രാജാവിനെയും പ്രാപിക്കുന്നു.

14. നിന്ദിക്കേണ്ടവരെ നിന്ദിക്കുകയും പ്രശംസാർഹരെ പ്രശംസിക്കുകയും ശിക്ഷാർഹരെ ശിക്ഷിക്കുകയും മാന്യരെ ബഹുമാനിക്കുകയും ചെയ്യുന്ന സഭയിലെ രാജാവും സഭാംഗങ്ങളും പാപരഹിതരും പരിശുദ്ധരുമായി ഭവിക്കുന്നു. പാപം ചെയ്യുന്നവനു മാത്രമേ അതിന്റെ ദോഷം ഉണ്ടാകുന്നുള്ളൂ.

ഇനി സാക്ഷികൾ എങ്ങനെയുള്ളവരായിരിക്കണമെന്നു പറയുന്നു

1. ആപ്താഃ സർവേഷു വർണേഷു കാര്യാഃ കാര്യേഷു സാക്ഷിണഃ. സർവധർമവിദോ ലുബ്ധാ വിപരീതാംസ്തു വർജയേത്.

2. സ്ത്രീണാം സാക്ഷ്യം സ്ത്രീയഃ കുർയ്യുർ ദ്വിജാനാം സദൃശാ ദ്വിജാഃ. ശൂദ്രാശ്ചൈ സന്തഃ ശൂദ്രാണാമന്ത്യാനാമന്ത്യയോനയഃ.

3. സാഹസേഷു ച സർവേഷു സ്തേയസങ്ഗ്രഹണേഷുച. വാഗ്ദണ്ഡയോശ്ച പാരുഷ്യേ ന പരീക്ഷേത സാക്ഷിണഃ.

4. ബഹുത്വം പരിഗൃഹ്ണീയ്ത്സാക്ഷിദ്വൈധേ നരാധിപഃ. സമേഷു തു ഗുണോത്കൃഷ്ടാൻ ഗുണദ്വൈധേ ദ്വിജോത്തമാൻ

5. സമക്ഷദർശനാത്സാക്ഷ്യം ശ്രവണാ ച്ചൈവ സിധ്യതി തത്ര സത്യം ബ്രുവൻ സാക്ഷീ ധർമാർഥാഭ്യാം ന ഹീയതേ.

6. സാക്ഷീദൃഷ്ടശ്രുതാദന്യദ്വിബ്രുവന്നാര്യ സംസദി. അവാങ്നരകമഭ്യേതി പ്രേത്യ സ്വർഗാച്ച ഹീയതേ.

7. സ്വഭാവേനൈവ യദ്ബ്രൂയുസ്തദ് ഗ്രാഹ്യം വ്യാവഹാരികമ് അതോ യദന്യദ്വി ബ്രൂയുർ ധർമാർഥം തദപാർഥകമ്.

8. സഭാന്തഃ സാക്ഷിണഃ പ്രാപ്താനർഥി പ്രത്യർഥി സന്നിധൗ പ്രാഡ്വിവാകോfനുയുജ്യീത വിധിനാfനേന സാന്ത്വയൻ.

9. യദ്ദ്വയോരനയോർവേത്ഥ കാര്യേfസ്മിൻ ചേഷ്ടിതം മിഥഃ. തദ് ബ്രൂത സർവം സത്യേന യുഷ്മാകം ഹ്യത്ര സാക്ഷിതാ.

10. സത്യം സാക്ഷ്യേ ബ്രുവൻസാക്ഷീ ലോകാനാപ്നോതി പുഷ്കലാൻ. ഇഹ ചാനുത്തമാം കീർത്തിം വാഗേഷം ബ്രഹ്മപൂജിതാ.

11. സത്യേന പൂയതേ സാക്ഷീ ധർമഃ സത്യേന വർധതേ. തസ്മാത്സത്യം ഹി വക്തവ്യം സർവവർണേഷു സാക്ഷിഭിഃ.

12. ആത്മൈവ ഹ്യാത്മനഃ സാക്ഷീ ഗതിരാത്മാ തഥാത്മനഃ മാവമംസ്ഥാഃ സ്വാമാത്മാനം നൃണാം സാക്ഷിണമുത്തമമ്.

13. യസ്യവിദ്വാൻ ഹി വദതഃ ക്ഷേത്രജ്ഞോ നാഭിശങ്കതേ. തസ്മാന്ന ദേവാഃ ശ്രേയാംസം ലോകേfന്യം പുരുഷം വിദുഃ.

14. ഏകോഹമസ്മീത്യാത്മാനം യത്വം കല്യാണ മന്യസേ. നിത്യം സ്ഥിതസ്തേ ഹ്യേഷ പുണ്യപാപേക്ഷിതാ മുനിഃ.

(മനു. 8. 63; 68; 72 – 75; 78–81; 83; 84; 86; 91)

1. എല്ലാ വർണങ്ങളിലും, ധാർമികരും, വിദ്വാന്മാരും, സത്യസന്ധരും സകലധർമങ്ങളേയും അറിയുന്നവരും അത്യാഗ്രഹമില്ലാത്തവരും സത്യം പറയുന്നവരുമായിരിക്കണം ന്യായവ്യവസ്ഥയിൽ സാക്ഷി പറയേണ്ടത്. അല്ലാത്തവരെ സാക്ഷിയാക്കരുത്.

2. സ്ത്രീകൾക്കു സ്ത്രീകളും, ബ്രാഹ്മണർക്കു ബ്രാഹ്മണരും, ശൂദ്രർക്കു ശൂദ്രരും, താണവർക്ക് താണവരും സാക്ഷി പറയണം.

3. ബലാത്ക്കാരമായി ചെയ്യുന്നവയ്ക്കും, മോഷണം. വ്യഭിചാരം, പരുഷഭാഷണം, വടികൊണ്ട് അടിക്കുക മുതലായ കുറ്റങ്ങൾക്കും സാക്ഷിവിസ്താരം ആവശ്യമില്ല. ഇപ്പറഞ്ഞതെല്ലാം ഗുഢ



മായി നടക്കുന്നതിനാലാണ് സാക്ഷി വേണ്ടാത്തത്.

4. രണ്ടു പക്ഷത്തിലും സാക്ഷികളുണ്ടെങ്കിൽ ഭൂരിപക്ഷപ്രകാരവും സാക്ഷികൾ തുല്യരായിരുന്നാൽ ഉൽകൃഷ്ടഗുണവാന്മാരായ സാക്ഷികളുടെ മൊഴിയനുസരിച്ചും, രണ്ടു പക്ഷത്തിലുമുള്ള സാക്ഷികൾ ഗുണോൽക്കർഷം കൊണ്ടും സംഖ്യകൊണ്ടും തുല്യരായിരുന്നാൽ ബ്രാഹ്മണശ്രേഷ്ഠന്മാർ മഹർഷിമാർ സന്യാസിവര്യന്മാർ എന്നിവരുടെ സാക്ഷ്യമനുസരിച്ചും ന്യായനിർണയം ചെയ്യണം.

5. രണ്ടുതരം സാക്ഷികളുണ്ട്. ദൃക്സാക്ഷികളും കേട്ടറിഞ്ഞവരും. സഭയിൽ സത്യം പറയുന്ന സാക്ഷികൾ ധർമഹീനരോ ശിക്ഷാർഹരോ അല്ല. കള്ളസാക്ഷികളെ കുറ്റത്തിനൊത്ത് ശിക്ഷിക്കണം.

6. രാജസഭയിലോ മറ്റു ശ്രേഷ്ഠസഭയിലോ വച്ച് കണ്ടതിനും കേട്ടതിനും വിപരീതമായി സാക്ഷി പറയുന്നവൻ അവാങ് നരകം എന്നനരകത്തിൽ (നാവു മുറിച്ചു കളയുന്നതുകൊണ്ട് ഉണ്ടാകുന്ന ദുഃഖത്തിന്റെ നരകത്തിൽ) കിടന്നു കഷ്ടപ്പെടുകയും മരണശേഷം പോലും സുഖഹീനരായിരിക്കുകയും ചെയ്യും.

7. തർക്കത്തിൽ സാക്ഷി പറയുമ്പോൾ പരപ്രേരണ കൂടാതെ പറയുന്ന മൊഴി സ്വീകരിക്കണം. പഠിപ്പിച്ചു പറയുന്നതെല്ലാം കള്ളമാണെന്ന് ന്യായാധിപതി അറിയണം.

8. സഭയിൽ വന്നിട്ടുള്ള സാക്ഷികളോട്, അന്യായക്കാരൻ പ്രതി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ന്യായാധിപതിയും വക്കീലന്മാരും ശാന്തമായി ഇങ്ങനെ ചോദിക്കണം:-

9. സാക്ഷികളെ! ഇക്കാര്യത്തിൽ സാക്ഷികളായ നിങ്ങൾ ഇരുവരുടെയും പരസ്പരപ്രവൃത്തികളെപ്പറ്റി അറിയാവുന്നത് സത്യസന്ധമായി പറയുക.

10. സത്യം പറയുന്ന സാക്ഷി ജന്മാന്തരത്തിൽ ശ്രേഷ്ഠമായ ജീവിതത്തേയും ആനന്ദമയലോകങ്ങളെയും പ്രാപിച്ച് സുഖമനുഭവിക്കുകയും ഈ ജന്മത്തിലെന്നപോലെ തന്നെ ജന്മാന്തരത്തിലും നല്ല യശ്ശസ്സിനെ പ്രാപിക്കുകയും ചെയ്യും. എന്തെന്നാൽ, വാക്കുതന്നെയാണ് സല്ക്കാരത്തിന്നും തിരസ്ക്കാരത്തിന്നും കാരണമെന്ന് വേദങ്ങളിൽ പറയുന്നു. സത്യവാദി ബഹുമാനത്തിനും മിഥ്യാവാദി നിന്ദയ്ക്കും പാത്രീഭവിക്കുന്നു.

11. സത്യം പറയുന്നതുകൊണ്ടുതന്നെയാണ് ധർമം വർദ്ധിക്കുന്നത്. അതിനാൽ സാക്ഷികളെല്ലാം സത്യം തന്നെ പറയണം.

12. ആത്മാവിന്റെ സാക്ഷി ആത്മാവുതന്നെയാണ്. ആത്മാവിനുള്ള ഗതിയും ആത്മാവുതന്നെ. ഇതറിഞ്ഞ് ഹേ സാക്ഷീ! അങ്ങ് മനുഷ്യരുടെ സകലസാക്ഷികളിലുംവെച്ച് ഉത്തമസാക്ഷിയായി അവനവന്റെ ആത്മാവിനെ അപമാനിക്കാതിരിക്കുക. അവനവന്റെ ആത്മാവ്, മനസ്സ്, വാക്ക് എന്നിവയിലുള്ളതിനെ അതുപോലെ പറയുന്നതുതന്നെയാണ് സത്യഭാഷണം. അതിന്നു വിപരീതമായിട്ടുള്ളതെല്ലാം മിഥ്യാഭാഷണമാണ് എന്നർഥം.

13. സംസാരിക്കുമ്പോൾ ക്ഷേത്രജ്ഞനായ ആത്മാവ് അകമേ ശങ്കിക്കുന്നില്ലെങ്കിൽ അവനേക്കാൾ ശ്രേഷ്ഠനായ മറ്റൊരുവനുള്ളതായി വിദ്വാന്മാർക്ക് അറിവില്ല.

14. ശ്രേയസ്സാഗ്രഹിക്കുന്ന മനുഷ്യാ "ഞാൻ ഒരുവൻ മാത്രമേ ഉള്ളൂ" എന്നു ധരിച്ച് നീ ആത്മാവിന്റെ അറിവോടുകൂടി അസത്യം പറയുന്നത് ശരിയല്ല. നിന്റെ ഹൃദയാന്തർഭാഗത്തിൽ അന്തര്യാമിയായി വർത്തിക്കുന്ന സർവേശ്വരൻ പുണ്യപാപങ്ങളെ പ്രത്യക്ഷമായി കണ്ടുകൊണ്ട് മുനിയായി (മൗനമവലംബിച്ച്) സ്ഥിതിചെയ്യുന്നുണ്ട്. ആ പരമാത്മാവിനെ ഭയപ്പെട്ട് സത്യം പറയുക.

(കള്ളസാക്ഷിക്ക് ശിക്ഷ)

1. ലോഭാന്മോഹാദ്ഭയാന്മൈത്രാത് കാമാത് ക്രോധാത്തഥൈവ ച. അജ്ഞാനാദ് ബാലഭാവാച്ച സാക്ഷ്യം വിതഥമുച്യതേ.

2. ഏഷാമന്യതമേ സ്ഥാനേ യഃ സാക്ഷ്യമനൃതം വദേത്. തസ്യ ദണ്ഡവിശേഷാംസ്തു പ്രവക്ഷ്യാമ്യനുപൂർവ്വശഃ

3. ലോഭാത്സഹസ്രം ദണ്ഡ്യസ്തു മോഹാത് പൂർവ്വന്തു സാഹസമ്. ഭയാദ്ദ്വൗ മധ്യമൗ ദണ്ഡ്യൗ മൈത്രാത് പൂർവം ചതുർഗുണം

4. കാമാദ്ദശഗുണം പൂർവം ക്രോധാത്തു ത്രിഗുണം പരമ്. അജ്ഞാനാദ്ദ്വൗശതേ പൂർണേ ബാലിശ്യാച്ഛതമേവ തു.

5. ഉപസ്ഥമുദരം ജിഹ്വാ ഹസ്തൗ പാദൗ ച പഞ്ചമമ്. ചക്ഷുർന്നാസാ ച കർണൗ ച ധനം ദേഹസ്തഥൈവ ച.

6. അനുബന്ധം പരിജ്ഞായ ദേശകാലൗ ച തത്ത്വതഃ സാരാ*f*പരാധൈൗ ചാലോക്യ ദണ്ഡം ദണ്ഡ്യേഷു പാതയേത്.

7. അധർമ ദണ്ഡനം ലോകേ യശോഘ്നം കീർത്തി നാശനമ്. അസ്വർഗ്യഞ്ച പരത്രാപി തസ്മാത്തത് പരിവർജയേത്.

8. അദണ്ഡ്യാൻ ദണ്ഡയൻ രാജാ ദണ്ഡ്യാം

ശ്ചൈവാപ്യ ദണ്ഡയൻ. അയശോ മഹദാ പ്നോതി നരകം ചൈവ ഗച്ഛതി.

9. വാഗ്ദണ്ഡം പ്രഥമം കുര്യാദ്ധിഗ്ദണ്ഡം തദനന്തരമ് തൃതീയം ധനദണ്ഡം തു വധ ദണ്ഡ മതഃ പരമ്.

(മനു. 7. 113-121; 125-129)

1. ലോഭം, മോഹം, ഭയം, സ്നേഹം, കാമം, ക്രോധം, അജ്ഞാനം, എന്നിവയോടുകൂടിയോ ബാല്യകാലത്തോ പറയുന്ന സാക്ഷ്യം-സാക്ഷി മൊഴി- മുഴുവനും അസത്യമാണെന്ന് അറിയുക.

2. ഇവയിൽ ഏതെങ്കിലും ഒന്നു നിമിത്തം കള്ളസാക്ഷി പറയുന്നയാളിന് ഇനി പറയുന്ന ശിക്ഷകൾ നൽകണം.

3. ലോഭം നിമിത്തം കള്ളസാക്ഷി പറയുന്നവന് (1000 പൈസ)[10] പതിനഞ്ചു രൂപ പത്തണയും, മോഹത്താൽ കള്ളസാക്ഷി പറയുന്നവന് മൂന്നു രൂപ രണ്ടണയും, ഭയപ്പെട്ട് കള്ളസാക്ഷി പറയുന്നവന് ആറേകാൽ രൂപയും, സ്നേഹം കൊണ്ടുള്ള കള്ളമൊഴി കൊടുക്കുന്നവന് പന്ത്രണ്ട രൂപയും പിഴ നിശ്ചയിക്കേണ്ടതാണ്.

4. കാമം കൊണ്ടു കള്ളസാക്ഷി പറയുന്നവന് ഇരുപത്തഞ്ചുരൂപയും ക്രോധം മൂലം കള്ളസാക്ഷി പറയുന്നവനു നാല്പത്താറു രൂപ പതിന്നാലണയും, അജ്ഞാനം നിമിത്തം കള്ള സാക്ഷി പറയുന്നവന് ആറുറുപ്പികയും, ബാല്യം നിമിത്തം കള്ളസാക്ഷി പറയുന്നവന് ഒരുറുപ്പിക ഒമ്പതണയും പിഴയിടണം.

5. ഉപസ്ഥേന്ദ്രിയം, വയറ്, നാവ്, കൈകൾ, കാലുകൾ, കണ്ണുകൾ, മൂക്ക്, ചെവികൾ, ധനം, ദേഹം എന്നിങ്ങനെ ദണ്ഡസ്ഥാനങ്ങൾ ശിക്ഷയ്ക്കു വിധേയമാക്കാവുന്നവ പത്തെണ്ണമാണ്. ഇതിലേതെങ്കിലും ഒന്നിലാണു ശിക്ഷ നടപ്പാക്കുന്നത്.

6. ലോഭം നിമിത്തം കള്ളസാക്ഷി പറയുന്നവനു പതിനഞ്ചുറുപ്പിക പത്തണ പിഴയിടണമെന്നു പറഞ്ഞിട്ടുണ്ട്. ഇതുപോലെ പല വിധത്തിലുള്ള ശിക്ഷകൾ പിന്നീട് പറയുന്നതാണ്. എന്നാൽ നിർദ്ധനന്റെ പക്കൽ നിന്നും കുറച്ചും ധനികന്റെ പക്കൽ നിന്ന് രണ്ടോ മൂന്നോ നാലോ ഇരട്ടി അധികവും പിഴ പിരിച്ചെടുക്കേണ്ടതാണ്. ദേശകാലങ്ങൾ, കുറ്റക്കാരന്റെ ശക്തി, അപരാധത്തിന്റെ ഗൗരവലാഘവങ്ങൾ എന്നിവയനുസരിച്ചു ശിക്ഷ നല്കേണ്ടതാണ് എന്നർഥം.

7. ഈ ലോകത്തിൽ അന്യായമായി ശിക്ഷ നല്കിയാൽ അത് ഈ ജന്മത്തിലും കഴിഞ്ഞ ജന്മത്തിലും വരും ജന്മത്തിലുമുള്ള കീർത്തിയെ നശിപ്പിച്ചു കളയും. ഭാവിജന്മത്തിൽ കൂടി ദുഃഖപ്രദമായിത്തീരുന്നു. അതിനാൽ ആരേയും അന്യായമായി ശിക്ഷിക്കരുത്.

8. ശിക്ഷാർഹരെ ശിക്ഷിക്കാതിരിക്കുകയും അല്ലാത്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന രാജാവ് ജീവിച്ചിരിക്കുമ്പോൾ വലിയ അപകീർത്തിക്ക് പാത്രമാകുകയും മരണശേഷം കഠിനദുഃഖം അനുഭവിക്കുകയും ചെയ്യുന്നു. അതിനാൽ അപരാധം ചെയ്യുന്നവരെ എല്ലായ്പോഴും ശിക്ഷിക്കേണ്ടതാണ്. നിരപരാധികളെ ഒരിക്കലും ശിക്ഷിക്കരുത്.

9. ആദ്യം കുറ്റം ചെയ്യുമ്പോൾ-വാക്കുകൊണ്ടുള്ള ദണ്ഡം പ്രയോഗിക്കണം. നിന്ദിക്കണമെന്നർഥം. രണ്ടാമതു ധിക്കാരമാകുന്ന ദണ്ഡം. "ദുഷ്ടൻ നീ എന്തുകൊണ്ടു ദുഷ്പ്രവൃത്തി ചെയ്തു?" എന്ന് താക്കീതു ചെയ്യണം. മൂന്നാമത്തേതു ധനദണ്ഡം അഥാമ പിഴയിടുക. നാലാമത്തേതു വധദണ്ഡം-അപരാധിയെ ചൂരൽ കൊണ്ടോ ചമ്മട്ടി കൊണ്ടോ (ചാട്ടകൊണ്ടോ) അടിക്കുക അല്ലെങ്കിൽ അപരാധിയുടെ തല വെട്ടുക.

മറ്റുശിക്ഷകൾ

1. യേനയേന യഥാങ്ഗേന സ്തേനോന്യഷു വിചേഷ്ടതേ തത്തദേവ ഹരേദസ്യ പ്രത്യാദേശായ പാർഥിവഃ.

2. പിതാചാര്യഃ സുഹൃൻമാതാചാ ഭാര്യാപുത്രഃ പുരോഹിത. നാദണ്ഡ്യോ നാമരാജ്ഞോ സ്തിയഃ സ്വധർമേനതിഷ്ഠതിഃ

3. കാർഷാപണം ഭവേദ്ദണ്ഡ്യോയത്രാന്യഃ പ്രാകൃതോജനഃതത്രരാജാഭവേദ്ദണ്ഡ്യഃ സഹസ്രമിതിധാരണാ.

4. അഷ്ടപാദ്യന്തു ശൂദ്രസ്യ സ്തേയേഭവതി കില്ബിഷമ് ഷോഡശൈവതുവൈശ്യസ്യദ്വാത്രിംശത് ക്ഷത്രയസ്യച.

5. ബ്രാഹ്മണസ്യ ചതുഷഷ്ടിഃ പൂർണ്ണം വാപി ശതം ഭവേത്. ദ്വിഗുണാ വാ ചതുഷഷ്ടിഃ. സ്തദ്ദോഷഗുണവിദ്ധി സഃ.

6. ഐന്ദ്രം സ്ഥാനമഭിപ്രേപ്സുർഭശശ്ചാക്ഷയമവ്യയമ്. നോപേക്ഷേത ക്ഷണമപി രാജാസാഹസികം നരമ്.

7. വാഗ്ദുഷ്ടാത്തസ്കരാചൈവ ദണ്ഡേനൈ

10 സഹസ്രശബ്ദത്തിന് 1000 പൈസ എന്നർത്ഥം. പഴയ കണക്കനുസരിച്ച് രൂപയ്ക്ക് 64 പൈസയാണുള്ളത്. ഈ ഒരു പൈസയ്ക്ക് ഇന്നത്തെ 15625 പൈസയുടെ മൂല്യമുണ്ട്. ഒരണ ഇന്നത്തെ 6.25 പൈസയാണ്.

വചഹിംസതഃ സാഹസസ്യനരഃകർത്താ വിജ്ഞേയഃ പാപകൃത്തമഃ.

8. സാഹസേവർത്തമാനന്തുയോ മർഷയതി പാർഥിവഃ സവിനാശം വ്രജത്യാശു വിദ്വേഷം ചാധിഗച്ഛതി.

9. നമിത്ര കാരണാദ്രാജാ വിപുലാദ്ധാ ധനാഗമാത് സമുത് സൃജേത് സാഹസികാൻസർവ ഭൂതഭയാവഹാൻ.

10. ഗുരുംവാ ബാലവൃദ്ധൗവാ ബ്രാഹ്മണംവാ ബഹുശ്രുതമ് ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ.

11. നാതതായി വധേദോഷോ ഹന്തുർഭവതി കശ്ചന പ്രകാശംവാ*f* പ്രകാശം വാ മന്യുസ്തന്മന്യുമൃച്ഛതി.

12. യസ്യസ്തേനഃ പുരേ നാസ്തി നാന്യസ്ത്രീഗോന ദുഷ്ടവാക്. ന സാഹസിക ദണ്ഡഘ്നൗ സ രാജാ ശക്രലോക ഭാക്.

(മനു. 8. 334–338; 344–347; 350–351; 386)

1. കള്ളന്മാർ ഏത് അവയവം കൊണ്ട് എങ്ങനെ അക്രമം ചെയ്യുന്നുവോ അതാതവയവങ്ങളെ അതേ വിധത്തിൽ രാജാവു ഛേദിച്ചുകളയേണ്ടതാണ്. ജനങ്ങൾക്ക് ഗുണപാഠത്തിനാണിത്.

2. പിതാവ് ആചാര്യൻ, സ്നഹിതൻ, സ്തീകൾ, പുത്രൻ, പുരോഹിതൻ എന്നിവരിൽ ആരായിരുന്നാലും ശരി, അവനവന്റെ ധർമം വിട്ട് അധർമം ചെയ്യുന്നവരിൽ രാജാവിന്ന് ശിക്ഷിക്കാൻ വയ്യാത്തതായി ആരുമില്ല. ന്യായാസനത്തിൽ ഇരുന്ന് രാജാവു നീതിന്യായം നടത്തുമ്പോൾ ആരുടെ നേരെയും പക്ഷപാതം പ്രദർശിപ്പിക്കരുത്; എല്ലാവർക്കും യഥോചിതം ശിക്ഷ നല്കണം എന്നർഥം.

3. സാധാരണ പൗരന് ഒരു രൂപ പിഴ വിധിക്കുന്ന കുറ്റം രാജാവു ചെയ്താൽ ആയിരം രൂപ പിഴയിടണം. സാധാരണക്കാരന്റേതിൽ ആയിരം മടങ്ങ് അധികം ആയിരിക്കണം രാജാവിനുള്ള ശിക്ഷ എന്നർഥം. പ്രധാന സചിവന് സാധാരണ ശിക്ഷയുടെ എണ്ണൂറിരട്ടിയും. അതിൽ താഴ്ന്ന മന്ത്രിക്ക് എഴുന്നൂറിരട്ടിയും അതിനും താഴെയുള്ള രാജ്യഭൃത്യന് അറുനൂറിരട്ടിയും ആയിരിക്കണം. ഇങ്ങിനെ രാജ്യഭൃത്യന്മാരിൽവെച്ച് എറ്റവും ചെറിയ ശിപായിക്കുപോലും, എട്ടിരട്ടിയിൽ കുറയാത്ത ശിക്ഷ നല്കേണ്ടതാണ്. രാജ്യഭൃത്യന്മാർക്ക് ജനങ്ങളേക്കാൾ അധികം ശിക്ഷ കൊടുക്കാതിരുന്നാൽ അവർ ജനങ്ങളെ മുടിച്ചുകളയും. ഒരു കോലാട് അല്പമായ ദണ്ഡംകൊണ്ട് ഇണങ്ങുന്നു. സിംഹമാകട്ടെ അധിക ദണ്ഡം കൊണ്ടേ ഇണങ്ങുന്നുള്ളൂ. അതിനാൽ രാജാവു മുതൽ സാധാരണക്കാരൻ വരേയുള്ള രാജപുരുഷന്മാരിൽ ആരെങ്കിലും കുറ്റം ചെയ്താൽ അവർക്കു കൊടുക്കുന്ന ശിക്ഷ ജനങ്ങൾക്കുള്ളതിനേക്കാൾ അധികമായിരിക്കണം.

4. ഇതുപോലെതന്നെ, ഭവിഷ്യത്തറിയുന്ന ഒരുവൻ മോഷ്ടിച്ചാൽ ശൂദ്രന്ന്, മോഷണക്കുറ്റത്തിന്നു സാധാരണയായി വിധിക്കുന്നതിന്റെ എട്ടിരട്ടി ശൂദ്രനും പതാനാറിരട്ടി വൈശ്യനും മുപ്പത്തിരണ്ടു മടങ്ങ് ക്ഷത്രിയനും പിഴയിടണം.

5. ഗുണദോഷ ജ്ഞാനത്തോടുകൂടി മോഷണം ചെയ്യുന്ന ബ്രാഹ്മണന് സാധാരണയേക്കാൾ അറുപത്തിനാലിരട്ടി, അല്ലെങ്കിൽ നൂറിരട്ടി, അല്ലെങ്കിൽ നൂറ്റിരുപത്തെട്ടിരട്ടി ശിക്ഷ നൽകണം. അപരാധം ചെയ്യുന്നവന്റെ ജ്ഞാനാധിക്യത്തിനും ഉൽകൃഷ്ട സ്ഥിതിക്കും തക്കവണ്ണം അധികശിക്ഷ നല്കണം.

6. ധർമവും ഐശ്വര്യവും വർദ്ധിക്കണമെന്നാഗ്രഹിക്കുന്ന രാജാവും രാജപുരുഷന്മാരും, കയ്യേറ്റക്കാർക്കും അക്രമികൾക്കും കള്ളന്മാർക്കും ശിക്ഷ നൽകുന്ന കാര്യത്തിൽ ക്ഷണനേരം പോലും വൈകരുത്.

7. സാഹസികന്റെ ലക്ഷണം പറയുന്നു:- കൊള്ളിവാക്കു പറയുക, മോഷ്ടിക്കുക, തെറ്റുചെയ്യാതെ ശിക്ഷിക്കുക, എന്നിവ ചെയ്യുന്നവരേക്കാൾ ബലാല്കാരമായി പ്രവൃത്തികൾ ചെയ്യുന്നവൻ വളരെ അധികം ദുഷ്ടനും പാപിയുമാകുന്നു.

8. സാഹസം പ്രവർത്തിക്കുന്നവനു ശിക്ഷ നല്കാതെ ക്ഷമിച്ചുകൊണ്ടിരിക്കുന്ന രാജാവ് അതിവേഗം നശിക്കുകയും ജനരോഷത്തിന് പാത്രമാവുകയും ചെയ്യും.

9. സകലർക്കും ദുഃഖമുണ്ടാക്കുന്ന സാഹസികനെ, സൗഹാർദ്ദമോ ധനമോഹമോ നിമിത്തം രാജാവ് ബന്ധനസ്ഥനാക്കുകയോ ശിരച്ഛേദം ചെയ്യാതിരിക്കരുത്.

10. ആചാര്യനാകട്ടെ, പുത്രാദികളായ ബാലന്മാരാകട്ടെ, പിതാവ് മുതലായ വൃദ്ധജനങ്ങളാകട്ടെ അനേകം ശാസ്ത്രങ്ങൾ പഠിച്ചിട്ടുള്ള ബ്രാഹ്മണനാകട്ടെ, ആരായിരുന്നാലും ധർമം വെടിഞ്ഞ് അധർമം പ്രവർത്തിക്കുകയും നിരപരാധികളെ കൊല്ലുകയും ചെയ്യുന്നവരെ ആലോചിക്കുകപോലും ചെയ്യാതെ കൊന്നുകളയേണ്ടതാണ്. കൊന്നുകളഞ്ഞതിനു ശേഷമേ ആരാണെന്നുള്ളത് ആലോചിക്കാവൂ.

11. ഒളിവായോ വെളിവായോ ദുഷ്ടരെ കൊല്ലുന്നതുകൊണ്ട് കൊല്ലുന്നവന് യാതൊരു പാപവും ഉണ്ടാകുന്നില്ല. കടുംകോപം പൂണ്ടുവരുന്നവനെ ക്രോധംകൊണ്ട് കൊന്നുകളയുന്നത് ക്രോധവും

കോപവും തമ്മിലുള്ള പോരട്ടമാണെന്നാണ് ധരിക്കേണ്ടത്.

12. കള്ളന്മാരും, പരസ്ത്രീസംഗം ചെയ്യുന്നവരും, ചീത്തവാക്കുകൾ പറയുന്നവരും കയ്യേറ്റക്കാരുംകൊള്ളക്കാരും രാജാവിന്റെ കല്പന അനുസരിക്കാത്തവരും ഇല്ലാത്ത രാജ്യത്തിന്റെ രാജാവ് അതിശ്രേഷ്ഠനാണ്.

വ്യഭിചാരത്തിനു ശിക്ഷ

1. ഭർത്താരം ലംഘയേദ്യാ സ്ത്രീ സ്വജ്ഞാതി ഗുണദർപിതാ താം ശ്വഭിഃ ഖാദയേദ്രാജാ സംസ്ഥാനേ ബഹുസംസ്ഥിതേ.

2. പുമാംസം ദാഹയേത്പാപം ശയനേ തപ്ത ആയസേ. അഭ്യാദധ്യുശ്ച കാഷ്ഠാനി തത്ര ദഹ്യേത പാപകൃത്.

3. ദീർഘാധ്വനി യഥാദേശം യഥാകാലം തരോ ഭവേത്. നദീതിരേഷു തദ്വിദ്യാത്സമുദ്രേ നാസ്തി ലക്ഷണമ്.

4. അഹന്യഹന്യവേക്ഷ്യേത കർമാന്താന്വാഹനാനിച. അയവ്യയൌ ച നീയതാവാ കരാൻ കോഷമേവച

5. ഏവം സർവ്വാനിമാൻ രാജാ വ്യവഹാരാൻ സമാപയൻ. വ്യപോഹ്യ കില്ബിഷം സർവം പ്രാപ്നോതി പരമാം ഗതിമ്.

(മനു. അ. 8 ശ്ലോകം. 371; 372; 406; 419; 420)

1. ആഭിജാത്യം, ഗുണങ്ങൾ എന്നിവയിൽ അഭിമാനിച്ച് ഗർവ്വിഷ്ഠയായി ഭർത്താവിനെ ഉപേക്ഷിച്ച് വ്യഭിചാരം ചെയ്യുന്നവളെ ജീവനോടുകൂടിത്തന്നെ രാജാവു ബഹുജനസമക്ഷം നിർത്തി നായ്ക്കളേക്കൊണ്ട് കടിപ്പിച്ചു കൊല്ലേണ്ടതാണ്.

2. അതുപോലെതന്നെ, സ്വന്തം പത്നിയെ പരിത്യജിച്ച് പരസ്ത്രീസംഗം ചെയ്യുകയോ വേശ്യാസ്ത്രീകളോടുകൂടി സംഗമിക്കുകയോ ചെയ്യുന്ന പാപിയായ പുരുഷനെ ജനങ്ങളുടെ മുമ്പിൽവെച്ച് ചുട്ടുപഴുപ്പിച്ച ഇരുമ്പു കട്ടിലിൽ കിടത്തി ഭസ്മമാക്കിക്കളയണം.

ചോദ്യം:- രാജാവോ രാജ്ഞിയോ അല്ലെങ്കിൽ ന്യായാധിപതിയോ അയാളുടെ ഭാര്യയോ വ്യഭിചാരാദി ദുഷ്ക്കർമങ്ങൾ ചെയ്താൽ ആരവർക്ക് ശിക്ഷനൽകും?

ഉത്തരം:- രാജസഭ തന്നെ. എന്നുമാത്രമല്ല അവർക്കു നൽകുന്ന ശിക്ഷ സാധാരണ പ്രജകൾക്കുള്ളതിനേക്കാൾ അധികം ആയിരിക്കേണ്ടതാണ്.

ചോദ്യം:- രാജാവും ന്യായാധിപതിയും മറ്റും രാജസഭ കൊടുക്കുന്ന ശിക്ഷയെന്തിനംഗീകരിക്കണം?

ഉത്തരം:- രാജാവും പുണ്യാത്മാവും ഭാഗ്യവാനുമായ മനുഷ്യൻ തന്നെയാണ്. രാജാവിന് ശിക്ഷ നൽകുകയോ ശിക്ഷ സ്വീകരിക്കുകയോ ചെയ്യാതിരുന്നാൽ മറ്റുള്ളവർ എന്തിനു ശിക്ഷ സ്വീകരിക്കണം? മാത്രമല്ല, ജനങ്ങളും പ്രധാന രാജപുരുഷന്മാരും രാജസഭയും കൂടി ധർമാനുസരണം രാജാവിനെ ശിക്ഷിക്കാൻ ആഗ്രഹിക്കുന്ന പക്ഷം രാജാവ് ഒറ്റയ്ക്ക് എന്തചെയ്യാനാണ്? ഇങ്ങനെയൊരു വ്യവസ്ഥ ഇല്ലെങ്കിൽ രാജാവും പ്രധാനികളായ രാജപുരുഷന്മാരും സമർഥന്മാരായ മറ്റുള്ള അധികൃതരും അന്യായവിധേയരായി ന്യായധർമങ്ങളെ തകർത്ത് ജനങ്ങളെയെല്ലാം നാശത്തിലേക്കു നയിക്കുകയും സ്വയം നശിക്കുകയും ചെയ്യും. "ന്യായാനുസൃതമായ ശിക്ഷയ്ക്കാണ് രാജാവ് എന്നും ധർമമെന്നും പറയുന്നത്." എന്നു മുമ്പു പറഞ്ഞിട്ടുള്ള ശ്ലോകാർഥം സ്മരിക്കുക. ആ ദണ്ഡധർമതിതിനു ലോപം വരുത്തുന്നവനേക്കാൾ നീചനാരാണ്?

ചോദ്യം:- ഇത്തരം കഠിനമായ ശിക്ഷ ഉചിതമല്ല. എന്തെന്നാൽ ഛേദിച്ച അംഗങ്ങളെ വീണ്ടും ഉണ്ടാക്കുവാനും മരിച്ചവന് ഉയിർ നല്കുവാനും മനുഷ്യന് സാദ്ധ്യമല്ലല്ലോ. അതിനാൽ ഇത്തരം ശിക്ഷ നല്കുവാൻ പാടില്ല.

ഉത്തരം:- ഈ ശിക്ഷ കഠിനമെന്ന് വിചാരിക്കുന്നവർ രാജനിതിജ്ഞന്മാരല്ല. എന്തെന്നാൽ ഒരു മനുഷ്യനെ ഇപ്രകാരം ശിക്ഷിക്കുമ്പോൾ മറ്റുള്ളവരെല്ലാം ദുഷ്കൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നു പിന്തിരിയും. ദുരാചാരങ്ങളെ പരിത്യജിച്ച് ധർമമാർഗ്ഗത്തിൽ വർത്തിക്കും. വാസ്തവത്തിൽ ഈ ശിക്ഷ സകല ജനങ്ങൾക്കുമായി വിഭജിച്ചാൽ ഓരോരുത്തന്റെ പങ്കും കടുകിനൊപ്പം വരില്ല. ശിക്ഷ ലഘുവായിരുന്നാൽ ദുഷ്പ്രവൃത്തികൾ വളരെ അധികം തഴച്ചു വളരും. അതിനാൽ ലഘുവെന്ന് നിങ്ങൾക്ക് തോന്നുന്ന ശിക്ഷയാണ് ആയിരം മടങ്ങു കഠിനം. അസംഖ്യം ജനങ്ങൾ ദുഷ്കൃത്യം ചെയ്താൽ അവർക്കെല്ലാം പ്രത്യേകം അല്പാല്പമെങ്കിലും ശിക്ഷ നല്കേണ്ടി വരും. അതിന്റെ ആകെത്തുക ഇതിനേക്കാൾ തുലോം അധികമായിരിക്കും. അതുകൊണ്ട് അത് കഠിനവുമാണ്.

3. ദീർഘമാർഗങ്ങളിലും കടലിടുക്കുകളിലും നദികളിലും വലിയ ജലപ്പരപ്പുകളിലും ദേശദൈർഘ്യവും കാലവുമനുസരിച്ചു കരം- കടത്തുകൂലി- നിശ്ചയിക്കണം. മഹാസമുദ്രത്തിൽ ക്ലിപ്തമായ കരം - തുറപ്പണം- നിശ്ചയിക്കുന്നതു സാദ്ധ്യമല്ല. രാജാവിനും കടലിൽ വലിയ കപ്പലുകൾ



കൊണ്ടുപോകുന്നവർക്കും ലാഭം ഉണ്ടാകത്തക്ക വണ്ണം വ്യവസ്ഥ ചെയ്യണം. അന്യരാജ്യങ്ങളിലേക്കും ദ്വീപാന്തരങ്ങളിലേക്കും കപ്പൽ കയറിപ്പോകുന്ന തന്റെ ജനങ്ങളെ സർവത്ര രക്ഷിച്ച് യാതൊരു ദുഃഖവും നേരിടുവാനിട വരാതെ കാത്തുകൊള്ളണം.

4. രാജാവ് ദിവസവും ജോലി തീരുമ്പോൾ ആന, കുതിര മുതലായ വാഹനങ്ങൾ, രത്നം മുതലായ കുഴിച്ചെടുക്കുന്ന ഖനികൾ, ഭണ്ഡാരം എന്നിവയിലെ വരവുചെലവു കണക്കുകൾ മുതലാവ പരിശോധിക്കണം.

5. രാജാവ് ഇങ്ങനെ സകല വ്യവഹാരങ്ങളും യഥാവിധി നടത്തുകയും നടത്തിക്കുകയും ചെയ്ത് സകല പാപങ്ങളേയും ദൂരീകരിച്ച് പരമമായ മോക്ഷസുഖത്തെ പ്രാപിക്കുന്നു.

ചോദ്യം:- സംസ്കൃത ഭാഷയിലുള്ള രാജനീതി പൂർണമോ അപൂർണമോ?

ഉത്തരം:- പൂർണമാണ്. ഭൂലോകത്തിൽ പ്രചാരത്തിലുണ്ടായിരുന്നവയും പ്രചാരത്തിൽ വരാവുന്നവയുമായ സകല രാജ്യതന്ത്രവും സംസകൃതത്തിൽ നിന്ന് എടുത്തതാണ്. അതിൽ സ്പഷ്ടമായി പറയാത്ത വിഷയങ്ങളെ സംബന്ധിച്ച്- **പ്രത്യക്ഷം ലോകദൃഷ്ടൈശ്ച ശാസ്ത്രദൃഷ്ടൈശ്ച ഹേതുഭിഃ** (മനു. 8.3) ഏതെല്ലാം നിയമങ്ങൾ രാജാവിനും പ്രജകൾക്കും സുഖപ്രദങ്ങളും ധർമാനുസൃതങ്ങളുമായി തോന്നുന്നുവോ അതെല്ലാം വൈദുഷ്യം തികഞ്ഞ വിദ്വജ്ജനങ്ങളടങ്ങിയ. രാജസഭയിൽ നിർമ്മിക്കേണ്ടതാകുന്നു. എന്നാൽ, ഇപ്പറയുന്ന വിഷയങ്ങളിൽ എന്നും പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതാണ്:- കഴിയുന്നിടത്തോളം ബാല്യവിവാഹത്തെ അനുവദിക്കാതിരിക്കണം. യൗവനത്തിലും വധൂവരന്മാരുടെ പരസ്പര പ്രീതിയോടുകൂടിയല്ലാതെ വിവാഹം ചെയ്യുകയോ ചെയ്യിക്കുകയോ അരുത്. ബ്രഹ്മചര്യം വേണ്ടവണ്ണം അനുഷ്ഠിക്കുകയും അനുഷ്ഠിപ്പിക്കുകയും ചെയ്യണം. വ്യഭിചാരവും ബഹുവിവാഹവും നിർത്തലാക്കണം,. അപ്രകാരം ചെയ്താൽ മാത്രമേ ശരീരത്തിനും ആത്മാവിനും പൂർണമായ ബലം സദാ ഉണ്ടാവുകയുള്ളൂ. ആത്മബലത്തെ മാത്രം - അതായതു വിദ്യ ജ്ഞാനം എന്നിവയെ മാത്രം- വർദ്ധിപ്പിക്കുകയും-ശരീരബലം വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുന്നതായാലും ബലവാനായ ഒരു പുരുഷൻ ജ്ഞാനികളും വിദ്വാന്മാരുമായ അനേകായിരം ജനങ്ങളെ ജയിക്കുവാൻ ശക്തനായിരിക്കും. നേരെമറിച്ച്, ശരീരബലം മാത്രം വർദ്ധിപ്പിക്കുകയും ആത്മബലം വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്താൽ വിദ്യാഭ്യാസം സിദ്ധിക്കാത്തതുകൊണ്ട്, കാലോചിതമായ രാജ്യപരിപാലനം ഒരിക്കലും സാദ്ധ്യമാവുകയില്ല. രാജ്യഭരണത്തിന് ഉചിതവ്യവസ്ഥ ചെയ്തില്ലെങ്കിൽ നാട്ടുകാർ മുഴുവനും പരസ്പരം കലഹിച്ചും തമ്മിൽ തല്ലിയും യുദ്ധം ചെയ്തും നശിച്ചുപോകും. അതിനാൽ ശരീരബലവും ആത്മബലവും ഒരുപോലെ എന്നും വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. വ്യഭിചാരം, വിഷയസുഖത്തിലുള്ള അത്യാസക്തി എന്നിവയെപ്പോലെ ബുദ്ധിയേയും ബലത്തേയും നശിപ്പിക്കുന്നതായ പ്രവൃത്തി വേറെയൊന്നുമില്ല. ക്ഷത്രിയർ വിശേഷിച്ചും ദൃഢകായന്മാരും ബലവാന്മാരും ആയിരിക്കണംതാനും. എന്തെന്നാൽ അവർ തന്നെ വിഷയാസക്തരായ്ത്തീർന്നാൽ രാജധർമം മുഴുവനും നശിച്ചു പോകുമല്ലോ. **യഥാ രാജാ തഥാ പ്രജാഃ എവ്വണ്ണമരചൻ ചെയ്വൂ മാലോകരുമതേവിധം** എന്നതും സ്മരണീയമാണ്. അതിനാൽ രാജാവും രാജപുരുഷന്മാരും ദുഷ്പ്രവൃത്തികൾചെയ്യാതിരിക്കുകയും സർവഥാ ന്യായത്തോടും ധർമ്മത്തോടും കൂടി വർത്തിച്ച്, സകല ജനങ്ങൾക്കും അഭ്യുദയമുണ്ടാകത്തക്കവണ്ണം, ആദർശമായ ജീവിതം നയിക്കുന്നതാണ് ഉചിതം.

രാജധർമ്മത്തിന്റെ ചുരുക്കത്തിലുള്ള വിവരണം ഇവിടെ എഴുതി. വേദങ്ങൾ,മനുസ്മൃതിയിലെ ഏഴ് എട്ട് ഒമ്പത് എന്നീ അദ്ധ്യായങ്ങൾ,ശുക്രനീതി,വിദൂരപ്രജാഗരപർവ്വം, മഹാഭാരതത്തിലെ ശാന്തിപർവ്വത്തിലടങ്ങിയ രാജധർമം ആപദ്ധർമം മുതലായ ഗ്രന്ഥങ്ങൾ നോക്കി അവയിലെ വിസ്തൃത വിവരണത്തിൽ നിന്നു രാജനീതിയിൽ പൂർണമായ ജ്ഞാനം സമ്പാദിച്ച് മണ്ഡലേശ്വരന്റേയോ സാർവ്വഭൌമനായ ചക്രവർത്തിയുടേയോ പദവിയെ പ്രാപിക്കണം. **വയം പ്രജാപതേഃ പ്രജാ അഭൂമ. (യജുഃ 18 29)** യജുർവേദത്തിലുള്ളതാണ് ഈ വചനം. നാം പ്രജാപതിയുടെ,അതായത് സർവേശ്വരന്റെ, പ്രജകൾ ആകുന്നു എന്ന്, അറിഞ്ഞിരിക്കണം. പരമാത്മാവ് നമ്മുടെ രാജാവും നാം അവിടുത്തേ പ്രജകളുമാണ്. അവിടുന്ന് തിരുവുള്ളം കനിഞ്ഞ്, നമ്മെ അവിടുത്തെ സൃഷ്ടിയാകുന്ന രാജ്യത്തിൽ അധികാരികളായി നിയമിച്ച്, സത്യം ന്യായം എന്നീ സ്വധർമത്തെ നമ്മുടെ കൈകൊണ്ടു പ്രവർത്തിപ്പിക്കുമാറാകട്ടെ.

അടുത്ത സമുല്ലാസത്തിൽ ഈശ്വരൻ, വേദങ്ങൾ എന്നിവ നിരൂപണം ചെയ്യുന്നതാണ്.

ശ്രീമദ്ദയാനന്ദസരസ്വതീസ്വാമികളാൽ വിരചിതമായ സത്യാർഥപ്രകാശത്തിൽ രാജധർമങ്ങളെ വിവരിക്കുന്ന ആറാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

7

ഏഴാം സമുല്ലാസം

സത്യാർഥപ്രകാശം

ഈശ്വരൻ വേദം

അഥ ഈശ്വര വേദവിഷയ പ്രവക്ഷ്യാമഃ

ഇനി ഈശ്വരൻ, വേദം എന്നീ വിഷയങ്ങൾ വ്യാഖാനിക്കുന്നു.

ഈശ്വരന്റെ ഗുണവർണന

1. ഋചോ അക്ഷരേ പരമേവ്യോമന്യസ്മിന് ദേവാ അധി വിശ്വേനിഷേദുഃ; യസ്തന്നവേദ കിമൃചാ കരിഷ്യതിയഇത്തദ്വിദുസ്ത ഇമേ സമാസതേ.(ഋ 1.164. 39)

2. ഈശാ വാസ്യമിദങ്ം സർവം യത്കിഞ്ച ജഗത്യാം ജഗത്; തേന ത്യക്തേന ഭുഞ്ജീഥാമാ ഗൃധഃ കസ്യസ്വിദ്ധനമ്. (യജു.40.1)

3.അഹംഭുവം വസുനഃ പൂർവസ്പതിരഹം ധനാനി സം ജയാമി ശശ്വതഃ: മാം ഹവന്തപിതര ന ജന്തവോfഹം. ദാശുഷേ വിഭജാമിഭോജനമ്.

4.അഹമിന്ദ്രോ ന പരാജിഗ്യ ഇദ്ധനം ന മൃത്യ വേവത സേഥകദാചന: സോമമിൻമാ സുന്വന്തോ യാചതാ വസൂനമേ. പൂരവഃ സരുയേരിഷാഥന (ഋ. 10.48.1.5)

5. അഹംദാം ഗൃണതേ പൂർവ്യം വസ്വഹം ബ്രഹ്മകൃണവം മഹ്യം വർധനമ്. അഹംഭുവം യജമാനസ്യ ചോദിതാfയജ്വനഃ സാക്ഷി വിശ്വാസ്മിൻ ഭരേ.(ഋ 10. 49.1)[] [1]

1 ഋചോ അക്ഷരേ എന്ന മന്ത്രത്തിന്റെ അർഥം: – ബ്രഹ്മചര്യാശ്രമശിക്ഷയിൽ[] [2] പറഞ്ഞു കഴിഞ്ഞു. ഇവിടെയും ഭാഷാഭേദത്തോടെ അവ ദിവ്യമായ ഗുണകർമ സ്വഭാവങ്ങളെല്ലാമുള്ളതും സകല വിദ്വാന്മാരും ഭൂമി സൂര്യൻ മുതലായ സകല ലോകങ്ങളും പ്രതിഷ്ഠിക്കപ്പെട്ടതും. ആകാശം പോലെ എങ്ങും നിറഞ്ഞു വർത്തിക്കുന്നതും, ദേവന്മാരുടെയും ദേവനായ ആ സർവേശ്വരനെ ആരാഞ്ഞറിയുകയും ആരാധിക്കുകയും, ധ്യാനിക്കുകയും ചെയ്യാത്ത മനുഷ്യർ നാസ്തികരും മന്ദബുദ്ധികളും ദുഃഖസാഗരത്തിൽ പതിച്ചു കിടക്കുന്നവരുമത്രേ. ആ സർവേശ്വരനെ അറിയുന്നതുകൊണ്ടുമാത്രമേ മനുഷ്യന് സദാ സുഖം ലഭിക്കൂ.

വേദത്തിൽ അനേകം ഈശ്വരന്മാരോ?

ചോദ്യം:– വേദത്തിൽ അനേകം ഈശ്വരന്മാർ ഉണ്ട്. ഇത് നിങ്ങൾ അംഗീകരിക്കുന്നുവോ ഇല്ലയോ?

ഉത്തരം:– അംഗീകരിക്കുന്നില്ല. എന്തെന്നാൽ നാലുവേദങ്ങളിലൊരിടത്തും അങ്ങനെ പറഞ്ഞിട്ടില്ല എന്നുമാത്രമല്ല ഒരു ഈശ്വരനേ ഉള്ളെന്ന് പറഞ്ഞിട്ടുമുണ്ട്.

ചോദ്യം:– വേദങ്ങളിൽ അനേകദേവതകളെപ്പറ്റി പറഞ്ഞിട്ടുള്ളതിന്റെ താല്പര്യമെന്താണ്?

ഉത്തരം:– പൃഥിവി മുതലായവയ്ക്ക് ദിവ്യഗുണങ്ങളുള്ളതുകൊണ്ടാണ് ദേവതകളെന്നു പറയുന്നത്. എന്നാൽ ഇവ ഈശ്വരനാണെന്നോ, ഉപാസനായോഗ്യമാണെന്നോ അംഗീകരിച്ചിട്ടില്ല. ഈ മന്ത്രത്തിൽ തന്നെ **"ഏതൊരുവനിൽ സകല ദേവ**

1. പേജ് 118.
2. ഈ മന്ത്രം സത്യാർഥപ്രകാശം മൂലത്തിലില്ല. അർഥം കൊടുത്തിട്ടുള്ളതുകൊണ്ട് ഇവിടെ മന്ത്രവും ചേർത്തതാണ്.

തകളും സ്ഥിതിചെയ്യുന്നുവോ അവനെയത്രേ അറിയേണ്ടതും ഉപാസിക്കേണ്ടതും.” എന്നു പറഞ്ഞിട്ടുള്ളതു നോക്കുക. ദേവൻ എന്നു കേട്ടാൽ ഈശ്വരൻ എന്നു ഗ്രഹിക്കുന്നതു തെറ്റാണ്. ദേവന്മാരുടേയുംകൂടി ദേവനായതുകൊണ്ടാണ് സർവേശ്വരനെ മഹാദേവനെന്നു പറയുന്നത്. സകല ലോകങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്നവനും ന്യായാധീശനും അധിപതിയും അദ്ദേഹം തന്നെ. **“ത്രയസ്ത്രിംശത്രിശതാ”**- ഇത്യാദി പ്രമാണം വേദങ്ങളിലേതു തന്നെയാണ് ശതപഥ ബ്രാഹ്മണത്തിൽ ഇതിന്റെ വ്യാഖ്യാനം നോക്കുക. **“മുപ്പത്തിമൂന്നു ദേവതകൾ ഈ കണക്കനുസരിച്ചാണ്-പൃഥിവി, ജലം, അഗ്നി, വായു, ആകാശം, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ എന്നിവ സൃഷ്ടിയുടെ വാസസ്ഥാനമാകയാൽ എട്ടു വസുക്കളാണ്. പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ, നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ, ജീവാത്മാവ്, എന്നീ പതിനൊന്നു രുദ്രന്മാരും** ശരീരത്തെ ത്യജിച്ചു പോകുമ്പോൾ രോദനം ചെയ്യിക്കുന്നവരാണ്. അതിനാൽ രുദ്രന്മാരെന്നു പറയുന്നു. സംവത്സരത്തിലെ പന്ത്രണ്ടു മാസങ്ങൾ എല്ലാവരുടെയും ആയുസ്സിനെ അപഹരിക്കുന്നതുകൊണ്ട് **ദ്വാദശാദിത്യന്മാർ** എന്നു പറയുന്നു. പരമമായ ഐശ്വര്യത്തിനു കാരണം മിന്നലാകയാൽ അതിനെ **ഇന്ദ്രൻ** എന്നു പറയുന്നു. വായു, മഴ, വെള്ളം, ഔഷധികൾ എന്നിവയെ ശുദ്ധീകരിക്കുന്നതിനാലും വിദ്വജ്ജനങ്ങളുടെ സത്കാരം അനേക വിധത്തിലുള്ള ശില്പവിദ്യകളുടെ പ്രചാരം എന്നിവയാലും പ്രജകളെ പാലിക്കുന്നതുകൊണ്ടും യജ്ഞത്തിനും **പ്രജാപതി** എന്ന് പറയുന്നു. ഇപ്പറഞ്ഞ മുപ്പത്തിമൂന്നും മുൻപറഞ്ഞ ഗുണങ്ങളുള്ളതിനാൽ ദേവതകളാണ്. ഇവയുടെയെല്ലാം അധിപതിയും എല്ലാറ്റിനേക്കാളും ബൃഹത്തുമായ സർവേശ്വരൻ മുപ്പത്തിനാലാമത്തെ ദേവനും എല്ലാവർക്കും ഉപാസ്യനുമാണ്. എന്നു ശതപഥബ്രാഹ്മണത്തിൽ പതിനാലാം കാണ്ഡത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ഇപ്പറഞ്ഞ ശാസ്ത്രങ്ങൾ നോക്കിയാൽ വേദങ്ങളിൽ അനേകം ഈശ്വരന്മാരെപ്പറ്റി പറഞ്ഞിട്ടുണ്ടെന്ന തെറ്റിന്റെ വലയിൽ കുടുങ്ങാതിരിക്കാം.

2. അല്ലയോ മനുഷ്യാ ഈ സൃഷ്ടിയിൽ കാണുന്ന സകല ചരാചരങ്ങളിലും വ്യാപിച്ചിരുന്ന് സർവനിയന്താവായി വിളങ്ങുന്നവനാണ് ഈശ്വരൻ. അദ്ദേഹത്തെ ഭയന്ന് നീ പരധനം അന്യായമായി ആഗ്രഹിക്കാതിരിക്കുക. അന്യായം വെടിഞ്ഞ് ന്യായാചരണമാകുന്ന ധർമത്തോടുകൂടി അവനവന്റെ ആത്മാവിൽ രമിച്ച് ആനന്ദമനുഭവിച്ചുകൊണ്ടിരിക്കുക.

3. ഈശ്വരൻ എല്ലാവരെയും ഉപദേശിക്കുന്നു: - മാനവരേ! ഞാൻ ഈശ്വരനും മറ്റെല്ലാവരേക്കാളും വലുപ്പമുള്ളവനും, സകലജഗത്തിന്റെയും അധിപതിയും ആകുന്നു. ജഗത്തിന്റെ മൂലകാരണം ഞാനാകുന്നു. സർവസമ്പത്തുകളേയും ജയിച്ചു സ്വാധീനപ്പെടുത്തുന്നതും ദാനം നൽകുന്നതും ഞാൻ തന്നെയാണ്. സകല ജീവജാലങ്ങളും എന്നെ പുത്രന്മാർ പിതാവിനെയെന്നപോലെ തന്നെ വിചാരിച്ചു വിളിക്കട്ടെ. എല്ലാവർക്കും സൗഖ്യം നൽകുന്ന ജഗത്തിനുവേണ്ടി, നാനാതരം ആഹാരങ്ങളെ വിഭജിച്ച് പരിപാലനത്തിനായി ഞാൻ നൽകിയിരിക്കുന്നു.

4. പരമൈശ്വര്യവാനായ ഞാൻ സൂര്യതുല്യം സകലലോകങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നവനാണ്. ഞാൻ ഒരിക്കലും പരാജയപ്പെടുകയില്ല. മരിക്കുകയും ഇല്ല. ലോകമാകുന്ന ധനത്തിന്റെ സൃഷ്ടാവ് ഞാൻ തന്നെ. സകല ജഗത്തിന്റെയും സ്രഷ്ടികർത്താവും ഞാൻ തന്നെ എന്നറിയുക. മാനവരേ! ഐശ്വര്യലബ്ധിക്കായി പ്രയത്നിക്കുന്ന നിങ്ങളെല്ലാവരും വിജ്ഞാനാദിധനത്തെ എന്നോടുതന്നെ അപേക്ഷിച്ചു വാങ്ങുവിൻ. എന്റെ മൈത്രിയെ നിങ്ങൾ ഒരിക്കലും കൈവെടിയരുത്.

5. സത്യമായി സ്തുതിക്കുന്ന മനുഷ്യന് ഞാൻ സനാതനമായ വിജ്ഞാനസമ്പത്തു നൽകുന്നു. ബ്രഹ്മമെന്നു കൂടി പേരുള്ള വേദത്തെ വെളിവാക്കിയവൻ ഞാൻ തന്നെ. ആ വേദങ്ങൾ വഴിയാം വണ്ണം വെളിവാക്കുന്ന പൊരുളും ഞാൻ തന്നെ. വേദത്തിലൂടെ എല്ലാവരുടെയും ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതും ഞാൻ തന്നെയാണ്. സജ്ജനങ്ങളെ പ്രവർത്തിപ്പിക്കുന്നും യജ്ഞങ്ങൾ ചെയ്യുന്നവർക്കു ഫലം നൽകുന്നതും ഞാനാകുന്നു. ഈ വിശ്വത്തിലുള്ളതെല്ലാം കാര്യവസ്തുക്കളെയെല്ലാം സൃഷ്ടിച്ച് ധാരണം ചെയ്യുന്നതും ഞാൻ തന്നെ. അതിനാൽ നിങ്ങൾ എന്നെ വിട്ട് മറ്റൊന്നിനേയും എനിക്കു പകരം പൂജിക്കരുത്, മാനിക്കരുത്, അറിയരുത്.

ഹിരണ്യഗർഭഃ സമവർത്തതാഗ്രേ ഭൂതസ്യ ജാതഃപതിരേക ആസീത്; സദാധാര പൃഥിവീം ദ്യാമുതേമാം കസ്മൈദേവായ ഹവിഷാ വിധേമ (യജു. 13.4)



യജുർവേദത്തിലുള്ള മന്ത്രമാണിത്:- അല്ലയോ മനുഷ്യരേ! സൃഷ്ടിക്കുമുമ്പ് തേജോമയങ്ങളായ സൂര്യാദി സകല ലോകങ്ങളുടെയും ഉല്പത്തി സ്ഥാനവും ആധാരവുമായിരുന്നതും, ഇതിനുമുമ്പു ഉണ്ടായിട്ടുള്ളതും ഇപ്പോൾ ഉള്ളതും ഇനിമേൽ ഉണ്ടാകുന്നതുമായ സകല പദാർത്ഥങ്ങളുടെയും യജമാനനായതും, ആകുന്നതും ഏതൊരുവനോ അവൻ ഭൂലോകം മുതൽ സൂര്യലോകം വരെയുള്ള സൃഷ്ടിമുഴുവനും നിർമ്മിച്ചു രക്ഷിച്ചു വർത്തിക്കുന്നു. ആനന്ദസ്വരൂപനായ ആ പരമാത്മാവിൽ ഞങ്ങളെപ്പോലെ നിങ്ങളും ഭക്തിയുള്ളവരാകുക.

ചോദ്യം:- 'ഈശ്വരൻ' 'ഈശ്വരൻ' എന്നിങ്ങനെ നിങ്ങൾ പറയുന്നുണ്ടല്ലോ. എന്നാൽ ഈശ്വരനുണ്ടെന്നു തെളിയിക്കുവാൻ കഴിയുമോ?

ഉത്തരം:- പ്രത്യക്ഷാദിയായ എല്ലാ പ്രമാണങ്ങളെക്കൊണ്ടും തെളിയിക്കാം.

ചോദ്യം:- ഈശ്വരനുണ്ടെന്നുള്ളതിന് പ്രത്യക്ഷാദി പ്രമാണങ്ങളൊന്നും ഒരിക്കലും തെളിവാകുന്നില്ലല്ലോ?

ഉത്തരം:- **ഇന്ദ്രിയാർഥ സന്നികർഷോത്പന്നം ജ്ഞാന മവ്യപദേശ്യമവ്യഭിചാരി വ്യവസായാത്മകം പ്രത്യക്ഷമ് (ന്യായം. 1.4)**

ഗൗതമമഹർഷിയുടെ ന്യായദർശനത്തിലെ ഒരു സൂത്രമാണിത്. ചെവി, മൂക്ക്, ത്വക്ക്, കണ്ണ്, നാക്ക്, മനസ്സ് എന്നിവയ്ക്ക് ശബ്ദം, സ്പർശം, ഗന്ധം, രൂപം, രസം, സുഖദുഃഖങ്ങൾ എന്നീ സത്യാസത്യവിഷയങ്ങളോട് സംബന്ധം കൊണ്ടുണ്ടാകുന്ന ജ്ഞാനത്തേയാണ് പ്രത്യക്ഷം എന്നു പറയുന്നത്. എന്നാൽ അതു തെറ്റായിരിക്കരുത്. ഇവിടെ കുറച്ചൊന്നു ചിന്തിക്കേണ്ടതുണ്ട്:- ഇന്ദ്രിയങ്ങൾ മനസ്സോടുകൂടി ചേരുമ്പോൾ ഗുണങ്ങൾ മാത്രമേ പ്രത്യക്ഷമാകുന്നുള്ളൂ. ഗുണി പ്രത്യക്ഷമാകുന്നില്ല. ത്വക്ക്, കണ്ണ്, നാക്ക്, മൂക്ക് എന്നീ ഇന്ദ്രിയങ്ങളെക്കൊണ്ടും സ്പർശം, രൂപം, രസം, ഗന്ധം എന്നീ നാലു ഗുണങ്ങളുടെ ജ്ഞാനമാണ് ഉണ്ടാകുന്നത്. അതുവഴി ഗുണിയായ പൃഥവി ആത്മാവിനോടുകൂടി സംയുക്തമായിട്ടുള്ള മനസ്സിൽ പ്രത്യക്ഷീഭവിക്കുന്നു. അതുപോലെ ഇക്കാണുന്ന സൃഷ്ടിയുടെ രചനാവിശേഷാദി ജ്ഞാനാശ്രയങ്ങളായ ഗുണങ്ങൾ പ്രത്യക്ഷമാകുമ്പോൾ ജഗദീശ്വരനും പ്രത്യക്ഷീഭവിക്കുന്നു. ആത്മാവു മനസ്സിനെ പ്രേരിപ്പിക്കുകയും മനസ്സ് ഇന്ദ്രിയങ്ങളെ ഏതെങ്കിലും ഒരു വിഷയത്തോടു കൂടി സംയോജിപ്പിക്കുകയും ചെയ്യുമ്പോൾ അല്ലെങ്കിൽ മനസ്സും ഇന്ദ്രിയങ്ങളും മോഷണം മുതലായ ദുഷ്പ്രവൃത്തികളോ പരോപകാരം തുടങ്ങിയ സത്കൃത്യങ്ങളോ ചെയ്യുവാൻ ആരംഭിക്കുമ്പോൾ-ജീവാത്മാവിലുള്ള ഇച്ഛ ജ്ഞാനം മുതലായ ഗുണങ്ങൾ ആ അഭിലഷിത വിഷയത്തിലേക്കു ചെല്ലുന്നു. അതേ ക്ഷണത്തിൽ തന്നെ ആത്മാവിന്റെ അന്തർഭാഗത്തിൽ ചീത്ത ചെയ്യുന്നതിൽ ഭയം, സംശയം, ലജ്ജ എന്നിവയും സത്കൃത്യം ചെയ്യുന്നതിൽ ധൈര്യം സംശയരാഹിത്യം. സന്തോഷം, ഉത്സാഹം, എന്നിവയും ഉണ്ടാകുന്നു. ഇതു ജീവാത്മാവിൽ നിന്നല്ല. പരമാത്മാവിൽ നിന്നാണുണ്ടാകുന്നത്. കൂടാതെ ജീവാത്മാവു പരിശുദ്ധമായി പരമാത്മാവിനെ ധ്യാനിക്കുമ്പോൾ അതിനു ജീവാത്മാവും പരമാത്മാവും പ്രത്യക്ഷമാകുന്നു. പ്രത്യക്ഷമാകുന്നെങ്കിൽ അനുമാനാദികൾകൊണ്ട് ഈശ്വരജ്ഞാനം ഉണ്ടാകുമെന്നതിൽ സംശയമെന്താണ്? കാര്യം കണ്ടിട്ടാണല്ലോ കാരണത്തെ അനുമാനിക്കുന്നത്.

ഈശ്വരന്റെ വ്യാപകത്വം

ചോദ്യം:- ഈശ്വരൻ എങ്ങും വ്യാപിച്ചിരിക്കുന്നുവോ ഒരിടത്തു വസിക്കുന്നുവോ?

ഉത്തരം:- എങ്ങും വ്യാപിച്ചിരിക്കുന്നു. ഒരിടത്തു മാത്രം സ്ഥിതിചെയ്യുന്നുവെങ്കിൽ സർവാന്തയാമിയും, സർവ്വജ്ഞനും, സർവനിയന്താവും , സ്രഷ്ടാവും, സംരക്ഷകനും, സംഹാരകനും ആയിരിക്കുവാൻ സാധിക്കുന്നതല്ല. കർത്താവിന്റെ സാന്നിദ്ധ്യം ഇല്ലാത്തയിടത്ത് ക്രിയയുമില്ല.

ദയാലുവും ന്യായകാരിയും

ചോദ്യം:- ഈശ്വരൻ ദയാലുവും ന്യായകാരിയുമാണോ?

ഉത്തരം:- അതേ.

ചോദ്യം:- ഇപ്പറഞ്ഞ രണ്ടു ഗുണങ്ങളും പരസ്പരവിരുദ്ധങ്ങളാണ്. ന്യായം നടത്തുന്ന പക്ഷം ദയയും ദയ കാണിക്കുന്ന പക്ഷം ന്യായവും ഉപേക്ഷിക്കേണ്ടി വരും. ന്യായമെന്നു പറയുന്നതു കർമ്മങ്ങളനുസരിച്ച് ഏറ്റക്കുറവുകൾ കൂടാതെ സുഖദുഃഖങ്ങളെ നൽകുകയാകുന്നു. കുറ്റം ചെയ്തവനെ ശിക്ഷിക്കാതെ വിട്ടയയ്ക്കുന്നതിനെയാണു ദയ എന്നു പറയുന്നത്.

ന്യായവും ദയയും

ഉത്തരം:- ന്യായം. ദയ എന്നിവയ്ക്കു തമ്മിൽ നാമമാത്രഭേദമേയുള്ളൂ. ന്യായം കൊണ്ടു സിദ്ധിക്കുന്ന പ്രയോജനം തന്നെയാണു ദയകൊണ്ടും

ലഭിക്കുന്നത്. മനുഷ്യർ കുറ്റം ചെയ്യുന്നതിൽ നിന്നു പിൻവലിയുകയും ദുഃഖമനുഭവിക്കാതിരിക്കുകയും ചെയ്യുന്നതിനാണ് ശിക്ഷ നൽകുന്നത്. മറ്റുള്ളവരുടെ ദുഃഖങ്ങളെ ദൂരീകരിക്കുന്നതിനെയാണ് ദയയെന്നു പറയുന്നത്. ദയ, ന്യായം എന്നിവയ്ക്ക് നിങ്ങൾ പറഞ്ഞ അർത്ഥം ശരിയല്ല. എന്തെന്നാൽ ഏതു ദുഷ്കർമ്മം ഒരുവൻ എത്രത്തോളം ചെയ്തുവോ അവന് അതിനു തക്കവണ്ണം ശിക്ഷ നല്കണം. അതാണ് ന്യായം. കുറ്റം ചെയ്തവനു ശിക്ഷ നൽകുന്നില്ലെങ്കിൽ ദയയില്ലാതാവും, കുറ്റക്കാരനായ കള്ളനെ ശിക്ഷിക്കാതെ വിട്ടാൽ അത് അനേകായിരം സത്പുരുഷന്മാർക്ക് ഉപദ്രവമാകും. ഒരുവനെ ശിക്ഷിക്കാതെ വിട്ടയക്കുന്നതുകൊണ്ട് അനേകായിരം ജനങ്ങൾക്കു ദുഃഖം നേരിടുമെങ്കിൽ അതെങ്ങനെ ദയയാകും? ആ കള്ളനെ തടവിലിട്ടു പാപകർമങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതുകൊണ്ട് കള്ളന്റെ നേരേയും അവനെ കൊന്നുകളയുന്നതുകൊണ്ട് മറ്റുള്ള അനേകായിരം ആളുകളുടെ നേരെയും ദയ കാണിക്കുന്നു.

ചോദ്യം:- പിന്നെയെന്തിന് ന്യായം, ദയ എന്നീ രണ്ടു വാക്കുകൾ ഉണ്ടായി? ആ രണ്ടു വാക്കുകളുടെയും അർഥം ഒന്നുതന്നെയാണെങ്കിൽ രണ്ടു വാക്കുകൾ വെറുതെയാണല്ലോ. ഒരു പദം മാത്രം ഉണ്ടായിരിക്കുന്നതാണു നല്ലത്. അങ്ങനെയല്ലാത്തതിനാൽ ദയയുടെയും ന്യായത്തിന്റെയും പ്രയോജനം ഒന്നല്ലെന്നു മനസ്സിലാകുന്നു.

ഉത്തരം:- ഒരേ അർഥത്തെ ബോധിപ്പിക്കുന്ന അനേകം വാക്കുകളും ഒരേ വാക്കിനു അനേകം അർഥങ്ങളും ഉണ്ടാകാറില്ലേ?

ചോദ്യം:- ഉണ്ട്?

ഉത്തരം:- പിന്നെ എന്തുകൊണ്ടാണ് നിങ്ങൾക്ക് സംശയമുണ്ടായത്?

ചോദ്യം:- ലോകത്തിൽ അങ്ങനെ പറഞ്ഞു കേൾക്കുന്നതുകൊണ്ടുതന്നെ?

ഉത്തരം:- ലോകത്തിൽ സത്യവും അസത്യവും പറയുന്നത് അങ്ങനെ പറഞ്ഞു കേൾക്കാം. എന്നാൽ അവയെ പരിശോധിച്ചു നിർണയിക്കേണ്ടത് അവനവന്റെ കടമയാകുന്നു. സകല ജീവികളുടെയും ജീവിതോദ്ദേശം സാധിക്കുന്നതിന് ലോകത്തിലുള്ള സമസ്ത വസ്തുക്കളെയും സൃഷ്ടിച്ചു നല്കിയിരിക്കുന്നത് ഈശ്വരന്റെ ദയയാണ്. ഇതിലുപരി മഹത്തായ ദയ ഏതാണ്?

ഏറ്റക്കുറവുകളോടുകൂടിയ സുഖദുഃഖവ്യവസ്ഥ ന്യായഫലത്തെ പ്രത്യക്ഷപ്പെടുത്തുന്നു. ന്യായം, ദയ ഇവ രണ്ടിനും തമ്മിലുള്ള ഭേദം ഇത്രമാത്രമാണ്. എല്ലാവർക്കും സുഖമുണ്ടാകണമെന്നും ദുഃഖങ്ങൾ നീങ്ങണമെന്നും ഇച്ഛജനിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നതിനെ ദയയെന്നും ബാഹ്യചേഷ്ടകളെ-ബന്ധനം വധം മുതലായ ശിക്ഷകളെ-ന്യായം എന്നും പറയുന്നു. എല്ലാവരെയും പാപത്തിൽ നിന്നും ദുഃഖങ്ങളിൽ നിന്നും വേർപെടുത്തുക എന്നതുതന്നെയാണ് രണ്ടിന്റെയും പ്രയോജനം.

നിരാകാരനോ സാകാരനോ

പ്രശ്നം:- ഈശ്വരൻ സാകാരനോ നിരാകാരനോ ?

ഉത്തരം:- നിരാകാരൻ. സാകാരനാണെങ്കിൽ വ്യാപകനാവുകയില്ല. വ്യാപകനല്ലെങ്കിൽ സർവജ്ഞത്വം മുതലവായ ഗുണങ്ങൾ ഈശ്വരനു ചേരുകയില്ല. പരിമിത വസ്തുവിലുള്ള ഗുണകർമസ്വഭാവങ്ങളും പരിമിതമായിരിക്കുമല്ലോ. കൂടാതെ ഈശ്വരൻ സാകാരനാണെങ്കിൽ ശീതോഷ്ണങ്ങൾ വിശപ്പും ദാഹവും, രോഗങ്ങൾ, ദോഷങ്ങൾ, ഛേദനം, ഭേദനം മുതലായ ക്രിയകൾ എന്നിവയൊന്നും ഏൽക്കാത്തവനായിരിക്കുകയില്ല. അതിനാൽ ഈശ്വരൻ നിരാകാരൻ തന്നെയാണ്. ഈശ്വരൻ സാകാരനാണെങ്കിൽ ഈശ്വരന്റെ കണ്ണ്, മൂക്ക്, ചെവി മുതലായ അവയവങ്ങൾ നിർമ്മിക്കുന്ന വേറൊരുവൻ ഉണ്ടായിരിക്കണം. സംയോഗം കൊണ്ടുണ്ടാകുന്ന വസ്തുക്കളെ സംയോജിപ്പിക്കുവാൻ സാകാരനും ചേതനനുമായ ഒരുവൻ വേണം. ഈശ്വരൻ സ്വന്തം ഇച്ഛകൊണ്ടു സ്വശരീരത്തെ സ്വയം സൃഷ്ടിക്കുകയാണു ചെയ്തതെന്നു പറഞ്ഞാലും ശരീരനിർമാണത്തിനു മുമ്പു നിരാകാരനായിരുന്നുവെന്നു സിദ്ധിക്കുന്നു. അതിനാൽ പരമാത്മാവ് ഒരിക്കലും ശരീരം ധരിക്കുന്നില്ല. നിരാകാരനായിരുന്ന് സകല ജഗത്തിനേയും സൂക്ഷ്മകാരണങ്ങളിൽ നിന്ന് സ്ഥൂലരൂപത്തെ പ്രാപിക്കുന്നതേയുള്ളൂ.

സർവശക്തൻ

ചോദ്യം:- ഈശ്വരൻ സർവശക്തനാണോ അല്ലയോ?

ഉത്തരം:- സർവശക്തനാണ്. എന്നാൽ സർവശക്തിമാൻ എന്ന പദത്തിനു നിങ്ങൾ ധരിച്ചുവച്ചിട്ടുള്ള അർഥമില്ല. സർവശക്തിമാൻ എന്നതിന്റെ അർഥം ഇതാണ്:- ഈശ്വരന് തന്റെ കർത്തവ്യമായ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നിർവഹിക്കു



ന്നതിനും സകല ജീവാത്മാക്കളുടെയും പുണ്യ പാപവ്യവസ്ഥ യഥായോഗ്യം നടത്തുന്നതിനും ഒട്ടും പരസഹായം വേണ്ട. അളവില്ലാത്ത സ്വസാമർഥ്യം കൊണ്ടു തന്നെ സർവകർമങ്ങളും, നിർവഹിക്കുന്നു എന്നർഥം.

ചോദ്യം:- തന്നേക്കാൾ വലുതായി മറ്റാരും ഇല്ലാത്തതുകൊണ്ട് ഈശ്വരൻ തന്നിഷ്ടം പോലെ പ്രവർത്തിക്കുമെന്ന് ഞങ്ങൾ വിചാരിക്കുന്നു.

ഉത്തരം:- ഈശ്വരന് എന്തിലാണ് ഇച്ഛയുള്ളത്? എല്ലാറ്റിലും ഇച്ഛയുണ്ടെന്നും എന്തും ചെയ്യുവാൻ ശക്തനാണെന്നും നിങ്ങൾ പറയുന്ന പക്ഷം സ്വയംനശിക്കുവാനും, അനേകം ഈശ്വരന്മാരെ സൃഷ്ടിക്കുവാനും, സ്വയം മൂഢനായിത്തീരുവാനും മോഷണം മുതലായ പാപകർമ്മങ്ങൾ ചെയ്യാനും ദുഃഖിതനാകുവാനും കഴിയുമോ? ഇപ്പറഞ്ഞ പ്രവൃത്തികളെല്ലാം ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങൾക്കു വിരുദ്ധങ്ങളാണെന്നു പറയുകയാണെങ്കിൽ, ഈശ്വരന് എല്ലാ കർമങ്ങളും ചെയ്യുവാൻ സാധിക്കുമെന്നു നിങ്ങൾ പറഞ്ഞതും ശരിയാവുന്നില്ല. അതിനാൽ സർവശക്തിമാൻ എന്ന പദത്തിനു ഞാൻ പറഞ്ഞ അർഥം തന്നെയാണു ശരി.

അനാദി

ചോദ്യം:- ഈശ്വരൻ ആദിയുള്ളവനോ അനാദിയോ?

ഉത്തരം:- അനാദി. കാരണവും പൂർവകാലവും ഇല്ലാത്തതിനെ അനാദി എന്നു പറയുന്നു. ഇതെല്ലാം പ്രഥമോല്ലാസത്തിൽ പറഞ്ഞു കഴിഞ്ഞു. അതെല്ലാം അവിടെ നോക്കി മനസ്സിലാക്കുക.

ചോദ്യം:- ഈശ്വരന്റെ ഇച്ഛ എന്താണ്?

ഉത്തരം:- എല്ലാവർക്കും ക്ഷേമവും സുഖവും ഉണ്ടാകണമെന്നാണ് ഈശ്വരൻ ഇച്ഛിക്കുന്നത്. പാപം ചെയ്യാത്ത ഒരുവനേയും ഈശ്വരൻ സ്വേച്ഛയാൽ മറ്റൊരുവന്റെ അടിമയാക്കുകയില്ല.

ചോദ്യം:- ഈശ്വരനെ സ്തുതിക്കുകയും പ്രാർത്ഥിക്കുകയും ഉപാസിക്കുകയും ചെയ്യണോ വേണ്ടയോ?

ഉത്തരം:- ചെയ്യണം.

ചോദ്യം:- സ്തുതിക്കുകയും മറ്റും ചെയ്യുന്നവരെ ഈശ്വരൻ തന്റെ നിയമം വിട്ട് പാപത്തിൽ നിന്നു മോചിപ്പിക്കുമോ?

ഉത്തരം:- ഇല്ല.

ചോദ്യം:- പിന്നെന്തിനാണ് സ്തുതിക്കുന്നതും പ്രാർത്ഥിക്കുന്നതും?

ഉത്തരം:- അതിന്റെ ഫലം മറ്റൊന്നാണ്.

ചോദ്യം:- അതെന്താണ്?

സ്തുതിഭേദങ്ങൾ

ഉത്തരം:- ഈശ്വരങ്കലുണ്ടാകുന്ന സ്നേഹം ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങളിൽ നിന്ന് അവനവന്റെ ഗുണകർമസ്വഭാവങ്ങൾക്കുണ്ടാകാവുന്ന സംസ്കാരം എന്നിവയാണ് സ്തുതിയുടെ ഫലം. പ്രാർഥന കൊണ്ട് അഭിമാനമില്ലായ്മ, ഉത്സാഹം, സഹായം എന്നിവ ലഭിക്കുന്നു. പരബ്രഹ്മത്തിന്റെ സാക്ഷാൽക്കാരവും സായൂജ്യസിദ്ധിയുമാണ് ഉപാസനയുടെ ഫലം.

ചോദ്യം:- ഇതൊന്ന് വ്യക്തമായി പറഞ്ഞുതരണം?

ഉത്തരം:- ഈശ്വരസ്തുതി ഇതാണ്:- **സ പര്യഗാച്ഛുക്രമകായമവ്രണമസ്നാവിരങ്ഗ് ശുദ്ധമപാപവിദ്ധമ് കവീർമനീഷി പരിഭൂഃ സ്വയംഭൂര്യാഥാതഥ്യതോർഥാൻ വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ (യജു. 40. 8)**

സർവവ്യാപിയും. ശീഘ്രകാരിയും, അനന്തബലവാനും, ശുദ്ധസ്വരൂപനും സർവജ്ഞനും, സർവാന്തര്യാമിയും സർവോപരിശോഭിക്കുന്നവനും സനാതനനും സ്വയംഭൂവുമായ ഈശ്വരൻ സനാതനരും അനാദികളുമായ ജീവാത്മാക്കളാകുന്ന തന്റെ പ്രജകൾക്കു സനാതനമായ വേദവിദ്യ ഉപദേശിച്ച് ആവശ്യമായ പദാർഥജ്ഞാനം ഉളവാക്കിക്കൊടുക്കുന്നു. ഈശ്വരനെ ഓരോരോ ഗുണങ്ങളോടുകൂടിയവനായി സങ്കല്പിച്ച് ചെയ്യുന്ന സ്തുതിയാകയാൽ ഇത് സഗുണസ്തുതിയാണ്. പരമാത്മാവ് ഒരിക്കലും ജന്മമെടുക്കുകയോ ശരീരം ധരിക്കുകയോ ചെയ്യുന്നില്ല. ഛിദ്രങ്ങളൊന്നുമില്ലാത്ത ഈശ്വരൻ നാഡിഞരമ്പുകളാൽ ബന്ധിതനാവുന്നില്ല. ഒരിക്കലും പാപങ്ങൾ ചെയ്യുന്നില്ല. ക്ലേശങ്ങളും ദുഃഖങ്ങളും അജ്ഞാനവും ഉണ്ടാകുന്നില്ല. എന്നിങ്ങനെ രാഗദ്വേഷാദികളായ ഓരോ ഗുണങ്ങളിൽ നിന്ന് അകന്നു നില്ക്കുന്നു എന്നു സങ്കല്പിച്ച് ചെയ്യുന്ന ഈശ്വരസ്തുതി നിർഗുണസ്തുതിയാകുന്നു. ഈശ്വരനിൽ ഏതെല്ലാം ഗുണകർമസ്വഭാവങ്ങളുള്ളതായി സങ്കല്പിക്കുന്നുവോ അതാത് ഗുണകർമസ്വഭാവങ്ങളെ അവനവനിൽ പകർത്തുന്നതാണ് ഈ സ്തുതിയുടെ പ്രയോജ

thearyasamaj.org

നം. അദ്ദേഹം എങ്ങനെ ന്യായവിധാതാവാകുന്നുവോ അങ്ങനെ താനും ന്യായവിധാതാവാകണം. സ്തുതിപാഠകനെപ്പോലെ പരമേശ്വരന്റെ ഗുണങ്ങളെ വെറുതേ പുകഴ്ത്തിപ്പാടിക്കൊണ്ടിരിക്കുകയും സ്വന്തം പ്രവൃത്തികളെ പരിഷ്ക്കരിക്കാതിരിക്കുകയും ചെയ്യുന്നവന്റെ സ്തുതി വെറുതെയാണ്.

1. യാം മേധാം ദേവഗണാം പിതരശ്ചോപാസതേ; തയാ മാമദ്യമേധയാഗ്നേമേധാവിനംകുരു സ്വാഹാ. (യജു. 32 14)

2. തേജോ/സി തോജോമയിധേഹി; വീര്യമസി വീര്യം മയിധേഹി; ബലമസി ബലം മയി ധേഹി ഓജോ/സ്യോജോ മയി ധേഹി; മന്യുരസി മന്യും മയി ധേഹി; സഹോ/സി സഹോ മയി ധേഹി. (യജു. 19. 9)

3. യജ്ജാഗ്രതോ ദൂരമുദൈതി ദൈവം തദു സുപ്തസ്യ തഥൈവൈതി ദൂരങ്ഗമം ജ്യോതിഷാം ജ്യോതിരേകം തന്മേ മനഃ ശിവ സങ്കല്പമസ്തു.

4. യേന കർമാണ്യപസോ മനീഷിണോ .യജ്ഞേ കൃണ്വന്തി വിദഥേഷു ധീരാഃ; യദ പൂർവം യക്ഷമന്തഃ പ്രജാനാം തന്മേ മനഃ ശിവസങ്കല്പമസ്തു.

5. യത് പ്രജ്ഞാനമുത ചേതോ ധൃതിശ്ച യജ്ജ്യോതിരന്തരമൃതം പ്രജാസു യസ്മാന്ന ഋതേ കിംചന കർമ ക്രിയതേ തന്മേ മനഃ ശിവ സങ്കല്പമസ്തു.

6. യേനേദം ഭൂതം ഭുവനം ഭവിഷ്യത് പരിഗൃഹീതമമൃതേന സർവം;യേന യജ്ഞസ്തായതേ സപ്തഹോതാതന്മേമനഃ ശിവസങ്കല്പമസ്തു.

7. യസ്മിന്നൃച സാമ യജൂങ് ഷീയസ്മിൻ പ്രതി ഷ്ഠിതാ രഥനാഭാവിവാരാഃ; യസ്മിം ശ്ചിത്തങ് സർവമോതം പ്രജാനാം തന്മേമനഃ ശിവസങ്ക ല്പമസ്തു.

8. സുഷാരഥിരശ്വാനിവ യന്മനുഷ്യാന്നേനീയതേ/ഭീശുഭിർവാജിന ഇവ; ഹൃത് പ്രതിഷ്ഠം യദജിരം ജവിഷ്ഠം തന്മേ മനഃ ശിവസങ്കല്പ മസ്തു (യജു. 34. 1. 6).

1. ഹേ അഗ്നേ-പ്രകാശസ്വരൂപനായ സർവേശ്വരാ- അവിടുന്ന് ദയവു ചെയ്ത്, ഏതൊരു ബുദ്ധിയേയാണോ വിദ്വാന്മാരും ജ്ഞാനികളും യോഗികളും ഉപാസിക്കുന്നത്, ആ ബുദ്ധി നല്കി ഞങ്ങളെ ബുദ്ധിമാന്മാരാക്കിയാലും!

2. ഭഗവൻ! അവിടുന്നുപ്രകാശരൂപിയാകുന്നു. ദയവുചെയ്ത് എന്നിലും പ്രകാശത്തെ പ്രതിഷ്ഠിച്ചാലും. അവടിന്ന് അളവറ്റ പരാക്രമമുള്ളവനാണ്, കൃപചെയ്ത് എന്നിലും പരാക്രമമുളവാക്കിയാലും. അവിടുന്ന് അളവറ്റ ബലമുള്ളവനാണ്. എന്നിലും ബലം പകർന്നാലും. അവിടുന്ന് അനന്തമായ സാമർത്ഥ്യമുള്ളവനാണ്, എനിക്കും പൂർണസാമർഥ്യം നൽകിയാലും, അവിടുന്ന് ദുഷ്ടകർമങ്ങളുടെനേരെയും ദുഷ്ടജനങ്ങളുടെ നേരെയും ക്രോധത്തോടുകൂടിയവനാണ്. എന്നെയും അപ്രകാരമുള്ളവനാക്കിയാലും, അവിടുന്ന് നിന്ദാസ്തുതികളേയും തന്നോടുള്ള അപരാധങ്ങളേയും ക്ഷമിക്കുന്നവനാണ്. ദയവു ചെയ്ത് എന്നേയും അപ്രകാരമാക്കണേ.

3. ദയാനിധേ! നിന്തിരുവടിയുടെ കരുണകൊണ്ട് എന്റെ മനസ്സ് ജാഗ്രദവസ്ഥയിൽ വളരെ ദൂരത്തേക്കു പോകുന്നു, ദിവ്യഗുണയുക്തമായി സ്ഥിതിചെയ്യുകയും ചെയ്യുന്നു. ആ മനസ്സു തന്നെ ഞാൻ ഉറങ്ങുമ്പോൾ സുഷുപ്തിയെ പ്രാപിക്കുന്നു. സ്വപ്നാവസ്ഥയിൽ അതേ മനസ്സ് ദൂരെ ചെല്ലുന്നതുപോലെ വ്യവഹരിക്കുന്നു. എല്ലാ പ്രകാശിത വസ്തുക്കളെയും പ്രകാശിപ്പിക്കുന്ന എന്റെ മനസ്സ് ശിവസങ്കല്പ-തനിക്കും മറ്റുള്ളവർക്കും നന്മയാഗ്രഹിക്കുന്നത്-യുക്തമാകട്ടെ. ആർക്കും ഹാനി വരരുതെന്ന് ആഗ്രഹിക്കുന്നതാകട്ടെ.

4. സർവാന്തര്യാമീ! കർമനിരതരായ, ധൈര്യവാന്മാരായ വിദ്വാന്മാർ യജ്ഞയുദ്ധാദികളിൽ കർമമനുഷ്ഠിക്കുന്നതിനു കാരണവും അപൂർവമായ സാമർഥ്യത്തിന്റെ ഇരിപ്പിടവും പൂജനീയവും പ്രജകളുടെ അകമേ വർത്തിക്കുന്നതും ആയ എന്റെ മനസ്സ് ധർമാചരണത്തിൽ ഇച്ഛയുള്ളതും അധർമത്തെ സർവഥാ ത്യജിക്കുന്നതുമാകട്ടെ.

5. ഉൽകൃഷ്ടജ്ഞാന സ്വരൂപവും, മറ്റുള്ളവർക്ക് ജ്ഞാനപ്രദമായ നിശ്ചയാത്മകവൃത്തിയും ജനതാന്തരംഗത്തിൽ പ്രകാശം ചൊരിഞ്ഞ് നാശരഹിതമായി നില്ക്കുന്നതും അതിന്റെ സഹായമെന്യേ ആർക്കും ഒന്നും ചെയ്യാൻ സാധിക്കാത്തതും ആയ എന്റെ മനസ്സ് സദ്ഗുണങ്ങളിച്ഛിക്കുന്നതും ദുർഗുണങ്ങളിൽ നിന്നു വേറിട്ടതുമാകട്ടെ.

6. ജഗദീശ്വരാ! യോഗികൾ ഭൂത, ഭവിഷ്യത്, വർത്തമാന കാര്യങ്ങൾ അറിയാനുപയോഗിക്കുന്ന നാശമില്ലാത്ത ജീവാത്മാവിനെ പരമാത്മാവിനോടു ചേർത്ത് ത്രികാലജ്ഞാനമുള്ളതാക്കുന്ന ജ്ഞാനം കർമം എന്നിവയ്ക്ക് ആശ്രയമായ അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ ആത്മാവ് ബുദ്ധി എന്നിവയോടു ചേർന്നിരിക്കുന്ന യോഗമാകുന്ന



യജ്ഞത്തെ വർദ്ധിപ്പിക്കുന്ന എന്റെ മനസ്സ് യോഗ വിജ്ഞാനയുക്തവും അവിദ്യാദി ക്ലേശങ്ങളിൽ നിന്ന് അകന്നതുമാകട്ടെ.

7. പരമവിദ്വാനായ പരമേശ്വര! അങ്ങയുടെ കൃപ യാൽ, രഥചക്രത്തിന്റെ മധ്യത്തിൽ നിന്ന് ആരക്കാ ലുകൾ പോലെ ഋഗ്വേദം, യജുർവേദം, സാമവേ ദം, അഥർവവേദം എന്നീ നാലു വേദങ്ങളും പ്രതി ഷ്ഠിതമായ സർവജ്ഞനും സർവ്വവ്യാപിയും ജന സഞ്ചയത്തിന്റെ സാക്ഷിയും ചിത്തത്തിന് ചൈതന്യം നല്കുന്നവനുമായ പരമാത്മാവിന്റെ ജ്ഞാനമുദിക്കുന്ന എന്റെ മനസ്സ് അവിദ്യയെ നശി പ്പിച്ച് ജ്ഞാനയുക്തമാകട്ടെ.

8. സർവനിയന്താവായ പരമേശ്വര! സാരഥി കടിഞ്ഞാൺ കൊണ്ട് കുതിരകളെ നിയന്ത്രിക്കു ന്നതുപോലെ മനുഷ്യരെ നേരാംവണ്ണം നടത്തു ന്നതും ഹൃദയത്തിൽ പ്രതിഷ്ഠിതവും വളരെ വേഗമുള്ളതുമായ എന്റെ മനസ്സ് എല്ലാ ഇന്ദ്രിയ ങ്ങളെയും അധർമാചരണത്തിൽ നിന്നകറ്റി സദാ ധർമനിരതമാകത്തക്കവണ്ണം അങ്ങ് കൃപാനുഗ്രഹം ചൊരിയണം.

അഗ്നേ നയ സുപഥാ രായേ*f* അസ്മാൻ വിശ്വാനി ദേവ വയുനാനി വിദ്വാൻ; യുയോധ്യ സ്മജ്ജുഹുരാണമേനോ ഭൂയിഷ്ഠാം തേ നമ *f* ഉക്തിം വിധേമ. (യജു. 40 മം. 16)

സുഖദാതാവും സ്വപ്രകാശ സ്വരൂപനും സർവ ജ്ഞനുമായ പരമേശ്വര അങ്ങ് ഞങ്ങൾക്ക് ശ്രേഷ്ഠമായ മാർഗ്ഗത്തിൽ കൂടി സമ്പൂർണമായ ജ്ഞാനമുളവാക്കിയാലും. ഞങ്ങളിലെ പാപാച രണമാകുന്ന കുടിലമാർഗ്ഗത്തെ ഞങ്ങളിൽനിന്ന് അകറ്റിക്കളഞ്ഞാലും. നിന്തിരുവടി ഞങ്ങളെ പരി ശുദ്ധരാക്കണേ! അതിന്നായി ഞങ്ങൾ വളരെ വിന യത്തോടുകൂടി അങ്ങയെ ഉള്ളുഴിഞ്ഞു പ്രാർത്ഥി ക്കുന്നു.

മാനോ മഹാന്തമുത മാ നോ*f* അർഭകം മാന ഉക്ഷന്തമുത മാ ന ഉക്ഷിതമ്; മാ നോ വധീഃ പിതരം മോതമാതരം മാനഃ പ്രിയാസ്തനുവോ രുദ്ര രീരിഷഃ (യജു. 16. 15)

രുദ്ര! ദുഷ്ടന്മാർ ചെയ്യുന്ന പാപത്തിന് ദുഃഖ ഫലം നല്കി അവരെ രോദനം ചെയ്യിക്കുന്ന ഈശ്വര! അങ്ങ് ഞങ്ങളിൽ ചെറിയവരേയും വലി യവരേയും ഗർഭസ്ഥരേയും മാതാപിതാക്കന്മാ രെയും പ്രിയബന്ധുജനങ്ങളെയും അവരുടെ ശരീ രങ്ങളെയും നശിപ്പിക്കാൻ പ്രേരിപ്പിക്കരുതേ. ശിക്ഷയ്ക്ക് അർഹരാകാത്തവണ്ണമുള്ള മാർഗ ത്തിൽ ഞങ്ങളെ നയിച്ചാലും.

അസതോ മാ സദ് ഗമയ; തമസോ മാ ജ്യോതിർഗമയ; മൃതോർമാ*f* മൃതം ഗമയേതി (ശതപഥം. 14. 3. 1. 30)

പരമഗുരുവായ സർവേശ്വരാ! അവിടുന്നു ഞങ്ങളെ ദുർമാർഗ്ഗങ്ങളിൽ നിന്ന് അകറ്റി സന്മാർഗ ത്തിലേക്കു നടത്തിയാലും. അവിദ്യയാകുന്ന കൂരി രുട്ടിനെ മാറ്റി വിജ്ഞാനമാകുന്ന പ്രകാശത്തെ കാണിച്ചു തന്നാലും. മൃത്യുവാകുന്ന രോഗത്തിൽ നിന്നു മോചിപ്പിച്ചു മോക്ഷത്തിലുള്ള ആനന്ദരൂപ മായ അമൃതത്തെ പ്രാപിപ്പിച്ചാലും. ഏതേതു ദോഷങ്ങളിൽ നിന്നോ ദുർഗുണത്തിൽ നിന്നോ, ഈശ്വരനും താൻതന്നെയും അകന്ന് നിൽക്കുന്ന തായി ചിന്തിച്ച് ഈശ്വരപ്രാർത്ഥന ചെയ്യുന്നുവോ അവയിലെ വിധിയും നിഷേധങ്ങളും ആ പ്രാർത്ഥ നയെ സഗുണമോ നിർഗുണമോ ആയ പ്രാർത്ഥ നയാക്കുന്നു. പ്രാർത്ഥിക്കുന്ന വിഷയത്തിന് അനു സരിച്ച് പ്രവർത്തിക്കുകയും വേണം. അനന്യ സാധാരണമായ ബുദ്ധിശക്തി കിട്ടുവാനായി ഈശ്വരനെ പ്രാർത്ഥിക്കുന്നയാൾ അതിനു വേണ്ടി കഴിയുന്നിടത്തോളം പ്രയത്നിക്കുകയും വേണം. കഴിയുന്നത്ര പ്രയത്നിച്ചതിനുശേഷം മാത്രമേ പ്രാർത്ഥിക്കാവൂ എന്നർഥം.

എങ്ങനെ പ്രാർത്ഥിക്കരുത്?

"ഈശ്വരാ അവിടുന്ന് എന്റെ ശത്രുക്കളെ നശി പ്പിക്കേണമേ. എന്നെ മറ്റെല്ലാവരെക്കാളും വലിയ വനാക്കേണമേ. എനിക്കു മാത്രമേ അധികാരം ലഭി ക്കാവൂ. മറ്റെല്ലാവരും എന്റെ അടിമകളായിത്തീര ണം." എന്നിങ്ങനേയും മറ്റും ഒരിക്കലും പ്രാർത്ഥി ക്കരുത്. ഈശ്വരൻ അതു കൈക്കൊള്ളുകയില്ല. രണ്ടു ശത്രുക്കളും അന്യോന്യം നശിപ്പിക്കുന്ന തിനു പ്രാർത്ഥിച്ചാൽ ഈശ്വരൻ ഇരുവരെയും നശിപ്പിച്ചു കളയുമോ? അധികം ഭക്തിയുള്ളവന്റെ പ്രാർത്ഥന സഫലമാകേണ്ടതാണ് എന്നു പറ ഞ്ഞാൽ ഭക്തി കുറഞ്ഞവന്റെ ശത്രുവിനും അല്പം സ്വല്പം നാശം സംഭവിക്കേണ്ടതാണെന്നു വന്നുകൂടും. ഇങ്ങനെ മൂഢപ്രാർത്ഥന ചെയ്ത് "ഈശ്വരാ അങ്ങ് ചോ'റ് ഉണ്ടാക്കി ഞങ്ങളെ ഭുജി പ്പിച്ചാലും! എന്റെ വീടൊന്ന് അടിച്ചുതളിച്ചു തന്നാലും! വസ്ത്രങ്ങൾ അലക്കിത്തന്നാലും! കൃഷിപ്രവൃത്തികൂടി നടത്തിത്തന്നാലും" എന്നൊ ക്കെയും പ്രാർത്ഥിച്ചേക്കാം. ഇങ്ങനെ എല്ലാം ഈശ്വരനിലേല്പിച്ച് അലസരായിരിക്കുന്നവർ മഹാമൂഢരാണ്. പുരുഷാർത്ഥം ചെയ്യണമെന്ന

ഈശ്വരാജ്ഞ ലംഘിച്ചു നടക്കുന്നവർക്ക് ഒരിക്കലും സുഖം ഉണ്ടാവുകയില്ല. നോക്കുക:-

കുർവ്വന്നേവേഹ കർമാണി ജിജീവിഷേച്ഛതങ്ഁസമാഃ (യജു. 40. 2)

"ഈശ്വരൻ ആജ്ഞാപിക്കുന്നു- മനുഷ്യൻ നൂറു സംവത്സരം അഥവാ ജീവിച്ചിരിക്കുന്നിടത്തോളം കാലം കർമം ചെയ്തുകൊണ്ടു തന്നെ ജീവിച്ചിരിക്കുവാൻ ഇച്ഛിക്കണം. ഒരിക്കലും അലസനാകരുത്. ഈശ്വരസൃഷ്ടിയിൽ ചേതനങ്ങളും അചേതനങ്ങളുമായി എത്ര വസ്തുക്കളുണ്ടോ അവയെല്ലാം അതാതിന്റെ കർമങ്ങൾ ചെയ്തുകൊണ്ടു തന്നെയാണിരിക്കുന്നത്. ഉറുമ്പും മറ്റും സദാ പ്രയത്നിക്കുന്നു. ഭൂഗോളാദി ഗ്രഹങ്ങൾ സദാ തിരിഞ്ഞുകൊണ്ടിരിക്കുന്നു. മരങ്ങൾ മുതലായവ വളർന്നു വർദ്ധിക്കുകയും ക്ഷയിച്ചുപോകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ ദൃഷ്ടാന്തങ്ങൾ മനുഷ്യർക്കു പാഠമാകണം. പരിശ്രമിക്കുന്നവരെ മറ്റുള്ളവർ സഹായിക്കുന്നതുപോലെ ധർമാനുസൃതമായി പ്രയത്നിക്കുന്നവരെ ഈശ്വരൻ സഹായിക്കുന്നു. പരിശ്രമശീലനായിട്ടുള്ള മനുഷ്യനെ മാത്രമേ ഭൃത്യനായി നിയമിക്കാറുള്ളൂ. മടിയനായിട്ടുള്ളവനെ നിയമിക്കാറില്ല. കണ്ണുള്ളവനും കാണ്മാൻ ആഗ്രഹമുള്ളവനുമായ മനുഷ്യനു മാത്രമേ കാണിച്ചുകൊടുക്കാറുള്ളൂ. അന്ധന്മാർക്കു കാണിച്ചുകൊടുക്കുക പതിവില്ല. അതുപോലെതന്നെ എല്ലാവരുടേയും ഉപകാരത്തിനായി പ്രാർത്ഥന ചെയ്യുമ്പോൾ മാത്രമേ ഈശ്വരൻ സഹായിക്കൂ. ഹാനികരമായ കർമങ്ങളിൽ സഹായിക്കുകയില്ല. ശർക്കര മാധുര്യമുള്ളതാണ് എന്നു പറഞ്ഞുകൊണ്ടിരിക്കുന്നവന് ശർക്കര കിട്ടുന്നില്ല. അവൻ അതിന്റെ സ്വാദറിയുന്നുമില്ല. പ്രയത്നിക്കുന്നവന് വേഗമോ അല്പം വൈകിയോ ശർക്കര കിട്ടും.

ഉപാസന

മൂന്നാമത്തേത് ഉപാസനയാണ്

സമാധിനിർധൂതമലസ്യ ചേതസോ വിവേശിത സ്യാത്മനി യത്സുഖം ഭവേത്; ന ശക്യതേ വർണയിതും ഗിരാ തദാ സ്വയന്ത ദന്തഃ കരണേന ഗൃഹ്യതേ.

ഇത് ഉപനിഷത്തിലുള്ള വചനമാണ്. [] [3] അവിദ്യാദികളായ മനോമലങ്ങളെല്ലാം സമാധിയോഗം കൊണ്ടു നശിച്ചിട്ടുള്ള, ആത്മസ്ഥനായിരുന്ന് മനസ്സിനെ പരമാത്മാവിൽ പ്രകാശിപ്പിച്ചിട്ടുള്ളയാളിന് പരമാത്മസംസർഗ്ഗം കൊണ്ടുണ്ടാകുന്ന ആനന്ദത്തെ വിവരിക്കാനാവുകയില്ല. എന്തെന്നാൽ ആ ആനന്ദത്തെ ജീവാത്മാവ് അതിന്റെ അന്തഃകരണം കൊണ്ട് അനുഭവിക്കുകയാണു ചെയ്യുന്നത്. ഉപാസന എന്ന ശബ്ദത്തിനു സമീപസ്ഥനായിരിക്കുക എന്നർഥമാണ്. അഷ്ടാംഗ യോഗത്താൽ പരമാത്മാവിന്റ സമീപവർത്തിയാകാനും സർവവ്യാപിയും സർവാന്തര്യാമിയുമായി സാക്ഷാത്ക്കരിക്കാനും ചെയ്യേണ്ടതായ കർമങ്ങളെല്ലാം ചെയ്യേണ്ടതാണ്.

തത്രാഹിംസാസത്യാസ്തേയ ബ്രഹ്മചര്യാ പരിഗ്രഹാ യമാഃ. (യോ. ദ. സാ പാ. 30)

ഇത്യാദി സൂത്രങ്ങൾ പാതഞ്ജലയോഗശാസ്ത്രത്തിലുള്ളതാകുന്നു. ഉപാസനയാരംഭിക്കുന്നയാൾ ചെയ്തുതുടങ്ങേണ്ടത് ഇപ്പറയുന്നവയാണ്: - ആരോടും വൈരഭാവം പാടില്ല. എല്ലാവരോടും എല്ലായ്പ്പോഴും പ്രീതിയോടെ; പെരുമാറണം. സത്യം പറയണം അസത്യം ഒരിക്കലും പറയരുത്; മോഷ്ടിക്കരുത്, സത്യവാനും ജിതേന്ദ്രിയനുമായിരിക്കണം. സുഖാസക്തനോ ദുരഭിമാനിയോ ആയിരിക്കരുത്; അഹങ്കാരം പാടില്ല. ഇപ്പറഞ്ഞ അഞ്ചുയമങ്ങൾ ചേർന്നതാണ് ഉപാസനായോഗത്തിന്റെ ഒന്നാമത്തെ അംഗം.

ശൗചസന്തോഷതപഃ സ്വാധ്യായേശ്വരപ്രണിധാനാനി നിയമാഃ (യോ ദ. സാ. പാ. 32)

രാഗദ്വേഷാദികളെ പരിത്യജിച്ച് അകമേയും ജലാദികളുപയോഗിച്ച് പുറമേയും ശുദ്ധനാകണം. ധർമവിധേയമായ പ്രയത്നത്തിൽ ലാഭത്തിൽ സന്തോഷമോ നഷ്ടത്തിൽ ദുഃഖമോ ഉണ്ടാകരുത്. പ്രസന്നതയോടെ, അലസത വെടിഞ്ഞ് സദാ പരിശ്രമിക്കണം. എപ്പോഴും സുഖദുഃഖങ്ങളെ സഹിച്ച് ധർമം മാത്രം ചെയ്യണം. അധർമം ചെയ്യരുത്. സത്യശാസ്ത്രങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. സത്സംഗം ചെയ്യണം. ഈശ്വരനാമമായ ഓം അർഥവിചാരത്തോടെ നിത്യേന ജപിക്കണം. ഈശ്വരാജ്ഞയ്ക്കനുകൂലമായി ആത്മസമർപ്പണം ചെയ്യണം. ഈ അഞ്ചുവിധ നിയമങ്ങൾ ചേർന്നാൽ ഉപാസനായോഗത്തിന്റെ രണ്ടാമത്തെ അംഗം എന്നു പറയുന്നു. ഇതിനുശേഷമുള്ള ആറംഗങ്ങൾ യോഗശാസ്ത്രത്തിലോ ഋഗ്വേദാദി ഭാഷ്യഭൂമിക[] [4]യിലോ നോക്കി ഗ്രഹിക്കുക.

3 മൈത്രായണ്യുപനിഷത്ത് 4.49 2)

4 വേദപര്യടനം.



ഉപാസനയ്ക്ക് ഇച്ഛയുള്ളപ്പോൾ ശുദ്ധമായ ഏകാന്തസ്ഥാനത്തു ചെന്ന് ആസനസ്ഥനായി പ്രാണായാമം ചെയ്ത് ഇന്ദ്രിയങ്ങളെ ബാഹ്യവിഷയങ്ങളിൽ നിന്നു തടഞ്ഞ് മനസ്സിനെ പൊക്കിൾഭാഗത്തോ, ഹൃദയത്തിലോ, കണ്ഠത്തിലോ, നേത്രങ്ങളിലോ, ഉച്ചിയിലോ പൃഷ്ഠഭാഗത്തിൽ നട്ടെല്ല് അവസാനിക്കുന്നിടത്തോ[] [5] ഉറപ്പിച്ചു നിർത്തി, ആത്മപരമാത്മ വിവേചനം ചെയ്ത് പരമാത്മാവിൽ മഗ്നനായി സംയമിയാകണം. ഈ സാധനകൾ അനുഷ്ഠിക്കുന്നയാളിന്റെ ആത്മാവും അന്തഃകരണവും അത്യന്തം പരിശുദ്ധവും സത്യസമ്പൂർണവും ആയി പരിണമിക്കുന്നു. അയാൾ തന്റെ ജ്ഞാനവിജ്ഞാനങ്ങളെ നാൾതോറും വർദ്ധിപ്പിച്ച് മോക്ഷം നേടുന്നു. ദിവസത്തിലുള്ള എട്ടു യാമങ്ങളിൽ ഒരു നാഴികയെങ്കിലും ധ്യാനിക്കുന്നവൻ ഉന്നതിയെ പ്രാപിക്കുന്നു.

സഗുണ-നിർഗുണ ഉപാസന

സർവജ്ഞത്വാദി ഗുണയുക്തൻ എന്നു സങ്കല്പിച്ച് ഉപാസന ചെയ്യുന്നതു സഗുണോപാസനയും ദ്വേഷം, രൂപം, രസം, ഗന്ധം, സ്പർശം മുതലായ ഗുണങ്ങളൊന്നുമില്ലാത്തതെന്നു സങ്കല്പിച്ച് അതിസൂക്ഷ്മമായ ആത്മാവിൽ അകത്തും പുറത്തും എങ്ങും നിറഞ്ഞിരിക്കുന്ന പരമാത്മാവിൽ സ്ഥിതി ചെയ്യുന്നത് നിർഗുണോപാസനയും ആകുന്നു. ഈ ഉപാസനയുടെ ഫലം ഇനി പറയാം.:- തണുത്തുവിറച്ച ഒരുവന് അഗ്നിയുടെ സാമീപ്യം കൊണ്ട് ശൈത്യം ശമിക്കുന്നതു പോലെ ഈശ്വരന്റെ സാന്നിദ്ധ്യം കൊണ്ട് ജീവാത്മാവിന്റെ സകലദോഷങ്ങളും ദുഃഖങ്ങളും നശിച്ചുപോവുകയും ഗുണകർമസ്വഭാവങ്ങൾ പരമാത്മാവിന്റെ ഗുണകർമസ്വഭാവങ്ങളെപ്പോലെ പരിശുദ്ധങ്ങളാവുകയും ചെയ്യുന്നു. അതിനാൽ ഈശ്വരവിഷയകമായ സ്തുതി, പ്രാർത്ഥന, ഉപാസന എന്നിവ നിശ്ചയമായും അനുഷ്ഠിക്കണം. ഉപാസനയുടെ ഫലം സ്തുതി പ്രാർത്ഥനകളുടെ ഫലത്തിൽനിന്നു ഭിന്നമാണ്. ദുഃഖങ്ങൾ നേരിടുന്ന സമയത്ത് പർവ്വതം പോലെ ഉറച്ചുനിന്ന് എന്തും സഹിക്കുവാൻ കഴിവുണ്ടാവുകയും ആത്മബലം അങ്ങേയറ്റം വർദ്ധിക്കുകയും ചെയ്യുന്നതാണ് ഉപാസനയുടെ ഫലം. ഇതു നിസ്സാരമായ ഒരു കാര്യമാണോ? മാത്രമല്ല ഈശ്വരനെ സ്തുതിക്കുകയും പ്രാർത്ഥിക്കുകയും ഉപാസിക്കുകയും ചെയ്യാത്തവൻ വലിയ കൃതഘ്നനും മഹാമൂഢനുമാണ്. ഈ ലോകത്തിലുള്ള സകലപദാർത്ഥങ്ങളും ജീവാത്മാക്കളുടെ സുഖത്തിനായി നല്കിയ ഈശ്വരന്റെ ഗുണങ്ങളെ വിസ്തരിക്കുകയും ഈശ്വരന്റെ സത്തയെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് കൃതഘ്നതയും വിഡ്ഢിത്തവുമല്ലാതെ മറ്റെന്താണ്?

ചോദ്യം:- ചെവി, കണ്ണ് മുതലായ ഇന്ദ്രിയങ്ങളൊന്നും ഇല്ലാത്ത ഈശ്വരൻ ഇന്ദ്രിയങ്ങളുടെ ജോലി എങ്ങനെ ചെയ്യുന്നു?

ഉത്തരം:- **അപാണിപാദോ ജവനോ ഗ്രഹീത പശ്യത്യചക്ഷുഃ സ ശൃണോത്യകർണഃ; സ വേത്തി വിശ്വം നച തസ്യാസ്തി വേത്താ തമാഹുരഗ്ര്യം പുരുഷം പുരാണമ്** [] [7]

ഇത് ഉപനിഷത്തിലുള്ള വചനമാണ്. ഈശ്വരന് കൈകൾ ഇല്ല. എങ്കിലും തന്റെ ശക്തിയാകുന്ന കൈകൊണ്ട് എല്ലാറ്റിനെയും ഗ്രഹിക്കുകയും രചിക്കുകയും ചെയ്യുന്നു. ഈശ്വരന് കാലുകൾ ഇല്ല. എങ്കിലും സർവവ്യാപിയാകയാൽ എന്തിനുമുപരി വേഗമുള്ളവനാണ്. കണ്ണില്ല എങ്കിലും എല്ലാറ്റിനെയും നല്ലവണ്ണം കാണുന്നു. ചെവിയില്ല എങ്കിലും പറയുന്നതെല്ലാം കേൾക്കുന്നു. അന്തഃകരണം ഇല്ല. എങ്കിലും ലോകത്തിലുള്ള സകല കാര്യങ്ങളും അറിയുന്നു. ഈശ്വരന്റെ എന്തെങ്കിലും ശക്തി എത്രയാണെന്ന് ആരും അറിയുന്നില്ല. ഈശ്വരൻ സനാതനനും സർവശ്രേഷ്ഠനുമത്രേ ആ എങ്ങും നിറഞ്ഞവനെ പുരുഷൻ എന്നു പറയുന്നു. ഇന്ദ്രിയങ്ങളെ കൊണ്ടും അന്തഃകരണം കൊണ്ടും സാധിക്കേണ്ടതെല്ലാം സ്വസാമർഥ്യത്താൽ നടത്തുന്നു.

ചോദ്യം:- അദ്ദേഹത്തെ പലരും നിഷ്ക്രിയനും നിർഗുണനുമെന്നു പറയുന്നതു ശരിയോ?

ഉത്തരം:- **ന തസ്യ കാര്യം കാരണം ച വിദ്യതേ ന തത്സമശ്ചാഭ്യധികശ്ച ദൃശ്യതേ പരാസ്യ ശക്തിർവിവിധൈവ ശ്രൂയതേ സ്വാഭാവികീ ജ്ഞാന ബലക്രിയാ ച[]** [8] ഇതും ഉപനിഷദ്വാക്യമാണ്. പരമാത്മാവിൽ നിന്നു തദ്രൂപത്തിൽ യാതൊരു കാര്യവും ഉണ്ടാകുന്നില്ല. അദ്ദേഹത്തിനു കാരണവും-കാര്യം ചെയ്യുവാനുള്ള ഉപകരണവും- ആവശ്യമില്ല[] [9]. തത്തുല്യനോ ശ്രേഷ്ഠനോ ആയി ആരുമില്ല. സർവ്വോത്തമമായ

6 ത്രയസ്ത്രിംശത്ത്രിശതാ സ്തുവത-യജു 14.31

5 നാഭ്യാം കണ്ഠേപ ശീർഷ്ണേച ഹൃദി വക്ഷസി പാർശയോഃ സമ്യയ്ക്ക് വിശാപതേ (മഹാഭാരതം ശാ:പ300-39,40)

7. ശ്വേതാശ്വതരോപനിഷത്ത് 3.19.

8. ശ്വേതാശ്വതരോപനിഷത്ത് 6.8

9. സാധകതമം കരണമ്. അഷ്ട്യാധ്യായി 1.4.42

ശക്തി അളവറ്റ ജ്ഞാനം, എതിരറ്റ ബലം, അതിരറ്റ ക്രിയാശക്തി എന്നിവ ഈശ്വരനിൽ സ്വാഭാവികമായി ഉണ്ടെന്നത്രേ ശ്രുതി. ഈശ്വരൻ നിഷ്ക്രിയനാണെങ്കിൽ ലോകത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുവാനാവുകയില്ല. അതിനാൽ വിഭുവാണെങ്കിലും -സർവവ്യാപിയാണെങ്കിലും- ചേതനമാകയാൽ ക്രിയാവാനുമാണ്.

ചോദ്യം:- ഈശ്വരൻ ക്രിയാവാനാകാം. എന്നാൽ അത് അവസാനമുള്ളതോ ഇല്ലാത്തതോ?

ഉത്തരം:- എത്രത്തോളം ദേശകാലങ്ങളിൽ വ്യാപിക്കുന്ന ക്രിയ ചെയ്യുന്നത് ഉചിതമാണെന്നു തോന്നുന്നുവോ അത്രത്തോളം ദേശകാലങ്ങളെ ഏറ്റക്കുറവു കൂടാതെ വ്യാപിക്കുന്ന ക്രിയയേ അദ്ദേഹം ചെയ്യുകയുള്ളൂ. എന്തെന്നാൽ ഈശ്വരന് അറിവുണ്ട്.

ചോദ്യം:- ഈശ്വരൻ തന്റെ അന്ത്യം അറിയുന്നുണ്ടോ ഇല്ലയോ?

ഉത്തരം:- ഈശ്വരൻ സമ്പൂർണജ്ഞാനിയാണ്. ഉള്ളവണ്ണം അറിയുന്നതിനെയാണു ജ്ഞാനമെന്നു പറയുന്നത്. ഒരു വസ്തു എപ്രകാരമാണോ അതിനെ അപ്രകാരം അറിയുന്നതിനാണ് ജ്ഞാനമെന്നു പറയുന്നത്. ഈശ്വരൻ അനന്തനാണെങ്കിൽ അനന്തനാണെന്നു തന്നെ അറിയുന്നതാണ് ജ്ഞാനം. അതിനു വിപരീതമായ അറിവ് അജ്ഞാനമാകുന്നു. അനന്തമായിട്ടുള്ളതിനെ അന്തമുള്ളതാണെന്നും അന്തമുള്ളതിനെ അനന്തമാണെന്നും അറിയുന്നത് 'ഭ്രമ'മാണ് എന്നർത്ഥം. **"യഥാർഥ ദർശനം ജ്ഞാനമിതി"**[] [10] ഒരു വസ്തുവിന് ഏതുതരം ഗുണകർമസ്വഭാവങ്ങളുണ്ടോ ആ വസ്തുവിനെ അതേവിധത്തിൽ അറിഞ്ഞ് സ്വീകരിക്കുന്നതിനെയാണ് ജ്ഞാനമെന്നും വിജ്ഞാനമെന്നും പറയുന്നത്. മറിച്ചുള്ളത് അജ്ഞാനവും. അതിനാൽ-

ക്ലേശകർമ വിപാകാശയൈരപരാമൃഷ്ടഃ പുരുഷ വിശേഷ ഈശ്വരഃ (യോ ദ. 24)

അവിദ്യാദി ക്ലേശങ്ങൾ, കുശലാകുശലങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ കൂടിക്കലർന്ന ഫലങ്ങൾ എന്നിവ നല്കുന്ന കർമ്മങ്ങളും അവയുടെ വാസനയും ഇല്ലാത്തതും സകല ജീവാത്മാക്കളേക്കാളും വിശിഷ്ടമായതുമത്രേ ഈശ്വരൻ.

10. തത്ത്വജ്ഞാനാർഥ ദർശനം ഏതത്ജ്ഞാനമിതി (ഭഗവദ്ഗീത 13.11)

കപിലമഹർഷി നിരീശ്വരവാദിയോ?

ചോദ്യം:- **1. ഈശ്വരാസിദ്ധേഃ 2. പ്രമാണാഭാവാന്ന തത്സിദ്ധിഃ 3. സംബന്ധാഭാവാന്നാനുമാനമ് (സാംഖ്യദർശനം 1-12. 10, 11) 1. ഈശ്വരൻ ഉണ്ടെന്ന് പ്രത്യക്ഷപ്രമാണംകൊണ്ട് സിദ്ധിക്കുന്നില്ല. 2. ഈശ്വരസിദ്ധിക്ക് പ്രത്യക്ഷപ്രമാണം ഇല്ലെങ്കിൽ പിന്നെ അനുമാനാദി പ്രമാണങ്ങൾ ഉണ്ടാവാൻ തരമില്ല. 3. വ്യാപ്തിസംബന്ധം ഇല്ലാത്തതുകൊണ്ട് അനുമാനം ഉണ്ടാവാൻ വഴിയില്ല. പ്രത്യക്ഷവും അനുമാനവും ഇല്ലാത്തതുകൊണ്ട് ശബ്ദപ്രമാണം തുടങ്ങിയുള്ള പ്രമാണങ്ങളും യോജിക്കുകയില്ല. അതിനാൽ ഈശ്വരൻ ഉണ്ടെന്നു തെളിയിക്കാൻ ആവുകയില്ല.**

ഉത്തരം:- ഈശ്വരൻ ഉണ്ടെന്നതിന് പ്രത്യക്ഷ പ്രമാണം ഇല്ലെന്നു തന്നെയാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഈശ്വരൻ ജഗത്തിന്റെ ഉപാദാനകാരണമല്ലതാനും. പുരുഷനിൽനിന്നു വിലക്ഷണനായതുകൊണ്ട് സർവത്ര പരിപൂർണ്ണനാകയാൽ പരമാത്മാവിന്റെ പേര് പുരുഷൻ എന്നാകുന്നു. ശരീരത്തിൽ ശയിക്കുന്നത് കൊണ്ട് ജീവാത്മാവിന്റെ പേരും പുരുഷനെന്നാകുന്നു. ജീവാത്മാവിന്റെ പേരും പുരുഷനെന്നാകുന്നു. എന്തെന്നാൽ, ഈ പ്രകരണത്തിൽതന്നെ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:-

1. പ്രധാന ശക്തിയോഗാച്ചേത് സങ്ഗാപത്തിഃ

2. സത്താമാത്രാച്ചേത് സർവൈശ്വര്യമ്.

3. ശ്രുതിരപി പ്രധാനകാര്യത്വസ്യ

(സാംഖ്യദർശനം 5 8-9.12)

1. പുരുഷന് പ്രധാന ശക്തിയോടുകൂടി യോഗമുണ്ടെന്നു വന്നാൽ സംഗാപത്തി വന്നുപോകും. സൂഷ്മങ്ങളായ പരമാണുക്കളോടുകൂടിച്ചേരുന്നതു നിമിത്തം പ്രകൃതി കാര്യരൂപിയായി പരിണമിക്കുന്നതുപോലെ ഈശ്വരനും സ്ഥൂലരൂപയായി പരിണമിക്കും എന്നർത്ഥം. അതിനാൽ ഈശ്വരൻ ജഗത്തിന്റെ ഉപാദാന കാരണമല്ല; നിമിത്തകാരണമാകുന്നു.

2. ജഗത്തിന്റെ ഉത്ഭവം ചേതനനായ പുരുഷനിൽ നിന്നാണെങ്കിൽ ഈശ്വരന് സകലവിധ ഐശ്വര്യങ്ങളുമുള്ളതിനാൽ ജഗത്തിലും സർവൈശ്വര്യങ്ങളും ഉണ്ടാകണം. അതില്ലാത്തതിനാൽ ജഗത്തിന്റെ ഉപാദാന കാരണമല്ല, നിമിത്ത കാരണമാണ്.

3. കൂടാതെ ഉപനിഷത്തും പ്രധാനത്തെ-പ്രകൃതിയെ-യാണ് ജഗത്തിന്റെ ഉപാദാനമായി പറയു



ന്നത്. നോക്കുക:-

അജാമേകാം ലോഹിത ശുക്ലകൃഷ്ണാം ബഹ്വീഃ പ്രജാഃ സൃജമാനാം സ്വരൂപാഃ (ശ്വേതാശ്വതരോപനിഷത് 4. 5)

ഇതു ശ്വേതാശ്വതരോപനിഷത്തിലുള്ള വചനമാണ്. ഉത്പത്തിവിഹീനവും സത്വരജസ്തമോരൂപവുമായ പ്രകൃതി തന്നെയാണു സ്വരൂപാകൃതിയോടു കൂടി അസംഖ്യം പ്രജകളായി പരിണമിക്കുന്നത്. പ്രകൃതി പരിണാമിനിയായതുകൊണ്ട് രൂപാന്തരങ്ങളെ പ്രാപിക്കുന്നു. പുരുഷൻ പരിണാമിയല്ലാത്തതിനാൽ രൂപാന്തരപ്പെടുന്നില്ല. കൂടസ്ഥനും നിർവികാരനുമായി വർത്തിക്കുന്നു. അതിനാൽ കപിലാചാര്യനെ നാസ്തികനെന്നു പറഞ്ഞവനാണു നാസ്തികൻ. കപിലാചാര്യനല്ല.

ഈശ്വരൻ ന്യായവൈശേഷിക മീമാംസകളിൽ

അതുപോലെ ധർമത്തിന്റെ ആശ്രയമായ ധർമിയെ അംഗീകരിക്കുന്ന മീമാംസാശാസ്ത്രവും, ഈശ്വരനെ സ്വീകരിക്കുന്ന വൈശേഷികവും ആത്മാവിനെ സ്വീകരിച്ചിട്ടുള്ള ന്യായദർശനവും നിരീശ്വരവാദികളല്ല. എന്തെന്നാൽ, സർവജ്ഞത്വം തുടങ്ങിയ ധർമങ്ങളും **''അതതി സർവ്വത്ര വ്യാപ്നോതീത്യാത്മാ''** എന്ന വ്യുൽപ്പത്തിയനുസരിച്ച് എങ്ങും നിറഞ്ഞിരിക്കുന്നവനും സകല ജീവാത്മാക്കളുടേയും കൂടി ആത്മാവുമായ പുരുഷനെത്തന്നെയാണു മീമാംസ ന്യായം, വൈശേഷികം എന്നീ ദർശനങ്ങൾ ഈശ്വരനായി അംഗീകരിക്കുന്നത്.

അവതാരം ഇല്ല

ചോദ്യം:- ഈശ്വരൻ അവതാരം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ?

ഉത്തരം:- ഇല്ല എന്തെന്നാൽ **"അജഏകപാത്" (34-53) "സപര്യഗാച്ഛുക്രമകായമ്" (40-8)** എന്നു തുടങ്ങിയുള്ള യജുർവേദ വചനങ്ങളിൽ നിന്നു ഈശ്വരൻ ജന്മം കൈക്കൊള്ളുന്നില്ലെന്നു സിദ്ധിക്കുന്നു.

ചോദ്യം:- യദാ യദാ ഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത, അഭ്യുത്ഥാനമധർമസ്യ തദാത്മാനം സൃജാമ്യഹം (ഗീത 4.7) **ധർമത്തിനു ലോപം വരുമ്പോഴെല്ലാം ഞാൻ ശരീരം ധരിക്കുന്നു എന്നു ശ്രീകൃഷ്ണൻ പറയുന്നുണ്ടല്ലോ.**

ഉത്തരം:- വേദവിരുദ്ധമായതുകൊണ്ട് ഇതു പ്രമാണമല്ല. ധർമാത്മാവും ധർമത്തെ രക്ഷിക്കുവാൻ ഇച്ഛാലുവുമായ ശ്രീകൃഷ്ണൻ "ഞാൻ യുഗംതോറും ജന്മം കൈക്കൊണ്ട് ശിഷ്ടജനങ്ങളെ പരിപാലിക്കുകയും ദുഷ്ടന്മാരെ സംഹരിക്കുകയും ചെയ്യും" എന്നിങ്ങനെ ആഗ്രഹിച്ചിട്ടുണ്ടായിരിക്കാം. അങ്ങനെ ചെയ്യുന്നതിൽ ദോഷമൊന്നുമില്ല. എന്തെന്നാൽ **''പരോപകാരായ സതാം വിഭൂതയഃ"** സജ്ജനങ്ങളുടെ ശരീരം മനസ്സ് ധനം എന്നിവയെല്ലാം പരോപകാരത്തിനായിട്ടുള്ളതാണല്ലോ. എന്നാലും ശ്രീകൃഷ്ണൻ ഇതുകൊണ്ട് ഈശ്വരനാണെന്നു വരുവാൻ തരമില്ല.

ചോദ്യം:- ഇങ്ങനെയാണെങ്കിൽ ലോകത്തിൽ ഈശ്വരന്റെ ഇരുപത്തിനാല് അവതാരങ്ങളുണ്ടെന്നു പറയുന്നതിനെ എങ്ങനെ സ്വീകരിക്കാം

ഉത്തരം:- വേദാർത്ഥം അറിയാത്തവരും ഓരോ സമ്പ്രദായക്കാരുടെ വലയിൽ വീഴുന്നവരും സ്വയം അറിവില്ലാത്തവരും അജ്ഞാന പാശത്തിൽ കുടുങ്ങുന്നവരും ഇങ്ങനെ അപ്രമാണികമായ കാര്യങ്ങൾ പറയുകയും അംഗീകരിക്കുകയും ചെയ്യുന്നു.

ചോദ്യം:- ഈശ്വരൻ അവതരിക്കുന്നില്ലെങ്കിൽ കംസൻ രാവണൻ മുതലായ ദുഷ്ടന്മാരെ എങ്ങനെ സംഹരിക്കും?

ഉത്തരം:- ഒന്നാമത്, ജനിച്ചിട്ടുള്ളവരെല്ലാം നിശ്ചയമായും മരിക്കാതിരിക്കയില്ല, എന്നുമാത്രമല്ല, ശരീരം കൈക്കൊണ്ട് അവതരിക്കാതെ തന്നെ ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്ന ഈശ്വരന്റെ മുമ്പിൽ കംസൻ, രാവണൻ മുതലായവർ ഒരു കൃമിയോളം പോലുമില്ല. ഈശ്വരൻ സർവ്വവ്യാപിയായതുകൊണ്ടു കംസരാവണാദികളുടെ ശരീരങ്ങളിലും കൂടി നിറഞ്ഞിരിക്കുന്നു. ഇച്ഛിക്കുന്ന ക്ഷണത്തിൽ അവരുടെ മാറു പിളർന്ന് കൊന്നുകളയുവാൻ കഴിയും. എണ്ണമറ്റ ഗുണകർമ്മസ്വഭാവങ്ങളോടുകൂടിയ ഈശ്വരൻ ഒരു ക്ഷുദ്രജന്തുവിനെ കൊല്ലാൻ ജനനമരണങ്ങൾ സ്വീകരിക്കുന്നു എന്നു പറയുന്നവനെ വിഡ്ഢിയോടല്ലാതെ മറ്റാരോടുപമിക്കാൻ! ഭക്തജനങ്ങളെ ഉദ്ധരിക്കുന്നതിനായിട്ടാണ് അവതരിക്കുന്നതെന്ന് പറഞ്ഞാൽ അതും ശരിയല്ല. എന്തെന്നാൽ ഈശ്വരാജ്ഞ അനുസരിക്കുന്ന ഭക്തജനങ്ങളെ ഉദ്ധരിക്കുവാൻ ഈശ്വരന് സാമർത്ഥ്യമുണ്ട്. ഭൂമി, സൂര്യൻ, ചന്ദ്രൻ,മുതലായ സകലലോകങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങളേക്കാൾ ഈശ്വരന് കംസരാവണാദികളുടെ വധവും ഗോവർദ്ധനപ്വത്തിന്റെ ഉദ്ധാരണവും മഹത്തരങ്ങളായ കർമ്മങ്ങളാണോ? ഇക്കാണുന്ന സൃഷ്ടിയിൽ ഈശ്വരൻ ചെയ്യുന്ന കർമങ്ങളെപ്പറ്റി ചിന്തിക്കുന്ന ആർക്കും

ഈശ്വരനു തുല്യനായി ആരും ഉണ്ടായിട്ടില്ലെന്നും ഉണ്ടാവുകയില്ലെന്നും മനസ്സിലാക്കാം. കൂടാതെ ഈശ്വരൻ ജന്മമെടുക്കുന്നു എന്നത് യുക്തിസഹവുമല്ല. അതിരില്ലാത്ത ഈ ആകാശം ഗർഭത്തിൽ അടങ്ങിയെന്നോ കരതലത്തിൽ ഒതുങ്ങിയെന്നോ ആരാനും പറഞ്ഞാൽ അതു നേരാവില്ല. ആകാശം അതിരറ്റതാണ്. എങ്ങും നിറഞ്ഞതാണ്. അത് അകത്തേക്കു വരികയോ പുറത്തേക്കു പോകുകയോ ചെയ്യുകയില്ല. അതുപോലെ ഈശ്വരൻ അനന്തനും സർവവ്യാപിയുമാകയാൽ എവിടെയെങ്കിലും കയറുകയോ ഇറങ്ങുകയോ ചെയ്യുന്ന പ്രശ്നമേയില്ല. ഒരു വസ്തു എവിടെ ഇല്ലയോ അവിടെ മാത്രമേ പോക്കുവരവു നടക്കൂ. ഈശ്വരൻ എവിടെനിന്നോ വന്നെന്നു പറയുവാൻ, ഗർഭത്തിൽ വ്യാപിച്ചിരുന്നില്ലെന്നോ? പുറത്ത് ഉണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നുവെങ്കിൽ പിന്നെ എങ്ങനെയാണു നിർഗമിച്ചു എന്നു പറയുന്നത്? അറിവില്ലാത്തവരല്ലാതെ മറ്റാരാണ് ഈശ്വരനെപ്പറ്റി ഇങ്ങനെ പറയുകയും വിചാരിക്കുകയും ചെയ്യുക? ഈശ്വരൻ വരികയോ പോവുകയോ ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. യേശു മുതലായവരും ഈശ്വരന്റെ അവതാരമല്ലെന്നു മനസ്സിലാക്കിക്കൊള്ളുക. എന്തെന്നാൽ, രാഗദ്വേഷങ്ങൾ വിശപ്പും ദാഹവും, ഭയശോകങ്ങൾ സുഖദുഃഖങ്ങൾ ജനനമരണങ്ങൾ മുതലായവ ഉണ്ടായിരുന്ന അവർ മനുഷ്യർ തന്നെയായിരുന്നു.

ചോദ്യം:- ഈശ്വരൻ തന്റെ ഭക്തന്മാരുടെ പാപം ക്ഷമിക്കുമോ ഇല്ലയോ?

ഉത്തരം:- ഇല്ല. എന്തെന്നാൽ പാപങ്ങളെ ക്ഷമിക്കുന്നപക്ഷം ഈശ്വരന്റെ ന്യായം നഷ്ടപ്പെടും. മനുഷ്യരെല്ലാവരും വലിയ പാപികളാകും. ക്ഷമിക്കുമെന്നറിഞ്ഞാൽ മനുഷ്യർക്ക് പാപം ചെയ്യുന്നതിൽ ഭയമില്ലായ്മയും ഉത്സാഹവും വർദ്ധിക്കും. രാജാവു കുറ്റം ചെയ്തവർക്കു മാപ്പു കൊടുക്കുമ്പോൾ അവർ വലിയവലിയ കുറ്റങ്ങൾ ഉത്സാഹപൂർവ്വം ചെയ്യുന്നു. രാജാവു തന്റെ അപരാധങ്ങളെ ക്ഷമിക്കുമെന്നും തൊഴുതോ കാലുപിടിച്ചോ രക്ഷപ്പെട്ടുകൊള്ളാമെന്നും അവർ തീരുമാനിക്കും. കുറ്റം ചെയ്യാത്തവരും കൂടി കുറ്റം ചെയ്യുന്നതിൽ ഭയമില്ലാത്തവരായി പാപം ചെയ്തു തുടങ്ങും. അതിനാൽ സർവകർമങ്ങൾക്കും അതാതിന്റെ ഫലം യഥായുക്തം കൊടുക്കുകതന്നെയാണ് ഈശ്വരന്റെ കർത്തവ്യം. മാപ്പു കൊടുക്കുകയല്ല.

ചോദ്യം:- ജീവാത്മാവ് സ്വതന്ത്രനോ പരതന്ത്രനോ?

ഉത്തരം:- അവനവന്റെ കർത്തവ്യകർമ്മങ്ങളിൽ സ്വതന്ത്രനും ഈശ്വരന്റെ വ്യവസ്ഥയിൽ പരതന്ത്രനും ആകുന്നു. **"സ്വതന്ത്രഃ കർത്താ"**[] [11] എന്നതു പാണിനിയുടെ വ്യാകരണസൂത്രമാണ്. ഏതൊരുവൻ സ്വതന്ത്രൻ-സ്വാധീനൻ-ആയിരിക്കുന്നുവോ അവനാണു കർത്താവ്.

ചോദ്യം:- ആരാണ് സ്വതന്ത്രൻ?

ഉത്തരം:- ശരീരം, പ്രാണൻ, ഇന്ദ്രിയങ്ങൾ, അന്തഃകരണം മുതലായവയെല്ലാം ആരുടെ സ്വാധീനത്തിലാണോ അയാളാണ് സ്വതന്ത്രൻ. ജീവാത്മാവ് സ്വതന്ത്രനല്ലെങ്കിൽ പാപപുണ്യങ്ങളുടെ ഫലം ഒരിക്കലും കിട്ടുകയില്ല. ഭൃത്യൻ യജമാന്റെയും പടയാളികൾ പടനായകന്റെയും ആജ്ഞയോ പ്രേരണയോ അനുസരിച്ച് യുദ്ധത്തിൽ എത്രപേരെ കൊന്നാലും അപരാധികളാകുന്നില്ല. അതുപോലെ, ജീവാത്മാവു പരമേശ്വരന്റെ പ്രേരണകൊണ്ടോ അധീനതകൊണ്ടോ കർമം ചെയ്യുന്നതായാൽ ജീവാത്മാവിനു പാപപുണ്യങ്ങളുടെ ഫലം ഉണ്ടാവുകയില്ല. ആ ഫലത്തിന്റെ അവകാശി പ്രേരകനായ ഈശ്വരനായിരിക്കും. സ്വർഗനരകങ്ങൾ, അതായത്, സുഖദുഃഖങ്ങൾ കിട്ടുന്നതും ഈശ്വരനു തന്നെയായിരിക്കും. ആരെങ്കിലും ആയുധം കൊണ്ട് ഒരുത്തനെ കൊന്നുകളഞ്ഞാൽ കൊല ചെയ്തവനെയാണ് പിടിക്കുന്നതും ശിക്ഷിക്കുന്നതും. ആയുധത്തെയല്ല. അതുപോലെതന്നെ പരതന്ത്രനായ ജീവാത്മാവിനു പുണ്യപാപങ്ങളുടെ ഫലം കിട്ടുവാൻ തരമില്ല. അതിനാൽ അവനവന്റെ ശക്തികൊണ്ടു നടത്തുന്ന കർമങ്ങളിൽ ജീവാത്മാവു സ്വതന്ത്രനാകുന്നു. എന്നാൽ ജീവാത്മാവു പാപം ചെയ്താൽ ഈശ്വരന്റെ വ്യവസ്ഥയ്ക്കു കീഴടങ്ങി പാപത്തിന്റെ ഫലം അനുഭവിക്കും. അതിനാൽ കർമ്മം ചെയ്യുന്നതിൽ ജീവാത്മാവു സ്വതന്ത്രനും ദുഃഖരൂപമായ പാപഫലം അനുഭവിക്കുന്നതിൽ പരതന്ത്രനും ആകുന്നു.

ചോദ്യം:- ഈശ്വരൻ പരമാത്മാവിനെ സൃഷ്ടിക്കുകയും ജീവാത്മാവിനു ശക്തിനല്കുകയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ജീവാത്മാവിനു യാതൊരു കർമവും ചെയ്യുവാൻ കഴിയുകയില്ലായിരുന്നു. അതിനാൽ ഈശ്വരപ്രേരണയാലത്രേ ജീവാത്മാവു കർമങ്ങൾ ചെയ്യുന്നത്!

ഉത്തരം:- ജീവാത്മാവ് ഒരിക്കലും ജനിച്ചിട്ടുള്ളതല്ല. ജഗത്തിന്റെ ഉപദാനകാരണമായ പ്രകൃതിയും

11 അഷ്ടാധ്യായി 1.4.54



നിമിത്തകാരണമായ ഈശ്വരനും ഏതു വിധത്തിൽ അനാദിയാണോ അതേ വിധത്തിൽ ജീവാത്മാവും അനാദിയാണ്. ജീവാത്മാവിന്റെ ശരീരവും ഇന്ദ്രിയങ്ങളും ഈശ്വരൻ സൃഷ്ടിച്ചതാണ്. എങ്കിലും അവയെല്ലാം ജീവാത്മാവിന്റെ അധീനത്തിലാണ്. മനസ്, വാക്ക്, കർമം എന്നിവ മുഖേന ജീവാത്മാവ് പുണ്യപാപങ്ങൾ ചെയ്തതാൽ അതിന്റെ ഫലം ജീവാത്മാവാണ്, പരമാത്മാവല്ല അനുഭവിക്കുന്നത്. ഒരുദാഹരണം പറയാം. ഒരു തൊഴിലാളി മലയിൽ നിന്ന് ഇരുമ്പയിര് കുഴിച്ചെടുത്തു. ഒരു കച്ചവടക്കാരൻ അതു വിലയ്ക്കു വാങ്ങി, അവിടെനിന്ന് അതു വാങ്ങി കൊല്ലൻ വാൾ തീർത്തു. കൊല്ലന്റെ പക്കൽ നിന്ന് ആ വാൾ ഒരു യോദ്ധാവു വാങ്ങി. അതുകൊണ്ട് അവൻ ഒരുത്തനെ വെട്ടിക്കൊന്നു. ഇവിടെ ന്യായാധിപൻ ഇരുമ്പു കുഴിച്ചെടുത്തവനേയോ, വിലയ്ക്കു വാങ്ങിയവനേയോ, വാളുണ്ടാക്കിയവനേയോ അല്ലെങ്കിൽ വാളിനെയോ പിടിച്ചു ശിക്ഷിക്കുന്നില്ല. വാളുകൊണ്ടു വെട്ടിക്കൊന്നവനാണ് ശിക്ഷ കിട്ടുന്നത്. അതുപോലെ, ശരീരാദികളെ നിർമ്മിച്ച ഈശ്വരൻ അവകൊണ്ടു ചെയ്യുന്ന കർമങ്ങളുടെ ഫലം അനുഭവിക്കുന്നില്ല; ജീവാത്മാവിനെക്കൊണ്ട് അനുഭവിപ്പിക്കുകയാണു ചെയ്യുന്നത്. ഈശ്വരനാണ് കർമങ്ങൾ ചെയ്യുന്നതെങ്കിൽ ഒരു ജീവാത്മാവും പാപം ചെയ്യുകയില്ല. ഈശ്വരൻ പരിശുദ്ധനും ധാർമികനുമായതുകൊണ്ട് ഏതൊരു ജീവാത്മാവിനെയും പാപം ചെയ്യുവാൻ പ്രേരിപ്പിക്കുകയില്ല. അതിനാൽ ജീവാത്മാവു സ്വകർമം ചെയ്യുന്നതിൽ സ്വതന്ത്രനാണ്. ജീവാത്മാവു സ്വകർമാനുഷ്ഠാനത്തിൽ സ്വതന്ത്രനായതുപോലെ തന്നെ പരമാത്മാവും സ്വകർമങ്ങൾ നടത്തുന്നതിൽ സ്വതന്ത്രനാകുന്നു.

ചോദ്യം:- ജീവാത്മാവിന്റെയും ഈശ്വരന്റെയും സ്വരൂപവും ഗുണകർമസ്വഭാവങ്ങളും ഏവ?

ഉത്തരം:- ജീവാത്മാവും ഈശ്വരനും ചേതനാസ്വരൂപരാകുന്നു. ജീവാത്മാവിന്റെയും ഈശ്വരന്റെയും സ്വഭാവം പരിശുദ്ധവും നാശരഹിതവും ധാർമികത്വം തുടങ്ങിയ ഗുണങ്ങളോടുകൂടിയതുമാകുന്നു. എന്നാൽ സൃഷ്ടിയുടെ ഉത്പത്തിസ്ഥിതിപ്രളയങ്ങൾ നിർവ്വഹിക്കുക, എല്ലാവരെയും നിയമാനുസരണം നടത്തുക. ജീവാത്മാക്കൾക്കു പുണ്യപാപങ്ങളുടെ ഫലം കൊടുക്കുക, മുതലായ ധർമാനുസൃത കർമങ്ങൾ ഈശ്വരന്റേതും, സന്താനങ്ങളെ ഉത്പാദിപ്പിച്ചു പോറ്റിവളർത്തുക, ശില്പവിദ്യകൾ നടത്തുക മുതലായതും നന്മതിന്മകളിടകലർന്നതുമായ കർമങ്ങൾ ജീവാത്മാക്കളുടേതാണ്. നിത്യമായ ജ്ഞാനം, ആനന്ദം, അളവറ്റ ബലം മുതലായ ഗുണങ്ങൾ ഈശ്വരനുള്ളതാണ്. ജീവാത്മാവിന്:-.

ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖജ്ഞാനാന്യാത്മനോ ലിംഗമിതി (ന്യായം)[] [12]

പ്രാണാപാനനിമേഷോന്മേഷമനോഗതീന്ദ്രിയാന്തർവികാരാഃ സുഖദുഃഖേച്ഛാ ദ്വേഷൗ പ്രയത്നാശ്ചാത്മനോ ലിംഗാനി (വൈശേ)[] [13]

(ഇച്ഛാ) പദാർത്ഥങ്ങൾ കിട്ടുവാനുള്ള ആഗ്രഹം, **(ദ്വേഷ)** ദുഃഖാദികളിലുള്ള അനിഷ്ടം അല്ലെങ്കിൽ വെറുപ്പ് **(പ്രയത്ന)** പുരുഷപ്രയത്നം ബലം എന്നിവ **(സുഖ)** ആനന്ദം **(ദുഃഖ)** വ്യസനം അല്ലെങ്കിൽ സന്തോഷമില്ലായ്മ, **(ജ്ഞാന)** വിവേകം, **(പ്രാണ)** പ്രാണവായുവിനെ പുറത്തേക്കു തള്ളിക്കളയുക[] [14] **(അപാന)** പ്രാണവായുവിനെ ഉള്ളിലേക്കു വലിച്ചെടുക്കുക **(നിമേഷ)** കണ്ണുകളടയ്ക്കുക **(ഉന്മേഷ)** കണ്ണുകൾ തുറക്കുക **(മനഃ)** നിശ്ചയിക്കുക, സ്മരിക്കുക, അഭിമാനിക്കുക **(ഗതി)** ഗമിക്കുക, **(ഇന്ദ്രിയ)** എല്ലാ ഇന്ദ്രിയങ്ങളെയും പ്രവർത്തിപ്പിക്കുക **(അന്തർവികാര)** വിശപ്പ്, ദാഹം, സന്തോഷം, സങ്കടം മുതലായ വിവിധ വികാരങ്ങളുണ്ടാവുക, ഇവയെല്ലാം ജീവാത്മാവിന്റെ ഗുണങ്ങളാണ്. ഈ ഗുണങ്ങൾ പരമാത്മാവിന്റെ ഗുണങ്ങളിൽ നിന്നു ഭിന്നമത്രേ. ഈ ഗുണങ്ങളെക്കൊണ്ടുവേണം ജീവാത്മാവിന്റെ ഗുണങ്ങളെ അറിയേണ്ടത്. എന്തെന്നാൽ ജീവാത്മാവു സ്ഥൂലമല്ല. ജീവാത്മാവു ശരീരത്തിൽ സ്ഥിതിചെയ്യുമ്പോൾ മാത്രമേ ഈ ഗുണങ്ങൾ പ്രകാശിക്കൂ. ജീവാത്മാവു ശരീരം വിട്ടുപോകുമ്പോൾ ഈ ഗുണങ്ങൾ ശരീരത്തിൽ കാണപ്പെടുന്നില്ല. ഏതൊരു വസ്തു ഉണ്ടാകുമ്പോൾ ഗുണങ്ങൾ ഉണ്ടാവുകയും നശിക്കുമ്പോൾ ഗുണങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നുവോ ആ ഗുണങ്ങൾ ആ വസ്തുവിന്റേതാണ്. വിളക്കോ സൂര്യനോ ഉള്ള സമയത്തു പ്രകാശം ഉണ്ടാവുകയും അവ രണ്ടും ഇല്ലാത്തപ്പോൾ പ്രകാശം ഇല്ലാതാവുകയും ചെയ്യുന്നതാണ്

12 ന്യായദർശനം 1.1.10

13 വൈശേഷികം 3.2.4

14 പ്രാണാപാനങ്ങളെപ്പറ്റി ഗ്രന്ഥകർത്താവിന്റെ അഭിപ്രായമാണ് പ്രാചീനം. മൈത്രായണീ ആരണ്യകത്തിൽ (2.6) **യോ*f*യ മൂർധ്നാമാക്രാ മൃത്യോഷ വാവ സഃ പ്രാണഃ അഥയോ*f*യ അവാങ് സംക്രാമത്യോഷ വാവസോ*f*പാന** എന്നുപറയുന്നു.

ഇതിനുദാഹരണം. ഇപ്രകാരം ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ജ്ഞാനം ഉണ്ടാകുന്നത് അതിനുള്ള ഗുണങ്ങളെക്കൊണ്ടാകുന്നു.

ഈശ്വരന്റെ ത്രികാലജ്ഞാനം

ചോദ്യം:- ഈശ്വരൻ ത്രികാലജ്ഞാനമുള്ളതുകൊണ്ട് ഭാവികാര്യങ്ങളും കൂടി അറിയുന്നു. അദ്ദേഹം തീരുമാനിക്കുന്നതനുസരിച്ചാണ് ജീവാത്മാവു പ്രവർത്തിക്കുന്നത്. അതിനാൽ ജീവൻ സ്വതന്ത്രനല്ല; ഈശ്വരൻ ജീവനെ ശിക്ഷിക്കുന്നത് ഉചിതവുമല്ല. ഈശ്വരന്റെ ഇംഗിതമനുസരിച്ചാണ് ജീവൻ പ്രവർത്തിക്കുന്നത്.

ഉത്തരം:- ഈശ്വരൻ ത്രികാലജ്ഞാനിയാണെന്നു പറയുന്നത് വിഡ്ഢിത്തമാണ്. ഉണ്ടായിട്ട്, ഇല്ലാതിരിക്കുന്നതാണ് ഭൂതകാലം. ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകാവുന്നതുമാണ് ഭാവികാലം. മുമ്പ് ഉണ്ടായിട്ടുള്ളതും ഇപ്പോൾ ഇല്ലാത്തതുമായ ഒരു ജ്ഞാനം ഈശ്വരനുണ്ടോ? അതുപോലെതന്നെ മുമ്പ് ഉണ്ടാകാത്തതും മേലിൽ ഉണ്ടാകാവുന്നതുമായ ജ്ഞാനവും ഈശ്വരനുണ്ടോ? ജ്ഞാനം എല്ലായ്പോഴും ഒരുപോലെയുള്ളതും അഖണ്ഡമായി-ഇടവിടാതെ- നിലനില്ക്കുന്നതുമാണ്. ഭൂതം ഭാവി എന്നുള്ള ഭേദം ജീവാത്മാക്കൾക്കുള്ളതാണ്. ജീവാത്മാക്കളുടെ കർമത്തെ അപേക്ഷിച്ചുള്ള ത്രികാലജ്ഞാനം ഈശ്വരനുണ്ടെന്നുള്ളതു ശരി തന്നെ. എന്നാൽ അതുസ്വതഃസിദ്ധമല്ല. സ്വാതന്ത്ര്യമുള്ളതുകൊണ്ട് ജീവാത്മാവ് ഏതുവിധത്തിൽ പ്രവർത്തിക്കുന്നുവോ അതേവിധത്തിൽ സർവജ്ഞത്വമുള്ളതുകൊണ്ട് ഈശ്വരൻ അറിയുന്നു. ഈശ്വരൻ എങ്ങനെ അറിയുന്നുവോ അതേ വിധത്തിൽ ജീവൻ പ്രവർത്തിക്കുന്നു. ഭൂതഭവിഷ്യദ്വർത്തമാനങ്ങളെ അറിയുന്നതിലും കർമഫലം കൊടുക്കുന്നതിലും ഈശ്വരൻ സ്വതന്ത്രനാകുന്നു. ഈശ്വരന്റെ ജ്ഞാനം അനാദിയായതുകൊണ്ടു കർമത്തെ സംബന്ധിച്ച ജ്ഞാനമെന്നതുപോലെ തന്നെ ദണ്ഡദാനത്തെ സംബന്ധിച്ച ജ്ഞാനവും അനാദിയാകുന്നു. രണ്ടു ജ്ഞാനങ്ങളും ഈശ്വരനു സത്യമാണ്. കർമ ജ്ഞാനം സത്യമാണെന്നും ദണ്ഡജ്ഞാനം മിഥ്യയാണെന്നും എങ്ങനെ വരും? അതിനാൽ ഇതിൽ ദോഷമില്ല.

ജീവനും ഈശ്വരനും

ചോദ്യം:- ജീവാത്മാവ് വിഭുവോ (സർവവ്യാപിയോ) ഓരോ ശരീരത്തിലും വെവ്വേറെയോ?

ഉത്തരം:- വിഭുവാണെങ്കിൽ ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകൾ ജനനമരണങ്ങൾ സംയോഗവിയോഗങ്ങൾ ഗതാഗതങ്ങൾ എന്നിവ ഒരിക്കലും ഉണ്ടാവുകയില്ല. അതിനാൽ ജീവന്റെ സ്വരൂപം, അല്പജ്ഞത്വം, അല്പത്വം, സൂക്ഷ്മത്വം എന്നീ ധർമങ്ങളോടുകൂടിയതാണ്. ഈശ്വരൻ സൂക്ഷ്മങ്ങളിൽ സൂക്ഷ്മവും അനന്തനും, സർവജ്ഞനും, സർവവ്യാപിയുമാണ്. അതുകൊണ്ടത്രേ ജീവേശ്വരന്മാർക്കു തമ്മിലുള്ള ബന്ധം വ്യാപ്യവ്യാപകഭാവമാണെന്നു പറയുന്നത്.

ചോദ്യം:- ഒരു വസ്തു ഉള്ളിടത്ത് മറ്റൊന്നിന് ഇരിക്കാനാവില്ല. അതിനാൽ ജീവേശ്വരന്മാർക്കു തമ്മിൽ സംയോഗസംബന്ധമേ ഉണ്ടാവാൻ തരമുള്ളൂ. വ്യാപ്യവ്യാപകഭാവസംബന്ധം ഉണ്ടാവാൻ തരമില്ല.

ഉത്തരം:- സമാനമായ ആകൃതിയോടു കൂടിയ പദാർത്ഥങ്ങൾക്കു തമ്മിലേ ഈ നിയമം ബാധകമാവൂ. അസമാനാകൃതികളിൽ ബാധകമല്ല. ഇരുമ്പു സ്ഥൂലവും അഗ്നി സൂക്ഷ്മവുമാകുന്നു. അതുനിമിത്തം വൈദ്യുതമായ അഗ്നി ഇരുമ്പിൽ വ്യാപിച്ചിരിക്കുകും രണ്ടും ഒരിടത്തുതന്നെ വർത്തിക്കുകയും ചെയ്യുന്നു. അതുപോലെ ജീവൻ ഈശ്വരനേക്കാൾ സ്ഥൂലവും ഈശ്വരൻ ജീവനേക്കാൾ സൂക്ഷ്മവുമായതുകൊണ്ട് ഈശ്വരൻ വ്യാപകനും ജീവൻ വ്യാപ്യവുമാകുന്നു. ജീവേശ്വരന്മാർക്കു തമ്മിൽ വ്യാപ്യവ്യാപക ബന്ധമെന്നതുപോലെതന്നെ സേവ്യസേവകഭാവം, ആധാരാധേയഭാവം യജമാനഭൃത്യഭാവം, രാജപ്രജാഭാവം, പിതാപുത്രഭാവം മുതലായ ബന്ധങ്ങളും ഉണ്ട്.

ചോദ്യം:- ജീവാത്മപരമാത്മാക്കൾ ഭിന്നങ്ങളാണെങ്കിൽ-വേദങ്ങളിലുള്ള ഈ മഹാവാക്യങ്ങൾക്ക് എന്തർഥമാണ്?

1. പ്രജ്ഞാനം ബ്രഹ്മ 2. അഹം ബ്രഹ്മാസ്മി 3. തത്ത്വമസി 4. അയമാത്മാ ബ്രഹ്മ

ഉത്തരം:- ഇപ്പറഞ്ഞവ വേദവാക്യങ്ങളല്ലതന്നെ. ബ്രാഹ്മണഗ്രന്ഥങ്ങളിലുള്ള വചനങ്ങളാണിവ. ഇവകൾക്കു മഹാവാക്യമെന്നുപേർ സത്യശാസ്ത്രങ്ങളിലൊരിടത്തും പറഞ്ഞുകാണുന്നില്ല. ഇവയുടെ അർഥം ഇപ്രകാരമാകുന്നു:- **(അഹം)** ഞാൻ **(ബ്രഹ്മ)** ബ്രഹ്മത്തിങ്കൽ സ്ഥിതിചെയ്യുന്നവൻ **(അസ്മി)** ആകുന്നു. ഇവിടെ **മഞ്ചാഃ ക്രോശന്തി** എന്ന വാക്യത്തിലെപ്പോലെ **താൽസ്ഥ്യാപാധി** ആകുന്നു. മഞ്ചങ്ങൾ-കാവൽപ്പുരകൾ-ശബ്ദിക്കുകയില്ല. മഞ്ചങ്ങൾക്ക് ജീവനില്ല. അവയ്ക്കു നിലവിളിക്കുവാൻ കഴിവുമില്ല. അതി

നാൽ മഞ്ചത്തിലുള്ള മനുഷ്യർ നിലവിളിക്കുന്നു എന്നർഥമാണ്. ഇതുപോലെ പ്രസ്തുതവാക്യത്തിലും മനസ്സിലാക്കിക്കൊള്ളുക. സകല പദാർത്ഥങ്ങളും ബ്രഹ്മത്തിലാണു സ്ഥിതി ചെയ്യുന്നത്. അപ്പോൾ ജീവാത്മാവിനെ ബ്രഹ്മസ്ഥമാണെന്നു പറയുന്നതിൽ എന്താണു വിശേഷത? എന്നു ചോദിച്ചാൽ മറുപടി ഇതാണ്:- സമസ്ത വസ്തുക്കളും ബ്രഹ്മസ്ഥങ്ങൾ തന്നെയാണ്. എന്നാൽ ജീവന് ഏതു വിധത്തിൽ ബ്രഹ്മത്തിന്റെ സാധർമ്യവും സാമീപ്യവും ഉണ്ടോ അതേ വിധത്തിൽ മറ്റൊന്നിനുമില്ല കൂടാതെ ജീവാത്മാവിന് ബ്രഹ്മജ്ഞാനം ഉണ്ടാകുന്നു. മോക്ഷം പ്രാപിക്കുമ്പോൾ ജീവാത്മാവിനു ബ്രഹ്മത്തോടുകൂടി സാക്ഷാൽ സംബന്ധം ഉണ്ടാവുകയും ചെയ്യുന്നു. അപ്പോൾ ജീവന് ബ്രഹ്മത്തിന്റെ **തൽസ്ഥ്യോപാധി അല്ലെങ്കിൽ തത്സഹചരിതോപാധി ഉണ്ട്.[]** [15] ജീവൻ ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്നു അല്ലെങ്കിൽ ബ്രഹ്മത്തിന്റെ സഹകാരി ആകുന്നു എന്നർഥം. അതിനാൽ ജീവനും ബ്രഹ്മവും ഒന്നല്ല. **ഞാനും ഇവനും ഒന്നാണ്.** എന്ന് ആരെങ്കിലും പറയുന്നതായാൽ അതിനു ഞങ്ങൾക്കു തമ്മിൽ വിരോധമില്ല എന്നർഥമാണ്. അതുപോലെതന്നെ **സമാധിയിലിരിക്കുന്ന ജീവാത്മാവ് പരമേശ്വരനിലുള്ള പ്രേമത്തിൽ നിമഗ്നനായിരിക്കുന്ന സമയത്ത് ഞാനും ബ്രഹ്മവും ഒന്നാണ് അതായത് അവിരോധികളും ഒരേ സ്ഥലത്ത് സ്ഥിതിചെയ്യുന്നവരും ആകുന്നു. എന്നു പറയാം. ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങളെ അനുസരിച്ച് തന്റെ ഗുണകർമസ്വഭാവങ്ങളെ സംസ്കരിക്കുന്ന ജീവാത്മാവിന് മാത്രമേ സാധർമ്യം നിമിത്തം ബ്രഹ്മത്തോട് ഐക്യമുള്ളതായി പറയുവാൻ പാടുള്ളൂ.**

തത്ത്വമസി

ചോദ്യം:- ശരി. അങ്ങനെയാണെങ്കിൽ (തത്) ബ്രഹ്മം (ത്വം) ജീവാത്മാവായ നീ (അസി) ആകുന്നു; "ജീവാ! നീ ആ ബ്രഹ്മമാകുന്നു." എന്നർത്ഥമായ "തത് ത്വമസി" എന്ന വാക്യത്തിന് എന്തർത്ഥമാണ്?

ഉത്തരം:- **"തത്"** എന്ന ശബ്ദംകൊണ്ടു നിങ്ങൾ എന്തിനെ ഗ്രഹിക്കുന്നു?

ചോദ്യം:- ബ്രഹ്മത്തെ ഗ്രഹിക്കുന്നു.

ഉത്തരം:- ബ്രഹ്മപദത്തിന്റെ അനുവൃത്തി എവിടുന്നു കിട്ടി?

ചോദ്യം:- സദേവസോമ്യേദമഗ്ര ആസീദേകമേവാദ്വിതീയം ബ്രഹ്മ എന്ന പൂർവവാക്യത്തിൽ നിന്ന്.

ഉത്തരം:- നിങ്ങൾ ഈ ഛാന്ദോഗ്യോപനിഷത്ത് കണ്ടിട്ടുകൂടിയില്ലല്ലോ. അതു നോക്കിയാൽ അവിടെ ബ്രഹ്മമെന്ന പദമേ ഇല്ലെന്നു കാണാം. വെറുതേയെന്തിനു പൊളിപറയുന്നു? ഛാന്ദോഗ്യത്തിലാകട്ടെ **സദേവ സോമ്യേദമഗ്ര ആസീ ദേകമേവാദ്വിതീയമ്[]** [16] എന്നാണു പാഠമുള്ളത്. അവിടെ ബ്രഹ്മശബ്ദം തന്നെ ഇല്ല.

ചോദ്യം:- എന്നാൽ തത് എന്നതുകൊണ്ടു താങ്കൾ ഗ്രഹിക്കുന്നതെന്താണ്?

ഉത്തരം:- സ യ ഏഷോണിമാ. ഐതദാത്മ്യമിദങ് സർവം തത്സത്യങ് സ ആത്മാ തത്ത്വമസി ശ്വേതകേതോ ഇതി[] [17] പ്രിയപുത്രനായ ശ്വേതകേതോ ആര് അത്യന്ത സൂക്ഷ്മസ്വരൂപനും ഇക്കാണുന്നസകലലോകത്തിന്റെയും ജീവാത്മാവിന്റെയും കൂടി ആത്മാവും ആണോ അവനത്രേ അറിയുവാൻ യോഗ്യൻ. അവനാണു സത്യസ്വരൂപൻ. അവൻ സ്വയമേവ സ്വാത്മാവിന്റെയും ആത്മാവായിരിക്കുന്നവനാണ്.

തദാത്മകസ്തദന്തര്യാമീ ത്വമസി. "അന്തര്യാമിയായ ആ പരമാത്മാവിനോടു കൂടിച്ചേർന്നവനാണ് നീ". മറ്റുപനിഷത്തുകളോടും യോജിച്ച അർഥം ഇതു തന്നെ.

യ ആത്മനി തിഷ്ഠന്നാത്മനോ*f*ന്തരോ യമാത്മാ ന വേദ യസ്യാത്മാ ശരീരമ്; ആത്മനോ *f*ന്തരോ യമയതി സ ത ആത്മാന്തര്യാമ്യമൃതഃ.

ബൃഹദാരണ്യകോപനിഷത്തിലുള്ള[] [18] വചനമാണിത്. യാജ്ഞവൽക്യമഹർഷി തന്റെ പത്നിയായ മൈത്രേയിയോടു പറയുന്നു:- മൈത്രേയീ! ഏതൊരു ഈശ്വരൻ ജീവാത്മാവിൽ സ്ഥിതി ചെയ്യുന്നവനെങ്കിലും ജീവാത്മാവിൽ നിന്നു ഭിന്നനാണോ ആ പരമാത്മാവ് എന്നിൽ എങ്ങും വ്യാപിച്ചിരിക്കുന്നു. എന്നിങ്ങനെ ഏതൊന്നിനെ മൂഢനായ ജീവാത്മാവറിയുന്നില്ലയോ, ഏതൊരു പരമാത്മാവിന് ജീവാത്മാവ് ശരീരമായിത്തീരുന്നുവോ -ഭൗതികശരീരത്തിൽ ജീവാത്മാവു കുടികൊള്ളു

15. ന്യായദർശനം 2.2 61-ൽ ഇതിന്റെ വിശദീകരണമുണ്ട്. വടികൊണ്ടു നടക്കുന്നയാളിനെ 'വടി' എന്നു പറയാറുണ്ട്. വടിക്കാരന്, വടി തത്സഹചാരിയായതിനാൽ 'വടി' എന്നുപേരുവരാം. ഇത് തത്സഹചരിതോപാധിയാണ്.

16. ഛാന്ദോഗ്യ ഉപനിഷത്ത് 6.2.1

17. ഛാന്ദോഗ്യ ഉപനിഷത്ത് 6.8.7

18. ബൃ.ഉ. 14.6.7.32 (മാധ്യന്ദിനപാഠം)

ന്നതുപോലെ ജീവാത്മാവിൽ ഏതൊന്നു വ്യാപിച്ചിരിക്കുന്നുവോ- ഏതൊന്ന് ജീവാത്മാക്കളിൽ നിന്നു ഭിന്നവും ജീവാത്മാക്കൾ ചെയ്യുന്ന പാപപുണ്യങ്ങളുടെ സാക്ഷിയുമായിരുന്നുകൊണ്ട് അവയുടെ ഫലത്തെ കൊടുത്ത് അവരെ നിയമത്തിനു കീഴടക്കി നിർത്തുന്നുവോ, നാശമില്ലാത്തയരൂപത്തോടു കൂടി. ആ ആത്മാവു തന്നെയാണ് നിന്റെയും അന്തര്യാമിയായി ഉള്ളിലെങ്ങും നിറഞ്ഞവനായി ഇരിക്കുന്നത്. ആ ആത്മാവിനെ നീ അറിഞ്ഞാലും. ഇപ്രകാരമുള്ള വചനങ്ങൾക്കു വേറെ വല്ല അർത്ഥവും കല്പിക്കുവാൻ ആർക്കെങ്കിലും കഴിയുമോ? സമാധിദശയിൽ യോഗിക്ക് പരമാത്മാവിന്റെ സാക്ഷാത്ക്കാരം ഉണ്ടാകുമ്പോൾ ആ യോഗി "അയമാത്മാബ്രഹ്മ എന്നിൽ വ്യാപിച്ചിരിക്കുന്ന ഈ ബ്രഹ്മം തന്നെയാണ് എങ്ങും നിറഞ്ഞിരിക്കുന്നത് എന്നിങ്ങനെ പറഞ്ഞുപോകുന്നു. അതുകൊണ്ട് ജീവനും ബ്രഹ്മവും ഒന്നാണെന്നു പറയുന്ന ഇക്കാലത്തെ വേദാന്തികൾക്ക് വേദന്തശാസ്ത്രം അറിയുകയില്ല തന്നെ.

ചോദ്യം:- അനേന ആത്മനാ ജീവേനാനു പ്രവിശ്യ നാമരൂപേ വ്യാകരവാണി (ഛാ പ്ര. 6 ഖ. 3 മം, 2) തത്സൃഷ്ടാ തദേവാനു പ്രാവിശത് (തൈത്തിരീയ ബ്രഹ്മാനന്ദ അനു. 6.) ഈശ്വരൻ പറയുകയാണ്:- ഞാൻ ജഗത്തിനേയും ശരീരത്തേയും സൃഷ്ടിച്ച് ജഗത്തിൽ സർവവ്യാപിയായിട്ടും ശരീരത്തിൽ ജീവനായിട്ടും പ്രവേശിച്ചുകൊണ്ട് നാമരൂപങ്ങളെ വ്യാഖ്യാനിക്കുന്നു. "ഈശ്വരൻ ജഗത്തിനേയും ശരീരത്തേയും നിർമ്മിച്ച്, അതിൽ സ്വയം പ്രവേശിച്ചവനായിട്ട്" എന്നു തുടങ്ങിയുള്ള ശ്രുതിവചനങ്ങളുടെ അർത്ഥം മാറ്റി മറ്റൊന്നാക്കുവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും?

ഉത്തരം:- നിങ്ങൾക്കു പദവും പദാർഥവും വാക്യാർഥവും അറിയാമെങ്കിൽ ഇങ്ങനെയുള്ള അർത്ഥം പറയുകയില്ല. എന്തെന്നാൽ, ഇവിടെ ഒന്നു **പ്രവേശവും** മറ്റേത് **അനുപ്രവേശവും**-അതായത് പിന്നീട് പ്രവേശിക്കൽ-ആണെന്നത്രേ പറയുന്നത്. ഈശ്വരൻ ശരീരത്തിൽ പ്രവേശിച്ചിട്ടുള്ള ജീവാത്മാവിനോടുകൂടി അനുപ്രവേശം ചെയ്തിട്ട്, ജീവാത്മാവിനു തുല്യനാണോ എന്നു തോന്നത്തക്കവണ്ണം സ്ഥിതനായി വേദം വഴി നാമരൂപാദികളായ സകല വിദ്യകളേയും പ്രകാശിപ്പിക്കുന്നു. ശരീരത്തിൽ ജീവനെ പ്രവേശിപ്പിച്ച്, ജീവന്റെ അന്തർഭാഗത്തിൽ താൻ അനുപ്രവേശം ചെയ്തിരിക്കുന്നു എന്നർഥം. **അനു** ശബ്ദത്തിന്റെ അർഥം അറിയുന്നവർ അപ്രകാരം വിപരീതമായ അർഥം ഒരിക്കലും പറയുകയില്ല.

ചോദ്യം:- "സോയം ദേവദത്തോ യ ഉഷ്ണകാലേ കാശ്യാം ദൃഷ്ടഃ സ ഇദാനീം പ്രാവൃട്സമയേ മഥുരായാം ദൃശ്യതേ" വേനൽക്കാലത്തു കാശിയിൽ വച്ച് ഏതൊരു ദേവദത്തനെയാണോ ഞാൻ കണ്ടത് ആ ദേവദത്തനെത്തന്നെ മഴക്കാലത്തു മഥുരയിൽവച്ചു ഞാൻ കാണുന്നു. ഇവിടെ കാശി വേനൽ എന്നീ ദേശകാലങ്ങളെ, പരിത്യജിച്ച് ശരീരമെന്ന ലക്ഷ്യത്തെ ലക്ഷണമാക്കി ദേവദത്തനെ ഗ്രഹിക്കുന്നു. അതുപോലെ ഈ ഭാഗത്യാഗലക്ഷണം കൊണ്ട് ഈശ്വരന്റെ പരോക്ഷദേശകാലങ്ങൾ മായ എന്നീ ഉപാധികളേയും ജീവന്റെ പ്രത്യക്ഷ ദേശകാലങ്ങൾ അവിദ്യ അല്പജ്ഞത്വം എന്നീ ഉപാധികളേയും ത്യജിച്ച് ചേതനാമാത്രത്തെ ലക്ഷ്യമാക്കി ബ്രഹ്മമാകുന്ന ഒരേ വസ്തുതന്നെ ജീവൻ ഈശ്വരൻ എന്നീ രണ്ടിലും, ലക്ഷണം കൊണ്ടു ഗ്രഹിക്കുന്ന ചില അംശങ്ങളെ ഗ്രഹിക്കുകയും ചില അംശങ്ങളെ ത്യജിക്കുകയും ചെയ്യുന്ന ഈ ഭാഗത്യാഗലക്ഷണത്താൽ സർവജ്ഞത്വാദികളുടെ വാച്യാർത്ഥമായ ഈശ്വരനെയും, അല്പജ്ഞാത്വാദികളുടെ വാച്യാർത്ഥമായ ജീവനേയും പരിത്യജിച്ചു ചേതനമാത്രമായിരിക്കുന്ന ലക്ഷ്യാർത്ഥത്തെ ഗ്രഹിച്ചാൽ അദ്വൈതം സിദ്ധമാകുമല്ലോ. നിങ്ങൾക്ക് ഇനി എന്തു പറയുവാൻ സാധിക്കും?

ഉത്തരം:- ജീവനും ഈശ്വരനും നിത്യരെന്നോ അനിത്യരെന്നോ കരുതുന്നത്?

[] [19]ചോദ്യം:- രണ്ടും ഉപാധിജന്യങ്ങളും കല്പിതങ്ങളുമാകയാൽ- അനിത്യങ്ങളാണ്.

ഉത്തരം:- ആ ഉപാധി നിത്യമോ അനിത്യമോ?

ചോദ്യം:- ഞങ്ങളുടെ അഭിപ്രായത്തിൽ-

1. ജീവേശൗച വിശുദ്ധാചിദവിഭേദസ്തു തയോർദ്വയോഃ അവിദ്യാ തച്ചിതോർയ്യോഗഃ ഷഡസ്മാകമ നാദയഃ.

2. കാര്യോപാധിരയം ജീവഃ കാരണോപാധിരീശ്വരഃ കാര്യകാരണതാം ഹിത്വാ പൂർണ്ണ ബോധോവശിഷ്യതേ.

19. പൂർവപക്ഷത്തിന്റെ ഉത്തരമാണ് ഇവിടെ ചോദ്യമായത്.
20. ആദ്യത്തെ ശ്ലോകം സിദ്ധാന്ത ലേശസംഗ്രഹം എന്ന പുസ്തകത്തിലെ (അച്യുതഗ്രന്ഥമാല, കാശി) 63-ാം പേജിൽ ടിപ്പണിയാണ്. രണ്ടാമത്തേത് അനുഭൂതി പ്രകാശം ഒന്നാം അധ്യായം 61-ാം ശ്ലോകം.

സംക്ഷേപശാരീരകത്തിലും ശാരീരകഭാഷ്യത്തിലുമുള്ള കാരികകളാണിവ.[] [20] **വേദാന്തികളായ ഞങ്ങൾക്ക് ജീവൻ, ഈശ്വരൻ, ബ്രഹ്മം, ജീവേശ്വരന്മാർ തമ്മിലുള്ള വിശേഷഭേദം, അവിദ്യ (അജ്ഞാനം) ചേതനങ്ങൾ തമ്മിലുള്ള യോഗം എന്നീ ആറെണ്ണം അനാദികളാണ്. എന്നാൽ ബ്രഹ്മം ഒന്നുമാത്രം അനാദിയും അനന്തവുമാകുന്നു. മറ്റ് അഞ്ചും പ്രാഗഭാവം പോലെ അനാദികളും സാന്തങ്ങളും ആകുന്നു. അജ്ഞാനം നിലനില്ക്കുന്നിടത്തോളം കാലം മാത്രമേ ഈ അഞ്ചുമുള്ളൂ. ഈ അഞ്ചിന്റേയും ആദി അറിയപ്പെടാത്തതുകൊണ്ടാണ് ഇവയെ അനാദികൾ എന്നു പറയുന്നത്. ജ്ഞാനം ഉണ്ടായാൽ പിന്നെ ഇവ നശിച്ചുപോകുന്നു. അതിനാൽ ഇവ സാന്തങ്ങൾ-നാശമുള്ളവ-ആണെന്നും പറയപ്പെടുന്നു.**

ഉത്തരം:- നിങ്ങളുടെ ഈ രണ്ടു ശ്ലോകങ്ങളും അശുദ്ധമാണ്. എന്തെന്നാൽ, അവിദ്യയുമായി ബന്ധിപ്പിക്കാതെ ജീവനും മായയുടെ ബന്ധമില്ലാതെ ഈശ്വരനും നിങ്ങളുടെ സിദ്ധാന്തത്തിൽ സിദ്ധിക്കുകയില്ല. അതിനാൽ. **"തച്ഛിതോര്യോഗഃ"** എന്ന് ആറാമതു പറഞ്ഞ പദാർഥം തന്നെ ഇല്ല. എന്തെന്നാൽ അവിദ്യ മായ എന്നിവ ജീവൻ ഈശ്വരൻ എന്നിവയിൽ അന്തർഭവിച്ചവയാണ്. അതുപോലെ ബ്രഹ്മത്തിന്റേയും മായ അവിദ്യ എന്നിവയുടെയും യോഗം കൂടാതെ ഈശ്വരസിദ്ധിയുമില്ല. പിന്നെ ഈശ്വരനെ അവിദ്യ, ബ്രഹ്മം എന്നിവയിൽ നിന്നു വേറിട്ട് പരിഗണിക്കുന്നതു വ്യർത്ഥമാണ്. അതുകൊണ്ട് ബ്രഹ്മം, അവിദ്യ എന്നീ രണ്ടു പദാർത്ഥങ്ങൾ മാത്രമേ നിങ്ങളുടെ മതത്തിൽ സിദ്ധിക്കുന്നുള്ളൂ. ആറു പദാർത്ഥങ്ങൾ സിദ്ധിക്കുന്നില്ല. അതുപോലെതന്നെ, അനന്തവും നിത്യശുദ്ധബുദ്ധമുക്തസ്വഭാവിയും സർവവ്യാപിയുമായ ബ്രഹ്മത്തിൽ അജ്ഞാനം സിദ്ധമായതിനുശേഷമേ നിങ്ങൾക്കു **കാര്യോപാധി**കൊണ്ടും **കാരണോപാധി**കൊണ്ടും ജീവേശ്വരന്മാർ സിദ്ധിക്കുന്നുള്ളൂ. ബ്രഹ്മത്തിന്റെ ഏകദേശത്തിൽ സ്വാശ്രയമായും സ്വവിഷയകമായും അജ്ഞാനം അനാദിയായി ഉണ്ടെന്നു വന്നാൽ ബ്രഹ്മം ശുദ്ധമായിരിക്കുകയില്ല. ഒരിടത്തുമാത്രം അജ്ഞാനം ഉള്ളതായി വിചാരിക്കുന്ന പക്ഷം അത് പരിച്ഛിന്നമാകയാൽ അങ്ങുമിങ്ങും ഗതാഗതം ചെയ്തുകൊണ്ടിരിക്കും. ബ്രഹ്മത്തിന്റെ ഏതുഭാഗത്ത് അജ്ഞാനം ചെല്ലുന്നുവോ അവിടത്തെ ബ്രഹ്മം അജ്ഞാനിയും എവിടെനിന്ന് അജ്ഞാനം വിട്ടുപോകുന്നുവോ അവിടെയുള്ള ബ്രഹ്മം ജ്ഞാനിയും ആയിരിക്കും. അങ്ങനെയായാൽ ഒരിടത്തുള്ള ബ്രഹ്മത്തെയും അനാദിയും ശുദ്ധവുമായ ജ്ഞാനത്തോടുകൂടിയതാമെന്നു പറയുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. കൂടാതെ, അജ്ഞാനത്തിന്റെ അതിർത്തിയിലുള്ള ബ്രഹ്മം അജ്ഞാനത്തേയും കൂടി അറിയുന്നതാകയാൽ അജ്ഞാനത്തിന്റെ അകത്തും പുറത്തും ഉള്ള ബ്രഹ്മം രണ്ടായി മുറിയും. **"ബ്രഹ്മം ഖണ്ഡമായിക്കൊള്ളട്ടെ. അതുകൊണ്ട് ബ്രഹ്മത്തിന് എന്തു ഹാനി വരാൻ എന്നു പറയുവാൻ വയ്യ"** എന്തെന്നാൽ അങ്ങനെവന്നാൽ ബ്രഹ്മം അഖണ്ഡമല്ലാതായിത്തീരും. അഖണ്ഡമാണെങ്കിൽ അജ്ഞാനിയാവാൻ തരമില്ല. അതിനുപുറമേ, ജ്ഞാനാഭാവവുംവിപരീത ജ്ഞാനവും ഗുണങ്ങളായതുകൊണ്ട് അജ്ഞാനം ഏതെങ്കിലും ഒരു വസ്തുവിൽ നിത്യസംബന്ധത്തോടുകൂടിയേ ഇരിക്കൂ. അങ്ങനെയാണെങ്കിൽ സമവായസംബന്ധമായതുകൊണ്ട് ഒരിക്കലും അത് അനിത്യമായിരിക്കുകയില്ല, ശരീത്തെങ്ങാനും വ്രണമുണ്ടായാൽ വേദന എങ്ങും വ്യാപിക്കുന്നതുപോലെ ഒരിടത്ത് അജ്ഞാനവും സുഖദുഃഖങ്ങളും ക്ലേശങ്ങളും ഉണ്ടാകുമ്പോൾ ബ്രഹ്മം മുഴുവനും ദുഃഖാദികളനുഭവിക്കുന്നതു കാരണം കാര്യോപാധിയുടെ-അന്തഃകരണോപാധിയുടെ-യോഗം നിമിത്തം ബ്രഹ്മത്തെ ജീവനായി കരുതുന്നുവെങ്കിൽ ചോദിക്കട്ടെ- **"ബ്രഹ്മം വ്യാപകമോ പരിച്ഛിന്നമോ?" ബ്രഹ്മം വ്യാപകമാണ്, എന്നാൽ ഉപാധി പരിച്ഛിന്നം.-ഒരിടത്തുമാത്രമുള്ളത്-ആകുന്നു;** അവ രണ്ടും ഭിന്നങ്ങളാണ്; എന്നു പറയുകയാണെങ്കിൽ, അന്തഃകാരണം ചലിക്കുകയും സഞ്ചരിക്കുകയും ചെയ്യുന്നുവോ?

ഉത്തരം - സഞ്ചരിക്കുന്നുണ്ട്.

ചോദ്യം:- അന്തഃകരണത്തോടുകൂടി ബ്രഹ്മവും സഞ്ചരിക്കുന്നുണ്ടോ? അതോ സ്ഥിരമായിരിക്കുന്നുവോ ?

ഉത്തരം:- സ്ഥിരമായിരിക്കുന്നു.

ചോദ്യം :- അങ്ങിനെയാണെങ്കിൽ, അന്തഃകരണം വിട്ടുപോകുന്നിടത്തുള്ള ബ്രഹ്മം അജ്ഞാനരഹിതമാകയും അന്തഃകാരണം പ്രാപിക്കുന്നിടങ്ങളിലെ ശുദ്ധബ്രഹ്മം ആജ്ഞാനിയാവുകയും ചെയ്യും. ഇങ്ങനെ ബ്രഹ്മം ഒരു ക്ഷണത്തിൽ ജ്ഞാനിയും മറ്റൊരു ക്ഷണത്തിൽ അജ്ഞാനിയും ആയിക്കൊണ്ടിരിക്കും. അതു നിമിത്തം ബന്ധമോക്ഷങ്ങളും ക്ഷണികങ്ങളാകും. ഒരു വൻ

കണ്ടതിന്റെ സ്മരണ മറ്റൊരുവന് ഉണ്ടാകാത്തതെങ്ങനെയോ അതുപോലെ ഇന്നലെ കാണുകയോ കേൾക്കുകയോ ചെയ്ത വസ്തുവിന്റെയോ വിഷയത്തിന്റെയോ ജ്ഞാനം ഇന്ന് ഉണ്ടാകാതിരിക്കയും ചെയ്യും. എന്തെന്നാൽ, കാണുകയോ കേൾക്കുകയോ ചെയ്യുന്ന ദേശകാലങ്ങൾ ഒന്ന്; സ്മരിക്കുന്ന ദേശകാലങ്ങൾ മറ്റൊന്ന് എന്നു വരുമല്ലോ. ബ്രഹ്മം ഒന്നാണെന്നു പറയുന്നുവെങ്കിൽ അത് സർവജ്ഞമല്ലാത്തതെന്ത് ? അന്തഃകരണം അനേകമാണെന്നും അതു നിമിത്തം ബ്രഹ്മവും അനേകമാണെന്നുമാണെങ്കിൽ അന്തഃകാരണം ജഡമായതു കൊണ്ട് അതിൽ ജ്ഞാനം ഉണ്ടാവാൻ പാടില്ലെന്നുവരും . **' ബ്രഹ്മത്തിൽ മാത്രമായിട്ടോ അന്തഃകരണത്തിൽ മാത്രമായിട്ടോ അല്ല ജ്ഞാനം ഉണ്ടാകുന്നത് ''** എന്നു പറയുകയാണെങ്കിലും അന്തഃകരണം മുഖേന ചേതനയിൽ തന്നെയാണു ജ്ഞാനം ഉണ്ടാകുന്നത്. ആ ജ്ഞാനം അല്പവിഷയകവും പരിച്ഛിന്നവും ആകുന്നതെങ്ങിനെ? അതിനാൽ ബ്രഹ്മത്തിനു കാരണോപാധിയുടെ സംബന്ധം കൂടാതെ ഈശ്വരത്വവും കാര്യോപാധിയുടെ ചേർച്ച കൂടാതെ ജീവിതത്വവും ജീവിതവും ഉണ്ടാകുന്നതല്ല. വാസ്തവത്തിൽ, ഈശ്വരൻ ബ്രഹ്മത്തിന്റെ പര്യായം തന്നെയാണ്. ബ്രഹ്മത്തിൽനിന്നു ഭിന്നവും അനാദിയും അനുത്പന്നവും അമൃതസ്വരൂപവുമായ ആത്മാവാണ് ജീവൻ. ജീവൻ എന്നതു ചിദാഭാസത്തിന്റെ പേരാണെന്നു നിങ്ങൾ പറയുമെങ്കിൽ അതും ശരിയല്ല. കാരണം, ചിദാഭാസം ക്ഷണഭംഗുരമായതുകൊണ്ട് അതു നശിക്കുമ്പോൾ മോക്ഷസുഖം അനുഭവിക്കുന്നതാര് ? അതിനാൽ ബ്രഹ്മം ജീവനോ ജീവൻ ബ്രഹ്മമോ ഒരിക്കലും ആയിരുന്നിട്ടില്ല; ആകുന്നില്ല,ആവുകയുമില്ല.

"അദ്വൈതത്തിന്റെ അർഥവും സിദ്ധിയും"

ചോദ്യം:- അങ്ങിനെയാണെങ്കിൽ "സദേവ സോമ്യേദമഗ്ര ആസീദേകമേവാദ്വിതീയം" എന്നുള്ളഛാന്ദോഗ്യവചനത്തിൽ അദ്വൈത സിദ്ധി എങ്ങിനെ ഉണ്ടാകും ? ഞങ്ങളുടെ മതത്തിലാകട്ടെ, ബ്രഹ്മത്തിനു സജാതീയമോ, വിജാതീയമോ, സ്വഗതമോ ആയ ഭേദമൊന്നും ഇല്ലായ്കയാൽ ബ്രഹ്മം ഏകമാണെന്നു സിദ്ധിക്കും, ജീവൻ ഭിന്നമാണെന്നു വരുന്നപക്ഷം അദ്വൈതം സിദ്ധിക്കുന്നത് എങ്ങനെ?

ഉത്തരം :- ഈ ഭ്രമജാലത്തിൽപെട്ട് എന്തിനു ഭയപ്പെടുന്നു.? വിശേഷ്യവിശേഷണവിദ്യയെ അറിയുകയാണെങ്കിൽ, അതിന്റെ ഫലം എന്താണെന്നു ഗ്രഹിക്കാം. **"വ്യാവർത്തകം വിശേഷണം ഭവതി"** ഭേദകാരകമാണ് — ഭേദത്തെ — കുറിക്കുന്നതാണ് -- വിശേഷണം എന്നു പറയുന്നതുപോലെ **"പ്രവർത്തകം പ്രകാശകമപി വിശേഷണം ഭവതി"** വിശേഷണം, പ്രവർത്തകവും പ്രകാശവും കൂടിയാണെന്നും ധരിക്കുക. അദ്വൈതം എന്നതു ബ്രഹ്മത്തിന്റെ വിശേഷണമാണെന്നു മനസ്സിലാക്കണം. ഈ വിശേഷണത്തിലുള്ള വ്യാവർത്തകധർമം ഇതു ബ്രഹ്മത്തെ അനേകം ജീവിതതത്ത്വങ്ങളിൽനിന്നു വേർതിരിച്ചു കാണിക്കുന്നു എന്നതത്രേ. ബ്രഹ്മം ഏകമാണെന്നു പ്രദർശിപ്പിക്കുകയാണ് വിശേഷണത്തിന്റെ പ്രകാശധർമം. **"അസ്മിൻ നഗരേ അദ്വിതീയോ ധനാഢ്യോ ദേവദത്തഃ അസ്യാംസേനായാമദ്വിതീയഃ ശൂരവീരോ വിക്രമസിംഹഃ"** 'ഈ നഗരത്തിൽ അദ്വിതീയനായ ധനികനാണ് ദേവദത്തൻ. ഈ സൈന്യത്തിൽ അദ്വിതീയനായ ശൂരവീരനാണ് വിക്രമസിംഹൻ' എന്നു പറഞ്ഞാൽ ദേവദത്തനു തുല്യനായൊരു ധനികൻ ഈ നഗരത്തിൽ ഇല്ലെന്നും, വിക്രമസിംഹനു തുല്യനായൊരു പരാക്രമശാലി ഈ സൈന്യത്തിൽ ഇല്ലെന്നും, അവരേക്കാൾ കുറഞ്ഞവർ ഉണ്ടെന്നുമാണ് അർഥം. പൃഥ്വി മുതലായ ജഡപദാർഥങ്ങൾ, പശു മുതലായ പ്രണികൾ വൃക്ഷാദിവസ്തുക്കൾ എന്നിവയും നഗരത്തിലുണ്ടെങ്കിലും അവയുടെ നിഷേധം വരുന്നില്ല. അതുപോലെ ബ്രഹ്മത്തിനു തുല്യമായ ജീവനോ പ്രകൃതിയോ ഇല്ല. ബ്രഹ്മത്തേക്കാൾ ന്യൂനമായ പദാർഥങ്ങൾ ഉണ്ടുതാനും. അതുകൊണ്ട് സിദ്ധിക്കുന്നത് ബ്രഹ്മം എപ്പോഴും ഏകമാണെന്നും ജീവനും പ്രകൃതിതത്വങ്ങളും അനേകമാണെന്നും ആകുന്നു. അദ്വൈതം അഥവാ അദ്വിതീയം എന്ന വിശേഷണം, ബ്രഹ്മത്തെ ജീവൻ പ്രകൃതിതത്ത്വങ്ങൾ എന്നിവയിൽ നിന്നു വേർതിരിച്ച്, ബ്രഹ്മത്തിന്റെ ഏകത്വത്തെ സ്ഥാപിക്കുന്നതാണ്. ഈ വിശേഷണം കൊണ്ട് ജീവന്റേയോ, പ്രകൃതിയുടേയോ, കാര്യരൂപമായ ജഗത്തിന്റേയോ അഭാവമോ നിഷേധമോ ഉണ്ടാകുന്നതേയില്ല. അവയെല്ലാം ഉണ്ട്. ബ്രഹ്മത്തിനു തുല്യമാണെന്നു മാത്രം. ഇതുകൊണ്ട് അദ്വൈതസിദ്ധിയോ ദ്വൈതസിദ്ധിക്കുഹാനിയോ വരുന്നമില്ല. ഭയപ്പെടാതെ ആലോചിച്ചു മനസ്സിലാക്കുക.

ചോദ്യം :- ബ്രഹ്മം സച്ചിദാനന്ദ സ്വരൂപവും ജീവൻ അസ്തിഭാതിപ്രായ രൂപവും ആകുന്നു.



അതായത് സത്ത്, ജ്ഞാനം, ആനന്ദം എന്നിവ ബ്രഹ്മത്തിനും ജീവനും ഉണ്ട് അതുകൊണ്ട് അവ ഒന്നാണെന്നു സിദ്ധിക്കുന്നതിനാൽ അതിനെ എങ്ങനെ ഖണ്ഡിക്കും ?

ഉത്തരം:- അല്പം സാധർമ്യം ഉള്ളതിനാൽ ഒന്നാവുകയില്ല. അചേതനവും ദൃശ്യവും ആയതു പോലെ ജലം, അഗ്നി മുതലായവയും അചേതനവും ദൃശ്യവുമാണ്. അതുകൊണ്ട് അവ ഒന്നാകുന്നില്ല. ഗന്ധം, രൂക്ഷത, കാഠിന്യം മുതലായ ഗുണങ്ങൾ പൃഥവിക്കും, ദ്രവത്വം, കോമളത തുടങ്ങിയവ ജലത്തിനും രൂപം ദാഹകത്വം മുതലായവ അഗ്നിക്കും ഉണ്ട്. ഇവ ഭേദത്തെ ബോധിപ്പിക്കുന്ന വൈധർമ്യങ്ങളാണ്. വൈധർമ്യം വിരുദ്ധ ധർമത്തെ കാണിക്കുന്നു. അതിനാൽ അവ ഒന്നല്ല. മനുഷ്യരും പുഴുക്കളും കണ്ണുകൊണ്ടു കാണുന്നു, വായ കൊണ്ടു തിന്നുന്നു, കാലു കൊണ്ടു നടക്കുന്നു. എങ്കിലും രണ്ടു കാലുള്ള മനുഷ്യന്റെ ആകൃതിയും അനേകം കാലുകളുള്ള പുഴുവിന്റെ ആകൃതിയും ഭിന്നമായതുകൊണ്ട് ഐകരൂപ്യമില്ല. അതുപോലെ, അളവറ്റ ജ്ഞാനം, ആനന്ദം, ക്രിയാശക്തി, ഭ്രാന്തിരാഹിത്യം, വ്യാപകത്വം മുതലായവയുള്ള ഈശ്വരൻ, അല്പജ്ഞാനം, അല്പ ബലം, അല്പസ്വരൂപം, ഭ്രാന്തിപൂർണ്ണത, പരിചിന്നത്വം തുടങ്ങിയ ഗുണങ്ങളുള്ള ജീവനിൽനിന്നും ഭിന്നമാണ്. അതിനാൽ ജീവനും ഈശ്വരനും ഒന്നല്ല. ഈശ്വരൻ അത്യന്തസൂക്ഷ്മവും ജീവൻ ഈശ്വരനേക്കാൾ അല്പം സ്ഥൂല രൂപിയും ആയതുകൊണ്ട് അവയുടെ സ്വരൂപവും ഭിന്നമാണ്.

ദ്വൈതബുദ്ധി, ഭയകാരണം.

ചോദ്യം:- "അഥോദരമന്തരം കുരുതേ അഥ തസ്യ ഭയം ഭവതി"[] [21] "ദ്വിതീയാദ്വൈഭയം ഭവതി"[] [22] ബൃഹദാരണ്യകോപനിഷത്തിലുള്ള വചനമാണിത്. ജീവബ്രഹ്മങ്ങൾ തമ്മിൽ അല്പ ഭേദമെങ്കിലും ഉണ്ടെന്നു കരുതുന്നവന് ഭയം ഉണ്ടാകുന്നു. ഭയം ഉണ്ടാകുന്നതു മറ്റൊന്നിൽ നിന്നു മാത്രമാണല്ലോ.

ഉത്തരം:- ഇതിന്റെ അർഥം ഇതല്ല. ജീവാത്മാവും പരമാത്മാവും ഇല്ലെന്നു പറയുന്ന പരമാത്മാവ് കാലം കൊണ്ടോ ദേശംകൊണ്ടോ പരിച്ഛിന്നമാണെന്നു കരുതുന്ന ഈശ്വരന്റെ ആജ്ഞയ്ക്കോ ഗുണകർമസ്വഭാവങ്ങൾക്കോ വിരോധമായി വർത്തിക്കുന്ന, അഥവാ മറ്റൊരുവനോട് വൈരഭാവം പ്രദർശിപ്പിക്കുന്ന, ആളിന് ഭയം ഉണ്ടാകുന്നെന്നത്രേ ഇതിനർത്ഥം. **"ഈശ്വരനോട് എനിക്കൊരു ബന്ധവും ഇല്ല"** എന്ന ദ്വിതീയ ബുദ്ധിയാലാണ് ഭയമുണ്ടാകുന്നത്. **"നിന്നെ ഞാൻ കൂട്ടാക്കുന്നില്ല. നിനക്കെന്നെ ഒന്നും ചെയ്യാൻ കഴിവില്ല"** എന്ന് ആരോടെങ്കിലും പറയുകയോ, ആർക്കെങ്കിലും ദോഷം ചെയ്യുകയോ, ദുഃഖം ഉണ്ടാക്കുകയോ ചെയ്യുന്നയാൾക്ക് അന്യരിൽ നിന്നു ഭയം ഉണ്ടാകുന്നതാണ്. കൂടാതെ, പരസ്പരം വൈരുദ്ധ്യം ഇല്ലെങ്കിൽ അവയൊന്നാണെന്നു പറയാറുണ്ട്. ദേവദത്തനും യജ്ഞദത്തനും വിഷ്ണുമിത്രനും ഒന്നാണ്, എന്നു പറയാറുണ്ട്. അവർക്കു തമ്മിൽ വിരോധം ഇല്ല എന്നർഥം. **വിരോധമില്ലായ്മകൊണ്ട് സുഖവും വിരോധം കൊണ്ട് ദുഃഖവും ഉണ്ടാകുന്നു.**

ചോദ്യം:- ബ്രഹ്മവും ജീവനും സദാ വെവ്വേറെ സ്ഥിതിചെയ്യുന്നുവോ അതോ എപ്പോഴെങ്കിലും രണ്ടും ചേർന്ന് ഒന്നാകുന്നുവോ?

ഉത്തരം:- ഇതിനു ചില ഉത്തരം ഇപ്പോൾ പറഞ്ഞതേയുള്ളൂ. എന്നാൽ, **സാധർമ്യത്തിന്റെ അന്വയം കൊണ്ട് ഏകത്വം ഉണ്ടാകും.** ജഡത്വം ഒരിക്കലും വേർപെട്ടിരിക്കായ്ക എന്നീ ധർമങ്ങൾ ആകാശത്തിനും മൂർത്തദ്രവ്യങ്ങൾക്കും ഉള്ളതിനാൽ അവയ്ക്ക് **ഏകത്വം** ഉണ്ട്. **എന്നാൽ ആകാശത്തിനു വിഭുത്വം, സൂക്ഷ്മത്വം, രൂപരാഹിത്യം, അനന്തത്വം മുതലായ ഗുണങ്ങളും മൂർത്തദ്രവ്യങ്ങൾക്ക് ഇതിനു വിരുദ്ധമായി പരിച്ഛിന്നത്വം ദൃശ്യത്വം മുതലായ ഗുണങ്ങളും ഉള്ളതിനാൽ അവയ്ക്കു തമ്മിൽ ഭേദവും ഉണ്ട്.** പൃഥിവി മുതലായ ദ്രവ്യങ്ങൾക്ക് ആകാശത്തിൽ നിന്നു വേറിട്ടുനിൽക്കുവാൻ വയ്യ. എന്തെന്നാൽ, അന്വയം അഥവാ ഒഴിവ് കൂടാതെ മൂർത്തദ്രവ്യങ്ങൾക്ക് ഇരിക്കാനിടമില്ല. അതിനാൽ അന്വയം കൊണ്ട് അവയ്ക്ക് ഐക്യമുണ്ട്. രൂപം കൊണ്ടു ഭിന്നങ്ങളാകയാൽ വ്യതിരേകം അഥവാ രൂപഭിന്നതയാൽ അവയ്ക്കു ഭിന്നതയുമുണ്ട്. അതുപോലെ, **ബ്രഹ്മം സർവവ്യാപിയായതിനാൽ ജീവനും, പൃഥിവ്യാദിദ്രവ്യങ്ങൾക്കും ബ്രഹ്മത്തിൽ നിന്നു വേർപെട്ടിരിക്കുവാൻ സാധ്യമല്ല. അവയ്ക്കു തമ്മിൽ രൂപസാദൃശ്യത്താൽ ഐക്യം ഇല്ലതാനും. വീടു പണിയുന്നതിന്നു മുമ്പ് മണ്ണും മരവും ഇരുമ്പും മറ്റും ആകാശത്തിൽ തന്നെയാണു സ്ഥിതി ചെയ്യുന്നത്. വീടുപണികഴിഞ്ഞും അവ ആകാശത്തിൽ തന്നെ വർത്തിക്കുന്നു.**

21. തൈ. ഉ. ബ്രഹ്മാനന്ദവല്ലി 7.
22 തൈ. ഉ. ബ്രഹ്മാനന്ദവല്ലി19.1.4.2

വീടുപൊളിഞ്ഞ്നശിച്ച്, അതിന്റെ ഭാഗങ്ങൾ ഓരോത്തിടത്തു കിടക്കുമ്പോവും അവ ആകാശത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു. അതായത് മൂന്നു കാലങ്ങളിലും ആകാശത്തിൽ നിന്ന് അവയ്ക്ക് വേർപെട്ടിരിക്കുവാൻ സാധ്യമല്ല എന്നു താല്പര്യം. രൂപഭേദത്താൽ ഭിന്നങ്ങളായ അവ ഒരിക്കലും ഒന്നായിരുന്നിട്ടില്ല; ഒന്നല്ല, ഒന്നാവുകയില്ല. ഇപ്രകാരം ജീവാത്മാവും ലോകത്തിലുള്ള സകല വസ്തുക്കളും അന്തർഭവിച്ചിരിക്കയാൽ ബ്രഹ്മത്തിൽ നിന്നു വേർപെട്ടിരിക്കുവാൻ ത്രികാലങ്ങളിലും അവയ്ക്കു സാധ്യമല്ല. സ്വരൂപംകൊണ്ട് അവ ബ്രഹ്മത്തിൽ നിന്നു ഭിന്നങ്ങളാകയാൽ ഒരിക്കലും ഒന്നാകുന്നതുമില്ല. ഇക്കാലത്തെ വേദാന്തികളുടെ കാഴ്ചപ്പാട് ഒറ്റക്കണ്ണന്റെ നോട്ടം പോലെ അന്വയത്തിന്റെ നേരെ നോക്കി വ്യതിരേകഭാവത്തെ കാണാതെ വിപരീതദൃഷ്ടിയായി ഭവിക്കുന്നു. സഗുണനിർഗുണതകൾ. അന്വയ വ്യതിരേകങ്ങൾ, സാധർമ്യവൈധർമ്യങ്ങൾ, വിശേഷ്യവിശേഷണഭാവം എന്നിവ ഇല്ലാത്ത ഒരു ദ്രവ്യവുമില്ല.

ചോദ്യം:- ഈശ്വരൻ സഗുണനോ? നിർഗുണനോ?

ഉത്തരം:- രണ്ടുമാണ്.

ചോദ്യം:- കൊള്ളാം! ഒരു ഉറയിൽ, രണ്ടു വാൾ എങ്ങനെയിരിക്കും? സഗുണതയും നിർഗുണതയും ഒന്നിൽ എങ്ങനെ ഒന്നിച്ചു വരും?

ഉത്തരം:- ജഡപദാർഥങ്ങളിൽ അചേതനത്തിന്റെ ഗുണങ്ങളായ രൂപവും മറ്റും ഉണ്ട്. ചേതനഗുണങ്ങളായ ജ്ഞാനവും മറ്റും ഇല്ല. അതുപോലെ തന്നെ ചേതനങ്ങളിൽ ഇച്ഛാദി ഗുണങ്ങൾ ഉണ്ട്. എന്നാൽ അചേതനങ്ങളായ രൂപവും മറ്റും ഇല്ല അതിനാൽ അവ രണ്ടും സഗുണവും നിർഗുണവും ആകുന്നു. **"യദ്ഗുണൈ സഹ വർത്തമാനം തത്സഗുണം. ഗുണേഭ്യോയന്നിർഗതം പൃഥക്ഭൂതം തന്നിർഗുണം"** ഗുണങ്ങളോടുകൂടിയതു സഗുണവും ഗുണങ്ങളില്ലാത്തതു നിർഗുണവും ആണ്. എല്ലാ പദാർത്ഥങ്ങളും അതാതിന്റെ സ്വാഭിക ഗുണങ്ങളുള്ളവയാകയാൽ സഗുണങ്ങളും മറ്റു വിരുദ്ധവസ്തുക്കളുടെ ഗുണങ്ങളില്ലായ്കയാൽ നിർഗുണങ്ങളും ആകുന്നു. കേവലം സഗുണമോ നിർഗുണമോ ആയ പദാർഥം ഒന്നുമില്ല. ഒരേ പദാർത്ഥത്തിൽ തന്നെ സഗുണത്വവും നിർഗുണത്വവും സദാ ഉണ്ടായിരിക്കും,. ഇതുപോലെ ഈശ്വരന് സ്വന്തം അനന്തമായ ജ്ഞാനം ബലം, മുതലായ ഗുണങ്ങൾ ഉള്ളതിനാൽ സഗുണനും രൂപാദി ജഡഗുണങ്ങളും ദ്വേഷാദി ജീവഗുണങ്ങളും ഇല്ലായ്കയാൽ നിർഗുണനും ആകുന്നു.

ചോദ്യം:- നിരാകാരനെ നിർഗുണനെന്നും സാകാരനെ സഗുണനെന്നു ലോകം പറയുന്നു. ഈശ്വരൻ അവതരിക്കാത്തപ്പോൾ നിർഗുണനും അവതരിക്കുമ്പോൾ സഗുണനും ആണെന്നർഥം.

ഉത്തരം:- അറിവും പഠിപ്പും ഇല്ലാത്തവരുടെ സങ്കല്പമാണിത്. വിദ്യയില്ലാത്തവർ മൃഗങ്ങളെപ്പോലെ പുലമ്പുന്നു. സന്നിപാതജ്വരമുള്ളവർ പിച്ചും പേയും പറയുമ്പോലെ പഠിപ്പില്ലാത്തവർ പറയുകയും എഴുതുകയും ചെയ്യുന്നതിനേയും പരിഗണിക്കരുത്.

ചോദ്യം:- ഈശ്വരൻ രാഗമുള്ളവനോ വിരക്തനോ?

ഉത്തരം:- രണ്ടും അല്ല. എന്തെന്നാൽ തന്നിൽ നിന്നു ഭിന്നവും, ഉത്തമവുമായതിലാണ് രാഗമുണ്ടാവുക. ഈശ്വരനിൽ നിന്നു ഭിന്നമായോ ഉത്തമമായോ ഒരു വസ്തുവും ഇല്ല. അതിനാൽരാഗംഭവ്യമല്ല. കൈയ്യിൽ കിട്ടിയതിനെ ലഭിച്ചതു ത്യജിക്കുന്നവനാണു വിരക്തൻ. ഈശ്വരൻ സർവവ്യാപിയാകയാൽ ഒന്നും പരിത്യജിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ വിരക്തനുമല്ല.

ചോദ്യം:- ഈശ്വരന് ഇച്ഛയുണ്ടോ ഇല്ലയോ?

ഉത്തരം:- അതുപോലെ ഈശ്വരന് ഇച്ഛയുമില്ല. (ജീവാത്മാക്കളിൽ കാണുംവണ്ണം) അപ്രാപ്തവും ഉത്തമവും ലഭിച്ചാൽ വിശേഷസുഖം നല്കുന്നതുമായതിനാലാണ് ഇച്ഛയുണ്ടാകുന്നത്. അങ്ങനെയൊന്നിൽ ഈശ്വരന് ഇച്ഛയുണ്ടാകുമോ? ഈശ്വരന് അലഭ്യമോ ശ്രേഷ്ഠമോ ആയ യാതൊന്നുമില്ല. സമ്പൂർണ സുഖയുക്തനാകയാൽ സുഖത്തിലും അഭിലാഷമില്ല. അതിനാൽ ഈശ്വരനിൽ ഇച്ഛയുണ്ടാവുക സംഭവ്യമല്ല. എന്നാൽ ഈക്ഷണം- അഥവാ സർവവിധ വിദ്യകളുടെ ദർശനവും സകല സൃഷ്ടിജാലങ്ങളുടെ നിർമാണവും-ഈശ്വരങ്കൽ ഉണ്ട്. ഇപ്രകാരം സംക്ഷേപിച്ചു പറഞ്ഞതിൽ നിന്ന് സജ്ജനങ്ങൾ വളരെയധികം മനസ്സിലാക്കിക്കൊള്ളും.

വേദം ഈശ്വരപ്രകാശിതം

23. കതമഃ സ്വിത്, ഏവ, സഃ എന്ന് കതമഃ സ്വിദേവസഃയുടെ സാധാരണ പദപാഠം മഹർഷി കതമഃസ്വിദ് ദേവ സഃ എന്ന് അർഥം പറഞ്ഞിരിക്കുന്നു.

273.274. പേജുകളിലെ 3 അടിക്കുറിപ്പുൾപ്പെടെ ഇത് 22-ാം അടിക്കുറിപ്പാണ്.

ഈശ്വരനെപ്പറ്റി ഇങ്ങനെ ചുരുക്കിപ്പറഞ്ഞതിനെത്തുടർന്ന് വേദവിഷയം എഴുതിത്തുടങ്ങാം:-

യസ്മാദൃചോ അപാതക്ഷൻ യജൂരൃസ്മാദപാകഷൻ; സാമാനി യസൃലോമാനൃഥർവാംഗിരസോമുഖം; സ്കംഭംതം ബ്രൂഹി കതമഃ സ്വിദേവസഃ[] [23] (അഥർവവേദം 10. 23. 4. 20)

ഏത് ഈശ്വരനിൽ നിന്ന് ഋഗ്വേദം, യജുർവേദം, സാമവേദം അഥർവവേദം എന്നീ നാലു വേദങ്ങളും പ്രകാശിതമായോ ആ ദേവൻ ആരാണ്? **"ചരാചരങ്ങളെയെല്ലാം സൃഷ്ടിച്ചു രക്ഷിച്ചുകൊണ്ടിരിക്കുന്ന ആ പരമാത്മാവു തന്നെ"** എന്നാണുത്തരം.

സ്വയംഭൂർയാഥാതഥ്യതോർഥാൻ വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ (യജു. 40. 8)

സ്വയംഭൂവും, സർവവ്യാപിയും, ശുദ്ധനും, സനാതനനും, നിരാകാരനുമായ ഈശ്വരൻ സനാതനരും ജീവാത്മാക്കളുമായ പ്രജകളുടെ നന്മയ്ക്കായി വേദങ്ങൾ മുഖേന സകല വിദ്യകളേയും യഥാതഥമായി വിധിപൂർവ്വം ഉപദേശിക്കുന്നു.

ചോദ്യം:- ഈശ്വരൻ നിരാകാരനെന്നോ സാകാരനെന്നോ താങ്കളുടെ മതം?

ഉത്തരം:- നിരാകാരനാണെന്ന്

ചോദ്യം:- നിരാകാരനാണെങ്കിൽ മുഖമില്ലാത്തതുകൊണ്ട് അക്ഷരങ്ങൾ ഉച്ചരിക്കുവാനും വേദവിദ്യ ഉപദേശിക്കുവാനും എങ്ങനെ സാധിച്ചു? അക്ഷരങ്ങൾ ഉച്ചരിക്കുന്നതിന് താലു മുതലായ സ്ഥാനങ്ങളും ജിഹ്വാപ്രയത്നവും അത്യന്താപേക്ഷിതമാണ്.

ഉത്തരം:- ഈശ്വരൻ സർവശക്തനും സർവവ്യാപിയുമാകയാൽ സ്വവ്യാപ്തിമൂലം ജീവാത്മാക്കൾക്കു വേദവിദ്യ ഉപദേശിക്കുന്നതിനു മുഖത്തിന്റേയും മറ്റും ആവശ്യമേയില്ല. മുഖംകൊണ്ടും ജിഹ്വകൊണ്ടും വർണോച്ചാരണം ചെയ്യുന്നത് മറ്റൊരാളെ പഠിപ്പിക്കുവാനാണ്. സ്വയം മനസ്സിലാക്കാനല്ല. മുഖം ജിഹ്വ എന്നിവ പ്രയത്നിക്കാതെ അനേക വിഷയങ്ങളേപ്പറ്റിയുള്ള വിചാരങ്ങളും ശബ്ദോച്ചാരണങ്ങളും മനസ്സിൽ നടന്നുകൊണ്ടിരിക്കുന്നു. കൈവിരലുകൾക്കൊണ്ടു ചെവി അടച്ചുപിടിക്കുക, മുഖം, ജിഹ്വ , താലു മുതലായവ കൂടാതെ തന്നെ ശബ്ദം ഉണ്ടാകുന്നതെങ്ങിനെയാണെന്നു മനസ്സിലാകും. അതേവിധത്തിൽ തന്നെയാണ് ഈശ്വരൻ അന്തര്യാമിയായിരുന്ന് ജീവാത്മാക്കൾക്ക് ഉപദേശം നൽകിയത്. മറ്റുള്ളവരെ പഠിപ്പിക്കാൻ മാത്രമാണ് ഉച്ചരിക്കേണ്ടത്. നിരാകാരനും സർവവ്യാപിയുമായ ഈശ്വരൻ വേദവിദ്യയെ സംബന്ധിച്ച ഉപദേശങ്ങളെല്ലാം ജീവാത്മാവിലുള്ള സ്വസത്തയാൽ ജീവാത്മാക്കളെ ബോധിപ്പിക്കുകയാണ് ചെയ്യുന്നത്. പിന്നീടു മനുഷ്യൻ ആ ഉപദേശത്തെ വാ കൊണ്ട് ഉച്ചരിച്ച് മറ്റുള്ളവരെ കേൾപ്പിക്കുന്നു. അതിനാൽ, ഈ ദോഷം ഈശ്വരനിൽ വരികയില്ല.

ചോദ്യം:- ആരുടെ ആത്മാവിൽ, എപ്പോഴാണ് വേദങ്ങൾ പ്രകാശിതമായത്.

ഉത്തരം:- **അഗ്നേർഋഗ്വേദോ വായോരൃജൂർവേദഃ സൂര്യാത്സാമവേദഃ (ശത. 11. 4.2.3)** ഒന്നാമത്തെ സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരൻ **അഗ്നി, വായു, ആദിത്യൻ, അംഗിരസ്** എന്നീ മഹർഷിമാരുടെ ആത്മാവിൽ ഓരോ വേദത്തെ പ്രകാശിപ്പിച്ചു.

ചോദ്യം:- യോ വൈ ബ്രഹ്മാണം വിദധാതി പൂർവ്വം യോ വൈ വേദാംശ്ച പ്രഹിണോതിതസ്മൈ (ശ്വേതാശ്വ 6. 18) ഇത് ഉപനിഷദ്വാക്യമാണ്. ബ്രഹ്മാവിന്റെ ഹൃദയത്തിലാണ് വേദങ്ങൾ ഉപദേശിച്ചത് എന്നാണല്ലോ ഈ വേദവാക്യത്തിൽ നിന്നു മനസ്സിലാകുന്നത്. പിന്നെ അഗ്നി തുടങ്ങിയ ഋഷിമാരുടെ ആത്മാവിലാണെന്നു പറഞ്ഞതെങ്ങനെ?

ഉത്തരം:- ബ്രഹ്മാവിന്റെ ആത്മാവിൽ അഗ്ന്യാദികൾ മുഖേനയാണ് പ്രകാശിതമായത്. മനുസ്മൃതി നോക്കൂ. **അഗ്നി വായു രവിഭ്യസ്തുത്രയം ബ്രഹ്മസനാതനമ്ദുദോഹ യജ്ഞസിദ്ധ്യർത്ഥമൃഗ്യജൂഃ സാമലക്ഷണമ്** (മനു. 1. 23)

പരമേശ്വരൻ സൃഷ്ടിയുടെ ആദിയിൽ മനുഷ്യരെ സൃഷ്ടിച്ചതിനുശേഷം, അഗ്നി തുടങ്ങിയ നാലു മഹർഷിമാർ മുഖേന നാലു വേദങ്ങളേയും ബ്രഹ്മാവിന് പ്രാപ്തമാക്കി, ആ ബ്രഹ്മാവ് അഗ്നി, വായു, ആദിത്യൻ, അംഗിരസ് എന്നിവരിൽ നിന്ന് ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നീ നാലു വേദങ്ങളേയും ഗ്രഹിച്ചു.

ചോദ്യം:- ആ നാലു പേർക്കു മാത്രമേ വേദങ്ങൾ പ്രകാശിതമായുള്ളൂ. മറ്റാർക്കും പ്രകാശിതമായില്ല. അതിനാൽ ഈശ്വരൻ പക്ഷപാതിയാവുന്നില്ലേ?

ഉത്തരം:- ആ നാലുപേർ മാത്രം സകല ജീവാത്മാക്കളേക്കാളും അധികം പവിത്രരായിരുന്നു. മറ്റുള്ളവർ അവർക്കു സദൃശ്യരല്ലായിരുന്നു. തന്നിമിത്തം പവിത്രമായ വേദവിദ്യയെ അവരിൽ പ്രകാശിപ്പിച്ചില്ല.

ചോദ്യം:- വേദങ്ങളെ ഏതെങ്കിലും നാട്ടുഭാഷയിൽ പ്രകാശിപ്പിക്കാതെ സംസ്കൃതത്തിൽ പ്രകാശിപ്പിച്ചതെന്തുകൊണ്ടാണ്?

ഉത്തരം:- ഏതെങ്കിലും നാട്ടുഭാഷയിൽ പ്രകാശിപ്പിച്ചാൽ ഈശ്വരൻ പക്ഷപാതിയാകും. ഏതു നാട്ടുഭാഷയിൽ പ്രകാശിപ്പിക്കുന്നുവോ ആ നാട്ടിലുള്ളവർക്കു വേദം പഠിക്കാനും പഠിപ്പിക്കുവാനും എളുപ്പവും മറ്റു നാട്ടുകാർക്കു വിഷമവും ആകും. അതുകൊണ്ടാണ് സംസ്കൃതത്തിൽതന്നെ പ്രകാശിപ്പിച്ചത്. സംസ്കൃതം ഏതെങ്കിലുമൊരു ദേശത്തിലെ നാട്ടുഭാഷയല്ലതാനും. കൂടാതെ വേദഭാഷ വേറെയുള്ള സകലഭാഷകളുടെയും മൂലമാകുന്നു. അതുകൊണ്ടാണ് അതിൽത്തന്നെ വേദങ്ങളെ പ്രകടിപ്പിച്ചത്. ഭൂമി മുതലായ ഈശ്വരസൃഷ്ടികളെല്ലാം എല്ലാ നാട്ടിലുമുള്ളവർക്ക് ഒരുപോലെയായിരിക്കുകയും എല്ലാ ശില്പവിദ്യകൾക്കും കാരണമായിരിക്കുകയും ചെയ്യുന്നതുപോലെ ഈശ്വരന്റെ ഭാഷയും പൊതുവായിരിക്കണം. എങ്കിലേ എല്ലാ നാട്ടുകാർക്കും പഠിക്കുവാനും പഠിപ്പിക്കുവാനും തുല്യമായ പ്രയത്നം വേണ്ടിവരൂ. അങ്ങനെ ഈശ്വരൻ പക്ഷപാതിയല്ലാതാവുകയും ചെയ്യും. സംസ്കൃതം മറ്റു സകല ഭാഷകളുടെയും കാരണമായ മൂലഭാഷയാണല്ലോ.

വേദങ്ങൾ ഈശ്വരകൃതം തന്നെ.

ചോദ്യം:- വേദങ്ങൾ ഈശ്വരരചിതാണ്. അന്യകൃതമല്ല എന്നതിന് പ്രമാണം എന്താണ്?

ഉത്തരം:- ഈശ്വരൻ എങ്ങനെ പവിത്രനും, സർവവിദ്യാവാനും, ശുദ്ധഗുണകർമ്മസ്വഭാവങ്ങളോടുകൂടിയവനും, ന്യായകാരിയും, ദയാലുവും ഇപ്രകാരമുള്ള വിവിധ ഗുണങ്ങളോടുകൂടിയവനും ആണോ അങ്ങനെ ഈശ്വരന്റെഗുണകർമസ്വഭാവങ്ങളെയെല്ലാം പ്രതിപാദിക്കുന്ന ഗ്രന്ഥം ഈശ്വരകൃതം തന്നെ. അന്യകൃതമല്ല. സൃഷ്ടിക്രമത്തിനും പ്രത്യക്ഷാദിപ്രമാണങ്ങൾക്കും പവിത്രാത്മാക്കളായ ആപ്തന്മാരുടെ പ്രവൃത്തികൾക്കും വിരുദ്ധമായി ഒന്നും തന്നെ പറഞ്ഞിട്ടില്ലാത്ത ഗ്രന്ഥമേതോ അത് ഈശ്വരകൃതം തന്നെയാണ്. ഈശ്വരന്റെ ജ്ഞാനം എങ്ങനെ ഭ്രമരഹിതമാണോ അങ്ങനെ ഭ്രമരഹിതമായ ജ്ഞാനത്തെ വെളിവാക്കുന്ന ഗ്രന്ഥം ഈശ്വരോക്തം തന്നെയാണ്. ഈശ്വരനും ഈശ്വരന്റെ സൃഷ്ടിക്രമവും ഏതുവിധത്തിലുള്ളതാണോ അതേവിധത്തിൽ ഈശ്വരനേയും ഈശ്വരസൃഷ്ടിയുടെ കാര്യകാരണങ്ങളെയും ജീവാത്മാക്കളേയും പ്രതിപാദിക്കുന്നതും പ്രത്യക്ഷാദി പ്രമാണങ്ങൾക്ക് അവിരുദ്ധവും ശുദ്ധാത്മാവിന്റെ സ്വഭാവത്തോടു വിരോധമില്ലാത്തതും ആയ ഗ്രന്ഥം ഈശ്വരന്റെ തിരുവായ്മൊഴിതന്നെ. ഇതാണ് വേദങ്ങൾ. അല്ലാതെ ബൈബിൾ, ഖുർആൻ മുതലായവയല്ല ഇതിന്റെ സ്പഷ്ടമായ വ്യാഖ്യാനം ബൈബിളിനെപ്പറ്റിയും ഖുർആനെപ്പറ്റിയും പറയുന്നവ പതിമൂന്നും പതിനാലും സമുല്ലാസങ്ങളിലുണ്ട്.

ചോദ്യം:- വേദങ്ങൾ ഈശ്വരനിൽ നിന്നുണ്ടാകേണ്ട ആവശ്യമേയില്ല. എന്തെന്നാൽ, മനുഷ്യർ ക്രമേണ ജ്ഞാനം വർദ്ധിപ്പിച്ച് പിന്നീട് പുസ്തകമെഴുതിക്കൊള്ളും.

ഉത്തരം:- ഒരിക്കലുമില്ല. കാരണം കൂടാതെ കാര്യം ഉണ്ടാകുന്നുത് അസംഭവ്യമാണ്. കാട്ടിൽ താമസിക്കുന്ന മനുഷ്യർ പ്രകൃതിയെക്കണ്ട് അറിവുള്ളവരാകുന്നില്ല. ആരെങ്കിലും പഠിപ്പിച്ചാൽ വിദ്വാന്മാരാവുകയും ചെയ്യുന്നു. ഇന്നും ആരെങ്കിലും പഠിപ്പിക്കാതെ ആരും വിദ്വാന്മാരാകുന്നില്ല. അതുപോലെ ഈശ്വരൻ സൃഷ്ടിയുടെ ആദ്യകാലത്തുണ്ടായ ആ മഹർഷിമാർക്കു വേദവിദ്യ ഉപദേശിക്കുകയും അവർ മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ സകലരും അറിവില്ലാത്തവരായിരുന്നേനെ. ഒരു കുട്ടിയെ ജനനം മുതൽ ഏകാന്തമായ സ്ഥലത്ത്, മൃഗങ്ങളുടെയോ പഠിപ്പില്ലാത്ത മനുഷ്യരുടെയോ കൂട്ടത്തിൽ പാർപ്പിക്കുന്ന പക്ഷം ആ കുട്ടി അവരേപ്പോലെയായിത്തീരും. കാട്ടുജാതിക്കാരായ ഭീലുകളും മറ്റുമാണ് ഇതിനുദാഹരണം. ആര്യാവർത്തത്തിൽ നിന്ന് വിജ്ഞാനസമ്പത്ത് പുറത്തുപോകാതിരുന്ന കാലമത്രയും മിശ്രം (ഈജിപ്റ്റ്) യൂനാൻ (ഗ്രീസ്) യൂറോപ്പ് മുതലായ രാജ്യങ്ങളിലുള്ള മനുഷ്യർക്ക് വിദ്യാഭ്യാസം ഒട്ടുമേ ഉണ്ടായിരുന്നില്ല. ഇംഗ്ലണ്ടുകാരും[] [24] മറ്റുമായ കൊളംബസ് മുതലായവർ അമേരിക്കയിലേക്കു പോകുന്നതിനു മുമ്പ് അവിടെയുള്ളവർ ആയിരം, ലക്ഷം എന്നല്ല കോടി സംവത്സരങ്ങളായി മൂഢരായിരുന്നു. പിന്നീടു നല്ല വിദ്യാഭ്യാസം ലഭിച്ചതുകൊണ്ട് അവർ വിദ്വാന്മാരായി അവ്വിധം മനുഷ്യർക്ക് സൃഷ്ടിയുടെ ആദിയിൽ പരമാത്മാവിൽ നിന്നു വിദ്യയും ശിക്ഷണവും ലഭിച്ചതുകൊണ്ടാണ് പിന്നീടുള്ള കാലങ്ങളിൽ വിദ്വാന്മാരായി ഭവിച്ചത്.

24. ഇംഗ്ലണ്ട് മലയാളത്തിലെ 'ശീമയുടെ പര്യായമാണ്. കൊളംബസ് പോർത്തുഗീസുകാരനല്ലായിരുന്നെന്ന് ഇതിനർഥമില്ല.

സ പൂർവേഷാമപി ഗുരുഃ കാലേനാനവച്ഛേദാത് (യോഗദർശനം സ. പാ. 26) ഇക്കാലത്തെ അദ്ധ്യാപകരുടെ അടുക്കൽ പഠിച്ചു വിദ്വാന്മാരാകുന്ന വണ്ണം ഈശ്വരൻ സൃഷ്ടിയുടെ ആരംഭത്തിൽ ഉണ്ടായ അഗ്നി മുതലായ മഹർഷിമാരുടെ ഗുരു ആകുന്നു. എന്തെന്നാൽ ജീവാത്മാക്കൾ സുഷുപ്ത്യാവസ്ഥയിലും പ്രളയകാലത്തും ജ്ഞാനരഹിതരാവുന്നതുപോലെ ഈശ്വരൻ ജ്ഞാനരഹിതനാവുന്നില്ല. ഈശ്വരന്റെ ജ്ഞാനം നിത്യമാകുന്നു. അതിനാൽ, നിമിത്തം കൂടാതെ നിമിത്താർഥം ഉണ്ടാവുകയില്ലെന്നു നിശ്ചയിക്കണം.

ചോദ്യം:- വേദങ്ങൾ സംസ്കൃതഭാഷയിലാണ് പ്രകാശിതമായത്. അഗ്നി തുടങ്ങിയ ഋഷിജനങ്ങൾ ആ സംസ്കൃതഭാഷ അറിഞ്ഞിരുന്നതുമില്ല. പിന്നെ, എങ്ങിനെയാണ് അവർ വേദങ്ങളുടെ അർത്ഥം മനസ്സിലാക്കിയത്?

ബ്രാഹ്മണം

ഉത്തരം:- ഈശ്വരൻ തന്നെയാണ് അവർക്കു മനസ്സിലാക്കിക്കൊടുത്തത്. ധർമതല്പരന്മാരും യോഗികളുമായ മഹർഷിമാർ ഏതു മന്ത്രത്തിന്റെ അർഥം അറിയണമെന്നാഗ്രഹിച്ച് സമാധിയിലിരുന്നു ഈശ്വരസ്വരൂപത്തിന്റെ ധ്യാനത്തിൽ നിമഗ്നരാകുമ്പോൾ ഈശ്വരൻ ആ അഭീഷ്ട മന്ത്രത്തിന്റെ അർഥം അവർക്കു വെളിവാക്കിക്കൊടുത്തിരുന്നു. ഇങ്ങിനെ അനേകം മഹർഷിമാരുടെ ആത്മാക്കളിൽ വേദാർത്ഥം പ്രകാശിച്ചതോടുകൂടി മുനിമാർ ആ അർഥത്തേയും ഋഷിമാരുടെ ചരിത്രങ്ങളേയും വെളിവാക്കിക്കൊണ്ട് ഗ്രന്ഥങ്ങൾ രചിച്ചു. ആ ഗ്രന്ഥങ്ങൾ ബ്രഹ്മത്തിന്റെ- വേദത്തിന്റെ- വ്യാഖ്യാനങ്ങളായതുകൊണ്ട് അവയ്ക്കു ബ്രാഹ്മണം എന്നു പേരായി. കൂടാതെ- **ഋഷയോ മന്ത്രദൃഷ്ടയഃ - മന്ത്രാൻസമ്പ്രാദുഃ (നിരുക്തം 1. 20)** ഏതു മന്ത്രാർത്ഥത്തിന്റെ ദർശനം ഏത് ഋഷിക്കുണ്ടായോ ഏതു മന്ത്രാർത്ഥത്തെ ഏത് ഋഷി മറ്റാരും കണ്ടറിയുന്നതിനു മുമ്പായി ആരാഞ്ഞറിഞ്ഞു മറ്റുള്ളവരെ ബോധിപ്പിച്ചുവോ[] [25]ആ മന്ത്രത്തോടുകൂടി ആ ഋഷിയുടെ നാമധേയം ഓർമ്മയ്ക്കായി ഇന്നേവരെ എഴുതി വരുന്നുണ്ട്.[] [26] ഋഷിമാരാണ് മന്ത്രങ്ങളുണ്ടാക്കിയത് എന്നു പറയുന്നവർ മിഥ്യാവാദികളാണെന്നു മനസ്സിലാക്കണം. ഋഷിമാർ മന്ത്രങ്ങളുടെ അർഥത്തെ പ്രകാശിപ്പിച്ചിട്ടുള്ളവർ മാത്രമാണ്.

ചോദ്യം:- ഏതെല്ലാം ഗ്രന്ഥങ്ങൾക്കാണു വേദമെന്നു പേർ ഉള്ളത്?

ഉത്തരം:- ഋക്ക്, യജൂസ്സ്, സാമം, അഥർവ വേദം എന്നീ മന്ത്രസംഹിതകൾക്ക് മാത്രമേ ഉള്ളൂ; മറ്റൊന്നിനും ഇല്ല.

ചോദ്യം:- മന്ത്രബ്രാഹ്മണയോർവേദനാമധേയം മുതലായ കാത്യായനകൃതമായ പ്രതിജ്ഞാസൂത്രത്തിനും മറ്റും എന്തർത്ഥമാണു പറയുന്നത്?

ഉത്തരം:- നോക്കൂ. സംഹിതാ പുസ്തകത്തിന്റെ ആരംഭത്തിലും അധ്യായാവസാനവും വേദശബ്ദം പുരാതനകാലം മുതൽ എഴുതി വരുന്നു. ബ്രാഹ്മണഗ്രന്ഥത്തിന്റെ ആരംഭത്തിലും അധ്യായത്തിന്റെ അവസാനത്തിലും എങ്ങും എഴുതിയിട്ടുമില്ല. കൂടാതെ നിരുക്തത്തിൽ- **ഇത്യപി നിഗമോ ഭവതി. ഇതി (ച) ബ്രാഹ്മണം (5,3,4) ഛന്ദോ ബ്രാഹ്മണാനി ച തദ്വിഷയാണി** (അഷ്ടാ 4,2, 66) ഇതു പാണിനീയസൂത്രമാണ്.

മന്ത്രഭാഗമാണു വേദമെന്നും ബ്രാഹ്മണം വ്യാഖ്യാനഭാഗമാണെന്നും ഇതിൽ നിന്നു സ്പഷ്ടമാണല്ലോ. ഈ വിഷയത്തിൽ വിശേഷപഠനം ആഗ്രഹിക്കുന്നവർ ഞാൻ രചിച്ചിട്ടുള്ള "ഋഗ്വേദാദിഭാഷ്യഭൂമിക" (വേദപര്യടനം) നോക്കുക. അനേകം പ്രമാണങ്ങൾക്കു വിരുദ്ധമായതുകൊണ്ടു കാത്യായന വചനം പ്രമാണമാക്കാൻ പാടില്ല എന്നാണ് അവടെ സമർഥിച്ചിട്ടുള്ളത്. ഇതിനെ പ്രമാണമായി സ്വീകരിച്ചാൽ വേദങ്ങൾ സനാതനങ്ങളല്ലാതാകുമെന്നാണ് കാരണം. ബ്രാഹ്മണഗ്രന്ഥങ്ങളിൽ അനേകം മഹർഷിമാരുടെയും രാജാക്കന്മാരുടെയും മറ്റും ചരിത്രം കാണാം. ജീവിതത്തിനു

25 മന്ത്രാർഥം കണ്ട ഋഷിമാരിൽ രണ്ടുവിഭാഗമുണ്ട്. ഒന്ന്, അവർക്ക് മുമ്പ് ആരും മന്ത്രാർഥം കണ്ടെത്തിയിട്ടില്ലാത്തവർ. രണ്ട് പൂർവഋഷിമാർ അർഥം കണ്ടെത്തിയിരുന്നെങ്കിലും സ്വയം അർഥം കണ്ടെത്തി പഠിപ്പിച്ചിവർ. ഇതുകൊണ്ടാണ് ചില സൂക്തങ്ങൾക്കും മന്ത്രങ്ങൾക്കും ഒന്നിലധികം ഋഷിമാരെ നിർദ്ദേശിച്ചിട്ടുള്ളത്. ചിലർ അർഥം കണ്ടെത്തിയിട്ടും ആർക്കും അർഥപ്രകാശനം നടത്തിയിട്ടുണ്ടാവുകയില്ല എന്നും വരാം. ഗോപഥ ബ്രാഹ്മണം ഉത്തരാർദ്ധം 6-ൽ **"വിശ്വാമിത്രഃ പ്രഥമ മപശ്യത് ഏവാ ത്വാമിന്ദ്രവജ്രീൻ (ഋ.4-19) താൻ വിശ്വാമിത്രേണ ദൃഷ്ടാൻ വാമദേവോ *f* സൃജത്. " ഏവാ ത്വാമിന്ദ്രവജ്രീൻ** എന്ന മന്ത്രം വിശ്വാമിത്രൻ ആദ്യം ദർശിച്ചു. വിശ്വാമിത്രൻ കണ്ടതിനെ വാമദേവൻ സൃഷ്ടിച്ചു (ഫലവത്താക്കി - ഉപദേശിച്ചു) താണ്ഡ്യബ്രാഹ്മണത്തിൽ ശിശു ആങ്ഗിരസിനെ അധ്യാപകൻ എന്ന അർഥത്തിൽ മന്ത്രകൃത് (മന്ത്രദ്രഷ്ടാവ്) എന്നുപറയുന്നുണ്ട്. (13.3.24)

26 വേദാനു ക്രമണികളിൽ മന്ത്രത്തിന്റെ ഋഷി ആരാണെന്ന് നിർദ്ദേശിച്ചു പോരുന്നു.

ശേഷമാണല്ലോ ഒരുവന്റെ ചരിത്രം എഴുതുന്നത്. ആ ഗ്രന്ഥവും അവന്റെ ജനനത്തിനു ശേഷമാണുണ്ടാവുക. വേദങ്ങളിൽ ആരുടെയും ചരിത്രം ഇല്ല. വിദ്യാബോധം ഉളവാക്കുന്ന ശബ്ദങ്ങളേ വയോ അവയാണ് അതിൽ പ്രയോഗിച്ചിട്ടുള്ളത്. ഏതെങ്കിലും മനുഷ്യന്റെ പേരോ കഥയോ കഥാസന്ദർഭമോ വേദങ്ങളിലില്ല.

വേദശാഖകൾ

ചോദ്യം:- വേദങ്ങൾക്ക് എത്ര ശാഖകളുണ്ട്?

ഉത്തരം:- ആയിരത്തി ഒരുനൂറ്റി ഇരുപത്തേഴ്

ചോദ്യം:-ശാഖ എന്നു പറഞ്ഞാലെന്ത്?

ഉത്തരം:- ശാഖ എന്നു പറയുന്നത് വ്യാഖ്യാനമാണ്.

ചോദ്യം:- ലോകത്തിൽ വിദ്വാന്മാർ വേദത്തിന്റെ അവയവഭൂതങ്ങളായ വിഭാഗങ്ങളെ ശാഖകളായി ഗണിക്കാറില്ലേ?

ഉത്തരം:- തെല്ലൊന്നു ചിന്തിച്ചാൽ ശരിയാണ്. ഉള്ള ശാഖകൾ ആശ്വലായനൻ മുതലായ മഹർഷിമാരുടെ പേരിൽ പ്രസിദ്ധങ്ങളാണ്. മന്ത്രസംഹിതകൾ ഈശ്വരന്റെ നാമത്തിൽ പ്രസിദ്ധങ്ങളാണ്. നാലു വേദങ്ങളും ഈശ്വരകൃതമാണെന്നു നിർണ്ണയിക്കുന്നതുപോലെ **"ആശ്വലായനി"** മുതലായ ശാഖകൾ അതാതു മഹർഷിമാരുടെ രചനകളാണെന്നത്രേ വിശ്വാസം. എല്ലാ ശാഖകളിലും മന്ത്രങ്ങളുടെ പ്രതീകം എടുത്തിട്ടാണ് വ്യാഖ്യാനിക്കുന്നത്. തൈത്തിരിയശാഖയിൽ **"ഇഷേത്വോർജ്ജേത്വേതി"** മുതലായ പ്രതീകങ്ങൾ എടുത്തു വ്യാഖ്യാനിക്കുന്നത് ഇതിനുദാഹരണമാണ്. വേദസംഹിതകളിലാകട്ടെ, പ്രതീകങ്ങളൊന്നും എടുത്തിട്ടില്ല. അതിനാൽ, ഈശ്വരകൃതങ്ങളായ നാലു വേദങ്ങൾ മൂലവൃക്ഷങ്ങളും അവയുടെ ആശ്വലായനാദി ശാഖകൾ ഋഷികൃതങ്ങളും ആകുന്നു. അവയൊന്നും ഈശ്വരകൃതമല്ല. ഇതേപ്പറ്റി വിശേഷവ്യാഖ്യാനം ഋഗ്വേദാദിഭാഷ്യഭൂമികയിലുണ്ട്. മാതാപിതാക്കന്മാർ സന്താനങ്ങളിൽ കൃപാദൃഷ്ടിചൊരിഞ്ഞ് അഭ്യുദയം കാംക്ഷിക്കുന്നതുപോലെ ഈശ്വരൻ സകലമനുഷ്യരിലും കൃപചൊരിഞ്ഞ് വേദങ്ങളെ വെളിവാക്കിയിരിക്കുന്നു. അതുകൊണ്ട് മനുഷ്യർ അജ്ഞാനാന്ധകാരമാകുന്ന മോഹജാലത്തിൽ നിന്നു മോചിച്ച് വിദ്യാജ്ഞാനമാകുന്ന സൂര്യനെ പ്രാപിച്ച്, ആനന്ദത്തിലാറാടുകയും വിദ്യയേയും സുഖത്തേയും വർദ്ധിപ്പിക്കുകയും ചെയ്യട്ടെ.

നിത്യാനിത്യവിചാരം

ചോദ്യം:- വേദങ്ങൾ നിത്യങ്ങളോ അനിത്യങ്ങളോ?

ഉത്തരം:- നിത്യങ്ങളാണ്. ഈശ്വരൻ നിത്യനായതുകൊണ്ട് അദ്ദേഹത്തിന്റെ ജ്ഞാനാദിഗുണങ്ങളും നിത്യങ്ങളാണ്. നിത്യവസ്തുക്കളുടെ ഗുണകർമസ്വഭാവങ്ങൾ നിത്യങ്ങളും അനിത്യവസ്തുക്കളുടേത് അനിത്യങ്ങളും ആകുന്നു.

ചോദ്യം:- ഈ പുസ്തകവും നിത്യമാണോ?

ഉത്തരം:- അല്ല. ഈ പുസ്തകം, കടലാസ്സ്, മഷി എന്നിവകൊണ്ട് ഉണ്ടാക്കിയതാണ്. അതെങ്ങനെ നിത്യമാകും? ശബ്ദാർത്ഥങ്ങളും അവയ്ക്കു തമ്മിലുള്ള ബന്ധവും മാത്രമേ നിത്യമാകുന്നുള്ളൂ.

ചോദ്യം:- ഈശ്വരൻ ഋഷിമാർക്ക് ജ്ഞാനം നല്കിയെന്നും അവർ ജ്ഞാനത്തിൽ നിന്നു വേദങ്ങൾ രചിച്ചുവെന്നും വന്നുകൂടേ?

ഉത്തരം:- ജ്ഞേയം കൂടാതെ ജ്ഞാനമില്ല. ഗായത്ര്യാദി ഛന്ദസ്സുകൾ, ഷഡ്ജാതികളും ഉദാത്താനുദാത്താദികളുമായ സ്വരങ്ങൾ എന്നിവയുടെ ജ്ഞാനത്തോടുകൂടി ഗായത്ര്യാദി ഛന്ദസ്സുകളെ നിർമ്മിക്കുന്നതിനും ജ്ഞാനസമ്പൂർണമായ ശാസ്ത്രരചനയ്ക്കും സർവജ്ഞനായ ഈശ്വരനല്ലാതെ മറ്റാർക്കും സാമർഥ്യമില്ല. വേദങ്ങൾ അധ്യയനം ചെയ്തു കഴിഞ്ഞ് വിദ്യകളെ വെളിവാക്കുന്നതിന് മഹർഷിമാർ വ്യാകരണം, നിരുക്തം, ഛന്ദസ് മുതലായവ രചിച്ചിട്ടുണ്ടെന്നുള്ളത് നേരാണ്. ഈശ്വരൻ വേദങ്ങളെ പ്രകാശിപ്പിച്ചില്ലെങ്കിൽ ആർക്കും ഒന്നും നിർമ്മിക്കുവാൻ കഴിയുകയില്ല. അതിനാൽ വേദങ്ങൾ ഈശ്വരോക്തമാണ്. സകലജനങ്ങളും അവയെ അനുസരിച്ചു നടക്കുകയും വേണം. "നിങ്ങളുടെ മതം എന്താണ്?" എന്നു ചോദിച്ചാൽ **"ഞങ്ങളുടെ മതം വേദമാണ്, വേദത്തിൽ എന്തെല്ലാം വിധിച്ചിട്ടുണ്ടോ അതെല്ലാം ഞങ്ങൾ സ്വീകരിക്കുന്നു"** എന്നാണ് ഉത്തരം പറയേണ്ടത്.

ഇനി സൃഷ്ടിവിഷയത്തെപ്പറ്റി വ്യാഖ്യാനിക്കാം. ഇവിടെ സംക്ഷിപ്തമായി ഈശ്വരനെപ്പറ്റിയും, വേദവിഷയത്തെപ്പറ്റിയും വ്യാഖ്യാനിച്ചു.

ശ്രീമദ്ദയാനന്ദ സരസ്വതീസ്വാമികൾ
രചിച്ച സത്യാർഥപകാശത്തിൽ
ഈശ്വരവേദവിഷയങ്ങളെ
വ്യാഖ്യാനിക്കുന്ന
ഏഴാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

thearyasamaj.org

൪

എട്ടാം സമുല്ലാസം

സത്യാർഥപ്രകാശം

സൃഷ്ടിയുടെ ഉത്പത്തി സ്ഥിതി, പ്രളയം

അഥ സൃഷ്ടിവിഷയമ് പ്രവക്ഷ്യാമഃ

ഇനി സൃഷ്ടിയുടെ ഉത്പത്തി സ്ഥിതി, പ്രളയം എന്നീ വിഷയങ്ങൾ വ്യാഖ്യാനിക്കുന്നു.

1. ഇയം വിസൃഷ്ടിർയ്യത ആ ബഭൂവ യദി വാ ദധേ യദി വാ നഃ യോ അസ്യാധ്യക്ഷഃ പരമേ വ്യോമൻത്സോ അംഗ വേദ യദി വാ ന വേദ.

2. തമ ആസീത്തമസാ ഗൂൾഹമഗ്രേ പ്രകേതം സലിലം സർവമാ ഇദം; തുച്ഛ്യേനാഭ്വപിഹിതം യദാസീത്ത പസസ്തന്മഹിനാജായതൈകമ്.

(ഋ 10 129. 7.3)

3. ഹിരണ്യഗർഭഃ സമവർത്തതാഗ്രേ ഭൂതസ്യ ജാത പതിരേക ആസിത്; സദാധാര പൃഥിവിം ദ്യാമുതേമാം കസ്മൈ ദേവായ ഹവിഷാ വിധേമ. (ഋ. 10. 121.1)

4. പുരുഷ ഏവേദങ് സർവം യദ്ഭൂതംയച്ച ഭാവ്യം; ഉതാമൃതത്വസ്യേശാനോ യദന്നേനാതി രോഹതി. (യജൂ. 31.2)

5. യതോ വാ ഇമാനി ഭൂതാനി ജായന്തേ; യേന ജാത നി ജീവന്തി; യത് പ്രയന്ത്യഭി സംവി ശന്തി; തദി ജിജ്ഞാസസ്വ; തദ് ബ്രഹ്മ. (തൈത്തിരിയോപനിഷത്ത്. ഭൃഗുവല്ലി. അനു:1)

1. ഹേ അങ്ഗ– മനുഷ്യാ ആരിൽ നിന്ന് ഈ വൈവിധ്യമാർന്ന ജഗത്ത് പ്രകാശിതമായോ ആർ ഈ ജഗത്തിന്റെ സ്ഥിതി സംഹാരങ്ങൾ ചെയ്യുന്നുവോ, ആർ ഈ ജഗത്തിന്റെ അധിപനാണോ എങ്ങും നിറഞ്ഞിരിക്കുന്ന ആരിൽ ഈ ലോകം മുഴുവനും ഉത്പത്തി, സ്ഥിതി, പ്രളയങ്ങളെ പ്രാപിക്കുന്നുവോ അവനത്രേ ഈശ്വരൻ. അദ്ദേഹത്തെ നീ അന്വേഷിച്ചറിയുക. മറ്റാരെയും സൃഷ്ടികർത്താവായി കരുതരുത്.

2. സൃഷ്ടിക്കുമുമ്പ് ഈ ജഗത്തെല്ലാം കൂരിരുട്ടുകൊണ്ട് മൂടിയതും രാത്രിപോലെ അദൃശ്യവും ആയിരുന്നു. ആകാശരൂപമായ ജഗത്തു മുഴുവനും ഈശ്വരനെ അപേക്ഷിച്ച് തുച്ഛവും മറഞ്ഞുകിടക്കുന്നതുമായിരുന്നു. പിന്നീട് ഈശ്വരൻ തന്റെ സാമർഥ്യംകൊണ്ട് കാരണരൂപത്തിൽ നിന്ന് കാര്യരൂപമാക്കി.

3. അല്ലയോ മനുഷ്യ! സൂര്യൻ മുതലായ തേജോമയവസ്തുക്കൾക്ക് ആധാരവും ഇതുവരെ ഉണ്ടായതും ഉണ്ടാകുന്നതും ആയ ലോകത്തിന്റെ ഏകനും അദ്വിതീയനും അധിപനുമായ ആയ പരമാത്മാവ് ഈ ജഗത്തിന്റെ ഉത്ഭവത്തിനും മുമ്പ് ഉണ്ടായിരുന്നു. ഭൂമി മുതൽ സൂര്യൻവരെയുള്ള ജഗത്തിനെ സൃഷ്ടിച്ച ആ പരമാത്മദേവനെ സ്നേഹപൂർവം ഭജിക്കുവിൻ.

4. എല്ലാത്തിലും നിറഞ്ഞുമേവുന്ന പുരുഷനും നാശരഹിതമായ കാരണപ്രകൃതിയുടെയും ജീവന്റെയും നാഥനും അചേതനം, ചേതനം എന്നിവയിൽ നിന്നു ഭിന്നനുമായ പുരുഷനാണ് ഭൂത, ഭവിഷ്യത് വർത്തമാനങ്ങളിൽ വർത്തിക്കുന്ന ജഗത്തിന്റെ സ്രഷ്ടാവ്.

5. പൃഥിവ്യാദികളായ സകലഭൂതങ്ങളും ആരുടെ സൃഷ്ടിയാണോ ആരിൽ അവയെല്ലാം സ്ഥിതിചെയ്യുകയും പ്രലയിക്കുകയും ചെയ്യുന്നുവോ ആ പരമാത്മാവു തന്നെയാണ് ബ്രഹ്മം.

aryasamaj.org

അതിനെ അറിയുവാൻ ആഗ്രഹിക്കൂ. **ജന്മാദ്യസ്യ യതഃ (വേദാന്ത സൂ. അ. 1. പാ. 1. സൂ. 2.)** ഈ ജഗത്തിന്റെ സൃഷ്ടി സ്ഥിതിലയങ്ങൾ ഏതിൽ നിന്ന് ഉണ്ടാകുന്നുവോ ആ ബ്രഹ്മം തന്നെയാണ് അറിയപ്പെടേണ്ടത്.

ചോദ്യം:- ഈ ജഗത്ത് ഈശ്വരനിൽ നിന്നോ മറ്റു വല്ലതിൽ നിന്നുമോ ഉണ്ടായത്?

ഉത്തരം:- നിമിത്തകാരണമായ ഈശ്വരനിൽ നിന്നാണ് ഉത്ഭവിച്ചത്. എന്നാൽ ഇതിന്റെ ഉപാദാനകാരണം പ്രകൃതിയാണ്.

ചോദ്യം:- പ്രകൃതിയെ സൃഷ്ടിച്ചത് ഈശ്വരനല്ലേ?'

ഉത്തരം:-അല്ല. അത് അനാദിയാണ്.

ചോദ്യം:- എന്താണ് അനാദിയെന്നു പറഞ്ഞാൽ? അനാദിയായി എത്ര പദാർഥങ്ങൾ ഉണ്ട്?

ഉത്തരം:- ആദികാരണമോ ഉത്ഭവസമയമോ ഇല്ലാത്തതാണ് അനാദി. ഈശ്വരൻ, ജീവൻ, ജഗത്തിന്റെ കാരണം എന്നിവ മൂന്നും അനാദിയാണ്.

ചോദ്യം:- ഇതിനു പ്രമാണം?

ഉത്തരം:- 1. ദ്വാ സുപർണാസയുജാ സഖായാ സമാനം വൃക്ഷം പരിഷസ്വജാതേ; തയോരന്യഃ പിപ്പലം സ്വാദ്വത്ത്യനശ്നന്നന്യോ അഭിചാകശീതി. (ഋ. 1. 164. 20)

2. ശാശ്വതീഭ്യഃ സമാഭ്യഃ. (യജു. 40. 8)

1 **(ദ്വാ)** ബ്രഹ്മം ജീവാത്മാവ് ഇവ രണ്ടും **(സുപർണ്ണാ)** ചേതനത്വം പാലനത്വം മുതലായ ഗുണങ്ങളെക്കൊണ്ട് തുല്യങ്ങളും **(സയുജാ)** വ്യാപ്യ വ്യാപകഭാവത്തോടു കൂടിയവയും **(സഖായാ)** പരസ്പരം മിത്രങ്ങളും സനാതനങ്ങളും അനാദികളും ആകുന്നു. കൂടാതെ **(സമാനമ്)** അപ്രകാരം **(വൃക്ഷം)** മൂലരൂപമായ അനാദി കാരണവും, ശാഖാരൂപിയായ കാര്യയുക്തമായ വൃക്ഷം- അതായത്, സ്ഥൂലരൂപത്തിൽ പ്രകടമായി പ്രളയത്തിൽ ഛിന്നഭിന്നമായിപ്പോകുന്നത്—മൂന്നാമത്തെ അനാദിപദാർഥം ആകുന്നു ഈ മൂന്നിന്റെയും ഗുണകർമസ്വഭാവങ്ങളും അനാദികളാണ്. ജീവബ്രഹ്മങ്ങളിൽ ഒന്ന്, അതായത് ജീവൻ വൃക്ഷരൂപമായ ഈ ലോകത്തിൽ പുണ്യപാപങ്ങളാകുന്ന ഫലങ്ങളെ **(സ്വാദ്വത്തി)** സ്വാദോടെ അനുഭവിക്കുന്നു. പരമാത്മാവാകട്ടെ, കർമഫലങ്ങളെ **(അനശ്നൻ)** അനുഭവിക്കാതെ നാലുഭാഗത്തും-അകത്തും പുറത്തും സർവത്ര-പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഈശ്വരൻ ജീവനിൽ നിന്നും ജീവൻ ഈശ്വരനിൽ നിന്നും ഭിന്നവും പ്രകൃതി ഇവരണ്ടിൽ നിന്നു ഭിന്നരൂപിയും ഇവ മൂന്നും അനാദികളും ആകുന്നു.

2. **(ശാശ്വതീഭ്യഃ)** അനാദികളും സനാതനങ്ങളുമായ ജീവാത്മാക്കളാകുന്ന തന്റെ പ്രജകൾക്ക് പരമാത്മാവ് വേദം വഴി സകല വിദ്യകളേയും ബോധിപ്പിച്ചിട്ടുണ്ട്.

3. അജാമേകാം ലോഹിതശുക്ലകൃഷ്ണാം ബഹ്വീഃ പ്രജാഃ സൃജ മാനാം സ്വരൂപാഃ അജോ ഹ്യേകോ ജുഷമാണോനുശേതേ ജഹാത്യേനാം ഭുക്തഭോഗാമജോന്യഃ (ശ്വേതാശ്വതരോപനിഷത് 4. 5)

ഇത് ഉപനിഷത്തിലുള്ള വചനമാകുന്നു. പ്രകൃതി, ജീവാത്മാവ്, പരമാത്മാവ് ഈ മൂന്നും അജങ്ങൾ- ഒരിക്കലും ജനിക്കാത്തവ- ആണ്. ഈ മൂന്നും സകല ലോകത്തിന്റെയും കാരണങ്ങളാകുന്നു. ഇവയുടെ കാരണങ്ങളായി യാതൊന്നും ഇല്ല. അനാദിയായ ജീവാത്മാവ് അനാദിയായ പ്രകൃതിയെ അനുഭവിച്ച് അതിൽ അകപ്പെട്ടു പോകുന്നു. പരമാത്മാവാകട്ടെ, അതിനെ ഭുജിക്കുകയോ അതിൽ അകപ്പെടുകയോ ചെയ്യുന്നില്ല.

പ്രകൃതിയുടെ രൂപം

ഈശ്വരന്റെയും ജീവന്റെയും ലക്ഷണം ഈശ്വരസ്വരൂപവിഷയത്തിൽ പറഞ്ഞുകഴിഞ്ഞു. ഇനി പ്രകൃതിയുടെ ലക്ഷണം പറയാം:-

സത്വരജസ്തമസാം സാമ്യാവസ്ഥാ പ്രകൃതിഃ പ്രകൃതേർമഹാൻ മഹതോഹങ്കാരോഹങ്കാരാത് പഞ്ചതന്മാത്രാണ്യുഭയമിന്ദ്രിയം പഞ്ചതന്മാത്രേഭ്യഃ സ്ഥൂലഭൂതാനി പുരുഷ ഇതി പഞ്ചവിശതിർഗണഃ. (സാംഖ്യദർശനം 1. 61)

(സത്വം) ശുദ്ധം **(രജഃ)** മദ്ധ്യം **(തമഃ)** ജാഡ്യം അഥവാ ജഡത എന്നീ മൂന്നു വസ്തുക്കൾ ഒന്നിച്ചുചേർന്ന സംഘാതത്തിന്റെ പേരാണ് പ്രകൃതി. പ്രകൃതിയിൽ നിന്നു മഹത്തത്വം അഥവാ ബുദ്ധിയും, അതിൽ നിന്ന് അഹങ്കാരവും, അതിൽ നിന്ന് പഞ്ചതന്മാത്രകളും-പഞ്ചഭൂതങ്ങളുടെ സൂക്ഷ്മരൂപങ്ങൾ-പത്ത് ഇന്ദ്രിയങ്ങളും പതിനൊന്നാമത്തെ മനസ്സും, പഞ്ചതന്മാത്രകളിൽ നിന്നു പൃഥിവ്യാദികളായ പഞ്ചഭൂതങ്ങളും, ഇങ്ങനെ ഇരുപത്തിനാലുകൂട്ടം ഉണ്ടാകുന്നു. ഇരുപത്തിയഞ്ചാമത്തേതായ പുരുഷൻ ജീവനും ഈശ്വരനുമാകുന്നു. ഇവയിൽ പ്രകൃതി അവികാരിണിയും[] [1] മഹത്തത്വം അഹങ്കാരം, പഞ്ചതന്മാത്രകൾ എന്നിവ പ്രകൃതിയുടെ

1. പ്രകൃതി കാര്യ വസ്തുവല്ല എന്നർഥം



കാര്യങ്ങളും പ്രകൃതി, ഇന്ദ്രിയങ്ങൾ, മനസ്സ്, സ്ഥൂല ഭൂതങ്ങൾ എന്നിവയുടെ കാരണവും ആകുന്നു. പുരുഷൻ മറ്റൊന്നിന്റേയും പ്രകൃതി-ഉപാദാനകാരണം- അല്ല; മറ്റൊന്നിൽ നിന്നുണ്ടാകുന്ന കാര്യവും അല്ല.

ചോദ്യം:-

1. സദേവ സോമ്യേദമഗ്ര ആസീത്.
(ഛാന്ദോഗ്യം. 6. 2. 1)

2. അസദ്വാ ഇദമഗ്ര ആസീത്.
(തൈ. ഉ. ബ്ര. 7)

3. ആത്മൈവേദമഗ്ര ആസീത്.
(ബൃഹ 1. 4. 1.)

4. ബ്രഹ്മവാ ഇദമഗ്ര ആസീത്.
(ശത 11. 1. 11. 1.)

ഇവയെല്ലാം ഉപനിഷത്തുകളിലുള്ള വാക്യങ്ങളാകുന്നു. ഹേശ്വേതകേതോ[] [2] സൃഷ്ടിക്കുമുമ്പ് ഈ ജഗത്ത് 1. സത്തും 2 അസത്തും 3. ആത്മാവും 4. ബ്രഹ്മസ്വരൂപവും ആയിരുന്നു.

തുടർന്ന്:- തദൈക്ഷത ബഹുഃ സ്യാം പ്രജായേയേതി സോ*f*കാമയത ബഹുഃ സ്യാം പ്രജായേയേതി (തൈ. ഉ. ബ്ര. 6) ആ പരമാത്മാവു തന്റെ ഇച്ഛകൊണ്ട് അനേകം രൂപങ്ങൾ കൈക്കൊണ്ടു.

സർവം ഖല്വിദം ബ്രഹ്മനേഹ നാനാസ്തി കിഞ്ചന[] [3] ഇതും ഉപനിഷത്തിലുള്ള വചനമാണ്. 'ഇക്കാണുന്ന ജഗത്തു മുഴുവനും ബ്രഹ്മമാണെന്നുള്ളതിൽ സംശയമില്ല. അതിൽ നാനാപ്രകാരത്തിലുള്ള പദാർഥങ്ങൾ യാതൊന്നും ഇല്ല. എല്ലാം ബ്രഹ്മം തന്നെയാണ്.'

ഉത്തരം:- ഈ വചനങ്ങൾക്ക് അനർഥം പറയുന്നതെന്തിന്? എന്തെന്നാൽ അതേ ഉപനിഷത്തുകളിൽ- **(ഏവമേവ ഖലു) സോമ്യാന്നേന ശുങ്ഗേനാപോ മൂലമന്വിച്ഛാദ്ഭിസ്സോമ്യ ശുങ്ഗേന തേജോമൂലമന്വിച്ഛ തേജസാ സോമ്യ ശുങ്ഗേന സന്മൂലമന്വിച്ഛ സന്മൂലാഃ സോമ്യേമാഃ (സർവാഃ) പ്രജാഃ സദായതനാഃ സത്പ്രതിഷ്ഠാഃ (ഛാന്ദോഗ്യം 6. 8. 4)**

ശ്വേതകേതോ! അന്നരൂപമായ പൃഥിവീകാര്യത്തിൽ നിന്ന് ജലരൂപത്താൽ മൂലകാരണത്തെ നീ അറിയുക. കാര്യരൂപമായ ജലത്താൽ തേജോരൂപമായ മൂലകാരണത്തേയും, തേജോരൂപമായ കാര്യത്താൽ സദ്രൂപകാരണമായ നിത്യമായ പ്രകൃതിയേയും മനസ്സിലാക്കുക. സത്യസ്വരൂപമായ ഈ പ്രകൃതി സകല ജഗത്തിന്റെയും മൂലകാരണവും നിവാസസ്ഥാനവുമാണ്. ഈ ജഗത്തു മുഴുവനും സൃഷ്ടിക്കുമുമ്പ് അസത്തിനു തുല്യം ആയിരുന്നു. ജീവാത്മാവും ബ്രഹ്മവും പ്രകൃതിയിൽ [] [4]ലയിച്ച് വർത്തിച്ചിരുന്നു. ഒന്നിന്റെയും അഭാവം ഇല്ലായിരുന്നു. സർവ്വം ഖലു എന്ന വചനം അമ്പ് കുമ്പളത്ത്, വില്ലു ചേപ്പാട്ട് എയ്യാനുള്ള നായർ പന്തളത്ത് എന്നു പറഞ്ഞതുപോലെ ചേർച്ചയില്ലാത്തതാണ്.

സർവം ഖല്വിദം ബ്രഹ്മ തജ്ജലാനിതി ശാന്ത ഉപാസീത (ഛാന്ദോഗ്യ 3. 14. 1) നേഹ നാനാസ്തി കിഞ്ചന (കഠ. ഉ. 2. 4. 11.)

ശരീരത്തിലുള്ള അവയവങ്ങൾ ശരീരവുമായി ചേർന്നിരിക്കുമ്പോൾ കാര്യക്ഷമവും വേർപെടുമ്പോൾ നിഷ്കിയങ്ങളുമാകുന്നു. അതുപോലെ സന്ദർഭത്തിനു യോജിച്ച വാക്യങ്ങൾ മാത്രമേ അർഥസംപുഷ്ടമാകുന്നുള്ളൂ. ഒരു പ്രകരണത്തിൽ നിന്നെടുത്ത് വേറെ വല്ല വാക്യവുമായി കൂട്ടിച്ചേർത്താൽ അവ നിരർത്ഥകങ്ങളാകും. ഇപ്പറഞ്ഞ വചനത്തിന്റെ അർഥം ഇതാണ്:- ജീവാത്മാവേ, നീ ബ്രഹ്മത്തെ ഉപാസിക്കുക. ഏതു ബ്രഹ്മത്തിൽ നിന്ന് ജഗത്തിന്റെ ഉൽപ്പത്തി, സ്ഥിതി, ആദിയായ അസ്തിത്വം സംഭവിക്കുന്നുവോ ഏതൊന്നു സൃഷ്ടിച്ച് ധാരണം ചെയ്കയാൽ ഈ ജഗത്ത് വർത്തിക്കുന്നുവോ ഈ ജഗത്ത് ഏതിന്റെ സഹചരിതമാണോ[] [5] ആ ബ്രഹ്മത്തെ വിട്ട് മറ്റൊന്നിനെ ഉപാസിക്കരുത്. ചേതനാമാത്രവും അഖണ്ഡവും ഏകരസവും ആയ ബ്രഹ്മത്തിൽ മറ്റു പല വസ്തുക്കൾ യോജിച്ചിരിക്കുന്നില്ല. അവയെല്ലാം അതാതിന്റെ സ്വരൂപത്തിൽ വെവ്വേറെ ഈശ്വരനാകുന്ന ഏകാധാരത്തിൽ വർത്തിക്കുന്നു.

മൂന്നു കാരണങ്ങൾ

ചോദ്യം:- ജഗത്തിന് ഏത്ര കാരണങ്ങൾ ഉണ്ട്?

---

2 ഈ സംബോധന ആദ്യ ഉദ്ധരണിയോട് ചേർന്നതാണ്. നാലിന്റെയും അർഥം ഒന്നിച്ചു പറഞ്ഞു എന്നേയുള്ളൂ.

3. ഇത് ഏതെങ്കിലും പ്രാമാണിക ഉപനിഷത്തിലെ വചനമല്ല. അതുകൊണ്ടാണ് ജൈനാചാര്യന്മാർ, **കൃത്രിമേണാപ്യാഗമേന തസ്യൈവ പ്രതിപാദനാത്. ഉക്തംച സർവം വൈഖല്വിദം ബ്രഹ്മ നേഹ നാനാസ്തികിഞ്ചന** കൃത്രിമമായ ആഗമപ്രമാണത്താലും അതിനെ ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നത്. പറയുകയാണ്. സർവം ഖല്വിദം.... ഈ പ്രമാണം കള്ളമാണെന്നർഥം. (സ്യാദ്വാദമഞ്ജരി ടീകാ. ശ്ലോകം 13).

4. ആശ്ലേഷിച്ച്.

5 ബ്രഹ്മത്തിന്റെ സഹചരിതം-കൂടെയുള്ളത്. വിട്ടുമാറാത്തത് എന്നർഥം.

ഉത്തരം:- മൂന്ന്. ഒന്നാമത്തേതു **നിമിത്തം,** രണ്ടാമത്തേത് **ഉപാദാനം,** മൂന്നാമത്തേതു **സാധാരണം.** ആര് ഉണ്ടാക്കുന്നതുകൊണ്ട് ഉണ്ടാവുകയും ഉണ്ടാക്കാതിരുന്നാൽ ഉണ്ടാകാതിരിക്കുകയും ചെയ്യുന്നുവോ അയാളാണ് നിമിത്തകാരണം. സ്വയം ഉണ്ടാകാതെ മറ്റൊന്നിനെ ഉണ്ടാക്കുന്നത് എന്നർഥം. അതില്ലാതെ ഒന്നും ഉണ്ടാകുന്നില്ലയോ അവസ്ഥാന്തരം പ്രാപിച്ച് ഉണ്ടാവുകയും വിഘടിക്കുകയും ചെയ്യുന്നതേതോ അതാണ് ഉപാദാന കാരണം. സാധാരണ കാരണം എന്നു പറയുന്നത് ഉണ്ടാക്കുന്നതിന് വഴിയും സാമാന്യ ലക്ഷ്യവുമാകുന്നതിനെയാണ്. നിമിത്തകാരണം രണ്ടു വിധത്തിലുണ്ട്. സൃഷ്ടിയിലുള്ള സമസ്തവസ്തുക്കളെയും ഉപാദാനകാരണത്തിൽ നിന്ന് ഉണ്ടാക്കുകയും നിലനിർത്തുകയും നശിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന ഈശ്വരനാണ് ഏറ്റവും മുഖ്യമായ ആദി നിമിത്തകാരണം. രണ്ടാമത്തേത്, ഈശ്വരന്റെ സൃഷ്ടിയിലുള്ള വസ്തുക്കളാൽ വിവിധ കാര്യാന്തരങ്ങളുണ്ടാക്കുന്ന സാധാരണ നിമിത്തകാരണമായ ജീവാത്മാവാണ്. സകല ലോകങ്ങളേയും നിർമ്മിക്കുവാനുള്ള സാമഗ്രിയായ പ്രകൃതിയെന്ന പരമാണുക്കളാണ് ഉപാദാന കാരണം. അചേതനമായ അതിന് സ്വയം ഉണ്ടാകുവാനോ നശിക്കുവാനോ കഴിവില്ല. അത് മറ്റൊരാൾ ഉണ്ടാക്കിയാൽ ഉണ്ടാവുകയും നശിപ്പിച്ചാൽ നശിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ജഡനിമിത്തത്തിൽ നിന്ന് ജഡവസ്തു ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യാറുണ്ട്. ഈശ്വര രചിതമായ വിത്ത് മണ്ണിൽവീണ് ജലം കിട്ടുമ്പോൾ മുളച്ച് മരമായിത്തീരുന്നു. അഗ്നി മുതലായ അചേതനവസ്തുക്കൾ നിമിത്തം അവ നശിക്കുകയും ചെയ്യുന്നു. എന്നാൽ ഇവയുടെ നിയമപൂർവകമായ നിർമ്മാണവും നാശവും ഈശ്വരന്റെയോ, ജീവന്റെയോ അധീനതയിലാണ്. ഒരു വസ്തുവിന്റെ നിർമ്മാണത്തിൽ ജ്ഞാനം, ദർശനം, ബലം ഹസ്തം മുതലായ വിവിധ സാധനങ്ങളും ദേശം, കാലം, ആകാശം എന്നിവയും സാധാരണ കാരണങ്ങളാണ്. ഉദാഹരണത്തിന് കുടം ഉണ്ടാക്കുമ്പോൾ കുശവൻ നിമിത്തകാരണവും, മണ്ണ് ഉപാദാനനികാരണവും, റാട്ട്, ചക്രം തുടങ്ങിയ ഉപകരണങ്ങൾ സാമാന്യനിമിത്തവും ദേശം, കാലം, ആകാശം, പ്രകാശം, കണ്ണ്, കൈയ്യ്, ജ്ഞാനം, ക്രിയ എന്നിവയെല്ലാം സാധാരണ നിമിത്തകാരണവും ആകുന്നു. ഈ മൂന്നു കാരണങ്ങൾ കൂടാതെ യാതൊന്നും ഉണ്ടാവുകയോ നശിക്കുകയോ ഇല്ല.

ഈശ്വരൻ ജഗത്തിന്റെ ഉപാദാനവും നിമിത്തവുമോ?

ചോദ്യം:- നവീന വേദാന്തികൾ ഈശ്വരനെ ജഗത്തിന്റെ നിമിത്തകാരണമായും ഉപാദാനകാരണമായും ഗണിക്കുന്നുണ്ടല്ലോ.

യഥോർണ്ണനാഭി സൃജതേ ഗൃഹ്ണതേ ച (മുണ്ഡ. 1. 1. 7) ഇത് ഉപനിഷദ്വചനമാണ്. ചിലന്തി പുറമേനിന്നു യാതൊരു പദാർത്ഥവും എടുക്കാതെ, തന്റെ ശരീരത്തിൽ നിന്നു നിർഗ്ഗളിക്കുന്ന നൂൽ കൊണ്ടു വലയുണ്ടാക്കി, അതിൽ സ്വയം കളിച്ചു കൊണ്ടിരിക്കുന്നതുപോലെ ബ്രഹ്മവും തന്നിൽ തന്നെ ജഗത്തിനെ സൃഷ്ടിച്ച് സ്വയം ജഗത്സ്വരൂപനായി ക്രീഡിച്ചു കൊണ്ടിരിക്കുകയാണ്. "ഞാൻ അനേക വിധത്തിലുള്ളവൻ-ജഗദാകാരൻ- ആയിത്തീരും" എന്നിങ്ങനെ ഇച്ഛിച്ച് ആ ബ്രഹ്മം തന്നെ കേവലം സങ്കല്പം കൊണ്ടുമാത്രം സർവജഗത്സ്വരൂപനായി പരിണമിക്കുകയാണു ചെയ്തിട്ടുള്ളത്. എന്തെന്നാൽ:- ആദാവന്തേ ച യന്നാസ്തി വർത്തമാനേപി തത്തഥാ.[2] മാണ്ഡൂക്യകാരികയാണിത്. മുമ്പ് ഉണ്ടാകാത്തതും ഒടുവിൽ ഇല്ലാത്തതുമായ വസ്തു വർത്തമാനത്തിലും ഇല്ലാത്തതാണ്. സൃഷ്ടിയുടെ ആദിയിൽ ജഗത്ത് ഉണ്ടായിരുന്നില്ല. ബ്രഹ്മം ഉണ്ടായിരുന്നുതാനും. പ്രളയത്തിന്റെ അവസാനത്തിൽ ലോകം നിലനില്ക്കുകയില്ല, ബ്രഹ്മം മാത്രമേ ശേഷിക്കുകയുള്ളൂ. അപ്പോൾ വർത്തമാനകാലത്തിൽ ജഗത്തു മുഴുവനും എന്തുകൊണ്ടു ബ്രഹ്മമല്ല?

ഉത്തരം:- നിങ്ങൾ പറയുന്നപ്രകാരം ബ്രഹ്മം ജഗത്തിന്റെ ഉപാദാനകാരണമാണെങ്കിൽ, അത് പരിണാമവിധേയവും അവസ്ഥാന്തരമുള്ളതും, മാറ്റത്തിനു വിധേയവും ആണെന്നു വരും. കൂടാതെ ഉപാദാനകാരണത്തിന്റെ ഗുണകർമസ്വഭാവങ്ങൾ കാര്യത്തിലും വന്നുകൂടും. **കാരണഗുണപൂർവകഃ കാര്യഗുണോ ദൃഷ്ട (വൈ. ദ. 2. 1. 24)** ഉപാദാനകാരണത്തിന്റെ ഗുണങ്ങൾക്കു സദൃശമായ ഗുണങ്ങൾ കാര്യത്തിലും ഉണ്ടാകും. ബ്രഹ്മം സച്ചിദാനന്ദസ്വരൂപമാണ്. ജഗത്തു കാര്യരൂപമാകയാൽ അസത്തും ജഡവും ആനന്ദരഹിതവും ആണ്. ബ്രഹ്മം ജനിക്കാത്തതാണ്. ജഗത്ത് ഉണ്ടായതാണ്. ബ്രഹ്മം അദൃശ്യവും ജഗത്ത് ദൃശ്യവുമാണ്. ബ്രഹ്മം അഖണ്ഡവും ജഗത്ത് ഖണ്ഡവുമാണ്. പൃഥിവി തുടങ്ങിയ കാര്യങ്ങളെല്ലാം ബ്രഹ്മത്തിൽ നിന്ന് ഉണ്ടായതാണെങ്കിൽ അവയിലുള്ള ജഡ



ത്വാദി ഗുണങ്ങൾ ബ്രഹ്മത്തിലും ഉണ്ടാകും. അവ അചേതനമായിരിക്കുന്നതുപോലെ ബ്രഹ്മവും അചേതനമാണെന്നു വരും. ഇശ്വരൻ ചേതനമാകയാൽ പൃഥിവ്യാദികളും ചേതനമാണെന്നു വരും. ചിലന്തിയുടെ ഉദാഹരണം നിങ്ങളുടെ മതത്തെ സാധൂകരിക്കുന്നതിനു പകരം, ഖണ്ഡിക്കുകയാണു ചെയ്യുന്നത്. ജഡരൂപമായ ശരീരം നൂലിന്റെ ഉപാദാന കാരണമാണ്. ജീവാത്മാവ് നിമിത്തകാരണവും അതും ഈശ്വരന്റെ അത്ഭുതകരമായ സൃഷ്ടിയുടെ മഹത്വമാണ്. മറ്റൊരു ശരീരത്തിൽ നിന്നും നൂലുണ്ടാക്കാൻ ജീവാത്മാവിനു സാധിക്കുന്നില്ല. അതുപോലെ തന്നെ, വ്യാപകമായ ബ്രഹ്മം തന്നിലുള്ളതും വ്യാപ്യവുമായ പ്രകൃതി, പരമാണുക്കൾ എന്നീ കാരണങ്ങളിൽ നിന്നു സ്ഥൂലജഗത്തിനെ സൃഷ്ടിച്ച് ബാഹ്യമായി സ്ഥൂലമാക്കിയിട്ട് സ്വയം സാക്ഷിയായി അതിലെങ്ങും നിറഞ്ഞുനിന്ന് ആനന്ദമയമായി വർത്തിക്കുന്നു. **"ഞാൻ സകല ജഗത്തിനേയും സൃഷ്ടിച്ചു പ്രസിദ്ധനാകും"** എന്നിങ്ങനെ ഈശ്വരൻ ഈക്ഷണം ചെയ്താൽ അതായത് ആഗ്രഹിക്കുകയോ, ദർശിക്കുകയോ, വിചാരിക്കുകയോ, കാമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ താല്പര്യമിതാണ്:- ജഗത്ത് ഉണ്ടാകുമ്പോൾ മാത്രമേ ജീവാത്മാക്കളുടെ വിചാരം, ജ്ഞാനം, ധ്യാനം, ഉപദേശം, ശ്രവണം എന്നിയാൽ ഈശ്വരൻ പ്രസിദ്ധനാവുകയും അനേകം സ്ഥൂലപദാർത്ഥങ്ങളോടുകൂടി വർത്തിക്കുകയും ചെയ്യുന്നുള്ളൂ. പ്രളയാവസ്ഥയിൽ ഈശ്വരനും മുക്തരായ ജീവാത്മാക്കളുമല്ലാതെ മറ്റാരും ബ്രഹ്മത്തെ അറിയുന്നില്ല. അതിനാൽ ഈ കാരിക(ഭ്രമജന്യമാണ്. സൃഷ്ടിക്കുമുമ്പുള്ള പ്രളയകാലത്ത് ജഗത്ത് ഉണ്ടായിരുന്നില്ല. സൃഷ്ടിയുടെ അവസാനത്തിൽ, അതായത് പ്രളയത്തിന്റെ ആരംഭം മുതൽ അടുത്ത സൃഷ്ടി ഉണ്ടാകുന്നതുവരെ ജഗത്തിന്റെ കാരണം സൂക്ഷ്മമായി അപ്രസിദ്ധമായിരിക്കുന്നു.

തമ ആസീത്തമസാ ഗൂൾഹമഗ്രേ (ഋ. 10. 129. 3) ആസീദിദം തമോ ഭൂതമപ്രജ്ഞാതമലക്ഷണം അപ്രതർക്യമ വിജ്ഞേയം പ്രസുപ്തമിവ സർവത (മനു. 1. 5)

ഈ ജഗത്തു മുഴുവനും സൃഷ്ടിക്കുമുമ്പത്തെ പ്രളയത്തിൽ അന്ധകാരത്താൽ ആവൃത(ആച്ഛാദിത)മായിരുന്നു. പ്രളയാരംഭശേഷവും അങ്ങനെതന്നെയായിരിക്കും. ആ സമയത്ത് ഇതാരുടെയും അറിവിലോ, ഭാവനയിലോ കൊണ്ടുവരാനോ ഇന്ദ്രിയവേദ്യമാകാനോ തക്കവണ്ണം, സ്പഷ്ടമായ ചിഹ്നങ്ങളോടു കൂടിയതും ആയിരുന്നില്ല. ആവുകയുമില്ല. വർത്തമാനകാലത്തിൽ മാത്രമേ ജഗത്തിനെ അറിയാൻ കഴിയൂ. സ്പഷ്ടമായ അടയാളങ്ങളോടുകൂടി അറിയാറാവുമ്പോൾ മാത്രമേ ഉള്ളതുപോലെ അറിയാൻ കഴിയുകയുള്ളൂ. അതിനാൽ കാരികാ രചയിതാവ് വർത്തമാനത്തിലും ജഗത്തിന് അഭാവം ഉണ്ടെന്നു പറഞ്ഞത് തീർത്തും അപ്രാമാണികമാണ്. സൂക്ഷ്മമായി അറിയുന്നയാൾ പ്രമാണങ്ങൾ മുഖേന അറിയുന്നതും പ്രാപിക്കുന്നതും ഒരിക്കലും വിപരീത വിധത്തിലാകാൻ വഴിയില്ല.

സൃഷ്ടിയുടെ പ്രയോജനം

ചോദ്യം:- ജഗത്തിനെ നിർമ്മിക്കുന്നതു കൊണ്ട് ഈശ്വരന് എന്താണ് പ്രയോജനം?

ഉത്തരം:- നിർമ്മിക്കാതിരിക്കുന്നതുകൊണ്ട് എന്താണു പ്രയോജനം?

ചോദ്യം:- ജഗത്തിനെ നിർമ്മിക്കാതിരുന്നാൽ ഈശ്വരന് ആനന്ദത്തിൽ നിമഗ്നനാകാം. ജീവാത്മാക്കൾക്കു സുഖദുഃഖങ്ങൾ ഉണ്ടാവുകയുമില്ല.

ഉത്തരം:- അലസരും ദരിദ്രരുമായ ആളുകളേ ഇങ്ങനെ പറയൂ. പുരുഷാർഥികൾ പറയുകയില്ല. പ്രളയാവസരത്തിൽ ജീവാത്മാക്കൾക്ക് സുഖമോ ദുഃഖമോ? സൃഷ്ടിയിലെ സുഖദുഃഖങ്ങളെ താരതമ്യം ചെയ്തുനോക്കിയാൽ സുഖം ദുഃഖത്തേക്കാൾ എത്രയോ മടങ്ങ് അധികമാണ് എന്നു കാണാം. സൃഷ്ടിയുള്ളപ്പോൾ അനേകം പരിശുദ്ധരായ ജീവാത്മാക്കൾ മോക്ഷോപായങ്ങൾ സാധനചെയ്ത് മോക്ഷത്തിന്റെ ആനന്ദം നേടുന്നു. കൊള്ളരുതാത്തവർ സദാ ഉറങ്ങിക്കിടക്കുന്നതുപോലെ പ്രളയത്തിൽ ജീവാത്മക്കൾ നിഷ്ക്രിയരായിരിക്കുന്നു. പൂർവസൃഷ്ടിയിലെ ജീവാത്മാക്കൾക്കു പുണ്യപാപകർമങ്ങളുടെ ഫലം കൊടുക്കുവാൻ ഈശ്വരന് എങ്ങനെ കഴിയും? ജീവാത്മാക്കൾ അതെങ്ങനെ അനുഭവിക്കും? കണ്ണുകൊണ്ടെന്തു പ്രയോജനം എന്ന ചോദ്യത്തിന് കാഴ്ച എന്നല്ലേ ഉത്തരം പറയൂ? അതുപോലെ, ജഗത്സൃഷ്ടിക്കുള്ള ജ്ഞാനം, ബലം, ക്രിയാശക്തി എന്നിവ ഈശ്വരനുള്ളതുകൊണ്ട് ജഗത്നിർമാണമല്ലാതെ മറ്റെന്തു പ്രയോജനം? വേറെ പ്രയോജനമുണ്ടെന്നു പറയുവാൻ കഴിയുകയില്ലല്ലോ? കൂടാതെ ഈശ്വരന്റെ ന്യായം, ദയ മുതലായ ഗുണങ്ങൾ സൃഷ്ടിയിലെ സാർഥകമാവുകയുള്ളൂ. ഈശ്വരന്റെ അനന്തമായ സാമർഥ്യം ജഗ

ത്തിന്റെ സൃഷ്ടി സ്ഥിതി പ്രളയങ്ങളുടെ നിർവ ഹണത്തിലൂടെ മാത്രമേ സഫലമാവൂ. കണ്ണിന്റെ സ്വാഭാവിക ഗുണമാണ് കാഴ്ച. അതുപോലെ ഈശ്വരന്റെ സ്വാഭാവികഗുണം ജഗത്തിനെ സൃഷ്ടിച്ച് ജീവാത്മാക്കൾക്കെല്ലാം അസംഖ്യം പദാർഥങ്ങൾ നല്കി പരോപകാരം ചെയ്യുകയത്രേ.

ചോദ്യം:- വിത്തോ മരമോ ആദ്യം ഉണ്ടായത്?

ഉത്തരം:- വിത്താണ്. എന്തെന്നാൽ വിത്ത്, ഹേതു, നിദാനം, നിമിത്തം, കാരണം മുതലായ പദങ്ങളെല്ലാം ഒരേ അർഥത്തെ കുറിക്കുന്നു. വിത്ത് എന്നതു കാരണത്തിന്റെ മറ്റൊരു പര്യായം മാത്രം. അതിനാൽ അതു കാര്യത്തിനു മുമ്പു തന്നെ ഉണ്ടാകണം.

ചോദ്യം:- സർവശക്തിമാനാകയാൽ ഈശ്വരന് കാരണങ്ങളേയും ജീവാത്മാക്കളേയും ഉത്പാദിപ്പിക്കുവാൻ കഴിയും. കഴിയുകയില്ലെങ്കിൽ സർവശക്തിമാനായിരിക്കുകയില്ല.

ഉത്തരം:- സർവശക്തിമാൻ എന്നതിന്റെ അർഥം മുമ്പ് എഴുതിയിട്ടുണ്ട്. അസംഭവമായ കാര്യങ്ങൾ കൂടിചെയ്യുന്നതാണോ സർവശക്തിമാൻ എന്നു പറയുന്നതിനു കാരണം? കാരണം കൂടാതെ കാര്യം നിർമിക്കുക മുതലായ അസംഭവ കൃത്യങ്ങൾ നടത്തുവാൻ ഒരാൾക്കു കഴിയുമെങ്കിൽ യാതൊരു കാരണവും കൂടാതെ മറ്റൊരു ഈശ്വരനെ സൃഷ്ടിക്കുവാനോ, ആത്മഹത്യ ചെയ്യാനോ, ദുഃഖിതനാകുവാനോ അന്യായകാരിയും അപരിശുദ്ധനും ദുരാചരിയും ആയിത്തീരുവാനോ ശക്തനാകുമോ ഇല്ലയോ? അഗ്നിയുടെ ചൂട്, വെള്ളത്തിന്റെ തണുപ്പ് മുതലായ സ്വാഭാവികനിയമങ്ങളെ മാറ്റുവാനും പൃഥിവ്യാദി ജഡവസ്തുക്കളെ വിപരീതഗുണമുള്ളവയാക്കുവാനും ഈശ്വരനുകൂടി കഴിയുകയില്ല. ഈശ്വരന്റെ നിയമങ്ങൾ സത്യവും പൂർണവുമാകയാൽ അവ പരിവർത്തനം ചെയ്യാൻ സാധ്യമല്ല. അതിനാൽ സർവശക്തിമാൻ എന്നതിന്റെ അർഥം മറ്റാരുടെയും സഹായം കൂടാതെ സ്വന്തം കാര്യങ്ങൾ പൂർണമായി ചെയ്യുവാൻ ശക്തൻ എന്നാണ്.

നിരാകാരൻ- സാകാരനല്ല

ചോദ്യം:- ഈശ്വരൻ സാകാരനോ നിരാകാരനോ? നിരാകാരനാണെങ്കിൽ കൈയ്യും മറ്റ് ഉപകരണങ്ങളൊന്നും ഇല്ലാത്തതുകൊണ്ട് ജഗത് സൃഷ്ടി സാധ്യമേയല്ല. സാകാരനാണെങ്കിൽ ഈ ദോഷമില്ല.

ഉത്തരം:- ഈശ്വരൻ നിരാകാരനാകുന്നു. സാകാരൻ അതായത് ശരീരമുള്ളവൻ ആണെങ്കിൽ അത് ഈശ്വരനല്ല. എന്തെന്നാൽ ശരീരമുള്ളവന് ശക്തിയിൽ പരിമിതിയും ദേശം, കാലം എന്നിവയിൽ പരിച്ഛിന്നതയും, വിശപ്പ്, ദാഹം ഛേദനം, ഭേദനം, ശീതോഷ്ണംജ്വരം പീഡ മുതലായവയും ഉണ്ടായിരിക്കും. അങ്ങനെയുള്ളതിൽ ജീവന്റെ ഗുണങ്ങളല്ലാതെ ഈശ്വരന്റെ ഗുണങ്ങളൊന്നും ഒരിക്കലും ചേരുകയില്ല. സാകാരരായ- അഥവാ ശരീരമുള്ളവരായ നാം- ത്രസരേണു അണു പരമാണു പ്രകൃതി എന്നിവയെ സ്വാധീനമാക്കുവാൻ ശക്തരാകാത്തതുപോലെ സ്ഥൂലദേഹമുള്ള ഈശ്വരനും ആ സൂക്ഷ്മപദാർത്ഥങ്ങളിൽ നിന്ന് സ്ഥൂലജഗത്തിനെ സൃഷ്ടിക്കുവാൻ ശക്തനാവുകയില്ല. ഭൗതിക ഇന്ദ്രിയങ്ങളും കൈകാലുകൾ മുതലായ അവയവങ്ങളും ഇല്ലെങ്കിലും അളവറ്റ ബലപരാക്രമങ്ങളുള്ള ഈശ്വരൻ അവയേക്കൊണ്ട് ജീവാത്മാവിനും പ്രകൃതിക്കും അശക്യമായ സകല കർമങ്ങളും ചെയ്യുവാൻ ശക്തനാകുന്നു. പ്രകൃതിയേക്കാൾ സൂക്ഷ്മതരനായി പ്രകൃതിയിലെങ്ങും വ്യാപിച്ച് വർത്തിച്ച് പ്രകൃതിയെ ജഗത്തിന്റെ ആകൃതിയിലാക്കുകയാണ് ഈശ്വരൻ ചെയ്യുന്നത്.

ചോദ്യം:- മനുഷ്യരുടേയും മറ്റും അച്ഛനമ്മമാർ ആകാരമുള്ളവരാണ്. അവരുടെ സന്താനങ്ങളും സാകാരരാണ്. അവർ നിരാകാരരാണെങ്കിൽ അവരുടെ മക്കളും നിരാകാരരായിരിക്കും. അതുപോലെ ഈശ്വരൻ നിരാകാരനാണെങ്കിൽ ഈശ്വരൻ സൃഷ്ടിച്ച ജഗത്തും നിരാകാരമായിരിക്കണം.

ഉത്തരം:- ഈ സംശയം ഒരു കുഞ്ഞിന്റേതുപോലുണ്ട്. ഈശ്വരൻ ജഗത്തിന്റെ ഉപാദാനകാരണമല്ല നിമിത്തകാരണമാണെന്ന് ഇപ്പോൾ പറഞ്ഞതേയുള്ളൂ. സ്ഥൂലരൂപത്തിലുള്ള പ്രകൃതിയും പരമാണുക്കളുമാണ് ജഗത്തിന്റെ ഉപാദാനകാരണം. അവ തീർത്തും നിരാകാരങ്ങളല്ല. അവ ഈശ്വരനേക്കാൾ സ്ഥൂലവും മറ്റുള്ള കാര്യവസ്തുക്കളേക്കാൾ സൂക്ഷ്മവുമാണ്.

ചോദ്യം:- കാരണം കൂടാതെ കാര്യം സൃഷ്ടിക്കുവാൻ ഈശ്വരനു കഴിവില്ലേ?

ഉത്തരം:- ഇല്ല. എന്തെന്നാൽ, അഭാവത്തിന്റെ ഭാവം- ഇല്ലാത്തത്, ഉണ്ടാവുക എന്നത്- തീർത്തും അസംഭവമാണ്. വന്ധ്യയുടെ പുത്രനും വേറൊരു വന്ധ്യയുടെ പുത്രിയും തമ്മിൽ വിവാഹം ചെയ്യുന്നതു ഞാൻ കണ്ടു. അവർ മനുഷ്യന്റെ കൊമ്പു



കൊണ്ടുണ്ടാക്കിയ ഒരു വില്ലു പിടിച്ചിരുന്നു. അവർ രണ്ടുപേരും ആകാശപുഷ്പം കൊണ്ടുള്ള മാലകൾ ധരിച്ചിരുന്നു. അവർ ഇരുവരും ഗന്ധർവ നഗരത്തിൽ പാർക്കുകയും കാനൽ ജലത്തിൽ കുളിക്കുകയും ചെയ്തു. ആ ഗന്ധർവനഗരത്തിൽ മേഘമില്ലാതെ തന്നെ മഴയും മണ്ണുകൂടാതെ തന്നെ സകലസസ്യവിളകളും മറ്റും ഉണ്ടായിരുന്നു" എന്നുപറയുമ്പോലെയേയുള്ളൂ. കാരണം കൂടാതെ കാര്യം ഉണ്ടായി എന്നു പറയുന്നതും, **"മമ മാതാപിതരൗ നസ്തോഹമേവ ജാതഃ മമ മുഖേ ജിഹ്വാ നാസ്തിവദാമി ച"** എനിക്ക് അച്ഛനും അമ്മയും ഇല്ല. ഞാൻ ഇങ്ങനെയങ്ങുണ്ടായി. എനിക്കു നാവില്ലെങ്കിലും ഞാൻ സംസാരിക്കുന്നു. മാളത്തിൽ പാമ്പ് ഇല്ലായിരുന്നെങ്കിലും പുറത്തു വന്നു. ഞാനും ഇവരും ഒരിടത്തും ഉണ്ടായിരുന്നില്ല. എങ്കിലും ഞങ്ങളിങ്ങു വന്നു. ഇപ്രകാരമുള്ള നടക്കാത്ത കാര്യങ്ങൾ ഉന്മത്തഗീതം അഥവാ ഭ്രാന്തു പറയലാണ്.

കാരണത്തിനു കാരണമില്ല.

ചോദ്യം:- കാരണം കൂടാതെ കാര്യം ഉണ്ടാവുകയില്ലെങ്കിൽ കാരണത്തിന്റെ കാര്യം എന്താണ്?

ഉത്തരം:- കേവലം കാരണരൂപം മാത്രമായവ മറ്റൊന്നിന്റെയും കാര്യമാകുന്നില്ല. ഒന്നിന്റെ കാരണവും വേറൊന്നിന്റെ കാര്യവും ആകുന്നവ മറ്റൊരിനമായി[6] അറിയപ്പെടുന്നു. പൃഥിവി ഗൃഹം മുതലായവയുടെ കാരണവും ജലം മുതലായവയുടെ കാര്യവുമാണ്. എന്നാൽ മൂലകാരണമായ പ്രകൃതിക്ക് വേറെ കാരണമില്ല. അത് അനാദിയാണ്.

മൂലേ മൂലാഭാവാദമൂലം (സാംഖ്യ. 1. 67)

വേരിന് വേര് അതായതു കാരണത്തിനു കാരണം ഇല്ല. അതിനാൽ കാരണമില്ലാത്തത് എല്ലാ കാര്യങ്ങളുടേയും കാരണമാകുന്നു. എന്തെന്നാൽ ഏതെങ്കിലും ഒരു കാര്യം ഉണ്ടാകുന്നതിനു മുമ്പ് അതിനു മൂന്നു കാരണങ്ങൾ അവശ്യം വേണം. വസ്ത്രം നെയ്യുന്നതിന് നെയ്ത്തുകാരൻ, നൂൽ, തറിയന്ത്രങ്ങൾ മുതലായവ വേണം. അതുപോലെ ജഗത്തിന്റെ ഉത്പത്തിക്കുമുമ്പ് ഈശ്വരൻ, പ്രകൃതി, കാലം, ആകാശം, ജീവാത്മാക്കൾ എന്നിവയെല്ലാം അനാദിയായി ഉണ്ടെങ്കിലേ ജഗത്തിന്റെ ഉത്പത്തി ഉണ്ടാവുകയുള്ളൂ. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അഭാവത്തിൽ ജഗത്ത് ഉണ്ടാവുകയില്ല.

അത്ര നാസ്തികാ ആഹുഃ:- നാസ്തികർ പറയുന്നു.

1. ശൂന്യം തത്വം ഭാവോf പി വിനശ്യതി വസ്തു ധർമത്വാദ്വിനാശസ്യ[] [7] **(സാംഖ്യം)**

2. അഭാവാത്ഭാവോത്പത്തിർനാനുപമൃദ്യ പ്രാദുർഭാവാത്.

3. ഈശ്വരഃ കാരണം പുരുഷകർമാഫല്യദർശനാത്.

4. അനിമിത്തതോ ഭാവോത്പത്തിഃ കണ്ടകതൈക്ഷ്ണ്യാദി ദർശനാത്.

5. സർവമനിത്യമുത്പത്തി വിനാശധർമകത്വാത്

6. സർവം നിത്യം പഞ്ചഭൂതനിത്യത്വാത്.

7. സർവം പൃഥഗ് ഭാവലക്ഷണ പൃഥക്ത്വാത്

8. സർവമഭാവോ ഭാവേഷ്വിതരേതരാഭാവ സിദ്ധേഃ (ന്യായ. 4. 1)[] [8]

നാസ്തികർ പറയുന്നു:-

(1-ാം നാസ്തികൻ) ശൂന്യം എന്നൊരു പദാർത്ഥമേയുള്ളൂ. സൃഷ്ടിക്കുമുമ്പ് ശൂന്യമായിരുന്നു. സൃഷ്ടിക്കു ശേഷവും ശൂന്യമേ ഉണ്ടാവൂ. എന്തെന്നാൽ ഇപ്പോഴുള്ള ഭാവം -അഥവാ വർത്തമാനത്തിലുള്ള വസ്തു- ഇല്ലാതാകുമ്പോൾ ശൂന്യതയേ ശേഷിക്കൂ.

ഉത്തരം:- ആകാശം അദൃശ്യമായിട്ടുള്ളത്. ഒഴിഞ്ഞിടം, ബിന്ദു എന്നിവയ്ക്കെല്ലാം ശൂന്യമെന്നു പറയുന്നു. ശൂന്യം അചേതനവസ്തുവാണ്. ഈ ശൂന്യത്തിൽ എല്ലാ പദാർഥങ്ങളും അദൃശ്യമാണ്. ഒരു ബിന്ദുവിൽ നിന്നു രേഖയും പലരേഖകളെക്കൊണ്ട് വൃത്താകാരവും ഉണ്ടാകുന്നതുപോലെ ഭൂമി, പർവതം, മുതലായവയെല്ലാം ഈശ്വരന്റെ രചനയിൽ നിന്നുണ്ടാകുന്നു. കൂടാതെ ശൂന്യത്തെ അറിയുന്നവൻ ശൂന്യനായിരിക്കുകയുമില്ല.

രണ്ടാം നാസ്തികൻ:- അഭാവത്തിൽ നിന്നാണ് ഭാവം ഉണ്ടാകുന്നത്. വിത്തിനെ വികസിപ്പിക്കാതെ മുള ഉണ്ടാകുന്നില്ല. വിത്തു പിളർന്നുനോക്കിയാൽ അതിൽ മുള കാണുന്നില്ല. അങ്കുരം കാണാത്തതുകൊണ്ട് അഭാവത്തിൽ നിന്നാണ് ഭാവം ഉണ്ടാകുന്നതെന്നു വരുന്നു.

ഉത്തരം:- ബീജത്തെ വികസിപ്പിക്കുന്നതേതോ അത് ആദ്യം തന്നെ ബീജത്തിൽ ഉണ്ടായിരുന്നു.

6 പ്രകൃതി - വികൃതി എന്നർഥം

7 സൂത്രം 1.44

8. ന്യായദർശനം 4-ാം അധ്യായം ആഹ്നികം 1. സൂത്രങ്ങൾ 14, 19, 22, 25, 29, 34, 37, 39

അല്ലെങ്കിൽ ഒരിക്കലും മുളയ്ക്കുകയില്ല.

കർമഫലം

മൂന്നാം നാസ്തികൻ:- കർമം ചെയ്യുന്നതു കൊണ്ട് ഫലം ഒരുവന് കിട്ടുന്നില്ല. എത്രയോ കർമങ്ങൾ നിഷ്ഫലമായി കാണുന്നുണ്ട് അതിനാൽ കർമഫലപ്രാപ്തി ഈശ്വരാധീനമാണെന്ന് അനുമാനിക്കാം. ഏതു കർമത്തിന്റെ ഫലം കൊടുക്കണമെന്ന് ഈശ്വരനു തോന്നുന്നുവോ അതിന്റെ ഫലം മാത്രം നൽകുന്നു. കൊടുക്കാനിഷ്ടമില്ലാത്ത കർമത്തിന്റെ ഫലം കൊടുക്കുന്നില്ല. അതിനാൽ കർമഫലം ഈശ്വരാധീനമാണ്.

ഉത്തരം:- കർമഫലം ഈശ്വരാധീനമാണെങ്കിൽ കർമം ചെയ്യാതെ തന്നെ ഈശ്വരൻ എന്തുകൊണ്ടു ഫലം നൽകുന്നില്ല? അതുകൊണ്ട് എന്തു കർമമാണോ മനുഷ്യർ ചെയ്യുന്നത് അതിന്റെ ഫലമാണ് ഈശ്വരൻ കൊടുക്കുന്നത്. അതിനാൽ സ്വതന്ത്രനായി - സ്വേച്ഛാപൂർവം- ഈശ്വരൻ കർമഫലം കൊടുക്കുന്നില്ല. ജീവൻ ചെയ്യുന്ന കർമങ്ങൾക്കനുസരിച്ച് ഈശ്വരൻ ഫലം നൽകുന്നു.

നാലാം നാസ്തികൻ:- കാരണം കൂടാകെ പദാർഥങ്ങൾ ഉണ്ടാകുന്നു. മുള്ളിലവു പോലുള്ള ചില മരങ്ങൾക്ക് ആണിപോലുള്ള മുള്ളുകളുണ്ട്.[] [9] സൃഷ്ടിയുടെ ആരംഭം ഉണ്ടാകുമ്പോഴെല്ലാം ശരീരാദിവസ്തുക്കൾ കാരണം കൂടാതെ ഉണ്ടാകുന്നുവെന്ന് ഇതിൽ നിന്നു ഗ്രഹിക്കാം.

ഉത്തരം:-ഏതിൽ നിന്നാണോ ഒരു വസ്തുവിന്റെ ഉത്പത്തി. അതാണ് അതിന്റെ കാരണം. മുള്ളിലവിലല്ലാതെ മുള്ളുണ്ടാകാത്തതെന്തുകൊണ്ടാണ്?

അഞ്ചാം നാസ്തികൻ:- സകലവസ്തുക്കളും ഉത്പത്തിയും വിനാശവും ഉള്ളവയാണ്. അതിനാൽ എല്ലാം അനിത്യമാകുന്നു.

ശ്ലോകാർദ്ധേന പ്രവക്ഷ്യാമി യദുക്തം ഗ്രന്ഥകോടിഭിഃ ബ്രഹ്മസത്യം ജഗന്മിഥ്യാ ജീവോ ബ്രഹ്മൈവനാപരഃ

ഏതോ ഗ്രന്ഥത്തിലുള്ളതാണ് ഈ ശ്ലോകം.[] [10] ഇക്കാലത്തെ വേദാന്തികൾ അഞ്ചാമത്തെ നാസ്തികന്റെ കൂട്ടത്തിൽ പെടും എന്തെന്നാൽ അവർ പറയുന്നത്:- ബ്രഹ്മം സത്യവും ജഗത്ത് മിഥ്യയും ആണ്. ജീവനും ബ്രഹ്മവും തമ്മിൽ ഭേദമില്ല. അനേകകോടി ഗ്രന്ഥങ്ങളുടെ സിദ്ധാന്തമാണിതെന്നത്രേ.

ഉത്തരം:- എല്ലാ പദാർഥങ്ങളുടെയും അനിത്യത നിത്യമാണെങ്കിൽ എല്ലാം അനിത്യമാകാൻ വഴിയില്ല.

ചോദ്യം:- എല്ലാത്തിന്റെയും അനിത്യതയും അനിത്യമാണ്. അഗ്നി വിറകിനെ എരിച്ചിട്ട് സ്വയം കെട്ടുപോകുന്നതുപോലെ. [] [11]

ഉത്തരം:- പ്രത്യക്ഷമായി കാണാൻ കിട്ടുന്ന വസ്തു വർത്തമാനകാലത്തിൽ അനിത്യമാണെന്നും പരമസൂക്ഷ്മമായ കാരണം നിത്യമല്ലെന്നും ഒരിക്കലും പറഞ്ഞുകൂടാ. ജഗത്തിന്റെ ഉൽപത്തി ബ്രഹ്മത്തിൽ നിന്നാണെന്നു വേദാന്തികൾ വിശ്വസിക്കുന്ന പക്ഷം ബ്രഹ്മം സത്യമായതുകൊണ്ട് അതിൽ നിന്നുണ്ടാകുന്ന കാര്യം ഒരിക്കലും മിഥ്യയാവുകയില്ല. സ്വപ്നംപോലെയും കയറിൽ സർപ്പം പോലെയും വെറും സങ്കല്പമാണെന്നു പറയുന്നതും യുക്തിക്കുനിരക്കുന്നതല്ല. എന്തെന്നാൽ സങ്കല്പം ഗുണമാണ്. ഗുണത്തിൽ നിന്നു ദ്രവ്യം ഉണ്ടാവുകയില്ല. ഗുണം ദ്രവ്യത്തിൽ നിന്നുവേറിടുകയുമില്ല. സങ്കല്പത്തിന്റെ കർത്താവ് നിത്യനാണെങ്കിൽ സങ്കല്പവും നിത്യമായിരിക്കണം. അല്ലെങ്കിൽ സങ്കല്പത്തിന്റെ കർത്താവും അനിത്യനാണെന്നു ധരിക്കുക. കാണുകയോ കേൾക്കുകയോ ചെയ്യാത്തത് ഒരിക്കലും സ്വപ്നത്തിൽ വരികയില്ല. ജാഗ്രതവസ്ഥയിൽ-അഥവാ വർത്തമാനകാലത്ത് സാക്ഷാത്ബന്ധത്താൽ സത്യവസ്തുക്കളുടെ പ്രത്യക്ഷജ്ഞാനം ഉണ്ടായതിനുശേഷം അവയുടെ സംസ്കാരം- വാസനാരൂപത്തിലുള്ള ജ്ഞാനം- ആത്മാവിൽ പതിയുന്നു. സ്വപ്നത്തിൽ അവ അപ്രത്യക്ഷമാകുന്നു. സുഷുപ്തിയിൽ ബാഹ്യപദാർത്ഥങ്ങളുടെ ജ്ഞാനം ഇല്ലെങ്കിലും അവയുടെ സത്ത ഇല്ലാതാവുന്നില്ല. അതുപോലെ പ്രളയകാലത്തും കാരണദ്രവ്യം നിലനിൽക്കുന്നു. സംസ്കാരം കൂടാതെ സ്വപ്നം ഉണ്ടാകുമെങ്കിൽ ജന്മനാ അന്ധനും രൂപം സ്വപ്നം കാണും. അതിനാൽ സ്വപ്നത്തിൽ വസ്തുസംബന്ധമായ ജ്ഞാനം മാത്രമേയുള്ളൂ. എല്ലാം അപ്പോഴും ബഹിഃസ്ഥിതമാണ്.

9. ഇതിന് കർമഫലം കാരണമാകുന്നില്ലെന്നർഥം.

10. അഷ്ടാവക്ര ഗീത ശ്ലോകം 5.
ശങ്കരാചാര്യരുടേതെന്ന് പറയപ്പെടുന്ന ബ്രഹ്മനാമാവലിസ്തോത്രം ശ്ലോകം 20ൽ "ബ്രഹ്മ സത്യം ജഗന്മിഥ്യാ ജീവോ ബ്രഹ്മൈവനാപരഃ." എന്നു പാഠം.

11. ന അനിത്യതാ നിത്യത്വാത് (ന്യായം 4.1.26)

ചോദ്യം:- ജാഗ്രദവസ്ഥയിലുള്ള പദാർഥങ്ങൾ സ്വപ്നത്തിലും, രണ്ടവസ്ഥയിലുമുള്ളത് സുഷുപ്തിയിലും, അനിത്യമായിത്തീരുന്നുണ്ടല്ലോ. അതുപോലെ ജാഗ്രദവസ്ഥയിൽ അറിയുന്നവയും സ്വപ്നതുല്യങ്ങളായി വിചാരിക്കണം.

ഉത്തരം:- അതു സാധ്യമേയല്ല. എന്തെന്നാൽ, സ്വപ്നത്തിലും സുക്ഷുപ്തിയുലും ബാഹ്യപദാർഥങ്ങളുടെ അജ്ഞാനം മാത്രമേ ഉള്ളൂ, അഭാവം ഇല്ല. ഒരാളിന്റെ പിൻഭാഗത്ത് ഇരിക്കുന്ന അനേകം വസ്തുക്കൾ അവൻ കാണാത്തതുകൊണ്ട് അവയുടെ അഭാവം ഉണ്ടാകുന്നില്ല. സ്വപ്നസുക്ഷുപ്തികളിലെ അവസ്ഥയും ഇതുതന്നെ. അതിനാൽ മുമ്പു പറഞ്ഞു വന്നപോലെ ബ്രഹ്മം, ജീവൻ, ജഗത്തിന്റെ കാരണം എന്നിവ നിത്യമാണെന്നതുതന്നെയാണ് സത്യം.

ആറാം നാസ്തികൻ:- പഞ്ചഭൂതങ്ങൾ നിത്യങ്ങളാകയാൽ ജഗത്തുമുഴുവനും നിത്യമാണ്.

ഉത്തരം:- ഇതു ശരിയല്ല. എന്തെന്നാൽ ഉൽപത്തി വിനാശങ്ങൾക്കുള്ള കാരണം കാണാൻ കഴിയുന്നതെല്ലാം നിത്യങ്ങളാകുമെങ്കിൽ സ്ഥൂല ജഗത്തും, സ്ഥൂലശരീരം, കുടവും മുണ്ടും എന്നിവയ്ക്കെല്ലാം ഉല്പത്തി വിനാശങ്ങളുള്ളതാകയാൽ അവയെല്ലാം നിത്യങ്ങളായിത്തീരും. അതിനാൽ കാര്യങ്ങൾക്കു നിത്യത്വം സ്വീകാര്യമല്ല.

ഏഴാം നാസ്തികൻ:- സകലപദാർഥങ്ങളും വെവ്വേറെയാണ്. ഏകവസ്തു ഒന്നുമില്ല. നാം കാണുന്ന വസ്തുക്കളിലൊന്നിലും മറ്റൊരു വസ്തു കാണുന്നതേയില്ല.

ഉത്തരം:- അവയവങ്ങളിലെ അവയവി, വർത്തമാനകാലം, ആകാശം, ഈശ്വരൻ എന്നിവ വെവ്വേറെയുള്ള പദാർഥസമൂഹങ്ങളിൽ ഒന്നാണ്. അവയല്ലാതെ വേറെ ഒന്നുമില്ല. അതിനാൽ ഓരോന്നും വേറെയല്ല. രൂപത്തിൽ അവ വെവ്വേറെയാണെങ്കിലും വെവ്വേറെയുള്ള പദാർഥങ്ങളിൽ ഒരു ഏകവസ്തുകൂടിയുണ്ട്.

എട്ടാം നാസ്തികൻ:- സകലപദാർഥങ്ങളിലും അന്യോന്യഭാവം ഉള്ളതുകൊണ്ട് സർവവും അഭാവരൂപമാണ്. "അനശ്വോ ഗൗഃ അഗൗരശ്വഃ" എന്ന് ഉദാഹരണം. കാള കുതിരയല്ല. കുതിര കാളയല്ല. അതിനാൽ എല്ലാം അഭാവരൂപമെന്നു കരുതണം.

ഉത്തരം:- സകലപദാർഥങ്ങളിലും അന്യോന്യഭാവം ഉണ്ടായാലും **"ഗവി ഗൗ അശ്വേ അശ്വോ ഭാവരൂപോവർത്തത ഏവ"** കാളയിൽ കാളയും കുതിരയിൽ കുതിരയും ഭാവരൂപത്തിലുണ്ട്. അഭാവം ഒരിക്കലും വരികയില്ല. പദാർഥങ്ങൾക്ക് ഭാവമേ ഇല്ലെങ്കിൽ അന്യോന്യഭാവം എന്നുപറയുന്നതു തന്നെ എന്തിനേപ്പറ്റിയാണ്?

ഒൻപതാം നാസ്തികൻ:- ജഗത്തിന്റെ ഉല്പത്തി സ്വാഭാവികമാണ്. വെള്ളവും ചോറും ചേർത്തുവച്ചിരുന്നാൽ ചീഞ്ഞ് അതിൽ പുഴുക്കളുണ്ടാവും. വിത്തും വളവും മണ്ണും ചേർന്ന് പുല്ലും മരവും കല്ലുകളും ഉണ്ടാകുന്നു. കടലും, കാറ്റും ചേർന്ന് തിരമാലയും തിരമാലയിൽ നിന്നു കടൽനുരയും ഉണ്ടാകുന്നു. മഞ്ഞളും ചുണ്ണാമ്പും നാരങ്ങാനീരും കൂടി ചേർന്നാൽ സിന്ദൂരമുണ്ടാകും. ജഗത്തുമുഴുവനും അതുപോലെ പദാർഥങ്ങളുടെ സ്വാഭാവിക ഗുണങ്ങൾകൊണ്ട് ഉണ്ടായതാണ്. അതിന് നിർമാതാവില്ല.

ഉത്തരം:- ജഗത്തിന്റെ ഉൽപത്തി സ്വാഭാവികമാണെങ്കിൽ അതൊരിക്കലും നശിക്കുകയില്ല. സ്വഭാവം കൊണ്ടുതന്നെ വിനാശവും സംഭവിക്കുമെങ്കിൽ ഉല്പത്തിയേ ഉണ്ടാവുകയില്ല. ഉല്പത്തി വിനാശങ്ങൾ രണ്ടും ദ്രവ്യങ്ങളിൽ സ്വാഭാവികമായി ഒരുപോലെയുള്ളതായി വിചാരിച്ചാൽ അങ്ങനെയുള്ള ഉല്പത്തിവിനാശങ്ങളുടെ വ്യവസ്ഥ ഒരിക്കലും ഉണ്ടാവുകയില്ല. ഉല്പത്തിവിനാശങ്ങൾ നൈമിത്തികങ്ങളാണെന്നു കരുതിയാൽ, ആ നിമിത്തത്തെ ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നതിൽ നിന്നു ഭിന്നമായി കരുതണം. ഉല്പത്തിയും വിനാശവും സ്വാഭാവികമായി ഉണ്ടാകുന്നതാണെങ്കിൽ ഒരേ സമയം രണ്ടും കൂടി ഉണ്ടാവുക വയ്യ. സ്വാഭാവികമായുണ്ടാകുന്നതാണെങ്കിൽ ഈ ഭൂഗോളത്തിന്റെയടുത്ത് വേറൊരു ഭൂഗോളവും സൂര്യചന്ദ്രന്മാരും മറ്റും ഉണ്ടാകാത്തതെന്തുകൊണ്ട്? ഏതെല്ലാം ചേർന്ന് ഏതെല്ലാം ഉണ്ടാകുന്നുവോ അവയെല്ലാം ഈശ്വരനിർമിതമായ വിത്ത്, വെള്ളം, ചോറ് മുതലായവയുടെ സംയോഗത്താലുണ്ടാകുന്ന തൃണവൃക്ഷാദികളും, കൃമി മുതലായവയും ആണ്. അല്ലാതെ മറ്റാരുമുണ്ടാക്കിയതല്ല. മഞ്ഞൾ, ചുണ്ണാമ്പ്, നാരങ്ങാനീർ എന്നിവ ദൂരെ നിന്നുവന്ന് സ്വയം ഒന്നിച്ചുചേരുന്നില്ല. ചേർക്കാനൊരാളുണ്ടെങ്കിലേ ചേരൂ. വേണ്ടപോലെ കൂട്ടിച്ചേർത്താലേ സിന്ദൂരം ഉണ്ടാവൂ. അനുപാതം കൂടിയാലോ കുറഞ്ഞാലോ സിന്ദൂരം ഉണ്ടാവുകയില്ല. അതുപോലെ പ്രകൃതി, പരമാണുക്കൾ എന്നീ ജഡപദാർഥങ്ങളെ പരമേശ്വരൻ ജ്ഞാനത്തോടും യുക്തിയോടും കൂടി സംയോജിപ്പിക്കാതിരുന്നാൽ

കാര്യസിദ്ധിക്കുതകും വണ്ണം വിശേഷവസ്തുവായി പരിണമിക്കുവാൻ അവ ശക്തമാവുകയില്ല. അതിനാൽ സ്വാഭാവികമായല്ല ഈശ്വരന്റെ രചനകൊണ്ടാണ് സൃഷ്ടി ഉണ്ടാകുന്നത്.

ചോദ്യം:- ഇക്കാണുന്ന ജഗത്തിന് ഒരു കർത്താവ് ഉണ്ടായിരുന്നില്ല. ഇപ്പോഴില്ല, ഉണ്ടാവുകയുമില്ല. അനാദികാലം മുതൽ ഇത് ഇവ്വണ്ണം തന്നെ. ഇതിന് ഒരിക്കലും ഉത്പത്തി ഉണ്ടായിട്ടില്ല. വിനാശവും ഉണ്ടാവുകയില്ല.

ഉത്തരം:- കർത്താവില്ലാതെ ക്രിയയോ ക്രിയാജന്യമായ പദാർഥമോ ഉണ്ടാവുകയില്ല. പൃഥിവ്യാദികളായ ഏതെല്ലാം പദാർത്ഥങ്ങളിൽ സംയോഗനിമിത്തമായ രചന ദൃശ്യമാണോ അവയൊന്നും ഒരിക്കലും അനാദിയല്ല. സംയോഗം കൊണ്ട് ഉണ്ടാകുന്നത് സംയോഗത്തിനു മുമ്പ് ഉണ്ടായിരിക്കുകയില്ല. വിയോഗത്തിനു ശേഷം നിലനിൽക്കുകയുമില്ല, ഇതു ശരിയാണെന്നു തോന്നുന്നില്ലെങ്കിൽ വസ്തുക്കളിൽ ഏറ്റവും കഠിനമായ കരിങ്കല്ല്, വൈരക്കല്ല്, ഉരുക്ക് മുതലായ പദാർഥങ്ങളിൽ വിഭിന്ന പരമാണുക്കളെ കൂട്ടിച്ചേർത്തിട്ടുണ്ടോ എന്ന് അവയെ പിളർന്നു പൊടിച്ചു ഭസ്മമാക്കി നോക്കുക. കൂട്ടിച്ചേർപ്പുണ്ടെങ്കിൽ അവ നിശ്ചയമായും കാലക്രമേണ വേർപെട്ടുപോകും.

ചോദ്യം:- അനാദിയായ ഒരു ഈശ്വരൻ ഇല്ല. യോഗാഭ്യാസംകൊണ്ട് അണിമാദികളായ ഐശ്വര്യങ്ങൾ സമ്പാദിച്ചു സർവജ്ഞത്വം തുടങ്ങിയ ഗുണങ്ങളോടു കൂടിയ മുക്തിയെ പ്രാപിച്ച ജ്ഞാനിയായ ജീവാത്മാവു തന്നെയാണ് ഈശ്വരൻ.

ഉത്തരം:- ജഗത്തിനെ സൃഷ്ടിച്ചിട്ടുള്ളത് അനാദിയായ ഈശ്വരനല്ലെങ്കിൽ മുക്തി പ്രാപിച്ച ജീവാത്മാക്കൾക്ക് ആശ്രയവും ജീവനരൂപവുമായ ഈ ജഗത്ത്, ശരീരം, ഇന്ദ്രിയ ഗോളങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടാകും? ഇവയില്ലെങ്കിൽ ജീവാത്മാവിന് സാധന ചെയ്യാൻ കഴിയുകയില്ല. സാധനയില്ലെങ്കിൽ സിദ്ധനാകുന്നതെങ്ങനെ? ജീവാത്മാവ് സാധനയിലൂടെ സിദ്ധിയെ പ്രാപിച്ചാലും സ്വയം സനാതനവും, അനാദിയും, അനന്തസിദ്ധിയുമുള്ള ഈശ്വരനു തുല്യനാവുകയില്ല. ജീവാത്മാവിന്റെ ജ്ഞാനം അതിന്റെ പരമാവധിയിലെത്തിയാലും പരിമിതമായ ജ്ഞാനവും സാമർഥ്യവുമേ ലഭിക്കൂ. അനന്തജ്ഞാനവും സാമർഥ്യവും ലഭിക്കുകയില്ല. നോക്കൂ! ഒരു യോഗിയും ഇന്നുവരെ ഈശ്വരനിർമ്മിതമായ സൃഷ്ടിക്രമത്തെ മാറ്റാൻ ശക്തനായിട്ടില്ല. ആവുകയുമില്ല. കണ്ണുകൊണ്ടു കാണുക, ചെവികൊണ്ടു കേൾക്കുക, എന്നിങ്ങനെ അനാദിസിദ്ധനായ ഈശ്വരൻ ചെയ്തിട്ടുള്ള ഏർപ്പാടിനെ മാറ്റുവാൻ ഒരു യോഗിയും ശക്തനല്ല. അതിനാൽ ജീവൻ ഒരിക്കലും ഈശ്വരനാവുകയില്ല.

ചോദ്യം:- കല്പം തോറും ഈശ്വരൻ വിലക്ഷണമായ സൃഷ്ടിയോ അതോ ഒരേതരത്തിലുള്ള സൃഷ്ടിയോ നിർമിക്കുന്നത്?

ഉത്തരം:- ഇപ്പോഴത്തേതുപോലെ തന്നെ മുമ്പും. ഭാവിയിലും അങ്ങനെതന്നെ. മാറ്റമേ വരുത്തുകയില്ല.

സൂര്യാചന്ദ്രമസൗ ധാതാ യഥാ പൂർവകല്പയത് ദിവം ച പൃഥിവീം ചാന്തരിക്ഷമഥോ സ്വഃ (ഋ. 10. 190. 3)

(ധാതാ) ഈശ്വരൻ എങ്ങനെ പൂർവകല്പത്തിൽ സൂര്യൻ, ചന്ദ്രൻ, ഭൂമി, ആകാശം, മുതലായവയെ സൃഷ്ടിച്ചുവോ അതേവിധം ഈ കല്പത്തിലും സൃഷ്ടിച്ചിട്ടുണ്ട്. അങ്ങനെതന്നെ വരും കല്പത്തിലും സൃഷ്ടിക്കും. അതിനാൽ ഈശ്വരന്റെ പ്രവൃത്തികൾ ന്യൂനതകൂടാതെ സദാ ഒരു പോലിരിക്കുന്നു. അല്പജ്ഞനും വൃദ്ധിക്ഷയങ്ങളുള്ള ജ്ഞാനത്തിനുടമയും ആയവന്റെ പ്രവൃത്തികളിൽ ന്യൂനതകൾ ഉണ്ടായിരിക്കും ഈശ്വരന്റെ പ്രവൃത്തികളിൽ ഉണ്ടാവുകയില്ല.

ചോദ്യം:- സൃഷ്ടി വിഷയത്തെപ്പറ്റി വേദാദിശാസ്ത്രങ്ങളിൽ വൈരുദ്ധ്യമോ അവൈരുധ്യമോ ഉള്ളത്?

ഉത്തരം:- അവൈരുദ്ധ്യം

ചോദ്യം:- അവിരുദ്ധമെങ്കിൽ-

തസ്മാദ്വാ ഏതസ്മാദാത്മന ആകാശഃ സംഭൂതഃ ആകാശാദ്വായുഃ വായോരഗ്നിഃ അഗ്നേരാപഃ അദ്ഭ്യഃ പൃഥിവീ; പൃഥിവ്യാ ഓഷധയഃ ഓഷധിഭ്യോന്നം അന്നാദ്രേതഃ രേതസഃ പുരുഷഃ സ വാ ഏഷ പുരുഷോന്നരസമയഃ തൈത്തിരീയോപനിഷദ്വചനമാണിത്.[] [12] **ആ പരമാത്മാവിൽ നിന്നും പ്രകൃതിയിൽ നിന്നും ആകാശം അതായത് ഇടം ഉണ്ടായി. സർവത്ര വ്യാപിച്ചിട്ടുള്ള കാരണരൂപമായ പദാർഥത്തെ ഒന്നിച്ചുചേർത്ത് ഒരിടത്താക്കുന്നതുകൊണ്ട് ഇടം ഉണ്ടാകുന്നതുപോലെ തോന്നുന്നു. വാസ്തവത്തിൽ ആകാശത്തിന് ഉത്പത്തിയില്ല. എന്തെന്നാൽ, ആകശമില്ലെങ്കിൽ പ്രകൃതിയും പരമാ**

12. ബ്രഹ്മാനന്ദവല്ലി 1.



ണുവും എവിടെ വർത്തിക്കും? ആകാശമുണ്ടായതിനുശേഷം വായുവും, വായുവിനുശേഷം അഗ്നിയും, അഗ്നിക്കുശേഷം ജലവും ഉണ്ടായി. ജലത്തിനുശേഷം പൃഥിവിയും പൃഥിവിയിൽ നിന്ന് ഓഷധികളും (സസ്യങ്ങളും) ഓഷധികളിൽ നിന്ന് അന്നവും അന്നത്തിൽ നിന്ന് വീര്യവും, വീര്യത്തിൽ നിന്ന് പുരുഷനും അഥവാ ശരീരവും ഉണ്ടായി. ഇവിടെ ആകാശാദി ക്രമത്തിലും ഛാന്ദോഗ്യോപനിഷത്തിൽ അഗ്ന്യാദി ക്രമത്തിലും, ഐതരേയത്തിൽ ജലാദിക്രമത്തിലും സൃഷ്ടി ക്രമം പറയുന്നു. വേദങ്ങളിൽത്തന്നെ ചിലേടത്തു പുരുഷനിൽ നിന്നും, മറ്റുചിലേടത്തു ഹിരണ്യഗർഭാദികളിൽ നിന്നും, പൂർവമീമാംസയിൽ കർമത്തിൽ നിന്നും വൈശേഷികത്തിൽ കാലത്തിൽ നിന്നും ന്യായത്തിൽ പരമാണുക്കളിൽ നിന്നും .യോഗത്തിൽ പുരുഷാർഥത്തിൽ നിന്നും സാംഖ്യത്തിൽ പ്രകൃതിയിൽ നിന്നും വേദാന്തത്തിൽ ബ്രഹ്മത്തിൽ നിന്നും ആണ് സൃഷ്ടിയുടെ ഉത്പത്തി പ്രതിപാദനം. ഇതിൽ ഏത് സത്യം? ഏത് അസത്യം?

ഉത്തരം:- എല്ലാം സത്യംതന്നെയാണ്. ഒന്നും അസത്യമല്ല. തെറ്റിദ്ധരിക്കുന്നവനാണ് മിഥ്യാവാദി. ഈശ്വരൻ ജഗത്തിന്റെ നിമിത്തകാരണവും പ്രകൃതി ഉപാദാനകാരണവുമാണ്. മഹാപ്രളയത്തിനുശേഷം ഉണ്ടാകുന്ന സൃഷ്ടിയുടെ ഉത്പത്തി ആകാശാദിക്രമത്തിലാണ്. ആകാശം വായു എന്നിവയുടെ പ്രളയം സംഭവിക്കാതിരിക്കുമ്പോൾ[13] -അഗ്ന്യാദികൾക്കു മാത്രം പ്രളയം ഉണ്ടാകുമ്പോൾ- അഗ്ന്യാദിക്രമത്തിലാണു സൃഷ്ടി. വിദ്യുത്ത് അഗ്നി എന്നിവയ്ക്കുകൂടി നാശം നേരിടാതിരിക്കുമ്പോൾ ജലാദിക്രമത്തിലാണു സൃഷ്ടി ഉണ്ടാകുന്നത്. ഏതേതു പ്രളയത്തിൽ ഏതേതു പദാർഥം വരെ നശിച്ചുപോകുന്നുവോ അതാതു പദാർഥം മുതല്ക്കാണു പിന്നീടുള്ള സൃഷ്ടി എന്നർഥം.[][14] പുരുഷൻ, ഹിരണ്യഗർഭൻ മുതലായതെല്ലാം ഈശ്വരന്റെ പേരുകളാണ് എന്ന് ഒന്നാം സമുല്ലാസത്തിൽ പറഞ്ഞിട്ടുണ്ട്.

ഒരേ കാര്യത്തിലോ വിഷയത്തിലോ ഉള്ള പരസ്പരവിരുദ്ധമായ വചനത്തെയാണു വിരുദ്ധമെന്നു പറയുന്നത്. ആറു ശാസ്ത്രങ്ങൾക്കും അന്യോന്യമുള്ള അവിരോധം എങ്ങനെയെന്നു കാണുക:-**"കർമത്തിന്റെ ചേഷ്ടകൂടാതെ ഉണ്ടാക്കിയ ഒരു കാര്യവും ജഗത്തിൽ ഇല്ല."** എന്നു മീമാംസ. **"കാലം കൂടാതെ യാതൊന്നും ഉണ്ടാവുകയേയില്ല"** എന്നു വൈശേഷികം. **''ഉപാദാനകാരണമില്ലെങ്കിൽ യാതൊന്നും ഉണ്ടാക്കുവാൻ സാധിക്കുകയില്ല."** എന്നു ന്യായം. **"വിദ്യ, ജ്ഞാനം, വിചാരം, എന്നിവകൂടാതെ യാതൊന്നും നിർമിക്കുവാൻ സാധ്യമല്ല."** എന്നു യോഗം **"തത്ത്വങ്ങളുടെ സമ്മേളനം കൂടാതെ സൃഷ്ടിയില്ല."** എന്നു സാംഖ്യം. **"നിർമാതാവു നിർമിച്ചില്ലെങ്കിൽ ഒരു വസ്തുവും ഉണ്ടാവുകയില്ല."** എന്നു വേദാന്തം" ഇങ്ങനെ സൃഷ്ടി ആറു കാരണങ്ങളിൽ നിന്നാണ് ഉണ്ടാകുന്നത്. ആ ആറു കാരണങ്ങളിൽ ഓരോന്നിന്റെയും വ്യാഖ്യാനമാണ് ഓരോ ശാസ്ത്രത്തിലുമുള്ളത്. അതിനാൽ അവയ്ക്കു തമ്മിൽ ഒട്ടും വിരോധമില്ല. ആറ് ആളുകൾ ചേർന്ന് ഒരു മേൽപ്പുര എടുത്തുപൊക്കി ഭിത്തികളിൽ സ്ഥാപിക്കുന്നതുപോലെ സൃഷ്ടിരൂപമായ കാര്യത്തിന്റെ വ്യാഖ്യാനം ആറു ശാസ്ത്രകാരന്മാർ കൂടിച്ചേർന്നു പൂർണമാക്കിയിരിക്കുന്നു. കണ്ണുകാണാത്ത അഞ്ചുപേർക്കും കാഴ്ചക്കുറവുള്ള ഒരുവനും ഒരാനയുടെ ഓരോ അവയവങ്ങളെ സ്പർശിച്ചു. പിന്നീട് **"ആന എങ്ങനെയുള്ളതാണ്?"** എന്ന് ചോദിച്ചു. അവരിലൊരാൾ ആന തൂണുപോലെയാണെന്നും, രണ്ടാമൻ മുറം പോലെയാണെന്നും മൂന്നാമൻ ഉലക്കപോലെയാമെന്നും നാലാമൻ ചൂലുപോലെയാണെന്നും അഞ്ചാമൻ തറപോലെയാണെന്നും പറഞ്ഞു. **"ആന കറുത്ത നാലു തൂണുകളുടെ മുകളിൽ നില്ക്കുന്ന ഒരു പോത്തിനെപ്പോലെയുണ്ടെന്ന് ആറാമൻ പറഞ്ഞു.** ഇതുപോലെ ഇക്കാലത്തെ അനാർഷമായ നവീനഗ്രന്ഥങ്ങൾ വായിക്കുന്ന പ്രാകൃതഭാഷക്കാർ ഋഷിപ്രണീതങ്ങളായ ഗ്രന്ഥങ്ങൾ വായിക്കാതെ നവീന ക്ഷുദ്രബുദ്ധികളുടെ സംസ്കൃതഗ്രന്ഥങ്ങളും ഭാഷാഗ്രന്ഥങ്ങളും മാത്രം വായിച്ച് പരസ്പര നിന്ദയിലും വ്യർത്ഥമായ വായാടിത്തരത്തിലും ഏർപ്പെടുന്നതേയുള്ളൂ. അവരുടെ വാക്കുകൾ ബുദ്ധിമാന്മാർക്കും മറ്റുള്ളവർക്കും

13. ഈ അവാന്തര പ്രളയം ഓരോ മന്വന്തരത്തിലും ഉണ്ടാകുന്നു. അതിനാൽ മന്വന്തരങ്ങൾക്കിടയിൽ സന്ധികാലം ഗണിച്ചിരിക്കുന്നു. വേദജ്ഞാനത്തിന്റെ വെളിപാട് സൃഷ്ടിയുടെ ആദിയിലേ ഉണ്ടാവൂ. മന്വന്തരങ്ങൾക്കുശേഷം ഉറക്കം ഉണർവ് ന്യായേന ഋഷിമാരിൽ സ്വയം വെളിപാട് ഉണ്ടാകുന്നു.

14. ഈ അവാന്തര പ്രളയത്തിൽ മാനവചരിത്രവും നശിക്കുന്നു. ഇന്നുള്ള ചരിത്രം ഈ മന്വന്തരത്തിലേതു മാത്രമാണ്. ഇതിനെ ഭാരതീയ ഗ്രന്ഥങ്ങളിൽ മനുവിന്റെ ജലപ്രളയമെന്നും മറ്റു ഗ്രന്ഥങ്ങളിൽ നോഹയുടെ പ്രളയമെന്നും പറയുന്നു. (മനുഃ = മനുഹ് - നുഹ്, നൂഹ്, നോഹ്?)

സ്വീകാര്യമല്ല. അന്ധൻ വഴികാട്ടുന്ന അന്ധർ കുഴിയിൽ വീഴാതിരിക്കുമോ? അതുപോലെ ഇക്കാലത്തെ അല്പവിദ്യായുക്തരും സ്വാർഥികളും ഇന്ദ്രിയ സുഖരാമന്മാരായവരുടെ കളികൾ ലോകത്തെ നശിപ്പിക്കുവാൻ പോന്നതാണ്.

കാരണം കാര്യം സൃഷ്ടി

ചോദ്യം:- കാരണം കൂടാതെ കാര്യം ഉണ്ടാവുകയില്ലെങ്കിൽ, കാരണത്തിന്റെ കാരണം എന്തുകൊണ്ടില്ല?

ഉത്തരം:- മൗഢ്യത്തിലാണ്ട സഹോദരന്മാരേ, നിങ്ങൾ സ്വല്പം സ്വബുദ്ധി പ്രയോഗിക്കാത്തതെന്ത്? ലോകത്തിൽ ആകെ രണ്ടു പദാർത്ഥങ്ങളേയുള്ളൂ. ഒന്നു കാരണം, മറ്റേതുകാര്യം. കാരണം കാര്യമല്ല. കാര്യമായിരിക്കുമ്പോൾ അത് കാരണമാവുകയില്ല. സൃഷ്ടിയെ ശരിയായി അറിയാതിരിക്കുവോളം മനുഷ്യർക്ക് ജ്ഞാനപ്രാപ്തിയുണ്ടാവുകയില്ല.

നിത്യായാഃ സത്വരജസ്തമസാം സാമ്യാവസ്ഥായാഃ പ്രകൃതേരുത്പന്നാനാം പരമസൂക്ഷ്മാണാം പൃഥക് പൃഥഗവർത്തമാനാനാം തത്ത്വപരമാണൂനാം പ്രഥമഃ സംയോഗാരംഭഃ സംയോഗവിശേഷാദവസ്ഥാന്തരസ്യ സ്ഥൂലാകാരപ്രാപ്തിഃ സൃഷ്ടിരുച്യതേ

അനാദിയും നിത്യസ്വരൂപവും സത്വം, രജസ്, തമസ് എന്നീ ഗുണങ്ങളുടെ സാമ്യാവസ്ഥയുമായ പ്രകൃതിയിൽ നിന്നുണ്ടായതും അത്യന്തസൂക്ഷ്മങ്ങളും അന്യോന്യം അകന്നിരിക്കുന്നവയുമായ പദാർഥാവയവങ്ങളുടെ ആദ്യത്തെ സംയോഗാരംഭവും, ആ സംയോഗവിശേഷങ്ങളാൽ ഉളവാകുന്ന അവസ്ഥാന്തരങ്ങളുടെ (പിന്നീടു പിന്നീട് ഉണ്ടാകുന്ന സൂക്ഷ്മത്തിൽ നിന്നു സ്ഥൂലാവസ്ഥയെ പ്രാപിക്കൽ) വിചിത്ര രൂപങ്ങൾ ഉണ്ടാകലും നടക്കുന്നു. ഈ വിചിത്ര രൂപങ്ങളുടെ സംസർഗം ഉണ്ടാകയാലാണ് സൃഷ്ടിയെന്നു പേരു പറയുന്നത്. പ്രഥമ സംയോഗത്തിൽ കൂടിച്ചേരുന്നതും കൂട്ടിച്ചേർക്കുന്നതുമായ പദാർഥം ഏതോ സംയോഗത്തിന്റെ ആദിയും വിയോഗത്തിന്റെ അന്തവുമായി വർത്തിക്കുന്നതേതോ, ഏതിന് വിഭാഗം ഉണ്ടാവുകയില്ലയോ- അതിന് കാരണമെന്നു പറയുന്നു. സംയോഗത്തിനു ശേഷം ഉണ്ടാകുന്നതും വിയോഗത്തിനു ശേഷം അതേരൂപത്തിലിരിക്കാത്തതുമായ പദാർഥത്തെയാണ് കാര്യമെന്നു പറയുന്നത്. കാരണത്തിനു കാരണം, കാര്യത്തിന്റെ കാര്യം, കർത്താവിന്റെ കർത്താവ് സാധനത്തിന്റെ സാധനം, സാധ്യത്തിന്റെ സാധ്യം എന്നെല്ലാം പറയുന്നയാൾ കാണുന്നുണ്ടെങ്കിലും അന്ധനും, കേൾക്കുന്നുണ്ടെങ്കിലും ബധിരനും, അറിയുന്നുണ്ടെങ്കിലും മൂഢനുമാണ്. കണ്ണിനു കണ്ണും, വിളക്കിനു വിളക്കും, സൂര്യനു സൂര്യനും ഉണ്ടാകുമോ? ഏതിൽ നിന്ന് ഒരു വസ്തു ഉണ്ടാകുന്നവോ അതു കാരണം. ഏതൊന്ന് ഉണ്ടാകുന്നുവോ അതു കാര്യം. കാരണത്തെ കാര്യരൂപമാക്കുന്നയാളിനെ കർത്താവെന്നു പറയുന്നു.

നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ ഉഭയോരപി ദൃഷ്ടോന്തസ്ത്വനയോസ്തത്ത്വ ദർശിഭിഃ (ഭഗവത്ഗീത. 2. 16)

അസത്തായ - ഇല്ലാത്ത- പദാർഥത്തിന്റെ ഭാവവും **(ഉണ്മ)** സത്തായതിന്റെ അഭാവവും **(ഇല്ലായ്മ)** ഒരിക്കലും ഉണ്ടാകുന്നതല്ല. ഇതു രണ്ടും[] [15] തത്ത്വദർശികൾ നിർണയിച്ചിട്ടുണ്ട്. പക്ഷപാതികളും, ദുരാഗ്രഹികളും, ദുരാത്മാക്കളും, അജ്ഞരുമായ മനുഷ്യർക്ക് ഈ വിഷയം എങ്ങനെ വേഗം ഗ്രഹിക്കാനാകും? വിദ്യാഭ്യാസവും സത്സംഗവും ചെയ്ത്, ശരിയായി കാര്യങ്ങൾ ആലോചിക്കാത്തയാൾ സദാ വിഭ്രമത്തിന്റെ വലയിൽപ്പെട്ടു കിടക്കുകയേയുള്ളൂ. എല്ലാ വിദ്യകളുടെയും സിദ്ധാന്തങ്ങൾ അറിയാൻ ശ്രമിക്കുകയും അറിയുകയും അറിഞ്ഞ് കാപട്യമില്ലാതെ അന്യർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നവരത്രേ ധന്യർ. അതിനാൽ കാരണമില്ലാത്തതാണ് സൃഷ്ടിയെന്ന് ധരിക്കുന്നവന് ഒന്നും അറിഞ്ഞുകൂടാ.

സൃഷ്ടിയുടെ രചന

സൃഷ്ടിയുടെ സമയമാകുമ്പോൾ ഈശ്വരൻ അത്യന്തസൂക്ഷ്മപദാർഥങ്ങളെ ഒത്തുകൂട്ടുന്നു. ആ പ്രഥമാവസ്ഥയിൽ പരമസൂക്ഷ്മമായ പ്രകൃതിരൂപകാരണത്തിൽ നിന്നു സ്വല്പം സ്ഥൂലമായി ഉണ്ടാകുന്ന പദാർഥമാണ് മഹത്തത്ത്വം. അതിൽ നിന്ന് ഉണ്ടാകുന്ന കുറേക്കൂടി സ്ഥൂലമായത് അഹങ്കാരവും അഹങ്കാരത്തിൽ നിന്ന് അല്പം കൂടി സ്ഥൂലവും ഭിന്നഭിന്നങ്ങളായ അഞ്ച് സൂക്ഷ്മ ഭൂതങ്ങളും, ചെവി, ത്വക്ക്, കണ്ണ്, നാക്ക്, മൂക്ക് എന്നീ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നീ അഞ്ചു കർമേന്ദ്രിയങ്ങളും പതിനൊന്നാമത്തേതായ മനസ്സും ഉണ്ടാകുന്നു. ആ പഞ്ചതന്മാത്രകളിൽ നിന്ന് അനേകം സ്ഥൂലാവസ്ഥകളെപ്രാപിച്ച്, ക്രമത്തിൽ നമുക്കു പ്രത്യക്ഷവിഷയങ്ങളാകുന്ന അഞ്ചു സ്ഥൂലഭൂത

15 തത്ത്വദർശി - പരമാണു, പ്രകൃതി എന്നിവയെ സാക്ഷാത്കരിച്ചയാൾ



ങ്ങൾ ഉണ്ടാകുന്നു. അവയിൽ നിന്ന് അനേകവിധത്തിലുള്ള വൃക്ഷലതാദികളും അവയിൽ നിന്ന് അന്നവും, അന്നത്തിൽ നിന്ന് വീര്യവും വീര്യത്തിൽ നിന്ന് ശരീരവും ഉണ്ടാകുന്നു. എന്നാൽ ആദ്യത്തെ സൃഷ്ടി മൈഥുനഫലമല്ല. എന്തെന്നാൽ ഈശ്വരൻ സ്ത്രീപുരുഷന്മാരുടെ ശരീരങ്ങളെ നിർമിച്ച്, ജീവസംയോഗമുണ്ടാക്കിയതിനു ശേഷമേ മൈഥുനഫലമായ സൃഷ്ടി ഉണ്ടാകുന്നുള്ളൂ. കാണുമ്പോൾ വിദ്വാന്മാർക്കുകൂടി ആശ്ചര്യജനകമായ വിധത്തിൽ എത്ര ജ്ഞാനപൂർവകമായ സൃഷ്ടിയാണ് മനുഷ്യശരീരമെന്നു നോക്കുക. **അന്തർഭാഗത്തിൽ അസ്ഥികൂടം, നാഡികളുടെ ബന്ധനം, മാംസംകൊണ്ടുള്ള പൊതിയൽ, ചർമംകൊണ്ടുള്ള ആവരണം. പ്ലീഹ, യകൃത്ത്, ശ്വാസകോശം** മുതലായവയുടെ സ്ഥാപനം ജീവസംയോജനം ശിരസ്സാകുന്ന മൂലത്തിന്റെ നിർമ്മാണം, രോമം നഖം മുതലായവയുടെ സ്ഥാപനം നനുത്തനൂൽപോലെ അത്യന്തസൂക്ഷ്മങ്ങളായ ഞരമ്പുകളെക്കൊണ്ടുള്ള നേത്രനിർമാണം, ഇന്ദ്രിയമാർഗങ്ങളുടെ നിവേശനം, ജാഗ്രത്സ്വപ്നസുഷുപ്തികളാകുന്ന അവസ്ഥകളെ ജീവന് അനുഭവിക്കുന്നതിനുള്ള സ്ഥാനവിശേഷങ്ങളുടെ നിർമാണം, സകലധാതുക്കളുടേയും വിഭാഗീകരണം, ഇവയുടെ കലാകൗശല പൂർവമായ സ്ഥാപനം മുതലായ അത്ഭുതസൃഷ്ടി ചെയ്യാൻ ഈശ്വരനല്ലാതെ മറ്റാർക്കു കഴിയും? കൂടാതെ വിവിധ രത്നങ്ങളോടും ധാതുക്കളോടും കൂടിയ ഭൂമിയുടെ സൃഷ്ടി. വടവൃക്ഷം തുടങ്ങി അനേകം മരങ്ങളുടെ വിത്തുകളിലുള്ള അതിസൂക്ഷ്മമായ രചനാവിശേഷങ്ങൾ. പച്ച, വെളുപ്പ്, ചുവപ്പ്, കറുപ്പ്, ചിത്രവർണം മുതലായ ഏറ്റക്കുറവുള്ള നിറങ്ങളോടുകൂടിയ ഇലകൾ, പൂക്കൾ, കായ്കനികൾ, കിഴങ്ങുകൾ, എന്നിവയുടെ നിർമാണം, മധുരം, ലവണം, എരി, ചവർപ്പ്, കയ്പ്, പുളി മുതലായ വിവിധരസങ്ങളോടും, വിവിധസുഗന്ധങ്ങളോടും കൂടിയ ഇലകൾ, പൂക്കൾ, കായ്കനികൾ, കിഴങ്ങുകൾ, വേരുകൾ മുതലായവയുടെ സൃഷ്ടി സൂര്യൻ, ചന്ദ്രൻ, ഭൂമി മുതലായ അനേകകോടി ലോകങ്ങളുടെ നിർമാണം, ധാരണം, ഭ്രമണം, നിയന്ത്രണം മുതലായ പ്രവൃത്തികൾ നടത്തുവാൻ ഈശ്വരനല്ലാതെ മറ്റാർക്കും ആവുകയില്ല.

ഒരു വസ്തുവിനെ കണ്ടാൽ രണ്ടുതരം ജ്ഞാനമുണ്ടാകും. അതിന്റെ രൂപജ്ഞാനവും, നിർമാണം കണ്ട് നിർമാതാവിനെപ്പറ്റിയുള്ള ജ്ഞാനവും. കാട്ടിൽ നിന്ന് ഒരുവന് സ്വർണാഭരണം കിട്ടുന്നു. അതു സ്വർണം കൊണ്ടുണ്ടാക്കിയതാണെന്നും, ബുദ്ധിമാനായ സ്വർണ്ണപ്പണിക്കാരൻ ഉണ്ടാക്കിയതാണെന്നും അയാൾക്ക് മനസ്സിലാകുന്നു. ഇങ്ങനെ നാനാതരത്തിലുള്ള ഈ സൃഷ്ടിയിൽ കാണുന്ന വിവിധ രചനാവിശേഷങ്ങൾ അതിന്റെ നിർമാതാവായ ഈശ്വരന്റെ അസ്തിത്വം സമർഥിക്കുന്നു.

മനുഷ്യോത്പത്തി എപ്പോൾ എങ്ങനെ ?

ചോദ്യം:- മനുഷ്യന്റെ സൃഷ്ടിയോ പൃഥിവ്യാദികളുടെ സൃഷ്ടിയോ ആദ്യം ഉണ്ടായത് ?

ഉത്തരം:- പൃഥിവ്യാദികളുടെ. എന്തെന്നാൽ, പൃഥിവ്യാദികൾ കൂടാതെ മനുഷ്യന്റെ നിലനിൽപ്പും സംരക്ഷണവും നടക്കുകയില്ല.

ചോദ്യം :- സൃഷ്ടിയുടെ ആരംഭത്തിൽ ഒരു മനുഷ്യനോ അനേകം മനുഷ്യരോ ഉണ്ടായത്?

ഉത്തരം :- അനേകം മനുഷ്യർ. എന്തെന്നാൽ, ഏതേതു ജീവാത്മാക്കളുടെ കർമങ്ങൾ ഈശ്വരസൃഷ്ടിയിൽ ജനിക്കുവാൻ അർഹങ്ങളാക്കിയിരിക്കുന്നുവോ അവർക്ക് സൃഷ്ടിയുടെ തുടക്കത്തിൽ ഈശ്വരൻ ജന്മം നല്കി. **" മനുഷ്യാ ഋഷയശ്ച യേ."**[] [16] **" തതോ മനുഷ്യാഅജായന്ത"**[] [17] എന്ന മന്ത്രം യജുർവേദത്തിലും അതിന്റെ ബ്രാഹ്മണത്തിലും ഉള്ളതാണ്. ഈ പ്രമാണത്താൽ ആദിയിൽ അനേകം — അനേകായിരം — മനുഷ്യർ ജനിച്ചുവെന്നു നിർണയിക്കാം. മനുഷ്യർ അസംഖ്യം മാതാപിതാക്കന്മാരുടെ സന്താനങ്ങളാണെന്നു സൃഷ്ടികണ്ടാൽ വ്യക്തമാകുന്നുമുണ്ട്.

ചോദ്യം:- സൃഷ്ടിയുടെ ആരംഭത്തിൽ ബാല്യം യൗവനം വാർദ്ധക്യം എന്നീ അവസ്ഥകളിൽ ഏതിലാണ് മനുഷ്യരും മറ്റു ജീവികളും ഉണ്ടായത് ? അതോ മൂന്നവസ്ഥകളിലുമുണ്ടായോ?

ഉത്തരം:-യൗവനാവസ്ഥയിൽ. എന്തെന്നാൽ കുഞ്ഞുങ്ങളായാൽ അവരെ പരിപാലിക്കുന്നതിന് വേറെ ആളുകൾ വേണം. വൃദ്ധാവസ്ഥയിലുണ്ടായാൽ മൈഥുനീ സൃഷ്ടി ഉണ്ടാവില്ല. അതിനാൽ യൌവനാവസ്ഥയിൽ സൃഷ്ടി ഉണ്ടായി.

പ്രവാഹത്തിൽ അനാദി

ചോദ്യം :- സൃഷ്ടിക്ക് ആരംഭം ഉണ്ടോ ഇല്ലയോ?

16 യജൂ: 31.9 ൽ സാധ്യാഋഷയശ്ചയേ എന്ന പാഠം എങ്ങനെയോ തെറ്റു സംഭവിച്ചതാണ്.

17 ശതപഥം 14.4.2.5

ഉത്തരം :- ഇല്ല. പകലിനു ശേഷം രാത്രിയും രാത്രിയ്ക്കു മുമ്പു പകലും അങ്ങനെ പകലിനുശേഷം രാത്രിയും രാത്രിക്കുശേഷം പകലും ഇങ്ങനെ ക്രമത്തിൽ നടന്നുകൊണ്ടിരിക്കുന്നവണ്ണം സൃഷ്ടിക്കുമുമ്പു പ്രളയവും പ്രളയത്തിനു മുമ്പു സൃഷ്ടിയും സൃഷ്ടിയുടെ അനന്തരം പ്രളയവും പ്രളയാനന്തരം സൃഷ്ടിയും ഇങ്ങനെ അനാദി കാലം മുതൽ ഈ ചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന് ആദിയോ അന്തമോ ഇല്ല. എന്നാൽ പകലിനും രാത്രിക്കും ആരംഭാവസാനങ്ങൾ ഉള്ളതുപോലെ സൃഷ്ടിപ്രളയങ്ങൾക്കും ആദിയും അവസാനവും ഉണ്ട്. എന്തെന്നാൽ പരമാത്മാവ്, ജീവാത്മാവ് ജഗത്തിന്റെ കാരണം എന്നിവ മൂന്നും സ്വഭാവേന അനാദികളായിരിക്കുന്നതുപോലെ ജഗത്തിന്റെ ഉൽപത്തിസ്ഥിതിലയങ്ങളും പ്രവാഹത്താൽ അനാദിയാണ്. നദിയുടെ പ്രവാഹം ചിലപ്പോൾ ഉണ്ട്. ചിലപ്പോൾ വറ്റി കാണാതാകുന്നു. മഴക്കാലത്തു വീണ്ടും കാണാറാകുന്നു, വേനല്ക്കാലത്ത് കാണുന്നില്ല. അതുപോലെ ഇതെല്ലാം പ്രവാഹരൂപങ്ങളാണ്. ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങൾ അനാദിയായിരിക്കുന്നതുപോലെ സൃഷ്ടിസ്ഥിതിസംഹാരങ്ങളും അനാദികളാകുന്നു. ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങൾക്ക് ഏതു വിധത്തിൽ ആദിയും അന്തവും ഇല്ലയോ അതേവിധത്തിൽ അദ്ദേഹത്തിന്റെ കർത്തവ്യ കർമങ്ങൾക്കും ആരംഭാവസാനങ്ങൾ ഇല്ല.

ജന്മവും കർമവും

ചോദ്യം:- ഈശ്വരൻ ചില ജീവാത്മാക്കൾക്കു മനുഷ്യജന്മവും, വേറെ ചില ജീവാത്മാക്കൾക്കു സിംഹം മുതലായ ക്രൂരമൃഗങ്ങളുടെ ജന്മവും, മറ്റുചിലതിനു മാൻ, പശു മുതലായ മൃഗങ്ങളുടെ ജന്മവും, പുഴു, പാറ്റ, മരം മുതലായാവയുടെ ജന്മവും കൊടുത്തിരിക്കുന്നു. ഇതു നിമിത്തം പരമേശ്വരനു പക്ഷപാതം ഉണ്ടെന്നു വരുന്നില്ലേ?

ഉത്തരം:- പക്ഷപാതം വരുന്നില്ല. എന്തെന്നാൽ, അതാതു ജീവാത്മാക്കൾ പൂർവ്വജന്മത്തിൽ ചെയ്തിട്ടുള്ള കർമങ്ങളെ അനുസരിച്ചു വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു പക്ഷപാതം ഉണ്ടാകുന്നതല്ല. യാതൊരു കർമവും കൂടാതെ ജന്മം നൽകുന്നതായാൽ മാത്രമേ പക്ഷപാതം ഉണ്ടാവുകയുള്ളൂ.

സൃഷ്ടി ടിബറ്റിൽ

ചോദ്യം:- മനുഷ്യരുടെ ആദ്യത്തെ സൃഷ്ടി ഉണ്ടായത് എവിടെയാണ്?

ഉത്തരം:- **"ടിബറ്റ്"** എന്നു പറഞ്ഞു വരുന്ന ത്രിവിഷ്ടപത്തിൽ[] [18]

ചോദ്യം:- സൃഷ്ടിയുടെ ആദികാലത്ത് ഒരു ജാതിയോ അനേകം ജാതികളോ ഉണ്ടായിരുന്നത്?

ഉത്തരം:- മനുഷ്യജാതി ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് **"വിജാനീഹ്യാര്യാൻ യേ ച ദസ്യവഃ"**[] [19] എന്ന ഋഗ്വേദവചനമനുസരിച്ച്, ശ്രേഷ്ഠന്മാരായിട്ടുള്ളവർക്ക് ആര്യൻ, വിദ്വാൻ ദേവൻ എന്നും ദുഷ്ടന്മാർക്ക് ദസ്യു-കള്ളൻ-മൂർഖൻ എന്നും പേരുകൾ ഉണ്ടായി. അതുനിമിത്തം ആര്യൻ എന്നും ദസ്യു എന്നും രണ്ടുനാമങ്ങൾ നടപ്പിൽ വന്നു. **'ഉത ശൂദ്രേ ഉതാര്യേ'**[] [20] എന്നതു അഥർവവേദത്തിലുള്ള വചനമാണ്. ആര്യന്മാരുടെ ഇടയിൽ തന്നെ മുമ്പു പറഞ്ഞരീതിയിൽ, ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാലു വിഭാഗങ്ങൾ ഉണ്ടായി. വിദ്വാന്മാരും ദ്വിജന്മാരുമായിട്ടുള്ളവർക്ക് ആര്യന്മാർ എന്നും പഠിപ്പില്ലാത്തവർക്ക് ശൂദ്രന്മാർ അല്ലെങ്കിൽ അനാര്യന്മാർ എന്നും പേരുണ്ടായി.

ആര്യന്മാർ ഭാരതത്തിൽ

ചോദ്യം:- പിന്നീട് അവർ എങ്ങനെയാണ് ഇവിടെ വന്നെത്തിയത്?

ഉത്തരം:- ആര്യന്മാരും ദസ്യുക്കളും തമ്മിൽ- ദേവന്മാർ എന്നു പറയപ്പെട്ടിരുന്ന വിദ്വാന്മാരും അസുരന്മാർ എന്നു പറയപ്പെട്ടിരുന്ന മൂഢന്മാരും തമ്മിൽ- സദാ മത്സരവും കലഹവും വളർന്നുവന്നു. ഉപദ്രവം വർദ്ധിച്ചു. അപ്പോൾ ആര്യന്മാർ ഭൂഗോളത്തിലുള്ള സകലപ്രദേശങ്ങളിലും വെച്ച് ഈ ഭാഗമാണ് ഏറ്റവും നല്ലത് എന്നറിഞ്ഞ് ഇവിടെ വന്നു പാർത്തു. അങ്ങനെ ഈ ദേശത്തിനു ആര്യാവർത്തം എന്നു പേർ ഉണ്ടായി.

ചോദ്യം:- ആര്യാവർത്തത്തിന്റെ അതിർത്തി ഏതെല്ലാമാണ്?

18 ഹിമവച്ഛിരപ്രദേശ ഏവ സ്വർഗഭൂമിരിതി പ്രസിദ്ധിഃ (സായണ ഭാഷ്യം 19. 39.8) ഹിമവാന്റെ ഔന്നത്യങ്ങളിലെ ദേശങ്ങളാണ് സ്വർഗഭൂമി എന്നു പ്രസിദ്ധമായിട്ടുള്ളത്). നിഘണ്ടുക്കളിൽ സ്വർഗവും ത്രിവിഷ്ടപവും പര്യായപദങ്ങളാണ്. (അമരകോശം സ്വവർഗം-6)

19 ഋ 1.51.8

20 അഥർവവേദം 19.62.1

21 ഇക്കാലത്ത് മനുസ്മൃതികളിൽ ബ്രഹ്മാവർത്തം എന്നു പാഠം



ഉത്തരം:- 1. ആസമുദ്രാത്തു വൈ പൂർവാദാ സമുദ്രാത്തു പശ്ചിമാത് തയോരവാന്തരം ഗിര്യോ രാര്യാവർത്തം വിദുർ ബുധാഃ (മനു. 2. 22)

2. സരസ്വതീദൃഷദ്വത്യോർദേവനദ്യോർയദ ന്തരം തം ദേവനിർമിതം ദേശമാര്യാവർത്തം[] [21] പ്രച ക്ഷതേ. (മനു. 2. 17)

1. വടക്കു ഹിമാലയപർവ്വതവും തെക്കു വിന്ധ്യാചലവും കിഴക്കും പടിഞ്ഞാറും സമുദ്രവും ആകുന്നു.

2. പടിഞ്ഞാറുഭാഗത്ത് സരസ്വതിയും- അതായത്, സിന്ധു നദിയും അടകനഗരവും[] [22]കിഴക്കു ഭാഗത്ത് ദൃഷദ്വതിയും- അതായത്, നേപ്പാളിനു കിഴക്കുള്ള പർവതങ്ങളിൽ നിന്നു പുറപ്പെട്ട് ബങ്കാൾ ആസ്സാം എന്നീ ദേശങ്ങളുടെ കിഴക്കുഭാഗത്തുകൂടിയും, ബർമയുടെ പടിഞ്ഞാറുഭാഗത്തുകൂടിയും പ്രവഹിച്ച് തെക്കേസമുദ്രത്തിൽ വീഴുന്നതും-ആര്യാവർത്തത്തിന്റെ അതിരുകളാകുന്നു. ഹിമവാൻ വിന്ധ്യം എന്നീ പർവതങ്ങളുടെ മധ്യഭാഗത്തിലുള്ളതും തെക്കോട്ടു രാമേശ്വരം വരെ വിന്ധ്യാചലത്തിനുള്ളിൽ[] [23]നീണ്ടു കിടക്കുന്നതുമായ നാടുമുഴുവനും ആര്യാവർത്തം എന്നു പറയപ്പെടുന്നു. കാരണം, അത് ആര്യന്മാർ- ദേവന്മാർ അഥവാ വിദ്വാന്മാർ നിർമിച്ചതും വസിക്കുന്നതുമായിരുന്നു.

ചോദ്യം:- ആദ്യകാലത്ത് ഈ ദേശത്തിന്റെ പേർ എന്തായിരുന്നു? ഇവിടെ ആരാണു വസിച്ചിരുന്നത്?

ഉത്തരം:- അതിനുമുമ്പ് ഈ ദേശത്തിനു യാതൊരു പേരും ഉണ്ടായിരുന്നില്ല. ആര്യന്മാർ വരുന്നതിനുമുമ്പ് ഇവിടെ ആരും വസിച്ചിരുന്നില്ല. എന്തെന്നാൽ ആര്യന്മാർ സൃഷ്ടിക്കുശേഷം അധികകാലം കഴിയുന്നതിനു മുമ്പ് ടിബറ്റിൽനിന്നു നേരിട്ട് ഇവിടേക്ക് വന്ന് പാർക്കുകയാണുണ്ടായത്.

ആര്യ-ദസ്യു യുദ്ധം

ചോദ്യം:- അവർ ഈരാനിൽ[] [24]നിന്നു വന്നതുകൊണ്ടാണ് അവർക്കു ആര്യന്മാർ എന്നു പേർ ഉണ്ടായത്. അവർ വരുന്നതിനു മുമ്പ് ഇവിടെ കാടന്മാരാണ് പാർത്തിരുന്നത്. അവരെ അസുരന്മാർ, രാക്ഷസന്മാർ എന്നെല്ലാം വിളിക്കുകയും തങ്ങൾ ദേവന്മാരാണെന്നു പറയുകയും ചെയ്തിരുന്നു. അവർ തമ്മിലുണ്ടായ യുദ്ധങ്ങളാണു ദേവാസുരയുദ്ധങ്ങൾ എന്നു കഥകളിൽ പറയുന്നത്.

ഉത്തരം:- പെരുങ്കള്ളമാണിത്. എന്തെന്നാൽ

വിജാനീഹ്യാര്യാന്യേ ച ദസ്യവോ ബർഹിഷ്മ തേ രന്ധയാ ശാസദ്വ്രതാൻ (ഋ.1.51.8.) ഉത ശൂദ്രേ ഉതാര്യേ (അഥർവ. 19. 62. 1)

ധാർമികരും വിദ്വാന്മാരും സത്യവാദികളുമായജനങ്ങളെ ആര്യന്മാരെന്നും അല്ലാത്തവരെ ദസ്യു അഥവാ ദുഷ്ടൻ, അധാർമികൻ, അവിദ്വാൻ എന്നും പറഞ്ഞുവല്ലോ? അതുപോലെ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നിവർക്ക് ആര്യന്മാരെന്നും ശൂദ്രന്മാർക്ക് അനാര്യന്മാരെന്നും- പഠിപ്പില്ലാത്തവരെന്നും- പേരാണെന്നും പറഞ്ഞിട്ടുണ്ട്. വേദം ഇങ്ങനെ പറയുമ്പോൾ ആരാനും കെട്ടിച്ചമയ്ക്കുന്നത് ബുദ്ധിമാന്മാർക്ക് സ്വീകാര്യമല്ല. ആര്യാവർത്തനിവാസികളായ അർജ്ജുനൻ ദശരഥമഹാരാജാവ് മുതലായവർ ഹിമാലയ പർവതത്തിൽ വച്ചു നടന്നിട്ടുള്ള ദേവാസുരയുദ്ധങ്ങളിൽ-ആര്യന്മാരും ദസ്യുക്കളും തമ്മിലുണ്ടായ യുദ്ധങ്ങളിൽ ദേവന്മാരെ അതായതു ആര്യന്മാരെ രക്ഷിക്കുവാനും അസുരന്മാരെ തോല്പിക്കുവാനും ദേവന്മാർക്കു സഹായം ചെയ്തിട്ടുണ്ട്. ഇതിൽ നിന്നു സിദ്ധിക്കുന്നത് ആര്യാവർത്തത്തിന്റെ നാലുഭാഗത്തും-ഹിമവാന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് എന്നീ നാലു ദിക്കുകളിലും അഗ്നി, നിര്യതി, വായു, ഈശാന എന്നീ നാലു കോണുകളിലും മനുഷ്യർ വസിച്ചിരുന്നെന്നും അവർക്ക് അസുരന്മാർ എന്നു പേരായിരുന്നു എന്നുമാണ്. ഹിമാലയപർവ്വതപ്രദേശത്തി

22 റാവൽപിണ്ടിക്കു കിഴക്കുള്ള അടക നഗരമാകണം

23 വിന്ധ്യാചലം ഉത്തര-ദക്ഷിണ ഭാരതങ്ങളെ വേർതിരിക്കുന്നതായാണ്. ഇക്കാലത്തെ വിശ്വാസം. വാസ്തവത്തിൽ ഇത് പൂർവ്വ പശ്ചിമ പർവത ഘട്ടങ്ങളുടെ പേരാണ്. തന്നിമിത്തമാണ് ഗ്രന്ഥകാരൻ രാമേശ്വരം വരെ എന്നു എഴുതിയത്. വാല്മീകിരാമായണം കിഷ്കന്ധാകാണ്ഡത്തിൽ 60-ാം സർഗത്തിൽ ഇതിനെ ദക്ഷിണസമുദ്രതീരത്തിലുള്ള പർവതമെന്നു പറഞ്ഞിട്ടുണ്ട്. "ഹൃഷ്ട പക്ഷി ഗണാകീർണഃ കന്ദോദരാ കൂടവാൻ; ദക്ഷിണസ്യോദധേഃ തീരേ വിന്ധ്യോ*f* യമിതിനിശ്ചിതഃ (7) "പ്രസന്നരായ പക്ഷികളുടെ കൂട്ടത്താൽ നിറഞ്ഞതും കന്ദമൂലാദികൾ നിറഞ്ഞ കൊടുമുടികളുള്ളതും ദക്ഷിണ സമുദ്രതീരത്തുള്ളതുമാണ് വിന്ധ്യാചലം". വരാഹമിഹിന്റെ ബൃഹത്സംഹിതയിൽ "ബദരീനാഥം മുതൽ സേതുബന്ധം (രാമേശ്വരം) വരെ ആയിരംയോജനയും ദ്വാരക മുതൽ പുരുഷോത്തമ സാലഗ്രാമം (പുരി) വരെ എഴുനൂറുയോജനയും ഉണ്ട്. അതിൽ രൈവതകം, വിന്ധ്യൻ, സഹ്യൻ, കുമാരം, മലയശ്രീ എന്നീ കുലപർവതങ്ങളും ഗംഗാ, സരസ്വതി, കാളിന്ദി, ഗോദാവരി, കാവേരി, താമ്രപാമണി, കൃതമാല എന്നീ കുലനദികളും ഉണ്ട്. (79&80) എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന് ആര്യാവർത്തത്തിന്റെ അതിര് ഏതെല്ലാമെന്നൂഹിക്കാം.

24. ഇറാൻ

ലുള്ളവർ ആര്യന്മാരെ അക്രമിച്ചിരുന്ന സമയത്തെല്ലാം ആര്യാവർത്തത്തിലെ രാജാക്കന്മാരും മഹാരാജാക്കന്മാരും ഉത്തരാദി ദിക്കുകളിലേക്ക് ആര്യന്മാരെ സഹായിക്കുവാൻ പോവുക പതിവായിരുന്നു. ദക്ഷിണദേശത്തിൽ വെച്ചു ശ്രീരാമനുമായി രാവണൻ നടത്തിയിട്ടുള്ള യുദ്ധത്തിന്നു ദേവാസുരയുദ്ധമെന്നു പേർ പറയാറില്ല അതിനെ രാമരാവണ യുദ്ധം അല്ലെങ്കിൽ ആര്യന്മാരും രാക്ഷസന്മാരും തമ്മിലുണ്ടായ യുദ്ധം എന്നാണു പറയാറുള്ളത്. ആര്യന്മാർ ഈരാൻ ദേശത്തിൽ നിന്നാണു വന്നതെന്നും അവർ ഈ നാട്ടിലെ കാടന്മാരോടു യുദ്ധം ചെയ്ത് അവരെ തോല്പിച്ച് ഈ നാട്ടിലെ രാജാക്കന്മാരായിത്തീർന്നുവെന്നും ഏതെങ്കിലുമൊരു സംസ്കൃത ഗ്രന്ഥത്തിലോ ഇതിഹാസത്തിലോ എഴുതിക്കാണുന്നില്ല. പിന്നെ എങ്ങനെ വിദേശീയർ പറയുന്നതിനെ വിലവെയ്ക്കുവാൻ കഴിയും? കൂടാതെ-**ംലേച്ഛവാചശ്ചാര്യ വാചഃ സർവതേ ദസ്യവഃസ്മൃതാഃ (മനു. 10. 85) ംലേച്ഛദേശസ്ത്വതഃ പരഃ (മനു. 2. 23)**

ആര്യാവർത്തമൊഴികെയുള്ള ദേശങ്ങൾ ദസ്യു ദേശങ്ങളെന്നും ംലേച്ഛദേശങ്ങളെന്നും പറയപ്പെടുന്നു. ആര്യാവർത്തമൊഴികെ കിഴക്ക്, ഈശാനകോണ്, വടക്ക്, വായുകോണ്, പടിഞ്ഞാറ് എന്നീ ദേശങ്ങളിൽ വസിക്കുന്നവർക്കു ദസ്യുക്കൾ, ംലേച്ഛന്മാർ, അസുരന്മാർ, എന്നാണു പേരെന്നും നിരൃതികോണ്, തെക്ക്, അഗ്നികോണ് എന്നീ ദിക്കുകളിൽ പാർക്കുന്നവർക്കു രാക്ഷസന്മാരെന്നാണു പേരെന്നും സിദ്ധിക്കുന്നു. ഇക്കാലത്തും നീഗ്രോ ജാതിക്കാരുടെ ആകൃതി, രാക്ഷസന്മാരെന്നാണു പേരെന്നും സിദ്ധിക്കുന്നു. ഇക്കാലത്തും നീഗ്രോ ജാതിക്കാരുടെ ആകൃതി, രാക്ഷസന്മാരെപ്പറ്റി വർണിക്കുന്നതു പോലെ ഭയങ്കരമായി കാണപ്പെടുന്നതു നോക്കുക.

ആര്യാവർത്തത്തിന്റെ അധോഭാഗത്തിലുള്ള ദേശത്തിനു പാതാളമെന്നും അവിടെ വസിക്കുന്ന ജനങ്ങൾക്കു നാഗന്മാരെന്നും പേർ പറയുവാനുള്ള കാരണം ആ ദേശം ആര്യാവർത്തനിവാസികളുടെ പാദതലത്തിൽ സ്ഥിതി ചെയ്യുന്നുവെന്നതും ആ ദേശത്തിലെ രാജാവു നാഗവംശത്തിൽ-നാഗൻ എന്നു പേരായ ആളിന്റെ വംശത്തിൽ- ജനിച്ചവനാണെന്നതും ആകുന്നു. ആ നാഗരാജാവിന്റെ പുത്രിയായ ഉലൂപിയെ അർജ്ജുനനാണ് വിവാഹം ചെയ്തത്. ഇക്ഷ്വാകുവിന്റെ കാലം മുതൽ കൗരവന്മാർ പാണ്ഡവന്മാർ എന്നിവരുടെ കാലം വരെ ആര്യന്മാരുടെ രാജ്യഭരണത്തിനും വേദാധ്യയനത്തിനും ആര്യാവർത്തത്തിൽ മാത്രമല്ല, ഭൂമിയിലെങ്ങും അല്പാല്പം പ്രചാരം ഉണ്ടായിരുന്നു എന്നർഥം. ഇതിനു പ്രമാണമായി കണക്കാക്കാവുന്ന കാര്യമിതാണ്.:- **ബ്രഹ്മാവിന്റെ പുത്രൻ വിരാട്ട്, വിരാട്ടിന്റെ പുത്രൻ മനു, മനുവിന്റെ മക്കൾ മരീചി മുതലായ പത്തുപേർ അവരുടെ മക്കൾ, സ്വയംഭൂവൻ തുടങ്ങിയ ഏഴുരാജാക്കന്മാർ, അവരുടെ സന്താനങ്ങളായ ഇക്ഷ്വാകു മുതലായ രാജാക്കന്മാർ ഇവരെല്ലാമാണ് ആര്യാവർത്തത്തെ നിർമിച്ചതും ആര്യാവർത്തത്തിലെ ആദ്യത്തെ രാജാക്കന്മാരായിരുന്നതും.**

അടിമത്തത്തിനു കാരണം

ഇപ്പോൾ നിർഭാഗ്യംകൊണ്ടും ഭാരതീയരുടെ മടി, അശ്രദ്ധ, അന്യോന്യ വിരോധം എന്നിവകൊണ്ടും ആര്യന്മാരുടെ അഖണ്ഡവും സ്വതന്ത്രവും സ്വാധീനവും നിർഭയവുമായിട്ടുള്ള രാജ്യഭരണം ആര്യാവർത്തത്തിൽ തന്നെ ഒരിടത്തുമില്ല. മറ്റുള്ള രാജ്യങ്ങൾ ഭരിക്കുന്നതിന്റെ കഥ പിന്നെന്തു പറയാൻ! ആര്യാവർത്തത്തിൽ ആര്യന്മാരുടെ നാടുവാഴ്ച അല്പമെങ്കിലുമുണ്ടെങ്കിലും അതും വിദേശീയ ആക്രമണത്തിനു വിധേയമാകുന്നു. സ്വതന്ത്രരായ രാജാക്കന്മാർ വളരെ കുറച്ചുപേരേയുള്ളൂ. ദുർദിനങ്ങൾ വരുമ്പോൾ ജനങ്ങൾക്ക് അനേകവിധത്തിലുള്ള ദുഃഖങ്ങൾ അനുഭവിക്കേണ്ടി വരുന്നു.

ആർ എത്ര വളരെ നന്മ ചെയ്താലും ശരി, സ്വദേശീയ ഭരണം തന്നെയാണ് നാട്ടിന്ന് ഏറ്റവും നല്ലത്. മറിച്ച് പറഞ്ഞാൽ മതമതാന്തരങ്ങളാഗ്രഹിക്കാതെ അവനവന്റെയോ അന്യരുടെയോ കാര്യങ്ങളിൽ പക്ഷഭേദം കാണിക്കാതെ പ്രജകളുടെ നേരെ മാതാപിതാക്കന്മാരെപ്പോലെ പെരുമാറിക്കൊണ്ട് ദയ, ന്യായം എന്നിവയോടുകൂടി നടത്തുന്ന രാജ്യഭരണം പോലും വിദേശീയരുടേതാണെങ്കിൽ പൂർണസുഖപ്രദമല്ല. ഭിന്ന ഭാഷകൾ, വെവ്വേറെ പഠനരീതികൾ, വ്യത്യസ്തങ്ങളായ പെരുമാറ്റങ്ങൾ എന്നിവയുലുള്ള വിരോധത്തെ ദൂരെ ത്യജിക്കുന്നത് വളരെ ദുഷ്കരമാണ്. അതു പരിത്യജിക്കാത്ത പക്ഷം പരസ്പരം പൂർണ ഉപകാരവും അഭിപ്രായ ഐക്യവും ഉണ്ടാവാൻ വളരെ വിഷമമാണ്. അതിനാൽ വേദാദിശാസ്ത്രങ്ങളിലുള്ള വ്യവസ്ഥകളേയും ചരിത്രപാഠങ്ങളേയും ആദരിക്കുന്നത് സജ്ജനങ്ങളുടെ കർത്തവ്യമാകുന്നു.

സൃഷ്ടികാലം



ചോദ്യം:- ജഗത്തിന്റെ ഉത്പത്തിക്കുശേഷം എത്രകാലം കഴിഞ്ഞു?

ഉത്തരം:- നൂറ്റിതൊണ്ണൂറ്റാറു കോടി, കുറെ ലക്ഷം, കുറെ ആയിരം സംവത്സരങ്ങളാണ് ജഗത്തിനെ സൃഷ്ടിക്കുകയും വേദങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തതിനു ശേഷം കഴിഞ്ഞിട്ടുള്ളത്. ഈ വിഷയത്തെപ്പറ്റി ഞാൻ രചിച്ചിട്ടുള്ള ഭൂമികയിൽ[] [25] എഴുതിയിട്ടുള്ളതു നോക്കിയാലും. സൃഷ്ടിയും സൃഷ്ടിയുടെ ഉണ്ടാകലും ഇങ്ങനെയെല്ലാമാണ്. കൂടാതെ **എല്ലാറ്റിലും വച്ച് ഏറ്റവും സൂക്ഷ്മമായതിന് - അവിഭാജ്യമായതിന്- പരമാണു എന്നു പേർ. അറുപതു പരമാണുക്കൾ ഒന്നിച്ചുകൂടിച്ചേർന്നതിന് അണു എന്നും രണ്ടണുക്കൾ കൂടിയതിന് ദ്യണുകം അഥവാ സ്ഥൂലവായു എന്നും പേരാണ്. മൂന്നു ദ്യണുകം കൂടിച്ചേർന്നതിന് അഗ്നി, നാലു ദ്യണുകം ചേർന്നതിന് ജലം, അഞ്ചു ദ്യണുകം ചേർന്നതിന് പൃഥിവി എന്നും പേരാണ്. രണ്ടു ദ്യണുകം കൂടിച്ചേർന്നാൽ ഒരു ത്രസരേണുവും, രണ്ടു ത്രസരേണു കൂടിച്ചേർന്നാൽ പൃഥിവ്യാദികളായ ദൃശ്യപദാർഥങ്ങളും ഉണ്ടാകും എന്നർഥം. ഇപ്രകാരം പരമാണ്വാദികളെ ക്രമത്തിൽ കൂട്ടിച്ചേർത്ത് ഈശ്വരൻ ഭൂഗോളാദികളെ നിർമിച്ചിരിക്കുന്നു.**

സർപ്പവും കാളയും

ചോദ്യം:- ഇതിനെ ധരിച്ചുകൊണ്ടിരിക്കുന്നത് ആരാണ്? ശേഷന്റെ അതായത് ആയിരം ഫണങ്ങളുള്ള സർപ്പത്തിന്റെ ശിരസ്സിലാണ് ഈ ഭൂമി സ്ഥിതിചെയ്യുന്നത് എന്ന് ഒരുവനും, ഋഷഭത്തിന്റെ കൊമ്പിന്മേലാണെന്ന് ഇതരനും, ഒന്നിന്മേലുമല്ലെന്ന് അപരനും, വായുവിനെ ആശ്രയിച്ചു നില്ക്കുന്നെന്ന് ഇനിയൊരുവനും പറയുന്നു. സൂര്യന്റെ ആകർഷണശക്തികൊണ്ടു ആകൃഷ്ടമായി സ്വസ്ഥാനത്തുതന്നെ നില്ക്കുന്നു എന്നാണ് മറ്റൊരുവൻ പറയുന്നത്. ഭൂമി ഘനമേറിയതാകയാൽ ആകാശത്തിൽ അധോഭാഗത്തിലേക്ക് പതിച്ചുകൊണ്ടിരിക്കുന്നു എന്ന് ഇനിയുമൊരാൾ അഭിപ്രായപ്പെടുന്നു. ഇതിലേതാണു സത്യം?

ഉത്തരം:- സർപ്പരാജനായ ശേഷന്റെ ശിരസ്സിലോ കാളയുടെ കൊമ്പിലോ ആണു ഭൂമി സ്ഥിതിചെയ്യുന്നത് എന്നു പറയുന്നവനോട് സർപ്പത്തിന്റേയോ കാളയുടേയോ മാതാപിതാക്കന്മാർ ജനിക്കുന്ന സമയത്തു ഭൂമി എവിടെ ആയിരുന്നു? സർപ്പം, കാള മുതലായവ എന്തിന്മേലാണു സ്ഥിതി ചെയ്യുന്നത്? എന്നു ചോദിക്കണം. വൃഷഭത്തിന്റെ മുകളിലാണു ഭൂമി ഇരിക്കുന്നതെന്നു പറയുന്ന മുസൽമാന്മാർ മൗനം കൈ കൊള്ളുകയേയുള്ളൂ. എന്നാൽ സർപ്പത്തിന്റെ മുകളിലാണെന്നു പറയുന്നവർ സർപ്പം ആമയുടെ പുറത്താണെന്നും, ആമ വെള്ളത്തിലാണെന്നും, വെള്ളം അഗ്നിയുടെ ഉപരിഭാഗത്താണെന്നും, അഗ്നി വായുവിന്റെ മുകളിലാണെന്നും, വായു ആകാശത്തിന്റെ മുകളിലാണെന്നും പറഞ്ഞേക്കും. അവരോട് "**ഇവയെല്ലാം എവിടെയാണിരിക്കുന്നത്?**" എന്നു ചോദിക്കണം. അവർ "**ഈശ്വരനിലാണ്**" എന്നുത്തരം പറയും. ശേഷനും വൃഷഭനും ആരുടെ മക്കളാണെന്നു അവരോടു ചോദിച്ചാൽ **"കശ്യപന്റേയും കദ്രുവിന്റെയും പുത്രനാണ് ശേഷനെന്നും പശുവിന്റെ കുട്ടിയാണു കാള"** എന്നും പറയും. കശ്യപൻ മരീചിയുടെയും, മരീചി മനുവിന്റെയും, മനു വിരാട്ടിന്റെയും, വിരാട്ട് ബ്രഹ്മാവിന്റെയും പുത്രന്മാരാകുന്നു. ബ്രഹ്മാവ് ആദിസൃഷ്ടിയിലുള്ളവനാണ്. ശേഷൻ ജനിക്കുന്നതിനു മുമ്പ് അഞ്ചു തലമുറ കഴിഞ്ഞിട്ടുണ്ടല്ലോ. അക്കാലത്ത് ഭൂമിയെ ആർ ധരിച്ചുകൊണ്ടിരുന്നു? കശ്യപന്റെ ജനനസമയത്തു ഭൂമി എന്തിന്മേലായിരുന്നു? ഇങ്ങനെ ചോദിച്ചാൽ അവർക്കും ഉത്തരം മുട്ടും. കലഹിക്കാൻ വരും. ശരിയായ സിദ്ധാന്തം ഇതാണ്:- ശേഷിച്ചിരിക്കുന്നതിനെയാണ് **ശേഷം** എന്നു പറയുന്നത്. അതുകൊണ്ട് ഏതോ ഒരുകവി-**ശേഷാധാരാപൃഥിവീത്യുക്തമ്.** ശേഷനാകുന്ന ആശ്രയത്തോടുകൂടിയതാണു ഭൂമി എന്നു പറഞ്ഞിട്ടുണ്ട്. അതിന്റെ കാര്യമറിയാതെ സർപ്പത്തെ വെറുതെ സങ്കല്പം കൊണ്ടു സൃഷ്ടിച്ചു. എന്നാൽ, വാസ്തവത്തിൽ ഉത്പത്തിപ്രളയങ്ങളിൽ നിന്നു ശേഷിച്ചവനായി -വേറെയായി ഇരിക്കുന്നതു നിമിത്തം ഈശ്വരനെ തന്നെയാണു ശേഷനെന്നു പറയുന്നത് ഈശ്വരനാകുന്ന ആധാരത്തോടു കൂടിയതാണ് ഈ പൃഥിവി.

സത്യേനോത്തഭിതാ ഭൂമിഃ (10. 85.1) ഋഗ്വേദത്തിലുള്ള സൂക്തിയാണിത്. സത്യസ്വരൂപനായ കാലത്രയത്താൽ ബാധിക്കപ്പെടാത്ത ഒരിക്കലും നാശമില്ലാത്ത ഈശ്വരനാണ് ഈ ഭൂമിയേയും ആദിത്യനേയും സകലലോകങ്ങളേയും ധരിക്കു

25. മലയാളത്തിൽ വേദപര്യടനം, വേദോത്പത്തി എന്ന അധ്യായം

26 ഉക്ഷാ സ ദ്യാവാ പൃഥിവി ബിഭർതി എന്ന് ഋഗ്വേദീയ പാഠം. അനഡ്വാൻ ദാധാര പൃഥിവീമുതദ്യാമ് എന്ന് അഥർവത്തിൽ

ന്നത്.

ഉക്ഷാദാധാര പൃതിവീമുതദ്യാമ് (10. 85. 1)[] [26] ഇതും ഋഗ്വേദത്തിലുള്ള വചനമാണ്. ഈ ഉക്ഷാ കണ്ടിട്ടാവാം കാള എന്നു കൂടി അർഥമുള്ളതുകൊണ്ട് കാള ഭൂമിയെ താങ്ങുന്നെന്ന് സങ്കല്പിച്ചത്. എന്നാൽ ഭൂഗോളത്തെ ധാരണം ചെയ്യാൻ കാളയ്ക്കു കഴിവുണ്ടോ എന്ന് ആ മൂഢൻ ചിന്തിച്ചില്ല. **ഉക്ഷാ എന്നത് മഴപെയ്തു ഭൂമി മുഴുവനും നനയ്ക്കുന്ന സൂര്യന്റെ പേരാണ്. സൂര്യനാണു തന്റെ ആകർഷണശക്തികൊണ്ടു ഭൂമിയെ ധരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ സൂര്യാദികളേയും ധരിക്കുന്ന ശക്തി ഈശ്വരനല്ലാതാരുമല്ല.**

സർവേശ്വരൻ- ധാരകൻ

ചോദ്യം:- ഇത്ര വളരെ വലിയ ഭൂഗോളത്തെയും മറ്റും ധരിക്കാൻ ഈശ്വരൻ എങ്ങനെ ശക്തനായി?

ഉത്തരം:- അനന്തമായ ആകാശത്തിൽ ഭൂമി മുതലായ വലിയ ലോകങ്ങൾ, സമുദ്രത്തിൽ ജലകണമെന്നപോലെ തീരെ ചെറുതാണ്. അളവറ്റ ശക്തിയുള്ള ഈശ്വരന്റെ മുമ്പിൽ എണ്ണമറ്റ ലോകങ്ങൾ എല്ലാം കൂടി കൂട്ടിയാൽ പോലും ഒരു പരമാണുവിനു തുല്യമാവില്ല. അദ്ദേഹം അകത്തും പുറത്തും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. **"വിഭൂഃ പ്രജാസു"** എന്നതു യജുർവേദത്തിലുള്ള വചനമാകുന്നു. (32. 8) ആ ഈശ്വരൻ പ്രജകളിലെല്ലാം നിറഞ്ഞിരുന്ന് എല്ലാറ്റിനെയും ധരിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾ, മുസൽമാൻമാർ, പൗരാണികർ എന്നിവർ പറയുന്നതുപോലെ സർവവ്യാപിയല്ല ഈശ്വരനെങ്കിൽ ഇക്കാണായ സൃഷ്ടി മുഴുവനും ധരിച്ചുകൊണ്ടിരിപ്പാൻ അദ്ദേഹം ഒരിക്കലും ശക്തനല്ല. എന്തെന്നാൽ കയ്യിൽ ഇല്ലാത്ത ഒരു വസ്തുവിനെയും ആർക്കും ധരിക്കുവാൻ കഴിയുകയില്ല. **"അന്യോന്യമുള്ള ആകർഷണശക്തികൊണ്ടായിരിക്കാം ഈ ലോകങ്ങളെല്ലാം നിലനില്ക്കുന്നത് പിന്നെന്തിനാണ് ഈശ്വരൻ ധരിച്ചുകൊണ്ടിരിക്കുന്നതെന്നും"** ആരെങ്കിലും പറഞ്ഞേക്കാം. അവർക്കുത്തരമിതാണ്:- ''ഈ സൃഷ്ടി അനന്തമോ സാന്തമോ? അനന്തമായിരിപ്പാൻ തരമില്ല. എന്തെന്നാൽ ആകൃതിയുള്ള വസ്തു ഒരിക്കലും അനന്തമായിരിക്കില്ല. സാന്തമാണെന്നുപറഞ്ഞാലോ? ലോകങ്ങളുടെ അതിർത്തിയിൽ വേറൊരു ലോകം ഇല്ലാത്ത ദിക്കിൽ ഏതിന്റെ ആകർഷണം കൊണ്ടാണ് അവയുടെ ധാരണം സംഭവിക്കുന്നത്? അനേകം വൃക്ഷങ്ങളുടെ കൂട്ടത്തെ വനം എന്ന ശബ്ദംകൊണ്ട് വിവക്ഷിക്കുന്നതിന് സമഷ്ടിയെന്നും ഓരോ വൃക്ഷത്തെയും വെവ്വേറെ ഗണിക്കുന്നതിനു വ്യഷ്ടി എന്നും പറയുന്നു. ഭൂമി തുടങ്ങിയ സകലലോകങ്ങളേയും സമഷ്ടിയായിട്ടാണ് ജഗത്ത് എന്ന് പറയുന്നതെങ്കിൽ ആ സമഷ്ടിയായ ജഗത്തിന്റെ ആകർഷണവും ധാരണവും സ്രഷ്ടാവായ പരമേശ്വരനല്ലാതെ മറ്റാർക്കും ആവുകയില്ല. ജഗത്തിന്റെ രചയിതാവ് അവൻ തന്നെ. - **സ ദാധാര പൃഥിവീം മുതദ്യാമ് (13-4)[]** [27]

യജുർവേദത്തിലുള്ള വചനമാണിത്. പ്രകാശരഹിതങ്ങളായ പൃഥിവ്യാദിലോകങ്ങളേയും മറ്റു പദാർഥങ്ങളെയും സ്വയം പ്രകാശമുള്ള സൂര്യാദിലോകങ്ങൾ ഇതരവസ്തുക്കൾ എന്നിവയേയും സൃഷ്ടിക്കുകയും ധരിക്കുകയും ചെയ്യുന്നതു ഈശ്വരനാകുന്നു. സർവവ്യാപിയായ അവൻ തന്നെയാണു സകലജഗത്തിന്റെയും സൃഷ്ടികർത്താവ്, അവൻതന്നെയാണു ജഗത്തിനെ മുഴുവൻ ധരിച്ചുകൊണ്ടിരിക്കുന്നത്.

ഭൂമിയുടെ ഭ്രമണം

ചോദ്യം:- ഭൂമിയും മറ്റു ലോകങ്ങളും കറങ്ങുന്നുവോ സ്ഥിരമായി നില്ക്കുന്നുവോ?

ഉത്തരം:- കറങ്ങിക്കൊണ്ടിരിക്കുന്നു.

ചോദ്യം:- സൂര്യൻ തിരിയുന്നു. ഭൂമി തിരിയുന്നില്ല എന്നു ചിലർ. ഭൂമിയാണു തിരിയുന്നത്, സൂര്യൻ തിരിയുന്നില്ല എന്നു വേറെ ചിലർ. ഏതാണ് സത്യം?

ഉത്തരം:- രണ്ടും പകുതി അസത്യമാണ്. എന്തെന്നാൽ, വേദത്തിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാകുന്നു:- **ആയം ഗൗഃ പൃശ്നിരക്രമീദസദന്മാതരം പുരഃ പിതരം ച പ്രയൻത്സ്വഃ (യജു. 3. 6)** ഈ ഭൂഗോളം ജലത്തോടുകൂടി സൂര്യന്റെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു എന്നാണ് ഇതിന്റെ അർഥം. അതിനാൽ ഭൂമിയാണ് പ്രദിക്ഷണം ചെയ്യുന്നത്.

ആ കൃഷ്ണേന രജസാ വർത്തമാനോ നിവേശയന്ന മൃതംമർത്യം ച; ഹിരണ്യയേന സവിതാ രഥേനാ ദേവോയാതി ഭുവനാനി പശ്യൻ (യജു. 33. 43)

വർഷാദികളുടെ കർത്താവും പ്രകാശസ്വരൂപനും തേജോമയനും രമണീയസ്വരൂപിയുമായ

27. സദാധര പൃഥിവീംഗ്യാമുതേമാമ് എന്നു പാഠം

സവിതാവ് അഥവാ സൂര്യൻ ചരാചരങ്ങളിലെല്ലാം അമൃതവർഷം പൊഴിച്ച്- കിരണാമൃതം പ്രവേശിപ്പിച്ച്- മൂർത്തമായ സകല പദാർഥങ്ങളേയും കാണിച്ച് എല്ലാ ലോകങ്ങളുമായി ആകർഷണ ഗുണത്തോടു കൂടി തന്റെ പരിധിയിൽ മാത്രം ഭ്രമണം ചെയ്യുന്നു. സൂര്യൻ മറ്റേതെങ്കിലും ലോകത്തിനു ചുറ്റും തിരിയുന്നില്ല. ഇപ്രകാരം ഓരോരോ സൗരമണ്ഡലത്തിലും ഒരു സൂര്യൻ പ്രകാശകനും മറ്റുള്ള ലോകലോകാന്തരങ്ങൾ പ്രകാശ്യങ്ങളുമാണ്.

ദിവിസോമോ അധിശ്രിതഃ (അഥർവ. 14. 1.1)

ഈ ചന്ദ്രലോകം സൂര്യനാൽ പ്രകാശിതമാകും വണ്ണം ഭൂമിയും മറ്റ് ഗ്രഹങ്ങളും സൂര്യന്റെ പ്രകാശത്താലാണത്രേ പ്രകാശിക്കുന്നത്. എന്നാൽ രാവും പകലും സദാ ഉണ്ട്. ഭൂമിയും മറ്റു ലോകങ്ങളും ഭ്രമണം ചെയ്യുമ്പോൾ സൂര്യന്റെ നേരെ വരുന്ന വശത്ത് പകലും, സൂര്യനിൽ നിന്നു മറവു വരുന്നിടത്തു രാത്രിയുമാണ്. ഉദയം, അസ്തമനം, സന്ധ്യ, മദ്ധ്യാഹ്നം, മദ്ധ്യരാത്രി തുടങ്ങി എത്ര സമയഭേദങ്ങളുണ്ടോ അവയെല്ലാം ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്ത് സംഭവിക്കുമെന്നർത്ഥം. ആര്യാവർത്തത്തിൽ സൂര്യോദയം ഉണ്ടാകുമ്പോൾ പാതാളത്തിൽ-അമേരിക്കയിൽ- സൂര്യാസ്തമയമാണ്. ആര്യാവർത്തത്തിൽ സൂര്യൻ അസ്തമിക്കുമ്പോൾ അമേരിക്കയിൽ ഉദയമാകും. ആര്യാവർത്തത്തിൽ ഉച്ചയാകുമ്പോൾ അമേരിക്കയിൽ പാതിരാവും ആര്യാവർത്തത്തിൽ പാതിരയാകുമ്പോൾ അമേരിക്കയിൽ ഉച്ചയും ആയിരിക്കും.

സൂര്യൻ കറങ്ങുന്നെന്നും ഭൂമി കറങ്ങുന്നില്ലെന്നും പറയുന്നവർ അജ്ഞരാണ്. ഭൂമി ഭ്രമണം ചെയ്തില്ലെങ്കിൽ സഹസ്രാബ്ദങ്ങൾ പകലും രാവും നീണ്ടുനില്ക്കും. സൂര്യന്റെ പേരുകളിലൊന്നു **ബ്രധ്നൻ[]** [28] എന്നാണ്. ഭൂമിയേക്കാൾ അനേകലക്ഷം മടങ്ങു വലിപ്പമുള്ളതും ഭൂമിയിൽ നിന്ന് ക്രോശകോടികൾ അകലെയുമാണെന്നർഥം. കടുകിനു ചുറ്റും പർവതം തിരിയുന്നപക്ഷം അതിനു വളരെ നേരം വേണ്ടിവരും. കടുകിനു സ്വയം തിരിയുവാൻ വളരെനേരം വേണ്ടതാനും. അതേ വിധത്തിൽ, ഭൂമിയുടെ ഭ്രമണത്താലാണ് രാവും പകലും യഥായോഗ്യമുണ്ടാകുന്നത്. സൂര്യൻ തിരിയുന്നതുകൊണ്ടല്ല. സൂര്യൻ സ്ഥിരനാണെന്നു പറയുന്നവർക്ക് ജ്യോതിശ്ശാസ്ത്രം അറിയുകയില്ല. സൂര്യൻ തിരിയുന്നില്ലെങ്കിൽ ഒരു രാശിയിൽനിന്നു മറ്റൊരു രാശിയിലേക്ക്- ഒരു സ്ഥാനത്തു നിന്ന് മറ്റൊരു സ്ഥാനത്തേക്ക്- സംക്രമിക്കുകയില്ലെന്നു മാത്രമല്ല, ഘനമുള്ള വസ്തുവിന് ഭ്രമണരഹിതമായി ആകാശത്തിൽ ഒരേ സ്ഥാനത്തു നില്ക്കുവാൻ സാധ്യവുമല്ല. **"ഭൂമി തിരിയുന്നില്ല, കീഴ്പോട്ടു കീഴ്പോട്ടു വീണുകൊണ്ടിരിക്കുകയാണു ചെയ്യുന്നത്. രണ്ടു സൂര്യന്മാരും രണ്ടു ചന്ദ്രന്മാരും ജംബുദ്വീപത്തിൽ മാത്രമേയുള്ളൂ."** എന്നു പറയുന്ന ജൈനമതക്കാരും കഞ്ചാവിന്റെ ലഹരിയിൽ മുഴുകിയിരിക്കുകയാണെന്നു തോന്നുന്നു. ഭൂമി കീഴ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണു ചെയ്യുന്നതെങ്കിൽ ചുറ്റും വായുമണ്ഡലം ഇല്ലാതായി ചിന്നഭിന്നമായിപ്പോകും. നിമ്നപ്രദേശങ്ങളിൽ വസിക്കുന്നവർക്കു വായുവിന്റെ സ്പർശം ലഭിക്കുകയില്ല. ഉപരിഭാഗത്തിലുള്ളവർക്കു വായു അധികം കിട്ടുകയും ചെയ്യും. വായുവിന്റെ ഗതി സദാ ഒരുപോലെ ആയിരിക്കുകയും ചെയ്യും. രണ്ടുസൂര്യന്മാരും രണ്ടു ചന്ദ്രന്മാരുമുണ്ടെങ്കിൽ രാത്രിയും കൃഷ്ണപക്ഷവും ഉണ്ടാവുകയില്ല. അതിനാൽ ഭൂമിയുടെ അടുത്ത് ഒരു ചന്ദ്രനും അനേകം ഗോളങ്ങളുടെ മധ്യത്തിൽ ഒരു സൂര്യനും മാത്രമേ ഉള്ളൂ.

മറ്റുലോകങ്ങളിലും ജീവജാലങ്ങളുണ്ട്.

ചോദ്യം:- സൂര്യൻ, ചന്ദ്രൻ നക്ഷത്രങ്ങൾ എന്നിവ എന്തു വസ്തുക്കളാണ്? അവയിൽ മനുഷ്യൻതുടങ്ങിയുള്ള സൃഷ്ടിജാലങ്ങൾ ഉണ്ടോ ഇല്ലയോ?

ഉത്തരം:- ഇപ്പറഞ്ഞ ഗോളങ്ങളെല്ലാം ലോകങ്ങൾ ആകുന്നു. അവയിൽ മനുഷ്യാദി ജീവികൾ വസിക്കുന്നുണ്ട്. എന്തെന്നാൽ-

ഏതേഷു ഹീദങ് സർവം വസു ഹിതമേതേ ഹിങ് സർവം വാസയന്തേ തദ്യാദിദംങ് സർവം വാസയന്തേ തസ്മാ ദസവ ഇതി. (ശത്ര. കാ. 14)[] [29]

പൃഥിവി, ജലം, അഗ്നി, വായു, ആകാശം, ചന്ദ്രൻ, നക്ഷത്രം, സൂര്യൻ എന്നിവയ്ക്കു വസുക്കൾ എന്നു പേരു വന്നത് അവയിൽ എല്ലാ ചരാചരങ്ങളും വസിക്കുന്നതുകൊണ്ടും അവയെ അവ

28. അസൗവാ ആദിത്യോ ബ്രധ്നഃ (ശത 13.2.6.1)

29 ശതപഥം 14.6.9.4

30 മാനവാദി ജീവികൾ ഇല്ലാത്തവയെങ്കിലും അവയുടെ വാസത്തിനു ഹേതുവാകയാൽ വസു എന്നുപേരായി. വീടിന്റെ മേൽക്കൂരയിൽ മനുഷ്യൻ പാർക്കുന്നില്ലെങ്കിലും അതും വീടിന്റെ ഭാഗമായിരിക്കുന്നതുപോലെ, ചന്ദ്രനിൽ ജീവികളിലെങ്കിലും നമ്മുടെ ഭൂമിയിലെ വാസത്തിന് ചന്ദ്രൻ സഹായിക്കുന്നു.

വസിപ്പിക്കുന്നതുകൊണ്ടും ആണ്. എല്ലാറ്റിന്റെയും വാസഭൂമിയായതുകൊണ്ടാണ് അവയ്ക്ക് വസുക്കൾ എന്നു പേർ വന്നത്.30 സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പൃഥിവിയെപ്പോലെ വസുക്കളാണെങ്കിൽ അവയിലും ഇതേവിധത്തിൽ ജീവജാലങ്ങൾ ഉണ്ടെന്നു പറയുന്നതിലെന്തിനു ശങ്കിക്കണം. ഈശ്വരനിർമിതമായ ഈ ചെറിയലോകം മനുഷ്യാദി സൃഷ്ടിജാലങ്ങളാൽ നിറഞ്ഞിരിക്കെ മറ്റു ലോകങ്ങളെല്ലാം ശൂന്യങ്ങളായിരിക്കുമോ? ഈശ്വരന്റെ പ്രവൃത്തിയൊന്നും നിഷ്പ്രയോജനമല്ല. അസംഖ്യം ലോകലോകാന്തരങ്ങളിൽ മനുഷ്യാദി സൃഷ്ടികളില്ലെങ്കിൽ അവയുടെ പ്രയോജനമെന്ത്? അതിനാൽ സകലലോകങ്ങളിലും മാനവാദി സൃഷ്ടികൾ ഉണ്ട്.

ആകൃതിഭേദം വരാം

ചോദ്യം:- മനുഷ്യാദി സൃഷ്ടിജാലങ്ങളുടെ ആകൃതിയും അവയവങ്ങളും ഈ ലോകത്തിലേതുപോലെയോ? അതോ ഭിന്നമോ ഇതരലോകങ്ങളിലുള്ളത്?

ഉത്തരം:- കുറച്ച് ആകൃതിഭേദം,വരാം. ഭൂമിയിൽ തന്നെ ചൈന, ആഫ്രിക്ക, ആര്യവർത്തം, യൂറോപ്പ് എന്നീ പ്രദേശങ്ങളിലുള്ളവരുടെ ആകൃതി, അവയവങ്ങൾ, നിറം എന്നിവയിൽ തെല്ലു ഭേദമുള്ളതുപോലെ ലോകാന്തരങ്ങളിലും വരാം. എന്നാൽ ഈ ലോകത്തിൽ സൃഷ്ടിച്ചിട്ടുള്ള ജനുസുകളെപ്പോലെതന്നെ അന്യലോകങ്ങളിലും സൃഷ്ടിച്ചിരിക്കുന്നു. കൂടാതെ കണ്ണ് മുതലായ അംഗങ്ങളുടെ സ്ഥാനം ലോകത്തിൽ കാണപ്പെടുംപോലെ തന്നെയാണ് ലോകാന്തരങ്ങളിലും ഉള്ളത്. എന്തെന്നാൽ- **സൂര്യാചന്ദ്രമസൗ ധാതാ യഥാപൂർവമകല്പയത് ദിവിം ച പൃഥിവീംചാന്തരിക്ഷമഥോ സ്വഃ (ഋ. 10. 190. 3)**

സൂര്യൻ, ചന്ദ്രൻ, ആകാശം, ഭൂമി. അന്തരിക്ഷം അവയിലുള്ള സുഖങ്ങൾ, വിശിഷ്ടവസ്തുക്കൾ എന്നിവയെല്ലാം ധാതാവായ ഈശ്വരൻ മുൻകല്പങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നതുപോലെ തന്നെയാണ്, ഈ കല്പത്തിലും സൃഷ്ടിച്ചിട്ടുള്ളത്. ലോകാന്തരങ്ങളിലും ഇങ്ങനെതന്നെയാണ്. ഒട്ടുമേ അന്തരമില്ല.

വേദം മറ്റുലോകങ്ങളിലും

ചോദ്യം:- ഈ ലോകത്തിൽ പ്രകാശിതമായ വേദങ്ങൾ തന്നെയാണോ മറ്റുള്ള ലോകങ്ങളിലുമുള്ളത്? അതോ വേറെയോ?

ഉത്തരം:- ഇവിടെയുള്ള വേദങ്ങൾ തന്നെ. ഒരു രാജാവിന്റെ രാജ്യഭരണം, നീതിന്യായവ്യവസ്ഥകൾ രാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഒരേ വിധത്തിൽ ആയിരിക്കുന്നതുപോലെ രാജരാജേശ്വരനായ ഈശ്വരന്റെ വേദങ്ങളിൽ പ്രതിപാദിതമായ നീതിയും അദ്ദേഹത്തിന്റെ സൃഷ്ടി സാമ്രാജ്യത്തിലെ സകലലോകങ്ങളിലും ഒന്നുതന്നെയാണ്.

ജീവാത്മാക്കളും പ്രകൃതിയും ഈശ്വരനധീനം

ചോദ്യം:- ജീവാത്മാക്കളും പ്രകൃതിയിലുള്ള പദാർഥങ്ങളും അനാദിയും ഈശ്വരസൃഷ്ടമല്ലാത്തതുമാണെങ്കിൽ അവയിൽ ഈശ്വരന് അധികാരമേ ഉണ്ടാകാൻ പാടില്ല. എന്തെന്നാൽ എല്ലാം സ്വതന്ത്രങ്ങളാണല്ലോ?

ഉത്തരം:- രാജാവും പ്രജകളും സമകാലീനരാകുന്നു. പ്രജകൾ രാജാവിന്റെ അധീനത്തിലാണിരിക്കുന്നത്. അതുപോലെ ജീവാത്മാക്കളും ജഡപദാർഥങ്ങളും ഈശ്വരന്റെ അധീനത്തിലാണ്. ഈശ്വരൻ ലോകങ്ങളെ സൃഷ്ടിക്കുന്നു. ജീവാത്മാക്കൾക്കു കർമഫലം കൊടുക്കുന്നു. എല്ലാറ്റിനെയും വേണ്ടും വണ്ണം രക്ഷിക്കുന്നു. അളവറ്റ ശക്തിയുള്ളവനുമാണ്. അപ്പോൾ അത്യല്പമായ ശക്തിയുള്ള ജീവാത്മാക്കളും ജഡപദാർഥങ്ങളും എന്തുകൊണ്ട് അദ്ദേഹത്തിന്റെ അധീനത്തിലായിക്കൂടാ? എന്നാൽ കർമം ചെയ്യുന്നതിൽ ജീവൻ സ്വതന്ത്രനാണ്. കർമഫലങ്ങൾ അനുഭവിക്കുന്നതിലാകട്ടെ ഈശ്വരന്റെ വ്യവസ്ഥയ്ക്ക് അധീനനുമാണ്. അതുപോലെതന്നെ ജഗത്തിന്റെ സൃഷ്ടി സ്ഥിതിസംഹാരങ്ങൾ നടത്തുന്നതും സർവശക്തിമാനായ ഈശ്വരൻ തന്നെയാണ്.

അടുത്ത സമുല്ലാസത്തിൽ വിദ്യ, അവിദ്യ, ബന്ധം, മോക്ഷം എന്നീ വിഷയങ്ങൾ പ്രതിപാദിക്കാം.

ശ്രീമദ്ദയാനന്ദസരസ്വതീസ്വാമികൾ രചിച്ച സത്യാർഥപ്രകാശത്തിലെ സൃഷ്ട്യുല്പത്തിസ്ഥിതി പ്രളയവിഷയങ്ങൾ പ്രതിപാദിക്കുന്ന എട്ടാം സമുല്ലാസം കഴിഞ്ഞു.



൭

ഒൻപതാം സമുല്ലാസം

സത്യാർത്ഥപ്രകാശം

വിദ്യ, അവിദ്യ, ബന്ധനം, മോക്ഷം

അഥ വിദ്യാവിദ്യ,ബന്ധമോക്ഷം വിഷയം പ്രവക്ഷ്യാമഃ

ഇനി വിദ്യ, അവിദ്യ, ബന്ധനം, മോക്ഷം എന്നീ വിഷയങ്ങൾ വ്യാഖ്യാനിക്കുന്നു.

വിദ്യാം ചാവിദ്യാം ച യസ്തദ്വേദോഭയങ് സഹ അവിദ്യയാ മൃത്യും തീർത്വാ വിദ്യയാ[illegible] **മൃതമശ്നുതേ (യജു. 40. 14)**

വിദ്യയുടെയും അവിദ്യയുടെയും സ്വരൂപമെന്തെന്ന് ഒരേ സമയം തന്നെ അറിയുന്ന മനുഷ്യൻ അവിദ്യ[illegible] [1] യാൽ അഥവാ കർമോപാസനകളാൽ മരണത്തെ ജയിച്ച്, വിദ്യകൊണ്ട് അഥവാ യഥാർഥ ജ്ഞാനംകൊണ്ട്- മോക്ഷം പ്രാപിക്കുന്നു. അവിദ്യയുടെ ലക്ഷണം:-

അനിത്യാശുചി ദുഃഖാനാത്മസു നിത്യശുചി സുഖാത്മഖ്യാ തിരവിദ്യാ[illegible] [2]

ഇതു യോഗശാസ്ത്രത്തിലെ സൂത്രമാകുന്നു. അനിത്യമായ സംസാരത്തിലും ശരീരാദികളിലും നിത്യത്വബുദ്ധി- കണ്ടിട്ടും കേട്ടിട്ടും കണ്ടുംകേട്ടും അറിയുന്ന ഈ പ്രഞ്ചം അനാദിയാണെന്നും ശരീരം എന്നും നിലനില്ക്കുമെന്നുമുള്ള വിപരീതജ്ഞാനവുമാണ് അവിദ്യയുടെ ആദ്യത്തെ അംഗം. അശുചിയായ അതായത് മാലിന്യമയമായ വസ്തുക്കളിലും മിഥ്യാഭാഷണം മോഷണം മുതലായ അപവിത്രകർമങ്ങളിലും പവിത്രതകാണുന്ന ബുദ്ധിയാണ് അവിദ്യയുടെ രണ്ടാമത്തെ അംഗം. വിഷയസുഖത്തിന്റെ അത്യന്തസേവനമാകുന്ന ദുഃഖത്തിൽ സുഖബുദ്ധി കാണുന്നത് അവിദ്യയുടെ മൂന്നാമത്തെ അംഗവും അനാത്മവസ്തുക്കളെ ആത്മാവാണെന്നു തെറ്റിദ്ധരിക്കുന്നത് അവിദ്യയുടെ നാലാമത്തെ അംഗവും ആകുന്നു. ഇങ്ങനെ നാലു വിധത്തിലുള്ള വിപരീത ജ്ഞാനത്തെയാണ് അവിദ്യയെന്നു പറയുന്നത്.

വിദ്യ-ലക്ഷണം

ഇതിനു വിപരീതമായി അനിത്യത്തിൽ അനി

1 അവിദ്യാ എന്ന പദത്തിന് രണ്ടു സമാസങ്ങളുണ്ട്. നഞ് ത്പുരുഷനും, ബഹൂവ്രീഹിയും. മന്ത്രത്തിലെ അവിദ്യാ നഞ്. തത്പുരുഷസമാണ്. ന വിദ്യാ = അവിദ്യാ. എന്തെന്നാൽ ആദ്യുദാത്തമാണിത്. നഞ് തത്പുരുഷനിൽ ഉത്തരപദത്തിനു നിഷേധം കല്പിക്കയാൽ അതിനനുസരിച്ച് അർഥത്തെ ബോധിപ്പിക്കുന്നു. നഞിവയുക്തമന്യ സദൃശാധികരണേതഥാഹ്യർഥഗതിഃ എന്നമഹാഭാഷ്യവചനം (3.1.12) ഇതിനു പ്രമാണമാണ്.) അനശ്വമാനയ എന്ന ആജ്ഞയ്ക്ക് ഭൃത്യൻ സവാരിക്കു കൊള്ളാവുന്ന കുതിരയല്ലാത്ത നാല്കാലി മൃഗത്തെ കൊണ്ടുവരും. വിദ്യ, കർമം എന്നിവയ്ക്ക് ശാസ്ത്രങ്ങളിൽ സഹവർത്തിത്വം പറഞ്ഞിട്ടുണ്ട്. തംവിദ്യാ കർമണി സമന്വാരഭേതേ പൂർവപ്രജ്ഞാച (ബൃഹദാരണ്യക ഉപനിഷത്ത് 4. 4. 2 നിരുക്ത. 14.7) ഇതി. ജ്ഞാനം കർമം പൂർവം-വാസന, സ്തുതി, സംസ്കാരം എന്നിവ ആത്മാവിനോടൊപ്പം പോകുന്നു. ഇക്കാരണത്താൽ അവിദ്യയെന്നതിന. വിദ്യയില്ലാത്ത എന്നാൽ തത്സദൃശമായ കർമമെന്ന് ഗ്രഹിക്കണം. ഇത് ഗ്രന്ഥകാരൻ അവിദ്യ യെ വ്യാഖ്യാനിക്കുമ്പോൾ സ്ഫുടീകരിക്കുന്നുണ്ട്. ബഹുവ്രീഹി സമാസത്തിലെ അവിദ്യ നാസ്തി വിദ്യാ-യഥാർഥജ്ഞാനം യസ്യാസാ-ഏതിലാണോ യഥാർഥ ജ്ഞാനമില്ലാത്തത് അത്തരം വിപരീതജ്ഞാനത്തിന് പറയുന്ന പേരാണ്. വൈശേഷിക ദർശനത്തിലും ഇന്ദ്രിയദോഷാത് സംസ്കാര ദോഷാച്ചാ വിദ്യാതദ്ദുഷ്ടം ജ്ഞാനമ്. (9.2.10&11) ഇന്ദ്രിയ-സംസ്കാര ദോഷങ്ങളാലുണ്ടാകുന്ന അവിദ്യ ദുഷിപ്പിക്കുന്ന ജ്ഞാനമാണ് അവിദ്യയെന്നു പറയുന്നു. യോഗ സൂത്രത്തിലെ അവിദ്യയ്ക്ക് ഈ അർത്ഥമെടുക്കണം.

2 യോഗസൂത്രം - സാധനപാദം 5

ത്യത. നിത്യത്തിൽ നിത്യത. പവിത്രമല്ലാത്തതിൽ അപവിത്രത, പവിത്രതയിൽ പവിത്രത ദുഃഖത്തിൽ ദുഃഖം, സുഖത്തിൽ സുഖം അനാത്മതയിൽ ആത്മഭിന്നത, ആത്മാവിൽ ആത്മത എന്നിവകാണുന്നതാണ് വിദ്യ **"വേത്തി യഥാവത്തത്ത്വ പദാർഥസ്വരൂപം യയാ സാ വിദ്യാ. യയാ തത്ത്വ സ്വരൂപം ന ജാനാതി ഭ്രദന്യസ്മി ന്നന്യന്നിശ്ചിനോതി യയാ സാ അവിദ്യാ"** ഏതിനാൽ പദാർഥങ്ങളുടെ യഥാർഥസ്വരൂപം അറിയുന്നുവോ അതിനെയാണു വിദ്യ എന്നു പറയുന്നത്. ഏതൊന്നിനാൽ തത്ത്വസ്വരൂപം അറിയുന്നില്ലയോ ഏതിനാൽ ഒരു വസ്തുവിൽ മറ്റൊരു വസ്തുവിന്റെ അസ്തിത്വബോധം ഉണ്ടാകുന്നുവോ അതിനെ അവിദ്യ എന്നും പറയുന്നു.

അവിദ്യ

കർമവും ഉപാസനയും അവിദ്യയാണ്. കാരണം, അവ ബാഹ്യങ്ങളും ആന്തരങ്ങളുമായ ക്രിയാവിശേഷങ്ങളാണ്, ജ്ഞാനമല്ല. അതുകൊണ്ടുതന്നെയാണ് ഈ മന്ത്രത്തിൽ **"പരിശുദ്ധമായ കർമം അനുഷ്ഠിക്കുകയും ഈശ്വരനെ ഉപാസിക്കുകയും ചെയ്യാതെ മൃത്യുദുഃഖത്തെ ആരും തരണം ചെയ്യുന്നില്ല."** എന്നു പറഞ്ഞിട്ടുള്ളത്. പാവനമായ കർമാനുഷ്ഠാനം, പവിത്രമായ ഉപാസന, പരിശുദ്ധമായ ജ്ഞാനം എന്നിവകൊണ്ടേ മോക്ഷം കിട്ടുകയുള്ളൂ. അസത്യഭാഷണം തുടങ്ങിയ ദുഷ്കർമങ്ങൾ, വിഗ്രഹാരാധന, മിഥ്യാജ്ഞാനം എന്നിവകളാലും ബന്ധനമാണുണ്ടാകുന്നത് എന്നർഥം. കർമം, ഉപാസന, ജ്ഞാനം, എന്നിവയല്ലാതെ ഒരു നിമിഷം പോലും മനുഷ്യനു നിലനിൽപ്പില്ല.[] [3] അതിനാൽ സത്യഭാഷണാദി ധർമയുക്തകർമങ്ങൾ അനുഷ്ഠിക്കുകയും മിഥ്യാസംഭാഷണാദി അധർമങ്ങളെ ത്യജിക്കുകയും ചെയ്യുന്നതു മാത്രമാണ് മോക്ഷത്തിനുള്ള ഉപായം

ബന്ധവും മോക്ഷവും വേദാന്തവും

ചോദ്യം:- മോക്ഷം കിട്ടാതിരിക്കുന്നത് ആർക്കാണ്?

ഉത്തരം:- ബന്ധിതന്

ചോദ്യം:- ബന്ധിതനാരാണ്?

ഉത്തരം:- അധർമത്തിലും അജ്ഞാനത്തിലും അകപ്പെട്ട ജീവാത്മാവാണ് ബന്ധിതൻ

ചോദ്യം:- ബന്ധവും മോക്ഷവും സ്വാഭാവികമായി ഉണ്ടാകുന്നതോ ഏതെങ്കിലും നിമിത്തത്താൽ കിട്ടുന്നതോ?

ഉത്തരം:- നിമിത്തത്താൽ ലഭിക്കുന്നതു തന്നെ. ബന്ധമോക്ഷങ്ങൾ സ്വതസിദ്ധങ്ങളാണെങ്കിൽ അവ ഒരിക്കലും ഇല്ലാതാവുകയില്ലല്ലോ.

ചോദ്യം:- ന വിരോധോ ന ചോത്പത്തിർ ന ബദ്ധോ ന ച സാധകഃ ന മുമുക്ഷർ ന വൈ മുക്തി രിത്യേഷ പരമാർഥിതാ.[] [4]

ഈ കാരിക മാണ്ഡൂക്യോപനിഷത്തിന്മേലുള്ളതാണ്. ജീവൻ ബ്രഹ്മമായതുകൊണ്ട് വസ്തുതഃ ജീവനു നിരോധമോ, ആവരണത്തിലകപ്പെടലോ, ജന്മമെടുക്കലോ, ബന്ധനമോ ഇല്ല. മോക്ഷസാധനങ്ങളനുഷ്ടിക്കുന്നില്ല. മോക്ഷം നേടുവാൻ ഇച്ഛിക്കുന്നില്ല. ജീവന് ഒരിക്കലും മോക്ഷം ലഭിക്കുന്നില്ല. എന്തെന്നാൽ വാസ്തവത്തിൽ ബന്ധനമേ ഉണ്ടായിട്ടില്ലെങ്കിൽ പിന്നെ മോക്ഷമെന്താണ്?

ഉത്തരം:- നവീനവേദാന്തികളുടെ ഈ വാക്കുകൾ സത്യമല്ല. ജീവൻ അല്പസ്വരൂപിയായതിനാൽ ആവരണത്തിൽ അകപ്പെടുന്നു.[] [5] ശരീരം ധരിച്ച് വ്യക്തിയായി ജനിക്കുന്നു. പാപകർമങ്ങളുടെ ഫലാനുഭവമാകുന്ന ബന്ധനത്തിൽ കുടുങ്ങുന്നു. അതിൽ നിന്നു വിട്ടുപോകുവാനുള്ള അനുഷ്ഠാനം ചെയ്യുന്നു. ദുഃഖനിവൃത്തി ആഗ്രഹിക്കുന്നു. ദുഃഖങ്ങളിൽ നിന്നു മുക്തനായി പരമാനന്ദരൂപിയായ ഈശ്വരനെ പ്രാപിച്ചു കൈവല്യസുഖം അനുഭവിക്കുന്നു.

ചോദ്യം:- ഈ ധർമങ്ങളെല്ലാം ശരീരത്തിന്റേതും അന്തഃകരണത്തിന്റേതുമാണ്. ജീവാത്മാവിന്റേതല്ല. ജീവൻ പാപപുണ്യരഹിതനും സാക്ഷി മാത്രവുമാണ്. ശീതോഷ്ണാദികൾ ശരീരത്തിന്റെ മാത്രം ധർമമാണ്. ആത്മാവാകട്ടെ നിർലേപനും.

ഉത്തരം:- ദേഹവും അന്തഃകരണവും ജഡമാണ്. അവയ്ക്ക് ശീതോഷ്ണങ്ങളുണ്ടാവുകയോ അനുഭൂതമാവുകയോ ഇല്ല. ചൈതന്യമുള്ള മനുഷ്യാദി ജീവികൾ സ്പർശിക്കുമ്പോൾ മാത്രമേ ശീതോഷ്ണങ്ങളുടെ ജ്ഞാനവും അനുഭവവും ഉണ്ടാവുകയുള്ളൂ. അതുപോലെ അചേതനമായ പ്രാണന് വിശപ്പും ദാഹവും ഉണ്ടാകുന്നില്ല. പ്രാണ

3 നഹി കശ്ചിത് ക്ഷണമപി ജാതു തിഷ്ഠത്യ കർമകൃത് കാര്യതേഹ്യവശ്യഃ കർമ സർവഃ പ്രകൃതി ജൈർഗുണൈ (ഗീത 3.5)

4 ഗൗഡപാദീയ കാരിക 2. 32 അവിടെ മുക്ത ഇത്യേഷാ എന്നു പാഠം

5 ജ്ഞാനം പരിമാണം സാമർഥ്യം എന്നിവയിൽ പരമാത്മാവിനെ അപേക്ഷിച്ച് ജീവൻ അല്പനാണ്.

നുള്ള ജീവാത്മാക്കൾക്കു മാത്രമേ വിശപ്പും ദാഹവും ഉണ്ടാകുന്നുള്ളൂ. അതുപോലെ മനസ്സും ജഡമായതുകൊണ്ട് അതിന് സുഖവും ദുഃഖവും ഉണ്ടാവുകയില്ല. മനസുകൊണ്ട് ഹർഷശോകങ്ങളേയും, സുഖദുഃഖങ്ങളേയും അനുഭവിക്കുന്നതു ജീവാത്മാവാണ്. ബാഹ്യേന്ദ്രിയങ്ങളായ ചെവി മുതലായവയാൽ നല്ലതും ചീത്തയുമായ ശബ്ദാദി വിഷയങ്ങളെ ഗ്രഹിച്ച് ജീവാത്മാവ് സുഖിയും ദുഃഖിയുമാകുന്നതുപോലെ അന്തഃകരണങ്ങളായ മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം, എന്നിവയാൽ സങ്കല്പം, വികല്പം, നിശ്ചയം, സ്മരണ, അഭിമാനം എന്നിവ ചെയ്ത് ശിക്ഷയും സമ്മാനവും ജീവൻ നേടുന്നു. വാൾ കൊണ്ടുകൊല്ലുന്നനാണു ശിക്ഷാർഹൻ. വാളല്ല. അതുപോലെ ശരീരം ഇന്ദ്രിയങ്ങൾ, അന്തഃകരണം, പ്രാണൻ എന്നീ ഉപകരണങ്ങളെക്കൊണ്ടു നന്മയും തിന്മയും ചെയ്യുന്ന ജീവാത്മാവാണ് സുഖദുഃഖങ്ങളുടെ ഭോക്താവ്. ജീവാത്മാവ് കർമങ്ങളുടെ സാക്ഷിയല്ല, കർത്താവും ഭോക്താവുമാണ്. കർമങ്ങളുടെ സാക്ഷി അദ്വിതീയനായ പരമാത്മാവ് മാത്രമാണ്. കർമംചെയ്യുന്ന ജീവാത്മാവു മാത്രമേ കർമങ്ങളാൽ ബന്ധിതനാവുന്നുള്ളൂ. ജീവാത്മാവ് ഈശ്വരനോ സാക്ഷിയോ അല്ല.

ചോദ്യം:- ജീവൻ ബ്രഹ്മത്തിന്റെ പ്രതിബിംബമാകുന്നു. കണ്ണാടി പൊട്ടിത്തകർന്നാലും പ്രതിബിംബത്തിന് കോട്ടമൊന്നും തട്ടുന്നില്ല. അതുപോലെ ബ്രഹ്മത്തിന്റെ പ്രതിബിംബമായ ജീവൻ അന്തഃകരണോപാധി നിലനില്ക്കുന്നതുവരെ അതിൽ നിലനില്ക്കുന്നു. അന്തഃകരണം നശിക്കുമ്പോൾ ജീവൻ മുക്തിപ്രാപിക്കുന്നു.

ഉത്തരം:- ഇപ്പറഞ്ഞത് വെറും ബാലിശമാണ്. സാകാരമായതിനു മാത്രമേ മറ്റൊന്നിൽ പ്രതിബിംബം ഉണ്ടാകൂ. മുഖത്തിനും കണ്ണാടിക്കും ആകൃതിയുണ്ട്. അവ വെവ്വേറെയുമാണ്. വെവ്വേറെയല്ലെങ്കിൽ പ്രതിബിംബം ഉണ്ടാവുകയില്ല. ബ്രഹ്മം നിരാകാരവും സർവവ്യാപിയുമാകയാൽ ബ്രഹ്മത്തിന് പ്രതിബിംബമേ ഉണ്ടാവുകയില്ല.

ചോദ്യം:- നോക്കൂ! ആഴമേറിയ സ്വച്ഛജലത്തിൽ നിരാകാരവും വ്യാപകവുമായ ആകാശം പ്രതിഫലിക്കുന്നു. ഇപ്രകാരം സ്വച്ഛമായ അന്തഃകരണത്തിൽ പരമാത്മാവിന്റെ ആഭാസം (പ്രതിഫലനം) ഉണ്ടാകുന്നു. അതുകൊണ്ടുതന്നെയാണ് അതിനെ ചിദാഭാസം എന്നു പറയുന്നത്.

ഉത്തരം:- ഇതും വെറും ബാലിശമായ മിഥ്യാവാക്കുകളാണ്. ആകാശം ദൃശ്യമല്ലെന്നിരിക്കേ കണ്ണുള്ള ആർക്കാണ് അതിനെ കാണാനാവുക?

ചോദ്യം:- നീലനിറത്തിൽ പൊടിപടലം പോലെ മുകളിൽ കാണുന്ന നീലിമ ആകാശമല്ലേ?

ഉത്തരം:- അല്ല.

ചോദ്യം:- അതെന്താണ് പിന്നെ?

ഉത്തരം:- പൃഥിവി, ജലം, തേജസ്സ് എന്നിവയുടെ വിഭിന്നത്രസരേണുക്കളാണ് അവിടെ കാണുന്നത്. അതിൽ കാണുന്ന നീലനിറം ജലാധിക്യം കൊണ്ടുണ്ടായതാണ്. മഴയായി വർഷിക്കുന്ന വെള്ളം തന്നെയാണു നീലനിറത്തിൽ കാണുന്നത്. പൊടിപടലം പോലുള്ളത് ഭൂമിയിൽ നിന്നു പൊന്തിപ്പറന്നു വായുവിൽ ചുറ്റിത്തിരിയുന്ന പൊടിയാണ്. അവയുടെ പ്രതിബിംബമാണ് വെള്ളത്തിലും കണ്ണാടിയിലും കാണുന്നത്. ആകാശത്തിന്റേതല്ല.

ഉപാധിഭേദങ്ങളല്ല. ഈശ്വരനും ജീവനും

ചോദ്യം:-കുടാകാശം, മഠാകാശം, മേഘാകാശം, മഹദാകാശം എന്നിങ്ങനെ ഭിന്ന വ്യവഹാരങ്ങൾ കാണുന്നതുപോലെ ബ്രഹ്മാണ്ഡം, അന്തഃകരണം എന്നീ ഉപാധികളുടെ ഭേദത്താൽ ബ്രഹ്മത്തിനെ ഈശ്വരൻ എന്നും ജീവൻ എന്നും പറയുന്നു. കുടാദികൾ ഇല്ലാതാകുമ്പോൾ മഹാകാശമെന്നു മാത്രമേ പറയാറുള്ളൂ.

ഉത്തരം:- ഇതും പാമര വചനമാണ്. ആകാശം ഒരിക്കലും ഛിന്നഭിന്നമാകുന്നില്ല. പ്രയോഗത്തിലും **"കുടം കൊണ്ടുവരിക"** എന്നാണ് പറയുക. **"കുടാകാശം കൊണ്ടുവരൂ"** എന്നാരും പറയുകയില്ല. അതിനാൽ ഇതു ശരിയല്ല.

ചോദ്യം:- കടലിൽ മത്സ്യവും മറ്റു ജലജന്തുക്കളും ആകാശത്തിൽ പക്ഷികളും മറ്റും സഞ്ചരിക്കുന്നതുപോലെയും ചിദാകാശ ബ്രഹ്മത്തിൽ അന്തഃകരണങ്ങളെല്ലാം സദാ സഞ്ചരിക്കുന്നു. അവ സ്വയം ജഡങ്ങളാണെങ്കിലും, സർവവ്യാപിയായ പരമാത്മാവിന്റെ സത്തയാൽ അഗ്നിതാപമേറ്റ ലോഹമെന്നപോലെ ചേതനങ്ങളായിത്തീരുന്നു. പക്ഷികളും മറ്റും ചലിക്കുന്നുണ്ടെങ്കിലും ആകാശം നിശ്ചലമായി വർത്തിക്കുന്നവണ്ണം അന്തഃകരണങ്ങൾ ചലിക്കുന്നുണ്ടെങ്കിലും ബ്രഹ്മം നിശ്ചലമായിരിക്കുന്നു. അതിനാൽ ജീവൻ ബ്രഹ്മമാണെന്നു വിശ്വസിക്കുന്നതിൽ ദോഷമൊന്നുമില്ല.

ഉത്തരം:- നിങ്ങളുടെ ഈ ദൃഷ്ടാന്തവും ശരിയല്ല. സർവവ്യാപിയായ ബ്രഹ്മമാണ് അന്തഃകര

ണങ്ങളിൽ പ്രകാശിച്ച് ജീവനായി തീരുന്നതെങ്കിൽ അതിൽ സർവജ്ഞത്വം തുടങ്ങിയ ഗുണങ്ങൾ ഉണ്ടെന്നോ ഇല്ലെന്നോ പറയുന്നത്? ആവരണം ഉണ്ടാകുന്നതിനാൽ സർവജ്ഞത്വാദിഗുണങ്ങൾ ഇല്ലെന്നാണെങ്കിൽ ബ്രഹ്മം ആവൃത്തവും ഖണ്ഡിതവുമാണെന്നോ അതോ അഖണ്ഡിതമാണെന്നോ പറയേണ്ടത്? അഖണ്ഡിതമാണെങ്കിൽ അതിന്റെ ഉള്ളിൽ ആവരണം ഉണ്ടാക്കുവാൻ സാധ്യമല്ല. ആവരണം ഇല്ലെങ്കിൽ സർവ്വജ്ഞത്വം എന്തുകൊണ്ടില്ല? ബ്രഹ്മം തന്റെ സ്വരൂപത്തെ മറന്ന് അന്തഃകരണത്തിനൊപ്പം ചലിക്കുന്നു, സ്വരൂപത്തോടെയല്ല, എന്നു പറയുന്നതും ശരിയല്ല. സ്വയം ചലിക്കാതിരിക്കെ, അന്തഃകരണം എത്രയെത്ര പ്രദേശങ്ങളെ പിന്നിട്ട് മുന്നേറിക്കൊണ്ടിരിക്കുമോ അവിടവിടെ ബ്രഹ്മം അജ്ഞാനിയും ഭ്രാന്തവുമായിരിക്കും. പിന്നിട്ടിടങ്ങളിൽ ഉള്ള ബ്രഹ്മം ജ്ഞാനിയും പരിശുദ്ധവും മുക്തവും ആകും. ഇങ്ങനെ വിശ്വവ്യാപിയായ ബ്രഹ്മത്തെ അന്തഃകരണം സർവത്ര ദുഷിപ്പിക്കും. ബന്ധമോക്ഷങ്ങൾ നൈമിഷികങ്ങളുമാകും. നിങ്ങളുടെ പ്രമാണമനുസരിച്ച് ഒരു ജീവാത്മാവിനും മുമ്പു കാണുകയും കേൾക്കുകയും ചെയ്തത് സ്മരണയിൽ വരികയില്ല. എന്തെന്നാൽ മുമ്പു കാണുകയും കേൾക്കുകയും ചെയ്ത ബ്രഹ്മം ഇല്ലാതായിത്തീരുന്നു. അതിനാൽ ബ്രഹ്മം ജീവനോ ജീവൻ ബ്രഹ്മമോ അല്ല. അവയ്ക്കു തമ്മിൽ ഒരിക്കലും ഐക്യം ഉണ്ടാകുന്നതല്ല. അവ എല്ലായ്പ്പോഴും വെവ്വേറെ തന്നെയാണ്.

ബ്രഹ്മത്തിൽ അധ്യാരോപ ഖണ്ഡനം

ചോദ്യം:- ഇതെല്ലാം അധ്യാരോപമത്രേ. ഒന്നിൽ മറ്റൊന്നിനെ സ്ഥാപിക്കുന്നതിന് അധ്യാപരോപം എന്നു പറയുന്നു. ബ്രഹ്മമെന്ന വസ്തുവിൽ സകല ജഗത്തിനേയും ലൗകിക വ്യവഹാരങ്ങളേയും ആരോപിക്കുന്നതുകൊണ്ട് ജിജ്ഞാസുവിന് ബോധം ഉണ്ടാകുന്നു. വാസ്തവത്തിൽ എല്ലാം ബ്രഹ്മം തന്നെയാണ്.

ചോദ്യം:- അദ്ധ്യാരോപം ചെയ്യുന്നതാരാണ്?

ഉത്തരം:- ജീവൻ

ചോദ്യം:- എന്തിനെയാണു ജീവൻ എന്നു പറയുന്നത്?

ഉത്തരം:- അന്തഃകരണാവച്ഛിന്നമായ ചൈതന്യത്തെ.

ചോദ്യം:- അന്തഃകരണാവച്ഛിന്നമായ ചൈതന്യം മറ്റൊരു വസ്തുവോ അതോ ബ്രഹ്മമോ?

ഉത്തരം:- ആ ബ്രഹ്മം തന്നെയാണ്

ചോദ്യം:- അപ്പോൾ ആ ബ്രഹ്മം തന്നെയാണോ തന്നിൽ ജഗത്തിന്റെ മിഥ്യാരോപം ചെയ്തിട്ടുള്ളത്?

ഉത്തരം:- അതേ, ബ്രഹ്മം തന്നെയാണ്. അതു കൊണ്ട് ബ്രഹ്മത്തിനെന്തു ഹാനി?

ചോദ്യം:- മിഥ്യാരോപം ചെയ്യുന്നതുകൊണ്ട് ബ്രഹ്മം അസത്യവാദിയാവുകയില്ലേ?

ഉത്തരം:- ഇല്ല. എന്തെന്നാൽ, മനോവാണികളാൽ സങ്കല്പിക്കുകയും പറയുകയും ചെയ്യുന്നതെല്ലാം അസത്യമാകുന്നു.

ചോദ്യം:- അപ്പോൾ മനോവാണികളാൽ മിഥ്യാവസ്തുക്കളെ സങ്കല്പിക്കുകയും അസത്യം പറയുകയും ചെയ്യുന്ന ബ്രഹ്മം സങ്കല്പവും മിഥ്യാവാദിയുമാണെന്നു വന്നില്ലേ?

ഉത്തരം:- വരട്ടെ. അതും ഞങ്ങൾക്കിഷ്ടമായ ആരോപണം തന്നെ!

കൊള്ളാമല്ലോ അസത്യവേദാന്തികളേ! നിങ്ങൾ സത്യസ്വരൂപനും സത്യകാമനും, സത്യസങ്കല്പവുമായ പരമാത്മാവിനെ മിഥ്യാചാരിയാക്കിയല്ലോ. നിങ്ങളുടെ അധഃപതനകാരണമല്ലേ ഇത്? ഈശ്വരൻ മിഥ്യാസങ്കല്പവും, മിഥ്യാവാദിയുമാണെന്ന് ഏതുപനിഷത്തിലാണ്. ഏതു സൂത്രത്തിലാണ് ഏതു വേദത്തിലാണ് എഴുതിയിട്ടുള്ളത്? കള്ളൻ പോലീസുദ്യോഗസ്ഥനെ ശിക്ഷിച്ചു എന്ന പഴഞ്ചൊല്ലു പോലെയായല്ലോ നിങ്ങൾ പറഞ്ഞത്. പോലീസുദ്യോഗസ്ഥൻ കള്ളനെ ശിക്ഷിച്ചുവെന്നു പറയുന്നത് ഉചിതമാണ്. കള്ളൻ പോലീസധികാരിയെ ശിക്ഷിക്കുന്നത് നാട്ടുനടപ്പിനു വിപരീതമാണല്ലോ. അതുപോലെ നിങ്ങൾ മിഥ്യകൾ സങ്കല്പിച്ചും പറഞ്ഞും സ്വന്തം ദോഷങ്ങളെ ബ്രഹ്മത്തിലാരോപിക്കുകയാണ്. ബ്രഹ്മത്തിന്റെ ചെറിയൊരംശം മിഥ്യാവാദിയും മിഥ്യാകാരിയുമാണെങ്കിൽ അനന്തമായ ബ്രഹ്മം മുഴുവനും അപ്രകാരമാകും. എന്തെന്നാൽ അത് ഏകരൂപമാകുന്നു. എന്നാൽ യഥാർഥത്തിൽ അതു സത്യസ്വരൂപനും സത്യമാനിയും സത്യവാദിയും സത്യകാരിയുമാണ്. ഇപ്പറഞ്ഞ ദോഷങ്ങളെല്ലാം നിങ്ങളുടേതാണ്, ബ്രഹ്മത്തിന്റേതല്ല. നിങ്ങൾ വിദ്യയാണെന്നു പറയുന്നത് അവിദ്യയാണ്. നിങ്ങളുടെ അധ്യാരോപവും മിദ്ധ്യയാണ്. കാരണം, ബ്രഹ്മമല്ലാത്ത ആത്മാവിനെ ബ്രഹ്മമാണെന്നും ബ്രഹ്മത്തെ ജീവനാണെന്നും സങ്കല്പിക്കുന്നതു മിഥ്യാജ്ഞാനമല്ലെങ്കിൽ മറ്റെന്താണ്? എങ്ങും നിറഞ്ഞിരിക്കുന്ന



അത് പരിച്ഛിന്നവും അജ്ഞാനിയും ആവുകയില്ല. ഒരിക്കലും ബന്ധത്തിൽ പെടുകയില്ല. അജ്ഞാനിയും, പരിച്ഛിന്നനും സ്ഥാനവർത്തിയും അല്പനും, അല്പജ്ഞനും ജീവനാണ്. സർവജ്ഞനും സർവവ്യാപിയുമായ ബ്രഹ്മമല്ല.

ബന്ധമോക്ഷവിവരണം

ചോദ്യം:- മുക്തി എന്നു പറയുന്നതെന്താണ്?

ഉത്തരം:- **'മുഞ്ചന്തി പൃഥഗ്ഭവന്തി ജനാ യസ്യാം സാ മുക്തിഃ'** ഏതിൽ നിന്ന് മോചനം ഉണ്ടാകുന്നുവോ അതാണു മുക്തി.

ചോദ്യം:- എന്തിൽനിന്നുള്ള മോചനം?

ഉത്തരം:- എന്തിൽനിന്നു മോചനം എല്ലാ ജീവാത്മാക്കളും ഇച്ഛിക്കുന്നുവോ അതിൽ നിന്ന്.

ചോദ്യം:- ഏതിൽനിന്നുള്ള മോചനമാണ് ഇച്ഛിക്കുന്നത്?

ഉത്തരം:- ഏതിൽനിന്നുള്ള മോചനാഭിലാഷം ഉണ്ടാകുന്നുവോ അതിൽനിന്ന്.

ചോദ്യം:- ഏതിൽ നിന്നു മോചിക്കുവാനാണ് അഭിലാഷം ഉണ്ടാകുന്നത്?

ഉത്തരം:- ദുഃഖത്തിൽ നിന്ന്.

ചോദ്യം:- മോചിച്ച് എന്തിനെ പ്രാപിക്കുന്നു? എവിടെ വസിക്കുന്നു?

ഉത്തരം:- സുഖത്തെ പ്രാപിക്കുന്നു. ബ്രഹ്മത്തിൽ വസിക്കുന്നു.

ചോദ്യം:- മുക്തിയും ബന്ധവും എന്തുകാരണങ്ങളാലാണുണ്ടാകുന്നത്?

ഉത്തരം:- ഈശ്വരാജ്ഞ പരിപാലിക്കുക, അധർമം, അവിദ്യ, ചീത്തസംസർഗം, ചീത്തസംസ്കാരം, ചീത്തസ്വഭാവങ്ങൾ എന്നിവയിൽ നിന്നും അകന്നു നിൽക്കുക. സത്യം പറയുക, പരോപകാരം ചെയ്യുക, വിദ്യാധ്യയനം ചെയ്യുക, പക്ഷപാതം കൂടാതെ ന്യായം ധർമം എന്നിവയെ വർദ്ധിപ്പിക്കുക, മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഈശ്വരനെ സ്തുതിക്കുകയും പ്രാർഥിക്കുകയും ഉപാസിക്കുകയും ചെയ്യുക- അതായത് യോഗാഭ്യാസം ചെയ്യുക- വിദ്യകൾ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യുക, ധർമനിഷ്ഠാമായി പുരുഷാർത്ഥം ചെയ്ത് ജ്ഞാനം വർദ്ധിപ്പിക്കുക, സർവോത്തമസാധനകളനുഷ്ഠിക്കുക, ചെയ്യുന്നതെല്ലാം പക്ഷപാതരഹിതമായും ന്യായധർമങ്ങളെ അനുസരിച്ചും ചെയ്യുക, ഇപ്രകാരമുള്ള സാധനകളെക്കൊണ്ടു മുക്തിയും ഇതിനു വിപരീതമായി ഈശ്വരാജ്ഞാ ലംഘനം മുതലായ കർമങ്ങളാൽ ബന്ധനവും ഉണ്ടാകുന്നു.

മുക്തിയിൽ ജീവൻ

ചോദ്യം:- മുക്തിയിൽ ജീവാത്മാവിന്റെ ലയം ഉണ്ടാകുന്നുവോ അതോ ജീവാത്മാവു ലയിക്കാതെ വർത്തിക്കുന്നുവോ?

ഉത്തരം:- ജീവാത്മാവു ലയിക്കാതെ വർത്തിക്കുന്നു.

ചോദ്യം:- എവിടെ വർത്തിക്കുന്നു?

ഉത്തരം:- ബ്രഹ്മത്തിൽ വർത്തിക്കുന്നു.

ചോദ്യം:- ബ്രഹ്മം എവിടെയാണ്? മുക്തനായ ജീവൻ ഒരിടത്തുതന്നെ സ്ഥിതിചെയ്യുന്നുവോ അതോ സ്വേച്ഛാചാരിയായി സർവത്ര സഞ്ചരിക്കുന്നുവോ?

ഉത്തരം:- സർവത്ര സമ്പൂർണമായ ബ്രഹ്മത്തിൽ, മുക്ത ജീവാത്മാവ് തടസ്സമില്ലാതെ, വിജ്ഞാനം, ആനന്ദം എന്നിവയനുഭവിച്ച് സർവത്ര വിഹരിക്കുന്നു.

ചോദ്യം:- മുക്തജീവന് സ്ഥൂലശരീരം ഉണ്ടോ?

ഉത്തരം:- ഇല്ല.

ചോദ്യം:- പിന്നെങ്ങിനെ സുഖം അഥവാ ആനന്ദം അനുഭവിക്കുന്നു?

ഉത്തരം:- അതിന്റെ സത്യസങ്കല്പാദി സ്വാഭാവികഗുണങ്ങളും സകലസാമർഥ്യങ്ങളും ഉണ്ട്. ഭൗതികസംസർഗം മാത്രമേ ഇല്ലാതാകുന്നുള്ളൂ. നോക്കുക:-

ശൃണ്വൻ ശ്രോത്രം ഭവതി, സ്പർശയൻ ത്വഗ്ഭവതി, പശ്യൻ ചക്ഷൂർഭവതി, രസയൻ രസനാ ഭവതി, ജിഘ്രൻ ഘ്രാണം ഭവതി മന്വാനോ മനോ ഭവതി, ബോധയൻ ബുദ്ധിർഭവതി, ചേതയം ശ്ചിത്ത ഭവത്യഹങ്കുർവാണോ ഹങ്കാരോ ഭവതി.

(ശതപഥ. കാ. 14)[] [6]

മോക്ഷത്തിൽ ഭൗതികശരീരവും ഇന്ദ്രിയഗോളകങ്ങളും ജീവാത്മാവിനില്ല. ജീവാത്മാവിന്റെ സ്വാഭാവികഗുണങ്ങൾ മാത്രമേ ഉള്ളൂ. മുക്താവസ്ഥയിൽ ജീവാത്മാവു സ്വശക്തികൊണ്ടു കേൾക്കുവാൻ ആഗ്രഹിക്കുമ്പോൾ ശ്രോത്രമായും, സ്പർശിക്കുവാൻ തോന്നുമ്പോൾ ത്വക്കായും, കാണ്മാനിച്ഛിക്കുമ്പോൾ നേത്രമായും സ്വാദറിയേണ്ടപ്പോൾ രസനേന്ദ്രിയമായും, മണം അറിയേണ്ട

6 കണ്ടുകിട്ടിയിട്ടാല്ലാത്ത ശതപഥ പാഠമാണിത്

thearyasamaj.org

പ്പോൾ ഘ്രാണേന്ദ്രിയമായും, സങ്കല്പവികല്പങ്ങൾ ചെയ്യുമ്പോൾ മനസ്സായും, നിശ്ചയിക്കുമ്പോൾ ബുദ്ധിയായും, ഓർമവയ്ക്കാൻ ചിത്തമായും, അഭിമാനിക്കുവാൻ അഹങ്കാരമായും പരിണമിക്കുന്നു. സങ്കല്പമാത്രമായ ശരീരമായി ഭവിക്കുന്നു. ജീവാത്മാവു ശരീരത്തിലിരിക്കുമ്പോൾ ഇന്ദ്രിയഗോളകങ്ങളെക്കൊണ്ടു കാര്യങ്ങൾ നിർവഹിക്കുന്നതുപോലെ മോക്ഷാവസ്ഥയിൽ തന്റെ ശക്തികൊണ്ട് എല്ലാ ആനന്ദങ്ങളെയും അനുഭവിക്കുന്നു.

ചോദ്യം:- അതിന്റെ ശക്തികൾ എങ്ങനെ എത്ര വിധത്തിലുള്ളതാണ്?

ഉത്തരം:- പ്രധാനശക്തി ഒരു വിധത്തിലേ ഉള്ളൂ. എന്നാൽ ബലം, പരാക്രമം, ആകർഷണം, പ്രേരണ, ഗതി, ഭയം, വിവേചനം, ക്രിയ, ഉത്സാഹം, സ്മരണ, നിശ്ചയം, ഇച്ഛ, സ്നേഹം, ദ്വേഷം, സംയോഗം, വിഭാഗം, സംയോജകം, വിഭാജകം, ശ്രവണം, സ്പർശനം, ദർശനം, സ്വാദനം, ഘ്രാണം, ജ്ഞാനം എന്നിങ്ങനെ ഇരുപത്തിനാലു വിധത്തിലുള്ള സാമർഥ്യത്തോടുകൂടിയതാണ് ജീവൻ. ആ സാമർഥ്യം കൊണ്ടു മുക്തിയിൽ ആനന്ദത്തെ പ്രാപിച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നു. മോക്ഷത്തിൽ ജീവന് നാശം നേരിടുമെങ്കിൽ മോക്ഷസുഖം അനുഭവിക്കുന്നതാരാണ്? മോക്ഷമെന്നു പറയുന്നതു ജീവന്റെ നാശമാണെന്നു വിചാരിക്കുന്നവർ മഹാ മൂഢന്മാരാണ്. എന്തെന്നാൽ, ജീവാത്മാവ് ദുഃഖങ്ങളിൽ നിന്നു മോചിച്ച് ആനന്ദസ്വരൂപവും സർവവ്യാപകവും അപരിച്ഛിന്നവുമായ പരമാത്മാവിൽ ആനന്ദത്തോടുകൂടി സ്ഥിതി ചെയ്യുന്നതിനെയാണ് മുക്തി എന്നു പറയുന്നത്. ഈ വേദാന്തശാരീരികസൂത്രം നോക്കുക:- **അഭാവം ബാദരിരാഹ ഹ്യേവമ് (വേ. ദ. 4. 4. 10)**

വേദവ്യാസന്റെ പിതാവായ ബാദരി മുക്തിയിൽ ജീവന്റെയും അതോടൊപ്പം മനസ്സിന്റെയും അസ്തിത്വത്തെ സ്വീകരിക്കുന്നു. ജീവനും മനസ്സും ലയിക്കുമെന്നു പരാശരൻ അംഗീകരിക്കുന്നില്ല. ഇന്ദ്രിയാദി പദാർഥങ്ങളുടെ അഭാവമുണ്ടുതാനും. അതുപോലെ:-

ഭാവം ജൈമിനിർവികല്പാമനനാത് (വേ. ദ. 4.. 4. 11)

ജൈമിനി എന്ന ആചാര്യൻ മോക്ഷം പ്രാപിച്ച പുരുഷന്റെ മനസ്സിന്റെയെന്നപോലെതന്നെ സൂക്ഷ്മശരീരം ഇന്ദ്രിയങ്ങൾ, പ്രാണൻ മുതലായവയുടെയും അസ്തിത്വത്തെയാണ്, അഭാവത്തെയല്ല അംഗീകരിക്കുന്നത്.

ദ്വാദശാഹവദുഭയവിധം ബാദരായണോതഃ (വേ. ദ. 4. 4. 12)

വ്യാസമുനി മുക്തിയിൽ ഭാവം അഭാവം എന്നീ രണ്ടിനെയും അംഗീകരിക്കുന്നു. മോക്ഷത്തിൽ ജീവാത്മാവുശുദ്ധമായ സാമർഥ്യത്തോടുകൂടി വർത്തിക്കുന്നു. എന്നാൽ അതിലുള്ള അപവിത്രത, പാപാചരണം, ദുഃഖം, അജ്ഞാനം മുതലായവ ഇല്ലാതാകുന്നു.

യദാ പഞ്ചാവതിഷ്ഠന്തേ ജ്ഞാനാനി മനസാ സഹ ബുദ്ധിശ്ച ന വിചേഷ്ടതേ താമാഹുഃ പരമാംഗതിമ് (കഠ. 2. 6. 10)

ഇത് ഉപനിഷദ്വചനമാണ്. ശുദ്ധമനസും പഞ്ച ജ്ഞാനേന്ദ്രിയങ്ങളും ജീവനോടുകൂടി എപ്പോൾ സ്ഥിതിചെയ്യുന്നുവോ, എപ്പോൾ സ്ഥിരനിശ്ചയമുള്ളതാകുന്നുവോ ആ അവസ്ഥയേയാണു പരമഗതിയെന്ന്-മോക്ഷമെന്നു-പറയുന്നത്.

യ ആത്മാ അപഹതപാപ്മാ വിജരോ വിമൃത്യുർവിശോകോവിജിഘത്സോ‍ഽപിപാസഃ സത്യകാമഃ സത്യസങ്കല്പഃ സോ‍ഽന്വേഷ്ടവ്യഃ സ വിജി ജ്ഞാ സി തവ്യഃ സർ വാംശ്ച ലോകാനാപ്നോതി സർവാംശ്ചകാമാൻ യസ്ത മാത്മാനമനുവിദ്യ ദ്യ വിജാനാതീതി (ഛാ. ഉ. 8. 7. 1.)

സവാ ഏഷ ഏതേന ദൈവേന ചക്ഷുഷാ മനസൈതാൻ കാമാൻ പശ്യൻ രമതേ. യ ഏതേ ബ്രഹ്മലോകേ തംവാ ഏതം ദേവാ ആത്മാനമുപാസതേ തസ്മാത്തേഷാ ങ് സർവേ ച ലോകാ ആത്താഃ സർവേ ച കാമാഃ സ സർവാംശ്ച ലോകാനാപ്നോതി സർവാംശ്ച കാമാന്യസ്ത മാത്മാനമനുവിദ്യ വിജാനാതീതി. (ചാന്ദോ. 8. 12. 5-6)

മഘവന്മർത്യ വാ ഇദങ് ശരീരമാത്തം മൃത്യുനാ തദസ്യാ മൃതസ്യാ ശരീരസ്യാത്മനോ ധിഷ്ഠാനമാത്മോ വൈ സശരീരാഃ.

പ്രിയാപ്രിയാഭ്യാം ന വൈ സശീരസ്യ സതഃ പ്രിയാപ്രിയയോരപഹതിരസ്ത്യ ശരീരം വാവ സന്തം ന പ്രിയാപ്രിയേ സ്പൃശതഃ (ഛാ. ഉ. 8. 12.1) അപഹതപാപ്മാവായ-അതായത് സർവ്വവിധ പാപങ്ങളും ജരാമരണങ്ങളും ക്ഷുത്പിപാസകളും ഇല്ലാത്ത സത്യകാമനും- സത്യസങ്കല്പനും ആയ പരമാത്മാവിനെയാണ് അന്വേഷിക്കേണ്ടത്. അവനെ അറിയുവാനാണ് ആഗ്രഹിക്കേണ്ടത്.



മോക്ഷം പ്രാപിച്ച ജീവാത്മാവ് പരമാത്മാവിന്റെ ബന്ധംകൊണ്ടാണ് സകലലോകങ്ങളെയും സകലകാമങ്ങളെയും പ്രാപിക്കുന്നത്. പരമാത്മാവിനെ അറിഞ്ഞ് മോക്ഷസാധനങ്ങളേയും സ്വന്തം ശുദ്ധിയേയും മുക്താത്മാവ് അറിയുന്നു. മുക്താത്മാവ് ശുദ്ധമായ ദിവ്യനേത്രത്താലും മനസ്സിനാലും എല്ലാം കണ്ട് രമിക്കുന്നു. മുക്താത്മാവ് ബ്രഹ്മലോകത്തിൽ കാണേണ്ടതായ പരമാത്മാവിൽ വർത്തിച്ച് മോക്ഷസുഖമനുഭവിക്കുന്നു. കൂടാതെ സർവാന്തര്യാമിയായ ഈ പരമാത്മാവിനെയാണ് മുക്തി പ്രാപിക്കുന്ന വിദ്വാന്മാർ ഉപാസിക്കുന്നത്. അങ്ങനെ അവർ സർവലോകങ്ങളേയുംസർവകാമങ്ങളേയും പ്രാപിക്കുന്നു. ഏതെല്ലാം ലോകങ്ങളും ഏതെല്ലാം കാമങ്ങളും സിദ്ധിക്കണമെന്ന് അവർ സങ്കല്പിക്കുന്നുവോ അവയെല്ലാം അവർക്കു സിദ്ധിക്കുന്നു എന്നു താല്പര്യം. കൂടാതെ ആ മുക്ത ജീവാത്മാക്കൾ സ്ഥൂലശരീരം ത്യജിച്ച് സങ്കല്പമയമായ ശരീരത്താൽ പരമാത്മാവിൽ വിചരിക്കുന്നു. ശരീരധാരികൾക്ക് സംസാരദുഃഖത്തിൽ നിന്നു മുക്തരായിത്തീരുവാൻ ഒരിക്കലും സാധ്യമല്ലാത്തതാണ് ഇതിനു കാരണം. പ്രജാപതി ഇന്ദ്രനോടു പറഞ്ഞത് ഇപ്രകാരമാണ്:- **അല്ലയോ പരമപൂജിതനും ഐശ്വര്യയുക്തനുമായ മഹാപുരുഷാ സ്ഥൂലശരീരം മരണധർമിയാണ്. സിംഹത്തിന്റെ വായിൽ ആടെന്നവണ്ണം ഈ ശരീരം മൃത്യുവക്ത്രത്തിലാണ്. മരണമില്ലാത്ത ജീവാത്മാവിന്റെ പാർപ്പിടമാണ് ഈ ശരീരം. അതിനാൽ ഈ ജീവാത്മാവിനെ സുഖദുഃഖങ്ങൾ സദാ ഗ്രസിച്ചിരിക്കുന്നു. ശരീരധാരിയായ** ജീവാത്മാവിനെ സാംസാരിക ദുഃഖങ്ങൾ വിട്ടുപിരിയുകയില്ല. ശരീരമില്ലാത്തതും മുക്തവുമായ ജീവാത്മാവിനെ സാംസാരിക ദുഃഖങ്ങൾ സ്പർശിക്കുകപോലുമില്ല. അത് ബ്രഹ്മത്തിൽ വർത്തിച്ച് സദാ ആനന്ദത്തിൽ മുഴുകുന്നു.

മുക്തിയിൽ നിന്നു തിരിച്ചുവരവ്

ചോദ്യം:- മോക്ഷം പ്രാപിച്ച ജീവാത്മാവ് വീണ്ടും എപ്പോഴെങ്കിലും ജനനമരണദുഃഖത്തിൽ വരുമോ ഇല്ലയോ? എന്തെന്നാൽ-

ന ച പുനരാവർത്തതേ ന ച പുനരാവർത്തതേ ഇതി. (ഛാ. ഉ. 8. 15) അനാവൃത്തിഃ ശബ്ദാനാവൃത്തിഃ ശബ്ദാത് (വേ. ദ. 4. 4. 33) യദ് ഗത്വാ ന നിവർത്തന്തേ തദ്ധാമ പരമം മമ. (ഗീത. 15. 6) മുതലായ വചനങ്ങളിൽ നിന്ന് അറിയുന്നത് തിരിച്ചു വന്നു വീണ്ടും സംസാരത്തെ പ്രാപിക്കാത്തതേതോ അതാണു മുക്തി എന്നാണ്.

ഉത്തരം:- ഇതു ശരിയല്ല. എന്തെന്നാൽ വേദത്തിലിതിനു നിഷേധമുണ്ട്.

1. കസ്യ നൂനം കതമസ്യാമൃതാനാം മനാമഹേ ചാരു ദേവസ്യ നാമ കോ നോ മഹ്യ അദിതയേ പുനർദാത് പിതരം ച ദൃശേയം മാതരം ച.

2. അഗ്നേർവയം പ്രഥമസ്യാമൃതാനാം മനാമഹേ ചാരു ദേവസ്യ നാമ; സ നോ മഹ്യാ അദിതയേ പുനർദാത് പിതരം ച ദൃശേയം മാതരം ച (ഋ. 1. 24. 1&2)

3. ഇദാനീമിവ സർവത്ര നാത്യന്തോച്ഛേദഃ (സാംഖ്യം 1. 159)

ചോദ്യം:- ആരുടെ നാമത്തെയാണു നാം പവിത്രമായി അറിയേണ്ടത്? നാശമില്ലാത്ത പദാർഥങ്ങളുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്നവനും സദാ പ്രകാശരൂപിയുമായ ഏതു ദേവനാണു നമ്മെ മോക്ഷസുഖം അനുഭവിപ്പിച്ച് വീണ്ടും ഈ സംസാരത്തിൽ നമുക്കു ജന്മം നല്കുകയും മാതാപിതാക്കന്മാരെ ദർശിപ്പിക്കാതിരിക്കുകയും ചെയ്യുന്നത്?

ഉത്തരം:- സ്വയം പ്രകാശസ്വരൂപനും അനാദിയും നിത്യമുക്തനുമായ പരമാത്മാവിന്റെ നാമത്തെ നാം പവിത്രമായി അറിയണം. ആർ കൈവല്യത്തിന്റെ ആനന്ദമനുഭവിപ്പിച്ച് വീണ്ടും ഈ ഭൂമിയിൽ മാതാപിതാക്കന്മാരിലൂടെ ജനിപ്പിക്കുകയും, അവരെ കാണിക്കുകയും ചെയ്യുന്നുവോ ആ പരമാത്മാവത്രേ മോക്ഷവ്യവസ്ഥാപകനും സർവാധികാരിയും. ജീവാത്മാക്കൾ ഇപ്പോൾ ബദ്ധരും മുക്തരുമായിരിക്കുംപടി എന്നും ആയിരിക്കും. ബന്ധമോക്ഷങ്ങൾക്ക് ഒരിക്കലും ആത്യന്തികവിച്ഛേദം ഇല്ല. അതുപോലെ ബന്ധവും മോക്ഷവും എല്ലായ്പോഴും ഉണ്ടായിരിക്കുന്നതുമല്ല.

ചോദ്യം:- **തദത്യന്ത വിമോക്ഷോ*f*പവർഗഃ (ന്യായ. 1. 1. 22) ദുഃഖജന്മപ്രവൃത്തിദോഷമിഥ്യാജ്ഞാനാനാമുത്തരോത്തരാപായേ തദനന്തരാപായാദപവർഗഃ (ന്യായ. 1. 1. 2) ദുഃഖങ്ങളുടെ ആത്യന്തികമായ വിച്ഛേദത്തെയാണ് മുക്തിയെന്നു പറയുന്നത്. മിഥ്യാജ്ഞാനമാകുന്ന അവിദ്യ, ലോഭം തുടങ്ങിയ ദോഷങ്ങൾ വിഷയാദികളായ ചീത്തവാസനകളിലുള്ള പ്രവൃത്തി, ജന്മം, ദുഃഖം എന്നിവ ഉത്തരോത്തരം നശിക്കുമ്പോൾ പൂർവപൂർവങ്ങൾ ഇല്ലാതായിത്തീരുന്നതുകൊണ്ടാണ് മോക്ഷം സിദ്ധിക്കുന്നത്. അത് എന്നെന്നേക്കും നിലനില്ക്കുന്നതുമാണ്.**

ഉത്തരം:- അത്യന്ത എന്ന പദം അത്യന്തഭാവത്തെ മാത്രമേ കുറിക്കാവൂ എന്നു നിർബന്ധമില്ല. **"അത്യന്തം ദുഃഖമത്യന്തം സുഖം വാസ്യ വർത്തതേ"** എന്നതിന് **"ഈ മനുഷ്യന് അത്യന്തം ദുഃഖവും അത്യന്തം സുഖവും ഉണ്ട്"** എന്നാണർഥം. അത്യന്തത്തിന്റെ അർഥം ആധിക്യമാണെന്നത്രേ ഇതിൽനിന്നു ഗ്രഹിക്കാവുന്നത്. ഇവിടെയും അത്യന്തത്തിന്റെ അർഥം ആധിക്യമാണെന്നു ഗ്രഹിക്കണം.

മുക്തികാലം

ചോദ്യം:- ജീവാത്മാവ് മുക്തിയിൽ നിന്നും മടങ്ങിവരുമെങ്കിൽ എത്രകാലം അത് മുക്തിയിൽ കഴിയും?

ഉത്തരം:- **തേ ബ്രഹ്മലോകേ ച പരാന്തകാലേ പരാമൃതാത് പരിമുച്യന്തി സർവേ** (മുണ്ഡക. 3. 2.6) മുണ്ഡകോപനിഷത്തിൽ നിന്നാണിത്. മോക്ഷം പ്രാപിച്ച ജീവാത്മാക്കൾ മഹാകല്പം കഴിയുന്നതുവരെ മുക്താവസ്ഥയിൽ ബ്രഹ്മാനന്ദമനുഭവിച്ചതിനുശേഷം മുക്തിസുഖത്തെ വെടിഞ്ഞ് സംസാരത്തിലേക്കു വരുന്നു.

ഇപ്പറഞ്ഞ മഹാകല്പത്തിന്റെ കണക്ക് ഇപ്രകാരമാണ്:- **നാല്പത്തിമൂന്നുലക്ഷത്തി ഇരുപതിനായിരം കൊല്ലം ഒരു ചതുര്യുഗം. രണ്ടായിരം ചതുര്യുഗങ്ങൾ ഒരു അഹോരാത്രം. ഇങ്ങനെ മുപ്പത് അഹോരാത്രങ്ങൾ ചേർന്നത് ഒരു മാസം. അങ്ങനെ പന്ത്രണ്ടു മാസങ്ങൾ കൂടിയത് ഒരു സംവത്സരം. ഇങ്ങനെ ഒരുനൂറു സംവത്സരങ്ങൾ കൂടിയതാണ് ഒരു പരാന്തകാലം. []** [7]ഇതിനെ ഗണിതപ്രകാരം കണക്കാക്കി മനസ്സിലാക്കിക്കൊള്ളുക. ഇത്രയും സമയമാണ് മുക്താവസ്ഥയിൽ ആനന്ദമനുഭവിക്കുന്നത്.

ചോദ്യം:-എല്ലാ ഗ്രന്ഥകാരന്മാരുടേയും ലോകരുടേയും അഭിപ്രായം. ജനനമരണങ്ങളിലേക്കു തിരിച്ചുവരാത്തതാണ് മുക്തി എന്നാണല്ലോ?

ഉത്തരം:- അസംഭവ്യമാണിത്. ജീവാത്മാവിന്റെ ശക്തിയും ശരീരാദി പദാർഥങ്ങളും ഉപകരണങ്ങളും പരിമിതമാണ്. അവയുടെയെല്ലാം ഫലം അപരിമിതമായിത്തീരുന്നതെങ്ങനെയാണ്? ആനന്ദം അനുഭവിക്കുന്നതിന് അളവറ്റ ശക്തിയും കർമസാമർഥ്യവും ഉപകരണങ്ങളും ജീവാത്മാക്കൾക്ക് ഇല്ല. അതിനാൽ അനന്തമായ ആനന്ദം അനുഭവിക്കുവാൻ കഴിയുന്നതല്ല. അനിത്യസാധനങ്ങളാൽ സമ്പാദിക്കുന്ന ഫലങ്ങൾ ഒരിക്കലും നിത്യമാവുകയില്ല. കൂടാതെ ഒറ്റ ജീവാത്മാവും മുക്തിയിൽ നിന്നു തിരിച്ചുവരുന്നില്ലെങ്കിൽ ലോകത്തിന്റെ ഉന്മൂലനാശം തന്നെ സംഭവിക്കും. ജീവാത്മാക്കൾ സംസാരത്തിലില്ലാതാവുമെന്നർഥം.

ചോദ്യം:- മുക്തരാവുന്നത്രയും ജീവാത്മാക്കളെ ഈശ്വരൻ നിർമിച്ച് സംസാരത്തിൽ വിടും. അതിനാൽ ജീവാത്മാക്കൾ നിശ്ശേഷം ഇല്ലാതാവുകയില്ല.

ഉത്തരം:-അങ്ങനെയായാൽ ജീവാത്മാവ് അനിത്യനാവും. ഉണ്ടാകുന്നതിന് നാശവും നിശ്ചയമാണ്. അപ്പോൾ നിങ്ങളുടെ സിദ്ധാന്തപ്രകാരം മുക്തരായ ജീവാത്മാക്കൾക്കും നാശം വരും. മുക്തിയും അനിത്യമാകും. കൂടാതെ മുക്തിസ്ഥാനത്തു വലിയ തിക്കും തിരക്കും ഉണ്ടാകും. അവിടെ മുക്താത്മാക്കൾ കയറുന്നതേയുള്ളൂ. ഇറങ്ങുന്നില്ല. അതിനാൽ തിരക്കു വർദ്ധിക്കും. ദുഃഖാനുഭവമല്ലാതെ ഒട്ടും സുഖമുണ്ടാവില്ല. കയ്പില്ലെങ്കിൽ മധുരം എന്താണ്? മധുരമില്ലെങ്കിൽ കയ്പെന്താണ്? ഒരു രസത്തിനു മറ്റൊരു രസം വിരുദ്ധമാകുന്നതിനാലാണ് രണ്ടിനേയും വേർതിരിച്ചറിയുന്നത്. എല്ലാ രസങ്ങളുടെയും സ്വാദ് അനുഭവിക്കുന്നവന് ഉണ്ടാകുന്നസുഖം മധുരരസമുള്ളതുമാത്രം കഴിക്കുന്നയാൾക്ക് ഉണ്ടാവുകയില്ല. അറുതിയുള്ള കർമങ്ങൾക്ക് ഒടുങ്ങാത്ത ഫലം നൽകിയാൽ ഈശ്വരന്റെ ന്യായനിഷ്ഠ ഇല്ലാതാകും. താങ്ങാവുന്ന ഭാരം ചുമപ്പിക്കുന്നതാണ് ബുദ്ധിമാന്മാരുടെ ജോലി. ഒരുമന്ന് ഭാരം ചുമക്കാവുന്നവനെക്കൊണ്ട് പത്തുമന്ന്[] [8] ചുമപ്പിച്ചാൽ ചുമപ്പിക്കുന്നവനത്രേ അപവാദം ഉണ്ടാകുന്നത്. ഇതുപോലെ അല്പജ്ഞനും അല്പസമർത്ഥനുമായ ജീവാത്മാവിൽ അനന്തസൗഖ്യത്തെ കയറ്റിവയ്ക്കുന്നത് ഈശ്വരോചിതമായ കാര്യമല്ല. കൂടാതെ സർവേശ്വരൻ പുതിയ ജീവാത്മാക്കളെ ഉൽപ്പാദിപ്പിക്കുന്ന പക്ഷം ഏതു കാരണദ്രവ്യത്തിൽ നിന്ന് ഉൽപാദിപ്പിക്കുന്നുവോ ആ കാരണദ്രവ്യം തീർന്നുപോകും. വരവില്ലാത്തതും ചെലവുമാത്രമുള്ളതുമായ ഭണ്ഡാരം എത്ര വലിയതായാലും എന്നെങ്കിലും ശൂന്യമാകാതിരിക്കില്ല. അതിനാൽ ജീവാത്മാവു മുക്തിയെ പ്രാപിച്ചിട്ട് വീണ്ടും സംസാരത്തിലേക്കു വരുമെന്ന നിർണയം തന്നെയാണു നല്ലത്. കുറച്ചുകാലത്തേക്കു തടവിനു ശിക്ഷിക്കുന്നതിനേ

7 ഇത് 31 കോടി 10 ലക്ഷത്തി 4000 കോടി വർഷങ്ങളാണ്

8 ഉത്തരേന്ത്യയിൽ പ്രചാരമുള്ള തൂക്കുകണക്ക്. നമ്മുടെ പഴയ പറപോലെ



ക്കാൾ നല്ലതല്ലോ ജീവപര്യന്ത തടവും തൂക്കിക്കൊല്ലലും? മുക്തിയിൽനിന്നു തിരിച്ചു വരൽ ഇല്ലെങ്കിൽ അവിടത്തെ മെച്ചം കഠിനതടവില്ലെന്നു മാത്രമാണ്. ബ്രഹ്മത്തിൽ ലയമെന്നതു സമുദ്രത്തിൽ മുങ്ങിച്ചാവലുമാണ്.

ചോദ്യം:- ഈശ്വരൻ നിത്യമുക്തനും പൂർണാനന്ദയുക്തനും ആയിരിക്കുന്നതുപോലെയാണ് ജീവാത്മാവുമെങ്കിൽ പിന്നെ ദോഷമൊന്നും ഇല്ലല്ലോ?

ഉത്തരം:- ഈശ്വരൻ അനന്തസാമർഥ്യം ഗുണകർമസ്വഭാവങ്ങൾ എന്നിവയോടുകൂടിയവനും അവിദ്യ, ദുഃഖം, എന്നീ ബന്ധങ്ങളിൽ പതിക്കാത്തവനും ജീവാത്മാവു മോക്ഷം പ്രാപിച്ചാലും ശുദ്ധസ്വരൂപനും അല്പജ്ഞനും പരിമിതങ്ങളായ ഗുണകർമസ്വഭാവങ്ങളോടു കൂടിവനും ആയിരിക്കും. ഒരിക്കലും ഈശ്വരനോടു തുല്യനാവുകയില്ല.

ചോദ്യം:- മോക്ഷം പ്രാപിച്ച ജീവാത്മാവ് മുക്താവസ്ഥയിൽ നിന്നു മടങ്ങിവരുമെങ്കിൽ മുക്തിയും ജനനമരണരൂപമായ സംസാരം പോലെയാണ്. അതിനാൽ മോക്ഷത്തിനു പ്രയത്നിക്കുന്നത് വ്യർഥം തന്നെ.

ഉത്തരം:-മോക്ഷം ജനനമരണങ്ങൾ പോലെയല്ല. 36000 പ്രാവശ്യം ഉത്പത്തിപ്രളയങ്ങൾക്ക് എത്രകാലം വേണ്ടിവരുന്നുവോ അത്രവളരെക്കാലം കഴിയുന്നതുവരെ ജീവാത്മാക്കൾ ദുഃഖങ്ങളിൽ നിന്നകന്ന് മുക്തരായി ആനന്ദം അനുഭവിക്കുന്നത് ചെറിയകാര്യമാണോ? ഇന്നുണ്ടാൽ നാളെ വിശക്കുമെന്നു കരുതി ഇന്നുണ്ണാതിരിക്കുമോ? വിശപ്പ്, ദാഹം, നിസ്സാരമായ ധനം, രാജ്യം, യശസ്സ്, ഭാര്യ, സന്താനങ്ങൾ മുതലായവയ്ക്കായി പ്രയത്നം ചെയ്യുന്നതാവശ്യമാണെങ്കിൽ മോക്ഷത്തിനുള്ള പരിശ്രമം എന്തുകൊണ്ട് ആവശ്യമല്ല? മരണം നിശ്ചിതമാണെങ്കിലും ജീവിച്ചിരിക്കുവാനുള്ള ഉപായങ്ങൾ ചെയ്യാറുണ്ടല്ലോ? അതുപോലെ തന്നെ മുക്തിയിൽ നിന്ന് ജന്മമെടുക്കണമെന്നിരിക്കിലും മോക്ഷോപായങ്ങൾ അനുഷ്ഠിക്കുന്നത് അത്യാവശ്യം തന്നെ.

സാധന ചതുഷ്ടയം

1. വിവേകം

ചോദ്യം:- മോക്ഷസാധനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം:- മോക്ഷസാധനങ്ങളിൽ ചിലതു പറഞ്ഞുകഴിഞ്ഞു. എന്നാലും ഇവ ശ്രദ്ധേയങ്ങളാണ്. മുമുക്ഷുക്കൾ അതായത് മോക്ഷത്തിനാഗ്രഹിക്കുന്നവർ ദുഃഖഫലമുളവാക്കുന്ന മിഥ്യാഭാഷണാദികളെ വെടിഞ്ഞ് സുഖഫലങ്ങൾ നൽകുന്ന സത്യഭാഷണാദികളെ നിശ്ചയമായും അനുഷ്ഠിക്കണം. പാപാചരണം ദുഃഖത്തിന്റെയും ധർമാചരണം സുഖത്തിന്റെയും മൂലകാരണമാണ്. സജ്ജനങ്ങളുടെ സംസർഗംകൊണ്ടു സത്യാസത്യങ്ങളെയും ധർമാധർമങ്ങളെയും കർത്തവ്യാകർത്തവ്യങ്ങളേയും വേർതിരിച്ചറിയണം. പിന്നീട് ശരീരത്തിന്റെ അഥവാ ജീവന്റെ പഞ്ചകോശങ്ങളെ വിവേചിച്ചറിയണം.

പഞ്ചകോശങ്ങൾ

ത്വക്കുമുതൽ അസ്ഥി വരെയുള്ള പൃഥിവീമയ സമുദായത്തിനാണ് **അന്നമയകോശം** എന്നുപറയുന്നത്. ഇതാണ് ഒന്നാമത്തേത്.

രണ്ടാമത്തേതു **പ്രാണമയകോശ**മാണ്. അതിൽ **(പ്രാണൻ)** അകത്തുനിന്നു പുറത്തേക്കു നിർഗമിക്കുന്ന വായു **(അപാനൻ)** പുറത്തുനിന്ന് അകത്തേക്കു പ്രവേശിക്കുന്ന വായു **(സമാനൻ)** നാഭിയിൽ ഇരുന്ന് ശരീരമാസകലം രസത്തെ വ്യാപിപ്പിക്കുന്ന വായു, **(ഉദാനൻ)** അന്നപാനങ്ങളെ ഉള്ളിലേക്ക് ആകർഷിക്കുകയും ബലപരാക്രമങ്ങളെ ഉളവാക്കുകയും ചെയ്യുന്ന വായു, **(വ്യാനൻ)** ജീവൻ ശരീരത്താൽ ചെയ്യുന്ന എല്ലാ ചേഷ്ടകളുടെയും കാരണമായ വായു എന്നിവയെല്ലാം സ്ഥിതിചെയ്യുന്നു.

മൂന്നാമത്തേത് **മനോമയകോശ**മാണ്. വാക്ക്, പാദം, പാണി, പായു, ഉപസ്ഥം, എന്നീ അഞ്ചു കർമേന്ദ്രിയങ്ങളും അഹങ്കാരവും മനസ്സോടുകൂടി സ്ഥിതി ചെയ്യുന്നു.

നാലാമത്തേത് **വിജ്ഞാനമയകോശം**. അതിൽ ബുദ്ധി, ചിത്തം, എന്നിവയും ശ്രോത്രം, ചക്ഷുസ്, ത്വക്ക്, ജിഹ്വ, നാസിക എന്നീ ജ്ഞാനേന്ദ്രിയങ്ങളും സ്ഥിതിചെയ്യുന്നു. അവയെക്കൊണ്ട് ജീവൻ ജ്ഞാനാദിവ്യവഹാരങ്ങൾ നിർവഹിക്കുന്നു.

അഞ്ചാമത്തേത് **ആനന്ദമയകോശം.** അതിൽ പ്രീതി, പ്രസന്നത, കുറവോ കൂടുതലോ ആയ ആനന്ദം എന്നിവയും അവയ്ക്കാധാരമായ പ്രകൃതിയും ഇരിക്കുന്നു.

ഇവയാണു പഞ്ചകോശങ്ങൾ. ഇവയാണു ജീവാത്മാവിന്റെ എല്ലാ കർമ, ഉപാസനാ, ജ്ഞാനാദികളുടെ നിർവഹണത്തിനുതകുന്നവ.

ജാഗ്രത്ത്, സ്വപ്ന സുഷുപ്തി എന്നിവയെയാണ് മൂന്ന് അവസ്ഥകളെന്നു പറയുന്നത്.

ശരീരം നാലു വിധത്തിലുണ്ട്. അവയിലൊന്ന് ഇക്കാണുന്ന **സ്ഥൂലശരീരമാണ്.**

രണ്ടാമത്തേത് **അഞ്ചു പ്രാണൻ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു സൂക്ഷ്മഭൂതങ്ങൾ. മനസ്സ്, ബുദ്ധി എന്നീ പതിനേഴു തത്വങ്ങളുടെ സമുദായമായ സൂക്ഷ്മശരീരമാണ്.** ജനനമരണങ്ങളിൽ ജീവാത്മാവിന്റെ കൂടെയുള്ളത് ഈ സൂക്ഷ്മശരീരമാണ്. ഈ സൂക്ഷ്മശരീരം രണ്ടു വിധത്തിലുണ്ട്. ഒന്നു ഭൗതികമാണ്. സൂക്ഷ്മഭൂതങ്ങളുടെ അംശങ്ങളാലുണ്ടാക്കിയതാണത്. മറ്റേതിന്റെ പേര് സ്വാഭാവികമെന്നാണ്. ഇത് ജീവന്റെ സ്വാഭാവികഗുണരൂപമാകുന്നു. ഈ സൂക്ഷ്മശരീരം മുക്തിയിലും നിലനില്ക്കുന്നു. മുക്തിസുഖം ഇതുകൊണ്ടാണ് അനുഭവിക്കുന്നത്.

മൂന്നാമത്തേതു **കാരണശരീരം.** സുഷുപ്തി അഥവാ ഗാഢനിദ്ര ഉണ്ടാകുന്നത് അതിലാണ്. അതു പ്രകൃതിരൂപമാകയാൽ വിഭുവും എല്ലാ ജീവാത്മാക്കൾക്കും കൂടി ഏകവുമാണ്.

നാലാമത്തേത് **തുരീയം.** അതിലിരുന്ന് ജീവാത്മാവ് സമാധിയിലൂടെ പരമാത്മാവിന്റെ ആനന്ദത്തിൽ മുഴുകുന്നു. ഈ സമാധിസംസ്കാരം കൊണ്ടുണ്ടാകുന്ന ശുദ്ധശരീരത്തിന്റെ പരാക്രമമാണ്[] [9] കൈവല്യാവസ്ഥയിലും സഹായകമാകുന്നത്. ഈ കോശങ്ങളിൽ നിന്നും അവസ്ഥകളിൽ നിന്നും തീർത്തും ഭിന്നമാണ് ജീവാത്മാവ്. ജീവൻ അവസ്ഥകളിൽ നിന്നെല്ലാം വേറെയാണെന്നെല്ലാവർക്കും അറിയാം. മരണം സംഭവിക്കുമ്പോൾ ജീവൻ പോയി എന്നാണ് ഏവരും പറയുന്നത്. ഈ ജീവൻ തന്നെയാണ് എല്ലാറ്റിന്റെയും പ്രേരകനും. ധാരകനും, സാക്ഷിയും, കർത്താവും, ഭോക്താവും. ജീവൻ കർത്താവും ഭോക്താവുമല്ലെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അവന് അറിവില്ല. വിവേകവുമില്ല, ജീവാത്മാവില്ലെങ്കിൽ മറ്റു ജഡപദർത്ഥങ്ങൾക്കൊന്നും സുഖദുഃഖങ്ങളുടെ അനുഭവവും പുണ്യപാപങ്ങളുടെ കർതൃത്വവും ഉണ്ടാവുകയേയില്ല. ങ്ഹാ! ഇവയുടെ ബന്ധത്താൽതന്നെയാവാം ജീവൻ പാപപുണ്യങ്ങളുടെ കർത്താവും സുഖദുഃഖങ്ങളുടെ ഭോക്താവും ആകുന്നത്! ഇന്ദ്രിയങ്ങൾ അർഥങ്ങളിലും. മനസ് ഇന്ദ്രിയങ്ങളിലും ആത്മാവു മനസ്സിലും സംയുക്തമായി പ്രാണങ്ങളെ പ്രേരിപ്പിച്ച് നല്ലതും ചീത്തയുമായ കർമങ്ങളിൽ പ്രവർത്തിപ്പിക്കുമ്പോൾ മാത്രമേ ഉള്ളിൽ സദ്കർമങ്ങൾ സന്തോഷം, ഉത്സാഹം, നിർഭയത്വം എന്നിവയും ദുഷ്കർമങ്ങളിൽ ഭയം, ശങ്ക. ലജ്ജ എന്നിവയും ഉണ്ടാകുന്നുള്ളൂ. ഇത് അന്തര്യാമിയായ പരമാത്മാവിന്റെ ശിക്ഷണമാണ്. ഈ ശിക്ഷണമനുസരിച്ച് പ്രവർത്തിക്കുന്നവൻ മുക്തിജന്യമായ സുഖത്തെ അനുഭവിക്കുന്നു. വിപരീതമായി വർത്തിക്കുന്നവൻ ബന്ധജന്യങ്ങളായ ദുഃഖത്തെ അനുഭവിക്കുന്നു. ഇങ്ങനെ പൃഥിവി മുതൽ ഈശ്വരപര്യന്തമുള്ള പദാർഥങ്ങളുടെ ഗുണകർമസ്വഭാവങ്ങളറിഞ്ഞ് ഈശ്വരന്റെ ആജ്ഞാപാലനം ഉപാസന എന്നിവയിൽ തല്പരരാകുക, വിരുദ്ധമായി പോകാതിരിക്കുക, സൃഷ്ടിയിൽ നിന്ന് ഉപകാരം നേടുക എന്നിവയാണ് **വിവേകമെന്നു** പറയുന്നത്. ഇതാണ് മുക്തിയുടെ ഒന്നാം സാധനം.

2. വൈരാഗ്യം

രണ്ടാമത്തെ സാധനം വൈരാഗ്യമാണ്. വിവേകം കൊണ്ടു സത്യാസത്യങ്ങളെ വേർതിരിച്ചറിഞ്ഞു സത്യാചരണത്തെ സ്വീകരിക്കുകയും അസത്യാചരണത്തെ ത്യജിക്കുകയും ചെയ്യുന്നതാണ് വൈരാഗ്യം.

3. ഷഡ്ക സമ്പത്തി

മൂന്നാമത്തെ സാധനം **ഷഡ്ക സമ്പത്തി**- അഥവാ ശമം മുതലായ ആറുവിധത്തിലുള്ള കർമങ്ങളുടെ അനുഷ്ഠാനമാണ്. ആത്മാവിനെയും അന്തഃകരണത്തെയും അധർമാചരണത്തിൽ നിന്ന് അകറ്റി സദാ ധർമാനുഷ്ഠാനത്തിൽ പ്രവർത്തിപ്പിക്കുന്നതാണ് ശമം,. ആറു കർമങ്ങളിൽ ആദ്യത്തേത് ഇതാണ്. രണ്ടാമത്തേത് **ദമം-** അതായത്, **ശ്രോത്രം** തുടങ്ങിയ ഇന്ദ്രിയങ്ങളെയും ശരീരത്തേയും വ്യഭിചാരാദി ദുഷ്കർമങ്ങളിൽ നിന്നകറ്റി **ജിതേന്ദ്രിയത്വം** നേടുക തുടങ്ങിയ നല്ല കർമങ്ങളിൽ പ്രവർത്തിപ്പിക്കണം. മൂന്നാമത്തേത് **ഉപരിയാണ്.** പാപം ചെയ്യുന്നവരിൽ നിന്ന് സദാ അകന്നു നിൽക്കണം. നാലാമത്തേത് **തിതിക്ഷ.** നിന്ദാസ്തുതികളും ലാഭനഷ്ടങ്ങളും എത്രതന്നെ സംഭവിച്ചാലും സുഖദുഃഖങ്ങളിലാതെ സദാ മോക്ഷോപായങ്ങളിൽതന്നെ ആസക്തനായിരിക്കുന്നതാണ് തിതിക്ഷ. അഞ്ചാമത്തേതിന് **ശ്രദ്ധ** എന്നു പേർ. വേദാദിസത്യശാസ്ത്രങ്ങളിലും ആ ശാസ്ത്രങ്ങളുടെ ജ്ഞാനം കൊണ്ടു പൂർണ്ണവിദ്വാന്മാരായിട്ടുള്ള **ആപ്തന്മാരുടെ-സത്യം ഉപദേശിക്കുന്നവരുടെ-വചനങ്ങളിൽ** മാത്രം വിശ്വസിക്കു

9 പരാക്രമം രൂഢാർഥമല്ല. മറ്റൊന്നിലേക്ക് കയറിപ്പറ്റൽ ആണിത്. ഈശ്വര ജീവഭേദത്തിന്റെ സിദ്ധാന്തം ഇവിടെ കൂടുതൽ സ്പഷ്ടമാക്കുന്നു.



ന്നതാണ് ശ്രദ്ധ. ആറാമത്തെതു **സമാധാനം**-ചിത്തത്തിന്റെ ഏകാഗ്രത-ആണ്. ഇപ്പറഞ്ഞ ആറും കൂടിച്ചേർന്നതാണ് മൂന്നാമത്തെ സാധനം.

നാലാമത്തെ സാധനം **മുമുക്ഷുത്വം** ആണ്. വിശക്കുന്നവൻ ചോറും, ദാഹിക്കുന്നവൻവെള്ളവും അല്ലാതെ മറ്റൊന്നും രുചിക്കുന്നില്ല. അതുപോലെ മോക്ഷത്തിലും മോക്ഷോപായങ്ങളിലും. അല്ലാതെ മറ്റൊന്നിലും ഇഷ്ടമില്ലാതിരിക്കുന്നതാണ് മുമുക്ഷുത്വം.

സാധനകളനുഷ്ഠിച്ചുകഴിഞ്ഞ് അനുഷ്ഠിക്കേണ്ട അനുബന്ധകർമങ്ങൾ ഇവയാണ്:- ആദ്യത്തേത് **'അധികാരി'** ഈ നാലു സാധനകളും ഉള്ള പുരുഷനാണ് മോക്ഷത്തിന് അധികാരി. രണ്ടാമത്തേതു **'സംബന്ധം.'** ബ്രഹ്മപ്രാപ്തിയാകുന്ന മോക്ഷം പ്രതിപാദ്യവും വേദാദിശാസ്ത്രങ്ങൾ അതിന്റെ പ്രതിപാദകങ്ങളുമാണ്. അവയെ വേണ്ടതുപോലെ അറിഞ്ഞ് സമന്വയിപ്പിക്കുന്നതാണ് സംബന്ധം. മൂന്നാമത്തേത് **'വിഷയി'** യാണ്. ശാസ്ത്രങ്ങളുടെയെല്ലാം പ്രതിപാദ്യവിഷയമായ 'ബ്രഹ്മത്തിന്റെ പ്രാപ്തി' എന്ന വിഷയത്തോടുകൂടിയ പുരുഷൻ തന്നെയാണ് വിഷയി. നാലാമത്തേതു **പ്രയോജനം.** സർവദുഃഖ നിവൃത്തിയും പരമാനന്ദവും പ്രാപിച്ച് മോക്ഷസുഖം സിദ്ധിക്കുന്നതായ പ്രയോജനം എന്നിവയെ നാല് അനുബന്ധങ്ങൾ എന്നുപറയുന്നു. അനന്തരം വരുന്നതാണ് **ശ്രവണചതുഷ്ടയം.** ഒന്നാമത്തേത് **ശ്രവണം.** വിദ്വാന്മാരാരെങ്കിലും ഉപദേശം നൽകുമ്പോൾ അവയെ ശാന്തചിത്തനായി ശ്രദ്ധാപൂർവ്വം കേൾക്കുന്നതാണ് ശ്രവണം. വിശേഷിച്ചും ബ്രഹ്മവിദ്യ അത്യന്തം ശ്രദ്ധയോടെ കേൾക്കണം. കാരണം, സകല വിദ്യകളിലും വച്ച് സൂക്ഷ്മമാണത്. രണ്ടാമത്തേതു **മനനം.** കേട്ടുകഴിഞ്ഞ് ഏകാന്തസ്ഥലത്തിരുന്ന് അതിനേപ്പറ്റി ചിന്തിക്കുന്നതാണ് മനനം. എങ്ങാനും ശങ്കയുണ്ടായാൽ വീണ്ടും ചോദിക്കണം. ശ്രവണസമയത്തുതന്നെ പറയുന്നവനും കേൾക്കുന്നവനും ഉചിതമെന്നു തോന്നിയാൽ സംശയം ചോദിക്കുകയും സമാധാനം പറയുകയും വേണം. മൂന്നാമത്തേതു **നിദിധ്യാസനം.** ശ്രവണം കൊണ്ടും മനനം കൊണ്ടും സംശയം തീർന്ന വിഷയത്തെ സമാധിസ്ഥനായി, കണ്ട് അറിയണം. കേട്ടതും ചിന്തിച്ചതും ശരിയോ തെറ്റോ എന്ന് ധ്യാനയോഗംകൊണ്ട് ദർശിക്കണം. നാലാമത്തേതു **സാക്ഷാത്കാരം.** പദാർത്ഥത്തിന്റെ സ്വരൂപം, ഗുണം, സ്വഭാവം എന്നിവ യഥാതഥമായി അറിയുന്നതിന് സാക്ഷാത്കാരം എന്നു പേർ. ഇവയെയാണു ശ്രവണചതുഷ്ടയമെന്നുപറയുന്നത്.

ക്രോധം, മാലിന്യം, മടി, പ്രമാദം മുതലായ തമോഗുണങ്ങൾ ഈർഷ്യ,ദ്വേഷം, കാമം, അഭിമാനം, വിക്ഷേപം തുടങ്ങിയ രജോഗുണങ്ങൾ എന്നിവ വെടിഞ്ഞ് ശാന്തത, പരിശുദ്ധി, വിദ്യാവിചാരം മുതലായ സാത്വികഗുണങ്ങൾ സ്വീകരിക്കണം.

(മൈത്രി) സന്തുഷ്ടരിൽ സ്നേഹം, **(കരുണ)** ദുഃഖിതരിൽ ദയ. **(മുദിതാ)** പുണ്യാത്മാക്കളെ കാണുമ്പോൾ സന്തോഷം. **(ഉപേക്ഷാ)** ദുഷ്ടരോട് അപ്രീതി, വൈരമില്ലായ്മ എന്നിവയും സ്വീകരിക്കണം.[] [10]മുമുക്ഷു ദിവസവും രണ്ടുമണിക്കൂറിൽ കുറയാതെ ധ്യാനം ചെയ്യണം. അപ്പോൾ അകത്തെ മനസ്സും മറ്റു പദാർത്ഥങ്ങളും സാക്ഷാത്കരിക്കാം.

ആത്മാവും ശരീരവും ഭിന്നം

നോക്കൂ! നാം ചേതനസ്വരൂപികളാണ്. അതിനാൽ ജ്ഞാനസ്വരൂപികളും മനസ്സിന്റെ സാക്ഷികളുമാണ്. എന്തെന്നാൽ മനസ്സ് ശാന്തമോ, ചഞ്ചലമോ അനന്ദപൂർണമോ, വിഷാദയുക്തമോ ആകുമ്പോൾ അതിനെ നാം നല്ലവണ്ണം അറിയുന്നു. അതുപോലെ നാം ഇന്ദ്രിയങ്ങൾ പ്രാണൻ മുതലായവയെ അറിയുന്നവരും മുമ്പു കണ്ടതിനെ ഓർമവെക്കുന്നവരും, ഒരേ സമയത്ത് അനേകം സംഗതികളെ അറിഞ്ഞുവയ്ക്കുന്നവരും ധാരണം ആകർഷണം, എന്നിവ ചെയ്യുന്നവരും, ഇവയിൽ നിന്നെല്ലാം ഭിന്നരുമാണ്. ഭിന്നരല്ലെങ്കിൽ സ്വതന്ത്രമായി കർമം ചെയ്യുന്നവരോ, അതിന്റെ പ്രേരകരോ അധിഷ്ഠാതാക്കളോ ആവുകയേ ഇല്ലായിരുന്നു.

പഞ്ചക്ലേശങ്ങൾ

അവിദ്യാസ്മിതാ രാഗദ്വേഷാഭിനിവേശാഃ പഞ്ച ക്ലേശാഃ (യോ. ദ. 2. 3) ഇവയിൽ അവിദ്യയുടെ സ്വരൂപം പറഞ്ഞു കഴിഞ്ഞു.[] [11] വേറിട്ടിരിക്കുന്ന ബുദ്ധി ആത്മാവിൽ നിന്നു ഭിന്നമല്ലെന്നു മനസ്സിലാക്കുന്നതാണ് അസ്മിത-സുഖത്തിനോടുള്ള ഇഷ്ടത്തിന് രാഗമെന്നും ദുഃഖത്തിനോടുള്ള ഇഷ്ടത്തിന് ദ്വേഷമെന്നും പറയുന്നു. ഞാൻ സദാ ശരീരത്തിൽ തന്നെ സ്ഥിതിചെയ്യും, ഒരിക്കലും മരിക്കുകയില്ല എന്ന ജീവിതാശ സകല ജീവികൾക്കും എപ്പോഴും ഉണ്ട്. മരണദുഃഖത്തോടുള്ള ഭയമാണ് അഭിനിവേശം. ഈ അഞ്ചു ക്ലേശങ്ങ

10 മൈത്രീകരുണാ മുദിതോപേക്ഷാണാം..... (യോ. ദ. 1.38)
11 പേജ് 366 നോക്കുക

ളെയും യോഗാഭ്യാസംകൊണ്ടും വിജ്ഞാനം കൊണ്ടും അകറ്റിയിട്ട് ബ്രഹ്മത്തെ പ്രാപിച്ച് മുക്തിയുടെ പരമാനന്ദം അനുഭവിക്കേണ്ടതാണ്.

ചോദ്യം:- നിങ്ങൾക്ക് സ്വീകാര്യമായ മുക്തി യല്ലല്ലോ മറ്റുള്ളവരുടേത്. നോക്കൂ. ജൈനമതക്കാർക്ക് മോക്ഷശിലയിൽ അഥവാ ശിവപുരത്തിൽ ചെന്നു മൗനമായി ഇരിക്കുന്നതാണ് മുക്തി. നാലാമത്തെ ആകാശത്തിൽ ചെന്ന് വിവാഹം, കലഹം, പാട്ടുംകൊട്ടും, നല്ല വസ്ത്രധാരണം മുതലായവയാൽ ആനന്ദിക്കുന്നതാണ് മോക്ഷമെന്നു ക്രിസ്തുമതക്കാർ കരുതുന്നു. അതുപോലെ ഏഴാമത്തെ ആകാശത്തിൽ ചെന്നു സുഖിക്കുന്നതാണ് മോക്ഷമെന്നു മുഹമ്മദീയർ കരുതുന്നു. വാമമാർഗികൾ ശ്രീപുരത്തിലും, ശൈവർ കൈലാസത്തിലും, വൈഷ്ണവർ വൈകുണ്ഠത്തിലും ഗോകുല വാസികളായ ഗോസായിമാർ ഗോലോകത്തിലും ചെന്ന് വിശിഷ്ടസ്ത്രീകൾ, അന്നപാനീയങ്ങൾ, വസ്ത്രങ്ങൾ, വാസസ്ഥലങ്ങൾ മുതലായവയെ പ്രാപിച്ച് ആനന്ദിക്കുന്നതിനെയാണ് മോക്ഷമെന്നു കരുതുന്നത്. പൗരാണികരാകട്ടെ (സാലോക്യം) ഈശ്വരന്റെ ലോകത്തിൽ വസിക്കുക, (സാനുജ്യം) അനുജനെപ്പോലെ ഈശ്വരന്റെ കൂടെ താമസിക്കുക, (സാരൂപ്യം) ഉപാസ്യദേവന്റെ രൂപം പ്രാപിക്കുക, (സാമീപ്യം) സേവകനെപ്പോലെ ഈശ്വരന്റെ സമീപത്തിൽ സ്ഥിതി ചെയ്യുക (സായൂജ്യം) ഈശ്വരനോടു കൂടിച്ചേരുക ഇങ്ങനെ നാലു[] [12] വിധത്തിലുള്ളതാണു മോക്ഷമെന്നു കരുതുന്നു. പരബ്രഹ്മത്തിൽ ലയിക്കുന്നതാണു മോക്ഷമെന്നു വേദാന്തികളും വിശ്വസിക്കുന്നു.

ഉത്തരം:- പന്ത്രണ്ടാം സമുല്ലാസത്തിൽ ജൈനരുടെയും പതിമൂന്നാം സമുല്ലാസത്തിൽ മുസൽമാന്മാരുടെയും മുക്തി മുതലായ വിഷയങ്ങളെപ്പറ്റി വിസ്തരിച്ചെഴുതാം. വാമമാർഗികൾ ശ്രീപുരത്തിൽ ചെന്നു ലക്ഷ്മീദേവിയെപ്പോലുള്ള സ്ത്രീകളെയും മദ്യമാംസാദി ഭക്ഷണസാധനങ്ങളെയും സംഗീതാദിസുഖങ്ങളേയും അനുഭവിച്ചുകൊണ്ടിരിക്കുന്നതാണു മുക്തിയെന്നു കരുതുന്നത് ഈ ലോകത്തെക്കാൾ ഒട്ടും മെച്ചമല്ല. അതുപോലെതന്നെ, കൈലാസത്തിലോ വൈകുണ്ഠത്തിലോ ചെന്ന്, ശിവന്റെയോ, വിഷ്ണുവിന്റെയോ ആകൃതിയോടുകൂടി ശ്രീപാർവതിയെപ്പോലെയും ശ്രീഭഗവതിയെപ്പോലെയുമുള്ള സ്ത്രീകളൊരുമിച്ചിരുന്ന് ആനന്ദം അനുഭവിക്കുക എന്നതിൽ ഈ ലോകത്തിലുള്ള ധനവാന്മാരുടെയും രാജാക്കന്മാരുടെയും സ്ഥിതിയേക്കാൾ ഒരു മെച്ചമേയുള്ളൂ. അവിടെ രോഗങ്ങൾ ഉണ്ടാവുകയില്ല. യൗവ്വനം എന്നും നിലനിൽക്കും അത്രമാത്രം. എന്നാൽ അവരുടെ വിചാരം തെറ്റാണ്, ഭോഗമുള്ളിടത്തെല്ലാം രോഗവും രോഗമുള്ളിടത്തെല്ലാം വാർദ്ധക്യവും നിശ്ചയമാണ്. നിങ്ങളുടെ ഈ നാലുതരം മുക്തി, കൃമികീടങ്ങൾ പക്ഷിമൃഗാദികൾ മുതലായവയ്ക്കുകൂടി സ്വസിദ്ധമാണ്. എന്തെന്നാൽ ഇക്കാണുന്ന ലോകങ്ങളെല്ലാം ഈശ്വരന്റേതാകുന്നു. സകല ജീവജാലങ്ങളും ഇവിടെത്തന്നെ വസിക്കുന്നതിനാൽസാലോക്യമെന്ന മുക്തി അനായാസേന ലഭിക്കുന്നു. ഈശ്വരൻ സർവവ്യാപിയാകയാൽ സകലതും അദ്ദേഹത്തിന്റെ സമീപം സ്ഥിതിചെയ്യുന്നു, തന്നിമിത്തം സാമീപ്യമെന്ന മുക്തിയും സ്വതഃസിദ്ധമാകും. ജീവാത്മാവ് ഈശ്വരനേക്കാൾ എല്ലാവിധത്തിലും ചെറിയതും ചേതനവുമാകയാൽ സ്വതഃ ബന്ധുവിനെപ്പോലെയാണ്. അതിനാൽ സായൂജ്യമെന്ന മുക്തിയും പ്രയാസം കൂടാതെ സിദ്ധിക്കുന്നു. സകല ജീവാത്മാക്കളും സർവവ്യാപകനായ പരമാത്മാവിൽ വർത്തിക്കുന്നതിനാൽ പരമാത്മാവിനോടു യോജിച്ചിരിക്കുന്നു. അതിനാൽ സായൂജ്യം എന്ന മുക്തിയും പ്രയാസം കൂടാതെ ലഭിക്കുന്നു. എന്ന് പൗരാണികരോടു പറയണം. മറ്റുള്ള നാസ്തികർ[] [13] മരണാനന്തരം തത്ത്വങ്ങൾ തത്ത്വങ്ങളോടു ചേർന്ന് പരമമായ മുക്തി കൈവരുന്നെന്നു വിശ്വസിക്കുന്നു. അതു നായ്ക്കൾക്കും കഴുതകൾക്കും കൂടി കിട്ടാറുണ്ട്. വാസ്തവത്തിൽ ഇതൊന്നും മുക്തിയല്ല. ഒരു തരത്തിലുള്ള ബന്ധനമാണ്. ഇതെല്ലാം മുക്തിയാണെന്നു വിചാരിക്കുന്നവർ ശിവപുരം, മോക്ഷശില നാലാംആകാശം, ഏഴാംആകാശം, ശ്രീപുരം, കൈലാസം, വൈകുണ്ഠം, ഗോലോകം എന്നിവയെല്ലാം ഓരോ ദിക്കിലുള്ള സ്ഥാനവിശേഷങ്ങളാണെന്നു വിചാരിക്കുന്നു. അവർ ആ സ്ഥാനങ്ങളിൽ നിന്ന് വിട്ടുപോകുന്നതോടുകൂടി അവരുടെ മുക്തിയും തീരുന്നു. വേലിക്കെട്ടിൽ അഴിച്ചുവിട്ട നോട്ടപ്പുള്ളിയെപ്പോലെ അവർ ബന്ധനസ്ഥരാണ്. ഇച്ഛാനുസരണം എവിടെയും സഞ്ചരിക്കുന്നതാണ്. മുക്തി, ഭയമോ, ശങ്കയോ, ദുഃഖമോ ഉണ്ടാവുകയേ ഇല്ല. ജന്മം ഉത്പത്തിയും മരണം പ്രളയവും

12 ഇവിടെ അഞ്ചുവിധ മുക്തികൾ പറയുന്നു. ഉത്തരത്തിൽ സാരൂപ്യത്തെപ്പറ്റി പറയുന്നില്ല. സാനുജ്യം പൗരാണികർ നിർദ്ദേശിക്കുന്നുമില്ല. മൂലപാഠത്തിൽ എന്തോ തകരാറുണ്ടായതാവാം.

13 ചാർവാകാദികൾ

ആണ്. സമയമാകുമ്പോൾ ജന്മമെടുക്കുന്നു.

പൂർവജന്മ സ്മരണ

ചോദ്യം:- ജന്മം ഒന്നോ അനേകമോ?

ഉത്തരം:- അനേകം

ചോദ്യം:- അനേകമാണെങ്കിൽ പൂർവജന്മം, മരണം എന്നിവയെപ്പറ്റി ഓർമവരാത്തതെന്ത്?

ഉത്തരം:- ജീവാത്മാവ് അല്പജ്ഞനാണ്. ത്രികാലജ്ഞാനിയല്ല. അതിനാൽ ഓർമ ഉണ്ടാവുന്നില്ല. ജ്ഞാനം നൽകുന്ന മനസ്സ് ഒരേസമയം രണ്ട് അറിവുകൾ ഒന്നിച്ചു ഗ്രഹിക്കുവാൻ ശക്തമല്ല. പൂർവജന്മകാര്യങ്ങൾ സ്മരിക്കുന്നതിന്റെ കഥ ഇരിക്കട്ടെ, ഈ ജന്മത്തിൽ, ജീവൻ ഗർഭത്തിൽ വന്ന് ശരീരമുണ്ടായി ജനിച്ച്, അഞ്ചുവയസ്സു വരെ ഉണ്ടായ കാര്യങ്ങളെല്ലാം സ്മരിക്കാനാകാത്തതെന്താണ്? ജാഗ്രത്തിലും സ്വപ്നത്തിലും വളരെക്കാര്യങ്ങൾ പ്രത്യക്ഷമായി അറിഞ്ഞിട്ട് അവയെ സുക്ഷുപ്തി-ഗാഢനിദ്ര-യിൽ സ്മരിക്കാനാകാത്തതെന്താണ്? കൂടാതെ ഒരു പന്തീരാണ്ട് മുമ്പത്തെ പതിമൂന്നാം കൊല്ലത്തിലെ അഞ്ചാം മാസം ഒമ്പതാം തീയതി പത്തു മണി ഒരു മിനിട്ടിന് നിങ്ങൾ എന്തു ചെയ്തുകൊണ്ടിരുന്നു? ആ സമയത്തു നിങ്ങളുടെ മുഖം, കൈയ്യ്, ചെവി, കണ്ണ് ശരീരം ഇവയെല്ലാം എങ്ങോട്ട് തിരിഞ്ഞിരുന്നു? മനസ്സിൽ എന്തു വിചാരിച്ചുകൊണ്ടിരുന്നു? എന്നു ചോദിക്കുന്നതായാൽ നിങ്ങൾ എന്തു മറുപടി പറയും? ഈ ജന്മത്തിലെ കഥയിതാണെങ്കിൽ പൂർവ്വജന്മ വൃത്താന്തങ്ങളുടെ സ്മരണയെപ്പറ്റി സംശയിക്കുന്നത് വെറും ബാലചാപല്യമാണ്. ആ സ്മരണ ഉണ്ടാകാതിരിക്കുന്നതു തന്നെയാണ് ജീവാത്മാവിനു സുഖം. അല്ലെങ്കിൽ പൂർവ്വ ജന്മ ദുഃഖിച്ചു മരിക്കുകയേയുള്ളൂ. പൂർവജന്മത്തിലെയും വരും ജന്മത്തിലെയും കാര്യങ്ങളറിയാൻ ആഗ്രഹിച്ചാലും അതസാധ്യമാണ്. എന്തെന്നാൽ, ജീവാത്മാവ് അല്പജ്ഞനും അല്പസ്വരൂപിയുമാണ്. അതിനാൽ ഇക്കാര്യം ഈശ്വരനല്ലാതെ ജീവാത്മാവിന് അറിയാവുന്നതല്ല.

വിസ്മൃതകർമങ്ങളുടെ ഫലം

ചോദ്യം:- ജീവാത്മാവിന് പൂർവസ്മരണയില്ലാതിരിക്കെ അതിന് ഈശ്വരൻ ശിക്ഷ നല്കുന്ന പക്ഷം ജീവാത്മാവിന് സത്കർമാഭിരുചി ഉണ്ടാവുകയില്ല. ഞാൻ ചെയ്ത കർമത്തിന്റെ ഫലമാണ് ഇപ്പോഴനുഭവിക്കുന്നതെന്ന അറിവുണ്ടായാൽ മാത്രമേ പാപത്തിൽ നിന്ന് പിൻവാങ്ങുവാൻ ജീവാത്മാവിനു കഴിയുകയുള്ളൂ. അല്ലേ?

ഉത്തരം:- ജ്ഞാനം എത്രവിധത്തിലുണ്ടെന്നാണ് വിചാരിക്കുന്നത്?

ചേദ്യം:- പ്രത്യക്ഷാദി പ്രമാണങ്ങളാൽ എട്ടു വിധമെന്ന്.

ഉത്തരം:- എങ്കിൽ ജനനം മുതൽ ഓരോസമയത്ത്, അധികാരം, സമ്പത്ത്, ബുദ്ധി, പഠിപ്പ്, ദാരിദ്ര്യം, ബുദ്ധിയില്ലായ്മ, മൂഢത മുതലായ സുഖദുഃഖ പ്രാപ്തികളെ കണ്ടറിഞ്ഞ് പുനർജ്ജന്മത്തിന്റെ അറിവ് ഉണ്ടാകാതിരിക്കുന്നതെന്തുകൊണ്ട്? നോക്കൂ. വൈദ്യനും, വൈദ്യനല്ലാത്തയാളിനും ഒരേ രോഗം പിടിപെടുന്നു. രോഗത്തിന്റെ നിദാനം അഥവാ കാരണം വൈദ്യൻ അറിയുന്നു. വൈദ്യനല്ലാത്തയാൾ അറിയുന്നില്ല. വൈദ്യൻ ആയുർവേദം അഭ്യസിച്ചിട്ടുണ്ട്. മറ്റേയാൾ അഭ്യസിച്ചിട്ടില്ല എന്നതാണ് കാരണം, പനി മുതലായ സാധാരണ രോഗങ്ങൾ പിടിപെടുമ്പോൾ ഇതിനു കാരണം പഥ്യക്കേടാണ് എന്ന് വൈദ്യനല്ലാത്തയാളിനും മനസ്സിലാക്കാം. ഇതുപോലെ ലോകത്തിൽ വിവിധ സുഖദുഃഖങ്ങളുടെ ഏറ്റക്കുറവു കണ്ട് പൂർവജന്മത്തെ അനുമാനിച്ചറിയാത്തതെന്തുകൊണ്ടാണ്? കൂടാതെ പൂർവജന്മം ഉണ്ടെന്ന് അംഗീകരിക്കാത്ത പക്ഷം ഈശ്വരൻ പക്ഷപാതീയായിത്തീരും. പാപം ചെയ്യാതെ ദാരിദ്ര്യം മൂഢത മുതലായ ദുഃഖങ്ങളെയും പൂർവാർജിതമായ പുണ്യം കൂടാതെ അധികാരം സമ്പത്ത് തുടങ്ങിയ സുഖങ്ങളെയും ജീവാത്മാവിനു നല്കിയതെങ്ങനെ? പൂർവജന്മത്തിൽ ചെയ്തിട്ടുള്ള പുണ്യപാപങ്ങൾക്കനുസരിച്ച് സുഖദുഃഖങ്ങൾ നല്കുമ്പോഴാകട്ടെ ഈശ്വരൻ ന്യായകാരിയായി വർത്തിക്കുന്നു.

ചോദ്യം:- ഒരു ജന്മം മാത്രമേ ഉള്ളെന്നിരിക്കിലും ഈശ്വരന് ന്യായകാരിയായിരിക്കാൻ കഴിയും. സർവാധിപനായ രാജാവ് ചെയ്യുന്നതെല്ലാം ന്യായം തന്നെയാണ്. തോട്ടക്കാരൻ തന്റെ തോട്ടത്തിൽ ചെറുതും വലുതുമായ വൃക്ഷങ്ങൾ നട്ടുവളർത്തുന്നു. അവയിൽ ചിലതിനെ അവൻ വെട്ടി ചെറുതാക്കുന്നു. ചിലതിനെ പിഴുതു കളയുന്നു. ചിലതിനെ രക്ഷിച്ച് വളർത്തിവലുതാക്കുന്നു. കൈവശത്തുള്ളതിനെ ഇഷ്ടം പോലെ ചെയ്യാം. മറ്റാർക്കും അതു ചോദിക്കാൻ അവകാശമില്ല. ഈശ്വരൻ സർവോപരിയായ ന്യായാധിപനാണ്. മറ്റാരും അദ്ദേഹത്തെ ശിക്ഷിക്കുകയില്ല. ആരെയും ഈശ്വരനു ഭയപ്പെടാനുമില്ല.

ഉത്തരം:- ഈശ്വരന്റെ മഹത്വവും പൂജ്യതയും,

ന്യായം ഇഷ്ടപ്പെടുന്നതിലും ചെയ്യുന്നതിലും അന്യായം ചെയ്യാതിരിക്കുന്നതിലും അധിഷ്ഠിത മാണ്. ന്യായക്കേട് ചെയ്താൽ ഈശ്വരൻ അല്ലാതാകും. തോട്ടക്കാരൻ യുക്തിയില്ലാതെ വഴിയിലോ മറ്റോമരം വളർത്തുകയും വെട്ടരുതാത്തവയെ വെട്ടുകയും പാഴ്മരങ്ങൾ വളർത്തുകയും നല്ലമരങ്ങൾ വളർത്താതിരിക്കുകയും ചെയ്യുന്ന പക്ഷം നിന്ദിതനാവുകയേ ഉള്ളൂ. അതുപോലെ അകാരണമായി പ്രവർത്തിച്ചാൽ ഈശ്വരനിലും ആ ദോഷം വരും. ഈശ്വരൻ ന്യായാനുസൃതമായിത്തന്നെ പ്രവർത്തിക്കണം, ഈശ്വരൻ സ്വഭാവേന പവിത്രനും ന്യായകാരിയുമാണ്. അതിനാൽ ഉന്മത്തനെപ്പോലെ വല്ലതും ചെയ്താൽ ലോകത്തിലെ നല്ല ന്യായാധിപനേക്കാൾ താഴ്ന്നവനും അനാദരണീയനുമായിപ്പോകും. യോഗ്യതയോ സത്ക്കർമാനുഷ്ഠാനമോ ഇല്ലാത്തയാളിന് ബഹുമാനവും ദുഷ്കൃത്യങ്ങൾ ചെയ്യാത്തയാളിന് ശിക്ഷയും നൽകുന്നയാൾ നിന്ദ്യനും അശ്രേഷ്ഠനും ആവുകയില്ലേ? അതിനാൽ ഈശ്വരൻ ഒരിക്കലും അനയാസം പ്രവർത്തിക്കുന്നില്ല. തന്നിമിത്തം തന്നെ ആരെയും ഭയപ്പെടുന്നുമില്ല.

ചോദ്യം:- ഈശ്വരൻ ആർക്കു എത്ര കൊടുക്കാമെന്ന് മുൻകൂട്ടി തീരുമാനിച്ചത്രയും നൽകുകയും എന്തുചെയ്യണമെന്നു തീരുമാനിച്ചതു ചെയ്യുകയും ചെയ്യുന്നു.

ഉത്തരം:- ഈശ്വരേച്ഛ ജീവാത്മാക്കളുടെ കർമത്തെ അനുസരിച്ചിരിക്കുന്നു, മറിച്ചല്ല, അല്ലെങ്കിൽ ഈശ്വരൻ അപരാധിയും അന്യായക്കാരനുമാകും.

ചോദ്യം:- സുഖദുഃഖങ്ങൾ വലിയവർക്കും ചെറിയവർക്കും തുല്യമാണ്., വലിയവർക്ക് വലിയവിചാരം, ചെറിയവർക്കു ചെറിയവിചാരം അത്രയേ വ്യത്യാസമുള്ളൂ. ഒരു വലിയ വ്യാപാരിക്ക് കോടതിയിൽ ലക്ഷം രൂപയുടെ കേസുണ്ടായിരുന്നു എന്നു വിചാരിക്കുക. ആ കേസിന്റെ ആവശ്യത്തിന് വേനൽക്കാലത്ത് പല്ലക്കിൽ കയറി അങ്ങാടിയിൽക്കൂടി കോടതിയിലേക്കു പോകുന്നു, അയാൾ അങ്ങിനെ പോകുന്നതു കണ്ടിട്ട് അറിവില്ലാത്ത ജനങ്ങൾ പറയുന്നു:- "നോക്കുക, പുണ്യപാപങ്ങളുടെ ഫലം. ഒരുത്തൻ പല്ലക്കിൽ സുഖമായി ഇരിക്കുന്നു. മറ്റുള്ളവർ ചെരുപ്പുപോലും ഇടാതെ മുകളിൽ നിന്നും താഴെനിന്നും ചൂടും സഹിച്ച് പല്ലക്കു ചുമന്നുകൊണ്ടു നടക്കുന്നു." എന്നാൽ കോടിതി അടുക്കുന്തോറും വ്യാപാരിക്കു വിഷമവും സംശയങ്ങളും പല്ലക്ക് ചുമക്കുന്നവർക്കു സന്തോഷവും വർദ്ധിക്കുമെന്ന് ബുദ്ധിമാന്മാരായവർക്ക് അറിയാം. കോടതിയിൽ ചെന്നെത്തുമ്പോഴേക്കും കച്ചവടക്കാരന്, "വക്കീലിന്റെ അടുക്കലോ ശിരസ്താദാരുടെ അടുക്കലേക്കോ പോകേണ്ടത്? ഇന്നു ഞാൻ ജയിക്കുമോ തോല്ക്കുമോ ആവോ" എന്നെല്ലാമാകും ചിന്തകൾ. പല്ലക്കെടുക്കുന്നവരാകട്ടെ, പുകവലിച്ച് വെടി പറഞ്ഞ് സുഖമായി കിടന്നുറങ്ങും. ജയിച്ചാൽ വ്യാപാരിക്ക് കുറച്ചൊരു മനസ്സുഖം തോന്നും. തോറ്റാൽ സന്താപസമുദ്രത്തിൽ ആണ്ടുപോയതുതന്നെ. എന്നാൽ ചുമട്ടുകാരാകട്ടെ, മുമ്പേപോലെ തന്നെ ഇരിക്കുന്നു. ഇതുപോലെ രാജാവിന്ന് സുന്ദരവും മൃദുവുമായ മെത്തമേൽ കിടന്നാലും വേഗം ഉറക്കം വരുന്നില്ല. കൂലിവേലക്കാർ കല്ലും മണ്ണും നിറഞ്ഞ കുന്നും തടവുമായ സ്ഥലത്ത് കിടന്നാലും വേഗം ഉറങ്ങുന്നു. ഇപ്രകാരം എല്ലാ കാര്യങ്ങളിലും ഗ്രഹിച്ചുകൊള്ളുക.

ഉത്തരം:- അജ്ഞാനികളുടെ വിചാരമാണിത് ആ വ്യാപാരിയോട് **"നീ പല്ലക്കു ചുമട്ടുകാരനായിക്കൊള്ളൂ"** എന്നു പറഞ്ഞാൽ ഒരിക്കലും കേൾക്കുകയില്ല. എന്നാൽ പല്ലക്കു ചുമ്മുന്നവനോട് നീ വ്യാപാരിയാകുന്നോ എന്നു ചോദിച്ചാൽ അതിനിഷ്ടപ്പെടുന്നതാണ്. സുഖദുഃഖങ്ങൾ തുല്യമാണെങ്കിൽ അവനവന്റെ അവസ്ഥയെ ഉപേക്ഷിച്ച് ഉയർന്നവനോ താഴ്ന്നവനോ ആകാൻ ആരും ഇഷ്ടപ്പെടുകയില്ല. നോക്കൂ. ഒരു ജീവാത്മാവ് വിദ്വാനും, പുണ്യാത്മാവും, ശ്രീമാനുമായ രാജാവിന്റെ രാജ്ഞിയുടെ ഗർഭത്തിൽ പ്രവേശിക്കുന്നു. മറ്റൊരു ജീവൻ മഹാ ദരിദ്രയും പുല്ലുചെത്തി വില്ക്കുന്നതുമായ ഒരു സ്ത്രീയുടെ ഗർഭത്തിൽ ജനിക്കുന്നു. ഒന്നിനു ഗർഭം മുതൽക്ക് എല്ലാ സുഖങ്ങളും മറ്റേതിന് എല്ലാ ദുഃഖങ്ങളും ലഭിക്കുന്നു. പിറന്നയുടനെ ഒന്നിനെ സുഗന്ധജലത്തിൽ കുളിപ്പിക്കുന്നു. യുക്തിപൂർവം പുക്കിൾ മുറിക്കുന്നു. മുല കുടിയും മറ്റും വേണ്ടും വണ്ണം നടത്തുന്നു. അതിന് പാൽ വേണ്ടപ്പോൾ കൽക്കണ്ടവും മറ്റും ചേർത്ത് പാൽ ഇഷ്ടം പോലെ നൽകുന്നു. കുളിപ്പിക്കുവാൻ ഭൃത്യരും കളിക്കുവാൻ കളിക്കോപ്പുകളും സുലഭം. എടുത്തുകൊണ്ടു നടക്കുവാനും ലാളിക്കുവാനും കൊട്ടാരത്തിൽ സൗകര്യങ്ങൾ എല്ലാമുണ്ട്. മറ്റേതാകട്ടെ, ജനിക്കുന്നതുതന്നെ കാട്ടിൽ. അതിനെ കുളിപ്പിക്കുവാൻ വെള്ളവും കൂടി ഉണ്ടാവില്ല. പാൽകുടിക്കുവാൻ കൊതിച്ചാൽ



കിട്ടുന്നത് പ്രഹരമായിരിക്കും. തലതല്ലിക്കരഞ്ഞാലും ആരും തിരിഞ്ഞുനോക്കുകയില്ല., ഇങ്ങെ പുണ്യപാപങ്ങൾ ചെയ്യാതെ ജീവാത്മാക്കൾക്കു സുഖദുഃഖങ്ങൾ നൽകുന്ന പക്ഷം ഈശ്വരന്റെ പേരിൽ അപവാദമുണ്ടാകും. കൂടാതെ യാതൊന്നും ചെയ്യാതെ സുഖദുഃഖങ്ങൾ അനുഭവിക്കുമെങ്കിൽ മരണാനന്തരം സ്വർഗനരകങ്ങൾ സങ്കല്പിക്കേണ്ട ആവശ്യവുമില്ല. എന്തെന്നാൽ ഈശ്വരൻ ഈ ജന്മത്തിൽ സുഖദുഃഖങ്ങൾ കർമങ്ങളില്ലാതെ തന്നിട്ടുള്ളതുപോലെ മരണശേഷവും തന്റെ ഇഷ്ടപ്രകാരം ഒരുവനു സ്വർഗവും ഇതരന് നരകവും നൽകും. പിന്നെന്തിനാണ് ധർമം അനുഷ്ഠിക്കുന്നത്? എല്ലാ ജീവാത്മാക്കളും അധർമനിരതരാവും,. എന്തെന്നാൽ ധർമ്മത്തിന്റെ ഫലലബ്ധി സംശയാസ്പദമാണല്ലോ. അത് ഈശ്വരന്റെ കൈവശമാണ്. ഇഷ്ടമുള്ളവർക്കു കൊടുക്കും. അപ്പോൾ പാപം ചെയ്യുന്നതിൽ ആർക്കും ഭയമില്ലാതാകും. ലോകത്തിൽ ധർമ്മക്ഷയവും പാപവൃദ്ധിയും സംഭവിക്കും, അതിനാൽ പൂർവജന്മത്തിലെ പുണ്യപാപങ്ങളനുസരിച്ച് വർത്തമാന ജന്മവും വർത്തമാനജന്മത്തിലേയും പൂർവജന്മത്തിലേയും കർമങ്ങളനുസരിച്ച് ഭാവിജന്മവും സംഭവിക്കുന്നു.

ജീവൻ തുല്യം

ചോദ്യം :- മനുഷ്യന്റേയും മൃഗങ്ങളുടേയും ശരീരത്തിലെ ജീവൻ ഒരേ ഇനമോ അതോ വെവ്വേറേയോ?

ഉത്തരം :- ജീവാത്മാക്കൾ ഒരേ ഇനം തന്നെ, എന്നാൽ പാപപുണ്യങ്ങളനുസരിച്ച് മലിനവും പവിത്രവുമായിരിക്കുന്നു.

വിഭിന്നയോനികൾ

ചോദ്യം :- മനുഷ്യന്റെ ജീവൻ മൃഗാദികളിലും അവയുടെ ജീവൻ മനുഷ്യനിലും സ്ത്രീ ജീവൻ പുരുഷനിലും പുരുഷജീവൻ സ്ത്രീ ശരീരത്തിലും വരികയും പോകുകയും ചെയ്യുമോ?

ഉത്തരം :- ചെയ്യും, പാപം വർദ്ധിക്കുകയും പുണ്യം കുറയുകയും ചെയ്യുമ്പോൾ മനുഷ്യാത്മാവ് മൃഗാദി നീചയോനിയിലും ധർമ്മം അധികവും പാപം കുറവുമാകുമ്പോൾ ദേവന്മാരുടെ — അതായത് വിദ്വാൻമാരുടെ —ശരീരത്തെയും പ്രാപിക്കുന്നു. പുണ്യപാപങ്ങൾ തുല്യമാകുമ്പോൾ സാധാരണ മനുഷ്യജന്മം ലഭിക്കുന്നു. അതിൽ തന്നെ ഉത്തമ- മധ്യമ- നികൃഷ്ട ശരീരാദി സാമഗ്രികൾ ലഭിക്കും. പാപാധിക്യത്തെ മൃഗശരീരങ്ങളിൽ അനുഭവിച്ചൊടുക്കിയ ശേഷം പുണ്യപാപങ്ങൾ തുല്യമാകുമ്പോൾ വീണ്ടും മനുഷ്യശരീരത്തെ പ്രാപിക്കുന്നു. ഇതുപോലെ അധികപുണ്യത്തെ അനുഭവിച്ചശേഷം മദ്ധ്യസ്ഥമായ മനുഷ്യശരീരത്തെയും പ്രാപിക്കുന്നു.

മരണവും ജന്മവും

ജീവൻ ശരീരത്തിൽനിന്നു പോകുന്നതിനെയാണ് മരണമെന്നു പറയുന്നത്. ശരീരവുമായി ജീവൻ സംയോജിപ്പിക്കുന്നതിന്റെ പേരാണ് ജന്മം. ജീവൻ വേർപ്പെട്ടു കഴിഞ്ഞാൽ യമാലയത്തിൽ അഥവാ ആകാശസ്ഥമായ വായുവിൽ വസിക്കുന്നു. **"യമനേ വായൂനാ"**[14] എന്നു വേദവാക്യമുള്ളതിനാൽ യമൻ വായുവാണ്. ഗരുഡപുരാണത്തിലെ യമനല്ല. ഈ വിഷയത്തെപ്പറ്റി പതിനൊന്നാം സമുല്ലാസത്തിൽ വിശദമായി നിരൂപണം ചെയ്യുന്നതാണ്. പിന്നീട് ധർമരാജൻ അഥവാ സർവേശ്വരൻ - ആ -ജീവന്റെ പാപപുണ്യങ്ങളനുസരിച്ച് അതിന് ജന്മം നൽകുന്നു.

ആ ജീവൻ ഈശ്വരന്റെ പ്രേരണയാൽ വായു, അന്നം, ജലം എന്നിവയിലൂടെയോ അഥവാ ശരീരത്തിലുള്ള ഛിദ്രങ്ങളിൽകൂടിയോ അന്യശരീരത്തിൽ പ്രവേശിക്കുന്നു. പിന്നീട് ക്രമേണവീര്യത്തിലും ഗർഭത്തിലും സ്ഥിതി ചെയ്ത്, ശരീരം ധരിപ്പിച്ച് പുറത്തു വരുന്നു. ഒരു സ്ത്രീയുടെ ശരീരം ധരിക്കത്തക്കവിധമുള്ള കർമങ്ങൾ ചെയ്തിട്ടുള്ള പക്ഷം സ്ത്രീ ശരീരത്തിലും ഒരു പുരുഷന്റെ ശരീരലബ്ധിക്കു തക്കകർമങ്ങളാണു ചെയ്തിട്ടുള്ളതെങ്കിൽ പുരുഷശരീരത്തിലും പ്രവേശിക്കുന്നു. നപുംസകമായി ജനിക്കുന്നത് ഗർഭാധാന സമയത്തു സ്ത്രീ പുരുഷന്മാരുടെ ശരീരസംയോഗത്താലുണ്ടാകുന്ന രജസും രേതസും തുല്യമാകയാലാണ്. ജീവാത്മാവ് ഉത്തമമായ കർമം, ഉപാസന, ജ്ഞാനം എന്നിവയാൽ മോക്ഷം സമ്പാദിക്കുന്നതുവരെ ഇങ്ങനെയുള്ള വിവിധ ജനനമരണങ്ങളിൽ കിടന്നുഴലുന്നു. എന്നാൽ ഉത്തമമായ കർമങ്ങളും മറ്റും അനുഷ്ഠിച്ചാൽ മനുഷ്യരിൽ ഉത്കൃഷ്ടമായ ജന്മം ലഭിക്കുകയും മോക്ഷത്തിൽ മഹാകല്പ കാലം വരെ ജനനമരണ ദുഃഖങ്ങളൊന്നും കൂടാതെ ആനന്ദത്തിൽ വർത്തിക്കാവുന്നതുമാണ്.

ചോദ്യം:- മുകതി ഒരു ജന്മം കൊണ്ടോ

14 യജൂർവേദം 38.9 ന് ശതപഥം 14.2.2.11 ലെ വ്യാഖ്യാനം. യമേ യോ f യം (വായു) പവതേ എന്നു കാണുന്നു.

അനേകം ജന്മങ്ങൾ കൊണ്ടോ ലഭിക്കുന്നത്?

ഉത്തരം :- അനേകം ജന്മങ്ങൾ കൊണ്ട്.

ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവസംശയാഃ; ക്ഷീയന്തേ ചാസ്യ കർമാണി തസ്മിൻ ദൃഷ്ടേപരാവരേ. (മു.ഉ.2.2.8)

ഈ ജീവാത്മാവിന്റെ ഹൃദയത്തിലെ അവിദ്യ അഥവാ അജ്ഞാനമാകുന്ന ബന്ധം അറ്റുപോകുകയും സകലസംശയങ്ങളും നശിക്കുകയും പാപകർമങ്ങൾ ക്ഷയിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഈ ജീവൻ അകത്തും പുറത്തും എങ്ങും വ്യാപിച്ചിരിക്കുന്ന പരമാത്മാവിൽ നിവസിക്കുകയുള്ളൂ.

മുക്തി, ലയമോ?

ചോദ്യം:- മുക്തിയിൽ ജീവാത്മാവ് പരമാത്മാവിൽ ലയിച്ചുപോകുമോ അതോ വേറിട്ട് സ്ഥിതിചെയ്യുന്നുവോ?

ഉത്തരം :- വേറിട്ട് സ്ഥിതിചെയ്യുന്നു.ജീവൻ ലയിച്ചു പോയാൽ പിന്നെ മുക്തിസുഖം അനുഭവിക്കുന്നതാര് ? മോക്ഷസാധനകളെല്ലാം നിഷ്ഫലങ്ങളാവുകയും ചെയ്യും. അതു മുക്തിയല്ല. ജീവന്റെ പ്രളയമാണെന്ന് മനസ്സിലാക്കണം. ജീവൻ ഈശ്വരന്റെ ആജ്ഞാപാലനം, സത്കർമങ്ങൾ സത്സംഗം, യോഗാഭ്യാസം എന്നിവചെയ്യുകയും മുമ്പു പറഞ്ഞ സാധനകളെല്ലാം അനുഷ്ഠിക്കുകയും ചെയ്യുമ്പോൾ മാത്രമേ മോക്ഷം ലഭിക്കുന്നുള്ളൂ.

സത്യം ജ്ഞാനമനന്തം ബ്രഹ്മയോ വേദ നിഹിതം ഗുഹായാം പരമേവ്യോമൻ; സോശ്നുതേ സർവാൻ കാമാൻ സഹ ബ്രഹ്മണാ വിപശ്ചിതേതി (തൈ. ഉ.ബ്ര വ. 1)

തന്റെ ബുദ്ധിയിലും ആത്മാവിലും സ്ഥിതിചെയ്യുന്ന സത്യവും, ജ്ഞാനവും അനന്തമായ ആനന്ദസ്വരൂപനുമായ പരമാത്മാവിനെ അറിയുന്ന ജീവാത്മാവ് സർവവ്യാപിയായ ആ ബ്രഹ്മത്തിൽ ഇരുന്ന് ആ വിപശ്ചിത്ത് അഥവാ അനന്തവിദ്യായുക്തമായ ബ്രഹ്മത്തോടൊരുമിച്ച് എല്ലാ കാമങ്ങളെയും അതായത് ആഗ്രഹിക്കുന്ന ആനന്ദങ്ങളെയെല്ലാം പ്രാപിക്കുന്നു. ഇതാണ് മുക്തി.

ചോദ്യം:- ശരീരമില്ലാതെ ലൗകികസുഖങ്ങൾ അനുഭവിക്കാൻ കഴിയാത്തതുപോലെ മുക്തിയിൽ ശരീരമില്ലാതെ എങ്ങനെ സുഖമനുഭവിക്കും?

ഉത്തരം:- ഇതിനുത്തരം മുമ്പ് പറഞ്ഞതാണ്. [15]കുറച്ചു കൂടി പറയാം. കേൾക്കുക. ജീവാത്മാവ് ലൗകികസുഖങ്ങൽ അനുഭവിക്കുന്നത് ശരീരത്തെ ആശ്രയിച്ചാണ്. അതുപോലെ ഈശ്വരനെ ആശ്രയിച്ചാണ് ജീവാത്മാവ് മോക്ഷാനന്ദം അനുഭവിക്കുന്നത്. മോക്ഷം പ്രാപിച്ച ജീവാത്മാവ് അനന്തവും വ്യാപകവുമായ ബ്രഹ്മത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നു.

ശുദ്ധജ്ഞാനത്താൽ സകലസൃഷ്ടികളേയും കണ്ട്, ഇതരമുക്താത്മാക്കളുമായി സഹവസിക്കുന്നു. സൃഷ്ടിവിദ്യകളെ ക്രമത്തിൽ കണ്ടറിഞ്ഞുകൊണ്ട് ലോകലോകാന്തരങ്ങളിൽ അതായത് ദൃശ്യവും അദൃശ്യവുമായ എല്ലാ ലോകങ്ങളിലും വിഹരിക്കുന്നു. അതിന്റെ ജ്ഞാനത്തിനും അതീതമായ എല്ലാവസ്തുക്കളേയും കണ്ടറിയുന്നു. ജ്ഞാനം എത്രയധികരിക്കുന്നുവോ അതിനനുസരിച്ച് ആനന്ദവും അധികരിക്കുന്നു.

സ്വർഗവും നരകവും

മുക്തിയിൽ ജീവാത്മാവു നിർമലനാകയാൽ പൂർണജ്ഞാനിയാവുന്നതും, അറിയപ്പെടാത്ത സകലപദാർഥങ്ങളുടെയും യഥാർഥജ്ഞാനം ലഭിക്കുന്നതുമാണ് ഈ സുഖവിശേഷത്തിനെ സ്വർഗമെന്നും വിഷയതൃഷ്ണയിൽപ്പെട്ട് അനുഭവിക്കുന്ന ദുഃഖ വിശേഷത്തിന് നരകമെന്നും പറയുന്നു. സ്വഃ, സുഖനാമമാണ്. സ്വഃ സുഖം ഗച്ഛതി യസ്മിൻ സ സ്വർഗഃ അതോ വിപരീതോ ദുഃഖ ഭോഗാ നരക ഇതി'' സാംസാരികസുഖം സാമാന്യ സ്വർഗവും പരബ്രഹ്മപ്രാപ്തിയിൽ നിന്നുളവാകുന്ന പരമാനന്ദം വിശേഷസ്വർഗവും ആണ്. ജീവാത്മാക്കളെല്ലാം സുഖം പ്രാപിക്കാനും ദുഃഖങ്ങൾ ദൂരീകരിക്കാനും സ്വഭാവേന അഭിലഷിക്കുന്നു. പക്ഷേ പാപങ്ങളെ ത്യജിക്കുകയും ധർമം അനുഷ്ഠിക്കുകയും ചെയ്തു തുടങ്ങുന്നതുവരെ അവർക്കു സുഖം കിട്ടുകയോ ദുഃഖം ഇല്ലാതാവുകയോ ഇല്ല. എന്തെന്നാൽ കാരണം നിലനില്ക്കുമ്പോൾ അത് ഒരിക്കലും നശിക്കുന്നില്ല. **ചരിന്നേ മൂലേ വൃക്ഷോ നശ്യതി തഥാ പാപേക്ഷീണേ ദുഃഖം നശ്യതി,**

വേരറ്റ വൃക്ഷം നശിക്കുന്നു. അതുപോലെ പാപമകറ്റിയാൽ ദുഃഖവും നശിക്കും.

പാപപുണ്യങ്ങൾ- ഗുണങ്ങൾ

പുണ്യപാപങ്ങളുടെ വിവിധ ഗതികളേപ്പറ്റി മനുസ്മൃതിയിൽ വർണിക്കുന്നതു നോക്കുക:-

1. മാനസം മനസൈവായമുപഭുംക്തേ ശുഭാ*f*

15 പേജ് 374 സർവത്വമാധികാരികമ് എന്ന മീമാംസാ സൂത്രപ്രകാരം പൂർണജ്ഞാനിക്ക് ജ്ഞാനവർദ്ധനവ് എത്രയാകാമോ അത്രയും കൊണ്ട് പൂർണതയെന്നർഥമാണ്.



ശുഭം. വാചാ വാചാ കൃതം കർമ കായേനൈ വച കായികമ്.

2. ശരീരജൈഃ കർമ ദോഷൈർയാതി സ്ഥാവ രതാം നരഃ വാചികൈ പക്ഷിമൃഗതാം മാനസൈ രന്ത്യ ജാതിതിമ്.

3. യോ യദൈഷാം ഗുണോ ദേഹേ സാക ല്യേനാതിരിച്യതേ, സ തദാ തദ്ഗുണപ്രായ. തം കരോതി ശരീരിണമ്

4. സത്വം ജ്ഞാനം തമോ*f* ജ്ഞാനം രാഗ ദ്വേഷൗ രജഃ സ്മൃതം, ഏതദ് വ്യാപ്തി മദേതേഷാം സർവഭൂതാശ്രിതം വപുഃ

5. തത്ര യത് പ്രീതി സംയുക്തം കിം ചിദാ ത്മനി ലക്ഷയേത് പ്രശാന്ത മിവ ശുദ്ധാഭം സത്വം തദുപധാരയേത്.

6. യത്തു ദുഃഖസമായുക്തമപ്രീതികരമാ ത്മനഃ, തദ്രജേ*f* പ്രതിപം വിദ്യാത്സതതം ഹാരി ദേഹിനാമ്.

7. യത്തു സ്യാന്മോഹ സംയുക്തമവ്യക്തം വിഷയാത്മകമ്, അപ്രതർക്ക്യമവിജ്ഞേയം തമ സ്തദുപധാരയേത്

8. ത്രയാണാമപി ചൈതേഷാം ഗുണാനാം യഃ ഫലോദയഃ, അഗ്ര്യോ മധ്യോ ജഘന്യശ്ചിതം പ്രവക്ഷ്യാമ്യശേഷതഃ

9.വേദാഭ്യാസസ്തപോജ്ഞാനം ശൗചമിന്ദ്രിയ നിഗ്രഹഃ ധർമ ക്രിയാത്മചിന്താ ച സാത്വികം ഗുണലക്ഷണമ്.

10. ആരംഭരുചിതാ*f* ധൈര്യമസത് കാര്യപരി ഗ്രഹഃ, വിഷയോപസേവാ ചാജസ്രം രാജസം ഗുണലക്ഷണമ്.

11. ലോഭഃ സ്വപ്നോധൃതിഃ ക്രൗര്യം നാസ്തികൃം ഭിന്നവൃത്തിതാ യാചിഷ്ണുതാ പ്രമാദശ്ച താമസം ഗുണലക്ഷണമ്.

12. യത്കർമകൃത്വാ കുർവംശ്ച കരിഷ്യം ശ്ചൈവ ലജ്ജതി, തജ്ഞേയം വിദുഷാ സർവം താമസം ഗുണലക്ഷണമ്.

13. യേനാസ്മിൻ കർമണാ ലോകേ ഖ്യാതി മിച്ഛതി പുഷ്കലാമ്, നച ശോചത്യ സംപത്തൗ തദ്വിജ്ഞേയം തു രാജസമ്.

14. യത്സർവേണേച്ഛതി ജ്ഞാതും യന്ന ലജ്ജ തിചാചരൻ, യേന തുഷ്യതി ചാത്മാസ്യ തത്സത്വ ഗുണലക്ഷണമ്.

15. തമസോ ലക്ഷണം കാമോ രജസ സ്ത്വർഥ ഉച്യതേ, സത്വസ്യലക്ഷണം ധർമഃ ശ്രൈഷ്ഠ്യമേഷാം യഥോത്തരമ്

മനു. അ. 12. ശ്ലോ. 8,9,25-33, 35-38)

1. മനുഷ്യൻ ഇപ്രകാരം അവനവന്റെ ഉത്തമവും മധ്യമവും നികൃഷ്ടവുമായ സ്വഭാവങ്ങളെ അറിഞ്ഞ് ഉത്തമസ്വഭാവത്തെ കൈക്കൊള്ളുകയും മധ്യമ നികൃഷ്ടങ്ങളെ ത്യജിക്കുകയും ചെയ്യണം. ജീവാത്മാവ് മനസ്സാ ചെയ്യുന്ന ശുഭവും അശുഭവുമായ ഏതു കർമത്തിന്റെയും ഫലം മനസ്സുകൊണ്ടും, വാക്കുകൊണ്ടു ചെയ്യുന്നതിന്റെ ഫലം വാക്കുകൊണ്ടും ശരീരംകൊണ്ടു ചെയ്യുന്നതിന്റെ ഫലം ശരീരം കൊണ്ടും അനുഭവിക്കുന്നു.

2. ഏതൊരു മനുഷ്യൻ ശരീരംകൊണ്ട് മോഷമം, പരസ്ത്രീഗമനം, ശ്രേഷ്ഠരെ വധിക്കുക മുതലായ ദുഷ്കർമങ്ങൾ ചെയ്യുന്നുവോ അവന് വൃക്ഷാദി സ്ഥാവരങ്ങളുടെ ജന്മവും വാക്കുകൊണ്ടു പാപകർമങ്ങൾ ചെയ്യുന്നവന് പക്ഷിമൃഗാദികളുടെ ജന്മവും മനസ്സുകൊണ്ട് ദുഷ്കർമങ്ങൾ ചെയ്യുന്നവന് ചണ്ഡാലാദികളുടെ ജന്മവും കിട്ടുന്നു.

3. ഈ ശരീരത്തിൽ ഏതു ഗുണം അധികമായിട്ടുണ്ടോ അത് ഈ ജീവാത്മാവിനെ അതിനനുസരിച്ചതായി തീർക്കുന്നു.

4. ആത്മാവിൽ ജ്ഞാനമുള്ളപ്പോൾ സത്വഗുണമുണ്ടെന്നും, അജ്ഞാനമുണ്ടാകുമ്പോൾ തമോഗുണമുണ്ടെന്നും, ആത്മാവിന് രാഗദ്വേഷാദികളിൽ ആസക്തിയുണ്ടാകുമ്പോൾ രാജോഗുണമാണെന്നും അറിയണം. പ്രകൃതിയുടെ ഈ മൂന്നു ഗുണങ്ങൾ ജഗത്തിലുള്ള സകല വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു.

5. അവയെ വിവേചിച്ചറിയേണ്ടതിങ്ങനെയാണ്: - ആത്മാവിൽ പ്രസന്നതയും, മനസ്സിൽ പ്രശാന്തതയും നിർമലമായ ജ്ഞാനവും ഉള്ളതായിരിക്കുമ്പോൾ സത്വഗുണം മുന്നിട്ടു നില്ക്കുന്നെന്നും രജോഗുണവും തമോഗുണവും അപ്രധാനങ്ങളാണെന്നും ഗ്രഹിക്കണം.

6. ആത്മാവും മനസ്സും ദുഃഖപൂർണവും അപ്രസന്നവും ആയി വിഷയങ്ങളിൽ ചുറ്റിതിരിയുവാൻ തുടങ്ങുമ്പോൾ രജോഗുണം പ്രധാനമാണെന്നും സത്വഗുണവും തമോഗുണവും അപ്രധാനങ്ങളാണെന്നും അറിയണം.

7. മോഹത്തിൽ അതായത്, സാംസാരിക വസ്തുക്കളിൽ ആത്മാവും മനസ്സും മുഴുകിയുഴ

thaiyasamaj.org

ലുമ്പോൾ, ആത്മാവിലും മനസ്സിലും വിവേകം ഇല്ലാതാകുമ്പോൾ, വിഷയാസക്തവും പ്രതികരണരഹിതവും ആയി ജ്ഞാനസമ്പാദനത്തിനു കഴിയാതെ വരുമ്പോൾ എന്നിൽ തമോഗുണം പ്രധാനമാണെന്നും സത്വഗുണം രജോഗുണം എന്നിവ അപ്രധാനങ്ങളാണെന്നും നിശ്ചയമാക്കിക്കൊള്ളണം.

8. ഈ മൂന്നു ഗുണങ്ങളുടേയും ഉത്തമം, മധ്യമം അധമം എന്നീ ഫലപ്രാപ്തികളെപ്പറ്റി പൂർണമായി പറയാം.

9. വേദങ്ങളുടെ അദ്ധ്യയനം, ധർമാനുഷ്ഠാനം, ജ്ഞാനവർദ്ധനവ്. പരിശുദ്ധതയ്ക്കുള്ള ഇച്ഛ, ഇന്ദ്രിയനിഗ്രഹം, ധർമവൃത്തി, ആത്മചിന്തനം എന്നിവയാണ് സത്വഗുണത്തിന്റെ ലക്ഷണം.

10. രജോഗുണം ബലവത്താകയും സത്വഗുണം തമോഗുണം എന്നിവ കുറയുകയും ചെയ്യുമ്പോൾ കർമാരംഭത്തിൽ ഉത്സാഹം, ധൈര്യമില്ലായ്മ, ദുഷ്കൃത്യങ്ങളിൽ പ്രവൃത്തി, വിഷയസുഖാനുഭവത്തിൽ നിരന്തരമായ ആഗ്രഹം എന്നിവയെല്ലാം ഉണ്ടാകും അപ്പോൾ തന്നിൽ രജോഗുണം പ്രധാനമായിരിക്കുന്നെന്ന് അറിയണം.

11. തമോഗുണം പ്രബലവും, മറ്റു രണ്ടും ക്ഷീണിതവും ആകുമ്പോൾ പാപങ്ങളുടെയെല്ലാം മൂലമായ ലോഭം വർദ്ധിക്കും. കടുത്ത അലസത, ഉറക്കം, ധൈര്യരാഹിത്യം, ക്രൂരത, നാസ്തികൃം -വേദങ്ങളിലും ഈശ്വരനിലും ശ്രദ്ധയില്ലായ്മ- അന്തഃകരണത്തിന്റെ വിഭിന്നവൃത്തികൾ-ഏകാഗ്രചിത്തമില്ലായ്മ, ദുഃസ്വഭാവങ്ങളിൽപ്രതിപത്തി മുതലായവ ഉണ്ടാകുന്നു. ഇവയെല്ലാം വർദ്ധിച്ച തമോഗുണത്തിന്റെ ലക്ഷണങ്ങളാണെന്നു ഗ്രഹിക്കണം.

12. അതുപോലെ അവനവന്റെ ആത്മാവ് ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്തതിനുശേഷമോ ചെയ്യുമ്പോഴോ ചെയ്യുവാൻ വിചാരിക്കുമ്പോഴോ ലജ്ജ, ഭയം, ശങ്ക എന്നിവയുണ്ടായാൽ തമോഗുണം വർദ്ധിച്ചിരിക്കുന്നെന്നു മനസിലാക്കണം.

13. ഏതെങ്കിലും കർമം കൊണ്ട് ലോകപ്രശസ്തിനേടുവാൻ ആഗ്രഹിക്കുകയും ദാരിദ്ര്യം ഉണ്ടെങ്കിലും സ്തുതിപാഠകന്മാർക്ക് പണം നൽകുന്നത് നിർത്താതിരിക്കുകയും ചെയ്യുമ്പോൾ തന്നിൽ രജോഗുണം പ്രബലമാണെന്നും അറിയണം.

14. മനുഷ്യന്റെ ആത്മാവ് എല്ലായിടത്തുനിന്നും അറിവുനേടുവാൻ ആഗ്രഹിക്കുകയും, സത്കൃത്യങ്ങളിൽ ലജ്ജയില്ലാതിരിക്കുകയും, ആത്മാവിന്റെ പ്രസന്നതയ്ക്കുതകുന്ന കർമം ചെയ്യുകയും, അതായത് ധർമാചരണത്തിൽ മാത്രം അഭിരുചി ഉണ്ടാവുകയും ചെയ്യുമ്പോൾ തന്നിൽ സത്വഗുണം പ്രബലമെന്ന് മനസിലാക്കണം.

15. തമോഗുണത്തിന്റെ ലക്ഷണം കാമമാണ്. രജോഗുണത്തിന്റെ ലക്ഷണം ധനസമ്പാദനത്തിനുള്ള അഭിലാഷവും, സത്വഗുണത്തിന്റെ ലക്ഷണം ധർമാനുഷ്ഠാനവുമാണ്. തമോഗുണത്തേക്കാൾ രജോഗുണവും, രജോഗുണത്തേക്കാൾ സത്വഗുണവും ശ്രേഷ്ഠമാകുന്നു.

സത്വാദിഗുണങ്ങളും ജന്മവും

ഏതേതു ഗുണങ്ങൾ ഏതേത് ഗതിയിലേക്ക് ജീവനെ നയിക്കുന്നു എന്ന് എഴുതാം:-

1. ദേവത്വം സാത്വികാ യാന്തി മനുഷ്യത്വം ച രാജസാഃ, തിര്യക്ത്വം താമസാ നിത്യമി ത്യേഷാ ത്രിവിധാ ഗതിഃ

2. സ്ഥാവരാഃ കൃമി കീടാശ്ചമത്സ്യാഃ സർപാശ്ചകച്ഛപാഃ[] [16] , പശവശ്ചമൃഗാശ്ചൈവ ജഘന്യതാമസീ ഗതിഃ.

3. ഹസ്തിനശ്ച തുരംഗാശ്ച ശൂദ്രാ ംലേച്ഛാശ്ച ഗർഹിതാഃ സിംഹാവ്യാഘ്രാ വരാഹാശ്ച മധ്യമാ താമസീ ഗതിഃ.

4. ചാരണാശ്ച സുപർണാശ്ച പുരുഷശ്ചൈവ ദാംഭികാഃ, രക്ഷാംസി ച പിശാചാശ്ച താമസീഷൂത്തമാ ഗതിഃ.

5.ത്ധല്ലാ മല്ലാ നടാശ്ചൈവ പുരുഷാഃ ശസ്ത്രവൃത്തയാഃ ദ്യൂതപാനപ്രസക്താശ്ച ജഘന്യാരാജസീ ഗതിഃ

6. രാജാനഃ ക്ഷത്രിയാശ്ചൈവ രാജ്ഞാം ചൈവ പുരോഹിതാഃ വാദയുദ്ധ പ്രധാനാശ്ച മദ്ധ്യമാ രാജസീ ഗതിഃ.

7. ഗന്ധർവാ ഗുഹ്യകാ യക്ഷാ വിബുധാനുചരാശ്ചയേഃ, തഥൈവാപ്സരസഃ സർവാ രാജസീഷൂത്തമാഗതിഃ.

8. താപസാ യതയോ വിപ്രായേ ച വൈമാനികാ ഗണാഃ, നക്ഷത്രാണി ച ദൈത്യാശ്ച പ്രഥമാ സാത്വികീ ഗതിഃ.

9.യജ്വാന ഋഷയോ ദേവാ വേദാ ജ്യോതീംഷി വത്സരാഃ, പിതാരശ്ചൈവ സാധ്യാശ്ച ദ്വിതീയാ സാത്വികീ ഗതിഃ.

10. ബ്രഹ്മാ വിശ്വസൃജോ ധർമോ മഹാനവ്യ

16 മനുസ്മൃതിയിൽ സർപാഃ സകച്ഛപഃ എന്നു പാഠം



ക്തമേവച, ഉത്തമം സാത്വികീമേതാം ഗതിമാ ഹുർമനീഷണഃ

11. ഇന്ദ്രിയാണാം പ്രസംഗേന ധർമസ്യാസേ വനേനച, പാപാൻ സംയാന്തി സംസാരാനവി ദ്വാംസോ നരാധമാഃ (മനു.12.40.42-50, 52)

(മനു.12.40,42--50,52)

1. സാത്വികരായ മനുഷ്യർ ദേവൻമാരുടെയും വിദ്വാൻമാരുടെയും- രാജോഗുണക്കാർ മധ്യമരായ മനുഷ്യരുടെയും, തമോഗുണക്കാർ അധമരുടേയും ഗതിയെ പ്രാപിക്കുന്നു.

2. അത്യന്തം തമോഗുണികളായവർ വൃക്ഷാദി സ്ഥാവര വസ്തുക്കളുടേയും കൃമി,കീടം, മത്സ്യം, സർപ്പം, ആമ, പശു, മാൻ എന്നിവയുടേയും ജന്മത്തെ പ്രാപിക്കുന്നു.

3. മധ്യമമായ തമോഗുണക്കാർക്ക് ശൂദ്രർ,ംല്ലേച്ഛർ, നിന്ദ്യ കർമങ്ങൾ ചെയ്യുന്നവർ എന്നിവരുടെയും ആന, കുതിര,സിംഹം,പുലി,പന്നി എന്നിവയുടേയും ജന്മം ലഭിക്കുന്നു

4. ഉത്തമമായ തമോഗുണക്കാർക്ക് സ്തുതിപാഠകരുടേയും മനോഹരപക്ഷികളുടേയും സ്വസുഖത്തിനായി ആത്മപ്രശംസ ചെയ്യുന്നഡംഭരുടേയും, സിംഹകരായ രാക്ഷസന്മാരുടേയും, മദ്യപാനികൾ ദുരാചാരികൾ മാലിന്യ വാസികൾ, പൈശാചികവൃത്തിക്കാർ മുതലായവരുടേയും ജന്മങ്ങളെ പ്രാപിക്കുന്നു.

5. അധമമായ രജോഗുണക്കാർക്ക് ആരാച്ചാരന്മാർ, കുന്താലിക്കിളികാർ, വഞ്ചിക്കാർ, ഞാണിന്മേൾ കൂത്താടികൾ, കാവൽക്കാർ, മദ്യപർ മുതലായ ജന്മങ്ങൾ ലഭിക്കുന്നു,അധമമായ രജോഗുണഫലമാണിവ

6. മദ്ധ്യമമായ രജോഗുണമുള്ളവർ രാജാക്കൻമാരുടേയും ക്ഷത്രിയപുരോഹിതന്മാരുടെയും, വാദപ്രതിവാദത്തിൽ വിദഗ്ദ്ധരുടേയും, ദൂതൻമാരുടെയും, വക്കീലന്മാരുടേയും, സേനാവിഭാഗത്തിന്റെ അദ്ധ്യക്ഷന്മാരുടേയും ജന്മത്തെ പ്രാപിക്കുന്നു.

7. ഉത്തമമായ രജോഗുണമുള്ളവർ ഗന്ധർവരുടെ (ഗായകരുടെ)യും വാദ്യമേളക്കാരുടേയും യക്ഷന്മാരുടെ (പണക്കാരുടെ)യും വിദ്വാന്മാരുടെ ഭൃത്യരുടേയും അപ്സരസ്സുകളുടേയും - അതി സൗന്ദര്യമുള്ള സ്ത്രീകളുടേയും-ജന്മത്തെ പ്രാപിക്കുന്നു.

8. തപസ്വികൾ, യതികൾ, സന്യാസിമാർ, വേദപാഠികൾ, വൈമാനികർ, ജോതിഃശാസ്ത്രജ്ഞന്മാർ, ദൈത്യന്മാർ-ദേഹപോഷകർ-എന്നിവരുടെ ജന്മം ലഭിക്കുന്നത് അധമമായ സത്വഗുണത്തിന്റെ ഫലമാണെന്ന് ഗ്രഹിക്കുക.

9. മദ്ധ്യമമായ സത്വഗുണമുള്ളവർ യാജ്ഞികർ, വേദാർഥമറിയുന്ന വിദ്വാന്മാർ, വേദം, വൈദ്യുതി, കാലം, എന്നിവയേപ്പറ്റിയുള്ള വിദ്യകൾ അഭ്യസിച്ചിട്ടുള്ളവരുടേയും രക്ഷകന്മാരുടേയും ജ്ഞാനികളുടേയും സാദ്ധ്യന്മരുടേയും - കാര്യസിദ്ധിക്ക് സേവിക്കേണ്ട ഗുരു ജനങ്ങളുടെയും - ജന്മത്തെ പ്രാപിക്കുന്നു.

10. ഉത്തമമായ സത്വഗുണമുള്ളവരും ഉത്തമ കർമങ്ങൾ അനുഷ്ഠിക്കുന്നവരും ബ്രഹ്മാ - അഥവാ സർവവേദവേത്താക്കൾ - ആയും 'വിശ്വസൃജാ' അഥവാ - സകല സൃഷ്ടിവിദ്യകളേയും ഗ്രഹിച്ച് വിമാനം മുതലായ വിവിധയാനങ്ങളെ നിർമിക്കുന്നവരായും ധാർമികരായും വലിയ ബുദ്ധിമാന്മാരായും പ്രകൃതിയേപ്പോലും സ്വാധീനപ്പെടുത്തിയ സിദ്ധന്മാരായും ജനിക്കുന്നു.

11. ഇന്ദ്രിയങ്ങൾക്ക് വംശവദരായി, വിഷയസുഖാസക്തരായി ധർമത്തെ ത്യജിച്ച്, അധർമമാചരിക്കുന്ന അറിവില്ലാത്തവർ മനുഷ്യരിൽ നീചവും ദുഃഖമയവുമായ ജന്മത്തെ പ്രാപിക്കുന്നു.

ഇങ്ങനെ സത്വരജസ്തമോഗുണങ്ങളുടെ പ്രവൃത്തിയാൽ ജീവൻ അനുഷ്ഠിക്കുന്ന കർമങ്ങളനുസരിച്ചുള്ള ഫലങ്ങളെത്തന്നെ അനുഭവിക്കുന്നു.

ചിത്തവൃത്തി നിരോധം

മുമുക്ഷുക്കളാകട്ടെ. ഗുണാതീതന്മാരായിട്ട് - അതായത് ഗുണങ്ങളുടെ സ്വഭാവത്തിൽ പെടാതെ - മഹാ യോഗികളായി, മോക്ഷ സാധനകൾ അനുഷ്ഠിക്കണം. എന്തെന്നാൽ-

1. യോഗശ്ചിത്ത വൃത്തി നിരോധഃ

(യോ. ദ. 1. 2)

2. തദാ ദ്രഷ്ടുഃ സ്വരൂപേfവസ്ഥാനമ്. (ടി 1. 3)

പാതജ്ഞല യോഗദർശന സൂത്രങ്ങളാണിവ.

1. രജസ്, തമസ്, എന്നീ ഗുണങ്ങളുള്ള കർമങ്ങളിൽ നിന്നു മാത്രമല്ല, ശുദ്ധമായ സത്വഗുണത്തോടുകൂടിയ കർമങ്ങളിൽ നിന്നുപോലും മനസ്സിനെ നിരോധിച്ച് സത്വഗുണത്തിൽ പ്രതിഷ്ഠിച്ച്, പരമാത്മാവിലും ധർമാനുഷ്ഠാനത്തിലും ഏകാഗ്രതയോടുകൂടി ഉറപ്പിച്ചു നിർത്തി, ചിത്തവൃത്തികളെ സകല വിഷയങ്ങളിൽ നിന്നും മനുഷ്യൻ തടുത്തു നിർത്തണം.

2. ചിത്തം ഏകാഗ്രവും നിരുദ്ധവും ആകു

മ്പോൾ ജീവാത്മാവ് സർവദ്രഷ്ടാവായ ഈശ്വരന്റെ സ്വരൂപത്തിൽ സ്ഥിതിചെയ്യുന്നു. മുക്തിയ്ക്കായി ഇവ്വിധസാധനകൾ ചെയ്യുക മാത്രമല്ല;

അഥ ത്രിവിധ ദുഃഖാത്യന്തനിവൃത്തിരത്യന്ത പുരുഷാർഥഃ (സാംഖ്യം 1. 1)

ഇതു സാംഖ്യ ദർശനത്തിലെ സൂത്രമാണ്. ആധ്യാത്മികം ശരീര സംബന്ധിയായ ദുഃഖം) ആധിഭൗതികം (അന്യജീവികളിൽ നിന്നുണ്ടാകുന്ന ദുഃഖം) ആധി ദൈവികം (അതിവൃഷ്ടി, അനാവൃഷ്ടി, ശീതാധിക്യം, മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ചഞ്ചലത എന്നിവയിൽ നിന്നുളവാകുന്ന ദുഃഖം) ഇങ്ങിനെ മൂന്നു വിധത്തിലുള്ള ദുഃഖങ്ങളെ അകറ്റിക്കളഞ്ഞ് മോക്ഷം സമ്പാദിക്കുകയാണ് പരമമായ പുരുഷാർത്ഥം.

ഇതിനേ തുടർന്ന് ആചാരങ്ങൾ, അനാചാരങ്ങൾ, ഭക്ഷ്യങ്ങൾ, അഭക്ഷ്യങ്ങൾ എന്നീ വിഷയങ്ങളെപ്പറ്റി എഴുതാം.

ശ്രീമദ്ദയാനന്ദസരസ്വതീ സ്വാമികൾ
രചിച്ച സത്യാർഥപ്രകാശത്തിലെ
വിദ്യാ അവിദ്യാ ബന്ധ മോക്ഷ വിഷയങ്ങളെ
പ്രതിപാദിക്കുന്ന
ഒമ്പതാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

10

പത്താം സമുല്ലാസം

സത്യാർത്ഥപ്രകാശം

ആചാരാനാചാരങ്ങൾ, ഭക്ഷ്യാഭക്ഷ്യം

അഥ ആചാരാനാചാരങ്ങൾ, ഭക്ഷ്യാഭക്ഷ്യ വിഷയം പ്രവക്ഷ്യാമഃ

ഇനി ആചാരങ്ങൾ, അനാചാരങ്ങൾ, ഭക്ഷ്യം, അഭക്ഷ്യം എന്നീ വിഷയങ്ങളെപ്പറ്റി വ്യാഖ്യാനിക്കാം

ധർമാനുസൃതങ്ങളായ കർമങ്ങളുടെ ആചരണം, സൗശീല്യം, സത്സംഗം, സദ്വിദ്യകളെ ഗ്രഹിക്കുന്നതിലുള്ള അഭിരുചി മുതലായവ ആചാരങ്ങളും ഇവയ്ക്കു വിപരീതമായവ അനാചാരങ്ങളുമാണ്. ഇനി ഇവയേപ്പറ്റി പ്രതിപാദിക്കാം.

1. വിദ്വദ്ഭിഃ സേവിതഃ സദ്ഭിർനിത്യമദ്വേഷ രാഗിഭിഃ, ഹൃദയേനാഭ്യനുജ്ഞാതോ യോ ധർമ സ്തന്നിബോധത

2. കാമാത്മതാ ന പ്രശസ്താ ന ചൈവേഹാ സ്ത്യകാമതാ കാമ്യോ ഹി വേദാധിഗമഃ കർമ യോഗശ്ച വൈദികഃ

3. സങ്കല്പമൂലഃ കാമോ വൈ യജ്ഞാസങ്ക ല്പസംഭവാഃ, വ്രതാനി യമ ധർമാശ്ച സർവേ സങ്കല്പജാഃ സ്മൃതാഃ.

4. അകാമസ്യ ക്രിയാ കാചിദ് ദൃശ്യതേ നേഹ കർഹിചിത്, യദ്യദ്ധികുരുതേ കിംചിത് തത്ത ത്കാമസ്യ ചേഷ്ടിതമ്.

5. വേദോ/ഖിലോ ധർമമൂലം സ്മൃതിശീലേ ച തദ്വിദാമ്, ആചാരശ്ചൈവ സാധൂനാമാത്മന സ്തുഷ്ടിരേവച

6. സർവന്തുസമവേക്ഷ്യേദം നിഖിലം ജ്ഞാന ചക്ഷുഷാ, ശ്രുതിപ്രാമാണ്യതോ വിദ്വാൻ സ്വധർമേ നിവിശേതവൈ

7. ശ്രുതിസ്മൃത്യുദിതം ധർമമനുതിഷ്ഠൻ ഹി മാനവഃ, ഇഹ കീർത്തിമവാപ്നോതി പ്രേത്യചാ നുത്തമം സുഖമ്

8. ശ്രുതിസ്തു വേദോവിജ്ഞേയോ ധർമ ശാസ്ത്രം തുവൈസ്മൃതിഃ, തേസർവാർത്ഥേഷ മീമാംസ്യേ താഭ്യാം ധർമോഹിനിർബഭൗ.

9. യോ/വമന്യേത തേ മൂലേ ഹേതുശാസ്ത്രാ ശ്രയാദ് ദ്വിജഃ, സ സാധുഭിർബഹിഷ്കാര്യോ നാസ്തികോ വേദനിന്ദകഃ

10. വേദഃ സ്മൃതിഃ സദാചാരഃ സ്വസ്യച പ്രിയ മാത്മനഃ, ഏതച്ചതുർവിധം പ്രാഹുഃ സാക്ഷാ ദ്ധർമസ്യ ലക്ഷണമ്.

11. അർഥകാമേഷ്വസക്താനാംധർമജ്ഞാനം വിധീയതേ, ധർമ ജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതിഃ

12. വൈദികൈഃ കർമഭിഃ പുണ്യൈർ നിഷേ കാദിർ ദ്വിജന്മനാമ്. കാര്യം ശരീരസംസ്കാരഃ പാവന പ്രേത്യചേഹച.ഃ

13. കേശാന്തഃഷോഡശേവർഷേ ബ്രാഹ്മ ണസ്യ വിധീയതേ, രാജന്യബന്ധോർദ്വാവിംശേ വൈശ്യസ്യദ്വ്യധികേതതഃ

(മനു 2 – 1 – 4, 6 8, 10, 11 – 13, 26, 65)[] [1]

1. രാഗദ്വേഷങ്ങളില്ലാത്ത വിദ്വജ്ജനങ്ങൾ ഏതി

1. ഇതിലെ 8-ാം ശ്ലോകം മൂലഗ്രന്ഥത്തിൽ വിട്ടുപോയി. ഗദ്യത്തിൽ അർഥമുള്ളതിനാൽ ഇവിടെ ചേർത്തതാണ്.

നെയാണോ നിത്യവും സേവനം ചെയ്യുന്നത്, ഹൃദയം അഥവാ ആത്മാവ് യഥാർഥ കർത്തവ്യമായി അറിയുന്നതേതോ, അതിനെയാണ് ധർമമായി ഗണിക്കേണ്ടതും ആചരിക്കേണ്ടതും. ഇക്കാര്യത്തിൽ മനുഷ്യൻ സദാ ശ്രദ്ധവയ്ക്കണം.

2. ഈ ലോകത്തിൽ അത്യന്തമായ കാമവും നിഷ്കാമവും ശ്രേഷ്ഠമല്ല. എന്തെന്നാൽ, വേദാർഥ ജ്ഞാനപ്രാപ്തിയും വേദവിഹിതങ്ങളായ കർമങ്ങളുടെ അനുഷ്ഠാനവും കാമത്താലാണ് (ഇച്ഛയാലാണ്) നടക്കുന്നത്.

3. "ഞാൻ ഇച്ഛാരഹിതനും, കാമരഹിതനും ആണെന്നോ ആകണമെന്നോ ആരുപറഞ്ഞാലും അതു സത്യമേയാവില്ല. എല്ലാ കാമങ്ങളും, യജ്ഞങ്ങൾ സത്യഭാഷണം തുടങ്ങിയ വ്രതങ്ങളും, യമം നിയമം മുതലായ ധർമങ്ങളും സങ്കല്പത്തിൽ നിന്നാണ് ഉണ്ടാകുന്നത്.

4. എന്തെന്നാൽ, കൈകാലുകൾ, കണ്ണുകൾ, മനസ്സ് മുതലായവയുടെ ചലനക്രിയകളും ഇച്ഛകൊണ്ടാണ് നടക്കുന്നത്. ഇച്ഛയില്ലെങ്കിൽ കണ്ണടയ്ക്കുവാനും തുറക്കുവാനും കഴിയുന്നതല്ല.

5. അതിനാൽ, സമ്പൂർണ്ണ വേദങ്ങൾ, മനുസ്മൃതി, ഋഷിപ്രണീതങ്ങളായ ശാസ്ത്രങ്ങൾ, സജ്ജനങ്ങളുടെ ആചാരം എന്നിവയ്ക്കനുകൂലവും ആത്മാവിനു പ്രസന്നതയുളവാക്കുന്നതും, ഭയം, ശങ്ക,ലജ്ജ എന്നിവയ്ക്കു കാരണമാകാത്തതും ആയ കർമങ്ങൾ അനുഷ്ഠിക്കുന്നതാണ് ഉചിതം. കള്ളം പറയാനോ മോഷ്ടിക്കുവാനോ ഒരുവന് തോന്നിയാൽ ഒപ്പം, ഭയം, ശങ്ക, ലജ്ജ എന്നിവയും തീർച്ചയായും അവന്റെ ഉള്ളിൽ ഉണ്ടാകുന്നു. അതിനാൽ അത്തരം പ്രവർത്തികൾ ചെയ്യുവാൻ കൊള്ളുകയില്ല.

6. എല്ലാ ശാസ്ത്രങ്ങളേയും, വേദങ്ങളേയും, സജ്ജനങ്ങളുടെ ആചാരങ്ങളേയും, സ്വന്തം ആത്മാവിന്റെ ആനുകൂല്യത്തേയും പറ്റി നന്നായി ചിന്തിച്ച് ജ്ഞാനക്കണ്ണുകൊണ്ട് കണ്ടറിഞ്ഞ് വേദാനുകൂലവും സ്വാത്മാനുകൂലവും ആയ ധർമത്തിൽ പ്രവേശിക്കണം.

7. എന്തെന്നാൽ, വേദവിഹിതവും, വേദവിരുദ്ധവുമല്ലാത്ത സ്മൃതികളിൽ പറഞ്ഞിട്ടുള്ളവയുമായ ധർമങ്ങളനുഷ്ഠിക്കുന്ന മനുഷ്യൻ ഇഹലോകത്തിൽ കീർത്തിയേയും മരണാനന്തരം ഉത്കൃഷ്ട സൗഖ്യത്തേയും പ്രാപിക്കുന്നു.

8. വേദങ്ങളെ ശ്രുതി എന്നും ധർമശാസ്ത്രങ്ങളെ സ്മൃതി എന്നും പറയുന്നു. ഇവയിൽ നിന്നാണ് കർത്തവ്യാകർത്തവ്യങ്ങളെയെല്ലാം നിർണ്ണയിക്കേണ്ടത്.

9. വേദങ്ങളേയും വേദാനുകൂലമായ ആപ്തഗ്രന്ഥങ്ങളേയും അപമാനിക്കുന്ന മനുഷ്യനെ സജ്ജനങ്ങൾ സമൂഹഭ്രഷ്ടനാക്കണം, എന്തെന്നാൽ, വേദനിന്ദകനാണ് നാസ്തികൻ.

10. അതിനാൽ വേദങ്ങൾ, സ്മൃതികൾ, സജ്ജനങ്ങളുടെ ആചാരം, സ്വന്തം ആത്മാവിന്റെ ജ്ഞാനത്തിനു വിരുദ്ധമല്ലാത്ത പ്രവൃത്തി ഇവനാലും ധർമത്തിന്റെ ലക്ഷണങ്ങളാണ്. അഥവാ ഇവയാണ് ധർമത്തിലേക്കുള്ള വഴികാട്ടികൾ.

11. എന്നാൽ ധനലോഭം, വിഷയസുഖാഭിലാഷം എന്നിവയ്ക്ക് അടിമപ്പെടാത്തയാളിനു മാത്രമേ ധർമമെന്തെന്ന ജ്ഞാനം ഉണ്ടാവുകയുള്ളൂ. ധർമത്തെ അറിയുവാൻ ആഗ്രഹിക്കുന്നവർക്ക് പരമമായ പ്രമാണം വേദം തന്നെയാണ്.

12. അതിനാൽ, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യന്മാർ സ്വസന്താനങ്ങൾക്ക് വേദവിഹിതമായ പുണ്യകർമങ്ങളാൽ നിഷേകാദി[] [2] സംസ്ക്കാരങ്ങൾ ചെയ്യണം. ഈജന്മത്തിലും പരജന്മത്തിലും അവ പവിത്രമാക്കുന്നതാണ്.

13. ബ്രാഹ്മണനു പതിനാറാമത്തെ വയസ്സിലും, ക്ഷത്രിയനു ഇരുപത്തിരണ്ടാമത്തെ വയസ്സിലും കേശാന്തകർമം-ക്ഷൗരവും മുണ്ഡനവും-നടത്തണം. ഈ ക്രിയ കഴിഞ്ഞാൽ പിന്നീടു ശിഖ മാത്രം നിർത്തി ബാക്കി തലമുടിയും താടിയും മീശയും എല്ലായ്പ്പോഴും ക്ഷൗരം ചെയ്ത് കളയണം. ഒരിക്കലും വളർത്തരുത്, എന്നർത്ഥം. തണുപ്പ് അധികമുള്ള രാജ്യങ്ങളിൽ മുടി വളർത്താവുന്നതാണ്. അത്യുഷ്ണമുള്ള രാജ്യങ്ങളിൽ മുടി മുഴുവനും, കുടുമ്മയോടുകൂടി, ഛേദിച്ചു കളയണം. ശിരസ്സിൽ മുടി ഉണ്ടായിരുന്നാൽ ഉഷ്ണം വർദ്ധിക്കും. അതു നിമിത്തം ബുദ്ധിശക്തി കുറയും. താടിയും മീശയും[] [3] വളർത്തിയാൽ നന്നായി ഭക്ഷണപാനീയങ്ങൾ കഴിക്കുവാൻ സാധിക്കുകയില്ല. എച്ചിൽ രോമങ്ങൾക്കിടയിൽ തങ്ങി നിൽക്കുകയും ചെയ്യും.

1 ഇന്ദ്രിയാണാം വിചരതാം വിഷയേഷ്വപഹാരിഷു, സംയമേ യത്നമാതിഷ്ഠേദ്വിദ്വാൻ യന്തേവവാജിനാമ്.

2 ഇന്ദ്രിയാണാം പ്രസംഗേന ദോഷമൃച്ഛത്യസം

2. ഷോഡശ സംസ്ക്കാരങ്ങൾ

3. ചരകസംഹിത8.19 അനുസരിച്ച് ഒരു പക്ഷത്തിൽ മൂന്നു തവണ കേശമീശകൾ ക്ഷൗരം ചെയ്യണം.



ശയമ്, സന്നിയമ്യ തു താന്യേവ തതഃ സിദ്ധിം നിയച്ഛതി.

3 ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി, ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർധതേ.

4 വേദാസ്ത്യാഗശ്ച യജ്ഞാശ്ച നിയമാശ്ച തപാംസി ച ന വിപ്രദുഷ്ടഭാവസ്യ സിദ്ധിം ഗച്ഛന്തി കർഹിചിത്.

5 വശേ കൃത്വേന്ദ്രിയഗ്രാമം സംയമ്യച മന സ്തഥാ, സർവാൻ സംസാധയേദർഥാനക്ഷി ണ്വൻ യോഗ തസ്തനുമ്.

6 ശ്രുത്വാ സ്പൃഷ്ടാച ദൃഷ്ടാച ഭുക്ത്വാ ഘ്രാത്വാ ച യോ നരഃ, ന ഹൃഷ്യതി ഗ്ലായതി വാ സ വിജ്ഞേയോ ജിതേന്ദ്രിയഃ.

7 നാപൃഷ്ടഃ കസ്യചിദ് ബ്രൂയാന്ന ചാന്യാ യേന പൃച്ഛതഃ ജാനന്നപി ഹി മേധാവീ, ജഡവ ല്ലോക ആചരേത്.

8 വിത്തം ബന്ധുർവയഃ കർമ വിദ്യാ ഭവതി പഞ്ചമീ, ഏതാനി മാന്യസ്ഥാനാനി ഗരീയോ യദ്യദുത്തർ.

9 അജ്ഞോ ഭവതി വൈ ബാലഃ പിതാ ഭവതി മന്ത്രദഃ, അജ്ഞം ഹി ബാലമിത്യാഹുഃ പിതേ ത്യേവ തു മന്ത്രദമ്.

10 ന ഹായനൈർന പലിതൈർന വിത്തേന ന ബന്ധുഭിഃ ഋഷയശ്ചക്രിരേധർമം യോനൂ ചാനഃ സ നോ മഹാൻ.

11 വിപ്രാണാം ജ്ഞാനതോ ജ്യൈഷ്ഠ്യം ക്ഷത്രിയാണാം തു വീര്യതഃ വൈശ്യാനാം ധാന്യധനതഃ ശൂദ്രാണാമേവ ജന്മതഃ.

12 ന തേന വൃദ്ധോ ഭവതി യേനാസ്യ പലിതം ശിരഃ യോ വൈ യുവാപ്യധീയാനസ്തം ദേവാഃ സ്ഥവിരം വിദുഃ.

13 യഥാകാഷ്ഠമയോ ഹസ്തീ യഥാ ചർമ മയോ മൃഗഃ യശ്ചവിപ്രോfനധീയാനസ്രയസ്തേ നാമ ബിഭ്രൂതി.

14 അഹിംസയൈവ ഭൂതാനാം കാര്യം ശ്രേയോfനുശാസനമ്, വാക്ചൈവ മധുരാ ശ്ലക്ഷ്ണാ പ്രയോജ്യാധർമമിച്ഛതാ.[] [4]

1. മനസ്സിനെ മോഹിപ്പിച്ച് ആകർഷിച്ച് വിഷയ ങ്ങളിലേക്കു ചിത്തത്തെ പ്രേരിപ്പിക്കുന്ന ഇന്ദ്രിയ ങ്ങളെ അടക്കുവാൻ പ്രയത്നിക്കുന്നത്, മനു ഷ്യന്റെ മുഖ്യമായ കർത്തവ്യമാകുന്നു. തേരാളി കുതിരകളെ കടിഞ്ഞാൺ കൊണ്ട് നിയന്ത്രിച്ച് നേർവഴിക്ക് നടത്തുന്നതുപോലെ മനുഷ്യൻ ഇന്ദ്രി യങ്ങളെ നിയന്ത്രിച്ച് അധർമത്തിൽ നിന്ന് അകറ്റി ധർമമാർഗത്തിൽ പ്രവർത്തിപ്പിക്കണം.

2. എന്തെന്നാൽ, ഇന്ദ്രിയങ്ങളെ വിഷയാസക്ത ങ്ങളാക്കി അധർമത്തിൽ പ്രവർത്തിപ്പിച്ചാൽ, മനു ഷ്യൻ നിശ്ചയമായും ദോഷത്തെ പ്രാപിക്കുന്നു. അവയെ ജയിച്ച് ധർമമാർഗത്തിലാക്കുമ്പോൾ അഭീഷ്ടം സിദ്ധിക്കുന്നു.

3. അഗ്നിയിൽ ഇന്ധനവും നെയ്യും വീഴ്ത്തി യാൽ അഗ്നി നിശ്ചയമായും വർദ്ധിക്കും. അതു പോലെ കാമങ്ങളുടെ ഉപഭോഗത്താൽ ഒരിക്കലും കാമം ശമിക്കുകയില്ല. വർദ്ധിക്കുകയേ ഉള്ളൂ. അതി നാൽ മനുഷ്യൻ ഒരിക്കലും വിഷയാസക്തനാക രുത്.

4. അജിതേന്ദ്രിയനായ പുരുഷനെ 'വിപ്ര ദുഷ്ട'നെന്നു പറയുന്നു. അവന്റെ വേദജ്ഞാന വും, ത്യാഗവും, അനുഷ്ഠിക്കുന്ന യജ്ഞങ്ങൾ ധർമ കർമങ്ങൾ എന്നിവയും സഫലമാവുകയില്ല. ധാർമികനും ജിതേന്ദ്രിയനുമാണെങ്കിലേ ഇവ ഫല പ്രദമാകൂ.

5. അതിനാൽ അഞ്ചു കർമേന്ദ്രിയങ്ങളേയും അഞ്ചു ജ്ഞാനേന്ദ്രിയങ്ങളേയും പതിനൊന്നാമ ത്തേതായ മനസ്സിനേയും സ്വയം വശപ്പെടുത്തി യോഗ്യങ്ങളായ ആഹാരവിഹാരങ്ങൾ യോഗാ ഭ്യാസം എന്നിവയാൽ ശരീരത്തെ രക്ഷിച്ച് സർവാർഥസിദ്ധിവരുത്തണം.

6. സ്തുതിനിന്ദകൾ കേൾക്കുമ്പോൾ സന്തോ ഷവും സന്താപവും, നല്ലതു സ്പർശിച്ചാൽ സുഖവും, ദുഷ്ട സ്പർശത്താൽ ദുഃഖവും, സൗന്ദര്യം കാണുമ്പോൾ പ്രസാദവും വൈരൂപ്യം കാണുമ്പോൾ വിഷാദവും നല്ലതും ചീത്തയുമായ ആഹാരം ഭക്ഷിക്കുമ്പോൾ സുഖാസുഖങ്ങളും, സുഗന്ധത്തിൽ അഭിരുചിയും ദുർഗന്ധത്തിൽ അരുചിയും ഉണ്ടാകാത്തയാളിനെ ജിതേന്ദ്രിയ നെന്നു പറയുന്നു.

7. ചോദിക്കാത്തവനോടും, അന്യായമായി ചോദിക്കുന്നവനോടും മറുപടി പറയരുത്. ബുദ്ധി മാൻ, അവരുടെ മുൻപിൽ ജഡസമാനം പെരുമാ റണം. കപടമില്ലാത്തവർക്കും ജിജ്ഞാസു ക്കൾക്കും ചോദിക്കാതെതന്നെ, ഉപദേശം നല്കണം.

4. മനുസ്മൃതി അധ്യായം 2. ശ്ലോകങ്ങൾ 88, 93, 94, 97, 98, 100, 110, 136, 153–157, 159

8. ധനം, ബന്ധുജനങ്ങൾ, വയസ്, ശ്രേഷ്ഠമായ കർമം, ഉത്തമമായ വിദ്യ ഇവ അഞ്ചും മാന്യതയുടെ സ്ഥാനങ്ങളാകുന്നു. എന്നാൽ ഇവയിൽ ധനത്തേക്കാൾ ഉത്തമം ബന്ധുവും, ബന്ധുവിനേക്കാൾ വയസ്സും, വയസ്സിനേക്കാൾ സത്കർമവും, കർമത്തേക്കാൾ പവിത്രമായ വിദ്യയുള്ളയാളും ഒന്നിനൊന്ന് അധികം ബഹുമാനത്തെ അർഹിക്കുന്നു.

9. നൂറു വയസ്സുണ്ടായാലും വിദ്യാഭ്യാസമോ വിജ്ഞാനമോ ഇല്ലാത്തവൻ 'ബാല'നാണ്. എന്നാൽ വിദ്യയും വിജ്ഞാനവും നല്കുന്ന ബാലനെ വൃദ്ധനായി ഗണിക്കണം. എന്തെന്നാൽ, സകല ശാസ്ത്രങ്ങളും ആപ്തന്മാരായ വിദ്വാന്മാരും അജ്ഞാനിയെ 'ബാല'നെന്നും, ജ്ഞാനിയെ 'പിതാ'വെന്നും പറയുന്നു.

10. വയസ്സായതുകൊണ്ടോ, മുടി നരച്ചുവെളുത്തതുകൊണ്ടോ, വലിയ ധനവാനായതുകൊണ്ടോ, ഉയർന്ന തറവാട്ടിൽ ജനിച്ചതുകൊണ്ടോ ഒരുവൻ മഹാനാകുന്നില്ല. പഠിപ്പുകൊണ്ടും ജ്ഞാനം കൊണ്ടും നമ്മുടെ ഇടയിൽ വലിയവനാരോ അവനത്രേ മഹാപുരുഷൻ എന്നാണു മഹാത്മാക്കളായ മഹർഷിമാരുടെ നിശ്ചയം.

11. ബ്രാഹ്മണൻ ജ്ഞാനം കൊണ്ടും, ക്ഷത്രിയൻ ബലം കൊണ്ടും, വൈശ്യൻ ധനധാന്യങ്ങളേക്കൊണ്ടും, ശൂദ്രൻ ദീർഘായുസ്സുകൊണ്ടും വാർദ്ധക്യത്തെ പ്രാപിയ്ക്കുന്നു.

12. തലമുടി വെളുത്തതുകൊണ്ടു മാത്രം ഒരുവൻ വൃദ്ധനാകുന്നില്ല. ചെറുപ്പക്കാരനായാലും അറിവുള്ളയാളിനെയാണ് വിദ്വാന്മാർ വൃദ്ധരെന്നു പറയുന്നത്.

13. വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്തവൻ മരം കൊണ്ടുണ്ടാക്കിയ ആനയെപ്പോലെയും തോലുകൊണ്ടുണ്ടാക്കിയ മാനിനെപ്പോലെയും ഈ ലോകത്തിൽ മനുഷ്യനാണെന്നു നാമമാത്രമായി പറയപ്പെടുന്നു.

14. അതിനാൽ വിദ്യാഭ്യാസം ചെയ്ത്, വിദ്വാനും ധർമാത്മാവുമായി ദ്വേഷം കൂടാതെ സകല ജീവികൾക്കും സന്മാർഗം ഉപദേശിക്കണം. അങ്ങിനെ ഉപദേശം നൽകുമ്പോൾ മൃദുവും മധുരവുമായ ഭാഷ പ്രയോഗിക്കണം. സത്യം ഉപദേശിച്ച് ധർമത്തെ വർദ്ധിപ്പിക്കുകയും അധർമത്തെ നശിപ്പിക്കുകയും ചെയ്യുന്നവർ ധന്യരത്രേ.

ദിവസവും കുളിക്കുകയും വസ്ത്രം, വാസസ്ഥലം, അന്നപാനീയങ്ങൾ എന്നിവയെല്ലാം ശുചിയായി സൂക്ഷിക്കുകയും വേണം. വൃത്തിയായിരുന്നാൽ ചിത്തശുദ്ധി, ആരോഗ്യം എന്നിവ ഉണ്ടാവുകയും അങ്ങനെ പുരുഷാർഥം വർദ്ധിക്കുകയും ചെയ്യും. ദുർഗന്ധം തീർത്തും മാറുന്നതു വരെയാണ് ശൗചം ചെയ്യേണ്ടത്.

आचारः प्रथमो धर्मः श्रुत्युक्तः स्मार्त्त एवच. (मनु. 1. 108.)

സത്യം പറയുക തുടങ്ങിയ കർമങ്ങളുടെ അനുഷ്ഠാനമാണ് വേദത്തിലും സ്മൃതിയിലും വിധിച്ചിട്ടുള്ള 'ആചാരം'.

मा नो वधीः पितरं मोत मातरम् (यജു 16.15)

आचार्यउपनयमानो ब्रह्मचारिण मिच्छते. (अथर्वം 11.15)

मातृदेवो भव; पितृदेवो भव; आचार्यदेवो भव; अतिथि देवो भव.

तैत्तिरीयारण्यकं. प्र. 7. अनु. 11)

മാതാപിതാക്കന്മാർ, ആചാര്യൻ, അതിഥി എന്നിവരുടെ ആരാധനയാണ് ദേവപൂജ. ലോകത്തിനുപകാരമുണ്ടാകുന്ന പ്രവൃത്തികൾ എല്ലാം ചെയ്യണം. ഹാനികരമായവ ത്യജിക്കണം. ഇതാണ് മനുഷ്യൻ മുഖ്യമായി ചെയ്യേണ്ടത്. നാസ്തികരും, ലമ്പടരും, വിശ്വാസഘാതകരും, മിഥ്യാവാദികളും, സ്വാർഥികളും, കപടരും, ചതിയരും ആയ ദുഷ്ടജനങ്ങളോട് ഒരിക്കലും സംസർഗ്ഗം ചെയ്യരുത്. ആപ്തരായ സത്യവാദികളും ധർമ്മതല്പ്പരരും, പരോപകാരേച്ഛുക്കളുമായവരോട് സഹവസിക്കുന്നതിനേയാണ് ശ്രേഷ്ഠാചാരമെന്നു പറയുന്നത്.

ചോദ്യം:- ആര്യാവർത്തവാസികൾ ആര്യവർത്തത്തിനു പുറമേയുള്ള ദേശങ്ങളിലേക്കു പോയാൽ അതുകൊണ്ട് അവരുടെ ആചാരം നശിക്കുമോ ഇല്ലയോ?

ഉത്തരം:- നശിക്കുകയില്ല. എന്തെന്നാൽ, ബാഹ്യമായും ആഭ്യന്തരമായുമുള്ള പരിശുദ്ധി നേടുക, സത്യം പറയുക ഇവയെല്ലാം എവിടെയായാലും ആചാരം തന്നെയാണ്. ഇവയെ അനുഷ്ഠിക്കുന്നയാൾ ആചാരത്തിൽ നിന്നോ ധർമത്തിൽ നിന്നോ ഭ്രഷ്ടനാവുകയില്ല. പകരം ആര്യാവർത്തത്തിൽ തന്നെ വസിക്കയും ദുരാചാരങ്ങൾ പ്രവർത്തിക്കുകയും ചെയ്താൽ അവൻ ധർമഭ്രഷ്ടനും ആചാരഭ്രഷ്ടനുമായിത്തീരുന്നു.

ദേശാന്തര യാത്രയ്ക്കു തെളിവുകൾ



അങ്ങനെയെങ്കിൽ നോക്കുക:- **മേരോർ്ഹ രേശ്ച ദോ വർ്ഷേ വർ്ഷം ഹൈമവതം തതഃ ക്രമേണൈവ വ്യതിക്രമ്യ ഭാരതം വർ്ഷമാസദ ത്. സ ദേശാൻ വിവിധാൻ പശ്യശ്ചീനഹൂണ നിഷേവിതാൻ. []** [5]മഹാഭാരതം, ശാന്തിപർവം, മോക്ഷധർമ്മത്തിൽ, വ്യാസശുകസംവാദത്തിലേതാണ് ഈ ശ്ലോകങ്ങൾ. ഒരിക്കൽ വ്യാസൻ തന്റെ പുത്രനായ ശുകനോടും ശിഷ്യന്മാരോടും കൂടി ഇക്കാലത്ത് അമേരിക്ക എന്നു പറയുന്ന പാതാളത്തിൽ പാർത്തിരുന്നു. ഒരു ദിവസം ശുകൻ പിതാവിനോട് "ആത്മവിദ്യ ഇത്രമാത്രമാണോ? അതോ ഇതിലധികം വല്ലതും ഉണ്ടോ?" എന്നു ചോദിച്ചു. വ്യാസമഹർഷി അറിഞ്ഞുകൊണ്ട് മിണ്ടാതിരുന്നു. അദ്ദേഹം നേരത്തേ തന്നെ ആ വിഷയം ഉപദേശിച്ചു കഴിഞ്ഞതാണ്. മറ്റൊരാളിന്റെ സാക്ഷ്യത്തിനു മാത്രമായി അദ്ദേഹം ഇപ്രകാരം പറഞ്ഞു:- "മകനേ നീ മിഥിലാപുരിയിൽ ചെന്നു ജനകമഹാരാജാവിനോടു ഈ ചോദ്യം ചോദിക്കുക. അദ്ദേഹം യഥായോഗ്യം ഉത്തരം പറയും." അച്ഛന്റെ വാക്കു കേട്ട്, ശ്രീശുകൻ പാതാളത്തിൽ നിന്നു മിഥിലാപുരിയിലേക്കു പുറപ്പെട്ടു പുരാതനകാലത്തു മേരുവിന്റെ -അതായതു ഹിമാലയത്തിന്റെ വടക്കുകിഴക്ക്, വടക്ക്, വടക്കുപടിഞ്ഞാറ് എന്നീ ദിക്കുകളിലുള്ള ദേശങ്ങൾക്കു ഹരിവർഷം എന്നു പറഞ്ഞിരുന്നു. ഹരിക്ക് വാനരൻ എന്നർഥം. ആ നാടുകളിലുള്ള മനുഷ്യർ ഇപ്പോഴും കുരങ്ങന്മാരേപ്പോലെ രക്തമുഖരും വെളുത്ത കണ്ണുള്ളവരുമാണ്. ഇപ്പോൾ യൂറോപ്പ് എന്നു പറയുന്ന ആ ദേശങ്ങൾക്കു സംസ്കൃതഭാഷയിൽ ഹരിവർഷം എന്നു പറഞ്ഞുപോന്നു. ആ പ്രദേശങ്ങളും യഹൂദി എന്നു പറയുന്ന ഹൂണദേശങ്ങളേയും സന്ദർശിച്ചുകൊണ്ട് ചീനദേശത്തിൽ വന്നെത്തി. അവിടെനിന്ന് ഹിമാലയത്തിലേക്കും ഹിമാലയത്തിൽ നിന്നു മിഥിലാപുരിയിലേക്കും പോയി. ഇതിനും പുറമേ ശ്രീകൃഷ്ണനും അർജുനനും **"അശ്വതരി"**യിൽ അഥവാ തീക്കപ്പലിൽ കയറി പാതാളത്തിൽ ചെന്ന് ഉദ്ദാലകമഹർഷിയെ യുധിഷ്ഠിര മഹാരാജാവിന്റെ യാഗത്തിനായി കൂട്ടിക്കൊണ്ടുവന്നു. ധൃതരാഷ്ട്രർ വിവാഹം ചെയ്തതു കന്ധാർ എന്നു ഇപ്പോൾ പറയുന്ന ഗാന്ധാരദേശത്തിലെ രാജകുമാരിയേയായിരുന്നു. പാണ്ഡു മഹാരാജാവിന്റെ പത്നിയായ മാദ്രി ഇറാൻ രാജാവിന്റെ പുത്രിയായിരുന്നു. അർജ്ജുനൻ വിവാഹം ചെയ്തത് അമേരിക്ക എന്ന പാതാളത്തിലെ രാജകുമാരിയായ ഉലൂപിയെ ആയിരുന്നു. ദേശാന്തര-ദ്വീപാന്തര യാത്രകൾ പണ്ടുള്ളവർ ചെയ്തിരുന്നില്ലെങ്കിൽ ഇതെല്ലാം സംഭവിക്കുന്നതെങ്ങനെ? കടലിൽ സഞ്ചരിക്കുന്ന കപ്പലുകൾക്കു കരം ചുമത്തുന്നതിനെപ്പറ്റി മനുസ്മൃതിയിൽ[] [6] എഴുതിയിട്ടുള്ളതും ആര്യാവർത്തത്തിൽ നിന്ന് അന്യദ്വീപുകളിലേക്കു ജനങ്ങൾ സഞ്ചരിച്ചിരുന്നുവെന്നതിന് നല്ലൊരു തെളിവാണ്. കൂടാതെ, യുധിഷ്ഠിര മഹാരാജാവു നടത്തിയ രാജസൂയയാഗത്തിലേക്ക് ഭൂലോകത്തിലുള്ള സകല രാജാക്കന്മാരെയും ക്ഷണിക്കുവാൻ ഭീമൻ, അർജുനൻ, നകുലൻ, സഹദേവൻ എന്നിവർ നാലു ദിക്കുകളിലേക്കു പോയി. നിഷിദ്ധമായിരുന്നെങ്കിൽ അവർ പോവുകയില്ലായിരുന്നു. ആര്യാവർത്തവാസികൾ കച്ചവടത്തിനും, രാജ്യകാര്യങ്ങൾക്കുവേണ്ടിയും, ദേശസഞ്ചാരത്തിനും ഭൂമിയിലെങ്ങും യാത്ര ചെയ്യുന്ന പതിവുണ്ടായിരുന്നു.

ഇക്കാലത്തെ അയിത്തവും തീണ്ടലും ശുദ്ധം മാറുന്നതിലുള്ള ഭയവും മൂഢന്മാരുടെ വഞ്ചനയും അജ്ഞാനവും വർദ്ധിച്ചതിനാൽ ഉണ്ടായിട്ടുള്ളതാണ്. ദേശാന്തര-ദ്വീപാന്തര യാത്രചെയ്യുന്ന മനുഷ്യർ വിവിധ ജനങ്ങളുടെ സംസർഗത്തിലൂടെ, അവരുടെ രീതികളും സമ്പ്രദായങ്ങളും കണ്ടുപഠിച്ച് അവയെ തങ്ങളുടെ രാജ്യത്തിൽ പകർത്തി നിർഭയന്മാരും ശൂരന്മാരും ആയിത്തീരുന്നു. ദുരാചാരങ്ങളെ ദൂരെ ത്യജിച്ച് സദാചാരങ്ങളെ പകർത്തി ഐശ്വര്യത്തെ പ്രാപിക്കുന്നു. മഹാഭ്രഷ്ടകളും ംലേച്ഛകുലജാതകളുമായ വേശ്യകളുടെയും മറ്റും സമാഗമം കൊണ്ട് മനുഷ്യർ ആചാരഭ്രഷ്ടന്മാരോ ധർമഭ്രഷ്ടന്മാരോ ആകുന്നില്ലെന്നും ദേശാന്തരങ്ങളിലുള്ള സജ്ജനങ്ങളോടു സഹവസിച്ചാൽ അശുദ്ധിയും ദോഷവും വരുമെന്നും കരുതുന്നത് മൂഢതയല്ലെങ്കിൽ പിന്നെന്താണ്? മദ്യപാനം, മാംസഭക്ഷണം എന്നിവയുള്ള മനുഷ്യരുടെ ശരീരവും വീര്യാദിധാതുക്കളും ദുർഗന്ധം കൊണ്ടും മറ്റും ദുഷിച്ചുപോകുന്നതുകൊണ്ട് അവരോടുകൂടി സംസർഗം ചെയ്യുന്ന ആര്യന്മാർക്ക് ഈ ദുരാചാരങ്ങൾ ഉണ്ടാകാതിരിക്കണമെന്നത് ശരിതന്നെ. എന്നാൽ അവരോടുകൂടി സംസർഗം ചെയ്യുന്നതിലും ഗുണങ്ങളെ ഗ്രഹിക്കുന്നതിലും ദോഷവും പാപവും ഇല്ല. ഇവരുടെ മദ്യപാനാദി ദോഷങ്ങളെ ത്യജിച്ച് ഗുണങ്ങളെ സ്വീകരിക്കുന്നതിൽ തകരാറൊന്നുമില്ല.

5. മഹാഭാരതം ശാന്തിപർവം: 325, 14-15

6. മനു.8 406
പേജ് ..... ലെ 3-ാം ശ്ലോകം. അർഥം പേജ്.....ൽ)

അവരെ തൊടുകയോ കാണുകയോ ചെയ്യുന്നതു പോലും പാപമാണെന്ന് അജ്ഞാനികൾ വിചാരിക്കുന്നു. എങ്കിൽ അവരോട് പോരാടാനും സാധിക്കുകയില്ല. യുദ്ധത്തിൽ സ്പർശനവും ദർശനവും കൂടിയേ കഴിയൂ. രാഗദ്വേഷങ്ങൾ അന്യായം കള്ളം പറയുക മുതലായ ദോഷങ്ങളെ ത്യജിച്ച്, വൈരഭാവം മാറ്റി, സ്നേഹം പരോപകാരം സജ്ജനശീലം മുതലായവ സ്വീകരിക്കുന്നതാണ് ഉത്തമമായ ആചാരം. ആത്മാവ്, പ്രവൃത്തി എന്നിവയോടു ബന്ധപ്പെട്ടതാണ് ധർമമെന്ന് അറയണം. നല്ലതു ചെയ്യുന്നവരാണ് നാമെങ്കിൽ വിദേശത്തേക്കോ ദ്വീപാന്തരങ്ങളിലേക്കോ പോകുന്നതിൽ ഒരു ദോഷവും ഇല്ല. പാപം ചെയ്താലേ ദോഷമുണ്ടാകൂ. അത്യാവശ്യമായത് ഇതാണ്:- വേദോക്തമായ **ധർമത്തിൽ നിശ്ചയം വേണം. പാഷണ്ഡന്മാരുടെ ചെയ്തികളെ ഖണ്ഡിക്കാൻ പഠിക്കണം**. അപ്പോൾ ശരിയല്ലാത്ത നിശ്ചയങ്ങളെടുക്കാൻ ഇടവരികയില്ല. വിദേശങ്ങളിലോ ദ്വീപാന്തരങ്ങളിലോ ചെന്ന് ഭരണമോ വ്യാപാരമോ നടത്താതെ സ്വദേശത്തിന് എപ്പോഴെങ്കിലും പുരോഗതിയുണ്ടാകുമെന്നാണോ? ഒരു നാട്ടിലുള്ളവർ അവിടെത്തന്നെ ജീവിക്കുകയും വിദേശികൾ വന്ന് വ്യവസായമോ നാടുവാഴ്ചയോ നടത്തുകയും ചെയ്താൽ ദാരിദ്ര്യവും ദുഃഖവുമല്ലാതെ മറ്റൊന്നും ഉണ്ടാവുകയില്ല. ജനങ്ങളെ പഠിപ്പുള്ളവരാക്കുവാനും വിദേശങ്ങളിൽ പോകുവാനും അനുവദിച്ചാൽ, അവർ ബുദ്ധിമാന്മാരായി തങ്ങളുടെ വലയിൽ വീഴാതെ പോകുകയും അങ്ങനെ തങ്ങളുടെ ഉപജീവനമാർഗ്ഗവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുമെന്നും കുടിലരായ ഈ ദുഷ്ടന്മാർക്കറിയാം. തന്നിമിത്തമാണ് അവർ ഭക്ഷണവസ്ത്രാദികളിൽ കടുംപിടിത്തക്കാരായി, അന്യദേശയാത്രകളെ മുടക്കുന്നത്. എന്നാൽ അറിയാതെ പോലും ഒരിക്കലും മദ്യമാംസങ്ങൾ ഉപയോഗിച്ചുകൂടാ.

യുദ്ധസമയത്തും സൈനികർ നിലം മെഴുകി ഊണുവച്ച് കഴിക്കുന്നത് പരാജയഹേതുവാകുമെന്ന് ബുദ്ധിമാന്മാരെല്ലാം നിർണയിച്ചിട്ടുള്ളതാണല്ലോ?[7] ആനപ്പുറത്തോ, കുതിരപ്പുറത്തോ, തേരിലോ നിന്നോ നിലത്തുനിന്നോ യുദ്ധം ചെയ്യുമ്പോൾ ഒരു കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്ത് മറ്റേ കൈകൊണ്ടു ശത്രുവധം നടത്തി വിജയം നേടുന്നതുതന്നെയാണു ക്ഷത്രിയന്മാർക്ക് ഉചിതമായ ആചാരം. പരാജിതരാകുന്നത് അനാചാരമാണ്. കടുത്ത മൂഢത നിമിത്തമാണ് ഈ മനുഷ്യർ നിലം മെഴുകിയും തമ്മിൽതല്ലിയും തല്ലിച്ചും സ്വാതന്ത്ര്യം സുഖം സമ്പത്ത്, രാജ്യം, വിദ്യ പുരുഷപ്രയത്നം എന്നിവയിലെല്ലാം ചാണകം കലക്കിത്തേച്ച്, ആരാനും കൊണ്ടുവന്നു തന്നാൽ വച്ചുണ്ണാമെന്നു കൊതിച്ച് കൈയും കെട്ടി കാത്തിരിക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൊണ്ട് ഇവർ ആര്യാവർത്തദേശം മുഴുവനും ചാണകം മെഴുകി മൂടിച്ചു തേച്ചുകുളിച്ചെന്ന് മനസ്സിലാക്കണം. ഉണ്ണുന്നിടം വൃത്തിയാക്കുക, അടിക്കുക, തളിക്കുക, തേച്ചുകഴുകുക എന്നിവയെല്ലാം ചെയ്യേണ്ടതുതന്നെയാണ്. മുസൽമാൻമാരെയും ക്രിസ്ത്യാനികളെയും പോലെ അടുക്കള വൃത്തിയില്ലാതാക്കരുത്.

ചോദ്യം:- ശുദ്ധവും മഹാശുദ്ധവും എന്താണ്?

ഉത്തരം:- വെള്ളത്തിലോ മറ്റോ വേവിച്ചുണ്ടാക്കുന്ന ചോറ് ശുദ്ധം. നെയ്യിലോ പാലിലോ വേവിച്ചെടുക്കുന്നത് മഹാശുദ്ധം. ഇതും ഈ കുടിലവൃത്തികളുടെ അന്ധാചാരമാണ്. നെയ്യും പാലും കൂടുതലുള്ളത് തിന്നാൻ സ്വാദുള്ളതും ഉദരത്തിന് അധികം സ്നിഗ്ദ്ധതയുണ്ടാക്കുന്നതുമാണല്ലോ? കാരണം അത്തരം ഭക്ഷണപദാർത്ഥം അധികം തിന്നാൻ കിട്ടാനുള്ള സൂത്രമാണ്., വാസ്തവത്തിൽ അഗ്നിയിലോ പഴക്കംകൊണ്ടോ പാകപ്പെടുത്തിയതെല്ലാം പക്വമാകുന്നു, അവയിൽ ഏതെങ്കിലും ഒന്നുകൊണ്ട് പാകപ്പെടാത്തത് അപക്വമാണ്. പക്വം ഭക്ഷ്യവും അപക്വം അഭക്ഷ്യവുമാണെന്ന നിയമം എല്ലായിടത്തും ശരിയല്ല. എന്തെന്നാൽ പച്ചക്കടലയും മറ്റും തിന്നാറുണ്ടല്ലോ.

ചോദ്യം:- ദ്വിജന്മാർ-ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാർ- സ്വയം പാകം ചെയ്തു ഭക്ഷിക്കണമോ, ശൂദ്രൻ പാകപ്പെടുത്തിയതു ഭക്ഷിക്കണോ?

ഉത്തരം:- ശൂദ്രൻ പാകം ചെയ്തത് ഭക്ഷിക്കണം. എന്തെന്നാൽ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ വർണങ്ങളിലുള്ള സ്ത്രീപുരുഷന്മാർ അദ്ധ്യാപനം, രാജ്യപരിപാലനം, പശുപാലനം, കൃഷി, കച്ചവടം മുതലായ ജോലികളിൽ ഏർപ്പെട്ടിരിക്കണം. എന്നാൽ ശൂദ്രന്റെ പാത്രത്തിലും അവന്റെ വീട്ടിലും പാകം ചെയ്ത ഭക്ഷണം ആപൽക്കാലത്തിലല്ലാതെ മറ്റൊരിക്കലും ഭക്ഷിക്കരുത്. ഇതിന്റെ പ്രമാണം കേട്ടു

7. മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ മറാട്ടികളും, ജാട്ടുകളും, രജപുത്രരും വെവ്വേറെ അടുക്കളയുണ്ടാക്കിയതാണ് അവരുടെ പരാജയ കാരണമെന്ന് ചരിത്രം.

കൊൾക **ആര്യാധിഷ്ഠിതാ വാ ശൂദ്രാഃ സംസ്കർത്താരഃ സ്യുഃ**[7]

ഇത് ആപസ്തംബന്റെ സൂത്രമാകുന്നു. ശ്രേഷ്ഠന്മാരുടെ ഗൃഹങ്ങളിൽ ശൂദ്രർ-അതായത് വിദ്യാവിഹീനരായ സ്ത്രീപുരുഷന്മാർ- വെപ്പുപണി മുതലായ സേവനങ്ങൾ ചെയ്യേണ്ടതാണ്. എന്നാൽ അവരുടെ ശരീരവും വസ്ത്രവും വൃത്തിയായിരിക്കണം. ശ്രേഷ്ഠന്മാരുടെ വീടുകളിൽ പാചകം നടത്തുമ്പോൾ വസ്ത്രംകൊണ്ട് വായ മൂടി പാചകം ചെയ്യേണ്ടതാണ്. അവരുടെ വായിൽ മിന്നും മൂക്കിൽ നിന്നും നിർഗമിക്കുന്ന ഉച്ഛ്വിഷ്ടമോ നിശ്വാസമോ ഭക്ഷണത്തിൽ പറ്റിക്കൂടാ. ആഴ്ചയിലൊരിക്കൽ അവർ നഖം വെട്ടണം. ക്ഷൗരവും ചെയ്യണം. ആ ദിവസം കുളിച്ചിട്ടേ പാകം ചെയ്യാവൂ. ശ്രേഷ്ഠന്മാർക്ക് ഭക്ഷണം നൽകിയ ശേഷമേ അവർ ഭക്ഷിക്കാവൂ.

ചോദ്യം:- ശൂദ്രൻ തൊട്ട പാകം ചെയ്ത ഭക്ഷണം കഴിക്കുന്നതിൽ ദോഷം കാണുമ്പോൾ അവൻ പാകം ചെയ്തത് എങ്ങനെ ഉണ്ണും?

ഉത്തരം:- ഇത് കപോല കല്പിതവും കള്ളവുമാണ്. എന്തെന്നാൽ ശർക്കര, പഞ്ചസാര, നെയ്യ്, പാൽ അരിമാവ് സസ്യങ്ങൾ, കിഴങ്ങുകൾ എന്നിവ ഭക്ഷിച്ചിട്ടുള്ളവർ ലോകമെമ്പാടുമുള്ളവരുണ്ടാക്കിയതും ഉച്ഛിഷ്ടവും ഭക്ഷിച്ചിരിക്കുന്നെന്നു കരുതണം. എന്തെന്നാൽ ശൂദ്രർ, പറയർ, തോട്ടികൾ, മുസൽമാന്മാർ, ക്രിസ്ത്യാനികൾ മുതലായവർ വയലുകളിൽ നിന്നു കരിമ്പു വെട്ടി തൊലികളഞ്ഞ് ആട്ടി നീരെടുക്കുന്നു. അപ്പോൾ അവർ മലമൂത്രവിസർജ്ജനം ചെയ്തിട്ടു കൈകഴുകാതെ അവ കൈകാര്യം ചെയ്യുന്നു. ഒരു കരിമ്പെടുത്ത് കടിച്ച് പകുതി നീര് കുടിക്കുന്നു. ബാക്കി അതിൽ തന്നെ ഇടുന്നു. കരിമ്പുനീർ തിളപ്പിക്കുമ്പോൾ ചപ്പാത്തി അതിലിട്ടു പാകം ചെയ്തു ഭക്ഷിക്കുന്നു. പഞ്ചസാര ഉണ്ടാക്കുമ്പോൾ, മലമൂത്രങ്ങളും മണ്ണും, ചാണകവും മറ്റും പറ്റിപ്പിടിച്ചിട്ടുള്ള പഴയ ചെരിപ്പുകൊണ്ടാണു ഞെരുടുന്നത്. പാലിൽ കൂട്ടിച്ചേർക്കുന്ന വെള്ളം അവരുടെ വീട്ടിലെ എച്ചിൽ പാത്രങ്ങളിലുള്ളതായിരിക്കും. നെയ്യും മറ്റും സൂക്ഷിക്കുന്നതും അത്തരം പാത്രങ്ങളിൽ ആയിരിക്കും. അരിമാവു പൊടിക്കുന്ന സമയത്തും എച്ചിൽ കൈകൊണ്ടു തന്നെയാവാം ആ അരിമാവ് എടുക്കുന്നത്. എന്നുമാത്രമല്ല വിയർപ്പുതുള്ളികളും കൂടി ആ അരിമാവിൽ വീഴുന്നു. കായ്കനികൾ, കിഴങ്ങുകൾ, എന്നിവയുടെ കാര്യത്തിലും ഇത്തരം തമാശകൾ കാണാം. ഇവയൊക്കെ ഭക്ഷിച്ചിട്ടുണ്ടെങ്കിൽ എല്ലാവരെയും തൊട്ടുതിന്നെന്ന് കരുതിക്കൊള്ളണം.

ചോദ്യം:- ഫലം, മൂലം, കന്ദം, രസം മുതലായ[9] **അദൃഷ്ടവസ്തുക്കളുടെ കാര്യത്തിൽ ഈ ദോഷമില്ല.**

ഉത്തരം:- കൊള്ളാം. കൊള്ളാം! അല്ലെങ്കിൽ മണ്ണും ചാരവും വാരിത്തിന്നുമോ? ശർക്കരയും പഞ്ചസാരയും മധുരമാണ്. പാലും നെയ്യും ദേഹത്തിനു പുഷ്ടിയുണ്ടാക്കുന്നു. അപ്പോൾ പിന്നെ അദൃഷ്ടദോഷം ഉണ്ടായാൽ സ്വാർഥപൂർത്തി ഉണ്ടാവില്ല. കാണാത്തതിൽ ദോഷമില്ലെന്നു വരുന്ന പക്ഷം തോട്ടികൾ, മുസ്ലീങ്ങൾ എന്നിവർ വേറൊരിടത്തു വച്ചുണ്ടാക്കിത്തന്നാൽ നിങ്ങൾ അതു തിന്നുമോ ഇല്ലയോ? തിന്നുകയില്ലെങ്കിൽ അദൃഷ്ടത്തിലും ദോഷമുണ്ടെന്നു വരുന്നു. മാംസാഹാരികളും മദ്യപാനികളുമായ മുസൽമാന്മാർ, ക്രിസ്ത്യാനികൾ മുതലായവർ വെച്ചുണ്ടാക്കിയത് ശ്രേഷ്ഠന്മാർ ഭക്ഷിക്കുന്ന പക്ഷം അവർക്കും മദ്യമാംസാദികൾ ഭക്ഷിച്ചതുകൊണ്ടുള്ള ദോഷം പിന്നീട് ഉണ്ടായേക്കാം. എന്നാൽ ശ്രേഷ്ഠന്മാർ തമ്മിൽ സഹഭോജനം നടത്തുന്നതിൽ യാതൊരു ദോഷവുമില്ല.

ഒരേ അഭിപ്രായം, ഒരേ ലാഭനഷ്ടങ്ങൾ, സുഖദുഃഖങ്ങളിലുള്ള സാമ്യം എന്നിവ പരസ്പരം ഉണ്ടാകാതിരിക്കുന്നതുവരെ അഭ്യുദയമുണ്ടാകുന്നത് വളരെ വിഷമമാണ്. മിശ്രഭോജനം കൊണ്ടു മാത്രം പരിഷ്കാരം ഉണ്ടാവുകയില്ല. ദുരാചാരങ്ങൾ ത്യജിച്ച് സദാചാരങ്ങൾ സ്വീകരിക്കുന്നതുവരെ പുരോഗതിക്കുപകരം അധോഗതിയാണുണ്ടാവുക.

വിദേശാധിപത്യകാരണം

ആര്യാവർത്തത്തിൽ വിദേശീയരുടെ വാഴ്ചയുണ്ടാവാനുള്ള കാരണം ഈ നാട്ടുകാരുടെ അന്യോന്യസ്പർദ്ധ, അഭിപ്രായഭിന്നത, ബ്രഹ്മചര്യമില്ലായ്മ, പഠനപാഠങ്ങളില്ലായ്മ, നിർബന്ധിത ശൈശവവിവാഹം, വിഷയാസക്തി, കള്ളത്തരം, വേദവിദ്യയുടെ ലോപം ഇത്യാദി ദുഷ്കർമ്മങ്ങളാണ്. സഹോദരങ്ങൾ തമ്മിൽ കലഹിക്കുമ്പോൾ മൂന്നാമനായ വിദേശി മധ്യസ്ഥനായി ചമയുന്നു. അയ്യായിരം കൊല്ലങ്ങൾക്കു മുമ്പു നടന്ന മഹാഭാരതകഥയും നിങ്ങൾ വിസ്മരിച്ചുവോ? നോക്കൂ! ഭാരത

8. ആപസ്തംബ ധമർസൂത്രം 2.2.2.4

9. ഉണ്ടായതെവിടെയെന്ന സ്പഷ്ടമല്ലാത്തതാണ് അദൃഷ്ടം.

യുദ്ധത്തിൽ സകലരും പോർക്കളത്തിൽ സവാരികളിലിരുന്നത്രേ ഭക്ഷിച്ചിരുന്നത്. അന്യോന്യസ്പർദ്ധകൊണ്ടാണ് പാണ്ഡവന്മാരുടെയും കൗരവന്മാരുടെയും യാദവന്മാരുടെയും ഉന്മൂലനാശം സംഭവിച്ചത്. അന്ന് അതു സംഭവിച്ചതു പോകട്ടെ ആ രോഗം ഇതുവരെയും ഭേദമായിട്ടില്ല. ഈ ഭയങ്കര രാക്ഷസൻ എപ്പോൾ വിട്ടുപോകുമെന്നറിവില്ല. ഒരു പക്ഷേ ശ്രേഷ്ഠരായ എല്ലാവരെയും സുഖങ്ങളിൽ നിന്നകറ്റി ദുഃഖസാഗരത്തിൽ മുക്കിക്കൊന്നേക്കാം! കുലം മുടിച്ച, രാജ്യം നശിപ്പിച്ച നീചനായ ദുര്യോധനന്റെ ദുഷ്ടമാർഗത്തിലൂടെ ഇന്നും സഞ്ചരിക്കുന്നതാണ് നമ്മുടെ ദുഃഖവർദ്ധനവിനു കാരണം. ഈ രാജരോഗം നമുക്കിടയിൽ നിന്ന് അറ്റുപോകുവാൻ ഈശ്വരൻ സഹായിക്കട്ടെ.

രണ്ടുതരം ഭക്ഷ്യാഭക്ഷ്യങ്ങൾ

ധർമശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളത്, വൈദ്യശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ളത് എന്നിങ്ങനെ ഭക്ഷ്യാഭക്ഷ്യവിധി രണ്ടുണ്ട്.

അഭക്ഷ്യാണി ദ്വിജാതീനാമമേധ്യപ്രഭവാണിച. (മനു. 5,5)

ദ്വിജന്മാരും അതായത് ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാരും ശൂദ്രന്മാരും മലിനമായ അഥവാ മലമൂത്രാദികളുടെ സംസർഗം കൊണ്ട് ഉണ്ടായിട്ടുള്ള സസ്യങ്ങൾ കായ്, കിഴങ്ങുകൾ മുതലായവ ഭക്ഷിക്കരുത്.

വർജയേന്മധുമാംസം ച (മനു. 2. 177)

വിവിധതരം മദ്യങ്ങൾ, കഞ്ചാവ്, കറുപ്പ് മുതലായവയും അതായത്

"ബുദ്ധിംലുമ്പതിയദ് ദ്രവ്യം മദകാരി തദുച്യതേ"[10]

ബുദ്ധിയെ നശിപ്പിക്കുന്നവയൊന്നും ഒരിക്കലും ഭക്ഷിക്കരുത്. ചീഞ്ഞതും, ദുഷിച്ചതും, ദുർഗന്ധമുള്ളതും, ശരിയായി പാകം ചെയ്യാത്തതും, ശരീരത്തിൽ മദ്യമാംസാദികളുടെ പരമാണുക്കൾ നിറഞ്ഞ ശ്ലേച്ഛമായ മദ്യപാനികളും, മാംസാഹാരികളും പാകം ചെയ്ത ആഹാരം ഭക്ഷിക്കരുത്. മനുഷ്യർക്ക് ഉപകാരമുള്ള പശുവിനെയും മറ്റും കൊന്നുണ്ടാക്കുന്ന ഭക്ഷണവും വർജ്യമാണ്. ഒരു പശുവിൽ നിന്നുണ്ടാകുന്ന പാൽ, നെയ്യ് അതിന്റെ സന്തതികൾ എന്നിവ ഒറ്റ തലമുറയിൽ നാലുലക്ഷത്തി എഴുപത്തയ്യായിരത്തി അറുനൂറു മനുഷ്യർക്കു പ്രയോജനം ചെയ്യുന്നു. അതിനാൽ പശുക്കളെ കൊല്ലുകയോ കൊല്ലിക്കുകയോ ചെയ്യരുത്.

ഒരു പശുവിന് ഇരുപതു സേറു[11] മറ്റൊന്നിന് രണ്ടു സേറും പാൽ ദിവസം തോറും കിട്ടുന്നു. അപ്പോൾ ഓരോ പശുവും ശരാശരി പതിനൊന്നു സേർ പാൽ നൽകുന്നു. ചില പശുക്കൾ പതിനെട്ടു മാസത്തോളവും വേറെ ചില പശുക്കൾ ആറുമാസവും പാൽ നൽകുന്നു. അപ്പോൾ ഓരോ പശുവിന്റെയും കറവക്കാലം ശരാശരി പന്ത്രണ്ടു മാസമായി. അങ്ങനെ ഒരു പശുവിന്റെ കറവക്കാലത്തിൽ കിട്ടുന്ന പാൽകൊണ്ട് 24960 (ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്) മനുഷ്യർക്ക് ഒരു പ്രാവശ്യം തൃപ്തിയടയാം. അതിന് ആറു പശുക്കുട്ടികളും ആറ് കാളക്കിടാങ്ങളും ഉണ്ടാകുന്നു. അവയിൽ നിന്ന് രണ്ടെണ്ണം ചത്തുപോയാലും പത്തെണ്ണം ബാക്കിയുണ്ടാവും. അവയിൽ അഞ്ചു പശുക്കുട്ടികളുടെ പൂർണ്ണ ജീവകാലം കൊണ്ടു കിട്ടുന്ന പാലെല്ലാം കൂടി 124800 (ഒരുലക്ഷത്തി ഇരുപത്തിനാലായിരത്തി എണ്ണൂറ്) മനുഷ്യരെ സംതൃപ്തരാക്കുവാൻ മതിയാകും. ഇനി അഞ്ചു കാളക്കുട്ടികൾ ബാക്കിയുണ്ട്. അവയിലോരോന്നും ജീവിതകാലം മുഴുവനുമുള്ള പ്രയത്നം കൊണ്ട് ഏറെക്കുറെ 5000 (അയ്യായിരം) മന്ന് ധാന്യം ഉത്പാദിപ്പിക്കുന്നു. ആ ധാന്യത്തിൽ നിന്ന് ഓരോ മനുഷ്യനും മുക്കാൽ സേർ ഭക്ഷിച്ചാലും രണ്ടുലക്ഷം പേർക്ക് ഒരു നേരത്തേക്കായി ധാന്യവും പാലും കൂടിച്ചേർന്നാൽ 374800 (മൂന്നുലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറു) പേർ സംതൃപ്തരാകും. ആകെ 475600 (നാലുലക്ഷത്തി എഴുപത്തയ്യായിരത്തി അറുനൂറ്) മനുഷ്യരെ ഒരു പശു ഒരേ ഒരു തലമുറയിൽ -ജീവിതകാലത്തിൽ- ഒരു പ്രാവശ്യം തൃപ്തിപ്പെടുത്തുന്നു. ഇങ്ങനെ അനേകം തലമുറകൾ ചേരുമ്പോൾ അസംഖ്യം ജനങ്ങൾക്ക് ഒരു പശുവിനെക്കൊണ്ടുതന്നെ പ്രയോജനം കിട്ടുന്നു. ഇതിനും പുറമേ വണ്ടി വലിക്കുക, ഭാരം ചുമക്കുക, മുതലായ കാര്യങ്ങളിലും മനുഷ്യർക്കു വളരെ ഉപകരിക്കുന്നവയാണ് കാളകൾ. അതുപോലെ തന്നെയാണ് കറവയുള്ള പശുക്കളും. കാളകളെപ്പോലെ പോത്തുകളും ഉപയോഗമുള്ളവയാണ്. എന്നാൽ പശുവിന്റെ പാലും നെയ്യും പോലെ എരുമയുടെ പാലും നെയ്യും ബുദ്ധിവർദ്ധകങ്ങളല്ല. ആര്യന്മാർ പശുവിനെ കന്നുകാലികളിൽ വെച്ചു പ്രധാനമായി

10. ശാർങ്ഗധര സംഹിത 4.21

11. ഏകദേശം ഒരു കിലോഗ്രാം



ഗണിച്ചിട്ടുള്ളത് ഇതുകൊണ്ടാണ്. അറിവുള്ളവരെല്ലാം ഇങ്ങനെ കരുതും. കോലാടിന്റെ പാൽകൊണ്ട് 25920 (ഇരുപത്തയ്യായിരത്തിത്തൊള്ളായിരത്തി ഇരുപത്) ആളുകളുടെ സംരക്ഷണമാണുണ്ടാകുന്നത്. ഇപ്രകാരം ആന, കുതിര, ഒട്ടകം, ആട്, കഴുത മുതലായ മൃഗങ്ങളും വളരെ ഉപകാരമുള്ളവയാണ്. [] [12]ഈ മൃഗങ്ങളെ കൊല്ലുന്നവർ മുഴുവൻ മനുഷ്യസമുദായത്തിന്റെയും ഘാതകന്മാരാണ്. നോക്കുക ആർഷരാജ്യത്തിൽ അത്യന്തം ഉപകാരികളായ ഈ മൃഗങ്ങളെയൊന്നും ഹിംസിച്ചിരുന്നതേയില്ല. അന്ന് ആര്യാവർത്തത്തിലും ലോകത്തിലെ അന്യരാജ്യങ്ങളിലും മനുഷ്യരും മറ്റു ജീവികളും വളരെ സുഖമായി ജീവിതം നയിച്ചിരുന്നു. അന്ന് പശു കാള മുതലായ മൃഗങ്ങൾ വേണ്ടത്ര ഉണ്ടായിരുന്നതിനാൽ പാലും നെയ്യും അന്നരസാദികളും സുലഭമായിരുന്നു. മാംസഭുക്കുകളും മദ്യപന്മാരും ജന്തുഹിംസകരുമായ വിദേശീയർ എന്നുമുതൽ ഈ നാട്ടിൽ വന്നു നാടുവാഴ്ച തുടങ്ങിയോ അന്നുമുതൽ ഇന്നാട്ടുകാരുടെ ദുഃഖം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്തെന്നാൽ:-

നഷ്ടേ മൂലേ നൈവ ഫലം ന പുഷ്പം[] [13]

വേരറ്റ വൃക്ഷത്തിനെവിടെ നിന്നാണ് പൂവും കായും?

ചോദ്യം:- സകലരും പ്രാണിഹിംസകരല്ലാതായാൽ കടുവ മുതലായ ഹിംസ്രജന്തുക്കൾ വർദ്ധിക്കും. അവ പശുക്കളെയും മറ്റും കൊന്നു തിന്നും. അപ്പോൾ നിങ്ങളുടെ ഈ അഭിപ്രായമെല്ലാം വ്യർഥമാകും.

ഉത്തരം:- ഉപദ്രവമുണ്ടാക്കുന്ന മനുഷ്യരെയും മൃഗങ്ങളേയും ശിക്ഷിക്കുകയും ആവശ്യമായാൽ കൊല്ലുകയും ചെയ്യുന്നതു രാജഭൃത്യന്മാരുടെ പ്രവൃത്തിയാണ്.

ചോദ്യം:- പിന്നെ അവയുടെ മാംസം വലിച്ചെറിഞ്ഞു കളയണോ?

ഉത്തരം:- കളഞ്ഞാലും വേണ്ടില്ല. നായ മുതലായ മാംസാഹാരികൾക്ക് കൊടുത്താലും കൊള്ളാം ദഹിപ്പിച്ചു കളഞ്ഞാലും വിരോധമില്ല. ഒരു പക്ഷേ മാംസാഹാരികളായ വല്ല മനുഷ്യരും തിന്നാലും ലോകത്തിനു തരക്കേടൊന്നും സംഭവിക്കാനില്ല. അവരുടെ സ്വഭാവം ദുഷിച്ച് മാംസാഹാരികളായ ഹിംസാശീലരാകുമെന്നേയുള്ളൂ. ഹിംസ, മോഷണം, വിശ്വാസവഞ്ചന, കള്ളം, കപടം മുതലായവകൊണ്ടു സമ്പാദിക്കുന്നതെല്ലാം അഭക്ഷ്യമാണ്. ആരോഗ്യം, രോഗനാശം, ബുദ്ധി, ബലം, പരാക്രമം, ആയുസ്സ് എന്നിവയ്ക്കു വർദ്ധനവുണ്ടാക്കുന്നതായ അരി, ഗോതമ്പ്, കായ്കനികൾ, കിഴങ്ങുകൾ, പാല്, നെയ്യ്, മധുരം മുതലായവ ചേരേണ്ടപടി ചേർത്ത് പാകം ചെയ്ത് ഉചിതസമയത്ത് മിതമായി ഭക്ഷിക്കുന്നതെല്ലാം 'ഭക്ഷ്യം' തന്നെ. അവനവന്റെ പ്രകൃതിയ്ക്കു വിരുദ്ധമായ വികാരത്തെ ജനിപ്പിക്കുന്ന പദാർത്ഥങ്ങളെയെല്ലാം ത്യജിക്കുന്നതും വിഹിതമായവയെ അതിനനുസരിച്ച് സ്വീകരിക്കുന്നതും അല്ലാത്തവയെ ത്യജിക്കുന്നതും ഭക്ഷ്യവിധിയിൽ പെടുത്താം.

ചോദ്യം:- ഒരേ പാത്രത്തിൽ നിന്ന് ഉണ്ണുന്നത് ശരിയോ തെറ്റോ?

ഉത്തരം:- ദോഷകരമാണ്. രണ്ടുപേരുടെ സ്വഭാവവും ശീലങ്ങളും പൊരുത്തമുള്ളതായിരിക്കുകയില്ല. കുഷ്ഠരോഗിയോടൊപ്പം ഭക്ഷിക്കുന്നതുകൊണ്ട് രോഗമില്ലാത്തവന്റെ രക്തവും കൂടി ദുഷിക്കുന്നതുപോലെ, ഒറ്റപ്പാത്രത്തിൽ നിന്നുണ്ണുന്നതും ദോഷമല്ലാതെ ഗുണമൊന്നും ചെയ്യുകയില്ല. അതുകൊണ്ട്:-

നോച്ഛിഷ്ടം കസ്യചിദ്ദദ്യാന്നാദ്യാച്ചൈവ തഥാന്തരാ ന ചൈവാത്യശനം കുര്യാന്നചോച്ഛിഷ്ടഃ ക്വചിദ് വ്രജേത് (മനു. 2. 56)

സ്വന്തം ഉച്ഛിഷ്ടം മറ്റൊരാൾക്കു കൊടുക്കുകയോ മറ്റൊരുവന്റെ പാത്രത്തിൽ നിന്നു തിന്നുകയോ പാടില്ല. അമിതമായി ഭക്ഷിക്കരുത്. ഭക്ഷണം കഴിഞ്ഞ്, കൈയ്യും മുഖവും കഴുകാതെ അങ്ങുമിങ്ങും പോകയുമരുത്.

ചോദ്യം:- "ഗുരോരുച്ഛിഷ്ടഭോജനമ്"[] [14] **എന്ന വാക്യത്തിന്റെ അർഥം എന്താണ്?**

ഉത്തരം:- ഗുരുവിന്റെ ഭക്ഷണം കഴിഞ്ഞ് ശേഷിക്കുന്ന ശുദ്ധമായ ആഹാരം കഴിക്കണം എന്നാണ് അർഥം. ഗുരുവിന് നല്കിയതിനു ശേഷം മാത്രം ശിഷ്യൻ ഭക്ഷിക്കണം എന്നർഥം.

ചോദ്യം:- ഉച്ഛിഷ്ടമായതെല്ലാം നിഷിദ്ധമാണെങ്കിൽ തേനീച്ചകളുടെ ഉച്ഛിഷ്ടമായ തേൻ, പശുക്കുട്ടിയുടെ ഉച്ഛിഷ്ടമായ പാൽ, ഒരു

12. ഈ വിഷയത്തെപ്പറ്റി വിസ്തൃതമായ ഒരു നിരൂപണം "ഗോകരുണാനിധി" എന്ന ഗ്രന്ഥത്തിൽ ചെയ്തിട്ടുണ്ട്. ഈ പുസ്തകം വൈദിക സാഹിത്യ പരിഷത്തിന്റെ 'ആചാരഭാനു' എന്ന പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

13. ചാണക്യനീതി 10-13

14. പ്രാണതോഷിണി എന്ന പുസ്തകത്തിൽനിന്ന്

കബളം ഭക്ഷിച്ചുകഴിയുമ്പോൾ അവനവന്റെ തന്നെ ഉച്ഛിഷ്ടമായിത്തീരുന്ന ചോറ് ഇവയൊന്നും ഭക്ഷിക്കരുതല്ലോ?

ഉത്തരം:- ഉച്ഛിഷ്ടമെന്ന പേരേ തേനിനുള്ളൂ. വിവധൗഷധങ്ങളുടെ സത്തായ അതു സ്വീകാര്യമാണ്. കിടാങ്ങൾ അകിട്ടിൽ നിന്നും പുറത്തു വന്ന പാൽ മാത്രമേ കുടിക്കുന്നുള്ളു. ഉള്ളിലുള്ള പാൽ കുടിക്കുവാൻ കഴിയുകയില്ല. അതിനാൽ ഉച്ഛിഷ്ടമല്ല. എന്നാൽ കുട്ടി കുടിച്ചതിന്റെ ശേഷം ജലം കൊണ്ട് അകിടു കഴുകി ശുദ്ധമായ പാത്രത്തിൽ പാൽ കറന്നെടുക്കണം. ഒരുവന്റെ ഉച്ഛിഷ്ടം അവന് യാതൊരു വികാരവും ഉണ്ടാക്കുന്നില്ല, അന്യന്റെ ഉച്ഛിഷ്ഠം ഭക്ഷിക്കരുതെന്നത് സ്വാഭാവികമാണ്. അന്യന്റെ മലമൂത്രങ്ങളെ സ്പർശിക്കുന്നതിലുള്ളിടത്തോളം വെറുപ്പ് അവനവന്റെ മുഖം, മൂക്ക്, ചെവി, കണ്ണ്, ഉപസ്ഥം, ഗുഹ്യേന്ദ്രിയങ്ങൾ എന്നിവയിൽ നിന്നുണ്ടാകുന്ന മലമൂത്രാദികളെ സ്പർശിക്കുന്നതിൽ ഉണ്ടാകുന്നില്ല. അതിനാൽ അതു സൃഷ്ടിക്രമത്തിനു വിപരീതമായിട്ടുള്ളതല്ലെന്നു സിദ്ധിക്കുന്നു. മറ്റൊരുവന്റെ ഉച്ഛിഷ്ടം- എച്ചിൽ- ഭക്ഷിക്കാതിരിക്കുന്നതുതന്നെയാണ് മനുഷ്യർക്കെല്ലാം ഉചിതം.

ചോദ്യം:- കൊള്ളാം! ഭാര്യാഭർത്താക്കന്മാരും പരസ്പരം ഉച്ഛിഷ്ടം ഭക്ഷിക്കരുതെന്നാണോ?

ഉത്തരം:- പാടില്ല. എന്തെന്നാൽ അവരുടെയും ശരീരസ്വഭാവം ഭിന്നമാണ്.

ചോദ്യം:- ഒന്നു ചോദിക്കട്ടെ! ഏതു മനുഷ്യൻ ഉണ്ടാക്കിയതായാലും അതു ഭക്ഷിക്കുന്നതിലെന്താണ് തെറ്റ്? ബ്രാഹ്മണൻ മുതൽ ചണ്ഡാളൻ വരെയുള്ളവരുടെ ശരീരം എല്ലും മാംസവും തൊലിയും കൊണ്ടുണ്ടാക്കിയതാണ്. ബ്രാഹ്മണന്റെ ശരീരത്തിലുള്ളതരം ചോര തന്നെയാണ് ചണ്ഡാളാദികളുടെ ശരീരത്തിലുമുള്ളത്. എങ്കിൽപിന്നെ ഏതു മനുഷ്യൻ പാകം ചെയ്തതായാലും ഭക്ഷിക്കുന്നതിൽ എന്താണു തെറ്റ്?

ഉത്തരം:- തെറ്റുണ്ട്. ഉത്തമ പദാർത്ഥങ്ങൾ ഭക്ഷിക്കുന്ന ബ്രാഹ്മണരുടെ ശരീരത്തിൽ ദുർഗന്ധാദി ദോഷങ്ങളില്ലാത്ത രജോവീര്യങ്ങൾ ഉണ്ടാകുന്നതുപോലെ ചണ്ഡാളാദി സ്ത്രീപുരുഷന്മാരിൽ ഉണ്ടാകുന്നില്ല. ചണ്ഡാളന്റെ ശരീരം ദുർഗന്ധപരമാണുക്കളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ബ്രാഹ്മണാദികളുടെ ശരീരം അങ്ങനെയുള്ളതല്ല. അതിനാൽ ബ്രാഹ്മണാദി ശ്രേഷ്ഠജാതികൾ പാകം ചെയ്തതു ഭക്ഷിക്കാവുന്നതാണ്. തോട്ടികളും, അറവുകാരും, പാകം ചെയ്തത് അഭക്ഷ്യമാണ്. "അമ്മ, ശ്വശ്രു, സഹോദരി, പുത്രി, പുത്രഭാര്യ എന്നിവരുടെയെല്ലാം ശരീരം ചർമ്മം കൊണ്ടുണ്ടാക്കിയതുപോലെ ചർമ്മം കൊണ്ടുണ്ടാക്കിയതാണ് അവനവന്റെ ഭാര്യയുടെ ശരീരവും. അതുകൊണ്ടു നിങ്ങൾ ഭാര്യയോടു പെരുമാറുന്നതുപോലെ അമ്മയോടും മറ്റും പെരുമാറുമോ?" എന്ന് ആരെങ്കിലും ചോദിച്ചാൽ നിങ്ങൾക്കു തല താഴ്ത്തി മിണ്ടാതിരിക്കേണ്ടി വരുമല്ലോ. ഉത്തമമായ അന്നം തൊട്ടുഭക്ഷിക്കുന്നതുപോലെ നാറുന്നവയും ഭക്ഷിക്കുമോ? മലവും ഭക്ഷിക്കുമോ? അങ്ങനെയുള്ളവരും ഉണ്ടായിരിക്കുമോ?

ചോദ്യം:- പശുവിന്റെ ചാണകം കൊണ്ടു മെഴുകുന്നതുപോലെ നിങ്ങൾ സ്വന്തം മലം കൊണ്ടു മെഴുകാതിരിക്കുന്നതെന്ത്? ചാണകം കൊണ്ടു മെഴുകിയ സ്ഥലത്തു പോകുമ്പോൾ അവിടെ അശുദ്ധമാകാത്തതും എന്തുകൊണ്ട്?

ഉത്തരം:- മനുഷ്യന്റെ മലത്തിന്റേതുപോലുള്ള ദുർഗന്ധം പശുവിന്റെ ചാണകത്തിനില്ല. ചാണകം സ്നിഗ്ദ്ധമായതുകൊണ്ട് വേഗത്തിൽ ഇളകുകയോ വസ്ത്രങ്ങൾ മുഷിയുകയോ വസ്ത്രങ്ങളിൽ ചളി പറ്റുകയോ ചെയ്യുന്നില്ല. മണ്ണുകൊണ്ടു മാലിന്യം ഉണ്ടാകുന്നതുപോലെ ഉണങ്ങിയ ചാണകം കൊണ്ടുണ്ടാകുന്നില്ല. മണ്ണും ചാണകവും കൂടിച്ചേർത്തുണ്ടാക്കിയ സ്ഥലം മനോഹരമാണ്. പാകം ചെയ്യുന്ന സ്ഥലത്തിരുന്നു ഭക്ഷണം കഴിക്കുകയും മറ്റും ചെയ്യുന്നതുകൊണ്ടു അവിടെ നെയ്യ്, അരിപ്പൊടി, എച്ചിൽ എന്നിവയെല്ലാം വീഴുന്നു. അതുകൊണ്ട് ഈച്ച, ഉറുമ്പ്, മുതലായവയെല്ലാം ഇര തേടാൻ അവിടെ വന്നുകൂടുന്നു. അവിടെ ദിവസം തോറും അടിച്ചുതളിച്ചു മെഴുകി വൃത്തിയാക്കി വെച്ചില്ലെങ്കിൽ ആ സ്ഥം കക്കൂസ്സുപോലായിത്തീരും. അതിനാൽ ദിവസംതോറും ചൂൽകൊണ്ടടിച്ച്, ചാണകവും മണ്ണും കൂട്ടിച്ചേർത്തു മെഴുകി വൃത്തിയാക്കി വെക്കണം, വലിയ വീടാണെങ്കിൽ വെള്ളംകൊണ്ടു കഴുകി വൃത്തിയാക്കണം, ഇങ്ങനെ ചെയ്താൽ മുമ്പു പറഞ്ഞ ദോഷങ്ങൾ ഉണ്ടാവുകയില്ല. വലിയ സായ്പ്പന്മാരുടെ അടുക്കളയിൽ ഒരിടത്തു കരി, വേറൊരിടത്തു ചാരം, മറ്റൊരിടത്തു വിറക്, ഒരു ദിക്കിൽ ഒരു ഉടഞ്ഞ കുടം, ഒരിടത്തു എച്ചിൽ പാത്രം, മറ്റൊരു മൂലയ്ക്ക് എല്ലിൻ കഷണങ്ങൾ ഇവയെല്ലാം കിടക്കുന്നുണ്ടാവും. ഈച്ചയുടെ കഥയെന്തു പറയാൻ! യോഗ്യന്മാരാരെങ്കിലും അവിടെ

thearyasamaj.org



ചെന്നിരുന്നാൽ ഓക്കാനിക്കും. ആ ഒടിക്കുഴിക്കു തുല്യം അതേ കാണൂ. ചാണകം മെഴുകുന്നതിൽ ദോഷമുണ്ടെങ്കിൽ അടുപ്പിൽ ചാണകവരളിയിട്ട് തീ കത്തിക്കുന്നതും ചുമരെഴുതുകയും വരളിത്തീ കൊണ്ട് ഹുക്ക വലിക്കുകയും ചെയ്യുന്നതുകൊണ്ട് സായ്പ്പിന്റെ ഭോജനസ്ഥാനവും അശുദ്ധമാവുക യില്ലേ?" എന്ന ചോദിക്കേണ്ടതാണ്. അല്ലെങ്കിലും സംശയിക്കാനില്ല.

ചോദ്യം:- അകത്തിരുന്ന് ഭക്ഷിക്കുന്നതോ പുറത്തിരുന്നു ഭക്ഷിക്കുന്നതോ നല്ലത്?

ഉത്തരം:- നല്ലതും, രമണീയവും സുന്ദരവുമായ സ്ഥാനം എവിടെയായിരുന്നാലും അവിടെയിരുന്ന് ഭക്ഷിക്കണം. ആവശ്യം വരുമ്പോൾ യുദ്ധത്തിലും മറ്റും കുതിരപ്പുറത്തോ, വാഹനത്തിലിരുന്നോ, നിന്നോ ഭക്ഷിക്കുന്നത് ഉചിതമാണ്,

ചോദ്യം:- സ്വയം പാകം ചെയ്തത് ഭക്ഷിക്കണം, അന്യൻ പാകം ചെയ്തതരുത് അല്ലേ?

ഉത്തരം:- ശ്രേഷ്ഠന്മാർ ശുദ്ധമായി പാകം ചെയ്തത് അവർ അന്യോന്യം വിളമ്പി ഭക്ഷിക്കു ന്നതിൽ ഒരു ദോഷവും ഇല്ല. ബ്രാഹ്മണാദിവർണ ങ്ങളിലുടെ സ്ത്രീപുരുഷന്മാർ അടുക്കള വയ്ക്കാ നും, പാത്രം കഴുകാനും നടന്നാൽ വിദ്യാദി ശ്രേഷ്ഠഗുണങ്ങൾ ഒരിക്കലും അഭിവൃദ്ധിപ്പെടുക യില്ല. യുധിഷ്ഠിരമഹാരാജാവു നടത്തിയ രാജസൂ യയാഗത്തിൽ ഭൂഗോളത്തിലുള്ള സകല രാജാക്ക ന്മാരും ഋഷിമാരും മഹർഷിമാരും പങ്കെടുത്തു. അവരെല്ലാവരും ഒറ്റ അടുക്കളയിൽ നിന്നാണ് ഭക്ഷിച്ചിരുന്നത്. (ക്രിസ്തുമതം, ഇസ്ലാം, മുതലായ മതവിഭാഗങ്ങൾ വന്നതോടു കൂടിയാണ് വൈരവും വിരോധവും ഉണ്ടായത്) മദ്യവും ഗോമാംസാദി കളും കുടിക്കാനും തിന്നാനും അവർ ആരംഭിച്ച തോടുകൂടി ഭക്ഷണാദികാര്യങ്ങളിലും അഭിപ്രാ യവ്യത്യാസമുണ്ടായി. കാബൂൾ, കന്ധാർ, ഈറാൻ, അമേരിക്ക, യൂറോപ്പ് മുതലായ രാജ്യങ്ങളിലെ രാജ കുമാരിമാരായ ഗാന്ധാരി, മാദ്രി, ഉലോപി മുത ലായവരെ ആര്യവർത്തത്തിലെ രാജാക്കന്മാർ വിവാഹം കഴിച്ച് ബന്ധമുറപ്പിച്ചിരുന്നു. ശകുനിയും മറ്റും കൗരവ-പാണ്ഡവരോടൊപ്പം ഭക്ഷണം കഴി ച്ചിരുന്നു. അവർ തമ്മിൽ തല്ലിയതേയില്ല. അക്കാ ലത്തു വേദപ്രതിപാദിതമായ ഒരൊറ്റ മതം മാത്രമേ ഭൂലോകത്തിലുണ്ടായിരുന്നുള്ളൂ. അതിൽ എല്ലാ വർക്കും നിഷ്ഠയുണ്ടായിരുന്നു. ഒരുവന്റെ സുഖ ദുഃഖങ്ങളും ലാഭനഷ്ടങ്ങളും തന്റേതിനു തുല്യ മായി അന്നവർ ഗണിച്ചിരുന്നു. അന്നു ഭൂമിയിൽ സൗഖ്യം ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ വിവിധ മതങ്ങളുണ്ടാകയാൽ അതിനനുസരിച്ച് ദുഃഖവും വിരോധവും വർദ്ധിച്ചു അവയെ നിവാരണം ചെയ്യേണ്ടത് ബുദ്ധിമാന്മാരുടെ കടമയാണ്. ഈശ്വ രൻ സത്യത്തിന്റെ കണിക ഏവരുടെയും ഹൃദയ ത്തിൽ അങ്കുരിപ്പിച്ച് മിഥ്യാമതങ്ങളെ പ്രളയത്തിൽ ഒഴുക്കട്ടെ. ഇതിനേപ്പറ്റി വിദ്വാന്മാരെല്ലാം വിരോധം വെടിഞ്ഞ് ചിന്തിച്ച്, ആനന്ദവർദ്ധനവുണ്ടാക്കട്ടെ.

ആചാരം അനാചാരം ഭക്ഷ്യാഭക്ഷ്യങ്ങൾ എന്നി വയെപ്പറ്റി ഇങ്ങനെ സ്വൽപം എഴുതി. ഈ ഗ്രന്ഥ ത്തിന്റെ പൂർവ്വാർദ്ധം ഈ പത്താം സമുല്ലാസ ത്തോടുകൂടി പൂർണ്ണമായി. ഈ സമുല്ലാസങ്ങളിൽ സവിസ്തരമായി ഖണ്ഡനമാണ്ഡനങ്ങൾ ചെയ്തിട്ടില്ല. മനുഷ്യർക്ക്, സത്യവും അസത്യവും വേർതിരിച്ചറിയുന്നതിൽ അല്പമെങ്കിലും കഴിവു ണ്ടാകുന്നതുവരെ സ്ഥൂലവും സൂക്ഷ്മവുമായ ഖണ്ഡനങ്ങളുടെ ആവശ്യവും അർഥവും ഗ്രഹി ക്കുവാൻ ശക്തിയുണ്ടാവുകയില്ലെന്നതാണ് കാര ണം. എല്ലാവർക്കും സത്യശിക്ഷണമെന്തെന്ന് ഒന്നാമത് ഉപദേശിച്ചതിനു ശേഷം നാലു സമു ല്ലാസങ്ങളടങ്ങിയ ഉത്തരാർദ്ധത്തിൽ വിസ്തൃത മായി ഖണ്ഡനമണ്ഡാനങ്ങൾ ചെയ്യാം. ആ നാലിൽ ഒന്നാമത്തേതിൽ ആര്യാവർത്തത്തിലെ വിവിധമതങ്ങൾ രണ്ടാമത്തേതിൽ ജൈനികളുടെ മതം, മൂന്നാമത്തേതിൽ ക്രിസ്തുമതം നാലാമ ത്തേതിൽ ഇസ്ലാംമതം എന്നിവയുടെ ഖണ്ഡന മാനങ്ങൾ എഴുതിയതിനു ശേഷം പതിനാലാ മത്തെ സമുല്ലാസത്തിന്റെ അവസാനത്തിൽ സ്വമ തവും വെളിവാക്കാം. വിശദമായ ഖണ്ഡനവും മണ്ഡനവും കാണ്മാൻ ആഗ്രഹമുള്ളവർ ഈ നാലു സമുല്ലാസങ്ങളും നോക്കേണ്ടതാണ്.

കഴിഞ്ഞ പത്ത് സമുല്ലാസങ്ങളിൽ അവിടവിടെ സാമാന്യമായി ചില ഖണ്ഡനമാണ്ഡനങ്ങൾ ചെയ്തിട്ടില്ലെന്ന് അർത്ഥമില്ല. ഈ പതിനാലു സമു ല്ലാസങ്ങളും പക്ഷം പിടിക്കാതെ ന്യായദൃഷ്ടി യോടെ നോക്കുന്ന പക്ഷം അയാളുടെ ആത്മാ വിൽ സത്യത്തിന്റെ അർഥം പ്രകാശിച്ച് ആനന്ദം സ്ഫുരിക്കുന്നതാണ്. ശാഠ്യം, ദുരാഗ്രഹം, ഈർഷ്യ എന്നിവയോടെ നോക്കുകയോ, കേൾക്കുകയോ ചെയ്താൽ ഈ ഗ്രന്ഥത്തിന്റെ അഭിപ്രായം യതാർത്ഥമായി ഗ്രഹിക്കുവാൻ വളരെ കഠിനമാണ്.

ഈ ഗ്രന്ഥത്തിന്റെ അഭിപ്രായമെന്തെന്ന് യഥാർഥമായി ചിന്തിക്കാതെയിരുന്നാൽ കാര്യം ഗ്രഹിക്കാനാകാതെ കുഴങ്ങിപ്പോയേക്കാം. സത്യവും അസത്യവും നിർണയിച്ച് സത്യത്തെ

സ്വീകരിക്കുകയും അസത്യത്തെ ത്യജിക്കുകയും ചെയ്ത് പരമാനന്ദത്തെ പ്രാപിക്കുകയാണ് വിദ്വാന്മാരുടെ കർത്തവ്യം. അത്തരം ഗുണഗ്രാഹികളാണ്, വിദ്വാന്മരായി ധർമ-അർഥ-കാമ-മോക്ഷങ്ങളാകുന്ന ഫലങ്ങൾ നേടി പ്രസന്നരായി വർത്തിക്കുന്നത്.

ശ്രീമദ്ദയാനന്ദസ്വാമികൾ രചിച്ച
സത്യാർത്ഥപ്രകാശത്തിലെ
ആചാരാനാചാര ഭക്ഷ്യാഭക്ഷ്യ വിഷയങ്ങളെ
പ്രതിപാദിക്കുന്ന പത്താം സമുല്ലാസം
കഴിഞ്ഞു.

(പൂർവാർദ്ധം സമ്പൂർണം)

thearyasamaj.org

2

ഉത്തരാർദ്ധം

thearyasamaj.org

ഉത്തരാർദ്ധം

അനുഭൂമിക രണ്ട്

അയ്യായിരം കൊല്ലങ്ങൾക്കു മുമ്പു വേദമതമല്ലാതെ മറ്റൊരു മതവും ഇല്ലായിരുന്നെന്നു തീർച്ചയാണ്. വേദോക്തമായതെല്ലാം വിദ്യാവിരുദ്ധമല്ലാത്തതാണ്. വേദങ്ങളുടെ പ്രചാരം നിലച്ചത് മഹാഭാരതയുദ്ധം നിമിത്തമായിരുന്നു. വേദപ്രചാരം നിലച്ചപ്പോൾ അവിദ്യയുടെ ഇരുട്ട് ലോകത്തിൽ വ്യാപിച്ചു. മനുഷ്യർക്ക് ബുദ്ധിഭ്രമം പിടിപെട്ടതുപോലെയായി. അവർ തോന്നുംപടി മതങ്ങൾ പ്രചരിപ്പിച്ചു. അത്തരം മതങ്ങളിൽ ഏറ്റവും വേദവിരുദ്ധങ്ങളായ നാലു മതങ്ങൾ-പുരാണമതം, ജൈനമതം, ക്രിസ്തുമതം, മുഹമ്മദുമതം എന്നിവ-സർവ മതങ്ങളുടെയും മൂലമാണ്. അവ ഒന്നിനുപിറകേ ഓരോന്നായി നടപ്പിലായി. ഇവ നാലിന്റേയും പിരിവുകൾ ആയിരത്തിൽ കുറയുകയില്ല. ഈ മതക്കാർക്കും അവരുടെ ശിഷ്യന്മാർക്കും മറ്റെല്ലാവർക്കും, സത്യാസത്യനിർണ്ണയം ചെയ്യുവാൻ അന്യോന്യം വലിയ പരിശ്രമം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

സത്യമതത്തിന്റെ മണ്ഡനവും അസത്യത്തിന്റെ ഖണ്ഡനവും എഴുതിയിരിക്കുന്നതിന്റെ പ്രയോജനം എല്ലാവർക്കും അവബോധിപ്പിച്ചു കൊടുക്കുകയെന്നതു തന്നെയത്രേ. എന്റെ ബുദ്ധി, പഠിപ്പ്, ഈ നാലു മതങ്ങളുടേയും മൂലഗ്രന്ഥങ്ങൾ നോക്കിയുണ്ടാക്കിയ അറിവ്, എന്നിവയനുസരിച്ച് എല്ലാവരുടേയും സമക്ഷം കാര്യങ്ങൾ പറയുന്നത് നന്നായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. മറച്ചുവച്ച അറിവിന്റെ പുനർലബ്ധി സാധാരണയല്ല. പക്ഷപാതം വെടിഞ്ഞ് ഇതു നോക്കുന്നപക്ഷം സത്യവും അസത്യവുമായ മതങ്ങൾ ഏവർക്കും അറിവാകും പിന്നീട് ഓരോരുത്തരുടേയും അറിവും ബോധവും അനുസരിച്ച് സത്യമതത്തെ കൊള്ളാനും അസത്യമതത്തെ തള്ളാനും കഴിയുന്നതാണ്.

പതിനൊന്നാം സമുല്ലാസത്തിൽ പുരാണാദി ഗ്രന്ഥങ്ങൾ മുഖേന ശാഖോപശാഖാരൂപത്തിൽ ആര്യവർത്തത്തിൽ പ്രചരിച്ചിട്ടുള്ള മതങ്ങളുടെ സംക്ഷിപ്തമായ ഗുണദോഷ വിചിന്തനം കാണാം. എന്റെ ഈ പ്രവൃത്തി ഉപകാരപ്രദമല്ലെന്നു കരുതുന്നപക്ഷം വിരോധിക്കയുമരുത്. എന്തെന്നാൽ, എന്റെ താത്പര്യം ആർക്കെങ്കിലും ഹാനിയുണ്ടാക്കുകയോ ആരെയെങ്കിലും വിരോധിക്കുകയോ അല്ല; സത്യാസത്യനിർണ്ണയം ചെയ്യുകയും ചെയ്യിക്കുകയും മാത്രമാണ്. എല്ലാവരും ന്യായദൃഷ്ടിയോടെ വർത്തിക്കുന്നതുതന്നെയാണ് അങ്ങേയറ്റം ഉചിതം. മനുഷ്യ ജന്മം ലഭിക്കുന്നത് സത്യവും അസത്യവും നിർണ്ണയിക്കുന്നതിനും നിർണ്ണയിപ്പിക്കുന്നതിനുമാണ്. വാദവിവാദം നടത്തുന്നതിനോ വിരോധിക്കുന്നതിനോ അല്ല. മതമതാന്തരങ്ങൾ തമ്മിലുള്ള വാദവിവാദങ്ങൾ നിമിത്തം ലോകത്തിൽ എന്തെല്ലാം അനിഷ്ട ഫലങ്ങളുണ്ടായിട്ടുണ്ടെന്നും, ഉണ്ടാകുന്നെന്നും ഉണ്ടാകുമെന്നും പക്ഷപാതരഹിതരായ വിദ്വജ്ജനങ്ങൾക്കറിയാം.

മനുഷ്യവർഗ്ഗത്തിൽ മിഥ്യാമതമതാന്തരങ്ങൾ തമ്മിലുള്ള വിരുദ്ധവാദങ്ങൾ ഇല്ലാതാകുന്നതുവരെ പരസ്പരം ആനന്ദം ഉണ്ടാവുകയേ ഇല്ല. മനുഷ്യരായ നാമെല്ലാം, വിശേഷിച്ച് വിദ്വാന്മാരും, ഈർഷ്യയും ദ്വേഷവും വെടിഞ്ഞ് സത്യവും അസത്യവും നിർണ്ണയിച്ച് സത്യത്തെ ഗ്രഹിക്കുകയും അസത്യത്തെ ത്യജിക്കയും, അതിനു മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്താൽ നമുക്ക് ഇക്കാര്യം അസാധ്യമല്ല.

എല്ലാവരേയും വിരോധജാലത്തിൽ കുടുക്കിയിട്ടിരിക്കുന്നത് മതവിദ്വാന്മാർ തമ്മിലുള്ള വിരോധം നിമിത്തമാണെന്നതിൽ സംശയം വേണ്ട. ഇവർ തൻകാര്യം വിട്ടിട്ട് സർവജനനന്മ ലാക്കാക്കുകയാണെങ്കിൽ ഉടനടി ഐകമത്യം ഉണ്ടാകും. അതുനേടുവാനുള്ള ഉപായം ഈ ഗ്രന്ഥാവസാനത്തിൽ എഴുതാം. ഒരേ മതത്തിൽ പ്രവർത്തിക്കുവാനുള്ള ഉത്സാഹം സർവശക്തിമാനായ പരമാത്മാവ് എല്ലാവരുടേയും ആത്മാവിൽ പ്രകാശിപ്പിക്കുമാറാകട്ടെ.

ബുദ്ധിമാന്മാരിൽ ശ്രേഷ്ഠരായവരോട്
കൂടുതൽ വിസ്തരിക്കുന്നില്ല.

॥ ॥

പതിനൊന്നാം സമുല്ലാസം

സത്യാർത്ഥപ്രകാശം

അഥ ആര്യാവർത്തീയ മതഖണ്ഡനമണ്ഡനേ വിധാസ്യാമഃ

ഇനി ആര്യാവർത്തത്തിലെ മതങ്ങളുടെ ഖൺഡന മൺഡനങ്ങൾ ചെയ്യാം.

ഇനി ആര്യാവർത്ത ദേശനിവാസികളായ ശ്രേഷ്ഠജനങ്ങളുടെ മതങ്ങളെപ്പറ്റി പ്രതികൂലവും അനുകൂലവുമായി ചർച്ചചെയ്യാം. ഈ ആര്യാവർത്തദേശത്തിനു തുല്യമായി മറ്റൊരു ദേശം ലോകത്തിലില്ല. അതിനാലാണ്, ഈ നാടിനെ സുവർണഭൂമി എന്നു പറയുന്നത്. ഈ നാട്ടിലാണ് സ്വർണം, രത്നം മുതലായവ ഉത്പാദിപ്പിക്കുന്നത്. തന്നിമിത്തമാണ് ആര്യന്മാർ സൃഷ്ടിയുടെ തുടക്കത്തിൽ ഇവിടെ വന്നു പാർത്തത്. സൃഷ്ടിവിഷയത്തെപ്പറ്റി പറഞ്ഞപ്പോൾ ആര്യൻ എന്നത് ശ്രേഷ്ഠന്മാരുടെ പേരാണെന്നു പറഞ്ഞു.[1] ആര്യന്മാരല്ലാത്തവരുടെ പേര് ദസ്യു എന്നാണ്.

പാരസമണി - ഭാരതം

ലോകത്തിലുള്ള ദേശങ്ങളെല്ലാം ഈ ദേശത്തെ പുകഴ്ത്തുന്നു. അവർ വിചാരിക്കുന്നതിങ്ങനെയാണ്:- പാരസമണി[2] യെന്നൊരു രത്നക്കല്ലിനെപ്പറ്റി കേട്ടിട്ടുണ്ട്. പക്ഷേ അത് ഇല്ലാത്തതാണ് യഥാർഥ പാരസമണി ആര്യാവർത്തദേശമാണ്, ഇവിടെ വരുന്ന ദരിദ്രരായ വിദേശികൾ പാരസമണി തൊട്ട ലോഹം പോലെ സ്വർണമായി, അതായത് സമ്പന്നരായി മാറുന്നു.

സൃഷ്ടികാലം മുതൽ അയ്യായിരം കൊല്ലം മുമ്പു വരെ, ലോകത്തിലെ സാർവഭൗമന്മാർ അഥവാ സർവാധികാരികളായ ചക്രവർത്തിമാർ ആര്യന്മാരായിരുന്നു. ഇതരദേശങ്ങളിൽ സാമന്തരാജാക്കന്മാർ മാത്രമാണുണ്ടായിരുന്നത്. കൗരവ-പാണ്ഡവരുടെ കാലം വരെ ഇവിടുത്തെ ഭരണത്തിലും അധീനതയിലുമാണ് ലോകത്തിലെ രാജാക്കന്മാരും പ്രജകളും കഴിഞ്ഞിരുന്നത്. സൃഷ്ടിയുടെ ആദിയിൽ ഉണ്ടായ[3] മനുസ്മൃതിയിലെ വാക്യം ഇതിനു പ്രമാണമാണ്.

"ഏതദ്ദേശപ്രസൂതസ്യ സകാശാദഗ്രജന്മനഃ സ്വം സ്വം ചരിത്രം ശിക്ഷേരൻ പൃഥിവ്യാം സർവമാനവാഃ" (മനു. 2.20)

ഈ ആര്യാവർത്തദേശത്തിൽ ജനിച്ച ബ്രാഹ്മണരിൽ-വിദ്വാന്മാരിൽ- നിന്നുതന്നെ ലോകത്തിലുള്ള മനുഷ്യർ-ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, ദസ്യുക്കൾ, മ്ലേച്ഛർ മുതലായവരെല്ലാം അവ

1. സമുല്ലാസം 8. പേജ് .....(351, 353.)
2. തൊട്ട ലോഹമെല്ലാം പൊന്നാക്കുന്ന സങ്കല്പമാത്രമായ ഒരുരത്നം.
3. ഇത് ഭാരതീയ ചരിത്രത്തിൽനിന്ന് തെളിയുന്നു. മനുവിനുശേഷം ശിഷ്യരായ ഭൃഗു. നാരദൻ മുതലായവർ മാനവ ധർമ്മശാസ്ത്രം പരിഷ്ക്കരിച്ചിട്ടുണ്ട്. ഇന്നത്തെ മനുസ്മൃതിയിൽ "ഇതി മാനവേ ധർമശാസ്ത്രേ ഭൃഗുപ്രോക്തായാം സംഹിതായാമ്" (ഭൃഗു പ്രോക്തമായ മാനവ ധർമശാസ്ത്ര സംഹിതയിൽ) എന്നു കാണുന്നു. ഭൃഗുവിനുശേഷം ഏറ്റവും കുറഞ്ഞത് രണ്ടുതവണയെങ്കിലും മനസ്മൃതി പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ പരിഷ്കർത്താക്കളുടെ പേരും അജ്ഞാതമാണ്. ഈ സ്മൃതിയിൽ രാജധർമ്മം മാത്രമേ പ്രവചിച്ചിട്ടുള്ളൂ. ഇതിന്നും ലഭ്യമാണ്. പാശ്ചാത്യരും അവരുടെ അനുഗാമികളും മനുസ്മൃതിയുടെ കാലഘട്ടം ക്രി.പി. മൂന്നാം നൂറ്റാണ്ടെന്നു ഗണിക്കുന്നത് ഈ പ്രക്ഷിപ്ത ശ്ലോകങ്ങളെ ആധാരമാക്കിയാണ്. ഇത് ഭാരതീയ ഇതിഹാസത്തിനു വിരുദ്ധമാണ്.

നവനു യോജിച്ച വിദ്യയും, സ്വഭാവസംബന്ധിയായ ശിക്ഷണവും, വിദ്യാഭ്യാസവും ഗ്രഹിച്ചുകൊള്ളണം.

യുധിഷ്ഠിര മഹാരാജാവിന്റെ രാജസൂയയജ്ഞപര്യന്തവും മഹാഭാരത യുദ്ധം വരെയും എല്ലാരാജ്യങ്ങളും ഇവിടുത്തെ അധീനത്തിലായിരുന്നു. ചൈനയിലെ ഭഗദത്തൻ, അമേരിക്കയിലെ ബഭ്രുവാഹനൻ, യൂറോപ്പിലെ വിഡാലാക്ഷൻ അഥവാ പൂച്ചക്കണ്ണൻ, യവനനെന്നു പറയപ്പെട്ട യൂനാൻ, ഇറാനിലെ ശല്യർ മുതലായ രാജാക്കന്മാരെല്ലാം രാജസൂയ യജ്ഞത്തിലും മഹാഭാരത യുദ്ധത്തിലും ആജ്ഞാനുസരണം പങ്കെടുത്തിരുന്നു. രഘുവംശക്കാർ ഭരിച്ചു വന്നപ്പോൾ രാവണൻ ഇവിടുത്തെ അധീനതയിലായി രുന്നു. ശ്രീരാമന്റെ കാലത്ത് വിരുദ്ധമായി പ്രവർത്തിച്ചതിന് ശിക്ഷ നൽകി രാജ്യം കീഴടക്കി വിഭീഷണനെ രാജാവാക്കിയതാണ്.

അധഃപതന കാരണം

സ്വയംഭുവ രാജാവു മുതൽ പാണ്ഡവർ വരെ ആര്യന്മാരുടെ സാമ്രാജ്യം നിലനിന്നു. അതിനു ശേഷം പരസ്പരവിരോധത്താൽ പോരാടി നശിച്ചു. എന്തുകൊണ്ടെന്നാൽ, പരമാത്മാവിന്റെ ഈ സൃഷ്ടിയിൽ ദുരഭിമാനികളും അന്യായക്കാരും അവിദ്വാന്മാരുമായവരുടെ രാജ്യം നീണ്ടുനിൽക്കുകയില്ല. വളരെയധികം ധനം ആവശ്യത്തിനുപരിയായി കൈവശം വന്നു ചേർന്നാൽ മടിയും, പുരുഷാർത്ഥ രാഹിത്യവും ഈർഷ്യയും ദ്വേഷവും വിഷയാസക്തിയും പ്രമാദവും വർദ്ധിക്കുമെന്നത് പ്രകൃതിനിയമമാണ്.[4] ഇതുകൊണ്ട് രാജ്യത്തിൽ പടിപ്പും സത്സ്വഭാവവും നഷ്ടപ്പെടുകയും ദുർഗുണവും ദുഃസ്വഭാവവും വർദ്ധിക്കുകയും ചെയ്യും. മദ്യപാനം, മാംസാഹാരം, ശൈശവവിവാഹം, തന്നിഷ്ടപ്രകാരം പ്രവർത്തിക്കൽ മുതലായ ദോഷങ്ങളും വർദ്ധിക്കും.

അതുപോലെ, യുദ്ധവിഭാഗത്തിൽ, യുദ്ധതന്ത്രകൗശലവും സൈന്യത്തിന്റെ അപ്രതിരോധ്യമായ ശക്തിയും വർദ്ധിച്ച് ലോകത്തിൽ അജയ്യമായിത്തീരുമ്പോൾ, അവരിൽ പക്ഷപാതവും ദുരഭിമാനവും വളർന്ന് അന്യായം വർദ്ധിക്കും. ഈ ദോഷം വന്നു കൂടുമ്പോൾ തമ്മിൽ വിരോധം ഉണ്ടായിട്ടോ, മറ്റേതെങ്കിലും രണ്ടാംകിട കുലത്തിൽ നിന്ന് എതിർക്കാൻ കരുത്തനായയാൾ വെല്ലുവിളിച്ച് തോല്പിച്ചിട്ടോ നാശം വന്നുകൂടും. മുസൽമാന്മാരുടെ കാലത്ത് ശിവജിയും, ഗോവിന്ദസിംഹനും ഇങ്ങനെ എതിർത്ത് മുസ്ലിം രാജ്യം ഛിന്നഭിന്നമാക്കിയതാണ്.

ചില പ്രാചീന ആര്യചക്രവർത്തിമാർ

अथ किमेतैर्वा परेऽन्ये महाधनुर्धरा शक्रा वर्त्तिनः केचित् सुद्युम्न भूरिद्युम्नेन्द्रद्युम्न कुवलयाश्वावद्यौवनाश्वाद्र्य श्वाश्वपति शशबिन्दु हरिश्चन्द्राम्बरीष ननक्तु शर्याति यात्यतरण्याक्षसेनादयः. अथ मरुत्तभरतप्रभृतयो राजानः (മൈത്ര്യുപനിഷത്ത്. 1. 4.)

ഇത്യാദി പ്രമാണങ്ങളിൽ നിന്ന്, സൃഷ്ടി മുതൽ മഹാഭാരതകാലം വരേയ്ക്കും ആര്യകുലത്തിൽ നിന്നു മാത്രമേ സമ്രാട്ടുകൾ ഉണ്ടായിട്ടുള്ളൂ എന്നു സിദ്ധിക്കുന്നു. ഇപ്പോൾ ഇവരുടെ സന്താനങ്ങൾ നിർഭാഗ്യവശാൽ രാജ്യഭ്രഷ്ടരും വിദേശികൾക്കു കീഴ്പ്പെട്ടവരും ആയിരിക്കുന്നു. സുദ്യുമ്നൻ, ഭൂരിദ്യുമ്നൻ, ഇന്ദ്രദ്യുമ്നൻ, കുവലയാശ്വൻ, യൗവനാശ്വൻ (വദ്ധ്യശ്വൻ) അശ്വപതി, ശശബിന്ദു, ഹരിശ്ചന്ദ്രൻ, അംബരീഷൻ, നനക്തു, ശര്യാതി, യയാതി, അനരണ്യൻ, അക്ഷസേനൻ, മരുത്ത് എന്നിവരും ഭരതനും സാർവഭൗമർ-സർവലോകപ്രസിദ്ധരായ ചക്രവർത്തിമാർ- ആയിരുന്നെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുപോലെ സ്വായംഭൂവാദി ചക്രവർത്തിമാരുടെ പേരുകൾ മനുസ്മൃതി, മഹാഭാരതം മുതലായ ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നു. ഇതെല്ലാം കെട്ടുകഥകളാണെന്ന് പറയുന്നത് അജ്ഞാനികളുടെയും പക്ഷപാതമുള്ളവരുടെയും പണിയാണ്.

ആഗ്നേയാസ്ത്രവും മറ്റും

ചോദ്യം:- ആഗ്നേയാസ്ത്രം മുതലായ വിദ്യകളെപ്പറ്റി എഴുതിയിരിക്കുന്നത് സത്യമാണോ? അക്കാലത്ത് പീരങ്കിയും തോക്കും മറ്റും ഉണ്ടായിരുന്നോ?

ഉത്തരം:- സത്യമാണ്, ഈ ആയുധങ്ങളും ഉണ്ടായിരുന്നു. പദാർഥവിദ്യകൊണ്ട് ഇവയെല്ലാം സാധിക്കാവുന്നതാണ്.

ചോദ്യം:- ഇവ ദേവതകളുടെ മന്ത്രസിദ്ധി ആയിരുന്നോ?

ഉത്തരം:-അല്ല. അസ്ത്രശസ്ത്രങ്ങൾ സിദ്ധിക്കുന്നതിന് 'മന്ത്ര'ങ്ങൾ വേണം. വിചാരം അഥവാ മന

4. लोभात् परिग्रहं, परिग्रहात्गौरमवम्, गौरवात् आलस्यम्, आलस्याद् तेजोऽपि नश्यति (പാരാശരീയ ജ്യോതിഷ സംഹിതയ്ക്കു ഭട്ടോത്പലൻ രചിച്ച ഹൃദ്സംഹിതാടീകയിൽ ഉദ്ധൃതം. ചരകസംഹിത വിമാനസ്ഥാനം-33)

നമാണ് മന്ത്രങ്ങൾ. മനനത്താലാണ്, അവ സിദ്ധിച്ചിരുന്നതും പ്രയോഗിച്ചിരുന്നതും. മന്ത്രം വെറും ശബ്ദമയമാണ്. അതിൽനിന്ന് ദ്രവ്യം ഉണ്ടാവുകയില്ല. മന്ത്രം ജപിച്ചാൽ അഗ്നിയുണ്ടാകുമെന്ന് പറയുന്ന പക്ഷം മന്ത്രം ജപിക്കുന്നയാളിന്റെ ഹൃദയവും നാക്കും ഭസ്മമാകണമല്ലോ. ശത്രുവിനെ കൊല്ലാൻ പുറപ്പെട്ട് താൻ തന്നെ മരിക്കുക! മന്ത്രമെന്നാൽ വിചാരമാണ്. രാജാവിന്റെ മന്ത്രിയെന്നതിന് രാജകർമങ്ങളുടെ വിചാരിപ്പുകാരൻ എന്നു പറയുന്നു. അതുപോലെ മന്ത്രം അഥവാ വിചാരത്താൽ സൃഷ്ടിയുടെയെല്ലാം പദാർഥങ്ങളെപ്പറ്റിയുള്ള ജ്ഞാനം ആദ്യമായും പിന്നീട് ക്രിയയിൽ നിന്ന് അനേകപ്രകാരത്തിലുള്ള പദാർത്ഥങ്ങളും ക്രിയാകൗശലങ്ങളും ഉത്പന്നമാകുന്നു. ലോഹം കൊണ്ട് ബാണമോ ഗോളമോ ഉണ്ടാക്കി അതിൽ തീ കൊളുത്തിയാൽ വായുവിൽ പുക പരക്കത്തക്കതോ, സൂര്യകിരണമോ വായുവോ ഏല്ക്കുമ്പോൾ കത്തിജ്വലിക്കുകയോ ചെയ്യത്തക്കവണ്ണമുള്ള വസ്തുക്കൾ വെച്ചിരിക്കുന്നതിന്റെ പേരാണ് ആഗ്നേയാസ്ത്രം. ഇതിനെ തടയണമെങ്കിൽ വാരുണാസ്ത്രം പ്രയോഗിക്കണം. അതായത്, ശത്രു ശത്രുസൈന്യത്തെ ആഗ്നേയാസ്ത്രം പ്രയോഗിച്ച് നശിപ്പിക്കാൻ ശ്രമിച്ചാൽ, തന്റെ സൈന്യത്തിന്റെ രക്ഷയ്ക്കായി സേനാപതി വാരുണാസ്ത്രം പ്രയോഗിച്ച് ആഗ്നേയാസ്ത്രത്തെ നിവാരണം ചെയ്യണം. ആഗ്നേയാസ്ത്രത്തിൽ നിന്നു പുറപ്പെടുന്ന ധൂമം വായുസ്പർശമേറ്റാലുടനേ ജലമായി രൂപാന്തരപ്പെട്ട് അഗ്നി ശമിക്കത്തക്ക വസ്തുക്കൾ ഇതിനുപയോഗിക്കണം. അതുപോലെ നാഗാസ്ത്രം (നാഗപാശം) ശത്രുക്കളിൽ പ്രയോഗിച്ചാലുടനേ അവർ ചലനശേഷിയില്ലാതെ, കെട്ടിയിട്ടവരേപ്പോലെയാകും. മോഹനാസ്ത്രവും ഇതുപോലെ പ്രയോഗിച്ചാലുടനേ ശത്രുക്കളെ മൂർച്ഛിതരാക്കി ഉറക്കത്തക്കവണ്ണം മാദകദ്രവ്യങ്ങൾ നിറച്ചതാണ്. ഇങ്ങനെയാണ് അസ്ത്രശസ്ത്രങ്ങളും ഉണ്ടായിരുന്നത്. കമ്പികൊണ്ടോ കണ്ണാടികൊണ്ടോ മറ്റെന്തെങ്കിലും കൊണ്ടോ വൈദ്യുതി ഉണ്ടാക്കി ശത്രുനാശം ചെയ്തിരുന്നു. അതിനു ആഗ്നേയാസ്ത്രമെന്നു പാശുപതാസ്ത്രമെന്നും പറഞ്ഞിരുന്നു.

തോക്ക്, പീരങ്കി എന്നീ പേരുകൾ വിദേശഭാഷകളിലേതാണ്. സംസ്കൃതത്തിലേതോ മറ്റ് ആര്യാവർത്തീയ ഭാഷകളിലേതോ അല്ല. എന്നാൽ വിദേശികൾ പീരങ്കി എന്നു പറയുന്നതിന് സംസ്കൃതനാമം, ശതഘ്നി എന്നാണ്. തോക്കിന് ഭുശുണ്ഡി എന്നു പറയും. സംസ്കൃതം അറിയാത്തവർ ഭ്രമത്തിൽ പെട്ട് ഒന്നിന് മറ്റൊന്നെഴുതുകയും എന്തൊക്കെയോ പുലമ്പുകയും ചെയ്യുന്നു. ഇതൊന്നും ബുദ്ധിമാന്മാർക്ക് പ്രമാണമായി സ്വീകരിക്കാൻ കഴിയുകയില്ല.

കൂടാതെ ലോകത്തിൽ എന്തെല്ലാം വിദ്യകൾ പ്രചരിച്ചിട്ടുണ്ടോ അവയെല്ലാം ആര്യാവർത്തത്തിൽ നിന്ന് ഈജിപ്റ്റുകാരും[5] അവരിൽ നിന്ന് ഗ്രീക്കുകാരും അവരിൽ നിന്ന് റോമാക്കാരും അവരിൽ നിന്ന് യൂറോപ്പുകാരും അവരിൽ നിന്ന് അമേരിക്ക മുതലായ ദേശക്കാരും കൊണ്ടുപോയതാണ്. ഇപ്പോൾ വരെ സംസ്കൃതത്തിനുള്ളത്ര പ്രചാരം മറ്റു ദേശങ്ങളിലില്ല. ജർമനിയിൽ-സംസ്കൃതത്തിനു വലിയ പ്രചാരമുണ്ടെന്നും മോക്ഷമൂലർ[6] സായിപ്പ് പഠിച്ചത്രയും സംസ്കൃതം ആരും പഠിച്ചിട്ടില്ലെന്നും പറയുന്നത് വെറും പറച്ചിൽ മാത്രമാണ്. എന്തെന്നാൽ-**യസ്മിൻ ദേശേ ദ്രുമോ നാസ്തിതത്രൈരണ്ഡോ*f* പിദ്രുമായതേ**-വൃക്ഷമില്ലാത്തിടത്ത് ആവണക്കും മഹാവൃക്ഷം[7] എന്നുണ്ടല്ലോ? അതുപോലെ സംസ്കൃതവിദ്യാഭ്യാസമേ ഇല്ലാത്ത ജർമ്മനിയിൽ മോക്ഷമൂലർ സായ്പ് കുറച്ചു പഠിച്ചതുതന്നെ അവിടേയ്ക്കധികപ്പറ്റാണ്. ആര്യാവർത്തവുമായി താരതമ്യപ്പെടുത്തുമ്പോൾ അതു വളരെ കുറവാണ്. സംസ്കൃതത്തിൽ എഴുതിയ കത്തിന്റെ അർഥം ഗ്രഹിക്കുവാൻ പോലും കഴിവുള്ളവർ ജർമനിയിൽ തുലോം വിരളമാണെന്ന് തദ്ദേശീയനായ ഒരു പ്രിൻസിപ്പലിന്റെ കത്തിൽ നിന്ന് ഞാൻ അറിഞ്ഞിട്ടുണ്ട്. മോക്ഷമൂലർ സായ്പിന്റെ സംസ്കൃതസാഹിത്യവും[8] സ്വല്പം വേദവ്യാഖ്യനവും കണ്ടതിൽ നിന്ന് എനിക്ക് മനസ്സിലാത്, ആര്യാവർത്തീയരായ ആളുകൾ എഴുതിയ കുറിപ്പുകളിൽ അങ്ങിങ്ങു നോക്കി അതുമിതും എഴുതുക മാത്രമേ മോക്ഷമൂലർ സായ്പ് ചെയ്തിട്ടുള്ളെന്നതാണ്. ഉദാഹരണത്തിന് **"യുഞ്ജന്തി ബ്രധനമരുഷം ചരന്തം പരി തസ്ഥുഷഃ രോചന്തേ രോചനാ ദിവി"**[9] എന്നതിലെ **ബ്രധനം** എന്ന പദത്തിനു **കുറച്ചു** എന്നാ

5. യഹൂദന്മാരുടെ മൂല ഉപദേഷ്ടാക്കൾ ഈജിപ്തിൽനിന്ന് കൊണ്ടുപോയി എന്ന് പണ്ഡിറ്റ് ഭഗവദ്ദത്ത്.
6. മാക്സ്മ്യൂലർ എന്നതിന്റെ സംസ്കൃതം ഋഗ്വേദ ഭാഷ്യാരംഭത്തിൽ മാക്സ്മ്യൂലർ തന്നെ മോക്ഷമൂലരഃ എന്ന് എഴുതിയിട്ടുണ്ട്.
7. മൂക്കില്ലാരാജ്യത്ത് മുറിമുക്കൻ രാജാവ്.
8. മാക്സ്മ്യൂലരുടെ "History of Ancient Sanskrit Literature ആയിരിക്കണം.
9. ഋഗ്വേദം 1.6.1.

ണർഥം കുറിച്ചിരിക്കുന്നത്. **സായണാചാര്യൻ സൂര്യൻ** എന്ന് അർഥം പറഞ്ഞിരിക്കുന്നത് ഇതിനെ അപേക്ഷിച്ച് നല്ലതാണ്. എന്നാൽ ശരിയായ അർഥം ഈശ്വരൻ എന്നാണ്. എന്റെ **ഋഗ്വേദാദിഭാഷ്യഭൂമിക**[10]യിൽ നോക്കുക. ശരിയായ അർഥം അതിലെഴുതിയിട്ടുണ്ട്. അതിൽ നിന്ന് ജർമനിയിലേയും മോക്ഷമൂലർ സായ്പ്പിന്റെയും സംസ്കൃതപാണ്ഡിത്യം എത്രയെന്നു മനസ്സിലാകും.

ലോകത്തിൽ വ്യാപിച്ചിട്ടുള്ള മതങ്ങളും അറിവും എല്ലാം ആര്യാവർത്ത ദേശത്തു നിന്നു പ്രചരിപ്പിച്ചിട്ടുള്ളതു തന്നെയാണ്. ജക്കോലായ്റ്റ് സായ്പ്പ് എന്ന പാരസികൻ അഥവാ ഫ്രഞ്ചുകാരൻ തന്റെ **"ബൈബിൾ ഇൻ ഇൻഡ്യ"** എന്ന പുസ്തകത്തിൽ എഴുതുന്നതു നോക്കുക. ശരിയായ അർഥം അതിലെഴുതിയിട്ടുണ്ട്. അതിൽ നിന്ന് ജർമനിയിലേയും മോക്ഷമൂലർ സായ്പ്പിന്റെയും സംസ്കൃതപാണ്ഡിത്യം എത്രയെന്നു മനസ്സിലാകും.

ലോകത്തിൽ വ്യാപിച്ചിട്ടുള്ള മതങ്ങളും അറിവും എല്ലാം ആര്യാവർത്ത ദേശത്തു നിന്നു പ്രചരിപ്പിച്ചു തന്നെയാണ്. **ജക്കോലായ്റ്റ് സായ്പ്പ്** എന്ന പാരസികൻ അഥവാ ഫ്രഞ്ചുകാരൻ തന്റെ **"ബൈബിൾ ഇൻ ഇൻഡ്യ"** എന്ന പുസ്തകത്തിൽ എഴുതുന്നതു നോക്കുക:- **"എല്ലാ അറിവിന്റെയും നന്മകളുടെയും ഭണ്ഡാരം ആര്യാവർത്ത** ദേശമാണ് എല്ലാ വിദ്യകളും മതവും ഈ ദേശത്തിൽ നിന്നാണ് പ്രചരിച്ചിരുന്നത്. എന്നിട്ട് ഈശ്വരനോടു പ്രാർത്ഥിക്കുന്നു:- **"സർവേശ്വരാ! പൂർവകാലത്ത് ആര്യാവർത്ത ദേശത്തിനുണ്ടായിരുന്ന ഉന്നതി എന്റെ നാടിനും കൈവരുത്തിയാലും" ആ ഗ്രന്ഥം നോക്കുക.**

ദാരാശികോഹ്

ദാരാശികോഹ് എന്ന രാജാവും സംസ്കൃത ഭാഷയിലുള്ളതുപോലെ സമ്പൂർണവിദ്യ വേറൊരു ഭാഷയുമില്ലെന്ന് തീരുമാനിച്ചു. അങ്ങനെ അദ്ദേഹം ഉപനിഷത്തിന്റെ തർജ്ജിമയിൽ[11] എഴുതുന്നു. ഞാൻ അറബി തുടങ്ങിയ വളരെ ഭാഷകൾ പഠിച്ചു. എന്നാൽ എന്റെ മനസ്സിൽ ആനന്ദമോ സംശയനിവൃത്തിയോ ഉണ്ടായില്ല. സംസ്കൃതം നോക്കുകയും കേൾക്കുകയും ചെയ്തപ്പോഴാണ് പരമാനന്ദം ഉണ്ടായത്.

ജ്യോതിശ്ശാസ്ത്രം

കാശിയിലെ നക്ഷത്രബംഗ്ലാവിൽ ഉള്ള ശിശുമാരചക്രം നോക്കുക, വേണ്ടവണ്ണം സംരക്ഷിക്കുന്നില്ലെങ്കിലും ഇന്നും അതിൽ നിന്ന് ജ്യോതിശ്ശാസ്ത്ര സംബന്ധിയായ **എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്! ജയപൂർ രാജാവ് അത് നന്നാക്കി സംരക്ഷിച്ചാൽ നന്നയാരിക്കും.**[12]

മഹാഭാരതയുദ്ധം എന്ന വിന

മഹാഭാരതയുദ്ധത്തോടുകൂടി ഇങ്ങനെ സകലദേശങ്ങൾക്കും ശിരോമണിയായിരുന്ന ഈ ദേശത്തിന് നേരിട്ട തകർച്ചയിൽനിന്ന് ഇന്നുവരേയ്ക്കും മോചനം ലഭിച്ചിട്ടില്ല. എന്തെന്നാൽ സഹോദരൻ കൊന്നു തുടങ്ങിയാൽ നാശമുണ്ടാകുമെന്നതിലെന്താണു സംശയം?

വിനാശകാലേ വിപരീതബുദ്ധി[13] എന്നതൊരു കവിവാക്യമാണ്. നാശമുണ്ടാകുമ്പോൾ ബുദ്ധി വിപരീതമായിത്തീർന്ന് വിപരീതകാര്യങ്ങൾ ചെയ്തുതുടങ്ങുന്നു. ആരെങ്കിലും നേർവഴി ഉപദേശിച്ചാൽ തെറ്റിദ്ധരിക്കുകയും അപകടവഴി ഉപദേശിച്ചാൽ ശരിയാണെന്നു ധരിക്കുകയും ചെയ്യും.

മഹാവിദ്വാന്മാർ,[14] രാജാക്കന്മാർ, മഹാരാജാക്കന്മാർ, ഋഷി മഹർഷിമാർ എന്നിവരെല്ലാം മഹാ

10. വേദപര്യടനം എന്ന് മലയാള നാമം. പേജ് 208-209 ഒന്നാംപതിപ്പ് വൈദികസാഹിത്യപരിഷത്തിന്റെ പ്രകാശനം.
11. ദാരാശികോഹിന്റെ ഉപനിഷദ് തർജ്ജമ പാഴ്സി ഭാഷയിലാണ്. അതിന്റെ പേര് സിരേ അക്ബർ (വൻ രഹസ്യം) എന്നാണ്.
12. ജയപൂർ രാജാവായിരുന്ന സവായ്മാനസിംഹനാണ് കാശി, ഉജ്ജൈനി, ദൽഹി എന്നിവടങ്ങളിൽ നക്ഷത്രബംഗ്ലാവുകൾ പണികഴിപ്പിച്ചത്. ദൽഹിയിലെ നക്ഷത്രബംഗ്ലാവിന് ജന്തർ മന്തിർ എന്നുപറയുന്നു.
13. ചാണക്യനീതി 16.5
14. ഭരദ്വാജപുത്രനാകയാൽ ഭരദ്വാജനെന്നും പേരുണ്ട്. അർഥശാസ്ത്രം കല്പസൂത്രം എന്നിവയുടെ രചയിതാവ് ഇദ്ദേഹമാണ്. ഭീക്ഷ്മർ, കൗണപദന്തൻ എന്നിവരും വേദപാരംഗതരും അർഥശാസ്ത്രപ്രവക്താക്കളും ആയിരുന്നു. കൃപാചാര്യൻ ഗൗതമമഹർഷിയുടെ പിൻമുറക്കാരനായിരുന്നു.
15. കാലക്രമേണ ഇല്ലാതെയായെന്നു താല്പര്യം. മഹാഭാരത
യുദ്ധത്തിനുശേഷം ശൗനകാദികളുടെ പരമ്പര 200 വർഷം നിലനിന്നു. വീണ്ടും 400 വർഷക്കാലം ഋഷിമാരുടെ കാലമായിരുന്നെങ്കിലും രാജ്യവ്യവസ്ഥ താറുമാറായതിനാൽ നഷ്ടപ്പെട്ട പ്രതാപം വിദ്യാരംഗത്തും വീണ്ടെടുക്കാനായില്ല. വേദവിദ്യ ലോപിച്ചു മറ്റു ശാസ്ത്രങ്ങളുടെ പഠനപാഠനങ്ങളും ക്രമേണ ലോപിച്ചു. വിഷയാസക്തരായ രാജാക്കന്മാർ, ശൃംഗാരപ്രധാനമായ കാവ്യഗ്രന്ഥങ്ങൾ രചിപ്പിച്ചു. അവയുടെ അഭ്യസനം നിമിത്തം രാഷ്ട്രത്തിന് വലിയ ഹാനികളുണ്ടായി. അതിന്നും തുടരുന്നു.



ഭാരതയുദ്ധത്തിൽ വധിക്കപ്പെടുകയും മരിക്കുകയും[15] ചെയ്തു. അപ്പോൾ വിദ്യയും വേദോക്തകർമധർമ പ്രചാരവും നഷ്ടപ്പെട്ടു. ഈർഷ്യ, ദ്വേഷം, ദുരഭിമാനം എന്നിവ പരസ്പരം പ്രകടിപ്പിക്കാൻ തുടങ്ങി. കയ്യൂക്കുള്ളവൻ കാര്യക്കാരനായി. ആര്യാവർത്തം ചിന്നഭിന്നമായി ചെറുരാജ്യങ്ങളായി. ഈ അവസ്ഥയിൽ ദ്വീപാന്തരങ്ങളിലെ ഭരണവ്യവസ്ഥ ആരു നടപ്പിലാക്കാൻ?

ബ്രാഹ്മണർ വിദ്യാഹീനരായപ്പോൾ ക്ഷത്രിയ വൈശ്യശൂദ്രന്മാരുടെ കഥയെന്താവാനാണ്? അർഥ സഹിതം വേദങ്ങൾ പഠിക്കുന്ന സമ്പ്രദായം ഇല്ലാതായി.[16] നിത്യവൃത്തിക്കുവേണ്ടി മന്ത്രം ചൊല്ലൽ മാത്രം നിലനിർത്തി. അതുപോലും ക്ഷത്രിയരേയും മറ്റും പഠിപ്പിക്കാതായി. അവിദ്വാന്മാരായവർ ഗുരുക്കന്മാരായപ്പോൾ വ്യാജം, കാപട്യം, അധർമം എന്നിവയും അവരിൽ നിന്ന് പെരുകിവന്നു. ബ്രാഹ്മണർ സ്വന്തം നിത്യവൃത്തിക്ക് ഏർപ്പാടുണ്ടാക്കണമെന്ന് ആലോചിച്ചുറച്ചു. സർവസമ്മതമായി തീരുമാനിച്ച പ്രകാരം അവർ "ഞങ്ങൾ നിങ്ങളുടെ സംപൂജ്യ ദേവന്മാരാണെന്ന്" ക്ഷത്രിയാദികളെ ഉപദേശിച്ചു പഠിപ്പിച്ചു. ഞങ്ങളെ പൂജിക്കാതെ സ്വർഗമോ മുക്തിയോ ലഭിക്കില്ലെന്നും അങ്ങനെ ചെയ്യാത്തവർ ഘോരനരകത്തിൽ പതിക്കുമെന്നും പഠിപ്പിച്ചു. പൂർണവിദ്വാന്മാരും ധാർമികരുമായവർക്കു നല്കിയിരുന്ന ബ്രാഹ്മണൻ, പൂജനീയൻ മുതലായ വേദ-ഋഷിപ്രോക്തമായ പേരുകൾ മൂഢരും, വിഷയാസക്തരും ലമ്പടന്മാരും, കപടരും അധർമികളുമായവർ ഏറ്റെടുത്തു. ആ ആപ്തവിദ്വാന്മാരുടെ ലക്ഷണങ്ങൾ ഈ മൂഢാത്മാക്കൾക്ക് എങ്ങനെയാണു ചേരുക? എന്നാൽ, ക്ഷത്രിയാദികളായ യജമാനന്മാർ സംസ്കൃതവിദ്യയിൽ തീർത്തും അജ്ഞരായതു നിമിത്തം ഇക്കൂട്ടർ പറഞ്ഞ പോഴത്തങ്ങളെല്ലാം ശരിയാണെന്നവർ വിശ്വസിച്ചു. അങ്ങനെ ഈ നാമമാത്രബ്രാഹ്മണർ വാണു വിലസി. എല്ലാവരെയും വാഗ്ജാലത്താൽ പാട്ടിലാക്കി. **ബ്രഹ്മവാക്യം ജനാർദനഃ**[17] അതായത് ബ്രാഹ്മണമുഖത്തുനിന്നു വരുന്ന വാക്യം സാക്ഷാൽ ഭഗവാന്റെ അരുളപ്പാടാണെന്നു വിചാരിക്കണം. എന്നവർ പറഞ്ഞുതുടങ്ങി. ക്ഷത്രിയാദിവർണങ്ങൾ ബന്ധിതരായ അന്ധർ അഥവാ അകക്കണ്ണുപൊട്ടിയവരും ധനപൗഷ്കല്യമുള്ളവർ ആവുകയും ബ്രാഹ്മണ ശിഷ്യന്മാരാവുകയും ചെയ്തപ്പോൾ ബ്രാഹ്മണനാമധാരികൾക്ക് വിഷയാനന്ദത്തിന്റെ പൂങ്കാവനം ലഭിച്ചു. ലോകത്തിൽ എന്തെല്ലാം നല്ലതുണ്ടോ അതെല്ലാം ബ്രാഹ്മണർക്കുള്ളതാണെന്നും ഇവർ പറഞ്ഞുപരത്തി.[18]. ഗുണകർമസ്വഭാവങ്ങളിൽ അധിഷ്ഠിതമായിരുന്ന ബ്രാഹ്മണാദി വർണവ്യവസ്ഥ നശിപ്പിച്ച് ജനാധിഷ്ഠിതമാക്കി. മരണപര്യന്തം വരെയുള്ള ദാനം ആരാധകരിൽ നിന്നു വാങ്ങുവാനും തുടങ്ങി. തോന്നുംപടി തോന്നിയതു ചെയ്യുവാനും ഞങ്ങൾ ഭൂദേവന്മാരാണെന്നും, ഞങ്ങളെ സേവിക്കാത്തവർക്ക് സ്വർഗലോകം ലഭിക്കയില്ലെന്നു പറയുവാനും കൂടി ഇവർ ആരംഭിച്ചു. നിങ്ങൾ ഏതു ലോകത്തുപോകുമെന്ന് ഇവരോടു ചോദിക്കണം. ഘോരനരകം കിട്ടത്തക്ക പ്രവൃത്തിയാണ് നിങ്ങൾ ചെയ്യുന്നതെന്നും, കൃമികീട പതംഗാദികളിൽ ചെന്നു ജനിക്കുമെന്നും പറഞ്ഞാൽ ഇവർ ക്രുദ്ധരാകും. എന്നിട്ടു പറയും:- **"ഞങ്ങൾ ശപിക്കും. നിങ്ങൾ നശിക്കും. ബ്രഹ്മദ്രോഹീ വിനശ്യതി എന്ന് പ്രമാണമുണ്ട്. ബ്രാഹ്മണദ്രോഹം ചെയ്യുന്നവർ മുടിഞ്ഞുപോകും"** കാര്യം ശരിയാണ്, പൂർണ്ണവേദങ്ങളും പരമാത്മാവിനേയും അറിയുന്ന ധർമാത്മാവും സർവലോകോപകാരിയുമായ ആളിനോട് ദ്വേഷം കാട്ടുന്നവൻ നിശ്ചയമായും മുടിയും. പക്ഷേ ബ്രാഹ്മണനല്ലാത്തവനെ ബ്രാഹ്മണനെന്നു വിളിക്കുകയോ പൂജിക്കുകയോ ചെയ്യുന്നത് ഉചിതമല്ല.

പോപ്പ്

ചോദ്യം:- പിന്നെ ഞങ്ങളാരാണ്.

ഉത്തരം:- **നിങ്ങളാണ് പോപ്പ്**

ചോദ്യം:- പോപ്പെന്നാലാരാണ്?

ഉത്തരം:- ഇതിന്റെ അർഥം റോമൻ ഭാഷയിൽ പിതാവ്, വലിയവൻ എന്നെല്ലാമാണ്. എന്നാൽ ഇവിടെ, ചതിവും കാപട്യവും കൊണ്ട് അന്യരെ വഞ്ചിച്ച് തന്നിഷ്ടം സാധിക്കുന്നവരെയാണ് പോപ്പ് എന്നു പറയുന്നത്.

ചോദ്യം:- ഞങ്ങൾ ബ്രാഹ്മണന്മാർ സാധുക്കൾ ഞങ്ങളുടെ അച്ഛൻ ബ്രാഹ്മണൻ, അമ്മ

16. സത്യയുഗം മുതൽ മഹാഭാരതകാലം വരെ വേദാർഥത്തിന്റെ പരമ്പര അവിച്ഛിന്നമായി തുടർന്നുപോന്നു. യാസ്കന്റെ കാലത്ത് ഭാരതീയ വിദ്വാന്മാർക്കിടയിൽ വേദാർഥത്തേപ്പറ്റി സംശയം നിലനിന്നിരുന്നെന്ന യൂറോപ്യൻ പണ്ഡിതന്മാരുടെ വാദം ചരിത്രവിരുദ്ധമാണ് എന്ന് പണ്ഡിത് ഭഗവദ്ദത്ത്.

17. പാണ്ഡവഗീതയിൽനിന്ന്

18. സർവംസ്വം ബ്രാഹ്മണസ്യേദംയത് കിഞ്ചിജ്ജഗതീ ഗതമ്.
(മനുസ്മൃതി 1-100 ഇതു പ്രക്ഷിപ്തശ്ലോകമാണ്)

ബ്രാഹ്മണി, ഞങ്ങൾ ഇന്ന സാധുവിന്റെ ശിഷ്യരുമാണ്.

ഉത്തരം:- കാര്യം ശരിയാണ്. എന്നാൽ കേൾക്കൂ സഹോദരാ! മാതാപിതാക്കൾ ബ്രാഹ്മണരായതുകൊണ്ടോ, സാധുവിന്റെ ശിഷ്യരായതുകൊണ്ടോ ആരും ബ്രാഹ്മണരോ സാധുക്കളോ ആകുന്നില്ല. അവരവരുടെ ഉത്തമമായ ഗുണകർമ സ്വഭാവങ്ങളാണ് ബ്രാഹ്മണനോ സാധുവോ ആക്കുന്നത്. അയാൾ പരോപകാരിയുമായിരിക്കണം.

റോമിലെ പോപ്പ്

നിങ്ങളുടെ പാപങ്ങൾ എന്റെ മുമ്പിൽ ഏറ്റു പറഞ്ഞാൽ ഞാൻ ക്ഷമിക്കുന്നതാണെന്ന് റോമിലെ പോപ്പ് തന്റെ അനുയായികളോട് പറയാറുണ്ടെന്ന് കേട്ടിട്ടുണ്ട്. നമ്മേ സേവിക്കാതെയോ നമ്മുടെ അനുവാദമില്ലാതെയോ ആർക്കും സ്വർഗ്ഗത്തിൽ പ്രവേശനമില്ല. സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിക്കുന്നവർ എത്ര പണം നമ്മുടെ അടുക്കൽ ഏൽപ്പിക്കുമോ അതിനു തക്ക സാധന സാമഗ്രികൾ അവർക്കിവിടെ കിട്ടും. ഇതുകേട്ട് **"അന്ധരായ ബന്ധിതർ"** സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിച്ച് പോപ്പിന് യഥേഷ്ടം പണം നൽകിക്കഴിഞ്ഞാൽ പോപ്പ് യേശുവിന്റേയും മറിയത്തിന്റേയും പ്രതിമകൾക്കു മധ്യേ നിന്ന് ഇനി എഴുതും പോലെ ഒരു ഹുണ്ടിക എഴുതിക്കൊടുക്കും. **"പരിശുദ്ധ നാമത്താൽ വാഴ്ത്തപ്പെട്ട ഈശോമിശിഹായേ! ഇന്നയാൾ നിന്റെ നാമത്തിൽ സ്വർഗ്ഗത്തിൽ വരുവാനായി ലക്ഷം രൂപാ എന്റെ പക്കൽ അടച്ചിട്ടുണ്ട്. ഇവൻ സ്വർഗ്ഗത്തിലെത്തുമ്പോൾ നീ നിന്റെ പിതാവിന്റെ സ്വർഗരാജ്യത്തിൽ ഇരുപത്തയ്യായിരം രൂപയ്ക്ക് വീടും പറമ്പും, ഇരുപത്തയ്യായിരത്തിന് വാഹനം, നായാട്ടു സാമഗ്രികൾ, ഭൃത്യൻ എന്നിവയും, ഇരുപത്തയ്യായിരത്തിന് ഭക്ഷണം വസ്ത്രം മുതലായവയും, ഇരുപത്തയ്യായിരത്തിന് സ്വന്തക്കാർക്കും ബന്ധുമിത്രാദികൾക്കും ചെലവിനുള്ള വകയും കൊടുപ്പിക്കുമാറാകണം".** ഹുണ്ടികയിൽ പോപ്പ് ഒപ്പിട്ട് കൊടുത്തിട്ട് പറയും **"ഇത് നിന്റെ മരണസമയത്ത് കല്ലറയിൽ തലയ്ക്കു താഴെ വയ്ക്കാൻ ബന്ധുമിത്രാദികളോട് പറയണം. പിന്നീട് നിന്നെ കൊണ്ടുപോകാൻ വരുന്ന മാലാഖമാർ നിന്നെയും ഹുണ്ടികയേയും സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി. എഴുതിയപടി വേണ്ടതൊക്കെയും ചെയ്തുതരും."**

നോക്കൂ! സ്വർഗ്ഗത്തിന്റെ കുത്തക പോപ്പ് ഏറ്റെടുത്തിരിക്കുന്നെന്നുതോന്നുന്നു. യൂറോപ്പിൽ മൗഢ്യം ഉണ്ടായിരുന്നത്രയും കാലം പോപ്പിന്റെ കളികൾ നടന്നുവന്നു. ഇപ്പോൾ അറിവുപരക്കാൻ തുടങ്ങിയതോടുകൂടി പോപ്പിന്റെ കള്ളക്കളികൾ വളരെയൊന്നും നടക്കുന്നില്ലെങ്കിലും വേരറ്റുവെന്നു പറഞ്ഞുകൂടാ.

ആര്യാവർത്തത്തിലെ പോപ്പുകൾ

ഇതുപോലെ ആര്യാവർത്തത്തിലും പോപ്പുകൾ ലക്ഷക്കണക്കിന് അവതാരങ്ങളെടുത്ത് രാജാക്കന്മാർക്കും ജനങ്ങൾക്കും വിദ്യാഭ്യാസം വിലക്കുക, നല്ലവരുമായി സംഗമം അനുവദിക്കാതിരിക്കുക, രാപകൽ കബളിപ്പിക്കലല്ലാതെ മറ്റൊന്നും ചെയ്യാതിരിക്കുക തുടങ്ങിയ ലീലകൾ ആടുന്നുണ്ട്. ചതിവ്, കാപട്യം മുതലായ കുത്സിതവൃത്തികൾ ചെയ്യുന്നവരുടെ പേരാണ് പോപ്പ്, എന്നത് സ്മരണയിലുണ്ടാകണം. അവരിൽ ധാർമികരും വിദ്വാന്മാരും പരോപകാരികളുമായവരുണ്ടെങ്കിൽ അവർ ബ്രാഹ്മണരും സാധുക്കളുമാണ്. കാപട്യവും, ചതിവും, സ്വാർഥവും കൊണ്ട് മറ്റുള്ളവരെ കൊള്ളയടിച്ച് തൻകാര്യം നേടുന്നവരെന്നു വേണം പോപ്പ് എന്ന പദത്തിന് അർഥം ഗ്രഹിക്കേണ്ടത്. ബ്രാഹ്മണൻ, സാധു എന്നീ പദങ്ങൾക്ക് ഉത്തമമനുഷ്യൻ എന്നും അർഥം ഗ്രഹിക്കണം.

നോക്കൂ! ഉത്തമബ്രാഹ്മണരും സാധുക്കളും ഇല്ലെങ്കിൽ വേദാദി സത്യശാസ്ത്രങ്ങളുടെ സ്വരസഹിതമുള്ള അധ്യാപനം, ജൈന, മുസ്ലീം, ക്രിസ്ത്യൻ ആദിയായവരുടെ വലയിൽ നിന്നു സംരക്ഷണം, വേദാദി സത്യശാസ്ത്രങ്ങളിൽ താല്പര്യം, വർണാശ്രമപാലനം എന്നിവ ആരു ചെയ്യും? ബ്രാഹ്മണർക്കും സാധുക്കൾക്കുമല്ലാതെ ഇതിനാർക്ക് കഴിവുണ്ട്? **വിഷാദപ്യമൃതം ഗ്രാഹ്യമ്॥** [19] (മനു) വിഷത്തിൽ നിന്നുപോലും അമൃതം സ്വീകരിക്കുന്നതു പോലെയാണ് പോപ്പുലീലകൾ ഒട്ടധികം ഉണ്ടായിരുന്നിട്ടും, ആര്യന്മാർ ജൈനമതങ്ങളിൽ നിന്ന് രക്ഷപെട്ട് നിലനിൽക്കുന്നത് എന്ന് മനസ്സിലാക്കണം.

ആരാധകർ വിദ്യാഹീനരാകയും തങ്ങൾ അല്പസ്വല്പം പൂജാപാഠാദികൾ പഠിച്ച് ഗർവ്വിഷ്ഠരായി എല്ലാവരും കൂടിയാലോചിച്ച് തിട്ടപ്പെടുത്തി രാജാവിനോടും മറ്റും ബ്രാഹ്മണരും സാധുക്കളും അദണ്ഡ്യരാണ് എന്നും മറ്റും പറഞ്ഞു

19. മനുസ്മൃതി 2-239
20. മഹാഭാഷ്യം 1.2.64



വിശ്വസിപ്പിച്ചു. നോക്കൂ! **'ബ്രാഹ്മണോ ന ഹന്തവ്യഃ [20] സാധുർനഹന്തവ്യഃ'** ഇപ്രകാരമുള്ള വചനങ്ങൾ യഥാർഥ ബ്രാഹ്മണരുടേയും സാധുക്കളുടേയും കാര്യത്തിലായിരുന്നത് പോപ്പന്മാർ തങ്ങളേപ്പറ്റിയാണെന്നു വരുത്തിവച്ചു. അതുപോലെ, വ്യാജവചനങ്ങൾ കൂട്ടിച്ചേർത്ത് ഗ്രന്ഥങ്ങളുണ്ടാക്കി ഋഷിമുനിമാരുടെ പേരിൽ പ്രചരിപ്പിച്ചിട്ടുമുണ്ട്. ആ പ്രശസ്ത ഋഷിമുനിമാരുടെ പേരു പറഞ്ഞ് തങ്ങൾക്ക് ലഭിക്കേണ്ട ശിക്ഷകളടങ്ങിയ വ്യവസ്ഥകളെല്ലാം ഇല്ലാതാക്കി. പിന്നീട് ഇഷ്ടം പോലെ പ്രവർത്തിക്കാനാരംഭിച്ചു. പോപ്പന്മാർ പറയാതെ, ഉറങ്ങാനോ നില്ക്കാനോ, ഇരിക്കാനോ, പോകാനോ വരാനോ, തിന്നാനോ കുടിക്കാനോ സാധ്യമാകാത്തവണ്ണം കടുത്ത നിയമങ്ങളുണ്ടാക്കി നിലവിൽ വരുത്തി. പോപ്പന്മാരായ ബ്രാഹ്മണ-സാധുനാമധാരികൾക്കും ഇഷ്ടമുള്ളതെന്തും ചെയ്യാനും, ഒന്നിനും ശിക്ഷലഭിക്കാതിരിക്കാനും, അവർക്ക് ശിക്ഷ നല്കുന്നതിനെപ്പറ്റി ആലോചിക്കുന്നതുപോലും അചിന്ത്യമാകത്തക്കവണ്ണവും രാജാക്കന്മാരെക്കൊണ്ടു തീരുമാനങ്ങളെടുപ്പിച്ചു. ഈ മൗഢ്യം ഉണ്ടായപ്പോൾ പോപ്പന്മാർ ഇച്ഛിച്ച പടി ചെയ്യാനും ചെയ്യിക്കാനും തുടങ്ങി. ഈ ശിഥിലതയുടെ തുടക്കം മഹാഭാരതയുദ്ധത്തിന് ആയിരം വർഷം മുമ്പുതന്നെ ആരംഭിച്ചിരുന്നു. അക്കാലത്ത് ഋഷിമുനിമാരുണ്ടായിരുന്നെങ്കിലും കുറെ അലസത, പ്രമാദം, ഈർഷ്യ, ദ്വേഷം മുതലായവ നാമ്പിട്ടിരുന്നു. അത് ക്രമേണ പടർന്നുപന്തലിച്ചു.

സത്യമായ ഉപദേശം ഇല്ലാതായപ്പോൾ ആര്യാവർത്തത്തിൽ അവിദ്യ വ്യാപിച്ച് പരസ്പരം കലഹം തുടങ്ങി. എന്തെന്നാൽ-**ഉപദേശ്യോപദേഷ്ടൃത്വാത് തത്സിദ്ധിഃ ഇതരഥാന്ധ പരമ്പരാ॥** [21] എന്നു സാംഖ്യം. അതായത് ഉത്തമോത്തമരായ ഉപദേഷ്ടാക്കൾ വരുമ്പോൾ ശരിയായരീതിയിൽ ധർമം അർഥം കാമം മോക്ഷം എന്നിവ സിദ്ധിക്കും. ഉത്തമോപദേഷ്ടാക്കളും ശ്രോതാക്കളും ഇല്ലാതായാൽ അപ്പോൾ അന്ധപരമ്പര പിറക്കും. പിന്നീട് സത്പുരുഷന്മാർ ജനിച്ച് സത്യോപദേശം ചെയ്യുമ്പോൾ അന്ധപരമ്പര ഇല്ലാതായി പ്രകാശപരമ്പര പിറവിയെടുക്കും.

ആ പോപ്പന്മാർ തങ്ങളേയും തങ്ങളുടെ പാദങ്ങളേയും പൂജിപ്പിക്കുവാൻ തുടങ്ങി. ഇതിലാണ് നിങ്ങളുടെ മംഗളമെന്നവർ പറഞ്ഞുതുടങ്ങി. ആളുകൾ ഇവർക്കു വശംവദരായപ്പോൾ ഇവർ തെറ്റുകളിലും വിഷയാസക്തിയിലും നിമഗ്നരാവുകയും ആട്ടിൻപറ്റം ഇടയനെയെന്നവണ്ണം ആളുകൾ ഇവരെ അനുസരിക്കുകയും ചെയ്തു. വിദ്യ, ബലം, ബുദ്ധി, പരാക്രമം, ശൗര്യം, വീര്യം മുതലായ ശുഭ ഗുണളെല്ലാം നഷ്ടമായി. വിഷയാസക്തരായി, മാംസമദ്യസേവനം ഗോപ്യമായി ആരംഭിച്ചു.

വാമമാർഗ്ഗം-പഞ്ച 'മ' കാരം

ഇവരിൽ ഒരുവൻ വാമമാർഗം സ്ഥാപിച്ചു. ശിവ ഉവാച, പാർവത്യുവാച. ഭൈരവ ഉവാച എന്നിങ്ങനെ പല പേരുകൾ എഴുതി തന്ത്രമെന്നു പേരും കൊടുത്തു. അതിൽ എഴുതി വച്ചിരിക്കുന്ന വിചിത്ര ലീലകളുടെ ഉദാഹരണം നോക്കൂ:-

1. മദ്യം മാംസംച മീനംച മുദ്രാ മൈഥുന മേവച ഏതേ പഞ്ചമകാരാഃ സ്യുർമോർക്ഷദാ ഹി യുഗേ യുഗേ॥ [22]

2. പ്രവൃത്തേഭൈരവീചക്രേ സർവേവർണാ ദ്വിജാതയഃ നിവൃത്തേഭൈരവീചക്രേ സർവേ വർണാഃ പൃഥക് പൃഥക്॥ [23]

3. പീത്വാ പീത്വാ പുനഃ പീത്വാ യാവത്പതതി ഭൂതലേ പുനരുത്ഥായ വൈ പീത്വാ പുനർജന്മ ന വിദ്യതേ॥ [24]

4. മാതൃയോനിം പരിത്യജ്യ വിഹരേത്സർവ യോനിഷു.

5. വേദശാസ്ത്രപുരാണി സാമാന്യ ഗണികാ ഇവ ഏകൈവ ശാംഭവീമുദ്രാ ഗുപ്താ കുലവധൂരിവ॥ [25]

1. ഈ അർക്കീസുകളായ പോപ്പന്മാരുടെ കളികൾ നോക്കുക, വലിയ അധർമ്മങ്ങളും വേദവിരുദ്ധങ്ങളായ പ്രവൃത്തികളെയാണ് ഈ വാമമാർഗികൾ ശ്രേഷ്ഠന്മാരായി കരുതിയിരുന്നത്. മദ്യം, മാംസം, മത്സ്യം, മുദ്ര അഥവാ വിവിധാകൃതികളിൽ വറുത്തുണ്ടാക്കുന്ന പലഹാരങ്ങളും യോനി പാത്രധാരമുദ്രയും, മൈഥുനം അഥവാ പുരുഷന്മാരെല്ലാം ശിവന്മാരും സ്ത്രീകളെല്ലാം പാർവതിമാരുമാണെന്നു ധരിച്ച് **അഹം ഭൈരവസ്ത്വം ഭൈരവീ ഹ്യാവയോരസ്ത സംഗമഃ ॥** [26] എന്ന അർഥമില്ലാത്ത വചനവും ചൊല്ലി സ്ത്രീപുരുഷ

21. സാംഖ്യദർശനം 3.79-81.
22. കാളീതന്ത്രം
23. കുലാർണവതന്ത്രം 8.96.
24. കുലാർണവതന്ത്രം 7.100
25. ജ്ഞാനസങ്കലനി തന്ത്രം
26. ഞാൻ ഭൈരവൻ നീ ഭൈരവി നാമിരുവർ തമ്മിലാകട്ടെ സംഗമം.

ന്മാർ സംഗമിക്കുക എന്നിവയിലൊന്നു പോലും ദോഷമാണെന്ന് വാമമാർഗികൾ വിചാരിച്ചിട്ടില്ല. സ്പർശിക്കുവാൻ പോലും പാടില്ലാത്ത നീച സ്ത്രീകളെ ഇവർ അതിപരിശുദ്ധകളായി ഗണിക്കുന്നു. ഉദാഹരണത്തിന് സ്പർശിക്കാൻ പോലും പാടില്ലെന്ന് ശാസ്ത്രം വിലക്കുന്ന രജസ്വലകളെ വാമമാർഗികൾ അതിപവിത്രകളായി കാണുന്നു. അവരുടെ വായിൽ തോന്നിയ കോതപ്പാട്ട് കേൾക്കുക

രജസ്വലാ പുഷ്കരം തീർഥം ചണ്ഡാലീതു സ്വയംകാശി. ചർമകാരീ പ്രയാഗഃ, സ്യാദ്രജകീ മഥുരാമതാ അയോധ്യാ പുക്കസി പ്രോക്തതാ॥ [27]

രജസ്വലമായുള്ള സമാഗമം പുഷ്കര സ്നാന തുല്യമാണ്. ചണ്ഡാലി സമാഗമമാകട്ടെ കാശി യാത്രയും. പറച്ചിയുമായുള്ള സമാഗമം പ്രയാഗ സ്നാനവും, രജകയുമായുള്ള സമാഗമം മഥുരാ യാത്രയും കാട്ടാളത്തിയുമായുള്ള സമാഗമം അയോധ്യാ തീർത്ഥസ്നാനവും പോലെയാണ്.

മദ്യത്തിന് തീർഥം, മാംസത്തിന് ശുദ്ധി, പുഷ്പം, മത്സ്യത്തിന് തൃതീയ, ജലതുംബിക, മുദ്രയ്ക്ക് ചതുർഥി, മൈഥുനത്തിന് പഞ്ചമി എന്നിങ്ങനെ മറ്റാരും മനസ്സിലാക്കാതിരിക്കാൻ വേണ്ടി ഗൂഢനാമങ്ങളും നൽകിയിരിക്കുന്നു. കൗളൻ, ആർദ്രവീരൻ, ശാംഭവൻ, ഗണം മുതലായ പേരുകൾ സ്വയം നല്കിയിട്ടുമുണ്ട്. വാമമാർഗികളല്ലാത്തവരെ കണ്ടകൻ, വിമുഖൻ, ശുഷ്ക, പശു എന്നെല്ലാമാണ് വിളിക്കുന്നത്.

2. ഭൈരവീചക്രം തുടങ്ങിയാൽ അതിൽപെടുന്ന ബ്രാഹ്മണൻ മുതൽ ചണ്ഡാലൻ വരെ ദ്വിജനാണ്. അതുകഴിഞ്ഞാൽ ഓരോരുത്തരും അവരവരുടെ വർണങ്ങളിലേക്കു മടങ്ങുന്നു.

3. ഭൈരവീ ചക്രത്തിൽ വാമമാർഗികൾ നിലത്തോ പലകമേലോ ഒരു ബിന്ദുവിട്ട് ചുറ്റും ത്രികോണം, ചതുരം, വൃത്തം എന്നിവ വരയ്ക്കുന്നു. അതിൽ കള്ളുകുടം വച്ച് അതു പൂജിക്കുന്നു. പിന്നെ **'ബ്രഹ്മശാപം വിമോചയ'** എന്ന മന്ത്രം ചൊല്ലുന്നു. കള്ളേ! നീ ബ്രഹ്മാദികളുടെ ശാപത്തിൽ നിന്ന് മുക്തമാകൂ. എന്നർത്ഥം. വാമമാർഗികളല്ലാത്തവർക്കും പ്രവേശനമില്ലാത്ത ഒരു ഗൂഢസ്ഥലത്ത് സ്ത്രീപുരുഷന്മാർ ഒത്തുകൂടുന്നു. പുരുഷന്മാർ ഒരു സ്ത്രീയെ നഗ്നയാക്കിയും സ്ത്രീകൾ ഒരു പുരുഷനെ നഗ്നനാക്കിയും പൂജിക്കുന്നു. പിന്നീട് ആരുടെയെങ്കിലും ഭാര്യയോ, സ്വന്തമോ അന്യന്റെയോ മകളോ അമ്മയോ, പെങ്ങളോ, പുത്രഭാര്യയോ ആരെങ്കിലുമെല്ലാം വന്നു ചേരുന്നു. എന്നിട്ട് ഒരു പാത്രത്തിൽ മദ്യവും മറ്റൊന്നിൽ പക്കാവട മുതലായവയും എടുത്തുവയ്ക്കുന്നു. അവരുടെ ആചാര്യൻ കള്ളുപാത്രം എടുത്തുയർത്തിക്കൊണ്ട് **ഭൈരവോഹം ശിവോഹം -ഞാൻ ഭൈരവനാണ് ശിവനാണ്** എന്നു പറഞ്ഞകൊണ്ട് കുടിക്കുന്നു. അതേ എച്ചിൽപ്പാത്രത്തിൽ തന്നെ എല്ലാവരും കുടിക്കുന്നു. അനന്തരം ആരുടെയെങ്കിലും ഭാര്യയേയോ ഏതെങ്കിലും വേശ്യയേയോ അല്ലെങ്കിൽ പുരുഷനേയോ നഗ്നമാക്കി ദേവി അഥവാ മഹാദേവൻ എന്നു പേരിട്ട് കൈയിൽ വാൾ കൊടുത്ത്, ഗുപ്തേന്ദ്രിയപൂജ നടത്തുന്നു. പിന്നെ ദേവിക്കോ മഹാദേവനോ മദ്യചഷകം നൽകുന്നു. അതിനു ശേഷം അതേ പാത്രത്തിൽ എല്ലാവരും ഓരോ പാത്രം കുടിയ്ക്കുന്നു. വീണ്ടും ഇതാവർത്തിക്കുന്നു. ഇങ്ങനെ കുടിച്ചുകുടിച്ച് വെളിവു കെട്ട്, ആരുടെ പെങ്ങളോ, മകനോ അമ്മയോ ആകട്ടെ യഥേഷ്ടം കുകർമ്മങ്ങൾ ചെയ്യുന്നു. ചിലപ്പോഴെല്ലാം ലഹരി മൂത്ത് അടിപിടിയും, ലഹളയും കൂട്ടത്തല്ലും പിടിവലിയും നടക്കും. ചിലർ ഛർദ്ദിക്കുന്നു. കൂട്ടത്തിലെ തികഞ്ഞ അഘോരി അഥവാ സിദ്ധൻ അതും ഭക്ഷിച്ചു കളയുന്നു. ഇവരുടെ മഹാസിദ്ധന്റെ യോഗ്യതകളെപ്പറ്റി പാടുന്നതിങ്ങനെയാണ്:-

ഹാലാം പിബതി ദീക്ഷിതസ്യ മന്ദിരേ, സുപ്തോ നിശായാം ഗണികാ ഗൃഹേഷു വിരാജതേ കൗളവ ചക്രവർത്തീ!

ദീക്ഷിതന്റെ-കള്ളുകടക്കാരന്റെ-വീട്ടിൽ ചെന്ന് കുപ്പിക്കണക്കിന് കുടിയ്ക്കുക, വേശ്യാ ഗൃഹങ്ങളിൽ ചെന്ന് കുകർമങ്ങൾ ചെയ്ത് കിടന്നുറങ്ങുക. മുതലായ കാര്യങ്ങൾ നിർലജ്ജമായും നിശ്ശങ്കമായും ചെയ്യുന്നയാളാണ് വാമമാർഗികളിൽ ചക്രവർത്തിതുല്യനായിരിക്കുന്നത്. മഹാദുഷ്കർമി അവരിൽ വമ്പനും മുമ്പനും നന്മചെയ്യുകയും ചീത്ത കാര്യങ്ങളെ ഭയപ്പെടുകയും ചെയ്യുന്നയാൾ ചെറിയവനുമാണ്! എന്തെന്നാൽ.

പാശബദ്ധോ ഭവേജ്ജീവഃ പാശമുക്തഃ സദാശിവഃ॥ [28]

ലോകലജ്ജ, ശാസ്ത്രലജ്ജ, കുലലജ്ജ, ദേശലജ്ജ മുതലായ പാശങ്ങളാൽ ബന്ധിതൻ ജീവനും ലജ്ജയില്ലാതെ ദുഷ്കർമങ്ങൾ ചെയ്യുന്നവൻ സദാശിവനും ആണെന്ന് തന്ത്രങ്ങൾ പറ

27. രുദ്രയാമല തന്ത്രം

28. ജ്ഞാനസങ്കലനീതന്ത്രം ശ്ലോകം 43.



യുന്നു.

ഉഡ്ഡീസതന്ത്രം മുതലായവയിൽ ഒരു പ്രയോഗവിധിയുണ്ട്. ഒരു വീടിന് നാലു വശവും ആലയങ്ങൾ വേണം. അവയിൽ ഓരോന്നിലും മദ്യകുംഭങ്ങൾ വച്ചിരിക്കണം. ഒരു ആലയത്തിൽ നിന്ന് ഒരു കുപ്പി മദ്യം കുടിച്ചിട്ട് മറ്റേ ആലയത്തിൽ ചെല്ലണം. അവിടെനിന്നും ഒരു കുപ്പി കുടിക്കണം. എന്നിട്ട് മൂന്നാമത്തേതിലും നാലാമത്തേതിലും ചെന്ന് ഓരോ കുപ്പി കുടിക്കണം. നിന്ന് കുടിച്ചു കുടിച്ച് വെട്ടിയമരം വീഴും പോലെ വീഴുന്നതു വരെ കുടിക്കണം. മത്തു വിട്ടാൽ വീണ്ടും ഇതു പോലെ വീഴുന്നതു വരെ കുടിക്കണം. മൂന്നാം പ്രാവശ്യവും ഇതുപോലെ കുടിച്ചു വീണ്, എഴുന്നേല്ക്കുന്നവന് പുനർജ്ജന്മം ഇല്ലാതാവും. വാസ്തവം പറഞ്ഞാൽ ഇങ്ങനെയുള്ളവന് വീണ്ടും മനുഷ്യജന്മം ലഭിക്കുന്നതു തന്നെ വിഷമമാണ്. അവർ നീചയോനികളിൽ ജനിച്ച് വളരെക്കാലം കഷ്ടപ്പെടും.

4. വാമികളുടെ തന്ത്ര ഗ്രന്ഥങ്ങളിലെ നിയമം അമ്മയെ ഒഴികെ മറ്റൊരു സ്ത്രീയെയും വിട്ടുകളയരുതെന്നാണ്. മകളാകട്ടെ, സഹോദരിയാകട്ടെ, എല്ലാവരുമായും സംഗമം ചെയ്യണം. ഈ വാമമാർഗികളുടെ ദശമഹാവിദ്യകൾ കുപ്രസിദ്ധമാണ്. അവയിലൊന്നായ മാതങ്ഗീ വിദ്യക്കാരൻ പറയുന്നത് **മാതരമപി ന ത്യജേത്'** അമ്മയെപ്പോലും സമാർഗമെന്യേ വിട്ടുകളയരുതെന്നാണ്. സംയോഗവേളയിൽ സ്ത്രീപുരുഷന്മാർ നമുക്ക് ഇഷ്ടസിദ്ധിയുണ്ടാകട്ടെ എന്നു മന്ത്രം ജപിക്കുകയും വേണം. ഇങ്ങനെ ഭ്രാന്തരും മഹാ മൂഢന്മാരുമായ ആളുകൾ ലോകത്തിൽ തുലോം കുറവായിരിക്കും.

5. അസത്യം പ്രചരിപ്പിക്കാനാഗ്രഹിക്കുന്നവർ സത്യത്തെ നിന്ദിക്കുകതന്നെ ചെയ്യും. വാമമാർഗികൾ പറയുന്നതു നോക്കൂ. വേദങ്ങൾ ശാസ്ത്രങ്ങൾ പുരാണങ്ങൾ എന്നിവയെല്ലാം സാധാരണ വേശ്യയെപ്പോലെയാണ്. വാമമാർഗികളുടെ മുദ്രയായ ശാംഭവി മാത്രമേ അന്തർജനത്തിനു തുല്യയായിട്ടുള്ളൂ.

വേദങ്ങളും സാക്ഷി

ഇവർ വേദവിരുദ്ധമായ മതമാണ് നടപ്പിൽ വരുത്തിയത്. ക്രമേണ ഇവരുടെ മതത്തിനും പ്രചാരം ലഭിക്കാൻ തുടങ്ങി. അപ്പോൾ കൊള്ളരുതായ്മയിലൂടെ വേദങ്ങളുടെ പേരു പറഞ്ഞ് പല ലീലകളും ആടിത്തുടങ്ങി. അതായത് "[29] **"സൗത്രാമണ്യാം സുരാം പിബേത്, പ്രോക്ഷിതം ഭക്ഷയേന്മാംസം[30], വൈദികീഹിംസാ ഹിംസാ ന ഭവതി"[31] ന മാംസ ഭക്ഷണേ ദോഷോ ന മദ്യേ ന ച മൈഥുനേ, പ്രവൃത്തിരേഷാ ഭൂതാനാം നിവൃത്തിസ്തു മഹാ ഫലാ[32]**

സൗത്രാമണി യജ്ഞത്തിൽ മദ്യം കുടിക്കണം. ഇതിന്റെ അർഥം ഇപ്രകാരമാണ്. സൗത്രാമണി യജ്ഞത്തിൽ സോമലത പിഴിഞ്ഞെടുത്ത നീര് കുടിക്കണം. പ്രോക്ഷിതമായ[33] മാംസം യജ്ഞത്തിൽ ഭക്ഷിക്കണം. ഇങ്ങനെയെല്ലാമുള്ള പാമര താപൂർണമായ കാര്യങ്ങളാണ് വാമമാർഗികൾ പ്രചരിപ്പിച്ചത്. അവരോട് ചോദിക്കേണ്ടത് ഇപ്രകാരമാണ്- **"വൈദിക ഹിംസ, ഹിംസയല്ലെങ്കിൽ നിന്നെയും നിന്റെ കുടുംബാംഗങ്ങളെയും കൊന്നു ഹോമിച്ചാൽ എന്താണു തരക്കേട്?"**

മാംസഭക്ഷണം, മദ്യപാനം, പരസ്ത്രീഗമനം മുതലായവ ദോഷമില്ലാത്തതാണെന്നു പറയുന്നത് ബാലിശമാണ്. ജീവികളെ പീഡിപ്പിക്കാതെ മാംസം ലഭിക്കില്ല. അപരാധം ചെയ്യാത്തതിനെ പീഡിപ്പിക്കുന്നത് ധാർമികവുമല്ല. മദ്യപാനമാകട്ടെ സർവഥാ നിഷിദ്ധവുമാണ്. വാമമാർഗികളുടേതല്ലാത്ത ഗ്രന്ഥങ്ങളിലൊന്നും അതു വിധിച്ചിട്ടില്ലെന്നു മാത്രമല്ല നിഷേധിച്ചിട്ടേയുള്ളൂ. വിവാഹം ചെയ്യാതെ മൈഥുനവും ദോഷമുള്ളതാണ്. അതിനാൽ ഇതെല്ലാം നിർദ്ദോഷമാണെന്നു പറയുന്നവരിലാണ് ദോഷം.

യജ്ഞവും ഹിംസയും

ഇങ്ങനെയെല്ലാമുള്ള വചനങ്ങൾ ഋഷിമാരുടെ ഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർത്ത് അനേകം ഋഷിമാരുടെ പേരിൽ ഗ്രന്ഥങ്ങളും ഉണ്ടാക്കി. ഗോമേധം, അശ്വമേധം മുതലായ യജ്ഞങ്ങളും ചെയ്യാനാരംഭിച്ചു. ഈ മൃഗങ്ങളെ കൊന്ന് യജ്ഞം നടത്തിയാൽ യജമാനനും മൃഗത്തിനും സ്വർഗം കിട്ടുമെന്നും പറഞ്ഞു പരത്തി. ഇങ്ങനെയൊരു ധാരണ പരക്കുവാൻ കാരണം ബ്രാഹ്മണ ഗ്രന്ഥങ്ങളിലെ അശ്വമേധം, ഗോമേധം, നരമേധം മുതലായ സംജ്ഞകളുടെ ശരിയായ അർത്ഥം അറിയായ്കയാണ്. അറിയാമായിരുന്നെങ്കിൽ ഈ അനർഥങ്ങ

29. സുരാവൻ വാ ഏഷ ബർഹിഷദ് യജ്ഞോ യദ് സൗത്രാമണീ എന്ന ശതപഥ വചനവു(12.1.3.7)മായി താരതമ്യം ചെയ്യുക.

30. മനു.5.27.

31. യാവേദവിഹിതാ ഹിംസാനിയതാ f സ്മിൻ ചരാചരേ എന്ന മനുസ്മൃതിഭാഗവുമായി (5.44) താരതമ്യം ചെയ്യുക.

32. മനുസ്മൃതി 5.5.6

33. ഹോമിച്ചതിന്റെ അവശിഷ്ടം

ളുണ്ടാക്കിയതെന്തിനാണ്?

ചോദ്യം:- അശ്വമേധം, ഗോമേധം, നരമേധം മുതലായവയുടെ അർഥമെന്താണ്?

ഉത്തരം:- അവയുടെ അർഥം പറയാം:- **രാഷ്ട്രം വാ അശ്വമേധഃ**[34] **അന്നംഹി ഗൗഃ**[35] **അഗ്നിർവാ അശ്വഃ**[36] **ആജ്യം മേധഃ**[37](ശതപഥബ്രാഹ്മണത്തിൽ നിന്ന്) കുതിര, പശു മുതലായ ജന്തുക്കളെ കൊന്ന് യജ്ഞം നടത്തുവാൻ എങ്ങും പറഞ്ഞിട്ടില്ല. വാമമാർഗികളുടെ ഗ്രന്ഥങ്ങളിൽ മാത്രമേ ഇത്തരം അനർഥങ്ങൾ എഴുതിവച്ചിട്ടുള്ളൂ. എന്നു മാത്രമല്ല, വാമമാർഗികളാണ് ഇതിന്റെയും ആരംഭം കുറിച്ചത്. എവിടെയെല്ലാം ഇതിനേപ്പറ്റി എഴുതിയിട്ടുണ്ടോ അവിടെയെല്ലാം വാമമാർഗികൾ അവർക്കിഷ്ടപ്പെട്ടത് കലർത്തി എഴുതിയിട്ടുമുണ്ട്. രാജാവ് ന്യായധർമങ്ങളാൽ പ്രജാപാലനം ചെയ്യുന്നതും, യജമാനൻ വിദ്യാദാനം ചെയ്യുന്നതും അഗ്നിയിൽ നെയ്യും മറ്റും ഹോമിക്കുന്നതും അശ്വമേധമാണ്. അന്നം, ഇന്ദ്രിയങ്ങൾ, കിരണങ്ങൾ, പൃഥിവി മുതലായവയെ പരിശുദ്ധമായി വയ്ക്കുന്നതാണ് ഗോമേധം. മനഷ്യന്റെ മൃതദേഹം വിധിപ്രകാരം ദഹിപ്പിച്ചു കളയുന്നത് നരമേധമാണ്.

ചോദ്യം:- യജ്ഞം ചെയ്താൽ യജമാനനും മൃഗത്തിനും സ്വർഗം ലഭിക്കുമെന്നും ഹോമാനന്തരം മൃഗത്തിനെ ജീവിപ്പിക്കുമെന്നും പറയുന്നത് നേരാണോ?

ഉത്തരം:- കള്ളം. സ്വർഗത്തിലേക്കു പോകുമെന്നു പറയുന്നവരെ കൊന്ന് ഹോമിച്ച് സ്വർഗത്തിലയയ്ക്കണം. അല്ലെങ്കിൽ അവരുടെ പ്രിയപ്പെട്ട മാതാവ്, പിതാവ്, ഭാര്യ, പുത്രന്മാർ മുതലായവരെ കൊന്ന് സ്വർഗത്തിലയയ്ക്കാത്തതെന്താണ്? അല്ലെങ്കിൽ വേദിയിൽ നിന്ന് അവരെ ജീവിപ്പിക്കാത്തതെന്ത്?

ചോദ്യം:- യജ്ഞം ചെയ്യുമ്പോൾ വേദമന്ത്രങ്ങൾ ചൊല്ലാറുണ്ട്. വേദങ്ങളില്ലെങ്കിൽ പിന്നെ എവിടുന്നാണ് ചൊല്ലുന്നത്?

ഉത്തരം:- മന്ത്രം ചൊല്ലുന്നതിൽ നിന്ന് ആരെയും വിലക്കുന്നില്ല. എന്തെന്നാൽ മന്ത്രം ശബ്ദമാണ്. എന്നാൽ അതിനർഥം മൃഗത്തെ കൊന്നു ഹോമിക്കണമെന്നല്ല.[38] അഗ്നയേ സ്വാഹാ[39] മുതലായ മന്ത്രങ്ങളുടെ അർഥം **"അഗ്നിയിൽ ഹവിസ് - പുഷ്ടിയ്ക്കും മറ്റും കാരണമായ നെയ്യും മറ്റ് ഉത്തമ ദ്രവ്യങ്ങളും ഹോമിച്ച് വായു, വൃഷ്ടി, ജലം മുതലായവയെ ശുദ്ധമാക്കി ജഗത്തിന് സൗഖ്യകാരണമാക്കുന്നു"** എന്നാണ്. ഈ സത്യാർത്ഥങ്ങളെ ആ മൂഢന്മാർ മനസ്സിലാക്കുന്നില്ല. എന്തെന്നാൽ സ്വാർഥബുദ്ധികളായവർ കേവലം സ്വാർഥം നേടുന്നതിലുപരി മറ്റൊന്നും അറിയുകയോ വകവയ്ക്കുകയോ ഇല്ല.

ബൗദ്ധ - ജൈനരുടെ ഉത്ഭവം

ഈ പോപ്പന്മാരുടെ ഇപ്രകാരമുള്ള അനാചാരങ്ങൾ കണ്ടും മരിച്ചവർക്കു വേണ്ടി ചെയ്യുന്ന തർപ്പണ ശ്രാദ്ധാദികൾ കണ്ടും വേദാദിശാസ്ത്രങ്ങളെ നിന്ദിക്കുന്നതും മഹാഭയങ്കരവുമായ ബൗദ്ധ അഥവാ ജൈനമതം പ്രചാരത്തിൽ വന്നു. ഈ ദേശത്തിൽ ഗോരഖ്പൂർ രാജാവിനുണ്ടായിരുന്നെന്നു കേട്ടിട്ടുണ്ട്. അദ്ദേഹത്തെ കൊണ്ട് പോപ്പന്മാർ യജ്ഞം നടത്തിച്ചു. അദ്ദേഹത്തിന്റെ റാണിയെ കുതിരയുമായി സമാഗമം ചെയ്യിച്ചതിനേതുടർന്ന് അവർ മരിച്ചു. രാജാവ് വിരക്തനായി പുത്രന് രാജ്യം നല്കിയതിനു ശേഷം സംന്യസിച്ച് പോപ്പന്മാരുടെ കള്ളത്തരങ്ങൾ വെളിവാക്കാൻ തുടങ്ങി.

ഇതിന്റെ ശാഖയായിട്ടാണ് ചാർവാകം അഭാണകം എന്നീ മതങ്ങളുണ്ടായത്. അവരുണ്ടാക്കിയ ശ്ലോകങ്ങളാണിവ:-

1. പശുശ്ചേന്നിഹതഃ സ്വർഗം ജ്യോതിഷ്ടോമഗമിഷ്യതി സ്വപിതായജമാനേന തത്രകഥം ന ഹിംസ്യതേ.

34. 13.1.6 3
35. 4.3.1.25
36. 3,6.2.5.
37. മേധോ വാ ആജ്യമ് 13.3.6.2.

38. ആദികാലേ ഖലു യജ്ഞേഷു പശവഃ സമാലഭനീയാ ബഭൂവുഃ നാലംഭായ പ്രക്രിയന്തേ സ്മ, തതോ ദക്ഷയജ്ഞ പ്രത്യവരകാലം മനോഃ പുത്രാണാം നരിഷ്യന്താ ഭാഗേക്ഷ്വാകുന്യഗ ശര്യാത്യാദീനം ച പശൂനാമേവാഭ്യനുജ്ഞാനാത് പശവഃ പ്രോക്ഷണമാപുഃ (അതിപുരാതനകാലത്ത് മൃഗങ്ങളെ സ്പർശിക്കുക മാത്രമേ ചെയ്തിരുന്നുള്ളു, വധിച്ചിരുന്നില്ല. പിന്നീട് ദക്ഷയാഗശേഷം മനുവിന്റെ നരിഷ്യത് മുതലായ പുത്രന്മാർ, "യജ്ഞത്തിൽ മൃഗവധം വേണമെന്ന് വേദവിധിയുണ്ടെന്ന്" പറഞ്ഞുകൊണ്ട് മൃഗങ്ങളെ പ്രോക്ഷണം ചെയ്തു വധിക്കാനാരംഭിച്ചു. (ചരകസംഹിത, ചികിത്സാസ്ഥാനം 19-4) ചരകസംഹിതയിലെ ഈ ഉദ്ധരണത്തിൽ നിന്ന് രണ്ടു കാര്യങ്ങൾ സ്പഷ്ടമാണ്. 1. പ്രാചീന കാലത്ത് യജ്ഞത്തിൽ മൃഗവധം ഇല്ലായിരുന്നു. (2) പിന്നീട് യജ്ഞത്തിൽ മൃഗബലിയും വേണമെന്നു വേദവിധിയുണ്ടെന്ന് തെറ്റിധരിച്ചാണ് മൃഗബലി നടത്താൻ ആരംഭിച്ചത്.
39. യജുർവേദം 10, 5-22 6, 27



2. മൃതാ നാമിഹ ജന്തൂനാം ശ്രാദ്ധം ചേത്തൃപ്തികാരണമ് ഗച്ഛതാമിഹ ജന്തൂനാം വ്യർഥം പാഥേയകല്പനമ്

1. മൃഗത്തെക്കൊന്ന് അഗ്നിയിൽ ഹോമിച്ചാൽ, അത് സ്വർഗത്തിൽ പോകുമെങ്കിൽ സ്വന്തം പിതാവിനെയും മറ്റും യജമാനൻ എന്തുകൊണ്ട് കൊന്ന് സ്വർഗത്തേക്കയക്കുന്നില്ല?

2. മരിച്ചവരുടെ തൃപ്തിക്കുവേണ്ടി ശ്രാദ്ധം, തർപ്പണം മുതലായവ നടത്തുവാൻ കഴിയുമെങ്കിൽ, യാത്ര പോകുന്നവരുടെ വഴിച്ചിലവിനുള്ള വക കരുതിക്കൊണ്ടു പോകുന്നത് വ്യർത്ഥമാണ്. എന്തെന്നാൽ മരിച്ചവരുടെ തൃപ്തിക്കുവേണ്ടി ശ്രാദ്ധവും തർപ്പണവും ചെയ്യുന്നതുകൊണ്ട് വെള്ളവും ചോറും അവർക്കു ലഭിക്കുമെങ്കിൽ പരദേശത്തു ജീവിച്ചിരിക്കുന്നവർക്കോ യാത്രചെയ്യുന്നവർക്കോ വീട്ടിലെ അടുക്കളയിൽ പാകം ചെയ്തു വിളമ്പിവച്ച് കിണ്ടിയിൽ വെള്ളവും വച്ചാൽ എന്തുകൊണ്ടാണ് ലഭിക്കാത്തത്? ദൂരദേശത്തു ജീവിക്കുന്നവർക്കോ പത്തുവാര അകലെയുള്ളവർക്കോ കിട്ടാത്തത് മരിച്ചുപോയവർക്ക് ഒരിക്കലും കിട്ടുകയില്ലതന്നെ.

അവരുടെ ഇപ്രകാരം യുക്തിസിദ്ധമായ ഉപദേശങ്ങൾ ആളുകൾ സമ്മതിച്ചു തുടങ്ങിയപ്പോൾ അവരുടെ മതവും അഭിവൃദ്ധിപ്പെട്ടു. അനേകം രാജാക്കന്മാരും ഭൂവുടമകളും അവരുടെ മതം സ്വീകരിച്ചു തുടങ്ങിയപ്പോൾ പോപ്പവർകൾമാരും അങ്ങോട്ടു ചാഞ്ഞു. മടിശ്ശീല നിറയുന്ന വഴിക്കേ അവർ പോവുകയുള്ളൂവല്ലോ? പെട്ടെന്നവർ ജൈനരായി. ജൈനന്മാരിലും പോപ്പുകളികൾ ഒട്ടേറെയുണ്ട്. അതിനേപ്പറ്റി 12-ാം സമുല്ലാസത്തിൽ എഴുതാം. വളരെപ്പേർ അവരുടെ മതം സ്വീകരിച്ചു. എന്നാൽ പർവ്വതഭാഗങ്ങൾ, കാശി, കന്യാകുബ്ജം, പശ്ചിമ-ദക്ഷിണ ദേശങ്ങൾ എന്നിവിടങ്ങളിലെ ആളുകൾ ഏറെയൊന്നും ജൈനമതക്കാരായില്ല.

ജൈനികൾ വേദാർത്ഥം മനസ്സിലാക്കാതെ, പോപ്പുകളിയിലെ ബാഹ്യാഡംബരങ്ങൾ വേദപ്രോക്തമാണെന്നു ധരിച്ച് വേദനിന്ദ ആരംഭിച്ചു. പഠനപാഠനങ്ങൾ, യജ്ഞോപവീതധാരണം, ബ്രഹ്മചര്യാദി നിയമങ്ങൾ മുതലായവയേയും നശിപ്പിച്ചു. കിട്ടിയത്രയും വൈദികഗ്രന്ഥങ്ങൾ നശിപ്പിച്ചു. ഭരണാധികാരം കൈവന്നപ്പോൾ ആര്യന്മാരെ ഉപദ്രവിച്ചു. ഭയവും ശങ്കയും ഇല്ലാതായപ്പോൾ അവരുടെ മതാവലംബികളായ ഗൃഹസ്ഥന്മാരെയും സംന്യാസികളെയും പൂജിക്കുകയും ആര്യധർമാവലംബികളെ പക്ഷപാതപൂർവ്വം ശിക്ഷിക്കുകയും ചെയ്തുപോന്നു. സുഖസൗകര്യങ്ങളോടുകൂടി ഗർവിഷ്ഠരായി, അവരങ്ങനെ വിലസി. ഋഷഭദേവൻ മുതൽ മഹാവീരൻ വരെയുള്ള തീർഥങ്കരന്മാരുടെ വൻപ്രതിമകളുണ്ടാക്കി പൂജിക്കാനാരംഭിച്ചു. ശിലയിലും മറ്റുമുള്ള വിഗ്രഹങ്ങളുടെ പൂജ തുടങ്ങിയത് ജൈനരിൽ നിന്നാണ്. ഈശ്വരവിശ്വാസികൾ കുറഞ്ഞു. വിഗ്രഹാരാധകരുടെ എണ്ണം പെരുകി. അങ്ങനെ മുന്നൂറോളം വർഷം ആര്യാവർത്തത്തിൽ ജൈനരാജ്യം നിലനിന്നു വേദാർത്ഥജ്ഞാനം മിക്കവാറും ഇല്ലാതായി. ഇതു കഴിഞ്ഞിട്ടിപ്പോൾ രണ്ടായിരത്തിയഞ്ഞൂറ് വർഷമായെന്ന് അനുമാനിക്കാം.

ശങ്കരാചാര്യരുടെ ആവിർഭാവം

രണ്ടായിരത്തിയിരുന്നൂറു വർഷം മുമ്പ്[40] ദ്രാവിഡ ദേശീയ ബ്രാഹ്മണനും, നൈഷ്ഠിക ബ്രഹ്മചാരിയും വേദാദിസർവശാസ്ത്രാഭ്യാസിയും ആയ ശങ്കരാചാര്യർ എന്ന ദേഹം ഇങ്ങനെ ചിന്തിക്കാനാരംഭിച്ചു. ''അഹോ കഷ്ടം! സത്യവും ആസ്തികവുമായ വേദമതത്തിന്റെ ലോപവും ജൈനരുടെ നാസ്തികമതത്തിന്റെ പ്രചാരവും മഹാനാശം വരുത്തിവച്ചിരിക്കുന്നു. ഇവരെ എങ്ങനെയെങ്കിലും അകറ്റണം.'' ശങ്കരാചാര്യർ ശാസ്ത്രങ്ങൾ മാത്രമല്ല. ജൈനഗ്രന്ഥങ്ങളും പഠിച്ചിരുന്നു.

---

40. ശ്രീശങ്കരാചാര്യരുടെ കാലത്തെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. പാശ്ചാത്യ ചരിത്ര പണ്ഡിതമ്മന്യന്മാരും അവരുടെ അനുയായികളായ ആങ്ങ്ലോ-ഇന്ത്യൻ ബുദ്ധികളും ഇന്നേയ്ക്ക് 1200 വർഷം മുമ്പാണ് ശ്രീശങ്കരന്റെ ജീവിതകാലമെന്ന പക്ഷക്കരാണ്. ദയാനന്ദമഹർഷി ദണ്ഡിപരമ്പരക്കാനായ സന്യാസിയായിരുന്നു. മഹാവിദ്വാനും. അദ്ദേഹത്തിന് ഭാരതീയ സന്യാസിപരമ്പരയെപറ്റി അറിവില്ലായിരുന്നെന്നോ വികലമായ അറിവേ ഉണ്ടായിരുന്നുള്ളെന്നോ വിചാരിക്കുന്നത് ഏറ്റവും കുറഞ്ഞത് അവിവേകമെങ്കിലുമാണ്. സന്യാസിമാർ ദിവസേന സ്വന്തം ഗുരുപരമ്പരയുടെ നാമം ചൊല്ലും. പുഷ്പാഞ്ജലിയെന്നാണ് ഇതിനുപേർ. ഈ പ്രകരണത്തിൽ ശ്രീശങ്കരന്റെ ശിഷ്യന്മാർ വാണിരുന്ന മഠങ്ങളെപ്പറ്റി പറയുന്നിടത്ത് ശാരദാമഠത്തെപ്പറ്റിയും പറയുന്നുണ്ട്. അവിടുത്തെ വംശാവലിയെപ്പറ്റി 'ശ്രീശാരദാപീഠവംശാനുമാത്യകാ' എന്ന പേരിൽ ഭവനഗറിലെ സരസ്വതീ മുദ്രാണാലയത്തിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്ത പുസ്തകത്തിൽനിന്ന് പ്രസക്തമായ ഭാഗം ഇവിടെ പകർത്തി, **തർജമയും എഴുതാം.**

'യുധിഷ്ഠിരശകേ 2631 വൈശാഖ ശുക്ല പഞ്ചമ്യാം ശ്രീമച്ഛങ്കരാവതാരഃ 2636 ചൈത്ര ശുക്ലനവമ്യാമുപനയനമ്. 2639 കാർത്തിക ശുക്ലൈകാദശ്യാം ചതുർഥാശ്രമസ്വീകാരഃ 2640 ഫാൽഗുനശുക്ല ദ്വിതീയായാം

ശ്രീമദ് ഗോവിന്ദ ഭഗവത് പാദാചാര്യാണാം സകാശാദു പദേശഃ തത ആരഭ്യ 2646 ജ്യേഷ്ഠവദ്യമാവാസ്യാപര്യന്തം ബദര്യാശ്രമേ ഷോഡശ ഭാഷ്യ പ്രണയനം ശ്രീനാരായണ പ്രതിഷ്ഠാ ജ്യോതിർമഠ നിർമാണം ച. 2647 കാർത്തികശു ക്ലാഷ്ടമ്യാം ശ്രീമദ് ബാദരായണാചാര്യൈഃ സഹവാരാണസ്യാം ബ്രഹ്മവിദ്യാ രഹസ്യ പ്രചാരഃ. സനന്ദനാചാര്യാണാമ് സമാ ശ്രയശ്ച. 2647 മാർഗ ശീർഷവദ്യ തൃതീയായാം ശ്രീമൺഡന മിശ്രൈഃ സാകം വാദാരംഭഃ 2648 ചൈത്രശുക്ലചതുർത്ഥ്യാം മൺഡന പരാജയഃ 2648 ചൈത്രശുക്ലഷഷ്ഠ്യാം സരസ്വത്യാ സഹ കലാ പ്രസങ്ഗഃ 2648 ചൈത്രവദ്യാഷ്ടമ്യാം അമരുക ശരീര പ്രവേശഃ കാർത്തികശുക്ല ത്രയോദശ്യാം നിജദേഹ പ്രവേശഃ 2648 കാർത്തികവദ്യപ്രതിപദി ഭാരതീ പരാജയഃ 2648 കാർത്തികവിദ്യ പ്രതിപദി വിയന്മാർഗേണ ബ്രഹ്മലോകം ഗച്ഛന്ത്യാ സ്തസ്യാഃ ചിന്താമണി മന്ത്രേണ ദ്വാരവത്യാമാകർഷ ണമ്. 2648 കാർത്തിക വദ്യ പഞ്ചമ്യാം തത്രതസ്യാഃ സ്ഥാപ നമ്. 2648 കാർത്തി വദ്യത്രയോ ദശീമാരഭ്യ ദശമീ പര്യന്തം ശാരദാമഠ നിർമാണം ബൗദ്ധാദി പരാജയഃ രുദ്ര മാലാകാ രേണ ഭഗവദാലയ നിർമാണമ്. യാദവേന്ദ്ര പ്രതിഷ്ഠാ. സിദ്ധേ ശ്വരാലയ പ്രതിഷ്ഠാപനം, ഭദ്രകാലീയന്ത്രൗദ്ധാരച്ച 2648 ഫാൽഗുന ശുക്ല നവമ്യാം വൈധവ്യ ഭിയാ പുനഃ കലാ ഷ്ടക രൂപേണാകാശമാർഗ മവലംബ്യബ്രഹ്മലോകം ഗച്ഛന്ത്യാ സ്തസ്യാസ്തോനൈവ മന്ത്രേണ ശൃംഗപുര്യാമാകർഷണമ്. മഠം നിർമായ തത്ര പുനസ്തസ്യാഃ സ്ഥാപനം ച. 2649 ചൈത്ര ശുക്ലപക്ഷ നവമ്യാം ശ്രീമന്മണ്ഡനമിശ്രസ്യോത്ത മാശ്രമഗ്രഹണമ്, സുരേശ്വരാചാര്യ ഇതി യോഗപട്ടശ്ച. 2649. മാർഗശീർഷ ശുക്ലദശമ്യാം സുധന്വനോരാജ്ഞം ശിഷ്യത്വേന സമാശ്രയഃ 2649 മാഘശുക്ലസപ്തമ്യാം ശ്രീമത്സുരേശ്വരംചാ ര്യാണാം ശാരദാപീഠാഭിഷേചനമ്. 2560 വൈശാഖ ശുക്ല തൃതീ യാമാരഭ്യ ദിഗ്വിജയ മഹോത്സവാരംഭഃ. തദന്തരാലേ ഹി 2653 ശ്രാവണശുക്ലസപ്തമ്യാം തഥാ ആശ്വിന ശുക്ലൈകാദശ്യാം ത്രോടക ഹസ്താമലകയോഃ സമാശ്രയഃ 2654 പൗഷശുക്ല പൗർണമാസ്യാം ഹസ്താമലകാചാര്യാണാം ശൃംഗപുര പീഠാ ഭിഷേചനമ്. തദ്ദിന ഏവ ത്രോടകാചാര്യാണാം ജ്യോതിർമഠാ ഭിഷേചന സങ്കേതഃ 2655 വൈശാഖ ശുക്ലദശമ്യാം ദിഗ്വിജ യാരാലേ പുരുഷോത്തമക്ഷേത്രം പ്രതി ഗമനമ്, തത്ര ദാരുമ യസ്യ ജഗദീശസ്യ പ്രതിഷ്ഠാപനം തത്ക്ഷേത്ര മര്യാദാ പ്രബ ന്ധഃ ഗോവർദ്ധന മ സ്ഥാപനമ്, പത്മാദാചാര്യാണാം തത് തത്പീഠാഭിഷേചനഞ്ച 2655 ഭാദ്രശുക്ല പൂർണിമാമാരഭ്യ 2662 പൗഷകൃഷ്ണാമാവാസ്യാ പര്യന്ത മവിച്ഛിന്ന ദിഗ്വിജയ മഹോ ത്സാഹോ ബൗദ്ധാദി ദാത്രിംശദുത്തരൈകസഹസ്ര മതാനാ മുപമർദനമ്. സുധന്വപ്രമുഖാൻ ഹി രാജ്ഞഃ പ്രതി സമ്യക് പ്രജാപാലനാദ്യാജ്ഞാപനമ്. അനാദിവർണാശ്രമ വിഹിത വൈദികധർമ മര്യാദാ വ്യാവസ്ഥാപനമ്. നിഖില യോഗ മാഹാത്മ്യ പ്രകടനമ്. അശേഷജനരഞ്ജനമ്. ഏവം ഭൂലോക സമുദ്ധാരഃ തതഃ കാശ്മീര മണ്ഡലേ ശാരദാ പീഠവാസഃ തദനു 2633 കാർത്തികശുക്ല പൂർണിമായാമശേഷജഗദുദ്ധാ രകാ ഭഗവന്തോ മഹേശ്വരാവതാരശ്രീമച്ഛങ്കര ഭഗവദ്പൂജ്യ പാദാഃ ബ്രഹ്മാദി ദേവതാഗണസമ്പ്രാർഥിതഃ സന്തോനിജദേ ഹേനൈവ വിമാനാരൂഢാഃ ശ്രീ കൈലാശംനിജധാമ പ്രാവി ശന്നിതി. തർജ്ജുമ – വെ=വെളുത്ത് (ശുക്ലപക്ഷം) ക= കറുത്ത (കൃഷ്ണപക്ഷം) 2631 യുധിഷ്ഠിരാബ്ദത്തിലെ വൈശാഖ മാസം വെ.പഞ്ചമിയിൽ ശ്രീമത് ശങ്കരാവതാരം. 2636 ചൈത്ര മാസം വെ. നവമിക്ക് ഉപനയനം. 2639 കാർത്തികമാസം വെ. ഏകാദശിക്ക് സന്യാസം. 2640 ഫാൽഗുനമാസം വെ. ദ്വിതീ യക്ക് ശ്രീ ഗോവിന്ദ ഭഗവത്പാദരിൽ നിന്ന് ഉപദേശം. അന്നു മുതൽ 2646 ജ്യോഷ്ഠ. ക. അമാവാസ്യ വരെ ബദിരകാശ്രമ ത്തിൽ 16 ഭാഷ്യങ്ങളുടെ രചന, നാരായണ സ്ഥാപനം, ജ്യോതിർമഠനിർമ്മാണം. 2647 കാർത്തികം വെ അഷ്ടമിക്ക് കാശിയിൽ ശ്രീ. ബാദരായണാചാര്യരുമായി ബ്രഹ്മവിദ്യാ രഹ സ്യവിചാരവും ശ്രീ സനന്ദനാചാര്യരുടെ പക്കൽ വാസവും. 2647 മാർഗശീർഷം ക. തൃതീയ്ക്ക് ശ്രീ. മണ്ഡനമിശ്രനുമായി വാദപ്രതിവാദാരംഭം. 2648 ചൈത്രം വെ. ചതുർഥിക്ക് മണ്ഡന മിശ്രന്റെ തോൽവി. ചൈത്രം വെ. ഷഷ്ഠിക്ക് മണ്ഡന മിശ്രന്റെ ഭാര്യയുമായി കാമകലാപര വിവാദം. ചൈത്രം വെ. അഷ്ടമിക്ക് അമരുകന്റെ ശരീരത്തിൽ പ്രവേശം. കാർത്തികം വെ. ത്രയോദശിക്ക് വീണ്ടും സ്വന്തം ശരീരത്തിൽ പ്രവേശം. 2648 കാർത്തികം ക. പ്രഥമയ്ക്ക് മണ്ഡനമിശ്രന്റെ പത്നി യുടെ പരാജയം. 2648 കാർത്തികം പ്രഥമയ്ക്ക് ആകാശ മാർഗേണ ബ്രഹ്മലോകത്തേക്കു പോയ മണ്ഡനമിശ്ര പത്നിയെ ചിന്താമണി മന്ത്രം വഴി ദ്വാരകയിലേക്ക് ആകർഷിച്ച് പഞ്ചമിനാളിൽ അവിടെ സ്ഥാപിക്കുന്നു. കാർത്തികം ക. ത്രയോദശി മുതൽ അടുത്ത ദശമിവരെ ശാര ദാമഠ നിർമാണം. ബൗദ്ധാദികളെ പരാജയപ്പെടുത്തൽ. രുദ്ര മാലി ഭഗവാന്റെ ക്ഷേത്രം നിർമ്മിച്ചു യാദവേന്ദ്രനെ (കൃഷ്ണ നെ) പ്രതിഷ്ഠിക്കുന്നു. സിദ്ധേശ്വര മന്ദിരസ്ഥാപനം, ഭദ്രകാ ളിയന്ത്രത്തിന്റെ ജീർണോദ്ധാരണം. ഫാൽഗുനം വെ. നവ മിക്ക് വൈധവ്യഭയത്താൽ വീണ്ടും കലാഷ്ടക ബലത്താൽ ആകാശ മാർഗേണ ബ്രഹ്മലോകത്തേക്കുപോയ മണ്ഡനപ ത്നിയെ അതേ മന്ത്രത്താൽ ആകർഷിച്ച്. ശൃംഗേരിയിൽ മഠ മുണ്ടാക്കി അതിൽ സ്ഥാപിക്കുന്നു. 2649 ചൈത്രം വെ. നവ മിക്ക് മൺഡന മിശ്രൻ സന്ന്യസിച്ച് സുരേശ്വരാചാര്യനാകു ന്നു. 2649. മാർഗശീർഷം വെ. ദശമിക്ക് സുധന്വാരാജാവ് ശിഷ്യത്വം സ്വീകരിക്കുന്നു. 2650 വൈശാഖം വെ. തൃതീയ മുതൽ ദിഗ്വിജയമഹോത്സവരാംഭം ഇതിനിടെ 2653 ശ്രാവണം വെ സപ്തമിക്കും ആശ്വിനം വെ. ഏകാദശിക്കും ത്രോടകൻ ഹസ്താമലകാചാര്യനെ ശൃംഗേരി മഠാധിപതിയായി അവരോ ധിക്കുന്നു. അന്നുതന്നെ ത്രോടകാചാര്യന്റെ ജ്യോതിർമഠത്തി ലേക്കുള്ള നിയോഗം. 2655 വൈശാഖം വെ. പഞ്ചമിയിൽ ദിഗ്വിജയത്തിന് പുരുഷോത്തമക്ഷേത്ര (ജഗന്നാഥപുരി)ത്തി ലേക്ക് യാത്ര. അവിടെ ജഗദീശ (ജഗന്നാഥൻ) ന്റെ തടിപ്ര തിമ സ്ഥാപിക്കുന്നു. അവിടുത്തെ നിത്യനിദാന ഏർപ്പാടു കൾ ഗോവർദ്ധനമഠം സ്ഥാപനം പത്മപാദാചാര്യരെ അധി പതിയായി അവരോധിക്കൽ. 2655 ഭാദ്രം വെ. പൗർണമി മുതൽ 2662 പൗഷം ക അമാവാസ്യ വരെ നിരന്തരം ദിഗ്വിജ യോത്സാഹം 1032 ബൗദ്ധാദി മതക്കാരെ ഖണ്ഡിക്കൽ. സുധ ന്വാവിനും മറ്റും രാജാക്കന്മാരും പ്രജാപാലനസംബന്ധിയായ സദുപദേശം. അനാദിയായ വർണാശ്രമ വിഹിതമായ വൈദി കധർമസ്ഥാപനം. യോഗത്തിന്റെ സമ്പൂർണ മഹത്വപ്രകടനം. പിന്നീട് കാശ്മീരിലെ ശാരദാ പീഠത്തിൽ വാസം. **2663 കാർത്തികം വെ. പൗർണമിക്ക് കൈലാസവാസം.** ഇതിൽനിന്ന് ശ്രീശങ്കരന്റെ ജന്മം 2631-ാം യുധിഷ്ഠിരാബ്ദ ത്തിലാണെന്നു തെളിയുന്നു. യുധിഷ്ഠിര സംവത്സരം കലി യുഗത്തിന് 38 വർഷം മുമ്പ് ആരംഭിച്ചു. ഇന്ന് കലിയുഗ ത്തിന്റെ 5088-ാം വർഷത്തിലെ രണ്ടാം ദിവസമാണ്. (1986 ഏപ്രിൽ 15, 1161 മേടം 2 ശകവർഷം 1908 ചൈത്രം 25 അഥവാ ക. ഷഷ്ഠി) ഇതനുസരിച്ച് ഈ തീയതിക്ക് യുധിഷ്ഠിരാബ്ദം 5126 ആയി. അതനുസരിച്ച് 2494 വർഷവും 11 മാസവും 1 ദിവസവും ശ്രീ ശങ്കരന്റെ ജനനത്തിനുശേഷം കഴിഞ്ഞിരി ക്കുന്നു. കാമകോടി പീഠത്തിലെ ഗുരു പരമ്പരയിൽ ശ്രീ ശങ്ക രന്റെ ജന്മം കലിവർഷം 2593ലെന്നാണ് കാണുന്നത്. ഇതി നോട് 38 കൂട്ടുമ്പോഴും 2631 യുധിഷ്ഠിരവർഷം കിട്ടും. രണ്ടും തമ്മിൽ വ്യത്യാസം ഇല്ല. സുധന്വാരാജാവിന്റെ പേരുകൾ ശക വർഷിത്തിലേതുതന്നെ. അവ മിക്കവാറും എല്ലാ കലണ്ടറു കളിലും കാണാം.



അദ്ദേഹത്തിന്റെ യുക്തികളും വളരെ പ്രബലമായിരുന്നു. ഇവരെ എങ്ങനെയകറ്റുമെന്നദ്ദേഹം ആലോചിച്ചു. ഉപദേശവും വാദപ്രതിവാദവുമാണ് ഇവരെ അകറ്റാനുള്ള മാർഗമെന്ന് നിശ്ചയിച്ചു. ഇങ്ങനെ നിശ്ചയിച്ചുകൊണ്ട് ഉജ്ജൈനീനഗരത്തിൽ വന്നു. അക്കാലത്ത് അവിടെ സുധന്വാരാജാവാണ് വാണിരുന്നത്. അദ്ദേഹം ജൈനഗ്രന്ഥങ്ങളും കുറച്ച് സംസ്കൃതവും പഠിച്ചിരുന്നു. അവിടെച്ചെന്ന് വേദോപദേശം ആരംഭിച്ചു. എന്നിട്ട് രാജാവിനെ കണ്ട് അപേക്ഷിച്ചു. **" അങ്ങ് സംസ്കൃതവും ജൈനഗ്രന്ഥങ്ങളും പഠിച്ചിട്ടുണ്ട്. ജൈനമതവിശ്വാസിയുമാണങ്ങ്. ഞാനും ജൈനപണ്ഡിതന്മാരുമായി വാദപ്രതിവാദത്തിന് അങ്ങ് ഏർപ്പാടു ചെയ്യണം. തോല്ക്കുന്നവർ ജയിക്കുന്നവരുടെ മതം സ്വീകരിക്കണമെന്നതായിരിക്കണം വ്യവസ്ഥ. അങ്ങും ജയിക്കുന്നവരുടെ മതം സ്വീകരിക്കണം. സുധന്വാ രാജാവ് ജൈനമതക്കാരനായിരുന്നെങ്കിലും സംസ്കൃതഗ്രന്ഥങ്ങൾ പഠിച്ചിരുന്നതിനാൽ ബുദ്ധിയിൽ സ്വല്പം അറിവിന്റെ പ്രകാശം ഉണ്ടായിരുന്നു. അതിനാൽ മനസ്സിൽ മൃഗിയത വളരെയൊന്നും വ്യാപിച്ചിരുന്നില്ല. വിദ്വാനാണെങ്കിൽ അയാൾ സത്യാസത്യ നിർണയം ചെയ്ത് സത്യത്തെ ഗ്രഹിക്കുകയും അസത്യത്തെ ത്യജിക്കുകയും ചെയ്യും. സുധന്വാ രാജാവിന് വലിയ വിദ്വാന്മാരായ ഉപദേഷ്ടാക്കളെ ലഭിച്ചിട്ടില്ലാതിരുന്നതുകൊണ്ട്, ഏതു സത്യം ഏത് അസത്യം എന്ന സന്ദേഹത്തിലായിരുന്നു. ശങ്കാരചാര്യരുടെ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹം വളരെ സന്തോഷത്തോടുകൂടി വാദപ്രതിവാദം നടത്തിച്ച് സത്യവും അസത്യവും നിശ്ചയമായും നിർണയിപ്പിക്കാമെന്നു പറഞ്ഞു.** ജൈനപണ്ഡിതന്മാരെ ദൂരദേശങ്ങളിൽ നിന്നു വരുത്തി യോഗം കൂട്ടി. അതിൽ ശങ്കരാചാര്യരുടേത് വേദമതവും ജൈനികളുടേത് വേദവിരുദ്ധമതവുമായിരുന്നു. അതായത് ശങ്കരാചാര്യരുടെ പക്ഷം വേദമത സ്ഥാപനവും ജൈനഖണ്ഡനവും ജൈനരുടേത് സ്വമതസ്ഥാപനവും വേദമതസൃഷ്ടിയുടെ കർത്താവായി അനാദിയായ ഒരു ഈശ്വരൻ ഇല്ലെന്നും ഈ ജഗത്തും ജീവനും അനാദിയാണെന്നും ഇവ രണ്ടിന്റെയും ഉത്പത്തിയോ നാശമോ ഒരിക്കലും സംഭവിക്കുന്നില്ലെന്നുമായിരുന്നു ജൈനികളുടെ മതം. ഇതിനു വിരുദ്ധമായി അനാദിയെന്നു സിദ്ധമായ പരമാത്മാവാണ് ജഗത്തിന്റെ കർത്താവ്. ജീവനും ജഗത്തും അസത്യമാണ്. എന്തെന്നാൽ ഈശ്വരൻ തന്റെ മായയാൽ ജഗത്തുണ്ടാക്കി, അവൻ തന്നെ സ്ഥിതിയും പ്രളയവും നടത്തുന്നു. ജീവനും പ്രപഞ്ചവും സ്വപ്നം പോലെ മിഥ്യയാണ്. ഈശ്വരൻ തന്നെ എല്ലാ രൂപങ്ങളുമെടുത്ത് ലീലയാടുന്നു. എന്ന മതമായിരുന്നു ശങ്കരാചാര്യരുടേത്. വളരെ നാളുകൾ ഈ ശാസ്ത്രാർത്ഥം തുടർന്നെങ്കിലും യുക്തികൊണ്ടും പ്രാമാണംകൊണ്ടും ജൈനികളുടെ മതം ഖണ്ഡിക്കപ്പെടുകയും ശങ്കരാചാര്യമതം അഖണ്ഡിതമായിരിക്കുകയും ചെയ്തു. അപ്പോൾ ആ ജൈന പണ്ഡിതന്മാരും സുധന്വാരാജാവും വേദമതം സ്വീകരിച്ച് ജൈനമതം വെടിഞ്ഞു. തുടർന്ന് വലിയ ഒച്ചപ്പാടും ബഹളവും ആയി. സുധന്വാരാജാവ് തന്റെ സ്നേഹിതരായ രാജാക്കന്മാർക്കെഴുതി ശങ്കരാചാര്യരെക്കൊണ്ട് ശാസ്ത്രാർത്ഥം നടത്തിച്ചു. ജൈനരുടെ പരാജയകാലമായിരുന്നതുകൊണ്ട് തോറ്റുകൊണ്ടേയിരുന്നു. പിന്നീട് ആര്യാവർത്തദേശമാകെ സഞ്ചരിക്കുന്നതിന് സുധന്വാ രാജാവ് ശങ്കരാചാര്യർക്ക് ആവശ്യമായ ഏർപ്പാടുകൾ ചെയ്തുകൊടുക്കുകയും ഭടന്മാരെയും കൂടെ അയയ്ക്കുകയും ചെയ്തു.

വൈദിക ധർമോദ്ധാരണം

അന്നുമുതൽ എല്ലാവരും യജ്ഞോപവീതം ധരിക്കാനും വേദങ്ങളുടെ പഠനപാഠനങ്ങൾ നടത്താനും തുടങ്ങി. പത്തുവർഷക്കാലത്തിനുള്ളിൽ ആര്യാവർത്ത ദേശത്തിലെങ്ങും സഞ്ചരിച്ച് ജൈനികളുടെ ഖണ്ഡനവും വേദങ്ങളുടെ മണ്ഡനവും ചെയ്തു ശങ്കരാചാര്യരുടെ കാലത്ത് നടന്ന ജൈനവിധ്വംസനത്തിന്റെ തെളിവാണ് ഇന്നു ഭൂമിയിൽ നിന്നു കണ്ടെത്തുന്ന ധ്വംസിതമായ ജൈനവിഗ്രഹങ്ങൾ. ഇവയെല്ലാം അദ്ദേഹത്തിന്റെ കാലത്ത് തകർത്തതാണ്. തകരാത്തവ കണ്ടെത്തുന്നുവെങ്കിൽ അവ ജൈനികൾ രക്ഷിക്കാൻ വേണ്ടി കുഴിച്ചിട്ടവയാണ്. ഇന്നും അങ്ങിങ്ങ് ഇവ കിട്ടാറുണ്ട്. ശങ്കാരാചാര്യർക്കുമുമ്പ് ശൈവമതവും അല്പംസ്വല്പ പ്രചാരം നേടിയിരുന്നു. അതിനേയും അദ്ദേഹം ഖണ്ഡിച്ചു. വാമമാർഗത്തേയും ഖണ്ഡിച്ചു. ▯ [41] അക്കാലത്ത് രാജ്യത്ത് അളവറ്റ ധനം ഉണ്ടായിരുന്നു. സ്വദേശഭക്തിയും ഉണ്ടായി

41. ഇതി വൈഷ്ണവ ശൈവ ശാക്തസൗരപ്രമുഖന്മാരെയെതിർത്തു കീഴടക്കി ദ്രുതമുജ്ജയിനീപുരം ഗമിച്ചാൻ ഭഗവാനത്ഭുതവാഗ്ലിലാസശാലീ. (ശ്രീശങ്കര ദിഗ്വിജയം 15.76 ശ്രീ. ടി. സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ തർജ്ജമ) ശ്രീശങ്കരൻ എതിർത്തു തോൽപിച്ച ശൈവമതത്തെയാണ് അദ്ദേഹത്തിന്റെ പിന്മുറക്കാരായ ശങ്കരാചാര്യന്മാർ പിന്തുടരുന്നതെന്നത് അത്യാശ്ചര്യകരം തന്നെ!

രുന്നു. ജൈനക്ഷേത്രങ്ങളൊന്നും ശങ്കരാചാര്യരോ സുധന്വാവോ തകർക്കാനനുവദിച്ചില്ല. അവയിൽ വേദപാഠശാലകൾ ആരംഭിക്കുകയായിരുന്നു ലക്ഷ്യം.

ശ്രീശങ്കരനു വിഷം നല്കുന്നു

വേദമതസ്ഥാപനം നടന്നു കഴിഞ്ഞപ്പോൾ വിദ്യാപ്രചാരണത്തിനു ശ്രമം തുടങ്ങി. അതിനിടയിൽ പുറമേ വേദമതക്കാരെന്നു നടിക്കുകയും അകമേ തികഞ്ഞ ജൈനരുമായ രണ്ടുപേർ വന്നു കൂടി. ഇവരെ ശങ്കരാചാര്യർ കണക്കറ്റു സ്നേഹിച്ചു. അവർ എന്തോ തീവ്രമായ വിഷവസ്തു ഭക്ഷിക്കാൻ കൊടുത്തതിന്റെ ഫലമായി[42] വിശപ്പ് മന്ദീഭവിച്ചു. പിന്നീട് ശരീരമാസകലം നീരും പരുക്കുകളും വന്ന്, ആറു മാസത്തിനകം ശരീരം ത്യജിച്ചു. അപ്പോൾ എല്ലാവരും നിരുത്സാഹികളായി. ഉണ്ടാകേണ്ടിയരുന്ന വിദ്യാപ്രചാരം ഉണ്ടായതുമില്ല. അദ്ദേഹം ഉണ്ടാക്കിയ ശാരീരികഭാഷ്യം മുതലായവ ശിഷ്യന്മാർ പ്രചരിപ്പിക്കാൻ തുടങ്ങി. അതായത് ജൈനന്മാരെ ഖണ്ഡിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ബ്രഹ്മം സത്യം, ജഗത്മിഥ്യ, ജീവബ്രഹ്മൈക്യം മുതലായവ ഉപദേശിച്ചുതുടങ്ങി. തെക്ക് ശൃംഗേരി, കിഴക്ക് ഭൂഗോവർദ്ധനം, വടക്ക് ജോഷി, ദ്വാരകയിൽ ശാരദാമഠം എന്നീ മഠങ്ങൾ സ്ഥാപിച്ച് ശ്രീശങ്കരശിഷ്യന്മാർ ഐശ്വര്യവാന്മാരായ മഠാധിപതികളാകയും സസുഖം വാഴ്ചയാരംഭിക്കുകയും ചെയ്തു. എന്തെന്നാൽ ശ്രീശങ്കരനു ശേഷം ശിഷ്യന്മാർക്ക് വലിയ ആദരവും ലഭിച്ചു തുടങ്ങി.

നവീനവേദാന്തം

ഇനി ചിന്തിക്കേണ്ടതുണ്ട്. ജീവൻ ബ്രഹ്മം എന്നിവ ഒന്നാണെന്നും ജഗത്മിഥ്യയാണെന്നുമുള്ളത് **ശങ്കരാചാര്യരുടെ സ്വന്തം മതമാണെങ്കിൽ അതത്ര നല്ല മതമല്ല. ജൈനികളെ ഖണ്ഡിക്കാൻ വേണ്ടി അത് സ്വീകരിച്ചതാണെങ്കിൽ നന്ന്।**[43]. നവീന വേദാന്തികളുടെ മതം ഇപ്രകാരമാണ്:-

ചോദ്യം:- ജഗത്ത് സ്വപ്നം പോലെയും, കയറിൽ സർപ്പം പോലെയും ചിപ്പിത്തോടിൽ വെള്ളിപോലെയും , മൃഗതൃഷ്ണയിൽ ജലം പോലെയും ഇന്ദ്രജാലത്തിൽ ഗന്ധർവനഗരം പോലെയും മിഥ്യയാണ്. ബ്രഹ്മം മാത്രമാണ് സത്യം.

സിദ്ധാന്തി- മിഥ്യയെന്ന് പറയുന്നതെന്തിനെയാണ്?

നവീനവേദാന്തി - ഇല്ലാത്ത വസ്തു ഉണ്ടെന്നു പ്രതീതമാകുന്നതിനെ

സി- ഇല്ലാത്തതാണ് വസ്തുവെങ്കിൽ അതെങ്ങനെ പ്രതീതമാകും?

ന. വേ.- അധ്യാരോപത്താൽ

സി- അധ്യാരോപം എന്നു പറയുന്നതെന്തിനെയാണ്?

ന. വേ:- വസ്തു ന്യവസ്ത്വാരോപണമധ്യാസഃ।[44] അധ്യാരോപാപവാദാഭ്യാം നിഷ്പ്രപഞ്ചം പ്രപഞ്ച്യതേ।[45]. വേറൊരു പദാർഥത്തിൽ ആ വസ്തുവിനെ ആരോപിക്കുന്നതാണ് അധ്യാസം. അധ്യാരോപം ചെയ്യലും അതിനെ നിരാകരിക്കലും അപവാദം എന്നു പറയപ്പെടുന്നു. ഇതു രണ്ടും കൊണ്ട് പ്രപഞ്ചരഹിതബ്രഹ്മത്തിൽ പ്രപഞ്ചരൂപിയായ ജഗത്ത് വിസ്തരിക്കപ്പെടുന്നു.

സി:- കയറ് വസ്തുവാണെന്നും സർപ്പം അവസ്തുവാണെന്നും കരുതുന്നതുകൊണ്ടാണ് നിങ്ങൾ ഈ വിഭ്രമത്തിൽ പെടുന്നത്. സർപ്പം വസ്തുവല്ലേ? അത് കയറിലില്ലെന്നാണ് പറയുന്നതെങ്കിൽ മറ്റെങ്ങാനും ഉണ്ടെന്നും മനസ്സിൽ അതിന്റെ സംസ്കാരം മാത്രമേ ഉള്ളന്നുമാണോ? എങ്കിൽ സർപ്പം അവസ്തു അല്ലാതായിരിക്കുന്നു. ഇവ്വണ്ണം തൂണിൽ മനുഷ്യൻ, ചിപ്പിത്തോടിൽ വെള്ളി മുതലായവയുടെ പ്രതീതിയെ അറിയണം. സ്വപ്നത്തിലും ഏതെല്ലാം വസ്തുക്കളുടെ പ്രതീതി ഉണ്ടാകുന്നുവോ അവയെല്ലാം വേറെവിടെയെങ്കിലും ഉണ്ട്. സംസ്കാരം ആത്മാവിലുണ്ട്. അതിനാൽ സ്വപ്നവും വസ്തുവിൽ അവസ്തുവിന്റെ ആരോപണത്തിനു സമാനമാകുന്നില്ല.

ന. വേ:- ഒരിക്കലും കാണാത്തതും കേൾക്കാത്തതും സംഭവിക്കാത്തതും സ്വപ്നത്തിൽ കാണുന്നു. തന്റെ ശിരസ്സ് പൊട്ടി, താൻ കരഞ്ഞുകൊണ്ടിരിക്കുന്നു. ജലധാര മുകളിലേക്കൊഴു

42. അഭിനിഷേവിതൻ, അഭിനിവേശൻ എന്നീ നാസ്തികർ കേദാരനാഥത്തിൽവച്ച് ശ്രീശങ്കരന് വിഷം നൽകി. (ഐതിഹാസിക നിരീക്ഷൺ ഭാഗം 2, ശങ്കരാചാര്യ പ്രകരണം).

43. ഈശ്വരനില്ല എന്ന ജൈനവാദത്തിന് എതിരായി ഈശ്വരനല്ലാതെ മറ്റൊന്നും ഇല്ല എന്ന വാദം കുറേ സ്വീകാര്യം. വിത്തു മുളച്ച് വളരുമ്പോൾ മുള്ളുവേലികെട്ടി സംരക്ഷിക്കുന്നതുപോലെ - എന്ന ന്യായസൂത്രം (4.2.50) അനുസരിച്ച്

44. വേദാന്തസാരം ഖണ്ഡം-6

45. അനുഭൂതിപ്രകാശം1-18



കുന്നു. ഇവയൊക്കെ എങ്ങനെ സത്യമാകും?

സി:- ഇപ്പറഞ്ഞ സിദ്ധാന്തവും നിങ്ങളുടെ പക്ഷം സ്ഥാപിക്കുന്നതല്ല. കാണുകയും കേൾക്കുകയും ചെയ്യാതെ സംസ്കാരം[46] ഉണ്ടാവുന്നില്ല. സംസ്കാരമില്ലാതെ സ്മൃതിയും, സ്മൃതിയില്ലാതെ സ്വപ്നത്തിൽ അനുഭവവും ഉണ്ടാവുകയില്ല. ആരുടെയെങ്കിലും തലപൊട്ടിയെന്നോ, അവന്റെ സഹോദരനോ പിതാവോ യുദ്ധത്തിൽ കരയുന്നുവെന്നോ ആരെങ്കിലും പറഞ്ഞു കേൾക്കുകയോ കാണുകയോ ധാരായന്ത്രത്തിൽ ജലം മുകളിലേക്കൊഴുകുന്നതു കാണുകയോ ചെയ്യുമ്പോൾ അതിന്റെ സംസ്കാരം അവന്റെ ആത്മാവിൽ ഉണ്ടാകുന്നു. ജാഗ്രദാവസ്ഥയിൽ ഉള്ള പദാർഥങ്ങളിൽ നിന്നകന്ന് സ്വപ്നം കാണുമ്പോൾ നേരത്തെ കണ്ടുതും കേട്ടതുമായ പദാർഥങ്ങളെ തന്റെ ആത്മാവിൽ കാണുന്നു. തന്നിൽത്തന്നെ കാണുമ്പോൾ സ്വന്തം ശിരസ്സ് പൊട്ടിയതോ താൻ കരയുന്നതോ, ജലം മുകളിലേക്കൊഴുകുന്നതോ കാണുന്നു. ഇതും വസ്തുവിൽ അവസ്തുവിന്റെ ആരോപണത്തിനു സദൃശ്യമല്ല. ഭൂപടം വരയ്ക്കുന്നയാൾ നേരത്തെ കണ്ടതും കേട്ടതുമായവയെ ആത്മാവിൽ നിന്നെടുത്ത് കടലാസ്സിൽ പകർത്തുന്നതുപോലെയാണിത്. ചിത്രമെഴുതുന്നയാൾ ദൃശ്യംകണ്ട് മനസ്സിലാക്കി ആ ആകൃതി പകർത്തുന്നതുപോലെയാണെന്നും പറയാം, ങ്ഹാ! ഒന്നുണ്ട്. വല്ലപ്പോഴും സ്വപ്നത്തിൽ സ്മരണയുള്ളതെന്ന പ്രതീതി. തന്റെ അധ്യാപകനെ കാണുന്നു എന്നതുപോലെ ഉണ്ടായേക്കാം. ചിലപ്പോൾ വളരെക്കാലം കണ്ടതും കേട്ടതും ചെയ്തതുമായതിനെ കാണുകയാണെങ്കിൽത്തന്നെ ഇതു ഞാൻ കണ്ടതും കേട്ടതും ചെയ്തതുമാണ് എന്ന തോന്നൽ. ജാഗ്രത്തിൽ ഉണ്ടാകുന്നതുപോലെ വഴിപോലെ സ്വപ്നത്തിൽ ഉണ്ടാകുന്നില്ല. നോക്കൂ! ജന്മനാ അന്ധന് രൂപത്തിന്റെ സ്വപ്നം ഉണ്ടാവുകയേ ഇല്ല. അതിനാൽ നിങ്ങളുടെ അധ്യാസത്തിന്റെയും അധ്യാരോപത്തിന്റെയും ലക്ഷണം തെറ്റാണ്. അതുപോലെ വേദാന്തികളുടെ വിവർത്തവാദം അഥവാ കയറിൽ സർപ്പത്തെ തോന്നിക്കുന്നവണ്ണം ബ്രഹ്മത്തിൽ ജഗത്തിന്റെ പ്രതീതിയുണ്ടാകുന്നെന്ന വാദവും ശരിയല്ല.

ന. വേ:- അധിഷ്ഠാനമില്ലാതെ അധ്യസ്തത്തിന്റെ പ്രതീതിയുണ്ടാവുകയില്ല. കയറില്ലെങ്കിൽ സർപ്പത്തിന്റെ പ്രതീതിയുണ്ടാവുകയില്ല. കയറിൽ സർപ്പപ്രതീതി മൂന്നു കാലങ്ങളിലേക്കുമില്ല. വെളിച്ചവും ഇരുട്ടും കുറേശ്ശെ ഉള്ളപ്പോൾ അവിചാരിതമായി കയറുകഷണം കിടക്കുന്നതു കാണുമ്പോൾ ഇതു പാമ്പോ എന്നു സംശയിച്ച് ഭയന്നു വിറയ്ക്കുന്നു. വിളക്കുകൊണ്ടു വന്നു നോക്കിയാൽ സംശയവും ഭയവും മാറുന്നു. അതുപോലെ ബ്രഹ്മത്തില ജഗത്തിന്റെ മിഥ്യാപ്രതീതി ഉണ്ടായതിന് ബ്രഹ്മസാക്ഷാത്കാരം ഉണ്ടാകുമ്പോൾ നിവൃത്തിയും ബ്രഹ്മപ്രതീതിയും ഉണ്ടാകും. സർപ്പത്തിന്റെ പ്രതീതിയും നിവൃത്തിയും ഉണ്ടാകുന്നതുപോലെ.

സി:- ബ്രഹ്മത്തിൽ ജഗത്തിന്റെ പ്രതീതി ഉണ്ടായതാർക്ക്?

ന. വേ:- ജീവന്.

സി:- ജീവൻ എവിടുന്നുണ്ടായി?

ന. വേ:- അജ്ഞാനത്തിൽ നിന്ന്.

സി:- അജ്ഞാനം എവിടുന്നുണ്ടായി? എവിടിരിക്കുന്നു?

ന.വേ:- അജ്ഞാനം അനാദിയാണ്. ബ്രഹ്മത്തിലാണ് ഇരിക്കുന്നത്.

സി:- ബ്രഹ്മത്തിൽ ബ്രഹ്മത്തിന്റെ അജ്ഞാനമുണ്ടായോ അതോ, മറ്റു വല്ലതിന്റെയുമോ? ആ അജ്ഞാനം ഉണ്ടായതാർക്കാണ്?

ന. വേ:- ചിദാഭാസത്തിന്

സി:- ചിദാഭാസത്തിന്റെ സ്വരൂപമെന്താണ്?

ന. വേ:- ബ്രഹ്മം, ബ്രഹ്മത്തിന് ബ്രഹ്മത്തിന്റെ അജ്ഞാനം അതായത് തന്റെ സ്വരൂപത്തെ താൻ തന്നെ വിസ്മരിക്കുന്നു.

സി:- അങ്ങനെ മറക്കുന്നതിന്റെ നിമിത്തമെന്താണ്?

ന. വേ:- അവിദ്യ

സി:- അവിദ്യ സർവവ്യാപിയുടെയും സർവജ്ഞന്റെയും ഗുണമോ അതോ അല്പജ്ഞന്റെയോ?

ന. വേ:- അല്പജ്ഞന്റെ

സി:- അപ്പോൾ നിങ്ങളുടെ അഭിപ്രായത്തിൽ ഒരു അനന്ത സർവജ്ഞ ചൈതന്യത്തെ കൂടാതെ രണ്ടാമതൊരു ചേതനം ഉണ്ടോ ഇല്ലയോ? അല്പജ്ഞൻ എവിടെനിന്നു വന്നു? ആ അല്പജ്ഞൻ ചേതനനും, ബ്രഹ്മത്തിൽ നിന്നു ഭിന്നുമാണെന്ന്

46. സംസ്കാരം എന്നതിന് ഒരു വസ്തുവിനെ സംബന്ധിച്ച പ്രാഥമിക ജ്ഞാനം എന്നർഥം.

അംഗീകരിക്കുന്നതു ശരി തന്നെ. ഒരിടത്ത് ബ്രഹ്മത്തിന് സ്വന്തം സ്വരൂപത്തിന്റെ അജ്ഞാനം ഉണ്ടാകുമെങ്കിൽ അത് സർവത്ര വ്യാപിക്കാതിരിക്കുകയില്ല. ശരീരത്തിൽ ഒരിടത്ത് പരു വന്നാൽ അതന്റെ വേദന ശരീരാംഗങ്ങളെയെല്ലാം തളർത്തിക്കളയും. ഇതുപോലെ ബ്രഹ്മവും. ഒരിടത്ത് അജ്ഞാനിയും ക്ലേശയുക്തവുമായാൽസർവത്ര അജ്ഞാനപൂർണവും ക്ലേശയുക്തവുമായിത്തീരും.

ന.വേ:- ഇതെല്ലാം ഉപാധിയുടെ ധർമമാണ്. ബ്രഹ്മത്തിന്റേതല്ല.

സി:- ഉപാധി ജഡമോ ചേതനമോ? സത്യമോ അസത്യമോ?

ന. വേ:- അനിർവചനീയമാണ്. അതായത് അത് ജഡമോ ചേതനമോ സത്യമോ അസത്യമോ എന്നു പറയുക വയ്യ.

സി:- ഇപ്പറയുന്നത് **'വദതോ വ്യാഘാതഃ'**യ്ക്കു തുല്യമാണ്. എന്തെന്നാൽ അവിദ്യയെന്നു നിങ്ങൾ പറയുന്ന അത് ജഡമോ ചേതനമോ സത്യമോ അസത്യമോ എന്നു പറയുക വയ്യ. സ്വർണവും പിച്ചളയും കലർന്ന ലോഹം സ്വർണവ്യാപാരിയുടെ അടുത്തുകൊണ്ടുചെന്ന് ഇതു സ്വർണമോ പിച്ചളയോ എന്നു മാറ്റുരച്ചുനോക്കി പറയാൻ ആവശ്യപ്പെടുമ്പോൾ "ഇതു സ്വർണമല്ലെന്നും പിച്ചളയല്ലെന്നും പറയുക വയ്യ. രണ്ടുമുണ്ടിതിൽ" എന്നു പറയുന്നതുപോലെയാണിത്.

ന. വേ:- നോക്കൂ! ഘടാകാശം, മഠാകാശം, മേഘാകാശം എന്നിവ മഹദാകാശത്തിന് ഉപാധിയായിരിക്കുന്നതുപോലെ, അതായത് ഘടം, മഠം, മേഘാകാശം എന്നിവ ഉള്ളതിനാൽ ആകാശം വെവ്വേറെയാണെന്നു തോന്നുമെങ്കിലും എല്ലാം മഹദാകാശം തന്നെയാണല്ലോ. അങ്ങനെതന്നെ മായ, അവിദ്യ, സമഷ്ടി, വ്യഷ്ടി, അന്തഃകരണം എന്നീ ഉപാധികളാൽ അജ്ഞാനികൾക്ക് ബ്രഹ്മം വെവ്വേറെയാണെന്നു തോന്നുമെങ്കിലും വാസ്തവത്തിൽ ഒന്നുതന്നെയാണ്. ഈ പ്രമാണത്തിലെന്തു പറയുന്നെന്നു നോക്കൂ-

അഗ്നിര്യഥൈകോഭുവനം പ്രവിഷ്ടോ രൂപം രൂപം പ്രതിരൂപോ ബഭൂവ ഏകസ്തഥാ സർവ ഭൂതാന്തരാത്മാ രൂപം രൂപം പ്രതിരൂപോ ബഹിശ്ച [47].

നീണ്ടത്, വീതിയുള്ളത്, ഉരുണ്ടത്, ചെറിയത്, വലിയത് എന്നിങ്ങനെ ആകൃതിഭേദമുള്ള പദാർഥങ്ങളിൽ വ്യാപിക്കുന്ന അഗ്നിക്ക് അതാത് ആകൃതി ലഭിക്കുമെങ്കിലും അതൊന്നും അഗ്നിയുടെ ആകൃതിയല്ലാതിരിക്കുന്നതുപോലെ, സർവവ്യാപകനായ പരമാത്മാവ് അന്തഃകരണാദികളിൽ വ്യാപിച്ച് അന്തഃകരണാകൃതി കൈക്കൊള്ളുന്നെങ്കിലും അവയിൽ നിന്ന് ഭിന്നനായിരിക്കുന്നു.

സ:- നിങ്ങളീ പറയുന്നതും വെറുതെയാണ്. ഘടം, മഠം, മേഘം, ആകാശം എന്നിവ ഭിന്നങ്ങളാണെന്ന് വിചാരിക്കുന്നതുപോലെ കാരണ-കാര്യരൂപമായ ജഗത്ത്, ജീവൻ എന്നിവ ബ്രഹ്മത്തിൽ നിന്നും ബ്രഹ്മം ഇവയിൽ നിന്നും ഭിന്നമാണെന്നു ധരിച്ചുകൊള്ളുക.

ന. വേ:- അഗ്നി എല്ലാത്തിലും പ്രവേശിച്ച് അതാതിന്റെ അകൃതികൈക്കൊള്ളുന്നതുപോലെ കാണുന്നു. ഇതുപോലെ പരമാത്മാവും ജഡ ജീവാദികളിൽ വ്യാപിച്ച് ഓരോരോ ആകൃതി കൈക്കൊള്ളുന്നതായി അജ്ഞാനികൾക്കും തോന്നുന്നു. യഥാർഥത്തിൽ ബ്രഹ്മം ജഡവുമല്ല, ജീവനുമല്ല. സൂര്യൻ ഒന്നേയുള്ളെങ്കിലും ആയിരം നിറകുടങ്ങളിൽ ആയിരം പ്രതിബിംബം കാണാം. കുടമില്ലാതായാലോ, വെള്ളം ഒഴുകിപ്പരന്നാലോ സൂര്യൻ നശിക്കുകയോ, ഒഴുകിപ്പരക്കുകയോ ചെയ്യുന്നില്ല. അതുപോലെ അന്തഃകരണത്തിൽ ബ്രഹ്മത്തിന്റെ ആഭാസം-ചിദാഭാസം എന്നു പറയുന്നത്- പതിച്ചിരിക്കയാണ്. അന്തഃകരണമുള്ളിടത്തോളം കാലം ജീവനുമുണ്ട്. ജ്ഞാനംകൊണ്ട് അന്തഃകരണം നഷ്ടമാകുമ്പോൾ ജീവൻ ബ്രഹ്മസ്വരൂപമാകുന്നു. ഈ ചിദാഭാസത്തെ തനിക്ക് സ്വയം സിദ്ധമായ ബ്രഹ്മസ്വരൂപത്തിന്റെ അജ്ഞാനകാരണമായും, ഭോക്താവായും, സുഖിയും, ദുഃഖിയും, പാപിയും, പുണ്യവാനും ജനനമരണമുള്ളവനും ആയി ആരോപിക്കുന്നത്രയും കാലം സാംസാരിക ബന്ധത്തിൽ നിന്നു മുക്തനാകുന്നില്ല.

സി:- നിങ്ങളുടെ ഈ ഉദാഹരണവും അർഥമുള്ളതല്ല. എന്തെന്നാൽ, സൂര്യനും കുടത്തിനും ആകൃതിയുണ്ട്. സൂര്യൻ കുടത്തിൽ നിന്നും കുടം സൂര്യനിൽ നിന്നും ഭിന്നമാകയാലാണ് പ്രതിബിംബം ഉണ്ടാകുന്നത്. നിരാകാരങ്ങളാണെങ്കിൽ പ്രതിബിംബം ഉണ്ടാവുകയില്ല. പരമാത്മാവ് നിരാകാരനും ആകാശം പോലെ സർവവ്യാപിയുമാകയാൽ ഏതെങ്കിലും വസ്തു ബ്രഹ്മത്തിൽ നിന്നോ, ബ്രഹ്മം ഏതെങ്കിലും വസ്തുവിൽ നിന്നോ വേറി

47. കഠോപനിഷത് 5.9



ട്ടതാകാൻ വയ്യ. വ്യാപ്യ-വ്യാപക ബന്ധത്താൽ ഒന്നാകാനും വയ്യ. അതായത് അന്വയ-വ്യതിരേക ഭാവേന നോക്കുമ്പോൾ വ്യാപ്യ-വ്യാപകങ്ങൾ ഒന്നായും സദാ വെവ്വേറെയായും ഇരിക്കുന്നു. ഒന്നാണെങ്കിൽ, അതിൽ ഒരിക്കലും വ്യാപ്യ-വ്യാപകബന്ധം ഉണ്ടാവുകയേയില്ല. ഇത് ബൃഹദാരണ്യകത്തിലെ അന്തര്യാമീബ്രാഹ്മണത്തിൽ സ്പഷ്ടമായി എഴുതിയിട്ടുണ്ട്.[48] കൂടാതെ ബ്രഹ്മത്തിന്റെ 'ആഭാസവും' പ്രതിബിംബിക്കില്ല. ആകൃതിയില്ലാത്തതിനു പ്രതിബിംബം ഉണ്ടാവുക അസംഭവ്യമാണ്. അന്തഃകരണോപാധികൊണ്ട് ബ്രഹ്മത്തെ ജീവനായി കാണുകയാണെന്നാണെങ്കിൽ വെറും ബാലിശ വാക്കുകളാണിവ. അന്തഃകരണം ചലിക്കുന്നതും ഖണ്ഡവും , ബ്രഹ്മം അചലവും അഖണ്ഡവുമാണ്. നിങ്ങൾ ഇതിനുത്തരം പറയൂ:- **എവിടെയെല്ലാം അന്തഃകരണം പോകുമോ അവിടെയെല്ലാമുള്ള ബ്രഹ്മത്തെ അജ്ഞാനിയും, എവിടെയെല്ലാം വെടിയുമോ അവിടെയെല്ലാമുള്ള ബ്രഹ്മത്തെ ജ്ഞാനിയും ആക്കുകയില്ലേ?** പ്രകാശത്തിനടിയിലുള്ള കുടനീങ്ങുന്നതിനനുസരിച്ച് പ്രകാശം മായുകയും തെളിയുകയും ചെയ്യുന്നതുപോലെ അന്തഃകരണം പ്രതിക്ഷണം ബ്രഹ്മത്തെ ജ്ഞാനിയും അജ്ഞാനിയും ബദ്ധനും മുക്തനും ആക്കിക്കൊണ്ടിരിക്കും. അഖണ്ഡമായ ബ്രഹ്മത്തിന്റെ ഒരിടത്തുണ്ടാകുന്ന ആവരണശക്തി എല്ലായിടത്തും ഉണ്ടാകുന്നതിനാൽ ബ്രഹ്മം മുഴുവൻ അജ്ഞാനിയാകും. എന്തെന്നാൽ അത് ചേതനമാണ്, കൂടാതെ മഥുരയിൽ വച്ച് അന്തഃകരണത്തിലുള്ള ബ്രഹ്മം കണ്ട വസ്തുവിന്റെ ഓർമ അതേ അന്തഃകരണത്തിലുള്ള ബ്രഹ്മത്തിന് കാശിയിൽ വച്ച് ഉണ്ടാവുകയില്ല. **അന്യദൃഷ്ടമന്യോ ന സ്മരതി** എന്ന ന്യായത്താൽ ഒരുവൻ കണ്ടതിനെ മറ്റൊരുവന് ഓർമിക്കുക വയ്യ. മഥുരയിൽ കണ്ട ചിദാഭാസം കാശിയിൽ ഇല്ലല്ലോ മധുരയിലുള്ള അന്തഃകരണത്തിന് പ്രകാശമുണ്ടാക്കിയത് കാശിയിലെ ബ്രഹ്മമല്ല. ബ്രഹ്മമാണ് ജീവൻ. മറ്റൊന്നല്ല എന്നു വരികിൽ ജീവൻ സർവജ്ഞനായിരിക്കണം. ബ്രഹ്മത്തിന്റെ പ്രതിബിംബം വേറെയാണെങ്കിൽ പ്രതിഭിജ്ഞത -മുമ്പുകണ്ടതിന്റെയും കേട്ടതിന്റെയും അറിവ്- ആർക്കും ഉണ്ടാവുകയില്ല. ബ്രഹ്മം ഏകമായുകൊണ്ടാണ് സ്മരണയുണ്ടാകുന്നതെങ്കിൽ ഒരു സ്ഥലത്ത് അജ്ഞാനവും ദുഃഖവും ഉണ്ടായാൽ ബ്രഹ്മം മുഴുവനും അജ്ഞാനവും ദുഃഖവും ഉണ്ടാകണം. ഇത്തരം ഉദാഹരണങ്ങൾകൊണ്ട് നിത്യശുദ്ധബുദ്ധ മുക്ത സ്വഭാവിയായ ബ്രഹ്മത്തെ നിങ്ങൾ അശുദ്ധ-അജ്ഞാനബദ്ധാദി ദോഷങ്ങളുള്ളതാക്കിത്തീർത്തുകളഞ്ഞു. അഖണ്ഡത്തെ ഖണ്ഡങ്ങളാക്കുകയും ചെയ്തു.

ന. വേ:- നിരാകാരത്തിന്റെയും ആഭാസം ഉണ്ടാകുന്നു. കണ്ണാടിയിലും ജലത്തിലും ആകാശം പ്രതിഫലിക്കാറുണ്ട് നീലവർണത്തിലോ മറ്റുവിധത്തിലോ ഗംഭീരവും ഗഹനവുമായി കാണപ്പെടുന്നു. അതുപോലെ ബ്രഹ്മത്തിന്റെ ചിദാഭാസം എല്ലാ അന്തഃകരണത്തിലും പതിയുന്നു.

സി:- ആകാശത്തിന് രൂപമേ ഇല്ലാത്തതുകൊണ്ട്, അത് കണ്ണിനു വിഷയമല്ല. കാണുകയേ ഇല്ലാത്തതിനെ കണ്ണാടിയിലോ വെള്ളത്തിലോ മറ്റോ എങ്ങനെ കാണും? ഗംഭീരമായോ അഗാധമായോ കാണുന്ന വസ്തു സാകാരമാണ്. നിരാകാരമല്ല.

ന. വേ:- പിന്നെ, മുകളിൽ നീലിച്ചു കാണുന്നതും കണ്ണാടിയിലും ജലത്തിലും പ്രതിബിംബിക്കുന്നതും എന്തു വസ്തുവാണ്?

സി:- അത് ഭൂമിയിൽ നിന്നു പറന്നുയർന്ന വെള്ളം, മണ്ണ്, അഗ്നി, എന്നിവയുടെ ത്രസരേണുക്കളാണ്. മഴ ഉണ്ടാകുന്നിടത്ത് വെള്ളമില്ലെങ്കിൽ പിന്നെ എവിടുന്ന് മഴയുണ്ടാകും? അതിനാൽ അകലെയകലെ കൂടാരം പോലെ കാണുന്നതു ജലരാശിയാകുന്നു. മൂടൽ മഞ്ഞ് ദൂരെ നിന്നു നോക്കുമ്പോൾ വിരളമായും അങ്ങിങ്ങ് കൂട്ടം പോലെയും കാണുന്നതു പോലെയാണ്. ആകാശത്തിൽ വെള്ളം കാണപ്പെടുന്നത്.[49]

ന. വേ:- ഞങ്ങളുടെ രജ്ജു സർപ്പം, സ്വപ്നം തുടങ്ങിയ ദൃഷ്ടാന്തങ്ങൾ മിഥ്യയാണെന്നോ?

സി:- അല്ല, നിങ്ങളുടെ അറിവാണ് മിഥ്യയെന്നു നേരത്തെ പറഞ്ഞു.[50] ശരി, അജ്ഞാനം ആദ്യം ആർക്കാണുണ്ടാകുന്നതെന്നു പറയൂ.

ന. വേ:- ബ്രഹ്മത്തിന്.

സി:- ബ്രഹ്മം അല്പജ്ഞനോ സർവജ്ഞനോ?

ന. വേ:- സർവജ്ഞനുമല്ല. അല്പജ്ഞനുമല്ല. എന്തെന്നാൽ, സർവജ്ഞത്വവും ഉപാധി

48. ബൃഹദാരണ്യക ഉപനിഷത്ത് 3.7

49. പേജ് 369-ലും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

50 പേജ്.....

യോടു കൂടിയതിലേ ഉണ്ടാവുകയുള്ളൂ.

സി:- ഉപാധിയോടു കൂടിയവൻ ആരാണ്?

ന. വേ:- ബ്രഹ്മം

സി:- അപ്പോൾ ബ്രഹ്മം തന്നെയാണല്ലോ സർവജ്ഞനും അല്പജ്ഞനും ആയത്? അങ്ങനെയാണെങ്കിൽ സർവജ്ഞത്വവും അല്പജ്ഞത്വവും ബ്രഹ്മത്തിനില്ലെന്ന് നിങ്ങൾ നിഷേധിച്ചു പറഞ്ഞതെന്ത്? ഉപാധി വെറും കല്പിതം അഥവാ മിഥ്യയാണെങ്കിൽ ആ കല്പനയുടെ കർത്താവാര്?

ന. വേ:- ജീവൻ ബ്രഹ്മമോ മറ്റുവല്ലതുമോ?

സി:- മറ്റൊന്നാണ്. എന്തെന്നാൽ, ജീവൻ ബ്രഹ്മം തന്നെയെങ്കിൽ മിഥ്യാകല്പനയുടെ കർത്താവു ബ്രഹ്മം തന്നെയാണെന്നു വന്നുകൂടും. അങ്ങനെ വരാൻ വഴിയില്ല. ആരുടെ കല്പന മിഥ്യയാണോ അവൻ ഒരിക്കലും സത്യസ്വരൂപനായിരിക്കാനും തരമില്ല.

ന. വേ:- സത്യവും അസത്യവും മിഥ്യയാണെന്നു ഞങ്ങൾ വിചാരിക്കുന്നു. വാക്കുകൾ ഉരിയാടുന്നതും മിഥ്യതന്നെ.

സി:- നിങ്ങൾ കള്ളം പറയുന്നവരും സ്വീകരിക്കുന്നവരും ആണെങ്കിൽ എന്തുകൊണ്ട് കള്ളന്മാരല്ല?

ന. വേ:- വരട്ടെ! അസത്യവും സത്യവും നമ്മളിൽ തന്നെയാണു കല്പിതം. നാം രണ്ടിന്റെയും സാക്ഷിയും അധിഷ്ഠാനവുമാണ്.

സി:- നിങ്ങൾ സത്യത്തിന്റെയും അസത്യത്തിന്റെയും ആധാരമാണെങ്കിൽ, കള്ളനും സാക്ഷിയും ഒരാളായതു പോലെയായി. അതിനാൽ നിങ്ങൾ പ്രാമാണികരല്ല. സദാ സത്യം സ്വീകരിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണ് പ്രാമാണികൻ. നിങ്ങളുടെ വാക്ക് നിങ്ങൾ തന്നെ അസത്യമാക്കുമ്പോൾ നിങ്ങൾ തനിയെ മിഥ്യാവാദികളായിത്തീരുന്നു.

ന. വേ:- അനാദിയായ മായ ബ്രഹ്മത്തെ ആശ്രയിക്കുകയും, ബ്രഹ്മത്തെ ആവരണം ചെയ്യുന്നതുമായ മായയെ നിങ്ങളംഗീകരിക്കുന്നുവോ ഇല്ലയോ?

സി:- അംഗീകരിക്കുന്നില്ല. എന്തെന്നാൽ നിങ്ങൾ മായയ്ക്കർഥം പറയുന്നത്, **"ഇല്ലാത്ത വസ്തു വിളങ്ങുന്നത്"** എന്നാണല്ലോ. ഹൃദയക്കണ്ണു പൊട്ടിയവനേ ഇതംഗീകരിക്കാനാവൂ. ഇല്ലാത്ത വസ്തു ഉണ്ടെന്നു തോന്നുക തികച്ചും അസംഭവ്യമാണ്. വന്ധ്യയുടെ പുത്രന്റെ പ്രതിബിംബം ഒരിക്കലും ഉണ്ടാവില്ല. **"സന്മൂലാഃ സോമ്യേമാഃ പ്രജാഃ"**[51] തുടങ്ങിയ ഛാന്ദോഗ്യ വചനങ്ങൾക്കു വിരുദ്ധമാണീപ്പറയുന്നതെല്ലാം.

ന. വേ:- നിങ്ങളേക്കാൾ വിദ്വാന്മാരായ വസിഷ്ഠൻ, ശങ്കരാചാര്യർ തുടങ്ങി നിശ്ചലദാസൻ വരെയുള്ളവർ എഴുതിയതിനെ നിങ്ങൾ ഖണ്ഡിക്കുന്നുവോ? വസിഷ്ഠൻ, ശങ്കരാചാര്യർ നിശ്ചലദാസൻ തുടങ്ങിയവരാണ് ഏറെ പണ്ഡിതന്മാരെന്ന് ഞങ്ങൾക്കു തോന്നുന്നു.

സി:- നിങ്ങൾ വിദ്വാനോ അവിദ്വാനോ?

ന. വേ:- നമ്മളും ഒട്ടു വിദ്വാൻ തന്നെ.

സി:- എങ്കിൽ, വസിഷ്ഠൻ, ശങ്കരാചാര്യർ, നിശ്ചലദാസൻ എന്നിവരുടെ പക്ഷം നമ്മുടെ മുമ്പിൽ സമർഥിക്കുക. നമ്മൾ ഖണ്ഡനം ചെയ്യാം. ആരുടെ പക്ഷം സിദ്ധിക്കുന്നുവോ അത് ശ്രേഷ്ഠം. അവരുടേയും നിങ്ങളുടെയും വാദം അഖണ്ഡനീയമാണെങ്കിൽ, അവരുടെ വാദമുഖങ്ങൾകൊണ്ട് നമ്മുടേതിനെ എന്തുകൊണ്ടു ഖണ്ഡിക്കുന്നില്ല? അപ്പോഴല്ലേ നിങ്ങളുടെയും അവരുടെയും വാദം മാന്യമാവൂ?

ശങ്കരാചാര്യരും മറ്റും ജൈനികളെ ഖണ്ഡിക്കുന്നതിനുവേണ്ടിയാണ് ഈ മതം സ്വീകരിച്ചതെന്നനുമാനിക്കണം. ദേശകാലാനുസൃതമായി സ്വന്തം പക്ഷം സ്ഥാപിക്കുന്നതിനു വേണ്ടി സ്വാർഥികളായ വളരെ വിദ്വാന്മാർ സ്വന്തം ആത്മജ്ഞാനത്തിനു വിപരീതമായി പ്രവർത്തിക്കാറുണ്ടല്ലോ. കൂടാതെ ഈ കാര്യങ്ങളെ, അതായത് ജീവേശ്വരൈക്യം, ജഗന്മിഥ്യ തുടങ്ങിയവയെ സത്യംതന്നെയെന്നു അംഗീകരിച്ചിരുന്നെങ്കിൽ, അവരുടെ വാക്കുകൾ സത്യമാവുകയില്ലായിരുന്നു.

നിശ്ചലദാസന്റെ പാണ്ഡിത്യം

നിശ്ചലദാസന്റെ പാണ്ഡിത്യം നോക്കൂ. ഇങ്ങനെയാണ്. **'ജീവോ ബ്രഹ്മാഽഭിന്നശ്ചൈതന്യത്വാത്'** അദ്ദേഹം 'വൃത്തിപ്രഭാകരത്തിൽ' ജീവബ്രഹ്മൈക്യത്തിന്റെ അനുമാനം എഴുതുകയാണ്. ചേതനമാകയാൽ ജീവൻ ബ്രഹ്മത്തിൽ നിന്ന് അഭിന്നമാണ്. വളരെ അല്പജ്ഞനായ ആളിന്റെ പറച്ചിൽ പോലിരിക്കുന്നു. സാധർമ്യം ഉള്ളതുകൊണ്ടു മാത്രം രണ്ടു വസ്തുക്കൾ ഒന്നാണെന്നു വരുന്നില്ല. വൈധർമ്യം ഭേദകമാണ്. **'പൃഥിവീജലാഽഭിന്നാ ജഡത്വാത്'** ജഡമായതിനാൽ പൃഥിവിയും

51. 6.8.4.



ജലവും അഭിന്നമാണെന്ന് ആരെങ്കിലും പറഞ്ഞാൽ അതു ശരിയല്ല. അതേപോലെ നിശ്ചലദാസന്റെ അനുമാനത്തിനും അർഥമില്ല. അല്പത്വം, അല്പജ്ഞത, ഭ്രാന്തിമത്ത്വം മുതലായ ധർമങ്ങൾ ബ്രഹ്മത്തിൽ നിന്നു വിരുദ്ധമായി ജീവനിലും സർവഗത സർവജ്ഞത, നിർഭ്രാന്തിത്ത്വാദി വൈധർമ്യങ്ങൾ ബ്രഹ്മത്തിൽ ജീവനു വിരുദ്ധമായിട്ടുണ്ട്. അതിനാൽ ബ്രഹ്മവും ജീവനും ഭിന്നങ്ങളാണ്. ഗന്ധം, ദ്രവത്വം മുതലായ ഗുണങ്ങൾക്ക് വിരുദ്ധമാകയാൽ പൃഥിവിയും ജലവും ഒന്നല്ലാത്തതുപോലെ ജീവനും ബ്രഹ്മവും വൈധർമ്യങ്ങളുള്ളവയാകയാൽ ഒന്നായിരുന്നില്ല. അല്ല, ഒരിക്കലും ആവുകയുമില്ല. നിശ്ചലദാസനും മറ്റും എന്തു പാണ്ഡിത്യമുണ്ടായിരുന്നെന്ന് ഇതിൽ നിന്നു മനസ്സിലാക്കുക. **യോഗാവസിഷ്ഠം ഉണ്ടാക്കിയത് ആധുനികനായ ഏതോ വേദാന്തിയാണ്. വാല്മീകിയോ വസിഷ്ഠനോ ശ്രീരാമനോ അതുണ്ടാക്കുകയോ ചൊല്ലിക്കൊടുക്കുകയോ ചെയ്തിട്ടില്ല.** എന്തെന്നാൽ അവരെല്ലാം വേദാനുയായികളായിരുന്നു. വേദവിരുദ്ധമായി ഒന്നും രചിക്കുകയോ പറഞ്ഞുകേൾപ്പിക്കുകയോ ചെയ്യാൻ അവർക്കാവുകയില്ല.

ശാരീരിക സൂത്രങ്ങളിലും ഇല്ല

ചോദ്യം:- വ്യാസമഹർഷി രചിച്ചിട്ടുള്ള ശാരീരിക സൂത്രങ്ങളിലും ജീവബ്രഹ്മൈക്യം കാണുന്നില്ലെന്നാണോ? നോക്കൂ:- 1. സമ്പാദ്യാ ffവിർഭാവഃ സ്വേന ശബ്ദാദ്. 2. ബ്രാഹ്മണേ ജൈമിനി രുപന്യാസാദിഭ്യഃ 3. ചിതിതന്മാത്രേണ തദാത്മകത്വാദിത്യൗഡുലോമി 4. ഏവമപ്യുപന്യാസാത് പൂർവഭാവാദ വിരോധം ബാദരായണഃ 5. അത ഏവ ചാനന്യ ധിപതിഃ॥ [52]

അർഥം:-

1. ജീവൻ സ്വന്തം സ്വരൂപത്തെ പ്രാപിച്ച് പ്രകടമാകുന്നു. മുമ്പ് അത് ബ്രഹ്മസ്വരൂപമായിരുന്നു. സ്വഃ ശബ്ദത്തിൽ നിന്ന് ബ്രഹ്മരൂപം എന്നു ഗ്രഹിക്കണം. 2. അയാമാത്മാfപഹത പാത്മാ ഇത്യാദി ഉപന്യാസങ്ങളുള്ളതുകൊണ്ട് ഐശ്വര്യപ്രാപ്തി വരെയുള്ള ഹേതുക്കളാൽ ബ്രഹ്മരൂപത്തിൽ ജീവൻ സ്ഥിതി ചെയ്യുന്നു. എന്നാണ് ജൈമിനി ആചാര്യന്റെ മതം. 3. ബൃഹദാരണ്യകത്തിലെ തദാത്മകസ്വരൂപ നിരൂപണം മുതലായ ഹേതുരൂപ വചനങ്ങൾ നിമിത്തം, ചൈതന്യമാത്ര സ്വരൂപമായി ജീവൻ മുക്തിയിൽ സ്ഥിതി ചെയ്യുന്നുവെന്നാണ് ഔഡുലോമി ആചാര്യന്റെ മതം. 4. ഇപ്പറഞ്ഞ ഉപന്യാസം ഐശ്വര്യപ്രാപ്തി തുടങ്ങിയ ഹേതുക്കളെ മുൻനിർത്തി ജീവൻ ബ്രഹ്മ സ്വരൂപമാണെന്ന് പറയുന്നതിന് വിരോധമില്ലെന്ന് വ്യാസമഹർഷി വിചാരിക്കുന്നു. 5. യോഗി ഐശ്വര്യ സഹിതം സ്വന്തം ബ്രഹ്മരൂപത്തെ പ്രാപിച്ച് അന്യ അധിപതിയില്ലാതെ അതായത് താൻ താനായി സർവാധിപതി രൂപമായ ബ്രഹ്മരൂപത്തിൽ മുക്തിയിൽ സ്ഥിതിചെയ്യുന്നു.

ഉത്തരം:- ഈ സൂത്രങ്ങളുടെ അർഥം ഇങ്ങനെയല്ല. ശരിയായ അർഥം ഇപ്രകാരമാണ്. കേട്ടാലും 1. എല്ലാ മാലിന്യങ്ങളും ഇല്ലാതായി, സ്വന്തം സ്വകീയശുദ്ധസ്വരൂപത്തേയും പവിത്രതയേയും കൈവരിക്കുന്നതുവരെ ജീവന് യോഗത്തിൽ നിന്ന് ഐശ്വര്യത്തേയും അന്തര്യാമിയായ ബ്രഹ്മത്തെയും പ്രാപിച്ച് ആനന്ദത്തിൽ സ്ഥിതി ചെയ്യുവാൻ കഴിയുന്നതല്ല. 2. ഇങ്ങനെ പാപങ്ങളും മറ്റും ഇല്ലാത്ത ഐശ്വര്യയുക്തനായ യോഗിയായാൽ, അപ്പോൾ ബ്രഹ്മത്തോടു ചേർന്ന് മുക്തിയുടെ ആനന്ദം അനുഭവിക്കാം എന്ന് ജൈമിനി ആചാര്യൻ പറയുന്നു. 3. അവിദ്യ തുടങ്ങിയ ദോഷങ്ങളിൽ നിന്നു മുക്തമായി ചൈതന്യ സ്വരൂപത്തിൽ ജീവൻ സ്ഥിരമാകുമ്പോൾ **തദാത്മകത്വം** അഥവാ ബ്രഹ്മസ്വരൂപബന്ധം ലഭിക്കുന്നു എന്ന് ഔഡുലോമി ആചാര്യൻ പറയുന്നു. 4. ബ്രഹ്മത്തോടൊപ്പം ഐശ്വര്യവും ശുദ്ധജ്ഞാനവും പ്രാപിച്ച് ജീവിച്ചിരിക്കവേ തന്നെ ജീവന്മുക്തനാകുമ്പോൾ നിർമലമായ സ്വന്തം പൂർവരൂപം പ്രാപിച്ച് ആനന്ദിക്കാൻ കഴിയുന്നു എന്നാണ് വ്യാസമുനിയുടെ മതം.

യോഗിയുടെ സങ്കല്പം സത്യമാകുമ്പോൾ തനിയേ ഈശ്വരനെ പ്രാപിച്ച് മോക്ഷസുഖം അനുഭവിക്കുന്നു. അവിടെ സ്വന്തം അധീനത്തിൽ സ്വതന്ത്രനായി വർത്തിക്കുന്നു. ലോകത്തിൽ ഒരുവൻ പ്രധാനിയും മറ്റൊരാൾ അപ്രധാനിയുമായിരിക്കുന്നതുപോലെ മോക്ഷത്തിൽ ഇല്ല. എല്ലാ മുക്തജീവന്മാരും തുല്യരാണ്. അങ്ങനെയല്ലെങ്കിൽ ഇനി യെഴുതുന്ന സൂത്രങ്ങൾക്ക് എന്താണ് സാംഗത്യം? **1. നേതരേfനുപപത്തേഃ. 2. ഭേദവ്യപദേശാച്ച. 3. വിശേഷണഭേദവ്യപദേശ്യാഭ്യംനേതരൗ 4. അസ്മിന്നസ്യ ച തദ്യോഗം ശാസ്തി. 5. അന്ത**

52. വേ.ദ.4.4.1,5,6,7,9.

53. 1,2,4,5,6 എന്നിവ ക്രമത്തിൽ 1-ാം അധ്യായം 1-ാം പാദത്തിലെ 16, 17, 19, 20, 21 സൂത്രങ്ങളും 3, 7, 8, 9, 10 എന്നിവ 1-ാം അധ്യായം 2-ാം പാദത്തിലെ 22, 11, 3, 18, 20 സൂത്രങ്ങളുമാണ്.

സ്തദ്ധർമോപദേശാത്. 6. ഭേദവ്യപദേശാച്ചാന്യ: 7. ഗുഹാം പ്രവിഷ്ടാവാത്മാനൗ ഹി തദ്ദർശനാത്. 8. അനുപപത്തേസ്തു ന ശാരീരഃ. 9. അന്തര്യാമ്യധിദേവാദിഷുതദ്ധർമ വ്യപദേശാത്. 10. ശാരീരശ്ചോഭയേപി*f* ഹി ഭേദേനൈനമധീയതേ. (വ്യാസമുനികൃത വേദാന്തദർശന സൂത്രങ്ങൾ.) [53]

അർത്ഥം:- 1. ബ്രഹ്മത്തിൽ നിന്നു ഭിന്നമായ ജീവൻ സൃഷ്ടി കർത്താവല്ല. എന്തെന്നാൽ ഈ അല്പനും, അല്പജ്ഞനും, അല്പസമർഥനുമായ ജീവന് സൃഷ്ടി കർത്തൃത്വം യോജിക്കുന്നതല്ല. അതിനാൽ ജീവൻ ബ്രഹ്മമല്ല.

2. **രസം ഹ്യേവായം ലബ്ധ്വാനന്ദീഭവതി ഇത്** **ഉപനിഷദ്വചനമാണ്.** [54]ജീവനും ബ്രഹ്മവും ഭിന്നമാകയാൽ അവയുടെ വ്യത്യാസം പ്രദിപാദിച്ചിരിക്കുന്നു. അങ്ങനെയല്ലാത്തപക്ഷം 'രസം' അഥവാ ആനന്ദരൂപിയായ ബ്രഹ്മത്തെ പ്രാപിച്ച് ജീവൻ ആനന്ദ സ്വരൂപനായിത്തീരുന്നു എന്ന പ്രാപ്തി വിഷയമായ ബ്രഹ്മത്തിന്റെയും പ്രാപിക്കുന്നതായ ജീവന്റെയും പ്രതിപാദനം യോജിക്കുന്നതാവുകയില്ല. അതിനാൽ ജീവനും ബ്രഹ്മവും ഒന്നല്ല.

3. **ദിവ്യോ ഹ്യമൂർത്തഃപരുഷഃ സ ബാഹ്യാഭ്യന്തരോഹ്യജഃ അപ്രാണോ ഹ്യമനാഃശുഭ്രോക്ഷരോത് പരതഃപരഃ**(മുണ്ഡ.2.1.2) ദിവ്യവും. ശുദ്ധവും മൂർത്തമല്ലാത്തതും, സർവത്ര പൂർണവും അകവും പുറവും നിരന്തരം വ്യാപകവും ജന്മ മരണ ശരീര ധാരണാദി രഹിതവും, ശ്വാസപ്രശ്വാസം, ശരീരം, മനസ്സ് എന്നിവയോടുള്ള ബന്ധത്തിനതീതവും, പ്രകാശ സ്വരൂപവും എന്നിങ്ങനെയുള്ള പരമാത്മ വിശേഷണങ്ങളുള്ളതും, 'അക്ഷരം' അഥവാ നാശ രഹിതമായ പ്രകൃതിയേക്കാൾ സൂക്ഷ്മമായ ജീവനേക്കാൾ സൂക്ഷ്മവുമാണ് ബ്രഹ്മം. പ്രകൃതി, ജീവാത്മാക്കൾ എന്നിവയെ അപേക്ഷിച്ച് ബ്രഹ്മത്തിനെന്തു ഭേദമെന്ന പ്രതിപാദനം ഉള്ളതുകൊണ്ട് പ്രകൃതി, ജീവൻ എന്നിവയിൽ നിന്നു ഭിന്നമാണ് ബ്രഹ്മം.

4. ഈ സർവവ്യാപിയായ ബ്രഹ്മത്തിൽ ജീവന്റെ ചേർച്ച അഥവാ ജീവനിൽ ബ്രഹ്മത്തിന്റെ ചേർച്ച പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് ബ്രഹ്മവും ജീവനും ഭിന്നമാണ്. ചേർച്ച ഭിന്നവസ്തുക്കൾ തമ്മിലേ ഉണ്ടാകുവല്ലോ.

5. ഈ ബ്രഹ്മത്തിന്റെ ആന്തര്യാമിത്വം മുതലായ ധർമങ്ങളേപ്പറ്റി പറഞ്ഞു. ബ്രഹ്മം ജീവന്റെ അകമേയും വ്യാപിച്ചിരിക്കുന്നതിനാൽ വ്യാപ്യമായ ജീവനും വ്യാപകനായ ബ്രഹ്മവും ഭിന്നങ്ങളാണ്.

6. പരമാത്മാവ് ജീവനിൽനിന്ന് ഭിന്നസ്വരൂപിയായിരിക്കുന്നതുപോലെ ഇന്ദ്രിയങ്ങൾ, അന്തഃകരണം, പൃഥിവി മുതലായ ഭൂതങ്ങൾ, ദിക്ക്, വായു, സൂര്യൻ, മുതലായവ ദിവ്യഗുണയുക്തരായതിനാൽ ദേവസംജ്ഞയ്ക്കർഹരായ വിദ്വാന്മാർ മുതലായവരിൽ നിന്നും ഭിന്നനാകുന്നു.

7. **'ഗുഹാം പ്രവിഷ്ടൗ സുകൃതസ്യ ലോകേ'** തുടങ്ങിയ ഉപനിഷദ്വചനങ്ങളും ജീവനും ബ്രഹ്മവും വെവ്വേറെയാണെന്നു തെളിയിക്കുന്നു. ഉപനിഷത്തുകളിൽ വളരെ സ്ഥലങ്ങളിൽ ഈ അഭിപ്രായം എഴുതിയിട്ടുണ്ട്.

8. **ശരീരേഭവശാരീരഃ..** ശരീരധാരിയായ ജീവൻ ബ്രഹ്മമല്ല. എന്തെന്നാൽ ബ്രഹ്മത്തിന്റെ ഗുണകർമ സ്വഭാവങ്ങൾ ജീവന് ചേരുന്നവയല്ല.

9. **അധിദേവ**-എല്ലാ ദിവ്യവും, മനസ്സ് ഇന്ദ്രിയങ്ങൾ മുതലായ പദാർത്ഥങ്ങൾ അധിഭൂത-പൃഥിവീ മുതലായ ഭൂതങ്ങൾ, അധ്യാത്മ-സർവ ജീവാത്മാക്കൾ എന്നിവയിലെല്ലാം പരമാത്മാവ് അന്തര്യാമിയായി വർത്തിക്കുന്നു. എന്തെന്നാൽ ആ പരമാത്മാവിന്റെ വ്യാപകത്വം മുതലായ ഗുണങ്ങൾ എല്ലാ ഉപനിഷത്തുകളിലും വ്യാഖ്യാനിച്ചിരിക്കുന്നു.

10. ശരീരധാരിയായ ജീവൻ ബ്രഹ്മമല്ല. ബ്രഹ്മവും ജീവനും തമ്മിലുള്ള ഭേദം സ്വരൂപസിദ്ധമാണ്.

ഇങ്ങനെയുള്ള ശാരീരിക സൂത്രങ്ങളിൽ നിന്നും ജീവനും ബ്രഹ്മവും തമ്മിൽ സ്വരൂപ ഭേദം ഉണ്ടെന്നു സിദ്ധിക്കുന്നു. അതുപോലെ, വേദാന്തികളുടെ ഉപക്രമം ഉപസംഹാരം എന്നിവയും യുക്തമല്ല. ഉപക്രമം അഥവാ ആരംഭം ബ്രഹ്മത്തിൽ നിന്ന്, ഉപസംഹാരം അഥവാ പ്രളയവും ബ്രഹ്മത്തിൽ നിന്ന്. രണ്ടാമതൊരു വസ്തുവല്ലെങ്കിൽ ഉത്പത്തിയും പ്രളയവും ബ്രഹ്മത്തിന്റെ ധർമമായിത്തീരുന്നു. ഉത്പത്തി വിനാശങ്ങളില്ലാത്ത ബ്രഹ്മത്തെപ്പറ്റിയാണ് വേദാദി സത്യ ശാസ്ത്രങ്ങളിലെല്ലാം പ്രസ്താവിച്ചിട്ടുള്ളത്. അവ നവീന വേദാന്തികളെ പ്രകോപിപ്പിക്കും. നിർവികാരവും അപരിണാമിയും ശുദ്ധം, സനാതനം നിർഭ്രാന്തത്വം മുതലായ വിശേഷ ഗുണങ്ങളാൽ യുക്തനുമായ ബ്രഹ്മത്തിൽ വികാരം, ഉത്പത്തി, അജ്ഞാനം മുതലായവ ഒരു തരത്തിലും സംഭവ്യമല്ല. അതുപോലെ ഉപസംഹാരം - പ്രളയം- ഉണ്ടായാലും ബ്രഹ്മവും, കാരണാത്മകജഡ പ്രകൃ

54. തൈത്തരീയ ഉപനിഷത് ബ്രഹ്മാനന്ദവല്ലി 7.



തിയും, ജീവനും നിലനില്ക്കുന്നു. അതിനാൽ വേദാന്തികളുടെ ഉപക്രമ ഉപസംഹാര സങ്കല്പങ്ങളും അസത്യമാണ്. ശാസ്ത്രത്തിനും പ്രത്യക്ഷാദി പ്രമാണങ്ങൾക്കും വിരുദ്ധമായ ഒട്ടേറെ അശുദ്ധപ്രസ്താവങ്ങളിനിയും ഉണ്ട്.

വിക്രമാദിത്യനും ഭർത്തൃഹരിയും

ഇതിനുശേഷം ജൈനികളുടെയും കുറേയെല്ലാം ശങ്കരാചാര്യരുടെ അനുയായികളുടെയും ഉപദേശാധിഷ്ഠിതമായ സംസ്കാരം ആര്യാവർത്തത്തിൽ വ്യാപിച്ചു. ഇവർ തമ്മിൽ ഖണ്ഡനമണ്ഡനങ്ങളും നടന്നുപോന്നു.[55] ശങ്കരാചാര്യർക്കും മുന്നൂറു വർഷം പിമ്പ് ഉജ്ജൈനീ നഗരത്തിൽ വിക്രമാദിത്യനെന്നു പേരുള്ള പ്രതാപിയായ രാജാവ് വാണിരുന്നു. അദ്ദേഹം എല്ലാ രാജാക്കന്മാരും തമ്മിൽ അനുരഞ്ജനമുണ്ടാക്കി സമാധാനം സ്ഥാപിച്ചു. അതിനുശേഷം കാവ്യാദിശാസ്ത്രങ്ങളിലും മറ്റു വിഷയങ്ങളിലും സാമാന്യം പാണ്ഡിത്യമുള്ള ഭർതൃഹരി രാജാവ് ഉണ്ടായി. അദ്ദേഹം വിരക്തനായി രാജ്യം വെടിഞ്ഞു. വിക്രമാദിത്യനു ശേഷം അഞ്ഞൂറു വർഷം കഴിഞ്ഞ് ഭോജരാജാവുണ്ടായി.[56] ഇദ്ദേഹം കുറേ വ്യാകരണവും കാവ്യാലങ്കാരാദികളും പ്രചരിപ്പിച്ചതിന്റെ ഫലമായി ആട്ടിടയനായിരുന്ന കാളിദാസന് രഘുവംശം പോലുള്ള കാവ്യം രചിക്കാൻ കഴിഞ്ഞു.[57] ഭോജരാജാവിന്റെ പക്കൽ ആരെങ്കിലും നല്ല ശ്ലോകം ഉണ്ടാക്കിക്കൊണ്ടു ചെന്നാൽ വളരെ ധനവും മാന്യതയും നല്കി അവരെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇതിനു ശേഷമുണ്ടായ രാജാക്കന്മാരും പ്രഭുക്കന്മാരും പഠിത്തം പോലും ഉപേക്ഷിച്ചുകളഞ്ഞു.

ശങ്കരാചാര്യർക്കു ശേഷം, ശൈവം മുതലായ സമ്പ്രദായക്കാരുണ്ടായി. എന്നാൽ അവർക്ക് പ്രാബല്യം കിട്ടിയില്ല. വിക്രമാദിത്യന്റെ കാലം മുതൽക്ക് ശൈവർ പ്രബലരായിത്തുടങ്ങി. വാമമാർഗികൾക്കിടയിൽ ദശമഹാവിദ്യാദിശാഖക്കാരുണ്ടായതുപോലെ ശൈവർക്കിടയിലും പാശുപതം മുതലായ ശാഖക്കാരുണ്ടായി.

ശാങ്കരമതവും ശൈവമതവും

ആളുകൾ ശങ്കരാചാര്യരെ ശിവന്റെ അവതാരമായി കരുതി, അദ്ദേഹത്തിന്റെ അനുയായികളായ സംന്യാസിമാരും ശൈവമതം പിൻതുടർന്നു. വാമമാർഗികളേയും കൂടെ കൂട്ടി. വാമമാർഗികൾ ശിവപത്നിയായ ദേവിയുടെയും ശൈവർ ശിവന്റെയും ഉപാസകരായി. ഇരുവരും ഭസ്മവും രുദ്രാക്ഷവും ഇന്നും അണിയുന്നു. എന്നാൽ ശൈവർ വാമമാർഗികളുടെ അത്ര വേദവിരുദ്ധരല്ല.

രുദ്രാക്ഷധാരണം

1. ധിക് ധിക് കപാലം ഭസ്മരുദ്രാക്ഷവിഹീനം

2. രുദ്രാക്ഷാൻ കണ്ഠദേശേ ദശന പരിമിതാൻ മസ്തകേ വിംശതീദ്വേ, ഷട് ഷട് കർണപ്രദേശേ കരയുഗളഗതാൻ ദ്വാദശാൻ ദ്വാദശൈവ, ബാഹോരിന്ദ്രോഃ കലാഭിഃ പൃഥഗിതിഗദിത മേകമേവം ശിഖായാമ്,വക്ഷസ്യഷ്ടാധികം യഃ കലയതി ശതകം സ സ്വയം നീലകണ്ഠഃ॥[58]

ഇങ്ങനെയുള്ള വളരെയേറെ ശ്ലോകങ്ങളുണ്ടാക്കുകയും 1. നെറ്റിയിൽ ഭസ്മവും കഴുത്തിൽ രുദ്രാക്ഷവുമില്ലാത്തവർക്ക് അഹോ കഷ്ടം കഷ്ടം! തം തൃജേ ദന്ത്യജം യഥാ അവരെ ചണ്ഡാലതുല്യം വർജിക്കേണ്ടതാണ്. എന്നിങ്ങനെ പറയുകയും ചെയ്തു. 2. കഴുത്തിൽ 32 ശിരസ്സിൽ 40 കാതുകളിൽ 6 വീതം 12 വീതം കൈകളിൽ 1 ശിഖയിൽ നെഞ്ചത്ത് 108, എന്നിപ്രകാരം രുദ്രാക്ഷം ധരിക്കുന്നവൻ സാക്ഷാൽ നീലകണ്ഠൻ തന്നെ. ശാക്തരും ഇങ്ങനെതന്നെ വിശ്വസിക്കുന്നു.

പിന്നീട് ഈ വാമമാർഗികളും ശൈവരും ചേർന്ന് തീരുമാനിച്ച് ഭഗലിംഗം പ്രതിഷ്ഠിച്ചു. ഇതിന് ജലധാരിയെന്നും ലിംഗമെന്നും പേരുണ്ട്. ഇതിന്റെ പൂജയുമാരംഭിച്ചു. ഈ പാമര കർമം എന്തിനു ചെയ്യുന്നെന്നോർത്ത് ആ നാണം കെട്ടവർ തെല്ലുപോലും നാണിച്ചില്ല. **സ്വാർഥീ ദോഷം ന പശ്യതി॥**[59] സ്വാർഥ സിദ്ധിക്കുവേണ്ടി സ്വാർഥി

55. ബൗദ്ധരിൽ വസുബന്ധൻ, ദിങ്നാഗൻ, ഈശ്വരസേനൻ, ധർമകീർത്തി മുതലായവരും മറുഭാഗത്ത് ഉദ്യോതകരൻ, കുമാരില ഭട്ടൻ, വാചസ്പതിമിശ്രൻ തുടങ്ങിയവരും.
56. ഭോജനെന്നു പേരുള്ള പല രാജാക്കന്മാരും ഉണ്ടായിരുന്നു. ഇവിടെ പറയുന്ന ഭോജൻ വിക്രമാദിത്യന് ഏകദേശം 1000 വർഷം ശേഷം ഉണ്ടായ രാജാവാണ്.
57. ഇത് കിംവദന്തിയാണ്. രഘുവംശത്തിന്റെ കർത്താവായ കാളിദാസന്റെ ശരിയായ പേര് ഹരിഷേണൻ എന്നായിരുന്നു. സമുദ്രഗുപ്തന്റെ മന്ത്രിയായിരുന്നിദ്ദേഹം. ഭോജന്റെ കാലത്തുണ്ടായ. കാളിദാസൻ വേറെയാണ്. (കൃഷ്ണചരിത്രം).
58. രുദ്രാക്ഷജാബാല ഉപനിഷദ് 1-15. 16-ൽ ഓരോ അംഗത്തിലും എത്രയെത്ര രുദ്രാക്ഷം ധരിക്കണമെന്ന് എഴുതിയിരിക്കുന്നു.
59. അർഥീ ദോഷം നപശ്യതി (ചാണക്യനീതി)6.8.
60. മുസ്ലീങ്ങൾ

കൾ ദുഷ്കർമ്മം പോലും സല്ക്കർമ്മമാണെന്നു വാദിച്ച് തെറ്റിൽ ദോഷം കാണാതിരിക്കുമെന്ന് കവിവാക്യമുണ്ട്. ആ ശിലാപൂജയും ഭഗലിംഗപൂജയും എല്ലാ ധർമാർഥ-കാമ-മോക്ഷങ്ങളുടെയും സിദ്ധികാരണമായി അവർ കരുതി. ഭോജരാജാവിനു ശേഷം ജൈനികൾ അവരുടെ അമ്പലങ്ങളിൽ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും അതു കണ്ടു തൊഴുവാൻ ആരംഭിക്കുകയും ചെയ്തു. അപ്പോൾ ഈ പോപ്പന്മാരുടെ ശിഷ്യന്മാരും ജൈനക്ഷേത്രങ്ങളിൽ പോക്കുവരവു തുടങ്ങി. ഒരു വശത്ത് പശ്ചിമദേശത്തിലെ ചില മതക്കാരും യവന[60]ന്മാരും ആര്യവർത്തത്തിൽ വരാനും പോകാനും തുടങ്ങി. അപ്പോൾ പോപ്പന്മാർ നിർമ്മിച്ച ശ്ലോകമാണിത്.

ന വദേദ്യാവനീം ഭാഷാം പ്രാണൈഃ കണ്ഠ ഗതൈരപി, ഹസ്തിനാ താഡ്യ മാനോ*f*പി ന ഗച്ഛേ ജൈന മന്ദിരമ്॥ [61]

എത്രയേറെ ദുഃഖമുണ്ടായാലും ശരി, പ്രാണൻ കഴുത്തിൽ വന്നാലും ശരി അതായത് മരണം വന്നു വിളിച്ചാലും ശരി, യവനഭാഷ സംസാരിക്കയേ അരുത്. ഭ്രാന്തനാന കൊല്ലാൻ ഓടു വന്നാൽ ജൈനക്ഷേത്രത്തിൽ കയറി പ്രാണൻ രക്ഷിക്കാമെന്നുണ്ടെങ്കിൽ പോലും ജൈനക്ഷേത്രത്തിൽ കയറരുത്. ജൈനക്ഷേത്രത്തിൽ കയറി പ്രാണൻ രക്ഷിക്കുന്നതിലും നല്ലത് മദയാനയുടെ മുമ്പിൽ ചെന്ന് ചവിട്ടേറ്റു ചാകുന്നതാണ്. ഇങ്ങനെ സ്വശിഷ്യന്മാർക്കുപദേശം നൽകാൻ തുടങ്ങി. ഇതിന് ആരെങ്കിലും പ്രമാണങ്ങൾ ചോദിക്കുന്ന പക്ഷം-അതായത് നിങ്ങളുടെ മതത്തിൽ ഏതെങ്കിലും പ്രാമാണിക ഗ്രന്ഥമുണ്ടോ എന്നു ചോദിച്ചാൽ ങ്ഹാ! ഉണ്ട് എന്നുത്തരം പറയും. എവിടെയാണ് കാണിക്കൂ എന്നു പറഞ്ഞാൽ മാർക്കണ്ഡേയ പുരാണാദികളിലെ ശ്ലോകങ്ങൾ ചൊല്ലിക്കേൾപ്പിക്കും. ദുർഗ്ഗാനാമാവലിയിൽ ദേവിയുടെ വർണനം പോലെയാണിത്. ഭോജരാജാവിന്റെ രാജ്യത്ത് വ്യാസന്റെ പേരിൽ മാർക്കണ്ഡേയ പുരാണം ശിവപുരാണം എന്നിവ ഉണ്ടാക്കി പ്രചരിപ്പിച്ചു. ഇക്കാര്യം രാജാവിനറിവു കിട്ടിയപ്പോൾ ആ പണ്ഡിതന്മാർക്ക് കൈവെട്ടൽ തുടങ്ങിയ ശിക്ഷകൾ കൊടുത്തു. കാവ്യാദികളുണ്ടാക്കുന്നവർ അവരവരുടെ പേരിൽ ഉണ്ടാക്കിക്കൊള്ളണം ഋഷി മുനിമാരുടെ പേരിൽ ഉണ്ടാക്കരുത് എന്നു താക്കീതു കൊടുത്തു. ഇത് ഭോജരാജാവ് രചിച്ചതും ഗ്വാളിയോർ രാജ്യത്തിലെ ഭിണ്ഡ് നഗരത്തിലെ തിവാരി ബ്രാഹ്മണരുടെ വീട്ടിൽ ഉള്ളതുമായ സഞ്ജീവനി എന്ന ചരിത്ര ഗ്രന്ഥത്തിലുണ്ട്. ഇത് ലഖ്നൗയിലെ റാവു സാഹേബും നേരിട്ടു കണ്ടിട്ടുള്ളതാണ്.

മഹാഭാരതത്തിൽ കലർപ്പ്

അതിൽ സ്പഷ്ടമായി എഴുതിയിരിക്കുന്നു- വ്യാസമഹർഷി നാലായിരത്തിനാനൂറും അദ്ദേഹത്തിന്റെ ശിഷ്യന്മാർ അയ്യായിരത്തി അറുനൂറും ശ്ലോകങ്ങളെഴുതി ആകെ പതിനായിരം ശ്ലോകങ്ങളിലാണ് മഹാഭാരതം രചിച്ചത്. ഇത് വിക്രമാദിത്യ മഹാരാജാവിന്റെ - പിതാവിന്റെ സമയത്ത് ഇരുപത്തയ്യായിരവും ഞാൻ മധ്യവയസ്സിലെത്തിയിട്ടുള്ള ഇക്കാലത്ത് മുപ്പതിനായിരവും ശ്ലോകങ്ങളായിരിക്കുന്നു. ഇങ്ങനെ വളർന്നാൽ മഹാഭാരത പുസ്തകം ഒരു ഒട്ടകത്തിന്റെ ചുമടായിത്തീരും.॥ [62] **ഋഷി-മുനിമാരുടെ പേരും പറഞ്ഞ് പുരാണഗ്രന്ഥങ്ങളുണ്ടാക്കിയാൽ ആര്യാവർത്തത്തിലെ ജനങ്ങൾ മോഹജാലത്തിൽപെട്ട് വൈദിക ധർമ്മം വെടിഞ്ഞ് ഭ്രഷ്ടരാകും.** ഭോജരാജാവിന് ഒട്ടു വൈദികസംസ്കാരം ഉണ്ടായിരുന്നെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. ഇദ്ദേഹത്തെപ്പറ്റിയുള്ള ഭോജപ്രബന്ധത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:-

ഘടൈ്യകയാ ക്രോശദശൈകമശ്വഃ സുകൃത്രിമോ ഗച്ഛതിചാരുഗത്യാ വായു ദാതി വ്യജനം സുപുഷ്കലം, വിനാ മനുഷ്യേണ ചലത്യജസ്രമ്.॥ [63]

ഭോജരാജാവിന്റെ രാജ്യത്തിലും സമീപ രാജ്യങ്ങളിലും വളരെ പ്രഗത്ഭരായ ശില്പികളുണ്ടായി

61. 'ഗജൈരാ പീഡ്യാമനോ*f* പി' എന്ന പാഠഭേദത്തോടു കൂടി ഭവിഷ്യപുരാണം പ്രതിസർഗപർവം-3,3 28-53.

62. ഇത് സഞ്ജീവനി എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി എഴുതിയതാണ്. ഏകദേശം 2000 വർഷം മുമ്പു മുതലുള്ള ശിലാ ലേഖനങ്ങളിൽ മഹാഭാരതത്തിനെ പരാമർശിക്കുന്നത് 'ശതസഹസ്രീസംഹിതയാമ്' (1 ലക്ഷം ശ്ലോകം) എന്നാണ്. ഭാരത്വർഷ് കാ ബൃഹദ് ഇതിഹാസ (1) പണ്ഡിറ്റ് ഭഗവദത്ത്) അഷ്ടാധ്യായി 6.2 38 ൽ വ്യാസമുനിയുടെ ഭാരതം എന്നും വൈശമ്പായൻ, സൂതൻ, ഉഗ്രശ്രവസ്സ് എന്നിവർ വർദ്ധിപ്പിച്ച മഹാഭാരതം എന്ന ബൃഹദാകാര സൂചകമായ പൂർവപദപ്രകൃതിസ്വര വിധാനവും പാണിനി ചെയ്തിട്ടുണ്ട്.

63. ഈ ശ്ലോകം ഭോജപ്രബന്ധത്തിൽ കാണുന്നില്ല. ഭോജരാജാവു രചിച്ച 'സമരാങ്ഗണ സൂത്രധാര' എന്ന ഗ്രന്ഥത്തിലെ യന്ത്രാധ്യായത്തിൽ ഇങ്ങനെ അനേകം യന്ത്രങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയാവിധിയുണ്ട്, വിമാനമുൾപ്പടെ.



രുന്നു. അവർ കുതിരയുടെ ആകൃതിയിലുള്ള ഒരു വാഹനം യന്ത്രം ഘടിപ്പിച്ച് ഉണ്ടാക്കി. അത് ഒരു നാഴികയിൽ പതിനൊന്നും, ഒരു മണിക്കൂറിൽ ഇരുപത്തേഴരയും ക്രോശം (വിളിപ്പാട്) ദൂരം പോകുമായിരുന്നു. അത് ഭൂമിയിലും അന്തരീക്ഷത്തിലും സഞ്ചരിക്കുന്നതായിരുന്നു.വേറെ ഒരു പങ്കയും പണികഴിച്ചിരുന്നു. മനുഷ്യസഹായമില്ലാതെ യന്ത്രശക്തികൊണ്ട് ഇതു കറങ്ങുകയും ധാരാളം കാറ്റു നൽകുകയും ചെയ്തിരുന്നു. ഈ രണ്ടു സാധനങ്ങളും ഇന്നുണ്ടായിരുന്നെങ്കിൽ യൂറോപ്പുകാർ ഇത്രയേറെ ഞെളിയുകയില്ലായിരുന്നു.

പോപ്പന്മാർ തങ്ങളുടെ ശിഷ്യന്മാരെ ജൈനികളിൽ നിന്നകറ്റി നിർത്തിയെങ്കിലും ജൈന ക്ഷേത്രങ്ങളിൽ പോകുന്നതിൽ നിന്നോ അവരുടെ ഭജന കഥനാദികൾ കേൾക്കുന്നതിൽ നിന്നോ വിലക്കുവാൻ കഴിഞ്ഞില്ല. ജൈനികളുടെ പോപ്പന്മാർ പൗരാണികപോപ്പന്മാരുടെ ശിഷ്യന്മാരെ വശീകരിക്കാൻ തുടങ്ങി. അപ്പോൾ പൗരാണികപോപ്പന്മാർ തങ്ങളുടെ ശിഷ്യന്മാർ ജൈനരാകുന്നതു തടയുവാനുള്ള ഉപായം ചിന്തിച്ചു. ജൈനരേപ്പോലെ തങ്ങളും അവതാരങ്ങൾ. ക്ഷേത്രങ്ങൾ, വിഗ്രഹങ്ങൾ, കഥാപുസ്തകങ്ങൾ മുതലായവ ഉണ്ടാക്കണമെന്നു ചിന്തിച്ചുറച്ചു. ജൈനരുടെ ഇരുപത്തിനാലു തീർഥങ്കരന്മാരേപ്പോലെ ഇരുപത്തിനാല് അവതാരങ്ങൾ, ക്ഷേത്രങ്ങൾ, വിഗ്രഹങ്ങൾ മുതലായവ ഉണ്ടാക്കി. ജൈനരുടെ ആദി, ഉത്തരം മുതലായ പുരാണങ്ങളേപ്പോലെ പതിനെട്ടു പുരാണങ്ങൾ നിർമിച്ചു.

വൈഷ്ണവ മതാരംഭം

ഭോജരാജാവിനു ശേഷം നൂറ്റമ്പതു കൊല്ലം കഴിഞ്ഞ് വൈഷ്ണവമതം ആരംഭിച്ചു. [64] കഞ്ജര വർണത്തിൽ പിറന്ന ശഠകോപൻ[65] എന്നയാളാണിതിനാരംഭം കുറിച്ചത്. അതിനു ശേഷം തോട്ടി വർഗത്തിൽ പിറന്ന മുനിവാഹനനും, മൂന്നാമത് യവന കുലജാതനായ യൗവനാചാര്യനും ഈ മതത്തിന്റെ ആചാര്യന്മാരായി. നാലാമത് ബ്രഹ്മണകുലജാതനായ. രാമാനുജനുണ്ടായി. അദ്ദേഹം ഈ മതം വളരെ പ്രചരിപ്പിച്ചു.

പുരാണങ്ങളുടെ രചന

ശൈവർ ശിവപുരാണവും മറ്റും ഉണ്ടാക്കി. ശാക്തേയർ ദേവീഭാഗവതവും വൈഷ്ണവർ വിഷ്ണുപുരാണവും ഉണ്ടാക്കി. ആരും പ്രമാണമായി കരുതിയില്ലെങ്കിലോ എന്നു വിചാരിച്ച് സ്വന്തം പേരിൽ ഇവ ഉണ്ടാക്കിയില്ല. അതിനാൽ വ്യാസൻ മുതലായ ഋഷി-മുനിമാരുടെ പേരിലാണ് പുരാണങ്ങൾ രചിച്ചത്. നവീനമെന്നായിരുന്നു പുരാണമെന്നതിനു പകരം ഇവയ്ക്ക് വാസ്തവത്തിൽ പേരിടേണ്ടിയിരുന്നത്. എന്നാൽ ദരിദ്രൻ തന്റെ മകന് മഹാരാജാധിരാജൻ എന്നോ, പുതിയ സാധനത്തിന് സനാതനം എന്നോ പേരിടുന്നതു പോലെ ഇതിൽ ആശ്ചര്യമെന്തുള്ളൂ? ഇവർ തമ്മിൽ തല്ലുന്നതുപോലെ പുരാണങ്ങൾ തമ്മിലും കലഹമുണ്ട്.

ദേവീഭാഗവതം നോക്കൂ. ശ്രീയെന്നു പറയുന്ന ശ്രീപുരസ്വാമിനിയായ ഒരു സ്ത്രീദൈവം ഈ ജഗത്തെല്ലാം നിർമിച്ചു. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാരെയും അവർ തന്നെ രചിച്ചു. അ ദേവിക്ക് ഇച്ഛയുണ്ടായപ്പോൾ സ്വന്തം കൈകൾ തിരുമ്മി. കൈകളിൽ നിന്ന് ജ്വാലയുണ്ടായി. ജ്വാലയിൽ നിന്നു ബ്രഹ്മാവുണ്ടായി. 'നീയെന്നെ വിവാഹം കഴിക്കൂ' എന്നു ദേവി പറഞ്ഞു.' നീയെന്റെ അമ്മയാണ്, നിന്നെ എനിക്കു വിവാഹം ചെയ്യുവാൻ കഴിയല്ലല്ലോ' എന്നു ബ്രഹ്മാവു പറഞ്ഞതു കേട്ട് അമ്മ ക്രോധിച്ച് മകനെ ചുട്ടു കളഞ്ഞു. **വീണ്ടും കൈകൾ തിരുമ്മി. കൈകളിൽ നിന്ന് ജ്വാലയുണ്ടായി. നീയെന്നെ വിവാഹം കഴിക്കൂ എന്നു ദേവി പറഞ്ഞു. നീയെന്റെ അമ്മയാണ്, നിന്നെ എനിക്കു വിവാഹം ചെയ്യുവാൻ കഴിവില്ലല്ലോ എന്നു ബ്രഹ്മാവു പറഞ്ഞതു കേട്ടിട്ട് അമ്മ ക്രോധിച്ച് മകനെ ചുട്ടുകളഞ്ഞു.** വീണ്ടും കൈകൾ തിരുമ്മി രണ്ടാമത്തെ മകനെ ഉത്പാദിപ്പിച്ചു. അവന് വിഷ്ണുവെന്ന് പേരിട്ടു അവനോടും അപ്രകാരം പറഞ്ഞു. അവനും കേൾക്കായ്കയാൽ അവനേയും ഭസ്മമാക്കി. മൂന്നാമതും മകനെ ജനിപ്പിച്ചു. അവന് ശിവനെന്നു പേരിട്ടു. നീയെന്നെ വിവാഹം കഴിക്കൂ എന്ന് ആവശ്യപ്പെട്ടപ്പോൾ സാധ്യമല്ല, വേറൊരു സ്ത്രീയുടെ ശരീരം ധാരണം ചെയ്താലാവാം എന്നു ശിവൻ പറഞ്ഞു. ദേവി അങ്ങനെ ചെയ്തു. ഈ രണ്ടിടത്തും കാണുന്ന ചാരം എന്താണെന്ന് ശിവൻ ചോദിച്ചു. ഇതു നിന്റെ സഹോദരന്മാരാണെന്നും ഇവർ എന്റെ ആജ്ഞ പാലിച്ചില്ല അതിനാൽ ചാരമാക്കിക്കളഞ്ഞെന്നും ദേവി പറഞ്ഞു. ഞാൻ ഒറ്റയ്ക്കെന്തു ചെയ്യും?

64. ഭാഗവതമതം എന്ന പേരിൽ വൈഷ്ണവ സമ്പ്രദായം അതിപുരാണമാണ്. ഇക്കാലത്ത് അതിന്റെ പുനരുജ്ജീവനം ഉണ്ടായി എന്നർഥം.

65. കയറുപിരിക്കുന്ന വർഗമാണ് കഞ്ജരവർണം.

ഇവരെ ജീവിപ്പിക്കൂ. വേറെ രണ്ടു സ്ത്രീകളെയും ജനിപ്പിക്കൂ. മൂവരും മൂവരേയും വിവാഹം കഴിക്കും. എന്നായി ശിവൻ. ദേവി അങ്ങനെ ചെയ്തു. മൂവരേയും മൂവരും കല്യാണം കഴിച്ചു.

കാര്യം കൊള്ളാം. അമ്മയെ വേട്ടില്ല. സഹോദരിയെ വേട്ടു. ഇത് ഉചിതമാണെന്നു കരുതണോ? പിന്നീട് ഇവർ ഇന്ദ്രനേയും സൃഷ്ടിച്ചു. ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഇന്ദ്രൻ എന്നിവരെ ദേവി തന്റെ പല്ലക്കുചുമ്മികളാക്കി മാറ്റി. ഇപ്രകാരമുള്ള പുളുമാസുകൾ നീട്ടിപ്പരത്തി തോന്നുംപടി എഴുതിവച്ചിട്ടുണ്ട്. ദേവിയുടെ മാതാപിതാക്കളാരാണെന്നും ശ്രീപുരം ഉണ്ടാക്കിയതാരാണെന്നും ചോദിച്ചാൽ എന്തു പറയും? ദേവി അനാദിയാണെങ്കിൽ, സംയോഗജന്യമായ വസ്തു ഒരിക്കലും അനാദിയാവില്ലല്ലോ. മാതാവും മകനും തമ്മിൽ വിവാഹം ഭയപ്രദമാണെങ്കിൽ, സഹോദരീസഹോദരന്മാർ തമ്മിലുള്ള വിവാഹം എന്തു ഗുണപ്രദമാണ്?

ഈ ദേവീഭാഗവതത്തിൽ ശിവൻ, വിഷ്ണു, ബ്രഹ്മാവ് ആദിയായവരുടെ നിസ്സാരതയും എഴുതിയിരിക്കുന്നു. അതായത് ഇവരെല്ലാം ശിവന്റെ ദാസന്മാരും മഹാദേവൻ എല്ലാവരുടെയും ഈശ്വരനുമാണത്രേ!

ഭസ്മരുദ്രാക്ഷങ്ങൾ

രുദ്രാക്ഷം – മരത്തിന്റെ വിത്ത്– ഭസ്മം എന്നിവ ധരിക്കുന്നതുകൊണ്ട് മുക്തി കിട്ടുമെന്നു വിചാരിക്കുന്നെങ്കിൽ ചാരത്തിൽ കിടന്നുരുളുന്ന കഴുതയ്ക്കും കുന്നിക്കുരുമാല ധരിക്കുന്ന കാട്ടാളർ, പറയർ മുതലായവർക്കും മുക്തി ലഭിക്കില്ലേ? ഭസ്മത്തിൽ കിടന്നുരുളുന്ന പന്നി, നായ, കഴുത മുതലായവയ്ക്കും മുക്തി ലഭിക്കാത്തതെന്ത്?

ചോദ്യം:– കാലാഗ്നിരുദ്രോപനിഷത്തിൽ ഭസ്മം തൊടുവാനുള്ള വിധിയുണ്ട്.▯ [66] അതു കള്ളമാണോ? **ത്രായുഷം ജമദഗ്നേ ▯** [67] എന്ന യജുർവേദ വചനം മുതലായവയിൽ നിന്ന് ഭസ്മധാരണ വിധികൾ ലഭിക്കുന്നു. രുദ്രന്റെ കണ്ണിൽ നിന്നു വീണ കണ്ണീരിൽ നിന്ന് ഉണ്ടായ വൃക്ഷമാണ് രുദ്രാക്ഷമെന്നും അതിനാൽ അതു ധരിക്കുന്നത് പുണ്യമാണെന്നും പുരാണങ്ങളിലെഴുതിയിരിക്കുന്നു. അതിനാൽ അതു ധരിക്കുന്നത് പുണ്യമാണ്. രുദ്രാക്ഷം ധരിച്ചാൽ പാപമെല്ലാം വെടിഞ്ഞ് സ്വർഗത്തു പോകാം. അവന് യമനെയോ നരകത്തെയോ ഭയപ്പെടേണ്ടതില്ല.

ഉത്തരം:– കാലാഗ്നിരുദ്രോപനിഷത്ത് ഏതോ ഭസ്മധാരി എഴുതിയതാണ്. എന്തെന്നാൽ അതിലെ ▯ [68] **യാസ്യ പ്രഥമാ രേഖാ സാ ഭൂലോകഃ** മുതലായ വചനങ്ങൾ അനർഥകങ്ങളാണ്. ദിവസേന കൈകൊണ്ടു വരയ്ക്കുന്ന വര ഭൂലോകമോ അതിനെ കുറിക്കുന്നതോ ആകുന്നതെങ്ങനെ? കൂടാതെ, ത്രായുഷം ജമദഗ്നേ മുതലായ മന്ത്രങ്ങൾ ഭസ്മമോ ത്രിപുണ്ഡ്രമോ ധരിക്കുന്നതിനെപ്പറ്റിയുള്ളതല്ല. **ചക്ഷുർവൈ ജമദഗ്നിഃ** എന്ന് ശതപഥം▯ [69] ഈശ്വരാ! എന്റെ നേത്രജ്യോതി, ത്രായുഷം അഥവാ മൂന്നിരട്ടിയാകണം. മുന്നൂറു വർഷം നിലനിൽക്കണം. ഞാൻ കണ്ണുനശിക്കാതിരിക്കത്തക്കവണ്ണമുള്ള സത്പ്രവൃത്തികൾ ചെയ്യട്ടെ. എന്നർത്ഥം. കണ്ണുനീർ വീണ് വൃക്ഷം മുളയ്ക്കുകയെന്നത് എത്രയോ വിഡ്ഢിത്തമാണ്. ഈശ്വരന്റെ സൃഷ്ടിക്രമത്തെ ആർക്കാനും മാറ്റിമറിക്കാനാവുമോ? ഏതു വൃക്ഷത്തിന്റെ വിത്ത് ഈശ്വരനുണ്ടാക്കിയോ അതിൽ നിന്ന് ആ വൃക്ഷം മാത്രമേ ഉണ്ടാവൂ. മറ്റൊന്നുമുണ്ടാവില്ല.▯ [70] അതിനാൽ രുദ്രാക്ഷം, ഭസ്മം, തുളസി, താമരക്കായ്, പുല്ല്, ചന്ദനം, മുതലായവ കഴുത്തിലണിയുന്നത് കാട്ടുമനുഷ്യരെപ്പോലെ മൃഗതുല്യരായവർ മാത്രമാണ്.▯ [71]

ഇങ്ങനെ വാമമാർഗികളും ശൈവരുമായ അനേകം മിഥ്യാചാരക്കാരും വിരുദ്ധന്മാരും ചെയ്യേണ്ടതു ചെയ്യാത്തവരായി ഒട്ടുപേരുണ്ട് അവരിൽത്തന്നെ ശ്രേഷ്ഠന്മാരുണ്ട്. അവർ ഇതൊന്നും വിശ്വസിക്കാതെ സത്കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. രുദ്രാക്ഷവും ഭസ്മവും കണ്ടു യമധർമന്റെ ദൂതന്മാർ ഭയപ്പെടുമെങ്കിൽ പോലീസു

66. ഭസ്മത്രിപുണ്ഡ്രധാരണേ വിനിയോഗ. 67 അ. 3.മ. 62
68. യാസ്യപ്രഥമാരേഖാ സാ ഗാർഹപത്യ ശ്ചകാരോ രജോ ഭൂലോകഃ– കാലാഗ്നി രുദ്രോപനിഷത്ത്. ഇക്കാലത്തേതുപോലെ റഫറൻസ് ഗ്രന്ഥങ്ങൾ കൊണ്ടുനടക്കുവാനോ ഒരു സ്ഥലത്ത് സംഭരിച്ച് ഉപയോഗിക്കാനോ ഈ ഗ്രന്ഥം എഴുതുന്ന കാലത്ത് മഹർഷിക്ക് സൗകര്യമില്ലായിരുന്നു. എല്ലാം ഓർമ്മയിൽനിന്നു പകർത്തിയാതാകനേ വഴിയുള്ളൂ. ഒരു തവണയിൽ കവിഞ്ഞ് ഇവയൊന്നും വായിച്ചിരിക്കാനും ഇടയില്ല. തന്നിമിത്തം യഥാർത്ഥമായ പകർത്തിയെഴുത്ത് അത്തരം ഗ്രന്ഥങ്ങളുടെ കാര്യത്തിൽ ചെയ്തിരിക്കുകയുമില്ല. മഹർഷിയെ തിരുത്തുകയല്ല. അടിക്കുറിപ്പുകളുടെ ഉദ്ദേശ്യമെന്ന് താല്പര്യം.
69. ശതപഥം81.2.3
70. കണ്ണീരിൽനിന്നു വൃക്ഷമുണ്ടാവില്ലെന്നു താല്പര്യം.
71. സ്ത്രീപുരുഷന്മാർക്ക് സ്വർണ, രജ ആഭരണങ്ങളാവാമെന്ന് സംസ്ക്കാരവിധി, വിവാഹപ്രകരണം ആഭരണമാണ്, ആസ്തിയല്ല.



കാരും ഭയപ്പെടണമല്ലോ. രുദ്രാക്ഷവും ഭസ്മവും ധരിക്കുന്നവരെ കണ്ടാൽ പട്ടിയും സിംഹവും സർപ്പവും തേളും ഈച്ചയും കൊതുകും മറ്റും ഭയപ്പെടുന്നില്ലെങ്കിൽ ന്യായാധിപന്റെ-യമന്റെ- വർഗം ഭയപ്പെടുന്നതെന്തിന്?

വൈഷ്ണവ മതം

ചോദ്യം:- വാമമാർഗികളും ശൈവരും നല്ല വരല്ല. വൈഷ്ണവരോ? അവർ നല്ലവരല്ലേ?

ഉത്തരം:- ഇവരും വേദവിരുദ്ധരാകയാൽ മറ്റുള്ളവരേക്കാൾ ചീത്തയാണ്.

ചോദ്യം:- "നമസ്തേ രുദ്രമന്യവേ" "ശിവായ ച ശിവതരായച" "വൈഷ്ണവമസി" "വാമനായച ഗണാനാംത്വാ ഗണപതീങ് ഹവാമഹേ ഭഗവതീ ഹി ഭൂയാഃ, സൂര്യ ആത്മാ ജഗതസ്തസ്ഥുഷശ്ച"[72] മുതലായ വേദപ്രമാണങ്ങളാൽ ശൈവാദി മതങ്ങൾ സിദ്ധിക്കുന്നു. പിന്നെന്തിന് നിങ്ങൾ ഖണ്ഡനം ചെയ്യുന്നു.

ഉത്തരം:- ഈ വചനങ്ങളിൽ നിന്ന് ശൈവാദി മതങ്ങളുടെ സിദ്ധി ഉണ്ടാവുന്നില്ല. എന്തെന്നാൽ രുദ്രൻ എന്നത് ഈശ്വരൻ പ്രാണാദിവായു, ജീവൻ, ആഗ്നി മുതലായവയുടെ പേരാണ്. ക്രോധിക്കുന്ന രുദ്രന് അതായത് ദുഷ്ടന്മാരെ കരയിക്കുന്ന പരമാത്മാവിന് നമസ്കാരം. പ്രാണങ്ങൾക്ക് അഥവാ ജഠരാഗ്നിക്ക് അന്നദാനം ചെയ്യുക. **നമ ഇതി അന്നനാമ.** (നിഘണ്ടു 2, 7) നമ അന്നത്തിന്റെ പര്യായമാണെന്ന് നിഘണ്ടുവിലുണ്ട്. മംഗളപ്രദനായ, ലോകത്തിന് അത്യന്തം നന്മ ചെയ്യുന്ന ആ ശിവനെ പരമാത്മാവിനെ- നമസ്കരിക്കണം. **ശിവസ്യ പരമേശ്വരസ്യായം ഭക്തഃ ശൈവ** (ശിവന്റെ-ഈശ്വരന്റെ- ഭക്തനാണ് ശൈവൻ) **വിഷ്ണോഃ പരമാത്മനോऽയം ഭക്തോ വൈഷ്ണവഃ** (വിഷ്ണുവിന്റെ ഈശ്വരന്റെ-ഭക്തനാരോ അവനത്രേ വൈഷ്ണവൻ) **ഗണപതേഃ സകലജഗത്സ്വാമിനോऽയം സേവകോ ഗാണപതഃ** (സകല ജഗത്തിന്റേയും യജമാനനായ ഗണപതിയുടെ സേവകനത്രേ ഗാണപത്യൻ) **ഭഗവത്യാ വാണ്യാ അയം സേവകഃ ഭാഗവതഃ** (സത്യവാണിയായ ഭഗവതിയുടെ സേവകൻ ഭാഗവതൻ) **സൂരസ്യ ചരാചരാത്മനഃ അയം സേവകഃ സൗരഃ** (ചരാചരാത്മാവായ സൂര്യന്റെ - ജഗദീശ്വരന്റെ- സേവകനാണ് **സൗരൻ. രുദ്രൻ, ശിവൻ, വിഷ്ണു, ഗണപതി, സൂര്യൻ** എന്നീ പേരുകളെല്ലാം ഈശ്വരന്റേതും, ഭഗവതിയെന്നത് സത്യഭാഷണയുക്തമായ വാണിയുടെയും പേരാണ്. ഇതു മനസ്സിലാക്കാതെയാണ് ബഹളമുണ്ടാക്കുന്നത് ഉദാഹരണം പറയാം.

ഒരു സംന്യാസിക്ക് രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. ദിവസവും അവർ ഗുരുവിന്റെ കാലു തിരുമ്മിക്കൊടുക്കും. ഒരാൾ ഇടത്തേക്കാലും മറ്റേയാൾ വലത്തേക്കാലും തിരുമ്മുവാൻ പങ്കിട്ടെടുത്തു. ഒരു ദിവസം ശിഷ്യരിലൊരുവൻ അങ്ങാടിയിൽ പോയി. മറ്റേയാൾ താൻ ശുശ്രൂഷിക്കുന്ന കാല് തിരുമ്മിക്കൊണ്ടിരുന്നു. അപ്പോൾ ഗുരു തിരിഞ്ഞു കിടന്നു. അപ്പോൾ താൻ ശുശ്രൂഷിക്കുന്ന കാലിന്മേൽ മറ്റേക്കാൽ വന്നു വീണു. ശിഷ്യൻ വടിയെടുത്ത് ആ കാലിനെ പ്രഹരിച്ചു. എടാ ദുഷ്ടാ നിയെന്താണീ ചെയ്തത്? എന്ന് ഗുരു ചോദിച്ചു. "ഞാൻ ശുശ്രൂഷിക്കുന്ന കാലിൽ മറ്റേക്കാൽ എന്തിനു കയറിയിരുന്നു?" എന്നായി ശിഷ്യൻ. അപ്പോഴേക്കും മറ്റേ ശിഷ്യനും അങ്ങാടിയിൽ നിന്നു വന്നു. അയാൾ തന്റെ വക കാലിനെ ശുശ്രൂഷിക്കാൻ തിടങ്ങി. അതിൽ നീരുള്ളതുകണ്ട് "എന്റെ വകയായ ഈ കാലിനെന്തു പറ്റി?" എന്നു ചോദിച്ചു. ഉണ്ടായ സംഭവം ഗുരു പറഞ്ഞുകേൾപ്പിച്ചു. ആ മൂഢനും മിണ്ടാതെ അനങ്ങാതെ വടിയെടുത്ത് മറ്റേകാലിൽ പൊതിരെ തല്ലി. ഗുരു ഉറക്കെ നിലവിളിച്ചു. ശിഷ്യന്മാർ രണ്ടുപേരും വടിയെടുത്ത് രണ്ടുകാലുകളെയും പ്രഹരിക്കാൻ തിടങ്ങി. വലിയ ബഹളമായി. ആളുകൾ ഓടിക്കൂടി. സ്വാമിക്കെന്തു പറ്റിയെന്നവർ ചോദിച്ചു. ഏതോ ബുദ്ധിമാൻ സ്വാമിയെ രക്ഷിച്ച്, മൂഢന്മാരായ ശിഷ്യരെ ഉപദേശിച്ചു:- "രണ്ടുകാലും സ്വാമിയുടേതാണ്. രണ്ടിനും നിങ്ങളുടെ ശുശ്രൂഷ ഉണ്ടായപ്പോൾ സ്വാമിക്ക് സുഖം കിട്ടി. നോവിച്ചപ്പോൾ നൊന്തതും സ്വാമിക്കുതന്നെ".

ഗുരുശുശ്രൂഷയിൽ ശിഷ്യന്മാർ കാണിച്ച തമാശപോലെ, ഏകവും, അഖണ്ഡവും, സച്ചിദാനന്ദ സ്വരൂപവുമായ പരമാത്മാവിന്റെ വിവിധനാമങ്ങളായ വിഷ്ണു, രുദ്രൻ, മുതലായവയുടെ, ഒന്നാം സമുല്ലാസത്തിൽ വെളിവാക്കിയ സത്യാർഥങ്ങളെ മനസ്സിലാക്കാതെ ശാക്ത വൈഷ്ണവാദി മതക്കാർ പരസ്പരം നാമനിന്ദ ചെയ്യുന്നു. ഈ മന്ദബുദ്ധികൾ സ്വല്പമെങ്കിലും ബുദ്ധി വികസിപ്പിച്ച്, വിഷ്ണു, രുദ്രൻ, ശിവൻ മുത

72. ക്രമത്തിൽ യജ്ജു 16.1, 16, 41, 5.21, 16.30, 23, 19 അഥർവം 9.10 20 യജ്ജു 13.46

73. രാമാനുജപടല പദ്ധതി, പേജ് 7 അവിടെ സ്വല്പം വ്യത്യാസമുണ്ട്.

74. ഋ 9.83.1

ലായ നാമങ്ങൾ ഏകവും അദ്വിതീയവും സർവ നിയന്താവും സർവാന്തര്യാമിയും ആയ ജഗദീശ്വരന്റെ വിവിധ ഗുണകർമസ്വഭാവങ്ങളനുസരിച്ചുള്ള വയാണെന്ന് ചിന്തിക്കുന്നതേയില്ല. ഇങ്ങനെയുള്ള മൂഢന്മാരോട് ഈശ്വരൻ കോപിക്കുകയില്ലേ?

ചക്രാങ്കിതരുടെ കഥ

ഇനി ചക്രാങ്കിത വൈഷ്ണവരുടെ അത്ഭുത കഥ കേൾക്കുക:- താപഃ പുണ്ഡ്രം യഥാനാമ മാലാ മന്ത്രസ്തഥൈവച. അമീ ഹി പഞ്ചസംസ്ക്കാരാഃ പരമൈകാന്ത ഹേതവഃ॥ [73] **'അതപ്ത തനൂർന തദാമോ അശ്നുതേ'॥** [74] ഇതിശ്രുതേ.

അർഥം:- താപഃ= ശംഖ്, ചക്രം, ഗദ, പത്മം എന്നീ മുദ്രകൾ ചൂടു പഴുപ്പിച്ച് ഭുജമൂലങ്ങളിൽ അടയാളം കുത്തുന്നു. എന്നിട്ട് പാൽപ്പാത്രത്തിൽ മുക്കി ചൂടാറ്റുന്നു. ചിലർ ഈ പാൽ കുടിയ്ക്കുകയും ചെയ്യുന്നു. നോക്കൂ! മനുഷ്യ മാംസത്തിന്റെ സ്വാദ് ആ പാലിൽ കാണുമെന്ന് പ്രത്യക്ഷമാണല്ലോ. ഇങ്ങനെയെല്ലാമുള്ള കർമങ്ങൾ കൊണ്ട് ഈശ്വരപ്രാപ്തിയുണ്ടാകുമെന്ന് ആശിക്കുകയും ശംഖചക്രാദികൾ കൊണ്ട് കാച്ചിക്കുത്താതെ ജീവൻ ഈശ്വരനെ പ്രാപിക്കുകയില്ലെന്നു പറയുകയും ചെയ്യുന്നു. എന്തെന്നാൽ ചൂട്ടി കുത്താത്തവൻ ആമഃ അഥവാ പാകമാകാത്തവൻ ആണത്രേ. 'വില്ല'പോലുള്ള അടയാളങ്ങൾ കണ്ട് വില്ലാശിപായിയെന്നും മറ്റും രാജഭൃത്യരെ തിരിച്ചറിയുന്നതുപോലെ വിഷ്ണുവിന്റെ ആയുധങ്ങളായ ശംഖചക്രാദികളുടെ ചിഹ്നങ്ങൾ കണ്ട് യമധർമനും ഭടന്മാരും ഭയപ്പെയുമത്രേ. അവർ പറയുന്നു;-

ബാനാ ബഡാ ദയാൽ കാ തിലക് ഛാപ് ഔർ മാൽ യമ് ഡർപൈ കാലൂ കഹേ ഭൂയമാനേ ഭൂപാല്॥ [75]

ഭഗവാന്റെ അലങ്കാരമായ തിലകവും മുദ്രയും മാലയും ധരിക്കുന്നത് മഹത്വമാണ്. അതിനെ രാജാവും യമരാജാവും ഭയപ്പെടുന്നു എന്നർഥം.

താപ പുണ്ഡ്രാദികളുടെ വ്യാഖ്യാനം

പുണ്ഡ്രം=ത്രിശൂലം പോലെ നെറ്റിയിൽ മുഗ്ഗോപി വരയ്ക്കുന്നത്. നാമം=നാരായണദാസൻ, വിഷ്ണു ദാസൻ, മുതലായ ദാസനെന്ന വസാനിക്കുന്ന പേരിടുക. മാല=താമരക്കുരുമാല യണിയുക. മന്ത്രം=1. "ഓം നമോ നാരായണായ" ഇതിവർ സാധാരണക്കാർക്കുവേണ്ടി ഉണ്ടാക്കിവച്ച മന്ത്രമാണ്. കൂടാതെ, 2. ശ്രീമന്നാരായണചരണം ശരണം പ്രപദ്യേ. 3. ശ്രീമതേ നാരായണായ നമഃ 4. ശ്രീമതേരാമാനുജായ നമഃ ഇത്യാദി മന്ത്രങ്ങൾ ധനാഢ്യന്മാർക്കും മാന്യന്മാർക്കുമായി ഉണ്ടാക്കിവച്ചിട്ടുള്ളതാണ്. ഇതും ഒരു കച്ചവടമായിപ്പോയി! ചക്കിയ്ക്കൊത്ത ചങ്കരൻ!! ഈ അഞ്ച് സംസ്ക്കാരങ്ങൾ മുക്തികാരണമാണെന്ന് ചക്രാങ്കിതന്മാർ വിചാരിയ്ക്കുന്നു. ഈ മന്ത്രങ്ങളുടെ അർഥം ഇപ്രകാരമാണ്.

1. ഞാൻ നാരായണനെ നമസ്ക്കരിക്കുന്നു. 2. ലക്ഷ്മീസഹിതനായ നാരായണന്റെ തൃച്ചേവടികളെ ഞാൻ ശരണം പ്രാപിക്കുന്നു. 3. ശോഭനീയനായ നാരായണന് നമസ്ക്കാരം. 4. ശ്രീമാനായ രാമാനുജന് നമസ്ക്കാരം.

വാമമാർഗികൾക്ക് പഞ്ചമകാരങ്ങൾ എപ്രകാരമാണോ അപ്രകാരമാണ് ചക്രാങ്കിതർക്ക് പഞ്ച സംസ്ക്കാരങ്ങൾ. ശംഖചക്രങ്ങൾ ശരീരത്തിൽ കാച്ചിക്കുത്തുന്നതിന് പ്രമാണമാക്കിയ വേദ മന്ത്രത്തിന്റെ പാഠവും അർഥവും ഇപ്രകാരമാണ്.

1. പവിത്രം തേ വിതതം ബ്രഹ്മണസ്പതേ പ്രഭൂർഗാത്രാണി പര്യേഷി വിശ്വതഃ അതപ്ത തനൂർന തദാമോ അശ്നുതേ ശൃതാസ ഇദ്വഹന്തസ്തത്സമാശത.

2. തപോഷ്പവിത്രം വിതതം ദിവസ്പതേ. (ഋ 9.83.1.2)

ബ്രഹ്മാണ്ഡത്തെയും വേദത്തെയും പരിപാലിക്കുന്ന പ്രഭോ! സർവസാമർഥ്യയുക്തനും സർവശക്തിമാനും ആയ അങ്ങ് സ്വന്തം വ്യാപ്തിയാൽ സംസാരത്തിന്റെ സർവാവയങ്ങളിലും വ്യാപിച്ചിരിയ്ക്കുന്നു. അങ്ങയുടെ വ്യാപകവും പവിത്രവുമായ സ്വരൂപത്തെ ബ്രഹ്മചര്യം, സത്യഭാഷണം, ശമം, ദമം, യോഗാഭ്യാസം, ജിതേന്ദ്രിയത്വം, സത്സംഗം തുടങ്ങിയ തപശ്ചര്യകളില്ലാത്ത അന്തഃകരണത്തോടുകൂടിയ ആത്മാവ് പ്രാപിക്കുകയില്ല. അപ്പറഞ്ഞ തപസുകളാൽ ശുദ്ധമായവർ മാത്രമേ തപാചരണങ്ങളിലൂടെ അങ്ങയുടെ ശുദ്ധസ്വരൂപത്തെ ഭംഗിയായി പ്രാപിക്കുകയുള്ളൂ.

2. പ്രകാശസ്വരൂപനായ ഈശ്വരന്റെ സൃഷ്ടിയിൽ, വിസ്തൃതവും പവിത്രാചരണരൂപവും ആയ തപസ്സനുഷ്ഠിക്കുന്നവർ മാത്രമേ പരമാത്മാവിനെ പ്രാപിക്കുവാൻ യോഗ്യരാവുകയുള്ളൂ.

അതപ്തതനുവിന്റെ അർഥം

75. ദയാലുവായ ഈശ്വരന്റെ മഹാചിഹ്നങ്ങളാണ് തിലകവും മുദ്രയും മാലയും. യമനും ഭൂപാലനും അതുകണ്ട് ഭയപ്പെടുമെന്നതിൽ സംശയമില്ല. (ഭക്തമാല 6)



ഈ രാമാനുജീയരും മറ്റും ചക്രാങ്കിതരാകുവാനുള്ള അനുജ്ഞ എങ്ങനെയാണ് ഈ മന്ത്രത്തിൽ നിന്ന് സിദ്ധിക്കുന്നത്? അവർ വിദ്വാന്മാരായിരുന്നോ അതോ അവിദ്വാന്മാരോ? വിദ്വാന്മാരായിരുന്നെങ്കിൽ ഇല്ലാത്ത അർഥം എങ്ങനെയാണ് ഈ മന്ത്രത്തിനു പറയുന്നത്? അതപ്തതനുവെന്നല്ലാതെ അതപ്തഭുജൈകദേശഃ എന്നീ മന്ത്രത്തിലില്ലല്ലോ. കൂടാതെ അതപ്തതനുവിലെ തനുഃ എന്നതിന് നഖശിഖാന്തമുള്ള ശരീരാംശങ്ങളെല്ലാം എന്നാണർഥമെന്നും, അഗ്നികൊണ്ടു പൊള്ളിക്കലാണ് വിധിച്ചിരിക്കുന്നതെന്നും ചക്രാങ്കിതന്മാർ അംഗീകരിച്ചിട്ട്, അതിൻപടി അവരവരുടെ ശരീരത്തെ അടുപ്പിലിട്ട് ചുട്ടാലുംകൂടി അത് മന്ത്രാർഥത്തിനു വിരുദ്ധമാകുന്നു. മന്ത്രത്തിൽ സത്യഭാഷണാദി പവിത്രകർമങ്ങളെയാണ് തപസെന്നു പറഞ്ഞിരിക്കുന്നത്. **ഋതംതപഃ സത്യംതപോദമസ്തപഃ സ്വാധ്യായസ്തപഃ (തൈത്തിരീയം)** ॥ [76] മുതലായവയെയാണ് തപസെന്നു പറഞ്ഞിട്ടുള്ളത്. ഋതം തപ= യഥാർഥമായ പരിശുദ്ധി. സത്യം അംഗീകരിക്കുക, വാക്കിലും പ്രവൃത്തിയിലും സത്യസന്ധത, മനസിനെ അധർമത്തിലേക്കു പോകാനനുവദിക്കായ്ക, ഇന്ദ്രിയങ്ങളെ അന്യായകൃത്യങ്ങളിൽ പ്രവൃത്തമാക്കാതിരിക്കൽ മുതലായവയാണ് തപസ്. ശരീരം ഇന്ദ്രിയങ്ങൾ മനസ് എന്നിവയാൽ ശുഭകർമങ്ങൾ ആചരിക്കുക, വേദാദി സത്യവിദ്യകൾ പഠിക്കയും പഠിപ്പിക്കയും ചെയ്ക, വേദാനുസൃതം ആചരിക്കുക, മുതലായ ഉത്തമവും ധർമയുക്തവുമായ പ്രവൃത്തികളുടെ പേരാണ് തപസ്. ലോഹം പഴുപ്പിച്ച് തൊലിപൊള്ളിക്കുന്നത് തപസല്ല.

ചക്രാങ്കിതന്മാർ വലിയ വൈഷ്ണവരാണെന്ന് സ്വയം കരുതുന്നു. എന്നാൽ അവർ തങ്ങളുടെ പാരമ്പര്യം ദുഷ്കർമ്മങ്ങൾ എന്നിവയേപ്പറ്റി ചിന്തിക്കുന്നതേയില്ല. അവരുടെ ആദ്യഗുരുവായിരുന്ന ശഠകോപനെപ്പറ്റി **ഡൂമജാതിയിൽ*** പിറന്ന നാഭാദാസൻ രചിച്ച ഭക്തമാലയിൽ **"വിക്രീയ ശൂർപം വിചചാരയോഗീ"** ॥ [77] എന്നുണ്ട്. ഇങ്ങനെയുള്ള വചനങ്ങളാണ് ചക്രാങ്കിതരുടെ ഗ്രന്ഥങ്ങളിലുള്ളത്. ശഠകോപൻ മുറം മെടഞ്ഞു വില്ക്കുന്നയാളായിരുന്നു. അതായത് പറയകുലത്തിൽ പിറന്നവനായിരുന്നെന്നർഥം. ബ്രാഹ്മണരിൽ നിന്ന് പഠിക്കാൻ ആഗ്രഹിച്ചിരുന്നിരിക്കാം. ബ്രാഹ്മണർ അത് തിരസ്കരിച്ചിരിക്കാം. തുടർന്ന് ബ്രാഹ്മണർക്കു വിരുദ്ധമായി തിലകം ചക്രം മുതലായവ കൊണ്ട് പുതിയൊരു മതസമ്പ്രദായം ആരംഭിച്ചതാവാം. അദ്ദേഹത്തിന്റെ ശിഷ്യൻ മുനിവാഹനൻ ചണ്ഡാല വർണത്തിൽ പിറന്നയാളായിരുന്നു. ഇയാളുടെ ശിഷ്യൻ യാവനാചാര്യൻ യവനകുല ജാതനായിരുന്നു. ചിലർ ഈ പേരു പരിഷ്കരിച്ച് യാമുനാചാര്യൻ എന്നും പറയാറുണ്ട്. പിന്നീടാണ് ബ്രാഹ്മണ കുലജാതനായ രാമാനുജൻ ചക്രാങ്കിതനായത്.

രാമാനുജനും ശങ്കരാചാര്യരും

രാമാനുജനു മുമ്പ് ഏതാനും ഭാഷാഗ്രന്ഥങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഇദ്ദേഹം കുറച്ചു സംസ്കൃതം പഠിക്കയും സംസ്കൃതത്തിൽ ചില ശ്ലോകബദ്ധ ഗ്രന്ഥങ്ങളും ശാരീരിക സൂത്രം ഉപനിഷത്തുകൾ എന്നിവയ്ക്ക് ശങ്കരാചാര്യരുടെ ഭാഷ്യങ്ങൾക്കെതിരായ ഭാഷ്യങ്ങളും രചിക്കുകയുണ്ടായി. ശങ്കരാചാര്യരെ വളരെയേറെ നിന്ദിക്കുകയും ചെയ്തു. ശ്രീശങ്കരന്റെ മതമായ അദ്വൈതം, അതായത് **"ജീവനും ബ്രഹ്മവും ഒന്നുതന്നെയാണ്, മറ്റൊരു വസ്തുവും വാസ്തവത്തിൽ ഇല്ല, ജഗത്ത്, പ്രപഞ്ചം എല്ലാം മിഥ്യയും മായാരൂപവും അനിത്യവും ആണ്"** എന്നതിനെതിരായി രാമാനുജന്റെ മതം **"ജീവൻ ബ്രഹ്മം, മായ എന്നിവ മൂന്നും നിത്യമാണ്."** എന്നത്രേ. ബ്രഹ്മത്തിനു പുറമേ ജീവൻ, കാരണപ്രകൃതി എന്നിവയെ സ്വീകരിക്കാത്തതുകൊണ്ട് ശങ്കരാചാര്യരുടെ മതം ശരിയല്ല. ഇക്കാര്യത്തിൽ രാമാനുജന്റെ മതവും-ജീവനും, മായയും സഹിതം ഈശ്വരൻ ഒന്നാണ് എന്ന വിശിഷ്ടാദ്വൈതം, ഇവ മൂന്നിനേയും സ്വീകരിക്കുകയും അദ്വൈതം പറയുകയും ചെയ്യുകയെന്നത്, തീർത്തും വ്യർത്ഥമാണ്. ഈശ്വരന്റെ അധീനത്തിലും തികച്ചും പാരതന്ത്ര്യത്തിലുമാണ്, ജീവൻ എന്നു കരുതുക, കഴുത്തിലും നെറ്റിയിലും തിലകമണിയുക, മാലയണിയുക വിഗ്രഹാരാധന നടത്തുക മുതലായവയോടുകൂടിയ പാമര മതപ്രചാരണം തുടങ്ങിയവ ചക്രാങ്കിത മതത്തിലുണ്ട്. ഈ ചക്രാങ്കിതരോളം വേദവിരോധികളല്ല ശാങ്കരമതക്കാർ.

വിഗ്രഹാരാധന

ചോദ്യം:-വിഗ്രഹരാധന എവിടുന്ന് തുടങ്ങി?

ഉത്തരം:- ജൈനികളിൽ നിന്ന്.

ചോദ്യം:- ജൈനികൾ എവിടുന്നു തുടങ്ങി?

76. ഋതം തപഃ സത്യം തപഃ ശ്രുതം തപഃ ശാന്തമ് എന്ന് തൈത്തീരീയ ആരണ്യകം 10.8 ൽ പാഠം.
77 ദിവ്യസൂരിചരിതം . സർഗം 2, ശ്ലോകം 52,
* ഒരവർണ വിഭാഗം

ഉത്തരം:- അവരുടെ അജ്ഞതയിൽ നിന്ന്.

ചോദ്യം:- ശാന്തവും ധ്യാനാവസ്ഥയിലിരിക്കുന്നതുമായ വിഗ്രഹത്തെ നോക്കിയിരുന്നാൽ അവനവനും അത്തരമൊരു അവസ്ഥാന്തരം വരുമെന്നാണ് ജൈനർ പറയുന്നത്.

ഉത്തരം:- ജീവൻ ചേതനവും വിഗ്രഹം ജഡവുമാണ്. വിഗ്രഹത്തേപ്പോലെ ജീവനും ജഡമാകുമെന്നോ? ഈ വിഗ്രഹാരാധന കേവലം പാമര മതമാണ്. ജൈനന്മാരാണ് ഇതു പ്രചരിപ്പിച്ചത്. അതിനാൽ ജൈനമതഖണ്ഡനം പന്ത്രണ്ടാം സമുല്ലാസത്തിൽ ചെയ്യുന്നതാണ്.

വൈഷ്ണവ - ജൈനഭേദം

ചോദ്യം:- വൈഷ്ണവരും മറ്റും വിഗ്രഹാരാധനയെ ജൈനരിൽ നിന്നനുകരിക്കുകയല്ല ചെയ്തത്. അവരുടെ വിഗ്രഹങ്ങൾ ജൈനരുടേതുപോലെയല്ല.

ഉത്തരം:- അതുശരിയാണ്. ജൈനമതക്കാരുടേതുപോലെ നിർമിച്ചിരുന്നെങ്കിൽ അവരും ജൈനരായിപ്പോയേനേ. അതിനാൽ ജൈനരുടേതിനു വിരുദ്ധമായി വിഗ്രഹങ്ങൾ പണിതു. ജൈനർക്കു വിരുദ്ധമായി ചെയ്യുകയായിരുന്നല്ലോ ഇവരുടെ പരിപാടി. ഇവർക്കു വിരുദ്ധമായി ചെയ്യുന്നത് ജൈനരുടേയും. വിരക്തമനുഷ്യരുടെ നഗ്നവും ധ്യാനാവസ്ഥിതവുമായ വിഗ്രഹങ്ങൾ ജൈനരുണ്ടാക്കിയപ്പോൾ അതിനു വിപരീതമായി വൈഷ്ണവരും മറ്റും യഥേഷ്ടം ശൃംഗാരികളായ സ്ത്രീകളോടുകൂടിയതും വർണപ്പൊലിമയുള്ളതും, രാഗഭോഗവിഷയാസക്തി സഹിതമായ ആകാരമുള്ളവരും ആയ പ്രതിമകൾ നില്കുകയോ ഇരിക്കുകയോ ചെയ്യുന്ന രൂപത്തിൽ നിർമിച്ചു. ജൈനന്മാരധികവും ശംഖുവിളി, മണിയടി, ചെണ്ടകൊട്ട്, മുതലായതൊന്നും ചെയ്യാറില്ല. വൈഷ്ണവാദികൾ ഇവകൊണ്ട് വലിയ കോലാഹലമുണ്ടാക്കുന്നു. ഇങ്ങനെയുള്ള ലീലകൾകൊണ്ടാണ് വൈഷ്ണവപോപ്പന്മാർ തങ്ങളുടെ ശിഷ്യന്മാരെ ജൈനരുടെ വലയിൽ നിന്നു വിടർത്തി സ്വന്തം വലയിൽ കുടുക്കിയിരിക്കുന്നത്. കൂടാതെ വ്യാസാദി മഹർഷിമാരുടെ പേരിൽ, കെട്ടുകഥകളും അസംഭവഗാഥകളും ചമച്ച് ഗ്രന്ഥങ്ങളാക്കി. ഇവയ്ക്ക് പുരാണമെന്നു പേരിട്ട് കഥാപ്രവചനവും ആരംഭിച്ചു.

കാപട്യവും ചതിയും

വിവിധ മായാജാലങ്ങൾ പ്രയോഗിക്കാനും അവർ മടിച്ചില്ല. ശിലാവിഗ്രഹങ്ങളുണ്ടാക്കി പർവതത്തിലോ കാട്ടിലോ ഒളിച്ചു വയ്ക്കുകയോ കുഴിച്ചിടുകയോ ചെയ്യും. എന്നിട്ട് ശിഷ്യന്മാരോട് വെളിപാടു പോലെ ഇങ്ങനെ പറയും:- രാത്രിയിൽ എനിക്കൊരു സ്വപ്നമുണ്ടായി. മഹാദേവൻ, പാർവ്വതി, രാധ, കൃഷ്ണൻ, സീത, രാമൻ, അല്ലെങ്കിൽ ലക്ഷ്മിയും നാരായണനും അഥവാ ഭൈരവൻ ഹനുമാൻ എന്നിവരിലാരുടെയെങ്കിലും പേരു പറഞ്ഞ്, "സ്വപ്നത്തിൽ അരുളിച്ചെയ്തു. ഞാൻ ഇന്നിടത്തുണ്ട്, എന്നെകൊണ്ടുവന്ന് അമ്പലം പണിത് പ്രതിഷ്ഠിക്കണം. നീ തന്നെ പൂജാരിയുമാകണം. എങ്കിൽ നിങ്ങളുടെ മനോവാഞ്ഛിതങ്ങളെല്ലാം നടക്കു. അപ്പോൾ മനക്കണ്ണു തുറക്കാത്തവരും മടിശ്ശീല തുറന്നവരുമായ ആളുകൾ പോപ്പിന്റെ ലീലകൾ കേട്ടപടി വിശ്വസിച്ച് എവിടെയാണ് വിഗ്രഹമെന്നു ചോദിക്കും. ഇന്ന പർവതത്തിലെന്നോ ഇന്ന കാട്ടിലെന്നോ പോപ്പ് പറയും. ഉടനേ അവർ ആ ചതിയന്റെ കൂടെ പുറപ്പെടും. ചെന്നു നോക്കുമ്പോൾ വിഗ്രഹം കണ്ട് ആശ്ചര്യപ്പെടും. പോപ്പിന്റെ കാല്ക്കൽ വീണ് നമസ്കരിച്ച് പറയുകയുണ്ടായി "ഈ ഭഗവാന്റെ അനുഗ്രഹം അങ്ങയിലുണ്ട്. അങ്ങ് ഭഗവാനെ എഴുന്നള്ളിച്ചുകൊണ്ടു പോയാട്ടെ. ഞങ്ങൾ അമ്പലം പണിതു തരാം. അവിടെ പ്രതിഷ്ഠിച്ച് അങ്ങു തന്നെ പൂജിച്ചാട്ടെ. ഞങ്ങളീ വിളിപ്പുറത്തു വരുന്ന ഭഗവാനെ കണ്ടും തൊട്ടും[78] മനോവാഞ്ഛിതങ്ങളായ ഫലങ്ങൾ നേടിക്കൊള്ളാം." ഇങ്ങനെ ഒരുവൻ ലീലകളാടിയപ്പോൾ അതുകണ്ട് മറ്റു പലരും വയറ്റുപിഴപ്പിനായി ചതിയിലും കാപട്യത്തിലൂടെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു.

വിഗ്രഹവും ഈശ്വരസ്മരണയും

ചോദ്യം:- ഈശ്വരൻ നിരാകാരനാണ്. അതിനാൽ ധ്യാനത്തിൽ കൊണ്ടുവരാൻ സാദ്ധ്യമല്ല. അതിനാൽ വിഗ്രഹം കൂടിയേ കഴിയൂ. മറ്റൊന്നും ചെയ്യുവാനാകുന്നില്ലെങ്കിലും വിഗ്രഹത്തിനുമുന്നിൽ ചെന്ന് കൈകൂപ്പി ഈശ്വരനെ സ്മരിക്കുകയും നാമം ചൊല്ലുകയും ചെയ്യുന്നതിലെന്താണ് തരക്കേട്?

ഉത്തരം:- ഈശ്വരൻ നിരാകാരനും സർവവ്യാപിയുമാണ്. ആ ഈശ്വരന്റെ വിഗ്രഹം നിർമിക്കാനേ സാദ്ധ്യമല്ല. വിഗ്രഹത്തിന്റെ ദർശനമാത്രയിൽ ഈശ്വരസ്മരണയുണ്ടാകുമെങ്കിൽ ഈശ്വരന്റെ അത്ഭുത രചനയായ പൃഥ്വി, ജലം. അഗ്നി,

78. ഉത്തരേന്ത്യൻ ക്ഷേത്രങ്ങളിൽ എല്ലാവർക്കും വിഗ്രഹസ്പർശനം അനുവദിച്ചിട്ടുണ്ട്.



വായു, വനവൃക്ഷങ്ങൾ മുതലായ അനേകം വസ്തുക്കളും ഈ വകയെല്ലാം ഉള്ള ഭൂമി, പർവതങ്ങൾ-ഈശ്വരരചിതമായ ഈ മഹാമൂർത്തികളിൽ നിന്നാണല്ലോ മനുഷ്യൻ വിഗ്രഹങ്ങളുണ്ടാക്കുന്നത്- മുതലായവ കണ്ടാൽ ഈശ്വരസ്മരണയുണ്ടാവുകയില്ലേ? ഇല്ലെങ്കിൽ വിഗ്രഹം കണ്ടാൽ ഈശ്വരസ്മരണ വരുമെന്നു പറയുന്നത് തീർത്തും മിഥ്യയാണ്. വിഗ്രഹം മുമ്പിലില്ലാത്തപ്പോൾ ഈശ്വരസ്മരണ ഉണ്ടാകാതിരിക്കുന്നത് മനുഷ്യൻ ഏകാന്തതയിൽ ചെന്ന് മോഷണം വ്യഭിചാരം മുതലായ ദുഷ്കർമങ്ങളിൽ ഏർപ്പെടാൻ സാധ്യതയുണ്ട്. ഇവിടെ എന്നെ ആരും കാണുന്നില്ലെന്ന തോന്നൽ നിമിത്തം അവൻ അനർഥം ചെയ്യാതിരിക്കില്ല. ഇങ്ങനെ നിരവധി ദൂഷ്യങ്ങൾ ശിലാദി വിഗ്രഹങ്ങളുടെ ആരാധനയിൽനിന്നുണ്ടാകും. നോക്കൂ! ശിലാവിഗ്രഹങ്ങളെ ആരാധിക്കാതെ സദാ സർവവ്യാപകനും സർവാന്തര്യാമിയും ന്യായകാരിയുമായ പരമാത്മാവിനെത്തന്നെ എങ്ങും നിറഞ്ഞവനെന്ന് അറിയുകയും കരുതുകയും ചെയ്യുന്നയാൾ, ക്ഷണമാത്രപോലും താൻ ഈശ്വരനിൽ നിന്നകന്നിരിക്കുന്നില്ലെന്നറിഞ്ഞ്, ദുഷ്കർമം ചെയ്യുന്നതു പോകട്ടെ മനസ്സിൽ ചിന്തിക്കുകപോലുമില്ല. മനസാ വാചാ കർമണാ എന്തെങ്കിലും ചീത്ത ചെയ്താൽ അന്തര്യാമിയുടെ ന്യായത്തിൽ നിന്ന് ശിക്ഷ ലഭിക്കാതെ രക്ഷപെടുകയില്ലെന്നയാൾക്കറിയാം.

നാമസ്മരണയുടെ ഉത്തമരീതി

കൂടാതെ വെറുതെ നാമം ചൊല്ലുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. കല്ക്കണ്ടം കല്ക്കണ്ടം എന്നിങ്ങനെ ഉരുവിട്ടാൽ വായ്ക്കു മധുരമോ വേപ്പ് വേപ്പ് എന്നിങ്ങനെ ഉരുവിട്ടാൽ കയ്പോ ഉണ്ടാവുകയില്ല. നാക്കുകൊണ്ട് രസിച്ചാൽ മാത്രമേ മധുരമോ കയ്പ്പോ അറിയാനാകൂ.

ചോദ്യം:- നാമജപം വെറും വെറുതെയാണോ? പുരാണങ്ങളിൽ സർവത്ര നാമസ്മരണ മാഹാത്മ്യം വാഴ്ത്തിയിട്ടുണ്ടല്ലോ?

ഉത്തരം:- നിങ്ങൾ നാമജപം നടത്തുന്ന രീതി ഉത്തമമല്ല. നിങ്ങളുടെ നാമജപത്തിന്റെ രീതി യഥാർത്ഥമല്ല.

ചോദ്യം:- ഞങ്ങളുടെ രീതി എങ്ങനെ?

ഉത്തരം:- വേദവിരുദ്ധം.

ചോദ്യം:- നല്ലത്, വേദാനുകൂല രീതി എങ്ങനെയെന്നു പറഞ്ഞു തന്നാട്ടെ.

ഉത്തരം:- നാമജപം ചെയ്യേണ്ടതിങ്ങനെയാണ്. ന്യായകാരിയെന്നത് ഈശ്വരന്റെ ഒരു നാമമാണ്. ഈ നാമത്തിന്റെ അർഥം അതായത് പക്ഷപാതരഹിതനായി എപ്പോഴും എല്ലാവർക്കും യഥാവത് ന്യായം ചെയ്യുന്ന, ഒരിക്കലും അന്യായം ചെയ്യാത്ത പരമാത്മാവ് എന്നിങ്ങനെ ഗ്രഹിക്കണം. ഇതു ഗ്രഹിച്ച് ന്യായയുക്തമായ പ്രവൃത്തി ചെയ്യണം. അന്യായം ഒരിക്കലും ചെയ്യരുത്. ഇങ്ങനെ ഈ ഒറ്റ നാമം കൊണ്ടുതന്നെ മനുഷ്യന് മംഗളമുണ്ടാകും.

അവതാരങ്ങൾ

ചോദ്യം:- ഈശ്വരൻ നിരാകാരനാണെന്ന് ഞങ്ങൾക്കും അറിയാം. എന്നാൽ ശിവൻ, വിഷ്ണു, ഗണപതി, സൂര്യൻ തുടങ്ങിയ ശരീരങ്ങൾ ധരിക്കുകയും രാമൻ, കൃഷ്ണൻ തുടങ്ങിയ അവതാരങ്ങൾ എടുക്കുകയും ചെയ്തു. ഇതിൽ നിന്ന് ഈശ്വരന്റെ വിഗ്രഹങ്ങളുണ്ടാക്കി. ഇതും കള്ളമാണോ?

ഉത്തരം:- അതേയതേ കള്ളം. എന്തെന്നാൽ **അജ ഏക പാത്,**[79] **അകായമ്**[80] ഇത്യാദി വിശേഷണങ്ങളാൽ ഈശ്വരനെ ജനനമരണരഹിതൻ, ശരീരം ധരിക്കാത്തവൻ എന്ന് വേദങ്ങളിൽ വിശേഷിപ്പിച്ചിട്ടുണ്ട്. കൂടാതെ യുക്തികൊണ്ടും അവതാരം ഉണ്ടാകുമെന്നു സിദ്ധിക്കുകയില്ല. ആകാശം പോലെ സർവത്ര വ്യാപിച്ചിരിക്കുന്ന അനന്തവും സുഖദുഃഖാദ്യശ്യാദിഗുണരഹിതമായ അത് ചെറിയൊരു വീര്യത്തിലോ ഗർഭാശയത്തിലോ ശരീരത്തിലോ എങ്ങനെ ഒതുങ്ങുമെന്നാണ്? വരികയും പോവുകയും ചെയ്യുന്നത് ഏകദേശീയമായതാണ്. അചലവും അദൃശ്യവും ഒരു പരമാണുവിൽ പോലും ഇല്ലാതിരിക്കാത്തതുമായ അതിന്റെ അവതാരത്തെപ്പറ്റി പറയുന്നത് വന്ധ്യയുടെ പുത്രൻ വിവാഹം ചെയ്ത് പുത്രനുണ്ടായി എന്നു പറയുംപോലെയാണ്.

ചോദ്യം:- ഈശ്വരൻ എങ്ങും നിറഞ്ഞവനാണെങ്കിൽ വിഗ്രഹത്തിലും ഉണ്ട്. ഏതെങ്കിലും വസ്തുവിൽ ഈശ്വരനെ സങ്കല്പിച്ച് ആരാധിക്കുന്നതിൽ തെറ്റെന്താണ്? നോക്കൂ:-

നകാഷ്ഠേ വിദ്യതേ ദേവോ ന പാഷാണേ ന

79. ഋഗ്വേദം 7.35.13,
80. യജുർവേദം 40.8
81. ഗരുഡ പുരാണം. പ്രേതഖണ്ഡം 30/13. നപാഷാണേന മൃണ്മയേ എന്നിടത്ത് ന ശിലയാം കദാചന എന്നുപാഠം.

മൃണ്മയേ ഭാവേഹി വിദ്യതേ ദേവ സ്തസ്മാദ് ഭാവോഹികാരണമ്॥ [81]

ഈശ്വരൻ മരത്തിലോ കല്ലിലോ മണ്ണുകൊണ്ടുണ്ടാക്കിയ വസ്തുവിലോ അല്ല. സങ്കല്പത്തിലാണുള്ളത്. എവിടെ സങ്കല്പിക്കുന്നുവോ അവിടെ ഈശ്വരസാന്നിദ്ധ്യമുണ്ട്.

ഉത്തരം:- ഈശ്വരൻ സർവ്വത്ര വ്യാപിച്ചിരിക്കുന്നതിനാൽ ഏതെങ്കിലും ഒരു വസ്തുവിൽ സങ്കല്പിക്കുകയും അന്യത്ര സങ്കല്പിക്കാതിരിക്കുകയാണെങ്കിൽ, ചക്രവർത്തിയെ സമ്രാജ്യാധികാരത്തിൽ നിന്നുമാറ്റി ഒരു ചെറ്റക്കുടിലിന്റെ അധിപനാക്കുന്നതിനു തുല്യമായിരിക്കും. ഇതെത്ര വലിയ അപമാനമാണ്! ഇങ്ങനെ നിങ്ങൾ ഈശ്വരനെ അപമാനിക്കുന്നു. വ്യാപകനാണെങ്കിൽ പൂന്തോട്ടത്തിൽ നിന്ന് പുഷ്പവും ഇലയും ഇറുത്ത് അർച്ചിക്കുന്നതെന്തിന്? ചന്ദനം ചാർത്തുന്നതെന്തിന്? ധൂപം ഉഴിയുന്നതെന്തിന്? ചെണ്ടയും ചേങ്ങലയും പറയും കോലുകൊണ്ട് തല്ലിപ്പൊളിക്കുന്നതെന്തിന്? നിങ്ങളുടെ കൈകളിലുമുള്ളപ്പോൾ കൈകൂപ്പുന്നതെന്തിന്? തലയിലുള്ളപ്പോൾ കുമ്പിടുന്നതെന്തിന്? അന്നജലാദികളിലുണ്ടല്ലോ? പിന്നെന്തിനവ നിവേദിക്കുന്നു? ജലത്തിലുള്ളപ്പോൾ അഭിഷേകമെന്തിന്? ഇവയിലെല്ലാം പരമാത്മാവ് വ്യാപകനാണല്ലോ. നിങ്ങൾ വ്യാപകനെയോ വ്യാപ്യനേയോ പൂജിക്കുന്നത്? വ്യാപകനെയാണെങ്കിൽ, ഞങ്ങൾ ഈശ്വരനെ പൂജിക്കുന്നെന്ന് എന്തിനു കള്ളം പറയുന്നു? ഞങ്ങൾ ശിലാപൂജകരാണെന്നെന്തുകൊണ്ടു സത്യം പറയുന്നില്ല?

സങ്കല്പമെന്നാൽ?

ഇനി പറയൂ സങ്കല്പം സത്യമോ കള്ളമോ? സത്യമാണെന്നു പറഞ്ഞാൽ നിങ്ങളുടെ സങ്കല്പത്തിൽപെട്ട് ഈശ്വരൻ ബദ്ധനായിപ്പോകും. കൂടാതെ നിങ്ങൾ മണ്ണിൽ സ്വർണരജതാദികളും ശിലയിൽ വൈരം, മരതകം, മുതലായവയും കടൽനുരയിൽ മുത്തും, ജലത്തിൽ പാല്, തൈര്, നെയ്യ് മുതലായവയും പൊടിമണ്ണിൽ മൈദാ, പഞ്ചസാര മുതലായവയും സങ്കല്പിച്ച് അവയെ അപ്രകാരം ആക്കാത്തതെന്താണ്? നിങ്ങളൊരിക്കലും ദുഃഖം സങ്കല്പിക്കാറില്ല. പിന്നെങ്ങനെയാണതുണ്ടാകുന്നത്? സുഖം സദാ സങ്കല്പിക്കാറുണ്ട്. എങ്കിലും എന്തുകൊണ്ടതു കിട്ടുന്നില്ല. അന്ധന്മാർ നേത്രത്തെ സങ്കല്പിച്ച് കാഴ്ചശക്തി നേടാത്തതെന്ത്? മരണം സങ്കല്പിക്കാറില്ല. പിന്നെങ്ങനത് സംഭവിക്കുന്നു? അതുകൊണ്ട് സങ്കല്പം സത്യമല്ല. ഒരു വസ്തു എപ്രകാരമാണോ അപ്രകാരം തന്നെ വിചാരിക്കുന്നതിന്റെ പേരാണ് സങ്കല്പം. അഗ്നിയിൽ അഗ്നിയേയും ജലത്തിൽ ജലത്തേയും അറിയുന്നതാണ് സങ്കല്പം. ജലത്തിൽ അഗ്നിയും അഗ്നിയിൽ ജലവും അറിയുന്നത് സങ്കല്പവിരുദ്ധമാണ്. എങ്ങനെയോ അങ്ങനെ അറിയുന്നതാണ് ജ്ഞാനം. അന്യഥാ അറിയുന്നത് അജ്ഞാനമാണ്. അതിനാൽ നിങ്ങൾ സങ്കല്പവിരുദ്ധത്തെ സങ്കല്പമെന്നും സങ്കല്പത്തെ സങ്കല്പവിരുദ്ധമെന്നും പറയുകയാണ്.

ചോദ്യം:- വേദമന്ത്രങ്ങളെക്കൊണ്ട് ആവാഹിക്കുന്നതുവരെ ദേവത വരുന്നില്ല. ആവാഹിക്കുമ്പോൾ ഉടനടി വരുന്നു. ഉച്ചാടനം ചെയ്യുമ്പോൾ പോവുകയും ചെയ്യുന്നു.

ഉത്തരം:- മന്ത്രം ചൊല്ലി ആവാഹിക്കുമ്പോൾ ദേവത വരുമെങ്കിൽ വിഗ്രഹം എന്തുകൊണ്ട് ചേതനമാകുന്നില്ല? ഉച്ചാടനം ചെയ്യുമ്പോൾ വിഗ്രഹം നടന്നുപോകാത്തതെന്ത്? ആ ദേവത എവിടുന്നാണ് വരിക? എങ്ങോട്ടു പോകും? കേൾക്കൂ അന്ധന്മാരേ! പൂർണനായ പരമാത്മാവ് വരികയുമില്ല പോകുകയുമില്ല. നിങ്ങൾ മന്ത്രശക്തികൊണ്ട് ഈശ്വരനെ വിളിച്ചു വരുത്തുന്നുണ്ടെങ്കിൽ, അതേ മന്ത്രം കൊണ്ട് നിങ്ങളുടെ മരിച്ചുപോയ പുത്രന്റെ ആത്മാവിനെ വിളിച്ചു വരുത്തി ശരീരത്തിൽ ആക്കാത്തതെന്ത്? ശത്രുവിന്റെ ശരീരത്തിൽ നിന്ന് ആത്മാവിനെ ഉച്ചാടനം ചെയ്ത് കൊല്ലാത്തതെന്താണ്? ശുദ്ധാത്മാക്കളായ സഹോദരന്മാരേ! കേട്ടാലും! ഈ പോപ്പദ്ദേഹം നിങ്ങളെ കബളിപ്പിച്ച് തൻകാര്യം നേടുകയാണ്. വേദങ്ങളിലെങ്ങും ശിലാദി വിഗ്രഹാരാധന ഈശ്വരന്റെ ആവാഹനം, ഉച്ചാടനം എന്നിവയെപ്പറ്റി ഒരക്ഷരം ഉരിയാടിയിട്ടില്ല.

ചോദ്യം:- പ്രാണാ ഇഹാഗച്ഛന്തു സുഖം ചിരം തിഷ്ഠന്തു സ്വാഹാ ആത്മേഹാ ഗച്ഛതു സുഖം ചിരം തിഷ്ഠതു സ്വാഹാ ഇന്ദ്രിയാണിഹാ ഗച്ഛന്തു സുഖം ചിരം തിഷുന്തു സ്വാഹഃ ഇവകൾ വേദമന്ത്രങ്ങളാണ്. പിന്നെ ഇല്ലെന്നു പറയുന്നതെന്താണ്?

ഉത്തരം:- എന്റപ്പനേ അല്പം ബുദ്ധിയെങ്കിലും സ്വന്തമായുപയോഗിക്കൂ. ഇതല്ലാം വാമമാർഗികൾ കെട്ടിച്ചമച്ച വേദവിരുദ്ധമായ തന്ത്രഗ്രന്ഥങ്ങളിൽ പോപ്പന്മാരെഴുതിവച്ച വരികളാണ്. വേദവാക്യമല്ല.

82 ഉള്ളതുകൊണ്ട് ഇല്ലെന്നു പറയുന്നതെന്ന് താല്പര്യം



തന്ത്രങ്ങൾ മിഥ്യ

ചോദ്യം:- തന്ത്രങ്ങൾ കള്ളമാണോ?

ഉത്തരം:- അതെ. തീർത്തും കള്ളമാണ്. ശിലാദിവിഗ്രഹങ്ങളെ സംബന്ധിച്ച ആവാഹനം, പ്രാണപ്രതിഷ്ഠ മുതലായവയെപ്പറ്റി ഒരൊറ്റ മന്ത്രം പോലും വേദങ്ങളിൽ ഇല്ല. അതുപോലെ സ്നാനം സമർപയാമി ഇത്യാദി വചനങ്ങളുമില്ല. അതായത് പാഷാണാദി മൂർത്തിം രചയിത്വാ മന്ദിരേഷു സംസ്ഥാപ്യ ഗന്ധാദിഭിരർചയേത് ശിലാവിഗ്രഹം പണിത് അമ്പലത്തിൽ പ്രതിഷ്ഠിച്ച് ചന്ദനം അക്ഷതം മുതലായവയാൽ പൂജിക്കണം. ഇങ്ങനെയൊന്നും ഒട്ടും ഇല്ലതന്നെ.

ഈശ്വര പൂജയ്ക്കു പകരം മറ്റൊന്നില്ല

ചോദ്യം:- വേദങ്ങളിൽ വിധിയില്ല. എങ്കിൽ ഖണ്ഡനവും ഇല്ലല്ലോ. ഖണ്ഡനം ഉണ്ടെങ്കിൽ പ്രാപ്തൗ സത്യാം നിഷേധഃ ॥ [82] എന്ന ന്യായ പ്രകാരം വിഗ്രഹം ഉള്ളതുകൊണ്ടു മാത്രമാണ്.

ഉത്തരം:- വിധിയില്ല. എന്നാൽ ഈശ്വരന്റെ സ്ഥാനം മറ്റൊന്നിനു നല്കി പൂജിക്കരുതെന്നുള്ള വിധിയും വിഗ്രഹാരാധന തീർത്തും പാടില്ലെന്ന നിഷേധവും ഉണ്ട്. അപൂർവവിധി॥ [83] ഉണ്ടാകാൻ പാടില്ലെന്നുണ്ടോ? കേൾക്കൂ!

1. അന്ധന്തമഃ പ്രവിശന്തി യേ*f*സംഭൂതിമുപാസതേ, തതോ ഭൂയ*f*ഇവ തേ തമോയ*f*ഉ സംഭൂത്യാങ് രതാഃ(യജു. 40/9)

2. ന തസ്യപ്രതിമാ അസ്തി (യജു. 32/3)

1. യദ്വാചാനഭ്യുദിതം യേന വാഗഭ്യുദ്യതേ തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ.

2. യന്മനസാന മനുതേ യേനാഹുർമനോമതം, തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദ മുപാസതേ

3. യച്ചക്ഷു ഷാ ന പശ്യതി യേന ച ക്ഷൂംഷി, പശ്യതി, തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ

4. യേച്ഛ്രോത്രേണ നശൃണോതി യേന ശ്രോത്രമിദം ശ്രുതമ് തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ

5. യത്പ്രാണേന ന പ്രാണിതി യേനപ്രാണഃ പ്രണീയതേ തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദ മുപാസതേ॥ [84]

1. അസംഭൂതിയെ അഥവാ അനാദിയും അനുത്പന്നവും കാരണരൂപവുമായ പ്രകൃതിയെ ബ്രഹ്മത്തിന്റെ സ്ഥാനത്തു പൂജിക്കുന്നവർ അന്ധകാരത്തിൽ അതായത് അജ്ഞാനത്തിലും ദുഃഖസാഗരത്തിലും മുങ്ങിപ്പോകുന്നു. സംഭൂതിയെ അഥവാ കാരണത്തിൽ നിന്നുണ്ടായ കാര്യരൂപങ്ങളായ പൃഥിവ്യാദി ഭൂതങ്ങളേയും കല്ല്, മരം മുതലായ അംഗങ്ങളേയും മനുഷ്യരുടേയും മറ്റും ശരീരങ്ങളേയും ബ്രഹ്മത്തിന്റെ സ്ഥാനത്തുപാസിക്കുന്നവർ ആ അന്ധകാരത്തേക്കാൾ അധികമായ അന്ധകാരത്തിൽ-അതായത് മഹാമൂഢന്മാർ ചിരകാലം ദുഃഖരൂപിയായ നരകത്തിൽ-വീണ് മഹാക്ലേശങ്ങളനുഭവിക്കുന്നു.

2. ജഗത്തിലെല്ലാം വ്യാപിച്ചിരിക്കുന്ന നിരാകാരനായ ആ പരമാത്മാവിന്റെ പ്രതിമ-പരിമാണം, സാദൃശ്യം അഥവാ വിഗ്രഹം -ഇല്ല.

1. വാണിയുടെ ഇദന്താ ॥ [85] അതായത് ഇത് ജലമാണ് എടുത്തുകൊള്ളുക എന്നതുപോലെ വിഷയമല്ലാത്തതേതോ ഏതിന്റെ ധാരണത്താലും സത്തയാലും വാണിയുടെ പ്രവൃത്തികൾ നടക്കുന്നുവോ അതിനെ ബ്രഹ്മമെന്നറിയുക. അതിനെ ഉപാസിക്കുക. അതിൽനിന്നു ഭിന്നമായത് ഏതോ അത് ഉപാസനീയമല്ല.

2. മനസിൽ **"ഇന്നവിധം"** എന്ന് മനനത്തിനു വിഷയമായി വരുന്നില്ലയോ, എന്നാൽ മനസ്സിനെ അറിയുന്നതേതോ അതിനെത്തന്നെ നീ ബ്രഹ്മമെന്നറിയുകയും ഉപാസിക്കുകയും വേണം. അതിൽ നിന്നു ഭിന്നമായ ജീവൻ, അന്തഃകരണം എന്നിവയെ ബ്രഹ്മത്തിനു പകരം ഉപാസിക്കരുത്.

3. കണ്ണിനാൽ കാണാനാവാത്തതേതോ, എല്ലാ കണ്ണും ഏതിനാൽ കാണുന്നുവോ അതിനെ നീ ബ്രഹ്മമെന്നറിയുക. അതിനെ മാത്രം ഉപാസിക്കുക. അതിൽനിന്നുഭിന്നമായ ശബ്ദാദികളെ അതിന്റെ സ്ഥാനത്ത് ഉപാസിക്കാതിരിക്കുക.

5. പ്രാണങ്ങളാൽ ചലിപ്പിക്കാനാവാത്തതും, എന്നാൽ പ്രാണൻ ചലിക്കുന്നത് ഏതിനാലുമാണോ അതിനെ നീ ബ്രഹ്മമെന്നറിയുക. അതിനെ ഉപാസിക്കുക. അതിൽ നിന്നു ഭിന്നമായ വായുവി

83. അപ്രാപ്തത്തിനെ നിഷേധിക്കുകയെന്നതാണ് ഇവിടെ അപൂർവവിധി. ഇതിനേപ്പറ്റി ഈ പ്രകരണത്തിൽത്തന്നെ കൂടതൽ വ്യാഖ്യാനിക്കുന്നുണ്ട്. കേനോപനിഷദ്വചനങ്ങളുടെ വ്യാഖ്യാനത്തിനുശേഷം നോക്കുക.

84. കേനോപനിഷത് 1. 4-8

85 ഇദന്താ = ഇതാണ് ഇതാ എന്ന് ചൂണ്ടിക്കാട്ടാവുന്ന ഉണ്മ

നെയും മറ്റും ഉപാസിക്കരുത്.

ഇങ്ങനെ നിഷേധങ്ങൾ വളരെയുണ്ട്. നിഷേധം പ്രാപ്തത്തിനും അപ്രാപ്തത്തിനും ഉണ്ട്. പ്രാപ്തത്തിന്-ആരെങ്കിലും ഒരിടത്തിരിക്കുന്നു. അയാളെ അവിടെനിന്ന് എഴുനേല്പിക്കുക എന്നതുദാഹരണം. അപ്രാപ്തത്തിന് -മകനേ നീ ഒരിക്കലും മോഷ്ടിക്കരുത്, കിണറ്റിൽവീഴരുത്, ദുഷ്ടസംസർഗം അരുത്, വിദ്യാഹീനനായിരിക്കരുത്, ഇങ്ങനെ അപ്രാപ്തത്തിനും നിഷേധം ഉണ്ട്. മനുഷ്യരുടെ ജ്ഞാനത്തിൽ അപ്രാപ്തമായതിനെ ഈശ്വരന്റെ ജ്ഞാനത്തിൽ പ്രാപ്തമായതു കൊണ്ട് നിഷേധിക്കുന്നു. അതിനാൽ ശിലാദിവിഗ്രഹപൂജ അത്യന്തം നിഷിദ്ധമാകുന്നു.

വിഗ്രഹാരാധന പാപം

ചോദ്യം:- വിഗ്രഹാരാധനയിൽ പുണ്യമില്ലെങ്കിലും, പാപവും ഇല്ലല്ലോ?

ഉത്തരം:-കർമ്മം രണ്ടുതരത്തിലേയുള്ളൂ ഒന്ന് വിഹിതം- ചെയ്യേണ്ടത് എന്നു വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള സത്യഭാഷണാദികർമ്മങ്ങൾ. രണ്ട് നിഷിദ്ധം-ചെയ്യരുതെന്ന് വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള മിഥ്യാഭാഷണം മുതലായവ. വിഹിതമനുഷ്ഠിക്കുന്നത് ധർമവും അനുഷ്ഠിക്കാത്തത് അധർമവും ആയിരിക്കുന്നതുപോലെ നിഷിദ്ധകർമ്മങ്ങൾചെയ്യുന്നത് അധർമവും ചെയ്യാത്തത് ധർമവുമാണ്. വേദങ്ങളിൽ നിഷിദ്ധമായ വിഗ്രഹാരാധനയും മറ്റും നിങ്ങൾ ചെയ്യുന്നപക്ഷം പാപിയാകാതിരിക്കുന്നതെങ്ങനെ?

ചോദ്യം : നോക്കൂ! വേദങ്ങൾ അനാദിയാണ്. അക്കാലത്ത് വിഗ്രഹങ്ങളെന്തിന്? അന്ന് ദേവതകൾ പ്രത്യക്ഷരായിരുന്നു. പിന്നീട് തന്ത്രപുരാണാദികൾ പ്രചരിപ്പിച്ചതാണ് ഈ രീതി. മനുഷ്യരുടെ അറിവും കഴിവും കുറഞ്ഞുപോയപ്പോൾ ഈശ്വരനെ ധ്യാനത്തിൽ കൊണ്ടുവരാൻ കഴിവില്ലാതെയായി. വിഗ്രഹത്തെ ധ്യാനിക്കാനാവുമായിരുന്നു. അതിനാൽ അജ്ഞാനികൾക്കുള്ളതാണ് വിഗ്രഹാരാധന. പടിപടികളായി കയറിയാൽ മട്ടുപ്പാവിലെത്താം. ആദ്യത്തെ പടിവിട്ട് കയറാൻ സാദ്ധ്യമല്ല. വിഗ്രഹം പ്രഥമപടിയാണ്. ഇതിനെ പൂജിച്ച് പൂജിച്ച് ജ്ഞാനമുണ്ടായി അന്തഃകരണം പവിത്രമാകുമ്പോൾ പരമാത്മാവിനെ ധ്യാനിക്കാനാവും. ഉന്നം പഠിക്കുന്നവർ ആദ്യം സ്ഥൂല ലക്ഷ്യത്തിൽ കൊള്ളിച്ച് പഠിച്ച് പിന്നീട് സൂക്ഷ്മലക്ഷ്യത്തിലും അമ്പോ വെടിയോ, പീരങ്കിയുണ്ടയോ കൊള്ളിക്കാൻ കഴിവുണ്ടാക്കുന്നതുപോലെ സ്ഥൂലമായ വിഗ്രഹത്തിനെ പൂജിച്ച് പിന്നീട് സൂക്ഷ്മബ്രഹ്മത്തെ പ്രാപിക്കാം. പെൺകുട്ടികൾ ശൈശവത്തിൽ പാവകളെ കുഞ്ഞുങ്ങളായി സങ്കല്പിക്കുന്നു. ഭർത്താവുണ്ടായി കഴിഞ്ഞാൽ പിന്നില്ല. ഇങ്ങനെയെല്ലാം ചിന്തിച്ചാൽ വിഗ്രഹാരാധന ചീത്തകാര്യമല്ല.

ഉത്തരം:- വേദവിഹിതമായ ധർമം വേദവിരുദ്ധാചരണത്തിൽ അധർമം എന്നിവയുണ്ടെങ്കിൽപിന്നെ നിങ്ങളെന്തു പറഞ്ഞാലും വിഗ്രഹാരാധന അധർമമായിത്തന്നെ നിലനിൽക്കുന്നു. വേദവിരുദ്ധമായ ഗ്രന്ഥങ്ങൾ പ്രമാണമാക്കുന്നതുകൊണ്ട് നാസ്തികനാവുകയേ ഉള്ളൂ. കേട്ടാലും:-

1. നാസ്തികോ വേദനിന്ദകഃ॥ [86]

2. യാ വേദബാഹ്യാഃ സ്മൃതയോ യാശ്ച കാശ്ച കുദൃഷ്ടയഃ സർവാസ്താനിഷ്ഫലാഃ പ്രേത്യതമോനിഷ്ഠാഹിതാഃ സ്മൃതാഃ

3. ഉത്പദ്യന്തേ ച്യവന്തേ ച യാന്യതോ ന്യാനി കാനിചിത്, താന്യർവാക്കാലികതയാ നിഷ്ഫലാന്യനൃതാനിച. ॥ [87]

1. വേദനിന്ദ, അതായത് വേദത്തിന്റെ അപമാനം ത്യാഗം വിരുദ്ധാചരണം എന്നിവ ചെയ്യുന്നയാൾ നാസ്തികനാണ്.

2. വേദബാഹ്യവും കുത്സിതരായ ആളുകളുണ്ടാക്കിയതുമായ ഗ്രന്ഥങ്ങൾ സംസാരത്തെ ദുഃഖസാഗരത്തിൽ ആഴ്ത്തുന്നവയാണ്. അവ നിഷ്ഫലവും അസത്യവും അന്ധകാരരൂപവും ഇഹപരലോകങ്ങളിൽ ദുഃഖദായകവുമാണ്.

3. വേദങ്ങൾക്കു വിരുദ്ധമായി ഉണ്ടാകുന്ന ഗ്രന്ഥങ്ങൾ ആധുനികങ്ങളാകയാൽ ശീഘ്രം നാശമടയുന്നു. അവയെ പ്രമാണമായി ഗണിക്കുന്നത് നിഷ്ഫലവും കള്ളത്തരവുമാണ്.

വേദവിരുദ്ധമായതിനെ പുറം തള്ളുകയും വേദാനുകൂലമായ ആചരണങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ് ധർമമെന്ന് ബ്രഹ്മാ മുതൽ ജൈമിനി॥ [88] വരെയുള്ള മഹർഷിമാർ അംഗീകരിച്ചിരുന്നു. എന്തെന്നാൽ വേദം സത്യാർത്ഥത്തിന്റെ പ്രതിപാദകമാണ്. ഇതിനു വിരുദ്ധമായി

86. മനുസ്മൃതി 2.11
87 ടി. 12.95-96
88 വിരോധേത്വനപേക്ഷ്യം സ്യാദസതി ഹ്യനുമാനമ്. (മീമാംസാദർശനം 1.3.3). വേദവിരുദ്ധമെങ്കിൽ പ്രമാണമല്ല. വിരുദ്ധമല്ലെങ്കിൽ പ്രാമാണ്യത്തെ അനുമാനിക്കാവുന്നതാണ് എന്നർഥം.



എത്രയെങ്കിലും തന്ത്രമോ പുരാണമോ ഉണ്ടാ യാലും വേദവിരുദ്ധമാകയാൽ കള്ളമാണ്. അവ യുടെ പോക്ക് വേദവിപരീതമായിട്ടാണ്. അവയിൽ പറയുന്ന വിഗ്രഹാരാധനയും അധർമമാണ്.

മനുഷ്യരുടെ ജ്ഞാനം ജഡപൂജയാൽ വർദ്ധി ക്കുകയില്ലെന്നു മാത്രമല്ല, അല്പസ്വല്പ ജ്ഞാന മുള്ളത് നഷ്ടപ്പെടുകയുമേ ഉള്ളൂ. ജ്ഞാനികളുടെ സേവാ സംസർഗങ്ങൾകൊണ്ടല്ലാതെ വിഗ്രഹാരാ ധനകൊണ്ട് ഈശ്വരനെ ധ്യാനത്തിൽ വരുത്താൻ എപ്പോഴെങ്കിലും കഴിയുമോ? ഇല്ലേയില്ല. വിഗ്രഹാ രാധന ഒരിക്കലും സോപാനമല്ല. അഗാധഗർത്ത മാണ്. കൂടാതെ ആ ഗർത്തത്തിൽ നിന്ന് ഒരു കാലത്തും രക്ഷപ്പെടാനാവില്ല. അതിൽ കിടന്നു ചാവുകയേ ഉള്ളൂ. ചെറിയ ധാർമിക വിദ്വാന്മാർ മുതൽ മഹാ വിദ്വാന്മാരായ യോഗികൾ വരെയു ള്ളവരുടെ സംസർഗംകൊണ്ട് പ്രാപിക്കുന്ന സദ്വി ദ്യ, സത്യഭാഷണം മുതലായവ ഈശ്വരപ്രാപ്തി ക്കുള്ള സോപാനങ്ങളാണുതന്നെ. വീടിന്റെ മുകൾനിലയിലേക്കുപോകാനുള്ള ഏണിപ്പടിപോ ലെ, വിഗ്രഹപൂജചെയ്തവരാരും ജ്ഞാനികളായി ട്ടില്ലെന്നു മാത്രമല്ല, അജ്ഞാനികളായ വിഗ്രഹാ രാധകർ മനുഷ്യജന്മം വ്യർഥമാക്കി മൃതിയടഞ്ഞി ട്ടേയുള്ളൂ. ഇപ്പോൾ ചെയ്യുന്നവരും ഇനി ചെയ്യാൻ പോകുന്നവരും മനുഷ്യജന്മത്തിലെ ധർമാർഥകാ മമോക്ഷങ്ങളുടെ പ്രാപ്തിയാകുന്ന ഫലങ്ങളോട് വിമുഖരായി വെറുതെ നഷ്ടപ്പെട്ടുപോവുകയേ ഉള്ളൂ. ബ്രഹ്മപ്രാപ്തിയ്ക്കുള്ള സ്ഥൂലലക്ഷ്യം വിഗ്രഹാരാധനയല്ല, ധാർമികരായ വിദ്വാന്മാരും സൃഷ്ടിവിദ്യയുമാണ്. ഇതു ക്രമേണ വികസിപ്പി ച്ചുകൊണ്ടുവന്ന് ബ്രഹ്മപ്രാപ്തി ഉണ്ടാക്കാവുന്ന താണ്. കൂടാതെ വിഗ്രഹം പാവകൊണ്ടുള്ള കളി പോലെയുമല്ല. അക്ഷരാഭ്യാസം, നല്ല ശിക്ഷണം എന്നിവയാണ് ബ്രഹ്മപ്രാപ്തിക്കുള്ള സാധനകൾ. നല്ല ശിക്ഷണവും വിദ്യാഭ്യാസവും ലഭിക്കുമ്പോൾ യഥാർഥ ഉടയവനായ പരമാത്മാവിനെയും പ്രാപി ക്കുന്നതാണ്.

വിഗ്രഹാരാധനയുടെ 16 ദോഷങ്ങൾ

ചോദ്യം:- സാകാരമായതിൽ മനസ് സ്ഥിര മാകും. നിരാകാരത്തിൽ സ്ഥിരമാകാൻ പ്രയാ സമാണ്. അതിനാൽ വിഗ്രഹാരാധന വേണ്ടതു തന്നെ.

ഉത്തരം:- സാകാരത്തിൽ ഒരിക്കലും മനസ് സ്ഥിരമാവുകയില്ല. അതിനെ മനസ് പെട്ടെന്നു ഗ്രഹിച്ച് ഓരോരോ അവയവത്തിലും മാറിമാറി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നിരാകാരനായ പര മാത്മാവിനെ ഗ്രഹിക്കുമ്പോൾ ശക്തിയുള്ളത്രയും മനസ് ഓടിയാലും അതിന് അവസാനമില്ല. നിര വയവമാകയാൽ മനസ് ചഞ്ചലമാകയുമില്ല. മറിച്ച് അതിന്റെ ഗുണകർമസ്വഭാവങ്ങളെപ്പറ്റി ചിന്തിച്ചു ചിന്തിച്ച് ആനന്ദമഗ്നമായി, സ്ഥിരമായി ഭവിക്കുന്നു. കൂടാതെ സാകാരത്തിൽ സ്ഥിരമാകുമെങ്കിൽ ജഗ ത്തിലുള്ളതിന്റെയെല്ലാം മനസ് സ്ഥിരമാകേണ്ടതാ യിരുന്നു. എന്തെന്നാൽ ജഗത്തിൽ മനുഷ്യരെല്ലാം സ്ത്രീ-പുത്രമിത്ര-ധനാദി സാകാരങ്ങളിൽ പെട്ടു ഴലുന്നു. നിരാകാരത്തിൽ വരുന്നതുവരെ ആരു ടെയും മനസ് സ്ഥിരമാകുന്നില്ല. നിരവയവമായ തിൽ മാത്രമേ മനസ് സ്ഥിരമാകുകയുള്ളൂ. അതി നാൽ വിഗ്രഹാരാധന ചെയ്യുന്നത് അധർമമാകു ന്നു.

രണ്ടാമത്- അനേകകോടിരൂപ ക്ഷേത്രങ്ങളിൽ വ്യയം ചെയ്ത് ദരിദ്രരാവുന്നു. അതിൽ പ്രമാദമു ണ്ട്.

മൂന്നാമത് - ക്ഷേത്രങ്ങളിൽ സ്ത്രീ പുരുഷന്മാർ മേളിക്കുന്നതു നിമിത്തം വ്യഭിചാരവും, ലഹളയും, ബഹളവും രോഗാദികളും ഉണ്ടാകുന്നു.

നാലാമത്- ഇതുതന്നെ ധർമാർഥകാമമുക്തി യ്ക്കുള്ള സാധനയെന്നു നിനച്ച് പുരുഷാർഥരഹി തമായി ജീവിതം വെറുതെ പാഴാക്കിക്കളയുന്നു.

അഞ്ചാമത്- നാനാപ്രകാരത്തിലുള്ള സ്വരൂപ വൈരുദ്ധ്യം നാമവൈവിധ്യം, സ്വഭാവങ്ങൾ എന്നി വയോടുകൂടിയ മൂർത്തികളുടെ പൂജാരികൾ ഐകൃമത്യരഹിതമായി വിരുദ്ധമതങ്ങളിൽ പ്രവർത്തിച്ച് പരസ്പരം മത്സരിച്ച് ദേശത്തെ നശി പ്പിക്കുന്നു.

ആറാമത്- ശത്രുവിന്റെ പരാജയവും സ്വന്തവി ജയവും വിഗ്രഹങ്ങളെ ഏൽപിച്ച് മിണ്ടാതിരിക്കു ന്നു. ഒടുവിൽ തോറ്റ് രാജ്യത്തിന്റെ സ്വാതന്ത്ര്യവും ധനസൗഖ്യങ്ങളും ശത്രുവിന്റെ അധീനതയിലാ ക്കുന്നു. അവരും പരാധീനരായി സത്രക്കാരന്റെ കോവർകഴുതകളെപ്പോലെയും കുശവന്റെ കഴുത യേപ്പോലെയും ശത്രുവിനു വഴിപ്പെട്ട് അനേകവിധ ദുരിതങ്ങൾ അനുഭവിക്കുന്നു.

ഏഴാമത്- നിങ്ങളുടെ സ്ഥാനത്ത് നിങ്ങൾക്കു പകരം ഒരു പ്രതിമ മതി. അതു പ്രതിഷ്ഠിക്കുന്നു എന്ന് ഒരുവനാരോടെങ്കിലും പറയുന്ന പക്ഷം അയാൾ ക്രുദ്ധനായി പ്രഹരിക്കുകയും ശകാരിക്കു കയും ചെയ്യും. അതുപോലെ ഈശ്വരന്റെ ഉപാ സനയ്ക്കു പകരം ഹൃദയത്തിലും നാമത്തിലും ശിലാവിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുന്ന ദുഷ്ടബു ദ്ധികളെ ഈശ്വരൻ കുളം തോണ്ടിക്കളയുകയില്ലേ?

എട്ടാമത്- നാടുതോറുമുള്ള ക്ഷേത്രങ്ങളിൽ ഭ്രാന്തുപിടിച്ച് ഓടിനടന്ന് ദുഃഖമനുഭവിക്കുന്നു. ധാർമികവും ഐഹികവും, പാരമാർഥികവുമായ പ്രവൃത്തികൾ കളഞ്ഞുകുളിക്കുന്നു. ചോരപീഡിതരായി വഞ്ചകരുടെ വഞ്ചനയിൽ പെട്ടുഴലുന്നു.

ഒമ്പതാമത്- ദുഷ്ടരായ പൂജാരികൾക്ക് ധനം നൽകുന്നു. ആ ധനം വേശ്യാഗമനം, മദ്യമാംസാഹാരം, ലഹള ബഹളങ്ങൾ എന്നിവയ്ക്ക് അവർ ചെലവഴിക്കുന്നു. ഇത് ദാതാവിന്റെ സുഖകാരണം നഷ്ടപ്പെടുന്നതിനിടയാക്കുന്നു.

പത്താമത്- അമ്മ, അച്ഛൻ മുതലായ പൂജനീയരെ അപമാനിക്കയും ശിലാദി വിഗ്രഹങ്ങളെ പൂജിക്കുകയും ചെയ്ത് ജനങ്ങൾ കൃതഘ്നരായിപ്പോകുന്നു.

പതിനൊന്നാമത്- ആരാനും വിഗ്രഹങ്ങൾ അടിച്ചുടയ്ക്കുമ്പോഴോ, ഹാഹാകാരം മുഴക്കി നിലവിളിക്കേണ്ടതായി വരുന്നു.

പന്ത്രണ്ടാമത്- പൂജാരികൾ പരസ്ത്രീസംഗവും പൂജാരിണികൾ പരപുരുഷസംഗവും ചെയ്ത് പ്രായേണ ദുഷിച്ചവരായി സ്ത്രീ പുരുഷ പ്രേമത്തിന്റെ ആനന്ദം സ്വയം നഷ്ടപ്പെടുത്തുന്നു.

പതിമൂന്നാമത്- യജമാന-ഭൃത്യന്മാർ തമ്മിൽ ആജ്ഞാനിർവഹണം വേണ്ടവിധം നടത്തായ്കയാൽ പരസ്പരം വിരോധിച്ച് അധഃപതിച്ചു നശിക്കുന്നു.

പതിനാലാമത്- ജഡവസ്തുവിനെ ധ്യാനിക്കുന്നവൻ ജഡബുദ്ധിയായിത്തീരുന്നു. എന്തെന്നാൽ ധ്യേയത്തിലെ ജഡത്വധർമം നിശ്ചയമായും അന്തഃകരണത്തിലൂടെ ആത്മാവിൽ വന്നു ചേരുന്നു.

പതിനഞ്ചാമത് - സുഗന്ധപൂരിതമായ പുഷ്പങ്ങളും മറ്റു പദാർത്ഥങ്ങളും ഈശ്വരൻ സൃഷ്ടിച്ചിട്ടുള്ളത്. വായു, ജലം, മുതലായവയിലെ ദുർഗന്ധത്തെ നിവാരണം ചെയ്യുന്നതിനും ആരോഗ്യവർദ്ധനവിനും വേണ്ടിയാണ്. ആ പുഷ്പങ്ങളുടെ സൗരഭ്യം എത്രനാൾ ആകാശത്തിൽ വ്യാപിച്ച് വായു, ജലം മുതലായവയെ ശുദ്ധീകരിക്കുമായിരുന്നെന്നും പൂർണസുഗന്ധം പരത്തുമായിരുന്നെന്നും അറിവില്ലാതെ, പൂജാരികൾ അവ ഇറുത്തുപറിച്ച് ഇടയ്ക്കുതന്നെ നഷ്ടപ്പെടുത്തുന്നു. പുഷ്പാദികൾ ചെളിയിൽ ചേർന്നളിഞ്ഞ് ദുർഗന്ധകാരണമായിത്തീരുന്നു. പുഷ്പാദിസുഗന്ധയുക്തവസ്തുക്കളെ ഈശ്വരൻ സൃഷ്ടിച്ചത് കല്ലിൽ ചാർത്താനാണോ?

പതിനാറാമത് - കല്ലിൽ ചാർത്തിയ പുഷ്പവും ചന്ദനവും അക്ഷതവും മറ്റും ജലം, മണ്ണ് എന്നിവയോടുചേർന്ന് ഒഴുകിയടിഞ്ഞ് മനഷ്യമലത്തോളം ദുർഗന്ധം ആകാശത്തിൽ വ്യാപിപ്പിക്കുന്നു. ആയിരക്കണക്കിനു ജീവികൾ അതിൽ വീണടിഞ്ഞ് അളിയുന്നു.

ഇങ്ങനെ വിഗ്രഹാരാധന ചെയ്യുന്നതുകൊണ്ട് നിരവധി ദോഷങ്ങൾ വന്നുകൂടുന്നു. അതിനാൽ ശിലാദിവിഗ്രഹങ്ങളുടെ ആരാധന സജ്ജനങ്ങൾ ത്യജിക്കേണ്ടതാണ്. വിഗ്രഹാരാധന ചെയ്തവരും, ചെയ്യുന്നവരും ചെയ്യാൻ പോകുന്നവരും മുൻപറഞ്ഞ ദോഷങ്ങളിൽ നിന്ന് രക്ഷപെട്ടിട്ടില്ല. രക്ഷപെടുന്നില്ല, രക്ഷപെടുകയുമില്ല.

യഥാർഥ പഞ്ചായതനപൂജ

ചോദ്യം:- ഏതെങ്കിലും തരത്തിലുള്ള വിഗ്രഹാരാധന ചെയ്കയോ ചെയ്യിക്കയോ പാടില്ലല്ലോ? എന്നാൽ ഈ ആര്യാവർത്തത്തിൽ പഞ്ചദേവപൂജ എന്ന പ്രയോഗം പ്രാചീനകാലം മുതൽ പരമ്പരയാ കേട്ടുവരുന്നു. ശിവൻ, വിഷ്ണു, അംബിക, ഗണപതി, സൂര്യൻ എന്നിവരുടെ വിഗ്രഹമുണ്ടാക്കി പൂജിക്കുകയെന്ന പഞ്ചായതനപൂജ അല്ലേ ഇത്?

ഉത്തരം:- ഒരു തരത്തിലുമുള്ള വിഗ്രഹാരാധന ചെയ്തുകൂടാ. എന്നാൽ വിഗ്രഹതുല്യം മൂർത്തിമാന്മാരായ, ഇനി പറയുന്നവരുടെ പൂജ അഥവാ സത്കാരം ചെയ്യണം. പഞ്ചദേവപൂജ അല്ലെങ്കിൽ പഞ്ചായതനപൂജ വളരെ നല്ല അർഥമുള്ള പദമാണ്. എന്നാൽ വിദ്യാഹീനരായ മൂഢന്മാർ അതിന്റെ നല്ല അർഥത്തെ ത്യജിച്ച് നികൃഷ്ടമായ അർഥത്തെ സ്വീകരിച്ചു. ഇക്കാലത്ത് ശിവാദിപഞ്ചദേവന്മാരുടെ വിഗ്രഹപൂജയായി മാറിയിരിക്കുന്ന അതിന്റെ ഖണ്ഡനം ഇപ്പോൾ ചെയ്തതേ ഉള്ളൂ. എന്നാൽ വേദോക്തവും വേദാനുകൂലോക്തവുമായ യഥാർഥ പഞ്ചായതന ദേവപൂജയും വിഗ്രഹപൂജയും എന്താണെന്നു കേൾക്കുക:-

1. മാനോ വധീഃ പിതരം മോത മാതരമ് (യ

89. യജ്ജു 16-15
90 ഇതിൽ രണ്ടു മന്ത്രഭാഗങ്ങൾ അടങ്ങുന്നു. ആചാര്യ ഉപനയമാനോ എന്നത് അഥവാ 11. 5.3 ബ്രഹ്മചാരിണ മിച്ഛതേ എന്നത് 11.5.17. പേജ് 411 ലും ഈ ഉദ്ധരണമുണ്ട്.
91. അതിഥിർഗൃഹാനാഗച്ഛേത് (15.13.11)
92. ഋഗ്വേദം 8.69. 8.
93. തൈത്തിരീയോപനിഷത്വല്ലി 1. അനുവാകം 1.
94 ശതപഥം പ്രപാഠകക്രമത്തിൽ 14 5.7.10. അധ്യായക്രമത്തിൽ 14.6.9.10.



ജ്യഃ) ▯ [89]

2. ആചാര്യ ഉപനയമാനോ ബ്രഹ്മചാരിണമിച്ഛതേ ▯ [90]

3. അതിഥിർ ഗൃഹാനുപ ഗച്ഛേത് ▯ [91] **(അഥർവം)**

4. അർചത പ്രാർചത പ്രിയമേധാസോ അർചത ▯ [92] **(ഋഗ്വേദം)**

5. ത്വമേവ പ്രത്യക്ഷം ബ്രഹ്മാസി ത്വാമേവ പ്രത്യക്ഷം ബ്രഹ്മവദിഷ്യാമി. (തൈത്തിരീയ ഉപനിഷത്ത്) ▯ [93]

6. കതമ ഏകോ ദേവ ഇതി സ ബ്രഹ്മ ത്വദിത്യാചക്ഷതേ▯ [94]

7. മാതൃദോവോഭവ പിതൃദോവോ ഭവ ആചാര്യ ദേവോ ഭവ അതിഥിർദേവോ ഭവഃ (തൈത്തിരീയോപനി)ഷത്▯ [95]

8. പിതൃഭിർഭ്രാതൃഭിശ്ചൈതാഃ പതിഭിർദേവരൈസ്തഥാ പൂജ്യാ ഭൂഷയിതവ്യാശ്ച ബഹുകല്യാണമിപ്സുഭിഃ▯ [96]

9. പൂജ്യോ ഹി ദേവവത് പതിഃ (മനുസ്മൃതി)▯ [97]

1. മൂർത്തിമതിയും പൂജനീയയുമായ ദേവത അമ്മയാണ്. സന്താനങ്ങൾ ശരീര, മന, ധനങ്ങളാൽ സേവനം ചെയ്ത് അമ്മയെ സന്തുഷ്ടയാക്കണം. ഹിംസ അഥവാ പീഡനം ഒരിക്കലും ചെയ്യരുത്.

2. സത്കാരയോഗ്യനായ രണ്ടാമത്തെ ദേവൻ അച്ഛനാണ്. അച്ഛനേയും അമ്മയേപ്പോലെ ശുശ്രൂഷിക്കണം.

3. മൂന്നാമത് വിദ്യ നൽകുന്ന ആചാര്യനാണ്. അദ്ദേഹത്തേയും ശരീര-മന-ധനങ്ങളാൽ സേവിക്കണം.

4. നാലാമത്തെ ദേവൻ അതിഥിയാണ് വിദ്വാനും ധാർമികനും നിഷ്കപടനും, എല്ലാവരുടേയും ഉന്നതി ആഗ്രഹിക്കുന്നയാളും എല്ലായിടത്തും സഞ്ചരിച്ച് സത്യോപദേശം ചെയ്ത് ആളുകൾക്ക് സൗഖ്യം നല്കുന്നയാളുമായ അതിഥിയെ സത്കാരപൂർവം സേവിക്കണം.

5. സ്ത്രീയ്ക്ക് സ്വഭർത്താവും പുരുഷനു സ്വഭാര്യയും പൂജ്യരാണ്. ഈ അഞ്ച് മൂർത്തിമാന്മാരായ ദേവകളുടെയും സംഗത്താൽ മനുഷ്യദേഹത്തിന്റെ ഉത്പത്തി, പാലനം സത്യശിക്ഷണം, വിദ്യ, സത്യോപദേശം എന്നിവ പ്രാപ്തമാകുന്നു. ഇവയാണ് ഈശ്വരപ്രാപ്തിക്കുള്ള സോപാനങ്ങൾ. ഇവരെ ശുശ്രൂഷിക്കാതെ ശിലാദിവിഗ്രഹങ്ങളെ പൂജിക്കുന്നവർ വലിയ വേദവിരോധികളാണ്.

ചോദ്യം:- മാതാപിതാക്കന്മാരെയും മറ്റും സേവിക്കുന്നതിനോടൊപ്പം വിഗ്രഹാരാധനയും ചെയ്യുന്നതുകൊണ്ട് ദോഷമൊന്നും ഇല്ലല്ലോ.

ഉത്തരം:- ശിലാദിവിഗ്രഹങ്ങളുടെ പൂജ സർവഥാ ത്യജിക്കയും അമ്മയേപ്പോലുള്ള മൂർത്ത രൂപങ്ങളെ ശുശ്രൂഷിക്കുകയും ചെയ്യുന്നതിലാണ് എല്ലാവിധ മംഗളവും ഉള്ളത്. സാക്ഷാൽ മാതാവ് മുതലായ പ്രത്യക്ഷ സുഖദായക ദേവകളെ വെടിഞ്ഞ് ദേവകളല്ലാത്ത ശിലാദിവിഗ്രഹങ്ങളുടെ മുമ്പിൽ തലതല്ലുന്നത് വലിയ അനർഥ കാരണമാണ്.

മാതാപിതാക്കന്മാരുടെ മുമ്പിൽ നൈവേദ്യമോ ഉപഹാരങ്ങളോ സമർപ്പിച്ചാൽ അവരത് സ്വീകരിക്കുകയും ഭക്ഷിക്കുകയും ചെയ്യും. അപ്പോൾ തങ്ങളുടെ വയറ്റിപ്പിഴപ്പു മുട്ടും അതിനാൽ ശിലാവിഗ്രഹങ്ങൾ ഉണ്ടാക്കി അതിനുമുമ്പിൽ നൈവേദ്യം എഴുന്നെള്ളിച്ച്, മണിയടിച്ച്, ഇണ്ടിണ്ടം കൊട്ടിയും പൂമ്പ്ദം വിളിച്ചും ശംഖ് ഊതിയും കോലാഹല മുണ്ടാക്കി കൈക്രിയകാട്ടിയും നീ തള്ളവിരൽ ഗ്രഹിക്ക, ഭോജനപദാർഥങ്ങളാകട്ടെ ഞാനും ഗ്രഹിക്കാം. (ത്വമങ്ഗുഷ്ഠം ഗൃഹാണ, ഭോജനം പദാർഥം വാ ഹം ഗ്രഹീയാമി) എന്നിങ്ങനെ ഒരുവൻ മറ്റൊരുവനെ വഞ്ചിച്ചോ കാപട്യത്തിലോ അവന്റെ മുമ്പിൽ നിന്ന് എല്ലാം എടുത്തുകൊണ്ടുപോയി. അനുഭവിക്കുന്നതുപോലെ അപഹരണമാണ് ഈ പൂജാരികൾ അഥവാ പൂജ എന്ന സത്കർമത്തിന്റെ ശത്രുക്കൾ▯ [98] ചെയ്യുന്നത്. ഈ മൂഢന്മാർ ആഡംബരപൂർവ്വം ശിലാവിഗ്രഹങ്ങളെ വളരെ ഭംഗിയായി മോടിപിടിപ്പിച്ച്, സ്വയം കൊള്ളക്കാരെപ്പോലെ വേഷം മാറി പാവപ്പെട്ട ബുദ്ധിഹീനരായ അനാഥരുടെ ചെലവിൽ ധൂർത്തടിച്ച് സുഖിക്കുന്നു. ധാർമികനായ ഏതെങ്കിലും രാജാവുണ്ടായിരുന്നെങ്കിൽ ഈ ശിലാപ്രിയന്മാരെ കല്ലുടയ്ക്കാനോ, കൊത്താനോ, വീടു കെട്ടാനോ വിട്ട് ഉണ്ണാനും ഉടുക്കാനും കൊടുത്ത് കാലക്ഷേപം കഴിപ്പിച്ചേനെ.

95. തൈത്തിരീയോപനിഷത്ത് വല്ലി1-അനു-11.
96 മനുസ്മൃതി 3/55
97. മനുസ്മൃതി 5/144 ൽ ഉപചര്യഃ സ്ത്രിയാ സാധ്വ്യാസതതം ദേവവത് പതിഃ എന്നുണ്ട്

98. പൂജാ + അരി = പൂജാരി. അരി = ശത്രു

ചോദ്യം:- സ്ത്രീകളുടേയും മറ്റും പ്രതിമ കാണുമ്പോൾ കാമോത്പത്തിയുണ്ടാവും പോലെ വീതരാഗനും ശാന്തചിത്തനുമായ പ്രതിമ കാണുമ്പോൾ വിരക്തിയും ശാന്തിയും ഉണ്ടാവുകയില്ലേ?

ഉത്തരം:- ഉണ്ടാവാൻ തരമില്ല. ആ വിഗ്രഹത്തിന്റെ ജഡത്വ ധർമം ആത്മാവിൽ വരികയാൽ വിവേചനാ ശക്തി കുറയും, വിവേകമില്ലാതെ വിരക്തിയോ, വിരക്തിയില്ലാതെ വിജ്ഞാനമോ, വിജ്ഞാനമില്ലാതെ ശാന്തിയോ ഉണ്ടാവുകയില്ല. കുറച്ചുവല്ലതും ഉണ്ടാകുന്നുവെങ്കിൽ അത് സംസർഗം, ഉപദേശശ്രവണം, ഇതിഹാസാദികളുടെ പഠനം എന്നിവയിൽ നിന്ന് ഉണ്ടാകുന്നതാണ്. ഗുണദോഷങ്ങളേവയെന്നറിയാത്തവന്റെ പ്രതിമ കാണുന്നതുകൊണ്ട് പ്രീതിയുണ്ടാവുകയില്ല, പ്രീതിയുടെ കാരണം ഗുണദോഷജ്ഞാനമാണ്.

ഇപ്രകാരമുള്ള വിഗ്രഹാരാധന മുതലായ ചീത്തകാരണങ്ങളാൽ മാത്രമാണ് ആര്യവർത്തത്തിൽ കൊള്ളരുതാത്ത പൂജാരികൾ ഭിക്ഷുക്കൾ, മുതലായ അലസരും പുരുഷാർത്ഥ രഹിതരുമായ കോടിക്കണക്കിനു മനുഷ്യരുണ്ടായത്. ലോകമെങ്ങും ഇവർ മൂഢത പരത്തി, കളവും ചതിവും വളരെ വ്യാപിച്ചു.

ചോദ്യം:- കാശിയിൽ വച്ച് അറംഗസീബ് ചക്രവർത്തിയെ ലാടഭൈരവന്മാർ വലിയ അത്ഭുതങ്ങൾ കാണിച്ചതാണ്. മുസൽമാന്മാർ അവരെ തകർക്കുവാൻ ചെന്നപ്പോൾ, അവരുടെ നേർക്ക് പീരങ്കിയുണ്ട വർഷിച്ചു. അപ്പോൾ വലിയ വണ്ടുകൾ പറന്നു വന്ന് സൈന്യത്തെ കുത്തിത്തുരത്തി.

ഉത്തരം:- ഇത് കല്ലിന്റെ അത്ഭുതപ്രകടനമല്ല. അവിടെ വണ്ടിൻകൂട് ഉണ്ടായിരുന്നിരിക്കാം. അവ സ്വഭാവേന ക്രൂരരാണ്. അവയെ ആരെങ്കിലും ഇളക്കിവിട്ടാൽ കുത്താൻ വരും. ക്ഷീരധാരയുടെ അത്ഭുതം പൂജാരിയുടെ തമാശയാണ്.

ചോദ്യം:- നോക്കൂ! മ്ലേച്ഛർക്ക് ദർശനം നല്കാതിരിക്കുവാൻ വേണ്ടി മഹാദേവൻ ഒരു കിണറ്റിലും വേണീമാധൻ ഒരു ബ്രാഹ്മണ ഗൃഹത്തിലും ചെന്ന് ഒളിച്ചിരുന്നു. ഇതും അത്ഭുതമല്ലേ?

ഉത്തരം:- കൊള്ളാം. കാലഭൈരവനും ലാടഭൈരവനും മറ്റു ഭൂതപ്രേതങ്ങളും ഗരുഡഗണവും കാവൽക്കാരായിരിക്കെ മുസൽമാന്മാരെ എതിർത്ത് ഓടിക്കാത്തതെന്ത്? മഹാദേവൻ വിഷ്ണു എന്നിവരുടെ പുരാണങ്ങളിൽ ത്രിപുരാസുരനേപ്പോലുള്ള ഭയങ്കര ദുഷ്ടന്മാരെ ഭസ്മമാക്കിക്കളഞ്ഞെന്നു കഥയുള്ളപ്പോൾ മുസൽമാന്മാരെ എന്തുകൊണ്ട് ഭസ്മമാക്കിയില്ല? പാവം കല്ലിന് യുദ്ധം ചെയ്യാനോ ചെയ്യിക്കാനോ കഴിയുകയില്ലെന്ന് ഇതിൽനിന്നു സിദ്ധിക്കുന്നു. മുസ്ലീങ്ങൾ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും തകർത്തുടച്ച് പാഞ്ഞുകയറി കാശിയ്ക്കു സമീപം വന്നപ്പോൾ പൂജാരികൾ കൽലിംഗമെടുത്ത് കിണറ്റിലിട്ട് വേണീമാധവനെ ബ്രാഹ്മണഗൃഹത്തിൽ ഒളിപ്പിച്ചതാണ്. കാലഭൈരവനെ ഭയപ്പെട്ട് യമദൂതർ കാശിയിൽ കയറുകയില്ലെന്നും പ്രളയത്തിൽ പോലും കാശിയെ നശിപ്പിക്കാനനുവദിക്കയില്ലെന്നും പറയുന്നത് നേരാണെങ്കിൽ മ്ലേച്ഛഭടന്മാരെ ഭയപ്പെടുത്താഞ്ഞതെന്താണ്? തങ്ങളുടെ യജമാനന്മാരുടെ ക്ഷേത്രങ്ങളെ സംരക്ഷിക്കാതിരുന്നതെന്ത്? ഇതെല്ലാം പോപ്പുമായകളാണ്.

ഗയാശ്രാദ്ധം

ചോദ്യം:- ഗയയിൽ ശ്രാദ്ധം ചെയ്താൽ പിതൃക്കൾ പാപമുക്തരായി, അവിടുത്തെ ശ്രാദ്ധത്തിന്റെ പുണ്യപ്രഭാവത്താൽ സ്വർഗത്തിൽ പോകുമെന്നതും, പിതൃക്കൾ കൈനീട്ടി ബലി പിണ്ഡം സ്വീകരിക്കുമെന്നതും ശരിയാണ്. ഇതും കള്ളമാണോ?

ഉത്തരം:- തീർത്തും കള്ളം. അവിടെ പിണ്ഡം വയ്ക്കുന്നതിൽ ഇത്രയും മഹത്വമുണ്ടെങ്കിൽ, പണ്ഡാ[99]കൾക്ക് പിതൃസൗഖ്യത്തിനു വേണ്ടി നൽകുന്ന ലക്ഷക്കണക്കിനു രൂപ അവർ ഗയയിൽ വേശ്യാഗമനത്തിനും മറ്റും ചിലവഴിക്കുന്നതിൽ വരുന്ന പാപം എന്തുകൊണ്ട് തീരുന്നില്ല? ഇപ്പോൾ അവിടെയാരും കൈനീട്ടാറില്ല. പണ്ഡകളല്ലാതെ. ഏതോ സൂത്രശാലി ഭൂമി കുഴിച്ച് ഗുഹയുണ്ടാക്കി അതിൽ ഒരുവനെ ഇരുത്തിയിരിക്കാം. കുഴിയിൽ ദർഭവിരിച്ച് പിണ്ഡം വച്ചത് അയാൾ കൈനീട്ടി എടുത്തിരിക്കാം. അജ്ഞാനിയായ ധനവാനെ ഇങ്ങനെകൊള്ളയടിച്ചെങ്കിൽ അതിലത്ഭുതമില്ല. അതുപോലെ വൈജനാഥനെ രാവണൻ കൊണ്ടുവന്നെന്ന കഥയും കള്ളമാണ്.

ചോദ്യം:- നോക്കൂ! കല്ക്കത്തയിൽ കാളി, കമാക്ഷി മുതലായ ദേവികളെ ലക്ഷക്കണക്കി

99. പണ്ഡ - പൂജാരി. പണ്ഡിറ്റ് എന്നതിന്റെ ചുരുക്കമാണിത്. ബ്രാഹ്മണനെ വിളിക്കുന്ന പേരാണ് പണ്ഡിറ്റ്.



നാളുകൾ പൂജിക്കുന്നു. ഇത് വലിയ മഹിമയല്ലേ?

ഉത്തരം:- ഒന്നുമില്ല. ഈ അന്ധന്മാർ ആട്ടിൻപറ്റത്തേപ്പോലെ ഒന്നിനുപിമ്പേ ഒന്നെന്നവണ്ണം പോകുന്നതേയുള്ളൂ. കിണറ്റിൽ വീണാലും വകവയ്ക്കുകയില്ല. അതുപോലെ ഒരു അജ്ഞാനിയുടെ പിമ്പേ പോകുന്ന മറ്റുള്ളവരും വിഗ്രഹാരാധനയാകുന്ന ഗർത്തത്തിൽപെട്ട് വളരെക്കാലം ദുഃഖം അനുഭവിക്കുന്നു.

ചോദ്യം:- പോകട്ടെ. അതെന്തുമാകട്ടെ. എന്നാൽ ജഗന്നാഥത്ത് പ്രത്യക്ഷമായ മഹിമകൾ പലതുമുണ്ടല്ലോ. ഒരു പ്രതിഷ്ഠമാറ്റി പ്രതിഷ്ഠിക്കുമ്പോൾ, ചന്ദനത്തടി കടവിൽ സമുദ്രത്തിൽ നിന്ന് തനിയേ വന്നടിയും. അടുപ്പത്ത് ഒന്നിനുമുകളിൽ ഒന്നായി ഏഴു അണ്ടാവുകൾ വച്ചാൽ ഏറ്റവും മുകളിൽ നിന്ന് താഴേക്കാണ് പാകമായി വരുന്നത്., ജഗന്നാഥത്തിലെ പ്രസാദം ഭക്ഷിക്കാത്തവർ കുഷ്ഠരോഗികളായിത്തീരുന്നു. രഥം തനിയേ ഉരുളുന്നു. പാപികൾക്ക് ദർശനം ലഭിക്കുന്നില്ല. ഇന്ദ്രദ്യമനത്തിന്റെ ഭരണകാലത്ത് ദേവകൾ പണിതതാണ് ഈ ക്ഷേത്രം. പുനഃപ്രതിഷ്ഠക്കാലത്ത് ഒരു രാജാവും ഒരു പണ്ഡയും ഒരു തന്വനും മരിക്കുന്നു. ഈ മഹത്വങ്ങളെല്ലാം പൊളിയാണെന്നു പറയാൻ നിങ്ങൾക്കാവില്ല.

ഉത്തരം:- പന്ത്രണ്ടു വർഷം ജഗന്നാഥത്തിലെ പൂജാരിയായിരുന്ന ഒരാൾ വിരക്തനായി മഥുരയിൽ വന്നിരുന്നു. [100] അദ്ദേഹത്തെ കണ്ട് ഇക്കാര്യങ്ങളെപ്പറ്റി ചോദിച്ചു. എല്ലാം കള്ളമാണെന്ന അദ്ദേഹം പറഞ്ഞു. ചിന്തിച്ചാൽ നിർണയിക്കാവുന്നതിപ്രകാരമാണ്. പുനഃപ്രതിഷ്ഠനടക്കുമ്പോൾ ആരെങ്കിലും ഒരു ചന്ദനത്തടി വള്ളത്തിൽ കയറ്റി സമുദ്രത്തിൽ കൊണ്ടിടും. തിരയടിച്ച് അത് കരയ്ക്കടിയും. അതെടുത്ത് ആശാരിമാർ വിഗ്രഹമുണ്ടാക്കും. അതുപോലെ തിടപ്പള്ളിയിൽ മറ്റാർക്കും പ്രവേശനമില്ല, വാതിൽ അടച്ചിട്ടിരിക്കും. ഭൂമിയിൽ നാലു ചുറ്റും ആറടുപ്പുകളും മധ്യത്തിൽ ചക്രാകൃതിയിൽ ഒരടുപ്പും ഉണ്ടാക്കും. അണ്ടാവുകളുടെ [101] അടിയിൽ നെയ്യും മണ്ണും ചാരവും കുഴച്ചു പുരട്ടി ആറു അടുപ്പുകളിൽ ചോറുണ്ടാക്കും. അവയുടെ പുറം കഴുകി നടുക്കെ അണ്ടാവിൽ അപ്പോൾ അരിയിടും. അതിനു മുകളിൽ ആറ് അണ്ടാവുകൾ വയ്ക്കും. ആറ് അടുപ്പുകളുടെയും മുഖം ഇരുമ്പുപാളികൊണ്ട് മൂടും. എന്നിട്ട് തൊഴാൻ വല്ല ധനാഢ്യനും വന്നിട്ടുണ്ടെങ്കിൽ വിളിച്ചു കാണിക്കും. മുകളിലത്തെ അണ്ടാവുകളിൽ നിന്ന് ചോറും അടിയിലത്തെ അണ്ടാവിൽ നിന്ന് അരിയും എടുത്തു കാണിച്ചിട്ടു പറയും:-"അണ്ടാവിന് എന്തെങ്കിലും കാണിക്കയിടൂ" 'കുരുടനായ പുതുമടിശ്ശീലക്കാരൻ' ഉടനെ കാണിക്ക വയ്ക്കും. ചിലർ പ്രതിമാസ വഴിപാടും ഏർപ്പാടാക്കും.

ശൂദ്രവൃത്തികളായ താഴേക്കിടക്കാർ ക്ഷേത്രത്തിൽ നൈവേദ്യം കൊണ്ടുവരും. നൈവേദ്യം കഴിഞ്ഞതും അതവർ എച്ചിലാക്കും. പിന്നീട് അണ്ടാവിലെ ചോറ് വിലയ്ക്കെടുക്കുന്നവർ അതു വീട്ടിലെത്തിക്കും. ദീനരും ദരിദ്രരും സാധു-സംന്യാസിമാരും ഗൃഹസ്ഥരും ശൂദ്രരും അന്ത്യജരും എല്ലാം ഒന്നിച്ചിരുന്ന് പന്തിഭോജനം നടത്തി പരസ്പരം ആഹാരം നല്കിക്കഴിക്കുന്നു. ഒരു പന്തി എഴുന്നേറ്റാൽ അടുത്തതിന് അതേ ഇലകളിൽ വിളമ്പുന്നു. മഹാ അനാചാരം തന്നെ. വളരെപ്പേർ അവിടെച്ചെന്നാൽ എച്ചിലു തിന്നാതെ സ്വയം പാകം ചെയ്ത് ഉണ്ണുന്നു. ആർക്കും കുഷ്ഠം വരാറില്ല. ജഗന്നാഥപുരിയിൽത്തന്നെ പ്രസാദം കഴിക്കാത്ത അനേകരുണ്ട്. അവർക്കാർക്കും കുഷ്ഠരോഗമോ മറ്റോ വരുന്നില്ല. കൂടാതെ ജഗന്നാഥപുരിയിൽ നിരവധി കുഷ്ഠരോഗികളുണ്ട്. നിത്യവും എച്ചിലു തിന്നിട്ടും അവരുടെ രോഗം മാറുന്നില്ല. ഈ ജഗന്നാഥത്തിൽ വാമമാർഗികൾ ഒരു ഭൈരവീചക്രം ഉണ്ടാക്കിയിട്ടുണ്ട്. സുഭദ്ര ശ്രീകൃഷ്ണന്റേയും ബലരാമന്റെയും സഹോദരിയാണല്ലോ. രണ്ടു സഹോദരന്മാരുടെയും മധ്യത്തിൽ ഭാര്യയുടെയും അമ്മയുടേയും സ്ഥാനം നൽകി ഇരുത്തിയിരിക്കുന്നു. [102] ഭൈരവീചക്രമത്തിലായിരുന്നെങ്കിൽ ഇങ്ങനെ വരില്ലായിരുന്നു. [103]

രഥത്തിന്റെ ചക്രത്തിൽ ഉത്തോലകം ഘടിപ്പിച്ചിട്ടുണ്ട്. അതു വലത്തോട്ടു തിരിച്ചാൽ രഥം ഉരു

100. മഹർഷി അവിടെ പഠിക്കുന്ന കാലത്തെ സംഭവമായിരിക്കണം

101. അണ്ടാവ് വലിയ ചരുവത്തിന് മധ്യകേരളത്തിൽ പറയുന്ന പേര്. ഹണ്ഡാ എന്ന് മൂലപദം.

102. പ്രാചീന ഭാരതീയ രീതിയനുസരിച്ച് യജ്ഞകാര്യത്തിലൊഴികെ ഭാര്യയെ വാമഭാഗത്തും അല്ലാത്ത സ്ത്രീകളെ വലത്തും ഇരുത്തുകയാണ് പതിവ്. ഇരുവരുടെയും മധ്യത്തിൽ സുഭദ്രയെ ഇരുത്തിയപ്പോൾ ഒരാളിന്റെ ഇടത്തും മറ്റേയാളിന്റെ വലത്തും ആയിപ്പോയി. അങ്ങനെ ഒരാളിന്റെ ഭാര്യ, മറ്റേയാളിന്റെ മാതാവ് എന്നീ സ്ഥാനങ്ങൾ വന്നു ചേരുന്നു.

103. ജഗന്നാഥത്തിലെ ഭോഗാത്മകങ്ങളായ പ്രതിമാശില്പങ്ങൾ ഇതു സ്ഥിരപ്പെടുത്തുന്നു.

ളും. രഥോത്സവമധ്യത്തിലെത്തുമ്പോൾ തിരിച്ചു കറക്കും. അപ്പോൾ രഥം നിൽക്കും. പൂജാരികൾ വിളിച്ചുകൂവും:- "ദാനം ചെയ്യൂ. പുണ്യം ചെയ്യൂ. ജഗന്നാഥൻ പ്രസാദിച്ച് രഥം നടത്തട്ടെ. നമ്മുടെ ധർമ്മം വാഴട്ടെ". കാണിക്ക തീരുന്നതുവരെ ഈ വിളിച്ചുകൂവൽ തുടരും. തീരാറാകുമ്പോൾ ഒരു വ്രജവാസി നല്ല വസ്ത്രങ്ങളണിഞ്ഞ് പൊന്നാട പുതച്ച് കൈകൂപ്പിനിന്ന് പ്രാർത്ഥിക്കും:- "അല്ലയോ ജഗന്നാഥസ്വാമീ! അവിടുന്നു ദയവായി രഥം നടത്തിച്ചാലും. ഞങ്ങളുടെ ധർമത്തെ രക്ഷിക്കണേ!" ഇങ്ങനെ പ്രാർഥിച്ച് സാഷ്ടാംഗം നമസ്കരിച്ചിട്ട് രഥത്തിലേറുന്നു. അപ്പോൾ ഉത്തോലകം വലത്തോട്ടു തിരിക്കും. ജയജയ ശബ്ദം മുഴക്കി ആയിരക്കണക്കിനാളുകൾ കയറുവലിക്കുമ്പോൾ രഥം ഉരുളുന്നു.

വളരെയധികം ആളുകൾ തൊഴാൻ വരുന്ന ഈ വലിയ ക്ഷേത്രത്തിൽ സർവത്ര ഇരുട്ടാണ്. പകൽപോലും വിളക്കുകത്തിച്ചാലേ കാഴ്ചകിട്ടൂ. വിഗ്രഹത്തിന് ഇരുവശത്തുനിന്നും വലിച്ചിടാവുന്ന മറശീല പിടിപ്പിച്ചിട്ടുണ്ട്. പണ്ഡകളും പൂജാരികളും അകത്തുനിൽക്കും. ഒരു വശത്തു നില്ക്കുന്ന പണ്ഡ ചരടുവലിക്കുമ്പോൾ മറശീല വലിയും. വിഗ്രഹം അപ്രത്യക്ഷമാകും. ഉടനേ അവർ വിളിച്ചു പറയും:-"കാണിക്കയിടൂ. നിങ്ങളുടെ പാപമൊഴിയും. അപ്പോൾ ദർശനം കിട്ടും. വേഗമാകട്ടെ" പാവപ്പെട്ട ശുദ്ധാത്മാക്കളെ ഈ സൂത്രശാലികൾ കൊള്ളയടിക്കും. അപ്പോൾ വീണ്ടും ചരടു വലിക്കും. മറശീല മാറും. വിഗ്രഹം കാണാറാകും. ജയ ജയ പറഞ്ഞ് ഇരുട്ടടിയേറ്റ് തിരസ്കൃതരായ അവർ പോകുകയും ചെയ്യും.

ഇന്ദ്രദമനന്റെ വംശക്കാർ ഇപ്പോഴും കൽക്കത്തയിലുണ്ട്. ദേവ്യുപാസകനും ധനാഢ്യനുമായ രാജാവായിരുന്ന അദ്ദേഹം ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് ക്ഷേത്രം പണിയിച്ചു. ആര്യാവർത്തത്തിലെ ജനങ്ങൾക്ക് പണി ചെയ്താൽ ഭക്ഷണമെങ്കിലും കിട്ടട്ടെയെന്നു കരുതിയാണ് ഇതു ചെയ്തത്. പക്ഷേ മൂഢന്മാരുണ്ടോ വിടുന്നു. ദേവന്മാർ എന്നു പറയുന്നത് ക്ഷേത്രം പണിത ശില്പികൾ തന്നെയാണ്. രാജാവും പൂജാരിയും തച്ചനും അപ്പോൾ മരിക്കുന്നില്ല., അവരാണവിടുത്തെ പ്രധാനികൾ. അവരുടെ അനുവാദത്തോടുകൂടി പുനഃപ്രതിഷ്ഠാസമയത്ത് ഹാജരുള്ള ചെറിയവർക്ക് ദുഃഖം നല്കിക്കാണും. അവരെല്ലാം തത്സമയം ഹാജരായിരിക്കും. വിഗ്രഹത്തിനകം പൊള്ളയായിട്ടാണ് പണിയുന്നത്. അതിനുള്ളിൽ ഒരു സ്വർണച്ചെപ്പിൽ സാളഗ്രാമം വയ്ക്കുന്നു. അതു കഴുകി ദിവസവും ചരണാമൃതം ഉണ്ടാക്കുന്നു. തലേന്നു രാത്രി അതിൽ വിഷം പുരട്ടി വച്ചുകാണും. പിറ്റേന്ന് അതു കഴുകിക്കൊടുത്തപ്പോൾ അവർ മൂവരും മരിച്ചിരിക്കാം. ഇങ്ങനെയാണ് ചത്തതെങ്കിലും വയറ്റുപിഴപ്പുകാരായ പണ്ഡകൾ. ജഗന്നാഥൻ ശരീരം മാറ്റിയ അവസരത്തിൽ ഇവരെ മൂവരെയും കൂടെക്കൊണ്ടുപോയി എന്നു പറഞ്ഞുപരത്തി. അന്യന്റെ ധനം കൈക്കലാക്കാൻ ഇങ്ങനെ പലതും ചെയ്തുവയ്ക്കാറുണ്ട്.

രാമേശ്വരത്തിലെ ലിങ്ഗമഹത്വം

ചോദ്യം:- രാമേശ്വരത്തിൽ ഗംഗോത്രിയിലെ ജലം കൊണ്ട് അഭിഷേകം ചെയ്യുമ്പോൾ ശിവലിംഗം വലുതാകുന്നുണ്ട്. ഇതും കള്ളമോ?

ഉത്തരം:- കള്ളം. ആ ക്ഷേത്രത്തിലും പകൽ ഇരുട്ടാണ്. രാപകൽ വിളക്കു വേണം. ജലധാര ഒഴുക്കുമ്പോൾ ജലത്തിൽ വിളക്കിന്റെ ജ്വാല പ്രതിബിംബിക്കും. അല്ലാതൊന്നുമില്ല. കല്ല് ചുരുങ്ങുകയോ വളരുകയോ ഇല്ല. എത്രയോ അത്രതന്നെയായിരിക്കും. ഇതെല്ലാം കാട്ടിക്കൂട്ടി പാവങ്ങളെ കൊള്ളയടിക്കുന്നു!

ചോദ്യം:- രാമേശ്വരം ശ്രീരാമൻ പ്രതിഷ്ഠിച്ചതാണ്. വിഗ്രഹാരാധന വേദവിരുദ്ധമാണെങ്കിൽ ശ്രീരാമൻ എങ്ങനെ വിഗ്രഹം പ്രതിഷ്ഠിക്കും? വാല്മീകി അതെങ്ങനെ രാമായണത്തിലെഴുതും?

ഉത്തരം:- ശ്രീരാമന്റെ കാലത്ത് ആ ക്ഷേത്രമോ ലിങ്ഗമോ ഉണ്ടായിരുന്നതേയില്ല. എന്നാൽ ദാക്ഷിണാത്യനായ രാമൻ എന്ന രാജാവ് ആ അമ്പലമുണ്ടാക്കി രാമേശ്വരം എന്നു പേരിട്ടതു നേരാണ്. ശ്രീരാമൻ സീതയോടൊപ്പം, ഹനുമാന്റെയും മറ്റും കൂടെ ലങ്കയിൽ നിന്നു പുറപ്പെട്ട് ആകാശമാർഗേണ വിമാനത്തിൽ അയോധ്യയിലേക്കു പോന്നപ്പോൾ ശ്രീരാമൻ സീതയോട് പറഞ്ഞു:-

അത്ര പൂർവ മഹാദേവാഃ പ്രസാദമകരോദിഭുഃ സേതു ബന്ധ ഇതിവിഖ്യാതമ് (വാല്മീകി രാ. ലങ്കാ. കാ.)[104]

"സീതേ നിന്റെ വിയോഗത്താൽ വ്യാകുലരായ ഞങ്ങൾ ഇവിടെ തിരയവേ ഇവിടെ ചാതുർമാസ്യമനുഷ്ഠിച്ചു. ഈശ്വരോപാസനയും ധ്യാനവും ചെയ്തു. സർവത്ര വിഭുവായ ദേവദേവൻ മഹാ

104. സർഗം 123. ശ്ലോകം 22. അവിടെ സേതുബന്ധ ഇതിഖ്യാതമെന്നു പാഠം.



ദേവൻ, പരമാത്മാവ് കൃപചെയ്കയാൽ എല്ലാ സാമഗ്രികളും ഇവിടെനിന്നു ലഭിച്ചു. നോക്കൂ! അതുനിമിത്തമാണ് സേതുബന്ധനം ചെയ്ത് ലങ്കയിൽ വന്ന് രാവണനെക്കൊന്ന് നിന്നെകൊണ്ടുവന്നത്. ഇതിനപ്പുറം വാല്മീകി മറ്റൊന്നും എഴുതിയിട്ടില്ല.

കാലിയാകാന്തനും ഡകോർജിയും

ചോദ്യം:- കാലിയാകാന്തൻ പകിട്ടുള്ളോൻ സന്തിനേ ഹുക്കാ വലിപ്പിച്ചോൻ.[105] ദക്ഷിണദേശത്ത് കാലീയാകാന്തനെന്നൊരു മൂർത്തിയുണ്ട്. ഇത് ഇന്നും ഹുക്കാ[106] വലിക്കുന്നു. വിഗ്രഹാരാധന കള്ളമാണെങ്കിൽ ഈ മാഹാത്മ്യം കള്ളമാണല്ലോ?

ഉത്തരം:-കള്ളം കള്ളം ഇതെല്ലാം പോപ്പുലീലയാണ്. ഈ വിഗ്രഹത്തിന്റെ വായ് പൊള്ളയായിരിക്കണം. പിൻവശത്തുകൂടി ഭിത്തിവഴി അടുത്ത കെട്ടിടത്തിലേക്കു ഈ ദ്വാരം പോകുന്നുണ്ടായിരിക്കും. ഹുക്കാ നിറച്ച് വിഗ്രഹത്തിന്റെ വായുമായി ഘടിപ്പിച്ച് പൂജാരി ഇറങ്ങിപ്പോകും. പുറകിലത്തെ കെട്ടിടത്തിലിരിക്കുന്നയാൾ അവിടിരുന്ന് കുഴലിൽക്കൂടി വലിക്കുമ്പോൾ ഹുക്കയിൽ ഗുളുഗുളു ശബ്ദം കേൾക്കും. വിഗ്രഹത്തിന്റെ മൂക്കിൽക്കൂടിയും ദ്വാരം കാണും. പിന്നിൽനിന്നും ഊതിക്കൊടുക്കുമ്പോൾ വായിലും മൂക്കിലും കൂടി പുക വരുന്നതാവാം. അനേകം മൂഢന്മാരോട് പണം പിടുങ്ങി അവരെ ദരിദ്രരാക്കുവാൻ ഇത്തരം പണികൾ മതി.

ചോദ്യം:- നോക്കൂ. ദ്വാരകയിലെ ഡകോർജി[107] യുടെ വിഗ്രഹം ഒരു ഭക്തന്റെ കൂടെപോയി. കാൽപണമിട സ്വർണം അനേകം മന്ന് ഭാരമുള്ള വിഗ്രഹത്തിനു സമമായി തൂങ്ങി. ഇവയും മാഹാത്മ്യങ്ങളല്ലെന്നുണ്ടോ?

ഉത്തരം:- അല്ല. ഭക്തൻ വിഗ്രഹം കട്ടുകൊണ്ടു പോയിരിക്കാം. കാൽപണമിട സ്വർണം വിഗ്രഹത്തിനു സമമായെന്നത് ഏതോ കഞ്ചാവുകടയിൽ വമ്പു പറഞ്ഞതാകാം.

സോമനാഥക്ഷേത്രവും ഗസ്നിയും

ചോദ്യം:- സോമനാഥവിഗ്രഹം നിലംതൊടാതെയാണ് നിന്നിരുന്നത്. ഇതൊരു മഹാത്ഭുതം തന്നെയായിരുന്നു. അതോ ഇതും മിഥ്യയാണോ?

ഉത്തരം:- മിഥ്യതന്നെ. ക്ഷേത്രത്തിൽ കീഴ്മേൽ കാന്തക്കല്ലുകൾ പിടിപ്പിച്ചിരുന്നു. അതിന്റെ ആകർഷണത്തിൽ വിഗ്രഹം ആധാരമില്ലാതെ നിന്നതാണ്. മഹമ്മദ് ഗസ്നി വന്ന് യുദ്ധം ചെയ്തപ്പോൾ ഈ ക്ഷേത്രങ്ങളെല്ലാം തകർത്തു എന്ന അത്ഭുതമുണ്ടായി. പൂജാരികളും ഭക്തന്മാരും കഷ്ടാവസ്ഥയിലായി. ലക്ഷക്കണക്കിനു ഭടന്മാർ പതിനായിരം ഭടന്മാരോട് തോറ്റോടി. അപ്പോൾ പോപ്പന്മാരും പൂജാരികളും മഹാദേവ! ഈ മ്ലേച്ഛന്മാരെ കൊന്ന് ഞങ്ങളെ രക്ഷിച്ചാലും എന്നപേക്ഷിച്ച് പൂജയും, മുട്ടുപാടുകിടക്കലും, സ്തുതിയും, പ്രാർഥനയും നടത്തുകയായിരുന്നു. എന്നിട്ട് സ്വശിഷ്യന്മാരായ രാജാക്കന്മാരോട് "അവിടുന്നു വിഷമിക്കേണ്ട. മഹാദേവൻ ഭൈരവനേയോ വീരഭദ്രനെയോ അയയ്ക്കും. അവർ മ്ലേച്ഛന്മാരെ കൊല്ലുകയോ അന്ധരാക്കുകയോ ചെയ്യും. ഇപ്പോൾത്തന്നെ നമ്മുടെ ദേവന്മാർ പ്രത്യക്ഷരാകും. എന്നുമാത്രമല്ല ഞങ്ങളെല്ലാ കാര്യങ്ങളും ഏറ്റെന്ന് ഹനുമാനും, ദുർഗയും ഭൈരവനും സ്വപ്നത്തിൽ അരുളിയിട്ടുണ്ട്. എന്നു പറഞ്ഞ് സാന്ത്വനപ്പെടുത്തി. ആ ശുദ്ധന്മാരായ രാജാക്കന്മാരും ക്ഷത്രിയരും പോപ്പന്മാരുടെ പിത്തലാട്ടത്തിൽപ്പെട്ട് കേട്ടത് വിശ്വസിച്ചിരുന്നു.

എത്രയെങ്കിലും ജ്യോതിഷികൾ ഇപ്പോൾ ആക്രമിക്കാൻ പറ്റിയ മുഹൂർത്തമല്ല എന്നു പറയും. അഷ്ടമത്തിൽ ചന്ദ്രനുണ്ട് എന്നൊരുത്തൻ

105. രങ്ഗ് ഹൈ കാലിയാകാന്ത് കോ ജിസ്നേ ഹുക്കാ പിലായസന്ത് കോ.

106. നാലുഭാഗങ്ങളുള്ള ഉപകരണമാണ് ഹുക്ക. ഏറ്റവും അടിയിൽ വെള്ളം നിറച്ച പിത്തളയോ മണ്ണോ കൊണ്ടുള്ള പാത്രം. അതിന്റെ മുകൾഭാഗത്തുനിന്ന് പുകവലിക്കാനുള്ള നീണ്ട കുഴൽ, ആ പാത്രത്തിനടിവശംവരെ നീണ്ടു നിൽക്കുന്ന പുകക്കുഴൽ. പുകക്കുഴലിന്റെ മുകളിൽ ചിലം എന്നുപറയുന്ന പുകയിലെ നെരിപ്പോട്. നെരിപ്പോടിൽ പുകയിലയിട്ട് കരിക്കനൽ നിറയ്ക്കുന്നു. പുകവലിക്കാനുള്ള നീണ്ട കുഴലിലൂടെ വലിക്കുമ്പോൾ വെള്ളത്തിലൂടെ പുക വന്ന് കുഴലിലൂടെ വലിക്കാരന്റെ വായിലെത്തുന്നു. ഇങ്ങനെ വലിക്കുമ്പോൾ ഗുളു ഗുളു ശബ്ദം പുറപ്പെടും. ഹുക്കകൾ പലതരമുണ്ട്.

107. ഡക്കോർ എന്നത് ഠക്കരഃ (വിഷ്ണു) എന്ന സംസ്കൃതശബ്ദത്തിന്റെ അപഭ്രംശമാണ്. ഠാക്കൂർ, ടാഗൂർ, ടാഗോർ മുതലായവയും.

108. മ്ലേച്ഛ സംജ്ഞയ്ക്ക് മുസൽമാന്മാർ എന്നർഥമില്ല. അവ്യക്തമായി പറയുന്നവർ എന്നാണർഥം. (മ്ലേച്ഛ അവ്യക്തേ ശബ്ദേ). കൂടാതെ ഗോമാംസ ഭക്ഷകോ യസ്തു ലോകബാഹ്യഞ്ചഭാഷതേ, സർവാചാര വിഹീനോസൗ മ്ലേച്ഛ ഇത്യഭിധീയതേ. ഗോമാംസ ഭക്ഷകരും, വിദേശഭാഷ സംസാരിക്കുന്നവരും ആചാരഹീനരുമായവരാണ് മ്ലേച്ഛർ. (അമരം പാരമേശ്വരി, കാണ്ഡം2. ശൂദ്രവർഗം 20)

പറയുമ്പോൾ യോഗിനി മുമ്പിലുണ്ടെന്നാകും രണ്ടാമൻ. ഇങ്ങനെ പലതരം ചതികളിലകപ്പെട്ട് രാജാക്കന്മാർ പടയൊരുക്കാതിരുന്നു. മ്ലേച്ഛന്മാർ[108] വന്നു വളഞ്ഞപ്പോൾ നില്ക്കക്കള്ളിയില്ലാതെ എല്ലാവരും ഓടി. എത്രയെങ്കിലും പോപ്പന്മാരെയും പൂജാരികളെയും ശിഷ്യന്മാരെയും പിടികൂടി പൂജാരികൾ താണുവീണ് അപേക്ഷിച്ചു. മൂന്നുകോടി രൂപാ തരാം. അമ്പലവും വിഗ്രഹവും തകർക്കാതിരുന്നാൽ മതി. അപ്പോൾ മുസൽമാന്മാർ പറഞ്ഞു:- ഞങ്ങൾ ബുത്പരസ്തരല്ല.[109] ബുത്ശികന്മാരാണ്. അതായത് വിഗ്രഹസംരക്ഷകരല്ല. വിഗ്രഹ ഭഞ്ജകരാണ്. അവർ അമ്പലം തകർത്തു കളഞ്ഞു. മേൽക്കൂര തകർന്നു വീണപ്പോൾ കാന്തക്കല്ലും ഇളകി. വിഗ്രഹം താഴെ വീണു. വിഗ്രഹമുടച്ചപ്പോൾ പതിനെട്ടുകോടി രൂപയുടെ രത്നങ്ങൾ പുറത്തു വന്നത്രേ. പൂജാരികൾക്കും പോപ്പന്മാർക്കും ചമ്മട്ടിയടി കിട്ടയപ്പോൾ കരച്ചിൽ തുടങ്ങി. ഖജനാവെവിടെയെന്നായി അക്രമികൾ. അടികൊണ്ടു പുളഞ്ഞപ്പോൾ കാട്ടിക്കൊടുത്തു. അവർ അടിച്ചുപൊളിച്ച് കൊള്ളചെയ്തു. പോപ്പന്മാരെയും ശിഷ്യന്മാരെയും അടികൊടുത്ത് അടിമകളാക്കി ഗോതമ്പു പൊടിക്കുക, പുല്ലുപറിക്കുക, മലമൂത്രാദികൾ കോരുക മുതലായ ജോലികൾ നൽകി. തിന്നാൻ പൊരി കടലമാത്രം കൊടുത്തു. കഷ്ടം തന്നെ. ശിലാപൂജ ചെയ്ത് എന്തിനിങ്ങനെ നശിച്ചടിഞ്ഞു? എന്തുകൊണ്ട് ഈശ്വരപൂജ ചെയ്തില്ല? ചെയ്തിരുന്നെങ്കിൽ മ്ലേച്ഛന്മാരുടെ പല്ലടിച്ചുകൊഴിച്ച് ജയം നേടാമായിരുന്നു. എത്ര വിഗ്രഹങ്ങൾ പൂജിച്ചിരുന്നുവോ അത്രയും പോരാളികളെ പൂജിച്ചിരുന്നെങ്കിൽ എത്ര വിജയമുണ്ടായേനേ. പൂജാരികൾ ഈ ശിലകളെ ഇത്രയും പൂജിച്ചു. എങ്കിലും ഒരെണ്ണം പോലും എഴുന്നേറ്റ് ശത്രുവിന്റെ തലയ്ക്കടിച്ചില്ല. ശൂരവീരന്മാരായ പുരുഷന്മാരെ വിഗ്രഹത്തിന്റെ സ്ഥാനത്തു പൂജിച്ചിരുന്നെങ്കിൽ അവർ ആശ്രിതരെ സഹായിക്കുകയും ശത്രുക്കളെ അമർച്ച ചെയ്യുകയും ചെയ്യുമായിരുന്നു.

ഉണ്ടിയൽ വ്യാപാരം

ചോദ്യം:- ദ്വാരകയിലെ രൺഛോഡ്ജി, നർസീമഹ്തായ്ക്ക് ഉണ്ടിയൽ[110] അയച്ച് കടം വീട്ടിയ കഥയും കള്ളമാണോ?

ഉത്തരം:- ഏതോ പണവ്യാപാരി പണം നൽകിയിരിക്കാം. ശ്രീകൃഷ്ണൻ അയച്ചതാണെന്ന് ആരോ കള്ളപ്പേരു വച്ചതുമാകാം. 1914-ാം സംവത്സരത്തിൽ ഇംഗ്ലീഷുകാർ അമ്പലങ്ങളും വിഗ്രഹങ്ങളും പീരങ്കിവച്ചു തകർത്തപ്പോൾ ഈ മൂർത്തികൾ എവിടെ പോയിരുന്നു? എന്നാൽ ബാഘേറികൾ എത്ര വീരമായി പോരാടി ശത്രുക്കളെ നശിപ്പിച്ചു.[111] വിഗ്രഹങ്ങൾക്ക് ഒരു ഈച്ചക്കാൽ ഒടിക്കാൻ പോലും കഴിഞ്ഞില്ല. ശ്രീകൃഷ്ണനെപ്പോലെ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഇവരെ കെട്ടുകെട്ടിക്കുമായിരുന്നു. രക്ഷകന് അടികൊണ്ടാൽ ആശ്രിതന്റെ കാര്യമെന്തു പറയാൻ?

ജ്വാലാമുഖിയും ഹിംഗലാജും

ചോദ്യം:- ജ്വാലാമുഖം പ്രത്യക്ഷദേവതയാണ്. സർവവും ഭക്ഷിക്കുന്നു. പ്രസാദം തരുമ്പോൾ പകുതി ഭക്ഷിച്ച് ബാക്കി പകുതി തരുന്നു. മുഗൾ ചക്രവർത്തിമാർ അതിൽ തോടുവെട്ടി വെള്ളമൊഴിച്ചു നോക്കി. ഇരുമ്പുചട്ടികമഴ്ത്തി വച്ചും നോക്കി. എന്നിട്ടും ജ്വാല അണഞ്ഞില്ല, നിലച്ചുമില്ല. അതുപോലെ ഹിംഗലാജ്[112] പാതിരായ്ക്ക് സവാരി ചെയ്ത് പർവത്തിൽ പ്രത്യക്ഷപ്പെട്ട് പർവതത്തെ ഗർജ്ജിപ്പിക്കുന്നു. ചന്ദ്രകൂപം (കിണർ) ഉറക്കെ കരയുന്നു. യോനീ

109. ബുത് എന്ന പദം 'ബുദ്ധ' സംജ്ഞയുടെ അപഭ്രംശമാണ്. പാരസ (പേർഷ്യ) ദേശത്തു മുമ്പ് ബുദ്ധപ്രതിമകൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന് പണ്ഡിറ്റ് ഭഗവദ്ദത്ത്, 'ഭാരതീയ സംസ്കൃതീ കാ ബൃഹദ് ഇതിഹാസ"ത്തിൽ.

110. ഉണ്ടിയൽ = ഹുണ്ടി - പണച്ചീട്ട്. ഒരു ബ്രാഹ്മണൻ നർസീമഹതയുടെ അടുത്തു ചെന്ന് ചെലവിനു പണം ചോദിച്ചു. നർസീയുടെ പക്കൽ പണമില്ലായിരുന്നു. പകരം ശ്രീകൃഷ്ണന്റെ പേരിൽ ഒരു ഉണ്ടിയൽ എഴുതികൊടുത്തു. ബ്രാഹ്മണർ അത് ശ്രീകൃഷ്ണവിഗ്രഹത്തിനു മുമ്പിൽ സമർപ്പിച്ചു. ഉടനെ തന്നെ അത് പണമായി മാറി എന്ന് ഭക്തിവിജയം എന്ന മറാത്തി ഗ്രന്ഥത്തിൽ ഉണ്ട്.

111. വിക്രമസംവത്സരമാണിത്. ഇംഗ്ലീഷ്വർഷത്തേക്കാൾ 57 വർഷം മുമ്പിലാണ് വിക്രമസംവത്സരം. 1914 വിക്രമ സംവത്സരം 1857 ഏ.ഡി. യാണ്. ഒന്നാം സ്വാതന്ത്ര്യ സമരക്കാലം. മഹർഷി ഇതിൽ പങ്കെടുത്തിരുന്നതായി രേഖകളുണ്ട്.

112 ഉത്തരേന്ത്യയിലെ റിംവാശഹഡോൾ എന്ന പ്രദേശത്തെ ഒരു ഗ്രാമത്തിലാണ് ഈ ആക്രമണം നടന്നത്. 1857-ലെ ഒന്നാം സ്വതന്ത്ര്യസമരത്തിൽ ഈ പ്രദേശത്തെ ഒരു വർഗമായ ബഘേലുകൾ ഇംഗ്ലീഷുകാരോട് ഏറ്റുമുട്ടി. ഇത് അജ്മീറിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'പരോപകാരി' എന്ന മാസികയുടെ 1975 സെപ്തംബർ ലക്കത്തിൽ പരസ്യം ചെയ്ത 'വിന്ധ്യാഭൂഭാഗ്മേം മഹർഷിദയാനന്ദ സരസ്വതീ കാ പരിഭ്രമൺ ഏവം വിശ്രാമ്' എന്ന, ഗണേശ് പ്രസാദ് സാഹയുടെ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.



യന്ത്രത്തിലൂടെ കയറിയിറങ്ങിയാൽ പുനർജ്ജന്മം ഉണ്ടാവുകയില്ല. ഗുമര (കുന്നിക്കുരു) മാലയണിഞ്ഞാലേ പൂർണനായ മഹാത്മാവാകൂ. ഹിംഗലാജിൽ പോയി വരാത്തവൻ അർദ്ധമഹാത്മാവേയാകൂ. ഇതെല്ലാം അവിശ്വസനീയമോ?

ഉത്തരം:- അവിശ്വസനീയം തന്നെ. പർവ്വതത്തിൽ നിന്ന് തീജ്വാല പുറപ്പെടുന്നതാണ് ജ്വാലാമുഖി. എല്ലാം പൂജാരികളുടെ വിചിത്രകേളികളാണ്. കരണ്ടിയിൽ നെയ്യൊഴിച്ച് താളിക്കാൻവേണ്ടി ചൂടാക്കുമ്പോൾ അതിൽ തീ പിടിക്കുന്നു. എടുത്തുമാറ്റുകയോ ഊതുകയോ ചെയ്താൽ അതണയും. കുറേ നെയ്യ് എരിഞ്ഞു തീർന്നിരിക്കും. ബാക്കി ശേഷിക്കും. ഇതുപോലൊരു സംഭവമേ അവിടെയുള്ളൂ. അടുപ്പിൽ എന്തിട്ടാലും കത്തിക്കരിയും. വീട്ടിലോ കാട്ടിലോ തീ പിടിച്ചാൽ എല്ലാം വെന്തുപോകും. ഇതിൽ എന്താണ് വിശേഷമായുള്ളത്? ഒരമ്പലവും കുണ്ഡവും അങ്ങുമിങ്ങും കുറേ ജലനിർഗമനികളും ഒഴികെ.

ഹിംഗലാജിൽ ഒരു സവാരിയുമില്ല. [113] ഉള്ളത് പോപ്പന്മാരുടെയും പൂജാരികളുടെയും കളി മാത്രമാണ്. വെള്ളവും ചെളിയും നിറഞ്ഞ ഒരു കുണ്ഡമുണ്ടാക്കി വച്ചിട്ടുണ്ട്. അതിനടിയിൽ നിന്നു കുമിള വരും. അതു കാണുന്നതാണ് സഫലയാത്രയെന്നു മൂഢന്മാർ ധരിക്കുന്നു. യോനീയന്ത്രം ധനമപഹരിക്കാൻ ഉണ്ടാക്കിവച്ചതാണ്. കുന്നിമാലയുടെ കാര്യവും പോപ്പുകളിയാണ്. അതുകെട്ടിയാൽ മഹാത്മാവാകുമെങ്കിൽ ഒരു മൃഗത്തിനെക്കൊണ്ട് കുന്നിക്കുരുമാലയുടെ ചുമട് ചുമപ്പിച്ചാൽ അതും മഹാപുരുഷനാകുമോ? വലിയ ഉത്തമ പുരുഷാർത്ഥം കൊണ്ടേ മഹാപുരുഷനാവൂ.

അമൃതസരസും അമരനാഥവും മറ്റും

ചോദ്യം:- അമൃത സരസിലെ കുളം നിറയെ അമൃതമാണ്. പുളിഞ്ചിക്കായുടെ പകുതി മധുരമുള്ളതാണ്. റേവാൽസറിൽ വള്ളങ്ങൾ തനിയെ അക്കരയിക്കരെ കടക്കുന്നു. അമരനാഥിൽ ശിവലിംഗം തനിയെ ഉണ്ടാകുന്നു. ഹിമാലയത്തിൽ ഇണപ്രാവുകൾ വന്ന് ദർശനം നൽകി മടങ്ങുന്നു. ഇതെല്ലാം വിശ്വസിക്കാൻ പാടില്ലാത്തതാണോ?

ഉത്തരം:- അമൃതസരസ് [114] എന്നത് ആ കുളത്തിന്റെ പേരു മാത്രമാണ്. അവിടം കാടായിരുന്നപ്പോൾ അതിലെ വെള്ളം ശുദ്ധമായിരുന്നിരിക്കാം. അത് അമൃതായിരുന്നെങ്കിൽ അതു കുടിച്ചവർ, പുരാണവിശ്വാസികൾ വിശ്വസിക്കുന്നതു പോലെ മരിക്കരുതായിരുന്നല്ലോ. ഭിത്തി വീണുപോകാതെ കുനിയുക മാത്രം ചെയ്യുന്ന തരത്തിൽ നിർമിച്ച താവാം. പുളിഞ്ചിയിൽ മറ്റേതെങ്കിലും മരച്ചില്ല ഒട്ടിച്ചു പിടിപ്പിച്ചതോ, അല്ലെങ്കിൽ ശുദ്ധപൊളിയോ ആയിരിക്കും. രേവാസറിൽ [115] ചെങ്ങാടം പണിഞ്ഞിരിക്കുന്നതിൽ എന്തോ കള്ളപ്പണിയുണ്ട്. അമരനാഥത്തിൽ മഞ്ഞുകൊണ്ട് വൻപർവതം ഉണ്ടാകുന്നു. അപ്പോൾ ജലകണങ്ങൾ ഉറച്ച് ചെറിയ ലിങ്ഗം ഉണ്ടാകുന്നതിലെന്താണാശ്ചര്യം? പൂജാരികൾ വളർത്തുന്ന മാടപ്രാവുകളെ തുറന്നു വിടുമ്പോൾ അവ പ്രത്യക്ഷപ്പെടും. മലകളുടെ മറവിൽ നിന്ന് വിടുന്നതാകാം. പ്രദർശിപ്പിച്ച് പണം പിടുങ്ങുന്നുമുണ്ടാകാം.

ഹരദ്വാരും മറ്റും

ചോദ്യം:- ഹരദ്വാര, സ്വർഗദ്വാരമാണ്. ഹർകീ പൈഡി അഥവാ ശിവന്റെ കടവിൽ സ്നാനം ചെയ്താൽ എല്ലാ പാപങ്ങളും ഒഴിയും. തപോവനത്തിൽ താമസിച്ചാൽ തപസ്വിയാകും. ദേവപ്രയാഗ, ഗംഗോത്രിയിലെ ഗോമുഖം, ഉത്തരകാശിയിൽ ഗുപ്തകാശി, ത്രയുഗനാരായണൻ ഇവ തീർഥ സ്ഥാനങ്ങളാണ്. കേദാരം, ബദരീനാരായണം എന്നിവിടങ്ങളിലെ പൂജ ആറുമാസം മനുഷ്യരും, ആറുമാസം ദേവന്മാരും നടത്തുന്നു. മഹാദേവന്റെ മുഖം നേപ്പാളിലാണ്, അതിനെ പശുപതിയെന്നു വിളിക്കുന്നു. പൃഷ്ഠം കേദാരത്തിലും, ഊരുക്കൾ തുംഗനാഥത്തിലും പാദങ്ങൾ അമരനാഥത്തിലുമാണ്. ഇവിടങ്ങളിൽ ദർശനം, സ്പർശനം, സ്നാനം എന്നിവ

113. സിന്ധിലുള്ള ഒരു ദുർഗാക്ഷേത്രമാണ് ഹിംഗലാജ്. ഇപ്പോഴിത് പാകിസ്ഥാനിലാണ്.

114. അമൃതസരസിലെ സ്വർണ മന്ദിരത്തിനു ചുറ്റുമുള്ള സരസാണിത്.

115. ഹിമാചലത്തിലെ സിംലയ്ക്കടുത്ത സ്ഥലമാണിത്. ഇവിടുത്തെ വൃത്താകൃതിയിലുള്ള തടാകത്തിന് 30 മീറ്ററോളം ചുറ്റളവുണ്ട്. 45 മീറ്ററോളം ആഴവും. ഇവിടെ കാറ്റുകൊണ്ട് അക്കരെയിക്കരെ ഒഴുകി നടക്കുന്ന ഒരു ചെങ്ങാടമുണ്ട്. അതു മൂന്നു വള്ളങ്ങളിൽ പടുത്തതും കല്ലും മണ്ണും നിറഞ്ഞ് ചെടികൾ വളരുന്നതുമാണ്. ഇത് ഒഴുകി നടക്കുന്നത് ഒരത്ഭുതമായി പൂജാരികൾ ചിത്രീകരിക്കുന്നു. റേവാൽ എന്നതിന് നെല്ലിന്റെ ഞാറ്റുതടമെന്നാണർഥം. ഇവിടെ നെൽകൃഷിയുണ്ട്. ഞാറു പറിച്ച് കെട്ടുകളാക്കി ഉണങ്ങാതിരിക്കാൻ ഈ വള്ളങ്ങളിൽ വെള്ളം തളിച്ച് സൂക്ഷിച്ചിരിക്കാം. ക്രമേണ മണ്ണു നിറഞ്ഞ് ചെടികൾ വളർന്നു തുടങ്ങിയതാവാം എന്ന് ജി.പി. ഉപാധ്യായ പറയുന്നു. (സ.പ്ര. ഇംഗ്ലീഷ് തർജ്ജമ)

Arsha Vidya Sansthan

ചെയ്താൽ മുക്തി ലഭിക്കുന്നു. കേദാരം ബദരി എന്നിവിടങ്ങളിൽ നിന്ന് സ്വർഗത്തു പോകണ മെങ്കിൽ പോകാം. ഇക്കാര്യങ്ങളെങ്ങനെയുണ്ട്?

ഉത്തരം:- ഹരദ്വാരം വടക്കൻ പർവതങ്ങളിലേക്കുള്ള പ്രവേശന ദ്വാരമാണ്. ഹർകീപൈഡി ഒരു കുളിക്കടവിന്റെ പടവുകളാണ്. സത്യത്തിൽ അത് ഹാഡ്പൈഡി (എല്ലിൻ പടവുകൾ) യത്രേ. എന്തെന്നാൽ നാടായനാടെല്ലാമുള്ള മരിച്ചവരുടെ എല്ലുകൾ ഇവിടെയാണല്ലോ വീഴുന്നത്.॥ [116] പാപം ഒരിക്കലും കഴുകിയാൽ തീരുകയില്ല. അനുഭവിച്ചു തീർത്തേ പറ്റൂ. തപോവനം എന്നെങ്കിലും ഉണ്ടായിരുന്നിരിക്കാം. ഇപ്പോഴത് ഭിക്ഷുവനമാണ്. തപോവനത്തിൽ പോയി പാർക്കുന്നതുകൊണ്ട് ആരും താപസനാകുന്നില്ല. തപസു ചെയ്തെങ്കിലേ ആകൂ എന്തെന്നാൽ അവിടെ കള്ളം പറയുന്ന വ്യാപാരികളും ഒട്ടേറെയുണ്ട്. അവർ തപസ്വികളല്ലല്ലോ.

'ഹിമവതഃ പ്രഭവതി ഗംഗാ'. പർവതത്തിനു മുകളിൽനിന്ന് ജലം ഒഴുകുന്നു. ഗോമുഖത്തിന്റെ ആകൃതി പണം പിടുങ്ങികളുണ്ടാക്കിയതാണ്. ആ പർവതം പോപ്പന്മാരുടെ സ്വർഗമാണ്. അവിടുത്തെ ഉത്തരകാശിയും മറ്റും ധ്യാനികൾക്കു യോജിച്ചതാണ്. പക്ഷേ കച്ചവടക്കാർക്കു അവിടവും കച്ചവടസ്ഥലം തന്നെയാണ്. ദേവപ്രയാഗയിൽ ദേവന്മാർ വസിക്കുന്നെന്നത് പുരാണങ്ങളുടെ മിഥ്യാസങ്കല്പമാണ്. അവിടെ അളകനന്ദയും ഗംഗയും സംഗമിക്കുന്നെന്ന മിഥ്യ പറഞ്ഞുപരത്തിയില്ലെങ്കിൽ അവിടെ ആരു പോകാനും കാണിക്കയിടാനുമാണ്? ഗുപ്തകാശിയെന്നൊന്നില്ല. അതു പ്രസിദ്ധകാശിയാണ്. മൂന്നു യുഗങ്ങളായുള്ള യജ്ഞധൂമം ത്രിയുഗീനാരായണത്തിലില്ല. ഒരു പക്ഷേ പാണ്ഡകളുടെ പത്തിരുപതു തലമുറയായുള്ളതു കാണും. ഇത് ഭസ്മധാരികളുടെ ധൂമകണ്ഡവും പാഴ്സികളുടെ ക്ഷേത്രങ്ങളിലെ അഗ്നികുണ്ഡവും സദാ ജ്വലിക്കുന്നതുപോലെയേ ഉള്ളൂ. തപ്തകുണ്ഡത്തിന്റെ കാര്യവും ഇങ്ങനെതന്നെ. അവിടെ പർവതത്തിന്റെ ഉൾഭാഗം ചൂടുപിടിച്ചിരിക്കുന്നു. അതിലേ ഒഴുകി വരുന്ന വെള്ളത്തിന് ചൂടുണ്ട്. അതിന് അടുത്തുള്ള കുണ്ഡത്തിലെ ജലം ഉപരിതലത്തിലേതോ, ചൂടില്ലാത്തിടത്തു നിന്ന് ഒഴുകുന്നതോ ആകയാൽ തണുത്തിരിക്കുന്നു. കേദാരനാഥം, അതിസുന്ദരമായ സ്ഥലമാണ്. അവിടെയും പൂജാരികളോ അവരുടെ ശിഷ്യന്മാരോ അമ്പലം പണിതു വച്ചിട്ടുണ്ട്. അവിടുത്തെ മഹന്തുകളും പൂജാരികളും പണ്ഡകളും വിവേകശൂന്യരായ പണക്കാരിൽ നിന്ന് ധനമപഹരിച്ച് വിഷയാനന്ദമഗ്നരാകുന്നു. അതുപോലെ ബദരീനാരായണത്തിലും ചതിയന്മാരുടെ ഒരു പടതന്നെയുണ്ട്. റാവൽജിയാണ് അവിടുത്തെ മുഖ്യൻ. ഒന്നല്ല നിരവധി സ്ത്രീകളെ അവിടെ പരിപാലിക്കുന്നു.॥ [117] പശുപതി എന്നൊരു ക്ഷേത്രത്തിനു പേരിട്ട് പഞ്ചമുഖി എന്ന വിഗ്രഹത്തെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ആരും ചോദിക്കാനില്ലാത്തിടത്ത് ഇത്തരം കളികൾക്ക് ഊക്കേറും. എന്നാൽ തീർത്ഥങ്ങളിലെ ആളുകളേപ്പോലെ ഈ പർവതവാസികൾ അക്രമികളോ ധനാപഹരണക്കാരോ അല്ല. രമണീയവും പവിത്രവുമായ ഭൂമിയാണവിടുത്തേത്.

വിന്ധ്യ, പ്രയാഗ, മഥുര, അയോധ്യ

ചോദ്യം:- വിന്ധ്യാചലത്തിലെ അഷ്ടഭുജയും വിന്ധ്യേശ്വരിയും കാളിയും പ്രത്യക്ഷസത്യങ്ങളാണ്. വിന്ധ്യേശ്വരി മൂന്നു നേരവും മൂന്നു രൂപം ധരിക്കുന്നു. അവിടെ മുറ്റത്ത് ഒരീച്ച പോലുമില്ല. പ്രയാഗ തീർഥരാജനാണ്. അവിടെ തല മുണ്ഡനം ചെയ്യുന്നതുകൊണ്ടും ഗംഗാ യമുനാ സംഗമത്തിൽ സ്നാനം ചെയ്യുന്നതുകൊണ്ടും അഭീഷ്ടസിദ്ധിയുണ്ടാകുന്നു. അതുപോലെ അയോധ്യ മുന്നു തവണ നിവാസികൾസഹിതം സ്വർഗം പൂകിയതാണ്. മഥുര എല്ലാ തീർഥങ്ങളിലും പ്രധാനമാണ്. വൃന്ദാവനം ലീലാസ്ഥാനം ആണ്. ഗോവർദ്ധന പ്രജയാത്രകൾ വലിയ ഭാഗ്യംകൊണ്ടേ സിദ്ധിക്കൂ. സൂര്യഗ്രഹണസമയം കുരുക്ഷേത്രത്തിൽ ലക്ഷക്കണക്കിനാളുകൾ മേളിക്കുന്നു. ഇതെല്ലാം മിഥ്യയാണെന്നോ?

ഉത്തരം:- അവിടെ മൂന്നു വിഗ്രഹങ്ങളുണ്ട്. അവ ശിലാനിർമിതമാണ്. പൂജാരികളുടെ വസ്ത്രാലങ്കാരം സാമർഥ്യം നിമിത്തമാണ് വിഗ്രഹം മൂന്നു തരത്തിൽ മൂന്നുനേരവും ദൃശ്യമാകുന്നത്. ഈച്ചകൾ ആയിരം ലക്ഷങ്ങളുണ്ട്. ഇതിന് എന്റെ കണ്ണുകൾ തന്നെയാണ് സാക്ഷി. പ്രയാഗയിൽ ഏതെങ്കിലും ക്ഷുരകകവിയോ, അല്ലെങ്കിൽ പോപ്പിന് പണംകൊടുത്ത് ആരോ മുണ്ഡനമാഹാത്മ്യം രചിക്കയോ രചിപ്പിക്കയോ ചെയ്തിരിക്കാം. പ്രയാഗയിൽ കുളിച്ച് സ്വർഗത്തു പോയാൽ പിന്നെ ആരും തിരിച്ചു വന്നിട്ടില്ലേ? എല്ലാവരും വീട്ടിൽ

116. സഞ്ചയനം ചെയ്ത എല്ലുകൾ ഇവിടെയാണ് കൊണ്ടിടുന്നത്.

117. വിക്രമസംവത്സരം 1912 ൽ (ഏ.ഡി. 1855) യോഗവിദ്യാവിജ്ഞന്മാരെ തേടി മഹർഷി ഹിമാലയത്തിന്റെ ഈ ഭാഗങ്ങളിൽ ഒട്ടധികം യാത്ര ചെയ്തു. ഈ പ്രദേശങ്ങൾ മഹർഷിക്ക് നല്ലുതുപോലെ പരിചിതമായി എന്ന് ആത്മകഥയിലെഴുതിയിട്ടുണ്ട്.



മടങ്ങിവരുന്നതായാണ് കാണുന്നത്. ഇനി വല്ല വരും മുങ്ങിമരിച്ചാലും ആകാശത്തിൽ വായുവിനോട് ചേർന്ന് പുനർജ്ജന്മം പ്രാപിക്കുന്നുണ്ട്. തീർഥരാജനെന്ന പേരും പണംപിടുങ്ങികൾ നല്കിയതാണ്. ജഡവസ്തുവിൽ രാജാ-പ്രജാ ഭേദം ഒരിക്കലും ഉണ്ടാവുകയില്ല.

അയോധ്യാനഗരം അതിലെ വാസികളായ പട്ടികൾ, കഴുതകൾ, തോട്ടികൾ, ചെരുപ്പുകുത്തികൾ, വെള്ളംകോരികൾസഹിതം മൂന്നു തവണ സ്വർഗത്തിൽ പോയെന്നത് അസംഭവ്യമാണ്. ഇന്നും അവിടെത്തന്നെയുണ്ട്. അതുപോലെതന്നെയുണ്ട്. പോപ്പന്മാരുടെ വായ്ക്കുതോന്നിയ കോതക്കുപാട്ടിൽ അയോദ്ധ്യ സ്വർഗ്ഗത്തുപോയി ഈ പാട്ട് ശബ്ദമായി ഒഴുകിനടക്കുന്നു. ഇവ്വണ്ണം തന്നെ നൈമിഷാരണ്യത്തെപ്പറ്റിയും മറ്റും ഇവർ പറയുന്നതിലും കളികളുണ്ട്.

മഥുര മൂന്നുലോകങ്ങളിൽ നിന്നും ഭിന്നമാണെന്നു പറയുന്നതിൽ അർഥമൊന്നുമില്ല. എന്നാൽ അവിടെ മൂന്നു കൂട്ടർ മഹാജന്തുക്കളായുണ്ട്. ആകാശത്തിലും ഭൂമിയിലും ജലത്തിലും ഉള്ള ആർക്കും അവരിൽ നിന്ന് സൗഖ്യം ലഭിക്കുക വിഷമമാണ്. ഒന്ന് ചൗബേ.[118] ആരെങ്കിലും സ്നാനത്തിനു പോയാൽ അവരെ പിടികൂടി പറയും:-"വന്നാട്ടെ യജമാനനേ, കഞ്ചാവും മുളകും ചേർത്തു ജലപാനവും ലഡ്ഡു ഭക്ഷണവും. യജമാനന് ജയ ജയ പാടട്ടെ" രണ്ട്- വെള്ളത്തിലെ ആമ - കടിച്ചു തിന്നുകളയും ഇവയെ പേടിച്ച് കുളിക്കാനേ സാധ്യമല്ല. മൂന്ന്- മുകളിലിരിക്കുന്ന രക്തമുഖക്കുരങ്ങുകൾ, തലക്കെട്ടും തൊപ്പിയും, ആഭരണവും, എന്തിന് ചെരിപ്പുപോലും വിടില്ല. കടിച്ചുതിന്നും. തെള്ളിയിട്ട് കൊന്നുകളയും. ഇവ മൂന്നും പോപ്പന്മാർക്കും ശിഷ്യന്മാർക്കും പൂജനീയരാണ്. മന്നുകണക്കിന് കടലയും മറ്റു ധാന്യങ്ങളും ആമയ്ക്കും, കടലയും ശർക്കരയും മറ്റും കുരങ്ങിനും, ചൗബേമാർക്ക് ദക്ഷിണയും ലഡ്ഡുവും മറ്റും നല്കി അവരുടെ സേവകർ സേവനം ചെയ്യുന്നുണ്ട്.

വൃന്ദാവനമാകട്ടെ, ഉണ്ടായിരുന്നപ്പോൾ ഉണ്ടായിരുന്നു. ഇപ്പോഴവിടെ വേശ്യാവനം പോലെ പിത്തലാട്ടവും ഗുരു-ശിഷ്യന്മാരുടെ കേളിയും നടക്കുന്നു. അവ്വണ്ണം ദീപമാലയും മറ്റും പോപ്പന്മാരുടെ ഉദ്ദേശസിദ്ധിക്കുതകുന്നതാണ്. ഗോവർദ്ധന-വ്രജയാത്രകളും അങ്ങനെതന്നെ. കുരുക്ഷേത്രത്തിലെ കാര്യവും വയറ്റുപ്പിഴപ്പുതന്നെയെന്നറിയണം. ധാർമികരും പരോപകാരികളുമായവർ ഈ പോപ്പുലീലയിൽ നിന്നു നിവൃത്തരാവുകതന്നെ ചെയ്യും.

വിഗ്രഹാരാധന - തീർത്ഥം ഇവയുടെ പഴക്കം

ചോദ്യം:- വിഗ്രഹാരാധന തീർഥയാത്ര എന്നിവയെല്ലാം സനാതനമായി നടക്കുന്നു. ഇവയെങ്ങനെ മിഥ്യയാകും?

ഉത്തരം:- നിങ്ങൾ സനാതനമെന്നു പറയുന്നതെന്തിനെയാണ്? സദാനടന്നുവരുന്നതിനെയോ? ഇത് സദാ നടക്കുന്നുവെങ്കിൽ വേദങ്ങൾ, ബ്രാഹ്മണങ്ങൾ മുതലായവ ഋഷിമുനികളാൽ രചിതമായ ഗ്രന്ഥങ്ങളിൽ ഇവയുടെ പേരില്ലാത്തതെന്ത്?[119] ഈ വിഗ്രഹാരാധന കഴിഞ്ഞ മൂവ്വായിരത്തിയഞ്ഞൂറു വർഷങ്ങൾക്കിടയിൽ വാമമാർഗികളും ജൈനികളും ഉണ്ടാക്കിയതാണ്. ആര്യാവർത്തത്തിൽ ഇവയൊന്നും ഇല്ലായിരുന്നു. ഈ തീർത്ഥങ്ങളും ഇല്ലായിരുന്നു. ജൈനന്മാർ, ഗിർനാർ, പാലിടാന, ശിഖർ, ശത്രുഞ്ജയ, ആബു മുതലായ തീർഥസ്ഥലങ്ങൾ ഉണ്ടാക്കിയതുപോലെ ഇവരും ഉണ്ടാക്കിയെന്നേയുള്ളൂ. ഇവയുടെ ആരംഭത്തെപ്പറ്റി ആർക്കെങ്കിലും അറിയണമെങ്കിൽ പണ്ഡകളുടെ പുരാതന നാൾവഴിക്കണക്കുകളും ചെപ്പേടുകളും പരിശോധിക്കണം. ഈ തീർഥങ്ങൾക്ക് ഏറിയാൽ അഞ്ഞൂറോ ആയിരമോ കൊല്ലത്തെ പഴക്കമേയുള്ളെന്ന് അപ്പോൾ മനസ്സിലാകും. ആയിരം കൊല്ലത്തിലപ്പുറം പഴക്കമുള്ള രേഖകളേയില്ല എല്ലാം ഇപ്പുറത്തുള്ളതാണ്.

തീർത്ഥവും നാമമാഹാത്മ്യവും

ചോദ്യം:- തീർത്ഥ-നാമമാഹാത്മ്യങ്ങൾ അതായത്, അന്യക്ഷത്രേകൃതം, പാപംകാശീക്ഷേത്രേ വിനശ്യതി[120] മുതലായ പ്രസ്താവങ്ങൾ സത്യമല്ലേ?

ഉത്തരം:- അല്ല. പാപം ഇല്ലാതാകുമെങ്കിൽ ദരിദ്രന് രാജപട്ടവും അന്ധന് കണ്ണും ലഭിക്കുമായിരു

118. ചതുർവേദി എന്ന പദത്തിന്റെ ലുപ്തരൂപമാണിത്. ച.വേ = ചവ്വേ = ചൗബേ

119. വേദശാഖകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, ഉപവേദങ്ങൾ, വേദാംഗങ്ങൾ, ഉപാംഗങ്ങൾ എന്നീ ഗ്രന്ഥങ്ങളിലൊന്നും വിഗ്രഹാരാധനയൊട്ടും പരാമർശിതമല്ല. ചിലങ്ങളിൽ (പരിശിഷ്ടങ്ങളിൽ) പൂജാകാര്യങ്ങൾ പറയുന്നുണ്ട്. അവയൊന്നും ഋഷിപ്രോക്തമല്ല. ഉണ്ടാക്കിച്ചേർത്തവയാണ്.

120. മറ്റുസ്ഥലങ്ങളിൽ വച്ചു ചെയ്ത പാപം കാശിയിൽ വച്ച് ഇല്ലാതാകുന്നു. (കാശിമഹാത്മ്യം)

121. അതാതിന്റെ ഫലം അനുഭവിച്ചേ തീരൂ എന്നർഥം.

ന്നു. കുഷ്ഠരോഗികളുടെ രോഗം വിട്ടുമാറുമായിരുന്നു. അങ്ങനെ സംഭവിക്കുന്നില്ല. അതിനാൽ ആരുടെയെങ്കിലും പാപമോ പുണ്യമോ വിട്ടുപോകുകയില്ല.॥ [121]

ചോദ്യം:- 1. ഗംഗോ ഗംഗേതി യോ ബ്രൂയാദ് യോജനാനാം ശതൈരപി മുച്യതേ സർവ പാപഭ്യോ വിഷ്ണുലോകം സ ഗച്ഛതി

2. ഹരിർഹരതി പാപാനി ഹരിരിത്യക്ഷരദ്വയമ് പ്രാതഃകാലേ ശിവംദൃഷ്ട്വാ നിശി പാപം വിനശ്യതി

3. ആജന്മകൃതം മധ്യാഹ്നേ സായാഹ്നേ സപ്ത ജന്മനാമ്.॥ [122]

ഇവ പോപ്പുപുരാണങ്ങളിലെ ശ്ലോകങ്ങളാണ്.

1. അനേകം കാതങ്ങളകലെയിരുന്നുപോലും ഗംഗാ, ഗംഗാ എന്നു ജപിച്ചാൽ എല്ലാ പാപവും നശിച്ച് വിഷ്ണുലോകം-വൈകുണ്ഠം-പ്രാപിക്കും.

2. ഹരി എന്ന രണ്ടക്ഷരമുള്ള നാമമുച്ചരിച്ചാൽ എല്ലാ പാപങ്ങളേയും അത് ഹരിക്കും. അതുപോലെയാണ് രാമ, കൃഷ്ണ, ശിവ, ഭഗവതി മുതലായ നാമങ്ങളുടെയും മാഹാത്മ്യം.

3. അതുപോലെ, ഏതു മനുഷ്യൻ രാവിലെ ശിവലിംഗമോ വിഗ്രഹമോ കാണുന്നുവോ അയാൾ രാത്രിയിൽ ചെയ്ത പാപം ഇല്ലാതാകും. മധ്യാഹ്നത്തിൽ ദർശിച്ചാൽ, ആ ജന്മത്തിലെയും, സായാഹ്നത്തിൽ ദർശിച്ചാൽ ഏഴു ജന്മങ്ങളിലേയും പാപം നശിക്കും. ഇത് ദർശന മാഹാത്മ്യമാണ്. ഇവയും കളവാണോ?

ഉത്തരം:- കള്ളമാണെന്നതിൽ എന്തു ശങ്കയാണുള്ളത്? ഗംഗാ, ഗംഗാ, ഹരേ രാമ, കൃഷ്ണ, നാരായണ, ശിവ ഭഗവതി നാമസ്മരണംകൊണ്ട് പാപം വിട്ടുമാറുകയില്ല. മാറുമെങ്കിൽ ഒരൊറ്റ ദുഃഖിതൻ പോലും ഉണ്ടാകുമായിരുന്നില്ല. ഇക്കാലത്ത് പോപ്പുലീലകൾ വർദ്ധിച്ചതോടുകൂടി പാപികളുടെ എണ്ണം പെരുകുന്നതുപോലെ, പാപം ചെയ്യാൻ ആർക്കും ഭയമുണ്ടാവുകയും ഇല്ലായിരുന്നു. പാപം ചെയ്തതിനു ശേഷം നാമം ചൊല്ലുകയോ തീർഥയാത്ര ചെയ്യുകയോ ചെയ്താൽ പാപനിവൃത്തിയുണ്ടാകുമെന്നത് മൂഢവിശ്വാസമാണ്. ഇങ്ങനെ വിശ്വസിച്ച് പാപം ചെയ്ത് ഇഹലോകവും പരലോകവും നശിപ്പിക്കുന്നു. എന്തായാലും ചെയ്ത പാപത്തിന്റെ ഫലം അനുഭവിച്ചേ തീരൂ.

ചോദ്യം:- അപ്പോൾ തീർഥയാത്രയും നാമ ജപവും ശരിയല്ലേ?

ഉത്തരം:- ശരിയാണ്. വേദാദി സത്യശാസ്ത്രങ്ങളുടെ പഠനവും പാഠനവും ധാർമികരായ വിദ്വാന്മാരുടെ സംഗമം, പരോപകാരം, ധർമാനുഷ്ഠാനം, യോഗാഭ്യാസം, വൈരമില്ലായ്മ, കാപട്യരാഹിത്യം, സത്യഭാഷണം, സത്യമംഗീകരിക്കൽ, സത്യമനുഷ്ഠിക്കൽ, ബ്രഹ്മചര്യം, ആചാര്യൻ, അതിഥി, മാതാപിതാക്കന്മാരെ ശുശ്രൂഷിക്കൽ, ഈശ്വരസ്തുതി-പ്രാർഥനാ-ഉപാസന, ശാന്തത, ജിതേന്ദ്രിയത, സുശീലത, ധർമയുക്തമായ പുരുഷാർത്ഥം, ജ്ഞാന വിജ്ഞാനാദി ശുഭ ഗുണകർമങ്ങൾ എന്നിവ ദുഃഖങ്ങളെ തരണം ചെയ്യിക്കുന്ന വയാകയാൽ തീർഥങ്ങളാണ്. ജലസ്ഥലപ്രധാനമായവ ഒരിക്കലും തീർഥങ്ങളല്ല. എന്തെന്നാൽ **ജനാ യൈഃ തരന്തി താനി തീർഥാനി** യാതൊന്നിനാൽ **ജനങ്ങൾ ദുഃഖങ്ങളെ തരണം ചെയ്യുന്നുവോ അവയാണ് തീർഥങ്ങൾ.** ജലസ്ഥലങ്ങൾ തരണം ചെയ്യിക്കുകയില്ല, മുക്കിക്കൊല്ലുന്നവയാണ്. വഞ്ചിമുതലായവയും തീർഥങ്ങളാണ്. അവയിൽ കയറി സമുദ്രം കടക്കാൻ കഴിയുമല്ലോ.

1. **സമാന തീർഥേ വാസീ (അഷ്ടധ്യായി 4.4.107)**
2. **നമസ്തീർഥ്യായച (യജു. 16.42)**

1. ഒരേ ആചാര്യനിൽ നിന്ന് ഒരേ ശാസ്ത്രം ഒന്നിച്ചുപാർത്ത് പഠിക്കുന്നവർ സതീർഥ്യർ അഥവാ സമാനതീർഥസേവികളാണ്.

2. വേദാദിശാസ്ത്രങ്ങളിലും, സത്യഭാഷണാദി ധർമലക്ഷണങ്ങളിലും നിഷ്ണാതനായ സംന്യാസിക്ക് അന്നപാനാദികൾ നല്കുകയും വിദ്യ അഭ്യസിക്കുകയും ചെയ്യുന്നത് തീർഥമാണ്.

നാമജപം ഇപ്രകാരമാണ്:- **യസ്യനാമമഹദ്യശഃ (യജു.)॥** [123] ഈശ്വരന്റെ നാമം വലിയ യശസ്, അഥവാ ധർമയുക്തകർമങ്ങൾ ചെയ്യലാണ്. ബ്രഹ്മം, പരമേശ്വരൻ. ഈശ്വരൻ, ന്യായകാരി, ദയാലു, സർവശക്തിമാൻ, മുതലായ നാമങ്ങൾ ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങളിൽ നിന്നുണ്ടായതാണ്. എങ്ങനെയെന്നാൽ, ബ്രഹ്മം-ഏറ്റവും വലിയത്, പരമേശ്വരൻ- ഈശ്വരന്മാരുടെയും ഈശ്വരൻ, ഈശ്വരൻ-സാമർഥ്യയുക്തൻ ന്യായകാരി. ഒരിക്കലും അന്യായം ചെയ്യാത്തവൻ, ദയാലു-എല്ലാ

122 ബ്രഹ്മപുരാണം 174-82, പത്മപുരാണം ഉത്തരഖണ്ഡം 23-2, 72, 12 ഇത്യാദി

123. യജുർവേദം 32.3



വരിലും കൃപാദൃഷ്ടിയുള്ളവൻ, സർവശക്തിമാൻ- സ്വസാമർഥ്യത്തിൽ നിന്നു മാത്രം ജഗത്തിന്റെയെല്ലാം ഉത്പത്തി-സ്ഥിതി-പ്രളയങ്ങൾ നടത്തുന്ന മറ്റാരിൽ നിന്നും സഹായം സ്വീകരിക്കാത്ത; ബ്രഹ്മാവ്-ജഗത്തിലെ വിവിധ പദാർഥങ്ങളുടെ സ്രഷ്ടാവ്, വിഷ്ണു- സർവത്ര വ്യാപിച്ച് സംരക്ഷിക്കുന്ന, മഹാദേവൻ- സർവദേവന്മാരുടെയും ദേവൻ. രുദ്രൻ- പ്രളയകർത്താവ് മുതലായ നാമാർഥങ്ങളെ തന്നിൽ ധാരണം ചെയ്യണം. അതായത് വലിയ പ്രവൃത്തികൾ കൊണ്ട് വലിയവനാകുക, സമർഥരിൽ സമർഥനാവുക, സാമർഥ്യത്തെ വർദ്ധിപ്പിക്കുക, അധർമ്മം ഒരിക്കലും ചെയ്യാതിരിക്കുക, എല്ലാവരോടും ദയവു കാട്ടുക, സർവവിധ സാമഗ്രികളും സമർഥമാക്കിവയ്ക്കുക, ശില്പവിദ്യയാൽ വിവിധപദാർഥങ്ങളുണ്ടാക്കുക, എല്ലാവരുടേയും സുഖദുഃഖങ്ങൾ തന്റേതിനു തുല്യമായി കരുതുക, എല്ലാവരേയും സംരക്ഷിക്കുക, വിദ്വാന്മാരിൽ വച്ച് വിദ്വാനാവുക, ദുഷ്കർമ്മം ചെയ്യാതിരിക്കുക, ചെയ്യുന്നവരെ ശിക്ഷിക്കുക, സജ്ജനങ്ങളെ രക്ഷിക്കുക ഇങ്ങനെ ഈശ്വരന്റെ ഗുണകർമ സ്വഭാവങ്ങളെ നാമങ്ങളിൽ നിന്നറിഞ്ഞ് അതിനനുകൂലമായി സ്വന്തം ഗുണകർമസ്വഭാവങ്ങളെ രൂപപ്പെടുത്തുന്നതാണ് ഈശ്വരനാമസ്മരണം.

ഗുരു മഹാത്മ്യഖണ്ഡനം

ചോദ്യം:- ഗുരുർബ്രഹ്മാ ഗുരുർവിഷ്ണുർഗുരുർദേവോ മഹേശ്വരഃ ഗുരുരേവ പരംബ്രഹ്മ തസ്മൈ ശ്രീഗുരുവേ നമഃ ॥ [124] ഇത്യാദി ഗുരുമാഹാത്മ്യം സത്യമല്ലേ? ഗുരുവിന്റെ കാൽകഴുകി സേവിക്കുക, ആജ്ഞാപിക്കുന്നതുപോലെ പ്രവർത്തിക്കുക, ഗുരു അത്യാഗ്രഹിയെങ്കിൽ വാമനതുല്യം, ക്രോധിയെങ്കിൽ നരസിംഹതുല്യം, മോഹിയാണെങ്കിൽ രാമതുല്യം, കാമിയാണെങ്കിൽ കൃഷ്ണതുല്യം ഗുരുവിനെ കരുതണം. ഗുരു എന്തു പാപം ചെയ്താലും തള്ളിപ്പറയരുത്. ഗുരുവിനെ കാണുവാൻ പോകുമ്പോൾ വയ്ക്കുന്ന ഓരോ കാൽവെയ്പും അശ്വമേധത്തിന്റെ ഫലം നൽകുന്നതാണ്. ഇത് ശരിയാണോ?

ഉത്തരം:- ശരിയല്ല. ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻ എന്നിവ ഈശ്വരന്റെ പേരുകളാണ്. ഈശ്വരനു തുല്യനായ ഗുരു ഒരിക്കലും ഉണ്ടാവുകയില്ല. ഈ ഗുരുമാഹാത്മ്യവും ഗുരുഗീതയും വലിയ പോപ്പുലീലയാണ്. മാതാവ്, പിതാവ്, ആചാര്യൻ, അതിഥി എന്നിവർക്കാണ് ഗുരു സംജ്ഞ യോജിക്കുന്നത്. അവരെ ശുശ്രൂഷിക്കുക. വിദ്യയും ശിക്ഷണവും നേടുക എന്നിവ ശിഷ്യന്റെയും നല്കേണ്ടത് ഗുരുവിന്റെയും കടമയാണ്. എന്നാൽ ലോഭിയും ക്രോധിയും മോഹിയും കാമിയുമായ ഗുരുവിനെ സർവഥാ ത്യജിക്കണം. സാധാരണ ശിക്ഷകൊണ്ട് നേരെയാകുന്നില്ലെങ്കിൽ അർഘ്യ പാദ്യങ്ങൾ അതായത് താഡനവും പീഡനവും പ്രാണഹരണവും വരെ ചെയ്യുന്നതിൽ ദോഷമില്ല. വിദ്യാദി സദ്ഗുണങ്ങളിലല്ല ഗുരുത്വമിരിക്കുന്നതെന്നു പറയുകയും അസത്യം പറയുകയും മാലതിലകം മുതലായവ ധരിക്കുകയും വേദവിരുദ്ധമായ കാര്യങ്ങൾ ഉപദേശിക്കുകയും ചെയ്യുന്നവൻ ഗുരുവല്ല. അങ്ങനെയുള്ളവൻ ആട്ടിടയനു തില്യനാണ്. ഇടയന് ആടുകളിൽ നിന്ന പാലും മറ്റു പ്രയോജങ്ങളും കിട്ടുന്നതുപോലെ ഇവർക്കും ശിഷ്യന്മാരുടെയും ശിഷ്യകളുടെയും ധനമപഹരിച്ച് സ്വന്തം കാര്യം നിർവഹിക്കാൻ കഴിയുന്നു.

ഗുരുലോഭി, ശിക്ഷ്യനർക്കീ, സിരുവരും കേളിയാടും കൽത്തോണിയിലേറീട്ടിവർ മുങ്ങുന്നു ഭവ സാഗരേ എന്നു ചൊല്ലുണ്ട്. ॥ [125] ശിഷ്യനിൽ നിന്നെന്തെങ്കിലും കിട്ടും. കിട്ടുന്നതാകട്ടെ എന്നു ഗുരുവും കാട്ടിക്കൂട്ടുന്ന ദുഷ്ക്കർമ്മങ്ങളിൽ നിന്ന് പാപമോചനം നല്കാൻ ഗുരു സഹായിക്കുമെന്ന് ശിഷ്യനും കരുതുന്നു. ഈ കപടമുനികൾ രണ്ടും കല്ലുകൊണ്ടുണ്ടാക്കിയ തോണിയിൽ കയറിയവൻ മുങ്ങിമരിക്കുന്നതുപോലെ, ഭവസാഗരത്തിൽ മുങ്ങിമരിക്കുന്നു. ഇത്തരം ഗുരുശിഷ്യന്മാരുടെ വായിൽ മണ്ണടിയട്ടെ. അവരുടെ സമീപം നില്ക്കുകപോലുമരുത്. നില്ക്കുന്നവർ ദുഃഖസമുദ്രത്തിൽ പതിക്കും. പുരാണക്കാരും പൂജാരികളും കൂടി ഉണ്ടാക്കിയ പോപ്പു ലീല പോലെതന്നെയാണ് ഈ ഇടയഗുരുക്കന്മാരും ഓരോന്നു പറഞ്ഞുണ്ടാക്കിയിട്ടുള്ളത്. ഇതെല്ലാം സ്വാർഥികളുടെ പണിയാണ്. പരമാർഥികളായവർ സ്വയം ദുഃഖം അനുഭവിച്ചാലും ലോകത്തിന് ഉപകാരം ചെയ്യുന്നത് നിർത്തുകയേ ഇല്ല. ഗുരുമാഹാത്മ്യം ഗുരു ഗീത മുതലായവയെല്ലാം ലോഭികളും ദുഷ്കർമികളുമായ കപട ഗുരുക്കന്മാരുടെ സൃഷ്ടിയാണ്.

18. പുരാണങ്ങളും ബ്രാഹ്മണഗ്രന്ഥങ്ങളും

124. ഗുരുഗീത

125. ലോഭീ ഗുരു ലാലചീ ചേലാ ദോനേം ഖേലേദാവ് ഭവസാഗർമേ ഡൂബ്തേ ബൈഠ് പഥർ കീ നാവ്

126. മഹാഭാരതം ആദിപർവം 3.267. മനുസ്മൃതി 3.232 ഛാന്ദോഗ്യ ഉപനിഷത്ത് 7.1.4. ശതപഥം 13.4.3.13

ചോദ്യം:- 1. അഷ്ടാദശ പുരാണാനാം കർത്താ സത്യവതീ സുതഃ 2. ഇതിഹാസ പുരാണാഭ്യാം വേദാർഥമുപബൃംഹയേത്. (മഹാഭാരതം) 3. പുരാണാനി ഖിലാനിച (മനു) 4. ഇതിഹാസ പുരാണഃ പഞ്ചമോ വേദാനാം വേദഃ (ഛാന്ദോഗ്യം 5 ദശമേ/ഹനി കിഞ്ചിത് പുരാണമാചക്ഷീത. 6. പുരാണ വിദ്യാവേദഃ (സൂത്രം) ॥ [126]

1. പതിനെട്ടു പുരാണങ്ങളുടെയും കർത്താവ് വ്യാസനാണ്. വ്യാസവചനങ്ങൾ നിശ്ചയമായും പ്രമാണമായിരിക്കണം. 2. ഇതിഹാസം (മഹാഭാരതം) പതിനെട്ടു പുരാണങ്ങൾ എന്നിവ കൊണ്ട് വേദാർഥം പഠിക്കുകയും പഠിപ്പിക്കുകയും വേണം. എന്തെന്നാൽ അവ വേദാർഥാനുകൂലമാണ്. 3. പിതൃകർമത്തിൽ പുരാണം (ഖിലം അഥവാ) ഹരിവംശത്തിലെ കഥ ശ്രവിക്കണം. 4. ഇതിഹാസപുരാണങ്ങളെ പഞ്ചമവേദമെന്നു പറയുന്നു. 5. അശ്വമേധ സമാപ്തിയിൽ പത്താം നാൾ കുറച്ച് പുരാണകഥ കേൾക്കണം. 6. പുരാണവിദ്യ വേദാർഥബോധകമാകയാൽ വേദം തന്നെയാണ്. ഇത്യാദി പ്രമാണങ്ങളാൽ പുരാണങ്ങളുടെ പ്രാമാണ്യവും ഇവയുടെ പ്രമാണങ്ങളാൽ വിഗ്രഹാരാധന, തീർഥങ്ങൾ, എന്നിവയുടെ പ്രാമാണ്യവും ഉണ്ട്.

ഉത്തരം:- ഈ പതിനെട്ടു പുരാണങ്ങളുടെ കർത്താവ് വ്യാസനായിരുന്നെങ്കിൽ അവയിൽ ഇത്രയേറെ വിഡ്ഢിത്തരങ്ങൾ ഉണ്ടാകുമായിരുന്നില്ല. എന്തെന്നാൽ ശാരീരികസൂത്രം, യോഗശാസ്ത്രഭാഷ്യം, മുതലായ വ്യാസകൃതഗ്രന്ഥങ്ങൾ കണ്ടാൽ വ്യാസൻ മഹാവിദ്വാനും സത്യവാദിയും യോഗിയുമായിരുന്നെന്നു വ്യക്തമാകുന്നുണ്ട്. അദ്ദേഹം ഇത്തരം കള്ളക്കഥകൾ ഒരിക്കലും എഴുതുകില്ല. പരസ്പരവിരുദ്ധ സമ്പ്രദായങ്ങളുടെ ആൾക്കാരും ഭാഗവതാദി ഗ്രന്ഥങ്ങളുടെ രചയിതാക്കളുമായ ഇവരിൽ വ്യാസന്റെ ഗുണങ്ങൾ ലേശമാത്രപോലും ഇല്ല. വേദശാസ്ത്ര വിരുദ്ധമായ അസത്യവാദങ്ങൾ എഴുതുന്നത് വ്യാസനേപ്പോലുള്ള വിദ്വാന്മാരുടെ ജോലിയല്ല. ഈ ജോലി വിരുദ്ധന്മാരും, സ്വാർഥികളും അവിദ്വാന്മാരുമായവരുടെയാണ്.

ഇതിഹാസം, പുരാണം, മുതലായവ ശിവപുരാണാദികളുടെ പേരല്ല, പിന്നെയോ **ബ്രാഹ്മണാനിതിഹാസാൻ പുരാണാനി കല്പാൻ ഗാഥാ നാരാശംസീരിതി॥** [127]. ഇതു ബ്രാഹ്മണങ്ങളിലെയും സൂത്രങ്ങളുടെയും വചനമാണ്. ഐതരേയം, ശതപഥം, സാമം, ഗോപഥം എന്നീ ബ്രാഹ്മണങ്ങളുടെ അഞ്ചു പേരുകളാണ് ഇതിഹാസം, പുരാണം, കല്പം, ഗാഥ, നാരാശംസി എന്നിവ. ഇതിഹാസം- ജനകൻ യാജ്ഞവല്ക്യൻ എന്നിവരുടെ സംവാദം പോലുള്ളവ. പുരാണം - ജഗദുത്പത്തി മുതലായവയുടെ വർണനം. കല്പം - വേദശബ്ദാദികളുടെ അർഥ നിരൂപണം വർണന മുതലായവ. ഗാഥ - ഉദാഹരണങ്ങൾ ഉദാഹരിച്ച് കഥകൾ പറയുക. നാരാശംസീ - മനുഷ്യരുടെ പ്രശംസനീയവും അല്ലാത്തതുമായ പ്രവൃത്തികൾ ആഖ്യാനിക്കൽ॥ [128] ഇവയിൽ നിന്ന് വേദാർഥബോധം ഉണ്ടാകുന്നു.

പിതൃകർമം അഥവാ ജ്ഞാനികളുടെ പ്രശംസ കേൾക്കുകയെന്നർഥം. അശ്വമേധാന്തത്തിൽ ഇതാണ് കേൾക്കേണ്ടത്. എന്തെന്നാൽ വ്യാസകൃതമായ പുരാണങ്ങൾ കേൾക്കയും കേൾപ്പിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ കാലശേഷമല്ലാതെ

127. തൈത്തീരീയ ആരണ്യകം 2.9.
(ആരണ്യകങ്ങളും ബ്രാഹ്മണാന്തർഗതങ്ങളാണ്)

128. ശ്രീശങ്കരാചാര്യർ ബൃഹദാരണ്യകോപനിഷദ്ഭാഷ്യത്തിൽ (2.4.10) ഇതിഹാസപുരാണങ്ങളുടെ ഉദാഹരണം, പുരൂരവസിന്റെയും ഉർവശിയുടെയും സംവാദം. ഉർവശി അപ്സരയാണ്. ഇപ്രകാരം ബ്രാഹ്മണത്തിൽ ഉണ്ട്. പുരാണത്തിനുദാഹരണം **അസദാ ഇദമഗ്ര ആസീത്** മുതലായവ. എന്നിങ്ങനെ ബ്രാഹ്മണാന്തർഗതമായവ നൽകിയിരിക്കുന്നു.

129. വേദശാഖകളുടെയും ബ്രാഹ്മണങ്ങളുടെയും പ്രവചനം ആദ്യർഷിയായ ബ്രഹ്മർഷിയുടെ കാലം മുതൽ നടന്നിരുന്നു. ഇതവസാനിച്ചത് കൃഷ്ണദ്വൈപായന വ്യാസന്റെ ശിഷ്യപ്രശിഷ്യന്മാരുടെ കാലത്താണ്. ഇന്ന് ലഭ്യമായ ബ്രാഹ്മണഗ്രന്ഥങ്ങളിൽ ഐതരേയം ഒഴികെയുള്ളവ അവരുടെ പ്രവചനമാണ്. ബ്രാഹ്മണങ്ങളും കല്പസൂത്രങ്ങളും പ്രാചീനവും അർവാചീനവും ഉണ്ട്. പാണിനീയ സൂത്രത്തിലെ **പുരാണപ്രോക്തേഷു ബ്രാഹ്മണ കല്പേഷു** എന്ന സൂത്രം ഇതിനു തെളിവാണ്. (അധ്യായം 4,2,105) ലാട്യായന ശ്രൗതസൂത്രത്തിലെ **തഥാ ച പുരാണം താണ്ഡം** (7,10 10) എന്ന സൂത്രവും ഇതിനെ പുഷ്ടിപ്പെടുത്തുന്നു. വൈയാകരണന്മാരുടെ വ്യാഖ്യാനപ്രകാരം ഭാല്ലവ, ശാട്യായന, ഐതരേയ, ഭാഗുരിമാർ പ്രവചിച്ചവ പുരാണ ബ്രാഹ്മണങ്ങളും പൈങ്ഗ ആരുണ പരാജപ്രോക്തം, കല്പവുമാണ്. വാല്മീകി മുതലായ മഹിർഷിമാരെയും വ്യാസന്മാരായാണ് ഗണിച്ചിരിക്കുന്നത്. (വായുപുരാണം 23 114) അറിവിനെ വ്യസിച്ചവൻ-അളന്നവൻ എന്നർഥത്തിലാവാം ഈ വ്യാസബിരുദം. ഇന്ന് ഉപലബ്ധമായ ബ്രാഹ്മണഗ്രന്ഥങ്ങളിലെ പ്രവചനങ്ങളധികവും പ്രാചീനം തന്നെയാണ്. വ്യാസശിഷ്യന്മാർ നവീനമായ കപോലകല്പിതങ്ങളൊന്നും നിർമ്മിക്കുവാൻ ആവശ്യമായ ഗുരുത്വദോഷം സ്വായത്തമാക്കിയിരുന്നില്ലെന്നർഥം.

Arya Samaj.org



മുമ്പ് സാധിക്കുകയില്ലല്ലോ. വ്യാസൻ ജനിക്കുന്നതിനു മുമ്പു തന്നെ വേദാർഥം പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും ചെയ്തിരുന്നു. അതിനാൽ അതിപ്രാചീനമായ ബ്രാഹ്മണഗ്രന്ഥങ്ങളെ[129] സംബന്ധിച്ചു മാത്രമേ ഇത് സംഭവ്യമാവുകയുള്ളൂ. നവീനമായ ശ്രീമദ്ഭാഗവതം ശിവപുരാണം മുതലായ മിഥ്യാഭൂഷിത ഗ്രന്ഥങ്ങളിൽ ഇതിനു സംഭാവ്യതയില്ല.

വ്യാസനും വേദവ്യാസനും

വ്യാസമഹർഷി വേദം പഠിക്കയും, വേദാർഥം പ്രചരിപ്പിക്കയും ചെയ്തതുകൊണ്ടാണ് വേദവ്യാസനെന്ന പേരിന്നർഹനായത്. പാരാവാരത്തിന്റെ മധ്യരേഖയ്ക്കാണ് വ്യാസമെന്നു പറയുന്നത്. ഋഗ്വേദാരംഭം മുതൽ അഥർവ വേദാന്തം വരെ പഠിപ്പിച്ചു. ശുകദേവൻ, ജൈമിനി തുടങ്ങിയ ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്തു. അന്യഥാ അദ്ദേഹത്തിന്റെ ജന്മനാമം കൃഷ്ണദ്വൈപായനനെന്നായിരുന്നു. വേദങ്ങളെ വ്യാസൻ ഒന്നിച്ചു ചേർത്തെന്നു പറയുന്നതു കള്ളമാണ്. എന്തെന്നാൽ പിതാ-പിതാമഹ-പരപിതാമഹർ ആയ പരാശരൻ, ശക്തിവസിഷ്ഠൻ, ബ്രഹ്മാ[130] ആദിയായവർ ചതുർവേദങ്ങൾ പഠിക്കയും പഠിപ്പിക്കുകയും ചെയ്തിരിക്കെ ഇതെങ്ങനെ യോജിക്കും?

ശിവപുരാണവും മറ്റും

ചോദ്യം:- പുരാണങ്ങളിലെ കാര്യങ്ങളെല്ലാം കള്ളമോ കുറേയൊക്കെ സത്യമോ?

ഉത്തരം:- വളരെയെല്ലാം കള്ളം. ചിലതെല്ലാം ഒച്ചിഴഞ്ഞ് അക്ഷരമാകുംപടി സത്യവുമാണ്. സത്യമായതെല്ലാം വേദാദി സത്യശാസ്ത്രങ്ങളിലേതാണ്. കള്ളമെല്ലാം ഈ പോപ്പന്മാരുടെ പഴമ്പുരാണങ്ങളുമാണ്. ഉദാഹരണത്തിന്, ശിവപുരാണത്തിൽ ശിവനെ സർവേശ്വരനായി അംഗീകരിച്ച്, വിഷ്ണു, ബ്രഹ്മാവ്, ഗണേശൻ, ഇന്ദ്രൻ, സൂര്യൻ മുതലായവരെ ശിവന്റെ ദാസന്മാരായി ശൈവന്മാർ പരിഗണിക്കുന്നു. വൈഷ്ണവരാകട്ടെ, വിഷ്ണുപുരാണാദികളിൽ വിഷ്ണുവിനെ പരമാത്മാവായി ഗണിച്ച് ശിവനേയും മറ്റും ദാസന്മാരാക്കുന്നു. ദേവി ഭാഗവതത്തിൽ ദേവിയെ സർവേശ്വരിയായും ശിവൻ, വിഷ്ണു മുതലായവരേയും ഗണേശഖണ്ഡത്തിൽ ഗണേശനെ ഈശ്വരനും മറ്റെല്ലാവരേയും കിങ്കരന്മാരും ആക്കുന്നു. ഇത് ഓരോ വിഭാഗക്കാരുടെ പ്രവൃത്തിയല്ലെങ്കിൽ പിന്നെന്താണ്? ഒരു സാധാരണ മനുഷ്യൻ ഉണ്ടാക്കിയാൽ പോലും ഇത്തരം പരസ്പരവിരുദ്ധമായ കാര്യങ്ങൾ വരാൻ പാടില്ലാത്തതായിരിക്കെ വിദ്വാന്മാരുണ്ടാക്കിയാലത്തെ കാര്യം പറയേണ്ടതില്ലല്ലോ. ഇവയിൽ ഒന്നു ശരിയെങ്കിൽ മറ്റേത് കള്ളം. രണ്ടാമത്തേതാണ് ശരിയെങ്കിൽ മൂന്നാമത്തേതു കള്ളം. മൂന്നാമത്തേതാണ് ശരിയെങ്കിൽ മറ്റെല്ലാം കള്ളമാണ്. ശിവപുരാണക്കാർ ശിവനിൽ നിന്നും, വിഷ്ണുപുരാണക്കാർ വിഷ്ണുവിൽ നിന്നും, ദേവീ പുരാണക്കാർ ദേവിയിൽ നിന്നും ഗണേശഖണ്ഡക്കാർ ഗണേശനിൽ നിന്നും സൂര്യപുരാണക്കാർ സൂര്യനിൽ നിന്നും വായു പുരാണക്കാർ വായുവിൽ നിന്നും സൃഷ്ടിയുടെ ഉത്പത്തിയും പ്രളയവും ഉണ്ടാകുന്നു എന്നെഴുതിയിട്ട്, വീണ്ടും ജഗദുത്പത്തിയ്ക്കുള്ള കാരണങ്ങളെപ്പറ്റി പ്രത്യേകം പ്രത്യേകം ഓരോന്നിൽ നിന്നാണെന്ന് എഴുതിയിട്ടുണ്ട്.

ജഗത്തിന്റെ ഉത്പത്തിയും സ്ഥിതിയും പ്രളയവും നടത്തുന്നത് ഉത്പന്നമാവുമോ എന്നും, അതു സൃഷ്ടിയുടെ കാരണമാകുമോ എന്നും ചോദിച്ചു നോക്കുക. വായടച്ച് ഇരിക്കുകയല്ലാതെ ഇവർക്ക് പോംവഴിയില്ല. ഇവരുടെയെല്ലാം ശരീരത്തിന്റെ ഉത്പത്തി ഇതിൽ നിന്നാകയാൽ ഇവരെങ്ങനെ സ്വശരീരത്തിൽ നിന്ന് പരിച്ഛിന്നമായി സംസാരത്തിന്റെ ഉത്പത്തിയ്ക്ക് കാരണഭൂതമായി? കൂടാതെ ജഗദുത്പത്തിയും, സർവഥാ അസംഭവമായിരിക്കും വണ്ണം വിലക്ഷണവും ആയിരിക്കുന്നതു നോക്കൂ.

ശിവപുരാണത്തിലെ സൃഷ്ടി

ശിവപുരാണത്തിൽ പറയുന്നു:- എനിക്കു സൃഷ്ടിക്കണമെന്ന് ശിവൻ ആഗ്രഹിച്ചു. അപ്പോൾ നാരായണ ജലാശയം ഉണ്ടാക്കി. അതിന്റെ നടുക്ക് താമരയേയും താമരയിൽ ബ്രഹ്മാവിനേയും ഉണ്ടാക്കി. സർവത്ര ജലമയമാണെന്ന് ബ്രഹ്മാവു കണ്ടു. ഒരു കൈക്കുമ്പിൾ വെള്ളംകോരി നോക്കി തിരിച്ചൊഴിച്ചു. അതിൽ നിന്ന് ഒരു കുമിള ഉണ്ടായി. കുമിളയിൽ നിന്ന് ഒരു പുരുഷൻ പ്രത്യക്ഷനായി. ആ പുരുഷൻ ബ്രഹ്മാവിനോട്, പുത്രാ നീ സൃഷ്ടി നടത്തുക എന്നു പറഞ്ഞു. അപ്പോൾ ഞാൻ നിന്റെ പുത്രനല്ല, നീയെന്റെ പുത്രനാണ് എന്നു ബ്രഹ്മാവ് ഉത്തരമരുളി. ഇതിന്മേൽ വിവാദമായി. ദിവ്യസഹസ്രവർഷപര്യന്തം ഈ വിവാദം ഇരുവരും തമ്മിൽ നടന്നു. സൃഷ്ടിക്കാൻ വേണ്ടി ഞാൻ അയച്ച ഇരുവരും തമ്മിൽ അന്യോന്യം ലഹളയും

130. ഈ കുലപരമ്പര മഹാഭാരതത്തിലും മറ്റും വർണിച്ചിട്ടുണ്ട്. ഇവിടെ പറയുന്ന ബ്രഹ്മാ ആദ്യർഷിയല്ലായിരിക്കണം.

വഴക്കുമാണല്ലോ എന്ന് ശിവൻ ചിന്തിച്ചു. അപ്പോൾ അവർക്കിരുവർക്കും മധ്യത്തിൽ തേജോമയമായ ഒരു ലിങ്ഗം ഉണ്ടായി വന്നു. അത് പെട്ടെന്ന് ആകാശത്തേക്കുപോയി. അതുകണ്ട് ഇരുവരും ആശ്ചര്യപ്പെട്ടു. ഇതിന്റെ ആദിയും അന്തവും അറിഞ്ഞ് ആദ്യം വരുന്നവൻ പിതാവും, അറിയാതെയോ സാക്ഷിയില്ലാതെയോ വരുന്നവൻ പുത്രനും ആയിരിക്കുമെന്നും തീരുമാനിച്ച് വിഷ്ണു കൂർമ്മരൂപമെടുത്ത് താഴേയ്ക്കും ബ്രഹ്മാവ് ഹംസരൂപമെടുത്ത് മുകളിലേക്കും പോയി. ഇരുവരും ദിവ്യസഹസ്രം വർഷപര്യന്തം മനോവേഗത്തിൽ സഞ്ചരിച്ചിട്ടും ആദിയും അന്തവും കണ്ടില്ല. അപ്പോൾ താഴെനിന്ന് വിഷ്ണു മുകളിലേക്കും ബ്രഹ്മാവ് താഴേക്കും തിരിച്ചു പുറപ്പെട്ടു. വിഷ്ണു സാക്ഷിയുമായി വന്നെങ്കിൽ താൻ പുത്രനാകണമല്ലോ എന്ന് ബ്രഹ്മാവ് വിചാരിച്ചുകൊണ്ടിരിക്കവേ ഒരു പശുവും കൈതച്ചെടിയും മുകളിൽ നിന്ന് ഇറങ്ങിവന്നു. നിങ്ങൾ എവിടെ നിന്ന് വരുന്നെന്ന് ബ്രഹ്മാവ് ചോദിച്ചു. ഞങ്ങൾ ആയിരം വർഷങ്ങളായി ഈ ലിങ്ഗത്തെ ആധാരമാക്കി സഞ്ചരിച്ചുവരികയാണെന്ന് അവർ പറഞ്ഞു. ഈ ലിങ്ഗത്തിന് അന്തമുണ്ടോ എന്ന് ബ്രഹ്മാവ് ആരാഞ്ഞു. 'ഇല്ല' എന്ന് അവരുത്തരം പറഞ്ഞു. നിങ്ങൾ നമ്മോടൊപ്പം വന്ന്, ഞാൻ ഈ ലിങ്ഗത്തിന്മേൽ ക്ഷീരധാര വർഷിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നു സാക്ഷി പറയണം എന്നു പശുവിനോടും, ഞാൻ പുഷ്പാഞ്ജലി നടത്തുകയായിരുന്നു എന്നു സാക്ഷി പറയണം എന്നു കൈതയോടും ആജ്ഞാപിച്ചു. അങ്ങനെ ചെയ്യുന്ന പക്ഷം നിങ്ങളെ ശരിയായ സ്ഥാനത്തെത്തിക്കാമെന്ന് പ്രലോഭനം നൽകുകയും ചെയ്തു. കള്ളസാക്ഷി പറയാൻ ഞങ്ങൾ തയ്യാറില്ലെന്നായി അവർ. ബ്രഹ്മാവ് കുപിതനായി, സാക്ഷിപറയാത്ത പക്ഷം നിങ്ങളെ ഭസ്മമാക്കിക്കളയും എന്നു ഭയപ്പെടുത്തി. ഭയന്ന അവർ സാക്ഷി പറയാമെന്ന് സമ്മതിച്ചു. മൂവരും കൂടി താഴേക്കു യാത്രയായി. ബ്രഹ്മാവ് ചെന്നപ്പോഴേക്കും വിഷ്ണു ഹാജരായിരുന്നു. നിങ്ങൾ ഇതിന്നന്തം കണ്ടുവോ എന്ന് ബ്രഹ്മാവ് വിഷ്ണുവിനോടു ചോദിച്ചു ഇല്ലെന്ന് വിഷ്ണു പറഞ്ഞപ്പോൾ 'ഞാൻ കണ്ടു' എന്നായി ബ്രഹ്മാവ്. "സാക്ഷിതരൂ" എന്ന് വിഷ്ണു പറഞ്ഞു. അപ്പോൾ പശുവും കൈതയും, ഞങ്ങൾ ലിങ്ഗത്തിന്റെ ശിരസ്സിലായിരുന്നു എന്നു സാക്ഷിപറഞ്ഞു. അപ്പോൾ ലിങ്ഗത്തിൽ നിന്ന് ശബ്ദമുയർന്നു നീ അസത്യം പറഞ്ഞ ചെടിയാണ്. നിന്റെ പൂവ് എന്റേയോ മറ്റു ദേവതകളുടേയോ പൂജയ്ക്ക് ഉപയോഗിക്കാതെ പോകട്ടെ; ഉപയോഗിക്കുന്ന പക്ഷം അവൻ മുടിഞ്ഞൊടുങ്ങും, എന്ന് കൈതയെ ശപിച്ചു. ഏതൊരു വായ് കൊണ്ട് നീ കള്ളം പറഞ്ഞുവോ, ആ വായ് കൊണ്ട് നീ മലം ഭക്ഷിക്കും. നിന്റെ മുഖത്തെ ആരും പൂജിക്കാതെ പോകട്ടെ എന്നാൽ പിൻ ഭാഗം പൂജിക്കപ്പെടും എന്നു പശുവിനേയും ശപിച്ചു കള്ളം പറഞ്ഞ നിന്നെ ആരും പൂജിക്കില്ല എന്നു ബ്രഹ്മാവിനെ ശപിച്ചിട്ട് സത്യം പറഞ്ഞ നിന്നെ സർവത്ര പൂജിക്കട്ടെ എന്ന് വിഷ്ണുവിന് വരം നല്കി തുടർന്ന് ഇരുവരും ലിങ്ഗത്തെ സ്തുതിച്ചു. അതിനാൽ പ്രസന്നമായ ലിങ്ഗത്തിൽനിന്ന് ഒരു ജടായുക്തനായ രൂപം പ്രത്യക്ഷപ്പെട്ട് ചോദിച്ചു: നിങ്ങളെ ഞാൻ സൃഷ്ടിച്ചത് ലോകസൃഷ്ടി നടത്തുവാൻ വേണ്ടിയാണ്. നിങ്ങളെന്തിന് അന്യോന്യം വഴക്കിട്ടു?" ഞങ്ങൾ സാമഗ്രിയൊന്നും ഇല്ലാതെ എങ്ങനെയാണ് സൃഷ്ടിക്കുന്നതെന്ന് അവർ ചോദിച്ചപ്പോൾ ജടയിൽ നിന്ന് ഒരുരുള ഭസ്മമെടുത്തു കൊടുത്തിട്ട് പോകൂ, ഇതുകൊണ്ട് സൃഷ്ടി നടത്തു എന്ന് ശിവൻ അരുളിചെയ്തു. ഇതാണ് കഥ. സൃഷ്ടിതത്ത്വമോ പഞ്ചമഹാഭൂതങ്ങളോ ഇല്ലാതിരുന്നപ്പോൾ ബ്രഹ്മാവും വിഷ്ണുവും, മഹാദേവശരീരവും ജലവും താമരയും ലിങ്ഗവും പശുവും കൈതയും ഭസ്മയുണ്ടയും നിങ്ങളുടെ പിതാമഹന്മാരുടെ തറവാട്ടിൽ നിന്നു വന്നു വീണതാണോ എന്ന് ഈ പുരാണ രചയിതാക്കളോട് ചോദിച്ചാൽ ഭംഗിയായി!

ഭാഗവതത്തിലെ സൃഷ്ടി

ഇവ്വണ്ണം തന്നെ ഭാഗവതത്തിൽ പറയുന്നതു നോക്കുക. വിഷ്ണുവിന്റെ നാഭിയിൽ നിന്നു താമര, താമരയിൽനിന്ന് ബ്രഹ്മാവ്, ബ്രഹ്മാവിന്റെ വലതുകാലിന്റെ പെരുവിരലിൽനിന്ന് സ്വയംഭൂ. ഇടതുകാലിന്റെ പെരുവിരലിൽ നിന്ന് ശതരൂപാറാണി; നെറ്റിയിൽ നിന്ന് രുദ്രൻ. മരീചി തുടങ്ങിയ പത്തു പുത്രന്മാരും അവരിൽ നിന്ന് പത്തു പ്രജാപതികളും ഉണ്ടായി. അവരുടെ പതിമൂന്നു കന്യകകളെ കശ്യപൻ വിവാഹം കഴിച്ചു. അവരിൽ ദിതിയിൽ നിന്ന് ദൈത്യർ, ദനുവിൽ നിന്ന് ദാനവർ, അദിതിയിൽ നിന്ന ആദിത്യൻ, വിനതയിൽ നിന്ന് പക്ഷികൾ, കദ്രുവിൽ നിന്ന് സർപങ്ങൾ. സരമയിൽ നിന്ന് ശ്വാനന്മാരും കറുനരികളും, ആദിയായവ ഉണ്ടായി. മറ്റു സ്ത്രീകളിൽ നിന്ന് ആന, കുതിര, ഒട്ടകം, കഴുത, എരുമ, പുല്ല്, മുള, മുൾമരങ്ങൾ മുതലായവയും ഉണ്ടായി.

കൊള്ളാമേ! കൊള്ളാം. എന്തുപറയാനാണ്



ഭാഗവതകർത്താവായ ജല്പശിരോമണേ! ഇങ്ങനെയുള്ള കള്ളക്കഥകൾ എഴുതിയുണ്ടാക്കുവാൻ നിങ്ങൾക്ക് ശങ്കയോ ലജ്ജയോ ഇല്ലാതായിപ്പോയല്ലോ. കൊടും കുരുടനായിത്തീർന്നല്ലോ. സ്ത്രീപുരുഷന്മാരുടെ രജോവീര്യസംഗമത്താൽ മനുഷ്യരുണ്ടാകും. പക്ഷേ ഈശ്വരന്റെ സൃഷ്ടിക്രമത്തിനു വിരുദ്ധമായി പശു, പക്ഷി, സർപ്പം മുതലായവ എപ്പോഴെങ്കിലും ഉണ്ടാകുമോ? ആനയ്ക്കും ഒട്ടകത്തിനും സിംഹത്തിനും പട്ടിക്കും കഴുതയ്ക്കും വൃക്ഷാദികൾക്കും സ്ത്രീയുടെ ഗർഭാശയത്തിൽ വളരാൻ സ്ഥലമെവിടെ? സിംഹാദികളും മറ്റുമുണ്ടായി അച്ഛനമ്മമാരെ തിന്നു കളയാഞ്ഞതെന്ത്? മനുഷ്യശരീരത്തിൽ നിന്ന് പശു മൃഗാദികൾ ഉണ്ടാവുകയെന്നതെങ്ങനെ സംഭവ്യമാകും? ഇത്തരക്കാരുണ്ടാക്കിയ മഹാ അസംഭവ്യങ്ങളായ ലീലകളിൽ ഇന്നും ലോകരെമ്പാടും കുടുങ്ങിക്കറങ്ങിക്കഴിയുന്നത് സങ്കടം തന്നെ. ഈ മഹാകള്ളങ്ങൾ ഈ പോപ്പന്മാരും അകക്കണ്ണും പുറം കണ്ണും പൊട്ടിയ അവരുടെ ശിഷ്യന്മാരും കേട്ടു വിശ്വസിക്കുന്നുണ്ടാവുമോ എന്തോ? ഇവർ മനുഷ്യരാണോ മറ്റു വല്ലതുമാണോ എന്ന് ആശ്ചര്യപ്പെടുകതന്നെവേണം. ഈ ഭാഗവതാദി പുരാണങ്ങളുണ്ടാക്കിയവർ ഉണ്ടായ ഉടനെ ഗർഭത്തിൽ വച്ച് അലസിപ്പോകാഞ്ഞതെന്താണാവോ? അഥവാ ജനിച്ചപ്പോൾ തന്നെ മരിക്കാഞ്ഞതെന്ത്! എന്തെന്നാൽ ഈ പോപ്പന്മാരിൽ നിന്ന് രക്ഷപ്പെട്ടിരുന്നെങ്കിൽ ആര്യാവർത്തദേശം ദുഃഖങ്ങളിൽ നിന്ന് മുക്തമാകുമായിരുന്നു.

സൃഷ്ടിക്രമത്തിന് വിരുദ്ധം അസാധ്യം

ചോദ്യം:- ഇതിലൊന്നും വൈരുദ്ധ്യം ഇല്ല. അന്നന്നു കണ്ടതിനെ വാഴ്ത്തുന്നവർ നായ്ക്കോലം കെട്ടികുരയ്ക്കുന്നു എന്നേയുള്ളൂ. വിഷ്ണുവിനെ സ്തുതിക്കാൻ തുടങ്ങിയാൽ വിഷ്ണു ഈശ്വരൻ, മറ്റുള്ളവർ ദാസന്മാർ. ശിവന്റെ ഗുണഗാനം തുടങ്ങിയാൽ ശിവനെ ഈശ്വരനും ഇതരരെ കിങ്കരരുമാക്കും. സർവേശ്വരന്റെ മായയിൽ എന്തും നടക്കും. മനുഷ്യനിൽ നിന്ന് മൃഗങ്ങളുടെയും ഉത്പത്തി ഈശ്വരന് ചെയ്യാവുന്നതേയുള്ളൂ. കാരണമില്ലാതെ സ്വന്തം മായയിൽ നിന്ന് സൃഷ്ടി ഉണ്ടാക്കിയതു കാണൂ. ഇതിലെന്താണു അസംഭവ്യം? ചെയ്യാനിച്ഛിക്കുന്നതെന്തോ അതു ചെയ്തിരിക്കും.

ഉത്തരം:- സാധുമനുഷ്യരേ! അന്നന്നുകണ്ടതിനെ വാഴ്ത്തി കുരയ്ക്കുന്ന നായ്കോലം കെട്ടുന്നവർ, വാഴ്ത്തുന്നവനെ വലിയവനായോ മറ്റുള്ളവരെ ചെറിയവരായോ കണ്ട് ചെറിയവരെ നിന്ദിക്കുന്നില്ല. വാഴ്ത്തുന്നവനെ എല്ലാവരുടേയും പിതാവാക്കുന്നുമില്ല. നിങ്ങൾ സ്തുതിപാഠകരേക്കാളും വിദൂഷകരേക്കാളും അധികം പുളു[131] വചിക്കുന്നവരാണോ അല്ലയോ? പിന്നാലെകൂടിവാനോളം പുകഴ്ത്തുന്നവരും വിരോധമുള്ളവരെ ഇകഴ്ത്തുന്നവരുമല്ലേ നിങ്ങൾ? നിങ്ങൾക്ക് സത്യവും ധർമവും കൊണ്ടെന്തു പ്രയോജനം? നിങ്ങൾക്ക് നിങ്ങളുടെ സ്വാർഥത കൊണ്ടല്ലേ പ്രയോജനമുള്ളൂ? മായ മനുഷ്യനിൽ മാത്രമേ ഉണ്ടാകാൻ വയ്ക്കൂ. ചതിയനും കള്ളനുമായവനത്രേ മായാവി. സർവേശ്വരനിൽ ചതിയും കാപട്യവുമില്ലാത്തതുകൊണ്ട് മായാവിയല്ല. ആദിസൃഷ്ടിയിൽ കശ്യപന്റേയും ഭാര്യമാരുടെയും പക്ഷി മൃഗാദികളും സർപ്പവൃക്ഷാദികളും ഉണ്ടായെങ്കിൽ ഇന്നെന്തുകൊണ്ട് അങ്ങനെ സന്താനങ്ങളുണ്ടാകുന്നില്ല? നേരത്തേ എഴുതിവന്നതുപോലെ തന്നെയാണ് ശരിയായ സൃഷ്ടിക്രമം.[132]

ഭാഗവതകാരനു പറ്റിയ അമളി

ഭാഗവതകാരന് അമളി പറ്റിപ്പോയതാണെന്ന് അനുമാനിക്കാവുന്നതാണ്. ശതപഥബ്രാഹ്മണത്തിൽ തസ്മാത് **കാശ്യപ്യ ഇമാ പ്രജാഃ**[133] എന്നെഴുതിയിട്ടുണ്ട്. **കശ്യപഃ കസ്മാത് പശ്യകോ ഭവതീതി** - കാണുന്നവനാകകൊണ്ട് കശ്യപനെന്നു പേരായി എന്നു നിരുക്തി. സൃഷ്ടികർത്താവായ സർവേശ്വരന്റെ പേര് കശ്യപൻ എന്നായത് പശ്യകനായതുകൊണ്ടാണ്. അതായത് **പശ്യനീതി പശ്യഃ പശ്യഏവ പശ്യകഃ** (കാഴ്ച

131. 'പുളു' മധ്യകേരളത്തിലെ ഒരു പ്രയോഗമാണ്. ഇതിന് ഒരുദാഹരണം പറയാം. "ഞാൻ നദിക്കരയിൽ ചെന്നപ്പോൾ പാലം തകർന്നു വീണിരുന്നു. അക്കരയെത്താൻ ഒരു മാർഗവും കണ്ടില്ല. വിഷമിച്ച് അങ്ങുമിങ്ങും നോക്കുമ്പോൾ ഒരു മധുരക്കിഴങ്ങിൻ വള്ളി കണ്ടു. അതെടുത്ത് നദിക്കരയിൽ നട്ടു. ഉടനേ മധുരക്കിഴങ്ങു വളർന്നു. വളർന്ന് വളർന്ന് നദിയുടെ മുകളിലൂടെ അക്കരയെത്തി, അതിന്റെ പുറത്തു കൂടി നടന്ന് ഇക്കരയെത്തി. ആ മധുരക്കിഴങ്ങ് മുറിച്ചുകൊണ്ട് പോരാഞ്ഞതെന്താണെന്നു ചോദിക്കരുത്. അക്കരെചെന്ന് മുറിച്ചാൽ ഇക്കരെ എങ്ങനെ വീണ്ടും വരും? അതും പോകട്ടെ എന്തു ഭാരമായിരിക്കുമതിന്! എങ്ങനെ ചുമന്നു കൊണ്ടു വരും?" ഇതാണ് പുളു (ഹിന്ദി-ഗപ്പ്)

132. എട്ടാം സമുല്ലാസം നോക്കുക.

133. തസ്മാദാഹുഃ സർവ്വാഃ പ്രജാഃ കാശ്യപ 7.5.1.5.

134. മഹാഭാഷ്യം 3.1.123.

ക്കാരൻ കാണുന്നവൻ. കാണുന്നവനത്രേ പശ്യകൻ) ഭ്രമരഹിതനായി സകല ചരാചരജഗത്തിനേയും, സകല ജീവാത്മാക്കൾ, അവരുടെ കർമങ്ങൾ സകലവിദ്യകൾ എന്നിവയേയും അവ്വണ്ണം തന്നെ കാണുന്നവൻ എന്നർത്ഥം. മഹാഭാഷ്യത്തിലെ **ആദ്യന്ത വിപര്യയാശ്ച** [134] എന്ന വചനപ്രകാരവും, ആദ്യക്ഷരം അവസാനവും അവസാനവർണം ആദ്യവും വന്ന് പശ്യകനിൽ നിന്ന് കശ്യപൻ ഉണ്ടാകുന്നു. ഇതിന്നർത്ഥം മനസ്സിലാകാതെ കഞ്ചാവിൻ കുടുക്കയുടെ ലഹരിയിൽ, സ്വന്തം ജന്മം സൃഷ്ടിവിരുദ്ധ കാര്യങ്ങൾ പറയാൻ ചെല വഴിച്ചു.

മാർക്കണ്ഡേയ പുരാമത്തിലെ ദുർഗ്ഗാ പാഠത്തിൽ ദേവന്മാരുടെ ശരീരത്തിൽ നിന്നുണ്ടായ തേജസ്സിൽ നിന്ന് ദേവി ഉണ്ടായി മഹിഷാസുരനെ കൊന്നു എന്നെഴുതിയിരിക്കുന്നു. അതുപോലെ രക്തബീജന്റെ ശരീരത്തിലെ ഓരോ തുള്ളിച്ചോര നിലത്തു വീഴുമ്പോഴും ഓരോ രക്തബീജന്മാരുണ്ടായി ജഗത്ത് അവരാൽ നിറഞ്ഞെന്നും, രുധിര നദിയൊഴുകിയെന്നും മറ്റും ഒട്ടേറെ പുളു എഴുതി നിറച്ചിട്ടുണ്ട്. രക്തബീജന്മാരെക്കൊണ്ട് ജഗത്തെല്ലാം നിറഞ്ഞപ്പോൾ ദേവിയും ദേവിയുടെ സിംഹവും സൈന്യവും എവിടെയായിരുന്നു? ദേവിയിൽ നിന്ന് ദൂരെയായിരുന്നു രക്തബീജന്മാരെന്നു പറയുന്ന പക്ഷം ജഗത്തുമുഴുവൻ അവരെക്കൊണ്ട് നിറഞ്ഞിരുന്നില്ലല്ലോ? നിറഞ്ഞിരുന്നെന്നു പറയുന്ന പക്ഷം അപ്പോൾ പക്ഷിമൃഗാദികളും മനുഷ്യരും ജലത്തിലെ മുതലയും ആമയും മത്സ്യാദികളും എവിടെ സ്ഥിതി ചെയ്തിരുന്നു? ഒരു പക്ഷേ ദുർഗാപാഠം എഴുതിയുണ്ടാക്കിയ പോപ്പിന്റെ വീട്ടിൽ അഭയം തേടിയെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. കഞ്ചാവുലഹരിയിലെഴുതിക്കൂട്ടിയ ഇത്തരം അസംഭവ്യകഥകളുടെ പുളു പരമ്പരയ്ക്ക് അറ്റവും അറുതിയുമില്ല.

ശ്രീമത് ഭാഗവതപുരാണം

ഇന്ന് ശ്രീമദ് ഭാഗവതമെന്നു പറയുന്നതിലെ ലീലാവിലാസങ്ങൾ കേട്ടുകൊള്ളൂ. ബ്രഹ്മാവിന് നാരായണൻ ചതുശ്ലോകീഭാഗവതം ഉപദേശിച്ചു.

ജ്ഞാനം പരമ ഗുഹ്യം മേ യദ്വിജ്ഞാന സമന്വിതമ്, സരഹസ്യം തദങ്ഗശ്ച ഗൃഹാണ ഗദിതം മയാ ॥ [135] ബ്രഹ്മാവേ! നീ എന്റെ പരമ ഗുഹ്യവും വിജ്ഞാനസമ്പൂർണവും ധർമാർഥകാമമോക്ഷങ്ങളുടെ അംഗവും ആയ രഹസ്യ ജ്ഞാനത്തെ എന്നിൽ നിന്നു ഗ്രഹിക്കുക. വിജ്ഞാനസമ്പൂർണമായ ജ്ഞാനം എന്നു പറഞ്ഞാൽ പിന്നെ പരമമെന്ന വിശേഷണം വ്യർഥമാണ്. ഗുഹ്യമെന്ന വിശേഷണത്തെ തുടർന്ന് രഹസ്യം പുനരുക്തിയാണ്. മൂലശ്ലോകം തന്നെ അനർഥകമായിരിക്കേ മറ്റെല്ലാം പിന്നെന്തുകാനാണ് വഴി? (ഭാഗവതത്തിന്റെ മൂലം കള്ളമായിരിക്കെ വൃക്ഷവും വ്യാജം തന്നെ.) ബ്രഹ്മാവിന് വരം നല്കിയത്രേ- **ഭവാൻ കല്പ വികല്പേഷു ന വിമുഹ്യതി കർഹിചിത്** അങ്ങ് കല്പത്തിലും വികല്പത്തിലും സൃഷ്ടിയിലും പ്രളയത്തിലും- ഒരിക്കലും മോഹത്തെ പ്രാപിക്കുകയില്ല.॥ [136] ഇങ്ങനെ എഴുതിയതിനു ശേഷം മോഹിതനായി വത്സഹവരണം ചെയ്തു॥ [137] എന്നും എഴുതിയിട്ടുണ്ട്. ഇതിലൊന്ന് കള്ളവും മറ്റേത് സത്യവുമാകണം അല്ലെങ്കിൽ രണ്ടും കളവാണ്.

വൈകുണ്ഠത്തിൽ രാഗദ്വേഷ ഈർഷ്യാദുഃഖാദികൾ ഇല്ലാതിരിക്കെ സനകാദികൾക്ക് വൈകുണ്ഠവാതില്കൽ വച്ച് കോപം വന്നതെങ്ങനെ? ക്രോധമുണ്ടാകുന്നിടം സ്വർഗമല്ല. യജമാനന്റെ ആജ്ഞ പാലിക്കേണ്ടത് ദ്വാരപാലകനായ ജയ വിജയന്മാരുടെ കടമയായിരുന്നു. അവർ സനകാദികളെ തടഞ്ഞെങ്കിൽ അതിൽ എന്തു തെറ്റാണുള്ളത്. അപരാധികളല്ലാത്ത ഇവർക്കു ശാപമേല്ക്കുവാനേ പാടില്ലായിരുന്നു. നിങ്ങൾ ഭൂമിയിൽ പതിക്കട്ടെ എന്നു ശപിച്ചതിനർഥം അവിടെ ഭൂമി ഇല്ലായിരുന്നെന്നാണ്. ആകാശം, വായു, അഗ്നി, ജലം, കവാടം മുതലായവ ഉണ്ടായിരുന്ന സ്ഥിതിക്ക് അവ എന്തിനെ ആധാരമാക്കി നിന്നു? ജയവിജയന്മാർ സനകാദികളെ സ്തുതിച്ചിട്ട് ചോദിച്ചു:- "മഹാത്മൻ! ഞങ്ങളെപ്പോഴാണ് ഇനി തിരിച്ചു വൈകുണ്ഠത്തിൽ വരുന്നത്?" "മഹാവിഷ്ണുവിനെ സ്നേഹപൂർവ്വം ഭജിച്ചാൽ ഏഴാം ജന്മത്തിലും വിരോധിച്ചു ഭജിച്ചാൽ മൂന്നാം ജന്മത്തിലും വൈകുണ്ഠത്തിലെത്താം" എന്നവർ പറഞ്ഞു.॥ [138]

ഇവിടെ ചിന്തിക്കാനുള്ള കാര്യം ജയവിജയന്മാർ വിഷ്ണുവിന്റെ ഭൃത്യന്മാരാണെന്നതാണ്. അവരെ രക്ഷിക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് വിഷ്ണുവിന്റെ കടമയായിരുന്നു. തെറ്റുചെയ്യാത്ത അവരെ ഉപദ്രവിക്കുന്നവരെ ശിക്ഷിക്കേണ്ടത് യജമാനന്റെ കടമയല്ലേ? അല്ലെ

135. ഭാഗവതം 2,9,30.
136 ടി. 10.13.14
137. ഭാഗവതം 3.15.16
138 ഭാഗവതം 3.15.16
139 ടി 3.17.18

ങ്കിൽ ഭൃത്യവർഗത്തിന്റെ സ്ഥിതി എത്രയോ ശോച നീയമാകും? എല്ലാവരും അവരെ മെക്കിട്ടു കയ റും. ജയവിജയന്മാരെ പ്രശംസിച്ച്, സനകാദികളെ ശരിക്ക് ശിക്ഷിക്കുകയായിരുന്നു വിഷ്ണു ചെയ്യേ ണ്ടത്. അകത്തുകടക്കണമെന്നവർ ശഠിച്ചതെ ന്തിന്? ഭൃത്യന്മാരോടു വഴക്കടിച്ചതെന്തിന്? ശപി ച്ചതെന്തിന്? സനകാദികളെ ഭൂമിയിൽ വീഴ്ത്തുക യായിരുന്നു വിഷ്ണു ചെയ്യേണ്ടിയിരുന്നത്. ഇത്രയും അരാജകത്വം വിഷ്ണുവിന്റെ ഭവന ത്തിൽ തന്നെയുള്ളപ്പോൾ, അദ്ദേഹത്തിന്റെ സേവ കരായ വൈഷ്ണവർക്ക് എത്ര ദുർദ്ദശ വന്നാലും അധികമാവുകയില്ല. പിന്നീട് അവർ ഹിരണ്യാ ക്ഷനും ഹിരണ്യകശിപുവുമായി ജനിച്ചത്രേ!▯ [139] അതിൽ ഹിരണ്യാക്ഷനെ വരാഹം കൊന്നു. അക്ക ഥയിങ്ങനെയാണ്- ഭൂമിയെ ഒരു മെത്ത ചുരുട്ടു ന്നതുപോലെ തെറുത്ത് തലയിണയാക്കി വച്ച് കിട ന്നുറങ്ങി ഹിരണ്യാക്ഷൻ. വരാഹാവതാരം ധരിച്ച വിഷ്ണു കൊമ്പുകൊണ്ട് ഭൂമിയെ ഉയർത്തി. ഹിര ണ്യാക്ഷൻ ഉണർന്നു. ഇരുവരും തമ്മിൽ യുദ്ധമാ യി. വരാഹം ഹിരണ്യാക്ഷനെ കൊന്നു വീഴ്ത്തി.▯ [140]

ഭൂമി ഗോളമാണോ പരന്നതാണോ എന്നാ രാനും ചോദിച്ചാൽ ഇവിടെ ഉത്തരമില്ല. ഈ പൗരാ ണികർ ഭൂമിശാസ്ത്രവിരുദ്ധന്മാരാണ്. ഭൂമിയെ ചുരുട്ടിത്തെറുത്ത് തലയിണയാക്കിയിട്ട് കിടന്നതെ വിയെയാണാവോ! ശ്രീമാൻ വരാഹം കാലുറപ്പിച്ച് ഓടിവന്നത് എന്തിൽക്കൂടിയാണ്? ഭൂമിയെ വരാഹം കൊമ്പിൽ ഉയർത്തിയപ്പോൾ, ഇരുവരും പിന്നെവിടെനിന്നാണ് യുദ്ധം ചെയ്തത്? പക്ഷേ പോപ്പദ്ദേഹം എവിടെക്കിടന്നാണാവോ ഉറങ്ങി യത്? പുളുവിന്റെ വീട്ടിൽ പുളുവൻ അതിഥിയായി വന്നാൽ പിന്നെല്ലാം പുപ്പുളുവാണ്. പുളുവിന് ഒരു കുറവും വരില്ലായെന്നർഥം.

ഇനിയുള്ളത് ഹിരണ്യകശിപുവാണ്. അയാ ളുടെ മകനായ പ്രഹ്ലാദൻ ഭക്തനായിരുന്നു. കുട്ടിയെ പഠിക്കാൻ പാഠശാലയിലയച്ചു. വേറൊന്നും പഠിക്കാതെ രാമരാമ എന്നെഴുതിത്ത രാൻ അധ്യാപകരോടാവശ്യപ്പെട്ടു. ഇതറിഞ്ഞ അച്ഛൻ എന്റെ ശത്രുവിനെ നീയെന്തിനു ഭജി ക്കുന്നു എന്നു ചോദിച്ച് ഭയപ്പെടുത്തി. കുട്ടി അതൊന്നും വകവച്ചില്ല. ക്രുദ്ധനായ ഹിരണ്യക ശിപു കുട്ടിയെ കാലുകൾ കെട്ടി പർവതങ്ങളിൽ നിന്ന് താഴേയ്ക്കും കിണറുകളിലേക്കും എറിഞ്ഞു. പക്ഷേ കുട്ടിക്ക് യാതൊന്നും സംഭവിച്ചില്ല. അപ്പോൾ ഒരു ഇരുമ്പുതൂൺ ചുട്ടുപഴുപ്പിച്ച് നിന്റെ രാമൻ ഉണ്ടെങ്കിൽ ഈ ഇരുമ്പുതൂണിൽ പിടിച്ചാൽ പൊള്ളാതിരിക്കും. പിടിക്ക് കാണട്ടെ. പൊള്ളുമോ എന്നു പ്രഹ്ലാദനു സംശയമായി. അപ്പോൾ ഭഗ വാൻ തന്റെ മായയാൽ തൂണിൽക്കൂടി ഉറുമ്പുകളെ വരിവരിയായി നടത്തിക്കാണിച്ചു. അതുകണ്ട് പ്രഹ്ലാദൻ സധൈര്യം തൂണിനേ ആശ്ലേഷിച്ചു. പെട്ടെന്ന് രണ്ടായി പിളർന്ന തൂണിൽ നിന്ന് നര സിംഹം പുറത്തുവന്ന് ഹിരണ്യകശിപുവിനെ വയ റുപിളർന്നു കൊന്നു. പ്രഹ്ലാദനെ ലാളിക്കുകയും വരം ചോദിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പ്രഹ്ലാദൻ പിതാവിന്റെ സദ്ഗതി വരമായി ചോദി ച്ചു. ▯ [141]നരസിംഹം അതു നൽകിയെന്നു മാത്രമ ല്ല, നിന്റെ ഇരുപത്തൊന്നു പൂർവതലമുറക്കാർ സദ്ഗതി പ്രാപിച്ചിട്ടുണ്ടെന്നു പറയുകയും ചെയ്തു.▯ [142] പുളുവിന്റെ സഹോദരൻ പുളുവിനെ കണ്ടുവോ? ഭാഗവതം പാരായണം ചെയ്യുകയോ പാടുകയോ ചെയ്യുന്നവരിൽ ആരെയെങ്കിലും പിടി കൂടി പർവതത്തിനു മുകളിൽ നിന്ന് താഴേക്കുരു ട്ടിയാൽ രക്ഷപ്പെടുകയില്ല. എല്ലെല്ലാം തകർന്നു തരിപ്പണമായി ചാവുകയേയുള്ളൂ. പ്രഹ്ലാദന്റെ അച്ഛൻ അവനെ പഠിക്കാൻ വിട്ടത് ചീത്തക്കാര്യ മാണോ? പഠിക്കാൻ തയ്യാറാകാതെ വൈരാഗിയാ കാൻ ശ്രമിച്ചത് മൂഢതയല്ലേ? ചുട്ടുപഴുത്ത ഇരു മ്പുതൂണിലൂടെ ഉറുമ്പുകൾ ഇഴഞ്ഞെന്നും അതിൽ പിടിച്ച പ്രഹ്ലാദന് പൊള്ളലേറ്റില്ലെന്നും വിശ്വസി ക്കുന്നവരേക്കൂടി അങ്ങനെ ചെയ്യിക്കേണ്ടതാണ്. പൊള്ളാത്തപക്ഷം, പ്രഹ്ലാദനും പൊള്ളിയി ല്ലെന്നു തീരുമാനിക്കാം. നരസിംഹവും വെന്തു

140. ഗരുഡപുരാണം ഉത്തരഖണ്ഡം 26.3

141. ഇന്നു പ്രചാരത്തിലുള്ള ഭാഗവതത്തിൽ ഈ കഥയ്ക്കു വ്യത്യാസമുണ്ട്. ഇരുമ്പു തൂണിലും ഭഗവാനുണ്ടെന്നു പറഞ്ഞപ്പോൾ ഹിരണ്യകശിപു അതു വെട്ടിപ്പിളർന്നെ ന്നാണ് പ്രചാരമുള്ള കഥ. ഇവിടെ പരാമർശിതമായ കഥ അക്ബറുടെ മന്ത്രിയായിരുന്ന ഫൈജി തർജ്ജമ ചെയ്ത പേർഷ്യൻ ഭാഷാ ഭാഗവതത്തിലുണ്ട്. അതിങ്ങനെയാണ്:- ഹിരനാകഷ് ഖശ്മഗീ ശുദഃ ശമ ശീരം ബരകശീദ വ ദർമ്യാനേ സിതൂം ഗർദാനീദ ഖുർദ് മോർചഃ സ്യാഹ ആമദ് അസ്മിയാനേ സിതൂം ബർ ആമദ. അർഥം: ക്രുദ്ധനായ ഹിരണ്യകശിപു വാളൂരി. ചെറിയ ചെറിയ കുഞ്ഞുറുമ്പുകൾ തൂണിൽ (സി തൂൻ-സ്ഥാണു -തൂണ്) കൂടി നടക്കുന്നതു കണ്ടു. 1934 ൽ (ഏപ്രിൽ 26) പ്രസിദ്ധപ്പെടുത്തിയ ആര്യമിത്ര എന്ന മാസികയിൽ 'അഗ്നിപ്രജ്വിലിതേ സ്തംഭേ ജഗ്മുഃ ശ്രേണ്യാ പിപീലികാ ന പ്രദഗ്ധാ ഹരേരങ്ഗേ ലീലയാ എന്ന സംസ്കൃതശ്ലോകം കാണാം. ഇതന്റെ മൂലവും ലഭ്യമല്ല.

142. ഭാഗവതം 7.10.18

പോകാഞ്ഞതെന്താണ്? മൂന്നാം ജന്മത്തിൽ വൈകുണ്ഠത്തിൽ തിരിച്ചെത്തുമെന്ന വരം നല്കിയത് സനകാദികളാണല്ലോ. ഇക്കാര്യം നിങ്ങളുടെ നാരായണൻ മറന്നുപോയോ? ഭാഗവതത്തിലെ രീതിയനുസരിച്ച് ബ്രഹ്മാവ്, പ്രജാപതി, കശ്യപൻ, ഹിരണ്യാക്ഷനും ഹിരണ്യകശിപുവും നാലാം തലമുറയിൽ ഇങ്ങനെയാണല്ലോ ജന്മക്രമം. പ്രഹ്ളാദനു മുൻപ് ഇരുപത്തൊന്നു തലമുറ ഉണ്ടായിട്ടില്ല. പിന്നെങ്ങനെയാണ് ഇരുപത്തൊന്ന് പൂർവ്വ തലമുറക്കാർ സദ്ഗതി പ്രാപിച്ചെന്ന് പറഞ്ഞത്? ഇതു കടുത്ത തെറ്റല്ലേ? പിന്നീട് അതേ ഹിരണ്യാക്ഷ-ഹിരണ്യകശിപുക്കൾ രാവണ കുംഭകർണന്മാരായും ശിശുപാല-ദന്ത വക്ത്രന്മാരായും ജനിച്ചെങ്കിൽ നരസിംഹം കൊടുത്ത വരം എങ്ങോട്ടു പറന്നുപോയി.[143] ഇത്തരം പ്രമാദങ്ങൾ ചെയ്കയും കേൾക്കയും ചെയ്യുന്നത് പ്രമാദികളാണ്, വിദ്വാന്മാരല്ല.

പൂതന, അക്രൂരൻ എന്നിവരെ സംബന്ധിച്ച കെട്ടുകഥ കേട്ടു കൊള്ളുക:-

"രഥേന വായുവേഗേന,[144] ജഗാമഗോകുലം പ്രതി[145]" കംസന്റെ ആജ്ഞപ്രകാരം വായു വേഗത്തിലോടുന്ന കുതിരയെ പൂട്ടിയ രഥത്തിൽ അക്രൂരൻ രാവിലെ ഗോകുലത്തിലേയ്ക്കു പുറപ്പെട്ടു.[146] നാലു മൈൽ അകലെയുള്ള ഗോകുലത്തിൽ അസ്തമിക്കാറായപ്പോൾ എത്തിച്ചേർന്നു.[147] ഭാഗവതകർത്താവിനു ചുറ്റും കുതിര ഓടുകയായിരുന്നോ എന്തോ. വഴിതെറ്റി അക്രൂരനും സാരഥിയും കൂടി ഭാഗവത കർത്താവിന്റെ വീട്ടിൽ വന്നു കിടന്ന് ഉറങ്ങിപ്പോയതാകാനും മതി. പൂതനയുടെ ശരീരത്തിന് ആറു കോശം വീതിയും വളരെയേറെ ഉയരവും ഉണ്ടായിരുന്നെന്നെഴുതിയിട്ടുണ്ട്.[148] മഥുരയ്ക്കും ഗോകുലത്തിനും ഇടയ്ക്ക് ശ്രീകൃഷ്ണൻ അവളെ കൊന്നിട്ടു. അങ്ങനെയാണെങ്കിൽ മഥുരയും ഗോകുലവും ഞെരിഞ്ഞമർന്നിട്ടുണ്ടാവും. കൂട്ടത്തിൽ ഇതെഴുതിയ പോപ്പന്റെ വീടും!

ഇതുപോലെ അജാമിളന്റെ കഥയും വിചിത്രം തന്നെ. നാരദൻ പറഞ്ഞതുകൊണ്ട് തന്റെ കുട്ടിക്ക് നാരായണൻ എന്നു പേരിട്ടു. മരിക്കാറായപ്പോൾ പുത്രനെ വിളിച്ചു. അപ്പോൾ നാരായണൻ ചാടിവീണത്രേ.[149] നാരായണന് തന്നെയല്ല, മകനെയാണ് വിളിക്കുന്നതെന്ന അയാളുടെ അന്തഃകരണത്തിലെ ഭാവം അറിവില്ലായിരുന്നോ? ഇതാണ് നാമ മാഹാത്മ്യമെങ്കിൽ ഇക്കാലത്തും നാരായണജപം ജപിക്കുന്നവരുടെ ദുഃഖങ്ങൾ അകറ്റുവാൻ നാരായണൻ വന്നുചേരാത്തതെന്താണ്? കാര്യം ശരിയാണെങ്കിൽ നാരായണ നാരായണ എന്നു ജപിച്ച് തടവുകാർ എന്തുകൊണ്ട് വിമുക്തരാകുന്നില്ല?

ഇതുപോലെ ജ്യോതിഃശാസ്ത്രത്തിനു വിരുദ്ധമായാണ് സുമേരുപർവതത്തിന്റെ വലുപ്പം എഴുതിയിട്ടുള്ളത് പ്രിയ വ്രതരാജാവിന്റെ രഥചക്രം ഉണ്ടാക്കിയ കുഴിയാണ് സമുദ്രം. ഭൂമിക്ക് നാല്പത്തൊമ്പതു കോടിയോജന ചുറ്റളവുണ്ട് എന്നിങ്ങനെ ഭാഗവതത്തിൽ എഴുതിവച്ചിട്ടുള്ള പുളുവിന് അന്തമില്ല.[150]

ഭാഗവതകാരനായ ബോബദേവൻ

ബോബദേവനെന്നയാളാണ് ഭാഗവതം എഴുതിയത്.[151] ഇദ്ദേഹത്തിന്റെ സഹോദരനാണ് ഗീത ഗോവിന്ദകാരനായ ജയദേവൻ. ശ്രീമദ്ഭാഗവതപുരാണം ഞാൻ രചിച്ചതാണെന്ന് ബോബദേവനെഴുതിയ **'ഹിമാദ്രി'**[152] എന്ന ഗ്രന്ഥത്തിൽ കാണാം. ഈ ലേഖനത്തിന്റെ മൂന്നു താളുകൾ എന്റെ പക്കലുണ്ടായിരുന്നതിൽ ഒന്ന് നഷ്ടപ്പെട്ടുപോയി. അതിലെ ശ്ലോകങ്ങളിൽ ഉണ്ടായിരുന്ന ആശയം രണ്ടു ശ്ലോകങ്ങളാക്കി എഴുതുന്നു. കൂടുതലറിയാൻ ആഗ്രഹമുള്ളവർ ഹിമാദ്രി എന്ന ഗ്രന്ഥത്തിൽ നോക്കുക.

1. ഹിമാദ്രേഃ സചിവസ്യാർത്ഥേ സൂചനാക്രിയതേ*f*ധുനാ സ്കന്ധാ*f*ധ്യായ കഥാനാം ച യത്പ്രമാണം സമാസതഃ

2. ശ്രീമദ്ഭാഗവതം നാമ പുരാണം ച മയേരിതമ് വിദുഷാ ബോബദേവേന ശ്രീകൃഷ്ണസ്യ

143. ഭാഗവതം 7.1.
144 ടി 10.39.38
145 ടി 10 38 24
146 ടി 10. 38.1
147 10.38.24
148 10.6.4. ത്രിഗവ്യൂതി (ഗവ്യൂതി 2 കോശം)
149 ടി. 6.1.29.30)

150. ഭാഗവതം 5.16,7, 5, 16, 2, 5,20. 38-ൽ 50 കോടി എന്നാണുള്ളത്.
151. നീലകണ്ഠകൃതമായ ദേവീഭാഗവത ടീകയുടെ മുഖവ്യ രയിൽ വിഷ്ണുഭാഗവതം ബോപദേവ കൃതമിതി വദന്തി എന്നാണ്. ഷാജഹാന്റെ സമകാലികനായ കവീന്ദ്രാചാര്യന്റെ പുസ്തക സൂചീ പത്രത്തിൽ (ബറോഡയിൽ അച്ചടിച്ചത്) ബോപ ദേവ കൃതമായ ഭാഗവതം എന്നു കാണുന്നുണ്ട്.
152. ഇതിന് ഹരിലീലാമൃതം എന്നും പേരുണ്ട്
153. അച്ചടിച്ച ഹരിലീലാമൃതത്തിൽ 11-ാം ശ്ലോകം 10-ാമത്തേതാണ്.



യശോന്വിതമ്. അതായത് രാജസചിവനായ ഹിമാദ്രി ബോബദേവ പണ്ഡിതനോട് ഇങ്ങനെ പറഞ്ഞു:- "എനിക്ക് നിങ്ങളുണ്ടാക്കിയ ഭാഗവതം മുഴുവനും കേൾക്കാൻ സമയമില്ല. അതിനാൽ സംക്ഷിപ്ത സൂചനാശ്ലോകങ്ങളാക്കി എഴുതുക. അതിൽ നിന്ന് ഭാഗവതത്തിന്റെ ചുരുക്കം എനിക്കു മനസ്സിലാക്കാൻ കഴിയണം." അതനുസരിച്ച് ബോബദേവൻ നിർമ്മിച്ച സംക്ഷിപ്തശ്ലോകങ്ങൾ താഴ എഴുതുന്നു. നഷ്ടപ്പെട്ടുപോയ താളിൽ പത്തു ശ്ലോകങ്ങളാണുണ്ടായിരുന്നത്. പതിനൊന്നാമത്തേത് ॥ [153] മുതൽ എഴുതാം.

11. ബോധയന്തീതി हिप्राहुः श्रीमद्भागवतं पुनः, पञ्च प्रश्नाः शौनकस्य सूत स्यात्रोत्तरं त्रिषु

12. प्रश्नावतारयो ञ्चैव व्यासस्य निर्वृतिः कृतात् नारदस्यात्र हेतूक्तिः प्रतीत्यर्थ स्वजन्म च.

13. सुप्तघ्नं द्रोण्यभिभवस्तदस्त्रात् पाण्डवा वनम्. भीष्मस्य स्व पदप्राप्तिः कृष्णस्य द्वारिकागमः

14. श्रोतुः परीक्षितो जन्म धृतराष्ट्रस्य निर्गमः, कृष्ण मर्त्य त्यागसूचा ततः पार्थ महा पथः

15. इत्यृष्टादशभिः, पादैरध्यायार्थः क्रमात् स्मृतः, स्वपरप्रतिबन्धोनं स्फीतं राज्यं जहौ नृपः

16. इति वैराजेज्ञो दार्ढ्येाक्तौ प्रोक्ता द्रौणी जयादय इति प्रथम स्कन्धः॥ [154]

ഇപ്രകാരം പന്ത്രണ്ടു സ്കന്ധങ്ങളുടെയും സംക്ഷിപ്തം ബോബദേവൻ നിർമിച്ച് ഹിമാദ്രി മന്ത്രിക്കു കൊടുത്തു. വിസ്തരിച്ചറിയാനാഗ്രഹമുള്ളവർ ഹിമാദ്രി എന്ന ഗ്രന്ഥം നോക്കുക. ഇതു പോലെയാണ് ഇതര പുരാണങ്ങളുടെയും കഥയെന്നറിയണം. മാത്രമല്ല ഒന്നിനൊന്നുമത്സരിച്ചാണ് പുളുരചന നടത്തിയിരുന്നതും.

ശ്രീകൃഷ്ണന്റെ ഇതിഹാസം അത്യുത്തമമായാണ് മഹാഭാരതത്തിലുള്ളത്. അദ്ദേഹത്തിന്റെ ഗുണ-കർമ-സ്വഭാവങ്ങൾ ആപ്തപുരുഷന്മാരുടേതിനോടു സമവുമാണ്. ആജീവനാന്തം യാതൊരു ദുഷ്കർമവും ശ്രീകൃഷ്ണൻ ചെയ്തതായി അതിൽ എഴുതിയിട്ടില്ല.॥ [155] എന്നാൽ ഭാഗവതകാരനാകട്ടെ, അനുചിതമായ താന്തോന്നിത്തങ്ങളാണ് ശ്രീകൃഷ്ണനിൽ ആരോപിച്ചിട്ടുള്ളത്. പാലും തയിരും വെണ്ണയും മോഷ്ടിക്കുക, കുബ്ജയായ ദാസിയുമായി സമാഗമം, പരസ്ത്രീകളുമായി രാസക്രീഡ മുതലായ മിഥ്യാദോഷങ്ങൾ ശ്രീകൃഷ്ണനിൽ ചുമത്തുന്നു. ഇതു വായിക്കുകയും കേൾക്കുകയും ചെയ്യുന്ന അന്യമതക്കാർ ശ്രീകൃഷ്ണനെ വളരെയേറെ നിന്ദിക്കുന്നു. ഈ ഭാഗവതം പോലുള്ള ഗ്രന്ഥങ്ങളില്ലായിരുന്നെങ്കിൽ ശ്രീകൃഷ്ണ സദൃശ്യരായ മഹാത്മാക്കളെ എങ്ങനെയാണ് നിന്ദിക്കാൻ കഴിയുക?

ശിവപുരാണത്തിൽ പന്ത്രണ്ട് ജ്യോതിർലിങ്ഗങ്ങളെപ്പറ്റി എഴുതിയിട്ടുണ്ട്. അതു തികച്ചും അസംഭവ്യമാണ്. ജ്യോതിർലിങ്ഗങ്ങളെന്ന പേര്. ലേശമാത്രം പോലും ജ്യോതിസ്സില്ല. രാവിൽ വിളക്കില്ലെങ്കിൽ ഈ ലിങ്ഗങ്ങൾ കാണാനാവുകയില്ല. ഈ ലീലാ വിനോദങ്ങളെല്ലാം പോപ്പന്മാരുടേതാണ്.

പുരാണങ്ങളുടെ പ്രയോജനം

ചോദ്യം:- വേദപഠനത്തിന് സാമർഥ്യമില്ലാതായപ്പോൾ സ്മൃതിയുണ്ടായി. സ്മൃതിപഠിക്കാൻ ബുദ്ധിയില്ലാതായപ്പോൾ ശാസ്ത്രമുണ്ടായി. ശാസ്ത്രാഭ്യസനത്തിനു കഴിവു നശിച്ചപ്പോൾ പുരാണമുണ്ടാക്കി. സ്ത്രീകൾക്കും ശൂദ്രന്മാർക്കും വേണ്ടിയാണിത്. എന്തെന്നാൽ വേദപഠനത്തിനും ശ്രവണത്തിനും അവർക്കധികാരമില്ല.

ഉത്തരം:- ഇതു തീർത്തും കള്ളമാണ്. പടിക്കയും പഠിപ്പിക്കുകയും ചെയ്യുന്നതു കൊണ്ടു മാത്രമേ സാമർഥ്യമുണ്ടാവൂ. വേദം പഠിക്കാനും കേൾക്കാനും എല്ലാവർക്കും അധികാരമുണ്ട്. ഗാർഗി മുതാലയ സ്ത്രീകളും ഛാന്ദോഗ്യത്തിൽ പറയുന്ന ജാനശ്രുതി എന്ന ശൂദ്രനും രൈക്യ മുനിയുടെ പക്കൽ നിന്ന് വേദം പഠിച്ചു.॥ [156] കൂടാതെ

154. മലയാള ഭാഗവതത്തിലെ 1-ാം സ്കന്ധത്തിന്റെ സംക്ഷിപ്തവുമായി വലിയ അന്തരമില്ല.

155. മഹാഭാരതം സഭാപർവം 41-ാം അധ്യായത്തിൽ ശിശുപാലവധപ്രകരണം നോക്കുക. ഭാഗവതത്തിലും മറ്റു പുരാണങ്ങളിലും പറഞ്ഞിട്ടുള്ള ദുഷ്കർമ്മങ്ങൾ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ ശിശുപാലൻ ചെയ്ത ദോഷാരോപണങ്ങളിലും അവ വിട്ടുകളയുകയില്ലായിരുന്നു. പരിഭാഷകന്റെ 'യോഗേശ്വരനായ ശ്രീകൃഷ്ണൻ' എന്ന ഗ്രന്ഥത്തിലെ പേജ് 82 മുതൽ 86 വരെ (1-ാം പതിപ്പ്)

156. ശതപഥം 14.6.6.8. ഛാ ഉ 4.2

157. പേജ് 126 ൽ ഉദ്ധൃതം

വേദങ്ങൾ പഠിക്കാനും കേൾക്കാനും മനുഷ്യർക്കെല്ലാം അധികാരമുണ്ടെന്ന് യജുർവേദം 26 -2ൽ സ്പഷ്ടമാക്കിയിട്ടുണ്ട്.[157] എന്നിട്ടും ഇങ്ങനെയുള്ള മിഥ്യാഗ്രന്ഥങ്ങളെഴുതി മനുഷ്യരെ സത്യഗ്രന്ഥങ്ങൾക്കു വിരുദ്ധരാക്കി വലയിൽപെടുത്തി സ്വന്തം കാര്യം സാധിക്കുന്നവർ എന്തുകൊണ്ട് മഹാപാപികളല്ല?

നവഗ്രഹമന്ത്രങ്ങൾ

അറിവില്ലാത്ത മനുഷ്യരെ അകപ്പെടുത്തുന്നതിനു വേണ്ടി പ്രചരിപ്പിച്ച ഗ്രഹചക്രങ്ങൾ നോക്കുക:-

1. ആകൃഷ്ണേന രജസാ (സൂര്യമന്ത്രം) 2. ഇമം ദേവാ അസപത്നങ്ം സുവധ്വമ് (ചന്ദ്രമന്ത്രം) 3. അഗ്നിർ മൂർദ്ധാ ഖകുത് പതിഃ (ചൊവ്വാ മന്ത്രം) 4. ഉദ്ബുധ്യസ്വാഗ്നേ (ബുധമന്ത്രം) 5. ബൃഹസ്പതേ അതിയദര്യോ (വ്യാഴമന്ത്രം) 6. ശുക്രമന്ധസഃ (ശുക്രമന്ത്രം) 7. ശന്നോദേവീരഭിഷ്ടയേ (ശനിമന്ത്രം) 8. കയാനശ്ചിത്ര ആ ഭുവ (രാഹുമന്ത്രം) 9. കേതും കൃണ്വന്നകേതവേ (കേതു കണ്ഡികയെന്നിതിനു പറയുന്നു).[158] ഇവ നവഗ്രഹപൂജാമന്ത്രങ്ങളാണ്.

ഇവയുടെ ശരിയായ അർഥം ഇപ്രകാരമാണ്:-
1. സൂര്യനും ഭൂമിയും തമ്മിൽ ആകർഷണമുണ്ട്. 2. രജോഗുണത്തെ സംബന്ധിക്കുന്നത്. 3. അഗ്നി. 4. യജമാനൻ 5. വിദ്വാൻ 6. വീര്യമായ അന്നം 7 ജലം, പ്രാണൻ, ഈശ്വരൻ 8. മിത്രം. 9. ജ്ഞാനഗ്രഹണവിധായകമായ മന്ത്രം. ഇവയൊന്നും ഗ്രഹങ്ങളുടെ വാചകങ്ങളല്ല. അർഥമറിയാത്തവർ അനർഥജാലത്തിൽ വീണുപോകുന്നതേയുള്ളൂ.

ചോദ്യം:- ഗ്രഹനിലയ്ക്ക് ഫലമൊന്നുമില്ലേ?

ഉത്തരം:- പോപ്പുകളികളോടൊപ്പം ഫലമില്ല. എന്നാലൊരു കാര്യമുണ്ട്. സൂര്യചന്ദ്രന്മാരുടെ കിരണങ്ങൾകൊണ്ട് ഉഷ്ണവും ശൈത്യവും മറ്റും ഋതു ക്രമമനുസരിച്ച് കാലചക്രവുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ അവനവന്റെ പ്രകൃതിക്കനുകൂലമോ പ്രതികൂലമോ ആയ സുഖദുഃഖങ്ങൾക്കു നിമിത്തമായി ഇവയുമിരിക്കുന്നു. എന്നാൽ, പോപ്പന്മാരുടെ വ്യാഖ്യാനം മറ്റൊന്നാണ്. "അവിടുന്നു കേൾക്കണം തിരുമേനി! കാര്യത്തിന്റെ കെടപ്പ് വേറെയാണങ്ങുന്നേ. ഇന്ന് അങ്ങയുടെ ഗ്രഹനിലയിൽ ചന്ദ്രനെട്ടിൽ. സൂര്യാദി ക്രൂരഗ്രഹങ്ങൾ നോട്ടത്തിലാണ്. ശനിയുടെ കാല് രണ്ടരക്കൊല്ലം കൂടെയുണ്ട്. മഹാവിഘ്നം വരും. വീട്വിട്ട് പരദേശത്തലയേണ്ടിവരും, പക്ഷേ പ്രതിവിധിയുണ്ട്. ജപം, ഭജന, പൂജ, ദാനം മുതലായവയെല്ലാം നടത്തണം. പ്രതിവിധിയാല്ലാതില്ലന്നേ പറയേണ്ടൂ." ഇങ്ങനെ പറയുമ്പോൾ നേരെയങ്ങു ചോദിക്കണം:- "എടോ പോപ്പച്ചാ! നിങ്ങളും ഈ ഗ്രഹങ്ങളും തമ്മിലെന്താ ബന്ധം? ഇതെന്തു വസ്തുവാണ്? ഉടനെ പോപ്പു പറയും:-

ദൈവാധീനം ജഗത്സർവം മന്ത്രാധീനാശ്ച ദേവതാഃ തേ മന്ത്രാ ബ്രാഹ്മണാധീനാസ്തസ്മാദ് ബ്രാഹ്മണദൈവതമ്.

നോക്കൂ! എന്തു പ്രമാണമാണിത്! ജഗത്തെല്ലാം ദേവതകൾക്കധീനമാണ്, മന്ത്രങ്ങൾക്കധീനമാണ് ദേവതകൾ. മന്ത്രങ്ങൾ ബ്രാഹ്മണർക്കധീനവും. അതിനാൽ ബ്രാഹ്മണരെ ദേവതകളെന്നു പറയുന്നു. എന്തെന്നാൽ മന്ത്രബലത്താൽ ഏതു ദേവനേയും വിളിച്ചുവരുത്തി കാര്യസിദ്ധി വരുത്തുന്നതിന് അധികാരം ഞങ്ങൾക്കുണ്ട്. ഇപ്രകാരമുള്ള മന്ത്രശക്തി ഞങ്ങൾക്കില്ലായിരുന്നെങ്കിൽ നിങ്ങളെപ്പോലുള്ള നാസ്തികർ ഞങ്ങളെ ലോകത്തു ജീവിക്കുവാൻ പോലും അനുവദിക്കയില്ലായിരുന്നു.

സത്യവാദി:- കള്ളനും ദുഷ്ടനും കൊള്ളക്കാരനും മറ്റുമെല്ലാം നിങ്ങളുടെ ദേവതകൾക്കധീനമായിരിക്കുമല്ലോ? ദേവതകളാണോ അവരേക്കൊണ്ട് ദുഷ്കർമങ്ങൾ ചെയ്യിക്കുന്നത്? അങ്ങനെയാണെങ്കിൽ നിങ്ങളുടെ ദേവന്മാരും രാക്ഷസരും തമ്മിൽ അന്തരമൊന്നുമില്ല. മന്ത്രങ്ങൾ നിങ്ങൾക്കധീനവും, ഇഷ്ടസിദ്ധി നൽകുന്നതുമാണെങ്കിൽ എന്തുകൊണ്ട്

മന്ത്രങ്ങളാൽ ദേവതകളെ സ്വാധീനിച്ച് രാജഭണ്ഡാരങ്ങൾ എടുപ്പിച്ച് കൊണ്ടുവന്ന് നിങ്ങളുടെ വീട്ടിലാക്കി വെറുതേയിരുന്നുണ്ട് ആനന്ദിക്കുന്നില്ല? ശനീശ്വരന് എണ്ണ വഴിപാടു കഴിപ്പിക്കാനും മറ്റും എന്തിന് അലയുന്നു? അല്ലെങ്കിൽ നിങ്ങളുടെ കൂബേരനെ വശത്താക്കി ഇഷ്ടം പോലെ പണം വാരിക്കൂടേ? പാവങ്ങളെ എന്തിനു കൊള്ളയടിക്കുന്നു?

നിങ്ങൾക്ക് ദാനം നൽകിയാൽ സന്തുഷ്ടരും നൽകിയില്ലെങ്കിൽ അസന്തുഷ്ടരുമാകുന്നവരാണ് സൂര്യാദിഗ്രഹങ്ങളെങ്കിൽ ഇവരുടെ ഇഷ്ടാനിഷ്ടങ്ങൾ പ്രത്യക്ഷമായി കാണിക്കുക. എട്ടാമിടത്ത്

158 ഇവ യഥാക്രമം യജു 33, 43, 9, 40,3, 12, 15, 54, 26, 3, 19.75, 36.12, 27.39, 29.37

159. ഇവിടെ മീനച്ചൂടും മകരമഞ്ഞും കേരളത്തിലേതല്ല. ഉത്തരേന്ത്യയിലേതാണ് വിവക്ഷിച്ചിരിക്കുന്നത്.



സൂര്യചന്ദ്രന്മാരുള്ളയാളിനേയും, മൂന്നാമിടത്തുള്ള ആളിനേയും മീനമാസത്തിലെ പൊരിവെയിലിൽ ചെരിപ്പിടാതെ മണലിൽ നിർത്തണം. ഗ്രഹ കോപം ഉള്ളവന്റെ കാലും ദേഹവും പൊള്ളു കയും ഇല്ലാത്തയാളിന്റേത് പൊള്ളാതിരിക്കു കയും വേണം. അതുപോലെ തന്നെ കൊടും ശീതമുള്ള മകരമഞ്ഞിൽ[159] വെളുത്ത വാവിൻ നാളിൽ രാത്രി മുഴുവൻ മൈതാനത്ത് ഇരുവരേയും നിർത്തണം. ഒരാളിന് തണുപ്പ് അടിക്കുകയും മറ്റേ യാളിന് അടിക്കാതിരിക്കുകയും ചെയ്താൽ ഗ്രഹ ത്തിന് ക്രൂരദൃഷ്ടിയും സൗമ്യ ദൃഷ്ടിയും ഉണ്ടെന്ന് മനസ്സിലാക്കാം.

ഗ്രഹങ്ങൾ നിങ്ങളുടെ ബന്ധുക്കളാണോ? നിങ്ങൾ തമ്മിൽ കത്ത് - കമ്പി ഇടപാടുകളുണ്ടോ? അഥവാ നിങ്ങൾ അവരുടെ അടുത്ത് പോകു കയോ അവർ നിങ്ങളുടെ അടുത്ത് വരികയോ ചെയ്യാറുണ്ടോ? നിങ്ങൾക്ക് മന്ത്രശക്തിയുള്ള പക്ഷം എന്തുകൊണ്ടാണ് രാജാക്കന്മാരോ ധനാ ഢ്യരോ ആയിത്തീരാത്തത്? ശത്രുക്കളെ എന്താണ് വശത്താക്കാത്തത്? വേദത്തിന്റേയും ഈശ്വര ന്റേയും ആജ്ഞകളനുസരിക്കാതെ വേദവിരുദ്ധ മായ പോപ്പുലീലകളാടുന്നവരാണ് നാസ്തികർ. നിങ്ങൾക്ക് ദാനം തരുന്നതിന് പകരം അത് ഗ്രഹ കോപമുള്ളവർ തന്നെ അനുഭവിച്ചാൽ എന്തു തര ക്കേടാണുള്ളത്? മറ്റാർക്കും കൊടുക്കാതെ നിങ്ങൾക്കു തന്നാൽ മാത്രമേ ഗ്രഹങ്ങൾ പ്രസ ന്നരാവൂ എന്നു പറയുന്ന പക്ഷം, ചോദിക്കട്ടെ, നിങ്ങൾ തമ്മിൽ ഉടമ്പടി വല്ലതും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ സൂര്യാദിഗ്രഹങ്ങ ളെ വീട്ടിൽ വരുത്തി വെന്തു മരിക്കൂ!

സൂര്യാദിലോകങ്ങൾ ജഡവസ്തുക്കളാണ്. ആർക്കെങ്കിലും സുഖദുഃഖങ്ങൾ നൽകാനുള്ള പ്രവൃത്തി ചെയ്യാൻ അവയ്ക്കു കഴിവില്ല. എന്നാൽ ഗ്രഹദാനോപജീവികളായ നിങ്ങളാണ് വാസ്ത വത്തിൽ ഗ്രഹങ്ങളുടെ വിഗ്രഹങ്ങൾ. ഗ്രഹമെന്ന വാക്കിനർത്ഥം നിങ്ങൾക്കു ചേരും. **യേ ഗൃഹ്ണന്തി തേ ഗ്രഹാഃ= 'ഗ്രഹിക്കു'ന്നവയാണ്** ഗ്രഹങ്ങൾ. നിങ്ങളേപ്പോലുള്ളവർ വലിയ ധന വാന്മാരുടേയും രാജാക്കന്മരുടേയും ദരിദ്രരുടേയും അടുത്ത് ചെല്ലാതിരുന്നാൽ അവർ നവഗ്രഹങ്ങ ളെപ്പറ്റി ഓർക്കുക പോലുമില്ല. നിങ്ങൾ സാക്ഷാൽ സൂര്യന്റേയും ശനീശ്വരന്റേയും ക്രൂരരൂപം ധരിച്ച് അവരുടെ മേൽ ആവേശിച്ചാൽ പിന്നെ ഗ്രഹണ മില്ലാതെ അവരെ വിടുകയില്ല. നിങ്ങളുടെ ഗ്രാസ ത്തിൽപെടാത്തവരെ നാസ്തികരെന്നും മറ്റും പറഞ്ഞ് നിന്ദിച്ചു നടക്കുകയും ചെയ്യും.

പോപ്പ്:- ജ്യോതിക്ഷത്തിന്റെ പ്രത്യക്ഷഫലം കണ്ടിട്ടില്ലേ? ആകാശത്തിലുള്ള സൂര്യൻ, ചന്ദ്രൻ, രാഹു, കേതു മുതലായവയുടെ സംയോഗത്താ ലുണ്ടാകുന്ന ഗ്രഹണം നേരത്തേ പ്രവചിക്കുന്നു. ഇത് പ്രത്യക്ഷമായിരിക്കുന്നതുപോലെ ഗ്രഹാ ദികളുടെ ഫലവും പ്രത്യക്ഷമാണ്. ഒരാൾ ധന വാനോ ദരിദ്രനോ രാജാവോ പ്രജയോ സുഖ വാനോ ദുഃഖിതനോ ആകുന്നതിനു കാരണം ഗ്രഹങ്ങളാണ്.

സത്യവാദി:- ഗ്രഹണമെന്ന പ്രത്യക്ഷഫലം ഗണിതവിദ്യയുടെ ഫലമാണ്. ഫലം പറച്ചിലിന്റേ തല്ല. ഗണിതവിദ്യ സത്യമാണ്. ഫലം പറച്ചിലാക ട്ടെ, സ്വാഭാവിക-സംബന്ധജന്യമായവയൊഴികെ യുള്ളവ കളവാണ്. അനുലോമവും പ്രതിലോമവു മായി ഭ്രമണം ചെയ്യുന്ന ഭൂമിയുടേയും ചന്ദ്രന്റേയും ഗണിതത്തിൽ നിന്ന്, ഇന്ന സമയത്ത് ഇന്ന ദേശത്ത് എത്ര കണ്ട് സൂര്യന്റേയോ ചന്ദ്രന്റേയോ ഗ്രഹണമുണ്ടാകുമെന്ന് അറിയാൻ കഴിയും. **സിദ്ധാന്തശിരോമണിയിലെ**[160] ഈ ഭാഗം നോക്കുക- **"ഛാദയത്യർകമിന്ദുർവിധും ഭൂമിമാഃ"**[161] സൂര്യസിദ്ധാന്തത്തിലും ഇപ്രകാരമുണ്ട്. സൂര്യനും ഭൂമിയ്ക്കും മധ്യേ ചന്ദ്രൻ വരുമ്പോൾ സൂര്യഗ്രഹണവും സൂര്യനും ചന്ദ്രനും മധ്യേ ഭൂമി വരുമ്പോൾ ചന്ദ്രഗ്രഹണവും ഉണ്ടാകുമെന്നർത്ഥം. ചന്ദ്രന്റെ നിഴൽ ഭൂമിയിലും ഭൂമിയുടെ നിഴൽ ചന്ദ്ര നിലും വീഴുന്നു. സൂര്യൻ പ്രകാശഗോളമാകയാൽ അതിന്മേൽ നിഴലൊന്നും വീഴുകയില്ല. സൂര്യപ്ര കാശമോ വിളക്കോ മൂലം ശരീരത്തിന്റേയും മറ്റും നിഴൽ വിപരീതമായി വീഴുന്നതുപോലെയാണി തെന്ന് മനസ്സിലാക്കണം.

ധനാഢ്യനോ, ദരിദ്രനോ, രാജാവോ, പ്രജയോ, നിർദ്ധനനോ ആകുന്നതിനു കാരണം അവനവന്റെ കർമ്മമാണ്. ഗ്രഹനിലയല്ല. ജ്യോതിഷികൾ ഗ്രഹ നില ഗണിച്ച് സ്വന്തം മക്കളുടെ വിവാഹം നട ത്തിയിട്ടും അവരിൽ വിരോധവും വൈധവ്യവും, വിധുരതയും വന്നുകൂടുന്നു. ഗണിതഫലം ശരി യാണെങ്കിൽ ഇങ്ങനെവരുന്നതെന്തുകൊണ്ട്? അതിനാൽ കർമഗതി സത്യവും ഗ്രഹഗതികൊണ്ട് സുഖദുഃഖങ്ങൾ ഉണ്ടാകുന്നെന്നത് കളവുമാണ്. ആകാശത്തിലെ ഗ്രഹങ്ങൾ ഭൂമി എന്നിവ വളരെ

160. ഗ്രഹലാഘവ ചന്ദ്രഗ്രഹണാധികാരം 5.4. ഗോളാ ധ്യായം ഗ്രഹണ പ്രകരണത്തിലും ഈ വിഷയം സിദ്ധാന്തശിരോമണിയിലുണ്ട്.

161. സൂര്യസിദ്ധാന്തം - ചന്ദ്രഗ്രഹണാധികാരം

അകലെ സ്ഥിതി ചെയ്യുന്നു. കർത്താവും കർമവും ഇവയും തമ്മിൽ ബന്ധമൊന്നും ഇല്ല. കർമം ചെയ്യുന്നതും ഫലം അനുഭവിക്കുന്നതും ജീവാത്മാവാണ്. കർമങ്ങളുടെ ഫലം അനുഭവിപ്പിക്കുന്നത് പരമാത്മാവുമാണ്. ഗ്രഹങ്ങളാണ് ഫലം നൽകുന്നതെങ്കിൽ, ഒരുവൻ ജനിക്കുന്ന സമയത്ത് നാഴിക വിനാഴികകൾ നോക്കി നിങ്ങൾ ജാതകം കുറിക്കുന്ന ആ നിമിഷത്തിൽ തന്നെ ലോകത്തിൽ മറ്റു ജനനങ്ങളും നടക്കുന്നില്ലേ? ഇല്ലെന്നാണ് പറയുന്നതെങ്കിൽ കള്ളം. ഉണ്ടെങ്കിൽ ഒരു ചക്രവർത്തിക്കു സമാനനായി മറ്റൊരാൾ ഈ ലോകത്തുണ്ടാകാത്തതെന്ത്? ഈ വേലകളെല്ലാം വെറും വയറ്റിപ്പിഴപ്പിനു വേണ്ടിയാണെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാവുന്നതാണ്.

ഗരുഡപുരാണ വിമർശനം

ചോദ്യം:- ഗരുഡപുരാണവും കള്ളമാണോ?

ഉത്തരം:- അതെ അസത്യമാണ്.

ചോദ്യം:- എങ്കിൽ മരിച്ചുകഴിഞ്ഞാൽ ജീവാത്മാവിന്റെ ഗതി എന്ത്?

ഉത്തരം:- അത് കർമത്തിനനുസരിച്ചായിരിക്കും.

ചോദ്യം:- യമരാജാവും, ചിത്രഗുപ്തനെന്ന മന്ത്രിയും അവരുടെ കരിമ്പാറപ്പർവ്വതങ്ങളേപ്പോലുള്ള കിങ്കരന്മാരും ജീവനെ പിടിച്ചുകൊണ്ടു പോകും. പാപപുണ്യങ്ങളനുസരിച്ച് നരകത്തിലോ സ്വർഗ്ഗത്തിലോ ഇടും. അവർക്കു വേണ്ടി ദാന-പുണ്യങ്ങളും ശ്രാദ്ധ തർപ്പണങ്ങളും വൈതരണീ നദി കടക്കുന്നതിനു വേണ്ടി ഗോദാനവും മറ്റും ചെയ്യുന്നു. ഇതെല്ലാം കള്ളമാകുന്നതെങ്ങനെ?

ഉത്തരം:- ഇതെല്ലാം പോപ്പുലീലയിലെ പുളുവടിക്കലാണ്. മറ്റുള്ളിടത്തെ ജീവാത്മാക്കൾ അവിടെച്ചെല്ലുകയും ധർമരാജാവും ചിത്രഗുപ്തനും ന്യായം നടത്തുകയും ചെയ്താൽ, യമലോകത്തെ ജീവാത്മാക്കൾ പാപം ചെയ്യുമ്പോൾ അവർക്കു വേണ്ടി ന്യായം നടത്താൻ മറ്റൊരു യമലോകം വേണ്ടി വരുന്നു. അതുപോലെ ഭയങ്കരരൂപമുള്ളവരാണ് യമകിങ്കരന്മാരെങ്കിൽ അവരെ കാണാത്തതെന്താണ്? മാത്രമല്ല, ഈ മഹാഭയങ്കരന്മാരുടെ ഒരു വിരൽ പോലും വാതിലിലൂടെ കടക്കുകയുമില്ല. പിന്നെങ്ങനെ ഇവർ ജീവാത്മാവിനെ പിടിച്ചുകൊണ്ടുപോകും? വല്ല പെരുവഴിയിലും ഇടവഴിയിലും ഇവർ തടസ്സപ്പെടുത്തലുണ്ടാക്കാത്തതെന്താണ്? അവർ സൂക്ഷ്മശരീരത്തെയും കൈക്കൊള്ളുമെന്നാണെങ്കിൽ പെരുത്ത ശരീരം പോപ്പന്മാരുടെ വീടുകളിലല്ലാതെ മറ്റെവിടെയാണ് സൂക്ഷിക്കുവാൻ കഴിയുക? കാട്ടുതീയുണ്ടാകുമ്പോൾ എറുമ്പുകളുൾപ്പെടെയുള്ള ഒട്ടേറെ ജീവികൾ ഒന്നിച്ചു മരിക്കും. അവയെ കൊണ്ടുപോകുന്നതിന് അനേകം യമഭടന്മാർ വരുന്ന പക്ഷം അവിടെയെല്ലാം കൂരിരുട്ട് വ്യാപിക്കുമല്ലോ. ഇരുട്ടത്ത് ജീവന്മാരെ പിടിക്കുന്നതിനു വേണ്ടി അങ്ങുമിങ്ങും ഓടുമ്പോൾ കൂട്ടുമുട്ടി. ഈ പർവതാകാരന്മാരുടെ അവയവങ്ങൾ മലയിടിഞ്ഞു വീഴുന്നതുപോലെ പരിഞ്ഞു വീഴും. അതു ഗരുഡപുരാണം വായിക്കുന്നവരുടേയും കേൾക്കുന്നവരുടേയും തലയിൽ വീണ് അമർന്ന് മരിക്കും. അല്ലെങ്കിൽ വീടിന്റെ വാതുക്കൽ വീണ് അടയുകയോ വഴിയടയുകയോ ചെയ്യും. പിന്നെങ്ങനെ ഇവർ വെളിയിൽ ഇറങ്ങുകയോ വഴി നടക്കുകയോ ചെയ്യും?

ശ്രാദ്ധവും തർപ്പണവും പിണ്ഡവുമൊന്നും മരിച്ചവർക്കു കിട്ടുകയില്ല. പോപ്പ്ജിയുടെ കൈയിലും വയറ്റിലുമേ എത്തൂ. വൈതരണി കടക്കുന്നതിനു നൽകുന്ന ഗോദാനം[162] പോപ്പിന്റെയോ കശാപ്പുകാരന്റെയോ വീട്ടിലാണെത്തുന്നത്. വൈതരണിയിലേക്ക് പശു ചെല്ലുകയില്ല. പിന്നെ ആരുടെ വാലു പിടിച്ചാണ് അക്കരെ കടക്കുന്നത്? പിടിക്കേണ്ടവന്റെ കൈകൾ ഇവിടെ ദഹിപ്പിച്ചു കളയുകയോ കുഴിച്ചിടുകയോ ചെയ്തിരിക്കെ എന്തുകൊണ്ടാണ് പിടിക്കുന്നത്?

ജാട്ടിന്റെ കഥ

ഒരു ചെറിയ ഉദാഹരണം പറയാം:- ഒരു ജാട്ട്[163] ഉണ്ടായിരുന്നു. അയാളുടെ വീട്ടിൽ രണ്ടു പറ പാലുള്ള ഒരു പശു ഉണ്ടായിരുന്നു. നല്ല സ്വാദുള്ള പാല്. ഇടയ്ക്കിടെ ഈ പാല് പോപ്പിനും കിട്ടിക്കൊണ്ടിരുന്നു. ഈ പശുവിനെ തട്ടിയെടുക്കാൻ പുരോഹിതൻ ആഗ്രഹിച്ചു. ജാട്ടിന്റെ വയസ്സായ അച്ഛൻ മരിക്കാറാവുമ്പോൾ തന്റെ പരിപാടി നടപ്പിലാക്കണമെന്ന് മനസ്സിലുറച്ചു. വിധിവശാൽ കുറച്ചു ദിവസത്തിനകം വൃദ്ധൻ മരിക്കാറായി ശ്വാസം നില്ക്കാറായി വൃദ്ധനെ നിലത്തിറക്കികിടത്തി. പ്രാണൻ പോകാറായി എന്നർത്ഥം. ജാട്ടിന്റെ ബന്ധുക്കളും മിത്രങ്ങളും അവിടെയുണ്ടായിരുന്നു. അപ്പോൾ പുരോഹിതൻ പറഞ്ഞു. "നോക്കൂ മകനേ! ഈ കൈകൊണ്ട് ഉടനേ ഗോദാനം ചെയ്യിക്കണം." ജാട്ട് ഉടനേ തന്നെ

162. പരേതാത്മാവിന് വൈതരണീനദി കടക്കുവാൻ ബ്രാഹ്മണർക്ക് ഗോദാനം ചെയ്യുന്നതും നല്ലതാണെന്ന് ഗരുഡപുരാണം.

163. ഉത്തരേന്ത്യയിലെ ക്ഷത്രിയ - കർഷകവർഗം



പത്തു രൂപാ എടുത്ത് പിതാവിന്റെ കയ്യിൽ കൊടുത്തിട്ട് പറഞ്ഞു "സങ്കല്പം ചൊല്ലൂ." ഉടനെ പോപ്പ് പറഞ്ഞു "ഇതു കൊള്ളാം. നല്ല നേരമ്പോക്ക്! അച്ഛൻ എന്നും മരിക്കുമോ? ഈയവസരത്തിൽ നല്ല പാലുള്ള, വയസ്സാകാത്ത സാക്ഷാൽ പശുവിനെയാണ് ദാനം ചെയ്യേണ്ടത്. ഒന്നാന്തരം പശുവിനെ ദാനം ചെയ്യണം."

ജാട്ട്:- എന്റെ പക്കൽ ഒറ്റ പശുവേയുള്ളൂ. അതിനെ ദാനം ചെയ്താൽ കുഞ്ഞുകുട്ടികൾ കഷ്ടത്തിലാകും. അതിനെ തരില്ല. ദാ ഇരുപതു രൂപാ. ഇതുകൊടുത്ത് നല്ലൊരു കറവപ്പശുവിനെ വാങ്ങിക്കൊള്ളൂ.

പോപ്പ്:- ആതുകൊള്ളാം! അച്ഛനേക്കാൾ വലുതാണോ പശു? അച്ഛനെ വൈതരണിയിലിട്ടു കഷ്ടപ്പെടുത്താനാണോ ഭാവം? നല്ല മകൻ തന്നെ!

ഇത്രയുമായപ്പോഴേയ്ക്കും വീട്ടുകാരെല്ലാം പോപ്പിന്റെ ഭാഗം പിടിച്ചു. അവരെ അയാൾ നേരത്തെ സ്വാധീനിച്ചിരുന്നതാണ്. ഇപ്പോഴും അവരെ നോക്കി ആംഗ്യം കാട്ടി. എല്ലാവരും ചേർന്ന് നിർബന്ധിച്ച് പശുവിനെ പോപ്പിനു ദാനം ചെയ്യിച്ചു. ജാട്ട് അപ്പോൾ ഒരക്ഷരം മിണ്ടിയില്ല. അച്ഛൻ മരിച്ചു. പോപ്പ് പശുവിനെയും കിടാവിനെയും പാൽ കറക്കുന്ന ലോട്ടാ സഹിതം വീട്ടിൽ കൊണ്ടുപോയി. തിരിച്ചുവന്ന് ശ്മശാനത്തിൽ മൃതദേഹം കൊണ്ടുപോയി സംസ്കരിപ്പിച്ചു., അവിടെയും അല്പസ്വല്പം ലീലകളാടി. പിന്നീട് സപിണ്ഡി മുതലായവ നടത്തിച്ചും കുറെ പണം അടിച്ചെടുത്തു. മഹാബ്രാഹ്മണരും വയറുപിഴപ്പുകാരും ഒത്തുകൂടി ഉദരപൂരണം നടത്തി. ജാട്ട് ക്രിയയ്ക്കു വേണ്ട പാല് ഇരന്നു വാങ്ങി! പതിനാലിന്റന്ന് രാവിലെ ജാട്ട് പോപ്പിന്റെ വീട്ടിലെത്തി. കറവ കഴിഞ്ഞ് തന്റെ ലോട്ടായും പാൽപ്പാത്രവും എടുത്ത് പോപ്പ് വരുമ്പോഴാണ് ജാട്ട് ചെന്നത്. അയാളെ വേണ്ടവണ്ണം സല്ക്കരിച്ചിരുത്തി.

ജാട്ട്:- അവിടന്നും ഇരുന്നാട്ടെ

പോപ്പ്:- പാല് വീട്ടിൽ വച്ചിട്ടു വരാം.

ജാട്ട്:- വേണ്ട. ഇങ്ങു തന്നാട്ടെ. പോപ്പ് പാൽപ്പാത്രവുമായി ജാട്ടിന്റെ മുമ്പിൽ ഇരുന്നു.

ജാട്ട്:- നിങ്ങൾ മഹാ കള്ളനാണ്.

പോപ്പ്:- എന്തു കള്ളം പറഞ്ഞു?

ജാട്ട്:- എന്തിനാണ് പശുവിനെ വാങ്ങിച്ചത്

പോപ്പ്:- നിങ്ങടച്ഛനു വൈതരണി കടക്കുന്നതിന്

ജാട്ട്:- ശരി പിന്നെന്താണ് നിങ്ങൾ പശുവിനെ വൈതരണിയുടെ കരയ്ക്കെത്തിക്കാഞ്ഞത്? ഞാൻ നിങ്ങളെ വിശ്വസിച്ച് തന്നു. നിങ്ങളതിനെ വീട്ടിൽ കെട്ടിയിട്ടു.. എന്റച്ഛൻ വൈതരണിയിൽ എത്ര കവിൾ കുടിച്ചെന്നാർക്കറിയാം?

പോപ്പ്:- ഇല്ലില്ല. ഈ ദാനത്തിന്റെ പുണ്യപ്രഭാവം മറ്റൊരു പശുവായി അദ്ദേഹത്തെ അക്കരെ എത്തിച്ചിട്ടുണ്ട്.

ജാട്ട്:- വൈതരണി നദി ഇവിടെനിന്നെത്ര ദൂരെയാണ്? ഏതു ദിക്കിലാണത്?

പോപ്പ്:- ഊഹം പറഞ്ഞാൽ, ഇവിടെ നിന്ന് മുപ്പതു കോടി വിളിപ്പാടു ദൂരെയാണ്. എന്തെന്നാൽ നാല്പത്തൊമ്പതു കോടി യോജനയാണു ഭൂമി. തെക്ക് നിരൃതി കോണിലാണ് വൈതരണി നദി.

ജാട്ട്:- ഇത്ര ദൂരെ നിങ്ങളയച്ച കത്തിനോ കമ്പിക്കോ ഉത്തരം കിട്ടിയിട്ടുണ്ടോ? അവിടെ പുണ്യത്തിന്റെ പശു ഉണ്ടായെന്നോ ഇന്നാര് അക്കരെയെത്തിയെന്നോ വല്ല വിവരവും കിട്ടിയിട്ടുണ്ടെങ്കിൽ കാണിക്കുക

പോപ്പ്:- എന്റെ പക്കൽ ഗരുഡപുരാണത്തിലെ പ്രമാണമല്ലാതെ കത്തോ കമ്പിക്കാലോ ഒന്നുമില്ല.

ജാട്ട്:- ഈ ഗരുഡപുരാണം സത്യമാണെന്ന് ഞാനെങ്ങനെ അറിയും?

പോപ്പ്:- എല്ലാവരും വിശ്വസിക്കുന്നതുകൊണ്ട്.

ജാട്ട്:- ഈ പുസ്തകം നിങ്ങളുടെ പൂർവ്വികർ വയറ്റുപിഴപ്പിനായി ഉണ്ടാക്കിത്തന്നതാണ്. അച്ഛന് തന്റെ മക്കളോടല്ലാതെ മറ്റാരോടും സ്നേഹമുണ്ടാവുകയില്ല. എന്റെച്ഛൻ എനിക്കെഴുതട്ടെ. ഞാൻ പശുവിനെ വൈതരണിക്കരയിൽ എത്തിച്ചുകൊള്ളാം. അച്ഛനെ അക്കര കടത്തിയിട്ട് പശുവിനെ തിരിച്ചുകൊണ്ടുവന്ന് കറന്ന് ഞാനും എന്റെ മക്കളും കുടിച്ചുകൊള്ളാം. ആ പാൽപ്പാത്രം അവിടെ വയ്ക്ക്.

ജാട്ട് പശുവിനെയും കിടാവിനെയും അഴിച്ച് പാൽപ്പാത്രവുമായി തിരിച്ചു.

പോപ്പ്:- ദാനം കൊടുത്തത് തിരിച്ചു വാങ്ങിക്കയോ? നീ മുടിഞ്ഞു പോകും.

ജാട്ട്:- മിണ്ടിതിരിക്ക്. ഇല്ലെങ്കിൽ പത്തു പതിമൂന്നു ദിവസം പാലില്ലാതെ എന്നെ കഷ്ടപ്പെടുത്തിയതിന്റെ കുറവു ഞാൻ തീർത്തുകളയും.

അപ്പോൾ പോപ്പ് നാവടക്കി. ജാട്ട് പശുവിനെയും കിടാവിനെയും കൊണ്ട് പോവുകയും ചെയ്തു. ഈ ജാട്ടിനെപ്പോലെയുള്ളവർ ഉണ്ടായാൽ ലോകത്ത് പോപ്പുലീല നടക്കുകയില്ല.

ബലി-പുല-സപിണ്ഡി

പത്തുനാൾ ബലിയിട്ട് പുലയാചരിച്ചു പന്ത്രണ്ടിന് സപിണ്ഡി നടത്തിയാൽ ശരീരത്തോട് ആത്മാവ് ചേർന്ന് **അംഗുഷ്ഠമാത്ര** ശരീരിയായി യമലോകം പ്രാപിക്കുമെന്ന് ചിലർ പറയുന്നു. അങ്ങനെയാണെങ്കിൽ മരണസമയത്ത് യമദൂതന്മാർ വരുന്നത് വ്യർഥമാണ്. പതിമൂന്നാം നാളാണ് അവർ വരേണ്ടത്. ശരീരം ഉണ്ടായാൽ ഭാര്യാപുത്രാദികളോടും ഇഷ്ടമിത്രങ്ങളോടും ഉള്ള മോഹം നിമിത്തം തിരിച്ചു വരാത്തതെന്താണ്?

ചോദ്യം:- സ്വർഗത്തിൽ, ഇവിടെ നൽകിയ ദാനമേ ലഭിക്കൂ. മറ്റൊന്നും കിട്ടുകയില്ല. അതിനാൽ എല്ലാവരും ദാനം ചെയ്യണം.

ഉത്തരം:- നിങ്ങളുടെ ആ സ്വർഗത്തിനേക്കാൾ നല്ലത് ഈ ഭൂമിയാണ്. ഇവിടെ ധർമശാലകളുണ്ട്, മനുഷ്യർ ദാനം ചെയ്യും. ഇഷ്ടമിത്രങ്ങളോടും സമൂഹത്തോടും സഹവസിക്കാം. നല്ലവസ്ത്രം ഉടുക്കാം. നിങ്ങൾ പറയുന്നതുപോലെയാണ് സ്വർഗമെങ്കിൽ അവിടൊന്നും കിട്ടുകയില്ല. അത്തരം നിർദ്ദയവും ദരിദ്രവും ക്രൂരവുമായ സ്വർഗത്തിൽ പോപ്പ് പോയി പാർത്ത് ദുരിതമനുഭവിക്കട്ടെ. അവിടെ നല്ല മനുഷ്യർക്ക് എന്തു കാര്യം?

ചോദ്യം:- നിങ്ങളുടെ അഭിപ്രായത്തിൽ യമനും യമലോകവും മറ്റുമില്ലെങ്കിൽ മരിച്ച് ജീവൻ എങ്ങോട്ടു പോകുന്നു? ന്യായം നടത്തുന്നതാര്?

ഉത്തരം:- നിങ്ങളുടെ ഗരുഡപുരാണത്തിൽ പറഞ്ഞിരിക്കുന്നത് പ്രമാണമല്ല. എന്നാൽ വേദോക്തമായ "**യമനേ വായുനാ. സത്യരാജൻ**"[164] മുതലായ വചനങ്ങളാൽ യമൻ വായുവാണെന്ന് നിശ്ചിതമാകുന്നു. ശരീരം വിട്ട ജീവൻ അന്തരീക്ഷത്തിൽ വായുവിനോടൊപ്പം വർത്തിക്കുന്നു. സത്യകർത്താവും പക്ഷപാതരഹിതനും ആയ പരമാത്മാവാണ് ധർമരാജാവായ, സകലരുടേയും ന്യായകർത്താവ്.

ചോദ്യം:- നിങ്ങൾ പറഞ്ഞ പ്രകാരമാണെങ്കിൽ ഗോദാനവും മറ്റു ദാനപുണ്യാദികളും ചെയ്യേണ്ടതില്ല എന്നു സിദ്ധിക്കുന്നു.

ഉത്തരം:- നിങ്ങൾ ഇപ്പറഞ്ഞത് ശരിയല്ല. സത്പാത്രങ്ങളിൽ പരോപകാരാർഥം ദാനം ചെയ്യണം. സ്വർണം, വെള്ളി, രത്നം, മുത്ത്, മാണിക്യം, അന്നം, ജലം, സ്ഥലം ഇത്യാദി ദാനം ചെയ്യാം. എന്നാൽ കുപാത്രങ്ങളിൽ ഒരിക്കലും ദാനം ചെയ്യരുത്.

ചോദ്യം:- കുപാത്രങ്ങളുടെയും സത്പാത്രങ്ങളുടെയും ലക്ഷണമെന്താണ്?

ഉത്തരം:- ചതിയർ, കാപട്യക്കാർ, സ്വാർഥികൾ, വഷയികൾ, കാമക്രോധലോഭമോഹങ്ങളുള്ളവർ, പരഹാനി ചെയ്യുന്നവർ, ലമ്പടർ, മിഥ്യാവാദികൾ, അവിദ്വാന്മാർ, ചീത്തക്കൂട്ടുകെട്ടുള്ളവർ, മടിയന്മാർ, നനഞ്ഞിടം കുഴിക്കുന്നവർ (തരുന്നവരോട് വീണ്ടും വീണ്ടും ആവശ്യപ്പെടുന്നവർ) നിർബന്ധിച്ച് ആവശ്യപ്പെടുന്നവർ, ധർണ ചെയ്യുന്നവർ, എത്ര കിട്ടിയാലും സന്തുഷ്ടിയില്ലാത്തവർ, ദാതാവിനെ നിന്ദിക്കുന്നവർ, ശപിക്കുകയും ചീത്ത വിളിക്കുകയും ചെയ്യുന്നവർ, അനേകം തവണ കൊടുത്തിട്ട് ഒരിക്കൽ കൊടുക്കാതിരുന്നാൽ വെറുക്കുന്നവർ, സംന്യാസിവേഷം കെട്ടി വഞ്ചിക്കുന്നവർ, ഉണ്ടെങ്കിലും ഇല്ലെന്നു പറഞ്ഞ് ഇരക്കുന്നവർ, സ്തുതി പാടിയിട്ട് സ്വാർഥം നേടുന്നവർ, രാപകൽ ഭിക്ഷ യാചിക്കുന്നവർ, ക്ഷണിച്ചു വരുത്തിയാൽ കഞ്ചാവും മറ്റു മാദക വസ്തുക്കളും കഴിച്ച് ക്രമത്തിലേറെ ഭക്ഷിക്കുന്നവർ. പിന്നീട് ഉന്മത്തരായി തെറ്റുകൾ ചെയ്യുന്നവർ, സത്യത്തിനു വിരുദ്ധമായി സ്വന്തതാല്പര്യം സംരക്ഷിക്കുവാൻ അസത്യമാർഗത്തിൽ നടക്കുന്നവർ, യോഗ്യരെ അവഗണിച്ച് തന്നെ മാത്രം പരിഗണിക്കാൻ ശിഷ്യന്മാരെ ഉപദേശിക്കുന്നവർ, സദ്വിദ്യയ്ക്കും മറ്റും എതിരായിരിക്കുന്നവർ, ജഗത്തിലെ വ്യാവഹാരിക വൃത്തികളോട്-സ്ത്രീപുരുഷന്മാർ, മാതാപിതാക്കൾ, മക്കൾ, രാജ-പ്രജകൾ, മിത്രങ്ങൾ മുതലായ ബന്ധങ്ങൾ മിഥ്യയാണ്. ജഗത്തും മിഥ്യയാണ് എന്നുപദേശിച്ച് എതിർപ്പുണ്ടാക്കുന്നവർ മുതലായവരാണ് കുപാത്രങ്ങൾ.

ബ്രഹ്മചാരികൾ, ജിതേന്ദ്രിയർ, വേദാദി സദ്ഗ്രന്ഥങ്ങൾ പഠിക്കയും പഠിപ്പിക്കുകയും ചെയ്യുന്നവർ, സുശീലർ, സത്യവാദികൾ, പരോപകാരപ്രിയർ, പുരുഷാർഥികൾ, ഉദാരശീലർ, വിദ്യാധർമങ്ങളെ

164. ഋഗ്വേദം 10.14.8, അഥർവം 20.141.2, യജു 20.4 (യഥാക്രമം)

165. സമ്മാനാദ് ബ്രാഹ്മണോ നിത്യമുദ്വിജേത വിഷാദിവ. അമൃതസ്യേവ ചാകാങ്ക് ക്ഷദവമാനസ്യ സർവദാ (മനുസ്മൃതി 2.162)



നിരന്തരം പോഷിപ്പിക്കുന്നവർ, ധർമാത്മാക്കൾ, ശാന്തശീലർ, നിന്ദാസ്തുതികളിൽ ഹർഷശോകങ്ങളില്ലാത്തവർ, നിർഭയർ, ഉത്സാഹികൾ, യോഗികൾ, ജ്ഞാനികൾ, സൃഷ്ടിക്രമം, വേദാജ്ഞ, ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങൾ എന്നിവയ്ക്കനുകൂലമായി വർത്തിക്കുന്നവർ, ന്യായരീതിയുക്തരും പക്ഷപാതരഹിതരുമായി സത്യോപദേശവും സത്യശാസ്ത്രങ്ങളുടെ പഠനവും പാഠനവും ചെയ്യുന്നവർ, അങ്ങനെയുള്ളവരെ നിരീക്ഷിക്കുന്നവർ, ആർക്കും സ്തുതി പാടാത്തവർ, ചോദ്യങ്ങൾക്ക് ശരിയായ സമാധാനം പറയുന്നവർ, തന്റേതുപോലെ അന്യന്റെ സുഖദുഃഖങ്ങളെ പരിഗണിക്കുന്നവൻ. അവിദ്യാദി ക്ലേശങ്ങൾ, ദുരഭിമാനം, ദുരാഗ്രഹം, നിർബന്ധബുദ്ധി, എന്നിവയില്ലാത്തവർ, അപമാനത്തെ അമൃതതുല്യമായും മാനിക്കലിനെ വിഷതുല്യമായും കരുതുന്നവർ[165] സന്തുഷ്ടർ- പ്രീതിപൂർവം നല്കുന്നതിനെ പ്രസന്നതാപൂർവ്വം സ്വീകരിക്കുന്നവർ. ഒരിക്കൽ ആപല്ക്കാലത്ത് നല്കാതിരിക്കുകയോ നിരസിക്കുകയോ ചെയ്താൽ ദുഃഖിക്കയോ നിന്ദിക്കയോ അവിടെ നിന്ന് പ്രതിഷേധിച്ചിറങ്ങിപ്പോകയോ ചെയ്യാത്തവർ, സൗഖ്യമുള്ളവരോട് മൈത്രി, ദുഃഖിതരോട് കരുണ, പുണ്യാത്മാക്കളോട് ആനന്ദം, പാപികളോട് ഉപേക്ഷ[166] അതായത് രാഗദ്വേഷരഹിതർ, സത്യത്തെ മാനിക്കയും പറയുകയും ചെയ്യുന്നവർ, നിഷ്കപടർ, ഈർഷ്യാദ്വേഷരഹിതർ, ഗംഭീരാശയരായ സത്പുരുഷർ, ധർമയുക്തർ, ദുഷ്ടാചാരമില്ലാത്തവർ, സ്വന്തം ശരീരം മനസ്സ്, ധനം എന്നിവ പരോപകാരത്തിനു മാത്രം ഉപയോഗിക്കുന്നവർ, അന്യരുടെ സുഖത്തിനു വേണ്ടി സ്വന്തം പ്രാണനെപ്പോലും സമർപ്പിക്കുന്നവർ, മുതലായ ശുഭലക്ഷണയുക്തരാണ് സത്പാത്രങ്ങൾ. എന്നാൽ ക്ഷാമബാധ മുതലായ ആപത്കാലങ്ങളിൽ അന്നം, ജലം, വസ്ത്രം, ഔഷധി, അഭയസ്ഥാനം, എന്നിവയ്ക്ക് എല്ലാ ജീവികൾക്കും ഒരുപോലെ അവകാശമുണ്ടായിരിക്കും.

ചോദ്യം:- ദാതാക്കൾ എത്രവിധമുണ്ട്?

ഉത്തരം:- ഉത്തമർ, മധ്യമർ, നികൃഷ്ടർ, എന്നു മൂന്നു വിധം. ദേശ-കാല-പാത്രങ്ങൾ നോക്കി സത്യവിദ്യ, ധർമം എന്നിവയുടെ ഉന്നതിയെന്ന പരോപകാരാർഥം നൽകുന്നവരാണ് ഉത്തമ ദാതാക്കൾ. സ്വാർഥതയ്ക്കും കീർത്തിക്കും വേണ്ടി ദാനം ചെയ്യുന്നവർ മധ്യമരാണ്. സ്വയമോ മറ്റുള്ളവർക്കോ ഒരു ഉപകാരവും ചെയ്യാത്തവരും, വ്യഭിചാരം, മദ്യപാനം അഴിഞ്ഞാട്ടം എന്നിവയെ ദാനം ചെയ്തു പ്രോത്സാഹിപ്പിക്കുന്നവരും നീചദാതാക്കളാണ്. കൊടുക്കുമ്പോൾ അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുക, സത്പാത്ര-കുപാത്ര ഭേദമൊന്നും അറിവില്ലാതിരിക്കുക, കാളയ്ക്കും പോത്തിനും കമ്പൊന്നെന്ന മട്ടിൽ വിവാദവും വഴക്കും നടത്തുക, ധർമാത്മാക്കളെ ദുഃഖിപ്പിച്ച് സ്വയം സുഖിക്കാൻവേണ്ടി ദാനം ചെയ്യുക എന്നിവ അധമരായ ദാതാക്കൾ ചെയ്യുന്നതാണ്. നിർണയിച്ചറിഞ്ഞ് വിദ്വാന്മാർക്കും ധർമാത്മാക്കൾക്കും ധാനം നല്കുന്നവർ ഉത്തമദാതാക്കളും അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും സ്വന്തം നന്മയ്ക്കുവേണ്ടി ദാനം ചെയ്യുന്നവർ മധ്യമരും ഒന്നും നോക്കാതെ നിഷ്ഫലമായി ദാനം ചെയ്യുന്നവർ നികൃഷ്ടദാതാക്കളുമാണ്.

ചോദ്യം:- ദാനഫലം ഇവിടെ ലഭിക്കുമോ അതോ പരലോകത്തിലോ?

ഉത്തരം:- എല്ലായിടത്തും.

ചോദ്യം:- തനിയേ ലഭിക്കുമോ അതോ ആരെങ്കിലും തരുമോ?

ഉത്തരം:- ഫലം നൽകുന്നത് ഈശ്വരനാണ്. കള്ളനും കൊള്ളക്കാരനും ജയിലിൽ പോകാൻ ഇച്ഛിക്കുന്നില്ലെങ്കിലും രാജാവ് അവരെ അയയ്ക്കുന്നതുപോലെയാണിത് ധർമാത്മാക്കളുടെ സുഖത്തെ സംരക്ഷിച്ച് നല്കുന്നതിനും കൊള്ളക്കാരിൽ നിന്നും മറ്റും രക്ഷിച്ച് സൗഖ്യമനുഭവിപ്പിക്കുന്നതിനുമാണിത്. ഇതുപോലെ പരമാത്മാവ് എല്ലാവർക്കും പാപപുണ്യങ്ങളുടെ ഫലമായി ദുഃഖവും സുഖവും യോജിച്ചരീതിയിൽ നല്കുന്നു.

പുരാണവും തന്ത്രവും

ചോദ്യം:- ഗരുഡപുരാണം മുതലായ ഗ്രന്ഥങ്ങൾ വേദത്തെയോ വേദാർഥത്തെയോ പുഷ്ടിപ്പെടുത്തുന്നുണ്ടോ?

ഉത്തരം:- ഇല്ല. മാത്രമല്ല വേദത്തിനു വിരുദ്ധമായും വിപരീതമായുമാണ് പോക്ക്. തന്ത്രങ്ങളും അങ്ങനെതന്നെയാണ്. ഒരുവൻ ഒരാളിന്റെ മിത്രവും മറ്റുള്ളവരുടെയെല്ലാം ശത്രുവും ആയിരിക്കുന്നതുപോലെയാണ് പുരാണവും തന്ത്രവും വിശ്വസിക്കുന്നവരുടെ രീതി. പരസ്പര വിരോധം ഉണ്ടാക്കുന്നവയാണ് ഈ ഗ്രന്ഥങ്ങൾ. ഇവയെ വിശ്വസിക്കുന്നത് വിദ്വാന്മാർക്കു ചേർന്നതല്ല. മറിച്ച് ഇവയെ മാനിക്കുന്നത് പാമരതനിമിത്തമാണ്.

166. യോഗസൂത്രം 1.33

വ്രതം - ഉപവാസം

ശിവപുരാണത്തിൽ ത്രയോദശിയും തിങ്കളാഴ്ചയും, ആദിത്യപുരാണത്തിൽ ഞായറാഴ്ച ചന്ദ്രാഖണ്ഡത്തിൽ ചൊവ്വാ, ബുധൻ വ്യാഴം, വെള്ളി എന്നിവ രാഹുകേതുക്കൾക്ക് ശനി, വൈഷ്ണവർക്ക് ഏകാദശി, വാമനന് ദ്വാദശി, നരസിംഹത്തിനും അനന്തനും ചതുർദശി, ചന്ദ്രഭഗവാൻ പൗർണമി, ദിക്പാലകർക്ക് ദശമി, ദുർഗയ്ക്ക് നവമി, വസുക്കൾക്ക് അഷ്ടമി, മുനിമാർക്ക് സപ്തമി, കാർത്തികേയ സ്വാമിക്ക് ഷഷ്ഠി, നാഗത്തിനു പഞ്ചമി, ഗണേശന് ചതുർഥി, ഗൗരിക്ക് തൃതീയ, അശ്വിനീകുമാരന്മാർക്ക് ദ്വിതീയ, ആദ്യാദേവിയ്ക്ക് പ്രഥമ, പിതൃക്കൾക്ക് അമാവസി. പുരാണങ്ങളനുസരിച്ച് ഈ ദിവസങ്ങൾ ഉപവസിക്കേണ്ട ദിനങ്ങളാണ്. ഈ വാരങ്ങളിലും തിഥികളിലും അന്നപാനം കഴിക്കുന്നവർ നരകത്തിൽ പോകുമെന്ന് സർവ്വത്ര എഴുതി വച്ചിട്ടുണ്ട്. പോപ്പിനും ശിഷ്യന്മാർക്കും ചെയ്യാവുന്നത് ഈ നാളുകളിലൊന്നും ഭക്ഷണം കഴിക്കാതിരിക്കുകയാണ്. കഴിച്ചാൽ നരകം തന്നെ ഗതി. അജ്ഞരായ ആളുകൾ എഴുതിയുണ്ടാക്കിയ നിർണയസിന്ധു, ധർമസിന്ധു, വ്രതാർക്ക മുതലായ ഗ്രന്ഥങ്ങളിൽ വ്രതദിനങ്ങളെപ്പറ്റി കടുത്ത വൈരുധ്യങ്ങളുണ്ട്. ഉദാഹരണത്തിന് ശൈവർ ഏകാദശിയെ എതിർക്കുന്നു. (വൈഷ്ണവരുടേതാകയാൽ) ചിലർ ദശമിക്ക് ഉപവസിക്കുന്നു, ചിലർ ദ്വാദശിക്കും. എത്ര വിചിത്രമാണെന്നു നോക്കുക. പട്ടിണികിടക്കുന്നതിനും വിവാദം! ഈ ഏകാദശീ വ്രതം നടപ്പാക്കിയവർ തികഞ്ഞ സ്വാർഥികളാണെന്നു മാത്രമല്ല, നിർദ്ദയരുമാണ്. അവർ പറയുന്നു:- "**ഏകാദശ്യാമന്നേ പാപാനി വസന്തി**". ലോകത്തിലുള്ള പാപമെല്ലാം ഏകാദശിനാളിൽ അന്നത്തിൽ കുടികൊള്ളുന്നുവത്രേ! ആരുടെ പാപമാണതിൽ വസിക്കുന്നതെന്ന് പോപ്പിനോടു ചോദിക്കണം. തന്റെയോ തന്റെ പിതാക്കൻമാരുടേയോ എന്ന്. സർവമാനപാപങ്ങളും ഏകാദശിയിൽ പോയി കുടികൊണ്ടാൽ, അന്നത്തെ ദിവസം ആർക്കും തന്നെ ദുഖാനുഭവം ഉണ്ടാകരുത്. എന്നാൽ അനുഭവം അങ്ങനെയല്ല. വിശപ്പും മറ്റും കൊണ്ട് ദുഃഖിക്കുന്നതാണനുഭവം. ദുഃഖം പാപഫലമാണ്. അതിനാൽ പട്ടിണി കിടക്കുന്നത് പാപമാണ്.

ഏകാദശീമാഹാത്മ്യവിമർശനം

ഏകാദശിക്ക് വലിയ മാഹാത്മ്യം പറയുന്നുണ്ട്. ഇതിന്റെ കഥ കേൾക്കുന്ന പലരും വഞ്ചിതരായിട്ടുണ്ട്. അതിലൊരു കഥ ഇപ്രകാരമാണ്.

ബ്രഹ്മലോകത്തിൽ ഒരു വേശ്യയുണ്ടായിരുന്നു. അവൾ കുറെ അപാരധങ്ങൾ ചെയ്തു. അവൾക്ക് ഒരു ശാപം കിട്ടി. "നീ ഭൂമിയിൽ പതിക്കട്ടെ" എന്ന്. അവൾ സ്തുതിച്ച് പ്രാർത്ഥിച്ച് തനിക്ക് എങ്ങനെ സ്വർഗത്തിൽ വീണ്ടുമെത്താൻ കഴിയുമെന്ന് ചോദിച്ചു. "നിനക്കാരെങ്കിലും ഏകാദശിയുടെ ഫലം നൽകുമ്പോൾ സ്വർഗത്തിൽ എത്താൻ കഴിയുമെന്ന്" ശാപമോക്ഷം കിട്ടി. അവൾ വിമാനസഹിതം ഏതോ നഗരത്തിൽ ചെന്നു വീണു. നീയാരാണ് എന്ന് അവിടത്തെ രാജാവു ചോദിച്ചു. സകല വൃത്താന്തങ്ങളും അവൾ പറഞ്ഞു. ആരെങ്കിലും ഏകാദശീവ്രതത്തിന്റെ ഫലം നല്കിയാൽ എനിക്ക് സ്വർഗത്തിലെത്താൻ കഴിയുമെന്നും അവൾ പറഞ്ഞു. രാജാവ് നഗരത്തിലെല്ലാം അന്വേഷിച്ചു. ഏകാദശീവ്രതം നോറ്റ ഒരാളെയും കണ്ടെത്തിയില്ല. എന്നാൽ ഒരു ശൂദ്രസ്ത്രീയും അവളുടെ ഭർത്താവും തമ്മിൽ കലഹമുണ്ടായി. ദേഷ്യപ്പെട്ട് അവൾ ഒരു രാവും പകലും ആഹാരം കഴിച്ചില്ല. ദൈവഗത്യാ അന്ന് ഏകാദശിയായിരുന്നു. 'ഞാൻ അറിഞ്ഞുകൊണ്ട് അന്ന് ഏകാദശി നോറ്റതല്ല. അറിയാതെ അന്നു പട്ടിണി കിടന്നുപോയതാണ്'. എന്ന് രാജഭൃത്യരോടു പറഞ്ഞു. അവർ അവളെ രാജാവിന്റെ മുമ്പാകെ ഹാജരാക്കി. രാജാവ് അവളോട് വിമാനത്തിൽ തൊടുവാൻ പറഞ്ഞു അവൾ തൊട്ടതും വിമാനം മുകളിലേക്കുയർന്നു പോയി.

ഇത് അറിയാതെ നോറ്റുപോയ ഏകാദശിയുടെ ഫലമാണ്! അറിഞ്ഞുകൊണ്ട് നോറ്റാൽ അതിന്റെ ഫലത്തിനതിരുണ്ടോ!! കണ്ണുണ്ടെങ്കിലും കാണാത്തവരേ! നിങ്ങൾക്ക് ഹാ കഷ്ടം! സ്വർഗത്തിലില്ലാത്ത ഒരു മുറുക്കാൻ ഞാനിവിടെ നിന്നയച്ചുകൊടുക്കാം. ഏകാദശി നോറ്റവർ അവരുടെ ഫലം എനിക്കു തരട്ടെ. ഒരു മുറുക്കാൻ മേല്പോട്ടു പോയാൽ കോടികണക്കിനങ്ങോട്ടയയ്ക്കാം. നമ്മളും ഏകാദശി നോറ്റുകൊള്ളാം. ഇതു നടന്നില്ലെങ്കിൽ വിശന്നു മരിക്കുന്ന ആപത്തിൽ നിന്നു രക്ഷപ്പെടുകയുമാവാം.

---

167. ചിങ്ങത്തിലെ കറുത്തപക്ഷം മുതൽ ആരംഭിക്കുന്നു. ചിങ്ങം-കാമിക, ധനദ, കന്നി-അജപദ്മ തുലാം-ഇന്ദ്ര, പാപാങ്കുശ, വൃശ്ചികം-രമ, പ്രബോധിനി, ധനു, സംവത്സരദീപവ്രത, മോക്ഷദ മകരം -സഫല, പുത്രദ, കുംഭം - ഷട്തില, ജയ മീനം-വിജയ, ആമലകി, മേടം-പാപമോചിനി, കാമദ. ഇടവം-രൂപിണി, മോഹിനി, മിഥുനം - അപര, നിർജല, കർക്കിടകം-യോഗിനി, ശായിനി, അധിമാസത്തിൽ വരാവുന്ന രണ്ട് കമല, കാമദ (പദ്മപുരാണം ഉത്തരഖണ്ഡം)



ഒരു കൊല്ലത്തിലെ ഇരുപത്തിനാല് ഏകാദശി കൾക്കും പ്രത്യേകം പ്രത്യേകം പേരിട്ടിട്ടുണ്ട്.॥ [167] ധനദ, കാമദ, പുത്രദ, നിർജല എന്നെല്ലാമാണത്. അനേകം ദരിദ്രരും ഇച്ഛാലുക്കളും കുട്ടികളില്ലാത്ത വരും മറ്റും ഏകാദശി നോറ്റ് ആയുസ്സൊടുക്കി ഇന്നും ഒടുങ്ങുന്നു. അവർക്കാർക്കും ധനമോ, അഭി ലാഷ പൂർത്തിയോ, സന്താനമോ ഉണ്ടായില്ല. മീന മാസത്തിലെ വെളുത്തപക്ഷത്തിലെ ചൂടിൽ ഒരു നാഴിക പോലും വെള്ളമില്ലാതെ കഴിച്ചുകൂട്ടുവാൻ വിഷമമായിരിക്കെ വ്രതമെടുക്കുന്നവർ എന്തു ദുരി തമാണനുഭവിക്കുന്നത്. വിശേഷിച്ചും ബംഗാളിലെ വിധവകൾക്ക് ഏകാദശി നാളിൽ കടുത്ത ദുരി താനുഭവങ്ങളാണ്.

ഈ നിർദ്ദയരായ കശാപ്പുകാർക്ക് എഴുതു മ്പോൾ മനസ്സിൽ ഒട്ടുംതന്നെ ദയവില്ലായിരുന്നു. നിർജലയ്ക്ക് സജലയെന്നും മകരത്തിലെ പുത്ര ദയ്ക്ക് നിർജലയെന്നും പേരിട്ടിരുന്നെങ്കിൽ കുറെ യെങ്കിലും നന്നായിരുന്നു. അല്ലെങ്കിൽ തന്നെ, ഈ പോപ്പന്മാർക്ക് ദയയുമായി എന്തു ബന്ധം? ആരു ജീവിച്ചാലും മരിച്ചാലും പോപ്പിന്റെ വയറു നിറയ ണം. അത്രതന്നെ.

ഗർഭിണികളും നവവിവാഹിതരായ സ്ത്രീപു രുഷന്മാരും ഉപവസിക്കുകയേ അരുത്. ആർക്കെ ങ്കിലും ഉപവസിക്കണമെങ്കിൽത്തന്നെ അജീർണ മോ വിശപ്പില്ലായ്മയോ ഉള്ളപ്പോൾ ശർക്കര ചേർത്ത സർബത്തോ പാലോ കഴിച്ച് ഉപവസി ക്കണം. വിശപ്പുള്ളപ്പോൾ ഭക്ഷിക്കാതിരിക്കുന്നതും വിശപ്പില്ലാതെ ഭക്ഷിക്കുന്നതും രോഗസാഗരത്തി ലേക്കു മുങ്ങാംകുഴിയിട്ട് ദുഃഖം വരുത്തി വയ്ക്ക ലാണ്.

ഗുരു-ശിഷ്യ-മന്ത്രോപദേശങ്ങൾ മതമതാന്തരങ്ങളുടെ ചരിത്രം എന്നിവയെപ്പറ്റി വർണിക്കാം.

ചോദ്യം:- വിഗ്രഹാരാധനാസമ്പ്രദായക്കാർ, വേദം അനന്തമാണോ॥ [168] എന്നു ചോദിക്കാറുണ്ട്. ഋഗ്വേദത്തിന്റെ 21 യജുർവേദത്തിന്റെ 101-ഉം സാമ വേദത്തിന്റെ 1000-വും അഥർവവേദത്തിന്റെ 9-ഉം ശാഖകളുണ്ട്.॥ [169] ഇവയിൽ വളരെ കുറച്ചു ശാഖ കൾ മാത്രമേ ഇന്നു ലഭിക്കുന്നുള്ളൂ.॥ [170] ബാക്കി ലുപ്തമായി. അവയിൽ വിഗ്രഹാരാധന, തീർഥ ങ്ങൾ എന്നിവയെ സംബന്ധിച്ച പ്രമാണങ്ങൾ ഉണ്ടായിരിക്കണം. ഇല്ലായിരുന്നെങ്കിൽ പുരാണങ്ങ ളിൽ ഇവയെങ്ങനെ വന്നു? കാര്യത്തെ കണ്ട് കാര ണത്തെ അനുമാനിക്കുന്നതുപോലെ॥ [171] പുരാണ ങ്ങളിൽ കാണുകയാൽ വിഗ്രഹാരാധനയിൽ എന്തിനു സംശയിക്കണം?

ഉത്തരം:- ശാഖകൾ വൃക്ഷത്തിനനുസരിച്ചായി രിക്കും. വിരുദ്ധമായിട്ടല്ല. ശാഖചെറുതോ വലുതോ ആകട്ടെ, വൈരുദ്ധ്യം ഉണ്ടാവുകയില്ല. ലഭ്യമായ ശാഖകളിൽ ഒന്നിലും വിഗ്രഹാരാധനയും ജല സ്ഥലവിശേഷങ്ങളെ തീർഥങ്ങളായി ഗണിക്കു ന്നതും ദൃശ്യമല്ലായ്കയാൽ ലുപ്തമായ ശാഖക ളിലും അത്തരം പ്രമാണങ്ങൾ ഉണ്ടായിരിക്കുക യില്ല. കൂടാതെ വേദങ്ങൾ പൂർണമായി ലഭിച്ചിട്ടു ണ്ട്. അവയ്ക്കു വിരുദ്ധമായി ഒരു ശാഖയും ഉണ്ടാ വുകയില്ല. വിരുദ്ധമാണെങ്കിൽ അത് ശാഖയാ ണെന്ന് സ്ഥാപിക്കുവാൻ ആർക്കും സാദ്ധ്യവുമ ല്ല. കാര്യം ഇതായിരിക്കെ പുരാണങ്ങൾ ലുപ്ത മായ വേദശാഖകൾക്ക് അനുസൃതമല്ല. സാമ്പ്രദാ യികർ പരസ്പര വിരുദ്ധമായ കഥകൾ ഉണ്ടാക്കി വച്ചിരിക്കുകയാണ്.

168. അനന്താ വൈ വേദാഃ (തൈ ബ്രാഃ 3.10.11)

169 മഹാഭാഷ്യം 1.1.1. ഈ വേദശാഖകളുടെ എണ്ണം കൃഷ്ണദ്വൈപായന വേദവ്യാസനും ശിഷ്യപ്രശിഷ്യ ന്മാരും പ്രവചിച്ചവയുടേതാണ്. അവയ്ക്കും പ്രാചീന മായ ശാഖകൾ ലോപിച്ചു പോയി. അവയിൽ ചിലതി നേപ്പറ്റി പ്രാതിശാഖ്യഗ്രന്ഥങ്ങളിൽ പരാമർശമുണ്ട്. ഇന്നുള്ള ഐതരേയ ബ്രാഹ്മണത്തിന്റെ ബന്ധം പ്രാചീന ഐതരേയ ശാഖയുമായിട്ടാണ്. അത് ലോപി ച്ചുപോയി. ശാട്യായനി, ഭാല്ലവി, ഭാഗുരി, താണ്ഡി തുട ങ്ങിയ ശാഖകളുമായി ബന്ധപ്പെട്ട ബ്രാഹ്മണങ്ങളേപ്പറ്റി വ്യാകരണ ഗ്രന്ഥങ്ങളിൽ സൂചനയുണ്ട്. പാണിനിക്കും പ്രാചീനമായ ആപിശലശിക്ഷയുടെ ആറാം ഖണ്ഡ ത്തിൽ സാത്യമുഗ്രിയം, രാണായനീയം എന്നീ പേരു കൾ ശാഖകളുടെതായി കാണാം. കേരള സാഹിത്യ അക്കാദമിയുടെ സഹായത്തോടെ പരിഭാഷകൻ തയ്യാ റാക്കി വരുന്ന വൈദിക സാഹിത്യ ചരിത്രത്തിൽ വിശ ദമായി പ്രതിപാദിച്ചിട്ടുണ്ട്). ശാഖകളുടെയും ബ്രാഹ്മണങ്ങളുടെയും പ്രവചനം ബ്രഹ്മാഋഷിയുടെ കാലം മുതൽ നടന്നുവരുന്നു. ഇതവസാനിച്ചത് കൃഷ്ണദ്വൈപായനവ്യാസന്റെ ശിഷ്യന്മാരോടുകൂടി യാണ്.

170. ലഭ്യമായ ശാഖകൾ . ഋഗ്വേദം -ശാകലം അഥവാ ശാങ്ഖായനം (ഇത് മുദ്രിതമല്ല) ശുക്ലയജുർവേദ ത്തിന്റെ മാധ്യന്ദിനം അഥവാ കാണ്വം കൃഷ്ണയ ജുർവേദത്തിന്റെ തൈത്തിരീയം (ആപസ്തംബീ) മൈത്രായണീ, കാഠകം, കഠം, കപിഷ്ഠലം, സാമവേ ദത്തിന്റെ കൗഥുമീ രാണായനി (അമുദ്രിതം) അഥർവവേ ദത്തിന്റെ ശൗനകം, അഥവാ പൈപ്പലാദം. (ഇതും പൂർണമായി മുദ്രിതമല്ല)

171. പുക (കാര്യം) കണ്ട് തീയേ (കാരണം) അനുമാനിക്കുന്നതുപോലെ.

വേദങ്ങളെ നിങ്ങൾ ഈശ്വരകൃതമെന്നംഗീകരിക്കുമ്പോൾ ആശ്വലായനാദി ഋഷിമുനിമാരുടെ പേരിൽ പ്രസിദ്ധമായ ഗ്രന്ഥങ്ങളെ എന്തിന് വേദങ്ങളംഗീകരിക്കുന്നു? തടിയും ഇലയും കണ്ട് അരയാലോ പേരാലോ മാവോ എന്നറിയുവാൻ കഴിയുന്നതുപോലെ, ഋഷിമുനിമാർ എഴുതിയ വേദാങ്ഗങ്ങൾ, നാലു ബ്രാഹ്മണങ്ങൾ, അംഗങ്ങൾ, ഉപാങ്ഗങ്ങൾ ഉപവേദങ്ങൾ ആദിയായവ നോക്കിയാണ് വേദാർഥം തിരിച്ചറിയുന്നത്. അതിനാലത്രേ ഈ ഗ്രന്ഥങ്ങളെ ശാഖയെന്നും പറയുന്നതും വേദങ്ങൾക്കു വിരുദ്ധമായവ പ്രമാണമാവുകയില്ല. അനുകൂലമായവ പ്രമാണമല്ലാതാവുകയും ഇല്ല. ലുപ്തമായ ശാഖകളിൽ വിഗ്രഹാരാധനയുടേയും മറ്റും പ്രമാണം ഉണ്ടെന്നു പറയുന്ന പക്ഷം അതിൽ വർണാശ്രമവ്യവസ്ഥ വിപരീതമായിട്ടാണ് ഉള്ളതെന്ന് ചിലർ വാദിക്കും. ശൂദ്രൻ ബ്രാഹ്മണനാണെന്നും ബ്രാഹ്മണാദികളെ ശൂദ്രരെന്നു വിളിക്കണമെന്നും അഗമ്യകൾ ഗമ്യകളാണെന്നും അകർത്തവ്യം കർത്തവ്യമാണെന്നും, മിഥ്യാഭാഷണം ധർമ്മമാണെന്നും സത്യഭാഷണം അധർമ്മമാണെന്നും മറ്റും എഴുതിയിട്ടുണ്ടെന്നും പറയും. അപ്പോൾ നിങ്ങൾക്ക് ഞങ്ങൾ പറഞ്ഞ ഉത്തരമേ പറയാനാവൂ. അതായത് വേദത്തിലും ലബ്ധശാഖകളിലും ബ്രാഹ്മണാദികൾക്ക് അങ്ങനെയും ശൂദ്രാദികൾക്ക് അപ്രകാരവും തന്നെയാണ് പേരുള്ളതെന്തിനാൽ ലുപ്ത ശാഖകളിലും അങ്ങനെതന്നെയേ വരൂ എന്ന്. അല്ലെങ്കിൽ വർണാശ്രമവ്യവസ്ഥയും മറ്റും മറ്റൊരു തരത്തിലായിപ്പോകും, ഒന്നാലോചിക്കൂ ജൈമിനിയുടേയും വ്യാസന്റെയും പതഞ്ജലിയുടേയും കാലം വരെ[173] ശാഖകളെല്ലാം ഉണ്ടായിരുന്നുവല്ലോ? അതോ ഇല്ലായിരുന്നുവോ? ഉണ്ടായിരുന്നുവെങ്കിൽ നിങ്ങളിപ്പറയുന്നതിന് അർഥമില്ല. ഇല്ലായിരുന്നുവെങ്കിൽ ശാഖകൾ ഉണ്ടായിരുന്നു എന്നതിനു തന്നെ എന്താണ് തെളിവ്? നോക്കൂ! ജൈമിനി മീമാംസയിൽ സർവവിധ കർമകാണ്ഡവും പതഞ്ജലി[174] യോഗവിദ്യയിലടങ്ങിയിരിക്കുന്ന സർവവിധ ജ്ഞാനകാണ്ഡവും വേദാനുകൂലമായി സമാഹരിച്ചിട്ടുണ്ടല്ലോ. അവിയിലൊന്നിലും വിഗ്രഹാരാധനയേപ്പറ്റിയോ തീർഥസ്ഥാനങ്ങളെപ്പറ്റിയോ സൂചന പോലുമില്ല. എവിടെനിന്ന് എഴുതാനാണ്? ഏതെങ്കിലും വേദത്തിലുണ്ടായിരുന്നെങ്കിൽ എഴുതാതെ വിടുകയേ ഇല്ലായിരുന്നു. അതിനാൽ ലുപ്തശാഖകളിലും വിഗ്രഹാരാധന മുതലായവയുടെ പ്രമാണങ്ങളില്ല തന്നെ.

ശാഖകൾ വേദങ്ങളല്ല

ഈ ശാഖകളൊന്നും വേദങ്ങളല്ല. എന്തെന്നാൽ ഇവയിൽ ഈശ്വരകൃതമായ വേദങ്ങളുടെ പ്രതീകങ്ങളെ സാംസ്കാരിക ജനങ്ങളുടെ ചരിത്രമായി വ്യാഖ്യാനിച്ചിട്ടുണ്ട്. അതിനാൽ അവയൊന്നും വേദങ്ങളല്ല എന്നു തന്നെ നിശ്ചയിക്കണം. വേദ

172. ശാഖയെന്ന പദം വളരെ പ്രധാനമാണ്. വേദാങ്ഗങ്ങൾക്കും ഉപാങ്ഗങ്ങൾക്കും ഇവിടെ ശാഖയെന്നു പ്രയോഗിച്ചിരിക്കുന്നത് ഗൗണമായിട്ടാണ്. പഞ്ചപാദി (5.25) ദശപാദി (3.56) ഉണാദി സൂത്രങ്ങളിൽ **ശീങ്ശയേ** എന്ന ധാതുവിൽ നിന്നാണ് ശാഖാ സംജ്ഞയുടെ വ്യുത്പത്തി. അതിനാൽ വേദാർഥം എവിടെ ശയിക്കുന്നുവോ അത് ശാഖയായി. നിരുക്തികാരൻ 1.4 ലും 6.32 ലും ശക്നോതിയിൽ നിന്ന് ശാഖാ ശബ്ദം നിർവചിക്കുന്നതിനാൽ ഏതിനാൽ വേദാർഥം അറിയുവാൻ കഴിയുന്നുവോ അത് ശാഖ എന്നർഥം കിട്ടും. ഈ സാമാന്യാർഥം സ്വീകരിച്ചു കൊണ്ടാണ് അങ്ഗോപാങ്ഗങ്ങൾക്ക് ശാഖയെന്ന് ഗ്രന്ഥകാരൻ എഴുതുന്നത്.

173. വ്യാസശിഷ്യനായ ജൈമിനിയും മറ്റ് ശിഷ്യ പ്രശിഷ്യന്മാരും അവസാനത്തെ 1127 ശാഖകളുടെ പ്രവക്താക്കളായിരുന്നു. അതിനാൽ ഇവരുടെ കാലത്ത് ശാഖകളുടെ അഭാവം ഉണ്ടായിരുന്നോ എന്ന പ്രശ്നമേ ഉദിക്കുന്നില്ല. മറിച്ച് മറ്റനേകം ശാഖകളും ഉണ്ടായിരുന്നിരിക്കാനേ വഴിയുള്ളു. മഹാഭാഷ്യകാരനായ പതഞ്ജലിയുടെ കാലഘട്ടവും മഹാഭാരതകാലത്തിന് 500–1000 വർഷം മുമ്പായിരുന്നിരിക്കണം. ഇദ്ദേഹത്തിന്റെ കാലത്ത് വൈദികഗ്രന്ഥങ്ങളുടെ പഠന പരമ്പര അറ്റിരുന്നില്ല. ഗ്രാമങ്ങൾതോറും ശാഖകളുടെ അധ്യയനവും അധ്യാപനവും ഉണ്ടായിരുന്നു. '**ഗ്രമേ ഗ്രാമേ കാഠകം കാലാപകം ച പ്രോച്യതേ**' എന്ന് മഹാഭാഷ്യം 4.3.101 ൽ

174. യോഗശാസ്ത്ര പ്രവക്താവായ പതഞ്ജലി മഹാഭാഷ്യരചയിതാവായ പതഞ്ജലിയേക്കാൾ പ്രചീനനായിരുന്നു.

175. വേദങ്ങളിൽനിന്ന് ചരിത്രം ഉണ്ടാക്കുവാൻ ശ്രമിക്കുന്നത് വൈദിക പാരമ്പര്യത്തെപ്പറ്റിയുള്ള അജ്ഞതകൊണ്ടും അപൗരഷേയതാവാദത്തിന്റെ അന്തഃസത്ത ഗ്രഹിക്കാനാവാത്തതുകൊണ്ടുമാണ്. വൈദികസംജ്ഞകൾക്ക് വ്യക്തികളുമായി നേരിട്ട് ഒരു ബന്ധവുമില്ല.

176. ഉത്തരേന്ത്യയിലും കേരളമൊഴികെയുള്ള ദക്ഷിണേന്ത്യയിലും പൂജാരികൾ ഇങ്ങനെ നേരിട്ട് ആരാധകരോട് ഇരക്കുന്നു. കേരളത്തിൽ പറയെടുപ്പ്, ജീർണോദ്ധാരണം, തുലാഭാരം മുതലായ വഴിപാടുകൾ എന്നിങ്ങനെ വ്യവസ്ഥാപൂർവമായ പണം പിരിവാണ് എന്ന വ്യത്യാസമുണ്ട്. കേരളീയക്ഷേത്രങ്ങൾ തദ്ദേശഭരണകേന്ദ്രങ്ങളും കൂടിയായിരുന്നതിനാൽ കുറേക്കൂടി വ്യവസ്ഥാപിതമായ സാമൂഹിക സ്ഥാപനങ്ങളായിരുന്നു. കൂടുതൽ അറിയുന്നതിന് പരിഭാഷകന്റെ "വിഗ്രഹാരാധനയിലെ" ക്ഷേത്രങ്ങളും സമൂഹവും എന്ന അധ്യായം നോക്കുക.



ങ്ങളിൽ മനുഷ്യനാവശ്യമായ അറിവേ ഉപദേശിച്ചിട്ടുള്ളൂ ഒരു മനുഷ്യന്റേയും പേരല്ല അതിലുള്ളത്॥ [175]. ഇതും വിഗ്രഹാരാധനയുടെ തികഞ്ഞ ഖണ്ഡനം തന്നെയാണ്.

മഹാപുരുഷന്മാരെ നിന്ദിക്കൽ

വിഗ്രഹാരാധന കൊണ്ട് ശ്രീരാമൻ, ശ്രീകൃഷ്ണൻ,നാരായണൻ, ശിവൻ മുതലായവരെ നിന്ദിക്കുകയും ഉപഹസിക്കുകയുമാണ് ചെയ്യുന്നത്. ഇവരെല്ലാം മഹാരാജാധിരാജാക്കന്മാരും ഇവരുടെ ഭാര്യമാരായ സീത, രുക്മിണി, ലക്ഷ്മി, പാർവതി മുതലായവർ റാണിമാരുമായിരുന്നെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. എന്നാൽ ഇവരുടെ വിഗ്രഹങ്ങൾ ക്ഷേത്രങ്ങളിൽവച്ച് പൂജാരിവർഗം പിച്ചതെണ്ടുന്നു. അതായത് ഇവരെ ഭിക്ഷക്കാരാക്കുന്നുവെന്നർഥം. "വന്നാട്ടങ്ങുന്നേ! യജമാനനേ! മുതലാളീ! ഇരുന്നാട്ടെ, ദർശനം കഴിച്ചാട്ടെ. സീതാരാമന്മാർ, രുക്മിണീകൃഷ്ണന്മാർ, അഥവാ രാധാകൃഷ്ണന്മാർ, ലക്ഷ്മീനാരായണന്മാർ, പാർവതീശിവന്മാർ രണ്ടുമൂന്നുനാളായി നേദ്യം പോലും ഇല്ലാതെ കഷ്ടപ്പെടുകയാണ്. ഇന്നും ഒന്നും കിട്ടിയില്ല. സീതയ്ക്ക് മൂക്കുത്തി ഉണ്ടാക്കിച്ചുതരണം. നേദ്യം കഴിപ്പിച്ചാൽ നേദിക്കാം. ഉടയാടകീറി ക്ഷേത്രത്തിന്റെ മൂലയിടിഞ്ഞു. മുകളിൽ നിന്നു ചോർച്ചയുണ്ട്. ഉണ്ടായിരുന്നതൊക്കെ കള്ളൻ കൊണ്ടുപോയി. എലിയുടെ ശല്യം ചില്ലറയല്ല. .॥ [176]വെള്ളിക്കണ്ണ് എടുത്തുകൊണ്ടുപോയി. വേറെയുണ്ടാക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് കവിടിക്കണ്ണുണ്ടാക്കിവച്ചത്"

രാമലീലയും രാസക്രീഡയും കൂടി ഇവർ നടത്താറുണ്ട്. സീതയും രാമനും, രാധയും കൃഷ്ണനും ആടുന്നത് അവരുടെ ഭക്തരായ രാജാവും മഹാപുരോഹിതനും മറ്റും കണ്ട് ആനന്ദിക്കുന്നു. ക്ഷേത്രങ്ങളിൽ രാമനും സീതയും മറ്റും നില്ക്കുകയും പുരോഹിതന്മാരും സ്വാമിയാരന്മാരും മറ്റും പട്ടുമെത്തകളിൽ ഉരുണ്ടതലയിണകളിൽ ചാരിയിരിക്കുകയും ചെയ്യുന്നു. കൊടുംചൂടിൽപോലും ദേവന്മാരെ പൂട്ടിയിട്ട്, സ്വച്ഛവായുവിൽ കട്ടിലിട്ട് ഇവരുറങ്ങുന്നു. ചില പൂജാരികൾ അവരുടെ നാരായണനെ ചിമിഴിലടച്ച് മുണ്ടിൽ പൊതിഞ്ഞ് കഴുത്തിൽ കെട്ടിത്തൂക്കിക്കൊണ്ടു നടക്കുന്നു. പെൺകുരങ്ങ് കുട്ടിക്കുരങ്ങനെ പള്ളയിൽ തൂക്കിനടക്കുന്നതുപോലെയാണിത്. ആരാനും വിഗ്രഹങ്ങളുടച്ചാലുടനെ നെഞ്ചത്തടിച്ച് മുറവിളികൂട്ടുന്നു. "സീതയേയും രാമനേയും അല്ലെങ്കിൽ രാധാകൃഷ്ണന്മാരെ, അല്ലെങ്കിൽ ശിവനേയും പാർവതിയേയും ദുഷ്ടന്മാർ തല്ലിയുടച്ചു. ഇനി നല്ല വെണ്ണക്കല്ലിൽ നല്ല ശില്പിയെക്കൊണ്ട് വിഗ്രഹം തീർപ്പിച്ച് പ്രതിഷ്ഠിക്കണം. നെയ്യഭിഷേകം നടത്തണം. യഥാശക്തി സംഭാവന ചെയ്യണം." എന്നിങ്ങനെ ആഹ്വാനം ചെയ്യുകയായി. രാമലീലയും രാസക്രീഡയും കഴിഞ്ഞ് രാമനേയും കൃഷ്ണനേയും സീതയേയും രാധയേയും കൊണ്ട് ഭിക്ഷയെടുപ്പിക്കാറുണ്ട്. ഉത്സവങ്ങളും മറ്റും നടക്കുമ്പോൾ കുട്ടികളെ ഉണ്ണികൃഷ്ണന്റെയും മറ്റും വേഷം കെട്ടിച്ച് യാചിപ്പിക്കുന്നു. ഇതെല്ലാം എത്രകണ്ട് ലജ്ജാകരവും കഷ്ടവും ആണെന്ന് ആലോചിക്കണം. സീതയും രാമനും മറ്റും ഇത്ര ദരിദ്രരും യാചകരുമായിരുന്നോ? ഇതവരെ നിന്ദിക്കുകയും ഉപഹസിക്കുകയുമല്ലെങ്കിൽ പിന്നെന്താണ്? ആ മാന്യപുരുഷന്മാരെ ഇതിലധികം അപമാനിക്കുന്നതെങ്ങനെ? സീതയും രുക്മിണിയും ലക്ഷ്മിയും പാർവതിയും മറ്റും ഉണ്ടായിരുന്ന അവസരത്തിൽ അവരെ പ്രദർശിപ്പിക്കാൻ വഴിയിലോ വീട്ടിലോ നിർത്താൻ കഴിയുമായിരുന്നോ? അവരുടെ പേരും പറഞ്ഞ് ഇരിക്കുമായിരുന്നോ? സീതയും രാമനുമൊന്നും ഈ മൂഢന്മാരുടെ വാക്കുകേട്ട് ഇങ്ങനെ ചെയ്യുകയോ ചെയ്യാനനുവദിക്കുകയോ ഇല്ലായിരുന്നു. അവരെ ഇങ്ങനെ അപമാനിക്കുന്നതു കണ്ടാൽ തക്ക ശിക്ഷ നൽകാതെ വിടുമായിരുന്നോ? അവരിൽ നിന്നു ശിക്ഷ കിട്ടാത്തതുകൊണ്ടായിരിക്കാം പൂജാരികളുടെ കർമഫലമെന്നവണ്ണം അനേകം വിഗ്രഹവിരോധികൾ ഇവർക്ക് **പ്രസാദം** കൊടുത്തതും ഇന്നും കൊടുത്തുകൊണ്ടിരിക്കുന്നതും. ഈ ദുഷ്കർമം തുടരുവോളം കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യും. ആര്യാവർത്തത്തിന് പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാനഹാനിക്കും വിഗ്രഹാരാധകരുടെ പരാജയത്തിനും കാരണം ഇത്തരം പ്രവൃത്തികളാണ്. പാപത്തിന്റെ ഫലം ദുഃഖമാണല്ലോ. ഈ ശിലാവിഗ്രഹങ്ങളിലുള്ള വിശ്വാസം വളരെയേറെ ഹാനി വരുത്തിവച്ചിട്ടുണ്ട്. ഇതു വിട്ടില്ലെങ്കിൽ അനർഥം പ്രതിദിനം വർദ്ധിച്ചുകൊണ്ടിരിക്കും.

മാരണം-മോഹനം

ഇവരിൽ വാമമാർഗികളാണ് വലിയ കുറ്റക്കാർ.

177. ശാപരതന്ത്രം (ബംഗാളി) പ്രകീർണപ്രകരണം 44.
178. ടി. 41.
179. കാമരത്നതന്ത്രം ബീജമന്ത്രം. 4

ശിഷ്യന്മാരെ സ്വീകരിക്കുമ്പോൾ ഇവർ മന്ത്രോപദേശം നൽകുന്നതു നോക്കുക:-

ദം ദുർഗായൈ നമഃ-ഭംഭൈരവായ നമഃ ഐം ഹ്രീം ക്ലീം ചാമുണ്ഡായൈ വിച്ചൈ.

ബംഗാളിൽ വിശേഷപ്പെട്ട ഏകാക്ഷരീ മന്ത്രങ്ങൾ ഉപദേശിക്കാറുണ്ട്. **ഹ്രീം ശ്രീം.** ॥ [177] **ക്ലീം** ഇത്യാദി ധനാഢ്യന്മാർക്ക് പൂർണകുംഭാഭിഷേകവും നടത്താറുണ്ട്. ഇതുപോലെ ദശമഹാ വിദ്യകളുടെ മന്ത്രം നോക്കുക:-

ഹ്രാം ഹ്രീം ഹ്രൂം വഗലാമുഖ്യൈ ഫട് സ്വാഹാ॥ [178]ചിലയിടത്ത് **ഹൂം ഫട്ട് സ്വാഹാ॥** [179] എന്നും പറയും. കൂടാതെ മാരണം, മോഹനം, ഉച്ചാടനം, വിദ്വേഷണം, വശീകരണം മുതലായ പ്രയോഗങ്ങളും ചെയ്യുന്നു. അവിടെ മന്ത്രം കൊണ്ട് ഒന്നും സാധിക്കുന്നില്ല. എല്ലാം ക്രിയകളാണ്. ആരെയെങ്കിലും കൊല്ലാൻ മാരണം ചെയ്യുമ്പോൾ, ചെയ്യിക്കുന്നയാളിന്റെ പക്കൽ നിന്ന് പണം വാങ്ങും. ഗോതമ്പുപൊടികൊണ്ടോ മണ്ണുകൊണ്ടോ കൊല്ലേണ്ടയാളിന്റെ പ്രതിമയുണ്ടാക്കും. അതിന്റെ കഴുത്തിലും നെഞ്ചിലും നാഡിയിലുമെല്ലാം പിച്ചാത്തി തറയ്ക്കും. കണ്ണിലും കൈകാലുകളിലും ആണിയടിക്കും. ദുർഗയുടേയോ ഭൈരവന്റെയോ പ്രതിമയുണ്ടാക്കി കൈയ്യിൽ ത്രിശൂലവും പിടിപ്പിച്ച് കൊല്ലേണ്ടയാളിന്റെ പ്രതിമയുടെ നെഞ്ചിനു നേരെ സ്ഥാപിക്കും. വേദിയുണ്ടാക്കി മാംസവും മറ്റും ഹോമിക്കാൻ തുടങ്ങും. ദൂതാളിനെ അയച്ച് വിഷം കൊടുത്തോ മറ്റോ അയാളെ കൊല്ലാൻ നോക്കും. ക്രിയകളുടെ ഇടയ്ക്ക് അയാളെ കെല്ലാൻ കഴിഞ്ഞാൽ ഭൈരവന്റെയും ദേവിയുടെയും സിദ്ധിയുള്ളയാളാണ് താനെന്നും പറയും. **'ഭൈരവോ ഭൂതനാഥശ്ച'** എന്നെല്ലാം ജപിക്കും. ഇവർ മാരയ മാരയ, ഉച്ചാടയ ഉച്ചാടയ. വിദ്വേഷയ വിദ്വേഷയ, ഛിന്ധി ഛിന്ധി, ഭിന്ധിഭിന്ധി, വശീകുരുവശീകുരു. ഖാദയഖാദയ, ഭക്ഷയ ഭക്ഷയ ത്രോടയ ത്രോടയ, നാശയ നാശയ, മമ ശത്രൂൻ വശീകുരു വശീകുരു **ഹു, ഫട് സ്വാഹാ.** ॥ [180] മുതലായ മന്ത്രങ്ങൾ ജപിക്കുന്നു. മദ്യമാംസാദികൾ യഥേഷ്ടം ആഹരിക്കുന്നു. സിന്ദൂരപ്പൊട്ട് തൊടുന്നു. ചിലപ്പോൾ മനുഷ്യരെ പിടികൂടി കാളിക്ക് ബലികൊടുക്കുകയും ഹോമിച്ച നരമാംസം തിന്നുകയും ചെയ്യുന്നു. ആരെങ്കിലും ഭൈരവീചക്രത്തിൽ ചെന്നാൽ മാംസം ഭക്ഷിക്കയോ മദ്യം കുടിക്കയോ ചെയ്യാത്ത പക്ഷം കൊന്നു ഹോമിച്ചു കളയുകയും. ഇവരിൽ ആഘോരികളെന്ന കൂട്ടർ മൃതശരീരത്തിലെ മാംസം കൂടി ഭക്ഷിക്കുന്നവരാണ്. അജരീ-ബജരികൾ മനുഷ്യരുടെ മലമൂത്രങ്ങളും ഭക്ഷിക്കുന്നു. ഇവരിൽത്തന്നെ ചോളീമാർഗക്കാർ, ബീജമാർഗികൾ എന്നു രണ്ടുതരക്കാരുണ്ട്. ചോളീമാർഗികൾ ഏതെങ്കിലും രഹസ്യ സങ്കേതത്തിലോ ഭൂമിക്കടിയിലോ ഒരു സ്ഥാനമുണ്ടാക്കുന്നു. അവിടെ എല്ലാവരുടേയും സ്ത്രീകളും പുരുഷന്മാരും, മക്കളും മരുമക്കളും, അമ്മ പെങ്ങന്മാരുമെല്ലാം കൂടിച്ചേർന്ന് മദ്യമാംസാദികൾ ഭക്ഷിക്കുന്നു. പുരുഷന്മാർ ഒരു സ്ത്രീയെ നഗ്നയാക്കി ദുർഗ്ഗാദേവിയെന്നു പേരിട്ട് ഗുപ്തേന്ദ്രിയ പൂജ നടത്തുന്നു. സ്ത്രീകൾ ഇതുപോലെ ഒരു പുരുഷന്റേയും പൂജ കഴിക്കും. പിന്നീട് കുടിച്ചു മത്തരായിക്കഴിയുമ്പോൾ എല്ലാ സ്ത്രീകളുടെയും 'ചോളി' (ജാക്കറ്റ്) ഊരി വലിയൊരു മൺപാത്രത്തിൽ ഇടുന്നു. അതിൽ കൈയ്യിട്ട് ഓരോ പുരുഷനും ഓരോ ചോളി എടുക്കുന്നു. കൈയ്യിൽ കിട്ടുന്ന ചോളി, അമ്മയുടേതോ, പെങ്ങളുടേതോ, മകളുടേതോ, പുത്രവധുവിന്റേതോ ആയാലും ശരി തത്കാലത്തേക്ക് അവൾ ഭാര്യയാണ് അന്യോന്യം ദുഷ്കർമങ്ങൾ ചെയ്യുന്ന ഇവർ ലഹരി മൂത്താൽ തമ്മിൽത്തല്ലുകയും ചെയ്യും. കുറേവെളുപ്പിന് വീട്ടിലേക്കു മടങ്ങിച്ചെല്ലും. പിന്നെ അമ്മ അമ്മയും മകൾ മകളും പെങ്ങൾ പെങ്ങളും പുത്രവധു പുത്രവധുവും ആയിരിക്കും!

ബീജമാർഗികൾ സ്ത്രീപുരുഷസമാഗമം കഴിഞ്ഞ് വീര്യം കലർത്തിയ ജലം പാനം ചെയ്യുന്നു. ഇതെല്ലാം മുക്തിമാർഗമായാണ് ഈ പാമരന്മാർ കരുതുന്നത്. വിദ്യാഭ്യാസമോ, വിചാരശക്തിയോ, സജ്ജനസംസർഗമോ ഇക്കൂട്ടർക്കില്ല.

ശൈവമത ഖണ്ഡനം

ചോദ്യം:- ശൈവമതക്കാർ നല്ലവരാണോ?

ഉത്തരം:- എങ്ങനെ നല്ലവരാകാനാണ്? പ്രേതനാഥനെങ്ങനെയോ ഭൂതനാഥനും അങ്ങനെതന്നെ. വാമമാർഗികൾ മന്ത്രോപദേശം നല്കിയും മറ്റും പണം പിടുങ്ങുന്നതുപോലെ ശൈവരും **'ഓം നമഃശിവായ'** മുതലായ പഞ്ചാക്ഷരമന്ത്രങ്ങൾ ഉപദേശിക്കയും രുദ്രാക്ഷ - ഭസ്മാദികൾ ധരിക്കുകയും, മണ്ണോ കല്ലോകൊണ്ട് ലിങ്ഗമു

180. കാമരത്നതന്ത്രം - ഉച്ചാടനപ്രകരണം 5.7

181. കൗലോപനിഷത് - കുലാർണവതന്ത്രം 11-ാം ഉല്ലാസം.



ണ്ടാക്കി പൂജിക്കുകയും ചെയ്യുന്നു. കൂടാതെ, ഹര ഹര ബംബം എന്നും ആടിന്റെ ശബ്ദംപോലെ ബഡ് ബഡ് ബഡ് എന്നും വാകൊണ്ട് ശബ്ദമുണ്ടാക്കുകയും ചെയ്യുന്നു. അതിനു കാരണം ബംബം പറഞ്ഞാൽ പാർവതി സന്തോഷിക്കുകയും ശിവൻ കോപിക്കുകയും ചെയ്യുന്നതാണ്. ഭസ്മാസുരന്റെ മുമ്പിൽനിന്ന് ശിവൻ ഓടിയപ്പോൾ ബംബം ശബ്ദമുണ്ടാക്കുകയും കളിയാക്കി കൈകൊട്ടുകയും ചെയ്തതാണത്രേ കാരണം. അതുപോലെ കുരവയിടുന്നതുകൊണ്ട് ശിവൻ പ്രസാദിക്കുകയും പാർവ്വതി കോപിക്കുകയും ചെയ്യുമത്രേ. പാർവ്വതിയുടെ പിതാവായ ദക്ഷപ്രജാപതിയുടെ ശിരസറുത്ത് ഹോമിച്ചിട്ട് പകരം ആട്ടിൻതല വച്ചു പിടിപ്പിച്ചു. അതിന്റെ ശബ്ദമനുകരിച്ച് ആടിന്റെ ശബ്ദംപോലെ കുരവയിടുന്നതാണെന്ന് സങ്കല്പിക്കുന്നു. ശിവരാത്രി വ്രതവും പ്രദോഷവ്രതവും മുക്തിമാർഗമായി കരുതുന്നു. അതിനാൽ വാമമാർഗികളെപ്പോലെതന്നെ ശൈവരും ഭ്രാന്തരാണ്. ഇവരിൽ കൻഫടേ, നാഥർ, ഗിരി, പുരി, വനം, ആരണ്യം, പർവതം, സാഗരം, ഗൃഹസ്ഥൻ എന്നിങ്ങനെ പല വിഭാഗങ്ങളുണ്ട്. ചിലർ രണ്ടുവഞ്ചിയിലും കാൽവച്ച് സഞ്ചരിക്കുന്നവരാണ്. അതായത് ചിലർ ശൈവമതവും വാമമാർഗവും സ്വീകരിക്കുന്നു. ചിലർ വൈഷണവരും കൂടിയാണ്. അവരുടെ സ്വരൂപമിതാണ്. **അന്തഃശാക്താ ബഹിശ്ശൈവാഃ സഭാമധ്യേ ച വൈഷ്ണവാഃ നാനാരൂപധരാഃ കൗലാഃ വിചരന്തിമഹീതലേ (തന്ത്രശ്ലോകം)**॥ [181]

അകമേ ശാക്തർ അഥവാ വാമമാർഗികൾ, പുറമേ ശൈവർ, അഥവാ രുദ്രാക്ഷ ഭസ്മാദികൾ ധരിക്കുന്നവർ, സഭയിൽ വൈഷ്ണവർ അതായത് തങ്ങൾ വിഷ്ണുവിന്റെ ഉപാസകരാണെന്നു പറയുക. ഇങ്ങനെ വിവിധ രൂപങ്ങളിൽ വാമമാർഗികൾ ലോകത്തിൽ വിഹരിക്കുന്നു.

വൈഷ്ണവമത ഖണ്ഡനം

ചോദ്യം:- വൈഷ്ണവർ നല്ലവരല്ലേ?

ഉത്തരം:- എന്തുനല്ലത്? അവരെപ്പോലെയാണ് ഇവരും, വൈഷ്ണവരുടെ ലീലാവിലാസങ്ങൾ നോക്കൂ!വിഷ്ണുവിന്റെ ദാസരാണ് തങ്ങളെന്ന് സ്വയം അഭിമാനിക്കുന്നു. അവരിൽ ശ്രീവൈഷ്ണവർ അഥവാ ചക്രാങ്കിതർ മുന്തിയ കൂട്ടരാണെന്ന വകാശപ്പെടുന്നു. അതിലൊന്നിലും കാര്യമില്ല.

ചോദ്യം:- എന്തുകൊണ്ട് കാര്യമില്ല? കാര്യമുണ്ട്. നോക്കൂ നെറ്റിയിൽ നാരായണന്റെ ചരണാരവിന്ദത്തിനു തുല്യമായ തിലകമുണ്ട്. അതിന്റെ മധ്യത്തിൽ മഞ്ഞരേഖയുള്ളത് ശ്രീയാണ്. അതിനാൽ ഞങ്ങളെ ശ്രീവൈഷ്ണവരെന്നു വിളിക്കുന്നു. നാരായണനെയല്ലാതെ മറ്റാരെയും ഞങ്ങൾ വിശ്വസിക്കുന്നില്ല. ശിവലിങ്ഗം ഞങ്ങൾ ദർശിക്കുകപോലും ഇല്ല. ഞങ്ങളുടെ നെറ്റിയിൽ ഉള്ള ശ്രീ (ലക്ഷ്മി) അതുകൊണ്ട് ലജ്ജിക്കുമെന്നതാണ്. കാരണം, ഞങ്ങൾ ആലമന്ദാരാദി॥ [182] **സ്തോത്രങ്ങൾ ചൊല്ലുന്നു. നാരായണനെ മന്ത്രപൂർവ്വം പൂജിക്കുന്നു. പിന്നെന്തുകൊണ്ട് ഞങ്ങൾ നല്ലവരല്ല?**

ഉത്തരം:- നിങ്ങളുടെ ഈ തിലകം ഹരിപാദാകൃതിയുള്ളതാണെന്നും മഞ്ഞവര ലക്ഷ്മിയാണെന്നും പറയുന്നതു വെറുതേയാണ്. എന്തെന്നാൽ അതു കൈകൊണ്ടുണ്ടാക്കിയതും നെറ്റിയിലെ വരയുമാണ്. ആനയുടെ മസ്തകം അലങ്കരിക്കുന്നതു॥ [183] പോലെ, നിങ്ങളുടെ നെറ്റിയിൽ വിഷ്ണുപാദത്തിന്റെ ചിഹ്നം എങ്ങനെവന്നു? ആരാനും വൈകുണ്ഠത്തുപോയി വിഷ്ണുപാദം നെറ്റിയിൽ ചുട്ടികുത്തിച്ചുകൊണ്ടു വന്നുവോ?

വിവേകി:- ശ്രീ. ജഡമോ ചേതനമോ?

വൈഷ്ണവൻ:- ചേതനം.

വിവേകി:- എങ്കിൽ ഈ രേഖ ജഡമായതിനാൽ 'ശ്രീ'യല്ല ശ്രീ ഉണ്ടാക്കിയതാണോ അല്ലയോ എന്നു ഞാൻ ചോദിക്കുന്നു. ഉണ്ടാക്കിയതല്ലെങ്കിൽ, ഇതു ശ്രീയല്ല എന്തെന്നാൽ ദിവസവും ഇത് നിങ്ങൾ കൈകൊണ്ടുണ്ടാക്കുന്നതാണ്. അതിനാൽ ശ്രീയാവാൻ വഴിയില്ല. ലലാടത്തിൽ ശ്രീയാണുള്ളതെങ്കിൽ ദുർമുഖരായ ഒട്ടേറെ വൈഷ്ണവരുണ്ടാകാൻ കാരണമെന്താണ്? നെറ്റിയിൽ ലക്ഷ്മി! വീടുതോറും തെണ്ടൽ ജോലി! ധർമ്മക്കഞ്ഞിക്കുടിച്ചു വയറു നിറച്ച് ചുറ്റിത്തിരിയലും! നെറ്റിയിൽ ശ്രീയുമായി മഹാദാരിദ്ര്യം കാണിക്കുന്നത് നിർലജ്ജരുടേയും വീണ്ടുവിചാരമില്ലാത്തവരുടേയും പണിയാണ്.

ഇവർക്കിടയിൽ പരികാലൻ എന്നുപേരായ ഒരു വൈഷ്ണവ ഭക്തൻ ഉണ്ടായിരുന്നു. അയാൾ കളവും, കൊള്ളയും, ചതിവും വഞ്ചനയുമായി പര

182. ആലമന്ദാരമെന്നത് ഏതോ തമിഴ് അഥവാ തെലുങ്ക് സ്തുതിയാണ്.

183. ഉത്തരഭാരതത്തിലും മറ്റും കേരളത്തിലേതുപോലെ സുന്ദരമായ നെറ്റിപ്പട്ടം ഇല്ല. പകരം വിവിധ ചായങ്ങൾകൊണ്ട് ചിത്രണം ചെയ്താണ് ആനയെ ഒരുക്കുന്നത്.

ധനം കവർന്ന് വൈഷ്ണവർക്കു കൊടുത്ത് സംതൃപ്തനായിക്കൊണ്ടിരുന്നു. ഒരു ദിവസം അയാൾക്ക് കളവു മുതൽ ഒന്നും കിട്ടിയില്ല. വ്യാകുലനായി ചുറ്റിത്തിരിയവേ തന്റെ ഭക്തൻ ദുഃഖിതനായിരിക്കുന്നു എന്ന് നാരായണൻ അറിഞ്ഞു. ഒരു സേട്ടിന്റെ വേഷമെടുത്ത് ആഭരണങ്ങളണിഞ്ഞ് രഥത്തിൽ കയറി പ്രത്യക്ഷനായി. പരികാലൻ അടുത്തു ചെന്ന് "എല്ലാം വേഗം എടുത്തുതന്നോ, അല്ലെങ്കിൽ കൊന്നുകളയും എന്നു പറഞ്ഞു. എല്ലാം എടുത്തു കൊടുക്കുന്നതിനിടയിൽ മോതിരം ഊരാൻ അല്പം വൈകി. പരികാലൻ നാരായണന്റെ വിരൽ മുറിച്ച് മോതിരം എടുത്തു. സന്തുഷ്ടനായ വിഷ്ണു തന്റെ ചതുർഭുജ ശരീരം ഉണ്ടാക്കി ദർശനം നല്കി. എന്നിട്ടു പറഞ്ഞു:- "നീ എന്റെ പ്രിയഭക്തൻ. കവർന്ന ധനം മുഴുവൻ വൈഷ്ണവർക്കു നല്കുന്നു. നീ കേമൻതന്നെ". പരികാലൻ ആ ആഭരണങ്ങളെല്ലാം വൈഷണവർക്കു കൊടുത്തു.

ഒരിക്കൽ ധനവാനായ ഒരു സേട്ട് പരികാലനെ ഭൃത്യനാക്കി. കപ്പലിൽ കയറ്റി ദൂരെദേശത്തു കൊണ്ടുപോയി. അവിടെനിന്ന് കപ്പലിൽ അടയ്ക്ക കയറ്റി. പരികാലൻ ഒരു അടയ്ക്ക പിളർന്ന് ഒരു പകുതിയെടുത്ത് സേട്ടിനു കൊടുത്തു. 'എന്റെ ഈ പകുതി അടയ്ക്ക കപ്പലിൽ ഇടുക. എന്നിട്ട് പകുതി അടയ്ക്ക പരികാലന്റെ വകയായി കപ്പലിലുണ്ട് എന്നെഴുതിത്തരുക'. എന്നു പറഞ്ഞു.' നീ വേണമെങ്കിൽ ആയിരം എടുത്തുകൊള്ളുക എന്നായി സേട്ട്, "ഞാൻ അധർമിയല്ല. കള്ളനുമല്ല. എനിക്കെന്റെ പകുതി അടയ്ക്ക മതി" എന്നു പരികാലൻ പറഞ്ഞു. പാവമാണ്, ശുദ്ധൻ. അവന്റെ ഇഷ്ടം നടക്കട്ടെ എന്നു കരുതി സേട്ട് എഴുതിക്കൊടുത്തു. സ്വദേശത്തു കപ്പൽ തുറമുഖത്തടുത്ത് അടയ്ക്ക ഇറക്കുവാൻ തയാറായി. അപ്പോൾ പരികാലൻ പറഞ്ഞു:- "എന്റെ വക പകുതി അടയ്ക്ക തരണം." സേട്ട് പകുതി അടയ്ക്ക എടുത്തു കൊടുത്തു. പരികാലൻ ബഹളമുണ്ടാക്കി. കപ്പലിൽ പകുതിപാക്ക് എന്റേതാണെന്ന് വാദിച്ചു. കേസ് രാജാവിന്റെ സമക്ഷത്തിലെത്തി. പരികാലൻ സേട്ടിന്റെ എഴുത്ത് ഹാജരാക്കി. കപ്പലിലെ "പകുതിപ്പാക്ക്" പരികാലന്റേതാണെന്ന് അതിൽ എഴുതിയിരുന്നു. സേട്ട് വളരെ വാദിച്ചെങ്കിലും ഫലമുണ്ടായില്ല. കപ്പലിലെ പകുതിപ്പാക്ക് അയാൾക്ക് കിട്ടി. അത് വൈഷ്ണവർക്ക് അയാൾ വീതിച്ചുകൊടുത്തു. വൈഷ്ണവർ വളരെ സന്തുഷ്ടരായി. ഇപ്പോൾ ഈ കള്ളന്റെ, കൊള്ളക്കാർ പരികാലന്റെ വിഗ്രഹം ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കുന്നു.

ഈ കഥ 'ഭക്തമാലയിലേതാണ്'. വൈഷ്ണവരും അവരുടെ ഭൃത്യരും. നാരായണനും കൊള്ള സംഘമല്ലേ എന്ന് ബുദ്ധിമാന്മാർ ആലോചിച്ചുനോക്കട്ടെ. മതമതാന്തരങ്ങളിൽ ഒട്ടൊക്കെ നന്മയുണ്ടാകാമെങ്കിലും അവയിലിരുന്ന് തീർത്തും നല്ലവരാകുവാൻ സാധ്യമല്ല. ഇപ്പോൾ വൈഷ്ണവരിൽത്തന്നെ ഉള്ള പല വിഭാഗക്കാർ വെവ്വേറെ തിലക - മാലകൾ ധരിച്ചു പോരുന്നു. രാമാനന്ദികൾ ഇരുവശത്തും ഗോപീചന്ദനവും മധ്യത്തിൽ ചുവന്ന വരയും, നീമാവതന്മാർ കനം കുറഞ്ഞ വരയും നടുക്ക് കറുത്തപൊട്ടും, മാധവർ കറുത്ത വരയും, ഗൗഡബംഗാളികൾ കഠാരിപോലുള്ള കുറിയും രാമപ്രസാദികൾ ചന്ദ്രക്കലപോലുള്ള രണ്ടുവരകൾക്കു മധ്യേ ഒരു വെളുത്തപൊട്ടും എന്നിങ്ങനെ പല തരത്തിലാണ് തിലക ധാരണം. ഇവരുടെ വ്യാഖ്യാനവും പ്രത്യേകം പ്രത്യേകമാണ്. രാമാനന്ദികൾ, ചുവന്നവര ലക്ഷ്മിയുടെ ചിഹ്നമാണ്. നാരായണന്റെ ഹൃദയത്തിലെ ശ്രീയാണ്, ശ്രീകൃഷ്ണഹൃദയത്തിലെ രാധയാണ് എന്നെല്ലാം പറയുന്നു.

ഭക്തമാലയിൽ ഒരു കഥയുണ്ട്. ഒരുവൻ വൃക്ഷച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. ഉറക്കത്തിൽ അയാൾ മരിച്ചുപോയി. മുകളിലിരുന്ന കാക്ക കാഷ്ടിച്ചു. അത് നെറ്റിയിൽ തിലകംപോലെ വീണു. യമദൂതന്മാർ അവിടെവന്നു. വിഷ്ണുദൂതന്മാരും വന്നു. രണ്ടുകൂട്ടരും തമ്മിൽ വഴക്കായി. ഞങ്ങളുടെ യജമാനന്റെ ആജ്ഞപ്രകാരം യമലോകത്തുകൊണ്ടുപോകുമെന്ന് യമദൂതർ പറഞ്ഞു. ഞങ്ങളുടെ യജമാനൻ വൈകുണ്ഠത്തു കൊണ്ടുചെല്ലാൻ ആജ്ഞാപിച്ചിരിക്കുന്നു. നോക്കൂ ഇയാളുടെ നെറ്റിയിൽ വിഷ്ണു തിലകമുണ്ട്. നിങ്ങൾ എങ്ങനെ കൊണ്ടുപോകും? എന്നായി വിഷ്ണുദൂതന്മാർ. യമദൂതർ ഇത്കേട്ട് മടങ്ങിപ്പോയി. വിഷ്ണുദൂതർ വൈകുണ്ഠത്തിൽ കൊണ്ടുപോയി. അയാളെ നാരായണൻ വൈകുണ്ഠത്തിൽ പാർപ്പിച്ചു.

അകസ്മാത് വീണുകിട്ടിയ തിലകത്തിന് ഇതാണ് മാഹാത്മ്യമെങ്കിൽ അറിഞ്ഞുകൊണ്ട് തിലകമണിഞ്ഞാൽ നരകം വിട്ടു വൈകുണ്ഠം പ്രാപിക്കാമെന്നതിൽ എന്താണ് സംശയം! ചെറിയൊരു തിലകമണിഞ്ഞാൽ വൈകുണ്ഠത്തിൽ പോകാമെങ്കിൽ മുഖം മുഴുവൻ കറുപ്പിക്കുകയോ ലേപനം ചെയ്കയോ ശരീരം മുഴുവൻ

പൂശുകയോ ചെയ്താൽ വൈകുണ്ഠത്തിനുമപ്പുറം എത്താൻ കഴിയുന്നതല്ലേ എന്നാണ് നമ്മുടെ ചോദ്യം. ഇതെല്ലാം വെറു വ്യർത്ഥമാണ്.

ഖാഖികൾ

ഖാഖികൾ എന്നൊരുകൂട്ടം ഭസ്മധാരികളുണ്ട്. ഇവർ കൗപീനത്തിനു പകരം ഒരു മരക്കഷണം ധരിച്ച് നെരിപ്പോടും പുകച്ച് ജട വളർത്തി, സിദ്ധ വേഷം കെട്ടുന്നു. കൊക്കിനെപ്പോലെ ധ്യാനിക്കുന്നു. കഞ്ചാവും, കള്ള്, ചരസ് മുതലായവയും ഉപയോഗിച്ച് കണ്ണു ചുവപ്പിച്ച് നടന്നു എല്ലാവരോടും ഓരോ ഉരുള ചോറുവാങ്ങിയും, ഗോതമ്പുപൊടി, പണം മുതലായവ ഇരന്നും ഗൃഹസ്ഥരുടെ മക്കളെ ജാട കയറ്റി വശീകരിച്ച് ശിഷ്യരാക്കിയും കഴിയുന്നു. ഇവരിൽ ഭൂരിപക്ഷവും കൂലിവേലക്കാരാണ്. ആരെങ്കിലും പഠിക്കാൻ തുടങ്ങിയാൽ ഇവർ വിലക്കുന്നു.

പഠിതവ്യം തദപി മർത്തവ്യം, ദന്ത കടാ കടേതി കിം കർത്തവ്യമ്? സന്യാസിമാർ എന്തിനു വിദ്യ അഭ്യസിക്കുന്നു. പഠിച്ചാലും ഒരിക്കൽ മരിക്കും. വെറുതെ വായാടുന്നതും പല്ലുറുമുന്നതും എന്തിന്? നാലുപാടും തീർത്ഥാടനം, സംന്യാസികളെ ശുശ്രൂഷിക്കൽ, രാമഭജനം ചെയ്ക ഇവ ധാരാളം! അവിദ്യാമൂർത്തിയുടെ ദർശനം കഴിച്ചിട്ടില്ലാത്തവർ ഖാഖിജിയെ ദർശിച്ചാൽ മതി. ഇവരുടെയടുത്ത് ആരു ചെന്നാലും മോനേ – മോളേ എന്നു വിളിക്കും. അവർ ഖാഖിജിയുടെ അമ്മയോ അച്ഛനോ തുല്യരായാലും ശരി അങ്ങനെയേ വിളിക്കൂ.

ഖാഖിയെപ്പോലെ, രുംഖട്, സൂംഖഡ്, ഗോദഡിയേ, ജമാത്വാലേ, സുതരേസായീ, അകാലി, കന്ഫടേ, ജോഗി, ഔഘടർ[184] മുതലായ കൂട്ടരുമുണ്ട്. എല്ലാം ഒന്നിനൊന്നു മെച്ചം തന്നെ.

ഒരു ഖാഖിയുടെ ശിഷ്യൻ ശ്രീഗണേശായ നമഃ എന്നുച്ചരിച്ചുകൊണ്ട് കിണറ്റിൽനിന്ന് വെള്ളം കോരാൻ പോയി. അവിടെ ഇരുന്ന ഒരു പണ്ഡിതൻ ശ്രീഗണേസാജ നമേം എന്ന് ഉച്ചരിക്കുന്നതു കേട്ട് അയാളോടു പറഞ്ഞു:- "സാധോ! നിന്റെ ഉച്ചാരണം തെറ്റാണ്. ശ്രീ ഗണേശായ നമഃ എന്ന് ഉച്ചരിക്ക്". അയാളുടനെ വെള്ളം നിറച്ചുകൊണ്ട് ഗുരുവിന്റെ അടുത്തുചെന്നു പറഞ്ഞു: 'ഒരമ്പോറ്റി ഞാനുച്ചരിക്കിണത് അസുദ്ധമാണെന്ന് അവിടിരുന്നു പറേണു'. കേട്ടതും ഖാഖി എഴുനേറ്റ് കിണറിനടുത്തു ചെന്നു. പണ്ഡിതനോടു കയർത്തു. "എടോ താൻ! എന്റെ ശിഷ്യനെ വഴിതെറ്റിക്കുന്നോ? നീ ഗുരുവിന്റെ ലണ്ടം ॥ [185] പഠിച്ചിട്ടുണ്ടോ? നിനക്ക് ഒരു പാഠമേ അറിയാവൂ. എനിക്ക് മൂന്നെണ്ണമറിയാം കേട്ടോ. സ്രീഗനേസാജന്നമേം. സ്രീഗണേസായന്നമേം. സ്രീഗണേസായനമേം.

പണ്ഡിതൻ:- കേട്ടാലും സംന്യാസീ, വിദ്യാഭ്യാസം കഠിനമാണ്. പഠിക്കാതെ ഒന്നും അറിവാകില്ല.

ഖാഖി:- താൻ പോടോ. ഞങ്ങൾ എല്ലാ വിദ്വാന്മാരെയും അരച്ചു കുടിച്ചിട്ടുണ്ട്. കഞ്ചാവിലരച്ച് ഒറ്റവലിക്ക്. സംന്യാസിമാരുടെ പോക്കൊന്നു വേറെ. തന്നേപ്പോലുള്ള മണ്ടന്മാരെന്തറിയുന്നു!

പണ്ഡിതൻ:- നോക്കൂ! നിങ്ങൾക്ക് വിദ്യാഭ്യാസം ഉണ്ടെങ്കിൽ എന്തിനാണ്, അപശബ്ദങ്ങൾ ഉച്ചരിക്കുന്നത് നിങ്ങൾക്ക് എല്ലാം അറിയാമല്ലോ?

ഖാഖി: അമ്പേ! താൻ നമ്മടെ ഗുരുവാകയാണോ? തന്റെ ഉപദേശം ഞങ്ങൾ കേൾക്കില്ല.

പണ്ഡിതൻ:- എന്തിനു കേൾക്കണം! ബുദ്ധിയേ ഇല്ല. ഉപദേശം കേൾക്കാനും ഗ്രഹിക്കാനും അറിവുവേണം.

ഖാഖി:- എല്ലാ വേദശാസ്ത്രങ്ങളും പഠിച്ചിട്ടും സംന്യാസിയെ ബഹുമാനിക്കാത്തവൻ ഒന്നും പഠിക്കാത്തവന് സമമാണ്.

പണ്ഡിതൻ:- ആവാം. ഞങ്ങൾ സംന്യാസിമാർക്ക് സേവനം ചെയ്യാറുണ്ട്. പക്ഷേ, നിങ്ങളേപ്പോലുള്ള കുണ്ടാമണ്ടിക്കാരെ ബഹുമാനിക്കാറില്ല. എന്തെന്നോ? സംന്യാസിയെന്ന വാക്കിന്, സജ്ജനം, വിദ്വാൻ, ധാർമികൻ, പരോപകാരി, മുതലായവരെല്ലാംകൂടിചേർന്ന പുരുഷൻ എന്നാണർത്ഥം.

ഖാഖി:- നോക്ക്. ഞങ്ങൾ രാപകൽ നഗ്നരാണ്. നെരിപ്പോടിൽ തീ കായുന്നു. കഞ്ചാവും ചരസും മറ്റും കൂട്ടി നൂറ്റുകണക്കിന് പുകയെടുക്കുന്നു. മുമ്മൂന്നുകോപ്പ കള്ളുകുടിക്കുന്നു. പാഷാണച്ചെടിയുടെയും॥ [186] കറുപ്പുചെടിയുടെയും ഇലക്കറി

184. യഥാക്രമം-മരതുല്യർ ഉണക്കമരതുല്യർ, ചാക്കുടുക്കുന്നവർ, സഖ്യർ മെലിഞ്ഞ സംന്യാസികൾ, അനശ്വരൻ (സിക്കുകാർ) കാതുതുളയർ, മഞ്ഞവസ്ത്രക്കാർ, വൃത്തിയില്ലാത്തവർ. (184-184 വരെയുള്ള പദങ്ങളുടെ സാമാന്യ തർജ്മ)

185. ഗ്രന്ഥം

186. ആഴ്സെനിക്

187. കൊടില് - തീക്കട്ടയെടുക്കാനുള്ള ഉപകരണം.

കൂട്ടുന്നു. ലഹരിയിൽ രാ വെളുപ്പിക്കുന്നു. ലോക മെന്തെന്ന് അറിയുന്നേയില്ല. ഭിക്ഷയാണ് ഊണിന് ടിക്കറ്റ്. രാവു മുഴുവൻ ചുമ. അടുത്തുകിടന്നുറങ്ങു ന്നവനും ഉറക്കമില്ലാതാക്കും. ഇങ്ങനെല്ലാമുള്ള സിദ്ധികളും സംന്യാസിത്തവും ഞങ്ങൾക്കുണ്ട്. പിന്നെ താനെന്തിന് ഞങ്ങള നിന്ദിക്കുന്നു? കൊള്ളരുതാത്തോന്മാരെ! നമ്മെ ഉപദ്രവിക്കുന്ന വരെ നമ്മൾ ഭസ്മമാക്കികളയും.

പണ്ഡിതൻ:- ഇതെല്ലാം മൂഢന്മാരുടെയും, കൊള്ളരുതാത്തവരുടെയും സംന്യസ്തരല്ലാത്ത വരുടേയും കാര്യമാണ്. നല്ലവരുടേതല്ല. കേട്ടോ ളൂ. **"സാധ്നോതി പരാണി, ധർമകാര്യാണി, സസാധുഃ"** ധർമയുക്തമായ ഉത്തമ കാര്യം ചെയ്യുന്ന, സദാ പരോപകാര നിരതനായ, ദുർഗു ണമില്ലാത്ത വിദ്വാനും സത്യോപദേഷ്ടാവും, ഉപ കാരിയുമായ ആളാണ് സംന്യാസി.

ഖാഖി:- താൻപോടോ. നീ സംന്യാസിയെ എന്തറിഞ്ഞു? സംന്യാസിയുടെ പോക്കു വേറെ. ഭയപ്പെടുത്തരുത്. ഈ കൊടിലും [187]കൊണ്ട് തരു മൊന്ന്. തലയും പൊട്ടും.

പണ്ഡിതൻ:- ശരിയാണ് ഖാഖീ. തന്റെ വഴിക്കു പോകൂ. നമ്മോടു കയർക്കേണ്ട. ഈ രാജ്യ മേതെന്ന് അറിയാമോ? ആരെങ്കിലും കൊന്നാൽ പിടികൂടും, അടികിട്ടും. അല്ലെങ്കിൽ വധശിക്ഷകി ട്ടും. പിന്നെന്തു ചെയ്യും? ഇതൊന്നും സംന്യാസി യുടെ ലക്ഷണമല്ല.

ഖാഖി:- എടാ പിള്ളേരേ! നിങ്ങൾ ഇന്ന് എന്തു കണിയാണ് കാണിച്ചത്?

പണ്ഡിതൻ:- നിങ്ങൾ ഒരിക്കലും നല്ല മഹാ ത്മാക്കളുടെ ശിഷ്യനായിട്ടില്ല. അല്ലെങ്കിൽ ഇത്ര വലിയ വിഡ്ഢിയാകുമായിരുന്നില്ല.

ഖാഖി:- നാംതന്നെ മഹാത്മാവാണ്. മറ്റൊരു മഹാത്മാവിന്റെ സാക്ഷിവേണ്ട.

പണ്ഡിതൻ:- ഭാഗ്യദോഷികളുടെ ബുദ്ധിയും, ദുരഭിമാനവുമാണ് നിങ്ങളുടേത്. എന്ത് ചെയ്യാം! ഖാഖി സ്വസ്ഥാനത്തേക്കും പണ്ഡിതൻ വീട്ടി ലേക്കും പോയി.

വയസ്സൻ ഖാഖിയും ശിഷ്യനും

സന്ധ്യയ്ക്കു ദീപാരാധന കഴിഞ്ഞ് ഭസ്മധാരി കളെല്ലാം, വൃദ്ധനായ ഖാഖി ബധിരനാണല്ലോ എന്നു കരുതി സാട്ടാംഗം, സാട്ടാംഗം എന്നിങ്ങനെ പറഞ്ഞ് സാക്ഷ്ടാംഗം നമസ്കരിച്ച് ചുറ്റുമിരുന്നു. ഖാഖി ചോദ്യമാരംഭിച്ചു.

"എടാ രാമദാസിയേ നീ എന്തു പടിച്ചു?"

"മഹാരാജ് ഞാൻ ബേസ്നുസഹസർനാമം പഠിച്ചു"

"എടാ ഗോവിന്ദദാസിയേ നീ എന്തു പഠിച്ചു?"

" ഞാൻ രാമസതവരാജം പഠിച്ചു".

രാമദാസൻ ചോദിച്ചു. "അങ്ങെന്തു പഠിച്ചു?"

"ഞാൻ ഗീത പഠിച്ചു"

"അരുടടുത്ത്?"

ഖാഖി:- പോടാ ചെറുക്കാ, ഞാനാരേയും ഗുരു വാക്കാറില്ല. നോക്ക്, നാം പരാഗയിൽ (പ്രയാഗ) താമസിക്കാർന്ന്. നമക്ക് അച്ചരംപോലും അറിവി ല്ലാർന്ന്. ഏതേലും താറുപാഞ്ചിയ പണ്ഡിത്തിനെ കാണുമ്പോൾ ഈ വളഞ്ഞച്ചരത്തിന്റെ പേരെന്താ ണ്. അർത്തമെന്താണ്. അങ്ങനെ ചോദിച്ച് ചോദിച്ച് പതിനെട്ടത്യായം ഗീത കാണാതെ പടിച്ചു. ആരും ഗുരുവില്ലാതെ.

ഇപ്രകാരമുള്ള ജ്ഞാനശത്രുക്കൾ അവിദ്യാഭ വനത്തിൽ തന്നെ പാർപ്പക്കിയില്ലെങ്കിലല്ലേ അത്ഭു തമുള്ളൂ! ഇവർ ലഹരിയില്ലാതെ പ്രമത്തരാകാതെ വഴക്കുണ്ടാക്കാതെ ഇരിക്കില്ല. തീനും കൂടിയും മണിയടിയും, ശംഖത്തും, നെരിപ്പോടു കത്തിക്ക ലും, ചുറ്റിയടിക്കലും അല്ലാതെ യാതൊരു നല്ല കാര്യവും ചെയ്യാറേയില്ല. കഠിനശില ഉരുക്കാ നാർക്കാനും കഴിഞ്ഞേക്കും. പക്ഷേ ഈ ഖാഖി കളെ ആത്മബോധമുള്ളവരാക്കാൻ വിഷമമാണ്. എന്തെന്നാൽ ശൂദ്രവർണത്തിൽപ്പെട്ട കൂലി ക്കാരും, കൃഷിക്കാരും, കൃഷിപ്പണിക്കാരും, വെള്ളം കോരുന്നവരും അവരുടെ ജോലിയുപേക്ഷിച്ച് ഭസ്മം പൂശി വൈരാഗികൾ ആവുകയാണ് ചെയ്യു ന്നത്. വിദ്യ, സത്സംഗം, എന്നിവയേപ്പറ്റി അവർക്കറിവില്ല. ഇവരിൽ നാഥസമ്പ്രദായികൾ 'നമഃ ശിവായ' എന്നും ഭസ്മലേപികൾ 'നൃസിം ഹായനമഃ' എന്നും രാമാവതാരന്മാർ 'ശ്രീരാമച ന്ദ്രായനമഃ' അഥവാ 'ശ്രീ സീതാരാമാഭ്യാംനമഃ' എന്നും, കൃഷ്ണോപാസകർ 'ശ്രീരാധാ കൃഷ്ണാ ഭ്യാംനമഃ' അഥവാ 'നമോഭഗവതേ വാസുദേവായ'

188. പൗരാണികരായ സംന്യാസികൾ കൈവശം വയ്ക്കുന്ന കമണ്ഡലുവാണ് തുംബ. അതിൽ ഏതുവെള്ളം സൂക്ഷി ച്ചാലും വെള്ളം ശുദ്ധമാകും. സഞ്ചാരികളായ സംന്യാ സിമാർ ശുദ്ധജലം ലഭിക്കുവാൻ സ്വീകരിച്ചിരുന്ന ലഘു മാർഗമായിരുന്നു ഇത്. ഇന്നത്തെ സംന്യാസിമാർ സൂക്ഷി ക്കുന്ന സമുദ്രഫലമോ, ലോഹമോ കൊണ്ടുള്ള കമണ്ഡ ലുവല്ല, പേച്ചുരയ്ക്കാത്തോടാണിത്. ഈ ശ്ലോകം രാമ സ്നേഹീധർമപ്രകാശം, രാമപടലത്തിലുണ്ട്.



എന്നും ബംഗാളികൾ 'ഗോവിന്ദായനമഃ' എന്നു മുള്ള മന്ത്രങ്ങളാണ് ചെവിയിൽ ജപിച്ചുകൊടുക്കുന്നത്. ഇതു കഴിഞ്ഞാൽ അവർ ശിഷ്യരായി. പിന്നീട് പറയും:- കുഞ്ഞേ! തുമ്പമന്ത്രം ചൊല്ല്.

ജലം പവിതരം, സ്ഥലം പവിതരം കിണറു പവിതരം ശിവൻ പറയട്ടെ കേട്ടോട്ടെ പാർവ്വതി -തുംബാപവിതരം.॥ [188]

ഇങ്ങനെയെല്ലാം പറയുന്നവർ വിദ്വാന്മാരോ ലോകത്തിനുപകാരികളോ ആകുമോ? ഭസ്മധാരികൾ രാപകൽ നെരിപ്പോടോ ആഴിയോ കൂട്ടി വിറകെരിച്ചു കളയുന്നു. ഒരു മാസം ഇവർ ചെലവഴിക്കുന്ന വിറകിനു പകരം കമ്പിളിയോ മറ്റോ വാങ്ങി ഉപയോഗിച്ചാൽ നൂറിലൊരുഭാഗം പണം കൊണ്ട് സുഖമായി കഴിയാം. ഈ ബുദ്ധി അവർക്കെവിടെ നിന്നു കിട്ടാനാണ്? ആഴിക്കു ചുറ്റും ഇരിക്കുന്നതുകൊണ്ട് - ചൂടുകായുന്നതു കൊണ്ട്- ഇവർ തപസ്വികളെന്ന പേരു ധാരണം ചെയ്തിരിക്കുന്നു. എങ്കിൽ കാട്ടുമനുഷ്യർ ഇവരേക്കാൾ തപസ്വികളായിരിക്കും! സംശയമില്ല. ജടവച്ച്, ഭസ്മം ധരിച്ച്, തിലകം ധരിച്ച്, തപസ്വികളാകാനാവുമെങ്കിൽ ആർക്കെന്താണാകാൻ കഴിയാത്തത്? ഇവർ പുറമേ ത്യാഗികളും അകമേ ഭോഗികളുമാണ്.

കബീർ പന്ഥികൾ

ചോദ്യം:- കബീർ പന്ഥികൾ നല്ലവരല്ലേ?

ഉത്തരം:- അല്ല.

ചോദ്യം:- എന്തുകൊണ്ടല്ല? അവർ വിഗ്രഹാരാധനാവിരോധികളാണ്. കബീർ പുഷ്പങ്ങളിൽ നിന്നുണ്ടായി. ഒടുക്കം പുഷ്പമാവുകയും ചെയ്തു. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർക്കു മുമ്പു തന്നെ കബീർ ഉണ്ടായിരുന്നു. വേദ-പുരാണങ്ങൾക്കുപോലും അറിവില്ലാത്ത കാര്യങ്ങളറിയാവുന്ന മഹാസിദ്ധനായിരുന്നു അദ്ദേഹം. സത്യത്തിന്റെ വഴി കാണിച്ചത് അദ്ദേഹം മാത്രമാണ്. ഇവരുടെ മന്ത്രങ്ങൾ '**സത്യനാമം കബീർ**' മുതലായവയാണ്.

ഉത്തരം:- കല്ലും മറ്റും വെടിഞ്ഞ്, കട്ടിൽ, കസേര, തലയിണ മെതിയടി, ദീപം മുതലായവയെ പൂജിക്കുന്നത് ഒട്ടും വ്യത്യസ്തമല്ല. കബീർ ഒരു വണ്ടായിരുന്നോ? അതോ മൊട്ടോ? എങ്ങനെയാണ് അദ്ദേഹം പൂവിൽ നിന്നുണ്ടായതും പൂവായിത്തീർന്നതും? ഇതുശരിയെങ്കിൽ ഇനി പറയുന്നതും നേരായേക്കാം. കാശിയിലൊരു നെയ്ത്തുകാരനുണ്ടായിരുന്നു. അയാൾക്ക് കുട്ടികളില്ലായിരുന്നു. ഒരു ദിവസം വെളുപ്പിന് ഊടുവഴിയേ നടക്കുമ്പോൾ ഒരു പുഷ്പക്കൂടയിൽ അന്നു രാത്രി ജനിച്ച ഒരു കുട്ടിയെ കണ്ടു. അതിനെ എടുത്ത് തന്റെ ഭാര്യയ്ക്ക് കൊടുത്തു. അവൾ ആ കുട്ടിയെ വളർത്തി. കുട്ടി പ്രായമായപ്പോൾ നെയ്ത്തു ജോലി ചെയ്തു വന്നു. പിന്നീട് ഒരു പണ്ഡിതന്റെ അടുത്ത് ചെന്ന് സംസ്കൃതം പഠിക്കാനാവശ്യപ്പെട്ടപ്പോൾ 'നാം നെയ്ത്തുകാരെ പഠിപ്പിക്കാറില്ല' എന്ന് പറഞ്ഞ് അപമാനിച്ചുവിട്ടു. വീണ്ടും പലരേയും സമീപിച്ചു. ആരും പഠിപ്പിച്ചില്ല. ഒടുവിൽ തനിക്കു തോന്നിയ ഭാഷയിൽ വിദ്യാഭ്യാസമില്ലാത്തവരെ ഓരോന്നും പഠിപ്പിക്കുവാനാരംഭിച്ചു. തംബുരു മീട്ടി പാടുകയും ഭജനകൾ ആലപിക്കയും ചെയ്തു. വിശേഷിച്ചും പണ്ഡിതന്മാരേയും വേദശാസ്ത്രങ്ങളേയും നിന്ദിച്ചു പോന്നു. ചില മൂഢന്മാർ ഈയാളുടെ വലയിൽപെട്ടു മരിച്ചപ്പോൾ ചിലർ ചേർന്ന് ഇദ്ദേഹത്തെ സിദ്ധനാക്കി. ജീവിച്ചിരിക്കെ ശിഷ്യത്വം സ്വീകരിച്ചവർ പിന്നീട് മറ്റുള്ളവരെ പഠിപ്പിച്ചു പോന്നു.

ചെവിയടച്ചു പിടിച്ചാൽ കേൾക്കുന്ന ശബ്ദത്തിന് ഇവർ 'അനഹത' ശബ്ദമെന്ന് പേരിട്ടു. മനോവൃത്തിക്ക് 'സുരതി' എന്നു പറയുന്നു. ഇതിനെ ശബ്ദം കേൾക്കുന്നതിൽ ഉറപ്പിക്കണം. അതിന് സന്തധ്യാനമെന്നും ഈശ്വരധ്യാനമെന്നും പറയുന്നു. അവിടെ കാലനുപോലും സമീപിക്കാനാവില്ല. കുന്തത്തിന്റെ ആകൃതിയിലുള്ള തിലകവും ചന്ദനമാലയും ധരിക്കുന്നു. ഈ മാർഗം ആത്മോന്നതിയോ ജ്ഞാനോന്നതിയോ ഉണ്ടാകുമോ എന്നു ചിന്തിക്കുക. ഇതെല്ലാം വെറും കുട്ടിക്കളികൾ തന്നെ.

സിക്കുമത ഖണ്ഡനം

ചോദ്യം:- പഞ്ചാബിൽ ഗുരുനാനാക്ക് ഒരു മതം പ്രചരിപ്പിച്ചു. അദ്ദേഹം വിഗ്രഹാരാധനയെ എതിർത്തു. മുസൽമാന്മാരാവുന്നതിൽ നിന്ന് രക്ഷിച്ചു. അദ്ദേഹം സംന്യാസിയായില്ല, ഗൃഹസ്ഥാശ്രമം തുടർന്നു. അദ്ദേഹത്തിന്റെ ആശയം നല്ലതായിരുന്നെന്ന് ഈ മന്ത്രോപദേശത്തിൽ നിന്ന് വെളിവാകും:-

"ഓം സത്യനാമ കർത്താ പുരുഷ് നിർഭോ നിർവൈർ അകാലമൂർത്ത് അജോനി സഹഭം ഗുരുപ്രസാദ് ജപ്. ആദിസച്, ജൂഗാദിസച്, ഹൈഭീ സച്, നാനക് ഹോസീഭീ സച്"॥ [189]

189. ജപ്ജി, പൗഡി 1

thearyasamaj.org

'ഓം എന്നത് ആരുടെ സത്യനാമമാണോ ആ കർത്താവായ പുരുഷൻ നിർഭയനും, വൈരരഹിതനും, അകാലമൂർത്തി അഥവാ കാലബന്ധത്തിലും ജന്മബന്ധത്തിലും വരാത്തവനുമത്രേ. ഗുരുകൃപയാൽ അവന്റെ നാമം ജപിക്കുക. ആ പരമാത്മാവ് ആദിയിൽ സത്യം, യുഗങ്ങളുടെ ആദിയിൽ സത്യം, വർത്തമാനത്തിൽ സത്യം, ഭാവിയിലും സത്യം തന്നെ.

ഉത്തരം:- ഗുരുനാനാക്കിന്റെ ആശയം നല്ലതായിരുന്നു. പക്ഷേ ഒട്ടും വിദ്വാനല്ലായിരുന്നു. ആ പ്രദേശത്തെ ഗ്രാമങ്ങളിലെ ഭാഷ മാത്രം അറിയാമായിരുന്നു. വേദാദി ശാസ്ത്രങ്ങളോ സംസ്കൃതമോ അറിയാമായിരുന്നില്ല. അറിയാമായിരുന്നെങ്കിൽ 'നിർഭയ' എന്നതിന് 'നിർഭോ' എന്നെഴുതുന്നതെങ്ങനെ?

ഇതിനുദാഹരണം അദ്ദേഹം എഴുതിയ സംസ്കൃതിസ്തോത്രമാണ്. സംസ്കൃതത്തിലും നിലയുറപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ, പഠിക്കാതെങ്ങനെ സംസ്കൃതം വശമാകും? ഒരിക്കലും സംസ്കൃതം കേട്ടിട്ടുപോലുമില്ലാത്ത ആ ഗ്രാമീണർക്കിടയിൽ സംസ്കൃതിസ്തോത്രമെഴുതി പണ്ഡിതനായിക്കാണും. സ്വന്തം മാനം നിലനിർത്തുന്നതിനും ഖ്യാതിക്കും ആഗ്രഹമില്ലായിരുന്നെങ്കിൽ ഇങ്ങനെ ചെയ്യുകയില്ലായിരുന്നു. തന്നെ അംഗീകരിക്കണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നു. അല്ലെങ്കിൽ തനിക്കറിയാമായിരുന്ന ഭാഷയേ പ്രയോഗിക്കുമായിരുന്നുള്ളൂ. താൻ സംസ്കൃതം പഠിച്ചിട്ടില്ലെന്നും പറയുമായിരുന്നു. ദുരഭിമാനം സ്വല്പം ഉണ്ടായിരുന്നു-അതിനനുസരിച്ച് കീർത്തിക്കും അംഗീകരാത്തിനും വേണ്ടി അല്പം ഡംഭും കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ അങ്ങുമിങ്ങും വേദനിന്ദയും വേദസ്തുതിയും കാണാം. അങ്ങനെ എഴുതിയില്ലെങ്കിൽ ആരെങ്കിലും വേദാർത്ഥം ചോദിക്കും. ഉത്തരം അറിഞ്ഞുകൂടെങ്കിൽ അംഗീകാരം നഷ്ടപ്പെടും. അതിനാൽ നേരത്തേ തന്നെ സ്വന്തം ശിഷ്യന്മാരോടു ചിലപ്പോൾ വേദത്തിനു വിരുദ്ധമായും ചിലപ്പോൾ വേദത്തിനനുകൂലമായും പറഞ്ഞു പോന്നു. ഉദാഹരണത്തിന് വേദ് പഢത് ബ്രഹ്മാ മരേ, ചാരോം വേദ് കഹാനി. സന്ത് കി മഹിമാ വേദ് ന ജാനീ. നാനാക് ബ്രഹ്മജ്ഞാനീ ആപ് പരമേശ്വർ.॥ [190] (വേദം പഠിച്ച് ബ്രഹ്മാവ് മരിച്ചു. നാലു വേദവും കഥ, സന്തിന്റെ മഹിമ വേദമറിയുന്നില്ല, നാനാക് ബ്രഹ്മജ്ഞാനിയായ ഈശ്വരനാണ്.) വേദം പഠിച്ചവർ മരിച്ചെങ്കിൽ നാനാക്, മരണമില്ലാത്തവനാണ് താനെന്ന് ധരിച്ചിരുന്നോ? അദ്ദേഹവും മരിച്ചില്ലേ? വേദം എല്ലാ സത്യവിദ്യകളുടേയും ഭണ്ഡാരമാണ്. നാലു വേദങ്ങളും കഥയാണെന്നുപറയുന്നവരുടെ വാക്കുകളെല്ലാം കഥയാണ്. സന്ത് എന്നു പറയുന്ന മൂഢന്മാരായ പാവങ്ങൾക്ക് വേദങ്ങളുടെ മഹിമ ഒരിക്കലും അറിവാകുകയില്ല. ഗുരുനാനാക് വേദങ്ങളെ മാത്രം സ്വീകരിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മതസമ്പ്രദായം പ്രചരിക്കുകയില്ലായിരുന്നു. അദ്ദേഹത്തിനു ഗുരുവാകാനും കഴിയുമായിരുന്നില്ല. സംസ്കൃതവിദ്യ അഭ്യസിക്കാതെ മറ്റുള്ളവരെ പഠിപ്പിച്ച് എങ്ങനെ ശിഷ്യരാക്കാനാണ്!

ഗുരുനാനാക് ജനിച്ച കാലത്ത് പഞ്ചാബ് തീർത്തും സംസ്കൃതവിദ്യാ വിഹീനവും മുസൽമാന്മാരാൽ പീഡിതവുമായിരുന്നെന്നത് നേരാണ്. അന്നദ്ദേഹം കുറേപ്പേരെ രക്ഷിച്ചു.॥ [191] ഗുരുനാനാക്കിന്റെ കാലത്ത് അദ്ദേഹത്തിന് വളരെ ശിഷ്യന്മാരോ സ്വന്തം മതത്തിന് പ്രചാരമോ ഉണ്ടായില്ല. വിദ്വാന്മാരല്ലാത്തവരെ മരിച്ചുകഴിഞ്ഞാൽ സിദ്ധന്മാരാക്കുന്ന സമ്പ്രദായമാണല്ലോ ഉള്ളത്. മരണശേഷമാണ് അദ്ദേഹത്തിനെ ഈശ്വര തുല്യനാക്കി ബഹുമാനിച്ചത്. ഗുരുനാനാക്ക് വലിയ ധനവാനായിരുന്നില്ല. എന്നാൽ ശിഷ്യന്മാർ അദ്ദേഹത്തെ വലിയ സിദ്ധനും പ്രതാപിയും ഐശ്വര്യശാലിയുമാക്കി **'നാനക് ചന്ദ്രോദയം' 'ജന്മശാഖി'** മുതലായ ഗ്രന്ഥങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. നാനാക് ബ്രഹ്മാവിനെ കണ്ട് വളരെ സംഭാഷണം നടത്തി, എല്ലാ ദേവന്മാരും അദ്ദേഹത്തെ ബഹുമാനിച്ചു. അദ്ദേഹത്തിന്റെ വിവാഹത്തിന് വളരെയേറെ ആനകളും, രഥങ്ങളും, കുതിരകളും, സ്വർണ്ണം വെള്ളി, മുത്ത് പവിഴം, മുതലായവയാൽ വിഭൂഷിതമായി വന്നു, അമൂല്യരത്നങ്ങൾക്ക്അറ്റവും അറുതിയുമില്ലായിരുന്നു എന്നെല്ലാം എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. ഇതൊക്കെ പുളുവല്ലെങ്കിൽ പിന്നെന്താണ്? ഇതെല്ലാം ശിഷ്യന്മാരുടെ പണി

190. സ്വല്പം വ്യാത്യാസങ്ങളോടെ, ആസാ 1.10 രാജതിലംഗം 1.1., സുഖ്മനീ പൗഡി 7-8, 8-6 എന്നിവയിൽ ഇവ നാലും കാണാം.

191. മതം മാറുന്നതിൽനിന്ന് രക്ഷിച്ചെന്നർഥം.

192. സിക്കുകാരിലെ സുഥരേ ശാഹ് എന്നയാളിന്റെ അനുയായികൾ

193. പുരശ്ചരണം ഒരുതരം പൂജയാണ്. ഏതെങ്കിലും ദേവതയുടെ മന്ത്രം ഉച്ചരിച്ച് ഹോമം നടത്തുന്നു. വലിയ ശക്തി ആ ദേവത നൽകുമെന്ന് വിശ്വാസം. ഇവിടെ ദുർഗയായിരുന്നു ദേവത.



യാണ്. ഗുരുനാനാക്കിന്റെ കുറ്റമല്ല. പിന്നീട് ഇദ്ദേഹത്തിന്റെ പുത്രൻ ഉദാസി എന്നും ഗുരുരാമദാസ് മുതലായവർ 'നിർമ്മലാ' എന്നും രണ്ടു വിഭാഗങ്ങളുണ്ടാക്കി. മറ്റു ഗുരുക്കന്മാർ ആധിപത്യത്തിലിരിക്കെ ഗ്രന്ഥങ്ങളെഴുതി മൂലഗ്രന്ഥത്തോടു ചേർത്തു. ഇവരിൽ പത്താമനാണ് ഗുരുഗോവിന്ദസിംഹൻ. അദ്ദേഹത്തിനു ശേഷം ഗ്രന്ഥത്തിൽ കൂട്ടിച്ചേർക്കലുണ്ടായില്ല. അന്നുവരേയ്ക്കുള്ള ചെറുപുസ്തകങ്ങളെല്ലാം കൂട്ടിച്ചേർത്ത് ഒറ്റ ഗ്രന്ഥമാക്കി. നാനാക്കിനു ശേഷമുണ്ടായ ഗുരുക്കന്മാർ പുരാണകഥകളേപ്പോലെ അനേകം കഥകളെഴുതി അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ചേർത്തു എന്നു പറഞ്ഞുവല്ലോ? എന്നാൽ 'ബ്രഹ്മജ്ഞാനി ഈശ്വരനാ'ണെന്ന സിദ്ധാന്തം ഇവർക്ക് വലിയ കുഴപ്പങ്ങളുണ്ടാക്കി. ഗുരുനാനാക്ക് വലിയ പ്രാധാന്യം കൊടുത്ത ദൈവികമായ അംശങ്ങൾ അവർ അവഗണിച്ചു. നാനാക്കിന്റെ പാരമ്പര്യം മാറ്റമില്ലാതെ തുടർന്നിരുന്നെങ്കിൽ നന്നായിരുന്നേനേ. ഇപ്പോൾ തങ്ങളേറ്റവും മുന്തിയവരാണെന്ന് ഉദാസികളും അതുപോലെ നിർമ്മലരും അവകാശപ്പെടവേ അകാലികളും സുതരേഹസായി[192]കളും അതേ അവകാശവാദം ഉന്നയിക്കുന്നു.

ഈ ഗുരുക്കന്മാരിൽ ഗോവിന്ദസിംഹൻ അസാധാരണ ധീരനായിരുന്നു. അദ്ദേഹത്തിന്റെ മുൻഗാമികൾ മുസ്ളീങ്ങളുടെ കൊടും പീഡനങ്ങൾക്ക് ഇരയായിരുന്നു. അതിനു പ്രതികാരം ചെയ്യാൻ അദ്ദേഹം ഇച്ഛിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പക്കൽ ആവശ്യമായ സാമഗ്രികളൊന്നും ഇല്ലായിരുന്നു. മുഗൾ ആധിപത്യം അതിന്റെ ഉച്ചാവസ്ഥയിൽ എത്തുകയായിരുന്നു. അദ്ദേഹം ഒരു പുരശ്ചരണം[193] നടത്തി. അതിന്റെ സമാപ്തിയിൽ ഇങ്ങനെ പ്രഖ്യാപിച്ചു:- "എനിക്ക് ദേവി പ്രത്യക്ഷയായി വരവും വാളും നൽകിയിരിക്കുന്നു. മുസൽമാന്മാരോട് യുദ്ധം ചെയ്യാൻ ആജ്ഞാപിക്കയും വിജയം ഉറപ്പാണെന്ന് അനുഗ്രഹിക്കയും ചെയ്തിരിക്കുന്നു". വളരെപ്പേർ അദ്ദേഹത്തന്റെ കൂടെച്ചേർന്നു. വാമമാർഗികൾ പഞ്ചമകാരങ്ങളും, ചക്രാങ്കിതർ പഞ്ചസംസ്ക്കാരങ്ങളും നടപ്പിലാക്കിയതുപോലെ അദ്ദേഹം 'പഞ്ചകകാര'ങ്ങൾ നടപ്പാക്കി. ഇവ യുദ്ധത്തിനുപകരിക്കുന്നു. 1. കേശം- തലമുടി നീട്ടി വളർത്തുക. ഇത് വാളിൽ നിന്നും വടിയിൽ നിന്നും കുറച്ചു രക്ഷ നൽകുന്നു. 2. കങ്കണം- വള. ഇത് തലയ്ക്കും കൈയ്ക്കും ഒട്ടു സംരക്ഷണം നല്കുന്നു. 3. കച്ഛാ. (നിക്കർ) മുട്ടിന് മുകളിൽ ഉടുത്തുകെട്ടുന്ന ഈ വസ്ത്രവിശേഷം ഓടാനും ചാടാനും സൗകര്യം നല്കുന്നു. ഗുസ്തിക്കാരും, നടന്മാരും ഇതുടുക്കുന്നു. ശരീരത്തിന്റെ മർമ്മസ്ഥാനം സംരക്ഷിക്കാനും ആയാസമില്ലാതെ നീങ്ങാനും ഇതു കൊള്ളാം. 4. കങ്കാ. (ചീപ്പ്) തലമുടി ചീകിവെയ്ക്കാനുപകരിക്കുന്നു. 5. കാച്ചൂ അല്ലെങ്കിൽ കൃപാണം. (കഠാര മുതൽ വാൾ വരെ) ഇതും യുദ്ധത്തിനു കൊള്ളാം. ഇതെല്ലാം ആ കാലത്തേയ്ക്കു വേണ്ടി ഗുരുഗോവിന്ദസിംഹൻ സ്വബുദ്ധിയുപയോഗിച്ച് നടപ്പാക്കിയതാണ്. ഇന്ന് ഇവകൊണ്ട് പ്രയോജനമൊന്നുമില്ല. യുദ്ധത്തിനുവേണ്ടി അന്നു പ്രയുക്തമായവ ഇന്ന് മതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

ഇവർ വിഗ്രഹാരാധന നടത്തുന്നില്ലെങ്കിലും, അതിനു പകരം ഗ്രന്ഥപൂജ നടത്തുന്നുണ്ട്. അചേതനമായ ഏതിന്റെയെങ്കിലും മുൻപിൽ തലകുനിക്കുന്നതും, അതിനെ പൂജിക്കുന്നതുമെല്ലാം വിഗ്രഹാരാധനതന്നെയാണ്. വിഗ്രഹാരാധകർ ഭക്തിക്കച്ചവടം നടത്തി വയറു പിഴയ്ക്കുന്നതുപോലെ ഇക്കൂട്ടരും ചെയ്യുന്നു. പൂജാരികൾ ദർശനം നടത്തിക്കുകയും വഴിപാടുകൾ കഴിപ്പിക്കുകയും ചെയ്യുന്നതുപോലെ നാനക് സമ്പ്രദായക്കാർ ഗ്രന്ഥപൂജ നടത്തുകയും വഴിപാടുകൾ കഴിപ്പിക്കുകയും ചെയ്യുന്നു. വിഗ്രഹാരാധകർ വേദത്തെ ആദരിക്കുന്നത്രയും ഇക്കൂട്ടർ ആദരിക്കുന്നില്ല. ഇവർ വേദങ്ങൾ കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല എന്നു പറയാവുന്നതാണ്. എന്തു ചെയ്യാം. കാണുകയോ കേൾക്കുകയോ ചെയ്യാൻ ഇടവരുന്ന, നിർബന്ധബുദ്ധിയും ദുരാഗ്രഹിയുമല്ലാത്ത ബുദ്ധിമാന്മാരായ ഏതു സമ്പ്രദായക്കാരും വേദമതം സ്വീകരിക്കുകതന്നെ ചെയ്യും. ഇവർ ഭക്ഷണസംബന്ധിയായ ഒട്ടേറെ അനാചാരങ്ങൾ ഇല്ലാതാക്കിയിട്ടുണ്ട്. അതുപോലെ വിഷയാസക്തിയും ദുരഭിമാനവും ത്യജിച്ച് വേദമതത്തെ പോഷിപ്പിച്ചാൽ നന്നായിരിക്കും.

ദാദൂപന്ഥി ഖണ്ഡനം

ചോദ്യം:- ദാദൂപന്ഥിമതം നല്ലതല്ലേ?

ഉത്തരം:- നല്ലത് വേദമാർഗ്ഗമാണ്. സ്വീകരിക്കാനാവുമെങ്കിൽ സ്വീകരിക്കുക. അല്ലെങ്കിൽ സദാ

194. പേജ് 441-3-ാം വരി മുതൽ ഉള്ള ഖണ്ഡിക നോക്കുക.

195. രാജസ്ഥാനിലെ ഉദയപൂർ രാജ്യത്തിലെ ഒരു സാമന്തരാജ്യത്തിന്റെ തലസ്ഥാനം ഭീൽവാഡ എന്ന റെയിൽവേസ്റ്റേഷന് 56 കി.മീ. കിഴക്ക്.

തെറ്റായ മാർഗ്ഗത്തിൽ പെട്ടുപോകും. ദാദൂ ജനിച്ചത് ഗുജറാത്തിലാണ്. പിന്നീട് ജയപൂരിനടുത്തുള്ള ആമേരിൽ പാർത്തു. എണ്ണക്കച്ചവടമായിരുന്നു ജോലി. ഈശ്വരസൃഷ്ടിയിലെ വിചിത്ര ലീലകളിൽ ഒന്നാണ് ദാദൂജിയെ പൂജിക്കാനാരംഭിച്ചത്. ഇദ്ദേഹത്തിന്റെ ശിഷ്യന്മാർ വേദാദി ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളതെല്ലാം വെടിഞ്ഞ് 'ദാദൂറാം, ദാദൂറാം' ജപത്തിൽ മാത്രം മുക്തി കണ്ടെത്തുന്നു. സത്യോപദേശകരില്ലാതെ വരുമ്പോൾ ഇത്തരം അന്ധവിശ്വാസങ്ങളുണ്ടാകും.[194]

രാമസ്നേഹി മതം.

കുറച്ചു കാലം മുൻപ് രാമസ്നേഹി എന്നൊരു മതം ശാഹ്പുര[195]യിൽ ജന്മമെടുത്തു. അവർ വേദോക്തമായ ധർമ്മങ്ങളെല്ലാം വെടിഞ്ഞ് 'രാമ-രാമ' ജപിക്കുന്നതു തന്നെ ശ്രേഷ്ഠമെന്നും അതിലാണ് ജ്ഞാന ധ്യാനമുക്തികളെന്നും വിശ്വസിക്കുന്നു. പക്ഷേ വിശക്കുമ്പോൾ രാമനാമത്തിൽ നിന്നു ഊണ് ലഭിക്കുകയില്ല. ഭക്ഷ്യപേയങ്ങൾ ഗൃഹസ്ഥരുടെ പക്കൽ നിന്നേ കിട്ടൂ. അവരും വിഗ്രഹാരാധനയെ എതിർക്കുന്നു. എന്നാൽ ഓരോരുത്തരും സ്വയം വിഗ്രഹങ്ങളാവുകയാണ്. ഇക്കൂട്ടർ സദാ സ്ത്രീകളുമായാണ് സഞ്ചാരം. എന്തെന്നാൽ രാമന് 'രാമി' ഇല്ലെങ്കിൽ ആനന്ദലബ്ധിയില്ല. രാമസ്നേഹിമതത്തെപ്പറ്റി ചില വിവരങ്ങളെഴുതാം. സന്ത്ദാസ്ജി എഴുതിയ, രാമസ്നേഹികളുടെ ഒരു ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"ഭരമ് രോഗ് സബ്ഹീ മിട്യാ, രട്യാ നിരഞ്ജന് രാജു, തബ് ജമ് കാകാഗജ് ഫട്യാ കട്യാ കർമ്തബ് ജാഇ (നിരഞ്ജന രാമനാമം ജപിച്ചപ്പോൾ അജ്ഞാനം- ഭ്രമം നശിച്ചു. അപ്പോൾ യമന്റെ നിയമപാശം പൊട്ടി, കർമ്മബന്ധവും അറ്റുപോയി) 'രാമ രാമ' എന്നു ജപിച്ചാൽ ഭ്രമം-അജ്ഞാനം-അകലുമോയെന്നും പാപത്തിനു തക്ക ശിക്ഷയെന്ന യമനീതിയും, ചെയ്ത കർമ്മത്തിൽ നിന്നു വിടുതലും ലഭിക്കുമോയെന്നും ബുദ്ധിമാന്മാർ ചിന്തിക്കട്ടെ ഇതെല്ലാം മനുഷ്യനെ പാപത്തിൽ കുടുക്കുന്നതിനും മനുഷ്യജന്മം നഷ്ടമാക്കുന്നതിനുമേ കൊള്ളാവൂ. ഇവരുടെ മുഖ്യഗുരുവായിരുന്നു രാമ്ചരൺ. അദ്ദേഹത്തിന്റെ വാക്കുകൾ:-

മഹമാ നാംവ പ്രതാപ്കീ സുണൗ സരമണ് ചിത് ലാഇ. രാമചരണ് രസനാ രടൗ ക്രമ് സകല് ഝട് ജാഇ. ജിന് ജിന് സുമര്യാ നാംവ് കൂം സോസബ് ഉതര്യാ പാര്. രാമ്ചരൺ ജോ വീസര്യാ, സോഹീ ജമ് കേ ദ്വാര്. രാമ്വിനാ സബ് ഝുഠ് ബതായോ. രാമ് ഭജത് ഛൂട്യാ സബ്ക്രമ്മാ ചന്ദ് അരു സൂര് ദേഇ പരകമ്മാ. രാമ് ഹേം തിനകും ഭൈനാഹിം തീന് ലോക്മേം കീരതി ഗാഹീം. രാമ് രടത് ജമ് ജോർ ന ലാഗൈ. രാമ് രാമ് ലിഖ് പത്ഥർ തരായി. ഭഗതി ഹോതി ഔതാര് ഹി ധർഹി ഊംച് നീച കുലഭേദ വിചാരൈ, സോതോ ജനമ ആപണോ ഹാരൈ സംസാം കൈ കുല് ദീസൈ നാഹീം, രാമ രാമ കഹ് രാമ് സം ഹാമ്ഹീം. ഐസോ കുണ ജോ കീർതി ഗാവൈ ഹരിഹരിജന കൗ പാര ന പാവൈ രാമ സംതാം കാ അന്ത ന ആവൈ ആപ് ആപ്കീ ബുദ്ധി സമ ഗാവൈ.

"നാമം ജപിക്കുന്നതിന്റെ പ്രയോജനം ശ്രദ്ധയോടെ കേൾക്കുക. രാമചരണ നാവ് നിങ്ങളോടൊപ്പം ജപിക്കുന്നു. അത് കഴിഞ്ഞ കർമ്മങ്ങളെയെല്ലാം ഇല്ലാതാക്കും. ജപിച്ചവരെല്ലാം അക്കരെ കടന്നു. മറന്നവരെല്ലാം യമന്റെ സന്നിധിയിലേക്കും ആനയിക്കപ്പെട്ടു. രാമനല്ലാത്തതെല്ലാം മിഥ്യയാണ്. എല്ലാ കർമ്മങ്ങളും രാമസ്മരണയിൽ നശിക്കുന്നു. സൂര്യ ചന്ദ്രന്മാർ ജപക്കാരനു ചുറ്റും ഭ്രമണം ചെയ്യുന്നു. രാമനെന്നു പറയുന്നവന് ഭയം വരില്ല. ത്രിലോകങ്ങളും അവനെ കീർത്തിക്കുന്നു. നിങ്ങൾ രാമനെന്നു ജപിക്കൂ. ലോകം, ഒരു ചുക്കും ചെയ്യുകയില്ല. രാമ രാമ എന്നെഴുതിയ കല്ല് ജലത്തിൽ പൊങ്ങിക്കിടക്കും. രാമൻ അവതരിച്ചത് സ്വഭക്തസംരക്ഷണത്തിനാണ്. ഉച്ചനീചത്വങ്ങൾ ചിന്തിക്കുന്ന കുടുംബഭേദം ചിന്തിക്കുന്ന ആൾ അവന്റെ ജന്മം മുടിക്കുന്നു. സംന്യാസികളെ സംബന്ധിച്ച് കുടുംബം അപ്രസക്തം. അവർ രാമ രാമ എന്നു ജപിക്കുകയും രാമനിൽ ലയിക്കുകയും ചെയ്യുന്നു. ആർക്കും രാമനാമ മഹത്വം മുഴുവൻ പ്രകടിപ്പിക്കാനാവില്ല. ഹരിയുടെ മഹത്വം അളക്കാനാവില്ല. രാമൻ പറയുന്നു - സന്തുക്കളുടെ ശക്തി അന്തമറ്റതാണ്. ഓരോരുത്തരും അവനവന്റെ ശക്തിക്കൊത്ത് പാടുന്നു.

രാമചരണന്റെ പുസ്തകം നോക്കുമ്പോൾ മനസ്സിലാക്കാവുന്ന കാര്യമാണ്, ഈ മനുഷ്യൻ ഒരു സാധാരണ ഗ്രാമീണനായിരുന്നു എന്നത്. പഠിപ്പില്ലാത്തയാൾ. അല്ലെങ്കിൽ ഇങ്ങനെയൊക്കെയുള്ള അസംബന്ധം എഴുതിപ്പിടിപ്പിക്കുമായിരുന്നോ? രാമ രാമ എന്നു പറയുന്നതുകൊണ്ട് കർമ്മ

196. ഖേഡാപാ രാമസ്നേഹികളുടെ കേന്ദ്രമാണ്. രാജസ്ഥാനിലെ നാഗൗർജില്ലയിലെ ഒരു സാധാരണ ഗ്രാമമാണിത്.



ത്തിൽനിന്ന് മുക്തരാകാമെന്നു പറയുന്നത് വെറും ഭ്രമമാണ്. ഇത് തന്റേയും മറ്റുള്ളവരുടെയും ജന്മം പാഴാക്കാനേ കൊള്ളാവൂ. യമഭയം മഹാഭയം തന്നെയെങ്കിലും, രാപകൽ രാമ രാമ എന്നു ജപിച്ചുകൊണ്ടിരുന്നാലും, കള്ളന്മാർ, കൊള്ളക്കാർ, വ്യാഘ്രം, സർപ്പം, തേൾ, കൊതുക് മുതലായവയോടുള്ള ഭയം വിട്ടുപോകുന്നില്ല. ശർക്കര, ശർക്കര എന്നു പറഞ്ഞാൽ മധുരിക്കാത്തതുപോലെ സത്യഭാഷണം മുതലായവ ചെയ്യാതെ രാമ രാമ എന്നു ജപിക്കുന്നതുകൊണ്ട് ഒന്നും നേടാനാകുന്നില്ല. രാമ രാമ എന്നു പറയുന്നത് രാമൻ കേൾക്കുന്നില്ലെങ്കിൽ ജീവിതം മുഴുവൻ അങ്ങനെ പറഞ്ഞാലും രാമൻ കേൾക്കുകയില്ല. അഥവാ കേട്ടാൽ പിന്നീട് വിളിക്കുന്നതും വ്യർഥമാണ്. ഇവർ വയറ്റിപ്പിഴപ്പിനു വേണ്ടിയും അന്യരുടെ ജന്മം പാഴാക്കികളയുന്നതിനു വേണ്ടിയും ഉണ്ടാക്കിവച്ച അർത്ഥഹീനമായ ഏർപ്പാടാണിത്. പേര് രാമസ്നേഹിയന്ന്!. വാസ്തവത്തിൽ ഇവർ രാസസ്നേഹികളാണ്. ഇവർക്കു ചുറ്റും സദാ വേശ്യകൾ വിലസുന്നതു കാണാം. ഇങ്ങനെയെല്ലാമുള്ള അനാചാരങ്ങൾ പ്രചരിക്കാതിരുന്നുവെങ്കിൽ ആര്യവർത്തത്തിന് ഈ ദുർഗതി സംഭവിക്കുകയില്ലായിരുന്നു. ഇവർ ശിഷ്യന്മാരെ എച്ചിൽ തീറ്റുന്നു. സ്ത്രീകൾപോലും ഇവരെ സാഷ്ടാംഗം നമസ്കരിക്കുന്നു. ഏകാന്തമായി സ്ത്രീകൾ സന്യാസിമാരുമായി സഹവസിക്കുന്നു. ഇവരുടെ മറ്റൊരു ശാഖ മാർവാഡ് ദേശത്തിലെ 'ഖേഡാപാ'[196] എന്ന ഗ്രാമത്തിൽ ഉണ്ടായി. അവരുടെ കഥയിപ്രകാരമാണ്:-

ചെരുപ്പുകുത്തിയായ രാമദാസൻ മഹാ കൗശലക്കാരനായിരുന്നു. ഇയാൾക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു. അയാൾ വളരെക്കാലം അവധൂതനേപ്പോലെ നായ്ക്കളുടെ ഭക്ഷണം കഴിയ്ക്കുകയും മറ്റും ചെയ്തിരുന്നു. പിന്നീട് വാമമാർഗിയും രാമദേവന്റെ കാമഡിയയും[197] ആയി. ഇയാളുടെ ഭാര്യമാരും കൂടെപ്പാടുമായിരുന്നു. അങ്ങനെ ചുറ്റിക്കറങ്ങി സീഥൽ ഗ്രാമത്തിൽ[198] ചെരുപ്പുകുത്തിയുടെ ഗുരുവായ ഹരരാമദാസിന്റെ അടുക്കൽ എത്തി. രാമദേവമതം ഉപദേശിച്ച് രാമദാസിനെ ശിഷ്യനാക്കി. രാമദാസൻ ഖേഡാപായിൽ ചെന്ന് അവിടം കേന്ദ്രമാക്കി മതപ്രചരണം തുടങ്ങി.

അങ്ങ് ശാഹ്പുരയിൽ ചെന്ന് രാമചരൺ തന്റെ മതം പ്രചരിപ്പിച്ചു. ഇയാൾ വ്യാപാരിയായിരുന്നു. (ബനിയാ.) ദാംതഡാ[199] ഗ്രാമത്തിലെ ഒരു സന്യാസിയിൽ നിന്ന് കാവി വാങ്ങി ധരിച്ച് അയാളെ ഗുരുവാക്കി. ശാഹ്പുരയിൽ ചെന്ന് അവിടെ പാർപ്പുറപ്പിച്ചു. കളങ്കമില്ലാത്ത പാവങ്ങളെ വേഗം വശത്താക്കാൻ കഴിയുന്നതിനാൽ ഇയാൾ ഇവിടെ വേരുറപ്പിച്ചു. ജനങ്ങൾ രാമചരണന്റെ വാക്കുകൾ ശ്രേഷ്ഠമായി കരുതുന്നു. ഇവർക്ക് ഉച്ച നീച ഭേദമില്ല. ബ്രാഹ്മണനും അന്ത്യജനും ഒരുപോലെ ശിഷ്യത്വം സ്വീകരിക്കാം. ഇപ്പോഴും അവർ കുണ്ഡാപന്ഥികളെപ്പോലെയാണ്. കുണ്ഡ (മൺചട്ടി)യിലാണ് ഭക്ഷണം കഴിക്കുന്നത്. വേദധർമ്മത്തിൽ നിന്നും, മാതാപിതാക്കളിൽ നിന്നും ലൗകിക വ്യവഹാരങ്ങളിൽ നിന്നും പിന്തിരിപ്പിച്ച് ശിഷ്യരാക്കുന്നു. രാമനാമം മഹാമന്ത്രമാണെന്ന് കരുതുന്നു. ഇതാണ് ഛുഛ്മ (സൂഷ്മ) വേദമെന്നവർ പറയുന്നു. 'രാമരാമ' ജപിച്ചാൽ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും. ഇതല്ലാതെ വേറെ മുക്തിമാർഗമില്ല. ശ്വാസപ്രശ്വാസത്തിലൂടെ രാമ രാമ പറയാൻ ഉപദേശിക്കുന്ന ആളിനെ സത്യഗുരു എന്നു പറയുന്നു. സത്യഗുരു ഈശ്വരനെക്കാൾ വലിയ ആളാണ്. അയാളുടെ പ്രതിമയെ പൂജിക്കുന്നു. സംന്യാസിമാരുടെ കാൽ കഴുകിക്കുടിക്കുന്നു. ഗുരുവിന്റെ അടുത്തുനിന്നു ദൂരെയെങ്ങാനും പോകുമ്പോൾ ഗുരുവിന്റെ നഖമോ മുടിയോ കൈവശം വയ്ക്കുന്നു. ഗുരുവിന്റെ ചരണാമൃതം നിത്യവും സേവിക്കണം. രാമദാസന്റെയും ഹരരാമദാസന്റെയും വാക്കുകളെ വേദത്തേക്കാൾ പ്രാമണികമായി കരുതുന്നു. അതടയങ്ങിയ ഗ്രന്ഥത്തെ പ്രദക്ഷിണം വച്ച് എട്ടുതവണ സാഷ്ടാംഗം നമസ്കരിക്കുന്നു. ഗുരു അടുത്തുണ്ടെങ്കിൽ സാഷ്ടാംഗം നമസസ്കരിച്ചുപചരിക്കണം. സ്ത്രീപുരുഷഭേദമെന്യേ രാമരാമ എന്ന മന്ത്രം ഉപദേശിച്ചു കൊടുക്കുന്നു. നാമസ്മരണയിലൂടെ മാത്രം മംഗളമുണ്ടാകയും പഠിച്ചാൽ പാപമുണ്ടാകുകയും ചെയ്യുമത്രേ. ഇതിന് പ്രമാണമുണ്ടാക്കിയിട്ടുണ്ട്.

पण्डिता ईशुपानेपढी ता पुरबलो

197. രാജപൂട്ടാണിയിലെ ചെരുപ്പു കുത്തികൾ മഞ്ഞവസ്ത്രം ധരിച്ച് 'ശബ്ദ' മെന്ന് അവർ പറയുന്ന പാട്ടുകൾ - രാമദേവന്റെയും മറ്റും -പാടി നടക്കും. ഇവരെ കാമഡിയ എന്നു പറയുന്നു.

198. ജോധ്പൂരിനടുത്തുള്ള വലിയൊരു ഗ്രാമം.

199. ഫുലേരാ-കിശൻഗഢ സ്റ്റേഷനുകൾക്ക് മധ്യേ ഈ പേരിൽ സ്റ്റേഷനുണ്ട്.

200. വേദവിരുദ്ധ ഖണ്ഡനമെന്ന പുസ്തകത്തിൽ വല്ലഭ മതത്തെപ്പറ്റി ഗ്രന്ഥകാരൻ വിസ്തരിച്ചെഴുതിയിട്ടുണ്ട്. ഈ പുസ്തകം പ്രകാശിപ്പിച്ചതിനേ തുടർന്ന് മഹർഷിയെ വധിക്കാൻ വല്ലഭ മതക്കാർ തയ്യാറായി.

പാപ് രാമരാമ സുമര്യാം വിനാം രഇഗ്യൗ രീതോ ആപ് വേദപുരാണ പന്ഥേ പന്ഥേ ഗീതാ രാമഭ ജന ബിന്രഇ ഗയേ ഗീതാ.

(പഠിപ്പ് അഴുക്കുതീറ്റിയാണ്. കഴിഞ്ഞ കർമങ്ങൾക്ക് ഫലം ലഭിക്കും. രാമനാമം ജപിക്കാത്തവൻ ശുദ്ധശൂന്യനത്രേ. നിങ്ങൾ വേദം പുരാണം, ഗീത എന്നിവ പഠിച്ചാലും രാമനാമം ജപിക്കാത്ത പക്ഷം ശുദ്ധശൂന്യനത്രേ.)

ഇങ്ങമെയുള്ള പുസ്തകങ്ങളാണ് ഉണ്ടാക്കിവച്ചിരിക്കുന്നത്. സ്ത്രീ, ഭർത്താവിനെ ശുശ്രൂഷിക്കുന്നത് പാപമാണെന്നും ഗുരുവിനെയും സന്യാസിമാരെയും പൂജിക്കുന്നതാണ് ധർമമെന്നും പഠിപ്പിക്കുന്നു. വർണാശ്രമത്തെ അംഗീകരിക്കുന്നില്ല. ബ്രാഹ്മണൻ 'രാമസ്നേഹി'യല്ലെങ്കിൽ നീചനും ചണ്ഡാലനും, രാമസ്നേഹിയാണെങ്കിൽ ഉത്തമനാണെന്നും ഗണിക്കുന്നു. ഈശ്വരൻ അവതരിക്കുമെന്നു വിശ്വസിക്കുന്നില്ലെന്നു പറയുന്നെങ്കിലും ഭഗതി ഹേതി ഔതാരഹി ധരഹി (രാമനവതരിച്ചത് സ്വഭക്ത സംരക്ഷണത്തിനാണ്) എന്ന രാമാചരണ വാക്യം മുമ്പെവുതിയിട്ടുണ്ട്. ആര്യവർത്തത്തിനു നാശകരമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കൊണ്ട് ആദ്യന്തം നിറഞ്ഞതാണ് ഇവരുടെ മതം.

വല്ലഭ സമ്പ്രദായം

ചോദ്യം:- ഗോകുലവാസികളായ ഗോസായികളുടെ മതം[200] വളരെ നല്ലതാണല്ലോ. എന്ത് ഐശ്വര്യമാണ് ഇവരനുഭവിക്കുന്നത്. ഇത് അത്ഭുതശക്തികൊണ്ടല്ലാതെ സാധിക്കുമോ?

ഉത്തരം:- ഇത് ഗൃഹസ്ഥരുടെ ഐശ്വര്യമാണ്. ഗോസായികളുടേതല്ല.

ചോദ്യം:- കൊള്ളാം! കൊള്ളാം! ഗോസായികളുടെ പ്രതാപത്തിൽ നിന്നാണീ ഐശ്വര്യം, അല്ലെങ്കിൽ മറ്റുള്ളവർക്കും ഈ ഐശ്വര്യം ലഭിക്കാത്തതെന്താണ്?

ഉത്തരം:- മറ്റുള്ളവരും ഇവരെപ്പോലെ കാപട്യങ്ങൾ ചെയ്താൽ ഐശ്വര്യവാൻമാരാകുമെന്നതിനെന്താണ് സംശയം? ഇവരോടൊപ്പമോ ഒട്ടധികമോ ആകാം.

ചോദ്യം:- അതുകൊള്ളാം! ഇവരിലെന്താണ് കാപട്യം? ഇതെല്ലാം ഗോലോക ലീലയാണ്.

ഉത്തരം: ഗോലോക ലീലയല്ല, ഗോസായിലീലയാണ്. ഗോലോക ലീലയാണെങ്കിൽ ഗോലോകവും ഇതുപോലെയായിരിക്കും.

ഈ മതം തെലുഗുനാട്ടിൽ നിന്നാണ് പ്രചരിച്ചത്. തെലുങ്കനായ ലക്ഷ്മണഭട്ട് എന്ന ബ്രാഹ്മണൻ വിവാഹത്തിനു ശേഷം ഏതോ കാരണത്താൽ മാതാപിതാക്കളേയും ഭാര്യയേയും വെടിഞ്ഞ് കാശിക്കുപോയി. വിവാഹിതനന്നു കള്ളം പറഞ്ഞ് അവിടെച്ചെന്ന് സംന്യസിച്ച് ഇയാൾ സംന്യാസിയായ വിവിരം എങ്ങനെയോ വീട്ടുകാർ അറിഞ്ഞു. അച്ഛനമ്മമാരും ഭാര്യയും കൂടി കാശിയിൽ ചെന്ന് സംന്യാസംകൊടുത്തയാളിനോട് യുവതിയായ ഭാര്യയുള്ള ഇയാൾക്ക് സംന്യാസം കൊടുത്തതെന്തിനെന്നു ചോദിച്ചു. ഭർത്താവിനെ സംന്യാസത്തിൽനിന്നു വിടുവിക്കാത്ത പക്ഷം തനിക്കുകൂടി സംന്യാസം തരണമെന്നായി ആ സ്ത്രീ. അപ്പോൾ ശിഷ്യനെ വിളിച്ച് ഗുരു പറഞ്ഞു:- "നീ മഹാകള്ളനാണ്. സംന്യാസം ഉപേക്ഷിച്ച് ഗൃഹസ്ഥിയാകണം. നീ കല്യാണം കഴിച്ചിട്ടില്ലെന്ന് കള്ളംപറഞ്ഞാണ് സംന്യാസം സ്വീകരിച്ചത്". അയാൾ സംന്യാസം വിട്ട് വീണ്ടും ഗൃഹസ്ഥാശ്രമിയായി. നോക്കൂ ആ മതത്തിന്റെ തുടക്കംതന്നെ കള്ളത്തിൽനിന്നാണ്. തെലുഗുനാട്ടിൽ ചെന്നപ്പോൾ ഇയാളെ ജാതിയിൽ കൂട്ടിയില്ല. അപ്പോൾ അവിടംവിട്ട് ചുറ്റിക്കറങ്ങാൻതുടങ്ങി. കാശിക്കടുത്ത് ചരണാർഗഡ് എന്ന ഗ്രാമത്തിനടുത്തുള്ള ചമ്പാരണ്യം[201] എന്ന കാട്ടിൽ ഇയാൾ പോകുക പതിവായിരുന്നു. ആരോ ഒരു കുട്ടിയെ കാട്ടിലുപേക്ഷിച്ചു നാലുപാടും അകലെയകലെ തീവച്ചു സ്ഥലം വിട്ടു. ഉടനെയെങ്ങും കുട്ടിയെ കൊല്ലരുതെന്ന് കരുതിയാണ് തീയെരിച്ചത്. ലക്ഷ്മണഭട്ടും ഭാര്യയും ഈ കുട്ടിയെ എടുത്ത് മകനാക്കി വളർത്തി. പിന്നെ കാശിയിൽ ചെന്നു പാർത്തു.

കുട്ടി പ്രായമായതോടുകൂടി അച്ഛനമ്മമാർ മരിച്ചു. ചെറുപ്പം മുതൽ യുവാവാകുന്നതുവരെ ഇയാൾ കാശിയിൽ വിദ്യാഭ്യാസം ചെയ്തിരുന്നു. പിന്നീട് എങ്ങോചെന്ന് വിഷ്ണുക്ഷേത്രത്തിലെ സേവകനായി. എന്തോ ചില കുഴപ്പങ്ങൾ കാരണം വിഷ്ണുക്ഷേത്രം വിട്ട് വീണ്ടും കാശിയിൽ ചെന്നു സംന്യസിച്ചു. അവിടെ ഭ്രഷ്ടനായ മറ്റൊരു ബ്രാഹ്മണൻ സ്വപുത്രിയോടൊപ്പം വസിച്ചിരുന്നു. അയാൾ നമ്മുടെ സംന്യാസിയോട് സംന്യാസം വിട്ട് മകളെ വേൾക്കാനാവശ്യപ്പെട്ടു. അയാൾ അതനുസരിച്ചു. അച്ഛൻ ചെയ്തതുപോലെ മകൻ

201. ശ്രീ രാമദാസ് ഗൗഡയുടെ 'ഹിന്ദുത്വ' എന്ന പുസ്തകത്തിൽ ശ്രീ വല്ലഭാചാര്യനെപ്പറ്റി പ്രസ്താവിക്കുന്നിടത്ത് ചമ്പാരണ്യം മധ്യപ്രദേശിലെ റായ്പൂർ ആണെന്ന് പറയുന്നു.



ചെയ്തതിൽ എന്തതിശയം? അയാൾ ഭാര്യയേയുംകൊണ്ട് ആദ്യത്തെ വിഷ്ണുക്ഷേത്രത്തിൽ ചെന്നു. വിവാഹം ചെയ്തതുകൊണ്ട് അവിടെ കയറ്റിയില്ല. പിന്നീട് അവിദ്യ സ്ഥിര താമസമാക്കിയിട്ടുള്ള വ്രജദേശത്തു ചെന്നു. അവിടടെ വിവിധ കപടയുക്തികൾ പ്രയോഗിച്ച് ആളുകളെ വ്യാമോഹിപ്പിച്ച് മിഥ്യകൾ പ്രചരിപ്പിച്ചു. "**ശ്രീകൃഷ്ണൻ എന്നെ കണ്ടു; ഗോലോകത്തുനിന്നു മർത്യലോകത്തു വന്നിട്ടുള്ള ദിവ്യ ജീവാത്മാക്കളെ ബ്രഹ്മ സംബന്ധം മുതലായവയാൽ പവിത്രമാക്കി ഗോലോകത്തെത്തിക്കുക എന്നരുളിച്ചെയ്തു.**" എന്നിങ്ങനെ പലതരം ഭോഷ്ക്കുകൾ പറഞ്ഞ് പ്രലോഭിപ്പിച്ചു. കുറച്ചുപേരെ അതായത് എൺപത്തിനാലുപേരെ വൈഷ്ണവരാക്കി. ഇനിയെഴുതുന്ന മന്ത്രങ്ങൾ നിർമ്മിക്കുകയും അതിൽ ഭേദങ്ങളുണ്ടാക്കുകയും ചെയ്തു.1) **ശ്രീകൃഷ്ണം ശരണം മമ. 2) ക്ലീം കൃഷ്ണായ ഗോപീ ജനവല്ലഭായ സ്വാഹാ.** ഇവ രണ്ടും സാധാരണ മന്ത്രങ്ങളാണ്. അടുത്ത മന്ത്രമാകട്ടെ ബ്രഹ്മസംബന്ധത്തിനും സമർപ്പണത്തിനും വേണ്ടിയുള്ളതാണ്. **"ശ്രീകൃഷ്ണഃ ശരണം മമ സഹസ്രപരിവത്സര മിതകാലജാതകൃഷ്ണ വിയോഗ ജനിത താപ ക്ളേശാനന്ത തിരോഭാവോ'ഹം ഭഗവതേ കൃഷ്ണായ ദേഹേന്ദ്രിയ പ്രാണാന്തഃകരണ തദ്ധർമാം ശ്ച ദാരാഗാര പുത്രാപ്തവിത്തേ ഹ പരാണ്യാത്മനാ സഹ സമർപയാമി. ദാസോ'ഹം കൃഷ്ണ തവാസ്മി.**

(ശ്രീകൃഷ്ണ ഭഗവാൻ എനിക്കു ശരണം. സഹസ്രവർഷങ്ങളായി താപവും ക്ലേശവും കൃഷ്ണഭഗവാനിൽ നിന്നു വേർപാടും സഹിക്കുന്ന ഞാൻ എന്റെ ശരീരവും ഇന്ദ്രിയങ്ങൾ പ്രാണങ്ങൾ, അന്തഃക്കരണങ്ങൾ അവയുടെ പ്രവൃത്തി, ഭാര്യ, പുത്രൻ, ധനം, ആത്മാവ്, എല്ലാമെല്ലാം അല്ലയോ കൃഷ്ണ ഭഗവാനേ! കൃഷ്ണ കൃഷ്ണ! അങ്ങയ്ക്കു സമർപ്പിച്ചുകൊള്ളുന്നു. ഞാൻ അങ്ങയുടെ ദാസനത്രേ!)

ഈ മന്ത്രം ഉപദേശിച്ച് ശിഷ്യന്മാരെയും ശിഷ്യകളേയും കൊണ്ട് സമർപണം ചെയ്യിക്കുന്നു. 'ക്ളീം കൃഷ്ണായേതി'യിലെ ക്ലീം തന്ത്രഗ്രന്ഥത്തിലേതാണ്. വല്ലഭമതക്കാരും വാമമാർഗികളുടെ വകഭേദമാണെന്ന് ഇതു തെളിയിക്കുന്നു. അതുകൊണ്ടാണ് ഗോസായികളും അധികം സ്ത്രീസംസർഗം ചെയ്യുന്നത്. ഗോപീജനവല്ലഭേതി ശ്രീകൃഷ്ണൻ ഗോപികൾക്കു മാത്രം പ്രിയപ്പെട്ടവൻ ആയിരുന്നുവോ? മറ്റുള്ളവർക്കല്ലേ? സ്ത്രൈണരായിട്ടുള്ള അഥവാ സ്ത്രീസുഖത്തിൽ പെട്ടുപോയവരാണ് സ്ത്രീകൾക്ക് പ്രിയർ. ശ്രീകൃഷ്ണൻ അത്തരക്കാരനായിരുന്നുവോ? സഹസ്രവത്സരഗണന (സഹസ്രപരിസംവത്സരേതി) വെറതേയാണ്. വല്ലഭനും ശിഷ്യന്മാരും സർവ്വജ്ഞരല്ല. ശ്രീകൃഷ്ണവിയോഗം ഉണ്ടായിട്ട് സഹസ്രം വർഷങ്ങളേ ആയിട്ടുള്ളോ? അന്നോ എപ്പോഴോ, വല്ലഭമതം ഇല്ലാതിരുന്നപ്പോൾ. വല്ലഭൻ ജനിക്കുന്നതിനും മുമ്പ്, തന്റെ ദിവ്യജീവാത്മാക്കളെ ഉദ്ധരിക്കുന്നതിന് ആരും വരാഞ്ഞതെന്താണ്. താപവും ക്ലേശവും പര്യായപദങ്ങളാണ്. ഏതെങ്കിലും ഒരു പദം പ്രയോഗിച്ചാൽ മതി. അതുപോലെ 'അനന്ത' എന്ന പ്രയോഗം സഹസ്രത്തിന്റെ കൂടെ അനാവശ്യമാണ്. ഏതെങ്കിലും ഒന്നുതി. അനന്തകാലം വരെ ആച്ഛാദിതമായിരിക്കുന്ന ഒന്നിനെ മോചിപ്പിക്കാൻ വല്ലഭൻ ജനിച്ചു എന്നു പറയുന്നതിൽ എന്താണർത്ഥം? അനന്തത്തിന് അറുതിയില്ലാത്തതെന്നർത്ഥം. അതിനെ എങ്ങനെ മോചിപ്പിക്കും? ഇന്ദ്രിയങ്ങൾ പ്രാണാന്തഃകരണം, അവയുടെ ധർമം. സ്ത്രീ, പദവി, പുത്രൻ, ധനം എന്നിവയെ കൃഷ്ണനർപ്പിക്കുന്നതെന്തിന്? കൃഷ്ണൻ പൂർണകാമനാകയാൽ ദേഹാദികളായവ ഒന്നും ഇച്ഛിക്കുകയില്ല. ദേഹാദികൾ അർപ്പിക്കാനും സാധിക്കുകയില്ല. കാൽനഖാഗ്രം മുതൽ മുടിയറ്റം വരെയുള്ളതാണ് ദേഹം. അതിൽ നല്ലതും ചീത്തയുമായ വസ്തുക്കളുണ്ട്, ആ മലമൂത്രാദികളേയും അർപ്പിക്കുമോ പാപപുണ്യരൂപമായ കർമത്തിന്റെ അർപ്പണം മൂലം അവയുടെ ഫലഭോക്താവും കൂടിയാവില്ലേ ശ്രീകൃഷ്ണൻ? കൃഷ്ണന്റെ പേര് പറയുകയും സ്വയം അർപ്പിക്കുകയും ചെയ്യുകയല്ലേ ഇത്? ദേഹത്തിലുള്ള മലമൂത്രാദികളും ഗോസായി അർപ്പിക്കുന്നില്ലേ? അതോ മധുരമുള്ളതു വിഴുങ്ങി കയ്പ്പുള്ളതു തുപ്പുമോ? ഗോസായിക്കു തന്നെ അർപ്പിക്കണം മറ്റു മതക്കാർക്കു പാടില്ല എന്നെഴുതിയിട്ടുണ്ടല്ലോ? ഇതെല്ലാം കടുത്ത സ്വാർത്ഥതയാണ്. പരധനം അപഹരിക്കുന്നതിനും, വേദോക്ത ധർമ്മത്തെ നശിപ്പിക്കുന്നതിനും ഉള്ള ലീലാവിലാസങ്ങളാണ്. ഈ വല്ലഭ പ്രപഞ്ചം കാണുക.

1. ശ്രാവണസ്യാമലേപക്ഷേ ഏകാദശ്യാം മഹാനിശി, സാക്ഷാദ്ഭഗവതാ പ്രോക്തം തദക്ഷരശ ഉച്യതേ.

2. ബ്രഹ്മസംബന്ധകരണാത് സർവേഷാം ദേഹജീവയോഃ, സർവദോഷ നിവൃത്തിർഹി ദോഷാഃ പഞ്ചവിധാഃ സ്മൃതാഃ

3. സഹജാ ദേശകാലോത്ഥാ ലോകവേദ നിരൂ

പിതാഃ, സംയോഗജാഃ സ്പർശജാശ്ച ന മന്തവ്യാഃ കദാചന.

4. അന്യഥാ സർവ ദോഷാണാം ന നിവൃത്തിഃ കഥഞ്ചന, അസമർപിത വസ്തൂനാം തസ്മാ ദ്വർജ്ജനമാചരേത്

5. നിവേദിഭിഃ സമർപൈവ സർവം കുര്യാ ദിതി സ്ഥിതിഃ, ന മതം ദേവ ദേവസ്യ സ്വാമി ഭുക്തി സമർപണമ്.

6. തസ്മാ ദാദൗ സർവ കാര്യേ സർവവസ്തു സമർപണമ്, ദത്താപഹാര വചനം തഥാ ച സകലം ഹരേഃ

7. ന ഗ്രാഹ്യമിതി വാക്യം ഹി ഭിന്നമാർഗപരം മതമ്. സേവകാനാം യഥാ ലോകേ വ്യവഹാരഃ പ്രസിധ്യതി

8. യഥാകാര്യം സമർപൈവ സർവേഷാം ബ്രഹ്മതാതതഃ, ഗങ്ഗാതോ ഗുണദോഷാണാം ഗുണദോഷ വർണനമ്.

ഇവ ഗോസായികളുടെ സിദ്ധാന്ത രഹസ്യാദി ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ളതാണ്. ഇവ ഗോസായിമതത്തിന്റെ മൂലതത്ത്വവുമാണ്. (1) ശ്രാവണമാസം വെളുത്തപക്ഷത്തിലെ ഏകാദശി രാവിൽ സാക്ഷാൽ ഭഗവാൻ പറഞ്ഞത് അക്ഷരം പ്രതി പറയുന്നു: ശ്രീകൃഷ്ണൻ ദേഹം വെടിഞ്ഞിട്ട് അയ്യായിരം വർഷം കഴിഞ്ഞു. അദ്ദേഹത്തെ വല്ലഭൻ ശ്രാവണമാസം അർദ്ധരാത്രിക്ക് എങ്ങനെ കാണും! (2) "ഗോസായീ ശിഷ്യന്മാർ സർവസ്വവും സമർപണം ചെയ്താൽ അവരുടെ ശരീരം ആത്മാവ് എന്നിവയുടെ സർവ്വദോഷങ്ങളും ഇല്ലാതാകും." ഇത് മൂഢന്മാരെ ആകർഷിച്ച് വല്ലഭമതത്തിൽ ചേർക്കാൻവേണ്ടിആവിഷ്കരിച്ച മിഥ്യാവാദമാണ്. ഗോസായീ ശിഷ്യന്മാരുടെയും ശിഷ്യകളുടെയും ദോഷമെല്ലാം നിവൃത്തമാകുമെങ്കിൽ രോഗദാരിദ്ര്യാതി പീഡകളുണ്ടാകുന്നതെങ്ങനെ? ആ പീഡകൾ അഞ്ചുവിധമാണത്രേ! (3) ഒന്ന്, സഹജദോഷം, സ്വാഭാവികമായി കാമക്രോധാദികളാലുണ്ടാകുന്നത്, രണ്ട് – ഏതെങ്കിലും ദേശകാലങ്ങളിൽ വിവധ പാപങ്ങൾ ചെയ്യുന്നത്. മൂന്ന് – ലോകത്തിൽ ഭക്ഷ്യാഭക്ഷ്യങ്ങളെന്നെണ്ണുന്നതും വേദോക്തമായ മിഥ്യാഭാഷണാദികളും, നാല് – സംയോഗജം, ദുഷ്ടസംസർഗ്ഗത്താലുണ്ടാകുന്ന മോഷണം, ജാരവൃത്തി, അമ്മ, ഭഗിനി, പുത്രി, പുത്രവധു, ഗുരുപത്നി മുതലായവരുമായുള്ള സംയോഗദോഷം അഞ്ച് – അസ്പൃശ്യരേ സ്പർശിക്കൽ എന്ന സ്പർശന ജന്യ ദോഷം ഇവയെ ഗോസായീമതക്കാർ ഒരിക്കലും ഗണിക്കേണ്ട, യഥേഷ്ടം പ്രവർത്തിക്കാമെന്നർഥം. (4) "ഗോസായീ മതമല്ലാതെ മറ്റൊന്നുമേ ഈ ദോഷനിവാരണത്തിനുപയുക്തമല്ല അതിനാൽ അതിനാൽ സമർപണം ചെയ്യാത്തതൊന്നും ഗോസായി ഉപഭോഗം ചെയ്യരുത്." ഇതിനാലാവാം ഇവരുടെ ധനവും പത്നി-പുത്രി, പുത്രവധുക്കളെയും സമർപ്പിക്കുന്നത്. ഗോസായിയുടെ ചരണങ്ങളിൽ സമർപ്പിക്കാതെ ആരും സ്വപത്നിയെപ്പോലും സ്പർശിക്കരുതെന്നാണ് നിയമം! (5) അതിനാൽ ഗോസായിക്കു സമർപിച്ചതിനു ശേഷമേയെന്തും അനുഭവിക്കാവൂ. എന്തെന്നാൽ ഉപയോഗിച്ചതൊന്നും സമർപിക്കാവുന്നതല്ല. (6) ഏതു കർമം ചെയ്യുമ്പോഴുംആദ്യം സർവ വസ്തുക്കളും ഗോസായിക്കു സമർപ്പിച്ചതിനു ശേഷമേ ഉടമസ്ഥൻ സ്വീകരിക്കാവൂ. അതുപോലെ സർവവും ആദ്യം വിഷ്ണുവിനു സമർപ്പിച്ചതിനു ശേഷമേ എടുക്കാവൂ. (7) ഗോസായീമതത്തിലേതല്ലാതെ മറ്റു യാതൊരു മതക്കാരുടേയും ഒരു വാക്കുപോലും ഗോസായിശിഷ്യർ കേൾക്കരുത്, സ്വീകരിക്കുകയുമരുത്. ഇത് യഥാർത്ഥ ഗോസായിയുടെ ലക്ഷണമാണ്. (8) ഇപ്രകാരം എല്ലാം സമർപ്പിച്ചിട്ട് അവയുടെ മധ്യത്തിൽ ബ്രഹ്മബുദ്ധി ചെയ്യണം. ഗംഗയിൽ അന്യജലം ചേർന്നാലും അത് ഗംഗാജലമായിത്തീരുന്നു. സ്വമതത്തിൽ ഒട്ടേറെ ഗുണങ്ങളും അന്യമതങ്ങളിൽ ഒട്ടേറെ ദൂഷ്യങ്ങളുമുണ്ട്. അതിനാൽ സ്വമതത്തിലെ ഗുണങ്ങളെപ്പറ്റി വർണ്ണിക്കേണ്ടത് ശിഷ്യന്മാരുടെ കടമയാണ്.

നോക്കൂ! ഗോസായി മതം ഇതരമതങ്ങളേക്കാളെല്ലാം സ്വാർത്ഥപരമല്ലേ? ബ്രഹ്മത്തിന്റെ ഒരു ലക്ഷണം പോലും അറിയാൻ വയ്യാത്ത നിങ്ങളെങ്ങനെ ശിഷ്യഗണങ്ങളെ ബ്രഹ്മസംബന്ധം ചെയ്യിക്കുമെന്ന് ആരെങ്കിലും ചോദിക്കുന്നപക്ഷം ഞങ്ങൾതന്നെയാണ് ബ്രഹ്മമെന്നുത്തരം പറഞ്ഞേക്കും. അപ്പോൾ ബ്രഹ്മത്തിന്റെ ഗുണകർമസ്വഭാവങ്ങളൊന്നുമില്ലാത്ത നിങ്ങൾ കേവലം ഭോഗവിലാസത്തിനുവേണ്ടി ബ്രഹ്മം ചമഞ്ഞിരിക്കുകയാണോയെന്നു ചോദിക്കേണ്ടതാണ്. ശിഷ്യഗണത്തെ തങ്ങൾക്കു സമർപ്പിച്ച് ശുദ്ധരാക്കുന്ന നിങ്ങൾ, നിങ്ങളുടെ ഭാര്യ, പുത്രി, പുത്രവധു, മുതലായവരെ സമർപ്പണം ചെയ്യാത്തതിനാൽ അശുദ്ധരാക്കി വച്ചിരിക്കുകയല്ലേ? അവരെ അന്യമതക്കാർക്ക് സമർപിക്കുക. വയ്യെങ്കിൽ മറ്റുള്ളവരുടെ സ്ത്രീ – പുരുഷ – ധനാദികളെ സമർപണം വാങ്ങുന്ന സമ്പ്രദായം നിർത്തണം. ഇതുവരെ നട



ന്നതൊക്കെ പോകട്ടെ. ഇനിയെങ്കിലും നിങ്ങളുടെ ഈ മിഥ്യാവാദങ്ങളെല്ലാം വെടിഞ്ഞ് സുന്ദരവും ഈശ്വരോക്തവും വേദവിഹിതവുമായ സന്മാർഗ്ഗത്തിൽ വന്ന് മനുഷ്യത്വത്തെ സഫലമാക്കി, ധർമാർഥകാമമോക്ഷങ്ങളാകുന്ന ഫലചതുഷ്ടയത്തെ പ്രാപിച്ച് ആനന്ദമനുഭവിക്കുക.

നോക്കൂ! ഈ ഗോസായികൾ അവരുടെ മാർഗത്തെ പുഷ്ടിമാർഗമെന്നു പറയുന്നു. തിന്നു കുടിച്ച് പുഷ്ടിപ്രാപിച്ച് സകല സ്ത്രീസംഗത്തിലൂടെ യഥേഷ്ടം ഭോഗകേളികളാടുന്നതാണ് ഈ പുഷ്ടിമാർഗം! വലിയ ദുഃഖാദികളായ ഭഗന്ദരം മുതലായ രോഗങ്ങൾ ബാധിച്ച് നീറി നീറി മരിക്കേണ്ടിവരുന്ന കാര്യം അനുഭവിക്കുന്നവരല്ലേ അറിയൂ. സത്യം പറഞ്ഞാൽ ഇത് പുഷ്ടിമാർഗമല്ല. കുഷ്ഠിമാർഗമാണ്. കുഷ്ഠരോഗിയുടെ ശരീരത്തിലെ ധാതുക്കൾ എങ്ങനെയാണോ ഉരുകിയൊഴുകിപ്പോയിട്ട് വിലപിച്ചു മരിക്കുന്നത് അതുപോലെയാണ് ഇവർക്കും സംഭവിക്കുന്നത്. അതിനാൽ നരകമാർഗമെന്നുകൂടി ഇതിനു പേർ പറയുന്നതു. ചേർച്ചയുള്ളതാണ്. എന്തെന്നാൽ ദുഃഖത്തിന്റെ പേര് നരകമെന്നും സുഖത്തിന്റേത് സ്വർഗമെന്നുമാണ്.

ഇപ്രകാരം മിഥ്യാജാലങ്ങൾ ഉണ്ടാക്കി അറിവില്ലാത്ത പാവം മനുഷ്യരെ വലയിൽ കുടുക്കുന്നു. എന്നിട്ട് തന്നെത്താൻ ശ്രീകൃഷ്ണൻ ചമഞ്ഞ് എല്ലാവരുടേയും യജമാനനായി നടിക്കുന്നു. ഗോലോകത്തിൽനിന്ന് ഇവിടെ വന്നിട്ടുള്ള എല്ലാ ദിവ്യാത്മാക്കളേയും ഉദ്ധരിക്കുന്നതിനുള്ള പുരുഷോത്തമ ലീലയാണ് തന്റെ ജന്മമെന്നു പറയുന്നു. നമ്മുടെ ഉപദേശം സ്വീകരിക്കാത്തവർ ഗോലോകം പ്രാപിക്കില്ലെന്നും പേടിപ്പെടുത്തും. അവിടെ പുരുഷനായി ഒരു ശ്രീകൃഷ്ണനും ബാക്കിയെല്ലാം സ്ത്രീകളുമാണ്.

എത്ര വിചിത്രം ഗോസായീമതം! ഗോസായീ ശിഷ്യന്മാരെല്ലാം ഗോപികളായിപ്പോകും. രണ്ടു ഭാര്യമാരുള്ളവന്റെ ഗതി മഹാ ദുർഗ്ഗതിയാണ്. അപ്പോൾ ഒരു പുരുഷന് കോടിക്കണക്കിന് സ്ത്രീകൾ പിന്വേയുണ്ടെങ്കിൽ ദുഃഖത്തിനവസാനമുണ്ടോ! ശ്രീകൃഷ്ണനു തുല്യമായ സാമർഥ്യമുണ്ടെന്നും എല്ലാവരേയും പ്രസന്നചിത്തകളാക്കാൻ കഴിയുമെന്നുമാണെങ്കിൽ അദ്ദേഹത്തിന്റെ അർദ്ധാംഗിനിയായ സ്വാമിനിയ്ക്കും അതേ സാമർത്ഥ്യമുണ്ടായിരിക്കും. അർദ്ധാംഗിനിക്ക് തുല്യ ശക്തി ഉണ്ടാവും. കാമവാസന സ്ത്രീപുരുഷന്മാർക്ക് തുല്യമോ, സ്ത്രീകൾക്കധികമോ ആയി ഈ ലോകത്തിൽ കാണുമ്പോൾ ഗോലോകത്തിലും അപ്രകാരമായിരിക്കുമല്ലോ. അപ്പോൾ അനന്യ സ്ത്രീകളുമായി സ്വാമിനി വളരെയധികം വഴക്കുണ്ടാക്കുന്നുണ്ടായിരിക്കുമല്ലോ? എന്തെന്നാൽ സപത്നീഭാവം വളരെ ചീത്തയാണ്. അങ്ങനെ ഗോലോകം സ്വർഗത്തിനു പകരം നരകമായിക്കാണണം. മഹാ സ്ത്രീഗാമികൾ അധികവും ഭഗന്ദരാദി രോഗപീഡിതരായിരിക്കുന്നതുപോലെയാവാം ഗോലോകത്തിലും! ഛെ ഛെ ഛെ, ഇപ്രകാരമുള്ള ഗോലോകത്തിനേക്കാൾ ഭേദം സാധാരണ മർത്യലോകം തന്നെയാണ്. ഗോസായി ശ്രീകൃഷ്ണൻ ചമഞ്ഞ് അനേകം സ്ത്രീകളുമായി രമിച്ച് ഭഗന്ദര - പ്രമേഹാദി രോഗപീഡിതരാകുന്നെങ്കിൽ ഗോലോകത്തിലെ ശ്രീകൃഷ്ണനും ഇതു സംഭവിച്ചുകൂടേ? ഇല്ലെങ്കിൽ ശ്രീകൃഷ്ണ സ്വരൂപികളായ ഗോസായിമാർ എങ്ങനെ രോഗപീഡിതരാകുന്നു?

ചോദ്യം:- മർത്യലോകത്തിൽ ലീലാവതാരം എടുക്കുന്നതുകൊണ്ടാണ് രോഗം വരുന്നത്. ഗോലോകത്തിൽ രോഗമില്ലാത്തതുകൊണ്ട് ഇത് സംഭവിക്കുകയില്ല.

ഉത്തരം:- **"ഭോഗേ രോഗഭയമ്"**[202] എവിടെ ഭോഗമുണ്ടോ അവിടെ രോഗമുണ്ട്. ശ്രീകൃഷ്ണന് കോടാനുകോടി സ്ത്രീകളിൽ മക്കളുണ്ടാകയില്ലേ? ഉണ്ടാകുന്നെങ്കിൽ എല്ലാം ആണോ അതോ പെണ്ണോ? അതോ രണ്ടുമുണ്ടാകുന്നുവോ? പെണ്ണുതന്നെയാണെങ്കിൽ അവർ ആരെ വിവാഹം ചെയ്യും? അവിടെ ശ്രീകൃഷ്ണനല്ലാതെ മറ്റൊരു പുരുഷനില്ലല്ലോ. ഉണ്ടെങ്കിൽ നിങ്ങൾ നേരത്തെ പറഞ്ഞത് പൊളിയായി. ഇനി ആണുതന്നെയാണെങ്കിലും ഇതുതന്നെ ഫലം. അവർ ആരെ വിവാഹം ചെയ്യും? വീട്ടിൽ തന്നെയോ? അതോ വേറെ വല്ലവരുടേയും പിള്ളേരുണ്ടോ? ഉണ്ടെങ്കിലും ഗോലോകത്തിൽ ഒരേയൊരു ശ്രീകൃഷ്ണൻ മാത്രമാണ് പുരുഷൻ എന്ന പ്രസ്താവം തെറ്റും സന്താനം ഉണ്ടാകുന്നതേയില്ലെന്നാണെങ്കിൽ ശ്രീകൃഷ്ണനിൽ നപുംസകത്വവും സ്ത്രീകളിൽ വന്ധ്യാത്വവും വന്നുകൂടും. ഇതെന്തൊരു ഗോലോകം! ഡൽഹി സുൽത്താന്റെ ബീവികളുടെ പടയോ?

ഇപ്പോൾ ഗോസായിമാർ സ്വശിഷ്യന്മാരുടേയും ശിഷ്യകളുടേയും തനു-മന-ധനങ്ങൾ അർപ്പണം

202. ഭർത്തൃഹരി- വൈരാഗ്യ ശതകം-33

ചെയ്യിക്കുന്നതും ശരിയല്ല. എന്തെന്നാൽ തനു (ശരീരം) വിവാഹാവസരത്തിൽ സ്ത്രീ പുരുഷന്മാർ പരസ്പരം സമർപ്പിച്ചുപോകുന്നതാണ്. മനസാ കട്ടെ വീണ്ടും മറ്റൊരാൾക്കും സമർപ്പിക്കാവുന്നതല്ല. ശരീരത്തോടൊപ്പം അതു സമർപണം ചെയ്തു പോകുന്നു അഥവാ മറ്റാർക്കെങ്കിലും സമർപ്പിക്കുന്നയാൾ വ്യഭിചാരിയായിപ്പോകും. ഇനി ധനം അതും ഇങ്ങനെതന്നെ. അതായത് മനസ്സില്ലാതെ ഒന്നും അർപ്പണം ചെയ്യാൻ സാധ്യമല്ല. ഈ ഗോസായികളുടെ മനോവൃത്തി ശിഷ്യൻ സമ്പാദിക്കും നമ്മൾ സുഖിക്കും എന്നതാണ്. വല്ല ഭസമ്പ്രദായക്കാരായ ഗോസായികൾ തെലുങ്കുദേശത്തില്ല. അവർക്ക് ആരെങ്കിലും അറിയാതെപോലും കന്യാദാനം ചെയ്താൽ ജാതിയിൽനിന്നും ഭ്രഷ്ടു കല്പിക്കും. എന്തെന്നാൽ ഇവർ പതിതരും വിദ്യാഹീനരും രാപകൽ തെറ്റുകളിൽ മുഴുകികഴിയുന്നവരുമാണ്.

ഗോസായിയെ വീട്ടിൽ ക്ഷണിച്ചു വരുത്തിയാൽ ആ വീട്ടിൽ ചെന്ന് മരപ്പാവപോലെ അനങ്ങാതിരിക്കും. അനങ്ങുകയോ മിണ്ടുകയോ ഇല്ല. വല്ലതും പറഞ്ഞുപോയാൽ മണ്ടനായാലോ? മൂർഖാണാംബലം മൗനമ് (മൂഢന് ബലം മൗനം). മിണ്ടിയാൽ പൂച്ച് പുറത്താകും. എന്നാൽ സ്ത്രീകളുണ്ടെങ്കിൽ അവരെ മിഴിച്ചു നോക്കിയിരിക്കും. ഗോസായി നോക്കുന്നവർ ഭാഗ്യമുള്ളവരാണെന്നത്രേ വിശ്വാസം. നോട്ടം ലഭിക്കുന്നവരുടെ ഭർത്താവും, സഹോദരരും, ബന്ധുക്കളും, മാതാപിതാക്കളും വളരെ സന്തുഷ്ടരാകുന്നു. സ്ത്രീകൾ ഗോസായിയുടെ കാൽതൊട്ട് വന്ദിക്കും. ഗോസായിക്ക് മനസ്സിനിഷ്ടപ്പെടുന്നവരുടെ വിരലിൽ കാൽ അമർത്തും. അത് എല്ലാവരും ഭാഗ്യമാണെന്നു കരുതും. ആ സ്ത്രീയെ ഭർത്താവ് ഉൾപ്പെടെയുള്ളവർ ചേർന്ന് ഗോസായിയുടെ ചരണസേവനത്തിനയയ്ക്കുകയും ചെയ്യും. എങ്ങാനും വീട്ടുകാർക്ക് ഇഷ്ടമല്ലെന്നു വന്നാൽ തന്റെ പിണിയാളുകൾ മുഖേന കാര്യം സാധിക്കും. സത്യം പറഞ്ഞാൽ ഇത്തരം പിണിയാളുകൾ അവരുടെ ക്ഷേത്രത്തിനു ചുറ്റും എമ്പാടും പാർപ്പുണ്ട്.

ഇവരുടെ ദക്ഷിണ വാങ്ങൽ രീതിയും രസകരമാണ്. ഇങ്ങനെ ചോദിക്കും. "കൊണ്ടുവാ ദക്ഷിണ ഗോസായിക്ക്. ഭാര്യയ്ക്ക്, മകന്, മകൾക്ക്, ശേവുകപ്രധാനിക്ക്, പാറാവുകാരന്, ഗായകന്, വിഗ്രഹത്തിന്". ഗോസായി ഉൾപ്പെടെയുള്ള ഈ ഏഴുപേരാണ് പീടിക തുറന്നുവച്ച് ദക്ഷിണ വാങ്ങി പുണ്യം വില്ക്കുന്നതെന്നു താല്പര്യം. ഗോസായിയുടെ ഏതെങ്കിലും ഭൃത്യൻ മരിക്കാറായാൽ അവന്റെ നെഞ്ചത്ത് ഗോസായി കാല് വയ്ക്കും. കിട്ടുന്നത് അടിച്ചെടുക്കും. ഇത് മഹാബ്രഹ്മണ[203]ന്റേയോ ചുടലക്കാരന്റേയോ, മൃതബലിയിടുവിക്കുന്നവന്റേയോ പണിക്കു തുല്യമല്ലേ?

ചില ശിഷ്യന്മാർ ഗോസായിയെ വിളിച്ച് മക്കളുടെ വിവാഹച്ചടങ്ങിൽ പാണിഗ്രഹണം, നടത്തിക്കുന്നു. ഇതിന് ഗോസായിയുടെ ദേഹത്ത് കുങ്കുമം പൂശുന്നു. പൂശുന്നതും സ്ത്രീകളാണ്. പിന്നീട് ഒരു വലിയ പാത്രത്തിൽ പലകയിട്ട് ഗോസായിയെ ഇരുത്തി, സ്ത്രീപുരുഷന്മാർ ചേർന്ന് വിശേഷിച്ചും സ്ത്രീകൾ കുളിപ്പിക്കുന്നു. കുളികഴിഞ്ഞ് പീതാംബരമുടുത്ത് മെതിയടിയിൽ കയറുന്നതിനു മുമ്പ് കൗപീനം പാത്രത്തിലിടുന്നു. പാത്രത്തിലെ ജലം തീർത്ഥജലമായി ശിഷ്യവർഗ്ഗം അചമനം ചെയ്യും. പിന്നീട് വിശേഷാൽ തയ്യാറാക്കിയ താംബൂലം ഗോസായിക്കു നല്കുന്നു. ഇത് തിന്ന് ഒരു ഭാഗം കൊത്ത് വെള്ളിപ്പാത്രത്തിൽ തുപ്പുന്നു. ഇതിന് മഹാപ്രസാദമാണെന്നാണ് പറയുന്നത്! ഇവർ എന്തുതരം മനുഷ്യരാണെന്ന് ആലോചിക്കുക. മൂഢതയും അനാചാരവും ഇത്രകണ്ടാകാമോ? പലരിൽനിന്ന് സമർപ്പണം വാങ്ങും. എങ്കിലും വൈഷ്ണവരുടെ ഭക്ഷണമേ കഴിക്കൂ! ചിലർ അതുമില്ല. അയിത്തം ഓർത്തു വിറകുപോലും കഴുകിയേ എടുക്കൂ! എന്നാൽ ഗോതമ്പ്മാവ്, ശർക്കര, പഞ്ചസാര, നെയ്യ്, മുതലായവ കഴുകാറില്ല. അല്ലാതെതന്നെ അവയുടെ 'അശുദ്ധം' പോകുമത്രേ. അല്ലാതെ എന്തു ചെയ്യും! ഇവ കഴുകിയാൽ നഷ്ടപ്പെട്ടുപോകില്ലേ? ഞങ്ങൾ

203. മഹാബ്രാഹ്മണൻ എന്നതിന് ഇപ്പോൾ മൃതശരീരത്തിൽനിന്ന് തുണിയെടുക്കുന്ന വ്യക്തിയെന്നർഥമായിരിക്കുന്നു.

204. രസവിക്രയം - മോരും പാലും മറ്റും വിൽക്കുന്നത്. ബ്രാഹ്മണർക്കിതു നിഷിദ്ധമാണ്. ആപത്കാലത്ത് വൈശ്യവൃത്തി ചെയ്യാം. പക്ഷേ രസവിക്രയം പാടില്ല. (മനു 10. 83-86).

205. രസവിക്രയം പാടില്ല. പാലും മോരും മറ്റും സൗജന്യമായി നൽകിയിരുന്ന പാരമ്പര്യമാണ് ഭാരതത്തിലേത്. പരിഭാഷകൻ ഗുരുകുല വിദ്യാർഥിയായിരുന്ന കാലത്ത് (1959-63) ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പാലും മോരും തൈരും വിലയ്ക്കു കിട്ടുകയില്ലായിരുന്നു സൗജന്യമായിട്ടേ ലഭിച്ചിരുന്നുള്ളു.

206. ശീതളാദേവി വസൂരിയുടെ ദേവതയാണ്. വാഹനം കഴുതയും! 'ചക്കിക്കൊത്ത ചങ്കരൻ' എന്ന ചൊല്ലിനു സദൃശം.



ശ്രീകൃഷ്ണന് ചാർത്തുകയും പാടുകയും നിവേദിക്കുകയും മറ്റും ചെയ്യാറുണ്ടെന്നിവർ പറയും. വാസ്തവത്തിൽ ഇവയെല്ലാം അവരുടെ സ്വന്ത സുഖത്തിനുവേണ്ടിയാണ്. മഹാ അനർത്ഥങ്ങളും കാട്ടിക്കൂട്ടാറുണ്ട്. ഹോളിക്ക് പീച്ചാങ്കുഴലിൽ ചായവെള്ളം നിറച്ച് സ്ത്രീകളുടെ നെഞ്ചത്തും, നാഭിക്കും ചാമ്പിയൊഴിക്കും. ബ്രാഹ്മണർക്ക് നിഷിദ്ധമായ രസവിക്രയം[204] ചെയ്യുന്നവരുണ്ട്.

ചോദ്യം:- ഗോസായി, ചപ്പാത്തി, പരിപ്പ്, കറി, ചോറ്, പച്ചക്കറി, ലഡു മുതലായവ നേരിട്ട് വില്ക്കുന്നില്ല. ഭൃത്യന്മാരെക്കൊണ്ട് വില്പിക്കുന്നതേയുള്ളൂ, പിന്നെന്താണ് ദോഷം?

ഉത്തരം:- ഭൃത്യന്മാർക്ക് ശമ്പളം കൊടുക്കുന്നപക്ഷം അവർ ഈ ജോലി ചെയ്യുകയില്ല. വാസ്തവത്തിൽ ശമ്പളത്തിനു പകരം ചോറും പരിപ്പും മറ്റും കൊടുക്കുകയാണ് ചെയ്യുന്നത്. അവർ കൊണ്ടുപോയി അങ്ങാടിയിൽ വില്ക്കുന്നു. ഗോസായി തനിയെ കൊണ്ടുപോയി വിറ്റിരുന്നെങ്കിൽ ഭൃത്യന്മാർ, ആ നീചകർമ്മത്തിൽ നിന്ന് രക്ഷപെട്ടേനെ. പാപഫലം ഗോസായിക്കുമാത്രം ലഭിക്കുമായിരുന്നു. ആദ്യം സ്വയം കുടുങ്ങുകയും പിന്നീട് മറ്റുള്ളവരെ കുടുക്കുകയുമാണ് ഗോസായി ചെയ്യുന്നത്. നാഥദ്വാര മുതലായിടങ്ങളിൽ ഗോസായി തനിയേ വില്പന നടത്തുന്നുമുണ്ട്. രസവിക്രയം[205] നീചകർമ്മമാണ്. ഉത്തമർക്കു ചേർന്നതല്ല. ആര്യാവർത്തത്തിന്റെ അധോഗതിക്ക് ഇത്തരക്കാരാണ് കാരണക്കാർ!

സ്വാമി നാരായണമതഖണ്ഡനം

ചോദ്യം:- സ്വാമി നാരായണമതം എങ്ങനെയുണ്ട്?

ഉത്തരം:- യാദൃശീ ശീതലാദേവീ താദൃശോ വാഹനഃ ഖരഃ ശീതളാദേവിക്കു ചേർന്ന വാഹനം കഴുത! ▯[206] ഗോസായികൾ ധനാപഹരണത്തിനു പയോഗിക്കുന്ന ലീലാവിശേഷങ്ങളെപ്പോലെയാണ് സ്വാമി നാരായണ മതക്കാരുടേതും.

അയോധ്യയ്ക്കടുത്ത ഒരു ഗ്രാമത്തിലാണ് സഹജാനന്ദൻ ജനിച്ചത്. അയാൾ ബ്രഹ്മചാരിയായി ഗുജറാത്തിലെ കച്ച്., ഭുജ് മുതലായിടങ്ങളിൽ ചുറ്റിയടിച്ചിരുന്നു. മൂഢന്മാരായ സാധുക്കളുടെ പ്രദേശമാണെന്ന് അയാൾ മനസ്സിലാക്കി. വളച്ചാൽ വളയുന്നവരാണ് അവിടുത്തുകാരെന്നും ഗ്രഹിച്ചു. അവിടയാൾക്ക് മൂന്നുനാലു ശിഷ്യന്മാരെ ലഭിച്ചു. അവരന്യോന്യം ആലോചിച്ചുറപ്പിച്ച്, സഹജാനന്ദൻ നാരായണന്റെ അവതാരമാണെന്നും വലിയ സിദ്ധനാണെന്നും ചതുർഭുജരൂപം കൈക്കൊണ്ട് പ്രത്യക്ഷപ്പെടുമെന്നും പറഞ്ഞു പരത്തി. അക്കാലത്ത് കാഠിയാവാസിൽ (കത്തിയവാർ) കാഠീജാതിയിൽപ്പെട്ട ദാദാഖാചർ എന്നു പേരായ പർവതഭൂമിയുടെ ഒരു ജമീന്ദാർ ഉണ്ടായിരുന്നു. അയാളോടു ആ ശിഷ്യന്മാർ പറഞ്ഞു. താങ്കൾക്ക് ചതുർഭുജരൂപം കാണണമെങ്കിൽ ഞങ്ങൾ സഹജാനന്ദനോടു പറയാം. വളരെ നല്ലത് എന്നായി പാവം ദാദാഖാചർ. ഒരു മുറിയിൽ സഹജാനന്ദൻ കിരീടവും തെളുതെളാ തിളങ്ങുന്ന പട്ടുവസ്ത്രങ്ങളും മറ്റും അണിഞ്ഞ്, ശംഖു ചക്രങ്ങൾ കൈകളിൽവച്ച് മുകളിലേക്കുയർത്തി നിന്നു. മറ്റൊരാൾ പുറകിൽനിന്ന് കക്ഷത്തിനിടയിലൂടെ കൈകൾ ഇട്ട് ഗദാപത്മങ്ങൾ പിടിച്ച്നിന്നും ദാദാഖാചറോട് ശിഷ്യന്മാർ പറഞ്ഞു കണ്ണടച്ചുപിടിച്ച് ചെന്ന് ഒന്നു തുറന്നു കണ്ടുകൊള്ളണം ഉടനെ കണ്ണടക്കണം. കൂടുതൽ നോക്കിയാൽ നാരായണന് കോപം വരും. കളവു പുറത്താകരുതെന്നാണ് ശിഷ്യന്മാർ ഉദ്ദേശിച്ചത്. അയാളെ കൂട്ടിക്കൊണ്ടുപോയി. മുറിയുടെ വാതിൽ തുറന്ന് അകത്ത് കടന്ന് വിളക്കു തെളിച്ചു. അതാ നില്ക്കുന്നു സാക്ഷാൽ നാരായണൻ. പെട്ടെന്ന് വിളക്കണഞ്ഞു. എല്ലാവരും സാഷ്ടാംഗം നമസ്കരിച്ചു. മറ്റൊരു വാതിലിലൂടെ പുറത്തുവന്നു. വരുംവഴി ശിഷ്യന്മാർ പറഞ്ഞു:- അങ്ങ് മഹാധന്യൻ! ഭാഗ്യവാൻ! ഉടനടി ഗുരുവിന്റെ ശിഷ്യനായിക്കൊള്ളുക. ഇങ്ങനെ പറഞ്ഞുകൊണ്ടു വരുമ്പോൾ സഹജാനന്ദൻ തന്റെ സ്ഥിരം ഇരിപ്പിടത്തിൽ ഇരിക്കുന്നതു കണ്ടു. "ഇപ്പോൾ വേറെ രൂപം ധരിച്ചിരിക്കുന്നു." എന്നായി ശിഷ്യന്മാർ. ദാദാഖാചർ വലയിൽ വീണു, അന്നുമുതൽ അവരുടെ മതം അവിടെ വേരുറച്ചു. ദാദാഖാചർ വലിയ ജന്മിയായിരുന്നു. അയാൾ ശിഷ്യനായി. സഹജാനന്ദൻ സഞ്ചാരം തുടങ്ങി. എല്ലാവർക്കും ഉപദേശങ്ങൾ നല്കി. പലരേയും സംന്യാസിമാരാക്കി. ചിലരെയെല്ലാം കണ്ഠനാഡിയിൽ തിരുമ്മിബോധംകെടുത്തിയിട്ട്. നോക്കു ഇദ്ദേഹത്തെ സമാധിയിലാക്കിയിരിക്കുന്നു എന്നു പറയും. ഇങ്ങനെ പലതരം സൂത്രങ്ങൾകൊണ്ട് കാഠിയാവാഡിലെ സാധുക്കളെ പാട്ടിലാക്കി. അയാൾ മരിച്ചപ്പോൾ ശിഷ്യന്മാർ വളരെ പിത്തലാട്ടങ്ങൾ പ്രചരിപ്പിച്ചു.

ഇതിന് ഒരു ഉദാഹരണം പറയുന്നത് ഉചിതമാണ്:- ഒരു മോഷ്ടാവ് ബന്ധിതനായി. അയാളുടെ മൂക്കു മുറിക്കാൻ ന്യായാധിപൻ വിധിച്ചു.

മൂക്കു മുറിച്ചു കഴിഞ്ഞപ്പോൾ ആ കള്ളൻ ആടാനും പാടാനും ചിരിക്കാനും തുടങ്ങി. എന്തിനാണ് ചിരിക്കുന്നതെന്ന് ആളുകൾ ചോദിച്ചു.

"ഒന്നും പറയേണ്ട"

"അതെന്താണെടോ?"

"ആശ്ചര്യം, ആശ്ചര്യം. ഇതെന്താണമ്മോ? ഇങ്ങനെയുമുണ്ടോ?

"എന്തെടോ? എന്താണാശ്ചര്യം?"

"സാക്ഷാൽ നാരായണൻ? ചതുർഭുജൻ വിഷ്ണു അതാ നില്ക്കുന്നു. സന്തോഷം. ആടാതിരിക്കുന്നതെങ്ങനെ? പാടാതിരിക്കുന്നതെങ്ങനെ? അഹോ ഭാഗ്യം! സാക്ഷാത്ദർശനം."

ഞങ്ങൾക്കു കാണാൻ വയ്യാത്തതെന്ത്?

"മൂക്കിന്റെ മറവുകൊണ്ട്, മൂക്കു മുറിച്ചപ്പോഴല്ലേ മറ മാറിയത്. സാക്ഷാൽ ചതുർഭുജ നാരായണൻ."

അവരിലൊരു മൂഢൻ, മൂക്കുപോയാൽ പോകട്ടെ നാരായണനെ നിശ്ചയമായും കാണണം. എന്നു തീരുമാനിച്ചു. അയാൾ പറഞ്ഞു.

"എന്റെ മൂക്കു മുറിക്ക് നാരായണനെ കാണിക്ക്."

മൂക്കു മുറിച്ചിട്ട് ചെവിയിൽ പറഞ്ഞു:-

"നീയും എന്നെപ്പോലെ ആടിപ്പാട് അല്ലെങ്കിൽ ആളുകൾ നമ്മെ രണ്ടുപേരേയും കളിയാക്കും." ഇനി മൂക്കു തിരിച്ചു കിട്ടുകയില്ല. അതുകൊണ്ട് അങ്ങനെ ചെയ്തുകളയാമെന്ന് നിശ്ചയിച്ച് പറഞ്ഞു: "ഹാഹാ! നാരായണൻ" തുടർന്ന് പലരും മൂക്കുമുറിച്ചു. മുറിമൂക്കന്മാർ ആയിരക്കണക്കിനായി. ആ സമ്പ്രദായത്തിന് നാരായണദർശി എന്ന് പേരും ഇട്ടു. ഇങ്ങനെയുള്ള നാരായണ ദർശികളെപ്പറ്റി ഒരു മൂഢനായ രാജാവു കേട്ടു. അവരെ വിളിപ്പിച്ചു. രാജാവു അടുത്തു വന്നപ്പോൾ അവരിൽ ചിലർ ആടാനും പാടാനും തുടങ്ങി. എന്താണു കാര്യമെന്നു രാജാവ് ചോദിച്ചപ്പോൾ പറഞ്ഞു:-

"സാക്ഷാൽ നാരായണ ദർശനം"

"ഞാൻ കാണാത്തതെന്തുകൊണ്ട്?" രാജാവ് ചോദിച്ചു.

"മൂക്കുള്ളപ്പോൾ കാണാൻ ഒക്കുകയില്ല. മൂക്കു മുറിച്ചാൽ നാരായണൻ പ്രത്യക്ഷനാകും."

കാര്യം ശരിയാണെന്നു വിചാരിച്ച രാജാവ് ജോത്സ്യരെ വരുത്തി മൂക്കു മുറിക്കാനുള്ള മുഹൂർത്തം കുറിക്കാൻ ആജ്ഞാപിച്ചു.

'ഉത്തരവ്. അന്നദാതാവായ പൊന്നുതമ്പുരാനേ! വരുന്ന ദശമിനാൾ രാവിലെ എട്ടു നാഴിക പുലരുമ്പോൾ മൂക്കുമുറിക്കാനും നാരായണ ദർശനത്തിനും ശുഭ മുഹൂർത്തമാണ്'. എന്നായി ജോത്സ്യൻ! നോക്കൂ! മൂക്കു മുറിക്കാനും മുഹൂർത്തം പറയുന്നവരാണിവർ,

രാജാവ് നാരായണ ദർശനത്തിന് തയാറായി. മുറിമൂക്കന്മാർക്കെല്ലാം വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തു. സന്തുഷ്ടരായ അവർ ആട്ടവും പാട്ടും തുടർന്നു. രാജാവിന്റെ ദിവാനും മറ്റുചില ബുദ്ധിമാന്മാർക്കും ഈ പോക്ക് രസിച്ചില്ല. രാജാവിന്റെ നാലു തലമുറകൾക്ക് മുമ്പ് ഉപദേശം കൊടുത്തുവന്ന തൊണ്ണൂറുകാരനായ ഒരു മുൻ ദിവാനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രപൗത്രനാണ് ഇപ്പോഴത്തെ ദിവാൻ. ഇയാൾ മുത്തശ്ശന്റെ അടുത്തുചെന്ന് വിവരങ്ങളെല്ലാം പറഞ്ഞു. 'അവർ ചതിയന്മാരാണ്. നീ എന്നെ രാജാവിന്റെ അടുത്തു കൊണ്ടുപോകൂ' എന്നായി വൃദ്ധൻ. അങ്ങനെ ചെയ്തു. രാജാവ് വളരെ സന്തോഷത്തോടെ മുറിമൂക്കന്മാരുടെ കഥ പറഞ്ഞു. 'മഹാരാജാവേ! ഒന്നിലും പെട്ടെന്ന് എടുത്തു ചാടരുത്. പരീക്ഷിക്കാതെ ചെയ്താൽ പശ്ചാത്തപിക്കേണ്ടി വരും.' എന്ന് വൃദ്ധൻ ഉപദേശിച്ചു.

രാജാവ്:- ഈ ആയിരം പേർ കള്ളം പറയുമോ?

ദിവാൻ:- കള്ളമോ നേരോ പറയട്ടെ. പരീക്ഷിക്കാതെ എങ്ങനെയാണ് നേരോ കള്ളമോ എന്നറിയുക?

രാജാവ്:- എങ്ങനെ പരീക്ഷിക്കും?

ദിവാൻ:- വിദ്യ, സൃഷ്ടിക്രമം, പ്രത്യക്ഷം മുതലായ പ്രമാണങ്ങളാൽ.

രാജാവ്:- പഠിച്ചിട്ടില്ലാത്തവൻ എങ്ങനെ പരീക്ഷിക്കും?

ദിവാൻ:- വിദ്വത്സംഗത്താൽ ജ്ഞാനം വർദ്ധിപ്പിച്ചിട്ട്.

രാജാവ്:- വിദ്വാൻമാരെ ലഭിച്ചില്ലെങ്കിലോ?

ദിവാൻ:- ശ്രമിച്ചാൽ കിട്ടാത്തതൊന്നുമില്ല.

രാജാവ്:- എന്തു ചെയ്യണമെന്ന് താങ്കൾതന്നെ പറയൂ.

ദിവാൻ:- ഞാൻ വൃദ്ധനാണ്, വീട്ടിലിരിക്കുന്നയാൾ, ഇനി കുറച്ചു ദിവസംകൂടി ആയുസ്സ് കാണും. അതുകൊണ്ട് ആദ്യപരീക്ഷണം ഞാൻ ചെയ്യാം. പിന്നീട് ഉചിതമായതു പോലെയും ചെയ്യാം.



രാജാവ്:- കൊള്ളാം നല്ലകാര്യം. ജോത്സ്യരെ! ദിവാൻജിയുടെ മൂക്കു മുറിക്കാൻ മുഹൂർത്തം നോക്കൂ.

ജോത്സ്യർ:- ഉത്തരവ്. ഈ വെളുത്ത പഞ്ചമി നാൾ പത്തുനാഴിക പുലരുമ്പോൾ നല്ല മുഹൂർത്ത മാണ്.

പഞ്ചമി നാളിൽ പത്തു നാഴിക പുലരുന്നതി നുമുമ്പ് ദിവാൻ രാജാവിനോടു പറഞ്ഞു. ആയിരം, രണ്ടായിരം സൈനികരുമായി പുറപ്പെടണം.

രാജാവ്:- അവിടെ സൈന്യമെന്തിന്?

ദിവാൻ:- രാജ്യകാര്യങ്ങളേപ്പറ്റി അങ്ങ് അത്ര പരിചിതനല്ല. ഇപ്പോൾ ഞാൻ പറയുന്നതുപോലെ ചെയ്താലും.

രാജാവ്:- ശരി! ആരവിടെ! സൈന്യം പുറപ്പെ ടാൻ തയാറാകാൻ ഉത്തരവ് നല്കുക.

ഒമ്പതര നാഴിക പുലർന്നപ്പോൾ രാജാവ് എല്ലാ വരുമൊന്നിച്ച് എഴുന്നെള്ളി. അവരെക്കണ്ട് മുറി മൂക്കന്മാർ ആട്ടവും പാട്ടും തിരുതകൃതിയിലാക്കി. രാജാവും പരിവാരവും ആസനസ്ഥരായി. മുറിമൂ ക്കന്മാരുടെ മഹന്തിനെ- ഈ പ്രസ്ത്ഥാനത്തിന്റെ സ്ഥാപകനെ വിളിച്ച് രാജാവ് പറഞ്ഞു. "ഇന്നു നമ്മുടെ ദിവാൻജിക്ക് നാരായണ ദർശനം നല്കു ക. 'ആകട്ടെ എന്നു മഹന്ത്. പത്തുനാഴിക പുലർന്നു. ഒരുവൻ ഒരു പാത്രം കൊണ്ടുവന്ന് മൂക്കിനുതാഴെ പിടിച്ചു. പേനാക്കത്തികൊണ്ട് മൂക്കു മുറിച്ചു. ദിവാന്റെ മൂക്കിൽനിന്ന് രക്തധാര ഒഴുകി. ഇതിനിടയിൽ ആ ചതിയൻ ദിവാനോടും ചിരിച്ചു തുള്ളിക്കൊണ്ടു നാരായണ ദർശനം കിട്ടി എന്നു പറയൂ. പറഞ്ഞില്ലെങ്കിൽ എല്ലാവരും കളി യാക്കും.' എന്നു പറഞ്ഞിട്ടു പിൻവാങ്ങി. ദിവാൻ ഒരു തുവാലകൊണ്ട് മൂക്കു തുടച്ചു. ദിവാൻജിയോ ട് രാജാവ് ചോദിച്ചു. 'നാരായണനെ കാണാമോ വയ്യായോ? പറയൂ. ദിവാൻ രാജാവിന്റെ കാതിൽ മന്ത്രിച്ചു. ഒരു കുന്തവും കാണാനില്ല. ഈ ചതി യന്മാർ ആയിരക്കണക്കിന് ആളുകളെ ചതിച്ചു.' ഇനിയെന്തു വേണമെന്ന് രാജാവ് ചോദിച്ചു. 'ഇവർക്ക് കഠിനമായ ശിക്ഷ നല്കണം. ജീവപര്യന്തം തടവുശിക്ഷ നല്കണം. എല്ലാവരേയും ചതിച്ച ഈ ചതിയനെ കഴുതപ്പുറത്തു കയറ്റി കഠി നമായി പീഡിപ്പിച്ച് കൊല്ലണം.' രാജാവിന്റെ കാതിൽ ദിവാൻ മന്ത്രിക്കുന്നതുകണ്ട അവർ ഭയന്ന് ഓട്ടമാരംഭിച്ചു. സേന വളഞ്ഞിരുന്നതിനാൽ ഓടാൻ കഴിഞ്ഞില്ല. രാജാവ് ആജ്ഞാപിച്ചു:- 'എല്ലാറ്റിനേയും പിടിച്ച് തടവിലാക്കൂ. ഇവരുടെ നേതാവിനെ പിടിച്ച് മുഖത്ത് കരിതേച്ച്, പഴഞ്ചെ രിപ്പു മാലയണിയിക്കൂ. എന്നിട്ട് കഴുതപ്പുറത്തു കയറ്റി പട്ടണത്തിൽ ചുറ്റിക്കുക. വഴിയിൽ കുട്ടിക ളെക്കൊണ്ട് മണ്ണും ചാരവും എറിയിക്കുക. കവല തോറും ചെരിപ്പുകൊണ്ട് അടികൊടുപ്പിച്ച് നായ്ക്ക ളെക്കൊണ്ട് കടിപ്പിച്ച് കൊല്ലുക. അല്ലെങ്കിൽ മറ്റു ള്ളവരും ഇതുപോലെയുള്ള പ്രവൃത്തി ചെയ്യാൻ ഭയപ്പെടാതാകും'. ഇങ്ങനെ ചെയ്തതിനു ശേഷം മൂക്കു മുറിയൻ മതം അവസാനിച്ചു.

ഇതുപോലെ വേദവിരുദ്ധരായ വിവിധ സമ്പ്ര ദായക്കാർ പരധനം അപഹരിക്കുന്നതിൽ അതി ചതുരന്മാരാണ്. ഇത് 'സമ്പ്രദായ'ക്കാരുടെ ലീല യാണ്.

സ്വാമി നാരായണമതക്കാർ ധനാപഹരണ ത്തിന് പലതരം വഞ്ചനകളും സൂത്രങ്ങളും ഉപ യോഗിക്കാറുണ്ട്. അറിവില്ലാത്തവരെ വഞ്ചിക്കുന്ന തിനുവേണ്ടി **'മരണ സമയത്ത് വെള്ളക്കുതിര പ്പുറത്തു കയറിവന്ന സഹജാനന്ദൻ മുക്തി നല്കിയെന്നും',** നിത്യവും ഈ ക്ഷേത്രത്തിൽ ഒരു തവണ വരാറുണ്ട് എന്നും മറ്റും പറഞ്ഞു പര ത്താറുണ്ട്. ഉത്സവം നടക്കുമ്പോൾ ക്ഷേത്രത്തി നുള്ളിൽ പൂജാരി പാർക്കുകയും താഴെ കച്ചവടം നടത്തുകയും ചെയ്യുന്നു. ക്ഷേത്രത്തിൽനിന്ന് പീടി കയിലേക്ക് ദ്വാരമുണ്ട്. ആരെങ്കിലും തേങ്ങാ കാഴ്ചവെച്ചാൽ ഉടനേ അത് ദ്വാരത്തിലൂടെ പീടി കയിലെത്തും. ഒരു നാളികേരംതന്നെ ദിവസം ആയിരക്കണക്കിനു തവണ വില്ക്കുന്നു. ഇതു പോലെ ഒരോ സാധനവും, ശിഷ്യന്മാരെ അവര വരുടെ ജാതിക്കനുസരിച്ചു തൊഴിൽ ചെയ്യിക്കു ന്നു. ക്ഷുരകൻ ക്ഷുരകവൃത്തി, കുശവൻ കുശവ വൃത്തി, ശില്പി ശില്പജോലി, വൈശ്യൻ വൈശ്യ വൃത്തി, ശൂദ്രൻ ശൂദ്രവൃത്തി എന്നിങ്ങനെ. ഇവ രുടെ അനുയായികൾക്ക് കരം ചുമത്തി കോടിക്ക ണക്കിന് രൂപ സമാഹരിച്ചുകൊണ്ടിരിക്കുന്നു. സ്ഥാനാരോഹണം ചെയ്യുന്നവർ വിവാഹം കഴി ക്കുന്നു. ആഭരണങ്ങളണിയുന്നു. വീട്ടിൽ വിളിച്ചു വരുത്തിയാൽ ഗോസായികളെപ്പോലെ പെരുമാ റുകയും ദക്ഷിണ വാങ്ങുകയും ചെയ്യുന്നു.

സ്വയം സത്സംഗികളെന്നും മറ്റുള്ളവരെ കുസം

207. ശ്രീകൃഷ്ണഃ മമ ശരണമ് എന്നന്വയിച്ചാൽ ഈ അർത്ഥ മാകും.

208. ഒരു വാക്യത്തിൽ വിപരീതാർഥം വരുന്നത് ശരിയല്ല. ശ്ലേഷാലങ്കാരത്താൽ വിഭിന്നാർഥങ്ങൾ വരുന്നതാകട്ടെ ഭൂഷണവുമാണ്. മന്ത്രങ്ങളുടെ വിഭിന്നാർഥങ്ങൾ ഉദാ ഹരണം.

ഗികളെന്നുമാണ് ഇവർ വിളിക്കുന്നത്. തങ്ങളുടെ കൂട്ടത്തിൽ പെടാത്തവർ എത്ര വലിയ പണ്ഡിതനോ ധാർമികനോ ആയാലും ശരി അവരെ ബഹുമാനിക്കുകയോ സത്കരിക്കുകയോ ഇല്ല. മറ്റു മതസ്ഥരെ ബഹുമാനിക്കുന്നത് പാപമായി ഗണിക്കുന്നതാണ് കാരണം. പുറമേ ഇവരുടെ സംന്യാസികൾ സ്ത്രീകളെ നോക്കുകയില്ല. എന്നാൽ ഗുപ്തമായി എന്തെല്ലാം ലീലാവിലാസങ്ങളാണ് നടത്തുന്നതെന്ന് അറിഞ്ഞുകൂടാ. ചിലയിടങ്ങളിൽ സംന്യാസിമാരുടെ പരസ്ത്രീഗമനം പ്രസിദ്ധമായിട്ടുണ്ട്.

ഇവരിൽ വലിയ സംന്യാസിമാർ മരിച്ചാൽ രഹസ്യമായി പോട്ടക്കിണറുകളിൽ ഇട്ടു മൂടിയശേഷം ഉടലോടെ അദ്ദേഹം വൈകുണ്ഠത്തിൽ പോയി എന്നു പരസ്യപ്പെടുത്തും. സഹജാനന്ദൻ വന്നാണ് കൊണ്ടുപോയത്; ഞങ്ങൾ ഇദ്ദേഹം ഇവിടെ വസിക്കുന്നതാണ് നല്ലതെന്ന് പറഞ്ഞുനോക്കി അപ്പോൾ സഹജാനന്ദൻ പറഞ്ഞു:- 'ഇല്ല. ഇദ്ദേഹത്തെ വൈകുണ്ഠത്തിൽ വളരെ ആവശ്യമാണ്. അതുകൊണ്ട് കൊണ്ടുപോകുന്നു. ഞങ്ങൾ സഹജാനന്ദനേയും വിമാനത്തേയും കണ്ണുകൊണ്ട് കണ്ടു. മരിക്കാൻ കിടന്നയാളിനെ വിമാനത്തിൽ കയറ്റി ഇരുത്തി. മുകളിലേക്കുയരവേ പുഷ്പവൃഷ്ടി നടത്തി.

ഏതെങ്കിലും സംന്യാസി അസുഖമായി അത്യാസന്ന നിലയിൽ കിടക്കുന്ന പക്ഷം അയാൾ 'ഞാൻ നാളെ രാത്രി വൈകുണ്ഠത്തിൽ പോകും' എന്നു പറയും. ആ രാത്രിയിൽ അയാൾ ചാകാതെ ബോധമറ്റു കിടക്കുകയാണെങ്കിലും എടുത്ത് കിണറ്റിലിട്ടുകളയും. പറഞ്ഞത് അസത്യമായിപ്പോകുമല്ലോ എന്നോർത്താവാം ഇങ്ങനെ ചെയ്യുന്നത്. ഗോസായി മരിക്കുമ്പോൾ ശിഷ്യന്മാർ പറയുന്നത്. "ലീലാവിസ്താരം കഴിഞ്ഞുപോയി" എന്നാണ്. ഗോസായികളുടേയും നാരായണ മതക്കാരുടേയും മന്ത്രം ഒന്നുതന്നെ. 'ശ്രീകൃഷ്ണ ശരണം മമ!' ശ്രീകൃഷ്ണനാണ് എന്റെ ശരണം അഥവാ ഞാൻ കൃഷ്ണനെ ശരണം പ്രാപിക്കുന്നു എന്നാണിതിനർത്ഥം. എന്റെ ശരണമാണ് ശ്രീകൃഷ്ണന്, എന്നും ഇതിനർത്ഥം വരാവുന്നതാണ്.[207] ഈ മതങ്ങളെല്ലാം വിദ്യാഹീനങ്ങളാകയാൽ തല തിരിഞ്ഞതും ശാസ്ത്രവിരുദ്ധവുമായ വാക്യരചന നടത്തുന്നു. എന്തിനെന്നാൽ അവർക്കറിവിന്റെ നിയമങ്ങൾ പരിചിതമല്ല[208].

മാധ്വമതഖണ്ഡനം

209. പേജ് 559 രണ്ടാം പാരഗ്രാഫ് നോക്കുക.

ചോദ്യം:- മാധ്വമതം നല്ലതല്ലേ?

ഉത്തരം:- മറ്റു മതാവലംബികളെപ്പോലെയാണ് മാധ്വരും. ഇവരും ചക്രാങ്കിതരാണ്. മറ്റു ചക്രാങ്കിതരുമായി ഇവർക്കുള്ള വ്യത്യാസം രാമാനുജാനുയായികൾ ഒരു തവണ ചക്രാങ്കിതരാകുമ്പോൾ മാധ്വർ വർഷംതോറും ചക്രാങ്കിതരായിക്കൊണ്ടിരിക്കുന്നെന്നതാണ്. മാധ്വർ നെറ്റിയിൽ കറുത്ത വരയിടുന്നു. മറ്റവർ മഞ്ഞവരയും. ഒരു മാധ്വപണ്ഡിതനുമായി ഒരു മഹാത്മാവ് വാദപ്രതിവാദം നടത്തി:-

മഹാത്മാവ്:- നിങ്ങളെന്തിനാണ് കറുത്തരേഖയും ചന്ദ്രക്കലപോലെ തിലകവും അണിയുന്നത്?

ശാസ്ത്രി:- ഇത് അണിയുന്നതിനാൽ ഞങ്ങൾ വൈകുണ്ഠം പ്രാപിക്കും. ശ്രീകൃഷ്ണന്റെ നിറം കറുപ്പായിരുന്നു. അതിനാൽ ഞങ്ങൾ കറുത്ത തിലകം അണിയുന്നു.

മഹാത്മാവ്:- കറുത്ത വരയും തിലകവുമണിഞ്ഞാൽ വൈകുണ്ഠത്തിൽ എത്തുമെങ്കിൽ മുഖം മുഴുവൻ കറുപ്പ് ചാർത്തിയാൽ എവിടാണെത്തുക? വൈകുണ്ഠത്തിനപ്പുറം എത്തുമോ?[209] ശ്രീകൃഷ്ണന്റെ ശരീരം കറുത്തതായിരുന്നതുപോലെ നിങ്ങളുടെ ശരീരവും മുഴുവൻ കറുപ്പണിയാത്തതെന്ത്? അങ്ങനെയായാൽ ശ്രീകൃഷ്ണ സദൃശരാകാമല്ലോ. ഇവരും മറ്റുള്ളവരെപ്പോലെതന്നെ.

ലിങ്ഗാങ്കിത മത ഖണ്ഡനം

ചോദ്യം:- ലിങ്ഗാങ്കിത മതം എങ്ങനെയുണ്ട്?

ഉത്തരം:- ചക്രാങ്കിതരേപ്പോലെയുണ്ട്. ചക്രാങ്കിതർ - ചക്രംകൊണ്ട് പാടു വീഴ്ത്തുകയും നാരായണനൊഴികെ മറ്റാരെയും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നതുപോലെ ലിങ്ങ്കിതർ ലിങ്ത്തിന്റെ ചുട്ടികുത്തുകയും മഹാദേവനൊഴികെ മറ്റാരെയും പൂജിക്കാതിരിക്കുകയും ചെയ്യുന്നു. ലിങ്ഗാങ്കിതർ ഒരു ശിലാലിംഗം സ്വർണ്ണത്തിലോ വെള്ളിയിലോ പൊതിഞ്ഞ് കഴുത്തിലണിയുന്നെന്ന വിശേഷതയുണ്ട്. വെള്ളം കുടിച്ചാലും, അതിനെ കാണിച്ചിട്ടേ കുടിക്കൂ. ഇവരുടെ മന്ത്രങ്ങൾ ശൈവരുടേതു പോലെയാണ്.

ബ്രഹ്മസമാജവും പ്രാർത്ഥനാസമാജവും

ചോദ്യം:- ബ്രഹ്മസമാജവും പ്രാർത്ഥനാസമാജവും നല്ലതോ ചീത്തയോ?

ഉത്തരം:- കുറെയെല്ലാം നല്ലതും ഒട്ടധികം ചീത്തയുമാണ്.



ചോദ്യം:- ബ്രഹ്മസമാജവും പ്രാർത്ഥനാസമാജവും ഏറ്റവും നല്ലതാണ്. എന്തെന്നാൽ ഇവരുടെ നിയമങ്ങൾ വളരെ നല്ലതാകുന്നു.

ഉത്തരം:- നിയമങ്ങൾ എല്ലാ അംശങ്ങളിലും നല്ലതല്ല. എന്തെന്നാൽ വേദവിദ്യാഹീനരായ ആളുകളുടെ സങ്കല്പങ്ങൾ എങ്ങനെ തീർത്തും ശരിയാകും? ബ്രഹ്മസമാജവും പ്രാർത്ഥനാസമാജവും ക്രിസ്ത്യാനികളാകുന്നതിൽനിന്ന് കുറേപ്പേരെ രക്ഷിക്കുകയും കുറേയൊക്കെ വിഗ്രഹാരാധനാദികളിൽ നിന്നകറ്റി നിർത്തുകയും, കള്ള ഗ്രന്ഥങ്ങളുടെ കെട്ടിൽനിന്ന് ഊരുകയും മറ്റുമായി കുറേ നല്ലതു ചെയ്തു,

എന്നാൽ ഇവരുടെ 16 ദോഷങ്ങൾ

1. ഇവരിൽ സ്വദേശഭക്തി വളരെ കുറവാണ്. ക്രിസ്ത്യാനികളുടെ ആചാരങ്ങൾ വളരെയേറെ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷണപാന നിയമങ്ങൾ വിവാഹാദി നിയമങ്ങൾ ഇവയും മാറ്റിയിട്ടുണ്ട്.

2. സ്വന്തം ദേശത്തെ പ്രശംസിക്കയും പൂർവ്വികരെ പുകഴ്ത്തുകയും ചെയ്യാത്തതു പോകട്ടെ, വയറുനിറയെ നിന്ദിക്കുന്നുമുണ്ട്. പ്രഭാഷണങ്ങളിൽ ക്രിസ്ത്യാനികളെയും ഇംഗ്ലീഷുകാരേയും വാഴ്ത്തുകയാണ് ഇവരുടെ ജോലി. ബ്രഹ്മാദി ഋഷിമാരെപ്പറ്റി മിണ്ടുക പോലുമില്ല. പ്രത്യുത, ഇംഗ്ലീഷുകാരല്ലാതെ സൃഷ്ടിയിലിതഃ പര്യന്തം ഒറ്റ വിദ്വാനും ഉണ്ടായിട്ടില്ലെന്ന് ഇവർ പറയുന്നു. ആര്യാവർത്തക്കാർ ആദി മുതല്ക്കേ മൂഢരായിരുന്നു; ഇവർ ഒരിക്കലും ഉന്നതരായിട്ടില്ലത്രേ!

3. വേദത്തേയും മറ്റും ബഹുമാനിക്കില്ലെന്നതു പോകട്ടെ നിന്ദിക്കാതിരിക്കുകയുമില്ല. ബ്രഹ്മസമാജത്തിന്റെ ഉദ്ദേശം ലക്ഷ്യം എന്നിവ എഴുതിയിരിക്കുന്ന പുസ്തകത്തിലെ മഹാത്മാക്കളുടെ പട്ടികയിൽ യേശു, മോശ, മുഹമ്മദ്, നാനക്, ചൈതന്യൻ എന്നിവരെ പെടുത്തിയിട്ടുണ്ട്. ഒരു ഋഷിയേയോ, മഹർഷിയേയോ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽനിന്ന് പേരെഴുതിയിരിക്കുന്നവരുടെ മതാനുയായികളാണ് ഇവരെന്ന് തെളിയുന്നു. ഈ ആര്യാവർത്തത്തിൽ ജനിച്ച് ഈ ദേശത്തിലെ അന്നപാനാദികൾ കഴിച്ചുകൊണ്ടിരിക്കുന്ന ഇവർ തങ്ങളുടെ മാതാപിതാക്കൾ, പിതാമഹന്മാർ മുതലായവരുടെ മാർഗ്ഗം വിട്ട് വിദേശീയ മതങ്ങളിലേക്ക് ചായ്വ് കാട്ടുന്നതും ബ്രഹ്മസമാജികളും പ്രാർത്ഥനാ സമാജക്കാരും ഇന്നാട്ടിലെ സംസ്കൃത വിദ്യാ രഹിതരായ തങ്ങൾ മഹാവിദ്വാൻമാരാണെന്ന് പ്രകടനം നടത്തുന്നതും, ഇംഗ്ലീഷു പഠിച്ച് പണ്ഡിതമ്മന്യരായി ഝടുതിയിൽ ഒരു മതമുണ്ടാക്കാൻ യത്നിക്കുന്നതും മനുഷ്യന് സ്ഥിരതയും അഭിവൃദ്ധിയും ഉണ്ടാക്കുന്ന പ്രവൃത്തികളാകുന്നതെങ്ങനെയാണ്?

4. ഇംഗ്ലീഷുകാർ, യവനർ, അന്ത്യജർ, എന്നിവരുമായി ഭക്ഷണം കഴിക്കുന്നതിൽ ഒരു വ്യത്യാസവും കല്പിക്കുന്നില്ല. ഉണ്ടും തിന്നും കുടിച്ചും ജാതിഭേദം തകർത്താൽ നമ്മുടെ ദേശം നന്നാകുമെന്ന് ഇവർ കരുതുന്നതായി തോന്നുന്നു. അങ്ങനെ ചെയ്താൽ എങ്ങനെ നന്നാകും? ചീത്തയാവുകയേ ഉള്ളൂ.

ചോദ്യം:- ജാതിഭേദം ഈശ്വരകൃതമോ മനുഷ്യകൃതമോ?

ഉത്തരം:- ഈശ്വരകൃതവും മനുഷ്യകൃതവുമായ

210. ഇവിടെ നൈയായികരുടെ സാമാന്യ വിശേഷാത്മകജാതിയെന്നല്ല വിവക്ഷ. അവരുടെ മതമനുസരിച്ച് അശ്വം ആന മുതലായവയും സാമാന്യ വിശേഷാത്മക ജാതിയാണ്. ഇവിടുത്തെ വിവക്ഷ, ബ്രാഹ്മണാദികൾ ശാസ്ത്രീയപാരിഭാഷിക ജാതിയാകയാൽ സാമാന്യ മനുഷ്യജാതിയിലെ വിശേഷജാതിയെന്നാണ്. അതുകൊണ്ട് സാമാന്യ വിശേഷാത്മക ജാതിയായി. മഹാഭാഷ്യത്തിൽ, അഷ്ടാധ്യായിയിലെ **ജാതേരസ്ത്രീവിഷയാദയോപധാത്** എന്ന 4.1. 63-ാം സൂത്രം വ്യാഖ്യാനിക്കവേ ജാതിയുടെ ലക്ഷണം. **ആകൃതിഗ്രഹണാ ജാതിർലിങ്ഗാനാം ന ച സർവഭാക് സകൃദാഖ്യാത നിർഗ്രാഹ്യാ ഗോത്രം ച ചരണൈഃ** സഹ എന്നാണെന്ന് എഴുതിയിട്ടുണ്ട്. ഇതിന് കൈയടന്റെ വ്യാഖ്യാനം ഇപ്രകാരമാണ്:- **"ആകൃതിർഗ്രഹണം യസ്യാഃ സാ ആകൃതിഗ്രഹണാ, അവയവസന്നിവേശ വ്യങ്ഗ്യേത്യർഥഃ ഏതേന ഗോത്വാദിജാതിർ ലക്ഷിതാ ബ്രാഹ്മണത്വാദിസ്തു ന സംഗ്രഹീതാ. ബ്രാഹ്മണാ ക്ഷത്രിയാദീനാം സംസ്ഥാനസ്യ സദൃശത്വാദിതി. തത്സംഗ്രഹായാഹ - ലിങ്ഗാനാമിതി".** താത്പര്യം:- ആകൃതി അഥവാ ശരീര-അവയവ രചനാ വിശേഷത്താൽ ഉണ്ടാകുന്ന ജ്ഞാനമാണ് ജാതി. ഗോത്വം അശ്വത്വം എന്നിവപോലെ. ബ്രാഹ്മണ ക്ഷത്രിയാദികളുടെ ശരീര-അവയവ രചനയിൽ സമാനതയുണ്ട്. അതിനാൽ 'ബ്രാഹ്മണൻ' എന്നു പറഞ്ഞാൽ ജാതിയായി ഗണിക്കാനാവില്ല. അതിനാൽ പറയുന്നു - എല്ലാ ലിങ്ഗങ്ങളിലും പ്രയുക്തമാകാത്തതും ജാതിസംജ്ഞയിൽ വരും. ബ്രാഹ്മണക്ഷത്രിയാദികൾ ഉദാഹരണം. ഈ ഉദ്ധരണത്തിൽനിന്ന് ബ്രാഹ്മണാദികൾ ശരീരാകൃതികൊണ്ടറിയാവുന്ന ജാതിയിൽ പെടുന്നിലെന്നു വ്യക്തം. ന്യായകാരന്റെ **സമാനപ്രസവാത്മികാ ജാതിഃ** (2.2.68) എന്ന സൂത്രം ആകൃതികൊണ്ട് ഗ്രഹിക്കാവുന്ന ജാതിയെപ്പറ്റിയാണ്. സാമാന്യമായ ജാതിലക്ഷണം കൊണ്ട് ബ്രാഹ്മണാദികൾ ജാതിവാചകമല്ലെങ്കിലും ശാസ്ത്രീയ കാര്യസിദ്ധിക്കുവേണ്ടി - ഉദാഹരണത്തിന് വ്യാകരണ ശാസ്ത്രത്തിൽ- ബ്രാഹ്മണി എന്നും മറ്റു സ്ത്രീപ്രത്യയം ചേർക്കുന്നതിന് വിശേഷരൂപേണ ജാതി എന്നു പറഞ്ഞുവെന്നേയുള്ളൂ. ചരണ-ഗോത്രവാചികളായ ജാതിസംജ്ഞകളും വിശേഷജാതിയിൽ പ്പെടും.

ജാതിഭേദമുണ്ട്.

ചോദ്യം:- ഈശ്വരകൃതമേത്, മനുഷ്യകൃതമേത്?

ഉത്തരം:- മനുഷ്യൻ, മൃഗം, പക്ഷി, വൃക്ഷം, ജല ജന്തു മുതലായ ജാതികൾ ഈശ്വരകൃതമാണ്. മൃഗ ങ്ങളിൽ പശു, കുതിര, ആന മുതലായ ജാതികൾ, വൃക്ഷങ്ങളിൽ അരയാൽ, പേരാൽ, മാവ് മുത ലായവ, പക്ഷികളിൽ ഹംസ - കാക- ബകാദി കൾ, ജലജന്തുക്കളിൽ, മത്സ്യ-തിമിംഗലാദികൾ മുതലായ ജാതിഭേദങ്ങൾ ഈശ്വരകൃതമാണ്. ഇതു പോലെയാണ് മനുഷ്യരിലെ ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്ര അന്ത്യജാദി, ജാതിഭേദങ്ങൾ. എന്നാൽ മനുഷ്യരിൽ ബ്രാഹ്മണാദികളെ സാമാന്യ ജാതിയിലല്ല സാമാന്യ വിശേഷാത്മക [210] ജാതിയിലാണ് ഗണിക്കുന്നത്. മുമ്പു വർണാ ശ്രമ വ്യവസ്ഥയിൽ എഴുതിയതുപോലെ ഗുണ കർമ സ്വഭാവത്താൽ വർണവ്യവസ്ഥ അംഗീകരി ക്കേണ്ടത് ആവശ്യമാണ്. മുമ്പു പറഞ്ഞവണ്ണം അവ രുടെ ഗുണകർമസ്വഭാവങ്ങൾ നോക്കി ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രാദി വർണങ്ങളുടെ പരീ ക്ഷണം നടത്തി വിഭജിക്കേണ്ടത് രാജാക്കന്മാരു ടേയും വിദ്വാൻമാരുടേയും കൃത്യമാണ്. ഇതാണ് മനുഷ്യാകൃതത്വം.

ആഹാരഭേദത്തിലും ഈശ്വരകൃതവും മനുഷ്യ കൃതവും ഉണ്ട്. സിംഹം മാംസഹാരിയും, എരുമ സസ്യാഹാരിയുമാണ്. ഇത് ഈശ്വരകൃതം. ദേശ കാല വസ്തുഭേദത്താൽ ആഹാരഭേദം ഉണ്ടാക്കു ന്നത് മനുഷ്യകൃതം.

യൂറോപ്പുകാരുടെ ഗുണദോഷ നിരൂപണം

ചോദ്യം:- നോക്കൂ. യൂറോപ്പുകാർ ഷൂസും, കോട്ടും പാന്റ് സും ധരിക്കയും, ഹോട്ടലുകളിൽ ആരുണ്ടാക്കിയതെന്നു നോക്കാതെ ഭക്ഷിക്കു കയും ചെയ്യുന്നതുകൊണ്ട് അവർ ഉന്നതിയെ പ്രാപിക്കുന്നു.

ഉത്തരം:- ഇതു നിങ്ങളുടെ തെറ്റായ വിശ്വാസ മാണ്. മുസൽമാന്മാരും, അന്ത്യജരും ആരുണ്ടാക്കി യതായാലും ഭക്ഷിക്കുന്നു, എന്നിട്ടും അവർ ഉന്ന തരാവാത്തതെന്ത്? യൂറോപ്പുകാരിൽ ബാല്യ വിവാ ഹമില്ല. ആൺപെൺ ഭേദമില്ലാതെ വിദ്യാഭ്യാസം നല്കുന്നു. സ്വയംവര വിവാഹം നടക്കുന്നു, ചീത്ത യാളുകളുടെ ഉപദേശം ലഭിക്കുന്നില്ല, വിദ്വാന്മാ രായി ആരുടെയും പിത്തലാട്ടത്തിൽ പെടാതിരി ക്കുന്നു. പരസ്പരം ആലോചിച്ചും, സഭയിൽ ചർച്ച ചെയ്ത് നിശ്ചയിച്ചും കാര്യങ്ങൾ നടത്തുന്നു. സ്വജാതികളുടെ ഉയർച്ചക്കുവേണ്ടി ശരീരവും മനസ്സും ധനവും അർപ്പിക്കുന്നു, ആലസ്യംവെ ടിഞ്ഞ് കർമ്മനിരതരായിരിക്കുന്നു. ഇവയാണ് അവരുടെ ഉയർച്ചക്ക് നിദാനം. നോക്കൂ! അവരുടെ ദേശത്തുണ്ടാക്കിയ ബൂട്സ് മാത്രമേ കാര്യാലയ ത്തിലും കച്ചേരിയിലും ഇട്ടുകൊണ്ട് കയറുവാൻ പാടുള്ളൂ. ഇവിടെ ഉണ്ടാക്കിയത് അകത്തുകട ത്തുകയില്ല. അവരുടെ ദേശത്തുണ്ടാക്കിയ ചെരു പ്പിനോടുള്ളത്രയും ബഹുമാനവും സ്നേഹവും ഇതരദേശക്കാരായ മനുഷ്യർക്കുപോലും നല്കു ന്നില്ല. യൂറോപ്യന്മാർ ഇവിടെ വന്നിട്ട് ഏതാനും ശതവർഷങ്ങളായി. ഇതുവരെയും അവർ തങ്ങ ളുടെ വസ്ത്രധാരണ രീതി തുടരുന്നു. അവരുടെ ദേശത്തെ ആചാരരീതികളൊന്നും ഇവിടെയും മാറ്റാതെ അനുവർത്തിക്കുന്നു. നിങ്ങളിൽ വളരെ പ്പേരും അവരെ അനുകരിക്കുന്നു. ഇതിൽനിന്ന് നിങ്ങൾ ബുദ്ധിയില്ലാത്തവരും അവർ ബുദ്ധിമാ ന്മാരുമാണെന്നു സിദ്ധിക്കുന്നില്ലേ? അനുകരിക്കു ന്നത് ബുദ്ധിയുള്ളവരുടെ ലക്ഷണമല്ല. അതു പോലെ ഏതു ജോലിയിലിരിക്കുന്നുവോ ആ ജോലി യഥോചിതം ചെയ്യുന്നു. ആജ്ഞാനുവർത്തികളായിരിക്കുന്നു. സ്വന്തം നാട്ടു കാരെ വ്യാപാരാദികളിൽ സഹായിക്കുന്നു. ഇത്തരം ഗുണങ്ങളും നല്ല പ്രവൃത്തിയുംകൊ ണ്ടാണ് അവർ ഉയരുന്നത്. ബൂട്ട്സും, കോട്ടും, പാന്റ് സും ധരിക്കുക, ഹോട്ടലിൽ ഭക്ഷിക്കുക മുത ലായ സാധാരണയോ ചീത്തയോ ആയ കാര്യ ങ്ങൾകൊണ്ടല്ല. ഇവരിലും ജാതിഭേദം ഉണ്ട്. എത്ര വലിയ സ്ഥാനത്തിരിക്കുന്നയാളായാലും ശരി, അന്യദേശക്കാരിയോ അന്യ മതസ്ഥയോ ആയ സ്ത്രീയെ, അഥവാ യൂറോപ്യൻ സ്ത്രീ അന്യപു രുഷനെ , വിവാഹം കഴിച്ചാൽതന്നെ അവരെ എന്തിനെങ്കിലും ക്ഷണിക്കുന്നതോ, കൂട്ടിരുന്നു ഭക്ഷണം കഴിക്കുന്നതോ മറ്റുള്ളവർ നിർത്തിക്കള യുന്നു. ഇത് ജാതിഭേദമല്ലെങ്കിൽ പിന്നെന്താണ്? ഞങ്ങളിൽ ജാതിഭേദമില്ലെന്ന് സാധുക്കളായ നിങ്ങളെ പറഞ്ഞു വിശ്വസിപ്പിക്കുകയാണ്. നിങ്ങ ളത് വിശ്വസിക്കുകയും ചെയ്യുന്നു. അതിനാൽ എന്തു ചെയ്യുന്നതും നല്ലവണ്ണം ആലോചിച്ചുവേ ണം. പിന്നീട് പശ്ചാത്താപത്തിന് ഇട വരരുത്.

നോക്കൂ! വൈദ്യനും ഔഷധവും രോഗിക്കാണ് ആവശ്യം. രോഗരഹിതനല്ല. വിദ്യയുള്ളവർ രോഗ രഹിതനും വിദ്യാരഹിതൻ അവിദ്യാരോഗഗ്രസ്ത നുമാണ്. ആ രോഗ വിമുക്തിക്ക് സത്യവിദ്യയും സത്യോപദേശവും വേണം. തിന്നുന്നതിലും കുടി



ക്കുന്നതിലുമാണ് ധർമ്മമിരിക്കുന്നതെന്ന തോന്നൽ അജ്ഞാനത്തിൽനിന്നുണ്ടാകുന്ന രോഗമാണ്. ഭക്ഷണം കഴിക്കുന്നതിൽ എന്തെങ്കിലും അനാചാരം കാട്ടുന്നവർ ഭ്രഷ്ടരായെന്നു പറയും. അവരുമായി സംസാരിക്കുകയോ സഹകരിക്കുകയോ ചെയ്യുന്നില്ല. ഈ സ്ഥിതിക്ക് നിങ്ങളുടെ അറിവെല്ലാം സ്വാർത്ഥതയ്ക്കുവേണ്ടിയോ പരമാർത്ഥത്തിനു വേണ്ടിയോ എന്നു പറയുക. നിങ്ങളുടെ അറിവ് അജ്ഞാനികൾക്ക് പ്രയോജനപ്പെടുമ്പോഴാണ് പരമാർത്ഥം പ്രാപ്തമാവുന്നത്. അവർ പ്രയോജനപ്പെടുത്തുന്നില്ല എന്നു പറയുന്നത് ശരിയല്ല., അതു നിങ്ങളുടെ കുറ്റമാണ്. അവരുടേതല്ല. നിങ്ങൾ നന്നായി പെരുമാറുമെങ്കിൽ അവർ നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ ഉപദേശങ്ങൾ കേൾക്കുകയും ഉപകൃതരാവുകയും ചെയ്യും. നിങ്ങൾ ആയിരക്കണക്കിന് ജനങ്ങളുടെ പ്രയോജനം നഷ്ടപ്പെടുത്തി സ്വയം സുഖിച്ചു. അതുകൊണ്ട് നിങ്ങൾ വലിയ അപരാധികളാണ്. അന്യന് ഉപകാരംചെയ്യുന്നത് ധർമ്മവും പരഹാനി വരുത്തുന്നത് അധർമവുമാണ്. അതിനാൽ വിദ്വാന്മാർ എല്ലായ് പ്പോഴും വേണ്ട വിധം പ്രവർത്തിച്ച് അജ്ഞാനികളെ ദുഃഖസാഗരത്തിൽ നിന്നു കരകയറ്റുന്നതിന് ഒരു തോണിയെന്നവണ്ണം വർത്തിക്കണം. തികഞ്ഞ മൂഢന്മാരെപ്പോലെ അർത്ഥമില്ലാത്ത കർമ്മങ്ങൾ ചെയ്തുകൂടാ. പകരം അന്യർക്കും തനിക്കും ദിനംപ്രതി ഉയർച്ച ഉണ്ടാകുന്ന കർമങ്ങൾ മാത്രമേ ചെയ്യാവൂ.

5. ചോദ്യം:- ഈശ്വരപ്രണീതവും മുഴുവനും സത്യവുമായ പുസ്തകമൊന്നും ഇല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. എന്തെന്നാൽ മനുഷ്യരുടെ ബുദ്ധി നിർഭ്രാന്തമല്ല. അവൻ രചിച്ച പുസ്തകങ്ങളിലും തെറ്റുകൾ ഉണ്ടായിരിക്കും. അതുകൊണ്ട് ഞങ്ങൾ എല്ലാവരിൽനിന്നും സത്യത്തെ ഗ്രഹിക്കുന്നു. അസത്യത്തെ ത്യജിക്കുന്നു. വേദത്തിലേതോ, ബൈബിളിലേതോ, ഖുർആനിലേതോ മറ്റേതെങ്കിലും ഗ്രന്ഥത്തിലേതോ ആകട്ടെ സത്യം ഞങ്ങൾക്കു സ്വീകാര്യവും അസത്യം ഏതിലേതായാലും ത്യാജ്യവുമാണ്.

ഉത്തരം :- നിങ്ങൾ സത്യഗ്രാഹികളാകാൻ ആഗ്രഹിക്കുന്നതേതുകൊണ്ടോ അതുകൊണ്ടുതന്നെ നിങ്ങൾ അസത്യഗ്രാഹികളുമാകുന്നുണ്ട്. മനുഷ്യൻ നിർഭ്രാന്തനല്ല എന്നു പറയുമ്പോൾ തന്നെ മനുഷ്യരായ നിങ്ങളും ഭ്രാന്തിസഹിതരാണെന്നു വരുന്നു. അങ്ങനെയുള്ളവരുടെ വാക്കുകൾ തീർത്തും പ്രാമാണികമല്ല. അതിനാൽ നിങ്ങളുടെ വാക്കുകളും വിശ്വസനീയമല്ല. അങ്ങനെയെങ്കിൽ വിഷംകലർന്ന ഭക്ഷണംപോലെ നിങ്ങളുടെ വാക്കുകളും ത്യാജ്യമാണ്. നിങ്ങളുടെ പ്രാമാണിക ഗ്രന്ഥം രചിച്ചയാളിന്റെ വാക്കുകളും ഇതുപോലെ ത്യജിക്കേണ്ടതാണ്. 'കിഴക്കുനിന്നു വന്നതുമില്ല ഒറ്റാലിൽ കിടന്നതുമില്ല' എന്ന സ്ഥിതിയിലാണ് നിങ്ങൾ. നിങ്ങൾ സർവ്വജ്ഞരല്ലാത്തതുപോലെ മറ്റു മനുഷ്യരും സർവ്വജ്ഞരല്ല. തന്നിമിത്തം ചിലപ്പോൾ സത്യത്തെ ത്യജിച്ച് അസത്യത്തെ സ്വീകരിക്കാനും ഇടയായേക്കാം. അതുകൊണ്ട് സർവ്വജ്ഞനായ പരമാത്മാവിന്റെ വാണിയുടെ സഹായം അല്പജ്ഞരായ നമുക്കെല്ലാം കൂടിയേ കഴിയൂ. വേദ വ്യാഖ്യാനത്തിൽ എഴുതി വന്നതിനെ അതുപോലെ[211] അവശ്യം സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ **യതോഭ്രഷ്ടസ്തതോഭ്രഷ്ടഃ**- ഇല്ലത്തുമില്ല അമ്മാത്തുമില്ല - എന്ന അവസ്ഥയാകും. എല്ലാ സത്യങ്ങളും വേദത്തിൽ ഉണ്ട്. അസത്യം ഒന്നുമില്ല എന്നിരിക്കെ അതിനെ സ്വീകരിക്കുന്നതിൽ ശങ്കിക്കുന്നത് തനിക്കും മറ്റുള്ളവർക്കും ഹാനിയുണ്ടാക്കുക മാത്രമാണ്. ഇതു നിമിത്തമാണ് നിങ്ങളെ ഇന്നാട്ടുകാർ ഭാരതീയരായിപ്പോലും ഗണിക്കാത്തത്. നിങ്ങൾ ആര്യാവർത്തത്തിന്റെ ഉയർച്ചക്ക് കാരണക്കാരാവുകയുമില്ല. കാരണം, നിങ്ങൾ ഇരിക്കുന്ന കൊമ്പ് മുറിക്കുന്നവരാണ്. ഇതുകൊണ്ട് സ്വയമോ മറ്റുള്ളവർക്കോ ഉപകാരം ചെയ്യാമെന്നു വിചാരിക്കുന്നെങ്കിൽ അത

211. പേജ് 318-319

212. സൃഷ്ട്യുത്പത്തി എട്ടാം സമുല്ലാസം. ജീവേശ്വര വിഷയം ഏഴാം സമുല്ലാസം.

213. പശ്ചാത്താപവും പ്രായശ്ചിത്തവും തമ്മിൽ അന്തരമുണ്ട്. പശ്ചാത്താപവും പ്രാർഥനയും ഭാവിയിൽ ദുഷ്കർമങ്ങൾ ചെയ്യാതിരിക്കുവാൻ സഹായിക്കുന്നു. ഇക്കാരണത്താൽ പൂർവകൃതമായ ദുഷ്കർമങ്ങളുടെ ഫലങ്ങളിൽനിന്ന് രക്ഷ കിട്ടുകയില്ല. പ്രായശ്ചിത്തം കൊണ്ട് ദുഷ്കർമ കർത്താക്കൾ ശാരീരകവും മാനസികവുമായ കഷ്ടം എത്ര കണ്ട് അനുഭവിക്കുന്നുവോ അത്രയും ദുഷ്കർമഫലത്തിൽനിന്ന് രക്ഷ പ്രാപിക്കും. ശാസ്ത്രകാരന്മാർ പ്രായശ്ചിത്ത വ്യവസ്ഥ ചെയ്തിരിക്കുന്നത് ഇക്കാരണത്താലാണ്. ഇതുതന്നെ നീതിന്യായക്കോടതിയുടെ ശിക്ഷയിലും സംഭവിക്കുന്നു. ചെയ്ത തെറ്റിന് നീതിന്യായക്കോടതിയുടെ ശിക്ഷ അനുഭവിച്ചാൽ ഈശ്വരീയനീതിന്യായത്തിൽ വീണ്ടും ശിക്ഷ അനുഭവിക്കേണ്ടതില്ല. ഒരു തെറ്റിന് രണ്ടുതവണ ശിക്ഷാനുഭവം ഇല്ല. ന്യായാധിപന്റെ സർവജ്ഞതാരാഹിത്യം നിമിത്തം ശിക്ഷയിൽ ഏറ്റക്കുറവുകൾ വന്നുകൂടും. ഈ അവസ്ഥയിൽ അവശേഷിക്കുന്ന ഏറ്റക്കുറവുകൾ പരിഹരിക്കുന്നത് ഈശ്വരീയ നീതിന്യായ വ്യവസ്ഥയുടെ ഭാഗമാണ്.

സാധ്യമെന്നറിയണം. ആരുടെയെങ്കിലും മാതാപിതാക്കൾ രണ്ടുപേർ ലോകത്തിലുള്ള കുട്ടികളെയെല്ലാം വളർത്താൻ തുടങ്ങിയാൽ? വളർത്താൻ സാധിക്കുകയില്ലെന്നു മാത്രമല്ല അക്കാരണത്താൽ സ്വന്തം കുട്ടികൾ നഷ്ടപ്പെട്ടു പോവുകയും ചെയ്യും. ഇതാണ് നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി. വേദാദിസത്യശാസ്ത്രങ്ങളെ അംഗീകരിക്കാതെ നിങ്ങൾ എങ്ങനെയാണ് സ്വന്തം വാക്കുകളിലെ സത്യാസത്യങ്ങൾ പരീക്ഷിക്കുന്നതും ഭാരതത്തിന്റെ ഉയർച്ച കൈവരുത്തുന്നതും?

ദേശത്തിനുണ്ടായിരിക്കുന്ന രോഗത്തിനുള്ള ഔഷധം നിങ്ങളുടെ പക്കൽ ഇല്ല. യൂറോപ്യന്മാർ നിങ്ങളെ അംഗീകരിക്കുന്നില്ല. ഭാരതീയർ നിങ്ങളെ അന്യമതക്കാരായിട്ടാണ് കാണുന്നത്. ഇനിയെങ്കിലും കാര്യം മനസ്സിലാക്കി വേദാദികളംഗീകരിച്ച് ദേശോന്നതിക്ക് യത്നിക്കുന്നത് നന്നായിരിക്കും. സത്യം ഈശ്വരനിൽനിന്നു പ്രകാശിക്കുന്നെന്ന് നിങ്ങൾ പറയുന്നു. പിന്നെന്തുകൊണ്ട്, ഋഷിമാരുടെ ആത്മാവിൽ ഈശ്വരനാൽ പ്രകാശിതമായ സത്യാർത്ഥമായി വേദങ്ങളെ അംഗീകരിക്കുന്നില്ല? നിങ്ങൾ വേദം പഠിച്ചിട്ടില്ല, പഠിക്കാനാഗ്രഹിക്കുന്നുമില്ല എന്നതാണ് കാരണം. പിന്നെങ്ങനെയാണ് നിങ്ങൾക്ക് വേദോക്തമായ ജ്ഞാനം ഉണ്ടാവുന്നത്?

6. ഉപാദാനകാരണമില്ലാതെയാണ് ജഗദുത്പത്തിയെന്നും, ജീവാത്മാവ് ഉണ്ടായതാണെന്നും, ക്രിസ്ത്യാനികളെയും മുസൽമാന്മാരെയും പോലെ ഇവർ വിശ്വസിക്കുന്നു. ഇതിനുത്തരം, സൃഷ്ട്യുത്പത്തി, ജീവേശ്വരന്മാർ[212] എന്നിവ വ്യാഖ്യാനിച്ചിരിക്കുന്നിടത്തുണ്ട്. കാരണമില്ലാതെ കാര്യം ഉണ്ടാകുന്നത് സർവഥാ അസംഭവ്യമാണ്. അതുപോലെ ഉണ്ടായത് നശിക്കാതിരിക്കുന്നതും അസംഭവ്യമാണ്.

7. പശ്ചാത്താപവും [213] പ്രാർത്ഥനയും കൊണ്ട് പാപ നിവൃത്തിയുണ്ടാകുമെന്ന വിശ്വാസവും നിങ്ങളുടെ ദോഷമാണ്. ഈ വിശ്വാസം ലോകത്തിൽ പാപം വർദ്ധിപ്പിച്ചിട്ടുണ്ട്. പുരാണ വിശ്വാസികൾ തീർത്ഥയാത്രകൊണ്ടും, ജൈനർ നവകാരമന്ത്രജപം തീർത്ഥയാത്ര എന്നിവകൊണ്ടും, ക്രിസ്ത്യാനികൾ യേശുവിലുള്ള വിശ്വാസം കൊണ്ടും, മുസൽമാന്മാർ തൗബാഹ് ചെയ്യുന്നതുകൊണ്ടും, ഫലാനുഭവം കൂടാതെ പാപമോചനം ലഭിക്കുമെന്നു വിശ്വസിക്കുന്നു. ഇതുകൊണ്ട് പാപം ഭയംകൂടാതെ ചെയ്യുന്നത് വളരെ വർദ്ധിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ബ്രഹ്മ-പ്രാർഥനാസമാജക്കാർ പൗരാണികരേയും മറ്റും പോലെയാണ്. വേദത്തിന്റെ അനുജ്ഞ, ഫലമനുഭവിക്കാതെ പാപപുണ്യങ്ങളിൽനിന്ന് നിവൃത്തി ഉണ്ടാവുകയില്ല എന്നാണ്. അതനുസരിക്കുന്നവർ സദാ പാപവിമുഖരും ധർമോന്മുഖരും ആയിരിക്കും. ഫലാനുഭവമില്ലാതെ നിവൃത്തമാകുമെന്നാണെങ്കിൽ ഈശ്വരൻ അന്യായകാരിയാണെന്നു വന്നുകൂടും.

8. നിങ്ങൾ ജീവാത്മാവിന് അത്യന്തം ഉന്നതി പ്രാപിക്കാമെന്നു പറയുന്നു. ഇതൊരിക്കലും സാധ്യമല്ല. സീമയുള്ള ജീവാത്മാവിന്റെ ഗുണകർമസ്വഭാവങ്ങളുടെ ഫലവും സീമയുള്ളതായിരിക്കും.

ചോദ്യം:- ഈശ്വരൻ ദയാലുവാണ്. സീമയുള്ള കർമങ്ങൾക്കും നിസ്സീമമായ ഫലം നല്കും.

ഉത്തരം :- അങ്ങനെ ചെയ്താൽ ഈശ്വരന്റെ ന്യായം നഷ്ടമാകും. സത്കർമ്മങ്ങളുടെ പുരോഗതിക്ക് ആരും യത്നിക്കയുമില്ല. കുറച്ച് സത്കർമ്മത്തിന് അനന്തമായ ഫലം ലഭിക്കുമെങ്കിൽ പശ്ചാത്താപവും പ്രാർത്ഥനയുംകൊണ്ട് എത്രയെങ്കിലും പാപം ഇല്ലാതാകും. ഇത്തരം കാര്യങ്ങൾ ധർമഹാനി വരുത്തും. പാപകർമ്മങ്ങൾ വർദ്ധിക്കുകയും ചെയ്യും.

ചോദ്യം:- ഞങ്ങൾ സ്വാഭാവിക ജ്ഞാനത്തെ [214] വേദത്തേക്കാൾ വലിയതായി കരുതുന്നു. നൈമിത്തികമായ ജ്ഞാനത്തെ വിലവയ്ക്കുന്നില്ല. ഈശ്വരദത്തമായ സ്വാഭാവികജ്ഞാനം നമ്മിലില്ലെങ്കിൽ വേദങ്ങളെങ്ങനെ പഠിക്കയും പഠിപ്പിക്കയും മനസ്സിലാക്കുകയും മനസ്സിലാക്കിക്കുകയും ചെയ്യും? അതിനാൽ ഞങ്ങളുടെ മതമാണ് വളരെ നല്ലത്.

ഉത്തരം:- ഈ വാദം നിരർത്ഥകമാണ്. എന്തെന്നാൽ ആരെങ്കിലും തരുന്ന ജ്ഞാനം സ്വാഭാവിക ജ്ഞാനമല്ല. **സ്വാഭാവിക ജ്ഞാനം സഹജജ്ഞാനമാണ്. അത് ഏറുകയോ കുറയുകയോ ഇല്ല.** അതു നിമിത്തം ആരും ഉന്നതി പ്രാപിക്കുകയില്ല. കാട്ടുമനുഷ്യരിലും സ്വാഭാവിക ജ്ഞാനമുണ്ട്. എങ്കിലും അവർ ഉയർച്ച നേടുന്നില്ല. എന്നാൽ **നൈമിത്തികജ്ഞാനമാണ് ഉന്നതിക്കു കാരണം.** നോക്കൂ!

214. ഇത് ആധുനിക മതമാണ്. ഇതിന്മേലാണ് കാൾമാർക്സിന്റേയും ഫ്രായിറ്റിന്റേയും സിദ്ധാന്തങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നത്.

215. ഒമ്പതാം സമുല്ലാസം പേജ് 389 മുതൽ



ബാല്യാവസ്ഥയിൽ കർത്തവ്യാകർത്തവ്യങ്ങളോ ധർമാധർമങ്ങളോ നമുക്കൊട്ടും അറിവില്ലായിരുന്നു. നാം വിദ്വാന്മാരിൽ നിന്ന് പഠിച്ചതിനുശേഷമാണ് ധർമാധർമങ്ങളും കർത്തവ്യങ്ങളും മനസ്സിലാക്കാനായത്. അതിനാൽ സ്വാഭാവിക ജ്ഞാനത്തിനെ സർവോപരിയാണെന്ന് കരുതുന്നത് ശരിയല്ല.

9. നിങ്ങൾ പൂർവജന്മവും പുനർജന്മവും അംഗീകരിക്കാത്തത് കൃസ്ത്യാനികളേയും മുസ്ലീങ്ങളേയും അനുകരിച്ചാവാം. ഇതിനുത്തരവും പുനർജന്മ വ്യാഖ്യാനത്തിൽ നിന്നു ഗ്രഹിക്കുക.[215] എന്നാൽ ജീവൻ ശാശ്വത - നിത്യൻ - നാണെന്നും അതിന്റെ കർമ്മവും പ്രവാഹരൂപത്തിൽ നിത്യമാണെന്നും മാത്രം മനസ്സിലാക്കുക. കർമവും കർമവാനും തമ്മിൽ നിത്യബന്ധമുണ്ട്. ജീവാത്മാവ് ഒന്നും ചെയ്യാതെ വെറുതെയിരിക്കുകയാണോ? ഈശ്വരനും വെറുതേ ഇരിക്കുകയാണെന്നേ നിങ്ങൾ പറയുന്നതു കേട്ടാൽ തോന്നൂ. പൂർവാപരജന്മങ്ങൾ ഇല്ലെന്നുവന്നാൽ. കൃതഹാനി, ആകൃതാഭ്യാഗമം , നൈർഘൃണ്യം, വൈഷമ്യം എന്നീ ദോഷങ്ങൾ ഈശ്വരനിൽ വന്നു കൂടും. ജന്മമില്ലെങ്കിൽ പാപപുണ്യ ഫലങ്ങളനുഭവിക്കാനാകാതെ വരുന്നു. മറ്റൊരാളിന് സുഖമോ ദുഃഖമോ ലാഭമോ ചേതമോ വരുത്തിവച്ചാൽ അതിനുതക്കവണ്ണം ഫലം ശരീരം ധരിക്കാതെ പ്രാപ്തമാകുന്നില്ല. രണ്ടാമത് - പൂർവജന്മത്തിലെ പാപപുണ്യങ്ങളില്ലെങ്കിൽ ഈ ജന്മത്തിൽ സുഖദുഃഖങ്ങൾ എങ്ങനെയുണ്ടാകാനാണ്? പൂർവജന്മത്തിലെ പാപപുണ്യങ്ങളനുസരിച്ചല്ല ഇവയെങ്കിൽ ഈശ്വരൻ അന്യായകാരിയും, ചെയ്ത കർമത്തിനു ഫലലബ്ധി ഇല്ലാതെയാവുകയും ചെയ്യും. അതിനാൽ നിങ്ങളുടെ ഈ വാദവും ശരിയല്ല.

10. ഈശ്വരനെയല്ലാതെ, ദിവ്യഗുണമുള്ള പദാർത്ഥങ്ങളേയും വിദ്വാന്മാരെയും നിങ്ങൾ ദേവന്മാരായി കരുതുന്നില്ല. ഇതും ശരിയല്ല. എന്തെന്നാൽ ഈശ്വരൻ മഹാദേവനാണ്. വേറെ ദേവന്മാരില്ലെങ്കിൽ ദേവദേവനായ മഹാദേവൻ എന്തെന്തിനു പറയണം?

11. അഗ്നിഹോത്രാദി കർത്തവ്യ കർമങ്ങൾ കർത്തവ്യമല്ലെന്നു കരുതുന്നത് നല്ലതല്ല.

12. ഋഷി-മഹർഷിമാരുടെ ഉപകാരങ്ങൾ വിസ്മരിച്ച് യേശുവിന്റെയും മറ്റും പിന്നാലേ കൂനിക്കൂടുന്നത് നല്ലതല്ല.

13. കാരണവിദ്യയായ വേദങ്ങളെക്കൂടാതെ മറ്റു കാര്യവിദ്യകളെ അംഗീകരിക്കുകയെന്നത് അസംഭവ്യമാണ്.

14. വിദ്യയുടെ ചിഹ്നങ്ങളായ യജ്ഞോപവീതം ശിഖ എന്നിവ വെടിഞ്ഞ് കൃസ്ത്യാനികളേയും മുസ്ലീംങ്ങളേയും പോലെ നടക്കുന്നത് വെറുതേയാണ്. പാന്റ്സും മറ്റും ധരിക്കുകയും മെഡലുകളും മറ്റും ധരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് യജ്ഞോപവീതം വലിയ ഭാരമായിപ്പോയോ?

15. ബ്രഹ്മാ ഋഷി മുതൽ ഇങ്ങോട്ട് മഹാവിദ്വാന്മാർ ആര്യാവർത്തത്തിലുണ്ടായിട്ടുണ്ട്. അവരെ പുകഴ്ത്താതെ സായ്പന്മാരെ സ്തുതിച്ചു നടക്കുന്നത് പക്ഷപാതവും പ്രീണനവുമല്ലെങ്കിൽ പിന്നെന്താണെന്നു പറയണം?

16. ബീജാങ്കുരം പോലെ, ജഡചേതന സംയോഗത്താൽ ബീജോത്പത്തി അംഗീകരിക്കുന്നതും, ഉത്പത്തിക്കു മുമ്പ് ജീവതത്ത്വം ഉണ്ടായിരുന്നില്ലെന്നും, ഉണ്ടായത് നശിക്കുന്നില്ലെന്നും വിശ്വസിക്കുന്നത് പൂർവാപര വിരുദ്ധമാണ്. ഉത്പത്തിക്കു മുമ്പ് ചേതന-ജഡവസ്തുക്കൾ ഇല്ലായിരുന്നെങ്കിൽ ജീവൻ എവിടെനിന്നു വന്നു? ഏതിന്റെയെല്ലാം സംയോഗമാണു സംഭവിച്ചത്? ഇവ രണ്ടും സനാതനമാണെന്നു പറയുന്നതു ശരിയാണ്. എന്നാൽ സൃഷ്ടിക്കു മുമ്പ് ഈശ്വരനല്ലാതെ മറ്റൊരു തത്ത്വവുമില്ലായിരുന്നെന്ന താങ്കളുടെ പക്ഷം നിലനില്ക്കാതെ പോകുന്നു.

അതിനാൽ ഉയർച്ചയാഗ്രഹിക്കുന്നവർ ആര്യസമാജത്തിനോടു ചേർന്ന് അതിന്റെ ഉദ്ദ്യേശ്യമനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ഒരു നേട്ടവും ഉണ്ടാവുകയില്ല. ഏതു ദേശത്തിലെ പദാർത്ഥങ്ങൾ കൊണ്ടാണോ സ്വശരീരം ഉണ്ടാക്കിയിരിക്കുന്നതും. ഇപ്പോഴും പാലിക്കപ്പെടുന്നതും, മേലിലും പാലിക്കപ്പെടുന്നതും അതിന്റെ ഉയർച്ചക്ക് ശരീരം മനസ് ധനം എന്നിവ അർപ്പിച്ച് എല്ലാവരും യോജിച്ച് പരസ്പര പ്രീതിയോടെയത്നിക്കണം. അതിനാൽ ആര്യസമാജത്തേപ്പോലെ ആര്യാവർത്ത ദേശത്തിന്റെ ഉന്നതിക്ക് മറ്റൊന്നും കാരണമാവുകില്ല. ഈ ഈ സമാജത്തെ സഹായിക്കുമെങ്കിൽ വളരെ നല്ലകാര്യമാണത് സമാജത്തിന്റെ സൗഭാഗ്യം വർദ്ധിപ്പിക്കേണ്ടത് സാമൂഹത്തിന്റെ കടമയാണ് വ്യക്തിയുടേതു മാ

216. മഹർഷിയുടെ കാലത്ത് 600ലധികം രാജാക്കന്മാർ ഭാരതത്തിലുണ്ടായിരുന്നു.

ത്രമല്ല.

ചോദ്യം:- താങ്കൾ എല്ലാവരേയും ഖണ്ഡിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അതാതിന്റെ നിലയ്ക്ക് എല്ലാ മതങ്ങളും നല്ലതാണ്. ആരേയും ഖണ്ഡനം ചെയ്തു കൂടാ. ഖണ്ഡിച്ചിട്ട്, മെച്ചമായെന്താണ് താങ്കളുപദേശിക്കുന്നത്? മെച്ചമായുപദേശിക്കുന്നെങ്കിൽ താങ്കളേക്കാൾ അധികമോ തുല്യമോ യോഗ്യതയുള്ള ആരും ഇല്ലായിരുന്നെന്നോ ഇല്ലെന്നോ കരുതുന്നുണ്ടാവുമല്ലോ? ഇങ്ങനെ അഭിമാനിക്കുന്നത് താങ്കൾക്ക് ഉചിതമല്ല. എന്തെന്നാൽ ഈശ്വരന്റെ സൃഷ്ടിയിൽ ഒന്നിനൊന്ന് തുല്യമോ ന്യൂനമോ ആയി പലതുമുണ്ട്. ഡംഭ് കാട്ടുന്നത് ഒട്ടും ഉചിതമല്ല.

ഉത്തരം:- ധർമം എല്ലാവർക്കും ഒന്നുതന്നെയോ പലതോ? പലതാണെന്നു പറയുന്ന പക്ഷം ഒന്ന് മറ്റൊന്നിന് വിരുദ്ധമോ അവിരുദ്ധമോ? വിരുദ്ധമാണെങ്കിൽ ഏതെങ്കിലും ഒന്നേ ധർമമായിരിക്കൂ. അവിരുദ്ധമാണെങ്കിൽവിഭിന്നമായിരിക്കുന്നതിൽ അർഥമില്ല. അതിനാൽ ധർമം ഒന്നാണ്. അനേകമല്ല.

ഇവിടെ വിശേഷമായി പറയുന്നത് ഇത്രമാത്രമാണ്:- എല്ലാ സമ്പ്രദായങ്ങളുടേയും ഉപദേശങ്ങൾ ഏതെങ്കിലും ഭരണാധിപൻ സമാഹരിച്ചാൽ, ആയിരത്തിലൊട്ടും കുറയുകയില്ല. എന്നാൽ ഇവയിൽ മുഖ്യമായി പുരാണി, കൃസ്ത്യാനി, ജൈനി, കുറാനി എന്നീ നാലിനമേ ഉണ്ടായിരിക്കൂ. എല്ലാ സമ്പ്രദായങ്ങളും ഈ നാലിലൊന്നിൽപ്പെടും.

ഏതെങ്കിലും രാജാവ് തന്റെ സഭയിൽ ▯ [216]ഈ ആയിരത്തേയും വിളിച്ചു കൂട്ടി "ഞാനിതുവരെ ഏതെങ്കിലും ഗുരുവിനേയോ ധർമ്മത്തേയോ സ്വീകരിച്ചിട്ടില്ല. എല്ലാ ധർമ്മങ്ങളിലും ഉത്തമം ആരുടേതാണ്? ഞാൻ സ്വീകരിക്കേണ്ടത് ഏതാണ്? വാമമാർഗി ആദ്യം പറയട്ടെ". എന്നു പറയുന്നുവെന്നു സങ്കല്പിക്കുക.

വാമമാർഗി:- ഞങ്ങളുടേത്.

ജിജ്ഞാസു:- ഈ 999-ം എങ്ങനെയുണ്ട്?

വാ. മാ:- എല്ലാവരും കള്ളന്മാർ. നരകഗാമികൾ **കാലാത് പരതരം നഹി** എന്നു കേട്ടിട്ടില്ലേ? ഈ പ്രമാണത്താൽ ഞങ്ങളുടേതിൽ മെച്ചമായ ധർമ്മമില്ലെന്നു നിശ്ചയം.

ജി:- താങ്കളുടെ ധർമ്മം എന്താണ്?

വാ. മാ:- ഭഗവതിയെ സേവിക്ക, മദ്യമാംസാദി പഞ്ചമകാരങ്ങൾ സേവിക്ക, രുദ്രയാമലാദി തന്ത്രങ്ങൾ ചെയ്ക, ഇത്യാദി നിനക്ക് മുക്തി വേണോ, നമ്മുടെ ശിഷ്യനായിക്കൊൾക.

ജി:- ശരി. മറ്റു മഹാത്മാക്കളോടുകൂടി ചോദിച്ചറിയട്ടെ. പിന്നീട് എനിക്ക് ശ്രദ്ധയും ഇഷ്ടവും തോന്നുന്നയാളിന്റെ ശിഷ്യനാകും.

വാ. മാ:- ഹേയ്! എന്തിനീ അബദ്ധത്തിൽ ചാടുന്നു? ഇവർ നിങ്ങളെ കബളിപ്പിച്ച് വലയിൽ കുടുക്കും. ആരുടെയടുത്തും പോകേണ്ട. ഞങ്ങളുടെ ശിഷ്യനാവ്. അല്ലെങ്കിൽ പശ്ചാത്തപിക്കും. നോക്ക്! ഞങ്ങളുടെ മതത്തിൽ ഭോഗവും മോക്ഷവും രണ്ടും ഉണ്ട്.

ജി:- ശരി. നോക്കിവരാം.

പിന്നീട് ശൈവന്റെ അടുത്ത് ചെന്നപ്പോൾ അവരും ഇതേ ഉത്തരം പറഞ്ഞു. വിശേഷാൽപറഞ്ഞതിത്രമാത്രം:- "ശിവനെ വിശ്വസിക്കാതെ, ഭസ്മരുദ്രാക്ഷ ധാരണവും, ലിങ്ഗപൂജയും ചെയ്യാതെ മുക്തി ഒരിക്കലും ലഭിക്കുകയില്ല."

ഇവരെ വിട്ട് നവീന വേദാന്തിയുടെ അടുത്തു ചെന്നു.

ജിജ്ഞാസു:- മഹാത്മൻ! അവിടത്തെ ധർമ്മമെന്താണ്?

വേദാന്തി:- നാം ധർമാധർമങ്ങളൊന്നും കണക്കാക്കുന്നില്ല. നാം സാക്ഷാൽ ബ്രഹ്മമാണ്. നമുക്ക് ധർമമെന്ത്, അധർമമെന്ത്? ഈ ജഗത്ത് മിഥ്യ. ജ്ഞാനിയാവണോ, ശുദ്ധ ചൈതന്യമാകണോ, ബ്രഹ്മമെന്ന് സ്വയം നിനയ്ക്കൂ. ജീവനെന്നഭാവം കള നിത്യമുക്തനാവും.

ജിജ്ഞാസു:- നിങ്ങൾ നിത്യമുക്ത ബ്രാഹ്മണനെങ്കിൽ ബ്രഹ്മത്തിന്റെ ഗുണകർമ സ്വഭാവങ്ങൾ നിങ്ങളിലില്ലാത്തതെന്ത്? എന്തിനീ ശരീരത്തിൽ ബന്ധിതനായിരിക്കുന്നു?

വേ:- നിങ്ങൾ ശരീരം കാണുന്നു, ഇല്ലേ? അതാണ് ഭ്രാന്തി. നമ്മൾ ഒന്നും കാണുന്നില്ല. ബ്രഹ്മമല്ലാതെ

ജി:- കാണുന്നതാര്? ആരെ കാണുന്നു?

വേ:- ബ്രഹ്മം കാണുന്നു. ബ്രഹ്മത്തെ ബ്രഹ്മം കാണുന്നു.

ജി:- ങേ! രണ്ടു ബ്രഹ്മമുണ്ടോ?

വേ:- ഇല്ല. തന്നെ, താൻ കാണുന്നു.

ജി:- ഒരുവന് അവന്റെ തോളിൽ കയറാമെന്നോ? നിങ്ങളുടെ ഈ പറച്ചിലിൽ ഒന്നുമില്ല. ഭ്രാന്തല്ലാതെ.

പിന്നീട് ജൈനികളുടെ അടുത്തു ചെന്നു ചോദി



ച്ചു. അവരും അങ്ങനെതന്നെ പറഞ്ഞു. വിശേഷാൽ ഇത്രയും കൂടി പറഞ്ഞു. "ജിണ ധർമമൊഴികെ മറ്റെല്ലാം പൊട്ട. ജഗത് കർത്താവായ അനാദി ഈശ്വരനില്ല. ജഗത്ത് അനാദി കാലം മുതൽ ഇങ്ങനെ ഉണ്ടാക്കി വച്ചതാണ്. ഇങ്ങനേ തുടരും. നീ വാ. നമ്മുടെ ശിഷ്യനാവ്. നമ്മൾ സമ്യക്ത്വീ - എല്ലാ വിധത്തിലും നല്ലവർ - ആണ്. നല്ല കാര്യങ്ങൾ സ്വീകരിക്കുന്നു. ജൈന മാർഗമല്ലാത്തതെല്ലാം മിഥ്യാത്വീയമാണ്."

പിന്നീട് കൃസ്ത്യാനികളുടെ അടുത്തു ചെന്നു. അവരോടും വാമമാർഗികളോടു ചോദിച്ചതു പോലെ ചോദ്യങ്ങൾ ചോദിച്ചു. അവർ പറഞ്ഞതുപോലെ ഉത്തരവും കിട്ടി. വിശേഷാൽ ഇത്രമാത്രം കൂടി പറഞ്ഞു:- "മനുഷ്യരെല്ലാം പാപികളാണ്. സ്വന്തം സാമർത്ഥ്യംകൊണ്ട് പാപമുക്തി കിട്ടുകയില്ല. ക്രിസ്തുവിൽ വിശ്വസിച്ച് പവിത്രരാകാതെ മുക്തിയില്ല. യേശു എല്ലാവർക്കും വേണ്ടി സ്വയം കുരിശിലേറി കനിവുകാട്ടി, നീ ഞങ്ങളുടെ ശിഷ്യനായിക്കോളൂ."

ഇതു കേട്ടശേഷം ജിജ്ഞാസു മൗലവിസാഹേബിന്റെ അടുത്തു ചെന്നു. അവിടെയും ചോദ്യോത്തരങ്ങളുണ്ടായി, ഇത്രയുംകൂടി പറഞ്ഞു. "സർവ്വ ശക്തനായ അള്ളാഹു, അവന്റെ പ്രവാചകൻ ഖുർആൻ ശരീഫ് ഇവയല്ലാതെ മറ്റു മുക്തി മാർഗ്ഗമില്ല. ഇതിൽ വിശ്വസിക്കാത്തവർ നാസ്തികരും കാഫിറുകളുമാണ്. അവർ വാജിബുൽകത്ൽ (ശിരച്ഛേദം ചെയ്യപ്പെടേണ്ടവർ) ആണ്.

ജിജ്ഞാസു വൈഷ്ണവരുടെ അടുത്തു ചെന്നു. അവർ വിശേഷാൽ പറഞ്ഞത് ഇതാണ്. "ഞങ്ങളുടെ തിലകക്കുറി കണ്ട് യമരാജൻ ഭയക്കുന്നു." ജിജ്ഞാസു വിചാരിച്ചു - ഈച്ചയും കൊതുകും പോലീസുകാരനും കള്ളനും കൊള്ളക്കാരനും ശത്രുക്കളും ഭയപ്പെടുന്നില്ല. പിന്നാണോ യമഭടന്മാർ!

വീണ്ടും മുന്നോട്ട് നടന്ന് ഒരോ മതക്കാരുടേയും അടുത്തു ചെന്നു. എല്ലാവരും തങ്ങളുടേതാണ് സത്യമെന്നു പറഞ്ഞു. ചിലർ ഞങ്ങളുടെ കബീർ സത്യം, ചിലർ നാനക് സത്യം, ചിലർ ദാദൂ, ചിലർ വല്ലഭൻ ഇനി ചിലർ സഹജാനന്ദൻ, മറ്റുചിലർ മാധൻ മുതലായവരെ വലിയവരും അവതാരങ്ങളുമായി വാഴ്ത്തി. ആയിരത്തോടും ചോദിച്ചു. അവരുടെ പരസ്പര വിരോധം കണ്ട്, ഇവരിലാരും ഗുരുവായി സ്വീകരിക്കാൻ യോഗ്യരല്ല എന്ന് നിശ്ചയിച്ചു. എന്തെന്നാൽ ഓരോന്നും കള്ളമാണെന്ന് മറ്റ് 999 പേർ സാക്ഷി പറഞ്ഞു. കള്ളക്കച്ചവടക്കാരനും, വേശ്യയും, തെല്ലാലുകാരനും അവരവരുടെ ചരക്കുകൾ നന്നെന്നും മറ്റുള്ളവരുടേത് ചീത്ത എന്നും പറയുന്നതു പോലെയാണിവർ പറയുന്നതുമെന്നറിഞ്ഞ്:-

1. തദ്വിജ്ഞാനാർഥം, സ ഗുരുമേവാഭിഗച്ഛേത് സമിത്പാണിഃ ശ്രോത്രിയം ബ്രഹ്മനിഷ്ഠം.

2. തസ്മൈ സ വിദ്വാനുപസന്നായ സമ്യക്പ്രശാന്ത ചിത്തായ ശമന്വിതായ യേനാക്ഷരം പുരുഷം വേദ സത്യം പ്രോവാച താം തത്ത്വതോ ബ്രഹ്മവിദ്യാം.॥ [217]

1. ആ സത്യത്തെ അറിയുന്നതിന് സമിത്പാണി അതായത് തൊഴുകൈയ്യോടെ അരിക്തഹസ്തനായി ॥ [218] വേദജ്ഞനും, ബ്രഹ്മനിഷ്ഠനും, പരമാത്മാവിനെ അറിയുന്ന ആളുമായ ഗുരുവിന്റെ അടുത്ത് ചെല്ലണം. ഈ അന്ധവിശ്വാസികളുടെ വലയിൽ വീഴരുത്. 2 അങ്ങനെ ജിജ്ഞാസു വിദ്വാന്റെ പക്കലെത്തിയാൽ ആ ശാന്തചിത്തനായ ജിതേന്ദ്രിയൻ, സമീപസ്ഥനായ ജിജ്ഞാസുവിന് യഥാർഥ ബ്രഹ്മവിദ്യ അഥവാ ഈശ്വരന്റെ ഗുണ കർമ സ്വഭാവങ്ങൾ ഉപദേശിക്കണം. ഏതേതെല്ലാം സാധനകളാൽ ആ ശ്രോതാവിന് ധർമാർത്ഥ കാമമോക്ഷങ്ങൾ, പരമാത്മാവ് എന്നിവയെ അറിയാൻ കഴിയുമോ, അവയെന്തെന്ന് ബോധിപ്പിച്ചു കൊടുക്കണം.

ഇപ്രകാരമുള്ള ആളിന്റെ അടുത്തെത്തി പറഞ്ഞു-മഹരാജ്! ഈ സമ്പ്രദായങ്ങളുടെ ബഹളത്തിൽ പെട്ട് എന്റെ മനസ്സ് ഭ്രാന്തമായിരിക്കുന്നു. എന്തെന്നാൽ ഞാൻ ഇവയിൽ ഏതെങ്കിലും ശിഷ്യത്വം സ്വീകരിച്ചാൽ 999 പേരുടെ വിരോധം സമ്പാദിക്കണം. 999 ശത്രുക്കളും ഒരു മിത്രവും ഉള്ളയാളിന് ഒരിക്കലും സൗഖ്യം ഉണ്ടാവുകയില്ല. അതിനാൽ ഞാനെന്തു ചെയ്യണമെന്ന് അങ്ങ് ഉപദേശിക്കണം.

ആപ്തവിദ്വാൻ- ഈ മതങ്ങളെല്ലാം അവിദ്യാജന്യവും വിദ്യാവിരോധികളുമാണ്. മൂഢരും പാമരും കാടന്മാരുമായ മനുഷ്യരെ കബളിപ്പിച്ചു വശീകരിച്ച് അവരെ വലയിൽ കുടുക്കി ഇവർ സ്വന്തം പ്രയോജന സിദ്ധിക്കുപയോഗിക്കുന്നു. ആ പാവങ്ങൾ അവരുടെ മനുഷ്യ ജന്മത്തിന്റെ ഫലം ലഭി

217. മുണ്ഡകോപനിഷത്ത് 1.2, 12-13

218. കൈകളിൽ സമർപ്പണ വസ്തുവുമായി സമിധ (യജ്ഞ വിറക്) സുലഭവും ഐകരൂപ്യമുള്ളതുമാകയാൽ ഉപനിഷത്കാരൻ അത് സമർപ്പണ വസ്തുവാക്കിയതാണ്. അരിക്തഹ്സതൻ = ശൂന്യമല്ലാത്ത കൈകളുള്ളവൻ

ക്കാതെ ജന്മം പാഴാക്കുന്നു. ഏതിൽ എല്ലാവരുടേയും അഭിപ്രായം ഒന്നാണോ അതത്രേ വേദമതം. അതത്രേ കൈക്കൊള്ളേണ്ടത്. പരസ്പരവിരോധം ഉള്ളത് മെനഞ്ഞെടുത്ത അസത്യവും തന്നിമിത്തം ത്യാജ്യവുമാണ്.

ജിജ്ഞാസു :- ഇതെങ്ങനെ പരീക്ഷിച്ചറിയും?

ആപ്തവിദ്വാൻ:- നീ പോയി ഇനി പറയും വണ്ണം എല്ലാവരോടും ചോദിക്കുക. അവരുടെയെല്ലാം മറുപടി ഒന്നായിരിക്കും.

അയാൾ ആ ആയിരം പേരുടെ കൂട്ടത്തിൽ ചെന്ന് പറഞ്ഞു:- "എല്ലാവരും കേൾക്കണം. സത്യഭാഷണത്തിലാണോ ധർമം. മിഥ്യാഭാഷണത്തിലാണോ?" എല്ലാവരും ഒറ്റസ്വരത്തിൽ പറഞ്ഞു:- "സത്യഭാഷണത്തിലാണ് ധർമം. മിഥ്യാഭാഷണത്തിൽ അധർമമാണ്" അതുപോലെ വിദ്യാഭ്യാസത്തിൽ, ബ്രഹ്മചര്യ പാലനത്തിൽ, പൂർണയുവാവസ്ഥയിൽ വിവാഹിതരാകുന്നതിൽ, സത്സംഗത്തിൽ, പുരുഷാർത്ഥത്തിൽ, സത്യവ്യവഹാരത്തിൽ എല്ലാമാണോ ധർമം, അതോ അവിദ്യാഗ്രഹണം, ബ്രഹ്മചര്യമില്ലായ്മ, വ്യഭിചാരം, കുസംഗം, മടി, അസത്യവ്യവഹാരം, ചതിവും കാപട്യവും, ഹിംസ, പരഹാനി മുതലായവയിലോ? എല്ലാവരും ഒന്നിച്ചു ചേർന്ന് പറഞ്ഞു. "വിദ്യാഭ്യാസാദികൾ ധർമവും അവിദ്യാ ഗ്രഹണാദികൾ അധർമവുമാണ്." അപ്പോൾ ജിജ്ഞാസു എല്ലാവരോടുമായി പറഞ്ഞു:- " നിങ്ങൾ ഇപ്രകാരം ഒറ്റക്കെട്ടായി സത്യധർമ്മത്തിന്റെ ഉന്നതിയ്ക്കും മിഥ്യാമാർഗത്തിന്റെ അവനതിയ്ക്കുമായി എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല? എല്ലാവരുംകൂടി പറഞ്ഞു:- ഞങ്ങളങ്ങനെ ചെയ്താൽ ഞങ്ങളെ ആരു ഗൗനിക്കും? ഞങ്ങളുടെ ശിഷ്യന്മാർ പറഞ്ഞാൽ കേൾക്കില്ല. വയറ്റുപ്പിഴപ്പ് മുട്ടും. അനുഭവിക്കുന്ന ആനന്ദങ്ങളെല്ലാം കൈവിട്ടുപോകും. അതുകൊണ്ടാണ് അറിയാമായിട്ടും സ്വന്തമതങ്ങളുടെ പ്രചാരണം ചെയ്യുന്നത്. "കാട്ടിലെ തടി, തേവരുടെ ആന, വലിക്കട്ടേ തടി" എന്നതാണ് കാര്യം. നോക്കൂ ലോകത്തിൽ നേരും ചൊവ്വുമുള്ള മനുഷ്യനെ ആരും വകവെയ്ക്കില്ല. ചതിവും വഞ്ചനയുമായി നടക്കുന്ന വനേവിലയുള്ളൂ.

ജിജ്ഞാസു:- ഇത്തരം കള്ളത്തരങ്ങളിലൂടെ മറ്റുള്ളവരെ കൊള്ളയടിക്കുന്നതിന് രാജാവ് ശിക്ഷ നല്കാത്തതെന്താണ്?

മതക്കാർ:- ഞങ്ങൾ രാജാവിനേയും ശിഷ്യനാക്കിക്കഴിഞ്ഞിരിക്കുന്നു. വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. വിട്ടുപോവില്ല.

ജി:- നിങ്ങൾ കാപട്യം കൊണ്ട് മറ്റുള്ളവരെ വഞ്ചിക്കുന്നു. ഈശ്വരനു മുമ്പിൽ എന്തു സമാധാനം പറയും? ഘോരനരകത്തിൽ വീഴും ചെറിയ ജീവിതത്തിന് ഇത്ര വലിയ അപരാധം ചെയ്യുന്നത് എന്തുകൊണ്ട് ത്യജിക്കുന്നില്ല?

മ:- വരുന്നിടത്തു വച്ചു കാണാം. നരകം, ഈശ്വര, ശിക്ഷ എന്നിവയൊക്കെ വരുമ്പോഴാകട്ടെ. ഇപ്പോൾ ആനന്ദിക്കതന്നെ! ആളുകൾ ഞങ്ങൾക്കാവശ്യമായ ധനാദികളെല്ലാം തരുന്നു. പിടിച്ചു പറിക്കുന്നില്ല. പിന്നെ രാജാവെന്തിനു ശിക്ഷിക്കണം?

ജി: ഏതെങ്കിലും ചെറിയ കുട്ടികളെ വഞ്ചിച്ച് ധനം അപഹരിച്ചാൽ അവർക്കു ശിക്ഷ ലഭിക്കുന്നു. അതുപോലെ നിങ്ങൾക്കെന്താണ് കിട്ടാത്തത്? എന്തെന്നാൽ **"अज्ञो भवति वै बालः पिताभवति मन्त्रदः"** (മനു)॥ [219] ജ്ഞാനമില്ലാത്തയാൾ ബാലനും, ജ്ഞാനം നല്കുന്നയാൾ പിതാവും (വൃദ്ധനും) എന്നു പറയപ്പെടുന്നു. ബുദ്ധിമാന്മാരായ വിദ്വാന്മാർ നിങ്ങളുടെ വലയിൽ പെടുകയില്ല. ബാലസദൃശരായ അജ്ഞാനികളെ കൊള്ളയടിക്കുന്ന നിങ്ങൾക്ക് രാജ്യം ശിക്ഷ നല്കേണ്ടതു തന്നെയാണ്.

മ:- രാജാവും പ്രജകളും എല്ലാം ഞങ്ങളുടെ മതത്തിലാണെങ്കിൽ ആര് ഞങ്ങൾക്ക് ശിക്ഷ നല്കാനാണ്? അങ്ങനെ വല്ല വ്യവസ്ഥയും വരട്ടെ, അപ്പോൾ ഇതെല്ലാംവിട്ട് വേറെ പരിപാടിനോക്കിക്കൊള്ളാം.

ജി:- നിങ്ങൾ വെറുതേയിരുന്ന് പരധനം ധൂർത്തടിക്കുന്നുവല്ലോ. വിദ്യാഭ്യാസം ചെയ്തിട്ട് ഗൃഹസ്ഥരുടെ കുട്ടികളെ പഠിപ്പിച്ചിരുന്നെങ്കിൽ നിങ്ങൾക്കും അവർക്കും പ്രയോജനപ്പെട്ടേനെ.

മഃ- ബാല്യം മുതൽ മരണം വരെയുള്ള സകല സുഖങ്ങളും വെടിഞ്ഞ് പഠിക്കുക, അന്യരെ പഠിപ്പിക്ക, ഉപദേശിക്ക, ഇതുകൊണ്ടെല്ലാം ഞങ്ങൾക്കെന്തു ഗുണം? ഇതൊന്നുമില്ലാതെ ലക്ഷക്കണക്കിനു രൂപ ഞങ്ങൾക്കു കിട്ടുന്നു. സുഖമായി കഴിയുന്നു. ഇതു വിട്ടുകളയുകയോ?

ജി:- ഇതിന്റെ ഫലം ചീത്തയായിരിക്കും.

219. മനുസ്മൃതി 2.53

220. ബ്രിട്ടീഷ് നാണയ വ്യവസ്ഥയിൽ രൂപയ്ക്ക് 16 അണയും അണയ്ക്ക് 12 പൈസയും ആണ് ഉണ്ടായിരുന്നത്. 16 കലയും 12 അംശകലയുമെന്നർഥം.



നിങ്ങൾക്ക് മഹാരോഗം വരുന്നു. വേഗം മരിക്കുന്നു. ബുദ്ധിമാന്മാർ നിന്ദിക്കുന്നു. പിന്നെയുമെന്തുകൊണ്ട് മനസ്സിലാക്കുന്നില്ല?

മ:- എന്റെ സഹോദരാ!

1. ടകാ ധർമഷ്ടകാ കർമ ടകാഹി പരമം പദമ് യസ്യ ഗൃഹേ ടകാ നാസ്തി ഹാ! ടകാ ടകടകായതേ.

2. ആണാ അംശകലാഃ പ്രോക്താ രൂപ്യോ/സൗ ഭഗവാൻ സ്വയമ്, അതസ്തം സർവ ഇച്ഛന്തി രൂപ്യം ഹി ഗുണവത്തമമ്.

1. (ടകാ (തുട്ട്) ധർമം, ടകാ കർമം. ടകായാണ് പരമപദം. ആരുടെ വീട്ടിൽ ടകായില്ല. അയാൾ ഹാ! ടകടകായെന്ന് നട്ടം തിരിയും) നീ പയ്യൻ. ലോകകാര്യങ്ങളറിവില്ല. തുട്ടില്ലാതെ ധർമമില്ല. തുട്ടില്ലാതെ കർമമില്ല, തുട്ടില്ലാതെ പരമപദപ്രാപ്തിയില്ല. വീട്ടിൽ പണമില്ലെങ്കിൽ, നല്ലവസ്തുക്കൾ കണ്ടാൽ ഹ! എന്റെ കൈയിൽ തുട്ടില്ലല്ലോ എന്നോർത്ത് നട്ടം തിരിയും.

2. എല്ലാവരും പതിനാറുകലകളുള്ള അദൃശ്യനായ ഭഗവാനേപ്പറ്റി പറയുകയും കേൾക്കുകയും ചെയ്യുന്നു. അവനെ കാണാനേയില്ല. എന്നാൽ പതിനാറ് അണകളും അതിന്റെ അംശകലകളും[220] ഉള്ള രൂപയാണ് സാക്ഷാൽ ഭഗവാൻ. അതിനാൽ ഏവരും രൂപയെ അന്വേഷിക്കുന്നു. എല്ലാ കാര്യങ്ങളും സിദ്ധിക്കുന്നത് രൂപകൊണ്ടാണല്ലോ.

ജി:- ശരിതന്നെ, നിങ്ങളുടെ ഉള്ളുകള്ളി വെളിവായി. ഈ കാപട്യം കാട്ടുന്നതുമുഴുവൻ സുഖത്തിനുവേണ്ടിയാണ്. എന്നാൽ ഇതുകൊണ്ട് ലോകത്തിനു നാശമേ ഉണ്ടാവൂ. സത്യോപദേശത്താൽ ലോകത്തിനു നന്മയുണ്ടാകുമ്പോൾ അസത്യോപദേശം കൊണ്ട് നാശമേ ഉണ്ടാവൂ. നിങ്ങൾക്ക് ധനം മതിയെങ്കിൽ പണിചെയ്തോ വ്യാപാരം ചെയ്തോ ധനം സമ്പാദിച്ചുകൂടേ?

മ:- അതിനു പരിശ്രമിക്കണം. നഷ്ടം വരികയും ചെയ്യും. ഇതിൽ ഞങ്ങൾക്ക് നഷ്ടം വരുകയേ ഇല്ല. സദാ ലാഭം തന്നെ ലാഭം. തുളസിയിലയിട്ട് തീർത്ഥം നല്കും. മാല കെട്ടിക്കൊടുക്കും. ശിഷ്യനായിക്കഴിഞ്ഞാൽ ജന്മം മുഴുവൻ മൃഗത്തേപ്പോലെ പണിയെടുക്കും. നടക്കാനാഗ്രഹിക്കുംപടി നടക്കാം.

ജി:- ഇവർ നിങ്ങൾക്കിത്രയും ധനം തരുന്നതെന്തിനാണ്?

മ:- ധർമം, സ്വർഗം, മുക്തി എന്നിവയ്ക്ക്.

ജി:- നിങ്ങളോ മുക്തരല്ല. മുക്തിയെന്തെന്നറിവില്ല. മുക്തി സാധനങ്ങളെന്തെന്നും അറിവില്ല. പിന്നെ നിങ്ങളുടെ ശിഷ്യന്മാർക്കെന്തു കിട്ടാനാണ്?

മ:- ഈ ലോകത്തിൽ കിട്ടുമോ എന്നോ? ഇല്ല. പരലോകത്തിൽ കിട്ടും. ഞങ്ങൾക്കു തരുന്നതിനനുസരിച്ചും സല്ക്കരിക്കുന്നതിനനുസരിച്ചും പരലോകത്ത് കിട്ടും.

ജി:- തരുന്നവർക്കെന്തും ലഭിക്കട്ടെ. വാങ്ങുന്ന നിങ്ങൾക്ക് നരകമല്ലേ കിട്ടൂ?

മ: ഞങ്ങൾ നിത്യവും ഭജിക്കുന്നു. ഭജിപ്പിക്കുന്നു. ഇതിന്റെ സുഖം ഞങ്ങൾക്കു കിട്ടും.

ജി:- നിങ്ങളുടെ ഭജനം തുട്ടിനുവേണ്ടിയാണ്. ഇതെല്ലാം ഇവിടത്തന്നെ കിടക്കും. ഈ തീറ്റിപ്പോറ്റുന്ന ശരീരവും ഭസ്മമായി ഇവിടെ കിടക്കും. ഈശ്വര ഭജനം ചെയ്താൽ ആത്മശുദ്ധിയെങ്കിലും കിട്ടും.

മ:- ഞങ്ങൾ അശുദ്ധരാണോ?

ജി:- അകം മുഴുവൻ മലിനമാണ്.

മ:- നിങ്ങളെങ്ങനെ അറിഞ്ഞു?

ജി:- നിങ്ങളുടെ നടപ്പും പ്രവൃത്തിയുംകൊണ്ട്.

മ:- മഹാത്മാക്കളുടെ പ്രവൃത്തി ആനപ്പല്ലുപോലെയാണ്. ആനയ്ക്ക് തിന്നാനും. വെളിയിൽ കാണിക്കാനും വെവ്വേറെ ദന്തങ്ങളുള്ളതുപോലെ, ആന്തരികമായി ഞങ്ങൾ പവിത്രരാണ്. പുറമേയുള്ളത് ലീലമാത്രം.

ജി:- അകമേ ശുദ്ധരാണെങ്കിൽ പുറമേയും ശുദ്ധരായിരിക്കും. അതിനാൽ നിങ്ങൾ അകമേയും മലിനരാണ്.

മ:- ഞങ്ങളെങ്ങനേയുമാകട്ടെ, ഞങ്ങളുടെ ശിഷ്യന്മാർ നല്ലവരാണ്.

ജി:- നിങ്ങൾ ഗുരുക്കന്മാർക്കു ചേർന്നവണ്ണമാവും, ശിഷ്യന്മാരും.

---

221. സത്യയുഗത്തിൽ ധർമത്തിനു പ്രധാനതയും കലിയുഗത്തിൽ അധർമത്തിന് പ്രാധാന്യവും പൗരാണികർ അംഗീകരിക്കുന്നു. ഐതരേയ ബ്രാഹ്മണത്തിൽ **"കലിഃ ശയാനോ ഭവതി സംജിഹാനസ്തു ദ്വാപരഃ ഉത്തിഷ്ഠൻ ത്രേതാ ഭവതി കൃതം സംപദ്യതേ ചരൻ"** ഉറക്കകാരൻ കലി ഉണർന്നു കിടക്കുന്നത് ദ്വാപരൻ. ഉണർന്നു നില്ക്കുന്നത് ത്രേതാ. ഗതിശീലൻ കൃതയുഗം എന്നുപറയുന്നു. മനുഷ്യരുടെ അവസ്ഥയാണിത്. കർമ ശീലനായിരിക്കുന്നത് കൃതയുഗം അലസത കലിയും.

മ:- ഒരു മതം മാത്രം ഒരിക്കലും ഉണ്ടാവുകയില്ല. എന്തെന്നാൽ മനുഷ്യരുടെ മനുഷ്യരുടെ ഗുണകർമ സ്വഭാവങ്ങൾ ഭിന്നമാണ്.

ജി:- ബാല്യാവസ്ഥയിൽ ഒരേതരം ശിക്ഷണം നല്കുകയും സത്യഭാഷണാദി ധർമ്മങ്ങൾ ഗ്രഹിക്കയും മിഥ്യാ ഭാഷണാദി അധർമങ്ങൾ ത്യജിക്കയും ചെയ്താൽ ഏകമതമാകുമെന്നു നിശ്ചയം. രണ്ടു മതങ്ങൾ അതായത് ധർമാത്മാക്കൾ അധർമാത്മാക്കൾ എന്നിവർ എന്നു മുണ്ടായിരുന്നു. എന്നും ഉണ്ടായിരിക്കുകയും ചെയ്യും. എന്നാൽ ധർമാത്മാക്കൾ അധികവും അധർമികൾ കുറവും ആണെങ്കിൽ ലോകത്തിൽ സൗഖ്യം വർദ്ധിക്കും. അധർമികൾ കൂടുതലായാൽ ദുഃഖവും. എല്ലാ വിദ്വാന്മാരും ഒരേ രീതിയിലുപദേശിച്ചാൽ ഏകമതമെന്നതു സഫലമാകാൻ വലിയ വിളംബം വരികയില്ല.

കലിയുഗം

മതക്കാർ:- ഇക്കാലം കലിയുഗമാണ്. സത്യയുഗത്തിലെ കാര്യം എന്തിനു പറയുന്നു?

ജിജ്ഞാസു:- കലിയുഗം കാലവാചിയാണ്. കാലം നിഷ്ക്രിയമായതുകൊണ്ട് ധർമാധർമങ്ങളാചരിക്കുന്നതിൽ സാധകമോ ബാധകമോ അല്ല. പക്ഷേ നിങ്ങൾ കലിയുഗമൂർത്തികളുടെ[221] രൂപം ധരിച്ചിരിക്കയല്ലേ? മനുഷ്യൻ സ്വയം സത്യയുഗവും കലിയുഗവും ആകാതിരുന്നെങ്കിൽ ലോകത്തിൽ ധർമാത്മാക്കളോ അധർമികളോ ഉണ്ടാവുകയില്ലായിരുന്നു. ഇതെല്ലാം സംസർഗ ഗുണമോ ദോഷമോ ആണ്. സ്വഭാവികമല്ല.

ഇത്രയും പറഞ്ഞിട്ട് ജിജ്ഞാസു ആപ്തന്റെ അടുത്തുപോയി. താങ്കൾ എന്നെ ഉദ്ധരിച്ചു. അല്ലായിരുന്നെങ്കിൽ ഞാനും ഏതെങ്കിലും വലയിൽ പെട്ട് തകർന്നു പോയേനെ. മേലാൽ ഞാൻ ഈ കപടമൂർത്തികളേ ഖണ്ഡിക്കുകയും വേദോക്തമായ സത്യമതത്തിന്റെ മണ്ഡനം ചെയ്യുകയും ചെയ്യാം.

ആപ്തൻ: സത്യത്തിന്റെ മണ്ഡനവും അസത്യത്തിന്റെ ഖണ്ഡനവും ചെയ്ത്, പഠിപ്പിച്ചും കേൾപ്പിച്ചും സത്യോപദേശത്താൽ ഉപകാരം ചെയ്യേണ്ടത് എല്ലാ മനുഷ്യരുടെയും വിശേഷിച്ച് വിദ്വാന്മാരുടെയും സംന്യാസിമാരുടെയും കർത്തവ്യമാണ്.

ബ്രഹ്മചാരികളും സംന്യാസിമാരും

ചോദ്യം:- ബ്രഹ്മചാരികളും, സംന്യാസിമാരും എപ്രകാരമുണ്ട്?

ഉത്തരം:- ഈ ആശ്രയങ്ങൾ ശരിയാണ്. എന്നാൽ ഇക്കാലത്ത് ഇവയിലും വലിയ കുഴപ്പങ്ങളുണ്ട്. എത്രയോ പേർ ബ്രഹ്മചാരിയെന്ന് പേരിട്ട് ജടയും മുടിയും വളർത്തി സിദ്ധരായി ജപവും പുരശ്ചരണവുമായി കഴിയുന്നു. വിദ്യാഭ്യാസം ചെയ്യുകയേയില്ല.വിദ്യാഭ്യാസം ചെയ്യുന്നതുകൊണ്ടാണ് ബ്രഹ്മചാരിത്വം ലഭിക്കുന്നത്. ബ്രഹ്മത്തിൽ-വേദത്തിൽ-ചരിക്കുന്നതിൽ-പഠിക്കുന്നതിൽ ഒരു പരിശ്രമവും ചെയ്യുന്നില്ല. അത്തരം ബ്രഹ്മചാരികൾ അജഗളസ്തനംപോലെ[222] പ്രയോജനരഹിതരാണ്. അതുപോലെതന്നെയാണ് വിദ്യാഹീനരായ സംന്യാസികൾ. ദണ്ഡും കമണ്ഡലുവും എടുത്ത് ഭിക്ഷാംദേഹികളായി ചുറ്റുകയല്ലാതെ വേദമാർഗത്തിന്റെ ഉന്നതിക്കുവേണ്ടി ഒന്നും ചെയ്യുകയില്ല. ചെറുപ്പത്തിൽതന്നെ സംന്യാസമെടുത്ത് നാടുചുറ്റും. വിദ്യാഭ്യാസം നിർത്തിക്കളയും. ഇത്തരം ബ്രഹ്മചാരികളും സംന്യാസിമാരും അങ്ങുമിങ്ങും നടന്ന് സ്ഥലതീർത്ഥശിലാവിഗ്രഹാദികൾ പൂജിക്കയും, അറിവുണ്ടായാലും മൗനികളായി നടക്കുകയും, ഏകാന്തവാസം ചെയ്ത് ഇഷ്ടംപോലെ തിന്നും കുടിച്ചും ഈർഷ്യാദ്വേഷങ്ങളിൽ മുഴുകി ഉറങ്ങിയും, കുചേഷ്ടകൾ കാട്ടിയും നാൾ നീക്കുന്നു. കാഷായവും ദണ്ഡും ധരിച്ചതുകൊണ്ട് സ്വയം കൃതകൃത്യരായി, സർവോത്കൃഷ്ടരെന്നു നടിച്ച് യാതൊരു സത്കർമവും ചെയ്യാതെ നടക്കുന്ന ബ്രഹ്മചാരികളും സംന്യാസികളും ഭൂമിയ്ക്കു ഭാരംതന്നെയാണ്. ജഗത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന സംന്യാസിമാർ ഉത്തമന്മാർ തന്നെ.

ചോദ്യം:- ഗിരി, പുരി, ഭാരതി മുതലായ ഗോസായികൾ നല്ലവരല്ലേ? അവർ കൂട്ടംചേർന്ന് നടക്കുകയും, നൂറ്റുകണക്കിനു സംന്യാസികളെ ആനന്ദിപ്പിക്കുകയും അദ്വൈതപ്രചാരം നടത്തുകയും ചെയ്യുന്നു. ഒട്ടൊക്കെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. അതിനാൽ അവർ നല്ലവരല്ലേ?

ഉത്തരം:- ഈ പത്തുപേരുകളും[223] പിന്നീട് ഭാവനയിൽ നിന്നുണ്ടാക്കിയതാണ്. സനാതനമല്ല

222. ധർമാർഥകാമമോക്ഷാണാം യസ്യൈകോ/പി ന വിദ്യതേ, അജഗള സ്തനസ്യേവ തസ്യജന്മ നിരർഥകമ് (ചാണക്യനീതി 13.10)

223. പത്തുതരം സന്യാസികൾ തീർഥ, ആശ്രമി, സരസ്വതീ, പുരീ, ഭാരതീവനം, അരണ്യം, ഗിരി, പർവതം, സാഗരം



അവരുടെ മണ്ഡലങ്ങൾ (കൂട്ടം) വെറും ഭക്ഷണത്തിനുവേണ്ടിയുള്ളതാണ്. വളരെപ്പേരും ഭക്ഷണത്തിനുവേണ്ടിയാണ് മണ്ഡലത്തിലുൾപ്പെടുന്നത്. ഡംഭുള്ളവരായതിനാൽ ഒരാളിനെ മഹന്താക്കുന്നു. സന്ധ്യക്ക് പ്രധാനിയായ മഹന്ത് സിംഹാസനത്തിലിരിക്കുന്നു. മറ്റുള്ള ബ്രാഹ്മണന്മാരും സംന്യാസികളും കൈകളിൽ പുഷ്പവുമായി നിന്ന് **"നാരായണം പദ്മഭവം വസിഷ്ഠം ശക്തിംച തത്പുത്രപരാശരംച വ്യാസം ശുകം ഗൗഡപദം മഹാന്തം"** മെന്നും മറ്റും ചൊല്ലി "ഹരഹര" വിളിച്ച് പുഷ്പമിട്ട് സാഷ്ടാംഗം നമസ്കരിക്കുന്നു. അങ്ങനെ ചെയ്യാത്തവർക്ക് അവിടെ സ്ഥാനമില്ല. ഈ ഡംഭു കാട്ടുന്നത് പ്രദർശനത്തിനാണ്. ഇതുകൊണ്ട് ആളുകൾ ബഹുമാനിക്കുകയും ധനം കിട്ടുകയും വേണം.

എത്രയോ മഠാധിപന്മാർ ഗൃഹസ്ഥത്തിലിരുന്ന് സംന്യാസികളാണെന്നു നടിക്കുന്നു. ഒരു പ്രവൃത്തിയും ചെയ്യുകയില്ല. സംന്യാസിയുടെ കർമ്മങ്ങളെപ്പറ്റി അഞ്ചാം സമുല്ലാസത്തിൽ വിവരിച്ചിട്ടുണ്ട്. അവ ചെയ്യാതെ വെറുതേ സമയം പാഴാക്കുന്നു. സദുപദേശം ചെയ്യുന്നവരോടും വിരോധം പ്രകടിപ്പിക്കുന്നു. ഇവർ മിക്കവരും ഭസ്മരുദ്രാക്ഷങ്ങൾ ധരിക്കുകയും ചിലർ ശൈവരാണെന്ന് അഭിമാനിക്കുകയും ചെയ്യുന്നു.

ശാസ്ത്രാർത്ഥം (ശാസ്ത്രീയവാദപ്രതിവാദം)നടത്തുമ്പോൾ ശാങ്കരമതത്തെ അനുകൂലിക്കുകയും ചക്രാങ്കിതാദി മതങ്ങളെ ഖണ്ഡിക്കുകയും ചെയ്യുന്നു. വേദമാർഗത്തിന്റെ ഉന്നതിക്കു യത്നിക്കുകയോ അനാചാരങ്ങളെ എതിർക്കുന്നതിനു ശ്രമിക്കുകയോ ചെയ്യുന്നില്ല. ഈ സംന്യാസിമാർ, ഖണ്ഡനമണ്ഡനങ്ങൾ പ്രയോജനപ്രദമല്ലെന്നു കരുതുന്നു. ഞങ്ങൾ മഹാത്മാക്കളാണ് എന്നാണ് ഭാവം. ഇത്തരക്കാരും ഭൂമിക്കു ഭാരമാണ്. ഈ സ്ഥിതി വന്നതുകൊണ്ടാണ് വേദമാർഗ്ഗവിരോധികളായ വാമമാർഗാദി സമ്പ്രദായങ്ങളും ക്രിസ്ത്യൻ, മുസ്ലീം, ജൈനാദികളും വർദ്ധിച്ചതും വർദ്ധിച്ചുകൊണ്ടിരിക്കുന്നതും, വേദമാർഗം നശിക്കുന്നതും. എന്നിട്ടും ഇവരുടെ കണ്ണു തുറക്കുന്നില്ല. പരോപകാര ബുദ്ധിയും, കർത്തവ്യ കർമ്മങ്ങൾ ചെയ്യുന്നതിന് ഉത്സാഹവുമില്ലാതെങ്ങനെ തുറക്കുവാനാണ്? ആൾക്കാരുടെ ബഹുമാനം, ഭക്ഷണപ്രിയം എന്നിവയാണ് ഇവർക്കുവലുത്. ലോകനിന്ദയെ ഇവർ വളരെ ഭയപ്പെടുന്നു. ലോകൈഷണ= ജനങ്ങളുടെ ആദരവ് ആഗ്രഹിക്കുക, വിത്തൈഷണ = ധനത്തിനാഗ്രഹിക്കുക. പുത്രൈഷണ = പുത്രന്മാരിലെന്നവണ്ണം ശിഷ്യന്മാരിൽ മോഹമുണ്ടാകുക. എന്നീ മൂന്നു ഏഷണ (ആഗ്രഹം)യും ത്യജിക്കാതെ എങ്ങനെയാണ് സംന്യാസം സാർത്ഥകമാകുന്നത്? പക്ഷപാതമില്ലാതെ വേദോപദേശം ചെയ്ത് ലോകോപകാരത്തിനുവേണ്ടി രാപകൽ ദത്തശ്രദ്ധരായിരിക്കുന്നവരത്രേ യഥാർത്ഥ സംന്യാസികൾ. അവനവന്റെ കടമകൾ നിറവേറ്റാതെ സംന്യാസിയെന്നു മറ്റും പേര് ധരിക്കുന്നത് വ്യർത്ഥമാണ്. അഥവാ ഗൃഹസ്ഥന്മാർ സ്വാർത്ഥസിദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിലും അധികം താല്പര്യത്തോടെ സംന്യാസിമാർ പരോപകാര നിരതരായിരുന്നാലും എല്ലാ ആശ്രമങ്ങളും അഭിവൃദ്ധിയെ പ്രാപിക്കുന്നതാണ്.

സംന്യാസിമാരോട്

നോക്കൂ! നിങ്ങളുടെ കൺമുമ്പിലല്ലേ അനാചാരജടിലമായ മതങ്ങൾ പെരുകുന്നത്? അനേകർ ക്രിസ്ത്യാനികളും മുസൽമാന്മാരുമാകുന്നുണ്ട്. നിങ്ങൾക്ക് സ്വയം രക്ഷിക്കുന്നതിനോ, മറ്റുള്ളവരെ കൂട്ടത്തിൽ ചേർക്കുന്നതിനോ കഴിവില്ല. ആഗ്രഹിച്ചെങ്കിലല്ലേ കഴിവുണ്ടാവൂ? ഇന്നും ഭാവികാലത്തും ഉന്നതിയെ ലാക്കാക്കി പ്രവർത്തിക്കാതിരുന്നാൽ ആര്യാവർത്തത്തിനും ഇതരദേശങ്ങൾക്കും അഭിവൃദ്ധിയുണ്ടാകയില്ല. അഭിവൃദ്ധിക്കു നിദാനമായ വേദശാസ്ത്രാദികളുടെ പഠനവും പാഠനവും, ബ്രഹ്മചര്യാദി ആശ്രമങ്ങളുടെ അനുഷ്ഠാനവും സത്യോപദേശവും ചെയ്യാതെ ദേശത്തിന് ഉയർച്ച ഉണ്ടാവുകയില്ല. ▯ [224] ജാഗ്രതയായിരിക്കുക. അനേകം സന്യാസിമാർ കള്ളക്കച്ചവടക്കാരെപ്പോലെ പുത്രദാനം ചെയ്യാൻ സിദ്ധിയുണ്ടെന്നും മറ്റും പറഞ്ഞ് ആളുകളെ വിശ്വസിപ്പിക്കുന്നു. അവരുടെ അടുത്ത് അനേകം സ്ത്രീകൾ ഒത്തുകൂടി തൊഴുത് പുത്രലാഭമുണ്ടാകാൻ പ്രാർത്ഥിക്കുന്നു. സംന്യാസി പുത്രലാഭമുണ്ടാകട്ടെ എന്ന് ആശിർവദിക്കുന്നു. അവരിലാർക്കാനും പുത്രനുണ്ടായാൽ ആശീർവാദത്തിന്റെ ശക്തിനിമിത്തമാണതെന്ന് വിശ്വസിക്കുന്നു. പന്നിക്കും, പട്ടിക്കും കഴുതയ്ക്കും പിടക്കോഴിക്കും മറ്റും കുഞ്ഞുകുട്ടികളുണ്ടാകുന്നത് ഏതു

224. വേദാദികളഭ്യസിക്കുന്നതു നിന്നപ്പോൾ സിദ്ധാന്തജ്ഞാനം ഇല്ലാതായി. സിദ്ധാന്തജ്ഞാനം ഇല്ലാതായപ്പോൾ സത്യാസത്യങ്ങൾ നിർണയിക്കാൻ കഴിവില്ലാതെ ഏതസംബന്ധവും ശരിവയ്ക്കാൻ നിർബന്ധിതരായി. കൗശലക്കാർക്ക് കശാലായി. ഈ ദുരവസ്ഥ മാറ്റുവാൻ യത്നിക്കേണ്ടവർതന്നെ അന്ധപരമ്പരകൾക്ക് അന്ധതയിലേക്ക് വഴി കാട്ടുന്നു എന്നു താല്പര്യം.

സംന്യാസി ആശിർവദിച്ചിട്ടാണെന്ന് ചോദിച്ചാൽ ഉത്തരം മുട്ടും. ജീവൻ നല്കാൻ കഴിവുള്ളവർ സ്വയം മരിക്കുന്നതെങ്ങനെ?

മായാജാലം രചിച്ച് ബുദ്ധിമാന്മാരെപ്പോലും വെട്ടിൽ വീഴ്ത്തുന്ന പോക്കിരികളുണ്ട്. ധനസാരിയിലെ കവർച്ചക്കാർ ഉദാഹരണം. അവർ അഞ്ചോ ഏഴോ പേർചേർന്ന് സംഘമായി ദൂരസ്ഥലങ്ങളിലെത്തുന്നു. അവരിൽ ആകർഷണീയതയുള്ള ആളിനെ സിദ്ധനാക്കുന്നു. ധനാഢ്യരുള്ള ഏതെങ്കിലും ഗ്രാമത്തിന്റെയോ പട്ടണത്തിന്റെയോ സമീപമുള്ള വിജനസ്ഥലത്ത് താവളമടിക്കുന്നു. ഇവരുടെ ദല്ലാളന്മാർ ആളുകളെ സമീപിച്ച് "ഇന്ന സിദ്ധനെ ഇവിടെങ്ങാനും കണ്ടോ?" എന്നു ചോദിക്കും. ഏതു സിദ്ധൻ? എങ്ങനെയുള്ള സിദ്ധൻ? എന്നും മറ്റും ആളുകൾ ചോദിക്കുമ്പോൾ ദല്ലാൾ പറയും:- "മഹാസിദ്ധപുരുഷനാണ്. മനസിൽ കാണുന്നതു ഇങ്ങോട്ടു ചോദിക്കും. വാകൊണ്ടു പറഞ്ഞാൽ കാര്യം നടന്നതുതന്നെ". "മഹായോഗിയാണ് ഒന്നു കണ്ടെത്താൻ നാടും വീടും വിട്ട് ഇറങ്ങിത്തിരിച്ചതാണ് ഞങ്ങൾ. ഇങ്ങോട്ടു പോന്നിട്ടുണ്ടെന്നു കേട്ടു." ആളുകൾ പറയും:- "സിദ്ധനെ കണ്ടെത്തിയാൽ ഞങ്ങളെയും അറിയിക്കണം. ദർശനം കഴിക്കാം. പലതും ചോദിച്ചറിയാമല്ലോ"? ഇങ്ങനെ അവിടെല്ലാം നടന്ന് പ്രചരണം നടത്തും. ഓരോരുത്തരോടും സിദ്ധന്റെ കാര്യം പറയും. സന്ധ്യയ്ക്ക് സിദ്ധനും ദല്ലാളന്മാരും ഒത്തുകൂടും. തിന്നു കുടിച്ച് ഉറങ്ങും. മൂന്നു നാലു ദിവസം ഈ പരിപാടി തുടരും. പിന്നീട് ഏതെങ്കിലും ധനാഢ്യനെ സമീപിച്ച് "സിദ്ധനെ കണ്ടു. നിങ്ങൾക്ക് കാണമെങ്കിൽ വരൂ." എന്നു ക്ഷണിക്കും. പുറപ്പെടുന്നു എന്നു കണ്ടാൽ തന്ത്രപൂർവ്വം എന്താണഭിലാഷമെന്നു ചോദിക്കും. പുത്രലാഭം, ധനലാഭം, രോഗനിവാരണം, ശത്രുനാശം എന്നിങ്ങനെ ഏതെങ്കിലും ഒന്നായിരിക്കും. അതറിഞ്ഞുവെയ്ക്കും. ഇത് സിദ്ധനെ അറിയിക്കുന്നത് ചില നിശ്ചിത അടയാളങ്ങൾ കൊണ്ടാണ്. ധനേച്ഛയുള്ളവരെ ഇടതുവശത്തും, പുത്രലാഭം ഇച്ഛിക്കുന്നവരെ മുൻവശത്തും, രോഗശാന്തി വേണ്ടവരെ വലതുവശത്തും, ശത്രുനാശം ആഗ്രഹിക്കുന്നവരെ പിൻഭാഗത്തും കൊണ്ടുചെന്നിരുത്തും. സിദ്ധനെ നമസ്കരിക്കുമ്പോൾ തന്നെ തന്റെ സിദ്ധത്വം വെളിവാക്കിക്കൊണ്ട് ഉച്ചത്തിൽ പറയും:- "എന്താ? നാം ഇവിടെ പുത്രനെ വച്ചിരിക്കുന്നോ? നീ പുത്രനുവേണ്ടി വന്നിരിക്കുന്നതുകൊണ്ട് ചോദിച്ചതാണ്." ഇതുപോലെ ധനേച്ഛയുള്ളവനോട് "എന്താ നാം മടിശ്ശീല നിറച്ച് വച്ചിരിക്കുന്നോ? പണത്തിനു വന്നിരിക്കുന്നു! സംന്യാസിയുടെ പക്കൽ ധനം എവിടെനിന്നു വരും". രോഗിയോടു ചോദിക്കും - "നാം വൈദ്യനോ ഹേ! നീ ദീനം മാറ്റാൻ ഇങ്ങോട്ടോ? ഏതെങ്കിലും വൈദ്യരുടെ അടുത്തുചെല്ല്?" അയാളുടെ ബന്ധുക്കളിൽ പെട്ട വരാരെങ്കിലുമാണ് രോഗിയെങ്കിൽ അതിന് പ്രത്യേകം അടയാളം ഉണ്ടാകും. അച്ഛനാണ് രോഗമെങ്കിൽ പെരുവിരലും, അമ്മയ്ക്കാണെങ്കിൽ ചൂണ്ടുവിരലും, സഹോദരനാണെങ്കിൽ നടുവിരലും, ഭാര്യക്കാണെങ്കിൽ മോതിരവിരലും, കുഞ്ഞുങ്ങൾക്കാണെങ്കിൽ ചെറുവിരലും. അനക്കിക്കാട്ടും. അതുകണ്ട് സിദ്ധൻ, അച്ഛനോ അമ്മയ്ക്കോ സഹോദരനോ ഭാര്യയ്ക്കോ, പുത്രിയ്ക്കോ രോഗമാണ് അല്ലേ? എന്നു ചോദിക്കും. അപ്പോൾ അവരെല്ലാം സിദ്ധനിൽ അതിയായി വിശ്വസിക്കും. ദല്ലാളന്മാർ പറയും - "എങ്ങനെയിരിക്കുന്നു? നാം പറഞ്ഞതുപോലെ തന്നെയല്ലേ?"

ഗൃഹസ്ഥൻ:- അതേയതേ, നിങ്ങൾ പറഞ്ഞതുപോലെ തന്നെ. വലിയ ഉപകാരം. നമ്മുടെ ഭാഗ്യത്തിനാണ് ഈ മഹാത്മാവിനെ കണ്ടത്. ഞങ്ങൾ ദർശനം കഴിച്ച് കൃതാർത്ഥരായി.

ദല്ലാൾ:- കേൾക്കൂ സഹോദരാ! ഈ മഹാത്മാവ് മനസ്സിനനുസരിച്ച് പ്രവർത്തിക്കും. ഇവിടെ അധികനാൾ തങ്ങുമെന്നു തോന്നുന്നില്ല. ആശീർവാദമോ മറ്റോ വാങ്ങണമെങ്കിൽ ഇദ്ദേഹത്തെ മനസ്സുകൊണ്ടും ശരീരംകൊണ്ടും ധനംകൊണ്ടും വേണ്ടവണ്ണം സേവിക്കുക. സേവനംകൊണ്ടല്ലേ സേവനം ലഭിക്കൂ? ആരോടാണ് പ്രസാദിക്കുകയെന്ന് ആർക്കറിയാം. എന്തു വരവും നല്കിക്കളയും- പ്രസാദിച്ചാൽ. സിദ്ധന്മാരുടെ മനസ്സപാരം തന്നെ." ഇത്തരം സ്തുതിവചനങ്ങൾ കേൾക്കുമ്പോൾ സിദ്ധനെ സ്തുതിച്ചുകൊണ്ട് ഗൃഹസ്ഥന്മാർ വീട്ടിലേക്ക് പോകും ദല്ലാളന്മാരും കൂടെച്ചെല്ലും. ആരും പൂച്ചു പുറത്താക്കാതിരിക്കാനാണ് ഇത്. അവരുടെ മിത്രങ്ങളെയാരെയെങ്കിലും കണ്ടാൽ അവരോടും സിദ്ധനെപ്പറ്റി പ്രശംസിക്കും. ഇങ്ങനെ ദല്ലാളന്മാരുടെ കൂടെപ്പോകുന്നവരും അവരുടെ അനുഭവങ്ങൾ മറ്റുള്ളവരോടു പറയും ഇന്നയിടത്ത് ഒരു വലിയ സിദ്ധൻ വന്നിട്ടുണ്ടെന്ന് നഗരത്തിൽ പാട്ടാകുമ്പോൾ ഒട്ടേറെയാളുകൾ ഉത്സവസ്ഥലത്തെത്തുന്നതുപോലെ അവിടെ പാഞ്ഞെത്തുകയായി. തിരക്കു വർദ്ധിച്ച്

225. വൃദ്ധചാണക്യൻ 11,12.

പലരും ഒരേ സമയം സിദ്ധന്റെ അടുത്തു ചെല്ലുമ്പോൾ പഴയപടി ഉത്തരം നല്കാൻ വിഷമിക്കും. അപ്പോൾ സിദ്ധൻ ''എല്ലാവരുംകൂടി എന്നെ ഉപദ്രവിക്കരുത്'' എന്നു പറഞ്ഞ് മൗനം ഭജിക്കും. ഉടനെ ദല്ലാളന്മാർ "എല്ലാവരുംകൂടി ഉപദ്രവിച്ചാൽ അദ്ദേഹം സ്ഥലം വിട്ടുപോകും." എന്നും മറ്റും പറയുവാൻ തുടങ്ങുന്നു. അവരിൽപ്പെട്ട വലിയ ധനവാന്മാർ ദല്ലാളന്മാരെ വിളിച്ച്, ഞങ്ങളുടെ മനസ്സിലുള്ള കാര്യം പറയുമെങ്കിൽ വിശ്വസിക്കാമെന്നു പറയും. അപ്പോൾ ദല്ലാളന്മാർ ചോദിച്ചറിഞ്ഞ് അവരെ കൊണ്ടുപോയി മുമ്പു പറഞ്ഞ നിർദ്ദിഷ്ട സ്ഥാനങ്ങളിൽ ഇരുത്തും. സിദ്ധൻ കാര്യം മനസ്സിലാക്കി പ്രവചനം നടത്തും. അതു കേട്ട് അവിടെ കൂടിയിരിക്കുന്നവരും സിദ്ധനെ പ്രകീർത്തിക്കുകയായി. പഴം, മധുരപലഹാരം, വസ്ത്രം, പണം എന്നിങ്ങനെ വിവിധ സാധനങ്ങൾ ആളുകളിൽനിന്നു കൈക്കലാക്കുന്നു. ആളുകളുടെ വിശ്വാസം നിലനില്ക്കുവോളം ഇതു തുടരുന്നു. കണ്ണുപൂട്ടി വിശ്വസിക്കുന്നവർക്ക് പുത്രദാനവും ഭസ്മം നല്കലും മറ്റും തുടരും. ആയിരക്കണക്കിന് രൂപ വാങ്ങിയിട്ട് പറയും "സത്യമായ ഭക്തിയുണ്ടോ, പുത്രൻ ജനിക്കും.''

രക്ഷാമാർഗം

ഇങ്ങനെ കൊള്ളക്കാർ നിരവധി തരത്തിലുണ്ട്. വിദ്വാൻമാർക്കല്ലാതെ മറ്റാർക്കും ഇവരെ പരീക്ഷിച്ചറിയാൻ ആവുകയില്ല. വേദാദിവിദ്യകൾ പഠിക്കുകയും സത്സംഗം ചെയ്യുകയും ചെയ്താൽ മാത്രമേ സ്വയം വലയിൽ വീഴാതിരിക്കുന്നതിനും അന്യരെ രക്ഷിക്കുന്നതിനും കഴിയുകയുള്ളൂ. എന്തെന്നാൽ അറിവാണ് മനുഷ്യന്റെ കണ്ണ്. വിദ്യയില്ലാതെ അറിവുണ്ടാകയില്ല. ബാല്യാവസ്ഥമുതൽ ഉത്തമമായ ശിക്ഷണം ലഭിക്കുന്നയാൾ മാത്രമേ വിദ്വാനാവൂ. ചീത്തകൂട്ടുകെട്ടിൽ പെടുന്നവർ ദുഷ്ടനും , പാപിയും, മഹാമൂഢനുമായി വലിയ ദുഃഖങ്ങളുഭവിക്കുന്നു. അതുകൊണ്ടാണ് '' ജ്ഞാനിയത്രേ ബഹുമാന്യൻ" എന്ന് പറയുന്നതും.

നവേത്തി യോ യസ്യ ഗുണപ്രകർഷം, സതസ്യനിന്ദാം സതതം കരോതി യഥാ കിരാതീ കരികുംഭജാതാ മുക്താഃ പരിത്യജ്യ ബിഭർതി ഗുഞ്ജാഃ ▯ [225]

എന്നൊരു കവി പാടിയിട്ടുണ്ട്. ഒരുവന്റെ ഗുണങ്ങൾ അറിയാത്തവൻ, അവനെ നിരന്തരം നിന്ദിക്കുന്നു. കാട്ടാളത്തി, ആനയുടെ മസ്തകത്തിലെ മുത്തുകളുപേക്ഷിച്ച് കുന്നിക്കുരുമാല ധരിക്കുന്നതുപോലെ, വിദ്വാനും ജ്ഞാനിയും ധർമിഷ്ഠനും സത്പുരുഷ സംഗമുള്ളവനും, യോഗിയും പുരുഷാർത്ഥിയും, ജിതേന്ദ്രിയനും, സുശീലനുമായ ആൾ മാത്രമേ ധർമാർഥ കാമമോക്ഷങ്ങൾ പ്രാപിച്ച് ഈ ജന്മത്തിലും പരജന്മത്തിലും ആനന്ദിക്കുകയുള്ളൂ.

ഉപസംഹാരം

ആര്യാവർത്തത്തിലെ മതമതാന്തരങ്ങളെപ്പറ്റി ചുരുക്കി പറഞ്ഞു കഴിഞ്ഞു. ഇനിയെഴുതുന്ന ആര്യാവർത്തീയ രാജാക്കന്മാരുടെ ചരിത്രം എല്ലാ സജ്ജനങ്ങളുടെയും അറിവിനായി പ്രകാശിപ്പിക്കുകയാണ്. യുധിഷ്ഠിര മഹാരാജാവുമുതൽ യശപാലമഹാരാജാവുവരെയുള്ള ആര്യാവർത്തീയ രാജാക്കന്മാരുടെ ചരിത്രമാണിതിലുള്ളത്. സ്വായംഭുവ മനു▯ [226] മുതൽ യുധിഷ്ഠിര മഹാരാജാവുവരയുള്ളവരുടെ ചരിത്രം മഹാഭാരതാദികളിൽ എഴുതിയിട്ടുണ്ട്. കൂടാതെ ഇനി പറയുന്നതിൽ നിന്ന് സജ്ജനങ്ങൾക്ക് ഇവിടത്തെ ചരിത്രങ്ങളെപ്പറ്റി ഒട്ട് അറിയാൻ കഴിയുന്നതാണ്.

ഈ വിഷയം രാജപുട്ടാണയിൽ മേവാർ രാജ്യത്തിലെ ഉദയപ്പൂരിലുള്ള ചിത്തോർഗഢിൽനിന്നു പുറപ്പെട്ടിരുന്നതെന്ന് എല്ലാവർക്കു മറിയാവുന്ന 'വിദ്യാർത്ഥി' കൂടിച്ചേർന്ന 'ഹരിശ്ചന്ദ്രചന്ദ്രിക', 'മോഹനചന്ദ്രിക' എന്നീ പാക്ഷിക പത്രികകളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതിൽ നിന്ന് ഉദ്ധരിക്കുന്നതാണ്. ഇതുപോലെ നമ്മുടെ ആര്യസജ്ജനങ്ങൾ, ചരിത്രവും ഇതര വിദ്യാഗ്രന്ഥങ്ങളും ഗവേഷണം ചെയ്തു കണ്ടെത്തി പ്രകാശിപ്പിച്ചാൽ ദേശത്തിനു വലിയ പ്രയോജനമുണ്ടാകും. ആ പത്രികയുടെ പത്രാധിപർ തന്റെ സ്നേഹിതനിൽനിന്നു ലഭിച്ചതും വിക്രമാബ്ദം 1782ൽ ▯ [227] എഴുതിയതുമായ ഒരു ഗ്രന്ഥത്തിൽനിന്നു സമാഹരിച്ച് വിക്രമാബ്ദം 1939ൽ മാർഗശീർഷത്തിലെ രണ്ടു ലക്ക

226. സ്വായംഭൂവമനുവിന്റെ പുത്രൻ ഇക്ഷ്വാക മുതൽ ഭാരതയുദ്ധകാലം വരെ ഏകദേശം 100 തലമുറയുണ്ട്. സംസ്കൃതവ്യാകരണ നിയമപ്രകാരം പിതൃനാമത്തിൽനിന്ന് പുത്ര പൗത്രന്മാരുടെ പേര് പറയുന്ന പ്രത്യയങ്ങൾ നിമിത്തം ഈ പരമ്പരയുടെ ക്രമം മൂന്നുനാലു സ്ഥലങ്ങളിലൊഴികെ എങ്ങും തെറ്റിയെന്നു പറയുക അസാധ്യമാണ്. അതിനാൽ ഭാരതീയ ചരിത്രത്തിന്റെ കാലഗണനയിൽ വിശേഷാൽ ഗവേ,ണം നടക്കേണ്ടതാണ്.

227. ഏ.ഡി. 1724–25, 1881–82 എന്നിവയാണ് പരാമർശിതമായ വിക്രമാബ്ദങ്ങൾ. മാർഗശീർഷം – ജനുവരി ഫെബ്രുവരി.

228. ഇത് പരീക്ഷിത്തിന്റെ ആയുഷ്കാലമാണ് ഭരിച്ചത് 24 വർഷമാണെന്ന് പണ്ഡിത്ത് ഭഗവദ്ദത്ത്.

ങ്ങളിലായി പ്രകാശിപ്പിച്ചതുമാണ് ഈ പട്ടിക.

ആര്യാവർത്തത്തിലെ രാജവംശാവലി

ഇന്ദ്രപ്രസ്ഥത്തിൽ ആര്യവംശം യശപാലരാജാവിന്റെ കാലംവരെ രാജ്യം ഭരിച്ചു. അതിൽ ശ്രീമൻ യുധിഷ്ഠിര മഹാരാജാവു മുതൽ യശപാലരാജാവുവരെ തലമുറയായി 124 രാജാക്കന്മാർ4157 വർഷവും 9 മാസവും 24 ദിവസവും വാണെന്നനുമാനിക്കാം. അതിന്റെ പട്ടികയുധിഷ്ഠിര മഹാരാജാവിന്റെ വംശം 30 തലമുറ, 1770 വർഷം 11 മാസം 10 ദിവസം എന്ന് അനുമാനം. അതിന്റെ വിശദാംശംഃ

രാജാവ്	വർഷം	മാസം	ദിവസം
1. യുധിഷ്ഠിരൻ	36	8	25
2. പരിക്ഷിത്ത്	60	0	0[228]
3. ജനമേജയൻ	84	7	23
4. അശ്വമേധൻ	82	8	22
5. ദ്വിതീയരാമൻ	88	2	8
6. ചത്രമലൻ	81	11	27
7. ചിത്രരഥൻ	75	3	18
8. ദുഷ്ടശൈല്യൻ	75	10	24
9. ഉഗ്രസേനൻ	78	7	21
10. ശൂരസേനൻ	78	7	21
11. ഭുവനപതി	69	5	5
12. രണജിത്	65	10	4
13. ഋഷകൻ	64	7	4
14. സുഖദേവൻ	62	0	24
15. നരഹരിദേവൻ	51	10	2
16. സുചിരഥൻ	42	11	2
17. ശൂരസേനൻ(2)	58	10	8
18. പർവതസേനൻ	55	8	10
19. മേധാവീ	52	10	10
20. സോനചീരൻ	50	8	21
21. ഭീമദേവൻ	47	9	20
22. നൃഹരിദേവൻ	45	11	23
23. പൂർണമലൻ	44	8	7
24. കർദവീ	44	10	8
25. അലംമികൻ	50	11	8
26. ഉദയപാലൻ	38	9	0
27. ഭുവനമലൻ	40	10	26
28. ദമാതൻ	32	0	0
29. ഭീമപാലൻ	58	5	8
30. ക്ഷേമകൻ	48	11	21
ക്ഷേമകന്റെ പ്രധാനമന്ത്രിയായിരുന്ന വിശ്രവസ് ക്ഷേമകനെ കൊന്ന് രാജാവായി. വിശ്രവസിന്റെ 14 തലമുറ 500 വർഷവും 3 മാസവും 17 ദിവസവും ഭരിച്ചതിന്റെ പട്ടിക:-			
1 വിശ്രവസ്	17	3	29
2 പുരസേനി	42	8	21
3 വീരസേനി	52	10	7
4 അനങ്ഗശായി	47	8	23
5 ഹരിജിത്	35	9	17
6 പരമസേനി	44	2	23

thearyasamaj.org

രാജാവ്	വർഷം	മാസം	ദിവസം
9 സുഖപാതാളൻ	30	2	21
8 കദ്രുതൻ	42	9	24
9 സജ്ജൻ	32	2	14
10 അമരചൂഡൻ	27	3	16
11 അമീപാലൻ	22	11	25
12 ദശരഥൻ	25	4	12
13 വീരസാലൻ	31	8	11
14 വീരസാലസേനൻ	40	0	14

വീരസാലസേനന്റെ പ്രധാനമന്ത്രി വീരമഹസ് വീര സാലസേന രാജാവിനെ വധിച്ച് രാജ്യം കൈക്കലാക്കി. 16 തലമുറകളായി 445 വർഷം 5 മാസം 3 ദിവസം ഭരിച്ചു. അതിന്റെ പട്ടിക:-

1 വീരമഹസ്	35	10	8
2 അജിതസിംഹൻ	27	7	19
3 സർവദത്തൻ	28	3	10
4 ഭുവനപതി	15	4	10
5 വീരസേനൻ	21	2	13
6 മഹീപാലൻ	40	8	7
7 ശത്രുശാലൻ	26	4	3
8 സംഘരാജൻ	17	2	10
9 തേജപാലൻ	28	11	10
10 മാണിക്യചന്ദ്രൻ	37	7	21
11 കാമസേനി	42	5	10
12 ശത്രുമർദ്ദനൻ	8	11	13
13 ജീവനലോകൻ	28	9	17
14 ഹരിരാവൻ	26	10	29
15 വീരസേനൻ (2)	35	2	20
16 ആദിത്യകേതു	23	11	13

മഗധയിലെ ആദിത്യകേതു രാജാവിനെ പ്രയാഗയിലെ ധന്ധരൻ എന്ന രാജാവ് വധിച്ച് രാജ്യഭരണം തുടങ്ങി. 9 തലമുറകളായി 374 വർഷം 11 മാസം 26 ദിവസം ഭരിച്ചു. അതിന്റെ വിവരണം:-

1 ധന്ധരൻ	42	7	24
2 മഹർഷി	41	2	29
3 സനരച്ചീ	50	10	19
4 മഹായുദ്ധൻ	30	3	8
5 ദുരനാഥൻ	28	5	25
6 ജീവനരാജൻ	45	2	5
7 രുദ്രസേനൻ	47	4	28
8 ആരീലകൻ	52	10	8
9 രാജപാലൻ	36	0	0

രാജപാലനെ സാമന്തനായ മഹാൻപാലൻ വധിച്ച് ഒരു തലമുറയിൽ 14 വർഷം മാത്രം ഭരിച്ചു. മഹാൻപാലനെ അവന്തികയിലെ (ഉജ്ജൈനി) വിക്രമാദിത്യ രാജാവ് അക്രമിച്ചു വധിച്ച് 1 തലമുറയിൽ 39 വർഷം മാത്രം ഭരിച്ചു. വിക്രമാദിത്യനെ ശാലിവാഹനന്റെ ഒരു

മാടമ്പിയായ പൈഠണത്തിലെ സമുദ്രപാലയോഗി വധിച്ച് രാജ്യം കൈയടക്കി. 16 തലമുറകളിൽ 372 വർഷം 4 മാസം 27 ദിവസം ഭരിച്ചു. വിവരണം:-

രാജാവ്	വർഷം	മാസം	ദിവസം
1 സമുദ്രപാലൻ	54	2	20
2 ചന്ദ്രപാലൻ	36	5	4
3 സഹായപാലൻ	11	4	11
4 ദേവപാലൻ	27	1	28
5 നരസിംഹപാലൻ	18	0	20
6 സാമപാലൻ	27	1	17
7 രഘുപാലൻ	22	3	25
8 ഗോവിന്ദപാലൻ	27	1	17
9 അമൃതപാലൻ	36	10	13
10 ബലീപാലൻ	12	5	27
11 മഹീപാലൻ	13	8	4
12 ഹരീപാലൻ	14	8	4
13 സീസപാലൻ	11	10	13
14 മദനപാലൻ	17	10	19
15 കർമപാലൻ	16	2	2
16 വിക്രമപാലൻ	24	11	13

വിക്രമപാലരാജാവ് പശ്ചിമദേശത്തിലെ മലുഖ്ചന്ദ് ബോഹ്റാ എന്ന രാജാവിനെ ആക്രമിച്ചു യുദ്ധത്തിൽ മലുഖ്ചന്ദ്, വിക്രമപാലനെ വധിച്ച് ഇന്ദ്രപ്രസ്ഥത്തിലെ രാജാവായി. 10 തലമുറകളിൽ 191 വർഷവും 1 മാസവും 16 ദിവസവും ഭരിച്ചു. ഇതിന്റെ വിശദാംശങ്ങൾ:-

1 മലുഖ്ചന്ദ്	54	2	10
2 വിക്രമചന്ദ്	12	7	12
3 അമീൻചന്ദ്	10	0	5
4 രാമചന്ദ്	13	11	8
5 ഹരീചന്ദ്	14	9	24
6 കല്ല്യാണചന്ദ്	10	5	4
7 ഭീമചന്ദ്	16	2	9
8 ലോവചന്ദ്	26	3	22
9 ഗോവിന്ദചന്ദ്	31	7	12
10 റാണി പത്മാവതി	1	0	0

റാണി പത്മാവതിക്ക് സന്താനമില്ലായിരുന്നു. അവർ മരിച്ചു. അപ്പോൾ മന്ത്രിമാരെല്ലാം കൂടിച്ചേർന്ന് ഹരിപ്രേമവൈരാഗിയെ സിംഹാസനാരൂഢനാക്കിവച്ച് മന്ത്രിമാർ ഭരണമാരംഭിച്ചു. 4 തലമുറകളിലായി 50 വർഷവും 21 ദിവസവും ഭരിച്ചു. അതിങ്ങനെയാണ്:-

1 ഹരിപ്രേമൻ	7	5	16
2 ഗോവിന്ദപ്രേമൻ	20	2	8
3 ഗോപാലപ്രേമൻ	15	7	28
4 മഹാബാഹു	6	8	29

മഹാബാഹു രാജ്യം ത്യജിച്ച് തപസ്സുചെയ്യാൻ വനത്തിൽ പോയി. ഇത് ബംഗാളിലെ രാജാവായ ആധീസേനൻ അറിഞ്ഞ് ഇന്ദ്രപ്രസ്ഥത്തിലെത്തി രാജാവാ

thearyasamaj.org

യി. ഇതിൽ 12 തലമുറ 151 വർഷവും 11 മാസവും 2 ദിവസവും രാജ്യം ഭരിച്ചു. വിവരണം:-

രാജാവ്	വർഷം	മാസം	ദിവസം
1 ആധീസേനൻ	18	5	21
2 വിലാവലസേൻ	12	4	2
3 കേശവസേനൻ	15	7	12
4 മാഘലസേനൻ	12	4	2
5 മയൂരസേനൻ	20	11	27
6 ഭീമസേനൻ	5	10	9
7 കല്ല്യാണസേനൻ	4	8	21
8 ഹരിസേനൻ	12	0	25
9 ക്ഷേമസേനൻ	8	11	15
10 നാരായണസേനൻ1	2	2	29
11 ലക്ഷ്മീസേനൻ	26	10	0
12 ദാമോദരസേനൻ	11	5	19

ദാമോദരസേനൻ തന്റെ മാടമ്പികളെ വളരെ ക്ളേശിപ്പിച്ചു. അവരിൽ ഒരാളായ ദീപസിംഹമാടമ്പി സൈന്യത്തെ കൂട്ടി യുദ്ധം ചെയ്ത് രാജാവിനെ കൊന്ന് സിംഹാസനം കൈയടക്കി. 6 തലമുറയിൽ 107 വർഷം 6 മാസം 22 ദിവസം ഭരിച്ചു. വിവരണം:-

1 ദീപസിംഹൻ	17	1	26
2 രാജസിംഹൻ	14	5	0
3 രണസിംഹൻ	9	8	11
4 നരസിംഹൻ	45	0	15
5 ഹരിസിംഹൻ	13	2	29
6 ജീവനസിംഹൻ	8	0	1

ജീവനസിംഹൻ എന്തോ കാര്യത്തിന് തന്റെ സൈന്യത്തെ മുഴുവൻ വടക്കോട്ടയച്ചു. ഇതറിഞ്ഞ വൈരാടരാജാവായ പൃഥ്വീരാജ് ചഹാണ് ജീവനസിംഹനെ ആക്രമിച്ചു വധിച്ച് ഇന്ദ്രപ്രസ്ഥ രാജാവായി 5 തലമുറയിൽ 86 വർഷം 20 ദിവസം രാജ്യം ഭരിച്ചു. വിവരണം:-

1 പൃഥ്വീരാജ്	12	2	19
2 അഭയപാലൻ	14	5	17
3 ദുർജനപാലൻ	11	4	14
4 ഉദയപാലൻ	11	7	3
5 യശപാലൻ	36	4	27

യശപാല രാജാവിനെ [232] ശഹാബുദ്ദീൻ ഗൗറി എന്ന ഗസ്നി സുൽത്താൻ ആക്രമിച്ചു കീഴടക്കി പ്രയാഗയിലെ ഒരു കോട്ടയിൽ ബന്ധനസ്ഥനാക്കി. ഇത് വിക്രമാബ്ദം 1249 ലായിരുന്നു [228]. പിന്നീട് ഇന്ദ്രപ്രസ്ഥത്തിൽ ദില്ലിയിൽ ശഹാബുദ്ദീൻ സുൽത്താൻ ഭരണമാരംഭിച്ചു. 53 തലമുറകൾ 754 വർഷം 1 മാസം 17 ദിവസം ഭരിച്ചു. ഇത് ചരിത്രപുസ്തകങ്ങളിൽ പലതിലും വിസ്തരിച്ചെഴുതിയിട്ടുണ്ട്. അതിനാൽ ഇവിടെ എഴുതുന്നില്ല.

228. ഇത് പരീക്ഷിത്തിന്റെ ആയുഷ്ക്കാലമാണ്. ഭരിച്ചത് 24 വർഷമാണെന്ന് പണ്ഡിത് ഭഗവദ്ദത്ത്.

229. വിക്രമപാലന്റെ പൂർവികനായ സമുദ്രപാലൻ, സമുദ്രഗുപ്തനായിരുന്നെന്ന് പണ്ഡിത് ഭഗവദ്ദത്ത് സമുദ്രഗുപ്തൻ, ചന്ദ്രഗുപ്തൻ, ദേവഗുപ്തൻ (സ്കന്ദഗുപ്തൻ) എന്നിങ്ങനെ പാലൻ എന്നിടത്ത് 'ഗുപ്ത' പദം ചേർക്കുന്നു. ഈവംശാവലി അനുസരിച്ച് സമുദ്രപാലൻ ആന്ധ്രയിലെ ശാലിവാഹനന്റെ സാമന്തനായിരുന്നു. ഗുപ്തന്മാർക്ക് 'ആന്ധ്രഭൃത്യ' രെന്ന പര്യായനാമവും ഉണ്ട്.

230. ഗോവിന്ദചന്ദിന്റെ ഭാര്യ

231. ചരിത്രപുസ്തകങ്ങളിൽ പൃഥ്വിരാജിനെ ശഹാബുദ്ദീൻ ഗോറി പലതവണ ആക്രമിച്ചു പരാജയപ്പെട്ട് തിരിച്ചു പോയെന്നും 1249-ാം വിക്രമാബ്ദത്തിൽ, തമ്മിൽത്തല്ലുകാരണം തോൽപിച്ച് അന്ധനാക്കി കൊണ്ടുപോയെന്നും ഗോറി ദില്ലി സുൽത്താനായെന്നും കാണാം. മുഗൾ രാജ്യം 45 തലമുറയിൽ 613 വർഷം നിലനിന്നു. ഈ അടിക്കുറിപ്പ് മൂലഗ്രന്ഥത്തിലില്ലാ. 5-ാം പതിപ്പിൽ പണ്ഡിത് ലേഖ്റാം എഴുതി ചേർത്തതാകാം. ഈ പട്ടിക തന്നെയും മഹർഷിയുടെതല്ല എന്ന് നേരത്തെ അദ്ദേഹം എഴുതിയിട്ടുണ്ട്.

232. പൃഥ്വിരാജനെ ഗൗറിയാണ് തോല്പിച്ചതെന്ന് ചരിത്രം. ഇത് വിക്രമാബ്ദം 1249 (1172 ഏ.ഡി.) ലാണ്.

233. ഇവിടെ മറ്റൊരു തെറ്റുകൂടി ശ്രദ്ധിക്കേണ്ടതായുണ്ട്. കലിവത്സരം യുധിഷ്ഠിരന്റെ ഭരണാന്ത്യത്തിൽ ശ്രീകൃഷ്ണസ്വർഗാരോഹണ ശേഷമാണാരംഭിക്കുന്നത്. വിക്രമാബ്ദം കലി 3044 നു ശേഷമാണാരംഭിച്ചത്. ഇത് ഭാരതീയ ഗണിതശാസ്ത്രത്തിൽ സർവസമ്മതമാണ്. കലി 3044 നോട് വിക്രമാബ്ദം 1249 ചേർത്താൽ 4293 വർഷമാകും. പട്ടികയുടെ ആരംഭത്തിൽ 124 രാജാക്കന്മാരുടെ കാലം 4157 വർഷം 9 മാസം 14 ദിവസം എന്നു പറയുന്നുണ്ട്. ഈ 4157 വർഷം 9 മാസം 14 ദിവസത്തിൽനിന്ന് യുധിഷ്ഠിരന്റെ ഭരണകാലമായ 36 വർഷം 8 മാസം 25 ദിവസം കുറച്ചാൽ 4121 വർഷം 19 ദിവസം ബാക്കി വരും. വിക്രമാബ്ദം 1249 വരെ കലി 4293 വർഷമാകും. പറഞ്ഞ വംശാവലി പ്രകാരം മാസദിവസങ്ങൾ വിട്ടാൽ 172 വർഷത്തിന്റെ അന്തരം വരും. അതായത് ഈ വംശാവലി തീർത്തും ശരിയല്ല. തിരുത്തൽ വേണമെന്നർഥം. അതു മറ്റു വംശാവലികൾ ലഭിച്ചാൽ മാത്രം സാധിക്കുന്നതുമാണ്.

234. ഇവിടെ നിശ്ചയമായും തെറ്റുണ്ട്. വിക്രമാബ്ദം 1249 നോട് 754 വർഷം കൂട്ടിയാൽ 2003 വിക്രമാബ്ദമാകും. ഇംഗ്ലീഷുകാർ 1803 ഏ.ഡി.യിൽ (വിക്രമാബ്ദം 1860) ദില്ലിയിൽ അധികാരമുറപ്പിച്ചു. പിന്നീട് മുഗൾ ഭരണം നാമമാത്രമായിരുന്നു. ഏ.ഡി. 1857 ൽ (വിക്രമാബ്ദം 1914) ഇംഗ്ലീഷുകാർ പൂർണമായ അധികാരം സ്ഥാപിച്ചു. അതിനാൽ ഇവിടെയും ഏറെക്കുറെ 100-125 വർഷത്തിന്റെ വ്യത്യാസം വരുന്നുണ്ട്.

ഇനി ബൗദ്ധ-ജൈന മതങ്ങളെപ്പറ്റി എഴുതാം. ശ്രീമദ്ദയാനന്ദ സരസ്വതീസ്വാമികൾ രചിച്ച സത്യാർഥപ്രകാശത്തിലെ ആര്യാവർത്തീയ മതമതാന്തരങ്ങളെ ഖണ്ഡനമണ്ഡനം ചെയ്യുന്ന പതിനൊന്നാം

സമുല്ലാസം സമാപ്തം.

ഉത്തരാർദ്ധം

അനുഭൂമിക രണ്ട്

ആര്യാവർത്തത്തിലെ മനുഷ്യരിൽ നിന്ന് സത്യാസത്യങ്ങളെ വാസ്തവമായി നിർണയിപ്പിക്കുന്നതിനുതകുന്ന വേദവിദ്യ ഒഴിഞ്ഞ്, അവിദ്യ പരന്ന്, മതമതാന്തരങ്ങൾ ഉണ്ടായതാണ് ജൈനാദി വിദ്യാവിരുദ്ധ മതങ്ങളുടെ പ്രചാരത്തിനു നിമിത്തമായത്. വാല്മീകിരാമായണത്തിലോ മഹാഭാരതത്തിലോ ജൈനികളെപ്പറ്റി നാമമാത്രമായിപ്പോലും എഴുതിയിട്ടില്ല. ജൈനികളുടെ ഗ്രന്ഥങ്ങളിൽ വാല്മീകിരാമായണത്തിലും മഹാഭാരതത്തിലും വർണിച്ചിട്ടുള്ള രാമന്റെയും കൃഷ്ണന്റെയും മറ്റും കഥകൾ വളരെ വിസ്തരിച്ചു വർണിച്ചിട്ടുണ്ട്. ഈ മതത്തിന്റെ ഉത്ഭവം അവയ്ക്കു ശേഷമാണെന്ന് ഇത് തെളിയിക്കുന്നു. തങ്ങളുടെ മതം വളരെ പുരാതനമാണെന്ന് ജൈനികൾ പറയുന്നത് ശരിയാണെങ്കിൽ, വാല്മീകിരാമയണത്തിലും മറ്റും അവരുടെ കഥകൾ അവശ്യം ഉണ്ടായിരുന്നേനേ. അതിനാൽ ജൈനമതം ഈ ഗ്രന്ഥങ്ങൾക്കു ശേഷമുണ്ടായതാണ്.

ജൈന ഗ്രന്ഥങ്ങളിലെ കഥകൾ എടുത്താണ് വാല്മീകി രാമായണവും, മറ്റു ഗ്രന്ഥങ്ങളും എഴുതിയതെന്ന് ആർക്കെങ്കിലും പറയാവുന്നതാണ്. നിങ്ങളുടെ ഗ്രന്ഥങ്ങളുടെ പേരുപോലും അതിലില്ലാത്തതെന്താണെന്നും നിങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉള്ളതെന്താണെന്നും അവരോടു ചോദിക്കണം. പിതാവിന്റെ ജന്മം പുത്രനു കാണാനാകുമോ? ഒരിക്കലുമില്ല. ജൈന ബൗദ്ധമതങ്ങൾ ശൈവശക്താദി മതങ്ങൾക്കു ശേഷം ഉണ്ടായതാണെന്നത്രേ ഇതിൽ നിന്നു സിദ്ധിക്കുന്നത്.

ഈ 12-ാം സമുല്ലാസത്തിൽ ജൈനമതത്തെപ്പറ്റി എഴുതിയിട്ടുള്ളതെല്ലാം അവരുടെ ഗ്രന്ഥങ്ങളെ ആസ്പദമാക്കിയാണ്. ഇത് കണ്ട് ജൈനികൾ ചൊടിക്കരുത്. ഇവരുടെ മതത്തെപ്പറ്റി നാം എഴുതിയതെല്ലാം സത്യാസത്യ നിർണയത്തിനു വേണ്ടിയാണ്. വിരോധിക്കുന്നതിനോ ഹാനിയുണ്ടാക്കുന്നതിനോ വേണ്ടിയല്ല.

ഈ ലേഖനം ജൈനരോ, ബൗദ്ധരോ മറ്റാരെങ്കിലുമോ കണ്ടാൽ എല്ലാവർക്കും സത്യവും അസത്യവും നിർണയിക്കുന്നതിനുവേണ്ടി ചിന്തിക്കാനും എഴുതാനും സമയം ലഭിക്കയും കാര്യം ബോധിക്കയും ചെയ്യും. വാദിയും പ്രതിവാദിയുമായി പ്രീതിയോടെ വാദിക്കുകയോ എഴുതുകയോ ചെയ്യാതെ സത്യാസത്യ നിർണ്ണയം സാധ്യമല്ല. വിദ്വാന്മാർക്ക് സത്യമേത് അസത്യമേത് എന്നു നിശ്ചയമില്ലാതെ വന്നാൽ പിന്നെ വിദ്വാന്മാരല്ലാത്തവർക്ക് മഹാന്ധകാരത്തിൽ പെട്ടുഴലുകയല്ലാതെ വഴിയില്ല. അതിനാൽ സത്യത്തിന്റെ ജയം അസത്യത്തിന്റെ ക്ഷയം എന്നിവയ്ക്കായി മൈത്രിയോടെ വാദിക്കയും എഴുതുകയും ചെയ്യേണ്ടത് മനുഷ്യജാതിയിൽപ്പെട്ട നമ്മുടെ മുഖ്യ കർമമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ മനുഷ്യരുടെ ഉന്നതി ഒരിക്കലും ഉണ്ടാവുകയില്ല.

ബൗദ്ധ-ജൈന മതങ്ങളെപ്പറ്റിയുള്ള ഈ ലേഖനം അവർക്കു മാത്രമല്ല, ഇതര മതസ്ഥർക്കും ലാഭപ്രദവും ബോധദായകവും ആയിരിക്കും. എന്തെന്നാൽ ഇവർ അവരുടെ മതഗ്രന്ഥങ്ങൾ എഴുതാനോ, വായിക്കാനോ, പഠിക്കാനോ അന്യമതസ്ഥർക്കു നല്കുന്നില്ല. എന്റെയും, ബോംബെ ആര്യസമാജത്തിന്റെ കാര്യദർശി സേഠ് സേവക്‌ലാൽ കൃഷ്ണദാസിന്റെയും വൻപരിശ്രമം കൊണ്ടാണ് ഗ്രന്ഥങ്ങൾ ലഭ്യമായത്. കാശിയിലെ '**ജൈനപ്രഭാകര**' യന്ത്രാലയത്തിലെ പ്രകാശനങ്ങളും ബോംബെയിൽ അച്ചടിച്ച '**പ്രകരണ രത്നാകരം**' എന്ന ഗ്രന്ഥവും നിമിത്തം എല്ലാവർക്കും ജൈനമതത്തെപ്പറ്റി അല്പമൊക്കെ അറിയുവാൻ പ്രയാസമില്ലാതായിട്ടുണ്ട്. സ്വന്തം മതത്തിലെ ഗ്രന്ഥങ്ങൾ തനിയേ നോക്കുന്നതും, ഇതര മതസ്ഥരെ കാണിക്കാതിരിക്കുന്നതും അന്യരുടേത് നോക്കാതിരിക്കുന്നതും എന്തു വിദ്വത്തമാണെന്നറിവില്ല! "ഈ ഗ്രന്ഥങ്ങളിൽ അസംഭവ്യകാര്യങ്ങളുണ്ട്. മറ്റാരാനും കണ്ടുപോയാൽ ഖണ്ഡിക്കും. അന്യ മതക്കാരുടെ ഗ്രന്ഥങ്ങൾ നമ്മുടെ മതക്കാർ കണ്ടുപോയാൽ നമ്മുടെ മതത്തിൽ ശ്രദ്ധ കുറയും." എന്നിങ്ങനെ ഈ ഗ്രന്ഥങ്ങളുണ്ടാക്കിയവർ ശങ്കിച്ചിരിക്കണം.

എന്തുമാകട്ടെ! സ്വന്തം ദോഷങ്ങൾ കാണാത്തവരും അന്യരുടെ ദോഷങ്ങളിൽ വളരെ ഉത്സാഹമുള്ളവരുമായ അനേകം മനുഷ്യരുണ്ട്. ഇത് ന്യായമല്ല. സ്വന്തം ദോഷങ്ങൾ കണ്ട് ദൂരീകരിച്ച ശേഷം അന്യരുടെ ദോഷങ്ങൾ കാണാൻ പുറപ്പെടാവൂ. ബൗദ്ധ ജൈനമത വിഷയങ്ങൾ എല്ലാ സജ്ജനങ്ങളുടെയും മുമ്പാകെ അവതരിപ്പിക്കുന്നു. സ്വയം സത്യം കണ്ടെത്തുക.

ബുദ്ധിമാന്മാരോട്

ഇതിലേറെയെന്തെഴുതിയറിയിക്കാൻ!



12

പന്ത്രണ്ടാം സമുല്ലാസം

സത്യാർത്ഥപ്രകാശം

ബൗദ്ധ ജൈന മത ഖണ്ഡന മണ്ഡനം

ഇനി നാസ്തികമതത്തിൽ ചാർവാകം, ബൗദ്ധ ജൈന മത ഖണ്ഡന മണ്ഡന വിഷയം വ്യാഖ്യാനിക്കാം.

ചാർവാകമതം

വേദങ്ങളിലും ഈശ്വരനിലും യജ്ഞാദി ഉത്തമ കർമങ്ങളിലും വിശ്വാസമില്ലാത്ത ബൃഹസ്പതി എന്നു പേരായ ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മതം നോക്കിയാലും:-

യാവജ്ജീവം സുഖം ജീവേന്നാസ്തി മൃത്യോരഗോചരഃ, ഭസ്മീഭൂതസ്യ ദേഹസ്യ പുനരാഗമനം കുതഃ. [1]

മനുഷ്യരും മറ്റു ജീവികളുമൊന്നും മൃത്യുവിന് അഗോചരങ്ങളല്ല. അതായത് എല്ലാവരും മരിക്കുമെന്നർത്ഥം. അതിനാൽ ശരീരമുള്ളത്രയും കാലം സുഖമായി കഴിയണം. ധർമാചരണം കഷ്ടതയേറിയതാണെങ്കിലും ധർമം വെടിഞ്ഞു ജീവിച്ചാൽ പുനർജ്ജന്മത്തിൽ മഹാദുരിതമുണ്ടാകുമെന്നു പറഞ്ഞാൽ ചാർവാകൻ ഇങ്ങനെ ഉത്തരം പറയും:- "പാവം മനുഷ്യരേ! മരണശേഷം ശരീരം ഭസ്മമാകും. തിന്നും കുടിച്ചും ജീവിച്ചയാൾ വീണ്ടും ലോകത്തിൽ വരുന്നില്ല". അതിനാൽ കഴിയുന്നത്രയും ആനന്ദിക്കുക. ലോകത്തിൽ നീതി പൂർവ്വം നടക്കുക, ഐശ്വര്യം വർദ്ധിപ്പിക്കുക, ഇഷ്ടമുള്ള സുഖമെല്ലാം അനുഭവിക്കുക. ഈ ലോകമേയുള്ളൂ, പരലോകമില്ല എന്നറിയുക."

"പൃഥ്വി, ജലം, അഗ്നി, വായു എന്നീ നാലു ഭൂതങ്ങൾ പരിണമിച്ചാണ് ശരീരമുണ്ടായത്. ഇതിൽ ഇവയുടെ സംയോഗം നിമിത്തം ചൈതന്യം ഉണ്ടാകുന്നു. മാദകവസ്തുക്കൾ ഭക്ഷിച്ചാൽ ലഹരിയുണ്ടാകുന്നതുപോലെ [2] ജീവൻ ശരീരത്തോടുകൂടി ഉണ്ടായി. അതിന്റെ നാശത്തോടുകൂടി സ്വയം ഇല്ലാതാകുന്നു. പിന്നാർക്കാണ് പാപപുണ്യങ്ങളുടെ ഫലം ലഭിക്കുന്നത്?

"തച്ചൈതന്യ വിശിഷ്ടദേഹ ഏവ ആത്മാ, ദേഹാതിരിക്ത ആത്മനി പ്രമാണാഭാവാത്." [3] ഈ ശരീരത്തിൽ നാലു ഭൂതങ്ങളുടെ സംയോഗത്താൽ ഉണ്ടാകുന്ന ജീവാത്മാവ് അവയുടെ വിയോഗത്തിൽ നശിക്കുന്നു. എന്തെന്നാൽ മരിച്ചതിനു ശേഷം ആത്മാവ് പ്രത്യക്ഷമല്ല. ഞങ്ങൾ പ്രത്യക്ഷപ്രമാണത്തെ മാത്രമേ വകവയ്ക്കുന്നുള്ളൂ. [4] പ്രത്യക്ഷമില്ലെങ്കിൽ അനുമാനാദികൾ ഗൗണമായതിനാൽ അവയെ സ്വീകരിക്കുന്നില്ല. സുന്ദരിയുടെ ആലിംഗനത്താൽ ആനന്ദലബ്ധിയുണ്ടാകുന്നത് പുരുഷാർത്ഥത്തിന്റെ ഫലമാണ്. [5]

---

1. ഈ സമുല്ലാസത്തിലെ ചാർവാക-ബൗദ്ധമത പ്രമാണങ്ങൾ സായണാചാര്യകൃത്യമായ സർവദർശന സംഗ്രഹത്തിൽ നിന്നെടുത്തതാണ്. ഈ മതങ്ങളെപ്പറ്റിയുള്ള പുസ്തകങ്ങൾ അന്ന് ലഭ്യമായിരുന്നില്ല. ജൈനമത ചർച്ചയിലും സർവദർശസംഗ്രഹം ഉപയോഗിച്ചിട്ടുണ്ട്. ഇത് വാസുദേവ ശാസ്ത്രി അഭ്യങ്കർ എഴുതിയ ടിപ്പണിയോടുകൂടി 1924 ൽ പ്രസിദ്ധീകരിച്ച സർവദർശന സംഗ്രഹത്തിൽ ചാർവാക ദർശനം പേജ് 2ൽ ഉണ്ട്. ഇനി ടിപ്പണിയിൽ നൽകുന്ന പേജ് നമ്പർ ഇതിലേതാണ്.

2. തത്ര പൃഥിവ്യാദീന ഭൂതാനി ചത്വാരിതത്ത്വാനി. തേഭ്യ എവ ദേഹാകാര പരിണതേഭ്യഃ കിണ്വാദിഭ്യോ മദശക്തിവച്ചൈതന്യമുപജായതേ. തേഷു വിനഷ്ടേഷു സത്സു സ്വയം വിനശ്യതി (ചാ. ദ. പേജ് 2)

3. ച.ദ. 6. പേജ്

4. പ്രത്യക്ഷൈക പ്രമാണവാദിതയാ f നുമാനാദേരനങ്ഗീകാരേണ പ്രാമാണ്യാഭാവാത്. (ടി പേജ് 3)

5. അംഗനാദ്യാ ലിംഗജന്യം സുഖമേവ പുരുഷാർഥ (ടി)



ഉത്തരം:- പൃഥിവി മുതലായ ഭൂതങ്ങളെല്ലാം ജഡമാണ്. അതിൽനിന്ന് ചേതനം ഒരിക്കലും ഉണ്ടാവുകയില്ല. ഇപ്പോൾ മാതാപിതാക്കളുടെ സംയോഗത്തിൽ നിന്ന് ദേഹോത്പത്തി ഉണ്ടാകുന്നതുപോലെ സൃഷ്ടിയുടെ തുടക്കത്തിൽ മനുഷ്യരുടേയും മറ്റും ശരീരാകൃതി, കർത്താവായ ഈശ്വരനില്ലാതെ സംഭവിക്കുന്നതേയില്ല. ലഹരിയുടേതുപോലെയല്ല ചേതനത്തിന്റെ ഉത്പത്തിയും വിനാശവും സംഭവിക്കുന്നത്. എന്തെന്നാൽ ലഹരി ഉണ്ടാകുന്നത് ചേതനത്തിനാണ് ജഡത്തിനല്ല.[6]

പഥാർത്ഥം നഷ്ടം[7] - അദൃഷ്ടം - ആകും, എന്നാൽ ഒരിക്കലും ഒന്നിന്റെയും അഭാവം ഉണ്ടാകുന്നില്ല.[8] ഇപ്രകാരം അദൃശ്യമാകുന്നതുകൊണ്ട് ജീവന്റെ അഭാവം ഉണ്ടെന്ന് അംഗീകരിക്കരുത്. ദേഹത്തോടു കൂടിയിരിക്കുമ്പോൾ ജീവാത്മാവ് പ്രകടീഭവിക്കുന്നു. ശരീരം ത്യജിക്കുമ്പോൾ ശരീരം മൃതമാകുകയും മുമ്പ് ചേതനമായിരുന്നതുപോലെ ആകാതിരിക്കുകയും ചെയ്യുന്നു. ഇത് ബൃഹദാരണ്യകത്തിൽ പറഞ്ഞിട്ടുണ്ട് - **"നാഹം മോഹം ബ്രവീമി അനുച്ഛിത്തി ധർമായമാത്മേതി.**[9] യാജ്ഞവല്ക്യൻ പറയുന്നു:- ഹേ മൈത്രേയി ഞാൻ മോഹത്താലല്ല പറയുന്നത്. എന്നാൽ ആത്മാവ് അവിനാശിയാണ്. അതിന്റെ ചേർച്ചയാലാണ് ശരീരചേഷ്ടകൾ നടക്കുന്നത്."

ജീവൻ ശരീരത്തിൽ നിന്നു വേർപെട്ടു കഴിഞ്ഞാൽ ശരീരത്തിൽ യാതൊരു ജ്ഞാനവും ഉണ്ടാവുകയില്ല. ആത്മാവ് ശരീരത്തിൽനിന്നു ഭിന്നമല്ലെങ്കിൽ മൃത്യുവിനു ശേഷം ശരീരത്തിൽ ജ്ഞാനത്തിന്റെ അഭാവം പാടില്ല. അതിനാൽ ഏതിന്റെ സംയോഗത്താൽ ശരീരത്തിൽ ചൈതന്യവും വിയോഗത്തിൽ ജഡതയും ഉണ്ടാകുന്നുവോ അത് ദേഹത്തിൽ നിന്നു ഭിന്നമാകുന്നു.

കണ്ണ് എല്ലാം കാണുന്നെങ്കിലും സ്വയം കാണാത്തതുപോലെ എല്ലാം പ്രത്യക്ഷീഭവിപ്പിക്കുന്നതന്നെ, തനിക്ക് ഇന്ദ്രിയങ്ങളാൽ പ്രത്യക്ഷമാക്കുക സാധ്യമല്ല. സ്വന്തം കണ്ണുകൊണ്ട് ഘട-പടാദി സകല വസ്തുക്കളേയും കാണുന്നതുപോലെ, കണ്ണിനേയും തന്റെ ജ്ഞാനത്താൽ കാണുന്നു. ദ്രഷ്ടാവ് സദാ ദ്രഷ്ടാവായിത്തന്നെ ഇരിക്കുന്നു. ഒരിക്കലും ദൃശ്യമാകുന്നില്ല. ആധാരമില്ലാതെ അധേയം, കാരണമില്ലാതെ കാര്യം, അവയവി ഇല്ലാതെ അവയവം, കർത്താവില്ലാതെ കർമം എന്നിവ നിലനില്ക്കാത്തതുപോലെ കർത്താവില്ലാതെ പ്രത്യക്ഷം എങ്ങനെ ഉണ്ടാകാനാണ്?

സുന്ദരിയായ സ്ത്രീയോടു സമാഗമം ചെയ്യുന്നതാണ് പുരുഷാർഥഫലമെങ്കിൽ ക്ഷണികസുഖമായ അതിൽ നിന്ന് ദുഃഖം ഉണ്ടാകുന്നതും പുരുഷാർഥ ഫലമാണെന്നു വരും. അങ്ങനെയായാൽ സ്വർഗസുഖത്തിന്റെ ഹാനി നിമിത്തം ദുഃഖം അനുഭവിക്കേണ്ടി വരുന്നു. ദുഃഖത്തെ ഇല്ലാതാക്കുന്നതിനും സുഖം വർദ്ധിപ്പിക്കുന്നതിനും പ്രയത്നിക്കണമെന്ന് പറയുന്ന പക്ഷം മുക്തിസുഖം ഇല്ലാതാകും. അതിനാൽ അത് പുരുഷാർഥ ഫലമല്ല.

ചാർവാകൻ - ദുഃഖസംയുക്തമായ സുഖത്തെ ത്യജിക്കുന്നവൻ മൂഢനാണ്. ധാന്യം വേണ്ടവൻ ഉമി കളഞ്ഞ് ധാന്യം എടുക്കുന്നതുപോലെ ഈ ലോകത്തിൽ സുഖത്തെ സ്വീകരിക്കുകയും ദുഃഖത്തെ ത്യജിക്കുകയും ചെയ്യണം. ഈ ലോകത്ത് ലഭിക്കുന്ന സുഖത്തെ ത്യജിച്ചിട്ട് ഇല്ലാത്ത സ്വർഗത്തിലെ സുഖം ആഗ്രഹിച്ച് ചതിയന്മാർ ഉണ്ടാക്കിയ വേദങ്ങളിൽ പറയുന്ന അഗ്നിഹോത്രാദി കർമങ്ങളും ഉപാസനയും ജ്ഞാനകാണ്ഡത്തിന്റെ അനുഷ്ഠാനവും പരലോകത്തിനു വേണ്ടി അനുഷ്ഠിക്കുന്നവർ അജ്ഞാനികളാണ്. നിശ്ചയമായും ഇല്ലാത്ത പരലോകം ആഗ്രഹിക്കുന്നത് മൂഢന്മാരുടെ പണിയാണ്. എന്തെന്നാൽ -

അഗ്നിഹോത്രം ത്രയോ വേദാസ്ത്രിദണ്ഡം ഭസ്മ ഗുണ്ഠനമ് ബുദ്ധിപൗരുഷഹീനാനാം ജീവികേതി ബൃഹസ്പതിഃ ॥[10]

ചാർവാകമതപ്രവാചകനായ ബൃഹസ്പതി പറയുന്നു - അഗ്നിഹോത്രം, മൂന്നു വേദം, ത്രിദണ്ഡം, ഭസ്മലേപനം ഇവയെല്ലാം ബുദ്ധിഹീനരും പുരുഷാർഥ രഹിതരുമായ ആളുകളുടെ നിത്യവൃത്തിക്കുള്ള മാർഗങ്ങളാണ്. എന്നാൽ, മുള്ളുകൊള്ളുക മുതലായ ദുഃഖങ്ങൾ നരകവും, ഐഹിക രാജാവ് ഈശ്വരനും, ദേഹനാശം മോക്ഷവുമാണ്. മറ്റൊന്നുമല്ല.[11]

ഉത്തരം:- വിഷയസുഖങ്ങൾ മാത്രമാണ് പുരു

6. മദ്യത്തിന് ലഹരിപിടിക്കുന്നില്ല. മദ്യം കഴിക്കുന്ന ചേതനത്തിനു മാത്രമേ ലഹരിയുണ്ടാകുന്നുള്ളൂ. മദകാരണമാകയാൽ മദ്യമെന്നു പറയുന്നു.
7. ണശ് അദർശനേ (ധാതു പാഠം 4.83) കാണാതാവുന്നതാണ്. നഷ്ടം.
8. ഗീത 2.16 നോക്കുക.
9. മൂലപാഠ നവാ അരേfഹം മോഹം ബ്രവീമ്യ വിനാശീ വാ അരേ fയ മാത്മനുച്ഛത്തിധർമാ (4.5.14)
10. ചാ. ദ. പേജ് 5.
11. കണ്ടകാദിവ്യഥാജന്യം ദുഃഖം നിരയ ഉച്യതേ ലോക സിദ്ധോ ഭവേദ്രാജാ പരേശോ നാപരഃസ്മൃതഃ ദേഹസ്യ നാശോമുക്തിസ്തു ന ജ്ഞാനാന്മുക്തിരിഷ്യതേ (ചാ. ദ. പേജ് 6-7)



ഷാർഥഫലമെന്നു നിനച്ച് വിഷയദുഃഖ നിവാരണത്തിൽ മാത്രം കൃതകൃത്യതയും സ്വർഗപ്രാപ്തിയും കാണുന്നത് മൂഢതയാണ് . അഗ്നിഹോത്രാദി യജ്ഞങ്ങളിൽ വായുവും വൃഷ്ടിയും ജലവും ശുദ്ധിയായി ആരോഗ്യ പ്രാപ്തിയുണ്ടാവുകയും തദ്വാരാ ധർമാർഥ കാമ മോക്ഷങ്ങൾ സിദ്ധിക്കുകയും ചെയ്യുന്നു. അതറിയാതെ വേദം, ഈശ്വരൻ വേദോക്തമായ ധർമം എന്നിവയെ നിന്ദിക്കുന്നത് വഞ്ചനയാണ്. ത്രിദണ്ഡം, ഭസ്മ ധാരണം മുതലായവയെ ഖണ്ഡിച്ചത് ശരിയാണ്.

മുള്ളു കൊള്ളുന്ന ദുഃഖം നരകമാണെങ്കിൽ അതിലുപരിയായ മഹാരോഗാദികൾ എന്തുകൊണ്ട് നരകമല്ല? ഐശ്വര്യവാനും പ്രജാപാലനത്തിൽ സമർഥനുമായ രാജാവിന് മഹത്വം നല്കുന്നത് ശരിയാണെങ്കിലും അന്യായം ചെയ്യുന്ന പാപിയാണ് രാജാവെങ്കിൽ അയാളെ ഈശ്വരതുല്യം അംഗീകരിക്കുന്നെങ്കിൽ നിങ്ങളെപ്പോലെ മൂഢന്മാരില്ല തന്നെ. ശരീരനാശമാണ് മുക്തിയെങ്കിൽ നിങ്ങളും കഴുത, പട്ടി മുതലായവയും തമ്മിൽ എന്താണ് വ്യത്യാസം?

ചാർവാകൻ:-

1. അഗ്നിരുഷ്ണോ ജലം ശീതം ശീതസ്പർശസ്തഥാനിലഃ കേനേദം ചിത്രിതം തസ്മാദ് സ്വഭാവാസ്തദ്വ്യവസ്ഥിതിഃ

2. ന സ്വർഗോ നാ/പവർഗോ വാ നൈവാത്മാ പാരലൗകികഃ, നൈവ വർണാശ്രമാദീനാം ക്രയാശ്ചഫലദായികാഃ

3. പശുശ്ചേന്നിഹിതഃ സ്വർഗം ജ്യോതിഷ്ടോമേ ഗമിഷ്യതി, സ്വപിതായജമാനേന തത്ര കസ്മാന്ന ഹിംസ്യതേ.

4. മൃതാനാമപിജന്തൂനാം ശ്രാദ്ധം ചേത്തൃപ്തികാരണമ് ഗച്ഛതാമിഹജന്തൂനാം വ്യർഥം പാഥേയകല്പനമ്.

5. സ്വർഗസ്ഥിതാ യദാ തൃപ്തിം ഗച്ഛേയുസ്തത്ര ദാനതഃ പ്രസാദസ്യോ പരിസ്ഥാനാമത്ര കസ്മാന്ന ദീയതേ

6. യാവജ്ജീവേത്സുഖം ജീവേദൃണം കൃത്വാ ഘൃതം പിബേത്, ഭസ്മീ ഭൂതസ്യ ദേഹസ്യ പുനരാഗമനം കുതഃ.

7. യദി ഗച്ഛേത്പരം ലോകം ദേഹാദേഷവിനിർഗതഃ, കസ്മാദ് ഭൂയോ ന ചായാതി ബന്ധുസ്നേഹ സമാകുലഃ

8. തതശ്ച ജീവനോപായോ ബ്രാഹ്മണൈർവിഹിതസ്ത്വിഹ. മൃതാനാം പ്രേതകാര്യാണി ചത്വന്യദ് വിദ്യതേ ക്വചിത്.

9. ത്രയോ വേദസ്യ കർത്താരോ ഭണ്ഡധൂർത്ത നിശാചരാ,ഃ ജർഫരീ തുർഫരീത്യാദി പണ്ഡിതാനാം വചഃ സ്മൃതമ്.

10. അശ്വസ്യാത്രഹി ശിശ്നന്തു പത്നീ ഗ്രാഹ്യം പ്രകീർത്തിതമ്. ഭണ്ഡൈസ്തദ്വത്പരം ചൈവ ഗ്രാഹ്യജാതമ് പ്രകീർത്തിതമ്

11. മാംസാനാംഖാദനം തദ്വന്നിശാചര സമീരിതമ്. [12]

1. ചാർവകരും ആഭാണകരും ബൗദ്ധ-ജൈനന്മാരും ജഗദുത്പത്തി സ്വാഭാവികമാണെന്ന് കരുതുന്നു. സ്വഭാവിക ഗുണങ്ങളുള്ള ദ്രവ്യങ്ങൾ സംയോജിച്ച് എല്ലാ പദാർത്ഥങ്ങളും ഉണ്ടാകുന്നു. ജഗത്തിന് സ്രഷ്ടാവായി ആരുമില്ല. [13]

2. എന്നാൽ ഇവരിൽ ചാർവാകർ അങ്ങനെ കരുതുന്നെങ്കിലും പരലോകവും ജീവാത്മാവും ഉണ്ടെന്ന് ബൗദ്ധ്യ-ജൈനന്മാർ വിശ്വസിക്കുന്നു. ചാർവാകർ ഈ വാദം സ്വീകരിക്കുന്നില്ല. ഈ മതക്കാർ അല്പസ്വല്പ ഭേദമൊഴിവാക്കിയാൽ മറ്റു കാര്യങ്ങളിലെല്ലാം തുല്യരാണ്. സ്വർഗ്ഗമില്ല, നരകമില്ല, പരലോകത്തുപോകുന്ന ആത്മാവുമില്ല. വർണാശ്രമധർമപാലനം ഒട്ടും ഫലപ്രദവുമല്ല.

3. പശുവിനെക്കൊന്ന് യജ്ഞത്തിൽ ഹോമിക്കുന്നതുകൊണ്ട് അതു സ്വർഗ്ഗത്തിൽ പോകുമെങ്കിൽ യജ്ഞം ചെയ്യുന്നവൻ സ്വന്തം പിതാവിനെ കൊന്നു ഹോമിച്ച് സ്വർഗ്ഗത്തിലയയ്ക്കാത്തതെന്താണ്?

4. മരിച്ച ജീവികൾ ശ്രാദ്ധവും തർപണവും കൊണ്ട് തൃപ്തരാകുമെങ്കിൽ പരദേശത്തു പോകുന്ന അവസരത്തിൽ അന്നം വസ്ത്രദാനം മുതലായവ എന്തിനു കൊണ്ടുപോകുന്നു? മരിച്ചയാളിന്റെ പേരിൽ തർപണം ചെയ്യുന്ന പദാർത്ഥങ്ങൾ സ്വർഗ്ഗത്തിലെത്തുമെങ്കിൽ പരദേശയാത്ര ചെയ്യുന്നവർക്കുവേണ്ടി ബന്ധുക്കൾക്ക്

12. ചാ.ദ. പേജ് 13, 14, 15.

13. ഇത് ഭാവാർഥമാണ്. ശബ്ദാർഥം "അഗ്നി ഉഷ്ണവും ജലം ശീതളവും വായു ശീതസ്പർശമുള്ളതുമാണ്. ഈ വൈചിത്ര്യം ആരാണ് ചിത്രീകരിച്ചത്? അതിനാൽ സ്വാഭാവികമായിത്തന്നെ അതതിന്റെ ഗുണങ്ങളാൽ യുക്തമായി സ്ഥിതി ചെയ്യുന്നു എന്നു മനസിലാക്കണം". ശ്വേതാശ്വതരോപനിഷത്തിന്റെ ആരംഭത്തിൽ (1.2) കാലഃ സ്വഭാവോ നിയതിര്യദൃച്ഛാ എന്ന് സ്വഭാവേന സൃഷ്ട്യുത്പത്തി എന്ന പക്ഷം അവതരിപ്പിച്ചിട്ട് പിന്നീട് അതിനെ ഖണ്ഡിച്ചിട്ടുണ്ട്.

വീട്ടിൽ അർപണം ചെയ്ത് ദേശാന്തരങ്ങളിൽ എത്തിക്കാവുന്നതുമാണ്. ഇങ്ങനെയെത്തിക്കാനാവുകയില്ലെങ്കിൽ എങ്ങനെ സ്വർഗ്ഗത്തിലുമെത്തും?

5. മർത്യലോകത്തിൽ ദാനം ചെയ്യുന്നതു കൊണ്ട് സ്വർഗ്ഗവാസികൾ തൃപ്തരാകുമെങ്കിൽ താഴത്തെ നിലയിൽ വിളമ്പിവെച്ചാൽ മുകളിലെ നിലയിലിരിക്കുന്ന ആളിനു വിശപ്പടങ്ങണമല്ലോ!

6. അതിനാൽ ജീവിച്ചിരിക്കുന്നത്രയും കാലം സുഖമായി ജീവിക്കുക. വീട്ടിലൊന്നുമില്ലെങ്കിൽ കടം വാങ്ങി ആനന്ദിക്കുക. കടം വീട്ടേണ്ട ആവശ്യം വരുകയില്ല. എന്തെന്നാൽ തിന്നുകയും കുടിക്കുകയും ചെയ്ത ശരീരത്തിന് പുനരാഗമനമില്ല. പിന്നെ ആരു ചോദിക്കാൻ ആരു കൊടുക്കാൻ?

7. മരണസമയത്ത് ജീവൻ ശരീരം വിട്ട് പരലോകം പ്രാപിക്കുന്നെന്ന് ആളുകൾ പറയുന്നത് മിഥ്യയാണ്. അങ്ങനെ ആണെങ്കിൽ കുടുംബമോഹത്തിൽപ്പെട്ട് ജീവൻ വീട്ടിൽ തിരിച്ചെത്താത്തതെന്തുകൊണ്ട്?

8. അതിനാൽ ഇതെല്ലാം ബ്രാഹ്മണർ അവരുടെ നിത്യവൃത്തിക്കു വേണ്ടി ഉണ്ടാക്കിയ ഉപായങ്ങളാണ്. പത്തു ബലി മുതലായ മരണാനന്തര ക്രിയകളും ഇങ്ങനെതന്നെ.

9. വേദങ്ങളുണ്ടാക്കിയവർ കപട ഭക്തരും, ചതിയരും, രാക്ഷസരുമാണ്. ജർഫരി, തുർഫരി, മുതലായവയെല്ലാം പുരോഹിതരുടെ ആജ്ഞയെകുറിക്കുന്നു.

10. ഈ പോക്കിരികളുടെ രചന നോക്കൂ. "അശ്വ ലിങ്ഗം സ്ത്രീ ഗ്രഹിക്കട്ടെ. യജമാനപത്നിയെ സമാഗമിപ്പിക്കുന്നു. കന്യകയോടു കേളീവചനങ്ങൾ പറയട്ടെ. ഇതെല്ലാം അവർക്കേ എഴുതിവെയ്ക്കാൻ കഴിയൂ.

11. മാംസ ഭക്ഷണമാകാം എന്ന വേദഭാഗം രാക്ഷസർ എഴുതിയതാണ്.

ഉത്തരം:- 1. ചേതനമായ ഈശ്വരൻ നിർമ്മിക്കാതെ ജഡവസ്തുക്കൾ തനിയേ പരസ്പരം ക്രമമായി യോജിച്ച് ഒന്നും ഉണ്ടാവുകയില്ല. സ്വഭാവേന ഉണ്ടാകുന്നതാണെങ്കിൽ വീണ്ടും സൂര്യ ചന്ദ്രന്മാരും പൃഥ്വിയും നക്ഷത്രാദികളും ഉണ്ടാകാത്തതെന്തുകൊണ്ട്?

2. സ്വർഗ്ഗം, സുഖഭോഗങ്ങളുടെയും നരകം യാതനകളുടേയും പേരാണ്. ജീവാത്മാവില്ലെങ്കിൽ സുഖദുഃഖങ്ങളുടെ ഭോക്താവ് ആരാണ്? ഇപ്പോൾ സുഖദുഃഖങ്ങളുടെ ഭോക്താവ് ജീവാത്മാവായിരിക്കുന്നതുപോലെ പരജന്മത്തിലും ആയിരിക്കും. വർണാശ്രമികളുടെ സത്യഭാഷണം. പരോപകാരം മുതലായ ക്രിയകളും നിഷ്ഫലമാകുമോ? ഒരിക്കലുമില്ല.

3. 4. 5. മൃഗങ്ങളെ കൊന്ന് ഹോമിക്കുവാൻ വേദശാസ്ത്രങ്ങളിലെങ്ങും വിധിയില്ല. മരിച്ചവർക്ക് ശ്രാദ്ധതർപ്പണങ്ങൾ നടത്തുന്നതും കപോലകല്പിതമാണ്. ഇവ വേദാദി സത്യശാസ്ത്രങ്ങൾക്കു വിരുദ്ധമാകയാൽ ഭാഗവതാദി പുരാണക്കാരുടെ മതമാണ്. അതിനാൽ ഇവയെ ഖണ്ഡനം ചെയ്തിരിക്കുന്നതിനെ ഖണ്ഡിക്കാനാവുകയില്ല.

6. ഉള്ള വസ്തുവിന് ഒരിക്കലും അഭാവം ഇല്ല. ഉള്ള ജീവന്റെ അഭാവം ഉണ്ടാകാൻ വയ്യ. ദേഹം ഭസ്മമാകും. ജീവൻ ആവുകയില്ല. ജീവൻ മറ്റൊരു ശരീരത്തിൽ പോകുന്നു. അതിനാൽ കടം വാങ്ങി മറ്റുവസ്തുക്കൾ ഉപഭോഗം ചെയ്ത് തിരിച്ചുകൊടുക്കാതിരുന്നാൽ നിശ്ചയമായും പാപിയായി രണ്ടാം ജന്മത്തിൽ നരകമനുഭവിക്കും. ഇതിൽ സന്ദേഹമില്ല.

7. 8. ദേഹത്തിൽ നിന്നും വേർപെട്ട ജീവന് സ്ഥാനാന്തരവും, ശരീരാന്തവും സംഭവിക്കുന്നു. അതിന് പൂർവ്വജന്മത്തെപ്പറ്റിയോ കുടുംബാദികളെപ്പറ്റിയോ യാതൊരറിവും ഉണ്ടാവുകയില്ല. പ്രേതകർമങ്ങളും മറ്റും പുരോഹിതന്മാർ ആദായത്തിനു വേണ്ടി ഉണ്ടാക്കിയതാണ്. വേദോക്തമല്ലാത്തതു കൊണ്ട് അവയെ ഖണ്ഡിക്കണം.

9. ചാർവാകാദികൾ വേദാദിസത്യശാസ്ത്രങ്ങൾ കാണുകയോ കേൾക്കുകയോ പഠിക്കുകയോ ചെയ്തിരുന്നെങ്കിൽ "കപടഭക്തരും ചതിയരും രാക്ഷസരുമായവരാണ് വേദാദി സത്യശാസ്ത്രങ്ങൾ നിർമ്മിച്ചതെന്നു പറയുകയില്ലായിരുന്നു. കപടഭക്തരും ചതിയന്മാരും രാക്ഷസതുല്യരുമായ മഹീധരാദി[14] വ്യാഖ്യാതാക്കൾ ഉണ്ടായിട്ടുണ്ട്. അവരുടെ ചതിയാണ്. വേദങ്ങളുടേതല്ല. ചാർവാകരും ആഭാണകരും ബൗദ്ധ-ജൈനരും നാലുവേദങ്ങളുടേയും മൂലസംഹിത കാണുകയോ കേൾക്കുകയോ ഏതെങ്കിലും വിദ്വാൻമാരിൽനിന്നു പഠിക്കുകയോ ചെയ്തിട്ടില്ലാത്തതു കഷ്ടമാണ്. അതിനാൽ നഷ്ടബുദ്ധികളുമായി വേദനിന്ദ പുലമ്പുവാൻ തുടങ്ങി. ദുഷ്ടന്മാരായ വാമമാർഗ്ഗിക

14. മഹീധരാദികൾ എന്നതിന് മഹീധരനപ്പോലെയുള്ള എന്നർഥം. മഹീധരനു വളരെ മുമ്പുതന്നെ ഭ്രഷ്ടഭാഷ്യങ്ങൾ ഉണ്ടായിത്തുടങ്ങിയിരുന്നു.



ളുടെ പ്രമാണശൂന്യമായ വ്യാഖ്യാനങ്ങൾ കണ്ട് വേദവിരോധികളായി അവിദ്യയുടെ അഗാധമായ സമുദ്രത്തിൽ പതിച്ചുപോയല്ലോ.

10. നല്ല കാര്യം തന്നെ! സ്ത്രീയെക്കൊണ്ട് അശ്വലിങ്ഗം ഗ്രഹിപ്പിച്ച് സമാഗമിപ്പിക്കലും, യജമാനപുത്രിയെ ഉപഹസിക്കലും മറ്റും വാമമാർഗികളെക്കൊണ്ടല്ലാതെ മറ്റു മനുഷ്യർക്കു ചേർന്നതേയല്ല. ഈ മഹാപാപികളായ വാമമാർഗികളല്ലാതെ ആരെങ്കിലും ഭ്രഷ്ടവും വിപരീതവും അശുദ്ധവുമായ വേദവ്യാഖ്യാനം ചെയ്യുമോ? യാതൊന്നും ആലോചിക്കാതെ വെറുതേ വേദനിന്ദയ്ക്കു തുനിയുന്ന ഈ ചാർവാകരുടെ കാര്യം കഷ്ടം തന്നെ. ഒട്ടെങ്കിലും സ്വബുദ്ധി പ്രയോഗിച്ചുകൂടേ? എന്തു ചെയ്യാനാണ്? അതുങ്ങൾക്ക് സത്യാസത്യ നിർണ്ണയം ചെയ്ത് സത്യത്തെ മണ്ഡനം ചെയ്യാനും തക്ക അറിവില്ലാതെ പോയി.

11. വാമമാർഗികളായ വ്യാഖ്യാതാക്കളാണ് മാംസ ഭക്ഷണത്തെ അനുകൂലിച്ചതും. അതിനാൽ അവരെ രാക്ഷസരെന്നു പറയുന്നത് ഉചിതംതന്നെ. എന്നാൽ വേദങ്ങളിലെങ്ങും മാംസഭക്ഷണം വിധിച്ചിട്ടില്ല. അതിനാൽ ഇത്തരം മിഥ്യകളുടെ പാപം വേദങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യാതെ തോന്നിയപടി നിന്ദിച്ച ആ ഭാഷ്യക്കാർക്കുതന്നെ സന്ദേഹമെന്യേ കിട്ടും. വേദത്തെ നിന്ദിച്ചവരും നിന്ദിക്കുന്നവരും നിശ്ചയമായും അവിദ്യയുടെ അന്ധകാരത്തിൽ വീണ്, സുഖത്തിനു പകരം എത്രകണ്ട് ദുഃഖിക്കുന്നതും അധികമല്ലെന്നതാണ് സത്യം. അതിനാൽ വേദാനുകൂലമായി നടക്കുന്നതത്രേ മനുഷ്യർക്കു ഉചിതം.

വെറുതേ കപോലകല്പിതമായതെല്ലാം മെനഞ്ഞെടുത്ത് യഥേഷ്ടം മദ്യപാനം, മാംസാഹാരം, പരസ്ത്രീഗമനം മുതലായ ദുഷ്ടകർമങ്ങൾ ചെയ്യുകയെന്ന സ്വാർത്ഥസിദ്ധിക്കുവേണ്ടി വാമമാർഗികൾ വേദത്തെ കളങ്കപ്പെടുത്തി. ഇതു കണ്ടാണ് ചാർവാകരും ബൗദ്ധരും ജൈനരും വേദനിന്ദ ചെയ്യാനാരംഭിച്ചത്. എന്നിട്ട് വേദവിരുദ്ധവും നിരീശ്വരവുമായ നാസ്തികമതപ്രചാരണം ആരംഭിച്ചു. ചാർവാകാദികൾ വേദങ്ങളുടെ മൗലികാർത്ഥം അന്വേഷിച്ചിരുന്നെങ്കിൽ, കള്ളഭാഷ്യങ്ങൾ കണ്ട് വേദോക്തമതത്തിൽ നിന്ന് വേറിട്ടു നില്ക്കുമായിരുന്നില്ല. എന്തു ചെയ്യാം! **വിനാശകാലേ വിപരീത ബുദ്ധിഃ**॥ [15] നാശത്തിന്റെ നെല്ലിപ്പലക കാണാറാകുമ്പോൾ മനുഷ്യന്റെ ബുദ്ധി വിപരീതമായേ പോകൂ.

15. ചാണക്യ നീതി 16.15

ഇനി ഈ ചാർവാകാദികൾ എതെല്ലാം തരത്തിലുണ്ടെന്ന് എഴുതാം. ഇവർ മിക്കവാറും കാര്യങ്ങളിൽ ഒരുപോലെയാണ്. എന്നാൽ ചാർവാകർ ദേഹോത്പത്തിയോടുകൂടി ജീവോത്പത്തിയും അതിന്റെ നാശത്തോടുകൂടി ജീവന്റെ നാശവും അംഗീകരിക്കുന്നു. പുനർജന്മവും പരലോകവും അംഗീകരിക്കുന്നില്ല. പ്രത്യക്ഷപ്രമാണമല്ലാതെ മറ്റൊന്നിനെയും സ്വീകരിക്കുന്നില്ല. പറയുന്നതിൽ പ്രഗത്ഭർ എന്നും, വൈതണ്ഡികർ എന്നുമാണ് ചാർവാക ശബ്ദത്തിനർത്ഥം. ബൗദ്ധരും - ജൈനരും പ്രത്യക്ഷാദിനാലു പ്രമാണങ്ങൾ, അനാദിയായ ജീവാത്മാവ്. പുനർജന്മം. പരലോകം, മുക്തി എന്നിവയിൽ വിശ്വസിക്കുന്നു. ബൗദ്ധ-ജൈനരും ചാർവകരും തമ്മിലുള്ള അന്തരം ഇത്ര മാത്രമാണ്. നാസ്തികത, വേദ-ഈശ്വരനിന്ദ, പര മതദ്വേഷം. ആറു യത്നങ്ങൾ, ജഗത്കർത്താവില്ലെന്ന വാദം എന്നിവയിലെല്ലാം ഇവർ തുല്യരാണ്. ഇതാണ് ചാർവാകമതത്തിന്റെ സംക്ഷിപ്ത രൂപം.

ബൗദ്ധമതം

ഇനി ബൗദ്ധമതത്തെ സംബന്ധിച്ച് സംക്ഷിപ്തമായി എഴുതാം. **കാര്യകാരണഭാവാദ്വാ സ്വഭാവാദ്വാ നിയാമകാത്, അവിനാഭാവനിയമോ ദർശനാന്തര ദർശനാത്**॥ [16] കാര്യ കാരണ ഭാവം അഥവാ കാര്യം കണ്ട് കാരണം, കാരണംകണ്ട് കാര്യം, മുതലായവയുടെ സാക്ഷാത്കാരം ഉണ്ടാകുന്നത് പ്രത്യക്ഷവും, മറ്റുള്ളവ അനുമാനവുമാകുന്നു. ഇവകൂടാതെ ജീവികളുടെ പ്രവർത്തനങ്ങൾ പൂർണമാവുകയില്ല. ഇപ്രകാരമുള്ള ലക്ഷണങ്ങളാൽ അനുമാനത്തിന് പ്രാധാന്യം നല്കിയാണ് ചാർവാകരിൽ നിന്നു ഭിന്നമായ ബൗദ്ധ ശാഖ ഉണ്ടായിട്ടുള്ളത്.

നാല് ബൗദ്ധശാഖകൾ

ബൗദ്ധർ നാലു പ്രകാരത്തിലുണ്ട്॥ [17] മാധ്യമികം, യോഗാചാരം, സൗത്രാന്തികം, വൈഭാഷികം

16. സർവദർശന സംഗ്രഹം ബൗദ്ധമതം പേജ് 16 ൽ ചിത്സുഖകൃതമായതത്ത്വ ദീപികയിൽ ധർമകീർത്തിയുടേതായി ഉദ്ധൃതം. ഈ പ്രകരണത്തിൽ സർവദർശന സംഗ്രഹത്തിൽ നിന്നാണ് മുഖ്യമായും ഉദ്ധരണികൾ ഗ്രന്ഥകാരന്റെ കാലത്ത് ബൗദ്ധഗ്രന്ഥങ്ങൾ സുലഭമായിരുന്നില്ല.

17. തേ ബൗദ്ധാശ്ചതുർ വിധയാ ഭാവനയാ പരമപുരുഷാർഥം കഥയന്തി തേ ച മാധ്യമിക - യോഗാ ചാര- സൗത്രാന്തിക വൈഭാഷിക സംജ്ഞാഭിഃ പ്രസിദ്ധാ ബൗദ്ധാ യഥാക്രമം സർവശൂന്യത്വ-ബാഹ്യാർഥശൂന്യത്വ- ബാഹ്യാർഥാനുമേയത്വ ബാഹ്യാർഥ പ്രത്യക്ഷവാദാൻ ആതിഷ്ഠന്തേ (ടി പേജ് 19)



എന്നിവയാണ് ആ ഭേദങ്ങൾ. ബുദ്ധ്യാ നിവർത്തതേ സ ബൗദ്ധഃ – ബുദ്ധിയാൽ സിദ്ധിക്കുന്നത് – അവനവന്റെ ബുദ്ധിയിൽ വരുന്നത് വിശ്വസിക്കുക. വരാത്തത് വിശ്വസിക്കാതിരിക്കുക. ഇതത്രേ ബൗദ്ധലക്ഷണം. ഇവരിൽ ഒന്നാമത്തെ കൂട്ടരായ മാധ്യമികർ എല്ലാം ശൂന്യമാണെന്ന് വിശ്വസിക്കുന്നു. അതായത് എന്തു പദാർത്ഥങ്ങളുണ്ടോ അവയെല്ലാം ശൂന്യം. അതായത് അവ ആദിയിൽ ഉണ്ടായിരുന്നില്ല. അവസാനം ഉണ്ടായിരിക്കുകയുമില്ല. മധ്യത്തിൽ പ്രതീതീമാകുന്നതുതന്നെ പ്രതീതിസമയത്താണ്. പിന്നീട് ശൂന്യമാകും. കുടം ഉണ്ടാകുന്നതിനുമുമ്പ് അത് ഇല്ലായിരുന്നു. ഉടച്ചുകളഞ്ഞാൽ പിന്നെ ഇല്ലതാനും. കുടം ഉണ്ട് എന്ന അറിവും അതിന്റെ ഉടച്ചിലിനോടെ ഇല്ലാതാകുന്നു. അതിനാൽ ശൂന്യം മാത്രമാണ് ഏകതത്ത്വം.

രണ്ടാമത്തെ കൂട്ടരായ യോഗാചാരക്കാരുടെ സിദ്ധാന്തം ബാഹ്യശൂന്യതയാണ്. പദാർത്ഥങ്ങൾ അന്തരികജ്ഞാനത്തിലാണ്. ബാഹ്യജ്ഞാനത്തിലല്ല ഭാസിക്കുന്നത്. കുടത്തെ അകമേ അറിയാവുന്നതുകൊണ്ടത്രേ 'ഇതു കുടമാണ്' എന്നു മനുഷ്യൻ പറയുന്നത്. ആന്തരിക ജ്ഞാനമില്ലെങ്കിൽ ഇതു പറയുവാൻ സാധ്യമല്ല.

മൂന്നാമത്തെ സൌത്രാന്തികർ ബാഹ്യാർത്ഥത്തിന്റെ അനുമാനത്തിൽ വിശ്വസിക്കുന്നു. എന്തെന്നാൽ ബാഹ്യമായി ഒന്നും തന്നെ സാംഗോപാംഗം പ്രത്യക്ഷമാകുന്നില്ല. ഏകദേശം പ്രത്യക്ഷപ്പെടുന്നതുകൊണ്ട് ശേഷം അനുമാനിക്കുന്നതേയുള്ളൂ എന്നാണിവരുടെ മതം.

നാലാമത്തെ വൈഭാഷികർ പറയുന്നത് പ്രത്യക്ഷമാകുന്നതെല്ലാം പുറമേയാണ്, അകമേയല്ല എന്നാണ്. **അയം നീലഃ ഘടഃ** (ഇത് നീലക്കുടം) എന്നതിൽ പ്രതീതിയാൽ നീലനിറമുള്ള കുടം പുറമേ പ്രതീതമാകുന്നു. ഇതാണവരുടെ മതം.

ഇവരുടെയെല്ലാം ഗുരു ബുദ്ധൻ. തന്നെയെങ്കിലും ശിഷ്യന്മാരുടെ ബുദ്ധിഭേദം നിമിത്തമാണ് പല ശാഖകൾ ഉണ്ടായത്. സൂര്യൻ അസ്തമിച്ചാൽ ജാരന്മാർ പരസ്ത്രീഗമനവും വിദ്വാന്മാർ സത്യഭാഷണാദി ശ്രേഷ്ഠ കർമങ്ങളും ചെയ്യുന്നു. സമയം ഒന്നുതന്നെ; അവനവന്റെ ബുദ്ധിയനുസരിച്ച് വിഭിന്ന ചേഷ്ടകൾ ചെയ്യുന്നു. ▯ [18]

ഇവരിൽ മാധ്യമികർ എല്ലാം ക്ഷണികമാണെന്നു വിശ്വസിക്കുന്നു. ഓരോ ക്ഷണത്തിലും ബുദ്ധി പരിണമിക്കുന്നതുകൊണ്ട് കഴിഞ്ഞ ക്ഷണത്തിലെ അറിവ് വരുംക്ഷണത്തിൽ ഇല്ലാതാകുന്നു. അതിനാലെല്ലാം ക്ഷണികമത്രേ. രണ്ടാമത്തെ കൂട്ടരായ യോഗാചാരക്കാർ എല്ലാ പ്രവൃത്തിയും ദുഃഖരൂപമാണെന്ന മതക്കാരാണ്. പ്രാപ്തികൊണ്ട് സന്തുഷ്ടിയില്ല. ഒന്നു പ്രാപ്തമായാൽ മറ്റൊന്നിന്റെ പ്രാപ്തിക്ക് യത്നമാരംഭിക്കും. അതിനാൽ എല്ലാ പ്രവൃത്തികളും ദുഃഖരൂപങ്ങളാണ്. മൂന്നാമത്തെ സൌത്രാന്തികർ എല്ലാ പദാർത്ഥങ്ങളും സ്വലക്ഷണങ്ങളാൽ ലക്ഷിതമാകുന്നെന്നു വിശ്വസിക്കുന്നു. പശുവിന്റെ ചിഹ്നങ്ങൾകൊണ്ട് പശു. കുതിരയുടെ ലക്ഷണങ്ങൾകൊണ്ട് കുതിര എന്നിങ്ങനെ തിരിച്ചറിയുന്നു. ഇങ്ങനെ ലക്ഷ്യത്തിൽ തന്നെ ലക്ഷണം സദാ ഉണ്ട്. നാലാമത്തെ വൈഭാഷികർ 'ശൂന്യം' ഒരു പദാർത്ഥമാണെന്നു വിശ്വസിക്കുന്നു. മാധ്യമികർ എല്ലാം ശൂന്യമാണെന്ന് സിദ്ധാന്തിച്ചിട്ടുണ്ട്. വൈഭാഷികപക്ഷവും തത്തുല്യമാണ്. ഇങ്ങനെ ബൗദ്ധരിൽ അനേകം വിഭിന്ന പക്ഷങ്ങളുണ്ട്. ▯ [19]

ഉത്തരം:- എല്ലാം ശൂന്യമാണെങ്കിൽ ശൂന്യത്തെ ശൂന്യമെന്നറിയുന്നയാൾ ശൂന്യമാകാൻ വഴിയില്ല. കൂടാതെ എല്ലാം ശൂന്യമാണെങ്കിൽ ശൂന്യത്തിനു ശൂന്യത്തെ അറിയാനാവില്ല. അപ്പോൾ ശൂന്യത്തിന്റെ ജ്ഞാതാവ്, ജ്ഞേയം എന്നീ രണ്ടു പദാർത്ഥങ്ങൾ സിദ്ധമാകുന്നു. യോഗാചാരക്കാർ ബാഹ്യശൂന്യത്വം സിദ്ധാന്തിക്കുമ്പോൾ പ്രത്യക്ഷമായികാണുന്ന പർവതവും മറ്റും അവരുടെ ഉള്ളിലാണ്. അങ്ങനെയെങ്കിൽ ഹൃദയത്തിൽ പാർവതത്തിന് ഇടമെവിടെ? അപ്പോൾ പർവതം ബാഹ്യമാണെന്നും അതിന്റെ ജ്ഞാനമാണ് ആത്മാവിലുണ്ടാകുന്നതെന്നും വരുന്നു. സൌത്രാന്തികർ പദാർത്ഥങ്ങളുടെ പ്രത്യക്ഷത്തെ മാനിക്കുന്നില്ലെങ്കിൽ അവരുടെ വാക്കുകളും അനുമേയമല്ലാതെ പ്രത്യക്ഷമാവുകയില്ല. പ്രത്യക്ഷമല്ലെങ്കിൽ **അയം ഘടഃ** (ഈ കുടം) എന്ന പ്രയോഗം സാധുവല്ല. **അയം ഘടൈകദേശഃ**

18. യദ്യപി ഭഗവാൻ ബുദ്ധ ഏക ഏവ ബോധയിതാ തഥാപി ബോധവ്യാഹാം ബുദ്ധിഭേദാച്ചാതുർവിധ്യമ്. യഥാഗതോസ്തമർക ഇത്യുക്തേ ജാരചോര നൂചാനാദയഃ സ്വേഷ്ട ചേഷ്ഠാനുസാരേണാഭിസരണ പരസ്യ ഹരണ സദാചരണ, ദി സമയം ബുധ്യന്തേ (ബൗ.ദ. 19)

19. ഇവിടെ മൂലഗ്രന്ഥത്തിൽത്തന്നെ എന്തോ ഭ്രഷ്ടപാഠം ഉണ്ടായിട്ടുണ്ടെന്ന് യുധിഷ്ഠിരമീമാംസകനെപ്പോലെയുള്ള പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. സർവംക്ഷണികംക്ഷണികമ്, സർവം ദുഃഖം ദുഃഖ സ്വലക്ഷണം സ്വലക്ഷണമ്, ശൂന്യം ശൂന്യമ് (പേജ് 19) എന്നാണ് ബുദ്ധന്റെ ഉപദേശം. ഇതിന്റെ വ്യാഖ്യാനം കൊടുത്തിരിക്കുന്നത് ശരിയാണെങ്കിലും ചില ഭാഗങ്ങൾ കൂടുതലായി വന്നുപോയിട്ടുണ്ട്.



ഇത് കുടത്തിന്റെ ഭാഗമാണ് എന്നു പറയണം. ഭാഗം കുടമാവുകയില്ല, മുഴുവനും ഉണ്ടെങ്കിലേ കുടമാവൂ. ഇത് കുടമാണ് എന്നുള്ളത് പ്രത്യക്ഷമാണ്. അനുമേയമല്ല, എന്തെന്നാൽ എല്ലാ അവയവങ്ങളിലും അവയവി ഒന്നാണ്. അതുപ്രത്യക്ഷമാണെങ്കിൽ കുടത്തിന്റെ അവയവവും പ്രത്യക്ഷമാണ്. അവയവസഹിതമായ കുടം പ്രത്യക്ഷമാകുമെന്നു താത്പര്യം.

നാലാമത്തെ വൈഭാഷികർ ബാഹ്യപദാർത്ഥങ്ങളെ പ്രത്യക്ഷമാണെന്നു മാനിക്കുന്നു. ഇതും ശരിയല്ല. എന്തെന്നാൽ ജ്ഞാനവും ജ്ഞാതാവും എവിടെയുണ്ടോ അവിടെയാണ് പ്രത്യക്ഷം. പ്രത്യക്ഷവിഷയം വെളിയിലാണെങ്കിലും അതിന്റെ ആകാരജ്ഞാനമുണ്ടാകുന്നത് ആത്മാവിനാണ്. അതുപോലെ എല്ലാ വസ്തുക്കളും അവയുടെ ജ്ഞാനവും ക്ഷണികമാണെങ്കിൽ പ്രത്യഭിജ്ഞ-ഞാൻ അങ്ങനെ ചെയ്തു എന്ന സ്മരണ-ഉണ്ടാകുകയില്ല. എന്നാൽ മുമ്പ് കണ്ടതും കേട്ടതും സ്മരിക്കാൻ കഴിയുന്നതിനാൽ ക്ഷണികവാദവും ശരിയല്ല.

എല്ലാം ദുഃഖമാണ് സുഖമേയില്ല എന്നാണെങ്കിൽ സുഖത്തെ അപേക്ഷിച്ചല്ലാതെ ദുഃഖം സിദ്ധിക്കുകയേ ഇല്ല. രാത്രിയെ അപേക്ഷിച്ച് പകലും പകലിനെ അപേക്ഷിച്ച് രാത്രിയും ഉണ്ടാകുന്നതുപോലെയാണിത്. അതിനാൽ എല്ലാം ദുഃഖമാണെന്ന സിദ്ധാന്തം ശരിയല്ല.

സ്വലക്ഷണം മാത്രം സ്വീകരിച്ചാൽ, നേത്രം രൂപത്തിന്റെ ലക്ഷണവും, രൂപം ലക്ഷ്യവുമാണ്. കുടത്തിന്റെ രൂപം കുടത്തിന്റെ രൂപലക്ഷണവും, കണ്ണ് ലക്ഷ്യത്തിൽ നിന്നു ഭിന്നവും ആണ്. ഗന്ധം പൃഥിവിയിൽ നിന്നു ഭിന്നമല്ലാതാകുന്നതുമാണ്. ഇങ്ങനെ ലക്ഷ്യലക്ഷണങ്ങൾ ഭിന്നാഭിന്നങ്ങളാണെന്നു കരുതണം.

ശൂന്യത്തിന്റെ ഉത്തരം മുമ്പു പറഞ്ഞു. ശൂന്യത്തെ അറിയുന്ന ആൾ ശൂന്യത്തിൽ നിന്നു ഭിന്നം തന്നെ.

ദുഃഖരൂപിയായ സംസാരം
ജൈനബൗദ്ധസിദ്ധാന്തം

സർവസ്യ സംസാരസ്യ ദുഃഖാത്മകത്വം സർവതീർഥങ്കര സമ്മതമ്. ॥ [20]

ലോകമെല്ലാം ദുഃഖരൂപം, ദുഃഖത്തിന്റെ ഇരിപ്പിടം, ദുഃഖത്തിന്റെ സാധനാരൂപമെന്നു സങ്കല്പിച്ച് ലോകത്തെ വെടിയുകയെന്നതാണ് ബൗദ്ധരുടെ സിദ്ധാന്തം. ചാർവാക സിദ്ധാന്തത്തിലുപരിയായി ഇവർ മുക്തി, അനുമാനം, ജീവാത്മാവ് എന്നിവയെകൂടി അംഗീകരിക്കാതിരിക്കുന്നു.

തീർഥങ്കരരാണെന്ന് ബൗദ്ധർ അംഗീകരിക്കുന്നവരെ ജൈനരും അംഗീകരിക്കുന്നു. അതിനാൽ ഇരുവരും ഒന്നുതന്നെ. നേരത്തേ പറഞ്ഞ സാധനാചതുഷ്ടയം അഥവാ നാലുഭാവനകളാൽ എല്ലാ വാസനകളിൽ നിന്നും നിവൃത്തമായി ശൂന്യരൂപമായ നിർവാണ പ്രാപ്തി-മുക്തി-യാണ് ഇവർ അംഗീകരിക്കുന്ന ലക്ഷ്യം.

സ്വശിഷ്യന്മാർക്ക് ഇവർ യോഗവും ആചാരവും ഉപദേശിക്കുന്നു. അപ്രാപ്താർഥങ്ങളെ പ്രാപിക്കുന്നതിനുള്ള പര്യനുയോഗത്തിന് യോഗമെന്നും ഗുരൂപദേശം അംഗീകരിക്കുന്നതിന് ആചാരമെന്നും പറയുന്നു. ആനാദിയായ ബുദ്ധി, വാസന നിമിത്തം വിവിധതരത്തിൽ പ്രകാശിതമാകുന്നുവെന്നവർ വിശ്വസിക്കുന്നു. അതിൽ ഇനി പറയുന്ന അഞ്ച് സ്കന്ധങ്ങളുണ്ട്.

ഒന്നാമത്തേത്- "**രൂപവിജ്ഞാനവേദനാ സംജ്ഞാ സംസാരസംജ്ഞകാ**". ഇന്ദ്രിയങ്ങളിൽ നിന്ന് രൂപം മുതലായ വിഷയങ്ങൾ ഗ്രഹിക്കുന്നു. അത് രൂപസ്കന്ധം. രണ്ടാമത്തേത് ആലയവിജ്ഞാനം അഥവാ പ്രവൃത്തിവൈഭവമറിയുന്ന വ്യവഹാരമായ വിജ്ഞാനസ്കന്ധമാണ്. മൂന്നാമത്തേത് രൂപസ്കന്ധം, വിജ്ഞാനസ്കന്ധം എന്നിവയിൽ നിന്നുളവാകുന്ന സുഖദുഃഖാദി പ്രതീതികളാകുന്ന വ്യവഹാരമായ വേദനാസ്കന്ധവും നാലാമത്തേത്, പശു മുതലായ സംജ്ഞകളുടെ ബന്ധം അതാത് പേരുള്ളവയുമായി ചേർത്തറിയുന്ന സംജ്ഞാസ്കന്ധവും അഞ്ചാമത്തേത് വേദനാസ്കന്ധത്തിൽ നിന്ന് ഉണ്ടാകുന്ന രാഗദ്വേഷാദി ക്ലേശങ്ങളും ധർമാധർമവ്യവഹാരവും ചേർന്ന സംസ്കാരസ്കന്ധവുമാണ്.

തീർത്ഥങ്കരവിശ്വാസം-ദ്വാദശായതനപൂജ

1. ദേശനാ ലോകനാഥാനാം സത്വാശയ വശാനുഗഃ, ഭിദ്യന്തേ ബഹുധാലോകേ ഉപായൈർ ബഹുഭിഃകില

2. ഗംഭീരോത്താന ഭേദേഹ കചിച്ചോ ഭയലക്ഷണഃ, ഭിന്നാഹി ദേശനാ ഭിന്ന ശൂന്യതാ ദ്വയ ലക്ഷണാ. ദ്വാദശായതനപൂജാ ശ്രേയസ്കരീതി ബൗദ്ധാമന്യന്തേ'

3. അർഥാനു പാർജ്യ ബഹുഃശാ ദ്വാദശയത നാനിവൈ പരിതഃ പൂജനീയാനി കിമന്യൈരിഹ പൂജിത.ഃ

20. സർവദർശന സംഗ്രഹം – ബൗദ്ധദർശനം പേജ് 28



4. ജ്ഞാനേന്ദ്രിയാണി പഞ്ചൈവ യഥാകർമേന്ദ്രിയാണിച, മനോബുദ്ധിരിതി പ്രോക്തം ദ്വാദശായതനം ബുധൈഃ

അർത്ഥം:- 1. ജ്ഞാനികളും വിരക്തരും ജീവന്മുക്തരും ലോകനാഥരുമായ ബുദ്ധാദി തീർത്ഥങ്കരന്മാരുടെ തത്ത്വസ്വരൂപമെന്തെന്നറിയുന്നവരുടെ, ഭിന്ന വസ്തുക്കളുടെ ഉപദേശം നല്കുന്നവരുടെ വളരെ വ്യത്യസ്തവും വിവിധോപായങ്ങളാൽ പറയപ്പെട്ടതുമായ ഉപദേശങ്ങൾ സ്വീകരിക്കണം.

2. വളരെ ഗംഭീരവും പ്രസിദ്ധഭേദങ്ങളാൽ പറയപ്പെട്ടതും ഗുപ്തവും, ന്യൂനലക്ഷണയുക്തവുമായി മുമ്പു പറയപ്പെട്ടവയും ആയ ഗുരൂപദേശങ്ങളെ മനനം ചെയ്യണം.

3. ദ്വാദശായതന പൂജ മോക്ഷദയാണെന്ന് ബൗദ്ധർ വിശ്വസിക്കുന്നു. അതിനുവേണ്ടി ധനവും പദാർഥങ്ങളും ഒരുക്കി ദ്വാദശായതനങ്ങൾ പന്ത്രണ്ട് സ്ഥാനവിശേഷങ്ങൾ ഉണ്ടാക്കി സർവപ്രകാരേണയും പൂജിക്കണം. മറ്റു പൂജകൾ കൊണ്ട് പ്രയോജനമൊന്നും ഇല്ല.

4. ഇവരുടെ ദ്വാദശായതനപൂജ ഇതാണ്:- ചെവി, ത്വക്ക്, കണ്ണ്, നാക്ക്, മൂക്ക് എന്നീ അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ, വായ, കൈ, കാല്, ഗുഹ്യേന്ദ്രിയം, ഉപസ്ഥേന്ദ്രിയം എന്നീ കർമേന്ദ്രിയങ്ങൾ ബുദ്ധി മനസ് എന്നിവയെ സത്കരിക്കണം. അതായത് ഇവയെ ആനന്ദത്തിൽ പ്രാവൃത്തമാക്കണം. ഇത്യാദിയാണ് ബൗദ്ധമതം.

ദുഃഖമാണെങ്കിൽ പ്രവൃത്തി എന്തിന്?

ലോകമെല്ലാം ദുഃഖരൂപമാണെങ്കിൽ ഇവിടെ ജീവികളുടെ പ്രവർത്തനമൊന്നും ഉണ്ടാകരുതായിരുന്നു. ലോകത്ത് ജീവികളുടെ പ്രവർത്തനം പ്രത്യക്ഷമാകയാൽ സംസാരം ദുഃഖരൂപമല്ലെന്ന് വരുന്നു. ഇതിൽ സുഖവും ദുഃഖവും ഉണ്ട്. ബൗദ്ധർ പറയുന്നതുപോലെ ആണെങ്കിൽ ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതും പഥ്യാചരണവും ഔഷധസേവനവും ചെയ്ത് ശരീരം സംരക്ഷിക്കുന്നതിൽ സുഖം അനുഭവിക്കുന്നതും എന്തിനാണ്? ഞങ്ങൾ പ്രവൃത്തരാകുന്നെങ്കിലും ഇതു ദുഃഖം തന്നെയാണ് എന്നു പറയുന്ന പക്ഷം, ഇതു സംഭവ്യമേയല്ലെന്നാണുത്തരം. എന്തെന്നാൽ ജീവൻ സുഖമെന്തെന്നറിഞ്ഞ് പ്രവൃത്തമാവുകയും ദുഃഖമെന്തെന്നറിഞ്ഞ് നിവൃത്തമാകുകയും ചെയ്യുന്നു. ലോകത്തിൽ ധർമക്രിയകൾ, വിദ്യ സത്സംഗം മുതലായ ശ്രേഷ്ഠപ്രവൃത്തികളെല്ലാം സുഖപ്രദങ്ങളാണ്. ബൗദ്ധന്മാരല്ലാതെ, ലോകത്തിൽ വിദ്വാന്മാരാരും ഇത് ദുഃഖചിഹ്നമായി കരുതുന്നില്ല.

ഈ അഞ്ചു സ്കന്ധങ്ങൾ തീർത്തും അപൂർണമാണ്. ഇങ്ങനെ ഒരോ സ്കന്ധങ്ങൾ ഉണ്ടാക്കിയാൽ ഓരോന്നിനും അനേകം പിരിവുകൾ ഉണ്ടാക്കാവുന്നതാണ്. ബൗദ്ധർ തീർഥങ്കരന്മാരെ ഉപദേഷ്ടാക്കളും ലോകനാഥന്മാരും ആയി കാണുന്നു. നാഥനാഥനായ പരമാത്മാവിനെ സ്വീകരിക്കുന്നില്ല. ഈ തീർത്ഥങ്കരന്മാർക്ക് ഉപദേശം നല്കിയതാരാണ്? സ്വയം ജ്ഞാനമുണ്ടായി എന്നാണെങ്കിൽ അത് അസംഭവ്യമാണ്. കാരണമില്ലാതെ കാര്യമുണ്ടാവുകയില്ല. സ്വയം ജ്ഞാനപ്രാപ്തിയുണ്ടാകുമെങ്കിൽ വിദ്യാഭ്യാസം ചെയ്യാതെയും വിദ്വാൻമാരുമായി സംസർഗ്ഗം കൂടാതെയും അവരിൽ ധാരാളം വിദ്വാൻമാർ ഉണ്ടാകാത്തതെന്താണ്? അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ ഇപ്പറഞ്ഞതും സന്നിപാതജ്വരക്കാരന്റെ അസത്യവും യുക്തിരഹിതവുംആയ പിച്ചും പേയും പുലമ്പലാണ്. ഉള്ള വസ്തു ഒരിക്കലും ശൂന്യമല്ല. വെറും സൂക്ഷ്മരൂപത്തെ പ്രാപിക്കൽ മാത്രമേ സംഭവിക്കുന്നുള്ളു. അതിനാൽ ഈ സിദ്ധാന്തവും യുക്തിഭദ്രമല്ല. ബൗദ്ധരുടെ ശൂന്യരൂപാദ്വൈതം[21] തത്ത്വോപദേശവും ശരിയല്ല. ഉള്ള വസ്തു ഒരിക്കലും ശൂന്യമല്ല. സൂഷ്മകാരണരൂപമാകാവുന്നതാണ്. അതിനാൽ ഈ പ്രസ്താവവും ശരിയല്ല. ദ്രവ്യോപാർജനംകൊണ്ട് മുൻപറഞ്ഞ ദ്വാദശായതനപൂജ ചെയ്യാമെങ്കിൽ പത്തു പ്രാണൻ, പതിനൊന്നാമത്തെ ജീവാത്മാവ് എന്നിവയെ എന്തുകൊണ്ട് പൂജിക്കുന്നില്ല? ഇന്ദ്രിയങ്ങൾ അന്തഃകരണം എന്നിവയെ പൂജിച്ചാൽ മോക്ഷം ലഭിക്കുമെന്നു വിശ്വസിക്കുന്ന ബൗദ്ധന്മാർക്കും വിഷയാസക്തർക്കും തമ്മിലെന്താണ് ഭേദം? വിഷയങ്ങളിൽ നിന്നു മുക്തിയില്ലെങ്കിൽ പിന്നെന്താണ്

21. നവീന വേദാന്തത്തിന്റെ ആദിപ്രവാചകനായ ശങ്കരാചാര്യരുടെ ഗുരുവിന്റെ ഗുരുവായ ഗൗഡപാദർ ബൗദ്ധസിദ്ധാന്തങ്ങളിൽ പ്രഭാവിതനായിരുന്നു. ഇവരുടെ ശൂന്യവാദത്തിന് വൈദികരൂപം നൽകി അദ്വൈതവാദത്തിന് ജീവൻ കൊടുത്തതദ്ദേഹമാണ്. അദ്ദേഹത്തിന്റെ മാണ്ഡുക്യകാരികയിലെ പല കാരികകളും അർഥപരമായോ ശബ്ദപരമായോ ബൗദ്ധഗ്രന്ഥങ്ങളിൽ ഉണ്ട്. ശങ്കരാചാര്യരുടെ ഭാഷ്യങ്ങളൊഴിവാക്കിക്കൊണ്ട് ഇത് അധ്യയനം ചെയ്താൽ, ഗൗഡപാദാചാര്യർ ബുദ്ധന്റെ വലിയ ഭക്തനായിരുന്നെന്നു ഗ്രഹിക്കാം. സാംഖ്യപ്രവചനഭാഷ്യകാരനായ വിജ്ഞാനഭിക്ഷു നവീന വേദാന്തികളെ പ്രച്ഛന്ന ബൗദ്ധരെന്നു വിളിച്ചത് വെറുതേയല്ല. സാംഖ്യപ്രവചന ഭാഷ്യത്തിന്റെ തുടക്കത്തിൽ പദ്മപുരാണത്തിൽനിന്ന് ഏതാനം ശ്ലോകങ്ങൾ പകർത്തിയിട്ടുണ്ട്. അതിലൊരു ശ്ലോകാർദ്ധമാണ് **മായാവാദം അസദ് ശാസ്ത്രം പ്രച്ഛന്നം ബൗദ്ധമേവ ച** എന്നത്.



മുക്തി? ഇവർ സ്വന്തം അവിദ്യയെ വർദ്ധിപ്പിച്ചതിന് സമാനമായ ഉദാഹരണം മറ്റെങ്ങും തന്നെ ഇല്ല.

നിശ്ചയമായും വേദേശ്വരനിന്ദ ചെയ്തതിന്റെ ഫലമാണിവർക്കു കിട്ടിയത്. ഒന്നാമത് ഒരിക്കലും ലോകമെല്ലാം ദുഃഖപൂർണമാണെന്ന് സങ്കല്പിച്ചു. പിന്നീട് ദ്വാദശായതന പൂജ സംഘടിപ്പിച്ചു. മുക്തി നല്കത്തക്കവണ്ണം ഈ ദ്വാദശായതന പൂജയിലെ വസ്തുക്കൾ ലോകബാഹ്യമാണോ? കണ്ണടച്ച് രത്നം തെരഞ്ഞാലോ തെരയാനാഗ്രഹിച്ചാലോ ആർക്കാനും രത്നം കിട്ടുമോ? വേദം ഈശ്വരൻ എന്നിവയെ നിഷേധിക്കുന്ന ഇവരുടെ കേളീവിലാസം ഇങ്ങനെയായിപ്പോയി. സുഖമാഗ്രഹിക്കുന്നെങ്കിൽ വേദത്തെയും ഈശ്വരനെയും ആശ്രയിച്ച് സ്വന്തം ജന്മം സഫലമാക്കുക.

വിവേക വിലാസത്തിലെ ബൗദ്ധസിദ്ധാന്തം

'വിവേകവിലാസ'ത്തിൽ ബൗദ്ധമതത്തെപ്പറ്റി ഇങ്ങനെയെഴുതുന്നു:-

1. ബൗദ്ധനാം സുഗതോദേവോ വിശ്വഞ്ച ക്ഷണഭംഗുരമ് ആര്യസത്വാഖ്യയാ തത്ത്വചതുഷ്ടയമിദം ക്രമാത്.

2. ദുഃഖമായതനം ചൈവ തതഃ സമുദയോ മതഃ, മാർഗശ്ചേത്യസ്യ ച വ്യാഖ്യാ ക്രമേണ ശ്രൂയതാമത.ഃ

3. ദുഃഖ സംസാരിണ സ്കന്ധാസ്തേച പഞ്ച പ്രകീർത്തിതാഃ, വിജ്ഞാനം വേദനാ സംജ്ഞാ സംസ്കാരോ രൂപമേവച.

4. പഞ്ചേന്ദ്രിയാണി ശബ്ദാവാ വിഷയാ പഞ്ച മാനസമ്, ധർമായതനമേതാനി ദ്വാദശായതനാനിതു.

5. രാഗാദീനാം ഗണോയഃ സ്യാത്സമുദേതി നൃണാം ഹൃദി. ആത്മാത്മീയ സ്വഭാവാഖ്യഃ സ സ്യാത്സമുദയഃ പുനഃ

6. ക്ഷണികാഃ സർവസംസ്കാരാ ഇതിയാ വാസനാസ്ഥിരാ സ മാർഗ ഇതി വിജ്ഞേയ സച മോക്ഷോfഭിധീയതേ

7. പ്രത്യക്ഷാനുമാനം ച പ്രമാണം ദ്വിതീയം തഥാ, ചതുഃ പ്രസ്ഥാനികാ ബൗദ്ധാഃ ഖ്യാതാ വൈഭാഷികാദയഃ

8. അർഥോ ജ്ഞാനാന്വിതോ വൈഭാഷികേണ ബഹുമന്യതേ, സൗത്രാന്തികേന പ്രത്യക്ഷഗ്രാഹ്യfർഥോ ന ബഹിർമതഃ

9. ആകാര സഹിതാ ബുദ്ധിര്യോഗാചാരസ്യ സംമതാ, കേവലാം സംവിദം സ്വസ്ഥാം മന്യന്തേ മധ്യമാഃ പുനഃ

10. രാഗാദിജ്ഞാന സന്താന വാസനാച്ഛേദ സംഭവാ ചതുർണാമപിബൗദ്ധാനാം മുക്തി രേഷാ പ്രകീർതിതാ

11. കൃത്തിഃ കമണ്ഡലുർമൗണ്ഡ്യം ചീരം പൂർവാഹ്നഭോജനമ്, സംഘോ രക്താംബരത്വം ച ശിശ്രീയോ ബൗദ്ധഭിക്ഷുഭിഃ॥ [22]

1. ബൗദ്ധരുടെ സുഗതദേവനായ ബുദ്ധഭഗവാനാണ് പൂജ്യദേവൻ. ജഗത്ത് ക്ഷണഭംഗുരമാണ്. ആര്യപുരുഷ, ആര്യസ്ത്രീ, തത്ത്വങ്ങളുടെ ആഖ്യാനം (സംജ്ഞാദിപ്രസിദ്ധി) ഈ നാലാണ് ബൗദ്ധർ അംഗീകരിക്കുന്ന പദാർത്ഥങ്ങൾ.

2. ഈ ജഗത്ത് സുഖദുഃഖ സമ്മിശ്രമാണ്. ശരീരം ദുഃഖത്തിന്റെ ഗൃഹമാണ്. തദനന്തരം സമുദയം അഥവാ രാഗാദികളുണ്ടാകുന്നു. പിന്നീട് മാർഗവും. ഇതിന്റെ ക്രമമായ വ്യാഖ്യാനം കേൾക്കുക.

3. ലോകത്തിൽ ദുഃഖമേയുള്ളു. മുമ്പു പറഞ്ഞ പഞ്ചസ്കന്ധങ്ങൾ॥ [23] അറിയുക.

4. പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, അവയുടെ ശബ്ദാദി വിഷയങ്ങളഞ്ച്, മനസ് (ബുദ്ധി അഥവാ അന്തഃകരണം) ധർമത്തിന്റെ സ്ഥാനം എന്നീ പന്ത്രണ്ട് ആയതനങ്ങൾ.

5. മനുഷ്യഹൃദയത്തിൽ രാഗദ്വേഷാദികളുണ്ടാകുന്നത് സമുദയം, ആത്മാവ്, ആത്മാവിനെ സംബന്ധിച്ചത്, സ്വഭാവം എന്നിവ ആഖ്യാ. ഇതിൽനിന്ന് വീണ്ടും സമുദയമുണ്ടാകുന്നു.

6. എല്ലാ സംസ്കാരവും ക്ഷണികമാണ്. വാസന സ്ഥിരമാകുന്നതാണ് ബൗദ്ധമാർഗം. അതുതന്നെ, ശൂന്യതത്ത്വം-ശൂന്യരൂപം-ആകുന്നതത്രേ മോക്ഷം.

7. ബൗദ്ധർ പ്രത്യക്ഷം, അനുമാനം എന്നീ പ്രമാണങ്ങൾ മാത്രമേ കൈക്കൊള്ളുന്നുള്ളൂ. വൈഭാഷികം സൗത്രാന്തികം, യോഗാചാരം, മാധ്യമികം എന്നിങ്ങനെ ഇവർ നാലു പ്രകാരത്തിലുണ്ട്.

8. ഇവരിൽ വൈഭാഷികർ ജ്ഞാനത്തിൽ ഉള്ള അർഥത്തിനെ പൊരുളായി ഗണിക്കുന്നു. എന്തെന്നാൽ ജ്ഞാനത്തിൽ ഇല്ലാത്തത് ഉള്ളതാണെന്ന്

22. വിവേകവിലാസം 8, 265-267 സർവദർശനസംഗ്രഹം-ബൗദ്ധദർശനം പേജ് 46-47 ഉദ്ധൃതം.

23. പേജ് 635 നോക്കുക.

thedayasamaj.org



സിദ്ധപുരുഷന്മാർക്ക് അംഗീകരിക്കാൻ വയ്യ. സൗത്രാന്തികർ പ്രത്യക്ഷ പദാർത്ഥം അകമേയാണ്, പുറമേയല്ല എന്നു സിദ്ധാന്തിക്കുന്നു.

9. ആകാരസഹിതവും വിജ്ഞാനയുക്തവുമാണ് ബുദ്ധിയെന്ന സിദ്ധാന്തക്കാരാണ് യോഗാചാരർ. മാധ്യമികരാകട്ടെ തങ്ങളിലടങ്ങുന്ന ജ്ഞാനത്തെ മാത്രമല്ലാതെ പദാർത്ഥത്തെ അംഗീകരിക്കുന്നില്ല.

10. രാഗാദിജ്ഞാന പ്രവാഹത്തിന്റെ വാസന നശിക്കുമ്പോൾ ഉണ്ടാകുന്നതാണ് മുക്തിയെന്ന് നാലു ബൗദ്ധരും പറയുന്നു.

11. മൃഗചർമം, കമണ്ഡലു, മുണ്ഡനം, വല്ക്കലവസ്ത്രം, പൂർവാഹ്നത്തിൽ 12 മണിക്കുമുമ്പ് - ഭക്ഷണം, ഒറ്റയ്ക്കു പാർക്കായ്ക (സംഘം) ചുവന്ന വസ്ത്രധാരണം ഇവയെല്ലാമാണ് ബൗദ്ധ സന്യാസികളുടെ ലക്ഷണം.

ഉത്തരം:- ബൗദ്ധരുടെ സുഗതബുദ്ധൻ മാത്രമാണ് ദേവനെങ്കിൽ അദ്ദേഹത്തിന്റെ ഗുരു ആരായിരുന്നു? വിശ്വം ക്ഷണഭംഗുരമാണെങ്കിൽ ആ വസ്തു തന്നെ ഇല്ലാതാകും. പിന്നെ എന്തിന്റെ സ്മരണയാണുണ്ടാവുക? ക്ഷണികവാദമാണ് ബൗദ്ധമാർഗമെങ്കിൽ ഇവരുടെ മുക്തിയും ക്ഷണഭംഗുരമായിരിക്കണം. ജ്ഞാനയുക്തമായ അർഥമാണ് ദ്രവ്യമെങ്കിൽ ജഡദ്രവ്യത്തിലും ജ്ഞാനം ഉണ്ടായിരിക്കണം അവയുടെ ഗമനാദിക്രിയകൾ എന്തിലാസ്പദിച്ചിരിക്കുന്നു. വെളിയിൽ ദൃശ്യമാകുന്നത് എങ്ങനെയാണ് മിഥ്യയാകുന്നത്? ബുദ്ധിയ്ക്ക് ആകാരമുണ്ടെങ്കിൽ അത്ദൃശ്യമാകേണ്ടതാണ്. കേവലം ജ്ഞാനമേ ആത്മാവിലുള്ളൂ എങ്കിൽ-പദാർഥങ്ങളെ അംഗീകരിക്കാതെ അവയുടെ ജ്ഞാനത്തെ മാത്രം അംഗീകരിക്കുന്നപക്ഷം അറിയേണ്ട പദാർത്ഥം ഇല്ലാതെ അതിന്റെ അറിവ് ഉണ്ടാവുന്നതേയല്ല. വാസനാനാശമാണ് മുക്തിയെങ്കിൽ സുഷുപ്തിയും മുക്തിയാകണം. ഇതെല്ലാം വിദ്യാവിരുദ്ധങ്ങളാകയാൽ തിരസ്കരണീയമാണ്.

ഇങ്ങനെ സംക്ഷേപമായി ബുദ്ധമതത്തെപ്പറ്റി വിവരിച്ചു. ബുദ്ധിമാന്മാരും ചിന്താശക്തരുമായവർ ഇവരുടെമതവും അറിവും എന്താണെന്ന് മനസ്സിലാക്കട്ടെ. ഇവയെല്ലാം ജൈനരും അംഗീകരിക്കുന്നു.

ജൈനമതം

ഇനി ബൗദ്ധ-ജൈനമതങ്ങളുടെ വർണനയാവാം. പ്രകരണരത്നാകരം ഒന്നാം ഭാഗത്തിനെപ്പറ്റി നയചക്രസാരത്തിൽ[24] ഇപ്രകാരം എഴുതുന്നു.

"സമയഭേദമനുസരിച്ച് ബൗദ്ധർ നവീനതയെ ആസ്പദമാക്കി ആകാശം, കാലം, ജീവൻ, പുദ്ഗലം എന്നീ നാല് ദ്രവ്യങ്ങളെ സ്വീകരിക്കുന്നു. ജൈനർ ധർമാസ്തികായം, അധർമാസ്തികായം, ആകാശാസ്തികായം. പുദ്ഗലാസ്തികായം, ജീവാസ്തികായം, കാലം എന്നിങ്ങനെ ആറു ദ്രവ്യങ്ങളെയും സ്വീകരിക്കുന്നു. ഇതിൽ കാലത്തിനെ അസ്തികായമായി ഗണിക്കുന്നില്ല. ഔപചാരികമായി അതൊരു ദ്രവ്യ[25] മാണെന്നല്ലാതെ വാസ്തവത്തിലല്ലാത്തതാണ് കാരണം."

അവയിൽ 1. ധർമാസ്തികായം - ഗതിപരിണാമിത്വത്താൽ പരിണാമത്തെ പ്രാപിക്കുന്ന ജീവനും പുദ്ഗലവും ഗതിയുടെ സാമീപ്യത്താൽ സ്തംഭിക്കുന്നതിന്റെ 'ഹേതു'വിന് ധർമാസ്തികായമെന്നു പറയുന്നു. അത് അസംഖ്യം പ്രദേശങ്ങളിൽ പരിമാണങ്ങളിൽ, ലോകങ്ങളിൽ വ്യാപിച്ചിരിക്കുന്നു.[26]

2. അധർമാസ്തികായം - സ്ഥിരതയാൽ പരിണാമിയായിട്ടുള്ള ജീവൻ, പുദ്ഗലം എന്നിവയുടെ സ്ഥിതിയ്ക്ക് ആശ്രയഹേതുവാണിത്.[27]

3. ആകാശാസ്തികായം- എല്ലാ ദ്രവ്യങ്ങൾക്കും ആധാരവും, അവഹാഗനം പ്രവേശനം നിഷ്ക്രമണം ആദിയായ ക്രിയകൾ ചെയ്യുന്ന ജീവ-പുദ്ഗലങ്ങൾക്ക് ക്രിയകൾ ചെയ്യാൻ ഹേതുവുമായിരിക്കുന്നതിന്റെ പേരാണിത്. ഇത് സർവവ്യാപിയാണ്.[28]

4. പുദ്ഗലാസ്തികായം - കാരണ രൂപമായ

24. നയചക്രസാരം പ്രകരണരത്നാകാരത്തിന്റെ ടീകയാണ്.
25. തത്രപഞ്ചാനാം പ്രദേശപിണ്ഡത്വാത് അസ്തികായത്വം കാലസ്യപ്രദേശാ ഭാവാത് അസ്തികായതാ നാസ്തി, തത്ര കാല ഉപചാരതൈയവ ദ്രവ്യമ് ന വസ്തു വൃത്യാ (പ്രകരണരത്നാകരം 177)
26. തത്ര ഗതി പരിണതാനാം ജീവപുദ്ഗലാനാം ഗത്യുപഷ്ടം ഭ ഹേതുർ ധർമാസ്തികായഃ സ ചാസംഖ്യേയ പ്രദേശലോക പ്രദേശ പരിമാണഃ (ടി 178)
27. സ്ഥിതി പരിണതാനാം ജീവപുദ്ഗലാനം സ്ഥിത്യുപഷ്ടം ഭഹേതുരധർമാസ്തികായഃ സ ചാ സംഖ്യേയ പ്രദേശ ലോക പരിമാണഃ (ടി 178)
28. സർവദ്രവ്യാണാമാധാര ഭൂതോ f വഗാഹകത്വ ഭാവാനാം ജീവ പുദ്ഗലാനാം അവഗാഹോപഷ്ടം ഭക ആകാശാസ്തികായഃ. സചാനന്തപ്രദേശോ ലോകാലോക പരിമാണഃ (ടി 178)



സൂക്ഷ്മ-നിത്യ ഏകരസ -വർണഗന്ധ-സ്പർശ-കാര്യലിങ്ഗവും വളരുക നശിക്കുക എന്നീ സ്വഭാവയുക്തമാണിത്.॥ [29]

5. **ജീവാസ്തികായം** - ചേതനാ ലക്ഷണയുക്തവും, ജ്ഞാന ദർശനങ്ങളുടെ ആശ്രയവും അനന്തപര്യായങ്ങളാൽ പരിണമിക്കുന്നതും കർത്താവും ഭോക്താവും ആണിത്.॥ [30]

6. **കാലം**- ഈ അഞ്ച് അസ്തികായങ്ങളുടെ പരത്വം അപരത്വം, നവീനത, പ്രാചീനത എന്നീ ചിഹ്നങ്ങളോടുകൂടിയതും പ്രസിദ്ധ വർത്തമാന രൂപപര്യായങ്ങളാൽ യുക്തവുമാണിത്.॥ [31]

സമീക്ഷകൻ - നാലു ദ്രവ്യങ്ങൾ പ്രതിക്ഷണം പുതുമയാർജിക്കുമെന്ന ബൗദ്ധവാദം കള്ളമാണ്. ആകാശം, കാലം, ജീവൻ, പരമാണു എന്നിവ ഒരിക്കലും പുതിയതോ പഴയതോ ആവുകയില്ല. എന്തെന്നാൽ ഇവ അവിനാശിയും കാരണരൂപവും അനാദിയുമാണ്. പിന്നെങ്ങനെ ഇവയിൽ പുതുമയും പഴക്കവും വരും?

അതുപോലെ ജൈനികളുടെ വിശ്വാസവും ശരിയല്ല. ധർമാധർമങ്ങൾ ഗുണമാണ്, ദ്രവ്യമല്ല. ഇവ രണ്ടും ജീവാസ്തികായത്തിൽ വന്നിരിക്കുന്നു. അതിനാൽ ആകാശം, പരമാണു, ജീവൻ, കാലം എന്നിവയെ ദ്രവ്യമായി കരുതിയിരുന്നെങ്കിൽ ശരിയായിരുന്നു.

വൈശേഷികത്തിൽ ഒമ്പത് ദ്രവ്യങ്ങൾ പറഞ്ഞിരിക്കുന്നതാണ് ശരി. പൃഥിവി മുതലായ പഞ്ചതത്വങ്ങൾ കാലം, ദിക്ക്, ആത്മാവ്, മനസ്, എന്നീ ഒമ്പത് പ്രത്യേക പദാർത്ഥങ്ങൾ നിശ്ചിതമായിരിക്കുന്നു. ജീവനെ മാത്രം ചേതനമായി കരുതുകയും ഈശ്വരനെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് ജൈന-ബൗദ്ധരുടെ തെറ്റായ, പക്ഷപാതജന്യമായ കാര്യമാണ്.

സപ്തഭങ്ഗങ്ങളും സ്യാദ്വാദവും

ബൗദ്ധരും ജൈനരും അംഗീകരിക്കുന്ന സപ്തഭംഗി സ്യാദ്വാദം എന്നിവയെപ്പറ്റി പറയാം.

ഒന്നാമത്തെ ഭങ്ഗം 'സൻഘടഃ' ആണ്. കുടം അതിന്റെ വർത്തമാനതയോടു കൂടിയതാണ്. അതായത് കുടമുണ്ട്. കുടത്തിന്റെ അഭാവത്തിനു വിരുദ്ധമാണിത്.

രണ്ടാമത്തേത് 'അസൻഘടഃ'. കുടം ഇല്ല. ഒന്നാമത്തേത് കുടത്തിന്റെ ഉണ്മ. ഇത് കുടത്തിന്റെ ഇല്ലായ്മയാൽ രണ്ടാം ഭങ്ഗമായി.

മൂന്നാമത്തേതാണ് 'സന്നസന്നഘടഃ'. ഇത് കുടമാണ്, എന്നാൽ മുണ്ടല്ല. കുടത്തിന്റെ ഉണ്മയും മുണ്ടിന്റെ ഇല്ലായ്മയും പ്രതിപാദിക്കുന്നു.

നാലാമത്തേത് - ഘടോ/ഘടഃ. കുടമാണ് എന്നാൽ അകുടവുമാണ്. കുടത്തിൽ മറ്റൊന്നിന്റെ അഭാവം ഉണ്ട്. അതിനെ മുൻനിർത്തി -അഭാവം നിമിത്തം - കുടമല്ല എന്നും പറയുന്നു. ഒരുമിച്ച് അതിന് രണ്ടുപേർ, ഘടം, അഘടം ഉണ്ടാകുന്നു.

അഞ്ചാമത്തേത് - കുടത്തിനെ പടമെന്നു പറയരുത്. കുടത്തിൽ കുടത്വം വ്യക്തം. പടത്വം അവ്യക്തം. ആദ്യത്തേത് വ്യക്തവ്യം മറ്റേത് അവക്തവ്യം.

ആറാമത്തേത് - ഘടമല്ലാത്തതിനെ ഘടമെന്നു പറയരുത്. കുടം കണ്ടാൽ കുടമാണെന്നു പറയാം. പടം കുടമാണ് എന്നു പറയരുത്.

ഏഴാമത്തേത് - പറയാൻ ഇഷ്ടമുണ്ടെങ്കിലും ആ വസ്തു അതല്ലാതിരിക്കുന്നതാണ് സപ്തഭങ്ഗം.

ഇതുപോലെ -

1. സ്യാദസ്തി ജീവോ/യം ഇതി പ്രഥമോ ഭങ്ഗഃ

2. സ്യാന്നാസ്തി ജീവോ ദ്വിതീയോ ഭങ്ഗഃ

3. സ്യാദവക്തവ്യോ ജീവ സ്തൃതീയോ ഭങ്ഗഃ॥ [32]

4. സ്യാദസ്തി നാസ്തി രൂപോ ജീവഃശ്ചതുർഥോ ഭങ്ഗഃ

5. സ്യാദസ്തി ച അവക്തവ്യോ ജീവഃ പഞ്ചമോ ഭങ്ഗഃ

6. സ്യാന്നാസ്തി ച അവക്തവ്യോ ജീവഃ ഷഷ്ഠോ ഭങ്ഗഃ

7. സ്യാദസ്തി നാസ്തി ച അവക്തവ്യോ ജീവഃ ഇതി സപ്തമോ ഭങ്ഗഃ

1. ജീവൻ എന്നു പറയുമ്പോൾ ജീവനിൽ

29. ഏകരസവർണഗന്ധോ ദ്വിസ്പർശഃ കാര്യലിങ്ഗീച പൂരണഗലന സ്വഭാവ പുദ്ഗലാസ്തികായഃ സ ച പരമാണു രൂപഃ (ടി 178) ഇതിന്റെ ഭാഷാന്തരം ഇങ്ങനെയാവണം - ഏതിൽ ഏകരസവർണഗന്ധങ്ങളുണ്ടോ, രണ്ടുതരം സ്പർശമുണ്ടോ, കാര്യം ഏതിന്റെ ചിഹ്നമായിരിക്കുന്നുവോ വളരുക, നശിക്കുക എന്നിവ സ്വഭാവമായിരിക്കുന്നുവോ അതത്രേ പുദ്ഗലാസ്തികായം. പരമാണുരൂപമാണത്.

30. ചേതനാ ലക്ഷണോജീവഃ ചേതനാ ച ജ്ഞാനദർശനോപയോഗീ അനന്ത പര്യായ പരിണാമി കർതൃക ഭോക്തൃത്വാദി ലക്ഷണോ ജീവാസ്തികായഃ (ടി 179)

31. പഞ്ചാസ്തികായാനാം, പരത്വാപരത്വേ നവ പുരാണാദി ലിങ്ഗ വ്യക്തവൃത്തിവർത്തരൂപ പര്യായഃ കാലഃ (ടി, 180)

32. ഇവിടെ 3-ഉം 4 ഉം അന്യോന്യം മാറിപ്പോയിട്ടുണ്ട്. സ്യാദസ്തിനാസ്തിരൂപോ ജീവസ്തൃതീയോഭങ്ഗഃ, സ്യാദവക്തവ്യോ ജീവശ്ചതുർഥോഭങ്ഗഃ എന്നു വരേണ്ടതാണ്.



ജീവനു വിരുദ്ധമായ ജഡപദാർത്ഥങ്ങളുടെ അഭാവം എന്നത് ഒന്നാം ഭങ്ഗമാണ്.

2. ജീവൻ ജഡത്തിലല്ല എന്ന പ്രസ്താവവുമുണ്ടാകുന്നു. ഇത് രണ്ടാം ഭങ്ഗമാണ്.

3. ജീവൻ പറയത്തക്കതല്ല. ഇത് മൂന്നാം ഭങ്ഗം.

4. 'ജീവൻ ശരീരം ധരിക്കുമ്പോൾ പ്രസിദ്ധനും, ശരീരം വിടുമ്പോൾ അപ്രസിദ്ധനുമാണ്' എന്നു പറയുന്നത് ചതുർഥഭങ്ഗം.

5. 'ജീവൻ ഉണ്ട്, എന്നാൽ വർണിക്കാവുന്നതല്ല' എന്നു പറയുന്നത് പഞ്ചമഭങ്ഗം.

6. ജീവൻ പ്രത്യക്ഷപ്രമാണം കൊണ്ട് വർണിക്കാവുന്നതല്ല. അതിനാൽ ചക്ഷുസ്സിന് പ്രത്യക്ഷമല്ല എന്നു പറയുന്നത് ആറാം ഭങ്ഗമാണ്.

7. ഒരു സമയം അനുമാനപ്രമാണംകൊണ്ട് ജീവനുണ്ടെന്നും അപ്പോൾത്തന്നെ അദൃശ്യമായതുകൊണ്ടും ഒരുപോലെ ഇരിക്കാത്തതുകൊണ്ടും, പ്രതിക്ഷണം പരിണമിക്കുന്നതുകൊണ്ടും, അതുപോലെ ഈ ജീവൻ ഉണ്ട്. ഇല്ല; ഇല്ല, ഉണ്ട്. എന്നിങ്ങനെയുള്ള വ്യവഹാരവും പാടില്ലാത്തതാണ്. ഇതാണ് ഏഴാം ഭങ്ഗം.

ഇങ്ങനെ നിത്യത്വസപ്തഭങ്ഗിയും അനിത്യത്വപ്തഭങ്ഗിയും സാമാന്യധർമം, വിശേഷധർമം, ഗുണപരിണാമം എന്നിവയനുസരിച്ച് പ്രയുക്തമാകുന്നു.[33] ദ്രവ്യ, ഗുണ, കർമ, സ്വഭാവങ്ങൾ, പര്യായങ്ങൾ എന്നിവയ്ക്ക് അതിരില്ലാത്തതിനാൽ സപ്തഭങ്ഗങ്ങൾക്കും അതിരില്ല.[34] ഇതാണ് ബൗദ്ധജൈനാദികളുടെ സ്യാദ്വാദവും സപ്തഭങ്ഗിന്യായവും.[35]

സമീക്ഷകൻ - ഈ പ്രസ്താവമെല്ലാം കൂടി അന്യോന്യഭാവത്തിൽ സാധർമ്യ വൈധർമ്യങ്ങളുന്നയിച്ച് സാധിക്കാവുന്നതേയുള്ളൂ. ഈ സരളപ്രക്രിയ കളഞ്ഞ് കഠിനരചന നടത്തിയത് അജ്ഞാനികളെ വലയിൽ വീഴ്ത്താനാണ്. നോക്കൂ - ജീവനിൽ അചേതനത്തിന്റെയും അചേതനത്തിൽ ജീവന്റെയും അഭാവം ഉണ്ടേയുണ്ട്. ജീവനും ജഡവും വർത്തിക്കുന്നവയാകയാൽ അതിൽ സാധർമ്യവും, ചേതനവും അചേതനുവുമാകയാൽ വൈധർമ്യവും അതായത് ജീവനിൽ ചൈതന്യത്തിന്റെ - 'അസ്തി' - ഉണ്മയും. ജഡത്തിൽ - നാസ്തി - ഇല്ലായ്മയും ഉണ്ട്. ഇതുപോലെ ജഡത്തിൽ ജഡത്വമുണ്ട്. ചേതനത്വമില്ല. ഇതുകൊണ്ട് ഗുണകർമ സ്വഭാവങ്ങളുടെ സമാനധർമവും, വിരുദ്ധധർമവുംചിന്തിച്ച് ഇവയുടെയെല്ലാം സ്പതഭങ്ഗിയും സ്യാദ്വാദവും വേഗം ഗ്രഹിക്കാവുന്നതാണ്. പിന്നെന്തിനീ വളച്ചുകെട്ട്?

ഇനി ജൈനമതത്തെപ്പറ്റി മാത്രം എഴുതാം.

1. ചിദചിത് ദ്വേ പരേ തത്ത്വേവിവേകസ്തദ്വിവേചനമ്. ഉപാദേയമുപാദേയം ഹേയം ഹേയം ച കുർവതഃ

2. ഹേയം ഹി കർത്യരാഗാദി തദ്കാര്യ മവിവേകിനഃ, ഉപാദേയം പരം ജ്യോതിരുപയോഗൈകലക്ഷണമ്.

1. ജൈനർ, ചിത് അചിത് = ചേതനം, ജഡം എന്നീ പരതത്ത്വങ്ങളെ മാത്രം അംഗീകരിക്കുന്നു. ഇവയുടെ വിവേചനമത്രേ വിവേകം. സ്വീകാര്യമായതിനെ സ്വീകരിച്ച്. ത്യാജ്യമായവയെ നിരാകരിക്കുന്നയാളാണ് വിവേകി.

2. ജഗത്കർത്താവിനോട് രാഗം. ജഗത് സ്രഷ്ടാവുണ്ട് എന്ന വിശ്വാസം എന്നീ അവിവേകങ്ങൾ ത്യജിക്കണം. യോഗലക്ഷിതവും പരമജ്യോതിസ്വരൂപവുമായ ജീവനെ മാത്രം സ്വീരിക്കണം.

ജീവനെയല്ലാതെ മറ്റൊരു ചേതനതത്ത്വമായ ഈശ്വരനെ സ്വീകരിക്കുന്നില്ല. അനാദിസിദ്ധമായ ഈശ്വരനില്ലെന്നാണ് ബൗദ്ധ-ജൈനരുടെ വിശ്വാസം.

ബൗദ്ധ-ജൈനർ ഒന്ന് - രാജാശിവപ്രസാദ്

"**ഇതിഹാസതിമിരനാശക**" മെന്ന ഗ്രന്ഥത്തിൽ രാജാശിവപ്രസാദ് ഇവരേപ്പറ്റി എഴുതുന്നതിപ്രകാരമാണ് - 'ഇവർക്ക് രണ്ടുപേരുകളുണ്ട്. ബൗദ്ധർ എന്നും ജൈനർ എന്നും. ഇവ പര്യായപദങ്ങളാണ്. എന്നാൽ ബൗദ്ധരിൽ വാമമാർഗികളും മദ്യമാംസാഹാരികളുമായവരുണ്ട്. ഇവരോട് ജൈനർക്ക് വിരോധമുണ്ട്. എന്നാൽ മഹാവീരൻ, ഗണധരനായ ഗൗതമൻ എന്നിവരുടെ പേര് ബൗദ്ധർ, ബുദ്ധൻ എന്നു വച്ചിരിക്കുന്നു. ജൈനികൾ ഗണധരൻ എന്നും ജിനവരൻ എന്നും".

ഇവരിൽ ജൈനരെപ്പറ്റി രാജശിവപ്രസാദ് ഇതിഹാസതിമിരനാശനം മൂന്നാം ഖണ്ഡത്തിൽ ഇങ്ങനെ എഴുതുന്നു - ആയിരം വർഷം മുമ്പ് ജീവിച്ചിരുന്ന ശങ്കരാചാര്യർക്കു മുമ്പ് ഭാരത

33.ഏവം, നിത്യത്വ സപ്തഭങ്ഗീ അനിത്യത്വ സപ്തഭംഗി ഏവം സാമാന്യധർമാണാം വിശേഷധർമാണാം ഗുണാനാം പര്യായാണാം പ്രത്യേകം സപ്തഭങ്ഗീ. (പ്രകരണ രത്നാകരം-193)

34.ഏവം. പഞ്ചാസ്തികായേ പ്രത്യസ്തികായമനന്തഃ, സപ്തഭങ്ഗ്യോ ഭവന്തി (ടി. 193)

35.ബൗദ്ധർ സ്യാദ്വാദവും സപ്തഭങ്ഗിന്യായവും അംഗീകരിക്കുന്നില്ല.



വർഷം മുഴുവനും ബൗദ്ധരോ - ജൈനരോ ആണുണ്ടായിരുന്നത്.

ഇതിനൊരു കുറിപ്പ്:- ബൗദ്ധമെന്നു പറഞ്ഞതിന്. മഹാവീരന്റെയും ഗണധരഗൗതമന്റെയും കാലം മുതൽ ശങ്കരാചാര്യരുടെ കാലം വരെ ഭാരതവർഷമൊട്ടാകെ പ്രചരിച്ചിരുന്ന വേദവിരുദ്ധ മതമെന്നാണർഥം. അശോകന്റെയും സമ്പ്രതിരാജാവിന്റെയും മതമായിരുന്നിത്. ഇതിൽനിന്ന് ജൈനർ ഒരു തരത്തിലും ഒഴിവാകുന്നില്ല. ജിനനിൽ നിന്ന് ജൈനവും ബുദ്ധനിൽ നിന്ന് ബൗദ്ധവും ഉണ്ടായി. രണ്ടും പര്യായപദങ്ങളാണ്. നിഘണ്ടുക്കളിൽ രണ്ടിനും ഒരർഥം പറഞ്ഞിരിക്കുന്നു. ഗൗതമനെ ഇരുകൂട്ടരും അംഗീകരിക്കുന്നു. അല്ലെങ്കിൽ 'ദീപവംശം' മുതലായ പഴയ ബൗദ്ധഗ്രന്ഥങ്ങളിൽ ശാക്യമുനിയായ ഗൗതമബുദ്ധനെ മഹാവീരൻ എന്നെഴുതിയിരിക്കുന്നതെന്തിനാണ്? ആ കാലത്ത് രണ്ടും ഒരു മതമായിരുന്നിരിക്കണം. ഗൗതമമതക്കാരെ ജൈനർ എന്നെഴുതാതെ ബൗദ്ധർ എന്ന് എഴുതിയത് അന്യദേശക്കാർ ജൈനരെ ബൗദ്ധരെന്നു വിളിച്ചുപോന്നതുകൊണ്ടു മാത്രമാണ്.

അമരകോശം

അമരകോശത്തിൽ[36] ഇങ്ങനെ എഴുതിയിരിക്കുന്നു. **1. സർവജ്ഞഃസുഗതോ ബുദ്ധോ ധർമ രാജസ്തഥാഗതഃ, സമന്തഭദ്രോ ഭഗവൻ മാരജില്ലോകജിജ്ജിതഃ**

2. ഷഡഭിജ്ഞോ ദശബലോ'ദ്വയവാദീ വിനായകഃ, മുനീന്ദ്രഃ ശ്രീധനഃ ശാസ്താ മുനിഃ ശാക്യ മുനിസ്തു സഃ

3. സ ശാക്യസിംഹഃ സർവാർഥഃ സിദ്ധഃ ശൗദ്ധോദനിശ്ച സഃ ഗൗതമശ്ചാർക്കബന്ധുശ്ച മായാദേവീ സുതശ്ച സഃ (അമരകോശം 1-ാം കാണ്ഡം, സ്വർഗവർഗഃ 8-10)

നോക്കൂ, ബുദ്ധൻ, ജിനൻ, ബൗദ്ധനും ജൈനനും എല്ലാം ഒരേ പേരല്ലേ? അതോ അമരസിംഹനും തെറ്റു പറ്റിപ്പോയോ?

അവിദ്വാന്മാരായ ജൈനർ സ്വന്തവും അന്യവും അറിവില്ലാതെ വല്ലതും പുലമ്പിക്കൊണ്ടിരിക്കുന്നു. എന്നാൽ , ബുദ്ധൻ ജിനൻ, ബൗദ്ധം - ജൈനം എന്നിവ പര്യായപദങ്ങളാണെന്ന് വിദ്വാന്മാരായ ജൈനർക്കറിയാം.

മറ്റേതാനും ജൈന സിദ്ധാന്തങ്ങൾ

ജീവനാണ് ഈശ്വരനാകുന്നത്. തീർത്ഥങ്കരർ മുക്തി പ്രാപിക്കുകയും ഈശ്വരരാവുകയും ചെയ്യുന്നു. അനാദിയായ ഒരീശ്വരനില്ല. സർവജ്ഞൻ, വീതരാഗൻ, അർഹൻ, കേവലീ, തീർത്ഥംകൃതൻ, ജിനൻ എന്നീയാറും നാസ്തികരുടെ[37] ദേവന്മാരുടെ പേരാണ്.

ചന്ദ്രസൂരി എന്നയാളിന്റെ 'ആപ്തനിശ്ചയാലങ്കാരം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെയെഴുതുന്നു-

1. സർവജ്ഞോ വീതരാഗാദി ദോഷ സ്ത്രൈലോക്യ പൂജിതഃ, യഥാസ്ഥിതാർഥവാദീ ച ദേവോ'ർഹൻ പരമേശ്വരഃ[38]

ഇതുതന്നെ തൈതാതിത[39]ന്മാരും എഴുതിയിരിക്കുന്നു.

2. സർവജ്ഞോ ദൃശ്യതേ താവന്നേദാനീ സ്മദാദിഭിഃ, ദൃഷ്ടോ ന ചൈകദേശേ'സ്തി ലിങ്ഗം വായോന്യ'മാപയേത്

36. അമരകോശകാരനായ അമരസിംഹന്റെ മതം ജൈനമോ, ബൗദ്ധമോ, വൈദികമോ എന്ന സംശയം ഇന്നും തീർന്നിട്ടില്ല. പണ്ഡിതന്മാർക്ക് ഈ വിഷയത്തിൽ ഐകമത്യമില്ല. മലയാളത്തിലെ പ്രശസ്തമായ അമരം പാരമേശ്വരീ കർത്താവായ ടി.സി. പരമേശ്വരൻ മൂസ്സത്, അമരസിംഹൻ ജൈനനാണെന്ന പക്ഷക്കാരനാണ്. അമരം പാരമേശ്വരിക്ക് പണ്ഡിതോചിതമായി എഴുതിയിരിക്കുന്ന അവതാരികയിൽ ശ്രീ വടക്കുംകൂർ രാജരാജവർമ്മ, അമരസിംഹൻ വൈദിക ബ്രാഹ്മണനാണെന്ന് സംശയമെന്യേ പ്രസ്താവിച്ചിരിക്കുന്നു. വൈദിക ബ്രാഹ്മണരാണ് ജൈനരായതെന്നകാര്യം മറക്കുവാൻ പാടില്ല. ഏത് മതത്തേയും ഉൾക്കൊള്ളുവാൻ കഴിയുന്ന വൈദികമതത്തിന്റെ അനുയായികൾ, ആ ഉൾക്കൊള്ളൽ പ്രക്രിയക്കിടയിൽ പരമതത്തിന്റെ നിറം ബുദ്ധിയിലും വൃത്തിയിലും പ്രകടിപ്പിക്കും. ഇന്നും ജൈനമതങ്ങളുടെ സ്വാധീനം വൈദികമതത്തിൽ കൊടികുത്തി വാഴുന്നുണ്ട്. ബൗദ്ധ-ജൈനർ അഭിന്നരായിരിക്കെ, അമരസിംഹൻ ജൈനനായാലും ബൗദ്ധനായാലും കുഴപ്പമില്ല. അദ്ദേഹം ജൈന-ബൗദ്ധന്മാരുടെ കടുത്ത സ്വീധീനമുണ്ടായിരുന്ന ബ്രാഹ്മണനോ ക്ഷത്രിയനോ ആയിരിക്കാനാണ് വഴി. 'സിംഹ' ശബ്ദം ബ്രാഹ്മണനാമത്തിൽ അക്കാലത്തും ഇന്നും പ്രചുരമല്ല എന്നതും സ്മരണീയം. ഇക്കാലത്ത് ഭാരതീയബുദ്ധി ആംഗ്ലോഇന്ത്യൻ ബുദ്ധിയായിരിക്കുന്നതുപോലെ അക്കാലത്ത് വൈദികബുദ്ധി, ബൗദ്ധനിറമുള്ളതായിരുന്നു. അമരകോശത്തിലെ ശ്ലോകസംഖ്യ പലതരത്തിലാണെന്നു കാണാം. അമരം പാരമേശ്വരിയിൽ ഈ ശ്ലോകസംഖ്യ 13-14-15 ആണ്. ദയാനന്ദമഹർഷി അമരകോശത്തെ പ്രാമാണിക പാഠ്യഗ്രന്ഥമായി അംഗീകരിച്ചിട്ടില്ല.

37. നാസ്തികരുടെ - ബൗദ്ധജൈനരുടെ

38. സർവദർശന സംഗ്രഹത്തിലെ അർഹത ദർശനം - പേജ് 56-ൽ

39. തുതാതിതൻ എന്നത് കുമാരിലഭട്ടന്റെ വേറൊരു പേരാണ്. ബൗദ്ധ പര്യായമല്ല. സർവദർശന സംഗ്രഹത്തിൽ (പേജ് 302) യാവന്തോ യാദൃശ്യായേചാ എന്ന കാരിക കുമാരിലഭട്ടന്റെ ശ്ലോകവാർത്തികത്തിന്റെ 527-ാം പേജിൽ (ചൗഖംബാസീരീസ്, കാശി) അതുപടി കാണാം. മറ്റനേകം തെളിവുകളുണ്ടിതിന്.



3. നചാഗമവിധിഃ കശ്ചിന്നിത്യ സർവജ്ഞ ബോധകഃ, നച തത്രാർഥവാദാനാം താത്പര്യ മപി കല്പതേ.

4. നചാന്യാർഥ പ്രധാനൈസ്തൈസ്തദ സ്തിത്വം വിധീയതേ, നചാനുവദിതും ശക്യഃ പൂർവമന്യൈരബോധിതഃ॥ [40]

1. രാഗാദി ദോഷരഹിതനും ത്രിലോകങ്ങളിലും പൂജിതനും, യഥാവത് പദാർഥങ്ങൾ പറയുന്ന വനും ആയ അർഹദേവൻ തന്നെയാണ് ഈശ്വ രൻ.

2. ഇപ്പോൾ നാം ഈശ്വരനെ കാണുന്നില്ല. അതിനാൽ സർവജ്ഞനും അനാദിയുമായ ഈശ്വ രൻ പ്രത്യക്ഷനല്ല. പ്രത്യക്ഷപ്രമാണം ചേരാത്ത തുകൊണ്ട് അനുമാനവും ചേരുകയില്ല. എന്തെ ന്നാൽ ഒട്ടൊരംശം പ്രത്യക്ഷമായതിൽ മാത്രമേ അനുമാനം ചേരൂ.॥ [41]

3. പ്രത്യക്ഷവും അനുമാനവും ഇല്ലെങ്കിൽ ആഗമം അതായത് നിത്യനും അനാദിയും സർവ ജ്ഞനുമായ പരമാത്മാവ് ബോധിപ്പിച്ച ശബ്ദപ്ര മാണവും ഉണ്ടാവുകയില്ല. മൂന്നു പ്രമാണങ്ങളും ഇല്ലെങ്കിൽ അർഥവാദം അഥവാ, സ്തുതി, നിന്ദ പരകൃതിയെന്ന പരചരിത വർണന, പുരാ കല്പം॥ [42] അഥവാ, ഇതിഹാസത്തിന്റെ താത്പര്യം എന്നിവയും ചേരാത്തതാവും.

4. അന്യാർഥപ്രധാനം അതായത് ബഹുവ്രീഹി സമാസത്തിനെപ്പോലെ പരോക്ഷമായും പരമാത്മ സിദ്ധി ഉണ്ടാക്കാവുന്നതല്ല. അപ്പോൾ അനുവാദം – ഏറ്റുപറച്ചിൽ – എന്നതും ഈശ്വരകാര്യത്തിൽ സാധ്യമല്ല. ഉപദേഷ്ടാക്കളിൽ നിന്നു കേൾക്കാതെ ഏറ്റു പറയുക എന്നത് ഊഹിക്കാൻപോലും കഴി യുകയില്ല.॥ [43]

ഇവയുടെ പ്രത്യാഖ്യാനം അഥവാ ഖണ്ഡനം – അനാദിയായ ഈശ്വരൻ ഇല്ലെങ്കിൽ അർഹൻദേ വന്റെ മാതാപിതാക്കളുടേയും മറ്റും ശരീരത്തിന്റെ കരു ആരുണ്ടാക്കും? സംയോഗ കർത്താവിനെ കൂടാതെ എല്ലാ അവയവങ്ങളുമുള്ളതും യഥോ ചിതം പ്രവർത്തിക്കുന്നതുമായ ഒരു ശരീരം ഉണ്ടാ ക്കാൻ സാധ്യമേയല്ല. ശരീരം നിർമ്മിത മായിരി ക്കുന്ന പദാർഥങ്ങൾ ജഡമാകയാൽ അവയ്ക്ക് ഉത്തമരചനായുക്തമായ ശരീരമായിത്തീരാൻ കഴി യുന്നതല്ല. എന്തെന്നാൽ അവയിൽ ഉണ്ടാകാനുള്ള ജ്ഞാനമില്ല. രാഗാദി ദോഷങ്ങളുണ്ടായിരിക്കു കയും പിന്നീട് അവ ഇല്ലാതാവുകയും ചെയ്യുന്ന ഈശ്വരൻ ഒരിക്കലും ഈശ്വരനല്ല. എന്തെന്നാൽ ഏതുനിമിത്തത്താൽ രാഗാദികളിൽ നിന്നു മുക്തി യുണ്ടാകുന്നുവോ അത് വിട്ടൊഴിയുമ്പോൾ അതിന്റെ കാര്യമായ മുക്തിയില്ലാതാകും. അങ്ങനെ ആ മുക്തി അനിത്യമാകും. അല്പവും അല്പജ്ഞവും ആയത് ഒരിക്കലും സർവവും സർവജ്ഞവും ആവുകയില്ല. ജീവന്റെ സ്വരൂപം ഏകദേശിയും, ഗുണകർമസ്വഭാവങ്ങൾ പരിമി തവും ആണ്. അത് എല്ലാ വിദ്യകളിലും എല്ലാ വിധത്തിലും യഥാർത്ഥ വക്താവാകുകയില്ല. അതി നാൽ നിങ്ങളുടെ തീർഥങ്കരൻ ഒരിക്കലും ഈശ്വ രനല്ല.

പരമാത്മാവ് – യോഗത്തിൽ പ്രത്യക്ഷം

നിങ്ങൾ പ്രത്യക്ഷമായതിനെ മാത്രമേ വിശ്വ സിക്കുന്നുള്ളുവോ? അപ്രത്യക്ഷത്തെ വിശ്വസി ക്കില്ലേ? കാതുകൊണ്ട് രൂപവും കണ്ണുകൊണ്ട് ശ ബ്ദവും ഗ്രഹിക്കാനാകാത്തതുപോലെ അനാ ദിയായ പരമാത്മാവിനെ ദർശിക്കുന്നതിന് ഇന്ദ്രി യങ്ങൾ സമർഥമല്ല. ശുദ്ധാന്തഃകരണവും വിദ്യയും യോഗാഭ്യാസവുംകൊണ്ടേ പവിത്രാത്മാവിന് പര മാത്മാവിനെ ദർശിക്കാൻ കഴിയുകയുള്ളൂ. പഠി ക്കാതെ വിദ്യയുടെ പ്രയോജനങ്ങൾ ലഭിക്കാത്ത തുപോലെ യോഗാഭ്യാസവും വിജ്ഞാനവും

40.സർവ ദർശന സംഗ്രഹത്തിലെ അർഹത ദർശനം പേജ് 56ൽ

41.തൗതാതിർ – കുമാരിലഭട്ടന്റെ അനുയായികളായ മീമാംസകരും സർവജ്ഞനായ ഈശ്വരനില്ലെന്ന മതക്കാരുമാണ്. അവരുടെ സർവജ്ഞ ഖണ്ഡനാർഥമാണീശ്ലോകം തൗതാതിതർവേദാനുയായികളാണെങ്കിലും സർവജ്ഞനായ ഈശ്വരനെ സ്വീകരിക്കാത്തതു പോലെ ജൈനരായ ഞങ്ങളും സ്വീകരിക്കുന്നില്ലെന്നു താത്പര്യം.

42.സ്തുതിർന്നിന്ദാപരകൃതിഃ പുരാകല്പ ഇത്യർഥവാദഃ (ന്യായം-2-1-64)

43.ഇവിടെ ഉദ്ധൃതമായ അന്യാർഥപ്രധാനൈഃ എന്നതിന്റെ അർഥം ഇങ്ങനെയാണ് – അന്യതാത്പര്യബോധകമായ ഏതെങ്കിലും അർഥവാദവാക്യത്തിൽ സർവജ്ഞന്റെ അസ്തിത്വത്തിന് അനുവാദമുണ്ടായാലും മറ്റഞ്ചുപ്രമാണങ്ങളാൽ അബോധിതമായ അർഥം (സർവജ്ഞത്വം) എങ്ങനെ അനുവാദം ചെയ്യാനാകും? എന്തെന്നാൽ സിദ്ധിച്ചതിന്റെ അനുവാദം മാത്രമേയുളവാകൂ. മഹർഷി ബഹുവ്രീഹി സമാസം നിർദ്ദേശിച്ചതും ശരിയാണ്. ബഹുവ്രീഹിയിൽ പതിതപർണഃ എന്നുപറഞ്ഞാൽ ഇലവീണത് എന്നർഥം. വൃക്ഷമാണ് ഇവിടെ വിവക്ഷ. ഇലകൊഴിഞ്ഞത് ഇല കൊഴിച്ചിൽ എന്നിവയല്ലാതെ മറ്റൊന്നിനെ ഗ്രഹിക്കയാണിവിടെ ചെയ്യുന്നത്. അതുപോലെ പരോക്ഷഭൂതമായ പരമാത്മാവിലെ പരമ-ആത്മാ എന്നിവയുടെ സാമാന്യാർഥത്തിൽ നിന്നന്യമായ ഒന്നിനെ ഗ്രഹിക്കാമോ? പതിതപർണഃയിൽ വാച്യവസ്തു പ്രത്യക്ഷമാണ്. എന്നാൽ പരമാത്മാവിൽ അതങ്ങനെയല്ല.



ഇല്ലാതെ പരമാത്മാവിനെ കാണാനും ആവുക യില്ല.

ഭൂമിയുടെ രൂപാദി ഗുണങ്ങൾ മാത്രം കണ്ട റിഞ്ഞ് ഭൂമിയുണ്ടെന്ന് പ്രത്യക്ഷമായി തിട്ടപ്പെടു ത്തുന്നതുപോലെ ഈശ്വരന്റെ രചനാവിശേഷ ങ്ങളായ ചിഹ്നങ്ങൾ സൃഷ്ടിയിൽ കണ്ടുകൊണ്ട് പരമാത്മാവിനെ പ്രത്യക്ഷമാക്കാം. പാപാചരണം ചെയ്യാൻ തുടങ്ങുമ്പോൾ അകമേനിന്നുണ്ടാകുന്ന ഭയവും ശങ്കയും ലജ്ജയും അന്തര്യാമിയായ പര മാത്മാവു നിമിത്തമുണ്ടാകുന്നതാണ്. ഇതു കൊണ്ടു് പരമാത്മാവ് പ്രത്യക്ഷമാകുന്നു. പിന്നെ അനുമാനമുണ്ടെന്നതിലെന്താണു സംശയം? പ്രത്യക്ഷവും അനുമാനവും സിദ്ധിക്കുന്നതോടു കൂടി ആഗമവും സിദ്ധിക്കുന്നു. അത് നിത്യനും അനാദിയും സർവജ്ഞനുമായ ഈശ്വരൻ ബോധി പ്പിക്കുന്നതാണ്. അതിനാൽ ശബ്ദപ്രമാണവും ഈശ്വരനിലാണ്. മൂന്നു പ്രമാണങ്ങളാൽ ഈശ്വ രനെ അറിയാൻ ജീവനു കഴിയുന്നുവെങ്കിൽ അർഥവാദവും - ഗുണപ്രശംസ ചെയ്ത് വാഴ്ത്തൽ-ശരിയായി ചേരും. എന്തെന്നാൽ നിത്യ പദാർത്ഥങ്ങളുടെ ഗുണകർമ സ്വഭാവവും നിത്യ മായിരിക്കും. അവയെ പ്രശംസിക്കുന്നതിൽ പ്രതി ബന്ധമൊന്നുമില്ല.

മനുഷ്യരുടെ പ്രവൃത്തികളിൽ പോലും കർത്താ വില്ലാതെ ഒരു കാര്യവും നടക്കുകയില്ലാത്തതു പോലെ ഈ മഹദ്കാര്യവും കർത്താവില്ലാതെ നടക്കുമെന്നത് തീർത്തും അസംഭവ്യമാണ്. കാര്യ മിങ്ങനെയിരിക്കെ, ഈശ്വരനുണ്ടെന്നതിൽ മൂഢ നുപോലും സന്ദേഹം ഉണ്ടാകാൻ വയ്യ. പരമാത്മാ വിനെപ്പറ്റി ഉപദേശിക്കുന്നവരുടെ വാക്കുകൾ കേട്ടാൽ പിന്നീടത് ഏറ്റുപറയുന്നത് സരളമാകും. അതിനാൽ പ്രത്യക്ഷാദിപ്രമാണങ്ങൾകൊണ്ട് ഈശ്വരഖണ്ഡനം ചെയ്യുന്നതും മറ്റും അനുചി തമാണ്.

ചോദ്യം:- **1. അനാദേരാഗമസ്യാർഥോ നച സർവജ്ഞ ആദിമാൻ കൃത്രിമേണ ത്വസത്യേന സ കഥം പ്രതിപാദ്യതേ.**

2. അഥ തദ്വചനേനൈവ സർവജ്ഞോ fന്യൈഃ പ്രദീയതേ പ്രകല്പേത കഥം സിദ്ധിരന്യോfന്യാ ശ്രയയോസ്തയോ.

3. സർവജ്ഞോക്തയാ വാക്യം സത്യം തേന തദസ്തിതാ, കഥം തദുഭയം സിധ്യേത് സിദ്ധമൂലാന്തരാദൃതേഃ॥ [44]

1. ആദിയുള്ള സർവജ്ഞൻ അനാദിശാ സ്ത്രത്തിന് വിഷയമാവുകില്ല. എന്തെന്നാൽ താൻ ഉണ്ടാകുന്നതിനു മുമ്പേ ഉണ്ടായ അതിൽ തന്റെ കാര്യം എങ്ങനെ വരും? അസത്യവചനങ്ങളാൽ അതിനെ എങ്ങനെ പ്രതിപാദിക്കും?

2. ഈശ്വരന്റെ വചനങ്ങൾകൊണ്ടുതന്നെ ഈശ്വരസിദ്ധി ഉണ്ടാകുമെങ്കിൽ അനാദിയായ ഈശ്വരനിൽനിന്ന് അനാദിശാസ്ത്രത്തിന്റെ സിദ്ധിയും അനാദിശാസ്ത്രത്തിൽ നിന്ന് അനാദി യായ ഈശ്വരന്റെ സിദ്ധിയും അന്യോന്യാശ്രയ ദോഷമുണ്ടാക്കുന്നതാണ്.

3. എന്തെന്നാൽ സർവജ്ഞന്റെ വചനമാക യാൽ വേദം സത്യമായിരിക്കയും, ആ വേദവചന ത്താൽ ഈശ്വരസിദ്ധി ഉണ്ടാകുകയുമാണെങ്കിൽ ഇതെങ്ങനെ സിദ്ധിക്കാനാണ്? ശാസ്ത്രത്തി ന്റെയും ഈശ്വരന്റെയും സിദ്ധിയ്ക്ക് മൂന്നാമ തൊരു പ്രമാണം വേണം. ഇത് സ്വീകരിക്കാത്ത പക്ഷം അനവസ്ഥാദോഷം വന്നു ഭവിക്കും.

ഉത്തരം:- ഞങ്ങൾ ഈശ്വരനേയും ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങളേയും അനാദിയാണെന്ന് അംഗീകരിക്കുന്നു. അനാദിയും നിത്യവുമായ വയിൽ ഒരിക്കലും അന്യോന്യാശ്രയദോഷം വരി കയില്ല. കാര്യത്തിൽനിന്ന് കാരണ ജ്ഞാനവും കാരണത്തിൽനിന്ന് കാര്യജ്ഞാനവും ഉണ്ടാ കുന്നു. കാര്യത്തിൽ കാരണത്തിന്റെയും കാരണ ത്തിൽ കാര്യത്തിന്റെയും സ്വഭാവം നിത്യമാണ്. അതുപോലെ ഈശ്വരനും ഈശ്വരന്റെ ഗുണ കർമസ്വഭാവങ്ങളും നിത്യമാകയാൽ ഈശ്വരപ്രണീ തമായ വേദത്തിൽ അനവസ്ഥാദോഷം വരികയില്ല.

നിങ്ങൾ തീർഥങ്കരന്മാരെ ഈശ്വരനായി കരു തുന്നത് ഒരിക്കലും യുക്തമല്ല. മാതാപിതാക്കളി ല്ലാതെ അവരുടെ ശരീരം തന്നെ ഉണ്ടാവുകയില്ല എങ്കിൽ ശരീരമില്ലാതെ അവരെങ്ങനെ താപശ്ച ര്യയിലൂടെ ജ്ഞാനവും മുക്തിയും നേടും? അതു പോലെ സംയോഗത്തിന് നിശ്ചയമായും ആദി യുണ്ട്. വിയോഗമില്ലാതെ സംയോഗമില്ല. അതി നാൽ അനാദിയും സൃഷ്ടികർത്താവുമായ ഈശ്വ രനിൽ വിശ്വസിക്കുക.

നോക്കൂ, ഒരാൾ എത്രയോ സിദ്ധനായിരു ന്നാലും ശരീരാദികളുടെ രചനാവൈഭവം പൂർണ മായി അറിയുകയില്ല. സിദ്ധിയെ പ്രാപിച്ച ജീവാത്മാവിനും സുഷുപ്തിയിൽ ഒരു ജ്ഞാന വും ഉണ്ടായിരിക്കുകയില്ല. ജീവൻ ദുഃഖത്തെ പ്രാപിക്കുമ്പോൾ ജ്ഞാനവും കുറയുന്നു.

44. അർഹന്തദർശനം പേജ് 56-57



ഇങ്ങനെ പരിച്ഛിന്ന സാമർഥ്യയുക്തനും, ഏകദേശവാസിയും ആയതിനെ ഈശ്വരനാണെന്നു സങ്കല്പിക്കാൻ ഭ്രാന്തബുദ്ധികളായ ജൈനർക്കല്ലാതെ മറ്റാർക്കും സാധ്യമല്ല. തീർത്ഥങ്കരന്മാർ മാതാപിതാക്കളിൽ നിന്നാണ് ജനിച്ചതെന്നു പറയുന്നപക്ഷം, ആ മാതാപിതാക്കൾ ആരിൽ നിന്നു ജനിച്ചു? അവരുടെ മാതാപിതാക്കൾ ആരിൽ നിന്നു ജനിച്ചു? ഇങ്ങനെ അനവസ്ഥാദോഷം വന്നുകൂടുന്നു.

ആസ്തിക - നാസ്തിക സംവാദം

പ്രകരണ രത്നാകരം രണ്ടാം ഭാഗത്തിലെ ആസ്തിക നാസ്തിക സംവാദമെന്ന ഭാഗത്തിലെ[45] ചോദ്യോത്തരങ്ങൾ ഇവിടെ എഴുതാം. മഹാജൈനികൾ ഇത് സമ്മതിച്ചംഗീകരിച്ചതും ബോംബയിൽ മുദ്രണം ചെയ്തതുമാണ്[46].

നാസ്തികൻ:- ഈശ്വരന്റെ ഇച്ചകൊണ്ട് ഒന്നും നടക്കുകയില്ല. എല്ലാം നടക്കുന്നത് കർമംകൊണ്ടാണ്.

ആസ്തികൻ:- കർമമാണ് എല്ലാറ്റിനും കാരണമെങ്കിൽ കർമം ചെയ്യുന്നതാര്? ജീവാത്മാവാണ് കർമം ചെയ്യുന്നതെങ്കിൽ അതിനു കാരണമായ ശ്രോത്രാദി ഇന്ദ്രിയങ്ങൾ എവിടെനിന്നുണ്ടായി? അനാദികാലനായി, സ്വഭാവേന ഉണ്ടാകുന്നതാണെങ്കിൽ അനാദിവസ്തുക്കളെ പരിത്യജിക്കാനാവാതെ നിങ്ങളുടെ മതത്തിൽ സദാമുക്തിയുടെ അഭാവം ഉണ്ടായിരിക്കും. പ്രാഗഭാവം[47] പോലെ കർമം അനാദിയും സാന്തവും ആണെന്നു പറയുന്ന പക്ഷം യാതൊരു പ്രയത്നവും കൂടാതെ ഏവരും കർമത്തിൽ നിന്നു നിവൃത്തരായിത്തീരും. ഈശ്വരൻ ഫലദാതാവല്ലെങ്കിൽ ജീവാത്മാവ് പാപഫലമായ ദുഃഖത്തെ ഒരിക്കലും സ്വേച്ഛയാ സ്വീകരിക്കുകയില്ല. കള്ളന്മാർ മോഷണത്തിനുള്ള ശിക്ഷ സ്വയം അനുഭവിക്കുകയല്ല, രാജ്യവ്യവസ്ഥയനുസരിച്ച് അനുഭവിക്കയേയുള്ളൂ. അതുപോലെ ഈശ്വരൻ അനുഭവിപ്പിക്കുന്നതുകൊണ്ടാണ് ജീവാത്മാവ് പാപപുണ്യഫലങ്ങൾ അനുഭവിക്കുന്നത്. അന്യഥാ കർമസങ്കരമുണ്ടായി[48] ഒരുവന്റെ കർമ ഫലം മറ്റൊരുവൻ അനുഭവിക്കുവാൻ ഇടയാകും.

നാസ്തികൻ:- ഈശ്വരൻ അക്രിയനാണ്. എന്തെന്നാൽ കർമ്മം ചെയ്യുന്ന പക്ഷം കർമഫലവും അനുഭവിക്കണം. അതിനാൽ കൈവല്യം പ്രാപിച്ചമുക്തന്മാരെ ഞങ്ങൾ അക്രിയരായി പരിഗണിക്കുന്നതുപോലെ നിങ്ങളും കരുതണം.

ആസ്തികൻ :- ഈശ്വരൻ അക്രിയനല്ല. സക്രിയനാണ് ചേതനമാകയാൽ എന്തുകൊണ്ട് കർത്താവായിക്കൂടാ? കർത്താവിന് ക്രിയയിൽനിന്ന് വേറിട്ടു നില്ക്കാനും സാധ്യമല്ല. നിങ്ങളുടെ തീർത്ഥങ്കരരായ കൃത്രിമ ഈശ്വരന്മാർ ജീവാത്മാവിൽനിന്നുണ്ടായതാണെന്നു നിങ്ങൾ വിശ്വസിക്കുംപടി വിദ്വാന്മാരും വിശ്വസിക്കുന്നില്ല. ഏതെങ്കിലും നിമിത്തത്തിൽനിന്നുണ്ടാകുന്നത് അനിത്യവും പരാധീനവും ആയിരിക്കും. ഈശ്വരൻ ആകുന്നതിനു മുമ്പ് അത് ജീവനായിരുന്നു. പിന്നീട് ഏതോ നിമിത്തത്താൽ ഈശ്വരനായി. എങ്കിൽ അത് വീണ്ടും ജീവൻ ആകും. സ്വന്തം ജീവത്വസ്വഭാവത്തെ ഒരിക്കലും വെടിയുവാൻ കഴിയുകയില്ല. ജീവാത്മാവ് അനന്തകാലമായുള്ളതാണ്. അനന്തകാലം വരെ നിലനില്ക്കുകയും ചെയ്യും. അതിനാൽ അനാദിയും സ്വയം സിദ്ധനുമായ ഈശ്വരനെ വിശ്വസിക്കുകയാണ് ഉചിതം.

നോക്കൂ, ഈ സമയത്തും ജീവാത്മാക്കൾ പാപപുണ്യങ്ങൾ ചെയ്യുന്നു, സുഖദുഃഖങ്ങളനുഭവിക്കുന്നു. ഈശ്വരൻ ഇതൊരിക്കലും ചെയ്യുന്നില്ല. ഈശ്വരൻ ക്രിയാവാനല്ലായിരുന്നെങ്കിൽ ഈ ജഗത്തിനെയെല്ലാം എങ്ങനെ ഉണ്ടാക്കുമായിരുന്നു? കർമം പ്രാഗഭാവം പോലെ അനാദിയും സാന്തവും ആണെന്ന് വിശ്വസിച്ചാൽ കർമം സമവായ ബന്ധത്തിൽ [49] വരികയില്ല. സമവായ ബന്ധമില്ലാത്തത് സംയോഗജമായി അനിത്യമായിത്തീരും. മുക്തിയിൽ ക്രിയാരഹിതനാണെങ്കിലോ? മുക്തജീവൻ ജ്ഞാനവാനോ അല്ലാത്തതോ? ജ്ഞാനവാനെങ്കിൽ അന്തഃ ക്രിയാവാനായി.

45.പ്രകരണരത്നാകരത്തിലെ 177-211 പേജുകളിലാണിത്. ഇവിടെ സംക്ഷേപിച്ചിരിക്കുന്നു. ആസ്തികനു പകരം നാസ്തികൻ എന്നും മറിച്ചും മാറ്റിയിട്ടുണ്ട്. അതായത് പ്രകരണരത്നാകരത്തിലെ പൂർവപക്ഷം ഉത്തരപക്ഷമായും ഉത്തരപക്ഷം പൂർവപക്ഷമായും മാറ്റിയിരിക്കുന്നു.

46.പ്രകരണരത്നാകരം രണ്ടാം ഭാഗം ശാഹ് ഭീംസിംഗ് മാണക് എന്നയാൾ ബോംബെ നിർണയസാഗര പ്രസിൽനിന്ന് വിക്രമാബ്ദം 1933ൽ (ഏ.ഡി. 1875) പ്രകാശനം ചെയ്തു.

47.പ്രാഗഭാവം - കുടമുണ്ടാകുന്നതിന് മുമ്പ് കുടത്തിന്റെ അഭാവം അനാദിയായി ഉണ്ടായിരുന്നു. ആ മണ്ണിൽനിന്ന് മുമ്പൊരിക്കൽ അതീതകാലത്ത് കുടമുണ്ടായതാവാം. പക്ഷേ ഇപ്പോൾ അഭാവം അനാദിയാണ്. നമുക്കറിവില്ലാത്തതുകൊണ്ട്! കുടമുണ്ടായപ്പോൾ ആ അനാദിയായ അഭാവം അവസാനിച്ചു. ഇതത്രേ സാന്തവും അനാദിയുമായ അഭാവം.

48. കർമം അചേതനമാണ്. അതിനാൽ കർമത്തിന് അതിന്റെ കർത്താവിനെ അറിഞ്ഞുകൂടാ. അതിനാൽ എവിടെയെങ്കിലും ബന്ധപ്പെട്ടാൽ കർമസങ്കരം ഉണ്ടാകുന്നു.



മുക്തിയിൽ കല്ലുപോലെ ജഡമാകുമോ? ഒരിടത്ത് ഒന്നും ചെയ്യാതെ വീണുകിടക്കുമോ? എങ്കിലെന്താണ് മുക്തി? അന്ധകാരത്തിലും ബന്ധനത്തിലും വീണുപോകലാണിത്!

നാസ്തികൻ:- ഈശ്വരൻ വ്യാപകനല്ല. വ്യാപകനാണെങ്കിൽ എല്ലാ വസ്തുക്കളും ചേതനമാകാത്തതെന്ത്? ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ മുതലായ ഉത്തമ-മധ്യമ-നികൃഷ്ട അവസ്ഥകളെങ്ങളനെ വന്നുകൂടി? എല്ലാറ്റിലും ഈശ്വരൻ ഒരുപോലെ വ്യാപകനാണെങ്കിൽ വലുപ്പച്ചെറുപ്പം ഉണ്ടായിക്കൂടാത്തതാണ്.

ആസ്തികൻ:- വ്യാപ്യവും വ്യാപകനും ഒന്നല്ല. വ്യാപ്യം ഏകദേശിയും വ്യാപകൻ സർവ്വദേശിയുമാണ്. ആകാശം എല്ലാറ്റിലും വ്യാപകമാണ്. ഭൂമി മുതലായ സർവ്വഘടപടാദികളും [50] വ്യാപ്യവും ഏകദേശിയുമാണ്. പൃഥിവിയും ആകാശവും ഒന്നല്ലാത്തതുപോലെ ഈശ്വരനും ജഗത്തും ഒന്നല്ല. എല്ലാ ഘടപടാദികളിലും ആകാശം വ്യാപകമാണെങ്കിലും ഘടപടാദികൾ ആകാശമല്ല. അതുപോലെ ചേതനനായ ഈശ്വരൻ എവിടെയും വ്യാപകനാണെങ്കിലും എല്ലാ വസ്തുക്കളും ചേതനമല്ല. വിദ്വാനും മൂഢനും ധർമ്മിഷ്ഠനും, അധർമിയും ഒരുപോലല്ലാത്തതുപോലെ വിദ്യാദി സദ്ഗുണങ്ങൾ, സത്യഭാഷണം, സത്യകർമം, സത്സ്വഭാവം മുതലായവയുടെ ന്യൂനാധിക്യമനുസരിച്ച് ബ്രാഹ്മണ വൈശ്യ ശൂദ്ര അന്ത്യജാദികളെ വലുതും ചെറുതുമായി ഗണിക്കുന്നു. വർണവ്യവസ്ഥ നാലാം സമുല്ലാസത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത് നോക്കുക.

നാസ്തികൻ:- ഈശ്വര രചനയാലാണ് സൃഷ്ടിയുണ്ടാകുന്നതെങ്കിൽ മാതാപിതാക്കളുടെ ആവശ്യമെന്ത്?

ആസ്തികൻ:- ഈശ്വരീയ സൃഷ്ടിയുടെ കർത്താവ് ഈശ്വരനാണ്. ജൈവസൃഷ്ടികളുടേതല്ല. ജീവികളുടെ കർത്തവ്യകർമം ഈശ്വരൻ ചെയ്യുകയില്ല. ജീവനേ ചെയ്യൂ. വൃക്ഷ-ഫല-ഔഷധാദികൾ ഈശ്വരനുണ്ടാക്കി. അവയെടുത്ത് ഇടിച്ചും പൊടിച്ചും ആവശ്യമായ പദാർഥങ്ങളുണ്ടാക്കി, ഭക്ഷിക്കാതിരുന്നാൽ പകരം ഈശ്വരൻ തന്നെ ഇതെല്ലാം ചെയ്യുമോ? ജീവാത്മാക്കൾ ചെയ്യാത്ത പക്ഷം ജീവിതമേ ഉണ്ടാവില്ല. അതിനാൽ ആദിസൃഷ്ടിയിൽ ജീവന്റെ ശരീരങ്ങളും അതിന്റെ കരുക്കളും ഉണ്ടാക്കുന്നത് ഈശ്വരാധീന വ്യത്തിയും, പിന്നീട് പുത്രാദികളുടെ ഉല്പത്തി ജീവാധീനപ്രവൃത്തിയുമാണ്.॥ [51]

നാസ്തികൻ:- പരമാത്മാവ് ശാശ്വതനും അനാദിയും ചിദാനന്ദവും ജ്ഞാനസ്വരൂപവും ആയിരിക്കെ ജഗത്തിന്റെ നൂലാമാലകളിലും ദുഃഖത്തിലും എന്തിനു വന്നുപെടുന്നു. ആനന്ദം വിട്ടെറിഞ്ഞ് ദുഃഖത്തെ സ്വീകരിക്കുകയെന്നത് സാധാരണ മനുഷ്യർപോലും ചെയ്യുകയില്ല. പിന്നെ ഈശ്വരനെങ്ങനെ ചെയ്യും?

ആസ്തികൻ:- പരമാത്മാവ് ഒരു നൂലാമാലയിലും ദുഃഖത്തിലും വന്നുപെടുന്നില്ല. സ്വന്തം ആനന്ദം ത്യജിക്കുന്നുമില്ല. നൂലാമാലകളിലും ദുഃഖത്തിലും വന്നുപെടുവാൻ ഏകദേശിയായതിനെ കഴിയൂ. സർവ്വദേശിക്ക് സാധ്യമല്ല. അനാദിയും ചിദാനന്ദവും ജ്ഞാനസ്വരൂപവുമായ പരമാത്മാവിനല്ലാതെ മറ്റാർക്ക് ഈ ജഗത്തുണ്ടാക്കാൻ കഴിയും? ജഗത്തുണ്ടാക്കാൻ ജീവാത്മാവിന് സാമർഥ്യമില്ല. പരമാത്മാവുതന്നെ ജഗത്തുണ്ടാക്കുകയും സദാ ആനന്ദത്തിൽ വർത്തിക്കുകയും ചെയ്യുന്നു എന്ന് ഇതിൽനിന്ന് സിദ്ധമായി. പരമാത്മാവ് പരമാണുക്കളെകൊണ്ട് സൃഷ്ടിക്കുന്നതുപോലെ, മാതാപിതാക്കളാകുന്ന നിമിത്തകാരണം കൊണ്ടും ഉത്പത്തിക്കുള്ള ശട്ടവട്ടങ്ങളും നിയമവും ഉണ്ടാക്കിവച്ചിരിക്കുന്നു.

നാസ്തികൻ:- ഈശ്വരൻ മുക്തിരൂപിയായ സുഖത്തെ ത്യജിച്ച് ജഗത്സൃഷ്ടി-പാലനം-പ്രളയം മുതലായ ഭാരങ്ങളേറ്റതെന്തിന്?

ആസ്തികൻ:- ഈശ്വരൻ സദാ മുക്തനാണ്. ഏകദേശികളും ബന്ധന സദൃശമായ മുക്തിയെ പ്രാപിച്ച തീർഥങ്കരന്മാരേപ്പോലെയല്ല സനാതനനായ ഈശ്വരൻ. അനന്തമായ ഗുണകർമസ്വഭാവമുള്ള പരമാത്മാവ് അതിതുച്ഛമായ ഈ ജഗത്തിനെ രചിച്ച് പാലിച്ച് പ്രളയിപ്പിക്കുന്നുവെങ്കിലും ബന്ധനത്തിൽ വരുന്നില്ല. എന്തെന്നാൽ ബന്ധനവും മോക്ഷവും സാപേക്ഷികമാണ്. ബന്ധനത്തെ അപേക്ഷിച്ച് മുക്തിയും മുക്തിയെ അപേക്ഷിച്ച് ബന്ധനവും ഭവിക്കുന്നു. ഒരിക്കലും ബദ്ധനല്ലാത്തതിന് മുക്തിയെന്താണ്? ഏകദേശിയായ ജീവൻ

49.ദാർശനിക സംയോഗം രണ്ടുതരത്തിലാണ്. ഒന്ന് സംയോഗജം മറ്റേത് സാമവായികം. സമവായബന്ധം ഗുണവും ഗുണിയും കർമവും കർമവാനും അവയവവും അവയവിയും ജാതിയും വ്യക്തിയും തമ്മിലുള്ളതാണ്. ഇത് നിത്യമാണ്.

50. ഘടം പടം എന്നിവ രണ്ടുവസ്തുക്കളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ദാർശനിക സംജ്ഞകളാണ്. കുടം, തുണി എന്നർഥം.

51. പേജ് 349 മുതൽ നോക്കുക.



മാത്രമേ എപ്പോഴും ബദ്ധനോ മുക്തനോ ആകുന്നുള്ളൂ. അനന്തനും സർവദേശിയും, സർവവ്യാപകനുമായ ഈശ്വരൻ ബന്ധനത്തിലോ നൈമിത്തികമായ മുക്തിയിലോ നിങ്ങളുടെ തീർഥങ്കരന്മാരെപ്പോലെ വന്നു വീഴുന്നില്ല. അതിനാൽ പരമാത്മാവ് എപ്പോഴും തന്നെ മുക്തനാണ്.

നാസ്തികൻ:- മാദകവസ്തുക്കൾ ഉപയോഗിക്കുമ്പോൾ മദം തനിയേ ഉണ്ടാകുന്നതുപോലെ ജീവൻ കർമഫലം അനുഭവിച്ചുകൊള്ളും, ഇതിൽ ഈശ്വരന് കാര്യമൊന്നുമില്ല.

ആസ്തികൻ:- കള്ളന്മാരും കുറ്റവാളികളും ദുഷ്ടന്മാരും സ്വയം കാരാഗൃഹവാസമോ തൂക്കുശിഷയോ സ്വീകരിക്കുകയില്ല. സ്വീകരിക്കാൻ ആഗ്രഹിക്കുകയുമില്ല. രാജ്യത്തെ ന്യായ വ്യവസ്ഥ പ്രകാരം ബലാല്ക്കാരമായി പിടികൂടി ശിക്ഷിക്കയാണ് പതിവ്. ഇതുപോലെ ജീവനും ഈശ്വരൻ സ്വന്തം ന്യായവ്യവസ്ഥപ്രകാരം സ്വന്തം, സ്വന്തം കർമങ്ങൾക്കനുസരിച്ച് യഥായോഗ്യം ശിക്ഷനല്കുന്നു. ഒരു ജീവനും സ്വന്തം ദുഷ്കർമ്മത്തിന്റെ ഫലമനുഭവിക്കാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ പരമാത്മാവിന്റെ ന്യായാധീശത്വം ഉണ്ടായേ കഴിയൂ.

നാസ്തികൻ :- ജഗത്തിൽ ഒരീശ്വരനല്ലുള്ളത്. മറിച്ച് എത്ര മുക്ത ജീവാത്മാക്കളുണ്ടോ അവരെല്ലാം ഈശ്വരന്മാരാണ്.

ആസ്തികൻ:- ഇതു വെറുതേ പറയുകയാണ്. എന്തെന്നാൽ ഒരിക്കൽ ബദ്ധനായി മുക്തിയെ പ്രാപിക്കുന്നയാൾ വീണ്ടും ബന്ധനത്തിൽ പെടും. സ്വഭാവേന മുക്തരല്ലാത്തതാണ് കാരണം. നിങ്ങളുടെ ഇരുപത്തിനാല് തീർത്ഥങ്കരന്മാരും ബദ്ധരായിരുന്നു. പിന്നീട് മുക്തരായി വീണ്ടും ബദ്ധരാകും. കൂടാതെ അനേകം ഈശ്വരന്മാരുണ്ടായാൽ ജീവകളെപ്പോലെ അവരും കലഹിക്കും.

നാസ്തികൻ:- മൂഢാത്മാവേ! ജഗത്തിന് കർത്താവില്ല. സ്വയം സിദ്ധമാണീ ജഗത്ത്.

ആസ്തികൻ:- ഇത് ജൈനികളുടെ എത്രയോ മഹാ മൂഢവിശ്വാസമാണ്! കർത്താവില്ലാതെ എതെങ്കിലും കർമമോ കർമ്മമില്ലാതെ ഏതെങ്കിലും കാര്യമോ ലോകത്തിൽ ഉണ്ടായിക്കാണുന്നുണ്ടോ? ഗോതമ്പ് വയലിൽ വച്ചുതന്നെ സ്വയം പൊടിഞ്ഞ് അപ്പമായി ജൈനരുടെ വയറ്റിൽ ചെന്നു എന്നു പറയുന്നതിനു സമാനമാണ്. പഞ്ഞി ഒരിക്കലും തനിയേ നൂലും തുണിയും അംഗവസ്ത്രവും, രണ്ടാം മുണ്ടും, വേഷ്ടിയും തലപ്പാവുമായി വരുന്നില്ല. ഇങ്ങനെ സംഭവിക്കായ്കയാൽ ഈശ്വര കർത്തൃത്വമില്ലാതെ വിവിധ ജഗത്തും രചനാ വിശേഷവൈവിധ്യവും എങ്ങനെ ഉണ്ടാകാനാണ്?

ശാഠ്യം പിടിച്ച് ജഗത്ത് സ്വയം സിദ്ധമാണെന്ന് വിശ്വസിച്ചാൽ മുമ്പു പറഞ്ഞ വസ്ത്രങ്ങളുംമറ്റും കർത്താവില്ലാതെ പ്രത്യക്ഷമാക്കിത്തരണം. അങ്ങനെ ചെയ്യാനാവില്ലെങ്കിൽ നിങ്ങളുടെ പ്രമാണരഹിതമായ വാക്കുകൾ ഏത് ബുദ്ധിമാനാണ് വിശ്വസിക്കുക?

നാസ്തികൻ:- ഈശ്വരൻ വിരക്തനോ മോഹിതനോ? വിരക്തനെങ്കിൽ ജഗത്തിന്റെ നൂലാമാലകളിൽ പെട്ടതെന്തിന്? മോഹിതനെങ്കിൽ ജഗത് നിർമാണത്തിന് സമർഥനാവുകയുമില്ല.

ആസ്തികൻ:- ഈശ്വരനിൽ ഒരിക്കലും വിരക്തിയും മോഹവും ഇല്ല. സർവവ്യാപകനായ ഈശ്വരൻ ഏതിനെ തള്ളും ഏതിനെ കൊള്ളും? ഈശ്വരനേക്കാൾ ഉത്തമമോ ഈശ്വരന് അപ്രാപ്യമോ ആയി ഒരു വസ്തുവുമില്ല. അതിനാൽ ഒന്നിലും മോഹമില്ല. വിരക്തിയും ആസക്തിയും ജീവാത്മാവിനു ചേരും. ഈശ്വരനു ചേരുകയില്ല.

നാസ്തികൻ:- ഈശ്വരനെ ജഗത്കർത്താവും ജീവന്റെ കർമഫലദാതാവും ആയി കരുതിയാൽ, ഈശ്വരൻ പ്രാപഞ്ചിക ദുഖത്തിൽപ്പെട്ട് ദുഃഖിതനാവും.

ആസ്തികൻ:- വിവിധ കർമങ്ങളുടെ കർത്താവും, ജീവികളുടെ ഫലദാതാവും ധാർമികനും, ന്യായാധീശനുമായ വിദ്വാൻ കർമങ്ങളിൽപെടുകയോ പ്രാപഞ്ചികനാവുകയോ ചെയ്യുന്നില്ലെങ്കിൽ അനന്ത സാമർഥ്യയുക്തനായ ഈശ്വരൻ എങ്ങനെ പ്രാപഞ്ചികനോ ദുഃഖിതനോ ആകും? നിങ്ങൾ നിങ്ങളേപ്പോലെയും തീർത്ഥങ്കരന്മാരെപ്പോലെയും ഈശ്വരനെ കരുതുന്നുണ്ടാവാം. ഇതെല്ലാം അവിദ്യനിമിത്തമാണ്. അതിൽനിന്നു വിടുതൽ ആഗ്രഹിക്കുന്നെങ്കിൽ വേദാദി സത്യശാസ്ത്രങ്ങളെ ആശ്രയിക്കുക. വിഭ്രമജാലത്തിൽ പെട്ടെന്നുഴന്നതെന്തിനാണ്.

ജൈനരുടെ ജഗത്ത്

ജൈനർ ജഗത്തിനെ എന്തായി കരുതുന്നുവെന്ന് അവരുടെ സൂത്രങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ വിവരിക്കാം. ഒന്നാമത് സംക്ഷേപമായി മൂലാർഥം പറയുകയും പിന്നീട് നേരും കള്ളവും എന്തെന്നു സമീക്ഷയും ചെയ്യാം.

മൂലം:- സാമി അണാഇ അണന്തേ ചഉഗഇൗ സംസാരഘോരകാന്താരേ, മോഹാഇ കമ്മഗുരു

ഠിഇ വിവാഗവസഉ ഭമഇ ജീവോ. ▯ [52]

(പ്രകരണരത്നാകരം, 2-ാം ഭാഗം, സമ്യക്ത്വ സ്വരൂപസ്തവം, സൂ॰2)

ഇത് പ്രകരണരത്നാകരം രണ്ടാംഭാഗം എന്ന ഗ്രന്ഥത്തിൽ സമ്യക്ത്വപ്രകാശം എന്ന പ്രകരണത്തിൽ ഗൗതമനും മഹാവീരനുമായുള്ള സംവാദമാണ്. ഇതിന്റെ സംക്ഷിപ്തവും ഉപയുക്തവുമായ അർഥമിതാണ്:- ഈ സംസാരം അനാദിയും അനന്തവുമാണ്. അതിന്റെ ഉത്പത്തി ഉണ്ടായിട്ടില്ല. നാശമുണ്ടാവുകയുമില്ല. അതായത് ആരും സൃഷ്ടിച്ചതല്ല ഇതെന്നർഥം. അതുകൊണ്ടാണ് ആസ്തികനാസ്തിക സംവാദത്തിൽ, ഹേ മൂഢ! ജഗത്തിന്റെ കർത്താവായി ആരുമില്ല. ഒരിക്കലും നശിക്കുകയുമില്ല എന്നു പറഞ്ഞത്. ▯ [53]

സമീക്ഷകൻ:- സംയോഗത്താൽ ഉണ്ടാകുന്നത് ഒരിക്കലും അനാദിയും അനന്തവും ആകുകയില്ല. ഉല്പത്തിയും വിനാശവും ഉണ്ടാകാതെ കർമം ഇല്ല. ജഗത്തിൽ ഉണ്ടാകുന്നവയെല്ലാം ഉത്പത്തി വിനാശങ്ങളോടുകൂടിയതാണെന്നു കാണാം. പിന്നെങ്ങനെയാണ് ജഗത്ത് ഉത്പത്തി വിനാശങ്ങളില്ലാത്തതാകുന്നത്. അതിനാൽ നിങ്ങളുടെ തീർഥങ്കരന്മാർക്ക് ശരിയായ ബോധമില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ ഇത്തരം അസംഭവ്യകാര്യങ്ങളെങ്ങനെയെഴുതി?

നിങ്ങൾ ഗുരുക്കന്മാർക്ക് ചേർന്ന ശിഷ്യന്മാർതന്നെ. നിങ്ങളുടെ വാക്കുകൾ കേൾക്കുന്നവർക്കും ഒരിക്കലും പദാർത്ഥജ്ഞാനം ഉണ്ടാവുകയില്ല. പ്രത്യക്ഷമായി സംയുക്തപദാർത്ഥം കണ്ടിട്ടും അതിന്റെ ഉത്പത്തി വിനാശങ്ങൾ അംഗീകരിക്കാത്തതെന്ത്? അതായത് ഇവരുടെ ഗുരുക്കന്മാർക്കും ജൈനികൾക്കും ഭൂമിശാസ്ത്രവും ജ്യോതിഃശാസ്ത്രവും അറിവില്ലായിരുന്നു. ഇപ്പോഴും ഇവർക്ക് അറിവില്ല. ഉണ്ടായിരുന്നെങ്കിൽ ഇനിയെഴുതുന്ന അസംഭവ്യകാര്യങ്ങൾ വിശ്വസിക്കയും പറയുകയും ചെയ്യുന്നതെങ്ങനെ?

ഈ സൃഷ്ടിയിൽ 'പൃഥിവീകായം' പൃഥിവി ജീവന്റെ ശരീരമാണ്. ജലകായാദികളും ജീവനാണ് എന്നു കരുതുന്നു. ഇത് ആർക്കും സ്വീകരിക്കാവുന്നതല്ല. ഇനിയുമുണ്ട് മിഥ്യാവാക്കുകൾ ജൈനികൾ ഈശ്വരനായും സമ്യക്ജ്ഞാനികളായും കരുതുന്ന തീർത്ഥങ്കാരന്മാരുടെ മിഥ്യപ്രലപനങ്ങൾക്ക് ഏതാനും ഉദാഹരണം പറയാം.

രത്നസാരം 1-ാം ഭാഗം 145-ാം പേജിൽ - ജൈനർ അംഗീകരിക്കുന്ന ഗ്രന്ഥമാണിത് - 1879 ഏപ്രിൽ 28-ാം തീയതി ബനാറസിൽ ജൈനപ്രഭാകര പ്രസ്സിൽ നാനക്ചന്ദ്ജതി അച്ചടിപ്പിച്ച് പ്രകാശനം ചെയ്തതാണ് - അതിൽ കാലത്തിന്റെ വ്യാഖ്യാനം ഇങ്ങനെ നല്കുന്നു:-

"അതായത്, സമയത്തിന് സൂക്ഷ്മകാലമെന്നു പേർ. അസംഖ്യാത സമയത്തിന് ആവലി എന്നും പറയുന്നു. ഒരുകോടി അറുപത്തിയേഴുലക്ഷത്തി എഴുപതിനായിരത്തി ഒരുനൂറ്റിപ്പതിനഞ്ച് (16770115) ആവലികൾ ഒരു മുഹൂർത്തവും, മുപ്പതു മുഹൂർത്തം ഒരു ദിവസവും പതിനഞ്ചു ദിവസം ഒരു പക്ഷവും രണ്ടു പക്ഷം ഒരു മാസവും പന്ത്രണ്ടു മാസം ഒരു വർഷവുമാണ്. അതുപോലെ എഴുപതുലക്ഷത്തി അമ്പത്താറായിരംകോടി വർഷം ഒരു പൂർവവും, അസംഖ്യാത പൂർവം ഒരു പല്യോപമ കാലവുമാണ്. അസംഖ്യാതമെന്നതിന്റെ സാരമിതാണ്:- നാലുകോശം ▯ [54] ചതുരത്തിൽ അത്രയും ആഴത്തിൽ ഒരു കിണർ കുഴിച്ച് അതിൽ ജൂഗുലിയ മനുഷ്യരുടെ രോമം ഇനി പറയുംവണ്ണം തയ്യാറാക്കി നിറയ്ക്കണം. ജൂഗുലിയ മനുഷ്യുടെ രോമങ്ങൾ ഇന്നുള്ള മനുഷ്യരുടെ രോമത്തേക്കാൾ നാലായിരത്തിതൊണ്ണൂറ്റാറംശം ചെറുതാണ്. അതായത് ജൂഗുലിയ മനുഷ്യരുടെ നാലായിരത്തിതൊണ്ണൂറ്റാറ് രോമങ്ങൾ ചേർന്നെങ്കിലേ അതായത് ജൂഗുലിയ മനുഷ്യരുടെ നാലായിരത്തിതൊണ്ണൂറ്റാറു രോമങ്ങൾ ചേർന്നെങ്കിലേ ഇപ്പോഴുള്ള മനുഷ്യന്റെ ഒരു രോമമാകൂ. ജൂഗുലിയ മനുഷ്യന്റെ ഒരംഗുലം നീളമുള്ള മുടി ഏഴുതവണ എട്ടെട്ടു കഷണങ്ങളാക്കണം. അപ്പോൾ ഇരുപതുലക്ഷത്തിതൊണ്ണൂറ്റേഴായിരത്തി നൂറ്റമ്പത്തിരണ്ട് കഷണമാകും (2097152) ഇപ്രകാരമുള്ള ഓരോ കഷണങ്ങൾകൊണ്ട് മുമ്പു പറഞ്ഞ കിണർ നിറയ്ക്കണം. അതിൽ നിന്ന് നൂറുകൊല്ലം ഇടവിട്ട് ഓരോ കഷണം എടുക്കണം. കഷണങ്ങളെല്ലാം എടുത്ത് തീർന്ന് കിണർ ഒഴിയുമ്പോൾ അത്രയും കാലത്തിന് സംഖ്യാതകാലം എന്നു പറയും. അവയിൽ നിന്ന് ഓരോ കഷണവും അനവധി കഷണങ്ങളാക്കി, മുകളിൽക്കൂടി ചക്രവർത്തിയുടെ പടകടന്നുപോയാൽക്കൂടി അമരാത്തവണ്ണം കിണറിൽ

52.അർഥം ഇപ്രകാരമാണ്:- ഹേ സ്വാമിൻ! ഈ അനാദിയും അനന്തവും നാലുഗതികളുള്ളതുമായ സംസാരരൂപിയായ ഘോരവനത്തിൽ മോഹനീയാദി കർമങ്ങളുടെ ഉത്കൃഷ്ടസ്ഥിതിവിപാകത്തിൽ - ഫലത്തിനു വശീഭ്രതമായി ജീവൻ ഭ്രമണം ചെയ്യുന്നു.

53.മൂഢാത്മാവേ, ജഗത്തിനു കർത്താവില്ല. സ്വയംസിദ്ധമാണീ ജഗത്ത് (മുൻപേജ് നോക്കുക)

54. ഏകദേശം 2 മൈൽ



കുത്തിനിറയ്ക്കണം. പിന്നീട് ഓരോ കഷണം വീതം നൂറുകൊല്ലത്തിലൊരിക്കൽ എടുക്കണം. കിണർ ഒഴിയുമ്പോൾ അസംഖ്യാതം പൂർവങ്ങളായി അതിൽനിന്ന് പല്യോപമകാലവും ഗണിക്കാവുന്നതാണ്.

പത്തുകോടികോടി പല്യോപമകാലം കഴിയുമ്പോൾ ഒരു സാഗരോപമകാലമായി. പത്തുകോടി സാഗരോപമകാലം ഒരു ഉത്സർപണി. ഒരു ഉത്സർപണിയും ഒരു അവസർപണിയും ॥ [55] കൂടുന്നത് ഒരു കാലചക്രം. അനന്തകാലചക്രം കഴിയുമ്പോൾ ഒരു 'പുദ്ഗലപരാവൃത്ത'മാകും.

അനന്തകാലമെന്നു പറയുന്നതെന്താണ്? സിദ്ധമായ പുസ്തകങ്ങളിൽ നവദൃഷ്ടാന്തങ്ങളാൽ കാലസംഖ്യഗണിച്ചിട്ടുണ്ട്. അതിനുശേഷമുള്ളത് അനന്തകാലമാണ്. അനന്തപുദ്ഗല പരാവൃത്ത കാലം ജീവൻ കറങ്ങിത്തിരിയുന്നു. ഇത്യാദിയാണ് സിദ്ധാന്തങ്ങൾ.

ഗണിതജ്ഞന്മാരു കേട്ടാലും. ജൈനഗ്രന്ഥങ്ങളിൽ നിന്ന് കാലസംഖ്യ ഗണിക്കാനാകുമോ ഇല്ലയോ? ഇതെല്ലാം സത്യമാണെന്നു വിശ്വസിക്കാനാകുമോ? തീർഥങ്കരന്മാർ പഠിച്ച ഗണിതവിദ്യയാണിത്! ഇങ്ങനെയെല്ലാം ഇവരുടെ മതത്തിൽ ഒട്ടേറെ ഗുരുശിഷ്യന്മാരുണ്ട്. അവരുടെ അജ്ഞാനത്തിന് ഒരതിരുമില്ല.

ഇനിയും അന്ധകാരം കാണൂ. രത്നസാരം ഒന്നാഭാഗത്തിന്റെ 134-ാം പേജിൽ മുതൽ കുറെ അമ്മൂമ്മക്കഥകൾ ഉണ്ട്. ഇവ ജൈനസിദ്ധാന്തങ്ങളും ഋഷഭദേവൻ മുതൽക്കുള്ള ഇരുപത്തിനാല് തീർഥങ്കരന്മാരുടെ വചനസാരസംഗ്രഹവുമാണ്. ഇതുപോലെ 148-ാം പേജിൽ എഴുതിയിരിക്കുന്നു: - "പൃഥിവീകായത്തിലെ ജീവന്മാരാണ് മണ്ണും കല്ലും മറ്റും അതിനുള്ളിൽ ഉള്ള ജീവാത്മാവിന്റെ ശരീരപരിണാമം ഒരംഗുലത്തിന്റെ അസംഖ്യതാംശം അഥവാ അത്യന്ത സൂക്ഷ്മമാണ്. അതിന്റെ ആയുസ് അങ്ങേയറ്റം ഇരുപത്തീരായിരം വർഷമാണ്."

തുടർന്ന് അവിടെത്തന്നെ "മരത്തിന്റെ ഒരു ശരീരത്തിൽ അനന്ത ജീവന്മാരുണ്ട്. അവയെ സാധാരണ വനസ്പതികളായി ഗണിക്കുന്നു. കന്ദമൂലപ്രമുഖവും, അനന്തകായപ്രമുഖവും ആയവയെ സാധാരണ വനസ്പതിയുടെ ജീവൻ എന്നു പറയണം. അതിന്റെ ആയുസ്സ് അനന്തമുഹൂർത്തമാണ്." ഇവിടെ നേരത്തേ എഴുതിയ മുഹൂർത്തം സ്മരണീയം.

ഒരു ശരീരത്തിൽ ഒരു ഇന്ദ്രിയം മാത്രമുള്ള അതായത് സ്പർശേന്ദ്രിയം മാത്രമുള്ളതിൽ ഒരു ജീവൻ വസിക്കുന്നു. അതിനെ പ്രത്യേക വനസ്പതി എന്നു പറയുന്നു. അതിന്റെ ദേഹം ഒരായിരം യോജനയാണ്. പുരാണക്കാരുടെ യോജന 4 കോശമാണ്. അങ്ങിനെ നാലായിരം കോശമുള്ള ശരീരമാണത്. അതിന്റെ ആയുസ്സ് കൂടിയാൽ പതിനായിരം വർഷമാണ്."

"ഇനി രണ്ടിന്ദ്രിയങ്ങളുള്ള ജീവൻ ആണ്. അതിന് ശരീരവും മുഖവും ഉണ്ട്. ശംഖ്, കവടി, പേൻ മുതലായവയാണിത്. അതിന്റെ ശരീരവലുപ്പം ഏറ്റവും കൂടിയത് നാല്പത്തെട്ടു കോശമാണ്. ആയുസ്സ് കൂടിയാൽ പന്ത്രണ്ടു വർഷവും."

സമീക്ഷകൻ:- ഇവിടെ വലിയ തെറ്റുപറ്റി. ഇത്രയും വലിയ ശരീരത്തിന് ആയുസ്സു കൂട്ടി എഴുതാമായിരുന്നു. നാല്പത്തെട്ടുകോശം വലുപ്പമുള്ള പേൻ ജൈനരുടെ ദേഹത്തു കയറിക്കാണും. അവർ കണ്ടുംകാണും. ഇത്രയും വലിയ പേനിനെ കാണാൻ മറ്റാർക്ക് എവിടെയാണ് ഭാഗ്യം.

ഇനിയും കാണൂ ആന്ധ്യം! രത്നസാരം ഒന്നാം ഭാഗം 150-ാം പേജിൽ - "തേൾ, മൂട്ട, ചെള്ള്, ഈച്ച എന്നിവയ്ക്ക് ഓരോ യോജനയാണ് ശരീരം. ആയുസ്സ് ആറുമാസവും."

സമീക്ഷകൻ:- നാലു കോശം വലുപ്പമുള്ള തേളിനെ മറ്റാരും കണ്ടിരിക്കയില്ല. എട്ടു മൈലുള്ള തേളും ഈച്ചയും ജൈനമതത്തിലുണ്ട്. ഈ തേളും ഈച്ചയും അവരുടെ വീട്ടിലാവാം പാർപ്പ്! അവരല്ലാതെ ലോകത്തിലാരും ഇവയെ കണ്ടിരിക്കുകയില്ല. ഇത്തരമൊരു തേൾ ജൈനിയെ കടിച്ചാൽ അയാളുടെ ഗതിയെന്താകും!

ജലചാരികളായ മത്സ്യങ്ങളുടെ ശരീരയളവ് ഒരായിരം യോജന-പതിനായിരം കോശം ഒരു യോജനയെന്നു കണക്കിൽ പ്രകാരം - ഒരുകോടി കോശമാണ്. ഒരുകോടി പൂർവവർഷങ്ങളാണ് ആയുസ്സ്!

സമീക്ഷകൻ:- ഇത്രയും വലിയ ജലജീവികളെ ജൈനികളല്ലാതെ ആരും കണ്ടിരിക്കയില്ല.

നാല്ക്കാലിയായ ആനയുടേയും മറ്റും ശരീരത്തിന് രണ്ടുമുതൽ ഒമ്പത് കോശംവരെയാണ്

55.ഇവിടെ അവസർപണിയുടെ കാലം നിർദ്ദേശിച്ചിട്ടില്ല. ഉത്സർപണി എന്നത് കഴിഞ്ഞ് അത്രയുംകാലം ഒരു അവസർപണി എന്നുകൂടി വേണ്ടതായിരുന്നു. മൂലത്തിന്റെ പകർപ്പിൽ വിട്ടുപോയതാവാം.



വലുപ്പം. ആയുസ്സ് എൺപത്തിനാലായിരം വർഷവും.

സമീക്ഷകൻ:- ഇത്ര വലിയ ജീവകളേയും ജൈനർ കണ്ടിരിക്കാം! വിശ്വസിക്കുന്നുമുണ്ടാകാം. ബുദ്ധിമാന്മാർക്കാക്കും വിശ്വസിക്കാൻ വയ്യ.

ജലചാരികളും ഗർഭജങ്ങളുമായ ജീവികളുടെ ശരീരത്തിന് ഒരായിരം യോജനയാണ് - ഒരുകോടി കോശം - വലുപ്പം, ആയുസ്സ്, ഒരുകോടി പൂർവ വർഷങ്ങളും.

ഇത്രവലിയ ശരീരവും ആയുസ്സുമുള്ളയെ ജൈനാചാര്യന്മാർ സ്വപ്നത്തിൽ കണ്ടിരിക്കാം. ഒരിക്കലും സംഭവിക്കാത്ത മഹാകള്ളങ്ങളല്ലേ ഇതെല്ലാം?

ജൈനരുടെ ഭൂമിശാസ്ത്രം

ഇനി ഇവരുടെ ഭൂമിയുടെ വലുപ്പം നോക്കുക. രത്നസാമം ഒന്നാം ഭാഗം 152-ാം പേജിൽ "ഈ ഋജുവല്ലാത്ത ലോകത്തിൽ അസംഖ്യാതം ദ്വീപുകളും സമുദ്രങ്ങളും ഉണ്ട്. അസംഖ്യാതം എന്നതിന് രണ്ടര സാഗരോപമകാലത്തിലുള്ളത്ര സമയം ദ്വീപുകളും സമുദ്രങ്ങളും എന്നാണർത്ഥം." ഈ പൃഥിവിയിൽ ഒന്നാമത്തേതായ ജംബുദ്വീപ് എല്ലാ ദ്വീപുകളുടേയും നടുക്കാണ്. ഇതിന് ഒരു ലക്ഷം യോജന അഥവാ ഒരർബുദം കോശമാണ്. ▯ [56] വിസ്തീർണ്ണം. ഇതിന് നാലുചുറ്റും ലവണസമുദ്രമാണ്. അതിന്റെ വിസ്തീർണ്ണം രണ്ടു ലക്ഷം യോജന അഥവാ രണ്ടർബുദം കോശവും. ഈ ജംബു ദ്വീപിന്റെ നാലുവശത്തും ധാതകീഖണ്ഡമെന്ന ദ്വീപുണ്ട്. ഇതിന് നാലുലക്ഷം യോജന നാലർബുദം കോശം-വിസ്താരവുമുണ്ട്. അതിനു പിന്നിൽ കാലോദധി എന്ന സമുദ്രമാണ്. അതിന്റെ വിസ്തീർണ്ണം എട്ടു ലക്ഷം യോജന - എട്ടർബുദം കോശം - ആണ്. അതിനു പിന്നിൽ പുഷ്കരാവർത്തമെന്ന ദ്വീപുണ്ട്. അതിന്റെ വിസ്തീർണ്ണം പതിനാറ് ലക്ഷം യോജന - പതിനാറ് അർബുദം കോശം - ആണ്. ആ ദ്വീപിന്റെ ഉള്ളിൽ കുന്നും കുഴിയുമാണ്. പകുതിസ്ഥലത്ത് മനുഷ്യർ വസിക്കുന്നു. അതിനുമപ്പുറം അസംഖ്യാതം ദ്വീപുകളും സമുദ്രങ്ങളുമുണ്ട്. അവയിൽ തിര്യക് വർഗം പാർക്കുന്നു.

രത്നസാരം ഒന്നാംഭാഗം 153-ാംപേജിൽ "ജംബുദ്വീപിൽ ഒരു ഹിമവന്തം, ഒരു ഐരണ്ഡവന്തം, ഒരു ഹരിവർഷം, ഒരു രമ്യകം, ഒരു ദേവകുരു, ഒരു ഉത്തരകുരു എന്നിങ്ങനെ ആറുപ്രദേശങ്ങളുണ്ട്.

സമീക്ഷകൻ:- ഭൂമിശാസ്ത്രമറിയാവുന്നവൻ കേൾക്കണം. ഭൂമിയുടെ അളവെടുത്തതിൽ നിങ്ങൾക്കോ ജൈനർക്കോ തെറ്റിയത്? ജൈനർക്കാണെങ്കിൽ നിങ്ങളവർക്ക് പറഞ്ഞുകൊടുക്കുക. നിങ്ങൾക്ക് തെറ്റിയെങ്കിൽ അവരിൽനിന്ന് ഗ്രഹിച്ചുകൊള്ളുക. തെല്ലൊന്നു ചിന്തിച്ചാൽ ഒരു കാര്യം വ്യക്തമാകും. ജൈനികളുടെ ആചാര്യന്മാരും ശിഷ്യന്മാരും ഭൂമിശാസ്ത്രമോ, കണക്കോ ഒട്ടും പഠിച്ചവരല്ല, ആയിരുന്നെങ്കിൽ ഈ നടക്കാത്തകാര്യങ്ങൾ പുളുവടിക്കുമായിരുന്നോ?

ഇത്തരം അവിദ്വാൻമാർ, ജഗത്തിന് കർത്താവില്ല എന്നും, ഈശ്വരനില്ല എന്നും മറ്റും വിശ്വസിക്കുന്നതിലെന്താണശ്ചര്യം? ഇതുകൊണ്ടാണ് ജൈനികൾ അവരുടെ ഗ്രന്ഥങ്ങൾ വിദ്വാൻമാർക്കോ അന്യമതസ്ഥർക്കോ നൽകാത്തത്. പ്രാമാണികരായ തീർത്ഥങ്കരന്മാർ രചിച്ച സിദ്ധാന്തഗ്രന്ഥങ്ങളെന്ന് ഇവർ കരുതുന്ന ഈ ഗ്രന്ഥങ്ങളിൽ നിറയെ അവിദ്യായുക്തമായ കാര്യങ്ങളാണ്. അതുകൊണ്ട് കാണാനനുവദിക്കുകയില്ല. കണ്ടാൽ കള്ളി വെളിച്ചത്താകുമല്ലോ. ഇവർക്കല്ലാതെ, അല്പമെങ്കിലും ബുദ്ധിയുള്ളവർക്കാർക്കും ഒരിക്കലും ഈ പുളുവധ്യായങ്ങൾ സത്യമാണെന്നു തോന്നുകപോലും ഇല്ല.

ജഗത്തിനെ അനാദിയാക്കാൻ!

ഈ നൂലാമാലകളെല്ലാം ഉണ്ടാക്കിയിരിക്കുന്നത് ജഗത്ത് അനാദിയാണെന്ന് സ്ഥാപിക്കാനാണ്. പക്ഷേ ഇതെല്ലാം പച്ചകള്ളമാണ്. ജഗത്കാരണം അനാദി തന്നെ. എന്തെന്നാൽ ആ പരമാണു തുടങ്ങിയ തത്ത്വസ്വരൂപങ്ങൾ കർത്തൃരഹിതമാണ്. എന്നാൽ നിയമാനുസരണം 'ആകുന്നതിനോ അഴിയുന്നതിനോ' ഉള്ള സമാർത്ഥ്യമേ ഇല്ല. ദ്രവ്യമെന്നു പേരുള്ളതാണ് പരമാണു, സ്വഭാവേന വെവ്വേറെ രൂപമുള്ളതും ജഡവുമാണത്. സ്വയം എന്തെങ്കിലും യഥായോഗ്യം ആകാനവയ്ക്കു കഴിവില്ല. അതിനാൽ ഇതിനെക്കൊണ്ട് ഉണ്ടാക്കുന്ന ചൈതന്യം നിശ്ചയമായും ഉണ്ട്. ആ ഉണ്ടാക്കുന്നവൻ ജ്ഞാനസ്വരൂപനുമാണ്.

പൃഥ്വി, സൂര്യൻ മുതലായ ലോകങ്ങളെയെല്ലാം നിയമത്തിൽ നടത്തുന്നത് അനാദിയും ചേതനവുമായ ഈശ്വരന്റെ ജോലിയാണ്. അതിൽ സംയോഗ

56. ഒരർബുദം പത്തുകോടിയാണ്.



രചനാവിശേഷം കാണാം. ആ സ്ഥൂലജഗത്ത് ഒരിക്കലും അനാദിയല്ല. കാര്യജഗത്ത് നിത്യമെങ്കിൽ അതിന്റെ കാരണം ഉണ്ടാവില്ല. മറിച്ച് അതുതന്നെ കാര്യകാരണ രൂപമാകും. അങ്ങനെയാണെങ്കിൽ കാര്യവും കാരണവും ഒന്നായിരിക്കയാൽ അന്യോന്യാശ്രയം, ആത്മാശ്രയം, എന്നീ ദോഷങ്ങൾ വരും. തന്റെ തോളിൽ താൻ കയറുന്നതും, പിതാവും പുത്രനും ഒരാളായിരിക്കുന്നതും നടപ്പുള്ളതല്ല. അതിനാൽ ജഗത്കർത്താവ് ഉണ്ടെന്നു വിശ്വസിച്ചേ പറ്റൂ.

ചോദ്യം:- ജഗത്കർത്താവ് ഈശ്വരനാണെങ്കിൽ ഈശ്വരന്റെ കർത്താവാരാണ്?

ഉത്തരം:- കർത്താവിന്റെ കർത്താവും കാരണത്തിന്റെ കാരണവും ഒരിക്കലും ഉണ്ടാവുകയില്ല. കർത്താവും കാരണവും ഉള്ളതുകൊണ്ടാണ് കാര്യം ഉണ്ടാകുന്നത്. സംയോഗവിയോഗങ്ങളുണ്ടാകാത്തതും ആദ്യസംയോഗവിയോഗങ്ങൾക്കു കാരണവും ആയതിന് കർത്താവോ കാരണമോ ഒരിക്കലുമില്ല. ഇതിന്റെ വ്യാഖ്യാനം എട്ടാം സമുല്ലാസത്തിൽ സൃഷ്ടിയുടെ വ്യാഖ്യാനത്തിലെഴുതിയിട്ടുള്ളതു നോക്കുക.[57]

ഈ ജൈനർക്ക് സ്ഥൂലകാര്യങ്ങൾ പോലും അറിവില്ലെങ്കിൽ പരമസൂഷ്മമായ സൃഷ്ടിവിദ്യ എങ്ങനെ ബോധിക്കാനാണ്? സൃഷ്ടി അനാദിയും അനന്തവുമാണെന്ന് കരുതുന്നു. ഓരോ ഗുണത്തിനും, കാലത്തിനും പര്യായങ്ങളും, ഓരോ വസ്തുവിലും അനന്തപര്യായങ്ങളും ഉണ്ടെന്ന് പ്രകരണരത്നാകരത്തിന്റെ ഒന്നാം ഭാഗത്തിലുണ്ട്. ഇതൊരിക്കലും സംഭവ്യമല്ല. എന്തെന്നാൽ പരിണമിക്കുന്ന വസ്തുക്കളുടെ എല്ലാ അംഗങ്ങളും പരിണമിക്കും. അനന്തത്തിനു പകരം അസംഖ്യം എന്നു പറയുന്നതും ശരിയാവില്ല. ജീവാത്മാവിനെ സംബന്ധിച്ച് ശരിയായേക്കാം. ഈശ്വരനെ സംബന്ധിച്ച് ശരിയാവില്ല. ഒരോരോ ദ്രവ്യത്തിൽ അതാതിന്റെ ഓരോ കാര്യകാരണ സാമർഥ്യത്തെ അവിഭാജ്യ പര്യായങ്ങളാൽ അനന്ത സാമർഥ്യമായി ഗണിക്കുന്നത് കേവലം അവിദ്യാജന്യമാണ്. ഒരു പരമാണുദ്രവ്യത്തിന് അതിരുണ്ട്. എങ്കിൽ അനന്ത വിഭാഗ രൂപ പര്യായങ്ങൾ അതിലെങ്ങനെ വർത്തിക്കും? അതുപോലെ ഓരോരോ ദ്രവ്യത്തിൽ അനന്ത ഗുണങ്ങളുണ്ടെന്നതും ഒരു ഗുണത്തിന്റെ നിരവധി അവിഭക്ത പര്യായങ്ങളുണ്ടെന്ന സങ്കല്പവും വെറും ബാലിശമാണ്. അടിസ്ഥാനത്തിന് അന്തമുള്ളതിൽ വർത്തിക്കുന്നതിന് എന്തുകൊണ്ട് അന്തമില്ല? ഇങ്ങനെ നിരവധി മിഥ്യാജല്പനങ്ങൾ എഴുതിയിരിക്കുന്നു.

ജീവ-ജഡങ്ങൾ

ജീവജഡങ്ങൾ എന്താണ് എന്നതിനെപ്പറ്റി ജൈനരുടെ നിർണയമിപ്രകാരമാണ്:-

ചേതനാ ലക്ഷണോ ജീവഃ സ്യാദജീവസ്തദന്യർഃ. സത്കർമ പുദ്ഗലാഃ പുണ്യം പാപം തസ്യകവിപര്യയഃ ॥[58]

ഇത് ജിനദത്തസൂരിയുടെ വചനവും, പ്രകരണരത്നാകരം ഒന്നാം ഭാഗത്തിലും, നയചക്രസാരത്തിലുമെഴുതിയിട്ടുള്ളതുമാണ്. ചേതനാലക്ഷണം ജീവന്റേതും ചേതനാരഹിതം അജീവം - ജഡവുമാണ്. സത്കർമരൂപിയായ പുദ്ഗലം പുണ്യവും പാപകർമരൂപമായ പുദ്ഗലം പാപവും ചെയ്യിക്കുന്നു.

സമീക്ഷകൻ - ജീവജഡങ്ങളുടെ ലക്ഷണം ശരിയാണെങ്കിലും ജഡമായ പുദ്ഗലം പാപപുണ്യയുക്തമാകാൻ വഴിയില്ല. പാപപുണ്യങ്ങൾ ചെയ്യുന്ന സ്വഭാവം ചേതനത്തിലേയുള്ളൂ. എത്ര യെത്ര ജഡവസ്തുക്കളുണ്ടോ അവയെല്ലാം പാപപുണ്യരഹിതമാണെന്നു കാണാം. ജീവൻ അനാദിയാണെന്ന വിശ്വാസം ശരിയാണ്. എന്നാൽ ആ അല്പനും അല്പജ്ഞനുമായ ജീവാത്മാവ് മുക്തിദശയിൽ സർവ്വജ്ഞനാകുന്നു എന്നു വിശ്വസിക്കുന്നത് ശരിയല്ല. അല്പവും അല്പജ്ഞവുമായതിന്റെ സാമർഥ്യവും എപ്പോഴും അതിരുള്ളതായിരിക്കും.

ജഗത്ത്, ജീവൻ, ജീവന്റെ കർമവും ബന്ധവും എന്നിവ അനാദിയാണെന്ന് ജൈനർ വിശ്വസിക്കുന്നു. എന്തെന്നാൽ സംയോഗജന്യമായ ജഗത്തിന്റെ കാര്യകാരണങ്ങളും പ്രവാഹേന കാര്യവും, ജീവന്റെ കർമവും ബന്ധവും പ്രവാഹത്താലല്ലാതെ സ്വരൂപത്തിൽ അനാദിയല്ല. ആണെന്നു വിശ്വസിച്ചാൽ കർമബന്ധങ്ങളിൽ നിന്നു വിടുതലുണ്ടെന്നെങ്ങനെ വിശ്വസിക്കും? അനാദിയായത് ഒരിക്കലും വിട്ടുപോവുകയില്ല. അനാദിയായതും നശിക്കുമെങ്കിൽ നിങ്ങളുടെ എല്ലാ അനാദിവസ്തുക്കളുടേയും നാശം പ്രസക്തമാകും. അപ്പോൾ കർമത്തിന്റെ നാശവും പ്രസക്തമാകും. അനാദി നിത്യമാണെങ്കിൽ കർമവും ബന്ധവും നിത്യമാകും. കർമങ്ങളിൽ നിന്നുള്ള

57. പേജ് 336 മുതൽ നോക്കുക

58. ആർഹതദർശനം-87



വിടുതലാണ് മുക്തിയെങ്കിൽ, എല്ലാ കർമങ്ങളിൽനിന്നുമുള്ള വിടുതൽ മുക്തിയുടെ നിമിത്തമാകും. അപ്പോൾ മുക്തി നൈമിത്തികമാകും. അത് സദാ നിലനില്ക്കുകയുമില്ല. കർമം കർത്താവും തമ്മിൽ നിത്യബന്ധം ഉണ്ടാവുകയാൽ കർമവും ഒരിക്കലും വിട്ടുമാറാത്തതാകും. അപ്പോൾ നിങ്ങളുടേയും തീർത്ഥങ്കരരുടേയും മുക്തി നിത്യമാണെന്നു പറഞ്ഞത് ശരിയല്ലാതാകും.

ചോദ്യം:- ധാന്യത്തിന്റെ ഉമിപോയാലോ, അഗ്നിസംസർഗമുണ്ടായാലോ അതു മുളയ്ക്കാത്തതുപോലെ മുക്തി നേടിയ ജീവൻ വീണ്ടും ജനനമരണ രൂപിയായ സംസാരത്തിൽ വരികയില്ല.

ഉത്തരം:- ജീവനും കർമവുമായുള്ള ബന്ധം ഉമിയും ബീജവുമായുള്ളതുപോലെയല്ല. ഇവിടെ സമവായ ബന്ധമാണുള്ളത്. അനാദികാലം മുതൽ ജീവനും അതിന്റെ കർമകർത്തൃത്വ ശക്തിയുമായി ബന്ധമുണ്ട്. അതിൽ കർമം ചെയ്യാനുള്ള ശക്തി ഇല്ലെന്നു വരുകിൽ ജീവൻ ശിലാതുല്യനാകും. മുക്തി അനുഭവിക്കാനും ശക്തിയില്ലാതാകും. അനാദികാലത്തെ കർമബന്ധനത്തിൽ നിന്നു വിട്ട് ജീവൻ മുക്തനാകുമെങ്കിൽ നിങ്ങളുടെ നിത്യമുക്തിയിൽനിന്നു വിട്ടും ബന്ധനത്തിൽ വീഴും. കർമരൂപിയായ മുക്തിസാധനങ്ങളിൽ നിന്നു വിട്ട് ബന്ധനത്തിലും പെടാവുന്നതാണ്. സാധനങ്ങളാൽ സിദ്ധമായ വസ്തു ഒരിക്കലും നിത്യമാവുകയില്ല. സാധനസിദ്ധമല്ലാതെ മുക്തിയുണ്ടെങ്കിൽ കർമങ്ങളില്ലാതെ ബന്ധനവുമാകാം. വസ്ത്രങ്ങളിൽ പിടിക്കുന്ന അഴുക്ക്, കഴുകുമ്പോൾ പോയി, വീണ്ടും പിടിക്കുകയും ചെയ്യുന്നു. അതുപോലെ മിഥ്യത്വം മുതലായ ഹേതുക്കളാലും രാഗദ്വേഷാദികളെ ആശ്രയിച്ചും ജീവൻ കർമരൂപമായ ഫലത്തെ അനുഭവിക്കുന്നു. യഥാർത്ഥമായ ജ്ഞാനം, ദർശനം, സത്സ്വഭാവം എന്നിവകൊണ്ട് നിർമലമാവുന്നെന്നും, മാലിന്യകണങ്ങളാൽ മാലിന്യമുണ്ടാകുന്നു എന്നുമാണെങ്കിൽ സംസാരിയായ ജീവൻ മുക്തനാണെന്നും മുക്തജീവൻ സംസാരിയാണെന്നും കരുതേണ്ടിവരും. എന്തെന്നാൽ മാലിന്യം നിമിത്തങ്ങളാൽ മാറുന്നുവെങ്കിൽ നിമിത്തങ്ങളാൽ മാലിന്യം പുരളുകയും ചെയ്യും. അതിനാൽ ജീവന്റെ ബന്ധവും മുക്തിയും പ്രവാഹത്താൽ അനാദിയാണെന്നു കരുതുകയല്ലാതെ അനാദിയും ആനന്തവുമായി അനാദിയാണെന്നു കരുതരുത്.

ചോദ്യം:- ജീവൻ ഒരിക്കലും നിർമലമല്ലായിരുന്നു. മാലിന്യത്തോടുകൂടിയതായിരുന്നു.

ഉത്തരം:- ഒരു കാലത്ത് നിർമലമായിരുന്നതിനു മാത്രമേ വീണ്ടും നിർമലമാകാൻ കഴിയൂ. വസ്ത്രത്തിൽ പറ്റുന്ന അഴുക്ക് കഴുകിക്കളയാം. അതിന്റെ സ്വാഭാവികമായ വെണ്മ കളയാനാവുകയില്ല. മാലിന്യം വീണ്ടും പുരളും. ഇതുപോലെയാണ് മുക്തിയിലും.

ചോദ്യം:- ജീവൻ പൂർവാർജിത കർമത്താൽ ശരീരധാരണം ചെയ്യുന്നു. ഈശ്വരന് ഇതിൽ പങ്കുണ്ടെന്നു കരുതുന്നത് വെറുതെയാണ്.

ഉത്തരം:- കർമം മാത്രമാണ് ശരീരധാരണത്തിൽ നിമിത്തം, ഈശ്വരനല്ലാ എങ്കിൽ അതിദുഃഖമുള്ള ഈശ്വരജന്മങ്ങളൊന്നും ജീവാത്മാവ് ഒരിക്കലും എടുക്കുകയേയില്ല. എപ്പോഴും നല്ലനല്ല ജന്മങ്ങളേ എടുക്കൂ. കർമം പ്രതിബന്ധമാകണമെന്നാണെങ്കിൽ, രാജാവ് ശിക്ഷനല്കാതെ കള്ളൻ സ്വയംവന്ന് ജയിലിൽ കയറാത്തതുപോലെയും, സ്വയം തൂക്കിലേറാത്തതുപോലെയും ജീവന് ശരീരം നല്കാനും കർമഫലം നല്കാനും ഈശ്വരനുണ്ടെന്നു നിങ്ങളും വിശ്വസിച്ചുകൊൾക.

ചോദ്യം:- മദം - ലഹരി - പോലെ കർമഫലവും സ്വയം പ്രാപ്തമാകുന്നു. ഫലം നല്കാൻ മറ്റൊരാളിന്റെ ആവശ്യമില്ല.

ഉത്തരം:- അങ്ങനെയാണെങ്കിൽ, മദ്യപാനം ധാരാളം ചെയ്യുന്നവർക്ക് കുറച്ചും പരിചയമില്ലാത്തവർക്ക് കൂടുതലും ലഹരിപിടിക്കുന്നതുപോലെ നിത്യവും വളരെ പാപപുണ്യങ്ങൾ ചെയ്യുന്നവർക്ക് കുറച്ചും വല്ലപ്പോഴും കുറച്ചു ചെയ്യുന്നവർക്ക് കൂടുതലും ഫലം ലഭിക്കണം. അല്പം കർമം ചെയ്യുന്നവർക്ക് കൂടുതൽ ഫലം കിട്ടണം.

ചോദ്യം:- ഓരോരുത്തരുടേയും സ്വഭാവമനുസരിച്ചല്ലേ ഫലം ലഭിക്കുന്നത്?

ഉത്തരം:- സ്വഭാവത്താലാണെങ്കിൽ അതിൽനിന്നു വിടുകയോ അതു ലഭിക്കുകയോ ഇല്ല. ശുദ്ധവസ്ത്രത്തിൽ നിമിത്തത്താൽ അഴുക്കു പുരളുന്നു, നിമിത്തത്താൽ കഴുകപ്പെടുന്നു. ഇങ്ങനെ കരുതുകയാവും ഉത്തമം.

ചോദ്യം:- സംയോഗമല്ലാതെ കർമപരിണാമത്തെ പ്രാപിക്കുകയില്ല. പാലിൽ പുളി ചേരാതെ തൈരാവുകയില്ലാത്തതുപോലെ, ജീവനും കർമവും ചേർന്ന് കർമപരിണാമം ഉണ്ടാകുന്നു.



ഉത്തരം:- പാലും പുളിയും ചേർക്കുന്നത് മറ്റൊരാളാണ്. അതുപോലെ ജീവനും കർമവുമായി ചേർക്കുന്നതിന് ഈശ്വരൻ വേണം. എന്തെന്നാൽ ജഡവസ്തു നിയമപൂർവം സ്വയം ചേരുകയില്ല. ജീവൻ അല്പജ്ഞനാകയാൽ സ്വയം കർമഫലത്തെ പ്രാപിക്കുവാൻ കഴിവില്ല. ഈശ്വരനാൽ വ്യവസ്ഥാപിതമായ സൃഷ്ടിക്രമമില്ലാതെ കർമഫലവ്യവസ്ഥ സാധ്യമല്ലെന്ന് ഇതിനാൽ സിദ്ധിക്കുന്നു.

ചോദ്യം:- കർമത്തിൽ നിന്നു മുക്തനാകുന്നയാളല്ലേ ഈശ്വരൻ.

ഉത്തരം:- അനാദികാലം മുതൽ ജീവൻ കർമവുമായി ചേർന്നിരിക്കുന്നതാണെങ്കിൽ അതിൽ നിന്ന് ഒരിക്കലും മുക്തിയില്ല.

ചോദ്യം:- കർമത്തിന്റെ ബന്ധത്തിന് ആദിയുണ്ട്.

ഉത്തരം:- ആദിയുള്ളതാണെങ്കിൽ കർമത്തിന്റെ സംയോഗം അനാദിയല്ല. സംയോഗത്തിനുമുമ്പ് ജീവൻ കർമഹീനനീയിരിക്കണം. നിഷ്കർമമായതിന് കർമം ബാധിച്ചാൽ മുക്തനും ബാധിക്കും. കർമവും കർത്താവും തമ്മിൽ സമവായ ബന്ധം അഥവാ നിത്യബന്ധം ഉണ്ടാവും. അത് ഒരിക്കലും വിടുകയില്ല. അതിനാൽ ഒമ്പതാം സമുല്ലാസത്തിൽ എഴുതിയിരിക്കുന്നത് അംഗീകരിക്കുകയാണ് ഉചിതം.

ജീവൻ സ്വന്തം സാമർഥ്യവും ജ്ഞാനവും എത്രകണ്ട് വർദ്ധിപ്പിച്ചാലും അതിൽ പരിമിത ജ്ഞാനവും സാമർഥ്യവുമേ ഉണ്ടാകൂ. ഒരിക്കലും ഈശ്വരതുല്യമാവുകയില്ല. എത്രകണ്ട് സാമർഥ്യം വർദ്ധിപ്പിക്കുന്നത് ഉചിതമോ, അത്രയും യോഗത്താൽ വർദ്ധിപ്പിക്കാവുന്നതാണ്.

ജൈനികളുടെ അഹതന്മാർ ശരീരപരിമാണമനുസരിച്ച് ജീവാത്മാവിന്റെ വലുപ്പം അംഗീകരിക്കുന്നല്ലോ.[59] അങ്ങനെയാണെങ്കിൽ ആനയുടെ ജീവൻ കീടത്തിലും കീടത്തിന്റെ ജീവൻ ആനയിലും എങ്ങനെ ഒതുങ്ങുമെന്ന് അവരോട് ചോദിക്കണം, ഇതും മൗഢ്യമാണ്. ജീവൻ ഒരു സൂക്ഷ്മ പദാർത്ഥമാണ്. അതിനൊരു പരമാണുവിലും വസിക്കാം. എന്നാൽ അതിന്റെ ശക്തികൾ ശരീരത്തിൽ പ്രാണൻ, വിദ്യുത്, നാഡികൾ മുതലായവയുമായി സംയോജിച്ചിരിക്കുന്നു. അതുകൊണ്ടാണ് ശരീരത്തിലെല്ലാം വർത്തിക്കുന്നു എന്നറിയുന്നത്. സത്സംഗംകൊണ്ട് നല്ലതും, കുസംഗംകൊണ്ട് ചീത്തയുമായിത്തീരുന്നു.

ജൈനർ ധർമം ഇപ്രകാരമാണെന്നു കരുതുന്നു:-

മൂലം:- രേ ജീവ ഭവ ദുഹാഇ ഇക്കം ചിയ ഹരഇ ജിണമയം ധർമ്മം. ഇയരാണം പരമം തോ സുഹകയ്യേ മൂഢ മുസിഓസി. (പ്രകരണരത്നാകരം ഭാഗം 2. ഷഷ്ടീശതകം 60, സൂത്രാങ്കം 3)

സംക്ഷിപ്താർഥം:- എടോ ജീവാ, ഒരേയോരു ജൈനമതം, ശ്രീവീതരാഗഭാഷിത ധർമം, മാത്രമേ സംസാര സംബന്ധിതമായ ജനനജരാമരണാദിദുഃഖങ്ങളെ ഹരിക്കുന്നതായുള്ളു. ഇതുപോലെ ശ്രേഷ്ഠദേവന്മരും സദ്ഗുരുക്കന്മാരും ജൈനമതക്കാർ മാത്രമാണ്. ഇതരർ -വീതരാഗനായ ഋഷഭദേവൻ മുതൽ മഹാവീരൻ വരെയുള്ളു വീതരാഗരായ ദേവന്മാരിൽനിന്ന് ഭിന്നരായ ഹരി, ഹരൻ, ബ്രഹ്മാവ് മുതലായവരെല്ലാം ദുർദ്ദേവതകളാണ്. നന്മയ്ക്കായി അവരെ ഭജിക്കുന്നവർ വഞ്ചിക്കപ്പെടുന്നു.

ഇതിന്റെസാരം ഇത്രമാത്രമാണ് - ജൈനമതത്തിലെ ശ്രേഷ്ഠദേവന്മാരെയും സദ്ഗുരുക്കന്മാരെയും വിട്ട് മറ്റ് ദുർദ്ദേവതകളേയും ദുഷ്ടഗുരുക്കന്മാരെയും സേവിച്ചാൽ ഒരു നന്മയും ഉണ്ടാവുകയില്ല.

സമീക്ഷകൻ: ഇവരുടെ മതഗ്രന്ഥങ്ങൾ എത്ര നിന്ദാഭരിതമാണെന്ന് വിദ്വാന്മാർ ചിന്തിക്കേണ്ടതാണ്.

മൂലം:- അരിഹം ദേവോ സുഗുരു സുദ്ധം ധമ്മം ച പഞ്ചനവക്കരോ, ധന്നാണം കയച്ചാണം നിരന്തരം വസഇ ഹിയയമ്മി (ടി. 2.60.1)

സംക്ഷിപ്താർഥം - ദേവേന്ദ്രപൂജിതനായ അർഹന്തനേക്കാൾ ഉത്തമമായി മറ്റൊന്നില്ല. ദേവദേവനും ശ്രീമാനും ജ്ഞാനക്രിയാശാലിയും ശാസ്ത്രോപദേഷ്ടാവും, ശുദ്ധനും, നിഷ്കളങ്കനും, ദയാലുവും ജ്ഞാനത്തിന്റെയും നന്മയുടെയും ഉറവിടവുമായ ശ്രീജിനനും അദ്ദേഹമുപദേശിച്ച ധർമവുമാണ് ദുർഗതിയിൽപെട്ട പ്രാണികളെ സമുദ്ധരിക്കുന്നത്. മറ്റ് ഹരിഹരാദികളുടെ ധർമം സംസാരത്തിൽ നിന്ന് ഉദ്ധരിക്കാൻ പോരുന്നതല്ല. അഞ്ച് വാഴ്ത്തപ്പെട്ട അർഹന്തന്മാർക്കും ബന്ധുക്കൾക്കും നമസ്കാരം. നാല്

59.ആത്മാപ്രത്യക്ഷാദിപ്രമാണസിദ്ധഃ ചൈതന്യരൂപഃ പരിണാമീ കർത്താസാക്ഷാത് ഭോക്താ സ്വദേഹ പരിമാണഃ (പ്രകരണരത്നസാരം ഭാഗം 1)



ഗുണങ്ങൾ വാഴ്ത്തപ്പെട്ടവയാണ്. അവ, ദയ, ക്ഷമ, സമ്യക്ത്വജ്ഞാനം, ദേവദർശനം സത്സ്വഭാവം എന്നിവയാണ്.

സമീക്ഷകൻ:- മനുഷ്യനോടില്ലാത്ത ദയയല്ല. ക്ഷമയും അങ്ങനെ തന്നെ. ജ്ഞാനത്തിനു പകരം അജ്ഞാനവും ദേവദർശനത്തിനുപകരം അന്ധകാരവും, സത്സ്വഭാവത്തിനു പകരം പട്ടിണികിടക്കലും എങ്ങനെ നല്ലവയാകും? ദയയും ക്ഷമയും നല്ലവയാണെങ്കിലും പക്ഷപാതത്തിൽ പെട്ടുകഴിഞ്ഞാൽ ക്ഷമ അക്ഷമയും ദയ ദയയില്ലായ്മയും ആയിപ്പോകും. യാതൊരു ജീവിയേയും ദുഃഖിപ്പിക്കാതിരിക്കുകയാണ് ഇതിന്റെ പ്രയോജനം. പക്ഷേ അസാധ്യമാണിത്. എന്തെന്നാൽ ദുഷ്ടന്മാരെ ശിക്ഷിക്കുന്നതും ദയയിൽ പെടുന്നതാണ്. ഒരു ദുഷ്ടനു ശിക്ഷനല്കാതിരുന്നാൽ ആയിരം മനുഷ്യർക്ക് ദുഃഖമുണ്ടാകും. അതിനാൽ ആ ദയ ദയയില്ലായ്മയും ക്ഷമ അക്ഷമയുമാകും.

എല്ലാ ജീവകൾക്കും ദുഃഖനാശവും സുഖപ്രാപ്തി ഉണ്ടാകാനുള്ള ഉപായത്തിന് ദയയെന്നു പറയുന്നത് ശരിയാണ്. വെള്ളം അരിച്ചു കുടിക്കുന്നതും ക്ഷുദ്രജീവികളെ രക്ഷിക്കുന്നതും മാത്രമല്ല ദയ. ഇപ്രകാരമുള്ള ദയ ജൈനികൾ പറയുന്നെന്നേയുള്ളൂ ചെയ്യുന്നില്ല. ഏതു മതത്തിൽ പെട്ടവനുമാകട്ടെ, മനുഷ്യരോടു ദയവുകാട്ടി അവരെ അന്നപാനാദികൾ നല്കി സല്കരിക്കുന്നതും, ഇതരമതസ്ഥരായ വിദ്വാന്മാരെ ബഹുമാനിച്ചു ശുശ്രൂഷിക്കുന്നതും ദയയല്ലേ? ഇവർക്ക് യഥാർത്ഥ ദയ ഉണ്ടായിരുന്നെങ്കിൽ വിവേകസാരം എന്ന ഗ്രന്ഥത്തിന്റെ 221-ാം പേജിൽ എഴുതിയിരിക്കുന്നത് ശരിയാകുമോ?

1. പരമതസ്തുതിചെയ്യുക. 2. അവരെ വന്ദിക്കുക. 3. ആലപനം; അവരോടു സംസാരിക്കുക. 4. സംലപനം; വീണ്ടും വീണ്ടും അവരോടു സംസാരിക്കുക, 5. അവർക്ക് അന്നവസ്ത്രാദി ദാനം ചെയ്യുക., 6. ഗന്ധപുഷ്പാദിദാനം ചെയ്ക എന്നീ ആറ് യാതനകൾ - ആറുവിധ പ്രവൃത്തികൾ ജൈനികൾചെയ്യാൻ പാടില്ല.

സമീക്ഷകൻ:- ജൈനികൾക്ക് മറ്റുള്ളവരോട് എത്രകണ്ട് ദയയില്ലായ്മയും വെറുപ്പും ദ്വേഷവും ഉണ്ടെന്ന് ബുദ്ധിമാൻമാർ ആലോചിക്കണം. മറ്റുമതസ്ഥരോട് ഇത്രകണ്ട് നിർദ്ദയരായ ജൈനരെ ദയാഹീനരെന്നേ പറയാവൂ. എന്തെന്നാൽ സ്വന്തക്കാരെ മാത്രം ശുശ്രൂഷിക്കുന്നത് വിശേഷ ധർമമാവില്ല. അവരുടെ മതക്കാർ അവരുടെ സ്വന്തക്കാരാണ്. അതിനാൽ അവരെ ശുശ്രൂഷിക്കുന്നു. അന്യരെ വെറുക്കുന്നു. ഏതു ബുദ്ധിമാനാണ് ഇവരെ ദയാലുക്കൾ എന്നു പറയാനാവുക?

വിവേകസാരം 108-ാം പേജിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: - "മഥുരയിലെ രാജാവിന്റെ നമൂചീ എന്ന ദിവാനെ ജൈനയതികൾ തങ്ങളുടെ വിരോധിയാണെന്നറിഞ്ഞ് കൊന്നുകളയുകയും ആലോയണ (പ്രായശ്ചിത്തം) ചെയ്ത് ശുദ്ധമാകയും ചെയ്തു."

സമീക്ഷകൻ:- ഇത് ദയയുടെയും ക്ഷമയുടെയും നാശകർമ്മമല്ലേ? പരമതസ്ഥരുടെ ജീവഹാനിവരെ ചെയ്യുന്ന വൈരബുദ്ധികളെ ദയാലുവെന്നതിനുപകരം ഹിംസകരെന്നല്ലേ വിളിക്കേണ്ടത്?

നാലുമുക്തിസാധനങ്ങൾ

ഇനി സമ്യക്ദർശനാദികളുടെ ലക്ഷണം "അർഹത പ്രവചന സംഗ്രഹം". "പരമാഗമനസാരം" എന്നിവയിൽ പറയുന്നതു നോക്കാം:- "സമ്യക് ശ്രദ്ധാൻ, സമ്യക് ദർശൻ, ജ്ഞാനം, ചാരിത്രം എന്നിവ നാലാണ് മോക്ഷസാധനങ്ങൾ". ഇവയെ യോഗദേവൻ വ്യാഖ്യാനിച്ചിട്ടുണ്ട്.

"ജീവാദിദ്രവ്യങ്ങൾ ഏതുരൂപത്തിൽ സ്ഥിതിചെയ്യുന്നുവെന്ന് ജൈനഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നുവോ - അതിനു വിപരീതമായ അഭിനിവേശാദികളില്ലാതെ - ശ്രദ്ധയും പ്രീതിയും പുലർത്തുന്നതിന് സമ്യക്ശ്രദ്ധാൻ എന്നും സമ്യക്ദർശനമെന്നും പറയുന്നു."

"രുചിർ ജിനോക്തതത്ത്വേഷു സമ്യക്ശ്രദ്ധാന മുച്യതേ"। [60] ജൈനപ്രതിപാദിതമായ തത്ത്വങ്ങളിൽ അധികം ശ്രദ്ധയുണ്ടായിരിക്കണം. മറ്റുള്ളവയിൽ ഉണ്ടായിരിക്കരുതെന്നർത്ഥം.

യഥാവസ്ഥിതതത്ത്വാനാം സംക്ഷേപാദ്വിസ്തരേണവാ യോ ബോധസ്തമത്രാഹുഃ സമ്യഗ്ജ്ഞാനം മനീഷിണഃ॥ [61] ജീവാദിതത്ത്വങ്ങൾ എപ്രകാരമാണോ അവയുടെ സംക്ഷിപ്തമോ വിസ്തൃതമോ ആയ ബോധമുണ്ടാകുന്നതിന് സമ്യക്ജ്ഞാനമെന്നു പറയുന്നു.

"സർവ്വഥാ/വദ്യയോഗാനാം ത്യാഗശ്ചാരിത്രമുച്യതേ, കീർത്തിതം തദഹിംസാദിവ്രതഭേദേന പഞ്ചധാ അഹിംസാസൂനൃതാസ്തേയ ബ്രഹ്മചര്യാപരിഗ്രഹാഃ"

എല്ലാ പ്രകാരത്തിലും നിന്ദനീയമായ അന്യമ

60. ആർഹതദർശനം -62.
61. ആർഹദർശനം-63



തബന്ധങ്ങളുടെ ത്യാഗമാണ് ചാരിത്രം. അഹിംസാദി വ്യത്യസ്തങ്ങളായ അഞ്ചു വ്രതങ്ങളുണ്ട്. ഒന്ന് അഹിംസ. ഒരു പ്രാണിയേയും ഹിംസിക്കായ്ക. രണ്ട്, സൂനൃതാ. പ്രിയവാക്കുകൾ പറയുക. മൂന്ന് അസ്തേയം. മോഷ്ടിക്കാതിരിക്കുക. നാല്, ബ്രഹ്മചര്യം, ഉപസ്ഥേന്ദ്രിയസംയമനം - അഞ്ച്, അപരിഗ്രഹം. സർവവസ്തുക്കളും ത്യജിക്കുക.

സമീക്ഷകൻ:- ഇവയിൽ മിക്കവയും നല്ലകാര്യങ്ങളാണ്. അഹിംസ; കളവ് മുതലായ നിന്ദ്യ കാര്യങ്ങൾ ഉപേക്ഷിക്കുക ഇതെല്ലാം നല്ലതു തന്നെ. എന്നാൽ അന്യമതങ്ങളെ നിന്ദിക്കുകമുതലായ ദോഷങ്ങൾ നിമിത്തം നല്ലതും ചീത്തയായി. ''അന്യഹരിഹരാദികളുടെ ധർമം ലോകത്തെ ഉദ്ധരിക്കുന്നതല്ല" മുതലായ പരാമർശങ്ങൾ. അവരുടെ പുസ്തകങ്ങൾ നോക്കാതെ ചീത്തയാണെന്നു പറയുകയാണ്. ഇത് ചില്ലറ നിന്ദയാണോ? അതുപോലെ മുകളിൽ വിവരിച്ച അസംഭവ്യങ്ങളായ കാര്യങ്ങൾ പറഞ്ഞ തീർഥങ്കരന്മാരെ സ്തുതിക്കുന്നതും വെറും ശാഠ്യം മാത്രമാണ്.

ജൈനമതത്തിലെ ധർമപ്രശംസ:

മൂലം:- ജഇ ന കുണസി തവ ചരണം ന പഠസി ന ഗുണേസി ദേസി നോ ദാണമ്. താ ഇത്തിയം സക്കിസി ജംദേവോ ഇക്ക അരിഹന്തോ, (പ്രകരണ ഭാ. 2.60.2)

സംക്ഷിപ്താർഥം:- മനുഷ്യാ! നിനക്ക് തപസിയാകാനോ സത്സ്വഭാവിയാകാനോ, പണ്ഡിതനാകാനോ, മേധാവിയാകാനോ സദ്പാത്രത്തിൽ ദാനം ചെയ്യാനോ കഴിയുന്നില്ലെങ്കിലും, ആരാധനയ്ക്ക് ഒരേയൊരു അർഹനായ അർഹന്തനെന്ന ഏകദേവന് ആരാധനയർപ്പിക്കാനും ജൈനധർമ്മത്തിൽ വിശ്വസിക്കാനും കഴിഞ്ഞാൽ അതുമതി. നിന്റെ ഉദ്ധരണത്തിനുള്ള ഏക വഴിയാണത്.

സമീക്ഷകൻ:- സത്സ്വഭാവമില്ലെങ്കിലും, പഠിക്കാനോ ദാനം ചെയ്യാനോ കഴിഞ്ഞില്ലെങ്കിലും "ജൈനമതം സത്യമാണെന്നു" മാത്രം പറയുന്നതുകൊണ്ട് അയാൾ ഉത്തമനാകുമോ? അന്യമതസ്ഥരായ ശ്രേഷ്ഠർ നികൃഷ്ടരുമാകുമോ? ഇങ്ങനെ പറയുന്നവരുടെ ഭ്രാന്തും ബാലബുദ്ധിയും എന്താണാവോ! ഇതിൽനിന്നു വ്യക്തമാകുന്നത് ഇവരുടെ ആചാര്യന്മാർ സ്വാർഥികളായിരുന്നു എന്നും പൂർണവിദ്വാന്മാരല്ലായിരുന്നെന്നുമാണ്. എല്ലാവരേയും നിന്ദിക്കാത്തപക്ഷം ഇവരുടെവലയിൽ ആരെങ്കിലും പെടുകയോ സ്വന്തം ഇഷ്ടം സാധിക്കുകയോ ചെയ്യുമായിരുന്നില്ല. ജൈനമതം ജൈനമതം അധോഗതിക്കുള്ള വഴിയാണെന്നും വൈദിക ധർമ്മം മാത്രമേ ഉദ്ധരിക്കുകയുള്ളൂ എന്നും സിദ്ധിക്കുന്നു. ഹരിഹരാദിദേവന്മാർ നല്ലവരും ഇവരുടെ ഋഷഭദേവനും മറ്റും ദുർദ്ദേവതകളാണെന്നും പറഞ്ഞാൽ ഇവർക്കെന്തു തോന്നും? ദ്വേഷം തോന്നുകയില്ലേ?

ഇവരുടെ ആചാര്യന്മാർക്കും വിശ്വാസികൾക്കും പറ്റിയ തെറ്റുകൾ ഇനിയുമുണ്ട്:-

മൂലം:- ജിണവര ആണാഭംഗം ഉമഗ്ഗ ഉസ്സുക്ക ലേസ ദേസണഉ ആണാ ഭഗേ പാവംതാ ജിണമയ ദുക്കരം ധമ്മമ്. (പ്രകരണ - ഭാ 2.60. 11)

സംഃ അർഥം:- ഉന്മാർഗം ഉത്സൂത്രം എന്നിവയുടെ ലേഖനങ്ങൾ ആരെയെങ്കിലും കാണിക്കുന്നതുകൊണ്ട് ജിനവരന്മാരുടെ, അഥവാ വീതരാഗരായ തീർത്ഥങ്കരരുടെ ആജ്ഞാലംഘനം സംഭവിക്കുന്നു. അത് ദുഃഖഹേതുവായ പാപമാണ്. ജിനവരൻ അരുളിയ സമ്യക്ത്വം മുതലായ ധർമങ്ങൾ ഗ്രഹിക്കുവാൻ വിഷമമാണ്. അതിനാൽ ജിനവരന്റെ ആജ്ഞയ്ക്കു ഭംഗം വരാത്തവണ്ണം പ്രവർത്തിക്കണം.

സമീക്ഷകൻ:- സ്വയം പ്രശംസിക്കുക, സ്വന്തം മതമാണ് ശ്രേഷ്ഠമെന്നു പറയുക, മറ്റുള്ളവയെ നിന്ദിക്കുക എന്നിവ മൂഢന്മാരുടെ പ്രവൃത്തിയാണ്. മറ്റു വിദ്വാന്മാർ പ്രശംസിക്കുന്നെങ്കിൽ അതാണ് ശരി. കള്ളന്മാർക്ക് സ്വയം പ്രശംസിക്കുവാൻ കഴിയും അതുകൊണ്ട് അവർ പ്രശംസനീയരാകുന്നുണ്ടോ? അതുപോലെയാണ് ഇവരുടെ കാര്യവും.

ജൈനികളേപ്പോലെ പക്ഷപാതക്കാരില്ല.

മൂലം:- ബഹുഗുണ വിജ്ജാ നില ഓ ഉസ്സുത്ത ഭാസീ ത ഹാവിമുത്തവോ ജഹ വര മണിജൂതോ വിഹു വിഗ്ധകരോ വിസ ഹരോലോയേ (ടി. 2.18)

സം അർത്ഥം:- വിഷസർപത്തിന്റെ ശിരോരത്നം ത്യാജ്യമായിരിക്കുന്നതുപോലെ ജൈനമതത്തിലല്ലാത്തയാൾ എത്രവലിയ ധാർമികനോ പണ്ഡിതനോ ആയാലും ശരി ആയാളെ ത്യജിക്കുന്നതാണ് ജൈനർക്ക് ഉചിതം.

സമീക്ഷകൻ:- എത്ര തെറ്റാണിതെന്നു നോക്കൂ. ഇവരുടെ ശിഷ്യന്മാരും ആചാര്യന്മാരും വിദ്വാന്മാരായിരുന്നെങ്കിൽ, വിദ്വാന്മാരെ ഇഷ്ടപ്പെട്ടേനെ. ഇവരുടെ തീർഥങ്കരന്മാർ സഹിതം ഏവരും അവിദ്വാന്മാരാകയാൽ വിദ്വാൻമാരെ നിന്ദിക്കാതെന്തും



ചെയ്യും? സ്വർണം അഴുക്കിലോ പൊടിയിലോ കിടന്നാലും ആരാനും ഉപേക്ഷിക്കുമോ? ജൈനികളെപ്പോലെ പക്ഷപാതികളും ദുരാഗ്രഹികളുമായി ആരുമില്ലെന്ന് ഇതിൽ നിന്നു തെളിയുന്നു.

മൂലം:- അഇസയ പാവിയ പാവാ ധമ്മിഅ പബ്ബേസു തോവിപാവരയാ നചലന്തി സുദ്ധ ധമ്മാ ധന്നാ കിവിപാവ പവ്വേസു (ടി. 2.29)

സം. അർഥം:- അന്യസിദ്ധാന്തക്കാരായ കലിംഗികളെ അതായത് ജൈനധർമവിരോധികളെ, ജൈനർ കണിപോലും കണ്ടുകൂടാ.

സമീക്ഷകൻ:- ഇതെത്രയോ പാമരതയാണെന്ന് ബുദ്ധിമാന്മാർ ചിന്തിക്കണം. സത്യമായ ധർമത്തിൽ വിശ്വസിക്കുന്നവന് ആരെയും കൂസേണ്ട കാര്യമില്ല. ഇവരുടെ ആചാര്യന്മാർക്കു തന്നെ തങ്ങളുടെ മതം മണൽകൊട്ടാരമെന്നറിയാമായിരുന്നു. ആരെങ്കിലും കണ്ടാൽ തകർന്നു തരിപ്പണമാകും. അതിനാൽ എല്ലാവരേയും നിന്ദിക്കുക, മൂഢരെ വലയിൽ വീഴ്ത്തുക!

മൂലം:- നാമം പി തസ്സ അസുഹം ജേണ നിദിഠാഇൗ മിച്ഛപവ്വായീ. ജേസിം അണുസംഗാഉ ധമ്മീണവി ഹോഇ പാവ മഇ (ടി. 2.27)

സം. അർത്ഥം :- ജൈനമതത്തിനു വിരുദ്ധമായ ധർമ്മങ്ങളെല്ലാം മനുഷ്യരെ പാപികളാക്കുന്നവയാണ്, അതിനാൽ മറ്റുമതങ്ങളൊന്നും വിശ്വസിക്കാതെ ജൈനമതത്തിൽ വിശ്വസിക്കുന്നതാണ് ശ്രേഷ്ഠം.

സമീക്ഷകൻ:- എല്ലാവരോടും വൈരം, വിരോധം, ഈർഷ്യ, നിന്ദ മുതലായ ദുഷ്കർമ്മങ്ങളുടെ സാഗരത്തിൽ മുക്കുന്നതാണ് ജൈനധർമമെന്ന് ഇതിൽനിന്നു തെളിയുന്നു. ജൈനികളെപ്പോലെ പരമതനിന്ദ ചെയ്യുന്നവരും അധർമികളുമായി മറ്റാരും ഉണ്ടാവില്ല. ഒരു വശത്ത് മറ്റെല്ലാവരേയും നിന്ദിക്കുക. മറുവശത്ത് സ്വയം അതിപ്രശംസ ചെയ്യുക എന്നിവ ശഠന്മാരുടെ പണിയല്ലേ? വിവേകമുള്ളവർ, ഏതു മതത്തിലേയുമാകട്ടെ, നല്ലത് നല്ലതെന്നും ചീത്ത ചീത്തയെന്നു മല്ലേ പറയൂ?

മൂലം:- ഹാഹ ഗുരുഅ അകജ്ജ സാമീ നഹു അത്ഥി കസ്സ പുക്കരിമോ, കഹ ജിണവയന കഹ സുഗുരു സാവയാ കഹ ഇയ അകജ്ജം (ടി. 2. 35)

സം. അർഥം:- സർവജ്ഞ വചനമായ ജിനഭാഷിതങ്ങളും ജൈനസദ്ഗുരുക്കന്മാരും ജൈനധർമവും എവിടെ? ഇതിനു വിപരീതമായ അന്യദുർഗുരുക്കന്മാരും ഉപദേശകരും എവിടെ? അതായത് ഞങ്ങളുടേത് സദ്ഗുരുക്കന്മാരും സദ്ദേവകളും സദ്ധർമ്മികളും അന്യരുടേത് ദുർഗുരുക്കന്മാരും ദുർദ്ദേവതകളും അധർമികളുമാണ്.

സമീക്ഷകൻ:- ഇത്, തൻപിള്ള പൊൻപിള്ള മറ്റെല്ലാം ചാപിള്ള എന്നു പറയുന്നതുപോലെയാണ്. ഇവർ ഭിന്നമതാനുയായികളെ മാനിക്കുന്നത് പാപമായി എണ്ണുന്നു.

സർപ്പത്തിന്റെ ശിരോരത്നം ത്യജിക്കുകയാണ് ഉചിതമെന്ന് നേരത്തെ എഴുതിയതുപോലെ, ഇതര ധർമാവലംബികളെ ത്യജിക്കണമത്രേ. ഇതിലധികം നിന്ദിക്കുന്നതു നോക്കുക:-

മൂലം:- സപ്പോ ഇക്കം മരണം കുഗുരു അണന്താഇ ദേഹ മരണാഇ, തോ വരിസപ്പം ഗഹിയും മാ കുഗുസേവണം ഭദൂമ്. (ടി. 2. 36)

സം. അർഥം:- ജൈനരിൽ നിന്നു ഭിന്നരായ എല്ലാ ദുർഗുരുക്കന്മാരും സർപ്പത്തേക്കാൾ ചീത്തയാണ്. അവരെ കാണുകയോ ശുശ്രൂഷിക്കുകയോ സംഗമിക്കുകയോ ചെയ്യരുത്. എന്തെന്നാൽ പാമ്പു കടിച്ചാൽ ഒരിക്കലേ മരിക്കൂ. അന്യമതസ്ഥരായ ദുർഗുരുക്കന്മാരുടെ സംഗം കൊണ്ട് അനേകം തവണ ജനനമരണങ്ങളുണ്ടാകും. അതിനാൽ നല്ലവരേ! അവരുടെ അടുക്കൽ ചെന്നു നില്ക്കുകപോലുമരുത്. അതുനിമിത്തം ദുഃഖസാഗരത്തിൽ പതിക്കാനിടയാകും.

സമീക്ഷകൻ:- നോക്കുക! ജൈനികളെപ്പോലെ ഭ്രാന്തചിത്തരും കഠോരദ്വേഷികളും പരനിന്ദകരുമായവരാരും അന്യമതസ്ഥർക്കിടയിൽ ഉണ്ടായിരിക്കുകയില്ല. അന്യരെ നിന്ദിക്കുകയും സ്വയം പ്രശംസിക്കുകയും ചെയ്തില്ലെങ്കിൽ തങ്ങളെ ആരും ബഹുമാനിക്കുകയോ സേവിക്കുകയോ ചെയ്യുകയില്ലെന്നിവർ വിചാരിച്ചിരിക്കാം. പക്ഷേ ഇതവരുടെ ദൗർഭാഗ്യമായിപ്പോയി. എന്തെന്നാൽ സജ്ജന സംസർഗവും സത്സംഗവും കൂടാതെ യഥാർത്ഥ ജ്ഞാനവും സത്യധർമപ്രാപ്തിയും ഒരിക്കലും ഉണ്ടാവുകയില്ല. അതിനാൽ വിദ്യാവിരുദ്ധരായ മിഥ്യകളെ വെടിഞ്ഞ് വേദോക്തമായ സത്യ ധർമ്മങ്ങളെ സ്വീകരിക്കുന്നതാവും ജൈനികൾക്ക് മംഗളപ്രദം.

മൂലം:- കിം ഭണിമോ കിങ്കരിമോ താണ ഹയാസണ ധിട്ഠദുട്ഠാണമ് ജേദംസി ഊണിലിംഗം ഖിവംതിനരയസ്മി മുദ്ധജണം. (ടി. 2.40)



സം. അർഥം:- മംഗളപ്രതീക്ഷ നശിച്ച്, ധാർഷ്ട്യത്തോടെ വർജ്യമായ ദുഷ്ടാചാരങ്ങൾ മാത്രം ചെയ്യുന്നതിൽ അതിചതുരരായ ദുഷ്ടരോടെന്തു പറയാനാണ്? എന്തുചെയ്യാനാണ്. അവർ ഇട്ട കൈക്കു കടിക്കുന്നവരാണ്. ഉപകാരം ചെയ്യുന്നവരെ കൊന്നുതിന്നുന്നവരെപ്പോലെയാണ് ദുർഗുരുക്കന്മാർ. അവർക്കുപകരം ചെയ്യുന്നത് സ്വയം നാശം വരുത്തിവയ്ക്കലാണ്. അതിനാൽ അവരിൽനിന്ന്കന്നിരിക്കുക.

സമീക്ഷകൻ:- ജൈനികളെപ്പോലെ മറ്റുള്ളവരും ചിന്തിച്ചിരുന്നെങ്കിൽ ജൈനർക്ക് എന്തു ദുർഗതിയാകുമായിരുന്നു! ആരും അവരെ സഹായിക്കുകയില്ലെങ്കിൽ എന്തു കഷ്ടപ്പാടുണ്ടാകും! മറ്റുള്ളവരുടെ സ്ഥിതിയും ഇതുതന്നെയാണെന്ന് അവർ എന്തുകൊണ്ട് കരുതുന്നില്ല!

മൂലം:- ജഹജഹ തുട്ടഇ ധമ്മോ ജഹജഹ ദുട്ഠാണ ഹോഇ അഇഉദഉം, സമദ്ദിട്ഠിജിയാണം തഹതഹ ഉല്ലസഇ സമത്തം (ടി. 2. 42)

സംഃ അർഥം:- ദർശനഭ്രഷ്ടരും, വിവിധ ആചാരക്കാരും മറ്റുമായ ദുഷ്ടവിപ്രന്മാരുടെ പൂജാസല്ക്കാരങ്ങളിൽ അവരുടെ ശക്തിയും മറ്റും വർദ്ധിക്കുന്നെങ്കിലും ജൈനാത്മാക്കളുടെ സമ്യഗ്ദൃഷ്ടികളായ ജീവാത്മാക്കളുടെ സമ്യക്ത്വം വിശേഷാൽ വെളിവാകുന്നെന്നത് വളരെ ആശ്ചര്യംതന്നെ!

സമീക്ഷകൻ:- ഈ ജൈനരേക്കാളധികം ഈർഷ്യയും ദ്വേഷവും വൈരബുദ്ധിയും വേറെ ആർക്കെങ്കിലുമുണ്ടോ എന്നു നോക്കൂ. മറ്റു മതങ്ങളിലും ഈർഷ്യാദ്വേഷാദികളുണ്ടെങ്കിലും ജൈനികളിലുള്ളപോലെ എങ്ങുമില്ല. ദ്വേഷം പാപത്തിന്റെ കാരണമാണ്. അപ്പോൾ ജൈനമതത്തിൽ പാപാചരണം ഉള്ളതിലത്ഭുതമില്ല.

മൂലം:- സംഗോവി ജാണ അഹിഉ തേസിം ധമ്മാഇജ്ജേ പകവ്വന്തി മുത്തൂണ ചോരസംഗം കരന്തി തേചോരിയം പാവാ (ടി. 2, 75)

സം. അർഥം:- ഇതിന്റെ മുഖ്യ പ്രയോജനം ഇതാണ്:- കള്ളന്മാരുമായി സംസർഗമുള്ളവൻ നാസികാഛേദനം മുതലായ ശിക്ഷകൾ കാര്യമാക്കാത്തതുപോലെ ജൈനേതരമായ കള്ള മതങ്ങളിൽ ഉള്ളവർ സ്വന്തം അധഃപതനത്തെ ഗണ്യമാക്കുന്നില്ല.

സമീക്ഷകൻ:- തന്നെപ്പോലെയാണ് മറ്റുള്ളവരെന്ന് മനുഷ്യർ കരുതുന്നു. മറ്റു മതങ്ങളെല്ലാം നികൃഷ്ടവും ജൈനമതം മാത്രം ഉത്തമമെന്നും പറയുന്നതിലെന്താണർത്ഥം? മനുഷ്യരിൽ അതിയായ അജ്ഞാനവും ദുഷ്ടസംസർഗ്ഗത്താൽ ഭ്രഷ്ടബുദ്ധിയും ഉണ്ടായിരിക്കുവോളം മറ്റുള്ളവരോടുള്ള ഈർഷ്യാദ്വേഷാദിദുഷ്ടതകൾ വിട്ടുമാറുകയില്ല. ജൈനമതത്തിലെ പരദ്വേഷം പോലെ മറ്റെങ്ങുമേ ഇല്ല.

മൂലം:- ജച്ച പസുമഹിസലരകാ പവ്വം ഹോമന്തി പാവനവമീഏ പൂഅന്തി തംപി സഡ്ഢാ ഹാ ഹീലാ വീയരായസ്സ (ടി. 2.76)

സം. അർഥം:- പൂർവസൂത്രത്തിൽ ജൈനരല്ലാത്തവരെല്ലാം മിഥ്യാത്വികളും തങ്ങൾ സമ്യക്ത്വികളും- മറ്റെല്ലാരും പാപികൾ തങ്ങൾ പുണ്യാത്മാക്കൾ - എന്നു പറഞ്ഞു. അതിനാൽ മിഥ്യാത്വികളുടെ മതത്തെ അംഗീകരിക്കുന്നയാൾ പാപിയാണ്.

സമീക്ഷകൻ:- മറ്റുള്ളവരുടെ വ്രതങ്ങളായ ചാമുണ്ഡി, കാളി, കാലഭൈരവൻ മുതലായവരുടെ പാപനവമി അഥവാ ദുർഗാനവമി തുടങ്ങിയ വ്രതങ്ങൾ ചീത്തയാണെങ്കിൽ നിങ്ങളുടെ പജ്ജുഷണം ആദിയായ വ്രതങ്ങളും ചീത്തയല്ലേ? അവ ദുരിതപൂർണവുമാണ്. വാമമാർഗികളുടെ അനാചാരങ്ങളെ ഖണ്ഡിച്ചത് ഉചിതംതന്നെ എന്നാൽ ശാസനദേവി, മരുതദേവി മുതലായവയേയും വിശ്വസിക്കാതെ ഖണ്ഡനം ചെയ്യേണ്ടതായിരുന്നു. ഞങ്ങളുടെ ദേവിമാർ ഹിംസിക്കുന്നവരല്ലെന്നു പറഞ്ഞേക്കാം. ശാസനദേവി ഒരു മനുഷ്യന്റെയും ഒരു ആടിന്റെയും കണ്ണുകൾ ചൂഴ്ന്ന് എടുത്തതാണ്. പിന്നെങ്ങനെയാണ് അവർ രാക്ഷസിയും, ദുർഗയുടേയും കാളിയുടേയും സഹോദരിയുമല്ലാതിരിക്കുക? സ്വന്തം പഞ്ചഖാണം മുതലായ വ്രതങ്ങൾ അതിശ്രേഷ്ഠമെന്നും നവമിയും മറ്റും ദുഷ്ടമെന്നും പറയുന്നത് തികഞ്ഞ മൗഢ്യമാണ്. മറ്റുള്ളവരുടെ ഉപവാസത്തെ നിന്ദിക്കുക, സ്വന്തം ഉപവാസത്തെ സ്തുതിക്കുക. എന്നത് മൗഢ്യംതന്നെ. സത്യഭാഷണം മുതലായ വ്രതങ്ങളെടുക്കുന്നതേ വർക്കും ഉത്തമമാണ്. ജൈനരുടേതായാലും ആരുടേതായാലും ഉപവാസം വ്രതമല്ല.

മൂലം:- വേസാണ വംദിയാണ മാഹണ ടുംബാണ ജരകസിരകാണം, ഭത്താഭരകട്ഠാണം വിയാണം ജന്തി ദൂരേണം (ടി. 2. 82)

സം. അർഥം:- വേശ്യകൾ, കൂത്താടികൾ, ഗായകർ, ബ്രാഹ്മണർ, ഗണേശാദികൾ, ദേവിമാർ മുതലായവരെ പൂജിക്കുന്ന ഭക്തരും ഇവരിൽ വിശ്വസിക്കുന്നവരും എല്ലാം തമസ്സിൽ മുങ്ങുന്നവരും



മുക്കുന്നവരുമാണ്. എന്തെന്നാൽ ആ ദേവന്മാരിൽ നിന്ന് എല്ലാം കിട്ടുമെന്ന് അവർ വിശ്വസിക്കയും വീതരാഗരായ ജൈനരിൽനിന്ന് അകന്നു പോക യും ചെയ്യും.

സമീക്ഷകൻ:- മറ്റുള്ളവരുടെ ദേവൻമാർ കൊള്ളരുതാത്തവരും തങ്ങളുടേത് ശ്രേഷ്ഠരുമാ ണെന്നു പറയുന്നത് പക്ഷപാതമാണ്. വാമമാർഗി കളുടെ ദേവന്മാരെ നിഷേധിക്കുമ്പോൾത്തന്നെ 'ശ്രാദ്ധദിനകൃത്യം' വശം 46ൽ ഇങ്ങനെയെഴുതി യിരിക്കുന്നു:- "ശാസന ദേവി രാത്രിയിൽ ഭക്ഷണം കഴിച്ച ഒരുവന്റെ ചെകിട്ടത്ത് അടിക്കുകയും കണ്ണു ചൂഴ്ന്നെടുത്ത് പകരം ആടിന്റെ കണ്ണു വെച്ചുകൊ ടുക്കുകയും ചെയ്തു. ഈ ദേവി എന്തുകൊണ്ട് ഹിംസക്കാരിയല്ല? രത്നസാരം ഒന്നാം ഭാഗം 67 -ാം വശത്ത് "മരുതദേവി പ്രതിമയായി നിന്നു കൊണ്ട് വഴിപോക്കരെ സഹായിച്ചെ"ന്ന് എഴുതി യിട്ടുണ്ട്. ഈ ദേവിയേയും നിഷേധിക്കാത്ത തെന്ത്?

മൂലം:- കിംസോംപി ജണണി ജാഓ ജാണോ ജണണികിം ഗഓ വിദ്ധിം ജഇ മിച്ഛരഓ ജാഓ ഗുണേസു തഹ മഛരം വഹഇ (ടി. 2.81)

സം. അർഥം:- ജൈനവിരുദ്ധരായ മിഥ്യാ മതക്കാർ എന്തിന് ജന്മമെടുത്തു? ജനിച്ചെങ്കിലും വളർന്നിട്ടെന്ത്? അതായത് ശീഘ്രം നശിച്ചാൽ നന്നായി എന്നർത്ഥം.

സമീക്ഷകൻ:- ഇവരുടെ വീതരാഗഭാഷിതമായ ദയാധർമം നോക്കൂ. മറ്റു മതക്കാർ ജീവിക്കുക പോലും അരുത്! ഇവരുടെ ദയ വെറും പറച്ചിൽ മാത്രമാണ്. ഉണ്ടെങ്കിൽത്തന്നെ മനുഷ്യരോടല്ല, ക്ഷുദ്രജന്തുക്കളോടും മൃഗങ്ങളോടും മാത്രമാണ്.

മൂലം:- സുദ്ധേ മഗ്ഗേജായാ സൂഹേണ ഗച്ഛത്തി സുദ്ധ മഗ്ഗംമി. ജേ പുണ അമഗ്ഗജായാ മഗ്ഗേ ഗച്ഛം തിതേ ചുയ്യും (ടി 2. 83)

സം. അർഥം:- ജൈനകുലത്തിൽ ജനിച്ചവർ മുക്തി പ്രാപിച്ചാൽ ആശ്ചര്യമില്ല. ജൈനരല്ലാത്ത മിഥ്യാമതക്കാരാരെങ്കിലും മുക്തി പ്രാപിച്ചാൽ അത് വലിയ ആശ്ചര്യമാണ്. ഇതിന്നർഥം, ജൈനി കളല്ലാതാരും മുക്തരാവുകയില്ല, അന്യർ നരക ത്തിലേ പോകൂ എന്നാണ്.

സമീക്ഷകൻ:- ജൈനമതത്തിൽ ദുഷ്ടരും നര കഗാമികളുമില്ലേ? എല്ലാവരും മുക്തി പ്രാപിക്കും. മറ്റാരും പ്രാപിക്കയില്ല! ഇത് വെറും പേപറച്ചി ലല്ലേ? അറിവില്ലാത്തവരാരെങ്കിലും ഇത് വിശ്വ സിച്ചേക്കും.

മൂലം:- തിച്ഛയരാണം പൂആ സംമത്ത ഗുണാ ണകാരിണീ ഭണിയാ സാവിയ മിച്ഛത്തയരീ ജിണസമയേ ദേസിയ പൂആ (ടി. 2. 90)

സം. അർഥം:- ജൈനമതക്കാരുടെ വിഗ്രഹാ രാധനയാണ് കേമം. മറ്റുള്ളവരുടേത് നിസ്സാരം. ജൈനമാർഗം അവലംബിക്കുന്നവൻ തത്ത്വജ്ഞാ നിയാണ്. അല്ലാത്തവൻ തത്ത്വജ്ഞാനിയല്ല.

സമീക്ഷകൻ:- ബലേഭേഷ്! എന്തു പറയാൻ! നിങ്ങളുടെ വിഗ്രഹങ്ങൾ വൈഷ്ണവാദികളുടേ തുപോലെ കല്ലുംതടിയുംകൊണ്ടുണ്ടാക്കിയതല്ലേ? നിങ്ങളുടേതുപോലെ വൈഷ്ണവരുടേയും മറ്റും വിഗ്രഹാരാധനയും മിഥ്യയാണ്. സ്വയം തത്ത്വ ജ്ഞാനിയാകുകയും മറ്റുള്ളവരെ തത്ത്വജ്ഞാനി കളാക്കുകയും ചെയ്യുന്നത് കാണുമ്പോൾ നിങ്ങ ളുടെ മതത്തിൽ തത്ത്വജ്ഞാനമേ ഇല്ലെന്നു മന സ്സിലാക്കാം.

മൂലം:- ജിണ ആണാഏ ധമ്മോ ആണാരഹി അണാഹുടം അഹമൂർത്തി, ഇയ മുണി ഊണയ തത്തം ജിണ അണാഏ കണഹു ധർമ്മം (ടി. 2, 92)

സം. അർത്ഥം: ജിനദേവന്റെ ആജ്ഞ. ദയാ ക്ഷമാദിധർമ്മം എന്നിവയൊഴികെയുള്ളവ എല്ലാം അധർമമാണ്.

സമീക്ഷകൻ:- എത്ര അന്യായം! ജൈനരല്ലാ തൊരുത്തനും സത്യവാദിയായ ധർമാത്മാവാ യില്ലേ? ആ ധാർമികജനത്തെ മാനിക്കേണ്ടേ? ജൈനമതസ്ഥരുടെ വായും നാക്കും മാത്രം തൊലി കൊണ്ടുണ്ടാക്കിയതും മറ്റുള്ളവരുടേത് അല്ലാത്ത തുമാണെങ്കിൽ ഇതു ശരിയാവാം. സ്വന്തം ഗ്രന്ഥ ങ്ങൾ, സംന്യാസിമാർ മുതലായവരെ പുകഴ്ത്തു ന്നതു കേട്ടാൽ ഇവർ ആത്മ പ്രശംസയിലും ഒരു പടികൂടി കടന്നിരിക്കുന്നതു കാണാം.

മൂലം:- വന്നേമി നാരയാഉവി ജേസി ദുരകാഇ സംഭരംതാണമ്. ഭവ്വാണ ജണഇ ഹരിഹര രിദ്ധി സമിദ്ധീ വി ഉദ്ധോസം (ടി. 2.95)

സം. അർഥം:- ഹരിഹരാദിദേവന്മാരുടെ വിഭൂതി നരകഹേതുവാണ്. അതുകാണുമ്പോൾ ജൈനി കൾക്കു രോമാഞ്ചമുണ്ടാകുന്നു. രാജാജ്ഞയെ ധരിക്കുന്നവർ മരണം വരെ ദുഃഖിക്കുന്നതുപോലെ ജിനേന്ദ്രന്റെ ആജ്ഞ ലംഘിക്കുന്നവർ ജനനമര ണദുഃഖങ്ങളിൽ പെട്ടുഴലുന്നു.

സമീക്ഷകൻ:- നോക്കൂ! ജൈനരുടെ കാപട്യം വെളിവായില്ലേ? ഹരിഹരാദികളെ ഉപാസിക്കുന്ന



വരുടെ ഉയർച്ചയും ഐശ്വര്യവും സഹിക്കായ്ക യാലാണിവർക്ക് രോമാഞ്ചമുണ്ടാകുന്നത്. ഇവ രുടെ ഐശ്വര്യം തങ്ങൾക്കും ദാരിദ്ര്യം അവർക്കും ലഭിക്കണമെന്നാണാഗ്രഹം! രാജാജ്ഞയുടെ ഉദാ ഹരണം നല്കുന്നത് ഇവർ കള്ളപ്രശംസ ചെയ്യുന്നവരും ഭീരുക്കളുമായതുകൊണ്ടാണ്. രാജാ വിന്റെ കള്ളത്തരവും അംഗീകരിക്കണമെന്നോ? ഈർഷ്യയും ദ്വേഷവും ജൈനികളെപ്പോലെ മറ്റാർക്കുമേയില്ല.

മൂലം:- ജോ ദേഇ സുദ്ധ ധമ്മം സോപരമപ്പാ ജയമ്മി നഹു അന്നോ കിം കപ്പദ്ദുമ്മ സരിസോ ഇയര തരൂ ഹോഇ കളയാവി (ടി. 2. 101)

സം. അർത്ഥം:- ജൈനധർമവിരുദ്ധർ മൂഢന്മാ രാണ്. ജൈനേന്ദ്രൻ അരുളിയ ധർമത്തെ ഉപദേ ശിക്കുന്ന സംന്യാസിയും ഗൃഹസ്ഥനും ഗ്രന്ഥ കർത്താവും തീർത്ഥങ്കരർക്കു തുല്യരാണ്. അവർക്കു തുല്യരായി ആരുമില്ല.

സമീക്ഷകൻ:- എന്തുകൊണ്ടില്ല? ബാലബുദ്ധി കളല്ലായിരുന്നെങ്കിൽ ജൈനർ ഇതൊന്നും വിശ്വ സിച്ച് ഇരിക്കുകയില്ലായിരുന്നു. വേശ്യയുടെ ആത്മ പ്രശംസപോലെയാണിത്.

മൂലം:- മൂല ജിണിദം ദേവോ തവ്വയണം ഗുരു ജണം മഹാസയാണം സേസം പാവട്ഠാണം പര മപ്പാണംച വജ്ജേമി (ടി. 2 103)

സം. അർത്ഥം:- ജീനേന്ദ്രദേവനേയും, അദ്ദേഹ ത്തിന്റെ സിദ്ധാന്തങ്ങളേയും, ജൈനമതത്തിന്റെ ഉപദേഷ്ടാക്കളേയും ത്യജിക്കുന്നത് ജൈനി കൾക്കുചിതമല്ല.

സമീക്ഷകൻ:- ഇത് ജൈനികളുടെ ശാഠ്യം, പക്ഷപാതം, അജ്ഞാനം എന്നിവയുടെ ഫലമല്ലെ ങ്കിൽ പിന്നെന്താണ്? എന്നാൽ ജൈനികളുടെ ഏതാനും ചിലകാര്യങ്ങളൊഴികെ മറ്റെല്ലാംതന്നെ ത്യാജ്യമാണ്. കുറച്ചെങ്കിലും ബുദ്ധിയുള്ളവർ, ഇവ രുടെ ദിവ്യഗ്രന്ഥങ്ങളേയും ഉപദേഷ്ടാക്കളേയും കണ്ട്, കേട്ട്, ചിന്തിക്കുന്ന പക്ഷം ത്യജിച്ചു കളയു കതന്നെ ചെയ്യും.

മൂലം:- വയണേ വി സുഗുരു ജിണവല്ലഹസ്സ കേസിം ന ഉല്ലസഇ സമ്മം, അഹ കഹ ദിണമണി തേയം ഉലു ആണം ഹരഇഅംധത്തം (ടി. 2. 108)

സം. അർത്ഥം:- ജൈനവചനത്തിന് അനുകൂ ലമായി നടക്കുന്നവൻ പൂജ്യനും വിരുദ്ധൻ അപൂ ജ്യനുമാണ്. ജൈനഗുരുക്കളെ മാനിക്കുകയെന്നാൽ മറ്റുള്ളവരെ മാനിക്കായ്കയാണ്.

സമീക്ഷകൻ:- മറ്റ് അജ്ഞാനികളെ മൃഗ ങ്ങളേപ്പോലെ ജൈനർ ശിഷ്യരാക്കി ബന്ധിക്കാ തിരുന്നാൽ. അവർ രക്ഷപെട്ട് സ്വന്തം മുക്തി മാർഗം അന്വേഷിക്കുമായിരുന്നു. ആരെങ്കിലും നിങ്ങളെ ദുർഗുരുവെന്നോ ദുർമാർഗിയെന്നോ, തട്ടിപ്പുകാരനെന്നോ ദുരുപദേഷ്ടാവെന്നോ, വിളി ച്ചാൽ എത്രയോ ദുഃഖമുണ്ടാകും? നിങ്ങൾ അന്യർക്ക് ഇത്തരം ദുഃഖമുണ്ടാക്കുന്നവരാകയാൽ നിങ്ങളുടെ മതത്തിൽ വളരെയേറെ നിസ്സാരകാ ര്യങ്ങൾ നിറഞ്ഞിരിക്കുന്നു.

മൂലം:- ജേ രജ്ജധാനഈണം കാരണഭൂയ ഹവംതി വാവാരാ. തേ വിഹു അഇപാബഭജ്ജയാ ധന്നാ ചഡ്ഢംതി ഭവദിയ (ടി. 2. 119)

സം. അർത്ഥം:- മൃത്യുപര്യന്തം ദുഃഖമുണ്ടാ യാലും, കൃഷിവ്യാപാരാദികൾ ജൈനർ ചെയ്യു കയേ അരുത്. എന്തെന്നാൽ ഇവ നരകത്തിലേക്കു നയിക്കുന്നവയാണ്.

സമീക്ഷകൻ:- നിങ്ങളെന്തിന് വ്യാപാരാദികൾ ചെയ്യുന്നുവെന്ന് ഇനി നിങ്ങളാരെങ്കിലും ജൈനി കളോടു ചോദിക്കണം. അവരിതുപേക്ഷിക്കാത്ത തെന്താണ്? ഉപേക്ഷിച്ചാൽ ജീവിതം അസാധ്യമാ കും. നിങ്ങളുടെ ഉപദേശം കേട്ട് മറ്റുള്ളവരും ഉപേ ക്ഷിച്ചാൽ നിങ്ങൾ എന്തു ഭക്ഷിച്ചു ജീവിക്കും. ഇത്തരം അനാചാരങ്ങൾ ഉപദേശിച്ചു കൂടാത്തതാ ണ്. എന്തുചെയ്യാൻ! വിദ്യയും സത്സംഗവും ഇല്ലാതെ പാവങ്ങൾ വായിൽ തോന്നിയതെല്ലാം ജല്പിക്കുകയാണ്.

മൂലം:- ത ഇയാ ഹമാണ അഹമാ കാരണര ഹിയാ അനാണ ഗവ്വേണ ജേ ജപംതി ഉസ്സുത്തം തേസിം ദവി ദ്ധിച്ച പംഡിച്ചം (ടി. 2. 121)

സം. അർഥം:- ജൈനാഗമങ്ങൾക്കു വിരുദ്ധമായ ശാസ്ത്രങ്ങളെ അംഗീകരിക്കുന്നവർ അധമരിലധ മരാണ്. എന്തെങ്കിലും നേട്ടമുണ്ടാകുമെ ങ്കിൽപോലും ജൈനമതത്തിനു വിരുദ്ധമായി പറ യുകയോ കേൾക്കുകയോ പാടില്ല. എന്തെങ്കിലും പ്രയോജനമുണ്ടായാലും അന്യമതങ്ങളെ ത്യജിക്ക ണം.

സമീക്ഷകൻ:- നിങ്ങളുടെ പൂർവ്വികർ മുതൽ ഇപ്പോഴുള്ളവർ വരെ അന്യമതങ്ങളെ ദുഷിക്കുക യെന്നല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല ചെയ്യുകയു മില്ല. ജൈനർ, തരം കിട്ടുന്നിടത്തെല്ലാം വല്ല പ്രയോജനവും സിദ്ധിക്കുമെന്നു കണ്ടാൽ, ആരു ടേയും ശിഷ്യത്വം സ്വീകരിച്ചുകളയും. പിന്നെ ഇങ്ങനെ വൻ കാര്യങ്ങൾ പറയുന്നതിൽ ലജ്ജ



യില്ലാത്തതാണത്രേതം! കഷ്ടം തന്നെ.

മൂലം:- ജം വീരജിണസ്സാജിഒ മിര ഈ ഉസ്സുത്ത ലേസദേസണഓ സാഗര കോഡാകോ ഡിം ഹിഡം ഇ അഇഭീമഭവ വരണ്ണേ. (ടി. 2. 112)

സം. അർത്ഥം:- ജൈനികളിൽ ഉള്ളതുപോലെ ഞങ്ങളിലും ധർമമുണ്ടെന്ന് ആരാനും പറയുന്ന പക്ഷം കോടാനുകോടി വർഷം അയാൾ നരകത്തിൽ കിടന്നിട്ട് നീചജന്മമെടുക്കും.

സമീക്ഷൻ:- ബലേഭേഷ്! വിദ്യാശത്രുക്കളേ! നിങ്ങളുടെ മിഥ്യാവചനങ്ങളെ ആരും ഖണ്ഡിക്കരുതെന്നു വിചാരിച്ചല്ലേ ഈ ഭയങ്കരവാക്യം എഴുതിവച്ചത്? അത് അസംഭവ്യമാണ്. നിങ്ങളെ എത്ര മാത്രമാണുപദേശിക്കുക! മറ്റുള്ളവരെ ആക്ഷേപിച്ചും അസത്യങ്ങൾ പ്രചരിപ്പിച്ചും തൻകാര്യം നേടാൻ കച്ചകെട്ടിയിരിക്കുന്ന നിങ്ങൾക്കത് വര പ്രസാദമാണ്!

മൂലം:- ദൂരേ കരണം ദൂരമ്മി സാഹണം തഹ പഭാവണ ദൂരേ ജിണധർമ്മ സദ്ദഹാണം പി തിര കദുരകാഇ നിട്ഠവഇ.

സം. അർത്ഥം:- ജൈനധർമ്മങ്ങളൊന്നും അനുഷ്ഠിച്ചില്ലെങ്കിലും "ജൈനധർമ്മം സത്യം മറ്റെല്ലാം മിഥ്യ" എന്നു മാത്രം ശ്രദ്ധാപൂർവ്വം പറയുന്ന പക്ഷം അയാൾ ദുഃഖങ്ങളെ തരണം ചെയ്യും.

സമീക്ഷൻ:- മൂഢന്മാരെ വലയിൽ പെടുത്താൻ ഇതിലുപരിയെന്തുവേണം? എന്തെന്നാൽ ഒന്നും ചെയ്യേണ്ട. മുക്തി തനിയേ കിട്ടും! ഇതിലധികം അജ്ഞാനയുക്തമായ മതമേതാണുള്ളത്!

മൂലം:- കളയാ ഹോഹി ദിവസോ ജളയാ സുഗൂരുണ പായ മൂലമ്മി ഉത്സുത്ത ലേസവിസ ലവ രഹിഓ നിസുണേസു ജിണധർമ്മം

സം. അർത്ഥം:- "ജൈനഗ്രന്ഥങ്ങൾ മാത്രം കേൾക്കും. ഉത്സൂത്രങ്ങൾ അഥവാ അന്യമതഗ്രന്ഥങ്ങൾ ശ്രവിക്കുകയേ ഇല്ല" എന്നിങ്ങനെ മനസ്സിൽ ശ്രദ്ധാപൂർവ്വം വിചാരിച്ചാൽ മതി. ദുഃഖസാഗരത്തിൽ നിന്നു കരകയറാം.

സമീക്ഷൻ:- ഇതും സാധുക്കളെ വലയിൽ വീഴ്ത്താനുള്ളതാണ്. ആ വിചാരംകൊണ്ട് ദുഃഖസാഗരത്തിൽ നിന്നു കയറുകയില്ല. പൂർവ്വജന്മത്തിലെ സഞ്ചിതപാപങ്ങളുടെ ദുഃഖരൂപിയായ ഫലങ്ങൾ അനുഭവിച്ചു തീർത്തേ പറ്റൂ. ഇത്തരം വിദ്യാവിരുദ്ധമായ കാര്യങ്ങൾ എഴുതിവയ്ക്കാതിരുന്നെങ്കിൽ വേദാദിശാസ്ത്രങ്ങൾ കണ്ടുംകേട്ടും സത്യാസത്യങ്ങളറിഞ്ഞ് ഇവരുടെ അവിദ്യാരൂപിയും സാരഹീനവുമായ ഗ്രന്ഥങ്ങളെ ത്യജിച്ചേനെ. ഇവരുണ്ടാക്കിവച്ചിരിക്കുന്ന വലയിൽ നിന്ന് ഒരു പക്ഷേ ബുദ്ധിമാനും സത്സംഗിയുമായ ആരെങ്കിലും രക്ഷപ്പെട്ടെങ്കിലായി. ജഡബുദ്ധികൾക്ക് ഇവരിൽ നിന്നു മോചനം കഠിനം തന്നെ.

മൂലം:- ജഹാ ജേണഹിം ഭണിയും സൂയ വവഹാരം വിസോഹിയം തസ്സ ജാഇയ വിസുദ്ധ ബോഹി ജിണആണാ രാഹഗത്താഓ

സം. അർത്ഥം:- ജിനാചാര്യൻ ഉപദേശിച്ച സൂത്രം, നിരുക്തി, വൃത്തി, ഭാഷ്യം, ചൂർണിക എന്നിവ അനുസരിക്കുന്നവർ സദ്പ്രവർത്തികൾ ചെയ്യുകയും ദുഃഖങ്ങൾ സഹിക്കുകയും ചെയ്യുന്നതുകൊണ്ട് സത്സ്വഭാവികളായി സൗഖ്യം പ്രാപിക്കുന്നു. അന്യമതഗ്രന്ഥങ്ങൾ വായിച്ചാൽ ഇതസാധ്യമാണ്.

സമീക്ഷകൻ:- വിശന്നു പൊരിയുക മുതലായ കഷ്ടങ്ങൾ സഹിക്കുന്നതാണോ സത്സ്വഭാവം? അങ്ങനെയാണെങ്കിൽ ക്ഷാമം കൊണ്ടും ദാരിദ്യം കൊണ്ടും വിശന്നുവലയുന്നവർ ശുദ്ധരായി ശുഭ ഫലങ്ങൾ നേടേണ്ടതാണ്. അവരോ നിങ്ങളോ ഇങ്ങനെ നേടുന്നില്ല. മറിച്ച് പിത്തം കോപിച്ചും മറ്റും രോഗികളായി ദുഃഖിക്കുന്നതേയുള്ളൂ. ന്യായാചരണം, സത്യഭാഷണം, ബ്രഹ്മചര്യം മുതലായ വയാണ് ധർമം. അസത്യം പറയുക, അന്യായം ചെയ്ക തുടങ്ങിയ പാപമാണ്. എല്ലാവരോടും പ്രീതിപൂർവം പരോപകാർത്ഥം വർത്തിക്കുന്നതത്രേ ശുഭമായ സത്സ്വഭാവം. ജൈനമതക്കാരുടെ പട്ടിണികിടക്കലും മറ്റും ധർമമല്ല. ഈ സൂത്രാദികൾ വിശ്വസിച്ചാൽ അല്പം സത്യവും അധികം അസത്യവും കൈവന്ന് എന്നേയ്ക്കും ദുഃഖസാഗരത്തിൽപെട്ട് ഉഴലുകയേ ഉള്ളൂ.

മൂലം:- ജഇ ജാണിസി ജിണനാഹോ ലോയാ യാരാ വിപരകഏ ഭൂഓ താ തം തം മന്നം തോ കഹ മന്നസി ലോഅ ആയാരം(ടി. 2. 148)

സം. അർഥം:- ഉത്തമരായ ഭാഗ്യവാന്മാർ ജൈനധർമത്തെ സ്വീകരിക്കുന്നു. അല്ലാത്തവരുടെ ഭാഗ്യം നഷ്ടപ്പെടുന്നു.

സമീക്ഷകൻ:- ഇത് അബദ്ധവും അസത്യവുമല്ലേ? അന്യമതങ്ങളിൽ ഭാഗ്യവാന്മാരും ജൈനരിൽ നിർഭാഗ്യവാന്മാരും ആരുമില്ലേ? പരസ്പരം കലഹിക്കരുതെന്നും അന്യോന്യം സ്നേഹപൂർവ്വം വർത്തിക്കണമെന്നും പറയുന്നുണ്ടല്ലോ.63 മറ്റുള്ളവരുമായി കലഹിക്കുന്നത് തെറ്റാണെന്ന് ജൈനർ കരുതുന്നില്ലെന്നല്ലേ ഇതിൽ നിന്നു ഗ്രഹിക്കേ



ണ്ടത്? ഇതും അയുക്തമല്ലേ? സജ്ജനങ്ങൾ പരസ്പരം സ്നേഹത്തോടെ വർത്തിക്കുകയും ദുഷ്ടന്മാർക്ക് ശിക്ഷണം നല്കി സുശിക്ഷിതരാക്കുകയും ചെയ്യുന്നു. ബ്രാഹ്മണർ, ത്രിദണ്ഡികൾ പരിവ്രാജകാചാര്യന്മാർ അഥവാ താപസർ, സംന്യാസികൾ മുതലായവരെല്ലാം ജൈനരുടെ ശത്രുക്കളാണെന്ന് എഴുതിയിരിക്കുന്നു.[64] നോക്കൂ. എല്ലാവരേയും ശത്രുഭാവത്തിൽ കാണുകയും നിന്ദിക്കുകയും ആണെങ്കിൽ ജൈനരുടെ ദയാക്ഷമാദിധർമങ്ങൾ എന്താണ്? അന്യരെ ദ്വേഷിക്കുന്നതിനേക്കാൾ വലിയ ഹിംസയില്ല. ജൈനികളേപ്പോലെ ദ്വേഷമൂർത്തികൾ വളരെക്കുറച്ചേ കാണൂ. ഹരിഹരാദിവഞ്ചകർ സന്നിപാതജ്വരക്കാരും അവരുടെ ധർമം വിഷതുല്യവുമാണെന്നും എഴുതിയിരിക്കുന്നു.[65] ഋഷഭദേവൻ മുതൽ മഹാവീരൻ വരെയുള്ള 24 തീർഥങ്കരന്മാർ രാഗികളും ദ്വേഷികളും വഞ്ചകരും ജൈനർ സന്നിപാതജ്വരക്കാരും അവരുടെ ധർമം നരകവും വിഷതുല്യവും ആണെന്നു പറഞ്ഞാൽ ജൈനർക്ക് എത്ര അസുഖം തോന്നും? അതിനാൽ ജൈനർ നിന്ദ, പരമതദ്വേഷം എന്നീ മഹാക്ലേശങ്ങളിൽപെട്ട് ഉഴലുകയാണ്. ഇവ പരിത്യജിച്ചാൽ നന്ന്.

മൂലം:- ഏഗോ ആഗുരൂ ഏഗോ വിസാവഗീ ചേദ അണി വിവഹാണി, തച്ച യജം ജിണദവ്വം പരുപ്പരം തം ന വിച്ചന്തി (ടി. 2. 150)

സം. അർഥം:- എല്ലാ ഭക്തന്മാരുടേയും ദൈവവും ഗുരുവും ധർമവും ഒന്നുതന്നെ, ചൈത്യവന്ദനം അഥവാ ജൈനബിംബങ്ങൾ, ക്ഷേത്രങ്ങൾ വസ്തുക്കൾ എന്നിവ സംരക്ഷിക്കേണ്ടതും ജൈന പ്രതിമകളെ പൂജിക്കേണ്ടതും ധർമമാണ്.

സമീക്ഷകൻ:- നോക്കൂ വിഗ്രഹാരാധനയുടെ ബഹളം തുടങ്ങിയതു ജൈനരിൽ നിന്നാണ്. അന്ധവിശ്വാസങ്ങളുടെ ഈറ്റില്ലവും ജൈനമതം തന്നെ.

വിഗ്രഹാരാധനാരീതികൾ

ശ്രാദ്ധദിനകൃത്യം എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വശത്ത് വിഗ്രഹാരാധനയുടെ പ്രമാണം കാണാം. നോക്കുക:-

1 നവകാരേണ വിവോഹോ. 2. അനുസരണം സാവഉ 3. വയിജം ഇമേ 4 ജോഗോ 5. ചിയവന്ദണഗോ 6. യച്ചരഖാണം തുവിഹി പുചരം.

1. ഭക്തന്മാർചേർന്ന് ഒന്നാം നടയിൽ നവകാരം ജപിക്കണം. 2. രണ്ടാം നടയിലും നവകാരം ജപിച്ചിട്ട് ഞാൻ ആരാധകനാണെന്ന് സ്മരിക്കണം. 3. മൂന്നാം നടയിൽ അന്നു വ്രതം എത്രയെന്നു ചിന്തിക്കണം. 4. നാലാം നടയിൽ ഇങ്ങനെ സ്മരിക്കണം. "നാല് പുരുഷാർഥങ്ങളിൽ പ്രധാനം മുക്തിയാണ്. അതിന്റെ കാരണം ജ്ഞാനാദികളാണ്. അതിന്റെ ലംഘനം ഇല്ലാതാക്കി നിർമ്മലമാക്കിയാൽ ഔപചാരികമായി യോഗമെന്നു പറയാവുന്ന ആറ് കാരണങ്ങൾ ലഭിക്കും. അതാണ് യോഗം." അഞ്ചാമത്തെ നടയിൽ ചൈത്യവന്ദന അഥവാ വിഗ്രഹത്തെ നമസ്കരിച്ച് പൂജിക്കണം. ആറാമത്തെ പ്രത്യാഖ്യാനനടയിൽ 'നവകാരസീപ്രമുഖം' വിധിപൂർവം' വിധിപൂർവം ഞാൻ പറയുന്നുണ്ട് എന്നിങ്ങനെ ധ്യാനിക്കണം.

വേറെയും പല വിധികൾ ഈ ഗ്രന്ഥത്തിലുണ്ട്. അത്താഴസമയത്ത് ജിനബിംബത്തെ - തീർഥങ്കര വിഗ്രഹത്തെ പൂജിക്കണം. നടപൂജയും ചെയ്യണം. നടപൂജയ്ക്കു വളരെ പാഴ്ചടങ്ങുകളുണ്ട്. ക്ഷേത്രങ്ങളുണ്ടാക്കുന്നതും ജീർണോദ്ധാരണം നടത്തുന്നതും മുക്തിപ്രദമാണ്. ക്ഷേത്രങ്ങളിൽ വളരെ ഭക്തിയോടെ ഇരുന്നുവേണം പൂജനടത്തേണ്ടത്. 'നമോ ജിനേന്ദ്രേഭ്യഃ' തുടങ്ങിയ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് കുളിക്കണം. ജലചന്ദന പുഷ്പ ധൂപ ദീപനൈഃ എന്നു പറഞ്ഞ് അർച്ചിക്കണം.

രത്നാരം ഒന്നാം ഭാഗം 12-ാം പേജിൽ വിഗ്രഹാരാധനയുടെ ഫലം ''രാജാവിനോ പ്രജകൾക്കോ പൂജചെയ്യുന്നയാളിനെ തടയാനാവുകയില്ല" എന്നതാണെന്നെഴുതിരിക്കുന്നു.

സമീക്ഷകൻ:- ഇതെല്ലാം കപോലകല്പിതമാണ്. വളരെ ജൈനപൂജകരെ രാജാവ് തടഞ്ഞിട്ടുണ്ട്.

മൂന്നാം പേജിൽ ഇങ്ങനെ എഴുതിയിട്ടുണ്ട് - ''വിഗ്രഹാരാധനകൊണ്ട് മഹാരോഗങ്ങളും വൻദോഷങ്ങളും മാറും, അഞ്ചു പണത്തിനു പൂവു വാങ്ങി അർച്ചിച്ചയാൾ പതിനെട്ടു രാജ്യങ്ങൾക്കധിപനായി. അയാളുടെ പേരാണ്, കുമാരപാൽ. [66]

സമീക്ഷകൻ:- ഇതെല്ലാം കള്ളവും വിഡ്ഢികളെ പ്രലോഭിപ്പിക്കാൻ പറയുന്നതുമാണ്. പൂജിച്ച്പൂജിച്ച് ജൈനികളും രോഗികളായിത്തീരുന്നു. ഒരു തുണ്ടുരാജ്യം പോലും വിഗ്രഹപൂജകൊണ്ട് കിട്ടുകയില്ല. അഞ്ചു പണത്തിന് പുഷ്പാ

63. ഇത് ഈ ഗാഥയുടെ അർഥമല്ല. 149-ാം ഗാഥയുടേതാണ്.
64. ടി. 2.148ന് ഗുണരത്നാകര ടീകയിൽ എഴുതിരിക്കുന്നു.
65. ടി. 2.962
66.കുമാരപാൽ ഗുജറാത്തിലെ ഒരു ചെറിയ രാജാവായിരുന്നു. (ഏ.ഡി. 12-ാം നൂറ്റാണ്ടിൽ)



ജ്ഞലി നടത്തിയാൽ രാജ്യം കിട്ടുമെങ്കിൽ അയ്യഞ്ചു പണം വീതം മുടക്കി പുഷ്പാർച്ചന ചെയ്ത് ലോകം മുഴുവൻ സ്വന്തം രാജ്യമാക്കാത്തതെന്താണ്? എന്തിന് ശിക്ഷകൾ അനുഭവിക്കുന്നു? വിഗ്രഹാരാധനകൊണ്ട് സംസാരസാഗരം തരണം ചെയ്യാമെങ്കിൽ, ജ്ഞാനം, സമ്യഗ്ദർശനം, സത്സ്വഭാവം എന്നിവയെന്തിന്?

അവിടെത്തന്നെ 13-ാം പേജിൽ എഴുതുന്നു:- "ഗോതമന്റെ മോതിരത്തിൽ അമൃതം, സ്മരണകൊണ്ട് ഇച്ഛാപ്രാപ്തി"

സമീക്ഷകൻ:- അങ്ങനെയാണെങ്കിൽ ജൈനരെല്ലാം അമരത്വം പ്രാപിക്കണമായിരുന്നു. അങ്ങനെയാവുന്നില്ല. ഇതെല്ലാം അജ്ഞരെ പ്രലോഭിപ്പിക്കാനുള്ള അടവുകളാണ്. അല്ലാതെ ഇതിലൊന്നും ഒരു തത്ത്വവുമില്ല.

അവിടത്തന്നെ 52-ാം പേജിൽ പൂജിക്കാനുള്ള ശ്ലോകം എഴുതിയിരിക്കുന്നു:-

ജലചന്ദന (പുഷ്പ) ധൂപനൈരഥ ദീപാക്ഷത കൈർനൈവേദ്യ വസ്ത്രൈഃ, ഉപചാരവരൈർവയം ജിനേന്ദ്രാൻ രുചിരൈ ര ദ്യ മുദായജാ മഹേ.

"ഞങ്ങൾ ജലം, ചന്ദനം, അരി, പുഷ്പം, ധൂപം, ദീപം, നൈവേദ്യം, വസ്ത്രം, അതിശ്രേഷ്ഠ ഉപചാരങ്ങൾ എന്നിവയാൽ ജൈനേന്ദ്രരെ - തീർഥങ്കരരെ - പൂജിക്കാം."

സമീക്ഷകൻ:- ഇതുകൊണ്ടാണ് വിഗ്രഹാരാധനയുടെയാരംഭം ജൈനരിൽ നിന്നാണെന്നു പറഞ്ഞത്. വിവേകസാരത്തിന്റെ 21-ാം വശത്ത് "ജൈനക്ഷേത്രത്തിൽ മോഹം കടക്കുകയില്ല, ഭവസാഗരത്തിനക്കരെകടത്തുന്നതാണത്" എന്നും 51-52 വശങ്ങളിൽ "വിഗ്രഹാരാധനകൊണ്ട് മുക്തിയുണ്ടാകുന്നു. ജൈനക്ഷേത്രത്തിൽ പോയാൽ സദ്ഗുണങ്ങൾ കൈവരും എന്നും ജലചന്ദനാദികളാൽ തീർഥങ്കരന്മാരെ പൂജിക്കുന്നവർ നരകം വെടിഞ്ഞ് സ്വർഗത്തെത്തുമെന്നും 55-ാം വശത്ത് ജൈനക്ഷേത്രത്തിൽ ഋഷഭദേവൻ മുതലായ തീർഥങ്കരന്മാരെ പൂജിക്കുന്നവർക്ക് ധർമാർത്ഥകാമമോക്ഷങ്ങൾ സിദ്ധിക്കുമെന്നും 61-ാം വശത്ത് ജൈനവിഗ്രഹങ്ങൾ പൂജിച്ചാൽ ജഗത്തിലെ സർവവിധ ക്ലേശങ്ങളും വിട്ടൊഴിയുമെന്നും എഴുതിയിട്ടുണ്ട്.

സമീക്ഷകൻ:- അവിദ്യായുക്തമായ അസംഭ്യവകാര്യങ്ങൾ പറയുന്നതു കേൾക്കൂ. പാപാദി ദുഷ്കർമങ്ങളും മറ്റും ഇങ്ങനെ വെടിയാമെങ്കിൽ മോഹമില്ലായ്മയും, ഭവസാഗരത്തിൽനിന്ന് രക്ഷയും, നരകംവിട്ട് സ്വർഗ്ഗപ്രാപ്തിയും , ധർമാർഥ കാമമോക്ഷപ്രാപ്തിയും ഉണ്ടാകുമെങ്കിൽ എല്ലാ ജൈനരും സർവപദാർത്ഥങ്ങളും പ്രാപിച്ച് സുഖവാന്മാരാകാത്തതെന്താണ്?

ഈ വിവേകസാരത്തിന്റെ മൂന്നാംവശത്ത് ഇങ്ങനെ എഴുതിയിട്ടുണ്ട് - "ജൈനവിഗ്രഹം സ്ഥാപിക്കുന്നവൻ അവന്റെയും അവന്റെ കുടുംബത്തിന്റെയും ജീവിതമാർഗം സ്ഥാപിക്കുന്നു." 225-ാം വശത്ത് 'ശിവൻ, വിഷ്ണു മുതലായവരുടെ വിഗ്രഹങ്ങൾ പൂജിക്കുന്നത് ചീത്തയും നരകത്തിലേക്കുള്ള വഴിയും ആണെന്ന്" എഴുതിയിട്ടുണ്ട്.

സമീക്ഷകൻ:- ശിവന്റെയും മറ്റും വിഗ്രഹങ്ങൾ നരകത്തിലേക്ക് കൊണ്ടുപോകുന്നതാണെങ്കിൽ ജൈനവിഗ്രഹങ്ങൾ അങ്ങനെയുള്ളവയല്ലേ? ഞങ്ങളുടെ വിഗ്രഹങ്ങൾ ത്യാഗികളും, ശാന്തരും, ശുഭമുദ്രായുക്തവും ആകയാൽ നല്ലവയാണെന്നും ശിവന്റെയും മറ്റും അങ്ങനെ അല്ലാത്തതിനാൽ ചീത്ത ആണെന്നു പറഞ്ഞേക്കാം. അവരോട് പറയാനുള്ള ഉത്തരം ഇതാണ്:- നിങ്ങളുടെ വിഗ്രഹങ്ങൾ ലക്ഷക്കണക്കിനു രൂപ വിലപിടിപ്പുള്ള ക്ഷേത്രങ്ങളിലാണ് നില്ക്കുന്നത്. ചന്ദന കേസരാദി വിലപിടിപ്പുള്ളവയാണ് വഴിപാടായി കിട്ടുന്നത്. പിന്നെങ്ങനെയാണ് അവർ ത്യാഗികളാകുന്നത്? ശിവന്റെ വിഗ്രഹങ്ങൾ വെളിസ്ഥലത്തും നില്ക്കുന്നുണ്ട്. അവരല്ലേ ത്യാഗികൾ? ശാന്തരാണെന്നു പറയുന്നതു ശരി. ജഡവസ്തുക്കൾ നിശ്ചലമാകയാൽ ശാന്തം തന്നെ. എല്ലാ മതത്തിലേയും വിഗ്രഹാരാധന വ്യർഥമാണ്.

ചോദ്യം:- ഞങ്ങളുടെ വിഗ്രഹങ്ങൾ വസ്ത്രാഭരണാധികൾ അണിയുന്നില്ല. അതിനാൽ നല്ലവയാണ്.

ഉത്തരം:- എല്ലാവരുടെയും മുമ്പാകെ നഗ്നവിഗ്രഹങ്ങൾ സ്ഥാപിക്കുന്നത് മൃഗീയമാണ്.

ചോദ്യം:-സ്ത്രീയുടെ പ്രതിമയോ ചിത്രമോ കാണുന്ന പുരുഷന് കാമോത്പത്തി ഉണ്ടാകുന്നതുപോലെ സംന്യാസിമാരുടേയും യോഗികളുടേയും വിഗ്രഹം കണ്ടാൽ ശുഭഗുണങ്ങൾ ഹൃദയത്തിലുദിക്കും.

ഉത്തരം:- ശിലാദി വിഗ്രഹത്തിൽനിന്ന് നല്ലഗുണങ്ങൾ പകർന്നു കിട്ടുമെങ്കിൽ അവയുടെ ജഡത മുതലായ തിന്മകളും പകർന്നുകിട്ടും. ജഡബുദ്ധിയായാൽ സർവനാശമാണ് ഫലം കൂടാതെ

വിദ്വാന്മാരുമായി ബന്ധമില്ലാതെ വരുന്നതുനിമിത്തം മൂഢതയും വർദ്ധിക്കും. 11-ാം സമുല്ലാസത്തിൽ എഴുതിയ ദോഷങ്ങൾ എല്ലാ വിഗ്രഹാരാധനക്കാർക്കും ബാധകമാണ്. അതുപോലെ ജൈനികൾ വിഗ്രഹാരാധനയെന്ന[67] പേരിൽ കാട്ടികൂട്ടുന്ന പേക്കൂത്തുകൾ പോലെ അവരുടെ മന്ത്രങ്ങളും ഒട്ടേറെ അസംഭവ്യകാര്യങ്ങൾ എഴുതിവച്ചിട്ടുണ്ട്. രത്നസാരം എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വശത്ത് എഴുതിയിരിക്കുന്ന മന്ത്രം നോക്കുക:- **"നമോ അരിഹംതാണം നമോ സിദ്ധാണം നമോ ആയരിയാണം ഉബ്ജഝായണം നമോ ലോ ഏ സബ്വ സാഹൂണം. ഏസോ പഞ്ച നമുക്കാരോ സർവ്വപാവപ്പണാസണോ മംഗലാചണം ച സബ്വേസിം പഢമം ഹവഇ മംഗലമ്."** ഈ മന്ത്രത്തിന് വലിയ മാഹാത്മ്യമുണ്ടത്രേ. എല്ലാ ജൈനരുടെയും ഗുരുമന്ത്രമാണിത്. ഇതിന്റെ മാഹാത്മ്യം വർണിച്ചിരിക്കുന്നതു കണ്ടാൽ പുരാണങ്ങളിലും തന്ത്രങ്ങളിലും നാടകങ്ങളിലും മറ്റുമുള്ള കഥകൾ തോറ്റുപോകും.

ശ്രാദ്ധദിനകൃത്യം മൂന്നാംവശത്ത് ഇപ്രകാരം കാണുന്നു:- **നമുക്കാരം തഉ പഢേ (9) ജവു കുബ്ബം മംതാണമംതോപരമോ ഇമുത്തി ധേയാണധേയം പരമം ഇമുത്തി. തത്താണതത്തം പരമം പവിത്തം സംസാര സത്താണ ദുഹാ - ഇയാണം (10) താണം അംനംതു നോ അത്ഥി ജീവാണം ഭവസായരേ. ബുഡ്ഡും താണം ഇമം മുത്തും നമുക്കാരം സുപോപയമ് (11) കബ്ബം, അത്തേഗജമ്മം തരസം ചിഅണം ദുഹാണം സാരീരി അമാണുസാണുസാണമ്. കത്തോയ ഭവ്വാണ ഭിവജ്ജനാസോ ന ജാവപത്തോ നവ കാരമന്തോ. (12)**

അർത്ഥം:- ഈ മന്ത്രങ്ങൾ പവിത്രങ്ങളായ പരമമന്ത്രങ്ങളാണ്. ധ്യാനയോഗ്യമായവയിൽ ശ്രേഷ്ഠമാണ്. തത്ത്വങ്ങളിൽ തത്ത്വമാണ്. സമുദ്രത്തിനക്കരകടക്കുവാൻ നൗക എപ്രകാരമോ അപ്രകാരമാണ്, ദുഃഖപീഡിതമായ സംസാരം തരണം ചെയ്യുവാൻ ജീവാത്മാക്കൾക്കീ നവകാരമന്ത്രം. (9-10)

നൗകയ്ക്ക് തുല്യമാണ്. ഇതിനെ വെടിയുന്നവൻ സംസാരസാഗരത്തിൽ മുങ്ങിപ്പോകുന്നു. ഇതിനെ ഗ്രഹിക്കുന്നവരാകട്ടെ ദുഃഖങ്ങളെ തരണം ചെയ്യുന്നു. ജീവാത്മാക്കളെ ദുഃഖത്തിൽ നിന്നകറ്റി, സർവപാപവും നശിപ്പിച്ച്, മുക്തികാരണമായിട്ടുള്ളത് ഈ മന്ത്രമല്ലാതെ മറ്റൊന്നില്ല. (11)

ഭവസാഗരത്തിൽപെട്ടു വിവിധജന്മങ്ങളെടുക്കുന്ന ജീവന് ശാരീരികവും മാനസികവുമായ ദുഃഖങ്ങളകറ്റി ഭവസാഗരത്തിൽ നിന്നു കരകയറുവാൻ ഇതേയുള്ള. നവകാരമന്ത്രത്തെ പ്രാപിക്കാതെ ജീവന് ഭവസാഗരതരണമില്ല. (12) ഈ അർത്ഥം സൂത്രങ്ങളിൽ പറഞ്ഞതാണ്. അഗ്നി തുടങ്ങിയ അഷ്ടമഹാഭയങ്ങളിൽ നിന്നു രക്ഷിക്കുന്നതും ഈ മന്ത്രമല്ലാതെ മറ്റൊന്നല്ല. നവരത്നങ്ങളിൽ വൈഡൂര്യമണിപോലെയും, ശത്രുജയത്തിന് എതിരറ്റ ശസ്ത്രംപോലെയും, എല്ലാറ്റിനും താക്കോൽപോലെയുമുള്ളതാണിത്. ദ്വാദശാംഗിയെന്ന മഹാപൂജയുടെ രഹസ്യവും ഈ നവകാരമന്ത്രമാണ്.

ഈ മന്ത്രത്തിന്റെ അർത്ഥമിതാണ്:- **നമോ അരിഹന്താണമ്** =എല്ലാതീർഥങ്കരന്മാർക്കും, നമസ്കാരം. **നമോ സിദ്ധാണമ്**= എല്ലാ ജൈനസിദ്ധന്മാർക്കും നമസ്കാരം. **നമോ ആയരിയാണമ്** = എല്ലാ ജൈനാചാര്യന്മാർക്കും നമസ്കാരം. **നമോ ഉബജ്ഝായാണമ്** = എല്ലാ ജൈന ഉപാധ്യായന്മാർക്കും നമസ്കാരം. **നമോ ലോ ഏ സബ്വ സാഹൂണമ്** = ജൈനമതത്തിലെ എത്ര സാധുക്കൾ ഈ ഭൂമിയിലുണ്ടോ അവർക്കെല്ലാം നമസ്കാരം.

മന്ത്രത്തിൽ 'ജൈന' സംജ്ഞ ഇല്ലെങ്കിലും ജൈനഗ്രന്ഥങ്ങളിലെല്ലാം ജൈനമതമൊഴികെയുള്ള ഒരു മതക്കാരനും നമസ്കാരം പാടില്ലെന്നു പറഞ്ഞിരിക്കയാൽ ഇതുതന്നെയാണ് ശരിയായ അർത്ഥം.

തത്ത്വവിവേകം 169-ാം വശത്ത് "ആര്, കല്ലും മരവും ദേവൻ എന്നുകരുതി പൂജിക്കുന്നുവോ അവർക്ക് സദ്ഫലങ്ങൾ ലഭിക്കുന്നു." എന്നെഴുതിയിട്ടുണ്ട്.

സമീക്ഷകൻ:- എങ്കിൽ പിന്നെ ദർശനം നടത്തി എല്ലാവരും സുഖരൂപിയായ ഫലങ്ങൾ പ്രാപിക്കാത്തതെന്താണ്?

രത്നസാരം ഒന്നാം ഭാഗം 10-ാം വശത്ത് പാർശ്വനാഥന്റെ വിഗ്രഹം ദർശിച്ചാൽ താപം നശിക്കും. എന്നെഴുതിയിരിക്കുന്നു. കല്പസൂത്രഭാഷ്യത്തിൽ 51-ാം വശത്ത് "ഒന്നേകാൽ ലക്ഷം ക്ഷേത്രങ്ങളുടെ ജീർണോദ്ധാരണം നടത്തി" എന്നെഴുതിയിട്ടുണ്ട്. ഇങ്ങനെ വിഗ്രഹാരാധനയെപ്പറ്റി വളരെയേറെ എഴുതിവച്ചിട്ടുണ്ട്. വിഗ്രഹാരാധനയുടെ മൂലകാരണം ജൈനമതമാണെന്ന് ഇതിൽ നിന്നെല്ലാം ഗ്രഹിക്കാവുന്നതാണ്.

ഇനി ഈ ജൈന സംന്യാസിമാരുടെ ലീല

67. പേജ് 493-495

കൾകണ്ടാലും:- വിവേകസാരം 228-ാം പുറത്ത് എഴുതിയിരിക്കുന്നു. "ഒരു ജൈന സംന്യാസി കോശയെന്ന വേശ്യയുമായി സംഭോഗം ചെയ്ത തിനുശേഷം ത്യാഗിയായി സ്വർഗലോകം പ്രാപിച്ചു. വിവേകസാരം 101-ാം പുറത്ത് ഇങ്ങനെ കാണാം. അർണക മുനി ചാരിത്രരഹിതനായി വളരെ വർഷം ദത്ത സേട്ടിന്റെ വീട്ടിൽ വിഷയഭോഗങ്ങൾ ചെയ്തതിനുശേഷം ദേവലോകത്തുപോയി. ശ്രീകൃഷ്ണന്റെ പുത്രനായ ഢംഢണമുനിയെ കുറുക്കച്ചി പിടിച്ചിക്കൊണ്ടുപോയി. പിന്നെ അയാൾ ദേവനാവുകയും ചെയ്തു.

വിവേകസാരം 158-ാം പുറത്ത് "ജൈനസംന്യാസി ചിഹ്നധാരി - വേഷധാരി - മാത്രമായാലും ശുദ്ധചരിതനോ ദുശ്ചരിതനോ ആയാലും ശ്രാവകർ പൂജിക്കണം." എന്നെഴുതിയിരിക്കുന്നു 168-ാം പുറത്ത് "ജൈനസാധു ദുശ്ചരിതനായാലും അന്യമതത്തിലെ സംന്യാസിമാരേക്കാൾ ശ്രേഷ്ഠനാണ്." എന്നെഴുതിയിട്ടുണ്ട്. 171-ാം പുറത്തിങ്ങനെ കാണാം:- ജൈനസാധു ദുരാചാരിയും ചാരിത്ര്യഹീനനും ആണെങ്കിലും ശ്രാവകർ അദ്ദേഹത്തെ സേവിച്ചുകൊള്ളണം." 216-ാം പുറത്ത്:- 'ഒരു കള്ളൻ അഞ്ചു പിടി മുടി പറിച്ച് ചാരിത്ര്യഗ്രഹണം ചെയ്ത് വളരെ കഷ്ടപ്പെടുകയും പശ്ചാത്തപിക്കുകയും ചെയ്തു. ആറാം മാസത്തിൽ കേവലജ്ഞാനം പ്രാപിച്ച് സിദ്ധനായി" എന്നു കാണാം.

സമീക്ഷൻ:- ഈ സംന്യാസികളുടേയും ഗൃഹസ്ഥന്മാരുടേയും ലീലാവിലാസം നോക്കുക. മഹാദുഷ്കൃത്യങ്ങൾ ചെയ്തിട്ടും സദ്ഗതി പ്രാപച്ചുവത്രേ!

വിവേകസാരം 106-ാം പുറത്ത് എഴുതിയിരിക്കുന്നു:- "ശ്രീകൃഷ്ണൻ മൂന്നാം നരകത്തിൽ പോയി" 145ൽ-"ധന്വന്തരി നരകത്തിൽ പോയി".148-ൽ ജോഗി, ജംഗമകാജി, മുല്ലാ എന്നിവർ അജ്ഞാനത്തിൽ പെട്ട്, വളരെ തപസ്സു ചെയ്തിട്ടും യാതന അനുഭവിച്ചിട്ടും ദുർഗതി പ്രാപിച്ചു എന്നെല്ലാം എഴുതിയിട്ടുണ്ട്.

രത്നസാരം ഒന്നാം ഭാഗം 170-ാം വശത്ത് എഴുതിയിരിക്കുന്നു:- ഒമ്പത് വാസുദേവന്മാർ അതായത് ത്രിപൃഷ്ഠവാസുദേവൻ, ദ്വിപൃഷ്ഠവാസുദേവൻ, സ്വയംഭൂവാസുദേവൻ, പുരുഷോത്തമവാസുദേവൻ, സിംഹപുരുഷവാസുദേവൻ, പുരുഷപുണ്ഡരീകവാസുദേവൻ, ദത്തവാസുദേവൻ, ലക്ഷ്മണവാസുദേവൻ, ശ്രീകൃഷ്ണവാസുദേവൻ എന്നിവരെല്ലാം പതിനൊന്ന്, പന്ത്രണ്ട്, പതിനാല്, പതിനഞ്ച്, പതിനെട്ട്, ഇരുപത്, ഇരുപത്തിരണ്ട് എന്നീ ക്രമത്തിലെ തീർഥങ്കരന്മാരുടെ കാലത്താണ് വനത്തിൽ പോയത്. ഒമ്പത് പ്രതി വാസുദേവന്മാർ അതായത് അശ്വഗ്രീവപ്രതിവാസുദേവൻ[68], താരകപ്രതിവാസുദേവൻ, മോദകപ്രതിവാസുദേവൻ, മധു പ്രതിവാസുദേവൻ, നിശുംഭപ്രതിവാസുദേവൻ, ബലീപ്രതിവാസുദേവൻ, പ്രഹ്ളാദപ്രതിവാസുദേവൻ, രാവണപ്രതിവാസുദേവൻ, ജരാസിന്ധുപ്രതിവാസുദേവൻ എന്നിവരെല്ലാം നരകത്തിൽ പോയി".

കല്പസൂത്രഭാഷ്യത്തിൽ ഋഷഭദേവൻ മുതൽ മഹാവീരൻ വരെയുള്ള 24 തീർഥങ്കരന്മാർ എല്ലാം മോക്ഷം പ്രപിച്ചു എന്നെഴുതിയിട്ടുണ്ട്.

സമീക്ഷൻ:- ഇവരുടെ ഈ കെട്ടുകഥകളെപ്പറ്റി ബുദ്ധിമാന്മാർ ചിന്തിച്ചു നോക്കട്ടെ. ജൈനസംന്യാസിമാരും ഗൃഹസ്ഥന്മാരും തീർഥങ്കരന്മാരും വ്യഭിചാരികളും കള്ളന്മാരുമായിരുന്നിട്ടും സ്വർഗത്തിലെത്തിയത്രെ. ശ്രീകൃഷ്ണനെപ്പോലുള്ള മഹാധാർമികരായ മഹാത്മാക്കൾ എല്ലാവരും നരകത്തിൽ പോയിപോലും! ഇങ്ങനെ പറയുന്നതെത്ര നികൃഷ്ടമാണ്.

വാസ്തവം പറഞ്ഞാൽ നല്ലവരായ ആളുകൾ ജൈനികളുമായി ഇടപെടുകയോ അവരെ ദർശിക്കുകയോ അരുത്. അവരുമായി സംസർഗം ചെയ്താൽ അവരുടെ ദോഷങ്ങൾ പകരും. ഈ നിർബന്ധബുദ്ധികളും ദുരാഗ്രഹികളുമായി സംസർഗം ചെയ്താൽ ദോഷമേ വന്നു ഭവിക്കൂ. എന്നാൽ ജൈനികളിൽ നല്ലവരുമായി സംസർഗം ചെയ്യുന്നത് ഒട്ടും ദോഷകരമല്ല.

വിവേകസാരത്തിന്റെ 55-ാം പുറത്ത് എഴുതിയിരിക്കുന്നതിപ്രകാരമാണ്— "ഗംഗാദിതീർത്ഥങ്ങൾ, കാശി മുതലായ ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ തീർത്ഥാടനം നടത്തുന്നതുകൊണ്ട് പരമാർഥമൊന്നും സിദ്ധിക്കുകയില്ല. എന്നാൽ ഗിർനാർ, പാലീടാണാ, ആബു മുതലായ ജൈനതീർത്ഥങ്ങൾ മുക്തിവരെ നല്കാൻ പോന്നവയാണ്.

സമീക്ഷകൻ:- ശൈവവൈഷ്ണവാദികളുടെ ക്ഷേത്രങ്ങളും തീർഥങ്ങളും എപ്രകാരമാണോ ജഡവസ്തുക്കളായിരിക്കുന്നത് അതപോലെതന്നെയാണ് ജൈനികളുടേതും. അവയിലൊന്നിനെ സ്തുതിക്കുന്നതും മറ്റൊന്നിനെ നിന്ദിക്കുന്നതും വ്യർഥമാണ്.

68. വിഷ്ണുവിന്റെ പ്രതിദ്വന്ദി. വിഷ്ണു കൊല്ലുകയോ കൊല്ലിക്കുകയോ ചെയ്തു.



രത്നസാരം ഒന്നാം ഭാഗം 23-24 വശങ്ങളിൽ ഇങ്ങനെ കാണാം. "മഹാവീരതീർഥങ്കരൻ ഗൗത മനോടു പറയുന്നു:- ഊർദ്ധ്വലോകത്തിൽ സിദ്ധ ശില എന്നൊരു സ്ഥലമുണ്ട് അത് സ്വർഗപുരിക്കു മുകളിൽ നാല്പത്തഞ്ചു യോചന നീളത്തിൽ, അത്രതന്നെ വിസ്താരത്തിൽ എട്ടുയോജന വണ്ണ ത്തിൽ ഉള്ളതാണ്. അത് മുത്തുമാലയേക്കാൾ, പ ശുവിൻപാലിനേക്കാൾ വെണ്മയും പ്രകാശവുമു ള്ളതാണ്. സ്വർണ്ണത്തേക്കാൾ തിളക്കവും കണ്ണാ ടിയേക്കാൾ നിർമലവുമാണ്. ഇത് പതിനാലാം ലോകത്തിന്റെ മുകൾഭാഗത്താണ്. അതിനു മുക ളിൽ ശിവപുരമെന്ന സ്ഥാനമുണ്ട്. അതിലും മുക്ത പുരുഷന്മാർ താങ്ങില്ലാതെ വസിക്കുന്നു. അവിടെ ജനനമരണ ദുഃഖങ്ങളില്ല. ആനന്ദമേയുള്ളൂ. വീണ്ടു മവർ ജനനമരണങ്ങളിൽ വരുന്നില്ല. എല്ലാ കർമ്മ ങ്ങളിൽനിന്നും മുക്തരാണവർ." ഇതത്രേ ജൈന രുടെ മുക്തി.

സമീക്ഷകൻ:- അന്യമതത്തിൽ സ്വർഗവർണന പലതരത്തിലുണ്ട്. കൈലാസം, വൈകുണ്ഠം, ശ്രീപുരം, ഗോലോകം മുതലായവ പുരാണങ്ങളു ടേയും, നാലാം ആകാശം ക്രിസ്ത്യാനികളുടേയും ഏഴാം ആകാശം മുസ്ലീങ്ങളുടേയും മുക്തിസ്ഥാ നമാണ്. അതുപോലെതന്നെയല്ലേ ജൈനികളുടെ സിദ്ധശിലയും ശിവപുരിയും? മുകളിൽ എന്നു ജൈനികൾ പറയുന്നിടം അതിനു മുകളിലുള്ള വർക്ക് താഴെയായിരിക്കും. ഭൂമിയിൽ നമുക്ക് താഴെ പാർക്കുന്നവർക്ക് നാം ആപേക്ഷികമായി താഴെ യാണ്. മുകളും താഴേയും വ്യവസ്ഥാപിത പദാർത്ഥങ്ങളല്ല. ആര്യാവർത്തത്തിലെ ജൈനി കൾ മുകളിലെന്നു പറയുന്നിടം അമേരിക്കാവാസി കൾക്ക് താഴെയാണ്. താഴെയെന്നു പറയുന്നിടം അവർക്ക് മുകളിലുമാണ്. ആ ശില നാല്പത്തഞ്ചു ലക്ഷത്തിന്റെ ഇരട്ടി, തൊണ്ണൂറുലക്ഷം കോശം വലുതാണെങ്കിലും ശരി അതിലെ മുക്തർ ബന്ധ നത്തിലാണ്. ആ ശിലയ്ക്കു പുറത്തിറങ്ങി പ്പോയാൽ അവരുടെ മുക്തി ഇല്ലാതായിപ്പോകുമ ല്ലോ. അതുപോലെ എപ്പോഴും അതിൽ ഇരിക്കു ന്നതിൽ പ്രീതിയും പുറത്തുപോകുന്നതിൽ അപ്രീ തിയും ഉണ്ടാകും. പ്രീതിയും അപ്രീതിയും ഉള്ള തിനെ മുക്തി എന്നു പറയാനാകുമോ? ഒമ്പതാം സമുല്ലാസത്തിൽ വർണ്ണിച്ചിരിക്കുന്ന തരത്തിലാണ് മുക്തിയെന്ന് കരുതുന്നതാണ് ശരി. ജൈനികളുടെ മുക്തി ഒരുതരം ബന്ധനമാണ്. മുക്തി വിഷയ ത്തിൽ ജൈനരും ഭ്രമജാലത്തിൽ പെട്ടിരിക്കുകയാ ണ്. ശരിയായ വേദാർത്ഥ ജ്ഞാനത്തി ലൂടെയല്ലാതെ മുക്തിയെന്തെന്നും അറിയുവാൻ കഴിയുന്നില്ല.

ഇനി ഇവരുടെ ഏതാനും അസംഭവ്യ പ്രസ്താ വങ്ങളെഴുതാം. വിവേകസാരത്തിന്റെ 78-ാം പുറത്ത് എഴുതിയിരിക്കുന്നു:- "ഒരുകോടി അറു പത്ലക്ഷം കലശങ്ങൾകൊണ്ട് മഹാവീരനെ ജന്മ സമയത്ത് സ്നാനം ചെയ്യിച്ചു." 136-ാം വശത്ത്, ദശാർണരാജാവ്, മഹാവീരന്റെ ദർശനാർഥം പോയി. അദ്ദേഹം തെല്ലൊന്നഹങ്കരിച്ചു. അതു മാറ്റാനായി അവിടെ 16,77,72,16,000 ഇന്ദ്രസ്വരൂപി കളും 13,37,05,72,00,00,000 ഇന്ദ്രാണികളും വന്നെ ത്തിയത് കണ്ട് രാജാവിന് ആശ്ചര്യമായി.

സമീക്ഷകൻ:- ഇത്രയും ഇന്ദ്രന്മാർക്കും ഇന്ദ്രാ ണികൾക്കും നില്ക്കാൻ ഇങ്ങനെ എത്ര ഭൂഗോള ങ്ങൾ വേണ്ടിവരും!

ശ്രാദ്ധദിനകൃത്യം, ആത്മനിന്ദാഭാവന, 31-ാം പുറത്ത് എഴുതിയിരിക്കുന്നു:- "ബാവഡികളും[69] കിണറും കുളങ്ങളും കുഴിപ്പിക്കരുത്"

സമീക്ഷകൻ:- എല്ലാവരും ജൈനരാവുകയും ആരും കുളവും കിണറും ഒന്നും കുഴിപ്പിക്കാതിരി ക്കുകയുമാണെങ്കിൽ ലോകർ എങ്ങനെ വെള്ളം കുടിയ്ക്കും?

ചോദ്യം:- കുളവും മറ്റും കുഴിപ്പിച്ചാൽ അതിൽ ജീവികൾ വീഴും. കുഴിപ്പിക്കുന്നവർക്ക് പാപമുണ്ടാ കും. അതിനാൽ ഞങ്ങൾ ജൈനികൾ ഇതൊന്നും ചെയ്യുകയില്ല.

ഉത്തരം:- നിങ്ങൾക്കീ ബുദ്ധിനാശം വന്നതെങ്ങനെ? ക്ഷുദ്രജീവികൾ വീണുമരിക്കുന്ന പാപം ഗണിക്കുമ്പോൾ, വലിയജീവികളായ പശുവും മറ്റുമൃഗങ്ങളും വെള്ളം കുടിക്കുമ്പോൾ ലഭിക്കുന്ന പുണ്യം എന്തുകൊണ്ട് എണ്ണുന്നില്ല?

തത്ത്വവിവേകം 196-ാം പുറത്ത് ഇപ്രകാരം എഴു തിയിട്ടുണ്ട്:- ഒരു നഗരത്തിൽ നന്ദമണികാരൻ എന്ന സേട്ട് ബാവഡി കുഴിപ്പിച്ചു. അയാൾ ധർമ ഭ്രഷ്ടനാവുകയും പതിനാറുരോഗങ്ങൾക്ക് അധീ നനാവുകയും ചെയ്തു. മരിച്ച് ആ ബാവഡിയിൽ തന്നെ തവളയായി പിറന്നു. മഹാവീരന്റെ ദർശ നത്തോടെ അയാൾക്ക് പൂർവജാതിസ്മ രണയുണ്ടായി. മഹാവീരൻ പറയുന്നു:- ഞാൻ വരുന്നെന്നു കേട്ട്, പൂർവജന്മത്തിലെ ആചാര്യനെ

69. ബാവഡി ഒരുതരം 'കുളക്കിണർ' ആണ്. കിണറ്റിനുള്ളി ലേക്ക് പടികൾ കെട്ടിയിറക്കിയിരിക്കും. അതിലൂടെ ഇറങ്ങി വെള്ളം കോരിയെടുക്കാം.



ന്നറിഞ്ഞ് വന്ദിക്കുവാൻ വരവേ, ശ്രേണികന്റെ കുതിരയുടെ ചവിട്ടേറ്റ് മരിച്ച് ശുഭധ്യാനയോഗത്താൽ ദർദ്ദുരാങ്കൻ എന്ന വൻമഹത്വങ്ങളുള്ള ദേവനായി. ജ്ഞാനശക്തിയാൽ എന്റെ സാന്നിധ്യം അറിഞ്ഞ് വരികയും മാഹാത്മ്യം പ്രകടിപ്പിച്ച്, വന്ദിച്ച് മടങ്ങുകയും ചെയ്തു.

സമീക്ഷകൻ:- ഇപ്രകാരമുള്ള അസംഭവ്യമിഥ്യകൾ പറയുന്ന മഹാവീരനെ സർവോത്തമനെന്നു കരുതുന്നതിൽ കവിഞ്ഞ മഹാഭ്രാന്ത് മറ്റെന്തുള്ളു!

ശ്രാദ്ധദിന കൃത്യം 36-ാം പുറത്ത് എഴുതുന്നു:- "മരിച്ചവന്റെ വസ്ത്രം സംന്യാസി എടുക്കട്ടെ."

സമീക്ഷകൻ:- നോക്കൂ! സംന്യാസി മഹാബ്രാഹ്മണന്[70] തുല്യനായി! വസ്ത്രം സംന്യാസിക്ക്! ആഭരണം ആർക്കുള്ളത്? വിലകൂടുതലുള്ളതിനാൽ വീട്ടിൽ വയ്ക്കുമായിരിക്കും. അപ്പോൾ സംന്യാസിക്ക് എന്തു പദവി?

രത്നസാരം ഒന്നാംഭാഗം 105-ാം പുറത്ത് കാണുന്നത്:- "വറക്കുകയും ഇടിക്കുകയും പൊടിക്കുകയും പാകം ചെയ്യുകയും ചെയ്യുന്നതിൽ പാപമുണ്ട്."

സമീക്ഷകൻ:- ഇവരുടെ അറിവില്ലായ്മ നോക്കൂ. ഈ കർമങ്ങളൊന്നും ചെയ്തില്ലെങ്കിൽ മനുഷ്യരും മറ്റും എങ്ങനെ ജീവിക്കും? ജൈനികളും പണ്ഡിതരായി ചത്തുപോവുകയേയുള്ളൂ.

രത്നസാരം ഒന്നാം ഭാഗം 104-ാം പുറത്ത് എഴുതിയിരിക്കുന്നത് നോക്കുക:- "പൂന്തോട്ടം ഉണ്ടാക്കിയാൽ തോട്ടക്കാരന് ഒരുലക്ഷം പാപം ഉണ്ടാകും."

സമീക്ഷകൻ:- തോട്ടക്കാരന് ലക്ഷം പാപമുണ്ടായാലും അനേകം ജീവികൾക്ക് ഇലകളും പഴങ്ങളും പൂക്കളും കൊണ്ട് ആനന്ദം ലഭിക്കും. അപ്പോൾ കോടിപുണ്യവും ലഭിക്കും. ഇതു കാണുന്നതേയില്ല. ഇതെത്ര അജ്ഞതയാണ്!

തത്ത്വവിവേകം 202-ാം പുറത്ത് എഴുതിയിരിക്കുന്നു:- "ലബ്ധി എന്ന സംന്യാസി അറിയാതെ ഒരു വേശ്യാഗൃഹത്തിൽ ചെന്നുകയറി. ധർമ്മബോധനം നടത്തി ഭിക്ഷ. യാചിച്ചു. ഇവിടെ ധർമമൊന്നും ഇല്ല. അർഥംകൊണ്ടുള്ള ഇടപാടുകളേയുള്ളൂ എന്നായി വേശ്യ. ലബ്ധി[71] ഉടനെതന്നെ പന്ത്രണ്ടരലക്ഷം സ്വർണ നാണയങ്ങൾ അവിടെ വർഷിച്ചു.

സമീക്ഷകൻ:- ഇത് ബുദ്ധിഹീനന്മാർക്കല്ലാതാർക്കാനും വിശ്വസിക്കുവാൻ കഴിയുമോ?

രത്നസാരം ഒന്നാംഭാഗം 67-ാം പുറത്ത് എഴുതിയിരിക്കുന്നു:- "ഒരു ശിലാ വിഗ്രഹം കുതിരപ്പുറത്തുകയറി സഞ്ചരിക്കുകയും സ്മരിക്കുന്നവരെ ചെന്നു രക്ഷിക്കുകയും ചെയ്യുന്നു."

സമീക്ഷകൻ:- പറയൂ ജൈനരേ! നിങ്ങളുടെ വീടുകളിൽ ഇപ്പോഴും ചോരന്മാരുടേയും കൊള്ളക്കാരുടെയും ഭീക്ഷണിയില്ലേ? സ്മരിച്ച് ശിലാവിഗ്രഹത്തെ വരുത്തി രക്ഷനേടാതെ പോലീസിലും മറ്റും പരാതി കൊടുക്കാൻ മണ്ടിനടക്കുന്നതെന്തിനാണ്?

ശ്വേതാംബരരും ദിഗംബരരും

ഇനി ഇവരുടെ സംന്യാസിമാരുടെ ലക്ഷണം എഴുതാം:-

1. "സരജോഹരണാ ഭൈക്ഷ ഭൂജോ ലുഞ്ചിത മൂർദ്ധജാഃ, ശ്വേതാംബരാഃ ക്ഷമാശീലാ നിഃസംഗാ ജൈനസാധവഃ.

2. ലുഞ്ചിതാഃ പിച്ഛികാ ഹസ്താഃ പാണി പാത്രാ ദിഗംബരാഃ ഉർദ്ധ്വാശിനോ ഗൃഹേ ദാതുർദ്വിതീയാഃ. സ്യുർജിനർഷയഃ

3. ഭുങ്ക്തേ ന കേവലീ ന സ്ത്രീ മോക്ഷ മേതി ദിഗംബരാഃ, പ്രാഹുരേഷാമയം ഭേദോ മഹാൻ ശ്വേതാംബരൈഃ സഹ.[72]

ജൈനസംന്യാസിമാരുടെ ലക്ഷണം പറയുവാൻ ജിനദത്ത സൂരി രചിച്ചതാണീ ശ്ലോകങ്ങൾ സരജോ ഹരണഃ =ചാമരം ധരിക്കുക ഭിക്ഷയെടുത്ത് ഭക്ഷിക്കുക, തലയിലെ രോമങ്ങൾ ലുഞ്ചനം (പിഴുതെടുക്കുക) ചെയ്യുക. ശ്വേതവസ്ത്രം ധരിക്കുക, ക്ഷമയോടെ ജീവിക്കുക, ആരോടും സംസർഗമില്ലാതിരിക്കുക എന്നീ ലക്ഷണങ്ങളുള്ള ജൈനികളെ **ശ്വേതാംബരർ** എന്നും ജതികൾ എന്നും പറയുന്നു.

രണ്ടാമത്തേത് ദിഗംബരർ. ഇവർ വസ്ത്രം ധരിക്കുന്നില്ല. തലമുടി പിഴുതു കളയുകയും കൈവശം ഒരു രോമച്ചൂല് വയ്ക്കുകയും ആരെങ്കിലും ഭിക്ഷ നല്കിയാൽ കയ്യിൽ വാങ്ങി ഭക്ഷിക്കുകയും ചെയ്യുന്നു. ഈ **ദിഗംബരർ** മറ്റൊരുകൂട്ടം സംന്യാസിമാ

70. മഹാബ്രഹ്മണൻ എന്ന പ്രയോഗം ചുടലക്കാരൻ എന്ന അർഥത്തിൽ പ്രയോഗിക്കുന്ന ഹിന്ദിപദമാണ്.

71. ലബ്ധിയെന്നതിന് സിദ്ധൻ എന്നാണർഥം. ഈ സിദ്ധന്റെ പേര് നന്ദിഷേണൻ എന്നായിരുന്നു.

72. സർവദർശനസംഗ്രഹം -ആർഹതദർശനം ശ്ലോകം 10-12

രാണ്. ഭിക്ഷനല്കുന്ന ഗൃഹസ്ഥൻ ഭക്ഷിച്ചിരുന്ന ശേഷം മാത്രം ഭക്ഷിക്കുന്നവരാണ് **ജിനർഷികൾ** എന്നു പറയുന്ന മൂന്നാമത്തെകൂട്ടം സംന്യാസികൾ

ദിഗംബരരും ശ്വേതാംബരരും തമ്മിൽ ഇത്രയേ ഭേദമുള്ളൂ. ദിഗംബരർ സ്ത്രീകൾക്ക് മുക്തിയി ല്ലെന്ന പക്ഷക്കാരാണ്. ശ്വേതാംബരർ ഉണ്ടെന്ന പക്ഷക്കാരും. ഇവർ ഒറ്റയ്ക്ക് ഭക്ഷിക്കുന്നവരുമ ല്ല. ജൈനരുടെ കേശലുഞ്ചനം സർവത്ര പ്രസി ദ്ധമാണ്. അഞ്ചുപിടി മുടി പിഴണം എന്നും മറ്റും എഴുതിവച്ചിട്ടുണ്ട്. വിവേകസാരം 216-ാം വശത്ത് "അഞ്ചു പിടി മുടി പിഴുത് ചാരിത്ര്യം ഗ്രഹിച്ചു. അതായത് അഞ്ചു പിടി മുടി പിഴുത് സംന്യാസി യായി" എന്നു കാണുന്നു. കല്പസൂത്രഭാഷ്യം 108 -ാം പുറത്ത് കേശലുഞ്ചനം ചെയ്ത് പശുവിന്റെ രോമംപോലെ ആക്കുക എന്നെഴുതിയിട്ടുണ്ട്.

സമീക്ഷകൻ:- ജൈനർ പറയട്ടെ - നിങ്ങളുടെ ദയ എന്ന ധർമ്മം എവിടെ പോയി? ഇത് ഹിംസ യല്ലേ? തനിയേ ആകട്ടെ ഗുരുവാകട്ടെ, മറ്റാരാനു മാകട്ടെ എന്തു കഷ്ടതയാണ് ഈ ലുഞ്ചനം കൊണ്ട് ആ ജീവൻ അനുഭവിക്കുന്നത്! ജീവികളെ വേദനിപ്പിക്കുന്നതിനാണ് ഹിംസയെന്നു പറയുന്ന ത്.

വിവേകസാരം 7-8 വശങ്ങളിൽ എഴുതിയിരി ക്കുന്നു:- വിക്രമാബ്ദം 1633ലാണ് ശ്വേതാംബ രിൽനിന്ന് ഢൂംഢിയ എന്ന കൂട്ടരും അവരിൽനിന്ന് തേരാപന്ഥികൾ എന്ന വിഭാഗവും ഉണ്ടായത്. ഢൂംഢിയകൾ വിഗ്രഹാരാധനക്കാരല്ല. ഭക്ഷണം സ്നാനം എന്നിവയൊഴികെ സദാ ഒരു തുണിക്ക ഷണംകൊണ്ട് വായ മൂടിക്കെട്ടുന്നു. ജതികൾ മുത ലായവർ പുസ്തകം വായിക്കുമ്പോൾ വാമൂടിക്കെ ട്ടുന്നു. മറ്റു സമയങ്ങളിൽ കെട്ടുന്നില്ല.

ചോദ്യം:- വായ്മൂടി കെട്ടേണ്ടതുതന്നെ. എന്തെ ന്നാൽ വായു കായത്തിൽ അതായത് വായുവിൽ സൂക്ഷ്മശരീരങ്ങളായ ജീവികൾ ഉണ്ട്. അവ വായിൽനിന്ന് വരുന്ന ചൂടിൽ ചത്തുപോകും. അതിന്റെ പാപം മുഖത്ത് തുണികെട്ടാത്തവർക്കു ണ്ടാകും. അതിനാൽ മുഖത്ത് തുണികെട്ടുന്നതു തന്നെയാണ് നല്ലത്.

ഉത്തരം:- ഇത് അറിവിന്റെയും പ്രത്യക്ഷാദി പ്രമാണങ്ങളുടെയും വെളിച്ചത്തിൽ യുക്തമല്ല. ജീവൻ വാർദ്ധക്യമോ മൃത്യുവോ ഇല്ലാത്തതാണ്. അതിനാൽ വായിലെ ചൂടുകൊണ്ട് അവ മരിക്കു കയില്ല. ജീവൻ ഇത്തരത്തിലുള്ളതാണെന്ന് നിങ്ങളും അംഗീകരിക്കുന്നുണ്ടല്ലോ.

ചോദ്യം:- ജീവൻ മരിക്കുകയില്ല. എന്നാൽ മുഖ ത്തെ ഉഷ്ണവായുകൊണ്ട് അവയ്ക്ക് പീഡയുണ്ടാ കും. ആ പീഡയുണ്ടാക്കുന്ന ആളിന് അതുകൊണ്ട് പാപമുണ്ടാകും. അതിനാൽ വാ മൂടിക്കെട്ടുന്ന താണ് നല്ലത്.

ഉത്തരം:- ഇത് ശരിയല്ല. പീഡിപ്പിക്കാതെ ഒരു ജീവിക്കും ഒട്ടും ജീവിക്കാൻ കഴിയുകയില്ല. വായിലെ വായു ഏറ്റാൽ ജീവികൾക്ക് പീഡയു ണ്ടാകുമെന്ന നിങ്ങളുടെ അഭിപ്രായപ്രകാരം സഞ്ചരിക്കുക, ഇരിക്കുക, കൈകാലുകൾ ചലിപ്പി ക്കുക. കണ്ണു മിഞ്ചുക മുതലായവകൊണ്ടും വളരെ പീഡയുണ്ടാകും അതിനാൽ നിങ്ങൾക്കും ജീവി കൾക്കും പീഡയുണ്ടാകുന്നതിൽ നിന്നൊഴിഞ്ഞു നില്ക്കാൻ സാധ്യമല്ല.

ചോദ്യം:- കഴിവതും പീഡ നല്കാതെ ജീവി കളെ രക്ഷിക്കണം. കഴിയാത്തിടത്ത് നാം അതിന് അശക്തരാണ്. വായു നിറയെ ജീവികളാണ്. വാ മൂടാതിരുന്നാൽ വളരെ ജീവികൾ മരിക്കും. മൂടു മ്പോൾ കുറച്ചേ മരിക്കൂ.

ഉത്തരം:- ഇതും യുക്തിശൂന്യമായ പറച്ചിലാ ണ്. തുണികെട്ടുന്നതുകൊണ്ട് ജീവികൾക്ക് കൂടു തൽ ദുരിതമുണ്ടാകും. വായ്ക്കൽ തുണികെട്ടുന്ന തുകൊണ്ട്, വായിലെ വായു തങ്ങിനിന്ന് താഴേയ്ക്കോ വശത്തുകൂടെയോ മൗനമായിരിക്കു മ്പോൾ മൂക്കിലൂടെയോ ഒന്നിച്ച് ശക്തിയായി പ്രവ ഹിക്കും. അപ്പോൾ ചൂടു കൂടുതലായിരിക്കയാൽ നിങ്ങളുടെ അഭിപ്രായ പ്രകാരം, കൂടുതൽ പീഡയ്ക്കു കാരണമാകും. മുറിയുടെ ജന്നലും വാതിലും എല്ലാം അടച്ചിടുകയോ തുണിയിടു കയോ ചെയ്യുമ്പോൾ ചൂട് വർദ്ധിക്കും. തുറന്നിരു ന്നാൽ അത്രയും ചൂടുണ്ടാവുകയുമില്ല. അതു പോലെ മുഖത്ത് തുണികെട്ടുമ്പോൾ ചൂട് അധി കമാകും കെട്ടാതിരുന്നാൽ കൂടുകയില്ല. അപ്പോൾ നിങ്ങളുടെ അഭിപ്രായപ്രകാരം കൂടുതൽ കഷ്ടത ജീവികൾക്കുണ്ടാകും. മൂടിക്കെട്ടുമ്പോൾ കൂടുതൽ ശക്തിയോടെ വായു പുറത്തുവരികയും ജീവി കൾക്ക് അധികം ദുരിതമുണ്ടാവുകയും ചെയ്യും. ഒരാൾ കുഴലില്ലാതെ തീയൂതിയാൽ പ്രവഹിക്കു ന്നതിലധികം ശക്തിയോടെ കുഴലിലൂടെ ഊതി യാൽ പ്രവഹിക്കും. അതുപോലെ മുഖത്ത് തുണി കെട്ടിയാൽ വായിൽ വായു തടയുന്നതിനാൽ മൂക്കി ലൂടെ ശക്തമായി പ്രവഹിക്കുകയും ജീവികൾക്ക് കൂടുതൽ ദുഃഖമുണ്ടാക്കുകയും ചെയ്യും. അതി നാൽ വായ്ക്കൽ തുണികെട്ടുന്നവരേക്കാൾ വലിയ

ധർമ്മാത്മാക്കൾ കെട്ടാത്തവരാണ്. കൂടാതെ തുണികെട്ടിയാൽ അക്ഷരങ്ങൾ വേണ്ടവണ്ണം ഉച്ചരിക്കുവാൻ കഴിയുകയില്ല. അനുനാസികമല്ലാത്ത അക്ഷരങ്ങൾ അനുനാസികമായി ഉച്ചരിക്കുന്നതുകൊണ്ടുള്ള ദോഷവും നിങ്ങൾക്കുണ്ടാകും. തുണികെട്ടുന്നതുകൊണ്ട് ദുർഗന്ധവും വർദ്ധിക്കും. ശരീരത്തിനുള്ളിൽ ദുർഗന്ധമാണുള്ളത്. ശരീരത്തിൽനിന്നു പോകുന്ന വായു ദുർഗന്ധയുക്തമാകുന്നതുകൊണ്ട് ഇത് പ്രത്യക്ഷമാണ്. അതിനെ തടയുന്നതുകൊണ്ട് ദുർഗന്ധം വർദ്ധിക്കും. അടച്ചിട്ട ശൗചാലയം കൂടുതൽ ദുർഗന്ധമുള്ളതും തുറന്നത് കുറവുള്ളതുമായിരിക്കുന്നതുപോലെ വായ്ക്കൽ തുണികെട്ടി പല്ലുതേയ്ക്കാതെ, കുളിക്കാതെ, മുണ്ടലക്കാതെ നടക്കുന്നതും കൊണ്ട് നിങ്ങളുടെ ശരീരത്തിൽ കൂടുതൽ ദുർഗന്ധവും ലോകത്തിൽ വിവിധ രോഗങ്ങളുണ്ടായി ജീവികൾക്ക് പീഡയുണ്ടാകുന്നതുകൊണ്ടുള്ള പാപം നിങ്ങൾക്ക് കിട്ടും.

മേളകളിലും മറ്റും ദുർഗന്ധം വർദ്ധിച്ച് വിഷൂചികയും മറ്റും പടർന്നുപിടിച്ച് ജീവികൾ ദുഃഖിക്കുന്നു. ദുർഗന്ധം കുറയുംതോറും രോഗവും കുറയും. ജീവികൾക്ക് പീഡകുറയും. അതിനാൽ കൂടുതൽ ദുർഗന്ധം വമിപ്പിക്കുന്ന നിങ്ങൾ അപരാധികളും വായ്മൂടാതെ, പല്ലുതേക്കുകയും കുളിക്കുകയും മുണ്ടലക്കുകയും മറ്റും ചെയ്യുന്നവർ നിങ്ങളേക്കാൾ നല്ലവരുമാണ്. അന്ത്യജരുടെ ദുർഗന്ധവുമായി സഹവസിക്കുന്നതിൽ നിന്നകന്നു നില്ക്കുന്നത് വളരെ നല്ലതാണ്. സഹവസിക്കുന്നവരുടെ ബുദ്ധി പവിത്രമായിരിക്കുന്നില്ല. അതുപോലെ നിങ്ങളോടു സഹവസിക്കുന്നവരുടെ ബുദ്ധിയും വർദ്ധിക്കുന്നില്ല. രോഗാധിക്യവും ബുദ്ധിഹീനതയും ഉണ്ടായാൽ ധർമാനുഷ്ടാനത്തിന് ബാധകമാകും. അതുപോലെയാവാം, ദുർഗന്ധയുക്തരായ നിങ്ങൾക്കും നിങ്ങളോടു സഹവസിക്കുന്നവർക്കും! പല്ലു തേക്കാത്ത നിങ്ങളുടെ വായ അത്യന്തം ദുർഗന്ധപൂർണമായിരിക്കും. നിങ്ങൾ ആരുടെയെങ്കിലും സമീപമോ ആരെങ്കിലും നിങ്ങളുടെ അടുത്തോ വന്നാൽ നാറ്റമല്ലാതെ മറ്റെന്തുണ്ടാകും! ഇത്യാദി.

ചോദ്യം:- അടച്ചിട്ട് വീട്ടിൽ എരിയ്ക്കുന്ന തീയുടെ ചൂട് വെളിയിൽചെന്ന് അന്യജീവികൾക്ക് ഉപദ്രവം ചെയ്യാത്തതുപോലെ ഞങ്ങൾ വായടപ്പ് കെട്ടി വായുവിനെ തടഞ്ഞ് വെളിയിലുള്ള ജീവികൾക്ക് കുറച്ചു ദുഃഖംമാത്രം നല്കുന്നു. വായടച്ച് കെട്ടുന്നതുകൊണ്ട് പുറത്തുള്ള ജീവികൾക്ക് പീഡയുണ്ടാകുന്നില്ല. മുൻപിൽ അഗ്നിജ്വലിക്കുമ്പോൾ കൈപ്പടംകൊണ്ട് മുഖത്ത് അധികം ചൂടേക്കുന്നത് തടയാവുന്നതാണല്ലോ. വായുവിലെ ജീവകൾ ശരീരമുള്ളവയാകയാൽ അവയ്ക്ക് നിശ്ചയമായും പീഡയുണ്ടാകും.

ഉത്തരം:- നിങ്ങളീപ്പറയുന്നത് ബാലിശമാണ്. അകത്തെ വായുവിന് പുറത്തേവായുവുമായി സന്ധിക്കത്തക്കതുപോലെ ചരിദ്രങ്ങളില്ലെങ്കിൽ അകമേ തീയെരിയുകയില്ല. ആർക്കെങ്കിലും അത് പ്രത്യക്ഷമായി കാണണമെങ്കിൽ ചൂളയിൽ തീ കത്തിച്ച് അതിന്റെ ദ്വാരങ്ങളെല്ലാം അടച്ചുനോക്കുക. തീ ഉടനേ കെടും. ഭൂമിയിലെ ജീവികൾക്ക് പുറമേയുള്ള വായുവുമായി സമ്പർക്കമില്ലാതെ ജീവിക്കുവാൻ കഴിയുകയില്ല. അതുപോലെ തീയും കത്തുകയില്ല. ഒരു വശത്തുനിന്നും അഗ്നിയുടെ വേഗം തടഞ്ഞാൽ മറുവശത്തുകൂടി അതിവേഗം ജ്വലിക്കും കൈപ്പത്തികൊണ്ട് ചൂടുതടഞ്ഞാൽ മുഖത്ത് അധികം ചൂടേല്ക്കുകയില്ലെങ്കിലും കൈപ്പത്തിയിൽ കൂടുതൽ ചൂടുതട്ടും. അതിനാൽ നിങ്ങൾ പറഞ്ഞതു ശരിയല്ല.

ചോദ്യം:- വലിയവരോട് ചെറിയവർ ചെവിയിൽ സംസാരിക്കുന്നത് വാ പൊത്തിക്കൊണ്ടാണ്. തുപ്പൽ തെറിക്കാതിരിക്കുന്നതിനും ദുർഗന്ധം അറിയാതിരിക്കുന്നതിനും വേണ്ടിയാണ്. പുസ്തകം വായിക്കുമ്പോൾ തുപ്പൽ വീണ് അത് എച്ചിലായിപ്പോകും. ഏതായാലും വായടച്ച് കെട്ടുന്നത് നല്ലതാണ്.

ഉത്തരം:- ജീവരക്ഷയ്ക്ക് വായടച്ചുകെട്ടുന്നതു വെറുതേയാണെന്നിതിൽനിന്നു വ്യക്തമാകുന്നു. വലിയ ആളുകളോടു ചെവിയിൽ സംസാരിക്കുമ്പോൾ വായ്ക്കൽ കൈവയ്ക്കുന്നത് രഹസ്യം ആരും കേൾക്കാതിരിക്കുന്നതിനാണ്. പരസ്യമായ കാര്യം പറയുമ്പോൾ ആരും വായ്ക്കൽ കൈവയ്ക്കാറില്ല. രഹസ്യം പറയാനാണിതെന്നു വ്യക്തം.

വായ്ക്കൽ കൈപൊത്തുന്നതുകൊണ്ട് വേറെ പ്രയോജനങ്ങളും ഉണ്ട്. ചിലരുടെ മുൻപിൽവച്ച് രഹസ്യം പറയുമ്പോൾ വായ്ക്കൽ കൈവയ്ക്കാത്തപക്ഷം വായുപരക്കുന്നതുപോലെ രഹസ്യവും പരക്കും. എന്നാൽ രണ്ടുപേർ തമ്മിൽ ഏകാന്തമായി സംസാരിക്കുമ്പോൾ വായ്ക്കൽ കൈവയ്ക്കാത്തത് രഹസ്യം കേൾക്കാൻ മറ്റാരുമില്ലാത്തതുകൊണ്ടാണ്. വലിയ വരുടെ ദേഹത്ത് തുപ്പൽ തെറിക്കരുതെന്നേയുള്ളോ? ചെറിയവരുടെ



ദേഹത്ത് തെറിക്കാമോ? തുപ്പൽ വീഴുന്നതിൽനിന്ന് ഒഴിയാൻ സാദ്ധ്യമല്ല. ദൂരെനിന്നു സംസാരിച്ചാലും വായുവിലൂടെ ഉമിനീരിന്റെ ത്രസരേണുക്കൾ വ്യാപിക്കും. ഇത് ദോഷമായെണ്ണുന്നത് അജ്ഞതയാണ്.

വായിലെ ചൂടുകൊണ്ട് ജീവികൾ മരിക്കുമെന്നോ അവയ്ക്ക് പീഡയുണ്ടാകുമെന്നോ പറയുന്നപക്ഷം, മീനം മേടമാസത്തിലെ സൂര്യന്റെ ചൂടുകൊണ്ട് വായുവിലെ ഒറ്റ ജീവിപോലും മരിക്കാതെ ശേഷിക്കുകയില്ല. ആ ചൂടുകൊണ്ടും ജീവൻ മരിക്കില്ല. എന്തെന്നാൽ ജീവൻ മരിക്കുന്നതല്ല. അതിനാൽ നിങ്ങളുടെ ഈ സിദ്ധാന്തം കള്ളമാണ്. നിങ്ങളുടെ തീർഥങ്കരന്മാർ വിദ്വാന്മാരായിരുന്നെങ്കിൽ ഇത്തരം പൊള്ളത്തരങ്ങൾ പറയുമായിരുന്നില്ല.

നോക്കൂ, ജീവന് പീഡയുണ്ടാകുന്നത് അതിന്റെ പ്രവൃത്തി അവയവങ്ങളുമായി ബന്ധപ്പെട്ടിരിക്കുമ്പോഴാണ്. ഇതിന് പ്രമാണം ''പഞ്ചാവയവയോഗാത് സുഖസംവിത്തിഃ''[73] എന്ന സാംഖ്യസൂത്രമാണ്. അഞ്ചിന്ദ്രിയങ്ങൾക്കും അഞ്ചു വിഷയങ്ങളോടു ബന്ധമുള്ളപ്പോഴാണ് സുഖദുഃഖങ്ങൾ ജീവന് അനുഭൂതമാകുന്നതെന്നർത്ഥം. ബധിരനെ ഭർത്സിക്കുന്നതും, അന്ധന്റെ മുൻപിൽ കുടിസർപ്പമോ, കടുവയോ ഭയപ്പെടുത്തുന്ന മറ്റു ജീവികളോ പോകുന്നതും, പീനസ രോഗിയെക്കൊണ്ട് മണപ്പിക്കുന്നതും. സ്വാദറിയാത്തവനെ രുചിപ്പിക്കുന്നതും വെറുതെയാണ്. അതുപോലെയാണ് ജീവികളുടെ വ്യവസ്ഥയും. നോക്കൂ! മനുഷ്യജീവൻ സുഷുപ്താവസ്ഥയിലായിരിക്കുമ്പോൾ അതിന് സുഖമോ ദുഃഖമോ അറിയാൻ കഴിയുന്നില്ല. ശരീരത്തിനുള്ളിൽ വർത്തിക്കുന്നെങ്കിലും ബാഹ്യാവയവങ്ങളോട് ബന്ധം ഇല്ലാത്തതുകൊണ്ടാണിത്. വൈദ്യന്മാർ അഥവാ അധുനിക ഡോക്ടർമാർ മയക്കുമരുന്നു കൊടുത്ത് രോഗിയെ ശസ്ത്രക്രിയ ചെയ്യുമ്പോൾ അവർക്ക് വേദന തോന്നാത്തതുപോലെ വായുകായജീവികൾക്കും സ്ഥാവരശരീരമുള്ള ജീവികൾക്കും സുഖദുഃഖങ്ങളുണ്ടാകുന്നില്ല. മൂർച്ഛിതനായ ജീവി സുഖദുഃഖങ്ങൾ അനുഭവിക്കാത്തതുപോലെ വായുകായത്തിലെയും മറ്റു ജീവികൾ അത്യന്തം മൂർച്ഛിതരാകയാൽ സുഖദുഃഖങ്ങൾ അറിയുന്നില്ല. പിന്നെങ്ങനെയാണ് അവയ്ക്ക് പീഡയുണ്ടാകുന്നെന്നു പറയുന്നത്? അവയ്ക്ക് സുഖദുഃഖങ്ങളുടെ പ്രാപ്തിയേ പ്രത്യക്ഷമല്ലാതിരിക്കേ അനുമാനാദികൾക്കും പ്രസക്തിയില്ല.

ചോദ്യം:- അവ ജീവാത്മാക്കളായിരിക്കെ സുഖദുഃഖങ്ങൾ എന്തുകൊണ്ട് ഉണ്ടാകുന്നില്ല?

ഉത്തരം:- കേൾക്കൂ പാവം സഹോദരാ! നിങ്ങൾ സുഷുപ്തിയിലായിരിക്കുമ്പോൾ സുഖദുഃഖങ്ങൾ അറിയാത്തതെന്താണ്? സുഖ ദുഃഖ പ്രാപ്തിയുടെ ഹേതു 'സംബന്ധ'മാണെന്ന് പ്രസിദ്ധം. ശസ്ത്രക്രിയയുടെ ഉദാഹരണം. പറഞ്ഞുവല്ലോ. അതുപോലെ അതിമൂർച്ഛിതരായ ജീവികൾക്കെങ്ങനെ സുഖദുഃഖങ്ങൾ ഉണ്ടാകും? അവയ്ക്ക് അവയുടെ പ്രാപ്തിക്കുതകുന്ന സാധനങ്ങളൊന്നും ഇല്ല.

ചോദ്യം:- നോക്കൂ. ഞങ്ങൾ പച്ചക്കറികൾ, കന്ദങ്ങൾ വേരുകൾ ഇവയൊന്നും ഭക്ഷിക്കുന്നില്ല. പച്ചക്കറികളിൽ അനേകവും, കന്ദമൂലങ്ങളിൽ അനന്തവും ജീവാത്മാക്കളുണ്ട്. അവ ഭക്ഷിച്ചാൽ ആ ആത്മാക്കളെ കൊല്ലാനും പീഡിപ്പിക്കാനും ഇടയാവുകയും അങ്ങനെ ഞങ്ങൾ പാപികളാവുകയും ചെയ്യും.

ഉത്തരം:- ഇതു നിങ്ങളുടെ കടുത്ത അജ്ഞാനമാണ്. പച്ചക്കറികൾ ഭക്ഷിച്ചാൽ ജീവികളെ കൊല്ലുകയും പീഡിപ്പിക്കുകയും ചെയ്യാനിടയാകുമെന്ന് എങ്ങനെ വിശ്വസിക്കും? പീഡയുണ്ടാകുന്നത് പ്രത്യക്ഷമായി കാണാമോ? കാണാമെങ്കിൽ ഞങ്ങളേയും കാണിക്കൂ. കാണാനോ കാണിക്കാനോ സാധിക്കുകയില്ലതന്നെ. പ്രത്യക്ഷമല്ലെങ്കിൽ അനുമാനമോ ഉപമാനമോ ശബ്ദപ്രമാണമോ ഒരിക്കലും ബാധകമാവുകയില്ല. നേരത്തെ പറഞ്ഞുവന്ന കാര്യങ്ങൾതന്നെ ഇവിടെയും ഉത്തരമാണ്. അത്യന്താകാരത്തിൽ[74] മഹാസുഷുപ്തിയിൽ, മഹാമത്തതയിൽ കഴിയുന്ന ജീവാത്മാവിന് സുഖദുഃഖങ്ങൾ അനുഭൂതമാകുമെന്നു പറയുന്നതിൽ നിന്ന് നിങ്ങൾക്കിത്തരം യുക്തികളും വിദ്യാവിരുദ്ധമായ ഉപദേശവും നല്കിയ തീർഥങ്കരന്മാരുടെ അജ്ഞത വെളിവാകുന്നുണ്ട്. വീട് നശിച്ചു എന്നു പറഞ്ഞാൽ അതിനുള്ളിലുള്ളവ എങ്ങനെ നശിക്കാതെ അഹന്തമായിരിക്കും? ഇതുപോലെ കിഴങ്ങുകൾ നശിക്കുന്നത് നാം കാണുന്നു. അപ്പോൾ അതിലെ ജീവാത്മാക്കൾ നശിക്കു

73. 5-27

74. അസുര്യാ നാമതേ ലോകാ അന്ധേന തമസാവൃതാഃ (യജു 40.3) അന്ധതമസ് - മഹാന്ധകാരം ആത്മാ-ഇന്ദ്രിയ-വിഷയ ബന്ധരാഹിത്യം.

കയില്ലേ? ഇതിൽ നിന്ന് നിങ്ങളുടെ വാദം ഒട്ടും കഴമ്പില്ലാത്തതാണെന്നു കാണാം.

ചോദ്യം:- നിങ്ങൾ വെള്ളം ചൂടാക്കാതെ കുടിക്കുന്നത് മഹാപാപമാണ്. ഞങ്ങൾ ചൂടാക്കിയേ കുടിക്കൂ. അങ്ങനെ നിങ്ങളും ചെയ്യണം.

ഉത്തരം:- ഇതും മണ്ടത്തരമാണ്. വെള്ളം തിളപ്പിക്കുമ്പോൾ അതിലെ ജീവികളും ചാവും. അവയുടെ ശരീരവും അതിൽ കിടന്നുവെന്ത് ജീരക വെള്ളം പോലെയാകും. ആ ശരീരങ്ങളുടെ അല്ലമാണ് നിങ്ങൾ കുടിക്കുന്നത്. അതുകൊണ്ട് നിങ്ങൾ മഹാപാപികളാണ്. പച്ചവെള്ളം കുടിക്കുന്നവരെ ആ ദോഷം ബാധിക്കുകയില്ല. വെള്ളം വയറ്റിൽ ചെല്ലുമ്പോഴുണ്ടായേക്കാവുന്ന ചെറുചൂടേറ്റ് സൂക്ഷ്മജീവികൾ മൂക്കിൽക്കൂടി പുറത്തേക്കു പോയേക്കാം. ജലകായ ജീവികൾക്കും മുൻപു പറഞ്ഞതുപോലെ സുഖദുഃഖങ്ങൾ അനുഭൂതമാവുകയില്ല. അതിനാൽ ഇതുകൊണ്ട് ആർക്കും പാപം ഉണ്ടാവുകയേ ഇല്ല.

ചോദ്യം:- വയറ്റിലെ ചൂടേറ്റു ജീവന്മാർ പുറത്തുപോകുംപോലെ ചൂടാക്കുമ്പോഴും പോകുകയില്ലേ?

ഉത്തരം:- പോകുകതന്നെ ചെയ്യും. എന്നാൽ നിങ്ങളുടെ വാദമനുസരിച്ച് വായിലെ ചൂടേറ്റാൽ ജീവന്മാർ ചാവും. ചൂടുപിടിപ്പിച്ചാൽ ചാവും. അല്ലെങ്കിൽ ചിലപ്പോൾ വളരെ പീഡയേറ്റു പുറത്തേക്കു പോയേക്കും. അവയുടെ ശരീരം വെള്ളത്തിൽ വെന്തുചേരും. ഇതുകൊണ്ട് നിങ്ങൾ കൂടുതൽ പാപികളാവുകയില്ലേ?

ചോദ്യം:- ഞങ്ങൾ സ്വയം വെള്ളം തിളപ്പിക്കുകയില്ല. ഗൃഹസ്ഥന്മാരോട് വെള്ളം തിളപ്പിക്കാൻ പറയുകയുമില്ല. അതിനാൽ ഞങ്ങൾക്ക് പാപമില്ല.

ഉത്തരം:- നിങ്ങൾ ചൂടുവെള്ളം വാങ്ങുകയോ കുടിക്കുകയോ ചെയ്യാത്തപക്ഷം ഗൃഹസ്ഥന്മാർ അതെന്തിനു ചൂടാക്കണം? അതിനാൽ പാപത്തിനവകാശികൾ നിങ്ങൾ തന്നെന്നുമാത്രമല്ല. അധിക പാപത്തിനുമവകാശികൾ തന്നെ. ഏതെങ്കിലും ഒരാളിനോട് വെള്ളം തയ്യാറാക്കി വയ്ക്കാൻ പറഞ്ഞാൽ ഒരിടത്തു മാത്രമേ ചെയ്യൂ. സ്വാമി ഏതു വീട്ടിലാണ് വരുന്നതെന്ന് അറിവില്ലാത്ത ഗൃഹസ്ഥർ അവരവരുടെ വീടുകളിലെല്ലാം വെള്ളം തിളപ്പിച്ചുവെയ്ക്കും. ആ പാപത്തിന് മുഖ്യ അവകാശികൾ നിങ്ങൾ തന്നെ.

കൂടാതെ - കൂടുതൽ വിറകും മറ്റും കത്തിച്ചു കളയുന്നതുകൊണ്ട് മുൻപെഴുതിയതുപോലെ പാചകം, കൃഷി, വ്യാപാരം മുതലായവ ചെയ്ത് കൂടുതൽ പാപികളായിത്തീരുന്നു. വെള്ളം തിളപ്പിക്കുവാൻ മുഖ്യകാരണക്കാരൻ നിങ്ങളാണ്. തണുത്തതു കുടിക്കരുത്. തിളപ്പിച്ചതേ കുടിക്കാവൂ എന്നുപദേശിക്കുന്നതുകൊണ്ട് നിങ്ങളും പാപത്തിന് ഭാഗഭാക്കുകളാണ്. നിങ്ങൾ പറയുന്നതനുസരിക്കുന്നവരും പാപികളായിത്തീരുന്നു.

നോക്കൂ! നിങ്ങൾ മഹാ അജ്ഞാനത്തിൽ പെട്ടിരിക്കയല്ലേ? ചെറുകീടങ്ങളോടു ദയകാട്ടുക, അന്യമതസ്ഥരെ നിന്ദിക്കുകയും ഉപകാരം ചെയ്യാതിരിക്കുകയും ചെയ്ക. ഇവ പാപമല്ലേ? നിങ്ങളുടെ തീർത്ഥങ്കരന്മാരുടെ വാക്കുകൾ ശരിയാണെങ്കിൽ സൃഷ്ടിയിൽ എന്തിനാണിത്രയും മഴയും, നദീപ്രവാഹങ്ങളും, ജലരാശിയും ഈശ്വരൻ സൃഷ്ടിച്ചത്? സൂര്യനെയും സൃഷ്ടിക്കരുതായിരുന്നു. ഇവ നിമിത്തം കോടാനുകോടി ജീവൻമാർ നിങ്ങളുടെ സിദ്ധാന്തമനുസരിച്ച് മരിച്ചടിയുന്നുണ്ടാകണം. നിങ്ങൾ വിശ്വസിക്കുന്ന ഈശ്വരൻ ദയവായി സൂര്യന്റെ ചൂടും മേഘത്തിന്റെ നീക്കവും എന്തുകൊണ്ട് നിയന്ത്രിക്കുന്നില്ല? മുൻപ് പറഞ്ഞതുപോലെ പ്രവൃത്തിയൊന്നും ചെയ്യാതെ കന്ദമൂലാദികളിൽ വർത്തിക്കുന്ന ജീവൻമാർക്ക് സുഖദുഃഖങ്ങളൊന്നും ഉണ്ടാകാൻ പാടില്ല. എല്ലായ്പോഴും എല്ലാ ജീവന്മാരിലും ദയവുകാട്ടുന്നതും ദുഃഖകാരണമായിരിക്കും. എന്തെന്നാൽ നിങ്ങളുടെ മതമനുസരിച്ച് എല്ലാവരും മനുഷ്യരാവുകയും കള്ളന്മാർക്കും കൊള്ളക്കാർക്കും ആരും ശിക്ഷനല്കാതിരിക്കുകയുമാണെങ്കിൽ എത്ര വലിയ പാപമാണ് ഉണ്ടാകാവുന്നത്! അതിനാൽ ദുഷ്ടന്മാർക്ക് യോജിച്ച ശിക്ഷ നല്കുന്നതിലും ശ്രേഷ്ഠന്മാരെ പരിപാലിക്കുന്നതിലുമാണ് ദയ. ഇതിനു വിപരീതമായി ചെയ്യുന്ന പക്ഷം ദയ-ക്ഷമ എന്നിവയുടെ രൂപത്തിലുള്ള ധർമം നശിക്കുന്നതായിരിക്കും.

എത്രയോ ജൈനികൾ കച്ചവടം നടത്തുകയും, അതിൽ കള്ളം പറയുകയും, പരധനം കവരുകയും, ദീനരെ ചൂഷണം ചെയ്യുകയും മറ്റു ദുഷ്കർമങ്ങൾ ചെയ്യുന്നു! അവയെ നിവാരണം ചെയ്യുന്നതിന് എന്തുകൊണ്ട് ഉപദേശം നല്കുന്നില്ല? വായ്മൂടി കെട്ടുക തുടങ്ങിയ തട്ടിപ്പുകളിൽ മാത്രം പെട്ടു കഴിയുന്നതെന്തിന്?

നിങ്ങൾ ശിഷ്യൻമാരെയും ശിഷ്യകളെയും സ്വീകരിക്കുമ്പോൾ കേശലുഞ്ചനം. വളരെനാൾ ഉപവാസം മുതലായവ ചെയ്യിച്ച് വളരെ പീഡിപ്പിക്കുന്നില്ലേ? പീഡകൾ ഏറ്റുവാങ്ങി, ആത്മഹത്യ അഥവാ ആത്മദ്രോഹം ചെയ്യുന്നവരായ നിങ്ങൾ



എന്തുകൊണ്ട് ഹിംസകരാകുന്നില്ല?

ആന, കുതിര, ഒട്ടകം, കാള മുതലായവയെ സവാരിക്കുപയോഗിക്കുന്നതും മനുഷ്യരെ കൂലിപ്പണിക്കു നിയോഗിക്കുന്നതും പാപമായെണ്ണാത്തെന്തുകൊണ്ട്? നിങ്ങളുടെ ശിഷ്യന്മാർ വളച്ചൊടിച്ച കാര്യങ്ങളെ സത്യമാക്കാൻ കഴിവില്ലാത്തവരാണെങ്കിൽ നിങ്ങളുടെ തീർത്ഥങ്കരന്മാർക്കും കഴിവില്ല.

നിങ്ങൾ കഥാപ്രവചനങ്ങൾ നടത്തുമ്പോൾ ശ്രോതാക്കളായി വരുന്നവർ നിമിത്തം നിങ്ങളുടെ മതമനുസരിച്ച് വഴിയിൽ പല ജീവന്മാരും മരിച്ചേക്കാം. ഇതുകൊണ്ട് നിങ്ങൾ ഈ പാപത്തിന്റെ മുഖ്യ കാരണക്കാരാവുകയില്ലേ? ഇത്രയും പറഞ്ഞുതിൽനിന്ന് ജല, സ്ഥല, വായുക്കളിലെ സ്ഥാവര ശരീരികളായ അത്യന്തം മൂർച്ചിതരായ ജീവന്മാക്കൾക്ക് ദുഃഖമോ സുഖമോ ഒരിക്കലും ഉണ്ടാകുന്നില്ല എന്നു മനസ്സിലായല്ലോ.

തീർഥങ്കരന്മാരുടെ ശരീരവും ആയുസ്സും.

ജൈനികളുടെ ഏതാനും അസംഭവ്യ കഥകൾകൂടി എഴുതാം. കേൾക്കണം എന്നു മാത്രമല്ല, നമ്മുടെ ഒരു മാറ് മൂന്നരമാറിന്റെ 'ധനുഷ്' ആണെന്നും ഓർക്കണം. കാലയളവ് നേരത്തേ എഴുതിയുട്ടുള്ളതുമാണ്[75].

രത്നസാരം ഒന്നാംഭാഗം വശം 166-167ൽ ഇങ്ങനെ എഴുതിയിട്ടുള്ളതുമാണ്[75].

തീർഥങ്കരന്റെ പേര്	ശരീരവലിപ്പം (ധനുഷ്)	ആയുസ് പൂർവവർഷം[76]
1. ഋഷഭദേവൻ	500	വർഷം 8400000
2. അജിതനാഥൻ	450	7200000
3. സംഭവനാഥൻ	400	6000000
4. അഭിനന്ദൻ	350	5000000
5. സുമതിനാഥൻ	300	4000000
6. പത്മപ്രഭൻ	140	3000000
7. പാർശ്വനാഥൻ	200	2000000
8. ചന്ദ്രപ്രഭൻ	150	1000000
9. സുവിധിനാഥൻ	100	200000
10. ശീതലനാഥൻ	90	100000
11. ശ്രേയാംസനാഥൻ	80	8400000
12. വാസുപൂജ്യസ്വാമി	70	7200000
13. വിമലനാഥൻ	60	6000000
14. അനന്തനാഥൻ	50	3000000
15. ധർമനാഥൻ	45	1000000
16. ശാന്തിനാഥൻ	40	100000
17. കന്ഥുനാഥൻ	35	95000
18. അമരനാഥൻ	30	84000
19. മല്ലീനാഥൻ	25	55000
20. മുനിസുവ്യതൻ	20	30000
21. നമിനാഥൻ	14	10000
22. നേമിനാഥൻ	10	1000
23. പാർശ്വനാഥൻ	9	100
24. മഹാവീരസ്വാമി	7	100

സമീക്ഷകൻ:- ഈ ഇരുപത്തിനാലു തീർഥങ്കരന്മാരാണ് ജൈനികളുടെ മതം നടപ്പാക്കിയ ആചാര്യന്മാരും ഗുരുക്കന്മാരും. ജൈനികൾ ഇവരെ ഈശ്വരന്മാരായി ഗണിക്കുന്നു. ഇവരെല്ലാം മോക്ഷം പ്രാപിച്ചുവത്രേ.

മനുഷ്യർക്ക് ഇത്രയും വലുതായ ശരീരവും ആയുസ്സും ഉണ്ടാകുമോ എന്നു ബുദ്ധിമാന്മാർ ചിന്തിച്ചു നോക്കട്ടെ. ഈ ഭൂമിയിൽ ഇത്രയും വലിയ, കുറച്ചാളുകൾക്കേ പാർക്കാനാവൂ. ജൈനികളെ അനുകരിച്ച് പുരാണക്കാർ ഒരു ലക്ഷം, പതിനായിരം, ഒരായിരം വീതം വർഷം ആയുസ്സ് സങ്കല്പിക്കുന്നതും അസംഭവ്യമായിരിക്കേ, ജൈനികളുടെ പ്രസ്താവം എങ്ങനെ ശരിയാകും.

ഇനിയും കേൾക്കൂ. കല്പഭാഷ്യം 4-ാം വശത്ത് കാണാം. "നാഗകേതൻ ഗ്രാമത്തിന്റെ വലുപ്പമുള്ള കല്ല് വിരലിൽ പൊക്കി. കല്പഭാഷ്യം പേജ് 35-മഹാവീരൻ പെരുവിരൽകൊണ്ട് ഭൂമിയെ അമർത്തിയപ്പോൾ ശേഷനാഗം വിറച്ചുപോയി! ടി. വശം 46- മഹാവീരനെ സർപ്പം കടിച്ചു. ചോരയ്ക്കു പകരം പാല് പുറത്തുവന്നു. ആ സർപ്പം എട്ടാം സ്വർഗ്ഗത്തിൽ പോയി. ടി. വശം 47 -മഹാവീരന്റെ കാലിൽ പായസം വച്ചു. കാല് പൊള്ളിയില്ല. ടി. വശം 16-ചെറിയൊരു പാത്രത്തിൽ ഒട്ടകത്തെ കയറ്റി ഇരുത്തി. രത്നസാരം 1-ാം ഭാഗം വശം 14- ശരീരത്തിലെ അഴുക്കു കള

75. പേജ് 659.
76. പേജ് 659 നോക്കുക

thearyasamaj.org

യരുത്, ചൊറിയരുത്. വിവേകസാരം 1-ാം ഭാഗം വശം 15-ദമസാരൻ എന്ന സംന്യാസി ക്രുദ്ധനായി ഉദ്വേഗജനക സൂത്രം ജപിക്കയും നഗരത്തിനു തീപിടിപ്പിക്കയും ചെയ്തു. ഇദ്ദേഹം മഹാവീര തീർഥങ്കരന്റെ ഇഷ്ടഭാജനമായിരുന്നു. വിവേക സാരം ഭാഗം 1-വശം 127 - "രാജാവിന്റെ ആജ്ഞ നിശ്ചയമായും അനുസരിക്കണം." ടി - വശം 227 - കോശയെന്ന വേശ്യ തളികയിൽ കടുക് കൂമ്പാരം കൂട്ടി, അതിനു മുകളിൽ,, പൂക്കളാൽ മൂടിയ സൂചികൾ നിർത്തി അതിന്മേൽ നൃത്തം ചെയ്തു. കാലിൽ സൂചികൊണ്ടില്ല. കടുകിൻ കൂമ്പാരം ചിതറിയുമില്ല!! തത്ത്വവിവേകം വശം 228-ൽ "ഈ കോശാവേശ്യയോടൊത്ത് ഒരു സ്തൂലമുനി പന്ത്രണ്ടുവർഷം ഭോഗം ചെയ്തു. 1-വശം 186 - ഒരു സിദ്ധന്റെ കഴുത്തിൽ അണിഞ്ഞിരുന്ന തൂവാല ഒരു കച്ചവടക്കാരന് ദിവസവും 500 നാണയം വീതം നല്കിപ്പോന്നു. വിവേകസാരം: 1-ാം ഭാഗം വശം 228-ബലവാനായ പുരുഷന്റെ ആജ്ഞ, ദേവാജ്ഞ, ഘോരവനത്തിൽ കഷ്ടപ്പെട്ടു പാർക്കുക, ഗുരു, മാതാപിതാക്കൾ, കുലഗുരു ബന്ധുജനം, ധർമോപദേഷ്ടാവ് എന്നിവർ എതിർക്കുക എന്നീ അവസ്ഥകളിൽ ധർമന്യൂനത ഉണ്ടായാലും ധർമഹാനി സംഭവിക്കുന്നില്ല."

സമീക്ഷകൻ:- ഇവരുടെ ഈ കള്ളക്കഥകൾ കേട്ടോ? 1. ഒരു മനുഷ്യന് ഗ്രാമത്തിന്റെ വലുപ്പമുള്ള കല്ല് വിരലിൽ തൂക്കാൻ എപ്പോഴെങ്കിലും കഴിയുമോ? 2. ഭൂമിയിൽ പെരുവിരൽ അമർത്തിയാൽ, ഭൂമി അനങ്ങുമോ? പിന്നെ, ഇല്ലാത്ത ശേഷനാഗം വിറയ്ക്കുന്നതെങ്ങനെ? 3. ശരീരം മുറിഞ്ഞാൽ പാലുവരുന്നത് ആരാനും കണ്ടിട്ടുണ്ടോ? ഇന്ദ്രജാലം തന്നെ! അദ്ദേഹത്തെ കടിച്ച സർപ്പം സ്വർഗത്തും മഹാത്മാവായ ശ്രീകൃഷ്ണനും മറ്റും മൂന്നാം നരകത്തിലും പോയത്രേ! എത്ര ബാലിശ ജല്പനം! 4. മഹാവീരന്റെ കാലിൽ പായസം പാകംചെയ്താൽ കാലുപൊള്ളാതിരിക്കുന്നതെങ്ങനെ? 5. ചെറിയപാത്രത്തിൽ ഒട്ടകം എങ്ങനെ കയറും? 6. ശരീരത്തിലെ അഴുക്കുകളയുകയും ചൊറിയുകയും ചെയ്യാത്തവർ ദുർഗന്ധരൂപിയായ മഹാനരകം അനുഭവിക്കുന്നുണ്ടാകും! 7. നഗരം തീകത്തിച്ച സംന്യാസിയുടെ ദയയും ക്ഷമയും എവിടെപ്പോയി? മഹാവീരന്റെ സംസർഗം കൊണ്ടും അയാൾ പവിത്രാത്മാവായില്ലെങ്കിൽ, അദ്ദേഹം മരിച്ചതിനുശേഷം ആശ്രയിക്കുന്നവരും പവിത്രരരാകുകയില്ല. 8. രാജാവിന്റെ ആജ്ഞ അനുസരിക്കണം. പക്ഷേ ജൈനർ വണിക്കുകളാകയാലത്രേ രാജാവിനെ ഭയപ്പെട്ട് ഇങ്ങനെ എഴുതിവച്ചത്. 9 കോശാവേശ്യയുടെ ശരീരം എത്ര ലാഘവമുള്ളതായാലും കടുകുകൂമ്പാരത്തിൽ സൂചി നാട്ടി നൃത്തം ചെയ്താൽ സൂചികൊള്ളാതെയും കടുക് ഇളകാതെയും ഇരിക്കില്ല. മഹാ കള്ളമാണ് ആ പറഞ്ഞത്. 10 ഒരാൾക്കും ഒരവസ്ഥയിലും ശരിധർമം വെടിയാവുന്നതല്ല. 11 തൂവാല തുണിയാണ്. അതെങ്ങനെ 500 നാണയം കൊടുക്കും? ഇങ്ങനെ ഇവരുടെ നടക്കാത്ത കഥകളെഴുതിയപ്പോൾ ജൈനരുടെ പുസ്തകക്കെട്ടുപോലെ വളരെ വലുപ്പമുള്ളതായിത്തീരും. അതുകൊണ്ട് അധികം എഴുതുന്നില്ല. അതായത് ഇവരുടെ ഗ്രന്ഥങ്ങളിൽ അല്പമൊഴികെ, മറ്റെല്ലാം കള്ളക്കഥകൾ മാത്രമാണ്. നോക്കുക:-

ദോസസി ദോരവി പഢമേ. ദുഗുണാ ലവണാംമി ധായഇസംഡേ വാരസ സസി വാരസ രവി. തപ്പമി ഇം നിദി സസി രവിണോ തിഗുണാ പുബ്ബിലജയാ അണന്തരാണന്തരം മിഛിത്തമികാലോ ഏ ബയാലാ ബിസത്തരി പുസ്കര ദ്വംമി (പ്രകാരണ - ഭാഗം- 4, സംഗ്രഹണീസൂത്രം 77 -78)

ലക്ഷം യോജന - നാലുലക്ഷം കോശം - വിസ്തൃതമായ ജംബുദ്വീപത്തിനെപ്പറ്റി എഴുതി. ഒന്നാമത്തെ ദ്വീപ് അതാണ്. ഇതിൽ രണ്ടു ചന്ദ്രന്മാരും രണ്ടു സൂര്യന്മാരുമുണ്ട്. അതുപോലെ ലവണ സമുദ്രത്തിൽ ഇരട്ടി - നന്നാലുവീതമാണ് സൂര്യചന്ദ്രന്മാർ ധാതകീബന്ധത്തിൽ പന്ത്രണ്ടു വീതവുമാണ്. ഇതിന്റെ മൂന്നിരട്ടി മുപ്പത്തിയാറാണ്. അതിനോട് ജംബുദ്വീപത്തിന്റെ രണ്ടും ലവണ സമുദ്രത്തിന്റെ നാലും കൂട്ടി 42 വീതം സൂര്യതോ ചന്ദ്രന്മാർ കാലോദധിക്കടലിൽ ഉണ്ട്.

ഇതുപോലെ അടുത്തടുത്ത ദ്വീപുകളിലും കടലുകളിലും ആ നാല്പത്തിരണ്ടിന്റെ മൂന്നിരട്ടിയായ നൂറ്റിരുപത്തിയാറ് വീതമുണ്ട്. അതിൽ ധാതകീഖണ്ഡത്തിൽ പന്ത്രണ്ട്, ലവണസമുദ്രത്തിൽ നാല്, ജംബുദ്വീപിൽ രണ്ട് എന്നിവ കൂട്ടി നൂറ്റി നാല്പത്തിനാല് വീതം സൂര്യചന്ദ്രന്മാർ പുഷ്കര ദ്വീപത്തിൽ ഉണ്ട്. ഇത് മനുഷ്യവാസമുള്ള പകുതി സ്ഥലത്തെ കണക്കാണ്. മനുഷ്യർ പാർക്കാത്തിടത്ത് വളരെ സൂര്യചന്ദ്രന്മാരുണ്ട്. പുഷ്കര ദ്വീപിന്റെ മറുപകുതിയിലെ സൂര്യചന്ദ്രന്മാർ നിശ്ചലരാണ്. ഈ 144ന്റെ മൂന്നിരട്ടിയായ 432നോട് ജംബുദ്വീപത്തിലെ ഈരണ്ടും ലവണ സമുദ്രത്തിലെ നന്നാലും, ധാതകീഖണ്ഡത്തിലെ പന്ത്രണ്ടുവീതവും കാലോദധതിയിലെ 42

വീതവും സൂര്യചന്ദ്രന്മാരെ കൂട്ടുമ്പോൾ 492 വീതം സൂര്യചന്ദ്രന്മാർ പുഷ്കരസമുദ്രത്തിലുണ്ട്. ഇതെല്ലാം ശ്രീജിനഭദ്രഗണീക്ഷമാ ശ്രമണൻ 'സംഘയണി'യിലും യോതിസകരണ്ഡക പയന്ന' യിലും ചന്ദ്രപന്നതി, സൂരപന്നതി എന്നീ പ്രമുഖ സിദ്ധാന്തഗ്രന്ഥങ്ങളിലും പറഞ്ഞിട്ടുള്ളതാണ്.

സമീക്ഷകൻ:- ഭൂമിശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും അറിയാവുന്നവർ കേൾക്കണം! ഈ ഭൂഗോളത്തിൽ ഒരുവശത്ത് 492-ം മറുവശത്ത് അസംഖ്യവും സൂര്യചന്ദ്രന്മാർ ഉണ്ടെന്ന് ജൈനർ വിശ്വസിക്കുന്നു. വേദമതാനുയായികളായ നിങ്ങൾ സൂര്യസിദ്ധാന്തം മുതലായ ജോതിഃശാസ്ത്രഗ്രന്ഥങ്ങളുടെ അധ്യയനം കൊണ്ട് ശരിയായ ഭൂ-വാന ശാസ്ത്രം ഗ്രഹിച്ചത് നിങ്ങളുടെ ഭാഗ്യം. അല്ലെങ്കിൽ ജൈനികളുടെ മഹാ അന്ധകാരമതത്തിൽ പെട്ട് ജന്മം മുഴുവനും ഇക്കാലത്തെ ജൈനികളെപ്പോലെ ഉഴലുമായിരുന്നു. ഈ അജ്ഞാനികൾ കരുതിയത് വലിയ ജംബുദ്വീപിൽ ഒരു സൂര്യനും ചന്ദ്രനും പോരെന്നാണ്. ഇത്ര വലിയ ഭൂമിയെ മുപ്പതുനാഴികകൊണ്ട് സൂര്യചന്ദ്രന്മാർ ചുറ്റുന്നതെങ്ങനെ? ഭൂമി ഇവരുടെ അഭിപ്രായത്തിൽ സൂര്യനേക്കാൾ വലുതാണ്. ഇവർക്കു പറ്റിയ ഏറ്റവും വലിയ തെറ്റ് ഇതാണ്.

ദോസസിദോരവി പംതി ഏഗന്തരിയാ ഛസഠിസംഖായാ മേരും പയാഹിണംതാ മാണുസഖിത്തേ പരിഅഡംതി (പ്രകരണ - ഭാഗം 4-സംഗ്രഹണീസൂത്രം 79)

അർഥം:- മനുഷ്യലോകത്തിൽ സൂര്യചന്ദ്രന്മാരുടെ പങ്ക്തിയുടെ സംഖ്യ പറയുന്നു:- രണ്ടു ചന്ദ്രന്മാരും രണ്ടുസൂര്യന്മാരും ചേർന്നത് പങ്ക്തി (ശ്രേണി)യാണ്. അവർ ഓരോലക്ഷം യോജന, അതായത് നാലുലക്ഷം കോശം അകലത്തിനുള്ളിൽ സഞ്ചരിക്കുന്നു. ഒരു സൂര്യപങ്ക്തിക്കുള്ളിൽ ഒരു ചന്ദ്രപങ്ക്തി, ഒരു ചന്ദ്രപങ്ക്തിയിൽ ഒരു സൂര്യപങ്ക്തി എന്നിങ്ങനെ നാലു പങ്ക്തികളുണ്ട്. ഓരോ ചന്ദ്രപങ്ക്തിയിലും 66 ചന്ദ്രന്മാരും ഓരോ സൂര്യപങ്ക്തിയിലും 66 സൂര്യന്മാരും ഉണ്ട്. ഈ നാലുപങ്ക്തിയിലും ജംബുദ്വീപത്തിലെ മേരു പർവതത്തിനെ പ്രദക്ഷിണം വച്ച് മനുഷ്യ ക്ഷേത്രത്തിൽ ഭ്രമണം ചെയ്യുന്നു. അതായത് ജംബുദ്വീപത്തിലെ മേരുവിൽനിന്ന് ഒരു സൂര്യൻ തെക്കോട്ടു സഞ്ചരിക്കുമ്പോൾ മറ്റൊരു സൂര്യൻ വടക്കോട്ട് സഞ്ചരിക്കുന്നു. അതുപോലെ ലവണസമുദ്രത്തിലും ഓരേ ദിക്കിലേക്ക് ഈ രണ്ടെണ്ണം സഞ്ചരിക്കുന്നു. അതുപോലെ 66 സൂര്യന്മാർ തെക്കോട്ടും 66 സൂര്യന്മാർ വടക്കോട്ടും അതാതിന്റെ ക്രമത്തിൽ ചരിക്കുന്ന ചന്ദ്രന്മാരെ കൂട്ടിയാൽ 132-ം അതുപോലെ 66 വീതം ഇരുവശത്തേക്കും ചരിക്കുന്ന ചന്ദ്രന്മാരെ കൂട്ടിയാൽ 132-ം മനഷ്യലോകത്തിൽ ചരിക്കുന്നുണ്ട്. ഇങ്ങനെ ചന്ദ്രന്മാരൊടൊപ്പം നക്ഷത്രപങ്ക്തികളും ഒട്ടേറെയുണ്ടെന്നറിയണം.

സമീക്ഷകൻ:- നോക്കൂ സഹോദരാ! ഈ ഭൂമിയിൽ 132 സൂര്യന്മാരും 132 ചന്ദ്രന്മാരും ജൈനരുടെ വീടുകളിൽ പ്രകാശം ചൊരിയുന്നുണ്ടാവാം. എങ്കിലവർ എങ്ങനെ കഴിഞ്ഞുകൂടും? രാത്രിയിൽ തണുത്ത് വിറയ്ക്കുന്നുണ്ടാവും. ഇത്തരം അസംഭവ കാര്യങ്ങളിൽ ഭൂമി ശാസ്ത്രവും ജോതിശാസ്ത്രവും അറിയാത്തയാളുകൾ പെട്ടുപോയേക്കാം. മറ്റാരും പെടുകയില്ല. ഒരു സൂര്യൻ ഈ ഭൂമിയേപ്പോലെ മറ്റനേകം ഭൂഗോളങ്ങളെ പ്രകാശിപ്പിക്കുമെന്നിരിക്കെ, ഈ ചെറിയ ഭൂമിയുടെ കഥയെന്തുപറയാൻ! അതുപോലെ, ഭൂമി കറങ്ങാതിരിക്കുകയും സൂര്യൻ ഭൂമിയെ ഭ്രമണം ചെയ്യുകയുമാണെങ്കിൽ ദിനരാത്രങ്ങൾ വർഷങ്ങളോളം നീണ്ടുനില്ക്കുന്നവയാകും. സുമേരു, ഹിമാലയമല്ലാതെ മറ്റൊന്നല്ല. അത് സൂര്യന്റെ മുമ്പിൽ, കുടത്തിന്റെ സമീപം കടുകുമണിയെന്നതുപോലെയുമില്ല. ഇക്കാര്യങ്ങളെല്ലാം ജൈനർ അവരുടെ മതത്തിൽ തുടരുവോളം ഗ്രഹിക്കുകയില്ല. സദാ അന്ധകാരത്തിൽ കഴിഞ്ഞുകൂടുകയേ ഉള്ളൂ.

സമത്തചരണ സഹിയാസവ്വം ലോഗം ഫുസേ നിരവസേസം സത്തയ ച ഉദസഭാഏ പംചയ സുയദേസവിരഇൗ ഏ. (പ്രകരണ - ഭാഗം 4 - സംഗ്രഹണീസൂത്രം 135)

അർഥം:- സമ്യക് ചാരിത്ര്യത്തോടുകൂടിയ കേവലികൾ, കേവല സമുദ്ഘാതാവസ്ഥയിൽ പതിന്നാല് ലോകരാജ്യങ്ങളിലും സ്വന്തം ആത്മപ്രദേശം രചിച്ച് സഞ്ചരിക്കുന്നു.

സമീക്ഷകൻ:- ജൈനികൾ 14 രാജ്യങ്ങളംഗീകരിക്കുന്നു. അതിൽ 14-ാമത്തേതിന്റെ മുകളിൽ സർവാർഥസിദ്ധിഗോപുരത്തിന്റെ കൊടിയ്ക്കും മുകളിൽ കുറച്ചുദൂരെയുള്ള സിദ്ധശിലയ്ക്കും ദിവ്യാകാശത്തിനും ശിവപുരമെന്നു പറയുന്നു. കേവലികൾ, അഥവാ കേവലജ്ഞാനവും സർവജ്ഞതയും പൂർണപവിത്രതയും ലഭിച്ചവർ ആലോകത്തു പോകുന്നു. സ്വന്തം ആത്മപ്രദേശത്താൽ അവർ സർവജ്ഞരായി വർത്തിക്കുന്നു.

vedavasam.org



'പ്രദേശം' ഉള്ളത് വിഭു - സർവവ്യാപി - അല്ല. വിഭുവല്ലാത്തവർ സർവജ്ഞരോ കേവലജ്ഞാനികളോ ആവുകയില്ല. ഏകദേശിയായ ആത്മാവ് പോകുകയും വരികയും ബദ്ധനും മുക്തനും ജ്ഞാനിയും അജ്ഞാനിയും ആയിരിക്കും. സർവവ്യാപിയായ സർവജ്ഞൻ ഒരിക്കലും അങ്ങനെയല്ല.

ജൈനികളുടെ തീർഥങ്കരർ ജീവരൂപികളും അല്പരും അല്പജ്ഞരുമായി സ്ഥിതിചെയ്തിരുന്നു. അവർ സർവവ്യാപക സർവജ്ഞരാവുകയേ ഇല്ല. എന്നാൽ അനാദിയും അനന്തനും സർവവ്യാപകനും സർവജ്ഞനും പവിത്രനും ജ്ഞാനസ്വരൂപിയുമായ പരമാത്മാവിനെ ജൈനർ അംഗീകരിക്കുന്നില്ല. അതിൽമാത്രമേ സർവജ്ഞാദി ഗുണങ്ങൾ യഥാതഥമായി ചേരുകയുള്ളു.

ഗബ്ഭനരതി തിപലിയാ ഊ. തിഗാഊ ഉക്കോസ തേ ജ ഹന്നേണം. മുച്ഛിമ ദുഹാവി അന്തമുഹു. അംഗുല അസംഖ ഭാഗതണൂ (2.41)

അർഥം:- ഇവിടെ മനുഷ്യർ രണ്ടുതരമുണ്ട്. ഒന്ന് ഗർഭജർ. മറ്റേത് അല്ലാതെയുണ്ടായവർ. ഗർഭജ മനുഷ്യരുടെ ആയുസ്സ് മൂന്ന് പലോപമ കാലവും ശരീരം മൂന്നു കോശവുമുണ്ട്.

സമീക്ഷൻ:- മൂന്നു പലോപമകാലം ആയുസ്സും മൂന്നു കോശം വലിയ ശരീരവുമുള്ള വളരെ കുറച്ചു മനുഷ്യർക്കേ ഈ ഭൂമിയിൽ പാർക്കാനാവൂ. മൂന്നു പലോപമകാലം വരെ ജീവിക്കുന്ന ഇവരുടെ മക്കളും മൂന്നു കോശം വലിപ്പമുള്ളവരായിരിക്കണം. ഇങ്ങനെയുള്ള രണ്ടു പേർക്ക് ബോംബേ നഗരത്തിലും - മൂന്നോ നാലോ പേർക്ക് കല്ക്കത്തയിലും വസിക്കാൻ കഴിഞ്ഞേക്കും. ഇങ്ങനെയാണെങ്കിൽ ചില നഗരങ്ങളിൽ ലക്ഷക്കണക്കിനു മനുഷ്യരുണ്ടെന്നെഴുതിയിരിക്കുന്ന ജൈനനഗരം എത്രലക്ഷം കോശം വലുപ്പമുള്ളതായിരിക്കണം! ലോകത്തിലെല്ലാം കൂടി അത്തരം ഒരു നഗരം ഉണ്ടാവാൻ സാധ്യതയില്ല.

പണയാൽ ലരകജോയണ വിരകംഭാ സിദ്ധി സിലഫലിഹ വിമലാ, തദുവരി ഗജോയണം തേ ലോഗംതോ തച്ഛസിദ്ധഠിഈ (258)

അർത്ഥം:- സർവാർഥ സിദ്ധിഗോപുരത്തിന്റെ ധ്വജത്തിനുപരി പന്ത്രണ്ടുയോജനയുള്ള സിദ്ധശിലയാണ്. അത് വീതിയിലും നീളത്തിലും ഉയരത്തിലും 45 ലക്ഷം യോജന വലുതാണ്. ഇത് എല്ലാം വെളുവെളുത്ത സുവർണമായ സ്ഫടികത്തിനുതുല്യം നിർമലമായ സിദ്ധശിലയുടെ സിദ്ധഭൂമിയാണ്. ഇതിനെ ചിലർ ഈഷത്, പ്രാഗ്ഭര എന്നുപറയുന്നു. ഈ സർവാർഥ സിദ്ധശില ഗോപുര (വിമാനം)ത്തിൽ നിന്ന് പന്ത്രണ്ടു യോജന ദൂരം അദൃശ്യമാണ്. അത് കേവലികളായ ബഹുശ്രുതർക്കു മാത്രമറിയാവുന്ന പരമാർഥമാണ്.

ഈ സിദ്ധശില സർവാർഥമധ്യഭാഗത്തിൽ എട്ടു യോജന വണ്ണമുള്ളതാണ്. അവിടെ നിന്ന് നാലു ദിശകളിലും നാല് ഉപദിശകളിലുമായി കുറഞ്ഞ് കുറഞ്ഞ് ഈച്ചച്ചിറകുപോലെ കനം കുറഞ്ഞ് നിവർത്ത കുടയുടെ ആകൃതിയിലാണ് സിദ്ധശില സ്ഥാപിച്ചിരിക്കുന്നത്. ആ ശിലയ്ക്കുപരി ഒരു യോജന ദൂരത്തിൽ ലോകാന്തമുണ്ട്. അവിടെയാണ് സിദ്ധന്മാർ സ്ഥിതിചെയ്യുന്നത്.

സമീക്ഷകൻ:- ജൈനികളുടെ മുക്തിസ്ഥാനമായ സർവാർഥസിദ്ധിഗോപുരത്തിന്റെ കൊടിക്കുമുകളിലെ 45 യോജനയുള്ള ശില എത്രയും നല്ലതും നിർമലവുമാകട്ടെ, അതിൽ വസിക്കുന്ന മുക്തജീവന്മാർ ഒരുതരത്തിൽ ബദ്ധരാണ്. എന്തെന്നാൽ ആ ശിലയ്ക്കു പുറത്തുപോയാൽ മുക്തിയുടെ സുഖത്തിൽ നിന്നു വിട്ടുപോകും. അകത്തുള്ളവർക്കാകട്ടെ, കാറ്റുപോലും കിട്ടുകയില്ല. ഇതുവെറും സങ്കല്പവും അറിവില്ലാത്തവരെ മയക്കാൻ കൊള്ളുന്നതും മാത്രമല്ലേ എന്നാലോചിക്കുക.

ജോയണ സഹസ്സമഹിയം. എഗിംദിയദേഹ മുക്കോസം.

വിതി ചഉരിം ദിസ സരീയം. വാരസ യോജണം തികോസ ചഉകോസം. ജോയണ സഹസപണിം ദിയ. ഉഹേ വുച്ഛംത വിസേസം തു. (പ്രകരണ- ഭാഗം 4- സംഗ്രഹണീ സൂത്രം 266-267)

അർഥം:- സാമാന്യേന ഒരിന്ദ്രിയം മാത്രമുള്ള ജീവികൾക്ക് ഒരായിരം യോജനയുള്ള ശരീരം ഉത്കൃഷ്ടമാണ്. രണ്ടിന്ദ്രിയങ്ങളുള്ള ശംഖിനും മറ്റും പന്ത്രണ്ടു യോജനയും മൂന്നിന്ദ്രിയങ്ങളുള്ള ഉറുമ്പിനും പുഴുവിനും മറ്റും മൂന്നു കോശവും നാലിന്ദ്രിയങ്ങളുള്ള വണ്ടിനും മറ്റും നാലുകോശവും പഞ്ചേന്ദ്രിയങ്ങളുള്ളവയ്ക്ക് നാലായിരം കോശവും ശരീരമുള്ളവയായി അറിയണം.

സമീക്ഷകൻ:- നന്നാലു സഹസ്രം കോശം വലുപ്പമുള്ള ശരീരത്തോടുകൂടിയ ഏതാനും ശതം ആളുകളെക്കൊണ്ട് ഈ ഭൂലോകം നിറഞ്ഞു കുമിയും. ആർക്കും നടക്കാൻ പോലും സ്ഥലം ശേഷിക്കുകയില്ല. പിന്നെവിടെ പാർക്കുമെന്നും വഴിനടക്കുമെന്നും ജൈനികളോടുചോദിക്കണം. ജൈനരുടെ വീട്ടിൽ ഇവയെ പാർപ്പിക്കുമെന്നു നമുക്കു

നിശ്ചയിക്കാം. എന്നാൽ നാലായിരം കോശം വലിയ ശരീരമുള്ളവർക്ക് പാർക്കാൻ ഒരാൾക്ക് മുപ്പത്തിരണ്ടായിരം വലിപ്പമുള്ള വീടുവേണം. ഇത്രയും വലിയ വീടുവെയ്ക്കാൻ ജൈനികളുടെ എല്ലാ പണവും ചെലവഴിക്കണം. എന്നാലും വീടു പൂർത്തിയാവുകയിവല്ല. എണ്ണായിരം കോശം നീള മുള്ള മച്ചിന് തടി എവിടെ നിന്നാണാവോ കിട്ടുക! അതിനുള്ള തൂണ് നാട്ടിക്കഴിഞ്ഞാൽ അകത്തുക യറുവാനും കൂടികഴിയുകയില്ല. ഇത്തരം കാര്യങ്ങ ളൊക്കെ പൊളിയാണ്.

തേ ഥൂലാ പല്ലേ വിഹുസംഖിജ്ജാചേ വഹും തിസവ്വേവി. തേ ഇക്കിക്ക അസംഖേ. സഹുമേ ഖമ്മേ പകപ്പേഹ. (പ്രകരണ-ഭാഗം 4- ലഘു ക്ഷേത്ര സമാസപ്രകരണം. സൂത്രം-4)

അർത്ഥം:- മുൻപു പറഞ്ഞ ഒരംഗുലം രോമ ത്തിന്റെ കഷണങ്ങൾകൊണ്ട് നാലുകോശം വിസ്തീർണ്ണവും അത്രയും ആഴവും ഉള്ള കിണർ നിറയ്ക്കണം. അംഗുല വലുപ്പമുള്ള രോമഖണ്ഡ ങ്ങളെല്ലാം കൂടി ഇരുപതുലക്ഷത്തി എഴുപത്തീ രായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് എണ്ണം വരും. ഏറിയാൽ 330762104 - 2465625 - 4219960 - 9753600,0000000 മുപ്പത്തിമൂന്നു കോടികോടി, ഏഴു ലക്ഷത്തി അറുപത്തീരായിരത്തി ഒരുനൂറ്റിനാല് കോടികോടി, ഇരുപത്തിനാലുലക്ഷത്തി അറുപ ത്തയ്യായിരത്തി അറുനൂറ്റിമുപത്തഞ്ച്, കോടി കോടി, നാല്പത്തിരണ്ടു ലക്ഷത്തി പത്തൊമ്പതി നായിരത്തി തൊള്ളായിരത്തി അറുപത്, കോടി കോടി തൊണ്ണൂറ്റേഴു ലക്ഷത്തി അമ്പത്തി മൂവാ യിരത്തി അറുനൂറ്, കോടികോടി ഘനയോജന പല്യോപമത്തിലെ സ്ഥൂല രോമഘണ്ടങ്ങളുടെ എണ്ണമാണ്. ഇതും സംഖ്യാതകാലമാണ്. മുമ്പു പറഞ്ഞ രോമഖണ്ഡങ്ങളുടെ അസംഖ്യാത ഖണ്ഡം മനസിൽ സങ്കല്പിച്ചാൽ അസംഖ്യാത സൂഷ്മരോമാണുവാകും.

സമീക്ഷകൻ:- നോക്കൂ! ഇവരുടെ എണ്ണത്തിന്റെ രീതി! ഒരംഗുലം രോമത്തെ എത്ര കഷണമാക്കി! ഇതെണ്ണിതീർക്കാൻ കഴിയുമോ? എന്നിട്ട് മന സ്സിൽ അസംഖ്യം ഖണ്ഡങ്ങൾ സങ്കല്പിക്കുന്നു. മുൻപു പറഞ്ഞവ കൈകൊണ്ട് എണ്ണിത്തീർത്ത താണെന്നു നിർണയിക്കാം! കൈകൊണ്ടാകായ്ക യാൽ മനസ്സുകൊണ്ടെണ്ണി! ഒരംഗുലം രോമത്തിനെ ഇത്രയും കഷണങ്ങളാക്കാൻ കഴിയുന്നതാണോ?

ജംബുദീപപമാണം ഗുലജോയണരലക വട്ട വിരകംഭീ. ലവണാഈയാസേസാ. ബലയാഭാ ദുഗുണ ദുഗുണായ. (പ്രകരണ - ഭാഗം 4 - ലഘു ക്ഷേത്ര - സൂത്രം. 12)

അർത്ഥം:- ഒന്നാമത്തെ ജംബുദ്വീപും ലക്ഷം യോജന വിസ്താരമുണ്ട്. അകംപൊള്ളയാണ്. ബാക്കിയുള്ള ലവണാദി സപ്തസമുദ്രങ്ങളിലെ ഏഴുദ്വീപുകൾ ജംബുദ്വീപിന്റെ ഇരട്ടിയിരട്ടിവീതം വലുപ്പമുള്ളവയാണ്. ഈയൊരു പ്യഥ്വിയിൽ ജംബുദ്വീപം തുടങ്ങിയ ഏഴുദ്വീപുകളും ഏഴുസ മുദ്രങ്ങളും ഉണ്ട്.

സമീക്ഷകൻ:- ജംബുദ്വീപിനേക്കാൾ ഇരട്ടി യാണ് രണ്ടാമത്തേതെങ്കിൽ രണ്ടുലക്ഷം യോജന, മൂന്നാമത്തേത് നാലുലക്ഷം, നാലാമത്തേത് എട്ടു ലക്ഷം, അഞ്ചാമത്തേത് പതിനാറുലക്ഷം ആറാമ ത്തേത് മുപ്പത്തിരണ്ടുലക്ഷം ഏഴാമത്തേത് അറു പത്തിനാല് എന്നിങ്ങനെ വലുപ്പം വരികയും സമു ദ്രങ്ങളും ഇങ്ങനെ ക്രമത്തിൽ വലുതായിരിക്കയും ചെയ്താൽ പതിനയ്യായിരംകോശം പരിധിയുള്ള ഭൂമി ഇതെങ്ങനെ കൊള്ളും? ഇതെല്ലാം ശുദ്ധപൊ ളിയാണ്.

കുരുനഇ ചുലസീസഹസാ ഛച്ചേവന്തരന ഈഉ പഇ വിജയം ദോദോ മഹാ നഈഉ ചഉ ദസ സഹസാഉ പത്തേയം. (പ്രകരണ - ഭാഗം 4 - ലഘുക്ഷേത്രസമാ - സൂത്രം 63)

സംഃ അർത്ഥം:- കുരുക്ഷേത്രത്തിൽ എൺപ ത്തിനാലായിരം നദികളുണ്ട്.

സമീക്ഷകൻ:- കുരുക്ഷേത്രം ചെറിയൊരു പ്രദേ ശമാണ്. അതു കാണാതെ ഈ കള്ളം എഴുതിവ യ്ക്കുവാൻ ഇവർക്കു ലജ്ജതോന്നിയില്ലല്ലോ.

ജാമുത്തരാഉ താഉ ഇഗേഗ സിംഹാസണാ ആഇപുബ്ബം, ചഉസവി താസു നിയാസണ ദിസി ഭവജിണ മജ്ജണം ഹോഇ. (പ്രകരണരത്നാക രം - ഭാഗം 4. ലഘുക്ഷേത്ര സമാസപ്രകരണം സൂത്രം 119)

അർഥം:- ആ ശിലയുടെ വിശേഷം തെക്കും വടക്കും ഓരോ സിംഹാസനം ഉണ്ടെന്നതാണ്. തെക്ക് അതിപാണ്ഡുകമ്പിളി, വടക്ക് അതിരക്ത കമ്പിളി എന്നിങ്ങനെയാണ് ആ ശിലകളുടെ പേർ, അതിന്മേൽ തീർത്ഥങ്കരന്മാർ ഇരിക്കുന്നു.

സമീക്ഷകൻ:- ഇവരുടെ തീർത്ഥങ്കരന്മാരുടെ ജന്മദിവസം കൊണ്ടാടുന്നതിനുള്ള ശിലാപീഠ ങ്ങൾ നോക്കൂ. ഇവരുടെ മുക്തിയിലെ സിദ്ധശി ലയും ഇത്തരമാണ്. ഇങ്ങനെ പൊളികൾ പലതും ഇവർ എഴുതികൂട്ടിയിട്ടുണ്ട്. എത്രയുമെന്നുവച്ചാ ണെഴുതുക! എന്നാൽ ജലം അരിച്ചു കുടിക്കുക. സൂക്ഷ്മജീവകളോട് ദയകാട്ടുക, രാത്രിയിൽ ഭക്ഷി

ക്കാതിരിക്കുക എന്നീ മൂന്നുകാര്യങ്ങൾ നല്ലതു തന്നെ, ബാക്കിയെല്ലാം അസംഭവ്യങ്ങളാണ്.

ഇത്രയും എഴുതിയതിൽ നിന്ന് ബുദ്ധിമാൻമാർക്ക് വളരെ ഗ്രഹിക്കാം. ദൃഷ്ടാന്തത്തിനുമാത്രം ഇത്രയും എഴുതിയതാണ്. ഇവരുടെ അസംഭവകാര്യങ്ങളെല്ലാം എഴുതിയാൽ ഒരു പുരുഷായുസ്സുകൊണ്ടുപോലും വായിച്ചു തീരുകയില്ല. അതിനാൽ പാത്രത്തിലെ ഒന്നോരണ്ടോ ചോറെടുത്തു ഞെക്കി വേവുനോക്കുന്നതുപോലെ, സ്വല്പം എഴുതിയതുവായിച്ച് സജ്ജനങ്ങൾക്ക് വളരെ ഗ്രഹിക്കാൻ കഴിയും. അധികം എഴുതേണ്ടകാര്യമില്ല. വിഹഗവീക്ഷണത്തിൽ നിന്ന് പൂർണമായ ആശയം ബുദ്ധിമാൻമാർക്കു ലഭിക്കും.

ഇനി ക്രിസ്തുമതത്തെപ്പറ്റി എഴുതാം
ശ്രീമദ്ദയാനന്ദസരസ്വതീസ്വാമികൾ രചിച്ച
സത്യാർത്ഥപ്രകാശത്തിലെ,
നാസ്തിക മതങ്ങളായ ചാർവാക
ബൗദ്ധ ജൈനമതങ്ങളുടെ
ഖണ്ഡനമണ്ഡനം ചെയ്യുന്ന
പന്ത്രണ്ടാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

അനുഭൂമിക മൂന്ന്

ബൈബിൾമതമെന്നു പറയുമ്പോൾ ക്രിസ്തുമതമെന്നു മാത്രമല്ല ഗ്രഹിക്കേണ്ടത്. യഹൂദമതവുംമറ്റും ഇതിൽ ഇടപെടും'.1 ഈ 13-ാം സമുല്ലാസത്തിൽ ക്രിസ്തുമതവിഷയമെഴുതുന്നത് ഇക്കാലത്ത് ബൈബിൾ മതക്കാരിൽ മുഖ്യർ ക്രിസ്ത്യാനികളായതുകൊണ്ടാണ്. യഹൂദരും മറ്റും മുഖ്യരല്ല. മുഖ്യമായതു ഗ്രഹിച്ചാൽ ഗൗണവും ഗ്രഹിക്കാം. അങ്ങനെ യഹൂദമതകാര്യവും അറിയാനാകും.

യഹൂദരും ക്രിസ്ത്യാനികളും മറ്റും വിശ്വസിക്കുന്ന ബൈബിളിൽനിന്നു മാത്രമാണ് ഇവരെപ്പറ്റിയുള്ള കാര്യങ്ങൾ ഇവിടെ എഴുതുന്നത്. ഈ പുസ്തകത്തെ ഇവർ സ്വന്തം ധർമകാരണമായി കരുതുന്നു. ഇവരുടെ മതക്കാരായ വലിയ പാതിരിമാർ ഈ ഗ്രന്ഥത്തിന്റെ വിവിധ തർജ്ജമകൾ ചെയ്തിട്ടുണ്ട്. അവയിൽ ദേവനാഗിരിയിലും സംസ്കൃതത്തിലുമുള്ള[2] തർജ്ജമകൾ നോക്കിയപ്പോൾ എനിക്ക് പല സംശയങ്ങളും ഉണ്ടായി. അവയിൽ ചിലതുമാത്രമാണ് ഈ പതിമൂന്നാം സമുല്ലാസത്തിൽ വിദ്വാന്മാരുടെ പരിഗണനയ്ക്കായി എഴുതിയിട്ടുള്ളത്.

ഈ ലേഖനം സത്യത്തിന്റെ വൃദ്ധിയ്ക്കും അസത്യത്തിന്റെ ഗ്രാസത്തിനുമല്ലാതെ ആരെയും ദുഃഖിപ്പിക്കാനോ, ദുഷിക്കാനോ, മിഥ്യാദോഷം ആരോപിക്കുന്നതിനോ അല്ല. ഈ പുസ്തകം എന്തെന്നും ഇവരുടെ മതമെന്തെന്നും എല്ലാവരും അറിയുന്നതിനുവേണ്ടിയാണ് ഈ ലേഖനമെഴുതുന്നത്.

മനുഷ്യസഹജമായ കാഴ്ച, കേൾവി, എഴുത്ത് എന്നിവയിലൂടെ പക്ഷപ്രതിപക്ഷങ്ങൾ ചർച്ച ചെയ്ത് ക്രിസ്തുമതത്തിന്റെ താരതമ്യ പഠനം നടത്തുകയാണ് ഈ ലേഖനത്തിന്റെ പ്രയോജനം. കൂടാതെ മനുഷ്യരുടെ ധർമവിഷയകമായ അറിവു വർദ്ധിച്ച് യഥായോഗ്യം സത്യാസത്യങ്ങളും കർത്തവ്യാകർത്തവ്യങ്ങളും നിർണയിച്ച് സത്യം, കർത്തവ്യം എന്നിവയെ സ്വീകരിക്കാനും അസത്യം, അകർത്തവ്യം എന്നിവയെ വെടിയാനും ഇത് പരപ്രേരണകൂടാതെ സഹായിക്കും. എല്ലാവരുടേയും മതവിഷയകമായ പുസ്തകങ്ങളെപ്പറ്റി ഏവരും മനസ്സിലാക്കുകയും അനുകൂലമോ പ്രതികൂലമോ ആയി എന്തെങ്കിലും പറയുകയോ എഴുതുകയോ ചെയ്യുകയും വേണം. അല്ലെങ്കിൽ കേൾക്കണം. പഠിക്കുന്നതുകൊണ്ട് പണ്ഡിതനാകും പോലെ കേൾക്കുന്നതുകൊണ്ട് ബഹുശ്രുതനാകും. ശ്രോതാവിന് മറ്റൊരാളെ പഠിപ്പിക്കാൻ കഴിയുകയില്ലെങ്കിലും സ്വയം പഠിക്കാനാകുമല്ലോ. ഒരു പക്ഷം ചേരുന്നവന് തന്റെയോ അന്യരുടേയോ ഗുണദോഷങ്ങൾ അറിയാനാവുകയില്ല.

മനുഷ്യാത്മാവിന് സത്യാസത്യനിർണയത്തിനുള്ള സമാർഥ്യമുണ്ട്. തന്റേത് എത്രകണ്ട് പഠിക്കുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ അത്രയും നിശ്ചയിച്ചുറപ്പിക്കാം. അതുപോലെ തന്നെയാണ് പരമതങ്ങളെപ്പറ്റിയുള്ള പഠനവും. പരമതം അറിയാതെ സംവാദം സാധ്യമല്ല. അജ്ഞാനിയായിരുന്നാൽ അബദ്ധത്തിൽ കുടങ്ങുകയും ചെയ്യും. ഇങ്ങനെ സംഭവിക്കാതിരിക്കുന്നതിനാണ് ഈ ഗ്രന്ഥത്തിൽ പ്രചാരമുള്ള എല്ലാ മതങ്ങളെയും പറ്റി അല്പമായെങ്കിലും എഴുതുന്നത്. ഇതിൽനിന്ന് ശേഷിച്ച വിഷയങ്ങളെപ്പറ്റി നേരോ കള്ളമോ എന്ന് അനുമാനിക്കാനുമാവും. സർവസാമാന്യസത്യങ്ങൾ എവിടെയും ഒരുപോലെയാണ്. അസത്യവിഷയങ്ങൾ മാത്രമേ വിവാദാസ്പദമാവുകയുള്ളൂ. വാദിപ്രതിവാദികൾ സത്യാസത്യങ്ങൾ നിർണയിക്കുന്നതിന് വാദപ്രതിവാദം ചെയ്യാൻ തീർച്ചയായും തീരുമാനമുണ്ടാകും.

ഇനി ഞാൻ ഈ 13-ാം സമുല്ലാസത്തിൽ ക്രിസ്തുമതസംബന്ധിയായി അല്പം എഴുതി എല്ലാവരുടെയും മുമ്പാകെ സമർപ്പിക്കുന്നു. എങ്ങനെയുണ്ടെന്ന് ചിന്തിക്കുക.

വിചക്ഷണന്മാരോടേറെയെന്തു പറയാൻ!

---

1. ബൈബിളിലെ പഴയ നിയമമാണ് യഹൂദന്മാരുടെ പ്രാമാണിക ഗ്രന്ഥം.
2 നീലകണ്ഠശാസ്ത്രി എന്നയാൾ ക്രിസ്തുമതം സ്വീകരിച്ച് ബൈബിളിന് സംസ്കൃത പരിഭാഷ എഴുതിയിട്ടുണ്ട്.



13

പതിമൂന്നാം സമുല്ലാസം

സത്യാർത്ഥപ്രകാശം
ക്രിസ്തുമത വിഷയം

– ഇനി ക്രിസ്തുമത വിഷയം വ്യാഖ്യാനിക്കാം –

ഇനി എഴുതുന്നത് ക്രിസ്ത്യാനികളുടെ മതത്തെപ്പറ്റിയാണ്. ഇവരുടെ മതം നിർദ്ദോഷവും ബൈബിൾ ഈശ്വരകൃതവുമാണോ എന്ന് ഇതിൽ നിന്ന് ഏവർക്കും മനസ്സിലാക്കാം. ഒന്നാമത് ബൈബിളിലെ പഴയ നിയമത്തെപ്പറ്റി എഴുതാം.

ഉൽപ്പത്തി പുസ്തകം

1. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും[3] ശൂന്യമായും ഇരുന്നു. ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു, ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു[4]. (1.1–2)

സമീക്ഷകൻ:– 'ആദി' എന്നുവച്ചാലെന്താണ്?

ക്രിസ്ത്യാനി:– സൃഷ്ടിയുടെ ആദ്യത്തെ ഉത്പത്തി.

സമീ:– ഇതാണോ ആദ്യസൃഷ്ടി? ഇതിനു മുമ്പ് സൃഷ്ടി ഉണ്ടായിട്ടില്ലേ?

ക്രി:– ഉണ്ടായോ ഇല്ലയോ എന്ന് ഞങ്ങൾക്കറിവില്ല. ദൈവത്തിനറിയാം.

സമീ:– അറിയാൻ വയ്യെങ്കിൽ എന്തിനീ പുസ്തകത്തിൽ വിശ്വസിക്കുന്നു? സംശയനിവാരണത്തിനുതകാത്ത ഇതിനെ വിശ്വസിച്ച് ആളുകളോടുപദേശം ചെയ്ത് ഈ സംശയപൂർണ്ണമായ മതത്തിൽ എന്തിന് അവരെ പെടുത്തുന്നു? നിസ്സന്ദേഹം, എല്ലാ സംശയങ്ങളും നിവാരണം ചെയ്യുന്ന വേദമതം സ്വീകരിക്കാത്തതെന്താണ്? ഈശ്വരന്റെ സൃഷ്ടിവൃത്താന്തം അറിയാതെ ഈശ്വരനെ എങ്ങനെ അറിയും? ആകാശം എന്നുവച്ചാലെന്താണ്?

ക്രി:– തുറസ്സായ മുകൾഭാഗം.

സമീ:– തുറസ്സായതിന്റെ ഉല്പത്തി എങ്ങനെ? എന്തെന്നാൽ അത് സർവവ്യാപിയും അതിസൂക്ഷ്മവും മുകളിലും താഴെയും ഒരുപോലെയുമാണ്. ആകാശം സൃഷ്ടിക്കുന്നതിന് മുൻപ് ശൂന്യ

---

3. ഈ ബൈബിൾ വാക്യങ്ങൾ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ 1974 ലെ പതിപ്പിൽ നിന്നാണ് എടുത്തിട്ടുള്ളത്. ബൈബിളിന്റെ തർജ്ജമകളിലെ ഭാഷ മാറ്റാറുണ്ട്. മലയാളത്തിലും സി.ആർ.എൽ. സൊസൈറ്റി 1983 ൽ ബൈബിളിന്റെ പുതിയൊരു തർജുമ പ്രസാധനം ചെയ്തിട്ടുണ്ട്.

4. മോശയെ മിസ്രയിം ദേശത്തുനിന്നു പുറത്താക്കി. അതിനു മുൻപ് അവിടെ വേദങ്ങളാണ് പ്രചരിച്ചിരുന്നത്. മിശ്ര ഈജിപ്ത് ദേശത്തിലെ വിദ്വാന്മാർക്കും മഹദണ്ഡം ആപഃ യിൽ ഗമിച്ചിരുന്നെന്ന് അറിയാമായിരുന്നു. ശതപഥബ്രാഹ്മണത്തിൽ 11.1. 6.1.2 ആപയിൽ ഹിരാണ്യാണ്ഡം പരിപത്യവനം ചെയ്തിരുന്നെന്നുകാണാം. ഈ ശുദ്ധമായ ശാസ്ത്രീയ തത്വമറിയാതെ ബൈബിളിൽ ഹിരണ്യാണ്ഡത്തെ ദൈവമെന്നു പറഞ്ഞിരിക്കുകയാണ്. വൈദിക വിചാരധാരയുടെ കലങ്ങിമറിഞ്ഞ മടമാണ് ബൈബിൾ.

5. ആകൃതിയില്ലാത്തതും ശൂന്യവുമായിരുന്നു എന്ന തർജ്ജമയും അശാസ്ത്രീയമത്രേ. ആകൃതിയില്ലാത്തതു ശൂന്യമാകണമെന്നില്ല. ശൂന്യത്തിന് ആകൃതി ഉണ്ടാവുകയില്ല. പിന്നീട് ആകൃതി ഉണ്ടായപ്പോൾ നേരത്തേ ശൂന്യത ഇല്ലായിരുന്നെന്നുവരും. ശൂന്യത ആ അവസ്ഥാവിശേഷമാണെങ്കിൽ, ആകൃതിയിലാകാത്ത പ്രകൃതി തത്ത്വങ്ങൾ പറയാനാകാത്ത ആകൃതിയിൽ ഉണ്ടായിരുന്നെന്നു സിദ്ധിക്കുന്നു. അപ്പോൾ ആകൃതിയില്ലാത്തതും ശൂന്യവുമെന്ന പ്രയോഗം അബദ്ധമാകുന്നു.



തയും തുറസ്സും ഇല്ലായിരുന്നോ? ഇല്ലായിരുന്നെങ്കിൽ ദൈവവും സൃഷ്ടികാരണവും ജീവാത്മാക്കളും എവിടെ വസിച്ചിരുന്നു? ആകാശമില്ലാതെ ഒരു വസ്തുവും സ്ഥിതിചെയ്യുകയില്ല. അതിനാൽ നിങ്ങളുടെ ബൈബിൾ വാക്യം യുക്തമല്ല. ഈശ്വരനും ഈശ്വരീയ ജ്ഞാനകർമങ്ങളും പാഴോ അല്ലാത്തതോ?

ക്രി:- പാഴല്ലാത്തത്

സമീ:- എങ്കിൽ ഈശ്വരനുണ്ടാക്കിയ ഭൂമി പാഴാണെന്ന് ഇവിടെന്തിനെഴുതി?

ക്രി:- പാഴെന്നതിന് ഉയർന്നും താണും നിരപ്പല്ലാതെ തുറസ്സായി കിടക്കുന്നതെന്നാണ് അർത്ഥം.

സമീ:- പിന്നാരാണ് നിരപ്പാക്കിയത്? ഇപ്പോഴും ഉയർച്ചയും താഴ്ചയും ഇല്ലേ? അതിനാൽ ഈശ്വരന്റെ പ്രവൃത്തി പാഴല്ല. എന്തെന്നാൽ അദ്ദേഹം സർവ്വജ്ഞനാകയാൽ ഒരിക്കലും തെറ്റോ കുറ്റമോ പാളിച്ചയോ ഉണ്ടാവുകയില്ല. കൂടാതെ ഈശ്വര സൃഷ്ടി പാഴായിരുന്നെന്ന്[5] എഴുതിയിരിക്കുന്ന പുസ്തകം ഈശ്വരകൃതമാവുകയില്ല. ദൈവത്തിന്റെ ആത്മാവ് എന്തു പദാർഥമാണ്?

ക്രി:- ചേതനം.

സമീ:- അത് സാകാരമോ നിരാകാരമോ? വ്യാപകമോ ഏകദേശീയോ?

ക്രി:- നിരാകാരം, ചേതനം, വ്യാപകം, എന്നാൽ ഏതേസിനായി പർവതത്തിലോ, നാലാം ആകാശത്തിലോ ഒക്കെയാണ് വിശേഷാൽ പാർപ്പ്.

സമീ:- നിരാകാരനാണെങ്കിൽ ആരാണ് കണ്ടത്? വ്യാപകമായത് ജലത്തിന്മീതെ പരിവർത്തിക്കുകയില്ല. ദൈവത്തിന്റെ ആത്മാവ് ജലത്തിന്മീതെ പരിവർത്തിച്ചപ്പോൾ ദൈവം എവിടെയായിരുന്നപ്പാ! ദൈവത്തിന്റെ ശരീരം മറ്റെവിടെയോ ആയിരുന്നെന്ന് ഇതിൽ നന്നു സിദ്ധിക്കുന്നു. അല്ലെങ്കിൽ ആത്മാവിന്റെ ഒരു കഷണത്തെ ജലത്തിന്മീതെ പരിവർത്തിപ്പിച്ചതാകാം. വ്യാപകനല്ലാത്തതിന് സൃഷ്ടി സ്ഥിതിപ്രളയങ്ങളും ധാരണ - പാലനങ്ങളും ജീവന്റെ കർമ്മവ്യവസ്ഥയും ചെയ്യാൻ ഒരിക്കലും സാധിക്കുകയില്ല. ഏകദേശിയാണോ അതിന്റെ ഗുണകർമസ്വഭാവങ്ങളും ഏകദേശിയായിരിക്കും. അങ്ങനെയെന്ന് ദൈവമല്ല. ദൈവം സർവവ്യാപകനും, അനന്ത ഗുണകർമസ്വഭാവയുക്തനും സച്ചിദാനന്ദസ്വരൂപനും, നിത്യ-ശുദ്ധ-ബുദ്ധ-മുക്ത-സ്വഭാവിയും അനാദി അനന്തം മുതലായ ലക്ഷണങ്ങളുള്ളതതുമാണ്, എന്നു വേദത്തിൽ പറയുന്നു. അതിൽ വിശ്വസിക്കുക. നന്മയ്ക്കുള്ള വഴി അതു മാത്രമാണ്.

2. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലത് എന്നു ദൈവം കണ്ടു. (1.3.4)

സമീ:- ഈശ്വരൻ പറഞ്ഞത് ജീവനില്ലാത്ത വെളിച്ചം കേട്ടുവെന്നോ? കേട്ടെങ്കിൽ ഇന്നും സൂര്യന്റെയും ദീപത്തിന്റെയും അഗ്നിയുടെയും പ്രകാശം എന്റെയും നിങ്ങളുടെയും വാക്കു കേൾക്കാത്തതെന്ത്? പ്രകാശം ജഡമാണ്. അതിന് ആരുടെയും വാക്കു കേൾക്കുവാൻ കഴിവില്ല. ഈശ്വരൻ വെളിച്ചത്തെ കണ്ടപ്പോഴാണോ അത് നല്ലതാണെന്നറിഞ്ഞത്? നേരത്തെ അറിഞ്ഞുകൂടായിരുന്നോ? അറിയാമായിരുന്നെങ്കിൽ കണ്ടയുടനെ, നല്ലത് എന്നു പറഞ്ഞതെന്തിന്? അറിവില്ലായിരുന്നെങ്കിൽ അത് ഈശ്വരനേയല്ല . അതിനാൽ നിങ്ങളുടെ ബൈബിൾ ഈശ്വരോക്തമോ അതിലെ ഈശ്വരൻ സർവജ്ഞനോ അല്ല.

3. ദൈവം വെള്ളങ്ങളുടെ മധ്യേ ഒരു വിതാനം ഉണ്ടാകട്ടെ; അതു വെള്ളത്തിനും വെള്ളത്തിനും തമ്മിൽ വേർപിരിവായിരിക്കട്ടെ എന്നു കല്പിച്ചു. വിതാനം ഉണ്ടാക്കീട്ട് ദൈവം വിതാനത്തിനു കീഴുള്ള വെള്ളവം വിതാനത്തിൻമീതെയുള്ള വെള്ളവും തമ്മിൽ വേർപിരിച്ചു. അങ്ങനെ സംഭവിച്ചു. ദൈവം വിതാനത്തിന് ആകാശം എന്നു പേരിട്ടു. സന്ധ്യയായി. ഉഷസ്സുമായി: രണ്ടാം ദിവസം. (1.6-8)

സമീ:- ആകാശവും വെള്ളവും ദൈവം പറഞ്ഞതുകേട്ടുവോ? വെള്ളത്തിൽ ആകാശമില്ലേ? ഇല്ലെങ്കിൽ ജലം എവിടെ സ്ഥിതിചെയ്യും? ഒന്നാമത്തെ വാക്യത്തിൽ ആകാശത്തെ സൃഷ്ടിച്ചതാണ്. പിന്നീട് വിതാനത്തിലൂടെ ആകാശത്തെ സൃഷ്ടിച്ചത് വെറുതെയാണ്. സ്വർഗമെന്നു പറഞ്ഞ ആകാശം സൃഷ്ടിച്ച്ത് വെറുതെയാണ്. സ്വർഗമെന്നു പറഞ്ഞ ആകാശം സർവ്വവ്യാപിയാണ്. അതിനാൽ സർവത്ര സ്വർഗമായി. പിന്നെ, മുകളിൽ സ്വർഗമാണെന്നു പറയുന്നത് വെറുതെയായി, സൂര്യൻ ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്ക് രാവും പകലും എങ്ങനെ ഉണ്ടായി? ഇങ്ങനെ നടക്കാത്ത കാര്യങ്ങൾ ഇനിയുള്ള വാക്യങ്ങൾ നിറയെ ഉണ്ട്.

4. അപ്പോൾ ദൈവം:- നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക:- ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. (1.26.28)

സമീ:- ആദമിനെ ഈശ്വരൻ തന്റെ രൂപത്തിൽ സൃഷ്ടിച്ചെങ്കിൽ ഈശ്വരന്റെ സ്വരൂപമായ പവിത്രത ജ്ഞാനസ്വരൂപം ആനന്ദമയം മുതലായ ലക്ഷണങ്ങൾക്കൊത്തവണ്ണം ആദാം എന്തു



കൊണ്ട് ആയില്ല? ആയില്ലെങ്കിൽ തത്സദൃശമായല്ല സൃഷ്ടിച്ചത്. ആദമിനെ സൃഷ്ടിച്ചപ്പോൾ തന്നെ ഈശ്വരൻ തന്റെ സ്വരൂപത്തെ ഉത്പത്തിയുള്ളതാക്കി. പിന്നെ അനിത്യനാകാത്തതെങ്ങനെ? ആദമിനെ എവിടെ നിന്നുണ്ടാക്കി?

ക്രി:- മണ്ണിൽനിന്ന്.

സമീ:- മണ്ണെവിടെ നിന്നുണ്ടാക്കി?

ക്രി:- സ്വന്തം സാമർഥ്യത്തിൽനിന്ന്.

സമീ:- ഈശ്വരന്റെ സാമർഥ്യം അനാദിയോ പുതിയതോ?

ക്രി:-അനാദിയാണ്.

സമീ:- അനാദിയാണെങ്കിൽ ജഗത്കാരണം സനാതനമായി. പിന്നെ അഭാവത്തിൽ നിന്നു ഭാവം ഉണ്ടായെന്ന് എന്തിനു പറയുന്നു?

ക്രി:- സൃഷ്ടിക്കുമുമ്പ് ഈശ്വരനല്ലാതൊരു വസ്തുവും ഇല്ലായിരുന്നു.

സമീ:- ഇല്ലായിരുന്നെങ്കിൽ ഈ ജഗത്ത് എവിടെ നിന്നുണ്ടായി? ഈശ്വരന്റെ സാമർഥ്യം ദ്രവ്യമോ ഗുണമോ? ദ്രവ്യമാണെങ്കിൽ ഈശ്വരനിൽനിന്നു ഭിന്നമായൊരു പദാർഥം ഉണ്ടായിരുന്നെന്നു വരുന്നു. ഗുണമാണെങ്കിൽ, ഗുണത്തിൽനിന്ന് ദ്രവ്യം ഉണ്ടാവുകയില്ല. ഈശ്വരനിൽനിന്നാണ് ഉണ്ടായതെങ്കിൽ ഈശ്വരന്റെ ഗുണകർമ സ്വഭാവങ്ങൾ തത്തുല്യമായി അവയ്ക്ക് ഉണ്ടാകണം. അതില്ലാത്തതുകൊണ്ട് ഈശ്വരനിൽ നിന്നുണ്ടായതല്ലെന്നു നിശ്ചയിക്കാം. എന്നാൽ ജഗത്കാരണമായ പരമാണു എന്നുംമറ്റും പേരുള്ള ജഡവസ്തുവിൽ നിന്നാണുണ്ടായത്. വേദാദിശാസ്ത്രങ്ങളിൽ ജഗദുത്പത്തി എഴുതിയിരിക്കുന്നതുപോലെ, ഈശ്വരൻ ജഗത്തിനെ സൃഷ്ടിച്ചു എന്നു ഗ്രഹിക്കയാണ് വേണ്ടത്. ആദമിന്റെ അകരൂപം ജീവനും ബാഹ്യരൂപം മനുഷ്യസദൃശവും ആണെങ്കിൽ അതുപോലെയല്ലേ ഈശ്വരന്റെ രൂപവും? ആദമിനെ ഈശ്വരരൂപത്തിലാണ് സൃഷ്ടിച്ചതെങ്കിൽ ഈശ്വരൻ ആദമിനെപ്പോലെതന്നെയായിരിക്കും.

5. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോവൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു. (2.7 - 9)

സമീ:- ഏദൻതോട്ടം നിർമ്മിച്ച് ആദമിനെ കുടിയിരുത്തിയപ്പോൾ അവനെ അവിടെ നിന്നു പുറത്താക്കേണ്ടി വരുമെന്ന് ദൈവത്തിനറിവില്ലായിരുന്നോ? ആദമിനെ മണ്ണുകൊണ്ടാണ് ഉണ്ടാക്കിയതെങ്കിൽ അത് ദൈവത്തിന്റെ സ്വരൂപം ആകുന്നില്ല. ആകുന്നെങ്കിൽ ഈശ്വരനും മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടതാണ്. അവന്റെ മൂക്കിൽ ഊതിയ ശ്വാസം ഈശ്വരന്റെ രൂപമോ വേറെ വല്ലതുമോ? വേറെയാണെങ്കിൽ ആദത്തിന് ഈശ്വരന്റെ രൂപമല്ല. അല്ലെങ്കിൽ ഈശ്വരനും ആദത്തിനും ഒരേ രൂപമാണ്. അങ്ങനെയാണെങ്കിൽ ആദത്തിനെപ്പോലെ ജനനം, മരണം, വൃദ്ധി, ക്ഷയം, വിശപ്പ് - ദാഹം എന്നിവ ഈശ്വരനും ഉണ്ടാകും. പിന്നെ അത് എങ്ങനെ ഈശ്വരനാകും? അതിനാൽ പഴയനിയമത്തിലെ ഈ കാര്യം ശരിയാണെന്നു തോന്നുന്നില്ല. അത് ഈശ്വരകൃതവുമല്ല.

6. ആകയാൽ യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്ര വരുത്തി. അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതിനു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. (2.21 - 22)

സമീ:- ആദത്തിനെ ഈശ്വരൻ മണ്ണുകൊണ്ടാണ് ഉണ്ടാക്കിയതെങ്കിൽ അവന്റെ സ്ത്രീയെ എന്തുകൊണ്ട് മണ്ണാൽ ഉണ്ടാക്കിയില്ല? സ്ത്രീയെ എല്ലിൽ നിന്നുണ്ടാക്കിയെങ്കൽ ആദമിനെ എല്ലുകൊണ്ട് ഉണ്ടാക്കാഞ്ഞത് എന്താണ്? നരനിൽനിന്നുണ്ടായതുകൊണ്ട് നാരിയെന്നു പേരുവന്നെങ്കിൽ നാരിയിൽനിന്ന് നരനെന്നപേരും ഉണ്ടാകണം. അവർ തമ്മിൽ പരസ്പരസ്നേഹവും ഉണ്ടാകും. സ്ത്രീയോട് പുരുഷന് സ്നേഹമുണ്ടാകുന്നതുപോലെ പുരുഷനോട് സ്ത്രീയ്ക്കുമുണ്ടാകും. അറിവുള്ളവരേ കണ്ടാലും! ഈശ്വരന്റെ തത്ത്വവിദ്യ അല്ലെങ്കിൽ ഫിലോസഫി വിളങ്ങുന്നത് എങ്ങനെയുണ്ട്? ആദത്തിന്റെ ഒരു വാരിയെല്ലുകൊണ്ടാണ് സ്ത്രീയെ സൃഷ്ടിച്ചതെങ്കിൽ എല്ലാ പുരുഷൻമാരുടെയും ഓരോ വാരിയെല്ല് കുറയാത്തതെന്താണ്? ഒറ്റവാരിയെല്ലുകൊണ്ടുണ്ടാക്കിയ സ്ത്രീയുടെ ശരീരത്തിൽ ഒരു വാരിയെല്ലേ ഉണ്ടാകാവൂതാനും. ലോകമുണ്ടാക്കിയ വസ്തുക്കൾകൊണ്ട് സ്ത്രീശരീരം ഉണ്ടാക്കാൻ വയ്യായിരുന്നോ? ഇങ്ങനെ ബൈബിളിലെ സൃഷ്ടിക്രമം സൃഷ്ടിവിദ്യയ്ക്കു വിരുദ്ധമാണ്.

7. യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത്



സ്ത്രീയോട്: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു. സ്ത്രീ പാമ്പിനോട്: തോട്ടത്തിലെ വൃക്ഷങ്ങളിലെ ഫലം ഞങ്ങൾക്കു തിന്നാം. എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയുമരുത് എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു. പാമ്പ് സ്ത്രീയോട് നിങ്ങൾ മരിക്കയില്ല. നിശ്ചയം; അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തിന്നാൻ നല്ലതും കാണാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ട് ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു. അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുതുറന്നു തങ്ങൾ നഗ്നരെന്നറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി അരയാട ഉണ്ടാക്കി. (3.1-7)

യഹോവയായ ദൈവം പാമ്പിനോടു കല്പിച്ചതു: നീ ഇതു ചെയ്തതുകൊണ്ട് എല്ലാ കാട്ടുമൃഗങ്ങളിലുംവച്ച് നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ ഉരസുകൊണ്ടുഗമിച്ചു നിന്റെ ആയുഷ്കാലമൊക്കെയും പൊടിതിന്നും. ഞാൻ നിനക്കും സ്ത്രീയിക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും. സ്ത്രീയോടു കല്പിച്ചതു; ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആകും. അവൻ നിന്നെ ഭരിക്കും. മനുഷ്യനോടു കല്പിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്കു അനുസരിക്കയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽനിന്ന് മുളെക്കും വയലിലെ സസ്യം നിനക്ക് ആഹാരമാകും. (3.14 - 18)

സമീ:- ക്രിസ്ത്യാനികളുടെ ഈശ്വരൻ സർവജ്ഞനായിരുന്നെങ്കിൽ ഈ കുരുട്ടുബുദ്ധിക്കാരനായ പാമ്പിനെ - ചെകുത്താനെ - എന്തിനു സൃഷ്ടിച്ചു? സൃഷ്ടിച്ചതുകൊണ്ട് ആ അപരാധത്തിന് ഉത്തരവാദി ഈശ്വരനാണ്. എന്തെന്നാൽ ദുഷ്ടനായി സൃഷ്ടിച്ചതുകൊണ്ടാണല്ലോ ദുഷ്ടത കാട്ടിയത്. പൂർവജന്മം അംഗീകരിക്കാത്തതുകൊണ്ട്, അപരാധമില്ലാതെ അതിനെ പാപിയായി സൃഷ്ടിച്ചതെന്തിന്? വാസ്തവം പറഞ്ഞാൽ അത് സർപ്പമായിരുന്നില്ല, മനുഷ്യനായിരുന്നു. മനുഷ്യനല്ലായിരുന്നെങ്കിൽ മനുഷ്യരുടെ ഭാഷ എങ്ങനെ സംസാരിക്കും? കള്ളനായി, മറ്റുള്ളവരെ കള്ളത്തിൽ നടത്തുന്നവനെയാണ് ചെകുത്താൻ എന്നു പറയേണ്ടത്. ഇവിടെ ചെകുത്താൻ സത്യവാദിയാണ്. അതുകൊണ്ടാണ് സ്ത്രീയെ കളിപ്പിക്കാതെ സത്യം പറഞ്ഞത്. ഈശ്വരൻ ആദമിനോടും ഹവ്വയോടും, പഴം തിന്നാൽ നിങ്ങൾ മരിക്കുമെന്ന് കള്ളം പറഞ്ഞു. ജ്ഞാനവും അമരത്വവും നല്കുന്ന ആ പഴം തിന്നുന്നതിൽനിന്നു തടഞ്ഞതെന്തിനാണ്? തടഞ്ഞെങ്കിൽ ആ ഈശ്വരൻ കള്ളനും കളിപ്പിക്കുന്നവനുമാണ്. എന്തെന്നാൽ ആ മരത്തിന്റെ പഴം മനുഷ്യർക്ക് അറിവു നല്കുന്നതും സുഖം പകരുന്നതുമായിരുന്നു. അജ്ഞാനവും മൃത്യുവും നല്കുന്നതായിരുന്നില്ല. പഴം തിന്നരുതെന്ന് വിലക്കാനാണെങ്കിൽ ആ മരം എന്തിനുണ്ടാക്കി? തനിക്കുവേണ്ടിയാണെങ്കിൽ താൻ അജ്ഞാനിയും മരണധർമിയുമാണോ? മറ്റാർക്കെങ്കിലും വേണ്ടിയാണെങ്കിൽ അവർ ആ പഴം തിന്നുന്നതിൽ തെറ്റില്ല. എന്നാൽ ഇക്കാലത്ത് അറിവുതരുന്നതും മരണമില്ലാതാക്കുന്നതും ആയ മരങ്ങളൊന്നും കാണാനില്ല. ഈശ്വരൻ അതിന്റെ വിത്തുപോലും നശിപ്പിച്ചുവോ?

ഇത്തരം കാര്യങ്ങൾകൊണ്ട് മനുഷ്യർ വഞ്ചകരും കള്ളന്മാരുമാകുമെങ്കിൽ ഈശ്വരനും അങ്ങനെയാവുകയില്ലേ? കളവും വഞ്ചനയും കാട്ടുന്നവർ കള്ളരും വഞ്ചകരുമാണല്ലോ. മൂവരേയും ശപിച്ചത്, അപരാധം ചെയ്തതിനല്ല. അങ്ങനെ ഈശ്വരൻ അന്യായക്കാരനുമായി. കള്ളം പറഞ്ഞതും കളിപ്പിച്ചതും നിമിത്തം ശാപത്തിനവകാശി ഈശ്വരൻ ആയിരുന്നു. ആ'ഫിലോസഫി' കേട്ടില്ലേ? വേദനയില്ലാതെ പ്രസവം നടക്കുമോ? പണിയെടുക്കാതെ ജീവിക്കാൻ ആർക്കുകഴിയും? ആദ്യം മുൾമരങ്ങളില്ലായിരുന്നോ? വയലിലെ സസ്യം അഹാരമാകുമെന്നു പറഞ്ഞത് ശരിയാണെങ്കിൽ മാംസം തിന്നാമെന്ന് ബൈബിളിൽ പിന്നീട് എഴുതിയിരിക്കുന്നത് കള്ളമല്ലേ? ഒന്നു സത്യമെങ്കിൽ മറ്റേതു കള്ളമാണ്.

ആദമിന്റെ പാപമൊന്നും തെളിയുന്നില്ലെങ്കിൽ, മനുഷ്യർ ആദമിന്റെ മക്കളായതുകൊണ്ട് പാപികളാണെന്ന് എന്തിനു പറയുന്നു? ഈ പുസ്തകവും ഇതിലെ ഈശ്വരനും ബുദ്ധിമാന്മാർക്ക് എങ്ങനെ സ്വീകാര്യമാകും?

8. യഹോവയായ ദൈവം: മനുഷ്യൻ നന്മതിന്മകളെ അറിയാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചുതിന്ന് എന്നേക്കും ജീവിപ്പാൻ സംഗതിവരരുത് എന്നു കല്പിച്ചു. അവനെ എടുത്തിരുന്ന നിലത്തു കൃഷിചെയ്യേണ്ടതിന്നു യഹോവയായ ദൈവം അവനെ ഏദൻതോട്ടത്തിൽനിന്നു പുറത്താക്കി ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കികളഞ്ഞു. ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ അവൻ ഏദൻതോട്ടത്തിനു കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി. (3.22-24)



സമീ:- ജ്ഞാനത്തിൽ തനിക്കു തുല്യനായെന്ന ഈർഷ്യയും ഭ്രമവും ദൈവത്തിന് എങ്ങനെ തോന്നിയോ ആവോ. ഇത് ചീത്തക്കാര്യമാണോ? ഈ ശങ്കതന്നെയെന്തിന്? ഈ ദൈവത്തിനു തുല്യനായി ആരും ഒരിക്കലും ഉണ്ടാവുകയില്ല. ഈ ലേഖനത്തിൽനിന്നു തെളിയുന്നത് അത് മനുഷ്യനായിരുന്നു. ഈശ്വരനല്ല എന്നാണ്. ബൈബിളിൽ എവിടെയെങ്കിലും ദൈവത്തെപ്പറ്റി എഴുതിയിട്ടുണ്ടെങ്കിൽ അവിടെയെല്ലാം മനുഷ്യതുല്യനായാണ് എഴുത്ത്. ആദത്തിന്റെ ജ്ഞാനവർദ്ധനവിൽ ദൈവം എത്ര ദുഃഖിതനായെന്നു നോക്കൂ. അമൃതവൃക്ഷത്തിന്റെ പഴം തിന്നുന്നതിൽ എത്ര ഈർഷ്യയുണ്ടായി. ആദ്യമേ തോട്ടത്തിൽ പാർപ്പിച്ചപ്പോൾ കുടിയിറക്കേണ്ടിവരുമെന്ന ഭവിഷ്യജ്ഞാനം ഇല്ലായിരുന്നോ? അങ്ങനെ ക്രിസ്ത്യാനികളുടെ ഈശ്വരൻ സർവജ്ഞനല്ലെന്നു വരുന്നു. ജ്വാലയുള്ള വാളുമായി കെരൂബുകളെ കാവൽ ഏർപ്പെടുത്തുന്നത് മനുഷ്യന്റെ പണിയാണ്, ദൈവത്തിന്റെയല്ല.

9. കുറേക്കാലം കഴിഞ്ഞിട്ടു കയീൻ നിലത്തെ അനുഭവത്തിൽനിന്നു യഹോവെക്കു ഒരു വഴിപാടു കൊണ്ടുവന്നു. ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്ന് അവയുടെ മേദസ്സിൽ നിന്നു തന്നെ ഒരു വഴിപാടു കൊണ്ടുവന്നു. യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. കയീന്നു ഏറ്റവും കോപമുണ്ടായി അവന്റെ മുഖം വാടി. അപ്പോൾ യഹോവ കയീനോട് : നീ കോപിക്കുന്നതെന്ത്? നിന്റെ മുഖം വാടുന്നതും എന്ത് എന്നു ചോദിച്ചു. (4 - 3, 4, 5, 6)

സമീ:- ദൈവം മാംസഭുക്കല്ലെങ്കിൽ ഹാബെലിൽ പ്രസാദിച്ച് ആട്ടിൻവഴിപാടു സ്വീകരിക്കയും കയീനെയും അവന്റെ വഴിപാടും സ്വീകരിക്കാതിരിക്കയും ചെയ്യുമോ? ഇവരുടെ കലഹത്തിനും ഹാബെലിന്റെ മരണത്തിനും ദൈവമാണ് കാരണക്കാരൻ ഈ ക്രിസ്ത്യൻദൈവം മനുഷ്യരെപ്പോല സംസാരിക്കുന്നു. തോട്ടത്തിലേക്ക് വരവും പോക്കും തോട്ടപ്പണിയും എല്ലാം മനുഷ്യന്റെ ജോലിയാണ്. ഇതിൽനിന്നെല്ലാം ബൈബിൾ മനുഷ്യകൃത്യമാണ് ദൈവത്തിന്റേതല്ല എന്നുതെളിയുന്നു.

10. പിന്നെ യഹോവ കയീനോട്: നിന്റെ അനുജനായ ഹാബെൽ എവിടെ എന്നു ചോദിച്ചതിന്നു: ഞാൻ അറിയുന്നില്ല, ഞാൻ എന്റെ അനുജന്റെ കാവല്ക്കാരനോ എന്ന് അവൻ പറഞ്ഞു. അതിന്നു അവൻ അരുളിച്ചെയ്തത്: നീ എന്തു ചെയ്തു? നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽനിന്ന് എന്നോടു നിലവിളിക്കുന്നു.... ദേശം നീവിട്ടു ശാപഗ്രസ്തനായി പോകണം. (4.9-11)

സമീ:- കയീനോട് അന്വേഷിക്കാതെതന്നെ ദൈവത്തിന് ഹാബെലിന്റെ മരണത്തെപ്പറ്റി അറിയാമായിരുന്നില്ലേ? രക്തത്തിന്റെ ശബ്ദം ഭൂമിയിൽനിന്നു ആരോടെങ്കിലും നിലവിളിക്കുമോ? ഇതെല്ലാം അറിവില്ലായ്മയാണ്. ഈ പുസ്തകം ഈശ്വരനോ ഏതെങ്കിലും വിദ്വാനോ ഉണ്ടാക്കിയതല്ല.

11. മെഥൂശലഹിനെ ജനിപ്പിച്ചശേഷം ഹാനോക് മുന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടന്നു. (5.22)

ക്രിസ്ത്യാനികളുടെ ദൈവം മനുഷ്യനല്ലെങ്കിൽ ഹാനോക്കിന്റെ കൂടെ അവൻ എങ്ങനെ നടന്നു? വേദത്തിൽ പറയുന്ന നിരാകാരനായ ഈശ്വരനെ സ്വീകരിച്ചാലേ ക്രിസ്ത്യാനികൾക്കും നന്മവരൂ.

12. അവർക്കു പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ട് തങ്ങൾക്കുബോധിച്ച ഏവരേയും ഭാര്യമാരായി എടുത്തു. അപ്പോൾ യോഹവ: മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല. അവൻ ജഡം തന്നെയല്ലോ. എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്ന് അരുളിചെയ്തു. അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു. അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർ മക്കളെ പ്രസവിച്ചു. ഇവരാകുന്നു പുരാതന കാലത്തെ വീരന്മാർ. കീർത്തിപ്പെട്ട പുരുഷന്മാർതന്നേ. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിനു ദുഃഖമായി. ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും. മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുകകൊണ്ടു ഞാൻ അനുതപിക്കുന്നു എന്നു യോഹവ അരുളിച്ചെയ്തു. (6.2-7)

സമീ:- ദൈവത്തിന്റെ പുത്രന്മാർ ആരാണെന്ന് ക്രിസ്ത്യാനികളോടു ചോദിക്കണം. ദൈവത്തിന്റെ ഭാര്യ. ഭാര്യയുടെ അച്ഛനമ്മമാർ, അളിയൻ മുതലായവരാണ്? ആദമിന്റെ മക്കളുമായി വിവാഹം നടന്നതുകൊണ്ട് ദൈവം അവരുടെ ബന്ധുവായി. അവരുടെ മക്കൾ കൊച്ചുമക്കളായി. ഇതെല്ലാം ദൈവത്തിനോ ദൈവത്തിന്റെ പുസ്തകത്തിനോ ചേർന്നതാണോ? വാസ്തവത്തിൽ ഏതോ കാട്ടുജാതിക്കാർ എഴുതിയതാണീപ്പുസ്തകം.

സർവജ്ഞതയും ഭവിഷ്യദ്ജ്ഞാനവും ഇല്ലാത്ത ദൈവം ദൈവമല്ല. സൃഷ്ടിച്ചപ്പോൾ, ഇനി മനുഷ്യർ ദുഷ്ടരായിരിക്കുമെന്നറിവില്ലായിരുന്നോ? പശ്ചാത്തപിക്കുക അതി ദുഃഖിതനാവുക, അറിയാതെ ചെയതിട്ട് പശ്ചാത്തപിക്കുക. എന്നിവയെല്ലാം ക്രിസ്ത്യാനികളുടെ ദൈവത്തിനല്ലാതെ വേദത്തിൽ പറയുന്ന ഈശ്വരനു ചേരുകയില്ല. ക്രിസ്ത്യാനികളുടെ ദൈവം പൂർണ്ണവി

thaniyisai.com



ദ്വാനും യോഗിയുമല്ലായിരുന്നെന്ന് ഇതിൽനിന്നു തെളിയുന്നു. അന്യഥാശാന്തിയും വിജ്ഞാനവും കൊണ്ട് ഇവയിൽനിന്നകന്നു നില്ക്കുമായിരുന്നു. കഷ്ടം, പക്ഷിമൃഗാദികളും ദുഷ്ടരായിപ്പോയോ? ദൈവത്തിന് സർവജ്ഞത ഉണ്ടായിരുന്നെങ്കിൽ ഇത്രയും ദുഃഖിതനാവുകയില്ലായിരുന്നു. അതിനാൽ ഇത് ദൈവവുമല്ല. ബൈബിൾ ദൈവകൃതവുമല്ല, വേദോക്തവും സർവ്വപാപക്ലേശദുഃഖശോകാദിരഹിതവും സച്ചിദാനന്ദസ്വരൂപവുമായ ഈശ്വരനെ ക്രിസ്ത്യാനികൾ ഇനിയെങ്കിലും അംഗീകരിച്ചാൽ അവരുടെ മനുഷ്യജന്മം സഫലമാക്കാം.

13. പെട്ടകത്തിന്റെ നീളം മുന്നൂറുമുഴം വീതി അമ്പതുമുഴം ഉയരം മുപ്പതു മുഴം. നീയും നിന്റെ പുത്രന്മാരും ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും പെട്ടകത്തിൽ കടക്കണം. സർവ ജീവികളിൽനിന്നും സർവജഡത്തിൽനിന്നും തന്നേ ഈരണ്ടീരണ്ടിനെ നിന്നോടുകൂടെ ജീവരക്ഷയ്ക്കായിട്ടു പെട്ടകത്തിൽ കയറ്റേണം. അവ ആണും പെണ്ണും ആയിരിക്കേണം. അതതുതരം പക്ഷികളിൽനിന്നും അതതുതരം മൃഗങ്ങളിൽനിന്നും ഭൂമിയിലെ അതതുതരം ഇഴജാതികളിൽനിന്നൊക്കേയും ഈരണ്ടീരണ്ടു ജീവരക്ഷയ്ക്കായിട്ടു നിന്റെ അടുക്കൽ വരേണം. നീയോ സകല ഭക്ഷണസാധനങ്ങളിൽനിന്നും വേണ്ടുന്നതു എടുത്തു സംഗ്രഹിച്ചുകൊള്ളേണം. അതു നിനക്കും അവയ്ക്കും ആഹാരമായിരിക്കേണം. ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു. (6.15.18.22)

സമീ:- ഇത്തരം നടക്കാത്ത കാര്യങ്ങൾ പറയുന്ന ആളിനെ വിദ്വാന്മാരാരാനും ഈശ്വരനായികരുതുമോ? ഇത്രയും നീളവും വീതിയും ഉയരവുമുള്ള പെട്ടകത്തിൽ കൊമ്പനും പിടിയും ആൺപെൺ ഒട്ടകങ്ങളും കോടാനുകോടി ഇതരജീവികളും ഭക്ഷണ സാമഗ്രികളും കുടുംബങ്ങളും കൊള്ളുമോ? ഇത് മനുഷ്യനുണ്ടാക്കിയ പുസ്തകമാണ്. ഇതെഴുതിയയാൾ വിദ്വാനുമല്ലായിരുന്നു.

14. നോഹ യെഹോവെക്കു ഒരുയാഗപീഠം പണിതു. ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലതു എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു. യഹോവ സൗരഭ്യവാസന മണത്തപ്പോൾ യഹോവ തന്റെ ഹൃദയത്തിൽ അരുളിചെയ്തു. ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല. മനുഷ്യന്റെ മനോനിരൂപണം ബാല്യം മുതൽ ദോഷമുള്ളതു ആകുന്നു. ഞാൻ ചെയ്തതുപോലെ സകല ജീവികളേയും ഇനി നശിപ്പിക്കയില്ല. (8.20.21)

സമീ:- വേദിയുണ്ടാക്കുക, ഹോമിക്കുക എന്നിവയെഴുതിയിരിക്കുന്നതിനാൽ ഇവ വേദത്തിൽ നിന്ന് ബൈബിളിൽ വന്നതാണെന്ന് നിശ്ചയിക്കാം. മണക്കാൻ ദൈവത്തിന് മൂക്കുണ്ടോ? ഈ ക്രിസ്ത്യൻ ദൈവം മനുഷ്യരെപ്പോലല്ലേ? ചിലപ്പോൾ ശപിക്കുന്നു. ചിലപ്പോൾ പശ്ചാത്തപിക്കുന്നു. ശപിക്കുമെന്നു ചിലപ്പോൾ പറയും. ആദ്യം ശപിച്ചു പിന്നെയും ശപിക്കും. ആദ്യം എല്ലാത്തിനെയും കൊല്ലുന്നു. ഇനിമേൽ കൊല്ലുകയില്ലെന്നും പറയുന്നു. ഇതെല്ലാം ബാലിശമാണ്. ഈശ്വരന്റെയോ വിദ്വാന്റെയോ വാക്കല്ല. വിദ്വാന്മാരുടെ വാക്കും പ്രതിജ്ഞയും സ്ഥിരമായിരിക്കും.

15. ദൈവം നോഹയെയും അവന്റെ പുത്രന്മാരെയും അനുഗ്രഹിച്ച് അവരോടരുളിച്ചെയ്തതെന്തെന്നാൽ..... ഭൂചര ജന്തുക്കളൊക്കെയും നിങ്ങൾക്ക് ആഹാരം ആയിരിക്കട്ടെ. പച്ച സസ്യം പോലെ ഞാൻ സകലവും നിങ്ങൾക്ക് തന്നിരിക്കുന്നു പ്രാണനായിരിക്കുന്ന രക്തത്തോടുകൂടെ മാത്രം മാംസം ഭക്ഷിക്കരുത്. (9-13.4)

സമീ:- ഒന്നിനെ പ്രാണവേദന അനുഭവിപ്പിച്ച് മറ്റുള്ളവർ ആനന്ദിച്ചുകൊള്ളാൻ ഉപദേശിക്കുന്ന ക്രിസ്ത്യൻദൈവം ദയാഹീനനല്ലേ? ഒരു മകനെക്കൊന്ന് മറ്റൊന്നിനെ ഊട്ടുന്ന അച്ഛനമ്മമാർ മഹാപാപികളല്ലേ? അങ്ങനെയാണിതും എല്ലാ പ്രാണികളും ഈശ്വരന് മക്കളാണ്. അങ്ങനല്ലാഞ്ഞാണ് ഇവരുടെ ദൈവം കശാപ്പുകാരനെപ്പോലെ പെരുമാറുന്നത്. മനുഷ്യരെയെല്ലാം ഈ ദൈവം കൊലയാളികളാക്കിയിരിക്കുന്നു. അങ്ങനെ ക്രിസ്ത്യൻ ദൈവം നിർദ്ദയനാകയാൽ എന്തുകൊണ്ട് പാപിയല്ല?

16. ഭൂമിയിൽ ഒക്കെയും ഒരേഭാഷയും ഒരേവാക്കും ആയിരുന്നു.... അവർ തമ്മിൽ:- വരുവിൻ നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക. നമുക്കു ഒരു പേരുമുണ്ടാക്കുക. എന്ന് അവർ പറഞ്ഞു. മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങിവന്നു. അപ്പോൾ യഹോവ: ഇതാ ജനം ഒന്നു, അവർക്കെല്ലാവർക്കും ഭാഷയും ഒന്നു. ഇതും അവർ ചെയ്തു തുടങ്ങുന്നു. അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്കു അസാദ്ധ്യമാകയില്ല. വരുവിൻ നാം ഇറങ്ങിച്ചെന്നു അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിച്ചെയ്തു. അങ്ങനെ യഹോവ അവരെ അവിടെ നിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു. അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു. (11.1, 4-8)

സമീ:- ലോകത്തിൽ എല്ലായിടത്തും ഒരു ഭാഷയുണ്ടായിരുന്നപ്പോൾ മനുഷ്യർ പരസ്പരം അത്യന്തം ആനന്ദമനുഭവിച്ചിരിക്കണം പക്ഷേ എന്തുചെയ്യാം? ഈ ക്രിസ്ത്യാനികളുടെ ഈർഷ്യാലുവായ ദൈവം എല്ലാവരുടെയും ഭാഷകലക്കി സർവനാശമുണ്ടാക്കി. ഇതു വലിയ അപരാധമായിപ്പോയി. ചെകുത്താൻ ചെയ്തതിലും ചീത്തക്കാര്യമല്ലേയിത്? സിനായ് പർവതത്തിന്റെ മുകളിലും മറ്റുമാണ് ക്രിസ്ത്യൻ ദൈവത്തിന്റെ വാസമെന്നും ജീവികളുടെ ഉയർച്ച ആഗ്രഹിച്ചിരുന്നില്ലെന്നും ഇതിൽ നിന്നു വെളിവാകുന്നു. അറിവില്ലാത്തവനല്ലാതെ ഈശ്വരൻ ഇതുചെയ്യുമോ? ഇതെങ്ങനെ ദൈവത്തിന്റെ പുസ്തകമാകും?

17. അവർ തന്റെ ഭാര്യ സാറായിയോടു പറഞ്ഞതു: ഇതാ നീ



സൗന്ദര്യമുള്ള സ്ത്രീയെന്നു ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ ഇവൾ എന്റെ ഭാര്യയെന്നു പറഞ്ഞ് എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കയും ചെയ്യും. നീ എന്റെ സഹോദരിയെന്നു പറയണം. എന്നാൽ നിന്റെ നിമിത്തം എനിക്കു നന്മ വരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും.

സമീ:- നോക്കൂ! ഒരു മഹാപ്രവാചകനെന്ന് ക്രിസ്ത്യാനികളും മുസ്ളീങ്ങളും പുകഴ്ത്തുന്ന അബ്രഹാം പറയുന്നത് നുണയാണ്. ഇത്തരം പ്രവാചകരുള്ളവർക്ക് അറിവും സദ്ഗതിയും എങ്ങനെ കിട്ടും!

18. ദൈവം പിന്നെയും അബ്രഹാമിനോട് അരുളിചെയ്തത്: നീയും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിയും എന്റെ നിയമം പ്രമാണിക്കേണം. എനിയ്ക്കും നിങ്ങൾക്കും നിന്റെ ശേഷം നിന്റെ സന്തതിയ്ക്കും മദ്ധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആവിതു: നിങ്ങളിൽ പുരുഷപ്രജയൊക്കെയും പരിച്ഛേദന ഏൽക്കേണം. നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യേണം. അത് എനിയ്ക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും. തലമുറതലമുറയായി നിങ്ങളിൽ പുരുഷപ്രജയൊക്കെയും എട്ടുദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കേണം. വീട്ടിൽ ജനിച്ച ദാസനായാലും നിന്റെ സന്തിയല്ലാത്തവനായി അന്യനോടു വിലയ്ക്കുവാങ്ങിയവനായാലും ശരി നിന്റെ വീട്ടിൽ ജനിച്ചദാസനും നീ വിലകൊടുത്തു വാങ്ങിയവനും പരിച്ഛേദന ഏറ്റേ കഴിയൂ. എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ നിത്യനിയമമായിരിക്കേണം. അഗ്രചർമ്മിയായ പുരുഷപ്രജയെ പരിച്ഛേദന എൽക്കാതിരുന്നാൽ ജനത്തിൽ നിന്നു ഛേദിച്ചു കളയേണം. അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു (17.9-14)

സമീ:- ദൈവത്തിന്റെ ഈ വിപരീതാജ്ഞ നോക്കൂ! പരിച്ഛേദനകർമം ദൈവത്തിന് ഇഷ്ടമാണെങ്കിൽ ആദി സൃഷ്ടിയിൽ ഈ ചർമ്മം ഉണ്ടാക്കിയതെന്തിനാണ്. അതുണ്ടാക്കിയത് കൺപോളപോലെ രക്ഷാർത്ഥമാണ്. ആ ഗുപ്തസ്ഥാനം അതിമൃദുലമാണ്. അതിൽ ചർമ്മമില്ലെങ്കിൽ ഉറുമ്പുകടിച്ചാൽ പോലും കടുത്തനൊമ്പരമുണ്ടാകും. മൂത്രശങ്കയ്ക്കുശേഷം വസ്ത്രത്തിൽ തുള്ളികൾ വീഴാതിരിക്കയും മറ്റും ഇതിന്റെ ഉപയോഗമാണ്. അതു മുറിക്കുന്നത് ചീത്തയാണ്. ഇപ്പോൾ ക്രിസ്ത്യാനികൾ ഈ നിയമം പാലിക്കാത്തതെന്താണ്? ഇതു നിത്യനിയമമാണല്ലോ. അതു തെറ്റിച്ചതുകൊണ്ട് "നിയമത്തിൽ നിന്ന് ഒരു പ്രകാരത്തിലും കടുകോളം തെറ്റരുത്" എന്ന ക്രിസ്തുസാക്ഷ്യം തെറ്റിപ്പോയി. ഇതൊന്നും ക്രിസ്ത്യാനികൾ ഒട്ടും ശ്രദ്ധിക്കുന്നില്ല.

19. ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തു. തീർന്നശേഷം അവനെ വിട്ടുകയറിപ്പോയി (17.22)

സമീ:- ദൈവം മനുഷ്യനോ പക്ഷിയോ ആവാം. മേൽകീഴും കീഴ്മേലും യാത്ര ചെയ്യുന്നു! ഈ ദൈവം ഇന്ദ്രജാലക്കാരനാണെന്നു തോന്നുന്നു.

20. അനന്തരം യഹോവ അവന്നു മമ്രേയുടെ തോപ്പിൽ വച്ചു പ്രത്യക്ഷനായി. വെയിലുറെച്ചപ്പോൾ അവൻ കൂടാരവാതില്ക്കൽ ഇരിക്കയായിരുന്നു. അവൻ തലപൊക്കിനോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നില്ക്കുന്നതുകണ്ടു . അവരെ കണ്ടപ്പോൾ അവൻ കൂടാരവാതിൽക്കൽ നിന്ന് അവരെ എതിരേല്പാൻ ഓടിച്ചെന്ന് നിലം വരെ കുനിഞ്ഞു. യജമാനനേ എന്നോടു കൃപയുണ്ടെങ്കിൽ അടിയനെ കടന്നു പോകരുതേ. അസാരം വെള്ളം കൊണ്ടുവന്ന് നിങ്ങളുടെ കാലുകളെ കഴുകട്ടെ. വൃക്ഷത്തിൻകീഴിൽ ഇരിപ്പിൻ ഞാൻ ഒരുമുറി അപ്പം കൊണ്ടുവരാം. വിശപ്പ് അടക്കീട്ടു നിങ്ങൾക്കു പോകാം. ഇതിന്നായിട്ടല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറിവന്നതു എന്നു പറഞ്ഞു. നീ പറഞ്ഞതുപോലെ ആകട്ടെ എന്നു അവർ പറഞ്ഞു. അബ്രഹാം ബദ്ധപ്പെട്ടു കൂടാരത്തിൽ സാറയുടെ അടുക്കൽ കയറി ചെന്നു. നീ ക്ഷണത്തിൽ മൂന്നിടങ്ങഴി മാവു എടുത്തു കുഴച്ചു അപ്പമുണ്ടാക്കുക എന്നു പറഞ്ഞു. അബ്രഹാം പശുക്കൂട്ടത്തിൽ ഓടിച്ചെന്നു ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ പിടിച്ച് ഒരു ബാല്യക്കാരന്റെ പക്കൽ കൊടുത്തു. അവൻ അതിനെ ക്ഷണത്തിൽ പാകം ചെയ്തു. പിന്നെ അവൻ വെണ്ണയും പാലും താൻ പാകംചെയ്യിച്ച കാളക്കുട്ടിയെയും കൊണ്ടുവന്ന് അവരുടെ മുമ്പിൽ വച്ചു. അവരുടെ അടുക്കൽ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചു നിന്നു. അവർ ഭക്ഷണം കഴിച്ചു. (18. 1-8)

സമീ:- നോക്കൂ സജ്ജനങ്ങളേ! ദൈവം കാളക്കിടാവിന്റെ മാംസം തിന്നുന്ന സ്ഥിതിയ്ക്ക് അവന്റെ ഉപാസകരെന്തിന് പശുവിനെയും ക്ടാക്കളേയും തിന്നാതെ വിടണം? ദയയില്ലാത്ത, മാംസഭക്ഷണാതുരനായ ഒരുവൻ കൊലയാളിയായ മനുഷ്യനല്ലാതെ, ദൈവമാകുമോ? ദൈവത്തിന്റെ കൂടെ ഉണ്ടായിരുന്ന മനുഷ്യരാരാണെന്ന് അറിവില്ല - ഏതോ കാട്ടാളക്കൂട്ടം ഉണ്ടായിരുന്നു. അവരുടെ നേതാവായ മനുഷ്യനെയായിരിക്കും ബൈബിളിൽ ദൈവമെന്നു പറയുന്നത്. ഇങ്ങനെയെല്ലാം പറയുന്ന ഈ പുസ്തകം ഈശ്വരകൃതമല്ല. ഇങ്ങനെ ഒരു ഈശ്വരനുമില്ല.

21. യഹോവ അബ്രഹാമിനോടു: വൃദ്ധയായ ഞാൻ പ്രസവിക്കുന്നതു വാസ്തവമോ എന്നു പറഞ്ഞു സാറാ ചിരിച്ചതു എന്തു? യോഹവയാൽ കഴിയാത്ത കാര്യം ഉണ്ടോ? (18 -14)

സമീ:- ഇതെന്തു ദൈവം? കുട്ടികളെയും സ്ത്രീകളെയും പോലെ ഈ ക്രിസ്ത്യൻ ദൈവം എന്തുവേഗമാണ് മുഷിഞ്ഞ് ചീത്തപറയുന്നത്!

22. യഹോവ സെദോമിന്റെയും ഗൊമൊരയുടെയും മേൽ യഹോവയുടെ സന്നിധിയിൽനിന്നു, ആകാശത്തുനിന്നു തന്നെ ഗന്ധകവുംതീയും വർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും പ്രദേശത്തിനുമുഴുവനും ആ പട്ടണങ്ങളിലെ സകല നിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂല നാശം വരുത്തി. (19. 24-25)

സമീ:- ബൈബിളിലെ ദൈവത്തിന്റെ കളികണ്ടോ? കുട്ടികളോടുപോലും ദയയില്ലാത്ത ദൈവം! ഭൂമി തിരിച്ചുവച്ച് ഇവരെക്കൊല്ലാൻ ഇവരെല്ലാരും അപരാധികളായിരുന്നോ? ന്യായം, ദയ വിവേകം എന്നിവയ്ക്കു വിരുദ്ധമാണിത്.

ഈശ്വരൻ ഇങ്ങനെ ചെയ്താൽ ഉപാസകർ എന്തു കൊണ്ടു ചെയ്യുകയില്ല?

23. വരിക, അപ്പനാൽ സന്തതിലഭിക്കേണ്ടതിന്നു അവനെ വീഞ്ഞു കുടിപ്പിച്ച് അവനോടു കൂടി ശയിക്ക എന്നുപറഞ്ഞു. അങ്ങനെ അന്നു രാത്രി അവർ അപ്പനെ വീഞ്ഞു കുടിപ്പിച്ചു; മൂത്തവൾ അകത്ത് ചെന്ന് അപ്പനോടുകൂടെ ശയിച്ചു..... നാം അവനെ ഇന്നു രാത്രിയും വീഞ്ഞുകുടിപ്പിക്ക.... അകത്തു ചെന്നു അവനോടു കൂടെ ശയിക്ക..... ഇങ്ങനെ ലോത്തിന്റെ രണ്ടു പുത്രിമാരും അപ്പനാൽ ഗർഭം ധരിച്ചു.

സമീ:- നോക്കൂ! മദ്യത്തിന്റെ ലഹരിയിൽ പിതാപുത്രിമാർ പോലും ദുഷ്കർമ്മത്തിൽ നിന്നു രക്ഷപെട്ടില്ല. ഇതെങ്ങനെയുള്ള മദ്യം കുടിക്കുന്ന ക്രിസ്ത്യാനികളും മറ്റും ചെയ്യുന്ന ചീത്തകൾക്ക് അതിരുണ്ടോ? അതിനാൽ സജ്ജനങ്ങൾ മദ്യത്തിന്റെ പേരുപോലും പറയരുത്.

24. അനന്തരം യഹോവ താൻ അരുളിച്ചെയ്തിരുന്ന പോലെ സാറായെ സന്ദർശിച്ചു. താൻ വാഗ്ദത്തം ചെയ്തിരുന്നത് യഹോവ സാറായ്ക്കു നിവർത്തിച്ചുകൊടുത്തു. സാറ ഗർഭിണിയായി (21,1-2)

സമീ:- സാറായെ സന്ദർശിച്ച് ഗർഭവതിയാക്കിയത്രേ. ഇതെങ്ങനെ? ഈശ്വരനും സാറായ്ക്കും മധ്യേ മറ്റൊരു ഗർഭസ്ഥാപനകാരണം കാണുന്നില്ല. ദൈവകൃപയാലാവാം സാറാ ഗർഭിണിയായത്.

25. അബ്രഹാം അതികാലത്ത് എഴുന്നേറ്റു അപ്പവും ഒരു തുരുത്തി വെള്ളവും എടുത്ത് ഹാഗാരിന്റെ തോളിൽ വച്ചു. കുട്ടിയെയും കൊടുത്തു അവളെ അയച്ചു. അവൾ പുറപ്പെട്ടുപോയി..... അവൾ കുട്ടിയെ ഒരു കുറുങ്കാട്ടിൻതണലിൽ ഇട്ടു..... എതിരെ ഇരുന്നു ഉറക്കെ കരഞ്ഞു. ദൈവം ബാലന്റെ നിലവിളികേട്ടു. (21.14-17)

സമീ:- ക്രിസ്ത്യൻ ദൈവം ചെയ്തുവെയ്ക്കുന്ന പണികൾകൊണ്ടോ. ആദ്യം അന്യായമായി സാറയുടെ ഭാഗത്തുനിന്നു. ഹാഗഹരായിരുന്നു ശബ്ദം കേട്ടത് ബാലന്റെയും! ഇതെന്തദ്ഭുതം ? ബാലനാണ് കറഞ്ഞചെന്ന് ദൈവം തെറ്റിദ്ധരിച്ചതാവാം. ഇതെല്ലാം ദൈവത്തിന്റെ വാക്കോ, ദൈവവചനത്തിന്റെ വാക്കോ, ദൈവവചനത്തിലെ അരുളപ്പെടാം എങ്ങനെയാകും? സാധാരണമനുഷ്യനെ എഴുതാവുന്ന ചില്ലറക്കാര്യങ്ങളൊഴികെ ബൈബിളിലെ മറ്റെല്ലാം നിസ്സാരം തന്നെ.

26. അതിന്റെശേഷം ദൈവം അബ്രഹാമിനെ പരീക്ഷിച്ചത് എങ്ങനെയെന്നാൽ, അബ്രാഹാമെ എന്നു വിളിച്ചതിന്നു; ഞാൻ ഇതാ എന്നു അവൻ പറഞ്ഞു അപ്പോൾ അവൻ: നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ടു മോരിയാ ദേശത്തു ചെന്നു. അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നരുളിച്ചെയ്തു .....തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിൻമേൽ വിറകിന്മീതെ കിടത്തി. പിന്നെ അബ്രഹാം കൈ നീട്ടി തന്റെ മകനെ അറുക്കേണ്ടതിന്നു കത്തി എടുത്തു. ഉടനെ യഹോവയുടെ ദൂതൻ ആകാശത്തുനിന്നു അബ്രഹാമെ അബ്രഹാമെ എന്നു വിളിച്ചു; ഞാൻ ഇതാ എന്നവൻ പറഞ്ഞു: ബാലന്റെ മേൽ കൈവെക്കരുത്. അവനോടു ഒന്നും ചെയ്യരുത്. നിന്റെ ഏകജാതനായ മകനെ തരുവാൻ നീമടിക്കായ്കകൊണ്ടു നീ ദൈവത്തെ ഭയപ്പെടുന്നുവെന്നു ഞാൻ ഇപ്പോൾ അറിയുന്നു. (22. 1-2, 9-12)

സമീ:- ഇപ്പോൾ ഒരുകാര്യം സ്പഷ്ടമായി. ബൈബിളിലെ ദൈവം അല്പജ്ഞനാണ്, സർവജ്ഞനല്ല. അബ്രഹാമും ഒരു ശുദ്ധഭോഷനായിരുന്നു. അല്ലെങ്കിൽ ഇങ്ങനെ ചെയ്യുമായിരുന്നില്ല. ബൈബിളിലെ ഈശ്വരൻ സർവജ്ഞനായിരുന്നെങ്കിൽ അബ്രഹാമിന്റെ ദൈവഭയം സർവ്വജ്ഞതയാൽ അറിഞ്ഞേനെ. അതിനാൽ ഈ ദൈവം സർവജ്ഞനല്ലെന്ന് നിർണയം.

27. ഞങ്ങളുടെ ശ്മശാനസ്ഥലങ്ങളിൽ വച്ച് വിശേഷമായതിൽ മരിച്ചവളെ അടക്കിക്കൊൾക. (23. 6)

സമീ:- ശവം കുഴിച്ചിടുന്നതുകൊണ്ട് വലിയ ഹാനിയുണ്ട്. അത് അഴുകി വായുവിനെ ദുർഗന്ധമയമാക്കി രോഗം പരത്തുന്നു.

ചോദ്യം:-നമുക്കുപ്രിയപ്പെട്ടവരെ തീ വയ്ക്കുന്നതു നന്നല്ല. കുഴിച്ചിടുന്നത്, ഉറക്കാൻ കിടത്തുന്നതുപോലെയാകയാൽ അതത്രേ നന്ന്.

ഉത്തരം:- മരിച്ചവരോടു പ്രിയമുണ്ടെങ്കിൽ വീട്ടിൽ വച്ചുകൂടേ? എന്തിനു കുഴിച്ചിടുന്നു? പ്രിയപ്പെട്ട ജീവാത്മാവ് പോയിട്ട്, ദുർഗന്ധമയമായ മണ്ണാണ് ശേഷിക്കുന്നത്. അതിനോട് എന്തു പ്രീതി? അഥവാ പ്രിയപ്പെട്ടതാണെങ്കിൽ മണ്ണിൽ മൂടുന്നതെന്തിന്? നിന്നെ കുഴിച്ചുമൂടുമെന്ന് ആരോടെങ്കിലും പറഞ്ഞാൽ അവർക്കത് ഒരിക്കലും ഇഷ്ടമാവുകയില്ല. അവരുടെ വായിലും കണ്ണിലും ശരീരത്തും പൊടിയും കല്ലും ഇഷ്ടികയും കുമ്മായവും ഇടുന്നതും നെഞ്ചത്തു കല്ലു വയ്ക്കുന്നതും എന്തുതരം സ്നേഹമാണ്? പെട്ടിയിലടക്കി മൂടുന്നതുകൊണ്ട് ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിച്ച് ദാരുണമായ രോഗങ്ങളുണ്ടാക്കും. പിന്നൊന്ന്, ഒരു ശവം കുഴിച്ചിടാൻ ആറടി നീളവും നാലടി വീതിയുമുള്ള സ്ഥലമെങ്കിലും വേണം. ഈ കണക്കനുസരിച്ച് നൂറോ ലക്ഷമോ കോടിയോ ശവങ്ങളടക്കം ചെയ്യാൻ എത്ര ഭൂമി പാഴാക്കണം. അവിടെ വയലോ തോട്ടമോ പാർപ്പിടമോ ഉണ്ടാക്കാനാവില്ല! അതുകൊണ്ട് കുഴിച്ചിടുന്നതാണ് ഏറെ ചീത്ത. കുറേക്കൂടി ഭേദം വെള്ളത്തിലെറിയുകയാണ്. ജലജന്തുക്കൾ കടിച്ചുകീറി തിന്നുകൊള്ളും. എന്നാലും ശേഷിക്കുന്ന എല്ലും മറ്റും അഴുകി

thenmozhisamaj.com



ലോകർക്കു ബുദ്ധിമുട്ടുണ്ടാകും. ഇതിലും നല്ലത് കാട്ടിൽ തള്ളുന്നതാണ്. മാംസഭുക്കുകളായ പക്ഷി മൃഗാദികൾ വലിച്ചുകീറിതിന്നുകൊള്ളും എങ്കിലും ശേഷിക്കുന്ന എല്ലും മജ്ജയും മലവും മറ്റും അഴുകി ലോകത്തിനുകൂടെ ദുരിതമുണ്ടാക്കും. ദഹിപ്പിക്കുന്നതാണ് ഏറ്റവും നല്ലത്. ശരീരം അണുരൂപത്തിൽ വായുവിൽ ലയിച്ചുകൊള്ളും.

ചോദ്യം:- ദഹിപ്പിച്ചാലും ദുർഗന്ധമുണ്ടാവുകയില്ലേ?

ഉത്തരം:- വേണ്ടവണ്ണം ദഹിപ്പിക്കാഞ്ഞാൽ കുറച്ചുണ്ടാവുമെങ്കിലും കുഴിച്ചിടുന്നതിലും കുറവായിരിക്കും. വിധിയാംവണ്ണം വേദോക്തമായ[6] രീതിയിൽ ദഹിപ്പിക്കണം. മൃതശരീരത്തിന്റെ കൈയ്ക്ക് അഞ്ചുമുഴം നീളം, മൂന്നു മുഴം താഴ്ച, മൂന്നരമുഴം വീതിയിൽ കുഴികുഴിക്കണം. തലഭാഗം ഉയർന്നും കാലിന്റെ ഭാഗം താണും മുകളിലെ വീതിയുടെ പകുതി അടിയിൽ വരുംവണ്ണം ചരിച്ചും വേണം കുഴിക്കേണ്ടത്. ശരീരത്തിന്റെ തുല്യതൂക്കം നെയ്യ്. സേറിന് ഒരു മഞ്ചാടിക്കണക്കിനു കസ്തൂരി, ഒരു മീശം വീതം കേസരം, ഏറ്റവും കുറഞ്ഞത് അരമന്ന് ചന്ദനം[7] - കൂടുതൽ എത്രയുമാകാം - അകില്, തകരം, കർപ്പൂരം മുതലായവയും പ്ലാശ് മുതലായ വൃക്ഷങ്ങളുടെ വിറക്കൊണ്ട് വേദിയുണ്ടാക്കി മൃതദേഹം വച്ച് വീണ്ടും ധാരാളം വിറക് അടുക്കി മൂടി നെയ്യിന്റെ ആഹുതിയർപ്പിച്ച് ദഹിപ്പിക്കാനാണ് എഴുതിയിരിക്കുന്നത്. ഇങ്ങനെ ദഹിപ്പിച്ചാൽ ഒട്ടും ദുർഗന്ധമുണ്ടാവുകയില്ല. ഇതിന് അന്ത്യേഷ്ടി, നരമേധം, പുരുഷമേധം മുതലായ പേരുകളുണ്ട്. വളരെ ദരിദ്രനായാലും ഇരുപതു സേറിൽ കുറച്ച് നെയ്യാകരുത്. ഇത് ഇരന്നോ ബന്ധുക്കളുടെ ദാനമായോ അധികാരികളിൽനിന്നോ സംഭരിക്കണം. ഇങ്ങനെയും കിട്ടാത്തപക്ഷം വെറും വിറകുമാത്രം ഉപയോഗിച്ചു ദഹിപ്പിക്കുന്നത് കുഴിച്ചിടുന്നതിലും ഉത്തമമാണ്. ഒരു തുണ്ടുഭൂമിയിലെ വേദിയിൽ കോടിക്കണക്കിനു ദാഹകർമം നടത്താം. ഭൂമി പാഴാവുകയില്ല. കുടീരം കണ്ടു ഭീരുക്കൾ പേടിക്കുകയില്ല. കുഴിച്ചിടുന്നത് തീർത്തും നിഷിദ്ധമാണ്.

28. എന്റെ യജമാനനായ അബ്രഹാമിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ: അവൻ എന്റെ യജമാനനോടുള്ള ദയയും വിശ്വസ്തതയും ഉപേക്ഷിച്ചിട്ടല്ല. ഈ യാത്രയിൽ യഹോവ എന്നെ എന്റെ യജമാനന്റെ സഹോദരന്മാരുടെ വീട്ടിലേക്കു നടത്തിക്കൊണ്ടു വന്നുവല്ലോ എന്നു പറഞ്ഞു (24,27)

സമീ:- അവൻ അബ്രഹാമിന്റെ മാത്രം ദൈവമായിരുന്നോ? ഇക്കാലത്ത് വഴികാട്ടികൾ മുമ്പേ നടന്ന് വഴികാട്ടുന്നതുപോലെ ഈശ്വരനും ചെയ്തെന്നോ? ഇപ്പോൾ ദൈവം വഴികാട്ടാത്തതെന്ത്? മനുഷ്യരോട് സംഭാഷണം ചെയ്യാത്തതെന്ത്? ഇതൊന്നും ദൈവത്തിനോ ദൈവവചനമായ ഗ്രന്ഥത്തിനോ യോജിച്ചതല്ല. കാടന്മാർക്കു മാത്രം ചേരും.

29. യിശ്മായേലിന്റെ പുത്രന്മാരുടെ പേരുകൾ അവിതു; യിശ്മായേലിന്റെ ആദ്യ ജാതൻ നെബായോത്ത്, കേദാർ, അദ്ബെയേൽ, മിബ്ശാം, മിശ്മാ, ദൂമാ, മശ്ശാ, ഹദാദ്, തേമാ, യതൂർ, നാഫീസ്, കേദെമാ. (25, 13 - 15).

സമീ:- ഈ യിശ്മായേൽ അബ്രഹാമിന് ദാസിയായ ഹാഗാറിൽ ജനിച്ച പുത്രനാണ്.

30. ഞാൻ അവയെക്കൊണ്ട് നിന്റെ അപ്പന്നു ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കും. നിന്റെ അപ്പൻ തിന്നു തന്റെ മരണത്തിനുമുമ്പെ നിന്നെ അനുഗ്രഹിക്കേണ്ടതിനു നീ അതു അവന്റെ അടുക്കൽ കൊണ്ടുചെല്ലണം..... പിന്നെ റിബേക്കാ വീട്ടിൽ തന്റെ പക്കൽ ഉള്ളതായ മൂത്തമകൻ ഏശാവിന്റെ വിശേഷവസ്ത്രം ഇളയമകൻ യാക്കോബിനെ ധരിപ്പിച്ചു. അവൾ കോലാട്ടിൻകുട്ടികളുടെ തോൽകൊണ്ടു അവന്റെ കൈകളും രോമമില്ലാത്ത കഴുത്തും പൊതിഞ്ഞു..... അവൻ അപ്പന്റെ അടുക്കൽ ചെന്നു; അപ്പാ എന്നു പറഞ്ഞതിന്നു ഞാൻ ഇതാ, നീ ആർ, മകനേ എന്നു അവൻ ചോദിച്ചു. യാക്കോബ് അപ്പനോട്, ഞാൻ നിന്റെ ആദ്യ ജാതൻ ഏശാവ്; എന്നോടു കല്പിച്ചതു ഞാൻ ചെയ്തിരിക്കുന്നു, എഴുന്നേറ്റു ഇരുന്നു എന്റെ വേട്ടയിറച്ചി തിന്നു എന്നെ അനുഗ്രഹിക്കേണമെ എന്നു പറഞ്ഞു. (27. 9-10, 15, 16, 19)

സമീ:- ഇങ്ങനെ കള്ളവും കാപട്യവും കൊണ്ട് ആശീർവാദം വാങ്ങി പിന്നീട് സിദ്ധനും പ്രവാചകനുമാണെന്നു നടിക്കുന്നു. ഇതാശ്ചര്യമല്ലേ? ക്രിസ്ത്യാനികളുടെ പൂർവികർ ഇത്തരക്കാരാണ്. പിന്നെങ്ങനെ ഗുലുമാലുകൾ കുറയും?

31. യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയിണയായി വച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി. അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന്നു ബഥേൽ എന്നു പേർവിളിച്ചു..... ഞാൻ തൂണായി നിർത്തിയ ഈ കല്ലു ദൈവത്തിന്റെ ആലയവുമാകും. (28. 18-19-22)

സമീ:- കാടന്മാരുടെ പണിനോക്കൂ. കല്ലിനെ പൂജിച്ചു, പൂജിപ്പിച്ചു. ഇതിനെയാണ് മുസ്ലീംങ്ങൾ 'ബയത്തൽ മുകദസ്' (പുണ്യമേറിയ ബഥേൽ) എന്നു പറയുന്നത്. ഇതാണോ ദേവാലയം? ഈ കല്ലിൽ മാത്രമേ ദൈവം ഉള്ളോ? കൊള്ളാം!

6. ഭസ്മാന്തമ് ശരീരമ് (യജൂ. 40.15) ഈ വേദവാക്യത്തിനനുസരിച്ച് അശ്വലായനാദി ഗൃഹ്യസൂത്രങ്ങളിൽ (4.1.5-10) വിധിച്ചിരിക്കുംപടി വിരോധേ ത്വനേപേക്ഷം സ്യാദസതി ഹ്യനുമാനമ് ശ്രു(1.3.2.) വേദവിരുദ്ധമല്ലാത്ത ഗൃഹ്യശ്രൗത സൂത്രങ്ങൾ നോക്കി വേദാനുകൂല്യം അനുമാനിച്ച് ചെയ്യണമെന്ന് താല്പര്യം.

7. ഇവ പഴയ അളവും തൂക്കവുമാണ്. സേർ ഒരു കിലോയോളം വരും. മഞ്ചാടി അരക്കാൽ ഗ്രാമും, മീശം അതിന്റെ പകുതിയും, മന്ന് ഇരുപത് കിലോഗ്രാമും ഏകദേശം വരും. ഈ കണക്ക് അസ്സലല്ല.

historicalsanskrit.com



കൊള്ളാം! എന്തു പറയാൻ! ക്രിസ്ത്യാനികളേ! കടുത്ത വിഗ്രഹാരാധകർ നിങ്ങൾ തന്നെ.

32. ദൈവം റാഹേലിനെ ഓർത്തു. ദൈവം അവളുടെ അപേക്ഷ കേട്ടു. ദൈവം അവളുടെ ഗർഭത്തെ തുറന്നു, അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ദൈവം എന്റെ നിന്ദ നീക്കിക്കളഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. (30.22-23)

സമീ:- കൊള്ളാം ക്രിസ്ത്യൻ ദൈവമേ! കേമൻ ഡാക്ടർതന്നെ, ഗർഭപാത്രം തുറക്കുന്നതിന് എന്ത് ഔഷധവും ശസ്ത്രവുമാണുണ്ടായിരുന്നത്? ഇതെല്ലാം അന്ധതതന്നെ!

33. എന്നാൽ ദൈവം രാത്രി സ്വപ്നത്തിൽ അരാമ്യനായ ലാബാന്റെ അടുക്കൽ വന്ന് അവനോടു: നീ യാക്കോബിനോടു ഗുണമെങ്കിലും ദോഷമെങ്കിലും പറയാതിരിപ്പാൻ സൂക്ഷിച്ചുകൊൾക എന്നു കല്പിച്ചു..... ആകട്ടെ, നിന്റെ പിതൃഭവനത്തിന്നായുള്ള അതിവാഞ്ഛയാൽ നീ പുറപ്പെട്ടുപോന്നു. എന്നാൽ എന്റെ ദേവന്മാരെ മോഷ്ടിച്ചതു എന്തിന്നു? (31. 24. 30)

സമീ:- ഇതൊരു ഉദാഹരണം മാത്രമാണ്. അനേകം പേരുടെ അടുക്കൽ സ്വപ്നത്തിൽ വന്നു സംസാരിച്ചിട്ടുണ്ട്. ജാഗ്രദവസ്ഥയിലും പലരും കാണുകയും, തീനും കുടിയും പോക്കും വരവും പലർക്കും ദൈവത്തോടൊപ്പം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും ബൈബിളിൽ എഴുതിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ദൈവം ഉണ്ടോ ഇല്ലയോ എന്നറിവില്ല. എന്തെന്നാൽ ഇപ്പോൾ ആർക്കും സ്വപ്നത്തിലോ ഉണർവിലോ ദൈവത്തെ കാണാൻ കഴിയുന്നില്ല. ഈ കാട്ടുകൂട്ടം ശിലാവിഗ്രഹങ്ങളെ ദൈവമായി ആരാധിച്ചിരുന്നെന്നും തെളിയുന്നു. കൂടാതെ ഇവരുടെ ദൈവവും കല്ലിനെ ദൈവമായി കരുതിയിരുന്നെന്നും 'ദൈവങ്ങളെ മോഷ്ടിച്ചു' എന്ന പ്രയോഗത്തിൽ നിന്നു വന്നുകൂടുന്നു.

34. യാക്കോബ് തന്റെ വഴിക്കുപോയി. ദൈവത്തിന്റെ ദൂതന്മാർ അവന്റെ എതിരെ വന്നു. യാക്കോബ് അവരെ കണ്ടപ്പോൾ ഇതു ദൈവത്തിന്റെ സേന എന്നു പറഞ്ഞു. (32.1-2)

സമീ: ക്രിസ്ത്യൻ ദൈവം മനുഷ്യനാണെന്നത് ഇപ്പോൾ അസന്നിഗ്ദ്ധമായി തെളിഞ്ഞു. എന്തെന്നാൽ അദ്ദേഹത്തിനു സൈന്യവും ഉണ്ട്. സേനയുള്ളപ്പോൾ ആയുധവും ഉണ്ട്. പലേടവും ആക്രമിക്കുന്നുണ്ടാവാം. ഇല്ലെങ്കിൽ സൈന്യം കൊണ്ടെന്തുപ്രയോജനം?

35. യാക്കോബ് തനിയേ ശേഷിച്ചു. അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലുപിടിച്ചു. അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു. ആകയാൽ അവനോടു മല്ലുപിടിക്കയാൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. എന്നെ വിടുക. ഉഷസ്സ് ഉദിക്കുന്നുവല്ലോ എന്നു അവൻ പറഞ്ഞതിന്നു നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു അവൻ പറഞ്ഞു. നിന്റെ പേർ എന്ത് എന്ന് അവനോടു ചോദിച്ചതിന്നു: യാക്കോബ് എന്ന് അവൻ പറഞ്ഞു. നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ട് നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്ന് വിളിക്കപ്പെടും എന്ന് അവർ പറഞ്ഞു. യാക്കോബ് അവനോട്: നിന്റെ പേർ എനിക്ക് പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു. നീ എന്റെ പേർ ചോദിക്കുന്നതു എന്തു എന്നു അവൻ പറഞ്ഞു. അവിടെ വച്ചു അവനെ അനുഗ്രഹിച്ചു. ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല എന്നു യാക്കോബ് പറഞ്ഞു. ആ സ്ഥലത്തിനു പെനീയേൽ എന്നു പേരിട്ടു: അവൻ പെനീയേൽ കടന്നുപോകുമ്പോൾ സൂര്യൻ ഉദിച്ചു. എന്നാൽ തുടയുടെ ഉളുക്കു നിമിത്തം അവൻ മുടന്തി നടന്നു. അവൻ യാക്കോബിന്റെ തുടയുടെ തടത്തിലെ ഞരമ്പു തൊടുക കൊണ്ടു യിസ്രായേൽ മക്കൾ ഇന്നുവരേയും തുടയുടെ തടത്തിലെ ഞരമ്പു തിന്നാറില്ല. (32. 24-32)

സമീ:- ക്രിസ്ത്യൻ ദൈവം ഗോദാമല്ലൻ ആകയാലാകാം സാറായ്ക്കും റാഹേലിനും പുത്രഭാഗ്യം നല്കിയത്. ഇത് ഈശ്വരനാണോ? ഒരാളിനോടു പേരു ചോദിക്കുക, സ്വന്തം പേരു പറയാതിരിക്കുക! ഇതെന്തുകളി? ദൈവം ഞരമ്പ് ഉളുക്കിച്ച് ജയിച്ചതിരിക്കട്ടെ, ഡാക്ടറായിരുന്നെങ്കിൽ ഞരമ്പു നേരെയാക്കിയേനെ. ഈ ദൈവത്തെ ഭജിച്ച യാക്കോബ് മുടന്തിയതുപോലെ മറ്റു ഭക്തരും മുടന്തുന്നുണ്ടാകാം. ദൈവത്തെ പ്രത്യക്ഷമായി കാണണമെങ്കിലോ മല്ലയുദ്ധം ചെയ്യണമെങ്കിലോ ദൈവം ശരീരമുള്ളവനായിരിക്കണം. ഇതെല്ലാം ശുദ്ധ ബാലിശമാണ്.

36. ദൈവത്തിന്റെ മുഖം കാണുന്നതുപോലെ (33.10)

സമീ:- ഈശ്വരനു മുഖമുണ്ടെങ്കിൽ മറ്റവയവങ്ങളും കാണും. ജനന മരണങ്ങളുള്ളവനുമായിരിക്കും!

37. യഹൂദയുടെ ആദ്യജാതനായ ഏർ യഹോവെക്കു അനിഷ്ടനായിരുന്നതുകൊണ്ടു യഹോവ അവനെ മരിപ്പിച്ചു. അപ്പോൾ യഹൂദാ ഓനാനോടു : നിന്റെ ജ്യേഷ്ഠന്റെ ഭാര്യയുടെ അടുക്കൽചെന്ന് ദേവരധർമം അനുഷ്ഠിച്ചു ജ്യേഷ്ഠന്റെ പേർക്കു സന്തതിയെ ഉളവാക്കുക എന്നു പറഞ്ഞു. എന്നാൽ ആ സന്തതി തന്റേതായിരിക്കയില്ല എന്നു ഓനാൻ അറികകൊണ്ടു ജ്യേഷ്ഠന്റെ ഭാര്യയുടെ അടുക്കൽ ചെന്നപ്പോൾ ജ്യേഷ്ഠനു സന്തതിയെ കൊടുക്കാതിരിക്കേണ്ടതിന്നു നിലത്തു വീഴ്ത്തിക്കളഞ്ഞു. അവൻ ചെയ്തതു യഹോവക്കു അനിഷ്ടമായിരിക്കുന്നതുകൊണ്ടു അവൻ ഇവനെയും മരപ്പിച്ചു. (38.7-10)

സമീ:- നോക്കൂ! ഇതു മനുഷ്യരുടെ പണിയോ ഈശ്വരന്റെയോ? നിയോഗം ചെയ്ത സ്ഥിതിക്ക് എന്തിനു കൊന്നു? അവന്റെ ബുദ്ധി നേരെയാക്കാഞ്ഞതെന്ത്? വേദോക്തമായ നിയോഗനിയമം എങ്ങും ഉണ്ടായിരുന്നു. എല്ലാ ദേശങ്ങളിലും പ്രചാരത്തിലിരുന്നു എന്നു തീർച്ചയായി.



-പുറപ്പാടു പുസ്തകം-

38. ആ കാലത്ത് മോശെ മുതിർന്നശേഷം അവൻ തന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു അവരുടെ ഭാരമുള്ള വേലനോക്കി, തന്റെ സഹോദരന്മാരിൽ ഒരു ഏബ്രായനെ ഒരു മിസ്രയീമ്യൻ അടിക്കുന്നതുകണ്ടു. അവൻ അങ്ങോട്ടും ഇങ്ങോട്ടു നോക്കീട്ടും ആരും ഇല്ലെന്നു കണ്ടപ്പോൾ മിസ്രയീമ്യനെ അടിച്ചുകൊന്നു മണലിൽ മറവുചെയ്തു. പിറ്റേദിവസം അവൻ ചെന്നപ്പോൾ രണ്ട് എബ്രായ പുരുഷൻമാർ തമ്മിൽ ശണ്ഠയിടുന്നതുകണ്ടു. അന്യായം ചെയ്തവനോടു: നിന്റെ കൂട്ടുകാരനെ അടിക്കുന്നതു എന്ത് എന്ന് ചോദിച്ചു. അതിന്നു അവൻ, പ്രഭുവും ന്യായാധിപതിയും ആക്കിയവൻ ആർ? മിസ്രയീമ്യനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നു ചോദിച്ചു. അപ്പോൾ കാര്യം പ്രസിദ്ധമായി പോയല്ലോ എന്നു മോശെ പറഞ്ഞു പേടിച്ചു. ഫറവോൻ ഈ കാര്യം കേട്ടാറെ മോശയെ കൊല്ലുവാൻ അന്വേഷിച്ചു. മോശ ഫറവോൻ സന്നിധിയിൽനിന്ന് ഓടിപ്പോയി. (2. 11- 15)

സമീ:- കണ്ടോ! ബൈബിളിലെ പുണ്യാത്മാവും മതാചാര്യനുമായ മോശപോലും ക്രോധാദിദുർഗുണയുക്തനും, കൊലയാളിയും കള്ളനെപ്പോലെ ശിക്ഷയിൽ നിന്നൊളിച്ചോടുന്നവനും ആയിരുന്നു. കാര്യം മറച്ചുവയ്ക്കുന്ന ആളായിരുന്നതിനാൽ കള്ളം പറയുന്നയാളുമായിരിക്കണം. ഇത്തരമൊരാളാണ് ദൈവത്തെ കണ്ടതും യഹൂദമതം സ്ഥാപിച്ചതും! ദൈവവും മോശയെപ്പോലെയായി. ക്രിസ്ത്യാനികളുടെ മൂലപുരുഷൻ മോശമുതലുള്ളവർ കാടത്തത്തിലും അവിദ്യയിലും കഴിഞ്ഞിരുന്നവരാണ്.

39. നോക്കേണ്ടതിന്നു അവൻ വരുന്നതു യഹോവ കണ്ടപ്പോൾ ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്നു അവനെ മോശെ, മോശെ എന്നു വിളിച്ചു. അതിനു അവൻ ഇതാ ഞാൻ എന്നു പറഞ്ഞു. അപ്പോൾ അവൻ, ഇങ്ങോട്ടു അടുക്കരുതു നീ നില്ക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽ നിന്നു ചെരിപ്പു അഴിച്ചു കളക എന്നു കല്പിച്ചു. (3-4,5)

സമീ:-നോക്കുക. മനുഷ്യനെ കൊന്ന് മണലിൽ മൂടുന്ന ഇത്തരം മനുഷ്യനോട് ഈശ്വരന്റെ മൈത്രിയും ഇത്തരക്കാരെ പ്രവാചകനായി കാണുന്നതും കേമംതന്നെ. പവിത്രമായ സ്ഥലത്ത് ചെരിപ്പിടരുതെന്നു ദൈവം മോശയോടു കല്പിച്ചത് നിങ്ങളെന്താണ് പാലിക്കാത്തത്?

ചോദ്യം:- ഞങ്ങൾ ചെരുപ്പിനു പകരം തൊപ്പിയൂരുന്നുണ്ടല്ലോ?

ഉത്തരം:- ഇതു നിങ്ങൾ ചെയ്യുന്ന രണ്ടാമത്തെ അപരാധമാണ്. തൊപ്പിയൂരാൻ ദൈവം പറഞ്ഞിട്ടുമില്ല നിങ്ങളുടെ പുസ്തകത്തിലുമില്ല. ഊരേണ്ടത് ഊരാത്തതും വേണ്ടാത്തത് ഊരുന്നതും നിങ്ങളുടെ പുസ്തകത്തിനു രണ്ടു വിരുദ്ധപ്രവൃത്തികളായി.

ചോദ്യം:- ഞങ്ങളുടെ യൂറോപ്പ് ദേശത്ത് തണുപ്പധികമാണ്. അതാണ് ചെരുപ്പൂരാത്തത്.

ഇത്തരം:- തലയിൽ തണുപ്പടിക്കില്ലേ? അതാണു കാര്യമെങ്കിൽ യൂറോപ്പിലങ്ങനെ ചെയ്താൽ മതി. ഞങ്ങളുടെ വീട്ടിലോ വിരിപ്പിലോ വരുമ്പോൾ ചെരുപ്പൂരണം. ഇല്ലെങ്കിൽ നിങ്ങളുടെ പുസ്തകത്തിനു വിരുദ്ധമാണത്. അങ്ങനെ നിങ്ങൾ ചെയ്തുകൂടാ.

40. യഹോവ അവനോടു: നിന്റെ കയ്യിൽ ഇരിക്കുന്നതു എന്തു എന്നു ചോദിച്ചു. ഒരു വടി എന്നു അവൻ പറഞ്ഞു. അതു നിലത്തിടുക എന്നു എന്നു കല്പിച്ചു. അവൻ നിലത്തിട്ടു. അത് ഒരു സർപ്പമായിത്തീർന്നു. മോശെ അതിനെ കണ്ടു ഓടിപ്പോയി. യഹോവ മോശെയോടു; നിന്റെ കൈ നീട്ടി അതിനെ വാലിനു പിടിക്ക എന്നു കല്പിച്ചു. അവൻ കൈനീട്ടി അതിനെ പിടിച്ചു. അത് അവന്റെ കൈയ്യിൽ വടിയായ്തീർന്നു..... യഹോവ പിന്നെയും അവനോടു നിന്റെ കൈ മാർവ്വിടത്തിൽ ഇടുക എന്നു കല്പിച്ചു. അവൻ കൈ മാർവ്വിടത്തിൽ ഇട്ടു. പുറത്തെടുത്തപ്പോൾ കൈ ഹിമംപോലെ വെളുത്തു കുഷ്ഠമുള്ളതായി കണ്ടു. നിന്റെ കൈ വീണ്ടും മാർവ്വിടത്തിൽ ഇടുക എന്നു കല്പിച്ചു. അവൻ കൈ മാർവ്വിടത്തിൽ ഇട്ടു മാർവ്വിടത്തിൽനിന്നും പുറത്തെടുത്തപ്പോൾ അതു വീണ്ടും അവന്റെ മറ്റേ മാംസംപോലെ ആയി കണ്ടു.... നീ നദിയിലെ വെള്ളം കോരി ഉണങ്ങിയ നിലത്തു ഒഴിക്കേണം. നദിയിൽ നിന്നു കോരിയ വെള്ളം ഉണങ്ങിയ നിലത്തു രക്തമായിത്തീരും. (4-2-4-6,7,9)

സമീ:- നോക്കുക. എന്തു വേലത്തരങ്ങളാണ് ദൈവം കാട്ടുന്നത്. ദാസൻ മോശെയും മോശമല്ല. അപ്പോഴിവരെ പിന്തുടരുന്നവരെങ്ങനിരിക്കും? ഇന്നത്തെ ചെപ്പടിവിദ്യക്കാർ ഇതിലും മോശമാണോ? ഈ ദൈവം വല്ലാത്ത കളിക്കാരൻതന്നെ. വിദ്വാൻമാർ ഇതെല്ലാം എങ്ങനെ വിശ്വസിക്കും? എപ്പേഴും 'ഞാൻ ദൈവമാണ്. അബ്രഹാമിന്റെയും ഇസ്സാക്കിന്റെയും യാക്കൂബിന്റെയും ദൈവമാണ്' എന്ന് തന്നത്താൻ പുകഴ്ത്തിപ്പറഞ്ഞു നടക്കുന്നു. ഇത് ഉത്തമർക്കു ചേർന്നതല്ല. ഡംഭുള്ളവർക്കേ ചേരൂ.

41. പെസഹയെ അറുപ്പിൻ. ഈസോപ്പു ചെടിയുടെ ഒരു കെട്ടു എടുത്തു കിണ്ണത്തിലുള്ള രക്തത്തിൽ മുക്കി കിണ്ണത്തിലുള്ള രക്തം കുറുമ്പടിമേലും കട്ടളക്കാൽ രണ്ടിൻമേലും തേക്കണം. പിറ്റെന്നാൾ വെളുക്കുംവരെ നിങ്ങളിൽ ആരും വീട്ടിന്റെ വാതിലിനു പുറത്തിറങ്ങരുത്. യഹോവ മിസ്രയീമ്യരെ ദണ്ഡിപ്പിക്കേണ്ടതിനു കടന്നു വരും. എന്നാൽ കുറുമ്പടിമേലും കട്ടളക്കാൽ രണ്ടിന്മേലും രക്തം കാണുമ്പോൾ യഹോവ വാതിൽ ഒഴിഞ്ഞു കടന്നുപോകും. നിങ്ങളുടെ വീടുകളിൽ നിങ്ങളെ ദണ്ഡിപ്പിക്കേണ്ടതിനു സംഹാരകൻ വരുവാൻ സമ്മതിക്കയുമില്ല. (12-21-23)

സമീ:- ഇതൊരു ചെപ്പടിവിദ്യപോലിരിക്കുന്നു. ഈ ദൈവം സർവജ്ഞനല്ല. രക്തമുദ്ര കണ്ടാലേ ഇസ്രയേൽ കുലം അറിയുവോ? ഇത് ക്ഷുദ്രബുദ്ധിയായ മനുഷ്യന്റെ പ്രവൃത്തിക്കു തുല്യമാണ്.



ഇതിൽ നിന്നെല്ലാം ഏതോ കാട്ടാളൻ എഴുതിയ താണിതെന്നു തെളിയുന്നു.

42. അർദ്ധരാത്രിയിലോ സിംഹാസനത്തിലിരുന്ന ഫറവോന്റെ ആദ്യജാതൻ മുതൽ കുണ്ടറയിൽ കിടന്ന തടവുകാരന്റെ ആദ്യ ജാതൻ വരെയും മിസ്രയീം ദേശത്തിലെ ആദ്യ ജാതന്മാരെയും മൃഗങ്ങളുടെ കടിഞ്ഞൂലുകളേയും എല്ലാം യഹോവ സംഹരിച്ചു. ഫറവോനും അവന്റെ സകല ഭൃത്യന്മാരും സകല മിസ്രയീമ്യരും രാത്രിയിൽ എഴുന്നേറ്റു. മിസ്രയീമിൽ വലിയൊരു നിലവിളി ഉണ്ടായി. ഒന്നുമരിക്കാതെ ഒരു വീടും ഉണ്ടായിരുന്നില്ല.

സമീ:- ഭേഷ്. കൊള്ളാം. പാതിരാവിൽ കവർച്ചക്കാരനെപ്പോലെ നിർദ്ദയനായ ക്രിസ്ത്യൻ ദൈവം ആബാലവൃദ്ധം നിരപരാധികളായ മനുഷ്യരെയും, മൃഗങ്ങളെയും കൊന്നു കളഞ്ഞു. ഒട്ടും ദയവു ചെയ്തില്ല. ഈജിപ്തിൽ കൂട്ടനിലവിളി തുടർന്നിട്ടും ക്രിസ്ത്യൻ ദൈവത്തിന്റെ ചിത്തത്തിൽ നിന്നു നിഷ്ഠൂരത പോയില്ല. ഇതൊക്കെ ഈശ്വരനെന്നല്ല വെറുമൊരു സാധാരണ മനുഷ്യനുപോലും ചേർന്നതല്ല. ഇത് ആശ്ചര്യമല്ല. മാംസാഹാരിണഃ കതോദയഃ = (മാംസാഹാരികൾക്ക് എവിടെ ദയ) എന്നെഴുതപ്പെട്ടിട്ടുണ്ട്. മാംസാഹാരിയായ ക്രിസ്ത്യൻ ദൈവത്തിന് ദയവുമായെന്തു ബന്ധം?

43. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു. മുമ്പോട്ടുപോകുവാൻ യിസ്രായീൽ മക്കളോടു പറക. വടി എടുത്തു നിന്റെ ഇടതുകൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക; യിസ്രായേൽ മക്കൾ കടലിന്റെ നടുവേ ഉണങ്ങിയ നിലത്തുകൂടി കടന്നു പോകും. (14,14-16)

സമീ:- ഇസ്രയേൽ മക്കളുടെ പിന്നാലെ ഇടയൻ ആട്ടിൻപറ്റത്തിനു പിന്നാലെയെന്നവണ്ണം നടന്ന ദൈവം ഇപ്പോൾ എവിടെപ്പോയി മറഞ്ഞു? അല്ലെങ്കിൽ കടലിനു നടുവിൽകൂടി നാലുപാടും റയിൽപ്പാളം ഇട്ടുകൊടുത്തേനെ. എങ്കിലിപ്പോഴും അതു ലോകത്തിനുപകാരമായേനെ. വള്ളവും മറ്റും ഉണ്ടാക്കാൻ മെനക്കെടേണ്ടി വരില്ലായിരുന്നു. പക്ഷെ, ക്രിസ്ത്യൻ ദൈവം എവിടെപോയ് മറഞ്ഞാവോ! ഇങ്ങനെ പല അസംഭവലീലകളും മോശയോടൊത്ത് ദൈവം ആടിയിട്ടുണ്ട്. ക്രിസ്ത്യൻ ദൈവവും ദൈവ സേവകനും അവരുടെ ഗ്രന്ഥവും എന്തെന്നറിയാൻ കഴിഞ്ഞതു നന്നായി. അതെല്ലാം നമ്മിൽനിന്ന് അകന്നിരിക്കുന്നതത്രേ നന്ന്.

44. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു. എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമത്തേയും തലമുറ വരെ മക്കളുടെ മേൽ സന്ദർശിക്കുകയും (20 . 5)

സമീ:- പിതാവിന്റെ കുറ്റത്തിന് നാലുതലമുറ വരെ മക്കളെ ശിക്ഷിക്കുന്നത് ശരിയെന്നു കരുതുന്നത് എവിടത്തെ നീതിയാണ്? നല്ലവനായ അച്ഛന് ചീത്തമകൻ ഉണ്ടാകാറില്ലെ? മറിച്ചും? അപ്പോൾ നാലുതലമുറയെ എങ്ങനെ ശിക്ഷിക്കും? അഞ്ചാം തലമുറമുതൽ ദുഷ്ടന്മാരുണ്ടായാൽ അവരെ ശിക്ഷിച്ചുകൂടെ? തെറ്റു ചെയ്യാത്തവനെ ശിക്ഷിക്കുന്നത് അന്യായമാണ്.

45. ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറുദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്തു. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു..... അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു. (20.8,11)

സമീ:- ഞായർ മാത്രമാണോ പരിശുദ്ധ ദിനം? മറ്റാറു ദിവസങ്ങളും അശുദ്ധമോ? ദൈവം ആറു നാൾ കടുത്ത പരിശ്രമംചെയ്ത് ഏഴാം നാൾ ക്ഷീണിച്ചുറങ്ങിപ്പോയോ? ഞാറാഴ്ച ആശീർവദിച്ചെങ്കിൽ മറ്റു ദിവസങ്ങളെ എന്തു ചെയ്തു? ശപിച്ചോ ഇതൊന്നും അറിവുള്ളവർക്കു ചേർന്നതല്ല. പിന്നെങ്ങനെ ദൈവത്തിനു ചേരും? ഞായറാഴ്ചയിൽ എന്തു ഗുണക്കൂടുതലുണ്ടായിട്ടാണ് അന്നാളിനെ വാഴ്ത്തുകയും മറ്റു നാളുകളെ ശപിക്കുകയും ചെയ്തത്?

46. കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്. കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്. (20.16-17)

സമീ:- ഭേഷ്! ഇതിനാലാവാം ക്രിസ്ത്യാനികൾ പരദേശികളുടെ സ്വത്തിന്മേൽ, ദാഹമുള്ളവൻ ജലത്തേയും വിശക്കുന്നവൻ ചോറിനോടും കാണിക്കുന്ന ആർത്തി കാട്ടുന്നത്. ഇതു തൻകാര്യം നേടാനും പക്ഷപാതം കാട്ടാനുമുള്ള വേലയാണ്. ക്രിസ്ത്യൻ ദൈവം ഇങ്ങനെയാവാനേ വയ്ക്കൂ. കൂട്ടുകാരൻ എന്നതിന് മനുഷ്യരെല്ലാമെന്ന അർത്ഥമെടുക്കേണ്ടതെന്ന് ആരെങ്കിലും വാദിച്ചാൽ അതും ശരിയാവില്ല. എന്തെന്നാൽ ഏതു ദാസനെയും ദാസിയെയും സ്ത്രീയേയുമാണ് കൂട്ടുകാരന്റേതല്ലാത്തതായി ഗണിക്കേണ്ടത്? ഇതെല്ലാം സ്വാർത്ഥികൾക്കു ചേരും. ദൈവത്തിനു ചേരുകയില്ല.

47. ഒരു മനുഷ്യനെ അടിച്ചുകൊല്ലുന്നവൻ മരണശിക്ഷ അനുഭവിക്കണം. അവൻ കരുതിക്കൂട്ടാതെ അങ്ങനെ അവന്റെ കയ്യാൽ സംഭവിപ്പാൻ ദൈവം സംഗതി വരുത്തിയതായാൽ അവൻ ഓടിപ്പോകേണ്ടുന്ന സ്ഥലം ഞാൻ നിയമിക്കും. (21. 12,13)

സമീ:- ദൈവത്തിന്റെ ഈ ന്യായം സത്യമെങ്കിൽ മോശ ഒരാളെ തച്ചുകൊന്ന് മണലിൽ മൂടി



യിട്ട് ഓടിപ്പോയതിന് ശിക്ഷ നല്കാഞ്ഞതെന്ത്? മോശയ്ക്ക് കൊല്ലാൻ ദൈവം സംഗതി വരുത്തിയതാണെങ്കിൽ അതു പക്ഷപാതമായിപ്പോയി. എന്തെന്നാൽ മോശയുടെ രാജാവിനെ നീതിനടത്താൻ അനുവദിച്ചില്ല. അതെന്താണ്?

48. യഹോവെക്കു സമാധാനയാഗങ്ങളായി കാളകളെയും അർപ്പിച്ചു. മോശെ രക്തത്തിൽ പാതി എടുത്തു പാത്രത്തിൽ ഒഴിച്ചു. രക്തത്തിൽ പാതി യാഗപീഠത്തിന്മേൽ തളിച്ചു..... മോശെ രക്തമെടുത്തു ജനത്തിന്മേൽ തളിച്ചു. ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു.

പിന്നെ യഹോവ മോശയോടു; നീ എന്റെ അടുക്കൽ പർവതത്തിൽ കയറിവന്നു അവിടെ ഇരിക്ക; ഞാൻ നിനക്കു കല്പലകകളും നീ അവരെ ഉപയോഗിക്കേണ്ടതിന്നു ഞാൻ എഴുതിയ ന്യായ പ്രമാണങ്ങളും കല്പനകളും തരും എന്നു അരുളിച്ചെയ്തു. (24–5, 6,8, 12)

സമീ:– നോക്കുക, ഇതെല്ലാം കാട്ടുമനുഷ്യർക്കു ചേർന്നതു മാത്രമല്ലേ? ദൈവം കാളബലി സ്വീകരിക്കുന്നതും വേദിയിൽ രക്തം തളിക്കുന്നതും കാടത്തവും പരിഷ്കാരമില്ലായ്മയുമല്ലേ? ദൈവം കാളബലി സ്വീകരിക്കുമെങ്കിൽ ഭക്തന്മാർ പശുവിന്റെയും കാളയുടെയും ബലിപ്രസാദംകൊണ്ട് വയറുനിറയ്ക്കുന്നതിലെന്താ തെറ്റ്! ലോകത്തിന് ഹാനിയുണ്ടാക്കാതിരിക്കുന്നതെന്തിന്! ബൈബിളിൽ നിറയെ ഇത്തരം വൃത്തികേടുകളാണ്. എന്നാൽ വേദങ്ങളിൽ ഇങ്ങനെയൊന്നുമേ ഇല്ല. കൃസ്ത്യൻ ദൈവം മലകളിൽ പാർത്തിരുന്ന ഗിരിവർഗക്കാരനായിരുന്നെന്നും തെളിയുന്നു. ആ ദൈവത്തിന് മഷിയും പേനയും കടലാസും ഉണ്ടാക്കാൻ അറിവില്ലായിരുന്നതിനാലാണ് കല്പലകകളിൽ എഴുതിക്കൊടുത്തത്. കാടന്മാരുടെ ഇടയിൽ ദൈവം ചമഞ്ഞ് ഇരിക്കയും ചെയ്തു.

49. നിനക്ക് എന്റെ മുഖം കാണ്മാൻ കഴികയില്ലാ. ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല എന്നും അവൻ കല്പിച്ചു. ഇതാ എന്റെ അടുക്കൽ ഒരു സ്ഥലമുണ്ട്. അവിടെ ആ പാറമേൽ നീ നില്ക്കേണം. എന്റെ തേജസ്സുകടന്നുപോകുമ്പോൾ ഞാൻ നിന്നെ പാറയുടെ ഒരു പിളർപ്പിൽ ആക്കി ഞാൻ കടന്നുപോകുവോളം എന്റെ കൈകൊണ്ടു നിന്നെ മറയ്ക്കും. പിന്നെ എന്റെ കൈ നീക്കും. നീ എന്റെ പിൻഭാഗം കാണും. എന്റെ മുഖമോ കാണാവതല്ല എന്നും യഹോവ അരുളിചെയ്തു.

സമീ:– നോക്കൂ! ക്രിസ്ത്യൻ ദൈവം വെറും മനുഷ്യനെപ്പോലെ ശരീരധാരി! മോശയെ കബളിപ്പിച്ച് ദൈവമാണെന്നു നടിക്കുന്നു, പിൻവശം കണ്ടാൽ രൂപമറിയില്ല എങ്കിൽ കൈകൊണ്ടു മറച്ചു കാണുകയുമില്ല. ദൈവം കൈകൊണ്ടു മറയ്ക്കാൻ വന്നപ്പോൾ കയ്യുടെ രൂപം മോശ കണ്ടുകാണുകയില്ലേ?

ലേവ്യപുസ്തകം

50 യഹോവ സമാഗമന കൂടാരത്തിൽ വെച്ചു മോശയെ വിളിച്ചു അവനോടരുളിച്ചെയ്തത്: നീ യിസ്രയേൽ മക്കളോടു സംസാരിച്ചു അവരോടു പറയേണ്ടതു എന്തെന്നാൽ നിങ്ങളിൽ ആരെങ്കിലും യഹോവെയ്ക്കു വഴിപാടുകഴിക്കുന്നു എങ്കിൽ കന്നുകാലികളോ ആടുകളോ ആയ മൃഗങ്ങളെ വഴിപാടു കഴിക്കേണം.

സമീ:– ക്രിസ്ത്യൻ ദൈവം കന്നുകാലികളെ വഴിപാടായി സ്വീകരിക്കുന്നു, ബലിയർപ്പിക്കാൻ ഉപദേശിക്കുന്നു. കന്നുകാലികളുടെ ചോരയും മാംസവും കിട്ടാൻ അത്യാർത്തിയല്ലേ ഇത്? ഈ ദൈവത്തിനെ ഹിംസിക്കാത്തവരുടെയും ഈശ്വരന്റെയും കൂട്ടത്തിൽ പെടുത്തണോ മാംസപ്രിയനായ കൗശലക്കാരന്റെ കൂട്ടത്തിൽ പെടുത്തണോ എന്ന് ആലോചിക്കുക.

51. അവൻ യഹോവയുടെ സന്നിധിയിൽ കാളക്കിടാവിനെ അറുക്കേണം. അഹരോന്റെ പുത്രന്മാരായ പുരോഹിതന്മാർ അതിന്റെ രക്തം കൊണ്ടുവന്നു സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ ഉള്ള യാഗപീഠത്തിന്മേൽ ചുറ്റും തളിക്കേണം. അവൻ ഹോമയാഗമൃഗത്തെ തോല്പിച്ചു ഖണ്ഡം ഖണ്ഡമായി മുറിക്കേണം. പുരോഹിതനായ അഹോരന്റെ പുത്രന്മാർ യാഗപീഠത്തിന്മേൽ തീ ഇട്ടു. തീയുടെമേൽ വിറകു അടുക്കേണം. പിന്നെ അഹരോന്റെ പുത്രന്മാരായ പുരോഹിതന്മാർ ഖണ്ഡങ്ങളും തലയും മേദസ്സും യാഗപീഠത്തിൽ തീയുടെ മേലുള്ള വിറകിനു മീതെ അടുക്കിവക്കേണം. അതിന്റെ കുടലും കാലും അവൻ വെള്ളത്തിൽ കഴുകേണം. പുരോഹിതൻ സകലവും യാഗപീഠത്തിന്മേൽ ഹോമയാഗമായി ദഹിപ്പിക്കേണം. അതു യഹോവക്കു സൗരഭ്യവാസനയായ ദഹനയാഗം (1.5–9)

സമീ:– ദൈവത്തിന്റെ സമക്ഷം ഭക്തന്മാർ കാളയെ അറക്കുക. അറപ്പിക്കുക, ചോര നാലുപാടും തളിക്കുക, അഗ്നിയിൽ ഹോമിക്കുക. ഈശ്വരൻ ആ മണം ആസ്വദിക്കുക ഇതെല്ലാം കശാപ്പുശാലയിലേതിൽ കുറഞ്ഞതൊന്നുമല്ല. ഇതിൽനിന്ന് ബൈബിൾ ഈശ്വരകൃതമല്ലെന്നും, ഈ കാടത്തക്കളി കളിക്കുന്നയാൾ ഈശ്വരനല്ലെന്നും തെളിയുന്നു.

52. യഹോവ പിന്നെയും മോശയോടു അരുളിചെയ്തു. അഭിഷിക്തനായ പുരോഹിതൻ ജനത്തിന്മേൽ കുറ്റംവരത്തക്ക വണ്ണം പാപം ചെയ്തു. എങ്കിൽ താൻ ചെയ്ത പാപം നിമിത്തം അവൻ യഹോവെക്കു പാപയാഗമായി ഊനമില്ലാത്ത ഒരു കാളക്കിടാവിനെ അർപ്പിക്കേണം. അവൻ ആ കാളയെ സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു കാളയുടെ തലയിൽ കൈവച്ചു യഹോവയുടെ സന്നിധിയിൽ കാളയെ അറുക്കേണം. (4.1,3,4)

സമീ:– പാപത്തിന്റെ പ്രായശ്ചിത്തം നോക്കുക. സ്വയം പാപം ചെയ്യുക, പശു മുതലായ ഉത്ത



മമൃങ്ങളെ കൊല്ലുക. ദൈവം കൊല്ലിക്കുക! ഇതൊക്കെ ചെയ്യുന്നതിനെ ദൈവമാണെന്നു കരുതി അതിന്റെ കൃപയാൽ മുക്തി പ്രതീക്ഷിക്കുന്ന നിങ്ങൾ ക്രിസ്ത്യാനികൾ ധന്യർതന്നെ!!

53. ഒരു പ്രമാണി പാപം ചെയ്യ്കയും..... അവൻ ഊനമില്ലാത്ത ഒരു ആൺകോലാട്ടിനെ വഴിപാടായി കൊണ്ടുവരേണം – യഹോവസന്നിധിയിൽ..... അതിനെ അറുക്കേണം. അതും ഒരു പാപയാഗം.

സമീ:- ബലേഭേഷ്! അങ്ങനെയാണെങ്കിൽ ന്യായാധിപന്മാരും സേനാധിപന്മാരും മറ്റും പാപം ചെയ്യാൻ എന്തിനു പേടിക്കണം? അവർക്ക് ഇഷ്ടം പോലെ പാപം ചെയ്യാമല്ലൊ. പ്രായശ്ചിത്തമായി പശുവിനെയോ കിടാവിനെയോ ആടിനെയോ കൊന്നാൽമതി. വെറുതെയല്ല. ക്രിസ്ത്യാനികൾ പക്ഷിമൃഗാദികളെ കൊല്ലാൻ മടിക്കാത്തത്. ക്രിസ്ത്യൻ സഹോദരന്മാരെ! ഈ കാടൻ മതം വെടിഞ്ഞ് സഭ്യവും ധർമയുക്തവുമായ വേദമതം സ്വീകരിച്ച് നന്മവരുത്തുക.

54. ആട്ടിൻകുട്ടിക്കു അവന്നു വകയില്ലെങ്കിൽ താൻചെയ്ത പാപം നിമിത്തം അവൻ രണ്ടു കുറുപ്രാവിനെയോ രണ്ടു പ്രാവിൻ കുഞ്ഞിനേയോ ഒന്നിനെ പാപയാഗമായും മറ്റേതിനെ ഹോമയാഗമായും യഹോവെയ്ക്കു കൊണ്ടുവരേണം. അതിന്റെ തല കഴുത്തിൽ നിന്നു പിരിച്ചു പറിക്കേണം. എന്നാൽ രണ്ടായി പിളർക്കരുത്.... ഇങ്ങനെ പുരോഹിതൻ അവൻചെയ്ത പാപം നിമിത്തം അവന്നുവേണ്ടി പ്രായശ്ചിത്തം കഴിക്കേണം. എന്നാൽ ആതു അവനോടു ക്ഷമിക്കും..... രണ്ടുകുറുപ്രാവിന്നോ രണ്ടു പ്രാവിൻ കുഞ്ഞിനോ അവന്നു വകയില്ലെങ്കിൽ പാപം ചെയ്കയാൽ പാപയാഗത്തിനു ഒരിടങ്ങഴി നേരിയമാവു വഴിപാടായി കൊണ്ടുവരേണം. അതു പാപയാഗം ആകകൊണ്ടു അതിന്മേൽ എണ്ണ ഒഴിക്കരുതു..... എന്നാൽ അതു അവനോടു ക്ഷമിക്കും[8]. (5-7, 8, 10, 11, 13)

സമീ:- നോക്കുക. ക്രിസ്ത്യാനികളിൽ ധനാഢ്യർക്കും ദരിദ്രർക്കും പാപം ചെയ്യാൻ ഭയമേ വേണ്ട. എന്തെന്നാൽ ഇവരുടെ ദൈവം പാപത്തിനു പ്രായശ്ചിത്തം ഏർപ്പെടുത്തീട്ടുണ്ട്. ക്രിസ്ത്യാനികളുടെ ബൈബിളിലെ ഏറ്റവും അത്ഭുതം, പ്രയാസം കൂടാതെ പാപം തീരുമെന്നതാണ്. ഒരു പാപം ചെയ്താൽ, ഏതെങ്കിലും ജന്തുവിനെ കൊന്ന് ആനന്ദത്തോടെ മാംസം തിന്നാൽ മതി. പാപം ഒഴിയും! കഷ്ടം! പ്രാവിന്റെ കഴുത്തുഞെരിച്ചാൽ അതു കിടന്നു പിടയും. എന്നാലും ക്രിസ്ത്യാനിക്കു ദയവില്ല. എന്തിനു ദയ? ഇവരുടെ ദൈവത്തിന്റെ ഉപദേശം ഹിംസ ചെയ്യാനാണ്. എല്ലാ പാപങ്ങൾക്കും ഇത്തരം പ്രായശ്ചിത്തമുള്ളപ്പോൾ ക്രിസ്തുവിനെ വിശ്വസിച്ചാൽ പാപം ഒഴിയുമെന്നു പറയുന്നത് വീമ്പല്ലേ?

55. അർപ്പിച്ച പുരോഹിതന്നു ഹോമയാഗമൃഗത്തിന്റെ തോൽ ഇരിക്കേണം. അടുപ്പത്തുവച്ചു ചുടുന്ന ഭോജനയാഗം ഒക്കെയും ഉരുളിയിലും ചട്ടിയിലും ഉണ്ടാക്കുന്നതു ഒക്കെയും അർപ്പിക്കുന്ന പുരോഹിതന്നു ഇരിക്കേണം. (7-8,9)

സമീ:- ഇവിടത്തെ കാളീക്ഷേത്രങ്ങളിലെ പൂജാരികളുടെ പോപ്പുകളിയാണ് ഏറ്റവും വിചിത്രമെന്നായിരുന്നു എന്റെ അറിവ്. എന്നാൽ ക്രിസ്ത്യൻ ദൈവത്തിന്റെയും പൂജാരികളുടെയും പോപ്പുലീല അതിന്റെ ആയിരം മടങ്ങുണ്ട്. തോലുവിറ്റു പണമുണ്ടാക്കിയും ഇറച്ചിതിന്നും സുഖിച്ചുകാണും. ഇപ്പോഴും സുഖിക്കുന്നുണ്ടാവാം. രണ്ടുമക്കളിൽ ഒരുവനെ കൊന്ന് അപരന്നു തിന്നാൻ ഏതുപിതാവാണ് കൊടുക്കുക? ഈശ്വരന് മറ്റു പക്ഷിമൃഗാദികളും ഒരുപോലെ പുത്രസമാനമാണ്. ഈശ്വരൻ അങ്ങനെ ചെയ്യുകയേ ഇല്ല. ഈ പുസ്തകം ഈശ്വരകൃതമോ ഇതിലെഴുതിയിരിക്കുന്നത് ഈശ്വരനോ, ഇതിന്റെ അനുയായികൾ ധർമജ്ഞരോ അല്ല തന്നെന്ന് വ്യക്തം. എഴുതിയാലൊടുങ്ങാത്തവിധം അബദ്ധപഞ്ചാംഗങ്ങൾ നിറഞ്ഞതാണ് ലേവ്യപുസ്തകം ഉൾപ്പെടെയുള്ള ബൈബിൾ മുഴുവനും.

സംഖ്യാപുസ്തകം

56. യഹോവയുടെ ദൂതൻ വാൾ ഊരിപിടിച്ചുകൊണ്ടു വഴിയിൽ നില്ക്കുന്നതു കഴുതകണ്ടു. കഴുത വഴിയിൽനിന്നുമാറി വയലിലേക്കു പോയി. കഴുതയെ വഴിയിലേക്കു തിരിക്കേണ്ടതിന്നു ബിലേയാം അതിനെ അടിച്ചു..... അപ്പോൾ യഹോവ കഴുതയുടെ വായ് തുറന്നു. അതു ബിലെയാമിനോടു നീ എന്നെ ഈ മൂന്നുപ്രാവശ്യം അടിപ്പാൻ ഞാൻ നിന്നെ എന്തു ചെയ്തുവെന്നു ചോദിച്ചു. (22-23,28)

സമീ:- അക്കാലത്ത് കഴുതയ്ക്കുപോലും ദൈവദൂതന്മാരെ കാണാമായിരുന്നു. ഇന്നാകട്ടെ, നല്ല

8. കിടാക്കൾ, ആട്ടിൻകുട്ടി, പ്രാവ്, ധാന്യപ്പൊടി തുടങ്ങിയ വയെല്ലാം കാഴ്ച വാങ്ങാൻ ഏർപ്പാടുണ്ടാക്കിയ ദൈവം മഹാൻ തന്നെ! പ്രാവിൻകുഞ്ഞിന്റെ കഴുത്ത് ഞെരിച്ചു വാങ്ങുന്നതാണ് അദ്ഭുതം. ആ പരിശ്രമം കൂടി ഒഴിവാക്കിയിരിക്കുന്നു. ഇതെല്ലാം കാണുമ്പോൾ ഏതോ കൗശലക്കാരനായ കാട്ടാളൻ പർവതത്തിൽ കയറിക്കൂടി താൻ ദൈവമാണെന്ന് പരസ്യപ്പെടുത്തിയതാണെന്ന നിഗമനത്തിനു കരുത്തു കൂട്ടുന്നു. അജ്ഞരായ കാട്ടു മനുഷ്യർ അയാളെ ദൈവമായി കരുതിക്കാണും. യുക്തികൾ പ്രയോഗിച്ച് അയാൾ പക്ഷി മൃഗാദികൾ ധാന്യങ്ങൾ മുതലായവ കൊണ്ടുവരുവിച്ച് സുഖിച്ചിരിക്കാം. അയാളുടെ ദൂതന്മാർ മാലാഖ ചമഞ്ഞ് വിലസി! കിടാക്കളെയും, ആട്, പ്രാവ്, ധാന്യം മുതലായവയേയും കാഴ്ചവാങ്ങുന്ന ബൈബിളിലെ ദൈവം എവിടെ, സർവ്വവ്യാപിയും സർവജ്ഞനും അനാദിയും നരാകാരനും സർവശക്തനും ന്യായകാരിയുമായ വേദോക്ത ദൈവം എവിടെ എന്നു നല്ലവരായ ആളുകൾ ചിന്തിക്കണം. (ദ.സ.)



വരായാലും ദുഷ്ടരായാലും ബിഷപ്പന്മാർക്കും കത്തനാരന്മാർക്കും പോലും ദൈവത്തെയോ ദൂത നേയോ കാണാനാവില്ല. അവരിപ്പോഴും ഉണ്ടോ? ഉണ്ടെങ്കിൽ ദീർഘനിദ്രയിലാവുമോ? അതോ രോഗം പിടിച്ചു കിടപ്പോ? മറ്റുവല്ല ലോകത്തി ലേക്കും പോയതാവുമോ? ഇനി ജോലിത്തിരക്കി ലായിരിക്കുമോ? അതോ ക്രിസ്ത്യാനികളോടു പിണക്കമായിരിക്കുമോ? അതോ ചത്തോ? എന്തു പറ്റിയെന്നറിവില്ല. ഇപ്പോഴില്ലാത്തതും കാണാനാ വാത്തതും അന്നുമില്ലായിരുന്നെന്നും കണ്ടിട്ടി ല്ലെന്നും അനുമാനിക്കണം. ഇതെല്ലാം വെറും കെട്ടുകഥകൾ മാത്രമാണ്.

57. ആകയാൽ ഇപ്പോൾ കുഞ്ഞുങ്ങളിലുള്ള ആണിനെയൊ ക്കെയും പുരുഷനോടുകൂടെ ശയിച്ചിട്ടുള്ള സ്ത്രീകളെയൊ ക്കെയും കൊന്നുകളവിൻ പുരുഷനോടുകൂടെ ശയിക്കാത്ത പെൺകുഞ്ഞുങ്ങളെ വെച്ചുകൊൾവിൻ. (31-17,18)

സമീ:- ബലേ! മോശാപ്രവാചകനും നിങ്ങളുടെ ദൈവവും കൊള്ളാം. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, മൃഗങ്ങൾ എന്നു വേണ്ട ഒന്നിനെയും കൊലയിൽ നിന്നൊഴിവാക്കിയിട്ടില്ലേ. മോശ വിഷ യാസക്തനായിരുന്നെന്ന് ഇതു വെളിവാക്കുന്നു. അല്ലായിരുന്നെങ്കിൽ പുരുഷസ്പർശമേല്ക്കാത്ത കന്യകകളെ തനിക്കുവേണമെന്ന് എന്തിനു പറ യണം? ഇത്തരം നിർദ്ദയവും വൈഷയികവുമായ ആജ്ഞയെന്തിനു നല്കണം.

ശമൂവേൽ 2

58 എന്തെന്നാൽ അന്നുരാത്രി യഹോവയുടെ അരുളപ്പാട് നാഥാന്നു ഉണ്ടായതു എന്തെന്നാൽ എന്റെ ദാസനായ ദാവീ ദിനോടു നീ ചെന്നു പറക. യഹോവ ഇപ്രകാരം അരുളിച്ചെ യ്യുന്നു - ഞാൻ അധിവസിക്കേണ്ടതിന്നു നീ എനിക്ക് ഒരു ആലയം പണിയുമോ? ഞാൻ യിസ്രായേൽ മക്കളെ മിസ്ര യീമിൽനിന്നു പുറപ്പെടുവിച്ച നാൾമുതൽ ഇന്നുവരെയും ഞാൻ ഒരു ആലയത്തിൽ അധിവസിക്കാതെ കൂടാരത്തിലും നിവാസത്തിലുമല്ലോ സഞ്ചരിച്ചുവരുന്നതു. (7-4,5,6)

സമീ: ക്രിസ്ത്യൻ ദൈവത്തിന് മനുഷ്യരെ പ്പോലെ ശരീരമുണ്ടെന്നതിൽ സംശയം വേണ്ട, വളരെ ബുദ്ധിമുട്ടി അങ്ങിങ്ങ് അലയുന്ന താണദ്ദേഹത്തിന്റെ പരാതി. ദാവീദ് വീടു പണി തുകൊടുത്താൽ പാർക്കുമത്രേ! ഇത്തരമൊരു പുസ്തകത്തേയും ദൈവത്തെയും വിശ്വസി ക്കുന്നതിൽ ക്രിസ്ത്യാനികൾക്കു ലജ്ജയില്ലാത്ത തിൽ നമുക്കവരോട് അനുകമ്പവേണം. എന്തു ചെയ്യാം! പാവങ്ങൾപെട്ടുപോയി. രക്ഷപ്പെടാൻ ഒട്ട ധികം പ്രയത്നം വേണം.

രാജാക്കന്മാർ - 2

59 അഞ്ചാംമാസം ഏഴാം തീയതി നെബൂഖദ്നേസർ രാജാ വെന്ന ബാബേൽ രാജാവിന്റെ പത്തൊമ്പതാം ആണ്ടിൽ തന്നേ ബാബേൽ രാജാവിന്റെ ഭൃത്യനായി അകമ്പടി നായക നായ നെബൂസരദൻ യരൂശലേമിൽ വന്നു. അവൻ യഹോവ യുടെ ആലയവും രാജാധാനിയും ചുട്ടുകളഞ്ഞു. അകമ്പടി നായകനോടു കൂടിയുണ്ടായിരുന്ന കാൽദേയസൈന്യമൊ ക്കെയും യരൂശലേമിന്റെ ചുറ്റുമുള്ള മതിലുകളെ ഇടിച്ചു കള ഞ്ഞു. (25 - 8, 9, 10)

സമീ:- എന്തു ചെയ്യാം! ക്രിസ്ത്യൻ ദൈവം വിശ്രമമെടുക്കാൻ ദാവീദിനെക്കൊണ്ട് വീടുപണി യിച്ചതാണ്. അതിൽ വിശ്രമമെടുക്കുകയായിരുന്ന താവാം. പക്ഷേ, നബൂസരദാൻ ആ വീട് തകർത്തു പൊടിച്ചുകളഞ്ഞു. ദൈവത്തിനോ സൈന്യ ത്തിനോ ഒന്നും ചെയ്യാനില്ല! പണ്ടൊക്കെ ഈ ദൈവം വൻയുദ്ധങ്ങൾ ജയിച്ചിട്ടുണ്ട്. ഇപ്പോൾ തന്റെ ആലയം ചുട്ടു തകർത്തിട്ടും മിണ്ടാതിരി ക്കുന്നതെന്താണാവോ! സ്വന്തം ദൂതന്മാരെല്ലാം എങ്ങു പോയോ? എന്തോ! ഈ അവസരത്തിൽ ആരും ഉപകാരം ചെയ്തില്ല. ഈശ്വരന്റെ പരാ ക്രമവും എവിടെ പറന്നുപോയെന്നറിവില്ല. ഇതു വല്ലതും നേരാണെങ്കിൽ പണ്ടത്തെ കഥകൾ വെറു തെയാണ്. ഈജിപ്തിലെ കുഞ്ഞുകുട്ടികളെ കൊല്ലാനേ ശൗര്യം ഉണ്ടായിരുന്നുള്ളുവോ? ഇപ്പോൾ ശൂരവീരന്മാരുടെ മുമ്പിൽ നിശ്ശബ്ദൻ! സ്വന്തം ദൈവത്തെ ഇകഴ്ത്തുകയാണവർ ചെയ്തത്. ഇങ്ങനെ കഥയില്ലാ കഥകളാൽ ഈ പുസ്തകം നിറഞ്ഞിരിക്കുന്നു.

ദിനവൃത്താന്തം 1

60 അങ്ങനെ യഹോവ യിസ്രായേലിൽ മഹാമാരി അയച്ചു യിസ്രായേലിൽ എഴുപതിനായിരം പേർ വീണുപോയി. (21,14)

സമീ:- നോക്കൂ. ഇസ്രായേലിലെ ക്രിസ്ത്യാനി കളുടെ ദൈവത്തിന്റെ കളി! അനേകം തവണ അനുഗ്രഹിക്കുകയും രാപകൽ ബുദ്ധിമുട്ടി വളർത്തിയതുമായ ഇസ്രായേൽകുലത്തിന്മേൽ ക്ഷിപ്രകോപം വന്ന് മഹാമാരി അയച്ചു. എഴുപ തിനായിരംപേരെ കൊന്നു. ഏതോ കവി എഴുതി യത് സത്യമാണ്:-

ക്ഷണേരുഷ്ടഃ ക്ഷണേ തുഷ്ടോ രുഷ്ട സ്തുഷ്ടഃ ക്ഷണേ ക്ഷണേ അവ്യവസ്ഥിത ചിത്തസ്യ പ്രസാദോ *f* പി ഭയങ്കരഃ[9]

ക്ഷണത്തിൽ സന്തോഷവും ദേഷ്യവും ഉണ്ടാ വുന്നയാളെ സന്തോഷത്തിലും പേടിക്കണം. ഇത് ഈ ദൈവത്തിന്റെ കാര്യത്തിൽ വളരെ ചേർച്ച യുള്ളതാണ്.

9. സുഭാഷിത രത്ന ഭണ്ഡാഗാരത്തിൽ 3-ാം പ്രകരണം 174-ാം ശ്ലോകം കിചിത് തുഷ്ട കചിത്രുഷ്ടഃ എന്ന് അവിടെ പാഠഭേദം.



ഇയ്യോബ്

61 പിന്നെയും ഒരുദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു. സാത്താനും അവരുടെ കൂട്ടത്തിൽ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു. യഹോവ സാത്താനോടുഃ നീ എവിടെ നിന്നു വരുന്നു. എന്നു ചോദിച്ചതിന്നു സാത്താൻ യഹോവയോടു - ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം പറഞ്ഞു. യഹോവ സാത്താനോടു എന്റെ ദാസനായ ഇയ്യോബിന്റെ മേൽ നീ ദൃഷ്ടി വച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ; അവൻ തന്റെ ഭക്തി മുറുക്കിപ്പിടിച്ചു കൊണ്ടിരുന്നു; വെറുതെ അവനെ നശിപ്പിക്കേണ്ടതിന്നു നീ എന്നെ സമ്മതിപ്പിച്ചു എന്ന് അരുളിച്ചെയ്തു. സാത്താൻ യഹോവയോടു: ത്വക്കിനു പകരം ത്വക്ക്; മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവന്നുപകരം കൊടുത്തുകളയും. നിന്റെ കൈനീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക. അവൻ നിന്നെ മുഖത്തുനോക്കി ത്യജിച്ചു പറയും. എന്നുത്തരം പറഞ്ഞു. യഹോവ സാത്താനോടു: ഇതാ അവൻ നിന്റെ കൈയ്യിൽ ഇരിക്കുന്നു. അവന്റെ പ്രാണനെമാത്രം തൊടരുത് എന്ന് കല്പിച്ചു. അങ്ങനെ സാത്താൻ യഹോവയുടെ സന്നിധിവിട്ടു പുറപ്പെട്ടു. ഇയ്യോബിനെ ഉള്ളങ്കാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കുകളാൽ ബാധിച്ചു. (2.1-7)

സമീ:- ഈ ദൈവത്തിന്റെ ശക്തി നോക്കുക. ചെകുത്താൻ ദൈവഭക്തന്മാരെ ദൈവത്തിനു മുമ്പിൽവച്ച് ദ്രോഹിക്കുന്നു. ദൈവത്തിന് ചെകുത്താനെ ശിക്ഷിക്കാനോ ഭക്തന്മാരെ രക്ഷിക്കാനോ ആവുന്നില്ല. ദൂതന്മാരിലാർക്കുംതന്നെ അവനെ നേരിടാൻ കഴിയുന്നില്ല. ചെകുത്താൻ എല്ലാവരെയും പേടിപ്പിച്ചു. വച്ചിരിക്കുന്നു. ക്രിസ്ത്യൻ ദൈവം സർവജ്ഞനുമല്ല. ആണെങ്കിൽ ഇയ്യോബിനെ ചെകുത്താനെക്കൊണ്ട് പരീക്ഷിപ്പിക്കുന്നതെന്തിന്?

സഭാപ്രസംഗി

62. എന്റെ ഹൃദയം ജ്ഞാനവും അറിവും ധാരാളം പ്രാപിച്ചിരിക്കുന്നു. ജ്ഞാനം ഗ്രഹിപ്പാനും ഭ്രാന്തും ഭോഷത്വവും അറിവാനും ഞാൻ മനസ്സുവച്ചു. ഇതും വ്യഥാ പ്രയത്നമെന്നു കണ്ടു. ജ്ഞാനബാഹുല്യത്തിൽ വ്യസനബാഹുല്യം ഉണ്ടു; അറിവു വർദ്ധിപ്പിക്കുന്നവൻ ദുഃഖവും വർദ്ധിപ്പിക്കുന്നു. (1-16-18)

സമീ:- ജ്ഞാനവും അറിവും പര്യായ വാചികളാണ്. അവ രണ്ടാണെന്ന് ഇവർ കരുതുന്നു. ജ്ഞാനവർദ്ധനവിൽ ദുഃഖമുണ്ടെന്ന് വിദ്വാന്മാരല്ലാത്തവർക്കല്ലേ എഴുതിവയ്ക്കാനാവൂ? ഈ ബൈബിൾ ഈശ്വരരചിതമല്ലെന്നതോ പോകട്ടെ വിദ്വാന്റെ രചനപോലുമല്ലിത്.

പഴയനിയമത്തെപ്പറ്റി ചുരുക്കി എഴുതി. ഇനി മത്തായി മുതലായവർ എഴുതിയ സുവിശേഷത്തെപ്പറ്റി എഴുതാം ഇത് ക്രിസ്ത്യാനികൾ വലിയ പ്രമാണമായി സ്വീകരിച്ചിട്ടുണ്ട്. ഇതെന്താണെന്ന് അല്പമൊന്നു പരീക്ഷിക്കാം.

മത്തായിയുടെ സുവിശേഷം

63. എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈവണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരുമ്മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു..... കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി. ദാവീതിന്റെ മകനായ യോസേഫേ നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട. അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. (1-18,20)

സമീ:- പ്രത്യക്ഷാദി പ്രമാണങ്ങൾക്കും സൃഷ്ടിക്രമത്തിനും വിരുദ്ധമായതൊന്നും അറിവുള്ളവർക്കു സ്വീകാര്യമല്ല. അക്കാര്യം മൂഢരും അപരിഷ്കൃതരുമായവർക്കേ വിശ്വസിക്കാനാവൂ. അറിവുള്ള പരിഷ്കൃതർക്കാവില്ല. ഈശ്വരീയ നിയമങ്ങളെ ആർക്കാനും ലംഘിക്കാനാവുമോ? സ്വനിയമങ്ങൾ തകിടം മറിക്കുന്ന ഈശ്വരന്റെ ആജ്ഞ ആരും വകവെയ്ക്കുകയില്ല. ഈശ്വരൻ സർവജ്ഞനും കുറ്റമറ്റവനുമാണല്ലോ. ഏതെങ്കിലും കന്യക ഗർഭം ധരിച്ചാൽ, ദൈവത്തിൽനിന്നാണതെന്ന് ആർക്കും പറയാം. ദൈവദൂതൻ സ്വപ്നത്തിൽവന്ന് ഇങ്ങനെ പറഞ്ഞെന്ന് കള്ളം പറഞ്ഞ് പരത്തുകയും ചെയ്യാം. കുന്തി സൂര്യനിൽനിന്ന് ഗർഭം ധരിച്ചെന്നു പുരാണങ്ങളിൽ എഴുതിയിരിക്കുന്നതും ഇതുപോലെയാണ്. ബുദ്ധിക്ക് ദാരിദ്ര്യമുള്ള ഭാവനാ സമ്പന്നന്മാർക്ക് മാത്രമേ ഇതെല്ലാം വിശ്വസിക്കാൻ കഴിയൂ. മറിയ ഏതോ പുരുഷനിൽനിന്നു ഗർഭവതിയായിരിക്കണം. പരിശുദ്ധാത്മാവിൽനിന്ന് സംഭവിച്ചതാണിതെന്ന് അവളോ മറ്റാരെങ്കിലുമോ പറഞ്ഞു പരത്തിയതാവാം.

64. അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്കു നടത്തി. അവൻ നാല്പതു പകലും നാല്പതുരാവും ഉപവസിച്ചശേഷം അവന്നു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തുവന്നു. നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലു അപ്പമായിതീരുവാൻ കല്പിക്ക എന്നു പറഞ്ഞു. (4-1,3)

സമീ:- ക്രിസ്ത്യാനികളുടെ ദൈവം സർവജ്ഞനല്ലെന്ന് ഇതിൽനിന്നു തെളിയുന്നു. ആയിരുന്നെങ്കിൽ ചെകുത്താനെക്കൊണ്ട് പരീക്ഷിപ്പിച്ചതെന്തിന്? സ്വയം അറിയുമായിരുന്നല്ലൊ. ഏതെങ്കിലും ക്രിസ്ത്യാനിക്ക് നാല്പതു രാവും പകലും ഉപവസിക്കാനാകുമോ? യേശു ദൈവപുത്രനല്ലായിരുന്നെന്നും സിദ്ധികളൊന്നും ഇല്ലാത്തയാളായിരുന്നെന്നും തെളിയുന്നു. അല്ലെങ്കിൽ ചെകു



ത്താന്റെ മുമ്പിൽവച്ച് കല്ലിനെ അപ്പമാക്കാത്തതെന്താണ്? സ്വയം വിശന്നതെങ്ങനെ? ദൈവമുണ്ടാക്കിയ കല്ലിനെ ആർക്കും അപ്പമാക്കാൻ കഴിയില്ലെന്നതാണ് സിദ്ധാന്തം. അതുപോലെ നിയമങ്ങൾ മാറ്റിമറിക്കാൻ ദൈവത്തിനും കഴിയില്ല. എന്തെന്നാൽ സർവജ്ഞനായ ദൈവത്തിന്റെ എല്ലാ കൃത്യങ്ങളും കുറ്റമറ്റതാണ്.

65. എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു അവരോടു പറഞ്ഞു. ഉടനെ അവർ വലവിട്ടേച്ചു അവനെ അനുഗമിച്ചു. (4-19,20)

സമീ: പഴയനിയമത്തിലെ പത്തുകല്പനകളിൽ അഞ്ചാമത്തേത് 'നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക' എന്നത്[10]. യേശു സ്വന്തം മാതാപിതാക്കളെ ശുശ്രൂഷിച്ചില്ല. മറ്റുള്ളവരെ ആ ശുശ്രൂഷയിൽനിന്നകറ്റി. ഈ അപരാധത്താലാവാം ദീർഘായുസ്സ് കിട്ടാഞ്ഞത്. മത്സ്യത്തെ വലയിൽപ്പെടുത്തി തൻകാര്യം കാണുന്നതുപോലെ മനുഷ്യരെ അകപ്പെടുത്താൻ യേശു ഒരുമതം നടപ്പാക്കി എന്ന് ഇതിൽനിന്ന് തെളിയുന്നു. യേശു ഇങ്ങനെ ആയിരുന്നെങ്കിൽ ഇക്കാലത്തെ പാതിരിമാർ മനുഷ്യരെ വലയിൽ കുടുക്കുന്നതിൽ എന്താണാശ്ചര്യം? വലിയ മത്സ്യങ്ങളെ ധാരാളം വലയിലാക്കുന്നവന് ഏറെ പെരുമയും പണവും കിട്ടുന്നതുപോലെ വളരെപ്പേരെ മതത്തിൽപിടിച്ചു ചേർക്കുന്നവന് കൂടുതൽ പേരും പണവും കിട്ടും. വേദശാസ്ത്രങ്ങൾ പഠിക്കുകയോ കേൾക്കുകയോ ചെയ്യാത്ത പാവങ്ങളെ വലയിൽ കുടുക്കി അവരെ മാതാപിതാക്കളിൽനിന്നും കുടുംബത്തിൽനിന്നും അകറ്റുന്നത് ഇതുകൊണ്ടാണ്. എല്ലാ ശ്രേഷ്ഠവിദ്വാൻമാർക്കും ഉചിതം, ഇവരുടെ വലയിൽ പെടാതിരിക്കയും അന്യർ പെടുന്നത് തടയുകയുമാണ്.

66. പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുറ്റി സഞ്ചരിച്ചു കൊണ്ടു അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു. നാനാ വ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രസ്തർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകലവിധ ദീനക്കാരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സൗഖ്യമാക്കി. 94-23,24)

സമീ:- ഇക്കാലത്ത് പോപ്പന്മാർ ഭസ്മമിട്ടും മന്ത്രം ജപിച്ചും ഭൂതത്തെ ഒഴിക്കുന്നത് നേരാണെങ്കിൽ പുതിയനിയമത്തിൽ പറയുന്ന ഇക്കാര്യവും നേരാണ്. അറിവില്ലാത്ത പാവങ്ങളെ കുടുക്കാനുള്ള വേലത്തരങ്ങളാണിതെല്ലാം. യേശു ഇതൊക്കെ ചെയ്തെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നെങ്കിൽ ഇവിടത്തെ ദേവികളും ഭൈരവികളും ചെയ്യുന്നതും വിശ്വസിക്കണം. രണ്ടും സമാനമാണല്ലോ.

67. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതു..... സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവർ എന്നു വിളിക്കപ്പെടും. (5. 3,18,19)

സമീ:- സ്വർഗം ഒന്നെയുള്ളെങ്കിൽ ഒരു രാജാവേ അതിനുണ്ടാവൂ. ആത്മാവിൽ ദരിദ്രരായവരെല്ലാം സ്വർഗത്തു ചെന്നാൽ അവിടത്തെ രാജ്യാധികാരം ആർക്കായിരിക്കും? പരസ്പരം കടിപിടികൂട്ടി രാജ്യവ്യവസ്ഥ താറുമാറാക്കും. ആത്മാവിൽ ദരിദ്രർ എന്നതിന് പണമില്ലാത്തവർ എന്ന അർത്ഥം ശരിയല്ല. അഹന്തയില്ലാത്തവർ എന്നതും ശരിയല്ല. രണ്ടിനും അർത്ഥം വെവ്വേറെയാണ്. ആത്മാവിൽ ദരിദ്രന് ഒരിക്കലും സന്തോഷം ഉണ്ടാവില്ല. അതിനാൽ ഇതും ശരിയല്ല ഭൂമിയും സ്വർഗവും നിലനില്ക്കുന്ന കാലത്തോളം ഈ നിയമം നിലനില്ക്കുമെന്നു പറയുന്നത് മനുഷ്യർ ഉണ്ടാക്കിയനിയമങ്ങൾക്കേ ചേരൂ. സർവജ്ഞനായ ഈശ്വരന്റേതിനു ചേരുകയില്ല. ഈ ആജ്ഞകൾ പാലിക്കാത്തവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു പറഞ്ഞത് പ്രലോഭനവും ഭീക്ഷണിയുമാണ്.

68. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നുതരേണമേ..... ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. (6-11,19)

സമീ:- യേശു ജനിച്ച കാലത്ത് അവിടുത്തെ ജനങ്ങൾ അപരിഷ്കൃതരും ദരിദ്രരുമായിരുന്നെന്ന് ഇതിൽ നിന്നു തെളിയുന്നു. ക്രിസ്തുവും പാവപ്പെട്ടവനായിരുന്നു. അതാണ് അന്നത്തേക്കുള്ള ആഹാരം ഇരക്കുന്നതും ഇരക്കാൻ പഠിപ്പിക്കുന്നതും. അങ്ങനെയാണെങ്കിൽ ക്രിസ്ത്യാനികൾ ധനസഞ്ചയം ചെയ്യുന്നതെന്തിന്? ക്രിസ്തുവിന്റെ വചനത്തിനു വിരുദ്ധമായി നടക്കാതെ, എല്ലാം ദാനപുണ്യങ്ങൾ ചെയ്ത് പാപ്പരാകയാണ് അവർ ചെയ്യേണ്ടത്.

69. എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല സ്വർഗരാജ്യത്തിൽ കടക്കുന്നത്. (7.21)

സമീ:- വലിയ പാതിരിമാരും ബിഷപ്പുമാരും ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ ഈ വചനം

10. പുറപ്പാട്. 20.12



സത്യമാണെന്നു ധരിച്ച് ക്രിസ്തുവിനെ കർത്താവെന്നോ ദൈവമെന്നോ വിളിക്കരുത്. വിളിച്ചാൽ ഒരിക്കലും പാപമുക്തിയുണ്ടാവുകയില്ല.

70.....പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു; ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരോ, എന്നെവിട്ടു പോകുവിൻ എന്നു തീർത്തു പറയും. (7-22,23)

സമീ:- നോക്കൂക. കാട്ടുമനുഷ്യരെ വിശ്വസിപ്പിക്കാൻ ക്രിസ്തു സ്വയം സ്വർഗത്തിലെ ന്യായാധിപൻ ചമയുകയാണ്. ഇതെല്ലാം അറിവില്ലാത്തവരെ പ്രലോഭിപ്പിക്കാൻ കൊള്ളാം.

71. അപ്പോൾ ഒരു കുഷ്ഠരോഗി വന്നു അവനെ നമസ്കരിച്ചു. കർത്താവേ നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞു. അവൻ കൈനീട്ടി അവനെ തൊട്ടു എനിക്കുമനസ്സുണ്ടു, നീ ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധമായി. (8,2-3)

സമീ:- ഇതെല്ലാം അറിവില്ലാത്തവരെ അകപ്പെടുത്താനുള്ള കാര്യങ്ങളാണ്. ക്രിസ്ത്യാനികൾ വിദ്യയ്ക്കും സൃഷ്ടിക്രമത്തിനും വിരുദ്ധമായ ഇത്തരം കാര്യങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ പുരാണത്തിലും മഹാഭാരതത്തിലും ശുക്രാചാര്യർ ധന്വന്തരി, കശ്യപൻ മുതലായവരെപ്പറ്റി എഴുതിവച്ചിട്ടുള്ള "മരിച്ച അനേകം ദൈത്യസൈനികരെ ജീവിപ്പിച്ചു." ബൃഹസ്പതിയുടെ പുത്രനായ കചനെ തുണ്ടം തുണ്ടമാക്കി മൃഗങ്ങൾക്കും മത്സ്യങ്ങൾക്കും തിന്നാൻ കൊടുത്തു. എന്നിട്ടും ശുക്രാചാര്യർ കചനെ ജീവിപ്പിച്ചു. പിന്നെ കചനെകൊന്ന് ശുക്രാചാര്യർക്കു തിന്നാൻ കൊടുത്തു. എന്നിട്ടും കചൻ ശുക്രാചാര്യരുടെ വയറ്റിൽനിന്നു ജീവനോടെ പുറത്തുവന്നു. ശുക്രാചാര്യർ മരിച്ചു, കചൻ ശുക്രനെ ജീവിപ്പിച്ചു. കശ്യപഋഷി തക്ഷകനെക്കൊണ്ട് ഭസ്മമാക്കിച്ച മരത്തെയും മനുഷ്യനെയും പുനർജീവിപ്പിച്ചു. ധന്വന്തരി ലക്ഷക്കണക്കിന് മൃതരെ ജീവിപ്പിച്ചു. ലക്ഷക്കണക്കിന് കുഷ്ടരോഗികളെയും അന്ധരെയും ബധിരരെയും സുഖപ്പെടുത്തി തുടങ്ങിയ കഥകൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? ഇവ മിഥ്യയാണെങ്കിൽ ക്രിസ്തുവിന്റെ കഥകൾ എന്തുകൊണ്ട് മിഥ്യയല്ല? മറ്റുള്ളവരുടെ കഥകൾ കള്ളം, തങ്ങളുടെ കള്ളങ്ങൾ സത്യം എന്നു പറയുന്നത് മർക്കടമുഷ്ടിയല്ലാതെന്താണ്? ഇതെല്ലാം തികച്ചും ബാലിശമാണ്.

72. രണ്ടു ഭൂതഗ്രസ്തർ ശവക്കല്ലറകളിൽ നിന്നു പുറപ്പെട്ടു അവന്നു എതിരെ വന്നു അവർ അത്യുഗ്രന്മാർ ആയിരുന്നതുകൊണ്ട് ആർക്കും ആ വഴി നടന്നു കൂടാഞ്ഞു. അവർ നിലവിളിച്ചു. ദൈവപുത്ര! ഞങ്ങൾക്കും നിനക്കുംതമ്മിൽ എന്തു? സമയത്തിനുമുമ്പു ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ എന്നു പറഞ്ഞു.... ഭൂതങ്ങൾ അവനോടു ഞങ്ങളെ പുറത്താക്കുന്നു എങ്കിൽ പന്നിക്കൂട്ടത്തിലേക്കു അയയ്ക്കേണം എന്നു അപേക്ഷിച്ചു. പൊയ്ക്കൊൾവിൻ എന്നു അവൻ അവരോടു പറഞ്ഞു. അവൻ പുറപ്പെട്ടു പന്നികളിലേക്കു ചെന്നു. ആ കൂട്ടങ്ങൾ എല്ലാം കടുന്തുക്കത്തൂടെ കടലിലേക്കു പാഞ്ഞു വെള്ളത്തിൽ മുങ്ങിച്ചത്തു. (8-28,29,31,32)

സമീ:- ഇതെല്ലാം പച്ചക്കള്ളമാണെന്ന് അല്പമാലോചിച്ചാൽ മനസ്സിലാകും. മരിച്ചവർ ഒരിക്കലും കല്ലറയിൽ നിന്നു പുറത്തുവരില്ല. അവൻ ആരുടെയടുത്തും ചെല്ലുകയോ സംസാരിക്കുകയോ ഇല്ല. ഇതെല്ലാം അജ്ഞാനികളുടെ കഥയാണ്. ശുദ്ധകാടന്മാർക്കേ ഇതെല്ലാം വിശ്വസിക്കാൻ കഴിയൂ. പിന്നെ ആ പന്നിക്കൂട്ടത്തെ നശിപ്പിച്ചതിന്റെയും അവയുടെ ഉടമയ്ക്കു വരുത്തിയ നഷ്ടത്തിന്റെയും പാപം ക്രിസ്തുവിനാണ് ഏറ്റിരിക്കുക! പാപം ക്ഷമിക്കയും പരിശുദ്ധമാക്കുകയും ചെയ്യുന്നയാളാണ് ക്രിസ്തുവെങ്കിൽ എന്തുകൊണ്ട് ആ ഭൂതങ്ങളെ പരിശുദ്ധീകരിച്ചില്ല? പന്നിക്കൂട്ടത്തിന്റെ ഉടമയുടെ നഷ്ടം നികത്താത്തതെന്ത്? ഇക്കാലത്തെ സുശിക്ഷിതരായ ഇംഗ്ലീഷുക്രിസ്ത്യാനികൾ ഇതൊക്കെ വിശ്വസിക്കുന്നോ? എങ്കിൽ അവർ അജ്ഞതയുടെ വലയിൽ പെട്ടിരിക്കുന്നു.

73. അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവരുടെ വിശ്വാസം കണ്ടു പക്ഷവാതക്കാരനോടു: മകനേ ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു.... ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു എന്നു പറഞ്ഞു. (9, 2-13)

സമീ:- മുകളിലെഴുതിയതുപോലെ ഇതും അസംഭവ്യമാണ്. പാപം ക്ഷമിക്കുമെന്നു പറയുന്നത് അറിവില്ലാത്തവരെ വശപ്പെടുത്താനുള്ള പ്രലോഭനമാണ്. ഒരുവൻ കഴിച്ച മദ്യത്തിന്റെയും കഞ്ചാവിന്റെയും കറുപ്പിന്റെയും ലഹരി മറ്റൊരുവന് കിട്ടില്ല. അതുപോലെ ഒരാൾ ചെയ്ത പാപഫലം അപരന്റെ പക്കൽ ചെല്ലുകയില്ല. ചെയ്യുന്നവൻ തന്നെ അനുഭവിക്കണം. ഇതാണ് ഈശ്വരന്നിയമം. ഒരുവൻ ചെയ്ത പാപപുണ്യങ്ങളുടെ ഫലം മറ്റൊരുവനു ലഭിക്കുകയോ, ന്യായാധിപൻ സ്വയം ഏറ്റെടുക്കുകയോ, ചെയ്തവന് യഥായോഗ്യം ഫലം ലഭിക്കാതിരിക്കുകയോ ആണെങ്കിൽ ഈശ്വരൻ അന്യായക്കാരനായിപ്പോകും. നോക്കൂ! ധർമമാണ് മംഗളപ്രദം. യേശുവോ മറ്റോ അല്ല. ധർമാത്മാക്കൾക്ക് യേശുവിനെയോ മറ്റോ വേണ്ട. അതുപോലെ പാപികൾക്കും. എന്തെന്നാൽ ആരുടെയും പാപം വിട്ടൊഴിയുകയില്ല.

74. അനന്തരം അവൻ തന്റെ പന്ത്രണ്ടുശിഷ്യന്മാരേയും അടുക്കൽവിളിച്ചു അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറിപ്പിപ്പാനും അവർക്കു അധികാരം കൊടുത്തു..... പറയുന്നതു നിങ്ങൾ അല്ല നിങ്ങളിൽ



പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ..... ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുതു. സമാധാനം അല്ല. വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പാനത്രേ ഞാൻ വന്നതു. മനുഷ്യന്റെ വീട്ടുകാർ തന്നേ അവന്റെ ശത്രുക്കൾ ആകും. (10-1,20,34-36)

സമീ:- ഇവർ ആ ശിഷ്യന്മാർതന്നെ. മുപ്പതു വെള്ളിക്കാശിന് യേശുവിനെ ഒറ്റിയവന്റെയും വേർപിരിഞ്ഞു മണ്ടിക്കളഞ്ഞവരുടേയും സംഘം. ഭൂതം ബാധിക്കുക, അതൊഴിപ്പിക്കുക, മരുന്നും പഥ്യവും കൂടാതെ രോഗം മാറുക, ഇതെല്ലാം വിദ്യയ്ക്കും സൃഷ്ടികർമ്മത്തിനും വിരുദ്ധമാണ്. അതിനാൽ അഞ്ജാനികൾക്കേ ഇതൊക്കെ വിശ്വസിക്കാൻ കഴിയൂ. മനുഷ്യരിൽ സംസാരിക്കുന്നത് ദൈവമാണെങ്കിൽ, ജീവാത്മാവ് എന്തു ചെയ്യുന്നു? സത്യമോ കള്ളമോ പറയുന്നതിന്റെ സുഖദുഖങ്ങൾ ഈശ്വരന് അനുഭവിക്കേണ്ടി വരില്ല? ഇതു ഒരു മിഥ്യയല്ലേ? യേശു കലഹിപ്പിക്കാനും ഭിന്നിപ്പിക്കാനുമാണ് വന്നതെങ്കിൽ അതു നിമിത്തമാവാം ഇന്നു മനുഷ്യർക്കിടയിൽ കലഹം വർദ്ധിച്ചിരിക്കുന്നത്. ഭിന്നിപ്പിച്ചത് മനുഷ്യർക്കും ദുഃഖം ഉണ്ടാകുന്നത് എത്രയോ ചീത്തയാണ്. ക്രിസ്ത്യാനികൾ ഇത് ഗുരുമന്ത്രമായി സ്വീകരിച്ചിട്ടുണ്ടാവാം. ഭിന്നിപ്പ് യേശുവിന് ഇഷ്ടമാണെങ്കിൽ ഇവർക്കെന്തുകൊണ്ട് ആയിക്കൂടാ? ഇത് വേലി വിളവു തിന്നുന്നതുപോലെയായി. ശ്രേഷ്ഠന്മാർക്ക് ചേർന്നതല്ലിത്.

75. നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു എന്നു യേശു ചോദിച്ചു: ഏഴു. കുറെ ചെറുമീനും ഉണ്ടു എന്നു പറഞ്ഞു. അവൻ പുരുഷാരത്തോടു നിലത്തിരിപ്പാൻ കല്പിച്ചു. ആ എഴു അപ്പവും മീനും എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിന്നും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി. ശേഷിച്ച കഷണം അവർ ഏഴുവട്ടി നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും പൈതങ്ങളേയും കൂടാതെ നാലായിരം പുരുഷന്മാർ ആയിരുന്നു. (15,34-38)

സമീ: ഇത് ഇന്നത്തെ സിദ്ധന്മാരും ഇന്ദ്രജാലക്കാരും ചെയ്യുന്നതുപോലുള്ള കൺകെട്ടല്ലേ? ആ അപ്പങ്ങളുടെ കൂടെ വേറെ വേറെ അപ്പം എവിടുന്നുവന്നു. യേശുവിൽ ഇത്തരം സിദ്ധികളുണ്ടായിരുന്നെങ്കിൽ സ്വയം വിശന്ന് അത്തിപ്പഴത്തിനു വേണ്ടി കൊതിച്ചതെന്തിന്? ഫലങ്ങളും ഉണ്ടാക്കാഞ്ഞതെന്ത്? ഇതെല്ലാം ബാലിശം തന്നെ. എത്രയോ വൈരാഗികളും സിദ്ധന്മാരും ഇത്തരം കള്ളത്തരങ്ങൾ കാട്ടി സാധുക്കളെ കുടുക്കുന്നു! അതിലുപരിയല്ലിത്.

76. അപ്പോൾ അവൻ ഒരോരുത്തന്നും അവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും. (16,27)

സമീ:- കർമ്മത്തിനനുസരിച്ച് ഫലം ലഭിക്കുമെങ്കിൽ പാപം ക്ഷമിക്കപ്പെടുമെന്ന് ക്രിസ്ത്യാനികൾ ഉപദേശിക്കുന്നതു വെറുതെയാണ്. അത് ശരിയെങ്കിൽ ഇത് തെറ്റ്. ക്ഷമിക്കാത്തത് ക്ഷമിക്കയും പാടില്ലാത്തത് ക്ഷമിക്കാതിരിക്കയും ചെയ്യുമെന്നുപറയുന്ന പക്ഷം അതും ശരിയല്ല. എന്തെന്നാൽ കർമ്മഫലം പൂർണമായും നല്കാതിരുന്നാൽ ന്യായവും ദയയും പൂർണമാവുകയില്ല.

77. അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ..... നിങ്ങൾക്കു കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോടു: അങ്ങോട്ടു നീങ്ങുക എന്നുപറഞ്ഞാൽ അതു നീങ്ങും. നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയുമില്ല. (17-17.20)

സമീ:- 'വരുവിൻ ഞങ്ങളുടെ മതത്തിൽ, പാപം പൊറുക്കപ്പെടും. സ്വർഗരാജ്യം നിങ്ങൾക്കുള്ളത്' എന്നു പ്രസംഗിച്ചു നടക്കുന്ന ക്രിസ്ത്യാനികൾ പറയുന്നതെല്ലാം വെറുതെയാണ്. ക്രിസ്തുവിൽ പാപം ഇല്ലാതാക്കുന്നതിനും വിശ്വാസം ജനിപ്പിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമുള്ള കഴിവുണ്ടായിരുന്നെങ്കിൽ തന്റെ ശിഷ്യന്മാരുടെ ആത്മാക്കളെ പാപരഹിതവും വിശ്വാസമുള്ളതും പവിത്രവും ആക്കാതിരുന്നതെന്താണ്? യേശുവിന്റെ കൂടെ നടന്നവരെ വിശ്വാസികളും നന്മചെയ്യുന്നവരുമാക്കാൻ കഴിയാത്തയാൾ മരിച്ചുകഴിഞ്ഞ് എവിടെയാണെന്ന് ആർക്കറിയാം. ഈ സമയം ആരെയും ഏതായാലും പവിത്രമാക്കുകയില്ല. ക്രിസ്തു ശിഷ്യന്മാർ കടുകിട വിശ്വാസമില്ലാത്തവരായിരുന്നു. അവരാണീ പുതിയ നിയമം ഉണ്ടാക്കിയത് അതിനാൽ ഇതു പ്രമാണമാവുകയില്ല. എന്തെന്നാൽ അവിശ്വാസികളും, അശുദ്ധാത്മാക്കളും, അധർമികളുമായ മനുഷ്യർ എഴുതിയവ വിശ്വസിക്കുന്നത് നന്മയാഗ്രഹിക്കുന്ന മനുഷ്യർക്കു ചേർന്നതല്ല. ക്രിസ്തുവിന്റെ വചനം സത്യമാണെങ്കിൽ ഒരു ക്രിസ്ത്യാനിക്കും കടുകിൻമണിയോളം വിശ്വാസമോ നന്മയോ ഇല്ലെന്ന് ഇതിൽനിന്ന് തെളിയുന്നു. ഇനി ആർക്കാനും മുഴുവനോ അല്പമോ വിശ്വാസമുണ്ടെന്നു പറയുന്നെങ്കിൽ ആ പർവ്വതത്തെ വഴിയിൽനിന്നു മാറ്റിക്കാട്ടുവാൻ പറയണം. മാറ്റിയാൽ, മുഴുവനുമില്ല. കടുകിൻമണിയോളം വിശ്വാസമേ ഉള്ളെന്നു വരുന്നു. മാറ്റിയില്ലെങ്കിലോ, വിശ്വാസത്തിന്റെയോ നന്മയുടേയോ കണികപോലുമില്ല ദുരഭിമാനവും മറ്റുമാണ് ഇവിടെ പർവതമെന്നു പറഞ്ഞിരിക്കുന്നത് ആരെ

theedivasam.org



ങ്കിലും പറയുന്ന പക്ഷം അതും ശരിയല്ല എന്തെന്നാൽ മരിച്ചവർ അന്ധർ, കുഷ്ടരോഗികൾ മുതലായവരെല്ലാം നേരെയാക്കിയെന്നു പറയുന്നതിന് വേറെ അർത്ഥമൊന്നുമില്ലല്ലോ. ഉണ്ടെങ്കിൽ, മടിയന്മാരെയും അജ്ഞാനികളെയും വിഷയാസക്തരെയും ഭ്രാന്തന്മാരെയും ബോധമുള്ളവരാക്കിയെന്നാവാം. ഇങ്ങനെ വിശ്വസിക്കുന്നതും ശരിയല്ല. സ്വശിഷ്യന്മാരെ ഇങ്ങനെ നേരെയാക്കാഞ്ഞതെന്താണ്? സംഭവിക്കാത്തത് പറയുന്നത് ക്രിസ്തുവിന്റെ അജ്ഞതയെ വെളിവാക്കുന്നു ക്രിസ്തുവിന് അല്പമെങ്കിലും വിദ്യാഭ്യാസമുണ്ടായിരുന്നെങ്കിൽ ഇങ്ങനെ അപരിഷ്കൃതമായ കാര്യങ്ങൾ പറയുമായിരുന്നില്ല. എങ്കിലും **'യന്ത്രദേശേദ്രുമോ നാസ്തി തത്രൈരണ്ഡേ f പിദ്രുമായതേ'** മൂക്കില്ലാരാജ്യത്തു മുറിമൂക്കൻ രാജാവ് എന്നവണ്ണം തികഞ്ഞ അവിദ്വാന്മാരുടെ നാട്ടിൽ യേശു ഗണനീയനായിരുന്നു. പക്ഷേ ഇന്നത് നടക്കുകയില്ലല്ലോ.

78. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (18-3)

സമീ:- സ്വന്തം ഇച്ഛയാൽ മനസുമാറ്റുന്നത് സ്വർഗപ്രാപ്തിക്കും മാറ്റാത്തത് നരകത്തിനും കാരണമാകുമെങ്കിൽ, ആർക്കും മറ്റൊരാളിന്റെ പാപമോ പുണ്യമോ ഏറ്റെടുക്കാൻ സാധ്യമല്ലെന്നുവരുന്നു. ക്രിസ്തുവിന്റെ വാക്കുകൾ വിദ്യയ്ക്കും സൃഷ്ടിക്രമത്തിനും വളരെ വിരുദ്ധമാണെന്ന്. ശിശുക്കളെപ്പോലെ ആയ്വരണമെന്ന പ്രസ്താവത്തിൽ നിന്നു വ്യക്തമാകുന്നു. ആളുകൾ കുട്ടികളെപ്പോലെ തന്റെ വാക്കുകൾ കേൾക്കണമെന്നും മറിച്ചൊന്നും ചോദിക്കരുതെന്നും ക്രിസ്തുവിനു വിചാരമുണ്ടായിരുന്നു. കണ്ണടച്ച് വിശ്വസിക്കതന്നെ! മിക്കവാറും ക്രിസ്ത്യാനികൾ ബാലബുദ്ധികളെപ്പോലെയാണ് പെരുമാറുന്നത്. അല്ലെങ്കിൽ യുക്തിക്കും ബുദ്ധിക്കും വിരുദ്ധമായ കാര്യങ്ങൾ എന്തിനു വിശ്വസിക്കുന്നു? സ്വയം വിദ്യാഹീനനും ബാലബുദ്ധിയുമല്ലായിരുന്നെങ്കിൽ അന്യരെ അങ്ങനെയാക്കുവാൻ ക്രിസ്തു ഉപദേശിക്കുകയില്ലായിരുന്നു. തന്നെപ്പോലെ മറ്റുള്ളവരെയും ആക്കണമെന്നേ അങ്ങനെയുള്ളവർ വിചാരിക്കൂ.

79. യേശു തന്റെ ശിഷ്യന്മാരോടു: ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നേ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴലിലൂടെ കടക്കുന്നതു എളുപ്പം എന്നും ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. (19.23-24)

സമീ:- ഇതിൽനിന്ന് ക്രിസ്തു ദരിദ്രനായിരുന്നെന്നു തെളിയുന്നു. ധനവാൻമാർ അദ്ദേഹത്തെ വകവച്ചിട്ടില്ല. അതാണിങ്ങനെ പറഞ്ഞത്. പക്ഷേ ഇതു സത്യമല്ല. എന്തെന്നാൽ ധനവാന്മാരിലും ദരിദ്രരിലും നല്ലവരും ചീത്തകളും കാണും. നല്ലതു ചെയ്യുന്നവൻ നല്ലതും ചീത്ത ചെയ്യുന്നവൻ ചീത്തയും ഫലങ്ങൾ നേടുന്നു. സ്വർഗരാജ്യം ഏതോ ഒരു പ്രത്യേക സ്ഥലത്താണെന്നും സർവത്രയല്ലെന്നും യേശു വിശ്വസിച്ചിരുന്നെന്ന് ഇതിൽനിന്നു തെളിയുന്നു. അങ്ങനെയാണെങ്കിൽ ആ ദൈവം ദൈവമല്ല. ദൈവരാജ്യം സർവത്രയാണ്. പിന്നെ അതിൽ പ്രവേശിക്കുക, പ്രവേശിക്കാതിരിക്കുക എന്നെല്ലാം പറയുന്നതു വെറും അജ്ഞാനമാണ്. ഇവിടെ മറ്റൊന്നുകൂടി ക്രിസ്ത്യാനികളായ ധനാഢ്യന്മാരെല്ലാം നരകത്തിലേ പോകുവോ? ദരിദ്രരെല്ലാം സ്വർഗത്തിലും? ധനാഢ്യർ അവരുടെ പക്കലുള്ള ഐശ്വര്യം സന്മാർഗത്തിലുപയോഗിച്ചാൽ ദരിദ്രർ കഷ്ടപ്പെടാതിരിക്കയും പുണ്യം നേടുന്ന ധനവാന്മാർക്ക് സ്വർഗം ലഭിക്കുകയും ചെയ്യുന്ന കാര്യം യേശു ചിന്തിക്കേണ്ടതായിരുന്നു. കുറഞ്ഞപക്ഷം ദരിദ്രരവിടെക്കിടക്കുകയും ധനാഢ്യർ സ്വർഗത്തിൽ എത്തുകയും ചെയ്തേനെ.

80. യേശു അവരോടു പറഞ്ഞതു: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു ഇസ്രായേൽ ഗോത്രം പന്ത്രണ്ടിനു ന്യായംവിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടുപറയുന്നു. എന്റെ നാമം നിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരികളേയോ അപ്പനെയോ അമ്മയെയോ മക്കളെയോ വിട്ടുകളഞ്ഞവന്നു എല്ലാം നൂറുമടങ്ങു ലഭിക്കും അവൻ നിത്യജീവനെയും അവകാശമാക്കും. (19,28-29)

സമീ:- നോക്കൂ. യേശുവിന്റെ ഉള്ളുകള്ളി വെളിവാകുന്നത്. ചത്താലും തന്റെ വലയിൽ നിന്ന് മനുഷ്യർ രക്ഷപെടരുത്. മുപ്പതു വെള്ളിക്കാശിന്റെ ലോഭത്തിനടിമയായി സ്വന്തം ഗുരുവിനെ ഒറ്റുകൊടുത്ത പാപികളും സിംഹാസനത്തിലിരിക്കുമത്രേ. പക്ഷപാതത്തോടെ ഇസ്രായേൽ കുലത്തിന്റെ ന്യായം വിധിക്കുക മാത്രമല്ല, അവരുടെ എല്ലാപാപങ്ങളും പൊറുത്ത്, മറ്റുള്ളവരുടെ മേൽ ന്യായം നടത്തുകയും ചെയ്യും. ഇതിനാലാവാം ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളോട് പക്ഷപാതപൂർവം വെള്ളക്കാരൻ കറുത്തയാളെ കൊന്നാൽ നിരപരാധിയായി വിധിച്ച് വെറുതെ വിടുന്നത്.[11] ഇങ്ങ

11. അക്കാലത്ത് വെള്ളക്കാരെപ്പറ്റി ഒരടിമരാജ്യക്കാരഇങ്ങനെ



നെയാവണം ക്രിസ്തുവിന്റെ സ്വർഗത്തിലെ ന്യായനടത്തിപ്പും. ഇതു നിമിത്തം മറ്റൊരു ദോഷവും സംഭവിക്കും. ഒരാൾ സൃഷ്ടിയുടെ തുടക്കത്തിലും മറ്റൊരാൾ ന്യായവിധി നാളിന്റെ തൊട്ടു മുൻനാളിലും മരിച്ചു. ആദ്യത്തെയാൾ എത്ര നാൾ ന്യായവിധിയും കാത്തു കിടക്കണം. രണ്ടാമന് ഉടനടി ന്യായം ലഭിക്കയും ചെയ്യുന്നു. ഇതെന്തന്യായമാണ്? അതുപോലെ നരകത്തിൽ പോകുന്നവർ എന്നും നരകത്തിൽ കിടക്കും. സ്വർഗത്തിൽപോകുന്നവർ എന്നും അവിടെയും. ഇതു വലിയ അന്യായമാണ്. എന്തെന്നാൽ അന്തമുള്ള കർമങ്ങളുടെ ഫലവും അന്തമുള്ളതായിരിക്കണം. അതുപോലെ രണ്ടു ജീവാത്മാക്കൾക്ക് തുല്യമായ പാപവും പുണ്യവും ഉണ്ടാവുകയില്ല. അതുകൊണ്ട് അധികവും കുറവുമായ സുഖദുഃഖങ്ങളോടുകൂടിയ ഒട്ടേറെ സ്വർഗനരകങ്ങൾ ഉണ്ടായിരിക്കണം. എങ്കിലേ ഒരോരുത്തർക്കും അവരവരുടെ കർമങ്ങൾക്കനുസരിച്ച് സുഖദുഃഖങ്ങൾ അനുഭവിക്കാൻ കഴിയൂ. ഇങ്ങനെ ഈ പുസ്തകത്തിൽ ഒരിടത്തും യുക്തിക്കൊത്ത വ്യവസ്ഥയില്ല. അതിനാൽ ഇത് ഈശ്വരകൃതമോ ക്രിസ്തു ദൈവപുത്രനോ അല്ല.

ആർക്കും നൂറുനൂറു അച്ഛനമ്മമാർ ഉണ്ടാവാൻ വഴിയില്ല. ഉണ്ടെങ്കിൽ അത് അനർഥകരമാവും. ഒരാൾക്ക് ഒരമ്മയും, ഒരച്ഛനുമേ ഉള്ളൂ. ഒരാൾക്ക് എഴുപത്തിരണ്ടു സ്ത്രീകൾ സ്വർഗത്തിൽ കിട്ടുമെന്ന് ഖുർ ആനിൽ എഴുതിയിരിക്കുന്നത് ഇവിടെനിന്നു കടംകൊണ്ടതാവണം.

81. രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരത്തിവൃക്ഷം കണ്ടു. അടുക്കെ ചെന്നു. അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു. ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി. (21, 18-19)

സമീ:- എല്ലാ പാതിരിമാരും ക്രിസ്ത്യാനികളും ക്രിസ്തു, മഹാശാന്തനും ക്ഷമ: ക്രോധരാഹിത്യം മുതലായവയുള്ളയാളുമായിരുന്നെന്ന് പറയാറുണ്ട്. എന്നാൽ ഇതു നോക്കുമ്പോൾ ദ്വേഷക്കാരനും ഋതുജ്ഞാനം ഇല്ലാത്തയാളുമായിരുന്നെന്നു മനസ്സിലാകുന്നു. കാട്ടുമനുഷ്യരുടെ സ്വഭാവം വിട്ടിരുന്നുമില്ല. ജഡവസ്തുവായ വൃക്ഷം എന്തു പിഴച്ചു അതിനെ ശപിച്ചുണക്കാൻ? ശപിച്ചാൽ വൃക്ഷമുണങ്ങുകയില്ല. വല്ലമരുന്നും ഒഴിച്ച് ഉണക്കിയതാണെങ്കിൽ അതിൽ ആശ്ചര്യവും വേണ്ട.

82. ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും. നക്ഷത്രങ്ങൾ ആകാശത്തുനിന്നും വീഴും. ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.

സമീ:- ഈശോയേ! ഇതുകൊള്ളാം. നക്ഷത്രങ്ങൾ വീഴുമെന്ന് ഏതു വിദ്യകൊണ്ടാണങ്ങ് കണ്ടുപിടിച്ചത്? ആകാശത്തിലെ ഇളകുന്ന ശക്തി ഏതാണ്? അല്പമെങ്കിലും അറിവുണ്ടായിരുന്നെങ്കിൽ ഇവയെല്ലാം ഭൂഗോളങ്ങളാണെന്നും വീഴുകയില്ലെന്നും അറിയുമായിരുന്നു. ആശാരിവംശത്തിലാണ് യേശു ജനിച്ചതെന്നും മരപ്പണികൾ മാത്രമേ ചെയ്തിരുന്നുള്ളെന്നും ഊഹിക്കാം. ഈ കാട്ടുപ്രദേശത്ത്, തനിക്കും പ്രവാചകനാകാമെന്നു ഭൂതോദയമുണ്ടായിക്കാണും. പ്രവചനവും തുടങ്ങി! അദ്ദേഹം നല്ല കാര്യങ്ങളേക്കാൾ ചീത്തക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ ദേശത്തെ കാട്ടുമനുഷ്യർ അതെല്ലാം അംഗീകരിച്ചു. ഇന്നത്തെപ്പോലെ പുരോഗതിയുടെ പാതയിലായിരുന്നു അന്നു യൂറോപ്പെങ്കിൽ ഇതൊന്നും അവർ സ്വീകരിക്കില്ലായിരുന്നു. ഇപ്പോൾ കുറേ വിദ്യാഭ്യാസമുണ്ടായിട്ടും നാട്ടുനടപ്പും ശാഠ്യവും നിമിത്തം ഈ കഴമ്പില്ലാത്ത മതം വിട്ട് സത്യമായ വേദമാർഗത്തിലേക്കു തിരിയാത്തത് ഇവരുടെ കുറവുതന്നെ.

83. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. (24-35)

സമീ:- ഇതും അവിദ്യയുടെയും അജ്ഞതയുടെയും വാക്കുകളാണ്. ആകാശം എങ്ങോട്ടാണൊഴിയുക? അതിസൂഷ്മമാകയാൽ അദൃശ്യമായ ആകാശം ഒഴിയുന്നത് ആര് എങ്ങനെ കാണും? സ്വയം വലിപ്പം പറയുന്നത് നല്ലവർക്കു ചേർന്നതല്ല.

84. പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരേ എന്നെവിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. (25-41)

സമീ:- ഇതെത്രയധികം പക്ഷപാതപരമാണ്! തന്റെ ശിഷ്യർക്ക് സ്വർഗം, മറ്റുള്ളവർക്ക് നിത്യാഗ്നി! ആകാശം തന്നെ ഇല്ലാതാകുമെന്നു പറഞ്ഞ സ്ഥിതിക്ക്, നിത്യനരകവും അഗ്നിയും സ്വർഗവും എവിടെയുണ്ടാകാനാണ്? ദൈവം ചെകുത്താനെയും അവന്റെ ദൂതന്മാരെയും സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ ഇത്രയും നരകങ്ങൾ തയ്യാറാകേണ്ടിവരുമായിരുന്നോ? ചെകുത്താൻ പേടിക്കാത്ത ദൈവം എന്തു ദൈവമാണ്? ദൈവ

11. എഴുതുന്നത് സങ്കല്പത്തിന്നതീതമായിരുന്നു. സ്വാമിജിയുടെ ഭയമില്ലായ്മയുടെ മറ്റൊരു തെളിവാണിത്. ആദ്യത്തെ മലയാള തർജമയിൽ ഈ ഭാഗം വിട്ടുകളഞ്ഞിട്ടുണ്ട്. 1933 ലാണ് അത് പ്രസാധനം ചെയ്തത്.



ദൂതനായ ചെകുത്താൻ ദൈവശത്രുവായി! നേരത്തേ ഇവനെ പിടിച്ച് കാരാഗൃഹത്തിലടയ്ക്കാനോ നശിപ്പിയ്ക്കാനോ കഴിയാത്ത ദൈവത്തിൽ എന്തു ദൈവത്വമാണുള്ളത്? നാല്പതു നാൾ യേശുവിനെ ഉപദ്രവിച്ചിട്ടും ഒന്നും ചെയ്യാൻ കഴിയാതിരുന്ന യേശുവിന്റെ ദൈവപുത്രത്വം വ്യർഥം തന്നെ. അതിനാൽ യേശു ദൈവപുത്രനോ ബൈബിളിലെ ദൈവം ദൈവമോ അല്ല.

85. അന്നുവന്നിരുന്നവനിൽ ഒരുവനായ യൂദാ ഇസ്കര്യോത്താവ് മഹാപുരോഹിതന്മാരുടെ അടുക്കൽചെന്നു. നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചുതരാം എന്നു പറഞ്ഞു. അവർ അവന്നു മുപ്പതു വെള്ളിക്കാശുതൂക്കിക്കൊടുത്തു. (26, 14-15)

സമീ:- യേശുവിന്റെ എല്ലാ അദ്ഭുതകൃത്യങ്ങളുടെയും ദൈവീകതയുടെയും കള്ളി വെളിവാകുന്നതു നോക്കുക. സന്തതസഹചാരിയായിരുന്ന സ്വന്തം ശിഷ്യനെ പരിശുദ്ധനാക്കാൻ കഴിയാത്തയാൾ മരിച്ചതിനുശേഷം ആരെ പരിശുദ്ധനാക്കുമെന്നാണ്? വിശ്വാസികൾ എത്രയേറെയാണ് വഞ്ചിതരാകുന്നത്? ജീവിച്ചിരിക്കെ ശിഷ്യന്മാരെ ഗുണപ്പെടുത്താത്തയാൾ മരിച്ചതിനുശേഷം എന്തു ചെയ്യുമെന്നാണ്?

86. അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിന്നായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം (26,26-28)

സമീ:- പരിഷ്കൃതനായ ആരെങ്കിലും ഇങ്ങനെ ചെയ്യുമോ? ശിഷ്യന്മാർക്ക് തിന്നാൻ കൊടുക്കുന്നത് തന്റെ മാംസവും കുടിക്കാൻ കൊടുക്കുന്നത് രക്തവുമാണെന്ന് അവിദ്വാനായ കാട്ടുമനുഷ്യനേ പറയൂ. ഇതിനെയാണ് ഇക്കാലത്തെ ക്രിസ്ത്യാനികൾ കുർബാന കൈക്കൊള്ളുക യെന്ന് പറയുന്നത്. ഭക്ഷ്യപേയങ്ങൾ ക്രിസ്തുവിന്റെ രക്തവും മാംസവുമാണെന്നു സങ്കല്പിച്ചു കഴിക്കുന്നത് എത്രമോശപ്പെട്ടകാര്യമാണ്! സ്വന്തം ഗുരുവിന്റെ രക്തമാംസാദികളാണെന്നു സങ്കല്പിച്ചു ഭക്ഷിക്കുന്നവർക്ക് അന്യരുടേത് എങ്ങനെ നിഷിദ്ധമാകും?

87. പത്രോസിനെയും സെബെദിപുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ടുചെന്നു ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു. ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അവൻ അല്പം മുമ്പോട്ടുചെന്നു. കവിണ്ണുവീണു. പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപോകേണമേ. എങ്കിലും ഞാൻ ഇച്ഛിക്കുംപോലെയല്ല നീ ഇച്ഛിക്കും പോലെയാകട്ടെ എന്നു പ്രാർത്ഥിച്ചു.

സമീ:- നോക്കൂ, ക്രിസ്തു വെറും മനുഷ്യനല്ലാതെ ദൈവപുത്രനോ ത്രികാലദർശിയോ വിദ്വാനോ ആയിരുന്നെങ്കിൽ ഇത്തരം അയോഗ്യമായ ചേഷ്ടകൾ കാട്ടുകയില്ലായിരുന്നു. ഇതിൽനിന്നു സ്പഷ്ടമായി അറിയുവാൻ കഴിയുന്നത്, താൻ ദൈവപുത്രനും ത്രികാലജ്ഞാനിയും പാപികളെ രക്ഷിക്കുന്നവനുമാണെന്ന് സ്വയം കള്ളം പരത്തുകയാണത്രേ. അദ്ദേഹം വെറുമൊരു പാവത്താനായിരുന്നു. സിദ്ധനോ വിദ്വാനോ യോഗിയോ ആയിരുന്നില്ല.

88. അവൻ സംസാരിക്കുമ്പോൾ തന്നേ, പന്തിരുവരിൽ ഒരുത്തനായ യൂദയും അവനോടു കൂടെ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അയച്ച വലിയൊരു പുരുഷാരവും വാളും വടിയുമായി വന്നു. അവനെ കാണിച്ചുകൊടുക്കുന്നവൻ; ഞാൻ ഏവനെ ചുംബിക്കുമോ അവൻതന്നെ ആകുന്നു. അവനെ പിടിച്ചുകൊൾവിൻ എന്നു അവർക്കു ഒരു അടയാളം കൊടുത്തിരുന്നു. ഉടൻ അവൻ യേശുവിന്റെ അടുക്കൽ ചെന്ന് റബ്ബീ വന്ദനം എന്നുപറഞ്ഞു അവനെ ചുംബിച്ചു. അവർ അടുത്തു യേശുവിന്മേൽ കൈവച്ചു അവനെ പിടിച്ചു..... അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവനെവിട്ടു ഓടിപ്പോയി..... കള്ളസാക്ഷികൾ പലരും വന്നിട്ടും പറ്റിയില്ല. ഒടുവിൽ രണ്ടുപേർ വന്നു. ദൈവമന്ദിരം പൊളിച്ചു മൂന്നു ദിവസം കൊണ്ടു വീണ്ടും പണിവാൻ എനിക്കു കഴിയും എന്നു അവൻ പറഞ്ഞു എന്നു ബോധിപ്പിച്ചു. മഹാപുരോഹിതൻ എഴുന്നേറ്റു അവനോടു: നീ ഒരുത്തരവും പറയുന്നില്ലയോ? ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നതു എന്തു ചെന്നു ചോദിച്ചു. യേശുവോ മിണ്ടാതിരുന്നു. മഹാപുരോഹിതൻ പിന്നെയും അവനോടു നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ടു നിന്നോടു ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു. യേശു അവനോടു ഞാൻ ആകുന്നു..... എന്നു പറഞ്ഞു ഉടനെ പുരോഹിതൻ വസ്ത്രം കീറി; ഇവൻ ദൈവദൂഷണം പറഞ്ഞു ഇനി സാക്ഷികളെക്കൊണ്ടു നമുക്കു എന്തുകാര്യം? നിങ്ങൾ ഇപ്പോൾ ദൈവദൂഷണം കേട്ടുവല്ലോ; നിങ്ങൾക്കു എന്തുതോന്നുന്നു എന്നു ചോദിച്ചതിന്നു അവൻ മരണയോഗ്യൻ എന്നു അവർ ഉത്തരം പറഞ്ഞു. അപ്പോൾ അവർ അവന്റെ മുഖത്തു തുപ്പി. അവനെ മുഷ്ടിചുരുട്ടി കുത്തി. ചിലർ അവനെ കന്നത്തടിച്ചു; ഹേ, ക്രിസ്തുവേ നിന്നെ തല്ലിയതു ആർ എന്നു ഞങ്ങളോടു പ്രവചിക്ക എന്നു പറഞ്ഞു..... പത്രോസ് പുറത്തു നടുമുറ്റത്തിരുന്നു. അവന്റെ അടുക്കൽ ഒരു വേലക്കാരി വന്നു. നീയും ഗലീലക്കാരനായ യേശുവിന്റെ കൂടെ ആയിരുന്നുവല്ലോ എന്നു പറഞ്ഞു. അതിന്നു അവൻ നീ പറയുന്നതു എനിക്കു തിരിയുന്നില്ല എന്നു എല്ലാവരും കേൾക്കെ തള്ളിപ്പറഞ്ഞു. പിന്നെ അവൻ പടിപ്പുരയിലേക്കു പുറപ്പെടുമ്പോൾ മറ്റൊരുത്തി അവനെ കണ്ടു. അവിടെയുള്ളവരോടു ഇവനും നസ്രായനായ യേശുവിനോടുകൂടെ ആയിരുന്നു എന്നു പറഞ്ഞു. ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ രണ്ടാമതും ആണയോടെ തള്ളിപ്പറഞ്ഞു..... അപ്പോൾ അവൻ ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും അണയിടുവാനും തുടങ്ങി. (26, 47-50,56,61-72,74)

theistsansar.com



സമീ:- നോക്കൂ. സ്വന്തം ശിഷ്യനെപ്പോലും ഉറപ്പിച്ചു നിർത്തുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞില്ല. പ്രാണൻ പോയാലും വെടിയരുതാത്ത ഗുരുവിനെ ലോഭംകൊണ്ട് ഒറ്റുകയും, പ്രാകുകയും, തള്ളിപ്പറകയും കളിപ്പിക്കയും ചെയ്യുന്നു! ക്രിസ്തുവിന് അദ്ഭുതശക്തിയൊന്നും ഇല്ലായിരുന്നു. പഴയനിയമത്തിൽ ലോകത്തിന്റെ വീട്ടിൽ രണ്ടുപേർ അതിഥികളായി രാപാർത്തപ്പോൾ അവന്റെ വീടാക്രമിച്ചു, അവർക്ക് ആബാലവൃദ്ധം അന്ധതപിടിപെട്ടു എന്ന് (ഉല്പത്തി 19-11) എഴുതിയിട്ടുണ്ട്. ഇത് അസംഭവ്യമാണെങ്കിലുംകൂടി, ഇത്രപോലും ശക്തി ക്രിസ്തുവിനില്ലായിരുന്നു. ഇന്ന് എന്തെല്ലാം ശക്തികളാണ് ക്രിസ്തുവിൽ ആരോപിച്ചിട്ടുള്ളത്? ഈ ദുർമരണത്തെക്കാൾ ദേഭം സമാധി പ്രാപിക്കയോ ആത്മഹത്യ ചെയ്കയോ ആയിരുന്നു. പക്ഷേ വിദ്യാരഹിതന് ഈ ബുദ്ധി എങ്ങനെ തോന്നാൻ? ക്രിസ്തു വീണ്ടും പറയുന്നു:-

89. എന്റെ പിതാവിനോടു ഇപ്പോൾതന്നെ പന്ത്രണ്ടു ലോഗ്യനിലും അധികം ദൂതന്മാരെ എന്റെ അരികെ നിർത്തേണ്ടതിന്നു എനിക്കു അപേക്ഷിച്ചു കൂടാ എന്നു തോന്നുന്നുവോ? (26,53)

സമീ:- ഭീക്ഷണിപ്പെടുത്തുകയും തന്റെയും പിതാവിന്റെയും മഹത്വം വാഴ്ത്തുകയും ചെയ്യുന്നെങ്കിലും ഒന്നും ചെയ്യുന്നില്ല. മഹാ പുരോഹിതൻ "നീ ഒരു ഉത്തരവും പറയുന്നില്ലയോ ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നതു എന്തു" എന്നു ചോദിച്ചപ്പോൾ ഒരുത്തരവും പറയാതിരുന്നത് ആശ്ചര്യം തന്നെ. ഇതൊട്ടും ശരിയായില്ല. സത്യം എന്തായാലും തുറന്നു പറയുന്നതായിരുന്നു നല്ലത്. വമ്പു പറഞ്ഞത് ഉചിതമായില്ല. യേശുവിൽ കള്ളക്കുറ്റം ചുമത്തി വധിച്ചതും ഉചിതമായില്ല. അവർ ചുമത്തിയ അപരാധമൊന്നും യേശു ചെയ്തില്ല. കാട്ടുജാതിക്കാരായ അവർക്ക് ന്യായബോധം ഉണ്ടാകുന്നതെങ്ങനെ? യേശു ദൈവപുത്രനായി ചമയാതിരിക്കയും അവർ അദ്ദേഹത്തോടെ അന്യായം ചെയ്യാതിരിക്കയുമായിരുന്നു വേണ്ടത്. പക്ഷേ ഇത്ര അറിവും ധർമബോധവും ന്യായ ശീലവും എവിടുന്നുണ്ടാകാനാണ്?

90. എന്നാൽ യേശു നാടുവാഴിയുടെ മുമ്പാകെ നിന്നു. നീ യഹൂദന്മാരുടെ രാജാവോ എന്നു നാടുവാഴി ചോദിച്ചു. ഞാൻ ആകുന്നു എന്നു യേശു അവനോടു പറഞ്ഞു. മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തുകയിൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല. പിലാത്തോസ് അവനോടു: ഇവർ നിന്റെ നേരെ എന്തെല്ലാം സാക്ഷ്യം പറയുന്നു എന്നു കേൾക്കുന്നില്ലയോ എന്നു ചോദിച്ചു. അവൻ ഒരു വാക്കിനും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു..... പിലാത്തോസ് അവരോട്; ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചതിന്നു: അവനെ ക്രൂശിക്കേണം എന്നു എല്ലാവരും പറഞ്ഞു..... അനന്തരം നാടുവാഴിയുടെ പടയാളികൾ യേശുവിനെ അസ്ഥാനത്തിലേക്കു കൊണ്ടുപോയി പട്ടാളത്തെ എല്ലാം അവന്റെ നേരേവരുത്തി. അവന്റെ വസ്ത്രം അഴിച്ച് ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു വലങ്കയ്യിൽ ഒരു കോലും കൊടുത്തു അവന്റെ മുമ്പിൽ മുട്ടുകുത്തി; യഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി. കോൽ എടുത്ത് അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി അവന്റെ വസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപയി..... തലയോടിടം എന്നർത്ഥമുള്ള ഗോൽഗോഥാ എന്ന സ്ഥലത്ത് എത്തിയപ്പോൾ അവനു കൈപ്പുകലക്കിയ വീഞ്ഞു കുടിപ്പാൻ കൊടുത്തു. അതു രുചിനോക്കിയാറെ അവന്നു കുടിപ്പാൻ മനസ്സായില്ല അവനെ ക്രൂശിൽ തറച്ചശേഷം..... അവന്റെ കുറ്റസംഗതി എഴുതി അവന്റെ തലയ്ക്കുമീതെ വച്ചു. വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരെയും അവനോടുകൂടെ ക്രൂശിച്ചു. കടന്നുപോകുന്നവർതലകുലുക്കി അവനെ ദുഷിച്ചു. മന്ദിരം പൊളിച്ചു മൂന്നു നാൾകൊണ്ടു പണിയുന്നവനേ നിന്നേത്തന്നേ രക്ഷിക്ക, ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങിവാ എന്നു പറഞ്ഞു. അങ്ങനെ തന്നേ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല, അവൻ യിസ്രായേലിന്റെ രാജാവു ആകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നു ഇറങ്ങി വരട്ടെ, എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവന്നു ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ, ഞാൻ ദൈവപുത്രൻ എന്നു അവൻ പറഞ്ഞുവല്ലോ എന്നു പറഞ്ഞു. അങ്ങനെതന്നേ അവനോടു കൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരും അവനെ നിന്ദിച്ചു.

ആറാം മണിനേരം മുതൽ ഒമ്പതാം മണിനേരം വരെ ദേശത്തു എല്ലാം ഇരുട്ടുണ്ടായി. ഏകദേശം ഒമ്പതാം മണിനേരത്തു യേശു: ഏലീ ഏലീ ലമ്മശബക്കാനി എന്നു ഉറക്കെ നിലവിളിച്ചു: എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതു എന്ന എന്നർത്ഥം. അവിടെ നിന്നിരുന്നവരിൽ ചിലർ അതുകേട്ടിട്ടു: അവൻ ഏലിയാവെ വിളിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവരിൽ ഒരുത്തൻ ഓടി ഒരു സ്പോങ്ങ് എടുത്തു പുളിച്ച വീഞ്ഞു നിറെച്ചു ഓടത്തണ്ടിൻമേൽ ആക്കി അവന്നു കുടിപ്പാൻ കൊടുത്തു. യേശു പിന്നെയും ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. (27, 11-14, 21 - 23, 26-31, 33-35, 37-48, 50)

സമീ:- ആ ദുഷ്ടന്മാർ യേശുവിനോടു കടുത്ത ക്രൂരതകാട്ടി. യേശുവിന്റെയും തെറ്റുണ്ട്. ദൈവത്തിനു പുത്രനില്ല. ദൈവം ആരുടെയും പിതാവുമല്ല ആയാൽ ദൈവത്തിന് ശ്വശുരനും സ്യാലനും മറ്റും ഉണ്ടാകണം. നാടുവാഴി ചോദിച്ചതിന് സത്യമായ ഉത്തരം നല്കേണ്ടതായിരുന്നു. നേരത്തെ അദ്ഭുതകൃത്യങ്ങൾ ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ ഇപ്പോഴും കുരിശിൽനിന്നിറങ്ങി സർവമാനവരേയും ശിഷ്യരാക്കേണ്ടതായിരുന്നു. കൂടാതെ, ദൈവത്തിന്റെ പുത്രനായിരുന്നെങ്കിൽ, ദൈവം



അദ്ദേഹത്തെ രക്ഷിച്ചേനെ. യേശു ത്രികാല ദർശിയായിരുന്നെങ്കിൽ വീഞ്ഞിൽ കൈയ്പ്പ കലർത്തിക്കൊടുത്തത് രുചിച്ചുനോക്കാതെ ഉപേക്ഷിക്കാമായിരുന്നു. സിദ്ധികൾ വല്ലതും ഉണ്ടായിരുന്നെങ്കിൽ എന്തിന് ഉറക്കെ നിലവിളിച്ച് പ്രാണൻ വെടിയണം? ഒരുവൻ എത്ര സാമർത്ഥ്യങ്ങൾ കാട്ടിയാലും ശരി, അവസാനം കള്ളവും സത്യവും വേർതിരിയുമെന്ന് അറിയണം. യേശു ആ കാട്ടുമനുഷ്യരെക്കാൾ നല്ലവനായിരുന്നെന്ന് തെളിയുന്നു. എന്നാൽ സിദ്ധനോ, ദൈവപുത്രനോ, വിദ്വാനോ അല്ലായിരുന്നു. ആയിരുന്നെങ്കിൽ ദുഃഖാനുഭവം ഉണ്ടാവുമായിരുന്നില്ല.

91. പെട്ടെന്നു വലിയൊരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു കല്ലുരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു..... അവൻ ഇവിടെ ഇല്ല. താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു. അവൻ കിടന്ന സ്ഥലം വന്നു കാണ്മിൻ..... അങ്ങനെ അവർ വേഗത്തിൽ അവന്റെ ശിഷ്യന്മാരോടു അറിയിപ്പാൻ ഓടിപ്പോയി. എന്നാൽ യേശു അവരെ എതിരേറ്റു. നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു. അവർ അടുത്തുചെന്നു അവന്റെ കാൽ പിടിച്ചു അവനെ നമസ്കരിച്ചു. യേശു അവരോടും ഭയപ്പെടേണ്ട നിങ്ങൾ പോയി എന്റെ സഹോദരന്മാരോടു ഗലീലേക്കു പോകുവാൻ പറവിൻ അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു..... എന്നാൽ പതിനൊന്നു ശിഷ്യന്മാർ ഗലീലയിൽയേശു അവരോടു കല്പിച്ചിരുന്ന മലക്കു പോയി. അവനെ കണ്ടപ്പോൾ അവർ നമസ്കരിച്ചു. ചിലരോ സംശയിച്ചു. യേശു അടുത്തുചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു..... ഞാനോ ലോകാവസാനത്തോളവും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു. (28,2,6,9,10,16-18, 20)

സമീ:- ഇതും വിശ്വസിക്കാനാവുന്ന കാര്യമല്ല. എന്തെന്നാൽ സൃഷ്ടിക്രമത്തിനും, വിദ്യയ്ക്കും വിരുദ്ധമാണിത്. ദൈവത്തിനു ദൂതന്മാരുണ്ടാവുക, അവരെ അങ്ങുമിങ്ങും അയയ്ക്കുക, മുകളിൽനിന്നിറങ്ങി വരിക, ഇതെല്ലാംകൊണ്ട് ദൈവത്തിനെ കളക്ടരും തഹശീൽദാരുമാക്കുകയല്ലേ? അതേ ശരീരത്തിൽ സ്വർഗത്തുപോയി, ഉയർത്തെഴുന്നേറ്റോ? ആ സ്ത്രീകൾ പാദം തൊട്ടു വന്ദിച്ചെങ്കിൽ ശരീരം ഉണ്ടായിരിക്കണം. മൂന്നുദിവസം കൊണ്ട് ശരീരം ജീർണ്ണിക്കാതിരുന്നതെന്ത്? ഭൂമിയിലും സ്വർഗത്തിലുമുള്ള സകല അധികാരങ്ങളും എനിക്കു നല്കപ്പെട്ടിരിക്കുന്നു എന്നു ക്രിസ്തു പറഞ്ഞത് ആത്മപ്രശംസയാണ്. ശിഷ്യന്മാരെ കണ്ടെന്നും അവരോടു സംസാരിച്ചെന്നും പറയുന്നതും ശരിയല്ല. ഇതൊക്കെ ശരിയാണെങ്കിൽ ഇന്നും ആരെങ്കിലുമെല്ലാം ഉയർത്തെഴുന്നേല്ക്കയും ഉടലോടെ സ്വർഗത്തുപോവുകയും ചെയ്യാത്തതെന്താണ്?

മത്തായിയുടെ സുവിശേഷത്തെപ്പറ്റി ചുരുക്കിയെഴുതി. ഇനി മർക്കൊസിന്റെ സുവിശേഷത്തെപ്പറ്റി എഴുതാം.

മർക്കൊസിന്റെ സുവിശേഷം

92 ഇവൻ തച്ചനല്ലയോ? (6 . 3)

സമീ:- ഒസേപ്പ് ഒരാശാരി ആയിരുന്നു. പാരമ്പര്യമനുസരിച്ചു ക്രിസ്തുവും ആയിരുന്നു. വളരെനാൾ ആ പണിചെയ്തു. പിന്നീടാണ് പ്രവാചകനാകാൻ ആഗ്രഹമുണ്ടായത്. അങ്ങനെ ദൈവപുത്രനായി. ആ പരിഷ്കൃതമനുഷ്യർ അങ്ങനെയാക്കി. അപ്പോൾ അത്ഭുതങ്ങൾ കാട്ടിത്തുടങ്ങി. അവിടെയെല്ലാം അന്തച്ഛിദ്രമുണ്ടാക്കി.

ലൂക്കോസ് എഴുതിയ സുവിശേഷം

93. എന്നെ നല്ലവനെന്നു പറയുന്നതെന്ത്! ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരും ഇല്ല. (18.10)

സമീ:- ദൈവമല്ലാതെ മറ്റാരും നല്ലവരല്ല എന്നു ക്രിസ്തു പറയുമ്പോൾ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിത്വം ക്രിസ്ത്യാനികൾ എവിടെനിന്നാവിഷ്കരിച്ചു?

94. അവൻ അവനെ ഹെരോദോവിന്റെ അടുക്കലേക്ക് അയച്ചു. ഹെരോദാവ് യേശുവിനെ കണ്ടിട്ട് അത്യധികം സന്തോഷിച്ചു; അവനെക്കുറിച്ച് കേട്ടിരുന്നതുകൊണ്ടു അവനെ കാണ്മാൻ വളരെക്കാലമായി ഇച്ഛിച്ചും അവൻ വല്ല അടയാളവും ചെയ്യുന്നതുകാണാം എന്നു ആശിച്ചിരുന്നു. ഏറിയോന്നു ചോദിച്ചിട്ടും അവൻ അവനോടു ഉത്തരം ഒന്നും പറഞ്ഞില്ല. (23,7-9)

സമീ:- ഇക്കാര്യം മത്തായിയുടെ സുവിശേഷത്തിലില്ലാത്തതിനാൽ ഈ സാക്ഷ്യത്തിനു സാധുതയില്ല. യേശു സിദ്ധനോ അത്ഭുതങ്ങൾ ചെയ്യുന്ന ആളോ ആയിരുന്നെങ്കിൽ ഹെരോദാവിന് ഉത്തരം കൊടുക്കുകയും അത്ഭുതങ്ങൾ കാട്ടുകയും ചെയ്തേനെ. ഇത്തരം ശക്തികളൊന്നും യേശുവിനില്ലായിരുന്നു.

യോഹന്നാന്റെ സുവിശേഷം

95 ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. (1.1-4)

സമീ:- വക്താവില്ലാതെ വചനം ആദിയിൽ ഉണ്ടാവുകയില്ല. വചനം ദൈവത്തോടുകൂടെയായിരുന്നെന്ന് പറഞ്ഞത് വെറുതെയാണ്. വചനം ഒരിക്കലും ദൈവമല്ല. എന്തെന്നാൽ ആദിയിൽ ഈശ്വരനോടു കൂടിയിരുന്നെന്നു പറഞ്ഞതിൽനിന്നു സിദ്ധിക്കുന്നത് ആദിയിൽ വചനമോ ദൈവമോ



ഉണ്ടായിരുന്നു എന്നു പറയുന്നത് യുക്തമല്ലെന്നാണ്. വചനത്തിൽനിന്ന് സൃഷ്ടിയുണ്ടാവില്ല. കാരണമുണ്ടെങ്കിലേ ഉണ്ടാവൂ. വചനമില്ലാതെ നിശ്ശബ്ദം സ്രഷ്ടാവിന് സൃഷ്ടിക്കാൻ കഴിയും, ജീവൻ ഏതിൽ എന്തായിരുന്നു? ഈ വചനം ജീവൻ അനാദിയാണെന്നു സിദ്ധാന്തിക്കുന്നുവോ? എങ്കിൽ ആദത്തിന്റെ മൂക്കിൽ ജീവൻ ഊതിയെന്നുപറയുന്നത് കള്ളമായി. ജീവൻ മനുഷ്യരുടെ മാത്രം വെളിച്ചമോ? മൃഗങ്ങളുടേതല്ലേ?

96. അത്താഴം ആയപ്പോൾ പിശാചു ശിമോന്റെ മകനായ യൂദാ ഇസ്കര്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചു കൊടുപ്പാൻ തോന്നിച്ചിരുന്നു. (13, 2)

സമീ:- ഇതു സത്യമല്ല. എല്ലാവരെയും വഴി തെറ്റിക്കുന്ന ചെകുത്താനെ ആരാണ് വഴി തെറ്റിക്കുന്നതെന്ന് ക്രിസ്ത്യാനികളോടു ചോദിക്കണം. ചെകുത്താൻ തനിയെ വഴിതെറ്റുന്നവനാണെങ്കിൽ മനുഷ്യർക്കും ഇങ്ങനെ വഴിതെറ്റാം. പിന്നെന്തിനു ചെകുത്താൻ? ചെകുത്താനെ സൃഷ്ടിക്കുകയും വഴിതെറ്റിക്കുകയും ചെയ്യുന്നത് ദൈവമാണെങ്കിൽ ആ ചെകുത്താന്റെ ചെകുത്താൻ ക്രിസ്ത്യൻ ദൈവമാണെന്നു വരുന്നു. ദൈവം എല്ലാവരേയും അങ്ങനെ വഴിതെറ്റിച്ചു! ഇത് എങ്ങനെയാണ് ദൈവത്തിനു ചേരുക? ക്രിസ്ത്യാനികളുടെ ഈ പുസ്കം ദൈവപുത്രൻ യേശുവിനെയും ഉണ്ടാക്കിയത് ചെകുത്താനായിരുന്നേക്കാം. ദൈവമുണ്ടാക്കിയ പുസ്തകമോ യേശു ദൈവപുത്രനോ, ഇതിൽ പറഞ്ഞിരിക്കുന്ന ദൈവം ദൈവമോ അല്ലതന്നെ.

97. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു, ഞാൻ പോയിനിങ്ങൾക്കു സ്ഥലമൊരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും..... യേശു അവനോടു: ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. (14, 1-4, 6,7)

സമീ:- നോക്കൂ. ഈ ക്രിസ്തുവാക്യങ്ങൾ പോപ്പന്മാരുടെ വേലകളിൽ കുറഞ്ഞതു വല്ലതുമാണോ? ഇത്തരം കുടുക്കുകളില്ലായിരുന്നെങ്കിൽ ആ മതത്തിൽ ആരാണകപ്പെടുക? യേശു തന്റെ പിതാവിന്റെ കുത്തക പിടിച്ചിട്ടുണ്ടോ? അങ്ങനെ യേശുവിന്റെ കുത്തകയിലാണെങ്കിൽ ആ ദൈവം പരാധീനനാണ്. ദൈവം പരാധീനനാവുകയില്ല. അതിനാൽ അത് ദൈവമല്ല. ദൈവം ആരുടെയും ശുപാർശകേൾക്കുകയുമില്ല. യേശുവിന് മുൻപ് ആരും ദൈവത്തെ പ്രാപിച്ചിട്ടില്ലേ? ഇങ്ങനെ സ്ഥാനവും മറ്റും നല്കാമെന്നും, സ്വയം മാർഗവും സത്യവും ജീവനുമാണെന്നും മറ്റും പറയുന്നതും ഡംഭാണ്. ഇതൊരിക്കലും സത്യമല്ല.

98. ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു അതിൽ വലിയതും അവൻ ചെയ്യും. (14,12)

സമീ:- നോക്കൂ! യേശുവിൽ പൂർണ്ണമായി വിശ്വസിക്കുന്നവർക്ക് എന്തുകൊണ്ട് മരിച്ചവരെ ഉയർത്തെഴുന്നേല്പിക്കാനും മറ്റും കഴിയുന്നില്ല? വിശ്വാസംകൊണ്ട് അത്ഭുതങ്ങൾ കാട്ടാനാവുകയില്ലെങ്കിൽ യേശുവും അത്ഭുതങ്ങൾ ചെയ്തിരുന്നില്ലെന്നു നിർണയിക്കാം. യേശു സ്വയം പറയുന്നുണ്ടല്ലോ. നിങ്ങൾക്കും അത്ഭുതങ്ങൾ ചെയ്യാൻ കഴിയുമെന്ന്! എന്നാൽ ഇന്ന് ഒരു ക്രിസ്ത്യാനിക്കും അത്ഭുതങ്ങളൊന്നും ചെയ്യാനാവുകയില്ല. ക്രിസ്തുവിന് മരിച്ചവരെ ജീവിപ്പിക്കാനും മറ്റും കഴിയുമെന്നു വിശ്വസിക്കത്തക്കവണ്ണം ആരുടെ ഉൾക്കാഴ്ചയാണ് നശിച്ചിട്ടുള്ളത്?

99 ഏകസത്യദൈവമായ..... (17.3)

സമീ:- ഏകസത്യദൈവമെന്നു പറയുമ്പോൾ ക്രിസ്ത്യാനികളുടെ ത്രിത്വം തീർത്തും മിഥ്യയായിപ്പോകുന്നു. ഇങ്ങനെ അളവറ്റ അസത്യങ്ങൾ സുവിശേഷങ്ങളിലുണ്ട്.

വെളിപാടു പുസ്തകം

100. അവരുടെ തലയിൽ പൊൻകിരീടം..... ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴു ദീപങ്ങൾ..... സിംഹാസനത്തിന്റെ മുമ്പിൽ കണ്ണാടിക്കടൽ. സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലുജീവികൾ, അവയ്ക്കു മുമ്പുറവും പിമ്പുറവും കണ്ണുനിറഞ്ഞിരിക്കുന്നു. (4,4-5)

സമീ:- നോക്കൂ ഒരു പട്ടണം പോലെയാണ് ക്രിസ്ത്യാനി സ്വർഗം അവരുടെ ഈശ്വരൻ വലിയ പന്തംപോലെ തീയാണ്. സ്വർണ്ണാഭരണങ്ങൾ ധരിക്കുക, മുമ്പിലും പിൻപിലും കണ്ണുണ്ടായിരിക്കുകയെന്നതെല്ലാം സംഭവിക്കാവുന്നതല്ല. ഇതെല്ലാം ആരു വിശ്വസിക്കും? അവിടെ സിംഹം മുതലായ മൃഗങ്ങളുണ്ടെന്നും എഴുതിയിരിക്കുന്നു.

101. ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലങ്കയ്യിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴു മുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം കണ്ടു. ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊളിപ്പാനും യോഗ്യൻ ആരുള്ളു?..... പുസ്തകം തുറപ്പാനോ നോക്കുവാനോ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആർക്കും കഴിഞ്ഞില്ല. പുസ്തകം



തുറന്നു വായിപ്പാനെങ്കിലും അതു നോക്കുവാനെങ്കിലും യോഗ്യനായി ആരെയും കാണായ്കകൊണ്ടും ഞാൻ ഏറ്റവും കരഞ്ഞു. (5,1–4)

സമീ:– നോക്കുക, ക്രിസ്ത്യൻ സ്വർഗത്തിൽ സിംഹാസനം ആൾക്കൂട്ടം ഭൂമിയിലും സ്വർഗ്ഗത്തിലും തുറക്കാനാളില്ലാത്ത മുദ്രവച്ച പുസ്തകം, എല്ലാമുണ്ട്! യോഹന്നാൻ കരയുന്നു. പിന്നൊരു മൂപ്പൻ പറയുന്നു. ക്രിസ്തു അതു തുറക്കുമെന്ന്. വെറും വൈതാളിക ഗാനങ്ങളാണിതെല്ലാം. ക്രിസ്തുവിൽ എല്ലാ മഹത്ത്വങ്ങളും അടിസ്ഥാനമൊന്നുമില്ലാതെ ആരോപിക്കുകയാണ്.

102. ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതുകണ്ടു. അതിന്നു ഏഴു കൊമ്പും സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണുകളും ഉണ്ട്. (5,6)

സമീ:– യോഹന്നാന്റെ മനസ്സിലെ സ്വപ്നങ്ങളുടെ സ്വഭാവം നോക്കുക. ആ സ്വർഗ്ഗത്തിന്റെ നടുവിൽ എല്ലാ ക്രിസ്ത്യാനികളും നാലു മൃഗങ്ങളും യേശുവും ഉണ്ട്, മറ്റാരുമല്ല. ഇവിടെ യേശുവിനു രണ്ടുകണ്ണേയുള്ളു, കൊമ്പില്ല. സ്വർഗ്ഗത്തിൽ ചെന്നപ്പോൾ ഏഴുകൊമ്പും ഏഴുകണ്ണുമായി. അദ്ഭുതം തന്നെ! ഏഴുദൈവങ്ങളുടെ ആത്മാവ് യേശുവിന്റെ കണ്ണും കൊമ്പുമായി. കൊള്ളാം, ഇതൊക്കെ ക്രിസ്ത്യാനികൾ എങ്ങനെ വിശ്വസിക്കുന്നു? അല്പമെങ്കിലും ബുദ്ധിവേണ്ടേ?

103 പുസ്തകം വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തിനാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു കുഞ്ഞാടിന്റെ മുമ്പാകെ വീണു. (5.8)

സമീ:– യേശു സ്വർഗത്തിൽ ഇല്ലായിരുന്നപ്പോൾ ഈ മൂപ്പന്മാർ ധൂപദീപ നൈവേദ്യങ്ങൾ അർപ്പിച്ചതാർക്കാണ്? പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികൾ വിഗ്രഹാരാധനയെ എതിർക്കവേ അവരുടെ സ്വർഗം അതിന്റെ മടയായിത്തീർന്നിരിക്കുന്നു.

104. കുഞ്ഞാടു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ നീവരിക എന്നു നാലു ജീവികളിൽ ഒന്നു ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു വെള്ളകുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ടു; അവന്നു ഒരു കിരീടവും ലഭിച്ചു. അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു.

അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ വരിക എന്നു രണ്ടാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു. അതിന്റെ പുറത്തിരിക്കുന്നവനു മനുഷ്യൻ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടതിന്നു അധികാരം ലഭിച്ചു..... മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ..... കറുത്ത നിറമുള്ളൊരു കുതിരയെ കണ്ടു..... നാലാം മുദ്ര പൊട്ടിച്ചപ്പോൾ..... മഞ്ഞനിറമുള്ള കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന്നു മരണം എന്നു പേർ. (6,1–5, 7–8)

സമീ:– നോക്കൂ ഇതെല്ലാം പുരാണങ്ങളിലെ കെട്ടുകഥകളെ മറികടക്കുന്നതല്ലേ? പുസ്തകങ്ങളുടെ കുത്തിക്കെട്ടിനുള്ളിൽ കുതിരസവാരി എങ്ങനെ നടത്തും? ഇതെല്ലാം സ്വപ്നം കണ്ട് പിച്ചും പേയും പറയുന്നതാണ്. ഇതു നേരാണെന്നു പറയുന്നവരുടെ അജ്ഞതയെത്രയുണ്ടെന്നതിന് അളവില്ല.

105 വിശുദ്ധനും സത്യവാനും ആയ നാഥാ ഭൂമിയിൽ വസിക്കുന്നവരോടും ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്ന് അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു. അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതികയുവോളം അല്പം കാലംകൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി. (6–10–11)

സമീ:– ക്രിസ്ത്യാനികൾ വിചാരണത്തടവുകാരായിരിക്കാം. അവർ ന്യായത്തിനു വേണ്ടി വിലപിക്കുന്നതതിന്നാവാം. വേദമാർഗം സ്വീകരിക്കുന്നവർക്ക് ന്യായത്തിനു കാത്തിരിക്കേണ്ട. ഉടനേ കിട്ടും. ക്രിസ്ത്യാനികളോടു ചോദിക്കണം – ഈയിടെ ദൈവത്തിന്റെ കോടതി അടച്ചിരിക്കയാണോ? ന്യായ കാര്യങ്ങൾ നടക്കുന്നില്ലേ? ന്യായാധിപന്മാർ പണിമുടക്കിലാണോ? അവർക്ക് ഉത്തരമൊന്നും പറയാനില്ല! ഈശ്വരനേയും കബളിപ്പിക്കുന്നു! ഈശ്വരൻ കളിപ്പിക്കപ്പെടുകയും! പറയും മുമ്പുതന്നെ ശത്രുവിനെ നേരിടുന്നു! വല്ലാത്ത പ്രതികാരബുദ്ധിയുള്ള ഇവർ ചത്താലും വൈരം വിടുകയില്ല. എങ്ങും സമാധാനമില്ല. സമാധാനമില്ലാത്തിടത്ത് ദുഃഖത്തിനറുതിയുമില്ല.

106. അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങീട്ടു കായി ഉതിർക്കുന്നതുപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി. (6,13.14)

സമീ:– പ്രവാചകനായ യോഹന്നാൻ അറിവില്ലെങ്കിൽകൂടി ഇത്തരം വിടുവായാടുന്നതു നോക്കുക. നക്ഷത്രങ്ങൾ ലോകഗോളങ്ങളാണ്. അതു ഭൂമിയിൽ എങ്ങനെ വീഴാനാണ്? സൂര്യാദികളുടെ ആകർഷണം നിമിത്തം അവ എവിടുന്നെങ്ങോട്ടു നീങ്ങാനാണ്? ആകാശം പന്തലാണെന്നു വിചാരിക്കുന്നുവോ? ഈ ആകാശം ആകൃതിയുള്ള വസ്തുവല്ല. ആർക്കും അതിനെ തെറുത്തു

കെട്ടാൻ കഴിവില്ല. ഈ യോഹന്നാനും മറ്റും അപരിഷ്കൃതരായിരുന്നു. അവരുടെ ഈ വാക്കുകളിൽ ഒരു കഥയുമില്ല.

107 മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു. യിസ്രായേൽ മക്കളുടെ സകലഗോത്രത്തിലും നിന്നു മുദ്രയേറ്റവർ നൂറ്റി നാല്പത്തി നാലായിരം പേർ. യെഹൂദാ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം (7,5–5)

സമീ:– ബൈബിളിലെ ദൈവം ഇസ്രായേൽ തുടങ്ങിയ ഗോത്രങ്ങളുടെ ദൈവമോ ലോകത്തിന്റെ ദൈവമോ? ദൈവമെന്തിന് കാട്ടുകൂട്ടത്തോടുകൂടി? അവരെ സഹായിക്കയും മറ്റുള്ളവരെപ്പറ്റി മിണ്ടാതിരിക്കയും ചെയ്യുന്ന ദൈവം ദൈവമല്ല. ഇസ്രയേൽ ഗോത്രക്കാർക്കു മുദ്രകുത്തുന്നതും മറ്റും അല്പജ്ഞതയോ യോഹന്നാന്റെ കിനാവോ ആയിരിക്കാം.

108. അതുകൊണ്ടു അവൻ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു.

സമീ:– ഇത് കടുത്ത വിഗ്രഹാരാധനയല്ലേ? ഈ ദൈവം മനുഷ്യനെപ്പോലെ ഒരു സ്ഥലത്തൊതുങ്ങുന്നില്ലേ? ക്രിസ്ത്യൻ ദൈവത്തിന് രാത്രിയിൽ ഉറക്കവുമില്ല. ഉറങ്ങുന്നെങ്കിൽ രാപകൽ പൂജയെന്തിന്? അഥവാ ഉറക്കം കെടുത്തുന്നതാവാം. രാപകൽ ഉറക്കമൊഴിച്ചാൽ ഭ്രാന്തോ മഹാരോഗമോ പിടിക്കും.

109 മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിന്നരികെ നിന്നു. സിംഹാസനത്തിൽ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന്നു വളരെ ധൂപവർഗ്ഗം അവന്നു കൊടുത്തു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെയും പ്രാർത്ഥനയോടുകൂടെ ദൂതന്റെ കൈയ്യിൽ നിന്നു ദൈവസന്നിധിയിലേക്കു കയറി. ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കു എറിഞ്ഞു. ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി. (8, 3–5)

സമീ:– നോക്കൂക! സ്വർഗത്തിൽ പോലും വേദിയും ധൂപവും നൈവേദ്യവും കാഹളശബ്ദവും! വൈരാഗികളുടെ ക്ഷേത്രത്തിലുപരിയാണോ ക്രിസ്ത്യൻ സ്വർഗം? അല്പം കോലാഹലം കൂടുതലുണ്ടാവാം!

110 ഒന്നാമത്തവൻ (കാഹളം) ഊതി അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി. (8.7)

സമീ:– ബലേ ഭേഷ്! ക്രിസ്ത്യൻ പ്രവാചകനെ കൊള്ളാം. ദൈവവും ദൈവദൂതനും കാഹളശബ്ദവും പ്രളയലീലയുമെല്ലാം വെറും കുട്ടിക്കളിയാണ്. ഇത് പ്രളയകാര്യമോ?

111 അഞ്ചാമത്തെ ദൂതൻ ഊതി. അപ്പോൾ ഒരു നക്ഷത്രം ആകാശത്തു നിന്നു ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു. അവന്നു അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധകൂപം തുറന്നു. ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽനിന്നും പുകപൊങ്ങി. കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി. പുകയിൽനിന്നു വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിന്നു ഭൂമിയിലെ തേളിനുള്ള ശക്തി ലഭിച്ചു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിന്നും പച്ചയായതൊന്നിന്നും യാതൊരു വൃക്ഷത്തിന്നും കേടുവരുത്തരുതു എന്നു അതിന്നു കല്പന ഉണ്ടായി. അവരെ കൊല്ലുവാനല്ല അഞ്ചുമാസം ദണ്ഡിപ്പിക്കാനത്രേ അതിന്നു അധികാരം ലഭിച്ചതു. (9.1–5)

സമീ:– കാഹളശബ്ദം കേട്ട് നക്ഷത്രം ആ ദൂതന്മാരുടെ മേലായിരിക്കാം വീണത്. ഇവിടെ വീണിട്ടേയില്ല. വെട്ടുകിളികളെയും കിണറിനെയും പ്രളയത്തിനുവേണ്ടി ദൈവം നിർമ്മിച്ചുവോ? മുദ്രനോക്കി വെട്ടുക്കിളി എങ്ങനെ ആളെത്തിരിച്ചറിയും? ഇതെല്ലാം മനുഷ്യരെ ഭയപ്പെടുത്തി ക്രിസ്ത്യാനികളാക്കാനുള്ള അടവാണ്. അജ്ഞരുടെ നാട്ടിൽ നടക്കും. ഇവിടെയീ ആര്യാവർത്തത്തിൽ നടക്കുകയില്ല.

112 കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങ് ഇരുപതിനായിരം എന്നു ഞാൻ കേട്ടു (9 16)

സമീ:– ഇത്രയും കുതിരകൾ സ്വർഗത്തിൽ എവിടെ പാർക്കും, എവിടെ മേയും. എവിടെ നിന്ന് ചാണകമിടും? എന്തൊരു ദുർഗന്ധമായിരിക്കും ആ സ്വർഗത്തിൽ? ഇത്തരം സ്വർഗം, ഈശ്വരൻ, മതം എന്നിവയോട് ഞങ്ങൾ ആര്യവർത്തക്കാർ വിട പറഞ്ഞിരിക്കുന്നു. ഈ ദുരിതം ഈശ്വരൻ പ്രസാദിച്ച് ക്രിസ്ത്യാനികളുടെ തലയിൽനിന്നു ഒഴിവായാൽ ഏറെ നന്ന്.

113. ബലവാനായ മറ്റൊരു ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവർ..... അവൻ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വച്ചു. (10, 1–2)

സമീ: പുരാണങ്ങളിലെയോ ഐതിഹ്യങ്ങളിലെയോ കഥകളെക്കാൾ മെച്ചമാണോ ഈ ദൂതന്മാരുടെ കഥകളെന്നു നോക്കുക.

114. പിന്നെ ദണ്ഡുപോലുള്ള ഒരു കോൽ എന്റെ കയ്യിൽ കിട്ടി കല്പനലഭിച്ചതു: നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യോഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരേയും അളക്കുക. (11. 1)

സമീ:– ഇവിടെ മാത്രമോ! ക്രിസ്ത്യാനികൾ സ്വർഗ്ഗത്തിലും ദേവാലയങ്ങളുണ്ടാക്കുകയും അള



ക്കുകയും ചെയ്യുന്നു. കൊള്ളാം. അവരുടെ സ്വർഗം പോലെ തന്നെയാണ് ഈ പ്രസ്താവങ്ങളും, കുർബാനയിൽ യേശുവിന്റെ ശരീരാംശങ്ങളായ രക്തവും മാംസവും എന്നു സങ്കല്പിച്ച് ഭക്ഷിക്കുന്നു! പള്ളിയിൽ കുരിശും മറ്റും ഉണ്ടാക്കിവച്ച് ആ വിഗ്രഹങ്ങളെ ആരാധിക്കുന്നു.

115 അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു. അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി. (11.19)

സമീ:- സ്വർഗത്തിലെ പള്ളി വല്ലപ്പോഴും മാത്രം തുറക്കുന്നതാവാം. ദൈവത്തിനു പള്ളിയോ? വേദോക്തമായ പരമാത്മാവ് സർവവ്യാപകനാകയാൽ ആലയത്തിൽ കൂടിക്കിടക്കുകയില്ല. ക്രിസ്ത്യാനികളുടെ ദൈവം സാകാരനാകയാൽ സ്വർഗത്തിലും ഭൂമിയിലും ഒരുപോലെ! ഇവിടെ മണിയടിയും കാഹളമൂത്തും നടക്കുംപോലെ സ്വർഗത്തിലും! നിയമത്തിന്റെ പെട്ടകം ക്രിസ്ത്യാനികൾ വല്ലപ്പോഴും കാണുന്നുണ്ടാകാം. അതിന്റെ ഉപയോഗമെന്തെന്നറിവില്ല. ഇതെല്ലാം മനുഷ്യരെ പ്രലോഭിപ്പിക്കാൻ കൊള്ളാം.

116. സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. അവൾ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു. സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി. ഏഴുതലയും പത്തുകൊമ്പും തലയിൽ ഏഴുരാജമുടിയുമായി തീനിറമുള്ളൊരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കെറിഞ്ഞു കളഞ്ഞു. (12. 1-4)

സമീ:- അളവറ്റ പുളു കേൾക്കുക. ഇവരുടെ സ്വർഗത്തിലും പാവം സ്ത്രീ നിലവിളിക്കുന്നു. അവളുടെ ദുഃഖം കേൾക്കാനോ തീർക്കാനോ ആരുമില്ല. നക്ഷത്രങ്ങളുടെ മുന്നിലൊന്നിനെ ഭൂമിയിലേക്കു തട്ടിത്തെറിപ്പിക്കുവാൻ ആ പെരുമ്പാമ്പിൻ വാൽ എത്ര വലുതായിരിക്കണം? ഭൂമി എത്ര ചെറുത്! നക്ഷത്രങ്ങൾ എത്ര വലുത്! ഈ ഭൂമിയിൽ ഒരു നക്ഷത്രം പോലും കൊള്ളുകയില്ല. നക്ഷത്രങ്ങളുടെ മൂന്നിലൊന്നു വീണെന്നു പറയുന്നയാളിന്റെ വീട്ടിലാവാം അതു വീണതെന്നു മാനിക്കണം. നക്ഷത്രങ്ങളുടെ മൂന്നിലൊന്നിനെ ചുരുട്ടിക്കൂട്ടി ഭൂമിയിൽ വീഴ്ത്തിയ പെരുമ്പാമ്പ് ഇതെഴുതിയ ആളിന്റെ വീട്ടിലല്ലാതെ എവിടെയാവാം പാർത്തിരുന്നത്?

117 പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും മഹാ സർപ്പത്തോടു പടവെട്ടി. (12.7)

സമീ:- ക്രിസ്ത്യാനികളുടെ സ്വർഗത്തിൽ ചെല്ലുന്നവർ യുദ്ധത്തിന്റെ ദുരിതം അനുഭവിക്കണമായിരിക്കാം. ഇത്തരം സ്വർഗത്തിനോട് ആശവെടിഞ്ഞ് വിടപറഞ്ഞുകൊള്ളുക. ശാന്തിഭംഗവും ലഹളയും ഉള്ളിടം ക്രിസ്ത്യാനികൾക്കാണ് ചേരുന്നത്?

118 ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാ സർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. (12.9)

സമീ:- ചെകുത്താൻ സ്വർഗത്തിലായിരുന്നപ്പോൾ ആളുകളെ വഴി തെറ്റിച്ചിരുന്നില്ലേ? അവനെ എന്തുകൊണ്ട് ജീവപര്യന്തം തടവിലാക്കുകയോ കൊല്ലുകയോ ചെയ്തില്ല. എന്തിനവനെ ഭൂമിയിലേക്കയച്ചു? ലോകത്തെയെല്ലാം ചെകുത്താനാണ് വഴിതെറ്റിക്കുന്നതെങ്കിൽ ചെകുത്താനെ ആരു വഴിതെറ്റിക്കുന്നു? സ്വയം വഴിതെറ്റുന്നെങ്കിൽ മറ്റുള്ളവർക്കും സ്വയം വഴിതെറ്റാവുന്നതാണ്. ചെകുത്താൻ വേണമെന്നില്ല. ദൈവമാണ് അതുചെയ്യുന്നതെങ്കിൽ ആ ദൈവം ദൈവമല്ല. ക്രിസ്ത്യൻ ദൈവം ചെകുത്താനെ ഭയപ്പെടുന്നെന്നു തോന്നുന്നു. എന്തെന്നാൽ ദൈവത്തിനു ചെകുത്താനേക്കാൾ ശക്തിയുണ്ടെങ്കിൽ തെറ്റുചെയ്യുമ്പോൾത്തന്നെ പിടികൂടി ശിക്ഷിക്കാവുന്നതാണ്. ജഗത്തിൽ ചെകുത്താനുള്ളതിന്റെ ആയിരത്തിലൊരംശം രാജ്യം പോലും ക്രിസ്ത്യൻ ദൈവത്തിനില്ല. അതിനാലാവാം ദൈവത്തിനു ചെകുത്താനെ അകറ്റാനാവാത്തത്. ഇന്നത്തെ ക്രിസ്ത്യാനികളായ ഭരണാധിപന്മാർ കള്ളനെയും കൊള്ളക്കാരനെയും വേഗം പിടികൂടി ശിക്ഷിക്കുംപോലെ ദൈവത്തിനു കഴിയുന്നില്ല. പിന്നെ ഏതു ബുദ്ധിഹീനനാണ് വൈദികധർമം വെടിഞ്ഞ് സാരഹീനമായ ക്രിസ്തുമതം സ്വീകരിക്കുന്നത്?

119 ഭൂമിയ്ക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാചു തനിക്കു അല്പകാലമേയുള്ളൂ എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു. (12.12)

സമീ:- ദൈവം അവയുടെ രക്ഷകനും അധിപനുമല്ലേ? ഭൂമി, മനുഷ്യാദിജീവികൾ മുതലാവയുടെ രക്ഷകനും അധിപനുമല്ലേ? ഭൂമിയുടെ അധിപനെങ്കിലുമാണെങ്കിൽ ചെകുത്താനെ എന്തുകൊണ്ട് വധിച്ചുകളഞ്ഞില്ല? ഈശ്വരൻ നോക്കിയിരിക്കെ ചെകുത്താൻ വഴിതെറ്റിച്ചുകൊണ്ട് വിലസുന്നു! എന്നിട്ടും അവനെ ഒഴിവാക്കുന്നില്ല. ഒരു നല്ല ദൈവവും ദുഷ്ടനും സമർഥനുമായ മറ്റൊരു ദൈവവും ഉണ്ടെന്നു തോന്നുന്നു.

120. നാല്പത്തിരണ്ടുമാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗത്തിൽ വസിക്കുന്നവരേയും ദുഷിപ്പാൻ ദൈവ



ദൂഷണത്തിന്നായി വായ്തുറന്നു വിശുദ്ധന്മാരോടു യുദ്ധം ചെയ്തു. അവരെ ജയിപ്പാനും അതിന്നു അധികാരം ലഭിച്ചു; സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു.

സമീ:- ലോകരെ വഴിതെറ്റിക്കാൻ ചെകുത്താനെയും ജന്തുക്കളേയും അയയ്ക്കുക, നല്ല മനുഷ്യരോടു യുദ്ധം ചെയ്യിക്കുക, ഇതെല്ലാം കവർച്ചക്കാരുടെയും മാടമ്പിമാരുടേയും പണിയല്ലേ? ഇതൊന്നും ഈശ്വരന്റെയോ ഭക്തന്മാരുടേയോ പണിയല്ല.

121. പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരും നിലനില്ക്കുന്നതു കണ്ടു. (41.1)

സമീ: നോക്കൂ! ക്രിസ്തുവിന്റെ പിതാവായ ദൈവം പാർക്കുന്ന സീയോൻ മലയിൽ മകനും പാർക്കുന്നുണ്ട്. ഈ നൂറ്റിനാല്പത്തിനാലായിരം പേരെ എണ്ണിയതെന്തിന്? ഒരുലക്ഷത്തിനാല്പത്തിനാലായിരം പേരാണോ സ്വർഗവാസികൾ? ശേഷിച്ച കോടാനുകോടി ക്രിസ്ത്യാനികളുടെ നെറ്റിയിൽ മുദ്രകുത്തപ്പെട്ടില്ലേ? അവരെല്ലാം നരകത്തിൽ പോയോ? സിയോൻ മലമുകളിൽ ചെന്ന് ദൈവവും ദൈവത്തിന്റെ സൈന്യവും അവിടെയുണ്ടോ എന്നു ക്രിസ്ത്യാനികൾ നോക്കണം. ഉണ്ടെങ്കിൽ ഈ ലേഖനം ശരി. ഇല്ലെങ്കിൽ തെറ്റ്. വല്ലയിടത്തുനിന്നും അവിടെ വന്നതാണെങ്കിൽ, എവിടുന്നു വന്നു? സ്വർഗത്തുനിന്നു വന്നതാണെങ്കിൽ അവർ പക്ഷികളാണോ മേൽകീഴ് പറന്നു പറ്റാൻ? ഇങ്ങനെ പോക്കുവരവുകാരാണവരെങ്കിൽ ദൈവം ഒരു ജില്ലയുടെ ന്യായാധിപനു സമനായി. എങ്കിൽ മൂന്നാലു പേരുണ്ടായാലും പോരാ, കുറഞ്ഞത് ഒരു ഭൂഗോളത്തിന് ഒരു ദൈവംവീതം വേണം. അനേകം ബ്രഹ്മാണ്ഡങ്ങളിൽ ഒന്നിച്ച് ചുറ്റിയടിച്ച് ന്യായം ചെയ്വാൻ ഒരാളിനു കഴിയുന്നതല്ല.

122. അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു.

സമീ:- കർമം പിന്തുടരുന്നു എന്ന് ക്രിസ്ത്യാനികളുടെ ദൈവം പറയുന്നതു കേൾക്കുക. ഇതിനർഥം കർമത്തിനനുസരിച്ച് എല്ലാവർക്കും ഫലം നല്കപ്പെടുമെന്നതാണ്. ഇവർ പറയുന്നതോ, യേശു പാപം കൈകൊണ്ട് ക്ഷമിക്കുമെന്നും. ഇവിടെ ബുദ്ധിമാന്മാർ ഒന്നു ചിന്തിക്കണം. ദൈവം പറയുന്നതോ ഇവർ പറയുന്നതോ നേര്? രണ്ടിലൊന്നേ നേരായിരിക്കൂ. മറ്റേതു കള്ളമാണ്. ക്രിസ്ത്യാനികളുടെ ദൈവമോ. അവരോ? ആരായാൽ നമുക്കെന്ത്? ഇല്ലേ?

123. ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്കു നഗരത്തിനു പുറത്തു വച്ചു മെതിച്ചു. ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി. (14.19.20)

സമീ:- ഈ പുളുപറച്ചിൽ പുരാണങ്ങളേക്കാൾ കൂടുതലല്ലേ? ക്രിസ്ത്യൻ ദൈവം കോപിക്കുമ്പോൾ കുണ്ഡം നിറയുന്നു. കോപം ജലമാണോ? അതോ മറ്റുവല്ല ദ്രാവകമോ? നൂറു കോശം രക്തം പ്രവഹിക്കുന്നത് അസംഭവ്യമാണ്. എന്തെന്നാൽ വായു ഏറ്റാലുടനേ രക്തം കട്ടയാവും. പിന്നെങ്ങനൊഴുകും? ഇതെല്ലാം മിഥ്യതന്നെ.

124. ഇതിന്റെ ശേഷം സ്വർഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു. (15.5)

സമീ:- ക്രിസ്ത്യാനികളുടെ ദൈവം സർവജ്ഞനായിരുന്നെങ്കിൽ സാക്ഷികളെന്തിന്? തനിയെ എല്ലാം അറിയാമല്ലോ. അതിനാൽ ഈ ദൈവം സർവജ്ഞനല്ലെന്നു തെളിയുന്നു. മനുഷ്യനെപ്പോലെ അല്പജ്ഞനാണെങ്കിൽ ഈശ്വരീയമായതൊന്നും ചെയ്യാനാവില്ല. ഇല്ലേയില്ല. ഈ പ്രകരണത്തിൽ ദൂതന്മാരെപ്പറ്റി എഴുതിയിരിക്കുന്നതൊന്നുമേ സത്യത്തിനു നിരക്കുന്നതല്ല. എത്രകണ്ടെഴുതാൻ? നിറയെ ഇത്തരം അബദ്ധങ്ങളാണ്.

125 അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു. അവൾ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ. അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്കു ഇരട്ടിച്ചു കൊടുപ്പിൻ. (18.5-6)

സമീ:- ഈ ദൈവം പ്രത്യക്ഷത്തിൽ തന്നെ അന്യായകാരിയാണ്. എന്തെന്നാൽ, ന്യായമെന്നു പറയുന്നത് എങ്ങനെ എത്രകർമം ചെയ്തുവോ അതിന് അങ്ങനെ അത്രയും ഫലം നല്കുന്നതാണ്. അധികമോ കുറവോ കൊടുക്കുന്നത് അന്യായമാണ്. അന്യായകാരിയെ ഉപാസിക്കുന്നവരും അന്യാക്കാരാവുന്നതിലെന്തത്ഭുതം?

126. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലൊ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. (19-9)

സമീ: കേട്ടാലും! ക്രിസ്ത്യൻ സ്വർഗത്തിൽ കല്ല്യാണവും നടക്കുന്നു. യേശുവിന്റെ വിവാഹം ദൈവം അവിടെയാണത്രേ നടത്തിയത്. ശ്വശുരനും, സ്യാലനും അമ്മായിയമ്മയും മറ്റും അരൊക്കെയാണെന്നു ചോദിക്കണം. പിള്ളേരെത്രയു

ണ്ടായി? വീര്യനാശത്താൽ ബല, ബുദ്ധി, പരാക്രമായുസ്സുകൾ ക്ഷയിച്ച് യേശു ഇതിന്നകം അവിടെ ശരീരത്യാഗം ചെയ്തു കാണണമല്ലോ? എന്തെന്നാൽ സംയോഗജന്യമായതിനു വിയോഗവും ഭവിക്കണം. ഇതു വരെയും ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ചതിക്കപ്പെട്ടിരിക്കുന്നു. എത്ര നാൾ ഇതു തുടരും എന്നു നോക്കിക്കാണാം.

127. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. (20.2–3)

സമീ:– വളരെ പ്രയാസപ്പെട്ട് ചെകുത്താനെ പിടിച്ചു. നൂറുനൂറ്റാണ്ടേക്ക് ബന്ധനത്തിലാക്കി. അതു കഴിയുമ്പോൾ മോചിച്ച് വഴിതെറ്റിക്കാൻ തുടങ്ങുകയില്ലേ? ഇത്തരം ദുഷ്ടന്മാരെ പിടികൂടി എന്നും തടവിൽ വയ്ക്കയോ കൊന്നു കളയുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ ചെകുത്താൻ സങ്കല്പം ക്രിസ്ത്യാനികളുടെ വിഭ്രമം മാത്രമാണ്. വാസ്തവത്തിലില്ലാത്ത ഇത് ആളുകളെ ഭയപ്പെടുത്തി വലയിലാക്കാനുണ്ടാക്കിയ പേപ്പിടിയാണ്. പാവപ്പെട്ടവരെ പിടികൂടി ഏകാന്ത സ്ഥലത്തുകൊണ്ടുചെന്ന് ചതുർഭുജനാരായണവേഷം കെട്ടിയവനെ കാട്ടി 'ഇതാ നില്ക്കുന്നു ഭഗവാൻ ഇനി കണ്ണടയ്ക്കുക. പറഞ്ഞിട്ടേ തുറക്കാവൂ. അല്ലെങ്കിൽ കണ്ണുപൊട്ടും' ഇങ്ങനെ കണ്ണടപ്പിച്ചും തുറപ്പിച്ചും ഭഗവാനെ കാട്ടുന്ന സമ്പ്രദായമാണിതും. ഇത്തരം മതക്കാരുടെ പ്രവൃത്തി ഇങ്ങനെയാണ്. ഞങ്ങളുടെ മതം വിശ്വാസിക്കാത്തവർ ചെകുത്താൻ പിടിച്ചവരാണ് എന്നെല്ലാം അവർ പറയും. ഇവരുടെ മായയിൽ പെട്ടുകൂടാത്തതാണ്.

128. അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി. അവയെപിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകത്തിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി (20,11,12)

സമീ:– കുട്ടിക്കളി കണ്ടുവോ? ആകാശവും ഭൂമിയും എങ്ങനെ ഓടും? അവ എവിടെ നില കൊള്ളും? ആരുടെ മുമ്പിൽനിന്നോടും? അവന്റെ സിംഹാസനവും അവനും എവിടെനിന്നു? ചത്തവരെ ദൈവത്തിനു മുമ്പിൽ നിർത്തിയപ്പോൾ ദൈവം ഇരിക്കുകയായിരുന്നോ നില്ക്കുകയായിരുന്നോ? ഈ കച്ചേരിയും കച്ചവടവും എല്ലാം കണക്കിൻപടി ഈശ്വരൻ നടത്തുന്നതാണോ? ജീവികളുടെയെല്ലാം വൃത്താന്തം ദൈവമോ ഗുമസ്തനോ എഴുതിയത്? ഇത്തരം വർണനകളാൽ ക്രിസ്തുമതക്കാരും മറ്റും ഈശ്വരനെ ഈശ്വരനല്ലാതാക്കി; ഈശ്വരനല്ലാത്തതിനെ ഈശ്വരനുമാക്കി!

129 ഒരുത്തൻ വന്നു എന്നോടു: വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞു. (20–9)

സമീ:– യേശു സ്വർഗത്തിൽ നല്ല മണവാട്ടിയെ പ്രാപിച്ച് സുഖിക്കയാവാം. അവിടെ ചെല്ലുന്ന ക്രിസ്ത്യാനികൾക്കും മണവാട്ടിയെ കിട്ടുമായിരിക്കാം. സന്തതികളുണ്ടാകുന്നുമുണ്ടാകാം. ജനപ്പെരുപ്പമുണ്ടായി, രോഗമുണ്ടായും മറ്റും ചാകുന്നുമുണ്ടാകാം. ഇത്തരം സ്വർഗത്തെ തൊടാതൊഴിയുന്നതാണു നന്ന്.

130 അളവുകോൽ കൊണ്ടു അവൻ നഗരത്തെ അളന്നു. ആയിരത്തിനൂറു നാഴിക കണ്ടു. അതിന്റെ നീളവും വീതിയും ഉയരവും സമം തന്നേ. അതിന്റെ മതിൽ അളന്നു. മനുഷ്യന്റെ അളവിന്നു എന്നു വച്ചാൽ ദൂതന്റെ അളവിന്നുതന്നേ. നൂറ്റി നാല്പത്തിനാലു മുഴം ഉണ്ടായിരുന്നു. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛ സ്പടികത്തിനൊത്ത തങ്കവും ആയിരുന്നു. നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല രത്നവും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേതു നീലരത്നം, മൂന്നാമത്തേതു മാണിക്യം, നാലാമത്തേതു മരതകം. അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേതു ചുകപ്പുകല്ല്, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒമ്പതാമത്തേതു പുഷ്യരാഗം, പത്താമത്തേതു വൈഡൂര്യം, പതിനൊന്നാമത്തേതു പത്മരാഗം, പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം. പന്ത്രണ്ടു ഗോപുരവും പന്ത്രണ്ടുമുത്തു. ഓരോ ഗോപുരം ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിന്റെ വീഥി സ്വച്ഛസ്ഫടികത്തിന്നു തുല്യമായ തങ്കവും ആയിരുന്നു. (21,16–21)

സമീ: ക്രിസ്ത്യാനികളുടെ സ്വർഗവർണ്ണന കേട്ടാലും ക്രിസ്ത്യാനികൾ മരിച്ചുചെന്ന് അവിടെ ജനിക്കുന്ന പക്ഷം ഈ വലിയ നഗരത്തിലും അവർ കൊള്ളുകയില്ല. ഇവിടെ മനുഷ്യർ വന്നു കൊണ്ടേയിരിക്കുന്നു. ആരും പോകുന്നതേയില്ല ഇത്രയേറെ വിലപിടിപ്പുള്ള രത്നങ്ങളാലുണ്ടാക്കിയ സ്വർണഖചിതമായ പട്ടണമെന്നെല്ലാം പറയുന്നത് വെറുതേ സാധാരണക്കാരെ ആകർഷിക്കാനാണ്. നഗരത്തിന്റെ വീതിയും നീളവും എഴുതിയിരിക്കുന്നത് ശരിയാകാം. പക്ഷേ ഉയരം ശരിയാവുകയില്ല. വെറും ഭാവനയാണത്. ഇത്ര വലിയ മുത്തുകൾ എവിടെനിന്നു കിട്ടും? ലേഖനമെഴുതിയയാളിന്റെ വീട്ടിൽ നിന്നു കുഴിച്ചെടുത്തതാവും! ഈ പുളു പുരാണങ്ങളിലേതിന്റെ ഇരട്ടിയാണ്!

131 അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല (21, 27)

സമീ: ഇങ്ങനെയാണെങ്കിൽ പാപിക്കും സ്വർഗരാജ്യത്തിൽ പ്രവേശനമുണ്ടെന്ന് ക്രിസ്ത്യാനികൾ



എന്തിനു പറയുന്നു? ഇതു ശരിയല്ല. ഇങ്ങനെയാണെങ്കിൽ സ്വപ്നത്തിലെന്നവണ്ണം മിഥ്യാവചനങ്ങൾ പറയുന്ന യോഹന്നാനും ഒരിക്കലും സ്വർഗത്തിൽ കടക്കുകയില്ല. യേശുവും കടന്നു കാണുകയില്ല. ഒറ്റയ്ക്ക് ഒരു പാപിയ്ക്ക് സ്വർഗത്തിൽ കടക്കാനാവുകയില്ലെങ്കിൽ അനേകം പാപികളുടെ പാപം ചുമക്കുന്ന ക്രിസ്തു എങ്ങനെ പ്രവേശിക്കും?

132 യാതൊരു ശാപവും ഇനി ഉണ്ടാകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവൻ അവന്റെ മുഖം കാണും. അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. ഇനി രാത്രി ഉണ്ടാകയില്ല. ദൈവവമായ കർത്താവ് അവരുടെ മേൽ പ്രകശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല. അവർ എന്നന്നേക്കു രാജാക്കന്മാരായിരിക്കും. (22,3-5)

സമീ:- നോക്കൂ! ക്രിസ്ത്യാനികളുടെ സ്വർഗവാസം നോക്കുക! ദൈവവും യേശുവും സദാ സിംഹാസനത്തിലിരിക്കുമോ? അവരുടെ ദാസന്മാർ എപ്പോഴും മുൻപിൽ മുഖം കാണിച്ചു നില്ക്കുമോ? ഈ ദൈവത്തിന്റെ മുഖം യൂറോപ്പുകാരന്റേതുപോലെയോ ആഫ്രിക്കന്റേതുപോലെയോ? അതോ മറ്റു ദേശക്കാരുടേതുപോലെയോ? നിങ്ങളുടെ ഈ സ്വർഗം ബന്ധനമാണ്. എന്തെന്നാൽ ഇതിൽ വലുപ്പച്ചെറുപ്പമുണ്ട്. ഒരു പട്ടണത്തിൽ ഇവരെല്ലാം പാർത്താൽ ദുഃഖമുണ്ടാവില്ലേ? മുഖമുള്ള ദൈവം സർവജ്ഞനായ സർവ്വേശ്വരനല്ലതന്നെ.

133 ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു. (22.12)

സമീ:- കർമത്തിനുതക്ക ഫലം കിട്ടുമെന്നാണെങ്കിൽ പാപത്തിനു ക്ഷമയില്ലതന്നെ. ക്ഷമിക്കുമെങ്കിൽ പൂർവാപരവിരുദ്ധമായി. ചുഴലിരോഗിയെപ്പോലായി. അത്തരം അസത്യങ്ങൾ അംഗീകരിക്കാവുന്നതല്ല. ത്യാജ്യമാണ്.

എത്രകണ്ടെഴുതാനാണ്. ബൈബിളിലെ ഒട്ടേറെ കാര്യങ്ങളും ത്യാജ്യവും ഖണ്ഡനീയവുമാണ്. കുറച്ചുമാത്രം പേരിന് എഴുതിയെന്നേയുള്ളൂ. ബുദ്ധിമാന്മാർക്ക് ഒട്ടേറെ ഇതിൽനിന്നു ഗ്രഹിക്കാം. കുറച്ചൊഴികെ മറ്റെല്ലാം കള്ളം തന്നെയാണതിൽ. കള്ളത്തിനോടു ചേർന്ന സത്യം അശുദ്ധമായിരിക്കുന്നതിനാൽ ബൈബിൾ സ്വീകാര്യമായ ധർമഗ്രന്ഥമല്ല. വേദങ്ങളെ സ്വീകരിച്ചാലേ സത്യം വെളിവാകൂ.

(ഇത്രയും ബൈബിളിനെപ്പറ്റി സ്വല്പമെഴുതി, ബുദ്ധിമാന്മാരുടെ മുമ്പിൽ ഏറെ ഏഴുതിവയ്ക്കുന്നത് അനാവശ്യമാണ്. ഇനി മുസൽമാന്മാരുടെ മതത്തെപ്പറ്റി എഴുതുന്നതാണ്.)

ശ്രീമദ്ദയാനന്ദസരസ്വതി സ്വാമികൾ രചിച്ച
സത്യാർഥപ്രകാശത്തിലെ,
ക്രിസ്തുമത വിഷയങ്ങളെ
ഖണ്ഡനമണ്ഡനം ചെയ്യുന്ന
പതിമൂന്നാം സമുല്ലാസം കഴിഞ്ഞു.

thearyasamaj.org

അനുഭൂമിക നാല്

ഈ പതിനാലാം സമുല്ലാസത്തിൽ മുസൽമാന്മാരുടെ മതവിഷയങ്ങൾ എഴുതിയിരിക്കുന്നത് ഖുർആനെ ആസ്പദമാക്കിയാണ്. മറ്റു ഗ്രന്ഥങ്ങളെ[1] ആസ്പദമാക്കിയല്ല. മുസൽമാന്മാർ ഖുർആനിലാണല്ലോ പൂർണമായും വിശ്വസിക്കുന്നത്.

ഏതാനും ചില വാക്കുകളുടെ അർഥത്തെപ്പറ്റിയും മറ്റുമല്ലാതെ ഖുർആനെപ്പറ്റി വിവാദമൊന്നുമില്ല. ഖുർആൻ അറബിഭാഷയിലാണ്. മൗലവിമാർ ഉർദുവിൽ അതിന്നർഥം എഴുതിയിട്ടുണ്ട്. ആ അർത്ഥം ദേവനാഗരിലിപിയിലാക്കിച്ച്, ഹിന്ദിഭാഷയിൽ അർത്ഥമഴുതിച്ച്, പ്രശസ്ത അറബിവിദ്വാന്മാരെക്കൊണ്ട് പരിശോധിപ്പിച്ചാണ് ഇവിടെ എഴുതിയിരിക്കുന്നത്. അർത്ഥം ശരിയായില്ല എന്നാർക്കാനും അഭിപ്രായമുള്ള പക്ഷം മൗലവിമാരുടെ തർജ്ജമകളെ അവർ ഖണ്ഡനം ചെയ്യട്ടെ. പിന്നെ ഇതിനെപ്പറ്റി എഴുതിയാൽ മതി.

എന്തെന്നാൽ ഈ ലേഖനം മനുഷ്യരുടെ ഉന്നതിയ്ക്കും സത്യാസത്യ നിർണയത്തിനും വേണ്ടിയാണ് എഴുതുന്നത്. എല്ലാ മതങ്ങളെപ്പറ്റിയും അല്പാല്പം അറിവ് വേണം എന്നർത്ഥം. മനുഷ്യർക്കു പരസ്പരം വിചാരണ വിനിമയത്തിന്നവസരം കിട്ടട്ടെ. പരസ്പരം ദോഷഖണ്ഡനം ചെയ്ത് ഗുണം ഗ്രഹിക്കുമാറാകട്ടെ അന്യമതത്തിന്മേലോ ഈ മതത്തിന്മേലോ വ്യഥാ നല്ലതും തീയതും ആരോപിച്ചിട്ടു കഥയില്ല. നല്ലതു നല്ലതായും തീയത് തീയതായും ഏവർക്കും ബോധിക്കട്ടെ ആരും ആരുടെ മേലും കള്ളം പ്രചരിപ്പിക്കയോ സത്യത്തെ നിരോധിക്കുകയോ ചെയ്യാതിരിക്കട്ടെ. സത്യാസത്യങ്ങൾ വെളിവാക്കിയാലും ഇഷ്ടമുള്ളവർ സ്വീകരിക്കയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യട്ടെ. ആരോടും ബലാത്കാരം വേണ്ട.

തന്റെയും അന്യന്റെയും ദോഷങ്ങളെ ദോഷമായും ഗുണങ്ങളെ അങ്ങനെയും കണ്ട് ദോഷങ്ങളെ ത്യജിച്ച്, ഗുണങ്ങളെ സ്വീകരിക്കണം. ദുരാഗ്രഹികളുടെ ശാഠ്യവും ദുരാഗ്രഹവും ഇല്ലാതാക്കണം. പക്ഷപാതം ലോകത്തിലുണ്ടാക്കിയിട്ടുള്ളതും ഉണ്ടാക്കുന്നതുമായ ദുരിതങ്ങളും അനർഥങ്ങളും ചില്ലറയല്ല. ഈ അനിശ്ചിതവും ക്ഷണഭംഗുരവുമായ ജീവിതത്തിൽ പരഹാനി ചെയ്തു ലാഭമുണ്ടാക്കുന്നതിൽ നിന്നു സ്വയം മാറി നില്ക്കുന്നതും അന്യരെ മാറ്റിനിർത്തുന്നതും മനുഷ്യത്വത്തിനു മാറ്റേറ്റുന്നതാണല്ലോ.

ഇതിൽ വിരുദ്ധമായി എഴുതിയിട്ടുള്ളതെന്തെന്ന് വിദ്വാന്മാർ അറിഞ്ഞ് പെരുമാറണം. ഉചിതമായതിനെ സ്വീകരിക്കണം. എന്തെന്നാൽ ശാഠ്യം, ദുരാഗ്രഹം, ഈർഷ്യ, ദ്വേഷം, വാദവിവാദങ്ങൾ, വിരോധങ്ങൾ എന്നിവയെ കുറയ്ക്കാനാണ്, കൂട്ടാനല്ല, ഈ ലേഖനം എഴുതിയിരിക്കുന്നത്. പരസ്പര ഹാനിയിൽനിന്നൊഴിഞ്ഞ്, പരസ്പരലാഭം വരുത്തുന്നതാണ് നമ്മുടെ മുഖ്യ കർത്തവ്യം.

ഈ പതിന്നാലാം സമുല്ലാസത്തിൽ മുസൽന്മാരുടെ മതത്തെപ്പറ്റി എഴുതാം.[2] നോക്കി ഇഷ്ടമായതു ഗ്രഹിച്ച് അനിഷ്ടമായതിനെ തള്ളണം.

ബുദ്ധിമാന്മാരോടിതിലേറെ എന്തു പറയുവാൻ!

1. ഹദീസ് മുതലായവയല്ലെന്നു താല്പര്യം. ഹദീസ് ചില മുസ്ലീങ്ങളെ അംഗീകരിക്കുന്നുള്ളു.

2. സി.എൻ. അഹമ്മദ് മൗലവിയുടെ ഖുറാൻ മലയാള തർജ്ജമയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. (1973 ലെ എൻബി. എസ്. പതിപ്പ്) അർത്ഥം വ്യക്തമാക്കുന്നതിന് ചിലേടങ്ങളിൽ ബ്രാക്കറ്റിൽ മൗലവി കൊടുത്തിട്ടുള്ള ഭാഗങ്ങൾ ഈ പുസ്തകത്തിൽ ഒഴിവാക്കിയിട്ടുണ്ട്. (പരിഭാഷകൻ)

14

പതിനാലാം സമുല്ലാസം

സത്യാർത്ഥപ്രകാശം
ഇസ്ളാം മതവിഷയം

ഇനി യവനമത വിഷയം വ്യാഖ്യാനിക്കാം മുസൽമാന്മാരുടെ മതത്തെപ്പറ്റി ഇനി എഴുതാം:-

1. കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിന്റെ നാമത്തിൽ (ആരംഭിക്കുന്നു) (ഭാഗം 1. അധ്യായം 1. വചനം 1)

സമീക്ഷകൻ:- മുസൽമാന്മാർ പറയുന്നത്, ഖുർആൻ ദൈവത്തിന്റേതാണെന്നത്രേ, എന്നാൽ മറ്റാരോ ആണ് ഇതു നിർമ്മിച്ചതെന്ന് ഈ വചനത്തിൽ നിന്നു വ്യക്തമാകുന്നു. ദൈവമുണ്ടാക്കിയതാണെങ്കിൽ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു എന്നു പറയുകയില്ലായിരുന്നു. 'ആരംഭത്തിലെ മനുഷ്യർക്ക് ഉപദേശത്തിന്' എന്നേ പറയുമായിരുന്നുള്ളു. മനുഷ്യർക്ക് ശിക്ഷണം നല്കുന്നു, നിങ്ങളിങ്ങനെ പറയുകയെന്ന് - എന്നായാലും ശരിയല്ല. എന്തെന്നാൽ പാപത്തിന്റെ ആരംഭവും ദൈവനാമത്തോടു ചേർന്ന് ദൂഷിതമാകും. അവൻ കരുണാനിധിയും പരമകാരുണികനുമാണെങ്കിൽ തന്റെ സൃഷ്ടിയിൽ, മനുഷ്യർക്ക് സുഖത്തിനു വേണ്ടി അന്യജീവികളെ ദാരുണമായ പീഡയേല്പിച്ച് കൊന്ന് മാംസം തിന്നുകൊള്ളാൻ അനുജ്ഞ നല്കിയതെന്തിന്? അവ നിരപരാധികളും ദൈവ സൃഷ്ടികളും അല്ലേ? ദൈവനാമത്തിൽ നല്ലതിന്റെ ആരംഭം, ചീത്തയുടെയല്ല എന്നാണു പറയുന്നതെങ്കിൽ അതിൽ ഉരുണ്ടുകളിയുണ്ട്. കള്ളവും ചതിയും അസത്യഭാഷണാദികളും മറ്റും ദൈവനാമത്തിൽ തുടങ്ങുമോ? ഇതിൽ നിന്നാവുമോ കശാപ്പുകാരൻ പശുവിന്റെയും മറ്റും കഴുത്തു മുറിക്കുമ്പോൾ 'ബിസ്മില്ലാഹ്' എന്ന വചനം ചൊല്ലുന്നത്? മേൽപറഞ്ഞതാണ് അർഥമെങ്കിൽ ചീത്തക്കാര്യങ്ങൾ മുസൽമാന്മാർ ദൈവനാമത്തിൽ തുടങ്ങുന്നു. മുസ്ലീംങ്ങളുടെ ദൈവം ദയാലുവുമല്ല. ആ മൃഗങ്ങളോട് ദയയില്ലാത്തതു തന്നെ; കാരണം. മുസൽമാന്മാർക്ക് ഈ വചനത്തിന്റെ അർഥം അറിയില്ലെങ്കിൽ ഈ വചനം പ്രകടമായത് വെറുതെയാണ്. മുസൽമാന്മാർ വേറെ അർഥമാണ് പറയുന്നതെങ്കിൽ എന്താണിതിന്റെ ശുദ്ധമായ അർത്ഥം?

2. സർവ്വലോക പരിപാലകനായ അല്ലാഹുവിന്നത്രെ സ്തോത്രം. കരുണാനിധി. പരമകാരുണികൻ. (ഭാഗം 1, അധ്യായം 1, വചനം1, സൂക്തം 1-2)

സമീക്ഷകൻ:- ഖുർആനിലെ ദൈവം സർവലോകപരിപാലകനും കരുണാനിധിയും ക്ഷമാനിധിയുമാണെങ്കിൽ അന്യമതസ്ഥരെയും മൃഗങ്ങളെയും കൊന്നുകൊള്ളാൻ മുസ്ലീങ്ങൾക്ക് അനുജ്ഞ നല്കുമായിരുന്നില്ല. പരമകാരുണികനെങ്കിൽ പാപികളോടും പരമകരുണകാട്ടുമോ? എങ്കിൽ കാഫറിങ്ങളുടെ കഥ കഴിക്കുക, ഖുർആനിലും പ്രവാചകനിലും വിശ്വസിക്കാത്തവൻ കാഫറിങ്ങളാണ്, എന്നു പറയുന്നതെന്തിന്? ഇതിനാൽ ഖുർആൻ ദൈവകൃതമല്ല.

3. പ്രതിഫലം നല്കപ്പെടുന്ന ദിവസത്തിന്റെ നാഥൻ. നിന്റെ കല്പനകൾക്കേ ഞങ്ങൾ വിധേയരായി ജീവിക്കയുള്ളു. നിന്നോടു മാത്രമേ ഞങ്ങൾ സഹായത്തിന്ന് അപേക്ഷിക്കയുള്ളു. നീ ഞങ്ങൾക്കു നേർമാർഗം കാണിച്ചുതരേണമേ. (1.1.1.3-5)

സമീക്ഷകൻ:- അല്ലാഹു നിത്യവും ന്യായം ചെയ്യു

കയില്ലേ? ഏതോ ഒരു ദിവസമാണോ ന്യായം ചെയ്യുന്നത്? ഇതിലെന്തോ ഇരുളിച്ചയുണ്ട്. വിധേയത്വവും സഹായമാവശ്യപ്പെടുന്നതും ശരിതന്നെ. ചീത്തക്കാര്യത്തിനും സഹായം ആവശ്യപ്പെടുമോ? നേർമാർഗം മുസ്ലീമിന്റേതേയുള്ളോ? മറ്റുള്ളവരുടേതല്ലേ? നേർമാർഗം സ്വീകരിക്കാത്തതെന്തെന്നാണ്? ചീത്തയിലേക്ക് നേർമാർഗം ഇല്ലല്ലോ. നന്മ ഏവർക്കും ഒന്നു തന്നെങ്കിൽ, മുസ്ലീമിന് വിശേഷിച്ചൊന്നില്ല. മറ്റുള്ളവർക്ക് നന്മയില്ലെന്നാണെങ്കിൽ അത് പക്ഷപാതമല്ലേ?

4. അതായത് നിന്റെ അനുഗ്രഹങ്ങൾക്കു പാത്രമായവരുടെ മാർഗ്ഗം. കോപത്തിനു പാത്രമായരുടെയും വഴിപിഴച്ചവരുടെയും മാർഗ്ഗമല്ല. (1.1–1.6 – 7)

സമീക്ഷകൻ:– മുസ്ലീങ്ങൾ പൂർവജന്മമോ പൂർവകൃത പുണ്യപാപങ്ങളോ അംഗീകരിക്കായ്കയാൽ, ചിലരെ അനുഗ്രഹ പാത്രമാക്കുന്നതും ചിലരെ അല്ലാതാക്കുന്നതും കൊണ്ട് ദൈവം പക്ഷപാതിയായിത്തീരുന്നു. പാപപുണ്യങ്ങളില്ലാതെ ദുഃഖമോ സുഖമോ നല്കുന്നത് കേവലം അന്യായം തന്നെ. കാരണമില്ലാതെ ആരോടെങ്കിലും കനിവു കാട്ടുന്നതോ ക്രോധിക്കുന്നതോ ദൈവസ്വഭാവമല്ല. പൂർവാർജിതമായ പുണ്യപാപങ്ങൾ ഇല്ലെങ്കിൽ ദയയുടെയോ ക്രോധത്തിന്റെയോ പ്രകടനം അസാധ്യമാണ്. ഈ വചനം അല്ലാഹു മനുഷ്യനെക്കൊണ്ടു പറയിച്ചെന്ന് ടിപ്പണി കണ്ടിട്ടുണ്ട്. സദാ ഇങ്ങനെ പറയണമെന്നും പറയുന്നുണ്ട്. ഇതിൽ നിന്ന് അറബിയിൽ അക്ഷരമാലയായ അലിഫ് ബേ മുതലായവയും അല്ലാഹു പഠിപ്പിച്ചതാണെന്നല്ലേ വന്നുകൂടുന്നത്? ഇല്ലെങ്കിൽ അക്ഷരജ്ഞാനമില്ലാതെ വചനം എങ്ങനെ ചൊല്ലി? അതോ കാണാതെ പഠിപ്പിച്ചുകൊടുത്തോ ? എങ്കിൽ ഖുർആൻ ഇറങ്ങിവന്നതല്ല, കാണാപ്പാടം പഠിച്ചതാണ്.

ഏതുപുസ്തകത്തിലാണോ പക്ഷപാതമുള്ളത് അത് ഈശ്വരകൃതമല്ല. അറബിഭാഷയിൽ ഓതിയതുകൊണ്ട് അറബികൾക്ക് പഠിക്കാൻ സുഗമവും അന്യർക്ക് കഠിനവുമായി. ഇതുകൊണ്ട് ദൈവത്തിൽ പക്ഷപാതദോക്ഷം വന്നുകൂടുന്നു. സൃഷ്ടിയിലെ സർവമാന ദേശക്കാർക്കും ഒരുപോലെ പരിശ്രമം കൊണ്ടുമാത്രം പഠിക്കാൻ കഴിയുന്ന എല്ലാ ഭാഷകളിൽനിന്നും വിലക്ഷണമായ സംസ്കൃതത്തിൽ ദൈവം വേദജ്ഞാനം പകർന്നു. അതുപോലെ ചെയ്തിരുന്നെങ്കിൽ പക്ഷപാതദോഷം വരില്ലായിരുന്നു.

5. ഇതു മഹത്തായൊരു ഗ്രന്ഥമാണ്. ഇതിൽ സംശയത്തിനവകാശമേ ഇല്ല. ജീവിതത്തിൽ സൂക്ഷ്മതയുള്ളവർക്ക് ഇതൊരു മാർഗ്ഗദർശനമത്രെ. (അവർ ആരെന്നാൽ) അദൃശ്യ (യാഥാർഥ്യ)ങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും നാം അവർക്കു നല്കിയതിൽനിന്ന് (നമ്മുടെ മാർഗ്ഗത്തിൽ) ചിലവഴിക്കുകയും ചെയ്യുന്നവർ. (അപ്രകാരം തന്നെ) നിനക്ക് (മുഹമ്മദ് നബിക്ക്) അവതരിപ്പിച്ചതും നിനക്കു മുമ്പ് പൂർവ്വപ്രവാചകന്മാർക്ക്) അവതരിപ്പിച്ചതുമായ സന്ദേശങ്ങളിൽ വിശ്വസിക്കുകയും പരലോക (ജീവിത)ത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരും അവർ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള മാർഗ്ഗദർശനത്തിലാണ് നിലകൊള്ളുന്നത്. വിജയം പ്രാപിക്കുന്നവരും അവരത്രേ. സത്യത്തെ മനഃപൂർവ്വം നിക്ഷേധിച്ചവരാകട്ടെ, അവർക്കു നീ താക്കീതു നല്കാതിരിക്കുന്നതും സമമാണ്. അവർ (ഒരിക്കലും) വിശ്വസിക്കുകയില്ല. അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവച്ചിരിക്കുന്നു. അവരുടെ കണ്ണുകളിന്മേൽ മൂടിയുണ്ട്. അവർക്ക് കഠിന ശിക്ഷയാണുള്ളത്. (1.1.2.2–7)

സമീക്ഷകൻ:– സ്വയം തന്റെ പുസ്തകത്തിന്റെ മഹത്ത്വം ഘോഷിക്കുന്നത് ഡംഭല്ലേ? ജീവിതത്തിൽ സൂക്ഷ്മതയുള്ളവർ സ്വയം ശരിയായ പാതയിലാണ്. തെറ്റായ പാതയിലുള്ളവർക്ക് നേർവഴികാട്ടാൻ ഖുർആന് കഴിയില്ലെങ്കിൽ പിന്നിതെന്തിനുകൊള്ളാം? പാപപുണ്യങ്ങളും പരുഷാർഥവും ചെയ്യാതെ, ദൈവം തന്റെ ഖജനാവിൽ നിന്നു ചെലവുചെയ്യാൻ കൊടുക്കുമോ? കൊടുക്കുമെങ്കിലെല്ലാവർക്കും എന്തുകൊണ്ടു കൊടുക്കുന്നില്ല? മുസൽമാന്മാർ പരിശ്രമം ചെയ്യുന്നതെന്തിനാണ്? ബൈബിൾ സുവിശേഷാദികളിൽ വിശ്വസിക്കുന്നത് ഉചിതമാണെങ്കിൽ മുസ്ലീങ്ങൾ എന്തുകൊണ്ട് ബൈബിളിലും മറ്റും വിശ്വസിക്കുന്നില്ല? വിശ്വസിക്കുന്നെങ്കിൽ ഖുർആന്റെ പ്രയോജനമെന്ത്? ഖുർആനിൽ കൂടുതൽ കാര്യങ്ങൾ എഴുതിയിട്ടുണ്ടെന്നാണ് ഉത്തരമെങ്കിൽ, ആദ്യപുസ്തകത്തിൽ എഴുതാൻ ദൈവം മറന്നുപോയോ? മറന്നില്ലെങ്കിൽ ഖുർആൻ ഉണ്ടാക്കിയത് നിഷ്പ്രയോജനമാണ്. ഖുർആനും ബൈബിളും തമ്മിൽ വലിയ അന്തരമില്ലേ. വേദത്തെപ്പോലെ ഒരു പൂർണ്ണഗ്രന്ഥം എന്തുകൊണ്ടുണ്ടാക്കിയില്ല? ന്യായവിധിനാളിൽ മാത്രമല്ലാതെ മറ്റൊന്നിലും വിശ്വസിക്കേണ്ട? ക്രിസ്ത്യാനിയും മുസ്ലീമും മാത്രമേ ദൈവത്തിന്റെ ശിക്ഷണത്തിൽ വരുവോ? അവരിൽ പാപികളാരുമില്ലേ? അധർമികളായ ക്രിസ്ത്യാനികളും മുസ്ലീങ്ങളും രക്ഷപ്പെടുകയും ധർമാത്മാക്കളായ മറ്റുള്ളവർ രക്ഷപ്പെടാതിരിക്കുകയും ചെയ്യുന്നത് മഹാ അന്യായവും അന്ധകാരവുമാണ്.

മുസ്ലീങ്ങളുടെ മതത്തിൽ വിശ്വസിക്കാത്തവരെ കാഫർ എന്നു വിളിക്കുന്നത് ഏകപക്ഷീയമായ ബിരുദമല്ലേ? ദൈവം അന്തഃകരണത്തിലും



കാതിലും മുദ്രകുത്തിയിട്ടും അതുകൊണ്ട് പാപം ചെയ്യുന്നത് അവരുടെ ദോഷമല്ലേ? ഈ ദോഷം ദൈവത്തിന്റേതായിരിക്കെ അവരിൽ സുഖദുഃഖമോ പാപപുണ്യങ്ങളോ വന്നുകൂടാത്തതാണ്. പിന്നെന്തിന് അടിച്ചേല്പിക്കുന്നു? എന്തെന്നാൽ പാപമോ പുണ്യമോ അവർ സ്വതന്ത്രമായല്ലല്ലോ ചെയ്തത്.

6. അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ട്. എന്നിട്ട് (അവരുടെ ഹിതത്തിനെതിരായ നടപടികളെടുത്ത്) അല്ലാഹു അവരുടെ രോഗം വർദ്ധിപ്പിക്കുന്നു. (1.1.2.10)

സമീ:- അപരാധം ചെയ്യാതെ ദൈവം അവരുടെ രോഗം വർദ്ധിപ്പിച്ചു. ദയവുകാട്ടിയില്ല. പാവങ്ങൾ വളരെ ദുഃഖം അനുഭവിച്ചിരിക്കും. ഇത് ചെകുത്താനിലും കവിഞ്ഞ പൈശാചികതയല്ലേ? ചിലരുടെ ഹൃദയത്തിൽ മുദ്രയടിക്കുക, ചിലരുടെ രോഗം വർദ്ധിപ്പിക്കുക ഇതെല്ലാം ദൈവത്തിന്റെ പണിയല്ല. എന്തെന്നാൽ രോഗം വർദ്ധിക്കുന്നത് സ്വന്തം പാപത്താലാണ്.

7 നിങ്ങൾക്കുവേണ്ടി ഭൂമിയെ ഒരു വിരിപ്പും ആകാശത്തെ ഒരു മേൽത്തട്ടുമാക്കി സൃഷ്ടിക്കുകയും..... (1.1.2.22)

സമീ:- ആകാശം എന്തിന്റെയെങ്കിലും മേൽത്തട്ടാകുമോ? ഇത് അജ്ഞാനമല്ലേ? ആകാശത്തിനെ മേൽത്തട്ടായി കരുതുന്നത് ഹാസ്യാസ്പദമാണ്. ഭൂമിയുടെ എന്തെങ്കിലും ഭാഗമായി ആകാശത്തെ കരുതരുത്.

8. ഇനി നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്ത ഖുർആനിൽ നിങ്ങൾക്ക് സംശയമാണുള്ളതെങ്കിൽ തത്തുല്യമായ ഒരു ഗ്രന്ഥത്തിൽനിന്ന് ഒരദ്ധ്യായം നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനെ വിട്ടു നിങ്ങൾക്കുള്ള സഹായികളെയും ക്ഷണിച്ചുകൊള്ളുക. നിങ്ങൾ സത്യവാദികളാണെങ്കിൽ (ഇതു) നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, ചെയ്യാൻ നിങ്ങൾക്കു കഴിയുകയില്ല- മനുഷ്യരെയും കല്ലുകളെയും വിറകാക്കി ജ്വലിപ്പിക്കുന്ന അഗ്നിയെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കു* വേണ്ടിയത്രേ അത് ഒരുക്കിവച്ചിരിക്കുന്നത്. (1.1.2.24)

സമീ:- തത്തുല്യമായ ഒരധ്യായം ഉണ്ടാക്കുന്നത് വലിയ കാര്യമൊന്നുമല്ല. അക്ബർ ചക്രവർത്തിയുടെ കാലത്ത് കുത്തിടാത്ത ഖുർആൻ ഫൈജി മൗലവി ഉണ്ടാക്കിയില്ലേ? അതെന്തുതരം നരകാഗ്നിയാണ്? ഈ അഗ്നിയെ ഭയപ്പെടേണ്ടേ? വീഴുന്നതെല്ലാം അതിന് ഇന്ധനമാണ്. കാഫിറുകൾക്ക് അഗ്നിയൊരുക്കി വച്ചിരിക്കുന്നു എന്നു ഖുർആനിൽ പറയുന്നതുപോലെയാണ് പുരാണങ്ങളിൽ മ്ലേച്ഛന്മാർക്ക് ഘോരനരകം ഉണ്ടാക്കിവച്ചിരിക്കുന്നെന്നു പറയുന്നതും. ആരുപറയുന്നതാണ് നേര്? അവരവരുടെ വാക്കുകളനുസരിച്ച് ഇരുവരും സ്വർഗത്തിൽ പോകുന്നവരാണ്. പരസ്പരം കുറ്റം പറയുന്നതനുസരിച്ചാണെങ്കിൽ ഇരുകൂട്ടരും നരകത്തിലും പോകും അതിനാൽ ഇരുകൂട്ടരുടെയും എതിർപ്പിൽ കാര്യമൊന്നുമില്ല. ധർമിഷ്ഠരായവർ സുഖവും പാപികൾ ദുഃഖവും ഏതു മതത്തിലായാലും അനുഭവിക്കും.

9. സത്യവിശ്വാസം സ്വീകരിക്കുകയും സല്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ സന്തോഷവാർത്ത അറിയിക്കുക. അവർക്കുവേണ്ടി ചിലതോട്ടങ്ങളുണ്ടായിരിക്കും. അവർക്ക് അവിടെവച്ച് ആഹാരമായി ഓരോ പഴം നല്കുമ്പോഴും "ഇതുതന്നെയാണ് ഞങ്ങൾക്ക് മുമ്പ് നല്കപ്പെട്ടിരുന്നത്" എന്ന് അവർ പറയും. .....അവർക്കവിടെ പരിശുദ്ധരായ ചില ഇണകളുണ്ടായിരിക്കും. (1.1.2.25)

സമീ:- ഖുർആനിലെ ഈ സ്വർഗത്തിന് ലോകത്തിൽനിന്ന് എന്താണു വ്യത്യാസം? ലോകത്തിലുള്ളവതന്നെയാണ് മുസ്ലീങ്ങളുടെ സ്വർഗ്ഗത്തിലുള്ളതും. വ്യത്യാസം ഇത്രയേയുള്ളൂ-സ്വർഗ്ഗത്തിലെ ആണുങ്ങൾ ഇവിടത്തെപ്പോലെ ജനിക്കയും മരിക്കയും വരികയും പോകുകയും ചെയ്യുന്നില്ല. ഇവിടത്തെ സ്ത്രീകൾ എന്നും ജീവിക്കുന്നില്ല. അവിടത്തെ ഇണകൾ എന്നും ജീവിക്കുന്നു. കയാമത്തിന്റെ (ന്യായവിധിനാൾ)നാൾ വരുന്നതുവരെ അവരെങ്ങനെ നാൾ തള്ളിവിടുമെന്ന് അറിവില്ല. ഖുദാ[2] അവരോട് ദയവുകാട്ടുന്നുണ്ടാവാം. ഖുദായുടെ ആശ്രമത്തിൽ നാളുകൾ തള്ളിവിടുന്നുണ്ടാവാം. എങ്കിലതു ശരിതന്നെ. എന്തെന്നാൽ ഈ മുസ്ലീം സ്വർഗ്ഗം ഗോകുലഗോസായികളുടെ ഗോലോകവും അമ്പലവും പോലെയാണ്. അവിടെ സ്ത്രീപുരുഷന്മാർക്ക് മാന്യതകൂടുതലുണ്ട്. അതുപോലെ ഖുദായുടെ വീട്ടിൽ സ്ത്രീകൾക്കു മാന്യതയും സ്നേഹാദരവും കൂടും അത്രയും പുരുഷന്മാരോടില്ല. സ്ത്രീകളെ ഖുദാ സദാ സ്വർഗ്ഗത്തിൽ വച്ചിരിക്കുകയാണ്. പുരുഷന്മാരെ അല്ലാതാനും. ഈ സ്ത്രീകൾ ഖുദാവിന്റെ അനുഗ്രഹമില്ലാതെ എങ്ങനെയാണ് സ്വർഗ്ഗത്തിൽ പാർക്കുന്നത്? ഇതു ശരിയാണെങ്കിൽ ഖുദാ സ്ത്രീജിതനല്ലേ?

10. അല്ലാഹു ആദമിനു സർവവസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചു.പിന്നീട് ആ സാധനങ്ങളെയെല്ലാം മലക്കുകൾക്കു കാണിച്ചുകൊടുത്തിട്ടു "നിങ്ങൾ സത്യവാദികളാണെങ്കിൽ ഇവയുടെ പേരുകൾ എന്നോടു പറയുക എന്ന് അവൻ അരുളി..... ആദമേ! അവയുടെ നാമങ്ങൾ നീ അവർക്കു പറഞ്ഞുകൊടുക്കുക എന്ന് അല്ലാഹു കല്പിച്ചരുളി. അങ്ങനെ ആദം ഇവയുടെ നാമങ്ങൾ മലക്കുകൾക്കു പറഞ്ഞുകൊടുത്തു കഴി

* സത്യ നിഷേധി - കാഫിർ എന്നതിന്റെ ഭാഷാന്തരം

2. മുസ്ലീങ്ങൾ ദൈവത്തിനു പറയുന്ന മറ്റൊരു പേര്

ഞ്ഞപ്പോൾ ആകാശഭൂമിയിലെ അദൃശ്യകാര്യങ്ങളെല്ലാം എനിക്കറിവുണ്ടെന്നും..... ഞാൻ നിങ്ങളോടു പറഞ്ഞിട്ടില്ലേ എന്ന് അല്ലാഹു മലക്കുകളോടു കല്പിച്ചരുളി. (1.1.2.31-33)

സമീ:- ഇങ്ങനെ മലക്കുകളെ കബളിപ്പിച്ചിട്ട് താൻപോരിമ വെളിവാക്കേണ്ട കാര്യം അല്ലാഹുവിനുണ്ടോ? ഇതൊരു ഡംഭാണ്. വിദ്വാന്മാരിതം ഗീകരിക്കില്ല. ഇങ്ങനെ ഊറ്റം കൊള്ളുകയുമില്ല. ഇത്തരം കാര്യങ്ങൾ കൊണ്ടാണോ ഖുദാ മഹത്വം വെളിവാക്കുന്നത്? അപരിഷ്കൃതർക്കിടയിൽ ഏതുതരം അന്ധവിശ്വാസവും ഭംഗിയായി വിലപ്പോകും, സഭ്യജനങ്ങൾക്കിടയിൽ നടക്കുകയില്ല.

11. ആദമിനെ നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുക. എന്നു മലക്കുകളോടു നാം കല്പിച്ച സന്ദർഭവും സ്മരണീയമാണ്. അന്നേരം ഇബ്ലീസ് ഖുദാവിന്റെ ആജ്ഞ അനുസരിക്കാതിരുന്നിട്ടും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. നോക്കുക, ഒരു കാഫിർ ഇബ്ലീസ് ഖുദായെ അടിപറയിച്ചപ്പോൾ മുസ്ലീങ്ങൾ പറയുംപ്രകാരം വേറെയും ഒട്ടേറെ സത്യനിഷേധികൾ ഉണ്ടായിരിക്കെ അവരോട് മുസ്ലീംഖുദാവിന്റെയും മുസ്ലീങ്ങളുടെയും എന്തു പെരട്ടു നടക്കുമെന്നാണ്? ചിലപ്പോഴെല്ലാം ദൈവം ചിലരുടെ രോഗം വർദ്ധിപ്പിക്കുന്നു. ചിലപ്പോൾ ചിലരെ വഴിതെറ്റിക്കുന്നു. ഇതെല്ലാം ഖുദാ ഇബ്ലീസിൽനിന്നു പഠിച്ചതാവാം. ഇബ്ലീസ് ഖുദാവിൽ നിന്നും! ഇബ്ലീസിന് ഖുദായല്ലാതെ മറ്റൊരു ആശാൻ ഉണ്ടാവാനിടയില്ല.

12. ആദമേ! നീയും നിന്റെ ഇണയും തോട്ടത്തിൽ താമസിക്കുകയും ഇതിൽ നിങ്ങൾ ഇച്ഛിക്കുന്നേടത്തുനിന്ന് യഥേഷ്ടം ആഹാരം കഴിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. നിങ്ങൾ അക്രമികളായിത്തീരും എന്നു നാം കല്പിച്ചു എന്നാൽ പിശാച് അവരെ അതിൽനിന്നു തെറ്റിക്കുകയും അവർ രണ്ടുപേരെയും അവർ ജീവിച്ചിരുന്ന സ്ഥലത്തുനിന്ന് പുറന്തള്ളുകയും ചെയ്തു. നിങ്ങൾ ഇറങ്ങിപ്പൊയ്ക്കൊള്ളുക നിങ്ങൾ പരസ്പരം ശത്രുക്കളാകുന്നു; നിങ്ങൾക്ക് ഒരു നിശ്ചിതകാലം വരേയ്ക്കും ഭൂമിയിൽ വാസസ്ഥലവും ജീവിതവിഭവങ്ങളും ഉണ്ടായിരിക്കും. പിന്നീട് ആദം തന്റെ രക്ഷിതാവിങ്കൽ നിന്നു ചില തത്ത്വങ്ങൾ ഗ്രഹിച്ചു. (മടങ്ങി) 1.1.2.35-37)

സമീ:- ഖുദായുടെ അല്പജ്ഞതനോക്കുക. സ്വർഗ്ഗത്തിൽ വസിക്കുവാൻ ആശീർവാദം നല്കി; പിന്നല്പം കഴിഞ്ഞ് പറയുന്നു - ഇറങ്ങിൻ! എന്ന്. ഭവിഷ്യത്തിനെപ്പറ്റി അറിവുണ്ടായിരുന്നെങ്കിൽ വരം എന്തിനു നല്കി? വഴിതെറ്റിക്കുന്ന ഇബ്ലീസിനെ ശിക്ഷിക്കാതിരുന്നത് കഴിവില്ലായ്മയാണെന്നു തോന്നുന്നു. ആ വൃക്ഷം ആർക്കുവേണ്ടി സൃഷ്ടിച്ചതാണ്? തനിക്കുവേണ്ടിയോ മറ്റുള്ളവർക്കുവേണ്ടിയോ? മറ്റുള്ളവർക്കുവേണ്ടിയാണെങ്കിൽ വിലക്കിയതെന്തിന്? ഇതിനാൽ ഇത്തരം കാര്യങ്ങൾ ഖുദായ്ക്കോ അവനുണ്ടാക്കിയ ഗ്രന്ഥത്തിനോ ചേർന്നതല്ല. ആദാമദ്ദേഹം ദൈവത്തിൽ നിന്ന് എന്തൊക്കെയാണ് പഠിച്ചുവന്നത്? ഭൂമിയിലദ്ദേഹം വന്നത് എപ്രകാരമാണ്? ആ തോട്ടം പർവതത്തിലായിരുന്നോ? ആകാശത്തിലായിരുന്നോ? അവിടുന്നെങ്ങനെ ഇറങ്ങിവന്നു? പക്ഷിയേപ്പോലെ പറന്നുവന്നോ? അതോ മുകളിൽനിന്ന് പൊട്ടിവീണോ? ഇതിൽനിന്നും ഒരുകാര്യം സ്പഷ്ടകുന്നു. ആദമിനെ മണ്ണുകൊണ്ടാണുണ്ടാക്കിയതെങ്കിൽ ഇവരുടെ സ്വർഗ്ഗത്തിലും മണ്ണുണ്ടോ? അവിടെ ബാക്കിയുള്ള മലക്കുകളും മറ്റും ഇത്തരം ശരീരക്കാരാവാം. മണ്ണുകൊണ്ടുള്ള ശരീരം ഇന്ദ്രിയഭോഗരഹിതമാവുകയില്ല. മണ്ണുകൊണ്ടുള്ള ശരീരക്കാർ മരിച്ചേതീരു. മരിക്കുന്നപക്ഷം അവിടെനിന്നെങ്ങോട്ടുപോകും? മൃത്യു ഉണ്ടാവുകയില്ലെന്നാണെങ്കിൽ, ജനനവും ഉണ്ടായിട്ടില്ല. ജന്മമുണ്ടെങ്കിൽ മരണവുമുണ്ട്. അങ്ങനെയെങ്കിൽ സ്വർഗ്ഗത്തിലെ സ്ത്രീകൾ എക്കാലവും അവിടെ ജീവിക്കുന്നു എന്ന് ഖുർആനിൽ എഴുതിയിരിക്കുന്നത് അസത്യമായിത്തീരും. എന്തെന്നാൽ അവരും നിശ്ചയമായും മരിക്കും. അങ്ങനെയെങ്കിൽ സ്വർഗ്ഗത്തിൽ പോകുന്നവരും മരിക്കുമെന്നു തീർച്ച.

13 ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക. അന്ന് ഒരാളും മറ്റൊരാൾക്കുവേണ്ടിയും യാതൊരു ബാധ്യതയും നിറവേറ്റുകയില്ല. ആരിൽനിന്നും ഒരു ശുപാർശയും സ്വീകരിക്കപ്പെടുകയില്ല. ഒരാളിൽനിന്നും ഒരു പ്രായശ്ചിത്തവും വാങ്ങുകയില്ല. യാതൊരു സഹായവും അവർക്കു ലഭിക്കുകയുമില്ല. (1.1.2.48)

സമീ:- ഈ നാളുകളെ ഭയപ്പെടേണ്ട? ചീത്ത ചെയ്യുവാൻ എന്നാളും പേടിക്കണം. ശിപാർശ കേൾക്കുകയില്ലെങ്കിൽ പ്രവാചകന്റെ സാക്ഷ്യമോ ശിപാർശയോകൊണ്ട് സ്വർഗ്ഗം കിട്ടുമെന്ന വചനം എങ്ങനെ സത്യമാകും? ഖുദാ സ്വർഗ്ഗത്തിലുള്ളവരെയല്ലാതെ നരകത്തിലുള്ളവരെ തുണയ്ക്കുകയില്ലേ? അങ്ങനെയെങ്കിൽ പ്രവാചകന്റെ സാക്ഷ്യമോ ശിപാർശയോകൊണ്ട് സ്വർഗ്ഗം കിട്ടുമെന്ന വചനം എങ്ങനെ സത്യമാകും? ഖുദാ സ്വർഗ്ഗത്തിലുള്ളവരെയല്ലാതെ നരകത്തിലുള്ളവരെ തുണയ്ക്കുകയില്ലേ? അങ്ങനെയെങ്കിൽ ഖുദാ പക്ഷപാതിയാണ്.

14. മൂസാക്കു നാം വേദഗ്രന്ഥവും വേർതിരിക്കാനുള്ള കഴിവും നല്കിയ - (1.1.2.53)

സമീ:- മൂസായ്ക്ക് വേദഗ്രന്ഥം നല്കിയെങ്കിൽ



ഖുർആൻ ഉണ്ടായതു വെറുതെയാണ്. മൂസായ്ക്ക് (മോശ) അത്ഭുതശക്തി നല്കിയെന്നു ബൈബിളിലും ഖുർആനിലും എഴുതിയിട്ടുണ്ട്. പക്ഷേ ഇത് അംഗീകരിക്കാവുന്നതല്ല. എന്തെന്നാൽ അങ്ങനെ അന്നു ചെയ്തെങ്കിൽ ഇന്നും ചെയ്യണം. ഇപ്പോഴില്ലാത്തത് പണ്ടും ഇല്ല. സ്വാർത്ഥികൾ ഇന്നും അറിവില്ലാത്തവരുടെ മുമ്പിൽ വിജ്ഞരായി നടിക്കുന്നതുപോലെ അന്നും കാപട്യം കാണിച്ചിരിക്കണം. ഖുദായും സേവകരും ഇന്നുമുണ്ടല്ലോ. പിന്നെന്താണ് അദ്ഭുതശക്തി കാട്ടാത്തതും ചെയ്യാത്തതും? മൂസായ്ക്ക് വേദഗ്രന്ഥം നല്കിയെങ്കിൽ വീണ്ടും ഖുർആൻ എന്തിനു നല്കി? നല്ലതും ചീത്തയും ചെയ്യാനും ചെയ്യാതിരിക്കാനും ഉപദേശിക്കുന്നത് സർവത്ര ഒരുപോലെയാകയാൽ വീണ്ടും വീണ്ടും വിഭിന്ന പുസ്തകങ്ങളുണ്ടാക്കുന്നത് പുനരുക്തിദോഷമാണ്. മൂസയ്ക്കും മറ്റും നല്കിയ പുസ്തകത്തിൽ ദൈവം വല്ലതെറ്റും പറഞ്ഞിരുന്നോ?

15 നിങ്ങളുടെ പാപങ്ങൾ നാം പൊറുത്തുതരും. സുകൃതം ചെയ്തവരോടു നാം കൂടുതൽ ഔദാര്യം കാണിക്കുകതന്നെ ചെയ്യും (1.1.2.58)

സമീ:- ഖുദായുടെ ഈ ഉപദേശം എല്ലാവരേയും പാപികളാക്കുന്നതല്ലേ? പാപം പൊറുക്കുന്ന ഒരു ആശ്രയകേന്ദ്രമുണ്ടായാൽ മനുഷ്യരാരും പിന്നെ പാപത്തെ ഭയപ്പെടുകയില്ല. അതിനാൽ ഇങ്ങനെപറയുന്നത് ഖുദായോ ഇത് ഖുദാ ഉണ്ടാക്കിയ പുസ്തകമോ അല്ല. എന്തെന്നാൽ അവൻ ന്യായകാരിയാണ്. പാപം ക്ഷമിക്കുമ്പോൾ അന്യായകാരിയാകും. കുറ്റത്തിനു തക്കവണ്ണം ശിക്ഷനല്കിയാലേ ന്യായകാരിയാവൂ.

16. മൂസാ തന്റെ ജനതയ്ക്കുവേണ്ടി വെള്ളം ആവശ്യപ്പെട്ട സന്ദർഭവും സ്മരണീയമത്രെ. അപ്പോൾ നിന്റെ വടികൊണ്ട് പാറയിന്മേൽ അടിക്കുക എന്നു നാം അരുളി. അന്നേരം പന്ത്രണ്ട് ഉറവുകൾ അതിൽനിന്നു പൊട്ടിയൊലിച്ചു. (1.1.2.60)

സമീ:- നോക്കൂ അസംഭവ്യമായ ഇത്തരം കാര്യങ്ങൾ വേറാരാനും പറയുമോ? ഒരു കല്ലിൽ വടികൊണ്ടടിച്ചാൽ പന്ത്രണ്ടുറവ ഒരിക്കലും ഉണ്ടാവുകയില്ല. ആ പാറയ്ക്കകം പൊള്ളയാക്കി വെള്ളം നിറച്ച് പന്ത്രണ്ട് ദ്വാരമിട്ടാൽ മാത്രമേ ഇങ്ങനെ വെള്ളം ഒഴുകൂ.

17 നിങ്ങൾ നിന്ദ്യരായ കുരങ്ങന്മാരായിത്തീരുക എന്ന് അന്നേരം നാം അവരോടു കല്പിച്ചു. അങ്ങനെ ആ സംഭവം അന്നുള്ളവർക്കും പില്കാലങ്ങളിൽ വരുന്നവർക്കും നാം ഒരു പാഠമാക്കിവച്ചു. സൂക്ഷ്മതയുള്ളവർക്ക് ഒരു തത്വോപദേശവും. (1.1.2.65-66)

സമീ:- നിന്ദ്യരായ കുരങ്ങന്മാരാവുകയെന്ന് വെറുതേ പേടിപ്പിക്കാൻ പറഞ്ഞതാണോ? എങ്കിലത് മിഥ്യയായി. അതോകളിപ്പിച്ചതോ? ഇങ്ങനെയെല്ലാം പറയുന്നത് ഏതായാലും ഖുദായല്ല. ഇതെല്ലാം എഴുതിയിരിക്കുന്ന പുസ്തകം ദൈവകൃതവുമല്ല.

18. മൃതിയടഞ്ഞവരെ അല്ലാഹു ജീവിപ്പിക്കുന്നത് അങ്ങനെയാകുന്നു. അവൻ നിങ്ങൾക്കു തന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചു തരുന്നതു നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാനാണ്. (1.1.2.73).

സമീ:- മരിച്ചവരെ ഖുദാ ജീവിപ്പിച്ചിരുന്നോ? എങ്കിൽ ഇപ്പോൾ എന്തുകൊണ്ട് ജീവിപ്പിക്കുന്നില്ല? കയാമത്തിന്റെ നാൾവരെ കബറുകളിൽ കിടന്നു കളയുമോ? ഇപ്പോഴവർ തടവിലാണോ? ഇത്രയൊക്കെയേയുള്ളോ ദൈവത്തിന്റെ കൃതികൾ? ഭൂമിയും സൂര്യചന്ദ്രന്മാരും കൃതികളല്ലേ? ലോകത്തിൽ കാണപ്പെടുന്ന വിവിധ രചനാവിശേഷങ്ങൾ ദൈവത്തിന്റെ കൃതികളല്ലേ?

19. അവർ സ്വർഗ്ഗവാസികളായിരിക്കും അവർ അതിലാണ് ശാശ്വതമായി നിവസിക്കുക. (1.1.2. 82)

സമീ:- അനന്തമായ പാപപുണ്യങ്ങൾ ചെയ്യുവാൻ ഒരു ജീവനും സാമർഥ്യമില്ല. അതിനാൽ എന്നും സ്വർഗ്ഗത്തിലോ നരകത്തിലോ കഴിയുവാൻ സാധ്യമല്ല. ഇങ്ങനെ പാർപ്പിക്കുന്ന ഖുദാ അന്യായക്കാരും അജ്ഞനുമായിത്തീരില്ലേ? കയാമത്തിന്റെ നാളിൽ ന്യായവിധിയുണ്ടായാൽ അത് പാപപുണ്യങ്ങൾക്കു നിരക്കുന്നതാകണം. അനന്തമല്ലാത്തതിന്റെ ഫലം എങ്ങനെ അനന്തമാകും? സൃഷ്ടിയുണ്ടായി ഏഴെണ്ണായിരംവർഷങ്ങളെ ആയിട്ടുള്ളെന്നാണ് ഇവർ പറയുന്നത്. ഇതിനുമുൻപ് ദൈവം വെറുതെയിരിക്കുകയായിരുന്നോ? കയാമത്തിനുശേഷവും വെറുതേയിരിക്കുമോ? ഇതെല്ലാം കുട്ടിക്കളിപോലിരിക്കുന്നു. എന്തെന്നാൽ ഈശ്വരന്റെ പ്രവൃത്തികൾ എന്നും നടന്നുകൊണ്ടിരിക്കും. പാപപുണ്യങ്ങളുടെ അളവനുസരിച്ചേ അതിന്റെ ഫലവും നല്കൂ. അതിനാൽ ഖുർആനിൽ ഇപ്പറഞ്ഞിരിക്കുന്നത് നേരല്ല.

20 നിങ്ങൾ അന്യോന്യം രക്തം ചിന്തുകയില്ല, സ്വജനങ്ങളെ അവരവരുടെ വീടുകളിൽ നിന്നു പുറന്തള്ളുകയുമില്ല എന്നു നിങ്ങളുടെ പക്കൽ നിന്നു നാം കരാറു വാങ്ങിയ സന്ദർഭവും സ്മരണീയമത്രേ. പിന്നീട് നിങ്ങൾ സമ്മതിച്ചു ശരിവച്ചു. നിങ്ങൾ സാക്ഷ്യം വഹിക്കുന്നുമുണ്ട്. എന്നിട്ടുകൂടി കൂട്ടരേ! നിങ്ങളിതാ പരസ്പരം കൊല ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തെ അവരുടെ ഭവനങ്ങളിൽനിന്നു ബഹിഷ്കരിച്ചുകൊണ്ടിരിക്കുന്നു. (1.1.2.84-85)

സമീ:- പ്രതിജ്ഞ ചെയ്യിക്കുന്നതും ചെയ്യുന്നതും



അല്പജ്ഞരോ പരമാത്മാവോ? ഈശ്വരൻ സർവ ജ്ഞനാകയാൽ അല്പജ്ഞരായ ലൗകിക മനുഷ്യരെപ്പോലെ എന്തിനു ചെയ്യണം? പരസ്പരം ചോരയൊഴുക്കരുതെന്നും സ്വന്തക്കാരെ കുടിയിറക്കരുതെന്നും പറയുന്നതിനർത്ഥം മറ്റുമതക്കാരുടെ ചോര ചിന്തണമെന്നും ആട്ടിയോടിക്കണമെന്നുമല്ലേ? ഇതു നല്ലകാര്യമോ? ഇത് മിഥ്യയും മൂഢതയും പക്ഷപാതവുമാണ്. പ്രതിജ്ഞയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുമെന്ന് ഈശ്വരനറിവില്ലായിരുന്നോ? മുസ്ലീങ്ങളുടെ ഖുദായ്ക്കും ക്രിസ്ത്യാനികളുടെ ദൈവത്തിനും സാദൃശ്യം വളരെയുണ്ടെന്ന് ഇതിൽ നിന്നു തെളിയുന്നു. ഖുർആൻ സ്വതന്ത്രകൃതിയല്ല. എന്തെന്നാൽ ഇതിലെ കുറച്ചു കാര്യങ്ങളൊഴികെ മറ്റെല്ലാം ബൈബിളിൽ ഉള്ളതാണ്.

21. പരലോകത്തെ വിറ്റ് ഇഹലോകജീവിതത്തെ പകരം വാങ്ങിയവരത്രെ അവർ. അതുകൊണ്ട് അവരുടെ ശിക്ഷ ലഘൂകരിക്കുകയില്ല. അവർക്ക് സഹായം ലഭിക്കുകയുമില്ല. (1.1.2.86)

സമീ:- ഇത്തരം ഈർഷ്യാദ്വേഷങ്ങൾ ഈശ്വരന്റെ പക്കൽ നിന്നുണ്ടാവുമോ? ശിക്ഷ ലഘൂകരിക്കപ്പെടുകയും സഹായം ലഭിക്കുകയും ചെയ്യുന്നവരാണ്? അവർ പാപികളാണെങ്കിൽ, പാപത്തിനു ശിക്ഷ നല്കാതെ ലഘൂകരിക്കുന്നത് അന്യായമാകും. ശിക്ഷനല്കി പാപം ലഘൂകരിക്കപ്പെടുമെന്നാണെങ്കിൽ, ഈ വചനത്തിൽ പറഞ്ഞിരിക്കുന്നവർക്കും അങ്ങനെ പാപം ലഘൂകരിക്കാവുന്നതാണ്. ശിക്ഷിച്ചിട്ടും പാപം ലഘൂകരിക്കുന്നില്ലെങ്കിൽ അതും അന്യായമാകും. പാപങ്ങൾ ലഘൂകരിക്കുന്നതിന്റെ പ്രയോജനം ധർമ്മാത്മാക്കൾക്കാണെങ്കിൽ അവരുടെ പാപങ്ങൾ ലഘൂകരിച്ചിരിക്കെ ഖുദാ പിന്നെന്തു ചെയ്യാനാണ്? ഇതൊന്നും വിദ്വാന്മാരെഴുതിയതല്ല. വാസ്തവത്തിൽ ധർമാത്മാക്കൾക്ക് സുഖവും അധർമികൾക്ക് ദുഃഖവും അവരവരുടെ പ്രവൃത്തിക്കു യോജിച്ച വണ്ണം എപ്പോഴും കിട്ടേണ്ടതാണ്.

22 നാം മൂസാക്കു വേദം നല്കിയിട്ടുണ്ട്. അദ്ദേഹത്തിനു ശേഷം തുടരെത്തുടരെ ദൂതന്മാരെ അയച്ചുകൊണ്ടുമിരുന്നു. മര്യമിന്റെ മകൻ ഈസാ*യ്ക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നല്കി. പരിശുദ്ധാത്മാവിനെ*ff*ക്കൊണ്ട് അദ്ദേഹത്തിനു നാം പിൻബലം നല്കി. അപ്പോൾ നിങ്ങളിഷ്ടപ്പെടാത്ത സന്ദേശവും കൊണ്ട് ഓരോ ദൂതൻ നിങ്ങളുടെ അടുക്കൽ വരുമ്പോഴും നിങ്ങൾ അഹംഭാവം നടിക്കുകയും അവരിൽ ചിലരെ നിഷേധിക്കുകയും ചിലരെ വധിക്കുകയുമാണോ ചെയ്യുന്നത്. (1.1.2.87)

സമീ:- മോശയ്ക്കു വേദം കൊടുത്തെന്നു ഖുർആൻ സാക്ഷ്യപ്പെടുമ്പോൾ അതു വിശ്വസിക്കാൻ മുസ്ലീങ്ങൾ നിർബന്ധിതരായി. അതിലുള്ള ദോഷങ്ങളും മുസ്ലീംമതത്തിൽ വന്നുപെട്ടു. വ്യക്തമായ ദൃഷ്ടാന്തങ്ങളെന്നു പറയുന്നതു വെറുതെയാണ്. പാവം മനുഷ്യരെ വലയിൽ വീഴ്ത്താൻ അസത്യങ്ങൾ പ്രചരിപ്പിച്ചതാണ്. എന്തെന്നാൽ സൃഷ്ടിക്രമത്തിനു വിരുദ്ധമായതെല്ലാം പൊളിയാണ്. അന്നത്തെ ദൃഷ്ടാന്തങ്ങളിന്നെന്താണില്ലാത്തത്? ഇന്നവ ഇല്ലെങ്കിൽ അന്നുമില്ലായിരുന്നു. ഇതിൽ സംശയമില്ല.

23 അവരുടെ സത്യനിഷേധ സ്വഭാവം മൂലം അല്ലാഹു അവരെ ശപിച്ചു കഴിഞ്ഞിട്ടുണ്ട്. (1.1.2.88)

സമീ:- അന്യരെ നിങ്ങൾ സത്യനിഷേധി (കാഫിർ)കളെന്നു വിളിക്കുമ്പോൾ അവർ നിങ്ങളെയും അങ്ങനെ വിളിക്കുകയില്ലേ? അവരുടെ മതത്തിലെ ഈശ്വരനെക്കൊണ്ടു ഭള്ളു പറയിക്കുകയില്ലേ? ഇവരിലാരാണ് ശരി? ആരാണ് തെറ്റ്? ചിന്തിച്ചാൽ എല്ലാ മതങ്ങളിലും തെറ്റുകാണാം. സത്യം എല്ലായിടത്തും ഒന്നുതന്നെ ആയിരിക്കും. ഈ വഴക്കും വക്കാണവുമെല്ലാം വെറും വിഡ്ഢിത്തമാണ്.

24 സത്യത്തിൽ വിശ്വസിക്കുന്നവർക്ക് ഒരു മാർഗ്ഗദർശനവും ഒരു സന്തോഷവാർത്തയുമാണ്..... വല്ലവരും അല്ലാഹുവിന്റെയും അവന്റെ ദൂതന്മാരുടെയും ജിബ്രീൽ ഗബ്രിയേൽ മീക്കാഈൽ മൈക്കേൽ എന്നിവരുടെയും ശത്രുവായിത്തീർന്നാൽ, അല്ലാഹുവും (അത്തരം) സത്യനിഷേധികളുടെ ശത്രുവാക്കുന്നു. (1.1.2.97-98)

സമീ:- ഖുദായ്ക്ക് പങ്കാളികളാരുമില്ലെന്ന് മുസ്ലീങ്ങൾ പറയുമ്പോൾ, ഇപ്പോഴിവിടെയീ സൈന്യം സഹായത്തിനുവന്നതെവിടുന്നാണ്? അന്യരുടെ ശത്രുക്കൾ ഖുദായുടെയും ശത്രുവാണോ? അങ്ങനെയാണെങ്കിൽ ശരിയല്ല. എന്തെന്നാൽ ഈശ്വരൻ ആരുടെയും ശത്രുവല്ല.

25. അല്ലാഹുവാകട്ടെ താനുദ്ദേശിക്കുന്നവർക്ക് തന്റെ അനുഗ്രഹം പ്രത്യേകമായി നല്കുന്നു. (1.1.2.105)

സമീ:- പ്രധാനിയാകാനോ ദയയ്ക്കോ യോഗ്യനല്ലാത്തയാളിനെയും പ്രധാനിയാക്കുകയും ദയവു കാട്ടുകയും ചെയ്യുമോ? എങ്കിൽ ഖുദാ മഹാതാന്തോന്നിതന്നെ. എങ്കിൽ പിന്നെ ആര് നന്മ ചെയ്യും? ചീത്ത ആരുപേക്ഷിക്കും? എന്തെന്നാൽ ദൈവത്തിന്റെ ഇഷ്ടത്തിലാണ്, കർമ്മഫലത്തില്ല ഒന്നും നിർഭരമായിരിക്കുന്നത്. ഇതെല്ലാവരിലും

* യേശു

ff റുഹുൽ കദ്സ് എന്നുമൂലം. ഗബ്രിയേൽ എന്ന പരിശുദ്ധാത്മാവ് യേശുവിന്നൊപ്പം സദാ ഉണ്ടായിരുന്നത്രേ.



അനാസ്ഥയുണ്ടാക്കി കർമ്മവിമുഖരാക്കും.

26. വേദക്കാരിൽ പലരും നിങ്ങളെ സത്യനിഷേധികളാക്കി മാറ്റാനാഗ്രഹിക്കുന്നു. (1.1.2.109)

സമീ:- നോക്കൂ! ദൈവംതന്നെ അവരെ കാഫിറുകൾ നിങ്ങളെ വഴിതെറ്റിക്കുമെന്നു ഭയപ്പെടുത്തുന്നു. സർവജ്ഞനാണെങ്കിൽ ദൈവം ഇങ്ങനെ പറയുകയില്ല. ഇത് ദൈവവചനവുമല്ല.

27 നിങ്ങൾ എങ്ങോട്ടു തിരിഞ്ഞു നിന്നാലും അവിടെയെല്ലാം അല്ലാഹു വിന്റെ മുഖം ഉണ്ട്. (1.1.2.115)

സമീ:- ഈ കാര്യം ശരിയാണെങ്കിൽ മുസൽമാൻമാർ കിബ്ല (മെക്ക)യ്ക്കുനേരെ നോക്കി നിസ്കരിക്കുന്നതെന്തിന്? അങ്ങനെ ചെയ്യണമെന്ന് വിധിയുണ്ടെങ്കിൽ, എങ്ങോട്ടും നോക്കാമെന്ന വിധി ഇതിലില്ലേ? എതെങ്കിലും ഒന്നു കള്ളവും ഒന്നു നേരുമായിരിക്കുമോ? കൂടാതെ അല്ലാഹുവിന്റെ മുഖം എല്ലായിടത്തോട്ടും തിരിഞ്ഞിരിക്കുകയില്ല. ഒരു മുഖം ഒരിടത്തോട്ടേ ഇരിക്കൂ. എല്ലായിടത്തോട്ടും എങ്ങനെ തിരിഞ്ഞിരിക്കും? ഇതൊന്നും സംഗതമായ കാര്യമല്ല.

28. അല്ല, ആകാശഭൂമികളുടെ നിർമ്മാതാവ്. അവൻ വല്ല കാര്യവും കല്പിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്നു പറയുകമാത്രമാണ് അവൻ ചെയ്യുന്നത്. ഉടനെ അതുണ്ടാകുന്നു. (1.1.2.117)

സമീ:- കൊള്ളാം. ഖുദാകല്പിച്ചു - 'ഉണ്ടാവ്' എന്ന്. ആരാണ് കല്പന കേട്ടത്? ആരോടു കല്പിച്ചു? ആരാണുണ്ടായത്? ഏതുകാരണത്തിൽനിന്നുണ്ടായി? സൃഷ്ടിക്കു മുമ്പ് ഖുദാമാത്രമല്ലാതെ മറ്റൊന്നുമില്ലായിരുന്നെന്ന് എഴുതിയിരിക്കുമ്പോൾ, ഈ ലോകം എവിടുന്നുണ്ടായി? കാരണമില്ലാതെ കാര്യമൊന്നും ഉണ്ടാവുകയില്ല. എങ്കിൽ ഇത്രയും വലിയ ജഗത്ത് കാരണമില്ലാതെവിടുന്നുണ്ടായി? ഇതെല്ലാം വെറും കുട്ടികളുടെ ജല്പനം പോലെയാണ്.

പൂർവപക്ഷം:- അല്ലല്ല. ഖുദായുടെ ഇച്ഛയിൽ നിന്നുണ്ടായി.

ഉത്തരപക്ഷം:- നിങ്ങളിച്ഛിച്ചാൽ ഈച്ഛയുടെ ഒരു കാലുണ്ടാകുമോ? ഖുദായുടെ ഇച്ഛയിൽനിന്നിതെല്ലാം ഉണ്ടായെന്നാണല്ലോ നിങ്ങൾ പറയുന്നത്?

പൂർവ:- ഖുദാ സർവശക്തനാണ്. ഇച്ഛിക്കുന്നതു ചെയ്യും.

ഉത്ത:- സർവശക്തനെന്നാലെന്താണർത്ഥം?

പൂർവ:- ഇച്ഛിക്കുന്നതു ചെയ്യാൻ കഴിയുന്നതെന്ന്.

ഉത്ത:- ഖുദായ്ക്ക് വേറൊരു ഖുദായെ ഉണ്ടാക്കാനാവുമോ? സ്വയം മരിക്കാനാവുമോ? മൂഢനും രോഗിയും അജ്ഞാനിയുമാകാമോ?

പൂർവ:- ഒരിക്കലുമില്ല.

ഉത്ത:- എങ്കിൽ തന്റെയും മറ്റുള്ളവരുടെയും ഗുണകർമസ്വഭാവങ്ങൾക്കു വിരുദ്ധമായി ഒന്നും ചെയ്യാനാവുകയില്ല. ജഗത്തിൽ ഏതു വസ്തുവുണ്ടാകണമെങ്കിലും മൂന്നു പദാർത്ഥങ്ങൾ അനിവാര്യമാണ്. ഒന്ന് ഉണ്ടാക്കുന്നവൻ - കുടമുണ്ടാക്കുന്നവനെപ്പോലെ. രണ്ട് - കുടത്തിന്റെ മണ്ണ്, മൂന്ന് - കുടമുണ്ടാക്കാനാവശ്യമായ മറ്റു സാധനങ്ങൾ. കുടമുണ്ടാക്കുന്നതിനുമുൻപ് കുശവനും മണ്ണും മറ്റു സാധനങ്ങളും ഉള്ളപോലെ ജഗത്തിന്റെ ഉത്പത്തിക്കു മുമ്പ് ജഗത്തിന്റെ കാരണമായ പ്രകൃതിയും അതിന്റെ ഗുണകർമ സ്വഭാവങ്ങളും അനാദിയായുണ്ട്. അതിനാൽ ഖുർആനിൽ പറയുന്നത് സംഭവിക്കാത്തതാണ്.

29. (മെക്കായിലുള്ള) ആ മന്ദിരത്തെ* മനുഷ്യവർഗത്തിനുള്ള ഒരു സമ്മേളനകേന്ദ്രവും സമാധാനവുമായി നാം നിശ്ചയിച്ച..... ഇബ്രാഹീമിന്റെ സ്ഥലത്തെ നിങ്ങൾ നമസ്കാര സ്ഥലമാക്കുക. (1.1.2.125)

സമീ: കഅ്ബായ്ക്കു മുൻപ് ഖുദാമറ്റൊരു പവിത്രസ്ഥലവും നിർമ്മിച്ചില്ലേ? നിർമ്മിച്ചെങ്കിൽ കഅ്ബാ ഉണ്ടാക്കേണ്ട കാര്യമില്ലായിരുന്നു. നിർമ്മിച്ചില്ലെങ്കിൽ പാവം പൂർവികരെ പവിത്രസ്ഥാനം ഇല്ലാതെ നിലനിർത്തിയിരിക്കാം. പവിത്രസ്ഥാനം നിർമ്മിക്കാൻ ഖുദാ അന്ന് മറന്നുപോയതാവാം!

30 വിഡ്ഢിത്തം സ്വയം സ്വീകരിച്ചവനല്ലാതെ മറ്റാരാണ് ഇബ്രാഹീമിന്റെ മതത്തെ വെറുക്കുക. നാം അദ്ദേഹത്തെ ഇഹത്തിൽ ഉത്കൃഷ്ടനായി തിരഞ്ഞെടുത്തിരിക്കുന്നു. പരലോകത്തും അദ്ദേഹം സുകൃതം ചെയ്തവരുടെ കൂട്ടത്തിൽതന്നെ ആയിരിക്കും. (1.1.2.13)

സമീ:- ഇബ്രാഹീമിന്റെ മതത്തെ വെറുക്കുന്നവരെല്ലാം വിഡ്ഢികളാവുന്നതെങ്ങനെ? ഇബ്രാഹീമിനെ ദൈവം ഇഷ്ടപ്പെടാൻ കാരണമെന്ത്? ധർമാത്മാവായിരുന്നതു കൊണ്ടാണെങ്കിൽ മറ്റനേകം ധർമാത്മാക്കളുണ്ടാവാമല്ലൊ. ധർമാത്മാവാല്ലാത്തതുകൊണ്ടാണിഷ്ടമെങ്കിൽ അതന്യായമാണ്. ധർമാത്മാക്കളെയല്ലാതെ അധർമികളെ ദൈവം ഇഷ്ടപ്പെടില്ല എന്നതു നേരാണ്.

31. നിന്റെ മുഖം അകാശത്തു നോക്കി തിരഞ്ഞുകൊണ്ടിരി

* ക അബാ മന്ദിരം



ക്കുന്നതു നാം കാണുന്നുണ്ട്. നീ തൃപ്തിപ്പെടുന്ന ഖിബ്ലയുടെ നേരെ നാമിതാ നിന്നെതിരിക്കാൻ പോകുന്നു. നിന്റെ മുഖം ആദരണീയമായ പ്രാർത്ഥനാമന്ദിരത്തിന്റെ ഭാഗത്തേക്കു തിരിക്കുക. നിങ്ങൾ എവിടെയിരുന്നാലും നിങ്ങളുടെ മുഖം അതിന്റെ ഭാഗത്തേക്കു തിരിക്കുക. (1.2.2.144)

സമീ:- ഇത് എത്തരം വിഗ്രഹാരാധനയാണ്? ചെറുതോ വലുതോ?

പൂർവപക്ഷ:- ഞങ്ങൾ മുസ്ലീങ്ങൾ വിഗ്രഹാരാധകരല്ല വിഗ്രഹഭഞ്ജകരാണ്. ഖിബ്ലയെ ദൈവമായി ഞങ്ങൾകാണുന്നില്ല.

ഉത്തരപക്ഷം:- വിഗ്രഹാരാധനയെന്നു നിങ്ങൾ പറയുന്നതിലും ആ ആരാധകർ വിഗ്രഹത്തിൽ ദൈവത്തെ കാണുന്നില്ല. പകരം അതിന്നു മുൻപിൽ ഈശ്വരഭക്തികാട്ടുന്നു, എന്നേയുള്ളൂ, വിഗ്രഹഭഞ്ജകരാണെങ്കിൽ എന്തുകൊണ്ടാണ് ഏറ്റവും വലിയ വിഗ്രഹമായ മസ്ജിദ് ഖിബ്ലയെ തകർക്കാഞ്ഞത്?

പൂർവ:- അതുകൊള്ളാം, ഖിബ്ലയിലേക്കു മുഖം തിരിക്കാൻ ഞങ്ങളോട് ഖുർആൻ അരുളുന്നുണ്ട്. വേദത്തിലില്ലാത്തതു ചെയ്യുന്നവരല്ലേ വിഗ്രഹാരാധകർ? ഞങ്ങൾ എങ്ങനെയാകും? ഖുർആന്റെ അരുളപ്പാട് കാക്കേണ്ടവരാണ് ഞങ്ങൾ.

ഉത്ത:- നിങ്ങൾക്ക് ഖുർആനിലുള്ളതുപോലെ അവർക്കു പുരാണങ്ങളിൽ അരുളപ്പാടുണ്ട്. നിങ്ങൾ ഖുർആനെ ഖുദായുടെ വാണിയായി ആദരിക്കുന്നതുപോലെ പൗരാണികർ പുരാണത്തെ ഈശ്വരാവതാരമായ വ്യാസന്റെ വചനമായി ഗണിക്കുന്നു, നിങ്ങളിരുവരും തമ്മിൽ വിഗ്രഹാരാധന സംബന്ധിച്ച് വ്യത്യാസമൊന്നും ഇല്ല. നിങ്ങൾ വലിയ വിഗ്രഹാരാധകരും ഇവർ ചെറിയതുമാണെന്നേയുള്ളു. വീട്ടിൽ നിന്നു പൂച്ചയെ ഓടിക്കാൻ പോയപ്പോൾ ഒട്ടകം കയറി പാർത്തു എന്നു പറയുന്നതുപോലെ മുഹമ്മദ് നബി കൊച്ചു വിഗ്രഹങ്ങളെ മുസ്ളീങ്ങളുടെ മതത്തിൽ നിന്നു പുറത്താക്കി. പക്ഷേ വലിയ വിഗ്രഹം, പർവ്വതം പോലുള്ള മക്കയിലെ മസ്ജിദ് മുസൽമാന്മാരുടെ മതത്തിൽ സ്ഥാപിക്കപ്പെട്ടു. ഇതു കൊച്ചു വിഗ്രഹാരാധനവല്ലതുമാണോ? ങ്ഹാ. ഞങ്ങൾ വൈദിക ധർമികളാണ്. നിങ്ങളും അങ്ങനെയായാൽ വിഗ്രഹാരാധന തുടങ്ങിയ തിന്മകളിൽ നിന്നു രക്ഷപ്രാപിയ്ക്കും. ഇല്ലെങ്കിൽ ഇല്ല നിങ്ങളുടെ വലിയ വിഗ്രഹാരാധന നിർത്താതെ ചെറിയ വിഗ്രഹാരാധന ചെയ്യുന്നതിൽ ലജ്ജിച്ച് പിന്മാറണം. സ്വയം വിഗ്രഹാരാധനയിൽ നിന്നു മാറി പരിശുദ്ധരാകണം.

32 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെക്കുറിച്ച് അവർ മരണപ്പെട്ടവരാണെന്നു നിങ്ങൾ പറയരുത്. അവർ ജീവിച്ചിരിക്കുന്നവരത്രെ. (1.2.2.154)

സമീ:- ഈശ്വരന്റെ മാർഗ്ഗത്തിൽ മരണമാരണങ്ങളെന്തിനാണ്. തൻകാര്യം നേടാനാണ് ഇങ്ങനെ പറയുന്നതെന്ന് എന്തുകൊണ്ട് പറയുന്നില്ല? ഇതൊരു പ്രലോഭനമാണ്. ആളുകൾ ചത്തു യുദ്ധം ചെയ്യും, വിജയം നേടാം എന്ന വിചാരവും പിൻപിലുണ്ട്. ചാകാൻ പേടി വേണ്ട, കൊള്ളയടിച്ചാൽ ഐശ്വര്യം കിട്ടും, പിന്നീട് വിഷയാനന്ദം അനുഭവിക്കാം. ഇത്യാദി സ്വാർഥതകളോടുകൂടിയാണ് ഇങ്ങനെ വിപരീതകാര്യങ്ങൾ പറയുന്നത്.

33 അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും..... പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിന്തുടരരുത്. അവൻ നിങ്ങളുടെ പ്രത്യക്ഷശത്രുവാകുന്നു. ദുഷ്കൃത്യത്തിനും നീചവൃത്തിക്കും നിങ്ങൾക്കറിവു കിട്ടാത്തത് അല്ലാഹുവിന്റെ പേരിൽ ആരോപിക്കുവാനും മാത്രമാണ് അവൻ നിങ്ങളോടു കല്പിക്കുക.

സമീ:- പാപികളിലും പുണ്യാത്മാക്കളിലും ദയാലുവായ ഖുദാ ദുഃഖം പകരുമോ? അതോ മുസൽമാന്മാരോടു ദയാലുവും അന്യരോട് ദയാഹീനനുമോ? അങ്ങനെയെങ്കിൽ അത് ഈശ്വരനേയല്ല. പക്ഷപാതിയെങ്കിൽ നല്ലതു ചെയ്യുന്നവനോടു ദയയും അധർമ്മം ചെയ്യുന്നവർക്ക് ശിക്ഷ നല്കുന്നവനുമാകണം. പിന്നെ ഇതിന്നിടെ ഖുർആനിലും നബിയിലും വിശ്വസിക്കേണ്ട ആവശ്യവുമില്ല.

34 ശവവും രക്തവും പന്നിമാംസവും അല്ലാഹുവല്ലാത്തവർക്കുവേണ്ടി അറുക്കപ്പെട്ടതും മാത്രമാണ് അല്ലാഹു വിരോധിച്ചിരിക്കുന്നത്. (1.2.2.173)

സമീ:- ചിന്തിക്കണം, ചത്തതായാലും കൊന്നതായാലും രണ്ടുശവവും തുല്യം തന്നെ. ഇതിൽ അല്പം വ്യത്യാസമുണ്ടായാലും ചത്തതു ചത്തതു തന്നെ. പന്നിയെ നിഷേധിച്ചതിനർത്ഥം മനുഷ്യമാംസം ഭക്ഷിക്കാമെന്നാണോ? ഈശ്വരന്റെ പേരിൽ ശത്രുക്കളെ വളരെ ക്രൂരമായി പീഡിപ്പിച്ചു കൊല്ലുന്നത് ഉചിതമാണോ? ഇതിൽ ഈശ്വരനാമത്തിനു കളങ്കം വരും. പൂർവജന്മാപരാധം ഇല്ലാതെ മുസൽമാന്മാരുടെ കൈകളാൽ ദാരുണദുഃഖം നല്കിയതെന്തിന്? അവരോട് ദയാലുവല്ലേ ദൈവം? അവരെ പുത്രതുല്യം കാണാത്തതെന്ത്? ഉപകാരമധികമുള്ള പശുക്കളേയും മറ്റും കൊല്ലുന്നതു നിഷേധിക്കാത്ത, കൊല്യ്ക്കു പ്രേരിപ്പിക്കുന്ന, ഖുദാ ലോകത്തിനു ഹാനിവരുത്തുന്നു എന്നറിയണം. ഖുദാ ഹിംസയെന്ന പാപത്താൽ കളങ്കിതനുമാകുന്നു. ഇത്തരം വാക്യങ്ങൾ ദൈവത്തിൽ



നിന്നോദൈവത്തിന്റെ പുസ്തകത്തിലോ വരാവുന്നതല്ല.

35 വ്രതരാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായി സഹവസിക്കുവാൻ നിങ്ങളെയിതാ അനുവദിച്ചിരിക്കുന്നു. അവർ നിങ്ങളുടേയും നിങ്ങൾ അവരുടെയും വസ്ത്രമാണ്. സ്വന്തം ദേഹങ്ങളോട് നിങ്ങൾ അനീതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന് അല്ലാഹു ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. പക്ഷേ അല്ലാഹു നിങ്ങളുടെ തെറ്റുകൾക്കു മാപ്പുനല്കുകയും പൊറുക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് വെള്ളനൂൽ കറുപ്പുനൂലുമായി വേർതിരിച്ചു കാണുവാൻ കഴിയുംവരേയ്ക്കും (പ്രഭാതം വരേക്കും) മേലിൽ അവരുമായി സഹവസിച്ചുകൊള്ളുക. (1.2.2.187)

സമീ:- മുസൽമാന്മാരുടെ മതം പ്രചരിച്ചപ്പോൾ അതിന്നു മുമ്പായി ഏതോ പൗരാണികനോട് ഇവരാരാനും ഒരു മാസം നീണ്ടുനിൽക്കുന്ന ചാന്ദ്രായണ വ്രതത്തെപ്പറ്റി ചോദിച്ചിട്ടുണ്ടെന്നു നിശ്ചയിക്കാം. ആ ശാസ്ത്രവിധി ചന്ദ്രക്കലയുടെ ക്ഷയവൃദ്ധികൾക്കനുസരിച്ച് ഭക്ഷണം കുറയ്ക്കുകയും കൂട്ടുകയും, മധ്യാഹ്നത്തിൽമാത്രം ഭക്ഷിക്കുകയും ചെയ്യാനാണ്. അതറിയാതെ ചന്ദ്രനെ കണ്ടിട്ട് ഭക്ഷിക്കാൻ പറഞ്ഞതാകാം. അത് മുസ്ലീങ്ങൾ ഇപ്രകാരമാക്കിയെടുത്തു വ്രതത്തിൽ സ്ത്രീസമാഗമം പാടില്ല. സ്ത്രീസമാഗമം ഖുദാ അനുവദിച്ചുകൊടുത്ത അധികസൗജന്യമാകാം. രാത്രിയിൽ എത്രയെങ്കിലും തവണ ഭക്ഷിക്കാനും അനുവാദമുണ്ട്. ഇതെന്തു വ്രതമാണാവോ? പകൽ തീറ്റിയില്ല. രാത്രി തീറ്റതന്നെ. പകൽ ഭക്ഷിക്കാതെ രാവിൽ തിന്നുന്നത് സൃഷ്ടിക്രമത്തിനു വിരുദ്ധമാണ്.

36. നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. അവരെ കണ്ടുമുട്ടുന്ന സ്ഥലത്തുവച്ചു കൊന്നുകളയുക. മർദ്ദനം കൊലയേക്കാൾ കഠിനതരമത്രെ. മർദ്ദനം ഇല്ലാതാക്കുകയും മതം അല്ലാഹുവിനധീനപ്പെടുകയും ചെയ്യും വരേക്കും നിങ്ങൾ അവരുമായി യുദ്ധം ചെയ്തുകൊള്ളുക. ആരെങ്കിലും നിങ്ങളെ ആക്രമിച്ചാൽ അവൻ നിങ്ങളെ ആക്രമിച്ചവിധത്തിൽ തന്നെ നിങ്ങൾ അവനെയും ആക്രമിക്കുക.(1.2.2.190,191,193,194)

സമീ:- ഖുർആനിൽ ഇത്തരം വാക്യങ്ങളില്ലായിരുന്നെങ്കിൽ മുസൽമാന്മാർ, അന്യമതക്കാരോട് ഇത്രവലിയ അപരാധങ്ങൾ ചെയ്യുമായിരുന്നില്ല. അപരാധമില്ലാത്തവരെ കൊല്ലുന്നതാണ് അവരുടെ ഏറ്റവും വലിയ പാപം. മുസ്ലീം മതം സ്വീകരിക്കുന്നതാണ് ഇവിടത്തെ മർദ്ദനം. (കുഫ്ർ). അതിനേക്കാൾ നന്ന് കൊലയാണവർ പറയുന്നു. അതായത് ദീനിൽ (ഖുർആനിൽ) വിശ്വസിക്കാത്തവനെ (കത്ൽ) കൊല ചെയ്യാമെന്ന് അർഥം. അങ്ങനെ ചെയ്തും പോന്നു. മതത്തിനുവേണ്ടി പൊരുതി രാജ്യങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ട്. മറ്റുമതക്കാരോട് അതികഠോരമായ മനോഭാവമാണ് ഇവർക്കുള്ളത്. കള്ളത്തിനു കള്ളമാണോ പകരം? കള്ളന്മാർ നമ്മളോട് കളവുനടത്തി അപരാധം ചെയ്താൽ നാമും കളവു നടത്തി പകരം വീട്ടണോ? ഇതു തീർത്തും അന്യായമായ കാര്യമാണ്. ഏതെങ്കിലും അജ്ഞാനി നമ്മളെ അസഭ്യം പറഞ്ഞാൽ നാമും കളവു നടത്തി പകരം വീട്ടണോ? ഇതു തീർത്തും അന്യായമായ കാര്യമാണ്. ഏതെങ്കിലും അജ്ഞാനിനമ്മളെ അസഭ്യം പറഞ്ഞാൽ നാമും തിരിച്ച് ചീത്ത വിളിക്കണോ? ഇത് ഈശ്വരന്റെയോ ഈശ്വരഭക്തനായ വിദ്വാന്റെയോ, ഈശ്വരകൃതമായ പുസ്തകത്തിലെയോ ശിക്ഷണമല്ല. സ്വാർഥിയും അജ്ഞാനിയുമായ മനുഷ്യന്റെയാണ്.

37. അല്ലാഹു നാശത്തെ ഇഷ്ടപ്പെടുന്നില്ല..... സത്യവിശ്വാസികളെ! നിങ്ങൾ പരിപൂർണ്ണമായി ഇസ്ലാമിൽ പ്രവേശിച്ചുകൊള്ളുക. (1.2.2.205 - 208)

സമീ:- നാശം അല്ലാഹു ഇഷ്ടപ്പെടുന്നില്ലെങ്കിൽ, നാശം ചെയ്യുവാൻ മുസൽമാന്മാരെ പ്രേരിപ്പിക്കുന്നതും അവരോടു മൈത്രി പുലർത്തുന്നതും എന്തിനാണ്? ഇസ്ലാമിൽ ചേർന്നാലെ ഖുദാ പ്രസന്നനാകുവോ? എങ്കിൽ മുസ്ലീം പക്ഷപാതിയാണ് ആ ഖുദാ. ലോകേശനല്ല. ഇതിൽനിന്ന് ഖുർആൻ ദൈവകൃതമല്ലെന്നും ഇതിൽ പറയുന്ന ഖുദാ ദൈവമല്ലെന്നും തെളിയുന്നു.

38 അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവർ കണക്കില്ലാതെ നല്കും. (1.2.2.212)

സമീ:- പാപപുണ്യങ്ങൾ നോക്കാതെ ദൈവം കണക്കില്ലാതെ കൊടുക്കുമോ? പിന്നെ നന്മതിന്മങ്ങൾ ചെയ്യുന്നതിൽ അർഥമില്ലാതായി - എന്തെന്നാൽ സുഖദുഃഖപ്രാപ്തി അവനുദ്ദേശിക്കുന്നവർക്കാണല്ലോ. ധർമവിമുഖരായി മുസ്ലീങ്ങൾ തോന്നുംപടി നടക്കുന്നതിതുകൊണ്ടാണ്. അപൂർവം ചിലർ ഈ ഖുർആൻ വചനം വിശ്വസിക്കാതെ ധർമാത്മാക്കളായും ജീവിക്കുന്നുണ്ട്.

39 ആർത്തവകാലത്തെക്കുറിച്ച് അവർനിന്നോടു ചോദിക്കുന്നു. നീ പറയുക: അത് ഉപദ്രവ(കാല)മാകുന്നു. അതുകൊണ്ട് ആർത്തവഘട്ടങ്ങളിൽ നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്നിരിക്കുക. അവർ ശുദ്ധിയാകും. വരേക്കും അവരെ നിങ്ങൾ സമീപിക്കരുത്. ശുദ്ധിയായിക്കഴിഞ്ഞാൽ അല്ലാഹു നിങ്ങളോടു കല്പിച്ച മാർഗ്ഗത്തിലൂടെ അവരുടെ അടുക്കൽ ചെല്ലുക.....നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിസ്ഥലമാകുന്നു. നിങ്ങൾ ഇച്ഛിക്കുന്ന വിധം നിങ്ങളുടെ കൃഷിസ്ഥലത്തു ചെല്ലുക..... നിങ്ങളുടെ ശപഥം ലംഘിക്കുന്നതിന്ന്

thearyasamaj.org



അല്ലാഹുവിനെ നിങ്ങളൊരു തടസ്സമാക്കി വയ്ക്കരുത്. (1.2.2.222,223,224)

സമീ:- രജസ്വലയുടെ സ്പർശമോ സംഗമമോ പാടില്ലെന്നെഴുതിയിരിക്കുന്നത് നല്ലകാര്യമാണ്. എന്നാൽ കൃഷിസ്ഥലമാണ് ഇച്ഛിക്കുന്ന വിധം കൃഷിസ്ഥലത്തു ചെല്ലുക എന്നത് മനുഷ്യരെ വിഷയാസക്തരാക്കുകയേയുള്ളൂ അല്ലാഹുവിനെ മറികടന്ന് ശപഥം ലംഘിക്കാമെന്നു പറയുന്നത് എല്ലാവരേയും ശപഥലംഘകരാക്കുകയേയുള്ളൂ. അങ്ങനെ അല്ലാഹു കള്ളത്തിന്റെ പ്രചാരകനായിത്തീരും

40. അല്ലാഹുവിന്നു നല്ലനിലയ്ക്കു കടം കൊടുക്കുവാനാരുണ്ട്? അങ്ങനെ കടംകൊടുക്കുന്നപക്ഷം അവന്നു അതു ഇരട്ടിക്കിരട്ടിയായി അല്ലാഹു വർദ്ധിപ്പിച്ചുകൊടുക്കും. (1.2.2.245)

സമീ:- ദൈവത്തിന് കട* കൊണ്ടിട്ടെന്തു പ്രയോജനം? ജഗത് സ്രഷ്ടാവ് മനുഷ്യരോടു കടം വാങ്ങുകയോ? ഒരിക്കലുമില്ല. അറിവില്ലാത്തവരേ ഇങ്ങനെ പറയൂ. ഖുദായുടെ ഖജനാവ് ശൂന്യമായോ? ഹുണ്ടിയും പീടികയും നടത്തുന്ന വ്യാപാരത്തിൽ മുഴുകി കടംകൊള്ളുകയാവുമോ? ഒന്നുക്കിരട്ടി കൊടുക്കാമെന്നു പറയുന്നതു സേട്ടന്മാരുടെ പണിയല്ലേ? ഇതെല്ലാം ദീവാളികുളിച്ച്, ചെലവ് അധികം ചെയ്ത് കടം കയറിയവരേ ചെയ്യൂ. ഈശ്വരൻ ചെയ്യുകയില്ല.

41. അങ്ങനെ സത്യവിശ്വാസം സ്വീകരിച്ചവരും സത്യത്തെ മനപൂർവ്വം നിഷേധിച്ചവരും അവരിൽത്തന്നെയുണ്ട്. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ അവർ പരസ്പരം പൊരുതുകയില്ലായിരുന്നു. താനുദ്ദേശിക്കുന്നത് അല്ലാഹു പ്രവർത്തിക്കും. (1.3.2.253)

സമീ:- ഉണ്ടായ യുദ്ധമെല്ലാം ഖുദായുടെ ഇച്ഛയാലോ? അധർമം ചെയ്യാൻ ഉദ്ദേശിച്ചാൽ ചെയ്യുമോ? എങ്കിലത് ഖുദായല്ല. സമാധാനം തകർത്ത് യുദ്ധം ചെയ്യിക്കുന്നത് നല്ലവരുടെ പണിയല്ല. ഇതിൽനിന്ന്, ഖുർആൻ ഈശ്വരകൃതമോ ഏതെങ്കിലും വിദ്വാൻ രചിച്ചതോ അല്ലെന്നു തെളിയുന്നു.

42. ആകാശഭൂമികളിലുള്ളതെല്ലാം തന്നെ അവന്റേതാകുന്നു. ആകാശഭൂമികൾ ഉൾക്കൊള്ളുന്നതാണ് അവന്റെ സിംഹാസനം. (1.3.2.255)

സമീ: ആകാശഭൂമികളിലുള്ള പദാർത്ഥങ്ങളെല്ലാം ജീവികൾക്കുവേണ്ടി ഈശ്വരൻ സൃഷ്ടിച്ചതാണ്. തനിക്കുവേണ്ടി സൃഷ്ടിച്ചതല്ല. ഈശ്വരൻ പൂർണ്ണകാമനാകയാൽ അദ്ദേഹത്തിനൊന്നും വേണ്ട. അവന് സിംഹാസനം ഉണ്ടെങ്കിൽ ഏകദേശിയാണ്. ഈശ്വരൻ ഏകദേശിയല്ല. ഈശ്വരൻ സർവ വ്യാപിയാണ്.

43. ശരി അല്ലാഹു സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നു. നീ അതു പടിഞ്ഞാറു നിന്ന് ഉദിപ്പിക്കുക. അക്രമികളായ ജനതയ്ക്ക് അല്ലാഹു മാർഗ്ഗം കാണിച്ചുകൊടുക്കുകയില്ല. (1.3.2.258)

സമീ:- അവിദ്യയുടെ പ്രകടനം കാണുക. സൂര്യൻ കിഴക്കുനിന്നു പടിഞ്ഞാറോട്ടോ പടിഞ്ഞാറുനിന്നു കിഴക്കോട്ടോ പോകാതെ സ്വന്തം പരിധിയിൽ ഭ്രമണം ചെയ്യുന്നു. ഖുർആന്റെ കർത്താവിന് വാനശാസ്ത്രമോ ഭൂമിശാസ്ത്രമോ അറിവില്ലായിരുന്നെന്ന് ഇതിൽനിന്ന് തെളിയുന്നു. ആക്രമികൾക്ക് മാർഗ്ഗം കാണിച്ചു കൊടുക്കുകയില്ലെങ്കിൽ പുണ്യാത്മാക്കൾക്ക് ഈ മുസ്ലീം ഖുദായുടെ ആവശ്യമില്ല. ധർമാത്മാക്കൾ എപ്പോഴും സന്മാർഗ്ഗത്തിലായിരിക്കും. ധർമമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവർക്കാണ് മാർഗ്ഗദർശനം വേണ്ടത്. ഈ കർത്തവ്യം നിറവേറ്റാത്തത് ഖുർആൻ രചയിതാവിന്റെ വലിയ തെറ്റാണ്.

44 അല്ലാഹു അരുളി. നാലു പക്ഷികളെ പിടിച്ച് അവയെ നീയുമായി ഇണക്കുക. പിന്നീട് അവയെ ഓരോ വിഭാഗത്തെയും ഓരോ മലകളിൽ കൊണ്ടുപോയി വയ്ക്കുക. എന്നിട്ട് അവയെ വിളിക്കുക. എന്നാൽ അവ നിന്റെ അടുക്കലേക്ക് ഓടിവരും. (1,3.2.260)

സമീ:- ബലേഭേഷ്! തലയിൽ നിലാവുദിച്ചവരെപ്പോലെ മുസ്ലീംഖുദാകളിയാടുന്നതു നോക്കുക. ഇതാണോ ഖുദായുടെ ഖുദാത്വം? ബുദ്ധിമാന്മാർ ഇത്തരം ഖുദായ്ക്ക് തിലാഞ്ജലി നല്കി അകന്നു നില്ക്കയേയുള്ളൂ. മൂഢന്മാർ വീഴുകയും ചെയ്യും. ഈശ്വരന്റെ മഹത്ത്വത്തിനു പകരം തിന്മകൾ അവരെ ചൂഴുകയും ചെയ്യും.

45 താനുദ്ദേശിക്കുന്നവർക്ക് അല്ലാഹു തത്വജ്ഞാനം നല്കുന്നു. (1.3.2.269)

സമീ:- ഉദ്ദേശിക്കുന്നവർക്ക് തത്ത്വജ്ഞാനം നല്കിയാൽ ഉദ്ദേശിക്കാത്തവർക്ക് അജ്ഞാനം നല്കുമായിരിക്കും. ഈ വാക്കുകൾ ഈശ്വരീയമല്ല. പക്ഷപാതമില്ലാതെ ജ്ഞാനോപദേശം നല്കിയാലേ ഈശ്വരനും ആപ്തനും ആവൂ, മറ്റാരും ആവുകയില്ല.

---

* ഈ വചനത്തിന്റെ ഭാഷ്യത്തിൽ തഫ്സീർ ഹുസൈനി എഴുതുന്നു. ഒരുവൻ മുഹമ്മദുനബിയുടെ അടുത്തു ചെന്ന് ചോദിച്ചു. റസൂലല്ലാഹ് ഖുദാ എന്തിനാണ് കടം ചോദിക്കുന്നത് നിന്നെ സ്വർഗ്ഗത്തിൽ കൊണ്ടുപോകാനാണെന്ന് ഉത്തരം നൽകി. അങ്ങ് ജാമ്യം നല്കാമെങ്കിൽ ഞാൻ കൊടുക്കാമെന്നായി അയാൾ. മുഹമ്മദുനബി ജാമ്യം നിന്ന്. ഭക്തന് ഖുദാവിൽ വിശ്വസമില്ല. ഖുദായുടെ പ്രവാചകനിൽ വിശ്വാസം ഉണ്ട്. (മഹർഷി ദയാനന്ദസ്വാമി)



46. പലിശവാങ്ങിത്തിന്നുന്നവർ..... നരകവാസികളായിരിക്കും. (ടി. 275)

സമീ:- അവർ കബറുകളിൽത്തന്നെ കിടന്നേക്കുമോ? എത്രകാലത്തേക്ക്? ഇത്തരം അസംഭവ കഥനങ്ങൾ ബാലബുദ്ധിക്കല്ലാതെ വേദപുസ്തകത്തിനു ചേരുന്നതല്ല.

47. താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നു. താനുദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും. അല്ലാഹു സർവ്വ ശക്തനാകുന്നു. (1.3.2.284)

സമീ:- ക്ഷമിക്കാൻ യോഗ്യനോട് ക്ഷമിക്കായ്കയും അയോഗ്യനോട് ക്ഷമിക്കുകയും ഗർവകൺഠ* രാജാവിനു ചേർന്ന കൃത്യമല്ലേ? ദൈവം ഇഷ്ടപ്രകാരം പാപിയെയും പുണ്യാത്മാവിനെയും ഉണ്ടാക്കുകയാണെങ്കിൽ ജീവാത്മാവിനെ പാപപുണ്യങ്ങൾ ഏശുകയില്ല. ഈശ്വരൻ അങ്ങനെ ചെയ്യുന്നെങ്കിൽ ജീവന് സുഖദുഃഖങ്ങൾ ഉണ്ടാകാൻ പാടില്ല, സേനാധിപന്റെ ആജ്ഞപ്രകാരം ശിപായി ആരെയെങ്കിലും കൊല്ലുകയോ രക്ഷിക്കയോ ചെയ്താൽ അതിന്റെ ഫലം ശിപായ്ക്കു ലഭിക്കാത്തതു പോലെയാകാം ഇതും.

48 സ്ത്രീകൾ, സന്താനങ്ങൾ, കൂമ്പാരമായി കൂട്ടിയിരിക്കുന്ന സ്വർണ്ണം..... എന്നിങ്ങനെ ഇഷ്ടപ്പെട്ട വസ്തക്കളോടു പ്രേമം കാണിക്കുന്നതു മനുഷ്യർക്കു വലിയ അലങ്കാരമായി തോന്നുന്നു. സൂക്ഷമത പാലിച്ചിട്ടുള്ളവർക്കു തങ്ങളുടെ രക്ഷിതാവിങ്കൽ ചില തോട്ടങ്ങളുണ്ട്. അവയുടെ താഴ്ഭാഗങ്ങളിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവിടെയാണവർ ശാശ്വതമായി നിവസിക്കുക. (അവർക്കവിടെ) പരിശുദ്ധമായ ചില ഇണകളും ഉണ്ടായിരിക്കും. അല്ലാഹു തന്റെ ദാസന്മാരുടെ സ്ഥിതിഗതികൾ ശരിക്കു നോക്കിക്കാണുന്നുണ്ട്. (1.3.3.14-15)

സമീ:- ഇതു സ്വർഗമോ വേശ്യാവനമോ? ഇതീശ്വരനോ സ്ത്രീലമ്പടനോ? ഇത്തരം കാര്യങ്ങളുള്ള പുസ്തകം ദൈവത്തിന്റേതാണെന്ന് ബുദ്ധിയുള്ള വരാരെങ്കിലും വിശ്വസിക്കുമോ? എന്തിനാണ് ഈ പക്ഷപാതം? സ്വർഗ്ഗത്തിൽ സദാ പാർക്കുന്ന ഇണകൾ ഇവിടെ ജനിച്ച് അങ്ങോട്ടു പോയോ അതോ അവിടെ ജനിച്ചോ? ഇവിടെ ജനിച്ച് അവിടെ ചെന്നു കൂടിയവരാണെങ്കിൽ കയാമത്തിന്റെ തലേന്ന് അവരെ എന്തിനു തിരിച്ചു വിളിച്ചു?

അവരുടെ ആണുങ്ങളെ വിളിക്കാഞ്ഞതെന്ത്? കയാമത്തിന്റെ നാളിൽ എല്ലാവർക്കും ന്യായവിധിയുണ്ടാകുമെന്ന നിയമത്തെ ഭഞ്ജിച്ചതെന്തിന്? അവിടെ ജനിച്ചവരാണെങ്കിൽ കയാമത്തിന്റെ നാൾവരെ ഏതടിസ്ഥാനത്തിൽ അവിടെ പാർക്കുന്നു? അവർക്കവിടെ ഭർത്താക്കന്മാരുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ ചെല്ലുന്ന മുസൽമാന്മാർക്ക് ഖുദാ ഇണകളെ എവിടെ നിന്നു കൊടുക്കും? സ്വർഗത്തിൽ എന്നും പാർക്കുന്ന സ്ത്രീകളെ സൃഷ്ടിച്ചതു പോലെ പുരുഷന്മാരെ സൃഷ്ടിക്കാത്തതെന്ത്? അതിനാൽ മുസ്ലീംഖുദാ അന്യായക്കാരനായ അജ്ഞനാണ്.

49. അല്ലാഹുവിങ്കൽ മതം ഇസ്ലാം മാത്രമാകുന്നു. (1.3.3.19)

സമീ: അല്ലാഹു മുസ്ലീങ്ങളുടേതു മാത്രമാണോ? മറ്റുള്ളവരുടേതല്ലേ? ഇതിൽനിന്ന് ഖുർആൻ ഈശ്വരകൃതമല്ല ഏതോ പക്ഷപാതി എഴുതിയതാണെന്നു സിദ്ധിക്കുന്നു.

50. ഓരോ മനുഷ്യന്നും അവൻ പ്രവർത്തിച്ചതിനുള്ള പ്രതിഫലം തികച്ചും നല്കപ്പെടും. ഒരാളോടും അനീതി കാണിക്കുകയില്ല. (ഓ നബീ!) നീ പറയുക ആധിപത്യത്തിന്റെ നായകനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് ആധിപത്യം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരുടെ പക്കൽനിന്ന് ആധിപത്യം പിടിച്ചെടുക്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് അന്തസ്സു നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നിന്ദ്യരാക്കി വിടുന്നു. എല്ലാ നന്മകളും നിന്റെ കയ്യിലാണിരിക്കുന്നത്. നീ സർവശക്തനത്രെ. നീ രാവിനെ പകലിലും പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. നിർജ്ജീവ വസ്തുക്കളിൽ നിന്ന് ജീവനുള്ള വസ്തുക്കളെയും ജീവനുള്ള വസ്തുക്കളിൽനിന്ന് നിർജ്ജീവ വസ്തുക്കളെയും നീ പുറത്തേക്കു കൊണ്ടുവരുന്നു. നീ ഉദ്ദേശിക്കുന്നവർക്കു കണക്കില്ലാതെ ജീവിത വിഭവങ്ങൾ പ്രദാനം ചെയ്യുന്നു. സത്യവിശ്വാസികൾ സത്യവിശ്വാസികളെ വിട്ടു സത്യനിഷേധികളെ രക്ഷാധികാരികളാക്കിവയ്ക്കരുത്. അങ്ങനെ വല്ലവനും ചെയ്തെങ്കിൽ അല്ലാഹുവുമായി അവന്ന് യാതൊരു ബന്ധവുമില്ലതന്നെ. അല്ലാഹുവിനെ കുറിച്ച് സൂക്ഷിച്ചിരുന്നുകൊള്ളണമെന്ന് അവൻ നിങ്ങളെ ഇതാ താക്കീതു ചെയ്യുന്നു. നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തുതരും. അല്ലാഹു പരമകാരുണികനാണ്. (1.3.3.26 - 31)

സമീ:- ഓരോ ജീവന്നും കർമത്തിന്റെ പൂർണഫലം നൽകുന്നതായാൽ ക്ഷമിയ്ക്കേണ്ടതില്ല. ക്ഷമിക്കുന്ന പക്ഷം പൂർണഫലം നല്കുന്നില്ല. അതന്യായമാണ്. ജീവനില്ലാത്തതിൽനിന്നു ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് നിർജ്ജീവവും ഉണ്ടാകുമോ? ഈശ്വരന്റെ നിയമം അച്ചേദ്യവും അഭേദ്യവുമാണ്. ഒരിക്കലും മാറിമറിയുന്നതല്ല. ഇനി പക്ഷപാതം നോക്കുക - മുസ്ലീം മതത്തിലല്ലെങ്കിൽ അവൻ കാഫിറായി. അവരിൽ ശ്രേഷ്ഠനോടുപോലും മിത്രത പാടില്ല. മുസൽമാനായ ദുഷ്ടനോട് കൂട്ടാകാം. ഇതെല്ലാം ഈശ്വരനെ ഈശ്വരതയിൽനിന്നു ബഹിഷ്കരിക്കുന്നു. അതിനാൽ ഈ ഖുർആനും, ഖുർആൻ ദൈവവും മുസ്ലീങ്ങളും പക്ഷപാതം അവിദ്യ എന്നിവയാൽ നിറഞ്ഞതാണ്. അതിനാൽ മുസൽമാന്മാർ

* ഗർവ്വകൺഠ രാജാവിന്റെ കഥ ആചാരഭാനു എന്ന ചെറു പുസ്തകത്തിലുണ്ട്. അല്പം നീണ്ടകഥയാകയാൽ ഇവിടെ പകർത്തുവാൻ വിഷമമാണ്.

അന്ധകാരത്തിലുമാണ്. ഇനി മുഹമ്മദു നബിയുടെ ലീല നോക്കൂ; എന്റെ പക്ഷം പിടിച്ചാൽ ഖുദാ നിങ്ങളുടെ പക്ഷത്താകും; നിങ്ങൾ പക്ഷപാതം കാട്ടിയാലും ക്ഷമിച്ചു തരും. ഇതിൽനിന്ന് മനസ്സിലാക്കാവുന്നത് മുഹമ്മദ് നബിയുടെ ഹൃദയം ശുദ്ധമല്ലായിരുന്നെന്നാണ്. അതിനാൽ തൻകാര്യം നേടുന്നതിന് അദ്ദേഹം ഖുർആൻ ഉണ്ടാക്കുകയോ ഉണ്ടാക്കിക്കയോ ചെയ്തതാണെന്നു മനസ്സിലാക്കാം.

51. 'ഓ മർയം! അല്ലാഹു നിന്നെ ഉൽകൃഷ്ടയായി തിരഞ്ഞെടുക്കുകയും (സർവഗുണങ്ങളിൽനിന്നും) നിന്നെ പരിശുദ്ധയാക്കി വെക്കുകയും ലോകത്തുള്ള സ്ത്രീകളിൽവച്ച് നിന്നെ ഉൽകൃഷ്ടയായി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. (1.3.3.42)

സമീ:- ഇക്കാലത്ത് ദൈവമോ ദൈവദൂതരോ വർത്തമാനം പറയുവാൻ വരാറില്ല. പണ്ട് പിന്നെങ്ങനെയാണ് വന്നിരുന്നത്? പണ്ടത്തെ ആൾക്കാർ പുണ്യാത്മാക്കളായിരുന്നു, ഇപ്പോഴത്തെയാളുകൾ അല്ല എന്നാണെങ്കിൽ അതു മിഥ്യയാണ്, എന്നാൽ ക്രിസ്തുമതവും ഇസ്ലാം മതവും പ്രചരിച്ചു തുടങ്ങിയകാലത്ത് അന്നാട്ടിലെ ആൾക്കാർ അധികവും പഠിപ്പില്ലാത്ത അപരിഷ്കൃതരായിരുന്നു. തന്നിമിത്തം ഈ വിദ്യാവിരുദ്ധമതങ്ങൾ പ്രചരിച്ചു. ഇപ്പോൾ വിദ്വാന്മാർ അധികമാകയാൽ ഇതൊന്നും നടപ്പില്ല. ഇത്തരം സാരഹീനമായ മതങ്ങൾ ക്രമേണ ക്ഷയിക്കും. അഭിവൃദ്ധിപ്പെടുകയില്ല.

52 അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോടു പറയുകമാത്രമാണ് അവൻ ചെയ്യുക. അപ്പോൾ അതുണ്ടാകും..... അവർ ചില ഗൂഢതന്ത്രങ്ങൾ പ്രയോഗിച്ചു. അല്ലാഹുവും ചില ഗൂഢ തന്ത്രങ്ങൾ പ്രയോഗിച്ചു. അല്ലാഹു ഗൂഢതന്ത്രങ്ങൾ പ്രയോഗിക്കുന്നവരിൽ അതിസമർത്ഥനത്രേ. (1.3.3.47-54)

സമീ:- ഖുദായല്ലാതെ മറ്റാരുമില്ലെന്ന് മുസ്ലീങ്ങൾ വിശ്വസിക്കെ ഖുദാ ആരോടാണ് പറയുന്നത്? പറഞ്ഞപ്പോൾ എന്തുണ്ടായി. ആരുണ്ടായി? ഇതിന്നുത്തരം മുസ്ലീങ്ങൾ ഏഴുജന്മത്തിലും പറയുകയില്ല. ഉപാദാനകാരണമില്ലാതെ കാര്യമൊന്നും ഉണ്ടാവുകയില്ല. കാരണമില്ലാതെ കാര്യമുണ്ടാകുമെന്നു പറയുന്നത്, അച്ഛനമ്മമാരില്ലാതെയാണ് എന്റെ ശരീരം ഉണ്ടായതെന്നു പറയുന്നതുപോലെയാണ്. ഗൂഢതന്ത്രം പ്രയോഗിക്കുന്നതും അനുഭവിക്കുന്നതും ഒരിക്കലും ഈശ്വരനല്ല. എന്തെന്നാൽ ഉത്തമരായ മനുഷ്യർപോലും ഗൂഢതന്ത്രം പ്രയോഗിക്കുകയില്ല.

53. 3000 മലക്കുകളെയിറക്കി നിങ്ങളുടെ രക്ഷിതാവു സഹായിക്കുന്നതു നിങ്ങൾക്കു മതിയാകയില്ലേ? (1-4-3.124)

സമീ:- മുസൽമാന്മാരെ മൂവായിരം മലക്കുകളെയിറക്കി തുണച്ചിരുന്നെങ്കിൽ, ഇന്ന് സാമ്രാജ്യങ്ങളൊട്ടു വളരെ നഷ്ടപ്പെട്ടിട്ടും നഷ്ടപ്പെട്ടുകൊണ്ടിരുന്നിട്ടും തുണയ്ക്കാത്തതെന്തേ? ഇതുവെറുതെ പ്രലോഭനം നല്കി മൂഢന്മാരെ അകപ്പെടുത്താനുള്ള മഹാ അന്യായമാണ്.

54 സത്യനിഷേധികളായ ജനതയ്ക്ക് എതിരായി ഞങ്ങളെ സഹായിക്കൂ..... അല്ലാഹുവാണ് നിങ്ങളുടെ രക്ഷാധികാരി. ഏറ്റവും നന്നായി സഹായിക്കുന്നവനും അവനാണ്..... നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടു. അല്ലെങ്കിൽ മരണമടഞ്ഞു..... എന്നാൽ..... അല്ലാഹുവിൽനിന്നു ലഭിക്കുന്ന അനുഗ്രഹം ഉത്തമമായതുതന്നെ (1.4.3.146,149,156)

സമീ:- മുസൽമാന്മാരുടെ തെറ്റു നോക്കൂ. ഇതരമതക്കാരെ കൊല്ലാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു! ഇതുകേൾക്കാൻ ഈശ്വരൻ വെറും സാധുവാണോ? മുസ്ലീങ്ങളുടെ രക്ഷാധികാരി അല്ലാഹുവാണെങ്കിൽ അവർ പരാജയപ്പെടുന്നതെന്താണ്? ഖുദാ മുസൽമാന്മാരോട് മോഹത്തിൽ പെട്ടിരിക്കുന്നോ? ഖുദാ ഇങ്ങനെ പക്ഷപാതിയാണെങ്കിൽ ധർമാത്മാക്കൾക്ക് ഉപാസനീയനേയല്ല.

55 അദൃശ്യകാര്യങ്ങൾ നിങ്ങൾക്കു വെളിപ്പെടുത്തി തരുന്ന പതിവ് അല്ലാഹുവിനില്ല. തന്റെ ദൂതന്മാരിൽ ഇഷ്ടമുള്ളവരെ അവൻ തിരഞ്ഞെടുക്കുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. (1.4.3.179)

സമീ:- അല്ലാഹുവിലല്ലാതെ മറ്റാരിലും വിശ്വസിക്കുകയില്ലെന്നും ആരും ഖുദായുടെ സാക്ഷിയല്ലെന്നും പറയുന്ന മുസ്ലീങ്ങൾ പ്രവാചകനിൽ ഖുദായ്ക്കു തുല്യതയുള്ള നന്മ കണ്ടതെങ്ങനെ? അല്ലാഹു പ്രവാചകനിൽ വിശ്വസിക്കാൻ പറയുന്നു. അപ്പോൾ പ്രവാചകനും അല്ലാഹുവും തുല്യരായി. പിന്നെ, അല്ലെന്നു പറയുന്നതു ശരിയല്ല. ഇതിന്നർത്ഥം , മുഹമ്മദ്നബി പ്രവാചകനാകയാൽ വിശ്വസിക്കണമെന്നാണെന്നു മനസ്സിലാക്കിയാലും മുഹമ്മദ് നബിയുടെ ആവശ്യകത എന്തെന്ന പ്രശ്നം ഉദിക്കുന്നു. പ്രവാചകനാക്കാതെ ഖുദായ്ക്ക് സ്വന്തം കാര്യം നിർവ്വഹിക്കാൻ കഴിവില്ലെന്നാണെങ്കിൽ ഖുദാ അസമർഥനാണെന്നു വരുന്നു.

56. സത്യവിശ്വാസികളെ! ക്ഷമിക്കുക..... എതിർശക്തികളെ സൂക്ഷിച്ചുകൊണ്ടു സംഘടിച്ചു നില്ക്കുക. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക. (ഇതെല്ലാം ഉപദേശിക്കുന്നത്) നിങ്ങൾ ജീവിത വിജയം പ്രാപിക്കുവാനാകുന്നു. (1.4.3.200)

സമീ:- ഖുർആനിലെ ഖുദായും പ്രവാചകനും യുദ്ധമോഹികളാണ്. യുദ്ധത്തിന് ആഹ്വാനം



നല്കുന്നയാൾ സമാധാന ഭഞ്ജകനാണ്. നാമ മാത്രമായി ഖുദായെ ഭയപ്പെട്ടാൽ മുക്തി കിട്ടുമോ അതോ അധർമയുക്തമായ യുദ്ധത്തെ ഭയപ്പെ ട്ടാൽ കിട്ടുമോ? ആദ്യത്തേതാണെങ്കിൽ ഭയപ്പെടു ന്നതും ഭയപ്പെടാത്തതും തുല്യമാണ്. രണ്ടാമത്തേ താണെങ്കിൽ ശരിതന്നെ.

57. ഇതെല്ലാം അല്ലാഹുവിന്റെ പരിധികളാണ്. ആരെങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചാൽ അവനെ ചിലതോട്ടങ്ങളിൽ അല്ലാഹു പ്രവേശിപ്പിക്കും. അവ യുടെ താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുക്കിക്കൊണ്ടിരിക്കും. അവിടെയാണ് അവർ ശാശ്വതമായി നിവസിക്കുക. അതത്രെ മഹത്തായ വിജയം. എന്നാൽ വല്ലവരും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കല്പന ലംഘിക്കുകയും അല്ലാഹു വിന്റെ പരിധികളെ കവച്ചുവെയ്ക്കുകയും ചെയ്തെങ്കിൽ അവനെ അല്ലാഹു നരകത്തിൽ പ്രവേശിപ്പിക്കും. അതിലാ ണവൻ ശാശ്വതമായി നിവസിക്കുക. അവന്നാണു നിന്ദാവഹ മായ ശിക്ഷ അനുഭവിക്കേണ്ടിവരിക. (1.4.4.13-14)

സമീ:- ഖുദാതന്നെ പ്രവാചകനായ മുഹമ്മദ് നബിയെ തന്റെ തുണയാളാക്കിയിരിക്കുന്നു. ഇത് ഖുർആനിലെഴുതിയിട്ടുമുണ്ട്. ഖുദാ പ്രവാചകന്റെ പിടിയിൽ എങ്ങനെ പെട്ടിരിക്കുന്നെന്നും നോക്കു ക. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ പങ്കാളിയായിരി ക്കുന്നു, പ്രവാചകൻ. ഖുദായ്ക്ക് തനിയെ ഒന്നും ചെയ്യാനാവായ്കയാൽ സ്വതന്ത്രനല്ല. അപ്പോൾ പങ്കാളിയില്ലാത്തവൻ എന്നു പറഞ്ഞുകൂടാ. ഇങ്ങ നെയുള്ളതൊന്നും ഈശ്വരോക്തമായ പുസ്തക ത്തിൽ വരില്ലതന്നെ.

58. അല്ലാഹു (മനുഷ്യർക്കു പ്രതിഫലം നല്കുമ്പോൾ) ഒര ണുവോളവും അനീതി കാണിക്കുകയില്ല. ഒരണുവോളം നന്മ യുണ്ടെങ്കിൽ അത് ഇരട്ടിയായി അവൻ വർദ്ധിപ്പിച്ചുകൊടു ക്കും. (1.5.4.40)

സമീ:- ഒരണുവോളം അനീതികാണിക്കുകയില്ലെ ങ്കിൽ പുണ്യം എങ്ങനെ ഇരട്ടിയാക്കി നല്കും? മുസൽമാന്മാരോട് എന്തിന് പക്ഷപാതം ചെയ്യു ന്നു. ഇരട്ടിയോ, കുറച്ചോ കർമ്മഫലം നല്കുന്ന തുകൊണ്ട് ഖുദാ അന്യായക്കാരനാകും.

59. അങ്ങനെ നിന്റെ അടുക്കൽ നിന്ന് അവർ എഴുന്നേറ്റു പുറത്തുപോയാൽ നീ പറഞ്ഞതിനു വിരുദ്ധമായുള്ള നടപ ടികൾ എടുക്കുവാൻ രാത്രിയിൽ ഗൂഢാലോചന നടത്തു കയും ചെയ്യുന്നു. അവർ നടത്തുന്ന ഗൂഢാലോചനകൾ അല്ലാഹു എഴുതുന്നുണ്ട്.... അല്ലാഹു അവരെ അവർ പ്രവർത്തിച്ച തിന്മകൾ കാരണമായി തലതിരിച്ചു വിട്ടിരിക്കു കയാണല്ലൊ. അല്ലാഹു വഴികാണിക്കാതെ വിട്ടവരെ വഴികാണിക്കണമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? വല്ല വനും അല്ലാഹു വഴികാണിച്ചിരുന്നെങ്കിൽ പിന്നീട് അവന്നു നേർമാർഗ്ഗം നീ കണ്ടെത്തുകയില്ല. (1.5.4.81,88)

സമീ:- ദൈവം ഓരോന്നും എഴുതി കണക്കുപു സ്തകം ഉണ്ടാക്കുന്നയാളാണെങ്കിൽ സർവജ്ഞ നല്ലെന്നു നിശ്ചയം. സർവ്വജ്ഞനാണെങ്കിൽ എഴു തിവയ്ക്കുന്നതെന്തിന്? ആളുകളെ വഴി തെറ്റിക്കുന്നത് ഇബിലീസാണെന്നു മുസൽമാന്മാർ പറയുന്നണ്ടെങ്കിലും, ആളുകൾക്ക് ദൈവം വഴി കാണിക്കുകയില്ലെന്നു പറയുമ്പോൾ ഇബിലീസും ഖുദായും തമ്മിൽ എന്താണ് വ്യത്യാസം? ദൈവം വലിയ ഇബിലീസും ചെകുത്താൻ ചറിയ ഇബി ലീസുമെന്ന വ്യത്യാസമേ ഉണ്ടാവൂ. മുസ്ലീം വിശ്വാസം, വഞ്ചിക്കുന്നവൻ ഇബിലീസാണെന്നാ കുന്നു. ഈ വിശ്വാസം ഖുദായെ ചെകു ത്താനാക്കുന്നു.

60. അവരുടെ കൈകളെ തടയുകയും ചെയ്തിട്ടില്ലെങ്കിൽ അ വരെ പിടിക്കുകയും കണ്ടുമുട്ടുന്നിടത്തുവച്ച് കൊല്ലുകയും ചെയ്യുക. അവർക്കെതിരായി (യുദ്ധംചെയ്യുന്നതിന്) നിങ്ങൾക്കിതാ വ്യക്തമായ അധികാരം നല്കിയിരിക്കുന്നു. ഒരു സത്യവിശ്വാസിയെ വധിക്കുവാൻ മറ്റൊരു സത്യവിശ്വാ സിക്കും അധികാരം ഇല്ല. വല്ല സത്യവിശ്വാസിയെയും അബ ദ്ധമായി വധിച്ചുപോയാൽ ഒരു സത്യവിശ്വാസിയായ അടി മയെ സ്വതന്ത്രനാക്കേണ്ടതാണ്. അവന്റെ കുടുംബങ്ങൾക്ക് അവന്റെ ജീവനഷ്ടത്തിനു പ്രതിഫലം നൽകുകയും വേണം. പക്ഷേ അവർ മാപ്പു ചെയ്യുകയാണെങ്കിൽ നൽകേ ണ്ടതില്ല. ഇനി വധിക്കപ്പെട്ടവൻ നിങ്ങളുടെ ശത്രുസമുദായ ത്തിൽപ്പെട്ടവനും ഒരു മുസ്ലീമുമാണ്. എന്നാൽ ഒരു മുസ്ലീം അടിമയെ സ്വതന്ത്രനാക്കേണ്ടതാണ്..... ഒരു സത്യവിശ്വാ സിയെ വല്ലവനും മനഃപൂർവ്വം വധിച്ചാൽ അവനുള്ള പ്രതി ഫലം നരകമാകുന്നു. അവൻ അവിടെയാണ് ശാശ്വതമായി നിവസിക്കുക. അവൻ അല്ലാഹുവിന്റെ കോപത്തിനും ശാപ ത്തിനും പാത്രമായിത്തീർന്നവനാണ്. (1.5.4.91-93)

സമീ:- പക്ഷപാതത്തിന്റെ പാരമ്യം നോക്കുക, മുസൽമാൻ അല്ലാത്തവനെ കാണുന്നിടത്തുവെച്ച് കൊല്ലണം. മുസൽമാനെ കൊല്ലരുത്. അറിയാതെ മുസ്ലീമിനെ കൊന്നാൽ സ്വർഗ്ഗം കിട്ടും. ഇത്തരം ഉപദേശങ്ങൾ കിണറ്റിലെറിഞ്ഞു കളയേണ്ടതാണ്. ഇത്തരം പുസ്തകം, ഇത്തരം പ്രവാചകർ, ഇത്തരം ഖുദാ, ഇത്തരം മതം, എല്ലാം ഹാനിയ ല്ലാതെ ഒരു പ്രയോജനവും ഉണ്ടാക്കുകയില്ല. ഇവ ഇല്ലാത്തതാണു നന്ന്. ഇത്തരം പ്രമാദപൂർണ്ണമായ മതങ്ങളിൽ നിന്നകന്ന് വൈദികധർമ്മത്തിന്റെ ശിക്ഷണങ്ങൾ അംഗീകരിക്കേണ്ടതാണ്. എന്തെ ന്നാൽ അതിൽ അല്പംപോലും അസത്യമില്ല. മുസൽമാനെ കൊന്നാൽ നരകമാണു കിട്ടുക യെന്ന് അവരും, സ്വർഗ്ഗം കിട്ടുമെന്ന് മറ്റുമതക്കാരും പറയുന്നു. ഇതിലേതാണ് സ്വീകാര്യം എത് അസ്വീകാര്യം എന്നു പറയുക. ഇത്തരം മൂഢപ്രക ല്പിതമായ മതങ്ങൾ ത്യജിച്ച് വേദാനുസൃത ധർമം എല്ലാ മനുഷ്യരും സ്വീകരിക്കേണ്ടതാണ്, അതിൽ ആര്യമാർഗ്ഗത്തിൽ ശ്രേഷ്ഠമനുഷ്യരുടെ വഴിയിൽ - സഞ്ചരിക്കാനും ദസ്യുക്കളുടെ - ദുഷ്ടരുടെ -



വഴിയിൽ സഞ്ചരിക്കാതിരിക്കാനും എഴുതിയിരിക്കുന്നതത്രേ സർവോത്തമം.

61. ദൈവദൂതനുമായി എതിർത്തു നില്ക്കുകയും സത്യ വിശ്വാസികളുടേതല്ലാത്ത മാർഗ്ഗത്തെ പിൻതുടരുകയും ചെയ്തിട്ടുണ്ടെങ്കിൽ അവൻ തിരിയുന്ന ഭാഗത്തേക്ക് നാം അവനെ തിരിച്ചുവിടും. അവസാനം നരകത്തിൽ എത്തിക്കുകയും ചെയ്യും. (1.5.4.115)

സമീ:- ഖുദായുടെയും ദൂതന്റെയും പക്ഷപാതം നോക്കുക. മുഹമ്മദ്നബി വിശ്വസിക്കുന്നത് ഇങ്ങനെയൊക്കെ ദൈവത്തെപ്പറ്റി എഴുതിയില്ലെങ്കിൽ തന്റെ മതം വളരുകയില്ലെന്നും പിൻബലം കിട്ടുകയില്ലെന്നും സുഖഭോഗങ്ങൾ ലഭിക്കുകയില്ലെന്നുമാണ്. ഇതിൽനിന്ന് ഒന്നു വ്യക്തമാകുന്നുണ്ട്. തൻകാര്യം നേടുന്നതിലും പരദ്രോഹം ചെയ്യുന്നതിലും അദ്ദേഹം നിപുണനായിരുന്നു. ഇതിനാൽ അനാപ്തനായ അദ്ദേഹത്തിന്റെ വാക്കുകൾക്ക് വിദ്വാന്മാരുടെ സമക്ഷം പ്രാമാണ്യമില്ല.

62. വല്ലവനും അല്ലാഹുവിനെയും അവന്റെ മലക്കുകളെയും അവന്റെ വേദങ്ങളെയും അവന്റെ ദൂതന്മാരെയും അന്ത്യദിനത്തെയും നിഷേധിച്ചു കളഞ്ഞിട്ടുണ്ടെങ്കിൽ അവൻ നേർമാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചു വളരെയധികം അകന്നുപോയിരിക്കുന്നു..... വിശ്വസിച്ചു. പിന്നെയും നിഷേധിച്ചു. പിന്നെയും നിഷേധിച്ചു. പിന്നെയും വിശ്വസിച്ചു. പിന്നീട് അവരുടെ സത്യനിഷേധം കൂടിക്കൊണ്ടിരിക്കയും ചെയ്തു. ഇങ്ങനെയുള്ളവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ല. അവർക്കു മാർഗ്ഗം ചൂണ്ടിക്കാണിച്ചു കൊടുക്കുകയുമില്ല. (1.54. 136.137)

സമീ: ഇപ്പോഴും ദൈവത്തിനു തുണയ്ക്കാളില്ലെന്നു പറയാമോ? സഹായിയില്ലെന്നു പറയുകയും മലക്കുകളെപ്പറ്റി പ്രസ്താവിക്കുകയും ചെയ്യുന്നത് പരസ്പരവിരുദ്ധമല്ലേ. മൂന്നു പ്രാവശ്യം ക്ഷമിക്കുന്ന ദൈവം പിന്നീട് ക്ഷമിക്കാത്തതെന്താണ്? മൂന്നു തവണ സത്നിഷേധം ചെയ്താൽ വഴികാട്ടുമോ? നാലുതവണയ്ക്കു ശേഷം വഴികാട്ടുകയില്ലേ? നന്നാലു തവണ നിഷേധിച്ചാൽ നിഷേധം കൂടുകയേയുള്ളൂ. (അതനുസരിച്ച് വഴികാട്ടലും കൂടണം).

63. അല്ലാഹു കപടവിശ്വാസികളെയും സത്യനിഷേധികളെയും മുഴുവനും നരകത്തിൽ ഒരുമിച്ചുകൂട്ടും..... കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുന്നു.... സത്യവിശ്വാസികളെ! സത്യവിശ്വാസികളെവിട്ട് സത്യനിഷേധികളെ നിങ്ങൾ ആത്മമിത്രങ്ങളാക്കി വയ്ക്കരുത്. (1.6.4.140,142,144)

സമീ:- മുസ്ലീങ്ങൾ സ്വർഗ്ഗത്തിലും മറ്റുള്ളവർ നരകത്തിലും പോകുമെന്നതിന് എന്താണു തെളിവ്? ചീത്തയാളുകളുടെ ചതിയിൽ പെടുകയും അന്യരെ ചതിക്കുകയും ചെയ്യുന്ന ഖുദാ നമ്മിൽനിന്നകന്നിരിക്കട്ടെ. ചതിയന്മാർ ചെന്ന് കൂട്ടുകൂടിക്കൊള്ളട്ടെ. ഖുദാ അവരോടും കൂടിക്കൊള്ളട്ടെ. എന്തെന്നാൽ "ചക്കിക്കൊത്ത ചങ്കരൻ" എന്നുണ്ടല്ലോ. ചതിയൻ ദൈവത്തിന്റെ ഉപാസകരും ചതിയന്മാരാകുന്നതിലെന്താണദ്ഭുതം? ദുഷ്ടനായ മുസ്ലീമിനോട് മൈത്രിയും നല്ലവനായ അന്യനോട് വിദ്വേഷവും ഉചിതമാണോ എന്നാലോചിക്കുക.

64. മനുഷ്യരെ! നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യവും കൊണ്ടാണ് (അവന്റെ) ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നത്. അതുകൊണ്ട് (അദ്ദേഹത്തിൽ) നിങ്ങൾ വിശ്വസിക്കുക. അല്ലാഹു ഒരേയൊരു ദൈവമാകുന്നു. (1-6-4.170-171)

സമീ:- ദൂതനിൽ വിശ്വസിക്കുവാൻ പറയുമ്പോൾ, വിശ്വാസത്തിൽ അല്ലാഹുവിന് സഹായിയുണ്ടെന്നും വരില്ലേ? അല്ലാഹു സർവവ്യാപിയല്ല, ഏകദേശിയാണ് എങ്കിലേ ദൂതന്മാർക്ക് അടുത്തു ചെല്ലുവാനും ദൂരെപോകുവാനും കഴിയൂ. ദൈവം സർവവ്യാപിയെന്നും ഏകദേശിയെന്നും അവിടവിടെ എഴുതിയിട്ടുണ്ട്. ഇതിൽനിന്ന് ഖുറാൻ ഒരാളല്ല പലർ ചേർന്നുണ്ടാക്കിയതാണെന്നു തെളിയുന്നു.

65. ശവം, രക്തം, പന്നിമാംസം അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടിച്ചത്തത്, തല്ലിക്കൊന്നത്, (ഉയരത്തിൽ) നിന്ന് വീണുചത്തത്, മറ്റു മൃഗങ്ങൾ അവയുടെ കൊമ്പുകൊണ്ടു കുത്തിക്കൊന്നത് ദുഷ്ടജന്തുക്കൾ (വധിച്ചു) തിന്നത് - ഇവയെല്ലാം നിങ്ങൾക്കു നിഷിദ്ധമാക്കിയിരിക്കുന്നു. (2.6.5.3)

സമീ:- ഇത്രയും പദാർത്ഥങ്ങളെ നിഷിദ്ധമായുള്ളോ? മറ്റു മൃഗങ്ങളും തിര്യക്കുകളും, കീടാദികളും അനുവദനീയമായിരിക്കും. ഇതെല്ലാം മനുഷ്യസങ്കല്പങ്ങളാണ്, ഈശ്വരന്റേതല്ല. അതിനാൽ പ്രമാണവുമല്ല.

66. അല്ലാഹുവിന് നല്ല നിലയ്ക്കുള്ള കടം കൊടുക്കുകയും ചെയ്യുന്നപക്ഷം നിശ്ചയമായും നിങ്ങളുടെ തെറ്റുകളെല്ലാം ഞാൻ മാച്ചുകളയുകയും താഴ്ഭാഗത്തൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ചില തോട്ടങ്ങളിൽ നാം നിങ്ങളെ പ്രവേശിപ്പിക്കയും ചെയ്യും. (2.6.5.12)

സമീ:- കൊള്ളാം! ഖുദാവിന്റെ വീട്ടിൽ ധനമൊട്ടും ശേഷിച്ചിട്ടുണ്ടാവില്ല. ശേഷിച്ചിരുന്നെങ്കിലെന്തിന് കടംകൊള്ളണം? നിങ്ങളുടെ തെറ്റുകൾ മായിച്ചു കളഞ്ഞ് സ്വർഗ്ഗത്തിൽ എത്തിക്കാമെന്ന് പറഞ്ഞത് എന്തിനാണ്? ഖുദായുടെ പേർപറഞ്ഞ് മുഹമ്മദ് നബി തൻകാര്യം കാണുകയായിരുന്നെന്ന് ഇതിൽനിന്ന് തെളിയുന്നു.

67. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കുന്നു. ആർക്കും



നല്കിയിട്ടില്ലാത്തതു നിങ്ങൾക്കും നല്കുകയും ചെയ്തു. (2,6,5.18-20)

സമീ:- ഇബിലീസ് ആരെ വേണമെങ്കിലും പാപിയാക്കുന്നതുപോലെ മുസ്ലീം ഖുദായും ഇബിലീസിന്റെ പണിചെയ്യുന്നു. അങ്ങനെയാണെങ്കിൽ നരകത്തിലോ സ്വർഗ്ഗത്തിലോ പോകേണ്ടത് ഖുദായാണ്. എന്തെന്നാൽ ദൈവം പാപപുണ്യങ്ങൾ ചെയ്യുന്നയാളായി, ജീവാത്മാവ് പാരധീനനുമായി. സേനാപതിയുടെ ആജ്ഞയനുസരിച്ച് സൈന്യം ആരെയെങ്കിലും കൊല്ലുകയോ രക്ഷിക്കുകയോ ചെയ്താൽ സേനാപതിക്കാണ് അതിന്റെ നന്മതിന്മകൾ. സൈന്യത്തിനല്ല. ഇവിടെയും അതുപോലായി.

68 അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും അനുസരിച്ചു നടക്കുക. (2.7.5.95)

സമീ:- ഖുദായ്ക്ക് സഹായിയുണ്ടെന്ന് തെളിഞ്ഞു. ആരുടെയും തുണയില്ലാത്തവൻ എന്ന് പറയുന്നത് വെറുതെയായില്ലേ?

69. കഴിഞ്ഞു പോയത് അല്ലാഹു മാപ്പു ചെയ്തിട്ടുണ്ട്. ഭാവിയിൽ ആരെങ്കിലും (ഈ തെറ്റിലേക്കു) മടങ്ങിയാൽ അല്ലാഹു അവന്റെ പേരിൽ ശിക്ഷാനടപടിയെടുക്കും. (2.7.5.95)

സമീ:- ചെയ്തുപോയ പാപങ്ങൾ ക്ഷമിക്കുന്നത് പാപം ചെയ്യാൻ പ്രേരിപ്പിച്ച് അവ വർദ്ധിപ്പിക്കലാണ്. പാപം ക്ഷമിക്കുമെന്ന് എവിടെയെങ്കിലും പറയുന്നെങ്കിൽ അത് ഈശ്വരന്റെയോ ഏതെങ്കിലും വിദ്വാന്റെയോ കൃതിയല്ല, പാപവർദ്ധകമാണ്. വന്നേക്കാവുന്ന പാപത്തിൽ നിന്ന് വിട്ടുനില്ക്കാൻ പ്രാർത്ഥിക്കുന്നതും സ്വയം പ്രയത്നിച്ചും പശ്ചാത്തപിച്ചും വിട്ടുനില്ക്കുന്നതും ഉചിതമാണ്. വെറുതെ പശ്ചാത്തപിക്കുകയും പാപത്തിൽ നിന്നകന്നു നില്ക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഫലമേയില്ല.

70. അല്ലാഹുവിന്റെ പേരിൽ കള്ളമാരോപിക്കുകയോ അല്ലെങ്കിൽ 'എനിക്കു ദിവ്യസന്ദേശം ലഭിച്ചിട്ടുണ്ട്' - അവന് യാതൊരു സന്ദേശവും ലഭിച്ചിട്ടില്ലാതാനും - എന്നു പറയുകയോ ചെയ്യുന്നവനേക്കാൾ അക്രമി ആരാണുള്ളത്? അല്ലാഹു അവതരിപ്പിച്ചതുപോലെയുള്ളത് ഞാനും അവതരിപ്പിക്കാമെന്നു പറയുന്നവനേക്കാൾ അക്രമിയും ആരാണ്? (2.7.6.93)

സമീ:- ഇതിൽനിന്ന് ഒരു കാര്യം തെളിയുന്നു. ഖുദാവിന്റെ വചനങ്ങൾ എന്റെമേൽ ഇറങ്ങുന്നെന്ന് മുഹമ്മദ് നബി പറഞ്ഞ കാലത്ത്, തന്റെ മേലും വചനമിറങ്ങുന്നെന്നും ഞാനും പ്രവാചകനാണെന്നും വേറാരോ അവകാശപ്പെട്ടിരുന്നു. അയാളെ അകറ്റാനും സ്വയം നിലനില്ക്കാനും വേണ്ടി ഈ വചനങ്ങൾ അരുളിയതായിരിക്കണം.

71. നാം നിങ്ങളെസൃഷ്ടിച്ചു. എന്നിട്ടു നാം നിങ്ങൾക്കു രൂപം നല്കി, പിന്നീടു മലക്കുകളോടു ആദമിനെ സാഷ്ടാംഗം പ്രണമിക്കുകയെന്നു നാം കല്പിച്ചു. ഇബ്ലീസൊഴിച്ചു ബാക്കിയുള്ളവരെല്ലാം നമസ്കരിക്കുകയും ചെയ്തു. അവൻ പ്രണമിച്ചവരിലുൾപ്പെട്ടില്ല. ഞാൻ നിന്നോടു കല്പിച്ചപ്പോൾ നീ നമസ്ക്കരിക്കാതിരിപ്പാൻ കാരണമെന്തെന്നു അല്ലാഹു ചോദിച്ചു. ഇബ്ലീസു പറഞ്ഞു - ഞാൻ ആദമിനെക്കാൾ ഉൽകൃഷ്ടനാണ്. എന്നെ നീ സൃഷ്ടിച്ചിരിക്കുന്നതു തീകൊണ്ടും അവനെ സൃഷ്ടിച്ചിരിക്കുന്നതു കളിമണ്ണുകൊണ്ടുമാണല്ലോ. അല്ലാഹു പറഞ്ഞു: അവിടെനിന്ന് ഇറങ്ങിപ്പോകൂ. അവിടെ നിനക്ക് അഹംഭാവം നടിക്കുവാൻ അവകാശമില്ല..... ഇബ്ലീസ് പറഞ്ഞു; മനുഷ്യരെ (മരണാനന്തരം) എഴുന്നേല്പിക്കുന്ന ദിവസം വരെ എനിക്ക് അവധി നല്കൂ. അല്ലാഹു അരുളി : നിനക്ക് അവധി നല്കിയിരിക്കുന്നു. ഇബ്ലീസ് പറഞ്ഞു: എന്നെ നീ വഴിതെറ്റിച്ചിരിക്കകൊണ്ട് നിന്റെ നേർമാർഗ്ഗത്തിൽ നിന്നു മനുഷ്യരെ വഴിതെറ്റിക്കുവാൻ നിശ്ചയമായും ഞാൻ കാത്തിരിക്കും. അവരിൽ അധികമാളുകളെയും കൃതജ്ഞരായി നീ കാണുകയില്ല. അല്ലാഹു പറഞ്ഞു:- നീ നിന്ദ്യനും തള്ളപ്പെട്ടവനുമായി അവിടെനിന്നു പുറത്തുപോകൂ. മനുഷ്യരിൽ നിന്നെ പിൻതുടരുന്നതാരോ, നിങ്ങളെല്ലാവരെയും കൊണ്ട് ഞാൻ നരകം നിറയ്ക്കും. (2.8.7.11-18)

സമീ:- ഇബ്ലീസും ഖുദായും തമ്മിൽ നടക്കുന്ന ശണ്ഠ ശ്രദ്ധയോടെ കേൾക്കുക. ഈ ഇബ്ലീസ് വെറുമൊരു ഭൃത്യനെപ്പോലുള്ളവനാണ്. അവനെപ്പോലും ഖുദായ്ക്ക് അമർച്ച ചെയ്യാൻ കഴിഞ്ഞില്ല, അവന്റെ ആത്മാവിനെ ശുദ്ധിയാക്കാനും കഴിഞ്ഞില്ല. ഇങ്ങനെയൊരു താന്തോന്നിയായ വിരുദ്ധനെ, ആളുകളെ പാപിയാക്കുന്നതിൽനിന്നു വിലക്കാനും ദൈവത്തിനു കഴിഞ്ഞില്ല. ഇതു വലിയ തെറ്റായിപ്പോയി. ഇബ്ലീസ് എല്ലാവരേയും വഴിതെറ്റിക്കുമ്പോൾ ദൈവം ഇബ്ലീസിനെ വഴിതെറ്റിക്കുന്നു. ഇതിന്നർത്ഥം ദൈവം ഇബ്ലീസിന്റെ ഇബ്ലീസാണെന്നല്ലേ? തന്നെ വഴിതെറ്റിച്ചെന്ന് ഇബ്ലീസ് ഖുദായോടു പറയുന്നുണ്ട്. ഈ ഖുദായിൽ പവിത്രതയും കാണാനില്ല. എല്ലാ തിന്മകളുടെയും ആരംഭസ്ഥാനം ഖുദായാണ്. ഇത്തരം ഖുദാ മുസ്ലീങ്ങൾക്കു കൊള്ളാം. മറ്റുശ്രേഷ്ഠന്മാർക്കു ചേർന്നതല്ല. ദേവദൂതന്മാരോടു സംസാരിക്കുന്ന ഈ ഖുദാ ശരീരമുള്ള അല്പജ്ഞനും ന്യായരഹിതനുമാണ്. അതിനാൽ വിദ്വാൻമാർ ഇസ്ലാം മതം ഇഷ്ടപ്പെടില്ല.

72. ആറു ദശകളിലായി ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹു തന്നെയാണ് നിങ്ങളുടെ രക്ഷിതാവ്. പിന്നീട് അവൻ സിംഹാസനത്തിൽ ഇരുന്നു (വിശ്രമിച്ചു) സങ്കടപ്പെട്ടുകൊണ്ട് നിങ്ങളുടെ രക്ഷിതാവിനെ വിളിക്കുക. (2.8.7.54-55)

സമീ:- ആറുദശകളിൽ * ജഗത്തിനെ സൃഷ്ടിക്കു

* ആറുദിനങ്ങളിലെന്ന് മറ്റു ഖുർആൻ തർജുമകളിൽ കാണുന്നു.



കയും പിന്നെ സിംഹാസനത്തിൽ ഇരിക്കുകയും ചെയ്യുന്ന ഈഖുദാ സർവശക്തിമാനോ സർവ വ്യാപിയോ അല്ല. അതുകൊണ്ട് ഇത് ഖുദായല്ല. ഈ ഖുദാ പൊട്ടനാണോ? വിളിച്ചാലേ കേൾക്കുവോ? ഇതൊന്നും ഈശ്വരരചിതമല്ല. ഖുർആൻ ഈശ്വരീയവുമല്ല. ആറുദശകളായി ജഗത്തുണ്ടാക്കി, ഏഴാം ദശയിൽ വിശ്രമവുമായി! ക്ഷീണിച്ചുപോയതാവാം! കിടന്നുറങ്ങിയിട്ട് ഇതുവരെ എഴുന്നേറ്റിട്ടില്ലേ? എഴുന്നേറ്റെങ്കിൽ വല്ല പണിയും ചെയ്യുന്നുണ്ടോ? അതോ വെറുതെ അലസനായിരുന്ന് സുഖിക്കയാണോ?

73 ഭൂമിയിൽ കുഴപ്പമുണ്ടാക്കിക്കൊണ്ട് നാശകാരികളായിത്തീരരുത്. (2.8.7.74)

സമീ:- ഇതു നല്ല കാര്യമാണ്. പക്ഷേ ഇതിന്നു വിപരീതമായി വെല്ലുവിളിച്ച് കാഫറീങ്ങളെ കൊല്ലാനും പറയുന്നുണ്ടല്ലോ. ഇത് പൂർവാപര വിരുദ്ധമല്ലേ? ഇതിൽ നിന്നു മനസ്സിലാക്കാവുന്നത്, നബിക്ക് ശക്തിക്ഷയം ഉണ്ടായപ്പോൾ ഈ ഉപായം കണ്ടെത്തിയതാവാം. ശക്തിവർദ്ധിച്ചപ്പോൾ ശണ്ഠകൂട്ടുകയും ചെയ്തിരിക്കാം. ഏതായാലും പരസ്പര വിരുദ്ധമാകയാൽ രണ്ടും സത്യമല്ല.

74 അപ്പോൾ മൂസാ തന്റെ വടി നിലത്തിട്ടു. തൽക്ഷണം അതാ അതു സ്പഷ്ടമായിട്ടുതന്നെ ഒരു പാമ്പായിത്തീരുന്നു. (2.9.7.107)

സമീ:- ഇങ്ങനെ എഴുതിയിരിക്കുന്നതിൽ നിന്ന് ഖുദായും നബിയും ഇതെല്ലാം വിശ്വസിച്ചിരുന്നെന്നേ ഗ്രഹിക്കാനാവുന്നുള്ളൂ. എങ്കിൽ ഇവരിരുവരും വിദ്വാന്മാരല്ലായിരുന്നു. എന്തെന്നാൽ കണ്ണിനു കാണാനും ചെവിക്കു കേൾക്കാനുമേ കഴിയൂ. അതിനാൽ ഇത് ഇന്ദ്രജാലമായിരിക്കണം.

75 അപ്പോൾ വെള്ളപ്പൊക്കം, വെട്ടുക്കിളി, പേൻ, തവള, രക്തം എന്നിവയെ വ്യക്തമായ ദൃഷ്ടാന്തങ്ങളായി അവരുടെ നേരെ നാം അയച്ചു. അവരുടെ കാര്യത്തിൽ നാം ശിക്ഷാ നടപടികളെടുത്തു. അവരെ നാം സമുദ്രത്തിലാഴ്ത്തിക്കൊന്നുകളഞ്ഞു. ഇസ്രാഈൽ സന്തതികളെ നാം സമുദ്രത്തിന്റെ മറുകരയിൽ എത്തിച്ചു. ഈ ജനതയുടെ മാർഗ്ഗം നശിപ്പിക്കപ്പെടും. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നിഷ്ഫലവുമാകും. (2.9.7,133, 136, 138, 139)

സമീ:- നിന്നെ ഞാൻ പാമ്പിനെ വിട്ടു കടിച്ചു കൊല്ലിക്കുമെന്ന് ചില കള്ളമന്ത്രവാദികൾ ഭീഷണിപ്പെടുത്തുന്നതുപോലിരിക്കുന്നിത്! ഒരു കൂട്ടരെ അക്കരെ കടത്തുകയും ഒരു കൂട്ടരെ മുക്കിക്കൊല്ലുകയും ചെയ്യുന്ന ഈ ഖുദാ അധർമ്മിയും പക്ഷപാതിയുമല്ലേ? കോടിക്കണക്കിനു മനുഷ്യരുടെ മതം കള്ളമാണെന്നും തങ്ങളുടേതുമാത്രം ശരിയാണെന്നും പറയുന്നവരുടേതിനേക്കാൾ വ്യാജമതം ഏതാണ്? എന്തെന്നാൽ ഒരു മതത്തിലും എല്ലാ ആളുകളും നല്ലവരോ ചീത്തയോ ആയിരിക്കില്ല. ഒരു വശത്തേയ്ക്കു മാത്രം സൂചി തിരിച്ചുവയ്ക്കുന്നത് മഹാമൂഢന്മാരാണ്. പഴയ നിയമത്തിലേയും ജബൂറിലേയും ഖുറാനുമുണ്ടായിരുന്ന വേദപുസ്തകങ്ങൾ വചനങ്ങൾ കള്ളമായിരുന്നോ? കള്ളമാണെന്നു പറഞ്ഞ അവ വേറെ ഏതെങ്കിലും മതത്തിന്റേതായിരുന്നോ? ആയിരുന്നെങ്കിൽ അത് ഏത് മതം? ഖുർ ആനിൽ നിന്ന് അതിന്റെ പേര് പറയാമോ?

76 നിശ്ചയമായും എന്നെ നീ കാണുകയില്ല. അതിനെ അവൻ കഷ്ണം കഷ്ണമാക്കിക്കളഞ്ഞു. മൂസാ ബോധരഹിതനായി വീണു. (2.9.7.143)

സമീ:- കാണാൻ കഴിയുന്നതൊന്നും വ്യാപകമല്ല. ഇങ്ങനെ അത്ഭുതങ്ങൾ കാട്ടി ചുറ്റിയടിച്ച ഖുദാ ഈയിടെയത് നിർത്തിവച്ചോ? തീർത്തും വിദ്യാവിരുദ്ധമായ ഇത്തരം കാര്യങ്ങളൊന്നും വിശ്വസിക്കരുത്.

77. നിന്റെ രക്ഷിതാവിനെ നിന്റെ മനസ്സിൽ വിനയത്തോടും ഭയത്തോടും കൂടി ഉച്ചത്തിലുള്ള വാക്കുകൾ കൂടാതെ പ്രഭാതത്തിലും സായാഹ്നത്തിലും സ്മരിക്കുക (2.9.7.205)

സമീ:- ചിലേടത്തെല്ലാം ഉച്ചസ്വരത്തിൽ രക്ഷിതാവിനെ വിളിക്കാൻ പറയുന്നു, ചിലേടത്തെല്ലാം താഴ്ന്ന സ്വരത്തിലും. ഇതിലേതാണ് ശരി? ഏതുതെറ്റ്? പരസ്പരവിരുദ്ധമായത് ഉന്മത്തഗീതമായിരിക്കും. ഭ്രമരഹിതാമായതേ വിശ്വസിക്കാവൂ.

78. യുദ്ധത്തിൽ കൈവരുന്ന കൊള്ളമുതൽ എന്നു ശരിയായ ഭാഷ. സ്വത്തുക്കളെക്കുറിച്ച് അവർ നിന്നോടു ചോദിക്കുന്നു. സമാർജ്ജിത സ്വത്തുക്കൾ അല്ലാഹുവിന്നും ദൂതന്നും അവകാശപ്പെട്ടതാകുന്നു. അതുകൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുക. (2.9.8.1)

സമീ:- കൊള്ളയിടുക, കൊള്ളക്കാരന്റെ പണി ചെയ്ക, ഖുദായും പ്രവാചകനും ചേർന്ന് പരിശുദ്ധവേഷം കെട്ടുക, ഇതെല്ലാം ആശ്ചര്യജനകം തന്നെ. അല്ലാഹുവിനെ ഭയപ്പെടുക, എന്നിട്ട് കൊള്ളയടിക്കുക മുതലായ ദുർവൃത്തികൾ ചെയ്യുക, ഞങ്ങളുടെ മതം ബഹുകേമമെന്ന് ലജ്ജയില്ലാതെ പറയുക ഇതെല്ലാം വെടിഞ്ഞ് സത്യമായ വേദധർമ്മം സ്വീകരിക്കാതിരിക്കുക-ഇതിലേറെ കഷ്ടമെന്തുള്ളൂ?

79. സത്യനിഷേധികളുടെ വേരുതന്നെ അറുത്തുകളയുക- ഒന്നിനുപുറകേ മറ്റൊന്നായി വരുന്ന ആയിരം മലക്കുകളെക്കൊണ്ട് ഞാൻ നിങ്ങളെ സഹായിക്കും. സത്യനിഷേധികളുടെ ഹൃദയത്തിൽ ഞാൻ ഭയം ജനിപ്പിക്കും. അതുകൊണ്ട് (സത്യവിശ്വാസികളെ!) സത്യനിഷേധികളുടെ കഴു

theariyasamaj.org

ത്തുകൾ വെട്ടിക്കൊള്ളുക. അവരുടെ വിരലുകളെല്ലാം വെട്ടി മുറിയ്ക്കുക. (2.9.8,7,9,12)

സമീ:- ബലേഭേഷ്! ഇതെന്തൊരു ദയാഹീനരായ ദൈവവും പ്രവാചകനും! അമുസ്ളീങ്ങളെ വേരോടെ അറുത്തുകളയണം പോലും, ദൈവത്തിന്റെ ആജ്ഞയോ! അവരുടെ കഴുത്തറുക്കണം! കൈകാലുകളിലെ വിരൽ മുറിക്കണം! ഈ ഖുദാ രാവണനെക്കാൾ കുറഞ്ഞ ഇനമല്ല. ഇതെല്ലാം ഖുർ ആൻ കർത്താവിന്റെ വകയാണ്, ദൈവത്തിന്റേതല്ല. ദൈവത്തിന്റേതാണെങ്കിൽ നമുക്ക് ആ ദൈവത്തിൽ നിന്നകലാം. ആ ദൈവവും ഒഴിഞ്ഞു പോകട്ടെ.

80 അല്ലാഹു മുസൽമാന്മാരോടു സത്യവിശ്വാസി എന്നു തർജുമയിൽ മുസൽമാൻ എന്ന പദത്തിന് സത്യവിശ്വാസി എന്നും കാഫിർ എന്നതിന് സത്യനിഷേധി എന്നുമാണ് ഖുർ ആൻ പരിഭാഷകൻ സർവ്വത്ര പ്രയോഗിച്ചിരിക്കുന്നത് കൂടെയാണ്. സത്യവിശ്വാസികളെ അല്ലാഹുവിന്നും ദൂതന്നും നിങ്ങളെ ജീവിപ്പിച്ചു നിർത്തുന്ന മാർഗ്ഗങ്ങളിലേയ്ക്ക് അദ്ദേഹം വിളിച്ചാൽ ഉത്തരം നൽകുക. അല്ലാഹുവിനോടും അവന്റെ ദൂതന്മാരോടും നിങ്ങൾ വഞ്ചന കാണിക്കരുത്. അല്ലാഹുവും ഗൂഢാലോചന നടത്തിക്കൊണ്ടിരുന്നു. ഗൂഢാലോചന നടത്തുന്നതിൽ അല്ലാഹു അതിസമർത്ഥനത്രെ. (2.9.8.19,24,27,30)

സമീ:- അല്ലാഹു മുസ്ളീം പക്ഷപാതിയോ? എങ്കിലത് അധർമ്മമാണ്. ഈശ്വരൻ എല്ലാ സൃഷ്ടിയുടേതുമാണ്. വിളിക്കാതെ ദൈവം കേൾക്കില്ലേ? ബധിരനാണോ? അവനോടൊപ്പം പ്രവാചകൻ സഹായിയായത് നന്നായില്ല. അല്ലാഹുവിന്റെ ഏതു ഖജനാവാണ് നിറഞ്ഞിരിക്കുന്നത്. വഞ്ചിക്കാൻ? പ്രവാചകന്റേയും അവരുടേയും ഖജനാവൊഴികെ മറ്റെല്ലാം കൊള്ളയടിക്കാമോ? ഇങ്ങനെ ഉപദേശിക്കാൻ അജ്ഞാനിക്കും അധർമ്മിക്കുമേ കഴിയൂ. ഗൂഢാലോചന നടത്തുകയും നടത്തുന്നവരോട് ചേരുകയും ചെയ്യുന്ന ഖുദാ കാപട്യത്തിന്റേയും ചതിയുടേയും അധർമ്മത്തിന്റേയും ദൈവമല്ലേ? ഈ ഖുറാൻ ദൈവകൃതമേയല്ല. ഏതോ കാപട്യക്കാരൻ ചതിയൻ ഉണ്ടാക്കിയതാണ്. അല്ലെങ്കിൽ ഇങ്ങനെയൊക്കെ എഴുതി വയ്ക്കുമോ?

81 കീഴ്വഴക്കം അല്ലാഹുവിന്നുമാത്രമായിത്തീരുകയും ചെയ്യുന്നതുവരെ അവരുമായി യുദ്ധം ചെയ്യുക. നിങ്ങൾക്കു വല്ല ധനവും ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അഞ്ചിലൊരംശം അല്ലാഹുവിന്നും ദൂതന്നും. അവകാശപ്പെട്ടതാകുന്നു. (2.9.8.39-41)

സമീ:- ഇങ്ങനെ അന്യായമായി യുദ്ധം ചെയ്യിക്കുന്ന മുസ്ളീം ഖുദായേക്കാൾ ശാന്തിഭഞ്ജനം ചെയ്യിക്കുന്ന മറ്റാരാണുള്ളത്? ഈ മതത്തിൽ ഉപദേശിക്കുന്ന, അല്ലാഹുവിന്നും പ്രവാചകനും വേണ്ടി കൊള്ളയിടുകയും ഇടുവിക്കുകയും ചെയ്യുന്ന സമ്പ്രദായം കവർച്ചക്കാരുടേതല്ലേ? കൊള്ളമുതലിൽ നിന്ന് ദൈവം പങ്കു പിടിക്കുന്നത് കവർച്ചക്കാരനാകയാലല്ലേ? ഈ കൊള്ളക്കാരുടെ പക്ഷം പിടിക്കുന്നത് ദൈവികതയ്ക്കു മങ്ങലേല്പിക്കലാണ്. ഈ ദൈവവും പുസ്തകവും പ്രവാചകനും ലോകത്തിൽ ശാന്തിഭംഗത്തിന്റെ ഉപാധികളുമായി എവിടുന്നു വന്നാവോ! ആശ്ചര്യം തന്നെ. ഇത്തരം മതങ്ങൾ ലോകത്ത് പ്രചരിക്കാതിരുന്നെങ്കിൽ ലോകം ആനന്ദത്തിലാറാടിയേനെ.

82 സത്യനിഷേധികളെ, അവരുടെ മുഖത്തും പിൻഭാഗങ്ങളിലും അടിച്ചുകൊണ്ട് മലക്കുകൾ കൊല്ലുന്ന സന്ദർഭം നീ കണ്ടിരുന്നെങ്കിൽ ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷയൊന്നു രുചിച്ചു നോക്കുക. അവരുടെ കുറ്റങ്ങൾ കാരണമായി അവരെ നാം നശിപ്പിച്ചു. ഫിർഔന്റെ സമുദായത്തെ നാം മുക്കിക്കൊല്ലുകയാണുണ്ടായത്. അല്ലാഹുവിങ്കൽ നിന്റെ കാര്യങ്ങൾ ഭരമേല്പിക്കുക. (2.9.8.50,54,60)

സമീ:- എന്തു പറയുന്നു? ഈയിടെ റഷ്യ ടർക്കിയേയും ഇംഗ്ലണ്ട് ഈജിപ്തിനെയും കീഴടക്കി. ദൈവദൂതന്മാർ അപ്പോൾ എവിടെപ്പോയിരുന്നു? തന്റെ ആശ്രിതരുടെ ശത്രുക്കളെ ദൈവം മുക്കിക്കൊല്ലുമയിരുന്നെങ്കിൽ ഇപ്പോഴങ്ങനെ ചെയ്യാത്തതെന്ത്? അങ്ങനെ സംഭവിക്കായ്കയാൽ ഈ കാര്യം വിശ്വസനീയമല്ല. "നിനക്കെന്തു ചെയ്യാനായാലും മറ്റു മതക്കാർക്ക് അതു ദുഃഖദായകമാകണമെന്നും" മറ്റുമുള്ള ഉപദേശങ്ങൾ എത്ര ചീത്തയാണെന്നു നോക്കുക. വിദ്വാനും ധാർമ്മികനുമായ ദയാലു ഇങ്ങനെ ഉപദേശിക്കില്ല. ഖുദാ ദയാലുവും ന്യായകാരിയും ആണെന്ന് അങ്ങിങ്ങെഴുതീട്ടുണ്ട്. ന്യായം ദയ തുടങ്ങിയ സദ്ഗുണങ്ങൾ ഈ ഖുദായിൽ നിന്നെത്രയോ അകലെയാണ്!

83 ഓ, നബീ! നിനക്കു അല്ലാഹുവും നിന്നെ പിൻതുടർന്നു സത്യവിശ്വാസികളും മാത്രം മതി. ഓ നബീ! സത്യവിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുക, ക്ഷമാശീലരായ ഇരുപതുപേർ നിങ്ങളിലുണ്ടെങ്കിൽ ഇരുനൂറുപേരെ ജയിച്ചടക്കാം. നിങ്ങൾ പിടിച്ചെടുത്തതിൽ നല്ലതും നിയമാനുസൃതവുമായതു ഭക്ഷിച്ചു കൊള്ളുക. സൂക്ഷിക്കുക. അല്ലാഹു അങ്ങേയറ്റം പൊറുക്കുന്നവനാണ്. (2.10.8.64,65,69)

സമീ:- തന്റെ ഭാഗം പിടിച്ച് അന്യായം ചെയ്താലും അവരുടെ പക്ഷം പിടിക്കുന്നതും നന്മ ചെയ്യുന്നതും എന്തു ന്യായവും ധർമ്മവും വൈദുഷ്യവുമാണ്? ജനങ്ങളിൽ ശാന്തിഭംഗം ഉണ്ടാക്കിയുദ്ധം ചെയ്തും ചെയ്യിച്ചും കൊള്ളയടിക്കുന്ന മുതൽ നിയമാനുസൃതമാണെന്നു പറയുന്നയാളെ ക്ഷമിക്കുന്നവനും ദയാലുവുമാണെന്നു പുകഴ്ത്തുന്നത് ഖുദായ്ക്കല്ല, നല്ല മനുഷ്യർക്കു പോലും

ചേർന്നതല്ല. ഇത്തരം വചനങ്ങളുള്ള ഖുർആൻ ഈശ്വരവചനമേയല്ല.

84. അവയിലാണ് അവർ ശാശ്വതമായി നിവസിക്കുക. മഹത്തായ പ്രതിഫലം അല്ലാഹുവിങ്കലാണുള്ളത്. സത്യവിശ്വാസികളേ! നിങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും സത്യവിശ്വാസത്തിനെതിരായി സത്യനിഷേധത്തെയാണ് സ്നേഹിക്കുന്നതെങ്കിൽ അവരെ നിങ്ങളുടെ രക്ഷാകർത്താക്കളാക്കി വെക്കരുത്. പിന്നീട് അല്ലാഹു തന്റെ ദൂതനിലും സത്യവിശ്വാസികളിലും അവന്റെ പക്കൽ നിന്നുള്ള മനഃസമാധാനം ഇറക്കിത്തന്നു.... നിങ്ങൾക്കു കാണുവാൻ കഴിയാത്ത ചില സൈന്യങ്ങളെയും അവൻ ഇറക്കി. എന്നിട്ടു സത്യനിഷേധികളെ അവൻ ശിക്ഷിച്ചു..... സത്യനിഷേധികൾക്ക് പ്രതിഫലം ഇതത്രെ.... പിന്നീട് ഇതിന്നു ശേഷം താൻ ഉദ്ദേശിക്കുന്നവരുടെ തെറ്റ് അല്ലാഹു പൊറുത്തുകൊടുക്കും..... സത്യമതത്തിനു കീഴ്പ്പെട്ടു ജീവിക്കാത്തവരുമായ വേദക്കാരോട് യുദ്ധം ചെയ്തുകൊള്ളുക. (2.10.9.22, 23, 26, 27, 29)

സമീ:- സ്വർഗ്ഗത്തിലുള്ളവരുടെ അടുത്താണ് ഖുദായെങ്കിൽ അവൻ സർവ്വവ്യാപിയല്ല. സർവ്വവ്യാപിയെങ്കിൽ സൃഷ്ടികർത്താവോ ന്യായാധീശനോ ആവുകയില്ല. സ്വന്തം മാതാപിതാക്കളെയും മിത്രങ്ങളെയും അകറ്റുന്നത് വെറും അന്യായമാണ്. ചീത്ത ഉപദേശം ചെയ്താൽ അത് കേൾക്കരുത്. പക്ഷേ അവരെ സദാ ശുശ്രൂഷിക്കണം. പണ്ട് ഖുദായ്ക്ക് മുസ്ലീങ്ങളോട് വലിയ സ്നേഹമായിരുന്നു. അവരെ തുണയ്ക്കാൻ സൈന്യത്തെ ഇറക്കിക്കൊടുക്കുമായിരുന്നു. ഇപ്പോഴങ്ങനെ ചെയ്യാത്തതെന്താണ്? കാഫറിങ്ങളെ ശിക്ഷിച്ചിട്ട് പിന്നീട് അവർക്കു നേരെ ഇറങ്ങുമായിരുന്ന ഖുദാ ഇപ്പോഴെവിടെയാണ്? യുദ്ധമില്ലാതെ സത്യവിശ്വാസമുണ്ടാക്കാൻ ദൈവത്തിനു കഴിയില്ല? ഇത്തരം ദൈവത്തിൽ നിന്ന് അകലെ നില്ക്കാം. ഇതെന്തു ദൈവം? വെറുമൊരു കൂത്താട്ടക്കാരൻ!

85. അല്ലാഹുവിങ്കൽനിന്നു നേരിട്ടോ അതല്ലെങ്കിൽ ഞങ്ങളുടെ കൈക്കുതന്നെയോ അവൻ നിങ്ങൾക്ക് ആപത്തുവരുത്തി വെയ്ക്കുമെന്നാണ് നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നത്. (2.10.9.52)

സമീ:- മുസ്ലീങ്ങൾ ദൈവത്തിന്റെ പോലീസായതെന്ന്? തന്റെ കൈകൊണ്ടോ. ഞങ്ങളുടെ കൈക്കുതന്നെയോ മറ്റു മതക്കാരെ പിടികൂടുമെന്നോ? കോടിക്കണക്കിനു മറ്റുമനുഷ്യർ ദൈവത്തിനു പ്രിയപ്പെട്ടവരല്ലേ? മുസ്ലീംങ്ങളിലെ പാപികളും അപ്രിയരാണോ? എങ്കിൽ "അന്തകാരപ്പുരയിലെ ഗർവകണ്ട രാജാവിന്റെ' നിയമാവലിയാലവാം* ഇത്. ബുദ്ധിമാന്മാരായ മുസ്ലീങ്ങളും ഈ അടിസ്ഥാനമില്ലാത്ത മതത്തിൽ വിശ്വസിക്കുന്നതു കഷ്ടമാണ്.

86. സത്യവിശ്വാസികൾക്കും, സത്യവിശ്വാസിനികൾക്കും ചില തോട്ടങ്ങൾ നല്കാമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അവയുടെ താഴ്ഭാഗങ്ങളിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. XX ആ തോട്ടങ്ങളിലാണ് ശാശ്വതമായി നിവസിക്കുക. സ്ഥിരമായി നില്ക്കുന്ന ചില തോട്ടങ്ങളിൽ ഉത്കൃഷ്ടങ്ങളായ ചില വാസസ്ഥലങ്ങൾ മഹത്തായത് അല്ലാഹുവിന്റെ പ്രീതിയത്രെ. അതത്രെ മഹത്തായ വിജയം..... അധിക്ഷേപിക്കയും പരിഹസിക്കയും ചെയ്യുന്നവരാരോ അവരെ അല്ലാഹുവും പരിഹസിക്കും. (2.10 9.72, 79)

സമീ:- ഇത് സ്ത്രീപുരുഷന്മാർക്ക് ദൈവനാമത്തിൽ നല്കുന്ന പ്രലോഭനമാണ്. ഇല്ലെങ്കിൽ മുഹമ്മദു നബിയുടെ വലയിൽ ആരും പെടില്ലായിരുന്നു. മറ്റുമതക്കാരും ഇതൊക്കെയാണ് ചെയ്യുന്നത്. മനുഷ്യർ പരസ്പരം പരിഹസിക്കും. പക്ഷേ ദൈവത്തിനിതു ചേർന്നതല്ല. ഏതായാലും ഈ ഖുർആൻ തമാശതന്നെ.

87. ദൈവദൂതും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ ധനംകൊണ്ടും ദേഹംകൊണ്ടും യുദ്ധം ചെയ്തു. അവർക്കാണ് നന്മകളുള്ളത്..... അല്ലാഹു അവരുടെ ഹൃദയങ്ങൾക്കു മുദ്രവച്ചിരിക്കുന്നു. തന്നിമിത്തം അവർ ഗ്രഹിക്കുന്നില്ല. (2.10.9.88,93)

സമീ:- നോക്കൂ തൻകാര്യക്കാരന്റെ പണി! മുഹമ്മദ്നബിയോടു വിശ്വാസം പുലർത്തുന്നവർ മാത്രമാണ് നല്ലവർ! അല്ലാത്തവർ ചീത്ത! ഇത് പക്ഷപാതത്തിന്റെയും, അവിദ്യയുടേയും ആധിക്യമല്ലേ? ഖുദാ മുദ്രവച്ചെങ്കിൽ, പാപം ചെയ്യുന്നതിലവർക്കല്ല, ഖുദായ്ക്കാണ് അപരാധം. അവരുടെ ഹൃദയത്തിൽ നന്മകയറാതെ പൂട്ടിവയ്ക്കുകയാണല്ലോ ഉണ്ടായത്? ഇതെത്ര വലിയ അന്യായമാണ്!

88. ദാനധർമ്മങ്ങൾ മുഖേന ശുദ്ധിയും വളർച്ചയും നേടിക്കൊടുക്കുവാൻ അവരുടെ ധനത്തിൽ നിന്നു ദാനധർമ്മങ്ങൾ സ്വീകരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുക..... സ്വർഗ്ഗം പ്രതിഫലമായി നല്കാമെന്ന നിശ്ചയത്തിന്മേൽ സത്യവിശ്വാസികളുടെ പക്കൽ നിന്ന് അവരുടെ ജീവനും ധനവും അല്ലാഹു വിലയ്ക്കു വാങ്ങിയിരിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു. അങ്ങനെ വധിക്കുന്നു. വധിക്കപ്പെടുകയും ചെയ്യുന്നു. (2.11.9.103.111)

സമീ:- കൊള്ളാമല്ലോ മുഹമ്മദ് സാഹിബ്! അങ്ങ് ഗോകുലീയ ഗോസായികൾക്ക് തുല്യമായി ചെയ്തുകളഞ്ഞല്ലൊ. ദാനം വാങ്ങലും അതു ശുദ്ധമാക്കലും ഗോസായികളുടെ പണിയാണ്. ഖുദായും കൊള്ളാം. നല്ല കച്ചവടം തന്നെ. പാവപ്പെട്ടവരെ മുസ്ലീങ്ങളെക്കൊണ്ട് കൊല്ലിച്ച് ലാഭമെടുക്കുന്നത് കൊള്ളാം. അനാഥരെ കൊല്ലിക്കുന്നതും അതിനു കൂലിയായി സ്വർഗ്ഗം നല്കുന്നതും

* ആചാര ഭാനുവിലെ കഥയാണിത്

ദയയില്ലായ്മയും അന്യായവുമാണ്. ഇത് ഖുദായുടെ ഖുദാത്വത്തിന് കളങ്കം ചാർത്തി ബുദ്ധിമാന്മാരിലും ധാർമ്മികരിലും അവജ്ഞയുളവാകുന്നു.

89. സത്യവിശ്വാസികളെ, നിങ്ങളുടെയടുത്തു താമസിക്കുന്ന സത്യ നിഷേധികളോടു സമരം ചെയ്തുകൊള്ളുക. അവർ നിങ്ങളിൽ പരുഷസ്വഭാവം കാണട്ടെ. ഓരോ കൊല്ലവും ഒരു പ്രാവശ്യമോ അല്ലെങ്കിൽ രണ്ടുപ്രാവശ്യമോ ആ കപടവിശ്വാസികളെ ഓരോ തരം ആപത്തുകളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് അവർ കാണുന്നില്ലേ? എന്നിട്ടുകൂടി അക്കൂട്ടർ പശ്ചാത്തപിച്ചു വിരമിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നില്ലല്ലോ. (2.11.9.123,126)

സമീ:- നോക്കൂ, മറ്റൊരു വിശ്വാസവഞ്ചന ഖുദാ മുസ്ലീങ്ങളെ പഠിപ്പിക്കുകയാണ്. അയൽക്കാരനെയോ വല്ലവരുടെയും ഭൃത്യനെയോ സമയം പാർത്ത് ആക്രമിക്കുകയോ കൊല്ലുകയോ ചെയ്യണം. ഇത്തരം ഖുർആൻ വചനങ്ങളാൽ മുസൽമാന്മാർ അങ്ങനെ ധാരാളം ചെയ്തിട്ടുണ്ട്. ഇനിയെങ്കിലും ഇത്തരം കാര്യങ്ങൾ ചീത്തയാണെന്നു മനസ്സിലാക്കി ഖുറാനിലെ ഇത്തരം വചനങ്ങളെ നിരാകരിക്കുന്ന പക്ഷം അതു നന്നായിരിക്കും.

90. ആകാശഭൂമികളെ ആറു ദിശ*കളിലായി സൃഷ്ടിച്ചിരിക്കുന്ന അല്ലാഹുവാണ് നിങ്ങളുടെ രക്ഷിതാവ്. പിന്നീടവൻ കാര്യങ്ങൾ ആസൂത്രണം ചെയ്തു നിയന്ത്രിച്ചുകൊണ്ട് സിംഹാസനത്തിൽ സ്ഥാനമുറപ്പിച്ചു. (3.11.10.3)

സമീ:- ആകാശം ഒറ്റയും ആരും സൃഷ്ടിക്കാത്തതുമായ അനാദിയാണ്. അതു സൃഷ്ടിച്ചെന്നെഴുതിയ ഖുറാൻ കർത്താവിന് പദാർത്ഥവിദ്യ അറിവില്ലായിരുന്നു. ഈശ്വരന് ആറുദിവസം (ദിശ) വേണോ സൃഷ്ടിക്കാൻ? 'ഉണ്ടാവ്' എന്നാജ്ഞാപിച്ചാൽ ഉണ്ടാവും എന്ന് ഖുർആനിൽത്തന്നെ പറഞ്ഞിരിക്കെ ആറുദിവസമോ (ആറു ദിശകളോ) വേണ്ടിവരുന്നില്ല. അതിനാൽ ഈ ആറിന്റെ കണക്ക് ശരിയല്ല. വ്യാപകനാണെങ്കിൽ മുകളിൽ സിംഹാസനത്തിലെന്തിനിരിക്കണം? കാര്യങ്ങൾ'നിയന്ത്രിക്കുകയാണെങ്കിൽ ഖുദാ മനുഷ്യതുല്യനാണ്. സർവജ്ഞനായ ദൈവം സ്ഥാനമുറപ്പിച്ചിരുന്ന് ആസൂത്രണം ചെയ്തു നിയന്ത്രിക്കുന്നതെന്തിന്? അതിനാൽ ഈശ്വരസ്വരൂപമറിയാത്ത പ്രാകൃതരാണ് ഈ പുസ്തകം രചിച്ചതെന്നുതെളിയുന്നു.

91. അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹവും മൂലം മാത്രമാണ് ഈ ഖുർ ആൻ നിങ്ങൾക്ക്.... (3.11.10.58)

സമീ:- ഈ ഖുദാ മുസ്ലീങ്ങളുടേതു മാത്രമോ? മറ്റുള്ളവരുടെ ദൈവമല്ലേ? കാരുണ്യവും അനുഗ്രഹവും മുസൽമാന്! മറ്റാർക്കും ഇല്ല. മുസൽമാൻ എന്നു പറഞ്ഞാൽ ധർമിഷ്ഠനാണെങ്കിൽ അയാൾക്കെന്തിന് ശിക്ഷണം? മുസ്ലീമല്ലാത്തവർക്ക് ശിക്ഷണം നല്കുന്നില്ലെങ്കിൽ ഖുദായുടെ ശിക്ഷണം വ്യർത്ഥമാണ്.

92. നിങ്ങളിലേറ്റവും നന്നായി പ്രവർത്തിക്കുന്നതാരാണെന്ന് അവന്നു പരീക്ഷിച്ചറിയുവാനാണ്. മരണാനന്തരം നിങ്ങളെ പുനർജ്ജീവിപ്പിക്കുമെന്നു നീ പറയുമ്പോൾ - (3.12.11.7)

സമീ:- പ്രവർത്തനം പരീക്ഷിക്കുന്നയാൾ സർവജ്ഞനല്ല. മരണാനന്തരം ഉയിർപ്പിക്കുമെങ്കിൽ വിചാരണത്തടവിൽ വച്ചിരിക്കയാവാം. മരിച്ചവർ ജീവിക്കില്ല എന്ന സ്വനിയമത്തെ ഇതു ഖണ്ഡിക്കുന്നു. ഇത് ദൈവത്തിന് അപകീർത്തികരമാണ്.

93. ഓ ഭൂമീ! നിന്റെ വെള്ളത്തെ ഉള്ളിലേക്കു വലിക്കുക. ആകാശമേ മഴനിർത്തുക. വെള്ളം കുറയാൻ തുടങ്ങി..... എന്റെ സമുദായമേ ഇത് അല്ലാഹുവിന്റെ ഒട്ടകമാണ്. നിങ്ങൾക്കൊരു ദൃഷ്ടാന്തമായിട്ടാണ് ഇതു നിലകൊള്ളുന്നത് . അതുകൊണ്ട് ഇതിനെ വിട്ടേക്കുക. ഇത് അല്ലാഹുവിന്റെ ഭൂമിയിൽ മേഞ്ഞു തിന്നുകൊള്ളട്ടെ. (3.12.11.44,64)

സമീ:- എത്ര ബാലിശം! ഭൂമിയും ആകാശവും പറഞ്ഞാൽ കേൾക്കുമോ? കൊള്ളാം! ദൈവത്തിന് പെണ്ണൊട്ടകമുണ്ടെങ്കിൽ ആണൊട്ടകവും കാണിമോ? ആന കുതിര കഴുതകളും ഉണ്ടാവുമോ? ദൈവം ഒട്ടകത്തിനെ മേയ്ക്കുന്നതു കാണാൻ ബഹുരസമായിരിക്കും. സവാരിയും ചെയ്യുമോ? ഇങ്ങനെയാണെങ്കിൽ നവാബിന്റെ ശട്ടവട്ടങ്ങളാണിതെല്ലാ.

94. ആകാശഭൂമികൾ നിലനില്ക്കുന്ന കാലത്തോളം അവർ അതിലാണു നിവസിക്കുക..... ജീവിത വിജയം പ്രാപിച്ചവർ ആകാശഭൂമികൾ നിലനില്ക്കുന്ന കാലത്തോളം സ്വർഗ്ഗത്തിലാണ് ശാശ്വതമായി നിവസിക്കുക. (3.12.11.107-108)

സമീ:- കയാമത്തിന്റെ നാൾകഴിഞ്ഞ് എല്ലാവരും സ്വർഗ്ഗത്തിലും നരകത്തിലും പോകുമെങ്കിൽ ആകാശവും പൃഥ്വിയും ആർക്കാണ്? ആകാശവും ഭൂമിയും ഉള്ളത്രയും കാലമേ സ്വർഗ്ഗത്തിലും നരകത്തിലും പാർക്കൂ എങ്കിൽ 'സ്വർഗ്ഗത്തിലും നരകത്തിലും സദാ പാർക്കുമെന്നു പറഞ്ഞതു കള്ളമാണ്. ഇങ്ങനെ അജ്ഞരേ പറയൂ. ഈശ്വരനോ വിദ്വാനോ പറയില്ല.

95. യൂസഫ് തന്റെ പിതാവിനോട്..... എന്റെ പ്രിയപ്പെട്ട പിതാവേ ഞാൻ സ്വപ്നത്തിൽ കണ്ടിരിക്കുന്നു. (3.12.12.4 മു 57വരെ)

സമീ:- ഈ പ്രകരണത്തിൽ പിതാപുത്രസംവാദരൂപത്തിൽ നിറയെ കഥകളാണ്. അതിനാൽ

* മറ്റെല്ലാ തർജ്ജമകളിലും ആറുദിനം എന്നാണ്. ബൈബിളിലെ ഉത്പത്തിയുമായി താരതമ്യം ചെയ്യുക

ഈശ്വരകൃതമല്ലിത്. ഏതോ മനുഷ്യർ മനുഷ്യചരിത്രമെഴുതിയതാണ്.

96. തൂണുകൾ കൂടാതെതന്നെ ആകാശമണ്ഡലങ്ങളെ ഉയർത്തിവച്ചിരിക്കുന്നവനത്രെ അല്ലാഹു. അവൻ തന്റെ സിംഹാസനത്തിൽ സ്ഥാനമുറപ്പിച്ചു. സൂര്യനെയും ചന്ദ്രനെയും അവൻ കീഴ്പ്പെടുത്തിവച്ചു. ഭൂമുഖത്തെ വിശാലമാക്കിയിടുകയും..... അവൻ ആകാശത്തു നിന്നു മഴ പെയ്യിക്കുന്നു..... തോതനുസരിച്ചു വരിവെള്ളമൊഴുകുന്നു.... താനുദ്ദേശിക്കുന്നവർക്ക് അല്ലാഹു സമൃദ്ധിയായി ആഹാരം നല്കുന്നു. പരിമിതപ്പെടുത്തുകയും ചെയ്യുന്നു. (3.13.13.2-3,17,26)

സമീ:-മുസ്ലീംദൈവത്തിനു പദാർഥവിദ്യ അറിഞ്ഞുകൂടാ. അറിയാമായിരുന്നെങ്കിൽ ആകാശത്തിനു തൂണും താങ്ങും കൊടുക്കുന്ന കഥ പറയുകയില്ലായിരുന്നു. സിംഹാസനത്തിൽ കഴിയുന്ന ഖുദാ സർവശക്തനും സർവവ്യാപിയും ആവുകയില്ല. മേഘവിദ്യ അറിയാമായിരുന്നെങ്കിൽ ആകാശത്തു നിന്നു മഴ പെയ്യിക്കുന്നെന്നെഴുതുകയില്ല. ഭൂമിയിൽനിന്നു വെള്ളം മേലോട്ടൊഴുക്കയെന്നെന്തുകൊണ്ടെഴുതിയില്ല? ഖുറാൻകാരന് മേഘവിദ്യയും അറിവില്ലായിരുന്നു. നല്ലതും ചീത്തയും ചെയ്യാത്ത സുഖദുഃഖങ്ങൾ നല്കുന്നതുകൊണ്ട് പക്ഷപാതിയും അന്യായക്കാരനും നിരക്ഷരകുക്ഷിയുമാണ്.

97. താനുദ്ദേശിക്കുന്നവരെ അല്ലാഹു വഴികാണിക്കാതെ വിടുന്നു. പശ്ചാത്തപിച്ചു മടങ്ങുന്നവരെ തന്റെ അടുക്കലേക്ക് അവൻ വഴികാണിക്കുകയും ചെയ്യുന്നു. (3.13.13.27)

സമീ:- അല്ലാഹു വഴികാണിക്കുന്നില്ലെങ്കിൽ ഇബ്ലീസും ഖുദായും തമ്മിൽ എന്താണു വ്യത്യാസം? ഇബ്ലീസ് മറ്റുള്ളവരെ വഴിപിഴപ്പിക്കുന്നതിനാൽ ചീത്തയാണെങ്കിൽ ഖുദാ വഴികാട്ടായ്കയാലും ചീത്തയാവുന്നില്ലേ? വഴികാട്ടാത്തവർക്കും നരകം വിധിക്കാത്തതെന്ത്?

98. ഈ ഖുർആനെ അറബിഭാഷയിലുള്ള ചില കല്പനകളായിട്ടാണ് നാം അവതരിപ്പിച്ചിരിക്കുന്നത്. നിനക്കു ശരിയായ ജ്ഞാനം വന്നു കിട്ടിയശേഷം..... നമ്മുടെ സന്ദേശം ജനങ്ങളെ അറിയിക്കുവാനുള്ള ബാദ്ധ്യതമാത്രമേ നിനക്കുള്ളൂ. അവരുടെ കണക്കുനോക്കാനുള്ള ചുമതല നമുക്കാണ്. (3.13.13.37,40)

സമീ:- ഖുർആൻ എവിടെ നിന്നാണ് വന്നിറങ്ങിയത്? ദൈവം മുകളിലാണോ? എങ്കിൽ ഏകദേശിയാകയാൽ ദൈവമല്ലത്. എന്തെന്നാൽ ദൈവം സർവത്ര ഒരുപോലെ വ്യാപിച്ചിരിക്കുന്നു. സന്ദേശമെത്തിക്കുന്നത് സന്ദേശവാഹകന്റെ ജോലിയാണ്. സന്ദേശവാഹകൻ മനുഷ്യനെപ്പോലെ ഏകദേശിയായവനുമതി. കണക്ക് എടുക്കുന്നതും തീർക്കുന്നതും മനുഷ്യന്റെ ജോലിയാണ്, ദൈവത്തിന്റേതല്ല. എന്തെന്നാൽ ദൈവം സർവജ്ഞനാണ്. നിശ്ചയമായും ഖുർആൻ ഏതോ അല്പജ്ഞനായ മനുഷ്യൻ എഴുതിയതാണ്.

99. ഇടമുറിയാതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വിധത്തിൽ സൂര്യനെയും ചന്ദ്രനെയും..... മനുഷ്യൻ തികഞ്ഞ അക്രമിയും അല്പംപോലും നന്ദിയില്ലാത്തവനും തന്നെ. (3.13.14.33.34)

സമീ:- സൂര്യനും ചന്ദ്രനും സദാ സഞ്ചരിക്കുമ്പോൾ ഭൂമി സഞ്ചരിക്കുന്നില്ലേ? ഇല്ലെങ്കിൽ രാപകലുകൾ വർഷങ്ങളോളം നീണ്ടതാവും. മനുഷ്യൻ ആക്രമിയും നന്ദിയില്ലാത്തവനുമാണെങ്കിൽ ഖുർആനിൽ നിന്നു ശിക്ഷണം തേടുന്നതു വെറുതെയാണ്. പാപം ചെയ്യുന്നതാണ് സ്വഭാവമെങ്കിൽ പുണ്യാത്മാക്കാൾ ഉണ്ടാവുകയേ ഇല്ല. ലോകത്ത് പുണ്യാത്മാക്കാളും പാപികളും സദാ കാണപ്പെടുന്നു. അതിനാൽ ഇക്കാര്യം ഈശ്വരകൃതമായ ഗ്രന്ഥത്തിലേതല്ല.

100. ഞാൻ രൂപപ്പെടുത്തുകയും എന്റെ ജീവൻ അതിൽ ഞാൻ ഊതുകയും ചെയ്തുകഴിഞ്ഞാൽ ആ മനുഷ്യനു നിങ്ങൾ സാഷ്ടാംഗം നമസ്കരിച്ചുകൊള്ളണം. ..... എന്റെ രക്ഷിതാവേ! ഞാൻ വഴിപിഴച്ചവനെന്നു നീ വിധി കല്പിച്ചിരിക്കകൊണ്ട് ഭൂമിയിൽ മനുഷ്യർക്കു ഞാൻ പലതും അലംകൃതമാക്കി കാണിച്ചു കൊടുക്കും. എന്നിട്ട് അവരെ ഞാൻ വഴിപിഴപ്പിക്കും. (3-14.15,29,39)

സമീ:- ഖുദാ തന്റെ ജീവൻ ആദമിൽ ഊതിയെങ്കിൽ അയാളും ഖുദാ ആയി. അല്ലെങ്കിൽ സാഷ്ടാംഗം നമസ്കരിച്ചുകൊള്ളണമെന്നു പറഞ്ഞതെന്തിന്? ചെകുത്താനെ വഴിപിഴപ്പിച്ചതു ഖുദായാണെങ്കിൽ ഖുദാ ചെകുത്താന്റെ ആശാൻ തന്നെയല്ലേ? വഴിപിഴപ്പിക്കുന്നവനെ നിങ്ങൾ ചെകുത്താനായി ഗണിക്കുന്നെങ്കിൽ ചെകുത്താനെ വഴിപിഴപ്പിച്ചതും ഖുദാ തന്നെ. ഞാൻ വഴിപിഴപ്പിക്കുമെന്ന് ചെകുത്താൻ ഉറക്കെപ്പറഞ്ഞിട്ടും ദൈവം അവനെ പിടിച്ചു കെട്ടി കൊല്ലാഞ്ഞതെന്ത്?

101 സർവസമുദായങ്ങളിലും നാം ഓരോ ദൈവദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്..... നാം ഉപദേശിച്ചാൽ "ഉണ്ടാകൂ" എന്ന് അതിനോട് കല്പിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. ഉടനേ അതാ അതുണ്ടാകുന്നു. (3.14.16.36-40)

സമീ:- എല്ലാ സമുദായത്തിനും ദൈവദൂതന്മാരെ അയച്ചെങ്കിൽ, എല്ലാവരും ദൂതന്മാരുടെ വഴിയേ ജീവിക്കുന്നവരാകണം. പിന്നെങ്ങനെ കാഫിർ ആയി? നിങ്ങളുടേയല്ലാതെ മറ്റുപ്രവാചകരെ അംഗീകരിക്കില്ലേ? ഇതു തികച്ചും പക്ഷപാതമാ

theamsam.org



ണ്. എല്ലായിടത്തും പ്രവാചകരെ അയച്ചെങ്കിൽ ആര്യാവർത്തത്തിലാരെയാണയച്ചത്? ഇതെല്ലാം ശുദ്ധ പൊളിയാണ്.

ഖുദാ ഉദ്ദേശിക്കുന്നു - പറയുന്നു ഭൂമിയുണ്ടാകട്ടെന്ന്. ആ ജഡവസ്തു ഒരിക്കലും കേൾക്കില്ല. ദൈവം എന്തിന് ആജ്ഞ പുറപ്പെടുവിക്കണം? ഖുദായല്ലാതെ മറ്റൊന്നുമില്ലെന്നിരിക്കെ ആരാണ് കല്പന കേട്ടത്? ഉണ്ടായതെന്ത്? ഇതെല്ലാം അവിദ്യയാണ്. അജ്ഞാനികളേ ഇതെല്ലാം വിശ്വസിക്കൂ.

102 അല്ലാഹുവിന് അവരതാ പെൺമക്കളെ സ്ഥാപിക്കുന്നു. വാസ്തവത്തിൽ അവൻ പരിശുദ്ധനത്രെ..... അല്ലാഹുവാണു സത്യം. (ദൂതന്മാരെ) നാം അയച്ചിട്ടുണ്ട്. (3.14.16.57-63)

സമീ:- അല്ലാഹു പെൺകുട്ടികളെക്കൊണ്ടെന്തു ചെയ്യും? മനുഷ്യർക്കല്ലേ പുത്രിമാരെ വേണ്ടൂ? പുത്രന്മാരെ സ്ഥാപിക്കാതെ പുത്രിമാരെ സ്ഥാപിക്കുന്നതെന്തിന്? ഇതിന്റെ കാരണം പറയാമോ? ആണയിടുന്നത് കള്ളന്മാരാണ്. ദൈവമല്ല, എന്തെന്നാൽ ലോകത്തിൽ അണിയുന്നവരാണ് കള്ളന്മാർ. സത്യവാൻ എന്തിന് ആണയിടണം?

103 അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും കണ്ണുകൾക്കുമാണ് അല്ലാഹു മുദ്രവച്ചിരിക്കുന്നത്. അവർ അശ്രദ്ധരത്രെ..... എല്ലാ ആത്മാവുകൾക്കും ആ ആത്മാവുകൾ പ്രവർത്തിച്ചതു പരിപൂർണ്ണമായി നല്കും, അവരോട് (ഒട്ടും) അനീതി കാണിക്കയില്ല. (3.14.16.108-111)

സമീ:- ഖുദാ മുദ്രവച്ചെങ്കിൽ ആ പാവങ്ങൾ അപരാധമൊന്നും ചെയ്യാതെ മരിച്ചുകാണും. എന്തെന്നാൽ അവരെ പരാധീനരാക്കി. ഇതെത്ര വലിയ കുറ്റമാണ്? പിന്നെപ്പറയുന്നു, ചെയ്തതിനു തക്ക വണ്ണം, നല്ലവണ്ണം ഏറ്റക്കുറവില്ലാതെയാണ്! അവർ സ്വതന്ത്രമായി പാപം ചെയ്തില്ല. ഖുദാ ചെയ്യിച്ചതുകൊണ്ടാണ് ചെയ്തത്. അപ്പോഴാത് അവരുടെ അപരാധമല്ല. അതിന്റെ ഫലവും അവർക്കു ലഭിക്കരുത്. ദൈവത്തിനാണ് ഫലം കിട്ടേണ്ടത്. പൂർണ്ണമായി നൽകുമെങ്കിൽ ക്ഷമിക്കുമെന്നു പറഞ്ഞതെന്താണ്? ക്ഷമിക്കുമെങ്കിൽ അവിടെ ന്യായമില്ലാതാകും. ഈ ഗുലുമാലധ്യായം ഈശ്വരന്റേതല്ല തന്നെ. ബുദ്ധിയില്ലാത്ത കുട്ടികളുടേതാണ്.

104. നരകം സത്യനിഷേധികൾക്കുള്ള ജയിലായിട്ടാണ് നാം നിശ്ചയിച്ചിരിക്കുന്നത്..... എല്ലാ മനുഷ്യരുടെയും ശകുനങ്ങളെ അവരുടെ പിൻകഴുത്തിൽ നാം ബന്ധിച്ചിരിക്കയാണ്. പുനരുത്ഥാന ദിവസം അവന് ഒരു ഗ്രന്ഥം നാം പുറത്തേക്കെടുത്തുകൊടുക്കും. അത് തുറന്നുവച്ചിരിക്കുന്നത് അവൻ കാണും..... നൂഹിനുശേഷം എത്ര തലമുറകളെയാണു നാം നശിപ്പിച്ചു കളഞ്ഞത്. (4.15.17.8.13,17)

സമീ:- ഖുർആൻ, പ്രവാചകൻ, ഖുറാന്റെ ഖുദാ, ഏഴാം ആകാശം, നമാസ് മുതലായവയിൽ വിശ്വസിക്കാത്തയാളാണ് കാഫിർ. നരകം അവനുള്ളതാണ്, എങ്കിൽ വെറും പക്ഷപാതമാണിത്. എന്തെന്നാൽ ഖുർആനിൽ വിശ്വസിക്കുന്നവർ മാത്രം നല്ലവരും മറ്റെല്ലാവരും ചീത്തയുമാണെന്ന് എങ്ങനെ വന്നുകൂടാനാണ്? ഓരോരുത്തരുടെ പിൻകഴുത്തിലും ശകുനങ്ങളെ കെട്ടിവയ്ക്കുന്നത് വെറും ബാലിശമാണ്. ആരുടെ കഴുത്തിലും നമ്മളിതു കണ്ടിട്ടില്ല. ഇതിന്റെ പ്രയോജനം കർമഫലം നല്കലാണെങ്കിൽ മനുഷ്യരുടെ ഹൃദയത്തിലും കണ്ണിലും മറ്റും മുദ്രവയ്ക്കുക, പാപം ക്ഷമിക്കുക മുതലായവയെല്ലാം എന്തു കളിയാണ്? കയാമത്തിന്റെ രാത്രിയിൽ ദൈവം തുറക്കുന്ന പുസ്തകം ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്? കച്ചവടക്കാരന്റെ കണക്കെഴുത്തുപോലെയാണോ ഇതെഴുതുന്നത്? പൂർവജന്മമില്ലെങ്കിൽ ജീവാത്മാക്കൾക്ക് കർമമേ സാധ്യമല്ല. പിന്നെങ്ങനെ കർമലേഖനം (ശകുനങ്ങൾ) എഴുതിവച്ചു? കർമമില്ലാതെ എഴുത്ത്! പിന്നെ അന്യായവും. നല്ലതും ചീത്തയുമായ കർമങ്ങളില്ലാതെ സുഖദുഃഖങ്ങളെങ്ങനെ നല്കുന്നു? ഖുദായുടെ സൗകര്യമാണെങ്കിൽ അതന്യായമാണ്. നന്മയും തിന്മയും ചെയ്യാതെ സുഖദുഃഖഫലങ്ങൾ നല്കുന്നതിനാണ് അന്യായമെന്നു പറയുന്നത്. ആ സമയത്ത് ഖുദാ തന്നെ പുത്തകം വായിക്കുമോ, സഹായികൾ വല്ലവരും വായിക്കുമോ? ദീർഘകാലം ബന്ധമുണ്ടായിരുന്ന ജീവാത്മാക്കളെ കുറ്റം ചെയ്യാതെ വധിച്ച ഖുദാ അന്യായകാരിയായി. അന്യായകാരി ഒരിക്കലും ദൈവമല്ല.

105 സമൂദ് സമുദായത്തിന് ഒട്ടകത്തെ വ്യക്തമായ ദൃഷ്ടാന്തമായി നാം നല്കി..... വഴി പിഴപ്പിക്കാൻ കഴിവുള്ളവരെയെല്ലാം നീ ഇളക്കിവിട്ടു വഴിപിഴപ്പിച്ചുകൊള്ളുക..... എല്ലാ മനുഷ്യരെയും അവരുടെ ആദർശപുരുഷന്മാരോടൊപ്പം നാം വിളിക്കുന്ന ദിവസം സ്മരണീയമത്രെ. വല്ലവരുടെയും റിക്കാർഡ് അവരുടെ വലങ്കയ്യിൽ നല്കപ്പെട്ടാൽ അവർതന്നെ തങ്ങളുടെ റിക്കാർഡുവായിക്കും. അവരോട് അണുവോളവും അനീതി കാണിക്കുകയില്ല. (4.15,17.59,64,71)

സമീ:- തമാശതന്നെ! ദൈവത്തിന്റെ അത്ഭുതകരങ്ങളായ നിരവധി അടയാളങ്ങളിരിക്കെ ഒരൊറ്റ കത്തെ ദൈവമുണ്ടെന്നതിനു തെളിവായി നല്കുന്നതെന്തിന്? ചെകുത്താനെ വഴിപിഴപ്പിക്കാൻ ആജ്ഞാപിച്ചപ്പോൾ ഖുദാ തന്നെ ചെകുത്താന്റെ യജമാനനും എല്ലാ പാപവും ചെയ്യിക്കുന്നതിനുത്തരവാദിയും ആയി. ഇങ്ങനെയൊന്നിനെ ദൈവമെന്നു പറയുന്നത് വെറും അജ്ഞതയാണ്. കയാ



മത്തിന്റെ നാളിൽ (പ്രളയത്തിൽ) മാത്രമേ ന്യായ വിധി നടത്തുന്നതിന് പ്രവാചകനെയും വിശ്വാ സികളെയും വിളിക്കൂ. എങ്കിൽ അതുവരെ അവർ വിചാരണത്തടവുകാരായിരിക്കുമോ? അങ്ങനെയാ ണെങ്കിൽ ന്യായം നടക്കുന്നതുവരെ അവരെല്ലാം ദുഃഖിതരായിരിക്കയേ ഉള്ളൂ. അതിനാൽ വേഗം ന്യായം നടത്തുന്നതാണ് ന്യായാധിപന്നുത്തമം. കൂടാതെ ഈ ന്യായം 'അന്ധകാരപുരിയിലെ ഭ്രാന്തൻ രാജാവിന്റെ' ന്യായമായിരിക്കും. 'കുറ്റക്കാ രെയും നല്ലവരെയും അമ്പതുകൊല്ലത്തേക്ക് വിചാ രണത്തടവിൽ വയ്ക്കുകയും ചെയ്യുന്നത് അനീ തിയാണ്. ന്യായമറിയാൻ വേദവും മനുസ്മൃതിയും നോക്കുക. ക്ഷണമാത്രം തെറ്റാതെയുള്ള ന്യായം അവിടെക്കാണാം. ഓരോരുത്തരും അവരവരുടെ കർമ്മമനുസരിച്ച് ശിക്ഷയോ രക്ഷയോ സദാ പ്രാപി ച്ചുകൊണ്ടിരിക്കുന്നു. കൂടാതെ പ്രവാചകരെ സാക്ഷിയാക്കി വച്ചു കൊണ്ടിരിക്കുമ്പോൾ ദൈവ ത്തിന്റെ സർവജ്ഞതയ്ക്ക് ഹാനിവരുന്നു. ഇത്തരം പുസ്തകം ഈശ്വരകൃതമോ ഇങ്ങനെ ഉപദേശിക്കുന്ന ഖുദാ ദൈവമോ ആകുമോ? ഇല്ല തന്നെ.

106 ശാശ്വതമായി നിവസിക്കാനുള്ള ചില തോട്ടങ്ങൾ അവർക്കുള്ളതാണ്. അയുടെ താഴ്ഭാഗങ്ങളിലൂടെ അരുവി കൾ ഒഴുകിക്കൊണ്ടിരിക്കും. അവരെ അവിടെവച്ചു സ്വർണ്ണ ത്തിന്റെ ചില വളകൾ ധരിപ്പിക്കും..... പച്ചപ്പട്ടിന്റെ വസ്ത്ര ങ്ങളും അവർ ധരിച്ചിരിക്കും. മേന്മയേറിയ ചില കട്ടിലുക ളിൽ ചാരിക്കൊണ്ടാണ് അവരിരിക്കുക. എത്രനല്ല പ്രതിഫലം. എത്രനല്ല വിശ്രമസ്ഥലം. (4.15.18.31)

സമീ:- ബലേഭേഷ്! ഖുർആന്റെ സ്വർഗ്ഗത്തിൽ ആഭ രണങ്ങളും വസ്ത്രവും കട്ടിലും തലയിണയും സുഖിക്കാനുണ്ട്! ഇവിടവും മുസ്ലീംസ്വർഗ്ഗവും തമ്മിൽ, അവിടെക്കുറെ അന്യായം ഉണ്ടെന്നല്ലാതെ എന്തുവ്യത്യാസമാണുള്ളത്. ബുദ്ധിമാന്മാർ ചിന്തി ക്കണം. കർമ്മം അന്തമുള്ളതും ഫലം അനന്തവും! നിത്യവും മധുരംഭക്ഷിച്ചാൽ കുറേ ദിവസ ങ്ങൾക്കകം അതു വിഷതുല്യമാകും. സദാ സുഖ മായാൽ ആ സുഖം ദുഃഖമായി മാറും. അതിനാൽ മഹാകല്പപര്യന്തം മുക്തിയനുഭവിച്ച് പുനർജ്ജന്മം എടുക്കുന്നതത്രേ സത്യസിദ്ധാന്തം.

107. ആ പട്ടണങ്ങളെ നാം നശിപ്പിച്ചത് അവർ അക്രമം പ്രവർത്തിപ്പിച്ചപ്പോഴാണ്. അവരുടെ നാശത്തിനു നാം ഒര വധി നിശ്ചയിച്ചിരുന്നു. (4.15.18.59)

സമീ:- ഒരു പട്ടണത്തിൽ മുഴുവനും പാപികളാ യിരിക്കുമോ? അവധി നിശ്ചയിക്കുന്നത് ഈശ്വ രൻ സർവ്വജ്ഞനല്ലാഞ്ഞാണ്. അന്യായം കണ്ടിട്ടേ അവധി നിശ്ചയിച്ചുള്ളൂ. അതിനു മുൻപ് അറിവി ല്ലായിരുന്നോ? കൂടാതെ ദയാഹീനനുമാണെന്നു വരുന്നു.

108 ആ യുവാവാകട്ടെ, അവന്റെ മാതാപിതാക്കൾ സത്യവി ശ്വാസികളായിരുന്നു. അവരെ അക്രമത്തിനും സത്യനിഷേധ ത്തിനും നിർബന്ധിക്കുമെന്നു നാം ഭയപ്പെട്ടു..... അവസാനം സൂര്യൻ അസ്തമിക്കുന്ന സ്ഥലത്തെത്തിയപ്പോൾ കറുത്ത കളിമണ്ണോടുകൂടിയ ഒരു ജലാശയത്തിൽ സൂര്യൻ അസ്തമി ക്കുന്നതും.... ഓ ദുൽഖർ നൈൻ! യഅ്ജൂജും മഅ്ജൂജും * ഈ നാട്ടിൽ നാശമുണ്ടാക്കിക്കൊണ്ടിരിക്കയാണ്. (4.16.18.80.86.94)

സമീ:- ഈ ദൈവം എത്ര വലിയ അജ്ഞനാണ്. യുവാവ് മാതാപിതാക്കളെ അവിശ്വാസികളാക്കു മെന്നു ഭയപ്പെടുന്നു. ഇത് ഈശ്വരന്റെ വാക്കുകള ല്ല. അവിദ്യയുടെ ബാഹുല്യം നോക്കുക. ഈ പുസ്തകകർത്താവിന്റെ വിചാരം സൂര്യൻ രാത്രി യിൽ ഏതോ കുളത്തിൽ മുങ്ങി രാവിലെ പൊങ്ങു മെന്നാണ്. ഭൂമിയേക്കാൾ എത്രയോ വലുപ്പമേറിയ സൂര്യൻ കുളത്തിലോ സമുദ്രത്തിലോ എങ്ങനെ മുങ്ങും? ഭൂമിശാസ്ത്രമോ വാനശാസ്ത്രമോ അറി യാത്തയാളാണ് ഖുറാൻ കർത്താവെന്നു വ്യക്തം. അല്ലെങ്കിലിങ്ങനെ എഴുതി വയ്ക്കുമോ? ഈ പു സ്തകം വിശ്വസിക്കുന്നവർക്കും അറിവില്ല. അല്ലെ ങ്കിൽ ഇത്തരം കാര്യങ്ങളെഴുതിയ പുസ്തകത്തിൽ എന്തിനു വിശ്വസിക്കുന്നു? ഖുദായുടെ അന്യായം നോക്കുക. പൃഥിവിയുടെ സ്രഷ്ടാവും ന്യായാധീ ശനും പാലകനുമായിരിക്കെ, യഅ്ജൂജും, മഅ്ജൂജും നാശമുണ്ടാക്കാൻ അനുവാദം നൽകുന്നു! ഈശ്വരതയ്ക്കു വിരുദ്ധമാണിത്. കാടന്മാർക്കേ ഇതെല്ലാം വിശ്വസിക്കാനാവൂ. വിദ്വാന്മാർക്കാവി ല്ല.

109 ഖുർആനിൽ മർയമി*നെക്കുറിച്ചു പ്രസ്താവിക്കുക: തന്റെ കുടുംബത്തിൽ നിന്നകന്ന് കിഴക്കുഭാഗത്തുള്ള ഒരു സ്ഥലത്ത് അവൾ ഒറ്റപ്പെട്ടു ജീവിച്ചസന്ദർഭം..... അവൾ ഒരു മറയുണ്ടാക്കി..... നാം നമ്മുടെ മലക്കിനെ അവളുടെ അടു ക്കലേക്ക് അയയ്ക്കുകയും മലക്ക് അവളുടെ മുമ്പിൽ ഒരു തികഞ്ഞ മനുഷ്യരൂപം സ്വീകരിച്ചുകൊണ്ട് പ്രത്യക്ഷപ്പെടു കയും ചെയ്തു..... നിന്നിൽനിന്നു രക്ഷപ്രാപിക്കേണ്ടതിന്നു കരണാനിധിയായ അല്ലാഹുവിനെ ഞാനിതാ അഭയം പ്രാപി ച്ചുകൊള്ളുന്നു..... ആ പുരുഷൻ പറഞ്ഞു; ഞാൻ നിന്റെ രക്ഷിതാവിന്റെ ഒരു ദൂതൻ മാത്രം - പരിശുദ്ധനായ ഒരു ആൺസന്താനത്തെ നിനക്കു പ്രദാനം ചെയ്യേണ്ടതിനാണ് ഞാൻ വന്നിരിക്കുന്നത്. എന്നെ ഒരു മനുഷ്യനും സ്പർശി

* ഇവർ ഒരുതരം അപരിഷ്കൃത ജാതികളാണ്. കൊള്ളയും പിടിച്ചുപറിക്കലുമായിരുന്നു തൊഴില്, ഗോഗ്, മെഗോക് എന്നീ വർഗ്ഗങ്ങളാണത്രേ ഇവർ
* യഅ്ജൂജും, മയഅ്ജൂജും
* കന്യാമറിയം



ച്ചിട്ടില്ല. ഞാൻ വ്യഭിചാരിണിയുമല്ല. എനിക്കെങ്ങനെയാണ് ഒരാൺകുട്ടി ജനിക്കുക! അങ്ങനെ അവൾ ആ കുട്ടിയെ ഗർഭം ധരിക്കയും ..... ദൂരെപ്പോയി ഒറ്റപ്പെട്ട് താമസമാക്കുകയും ചെയ്തു. (4.16.19.16-20,22)

സമീ: ബുദ്ധിമാന്മാർ ചിന്തിക്കുക. മലക്കുകൾ ദൈവാത്മാക്കളാണെങ്കിൽ മലക്കും ദൈവവും ഒന്നാണ്. രണ്ടല്ല. രണ്ടാമത് ഇതന്യായമാണ്. കന്യകയായ മറിയമിന് കുട്ടി ജനിക്കുന്നത്. ആരുടെയും അടുപ്പം അവളാഗ്രഹിച്ചില്ല. ദൈവത്തിന്റെ ആജ്ഞയാൽ മലക്ക് അവളെ ഗർഭിണിയാക്കി. ഇത് ന്യായവിരുദ്ധമാണ്. മറ്റസഭ്യകാര്യങ്ങളും ഇവിടെ എഴുതീട്ടുണ്ട്. അതെല്ലാം എഴുതുന്നത് ഉചിതമല്ല.

110 സത്യനിഷേധികളെ പ്രോത്സാഹിപ്പിക്കേണ്ടതിന് അവരുടെ അടുക്കലേക്ക് നാം പിശാചുക്കളെ അയയ്ക്കുന്നത് നീ കാണുന്നില്ലേ? (4.16.19.83)

സമീ: വഴിതെറ്റിക്കാൻ (സത്യനിഷേധികളെ പ്രോത്സാഹിപ്പിക്കാൻ) ദൈവമാണ് പിശാചുക്കളെ അയയ്ക്കുന്നതെങ്കിൽ അത് അവരുടെ തെറ്റല്ല. അവരെയോ പിശാചിനെയോ ശിക്ഷിച്ചുകൂടാ. ദൈവാജ്ഞയാലാണെല്ലാം നടക്കുന്നത്. ഇതിന്റെ ഫലം ഖുദായ്ക്കായിരിക്കണം. സത്യവാനായ ന്യായകാരിയാണെങ്കിൽ ദൈവം തനിയെ നരകഭോഗം സ്വീകരിക്കണം. ന്യായം വിട്ടുമാറിയാൽ അന്യായക്കാരനാവും. അന്യായക്കാരനെയാണ് പാപിയെന്നു പറയുന്നത്.

111. പശ്ചാത്തപിക്കുകയും സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മമനുഷ്ഠിക്കുകയും എന്നിട്ട് നേർമാർഗ്ഗം പ്രാപിക്കയും ചെയ്തവന്ന് ഞാൻ നിശ്ചയമായും വളരെയേറെ പൊറുത്തുകൊടുക്കും. (4.16.20.82)

സമീ: പശ്ചാത്തപിച്ചാൽ പാപം പൊറുത്തുകൊടുക്കുമെന്നു ഖുർആനിൽ പറയുന്നത് എല്ലാവരേയും പാപികളാക്കുകയേയുള്ളൂ. പാപംചെയ്യാനുള്ള സാഹസം അവർക്കു കൂടും. അതിനാൽ ഈ പുസ്തകവും ഇതുണ്ടാക്കിയയാളും പാപികളെ പാപം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു. അതിനാലിത് ദൈവകൃതമോ ഇതിൽ പറയുന്ന ദൈവം ദൈവമോ അല്ല.

112 ഭൂമി മനുഷ്യരോടുകൂടി ചാഞ്ഞുപോകാതിരിക്കേണ്ടതിന് അതിൽ നാം ചില പർവ്വതങ്ങൾ സ്ഥാപിക്കുകയും..... (4.17.21.31)

സമീ:- ഖുർആൻ കർത്താവിന് ഭൂമി കറങ്ങുന്നതാണെന്നും മറ്റും അറിയാമായിരുന്നെങ്കിൽ, ചായാതിരിക്കാൻ പർവ്വതങ്ങൾ സ്ഥാപിച്ചെന്നും മറ്റും എഴുതുകയില്ലായിരുന്നു. പർവ്വതം സ്ഥാപിച്ചില്ലെങ്കിൽ ചാഞ്ഞുപോകുമോ എന്നു സംശയിച്ചുകാണും. എന്നിട്ടും ഭൂകമ്പത്തിൽ ഭൂമി കുലുങ്ങുന്നതെന്താണ്?

113 തന്റെ പാതിവ്രത്യത്തെ സംരക്ഷിച്ചുപോന്നവളെയും നാം നമ്മുടെ ആത്മാവിൽ ഒരംശം അവളിൽ ഊതി..... ഒരു ദൃഷ്ടാന്തമാക്കിവച്ചു. (4.17.21.91)

സമീ: ഇത്തരം അശ്ലീലങ്ങൾ ദൈവത്തിന്റെ പുസ്തകത്തിലോ? സഭ്യരായ മനുഷ്യർപോലും ഇതൊന്നും എഴുതുകയില്ല. ഇതൊക്കെക്കൊണ്ട് ഖുർആൻ ദുഷിക്കുന്നു. നല്ല കാര്യങ്ങളെ, വേദത്തിലേതുപോലെ വളരെ പ്രശംസിക്കണം.

114 ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും സൂര്യൻ ചന്ദ്രൻ നക്ഷത്രങ്ങൾ പർവ്വതങ്ങൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ എന്നിവയും..... അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിക്കുന്നതു നീ കാണുന്നില്ലേ?..... സ്വർണ്ണത്തിന്റെ വളകളും മുത്തുമാണ് അലങ്കാരത്തിനായി അണിയിക്കുക..... അവരുടെ വസ്ത്രം പട്ടായിരിക്കും..... പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നും തല കുനിച്ചും സാഷ്ടാംഗമായും ആരാധന നടത്തുന്നവർക്കുംവേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വയ്ക്കുക..... പിന്നീട് അവർ തങ്ങളുടെ അഴുക്കുകൾ കളയട്ടെ. അവരുടെ ബാദ്ധ്യതകൾ നിറവേറ്റട്ടെ. പുരാതന മന്ദിരത്തെ പ്രദക്ഷിണം വയ്ക്കുകയും ചെയ്യട്ടെ, ബലി..... അല്ലാഹുവിന്റെ നാമം അവർ ഉച്ചരിക്കാനാണ്. (4.17.22.18, 23, 26, 29, 34)

സമീ: ഈശ്വരനെക്കുറിച്ചറിയാൻ കഴിയാത്ത ജഡവസ്തുക്കൾ ഈശ്വരനെ എങ്ങനെ ഭജിക്കാനാണ്? അതിനാൽ ഈ പുസ്തകം ഒരിക്കലും ഈശ്വരകൃതമല്ല. ഏതോ ഭ്രാന്തനുണ്ടാക്കിയതാണ്. കൊള്ളാം! ഒന്നാന്തരം സ്വർഗ്ഗം തന്നെ. സ്വർണ്ണ-മുത്തുമാലകളും പട്ടുവസ്ത്രവും കിട്ടുന്ന സ്വർഗ്ഗം ! ദൈവത്തിനു മന്ദിരമുണ്ടെങ്കിൽ അതിൽ ദൈവം താമസിക്കുന്നുമുണ്ട്. പിന്നെ ഇതെങ്ങനെ വിഗ്രഹാരാധനയല്ലാതാകും? അപ്പോൾ അതിനെ ഖണ്ഡിക്കുന്നതെന്തിന്? ബലിയർപ്പിക്കാനും, സ്വന്തം മന്ദിരത്തെ പ്രദക്ഷിണം വയ്ക്കുവാനും ജീവികളെ കൊല്ലിച്ചു തീറ്റുവാനും, പറയുന്ന ഈ ഖുദാ അമ്പലങ്ങളിലെ ഭൈരവ ദുർഗാദികൾക്കു സമാനനായി. വിഗ്രഹാരാധനയുടെ കടുംപ്രചാരകൻതന്നെ! എന്തെന്നാൽ വിഗ്രഹങ്ങളേക്കാൾ വലുതാണ് മസ്ജിദ് എന്ന വിഗ്രഹം. അതിനാൽ ഖുദായും മുസ്ലീങ്ങളും വലിയ വിഗ്രഹാരാധകരും, പൗരാണികരും ജൈനരും ചെറിയ വിഗ്രഹാരാധകരുമാണ്.

115 പിന്നീട് പുനരുത്ഥാനദിവസം നിങ്ങൾ എഴുന്നേല്പിക്കപ്പെടുകയും ചെയ്തു. (4.18.23.16)

സമീ: കയാമത്തിന്റെ നാൾവരെ മരിച്ചവർ കല്ലറകളിൽ കഴിയുമോ. അതോ മറ്റുവല്ലയിടത്തുമോ? കല്ലറകളിലാണെങ്കിൽ ചീഞ്ഞ ദുർഗന്ധം വമി

ക്കുന്ന ശരീരത്തിലിരുന്ന് പുണ്യാത്മാക്കൾ പോലും ദുരിതമനുഭവിക്കയില്ലേ? ഇതന്യായമല്ലേ? ദുർഗന്ധാധിക്യം നിമിത്തം രോഗമുണ്ടാക്കുകയാൽ ഖുദായും മുസ്ലീങ്ങളും പാപത്തിൽ പങ്കുപറ്റുന്നു.

116. സ്വന്തം നാവുകളും കൈകാലുകളും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവർക്കെതിരായി സാക്ഷിപറയുന്ന ദിവസം..... അല്ലാഹു ആകാശഭൂമികളുടെ പ്രകാശം ആണ്. അവന്റെ പ്രകാശത്തിന്റെ സ്ഥിതി ചുമരിലുള്ള ഒരു മാടം പോലെയാണ്. അതിലൊരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടികപാത്രത്തിലാണിരിക്കുന്നത്. കത്തിത്തിളങ്ങുന്ന ഒരു നക്ഷത്രം പോലെയുണ്ട് ആ സ്പടികപാത്രം. അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ - സൈത്തൂനിന്റെ - എണ്ണകൊണ്ടാണ് ആ വിളക്ക് കത്തിക്കപ്പെടുന്നത്. ആ സൈത്തൂൻമരം കിഴക്കോ പടിഞ്ഞാറോ വളർന്ന ഒന്നല്ല. ആ എണ്ണ സ്വയം പ്രകാശിപ്പിക്കുവാൻ പര്യാപ്തമാണ്. മേൽക്കുമേൽ പ്രകാശം. താനുദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു വഴി കാണിക്കുന്നു. (4.8.24,24,35)

സമീ:- കൈകാലുകളും മറ്റും ജഡമാകയാൽ ഒരിക്കലും സാക്ഷിപറയുകയില്ല. ഇത് സൃഷ്ടിക്രമത്തിന് വിരുദ്ധമായതുകൊണ്ട് മിഥ്യയാണ്. ദൈവം തീയോ വൈദ്യുതിയോ ആണോ? ഈ ദൃഷ്ടാന്തമൊന്നും ദൈവത്തിനു ചേരുന്നതല്ല. ഏതെങ്കിലും സാകാരവസ്തുവിനു യോജിച്ചതാണ്.

117. ചലിക്കുന്ന എല്ലാ ജീവികളെയും വെള്ളത്തിൽനിന്നാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. എന്നിട്ട് അവയെ ചിലത് വയറിന്മേൽ ഇഴഞ്ഞു നടക്കുന്നു..... ആരെങ്കിലും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും..... നീ പറഞ്ഞേക്കുക: നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക.... നിങ്ങൾ ദൈവാനുഗ്രഹത്തിനു പാത്രമായിത്തീരാൻവേണ്ടി..... ദൈവദൂതനെ അനുസരിക്കുക. (4.18.24,45,52,54,56)

സമീ:- ജീവികളുടെ ശരീരത്തിൽ എല്ലാ ഭൂതത്ത്വങ്ങളും ദൃശ്യമായിരിക്കെ, അവയിൽ വെള്ളത്തിൽ നിന്നാണു സൃഷ്ടിച്ചിരിക്കുന്നതെന്നു പറയുന്നത് എന്തു ഫിലോസഫിയാണ്? ഇത് അജ്ഞാനത്തിന്റെ പ്രകടനമാണ്. അല്ലാഹുവിന്നൊപ്പം പ്രവാചകനെയും അനുസരിക്കാൻ പറയുമ്പോൾ ഖുദാ സഹായിയുള്ളവനായില്ലേ ? എങ്കില് ഖുദായ്ക്ക് ആരുടെയും സഹായം വേണ്ടെന്നും സഹായിയില്ലാത്തവനാണ് ഖുദായെന്നും പറയുന്നതും എന്തിനാണ്?

118. ആകാശം മേഘത്തോടുകൂടി പൊട്ടിപ്പിളരുകയും മലക്കുകളെ വളരെ വലിയ തോതിൽ ഇറക്കുകയും ചെയ്യുന്ന ദിവസം..... അതുകൊണ്ട് സത്യനിഷേധികൾക്കു നീ വഴങ്ങിപ്പോകരുത്. ഖുർആൻകൊണ്ട് അവരോടു ഘോരസമരം ചെയ്യുക..... അവരുടെ തിന്മകളുടെ സ്ഥാനത്ത് അല്ലാഹു നന്മകൾവച്ചുകൊടുക്കും..... പശ്ചാത്തപിച്ചു മടങ്ങി സല്ക്കർമ്മം ചെയ്തു എന്നാൽ, അല്ലാഹുവിങ്കലേക്ക് പരിപൂർണ്ണമായ നിലയ്ക്ക് അവൻ മടങ്ങുകയാണ് ചെയ്യുന്നത്. (4.19.25 -25,52,70,71)

സമീ:- ആകാശം മേഘങ്ങളോടുകൂടി ഒരിക്കലും പൊട്ടിപ്പിളരുകയില്ല. ആകാശം മൂർത്തിമത്താണെങ്കിലല്ലേ പൊട്ടൂ? ഈ ഖുർആൻ ശാന്തി ഭഞ്ജിച്ച് ലഹളയുണ്ടാക്കിയിരുന്നതാണ്. അതിനാൽ ധാർമികരായ സജ്ജനങ്ങൾ ഇതിനെ വിശ്വസിക്കുന്നില്ല. പാപപുണ്യങ്ങൾ മാറ്റി മറിക്കുന്നതെന്തുന്യായമാണ്? എള്ളിനു പകരം ഉഴുന്നു കൈമാറുന്നതുപോലെ ലഘുവാണോ ഇത്? പശ്ചാത്തപിച്ചാൽ പാപം തീരുകയും ഈശ്വരപ്രാപ്തിയുണ്ടാവുകയും ചെയ്യുമെങ്കിൽ, ഇവിടെ ആരും പാപം ചെയ്യാൻ മടിക്കുകയില്ല. ഇതെല്ലാം വിദ്യാവിരുദ്ധമായ കാര്യങ്ങളാണ്.

119. എന്റെ ദാസന്മാരെയും കൊണ്ട് നീ രാത്രി പൊയ്ക്കൊള്ളുക എന്നും നിങ്ങളെ ഫിർഔൻ പിന്തുടരാൻ പോകുന്നുണ്ടെന്നും മൂസാക്കു നാം സന്ദേശം നല്കി. അപ്പോൾ ഫിർഔൻ ആളുകളെ ശേഖരിക്കാൻ പട്ടണങ്ങളിലേക്കു തന്റെ ദൂതന്മാരെ അയച്ചു... എന്നെ സൃഷ്ടിക്കുകയും എന്നിട്ട് എനിക്ക് വഴി കാണിച്ചു തരികയും ചെയ്തവനും..... എനിക്ക് ആഹാരപാനീയങ്ങൾ നല്കുന്നവനും..... പ്രതിഫലം നല്കുന്ന ദിവസം എന്റെ തെറ്റുകൾ പൊറുത്തുതരുമെന്ന് ഞാൻ ആശിക്കുന്നവനും. (5.19.26-52-53,78-79,82)

സമീ:- മൂസായ്ക്കു ദൈവം സന്ദേശം നല്കിയില്ലെങ്കിൽ ദാവീദിനും യേശുവിനും മുഹമ്മദിനും വീണ്ടും സന്ദേശമയച്ചതെന്തിന്? എന്തെന്നാൽ ഈശ്വരീയവാണി എപ്പോഴും മാറ്റമില്ലാത്തതും കുറ്റമറ്റതുമാണ്. അതിനു പിന്നാലെ ഖുർആൻ വരെയുള്ള പുസ്തകങ്ങൾ അയയ്ക്കുമ്പോൾ മുൻപ് അയച്ചവ അപൂർണ്ണവും തെറ്റുള്ളവയുമാണെന്നു വന്നുകൂടുന്നു. ആദ്യത്തെ മൂന്നു പുസ്തകങ്ങൾ സത്യമാണെങ്കിൽ ഖുർആൻ അസത്യമാണ്. പരസ്പരവിരോധം പ്രായേണയുള്ളതിനാലും തീർത്തും സത്യമായിരിക്കയെന്നത് നടപ്പില്ല.

ഖുദായാണ് ജീവനെ സൃഷ്ടിച്ചതെങ്കിൽ അതു മരിക്കയും ചെയ്യും. അതായത് അതിന് നാശം അഥവാ അഭാവവും ഉണ്ടാകും. ഈശ്വരനാണ് മനുഷ്യരെയും മറ്റു ജീവികളെയും തീറ്റിപ്പോറ്റുന്നതെങ്കിൽ ആർക്കും ഒരു രോഗവും ഉണ്ടായിക്കൂടാ. എല്ലാവർക്കും തുല്യമായി ഭക്ഷണം ലഭിക്കുകയും വേണം. പക്ഷപാതപരമായി ഒരാൾക്ക് ഉത്തമവും മറ്റൊരാൾക്ക് അധമവുമായ ഭക്ഷണം ലഭിച്ചുകൂടാത്തതാണ്. രാജാക്കന്മാർക്ക് ശ്രേഷ്ഠവും ഭിക്ഷക്കാരന് തരംതാണതുമായ



ഭക്ഷണം ലഭിക്കാൻ പാടില്ല. ഈശ്വരനാണ് ഊട്ടുന്നതും പഥ്യം പാലിപ്പിക്കുന്നതുമെങ്കിൽ ആർക്കും ഒരുരോഗവും ഉണ്ടായികൂടാതന്നെ. പക്ഷേ മുസ്ലീങ്ങൾക്കും രോഗം വരുന്നുണ്ട്, ദൈവമാണ് രോഗം ശമിപ്പിച്ച് സൗഖ്യം നൽകുന്നത്. ഖുദായാണെങ്കിൽ മുസ്ലീങ്ങൾക്ക് രോഗമേ വന്നുകൂടാ. വരുന്നെങ്കിൽ കുദാ മുറിവൈദ്യനാണ്. പൂർണവൈദ്യനാണെങ്കിൽ മുസ്ലീങ്ങൾക്ക് രോഗമെങ്ങനെ വരും? ജീവിപ്പിക്കുന്നതും മരണമടയിക്കുന്നതും ഖുദായാണെങ്കിൽ ആ ഖുദായ്ക്ക് പാപപുണ്യങ്ങളും ഏൽക്കുന്നുണ്ടാകാം. ജന്മജന്മാന്തരങ്ങളിലെ കർമ്മമനുസരിച്ചാണ് ഈ വ്യവസ്ഥ ചെയ്യുന്നതെങ്കിൽ ദൈവത്തിന് അപരാധം ഇല്ല. ന്യായവും, പാപംപൊറുക്കലും കയാമത്തിന്റെ നാളിലാണു ചെയ്യുന്നതെങ്കിൽ ഖുദാ പാപവർദ്ധകനായി പാപയുക്തനാകും. ക്ഷമിക്കുന്നില്ലെങ്കിൽ, ഖുറാന്റെ വചനം തെറ്റാണെന്നു വരുന്നതിൽനിന്ന് ഒഴിവില്ലാതാകും.

120 നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതുകൊണ്ട് ഒരു ദൃഷ്ടാന്തം കൊണ്ടുവരൂ. നീ സത്യവാദിയാണെങ്കിൽ..... അദ്ദേഹം പറഞ്ഞു. ഇതാ ഇതു (ദൃഷ്ടാന്തമായുള്ള) ഒരു ഒട്ടകമാണ്. ഇതിനു വെള്ളം കുടിക്കാൻ ഒരു ഊഴമുണ്ട്. (5.19.26.154 - 155)

സമീ:- കല്ലിൽ* നിന്ന് ഒട്ടകം ഉണ്ടായെന്ന് പറഞ്ഞാൽ ആരാനും വിശ്വസിക്കുമോ? അവർ അപരിഷ്കൃതരായിരുന്നതിനാൽ വിശ്വസിച്ചു. ഒട്ടകത്തിനെ ദൃഷ്ടാന്തം കൊടുക്കുന്നത് കാട്ടുജാതിക്കാരുടെ രീതിയാണ്. ദൈവത്തിന്റേതല്ല. ഈ പുസ്തകം ഈശ്വരകൃതമായിരുന്നെങ്കിൽ ഇങ്ങനെ വ്യർത്ഥമായ കാര്യങ്ങളൊന്നും എഴുതിപ്പിടിപ്പിക്കില്ലായിരുന്നു.

121. ഓ മൂസാ! എല്ലാവരെയും ജയിക്കുന്നവനും തികഞ്ഞ തന്ത്രജ്ഞനുമായ അല്ലാഹു ഞാനത്രെ. 'നീ നിന്റെ വടി നിലത്തിടുക' അങ്ങനെ അത് ഒരു സർപ്പത്തെപ്പോലെ ചലിക്കുന്നതു കണ്ടപ്പോൾ മൂസാ പിന്തിരിഞ്ഞോടി. ഓ മൂസാ! നീ ഭയപ്പെടേണ്ട എന്റെ സന്നിധിയിൽ ദൈവദൂതന്മാർ ഭയപ്പെടുകയില്ല.... അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ലതന്നെ. അവൻ മഹത്തായ സിംഹാസനത്തിന്റെ നാഥനത്രേ.....നിങ്ങൾ എന്നെ കീഴ്പ്പെടുത്താൻ ഒരുങ്ങേണ്ട. കീഴടങ്ങിക്കൊണ്ട് എന്റെ അടുക്കലേക്കു വരിക. (5.19.27.9.10,26,31)

സമീ:- നോക്കൂ അല്ലാഹു വലുപ്പം പറഞ്ഞ് പൊങ്ങുന്നതു നോക്കുക. ആത്മപ്രശംസ ശ്രേഷ്ഠരായ മനുഷ്യർപോലും ചെയ്യുകയില്ല. പിന്നെയാണല്ലോ ദൈവം! പിന്നെ ഇന്ദ്രജാലം കാട്ടികാട്ടുമനുഷ്യരെ വശത്താക്കി കാട്ടിലെ ദൈവമായി വാഴുന്നു. ഈശ്വരീയ ഗ്രന്ഥത്തിൽ ഇങ്ങനെയൊന്നും വരില്ല. ഖുദാ വലിയ സിംഹാസനത്തിന്റെ, അതായത് എഴാമാകാശത്തിന്റെ ഉടയവനാണെങ്കിൽ ഏകദേശി (ഒരുസ്ഥലത്തൊതുങ്ങുന്നവൻ)യായി. ഏകദേശി ദൈവമാകില്ല. കലഹവും ലഹളയും ഉണ്ടാക്കുന്നത് ശരിയല്ലെങ്കിൽ "മുഹമ്മദ് നബി അനേകം പേരെ കൊന്നു." എന്നും മറ്റും പുകഴ്ത്തിപ്പറയുന്നതെന്തിന്? ലഹളയുണ്ടാക്കാതെ എങ്ങനെ ഇത്തരം പുകഴ്ത്തലുകൾ? ഈ ഖുറാൻ പൂർവാപര വൈരുധ്യങ്ങളും ആവർത്തനവും നിറഞ്ഞതാണ്.

122. പർവ്വതങ്ങളെ കാണുമ്പോൾ അവ ഉറച്ചു നില്ക്കുകയാണെന്ന് നിനക്കു തോന്നും. വാസ്തവത്തിൽ അവ മേഘങ്ങൾ ചലിക്കും പോലെ ചലിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വസ്തുക്കളെയും വ്യവസ്ഥിതമായ നിലയ്ക്കും സംഘടിച്ചുറപ്പിച്ചു നിർത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമത്രെ അത്. (5.20.27.88)

സമീ:- മേഘങ്ങളെപ്പോലെ പർവ്വതങ്ങൾ ചലിക്കുന്നത് ഖുറാനുണ്ടാക്കിയവരുടെ നാട്ടിലാണ്. മറ്റെങ്ങുമല്ല, ഖുദായുടെ പ്രവർത്തനം, കള്ളൻ ഇബ്ലീസിനെ പിടിച്ചു ശിക്ഷിക്കാത്തതിൽ നിന്നു ഗ്രഹിക്കാം. ഇന്നുവരെ ഒറ്റച്ചെകുത്താനെപ്പോലും പിടിച്ചു ശിക്ഷിച്ചിട്ടില്ല. ഇതിലധികം അശ്രദ്ധ മറ്റെന്താണ്?

123 മൂസാ മുഷ്ടി ചുരുട്ടി അവന് ഒരടികൊടുത്തു. അങ്ങനെ അവന്റെ കഥ കഴിച്ചു..... മൂസാ പറഞ്ഞു; രക്ഷിതാവേ! എനിക്കു തെറ്റുപറ്റിപ്പോയി. നീ എനിക്കു പൊറുത്തു തരേണമേ. അപ്പോൾ അല്ലാഹു അദ്ദേഹത്തിനു പൊറുത്തുകൊടുത്തു. അവൻ വളരെയേറെ പൊറുക്കുന്നവനും പരമകാരുണികനുമത്രെ..... നിന്റെ രക്ഷിതാവ് (താനുദ്ദേശിക്കുന്നതു തെരഞ്ഞെടുക്കും.) (5.20.28.15. 16, 68)

സമീ:- ഇനിയും നോക്കുക - മുസ്ലീങ്ങളുടെയും കൃസ്ത്യാനികളുടെയും ഖുദായെയും പ്രവാചകരെയും! മൂസാ പ്രവാചകൻ മനുഷ്യനെ കൊല്ലുന്നു. ദൈവം ക്ഷമിക്കുന്നു! ഇവരിരുവരും അന്യായകാരികളല്ലേ? തന്നിഷ്ടപ്രകാരം ഖുദാ തെരഞ്ഞെടുക്കുമോ? എങ്കിൽ പിന്നെ ഒരാളിന് രാജത്വം, വേറൊരാളിന് ഭിക്ഷയെടുക്കൽ ഒരാളിന് വൈദൂഷ്യം, വേറൊരാളിന് പാമരത്വം എന്നിങ്ങനെ തെരഞ്ഞെടുത്തു കൊടുത്തതെങ്ങനെ? എങ്കിൽ ഖുർആൻ സത്യമല്ല. അന്യായകാരിയാകയാൽ ഇത് ഖുദായുമല്ല.

124. തന്റെ മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്നു മനുഷ്യനോടു നാം കല്പിച്ചു. ഇനി നിനക്കു യഥാർത്ഥ്യം അറിവില്ലാത്ത വസ്തുക്കളെ എന്റെ പങ്കുകാരാക്കി വെക്കണമെന്ന്

* അവിടം ഒരു കൽ പ്രദേശമായിരുന്നെന്ന് മുൻ വചനങ്ങളുണ്ട്.

ആ മാതാപിതാക്കൾ നിന്നോടു ശഠിച്ചാലോ, അവർ രണ്ടു പേരെയും നീ അനുസരിക്കയുമരുത്. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ യാഥാർത്ഥ്യം ഞാൻ നിങ്ങൾക്കു പറഞ്ഞുതരും.....നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേയ്ക്കു നാം അയച്ചു. എന്നിട്ടു തൊള്ളായിരത്തിഅമ്പതു കൊല്ലം അവർക്കിടയിൽ അദ്ദേഹം ജീവിച്ചു. (5.20.29.8.14)

സമീ:- മാതാപിതാക്കൾക്കു നന്മ ചെയ്യുന്നതു നല്ല കാര്യമാണ്. ദൈവത്തിനെയല്ലാതെ മറ്റൊന്നിനെ ആരാധിക്കുമെന്ന് അവർ ഉപദേശിച്ചാൽ ചെവിക്കൊള്ളെരുതെന്നു പറയുന്നതും ശരി തന്നെ. പക്ഷേ, കള്ളം പറയണമെന്ന് അവർ ഉപദേശിച്ചാൽ കേൾക്കണോ? അതിനാൽ ഇതിൽ പകുതി ശരിയും പകുതി കള്ളവുമാണ്. നൂഹ് മുതലായ പ്രവാചകരെ മാത്രമേ ദൈവം അയയ്ക്കുന്നുള്ളോ? മറ്റുള്ള ജീവികളെയെല്ലാം അയച്ചതാരാണ്? എല്ലാവരേയും ഖുദാ അയച്ചതാണെങ്കിൽ എല്ലാരും പ്രവാചകരല്ലാത്തതെന്ത്? ആദ്യ മനുഷ്യായുസ്സ് 950 വർഷമായിരുന്നെങ്കിൽ ഇപ്പോഴല്ലാത്തതെന്ത്? അതിനാൽ ഇതു ശരിയല്ല.

125. അല്ലാഹു ആദ്യമായി സൃഷ്ടി കർമ്മം ആരംഭിക്കുകയും പിന്നീടത് ആവർത്തിക്കുകയും ചെയ്യുന്നു. പിന്നീട് നിങ്ങളെ തിരിച്ചയയ്ക്കുന്നതും അവങ്കലേക്കു തന്നെ..... ആ നിമിഷം നിലവിൽ വരുന്ന ദിവസം കുറ്റവാളികൾ നിരാശയിലാണ്ടുപോകും..... സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും, ചെയ്യുന്നവരാകട്ടെ അവർ ഒരുദ്യാനത്തിൽ സന്തുഷ്ടരായി ജീവിച്ചിരിക്കും..... മറ്റൊരു കാറ്റു നാം അയച്ചു. എന്നിട്ട് അവരുടെ കൃഷി മഞ്ഞ നിറമായി പോയത് അവർ കണ്ടു..... ബോധമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അല്ലാഹു മുദ്രവയ്ക്കുന്നത് അങ്ങനെ തന്നെയാണ്. (5.21.30.11.12,15,51.59)

സമീ:- അല്ലാഹു രണ്ടു തവണ സൃഷ്ടിക്കും, മൂന്നാം തവണ ഇല്ലെങ്കിൽ, സൃഷ്ടിക്കുന്നതിനു മുൻപും രണ്ടാം സൃഷ്ടി കഴിഞ്ഞതിനുശേഷവും 'ചുമ്മാ' ഇരിക്കുകയാവാം! ഒന്നും രണ്ടും സൃഷ്ടിക്കുശേഷം അവന്റെ സാമർത്ഥ്യം വ്യഥാവിലായിപ്പോകുന്നു. ന്യായനാളിൽ പാപികൾ നിരാശരാകുമെങ്കിൽ കൊള്ളാം. പക്ഷേ മുസ്ളീങ്ങളല്ലാത്തവരെല്ലാം പാപികളായി കരുതി നിരാശതയിലേക്കു വിടില്ലേ? എന്തെന്നാൽ ഖുർ ആനിൽ പാപികളെന്നു പറയുന്നത് അമുസ്ളീങ്ങളെയാണ്.

തോട്ടത്തിൽ പാർപ്പും ശൃംഗരിക്കലുമാണ് മുസ്ളീം സ്വർഗ്ഗമെങ്കിൽ അത് ലോകത്തിനു തുല്യമാണ്. അവിടെ തോട്ടക്കാരും സ്വർണ്ണപ്പണിക്കാരും കാണും. അതെ ഖുദാ തന്നെയാണോ അപ്പണികളും ചെയ്യുന്നത്? ആർക്കാനും ആഭരണം കുറഞ്ഞു പോയാൽ മോഷണവും നടക്കുന്നുണ്ടാവും. സ്വർഗ്ഗത്തിലെ കള്ളന്മാരെ നരകത്തിൽ ഇട്ടുകളയുമോ? എങ്കിൽ സ്വർഗ്ഗത്തിൽ വസിക്കുന്നവർ എന്നും അവിടെ പാർക്കുമെന്ന വചനം പൊളിയായി. കൃഷിക്കാരുടെ വയലിൽ കാറ്റയച്ചു മഞ്ഞിപ്പിക്കുന്നതു, കൃഷിയറിയാവുന്നതുകൊണ്ടാവാം. തന്റെ സർവജ്ഞതയാൽ ദൈവത്തിനു കൃഷിയുമറിയാമെന്നിരിക്കിലും ഇങ്ങനെ ഭയപ്പെടുത്തുന്നത് വെറും കുറുമ്പുകാട്ടലാണ്. ജീവികളുടെ ഹൃദയത്തിൽ മുദ്രകുത്തിയാണ് ദൈവം പാപം ചെയ്യിച്ചതെങ്കിൽ, പാപത്തിൽ പങ്കാളിയാവുന്നതു ദൈവം തന്നെ, ജീവനല്ല. എപ്രകാരമാണോ ജയപരാജയങ്ങൾ സേനാധിപന്റേതാകുന്നത്, അവണ്ണം പാപം ഖുദായ്ക്കായിരിക്കും കിട്ടുക.

126. തത്വസമ്പൂർണ്ണമായ വേദത്തിലെ ദൃഷ്ടാന്തങ്ങളാണിവ..... നിങ്ങൾക്കു കാണാവുന്ന തൂണുകൾ കൂടാതെയാണ് ആകാശങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നത്. ഭൂമി നിങ്ങളെയുംകൊണ്ടു ചാഞ്ഞുപോകാതിരിക്കുവാൻ അതിൽ അവൻ ചില കനത്ത പർവതങ്ങൾ സ്ഥാപിച്ചിരിക്കുന്നു..... നീ കാണുന്നില്ലേ? അല്ലാഹു രാവിനെ പകലിലും പകലിനെ രാവിലുംകൊണ്ടുപോയിച്ചേർക്കുന്നു..... തന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു കാണിച്ചു തരുവാൻവേണ്ടി അല്ലാഹുവിന്റെ അനുഗ്രഹത്തോടുകൂടി സമുദ്രത്തിൽ കപ്പലോടിച്ചുകൊണ്ടിരിക്കുന്നത് നീ കാണുന്നില്ലേ? (5.21.31.2.10.29,31)

സമീ:- ഇതു ഭേഷായി! തത്ത്വസമ്പൂർണ്ണമായ വേദംപോലും ഇതിൽ തികച്ചും വിദ്യാവിരുദ്ധമായ ആകാശോത്പത്തി, തൂണുപിടിപ്പിക്കണോ എന്ന ശങ്ക, ഭൂമിയെ ഉറപ്പിക്കാൻ പർവ്വതം നാട്ടുന്നു, എന്നുവേണ്ട, അല്പവിദ്യയെങ്കിലുമുള്ളവനിതെഴുതുകയോ അംഗീകരിക്കയോ ചെയ്യുകയില്ല. മറ്റൊരു വിജ്ഞാനം കൂടികേൾക്കുക. രാവുള്ളപ്പോൾ പകലില്ല. പകലുള്ളപ്പോൾ രാവുമില്ല. ഇതിലൊന്നിനെ മറ്റൊന്നിൽ തിരുകിക്കയറ്റുന്നതെങ്ങനെ? ഇതു ശുദ്ധ അജ്ഞാനികളുടെ കാര്യമാണ്. ഈ ഖുർആൻ വിദ്യാഗ്രന്ഥമേയല്ല.

കപ്പൽ മനുഷ്യരുടെ വിരുതുകൊണ്ടല്ല, ദൈവത്തിന്റെ കൃപകൊണ്ടാണ്, സഞ്ചരിക്കുന്നതെന്നു പറയുന്നത് വിദ്യാവിരുദ്ധമല്ലേ? കല്ലോ ലോഹമോകൊണ്ട് നൗകയുണ്ടാക്കി വെള്ളത്തിലിട്ടാൽ 'ദൈവത്തിന്റെ ദൃഷ്ടാന്തം' മുങ്ങിപ്പോകില്ലേ? അതിനാൽ ഈ പുസ്തകം ദൈവമോ ഏതെങ്കിലും വിദ്വാനോ രചിച്ചതല്ല.

127. ആകാശം തൊട്ടു ഭൂമിവരെയുള്ള കാര്യങ്ങളെല്ലാം അവൻ നിയന്ത്രിച്ചു ഭരിക്കുന്നു. പിന്നീട് ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ ആ കാര്യങ്ങളെല്ലാം അവന്റെ അടുക്കലേക്ക്



കയറിപ്പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തോതനുസരിച്ച് ആ കാലഘട്ടത്തിന്റെ അളവ് ആയിരം കൊല്ലമായിരിക്കും..... അവനത്രെ അദൃശ്യകാര്യങ്ങളും ദൃശ്യകാര്യങ്ങളുമെല്ലാം അറിയുന്നവൻ സർവ്വരേയും ജയിക്കുന്നവനും പരമകാരുണികനും..... രൂപം നല്കുകയും തന്റെ ജീവൻ അതിൽ ഊതുകയും ചെയ്തു..... നീ പറഞ്ഞേക്കണം: നിങ്ങളുടെ കാര്യം ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മരണത്തിന്റെ മലക്കു നിങ്ങളെ മരിപ്പിക്കും..... നാം ഉദ്ദേശിക്കുന്ന പക്ഷം എല്ലാ മനുഷ്യർക്കും അവർ നടക്കേണ്ട നേർമാർഗ്ഗം കാണിച്ചുകോടുക്കുമായിരുന്നു. എന്നാൽ ജിന്നുകളെക്കൊണ്ടും മനുഷ്യരെക്കൊണ്ടുമെല്ലാം നിശ്ചയമായും നരകത്തെ നിറയ്ക്കും. എന്നവാക്ക് എന്റെ പക്കൽനിന്ന് ഉറപ്പിച്ചു തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട് (5.21.32.5,6,9,11,13)

സമീ:- മുസ്ലീം ഖുദാ മനുഷ്യരെപ്പോലെ തന്നെ ഏകദേശിയാണെന്ന് ഇപ്പോൾതീർത്തും വ്യക്തമായി. വ്യാപകനായിരുന്നെങ്കിൽ, ഒരിടത്തിരുന്നു നിയന്ത്രിക്കാനോ, കാര്യങ്ങൾക്ക് കയറാനോ ഇറങ്ങാനോകഴിയുമായിരുന്നില്ല. ഖുദാ ദൂതനെ അയയ്ക്കുന്നത് ഏകദേശിത്വത്തിന് തെളിവാണ്. താൻ ആകാശത്ത് കയ്യുംകെട്ടിയിരിക്കവേ ദൂതന്മാരെ ഓടിക്കുന്നു. ഈ ദൂതന്മാർ കൈക്കൂലിവാങ്ങി വല്ലതും ഒപ്പിച്ചുവയ്ക്കുയോ, ഏതെങ്കിലും മൃതനെ വിട്ടുകളയുകയോ ചെയ്താൽ ഖുദാ പരുങ്ങിയതു തന്നെ! സർവജ്ഞനും സർവവ്യാപകനുമാണെങ്കിലേ ഇതു വല്ലതും അറിയൂ. അതല്ലതാനും. ദൂതന്മാരെ അയയ്ക്കുമ്പോൾ, എന്തിനാണ് പലരെ പലതരത്തിൽ പരീക്ഷിക്കുന്നത്? ആയിരം കൊല്ലം ഒരു കാലഘട്ടമായി ഗണിക്കുന്നതും, പോക്കുവരവും ഖുദായുടെ സർവശക്തിത്വത്തെ ചോദ്യം ചെയ്യുന്നു. മരണത്തിനു ദൂതനുണ്ടെങ്കിൽ ആ ദൂതന്റെ മരണം എങ്ങനെയായിരിക്കും? അവൻ നിത്യനാണെങ്കിൽ നിത്യതയിൽ ദൈവതുല്യനായി. ഒരു ദൂതന് ഒരു സമയത്ത് എല്ലാ ജീവന്മാരോടും നരകം നിറയ്ക്കാൻ പറയാനാവുകയില്ല. പാപം ചെയ്യാത്ത സ്വന്തം ഇഷ്ടപ്രകാരം നരകം നിറയ്ക്കുകയും അവരുടെ ദുരിതം കണ്ടു രസിക്കയും ചെയ്യുന്ന ഖുദാ പാപിയും അന്യായക്കാരനും ദയാഹീനനുമാണ്. ഇത്തരമൊക്കെ എഴുതിവച്ചിരിക്കുന്ന പുസ്തകം വിദ്വാനോ ദൈവമോ രചിച്ചതല്ല. ദയയും ന്യായവും ഇല്ലാത്തത് ഒരിക്കലും ഈശ്വരനല്ല.

128. (ഓ നബീ! അവരോടു) പറഞ്ഞേക്കുക: മരണത്തേയോ വധത്തേയോ ഭയന്ന് ഓടിപ്പോകുന്ന പക്ഷം ആ ഓട്ടംകൊണ്ട് നിങ്ങൾക്ക് പ്രയോജനം ലഭിക്കുകയില്ല. നബിയുടെ ഭാര്യമാരേ! നിങ്ങളിലാരെങ്കിലും പ്രത്യക്ഷമായ നിലയ്ക്കു വല്ല നീചകൃത്യവും പ്രവർത്തിച്ചാൽ അവൾക്കുള്ള ശിക്ഷ ഇരട്ടിയായി വർദ്ധിപ്പിക്കും. അല്ലാഹുവിനു വളരെ ലഘുവായ കാര്യമാണിത്. (5.21.33.16,30)

സമീ: ഇതു മുഹമ്മദുനബി, ആരും യുദ്ധത്തിൽനിന്നു പിന്തിരിഞ്ഞോടാതിരിക്കാനും, ജയിക്കാനും, മതം പ്രചരിപ്പിക്കാനും, വേണ്ടി എഴുതിയോ എഴുതിച്ചേർത്തതായിരിക്കണം. ഭാര്യമാർ നീചകൃത്യങ്ങളിൽ ഏർപ്പെടരുതെന്നോ? പ്രവാചകന് ഏർപ്പെടാമെന്നോ? ഭാര്യമാരുടെ ശിക്ഷ ഇരട്ടി. പ്രവാചകന് ശിക്ഷയില്ല. ഇതേതു നീതി?

129. നിങ്ങൾ വീടുകളിൽ അടങ്ങിയിരിക്കുക. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ച് ജീവിക്കുക.... പിന്നീട് സൈദ് അവളെക്കൊണ്ടുള്ള ആവശ്യം പൂർണ്ണതയിൽ എത്തിച്ചു കഴിഞ്ഞപ്പോൾ അവളെ നിനക്കാണ് നാം വിവാഹം ചെയ്തു തന്നത്. തങ്ങളുടെ ദത്തുപുത്രന്മാരുടെ ഭാര്യമാരെ വിവാഹം ചെയ്യുന്നതിൽ ആ ദത്തുപുത്രന്മാർ അവരുടെ ഭാര്യമാരെക്കൊണ്ടുള്ള ആവശ്യം പൂർണ്ണമാക്കിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ കല്പന നടപ്പിൽവരുത്തുകതന്നെ ചെയ്യേണ്ടിയിരിക്കുന്നു..... കാര്യം നടപ്പിൽ വരുത്തുന്നതിൽ നബിക്കു കുറ്റമൊന്നുമില്ല..... നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവല്ല മുഹമ്മദ്..... നിത്യവിശ്വാസം കൈക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീ അവളുടെ ദേഹത്തെ നബിക്കു ദാനം ചെയ്യുകയാണെങ്കിൽ അവളേയും..... അവരിൽ നീ ഉദ്ദേശിക്കുന്നവരെ നിനക്കു പിന്നിലേക്കു മാറ്റി നിർത്താം. നീ ഉദ്ദേശിക്കുന്നവരെ നിന്റെ അടുക്കലേക്കടുപ്പിക്കാം..... നിന്റെ പേരിൽ കുറ്റമൊന്നുമില്ല..... സത്യവിശ്വാസികളെ! നബിയുടെ വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്. (5, 22, 33, 37, 38, 40, 50, 51, 53)

സമീ:- സ്ത്രീകൾ വീടുകളിൽ തടവുകാരെപ്പോലെ അടച്ചുപൂട്ടി ഇരിക്കുന്നത്, പുരുഷന്മാർ സ്വതന്ത്രരായിരിക്കവേ, തീർത്തും അന്യായമാണ്. സ്ത്രീകൾക്ക് നല്ല വായു ശ്വസിക്കാനും നല്ല സ്ഥലത്തു നടക്കാനും സൃഷ്ടിയിലെ അനേക വസ്തുക്കൾ കാണാനും ആഗ്രഹമില്ലേ? ഇതു നിമിത്തമാണ് മുസ്ലീം കുട്ടികൾ ചുറ്റിക്കറങ്ങുന്നവരും വിഷയാലുക്കളുമാകുന്നത്.

അല്ലാഹുവിനും പ്രവാചകനും ഒരേ ആജ്ഞയോ അതോ വിരുദ്ധാജ്ഞയോ ഉള്ളത്? ഒന്നാണെങ്കിൽ ഇരുവരുടെയും ആജ്ഞ പാലിക്കുവാൻ പറയുന്നത് വ്യർത്ഥമാണ്. വിഭിന്നവും വിരുദ്ധവുമാണെങ്കിൽ ഒന്നു സത്യവും മറ്റൊന്നു കള്ളവും ആണ്. ഒരാൾ ഖുദായും മറ്റേയാൾ ഇബ്ലീസുമാകും. കൂടാതെ ദൈവത്തിന്റെ സഹായിയും! ഖുർആനിലെ ഖുദായും പ്രവാചകനും ഖുർആനും ബലേഭേഷ്! ഒരാളിന് മറ്റേയാളിന്റെ അഭിപ്രായം തള്ളിക്കളഞ്ഞ് സ്വന്തം ഇച്ഛ സാധിക്കണമെന്നാണിഷ്ടമെങ്കിൽ ഇങ്ങനെയെല്ലാം തന്നെ വേണം.

മുഹമ്മദ് വലിയ വിഷയാസക്തനായിരുന്നെന്നും ഇതിൽനിന്നു തെളിയുന്നു. അല്ലെങ്കിൽ പുത്രവധുവിനെ എങ്ങനെ ഭാര്യയാക്കും? ഇങ്ങനെ ചെയ്യു



ന്നയാളിന്റെ പക്ഷം പിടിക്കാൻ ഖുദായും അന്യായത്തെ ന്യായമാക്കുന്ന കാഴ്ച! മനുഷ്യരിലെ കാടന്മാർപോലും പുത്രവധുവിനെ പ്രാപിക്കാറില്ല. വിഷയാസക്തി പ്രകടിപ്പിക്കാൻ നബി ഒട്ടും മടിക്കാത്തതും എത്ര അന്യായമാണ്. നബി ആരുടെയും പിതാവല്ല എങ്കിൽ സെയ്ദ് ആരുടെ മകനാണ്? എന്തിനിങ്ങനെ എഴുതി? പുത്രവധുവിനെ ഭാര്യയാക്കാതിരിക്കാൻ കഴിയാത്ത പ്രവാചകൻ മറ്റുള്ളവരുടെ ഭാര്യമാരെ വിടുമോ? ഇത്തരം ചാതുര്യങ്ങൾകൊണ്ടൊന്നും ചീത്തക്കാര്യങ്ങളെ അന്യർ നിന്ദിക്കുന്നതിൽനിന്നു വിട്ടുമാറാനാവില്ല. പരസ്ത്രീകളാരാനും നബിയെ സ്നേഹിച്ച് നിക്കാഹ് കഴിക്കാനാഗ്രഹിച്ചാൽ അതും അനുവദനീയമോ നബിക്ക് ഏതു സ്ത്രീയേയും ഉപേക്ഷിക്കാമായിരിക്കെ തെറ്റുചെയ്താലും നബിയെ ഉപേക്ഷിക്കാൻ സ്ത്രീകൾക്കു സ്വാതന്ത്ര്യമില്ലാത്തത് അധർമമല്ലേ? പ്രവാചകന്റെ വീട്ടിൽ വ്യഭിചാരദൃഷ്ടിയോടെ ആരും പ്രവേശിക്കരുതെങ്കിൽ പ്രവാചകനും അങ്ങനെ ആരുടെ വീട്ടിലും കയറാതിരിക്കേണ്ടതല്ലേ? ആരുടെ വീട്ടിലും ശങ്കയെന്യേ കടന്നുചെന്നാൽ സ്വീകരിക്കേണ്ടതാണെന്നുണ്ടോ?

ഖുർആനെ ഈശ്വരകൃതമായും മുഹമ്മദ് നബിയെ പ്രവാചകനായും, ഖുറാനിലെ ഖുദായെ ദൈവമായും സ്വീകരിക്കാൻ കഴിയുന്നത് ഏത് ഉൾക്കണ്ണുപൊട്ടിയവനാണ്? യുക്തിശൂന്യവും ധർമവിരുദ്ധവുമായ കാര്യങ്ങൾനിറഞ്ഞ ഈ മതത്തെ അറേബ്യരും മറ്റും സ്വീകരിച്ചത് അത്ഭുതംതന്നെ.

130. ദൈവദൂതന്റെ മനസ്സിനു വിഷമമുണ്ടാക്കുവാൻ നിങ്ങൾക്കു പാടില്ല. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ വിവാഹം ചെയ്യുവാനും നിങ്ങൾക്കു പാടില്ല. അത് അല്ലാഹുവിങ്കൽ വളരെ ഗൗരവമേറിയ വിഷയമാണ്..... അല്ലാഹുവിന്നും അവന്റെ ദൂതനും മനോവേദന ഉണ്ടാക്കുന്നവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിക്കും..... സത്യവിശ്വാസം കൈകൊണ്ട പുരുഷന്മാർക്കും സ്ത്രീകൾക്കും അവർ യാതൊരു തെറ്റും പ്രവർത്തിക്കാതിരിക്കെ മനോവേദന ഉണ്ടാക്കുന്നവർ വലിയ കള്ളവാർത്തയും സപ്ഷടമായ കുറ്റവുമാണ് ചുമത്തിയിരിക്കുന്നത്..... അവർ ശപിക്കപ്പെട്ടവരായിത്തീരും. എവിടെവച്ചുകണ്ടുമുട്ടിയാലും അവരെ പിടികൂടുകയും നിഷ്കരുണം കൊലപ്പെടുത്തുകയും ചെയ്യും. രക്ഷിതാവേ! അവർക്ക് ഇരട്ടി ശിക്ഷ നല്കുകയും അവരെ അങ്ങേയറ്റം ശപിക്കുകയും ചെയ്യേണമേ. (5.22.33.53.57.58.61.68)

സമീ:- കൊള്ളാം. ഖുദാ തന്റെ ഖുദാത്വം. ധർമ്മത്തോടുകൂടി പ്രദർശിപ്പിക്കയാണോ? പ്രവാചകനെ ദുഃഖിപ്പിക്കരുതെന്ന് എഴുതിയതു ശരി. അതുപോലെ മറ്റുള്ളവരെ ദുഃഖിപ്പിക്കുന്നതിൽനിന്ന് പ്രവാചകനേയും നിരോധിക്കേണ്ടതായിരുന്നു. അതെന്തുകൊണ്ട് ചെയ്തില്ല? ആരാനും ദുഃഖിപ്പിച്ചാൽ അല്ലാഹുവും ദുഃഖിക്കുമോ? എങ്കിലത് ദൈവമല്ല. അല്ലാഹുവിനും ദൂതനും ദുഃഖമുണ്ടാകരുതെന്നു വിലക്കിയപ്പോൾ അതിൽനിന്ന് അവർക്ക് ആരെയും ദുഃഖിപ്പിക്കാമെന്നു സിദ്ധിക്കുന്നില്ലേ? മറ്റാരെയും ദുഃഖിപ്പിക്കാമോ?

മുസ്ലീം സ്ത്രീപുരുഷന്മാരെ ദുഃഖിപ്പിക്കുന്നതു ശരിയല്ലെങ്കിൽ മറ്റുള്ളവരെ ദുഃഖിപ്പിക്കുന്നതും തെറ്റുതന്നെയാണ്. ഇതിങ്ങനെയല്ലെങ്കിൽ പക്ഷപാതമായിപ്പോകും. അരാജകത്വം പടച്ചുവിടുന്ന ദൈവവും പ്രവാചകനും! ഇവരെപ്പോലെ ദയയില്ലാത്തവരെ ലോകം അപൂർവമേ കണ്ടിട്ടുള്ളൂ. അന്യരെ എവിടെക്കണ്ടാലും പിടികൂടി കൊല്ലണമെന്നെഴുതിയിരിക്കുന്നതുപോലെ തിരിച്ച് മുസ്ലീങ്ങളെപ്പറ്റിയും ആരെങ്കിലും കല്പിച്ചാൽ അവർക്കിഷ്ടപ്പെടുമോ? എന്തൊരു ഹിംസകരമായ പ്രവാചകനും മറ്റും! തന്റേതിലിരട്ടി ദുഃഖം കൊടുക്കാൻ ദൈവത്തോടു പ്രാർത്ഥിക്കാൻ എഴുതിയിരിക്കുന്നു. ഇത് അനീതിയും പക്ഷപാതവും തൻകാര്യം നോക്കലുമാണ്. ഇന്നും ശഠന്മാരായ മുസ്ലീങ്ങൾക്ക് ഇത്തം പാതകങ്ങൾ ചെയ്യാൻ ഭയമില്ല. വിദ്യാഭ്യാസമില്ലെങ്കിൽ മനുഷ്യർ മൃഗതുല്യൻതന്നെ.

131. കാറ്റുകളെ അയയ്ക്കുന്നത് അല്ലാഹുവാണ്. എന്നിട്ട് ആ കാറ്റുകൾ മേഘങ്ങളെ ഇളക്കിവിടുന്നു. അങ്ങനെ ആ മേഘങ്ങളെ നിർജ്ജീവമായിക്കിടക്കുന്ന ദേശങ്ങളിലേക്കു നാം നീക്കിക്കൊണ്ടുപോകുന്നു. എന്നിട്ടു ഭൂമിയെ അതു നിർജ്ജീവമായിക്കിടന്നശേഷം ആ വെള്ളംകൊണ്ടു നാം ജീവിപ്പിക്കുന്നു. ഇപ്രകാരംതന്നെയാണ് പുനർജീവിതവും..... തന്റെ അനുഗ്രഹംമൂലം ശാശ്വതമായി നിവസിക്കാനുള്ള ഒരു മന്ദിരത്തിലാണ് അവൻ ഞങ്ങളെ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കുന്നത്. ഇവിടെ ഞങ്ങളെ ക്ഷീണമോ തളർച്ചയോ ബാധിക്കുന്നില്ല. (5.22.35.9.35)

സമീ:- എന്തൊരു ഫിലാസഫിയാണ് ഖുദായുടേത്! കാറ്റിനെ അയയ്ക്കുക! അത് മേഘങ്ങളെ പൊക്കിക്കൊണ്ടു നടക്കുക! അതിനാൽ ഖുദാ മരിച്ചവരെ ജീവിപ്പിച്ചു നടക്കുക! ഇതൊന്നുമൊരിക്കലും ഈശ്വരീയ കാര്യമല്ല. അത് സദാ ഒരേതരത്തിലായിരിക്കും.

വീടാണെങ്കിൽ ഉണ്ടാക്കാതെ ഉണ്ടാവില്ല. ഉണ്ടാക്കിയത് സദാ നിലനില്ക്കില്ല. ശരീരമുള്ളവൻ പ്രയത്നിക്കുന്നില്ലെങ്കിൽ ദുഃഖിക്കും. ശരീരധാരി രോഗത്തിൽനിന്നു മുക്തനല്ല. ഒരു സ്ത്രീയോട് സമാഗമം ചെയ്താൽ തളർച്ചയുണ്ടാകുമെങ്കിൽ അനേകരോടു ചെയ്താൽ എന്നൊരു ദുർഗ്ഗതിയാവും!



അതിനാൽ മുസ്ലീങ്ങളുടെ സ്വർഗ്ഗവാസവും സുഖദായകമല്ല.

132. തത്ത്വങ്ങളാൽ നിറയപ്പെട്ട ഖുർആൻ ആണു സത്യം. നീ ദൈവദൂതന്മാരിൽ പെട്ടവൻ തന്നെയാണ്. നേർമാർഗ്ഗത്തിലാണ് നീ സ്തിതി ചെയ്യുന്നത് ദയാലുവായ അല്ലാഹുവിങ്കൽനിന്ന് ഇറക്കപ്പെട്ടതാണ് (ഈ ഖുർആൻ) (5.23.36.2–5)

സമീ:– നോക്കൂ! ദൈവമാണ് ഖുറാൻ ഉണ്ടാക്കിയതെങ്കിൽ ഇങ്ങനെന്തിന് ആണയിടുന്നു? നബിയെ ഖുദാ അയച്ചതാണെങ്കിൽ പുത്രവധുവിനെ എന്തിനു മോഹിച്ചു? ഖുർആനിൽ വിശ്വസിക്കുന്നവർ നേർമാർഗ്ഗത്തിലാണെന്നു പറയുന്നത് വെറും പറച്ചിൽ മാത്രമാണ് നേർമാർഗ്ഗം എന്നുപറയുന്നത് സത്യം അംഗീകരിക്കുക, സത്യം പറയുക, പ്രവർത്തിക്കുക, പക്ഷപാതമില്ലാതെ ന്യായധർമ്മങ്ങളാചരിക്കുക മുതലായവയാണ്. ഇവയ്ക്കു വിപരീതമായവ ത്യജിക്കുകയും വേണം. ഖുർആനിലോ മുസ്ലീംങ്ങളിലോ, ഇവരുടെ ഖുദായിലോ ഈ സ്വഭാവമില്ല. എല്ലാവരിലും പ്രബലൻ മുഹമ്മദ്നബിയാണെങ്കിൽ, അദ്ദേഹം ഏറ്റവും വിദ്യാവാനും സദ്ഗുണയുക്തനുമല്ലാത്തതെന്ത്? 'തൻപിള്ള പൊൻപിള്ള, ആരാന്റെപിള്ള ചാപിള്ള'യെന്ന നയമാണിത്.

133. അവസാനം കാഹളത്തിൽ ഊതപ്പെടും, അന്നേരം അവർ ഖബറുകളിൽനിന്നു തങ്ങളുടെ രക്ഷിതാവിങ്കലേക്കു ധൃതിപ്പെട്ടുപോകും..... അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുകയും ചെയ്യും ഒരു കാര്യം ഉദ്ദേശിച്ചാൽ 'ഉണ്ടാകുക' എന്നു കല്പിക്കുക മാത്രമാണവൻ ചെയ്യുന്നത്. ഉടനെ അതുണ്ടായിത്തീരുന്നു. (5.23.36.51,65,82)

സമീ:– തലതിരിഞ്ഞ കാര്യങ്ങൾ കേട്ടാലും. കാലുകൾ സാക്ഷ്യം പറയുന്നതെങ്ങനെ? ആജ്ഞകൊടുക്കുമ്പോൾ ഖുദായല്ലാതെ മറ്റു വല്ലതും ഉണ്ടായിരുന്നോ? കേട്ടതാര്? ഉണ്ടായതെന്ത്? ഒന്നുമില്ലായിരുന്നെങ്കിൽ ഇതു കള്ളം. ഉണ്ടായിരുന്നെങ്കിൽ 'ഖുദായല്ലാതെ മറ്റൊന്നുമില്ലായിരുന്നു. ഖുദാ എല്ലാം സൃഷ്ടിച്ചു' എന്നു പറഞ്ഞത് കള്ളം.

134. ഒരുതരം പാനീയം* നിറച്ച കോപ്പകളുംകൊണ്ട് അവരുടെ മുമ്പിൽ (ചിലർ) ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും‡..... ആനന്ദം (മജാ) പകരുന്നതെന്ന് ഉറുദു തർജ്ജമ (അതു) വെളുത്തതും കുടിക്കാൻ രുചിയുള്ളതുമായിരിക്കും..... വിശാലങ്ങളായ കണ്ണുകളോടുകൂടിയവരും കണ്ണുകൾ നിയന്ത്രിച്ചുവച്ചവരുമായ തരുണികൾ അവരുടെ അടുക്കൽ ഉണ്ടായിരിക്കും. ആ തരുണികൾ പാത്രങ്ങളിൽ അടച്ചു സൂക്ഷിച്ചിരുന്ന മുട്ടകൾ പോലെയായിരിക്കും..... നാം ഇനി മരിക്കാൻ പോകുന്നില്ലല്ലോ..... ലൂത്തും ദൈവദൂതന്മാരിൽപെട്ട ആൾ തന്നെയാണ്. അദ്ദേഹത്തെയും അനുയായികളെയുമെല്ലാം നാം രക്ഷപ്പെടുത്തി..... എന്നാൽ പിന്തിരിഞ്ഞു നിന്നവരുടെ കൂട്ടത്തിൽ പെട്ടിരുന്ന കിഴവി ലൂത്തിന്റെ പത്നി ഭർത്താവിനൊപ്പം പോയില്ല. അതിലുൾപ്പെടുകയില്ല. പിന്നീടു മറ്റുള്ളവരെ നാം നശിപ്പിച്ചു. (6.23.37.45,46,48,49,58,133–136)

സമീ:– മുസ്ലീങ്ങൾ മദ്യവിരോധം പറയുന്നെങ്കിലും സ്വർഗ്ഗത്തിൽ മദ്യനദികളാണൊഴുകുന്നത്. ഇവിടെ മദ്യപാനം ഒഴിവാക്കുന്നെങ്കിലും അങ്ങു ചെന്നാലത്തെ കഥ വളരെ ചീത്തയാണ്. സ്ത്രീസാമീപ്യം കൂടിയാൽ അവരുടെ ചിത്തമാണ് ചഞ്ചലമാകാത്തത്? മഹാരോഗങ്ങളും ഉണ്ടാകാതിരിക്കില്ല. ശരീരധാരികൾ മരിക്കുമെന്നു നിശ്ചയം. ശരീരമില്ലെങ്കിൽ ഭോഗകേളികൾ ചെയ്യാനാവില്ല. അപ്പോൾ ആ സ്വർഗ്ഗത്തിൽ പോകാതിരിക്കുകയാണ് ഉചിതം.

ലൂത്തിനെ പ്രവാചകനായി ഗണിക്കുന്നെങ്കിൽ, 'ഇങ്ങനെ രണ്ടുപുത്രിമാരും അപ്പനാൽ ഗർഭം ധരിച്ചു' എന്നു ബൈബിളിൽ എഴുതിയിരിക്കുന്നതും അംഗീകരിക്കുന്നുണ്ടാകാം. ഉണ്ടെങ്കിൽ ഇത്തരക്കാരെ പ്രവാചകരായി സ്വീകരിക്കുന്നതും വെറുതെയാണ്, ഇവർക്കും ഇവരുടെ കൂട്ടാളികൾക്കും മുക്തി കൊടുക്കുന്ന ദൈവം അത്തരക്കാരനായിരിക്കാം. മുത്തശ്ശിക്കഥകൾ പറയുന്ന, പക്ഷപാതത്താൽ അന്യരെക്കൊല്ലുന്നയാൾ ഒരിക്കലും ദൈവമല്ല. ഇത്തരം ദൈവം മുസ്ലീങ്ങളുടെ വീടുകളിലല്ലാതെ മറ്റെങ്ങും കാണുകയില്ല.

135. ശാശ്വതമായി നിവസിക്കാനുള്ള ചില തോട്ടങ്ങൾ. അവയിലെ വാതിലുകൾ അവർക്കുവേണ്ടി തുറന്നു വച്ചിരിക്കും.... ആവർ ആ തോട്ടങ്ങളിൽ ചാരിക്കൊണ്ടാണിരിക്കുക. അവിടെ വച്ച് അവർ ധാരാളം പഴങ്ങളും പാനീയങ്ങളും ആവശ്യപ്പെടും. അവരുടെ അടുക്കൽ കണ്ണുകളെ നിയന്ത്രിച്ചു നിർത്തിയ സമവയസ്കരായ സുന്ദരികൾ ഉണ്ടായിരിക്കും. അന്നേരം മലക്കുകളെല്ലാം സാഷ്ടാംഗം നമസ്കരിച്ചു. ഇബ്ലീസ് അതു ചെയ്തില്ല. അവൻ അഹംഭാവം കാണിച്ചു. അവൻ സത്യനിഷേധികളിൽപെട്ടവനായിരുന്നു. അല്ലാഹു ചോദിച്ചു: ഓ ഇബ്ലീസ്! എന്റെ രണ്ടുകൈകൊണ്ടുമായ് ഞാൻ സൃഷ്ടിച്ച വസ്തുവിനെ എന്തുകൊണ്ടു നീ സാഷ്ടാംഗം പ്രണമിച്ചില്ല? നീ അഹംഭാവം നടിക്കയാണോ ചെയ്തത്? അതല്ല, നീ സ്വതേ ഉന്നതനായതുകൊണ്ടോ? ഇബ്ലീസ് പറഞ്ഞ:– ഞാൻ മനുഷ്യനെക്കാൾ ഉൽകൃഷ്ടനാണ്. നീ എന്നെ സൃഷ്ടിച്ചത് അഗ്നികൊണ്ടും അവനെ സൃഷ്ടിച്ചത് കളിമണ്ണുകൊണ്ടുമാണല്ലോ. അല്ലാഹു കല്പിച്ചു. ഇവിടെ നിന്നു പുറത്തുപോകൂ നീ ആട്ടിയോടിക്കപ്പെടേണ്ടവനാണ്. പ്രതിഫലം കൊടുക്കുന്ന ദിവസംവരേക്കും എന്റെ ശാപം നിന്റെ മേൽ ഉണ്ടായിരിക്കും. ഇബ്ലീസ് അപേക്ഷിച്ചു. രക്ഷിതാവേ! അങ്ങനെയാണെങ്കിൽ മനുഷ്യരെ പുനർജ്ജീവിപ്പിച്ചെഴുന്നേല്പിക്കുന്ന ദിവസംവരേക്കും എനിക്കവധി അനുവദിച്ചുതരേണമേ. അല്ലാഹു അരുളി: നിശ്ചിത സമയത്തിന്റെ ഘട്ടമെത്തും വരേക്കും നിനക്കിതാ അവധി.... ഇബ്ലീസ് പറഞ്ഞു: നിന്റെ പ്രതാപമാണു സത്യം.അവരെയെല്ലാവരെയും നിശ്ചയമായും ഞാൻ വഴിതെറ്റിക്കും. (6.23.38.50.52,73–82)

* മദ്യം എന്ന് തർജ്ജമകളിൽ

സമീ:- അവിടെ ഖുറാനിലെഴുതിയിരിക്കുന്ന പോലെ തോട്ടവും ഉദ്യാനവും തോടും വീടുമെല്ലാമുണ്ടെങ്കിൽ അത് എന്നും ഉണ്ടായിരുന്നതല്ല. ഉണ്ടായിരിക്കയുമില്ല. സംയോഗത്താലുണ്ടാകുന്നവ സംയോഗത്തിനു മുൻപില്ലായിരുന്നു. അനിവാര്യമായ വിയോഗത്തിനു ശേഷവും അതുണ്ടാവില്ല. സ്വർഗ്ഗംപോലും നിലനിൽക്കില്ലെങ്കിൽപ്പിന്നെ സ്വർഗ്ഗവാസികളുടെ കാര്യം പറയാനുണ്ടോ? ചാരും തലയിണയും പലഹാരവും പാനീയവുമെല്ലാം അവിടെ കിട്ടുമെന്നെഴുതിയിരിക്കുന്നതിൽനിന്ന്, മുസ്ലീംമതത്തിന്റെ ആവിർഭാവകാലത്ത് അറബിനാട് സമ്പന്നമല്ലായിരുന്നെന്നൂഹിക്കാം, അതിനാൽ തലയിണയെന്നും മറ്റും പറഞ്ഞ് ദരിദ്രരെ തന്റെ മതത്തിൽ നബി ചേർത്തതാവാം. സ്ത്രീകളുള്ളിടത്ത് നിരന്തര സൗഖ്യമെവിടെ? ആ സ്ത്രീകൾ എവിടുന്നു വന്നു? അതോ സ്വർഗ്ഗത്തിലെ സ്ഥിരവാസികളാണോ? വന്നതാണെങ്കിൽ പോകും. അവിടുത്തുകാരാണെങ്കിൽ കയാമത്തിനു മുൻപ് എന്തായിരുന്നു പണി? വെറുതെ നാളുകൾ തള്ളിനീക്കുകയായിരുന്നോ?

ഖുദായുടെ കല്പന ഇബ്ലീസൊഴികെയുള്ളവരെല്ലാം അനുസരിച്ചുകൊണ്ട് ആദമിനെ വണങ്ങിയത്രെ. ദൈവത്തിന്റെ ശക്തിനോക്കുക. ഞാൻ നിന്നെ എന്റെ കൈകൾകൊണ്ടാണുണ്ടാക്കിയതെന്നും നീ അഹങ്കരിക്കരുതെന്നും ചെകുത്താനോട് ദൈവം പറയുന്നുണ്ട്. രണ്ടുകൈകളുള്ള ദൈവം മനുഷ്യനാണെന്നും സർവ്വശക്തനോ സർവ്വവ്യാപിയോ അല്ലെന്നും ഇതു തെളിയിക്കുന്നു. ഞാൻ ആദമിനേക്കാൾ ശ്രേഷ്ഠനാണെന്ന് ഇബ്ലീസ് പറഞ്ഞത് സത്യമായിരിക്കെ, ദൈവം എന്തിനു കോപിക്കണം? ആകാശം മാത്രമാണോ ദൈവത്തിന്റെ ആസ്ഥാനം? ഭൂമിയിൽ ഇല്ലേ. എങ്കിൽ ക്അബ ദൈവത്തിന്റെ മന്ദിരമാണെന്ന് മുൻപ് എഴുതിയതോ? ഈശ്വരന് തന്നിൽ നിന്നോ സൃഷ്ടിയിൽനിന്നോ എങ്ങനെ ആരെയെങ്കിലും അകറ്റുവാൻ കഴിയും? സൃഷ്ടിമുഴുവനും ഈശ്വരന്റേതാണ്. അപ്പോൾ സ്വർഗ്ഗത്തിന്റെ ജന്മിയാണ് ദൈവം അല്ലേ? ഖുദാ ഇബ്ലീസിനെ ആട്ടിയോടിക്കയും ശപിക്കയും ചെയ്തപ്പോൾ അവൻ 'രക്ഷിതാവേ! എനിക്കു കയാമത്തിന്റെ നാൾവരെ അവധി അനുവദിക്കണേ' എന്നപേക്ഷിച്ചു. സന്തുഷ്ടനായ ദൈവം അവന് അവധി കൊടുത്തു. അപ്പോൾ ചെകുത്താൻ പറയുന്നു- എല്ലാവരേയും നിശ്ചയമായും വഴി തെറ്റിക്കുമെന്ന്! ഖുദായുടെ ഉത്തരമോ? അവരെയെല്ലാംകൊണ്ടും നിന്നെക്കൊണ്ടും നരകം നിറയ്ക്കുമെന്ന്! നോക്കൂ സജ്ജനങ്ങളേ! ആര് ആരെയാണ് വഴിതെറ്റിച്ചത്? ചെകുത്താനെ ദൈവമോ അതോ ചെകുത്താൻ തനിയെയോ? ദൈവമാണെങ്കിൽ ദൈവം ചെകുത്താന്റെ ചെകുത്താനാണ്. തനിയെയെങ്കിൽ മറ്റുള്ളവർക്കും തനിയെ വഴിതെറ്റാം. ചെകുത്താന്റെ ആവശ്യമില്ല.

വഴക്കാളി ഇബ്ലീസിനെ ദൈവം സ്വതന്ത്രനാക്കിവിട്ടതിൽനിന്ന് അധർമത്തിൽ ചെകുത്താന്റെ സഹായിയെന്ന പങ്ക് ദൈവത്തിനും കിട്ടുന്നു. ഇനി മോഷ്ടിപ്പിച്ചിട്ട് ശിക്ഷ നൽക്കുകയാണെങ്കിൽ ആ അന്യായത്തിന് അതിരുമില്ല.

136. അല്ലാഹു എല്ലാ തെറ്റുകളും മാപ്പു ചെയ്തുതരും. അവൻ വളരെയേറെ പൊറുക്കുന്നവനും പരമകാരുണികനും തന്നെ..... പുനരുത്ഥാനദിവസം ഭൂമി മുഴുവനും അവന്റെ പിടുത്തത്തിലായിരിക്കും. ആകാശങ്ങൾ അവൻ വലങ്കയ്യിൽ ചുരുട്ടിപിടിച്ചിരിക്കയും ചെയ്യും. ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രകാശംകൊണ്ട് ശോഭിതമാകും. മനുഷ്യരുടെ കർമ്മങ്ങൾ രേഖപ്പെടുത്തിയ ഏടുകൾ വെക്കപ്പെടും. നബിമാരെയും മറ്റു സാക്ഷികളെയും കൊണ്ടുവരും..... നീതിപൂർവ്വം വിധി കല്പിക്കും. (6.24.39.53,67,69)

സമീ:- എല്ലാ പാപങ്ങളും ദൈവം പൊറുത്താൽ ലോകത്തെയെല്ലാം പാപികളാക്കുകയും ദയാഹീനനാവുകയും ചെയ്യും. ദുഷ്ടനോടു ദയയോ ക്ഷമയോ കാട്ടിയാൽ അയാൾ കൂടുതൽ ദുഷ്ടത കാട്ടും. അനേകം ധർമാത്മാക്കളെ ദ്രോഹിക്കും. അല്പമാത്രം തെറ്റെങ്കിലും പൊറുത്താൽ തെറ്റോടെ തെറ്റ് ഭൂമിയിൽ വ്യാപിക്കും. ഈശ്വരന് അഗ്നിയെപ്പോലെ പ്രകാശമുണ്ടോ? കർമ്മ ഏടുകൾ എവിടെയാണ് വച്ചിരിക്കുന്നത്. എഴുതുന്ന താരാണ്? പ്രവാചകരെയും സാക്ഷികളെയും മുൻനിർത്തിയാണ് ന്യായം പ്രവർത്തിക്കുന്നതെങ്കിൽ ദൈവം സർവജ്ഞനല്ല, അസമർത്ഥനാണ്. അന്യായം ചെയ്യുകയേ ഇല്ല; ന്യായമേ ചെയ്യൂ എങ്കിൽ കർമ്മങ്ങൾക്കനുസരിച്ചായിരിക്കണം ചെയ്യുന്നത്. കർമ്മങ്ങൾ പൂർവ്വാപര വർത്തമാന ജന്മങ്ങളിലേതുമായിരിക്കണം. എങ്കിൽ, ക്ഷമിക്കുക, ഹൃദയങ്ങൾ മുദ്ര വയ്ക്കുക. ഇബ്ലീസിനെക്കൊണ്ട് വഴിതെറ്റിക്കുക, വിചാരണത്തടങ്കലിൽ വയ്ക്കുക ഇവ അന്യായമാണ്.

137. സർവരെയും ജയിക്കുന്നവനും അഗാധജ്ഞനുമായ അല്ലാഹുവിങ്കൽ നിന്ന് അവതരിക്കപ്പെട്ട വേദമാണിത്.... തെറ്റുകൾ പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും (6.24.40.2,3)

അല്പസത്യമൊഴികെ, അസത്യജടിലമായ ഈ



പുസ്തകത്തെപ്പറ്റി അല്ലാഹുവിന്റെ പേരിൽ അജ്ഞാനികൾക്കു വിശ്വാസമുണ്ടാക്കുവാനാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. ഉള്ള സത്യവും അസത്യവുമായി കൂടിക്കുഴഞ്ഞു കിടക്കുന്നു. ഖുർആനിലും അതിലെ ദൈവത്തിലും വിശ്വസിക്കുന്നവർ പാപവർദ്ധകരും പാപം ചെയ്യിക്കുന്ന പാപികളുമാണ്. പാപം ക്ഷമിക്കുക എന്നതത്യന്തം അധർമമാണ്. ഇതുകൊണ്ട് മുസ്ലീങ്ങൾ പാപം ചെയ്യുന്നതിനും ലഹളയുണ്ടാക്കുന്നതിനും ഭയപ്പെടുന്നില്ല.

138. എന്നിട്ടു രണ്ടു ഘട്ടങ്ങളിലായി അവയെ അവൻ ഏഴ് ആകാശമാക്കിത്തീർത്തു. വേണ്ട കാര്യങ്ങൾ അവൻ നിർദ്ദേശിച്ചുകൊടുത്തു..... അങ്ങനെ ആ നരകത്തിൽ അവർ എത്തിക്കഴിഞ്ഞാൽ അവരുടെ ചെവികളും കണ്ണുകളും തൊലികളും അവരുടെ പ്രവർത്തനങ്ങൾക്ക് സാക്ഷിപറയും..... തങ്ങളുടെ ചർമ്മങ്ങളോട് അവർ ചോദിക്കും: നിങ്ങളെന്തിനാണ് നിങ്ങൾക്കെതിരായി സാക്ഷ്യം വഹിക്കുന്നത്? ആ തൊലികൾ പറയും: എല്ലാ വസ്തുക്കളെക്കൊണ്ടും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെക്കൊണ്ടും സംസാരിപ്പിച്ചിരിക്കുന്നു..... മരണമടഞ്ഞവരെയും ജീവിപ്പിക്കുകതന്നെ ചെയ്യും. (6.24.41.12,20,21,39)

സമീ:- ബഹുകേമംതന്നെ മുസ്ലീങ്ങളേ! സർവശക്തനെന്നു നിങ്ങൾ പറയുന്ന ഖുദാ രണ്ടു ഘട്ടമായിട്ടാണോ ഏഴാകാശം ഉണ്ടാക്കിയത്? സർവശക്തനാണെങ്കിൽ ഒറ്റയടിക്ക് അങ്ങുണ്ടാക്കാമായിരുന്നില്ലേ? കണ്ണും ചെവിയും തൊലിയും ജഡവസ്തുക്കളായിരിക്കെ അവയെങ്ങനെ സാക്ഷിപറയും? സാക്ഷി പറയിക്കാനാണെങ്കിൽ അവയെ ജഡമായി സൃഷ്ടിച്ചതെന്തിന്? തന്റെ നിയമത്തെ പൂർവ്വാപരവിരുദ്ധമാക്കിയതെന്തിന് വളരെയേറെ മിഥ്യ ജീവന്മാരെപ്പറ്റി സാക്ഷ്യം പറഞ്ഞപ്പോളവരവരുടെ തൊലികളോട് അവർ 'നീ എതിർസാക്ഷി പറഞ്ഞതെന്തിനെന്ന് ചോദിച്ചതും 'ഞാനെന്തു ചെയ്യും, ദൈവം പറയിപ്പിച്ചതാണെന്നു പറഞ്ഞതുമാണ്. ഇതുവല്ലതും സംഭവ്യമാണോ? 'വന്ധ്യാപുത്രന്റെ മുഖം കണ്ടു' എന്നു പറയുംപോലാണിത്. പുത്രനുണ്ടെങ്കിൽ എങ്ങനെ വന്ധ്യയാകും? വന്ധ്യയാണെങ്കിൽ പുത്രനുണ്ടാവില്ല. ഇത്തരം മിഥ്യാവാക്കുകളാണിവ. മരിച്ചവരെ ജീവിപ്പിക്കുമെങ്കിൽ കൊന്നതെന്തിന്? ഇപ്പോഴും മൃതരെ ജീവിപ്പിക്കുന്നുണ്ടോ? അതിനുകഴിയുമോ? ഇല്ലെങ്കിൽ മൃതത്വത്തെ എന്തിന് അധമമായെണ്ണുന്നു? കയാമത്തിന്റെ രാവുവരെ മൃതൻ ഏതു മുസ്ലീമിന്റെ വീട്ടിലാണു കഴിയുക? അപരാധം ചെയ്യാത്തവരെ ഖുദാ തടങ്കലിൽ വയ്ക്കുന്നതെന്തിന്? ന്യായം ശീഘ്രം ചെയ്യാത്തതെന്ത്? ഇതിൽ നിന്നെല്ലാം ദൈവികതയ്ക്ക് കോട്ടം തട്ടുന്നു.

139. ആകാശ ഭൂമികളുടെ താക്കോലുകൾ അവന്റെ അധീനത്തിലാണിരിക്കുന്നത്. താനുദ്ദേശിക്കുന്നവർക്ക് അവൻ സമൃദ്ധമായി ആഹാരം നല്കുന്നു. മറ്റു ചിലർക്ക് നിയന്ത്രിച്ചു കൊടുക്കുന്നു..... താനുദ്ദേശിക്കുന്നവർക്ക് അവൻ പെൺസന്താനങ്ങളെ പ്രദാനം ചെയ്യുന്നു..... മറ്റു ചിലർക്ക് ആൺസന്താനങ്ങളെയും. അല്ലെങ്കിൽ ആ സന്താനങ്ങളെ ആണും പെണ്ണുമായി ഇടകലർത്തുന്നു. താനുദ്ദേശിക്കുന്നവരെ അവൻ സന്താനരഹിതനാക്കുന്നു. ഒരു വിധത്തിലല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയുണ്ടാവില്ല. ബോധനം ചെയ്യുന്നവഴിക്ക്: അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽനിന്നുകൊണ്ട്* അല്ലെങ്കിൽ ഒരു ദൂതനെ അയയ്ക്കുകയും .... അവനുദ്ദേശിക്കുന്നതുദ്ബോധിപ്പിക്കുകയും ചെയ്യുന്നവഴിക്ക്. (6.25.42.12.49-51)

സമീ:- അനേകം വാതിലുകൾ തുറക്കാനുള്ളതുകൊണ്ട് ദൈവത്തിന്റെ പക്കലനേകം താക്കോൽക്കൂട്ടം കാണും! എത്രബാലിശം! പുണ്യകർമങ്ങൾ ചെയ്യാതെ ഇഷ്ടംപോലെ വാരിക്കോരിക്കൊടുക്കുമോ? പാപം ചെയ്യാതെ കൊടുക്കുന്നതിൽ നിയന്ത്രണം വരുത്തുമോ? എങ്കിൽ മഹാ അന്യായക്കാരൻതന്നെ. ഖുറാൻ കർത്താവിന്റെ ചാതുര്യം നോക്കുക. പെണ്ണുങ്ങൾപോലും വീണുപോകും. ഇഷ്ടമുള്ളതു സൃഷ്ടിക്കുമെങ്കിൽ വേറൊരു ഖുദായെ സൃഷ്ടിക്കുമോ? ഇല്ലെങ്കിൽ സർവശക്തിമത്ത്വം ഇവിടെത്തീർന്നു. മനുഷ്യർക്ക് ദൈവം ഇഷ്ടപ്പെട്ട സന്തതികളെ കൊടുക്കുമെങ്കിൽ കോഴി, മത്സ്യം, പന്നി മുതലായവയ്ക്ക്, ആണും പെണ്ണും സന്തതികളെ ആരാണു കൊടുക്കുന്നത്? സ്ത്രീപുരുഷ സമാഗമമില്ലാതെ കൊടുക്കാത്തതെന്ത്? ആരാനെയും സ്വേച്ഛയാൽ സന്തതിയില്ലാത്തവനാക്കിവച്ച് ദുഃഖിപ്പിക്കുന്നതെന്തിന്?

ഖുദായ്ക്ക് ഇത്ര തേജസ്സാണോ. മുൻപിൽ നിന്നു സംസാരിക്കാൻ വയ്യാത്തവണ്ണം? മറയിട്ടു വർത്തമാനം പറയാമെന്നും, ദൂതനും പ്രവാചകനും സംസാരിക്കാമെന്നും മുമ്പ് എഴുതിയിട്ടുണ്ടല്ലോ. എങ്കിൽ ദൂതരും പ്രവാചകരും ധാരാളം തൻകാര്യം കണ്ടുകാണും.

---

* ഈ ഭാഗം തഫ്സീർ ഹുസൈനി ഇങ്ങനെ ഭാഷ്യം ചെയ്യുന്നു. മുഹമ്മദ് നബി രണ്ടു മറകൾക്കിടയിലായിരുന്നു. അപ്പോൾ ദൈവത്തിന്റെ ശബ്ദം ശ്രവിച്ചു. ഒരു മറ ജമുക്കാളത്തിന്റെയും മറ്റേതു വെൺമുത്തുകളുടേതുമായിരുന്നു. രണ്ടു മറകൾക്കുമിടയ്ക്ക് എഴുപതു വർഷം നടക്കാനുള്ള വഴിയുണ്ടായിരുന്നു. ബുദ്ധിമാന്മാർ ചിന്തിക്കണം. ഇതു ദൈവമോ? പർദ്ദക്കകത്തുന്നുനിന്നുമൊഴിയാടുന്ന സ്ത്രീയോ? ഇവർ ദൈവത്തിന്റെ ദുർദശ വരുത്തിക്കളഞ്ഞു. വേദോപനിഷത്തുകളിലെ ഈശ്വരനെവിടെ. മറയ്ക്കുള്ളിൽനിന്നുമൊഴിയാടുന്ന ദൈവമെവിടെ? അറേബ്യർ അവിദ്വാന്മാരായിരുന്നെന്നതാണ് സത്യം. നല്ലകാര്യങ്ങൾ അവർക്കെവിടുന്നു കിട്ടാനാണ്.



ദൈവം സർവജ്ഞനും സർവവ്യാപകനുമാണെങ്കിൽ മറവിൽനിന്നോ തപാലിലെപ്പോലെ എഴുത്തു വരുത്തിയോ അറിയേണ്ടകാര്യമില്ല. അങ്ങനെയെങ്കിൽ അത് ഖുദായല്ല. ഏതോ കൗശലക്കാരനായിരിക്കണം. അതിനാൽ ഖുർആൻ ഈശ്വരാകൃതമേയല്ല.

140. ഈസാ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ടുവന്നപ്പോൾ (6.25.43.63)

സമീ:- യേശു (ഈസാ)വിനെയും ദൈവമയച്ചതാണെങ്കിൽ യേശുവിന്റെ ഉപദേശങ്ങൾക്കു വിരുദ്ധമായ ഖുർആൻ ഖുദാ എന്തിനുണ്ടാക്കി? ഖുർആനു വിരുദ്ധമാണ് പുതിയ നിയമം. അതിനാൽ ഇവയൊന്നും ദൈവകൃതമല്ല.

141. അവനെ പിടിക്കുക. എന്നിട്ടു നരകത്തിന്റെ മദ്ധ്യത്തിലേക്കു വലിച്ചുകൊണ്ടു പോകുക.... വെള്ളനിറവും വിശാലാക്ഷികളുമായ ചില തരുണികളെ അവർക്കു നാം ഇണ ചേർത്തുകൊടുക്കും. (6.25.44.47,54)

സമീ:- എന്തൊരു ദൈവം! ന്യായകാരിയായിരിക്കെ ജീവികളെ പിടിപ്പിച്ച് വലിച്ചിഴപ്പിക്കുന്നു. മുസ്ലീം ഖുദാ ഇങ്ങനെ ചെയ്യുമെങ്കിൽ അവനെ ഉപാസിക്കുന്നവർ പാവങ്ങളെ പിടിച്ചുവലിച്ചിഴച്ചാൽ എന്താശ്ചര്യം! ലൗകികരെപ്പോലെ അവൻ കല്യാണവും നടത്തിക്കൊടുക്കുന്നുവോ? എങ്കിൽ മുസ്ലീം പുരോഹിതനാണവൻ!

142. അതുകൊണ്ടു സത്യനിഷേധികളെ നിങ്ങൾ കണ്ടുമുട്ടിയാൽ പിരടിക്കു വെട്ടിക്കൊള്ളുക. അങ്ങനെ അവരെ നിങ്ങൾ പരാജയപ്പെടുത്തിക്കഴിഞ്ഞാൽ കെട്ടുമുറുക്കിക്കൊൾക..... നിന്നെ ബഹിഷ്കരിച്ചു കളഞ്ഞ മക്കാപ്പട്ടണത്തെക്കാൾ ശക്തിയുള്ള എത്ര പട്ടണങ്ങളാണ് ഉണ്ടായിരുന്നത്. അവരെ നാം നശിപ്പിച്ചുകളഞ്ഞു. അപ്പോൾ അവരെ സഹായിപ്പാൻ ആരും ഉണ്ടായിരുന്നില്ല..... വാഗ്ദാനം ചെയ്തിരിക്കുന്ന സ്വർഗത്തിന്റെ സ്ഥിതി എങ്ങനെയെന്നാൽ അതിൽ വെള്ളമൊഴുകുന്ന ചില അരുവികളുണ്ട്. ആ വെള്ളം ദുഷിച്ചുപോയിട്ടില്ല. പാലൊഴുകുന്ന ചില അരുവികളുമുണ്ട്. അതിന്റെ രുചിക്കും മാറ്റം വന്നിട്ടില്ല. കുടിക്കുന്നവർക്കു രുചികരമായ മദ്യമൊഴുക്കുന്ന ചില അരുവികളുണ്ട്. ശുദ്ധീകരിച്ചെടുത്ത തേനൊഴുകുന്ന ചില അരുവികളുമുണ്ട്. അവർക്കിവിടെ എല്ലാത്തരം പഴങ്ങളും ലഭിക്കും. രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും. (6.26.47.4.13,15)

സമീ:- ഇതുനിമിത്തമാണ് തൻകാര്യം നേടാൻ മുസ്ലീങ്ങളും ഖുറാനും ഖുദായും നിർദ്ദയമായ അക്രമങ്ങൾ ചെയ്യുന്നത്. ഇവിടെഴുതിയതുപോലെ മറ്റു മതക്കാർ വല്ലവരും മുസ്ലീംങ്ങളോടു ചെയ്താൽ അവർക്കു ദുഃഖവും ദുരിതവും ഉണ്ടാകയില്ലേ? മുഹമ്മദുനബിയെ ബഹിഷ്കരിച്ചു കളഞ്ഞവരെ കൊന്ന ഖുദാ മഹാപക്ഷപാതി തന്നെ. ശുദ്ധജലവും പാലും മദ്യവും തേനും ഒഴുകുന്ന ആരുവികളുള്ളിടം ലോകത്തെക്കാൾ മെച്ചമൊന്നുമല്ല. പാലരുവി ഒഴുകുമോ? അല്പസമയത്തിനകം പാൽ പിരിയില്ലേ? ബുദ്ധിമാന്മാർ ഖുർ ആന്റെ മത മംഗീകരിക്കാത്തതിതുകൊണ്ടാണ്.

143. ഭൂമിയെ കിടുകിടെ വിറപ്പിക്കുകയും, പർവ്വതങ്ങളെ തകർത്തു കഷ്ണം കഷ്ണമാക്കുകയും എന്നിട്ട് ആ പർവതങ്ങൾ അന്തരീക്ഷത്തിൽ പറക്കുന്ന പൊടിയായിത്തീരുകയും..... വലതുപക്ഷക്കാർ. എന്നാൽ വലതുപക്ഷക്കാരാണ്. ഇടതുപക്ഷക്കാർ. ഇടതുപക്ഷക്കാരാണ്..... രത്നങ്ങൾ കൊത്തി പതിച്ചിരിക്കുന്ന കട്ടിലുകളിന്മേലാണ് അവർ ഇരിക്കുക. കട്ടിലുകളിൽ ചാരി പരസ്പരം അഭിമുഖരായിട്ടാണ് അവർ ഇരിക്കുക. ശാശ്വതമായി നിവസിക്കുന്ന ചില ബാലന്മാർ അവരുടെ മുൻപിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. ചില പാത്രങ്ങളും കൂജകളും ദ്രവപദാർത്ഥങ്ങൾ നിറച്ച കോപ്പകളുംകൊണ്ട്.... അതുകുടിക്കുകമൂലം തലവേദനയോ ലഹരിയോ ബാധിക്കുകയില്ല. അവർ ഇഷ്ടപ്പെട്ടു തിരഞ്ഞെടുക്കുന്ന പഴങ്ങൾകൊണ്ടും അവർ ആഗ്രഹിക്കുന്ന പക്ഷികളുടെ മാംസം കൊണ്ടും..... വെള്ളനിറവും വിശാലമായ കണ്ണുകളുമുള്ള തരുണികളുണ്ടായിരിക്കും..... ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുന്ന മുത്തുപോലെയിരിക്കും (അവർ) ഉന്നത നിലവാരത്തിലുള്ള വിരിപ്പുകളിലാണ് അവർ ജീവിക്കുക. ആ തരുണികളെ നാം ഏറ്റവും നല്ല നിലയ്ക്കാണു നാം പരിപാലിച്ചു വളർത്തിക്കൊണ്ടിരിക്കുന്നത്. എന്നിട്ട് അവരെ നാം കന്യകകളും, ഭർത്താന്മാരോടു പ്രേമമുള്ളവരും തുല്യപ്രായക്കാരുമായിരിക്കയാണ്..... എന്നിട്ട് അതുകൊണ്ട് നിങ്ങൾ വയർ നിറക്കും. അല്ല, നക്ഷത്രങ്ങൾ അസ്തമിക്കുന്ന സ്ഥാനങ്ങളെക്കൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു. (7.27.56.4-6.8,9,15-23,34-37,53,75)

സമീ:- ഖുർആൻ കർത്താവിന്റെ ലീലകൾ നോക്കുക. ഭൂമി കറങ്ങിക്കൊണ്ടാണിരിക്കുന്നത്. എപ്പോഴും കറങ്ങും. ഭൂമി ഉറച്ചനങ്ങാതെയിരിക്കുകയാണത്രേ ഖുറാൻകാരന്റെ വിശ്വാസം. പർവ്വതങ്ങളെ പക്ഷികളെപ്പോലെങ്ങനെ പറത്തും? പറക്കുന്ന പൊടിയാക്കുമെങ്കിൽ പൊടിപിന്നെ പർവതവുമാകുമോ? ഖുദാ ശരീരധാരിയല്ലെങ്കിൽ ഇടത്തും വലത്തും എങ്ങനെ നില്ക്കും? രത്നങ്ങൾ കൊത്തിപ്പതിച്ച കട്ടിലുകളുണ്ടാക്കണമെങ്കിൽ ആശാരിമാരും സ്വർണ്ണപ്പണിക്കാരും അവിടെ പാർപ്പുണ്ടാവാം. മൂട്ട കടിച്ച് രാത്രി സൈരം കെടുത്തുന്നുണ്ടാകണം. കട്ടിലിൽ ചാരി വെറുതെയിരിക്കയാണോ വല്ല പണിയും ചെയ്യുന്നുണ്ടാകുമോ? ചുമ്മാതിരുന്നാൽ ഭക്ഷണം ദഹിക്കാതെ രോഗം പിടിക്കും. അങ്ങനെ മരിക്കുന്നുമുണ്ടാകും. ജോലി ചെയ്യുന്നവൻ ഇവിടത്തെപ്പോലെ കൂലിപ്പണിചെയ്ത് ജീവിക്കയാവാം. പിന്നെ, ഇവിടവും, സ്വർഗവും തമ്മിൽ അന്തരമെന്താണുള്ളത്? അവിടെ സദാ ബാലന്മാരുണ്ടെങ്കിൽ അവരുടെ മാതാപിതാക്കളും കാണുമോ? ശ്വശ്രുക്കളും ശ്വശുരന്മാരും കാണുമോ? അപ്പോൾ വലിയ നഗരമായിരിക്കും? മലമൂത്രാദികൾ വർദ്ധിച്ച്

aryasamaj.org



രോഗവും വളരെയുണ്ടാകില്ലേ?

ഫലങ്ങൾ ഭക്ഷിക്കയും, ഗ്ലാസ്സുകളിൽ വെള്ളം കുടിക്കയും കോപ്പകളിൽ മദ്യം കുടിക്കയും, തലവേദനയും ലഹരിയും ഇല്ലാതിരിക്കയും യഥേഷ്ടം ഫലങ്ങളും പക്ഷികളുടെ മാംസവും ഭക്ഷിക്കുകയും ചെയ്യുമ്പോൾ വിവിധ ദുഃഖങ്ങളും, പക്ഷിമൃഗാദികളും അവിടുണ്ടാകും. കൊലനടക്കും. എല്ലും തൂവലും അവിടെല്ലാം ചിതറിക്കിടക്കും. കശാപ്പുകടകളും ഉണ്ടായിരിക്കും. കൊള്ളാം. ഈ സ്വർഗത്തിനെ പുകഴ്ത്താൻ വാക്കുകളില്ല. അറേബ്യയേക്കാൾ മുന്തിയതരം തന്നെ.

മദ്യമാംസങ്ങൾ ഭക്ഷിച്ച് ഉന്മത്തരാകുമെങ്കിൽ സ്ത്രീകളും കുട്ടികളും കൂടിയേ തീരൂ. ഇല്ലെങ്കിലിവരുടെ ലഹരി മൂത്ത് തലയിൽ ചൂടു കയറും. അസംഖ്യം സ്ത്രീപുരുഷന്മാർക്ക് വിശ്രമിക്കാൻ ഒട്ടധികം വിരിപ്പുകളും കിടക്കകളും വേണം. ഖുദാ കന്യകമാരെ സൃഷ്ടിക്കുന്നതുകൊണ്ടാണല്ലോ കുമാരന്മാരെയും സൃഷ്ടിക്കുന്നത്! ഇവിടെനിന്ന് സ്ഥാനാർത്ഥികളായി ചെല്ലുന്നവർക്ക് കന്യകമാരെ വിവാഹം കഴിച്ച് കൊടുക്കുമെന്ന് എഴുതിയിട്ടുണ്ട്. അവിടെ സ്ഥിരതാമസക്കാരായ ബാലന്മാർക്ക് വിവാഹം ചെയ്തുകൊടുക്കുന്നകാര്യം എഴുതുന്നേയില്ല. അവരെയും സ്ഥാനാർത്ഥികളായിച്ചെല്ലുന്നവർക്ക് പകുത്തുകൊടുക്കുമോ? ഇക്കാര്യമെഴുതാത്ത ദൈവം വലിയ മറവിക്കാരൻ തന്നെ. തുല്യവയസ്സുകാരായ പതിവ്രതകൾ പതിമാരെ പ്രാപിച്ച് സ്വർഗത്തു പാർക്കുന്നത് ശരിയല്ല. എന്തെന്നാൽ സ്ത്രീകളുടെ രണ്ടോ രണ്ടരയോ ഇരട്ടി പ്രായമാണ് പുരുഷന്മാർക്ക് വേണ്ടത്!* മുസ്ലീം സ്വർഗ്ഗത്തിലും ഇങ്ങനെ തന്നെയാവണം കഥ.

നരകത്തിലെ വൃക്ഷത്തിന്റെ പഴം തിന്നു വയറു നിറയ്ക്കുമ്പോൾ മുൾക്കാരയും നരകത്തിൽ കാണും. മുള്ളുകൊള്ളുന്നുമുണ്ടാവാം പിന്നെ തിളച്ചവെള്ളം കുടിക്കുക തുടങ്ങിയ ദുരിതങ്ങളുമാണ് നരകത്തിലുള്ളത്.

ആണയിടുന്നത് കള്ളന്മാരാണ്. സത്യവാന്മാരല്ല. ആണയിടുന്ന ഖുദായും കള്ളനായിരിക്കണം.

144. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുന്നവരെയാണ് അവർ സ്നേഹിക്കുന്നത്. (7.28.61.4)

സമീ:- ഇത്തരം ഉപദേശങ്ങൾ നല്കി അറബികളെ എല്ലാവരോടും യുദ്ധം ചെയ്യുന്നവരാക്കി പരസ്പരം ദുഃഖിതരാക്കി. മതത്തിന്റെ പതാകയുമായി യുദ്ധം പെരുപ്പിക്കുന്നത് ബുദ്ധിമാനായ ഈശ്വരൻ അനുവദിക്കില്ല. സമൂഹത്തിൽ വിരോധം വളർത്തുന്നവൻ എല്ലാവർക്കും ദുഃഖകാരണമാകുന്നു.

145. ഓ നബീ! നിന്റെ ഭാര്യന്മാരുടെ പ്രീതി ആഗ്രഹിച്ചുകൊണ്ട് അല്ലാഹു നിനക്ക് അനുവദിച്ചുതന്നത് നീയെന്തിനാണ് നിഷിദ്ധമാക്കിവെക്കുന്നത്. അല്ലാഹു വളരെയേറെ പൊറുക്കുന്നവനും പരമകാരുണികനുമാകുന്നു..... അദ്ദേഹം വിടുന്നപക്ഷം നിങ്ങളേക്കാൾ ഉത്തമകളായ ഭാര്യമാരെ അദ്ദേഹത്തിനു തന്റെ രക്ഷിതാവു പകരം നല്കിയേക്കാം. സത്യവിശ്വാസം കൈക്കൊണ്ടവരും കീഴ്വണക്കമുള്ളവരും പശ്ചാത്തപിച്ചു മടങ്ങുന്നവരും അല്ലാഹുവിന്നടിമപ്പെട്ടു ജീവിക്കുന്നവരും സഞ്ചരിക്കാൻ സന്നദ്ധതയുള്ളവരും വിധവകളും കന്യകകളും ആയ ഭാര്യമാരെ. (7.28.66.1,5)

സമീ:- ശ്രദ്ധിച്ചു നോക്കുക. ഖുദാ മുഹമ്മദു നബിയുടെ വീട്ടുകാര്യങ്ങളെല്ലാം നോക്കിനടത്തുന്ന വെറും ഭൃത്യനല്ലേ?

ഇതിൽ ഒന്നാമത്തെ വചനത്തിന്മേൽ രണ്ടു കഥയുണ്ട്. ഒന്നിപ്രകാരമാണ്: മുഹമ്മദ് നബിക്ക് തേനിന്റെ സർബ്ബത്ത് വലിയ ഇഷ്ടമായിരുന്നു. അദ്ദേഹത്തിന് ഒട്ടേറെ ഭാര്യമാരുണ്ടായിരുന്നു. അവരിൽ ഒരാളുടെ വീട്ടിൽ സർബത്തു കുടിച്ചുകൊണ്ട് വളരെനേരം ഇരുന്നുപോയി. ഇതു മറ്റുള്ള ഭാര്യമാർക്കിഷ്ടമായില്ല. അവർ പരാതി പറഞ്ഞപ്പോൾ ഇനി മേലിൽ ഇങ്ങനെ സർബ്ബത്തു കുടിക്കുകയില്ലെന്ന് നബി സത്യം ചെയ്തു.

മറ്റേത്: മുഹമ്മദിന്റെ പല ഭാര്യമാരിൽ ഒരാളിന്റെ ഊഴമായിരുന്നു. അന്നുരാത്രി അവിടെ ചെന്നപ്പോൾ ഭാര്യ അവരുടെ പിതൃഹൃഹത്തിൽ പോയിരിക്കുകയായിരുന്നു. മുഹമ്മദ് ഒരു വാല്യക്കാരിയെ വിളിച്ച് അവരെ പവിത്രയാക്കി. ഭാര്യ ഇതറിഞ്ഞ് അപ്രസന്നയായി. അപ്പോൾ നബി അങ്ങനെ ഇനി ചെയ്യില്ലെന്ന് സത്യം ചെയ്തു. ഇതാരോടും പറയരുതെന്ന് ഭാര്യയോടും പറഞ്ഞു. ഇല്ലെന്ന് അവർ സമ്മതിച്ചു. പക്ഷേ അവർ വേറൊരു ഭാര്യയുടെ അടുത്തു പറഞ്ഞു. ഇതുകൊണ്ടാണ് ഖുദാ ഈ വചനം ഇറക്കിയത്. "നബീ! നിന്റെ ഭാര്യമാരുടെ പ്രീതി ആഗ്രഹിച്ചുകൊണ്ട് അല്ലാഹു നിനക്ക് അനുവദിച്ചുതന്നത് നീയെന്തിനാണ് നിഷിദ്ധമാക്കി വെക്കുന്നത്?"

ദൈവം ആരുടെയെങ്കിലും വീട്ടു പ്രശ്നങ്ങളും പരിഹരിച്ചു നടക്കുന്നയാളാണെന്ന് ബുദ്ധിമാൻമാർ വിശ്വസിക്കുമോ? നബിയുടെ പെരുമാറ്റ

* വൃദ്ധന്മാർ ബാലികമാരെ നിക്കാഹ് കഴിക്കുന്നതാണ് മൃഗം.

രീതി ഈ പ്രവൃത്തികളിൽനിന്നു ഗ്രഹിക്കാം. അനേകം ഭാര്യമാരുള്ളപ്പോൾ ഈശ്വരഭക്തനോ പ്രവാചകനോ ആകുന്നതെങ്ങനെ?

ഒരു സ്ത്രീയെ പക്ഷപാതപൂർവ്വം അപമാനിക്കുകയും മറ്റൊരാളിനെ മാനിക്കുകയും ചെയ്യുന്നയാൾ പക്ഷപാതിയും അധർമിയുമാകില്ലേ? അനേകം സ്ത്രീകളെക്കൊണ്ടും തൃപ്തനാകാതെ വാല്യക്കാരികളിൽ മോഹിച്ചുപോകുന്ന ആളിന് ലജ്ജയും ഭയവും ധർമവും എവിടെ? കാമാതുരർക്ക് ഭയമോ ലജ്ജയോ ഇല്ലെന്നാരോ പറഞ്ഞതെത്ര ശരി!

ഈ ദൈവം മുഹമ്മദ്സാഹിബും ഭാര്യമാരും തമ്മിലുള്ള വഴക്ക് തീർക്കുന്ന മധ്യസ്ഥനണ്. ഈ ഖുർആൻ വിദ്വാനോ ഈശ്വരനോ ഉണ്ടാക്കിയതോ, ഏതെങ്കിലും സ്വാർത്ഥിയായ അവിദ്വാൻ രചിച്ചതോയെന്ന് ബുദ്ധിമാന്മാർ ചിന്തിക്കട്ടെ. രണ്ടാമത്തെ വചനം വായിക്കുമ്പോൾ നബിയോട് ഏതോ ഭാര്യ പിണങ്ങിയിരിക്കാമെന്നു സംശയം തോന്നും. തന്നിമിത്തം ഈ വചനം ഇറക്കിയതാകാം. നീ വഴക്കുണ്ടാക്കിയാൽ നബി നിന്നെയുമുപേക്ഷിക്കും. നബിക്ക് നിന്നെക്കാൾ നല്ല ഭാര്യമാരെ - കന്യകമാരെ നൽകുമെന്ന് ഭീക്ഷണി മുഴക്കുകയാണ്. സ്വല്പം ബുദ്ധിയുള്ളവർക്ക് ഇതു ദൈവമോ മറ്റോ പറഞ്ഞതല്ല, സ്വാർത്ഥികളാരോ പറഞ്ഞതാണെന്നു മനസ്സിലാക്കാം. ഇതൊന്നും ദൈവം പറഞ്ഞതല്ല. കാലത്തിനൊത്തവണ്ണം പ്രയോജനസിദ്ധിക്കായി ദൈവത്തിന്റെ പേരിൽ നബി പറഞ്ഞതാണ്. ദൈവവചനമാണെന്നു പറയുന്നവരോട് ഇത്രയേ പറയാനുള്ളൂ - "ദൈവമെന്തു ദൈവം ? മുഹമ്മദ് നബിക്ക് കല്യാണമുറപ്പിച്ചുകൊടുക്കുന്ന ദല്ലാളാണ് ദൈവം."

146. ഓ നബീ! സത്യനിഷേധികളോടും കപടവിശ്വാസികളോടും നീ സമരം ചെയ്തുകൊള്ളുക. അവരോട് പരുഷസ്വഭാവത്തോടെ പെരുമാറുക. (7.28. 66.9)

സമീ:- മുസ്ലീം ദൈവത്തിന്റെ കളി കണ്ടോ? ഇതരമതസ്ഥരോടു കലഹിക്കാൻ പ്രവാചകനെയും മുസ്ലീംങ്ങളെയും ഉത്തേജിപ്പിക്കുന്നു. മുസ്ലീങ്ങൾ ഇതുകൊണ്ടാണ് ലഹളക്കാരായത്. മറ്റുള്ളവരോടു സ്നേഹപൂർവ്വം പെരുമാറാനും, ലഹളകാട്ടാതിരിക്കാനും, ദൈവം ഇവരെ കൃപചൊരിഞ്ഞനുഗ്രഹിക്കട്ടെ.

147. ആകാശം പൊട്ടിപ്പിളരും. അതന്നു ബലഹീനമായിത്തീരും. മലക്കുകൾ അതിന്റെ അറ്റങ്ങളിൽ സ്ഥിതിചെയ്യും. അന്നു നിന്റെ രക്ഷിതാവിന്റെ സിംഹാസനം എട്ടുപേരാണു ചുമക്കുക. അന്നു നിങ്ങളെ ഹാജരാക്കും. നിങ്ങളുടെ യാതൊരു കാര്യവും ഒരു രഹസ്യമായി നിങ്ങളിൽ ഒതുങ്ങിനിൽക്കുകയില്ല. എന്നിട്ടു വലങ്കയ്യിൽ ഏടുകൾ നല്കപ്പെട്ടവൻ പറയും. എന്റെ എടുകൾ എടുത്തുവായിച്ചു നോക്കൂ..... ആരുടെ ഗ്രന്ഥം അവന്റെ ഇടങ്കയ്യിൽ നൽകപ്പെടുന്നുണ്ടോ? അവൻ പറയും: "എനിക്കെന്റെ ഏടുകൾ നല്കിയിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നു!" (7.29.69.16-19,25)

സമീ:- കൊള്ളാം! ഇത് തത്ത്വശാസ്ത്രമോ ന്യായമോ ആണോ? ആകാശവും പൊട്ടിപ്പിളരുമോ? അതു വസ്ത്രംപോലെയാണോ പൊട്ടാൻ? മുകളിലെ ലോകം ആകാശമാണെങ്കിൽ, ഇതു വിദ്ധ്യാവിരുദ്ധമായ കാര്യമാണ്. ഇപ്പോൾ ഖുർആന്റെ ദൈവം ശരീരധാരിയാണെന്നതിൽ സംശയമേ ശേഷിക്കുന്നില്ല. സിംഹാസനത്തിൽ ഇരിക്കുക, എട്ടു പൂവണ്ടന്മാർ* ചുമക്കുക, ഇതെല്ലാം ശരീരമുള്ളയാളിനേകഴിയൂ. മുൻപിലും പിൻപിലും പോകയും വരികയും ചെയ്യണമെങ്കിലും ശരീരധാരിക്കേ കഴിയൂ. ശരീരധാരി ഏകദേശിയാകയാൽ സർവജ്ഞനോ സർവവ്യാപിയോ, സർവശക്തിമാനോ ആവുകയില്ല. എല്ലാ ജീവികളുടെയും എല്ലാ കർമങ്ങളും ഒരിക്കലും അറിയുകയില്ല.

പുണ്യാത്മാക്കളുടെ വലതുകയ്യിൽ ഏടുകൊടുത്തു വായിപ്പിച്ച് സ്വർഗ്ഗത്തിലയക്കുന്നത് ആശ്ചര്യകരം തന്നെ. പാപികളുടെ ഇടതുകയ്യിൽ കർമ്മപത്രം കൊടുത്ത് നരകത്തിലയക്കുക. കർമ്മപത്രികവായിച്ച് ന്യായം വിധിക്കുക മുതലായവ സർവജ്ഞന്റെ കർമ്മമാണോ? ഒരിക്കലുമല്ല. ഇതെല്ലാം ബാലിശമാണ്.

148. മലക്കുകളും ആത്മാവും അമ്പതിനായിരം കൊല്ലത്തിന്റെ ദൈർഘ്യമുള്ള ഒരു കാലഘട്ടം കൊണ്ടാണ് അവന്റെ അടുക്കലേക്ക് കയറിച്ചെല്ലുന്നത്..... നാട്ടിനിർത്തിയ ലക്ഷ്യത്തിലേക്ക് ഓടുംപോലെ ഖബറുകളിൽനിന്നു പുറത്ത്വന്ന് അവർ ധൃതിപ്പെട്ടോടുന്ന ദിവസം (7.29.70.4,43)

സമീ:- അമ്പതിനായിരം കൊല്ലം ദൈർഘ്യമാണ് ദിവസ കാലഘട്ടമെങ്കിൽ അത്രയും കൊല്ലം രാത്രിയ്ക്കും ദൈർഘ്യമുണ്ട്. ഈ അമ്പതിനായിരം കൊല്ലം ഖുദായും, മലക്കും, ഏടുകെട്ടുകാരും ഇരുന്നോ നിന്നോ ഉണർന്നിരിക്കുമോ? എങ്കിൽ എല്ലാവരും ദീനം പിടിച്ച് വീണ്ടും മരിക്കും.

ഖബറിൽനിന്നെഴുന്നേറ്റ് ഖുദായുടെ കച്ചേരിയിലേക്ക് ഓടുമോ? ഖബറുകളിൽ സമൻസ് എത്തിക്കുന്നതെങ്ങനെയാണ്? പുണ്യാത്മാക്കളോ പാപികളോ ആയ ഇവരെ ഇത്രയും കാലം വിചാ



രണയില്ലാതെ തടവിൽ വച്ചിരിക്കുന്നതെന്തിന്? ഈയിടെ ഖുദായുടെ കച്ചേരി അടച്ച് ഖുദായും മലക്കുകളും വെറുതേയിരിപ്പാണോ? അതോ പണി വല്ലതും ഉണ്ടോ? അവരവരുടെ സ്ഥാനങ്ങളിൽ പാർത്ത്, ചുറ്റിക്കറങ്ങി, ഉറക്കവും കളിതമാശകൾ കാണലും ഒക്കെയായി വിശ്രമിക്കയാവാം. ഇത്തരം അരാജകത്വം ഒരിടത്തും കാണില്ല. ഇതൊക്കെ കാടന്മാരല്ലാതാരു വിശ്വസിക്കും?

149. നിങ്ങളുടെ വിവിധ ദശകളിൽ സൃഷ്ടിച്ചിരിക്കുന്നവനാണ്. ഏഴാകാശങ്ങളെ പരസ്പരം യോജിപ്പിച്ചുകൊണ്ട് എങ്ങനെയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്? ചന്ദ്രനെ അവൻ ആ ആകാശങ്ങളിൽ പ്രകാശമുള്ളതാക്കിവെക്കുകയും സൂര്യനെ ഒരു ചെറിയ വിളക്കായി വെക്കുകയും ചെയ്തിരുന്നു. (7.29.71.14-16)

സമീ:- ജീവനുണ്ടാക്കിയത് ഖുദായാണെങ്കിൽ, ജീവൻ ഒരിക്കലും നിത്യവും അനശ്വരവുമാകില്ല. പിന്നെങ്ങനെ സദാ സ്വർഗ്ഗത്തിൽ കഴിയും? ഉണ്ടായത് നശിക്കുമെന്നു നിശ്ചയം. ആകാശത്തെ അല്ലാഹു എങ്ങനെയാണ് മുകളിൽ സൃഷ്ടിക്കുന്നത്? അതു നിരാകാരവും സർവത്ര വ്യാപിച്ചിരിക്കുന്നതുമല്ലേ? മറ്റുവല്ലതുമാണ് ആകാശമെങ്കിൽ, അതിന് ആ പേരു യുക്തമല്ല.

മുകളിൽ ആകാശങ്ങളെ സൃഷ്ടിച്ചെങ്കിൽ അവയുടെ നടുക്ക് സൂര്യചന്ദ്രന്മാർ നിലനില്ക്കുയില്ല. നടുക്കുവച്ചാൽ ഒന്ന് അപ്പുറവും ഒന്നു ഇപ്പുറവുമേ പ്രകാശിച്ചു വരൂ. രണ്ടാമത്തേതു മുതൽ സർവത്ര ഇരുട്ടായിരിക്കണം. അങ്ങനെ കാണാത്തതുകൊണ്ട് ഇതും മിഥ്യയാണ്.

150. പള്ളികൾ അല്ലാഹുവിനുള്ളതാണ്. അതുകൊണ്ട് അല്ലാഹുവോടൊപ്പം മറ്റാരെയും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കരുത് (7.29.72.18)

സമീ:- ഇതു നേരാണെങ്കിൽ മുസ്ലീങ്ങൾ ലാഇലാഹ് ഇല്ലില്ലാഃ മുഹമ്മദർരസൂലല്ലാഃ എന്ന കലമയിൽ അല്ലാഹുവിന്നൊപ്പം മുഹമ്മദ് നബിയുടെ പേര് എന്തിന് പറയുന്നു? ഇത് ഖുർആന് വിരുദ്ധമല്ലേ? വിരുദ്ധമല്ലെന്നാണെങ്കിൽ ഖുർആൻ വചനം അസത്യമാകും. മസ്ജിദുകൾ അല്ലാഹുവിന്റെ മന്ദിരമാണെങ്കിൽ മുസ്ലീങ്ങൾ വൻ വിഗ്രഹാരാധകരായി. പൗരാണികരും ജൈനരും ചെറു വിഗ്രഹങ്ങൾ പൂജിക്കുന്ന മന്ദിരങ്ങൾ ഈശ്വരാലയമായി കരുതുന്നതുകൊണ്ട് വിഗ്രഹാരാധകരാണെങ്കിൽ ഇവരും എന്തുകൊണ്ടങ്ങനെയല്ലാതാകുന്നില്ല?

151. സൂര്യനെയും ചന്ദ്രനെയും ഒന്നിച്ചുകൂട്ടുകയും ചെയ്യുമ്പോൾ. (7.29.75.9)

സമീ:- സൂര്യചന്ദ്രന്മാരെ ഒന്നിച്ചുകൂട്ടാൻ എങ്ങനെ കഴിയും? എത്ര അറിവല്ലായ്മയാണിത്! സൂര്യചന്ദ്രന്മാരെ ഒന്നിച്ചു കൂട്ടുന്നതെന്തിന്? മറ്റു ലോകങ്ങളെ കൂട്ടിച്ചേർക്കാനിരിക്കുന്നതിലെ യുക്തിയെന്താണ്? ഇത്തരം നടക്കാത്ത കാര്യങ്ങൾ ഈശ്വരകൃതമേയല്ല. അവിദ്വാന്മാർക്കല്ലാതെ മറ്റാർക്കും ഇത് ചേരുന്നതല്ല.

152. ശാശ്വത നിവാസികളായ ചില കുട്ടികൾ അവർക്കിടയിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. അവരെ നീ കാണുന്നപക്ഷം ചിതറിയ മുത്തുകളാണവരെന്നു നിനക്കു തോന്നും..... നേർമ്മയുള്ള പച്ചപ്പട്ടും തടിച്ച പട്ടുമാണ് അവർ ധരിക്കുക. വെള്ളിയുടെ വളകൾ ആഭരണമായി അവരെ ധരിപ്പിക്കും. തികച്ചും പരിശുദ്ധമായ വെള്ളമാണ്* തങ്ങളുടെ രക്ഷിതാവ് അവർക്കു കുടിക്കാൻ കൊടുക്കുക. (7.29.76.19.21)

സമീ:- മുത്തുപോലുള്ള കുട്ടികളെ അവിടെന്തിനാണ് വളർത്തുന്നത്? യുവാക്കൾക്ക് പ്രാപിക്കാനും തൃപ്തിയടയാനും യുവതികൾ ഇവിടില്ലേ? ദുഷ്ടന്മാർ കുട്ടികളോടുകാട്ടുന്ന ദുഷ്കൃത്യത്തിന്നുറവിടം ഈ ഖുർആൻ വചനമായിരിക്കില്ലേ? സ്വർഗ്ഗത്തിൽ യജമാനഭൃത്യഭാവമുണ്ടെങ്കിൽ യജമാനത്വംകൊണ്ട് അയാൾക്കു സുഖവും ഭൃത്യത്വം കൊണ്ടയാൾക്ക് ദുഃഖവും ഉണ്ടാവില്ലേ? ഈ പക്ഷപാതം ശരിയോ? ഖുദാ മദ്യം കുടിപ്പിക്കുമെങ്കിൽ അത് ഭൃത്യഭാവമായി. പിന്നെങ്ങനെ ഖുദായുടെ മഹത്ത്വം നിലനില്ക്കും?

സ്വർഗ്ഗത്തിൽ സ്ത്രീപുരുഷസമാഗമം നിമിത്തം ഗർഭിണികളും മക്കളുള്ളവരും ഉണ്ടാവില്ലേ? ഇല്ലെങ്കിൽ സമാഗമം വ്യർഥമായിപ്പോകുന്നു. ഉണ്ടെങ്കിൽ ജീവൻ എവിടുന്നു വന്നു? ഈശ്വരസേവകൂടാതെ സ്വർഗ്ഗത്തിൽ ജനിക്കാൻ കാരണം? ജനിച്ചവർക്ക് സത്യവിശ്വാസം കൂടാതെയും ഖുദായെ പ്രാർത്ഥിക്കാതെയും സൗജന്യമായി സ്വർഗ്ഗം കിട്ടി. ചിലർക്ക് സത്യവിശ്വാസംകൊണ്ടും ചിലർക്ക് അതുകൂടാതെയും സുഖം ലഭിക്കുമെങ്കിൽ അതിൽ കവിഞ്ഞ അന്യായം മറ്റില്ല.

153. തികച്ചും അനുയോജ്യമായ പ്രതിഫലം..... പാനീയം നിറച്ചകോപ്പകൾ ..... ആത്മാവുകളും മലക്കുകളും അണിയായി നില്ക്കുന്ന ദിവസം. (7.30.78.26.34,38)

സമീ:- കർമ്മാനുസരണമാണ് ഫലം നല്കുന്നതെങ്കിൽ സ്വർഗ്ഗത്തിൽതന്നെ എല്ലായ്പോഴും വസിക്കുന്ന ഹൂറികളും മലക്കുകളും മുത്തുപോലുള്ള പിള്ളേരും എന്തു കർമ്മം ചെയ്തിട്ടാണ്

* ശരാബ് (മദ്യം) എന്ന് ഉർദ്ദുവിവർത്തനം



സ്വർഗ്ഗത്തിൽ സ്ഥിരവാസം ചെയ്യുന്നത്? കോപ്പകൾ നിറച്ചു 'പാനീയം' തട്ടുമ്പോൾ മത്തരായി ശണ്ഠകൂടില്ലേ? ആത്മാവ് (റൂഹ്) എന്നിവിടെ പറയുന്നത് ഒരു മലക്കിനെയാണ്. മലക്കുകളിൽ വമ്പൻ ഖുദാ, റൂഹിനെയും മലക്കുകളെയും അണിനിരത്തി പ്ലാറ്റൂൺ ഉണ്ടാക്കുകയാണോ? പ്ലാറ്റൂണിലെ ജീവന്മാർക്കെല്ലാം ശിക്ഷ കിട്ടുമോ? ഖുദാ അപ്പോൾ നില്ക്കുമോ ഇരിക്കുമോ? പ്ലാറ്റൂണെല്ലാം ചേർന്ന് ചെകുത്താനെ കയാമത്തുന്നാൾവരേക്കും പിടിച്ചു ബന്ധിച്ചാൽ ഖുദായുടെ രാജ്യം സ്വസ്ഥമാകും. അതാണ് ഖുദാത്വവും.

154. സൂര്യൻ മൂടപ്പെട്ടുപോകുമ്പോൾ നക്ഷത്രങ്ങൾ ഉതിർന്നു വീഴുമ്പോൾ പർവ്വതങ്ങളെ ചലിപ്പിക്കുമ്പോൾ, ആകാശത്തിന്റെ മറ നീക്കപ്പെടുമ്പോൾ. (7.30.81.1-3, 11)

സമീ:- ഇതു മഹാ അറിവില്ലായ്മയാണ്. ഗോളമായ സൂര്യലോകം മൂടപ്പെട്ടുപോകുമോ? നക്ഷത്രങ്ങൾ ഉതിർന്നു വീഴുമോ? ജഡപർവ്വതങ്ങൾ എങ്ങിനെ ചലിക്കും? ആകാശം മൃഗമാണോ തോലുരിക്കും പോലെ മറ നീക്കാൻ? ഇതൊക്കെ മഹാ കാടത്തംതന്നെ.

155. ആകാശം പൊട്ടിപ്പിളരുമ്പോൾ. നക്ഷത്രങ്ങൾ ചിന്നിച്ചിതറുമ്പോൾ. സമുദ്രങ്ങളും നദികളും ഒഴുകിപ്പോകുമ്പോൾ കബറുകളിലുള്ളതു പുറത്തേക്ക് വരുമ്പോൾ (7.30.82.1-4)

സമീ:- കൊള്ളാം! ഖുർആൻ ഉണ്ടാക്കിയ ഫിലോസഫറേ! ആകാശം എങ്ങനെ പൊട്ടിപ്പിളരും? നക്ഷത്രങ്ങളെ രൂത്തു ചിന്നിച്ചിതറിക്കുന്നതെങ്ങനെ? സമുദ്രങ്ങളെങ്ങോട്ട് ഒഴുകിപ്പോകുമെന്നാണ്?* ഖബറുകളിൽനിന്ന് ശവങ്ങളെങ്ങനെ പുറത്തേക്കു വരാനാണ്?* ഇതെല്ലാം വെറും ബാലിശമാണ്!

156. നക്ഷത്രങ്ങളുള്ള ആകാശത്തെക്കൊണ്ടു സത്യം..... അല്ല ഇതു മഹത്വമേറിയ ഖുർആൻ ആണ്..... സുരക്ഷിതമായ ഒരു പലകയിലാണ് ഇതു നിലകൊള്ളുന്നത്. (7.30.85.1.21.22)

സമീ:- ഈ ഖുർആൻ കർത്താവ് ഭൂമിശാസ്ത്രമോ വാനശാസ്ത്രമോ പഠിച്ചതല്ല. അല്ലെങ്കിൽ ആകാശത്തിൽ നക്ഷത്രങ്ങൾ പതിച്ചതെന്നു പറയുമോ? മേടം രാശിയും മറ്റുമാണ് നക്ഷത്രങ്ങളെങ്കിൽ മറ്റു നക്ഷത്രങ്ങളോ? അതിനാൽ ഈ നക്ഷത്രങ്ങൾ ആകാശത്തിൽ പിടിപ്പിച്ചിരിക്കയല്ല. അവ നക്ഷത്രലോകങ്ങളാണ്. ഈ ഖുർആൻ ദൈവത്തിന്റെയാണോ? എങ്കിൽ ദൈവവും വിദ്യായുക്തിവിരുദ്ധങ്ങളായ അവിദ്യയാൽ ഏറിയകൂറും നിറഞ്ഞതാണ്.

157. അവർ വലിയ ഗൂഢതന്ത്രം പ്രയോഗിക്കുന്നു. ഞാനും വലിയ ഗൂഢതന്ത്രം തന്നെയാണ് പ്രയോഗിക്കുന്നത്. (8.30.86.15,16)

സമീ:- ഗൂഢതന്ത്രമെന്നുപറയുന്നത് ചതിയ്ക്കാണ്. ഖുദായും ചതിയനോ? മോഷണത്തിനുത്തരം മോഷണവും കള്ളത്തിനുത്തരം കള്ളവുമാണോ? കള്ളൻ നല്ലവന്റെ വീട്ടിൽ കയറി കട്ടാൽ നല്ലമനുഷ്യൻ കള്ളന്റെ വീട്ടിൽ കയറി കക്കുമോ? കൊള്ളാമല്ലോ ഖുർആൻ കർത്താവേ!

158. നിന്റെ രക്ഷിതാവും അണിയണിയായി മലക്കുകളും വരികയും നരകത്തെ കൊണ്ടുവരികയും ചെയ്യുമ്പോൾ അന്ന്. (7.30.89.22-23)

സമീ:- സേനാദ്ധ്യക്ഷനോ കൊത്തുവാളോ സൈന്യത്തെ അണിനിരത്തി കവാത്തു ചെയ്യിക്കും പോലെയാണോ ഖുദായും? നരകം കുടമാണോ ഇഷ്ടമുള്ളിടത്ത് എടുത്തുകൊണ്ടു ചെല്ലാൻ? ഇത്ര ചെറുതെങ്കിൽ ഏറെപ്പേരെ അതിലെങ്ങനെ ബന്ധിച്ചിടും?

159. അല്ലാഹുവിന്റെ ഒട്ടകത്തെ വിട്ടേക്കുക. അതു വെള്ളം കുടിച്ചുകൊള്ളട്ടെയെന്ന് അല്ലാഹുവിന്റെ ദൂതൻ അന്നേരം അവരോടു പറഞ്ഞു. പക്ഷേ അദ്ദേഹത്തെ അവർ നിഷേധിച്ചു. എന്നിട്ട് അവർ ആ ഒട്ടകത്തെ അറുത്തുകൊന്നു. അപ്പോൾ തങ്ങളുടെ കുറ്റം കാരണം തങ്ങളുടെ രക്ഷിതാവ് അവരെ ഉന്മൂലനം ചെയ്തു (7.30.91.13,14)

സമീ:- ഖുദായും ഒട്ടകപ്പുറത്തേറി സവാരിചെയ്യുമോ? ഇല്ലെങ്കിലെന്തിന് ഒട്ടകം? കയാമത്തിന്റെ നാൾ വരാതെ തന്റെ നിയമം ലംഘിച്ച് അവരെ ഉന്മൂലനം ചെയ്തതെന്തിന്? ചെയ്തെങ്കിൽ അവർക്കു ശിക്ഷനല്കി. പിന്നെ കയാമത്തിന്റെ രാത്രിയിൽ ന്യായവിധിയെന്നത് കള്ളമാണോ? ഈ ഒട്ടകവാർത്തയിൽ നിന്ന് അറേബ്യയിൽ സവാരിക്ക് മറ്റൊന്നുമില്ലായിരുന്നെന്നു നിശ്ചയിക്കാം. അല്ലെങ്കിൽ മറ്റു സവാരികൾ കുറവായിരുന്നു. ഏതോ അറബിയാണ് ഖുർആൻ എഴുതിയതെന്ന് ഇതു വെളിവാക്കുന്നു.

160. വേണ്ടാ. അവൻ വിരമിച്ചില്ലെങ്കിൽ തലമുടി നാം ഊക്കോടെ പിടിച്ചുവലിക്കുകതന്നെ ചെയ്യും..... കള്ളം പറയുകയും കുറ്റം പ്രവർത്തിക്കുകയും ചെയ്യുന്ന തലമുടി. നമ്മുടെ പോലീസുകാരെ നാമും വിളിച്ചുകൊള്ളാം. (7.30.96.15, 16,18)

സമീ:- പാവം ചപ്രാസികളുടെ തലമുടി പിടിച്ചു വലിക്കാനും ഖുദാ! തലമുടി കള്ളം പറയുകയും കുറ്റം ചെയ്കയും ചെയ്യുമോ? ജീവനില്ലാതെ? പോലീസിനെ വിളിക്കുന്ന ഖുദാ എന്തിരു ഖുദാ?

* ഇവിടെ തർജ്ജമയ്ക്ക് ഖുർആൻ വചനത്തിലെ മാറ്റത്തിനനുസൃതമായി മാറ്റം വരുത്തിയിട്ടുണ്ട്.

161. വ്യവസ്ഥപ്പെടുത്തുന്ന ഒരു രാവിലാണ് ഖുർആനെ നാം അവതരിപ്പിച്ചത്. വ്യവസ്ഥപ്പെടുത്തുന്ന രാവ് എന്തെന്നു നിനക്കറിയാമോ? ആ രാവിൽ മലക്കുകളും റൂഹും (ദൈവിക സന്ദേശവും) അവരുടെ രക്ഷിതാവിന്റെ കല്പനയനുസരിച്ച് എല്ലാ കാര്യങ്ങളുംകൊണ്ട് ഇറങ്ങി വരുന്നു. (7.30.97.1.2,4)

സമീ:- ഒരു രാവിലാണ് ഖുർആൻ അവതരിച്ചെങ്കിൽ അപ്പോഴിറങ്ങി പയ്യെപ്പയ്യെ ഇറങ്ങി* എന്നു പറയുന്നതു സത്യമാകുമോ? രാത്രി ഇരുട്ടാണ്. അല്ലാതെന്തറിയാൻ? താഴെയും മുകളിലും ഒന്നും ദൈവം ഇറങ്ങുന്നു. ഇറക്കുന്നുമില്ലെന്നു നാം എഴുതിവന്നല്ലോ. മലക്കുകളും റൂഹും ദൈവാജ്ഞയാൽ ഇറങ്ങിവന്നത്രേ! ഈ ഖുദാ മനുഷ്യനെപ്പോലെ ഏകദേശിതന്നെ. ഇതുവരെയായി ഖുദായും മലക്കും, പ്രവാചകനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴിതാ റൂഹും കൂടി ഇറങ്ങിവന്നിരിക്കുന്നു. നാലാമത്! ഇതെന്താണീ റൂഹെന്നറിവില്ല. ഇതിപ്പോൾ ക്രിസ്ത്യാനികളുടെ ത്രിത്വമായ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിവയേക്കാൾ ഒന്നുകൂടി!

ഇവ മൂന്നിനെയും ഖുദായായി ഗണിക്കുന്നില്ലെന്നാണെങ്കിൽ അങ്ങനെയാകട്ടെ. എന്നാൽ, റൂഹ് വേറയായിരിക്കെ ഖുദാ, മലക്ക് , പ്രവാചകൻ എന്നിവരെയും റൂഹ് (പവിത്രാത്മാവ് ദൈവിക സന്ദേശം) എന്നു പറയേണ്ടേ? പവിത്രാത്മാവാണെങ്കിൽ ഒന്നിനെമാത്രം പവിത്രാത്മാവെന്നു പറയാമോ. കുതിര, ഒട്ടകം, രാപകൽ, ഖുർആൻ മുതലായവകൊണ്ട് ദൈവം ആണെയിടുന്നു. ഇതു നല്ലവർക്ക് ചേർന്നതല്ല.

ഖുർആനെപ്പറ്റി ലേഖകന്റെ അഭിപ്രായം

ഇനി ഖുർആനെപ്പറ്റി എഴുതി ബുദ്ധിമാന്മാരുടെ സമക്ഷം ഇതെങ്ങനെയുള്ളതെന്നു പ്രതിപാദിക്കാം. എന്നോടു ചോദിച്ചാൽ ഇത് ഈശ്വരകൃതമോ വിദ്വദ്രചിതമോ, വിദ്യായുക്തമോ അല്ല, എന്നേ പറയൂ.

അല്പം ദോഷങ്ങൾ മാത്രമേ ഇവിടെ പറഞ്ഞുള്ളൂ. ആളുകൾ അബദ്ധത്തിൽ പെട്ട് ജീവിതം വ്യർത്ഥമാക്കരുതല്ലോ. ഇതിലുള്ള അല്പമാത്രം സത്യങ്ങൾ വേദാദി വിദ്യാപുസ്തകങ്ങളിലുള്ളതുപോലെ എനിക്കു ഗ്രാഹ്യമായിരിക്കും വണ്ണം, മറ്റു മതങ്ങളിലെയും ശാഠ്യ-പക്ഷപാതരഹിതരായ വിദ്വാന്മാർക്കും ബുദ്ധിമാന്മാർക്കും ഗ്രാഹ്യമാണ്. ഇതല്ലാതെ മറ്റുള്ളതെല്ലാം അവിദ്യയും ഭ്രമജാലവും മനുഷ്യരുടെ ആത്മാക്കളെ മൃഗതുല്യമാക്കി ശാന്തിഭംഗവും, ലഹളയും ഉണ്ടാക്കി മനുഷ്യരിൽ ആക്രമം വളർത്തി പരസ്പരം ദുഃഖത്തിലാഴ്ത്തുന്നതുമായ വിഷയങ്ങളാണ്. പുനരുക്തി ദോഷത്തിന്റെ ഭണ്ഡാരമാണ് ഖുർആൻ.

ഈശ്വരൻ എല്ലാവർക്കും കൃപചൊരിഞ്ഞ്, പരസ്പരം സ്നേഹവും പ്രീതിയും സൗഖ്യവും വർദ്ധിപ്പിക്കുന്ന പ്രവൃത്തികളിൽ ഏർപ്പെടുത്തട്ടെ. ഞാൻ എന്റെയും അന്യവുമായ മതമതാന്തരങ്ങളിലെ ദോഷങ്ങൾ പക്ഷപാതം കൂടാതെ പ്രകാശിപ്പിക്കുന്നതുപോലെ എല്ലാ വിദ്വാന്മാരും ചെയ്താൽ പരസ്പര വിദ്വേഷവും വിരോധവും ഇല്ലാതാക്കി. ആനന്ദപൂർവ്വം ഐകമത്യത്തോടെ ഒന്നിച്ചു ചേർന്ന് സത്യപ്രാപ്തി കൈവരുത്തുവാൻ എന്താണു വിഷമം? ഖുർആനെപ്പറ്റി അല്പമാത്രം എഴുതി. ഇതിൽ നിന്ന് ബുദ്ധിമാന്മാരായ ധാർമികർ ഗ്രന്ഥകാരന്റെ അഭിപ്രായം ഗ്രഹിച്ച് ലാഭാന്വിതരാകണം.

വല്ലയിടത്തും തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു തിരുത്താവുന്നതാണ്.

വേദത്തിൽ ഇസ്ലാം പരാമർശനമോ?

ഒരു കാര്യം ശേഷിക്കുന്നു. വളരെ മുസ്ലീങ്ങൾ തങ്ങളുടെ മതത്തെപ്പറ്റി അഥർവ വേദത്തിൽ എഴുതിയിട്ടുണ്ടെന്ന് പറയുകയും എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അഥർവവേദത്തിൽ ഇങ്ങനെയില്ലെന്നേ ഉത്തരമുള്ളൂ. ചെറുസൂചനപോലുമില്ല.

ചോദ്യം:- നിങ്ങൾ അഥർവവേദം കണ്ടിട്ടുണ്ടോ? കണ്ടിട്ടുണ്ടെങ്കിൽ അള്ളോപനിഷത്തു വായിച്ചിട്ടുണ്ടോ? ഇത് അതിലേതാണ്. പിന്നെങ്ങനെയാണ് അഥർവവേദത്തിൽ സൂചനപോലും ഇല്ലെന്നു പറഞ്ഞത്?

അഥാഽല്ലോപനിഷദം വ്യാഖ്യാസ്യാമഃ

അസ്മായാം ഇല്ലേ മിത്രാവരുണാ ദിവ്യാനി ധത്തേ. ഇല്ലല്ലേ വരുണോ രാജാ പുനർദുദുഃ

1. ഹയാ മിത്രോ ഇല്ലാം ഇല്ലല്ലേ ഇല്ലാം വരുണോ മിത്രസ്തേ ജസ്താമഃ

2. ഹോതാരമിന്ദ്രോ ഹോതാരമിന്ദ്രമഹാസുരിന്ദ്രാഃ അല്ലോ ജ്യേഷ്ഠം ശ്രേഷ്ഠം പരമം പൂർണം ബ്രഹ്മാണം അല്ലാമ്.

* വ്യാഖ്യാതാക്കൾ ഇങ്ങനെയാണ് വ്യാഖ്യാനമെഴുതുന്നത്. ഒന്നിച്ചിറങ്ങിയതായിട്ടല്ല.

3. അല്ലോ രസൂല മഹാമദരകബരന്മ്യ അല്ലോ അല്ലാമ്.

4. അദല്ലാബൂകമേകകമ്. അല്ലാബൂക നിഖതകമ്.

5. അല്ലോ യജ്ഞേന ഹുതഹുത്വാ. അല്ലാ സൂര്യ ചന്ദ്ര സർവനക്ഷത്രാഃ

6. അല്ലാ ഋഷീണാം സർവദിവ്യാം ഇന്ദ്രായ പൂർവം മായാ പരമമന്തരിക്ഷാഃ

7. അല്ലഃ പൃഥിവ്യാ അന്തരിക്ഷം വിശ്വരൂപമ്.

8. ഇല്ലാം കബർ ഇല്ലാം കബർ ഇല്ലാം ഇല്ലല്ലേതി ഇല്ലല്ലാഃ

9. ഓം അല്ലാ ഇല്ലല്ലാ അനാദിസ്വരൂപായ അഥർവണാശ്യാമാ ഹും ഹ്രീം ജനാന പശൂൻ സിദ്ധാൻ ചലചരാനദൃഷ്ടം കുരുകുരുഫട്.

10. അസുര സംഹാരിണീ ഹും ഹ്രീം അല്ലോ രസൂല മഹമദര കബരസ്യ അല്ലോ അല്ലാമില്ല ല്ലേതി ഇല്ലല്ലാഃ

ഇത്യല്ലോപനിഷത് സമാപ്താ:

ഇതിൽ പ്രത്യക്ഷമായും മുഹമ്മദ്നബിയെ റസൂൽ എന്നെഴുതിയിട്ടുണ്ട്. ഇതിൽ നിന്ന് ഇസ്ലാം മതം വേദമൂലകമാണെന്നു തെളിയുന്നു.

ഉത്തരം:- നിങ്ങൾ അഥർവവേദം കണ്ടില്ലെങ്കിൽ നമ്മുടെ പക്കൽ വരൂ. തുടക്കം മുതൽ ഒടുക്കം വരെ നോക്കൂ. അല്ലെങ്കിൽ ഏതെങ്കിലും അഥർവവേദക്കാരന്റെ പക്കൽ നിന്ന് ഇരുപതു കാണ്ഡങ്ങളുള്ള അഥർവവേദം വാങ്ങി നോക്കൂ. നിങ്ങളുടെ പ്രവാചകന്റെ പേരോ, മതത്തിന്റെ സൂചനയോ അതിൽ കാണില്ല. ഈ അല്ലോപനിഷത്ത് അഥർവവേദത്തിലെയോ അതിന്റെ ബ്രാഹ്മണമായ ഗോപഥത്തിലെയോ ഏതെങ്കിലും ശാഖയിലെയോ അല്ല. ഇതുണ്ടാക്കിയ ആൾ അലപം അറബിയും സ്വല്പം സംസ്കൃതവും പഠിച്ചതാണെന്നു തോന്നുന്നു. എന്തെന്നാൽ ഇതിൽ അറബിയിലെയും സംസ്കൃതത്തിലെയും പദങ്ങൾ കാണാം.

നോക്കൂ, (അസ്മാല്ലാം ഇല്ലേ മിത്രാവരുണാ ദിവ്യാനിധത്തേ) ഇത്യാദി പത്തുഭാഗമായി എഴുതിയിരിക്കുന്നു. ഇതിൽ അസ്മാല്ലാം ഇല്ലേ എന്നിവ അറബിയും മിത്രാവരുണാ ദിവ്യാനിധത്തേ സംസ്കൃതവും ആണ്. അങ്ങനെയാണ് മുഴുവനും. അതിനാൽ സംസ്കൃതവും അറബിയും അറിയാവുന്ന ആളായിരിക്കണം ഇതെഴുതിയത്. അർത്ഥം നോക്കിയാൽ കൃത്രിമവും, ചേരാത്തതും, വ്യാകരണ വിരുദ്ധവുമാണ് എന്നു കാണാം.

ഈ ഉപനിഷത്തുപോലെ പല മതക്കാരും പക്ഷപാതികളും പല ഉപനിഷത്തുകളും എഴുതീട്ടുണ്ട്. സ്വരോപോന്നിഷത്ത്, നൃസിംഹതാപിനി, രാമതാപനി, ഗോപാലതാപിനി മുതലായ പലതുമുണ്ട്.

ചോദ്യം:- ഇതുവരെയാരും നിങ്ങളെപ്പോലെ പറഞ്ഞിട്ടില്ല. ഇതെങ്ങനെ വിശ്വസിക്കും?

ഉത്തരം:- നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും നാം പറഞ്ഞത് കള്ളമാകില്ല. ഞാനിതിനെ അയുക്തമാണെന്നു സ്ഥാപിച്ചതുപോലെ നിങ്ങളും അഥർവവേദം, ഗോപഥബ്രാഹ്മണം, വേദശാഖകൾ എന്നീ പ്രാചീന ഗ്രന്ഥങ്ങളിൽ നിന്ന് യഥാർത്ഥമായ ലേഖനം കാട്ടുക. അർത്ഥസാംഗത്യത്താൽ ശുദ്ധീകരിക്കയും ചെയ്യുക. അപ്പോൾ പ്രമാണയുക്തമാകും.

ചോദ്യം:- നമ്മുടെ മതം എത്ര കേമമാണെന്നു നോക്കുക. അതിൽ സർവ്വസുഖങ്ങളുമുണ്ട്. ഒടുവിൽ മുക്തിയും കിട്ടും.

ഉത്തരം:- എല്ലാ മതക്കാരും ഇങ്ങനെതന്നെ പറയും. "ഞങ്ങളുടെ മതം കേമം. മറ്റെല്ലാം മോശം. മുക്തി ഞങ്ങളുടെ മതത്തിലൂടേ കിട്ടൂ." എന്നിങ്ങനെ. നിങ്ങൾ പറയുന്നതോ അവർ പറയുന്നതോ ഞങ്ങൾ വിശ്വസിക്കേണ്ടത്?

സത്യഭാഷണം, അഹിംസ, ദയ മുതലായ ശുഭഗുണങ്ങൾ എല്ലാ മതങ്ങളിലും നല്ലതാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ബാക്കി, വാദവിവാദം, ഈർഷ്യാദ്വേഷം, മിഥ്യാഭാഷണം എന്നിവ എല്ലാ മതങ്ങളിലും ചീത്തയാണ്. നിങ്ങൾക്ക് സത്യമതം വേണമെങ്കിൽ വൈദികമതം കൈക്കൊള്ളുക.

ഇനി സ്വന്തം മാന്യതകളും അമാന്യതകളും 'സ്വമന്തവ്യാമന്ത്യവ്യപ്രകാശം' എന്ന ശീർഷകത്തിൽ എഴുതാം.

ശ്രീമദ്ദയാനന്ദസരസ്വതിസ്വാമികൾ രചിച്ചസത്യാർത്ഥപ്രകാശത്തിലെ
ഇസ്ലാം മതവിഷയങ്ങളെ ഖണ്ഡനമണ്ഡനം ചെയ്യുന്ന
പതിന്നാലാം സമുല്ലാസം കഴിഞ്ഞു.

ഓം
സത്യാർത്ഥപ്രകാശം
സ്വമന്തവ്യാമന്തവ്യപ്രകാശഃ

(സ്വന്തം മാന്യതകളും അമാന്യതകളും)

സർവതന്ത്രസിദ്ധാന്തമെന്നത് എല്ലാ രാജ്യങ്ങളിലും സാർവജനികമായ ധർമമാണ്. അതിനെ എപ്പോഴും എല്ലാവരും മാനിച്ചു പോന്നു, ഇന്നും മാനിക്കുന്നു, നാളെയും മാനിക്കും. അതിനാൽ സനാതന നിത്യധർമമെന്നാണ് അതിന്റെ പേര് . അതിന്റെ വിരോധികൾ ആരും ഉണ്ടാവുകയില്ല. അവിദ്യായുക്തരായവരോ ഏതെങ്കിലും മതക്കാരനാൽ വഴിതെറ്റിക്കപ്പെട്ടവരോ അറിയുകയും മാനിക്കുകയും ചെയ്യുന്നതുപോലെ ബുദ്ധിമാന്മാർ ചെയ്യരുത്. പകരം, **ആപ്തർ** അഥവാ സത്യമാനികളും സത്യവാദികളും സത്യകാരികളും പരോപകാരികളും പക്ഷപാതരഹിതരുമായ വിദ്വാന്മാർ മാനിക്കുന്നത് പ്രമാണയോഗ്യമാകയാൽ എല്ലാവർക്കും മാന്യവും മാനിക്കാത്തത് അമാന്യവുമായിരിക്കും.

വേദാദി സത്യശാസ്ത്രങ്ങളും, ബ്രഹ്മാ ഋഷി മുതൽ ജൈമിനിമുനിവരെയുള്ളവരും മാനിച്ചിരുന്ന ഈശ്വരൻ തുടങ്ങിയുള്ളതെല്ലാം എനിക്കും മാന്യമാണ്. അവ സജ്ജനങ്ങളായ മഹാശയന്മാർസമക്ഷം പ്രകാശിപ്പിച്ചുകൊള്ളട്ടെ.

എനിക്കു മാനിക്കാവുന്നവ ത്രികാലങ്ങളിലും എല്ലാവർക്കും മാന്യമായിരിക്കുന്നതാണെന്ന് ഞാൻ അറിയുന്നു. എനിക്ക് നവീന സങ്കല്പങ്ങളോ പുതിയ മതമതാന്തരങ്ങൾ പ്രചരിപ്പിക്കാനുദ്ദേശമോ ലേശവും ഇല്ലതന്നെ. സത്യമായതു മാനിക്കുക, മാനിപ്പിക്കുക, അസത്യത്തെ ത്യജിക്കുക, ത്യജിപ്പിക്കുക എന്നിവയാണ് എനിക്കഭീഷ്ടം.

ഞാൻ പക്ഷപാതിയാണെങ്കിൽ ആര്യാവർത്തത്തിൽ പ്രചരിച്ചിരിക്കുന്ന ഏതെങ്കിലും മതത്തോട് ആഭിമുഖ്യം പുലർത്തും. ആര്യാവർത്തത്തിലോ അന്യത്രയോ ഉള്ള അധർമയുക്തമായവയെ സ്വീകരിക്കുകയോ ധർമയുക്തമായവയെ ത്യജിക്കുകയോ ഇല്ല. അതിന് ആഗ്രഹിക്കുന്നുമില്ല. എന്തെന്നാൽ അത് മനുഷ്യധർമ്മത്തിനു ബാഹ്യമാണ്.

മനനശീലത്തോടെ തന്റേതെന്നവണ്ണം അന്യരുടെ സുഖദുഃഖങ്ങളെയും ലാഭനഷ്ടങ്ങളെയും കണക്കാക്കുന്നവനെയാണ് മനുഷ്യനെന്നു പറയുന്നത്. അന്യായക്കാരനായ ശക്തനെ ഭയപ്പെടരുത്. എന്നാൽ ധർമാത്മാവായ ദുർബ്ബലനെപ്പോലും പേടിക്കണം. എന്നു മാത്രമല്ല, തന്റെ എല്ലാ സാമർഥ്യവും ഉപയോഗിച്ച്, ധർമാത്മാക്കളെ, അവരെത്രയും അനാഥരോ ദുർബലരോ നിർഗുണരോ ആകട്ടെ, രക്ഷിക്കയും ഉയർത്തുകയും ഇഷ്ടമാചരിക്കയും അധർമികളെ, ചക്രവർത്തിമാരോ, സനാഥരോ, മഹാശക്തരോ, ഗുണവാന്മാരോ ആയാലും നശിപ്പിക്കയും താഴ്ത്തിക്കെട്ടുകയും, അനിഷ്ടമാചരിച്ചു തളർത്തുകയും വേണം. ഇതിൽ എത്ര ദാരുണമായ ദുഖം ഉണ്ടായാലും, പ്രാണൻ വെടിയേണ്ടിവന്നാലും മനുഷ്യാനുകൂലമായ ഈ ധർമത്തിൽ നിന്നു മാറി നില്ക്കരുത്. ഇതിനെപ്പറ്റി ശ്രീമാൻ ഭർതൃഹരിമഹാരാജാവും മറ്റും ശ്ലോകമെഴുതിയിട്ടുണ്ട്. ഇവിടെ അതെഴുതുന്നത് പ്രയോജനപ്പെടും.

1. നിന്ദന്തു നീതി നിപുണായദിവാസ്തുവന്തു
ലക്ഷ്മീഃ സമാവിശതു ഗച്ഛതു വാ യഥേഷ്ടമ്.
അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായ്യാത് പഥഃ പ്രവിചലന്തി പദം ന ധീരാഃ
(ഭർതൃഹരി)[1]

2. ന ജാതു കാമാന്ന ഭയാന്ന ലോഭാദ്
ധർമം ത്യജേജ്ജീവിതസ്യാപി ഹേതോഃ
ധർമോ നിത്യഃ സുഖദുഃഖേത്വനിത്യേ
ജീവോ നിത്യോ ഹേതുരസ്യത്വനിത്യഃ
(മഹാഭാരതം)

1. നീതിശതകം – 84
2. ഉദ്യോഗപർവ്വം 40 – 11



3. ഏകഏവ സുഹൃദ്ധർമോ
നിധനേfപ്യനുയാതി യഃ
ശരീരേണ സമം നാശം
സർവമന്യദ്ധി ഗച്ഛതി.
(മനു)[3]

4. സത്യമേവ ജയതേ നാനൃതം
സത്യേന പന്ഥാ വിതതോ ദേവയാനഃ
യേനാffക്രമന്ത്യൃഷയോ ഹ്യാപ്തകാമാ
യത്ര തത്സത്യസ്യ പരമം വിധാനമ്.
(ഉ)[4]

5. നഹി സത്യാത് പരോധർമോ
നാനൃതാത് പാതകം പരമ്.
നഹി സത്യാത് പരംജ്ഞാനം
തസ്മാത് സത്യം സമാചരേത്. [5]

ഈ മഹാശയന്മാരുടെ ശ്ലോകങ്ങൾക്കനുസൃതമായി എല്ലാം നിശ്ചയിക്കാവുന്നതാണ്[6]. ഇനി ഞാൻ ഓരോന്നായി എന്റെ മാന്യതയ്ക്കനുസരിച്ച് സംക്ഷേപിച്ചു വർണിക്കാം. ഇതിന്റെ വിശേഷ വ്യാഖ്യാനങ്ങൾ ഈ ഗ്രന്ഥത്തിലെ അതാതു സന്ദർഭങ്ങളിൽ ഉണ്ട്.

1. ഈശ്വരൻ: ബ്രഹ്മം, പരമാത്മാവ് തുടങ്ങിയ പേരുകളുള്ള സച്ചിദാനന്ദാദി ലക്ഷണയുക്തവും പവിത്രമായ ഗുണകർമ്മസ്വഭാവങ്ങളുള്ളതും സർവജ്ഞനും, ജന്മരഹിതനും, അനന്തനും, സർവശക്തിമാനും, ദയാലുവും ന്യായകാരിയും സൃഷ്ടികർത്താവും, ധാരകനും സംഹർത്താവും, സർവജീവികൾക്കും കർമ്മാനുസൃതം സത്യന്യായങ്ങളനുസരിച്ച് ഫലം നല്കുന്നതും ലക്ഷണങ്ങളായുള്ളതിനെ 'സർവ്വേശ്വരൻ' എന്നു മാനിക്കുന്നു.

2. ചതുർവ്വേദങ്ങൾ: (= വിദ്യാധർമയുക്തനായ ഈശ്വരനാൽ പ്രണീതമായ സംഹിതാമന്ത്രഭാഗം) തെറ്റുപറ്റാത്ത സ്വതഃ പ്രമാണമായി മാനിക്കുന്നു. അത് സ്വയം പ്രമാണമാണ്. അതായത് അതിന്റെ പ്രാമാണ്യത്തിന് മറ്റു ഗ്രന്ഥങ്ങളുടെ പ്രാമാണ്യം വേണ്ട. സൂര്യനും വിളക്കും അതാതിന്റെ പ്രകാശത്താൽ സ്വതഃ പ്രകാശകമായിരിക്കുംപടി, പൃഥിവ്യാദികളെ പ്രകാശിപ്പിക്കും പോലെയാണ് ചതുർവ്വേദങ്ങൾ. ചതുർവ്വേദങ്ങളുടെ ബ്രാഹ്മണങ്ങൾ ആറംഗങ്ങൾ, ആറുപാംഗങ്ങൾ, നാലുപവേദങ്ങൾ 1127 വേദശാഖകൾ അഥവാ വേദവ്യാഖ്യാന രൂപത്തിൽ ബ്രഹ്മാദി മഹർഷിമാർ ഉണ്ടാക്കിയ ഗ്രന്ഥങ്ങൾ, എന്നിവയെ പരതഃ പ്രമാണമായി. അതായത്, വേദാനുകൂലമായത്രയും പ്രമാണവും വേദവിരുദ്ധ വചനങ്ങളുണ്ടെങ്കിൽ അവയെ അപ്രമാണമായും മാനിക്കുന്നു.

3. ധർമാധർമങ്ങൾ: പക്ഷപാതരഹിതമായ ന്യായാചരണവും സത്യഭാഷണാദിയുക്തവും ഈശ്വരാജ്ഞയായ വേദങ്ങൾക്കവിരുദ്ധവും ആയതിനെ ധർമമെന്നും, പക്ഷപാത സഹിതവും അന്യായാചരണവും മിഥ്യാഭാഷണവും, ഈശ്വരാജ്ഞാ ഭംഗവും വേദവിരുദ്ധമായതും ഏതോ അതിനെ അധർമമെന്നും മാനിക്കുന്നു.

4. ജീവൻ: ഇച്ഛ, ദ്വേഷം, സുഖം, ദുഃഖം, ജ്ഞാനം മുതലായ ഗുണങ്ങളുള്ളതും അല്പജ്ഞനും, നിത്യവും ആയതിനെ ജീവൻ എന്നു മാനിക്കുന്നു.

5. ജീവനും ഈശ്വരനും: സ്വരൂപ വൈധർമ്യങ്ങളാൽ ഭിന്നവും വ്യാപ്യ -വ്യാപക ബന്ധം സാധർമ്യം എന്നിവയാൽ അഭിന്നവുമാണ്. അതായത് മൂർത്തിമത്തായ ദ്രവ്യം ആകാശത്തിൽനിന്ന ഭിന്നമായി ഇരുന്നതും ഇരിക്കുന്നതുംപോലെയും എന്നാൽ ഒരിക്കലും ഒന്നായിട്ടിരുന്നിട്ടില്ലാത്തതും ഇരിക്കാത്തതും പോലെയും ഈശ്വരനും ജീവാത്മാവും വ്യാപ്യ - വ്യാപകരും, ഉപാസ്യ ഉപാസകരും. പിതാപുത്രന്മാരും തുടങ്ങിയ ബന്ധങ്ങളുള്ളവയാണെന്നു മാനിക്കുന്നു.

6. അനാദി വസ്തുക്കൾ: മൂന്നുണ്ട്, ഒന്ന് ഈശ്വരൻ, രണ്ട് ജീവാത്മാക്കൾ, മൂന്ന് പ്രകൃതി അഥവാ ജഗത്കാരണം. ഇവയ്ക്കു നിത്യം എന്ന പേരുമു

---

3. മനുസ്മൃതി. 8.17.
4. മുണ്ഡകോപനിഷത്. 3.1.6.
5. അജ്ഞാതം 6. ഈ ക്ലേശങ്ങളുടെ ഭാവാർത്ഥം. 1. നീതിനിപുണൻന്മാർ സ്തുതിക്കയോ നിന്ദിക്കയോ ചെയ്യട്ടെ, ധനം ഇഷ്ടംപോലെ വരികയോ പോവുകയോ ചെയ്യട്ടെ, ഇന്നുതന്നെയോ യുഗങ്ങൾക്കു ശേഷമോ മരണം ഭവിക്കട്ടെ എന്തായാലും ധീരന്മാർ ന്യായമാർഗ്ഗത്തിൽ നിന്ന് അടി തെറ്റുകയില്ല. 2. ആഗ്രഹത്തിലോ ഭയത്താലോ ലോഭത്താലോ ജീവിതം നിലനിർത്താനായാലും ശരി ഒരിക്കലും ധർമ്മം ത്യജിക്കരുത്. ധർമ്മം നിത്യവും സുഖദുഃഖങ്ങളനിത്യവും ജീവൻ നിത്യവും സുഖദുഃഖ കാരണങ്ങളനിത്യവുമാണ്. 3. മരണത്തിലും അനുയാത്ര ചെയ്യുന്ന സുഹൃത്തെന്നേയുള്ളു. അതാണ് ധർമ്മം. മറ്റെല്ലാം തന്നെ ശരീരത്തോടൊപ്പം നാസമയടയുന്നു. 4. സത്യം ജയിക്കും അനൃതം ജീയിക്കില്ല. സത്യത്താലല്ലോമോക്ഷമാർഗ്ഗം വിസ്തൃതമായിരിക്കുന്നത്. സത്യത്തിന്റെ ആ ശ്രേഷ്ഠപുഞ്ജത്തിലേക്കാണ് ആപത്കരമായ ഋഷിമാർ ആ വഴിയേ ക്രമമായി മുന്നേറുന്നത്. 5. സത്യത്തേക്കാൾ വലിയ ധർമ്മമില്ല. അനൃതത്തേക്കാൾ വലിയ പാതകമില്ല. സത്യത്തേക്കാൾ വലിയ അറിവില്ല. അതിനാൽ സത്യമാചരിക്കുക.



ണ്ട്. നിത്യവസ്തുക്കളുടെ ഗുണകർമ്മസ്വഭാവങ്ങളും നിത്യമാണ്.

7. പ്രവാഹത്താൽ അനാദി: സംയോഗത്താൽ ഉണ്ടാകുന്ന ദ്രവ്യഗുണ കർമ്മങ്ങൾ വിയോഗത്തിനു ശേഷം നിലനില്ക്കുന്നില്ല. എന്നാൽ ഏതിനാൽ പ്രഥമ സംയോഗമുണ്ടാകുന്നുവോ ആ സാമർഥ്യം അതിൽ അനാദിയാണ്. അതുകൊണ്ട് വീണ്ടും സംയോഗവിയോഗങ്ങൾ സംഭവിക്കുന്നു. ഇവ മൂന്നിനെയും പ്രവാഹത്താൽ അനാദിയെന്നു മാനിക്കുന്നു.

8. സൃഷ്ടി: വെവ്വേറെ ദ്രവ്യങ്ങളുടെ ജ്ഞാന പൂർവ്വമുള്ള കൂടിച്ചേർച്ചയിലൂടെ വിവിധ രൂപങ്ങൾ ഉണ്ടാകുന്നതിനു സൃഷ്ടിയെന്നു പറയുന്നു.

9. സൃഷ്ടിയുടെ പ്രയോജനം: ഈശ്വരന്റെ സൃഷ്ടിനിമിത്തമായ ഗുണകർമ സ്വഭാവങ്ങൾ സഫലമാകലാണ് സൃഷ്ടിയുടെ പ്രയോജനം. ഒരുവൻ അപരനോടു ചോദിക്കുന്നു - കണ്ണെന്തിന്? കാണാൻ എന്നയാളുത്തരം പറയുന്നു. ഇതുപോലെ സൃഷ്ടിക്കാൻ ഈശ്വരനുള്ള സാമർഥ്യത്തിന്റെ സാഫല്യം സൃഷ്ടിക്കലിലാണ്. ജീവാത്മാക്കൾക്ക് യഥാതഥാ കർമഫലഭോഗം നല്കൽ മുതലായവയും.

10. സൃഷ്ടി സകർതൃകം: ആണ്. ഇതിന്റെ കർത്താവ് മുൻപു പറഞ്ഞ ഈശ്വരനാണ്. എന്തെന്നാൽ, സൃഷ്ടിരചന നോക്കാനും ജഡപദാർത്ഥങ്ങൾക്ക് സ്വയം യഥായോഗ്യം ബീജാദികളാകാനുള്ള സാമർഥ്യം ഇല്ലായ്കയാലും സൃഷ്ടികർത്താവ് കൂടിയേ കഴിയൂ.

11. ബന്ധനം: നിമിത്തമുള്ളതാണ്, അതായത് അവിദ്യാനിമിത്തം. പാപകർമങ്ങൾ, ഈശ്വരനല്ലാത്തതിന്റെ ആരാധന, അജ്ഞാനം തുടങ്ങിയതെല്ലാം ദുഃഖഫലം നല്കുന്നതാണ്. അതിനാൽ ഇവ ബന്ധനങ്ങളാണ്. ആഗ്രഹമില്ലെങ്കിലും അനുഭവിച്ചേതീരൂ.

12. മുക്തി: എല്ലാ ദുഃഖങ്ങളിൽനിന്നും വേറിട്ട് ബന്ധനരഹിതനായി സർവവ്യാപിയായ ഈശ്വരനിലും അവന്റെ സൃഷ്ടിയിലും സ്വേച്ഛാപൂർവ്വം വിഹരിച്ച് നിയതസമയം വരെ മുക്തിയുടെ ആനന്ദം അനുഭവിച്ച ശേഷം വീണ്ടും സംസാരബന്ധനത്തിൽ വരിക.

13. മുക്തിസാധനങ്ങൾ: ഈശ്വരോപാസന അഥവാ യോഗാഭ്യാസം, ധർമാനുഷ്ഠാനം, ബ്രഹ്മചര്യത്താൽ വിദ്യാപ്രാപ്തി ആപ്തവിദ്വാന്മാരുമായി സംസർഗം, സത്യവിദ്യ, സദ്വിചാരം, പുരുഷാർഥം ആദിയായവ.

14. അർഥം: ധർമത്താൽ മാത്രം കൈവരുന്നതാണ്. അധർമത്താൽ സിദ്ധിക്കുന്നതിന് **അനർഥം** എന്നു പറയുന്നു.

15. കാമം: ധർമം അർഥം എന്നിവയാൽ കൈവരുന്നത്.

16. വർണാശ്രമം: ഗുണകർമങ്ങളുടെ യോഗ്യത അനുസരിച്ചാണെന്നു മാനിക്കുന്നു.

17. രാജാവ്: ശുഭമായ ഗുണകർമസ്വഭാവത്താൽ വിളങ്ങുന്ന പക്ഷപാതരഹിതനായി ന്യായധർമത്തെ സേവിക്കുന്ന പ്രജകളോട് പിതൃതുല്യം വർത്തിക്കുന്നയാളാണ് രാജാവ്.

18. പ്രജ: പവിത്രമായ ഗുണകർമസ്വഭാവങ്ങൾ ധാരണംചെയ്ത് പക്ഷപാതമില്ലാതെ ന്യായധർമങ്ങളനുഷ്ഠിച്ച് രാജാവിന്റെയും ജനങ്ങളുടെയും ഉന്നതി ആഗ്രഹിച്ചുകൊണ്ട് രാജദ്രോഹം ചെയ്യാതെ, രാജാവിനോട് പുത്രതുല്യം വർത്തിക്കുന്നയാളാണ് പ്രജ.

19. ന്യായകാരി: ചിന്തിച്ച്, അസത്യത്തെ വെടിഞ്ഞ് സത്യത്തെ ഗ്രഹിച്ച്, അന്യായകാരികളെ അകറ്റി, ന്യായകാരികളെ വർദ്ധിപ്പിച്ച്, തനിക്കെന്നവണ്ണം മറ്റുള്ളവരുടെ സുഖം കാംക്ഷിക്കുന്നയാളാണ് ന്യായകാരി. അവരെ ഞാൻ മാനിക്കുന്നു.

20. ദേവൻ: വിദ്വാന്മാരാണ് ദേവന്മാർ, അവിദ്വാന്മാർ **അസുരരും,** പാപികൾ **രാക്ഷസരും** അനാചാരങ്ങൾ ചെയ്യുന്നവൻ **പിശാചുക്കളു**മാണെന്നു മാനിക്കുന്നു.

21. ദേവപൂജ: ആ വിദ്വാന്മാർ, മാതാവ്, പിതാവ്, ആചാര്യൻ, അതിഥി, ന്യായകാരിയായ രാജാവ്, ധർമ്മാത്മാക്കളായ ജനം, പതിവ്രത, പത്നീവ്രതൻ, എന്നിവരെ സത്കരിക്കുന്നതത്രേ ദേവപൂജയെന്നു പറയുന്നത്. ഇതിനു വിപരീതം അദേവപൂജയും. ഈ വിഗ്രഹങ്ങളെയാണ് പൂജിക്കേണ്ടത്. ശിലാദികളാലുണ്ടാക്കിയ വിഗ്രഹങ്ങൾ സർവ്വഥാ അപൂജ്യമെന്ന് മാനിക്കുന്നു.

22. ശിക്ഷണം: വിദ്യ, സഭ്യത, ധർമാത്മത, ജിതേന്ദ്രിയത മുതലായവ വർദ്ധിപ്പിച്ച് അവിദ്യാദിദോഷങ്ങളെ വെടിയുന്നതാണ് ശിക്ഷണം.

23. പുരാണം: ബ്രഹ്മാദി ഋഷിനിർമ്മിതമായ ഐതരേയാദി ബ്രാഹ്മണഗ്രന്ഥങ്ങളാണ്. അവയ്ക്ക് പുരാണം, ഇതിഹാസം, കല്പം, ഗാഥ, നാരാശംസി എന്നീ പേരുകളുമുണ്ടെന്നു മാനിക്കുന്നു. ഭാഗവതാദികളെ മാനിക്കുന്നില്ല.

24. തീർത്ഥം: ദുഃഖസാഗരം കടത്തിവിടുന്ന സത്യഭാഷണം, വിദ്യ, സത്സംഗം, യമാദിയോഗാഭ്യാസം, പുരുഷാർത്ഥം, വിദ്യാദാനം തുടങ്ങിയ ശുഭകർമ്മങ്ങൾ, ഇവയെ തീർഥമെന്നു മാനിക്കുന്നു. സ്ഥലജലാദികളെയല്ല.

25. പുരുഷാർഥം പ്രാരബ്ധത്തിലുപരി: എന്തെന്നാൽ സഞ്ചിത പ്രാരബ്ധം ഉണ്ടാകുന്നതും, ഏത് ശുദ്ധമായാൽ എല്ലാം ശുദ്ധമാകുന്നതും, ഏതു തകർന്നാൽ എല്ലാം തകരുന്നതും ആണ് പുരുഷാർത്ഥം. അതിനാൽ പുരുഷാർത്ഥം പ്രാരബ്ധത്തേക്കാൾ മഹത്താണ്.

26. മനുഷ്യൻ: എല്ലാവരോടും യഥായോഗ്യം തന്നോടെന്നവണ്ണം സുഖ ദുഃഖ ലാഭനഷ്ടങ്ങളിൽ വർത്തിക്കുന്നവൻ ശ്രേഷ്ഠൻ, അന്യഥാ വർത്തിക്കുന്നവൻ ചീത്ത എന്നു മാനിക്കുന്നു.

27. സംസ്ക്കാരം: ശരീരം മനസ്സ് ആത്മാവ് എന്നിവയെ ഉത്തമമാക്കുന്നതേതോ അതാണ് സംസ്കാരം. ഇവ നിഷേകം മുതൽ ശ്മശാനക്രിയവരെ പതിനാറുണ്ട്, ഇവ കർത്തവ്യമാണെന്നു മാനിക്കുന്നു. ദഹനാനന്തരം മരിച്ചയാളിനുവേണ്ടി ഒന്നും അനുഷ്ഠിക്കേണ്ടതില്ല.

28. യജ്ഞം: വിദ്വാന്മാരുടെ സത്കാരം, ശില്പ, രസായന പദാർത്ഥവിദ്യകൾക്കുപയുക്തമായവ ചെയ്യുക, വിദ്യാദിശുഭഗുണങ്ങളുടെ ദാനം, അഗ്നിഹോത്രാദികളാൽ വായു, വൃഷ്ടി, ജലം. ഔഷധി മുതലായവയെ ശുദ്ധമാക്കൽ വഴി ജീവികൾക്കു സൗഖ്യം പകരുക എന്നിവയാണ് യജ്ഞമെന്നു മാനിക്കുന്നു.

29. ആര്യൻ: ശ്രേഷ്ഠനും **ദസ്യു** ദുഷ്ടനും പറയുന്ന പേരുകളാണെന്നുമാനിക്കുന്നു.

30. ആര്യാവർത്തം: ഈ ഭൂഭാഗത്തിന് ഈ പേരു വന്നത് ആദിസൃഷ്ടി മുതൽ ആര്യന്മാർ ഈ ഭാഗത്തെ അധിവസിക്കുന്നതിനാലാണ്. എന്നാൽ ഇതിന്റെ അതിര് വടക്ക് ഹിമാലയവും തെക്ക് വിന്ധ്യാചലവും പടിഞ്ഞാറ് അട്ടക്ക് നദിയും കിഴക്ക് ബ്രഹ്മപുത്രയുമാണ്. ഈ നാലതിർത്തിയ്ക്കുള്ളിൽ ഉള്ള ദേശത്തിനെ ആര്യാവർത്തമെന്നു പറയുന്നു. ഇതിൽ സദാ വസിക്കുന്നവരെ ആര്യന്മാരെന്നും പറയുന്നു.

31. ആചാര്യൻ: സംഗോപാംഗം വേദവിദ്യ പഠിപ്പിച്ച് സത്യാചാരം ആഗ്രഹിച്ച് മിഥ്യാചാരം ത്യജിപ്പിക്കുന്നയാളാണ് ആചാര്യൻ.

32. ശിഷ്യൻ: സത്യശിക്ഷണവും വിദ്യയും ഗ്രഹിക്കാൻ യോഗ്യനായ ധർമാത്മാവും വിദ്യാഗ്രഹണത്തിന് ഇച്ഛയുള്ളയാളും ആചാര്യന് പ്രിയം ചെയ്യുന്നയാളുമാണ് ശിഷ്യൻ.

33. ഗുരു: മാതാവും പിതാവും സത്യം ഗ്രഹിച്ച് അസത്യത്തെ ത്യജിപ്പിക്കുന്നയാളാണ് ഗുരു.

34. പുരോഹിതൻ: യജമാനന് ഹിതകരമായ സത്യത്തെ ഉപദേശിക്കുന്നയാൾ.

35. ഉപാധ്യായൻ: വേദഭാഗമോ, വേദാംഗമോ പഠിപ്പിക്കുന്നയാൾ

36. ശിഷ്ടാചാരം: ധർമാചരണപൂർവ്വം ബ്രഹ്മചര്യത്തോടെ അഭ്യസിച്ച് പ്രത്യക്ഷാദിപ്രമാണങ്ങളാൽ സത്യവും അസത്യവും നിർണയിച്ച് സത്യം ഗ്രഹിക്കുകയും അസത്യം പരിത്യജിക്കുകയും ചെയ്യുന്നതാണ് ശിഷ്ടാചാരം. ഇതു ചെയ്യുന്നയാളാണ് **ശിഷ്ടൻ.**

37. അഷ്ടപ്രമാണങ്ങൾ: പ്രത്യക്ഷം മുതലായ എട്ടുപ്രമാണങ്ങൾ മാനിക്കുന്നു.

38. ആപ്തൻ: യാഥാർഥ്യം പറയുന്ന, ധർമാത്മാവായ സർവരുടെയും സുഖത്തിനായി യത്നിക്കുന്നയാളാണ് ആപ്തൻ.

39. പരീക്ഷ: അഞ്ചു പ്രകാരത്തിലുണ്ട് ഒന്ന് – ഈശ്വരൻ. ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങളും വേദവിദ്യയും. രണ്ട് – പ്രത്യക്ഷാദി എട്ടു പ്രമാണങ്ങൾ. മൂന്ന് – സൃഷ്ടിക്രമം. നാല് – ആപ്തന്മാരുടെ പെരുമാറ്റം. അഞ്ച് – സ്വന്തം ആത്മാവിന്റെ പവിത്രത. വിദ്യ ഈ അഞ്ചുപരീക്ഷകളാൽ സത്യാസത്യം നിർണ്ണയിച്ച് സത്യത്തെ ഗ്രഹിക്കുകയും അസത്യത്തെ പരിത്യജിക്കയും വേണം.

40. പരോപകാരം: മനുഷ്യന്റെ ദുരാചാരദുഃഖങ്ങൾ വിട്ടകലുകയും. ശ്രേഷ്ഠാചാരവും സുഖവും വർദ്ധിക്കുകയും ചെയ്യുന്നതിനു പ്രവർത്തിക്കുന്നതാണ് പരോപകാരം.

41. സ്വതന്ത്രവും പരതന്ത്രവും: ജീവൻ തന്റെ കർമങ്ങളിൽ സ്വതന്ത്രവും കർമഫലം അനുഭവിക്കുന്നതിൽ ഈശ്വരന്റെ വ്യവസ്ഥയാൽ പരതന്ത്രവുമാണ്. അതുപോലെ ഈശ്വരൻ തന്റെ സത്യാചാരാദി കർമങ്ങളനുഷ്ഠിക്കുന്നതിൽ സ്വതന്ത്രനാകുന്നു.

42. സ്വർഗം: സുഖവിശേഷഭോഗവും അതിനു തകുന്ന സാമഗ്രികളുടെ പ്രാപ്തിയുമാണ് സ്വർഗം.

43. നരകം: ദുഃഖവിശേഷഭോഗവും അതിനു തകുന്ന സാമഗ്രികളുടെ പ്രാപ്തിയുമാണ് നരകം.



44. ജന്മം: ശരീരം ധരിച്ച് പ്രകടമാക്കുന്നതാണ് ജന്മം. ഇതു പൂർവം, പരം, മധ്യം എന്നുമൂന്നു പ്രകാരത്തിലുണ്ട്.

45. ജന്മം-മൃത്യു: ശരീരത്തിന്റെ സംയോഗം ജന്മവും വിയോഗം മാത്രം മൃത്യുവുമാണ്.

46. വിവാഹം: നിയമപൂർവം പ്രസിദ്ധമാക്കി, സ്വന്തം ഇച്ഛയാൽ പാണിഗ്രഹണം ചെയ്യുന്നതാണ് വിവാഹം.

47. നിയോഗം: വിവാഹത്തിനു ശേഷം പതിയോ പത്നിയോ മരിക്കുകയോ ചെയ്യുന്ന വിയോഗത്തിലോ അഥവാ നപുംസകത്വാദി സ്ഥിര രോഗത്തിലോ, സ്ത്രീയോ പുരുഷനോ ആപ്ത കാലത്തിൽ സ്വവർണ്ണത്തിലെയോ തന്റേതിനെക്കാൾ ഉത്തമവർണ്ണത്തിലെയോ സ്ത്രീയോടൊ പുരുഷനോടോ ചേർന്ന് സന്തത്യുത്പാദനം നടത്തുന്നത് നിയോഗം.

48. സ്തുതി: ഗുണകീർത്തനമോ ശ്രവണമോ ജ്ഞാനമോ ആണ് ഇതിന്റെ ഫലം പ്രീതിയും മറ്റുമാണ്.

49. പ്രാർത്ഥന: സ്വസാമർഥ്യത്തിനു പുറമേ, ഈശ്വരനെ സംബന്ധിച്ച വിജ്ഞാനാദികൾ ലഭിക്കുവാൻ ഈശ്വരനോട് അപേക്ഷിക്കുന്നത്. ഇതിനുഫലം ദുരഭിമാനനാശവും മറ്റുമാണ്.

50. ഉപാസന: ഈശ്വരന്റെ ഗുണകർമസ്വഭാവങ്ങൾ പവിത്രമാകയാൽ, തന്റേതും അപ്രകാരമാക്കണം. ഈശ്വരനെ സർവ്വവ്യാപകനായും തന്നിൽ ഈശ്വരൻ വ്യാപിച്ചിരിക്കുന്നെന്നും ഗ്രഹിച്ച് ഈശ്വരസമീപം നാമും നമ്മുടെ ഈശ്വരനും ഉണ്ടെന്ന് യോഗാഭ്യാസത്താൽ സാക്ഷാത്കരിക്കുന്നതാണ് ഉപാസന, ഇതിന് ജ്ഞാനോന്നതിയും മറ്റുമാണ് ഫലം.

51. സഗുണ നിർഗുണ സ്തുതി പ്രാർത്ഥനോപാസന:- ഈശ്വരനിലുള്ള ഗുണങ്ങളറിഞ്ഞ് അവയാൽ യുക്തനെന്നും ഇല്ലാത്തവയറിഞ്ഞ്, അവയില്ലാത്തവനെന്നും അറിഞ്ഞ് കീർത്തിക്കുന്നതാണ് സഗുണ-നിർഗുണസ്തുതി. ശുഭഗുണങ്ങൾ ഗ്രഹിക്കാൻ ഈശ്വരനോടിച്ഛിക്കുന്നതും, ദോഷങ്ങൾ ത്യജിക്കാൻ ഈശ്വരനോടു സഹായമാശ്രയിക്കുന്നതുമാണ്. സഗുണനിർഗുണ പ്രാർഥന. എല്ലാ ഗുണങ്ങളുള്ളതും, സർവദോഷങ്ങളാൽ രഹിതനും ആയതാണ് ഈശ്വരനെന്നറിഞ്ഞ്, സ്വന്തം ആത്മാവിനെ അവനും, അവന്റെ ആജ്ഞയ്ക്കുമായി സമർപ്പിക്കുന്നതാണ് സഗുണ നിർഗുണോപാസന. ഈ സിദ്ധാന്തങ്ങൾ എന്റെ ഗ്രന്ഥങ്ങളിൽ അവിടവിടെക്കാണാം.

സംക്ഷേപത്തിൽ സ്വസിദ്ധാന്തം വെളിവാക്കി. ഇതിന്റെ വിശേഷവ്യാഖ്യാനം ഈ സത്യാർഥപ്രകാശത്തിന്റെ പ്രകരണങ്ങളിലും വേദപര്യടനം (ഋഗ്വേദാദി ഭാഷ്യഭൂമിക) മുതലായ ഗ്രന്ഥങ്ങളിലും ഉണ്ട്. എല്ലാവർക്കും മാന്യമായ കാര്യങ്ങൾ മാനിക്കുന്നു. അതായത് സത്യം പറയണമെന്നത് എല്ലാവർക്കും നല്ലതും മാന്യവുമാണ്. കള്ളം പറയുന്നത് ചീത്തയും. ഇവ ഞാൻ സ്വീകരിക്കുന്നു.

മതമതാന്തരങ്ങളുടെ പരസ്പരവിരുദ്ധ ലഹളയിൽ എനിക്ക് പ്രസന്നതയില്ല. എന്തെന്നാൽ ഈ മതപ്രചാരകരാണ് അവരവരുടെ മതം പ്രചരിപ്പിച്ച് മനുഷ്യരെ കുടുക്കി പരസ്പരം ശത്രുക്കളാക്കിയത്. ഇതിനെ എതിർത്ത് സർവസത്യത്തിനെ പ്രചരിപ്പിച്ച് ഏവരെയും ഐക്യമത്യത്തിലാക്കി, ദ്വേഷം വെടിയിച്ച്, പരസ്പരം ദൃഢമായ പ്രതീതി ഉള്ളവരാക്കി എല്ലാവരും എല്ലാവർക്കും സുഖലോഭങ്ങൾ എത്തിച്ചു കൊടുപ്പിക്കുന്നതിനു വേണ്ടിയാണ് എന്റെപരിശ്രമങ്ങളും അഭിപ്രായങ്ങളും.

സർവ്വശക്തിമാനായ ഈശ്വരന്റെ കൃപയും സഹായവും ആപ്തപുരുഷന്മാരുടെ സഹാനുഭൂതിയുംകൊണ്ട് ഈ സിദ്ധാന്തങ്ങൾ ഭൂമിയിലെങ്ങും ശീഘ്രം പ്രവൃത്തമാകട്ടെ. അങ്ങനെ ഏവരും സഹജമായി ധർമാർഥകാമമോക്ഷങ്ങൾ സിദ്ധമാക്കി സദാ ഉന്നതിയും ആനന്ദവും പ്രാപിക്കട്ടെ. ഇതാണെന്റെ മുഖ്യലക്ഷ്യം.

ബുദ്ധിമാന്മാരോട് അധികമെന്തു വിസ്തരിക്കാൻ!

ഓമ്പമ് ശന്നോ മിത്രഃ ശം വരുണഃ ശന്നോ
ഭവത്വര്യമാ.
ശന്ന ഇന്ദ്രോ ബൃഹസ്പതിഃ ശന്നോ
വിഷ്ണരുരുക്രമഃ നമോ ബ്രഹ്മണേ
നമസ്തേ വായോ ത്വമേവ പ്രത്യക്ഷം
ബ്രഹ്മാസി. ത്വമേവ പ്രത്യക്ഷം ബ്രഹ്മമവാദിഷമ്, ഋതമവാദിഷമ്, സത്യമവാദിഷമ്, തന്മാമാവീത്തദ്വക്താരമാവീദ് ആവീന്മാവ് ആവീദ്വക്തരമ്.*
ഓമ് ശാന്തിഃ ശാന്തിഃ ശാന്തിഃ
ശ്രീമത് പരമഹംസ പരിവ്രാജകാചാര്യനും,
പരമവിദ്വാനും, ആയ
ശ്രീവിരജാനന്ദ സരസ്വതിസ്വാമികളുടെ
ശിഷ്യനായ ശ്രീമദ്ദയാനന്ദസരസ്വതി സ്വാമികളാൽ
വിരചിതമായ സ്വമന്തവ്യാമന്തവ്യ സിദ്ധാന്തങ്ങളാൽ

* തൈത്തിരീയ ആരണ്യകം 7.12

സമനിതമായ സുപ്രമാണയുക്തവും,
സുഭാഷാവിഭൂഷിതവുമായ സത്യാർഥപ്രകാശം
എന്ന ഈ ഗ്രന്ഥം സമ്പൂർണം.

സത്യാർഥപ്രകാശത്തിന്റെ
ഈ മലയാള തർജ്ജമ ടിപ്പണി-അനുബന്ധങ്ങൾ
സഹിതം ചെയ്ത്
ഹിസ്സാർ ദയാനന്ദബ്രാഹ്മമഹാവിദ്യാലയത്തിലെ
പ്രഥമ കേരളീയസ്നാതകനും വൈദികയതി മണ്ഡലം
ആചാര്യബിരുദം
സമ്മാനിച്ചയാളുമായ നരേന്ദ്രഭൂഷൺ ആണ്.

u u u u u u u

thearyasamaj.org